കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2020

കേരള സംസ്ഥാന ആസൂത്രണ ബോർഡ്

വാല്യം

1

ജനുവരി 2021

കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2020

കേരള സംസ്ഥാന ആസൂത്രണ ബോർഡ്,
തിരുവനന്തപുരം, കേരളം, ഇന്ത്യ
ജനുവരി 2021

**വാല്യം 1**

**സാമ്പത്തിക അവലോകനം 2020**
കേരള സംസ്ഥാന ആസൂത്രണ ബോർഡ് തിരുവനന്തപുരം, കേരളം, ഇന്ത്യ

ഡിസൈൻ & ലേഔട്ട്: **സി-ഡിറ്റ്, www.cdit.org**
ബാക്ക് കവർ ഫോട്ടോഗ്രാഫുകൾ കടപ്പാട് : **ദേശാഭിമാനി, മലയാള മനോരമ**

# മുഖവുര

സ്വതന്ത്ര ഇന്ത്യയിൽ ജനങ്ങളുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനും ഒരു സംസ്ഥാനത്തെ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക അവസ്ഥകളെ പരിവർത്തനം ചെയ്യുന്നതിനുമുള്ള ശക്തമായ പൊതു ഇടപെടലിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കേരളം. സാമൂഹികമായി സ്വാധീനം ചെലുത്തുന്ന ഫലങ്ങൾ സൃഷ്ടിക്കുന്ന പൊതു ഇടപെടലിന്റെ കരുത്ത് കേരളം വീണ്ടും തെളിയിച്ചു. കോവിഡ്-19 മഹാമാരിയും അനുബന്ധ പ്രതിസന്ധിയും സംസ്ഥാനം കൈകാര്യം ചെയ്തത് മാതൃകാപരവും പരക്കെ പ്രശംസ നേടിയിട്ടുള്ളതുമാണ്. വർഷാവർഷം ഉണ്ടായ പ്രതിസന്ധികളെ നേരിടുന്നതിലെ അതുല്യമായ പ്രതികരണവും പ്രതിരോധവും കേരളത്തെ ഭരണനിർവഹണത്തിൽ ഒരു മാതൃകയാക്കിത്തീർത്തു.

2017 ൽ പ്രസിദ്ധീകരിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ മാനവശേഷി വികസനം, ലിംഗനീതി, ഉല്പാദനമേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുക, വരുമാനദായക സേവനങ്ങളായ വിനോദസഞ്ചാരം, വിവര സാങ്കേതികവിദ്യ, ചെറുകിട, ഇടത്തരം ബിസിനസുകൾ എന്നിവ പ്രോത്സാഹിപ്പിക്കുക, പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തുക എന്നീ സർക്കാരിന്റെ പ്രതിബദ്ധതകൾ ശക്തിപ്പെടുത്തുമെന്ന് പ്രതിജ്ഞയെടുത്തിട്ടുണ്ട്. 2018 ൽ കേരളത്തിന് ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വെള്ളപ്പൊക്കത്തെ നേരിടേണ്ടിവന്നപ്പോൾ ജീവനോപാധി സംസ്ഥാന പദ്ധതിയുടെ കേന്ദ്രബിന്ദുവായി മാറി. 2020 ൽ കോവിഡ്-19 മഹാമാരിയുടെ വരവോടു കൂടി ഏറ്റവും അത്യാവശ്യമായ പ്രൊജക്ടുകൾക്കും പരിപാടികൾക്കുമായി ചെലവഴിക്കലിന് മുൻഗണന നിശ്ചയിക്കേണ്ടിവന്നു. കേരള സർക്കാർ പ്രതിസന്ധി ഘട്ടത്തിൽ ഒരു വ്യക്തിയുടെയും ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ നിഷേധിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തി.

സംസ്ഥാന സർക്കാരിന് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ നിരവധി പ്രയാസകരമായ സംഭവങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. അതിൽ തീക്ഷ്ണമായ കാലാവസ്ഥാ സംഭവങ്ങളുണ്ടായിരുന്നു: 2017-ലെ ഓഖി ചുഴലിക്കാറ്റ്, 2018-ലെയും 2019-ലെയും അതിതീവ്ര മഴയും തുടർന്നുണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും. 2018 ൽ സംസ്ഥാനത്തിന് നിപാ വൈറസ് ബാധയെയും നേരിടേണ്ടിവന്നു. പ്രകൃതിദുരന്തങ്ങൾക്കു പുറമേ കേന്ദ്ര സർക്കാരിന്റെ നോട്ട് റദ്ദാക്കലും ചരക്ക് സേവന നികുതി നടപ്പാക്കലും എന്നീ പ്രതികൂല നടപടികളും സംസ്ഥാന സമ്പദ് വ്യവസ്ഥയെ സാരമായി ബാധിച്ചു. പ്രത്യേകിച്ചും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ധനവിഭവങ്ങളെയാണ് പ്രതികൂലമായി ബാധിച്ചത്.

കേരളത്തിന്റെ 2019-20-ലെ വളർച്ചാ നിരക്ക് 2018-19-ലെ നിരക്കിനെക്കാൾ കുറവാണ്. 2018-ലെയും 2019-ലെയും വെള്ളപ്പൊക്കത്തിന്റെ നീണ്ടുനിന്ന ആഘാതങ്ങൾ, ദേശീയ, അന്തർദേശീയ സാമ്പത്തികരംഗത്തെ മാന്ദ്യാവസ്ഥ, 2019-20 ന്റെ അവസാന പാദത്തിൽ ആരംഭിച്ച കോവിഡ്-19 മഹാമാരി എന്നിവയാണ് മന്ദഗതിയിലുള്ള വളർച്ചയ്ക്ക് കാരണം. വാസ്തവത്തിൽ ദേശീയ, അന്തർദേശീയ തലത്തിലുള്ള സാമ്പത്തിക മാന്ദ്യം 2019 മുതൽ പ്രകടമായിരുന്നു. ഇതിനെ കോവിഡ്-19 മഹാമാരി കൂടുതൽ വഷളാക്കി. വീണ്ടെടുക്കലിന്റെ ചില ലക്ഷണങ്ങൾ സാവധാനം കാണാൻ കഴിയുമെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് അതിനായി പ്രത്യേകമായ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു.

2019-20-ലെ താഴ്ന്ന വളർച്ചയും ധനപരമായ പരിമിതികളും ഉണ്ടായിരുന്നിട്ടും സമ്പദ് വ്യവസ്ഥയിലെ ഉല്പാദന ശക്തികളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിൽ കേരളം ശ്രദ്ധേയമായ മുന്നേറ്റം നടത്തി. കേരള സർക്കാർ നവീകരണത്തെ പിന്തുണയ്ക്കുന്നതിനും വിവര സാങ്കേതികവിദ്യയെ ശക്തിപ്പെടുത്തുന്നതിനും സാമൂഹ്യക്ഷേമത്തിനും സംരക്ഷണത്തിനും ലിംഗസമത്വത്തിനും വേണ്ടിയുള്ള പ്രതിബദ്ധത തുടരുന്നതിനും ഊന്നൽ നൽകി. അടിസ്ഥാന സൗകര്യ വികസനത്തിന് ഒരു കുതിപ്പുണ്ടാവുകയും അടുത്ത വർഷങ്ങളിൽ അനവധി പ്രൊജക്ടുകൾ പൂർത്തിയാക്കുകയും ചെയ്യും. എല്ലാവരുടെയും ജീവിത ഗുണനിലവാരത്തിനുള്ള അടിസ്ഥാന മുൻഗണനകൾ നാല് മിഷനുകൾ ഉറപ്പുവരുത്തി.

ഇപ്പോൾ ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് കടക്കുന്ന വികേന്ദ്രീകൃതാസൂത്രണം വികസനത്തെ സമഗ്രവും പങ്കാളിത്തവുമുള്ള പ്രക്രിയയാക്കാൻ സഹായിച്ചു. പ്രാദേശിക സർക്കാരുകൾ സാമൂഹിക ഇടപെടലിന്റെ ശക്തി തിരിച്ചറിയുന്നതിനുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളായി മാറിയിരിക്കുന്നു.

മുൻ വർഷങ്ങളിലെന്നപോലെ *സാമ്പത്തിക അവലോകനം 2020* ൽ സർക്കാർ വകുപ്പുകളുടെ നയങ്ങളും പരിപാടികളും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്നു. ഇത് വിവിധ വകുപ്പുകളുടെ പ്രകടനത്തെക്കുറിച്ചും വരുംവർഷങ്ങളിൽ കൈകാര്യംചെയ്യേണ്ട പ്രശ്നങ്ങളെക്കുറിച്ചും ചർച്ചചെയ്യുന്നു. മേഖലകളിലെ പ്രധാനപ്പെട്ട നേട്ടങ്ങൾ ബന്ധപ്പെട്ട ഭാഗത്ത് പ്രാധാന്യത്തോടെ അവതരിപ്പിച്ചിരിക്കുന്നു.

ഇക്കൊല്ലത്തെ പ്രമേയ അധ്യായം കോവിഡ്-19 മഹാമാരിയുടെ അനുഭവവും സർക്കാരിന്റെ പ്രതികരണവും കൈകാര്യംചെയ്യുന്നു. ഈ അധ്യായം മഹാമാരി നേരിടുന്നതിനും ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കുന്നു. കോവിഡ്-19 നോടുള്ള കേരളത്തിന്റെ പ്രതികരണം ലോകമെമ്പാടും പ്രശംസ പിടിച്ചുപറ്റിയതാണ്. കേരളം പൊതുഇടപെടലിന്റെയും പ്രതിസന്ധി കാലത്തെ മാനുഷിക പ്രതികരണത്തിന്റെയും ശക്തി ലോകത്തിന് കാണിച്ചുകൊടുക്കുകയും മാതൃക സൃഷ്ടിക്കുകയും ചെയ്തു. എല്ലാവർക്കും സൗജന്യമായി ഭക്ഷണം വിതരണം ചെയ്യുന്നതു മുതൽ സംസ്ഥാനത്തുള്ള കുടിയേറ്റ തൊഴിലാളികൾക്ക് താമസസൗകര്യം നൽകുന്നതുവരെ പൊതുസേവനത്തിന്റെ ഉന്നത നിലവാരം പുലർത്തിക്കൊണ്ട് എല്ലാ നയസമീപനങ്ങളുടെയും കേന്ദ്രമായി ജനങ്ങളെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. സർക്കാരിന്റെ എല്ലാ വിഭാഗങ്ങളും കാര്യമായി സംഭാവനകൾ നൽകി. കോവിഡ്-19 മഹാമാരി പരിഹരിക്കുന്നതിനായി വകുപ്പുകൾ എടുത്ത സവിശേഷ പ്രതികരണ നടപടികൾ ബന്ധപ്പെട്ട ഭാഗത്ത് കൊടുത്തിട്ടുണ്ട്.

മുൻ വർഷങ്ങളിലെന്നപോലെ, അവലോകനം രണ്ട് വാല്യങ്ങളായി അവതരിപ്പിക്കുന്നു. വാല്യം I ൽ സർക്കാർ വകുപ്പുകളുടെ നയങ്ങൾ, പരിപാടികൾ, നേട്ടങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു. വാല്യം രണ്ട് അനുബന്ധ സ്ഥിതിവിവര കണക്കുകൾ അവതരിപ്പിക്കുന്നു. *സാമ്പത്തിക അവലോകനം 2020* ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കുന്നു. ഡിജിറ്റൽ പതിപ്പ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വെബ്സൈറ്റായ **www.spb.kerala.gov.in** ൽ അപ് ലോഡ് ചെയ്യും.

തിരുവനന്തപുരം
ഡിസംബർ 21, 2020

# ഉള്ളടക്കം


കേരളം ഒറ്റനോട്ടത്തിൽ

കേരളത്തിന്റെ സാമൂഹിക–സാമ്പത്തിക സൂചികകൾ – ദ്രുതവീക്ഷണം

ജില്ലകൾ – അവലോകനം

പട്ടികകൾ

ബോക്സുകൾ

ചിത്രങ്ങൾ

| | | |
|---|---|---|
| അദ്ധ്യായം 1 | കേരള സമ്പദ് വ്യവസ്ഥ | 01 |
| 1.1 | സ്ഥൂല-സാമ്പത്തിക രംഗത്തെ സമീപകാല പ്രവണതകൾ | 03 |
| 1.2 | ജനസംഖ്യാ വിവരണം | 20 |
| 1.3 | ദ്രാരിദ്ര്യ സൂചികകൾ | 27 |
| 1.4 | വികസന ഉദ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക് | 30 |
| 1.5 | സംസ്ഥാനത്തിന്റെ ധനസ്ഥിതി | 37 |
| 1.6 | പദ്ധതി വകയിരുത്തൽ 2019–20 | 46 |
| അദ്ധ്യായം 2 | കോവിഡ് –19 മഹാമാരിയും കേരളത്തിന്റെ പ്രതികരണവും | 49 |
| അദ്ധ്യായം 3 | കൃഷിയും അനുബന്ധ മേഖലകളും | 73 |
| 3.1 | കാർഷികമേഖല | 75 |
| 3.2 | സഹകരണം | 102 |
| 3.3 | കന്നുകാലി വികസനം | 110 |
| 3.4 | മത്സ്യബന്ധനം | 127 |
| 3.5 | ജലവിഭവങ്ങൾ | 135 |
| 3.6 | വനം – വന്യജീവി | 143 |
| 3.7 | പരിസ്ഥിതി | 149 |
| 3.8 | ഭക്ഷ്യസുരക്ഷയും പൊതുവിതരണ സമ്പ്രദായവും | 159 |
| അദ്ധ്യായം 4 | ഉൽപന്ന നിർമ്മാണ മേഖല | 167 |
| 4.1 | കേരളത്തിന്റെ വ്യാവസായിക മേഖല | 169 |
| 4.2 | ഉത്പന്ന നിർമ്മാണ മേഖല | 175 |
| 4.3 | പൊതുമേഖലാ സ്ഥാപനങ്ങൾ | 179 |
| 4.4 | സൂക്ഷമ ചെറുകിട ഇടത്തരം സംരംഭങ്ങൾ | 190 |
| 4.5 | ഭക്ഷ്യ സംസ്കരണം | 204 |

| | | |
|---|---|---|
| 4.6 | പരമ്പരാഗത വ്യവസായങ്ങൾ | 207 |
| **അദ്ധ്യായം 5** | **സേവന മേഖല** | **235** |
| 5.1 | വിവര സാങ്കേതിക വിദ്യ | 237 |
| 5.2 | ശാസ്ത്ര സേവനങ്ങളും ഗവേഷണവും | 257 |
| 5.3 | വിനോദ സഞ്ചാരം | 273 |
| 5.4 | വിദേശ വ്യാപാരം | 285 |
| 5.5 | പൊതുസേവനങ്ങൾ | 296 |
| 5.6 | ജനങ്ങളിലേക്ക് | 304 |
| **അദ്ധ്യായം 6** | **മാനവ വികസനം** | **309** |
| 6.1 | വിദ്യാഭ്യാസം | 311 |
| 6.2 | വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും | 331 |
| 6.3 | ജനസംഖ്യ ഘടനയിലുള്ള മാറ്റങ്ങൾ | 352 |
| **അദ്ധ്യായം 7** | **തൊഴിൽ, തൊഴിൽ സാധ്യതകൾ** | **363** |
| 7.1 | തൊഴിലും തൊഴിലാളി ക്ഷേമവും | 365 |
| 7.2 | തൊഴിൽ | 377 |
| 7.3 | നൈപുണ്യ വികസനം | 389 |
| **അദ്ധ്യായം 8** | **സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ** | **401** |
| 8.1 | ലിംഗ പദവിയും വികസനവും | 403 |
| 8.2 | സാമൂഹിക – സാമ്പത്തിക ദുർബലതകളെ അഭിമുഖീകരിക്കൽ | 426 |
| 8.3 | സാമൂഹ്യ സുരക്ഷാ നടപടികൾ | 444 |
| **അദ്ധ്യായം 9** | **കല, സംസ്കാരം, കായികരംഗം** | **463** |
| 9.1 | കല, സംസ്കാരം | 465 |
| 9.2 | കായിക രംഗവും യുവജനകാര്യങ്ങളും | 474 |
| **അദ്ധ്യായം 10** | **പ്രവാസി മലയാളികൾ** | **485** |
| **അദ്ധ്യായം 11** | **പശ്ചാത്തല സൗകര്യങ്ങൾ** | **497** |
| 11.1 | ഗതാഗതം | 499 |
| 11.2 | ഊർജ്ജം | 556 |
| 11.3 | വാർത്താവിനിമയം | 591 |
| 11.4 | കുടിവെള്ളം | 598 |
| 11.5 | ഭവന നിർമ്മാണം | 608 |
| 11.6 | നവകേരള നിർമ്മാണം | 617 |
| 11.7 | കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (കിഫ്ബി) | 627 |
| 11.8 | കാസറഗോഡ് വികസന പാക്കേജ് | 632 |
| **അദ്ധ്യായം 12** | **പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും** | **635** |
| | ശബ്ദാവലി | **675** |
| | ചുരുക്കപ്പേരുകൾ | **679** |

# കേരളം ഒറ്റനോട്ടത്തിൽ

ആഗോള, ദേശീയ, സംസ്ഥാന തലങ്ങളിൽ മൊത്തം വളർച്ചയിൽ തളർച്ചയുടെ ഒരു വർഷമായിരുന്നു 2019. 2018-ലെ 3.5 ശതമാനം അപേക്ഷിച്ച് 2019 ൽ ലോക ഉൽപാദനം 2.9 ശതമാനം വളർച്ച മാത്രമാണ് നേടിയത്. 2008-09 സാമ്പത്തിക പ്രതിസന്ധിയിൽ നേരിട്ടതിനേക്കാൾ മോശമായ സാമ്പത്തിക മാന്ദ്യത്തിലേക്ക് ലോക സമ്പദ് വ്യവസ്ഥ നീങ്ങി. ദേശീയ വളർച്ചാ നിരക്ക് 2018-19-ലെ 6.1 ശതമാനത്തിൽ നിന്ന് 2019-20 ൽ 4.2 ശതമാനമായി കുറഞ്ഞു. 2018-19 ൽ ദേശീയ മൊത്ത ആഭ്യന്തരോൽപ്പന്ന വളർച്ചാ നിരക്ക് മറികടന്ന് 6.49 ശതമാനമായി ഉയർന്ന കേരളത്തിന്റെ മൊത്ത ആഭ്യന്തരോൽപ്പന്ന വളർച്ചാ നിരക്ക് 2019-20 ൽ കുറഞ്ഞു.

ത്വരിത കണക്കിൽ മൊത്ത സംസ്ഥാന ആഭ്യന്തരോൽപ്പന്നം (ജി.എസ്.ഡി.പി) 2011-12-ലെ സ്ഥിര വിലയിൽ 2018-19-ലെ താല്ക്കാലിക കണക്കുകളിലെ 5.49 ലക്ഷം കോടി രൂപയിൽ നിന്ന് 2019-20 ൽ 5.68 ലക്ഷം കോടി രൂപയായി വർദ്ധിച്ചു. വളർച്ചാ നിരക്ക് 2018-19-ലെ 6.49 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2019-20 ൽ 3.45 ശതമാനമാണ്. നടപ്പ് വിലയിൽ മൊത്ത ആഭ്യന്തര ഉല്പ്പന്നം 2018-19-ലെ 7.90 ലക്ഷം കോടി രൂപയിൽ നിന്ന് 8.15 ശതമാനം വർദ്ധനവ് നേടി 2019-20 ൽ 8.54 ലക്ഷം കോടി രൂപയായി.

മൊത്ത സംസ്ഥാന മൂല്യ വർദ്ധനവ് (ജി.എസ്.വി.എ) 2011-12-ലെ സ്ഥിര വിലയിൽ 2018-19-ലെ താൽകാലിക കണക്കുകളിലെ 4.89 ലക്ഷം കോടി രൂപയിൽ നിന്ന് 2019-20-ലെ ത്വരിത കണക്കിൽ 5.01 ലക്ഷം കോടി രൂപയായി വർദ്ധിച്ചു. വളർച്ചാ നിരക്ക് 2018-19-ലെ 6.2 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2019-20 ൽ 2.58 ശതമാനം മാത്രമാണ്. എന്നിരുന്നാലും, 2016-17 മുതൽ 2019-20 വരെയുള്ള ശരാശരി വളർച്ചാ നിരക്ക് (5.4 ശതമാനം), 2012-13 മുതൽ 2015-16 വരെയുള്ള ശരാശരി വളർച്ചാ നിരക്കിനേക്കാൾ (4.8 ശതമാനം) ഉയർന്നതായിരുന്നു.

ദേശീയ വളർച്ചാ നിരക്കിനേക്കാൾ ഉയർന്നു നിന്നിരുന്ന കേരളത്തിന്റെ വളർച്ചാ നിരക്ക് 2019-20 ൽ താഴോട്ട് പോയി. കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാന സമ്പദ് വ്യവസ്ഥ നേരിടുന്ന പ്രതിസന്ധികളാണ് വളർച്ചാ നിരക്ക് കുറയാനുള്ള കാരണം. 2017-ലെ ഓഖി ചുഴലിക്കാറ്റ്, കടുത്ത മഴ കാരണം ഉണ്ടായ 2018-ലെയും 2019-ലെയും പ്രളയം എന്നിവ സംസ്ഥാനത്തിന് നേരിടേണ്ടതായിവന്നു. പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ

പ്രതികൂലമായി ബാധിച്ച നിരവധി പേരുടെ ജീവനെയും ജീവിനോപാധികളെയും സമ്പദ് വ്യവസ്ഥയുടെ ഉത്പാദന മേഖലകളെയും ഇവ പ്രതികൂലമായി ബാധിക്കുകയും ചെയ്തു.

കോവിഡ്-19 മഹാമാരി കാരണമുള്ള പ്രതിസന്ധിയും അതിൻറെ ഫലമായി വന്നു ചേർന്ന അടച്ചിടലും വളർച്ചാ നിരക്ക് താഴുന്നതിനുള്ള സമ്മർദ്ദം കൂടുതൽ രൂക്ഷമാക്കി. 2020-ൽ ലോക സമ്പദ് വ്യവസ്ഥ 3.2 ശതമാനം ചുരുങ്ങുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അഖിലേന്ത്യാ മൊത്ത ആഭ്യന്തരോൽപ്പന്നം വളർച്ചയുടെ ആദ്യ പാദത്തിൽ (ഏപ്രിൽ 2020 മുതൽ ജൂൺ 2020 വരെ) 22.8 ശതമാനം ചുരുങ്ങുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരള സംസ്ഥാന ആസൂത്രണ ബോർഡ് കോവിഡ്-19 പകർച്ചവ്യാധി മൂലം കേരളത്തിന്റെ സമ്പദ് വ്യവസ്ഥക്ക് വരുന്ന നഷ്ടം കണക്കാക്കുകയും 2020-21 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 26 ശതമാനം ചുരുങ്ങും എന്ന് കണക്കാക്കി.

വളർച്ചാ നിരക്ക് കുറയുമ്പോൾ തന്നെ വില കുതിച്ചുയരുന്നത് സാമ്പത്തിക വിഷമതകൾ വർദ്ധിപ്പിക്കുന്നു. പണപ്പെരുപ്പം 2019-20 ആദ്യ പകുതിയിൽ നല്ല നിലയിൽ തുടർന്നു, എന്നാൽ ഭക്ഷ്യ വില സമ്മർദ്ദങ്ങൾ വർദ്ധിച്ചത് കാരണം ഡിസംബർ 2019-ഫെബ്രുവരി 2020 കാലയളവിൽ ലക്ഷ്യം വെച്ച പണപ്പെരുപ്പത്തിന്റെ ഉയർന്ന സഹിഷ്ണുത ബിന്ദുവും അത് മറികടന്നു. ഉപഭോക്തൃ വില സൂചിക പ്രകാരം പണപ്പെരുപ്പം 2020 ൽ 6 മുതൽ 7 ശതമാനം വരെ ഉയർന്നു നിന്നു. സപ്ലൈകോ, കൺസ്യൂമർഫെഡ് തുടങ്ങിയ സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ന്യായവിലയിൽ ഉപഭോക്താക്കൾക്ക് സാധനങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചു.

2011-12 നും 2018-19 നും ഇടയിലുള്ള കാലഘട്ടത്തിൽ കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലെയും മൂല്യ വർദ്ധനവിലെ വളർച്ച മന്ദഗതിയിലോ പ്രതികൂലമായോ ആയി തുടരുകയാണ്. 2018-19 ലും 2019-20 ലും യഥാക്രമം (-)2.38 ശതമാനവും (-)6.62 ശതമാനവുമായിരുന്നു വളർച്ചാ നിരക്ക്.

2019-20-ലെ ഭൂവിനിയോഗ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയായ 38.86 ലക്ഷം ഹെക്ടറിൽ 25.89 ലക്ഷം ഹെക്ടർ വിളയിറക്കിയിട്ടുള്ള പ്രദേശമാണ് (66.64 ശതമാനം). യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി (20.26 ലക്ഷം ഹെക്ടർ) മൊത്തം ഭൂവിസ്തൃതിയുടെ 52.13 ശതമാനമാണ്. കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി 11.73 ശതമാനവും വനഭൂമി 27.83 ശതമാനവുമാണ്. കൃഷിക്കനുയോജ്യമായ പാഴ്ഭൂമി, തരിശുഭൂമി എന്നിവ യഥാക്രമം 2.57 ശതമാനവും, 1.48 ശതമാനവുമാണ്. മൊത്തം കൃഷി വിസ്തൃതിയും ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷിയിറക്കിയ സ്ഥലത്തിന്റെ വിസ്തൃതിയും യഥാക്രമം 0.73 ശതമാനവും 4.92 ശതമാനവും കൂടിയതായി കാണുന്നു. കൃഷിയുടെ തീവ്രതയും 126 ശതമാനത്തിൽ നിന്ന് 128 ശതമാനത്തിലേക്ക് വർദ്ധിച്ചതായി കാണുന്നു.

2019-20-ൽ, നെല്ലിന്റെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും 2018-19 നെ അപേക്ഷിച്ച് യഥാക്രമം 1.52 ശതമാനവും 5.24 ശതമാനവും വർദ്ധിച്ചു. കഴിഞ്ഞ പത്തു വർഷത്തിനിടെ ഏറ്റവും ഉയർന്ന ഉൽപ്പാദന ശേഷി, ഹെക്ടറിന് 3073 കിലോ, 2019-20 ൽ രേഖപ്പെടുത്തി. കര നെൽ കൃഷിയുടെ വിസ്തൃതി 46 ശതമാനം വർദ്ധിച്ചു. 2019-20 ൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 14.9 ലക്ഷം ടണ്ണാണ്. പച്ചക്കറി ഉല്പാദനത്തിൽ 2018-19 ൽ നിന്നും 23 ശതമാനം വർദ്ധനവാണുണ്ടായത്. സംസ്ഥാന കൃഷി വികസന, കർഷക ക്ഷേമ വകുപ്പ്, വെജിറ്റബിൾ ആന്റ് പ്രമോഷൻ കൗൺസിൽ, കേരള, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നീ സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതികളിലൂടെ ലഭിക്കുന്ന പിന്തുണയാണ് പച്ചക്കറി ഉത്പാദനവും വിസ്തൃതിയും വർദ്ധനവിന് കാരണം.

എല്ലാ മേഖലകളിലും പോലെ, കോവിഡ്-19 പകർച്ചവ്യാധി കൃഷിയെ പല വിധത്തിൽ ബാധിച്ചു - ആഗോള വ്യാപാരം നിലച്ചു, മിക്ക കാർഷിക വിളകളുടെയും ആഭ്യന്തര വില കുത്തനെ ഇടിഞ്ഞു, നിരവധി സംസ്കരണ യൂണിറ്റുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതരത്തിൽ അദ്ധ്വാനശക്തിയുടെ ക്ഷാമം ഉണ്ടായി. സർക്കാർ ഇടപെടൽ മൂലം പല വിഷമതകളുടെയും ആഘാതം കുറയ്ക്കാനായി. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയും കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ചും

ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സർക്കാർ സുഭിക്ഷ കേരളം പദ്ധതി പ്രഖ്യാപിച്ചു.

സമ്പദ് വ്യവസ്ഥ മാന്ദ്യത്തിലേക്ക് നീങ്ങുമ്പോൾ സാമ്പത്തിക സ്ഥാപനങ്ങളുടെ പങ്ക് നിർണായകമാണ്, കാരണം, കാര്യകർത്തകളുടെ ശേഷി നിലനിർത്താനും സാമ്പത്തിക വീണ്ടെടുപ്പ് സുഗമമാക്കാനും വായ്പ ആവശ്യമാണ്. സർക്കാരുകളുടെ ധനപരമായ പരിമിതികൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ സാമ്പത്തിക സ്ഥാപനങ്ങൾ വഴിയുള്ള ഇടപെടൽ സമ്പദ് വ്യവസ്ഥയ്ക്ക് പിന്തുണ നൽകുന്ന നടപടികളുടെ ഭാഗമാണ് . 2016–17–ലെ 54,270 കോടി രൂപയിൽ നിന്ന് 2019–20 ൽ 73,034 കോടി രൂപയായി കാർഷിക വായ്പയുടെ ഒഴുക്ക് വർദ്ധിച്ചിട്ടുണ്ട്.

കേരള ബാങ്ക് രൂപീകരണത്തോടെ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന് വലിയ മുന്നേറ്റമാണുണ്ടായത്. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള ബാക്കിന്റെ കോർപ്പറേറ്റ് ബിസിനസ്, ലയസൺ ഓഫീസ് എറണാകുളത്താണ്. ഏഴോളം മേഖലാ ഓഫീസുകൾ, എല്ലാ ജില്ല ആസ്ഥാനത്തും ശാഖലളിലും ക്രെഡിറ്റ് പ്രോസസിങ് സെന്ററുകൾ (സിപിസി) എന്നിവയുമായി 769 ശാഖകളിലൂടെയാണ് കേരള ബാങ്ക് പ്രവർത്തിക്കുന്നത്. ഭവന നിർമ്മാണം, ആരോഗ്യ സംരക്ഷണം, സാമൂഹിക സുരക്ഷാ പെൻഷൻ, സാമ്പത്തിക സഹായം തുടങ്ങിയ വിവിധ തരം പിന്തുണ ജനങ്ങൾക്ക് നൽകുന്നതിലും സഹകരണവകുപ്പ് മുൻപന്തിയിലാണ്.

കഴിഞ്ഞ രണ്ട് കാലയളവിലെ കന്നുകാലി കണക്കെടുപ്പിൽ കന്നുകാലികൾ കുറഞ്ഞു വരുന്ന പ്രവണത കാണിച്ചിരുന്നപ്പോൾ ഇരുപതാം കന്നുകാലി കണക്കെടുപ്പിൽ കന്നുകാലികളുടെ എണ്ണത്തിൽ ഒരു ശതമാനം വർദ്ധനവും ആടുകളുടെ എണ്ണത്തിൽ 9 ശതമാനം വർദ്ധനവും കോഴികളുടെ എണ്ണത്തിൽ 25 ശതമാനം വർദ്ധനവുമുള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു. രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം ഈ മേഖലയിൽ ഒരു പ്രധാന മുന്നേറ്റമാണ്. 2019–20 ൽ പുതുതായി 20 ബ്ലോക്കുകളിൽ വ്യാപിപ്പിച്ചതു കൂടി കണക്കിലെടുത്താൽ ആകെ 125 ബ്ലോക്കുകളിലാണ് രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം നിലവിലുള്ളത്. 2021–22ൽ എല്ലാ ബ്ലോക്കുകളിലേക്കു വ്യാപിപ്പിക്കും.

കേരളത്തിലെ മത്സ്യ ഉൽപാദനം 2019–20 ൽ 6.8 ലക്ഷം മെട്രിക് ടൺ ആയിരുന്നു. അതിൽ സമുദ്ര മത്സ്യ ഉൽപാദനം 4.75 ലക്ഷം മെട്രിക് ടണ്ണും ഉൾനാടൻ മത്സ്യ ഉൽപാദനം 2.05 ലക്ഷം മെട്രിക് ടണ്ണും ആണ്. എന്നാൽ 2018–19 ൽ കാണപ്പെട്ട വർദ്ധനവ് 2019–20 ൽ തുടർന്നില്ല. 2018–19 ൽ 8.02 ലക്ഷം മെട്രിക് ടൺ ആയിരുന്നു മത്സ്യ ഉൽപാദനം. എന്നിരുന്നാലും മത്സ്യവിത്തുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്, അതിനാൽ 2019–20–ൽ കുളങ്ങളിൽ മത്സ്യകൃഷിക്കായി ഉപയോഗിക്കുന്ന പ്രദേശം 5325 ഹെക്ടറിൽ നിന്ന് 5700 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്, കൂട്ടിൽ മത്സ്യകൃഷി യൂണിറ്റുകളുടെ എണ്ണം 80 ൽ നിന്ന് 1800 ആയി ഉയർന്നു, കടുക്കകൃഷി യൂണിറ്റുകൾ 2000 ൽ നിന്ന് 3500 ആയി വർദ്ധിച്ചു, പുനർപര്യയന അക്വാകൾച്ചർ യൂണിറ്റുകൾ/അക്വാപോണിക്സ് യൂണിറ്റുകൾ എന്നിവ 100 ൽ നിന്ന് 500 ആയി വർദ്ധിച്ചു. ഒരു നെല്ല് ഒരു മത്സ്യ കൃഷിയുടെ വിസ്തൃതി 1620 ഹെക്ടറിൽ നിന്ന് 2500 ഹെക്ടറായും വർദ്ധിച്ചിട്ടുണ്ട്. സീറോ വാട്ടർ എക്സ്ചേഞ്ച് ചെമ്മീൻ കൃഷി 200 ഹെക്ടറിൽ നടപ്പിലായിട്ടുണ്ട്.

ജലസേചന വിസ്തൃതി (അറ്റ) 2018–19 ൽ 4.04 ലക്ഷം ഹെക്ടറിൽ നിന്നും 2019–20 ൽ 4.09 ലക്ഷം ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളുടെ കാര്യത്തിൽ ഒരു സുപ്രധാന നാഴികക്കല്ല് 2020–ൽ മൂവാറ്റുപുഴ വാലി ജലസേചനപദ്ധതി കമ്മീഷൻ ചെയ്തു എന്നതാണ്.

സംസ്ഥാനത്ത് വനസംരക്ഷണവും വനവൽക്കരണ പ്രചാരണവും ഫലം കാണുന്നു. കഴിഞ്ഞ രണ്ട് മൂല്യനിർണയ കാലയളവിൽ സംസ്ഥാനത്തിന്റെ വനവിസ്തൃതി വർദ്ധിച്ചിട്ടുണ്ട്. അതുവഴി ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് 2019 പ്രകാരം വനവിസ്തൃതി വർദ്ധനവ് കണക്കിൽ മൂന്നാം സ്ഥാനം സംസ്ഥാനം നേടി. റിപ്പോർട്ട് പ്രകാരം തോട്ടങ്ങൾ ഉൾപ്പെടെയുള്ള വനമേഖലയുടെ വിസ്തൃതി 21,144 ച.കി.മീ ആണ്. സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 54.42 ശതമാനമാണിത്. 2017 എഫ്.എസ്.ഐ റിപ്പോർട്ടിൽ നിന്നും സംസ്ഥാനത്തെ വനവിസ്തൃതി 823 ച.കി.മീ വർദ്ധിച്ചിട്ടുണ്ട്.

പരിസ്ഥിതി സംരക്ഷണവും പരിപാലനവും സംസ്ഥാനത്തെ എല്ലാ വികസന പ്രവർത്തനങ്ങളുടെയും ഒരു പ്രമുഖ പരിഗണനയായിരുന്നു. ഹരിത കേരളം മിഷൻ ജലസംരക്ഷണവും മാലിന്യ നിർമാർജ്ജനവും കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടത്തി. പ്രാദേശിക ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി ഹരിത കേരളം മിഷൻ 1000 പച്ചത്തുരുത്ത് എന്ന നൂതന പദ്ധതി 2019–ൽ ആരംഭിച്ചു. സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ 1261 ഹരിത ഷ്യട്ടുകൾ മിഷൻ ഇതിനകം പൂർത്തിയാക്കി.

വിപുലമായ പൊതുവിതരണ ശൃംഖലയിലൂടെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താൻ സർക്കാർ പ്രത്യേക ശ്രമങ്ങൾ നടത്തി, പ്രത്യേകിച്ചും കോവിഡ്–19 പകർച്ചവ്യാധി പ്രതിസന്ധി ഘട്ടത്തിൽ. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 പ്രകാരം മുഴുവൻ റേഷൻ കാർഡ് ഡാറ്റയും ഡിജിറ്റലൈസ് ചെയ്യുകയും ഗുണഭോക്താക്കളെ ആധാറുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയ പൂർത്തിയായി വരുന്നു. 'ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതി' നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡിന്റെ ഇന്റർ സ്റ്റേറ്റ് പോർട്ടബിലിറ്റി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ആകെ റേഷൻ കാർഡ് ഉടമകളുടെ എണ്ണം 2019–20–ലെ 87.1 ലക്ഷത്തിൽ നിന്ന് 2020 ഓഗസ്റ്റ് വരെയുള്ള കണക്ക പ്രകാരം 2020–21ൽ 87.9 ലക്ഷമായി ഉയർന്നു. 2019–20 വർഷത്തിൽ വിവിധ കാർഡ് ഉടമകൾക്ക് സബ്സിഡിയായി 200.0 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ്–19 പകർച്ചവ്യാധിയുടെ പശ്ചാതലത്തിൽ ഒന്നിന് 972 രൂപ വില വരുന്ന 17 ഇന അവശ്യ സാധനങ്ങൾ ഉൾപ്പെടുത്തിയ 'അതിജീവന കിറ്റ്'' സംസ്ഥാനത്തെ 87.9 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്തു. കൂടാതെ എല്ലാ വിഭാഗത്തിലുമുള്ള കുടുംബങ്ങൾക്കും 300 കോടി രൂപയുടെ സൗജന്യ റേഷൻ വിതരണം ചെയ്തു. കുടിയേറ്റ/ അതിഥി തൊഴിലാളികൾക്ക് സൗജന്യമായി ഒരാൾക്ക് 5 കിലോ അരി അല്ലെങ്കിൽ 4 കിലോഗ്രാം ആട്ട എന്ന രീതിയിൽ വിതരണം ചെയ്തിട്ടുണ്ട്.

മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയാൽ കേരളത്തിന്റെ ഉൽപന്ന നിർമാണ മേഖല സ്ഥിരതയാർന്ന വളർച്ച കാഴ്ച്ചവെച്ചിട്ടുണ്ട്, പ്രത്യേകിച്ച് കഴിഞ്ഞ നാലു വർഷത്തിനിടെ. കേരളത്തിന്റെ മൊത്തം സംസ്ഥാന മൂല്യവർദ്ധനവിലെ ഉൽപാദന മേഖലയുടെ വിഹിതം 2014–15–ലെ 9.8 ശതമാനത്തിൽ നിന്ന് 2019–20 ൽ 12.5 ശതമാനമായി ഉയർന്നു. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ 2019–20–ലെ കേരളത്തിന്റെ മൊത്തം സംസ്ഥാന മൂല്യവർദ്ധിത (ജിഎസ്‌വിഎ) യുടെ ദ്രുത കണക്ക് അനുസരിച്ച് സ്ഥിര വിലയിൽ കേരളത്തിന്റെ ഉൽപാദന മേഖല 1.5 ശതമാനം വളർച്ച നേടി. 2019–20 ൽ സ്ഥിരവും നിലവിലേതുമായ വിലയിൽ ഉൽപാദന മേഖലയുടെ ഓഹരികൾ യഥാക്രമം 12.5 ശതമാനവും 10.1 ശതമാനവുമായിരുന്നു.

സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള വ്യവസായ വകുപ്പിന്റെ 'ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്'' പരിഷ്ക്കാരത്തിന്റെ ഭാഗമായ ഒരു പ്രധാന സംരംഭമാണ് കേരള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭം സുഗമമാക്കൽ നിയമം 2019. 2019–20 കാലയളവിൽ 13,695 കേരള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ 1,338.65 കോടി മുതൽ മുടക്കിൽ ആരംഭിച്ച് 46,081 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ, അന്തർദേശീയ വിപണികളിൽ വ്യാപാരം വ്യാപിപ്പിക്കുന്നതിന് സഹായിക്കുന്നതിനും സുഗമമാക്കുന്നതിനും കേരള ഇ–മാർട്ട് എന്ന ബിസിനസ് പോർട്ടൽ ആരംഭിച്ചത് ഒരു പ്രധാന മുന്നേറ്റമാണ്.

പകർച്ചവ്യാധിയും അതിന്റെ ഫലമായുള്ള അടച്ചിടലും കേരള സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയെ പ്രതികൂലമായി ബാധിച്ചു. ഈ മേഖലയെ ഡിമാൻഡ്, സപ്ലൈ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബാധിച്ചു. 2019–ലെ സമാന മാസങ്ങളെ അപേക്ഷിച്ച് 2020–ലെ ആദ്യ എട്ടു മാസങ്ങളിൽ എടുത്ത കണക്കുകൾ പ്രകാരം, ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം, നിക്ഷേപം, തൊഴിൽ എന്നിവയുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. പകർച്ചവ്യാധിയുടെ ആഘാതം ലഘൂകരിക്കാൻ, സർക്കാർ സംസ്ഥാനത്ത് കേരള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങള പുനരുജ്ജീവിപ്പിക്കാൻ വ്യവസായഭദ്രത പദ്ധതി അവതരിപ്പിച്ചു.

വലിയ മാറ്റം കണ്ട മേഖലയാണ് കയർ മേഖല. 2015–16 മുതൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയിൽ നിന്നുള്ള കയറ്റുമതി

തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2016–17ൽ 1,072.55 ലക്ഷം രൂപയിൽ നിന്ന് 2019–20ൽ ഇത് 1,425.86 ലക്ഷമായി ഉയർന്നു. പുതിയ ഡിഫൈബറിംഗ് യൂണിറ്റുകളുടെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തെ തൊണ്ട് ഉപയോഗം 12.5 ശതമാനത്തിൽ നിന്ന് 14.8 ശതമാനമായി ഉയർന്നു. 2019–20ൽ, സഹകരണ മേഖലയിലെ കയർ നൂൽ ഉൽപാദനം 2015–16ൽ ഏകദേശം 7,800 മെട്രിക് ടണ്ണിൽ നിന്ന് 20,000 മെട്രിക് ടണ്ണായി ഉയർന്നു.

സംസ്ഥാനത്ത് ഒരു സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും കേരളം വിജയിച്ചിരിക്കുന്നു. നിലവിൽ സ്റ്റാർട്ടപ്പുകളിൽ 1,292 സജീവ സ്റ്റാർട്ടപ്പുകളുമായി കേരളം ഒമ്പതാം സ്ഥാനത്താണ്. സ്റ്റാർട്ടപ്പുകളെക്കുറിച്ചുള്ള നാസ്കോം റിപ്പോർട്ട് അനുസരിച്ച്, ഗുജറാത്ത് മികച്ച പ്രകടനം കാഴ്ചവെച്ചപ്പോൾ കർണാടകയും കേരളവും മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചു. കേരള സ്റ്റാർട്ട് അപ്പ് മിഷന്റെയും അതിന്റെ നിരവധി പ്രത്യേക പങ്കാളി ഓർഗനൈസേഷനുകളുടെയും ബാനറിൽ, നിലവിൽ 4 ലക്ഷം ചതുരശ്ര അടിയിലധികം ഇൻകുബേഷൻ സ്ഥലത്ത് 2,500–ൽ അധികം രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾ വഴി 1,500 കോടി ബാഹ്യ നിക്ഷേപവും 1,00,000 കോടി രൂപയുടെ മൂല്യം സൃഷ്ടിക്കലും 25,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കലും ഉണ്ടായിട്ടുണ്ട്.

സംസ്ഥാനത്തിനകത്ത് ശാസ്ത്ര സാങ്കേതികയിൽ മികവ് നേടിയെടുക്കുന്നതിനും സമൂഹത്തിനാകമാനം ബൃഹത്തായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും വേണ്ടിയുള്ള പരിപാടികൾ കണ്ടെത്തി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ശാസ്ത്ര പ്രചരണവും പ്രോത്സാഹനവും ഗവേഷണവും വികസനവും ആവാസ വ്യവസ്ഥയും പരിസ്ഥിതിയും സാങ്കേതിക വികസനവും കൈമാറ്റവും ജൈവ സാങ്കേതിക വികസനം, സ്കൂൾ തല ശാസ്ത്ര പ്രോത്സാഹന പ്രവർത്തനങ്ങൾ, വനിതകൾക്കായുള്ള ശാസ്ത്ര പരിപാടികൾ എന്നിവ കേന്ദ്രീകരിച്ചു കൊണ്ട് വിവിധ പദ്ധതികളും പരിപാടികളും കൗൺസിൽ നടപ്പിലാക്കി വരുന്നു. 2020 ഒക്ടോബറിൽ വിർച്യുൽ ആയി ഉദ്ഘാടനം നിർവഹിക്കപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി 29 രാജ്യങ്ങളിലായി 45 മികവിന്റെ കേന്ദ്രങ്ങൾ ഉള്ള ഗ്ലോബൽ വൈറസ് നെറ്റ്‌വർക്കുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു.

2018–ലെ വെള്ളപ്പൊക്കം മൂലമുണ്ടായ പ്രത്യാഘാതത്തിൽ നിന്നും ശക്തമായ തിരിച്ചു വരവ് കേരളത്തിലെ വിനോദ സഞ്ചാര മേഖലക്ക് 2019 ൽ ഉണ്ടായി. 2018 നേക്കാൾ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 8.52 ശതമാനവും ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 17.81 ശതമാനവും വളർച്ച സംസ്ഥാനത്തു 2019 ൽ രേഖപ്പെടുത്തുകയുണ്ടായി. 2019 ൽ വിദേശ വിനോദ സഞ്ചാരത്തിൽ നിന്നും വിനോദ സഞ്ചാര മേഖലക്ക് 10,271.06 കോടി രൂപയും ആഭ്യന്തര വിനോദ സഞ്ചരത്തിൽ നിന്ന് 24,785.62 കോടി രൂപയുടെ വരുമാനവും ലഭിച്ചു. 2018 നെ അപേക്ഷിച്ച് 24.13 ശതമാനം വർദ്ധനവ് രേഖപ്പെടുത്തികൊണ്ട് 2019ൽ വിനോദ സഞ്ചാര മേഖലക്ക് 45,010 കോടി രൂപയുടെ പ്രത്യക്ഷ, പരോക്ഷ നേട്ടം ഉണ്ടായി. കോവിഡ് –19 കാരണം വലിയ നഷ്ടം നേരിട്ടു കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് വിനോദ സഞ്ചാര മേഖല. 2020–ലെ കഴിഞ്ഞ ഒൻപതു മാസത്തിനിടക്ക് വിനോദ സഞ്ചാര മേഖലക്ക് സംഭവിച്ച നഷ്ടം എന്ന് പറയുന്നത് 20,000 കോടി രൂപ മുതൽ 25,000 കോടി രൂപ വരെയാണ്. കോവിഡ് –19 ന്റെ പശ്ചാത്തലത്തിൽ വിനോദ സഞ്ചാര മേഖലയുടെ പുനരുദ്ധാരണത്തിനായി സ്റ്റേക്ക് ഹോൾഡറുമാരെ പിന്തുണക്കുന്നതിനായി സംസ്ഥാന സർക്കാർ കോവിഡ് ലോസ് അസ്സസ്സ്മെന്റ് സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന് കീഴെയുള്ള നീതി ആയോഗ് ആദ്യമായി ഇന്ത്യൻ സംസ്ഥാനങ്ങളുടെ കയറ്റുമതി തയ്യാറെടുപ്പ് സൂചിക (EPI) വികസിപ്പിച്ചിട്ടുണ്ട്. രാജ്യത്തിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നിർണായക മാനദണ്ഡങ്ങൾ അനുസരിച്ച് സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും സൂചിക റാങ്ക് ചെയ്യുന്നു. കയറ്റുമതി തയ്യാറെടുപ്പ് സൂചിക 2020 ഇന്ത്യൻ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും കയറ്റുമതി ആവാസവ്യവസ്ഥ പരിശോധിക്കുന്നു. സൂചികയിൽ നാല് തൂണുകളും പതിനൊന്ന് ഉപതൂണുകളും ഉൾപ്പെടുന്നു. ഈ സൂചികയിൽ ഉൾപ്പെടുന്ന നാല് തൂണുകൾ (i) നയം, (ii) സംരംഭ ആവാസവ്യവസ്ഥ, (iii) കയറ്റുമതി ആവാസവ്യവസ്ഥ ( iv) കയറ്റുമതി പ്രകടനം. സൂചിക അനുസരിച്ച് 54.11 എന്ന സ്കോറുമായി കേരളം മൊത്തം റാങ്കിംഗിൽ പത്താം സ്ഥാനത്താണ്. എന്നാൽ, സൂചിക പ്രകാരം കയറ്റുമതി ആവാസവ്യവസ്ഥ സംസ്ഥാനത്ത് ദുർബലമാണ്.

സംസ്ഥാനത്തെ വിദ്യാഭ്യാസ, ആരോഗ്യ മേഖലകൾ കഴിഞ്ഞ നാലു വർഷം വലിയ മാറ്റങ്ങൾ രേഖപ്പെടുത്തി. സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ നവീകരിച്ചു. 141 ഹയർ സെക്കണ്ടറി സ്കൂളുകളെ 5 കോടി രൂപ വീതമുള്ള കിഫ്ബി ഫണ്ട് ഉപയോഗിച്ച് "മികവിന്റെ കേന്ദ്രങ്ങളാക്കി ". 395 സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ കിഫ്ബി ഫണ്ട് (സ്കൂളിന് 3 കോടി രൂപ വീതം) വിനിയോഗിച്ച് മികച്ച നിലവാരത്തിലേക്ക് ഉയർത്തി. കൈറ്റിന്റെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ 4,752 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 45,000 ക്ലാസ്മുറികൾ ഹൈടെക് ആക്കി മാറ്റാൻ സാധിച്ചു. കോവിഡ്-19 പകർച്ചവ്യാധിയുടെ സമയത്ത് ക്ലാസുകൾ ഡിജിറ്റൽ രീതിയിൽ സുഗമമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ കൈറ്റ് നടത്തിയ ശ്രമം മാതൃകാപരമാണ്.

കേരളത്തിന്റെ ആരോഗ്യമേഖല മറ്റ് സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയാണ്, ഇത് ഈ മേഖലയിലെ നേട്ടങ്ങളുടെ കാര്യത്തിൽ മാത്രമല്ല, പൊതുജനാരോഗ്യ ആവശ്യകതകൾ കൈകാര്യം ചെയ്യുന്നതിലുള്ള മികവുകൊണ്ട് കൂടിയാണ്. 2017 ൽ നിപ വൈറസ് ബാധയും നിലവിലെ കോവിഡ് -19 മഹാമാരിയും കൈകാര്യം ചെയ്യുന്നതിൽ ആരോഗ്യസംവിധാനം അവസരത്തിനൊത്ത് ഉയർന്നു. ഉയർന്ന ആയുർദൈർഘ്യം, ശിശുമരണ നിരക്ക്, ജനനനിരക്ക്, മരണനിരക്ക് എന്നീ ആരോഗ്യ സൂചികകളിൽ കേരളം ഗണ്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്നത് പ്രസിദ്ധമാണ്. വാസ്തവത്തിൽ, കോവിഡ് -19 എന്ന മഹാമാരിയെ നേരിടാൻ സഹായിച്ചത് സംസ്ഥാനത്തെ ശക്തമായ പൊതുജനാരോഗ്യ സംവിധാനമാണ്. ആർദ്രം മിഷൻ സംസ്ഥാനത്തെ ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളിൽ പരിവർത്തനം കൊണ്ടുവന്നു. 2020 ജൂലൈയിൽ സംസ്ഥാന ആരോഗ്യ ഏജൻസി രൂപീകരിച്ചു എന്നതാണ് ആരോഗ്യ ഇൻഷുറൻസ് മേഖലയിൽ സർക്കാർ എടുത്ത സുപ്രധാന ചുവടുവയ്പ്പാണ്. 2020 ജൂലൈ 1 മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) 5 ലക്ഷം രൂപയുടെ കവറേജ് നൽകുന്ന അഷ്വറൻസ് രീതിയിലാണ് നടപ്പാക്കുന്നത്. രാഷ്ട്രീയസ്വാസ്ഥ്യ ബിമ യോജന (ആർ.എസ്.ബി.വൈ), സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്), സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷുറൻസ് സ്കീം (എസ്.ചിസ്) എന്നീ സർക്കാർ സ്പോൺസർ ചെയ്യുന്ന എല്ലാ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളും കാസ്പിൽ ലയിപ്പിച്ചു. മൊത്തം 41.41 ലക്ഷം കുടുംബങ്ങൾക്ക് കാസ്പ് പദ്ധതിയിൽ പരിരക്ഷ ലഭിക്കുന്നു.

ജനങ്ങളുടെ ക്ഷേമത്തിനായി നടത്തുന്ന നിക്ഷേപങ്ങൾക്ക് കേരളം പ്രസിദ്ധമാണ്. ഇക്കാര്യത്തിൽ പ്രധാന ഇടപെടലുകളിൽ ഒന്നാണ് പെൻഷൻ രംഗത്ത് നടത്തുന്നവ. സംസ്ഥാനത്തെ സാമൂഹ്യ ക്ഷേമ പെൻഷൻകാരുടെ എണ്ണം 49.14 ലക്ഷമാണ്. 2015 ൽ 600 രൂപയായിരുന്ന വാർദ്ധക്യകാല പെൻഷൻ 2020 ആയപ്പോഴേക്കും 1400 രൂപയായി വർദ്ധിച്ചിട്ടുണ്ട്. പ്രായമായവർക്കും, ഭിന്നശേഷിക്കാർക്കും, ഭിന്നലിംഗക്കാർക്കുമായി സർക്കാർ സവിശേഷമായ പരിശ്രമങ്ങൾ നടത്തുന്നുണ്ട്.

ജെൻഡർ ബജറ്റിംഗ് കേരളത്തിന്റെ ബജറ്റിലെ പ്രധാന സവിശേഷതയായി തുടരുന്നു. 2020-21 ൽ 1,509.33 കോടി രൂപ (7.3 ശതമാനം) വനിതാ നിർദ്ദിഷ്ട പദ്ധതികൾക്കായി (ഭാഗം എ) വകയിരുത്തിയിട്ടുണ്ട് അതുപോലെ തന്നെ കോമ്പോസിറ്റ് സ്കീമുകൾക്കായി 2,300.54 കോടി രൂപ (11.1 ശതമാനം) ഭാഗം ബി യിൽ സ്ത്രീകൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. 2020-21-ലെ ജെൻഡർ ബജറ്റ് ആകെ 3,809.87 കോടി രൂപയാണ് (ഇതിൽ 5 കോടി രൂപ ഭിന്നലിംഗവിഭാഗങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു) ഇതു മൊത്തം സംസ്ഥാന പദ്ധതിയുടെ 18.4 ശതമാനം ആണ്. ലിംഗ സമത്വോന്മുഖവും ശാക്തീകരണോന്മുഖവുമാണ് സർക്കാർ നയങ്ങൾ. സ്വകാര്യ, പൊതു ഇടങ്ങളിൽ, കുടുംബത്തിലും സമൂഹത്തിലും തൊഴിലിടങ്ങളിലും അക്രമങ്ങൾക്ക് വിധേയരായ സ്ത്രീകളെ പിന്തുണയ്ക്കുന്നതിന്, വൺ സ്റ്റോപ്പ് സെന്ററുകൾ (OSC) സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. എല്ലാ ജില്ലകളിലും വൺ സ്റ്റോപ്പ് സെന്ററുകളുള്ള ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം.

കേരളം തൊഴിലാളി സൗഹൃദ നയങ്ങളുടെ പേരിലാണ് അറിയപ്പെടുന്നത്. പകർച്ചവ്യാധിയുടെ സമയത്ത് അതിഥി തൊഴിലാളികൾക്ക് നൽകിയ പിന്തുണ ശ്രദ്ധേയമാണ്. അതിഥി തൊഴിലാളികൾക്ക് ഭക്ഷണവും താമസവും നൽകി. അവരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2017–18–ലെ സർവേ ഫലങ്ങളിൽ റിപ്പോർട്ട് ചെയ്ത കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ, 2018–19–ലെ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ റിപ്പോർട്ട് (പിഎൽഎഫ്എസ്) പ്രകാരം ലേബർ ഫോഴ്സ് പാർട്ടിസിപ്പെഷൻ നിരക്ക് കേരളത്തിൽ മെച്ചപ്പെട്ടിട്ടുണ്ട്. 2017–18 ൽ 36.6 ശതമാനമായിരുന്ന ലേബർ ഫോഴ്സ് പാർട്ടിസിപ്പെഷൻ നിരക്ക് 2018–19 ൽ 39.5 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. പുതിയ സർവേ ഫലങ്ങളിലെ ശ്രദ്ധേയമായ ഒരു സവിശേഷത കേരളത്തിൽ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് 2017–18–ലെ 16.4 ശതമാനത്തിൽ നിന്ന് 2018–19 ൽ 20.4 ശതമാനമായി ഗണ്യമായി വർദ്ധിച്ചു എന്നതാണ്.

2018–19–ലെ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ റിപ്പോർട്ട് (പിഎൽഎഫ്എസ്) പ്രകാരം കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 2017–18–ലെ 11.4 ശതമാനത്തിൽ നിന്ന് 2018–19 –ൽ 9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. പുരുഷന്മാരുമായി (5 ശതമാനം) താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ തൊഴിലില്ലായ്മാ നിരക്ക് സ്ത്രീകളിൽ (17.1 ശതമാനം) വളരെ കൂടുതലാണ്. ഗ്രാമീണ മേഖലയിൽ തൊഴിലില്ലായ്മ നിരക്ക് പുരുഷന്മാരിൽ 4.7 ശതമാനവും സ്ത്രീകളിൽ 15.6 ശതമാനവുമാണ്, നഗരപ്രദേശങ്ങളിൽ തൊഴിലില്ലായ്മ നിരക്ക് പുരുഷന്മാരിൽ 5.2 ശതമാനവും സ്ത്രീകളിൽ 18.8 ശതമാനവും ആണ്.

നൈപുണ്യ വികസനം സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ (ഐടിഐ) നവീകരണമാണ് ഊന്നൽ നൽകിയ ഒരു പ്രധാന മേഖല. കിഫ്ബി ഫണ്ടുകൾ ഉപയോഗിച്ച് പത്ത് ഐടിഐകൾ നവീകരിക്കപ്പെടുകയാണ്. ഐടിഐ ട്രെയിനികൾക്ക് സർക്കാർ സാങ്കേതിക വിനിമയ പരിപാടി നടത്തുന്നു. 2018–ലെ വെള്ളപ്പൊക്കത്തെ തുടർന്ന് താൽക്കാലികമായി ആരംഭിച്ച നൈപുണ്യ കർമസേന ഇപ്പോൾ സർക്കാരിന്റെ സ്ഥിരം ഭാഗമായി മാറി.

സംസ്ഥാനത്ത് കായികം പ്രോത്സാഹിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ സംസ്ഥാനത്ത് ഒൻപത് സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു. ഖേലോ ഇന്ത്യ സ്കീമിന് കീഴിൽ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസായി (കെ.ഐ.എസ്.ഇ.) ഉയർത്താൻ തിരുവനന്തപുരം ജി.വി.രാജ സീനിയർ സെക്കൻഡറി സ്പോർട്സ് സ്കൂൾ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം തിരഞ്ഞെടുത്തിരിക്കുന്നു. ഒളിംപിക്സിൽ ഇന്ത്യയുടെ മികവ് ശക്തിപ്പെടുത്താൻ വേണ്ടിയാണ് കെ.ഐ.എസ്.ഇ. സ്ഥാപിക്കുന്നത്.

സംസ്ഥാനത്തിന്റെ വികസനത്തിൽ പ്രവാസി കേരളീയർ പ്രധാന പങ്ക് വഹിക്കുന്നു. എന്നിരുന്നാലും, പ്രവസികൾ തിരിച്ചു വരുന്ന പ്രവണത കഴിഞ്ഞ ഏതാനും വർഷങ്ങളായി വർദ്ധിച്ചു വരികയാണ്. കേരള മൈഗ്രേഷൻ സർവേ 2018 കണക്കാക്കിയ തിരുച്ചു വന്ന പ്രവാസികളുടെ എണ്ണം 12.95 ലക്ഷമാണ്, ആകെയുള്ള പ്രവാസികളുടെ ഏകദേശം 60 ശതമാനം. കോവിഡ്–19 പകർച്ചവ്യാധി മൂലമുണ്ടാകുന്ന പ്രതിസന്ധി ഇത് വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രവാസി കേരളീയരെ സമൂഹത്തിൽ ഇണചേർക്കുന്നതിനും പകർച്ചവ്യാധികൾ ബാധിച്ചവർക്ക് സഹായം നൽകുന്നതിനും സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യ വികസനത്തിന് സംസ്ഥാനം മുൻഗണന നൽകി. റോഡ് നിർമ്മാണത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. കൊല്ലം ബൈപ്പാസിന്റെ ജോലികൾ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ബൈപ്പാസ് പണി ഉടൻ പൂർത്തിയാക്കും എന്ന് പ്രതീക്ഷിക്കുന്നു. മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവയുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. രൂപകൽപ്പനയിലും നിർമ്മാണ സമ്പ്രദായങ്ങളിലും നവീനത, റോഡ് ആസ്തി, റോഡ് സുരക്ഷാ, ഗുണമേന്മ ഉറപ്പുവരുത്തൽ, കരാർ എന്നിവ കൈകാര്യ ചെയ്യൽ, തദ്ദേശീയ ഗവേഷണ വികസനം എന്നീ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കേരള ഹൈവേ റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഒരു സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തപ്പെടുകയാണ്. നിർവ്വഹണ പ്രവർത്തനങ്ങൾക്ക് വൈദ്യുതി വാഹനങ്ങൾ ഉപയോഗിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്. മോട്ടോർ വാഹന റൂൾസ് നടപ്പിലാക്കുന്നതിനും റോഡ് അച്ചടക്കം ഉറപ്പാക്കുന്നതിനും സേഫ് കേരള പദ്ധതിയുടെ 65 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കായി 'പ്ലഗ്–ഇൻ ഇലക്ട്രിക് വാഹനങ്ങൾക്ക്' മോട്ടോർ വാഹന വകുപ്പ് (എംവിഡി) ഓർഡർ നൽകിയിട്ടുണ്ട്.

ഇലക്ട്രിക് ഓട്ടോകൾക്ക് സി.എം.വി.ആർ സർട്ടിഫിക്കേഷൻ ലഭിച്ച ഏക പൊതുമേഖല സ്ഥാപനമാണ് കെ.എ.എൽ. കെ.എ.എൽ അതിന്റെ ഉൽപ്പാദന ശേഷി പ്രതിവർഷം 7,200 യൂണിറ്റിൽ നിന്ന് 15,000 യൂണിറ്റായി ഉയർത്തി.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) പ്രവർത്തനം ആരംഭിച്ചു. റോഡുകളും പാലങ്ങളും, ശുചിത്വ, ജലവിതരണം, ഉപജീവനം, വനം, കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം എന്നിവയാണ് ആർ.കെ.ഐ യുടെ കീഴിൽ ഏറ്റെടുത്ത മേഖലകൾ. 2020 ഒക്ടോബറിലെ കണക്ക് പ്രകാരം 7,000 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് ഉണർവ് നൽകി. 2020 മാർച്ച് 31–ലെ കണക്ക് പ്രകാരം കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ ആകെ ചെലവ് 54,391 കോടി രൂപയാണ്. അംഗീകരിച്ച 679 പദ്ധതികളിൽ 675 പദ്ധതികൾ അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ടതാണ്, 4 പദ്ധതികൾ വ്യാവസായിക അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ടതാണ്. 2019–20–ൽ 3,502 കോടി രൂപ വിവിധ പദ്ധതികൾക്കായി വിതരണം ചെയ്തു. 2020 മാർച്ച് 31 വരെ 5,014 കോടി രൂപയാണ് വിതരണം ചെയ്തത്.

എല്ലാവർക്കും പാർപ്പിടം നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തോടെ സംസ്ഥാനത്ത് പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഊന്നൽ നൽകി ലൈഫ് മിഷൻ എന്ന പദ്ധതി സർക്കാർ ആരംഭിച്ചു. 2020 ഡിസംബർ 1–ലെ കണക്കുകൾ പ്രകാരം 2,43,522 വീടുകൾ മിഷൻ പൂർത്തിയാക്കി.

പ്രാദേശിക സർക്കാരുകൾ സംസ്ഥാനത്ത് പ്രധാനപ്പെട്ടതും ശക്തവുമായ ഭരണസ്ഥാപനങ്ങളായി മാറിയിരിക്കുന്നു. മൊത്തത്തിലുള്ള ആസൂത്രണത്തിലും നടപ്പാക്കലിലും കാര്യമായ പുരോഗതികൾ ഉണ്ടായിട്ടുണ്ട്. പ്രകൃതി ക്ഷോഭത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഘാതം ലഘൂകരിക്കാനും ദുരന്ത തയ്യാറെടുപ്പ് മെച്ചപ്പെടുത്താനും രാജ്യത്ത് ആദ്യമായി കേരളത്തിലെ പ്രാദേശിക സർക്കാരുകൾ 2020 ജനുവരി–മാർച്ച് കാലഘട്ടത്തിൽ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കി. പ്രാദേശിക സർക്കാരുകൾ ഒരു വികേന്ദ്രീകരണ റൗണ്ട് സർവേ നടത്തി, ഇത് കേരളത്തിലെ പ്രാദേശിക തലത്തിൽ ആസൂത്രണത്തിന് പിന്തുണ നൽകുന്ന ഒരു ഡാറ്റ ശേഖരണ വിതരണ സംവിധാനവുമാണ്. പ്രാദേശിക സർക്കാർ പൗരർക്ക് നൽകുന്ന വിവിധ സേവനങ്ങളിൽ കൂടുതൽ സുതാര്യം, ഉത്തരവാദിത്വം, കൃത്യത, സമയനിഷ്ഠ, സാങ്കേതിക മേൽനോട്ടവും എന്നിവ ഉറപ്പാക്കുന്നതിന് സംയോജിത പ്രാദേശിക ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐഎൽജിഎംഎസ്) 2020 ഒക്ടോബറിൽ 150 ഗ്രാമ പഞ്ചായത്തുകളിൽ വിന്യസിക്കപ്പെട്ടിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ കോവിഡ്–19 പകർച്ചവ്യാധിയെ നിയന്ത്രിക്കുന്നതിലും നല്ലരീതിയിൽ കൈകാര്യം ചെയ്യുന്നതിലും പ്രധാന പങ്ക് വഹിച്ചു.

പദ്ധതി പരിപാടികളിൽ ഉൾപ്പെട്ടിട്ടുള്ളതും സംസ്ഥാന പദ്ധതിയുടെ മുഖ്യ സവിശേഷതയുമാണ് ഉപജീവന പദ്ധതികൾ. 2019–20–ൽ 8.02 കോടി തൊഴിൽ വ്യക്തിദിനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ (MGNREGS) ഭാഗമായി സൃഷ്ടിച്ചു. സംസ്ഥാനത്തെ നഗര തൊഴിലുറപ്പ് പദ്ധതിയായ അയ്യങ്കാളി അർബൻ എംപ്ലോയമെന്റ് ക്രിയേഷൻ സ്കീം 2019–20 ൽ 26 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. സംസ്ഥാനത്തിന്റെ സാമൂഹിക–സാമ്പത്തിക വികസനത്തിൽ കുടുംബശ്രീ വഹിച്ച പങ്ക് പ്രത്യേകം എടുത്തു പറയേണ്ടതാണ്. കുടുംബശ്രീ സംസ്ഥാനത്തെ പ്രത്യേകിച്ച് സ്ത്രീകളുടെ ഉപജീവനദാതാവും പിന്തുണയുമായി മാറി. 30,000 എൻഎച്ച്ജികളിലൂടെ രണ്ടു ലക്ഷത്തിലധികം പേർക്ക് സഹായം നൽകിയ റീസർജന്റ് കേരള വായ്പാ പദ്ധതിക്ക് കുടുംബശ്രീയാണ് നേതൃത്വം നൽകുന്നത്. പ്രത്യേക ഉപജീവന വികസന പാക്കേജിന് കീഴിൽ കുടുംബശ്രീ നിരവധി സംരംഭങ്ങൾ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി–പട്ടികവർഗ ക്ഷേമം സംസ്ഥാനത്തിനു പരമപ്രധാനമാണ്. ഭവനനിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ സർക്കാർ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 2019–20–ൽ ഭൂരഹിതർക്ക് ഭൂമി എന്ന പദ്ധതി പ്രകാരം 4,225 ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് സഹായം നൽകി. വിദേശ പഠനത്തിന് വിദ്യാർഥികൾക്ക് സഹായവും നൽകി. പട്ടികജാതി വിദ്യാർത്ഥികൾക്കായി 4,556 പഠനമുറികൾ നിർമിച്ചു. 2016–17 മുതൽ 4,698 ആദിവാസികൾക്ക് 3,799.67 ഏക്കർ ഭൂമിനൽകി.

നിലവിലുള്ള 150 കമ്മ്യൂണിറ്റി പഠന കേന്ദ്രങ്ങൾക്കു പുറമേ, ആദിവാസികൾക്ക് ട്യൂഷൻ, ഇ-ലേണിംഗ് സൗകര്യങ്ങൾ നൽകുന്നതിന് 100 കമ്മ്യൂണിറ്റി പഠന കേന്ദ്രങ്ങൾ കൂടി ആരംഭിച്ചു. മില്ലറ്റ് വില്ലേജ് പദ്ധതിപ്രകാരം 400 ഹെക്ടറിലെ കൃഷിയുടെ പ്രയോജനം 1,256 കർഷകർക്ക് ലഭിച്ചു. ഇതിനു പുറമേ, അട്ടപ്പാടിയിൽ പോഷകാഹാര പര്യാപ്തത പദ്ധതിയിൽ 1,211 കർഷകർ അഗ്രോ ഇക്കോളജി പ്രകാരം 1,671 ഏക്കർ കൃഷി ചെയ്തു.

2019–20–ലെ സർക്കാർ നയങ്ങൾ സാമൂഹിക സംരക്ഷണത്തോടൊപ്പം വളർച്ച പ്രോത്സാഹിപ്പിക്കാനുള്ള അതിന്റെ ശ്രമങ്ങളുടെ തുടർച്ചയായിരുന്നു. എന്നാൽ, എല്ലാ പ്രവർത്തനങ്ങൾക്കും കോവിഡ്–19 പകർച്ചവ്യാധി വലിയ ആഘാതമായി. കോവിഡ്–19 പകർച്ചവ്യാധി കേരളം ഉൾപ്പെടെ ലോകത്തിലെ എല്ലാ സമ്പദ് വ്യവസ്ഥയിലും ആഘാതം ഏൽപ്പിച്ചു. 2020 ജനുവരി 30നാണ് ഇന്ത്യയിലെ കോവിഡ്–19 ന്റെ ആദ്യ കേസ് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. സംസ്ഥാനത്തെ ആരോഗ്യ സംവിധാനം ദ്രുതഗതിയിൽ പ്രതിസന്ധിയോട് പ്രതികരിച്ചു, ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ എല്ലാ സർക്കാർ സംവിധാനങ്ങളും ഉണർന്ന് പ്രവർത്തിച്ചു. സേവനങ്ങൾ ലഭ്യമാക്കുന്നതിൽ പൊതു ഇടപെടലുകളുടെ ശക്തി കേരളം വീണ്ടും ലോകത്തിന് കാട്ടിത്തന്നു. കോവിഡ്–19 പകർച്ചവ്യാധിയെ സംസ്ഥാനം കൈകാര്യം ചെയ്തരീതി ലോകമെമ്പാടും പ്രശംസ നേടി. കേരളത്തിൽ സ്ഥാപിതമായ പൊതുജനാരോഗ്യ സംരക്ഷണ സംവിധാനത്തിന്റെയും വികേന്ദ്രീകൃത ഭരണത്തിന്റെയും സവിശേഷ മേന്മകൾ പകർച്ചവ്യാധിയെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിൽ ഗണ്യമായ സംഭാവന നൽകി. ഇന്ത്യയിൽ ആദ്യമായി 20,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ച സംസ്ഥാനവും കേരളമായിരുന്നു. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചു, അതിഥി തൊഴിലാളികൾക്ക് പിന്തുണ നൽകി, ഉപജീവനമാർഗങ്ങൾ പിന്തുണയ്ക്കുന്നതിനുള്ള പുനരുദ്ധാരണ നടപടികൾ പ്രഖ്യാപിച്ചു, ചെലവുകൾ ക്രമപ്പെടുത്തി ഏറ്റവും ഉൽപാദനക്ഷമമായ ഉപയോഗങ്ങൾക്ക് മുൻഗണന നൽകി.

ചുരുക്കിപ്പറഞ്ഞാൽ, സാമ്പത്തിക രംഗത്ത് ഉൽപാദന ശക്തികളെ പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ ജനങ്ങളുടെ ക്ഷേമവും ലിംഗ നീതിയും ഉറപ്പാക്കുന്നതിനുമായുള്ള നയങ്ങളും പരിപാടികളും സർക്കാർ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

# കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക സൂചികകൾ - ദ്രുതവീക്ഷണം

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2010-11 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ഭ്രവിസ്തൃതി | '000 ചതുരശ്ര കി.മി | 38856.7 | 38864 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 |
| **ഭരണരംഗം** | | | | | | | | | | | |
| 2 | റവന്യൂ ഡിവിഷനുകൾ | എണ്ണം. | | | | | | 21 | 21 | 21 | 21 |
| 3 | ജില്ലകൾ | എണ്ണം. | 9 | 10 | 12 | 14 | 14 | 14 | 14 | 14 | 14 |
| 4 | താലൂക്കുകൾ | എണ്ണം. | 55 | 56 | 58 | 61 | 63 | 63 | 75 | 75 | 75 |
| 5 | വില്ലേജുകൾ | എണ്ണം. | | 1326 | 1331 | 1364 | 1452 | 1532 | 1664 | 1664 | 1664 |
| 6 | ടൗണുകൾ | എണ്ണം. | 92 | 88 | 106 | 197 | 159 | 520 | 520 | 520 | 520 |
| **സെൻസസ് അനുസരിച്ചുള്ള ജനസംഖ്യ** | | | **1951** | **1961** | **1971** | **1981** | **1991** | **2001** | | | **2011** |
| 7 | ആകെ | (ആയിരത്തിൽ) | 13549 | 16904 | 21347 | 25454 | 29099 | 31844 | | | 33406 |
| 8 | പുരുഷന്മാർ | (ആയിരത്തിൽ) | | 8362 | 10588 | 12609 | 14289 | 15469 | | | 16027 |
| 9 | സ്ത്രീകൾ | (ആയിരത്തിൽ) | | 8542 | 10760 | 12885 | 14810 | 16373 | | | 17379 |
| 10 | ഗ്രാമം | (ആയിരത്തിൽ) | | 14351 | 17880 | 20682 | 21618 | 23574 | | | 17471 |
| 11 | നഗരം | (ആയിരത്തിൽ) | | 2552 | 3467 | 4771 | 7018 | 8267 | | | 15935 |
| 12 | പട്ടിക ജാതിക്കാർ | (ആയിരത്തിൽ) | | 1422 | 2002* | 2549 | 2887 | 3124 | | | 3040 |
| 13 | പട്ടികവർഗ്ഗക്കാർ | (ആയിരത്തിൽ) | | 208 | 193* | 261 | 321 | 364 | | | 485 |
| 14 | ജനസാന്ദ്രത | ആളുകളുടെ എണ്ണം സ്ക്വയർ കി.മി.ന് | | 435 | 549 | 655 | 749 | 819 | | | 860 |
| 15 | സാക്ഷരതാ നിരക്ക് | ശതമാനം | | 55 | 60 | 70 | 90 | 90 | | | 94 |
| 16 | സ്ത്രീ പുരുഷാനുപാതം | 1000 പുരുഷന്മാർക്ക്/ സ്ത്രീകൾ | | 1022 | 1016 | 1032 | 1036 | 1058 | | | 1084 |
| 17 | നഗര ജനസംഖ്യ | ശതമാനം | | 15 | 16 | 19 | 24 | 26 | | | 48 |
| **സ്ഥിരവിലയിൽ സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പന്നം** | | | **1960-61** | **1970-71** | **1980-81** | **1990-91** | **2000-01** | **2009-10** | **2017-18** | **2018-19 (P)** | **2019-20 (Q)** |
| 18 | സംസ്ഥാനത്തിൻറെ വരുമാനം | രൂപ കോടിയിൽ | 462 | 1255 | 3823 | 12195 | 63715 | 180812 | 516189.76 | 549672.93 | 568635.52 |
| 19 | പ്രാഥമികമേഖല (ജി.എസ്.വി.എ) | രൂപ കോടിയിൽ | 241 | 653 | 1682 | 4756 | 14017 | 15966 | 47619.23 | 46004.41 | 42373.83 |
| 20 | ദ്വിതീയ മേഖല (ജി.എസ്.വി.എ) | രൂപ കോടിയിൽ | 68 | 163 | 841 | 3171 | 14017 | 38249 | 129866.26 | 138033.99 | 141805.63 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 21 | തൃതീയ മേഖല (ജി.എസ്.വി.എ) | രൂപ കോടിയിൽ | 153 | 439 | 1300 | 4268 | 35680 | 126597 | 283268.51 | 305303.78 | 317781.22 |
| 22 | പ്രതിശീർഷ വരുമാനം | രൂപ | 276 | 594 | 1508 | 4207 | 19951 | 47360 | 149650 | 158564 | 163216 |
| **കൃഷി** | | | **1960-61** | **1970-71** | **1980-81** | **1990-91** | **2000-01** | **2009-10** | **2017-18** | **2018-19** | **2019-20** |
| 23 | വിളവിറക്കിയ അറ്റ ഭൂവിസ്തൃതി | '000 ഹെക്ടർ | 1923 | 2171 | 2180 | 2247 | 2206 | 2079 | 2040 | 2033 | 2026 |
| 24 | മൊത്തമായി കൃഷിചെയ്ത ഭൂവിസ്തൃതി | '000 ഹെക്ടർ | 2349 | 2933 | 2885 | 3020 | 3022 | 2669 | 2579 | 2571 | 2589 |
| 25 | മൊത്തമായി ജലസേചനം നടത്തിയ ഭൂവിസ്തൃതി | '000 ഹെക്ടർ | | | 381 | 385 | 460.3 | 458 | 539.874 | 515.388 | 515.688 |
| 26 | മൊത്തം ജലസേചനം നടത്തിയ ഭൂവിസ്തൃതി മുതൽ മൊത്തമായി വിളവിറക്കിയ ഭൂവിസ്തൃതി വരെ | ശതമാനം | | | 13 | 13 | 15 | 18 | 21 | 20 | 20 |
| **പ്രധാന വിളകൾ കൃഷി ചെയ്ത ഭൂമി** | | | **1960-61** | **1970-71** | **1980-81** | **1990-91** | **2000-01** | **2012-13** | **2017-18** | **2018-19** | **2019-20** |
| 27 | നെല്ല് (നെൽ വയൽ) | '000 ഹെക്ടർ | 779 | 875 | 802 | 559 | 347 | 197 | 189 | 198 | 191 |
| 28 | പയറുവർഗ്ഗങ്ങൾ | '000 ഹെക്ടർ | 44 | 40 | 34 | 23 | | 3 | 1.9 | 2.5 | 2.3 |
| 29 | കരിമ്പ് വിളവെടുത്ത പ്രദേശം | '000 ഹെക്ടർ | 9 | 8 | 8 | 8 | 3 | 2 | 1.05 | | |
| 30 | റബ്ബർ | '000 ഹെക്ടർ | 133 | 188 | 238 | 384 | 474 | 545 | 551 | 551.2 | 551.03 (P) |
| 31 | തേയില | '000 ഹെക്ടർ | 40 | 37 | 36 | 35 | 37 | 30 | 30 | 36.47 | 35.87 |
| 32 | തെങ്ങ് | '000 ഹെക്ടർ | 501 | 719 | 651 | 870 | 926 | 798 | 760.4 | 760.9 | 760.77 |
| 33 | കവുങ്ങ് | '000 ഹെക്ടർ | 54 | 86 | 61 | 65 | | 102 | 94.6 | 95.7 | 96.92 |
| 34 | നിലക്കടല | '000 ഹെക്ടർ | 16 | 15 | 9 | 13 | | 0.7 | 0.27 | | |
| 35 | കുരുമുളക് | '000 ഹെക്ടർ | 100 | 12 | 108 | 169 | 202 | 85 | 85.1 | 82.7 | 83.76 |
| 36 | ഏലം | '000 ഹെക്ടർ | 29 | 47 | 56 | 67 | 41 | 42 | 39.1 | 38.8 | 39.69 |
| 37 | ഇഞ്ചി | '000 ഹെക്ടർ | 12 | 12 | 13 | 14 | 12 | 5 | 4.37 | 3.27 | 2.82 |
| **പ്രധാനവിളകളുടെ ഉല്പാദനം** | | | **1960-61** | **1970-71** | **1980-81** | **1990-91** | **2000-01** | **2012-13** | **2017-18** | **2018-19** | **2019-20** |
| 38 | നെല്ല് | '000 ടണ്ണിൽ | 1068 | 1298 | 1272 | 1087 | 751 | 509 | 521.3 | 578.25 | 587.1 |
| 39 | പയറുവർഗ്ഗങ്ങൾ | '000 ടണ്ണിൽ | 18 | 13 | 22 | 17 | | 3 | 2.04 | 2.3 | 2.10 |
| 40 | കരിമ്പ് | '000 ടണ്ണിൽ | 38 | 38 | 48 | 52 | 28 | 17 | 11.5 | | |
| 41 | റബ്ബർ | '000 ടണ്ണിൽ | 24 | 88 | 140 | 308 | 560 | 800 | 540.7 | 492.5 | 533.5 (P) |
| 42 | തേയില | '000 ടണ്ണിൽ | 39 | 43 | 48 | 63 | 69 | 63 | 62.23 | 60.76 | 59.26 |
| 43 | നാളികേരം | ദശലക്ഷം യൂണിറ്റ് | 3220 | 3981 | 3008 | 4232 | 5536 | 5799 | 5230 | 5299 | 4814 |
| 44 | അടയ്ക്ക | '000 ടണ്ണിൽ | 8 | 13 | 11 | 13 | | 118 | 108.5 | 99.92 | 92.75 |
| 45 | നിലക്കടല | '000 ടണ്ണിൽ | 14 | 16 | 8 | 10 | 10 | 9 | 0.38 | | |
| 46 | കുരുമുളക് | '000 ടണ്ണിൽ | 27 | 25 | 29 | 47 | 61 | 46 | 37.9 | 36.77 | 34.54 |
| 47 | ഏലം | '000 ടണ്ണിൽ | 1 | 1 | 3 | 3 | | 10 | 18.3 | 11.53 | 10.07 |
| 48 | ഇഞ്ചി | '000 ടണ്ണിൽ | 11 | 20 | 32 | 46 | 42 | 22 | 18.9 | 15.12 | 11.91 |
| **കന്നുകാലി സെൻസസ്** | | | **1977** | **1982** | **1987** | **1996** | **2003** | **2007** | **2012** | **2019** | **2020** |
| 49 | ആകെ കന്നുകാലികൾ | ലക്ഷത്തിൽ | 53 | 56 | 55 | 56 | 35 | 36 | 38.88 | 38.36 | 38.36 |
| 50 | ആകെ കോഴികൾ | ലക്ഷത്തിൽ | | 152 | 185 | 308 | 139 | 127 | 238.45 | 298.18 | 298.18 |
| **വനം** | | | **1960-61** | **1970-71** | **1980-81** | **1990-91** | **2000-01** | **2011-12** | **2017-18** | **2018-19** | **2019-20** |
| 51 | വനവിസ്തൃതി | '000 ഹെക്ടർ | 1056 | 1056 | 1123 | 1122 | 1115 | 1131 | 1152 | 1152 | 1152 |

| ഫാക്ടറികൾ | | | 1971 | 1981 | 1991 | 2001 | 2011 | 2012 | 2018 | 2019 | 2020 |
|---|---|---|---|---|---|---|---|---|---|---|---|
| 52 | പ്രവർത്തിക്കുന്ന ഫാക്ടറികൾ | എണ്ണം. | 3024 | 9106 | 13255 | 18554 | 19676 | 20473 | 23335 | 24254 | 24468 |
| 53 | ജീവനക്കാർ | എണ്ണം. | 206839 | 300515 | 368738 | 436410 | 644606 | 644802 | 698679 | 726195 | 702901 |
| 54 | ലക്ഷം ജനസംഖ്യയിൽ ജീവനക്കാരുടെ നിരക്ക് | എണ്ണം. | 969 | 1181 | 1267 | 1370 | 1930 | 1930 | 2091 | 2174 | 2104 |
| **വൈദ്യുതി** | | | 1970–71 | 1980–81 | 1990–91 | 2000–01 | 2009–10 | 2011–12 | 2017–18 | 2018–19 | 2019–20 |
| 55 | ആകെ ഉല്പാദനം | ദശലക്ഷം യൂണിറ്റ് | 2126 | 5242 | 5491 | 7656 | 6495 | 8351 | 5474.4 | 7577.02 | 5722.81 |
| 56 | ആകെ ഉപഭോഗം | ദശലക്ഷം യൂണിറ്റ് | | 2869 | 5282 | 10319 | 12878 | 16182 | 21159.19 | 22361.45 | 22948.82 |
| 57 | വ്യാവസായിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | | 2025 | 2697 | 3784 | 4002 | 4926 | 5648.31 | 5820.49 | 5683.3 |
| 58 | കാർഷിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | | 125 | 288 | 350 | 225 | 286 | 346.0 | 337.65 | 348.48 |
| 59 | ഗാർഹിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | | 409 | 1621 | 4688 | 5931 | 7706 | 10574.8 | 108464.34 | 11898.13 |
| **വിദ്യാഭ്യാസം** | | | 1970–71 | 1980–81 | 1990–91 | 2000–01 | 2009–10 | 2012–13 | 2017–18 | 2018–19 | 2019–20 |
| 60 | പ്രൈമറി സ്കൂളുകൾ | എണ്ണം. | 9437 | 9605 | 9682 | 9714 | 9828 | 9737 | 9852 | 9841 | 9833 |
| 61 | പ്രൈമറി സ്കൂളുകൾ എൻറോൾമെന്റ് | എണ്ണം. | 4156 | 4284 | 4402 | 3637 | 3015 | 2545 | 2384 | 2428 | 2450 |
| 62 | ഹൈസ്കൂളുകൾ | എണ്ണം. | 1199 | 1971 | 2451 | 2596 | 2814 | 2890 | 3119 | 3120 | 3118 |
| 63 | ഹൈസ്കൂളുകൾ എൻറോൾമെന്റ് | എണ്ണം | | 1310 | 1498 | 1611 | 1443 | 1426 | 1297 | 1276 | 1267 |
| **ആരോഗ്യം** | | | 1970–71 | 1980–81 | 1990–91 | 2000–01 | 2009–10 | 2011–12 | 2017–18# | 2018–19# | 2019–20# |
| 64 | ആശുപത്രികൾ | എണ്ണം. | 553 | 746 | 1199 | 1319 | 1254 | 1255 | 1470 | 1470 | 1471*** |
| 65 | കിടക്കകളുടെ എണ്ണം | എണ്ണം | 21777 | 32447 | 38726 | 38242 | 37021 | 37388 | 56596 | 56596 | 57713*** |
| **ജനസംഖ്യാപരമായ അവസ്ഥ** | | | 1970–71 | 1980–81 | 1990–91 | 2001 | 2009 | 2010 | 2011 | 2017## | 2018## |
| 66 | ജനനനിരക്ക് | ആയിരം ജനങ്ങളിൽ | 32 | 26 | 20 | 16 | 15 | 15 | 15 | 14.2 | 13.9 |
| 67 | മരണനിരക്ക് | ആയിരം ജനങ്ങളിൽ | 9 | 6 | 6 | 7 | 7 | 7 | 7 | 6.8 | 6.9 |
| 68 | ശിശുമരണനിരക്ക് | ആയിരം ജനങ്ങളിൽ | 61 | 37 | 21 | 11 | 12 | 14 | 13 | 10 | 7 |
| **ഗതാഗതം** | | | 1970–71 | 1980–81 | 1990–91 | 2000–01 | 2010–11 | 2011–12 | 2017–18 | 2018–19 | 2019–20 |
| 69 | റെയിൽപാതകളുടെ ദൈർഘ്യം | കി.മി | 892 | 921 | 988 | 1148 | 1257 | 1257 | 1257 | 1257 | 1257 |
| 70 | ആകെ റോഡുകളുടെ ദൈർഘ്യം** | കി.മി | 18037 | 94145 | 128403 | 125835 | 151652 | 244373 | 229349.2** | 273113.3 | 331904.1 |
| 71 | മോട്ടോർ വാഹനങ്ങൾ | ആയിരത്തിൽ | 86234 | 195000 | 648000 | 2111885 | 6072019 | 8048673 | 12042691 | 13334984 | 14184184 |
| **തദ്ദേശ സ്ഥാപനങ്ങൾ** | | | 1990–91 | 2000–01 | 2006–07 | 2007–08 | 2008–09 | 2010–11 | 2017–18 | 2018–19 | 2019–20 |
| 72 | ജില്ലാ പഞ്ചായത്ത് | എണ്ണം | | 14 | 14 | 14 | 14 | 14 | 14 | 14 | 14 |
| 73 | ബ്ലോക്ക് പഞ്ചായത്ത് | എണ്ണം | | 152 | 152 | 152 | 152 | 152 | 152 | 152 | 152 |
| 74 | ഗ്രാമപഞ്ചായത്ത് | എണ്ണം | 983 | 990 | 999 | 999 | 999 | 978 | 941 | 941 | 941 |
| 75 | മുനിസിപ്പാലിറ്റികൾ | എണ്ണം | 58 | 53 | 53 | 53 | 53 | 60 | 87 | 87 | 87 |
| 76 | കോർപ്പറേഷനുകൾ | എണ്ണം | 3 | 5 | 5 | 5 | 5 | 5 | 6 | 6 | 6 |

#അലോപ്പതിയും ആയുഷും ഉൾപ്പെടെ ##എസ്.ആർ.എസ് മെയ് 2019, 2020 *അടിസ്ഥാന വർഷം 2011-12 **എൽ.എസ്.ജി.ഡി പക്കാറോഡ് ഒഴികെ
***ആർ സി സി ഉൾപ്പെടെ (P)പ്രൊവിഷണൽ എസ്റ്റിമേറ്റ് Q) ക്വിക്ക് എസ്റ്റിമേറ്റ്

# ജില്ലകൾ – അവലോകനം

| ക്രമ നമ്പർ | ഇനം | തിരു. | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | ഇടുക്കി | എറണാകുളം |
|---|---|---|---|---|---|---|---|---|
| 1 | ഭൂവിസ്തൃതി (ചതുരശ്ര കിലോമീറ്ററിൽ) | 2192 | 2491 | 2637 | 1414 | 2208 | 4358 | 3068 |
| 2 | വനഭൂമി (ചതുരശ്ര കിലോമീറ്ററിൽ) * | 1304 | 1322 | 1956 | 80 | 1104 | 3151 | 1366 |
| 3 | ജനസംഖ്യ (ലക്ഷത്തിൽ) 2011 | 33.01 | 26.35 | 11.97 | 21.28 | 19.75 | 11.09 | 32.82 |
| | ഗ്രാമം | 15.3 | 14.48 | 10.66 | 9.8 | 14.09 | 10.56 | 10.47 |
| | പുരുഷൻ | 7.25 | 6.81 | 5 | 4.65 | 6.93 | 5.27 | 5.18 |
| | സ്ത്രീ | 8.05 | 7.67 | 5.66 | 5.15 | 7.16 | 5.29 | 5.29 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001-2011) | -28.6 | -31.7 | -4 | -34.2 | -14.8 | -1.4 | -35.7 |
| | നഗരം | 17.72 | 11.87 | 1.32 | 11.48 | 5.66 | 0.51 | 22.34 |
| | പുരുഷൻ | 8.57 | 5.66 | 0.62 | 5.48 | 2.76 | 0.25 | 11.01 |
| | സ്ത്രീ | 9.15 | 6.21 | 0.7 | 6 | 2.9 | 0.26 | 11.33 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001-2011) | 62.3 | 154.8 | 6.3 | 84.8 | 88.6 | -9.6 | 51.3 |
| | ജനസാന്ദ്രത | 1508 | 1061 | 452 | 1504 | 895 | 255 | 1072 |
| | മത്സ്യത്തൊഴിലാളികൾ (എണ്ണം) | 164883 | 123100 | 2073 | 167794 | 24420 | 691 | 133387 |
| | പട്ടികജാതിക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ | 11.3 | 12.5 | 13.7 | 9.5 | 7.8 | 13.1 | 8.2 |
| | പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ | 0.8 | 0.4 | 0.7 | 0.3 | 1.1 | 5.0 | 0.5 |

| ക്രമ നമ്പർ | ഇനം | തിരു. | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | ഇടുക്കി | എറണാകുളം |
|---|---|---|---|---|---|---|---|---|
| 4 | സാക്ഷരതാ നിരക്ക് (2011) | | | | | | | |
| | പുരുഷൻ | 94.2 | 95.8 | 97.7 | 97.9 | 97.2 | 94.8 | 97.1 |
| | സ്ത്രീ | 90.9 | 91.9 | 96.3 | 94.8 | 95.7 | 89.6 | 94.3 |
| 5 | കൊഴിഞ്ഞു പോയവരുടെ ശതമാനം 2019–20 | | | | | | | |
| | ലോവർ പ്രൈമറി | 0.16 | 0.13 | 0.00 | 0.00 | 0.14 | 0.33 | 0.33 |
| | അപ്പർ പ്രൈമറി | 0.08 | 0.03 | 0.00 | 0.00 | 0.05 | 0.10 | 0.10 |
| | ഹൈസ്കൂൾ | 0.20 | 0.03 | 0.01 | 0.04 | 0.13 | 0.45 | 0.18 |
| 6 | ജി.എസ്.വി.എ 2019–20(ത്വരിതം) | | | | | | | |
| | ജി.എസ്.വി.എ അടിസ്ഥാന വിലയിൽ (രൂപ ലക്ഷത്തിൽ) | 5384318 | 4644758 | 1413528 | 3662996 | 3213111 | 1548996 | 6289123 |
| | ജി.എസ്.വി.എ ശതമാനത്തിലെ പങ്ക് | | | | | | | |
| | പ്രാഥമികം | 325756 | 370260 | 258278 | 175126 | 385779 | 398825 | 411435 |
| | ദ്വിതീയം | 1453167 | 1294224 | 359994 | 1271172 | 744227 | 366131 | 1649455 |
| | തൃതീയം | 3605396 | 2980274 | 795256 | 2216698 | 2083105 | 784041 | 4228233 |
| 7 | കേരളത്തിലെ നെല്ലുല്പാദനം (ടണ്ണിൽ) (നെൽ വയൽ) 2019–20 | 4541 | 4183 | 11383 | 112593.0 | 50051 | 1467 | 10859 |
| 8 | ജലസേചന ഭൂവിസ്തൃതി (ഹെക്ടറിൽ) 2019–20 | 7842 | 5727 | 6410 | 35841 | 18449 | 50240 | 23351 |
| 9 | വാണിജ്യബാങ്കുകളുടെ എണ്ണം (മാർച്ച് 2019) | 741 | 404 | 390 | 400 | 518 | 188 | 1019 |
| 10 | സി.ഡി. അനുപാതം | 69.2 | 63.2 | 25.4 | 46.0 | 53.4 | 111.6 | 85.7 |
| 11 | രജിസ്റ്റർ ചെയ്ത എസ്.എസ്.ഐ.കൾ/ എം.എസ്.എം.ഇ.കൾ 2019–20 | 1363 | 814 | 501 | 1179 | 908 | 366 | 1386 |
| 12 | റോഡുകളുടെ ദൈർഘ്യം (കിലോമീറ്ററിൽ) ** | 2557.74 | 2202.86 | 1472.33 | 2031.4 | 3456.2 | 2867.36 | 3085.28 |
| 13 | വാഹനങ്ങളുടെ എണ്ണം | 1772975 | 1048816 | 595801 | 979188 | 864689 | 297815 | 2055842 |
| 14 | എത്തിച്ചേരുന്ന വിനോദ സഞ്ചാരികൾ 2019 | | | | | | | |
| | വിദേശ സഞ്ചാരികൾ (എണ്ണത്തിൽ) | 310451 | 12961 | 2042 | 116228 | 58178 | 75206 | 522232 |
| | ആഭ്യന്തര സഞ്ചാരികൾ (എണ്ണത്തിൽ) | 3038167 | 481928 | 207863 | 677958 | 597424 | 1820216 | 4060134 |

*തുറന്ന വനം ഉൾപ്പെടെ , ** എൽ.എസ്.ജി.ഡി പക്കാ റോഡ് ഒഴികെ

# ജില്ലകൾ – അവലോകനം

| ക്രമ നമ്പർ | ഇനം | തൃശ്ശൂർ | പാലക്കാട് | മലപ്പുറം | കോഴിക്കോട് | വയനാട് | കണ്ണൂർ | കാസറഗോഡ് | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | ഭൂവിസ്തൃതി (ചതുരശ്ര കിലോമീറ്ററിൽ) | 3032 | 4480 | 3550 | 2344 | 2131 | 2966 | 1992 | 38863 |
| 2 | വനഭൂമി (ചതുരശ്ര കിലോമീറ്ററിൽ) * | 1159 | 2084 | 1981 | 1437 | 1580 | 1654 | 966 | 21144 |
| 3 | ജനസംഖ്യ (ലക്ഷത്തിൽ) 2011 | 31.21 | 28.1 | 41.13 | 30.86 | 8.17 | 25.23 | 13.07 | 334.04 |
| | ഗ്രാമം | 10.24 | 21.31 | 22.95 | 10.14 | 7.86 | 8.82 | 7.99 | 174.67 |
| | പുരുഷൻ | 4.88 | 10.31 | 10.95 | 4.85 | 3.86 | 4.26 | 3.88 | 84.08 |
| | സ്ത്രീ | 5.36 | 11.01 | 12 | 5.29 | 4 | 4.56 | 4.11 | 90.6 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011) | –52 | –5.7 | –29.8 | –43 | –4.6 | –26.3 | –17.7 | –25.9 |
| | നഗരം | 20.96 | 6.77 | 18.17 | 20.72 | 0.31 | 16.41 | 5.09 | 159.33 |
| | പുരുഷൻ | 9.92 | 3.28 | 8.65 | 9.86 | 0.15 | 7.56 | 2.41 | 76.18 |
| | സ്ത്രീ | 11.04 | 3.49 | 9.52 | 10.86 | 0.16 | 8.85 | 2.68 | 83.15 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011) | 149.7 | 89.8 | 410.2 | 88.2 | 6.6 | 35.3 | 117.8 | 92.8 |
| | ജനസാന്ദ്രത | 1031 | 627 | 1157 | 1316 | 384 | 852 | 657 | 860 |
| | മത്സ്യത്തൊഴിലാളികൾ (എണ്ണം) | 90306 | 2534 | 82044 | 106613 | 230 | 60208 | 43342 | 1001625 |
| | പട്ടികജാതിക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ | 10.4 | 14.4 | 7.5 | 6.5 | 4.0 | 3.3 | 4.1 | 9.1 |
| | പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ | 0.3 | 1.7 | 0.6 | 0.5 | 18.5 | 1.6 | 3.7 | 1.5 |

| ക്രമ നമ്പർ | ഇനം | തൃശ്ശൂർ | പാലക്കാട് | മലപ്പുറം | കോഴിക്കോട് | വയനാട് | കണ്ണൂർ | കാസറഗോഡ് | ആകെ |
|---|---|---|---|---|---|---|---|---|---|
| 4 | സാക്ഷരതാ നിരക്ക് (2011) | | | | | | | | |
| | പുരുഷൻ | 96.98 | 92.27 | 95.78 | 97.57 | 92.84 | 97.54 | 93.93 | 96.1 |
| | സ്ത്രീ | 93.85 | 84.99 | 91.55 | 93.16 | 85.94 | 93.57 | 86.13 | 92.1 |
| 5 | കൊഴിഞ്ഞു പോയവരുടെ ശതമാനം 2019–20 | | | | | | | | |
| | ലോവർ പ്രൈമറി | 0.02 | 0.18 | 0.05 | 0.09 | 0.13 | 0.05 | 0.07 | 1.68 |
| | അപ്പർ പ്രൈമറി | 0.02 | 0.09 | 0.05 | 0.06 | 0.25 | 0.03 | 0.01 | 0.87 |
| | ഹൈസ്കൂൾ | 0.03 | 0.18 | 0.09 | 0.15 | 1.14 | 0.09 | 0.21 | 2.93 |
| 6 | ജി.എസ്.വി.എ 2019–20(ത്വരിതം) | | | | | | | | |
| | ജി.എസ്.വി.എ അടിസ്ഥാന വിലയിൽ (രൂപ ലക്ഷത്തിൽ) | 5000589 | 3495343 | 4964505 | 4330693 | 944915 | 3619255.00 | 1683937 | 50196068 |
| | ജി.എസ്.വി.എ ശതമാനത്തിലെ പങ്ക് | | | | | | | | |
| | പ്രാഥമികം | 275618 | 377164 | 343693 | 242455 | 150426 | 275604 | 246966 | 4237383 |
| | ദ്വിതീയം | 1350288 | 1013895 | 1301156 | 1425231 | 216662 | 1219303 | 515660 | 14180563 |
| | ത്രിതീയം | 3374684 | 2104284 | 3319655 | 2663007 | 577828 | 2124349 | 921312 | 31778122 |
| 7 | കേരളത്തിലെ നെല്ലുല്പാദനം (ടണ്ണിൽ) (നെൽ വയൽ) 2019–20 | 76556 | 248199.0 | 28214 | 2867 | 19513 | 11804 | 4848 | 587078 |
| 8 | ജലസേചന ഭൂവിസ്തൃതി (ഹെക്ടറിൽ) 2019–20 | 62227 | 86026 | 29528 | 4540 | 12186 | 12346 | 54981 | 409694 |
| 9 | വാണിജ്യബാങ്കുകളുടെ എണ്ണം (മാർച്ച് 2019) | 760 | 470 | 472 | 466 | 133 | 392 | 232 | 6585 |
| 10 | സി.ഡി. അനുപാതം | 57.0 | 64.6 | 58.1 | 74.0 | 135.5 | 52.8 | 71.6 | 64.2 |
| 11 | രജിസ്റ്റർ ചെയ്ത എസ്.എസ്.ഐ.കൾ/ എം.എസ്.എം.ഇ.കൾ 2019–20 | 1594 | 1694 | 1177 | 1162 | 264 | 1036 | 251 | 13695 |
| 12 | റോഡുകളുടെ ദൈർഘ്യം (കിലോമീറ്ററിൽ) ** | 2064.21 | 2184.7 | 2680.15 | 2454.64 | 1029.31 | 2265.24 | 1460.66 | 31812.1 |
| 13 | വാഹനങ്ങളുടെ എണ്ണം | 1444479 | 971689 | 1292322 | 1315314 | 235759 | 880769 | 428726 | 14184184 |
| 14 | എത്തിച്ചേരുന്ന വിനോദ സഞ്ചാരികൾ 2019 | | | | | | | | |
| | വിദേശ സഞ്ചാരികൾ (എണ്ണത്തിൽ) | 15691 | 2147 | 25697 | 22515 | 12302 | 6852 | 7296 | 1189798 |
| | ആഭ്യന്തര സഞ്ചാരികൾ (എണ്ണത്തിൽ) | 2583557 | 560906 | 665335 | 1305220 | 1143710 | 934572 | 307243 | 18384233 |

*തുറന്ന വനം ഉൾപ്പെടെ , ** എൽ.എസ്.ജി.ഡി പക്കാ റോഡ് ഒഴികെ

# പട്ടികകൾ


| പട്ടിക നമ്പർ | ഇനം | പേജ് |
|---|---|---|
| 1.1.1 | കേരളത്തിന്റെ സംസ്ഥാന ആഭ്യന്തരോല്പ്പന്നവും പ്രതിശീർഷ വരുമാനവും | 05 |
| 1.1.2 | ദേശീയ വരുമാനം, ആഭ്യന്തരോല്പ്പന്നം, പ്രതിശീർഷ വരുമാനം (2011–12 അടിസ്ഥാന വിലയിൽ നടപ്പ് വില – ഇന്ത്യ (രൂപ കോടിയിൽ) | 06 |
| 1.1.3 | മേഖലാടിസ്ഥാനത്തിലുള്ള തൊഴിൽ കണക്കുകൾ, കേരളത്തിലും ഇന്ത്യയിലും, ജനുവരി 2018 | 12 |
| 1.1.4 | ജില്ല തിരിച്ചുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യം (ലക്ഷം രൂപയിൽ) | 13 |
| 1.1.5 | ജില്ല തിരിച്ചുള്ള അടിസ്ഥാന വിലയിലെ പ്രതിശീർഷ മൊത്ത സംയോജിത മൂല്യം സ്ഥിര (2011–12) വിലയിൽ, രൂപയിൽ | 13 |
| 1.1.6 | ഇന്ത്യയുടെയും കേരളത്തിന്റെയും 2020 ഒക്ടോബർ മാസത്തെ പണപ്പെരുപ്പ നിരക്ക് | 15 |
| 1.2.1 | വ്യത്യസ്ത പ്രായവിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള വിതരണം–2011 | 25 |
| 1.3.1 | 1973–74 മുതൽ 2011–12 വരെയുള്ള ഇന്ത്യയിലെയും കേരളത്തിലെയും ദരിദ്രരുടെ അനുപാതം | 27 |
| 1.4.1 | കേരളത്തിലെ ബാങ്ക് ശാഖകളുടം എണ്ണം ഇനം തിരിച്ച് | 30 |
| 1.4.2 | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2020 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ബാങ്ക് ഇനം തിരിച്ച് (രൂപ കോടിയിൽ) | 33 |
| 1.4.3 | സഹകരണ മേഖലയുടെ പ്രകടനം രൂപ കോടിയിൽ | 35 |
| 1.5.1 | മുഖ്യ കമ്മി സൂചകങ്ങൾ (രൂപ കോടിയിൽ) | 38 |
| 1.5.2 | കേന്ദ്ര കൈമാറ്റം (രൂപ കോടിയിൽ) | 42 |
| 1.5.3 | റവന്യൂ ചെലവിന്റെ പ്രവണത കോടിയിൽ | 43 |
| 1.5.4 | മൂലധന വിഹിതത്തിലെ പ്രവണത (രൂപ കോടിയിൽ) | 44 |
| 1.6.1 | മേഖല അടിസ്ഥാനമാക്കിയുള്ള വിഹിതം 2019–20, 2020–21 (രൂപ കോടിയിൽ) | 47 |
| 2.1.1 | കോവിഡ് ആശുപത്രികളുടെയും സിഎഫ്എൽടിസികളിലെയും പ്രവേശനത്തിന്റെ സംഗ്രഹം, 28.09.2020 | 54 |
| 2.1.2 | അതിജീവന കിറ്റിലെ വിഭവങ്ങൾ | 64 |
| 2.1.3 | അതിജീവന കിറ്റ് വിതരണം ചെയ്തതിന്റെ കണക്ക് | 65 |
| 2.1.4 | വിദ്യാർത്ഥികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്തതിന്റെ കണക്ക് | 65 |
| 3.1.1 | ഇന്ത്യയുടെ മൊത്തം മൂല്യ വർദ്ധനവിൽ (ജി. വി. എ) കാർഷിക അനുബന്ധ മേഖലയുടെ വളർച്ചാ നിരക്ക് | 75 |
| 3.1.2 | മൊത്തം മൂല്യവർദ്ധനവിൽ (ജി.വി.എ/ജി.എസ്.വി.എ) കാർഷിക അനുബന്ധ മേഖലയുടെ വളർച്ചാ നിരക്ക് ദേശീയ തലത്തിലും സംസ്ഥാനതലത്തിലും സ്ഥിരവില, അടിസ്ഥാനവർഷം 2011–12 | 76 |
| 3.1.3 | സംസ്ഥാനത്ത് നെൽവയൽകൃഷിയുടെയും കരനെൽകൃഷിയുടെയും കൃഷി വിസ്തൃതി (2015–16 മുതൽ 2019–20 വരെ) | 79 |

| | | |
|---|---|---|
| 3.1.4 | ഉൽപ്പന്നം തിരിച്ചും വിള തിരിച്ചുമുള്ള തദ്ദേശീയ രാസജൈവ കീടനാശിനികളുടെ ഉപഭോഗം 2018–19 മുതൽ 2019–20 വരെ (മെട്രിക് ടൺ, ടെക്നിക്കൽ ഗ്രേഡ്) | 87 |
| 3.1.5 | 2018–19 ൽ കാർഷികമേഖലയ്ക്കുള്ള വായ്പ (രൂപ കോടിയിൽ) | 99 |
| 3.1.6 | കാർഷിക മേഖലയിലേയ്ക്കുള്ള നിക്ഷേപ വായ്പ ഏജൻസി തിരിച്ചുള്ള വിതരണം(2018–19) | 100 |
| 3.3.1 | ഇന്ത്യയിലെ കന്നുകാലി, വളർത്തു പക്ഷികണക്കെടുപ്പ് | 111 |
| 3.3.2 | കേരളത്തിന്റെ കന്നുകാലി കണക്കെടുപ്പ് | 112 |
| 3.3.3 | ധനകാര്യനിർവ്വഹണം (പതിമൂന്നാം പഞ്ചവത്സര പദ്ധതി) – മൃഗസംരക്ഷണ വകുപ്പ് (രൂപ ലക്ഷത്തിൽ) | 113 |
| 3.6.1 | മനുഷ്യ–മൃഗ സംഘർഷങ്ങളുടെ വിശദാംശങ്ങളും 2019–20 ൽ വിതരണം ചെയ്ത നഷ്ടപരിഹാര തുകയും | 146 |
| 3.8.1 | എൻ.എഫ്.എസ്.എ യുടെ കീഴിൽ വിഭാഗം തിരിച്ച് വിതരണം ചെയ്ത ഭക്ഷ്യ ധാന്യങ്ങൾ (2020 ആഗസ്റ്റ് പ്രകാരം) | 162 |
| 3.8.2 | വിവിധ വിഭാഗം കാർഡ് ഉടമകൾക്ക് സംസ്ഥാന സർക്കാർ ചെലവഴിച്ച സബ്സിഡി, രൂപ ലക്ഷത്തിൽ | 162 |
| 4.1.1 | ഘടനയും താരതമ്യ വലുപ്പവുമായി ബന്ധപ്പെട്ട കേരളത്തിലെ മൊത്തം ഫാക്ടറിരംഗത്തിന്റെ വ്യവസായത്തിലെ തൊഴിലിന്റെയും മൂല്യവർധനവിന്റെയും പങ്ക്, ഇന്ത്യയുമായി ബന്ധപ്പെട്ട് കേരളത്തിലെ മൊത്തം വ്യവസായങ്ങളുടെ പങ്ക്, 2016–17. | 171 |
| 4.1.2 | തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, 2016–17, കേരളത്തിലെയും ഇന്ത്യയിലെയും (എണ്ണത്തിൽ) | 173 |
| 4.2.1 | ധാതുക്കളിൽ നിന്നും ലഭിച്ച വരുമാനം | 177 |
| 4.2.2 | ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 177 |
| 4.3.1 | വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ: പദ്ധതിവിഹിതം, വിറ്റുവരവ്, അറ്റാദായം (രൂപ കോടിയിൽ) | 182 |
| 4.3.2 | കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ (കോടി രൂപയിൽ) | 185 |
| 4.3.3 | കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും 2016–17 മുതൽ 2019–20 വരെ (രൂപ കോടിയിൽ) | 186 |
| 4.3.4 | കിൻഫ്രയുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ (രൂപ കോടിയിൽ) | 187 |
| 4.3.5 | കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ) | 187 |
| 4.4.1 | കേരളത്തിലെ എം.എസ്.എം.ഇ മേഖലയിൽ സൃഷ്ടിക്കപ്പെട്ട നിക്ഷേപവും പുതിയ തൊഴിലും, 2019 ലും 2020 ലും | 191 |
| 4.4.2 | ഒക്ടോബർ 12,2020 വരെ കേരളത്തിലെ അർഹരായ എം.എസ്.എം.ഇ. വായ്പക്കാർക്ക് അനുവദിച്ചതും വിതരണം ചെയ്തതുമായ അടിയന്തിര വായ്പാ സൗകര്യം | 196 |
| 4.4.3 | കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദാംശങ്ങൾ | 196 |
| 4.4.4 | വാർഷിക പദ്ധതികളിലെ ഗ്രാമീണ ചെറുകിട സംരംഭങ്ങളുടെ പദ്ധതി വിഹിതവും ചെലവും, 2019–20, 2020–21 (രൂപ കോടിയിൽ) | 198 |
| 4.6.1 | ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതവും ചെലവും (പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ) ലക്ഷം രൂപയിൽ | 212 |
| 4.6.2 | ഇന്ത്യയുടെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിൽ | 218 |
| 4.6.3 | കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉത്പാദനം, വിൽപ്പന, തൊഴിൽ, വേതനം, 2018–19, 2019–20 വർഷങ്ങളിൽ | 218 |
| 4.6.4 | കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിഹിതവും അതിന്റെ ചെലവും (രൂപ ലക്ഷത്തിൽ) | 219 |
| 4.6.5 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിൽപ്പനയുടെ വിശദാംശങ്ങൾ, 2018–19, 2019–20 & 2020–21 കാലയളവുകളിൽ | 221 |
| 4.6.6 | സംസ്ഥാന പദ്ധതി വിഹിതവും കയർ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ) ലക്ഷം രൂപയിൽ | 224 |
| 4.6.7 | കേരളത്തിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം – 2013–14 മുതൽ 2019–20 വരെ, ഹെക്ടറിലും മെട്രിക് ടണ്ണിലും | 230 |

| | | |
|---|---|---|
| 4.6.8 | കശുവണ്ടി മേഖലയിലെ സംസ്ഥാന സർക്കാർ ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും 2019–20, 2020–21, കോടി രൂപയിലും ശതമാനത്തിലും | 230 |
| 4.6.9 | കാപെക്സിന്റെ വിൽപ്പന വിറ്റുവരവ്(കോടി രൂപയിൽ) | 231 |
| 5.1.1 | പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ) | 240 |
| 5.1.2 | സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന | 245 |
| 5.1.3 | ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി. | 245 |
| 5.1.4 | ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി | 249 |
| 5.1.5 | ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടം | 249 |
| 5.1.6 | സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ | 250 |
| 5.1.7 | കെഎസ്‌യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ | 254 |
| 5.2.1 | ആർ.സി.സി യുടെ 2018–19 ലെയും 2019–20 ലെയും രൂപ രേഖ ഒറ്റനോട്ടത്തിൽ | 265 |
| 5.2.2 | കഴിഞ്ഞ 5 വർഷങ്ങളിൽ റീജിയണൽ ക്യാൻസർ സെന്ററിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ, 2015–16 മുതൽ 2019–20 വരെ | 265 |
| 5.2.3 | 2018–19 ലും 2019–20 ലും രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം, സ്പെഷ്യാലിറ്റി ക്ലിനിക്ക് അടിസ്ഥാനത്തിൽ | 266 |
| 5.2.4 | 2018–19 ലും 2019–20 ലും ആർ.സി.സിയിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകൾ | 268 |
| 5.2.5 | കേന്ദ്ര -സംസ്ഥാന സർക്കാർ പദ്ധതികൾ, 2018–19 & 2019–20 | 269 |
| 5.2.6 | ക്യാൻസർ പരിശോധനാ വിശദാംശങ്ങൾ | 270 |
| 5.2.7 | പദ്ധതി വിഹിതവും ചെലവും 2015–16 മുതൽ 2019–20 വരെ (രൂപ കോടിയിൽ) | 271 |
| 5.3.1 | ഇന്ത്യയിലും കേരളത്തിലും എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ, 2018 ലും 2019 ലും | 275 |
| 5.3.2 | കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ, 2018, 2019 വർഷങ്ങളിൽ | 278 |
| 5.3.3 | കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്നും ലഭ്യമായ സാമ്പത്തിക നേട്ടം (നേരിട്ടും അല്ലാതെയും), 2010 മുതൽ 2019 വരെ, രൂപ കോടിയിൽ | 280 |
| 5.3.4 | സംസ്ഥാന പദ്ധതി വിഹിതവും ചെലവും 2015–16 മുതൽ 2019–20 വരെ, രൂപ കോടിയിൽ | 282 |
| 5.4.1 | ഇന്ത്യയുടെ മൊത്തം കയറ്റുമതിയും ഇറക്കുമതിയും, മൂല്യം യു.എസ് ബില്യൺ ഡോളറിൽ, 2015–16 മുതൽ 2020–21 വരെ | 286 |
| 5.4.2 | കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത ചരക്കുകൾ, 2017–18 മുതൽ 2019–20 വരെ (അളവ്: ലക്ഷം മെട്രിക് ടൺ) | 286 |
| 5.4.3 | സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി– ഇന്ത്യയിലും കേരളത്തിലും, 2014–15 മുതൽ 2019–20 വരെ (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ) | 287 |
| 5.4.4 | കശുവണ്ടി പരിപ്പിന്റെ കയറ്റുമതി ഇൻഡ്യയും കേരളവും (2014–15 മുതൽ 2019–20 വരെ), (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ) | 291 |
| 5.4.5 | ഇൻഡ്യയിൽ നിന്നും കേരളത്തിലെ തുറമുഖങ്ങൾ വഴിയുമുള്ള തേയില കയറ്റുമതി, 2014–15 മുതൽ 2019–20 വരെ, (അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപ) | 293 |
| 5.4.6 | സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി– കേരളവും ഇൻഡ്യയും, 2014–15 മുതൽ 2019–20 വരെ (അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപ) | 293 |
| 5.5.1 | തടവുകാരുടെ എണ്ണം 2015 മാർച്ച് മുതൽ 2020 മാർച്ച് 31 വരെ | 299 |
| 6.1.1 | സാക്ഷരതാ പദ്ധതികളുടെ നിലവിലെ അവസ്ഥ– 2019–20 | 313 |
| 6.1.2 | പന്ത്രണ്ടാം തരത്തിലും പത്താം തരത്തിലും തുല്യതാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ | 314 |
| 6.1.3 | സ്കൂളുകളിലെ പട്ടിക ജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രവേശനം ശതമാനത്തിൽ | 316 |
| 6.1.4 | സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക് | 316 |
| 6.1.5 | ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക് | 317 |
| 6.1.6 | ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ | 322 |
| 6.1.7 | ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി എസ്.ടി വിദ്യാർത്ഥികൾ | 323 |
| 6.1.8 | ബി.ടെക് റിസൽട്ട്, 2020 | 328 |

| | | |
|---|---|---|
| 6.1.9 | എസ്സ്.സി/എസ്സ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം, 2020 | 329 |
| 6.1.10 | പോളിടെക്നിക്കുകളിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം | 329 |
| 6.2.1 | ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ ജനസംഖ്യ, സാമൂഹിക-സാമ്പത്തിക ആരോഗ്യ സൂചകം | 331 |
| 6.2.2 | വകുപ്പ് തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും (വാർഷിക പദ്ധതി 2017-21) (രൂപ ലക്ഷത്തിൽ) | 337 |
| 6.2.3 | ഇന്ത്യയിലെയും കേരളത്തിലെയും വിവിധ ഗ്രൂപ്പുകളിൽ എച്ച്.ഐ.വി. വ്യാപനം ശതമാനത്തിൽ | 339 |
| 6.2.4 | കേരളത്തിലെ സാംക്രമികരോഗങ്ങളുടെ വ്യാപനം | 341 |
| 6.2.5 | 2019-20 ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടം | 347 |
| 6.2.6 | ഭക്ഷ്യ സുരക്ഷാ കമ്മിഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ-2019-20, 2020-21 (ആഗസ്റ്റ് 31) വരെ | 348 |
| 6.2.7 | വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്യിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ ( ഒക്ടോബർ 2020 ലെ എണ്ണം) | 349 |
| 6.3.1 | കേരളത്തിലെ വയോജനങ്ങളുടെ പ്രായഘടന | 354 |
| 6.3.2 | കേരളത്തിലെ വയോജനങ്ങളുടെ വൈവാഹിക നില | 354 |
| 6.3.3 | പ്രായമായവരുടെ തൊഴിൽ പങ്കാളിത്തം, ശതമാനത്തിൽ | 355 |
| 6.3.4 | 2015-16 മുതൽ 2019-20 വരെ കേരളത്തിലെ വൃദ്ധസദനങ്ങളിൽ വയോജനങ്ങളുടെ എണ്ണം | 358 |
| 7.1.1 | തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) (ശതമാനം) യുഷ്വൽ സ്റ്റാറ്റസ് അനുസരിച്ച് | 366 |
| 7.1.2 | താത്കാലിക (കാഷ്വൽ) തൊഴിലുകളിൽ നിന്നുള്ള ശരാശരി വരുമാനം (CWS) (Rs.0.00) | 367 |
| 7.1.3 | ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലില്ലായ്മ നിരക്ക് (ശതമാനം) | 368 |
| 7.1.4 | ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം | 369 |
| 7.1.5 | കേരളത്തിലെ വ്യാവസായിക അപകടങ്ങൾ, 2013-2020 കാലയളവിൽ, (എണ്ണം) | 369 |
| 7.1.6 | വിവിധ കാരണങ്ങളാൽ കേരളത്തിൽ നഷ്ടപ്പെട്ട ആകെ തൊഴിൽ ദിനങ്ങൾ | 370 |
| 7.1.7 | തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമ ബോർഡുകൾ | 372 |
| 7.1.8 | മോട്ടോർ വർക്കേഴ്സ് വെൽഫെയർ ബോർഡ് മോട്ടോർ തൊഴിലാളികൾക്ക് നൽകിയ തുക (രൂപയിൽ) | 373 |
| 7.2.1 | പൊതു മേഖല തൊഴിൽ -സ്ത്രീ പങ്കാളിത്തം | 382 |
| 7.3.1 | പരിശീലനവും, നിയമനവും ലഭിച്ചവരുടെ എണ്ണം, 2019-20, 2020-21 | 391 |
| 7.3.2 | നൈപുണ്യ പരിശീലനം, വിശദാംശങ്ങൾ | 391 |
| 7.3.3 | കെ.എസ്.ഐ.ഡി. കോഴ്സുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം, 2016 മുതൽ 2019 വരെ | 398 |
| 7.3.4 | സ്കിൽ രജിസ്ട്രിയുടെ നിലവിലെ സ്ഥിതി വിവരക്കണക്കുകൾ | 399 |
| 7.3.5 | പി.എം.കെ.വൈ. യുടെ ഇപ്പോഴത്തെ സ്ഥിതിവിവര കണക്കുകൾ | 399 |
| 8.1.1 | വിവിധ തലങ്ങളിൽ പെൺകുട്ടികളുടെ പ്രവേശനം-2020-21 | 407 |
| 8.1.2 | മെഡിക്കൽ വിദ്യാഭ്യാസത്തിലെ പെൺകുട്ടികളുടെ അനുപാതം | 407 |
| 8.1.3 | പാഠ്യക്രമം അനുസരിച്ചുള്ള വിദ്യാർത്ഥികളുടെ വിവരം ശതമാനത്തിൽ | 408 |
| 8.1.4 | ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ ആരോഗ്യസ്ഥിതി | 409 |
| 8.1.5 | മാതൃ പരിചരണത്തിന്റെ സൂചകങ്ങൾ | 410 |
| 8.1.6 | സാമ്പത്തിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം- ഇന്ത്യയും കേരളവും | 411 |
| 8.1.7 | ശരാശരി വേതനം / ശമ്പളം / വരുമാനം എന്നിവ ലിംഗപദവിയുടെ അടിസ്ഥാനത്തിൽ | 412 |
| 8.1.8 | യു.പി.എസ്.എസ് തയാറാക്കിയ സ്ത്രീ തൊഴിലാളികളുടെ (എല്ലാ പ്രായക്കാരിലും) വ്യവസായം തിരിച്ചുള്ള അനുപാതം 2017-18, 2018-19 | 413 |
| 8.1.9 | തൊഴിലിൽ വിശാലമായ പദവി പ്രകാരം സാധാരണ നിലയിലുള്ള (പിഎസ്+എസ്.എസ്) അനുസരിച്ച് സ്ത്രീ തൊഴിലാളികളുടെ ശതമാന വിതരണം: 2017-18, 2018-19. | 415 |
| 8.1.10 | സംഘടിത മേഖലയിലെ തൊഴിൽ | 416 |

| | | |
|---|---|---|
| 8.1.11 | സർക്കാരിന്റെ വിവിധ തലങ്ങളിലെ വനിതാ ജീവനക്കാരുടെ തരംതിരിച്ചുള്ള കണക്ക് | 417 |
| 8.1.12 | അയൽക്കൂട്ടങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ | 417 |
| 8.1.13 | കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെ.എൽ.ജി) മൈക്രോ എന്റർപ്രൈസുകളും | 418 |
| 8.1.14 | 2016–17 മുതൽ 2020–21 വരെ കേരളത്തിൽ നൽകിയിട്ടുള്ള എൻ ആർ ജി എ തൊഴിൽ നില | 418 |
| 8.1.15 | തീരുമാനമെടുക്കുന്നതിൽ വനിതാ പങ്കാളിത്തം | 419 |
| 8.2.1 | കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യയുടെ പൊതു വിവരങ്ങൾ | 427 |
| 9.1.1 | നവോത്ഥാന മ്യൂസിയങ്ങൾ | 467 |
| 9.1.2 | കേരളത്തിലെ തിരഞ്ഞെടുത്ത 20 പൈതൃക ഗ്രാമങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. അവ താഴെ പറയുന്നവയാണ്. | 468 |
| 9.2.1 | ഉപയോഗവും ഇരിപ്പിടവും അനുസരിച്ച് കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങൾ | 477 |
| 9.2.2 | എലൈറ്റ് സ്കീമിന് കീഴിൽ പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ | 478 |
| 9.2.3 | 2019–20 ലെ വിവിധ മത്സരങ്ങളിൽ പങ്കെടുത്തവരുടെയും മെഡലുകളുടെയും വിശദാംശങ്ങൾ | 480 |
| 10.1.1 | അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണം, 1970–2019 | 487 |
| 10.1.2 | പണം അയക്കുന്ന പ്രധാന രാജ്യങ്ങൾ (2005–2017) (യു.എസ് ബില്ല്യൺ) | 489 |
| 10.1.3 | കേരളത്തി നിന്നുള്ള  പ്രവാസികൾ ജില്ല തിരിച്ച് – 2018 | 490 |
| 10.1.4 | ജാഗ്രത പോർട്ടൽ അനുസരിച്ച് മടങ്ങിയെത്തിയവരുടെ വിശദാംശങ്ങൾ | 492 |
| 10.1.5 | വിവിധ സംസ്ഥാനങ്ങളിൽ നിന്നും മടങ്ങിയെത്തിയവരുടെ എണ്ണം | 493 |
| 10.1.6 | 2015–16 മുതൽ 2020–21 വരെ സംസ്ഥാനത്തിന് അയച്ച പണത്തിന്റെ വിശദാംശങ്ങൾ | 494 |
| 11.1.1 | 2019–20 കാലയളവിൽ ഇന്ത്യയുടെ റോഡ് ശൃംഖല | 500 |
| 11.1.2 | കേരളത്തിലെ വിവിധ ഏജൻസികൾ പരിപാലിക്കുന്ന  റോഡുകൾ സംബന്ധിച്ച വിവരങ്ങൾ 2018–19, 2019–20 വർഷങ്ങളിൽ | 503 |
| 11.1.3 | ഗതാഗത മേഖലയ്ക്ക് 2019–20, 2020–21 വർഷങ്ങളിൽ വാർഷിക പദ്ധതിയിനത്തിൽ വകയിരുത്തിയ തുക, ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച (രൂപ ലക്ഷത്തിൽ) | 503 |
| 11.1.4 | ഗതാഗത മേഖലയ്ക്ക് 2019–20, 2020–21 വർഷങ്ങളിൽ വകയിരുത്തിയ പദ്ധതി തുക, ചെലവ്  എന്നിവ വകുപ്പ് തിരിച്ച്  (തുക ലക്ഷത്തിൽ) | 504 |
| 11.1.5 | ഗതാഗത മേഖലയ്ക്ക് 2019–20, 2020–21 വർഷങ്ങളിൽ വകയിരുത്തിയ പദ്ധതി തുക, ചെലവ്  എന്നിവ വകുപ്പ് തിരിച്ച്  (തുക ലക്ഷത്തിൽ) | 504 |
| 11.1.6 | കേരളത്തിലെ ദേശീയ പാതകൾ (എൻഎച്ച് ) | 507 |
| 11.1.7 | തീരദേശ ഹൈവേയുടെ നിലവിലെ സ്ഥിതി | 509 |
| 11.1.8 | സംസ്ഥാന ധനസഹായത്തോടെ പൂർത്തിയാക്കിയതും നടന്നുവരുന്നതുമായ പദ്ധതികൾ, 2019–20 (തുക കോടിയിൽ) | 511 |
| 11.1.9 | ചലഞ്ച് ഫണ്ടിനു കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ, തുക കോടിയിൽ | 511 |
| 11.1.10 | വാർഷിക പദ്ധതിയിൽ റോഡ് ഗതാഗത മേഖലയുടെ വകുപ്പ് തിരിച്ചുള്ള വിഹിതവും ചെലവും, 2019–20, 2020–21 (രൂപ ലക്ഷത്തിൽ) | 515 |
| 11.1.11 | കേരളത്തിലെ വാഹന രജിസ്ട്രേഷൻ, 2019–20 & 2020–21  (2020 സെപ്റ്റംബർ വരെ) | 517 |
| 11.1.12 | മോട്ടോർ വാഹന വകുപ്പിന്റെ 2019–20, 2020–21 വർഷങ്ങളിൽ പദ്ധതി തിരിച്ചുള്ള വിഹിതവും ചെലവും  (2020 സെപ്റ്റംബർ വരെ) (രൂപ ലക്ഷത്തിൽ) | 518 |
| 11.1.13 | മോട്ടോർ വാഹന വകുപ്പിന്റെ 2019–20, 2020–21 കാലയളവിലെ പ്രധാന ഭൗതിക നേട്ടങ്ങൾ | 518 |
| 11.1.14 | 2010–2020 ലെ കേരളത്തിലെ റോഡ് അപകടങ്ങൾ | 520 |
| 11.1.15 | കെഎസ്ആർടിസിയുടെ പദ്ധതി തിരിച്ചുള്ള വിഹിതം, 2018–19 മുതൽ 2020–21 വരെ ചെലവ്  (രൂപ ലക്ഷത്തിൽ) | 522 |
| 11.1.16 | രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങൾ 2020–21 കാലയളവിൽ | 524 |
| 11.1.17 | കെആർഡിസിഎൽന്റെ  പ്രധാന സംരംഭങ്ങൾ, 2019–20 | 526 |

| | | |
|---|---|---|
| 11.1.18 | സാങ്കേതിക/ ഡിസൈൻ സവിശേഷതകൾ | 527 |
| 11.1.19 | കൊച്ചി മെട്രോ-പദ്ധതിയുടെ വിശദാംശങ്ങൾ, രൂപ കോടിയിൽ | 528 |
| 11.1.20 | കെഎംആർഎല്ലിന്റെ പ്രധാന സവിശേഷതകളും / നേട്ടങ്ങൾ 2019-20, 2020-21 കാലഘട്ടങ്ങളി | 529 |
| 11.1.21 | ജലമെട്രോ- ധനകാര്യ രീതി, രൂപ കോടിയിൽ | 531 |
| 11.1.22 | കോവിഡ്-19 സിയാലിൽ വരുത്തിയ സ്വാധീനത്തിന്റെ സംക്ഷിപ്ത രേഖ | 533 |
| 11.1.23 | സാഗർമലയ്ക്ക് കീഴിലുള്ള പദ്ധതികളുടെ സംഗ്രഹം-ഇന്ത്യ | 536 |
| 11.1.24 | 2018-19 മുതൽ2019-20 വരെയുള്ള കൊച്ചി കപ്പൽശാലയുടെ സാമ്പത്തിക പുരോഗതി | 540 |
| 11.1.25 | കെ. ഐ.വി.നിയമം നടപ്പിലാകുനതിനായുള്ള പരിശോധനാ വിവരങ്ങൾ | 541 |
| 11.1.26 | കേരളത്തിൽ രജിസ്റ്റർ ചെയ്ത യാനങ്ങളുടെ എണ്ണം | 542 |
| 11.1.27 | കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്കുകളുടെ അളവ് (അളവ് ടണ്ണിൽ), 2017 മുതൽ 2019 വരെ | 542 |
| 11.1.28 | കേരളത്തിലെ മൈനർ ഇന്റർമീഡിയറ്റിൽ തുറമുഖങ്ങളിൽ നിന്നുമുള്ള വരുമാനത്തിന്റെ വിഭാഗം തിരിച്ചുള്ള വിഭജനം, 2016 മുതൽ 2020 വരെ | 543 |
| 11.1.29 | 12-ാം പഞ്ചവത്സര പദ്ധതിയിലെയും 13 -ാം പഞ്ചവത്സര പദ്ധതിയിലെയും വിഹിതവും | 545 |
| 11.1.30 | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാമ്പത്തിക പുരോഗതി (രൂപ കോടിയിൽ) | 546 |
| 11.1.31 | തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി | 547 |
| 11.1.32 | ദേശീയ ജലപാതകളിലെ ചരക്ക് ഗതാഗതം | 550 |
| 11.1.33 | വകുപ്പ് തല അവലോകനം, 2018-19 മുതൽ 2020-21 വരെ (രൂപ ലക്ഷത്തിൽ) | 551 |
| 11.1.34 | കേരള ഷിപ്പിംഗ്, ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ (കെഎസ്ഐഎൻസി) യുടെ പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ | 553 |
| 11.1.35 | 2018-19 മുതൽ 2020-21 വരെ പദ്ധതി തിരിച്ചുള്ള അവലോകനം (രൂപ ലക്ഷത്തിൽ) | 554 |
| 11.2.1 | ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി 2020 സെപ്റ്റംബർ 30 അനുസരിച്ചുള്ളത് | 557 |
| 11.2.2 | ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി 2020 സെപ്റ്റംബർ 30 അനുസരിച്ചുള്ളത് | 557 |
| 11.2.3 | കേരള സംസ്ഥാനത്തിന്റെ ഊർജ്ജ മേഖലയുടെ സംക്ഷിപ്ത രൂപം 2019-20 കാലയളവിൽ | 558 |
| 11.2.4 | 2019-20 ലെ കേരള സംസ്ഥാനത്തിന്റെ ഊർജ്ജ മേഖലയുടെ സംക്ഷിപ്തരൂപം | 560 |
| 11.2.5 | സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ | 561 |
| 11.2.6 | ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ ഭൗതീക പുരോഗതി, 2019-20 ഒന്നും രണ്ടും ഘട്ടങ്ങൾ | 563 |
| 11.2.7 | കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉൽപാദന ശേഷി | 563 |
| 11.2.8 | നിർമ്മാണം പുരോഗമിക്കുന്ന സംസ്ഥാനത്തെ പ്രധാന ജല വൈദ്യുത പദ്ധതികൾ | 565 |
| 11.2.9 | നിലവിലുള്ളതും നടന്നുവരുന്നതും പൈപ്പ്ലൈനിലുള്ളതുമായ പുനരുൽപ്പാദക ഊർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ | 565 |
| 11.2.10 | സംസ്ഥാന വിഹിതമുള്ള പദ്ധതികളുടെ പുരോഗതി | 571 |
| 11.2.11 | കെഎസ്ഇബിയുടെ കോവിഡ്-19 ന്റെ സാമ്പത്തിക ആഘാതം (ജൂലൈ 31, 2020 ൽ കണക്കാക്കിയത്) | 574 |
| 11.2.12 | അനർട്ടിന്റെ വിഹിതവും ചെലവുകളും (രൂപ ലക്ഷത്തിൽ), 2019-20, 2020-21 വർഷങ്ങളിൽ | 577 |
| 11.2.13 | ഇ.എം.സി യുടെ വിഹിതവും ചെലവുകളും 2019 -20, 2020-21 വർഷങ്ങളിൽ (രൂപ ലക്ഷത്തിൽ) | 578 |
| 11.2.14 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ 2019-20, 2020-21 കാലയളവിലെ വിഹിതവും ചെലവുകളും (രൂപ ലക്ഷത്തിൽ) | 581 |
| 11.2.15 | റെഗുലേഷൻ അനുസരിച്ച് കൽപ്പിത എന്റിറ്റികളുടെ നിർബന്ധിത ആർപിഒ | 584 |
| 11.2.16 | 2019-20 വർഷത്തെ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ പൊതു താരിഫ് | 584 |
| 11.2.17 | റെഗുലേഷൻ അനുസരിച്ച് കൽപ്പിത എന്റിറ്റികളുടെ നിർബന്ധിത ആർപിഒ. | 585 |
| 11.2.18 | വിതരണത്തിന്റെ ശരാശരി ചെലവും താരിഫ് നിർണ്ണയിക്കേണ്ട യൂണിറ്റിന്റെ വരുമാന വിടവും | 585 |

| | | |
|---|---|---|
| 11.2.19 | നിലവിലുള്ള താരിഫിലെ വരുമാനവും, കെഎസ്ഇബിഎല്ലിന്റെ അംഗീകൃത താരിഫും | 586 |
| 11.2.20 | 2019–20 കാലയളവിൽ വിതരണ ലൈസൻസികൾക്ക് കീഴിലുള്ള വിവിധ സിജിആർ എഫുകൾ സ്വീകരിച്ചതും തീർപ്പാക്കിയതുമായ അപേക്ഷകൾ | 587 |
| 11.2.21 | ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ റിപ്പോർട്ട് പ്രകാരം വർഷത്തിൽ ലഭിച്ചതും തീർപ്പാക്കിയതുമായ അപ്പീലുകളുടെ സംഗ്രഹം | 587 |
| 11.3.1 | കേരളത്തിലെ തപാൽ ഓഫീസുകളുടെ ജില്ല തിരിച്ചുള്ള വിതരണം 30.9.2020 ലെ കണക്ക് | 592 |
| 11.3.2 | കേരള തപാൽ സർക്കിളിന്റെ പുതിയ ഇ–അധിഷ്ഠിതവും മൂല്യവർദ്ധിതവുമായ സേവനങ്ങൾ | 592 |
| 11.3.3 | കേരളത്തിലെ വയർലെസ് ടെലിഫോൺ വരിക്കാരുടെ എണ്ണം | 594 |
| 11.3.4 | കേരളത്തിലെ വയർ–ലൈൻ ടെലിഫോൺ വരിക്കാരുടെ എണ്ണം | 594 |
| 11.3.5 | സേവന ദാതാവ് തിരിച്ചുള്ള ടെലിഫോൺ ടവറുകൾ | 596 |
| 11.4.1 | 2020 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജലവിതരണ കണക്ഷനുകളുടേയും തെരുവു ടാപ്പുകളുടേയും ജില്ലാ തല വിവരങ്ങൾ | 606 |
| 11.5.1 | വിവിധ ഏജൻസികൾ മുഖാന്തിരം നിർമ്മിച്ച ഭവനങ്ങൾ 2019–20 മുതൽ 2020–21 (31 ആഗസ്റ്റ് 2020 വരെ) | 609 |
| 11.5.2 | ലൈഫ് മിഷൻ റിപ്പോർട്ട് –1.12.2020 പ്രകാരം പൂർത്തിയാക്കിയ വീടുകൾ | 612 |
| 11.5.3 | പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീണം) പദ്ധതിയുടെ നേട്ടങ്ങൾ 2019–20, 2020–21 (2020 സെപ്റ്റംബർ 30 വരെ) | 615 |
| 11.6.1 | വിവിധ പദ്ധതികൾക്കായി നൽകിയ ഭരണാനുമതിയുടെ വിശദാംശങ്ങൾ (രൂപ കോടിയിൽ) | 621 |
| 11.7.1 | കിഫ്ബി അംഗീകൃത പദ്ധതികൾ | 627 |
| 11.7.2 | കിഫ്ബി അംഗീകൃത പദ്ധതികളുടെ അവസ്ഥ – വകുപ്പ് തിരിച്ച് | 628 |
| 11.7.3 | വ്യാവസായിക അടിസ്ഥാന സൗകര്യ/എൻഎച്ച്ഐ ഭൂമി ഏറ്റെടുക്കൽ വിഭാഗത്തിന് കീഴിലെ പദ്ധതികൾ | 628 |
| 11.7.4 | വകുപ്പ് തിരിച്ചുള്ള പദ്ധതി വിതരണ വിശദാംശങ്ങൾ | 629 |
| 11.8.1 | കാസറഗോഡ് വികസന പാക്കേജ് സാമ്പത്തിക പുരോഗതി (30.09.2020 വരെ) | 632 |
| 11.8.2 | കാസറഗോഡ് വികസന പാക്കേജ് ഭൗതീക പുരോഗതി (30.09.2020 വരെ) | 633 |
| 12.1.1 | പ്രാദേശിക സർക്കാരുകളുടെ (2015–16 മുതൽ 2019–20 വരെ) പൊതുവിഭാഗം സാധാരണ വിഹിതത്തിലെ മൊത്തം ചെലവിൽ ഉൽപാദന മേഖലയുടെ വിഹിതം (രൂപ കോടിയിൽ) | 641 |
| 12.1.2 | പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി വിഹിതം (വികസന ഫണ്ട്): രൂപ കോടിയിൽ | 643 |
| 12.1.3 | പ്രാദേശിക സർക്കാരുകൾക്കുള്ള മെയിന്റനൻസ് ഫണ്ട് വിഹിതവും ജനറൽ പർപ്പസ് ഫണ്ട് വിഹിതവും | 644 |
| 12.1.4 | വിവിധ തലത്തിലുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് വകയിരുത്തിത്തിയ വികസന ഫണ്ട് വിഹിതം. (2019–20) | 650 |
| 12.1.5 | 2019–20 വാർഷിക പദ്ധതി : പൊതുവിഭാഗം ഫണ്ടിലെ (സാധാരണ വിഹിതം) ചെലവിൽ ഉത്പാദനമേഖലയുടെ ചെലവ് വിഹിതം (രൂപ കോടിയിൽ) | 653 |
| 12.1.6 | പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ ചെലവ് വിഹിതം (2019–20) | 655 |
| 12.1.7 | സ്വച്ഛ്ഭാരത് മിഷൻ അർബൻ (എസ്.ബി.എം.–യു) ന്റെ കീഴിൽ ഏറ്റെടുത്ത പൊതു ടോയ്‌ലറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ | 659 |
| 12.1.8 | ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭൗതിക നേട്ടങ്ങൾ | 668 |

# ബോക്സുകൾ



| ബോക്സ് നമ്പർ | ഇനം | പേജ് |
|---|---|---|
| 1.1.1 | 2020-21 ലെ ആദ്യ പാദത്തിലെ (ഏപ്രിൽ മുതൽ ജൂൺ വരെ) മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ കണക്കുകൾ | 07 |
| 1.1.2 | സമ്പദ്‌വ്യവസ്ഥക്കുണ്ടായ നഷ്ടം സംബന്ധിച്ച കണക്കുകൾ | 09 |
| 1.1.3 | വ്യാവസായിക തൊഴിലാളികൾക്കുള്ള ഉപഭോക്തൃ വിലസൂചികയുടെ പുതിയ ശ്രേണി. | 15 |
| 1.1.4 | കേരളത്തിലെ കാർഷികോത്പന്നങ്ങളുടെ മൊത്തവില സൂചികയുടെ അടിസ്ഥാന ശ്രേണിയിൽ വരുത്തിയ മാറ്റം. | 19 |
| 1.2.1 | ഇന്ത്യയുടെയും സംസ്ഥാനങ്ങൾക്കുമായുള്ള ജനസംഖ്യാ പ്രവചനങ്ങൾ 2011-2036 | 25 |
| 2.1.1 | കുടുംബശ്രീയുടെ പങ്ക് | 69 |
| 3.1.1 | കേന്ദ്രസർക്കാർ നടപ്പിലാക്കിയ മൂന്ന കാർഷിക നിയമങ്ങളോടുള്ള സംസ്ഥാനത്തിന്റെ പ്രതികരണം | 89 |
| 3.2.1 | കോവിഡ്-19 മായി ബന്ധപ്പെട്ട പരിപാടികൾ | 108 |
| 3.3.1 | ക്ഷീര മേഖലയിലെ പ്രതിസന്ധി കൈകാര്യം ചെയ്യൽ | 125 |
| 3.4.1 | 'സുചിത്വസാഗരം' - കേരളത്തിലെ ഒരു നൂതന സംരംഭം | 130 |
| 3.4.2 | പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ) | 131 |
| 3.5.1 | മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ കമ്മീഷനിംഗ് | 137 |
| 3.6.1 | വനിക | 145 |
| 3.7.1 | ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ പൂർണമായ നിരോധനം | 151 |
| 3.7.2 | തീർത്ഥാടന കാലയളവിൽ ശബരിമലയുടെ നിരീക്ഷണ സംവിധാനം | 154 |
| 3.8.1 | കോവിഡ് 19 അതിജീവനവുമായി ബന്ധപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ | 164 |
| 4.3.1 | കേരളത്തിലെ വ്യാവസായിക വികസനത്തിനായി നയങ്ങളുടെയും ഏജൻസികളുടെയും വിലയിരുത്തൽ റിപ്പോർട്ട്" | 184 |
| 4.3.2 | കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും | 185 |
| 4.3.3 | കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ | 188 |
| 4.4.1 | എം.എസ്.എം.ഇ കളുടെ നിലവിലുള്ളതും പുതുക്കിയതുമായ നിർവ്വചനം | 194 |
| 4.4.2 | 2019-20 കാലയളവിലെ പ്രധാന ഭൗതിക നേട്ടങ്ങൾ | 197 |
| 4.4.3 | കേരളത്തിലെ വൈദഗ്ദ്യ വികസന പരിശീലനസ്ഥാപനങ്ങൾ | 201 |
| 4.5.1 | എഡ്യപ്രോ 2019, ചെന്നൈ | 206 |
| 4.6.1 | കേരള ബാംബൂ ഫെസ്റ്റ് 2019 | 209 |
| 4.6.2 | ഖാദി, ഗ്രാമ വ്യവസായ മേഖലയിൽ കോവിഡ് -19 ന്റെ ആഘാതം | 219 |

| | | |
|---|---|---|
| 5.1.1 | ഡിജിറ്റൽ യൂണിവേഴ്സിറ്റി | 239 |
| 5.2.1 | ഗവേഷണ വികസന സ്ഥാപനങ്ങളുടെ നേട്ടങ്ങൾ | 259 |
| 5.2.2 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി | 264 |
| 5.3.1 | യുഎൻ ഡബ്ലിയു ടി ഒ വിനോദ സഞ്ചാര, ഗ്രാമീണ വികസന വർഷം – 2020 | 274 |
| 5.3.2 | വിനോദ സഞ്ചാര വ്യവസായത്തിൽ കോവിഡ്-19 ന്റെ പരിണിത ഫലം | 281 |
| 5. 4.1 | കയറ്റുമതി തയ്യാറെടുപ്പ് സൂചിക –2020 | 295 |
| 5.5.1 | ഡിജിറ്റൽ ഗെഹാൻ | 297 |
| 5.5.2 | സ്ത്രീ സുരക്ഷാ വർഷം – 2020 | 299 |
| 5.5.3 | ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ജയിലുകളിലെ വിപണന കേന്ദ്രങ്ങൾ. | 303 |
| 5.6.1 | കോവിഡ് –19 – വകുപ്പ് ഏറ്റെടുത്ത പ്രവർത്തനങ്ങൾ | 307 |
| 6.1.1 | ദേശീയ വിദ്യാഭ്യാസ നയം 2020 | 311 |
| 6.1.2 | ഫസ്റ്റ് ബെൽ | 319 |
| 6.1.3 | 2019–20 സമഗ്ര ശിക്ഷ കേരളയുടെ പ്രധാന സംരംഭങ്ങൾ | 320 |
| 6.1.4 | നോഡൽ സെന്റർ ഫോർ റോബോട്ടിക്സ് ആന്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് | 327 |
| 6.2.1 | കൊറോണ വൈറസ് രോഗം (കോവിഡ് –19) | 340 |
| 6.2.2 | പ്രാണ – പരിരക്ഷക്കുള്ള പ്രാണവായു | 348 |
| 6.3.1 | കോവിഡ്–19 മായി ബന്ധപ്പെട്ട് മുതിർന്ന പൗരന്മാരുടെ പരിചരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ | 357 |
| 7.1.2 | കോവിഡ്–19 പാൻഡെമിക് അതിഥി തൊഴിലാളികൾക്കായുള്ള, ഇടപെടലുകൾ | 375 |
| 7.2.1 | കേരള സമ്പദ്‌വ്യവസ്ഥയിൽ കോവിഡ്–19 കാലയളവിൽ ഉണ്ടായ തൊഴിൽ, വേതനനഷ്ടം | 383 |
| 7.3.1 | കേരള സംസ്ഥാന തൊഴിൽ പോർട്ടൽ | 398 |
| 8.1.1 | വനിതാ ശിശു വികസന വകുപ്പ് ഏറ്റെടുത്ത കോവിഡ് പ്രതികരണ പ്രവർത്തനങ്ങൾ | 404 |
| 8.1.2 | ട്രാൻസ്ജെൻഡർമാർക്കായി സാമൂഹിക നീതി വകുപ്പ് നടപ്പിലാക്കുന്ന പരിപാടികൾ | 424 |
| 8.2.1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് 2019–20 –ൽ നൽകിയ പ്രധാന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ (പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം) | 429 |
| 8.2.2 | കോവിഡിന്റെ പശ്ചാത്തലത്തിൽ പട്ടികജാതി വികസന വകുപ്പ് എറ്റെടുത്ത നടപടികൾ | 432 |
| 8.2.3 | 2019–20 ലെ വിദ്യാഭ്യാസ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ | 434 |
| 8.2.4 | 2019–20 ലെ ആരോഗ്യ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ | 435 |
| 8.2.5 | ഗോത്രജീവിക– നൈപുണ്യ വികസനത്തിലെ നാഴികക്കല്ല് | 436 |
| 8.2.6 | അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് (എ.ടി.എ.പി) | 436 |
| 8.2.7 | മില്ലറ്റ് വില്ലേജ് പദ്ധതി | 438 |
| 8.2.8 | 'നമത് വെള്ളാമെ' ന്യൂട്രിഷ്യൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ അഗ്രോ ഇക്കോളജി | 438 |
| 8.2.9 | കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ പട്ടികവർഗ വികസന വകുപ്പ് സ്വീകരിച്ച നടപടികൾ | 440 |
| 9.2.1 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ (എസ്.എൽ.പി.സി) | 477 |
| 9.2.2 | ഓപ്പറേഷൻ ഒളിമ്പിയ 2020–2024 | 479 |
| 9.2.3 | ജി.വി. രാജ സീനിയർ സെക്കന്ററി സ്പോർട്സ് സ്കൂളിനെ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസായി തിരഞ്ഞെടുത്തു | 480 |
| 9.2.4 | കോവിഡ് –19 കാലഘട്ടത്തിൽ കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങളും മറ്റ് പ്രതിസന്ധികളും | 481 |
| 10.1.1 | കോവിഡ് 19 പ്രതിസന്ധിയും കുടിയേറ്റവും | 488 |
| 10.1.2 | കോവിഡ്–19 പണമയയ്ക്കൽ നഷ്ടം | 493 |

| | | |
|---|---|---|
| 11.1.1 | 2019–20 ലെ പൊതുമരാമത്ത് വകുപ്പിന്റെ (റോഡുകളും പാലങ്ങളും) പ്രധാന സംരംഭങ്ങൾ | 505 |
| 11.1.2 | പിഡബ്ല്യുഡിയുടെ (റോഡുകളും പാലങ്ങളും) പ്രധാന സംരംഭങ്ങൾ, 2018–19 | 506 |
| 11.1.3 | 2019–20 ലെ റിക്കിന്റെ പ്രധാന പ്രവർത്തനങ്ങൾ | 513 |
| 11.1.4 | വാഹനമേഖലയിലെ വിൽപ്പന വളർച്ച 2019–20, 2020–21 (സെപ്റ്റംബർ വരെ) | 516 |
| 11.1.5 | കെ.എസ്.ആർ.ടി.സി യുടെ പ്രധാന ആഭ്യന്തര സൂചകങ്ങൾ | 522 |
| 11.1.6 | വന്ദേ ഭാരത് ദൗത്യം (വി.ബി.എം) | 532 |
| 11.1.7 | തുറമുഖ മേഖലയിലെ മൊത്തത്തിലുള്ള പ്രകടനം | 543 |
| 11.3.1 | ടെലി കമ്മ്യൂണിക്കേഷൻ ഒറ്റ അടിയന്തിര നമ്പർ '112' | 595 |
| 11.3.2 | 2019, ജൂൺ 30 അനുസരിച്ച് കേരള ടെലികോം മേഖലയുടെ അവസ്ഥ | 596 |
| 11.4.1 | ജൽജീവൻ മിഷൻ (ജെജെഎം) | 605 |
| 12.1.1 | ഹരിത ഭവനം | 657 |
| 12.1.2 | ശുചിത്വ പദവി പ്രഖ്യാപനം | 661 |
| 12.1.3 | കുടുംബശ്രീയുടെ പ്രത്യേക ജീവനോപാധി വികസന പാക്കേജ് | 672 |

# ചിത്രങ്ങൾ


| ചിത്രം നമ്പർ | ഇനം | പേജ് |
|---|---|---|
| 1.1.1 | കേരളത്തിന്റെ ജി എസ് വി എ യുടെയും ഇന്ത്യയുടെ ജിവിഎയുടെയും വാർഷിക വളർച്ചാ നിരക്ക് ശതമാനത്തിൽ (രണ്ടും 2011-12 സ്ഥിരവിലയിൽ) | 08 |
| 1.1.2 | പ്രതിശീർഷ അറ്റ ആഭ്യന്തര ഉല്പന്നവും പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉല്പന്നവും സ്ഥിര വിലയിൽ (2011-12 ), രൂപയിൽ | 11 |
| 1.1.3 | ജനുവരി 2020 മുതൽ സെപ്റ്റംബർ 2020 വരെ ഇന്ത്യയൊട്ടാകെയുള്ള വിലക്കയറ്റ നിരക്ക്. | 14 |
| 1.1.4 | 2020 ജനുവരി മുതൽ 2020 സെപ്റ്റംബർ വരെ കേരളത്തിലെ വിലക്കയറ്റ നിരക്ക്. | 15 |
| 1.1.5 | 2001 = 100 ശ്രേണിയുടെ ഗ്രൂപ്പ് തല പ്രാമുഖ്യം | 16 |
| 1.1.6 | 2016 = 100 ശ്രേണിയുടെ ഗ്രൂപ്പ് തല പ്രാമുഖ്യം | 16 |
| 1.1.7 | ഓരോ വർഷവും കർഷകർക്ക് ലഭിച്ചതും കർഷകർ നൽകിയതുമായ വില സൂചികയുടെ വാർഷിക ശരാശരി | 17 |
| 1.2.1 | കേരളത്തിലെ ജനസംഖ്യ | 20 |
| 1.2.2 | കേരളത്തിലെ ഗ്രാമീണ, നഗര ജനസംഖ്യ | 21 |
| 1.2.3 | കേരളത്തിൽ കുട്ടികളുടെ ജനസംഖ്യ ശതമാനം | 22 |
| 1.2.4 | പ്രായവിഭാഗ വിതരണം (ശതമാനം), കേരളം 1961-2011 | 24 |
| 1.4.1 | കേരളത്തിലെ ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച | 31 |
| 1.4.2 | 2020 മാർച്ച് വരെയുള്ള കാർഷിക വായ്പ വിഹിതം | 32 |
| 1.4.3 | ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപത്തിന്റെയും വായ്പയുടെയും ജില്ല തിരിച്ചുള്ള കണക്ക്, മാർച്ച് 2020 | 34 |
| 1.5.1 | റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ചയുടെ വിവരങ്ങൾ | 39 |
| 1.5.2 | വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം | 40 |
| 1.5.3 | സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ | 41 |
| 1.5.4 | വിവിധ ധനകാര്യ കമ്മീഷനുകളെ അടിസ്ഥാനമാക്കിയുള്ള നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കാൻ പറ്റുന്ന അറ്റവിഹിതത്തിന്റെ പ്രവണത | 42 |
| 1.5.5 | മൂലധന ചെലവിന്റെ ഘടകങ്ങളുടെ പ്രവണത | 45 |
| 3.1.1 | തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ 2020 ജൂൺ മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ | 77 |
| 3.1.2 | വടക്ക കിഴക്കൻ കാലവർഷത്തിൽ 2020 ഒക്ടോബർ 1 മുതൽ നവംബർ 24 വരെ ലഭിച്ച മഴ | 77 |
| 3.1.3 | 2019-20 ൽ കേരളത്തിലെ ഭൂവിനിയോഗ രീതി | 78 |
| 3.1.4 | 2010-11 നെ അപേക്ഷിച്ച് കഴിഞ്ഞ പത്തുവർഷക്കാലത്തെ നെല്ലിന്റെ കൃഷി വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവയിൽ വന്ന മാറ്റം (ശതമാനത്തിൽ) | 80 |
| 3.1.5 | കാർഷിക വായ്പ കേരളത്തിൽ (2013-14 മുതൽ 2019-20 വരെ) | 98 |
| 3.1.6 | ആകെയുള്ള കാർഷിക വായ്പയിൽ ഉല്പാദന വായ്പയുടേയും നിക്ഷേപ വായ്പയുടേയും പങ്ക് | 99 |

| | | |
|---|---|---|
| 3.1.7 | ആകെയുള്ള കാർഷിക വായ്പയിൽ ഉല്പാദന വായ്പയുടേയും നിക്ഷേപ വായ്പയുടേയും പങ്ക് | 100 |
| 3.3.1 | രാജ്യത്തെ കന്നുകാലി സഞ്ചയം | 111 |
| 3.3.2 | പാൽ, ഇറച്ചി, മുട്ട എന്നിവയുടെ ഉല്പാദനം 2012–13 മുതൽ 2019–20 വരെ | 113 |
| 3.3.3 | 2019–20 ൽ കേരളത്തിലെ ക്ഷീര ഉല്പാദനം ഇനം തിരിച്ച് | 114 |
| 3.3.4 | കേരളത്തിൽ മുട്ട ഉല്പാദനം ഇനം തിരിച്ച് | 115 |
| 3.3.5 | കന്നുകാലി ഉല്പന്നങ്ങളുടെ ശരാശരി വിലകൾ (2014–15 മുതൽ 2019–20 വരെ) | 120 |
| 3.4.1 | കേരളത്തിലെ മത്സ്യ ഉല്പാദനം (2015–16 മുതൽ 2019–20 വരെ) | 128 |
| 3.4.2 | ഇന്ത്യയിലേയും കേരളത്തിലേയും മത്സ്യ ഉല്പാദനം (സമുദ്ര–ഉൾനാടൻ മേഖലകളുടെ വിഹിതം) | 128 |
| 3.4.3 | കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ ലൊക്കേഷൻ | 132 |
| 3.5.1 | ജലസംഭരണികളിലെ സംഭരണ നില 2018–2020 | 136 |
| 3.6.1 | 2017–18 മുതൽ– 2019–20 വരെയുള്ള കാലയളവിൽ വനത്തിൽനിന്നുള്ള വരുമാനം | 147 |
| 3.7.1 | 2019 ൽ കേരളത്തിലെ ജനവാസ കേന്ദ്രങ്ങളിലുള്ള 10 നിരീക്ഷണ കേന്ദ്രങ്ങളിലെ വായുമലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ | 152 |
| 3.7.2 | 2019 ൽ കേരളത്തിലെ സെൻസിറ്റീവായ മൂന്ന് നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ അളവ് | 152 |
| 3.7.3 | 2019 ൽ കേരളത്തിലെ വ്യവസായ കേന്ദ്രങ്ങളിലെ 11 നിരീക്ഷണ കേന്ദ്രങ്ങളിൽ ലഭ്യമായ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ | 153 |
| 3.7.4 | തിരഞ്ഞെടുക്കപ്പെട്ട നദീകേന്ദ്രങ്ങളിലെ ബി.ഒ.ഡി നില 2013 ലും 2019 ലും | 153 |
| 3.8.1 | വിവിധ വിഭാഗം കാർഡുടമകൾ 2020 ആഗസ്റ്റ് മാസം വരെ, ശതമാനത്തിൽ | 161 |
| 3.8.2 | ഉച്ചഭക്ഷണ പരിപാടി 2014–15 മുതൽ 2019–20 വരെ | 165 |
| 4.1.1 | കേരളത്തിന്റെ ജി എസ് വി എ യിലെ മാനുഫാക്ചറിംഗ് രംഗത്തിന്റെ പങ്കും ഇന്ത്യയുടെ ജിവിഎ യിൽ ഫാക്ടറി രംഗത്തിന്റെ പങ്ക്. | 169 |
| 4.1.2 | കേരളത്തിലെ കെമിക്കൽസ്, ഫാർമസ്യൂട്ടിക്കൽസ് വ്യവസായങ്ങൾ: ഉല്പാദന സൂചികയും (മൂല്യവർധനവ് നടത്തിയത്) ( ഇന്റക്സ് 2011–12 = 100) മൂല്യവർധനവ് നടത്തിയ കേരളത്തിൽ നിന്നുള്ള ഈ വ്യവസായങ്ങളുടെ ഇന്ത്യയിലെ വിഹിതവും | 172 |
| 4.2.1 | ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വാർഷിക വളർച്ച മൊത്ത മൂല്യ വർദ്ധനവ്, സ്ഥിരവിലയിൽ, ശതമാനത്തിൽ | 175 |
| 4.2.2 | കേരളത്തിലെ, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വാർഷിക വളർച്ചാ മൊത്ത മൂല്യ വർദ്ധനവ്, സ്ഥിരവിലയിൽ, ശതമാനത്തിൽ | 176 |
| 4.2.3 | കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, മൊത്ത മൂല്യ വർദ്ധനവ്, ശതമാനത്തിൽ | 176 |
| 4.3.1 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപത്തിൽ കേരളത്തിന്റെ വിഹിതം, ശതമാനത്തിൽ | 180 |
| 4.4.1 | 2018–19,2019–20 വർഷങ്ങളിലെ പുതിയ എംഎസ്എംഇ യൂണിറ്റുകളും സൃഷ്ടിച്ച പുതിയ തൊഴിലവസരങ്ങളും | 195 |
| 4.4.2 | 2019–20 വർഷത്തിൽ നിർമ്മാണ, സേവന മേഖലയിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം | 197 |
| 4.6.1 | കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്ന് നടത്തിയ കയർ, കയർ ഉൽപന്നങ്ങളുടെ കയറ്റുമതി, ലക്ഷം രൂപയിൽ | 223 |
| 5.1.1 | ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏര്യയുടെ വളർച്ച | 246 |
| 5.1.2 | ടെക്നോപാർക്കിലെ കമ്പനികളുടെ വളർച്ച | 246 |
| 5.1.3 | ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി | 247 |
| 5.1.4 | ടെക്നോപാർക്കിലെ തൊഴിലവസരങ്ങളുടെ വർദ്ധന | 247 |
| 5.2.1 | രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ, ജില്ലാ അടിസ്ഥാനത്തിൽ, 2019–20 | 266 |
| 5.2.2 | 2019–20 സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ എണ്ണം | 267 |
| 5.2.3 | പുതിയതായി രജിസ്റ്റർചെയ്ത രോഗികളുടെ പ്രായവും ലിംഗവുമനുസരിച്ചുള്ള കണക്ക്, 2019–20 | 267 |
| 5.2.4 | ആർ.സി.സിയിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം, 2019–20 | 268 |

| | | |
|---|---|---|
| 5.3.1 | കേരളത്തിലേക്കും ഇന്ത്യയിലേക്കുമുള്ള വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, 2010 മുതൽ 2019 വരെ (ശതമാനത്തിൽ) | 274 |
| 5.3.2 | കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ 2010 മുതൽ 2019 വരെ | 275 |
| 5.3.3 | 2018, 2019 വർഷങ്ങളിൽ കേരളത്തിലേക്ക് വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 രാജ്യങ്ങൾ, ശതമാനത്തിൽ | 276 |
| 5.3.4 | കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മേഖല തിരിച്ച്, 2019 (ശതമാനത്തിൽ) | 277 |
| 5.3.5 | കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, 2010 മുതൽ 2019 വരെ, ശതമാനത്തിൽ | 277 |
| 5.3.6 | കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 2010 മുതൽ 2019 വരെ, | 278 |
| 5.3.7 | 2018 ലും 2019 ലും വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 സംസ്ഥാനങ്ങൾ, ശതമാനത്തിൽ | 279 |
| 5.3.8 | മേഖലാടിസ്ഥാനത്തിൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം, 2019 –ൽ (ശതമാനത്തിൽ) | 279 |
| 5.3.9 | വിനോദസഞ്ചാര മേഖലയിൽ നിന്നും ലഭ്യമായ സാമ്പത്തിക നേട്ടം 2010 മുതൽ 2019 വരെ, രൂപ കോടിയിൽ | 280 |
| 5.4.1 | സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വളർച്ചാനിരക്കുകൾ (അളവിൽ)–ഇൻഡ്യ, കേരളം–കേരളത്തിന്റെ വിഹിതം, 2014–15 മുതൽ 2019–20 വരെ, ശതമാനത്തിൽ | 288 |
| 5.4.2 | 2019–20 –ൽ ഇൻഡ്യയിൽ നിന്ന് കയറ്റി അയച്ച സമുദ്രോൽപന്നങ്ങളും അവയുടെ വിപണി വിഹിതവും (ശതമാനത്തിൽ) | 288 |
| 5.4.3 | 2019–20 –ൽ കേരളത്തിൽ നിന്ന് കയറ്റി അയച്ച സമുദ്രോല്പന്നങ്ങളും വിപണി വിഹിതവും (ശതമാനത്തിൽ) | 289 |
| 5.4.4 | 2019–20–ൽ ഇൻഡ്യൻ സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം ശതമാനത്തിൽ | 289 |
| 5.4.5 | 2019–20 –ലെ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം (ശതമാനത്തിൽ) | 290 |
| 5.4.6 | കശുവണ്ടി പരിപ്പിന്റെ കയറ്റുമതി: കേരളവും ഇൻഡ്യയും (അളവ്: മെട്രിക് ടൺ) | 290 |
| 5.4.7 | ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള കയറും കയറുൽപന്നങ്ങളുടെയും കയറ്റുമതി, 2014–15 മുതൽ 2019–20 വരെ, (അളവ്: ലക്ഷം മെട്രിക് ടൺ) | 292 |
| 5.4.8 | കേരളത്തിന്റെയും ഇൻഡ്യയുടേയും സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി (അളവിൽ) വളർച്ചാ നിരക്കുകൾ, ശതമാനത്തിൽ, (2014–15 മുതൽ 2019–20 വരെ) | 294 |
| 5.5.1 | എഫ്.എം.ബി ഷീറ്റുകൾ സ്കാൻ ചെയ്ത വിവരം (എണ്ണം) 2017–2019 | 297 |
| 5.5.2 | സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം | 298 |
| 6.1.1 | ഉടമസ്ഥത തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2019–20 | 314 |
| 6.1.2 | ഉടമസ്ഥത തിരിച്ച് വിദ്യാർത്ഥികളുടെ പ്രവേശനം | 315 |
| 6.1.3 | ഡിഗ്രി കോഴ്സിലേക്കുള്ള സ്ത്രീ പുരുഷ വിദ്യാർഥികളുടെ പ്രവേശനം | 322 |
| 6.1.4 | ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ ശതമാനത്തിൽ | 323 |
| 6.2.1 | വിവിധ തലങ്ങളിലുള്ള ശിശു മരണനിരക്ക് | 333 |
| 6.2.2 | ഡിഎച്ച്എസിന് കീഴിൽ കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം | 344 |
| 6.2.3 | കെയുഎച്ച്എസിന് കീഴിലുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകൾ ശതമാനം | 349 |
| 6.3.1 | ഇന്ത്യയിലെയും കേരളത്തിലെയും പ്രായമായവരുടെ ശതമാനം | 353 |
| 6.3.2 | ഒരു ഗുണഭോക്താവിന്റെ വാർദ്ധക്യകാല പെൻഷൻ തുക, 2015 മുതൽ 2020 വരെ, രൂപയിൽ | 359 |
| 7.1.1 | ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലാളി ജനസംഖ്യാ അനുപാതം (ഗ്രാമീണ–നഗര) | 366 |
| 7.1.2 | കേരളത്തിലെ ഫാക്ടറികളുടെ എണ്ണം | 368 |
| 7.1.3 | വ്യാവസായിക സെറ്റിൽമെന്റിന്റെ നിരക്ക് (ശതമാനത്തിൽ), 2014–15 മുതൽ 2019–20 വരെ | 370 |

| | | |
|---|---|---|
| 7.1.4 | വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികളുടെ വിവരങ്ങൾ | 374 |
| 7.1.5 | ജില്ല തിരിച്ചുള്ള അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ എണ്ണം | 375 |
| 7.2.1 | ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയും/ കേന്ദ്രഭരണ പ്രദേശങ്ങളിലേയും15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ് ) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കുകൾ, ശതമാനത്തിൽ | 378 |
| 7.2.2 | കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക്, ശതമാനത്തിൽ (യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്. എസ് ), (നിലവിലെ പ്രതിവാര സ്റ്റാറ്റസ് (സി ഡബ്ല്യൂ എസ് ) | 380 |
| 7.2.3 | യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ് ) പ്രകാരം കേരളത്തിലെയും ഇന്ത്യയിലെയും യുവജനങ്ങൾക്കിടയിലെ (15 മുതൽ 29 വയസ്സ് വരെ) തൊഴിലില്ലായ്മാ നിരക്ക് (ശതമാനത്തിൽ) | 380 |
| 7.2.4 | കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ – കേരളം (എണ്ണം ലക്ഷത്തിൽ) | 381 |
| 7.2.5 | പൊതുമേഖലയിലെ തൊഴിൽ വിതരണം | 382 |
| 7.2.6 | സംഘടിത മേഖലയിലെ പ്രധാനപ്പെട്ട തൊഴിൽ വിതരണം – മാർച്ച് 2020 (ശതമാനം) | 383 |
| 7.2.7 | കേരളത്തിലെ തൊഴിലന്വേഷകർ (എണ്ണം ലക്ഷത്തിൽ) | 384 |
| 7.2.8 | വിദ്യാഭ്യാസ യോഗ്യത അടിസ്ഥാമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ, ശതമാനത്തിൽ | 384 |
| 7.2.9 | വിദ്യാഭ്യാസ യോഗ്യത അടിസ്ഥാമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ, ശതമാനത്തിൽ | 385 |
| 7.2.10 | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ | 388 |
| 8.1.1 | കമ്പ്യൂട്ടർ, ഇൻറർനെറ്റ് സാക്ഷരതാ നിരക്കുകളിലെ ലിംഗ പദവി വത്യാസങ്ങൾ | 406 |
| 8.1.2 | കേരളത്തിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും തൊഴിൽ പങ്കാളിത്ത നിരക്ക് (15–59 വയസ് പ്രായമുള്ളവരിൽ) | 411 |
| 8.1.3 | ഇന്ത്യയിലെയും കേരളത്തിലെയും പൊതു ജോലി ഒഴികെയുള്ള കൂലി വേലയിൽ നിന്നുള്ള പ്രതിദിന ശരാശരി അനുസരിച്ച് നിലവിലുള്ള വേതനം / ശമ്പളം (0.00 രൂപ) | 413 |
| 8.1.4 | സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിലിന്റെ വളർച്ച | 416 |
| 8.1.5 | ആകെ കുറ്റകൃത്യങ്ങൾ | 421 |
| 8.2.1 | അനുവദിച്ച പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും, 2016–17 മുതൽ 2020–21 വരെ (തുക കോടിയിൽ). | 427 |
| 8.2.2 | ഭൂമി ലഭ്യമായ കുടുംബങ്ങളുടെ എണ്ണം, 2016–17 മുതൽ 2019–20 വരെ | 428 |
| 8.2.3 | വിവാഹ ധനസഹായത്തിന് അനുവദിച്ച വിഹിതവും ചെലവും, പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണവും, 2016–17 മുതൽ 2019–20 വരെ, രൂപ ലക്ഷത്തിൽ | 431 |
| 8.2.4 | 2016–17 മുതൽ 2019–20 വരെ നൈപുണ്യ പരിശീലന പരിപാടിയിൽ പങ്കെടുത്തവരുടെയും ജോലി ലഭിച്ചവരുടെയും എണ്ണം | 436 |
| 8.2.5 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കേരള ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം തൊഴിൽ ലഭിച്ച പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം | 437 |
| 8.3.1 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പെൻഷൻ പദ്ധതികളുടെ ഗുണഭോക്താക്കൾ 2019–20 | 446 |
| 10.1.1 | പ്രവാസി പണം ലഭിക്കുന്ന (2005–2018) പ്രധാന രാജ്യങ്ങൾ (യു.എസ് ബില്ല്യൺ) | 488 |
| 10.1.2 | കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ എണ്ണം, 1998 മുതൽ 2018 വരെ എണ്ണത്തിൽ | 489 |
| 10.1.3 | കേരളത്തിലെ കുടിയേറ്റക്കാരുടെ ജില്ല തിരിച്ചുള്ള അനുപാതം 2013 | 490 |
| 10.1.4 | കേരളത്തിലെ കുടിയേറ്റക്കാരുടെ ജില്ല തിരിച്ചുള്ള അനുപാതം 2018 | 491 |
| 10.1.5 | കേരളത്തിൽ ജില്ല തിരിച്ചുള്ള പ്രവാസികളുടെ അറ്റ വർധന | 491 |
| 10.1.6 | ഇന്റർ സർവ്വേ പ്രകാരം തിരിച്ചെത്തിയ പ്രവാസികളുടെ എണ്ണം | 492 |
| 11.1.1 | കഴിഞ്ഞ പതിനൊന്ന് വർഷങ്ങളിൽ ഉണ്ടായ വാഹനങ്ങളുടെ വർദ്ധന | 515 |
| 11.1.2 | രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങൾ ഇനം തിരിച്ച്, 2019–20 ൽ | 516 |
| 11.1.3 | കേരളത്തിലെ മോട്ടോർ വാഹന അപകട പ്രവണത | 519 |
| 11.1.4 | കേരളത്തിൽ ഉണ്ടായ റോഡപകടങ്ങളുടെ ശതമാനം വാഹനങ്ങളുടെ ഇനം തിരിച്ച്, 2018–19 –ൽ | 520 |

| | | |
|---|---|---|
| 11.1.5 | പ്രധാന തുറമുഖങ്ങളിലെ ഇനം തിരിച്ചുള്ള ചരക്കു ഗതാഗതം (000' ടണ്ണിൽ) | 536 |
| 11.1.6 | പ്രധാന തുറമുഖങ്ങളിലെ ചരക്കു ഗതാഗതം | 537 |
| 11.1.7 | ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളിലെ ചരക്ക് ഗതാഗത ശേഷി (2017–2018 മുതൽ 2018–19 വരെ) | 537 |
| 11.1.8 | തിരഞ്ഞെടുത്ത സംസ്ഥാനങ്ങൾ തിരിച്ചുള്ള ഇന്ത്യയിലെ ചെറുകിട തുറമുഖങ്ങളിലെ ശേഷി വിനിയോഗം (2018–19) (മില്ല്യൻ ടണ്ണിൽ) | 538 |
| 11.1.9 | കൊച്ചി തുറമുഖലെ ചരക്ക് ഗതാഗതം (2017–18 മുതൽ 2019–20) | 539 |
| 11.1.10 | 2020 ൽ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളുടെ വരുമാനത്തിൽ ഓരോ ഇനത്തിന്റെയും പങ്ക് | 543 |
| 11.2.1 | കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം | 559 |
| 11.2.2 | എ .റ്റി & സി നഷ്ടവും, റ്റി & ഡി നഷ്ടവും (ശതമാനത്തിൽ) | 559 |
| 11.2.3 | മൊത്തം സ്ഥാപിത ശേഷി | 564 |
| 11.3.1 | സേവന ദാതാക്കളുടെ വയർലെസ് മാർക്കറ്റ് ഷെയർ | 595 |
| 11.3.2 | കേരളത്തിലെ വയർ–ലൈൻ ടെലിഫോൺ വരിക്കാരുടെ എണ്ണം | 595 |
| 11.3.3 | കേരളത്തിലെ മൊബൈൽ ടവറുകളുടെ ശതമാനം | 596 |
| 11.4.1 | ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന കുടുംബങ്ങളുടെ (2020 ഓഗസ്റ്റ് 31 വരെ) ജില്ലതിരിച്ചുള്ള അനുപാതം | 600 |
| 11.4.2 | ജില്ല തിരിച്ചുള്ള ആളോഹരി ജലലഭ്യത, 2020 ആഗസ്റ്റ് 31 ലെ കണക്ക് | 600 |
| 11.5.1 | വർഷങ്ങളിൽ ഏജൻസികളുടെ ഭവന നിർമ്മാണത്തിലെ ആനുപാതിക പങ്ക് 2019–20, 2020–21 (2020 ആഗസ്റ്റ് 31 വരെ) | 610 |
| 12.1.1 | പ്രാദേശിക സർക്കാരുകളുടെ ഓരോ പാദത്തിലെയും പദ്ധതി ചെലവ്, 2014–15 മുതൽ 2019–20 വരെ. | 639 |
| 12.1.2 | വിവിധ തലത്തിലുള്ള പ്രാദേശിക സർക്കാരുകളുടെ വികസന/മെയിന്റിനൻസ് ഫണ്ടുകളിൽ നിന്നുള്ള ടെണ്ടർ സേവിംഗ്സ് തുക 2017-18, 2018–19, 2019–20 വർഷങ്ങളിൽ (രൂപ കോടിയിൽ) | 642 |
| 12.1.3 | തദ്ദേശസ്ഥാപനങ്ങളുടെ വിവധ സ്രോതസ്സുകളിൽ നിന്നുള്ള ചെലവ് (2019–20) | 650 |
| 12.1.4 | വിതരണം ചെയ്ത വികസന ഫണ്ടിന്റെ അടിസ്ഥാനത്തിൽ വിവിധ പ്രാദേശിക സർക്കാരുകളുടെ ചെലവ് പ്രകടനം. (2019–20) | 651 |
| 12.1.5 | 2019–20ൽ വിതരണം ചെയ്ത വികസന ഫണ്ടിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകളുടെ വിഭാഗം തിരിച്ചുള്ള ചെലവ് | 652 |
| 12.1.6 | തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തിയ മൊത്തം ചെലവിൽ വിവിധ മേഖലകളുടെ ചെലവ് വിഹിതം ശതമാനത്തിൽ (വികസന ഫണ്ട് 2019–20) | 652 |
| 12.1.7 | ഉത്പാദന മേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം ശതമാനത്തിൽ. (വികസനഫണ്ട് 2019–20) | 652 |
| 12.1.8 | സേവനമേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം ശതമാനത്തിൽ (വികസന ഫണ്ട് 2019–20) | 653 |
| 12.1.9 | പശ്ചാത്തലമേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം (വികസന ഫണ്ട് 2019–20) | 654 |

അദ്ധ്യായം

# 01

# കേരള സമ്പദ് വ്യവസ്ഥ

അദ്ധ്യായം
01

# കേരള സമ്പദ് വ്യവസ്ഥ

## 1.1 സ്ഥൂല സാമ്പത്തിക രംഗത്തെ സമീപകാല പ്രവണതകൾ: മുന്നോട്ട് നോക്കുമ്പോൾ

സാമൂഹ്യനീതിയിലധിഷ്ഠിതമായ പതിറ്റാണ്ടുകളായുള്ള പ്രവർത്തനങ്ങളുടെ അടിത്തറയിലാണ് കേരളത്തിലെ സാമ്പത്തിക ഘടന രൂപം കൊണ്ടിരിക്കുന്നത്. ഈ കാലയളവുകളിൽ, കേരളത്തിന്റെ സമ്പദ് വ്യവസ്ഥ ആർജ്ജിച്ച കരുത്ത് കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേരളം അനുഭവിക്കേണ്ടിവന്ന ആഘാതങ്ങളുടെ പരമ്പരയെ നേരിടാൻ സംസ്ഥാനത്തെ സഹായിച്ചിട്ടുണ്ട്. ഈ ആഘാതങ്ങളിൽ, 2018 ലും 2019 ലും ഉണ്ടായ അഭൂതപൂർവമായ വെള്ളപ്പൊക്കം, 2018 ലെ നിപ വൈറസ് അണുബാധ, 2020 ലെ കോവിഡ് –19 മഹാമാരി എന്നിവ ഉൾപ്പെടുന്നു. ഈ ആഘാതങ്ങൾ നേരിടുന്നതിനും, സാമൂഹ്യ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും ഉപജീവന അവസരങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാന സർക്കാർ നിരവധി നടപടികൾ പ്രത്യേകിച്ചും സമൂഹത്തിലെ ഏറ്റവും ദുർബല പിന്നാക്ക വിഭാഗങ്ങളെ ലക്ഷ്യമിട്ടിട്ടുള്ളവ. സ്വീകരിച്ചിട്ടുണ്ട്.

കോവിഡ്–19 മഹാമാരി ഉണ്ടാക്കിയ ആഘാതത്തിൽ നിന്ന് കരകയറാൻ ശ്രമിക്കുന്ന ഇന്ത്യൻ സമ്പദ് വ്യവസ്ഥ നേരിടുന്ന പ്രധാന തടസ്സം മൊത്തം ചോദനത്തിലുണ്ടായ കുറവാണ്. അത്തരമൊരു സാഹചര്യം കണക്കിലെടുക്കുമ്പോൾ, ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി കേരളത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമായ ചോദനത്തെ ഉത്തേജിപ്പിക്കുന്നതിനും അതുവഴി വരുമാന വളർച്ചയ്ക്കും സാമ്പത്തിക തിരിച്ചു വരവിനും കാരണമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്താവുന്ന രീതിയിലുള്ള മാനവ വികസന നേട്ടങ്ങൾ മെച്ചപ്പെടുത്തുന്നതിനും സൂചകങ്ങൾ കൈവരിക്കുന്നതിനുമുള്ള ശ്രമങ്ങൾ തുടരുന്ന പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനം നേരിടുന്ന വെല്ലുവിളികൾ വളരെ വലുതാണ്. തൊഴിൽ ചെയ്യുന്ന വിഭാഗത്തിലുള്ള ജനസംഖ്യയുടെ വളർച്ച മന്ദഗതിയിലായതോടെ സാമ്പത്തിക പരിവർത്തനത്തിന്റെ ഒരു പുതിയ ഘട്ടത്തിലേക്ക് സംസ്ഥാനത്തെ മുന്നോട്ട് നയിക്കാൻ സഹായിക്കുന്ന രീതിയിലുള്ള മേഖലകളെ സംസ്ഥാനം തിരിച്ചറിയേണ്ടതുണ്ട്. നൂതന ആശയങ്ങളിലും വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഭാവിവിജയത്തിന് ഉത്തമമായിരിക്കും. കേരള സമ്പദ് വ്യവസ്ഥയുടെ ആധുനികവൽക്കരണത്തിനായുള്ള പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ അന്തർലീനമായ വിഭവങ്ങൾ വൻതോതിൽ സമാഹരിക്കുന്നതും ജനങ്ങളുടെ കഴിവുകളും പ്രാഗൽഭ്യവും മനസ്സിലാക്കുന്നതും ഇതിൽ ഉൾപ്പെടും.

### കേരളത്തിന്റെ വരുമാനത്തിലും സാമ്പത്തിക വളർച്ചയിലുമുള്ള പ്രവണതകൾ

താരതമ്യേന ഉയർന്ന വരുമാനമുള്ള ഇന്ത്യൻ സംസ്ഥാനമാണ് കേരളം. ത്വരിത കണക്കനുസരിച്ച്, കേരളത്തിലെ പ്രതിശീർഷ വാർഷിക വരുമാനം 2019–20 –ൽ 1,49,563 രൂപയാണ്. ദേശീയ ശരാശരി (2019–20 –ൽ) 96,152 രൂപയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം 2019–20 ലെ ദേശീയ ശരാശരിയുടെ ഏകദേശം 1.5 ഇരട്ടിയായിരുന്നു. രാജ്യത്ത് ആളോഹരി വരുമാനം ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിൽ ഹരിയാന, ഗുജറാത്ത്, കർണാടക, മഹാരാഷ്ട്ര, തമിഴ്നാട് എന്നിവയ്ക്കൊപ്പം കേരളവും ഉൾപ്പെടുന്നു.

ത്വരിത കണക്കിൽ മൊത്ത സംസ്ഥാന ആഭ്യന്തരോല്പന്നം (ജി എസ് ഡി പി) 2011–12 ലെ സ്ഥിര വിലയിൽ 2018–19 ലെ താല്ക്കാലിക കണക്കുകളിലെ 5.49 ലക്ഷം കോടി രൂപയിൽ നിന്ന് 2019–20 –ൽ 5.68 ലക്ഷം കോടി രൂപയായി വർദ്ധിച്ചു. വളർച്ചാ നിരക്ക് 2018–19 ലെ 6.49 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2019–20 –ൽ 3.45 ശതമാനമാണ്. നടപ്പുവിലയിൽ

മൊത്ത സംസ്ഥാന ആഭ്യന്തരഉല്പന്നം 2018–19 ലെ താല്ക്കാലിക കണക്കുകളിലെ 7.90 ലക്ഷം കോടി രൂപയിൽ നിന്ന് 8.15 ശതമാനം വളർച്ചയോടെ 2019–20–ൽ 8.54 ലക്ഷം കോടി രൂപയായി.

മൊത്ത സംസ്ഥാന സംയോജിത മൂല്യം (ജി.എസ്. വി എ) 2011–12 ലെ സ്ഥിര വിലയിൽ 2018–19 ലെ താല്ക്കാലിക കണക്കുകളിലെ 4.89 ലക്ഷം കോടി രൂപയിൽ നിന്ന് 2019–20 ലെ ത്വരിത കണക്കിൽ 5.01 ലക്ഷം കോടി രൂപയായി വർദ്ധിച്ചു. വളർച്ചാ നിരക്ക് 2018–19 ലെ 6.2 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2019–20 ൽ 2.58 ശതമാനം മാത്രമാണ്. 2019–20 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ കോവിഡ്–19 മഹാമാരി ആരംഭിക്കുകയും തുടർന്നുണ്ടായ ലോക്ക്ഡൗൺ സമ്പദ്‌വ്യവസ്ഥക്ക് ആഘാതമുണ്ടാക്കുകയും ചെയ്തു. 2018–19, 2019–20 എന്നീ വർഷങ്ങളിലെ ജി എസ് ഡി പി, ജി എസ് വി എ, പ്രതിശീർഷ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 1.1.1**–ൽ നൽകിയിരിക്കുന്നു.

## ദേശീയ തലത്തിലുള്ള പ്രവണതകൾ

സ്ഥിതിവിവരക്കണക്ക് പദ്ധതി നടപ്പാക്കൽ മന്ത്രാലയത്തിന് (എം.എസ്.ഒ.പി.ഐ) കീഴിലുള്ള കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ (സിഎസ്ഒ) കണക്ക് പ്രകാരം, ഇന്ത്യയുടെ മൊത്തം സംയോജിത മൂല്യത്തിന്റെ (ജിവിഎ) വളർച്ച സ്ഥിര (2011–12) വിലയിൽ 2018–19 ലെ 6.0 ശതമാനത്തിൽ നിന്ന് 2019–20 –ൽ 3.9 ശതമാനമായി കുറഞ്ഞു. നടപ്പ് വിലയിൽ ജി വി എ 2019–20 –ൽ 183.43 ലക്ഷം കോടി രൂപയാണ്. 2018–19 –ൽ ഇത് 171.39 ലക്ഷം കോടി രൂപയായിരുന്നു. 2018–19 ലെ 10.5 ശതമാനത്തെ അപേക്ഷിച്ച് നടപ്പ് വിലയിൽ 2019–20–ൽ ജിവിഎയുടെ വർധന 7.0 ശതമാനമാണ്.

ഇന്ത്യയുടെ മൊത്ത ദേശീയ വരുമാനം 2011–12 ലെ സ്ഥിരവിലയിൽ മുൻവർഷത്തെ 138.29 ലക്ഷം കോടിയിൽ നിന്ന് 2019–20 –ൽ 144.05 ലക്ഷം കോടി രൂപയായതായി കണക്കാക്കിയിരിക്കുന്നു. വളർച്ചാ നിരക്കിന്റെ അടിസ്ഥാനത്തിൽ, മൊത്തം ദേശീയ വരുമാനം 2019–20–ൽ 4.2 ശതമാനം ആയി വർദ്ധിച്ചു. 2018–19–ൽ ഇത് 6.1 ശതമാനമായിരുന്നു. സ്ഥിര വിലയിൽ (2011–12) മൊത്തം ആഭ്യന്തര ഉൽപ്പന്നം 2018–19 ലെ 139.81 ലക്ഷം കോടി രൂപയായിരുന്നത് 4.2 ശതമാനം വളർച്ച നേടി 2019–20 –ൽ 145.65 ലക്ഷം കോടി രൂപയായി. നടപ്പ് വിലയിൽ 2019–20 ലെ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉൽപ്പന്നം 203.39 ലക്ഷം കോടി രൂപയായി കണക്കാക്കുന്നു, ഇത് 2018–19–ൽ 189.71 ലക്ഷം കോടി രൂപ ആയിരുന്നു. വളർച്ചാ നിരക്ക് 7.2 ശതമാനം രേഖപ്പെടുത്തി. വിശദാംശങ്ങൾ **പട്ടിക 1.1.2** –ൽ നൽകിയിരിക്കുന്നു. പ്രതിശീർഷ മൊത്ത ആഭ്യന്തര ഉല്പന്നം (2011–12 വിലയിൽ) 2018–19 ലെ 1,05,361 രൂപയിൽ നിന്ന് 3.1 ശതമാനം വർദ്ധിച്ച് 2019 –20 ഇൽ 108620 രൂപയായി. നടപ്പ് വിലകളിലെ പ്രതിശീർഷ മൊത്ത ആഭ്യന്തര ഉല്പന്നം 2018 –19 ലെ 1,42,963 രൂപയിൽ നിന്ന് 6.1 ശതമാനം വളർച്ച രേഖപ്പെടുത്തി 2019–20 –ൽ 151677 രൂപയായി.

മൊത്ത ആഭ്യന്തര ഉല്പന്നം, അറ്റ ആഭ്യന്തര ഉല്പന്നം, മൊത്ത ദേശീയ വരുമാനം, അറ്റ ദേശീയ വരുമാനം എന്നിവയെ സംബന്ധിക്കുന്ന 2012–13 മുതൽ 2018–19 വരെയുള്ള വിശദ വിവരങ്ങൾ നടപ്പ്, സ്ഥിര വിലയിലും (2011–12) **അനുബന്ധം 1.1.1, 1.1.2, 1.1.3, 1.1.4** –ൽ കൊടുത്തിട്ടുണ്ട്. നടപ്പ്, സ്ഥിര വിലയിലെ (2011–12) മൊത്തം ജി.വി.എ യുടെ മേഖലാ വിതരണവും വർഷം തോറുമുള്ള വളർച്ചാ നിരക്കും **അനുബന്ധം 1.1.5** ലും **1.1.6** ലും നൽകിയിട്ടുണ്ട്.

## കോവിഡ്–19 മഹാമാരിയും ആഗോള സമ്പദ്‌വ്യവസ്ഥയും

കോവിഡ് –19 മഹാമാരി ലോകമെമ്പാടുമുള്ള സാമ്പത്തിക വളർച്ചയെ തടസ്സപ്പെടുത്തുകയും ആഗോള സമ്പദ്വ്യവസ്ഥയുടെ വലിയ മേഖലകളെ സ്തംഭിപ്പിക്കുകയും ചെയ്തു, ഇത് മഹാമാന്ദ്യത്തിനുശേഷം ലോകം ഇതു വരെ അനുഭവിക്കാത്ത മാന്ദ്യത്തിലേക്ക് നയിച്ചു. അന്താരാഷ്ട്ര നാണയ നിധിയുടെ കണക്ക് (ഐ.എം.എഫ് 2020) പ്രകാരം, ആഗോള സാമ്പത്തിക വളർച്ച 2020–ൽ (–)4.4 ശതമാനമായി കണക്കാക്കപ്പെടുന്നു, ആഗോള സമ്പദ് വ്യവസ്ഥയുടെ "മഹാമാരിക്ക് മുൻപുള്ള സാമ്പത്തിക പ്രവർത്തനങ്ങളിലേക്കുള്ള തിരിച്ചുപോക്കിനും തിരിച്ചടികൾ നേരിടാൻ സാധ്യതയുണ്ട്"[1] ഐക്യരാഷ്ട്രസഭയുടെ സാമ്പത്തിക സാമൂഹിക കാര്യ വകുപ്പിന്റെ പ്രവചന പ്രകാരം (യു എൻ ഡി ഇ എസ് എ 2020)[2] ലോക സമ്പദ്വ്യവസ്ഥ 2020–ൽ 3.2 ശതമാനം ചുരുങ്ങുമെന്ന് പ്രവചിക്കപ്പെടുന്നു. 2020 ലും 2021 ലും പ്രതീക്ഷിക്കുന്ന മൊത്തം ഉല്പാദന നഷ്ടം $8.5 ട്രില്യൺ ഡോളറാണ് ഇത് കഴിഞ്ഞ നാല് വർഷത്തെ സാമ്പത്തിക മേഖലയിലെ എല്ലാ നേട്ടങ്ങളെയും ഇല്ലാതാക്കും. ചോദനത്തിലെ, പ്രത്യേകിച്ച് സ്ഥിര നിക്ഷേപത്തിലുള്ള ഇടിവ് കാരണം ആഗോള സമ്പദ്വ്യവസ്ഥ ദുരിതമനുഭവിക്കുന്ന ഒരു കാലഘട്ടത്തിലാണ് മഹാമാരിയുടെ ആവിർഭാവം. വ്യാപാരത്തിലും സാങ്കേതികവിദ്യയിലും യുഎസും ചൈനയും തമ്മിൽ നിലനിൽക്കുന്ന ശീതസമരം, വർദ്ധിച്ചുവരുന്ന വ്യാപാര തടസ്സങ്ങൾ, കുറയുന്ന ഉൽപാദന ക്ഷമത, ലോകത്തിന്റെ വികസിത പ്രദേശങ്ങളിലെ ഉയർന്നു വരുന്ന വാർദ്ധക്യ ജനസംഖ്യ എന്നിവയെക്കുറിച്ചുള്ള ആശങ്കകൾ ഇതിനോടകം ഉയർന്നിട്ടുണ്ട്.

[1] വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക് , ഇന്റർനാഷണൽ മോണിറ്ററി ഫണ്ട്, ഒക്ടോബർ 2020
[2] വേൾഡ് ഇക്കണോമിക് സിറ്റുവേഷൻ ആൻഡ് പ്രോസ്പെക്ട്സ് ആസ് ഓഫ് മിഡ്-20, മെയ് 13,2020 , ഐക്യരാഷ്ട്രസഭ

**പട്ടിക 1.1.1** കേരളത്തിന്റെ സംസ്ഥാന ആഭ്യന്തരോല്പന്നവും പ്രതിശീർഷ വരുമാനവും

| | വരുമാനം (രൂപ ലക്ഷത്തിൽ) | | | വളർച്ചാ നിരക്ക് (ശതമാനം) | |
|---|---|---|---|---|---|
| | 2017-18 | 2018-19 (പി) | 2019-20 (ക്യൂ) | 2018-19 (പി) | 2019-20 (ക്യൂ) |
| **മൊത്തം സംസ്ഥാന ആഭ്യന്തരോല്പന്നം** | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 51618976 | 54967293 | 56863552 | 6.49 | 3.45 |
| ബി) നടപ്പ് വിലയിൽ | 70158826 | 79030231 | 85468899 | 12.64 | 8.15 |
| **അറ്റ സംസ്ഥാന ആഭ്യന്തരോല്പന്നം** | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 47318179 | 50445748 | 52106993 | 6.61 | 3.29 |
| ബി) നടപ്പ് വിലയിൽ | 63209367 | 71292314 | 77309933 | 12.79 | 8.44 |
| **മൊത്തം സംസ്ഥാന സംയോജിത മൂല്യം (ജി എസ് വി എ) അടിസ്ഥാന വിലയിൽ** | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 46075400 | 48934217 | 50196068 | 6.20 | 2.58 |
| ബി) നടപ്പ് വിലയിൽ | 63488389 | 69674968 | 73630119 | 9.74 | 5.68 |
| **സംസ്ഥാന പ്രതിശീർഷ ആഭ്യന്തരോല്പന്നം** | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 149650 | 158564 | 163216 | 5.96 | 2.93 |
| ബി) നടപ്പ് വിലയിൽ | 203399 | 227979 | 245323 | 12.08 | 7.61 |
| **അറ്റ സംസ്ഥാന പ്രതിശീർഷ ആഭ്യന്തരോല്പന്നം** | | | | | |
| എ) സ്ഥിര വിലയിൽ | 137181 | 145521 | 149563 | 6.08 | 2.78 |
| ബി) നടപ്പ് വിലയിൽ | 183252 | 205657 | 221904 | 12.23 | 7.90 |

*അവലംബം:* സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്
പി: താത്കാലികം, ക്യൂ: ത്വരിതം

കോവിഡ് -19 മഹാമാരി ലോകമെമ്പാടും വളരെയധികം സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതം ഉണ്ടാക്കിയിട്ടുണ്ട്. രാജ്യവ്യാപകമായുണ്ടായ ലോക്ക് ഡൗണുകൾ സാമൂഹിക സാമ്പത്തിക ജീവിതത്തെ സ്തംഭിപ്പിച്ചു, ലഭ്യമായ എല്ലാ വിഭവശേഷിയും ഇതിനു മുൻപ് അനുഭവിച്ചിട്ടില്ലാത്ത പ്രതിസന്ധി നേരിടാൻ വഴിതിരിച്ചുവിടേണ്ടി വന്നു. നീണ്ടുനിൽക്കുന്ന സാമ്പത്തിക മാന്ദ്യവും മന്ദഗതിയിലുള്ള വീണ്ടെടുക്കലും പല പ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന ദാരിദ്ര്യത്തെയും അസമത്വത്തെയും കുറിച്ചുള്ള ആശങ്ക ഉയർത്തുന്നു.

## സാമ്പത്തിക, തൊഴിൽ വളർച്ചയിൽ ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ

കോവിഡ്-19 മഹാമാരി പൊട്ടിപ്പുറപ്പെടുന്നതിന് വളരെ മുമ്പു മുതൽ തന്നെ, ഇന്ത്യൻ സമ്പദ് വ്യവസ്ഥ പ്രത്യേകിച്ച് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് മാന്ദ്യത്തിന്റെ ലക്ഷണങ്ങൾ കാണിച്ചിരുന്നു. ഈ മാന്ദ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത 2012 മുതലുള്ള രാജ്യത്തിന്റെ നിക്ഷേപ നിരക്കിലുണ്ടായ ക്രമാതീതമായ ഇടിവാണ്. മൊത്ത ആഭ്യന്തര ഉല്പന്നത്തിലെ മൊത്ത സ്ഥിര മൂലധന രൂപീകരണത്തിന്റെ അനുപാതം, 2011-12 ലെ 34.3 ശതമാനത്തിൽ നിന്ന് 2017-18 -ൽ 30.8 ശതമാനമായി കുറഞ്ഞു. ഇത് 2000 നും 2012 നും ഇടയിൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ചാ അനുഭവത്തിനു നേരെ എതിരാണ്, ഈ സമയത്ത് നിക്ഷേപത്തിലെ കുതിച്ചുചാട്ടം സമ്പദ് വ്യവസ്ഥയ്ക്ക് ഉത്തേജനം നൽകയിരുന്നു. വാസ്തവത്തിൽ, ലോക ബാങ്ക് പുറത്തു വിട്ട കണക്കനുസരിച്ച്, 2007 ലെ ഇന്ത്യയിലെയും ചൈനയിലെയും നിക്ഷേപ നിരക്കുകൾ (മൊത്ത ആഭ്യന്തര ഉല്പന്നത്തിലെ മൊത്ത സ്ഥിര മൂലധന രൂപീകരണത്തിന്റെ അനുപാതം) സമാന തലത്തിലാണ് അതായത് ഏകദേശം 40 ശതമാനം. എന്നാൽ, 2010 ന്റെ ആദ്യ പകുതിയിൽ ചൈനയിലെ നിരക്ക് 45 ശതമാനമായി ഉയർന്നതോടെ ഇരു രാജ്യങ്ങളിലെയും നിക്ഷേപ നിരക്ക് വ്യത്യാസപ്പെടാൻ തുടങ്ങി.

2016 നവംബറിലെ ഉയർന്ന മൂല്യമുള്ള കറൻസി നോട്ടുകളുടെ നിരോധനം രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക്, പ്രത്യേകിച്ച് അനൗപചാരിക, ഗ്രാമീണ മേഖലകളിലെ ഉൽപാദനത്തിനും ഉപഭോഗത്തിനും വലിയ തിരിച്ചടിയായി. ബാങ്കിംഗ് മേഖലയിലെ പ്രതിസന്ധിയും (ഉയർന്ന തോതിലുള്ള നിഷ്ക്രിയ ആസ്തികൾ), 2017 ലെ ചരക്ക് സേവന നികുതി (ജി എസ് ടി) സംവിധാനം നടപ്പിലാക്കലും ബന്ധപ്പെട്ട പ്രശ്നങ്ങളും ഇന്ത്യയുടെ സാമ്പത്തിക പ്രശ്നങ്ങൾ വഷളാക്കി. ആഗോള സമ്പദ്യവസ്ഥയിൽ ഇതിനോടകമുണ്ടായ വളർച്ചയിലെ ഇടിവ് കയറ്റുമതി മേഖലയിലെ ഇന്ത്യയുടെ അവസരങ്ങളെ ഇല്ലാതാക്കി.

2017–18 ലെ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (പിഎൽഎഫ്എസ് ) പ്രകാരം, ഇന്ത്യയിലെ തൊഴിലില്ലായ്മാ നിരക്ക് എക്കാലത്തെയും ഉയർന്ന നിരക്കായ 6.1 ആണ്. നാഷണൽ സാമ്പിൾ സർവേ ഓഫീസിന്റെ (എൻഎസ്എസ്ഒ) 2011–12 ലെ എംപ്ലോയ്മെന്റ് അൺഎംപ്ലോയ്മെന്റ് സർവേ പ്രകാരം രാജ്യത്തെ തൊഴിലില്ലായ്മാ നിരക്ക് 2.2 ശതമാനം മാത്രമാണ്. എന്നാൽ ഇന്ന് ഉയർന്നുവരുന്ന യുവജനസംഖ്യയ്ക്ക് മാന്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ കടുത്ത വെല്ലുവിളി നേരിടുന്നു, പ്രത്യേകിച്ചും കാർഷിക മേഖലയിലെ തൊഴിൽ ആഗിരണം കുറയുന്ന സാഹചര്യമാണുള്ളത്. തൊഴിലവസരങ്ങളുടെ കുറവ് മൂലം സ്ത്രീകൾ വലിയ തോതിൽ തൊഴിൽ വിപണിയിൽ നിന്ന് പിന്മാറുന്നു, 2018–ൽ രാജ്യത്തെ തൊഴിലില്ലാത്തവരിൽ 68.3% ആളുകളും 15 മുതൽ 29 വയസ്സ് വരെ പ്രായമുള്ള ചെറുപ്പക്കാരുൾപ്പെടുന്ന വിഭാഗമാണ്.[3]

**പട്ടിക 1.1.2** ദേശീയ വരുമാനം, ആഭ്യന്തരോല്പന്നം, പ്രതിശീർഷ വരുമാനം (2011–12 അടിസ്ഥാന വിലയിൽ നടപ്പ് വില – ഇന്ത്യ (രൂപ കോടിയിൽ)

| ക്രമ നം | ഇനം | 2011–12 വിലയിൽ | | | നടപ്പ് വിലയിൽ | | |
|---|---|---|---|---|---|---|---|
| | | 2017–18 | 2018–19 | 2019–20 (PE) | 2017–18 | 2018–19 | 2019–20 (PE) |
| 1 | മൊത്തം ദേശീയ വരുമാനം (ജി.വി.എ) അടിസ്ഥാന വിലയിൽ | 1,20,74,413 | 1,28,03,128 (6.0) | 1,33,01,120 (3.9) | 1,55,13,122 | 1,71,39,962 (10.5) | 1,83,43,237 (7.0) |
| 2 | മൊത്തം ദേശീയ വരുമാനം (ജി.എൻ.ഐ) | 1,30,29,307 | 1,38,29,068 (6.1) | 1,44,05,339 (4.2) | 1,69,13,491 | 1,87,68,912 (11.0) | 2,01,18,353 (7.2) |
| 3 | അറ്റ ദേശീയ വരുമാനം (എൻ.എൻ.ഐ) | 1,15,40,556 | 1,22,19,693 (5.9) | 1,27,33,366 (4.2) | 1,51,49,545 | 1,67,89,288 (10.8) | 1,79,99,754 (7.2) |
| 4 | മൊത്തം ആഭ്യന്തര ഉൽപ്പന്നം (ജി.ഡി.പി) | 1,31,75,160 | 1,39,81,426 (6.1) | 1,45,65,951 (4.2) | 1,70,98,304 | 1,89,71,237 (11.0) | 2,03,39,849 (7.2) |
| 5 | അറ്റ ആഭ്യന്തരോല്പന്നം (എൻ.ഡി.പി) | 1,16,86,409 | 1,23,72,051 (5.9) | 1,28,93,977 (4.2) | 1,53,34,357 | 1,69,91,613 (10.8) | 1,82,21,249 (7.2) |
| 6 | പ്രതിശീർഷ മൊത്ത ആഭ്യന്തരോല്പന്നം (രൂപ | 1,00,268 | 1,05,361 (5.1) | 1,08,620 (3.1) | 1,30,124 | 1,42,963 (9.9) | 1,51,677 (6.1) |
| 7 | പ്രതിശീർഷ അറ്റ ആഭ്യന്തരോല്പന്നം (രൂപ | 88938 | 93233 (4.8) | 96152 (3.1) | 116700 | 128045 (9.7) | 135878 (6.1) |

*കുറിപ്പ്:* ബ്രാക്കറ്റിൽ പറയുന്ന അക്കങ്ങൾ മുൻ വർഷത്തിനു മേലുള്ള ശതമാനം ആകുന്നു.
പി.ഇ- പ്രൊവിഷണൽ എസ്റ്റിമേറ്റ്
*അവലംബം:* കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്.

[3] തോമസ്, ജയൻ ജോസ് (2020 ബി), ഇന്ത്യയിലെ തൊഴിൽ വിപണി മാറ്റങ്ങൾ, 2005-18: മിസ്സിംഗ് ദി ഡെമോഗ്രാഫിക് വിൻഡോ ഓഫ് ഓപ്പർച്യൂണിറ്റി, ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്കിലി, 2 ഓഗസ്റ്റ് 22, പേജ് 57-63.

## കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ: തിരിച്ചടികൾക്കിടയിലും മുന്നോട്ട്

2013 നും 2015 നും ഇടയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിലുണ്ടായ ഇടിവിനു എതിരായി 2016 മുതൽ 2018 വരെയുള്ള കാലയളവിൽ വളർച്ചയിൽ ഒരു പുനരുജ്ജീവനമുണ്ടായി. 2013–14, 2014–15, 2015 –16 വർഷങ്ങളിൽ യഥാക്രമം 4.3 ശതമാനം, 3.8 ശതമാനം, 5.3 ശതമാനം എന്നിങ്ങനെയായിരുന്നു കേരളത്തിന്റെ ജി.എസ്.വി.എ യുടെ വളർച്ചാ നിരക്കുകൾ. ഈ നിരക്കുകൾ ദേശീയ ശരാശരിയേക്കാൾ വളരെ കുറവായിരുന്നു. ഈ ഘട്ടത്തിലെ സ്തംഭനാവസ്ഥ അവസാനിക്കുകയും 2016–17–ൽ കേരളത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുകയും ചെയ്തു. ജി.എസ്.വി.എ ആ വർഷം 7.1 ശതമാനം വളർച്ച രേഖപ്പെടുത്തി. 2018–19 –ൽ കേരളത്തിലെ വളർച്ചാ നിരക്ക് അനുബന്ധ ദേശീയ നിരക്കിനേക്കാൾ കൂടുതലാണ് എന്നത് ശ്രദ്ധേയമാണ്. എങ്കിലും കേരളത്തിലെ ജി.എസ്.വി.എ വളർച്ച 2019–20–ൽ 2.6 ശതമാനമായി കുറഞ്ഞു (**ചിത്രം 1.1.1**). എന്നിരുന്നാലും, 2016–17 മുതൽ 2018–19 വരെയുള്ള കാലഘട്ടത്തിലെ ശരാശരി ജിഎസ്‌വിഎ വളർച്ച (5.4 ശതമാനം) എന്നത് 2012–13 മുതൽ 2015–16 വരെയുള്ള നാല് വർഷകാലയളവിലെ വളർച്ചയേക്കാൾ (4.8 ശതമാനം) കൂടുതലാണ്.

കഴിഞ്ഞ നാല് വർഷമായി കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ നിരവധി തിരിച്ചടികൾ നേരിട്ടിട്ടുണ്ട്. 2016 നവംബറിൽ ഉയർന്ന മൂല്യമുള്ള കറൻസി നോട്ടുകളുടെ നിരോധനവും ജിഎസ്ടി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും മറ്റ് സംസ്ഥാനങ്ങളിലെ പോലെ കേരള സമ്പദ്‌വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചു. സംസ്ഥാനത്തു പ്രകൃതി ക്ഷോഭങ്ങളുടെ ഒരു പരമ്പര തന്നെ ഉണ്ടായി. 2017 ലെ ഓഖി ചുഴലിക്കാറ്റും 2018 ലും 2019 ലും ഉണ്ടായ കനത്ത മഴയുടെ ഫലമായുണ്ടായ കടുത്ത വെള്ളപ്പൊക്കവും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചു. ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി മൂലം നിരവധി കുടിയേറ്റ തൊഴിലാളികൾ സംസ്ഥാനത്തേക്ക് മടങ്ങുകയും ഗൾഫ് വരുമാനം മന്ദഗതിയിലാവുകയും ഇതും കേരള സമ്പദ്‌വ്യവസ്ഥക്ക് ആഘാതമായി.

**ബോക്സ് 1.1.1** 2020–21 ലെ ആദ്യ പാദത്തിലെ (ഏപ്രിൽ മുതൽ ജൂൺ വരെ) മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ കണക്കുകൾ

സ്ഥിതിവിവരക്കണക്ക് പദ്ധതി നടപ്പാക്കൽ മന്ത്രാലയത്തിനു കീഴിലുള്ള (എം എസ് ഒ പി ഐ) കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് (സിഎസ്ഒ) 2020–21 ആദ്യ പാദത്തിലെ (ഏപ്രിൽ മുതൽ ജൂൺ വരെ) മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ കണക്കുകൾ 2020 ഓഗസ്റ്റിൽ പുറത്തിറക്കിയിട്ടുണ്ട്.[4] 2020–21 ലെ ഒന്നാം പാദത്തിലെ മൊത്ത ആഭ്യന്തര ഉൽപ്പന്നം 26.90 ലക്ഷം കോടി രൂപയായി കണക്കാക്കുന്നു. ഇത് 2019–20 ലെ ഒന്നാം പാദത്തിലെ 35.35 ലക്ഷം കോടി രൂപയിൽ നിന്ന് 23.2 ശതമാനം കുറവ് കാണിക്കുന്നു. 2019–20 ന്റെ ആദ്യപാദത്തിൽ താരതമ്യേന 5.2 ശതമാനം ജി ഡി പി വളർച്ച കൈവരിച്ചിട്ടുണ്ട്. അടിസ്ഥാന വിലയിലെ മൊത്തം സംയോജിത മൂല്യം സ്ഥിര വിലയിൽ (2011 –12) 2020–21 ന്റെ ആദ്യ പാദത്തിൽ 25.53 ലക്ഷം കോടി രൂപയായി കണക്കാക്കുന്നു. ഇത് 2019–20 ലെ ഒന്നാം പാദത്തിലെ 33.08 ലക്ഷം കോടി രൂപയിൽ നിന്ന് 22.8 ശതമാനം കുറവ് കാണിക്കുന്നു.

മൊത്തം സംയോജിത മൂല്യത്തിന്റെ അടിസ്ഥാന വിലയിലെ (2011–12) ത്രൈമാസ കണക്കുകൾ സൂചിപ്പിക്കുന്നത് നിർമ്മാണ മേഖലയിലെ മൂല്യവർദ്ധനയാണ് ഏറ്റവും കൂടുതൽ ബാധിച്ചത് എന്നാണ്, 2019–20 ന്റെ ആദ്യ പാദവുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ മേഖലയിലെ മൂല്യ വർദ്ധനവ് 2020–21 ന്റെ ആദ്യ പാദത്തിൽ ഏകദേശം 50 ശതമാനം ചുരുങ്ങിയിട്ടുണ്ട്. ലോക്ക്ഡൗണിനെ തുടർന്നുള്ള ബുദ്ധിമുട്ടുകൾ ഏറ്റവും കൂടുതൽ ബാധിച്ച മേഖലയാണിത്. ബ്രോഡ്കാസ്റ്റിംഗ് മേഖലയുമായി ബന്ധപ്പെട്ട വാർത്താവിനിമയവും സേവനങ്ങളും, വ്യാപാരം, ഹോട്ടലുകൾ, ഗതാഗതം, എന്നിവയിൽ മൂല്യവർദ്ധനവ് 47 ശതമാനം കുറഞ്ഞു. ഉല്പാദന മേഖലയിലെ മൂല്യവർദ്ധനവ് 39 ശതമാനം കുറഞ്ഞിട്ടുണ്ട്. കൃഷി, വനം, മത്സ്യബന്ധന മേഖലകളിൽ മാത്രമാണ് നേരിയ വർദ്ധനവായ 3.4 ശതമാനം രേഖപ്പെടുത്തിയിട്ടുള്ളത്.

മഹാമാരിയെ തുടർന്നുള്ള ലോക്ക്ഡൗണിന്റെ ഫലമായി, കണക്കുകൾ പതിവായി ഉപയോഗിക്കുന്ന വിവരാത്മക ഉറവിടങ്ങൾക്ക് പകരം ജി എസ് ടിയും പ്രൊഫഷണൽ ബോഡികളുമായുള്ള ഇടപെടലുകളും പോലുള്ള ഇതരമാർഗങ്ങൾ ഉപയോഗിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. വ്യാവസായിക ഉൽപാദന സൂചിക, ഉപഭോക്തൃ വില സൂചിക തുടങ്ങിയ സൂചകങ്ങളിലെ വിവരങ്ങളും ത്രൈമാസ കണക്കുകളെ ബാധിക്കുന്നതാണ്.

[4] പ്രസ്സ് നോട്ട് ഓഗസ്റ്റ് 31, 2020 , 2020-21 ഏപ്രിൽ-ജൂൺ ആദ്യ പാദത്തിലെ മൊത്ത ആഭ്യന്തരോൽപാദനത്തിന്റെ കണക്കുകൾ , നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് (എൻഎസ്ഒ), മിനിസ്ടി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇമ്പ്ളിമെന്റേഷൻ

**ചിത്രം 1.1.1** കേരളത്തിന്റെ ജി എസ് വി എ യുടെയും ഇന്ത്യയുടെ ജിവിഎയുടെയും വാർഷിക വളർച്ചാ നിരക്ക് ശതമാനത്തിൽ (രണ്ടും 2011–12 സ്ഥിരവിലയിൽ)




അവലംബം: കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

2020–ൽ കോവിഡ്–19 മഹാമാരി കേരളം ഉൾപ്പെടെ ലോകം മുഴുവൻ ബാധിക്കുകയും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച സ്തംഭിപ്പിക്കുകയും ചെയ്തു.

## മേഖലകളിലൂടനീളമുള്ള വളർച്ച

2016–2018 കാലയളവിൽ കേരളം കൈവരിച്ച സാമ്പത്തിക വളർച്ച സമ്പദ്‌വ്യവസ്ഥയുടെ മിക്ക മേഖലകളിലും പ്രകടമായിരുന്നു. കേരളത്തിലെ കാർഷിക മേഖല 2017–18 –ൽ പോസിറ്റീവ് വളർച്ച രേഖപ്പെടുത്തി, അങ്ങനെ 2013–14 മുതൽ ഈ മേഖലയിലെ നെഗറ്റീവ് വളർച്ചാ നിരക്കിന്റെ ഒരു നീണ്ട ഘട്ടം അവസാനിച്ചു. സംസ്ഥാനത്തെ നെല്ല് ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഉൾപ്പെടെയുള്ള കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച ചില നടപടികളുടെ ഫലമായിരിക്കാം ഈ പുരോഗതി. 2016–17 മുതൽ മത്സ്യ മേഖലയും നേട്ടമുണ്ടാക്കി. എന്നിരുന്നാലും, 2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കവും 2020 ലെ മഹാമാരിയും കാരണം കാർഷിക വളർച്ചാ നിരക്ക് 2018–19 മുതൽ നെഗറ്റീവ് ആയി. 2018–19, 2019–20 വർഷങ്ങളിൽ ഈ മേഖലയിലെ വളർച്ചാ നിരക്ക് യഥാക്രമം (–)2.38 ശതമാനവും (–)6.62 ശതമാനവുമാണ്.

കോവിഡ് –19 മഹാമാരി കേരള കാർഷിക മേഖലയെ പലവിധത്തിൽ ബാധിച്ചു. ഒന്നാമതായി, ലോക സമ്പദ്‌വ്യവസ്ഥ അടച്ചുപൂട്ടിയതുകാരണം, ആഗോള വ്യാപാരം ഏതാണ്ട് നിലച്ചു. രണ്ടാമതായി, ലോക്ക്ഡൗണിന്റെ ആരംഭം മിക്ക കാർഷിക വിളകളുടെയും കന്നുകാലി ഉൽപന്നങ്ങളുടെയും മത്സ്യങ്ങളുടെയും ആഭ്യന്തര വില ഇടിയുന്നതിന് കാരണമായി. മൂന്നാമതായി, ലോക്ഡൗണും അതിന്റെ ഫലമായി ഉണ്ടായ തൊഴിലാളികളുടെ ലഭ്യതക്കുറവും പ്രത്യേകിച്ച് കുടിയേറ്റ തൊഴിലാളികളുടെ തിരിച്ചുപോക്കും കാർഷിക മേഖലയിലെ നിരവധി സംസ്കരണ യൂണിറ്റുകളുടെ പ്രവർത്തനത്തെ ബാധിച്ചു. അവസാനമായി, ലോക്ക്ഡൗൺ, പൊതുമേഖലയിലെ കാർഷിക സ്ഥാപനങ്ങൾക്ക് വലിയ വരുമാനനഷ്ടത്തിനു വഴിവെച്ചു.

2016 മുതൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിൽ നിർമാണമേഖലയുടെ പങ്ക് പ്രധാനമാണ്. 2016–17, 2017–18 എന്നീ വർഷങ്ങളിൽ യഥാക്രമം 18.2 ശതമാനം, 6.1 ശതമാനം, എന്നിങ്ങനെയായിരുന്നു നിർമ്മാണ മേഖലയുടെ വാർഷിക സംയോജിത മൂല്യ വളർച്ചയുടെ നിരക്ക്. എന്നാൽ വളർച്ചാ നിരക്ക് 2018–19, 2019–20 വർഷങ്ങളിൽ യഥാക്രമം 1.78 ശതമാനമായും 1.54 ശതമാനമായും കുറഞ്ഞു. കേരളത്തിലെ മൊത്തം ജിഎസ്‌വിഎയിൽ ഉല്പന്ന നിർമ്മാണ മേഖലയുടെ വിഹിതം 2014–15 –ൽ 9.8 ശതമാനം മാത്രമായിരുന്നുവെങ്കിലും 2019 –20–ൽ ഇത് 12.5 ശതമാനമായി ഉയർന്നിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ വാർഷിക വ്യവസായ സർവ്വേ പ്രകാരം ഇന്ത്യൻ ഫാക്ടറി മേഖലയിലെ മൊത്തം സംയോജിത മൂല്യത്തിൽ കേരളത്തിന്റെ പങ്ക് 2014–15 ലെ 1.2 ശതമാനത്തിൽ നിന്ന് 2016–17 –ൽ 1.6 ശതമാനമായി ഉയർന്നിട്ടുണ്ട്. 2016–17 മുതൽ കേരളത്തിന്റെ ഉൽപാദന മേഖലയുടെ മെച്ചപ്പെട്ട വളർച്ചയ്ക്ക് സഹായകമായത് സംസ്ഥാന പൊതുമേഖലാ

യൂണിറ്റുകളുടെ പ്രകടനം (രാസവസ്തുക്കൾ, ഇലക്ട്രിക്കൽ മെഷിനറി), പെട്രോളിയം സംസ്കരണമേഖലയിലുള്ള പുതിയ നിക്ഷേപങ്ങൾ, ഇലക്ട്രോണിക് സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള ഉത്തേജനം എന്നിവയാണ്.

കേരളത്തിലെ നിർമാണ മേഖല രണ്ട് വർഷത്തെ സ്തംഭനാവസ്ഥയ്ക്ക് ശേഷം (2014–16 കാലയളവിൽ) 2016–17 –ൽ 7.8 ശതമാനം വളർച്ച രേഖപ്പെടുത്തി. സംസ്ഥാനത്തെ നിർമാണമേഖലയിൽ മൂല്യവർദ്ധിത വളർച്ച 2018–19 –ൽ 9.98 ശതമാനമായിരുന്നുവെങ്കിലും 2019–20ൽ 3.7 ശതമാനമായി കുറഞ്ഞു.

2010 കളിൽ കേരള സമ്പദ്‌വ്യവസ്ഥയുടെ ഘടനയിൽ കാര്യമായ പരിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ ജിഎസ്‌വിഎയിലെ കാർഷിക മേഖലയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും വിഹിതം 2018–19 –ൽ 8.8 ശതമാനം മാത്രമായിരുന്നു, 2011–12 –ൽ ഇത് 14.4 ശതമാനമായിരുന്നു. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിലെ കാർഷിക വിഹിതം ദേശീയ ശരാശരിയേക്കാൾ വളരെ കുറവാണ്. എന്നിരുന്നാലും നിർമാണം, വ്യാപാരം, ഹോട്ടലുകൾ, ഗതാഗതം, വാർത്താവിനിമയം, പൊതു, സാമൂഹിക സേവനങ്ങൾ എന്നിവയുടെ ജിഎസ്‌വിഎയിലുള്ള കേരളത്തിന്റെ വിഹിതം ദേശീയ തലത്തിലെ അനുബന്ധ വിഹിതവുമായി താരതമ്യപ്പെടുത്തുമ്പോൾ ഗണ്യമായി കൂടുതലാണ്.

2010 കളിൽ സംസ്ഥാനത്ത് അതിവേഗം വളർന്ന മേഖലകളാണ് ധനകാര്യം, റിയൽ എസ്റ്റേറ്റ്, ഐടി വ്യവസായം ഉൾപ്പെടുന്ന പ്രൊഫഷണൽ സേവനങ്ങൾ എന്നിവ. 2012–13 നും 2018–19 നും ഇടയിൽ മിക്ക വർഷങ്ങളിലും ഈ മേഖല 9 ശതമാനത്തിലധികം വളർന്നു. കേരളത്തിന്റെ ജിഎസ്‌വിഎയിൽ ഈ മേഖലയുടെ പങ്ക് 2011–12 ലെ 16.8 ശതമാനത്തിൽ 2018–19 ൽ 21.6 ശതമാനമായി ഉയർന്നു. ചുരുക്കത്തിൽ, സംസ്ഥാനം നിരവധി തിരിച്ചടികൾ നേരിട്ടിട്ടും ദേശീയ സമ്പദ്‌വ്യവസ്ഥയിൽ മാന്ദ്യത്തിന്റെ സൂചനകൾ വളർന്നിട്ടും 2016–17 മുതൽ 2018–19 വരെയുള്ള കാലയളവിൽ കേരളത്തിന്റെ ജിഎസ്‌വിഎ

**ബോക്സ് 1.1.2** സമ്പദ്‌വ്യവസ്ഥക്കുണ്ടായ നഷ്ടം സംബന്ധിച്ച കണക്കുകൾ

കോവിഡ്–19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, മഹാമാരിയും തുടർന്നുണ്ടായ ലോക്ക്ഡൗണും സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകൾക്ക് ഉണ്ടാക്കിയ നഷ്ടത്തിന്റെ വ്യാപ്തി കണക്കാക്കുന്നതിനുള്ള ചുമതല സംസ്ഥാന ആസൂത്രണ ബോർഡ് ഏറ്റെടുത്തിരുന്നു. ആദ്യ റിപ്പോർട്ട് പ്രധാനമായും 2020 മാർച്ച് 25 മുതൽ 2020 മെയ് 3 വരെയുള്ള ലോക്ക്ഡൗൺ കാലയളവിലെ വിലയിരുത്തലാണ് നടത്തിയത്. 2020 മാർച്ചിൽ സംസ്ഥാനത്ത് മൂല്യവർദ്ധനവിലുണ്ടായ ഇടിവ് ഏകദേശം 29,000 കോടി രൂപയായിരിക്കുമെന്ന് ആസൂത്രണ ബോർഡ് കണക്കാക്കി, 10 ദിവസത്തെ ഉല്പാദന നഷ്ടവും മാർച്ച് പകുതി മുതൽ സാമ്പത്തിക പ്രവർത്തനങ്ങൾ കുറഞ്ഞുവെന്ന നിഗമനത്തിൽ ആണ് എത്തിച്ചേർന്നത്. 2020–21 ന്റെ ആദ്യ പാദത്തിലെ നഷ്ടം 80,000 കോടി രൂപയായി കണക്കാക്കപ്പെടുന്നു. ഏപ്രിലിൽ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഉണ്ടായ തടസ്സങ്ങൾ മെയ് മാസത്തിലും തുടർന്നുള്ള മാസങ്ങളിലും തുടരുമെന്നും 2020–21 ലെ ഉൽപാദന നിലവാരം 2019–20 നെ അപേക്ഷിച്ച് 5 ശതമാനം കുറവായിരിക്കുമെന്നും കണക്കാക്കുന്നു.

2020 നവംബറിൽ പ്രസിദ്ധീകരിച്ച രണ്ടാമത്തെ നഷ്ട വിലയിരുത്തൽ റിപ്പോർട്ടിൽ സംസ്ഥാന ആസൂത്രണ ബോർഡ് ത്വരിത കണക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ ഉപയോഗിച്ച് ത്വരിത എസ്റ്റിമേറ്റുകൾ പരിഷ്കരിക്കുമ്പോൾ, 2020–21 ന്റെ പാദങ്ങളിലെ നഷ്ടത്തിന്റെ കണക്കുകൾ തയ്യാറാക്കുന്നതിന് 2019–20 ലെ അതേ പാദത്തിലെ കണക്കുകൾ ഉപയോഗിക്കുന്നത് ഉചിതമാണെന്ന് കണ്ടെത്തി. ഇതിന്റെ അടിസ്ഥാനത്തിൽ, 2020–21 ലെ ആദ്യ പാദത്തിലെ മൊത്ത സംസ്ഥാന സംയോജിത മൂല്യം (ജിഎസ് വിഎ) 2019–20 ആദ്യ പാദത്തിലെ ജിഎസ് വിഎയുടെ 26 ശതമാനത്തോളം ചുരുങ്ങുമെന്ന് കണക്കാക്കി. മുൻ വർഷത്തെ ഇതേ പാദവുമായി താരതമ്യം ചെയ്യുമ്പോൾ 2020–21 രണ്ടാം പാദത്തിൽ ജിഎസ് വിഎയുടെ നഷ്ടം 18.5 ശതമാനമാണെന്നും കണക്കാക്കി.

കോവിഡ്–19 മഹാമാരിയുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രതിസന്ധി അഭൂതപൂർവമാണ്. മുൻകാലത്തെ ദുരന്തങ്ങൾ പ്രധാനമായും പ്രകൃതിദുരന്തങ്ങളായിരുന്നു, ഒരു നിശ്ചിത സമയത്തിനുള്ളിൽ സമ്പദ്‌വ്യവസ്ഥയുടെ ഉൽപാദന ശേഷിക്ക് കേടുപാടുകൾ വരുത്തുന്ന ഇവ ഹ്രസ്വ, ഇടത്തരം കാലയളവിൽ അളക്കാവുന്ന പ്രത്യാഘാതങ്ങളായിരുന്നു. കോവിഡ്–19 പകർച്ചവ്യാധിയുടെ സമയത്ത് ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപാദനം പെട്ടന്ന് നിലച്ചു. കൂടാതെ, കോവിഡ്–19 മഹാമാരി സമയത്തുണ്ടായ ഉൽപാദന മന്ദത പ്രദേശാധിഷ്ഠിതമോ സ്കെയിൽ അധിഷ്ഠിതമോ അല്ല. അതിന്റെ അനന്തര ഫലങ്ങൾ സ്ഥലഭേദമന്യേ സമസ്ത മേഖലകളെയും ബാധിച്ചു. ഈ സ്ഥിതിവിശേഷം ചലനാത്മകവും ഇതുമായി ബന്ധപ്പെട്ട നയപരമായ സമീപനങ്ങളും മഹാമാരിയുടെ കാലയളവും കണക്കിലെടുത്താൽ ഈ സ്ഥിതി സമ്പദ്‌വ്യവസ്ഥയെ തുടർന്നും സ്വാധീനിച്ചു കൊണ്ടിരിക്കും.

*സ്രോതസ്സ്:* [1]. കോവിഡ്-19 മഹാമാരിയും ലോക്ക് ഡൗണും സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതത്തെക്കുറിച്ചുള്ള ത്വരിത വിലയിരുത്തൽ, സംസ്ഥാന ആസൂത്രണ ബോർഡ്, മെയ് 2020

[2]കോവിഡ്-19 മഹാമാരിയും ലോക്ക് ഡൗണും സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതത്തെക്കുറിച്ചുള്ള വിലയിരുത്തൽ, ഏപ്രിൽ മുതൽ ജൂൺ വരെ ,സംസ്ഥാന ആസൂത്രണ ബോർഡ്, നവംബർ 2020

താരതമ്യേന വേഗത്തിൽ വളർന്നിട്ടുണ്ട്. മത്സ്യബന്ധനം, അക്വാകൾച്ചർ, ഉൽപ്പാദനം, വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, സാമൂഹിക സേവനങ്ങൾ പ്രധാനമായും വിദ്യാഭ്യാസവും ആരോഗ്യവും, പൊതു സേവനങ്ങൾ, പ്രൊഫഷണൽ സേവനങ്ങൾ എന്നിവയാണ് ഈ അതിവേഗ വളർച്ചയ്ക്ക് കാരണമായ മേഖലകൾ. എന്നിരുന്നാലും, കോവിഡ്–19 മഹാമാരി സംസ്ഥാനത്തെ സാമ്പത്തിക പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു, കൂടാതെ മഹാമാരിയുടെ ഫലമായുണ്ടാകുന്ന ലോക്ക് ഡൗൺ 2019–20 ലെ വളർച്ചയെ ബാധിച്ചതായി പ്രതിഫലിക്കുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ജിഎസ്‌വിഎയുടെ മേഖലാ വിതരണത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.1.7, 1.1.8** എന്നിവയിൽ നൽകിയിരിക്കുന്നു. കഴിഞ്ഞ മൂന്നുവർഷത്തെ ജിഎസ്ഡിപി ശതമാന വ്യതിയാനം **അനുബന്ധം 1.1.9** ലും 2011–12 മുതൽ 2017–18 വരെയുള്ള കാലയളവിലെ സ്ഥിര നടപ്പ് വിലകളിലെ ജിഎസ്‌വിഎ, എൻഎസ്‌വിഎ എന്നിവ **അനുബന്ധം 1.1.10, 1.1.11 , 1.1.12, 1.1.13**. എന്നിവയിൽ നൽകിയിരിക്കുന്നു.

## മഹാമാരിക്ക് ശേഷമുള്ള സാമ്പത്തിക വീണ്ടെടുക്കലിനുള്ള സാധ്യതകൾ

2020–21 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ജിഡിപി 10.3 ശതമാനം ചുരുങ്ങുമെന്ന് അന്താരാഷ്ട്ര നാണ്യ നിധി (ഐഎംഎഫ് ) ഒക്ടോബറിൽ (2020) പ്രവചിച്ചിരുന്നു. ലോക സമ്പദ്‌വ്യവസ്ഥ മൊത്തത്തിൽ പ്രതീക്ഷിക്കുന്ന ഇടിവിനെക്കാൾ വളരെ കൂടുതലാണിത് (2020 –ൽ 4.4 ശതമാനം). മൊത്തം ആഭ്യന്തര ചോദനത്തിലെ ഇടിവ് കാരണം കോവിഡിന് ശേഷമുള്ള ഘട്ടത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ വീണ്ടെടുക്കൽ ദുർബലമാകാൻ സാധ്യതയുണ്ടെന്ന് വ്യക്തമാവുകയാണ്. 2020 ജൂലൈ–സെപ്റ്റംബർ കാലയളവിലെ ഇന്ത്യയുടെ കോർപ്പറേറ്റ് മേഖലയുടെ (ലിസ്റ്റുചെയ്ത കമ്പനികളുടെ) പ്രകടനം അത്തരമൊരു സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു. മുകളിൽ സൂചിപ്പിച്ച കാലയളവിൽ, ഇന്ത്യൻ കമ്പനികളുടെ വിൽപ്പനയിൽ ഇടിവുണ്ടായിട്ടും ലാഭത്തിൽ വർദ്ധനവ് രേഖപ്പെടുത്തി എന്നതാണ് ഈ ഫലങ്ങൾ കാണിക്കുന്നത്. ലോക്ക് ഡൗണിനു ശേഷമുള്ള ഘട്ടത്തിലെ സാമ്പത്തിക തിരിച്ചുവരവ് കുറഞ്ഞ വേതനത്തിനും മറ്റ് ചെലവു ചുരുക്കലിനും വഴി വെക്കുമെന്നതാണ് ഇതിന്റെ സൂചന. വേതനം വഴിയുണ്ടാക്കുന്ന ചോദനത്തിലൂടെ സാമ്പത്തിക വീണ്ടെടുക്കൽ ഉണ്ടാകാനുള്ള സാധ്യത വിരളമാണെന്നാണ് ഇത് കാണിക്കുന്നത്. ചോദനത്തിന്റെ അപര്യാപ്തത കേരള സമ്പദ്‌വ്യവസ്ഥയെ ബാധിക്കാനുള്ള സാധ്യത കുറവാണ്. സാമൂഹ്യ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും ഉപജീവന അവസരങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാന സർക്കാർ നിരവധി നടപടികൾ പ്രഖ്യാപിച്ചിട്ടുണ്ട്, പ്രത്യേകിച്ചും കോവിഡ് –19 മഹാമാരിയുടെ ആവിർഭാവത്തിനു ശേഷം. ഒരു കണക്കനുസരിച്ച്, 2020 മാർച്ച് 25 ന് ലോക്ക്ഡൗൺ ആരംഭിച്ചതിന് ശേഷമുള്ള രണ്ട് മാസങ്ങളിൽ കേരളത്തിലെ തൊഴിലാളികൾക്കിടയിലെ ദുർബല വിഭാഗങ്ങൾക്കുണ്ടായ വരുമാനനഷ്ടം 16000 കോടി രൂപ അല്ലെങ്കിൽ കേരളത്തിന്റെ വാർഷിക സംസ്ഥാന വരുമാനത്തിന്റെ (ജിഎസ്ഡിപി) 1.9 ശതമാനം ആണ് (ദേശീയ തലത്തിൽ ഇത് വാർഷിക ദേശീയ വരുമാനത്തിന്റെ 2.2 ശതമാനം ആണ് ). സംസ്ഥാന സർക്കാർ 2020 മാർച്ച് 20 ന് പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ സാമ്പത്തിക ആശ്വാസ പാക്കേജ് വളരെ ശ്രദ്ധേയമാണ്. ഇത് സംസ്ഥാനത്തെ ദരിദ്ര വിഭാഗങ്ങൾക്ക് മഹാമാരിയെ തുടർന്നുണ്ടായ ആഴ്ചകളിൽ നേരിട്ട വരുമാനനഷ്ടം നികത്താൻ തക്കവണ്ണം വലുതും മുൻകൂട്ടിയുള്ളതുമായിരുന്നു.[5]

സാമൂഹ്യ സുരക്ഷാ പരിരക്ഷയും ഉപജീവന സാധ്യതകളും മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനം സ്വീകരിച്ച നടപടികൾ ചോദനത്തേയും സംസ്ഥാനത്തെ മൊത്തത്തിലുള്ള സാമ്പത്തിക പുനരുജ്ജീവനത്തെയും ഗുണകരമായി ബാധിക്കും. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിൽ നിന്നുള്ള വായ്പയുടെ വളർച്ച ആ ദിശയിൽ ചില സൂചനകൾ നൽകുന്നു. 2018 നും 2019 നും ഇടയിൽ കേരളത്തിലെ മൊത്തത്തിലുള്ള വായ്പയുടെയും വ്യവസായ വായ്പയുടെ വളർച്ചാ നിരക്ക് വളരെ വേഗത്തിലാണ്, യഥാക്രമം 18.7%, 8.6% എന്നിങ്ങനെയാണ് ഈ നിരക്കുകൾ. മേൽപ്പറഞ്ഞ കേരളത്തിന്റെ വായ്പാ വളർച്ച നിരക്കുകൾ ദേശീയ ശരാശരിയേക്കാൾ വേഗത്തിലാണ് (യഥാക്രമം 12.9%, 5.1%).[6]

## സംസ്ഥാന പ്രതിശീർഷ വരുമാനം

ത്വരിത കണക്കുകൾ പ്രകാരം 2019–20 –ൽ സംസ്ഥാന പ്രതിശീർഷ വരുമാനം (2011–12) സ്ഥിര വിലയിൽ 1,63,216 രൂപയാണ്. 2018–19 ലെ താത്കാലിക കണക്കുപ്രകാരം ഇത് 1,58,564 രൂപയായിരുന്നു. 2019–20 –ൽ 2.93 ശതമാനം വളർച്ചയുണ്ടായി. നടപ്പ് വിലയിൽ സംസ്ഥാന പ്രതിശീർഷ വരുമാനം 2018–19 –ൽ 2,27,979 ആയിരുന്നത് 2019–20 –ൽ 7.61 ശതമാനം വളർച്ച കൈവരിച്ച് 2,45,323 രൂപയായി. ത്വരിത കണക്കുകൾ പ്രകാരം സ്ഥിര വിലയിൽ 2018–19 –ൽ പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തരഉല്പന്നം (എൻ എസ് ഡി പി) 1,45,521 ആയിരുന്നത് 2019–20 2.78 ശതമാനം വളർച്ച കൈവരിച്ച് 1,49,563 രൂപയായി. 2012–13 മുതൽ 2019–20 വരെ കേരളത്തിന്റെ പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തരഉല്പന്നം (സ്ഥിരവിലയിൽ:

[5]തോമസ്, ജയൻ ജോസ് (2020 എ) കൊറോണ വൈറസ് ലോക്ക്ഡൗൺ ഇന്ത്യയിലെ ദരിദ്രർക്ക് 4 ലക്ഷം കോടി രൂപ നഷ്ടപ്പെട്ടിരിക്കാം, സ്ക്രോൾ, ജൂൺ 4, 2020 (https://scroll.in/article/963284/indias-poor-may-have-lost-rs-4-lakh-crore-in-the-coronavirus-lockdown)

[6]ഇന്ത്യയിലെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളുടെ അടിസ്ഥാന സ്ഥിതിവിവരക്കണക്കുകൾ, ആർബിഐ

**ചിത്രം 1.1.2** പ്രതിശീർഷ അറ്റ ആഭ്യന്തര ഉല്പന്നവും പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉല്പന്നവും സ്ഥിര വിലയിൽ (2011–12 ), രൂപയിൽ




*അവലംബം:* കേന്ദ്ര സ്റ്റാസ്റ്റിക്സ് ഓഫീസ്, സാമ്പത്തിക സ്ഥിതി വിവരണ കണക്ക് വകുപ്പ്
എൻ എസ് ഡി പി: അറ്റ സംസ്ഥാന ആഭ്യന്താരോല്പന്നം, എൻ ഡി പി : അറ്റ ആഭ്യന്താരോല്പന്നം

2011–12) ദേശീയ അറ്റ ആഭ്യന്തര ഉല്പന്നത്തെക്കാൾ ഉയർന്നതാണെന്നു താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ നിന്നും വ്യക്തമാകുന്നതാണ്. (**ചിത്രം 1.1.2**).

## തൊഴിൽ ശക്തിയുടെ ഘടന

കേരളത്തിലെ ജനസംഖ്യാ ഘടന വളരെ പുരോഗമിച്ച ഘട്ടത്തിലെത്തിയതിനാൽ ജനസംഖ്യാ ഡിവിഡന്റ് എന്ന രീതിയിൽ സംസ്ഥാനത്തിന് ലഭിക്കുന്ന അനുകൂലാവസ്ഥ വരും വർഷങ്ങളിൽ നാമമാത്രമായിരിക്കും. കേരളത്തിലെ ഫെർട്ടിലിറ്റി നിരക്കിന്റെ ഇടിവ് (ഇന്ത്യയുടെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് വളരെ വേഗതയുള്ളത് ), ജനസംഖ്യാപരമായ പരിവർത്തനത്തിന്റെ വേഗത വർദ്ധിപ്പിച്ചു. 2001 നും 2011 നും ഇടയിൽ, തൊഴിലാളി വിഭാഗ ജനസംഖ്യയുടെ അനുപാതത്തിലെ വർദ്ധനവ് (മൊത്തം ജനസംഖ്യയിൽ) കേരളത്തിലേത് 0.5 ശതമാനം (63.4 ശതമാനത്തിൽ നിന്ന് 63.9 ശതമാനമായി) നേരിയ വർദ്ധനവ് രേഖപ്പെടുത്തി, അതേസമയം ദേശീയ തലത്തിൽ ഇത് 3.3 ശതമാനം വർദ്ധിച്ചു (57.0 ശതമാനം മുതൽ 60.3 ശതമാനം വരെ). ഉത്തർപ്രദേശ്, ബീഹാർ എന്നിവയുൾപ്പെടെ മറ്റ് പല ഇന്ത്യൻ സംസ്ഥാനങ്ങളിലും ജനസംഖ്യയിലെ തൊഴിലാളി വിഭാഗത്തിലുള്ളവരുടെ എണ്ണം കുത്തനെ വർദ്ധിക്കും. അതേസമയം, അതിവേഗം പ്രായമാകുന്ന ജനസംഖ്യയാണ് കേരളത്തിലുള്ളത്. 2001 നും 2011 നും ഇടയിൽ സംസ്ഥാനത്ത് 60 വയസ്സിനു മുകളിലുള്ള ജനസംഖ്യ കേരളത്തിൽ 1.1 ദശലക്ഷം വർദ്ധിച്ചു. അതേ കാലയളവിലെ തൊഴിലാളി വിഭാഗത്തിലുള്ള ജനസംഖ്യയിലെ വർദ്ധനയേക്കാൾ വലുതാണ് ഇത്.[7]

2017–18 കാലയളവിൽ നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേയുടെയും ഭാരത സെൻസ്സസിന്റെയും കണക്കനുസരിച്ച്, 2018 ജനുവരി 1 ന് കേരളത്തിലെ തൊഴിലാളികളുടെ എണ്ണം 127 ലക്ഷമായിരുന്നു. ഇതിൽ 93.7 ലക്ഷം പുരുഷ തൊഴിലാളികളും 33.4 ലക്ഷം സ്ത്രീ തൊഴിലാളികളും ഉൾപ്പെടുന്നു.[8] ജനസംഖ്യയുടെ അനുപാതത്തിലുള്ള തൊഴിലാളികളുടെ പങ്കാളിത്ത നിരക്ക് യഥാക്രമം പുരുഷൻമാരുടെ 50.5 ശതമാനവും സ്ത്രീകളുടെ 16.4 ശതമാനവുമാണ്. ഈ നിരക്കുകൾ അനുബന്ധ ദേശീയ ശരാശരിയേക്കാൾ വളരെ കുറവാണ്.

ഔദ്യോഗിക സ്ഥിതിവിവരക്കണക്ക് ഏജൻസികൾ റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ഇന്ത്യയിലെ തൊഴിൽ സേനയിലെ സ്ത്രീ പങ്കാളിത്തത്തിന്റെ കുറഞ്ഞ നിരക്ക് വളരെയധികം ആശങ്കാജനകമാണ്. ഈ പ്രശ്നത്തെ കുറിച്ച് പഠിച്ചവർ ഈ കുറഞ്ഞ നിരക്കിന് സാമൂഹിക, സാമ്പത്തിക, രീതിശാസ്ത്രപരമായ ഒട്ടനവധി കാരണങ്ങൾ നിരത്തുന്നുണ്ട് (അവയിൽ സ്ത്രീകൾക്ക് അനുയോജ്യമായ തൊഴിലവസരങ്ങളുടെ അഭാവവും സ്ത്രീകൾ ചെയ്യുന്ന

[7] *അവലംബം:* ജയൻ ജോസ് തോമസ് എംപി ജയേഷ് (2019) കെആർ ശ്യാം സുന്ദറിലെ (എഡി.) കേരളത്തിലെ തൊഴിൽ വിപണി : തൊഴിൽ വ്യാവസായിക നയങ്ങളുടെ പങ്ക് പരിശോധിക്കുമ്പോൾ, ആഗോളവൽക്കരണം, തൊഴിൽ വിപണി സ്ഥാപനങ്ങൾ, ഇന്ത്യയിലെ പ്രക്രിയകളും നയങ്ങളും, പാൽഗ്രേവ് മാക്മില്ലൻ, പിപി 471 - 498

[8] മേൽപ്പറഞ്ഞ കണക്കുകൾ കേരളത്തിലെ പ്രോജെക്ടഡ് ജനസംഖ്യയിൽ നിന്നും (2018-ൽ) സംസ്ഥാനത്തെ തൊഴിൽ പങ്കാളിത്ത നിരക്കുകളിൽ നിന്നും എടുത്തതാണ്. 2011 സെൻസസ് പ്രകാരം, കേരളത്തിലെ ജനസംഖ്യ 334.06 ലക്ഷമായിരുന്നു, അത് ഇന്ത്യയിലെ ജനസംഖ്യയുടെ 2.8 ശതമാനമായിരുന്നു (121.06 കോടി). 2018 ജനുവരി 1 ലെ കേരളത്തിലെയും ഇന്ത്യയിലെയും ജനസംഖ്യയെക്കുറിച്ചുള്ള ഞങ്ങളുടെ പ്രവചനങ്ങൾ യഥാക്രമം 345.2 ലക്ഷവും 135.7 കോടിയുമാണ്. വിശദാംശങ്ങൾക്ക് തോമസ് (2020 ബി) കാണുക.

ജോലി അളക്കുന്നതിനുള്ള ബുദ്ധിമുട്ടും ഉൾപ്പെടുന്നു). സ്ത്രീകളുടെ തൊഴിൽ ശക്തി പങ്കാളിത്തവുമായി ബന്ധപ്പെട്ട്, കേരളം ഇന്ത്യയുടെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് മികച്ച പ്രകടനം കാഴ്ചവച്ചു: 2017–18 –ൽ ഇതേ നിരക്ക് കേരളത്തിനും ഇന്ത്യയ്ക്കും യഥാക്രമം 21.3 ശതമാനം 17.5 ശതമാനം എന്നിങ്ങനെയാണ്. അതേസമയം, സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് കേരളത്തിൽ (23.2 ശതമാനം) രാജ്യത്തൊട്ടാകെയുള്ളതിനേക്കാൾ വളരെ കൂടുതലാണ്.

കേരളത്തിലെ മൊത്തം തൊഴിലാളികളിൽ 21.3 ലക്ഷം പേർ (അല്ലെങ്കിൽ മൊത്തം 16.7 ശതമാനം) കാർഷിക മേഖലയിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നു. ദേശീയ ശരാശരിയുമായി (41.8 ശതമാനം) താരതമ്യപ്പെടുത്തുമ്പോൾ കാർഷിക, അനുബന്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ അനുപാതം കേരളത്തിൽ (16.7 ശതമാനം) വളരെ കുറവാണ്. സംസ്ഥാനത്തെ കാർഷിക മേഖലയിൽ നിന്നുള്ള തൊഴിലാളികളുടെ മാറ്റം കണക്കിലെടുക്കുമ്പോൾ, കാർഷികേതര മേഖലകളിൽ മാന്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്നതാണ് സംസ്ഥാനം നേരിടുന്ന ഒരു വെല്ലുവിളി.

ഉല്പന്ന നിർമ്മാണ, നിർമ്മാണ മേഖലകളിൽ യഥാക്രമം 15 ലക്ഷം, 24 ലക്ഷം തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. 65.6 ലക്ഷം തൊഴിലാളികൾ (അല്ലെങ്കിൽ മൊത്തം തൊഴിലാളികളിൽ 51.6 ശതമാനം) ജോലി ചെയ്യുന്ന സേവന മേഖലയാണ് കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ സ്രോതസ്സ്. കേരളത്തിലെ 33.4 ലക്ഷം സ്ത്രീ തൊഴിലാളികളിൽ 19.7 ലക്ഷം പേർ സേവനമേഖലയിലാണ് ജോലിയിൽ ഏർപ്പെട്ടിട്ടുള്ളത്. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികളുടെ എണ്ണം 8.1 ലക്ഷമാണ്.

വിദ്യാഭ്യാസം, ആരോഗ്യം, പൊതുഭരണം, ഫിനാൻസ്, റിയൽ എസ്റ്റേറ്റ്, ഇൻഫർമേഷൻ ടെക്നോളജി (ഐടി), പ്രൊഫഷണൽ സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന മേഖലയാണ് കേരളത്തിലെ പ്രധാന തൊഴിൽ സ്രോതസ്സ്. ഈ മേഖലകളിൽ ജോലി ചെയ്യുന്ന ആകെയുള്ള 25.9 ലക്ഷം തൊഴിലാളികളിൽ 13.3 ലക്ഷം പേർ സ്ത്രീകളാണ്. താരതമ്യേന ഉയർന്ന വിദ്യാഭ്യാസവും നൈപുണ്യവും ഉള്ള തൊഴിലാളികളെ ആവശ്യമുള്ള പ്രവർത്തനങ്ങളാണിവ. കേരളത്തിലെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലെ തൊഴിൽ എന്നത് ദേശീയ തലത്തിൽ ഈ മേഖലകളിലെ മൊത്തം തൊഴിലിന്റെ 4.6 ശതമാനമാണ്. ഈ മേഖലകളിൽ ജോലി ചെയ്യുന്ന കേരളത്തിലെ വനിതാ തൊഴിലാളികൾ ഇന്ത്യയിലെ മൊത്തം വനിതാ തൊഴിലാളികളിൽ 8.3 ശതമാനം വരും.

### ജില്ലതിരിച്ചുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യം

അടിസ്ഥാന വിലയിലുള്ള 2019–20 വർഷത്തെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ ജില്ലാ വിതരണത്തിൽ (നടപ്പുവില) എറണാകുളം ജില്ലാ 90,20,991 ലക്ഷം രൂപ വരുമാനത്തോടെ ഒന്നാം സ്ഥാനത്ത് തുടരുന്നതായി കാണുന്നു. 2018–19–ൽ ജില്ലയുടെ വിഹിതം 85,47,779 ലക്ഷം രൂപയായിരുന്നു.

**പട്ടിക 1.1.3** മേഖലാടിസ്ഥാനത്തിലുള്ള തൊഴിൽ കണക്കുകൾ, കേരളത്തിലും ഇന്ത്യയിലും, ജനുവരി 2018

| | കേരളം | | ഇന്ത്യ | |
|---|---|---|---|---|
| | ആകെ | സ്ത്രീകൾ | ആകെ | സ്ത്രീകൾ |
| I. കൃഷി, വനം, മത്സ്യബന്ധനം | 21.3 | 5.2 | 1971.6 | 591.8 |
| IIa. ഉൽപ്പന്ന നിർമ്മാണം | 15.0 | 4.7 | 602.4 | 142.1 |
| II. വ്യവസായം | 16.2 | 4.9 | 651.6 | 146.1 |
| III. നിർമ്മാണം | 24.0 | 3.6 | 545.9 | 54.1 |
| IV a. വ്യാപാരം, അറ്റകുറ്റപണികൾ , ഗതാഗതം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ | 34.3 | 4.0 | 834.9 | 75.7 |
| IV ബി. പൊതുഭരണം, വിദ്യാഭ്യാസം, ആരോഗ്യം, ധനകാര്യം, റിയൽ എസ്റ്റേറ്റ്, ഐടി, പ്രൊഫഷണൽ സേവനങ്ങൾ | 25.9 | 13.3 | 558.7 | 160.8 |
| IV സി. മറ്റ് സേവനങ്ങളും ഗാർഹിക സേവനങ്ങളും | 5.5 | 2.6 | 149.8 | 56.0 |
| IV. സേവനങ്ങൾ | 65.7 | 19.9 | 1543.4 | 292.5 |
| ആകെ (I + II + III + IV) | 127.0 | 33.4 | 4712.8 | 1084.5 |

കുറിപ്പ്: വ്യവസായം എന്നത് ഉൽപാദനം, ഖനനം, ക്വാറി, വൈദ്യുതി, ഗ്യാസ്, ജലവിതരണം എന്നിവ ഉൾക്കൊള്ളുന്നു.

*അവലംബം:* തോമസ് (2020 ബി) റിപ്പോർട്ടുചെയ്തു പ്രകാരം, 2017-18 കാലയളവിൽ നടത്തിയ ആനുകാലിക ലേബർ ഫോഴ്സ് സർവേയുടെയും ഇന്ത്യൻ സെൻസസിന്റെയും ഡാറ്റയെ അടിസ്ഥാനമാക്കിയുള്ള കണക്കുകൾ.

**പട്ടിക 1.1.4** ജില്ല തിരിച്ചുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യം (ലക്ഷം രൂപയിൽ)

| ക്രമ നം | ജില്ലയുടെ പേര് | മൊത്തം സംസ്ഥാന കൂട്ടിച്ചേർത്ത മൂല്യം (ലക്ഷം രൂപയിൽ) | | | | | |
|---|---|---|---|---|---|---|---|
| | | നടപ്പ് വിലയിൽ | | | സ്ഥിര വിലയിൽ | | |
| | | 2018-19 (P) | 2019-20 (Q) | വളർച്ചാ നിരക്ക് (%) | 2018-19 (P) | 2019-20 (Q) | വളർച്ചാ നിരക്ക് (%) |
| 1 | തിരുവനന്തപുരം | 7509263 | 7912393 | 5.4 | 5263173 | 5384318 | 2.3 |
| 2 | കൊല്ലം | 6608297 | 6957191 | 5.3 | 4556947 | 4644758 | 1.9 |
| 3 | പത്തനംതിട്ട | 2002473 | 2091548 | 4.4 | 1398676 | 1413528 | 1.1 |
| 4 | ആലപ്പുഴ | 5039335 | 5345368 | 6.1 | 3413396 | 3662996 | 7.3 |
| 5 | കോട്ടയം | 4337373 | 4594370 | 5.9 | 3283445 | 3213111 | -2.1 |
| 6 | ഇടുക്കി | 2262019 | 2362530 | 4.4 | 1529441 | 1548996 | 1.3 |
| 7 | എറണാകുളം | 8547779 | 9020991 | 5.5 | 6146692 | 6289123 | 2.3 |
| 8 | തൃശ്ശൂർ | 6888915 | 7311861 | 6.1 | 4848143 | 5000589 | 3.1 |
| 9 | പാലക്കാട് | 4898000 | 5183807 | 5.8 | 3405965 | 3495343 | 2.6 |
| 10 | മലപ്പുറം | 6882642 | 7344154 | 6.7 | 4785111 | 4964505 | 3.7 |
| 11 | കോഴിക്കോട് | 6008766 | 6355170 | 5.8 | 4211260 | 4330693 | 2.8 |
| 12 | വയനാട് | 1388201 | 1444135 | 4.0 | 935533 | 944915 | 1.0 |
| 13 | കണ്ണൂർ | 4935042 | 5214693 | 5.7 | 3515132 | 3619255 | 3.0 |
| 14 | കാസർകോട് | 2366864 | 2491908 | 5.3 | 1641303 | 1683937 | 2.6 |
| | മൊത്ത സംസ്ഥാന സംയോജിതമൂല്യം | 69674968 | 73630119 | 5.7 | 48934217 | 50196068 | 2.6 |

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്. (പി: പ്രൊവിഷണൽ ക്യൂ: ത്വരിതം)

**പട്ടിക 1.1.5** ജില്ല തിരിച്ചുള്ള അടിസ്ഥാന വിലയിലെ പ്രതിശീർഷ മൊത്ത സംയോജിത മൂല്യം സ്ഥിര ( 2011-12) വിലയിൽ, രൂപയിൽ

| ക്രമ നം | ജില്ല | 2018-19 (പി) ₹ | റാങ്ക് | 2019-20 (ക്യൂ) ₹ | റാങ്ക് | വളർച്ചാ നിരക്ക് (%) |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 156986 | 5 | 160270 | 5 | 2.1 |
| 2 | കൊല്ലം | 170440 | 2 | 173391 | 2 | 1.7 |
| 3 | പത്തനംതിട്ട | 119476 | 10 | 121109 | 10 | 1.4 |
| 4 | ആലപ്പുഴ | 159365 | 4 | 170868 | 3 | 7.2 |
| 5 | കോട്ടയം | 164966 | 3 | 161261 | 4 | -2.2 |
| 6 | ഇടുക്കി | 139799 | 7 | 141843 | 7 | 1.5 |
| 7 | എറണാകുളം | 179655 | 1 | 182804 | 1 | 1.8 |
| 8 | തൃശ്ശൂർ | 149811 | 6 | 153778 | 6 | 2.6 |
| 9 | പാലക്കാട് | 114930 | 12 | 117112 | 12 | 1.9 |
| 10 | മലപ്പുറം | 105841 | 14 | 108432 | 14 | 2.4 |
| 11 | കോഴിക്കോട് | 129522 | 9 | 132273 | 9 | 2.1 |
| 12 | വയനാട് | 110563 | 13 | 111158 | 13 | 0.5 |
| 13 | കണ്ണൂർ | 134573 | 8 | 137920 | 8 | 2.5 |
| 14 | കാസർകോട് | 118026 | 11 | 120100 | 11 | 1.8 |
| | കേരളം | 141161 | | 144078 | | 2.1 |

പി: പ്രൊവിഷണൽ ക്യൂ: ത്വരിതം

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

അതായത് 2018–19 നെ അപേക്ഷിച്ച് 5.5 ശതമാനം വളർച്ച രേഖപ്പെടുത്തി. സ്ഥിരവിലയിൽ (2011–12) 2018–19 –ൽ ഇത് 61,46,692 ലക്ഷം രൂപയായിരുന്നത് 2019–20 –ൽ 62,89,123 ലക്ഷം രൂപയായി. വിശദാംശങ്ങൾ **പട്ടിക 1.1.4** –ൽ നൽകിയിട്ടുണ്ട്.

### ജില്ലാതല പ്രതിശീർഷ വരുമാനം (ജി.എസ്.വി.എ)

2019–20 –ൽ എറണാകുളം ജില്ല (2011–12 സ്ഥിരവിലയിൽ) 1,82,804 രൂപയുമായി പ്രതിശീർഷ വരുമാനത്തിൽ ഒന്നാമത് തുടരുന്നതായി ജില്ലാതല പ്രതിശീർഷ വരുമാനത്തിന്റെ വിശകലനം കാണിക്കുന്നു. 2018–19 –ൽ ഇത് 1,79,655 രൂപയായിരുന്നു. പ്രതിശീർഷ വരുമാനത്തിന്റെ ജില്ലകളുടെ സ്ഥാനവും വളർച്ചയും **പട്ടിക 1.1.5**–ൽ കൊടുത്തിട്ടുണ്ട്.

തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ 2019–20 വർഷത്തിൽ പ്രതിശീർഷ വരുമാനത്തിന്റെ ശരാശരി സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നതോ തുല്യമോ ആണെന്ന് **പട്ടിക 1.1.5**–ൽ കാണിക്കുന്നു. കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, പത്തനംതിട്ട , എറണാകുളം, വയനാട്, കാസറഗോഡ് എന്നീ ജില്ലകളിൽ പ്രതിശീർഷ വരുമാനം സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. 2016 –17 മുതൽ 2019 –20 വരെയുള്ള വർഷങ്ങളിലെ ജില്ലാതല, മേഖലാതല മൊത്ത സംസ്ഥാന ആഭ്യന്തരോൽപന്നം നടപ്പുവിലയിലും സ്ഥിരവിലയിലും (2011–12) **അനുബന്ധം 1.1.14, 1.1.15, 1.1.16, 1.1.17, 1.1.18, 1.1.19**–ൽ കൊടുത്തിട്ടുണ്ട്.

### വിലക്കയറ്റം–സമീപകാല പ്രവണതകൾ

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച 2019–20 ലെ വാർഷിക റിപ്പോർട്ട് അനുസരിച്ച് 2019–20 ലെ ധനവ്യയത്തിന്റെ പ്രധാന ലക്ഷ്യം ഉപഭോക്തൃ വിലസൂചിക പണപ്പെരുപ്പത്തിന്റെ 4 ശതമാനം ലക്ഷ്യം കൈവരിക്കുകയെന്നതാണ്. ഇത് അംഗീകരിച്ച വിലക്കയറ്റ നിരക്കിന്റെ 2 ശതമാനം കൂട്ടുകയോ കുറക്കുകയോ ആകാം. 2019–20 ന്റെ ഒന്നാം പകുതിയിൽ വിലക്കയറ്റ നിരക്ക് യാതൊരു മാറ്റവുമില്ലാതെ കടന്നുപോയി എന്നാൽ രണ്ടാം പകുതിയിൽ 2019 ഡിസംബർ മാസം മുതൽ 2020 ഫെബ്രുവരി വരെയുള്ള കാലയളവിൽ ഭക്ഷ്യവസ്തുക്കളുടെ വിലയിലുള്ള വർദ്ധനവ് കാരണം വിലക്കയറ്റം ഉയർന്ന നിരക്കിനേക്കാൾ കൂടുതലാണ്.

ഉപഭോക്തൃ വില സൂചികയുടെ (2012 = 100) അടിസ്ഥാനത്തിൽ ദേശീയ സ്ഥിതി വിവരകണക്ക് ഓഫീസ്, സ്ഥിതിവിവര കണക്ക് മന്ത്രാലയം, ഓരോ മാസവും വിലക്കയറ്റ നിരക്ക് കണക്കാക്കി പ്രസിദ്ധീകരിക്കുന്നു.

ഏറ്റവും പുതിയ കണക്ക് പ്രകാരം 2020 ഒക്ടോബർ മാസത്തെ ഇന്ത്യയിലാകമാനമുള്ള സംയോജിത ഉപഭോക്തൃ വിലസൂചിക 7.61 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. 2020 സെപ്റ്റംബർ മാസത്തിൽ ഇത് 7.27 ശതമാനമാണ്. നഗര പ്രദേശങ്ങളെ (7.40 ശതമാനം) അപേക്ഷിച്ച് ഗ്രാമീണ മേഖലയിലാണ് (7.69 ശതമാനം) വിലക്കയറ്റം കൂടുതൽ.

കേരളത്തിലെ സംയോജിത ഉപഭോക്തൃ വിലസൂചിക 2020 ഒക്ടോബർ മാസം 6.51 ശതമാനമാണ്, 2020 സെപ്റ്റംബർ മാസം ഇത് 6.21 ശതമാനമാണ്. ദേശീയ പ്രവണതയ്ക്ക് വിരുദ്ധമായി, കേരളത്തിന്റെ ഗ്രാമപ്രദേശത്തെ വിലക്കയറ്റത്തേക്കാൾ (6.45 ശതമാനം) നഗരപ്രദേശത്തെ വിലക്കയറ്റമാണ്(6.76 ശതമാനം) കൂടുതൽ.

**ചിത്രം 1.1.3** ജനുവരി 2020 മുതൽ സെപ്റ്റംബർ 2020 വരെ ഇന്ത്യയൊട്ടാകെയുള്ള വിലക്കയറ്റ നിരക്ക്.




അവലംബം: കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽഓഫീസ്

**പട്ടിക 1.1.6** ഇന്ത്യയുടെയും കേരളത്തിന്റെയും 2020 ഒക്ടോബർ മാസത്തെ പണപ്പെരുപ്പ നിരക്ക്

| ഉപഭോക്തൃ വില സൂചിക (ജനറൽ) | ഒക്ടോബർ 2020 (പ്രോവിഷണൽ) | | | സെപ്റ്റംബർ 2020 (ഫൈനൽ) | | |
|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | സംയോജിപ്പിച്ചത് | ഗ്രാമം | നഗരം | സംയോജിപ്പിച്ചത് |
| ഇന്ത്യ | 7.69 | 7.40 | 7.61 | 7.36 | 7.26 | 7.27 |
| കേരളം | 6.45 | 6.76 | 6.51 | 5.89 | 6.92 | 6.21 |

അവലംബം: കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽഓഫീസ്

**ചിത്രം 1.1.4** 2020 ജനുവരി മുതൽ 2020 സെപ്റ്റംബർ വരെ കേരളത്തിലെ വിലക്കയറ്റ നിരക്ക്.




അവലംബം: കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽഓഫീസ്

**ബോക്സ് 1.1.3** വ്യാവസായിക തൊഴിലാളികൾക്കുള്ള ഉപഭോക്തൃ വിലസൂചികയുടെ പുതിയ ശ്രേണി.

വ്യാവസായിക തൊഴിലാളികൾക്കായുള്ള ഉപഭോക്തൃ വില സൂചികയുടെ ഒരു പുതിയ ശ്രേണി 2016 അടിസ്ഥാന വർഷമാക്കി തൊഴിൽ മന്ത്രാലയം പുറത്തിറക്കിയിട്ടുണ്ട്. ലേബർ ബ്യൂറോയാണ് ഈ പുതിയ ശ്രേണി സമാഹരിച്ച് പരിപാലിക്കുന്നത്. 2016 അടിസ്ഥാനമായുള്ള ഈ പുതിയ ശ്രേണി 2001 അടിസ്ഥാന വർഷമായിട്ടുള്ള ശ്രേണിയെ മാറ്റി സ്ഥാപിക്കുന്നു.

2001 അടിസ്ഥാന വർഷമായുള്ള ശ്രേണിയുമായി താരതമ്യം ചെയ്യുമ്പോൾ പുതിയ ശ്രേണിയിൽ ചുവടെ പറയുന്ന ചില മാറ്റങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

- 2016 ലെ പുതിയ ശ്രേണിൽ 88 സങ്കേതങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2001-ൽ ഇത് 78 സങ്കേതങ്ങൾ മാത്രമായിരുന്നു.
- തൊഴിലാളി കുടുംബങ്ങളുടെ വരുമാനവും ചെലവും കണക്കാക്കുന്നതിനുള്ള സർവ്വെ നടത്തുമ്പോൾ സാമ്പിളായി 2001-ൽ 41,040 കുടുംബങ്ങളുടെ വിവരങ്ങളാണ് ശേഖരിച്ചിരുന്നത് എന്നാൽ പുതിയ ശ്രേണിയിൽ 48,384 കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നു.
- 2001 ശ്രേണിയുമായി താരതമ്യം ചെയ്യുമ്പോൾ 2016 ശ്രേണിയിൽ ചില്ലറ വ്യാപാര വില നിർണ്ണയിക്കുന്നതിനുള്ള തിരഞ്ഞെടുക്കപ്പെട്ട വിപണികളുടെ എണ്ണം 289ൽ നിന്നും 317 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

- സൂചിക നിർണ്ണയത്തിനുള്ള വസ്തുക്കളുടെ എണ്ണം 392–ൽ നിന്നും 463 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

- 2016 ശ്രേണിയിൽ 28 സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2001 ശ്രേണിയിൽ ഇത് 25 ആയിരുന്നു.

- 2016 ശ്രേണിയിൽ സൂചികകളുടെ സമാഹാരത്തിന് ജ്യാമിതീയ ശരാശരിയാണ് ഉപയോഗിച്ചിരുന്നത്. 2001 ശ്രേണിയിൽ ഇത് ഗണിത ശരാശരിയാണ് ഉപയോഗിച്ചിരുന്നത്.

മുൻപത്തെ ശ്രേണിയുമായി താരതമ്യം ചെയ്യുമ്പോൾ പുതിയ ശ്രേണിയിൽ ഓരോ ഗ്രൂപ്പിനും നൽകിയിട്ടുള്ള പ്രാമുഖ്യത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഈ മാറ്റങ്ങൾ താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

**ചിത്രം 1.1.5 – 2001 = 100 ശ്രേണിയുടെ ഗ്രൂപ്പ് തല പ്രാമുഖ്യം**




അവലംബം: ലേബർ ബ്യൂറോ തൊഴിലും തൊഴിലാളി മന്ത്രാലയം , ഇന്ത്യ ഗവൺമെന്റ്

**ചിത്രം 1.1.6 – 2016 = 100 ശ്രേണിയുടെ ഗ്രൂപ്പ് തല പ്രാമുഖ്യം**




അവലംബം::ലേബർ ബ്യൂറോ തൊഴിലും തൊഴിലാളി മന്ത്രാലയം , ഇന്ത്യ ഗവൺമെന്റ്

പുതിയ ശ്രേണിയുടെ മറ്റൊരു എടുത്തു പറയേണ്ട കാര്യം എന്തെന്നാൽ സർവ്വെയുടെ അടിസ്ഥാ വർഷവും വിലയുടെ അടിസ്ഥാന വർഷവും ഒന്നാണ് എന്നുള്ളതാണ്.

ഇന്ത്യയുടെയും കേരളത്തിന്റെയും 2020 ഒക്ടോബർ മാസത്തെ പണപ്പെരുപ്പ നിരക്ക് **പട്ടിക 1.1.6**–ൽ നൽകിയിരിക്കുന്നു.

2020 ജനുവരി മുതൽ 2020 സെപ്റ്റംബർ മാസം വരെയുള്ള ഇന്ത്യയുടെയും കേരളത്തിന്റെയും വിലക്കയറ്റ നിരക്ക് **ചിത്രം 1.1.3** ലും **ചിത്രം 1.1.4** ലും രേഖപ്പെടുത്തിയിരിക്കുന്നു.

## കേരളത്തിലെ വിലനിലവാരം

### കാർഷിക ഉല്പന്നങ്ങളുടെ മൊത്തവില സൂചിക

കാർഷികോല്പന്നങ്ങളുടെ മൊത്തവില സൂചിക 2018ൽ 9702.48 ആയിരുന്നു 2019–ൽ 9736.68 ആയി വർദ്ധിച്ചു. ഭക്ഷ്യവില കൂടിയതിന് കാരണം പച്ചക്കറിയുടെയും പഴങ്ങളുടെയും വില കൂടിയതാണ്. ഭക്ഷ്യ ധാന്യങ്ങളിൽ അരി, കറിക്കൂട്ടുകൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വില യഥാക്രമം 1.6 ശതമാനം 3.8 ശതമാനവുമായി കുറഞ്ഞിട്ടുണ്ട്. അതുപോലെ ഭക്ഷ്യേതര വിളകളുടെ മൊത്തവില 2018–ൽ 9,023.64 ആയിരുന്നത് 12.6 ശതമാനം കുറഞ്ഞ് 2019 ആയപ്പോൾ 7,883.40 ആയി അതിൽ എണ്ണ, എണ്ണക്കുരുക്കൾ എന്നിവയുടെ വില 2018ൽ 11,187.08 ആയിരുന്നതിൽ നിന്നും 2019 –ൽ 9,550.11 ആയി കുറഞ്ഞു. മൊത്തത്തിൽ എല്ലാ വിളകളുടെയും മൊത്ത വിലസൂചിക കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 4.2 ശതമാനമായി കുറഞ്ഞതായി കാണുന്നു. എല്ലാ വിളകളുടെയും മൊത്ത വില സൂചിക 2013 മുതൽ 2019 വരെയുള്ളത് **അനുബന്ധം. 1.1.20**–ൽ കാണിച്ചിരിക്കുന്നു.

കാർഷികോല്പന്നങ്ങളുടെ പ്രതിമാസ മൊത്തവില സൂചിക 2019 ജനുവരി മുതൽ 2019 ഡിസംബർ വരെ 9,486.29 ൽ നിന്നും 9,853.74 ആയി വർദ്ധിച്ചിരിക്കുന്നു. എന്നാൽ ഭക്ഷ്യേതര വിളകളുടെ സൂചിക 8,969.98 –ൽ നിന്നും 7,765.66 ആയി കുറിഞ്ഞിരിക്കുന്നു. കേരളത്തിലെ കാർഷികോല്പന്നങ്ങളുടെ 2019 ജനുവരി മുതൽ 2019 ഡിസംബർ വരെയുള്ള പ്രതിമാസ മൊത്തവില സൂചിക **അനുബന്ധം 1.1.21** ലും കാണിച്ചിരിക്കുന്നു.

കാർഷികോല്പന്നങ്ങളുടെ മൊത്തവില സൂചികയുടെ അടിസ്ഥാന വർഷം 2020ൽ പുതുക്കി 2015–16 = 100 എന്നാക്കിയിട്ടുണ്ട്. കാർഷികോൽപനങ്ങളുടെ 2020 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള പ്രതിമാസ മൊത്ത വിലസൂചിക പുതുക്കിയ അടിസ്ഥാന വർഷത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് **അനുബന്ധം 1.1.22**–ൽ നൽകിയിട്ടുണ്ട്. ഭക്ഷ്യ വസ്തുക്കളുടെ മൊത്ത വിലസൂചിക ജനുവരി 2020–ൽ 144.30 –ൽ നിന്നും ആഗസ്റ്റ് 2020 ൽ 133.99 ആയി കുറഞ്ഞിട്ടുണ്ട്. എന്നാൽ ഭക്ഷ്യേതര ഉല്പന്നങ്ങളുടെ മൊത്തവില സൂചിക 128.17–ൽ നിന്നും 129.37 ആയി വർദ്ധിച്ചിട്ടുണ്ട്. കാർഷികോല്പന്നങ്ങളുടെ മൊത്തവില സൂചിക 139.55–ൽ നിന്നും 131.92 ആയി കുറഞ്ഞിട്ടുണ്ട്.

### ഉപഭോക്തൃ വില സൂചിക

കേരളത്തിലെ ഉപഭോക്തൃ വില സൂചികയുടെ വാർഷിക ശരാശരി (അടിസ്ഥാന വർഷം 2011–12=100) 2018–ൽ 156.4 ആയിരുന്നത് 2019ൽ 167.2 ആയി വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ ജൂലൈ 2020 വരെയുള്ള ഉപഭോക്തൃ വില സൂചിക 173.5 ആണ്. മുൻ വർഷത്തെ അപേക്ഷിച്ച് 2019 ലെ വ്യതിയാനം 6.9

**ചിത്രം 1.1.7**
ഓരോ വർഷവും കർഷകർക്ക് ലഭിച്ചതും കർഷകർ നൽകിയതുമായ വില സൂചികയുടെ വാർഷിക ശരാശരി




അവലംബം : സാമ്പത്തിക സ്ഥിതി വിവര വകുപ്പ് കേരള സർക്കാർ

ശതമാനമാണ്. 2019–ൽ ഏറ്റവും കൂടുതൽ വിലക്കയറ്റം രേഖപ്പെടുത്തിയിരിക്കുന്നത് തൃശ്ശൂർ ജില്ലയിലാണ് (8.9 ശതമാനം) തൊട്ട് പിറകെ പത്തനംതിട്ട (8.6 ശതമാനം) മലപ്പുറം (8.4 ശതമാനം) എന്നീ ജില്ലകളിലാണ്. ശതമാനകണക്കിൽ ഏറ്റവും കുറവ് വിലക്കയറ്റം രേഖപ്പെടുത്തിയിരിക്കുന്നത് പാലക്കാട് ജില്ലയിലാണ് (5.4 ശതമാനം). തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ ഉപഭോക്തൃ വില സൂചികയുടെ വാർഷിക ശരാശരിയും ശതമാന വ്യതിയാനവും **അനുബന്ധം 1.1.23** –ൽ കാണിച്ചിരിക്കുന്നു. ജനുവരി 2020 മുതൽ സെപ്റ്റംബർ 2020 വരെ ആവശ്യ സാധനങ്ങളുടെ പ്രതിമാസ ചില്ലറ വ്യാപാര വിലവിവര കണക്ക് **അനുബന്ധം 1.1.24**–ൽ കാണിച്ചിരിക്കുന്നു.

### വില സമാനത

കർഷകർക്ക് അവരുടെ കൃഷിയിലൂടെ ഉണ്ടായ വരുമാനവും ചിലവുമാണ് വില സമാനത സൂചിക കണക്കാക്കുന്നത്. 2007 മുതൽ കർഷകർക്ക് ഉല്പാദന ചിലവ് വരുമാനത്തേക്കാൾ കൂടുതലാണ്. 2018–ൽ 62.5 ആയിരുന്ന ശതമാന സൂചിക 2019–ൽ 58.08 ശതമാനമായി കുറഞ്ഞു. 2020–ൽ (ജൂൺ മാസം വരെ) സമാനത സൂചിക വീണ്ടും 55.83 ആയി കുറഞ്ഞു. 2018–ൽ കർഷകർ നൽകിയ വിലയുടെ സൂചിക 14203.92ഉം കർഷകർക്ക് ലഭിച്ച വിലയുടെ സൂചിക 8892.50 ഉം ആയിരുന്നു. 2019–ൽ കർഷകർ നൽകിയ വിലയുടെയും കർഷകർക്ക് ലഭിച്ച വിലയുടെയും സൂചിക യഥാക്രമം 15212.50 ഉം 8816.17 ഉം ആണ്. കൂടിയ കൃഷി ചെലവ് തൊഴിലാളികൾക്കുള്ള കൂലിയിലുള്ള വർദ്ധനവ് മുതലായ കാരണങ്ങളാൽ കർഷകരുടെ പരിതാപകരമായ അവസ്ഥയാണ് കാണാൻ കഴിയുന്നത്.

കോവിഡ്–19 മഹാമാരി ഈ അവസ്ഥയെ കുറച്ചുകൂടി പരിതാപകരമാക്കി മാറ്റി. ഓരോ വർഷത്തെയും കർഷകർ വാങ്ങിയതും വിറ്റതുമായ വില സൂചികയുടെ വർഷിക ശരാശരി **അനുബന്ധം 1.1.25** ലും **ചിത്രം 1.1.7** ലും കാണിച്ചിരിക്കുന്നു.

### വേതനം

കാർഷിക മേഖലയിലെ വിദഗ്ദ്ധ തൊഴിലാളികളുടെ ദിവസവേതന നിരക്ക് ഓരോ വർഷവും വർദ്ധിച്ചു വരുന്നു. മരപ്പണിക്കാരുടെയും കൽപണിക്കാരുടെയും ദിവസവേതന നിരക്ക് 2018–19–ൽ യഥാക്രമം 861.92 ഉം 866.58 ആയിരുന്നത് 2019–20 കാലയളവിൽ യഥാക്രമം 861.92 ഉം 866.58 ഉം ആയി വർദ്ധിച്ചിട്ടുണ്ട്. 2019–20 –ൽ മരപ്പണിക്കാരുടെ ദിവസവേതന നിരക്ക് 3.9 ശതമാനവും കൽപണിക്കാരുടെ ദിവസവേതന നിരക്ക് 4.2 ശതമാനവുമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ വിദഗ്ദ്ധ തൊഴിലാളികളുടെ 2007–08 മുതൽ 2019–20 വരെയുള്ള ശരാശരി ദിവസവേതന നിരക്ക് **അനുബന്ധം. 1.1.26**–ൽ കാണിച്ചിരിക്കുന്നു. അവിദഗ്ദ്ധ തൊഴിലാളികളുടെ ശരാശരി ദിവസ വേതന നിരക്ക് 2007–08 –ൽ പുരുഷൻമാർക്ക് 195.87 ഉം സ്ത്രീകൾക്ക് 137.42 ആയിരുന്നു. പന്ത്രണ്ട് വർഷങ്ങൾക്ക് ശേഷം 2019–20 ൽ വേതന നിരക്കിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. അതായത് പുരുഷൻമാരുടെ വേതനനിരക്ക് 275 ശതമാനം വർദ്ധിച്ച് 735.71 ഉം സ്ത്രീകളുടെ വേതനനിരക്ക് 280 ശതമാനം വർദ്ധിച്ച് 522.08 രൂപയുമായിട്ടുണ്ട്. കാർഷിക മേഖലയിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ 2007–08 മുതൽ 2019–20 വരെയുള്ള ദിവസ വേതനനിരക്ക് **അനുബന്ധം. 1.1.27**–ൽ കൊടുത്തിരിക്കുന്നു.

### സംസ്ഥാന ഇടപെടലുകൾ

ഉപഭോക്താക്കൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിന് സപ്ലൈക്കോ, കൺസ്യൂമർ ഫെഡ് എന്നിവയുടെ സഹായത്തോടെ സംസ്ഥാനങ്ങൾക്ക് വിപണിയിൽ ഇടപെടാൻ സാധിച്ചിട്ടുണ്ട്. നിശ്ചിത വരുമാനമുള്ളവർക്കും പാവപ്പെട്ടവർക്കും പ്രത്യേകിച്ചും ഉത്സവ കാലഘട്ടങ്ങളിൽ ഇതുമൂലം വലിയ ആശ്വാസമായി. ഇത് കൂടാതെ സർക്കാർ പൊതുവിതരണ കേന്ദ്രങ്ങൾക്ക് ബഡ്ജറ്റിലൂടെ സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്നു.

യതിയാനം സംഭവിക്കുന്ന ആഗോള ഇന്ധനവിലയുടെ ഗതി, രൂപയുടെ വിനിമയ നിരക്ക് എന്നിവയാണ് ഭാവിയിലെ നാണയപ്പെരുപ്പ നിരക്ക് നിർണ്ണയിക്കുന്നതിന് സ്വാധീനിക്കുന്ന ഘടകങ്ങൾ. ഗണ്യമായ ചോദന ഇടപെടലുകൾ ഇന്നത്തെ ഭരണഘടനാ അധികാര വിഭജനം വച്ച് സംസ്ഥാന സർക്കാരുകളുടെ സാധ്യതകൾക്കപ്പുറത്താണ്. സംസ്ഥാന സർക്കാരുകൾക്ക് പരിമിതമായ വിഭവങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇടപെടാനാകുകയുള്ളൂ. ആവശ്യ വസ്തുക്കളുടെ വിലനിയന്ത്രണത്തിന് സ്ഥിരമായി വിതരണ മേഖലയിൽ ഇടപ്പെടുന്ന ഒരു സംസ്ഥാനമാണ് കേരളം.

**ബോക്സ് 1.1.4** കേരളത്തിലെ കാർഷികോല്പന്നങ്ങളുടെ മൊത്തവില സൂചികയുടെ അടിസ്ഥാന ശ്രേണിയിൽ വരുത്തിയ മാറ്റം.

ഇന്ത്യാ ഗവൺമെന്റിന്റെ സാമ്പത്തിക ശാസ്ത്ര സ്ഥിതി വിവര കണക്ക് ഡയറക്ടറേറ്റാണ് 1956 മുതൽ എല്ലാ മാസവും കാർഷികോല്പന്നങ്ങളുടെ മൊത്തവില സൂചിക പ്രസിദ്ധീകരിക്കുന്നത്.

2019 വരെ അടിസ്ഥാന വർഷം 1952–53 ആയിരുന്നു എന്നാൽ 2020 മുതൽ 2015–16 ആയി മാറ്റിയിട്ടുണ്ട്.

സൂചിക കണക്കാക്കുന്നതിനുള്ള വില സംസ്ഥാനത്തിന്റെ വിവിധ വിപണികളിൽ നിന്നും ശേഖരിക്കുന്നു. കാർഷികോല്പന്നങ്ങളുടെ ഉത്പാദനത്തിന്റെയും വിതരണത്തിന്റെയും പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിലാണ് വിപണികളെ തിരഞ്ഞെടുക്കുന്നത്. ഇങ്ങനെ തിരഞ്ഞെടുക്കുന്ന വിപണികളുടെ ഓരോ ആഴ്ചത്തെയും ശരാശരി വില എടുത്തുകൊണ്ടാണ് പ്രതിമാസ വില സൂചിക കണക്കാക്കുന്നത്.

വില സൂചിക കണക്കാക്കുന്നതിന് എടുത്തിട്ടുള്ള ഉല്പന്നങ്ങളുടെ ഉത്പാദനത്തിലോ ഉപഭോഗരീതിയിലോ മാറ്റം വരികയോ അടിസ്ഥാന ശ്രേണി തന്നെ കാലഹരണപ്പെടുകയോ ചെയ്യുകയാണെങ്കിൽ, അടിസ്ഥാന വർഷത്തിൽ മാറ്റം വരുത്തേണ്ടതാകുന്നു. പുതിയ അടിസ്ഥാന വർഷം തിരഞ്ഞെടുക്കുന്ന ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. അവ

i. അടിസ്ഥാന വർഷമായി തിരഞ്ഞെടുക്കുന്ന വർഷം സാധാരണ വർഷമായിരിക്കണം. അതായത് ഈ വർഷത്തിൽ ഉത്പാദനത്തിലോ വ്യാപാരത്തിലോ വിലയിലോ മറ്റ് അസാധാരണതകൾ ഒന്നും തന്നെ ഉണ്ടാകാൻ പാടില്ല.

ii. ഇങ്ങനെ എടുക്കുന്ന വർഷത്തെ വിവരങ്ങൾ മറ്റു വർഷത്തെ വിവരങ്ങളുമായി താരതമ്യം ചെയ്യാൻ സാധിക്കുന്നവയായിരിക്കണം.

ഈ വക മാനദണ്ഡങ്ങൾ എല്ലാം പരിഗണിച്ചു കൊണ്ടാണ് 2015–16 നെ അടിസ്ഥാന വർഷമായി തിരഞ്ഞെടുത്തത്. കാർഷികോല്പന്നങ്ങളുടെ ഉത്പാദനവും വിലയും എല്ലാം നോക്കുമ്പോൾ 2015–16 ഒരു സാധാരണ വർഷമാണ്.

അടിസ്ഥാന വർഷം 1952.53 = 100 ആയിരുന്നപ്പോൾ 17 കാർഷിക ഉല്പന്നങ്ങളാണ് സൂചിക കണക്കാക്കാൻ എടുത്തിരുന്നത്. ഉല്പന്നങ്ങളെ പ്രധാനമായും രണ്ടായി തരം തിരിച്ചിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളിൽ അരി, പഞ്ചസാര, കറിക്കൂട്ടുകൾ, സുഗന്ധവ്യഞ്ജനങ്ങൾ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയും. ഭക്ഷ്യേതര വിഭവങ്ങളിൽ എണ്ണക്കുരുക്കൾ, തോട്ട വിളകൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയ സൂചിക പ്രകാരം മൊത്തം 24 ഉല്പന്നങ്ങൾ സൂചിക നിർണ്ണയിക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുണ്ട്. ഉല്പന്നങ്ങളുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഗ്രൂപ്പ് | ഇനം |
|---|---|---|
| I | ഭക്ഷ്യ വസ്തുക്കൾ | |
| 1 | ധാന്യങ്ങൾ | അരി |
| 2 | പയർ | തുവര പരിപ്പ് |
| 3 | പഴങ്ങളും പച്ചക്കറികളും | വാഴപഴം, കൈതച്ചക്ക, മാമ്പഴം, മരച്ചീനി, ഉരുളകിഴങ്ങ്, നാളികേരം |
| 4 | കറിക്കൂട്ടുകളും സുഗന്ധ ദ്രവ്യങ്ങളും | മഞ്ഞൾ, ചുക്ക്, കുരുമുളക്, ജാതിക്ക, അടയ്ക്ക, ഏലം, ഉണക്കമുളക്. |
| II | ഭക്ഷ്യേതര വസ്തുക്കൾ | |
| 1 | വാണിജ്യ വിള | കശുവണ്ടി, റബ്ബർ, ശർക്കര |
| 2 | എണ്ണക്കുരുക്കൾ | നിലക്കടല, കൊപ്ര |
| 3 | പാനീയങ്ങൾ | കൊക്കോ, തേയില, കാപ്പി |
| 4 | മറ്റ് ഭക്ഷണേതര വിഭവങ്ങൾ | വെറ്റില |

ഉത്പാദന വിവരങ്ങൾ എടുത്തിരിക്കുന്നത് 2015–16 ലെ ഇ.എ.ആർ.എ.എസ് റിപ്പോർട്ടിൽ നിന്നുമാണ്. 2015 ജൂലൈ മുതൽ 2016 ജൂൺ വരെയുള്ള മാർക്കറ്റ് ഇൻന്റെലിജൻസിന്റെ മൊത്ത വില സൂചികയും എൻ.എസ്.എസ് 68–ാം ഉപഭോക്തൃ ചെലവ് സർവ്വെയുടെ (2011–12) വിവരങ്ങളും ഉപയോഗിക്കുന്നു.

*Source: Directorate of Economics and Statistics, GoK and NSS 68th Round Consumer Expenditure Survey (2011-12), GoI*

## 1.2 ജനസംഖ്യ വിവരണം

### ഇന്ത്യയിലെ ജനസംഖ്യ

2011–ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ മൊത്തം ജനസംഖ്യ 1,21,08,54,977–ഉം 2001–ൽ 1,02,86,18,821–ഉം ആണ്. 2011–ലെ കാനേഷുമാരി കണക്ക് പ്രകാരം ഇന്ത്യയിൽ 62,32,70,258 പുരുഷന്മാരും 58,75,84,719 സ്ത്രീകളുമാണ് ഉള്ളത്. രാജ്യത്തെ മൊത്തം ജനസാന്ദ്രത ചതുരശ്ര കിലോ മീറ്ററിന് 382 എന്ന അനുപാതത്തിലാണ്. 2011–ൽ രാജ്യത്തെ സ്ത്രീ പുരുഷ അനുപാതം 1,000 പുരുഷന്മാർക്ക് 943 സ്ത്രീകൾ എന്നതാണ്. ഇത് ഗ്രാമീണ പ്രദേശങ്ങളിൽ 949 –ഉം നഗര മേഖലയിൽ 929–ഉം ആണ്. 2011–ൽ രാജ്യത്തെ 0–6 വയസ്സിനിടയിലുള്ള കുട്ടികളുടെ എണ്ണം 16,45,15,253 ആണ്. ഇതേ പ്രായക്കാർക്കിടയിലെ ശിശു, ആൺ–പെൺ അനുപാതം 1,000 ആൺകുട്ടികൾക്ക് 918 പെൺകുട്ടികൾ എന്ന തരത്തിലാണ്.

### സംസ്ഥാനത്തിന്റെ ജനസംഖ്യാ വിവരണം

ഇന്ത്യയിലെ 2011–ലെ കാനേഷുമാരി പ്രകാരം കേരളത്തിന്റെ ജനസംഖ്യ 3,34,06,061 ആണ്, അതായത് ഇന്ത്യൻ ജനസംഖ്യയുടെ 2.76 ശതമാനം. കേരളത്തിലെ ആകെ ജനസംഖ്യയുടെ 48 ശതമാനം പുരുഷന്മാരും 52 ശതമാനം സ്ത്രീകളുമാണ് (**ചിത്രം 1.2.1**). ഇതേ കാലയളവിൽ ഗ്രാമീണ ജനസംഖ്യ 1,74,71,135–ഉം നഗര ജനസംഖ്യ 1,59,34,926–ഉം ആണ്. വിശദാംശങ്ങൾ **ചിത്രം 1.2.2**–ൽ നൽകിയിരിക്കുന്നു.

**ചിത്രം 1.2.1** കേരളത്തിലെ ജനസംഖ്യ




*അവലംബം: സെൻസസ് 2001 & 2011*

**ചിത്രം 1.2.2** കേരളത്തിലെ ഗ്രാമീണ, നഗര ജനസംഖ്യ




*അവലംബം: സെൻസസ് 2001 & 2011*

## ജനസംഖ്യ വളർച്ച

ജനസംഖ്യയുടെ ദശാബ്ദവളർച്ചാനിരക്ക് നോക്കുമ്പോൾ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വെച്ച് ഏറ്റവും കുറവ് ജനസംഖ്യാ വളർച്ചാ നിരക്ക് (4.9 ശതമാനം) കേരളത്തിലാണ്. ജില്ലകളിൽ ഏറ്റവുമുയർന്ന ജനസംഖ്യാ വളർച്ചാനിരക്ക് മലപ്പുറത്തും (13.4 ശതമാനം) ഏറ്റവും കുറവ് പത്തനംതിട്ടയിലുമാണ് (–)3.0 ശതമാനം. ഇടുക്കിയിലും പൂജ്യത്തിൽ താഴെയാണ് കാണിക്കുന്നത് (–)1.8 ശതമാനം. ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ആറ് തെക്കൻ ജില്ലകളിൽ ജനസംഖ്യാ വളർച്ചാനിരക്ക് മറ്റു ജില്ലകളേക്കാൾ താരതമ്യേന കുറവാണ്.

## കുട്ടികളുടെ ജനസംഖ്യ

2001 –ലെ സെൻസസ് കണക്കനുസരിച്ച് കുട്ടികളുടെ ജനസംഖ്യ 37,93,146 (11.9 ശതമാനം) ആയിരുന്നത് 2011–ൽ 34,72,955 (10.3 ശതമാനം) ആയിട്ടുണ്ട്. കേരളത്തിൽ കുട്ടികളുടെ (0–6 വയസ്സ്) ജനസംഖ്യ കുറഞ്ഞു വരുന്ന പ്രവണതയാണ് സെൻസസ് ഡാറ്റ കാണിക്കുന്നത്. ദേശീയതലത്തിൽ 2001–ൽ കുട്ടികളുടെ ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 15.9 ശതമാനമായിരുന്നത് 2011 ൽ 13.5 ശതമാനമായി. 2011 ലെ സെൻസസ് പ്രകാരം തമിഴ്നാട് (9.5 ശതമാനം) കർണ്ണാടക (11.2 ശതമാനം), ആന്ധ്രാപ്രദേശ്(10.2 ശതമാനം) എന്നീ സംസ്ഥാനങ്ങളിലെ കുട്ടികളുടെ അനുപാതം ദേശീയ ശരാശരിയെക്കാൾ കുറവാണ്.

കേരളത്തിലെ കുട്ടികളുടെ ജനസംഖ്യയുടെ 2001–ലെയും 2011–ലെയും ശതമാനത്തിന്റെ താരതമ്യം **ചിത്രം 1.2.3**–ൽ ജില്ലതിരിച്ച് കാണിച്ചിരിക്കുന്നു. കുട്ടികളുടെ ജനസംഖ്യ ഏറ്റവും കൂടുതൽ ഉള്ളത് മലപ്പുറം ജില്ലയിലും (5,74,041) ഏറ്റവും കുറവുള്ളത് വയനാട് ജില്ലയിലുമാണ് ( 92,324). കേരളത്തിൽ കുട്ടികളുടെ ജനസംഖ്യാനുപാതം കുറയുന്ന പ്രവണത എല്ലാ ജില്ലകളിലും കാണുന്നുണ്ട്. (**അനുബന്ധം 1.2.1**) കൊല്ലം ഒഴികെയുള്ള തെക്കൻ ജില്ലകളിൽ രണ്ടു ശതമാനം കുറവ് കാണിക്കുമ്പോൾ വയനാട് ഒഴികെയുള്ള വടക്കൻ ജില്ലകളിൽ ഈ കുറവ് ഒരു ശതമാനമാണ്. കൊല്ലം ജില്ലയിൽ ഇത് ഒരു ശതമാനവും വയനാട് ജില്ലയിൽ ഇത് രണ്ടു ശതമാനവുമാണ്.

## നഗരവൽക്കരണം

ഇരുപതാം നൂറ്റാണ്ടിലെ ആദ്യ സെൻസസിൽ (1901 –ൽ) സംസ്ഥാന ജനസംഖ്യ 6.4 ദശലക്ഷം ആയിരുന്നു. ഇതിൽ 5.9 ദശലക്ഷം അതായത് 92.9 ശതമാനം ഗ്രാമീണ മേഖലയിലാണ് ജീവിച്ചിരുന്നത്. നഗര ജനസംഖ്യയുടെ കണക്ക് അഞ്ച് ലക്ഷം മാത്രമായിരുന്നു. ഇത് സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 10 ശതമാനത്തിൽ താഴെയായിരുന്നു. നൂറു വർഷത്തിനിടയിൽ, ഗ്രാമീണ ജനതയുടെ വിഹിതം ക്രമേണ കുറഞ്ഞു, 2001–ൽ മൊത്തം ജനസംഖ്യയുടെ 74 ശതമാനം ആയിത്തീർന്നു. പ്രത്യേകിച്ചും 2011 ലെ സെൻസസ് പ്രകാരം, ഗ്രാമീണ, നഗര പ്രദേശങ്ങൾക്കിടയിൽ സംസ്ഥാനത്തിന്റെ ജനസംഖ്യ ഏകദേശം തുല്യമായി വിഭജിക്കപ്പെട്ടു. നിലവിൽ സംസ്ഥാനത്തിന്റെ നഗര ജനസംഖ്യ 159

**ചിത്രം 1.2.3** കേരളത്തിൽ കുട്ടികളുടെ ജനസംഖ്യ ശതമാനം




അവലംബം: സെൻസസ് 2001 & 2011

ദശലക്ഷം ആണ്. ഇത് ആകെ ജനസംഖ്യയിൽ 47.7 ശതമാനമാണ്. അതേ സമയം ഗ്രാമീണ ജനസംഖ്യ 174 ദശലക്ഷം (52.3 ശതമാനം) –വുമാണ്. നഗര ജനസംഖ്യയുടെ ദശാബ്ദ വളർച്ചാനിരക്ക് 2011–ൽ 92.72 ശതമാനമാണ്. ഇന്ത്യയിലെ ഏറ്റവും കൂടുതൽ നഗരവൽക്കരിക്കപ്പെട്ട മൂന്നാമത്തെ സംസ്ഥാനമാണ് കേരളം. കൂടാതെ അതിവേഗ നഗരവത്കൃത സംസ്ഥാനവും ആണ്. നഗര ജനസംഖ്യയുടെ അനുപാതം ഏറ്റവും കൂടുതലുള്ള ജില്ല എറണാകുളമാണ് (68.1 ശതമാനം).

2011–ൽ സെൻസസ്സ് നഗരങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതിനാൽ നഗരങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനയുണ്ടായി എന്നത് വ്യക്തമാണ്. ഒരു സെൻസസ്സ് ടൗൺ എന്നത് നിയമപരമായി നഗരമായി പ്രഖ്യാപിക്കപ്പെടാത്തതും ജനസംഖ്യ 5,000–ൽ അധികവും ജനസാന്ദ്രത ചുരുങ്ങിയത് ചതുരശ്ര കിലോമീറ്ററിന് 400 വ്യക്തികളും; കാർഷികമേഖലയ്ക്ക് പുറത്ത് ചുരുങ്ങിയത് 75 ശതമാനം പുരുഷന്മാർ തൊഴിലെടുക്കുന്ന നഗര സ്വഭാവത്തിലെത്തപ്പെട്ടതുമായ പ്രദേശമാണ്. 2011 സെൻസസ് അനുസരിച്ച്, കേരളത്തിൽ 461 സെൻസസ് നഗരങ്ങളും, 59 സ്റ്റാറ്റ്യൂട്ടറി നഗരങ്ങളുമുണ്ട്. 2001 സെൻസസ് കണക്കുകൾ പ്രകാരം ഇവ യഥാക്രമം 99 ഉം 60 ഉം ആയിരുന്നു. ഇതിൽ നിന്നും സെൻസസ് നഗരങ്ങളുടെ എണ്ണത്തിൽ 366 ശതമാനം വളർച്ചയുണ്ടായതായി കാണുന്നു.

സെൻസസ് നഗരങ്ങളുടെ ഈ വർഗ്ഗീകരണം ഗ്രാമീണ ജനസംഖ്യാ വളർച്ച നെഗറ്റീവ് സംഖ്യയിൽ എത്തിച്ചിരിക്കുന്നു. 2001 , 2011സെൻസസുകളിൽ ഉണ്ടായിരുന്ന നഗരങ്ങളുടെ സെൻസസ് ജനസംഖ്യയുടെ ദശാബ്ദ ജനസംഖ്യാ വളർച്ചാ നിരക്ക് 3.90 ശതമാനമാണ്. ഇത് സംസ്ഥാന ശരാശരിയായ 4.86 ശതമാനം വളർച്ചാനിരക്കിനേക്കാൾ കുറവാണ്. നഗരങ്ങളിലെ ജനസംഖ്യാ വളർച്ചയുടെ ആധാരം നഗരങ്ങളിലേക്കുള്ള കുടിയേറ്റമല്ലെന്ന് ഇത് കാണിക്കുന്നു. നഗര ജനസംഖ്യാ വളർച്ച മുഖ്യമായും സെൻസസ് ടൗണുകളുടെ വർദ്ധനവ് മൂലമാണ്. അത് സംസ്ഥാനത്തെ നഗരവൽകരണത്തിലേക്ക് നയിച്ചു.

135 നഗരങ്ങളുള്ള തൃശ്ശൂർ ജില്ലയിലാണ് ഏറ്റവുമധികം നഗരങ്ങൾ ഉള്ളത്. ഇത് സംസ്ഥാനത്തെ ആകെ പട്ടണങ്ങളുടെ 25 ശതമാനത്തിലധികമാണ്. ഏകദേശം 60 ശതമാനം നഗരങ്ങളും തൃശ്ശൂർ, കണ്ണൂർ, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ്. 8 ജില്ലകളിൽ നഗര ജനസംഖ്യ ദശലക്ഷം കടന്നു. ഇതിൽ എറണാകുളത്താണ് (68.1 ശതമാനം) ഏറ്റവും കൂടുതൽ, തുടർന്ന് തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളും. സംസ്ഥാനത്തെ ആകെ നഗരജനസംഖ്യയുടെ 50 ശതമാനത്തോളം ഈ നാലു ജില്ലകളിലാണ് വരുന്നത്. വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ സ്റ്റാറ്റ്യൂട്ടറി ടൗണുകളൊഴികെ 2011–ൽ സെൻസസിൽ പട്ടണങ്ങളൊന്നും ഇല്ല. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ നഗരവാസികളുള്ള ജില്ലയാണ് വയനാട് (3.8 ശതമാനം). 2001–2011 കാലയളവിൽ നഗരങ്ങളുടെ ജനസംഖ്യാ വളർച്ചയുടെ കണക്കെടുത്താൽ ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും വർദ്ധനവുണ്ടായിട്ടുണ്ട്. മലപ്പുറം ജില്ല നഗര ജനസംഖ്യാ വളർച്ചയിൽ ഗണ്യമായ വർദ്ധനവ് കാണിക്കുന്നു, തൊട്ടുപിന്നിൽ കൊല്ലം, തൃശ്ശൂർ, കാസർഗോഡ് എന്നിവയാണ്. വയനാടിനാണ് ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്കുള്ളത്.

സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ ഗ്രാമീണ ജനസംഖ്യയുടെ ഭാഗം കണക്കാക്കിയാൽ 25

ശതമാനത്തോളം മലപ്പുറം, പാലക്കാട് എന്നീ രണ്ട് ജില്ലകളിലാണുള്ളത്. കാസർഗോഡ്, കോട്ടയം, പത്തനംതിട്ട, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകളിലാണ് ഗ്രാമീണ ജനസംഖ്യ നഗര ജനസംഖ്യയേക്കാൾ കൂടുതലുള്ളത്. ഇടുക്കിയിലും വയനാട്ടിലും ആകെ ജനസംഖ്യയുടെ 95 ശതമാനനവും ഗ്രാമീണ ജനസംഖ്യയാണ്.

### സാക്ഷരത

2011-ലെ സെൻസസ് പ്രകാരം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം (93.91 ശതമാനം). 2001 -ൽ ഇത് 90 ശതമാനമായിരുന്നു. കേരള ജനതയിൽ 96.02 ശതമാനം പുരുഷൻമാരും 91.98 ശതമാനം സ്ത്രീകളും സാക്ഷരരാണ്. ദേശീയ തലത്തിൽ 82.14 ശതമാനം പുരുഷൻമാരും 65.46 ശതമാനം സ്ത്രീകളും സാക്ഷരരാണ്. ജില്ലകളിൽ സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് 97.2 ശതമാനവുമായി കോട്ടയം നിൽക്കുമ്പോൾ തൊട്ടുപിന്നിൽ 96.5 ശതമാനവുമായി പത്തനംതിട്ടയാണുള്ളത്. ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്ക് വയനാട്ടിലാണ് (89 ശതമാനം). തൊട്ടു മുന്നിൽ പാലക്കാട് (89.3 ശതമാനം) ആണ്. ദേശീയ സാക്ഷരതാ നിരക്കിനും മുകളിലാണ് കേരളത്തിൽ ഏറ്റവും കുറഞ്ഞ സാക്ഷരതാനിരക്കായ വയനാട്ടിലെ 89 ശതമാനം. 2001 സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ ജില്ലകളിലും വർദ്ധനവ് ഉണ്ടായതായിക്കാണാവുന്നതാണ്. വിശദാംശങ്ങൾ **അനുബന്ധം 1.2.1**-ൽ കൊടുത്തിട്ടുണ്ട്.

### സ്ത്രീപുരുഷ അനുപാതം

ജനസംഖ്യയിലെ 1000 പുരുഷന്മാരിൽ സ്ത്രീകളുടെ എണ്ണമാണ് സ്ത്രീപുരുഷ അനുപാതം. 2001-ലെ സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ 2011-ൽ കേരളത്തിലെ സ്ത്രീപുരുഷാനുപാതം 26 പോയിന്റ് വർദ്ധിച്ച് 1084ൽ എത്തി. 1981-ൽ കേരളത്തിലെ സ്ത്രീപുരുഷാനുപാതം 1032 നിന്നും, 1991 ൽ ഇത് 1036 ആയും മാറി. സ്ത്രീപുരുഷ അനുപാതം ഒന്നിന് മുകളിൽ തുടർന്ന് പോകുന്ന ഒരേയൊരു സംസ്ഥാനമാണ് കേരളം. 2011-ൽ തമിഴ്നാട്ടിൽ സ്ത്രീപുരുഷാനുപാതം 996 ഉം, കർണ്ണാടകയിൽ 973-ഉം, ആന്ധ്രാപ്രദേശിൽ 993 ഉം ദേശീയാനുപാതം 943 -ഉം ആണ്.

കേരളത്തിലെ എല്ലാ ജില്ലകളും പോസിറ്റീവ് സ്ത്രീപുരുഷാനുപാതം കാണിക്കുന്നു എന്നതാണ് സംസ്ഥാനത്തിന്റെ മറ്റൊരു പ്രധാന സവിശേഷത. ജില്ലകളിൽ ഏറ്റവും ഉയർന്ന സ്ത്രീ പുരുഷാനുപാതം (1,136) കണ്ണൂരും തൊട്ടുപിന്നിൽ പത്തനംതിട്ടയുമാണ് (1,132). ഏറ്റവും കുറവ് ഇടുക്കിയും (1,006), തൊട്ടുമുകളിൽ എറണാകുളവുമാണ് (1,027). എല്ലാ ജില്ലകൾക്കും അനുപാതം 1,000-നു മുകളിലാണ്.

2001-ൽ വയനാടിലെ സ്ത്രീ പുരുഷ അനുപാതം 1,000-ൽ താഴെയായിരുന്നു (994). സ്ത്രീപുരുഷാനുപാതം ഏറ്റവും കുറഞ്ഞ ഇടുക്കിയും (1,006) ഏറ്റവും ഉയർന്ന കണ്ണൂരും (1,136) തമ്മിൽ 130 പോയിന്റിന്റെ അന്തരമാണുള്ളത്. വിശദാംശങ്ങൾ **അനുബന്ധം 1.2.2** -ൽ കൊടുത്തിരിക്കുന്നു.

### കുട്ടികളിലെ ആൺ-പെൺ അനുപാതം (0-6 വയസ്)

കേരളത്തിൽ കുട്ടികളിലെ ആൺ-പെൺ അനുപാതം (1000 ആൺകുട്ടികളിൽ പെൺകുട്ടികളുടെ എണ്ണം) 2011സെൻസസ് പ്രകാരം 964 ആണ്. ഇത് 2001-ൽ 960 ആയിരുന്നു. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ കുട്ടികളിലെ ആൺ-പെൺ അനുപാതം തമിഴ്നാട്ടിൽ 943 ഉം, കർണ്ണാടകയിൽ 948 ഉം ആന്ധ്രാപ്രദേശിൽ 939 ഉം ദേശീയ അനുപാതം 919 ഉം ആണ്. ജില്ലകളിൽ പത്തനംതിട്ടയാണ് ഏറ്റവും മുന്നിൽ (976) നിൽക്കുന്നത്. തൊട്ടുപിന്നിലായി കൊല്ലം (973) കണ്ണൂർ (971) ജില്ലകളാണ്. തൃശ്ശൂരിന്റെ അനുപാതം 950 ഉം ആലപ്പുഴയുടേത് 951 ഉം ആണ്. ഏറ്റവും കുറഞ്ഞതും കൂടിയതും തമ്മിൽ 26 പോയിന്റ് അന്തരമാണുള്ളത്. ദശാബ്ദമാറ്റം വിശകലന വിധേയമാക്കിയപ്പോൾ ഏറ്റവും ഉയർന്ന മാറ്റവുമായി കൊല്ലവും (13 പോയിന്റ്) തൊട്ടുപിന്നിൽ കോഴിക്കോടുമാണുള്ളത് (10 പോയിന്റ്). മറ്റെല്ലാ ജില്ലകളുടെയും സ്ഥാനം പത്ത് പോയിന്റിൽ താഴെയാണ്. തൃശ്ശൂർ (-)8, ഇടുക്കി (-)5, ആലപ്പുഴ (-)5 എന്നീ ജില്ലകളിൽ കുട്ടികളിലെ ആൺ-പെൺ അനുപാതത്തിൽ ദശാബ്ദ വളർച്ച പൂജ്യത്തിനും താഴെയാണ്. വിശദാംശങ്ങൾ **അനുബന്ധം 1.2.2**-ൽ കൊടുത്തിരിക്കുന്നു.

### ജനസാന്ദ്രത

2011 -ലെ സെൻസസ് പ്രകാരം ഒരു ചതുരശ്രകിലോമീറ്ററിൽ 860 ആളുകൾ എന്നതാണ് കേരളത്തിന്റെ ജനസാന്ദ്രത. ഇത് ദേശീയ ശരാശരിയേക്കാൾ (382)വളരെ ഉയർന്നതാണ്. ജില്ലകളിൽ തിരുവനന്തപുരം ഒന്നാമതും (1,508) ഇടുക്കി ഏറ്റവും പിന്നിലും ആണ് (255). പത്തനംതിട്ട (-)16, ഇടുക്കി (-)4 ഒഴികെ എല്ലാ ജില്ലകളിലും ജനസാന്ദ്രത ഉയർന്നതായിക്കാണുന്നു. വിശദാംശങ്ങൾ **അനുബന്ധം 1.2.1**-ൽ കൊടുത്തിരിക്കുന്നു.

### പ്രായവിഭാഗ വിതരണം

കഴിഞ്ഞ അമ്പത് വർഷത്തിനിടയിലെ കേരളത്തിലെ ജനസംഖ്യാപരമായ മാറ്റം ശ്രദ്ധേയമാണ്. 0-14 പ്രായ വിഭാഗത്തിലുള്ളവരുടെ അനുപാതം 1961-ൽ 43 ശതമാനമായിരുന്നത് 2011-ൽ 23.4 ശതമാനമായി കുറഞ്ഞു. മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങളുടെ ലഭ്യതയും, ആയുർദൈർഘ്യം വർദ്ധിച്ചതും കാരണം 60

**ചിത്രം 1.2.4**
പ്രായവിഭാഗ വിതരണം (ശതമാനം), കേരളം 1961–2011




*അവലംബം: സെൻസസ് ഡാറ്റ*

വയസ്സിനു മുകളിലുള്ളവരുടെ അനുപാതം, 1961 –ൽ 5 ശതമാനം ആയിരുന്നത് 2011–ൽ 12.7 ശതമാനം ആയി വർദ്ധിച്ചു (**ചിത്രം 1.2.4**). ദേശീയ തലത്തിൽ, ജനസംഖ്യയുടെ 29.5 ശതമാനം 0–14 വയസ്സിനിടയിലും 62.5 ശതമാനം 15–59 വിഭാഗത്തിലും 8.0 ശതമാനം 60 വയസ്സിന് മുകളിലുള്ളവരുമാണ്.

ഈ പ്രവണത തുടരുകയാണെങ്കിൽ, 0–14 വയസ്സിനിടയിലുള്ള ജനസംഖ്യയുടെ അനുപാതം കുറഞ്ഞുവരുന്നതിനാൽ, തൊഴിൽ ചെയ്യുന്ന ജനസംഖ്യയുടെ (15–59) അനുപാതം സമീപഭാവിയിൽ കുറയും. അതുപോലെ 60 വയസ്സിനു മുകളിലുള്ളവരുടെ എണ്ണം കൂടുന്നത് മൂലം സാമൂഹ്യസുരക്ഷിതത്വ നടപടികൾക്കായി സർക്കാരിന്റെ ചിലവ് വർദ്ധിപ്പിക്കേണ്ടി വരുന്നതിനും കാരണമാകും.

## പ്രായവിഭാഗം – ജില്ലാതല വിതരണം

2011 സെൻസസ് പ്രകാരമുള്ള വിവിധ പ്രായ വിഭാഗങ്ങളുടെ കേരളത്തിലെ ജില്ലാതല വിതരണം **പട്ടിക 1.2.1**–ൽ കൊടുത്തിരിക്കുന്നു. തൊഴിൽ സേനയുൾക്കൊള്ളുന്ന 15–59 പ്രായ വിഭാഗത്തിൽ കേരളത്തിൽ 63.9 ശതമാനം പേരുണ്ട്. 0–14 പ്രായ വിഭാഗത്തിൽ 23.4 ശതമാനവും 60 ന് മുകളിൽ പ്രായമുള്ള വിഭാഗത്തിൽ 12.7 ശതമാനവും ആണ്. ജില്ലകളുടെ കാര്യമെടുത്താൽ തൊഴിൽ സേനയുൾക്കൊള്ളുന്ന (15–59) വിഭാഗത്തിൽ ഏറ്റവും ഉയർന്ന ശതമാനം ഇടുക്കി (66 ശതമാനം) ജില്ലയിലാണ്, ഏറ്റവും കുറവ് മലപ്പുറം (61.4 ശതമാനം) ജില്ലയിലുമാണ്. വയോജനങ്ങൾ ഉൾക്കൊള്ളുന്ന (60 ഉം അതിന് മുകളിലും) പ്രായ വിഭാഗത്തിൽ ഉയർന്ന ശതമാനം പത്തനം തിട്ട (17.9 ശതമാനം) ജില്ലയും, ഏറ്റവും കുറവ് മലപ്പുറം (8.4 ശതമാനം) ജില്ലയിലുമാണ്. അതേ സമയം 0–14 പ്രായ വിഭാഗത്തിൽ ഏറ്റവും കൂടുതൽ മലപ്പുറം (30.2 ശതമാനം) ജില്ലയിലും ഏറ്റവും കുറവ് പത്തനം തിട്ട (19.4 ശതമാനം) ജില്ലയിലുമാണ്.

വ്യത്യസ്ത പ്രായ വിഭാഗങ്ങളിലെ എണ്ണം കണക്കിലെടുത്താൽ 0–14, 15–59 എന്നീ രണ്ട് പ്രായ വിഭാഗങ്ങളിലും മലപ്പുറം (യഥാക്രമം 12.4 ലക്ഷം, 25.2 ലക്ഷം) ജില്ലയിലാണ് ഏറ്റവും കൂടുതൽ പേർ ഉള്ളത്. അതേ സമയം 60 വയസ്സും അതിനു മുകളിലും പ്രായമുള്ളവരുടെ വിഭാഗത്തിൽ എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ പേരുള്ളത്. ആകെ ജനസംഖ്യ ഏറ്റവും കുറവ് ആയതു കൊണ്ട് തന്നെ, എല്ലാ പ്രായ വിഭാഗങ്ങളിലും ഏറ്റവും കുറവ് എണ്ണം ആൾക്കാർ ഉള്ളത് വയനാട് ജില്ലയിലാണ്.

പട്ടിക 1.2.1 വ്യത്യസ്ത പ്രായവിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള വിതരണം-2011

| | ജില്ല | ജില്ലയിലെ മൊത്തം ജനസംഖ്യയിൽ വ്യത്യസ്ത പ്രായ വിഭാഗങ്ങളുടെ എണ്ണം | | | ജില്ലയിലെ മൊത്തം ജനസംഖ്യയിൽ വ്യത്യസ്ത പ്രായ വിഭാഗങ്ങളുടെ ശതമാനം | | |
|---|---|---|---|---|---|---|---|
| | | 0-14 | 15-59 | 60+ | 0-14 | 15-59 | 60+ |
| 1 | കാസർകോഡ് | 3,42,696 | 8,35,111 | 1,29,568 | 26.2 | 63.9 | 9.9 |
| 2 | കണ്ണൂർ | 5,94,411 | 16,06,593 | 3,21,999 | 23.6 | 63.7 | 12.8 |
| 3 | വയനാട് | 2,12,246 | 5,26,414 | 78,760 | 26.0 | 64.4 | 9.6 |
| 4 | കോഴിക്കോട് | 7,49,692 | 19,72,762 | 3,63,839 | 24.3 | 63.9 | 11.8 |
| 5 | മലപ്പുറം | 12,41,491 | 25,26,407 | 3,45,022 | 30.2 | 61.4 | 8.4 |
| 6 | പാലക്കാട് | 6,78,192 | 17,95,096 | 3,36,646 | 24.1 | 63.9 | 12.0 |
| 7 | തൃശ്ശൂർ | 6,88,592 | 20,01,050 | 4,31,558 | 22.1 | 64.1 | 13.8 |
| 8 | എറണാകുളം | 6,93,215 | 21,35,689 | 4,53,484 | 21.1 | 65.1 | 13.8 |
| 9 | ഇടുക്കി | 2,47,338 | 7,32,193 | 1,29,443 | 22.3 | 66.0 | 11.7 |
| 10 | കോട്ടയം | 4,13,849 | 12,47,065 | 3,13,637 | 21.0 | 63.2 | 15.9 |
| 11 | ആലപ്പുഴ | 4,46,279 | 13,57,100 | 3,24,410 | 21.0 | 63.8 | 15.2 |
| 12 | പത്തനംതിട്ട | 2,32,670 | 7,50,202 | 2,14,540 | 19.4 | 62.7 | 17.9 |
| 13 | കൊല്ലം | 5,83,023 | 17,00,534 | 3,51,818 | 22.1 | 64.5 | 13.3 |
| 14 | തിരുവനന്തപുരം | 7,07,280 | 21,60,992 | 4,33,155 | 21.4 | 65.5 | 13.1 |
| | കേരളം | 78,30,974 | 2,13,47,208 | 42,27,879 | 23.4 | 63.9 | 12.7 |

അവലംബം: സെൻസസ് 2011

**ബോക്സ് 1.2.1** ഇന്ത്യയ്ക്കും സംസ്ഥാനങ്ങൾക്കുമായുള്ള ജനസംഖ്യാ പ്രവചനങ്ങൾ 2011-2036

"ഇന്ത്യയ്ക്കും സംസ്ഥാനങ്ങൾക്കുമായുള്ള ജനസംഖ്യാ പ്രവചനങ്ങൾ 2011-2036" എന്നത് 2019-ൽ കേന്ദ്ര സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ദേശീയ ജനസംഖ്യാ കമ്മീഷന്റെ ജനസംഖ്യാ പ്രവചനങ്ങൾ സംബന്ധിച്ച സാങ്കേതിക ഗ്രൂപ്പിൻറെ റിപ്പോർട്ടാണ്. ജനസംഖ്യാ വളർച്ചയെ നിർണ്ണയിക്കുന്നത് ഫെർട്ടിലിറ്റി, മരണനിരക്ക്, കുടിയേറ്റ നിരക്ക് എന്നിവയാണെന്ന് മനസ്സിലാക്കിയുള്ള കംപോണന്റ് രീതിയാണ് ജനസംഖ്യാ പ്രവചനങ്ങളിൽ ഉപയോഗിച്ചിട്ടുള്ളത്. ഇതിനായി ഉപയോഗിച്ച വിവരങ്ങൾ 2011 സെൻസസ്, സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം (എസ് ആർ എസ് ) എന്നിവയിൽ നിന്നുള്ളതാണ്. എസ് ആർ എസ് നൽകിയിട്ടുള്ള ഫെർട്ടിലിറ്റിയുടെയും മരണനിരക്കിന്റെയും സമയ-ശ്രേണി തുടങ്ങിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കിയിട്ടുള്ളത്. 2011 ലെ കണക്കുകൾ സെൻസസ് കണക്കുകളാണ്.

## ഇന്ത്യ

2011-2036 കാലയളവിൽ ഇന്ത്യയിലെ ജനസംഖ്യ പ്രതിവർഷം 1.0 ശതമാനം എന്ന നിരക്കിൽ, ഇരുപത്തിയഞ്ച് വർഷത്തിനുള്ളിൽ 25 ശതമാനം വർദ്ധിച്ച് 121.1 കോടിയിൽ നിന്ന് 151.8 കോടിയായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. അനന്തരഫലമായി, ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 368-ൽ നിന്ന് 462 ആയി ഉയരും.

ക്രൂഡ് ജനനനിരക്ക് 2011-15 -ലെ 19.6-ൽ നിന്ന് 2031-35-ൽ 13.0 ആയി കുറയും. അതേസമയം ക്രൂഡ് മരണനിരക്ക് 6.9-ൽ നിന്ന് 7.3 ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ടോട്ടൽ ഫെർട്ടിലിറ്റി നിരക്ക് (ടിഎഫ്ആർ) 2011-2015 -ലെ 2.34-ൽ നിന്ന് 2031-35 -ൽ 1.72 ആയി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. മൊത്തം ജനസംഖ്യയുടെ സ്ത്രീ പുരുഷ അനുപാതം (1000 പുരുഷന്മാരിൽ സ്ത്രീകളുടെ എണ്ണം) 2011-ലെ 943-ൽ നിന്ന് 2036-ൽ 957 ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.

2011 നും 2036 നും ഇടയിൽ, 15 വയസ്സിന് താഴെയുള്ള ജനസംഖ്യയുടെ അനുപാതം 30.8-ൽ നിന്ന് 19.8 ശതമാനമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. തൊഴിൽ ചെയ്യുന്ന വിഭാഗം (15-59 വയസ്സ്) 2011 ലെ 60.7 ശതമാനത്തിൽ നിന്ന് 2036-ൽ 65.1 ശതമാനമായി ഉയരുമെന്നും പ്രതീക്ഷിക്കുന്നു. ജനസംഖ്യയിലെ പ്രായമായവരുടെ (60 വയസും അതിൽ കൂടുതലുമുള്ളവർ) വിഭാഗം 8.4-ൽ നിന്ന് 15.0 ശതമാനമായി ഉയർന്ന് 2011 ലെ 10 കോടിയിൽ നിന്ന് 2036-ൽ 23 കോടിയായി ഇരട്ടിയായി വർദ്ധിക്കും.

15-24 വയസ്സിനിടയിലുള്ള യുവജനങ്ങളുടെ എണ്ണം 2011 ലെ 23.3 കോടിയിൽ നിന്ന് 2021-ൽ 25.2 കോടിയായി ഉയരുമെന്നും 2036-ൽ 22.7 കോടിയായി കുറയുമെന്നും പ്രതീക്ഷിക്കുന്നു. ഇതിന്റെ ജനസംഖ്യയുമായുള്ള അനുപാതം 2011 ലെ 19.3 ശതമാനത്തിൽ നിന്ന് 2036-ൽ 14.9 ശതമാനമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യക്കാരുടെ ശരാശരി പ്രായം 2011- ലെ 24.9 വയസ്സിൽ നിന്ന് 2036-ൽ 34.7 വയസ്സ് ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്

2011-ൽ 31.8 ശതമാനമായിരുന്ന രാജ്യത്തെ നഗര ജനസംഖ്യ 2036 ഇൽ 38.6 ശതമാനമായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2011-2036 കാലയളവിലെ രാജ്യത്തെ മൊത്തം ജനസംഖ്യാ വർദ്ധനവായ 30.7 കോടിയിൽ, നഗരജനസംഖ്യയുടെ വർദ്ധനവിന്റെ പങ്ക് 22.4 കോടി ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കേരളം**

2011-2036 കാലയളവിൽ കേരളത്തിലെ ജനസംഖ്യ 3.34 കോടിയിൽ നിന്ന് 3.69 കോടിയായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. അനന്തരഫലമായി, ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 860-ൽ നിന്ന് 951 ആയി ഉയരും.

പുരുഷന്മാരുടേത് 2011-15 ലെ 72.19 -ൽ നിന്ന് 2031-35 -ൽ 74.49 ആയും സ്ത്രീകളുടെ 78.15 -ൽ നിന്നും 80.15 ആയും സംസ്ഥാനത്തെ ആയുർദൈർഘ്യം വർദ്ധിക്കും. രാജ്യത്തെ ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്ക് (ഐഎംആർ) 2031-35-ൽ 9 എന്നത് കേരളത്തിലായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജനനനിരക്ക് 2011-15 ലെ 14.5-ൽ നിന്ന് 2031-35-ൽ 11.7 ആയി കുറയും. അതേ സമയം, മരണനിരക്ക് 7.0-ൽ നിന്ന് 9.7 ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ടോട്ടൽ ഫെർട്ടിലിറ്റി നിരക്ക് (ടിഎഫ്ആർ) 2011-2015 ലെ 1.82-ൽ നിന്ന് 2031-35-ൽ 1.80 ആയി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. മൊത്തം ജനസംഖ്യയുടെ സ്ത്രീ പുരുഷ അനുപാതം (1,000 പുരുഷന്മാരിൽ സ്ത്രീകളുടെ എണ്ണം) 2011 ലെ 1,084-ൽ നിന്ന് 2036-ൽ 1,079 ആയി കുറയുമെന്നും പ്രതീക്ഷിക്കുന്നു.

2011 നും 2036 നും ഇടയിൽ, 15 വയസ്സിന് താഴെയുള്ള ജനസംഖ്യയുടെ അനുപാതം 23.5-ൽ നിന്ന് 17.7 ശതമാനമായും മധ്യ വയസ്സ് വിഭാഗത്തിലുള്ളവരുടെ (15-59 വയസ്) അനുപാതം 2011-ലെ 63.9 ശതമാനത്തിൽ നിന്ന് 2036-ൽ 59.5 ശതമാനമായും കുറയുമെന്ന് പ്രതീക്ഷിക്കുന്നു.

60 വയസും അതിൽ കൂടുതലുമുള്ള പ്രായമായവരുടെ അനുപാതം 2011-ലെ 13 ശതമാനത്തിൽ നിന്ന് 2036-ൽ 23 ശതമാനമായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെ, കേരളത്തിലെ മിക്കവാറും ഓരോ അഞ്ചാമത്തെ വ്യക്തിയും 2036 ഓടെ മുതിർന്ന പൗരനായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിലെ ജനസംഖ്യയുടെ ശരാശരി പ്രായം 2011-ൽ 31.9 വയസിൽ നിന്ന് 2036-ൽ 39.6 ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.

2036-ൽ രാജ്യത്തെ മൊത്തം ജനസംഖ്യയിൽ കേരളത്തിന്റെ വിഹിതം 1.2 ശതമാനമായിരിക്കും

*അവലംബം:* ജനസംഖ്യാ പ്രവചനങ്ങളെക്കുറിച്ചുള്ള സാങ്കേതിക ഗ്രൂപ്പിന്റെ റിപ്പോർട്ട്, ദേശീയ ജനസംഖ്യാ കമ്മീഷൻ, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ഭാരത സർക്കാർ, 2019.

## 1.3 ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ

സാമൂഹ്യ, സാമ്പത്തിക രാഷ്ട്രീയാധിഷ്ഠിതമായ ഒരു ബഹുമുഖ സങ്കല്പമാണ് ദാരിദ്ര്യം. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തികച്ചും വ്യത്യസ്തമായ ഒരു വികസന പാതയാണ് ചരിത്രപരമായി കേരളം പിന്തുടരുന്നത്. ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസ–ആരോഗ്യ പരിപാലനത്തിന്റെ വ്യാപനം, വികേന്ദ്രീകരണം, പെൻഷൻ പദ്ധതികൾ, പൊതുവിതരണ സമ്പ്രദായം, കുടുംബശ്രീ പരിപാടികൾ, വാർഷിക പദ്ധതി നടത്തിപ്പ് എന്നിവ സംസ്ഥാനത്തെ ഗ്രാമ നഗരങ്ങളിലെ ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. 2011–12 ലെ ഔദ്യോഗിക കണക്കുകൾ കാണിക്കുന്നത് കേരളത്തിലെ കേവല ദാരിദ്ര്യ നിരക്ക് 11.3 ശതമാനമാണെന്നാണ്. ഇതാകട്ടെ കഴിഞ്ഞ 40 വർഷത്തെ ഏറ്റവും കുറഞ്ഞ നിരക്കുമാണ്. 1973–74 മുതൽ 2011–12 വരെ രാജ്യത്തെയും സംസ്ഥാനത്തെയും ദരിദ്രരുടെ അനുപാതം **പട്ടിക 1.3.1**–ൽ നൽകിയിരിക്കുന്നു.

1973–74–ൽ 59.79 ശതമാനം ആയിരുന്ന കേരളത്തിലെ ദാരിദ്ര്യത്തിന്റെ നിരക്കെങ്കിൽ 2011–12 ആയപ്പോൾ ഇത് 11.3 ശതമാനമായി കുറഞ്ഞതായികാണാം. എന്നാൽ ഇതേ കാലയളവിൽ രാജ്യത്തെ ദാരിദ്ര്യത്തിന്റെ നിരക്ക് 54.88 ശതമാനത്തിൽ (ഇത് കേരളത്തെക്കാളും കുറവാണ് ) നിന്നും 29.5 ശതമാനം മാത്രമായിട്ടാണ് കുറഞ്ഞത്. ഗ്രാമ നഗരപ്രദേശങ്ങളിലെ ദാരിദ്ര്യത്തിന്റെ അനന്തരഫലങ്ങൾ കുറയ്ക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. 1973–74 മുതൽ 2011–12 വരെ കേരളത്തിലെ ഗ്രാമ നഗരപ്രദേശങ്ങളിലെ ദാരിദ്ര്യ അനുപാതം യഥാക്രമം 59.19 ശതമാനത്തിൽ നിന്നും 7.3 ശതമാനമായും 62.74 ശതമാനത്തിൽ നിന്നും 15.3 ശതമാനമായും കുറഞ്ഞതായി കാണാം. എന്നാൽ ഇതേ കാലയളവിൽ ഇന്ത്യയിലെ ദാരിദ്ര്യ അനുപാതം യഥാക്രമം ഗ്രാമപ്രദേശങ്ങളിൽ 56.44 ശതമാനത്തിൽ നിന്നും 30.9 ശതമാനമായും നഗരപ്രദേശങ്ങളിൽ 49.01

**പട്ടിക 1.3.1** : 1973–74 മുതൽ 2011–12 വരെയുള്ള ഇന്ത്യയിലെയും കേരളത്തിലെയും ദരിദ്രരുടെ അനുപാതം

| വർഷം | കേരളം | | | ഇന്ത്യ | | |
|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | ആകെ | ഗ്രാമം | നഗരം | ആകെ |
| 1973–74 | 59.19 | 62.74 | 59.79 | 56.44 | 49.01 | 54.88 |
| 1977–78 | 51.48 | 55.62 | 52.22 | 53.07 | 45.24 | 51.32 |
| 1983 | 39.03 | 45.68 | 40.42 | 45.65 | 40.79 | 44.48 |
| 1987–88 | 29.10 | 40.33 | 31.79 | 39.09 | 38.20 | 38.86 |
| 1993–94 | 25.76 | 24.55 | 25.43 | 37.27 | 32.36 | 35.97 |
| 1999–00 | 9.38 | 20.27 | 12.72 | 27.09 | 23.62 | 26.10 |
| 2004–05 | 13.2 | 20.2 | 15.0 | 28.3 | 25.7 | 27.5 |
| **രംഗരാജൻ കമ്മിറ്റി കണക്കാക്കൽ** | | | | | | |
| 2009–10 | 9.7 | 23.7 | 16.0 | 39.6 | 35.1 | 38.2 |
| 2011–12 | 7.3 | 15.3 | 11.3 | 30.9 | 26.4 | 29.5 |

അവലംബം:-പ്ലാനിംഗ് കമ്മീഷൻ, ഭാരത സർക്കാർ, 2014
1973-74 മുതൽ 2004–05 വരെ ലക്ഡാവാല രീതിയാണ് ഉപയോഗിച്ചിരിക്കുന്നത്)

ശതമാനത്തിൽ നിന്നും 26.4 ശതമാനവുമായാണ് കുറഞ്ഞിട്ടുള്ളത്. ദരിദ്രരുടെ അനുപാതം ഗണ്യമായി കുറയ്ക്കുക എന്നത് കേരളത്തിന് മുന്നിലുള്ള വെല്ലുവിളി തന്നെയാണ്. ഈ നേട്ടം സാധ്യമാക്കുന്നതിനായ് ഒട്ടനവധി പദ്ധതികൾ തുടർന്നും നടപ്പിലാക്കുന്നതിൽ സംസ്ഥാനം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

സാമൂഹ്യ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ റാങ്ക് ചെയ്യുക എന്ന ലക്ഷ്യത്തോടെ ഭാരതസർക്കാർ 2011–ൽ സാമൂഹ്യ–സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി.) നടത്തുകയുണ്ടായി. ദാരിദ്ര്യത്തിന് വളരെ വിശാലവും പരിവർത്തനാത്മകവുമായ നിർവ്വചനം നൽകുന്നതിനാൽ സാമൂഹ്യ–സാമ്പത്തിക ജാതി സെൻസസിന് വളരെയധികം പ്രാധാന്യം ഉണ്ട്. ഏഴ് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് സാമൂഹ്യ–സാമ്പത്തിക ജാതി സെൻസസ് ഇല്ലായ്മയുടെ സൂചിക (deprivation index) നിർണ്ണയിച്ചിരിക്കുന്നത്. 2011 ലെ സാമൂഹ്യ–സാമ്പത്തിക ജാതി സെൻസസ് പ്രകാരം സംസ്ഥാനത്തെ 76.99 ലക്ഷം കുടുംബങ്ങളിൽ 63.19 ലക്ഷം കുടുംബങ്ങളും (82.08 ശതമാനം) ഗ്രാമീണമേഖലയിൽ അധിവസിക്കുന്നവരാണ്. ഇതിൽ 10.32 ശതമാനം പട്ടികജാതി കുടുംബങ്ങളും 1.63 ശതമാനം പട്ടികവർഗ കുടുംബങ്ങളുമാണ്. ഗ്രാമീണ കുടുംബങ്ങളിൽ 19.16 ലക്ഷവും (30.33 ശതമാനം) ദാരിദ്ര്യ ദുരിതമനുഭവിക്കുന്നവരാണ് (deprivation). ഇല്ലായ്മയുടെ (deprivation) തോത് ഏറ്റവും കൂടുതൽ പാലക്കാട് (42.33 ശതമാനം) ജില്ലയിലും തൊട്ടു പിന്നിലായി തിരുവനന്തപുരം (38.36 ശതമാനം), വയനാട് (36.33 ശതമാനം) എന്നീ ജില്ലകളുമാണ്. ഇല്ലായ്മയുടെ (deprivation) കുറഞ്ഞ തോത് എറണാകുളം (20.30 ശതമാനം), കോട്ടയം (23.02 ശതമാനം), കണ്ണൂർ (24.25 ശതമാനം) തുടങ്ങിയ ജില്ലകളിലാണെന്ന് കാണാവുന്നതാണ്. സംസ്ഥാനത്തെ ആകെയുള്ള ഗ്രാമീണ പട്ടികജാതി കുടുംബങ്ങളിൽ 57.66 ശതമാനവും ഗ്രാമീണ പട്ടികവർഗ്ഗ കുടുംബങ്ങളിൽ 61.68 ശതമാനവും ഇല്ലായ്മയിൽ (deprivation) കഴിയുന്നവരാണ്. സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഗ്രാമീണ കുടുംബങ്ങളുടെ ഇല്ലായ്മയുടെ (deprivation) ജില്ല തിരിച്ചുള്ള കണക്ക് (ശതമാനത്തിൽ) **അനുബന്ധം 1.3.1**– ൽ നൽകിയിരിക്കുന്നു.

ഇല്ലായ്മയുടെ (deprivation) വിവിധ സൂചകങ്ങൾ പരിശോധിച്ചാൽ, സംസ്ഥാനത്തെ ഗ്രാമീണ കുടുംബങ്ങളിൽ ഇല്ലായ്മയുടെ (deprivation) ഉയർന്ന നിരക്ക് കാണിക്കുന്ന സൂചിക വരുമാനത്തിന്റെ മുഖ്യപങ്കം 'കായിക അധ്വാനം ആവശ്യമായ താത്ക്കാലിക തൊഴിലിലൂടെ കണ്ടെത്തുന്ന ഭൂരഹിത കുടുംബങ്ങളും' (18.86 ശതമാനം) തൊട്ടു പിന്നിലായി 'പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾ (7.11 ശതമാനം), സ്ത്രീ ഗൃഹനാഥയായിട്ടുള്ള 16–നും 59–നും ഇടയിൽ പ്രായമുള്ള ഒരു പുരുഷ അംഗം പോലും ഇല്ലാത്തതുമായ കുടുംബങ്ങൾ' (3.65 ശതമാനം) എന്നിവയാണ്. ഇല്ലായ്മയുടെ (deprivation) നിരക്ക് കുറഞ്ഞ് കാണിക്കുന്നത് ഭിന്നശേഷിക്കാരായ അംഗങ്ങളും പ്രായപൂർത്തിയായ ശാരീരികശേഷിയുള്ള ഒരു അംഗം പോലും ഇല്ലാത്തതും (0.19 ശതമാനം), 'താല്ക്കാലിക ഭിത്തിയോടും മേൽക്കൂരയോടുംകൂടിയ ഒറ്റ മുറി' മാത്രമുള്ളവരിലും (1.43 ശതമാനം), '25 വയസ്സിനു മുകളിൽ പ്രായമായ നിരക്ഷരർ' (1.81 ശതമാനം) എന്നീ സൂചകങ്ങളിലാണ്. വിവിധ ഇല്ലായ്മയുടെ സൂചകങ്ങൾ (deprivation index) അടിസ്ഥാനമാക്കി ദരിദ്ര ഗ്രാമീണ കുടുംബങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് (ശതമാനത്തിൽ) **അനുബന്ധം 1.3.2** ൽ നൽകിയിട്ടുണ്ട്.

സാമൂഹ്യ–സാമ്പത്തിക ജാതി സെൻസസ് പ്രകാരം സംസ്ഥാനത്തെ 70.75 ശതമാനം ഗ്രാമീണ കുടുംബങ്ങളിലെയും മുഖ്യ അന്നദാതാവിന്റെ പ്രതിമാസ വരമാനം 5000 രൂപയിൽ താഴെ മാത്രമാണ്, എന്നാൽ, രാജ്യത്തെ 74.52 ശതമാനം കുടുംബങ്ങളും ഈ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. സംസ്ഥാനത്തെ വയനാട് (79.67 ശതമാനം), മലപ്പുറം (75.55 ശതമാനം), പാലക്കാട് (74.38 ശതമാനം) എന്നീ ജില്ലകളിൽ ഇതിന്റെ ഉയർന്ന അനുപാതവും എറണാകുളം (64.37 ശതമാനം), കോട്ടയം (64.46 ശതമാനം), പത്തനംതിട്ട (64.66 ശതമാനം) എന്നീ ജില്ലകളിൽ കുറഞ്ഞ അനുപാതവും രേഖപ്പെടുത്തുന്നുണ്ട്.

ഗ്രാമീണ കുടുംബങ്ങളുടെ മുഖ്യ വരുമാന സ്രോതസ്സ് നോക്കുകയാണെങ്കിൽ, 50.61 ശതമാനം ഗ്രാമീണ കുടുംബങ്ങളും 'കായികവും താത്ക്കാലികവുമായ തൊഴിലിനെയും' 10.26 ശതമാനം കുടുംബങ്ങൾ 'കാർഷിക മേഖലയെയും' ആശ്രയിക്കുന്നതായി കാണാവുന്നതാണ്. ദേശീയതലത്തിൽ നോക്കിയാൽ ഇത് യഥാക്രമം 51.18 ശതമാനവും 30.10 ശതമാനവുമാണ്. കായികവും താത്ക്കാലികവുമായ തൊഴിലിൽ ഏർപ്പെടുന്നവർ ഏറ്റവും കൂടുതൽ ഉള്ളത് മലപ്പുറം ജില്ലയിലും (65.05 ശതമാനം) ഏറ്റവും കുറവ് പത്തനംതിട്ട ജില്ലയിലുമാണ് (31.71 ശതമാനം).

ദാരിദ്ര്യത്തിന്റെ കണക്കുകൾ നോക്കിയാൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ പുരോഗതി നേടിയിട്ടുണ്ടെങ്കിലും ഇല്ലായ്മയിൽ കഴിയുന്നവരെയും കാണാവുന്നതാണ്. സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗം, മത്സ്യതൊഴിലാളികൾ, മൺപാത്രമുണ്ടാക്കുന്നവർ, കരകൗശലത്തൊഴിലാളികൾ തുടങ്ങിയ ചില ഗ്രൂപ്പുകളിലും സാമൂഹ്യ വിഭാഗങ്ങൾക്കിടയിലും ദാരിദ്ര്യം കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ളതായി കാണാൻ സാധിക്കുന്നതാണ്. കേന്ദ്ര, സംസ്ഥാന പദ്ധതികളിൽ പുതിയ ഉപജീവന പദ്ധതികൾ രൂപകല്പനചെയ്ത് ഇവർക്കിടയിൽ നടപ്പിലാക്കിയാൽ

മാത്രമേ സംസ്ഥാനത്തെ ദാരിദ്ര്യം കുറയ്ക്കുവാൻ സാധിക്കുകയുള്ളൂ എന്ന വസ്തുതയിലേക്കാണ് ഇതെല്ലാം വിരൽചൂണ്ടുന്നത്. പട്ടികജാതി, പട്ടികവർഗ, ഫിഷറീസ് വകുപ്പുകൾ ഒട്ടനവധി ദാരിദ്ര്യ നിർമ്മാർജ്ജന/ഉപജീവനമാർഗ പദ്ധതികൾ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്നുണ്ട്. ദാരിദ്ര്യത്തിന്റെ വ്യാപ്തി കുറഞ്ഞിട്ടുണ്ടെങ്കിലും പാർശ്വവത്കൃത വിഭാഗങ്ങൾക്കിടയിൽ ദാരിദ്ര്യം ലഘൂകരിക്കുന്നതിനുള്ള നടപടികളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നത് സംസ്ഥാനത്തിന്റെ മുന്നിലുള്ള ഒരു പ്രധാന ചുമതലയാണ്.

## 1.4. വികസനോദ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക്

ഒരു സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്കും വികസനത്തിനും ധനകാര്യസ്ഥാപനങ്ങൾ സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. ഒരു സമ്പദ്ഘടന മാന്ദ്യത്തിലായിരിക്കുമ്പോൾ, വളർച്ചയുടെ ഒരു പ്രധാന ഘടകമായി വായ്പ മാറുന്നു, ഇത് ധനകാര്യസ്ഥാപനങ്ങളുടെ പങ്ക് കൂടുതൽ നിർണ്ണായകമാക്കും. സർക്കാരിന്റെ ധനപരമായ ഇടങ്ങളിൽ പരിമിതികൾ വർദ്ധിക്കുന്നതനുസരിച്ച് സമ്പദ് വ്യവസ്ഥയെ സഹായിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളുടെ ഇടപെടൽ വളരെ പ്രധാനമാണ്. കഴിഞ്ഞ നാല് വർഷമായി വിവിധ തരത്തിലുള്ള പ്രതിസന്ധികൾ കേരളം നേരിടുന്നുണ്ട്. ഈ നിർണ്ണായക സാഹചര്യത്തിൽ, ഉപജീവനോപാധികൾ സൃഷ്ടിക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ സുപ്രധാനമായി പങ്ക് വഹിക്കുന്നു.

### ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ബാങ്കുകളുടെ വളർച്ച

2020 മാർച്ച് മാസത്തിൽ പ്രസിദ്ധീകരിച്ച സംസ്ഥാന തല ബാങ്കേഴ്സ് കമ്മറ്റി റിപ്പോർട്ട് പ്രകാരം പൊതു മേഖലാ വാണിജ്യ ബാങ്കുകൾ, സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയിലായി 7576 ബാങ്ക് ശാഖകൾ കേരളത്തിലാകെയുണ്ട്. കേരളത്തിലെ ആകെ ശാഖകളിൽ 65.1 ശതമാനം ശാഖകളും അർദ്ധ നഗര മേഖലയിലും 23.2 ശതമാനം ശാഖകൾ നഗരമേഖലയിലുമാണ്. എന്നാൽ 11.7 ശതമാനം ശാഖകൾ മാത്രമാണ് ഗ്രാമീണ മേഖലയിൽ ഉള്ളത്. എന്നിരുന്നാലും കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഗ്രാമീണ മേഖലയിലെ ശാഖകളുടെ വളർച്ച 2020 മാർച്ച് മാസത്തിൽ 6.5 ശതമാനത്തിൽ നിന്നും 11.7 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ ബാങ്ക് ശാഖകളുടെ എണ്ണം ഇനം തിരിച്ച് **പട്ടിക 1.4.1**–ൽ നൽകിയിരിക്കുന്നു. എസ്.എൽ.ബി.സി റിപ്പോർട്ട് അനുസരിച്ച് 2020 മാർച്ചിൽ കേരളത്തിൽ ആകെ 6353 ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് ശാഖകൾ (പൊതുമേഖലാ വാണിജ്യ ബാങ്കുകളും, സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകളും, പ്രാദേശിക ഗ്രാമീണ ബാങ്കുളും മാത്രം ഉൾപ്പെടെ) ഉണ്ട്, എന്നാൽ 2019

**പട്ടിക 1.4.1** കേരളത്തിലെ ബാങ്ക് ശാഖകളുടെ എണ്ണം ഇനം തിരിച്ച്

| ക്രമ-നമ്പർ | ബാങ്കുകളുടെ ഇനം | ശാഖകളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | ഗ്രാമം | അർദ്ധ നഗരം | നഗരം | ആകെ |
| 1 | പൊതുമേഖലാ വാണിജ്യ ബാങ്കുകൾ | 142 | 2394 | 863 | 3399 |
| 2 | ആർ.ആർ.ബി–കേരള ഗ്രാമീൺ ബാങ്ക് | 53 | 542 | 39 | 634 |
| 3 | സ്വാകാര്യ വാണിജ്യ ബാങ്കുകൾ | 143 | 1613 | 564 | 2320 |
| 4 | ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ | 90 | 108 | 33 | 231 |
| 5 | സഹകരണ ബാങ്കുകൾ | 457 | 276 | 259 | 992 |
| | **ആകെ** | **885** | **4933** | **1758** | **7576** |

*അവലംബം:* സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2020

മാർച്ചിൽ 6,284 ബാങ്ക് ശാഖകൾ ഉണ്ടായിരുന്നു, മുൻ വർഷത്തെ അപേക്ഷിച്ച് നോക്കുമ്പോൾ ഈ വർഷം ഒരു (1) ശതമാനത്തിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കേരളീയ ഗ്രാമീൺ ബാങ്കിന് 2020 മാർച്ച് മാസത്തിൽ 634 ശാഖകളുണ്ട്. ഭാരതീയ റിസർവ്വ് ബാങ്കിന്റെ 2020 മാർച്ചിലെ ത്രൈമാസ കണക്കനുസരിച്ച് ഇന്ത്യയിൽ ആകെ 148,904 ബാങ്ക് ശാഖകളുണ്ട്. ഏറ്റവും അധികം ബാങ്ക് ശാഖകളുള്ള ഇന്ത്യൻ സംസ്ഥാനം ഉത്തർപ്രദേശാണ്. (17,539), മഹാരാഷ്ട്രയും (13,144), തമിഴ് നാടും (11,532) രണ്ടും മൂന്നും സ്ഥാനങ്ങളിലുണ്ട്. അർദ്ധ നഗര പ്രദേശങ്ങളിൽ ഏറ്റവും അധികം ബാങ്ക് ശാഖകൾ ഉള്ള ഇന്ത്യൻ സംസ്ഥാനം കേരളമാണ്. (4,716) (**അനുബന്ധം 1.4.1**)

### നിക്ഷേപം

2020 മാർച്ച് മാസത്തെ എസ്.എൽ.ബി.സി കണക്കനുസരിച്ച് കേരളത്തിലെ ബാങ്കുകളിലെ (വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ) ആകെ നിക്ഷേപം 5,44,372 കോടി രൂപയാണ്. 2019 മാർച്ചിൽ ഇത് 4,93,562 കോടി രൂപയായിരുന്നു. സംസ്ഥാനത്തെ ആകെ നിക്ഷേപത്തിൽ 3,35,674 കോടി രൂപ (61.7%) ആഭ്യന്തര നിക്ഷേപവും 2,08,698 രൂപ (38.3%) പ്രവാസി നിക്ഷേപവുമാണ്. മാർച്ച് മാസം 2019 ൽ ഇത് യഥാക്രമം 3,03,507 കോടി രൂപയും, 1,90,055 കോടി രൂപയുമായിരുന്നു. കേരളത്തിലെ ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച **ചിത്രം 1.4.1** ലും **അനുബന്ധം 1.4.2** ലും രേഖപ്പെടുത്തിയിരിക്കുന്നു.

### ആഭ്യന്തര നിക്ഷേപവും പ്രവാസി നിക്ഷേപവും

എസ്.എൽ.ബി.സി കണക്കുപ്രകാരം, 2019 മാർച്ചിൽ 3,03,507 കോടി രൂപയായിരുന്ന ആഭ്യന്തര നിക്ഷേപം 10.6% വർദ്ധിച്ച് 2020 മാർച്ച് മാസം ആയപ്പോൾ 3,35,674 കോടി രൂപയായിട്ടുണ്ട്. 2020 മാർച്ചിൽ മൊത്തം പ്രവാസി നിക്ഷേപം 2,08,698 കോടി രൂപയാണ്. 2019 മാർച്ചിൽ ഇത് 1,90,055 കോടി രൂപയായിരുന്ന ഈ വർഷം ഏകദേശം 10 ശതമാനത്തിന്റെ വർധനവാണ് കാണിക്കുന്നത്. കേരളത്തിൽ പ്രവാസി നിക്ഷേപം പൊതുമേഖലാ ബാങ്കുകളെ അപേക്ഷിച്ച് സ്വകാര്യ ബാങ്കുകളിലാണ് കൂടുതൽ. 2020 മാർച്ച് മാസത്തെ കണക്ക് പ്രകാരം പൊതുമേഖലാ ബാങ്കുകളിലെ പ്രവാസി നിക്ഷേപം 98,733.39 കോടി രൂപയും സ്വകാര്യ ബാങ്കുകളിലെ പ്രവാസി നിക്ഷേപം 1,07,165.04 കോടി രൂപയുമാണ്ചെറുകിട ധനകാര്യ ബാങ്കുകളാണ് ബാങ്കിംഗ് മേഖലയിൽ കൂടുതൽ പ്രാധാന്യം നേടുന്നത്. മാർച്ച് 2020 ലെ കണക്കുകൾ പ്രകാരം അവർ 1,306.51 കോടി രൂപയുടെ പ്രവാസി നിക്ഷേപം സമാഹരിച്ചിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് 182.6% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. (**അനുബന്ധം. 1.4.3**)

### ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ നിക്ഷേപം

ആർ.ബി.ഐ യുടെ കണക്കനുസരിച്ച് മാർച്ച് 2020ൽ മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ മൊത്തം നിക്ഷേപത്തിൽ 9.5 ശതമാനത്തിന്റെ വർദ്ധനവ്

**ചിത്രം 1.4.1** കേരളത്തിലെ ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച




*അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2020*

ഉണ്ടായിട്ടുണ്ട്. കേരളത്തിലെ എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെയും (പൊതുമേഖലാ ബാങ്കുകൾ, സ്വകാര്യ മേഖലാ ബാങ്കുകൾ, വിദേശ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ) ആകെ നിക്ഷേപം 10 .5 ശതമാനം വർദ്ധിച്ച് 5,47,651 കോടി രൂപയായിട്ടുണ്ട്. 2019 മാർച്ച് മാസത്തിൽ ഇത് 4,95,741 കോടി രൂപയായിരുന്നു. രാജ്യത്തെ ആകെ നിക്ഷേപത്തിൽ കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ നിക്ഷേപ വിഹിതം 2020 മാർച്ച് മാസത്തിൽ 3.98 ശതമാനമാണ്. രാജ്യത്താകെയുള്ള നിക്ഷേപത്തിന്റെ കണക്കെടുക്കുമ്പോൾ മഹാരാഷ്ട്രയ്ക്കാണ് ഒന്നാം സ്ഥാനം (20.04 ശതമാനം) (**അനുബന്ധം 1.4.4**).

## വായ്പകൾ

എസ്.എൽ.ബി.സിയുടെ 2020 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിലെ വാണിജ്യബാങ്കുകളും സഹകരണ ബാങ്കുകളും ചേർന്ന് 4,09,607 കോടി രൂപ വായ്പയായി നൽകി. ഇത് 2019 മാർച്ചിലേക്കാളും 7.6 ശതമാനം കൂടുതലാണ്. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2020 മാർച്ച് മാസത്തെ ശതമാനാടിസ്ഥാനത്തിലുള്ള വർദ്ധനവ് കുറവാണ് (13.7 ശതമാനം). പൊതുമേഖലാ വാണിജ്യ ബാങ്കുകളും, സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകളും, പ്രാദേശിക ഗ്രാമീണ ബാങ്കുകളും, ചെറുകിട ധനകാര്യ ബാങ്കുകളും (എസ്.എഫ്.ബി) ഉൾപ്പെടെ എല്ലാ വാണിജ്യ ബാങ്കുകളും ചേർന്ന് 3,59,274 കോടി രൂപ 2019 മാർച്ച് വരെ വായ്പയായി നൽകി. ഇതിൽ പൊതുമേഖലാ വാണിജ്യ ബാങ്കുകൾ 1,95,503 കോടി രൂപയും ആർ.ആർ.ബി 17,912 കോടി രൂപയും ചെറുകിട ധനകാര്യ ബാങ്കുകൾ 4,502 കോടി രൂപയുമാണ് വായ്പയായി നൽകിയത്. 2020 മാർച്ച് മാസത്തെ കണക്കുപ്രകാരം മൊത്തം വായ്പയുടെ 52 ശതമാനവും മുൻഗണനാ വിഭാഗത്തിനാണ് നൽകിയിരിക്കുന്നത്. ബാങ്കുകളെ ഇനം തിരിച്ച് വിശകലനം ചെയ്യുമ്പോൾ സഹകരണ ബാങ്കുകളാണ് മുൻഗണനാ വിഭാഗമായ കൃഷി, മൈക്രോ ചെറുകിട ഇടത്തരം സംരംഭങ്ങൾ, വിദ്യാഭ്യാസം എന്നിവയ്ക്ക് ഏറ്റവും കൂടുതൽ വായ്പ നൽകിയിരുന്നത്. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ചെറുകിട ധനകാര്യ ബാങ്കുകൾ 45 ശതമാനം കൂടുതൽ വായ്പ നൽകിയിട്ടുണ്ട്. ആർ.ബി.ഐയുടെ ത്രൈമാസ റിപ്പോർട്ട് പ്രകാരം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള വായ്പ ധനസഹായങ്ങളുടെ പട്ടിക (**അനുബന്ധം 1.4.5**) ഉൾക്കൊള്ളിച്ചിരിക്കുന്നു.

## കാർഷിക വായ്പ

2020 മാർച്ച് മാസത്തെ എസ്.എൽ.ബി.സി റിപ്പോർട്ട് പ്രകാരം വാണിജ്യ ബാങ്കുകൾ, ആർ.ആർ.ബി, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവർ എല്ലാം ചേർന്ന് കേരളത്തിൽ 89,500 കോടി രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ട്. 2020 മാർച്ച് മാസത്തെ കണക്ക് പ്രകാരം മൊത്തം വായ്പയുമായി താരതമ്യം ചെയ്യുമ്പോൾ കാർഷിക മേഖലയ്ക്ക് നൽകിയ വായ്പയിൽ 1.35 ശതമാനം കുറവ് വന്നിട്ടുണ്ട് (23.5 ശതമാനത്തിൽ നിന്നും 22 ശതമാനമായി). വിവിധ ബാങ്കുകളുടെ കാർഷിക വായ്പ വിഹിതം **1.4.2**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

## എസ്.സി/എസ്.ടി, ദുർബല വിഭാഗത്തിനുള്ള വായ്പകൾ

എസ്.എൽ.ബി.സി കണക്കുപ്രകാരം 2020 മാർച്ച് വരെ സംസ്ഥാനത്തെ വിവിധ ബാങ്കുകൾ എസ്.സി. വിഭാഗത്തിന് 5,147.3 കോടി രൂപയും എസ്.ടി വിഭാഗത്തിന് 1,204.9 കോടി രൂപയും വായ്പയായി നൽകി. 2019 മാർച്ചിൽ 5,710.8 കോടി രൂപയും

**ചിത്രം 1.4.2** 2020 മാർച്ച് വരെയുള്ള കാർഷിക വായ്പ വിഹിതം




*അവലംബം:* SLBC റിപ്പോർട്ട്, മാർച്ച് 2020

**പട്ടിക 1.4.2** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2020 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ബാങ്ക് ഇനം തിരിച്ച് (രൂപ കോടിയിൽ)

| ക്രമനമ്പർ | ബാങ്ക് | പട്ടികജാതിക്കുള്ള വായ്പ് 2000 | | പട്ടിക വർഗ്ഗത്തനുള്ള വായ്പ 2000 | | പട്ടിക ജാതിക്കുള്ള വായ്പ 2019 | | പട്ടിക വർഗ്ഗത്തിനുള്ള വായ്പ 2019 | | ശതമാനാടി സ്ഥാനത്തിൽ കുറവ്/കൂടുതൽ എസ്.സി | ശതമാനാടി സ്ഥാനത്തിൽ കുറവ്/കൂടുതൽ എസ്.ടി |
|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | | |
| 1 | പൊതുമേ-ഖലാ | വായ്പ2000 | പട്ടിക ജാതിക്കുള്ള | 43476 | 810.63 | 302382 | 4915.48 | 65879 | 1064.03 | -18.05 | -23.82 |
| 2 | വാണിജ്യ ബാങ്കുകൾ | വായ്പ 2019 | പട്ടികവർഗ്ഗ ത്തിനുള്ള | 20683 | 126.04 | 36872 | 220.71 | 19475 | 115.42 | 10.86 | 9.20 |
| 3 | ആർ. ആർ. ബി | വായ്പ 2019 | 340.72 | 3906 | 45.35 | 47754 | 243.71 | 3618 | 40.11 | 39.81 | 13.06 |
| 4 | സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ | 146062 | 305.41 | 50027 | 108.94 | 111459 | 204.38 | 32160 | 54.91 | 49.43 | 98.40 |
| 5 | ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ | 13532 | 228.13 | 8632 | 114.03 | 9885 | 126.5 | 2704 | 31.85 | 80.34 | 258.02 |
| | സഹകരണ ബാങ്കുകൾ | 481738 | 5147.3 | 126724 | 1204.99 | 508352 | 5710.78 | 123836 | -9.87 | -9.87 | -7.76 |

*അവലംബം: സംസ്ഥാന ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2020*

1,306.3 കോടി രൂപയുമാണ് യഥാക്രമം എസ്.സി വിഭാഗത്തിനും എസ്.ടി വിഭാഗത്തിനും വായ്പയായി നൽകിയത്. മുൻ വർഷം വിതരണം ചെയ്ത വായ്പയുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതി വിഭാഗത്തിന് നൽകിയ വായപകളിൽ 10 ശതമാനം കുറവും, പട്ടിക വർഗ്ഗക്കാർക്ക് നൽകിയ വായ്പയിൽ 8 ശതമാനം കുറവുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പൊതുമേഖലാ ബാങ്കുകൾ എസ്.സി വിഭാഗത്തിനു നൽകിയ വായ്പകളിൽ 18 ശതമാനത്തിന്റെ കുറവും എസ്.ടി വിഭാഗത്തിനു നൽകിയ വായ്പകളിൽ 24 ശതമാനത്തിന്റെ കുറവും വന്നിട്ടുണ്ട് എന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. എന്നാൽ സഹകരണ ബാങ്കുകൾ എസ്.ടി വിഭാഗത്തിനു നൽകിയ വായ്പകളിൽ 258 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

എസ്.എൽ.ബി.സി കണക്കനുസരിച്ച് ദുർബല വിഭാഗങ്ങൾക്ക് 2019 മാർച്ചിൽ 77,474 കോടി രൂപ വിതരണം ചെയ്തിരുന്നത് 2020 മാർച്ചിൽ 10 ശതമാനം വർദ്ധിച്ച് 85,398 കോടി രൂപയായി.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2020 മാർച്ച് വരെ നൽകിയ വായ്പയുടെ വിവരം ബാങ്ക് ഇനം തിരിച്ച് **പട്ടിക 1.4.2.**-ൽ നൽകിയിട്ടുണ്ട്.

## ഭവന വായ്പ

2020 മാർച്ചിലെ എസ്.എൽ.ബി.സി കണക്കനുസരിച്ച് കേരളത്തിലെ വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും ചേർന്ന് 8,27,096 ഗുണഭോക്താക്കൾക്കായി ₹37,324 കോടി രൂപ ഭവന വായ്പയായി നൽകി.

2019 മാർച്ചിൽ 7,51,634 ഗുണഭോക്താക്കൾക്കായി ₹36,025 കോടി രൂപയായിരുന്നു ഭവന വായ്പയായി നൽകിയിരുന്നത്. മുൻ വർഷത്തെ അപേക്ഷിച്ച് ഭവനവായ്പയിൽ 3.6 ശതമാനം വർദ്ധനവ് ഉണ്ടായി. ബാങ്കുകളുടെ വിശകലനത്തിൽ നിന്നും 2019–20 കാലയളവിൽ പൊതുമേഖലാ ബാങ്കുകൾ 3,10,913 ഗുണഭോക്താക്കൾക്കായി ₹20,400 കോടി രൂപയും പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 58,855 ഗുണഭോക്താക്കൾക്കായി ₹2,897 കോടി രൂപയും സ്വകാര്യ മേഖലാ ബാങ്കുകൾ 73,019 ഗുണഭോക്താക്കൾക്കായി 5,596 കോടി രൂപയും ചെറുകിട ധനകാര്യസ്ഥാപനങ്ങൾ 9,864 ഗുണഭോക്താക്കൾക്കായി ₹71 കോടി രൂപയും സഹകരണ ബാങ്കുകൾ 3,74,445 ഗുണഭോക്താക്കൾക്കായി ₹8,359 കോടി രൂപയും ഭവനവായ്പയായി വിതരണം ചെയ്തു. ഭവനവായ്പയുടെ ഭൂരിഭാഗം വിഹിതവും (55 ശതമാനം) പൊതു മേഖലാ വാണിജ്യ ബാങ്കുകളാണ് വിതരണം ചെയ്തിരിക്കുന്നത് രണ്ടാം സ്ഥാനത്ത് സഹകരണ ബാങ്കുകളാണ്. അവർ 22 ശതമാനം ഭവനവായ്പകൾ വിതരണം ചെയ്തിട്ടുണ്ട്.

## വിദ്യഭ്യാസ വായ്പ

2020 മാർച്ചിൽ 3,49,815 വിദ്യാർഥികൾക്കായി ₹11,260 കോടി രൂപ വിദ്യാഭ്യാസ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 13.8 ശതമാനത്തിന്റെ വർദ്ധനവ് കാണിക്കുന്നു. ആകെ വിതരണം ചെയ്ത വിദ്യഭ്യാസ വായ്പയുടെ 82 ശതമാനവും പൊതുമേഖലാ വാണിജ്യ ബാങ്കുകളാണ് നൽകിയത്. അതായത് 2,44,008 ഗുണഭോക്താക്കൾക്കായി ₹9,246 കോടി രൂപ വായ്പ നൽകി. 2019 മാർച്ചിലെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 23,459 വിദ്യാർഥികൾക്കായി ₹641 കോടി രൂപ മാത്രമാണ് വിദ്യാഭ്യാസ വായ്പയായി നൽകിയത്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 18 ശതമാനത്തിന്റെ കുറവ് കാണിക്കുന്നു. സ്വകാര്യ വാണിജ്യ ബാങ്കുകൾ 39,574 വിദ്യാർഥികൾക്കായി ₹1,232 കോടി രൂപയും ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ 40,669 വിദ്യാർഥികൾക്കായി 83 കോടി രൂപയും വിദ്യഭ്യാസ വായ്പയായി നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വലിയ ഒരു വർദ്ധനവാണ്. 2019 മാർച്ചിൽ ചെറുകിട ധനകാര്യസ്ഥാപനങ്ങൾ 16,083 വിദ്യാർഥികൾക്കായി ₹14.74 കോടി രൂപ മാത്രമാണ് വായ്പ നൽകിയിരുന്നത്. മാർച്ച് 2020ൽ സഹകരണ ബാങ്കുകൾ 2015 വിദ്യാർഥികൾക്കായി ₹58 കോടി രൂപയാണ് വിദ്യാഭ്യാസ വായ്പയായി നൽകിയത്. വിദ്യാഭ്യാസ വായ്പയുടെ 12 ശതമാനം കിട്ടാകടമാണ്.

## വായ്പാ നിക്ഷേപ അനുപാതം

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വായ്പാ നിക്ഷേപ അനുപാതം ഏറ്റവും കുറഞ്ഞത് കേരളത്തിലാണ്. 2020 മാർച്ചിലെ ആർ.ബി.ഐയുടെ ത്രൈമാസ കണക്കനുസരിച്ച് ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ വായ്പാ

**ചിത്രം 1.4.3** ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപത്തിന്റെയും വായ്പയുടെയും ജില്ല തിരിച്ചുള്ള കണക്ക്, മാർച്ച് 2020




*അവലംബം: ഭാരതീയ റിസേർവ് ബാങ്കിന്റെ ത്രൈമാസ റിപ്പോർട്ട്, മാർച്ച് 2020*

നിക്ഷേപ അനുപാതം മുൻവർഷത്തേക്കാൾ കുറവാണ് കാണിക്കുന്നത്. ഇന്ത്യയിൽ അതായത് 76 ശതമാനം, 2019 മാർച്ചിൽ ഇത് 78.18 ശതമാനമായിരുന്നു. വായ്പാ നിക്ഷേപ അനുപാതം ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം ആന്ധ്രാപ്രദേശാണ് (123.84). മറ്റ് സംസ്ഥാനങ്ങളായ തമിഴ് നാടിന് 107.26 ശതമാനവും മഹാരാഷ്ട്രയ്ക്ക് 102.59 ശതമാനവും തെലുങ്കാനയ്ക്ക് 102.21 ശതമാനവും വായ്പ നിക്ഷേപ അനുപാതമുണ്ട്.

2020 മാർച്ചിൽ കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ വായ്പാ നിക്ഷേപ അനുപാതം മുൻവർഷത്തെ 65.61 ശതമാനത്തിൽ നിന്നും 64.24 ശതമാനമായി കുറഞ്ഞിട്ടുണ്ട് (**അനുബന്ധം 1.4.6**). 2020 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കിലെ ആകെ നിക്ഷേപം 5,47,651 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2019 മാർച്ചിൽ ഇത് ₹4,95,741 കോടി രൂപയായിരുന്നു. 2019 മാർച്ചിലെ ആകെ വായ്പ 3,25,280 കോടിയായിരുന്നത് 2020 മാർച്ചിൽ ₹3,51,908 കോടിയായി വർദ്ധിച്ചു.

ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2020 മാർച്ചിൽ 70.18 ശതമാനമാണ്. 2019 മാർച്ചിൽ ഇത് 72.85 ശതമാനമായിരുന്നു (2.67 ശതമാനത്തിന്റെ കുറവ്). സംസ്ഥാനാടിസ്ഥാനത്തിൽ നോക്കുമ്പോൾ ആന്ധ്രാപ്രദേശിനാണ് ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതം (127.99 ശതമാനം) രണ്ടാം സ്ഥാനം തെലുങ്കാനയ്ക്കും (108.24 ശതമാനം) കേരളത്തിലെ പൊതുമേഖലാ ബാങ്കുകളിലെ വായ്പ നിക്ഷേപ അനുപാതം 2020 മാർച്ചിൽ മുൻവർഷത്തെ 64.93 ശതമാനത്തിൽ നിന്നും 66.62 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. (**അനുബന്ധം 1.4.7**)

## ബാങ്കിംഗ് സ്ഥിതി വിവര കണക്കിന്റെ ജില്ല തിരിച്ചുള്ള വിശകലനം

കേരളത്തിലെ ബാങ്കിംഗ് സ്ഥിതി വിവരകണക്ക് സംബന്ധിച്ച് ആർ.ബി.ഐയുടെ വിശകലനത്തിൽ നിന്നും വ്യക്തമാകുന്നത് ഏറ്റവുമധികം ബാങ്ക് ശാഖകളുള്ളത് എറണാകുളം ജില്ലയിലാണ് (1019), തൃശ്ശൂർ ജില്ലയിൽ (760) ശാഖകളും, തിരുവനന്തപുരം ജില്ലയിൽ (741) ശാഖകളുമുണ്ട്. ഏറ്റവും കുറച്ച് ശാഖകളുള്ളത് വയനാട് ജില്ലയിലാണ് (133). കേരളത്തിൽ ഉയർന്ന വായ്പാ നിക്ഷേപമുള്ളത് വയനാട് ജില്ലയിലും (135.54 ശതമാനം) കുറഞ്ഞത് പത്തനംതിട്ട ജില്ലയിലുമാണ് (25.45 ശതമാനം) (**അനുബന്ധം 1.4.8**). കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ ജില്ലാടിസ്ഥാനത്തിലുള്ള നിക്ഷേപത്തിന്റെയും വായ്പയുടെയും വിവരങ്ങൾ **ചിത്രം 1.4.3**–ൽ ചേർത്തിരിക്കുന്നു.

## കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖല

കേരളത്തിലെ സഹകരണ ബാങ്കുകൾ സമ്പദ് വ്യവസ്ഥയുടെ വിവിധ തട്ടുകളിൽ ഉള്ളവർക്ക് വായ്പാ ധനസഹായങ്ങൾ നൽകിവരുന്നതിൽ പ്രധാനമായ പങ്ക് വഹിക്കുന്നവരാണ്. അതായത് മൊത്തം ബാങ്ക് ശാഖകളുടെ 13 ശതമാനവും സഹകരണ മേഖലയിലാണ്. മാർച്ച് 2020 ലെ കണക്ക് പ്രകാരം കേരളത്തിൽ 992 സഹകരണ ബാങ്കുകൾ ഉണ്ട്, അതിൽ 457 എണ്ണം ഗ്രാമീണ മേഖലയിലും, 276 എണ്ണം അർദ്ധ നഗര മേഖലയിലും, 259 എണ്ണം നഗരമേഖലയിലുമാണ്.

വാണിജ്യ, ഗ്രാമീണ, ചെറുകിട സഹകരണ ബാങ്കുകളിലായി 2020 മാർച്ചിൽ ₹6,09,059

**പട്ടിക 1.4.3** സഹകരണ മേഖലയുടെ പ്രകടനം രൂപ കോടിയിൽ

| ക്രമ നമ്പർ | ഘടകം | മാർച്ച് 2020 | | | സഹകരണ മേഖലയുടെ വിഹിതം (%) |
|---|---|---|---|---|---|
| | | സഹ–കരണ മേഖല | വാണിജ്യ ബാങ്കുകൾ + ആർ.ആർ.ബി + ചെറുകിട ധനകാര്യ ബാങ്കുകൾ | ആകെ | |
| 1 | ശാഖകൾ | 992 | 6584 | 7576 | 13 |
| 2 | ആകെ നിക്ഷേപം | 64687 | 544372 | 609059 | 11 |
| 3 | ആകെ വായ്പകൾ | 50334 | 359274 | 409608 | 12 |
| 4 | ആകെ ബിസിനസ്സ് | 115021 | 903646 | 1018667 | 11 |
| 5 | മുൻഗണനാ മേഖലയ്ക്കുള്ള വായ്പ | 34476 | 179540 | 214016 | 16 |
| 6 | മുൻഗണനാ മേഖലയ്ക്കുള്ള വായ്പ(ശതമാനം) | 68% | 50% | 52% | .... |
| 7 | കാർഷിക വായ്പ | 7280 | 82221 | 89500 | 8 |
| 8 | കാർഷിക വായ്പാ (ശതമാനം) | 14% | 23% | 22% | .... |
| 9 | എം.എസ്.എം.ഇ വായ്പകൾ | 4503 | 56894 | 61397 | 7 |
| 10 | എം.എസ്.എം.ഇവായ്പകൾ (ശതമാനം) | 9% | 16% | 15% | ...... |
| 11 | വായ്പാ നിക്ഷേപഅനുപാതം | 77.81 | 66% | 67.52% | ...... |

അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്

കോടിയുടെ നിക്ഷേപമുണ്ട്. 2019 മാർച്ചുമായി താരതമ്യം ചെയ്യുമ്പോൾ 2020 മാർച്ചിൽ സഹകരണ ബാങ്കുകളിലെ നിക്ഷേപം ₹70,139 കോടിയിൽ നിന്നും ₹64,687 കോടിയായി കുറഞ്ഞിട്ടുണ്ട്. വിശകലനങ്ങൾ കാണിക്കുന്നത് എന്തെന്നാൽ വാണിജ്യ ബാങ്കുകളിലെയും സഹകരണ ബാങ്കുകളിലെയും ആകെ നിക്ഷേപവുമായി താരതമ്യം ചെയ്യുമ്പോൾ സഹകരണ ബാങ്കുകളുടെ വിഹിതം 12.44 ശതമാനത്തിൽ നിന്നും 11 ശതമാനമായി കുറഞ്ഞു. 2020 മാർച്ച് വരെ സഹകരണ ബാങ്കുകളും വാണിജ്യ ബാങ്കുകളും നൽകിയ ആകെ വായ്പ ₹4,09,608 കോടി രൂപയാണ്. ഇതിൽ സഹകരണ ബാങ്കുകളുടെ മാത്രം വിഹിതം ₹50,334 കോടി രൂപയാണ്. ഇത് വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും നൽകിയ ആകെ വായ്പയുടെ 12 ശതമാനമാണ്. 2020 മാർച്ചിൽ സഹകരണ ബാങ്കുകളും വാണിജ്യ ബാങ്കുകളും കാർഷിക വായ്പയായി നൽകിയത് ₹89,500 കോടി രൂപയാണ്. ഇതിൽ സഹകരണ ബാങ്കിന്റെ വിഹിതം 7,280 കോടി രൂപയാണ് (8 ശതമാനം). കേരളത്തിലെ ബാങ്കിങ് മേഖലയിലെ ആകെ ക്രയവിക്രയം 2019 മാർച്ചിൽ ₹9,44,321 കോടിയായിരുന്നത് 2020 മാർച്ചിൽ ₹10,18,667 കോടിയായി ഉയർന്നു. (**പട്ടിക 1.4.3**).

## ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ

### കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റെർപ്രൈസസ് (കെ.എസ്.എഫ്.ഇ)

1969 ൽ കേരള സർക്കാരിന്റെ ഉടമസ്ഥതിയിൽ ആരംഭിച്ച ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റെർപ്രൈസസ്. കെ.എസ്.എഫ്.ഇ യുടെ പ്രധാന ബിസിനസ്സ് വിഭാഗങ്ങൾ ചിട്ടി, വായ്പ നൽകൽ, നിക്ഷേപ സ്വരൂപണം എന്നിവയാണ്. മാർച്ച് 2020 അനുസരിച്ച് പ്രതിമാസ മൊത്തം വിറ്റുവരവ് 23,895 കോടി രൂപയാണ്. കമ്പനിക്ക് ₹3,043 കോടി രൂപ ചിട്ടി സുരക്ഷാ നിക്ഷേപവും ₹2,122 കോടി രൂപ മറ്റു നിക്ഷേപവുമുണ്ട്. 2019 –ൽ കമ്പനി 2 പ്രാദേശിക ഓഫീസുകൾ പാലക്കാട്ടും, പത്തനംതിട്ടയിലും തുറക്കുകയുണ്ടായി. 2020 മാർച്ചിൽ പുതുതായി 18 പുതിയ ശാഖകളും തുറക്കുകയുണ്ടായി.

കെ.എസ്.എഫ്.ഇ കിഫ്ബിയുമായി ചേർന്ന് സംസ്ഥാനത്തിന്റെ മൊത്തമായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാരിന്റെ വിവിധ പ്രോജക്ടുകളിൽ നിക്ഷേപിക്കുന്നതിനായി പ്രവാസി ചിട്ടി എന്ന പദ്ധതി ആരംഭിക്കുകയും ആയതിലൂടെ നിക്ഷേപങ്ങൾ സമാഹരിക്കുകയും ചെയ്യുന്നു. ഇപ്പോൾ തന്നെ 200 കോടി രൂപയിലധികം രൂപ പ്രവാസി ചിട്ടി വഴി സമാഹരിക്കുകയും അത് കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

കോവിഡ് പ്രതിസന്ധികൾ നേരിടുന്നതിനായി മോറട്ടോറിയം നൽകുന്നതിനു പുറമെ പ്രവാസികൾക്ക് പലിശരഹിത വായ്പകളും, ഓൺലൈൻ പഠന സഹായങ്ങളും, നിക്ഷേപകർക്കും മുതിർന്ന പൗരൻമാർക്കും ആനുകൂല്യങ്ങളും മറ്റും നൽകിവരുന്നു. കോവിഡ് പ്രതിസന്ധി മൂലം മടങ്ങി വരുന്ന പ്രവാസികൾക്ക് 1.5 ലക്ഷം രൂപ വരെ 3% പലിശ നിരക്കിൽ സ്വർണ്ണ പണയ വായ്പ നൽകുന്നു. ഇതിനായി പ്രവാസി സൗഹൃദം പദ്ധതികളും രൂപീകരിക്കുകയുണ്ടായി.

ഓൺലൈൻ വിദ്യാ സഹായി പദ്ധതി പ്രകാരം സ്മാർട്ട് ടി വി വാങ്ങുന്നതിനായി കെ.എസ്.എഫ്.ഇ 37 കോടി രൂപ നൽകുകയുണ്ടായി. കുടുംബശ്രീയുമായി ചേർന്ന് കുടുംബശ്രീ അംഗങ്ങളുടെ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങുന്നതിനായി വിദ്യാശ്രീ എന്ന പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്.

### കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി)

1951 ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ട് അനുസരിച്ച് രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ കേരളത്തിന്റെ വ്യവസായവൽക്കരണത്തിലും വികസനത്തിലും വളരെ പ്രധാന പങ്ക് വഹിക്കുന്നു. കെ.എഫ്.സി യുടെ 2018–19 ലെ അറ്റലാഭം 17.7 കോടി രൂപയായിരുന്നു എന്നാൽ 2019–20 മാർച്ചിലെ അറ്റലാഭം 18.4 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

കേരളത്തിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി ചില പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. അതിൽ ചീഫ് മിനിസ്റ്റേഴ്സ് എന്റെർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം (സി.എം.ഇ.ഡി.പി) എന്ന പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുമുണ്ട്. ഈ പദ്ധതിയുടെ ലക്ഷ്യം ഓരോ വർഷവും കുറഞ്ഞത് 2,000 സംരംഭകരെയെങ്കിലും കണ്ടെത്തി 1,000 സംരംഭകത്വ യൂണിറ്റുകളെങ്കിലും പുതുതായി തുടങ്ങണമെന്നാണ്. ഈ പദ്ധതി നടപ്പിലാക്കുന്ന ഏജൻസി കെ.എഫ്.സി.യാണ്.

## 1.5 സംസ്ഥാനത്തിന്റെ ധനസ്ഥിതി

സാമൂഹികവും സാമ്പത്തികവുമായ വികസനത്തോടുള്ള സവിശേഷമായ കാഴ്ചപ്പാടുകൾ കൊണ്ടും അവ നടപ്പിലാക്കുന്നതിനായി കൈകൊണ്ട ക്ഷേമപദ്ധതികളിലൂടെയും കേരളം എന്നും അറിയപ്പെടുന്നു. ഈ യത്നത്തിൽ ധനപരമായ വിവേകത്തോടൊപ്പം ക്ഷേമ നടപടികളും സന്തുലിതമാകുന്നതിലൂടെ എല്ലാവർക്കും സാമൂഹിക ക്ഷേമവും സംരക്ഷണവും ഉറപ്പാക്കാൻ സർക്കാർ എല്ലാ ശ്രമങ്ങളും നടത്തി. എന്നിരുന്നാലും കഴിഞ്ഞ നാല്പ വർഷത്തിനിടയിൽ തങ്ങളുടെ നിയന്ത്രണത്തിനപ്പുറമുള്ള നിരവധി വെല്ലുവിളികൾ സർക്കാർ നേരിടേണ്ടതായി വന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കടന്ന് പോയത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസുകളിൽ കടുത്ത സമ്മർദ്ദം ഏൽപ്പിച്ച ധന ഏകീകരണ ശ്രമങ്ങളെപ്പോലും ബാധിച്ച്, കടുത്ത സാമ്പത്തിക പ്രതിസന്ധികൾ ഉണ്ടായ കാലഘട്ടത്തിലൂടെയാണ്. 2017–ൽ സംസ്ഥാനത്തിന് ഓഖി ചുഴലിക്കാറ്റിനെ നേരിടേണ്ടിവന്നു. 2018 ലെയും 2019 ലെയും വെള്ളപ്പൊക്കങ്ങൾ വ്യാപകമായ നാശനഷ്ടങ്ങൾക്ക് കാരണമായി.കേന്ദ്ര സർക്കാരിന്റെ വിവിധ നയങ്ങളായ നോട്ടുനിരോധനവും ചരക്കു സേവന നികുതി നടപ്പാക്കലും സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ പ്രതികൂലമായി ബാധിച്ചു കോവിഡ്–19 മഹാമാരിയും അതിനെ തുടർന്ന് പ്രഖ്യാപിച്ച ലോക്ക്ഡൗണുകളും പ്രതികൂല സാമ്പത്തിക സ്ഥിതി കൂടുതൽ വഷളാക്കി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തിയ ലോക്കഡോൺ സംസ്ഥാന സമ്പത്ത് വ്യവസ്ഥയെ സ്തംഭിപ്പിക്കുകയും എല്ലാ വരുമാന കണക്കുകൂട്ടലുകളെയും താളംതെറ്റിക്കുകയും ചെയ്തു.

സമ്പദ് വ്യവസ്ഥയെ സഹായിക്കുന്നതിനും, സാമ്പത്തിക മാന്ദ്യം കാരണം സംഭവിച്ച നാശ നഷ്ടങ്ങൾ കുറയ്ക്കുന്നതിനും സംസ്ഥാനം കർശനമായ ഏകീകരണത്തിലൂടെ വീണ്ടെടുക്കലിലും വളർച്ചയ്ക്കും മുൻഗണന നൽകാൻ തീരുമാനിക്കുയുണ്ടായി. ഇതിനായി സമൂഹത്തിലെ ഏറ്റവും ദുർബലരായ വിഭാഗത്തിന് സർക്കാർ തന്നെ ആവശ്യസേവനങ്ങളും, സാധനങ്ങളും പണവും വാഗ്ദാനം ചെയ്തു. കടുത്ത സാമ്പത്തിക സമ്മർദ്ദമുള്ള ഈ അവസരത്തിൽ സംസ്ഥാനം എല്ലാ ജനങ്ങൾക്കും സാർവത്രികമായി ഏറ്റവും ആവശ്യസേവനങ്ങൾ നൽകുകയുണ്ടായി. പുറത്തുനിന്നുള്ള (ബാഹ്യമായ) സാമ്പത്തിക ആഘാതങ്ങൾ, പ്രകൃതി ദുരന്തങ്ങൾ സൃഷ്ടിച്ച പ്രശ്നങ്ങളെ കൂടുതൽ വഷളാക്കിയ ഈ കാലയളവിൽ സംസ്ഥാനം അഭിമുഖീകരിച്ച ഏറ്റവും വലിയ ബാഹ്യ സാമ്പത്തിക ആഘാതം ഗൾഫ് രാജ്യങ്ങളിൽ നടപ്പാക്കിയ ദേശസാൽക്കരണമാണ്. ഈ നടപടി കേരളത്തിലെ നിരവധി പ്രവാസികൾക്ക് ജോലി നഷ്ടപ്പെടുത്തി. പ്രവാസികൾക്കുണ്ടായ തൊഴിൽ നഷ്ടം കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഏറ്റ ഇരട്ട തിരിച്ചടിയാണ്. തൊഴിലില്ലായ്മ അതിരൂക്ഷമായ കേരളത്തിൽ തൊഴിൽ രഹിതരായി പ്രവാസികളുടെ മടങ്ങിവരവ് തൊഴിലില്ലായ്മാ നിരക്കിൽ വളരെ വലിയ വർദ്ധനവുണ്ടാക്കി. സംസ്ഥാനത്തെ സമ്പദ്ഘടനയ്ക്ക് ചാക്രിക പിൻതുണ നൽകുന്ന വിദേശത്തു നിന്നുള്ള വരുമാനം ഇത് മൂലം കുറയുകയും ചെയ്തു. ആഗോളവത്ക്കരണത്തിനെതിരായ ലോക വ്യാപകമായ തിരിച്ചടിയും ഉയർന്ന ചുങ്ക വിഹിതവും കേരളത്തിലെ തോട്ട വിളകളുടെയും അനുബന്ധ ഉല്പന്നങ്ങളുടെയും കയറ്റുമതി കുറയാൻ കാരണമായി.

കേന്ദ്ര സർക്കാരിന്റെ സമീപകാലത്തെ ചില നയങ്ങൾ കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വിഭവങ്ങൾ മതിയായ രീതിയിൽ വിനിയോഗിക്കുന്നതിനു സാധിക്കാതെ വന്നു. കോവിഡ്–19 വെളിച്ചത്തിൽ സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ രണ്ട് ശതമാനം അധിക വായ്പയെടുക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് അനുവദിച്ച അനുമതിയും പതിനഞ്ചാമത് ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

സോപാധികമായി അനുവദിച്ച ഗ്രാന്റുകളും ഇതിനുള്ള ഉദാഹരണങ്ങളാണ്. കേന്ദ്ര സഹായപദ്ധതികളിൽ, കേന്ദ്ര വിഹിതത്തിൽ വളരെ കുറവുണ്ടായി.

ഇന്ത്യയിൽ ജി.എസ്.ടി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവ് വരുത്തുന്നതിനും ആയതിലൂടെ വിഭവങ്ങൾ സ്വരൂപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾക്കും പരിമിതികൾ ഉണ്ടായി. കൂടാതെ കേന്ദ്ര സർക്കാരിൽ നിന്നും ജി.എസ്.ടി നഷ്ടപരിഹാര തുക ലഭിക്കാൻ കാലതാമസവും ഉണ്ടായി. ഏകദേശം സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 30 ശതമാനത്തോളം വരുന്നത് കേന്ദ്ര ഗവൺമെന്റിന്റെ വായ്പകളിൽ നിന്നോ ഗ്രാന്റുകളിൽ നിന്നോ ആണ്. 2015–16 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായത്തിന്റ ഘടനയിലുള്ള വ്യത്യാസം ഇതിനെ സാരമായി ബാധിച്ചു. കേന്ദ്ര സഹായ പദ്ധതികളിൽ മുൻപ് 25 ശതമാനമായിരുന്ന സംസ്ഥാന വിഹിതം ഇപ്പോൾ 40 ശതമാനമായി മാറിയിട്ടുണ്ട്.

ഈ പ്രതിസന്ധികൾക്കിടയിലും, സുസ്ഥിര വികസ സൂചിക വഴി നീതി ആയോഗിന്റെ കണക്കനുസരിച്ച് യു എൻ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനത്തിന് മുൻനിരയിലെത്താൻ സാധിച്ചിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് പ്രധാനപ്പെട്ട സാമൂഹിക സേവന മേഖലകളായ വിദ്യഭ്യാസം ആരോഗ്യം തുടങ്ങിയവയിലുണ്ടായ മുന്നേറ്റമാണ്. അതുപോലെ തന്നെ സമ്പദ്ഘടനയുടെ സുസ്ഥിര വളർച്ച ഉറപ്പാക്കുന്നതിനായി അടിസ്ഥാന സൗകര്യമേഖലകളിൽ നിക്ഷേപം സർക്കാരിന്റെ പ്രധാനപ്പെട്ട നാല് പദ്ധതികളായ ഹരിതകേരളം, ഭവന പദ്ധതിയായ ലൈഫ് മിഷൻ, വിദ്യാഭ്യാസ പുനരുജ്ജീവന മിഷൻ,ആരോഗ്യ രംഗത്തെ ആർദ്രം പദ്ധതി എന്നിവ സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതനിലവാരം നിരന്തരം മെച്ചപ്പെടുത്തുകയുണ്ടായി. ഈ പദ്ധതികൾ പ്രകാരം ഭവനരഹിതർക്കും വെള്ളപ്പൊക്കത്തിലും മറ്റും ഭവനം നഷ്ടപ്പെട്ടവർക്കും വീടും, സർക്കാർ വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയും, ആരോഗ്യ കേന്ദ്രങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും കാത്ത് ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും, ഹെക്ടർ കണക്കിന് തരിശു ഭൂമി ഏറ്റെടുത്ത് കൃഷി നടത്തുകയും ജലാശയങ്ങളുടെ സംരക്ഷണം നടപ്പാക്കൽ തുടങ്ങിയ കാര്യങ്ങൾ നടത്തിയിട്ടുണ്ട്. സ്ഥൂല സാമ്പത്തിക സ്ഥിരത നിലനിർത്തികൊണ്ടു തന്നെ വരും പാദങ്ങളിൽ സർക്കാർ സാമ്പത്തിക സ്ഥിരത വീണ്ടെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. വരും വർഷങ്ങളിൽ ഈ അതിലോലമായ പ്രതിസന്ധി നേരിടാൻ സർക്കാർ തങ്ങളുടെ ധനനയങ്ങളെ ശ്രദ്ധാപൂർവ്വം നിർണയിക്കണം.

2019–20 ലെ റവന്യൂ കമ്മി 2.01 ശതമാനമാണ് 2018 –19–ൽ ഇത് 2.23 ശതമാനമായിരുന്നു. 2020 –21 ലെ കണക്കനുസരിച്ച് റവന്യൂ കമ്മി 1.55 ശതമാനമായി കണക്കാക്കിയിരുന്നു. ധനകമ്മിയുടെയും സംസ്ഥാനത്തിന്റെ മൊത്തം ഉത്പാദനത്തിന്റെയും അനുപാതം 2018 –19–ൽ 3.45 ശതമാനമായിരുന്നത്

**പട്ടിക 1.5.1** മുഖ്യ കമ്മി സൂചകങ്ങൾ (രൂപ കോടിയിൽ)

| വർഷം | വരുമാനകമ്മി | | ധനകമ്മി | | പ്രാഥമിക കമ്മി | | ജി എസ് ഡി പി |
|---|---|---|---|---|---|---|---|
| | തുക | ജി എസ് ഡി പി യുടെ ശതമാനം | തുക | ജി എസ് ഡി പി യുടെ ശതമാനം | തുക | ജി എസ് ഡി പി യുടെ ശതമാനം | |
| 2011–12 | 8034.26 | 2.21 | 12814.77 | 3.520 | 6521.17 | 1.79 | 364048 |
| 2012–13 | 9351.45 | 2.27 | 15002.47 | 3.639 | 7797.66 | 1.89 | 412313 |
| 2013–14 | 11308.6 | 2.43 | 16944.13 | 3.644 | 8678.74 | 1.87 | 465041 |
| 2014–15 | 13796 | 2.69 | 18641.72 | 3.637 | 8872.13 | 1.73 | 512564 |
| 2015–16 | 9656.81 | 1.73 | 17818.46 | 3.194 | 6707.61 | 1.20 | 557947 |
| 2016–17 | 15484.59 | 2.51 | 26448.35 | 4.286 | 14331.85 | 2.32 | 617035 |
| 2017–18 | 16928.21 | 2.41 | 26837.41 | 3.825 | 11717.48 | 1.67 | 701577 |
| 2018–19 | 17461.92 | 2.23 | 26958.30 | 3.449 | 10210.37 | 1.31 | 781653 |
| 2019–20 (ആർ.ഇ) | 17474.27 | 2.01 | 26186.24 | 3.005 | 7751.67 | 0.89 | 871534 |
| 2020–21 (ബി.ഇ ) | 15201.47 | 1.55 | 29295.39 | 2.995 | 9445.39 | 0.97 | 978064 |

*അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ*

2019 –20–ൽ 3 ശതമാനവും 2020 –21–ൽ 2.99 ശതമാനവുമായി കുറഞ്ഞിരിക്കുന്നു. ദേശീയ, ആഗോള തലത്തിൽ നിലവിലുള്ള സാമ്പത്തിക മാന്ദ്യവും പകർച്ചവ്യാധിയെ നേരിടാനുള്ള അനുബന്ധ ചെലവും കാരണം ഇപ്പോഴത്തെ ധനസമ്മർദം ഇനിയും നിലനിൽക്കും.

സംസ്ഥാനത്തിന്റെ 2011 –12 മുതൽ 2019 –20 വരെയുള്ള കമ്മി സൂചിക **പട്ടിക 1.5.1**–ൽ ചേർത്തിരിക്കുന്നു

## വരവുകൾ

സംസ്ഥാനത്തിന്റെ വരവുകളെ റവന്യൂ വരുമാനം എന്നും മൂലധന വരുമാനം എന്നും രണ്ടായി തരംതിരിക്കാം. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, നികുതിയേതര വരുമാനം, കേന്ദ്രത്തിൽ നിന്നുളള നികുതി വിഹിതം, ഇന്ത്യാ ഗവൺമെന്റിന്റെ ധനസഹായം എന്നിവ ഉൾപ്പെടുന്നതാണ് റവന്യൂ വരുമാനം. എന്നാല് മൂലധന വരുമാനത്തിൽ വിവിധതരം വായ്പാ തിരിച്ചടവ്, ആഭ്യന്തര സ്രോതസ്സുകളിൽനിന്നുള്ള വായ്പാ വരുമാനം, ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള വായ്പ, പബ്ലിക്ക് അക്കൗണ്ടിലെ തുക എന്നിവ ഉൾപ്പെടുന്നു.

## റവന്യൂ വരുമാനം

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 2011–12–ൽ 38,010.36 കോടി രൂപയായിരുന്നത് 2019–20–ൽ 90,224.67 കോടി രൂപയായി വർദ്ധിച്ചു, വാർഷിക വളർച്ചാ നിരക്ക് 11.4 ശതമാനമാണ്. എന്നിരുന്നാലും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 2018–19നെ അപേക്ഷിച്ച് 2019–20 ൽ 2,629.8 കോടി രൂപ കുറഞ്ഞു. അതേ സമയം കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും വിഹിതം 2019–20–ൽ 2,790.82 കോടി രൂപയുടെ കുറവുണ്ടായി. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2018–19 ൽ 9 ശതമാനമായിരുന്നത് 2019–20ൽ (–)0.6 ശതമാനമായി കുറഞ്ഞു. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ചയുടെ വിവരങ്ങൾ **ചിത്രം 1.5.1**–ൽ നൽകിയിരിക്കുന്നു. സംസ്ഥാനത്തെ റവന്യൂ വരുമാനത്തിന്റെ അനുപാതം **അനുബന്ധം 1.5.1**–ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന ഉറവിടം സംസ്ഥാനത്തിന്റെ തനത് നികുതിയാണ്. 2019–20 ൽ മൊത്തം റവന്യൂ വരുമാനത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 50,323.14 കോടി രൂപയാണ് (55.78 ശതമാനം). അതുപോലെതന്നെ 2019–20 ൽ സംസ്ഥാനത്തിന്റെ തനതു നികുതി ഇതര വരുമാനം 12,265.22 കോടി രൂപയാണ് (13.59 ശതമാനം). കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും വിഹിതം 27,636.31 കോടി രൂപയാണ് (30.63 ശതമാനം). 2013–14–ൽ മൊത്തം റവന്യൂ വരുമാനത്തിൽ കേന്ദ്ര സഹായം 23.6 ശതമാനമായിരുന്നു. 2014–15 ൽ ഈ വിഹിതത്തിൽ വർദ്ധനവുണ്ടായിരുന്നതിന് കാരണം കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം പദ്ധതി നിർവ്വഹണ

**ചിത്രം 1.5.1** റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ചയുടെ വിവരങ്ങൾ




*അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ*

ഏജൻസികൾക്ക് നേരിട്ട് നൽകുന്നതിന് പകരം സംസ്ഥാന ബഡ്ജറ്റിലൂടെ വകയിരുത്തുന്ന രീതി നടപ്പാക്കിയതാണ്. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം **ചിത്രം 1.5.2**–ൽ കാണിച്ചിരിക്കുന്നു.

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ചരക്ക് സേവന നികുതി, പെട്രോളിയം, മദ്യം എന്നിവയുടെ വിൽപ്പന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, സംസ്ഥാനത്തിന്റെ എക്സൈസ് നികുതി, വാഹന നികുതി, ഭൂനികുതി എന്നിവയാണ് തനത് നികുതി വരുമാനത്തിന്റെ ഘടകങ്ങൾ. 2013–14–ൽ മൊത്ത വരുമാനത്തിന്റെ 65.06 ശതമാനമായിരുന്നത് 2019–20–ൽ 55.78 ശതമാനമായി കുറഞ്ഞു. ഇതിന് കാരണം സമ്പദ്ഘടനയെ ബാധിച്ച പൊതുവായ സാമ്പത്തിക മാന്ദ്യവും ആന്തരികവും ബാഹ്യവുമായ പ്രശ്നങ്ങളുമാണ്. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.2**–ൽ കാണിച്ചിരിക്കുന്നു. 2019–20 –ൽ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം 50,323.14 കോടി രൂപയായിരുന്നു. തനത് നികുതി വരുമാനത്തിന്റെ മുഖ്യ ഭാഗവും സംഭാവന ചെയ്യുന്നത് സംസ്ഥാനത്തിന്റെ ചരക്ക് സേവന നികുതിയാണ്. 2019–20–ൽ ചരക്ക് സേവന നികുതിയിൽ നിന്നുള്ള വരുമാനം മൊത്തം തനതു നികുതി വരുമാനത്തിന്റെ 40.63 ശതമാനമാണ് (20,446.95 കോടി രൂപ) വിൽപ്പന നികുതി 39.05 (19,649.64 കോടി രൂപ) വാഹന നികുതി 7.39 ശതമാനം (3,721.14 കോടി രൂപ) സ്റ്റാമ്പ് രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നുള്ള വരുമാനം 7.18 ശതമാനവും (3,615.01 കോടി രൂപ), സംസ്ഥാന എക്സൈസ് നികുതി 4.48 ശതമാനവും (2,255.28 കോടി രൂപ) ഭൂനികുതി 0.66 ശതമാനവും (332.42 കോടി രൂപ) മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം 0.60 ശതമാനവും (302.70 കോടി രൂപ) ആണ്. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ **ചിത്രം 1.5.3**–ൽ കാണിച്ചിരിക്കുന്നു.

**(i) സംസ്ഥാനത്തിന്റെ തനതു നികുതിയേതര വരുമാനം**

സംസ്ഥാനത്തിന്റെ മൊത്തം നികിതിയേതര വരുമാനത്തിന്റെ 81.32 ശതമാനവും ലഭിക്കുന്നത് സംസ്ഥാന ലോട്ടറികളിൽ നിന്നാണ്. വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം, സാമൂഹിക വികസന സേവന മേഖലകളിൽ നിന്നുള്ള ഫീസ്, പിഴ തുടങ്ങിയ ഇനങ്ങളിൽ ലഭിക്കുന്ന വരുമാനം എന്നിവയാണ് നികുതിയേതര വരുമാനത്തിന്റെ മറ്റു പ്രധാന മാർഗ്ഗങ്ങൾ 2018–19–ൽ 11,783.24 കോടി രൂപയായിരുന്ന നികുതിയേതര വരുമാനം 4.09 ശതമാനം വർദ്ധിച്ച് 2019–20–ൽ 12,265.22 കോടി രൂപയായി. 2019–20–ൽ സംസ്ഥാന ലോട്ടറികളിൽ നിന്നുള്ള വരുമാനം 9,973.67 കോടി രൂപയാണ്. 2018–19 (9,264.66 കോടി രൂപ) മായി താരതമ്യം ചെയ്യുമ്പോൾ 7.65 ശതമാനത്തിന്റെ വർദ്ധനവ് കാണാൻ സാധിക്കും. സാമൂഹ്യ വികസന മേഖലകളിൽ നിന്നുള്ള വരുമാനം 961.10 കോടി രൂപയും വനവിഭവങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനം 255.85 കോടി രൂപയുമാണ്. സംസ്ഥാനത്തിന്റ തനത് നികുതിയേതര വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം.1.5.3**–ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 1.5.2** വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം




അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

ചിത്രം 1.5.3 സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ




അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

**(ii) കേന്ദ്ര വിഹിത കൈമാറ്റം**

ധനകാര്യകമ്മീഷൻ ശുപാർശ ചെയ്യുന്ന നികുതിയുടെ വിഹിതവും ഗ്രാന്റും കേന്ദ്ര ഗവൺമെന്റ് വിതരണം ചെയ്യുന്ന ഗ്രാന്റുമാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റ ഘടകങ്ങൾ. ഭരണ ഘടനയുടെ ആർട്ടിക്കിൾ 280 പ്രകാരമാണ് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി കൈമാറ്റം ധനകാര്യ കമ്മീഷൻ നിർണ്ണയിച്ചിരിക്കുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം റവന്യൂ കമ്മി കുറയ്ക്കുന്നതിന് സംസ്ഥാനങ്ങൾക്ക ഗ്രാന്റ് ഇൻ എയ്ഡ് ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇത് കൂടാതെ പ്രത്യേക മേഖലകൾക്ക് ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റും അനുവദിക്കുന്നു. പതിനാലാം ധനകാര്യ കമ്മീഷൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ദുരന്ത നിവാരണത്തിനും ഒഴികെ മറ്റു പ്രത്യേക മേഖലകൾക്കൊന്നും ഗ്രാന്റ് അനുവദിക്കുന്നില്ല. നികുതി കൈമാറ്റവും റവന്യൂ കമ്മി ഗ്രാന്റും ചേർന്നതാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ മാറ്റം വരുത്താവുന്ന ഭാഗം. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള ഘടകങ്ങൾ ചെലവഴിക്കുമ്പോൾ അതിൽ മാറ്റം വരുത്താൻ സംസ്ഥാനങ്ങൾക്ക് സാധ്യമല്ല.

പതിനാലാം ധനകാര്യകമ്മീഷന്റെ ശുപാർശകൾ പ്രകാരം 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാരിന്റെ മൊത്തം നികുതി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം 42 ശതമാനമാണ്. പന്ത്രണ്ടാമത്തെയും പതിമൂന്നാമത്തെയും ധനകാര്യ കമ്മീഷനുകളുടെ കാലയളവിൽ യഥാക്രമം 30.5 ശതമാനവും 32 ശതമാനവുമായിരുന്നു. പങ്കിടൽ രീതിയിൽ പതിനാലാം കമ്മീഷന്റെ കാലയളവിൽ കേരളത്തിനുള്ള കേന്ദ്ര നികുതിയുടെ അറ്റ വിഹിതം 2.5 ശതമാനമായിരുന്നു. പതിനഞ്ചാമത് ധനകാര്യകമ്മീഷന്റെ ശുപാർശകൾ പ്രകാരം 2020-21 കാലയളവിൽ കേന്ദ്ര സർക്കാരിന്റെ മൊത്തം നികുതി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം 41 ശതമാനമായിരിക്കും. വിവിധ മാനദണ്ഡങ്ങളിൽ വന്ന മാറ്റം കാരണം കേരളത്തിനുള്ള ഒരു വർഷത്തേക്കുള്ള അറ്റ നികുതി പതിനഞ്ചാമത് ധനകാര്യ കമ്മീഷനിൽ 1.94 ശതമാനമായി ചുരുക്കി. വിവിധ ധനകാര്യ കമ്മീഷനുകളെ അടിസ്ഥാനമാക്കിയുള്ള നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കാൻ പറ്റുന്ന അറ്റവിഹിതത്തിന്റെ പ്രവണത **ചിത്രം 1.5.4**-ൽ കാണിച്ചിരിക്കുന്നു.

2019-20 ൽ സംസ്ഥാനത്തേക്കുള്ള മൊത്തം കേന്ദ്ര വിഹിത കൈമാറ്റം 27,636.31 കോടി രൂപയാണ്, 2018-19 -ൽ ഇത് 30,427.13 കോടി രൂപയായിരുന്നു. ഈ കാലയളവിൽ കേന്ദ്ര നികുതിയുടെ വിഹിതം 16,401.05 കോടി രൂപയാണ്. 2018-19 (19,038.17 കോടി രൂപ) യുമായി താരതമ്യം ചെയ്യുമ്പോൾ 13.85 ശതമാനത്തിന്റെ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2019-20 -ൽ സംസ്ഥാനത്തിന് ലഭിച്ച കേന്ദ്രസഹായം 11,235.26 കോടി രൂപയാണ്. ഇതിൽ ചരക്ക് സേവന നികുതി നടപ്പിലാക്കിയതിൽ ഉണ്ടായ നഷ്ടപരിഹാര തുകയായ 5,575.04 കോടി രൂപയും ഉൾപ്പെടുന്നതാണ്. കേന്ദ്ര കൈമാറ്റത്തിന്റെ വിശദാംശങ്ങൾ **പട്ടിക 1.5.2**-ൽ ചേർത്തിരിക്കുന്നു.

## ചെലവ്

റവന്യൂ ചെലവ്, മൂലധന ചെലവ്, വായ്പ് തിരിച്ചടവിൽ ഉണ്ടാകുന്ന ചെലവ് എന്നിങ്ങനെ

**ചിത്രം 1.5.4** വിവിധ ധനകാര്യ കമ്മീഷനുകളെ അടിസ്ഥാനമാക്കിയുള്ള നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കാൻ പറ്റുന്ന അറ്റവിഹിതത്തിന്റെ പ്രവണത




*2020-21 വർഷത്തേക്കുള്ള 15-ാമത് ധനകാര്യ കമ്മീഷൻ ശുപാർശ
*അവലംബം:* ഇന്ത്യ ഗവൺമെന്റിന്റെ വിവിധ ധനകാര്യ കമ്മീഷൻ റിപ്പോർട്ട്

മൂന്ന് ഘടകങ്ങളാണ് സംസ്ഥാന ചെലവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2011–12 മുതൽ 2019–20 വരെയുള്ള കാലഘട്ടത്തിനിടയിൽ പദ്ധതി പദ്ധതിയേതര വിഭാഗത്തിലുള്ള മൊത്തം ചെലവ് 50,896.08 കോടി രൂപയിൽ നിന്നും 1,14,384.95 കോടി രൂപയായി വർദ്ധിച്ചു, സംയോജിത വാർഷിക വളർച്ചാ നിരക്ക് 10.65 ശതമാനമാണ്. റവന്യൂ വരുമാനത്തേക്കാൾ വളരെ കുറഞ്ഞ വേഗതയിലാണ് ചെലവ് വർദ്ധനവിലുണ്ടായ വളർച്ച എന്നത് ശ്രദ്ധേയമാണ്. 2019–20 ലെ മൊത്ത ചെലവായ, 1,14,384.95 കോടി രൂപയിൽ 93,202.22 (81.48 ശതമാനം) കോടി രൂപ പദ്ധതിയേതര ചെലവും, 21,182.72 (18.52 ശതമാനം) കോടി രൂപ പദ്ധതി ചെലവുമാണ്.

## റവന്യൂ ചെലവുകൾ

വികസന ചെലവുകളും വികസനേതര ചെലവുകളും ആണ് റവന്യൂ ചെലവിൽ ഉൾപ്പെടുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം,വ്യവസായം, തൊഴിൽ, തൊഴിലവസരങ്ങൾ എന്നിവയിലുണ്ടായ

**പട്ടിക 1.5.2** കേന്ദ്ര കൈമാറ്റം (രൂപ കോടിയിൽ)

| വർഷം | കേന്ദ്ര നികുതിയിലും ചുങ്കത്തിലുമുള്ള വിഹിതം | | പദ്ധതി പദ്ധതിയേതര വിഭാഗങ്ങൾക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങൾ | | ആകെ കൈമാറ്റം | |
|---|---|---|---|---|---|---|
| | തുക | വാർഷിക വളർച്ചാ നിരക്ക് | തുക | വാർഷിക വളർച്ചാ നിരക്ക് | തുക | വാർഷിക വളർച്ചാ നിരക്ക്(%) |
| 2012–13 | 6840.65 | 14.19 | 3021.53 | −18.54 | 9862.18 | 1.68 |
| 2013–14 | 7468.68 | 9.18 | 4138.21 | 36.96 | 11606.9 | 17.69 |
| 2014–15 | 7926.29 | 6.13 | 7507.99 | 81.43 | 15434.3 | 32.98 |
| 2015–16 | 12690.7 | 60.11 | 8921.35 | 18.82 | 21612 | 40.03 |
| 2016–17 | 15225.02 | 19.97 | 8510.35 | −4.61 | 23735.4 | 9.82 |
| 2017–18 | 16833.08 | 10.56 | 8527.84 | 0.21 | 25360.9 | 6.85 |
| 2018–19 | 19038.2 | 13.10 | 11389 | 33.55 | 30427.1 | 19.98 |
| 2019–20 | 16401.05 | −13.85 | 11235.26 | −1.35 | 27636.3 | −9.17 |

അവലംബം : ധനകാര്യ വകുപ്പ് കേരള സർക്കാർ

ചെലവുകളാണ് വികസന ചെലവുകൾ പലിശയടവ്, പെൻഷൻ വിതരണം മറ്റുള്ളവ എന്നിവയാണ് വികസനേതര ചെലവുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റവന്യൂ ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക 1.5.3–ൽ** ചേർത്തിരിക്കുന്നു.

പൂർത്തിയായ പദ്ധതികളുടെ പ്രവർത്തന സംരക്ഷണ ചെലവുകളും റവന്യൂ ചെലവിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യൂണിവേഴ്സിറ്റികളിലും സ്വയം ഭരണാധികാരമുള്ള സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവയുള്ള ബാധ്യത, പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ബാധ്യത എന്നിവയും റവന്യൂ ചെലവിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന റവന്യൂ ചെലവുകളിൽ കൂടുതലും ഉപയോഗിക്കുന്നത് തദ്ദേശതലത്തിലുള്ള മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് .2018–19 –ൽ 1,10,316.39 കോടി രൂപയായിരുന്ന മൊത്തം റവന്യൂ ചെലവിൽ അല്പം കുറവ് രേഖപ്പെടുത്തി 2019–20 ൽ 1,04,719.92 കോടി രൂപയായി കുറഞ്ഞു. 2019–20 ലെ മൊത്തം റവന്യൂ ചെലവിൽ 47,550.18 കോടി രൂപ (45.42 ശതമാനം) വികസന ചെലവും 57,169.74 കോടി രൂപ (54.59 ശതമാനം) വികസനേതര ചെലവുമാണ്. റവന്യൂ ചെലവും ജി എസ് ഡി പി യുമായുള്ള അനുപാതം കണക്കിലെടുക്കുമ്പോൾ 2018–19 –ൽ 13.96 ശതമാനമായിരുന്നത് കുറഞ്ഞ് 2019–20 ൽ 12.25 ശതമാനമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2019–20 കാലയളവിൽ മുൻ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ ബാധ്യതപ്പെട്ട ചെലവ് വർദ്ധിച്ചിട്ടുള്ളതായി കാണാം. മൊത്തം റവന്യൂ ചെലവിന്റെ 74.70 ശതമാനവും ബാധ്യതപ്പെട്ട ചെലവുകളായ പെൻഷൻ, ശമ്പളം, പലിശ,വിഹിതം എന്നിവയാണ്. 2018–19 ലെ മൊത്തം റവന്യൂം ചെലവിന്റെ 28.47 ശതമാനം ശമ്പള ചെലവിനുണ്ടായിരുന്നത് 2019–20 –ൽ 30.25 ശതമാനമായി വർദ്ധിച്ചു. പെൻഷനുള്ള ചെലവ് 2018–19 –ൽ 17.23 ശതമാനമായിരുന്നത് 2019–20 –ൽ 18.21 ശതമാനമായി വർദ്ധിച്ചു. 2018–19 –ൽ പലിശയിനത്തിലുള്ള ചെലവ് 15.18 ശതമാനവും 2019–20 –ൽ 18.35 ശതമാനവുമാണ്. റവന്യൂ ചെലവുകളുടെ വിശദാംശങ്ങൾ **അനുബന്ധം 1.5.4 ലും അനുബന്ധം 1.5.5 ലും** കാണിച്ചിരിക്കുന്നു.

## മൂലധന ചെലവ്

മാനവ മൂലധനത്തിനായുള്ള സംസ്ഥാന ചെലവുകളിൽ ഭൂരിഭാഗവും റവന്യൂ ചെലവിനായി

**പട്ടിക 1.5.3** റവന്യൂ ചെലവിന്റെ പ്രവണത കോടിയിൽ

| വർഷം | ആകെ റവന്യൂ ചെലവ് | | വികസന ചെലവ് | | വികസനേതര ചെലവ് | |
|---|---|---|---|---|---|---|
| | തുക | തുക വാർഷിക വളർച്ചാ നിരക്ക് | തുക | ആകെ റവന്യൂ ചെലവിന്റെ ശതമാനം | തുക | ആകെ റവന്യൂ ചെലവിന്റെ ശതമാനം |
| 2011-12 | 46044.62 | 32.83 | 25069.8 | 54.45 | 20974.8 | 45.55 |
| 2012-13 | 53488.74 | 16.17 | 29889.0 | 55.88 | 23599.7 | 44.12 |
| 2013-14 | 60485.50 | 13.08 | 32921.1 | 54.43 | 27564.4 | 45.57 |
| 2014-15 | 71746.43 | 18.62 | 39182.2 | 54.61 | 32564.2 | 45.39 |
| 2015-16 | 78689.47 | 9.68 | 41762.7 | 53.07 | 36926.8 | 46.93 |
| 2016-17 | 91096.31 | 15.77 | 48602.6 | 53.35 | 42493.7 | 46.65 |
| 2017-18 | 99948.35 | 9.72 | 52979.5 | 53.01 | 46968.8 | 46.99 |
| 2018-19 | 110316.39 | 10.37 | 56788.0 | 51.48 | 53528.4 | 48.52 |
| 2019-20 | 104719.92 | -5.07 | 47550.2 | 45.41 | 57169.7 | 54.59 |
| 2020-21 | 129837.37 | 23.99 | 68231.1 | 52.55 | 61606.3 | 47.45 |

2006–07 മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള സഹായം സർക്കാരിൽ നിന്നുള്ള ധനസഹായം എന്നും സംഭാവന എന്നും തരം തിരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസനചെലവും കണക്കാക്കപ്പെടുന്നു.

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

വർഗ്ഗീകരിക്കുന്നതിനാൽ മൂലധനചെലവിന്റെ വിഹിതം എല്ലായിപ്പോഴും ചെറുതാണ്. ഇന്ത്യൻ ഭരണ ഘടനയനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള ജോലിയുടെ വിഭജനത്തിന് അനുസൃതമാണിത്. വിഭവങ്ങളുടെ അപര്യാപ്തതയാണ് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ധനസഹായത്തിന്റെ പ്രധാന തടസ്സം. അതിനാൽ സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിനായി പ്രധാന അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിന് സർക്കാർ ബദൽ നയം സ്വീകരിച്ചു.

മൂലധന പദ്ധതികളിൽ ദീർഘകാല നിക്ഷേപം ആകർഷിക്കുന്നതിൽ സർക്കാർ ആരംഭിച്ച ബദൽ വികസന മാതൃക ഇതിനകം തന്നെ നല്ല സൂചനകൾ നൽകി തുടങ്ങിയിട്ടുണ്ട്. മൂലധന ചെലവിന്റെയും മൊത്തം ചെലവുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 1.5.6** ലും മൂലധന ചെലവിന്റെ പ്രവണത **അനുബന്ധം 1.5.7** ലും നൽകിയിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി വിവിധ മേഖലകളിലെ മൂലധന പദ്ധതികളിൽ സർക്കാർ വിഹിതം കൂടി വരുന്നതായി കാണാം. സംസ്ഥാനത്തിന്റെ മൂലധന വിഹിതം 2019–20 –ൽ 8,454.80 കോടി രൂപയും 2018–19 –ൽ ഇത് 7,430.54 കോടി രൂപയുമായിരുന്നു. മൂലധന വിഹിതവും മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം 2018–19 ൽ 0.94 ശതമാനമായിരുന്നത് 2019–20 –ൽ നേരിയ വർദ്ധനവ് ഉണ്ടായി 0.99 ശതമാനമാണ്. 2019–20 ൽ മൂലധന വിഹിതത്തിലെ 28.81 ശതമാനം പൊതുമരാമത്ത് വകുപ്പിനാണ് തുടർന്ന് കൃഷിയും അനുബന്ധ മേഖലകളും (4.03 ശതമാനം), ജലസേചനം (3.35 ശതമാനം) വ്യവസായങ്ങളും തൊഴിൽ മേഖലയും (3.00 ശതമാനം) മൂലധന വിഹിതത്തിന്റെ ഒരു പ്രവണത **പട്ടിക 1.5.4**–ൽ കാണിച്ചിരിക്കുന്നു.

സംസ്ഥാനത്തിന്റെ മൂലധന ചെലവിന്റെ പ്രധാന ഘടകങ്ങൾ കൃഷി, ജലസേചനം, വ്യവസായം തുടങ്ങിയ സാമ്പത്തിക സേവന മേഖലകളാണ്. 2018–19 –ൽ മൂലധന ചെലവിന്റെ 56 ശതമാനം സാമ്പത്തിക സേവന മേഖലകളിൽ ഉൾപ്പെടുന്നു. 2019–20 ൽ ഇത് 74 ശതമാനമായി ഉയർന്നു. മൂലധന വിഹിതത്തിന്റെ പ്രവണത **ചിത്രം 1.5.5**–ൽ കാണിച്ചിരിക്കുന്നു.

## കടബാധ്യത

പലിശയുൾപ്പടെ തിരച്ചടക്കേണ്ട വായ്പകളെയാണ് കടം എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആഭ്യന്തര കടം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന വായ്പകളും മുൻകൂർ തുകകളും ചെറുകിട സമ്പാദ്യ പദ്ധതികൾ, പ്രോവിഡന്റ് ഫണ്ട് നിക്ഷേപം തുടങ്ങിയ അക്കൗണ്ടുകളുമായി ബന്ധപ്പെട്ട് ബാധ്യതകളും ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ കടം. കഴിഞ്ഞ 5 വർഷമായി സംസ്ഥാനത്തിന്റെ സാമ്പത്തിക കമ്മി കുറയ്ക്കുന്ന സ്രോതസ്സുകൾ വിപണിയിൽ നിന്നുള്ള കടമെടുപ്പ്, ചെറുകിട സമ്പാദ്യ പദ്ധതികൾ, പ്രോവിഡന്റ് ഫണ്ട് നിക്ഷേപം എന്നിവയിൽ നിന്നുള്ള നീക്കിയിരുപ്പ് എന്നിവയാണ്.

2019–20 –ൽ സംസ്ഥാനത്തിന്റെ കടബാധ്യത 2,60,311.37 കോടി രൂപയാണ്. കടത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 2018–19 –ൽ 11.80 ആയിരുന്നത് 2019–20 –ൽ 10.47 ശതമാനമായി കുറഞ്ഞു. കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം 2012–13 –ൽ 25.12 ശതമാനമായിരുന്നു., 2019–20 –ൽ ഇത് 30.46 ശതമാനമാണ്.

2018–19 –ൽ വർഷത്തിൽ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയിൽ 64.08 ശതമാനം ആഭ്യന്തര കടമാണ്. 2018–19 –ൽ 1,50,991.04 കോടി

**പട്ടിക 1.5.4** മൂലധന വിഹിതത്തിലെ പ്രവണത (രൂപ കോടിയിൽ)

| വർഷം | ജലസേചനം | കൃഷിയും അനുബന്ധ മേഖലകളും | വ്യവസായം, തൊഴിൽ, തൊഴിൽ സാധ്യതകൾ | പൊതു ജോലി | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 2012–13 | 340.60 | 192.11 | 273.95 | 2142.92 | 1653.71 | 4603.29 |
| 2013–14 | 342.39 | 210.62 | 342.24 | 1549.43 | 1849.65 | 4294.33 |
| 2014–15 | 270.24 | 355.90 | 260.22 | 1578.94 | 1789.29 | 4254.59 |
| 2015–16 | 526.23 | 473.08 | 334.94 | 2924.26 | 3241.53 | 7500.04 |
| 2016–17 | 674.83 | 555.62 | 516.79 | 3001.88 | 5376.83 | 10125.95 |
| 2017–18 | 544.49 | 629.83 | 548.06 | 2595.57 | 4430.92 | 8748.87 |
| 2018–19 | 271.78 | 543.95 | 276.74 | 2000.48 | 4337.58 | 7430.53 |
| 2019–20 | 282.83 | 340.37 | 254.01 | 2435.51 | 5142.08 | 8454.80 |
| 2020–21 | 630.98 | 420.26 | 496.54 | 2047.68 | 9317.76 | 12913.22 |

*അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ*

ചിത്രം 1.5.5 മൂലധന ചെലവിന്റെ ഘടകങ്ങളുടെ പ്രവണത




*അവലംബം: ബജറ്റ് രേഖ, ധനകാര്യ വകുപ്പ്, കേരള സർക്കാർ*

രൂപയായിരുന്ന ആഭ്യന്തര കടം 2019-20 -ൽ 1,65,960.04 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ആഭ്യന്തര കടത്തിന്റെ വർദ്ധനവ് 2019-20 ൽ 9.91 ശതമാനമായി. ചെറുകിട നിക്ഷേപ പദ്ധതികൾ പ്രോവിഡന്റ് ഫണ്ട് എന്നിവയിലെ ബാധ്യത ആകെ ബാധ്യതയുടെ 33.53 ശതമാനമാണ്. 2018-19 -ൽ 77,397.04 കോടി രൂപയായിരുന്ന ചെറുകിട നിക്ഷേപ പദ്ധതികൾ പ്രോവിഡന്റ് ഫണ്ട് എന്നിവയിലെ ബാധ്യത. 2019-20 ആയപ്പോൾ 85,671.15 കോടി രൂപയായി വർദ്ധിച്ചു. കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പയുടെയും മുൻകൂർ തുകയുടെയും ബാധ്യത 2019-20 ൽ 8,680.19 കോടി രൂപയാണ്. 2019-20 വർഷത്തെ മൊത്തം കടവും നീക്കിയിരുപ്പ് കടവും യഥാക്രമം 24,679.88 കോടി രൂപയും 5,488.88 കോടി രൂപയുമാണ്.

സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. സമ്പദ് വ്യവസ്ഥയെ ഏറ്റവും കുറഞ്ഞ ഭാരം ഉപയോഗിച്ച് വിഭവങ്ങൾ സമാഹരിക്കുന്നതിനും സംസ്ഥാനം പ്രതിജ്ഞാബദ്ധമാണ്. സമ്പദ് വ്യവസ്ഥയെ സുസ്ഥിരമാക്കുന്നതിന് വിഭവങ്ങൾ സമാഹരിക്കുന്നതിനും ചെലവുകൾക്ക് മുൻഗണന നൽകുന്നതിനും സംസ്ഥാനത്തിന്റെ വികസന ശ്രമങ്ങൾ തുടരുന്നതിനും കഠിനമായ ശ്രമങ്ങൾ തുടരേണ്ടതാണ്.

## 1.6 പദ്ധതി വകയിരുത്തൽ 2020-21

കേന്ദ്ര സർക്കാർ പഞ്ചവത്സര പദ്ധതി രൂപീകരണം അവസാനിപ്പിച്ചുവെങ്കിലും കേരളം പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും തയ്യാറാക്കുകയും അതു നടപ്പിലാക്കി മുന്നോട്ട് പോകുകയുമാണ്. സംസ്ഥാനത്തിന്റെ പഞ്ചവത്സര പദ്ധതി രൂപീകരണത്തിലും വാർഷിക പദ്ധതി രൂപീകരണത്തിലും കേരള സംസ്ഥാന ആസൂത്രണ ബോർഡ് ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ നാലാം വർഷമാണ് വാർഷിക പദ്ധതി 2020-21. 2020-21 വാർഷിക പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ സാമൂഹിക സേവനങ്ങളും സാമൂഹിക അടിസ്ഥാന സൗകര്യങ്ങളും സംരക്ഷിക്കുകയും, വിപുലീകരിക്കുകയും ചെയ്യുക, ഉത്പാദനം പ്രോത്സാഹിപ്പിക്കുക, പ്രാദേശിക വികസനം ശക്തിപ്പെടുത്തുക എന്നിവയായിരുന്നു. സംസ്ഥാനത്ത് ജീവനോപാദികൾ സൃഷ്ടിക്കുന്നതിലും നിലവിലുള്ള സ്കീമുകൾ പൂർത്തീകരിക്കുന്നതിനൊപ്പം സമാനലക്ഷ്യങ്ങളുള്ള സ്കീമുകളെ ലയിപ്പിച്ച് സ്കീമുകളുടെ എണ്ണം കുറയ്ക്കുന്നതിനും ഉള്ള ശ്രമങ്ങൾക്ക്, പദ്ധതി മുൻഗണന നൽകിയിട്ടുണ്ട്. ദീർഘകാലമായി തീർപ്പുകൽപ്പിക്കപ്പെടാതെയുള്ള സ്കീമുകളെ/ പ്രോജക്ടുകളെ അവസാനിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്കും പദ്ധതി മുൻഗണന നൽകിയിട്ടുണ്ട്.

2020-21 വർഷത്തെ ആകെ വാർഷിക പദ്ധതി 36,786.33 കോടി രൂപയാണ്, ഇതിൽ 27,610 കോടി രൂപയുടെ സംസ്ഥാന പദ്ധതിയും 9176.33 കോടി രൂപയുടെ കേന്ദ്ര സഹായവും ഉൾപ്പെടുത്തിയിട്ടുണ്ട്. 2020-21 ലെ സംസ്ഥാന പദ്ധതി വിഹിതം 27,610 കോടി രൂപയാണ്. 2019-20 ൽ 30,610 കോടി രൂപയായിരുന്ന പദ്ധതി വിഹിതത്തിൽ നിന്ന് 9.80 ശതമാനം കുറവാണ് രേഖപ്പെടുത്തിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തിനായി സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും 7,158 കോടി രൂപ വകയിരുത്തിയിട്ടുണ്ട്, ബാക്കി 20,452 കോടി രൂപ സംസ്ഥാന സർക്കാർ സ്കീമുകൾക്കായി നീക്കിവച്ചിട്ടുണ്ട്. പട്ടികജാതി ഉപപദ്ധതിക്കായി 2,708.54 കോടി രൂപയും പട്ടിക വർഗ്ഗ ഉപപദ്ധതിക്കായി 781.36 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പ്രധാന അടിസ്ഥാന സൗകര്യ വികസനത്തിനായി 1,000 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും പെൺകുട്ടികളുടെയും സ്ത്രീകളുടെയും ക്ഷേമത്തിനായി 3,809.87 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 5 കോടി രൂപ ട്രാൻസ്ജെൻഡർ വിഭാഗത്തിനായി മാറ്റിവച്ചിട്ടുണ്ട്. 2020-21 പദ്ധതിയിൽ കുട്ടികളുടെ ക്ഷേമത്തിനായി 1847.33 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 2019-20, 2020-21 വർഷങ്ങളിലെ പദ്ധതികളുടെ താരതമ്യ പട്ടിക 1.6.1-ൽ നൽകിയിട്ടുണ്ട്.

### വാർഷിക പദ്ധതി 2020-21 ക്രമീകരിക്കുന്നതിനുള്ള മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിനുള്ള പ്രവർത്തനം

കോവിഡ്-19 മഹാമാരി കാരണം പദ്ധതിയേതര ചെലവിൽ ചില അപ്രതീഷിത വർദ്ധനവ്, കോവിഡ് കാലത്ത് നേരിടേണ്ടതായി വന്നതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ആസൂത്രണ ബോർഡ് 2020-21 ലെ പദ്ധതിയിൽ ഉൾപ്പെട്ട അടിയന്തിരമായി തീർപ്പാക്കേണ്ട പദ്ധതികൾക്ക് മുൻഗണന നൽകാൻ തീരുമാനിക്കുകയുണ്ടായി. ഈ ഉദ്യമം നടപ്പാക്കുന്നതിനായി 2020-21 വാർഷിക പദ്ധതിയെ (ഉപാദിരഹിത വിഹിതവും കേന്ദ്രപദ്ധതികൾക്കുള്ള സംസ്ഥാന വിഹിതവും) 6 മാസം വീതമുള്ള (ഏപ്രിൽ 2020 മുതൽ സെപ്റ്റംബർ 2020 വരെയും ഒക്ടോബർ 2020 മുതൽ മാർച്ച് 2021 വരെയും) രണ്ട് ഭാഗങ്ങളായി വിഭജിക്കുകയുണ്ടായി. ഇങ്ങനെ ചെയ്യുന്നതിലൂടെ വകുപ്പുകൾക്ക് അവരുടെ വിഭാഗത്തിലെ ചെലവുകൾ വേഗത്തിൽ നിരീക്ഷിക്കാൻ കഴിയുന്നതാണ്.

### പ്ലാൻസ്പേസ്

സംസ്ഥാനത്തെ പ്ലാൻ മോണിറ്ററിംഗിനും മൂല്യനിർണ്ണയ സംവിധാനവും ശക്തിപ്പെടുത്തുന്നതിനുമായി ഐഐഐടിഎം-കെ യുടെ സാങ്കേതിക

**പട്ടിക 1.6.1** മേഖല അടിസ്ഥാനമാക്കിയുള്ള വിഹിതം 2019–20, 2020–21 (രൂപ കോടിയിൽ)

| ക്രമ നം | മേഖല/ഉപമേഖല | 2019–20 | | | 2020–21 | | | 2019–20 ൽ നിന്നുള്ള % വ്യത്യാസം |
|---|---|---|---|---|---|---|---|---|
| | | വിഹിതം | കേന്ദ്ര സഹായം | ആകെ | വിഹിതം | കേന്ദ്ര സഹായം | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| I | കൃഷിയും അനുബന്ധ മേഖലയും | 1748.70 | 379.46 | 2128.16 | 1463.77 | 242.08 | 1705.85 | –19.84 |
| II | ഗ്രാമീണ വികസനം | 1690.65 | 4282.83 | 5973.48 | 1598.50 | 4146.37 | 5744.87 | –3.83 |
| III | പ്രത്യേക മേഖല പരിപാടികൾ | 283.33 | 12.00 | 295.33 | 243.24 | 12.00 | 255.24 | –13.57 |
| IV | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 517.71 | 38.03 | 555.74 | 461.51 | 177.57 | 639.08 | 15.00 |
| V | ഊർജ്ജം | 1781.45 | 0.00 | 1781.45 | 1764.57 | 0.00 | 1764.57 | –0.95 |
| VI | വ്യവസായങ്ങളും ധാതുക്കളും | 978.69 | 0.00 | 978.69 | 859.70 | 0.00 | 859.70 | –12.16 |
| VII | ഗതാഗതം | 1711.16 | 0.00 | 1711.16 | 1703.63 | 0.00 | 1703.63 | –0.44 |
| VIII | ശാസ്ത്രം, സാങ്കേതിക വിദ്യയും പരിസ്ഥിതിയും | 1074.44 | 115.56 | 1190.00 | 924.84 | 117.98 | 1042.82 | –12.37 |
| IX | പൊതു സാമ്പത്തിക സേവനങ്ങൾ | 2571.09 | 91.17 | 2662.26 | 1828.38 | 85.29 | 1913.67 | –28.12 |
| X | സാമൂഹ്യ സേവനം | 9660.08 | 4217.12 | 13877.20 | 8522.82 | 4359.04 | 12881.86 | –7.17 |
| XI | പൊതുസേവനങ്ങൾ | 92.70 | 36.00 | 128.70 | 81.04 | 36.00 | 117.04 | –9.06 |
| | ആകെ (I – XI) | 22110.00 | 9172.17 | 31282.17 | 19452.00 | 9176.33 | 28628.33 | –8.48 |
| XII | എൽ എസ് ജി ഡി | 7500.00 | 0.00 | 7500.00 | 7158.00 | 0.00 | 7158.00 | –4.56 |
| XIII | ആർ കെ ഐ | 1000.00 | 0.00 | 1000.00 | 1000.00 | 0.00 | 1000.00 | 0.00 |
| | ആകെ | 30610.00 | 9172.17 | 39782.17 | 27610.00 | 9176.33 | 36786.33 | –7.53 |

*അവലംബം: പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്*

സഹായത്തോടെ സംസ്ഥാന ആസൂത്രണ ബോർഡ് വികസിപ്പിച്ചെടുത്ത ഒരു പോർട്ടലാണ് പ്ലാൻസ്പേസ്. ജി 2 ജി ഇ–ഗവേണൻസ് ഫ്രെയിം വർക്കിൽ നടപ്പാക്കിയ ഈ പദ്ധതി, സംസ്ഥാനത്തെ എല്ലാ വകുപ്പുകൾക്കും അവരുടെ പദ്ധതികൾ തത്സമയം നിരീക്ഷിക്കാനും വിലയിരുത്താനും സഹായിക്കുന്നു. സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നവർക്കും ആസൂത്രകർക്കും പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനും സമയബന്ധിതവും അനുയോജിതവുമായ തീരുമാനങ്ങൾ എടുക്കുവാനും ഇടപെടലുകൾ നടത്തുവാനും ഇത് സൗകര്യമൊരുക്കുന്നു. മാത്രമല്ല, വകുപ്പ് തല പദ്ധതി നിർവ്വഹണ പുരോഗതി നിരന്തരം അപ്ഡേറ്റ് ചെയ്യത വിവരങ്ങൾ സംസ്ഥാനത്തെ എല്ലാ പൗരന്മാർക്കും ഓൺലൈനിലൂടെ അറിയുവാൻ സഹായിക്കുന്നു, ഇത്തരത്തിൽ പദ്ധതി നിർവ്വഹണത്തിലും നിരീക്ഷണത്തിലും സുതാര്യത ഉറപ്പാക്കുന്നു. സംസ്ഥാന ബഡ്ജറ്റിൽ വിഹിതം വകയിരുത്തിയ, സർക്കാർ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും മുഴുവൻ നടപ്പാക്കൽ ജീവിതചക്രം പ്ലാൻസ്പേസ് ട്രാക്കുചെയ്യുന്നു. ജില്ലാതല പദ്ധതി നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി, 2015–16–ൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്ലാൻസ്പേസ് വ്യാപിപ്പിച്ചു. ഇത് ജില്ലാ ഉപജില്ലതലത്തിൽ നടപ്പിലാക്കുന്ന പദ്ധതി പുരോഗതി സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുന്നതിനും, കൃത്യതയും സമയക്രമവും പാലിക്കുന്നതിനും സഹായിക്കുന്നു.

2014–15 മുതൽ വകുപ്പുകൾ ഓൺലൈൻ പ്ലാൻ മുഖേന കരട് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന പ്രവർത്തനം ആരംഭിച്ചു. വകുപ്പുകൾ, അവരുടെ സ്ഥാപനങ്ങൾക്കുള്ളിലെ ചർച്ചകൾക്ക് ശേഷം, വരുന്ന ഓരോ സാമ്പത്തിക വർഷത്തിനും പദ്ധതികൾ തയ്യാറാക്കുകയും, സംസ്ഥാനത്തിനായി വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ ചർച്ചകൾക്കായി സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിക്കുകയും ചെയ്യുന്നു. 2019–20–ൽ, സംസ്ഥാന ആസൂത്രണ ബോർഡിന് ഓൺലൈൻ വഴി പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടത്താൻ പ്രാപ്തമാക്കുന്നതിനായി പ്ലാൻസ്പെയ്സിൽ

കൂടുതൽ സവിശേഷതകൾ ചേർത്തു. 2020–21 കാലയളവിൽ ഇ–ഓഫീസുമായി പ്ലാൻ സ്പേസ് സംയോജിപ്പിച്ചു. തൻമൂലം തീരുമാനമെടുക്കൽ പ്രക്രിയയിൽ സിസ്റ്റത്തിന്റെ പ്രവർത്തനക്ഷമതയും ഉപയോഗക്ഷമതയും വർദ്ധിപ്പിക്കുന്നു. കൂടാതെ ഈ കാലഘട്ടത്തിൽ പ്ലാൻസ്പെയ്സിന്റെ പുതിയ പതിപ്പിന്റെ വികസനം ആരംഭിച്ചു. പദ്ധതി നടപ്പാക്കുന്നതിലെ നാഴികക്കല്ലുകൾ കണ്ടെത്തുന്നതിനും വിവിധ മേഖലകളിലെ സർക്കാർ ചെലവുകളുടെ ഉൽപാദനക്ഷമത അളക്കുന്നതിനുമുള്ള സോഫ്റ്റ്വെയർ പുതിയ പതിപ്പ് വിഭാവനം ചെയ്യുന്നു. ഇതിനുപുറമെ, കേന്ദ്ര സർക്കാരിന്റെ കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ് വികസിപ്പിച്ചെടുത്തു നടപ്പിലാക്കി വരുന്ന ഓൺലൈൻ സോഫ്റ്റ്വെയറായ പബ്ലിക് ഫിനാൻഷ്യൽ മാനേജ്മന്റ് സിസ്റ്റം (പി എഫ് എം എസ് ) പ്ലാൻസ്പേസമായി സമന്വയിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്ര സർക്കാരിന്റെ എല്ലാ പദ്ധതികൾക്കും അനുവദിച്ചിരുന്ന ഫണ്ടുകൾ ട്രാക്കുചെയ്യുന്നതിന് ഇത് സഹായിക്കും. സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും പ്രോജക്റ്റുകൾക്കുമായി ഫലപ്രദമായ ഓൺലൈൻ നിരീക്ഷണ/ മൂല്യനിർണ്ണയ സംവിധാനമായാണ് പ്ലാൻസ്പേസ് നിർമ്മിച്ചിരിക്കുന്നത്, കൂടാതെ എല്ലാ വകുപ്പുകളിലെയും പദ്ധതി നടപ്പാക്കലുമായി ബന്ധപ്പെട്ട വിശകലനത്തിനും വിവരങ്ങളുടെ പരിപാലനത്തിനും സമഗ്രവും ശാസ്ത്രീയവും വിശ്വസനീയവുമായ ഡാറ്റ ബേസ് പ്ലാൻ സ്പേസ് നൽകുന്നു.

അദ്ധ്യായം

02

# കോവിഡ്-19 മഹാമാരിയും കേരളത്തിന്റെ പ്രതികരണവും

അദ്ധ്യായം
02

# കോവിഡ്–19 മഹാമാരിയും കേരളത്തിന്റെ പ്രതികരണവും

*"കോവിഡ്–19 മഹാമാരി ഒരു പൊതുജനാരോഗ്യ അടിയന്തരാവസ്ഥയാണ്, അതിനും അപ്പുറവുമാണ്. ഇത് ഒരു സാമ്പത്തിക പ്രതിസന്ധിയും, സാമൂഹികപ്രതിസന്ധിയും കൂടാതെ മാനുഷികമായ പ്രതിസന്ധിയുമാണ്. ഇത് അതിവേഗം മനുഷ്യാവകാശ പ്രതിസന്ധിയായി വളർന്നുകൊണ്ടിരിക്കുന്നു"*– അന്റോണിയോ ഗുട്ടെറസ്, –ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറൽ.

ഇന്ത്യയിലെ ആദ്യ കോവിഡ്–19 രോഗം കേരളത്തിൽ 2020 ജനുവരി 30 ന് സ്ഥിതീകരിച്ചു. ആദ്യ കോവിഡ്–19 രോഗം റിപ്പോർട്ട് ചെയ്തതുമുതൽ, പകർച്ചവ്യാധിയെ നേരിടാൻ കേരളം ബഹുമുഖ തന്ത്രം സ്വീകരിച്ചു, ഇതിന് വ്യാപകമായ പ്രശംസയും അംഗീകാരവും നേടി. ദുരന്തങ്ങളോടുള്ള അതുല്യമായ പ്രതിരോധവും പ്രതിസന്ധികളെ അതിജീവിക്കുന്നതിൽ പൊതുപ്രവർത്തനത്തിന്റെ കരുത്തും കേരളം സമയാസമയങ്ങളിൽ തെളിയിച്ചിട്ടുണ്ട്. കേരളത്തിന്റെ സുസ്ഥാപിതമായ പൊതുജനാരോഗ്യ സംരക്ഷണ സംവിധാനത്തിന്റെയും വികേന്ദ്രീകൃത ഭരണത്തിന്റെയും അതുല്യമായ കരുത്താണ് മഹാമാരിയെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ സഹായമായത്.

## കോവിഡ്–19

ചൈനയിലെ വുഹാൻ നഗരത്തിൽനിന്ന് 2019 ഡിസംബർ മാസാവസാനത്തോടെ ഉറവിടം വ്യക്തമാകാത്ത ന്യുമോണിയ രോഗ വാഹരുടെ വിവരം റിപ്പോർട്ട് ചെയ്യപ്പെടുകയും ഇത് പുതിയ ഒരു തരം കൊറോണ വൈറസ് കാരണമാണെന്ന് തിരിച്ചറിയുകയും ചെയ്തു. 2020 മാർച്ച് 11 ന് ലോകാരോഗ്യ സംഘടന നോവൽ കൊറോണ വൈറസ് (കോവിഡ്–19) ഒരു പകർച്ച വ്യാധിയായി പ്രഖ്യാപിക്കുകയും ചെയ്തു. ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിനും, രോഗ ഉറവിടം കണ്ടെത്തുന്നതിനും, ചികിത്സ ലഭ്യമാക്കുന്നതിനും, വ്യാപനം തടയുന്നതിനുമായി അടിയന്തര നടപടികൾ സ്വീകരിക്കുവാനും രാജ്യങ്ങളോട് ലോകാരോഗ്യസംഘടന ആഹ്വാനം ചെയ്തു. ആഗോള തലത്തിൽ 2020 ഡിസംബർ 30 ലെ കണക്കുകൾ പ്രകാരം 80,773,033 പേർക്ക് കോവിഡ്–19 സ്ഥിതീകരിച്ചു. ഇതിൽ 17,83,619 പേരുടെ മരണം ലോകാരോഗ്യ സംഘടന റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഡബ്ല്യു. എച്ച്.ഒ, 2020). ഇന്ത്യയിൽ ഡിസംബർ 31, 2020 വരെ രോഗം സജീവമായവരുടെ എണ്ണം 2,57,656 ഉം ആണ്. ഇന്ത്യയിൽ മൊത്തം 98,60,280 പേരെ ഡിസ്ചാർജ് ചെയ്തു. മൊത്തം മരണസംഖ്യ 1,48,738 ആണ്.

(അവലംബം: ആരോഗ്യ, കുടുംബക്ഷേമ മന്ത്രാലയം, ഭാരത സർക്കാർ)

## കേരളത്തിന്റെ ഇടപെടൽ

ഒരു ആഗോള പ്രതിസന്ധിയോടുള്ള ആഗോള തലത്തിലുള്ള പ്രതികരണത്തിന്റെ ഭാഗമായാണ് കോവിഡ്–19 നെ പ്രതിരോധിക്കാൻ കേരള സർക്കാർ നടത്തിയ ഇടപെടൽ മനസ്സിലാക്കേണ്ടത്. എല്ലാ മേഖലകളിലെയും ചോദനത്തിന്റെയും വിതരണത്തിന്റെയും ഘടകങ്ങളെ ഈ പ്രതിസന്ധി ബാധിച്ചു. സർക്കാരിന്റെ എല്ലാ വിഭാഗങ്ങൾക്കും ഇതിൽ സമയബന്ധിതമായി ഇടപെടാൻ കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ വകുപ്പുകളുടെയും ഏകോപനം വഴി ഈ മഹാമാരിയെ തടയാൻ കേരള സർക്കാർ നടത്തിയ ശ്രമങ്ങളെ പ്രതിഫലിപ്പിക്കുന്നു.

## കോവിഡ്–19 നോട് ഉള്ള ആരോഗ്യ സംവിധാനത്തിന്റെ ഇടപെടൽ

ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ (ഡബ്ല്യുഎച്ച്ഒ) കോവിഡ്–19 ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിക്കുന്നതിന് വളരെ മുമ്പുതന്നെ കോവിഡ്–19 പ്രതിരോധിക്കാനുള്ള കേരളത്തിന്റെ ഇടപെടൽ ആരംഭിച്ചു. ആദ്യ കേസ് റിപ്പോർട്ട് ചെയ്ത ദിവസം മുതൽ സംസ്ഥാനത്തെ പ്രതിരോധ തന്ത്രങ്ങൾ നന്നായി നടന്നിരുന്നു. ചൈനയിലെ വുഹാൻ നഗരത്തിൽ കൊറോണ വൈറസ്

പടർന്നുപിടിക്കുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമായപ്പോൾ തന്നെ ആരോഗ്യവകുപ്പ് അടിയന്തര പ്രതികരണ സംവിധാനം സജ്ജമാക്കി. ജനുവരി 24 ന് കേരളം "അലേർട്ട് മോഡിലേക്ക്" എത്തുകയും മഹാമാരിയെ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. 2018 ലും 2019 ലും നിപയുടെ രൂപത്തിൽ ഉണ്ടായ രണ്ട് പൊതുജനാരോഗ്യ അത്യാഹിതങ്ങൾ കൈകാര്യം ചെയ്തതിൽ നിന്നുള്ള സംസ്ഥാനത്തിന്റെ അനുഭവം പ്രയോജനകരമായി. രോഗലക്ഷണങ്ങളുള്ളവരെ കണ്ടെത്തുന്നതിനും ആശുപത്രികളിലേക്ക് കൊണ്ടുപോകുന്നതിനും ഉള്ള സംവിധാനം കേരളം ഇതിനകം തന്നെ വികസിപ്പിച്ചെടുത്തിരുന്നു. കോവിഡ്-19 കൈകാര്യം ചെയ്യുന്നതിനായി ആരോഗ്യവുമായി ബന്ധപ്പെട്ട വിവിധ ഇടപെടലുകൾ നടത്തി ആരോഗ്യ സംവിധാനം വെല്ലുവിളിയെ നേരിടാൻ സുസജ്ജമാക്കി.

### അടിസ്ഥാന സൗകര്യങ്ങളുടെ വിലയിരുത്തൽ

സംസ്ഥാനത്ത് ആദ്യ കോവിഡ് രോഗബാധ സ്ഥിതീകരിച്ചതിനു തൊട്ടുപിന്നാലെ സർക്കാർ, സ്വകാര്യ മേഖലകളിലെ എല്ലാ ആരോഗ്യ പരിരക്ഷാ സൗകര്യങ്ങളുടെയും വിശദമായ വിലയിരുത്തൽ നടത്തി. ആശുപത്രി കിടക്കകളുടെ എണ്ണം, ഐസിയു, വെന്റിലേറ്ററുകൾ തുടങ്ങിയവയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്തു. ലഭ്യമായ ആകെ കിടക്കകളെ പ്ലാൻ എ, പ്ലാൻ ബി എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. മറ്റ് സൗകര്യങ്ങൾ പരിവർത്തനം ചെയ്ത് അനുവദിക്കാവുന്ന അധിക കിടക്കകളെ പ്ലാൻ സി ആയി അനുവദിച്ചു. ഈ സൗകര്യങ്ങൾ ഉപയോഗിച്ച് സംസ്ഥാന തലത്തിൽ പ്രാവർത്തികമാക്കാനുള്ള വിശദമായ കർമപദ്ധതി തയ്യാറാക്കുന്നതിന് എല്ലാ ജില്ലകളിലും തുടർച്ചയായ മീറ്റിംഗുകൾ നടത്തി. സ്ഥിരീകരിച്ചതും സംശയിക്കപ്പെടുന്നതുമായ എല്ലാ കേസുകളും തുടക്കത്തിൽ പ്ലാൻ എ യിൽ പ്രവേശിപ്പിച്ചിരുന്നു. പ്ലാൻ എ സൗകര്യങ്ങൾ പരിധിക്ക് പുറത്തേക്ക് പോയാൽ പ്ലാൻ ബി സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുമെന്നും തീരുമാനിച്ചു.

മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വീടുകളിൽ ക്വാറന്റീൻ സൗകര്യമില്ലാത്ത എല്ലാ അന്തർദ്ദേശീയ യാത്രക്കാരെയുംഅന്തർസംസ്ഥാന യാത്രക്കാരെയും ക്വാറന്റീൻ ചെയ്യുവാനായി കോവിഡ് കെയർ സെന്ററുകൾ (സി.സി.സി) സ്ഥാപിച്ചു. രോഗലക്ഷണമുള്ള രോഗികൾക്കായി കോവിഡ് ആശുപത്രികളെയും രോഗലക്ഷണമില്ലാത്ത രോഗികൾക്കായി കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങളെയും (സി.എഫ്.എൽ.ടി.സി) നിയോഗിച്ചു.

കോവിഡ്-19 ഹോസ്പിറ്റലുകളുടെയും സി.എഫ്.എൽ.ടി. സികളുടെയും രൂപീകരണത്തിനും നടത്തിപ്പിനും മാനദണ്ഡങ്ങളും നടപടിക്രമങ്ങളും തയ്യാറാക്കി. ഈ കേന്ദ്രങ്ങളിലേക്കുള്ള പ്രവേശനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ പരിഷ്ക്കരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്താൽ മതിയായ സ്റ്റാഫ്, ബയോമെഡിക്കൽ മാലിന്യ നിർമാർജനം തുടങ്ങിയവ നടത്തിപോരുന്നു. കോവിഡ് ആശുപത്രികളുടെയും സി.എഫ്.എൽ.ടി.സി. കളുടെയും പ്രവർത്തനം നിരീക്ഷിക്കുന്നതിന് എല്ലാ ജില്ലകളിലേക്കും മേൽനോട്ടം നടത്തുന്നതിനായി മേൽനോട്ട സംഘങ്ങളെ അയച്ചു. സംസ്ഥാന തലത്തിൽ തയ്യാറാക്കിയ ഒരു ചെക്ക്ലിസ്റ്റ് ഉപയോഗിച്ച് പരിശോധനാ സംഘം എല്ലാ സൗകര്യങ്ങൾക്കും പിന്തുണയും മേൽനോട്ടവും വഹിച്ചു. മാർഗ്ഗനിർദ്ദേശങ്ങളും മറ്റ് അനുബന്ധ രേഖകളും www.dhs.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു, അതിനാൽ കോവിഡ് മാനേജ്മെന്റിൽ ഉപയോഗിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളെയും എസ്ഒപികളുടെയും കാര്യത്തിൽ സുതാര്യത കൈവരിക്കാൻ കഴിഞ്ഞു.

സംസ്ഥാനതല മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കോവിഡ് രോഗികളെ ഈ കേന്ദ്രങ്ങളിൽ പ്രവേശിപ്പിച്ചു. എല്ലാ പോസിറ്റീവ് കേസുകളേയും അടുത്തുള്ള കോവിഡ് ആശുപത്രിയിലോ സി.എഫ്.എൽ.ടി. സികളിലോ മാറ്റി ഒരു നോഡൽ ഓഫീസറെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനായി ഏർപ്പെടുത്തി. ഇത്തരം സംവിധാനങ്ങളിൽ സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും രോഗിക്കും കൂട്ടിരിപ്പുകാർക്കും വേണ്ടി ഹെൽപ്പ് ലൈൻ നമ്പറുകൾ നൽകുകയും ചെയ്തു. കൂടാതെ കോവിഡ് രോഗികൾക്കും ക്വാറന്റീന് വിധേയരായവർക്കുംമാനസികമായി പിന്തുണ നൽകുന്നതിനായി മാനസികാരോഗ്യ പിന്തുണാ സംഘങ്ങളെ നിയോഗിച്ചു.

കൂടാതെ, സംസ്ഥാന, ജില്ലാ തലങ്ങളിലെ പശ്ചാത്തല സൗകര്യ പരിപാലന സംഘങ്ങൾ മുഖേന കോവിഡ് ചികിത്സ നൽകുന്ന എല്ലാ സൗകര്യങ്ങളുടെയും പ്രവർത്തനത്തെ സൂക്ഷ്മമായി നിരീക്ഷിച്ചു. അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നടത്തിപ്പും മേൽനോട്ടവും സർക്കാർ തലത്തിൽ ഒരു ഉന്നതതല സമിതി നേരിട്ട് കൈകാര്യം ചെയ്യുന്നു. സെപ്റ്റംബർ 28, 2020 ലെ കണക്കനുസരിച്ച് കോവിഡ് ആശുപത്രികളിൽ 9,125 കിടക്കകൾ അനുവദിച്ചു. മറ്റ് സർക്കാർ ആശുപത്രികളിൽ 1,429 കിടക്കകളും സിഎഫ്എൽടിസിയിൽ 35,874 കിടക്കകളും മറ്റ് സ്വകാര്യ ആശുപത്രികളിലെ 4,813 കിടക്കകളും (സ്വകാര്യ ആശുപത്രികളിലെ ആകെ കിടക്കകൾ 21,768) കോവിഡ്-19 ചികിത്സയ്ക്കായി അനുവദിച്ചു.

സർക്കാർ ആശുപത്രികളിലെ, പരിശോധന ഉൾപ്പെടെയുള്ള എല്ലാ ചികിത്സകളും, സൗജന്യമായിരുന്നു. എല്ലാ സമയത്തും എല്ലാ രോഗികൾക്കും ഭക്ഷണം സൗജന്യമായി നൽകി.

## കോവിഡ്–19 മാനേജ്മെന്റിലെ സ്വകാര്യമേഖലാ ഇടപെടൽ

സംസ്ഥാന– ജില്ലാ നിയന്ത്രണ കേന്ദ്രങ്ങളിൽ സ്വകാര്യ ആശുപത്രി മാനേജ്മെന്റ് സംഘം രൂപീകരിച്ചു. കോവിഡ്–19 നിയന്ത്രണ പ്രവർത്തനങ്ങളുടെ തുടക്കം മുതൽ, സ്വകാര്യ ആശുപത്രി ഇടപെടൽ സംഘം ജില്ലാ സ്വകാര്യ ആശുപത്രിനോഡൽ ഓഫീസർമാർ, സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ, ഐഎംഎ എന്നിവരുമായി സംയോജിച്ച് പ്രവർത്തിച്ചു. എല്ലാ സ്വകാര്യ ആശുപത്രികളെയും ജില്ല തിരിച്ചുള്ള പട്ടികയിൽ ഉൾപ്പെടുത്തി. കിടക്കകളുടെ എണ്ണം, ഐസിയു സൗകര്യങ്ങൾ, വെന്റിലേറ്ററുകൾ, ലഭ്യമായ സ്പെഷ്യലിസ്റ്റുകൾ, ഡയാലിസിസ് സൗകര്യം, ആംബുലൻസുകൾ എന്നിവയുൾപ്പെടെ ലഭ്യമായ സൗകര്യങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചു.

സ്വകാര്യ ആശുപത്രി സംഘടനകളിലെ പ്രതിനിധികൾ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ, കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യ (സി. എച്ച്.എ.ഐ), പ്രൈവറ്റ് മെഡിക്കൽ കോളേജ് അസോസിയേഷൻ, ക്വാളിഫൈഡ് പ്രൈവറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് അസോസിയേഷൻ എന്നീ സ്വകാര്യ ആശുപത്രി സംഘടനാ പ്രതിനിധികളുമായി സ്വകാര്യ ആശുപത്രികളിലെ കോവിഡ്–19 രോഗ പരിചരണം, കോവിഡ്–19 രോഗം ഇല്ലാത്ത രോഗികളുടെ ചികിത്സാ നടത്തിപ്പ്, ടെലിമെഡിസിൻ സൗകര്യങ്ങൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, മാനവ വിഭവ ശേഷി പിന്തുണ എന്നീ വിഷയങ്ങളിൽ നിരന്തരമായി ചർച്ചകൾ നടത്തി.

സ്വകാര്യ ആരോഗ്യ പരിരക്ഷാ ദാതാക്കളുടെ പ്രതിനിധി സംഘടനകളുമായി കൂടിയാലോചിച്ച ശേഷം കേരള സർക്കാർ ആരോഗ്യ ആനുകൂല്യ പാക്കേജ് 2.0 പ്രഖ്യാപിച്ചു. സ്വകാര്യ ആരോഗ്യ പരിരക്ഷാ ദാതാക്കളുടെ സംഘടനകൾ കാരുണ്യാ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ് ) പ്രകാരം നിലവിലുള്ള സർക്കാർ നിരക്കുകൾ അംഗീകരിച്ചു. പാക്കേജ് നിരക്കുകൾ പ്രഖ്യാപിച്ച് കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും, കോവിഡ്–19 ന്റെ നടത്തിപ്പിൽ പൊതു സ്വകാര്യ പങ്കാളിത്തം നടപ്പാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ഒക്ടോബർ 1, 2020 ലെ കണക്കനുസരിച്ച് 50 ആശുപത്രികൾ കോവിഡ് കെയറിലെ സർക്കാർ സംവിധാനവുമായി ചേർന്നു.

## അടിസ്ഥാന ഭൗതികസാഹചര്യങ്ങളുടെ നടത്തിപ്പ്

ആരോഗ്യ ദാതാക്കളെ സഹായിക്കുന്നതിൽ പൊതുമേഖലാ കമ്പനികളുടെ പങ്ക് ഒഴിച്ചുകൂടാനാവാത്തതാണ്. ആരോഗ്യ–കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള കമ്പനിയായ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം. എസ്.സി.എൽ) കോവിഡ്–19 നെ നേരിടാൻ അവശ്യ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ഗവൺമെന്റിന് നൽകി. സർക്കാരിനു കീഴിലുള്ള ആരോഗ്യ പരിപാലന സ്ഥാപനങ്ങൾക്കുള്ള മെഡിക്കൽ സാമഗ്രികളും, ഉപകരണങ്ങളും ഉൾപ്പെടെ എല്ലാ അവശ്യ മരുന്നുകളുടെയും പ്രധാന സംഭരണ ഏജൻസിയാണ് കെ.എം.എസ്.സി.എൽ. കത്തീറ്ററൈസേഷൻ ലാബ്, ഡയാലിസിസ് സെന്ററുകൾ, പാത്തോളജിക്കൽ ലാബുകൾ, ഡയഗ്നോസ്റ്റിക് സെന്ററുകൾ, എക്സ്–റേ/സ്കാനിംഗ് സൗകര്യങ്ങൾ, ആംബുലൻസ് സേവനങ്ങൾ തുടങ്ങിയ മെഡിക്കൽ അധിഷ്ഠിത സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയും കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## രോഗം കണ്ടെത്തലും പരിശോധനാ സംവിധാനവും

ആദ്യ കേസുകൾ വുഹാനിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതിനാൽ, ചൈനയിൽ നിന്ന് മടങ്ങിയെത്തിയവരിലാണ് കേരളം ശ്രദ്ധ കേന്ദ്രീകരിച്ചത്. യൂറോപ്പ്, ഇറാൻ, ഗൾഫ് കോ–ഓപ്പറേഷൻ കൗൺസിൽ (ജി.സി.സി) രാജ്യങ്ങളിൽ രോഗത്തിന്റെ പുതിയ പ്രഭവകേന്ദ്രങ്ങൾ ഉയർന്നുവന്നപ്പോൾ പരിശോധനയുടെയും രോഗികളെ കണ്ടെത്തുന്നതിനുള്ള തന്ത്രങ്ങളും പരിഷ്കരിച്ചു. ഹോട്ട്സ്പോട്ടുകളിൽ നിന്ന് വന്ന എല്ലാവരെയും ക്വാറന്റീൻ ചെയ്യുന്നതിനും നിരീക്ഷണത്തിലാക്കുന്നതിനുമുള്ള പ്രതിരോധ തന്ത്രമാണ് കേരളം പിന്തുടർന്നത്.

## കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കൽ (സി.എഫ്.എൽ.ടി.സി)

കോവിഡ്–19 എന്ന മഹാമാരി കൈകാര്യം ചെയ്യുന്നതിനായി, സർക്കാർ ചില ആശുപത്രികളെ തെരഞ്ഞെടുക്കുകയും, കോവിഡ്–19 പോസിറ്റീവ് ആയ രോഗികളെ കൈകാര്യം ചെയ്യുന്നതിനും ചികിത്സ നൽകുന്നതിനുമായി ഇവയെ പൂർണ്ണമായും കോവിഡ് ആശുപത്രികളായി പ്രഖ്യാപിക്കുകയും ചെയ്തു. രോഗികളുടെ എണ്ണം വർദ്ധിച്ചതോടെ കുറച്ച് ആശുപത്രികളെ കൂടി ഈ നിരയിലേക്ക് ചേർത്തു. എന്നിരുന്നാലും ജൂൺ 2020 ആയപ്പോഴേക്കും, കോവിഡ്പോസിറ്റീവ് ആയ എല്ലാ രോഗികൾക്കും കോവിഡ് ആശുപത്രികളിയിൽ പ്രവേശിക്കലും, ചികിത്സയും, ആരോഗ്യ പരിപാലനം ആവശ്യമില്ലെന്നും, രോഗലക്ഷണം ഉള്ള രോഗികളെ മാത്രം അണുബാധ അവസാനിക്കുന്നതുവരെ

**പട്ടിക.2.1.1** കോവിഡ് ആശുപത്രികളുടെയും സിഎഫ്എൽടിസികളിലെയും പ്രവേശനത്തിന്റെ സംഗ്രഹം (28.09.2020)

| കോവിഡ് ആശുപത്രികളുടെ സംഗ്രഹം | | സിഎഫ്എൽടിസികളുടെ സംഗ്രഹം | |
|---|---|---|---|
| കോവിഡ് ചികിത്സക്കായുള്ള ആകെ കിടക്കകൾ | 15,367 | കോവിഡ് ചികിത്സക്കായുള്ള ആകെ കിടക്കകൾ | 35,874 |
| കോവിഡ് പോസിറ്റീവ് രോഗികൾക്കായി കിടക്കകൾ | 7856 | കോവിഡ് പോസിറ്റീവ് രോഗികൾക്കായി കിടക്കകൾ | 20,029 |
| കോവിഡ് ടെസ്റ്റ് ഫലം കാത്തിരിക്കുന്നവർക്കയുള്ള കിടക്കകൾ | 565 | കോവിഡ് ടെസ്റ്റ് ഫലം കാത്തിരിക്കുന്നവർക്കയുള്ള കിടക്കകൾ | 179 |
| ഗൗരവതരമായ ലക്ഷണങ്ങളുമായി പ്രവേശിച്ചകോവിഡ് പോസിറ്റീവ് രോഗികൾ | 457 | - | |
| നേരിയ ലക്ഷണങ്ങളുമായി പ്രവേശിച്ച കോവിഡ് പോസിറ്റീവ് രോഗികൾ | 1629 | നേരിയ ലക്ഷണങ്ങളുമായി പ്രവേശിച്ച കോവിഡ് പോസിറ്റീവ് രോഗികൾ | 2225 |
| രോഗലക്ഷണം ഇല്ലാതെ തന്നെ കോവിഡ് പോസിറ്റീവ് രോഗികൾ | 5770 | രോഗലക്ഷണം ഇല്ലാതെ തന്നെ കോവിഡ് പോസിറ്റീവ് രോഗികൾ | 17,804 |

*ഉറവിടം: ആരോഗ്യ സേവന ഡയറക്ടറേറ്റ്*

മാറ്റി നിർത്തേണ്ടതുമാണെന്ന് മനസിലാക്കാൻ കഴിഞ്ഞു. അതിനാൽ ചില മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ രോഗികളുടെ വർഗ്ഗീകരണം സർക്കാർ അവതരിപ്പിച്ചു. മിതമായ ലക്ഷണങ്ങളുള്ള വിഭാഗത്തിൽപ്പെട്ട രോഗികളെ താഴ്ന്ന നിലവാരത്തിലുള്ള വൈദ്യസഹായത്തിൽ പ്രവേശിപ്പിക്കുവാനും കോവിഡ് ആശുപത്രികൾ ഗുരുതരമായ രോഗലക്ഷണം ഉള്ള രോഗികൾക്ക് മാത്രമായി ചികിത്സ നൽകാനും തീരുമാനിച്ചു. അതിനാൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ (സി.എഫ്.എൽ.ടി.സി) എന്ന ആശയം നിലവിൽ വന്നു. ആശുപത്രികളുടെ ഭാരം കുറയ്ക്കുന്നതിനായി രോഗികളെ സി.എഫ്.എൽ.ടി. സിയിൽ നിന്ന് കോവിഡ് ആശുപത്രികളിലേക്ക് മാറ്റുന്നതിനുള്ള ചികിത്സാ പ്രോട്ടോക്കോൾ രൂപപ്പെടുത്തി. ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ തുടങ്ങിയവ ഏറ്റെടുത്ത് ആശുപത്രിയല്ലാത്ത ഒരു പ്രദേശത്ത് സി.എഫ്.എൽ.ടി.സികൾ സജ്ജമാക്കും, അവ ഒരു പൊതു വാർഡ് ആയി പരിവർത്തനം ചെയ്തു. കോവിഡ് ആശുപത്രികളിലും കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങളിലും പ്രവേശന നില **പട്ടിക.2.1.1** ൽ നൽകിയിരിക്കുന്നു.

## പ്രവാസി കേരളീയരുടെ തിരിച്ചുവരവ്

2020 മാർച്ച് 5 വരെയുള്ള പകർച്ചവ്യാധിയുടെ ആദ്യ ഘട്ടത്തിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നായി 3 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം മാർച്ച് 6, 2020 മുതൽ സംസ്ഥാനത്ത് ആരംഭിച്ചപ്പോൾ തന്നെ കൂടുതൽ രോഗ ബാധകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. രോഗത്തിന്റെ നിയന്ത്രണത്തിനും ലഘൂകരണത്തിനുമായി കേരള സംസ്ഥാനം വിപുലമായ നടപടികൾ കൈക്കൊണ്ടിരുന്നതിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെയുള്ള ശരാശരി രോഗബാധിതരുടെ എണ്ണം 2,000 ൽ താഴെയായി. ജൂൺ 2020 അവസാന വാരത്തിൽ തന്നെ വിവിധ വിദേശ രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികൾക്ക് തിരിച്ചെത്താൻ കേന്ദ്ര സർക്കാർ അനുമതി നൽകി.

അന്യദേശത്ത് ഒറ്റപ്പെട്ട എല്ലാ കേരളീയരെയും സുരക്ഷിതമായി കേരളത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ കേരള സർക്കാർ നടപടികൾ കൈകൊണ്ടു. മടങ്ങിയെത്തുന്നവരെ വിമാനത്താവളങ്ങളിൽ കേരള സർക്കാരിന്റെ ആരോഗ്യ വകുപ്പ് പുറത്തിറക്കിയ മാനദണ്ഡം അനുസരിച്ച് പരിശോധനയ്ക്ക് വിധേയരാക്കാൻ തീരുമാനിച്ചു. ആവശ്യമായ പരിശോധനകൾക്ക് വിധേയരായതിന് തെളിവില്ലാത്തതും രോഗലക്ഷണമില്ലാത്തതും ആയ വ്യക്തികൾ ഉൾപ്പെടെയുള്ള മടങ്ങിയെത്തുന്ന എല്ലാവരെയും വിമാനത്താവളത്തിലെത്തുമ്പോൾ തന്നെ കേരള സർക്കാരിന്റെ അംഗീകൃത ഏജൻസികൾ വഴി ദ്രുത ആന്റിബോഡി പരിശോധനയ്ക്ക് വിധേയമാക്കാൻ തീരുമാനിച്ചു.

## ആംബുലൻസ് നെറ്റ്‌വർക്ക്

രോഗികളുടെ പരിചരണത്തെ സംബന്ധിച്ചിടത്തോളം ആംബുലൻസ് സേവന ശൃംഖല നിർണായക മേഖലകളിലൊന്നാണ് കോവിഡ്-19 സംശയിക്കപ്പെടുന്നവരെയും രോഗികളെയും അവരുടെ വീടുകളിൽ നിന്ന്/എക്സിറ്റ് പോയിന്റുകളിൽ നിന്ന്/ ഐസോലെഷൻ സൗകര്യങ്ങളിലേക്ക് എത്തിക്കുന്നതിനായി 'കനിവ് -108' ആംബുലൻസുകൾ വഴി കൈകാര്യം ചെയ്യുന്നതിൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റെഡ് (കെ.എം.എസ്. സി.എൽ) നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. മൊത്തം 316 ആംബുലൻസ് വാഹനങ്ങൾ ഈ വിഭാഗങ്ങളിലുണ്ട് കോവിഡ്-19 ന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ എണ്ണം 293 ആണ്.

### കേരളത്തിൽ കോവിഡ് പൊട്ടിപ്പുറപ്പെട്ട സമയത്ത് മാനസിക സാമൂഹിക പിന്തുണ– 'ഒറ്റക്കല്ല ഒപ്പമുണ്ട് ' പദ്ധതി.

കേരളത്തിൽ കൊറോണ വൈറസ് പടരുന്ന സമയത്ത്, ക്വാറന്റീനിൽ/ഐസൊലേഷനിൽ ഉള്ള വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാനസിക –സാമൂഹിക പിന്തുണ നൽകാൻ തീരുമാനിച്ചു. ഫെബ്രുവരി 4, 2020 ന് ജില്ലാ മാനസികാരോഗ്യ പദ്ധതി (ഡി.എം.എച്ച്.പി ) പ്രകാരം എല്ലാ ജില്ലകളിലും സർക്കാർ സൈക്കോ സോഷ്യൽ സപ്പോർട്ട് (പിഎസ്എസ് ) ടീമുകൾ രൂപീകരിച്ചു. സൈക്യാട്രിസ്റ്റുകൾ, സൈക്യാട്രിക് സോഷ്യൽ വർക്കേഴ്സ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, സോഷ്യൽ വർക്കേഴ്സ്, കൗൺസിലർമാർ എന്നിവർ സംസ്ഥാനത്തൊട്ടാകെ ഡി.എം.എച്ച്പിയുടെ കീഴിൽ പ്രവർത്തിക്കാൻ തുടങ്ങി. സംസ്ഥാനത്തൊട്ടാകെയുള്ള ദിശാ ഹെൽപ്പ്ലൈൻ നമ്പറിനു പുറമേ എല്ലാ ജില്ലകളിലും സൈക്കോ സോഷ്യൽ ഹെൽപ്പ് ലൈനുകൾ ക്രമീകരിച്ചു. ക്വാറന്റീനിലും ഐസോലെഷനിലും കഴിയുന്നവർക്കായി മാനസിക– സാമൂഹിക പിന്തുണ നൽകാനായി എല്ലാവരേയും ടെലിഫോൺ മുഖേന ബന്ധപ്പെടുന്നു, കൂടുതൽ മാനസിക – സാമൂഹിക ആവശ്യങ്ങൾ ഉണ്ടെങ്കിൽ തിരികെ വിളിക്കാൻ ജില്ലാ ഹെൽപ്പ് ലൈൻ നമ്പറും നൽകുന്നു. ഓരോ 3 മുതൽ 5 ദിവസത്തിലും സൈക്യാട്രിസ്റ്റുകൾ / ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ / പി.എസ്.ഡബ്ല്യുമാർ ആവശ്യങ്ങൾ പരിഹരിക്കുകയും ഫോളോ അപ് കോളുകൾ നൽകുകയും ചെയ്യുന്നു.

ക്വാറന്റിന് വിധേയരായവരുടെ എണ്ണം ക്രമാതീതമായി ഉയരാൻ തുടങ്ങിയതോടെ ഐ.സി.ഡി.എസ്, ഐ.സി.ടി.സി, എൻ.എച്ച്.എം എന്നിവയിൽ നിന്നുള്ള കൗൺസിലർമാർക്ക് പരിശീലനം നൽകുകയും ജില്ലകളിലെ പി.എസ്.എസ് ടീമുകൾക്ക് കീഴിൽ ഒന്നിച്ചു ചേർക്കുകയും ചെയ്തു. നിലവിൽ 1,327 പേർ മാനസിക–സാമൂഹിക പിന്തുണ നൽകുന്നതിനായി സംസ്ഥാനം മുഴുവൻ പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്കും ആരോഗ്യ ഉദ്യോഗസ്ഥർക്കുമായി ഓരോ ജില്ലയ്ക്കും രണ്ട് ഹെല്പ് ലൈൻ നമ്പറുകൾ ലഭ്യമാണ്. ആറ് മിനിറ്റ് ദൈർഘ്യമുള്ള വിശ്രമ സാങ്കേതികതയെക്കുറിച്ചുള്ള വീഡിയോ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി തയ്യാറാക്കി ആവശ്യക്കാർക്കായി നൽകി.മെച്ചപ്പെട്ട ആശയവിനിമയത്തെയും സമ്മർദ്ദ മാനേജ്മെന്റിനെയും കുറിച്ചുള്ള അവബോധം ലഘുലേഖ തയ്യാറാക്കി ഐസോലേഷൻ വാർഡുകളിലെ ഉദ്യോഗസ്ഥർക്ക് നൽകി. ഐസോലേഷൻ വാർഡ് സ്റ്റാഫുകളുടെ പരിശീലനാധ്യയത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള പരിശീലന സംഘത്തിനും ഇത് നൽകി.

ലോക്ക്ഡൗൺ കാലയളവിൽ പിഎസ്എസ് ടീമുകൾക്ക് കീഴിൽ ചികിത്സയിലിരിക്കുന്ന മാനസികരോഗികളായവർക്ക് മാനസിക സാമൂഹിക പിന്തുണ / കൗൺസിലിംഗ് കോളുകൾ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ, അതിഥി തൊഴിലാളികൾ, ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന ആളുകൾ, കൊറോണ വ്യാപന മേഖലയിലും മറ്റും ജോലി ചെയ്യുന്ന വ്യക്തികൾ എന്നിവർക്ക് മനഃശാസ്ത്രപരമായ പിന്തുണ നൽകാൻ കോവിഡ് ഇടപെടൽ സംഘത്തിന് പ്രത്യേക ഇടപെടലിലൂടെ കഴിഞ്ഞു. ലോക്ക്ഡൌൺ കാലയളവിൽ, മദ്യ ഉപയോഗത്തിൽ നിന്നുള്ള പിന്മാറ്റ പ്രശ്നങ്ങളുടെ എണ്ണം വർദ്ധിക്കാൻ തുടങ്ങിയപ്പോൾ തന്നെ പ്രാഥമിക തലത്തിൽ തന്നെ ഭൂരിഭാഗം കേസുകൾക്കും ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെ കമ്മ്യൂണിറ്റി ഡി–അഡിക്ഷൻ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി. സാമൂഹ്യാധിഷ്ഠിത ഡി –അഡിക്ഷൻ ശുശ്രൂഷാ മെഡിക്കൽ ഓഫീസർമാരെ സഹായിക്കുന്നതിന് എല്ലാ ജില്ലകളിലും മനോരോഗ വിദഗ്ധരുടെ ഒരു പാനൽ രൂപീകരിച്ചു.

ഒക്ടോബർ 06, 2020 വരെ, ക്വാറന്റിൻ / ഐസൊലേഷനിൽ ഉള്ള 14.44 ലക്ഷം പേർക്ക് മാനസിക സാമൂഹിക പിന്തുണ / കൗൺസിലിംഗ് കോളുകൾ നൽകി. പ്രധാന മാനസിക പ്രശ്നങ്ങളായി ശ്രദ്ധയിൽപ്പെട്ടത് സമ്മർദ്ദം, ഉത്കണ്ഠ, അപമാനം, സാമൂഹിക ആവശ്യങ്ങൾ, ഉറക്കക്കുറവ് എന്നിവയാണ്. മേൽപ്പറഞ്ഞ പ്രശ്നങ്ങൾ കാരണം കൗൺസിലിങ്ങിൽ 70,216 കോളുകളും 12.99 ലക്ഷം ഫോളോ അപ് കോളുകളും നൽകി.

സാമൂഹിക ആവശ്യങ്ങളായ ഭക്ഷണം, മരുന്ന്, മെഡിക്കൽ കൺസൾട്ടേഷനുകൾ, മറ്റ് അവശ്യവസ്തുക്കൾ എന്നിവ ഐ.സി.ഡി.എസ്, യൂത്ത് വെൽഫെയർ ബോർഡ്, എൽഎസ്ജി എന്നിവ വഴി നിറവേറ്റി. ഒക്ടോബർ 10, 2020 ലെ കണക്കുകൾ പ്രകാരം മാനസിക രോഗികളായ 31,520 പേർക്കും പ്രത്യേക പരിഗണന അർഹിക്കുന്ന 74,087 കുട്ടികൾക്കും 24,690 അതിഥി തൊഴിലാളികൾക്കും 2,18,563 പ്രായമായവർക്കും ഒറ്റയ്ക്ക് പ്രായമായവർക്കും താമസിക്കുന്ന മാനസിക സാമൂഹിക പിന്തുണ/ കൗൺസിലിംഗ് കോളുകൾ നൽകി.

കൊറോണ നിയന്ത്രണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യ ഉദ്യോഗസ്ഥർക്ക് മാനസിക പിന്തുണ നൽകുന്നതിനായി, 60,166 ഫോൺ കോളുകൾ നൽകി. ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ, കൺട്രോൾ റൂം ജീവനക്കാർ എന്നിവർക്ക് ഓൺലൈൻ ക്ലാസുകൾ നടത്തുന്നതിന് സ്ട്രെസ് മാനേജ്മെന്റ്, മോട്ടിവേഷൻ എൻഹാൻസ്മെന്റ് എന്നിവ സംബന്ധിച്ച ഒരു മൊഡ്യൂൾ തയ്യാറാക്കി ജില്ലകളിലേക്ക് അയച്ചു.

ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചപ്പോൾ ഒരു സ്കൂൾ വിദ്യാർത്ഥിനിയുടെ ആത്മഹത്യ റിപ്പോർട്ട്

ചെയ്യപ്പെട്ടതിനാൽ, എല്ലാ സ്കൂൾ കുട്ടികൾക്കുമായി മാനസിക സാമൂഹിക പിന്തുണ വ്യാപിപ്പിച്ചു. എം. എച്ച്.പി നൽകിയ ചെക്ക് ലിസ്റ്റ് ഉപയോഗിച്ച് ജില്ലകളിലെ എല്ലാ ആശാ, അംഗൻവാടി പ്രവർത്തകരും വൈകാരിക-പെരുമാറ്റ പ്രശ്നങ്ങളുള്ള കുട്ടികളെ തിരിച്ചറിഞ്ഞു. ഒക്ടോബർ 06, 2020 വരെ 34,7105 കുട്ടികൾക്ക് സമാശ്വാസപ്രവർത്തനങ്ങൾക്കായി ഫോൺ മുഖേനയുള്ള കോളുകളും, 34,931 കുട്ടികൾക്ക് കൗൺസിലിംഗും 36 കുട്ടികളെ വിവിധ മാനസിക പ്രശ്നങ്ങൾക്കായി ഫാർമക്കോതെറാപ്പിയും ആരംഭിച്ചു. ഒക്ടോബർ 06, 2020 വരെ മൊത്തം 35,41,194 സൈക്കോ സോഷ്യൽ സപ്പോർട്ട് / കൗൺസിലിംഗ് കോളുകൾ നൽകിയിട്ടുണ്ട്.

## കാര്യശേഷി വർദ്ധിപ്പിക്കൽ

ആരോഗ്യ സേവന ഡയറക്ടറേറ്റും ദേശീയ ആരോഗ്യ മിഷനും (എൻ.എച്ച്.എം) സർക്കാർ വകുപ്പുകളുമായും സ്വകാര്യ സംഘടനകളുമായും കൈകോർത്ത് പകർച്ചവ്യാധിയും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകുന്നതിനായി ഒരു ശേഷി വർദ്ധിപ്പിക്കൽ സംഘത്തെ രൂപീകരിച്ചു. മൂന്ന് മണ്ഡലങ്ങളായി തിരിച്ച് സെൻസിറ്റൈസേഷൻ പ്രോഗ്രാം, നൈപുണ്യ പരിശീലനം, മോട്ടിവേഷണൽ, സ്ട്രെസ് മാനേജ്മെന്റ് പരിശീലനം, റിഫ്രെഷർ പരിശീലനം എന്നീ മേഖലകളിൽ പരിശീലനം രൂപകൽപ്പന ചെയ്തു. ജില്ലകളിൽ പരിശീലനം നടത്തുന്നതിന് എൻ.എച്ച്.എം പരിശീലന വിഭാഗം സാമ്പത്തിക സഹായങ്ങളും നൽകി. കാര്യശേഷി വർദ്ധിപ്പിക്കൽ സംഘത്തിന്റെ സംസ്ഥാനതല പ്രവർത്തനങ്ങൾ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഇതിൽ എൻ.എച്ച്. എം ന്റെ നേതൃത്വത്തിൽ ഉള്ളടക്ക തയ്യാറാക്കലിനായി ഒരു സംഘം, ജില്ലകളിലെ പരിശീലന സംഘങ്ങൾക്ക് പരിശീലനം നടപ്പിലാക്കുന്നതിനുള്ള പരിശീലന വിഭാഗം, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ സംഘം ഏറ്റെടുക്കുന്ന പരിശീലന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായുള്ള സംഘം എന്നിങ്ങനെയാണ്.

ആരോഗ്യമേഖലയിൽ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരെയും സമൂഹത്തിലെ പല വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്രവും വിശാലവുമായ രീതിയിൽ സംസ്ഥാനതല പരിശീലനം നടത്തുവാൻ കഴിഞ്ഞു. ആരോഗ്യ പരിപാലന ഉദ്യോഗസ്ഥർ (സർക്കാർ, സ്വകാര്യ) ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ, ലബോറട്ടറി ടെക്നീഷ്യൻമാർ, ഫീൽഡ് സ്റ്റാഫ്, ആശാ വർക്കർ, അംഗനവാടി തൊഴിലാളികൾ, അറ്റൻഡന്റ്, ഹൗസ് കീപ്പിംഗ് സ്റ്റാഫ്, ആംബുലൻസ് ഡ്രൈവർമാർ, സുരക്ഷാ ഉദ്യോഗസ്ഥർ എന്നിവരും ഉൾപ്പെടുന്നു. മറ്റുള്ളവരിൽ എൽ.എസ്.ജി.ഡി പ്രതിനിധികൾ, കേരള പോലീസ് വകുപ്പ്, എൻ.എസ്.എസ് / എൻ. സി.സി, കുടുംബശ്രീ, സ്കൂൾ വിദ്യാർത്ഥികൾ, കോളേജ് വിദ്യാർത്ഥികൾ, സ്കൂൾ, കോളേജുകളിലെ അധ്യാപകർ, ഡ്രൈവർമാർ - സ്വകാര്യ /സർക്കാർ, ടാക്സി ഡ്രൈവർമാർ, കുടിയേറ്റ തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർ ഉൾപ്പെടുന്നു. 18,707 ആശാ പ്രവർത്തകർ, 10658 അംഗൻവാടി തൊഴിലാളികൾ, 42,574 കുടുംബശ്രീ പ്രവർത്തകർ, 21312 പാലിയേറ്റീവ് വോളന്റിയർമാർ, 9,596 ആരോഗ്യ പരിപാലന സന്നദ്ധപ്രവർത്തകർ എന്നിവരെ വിന്യസിച്ചിട്ടുണ്ട്. മൊത്തം 16,474 പേരുടെ അധിക മാനവ വിഭവശേഷി എൻ.എച്ച്.എം വഴി അംഗീകരിക്കുകയും 10,610 പേരെ നിയമിക്കുകയും ചെയ്തു.

## കോവിഡ്-19 ന്റെ നടത്തിപ്പും വയോജനങ്ങളുടെ പരിചരണവും

എല്ലാ ജില്ലകളിലും എൽ.എസ്.ജി, കമ്മ്യൂണിറ്റി വോളന്റിയർമാർ, കുടുംബശ്രീ, വനിതാ-ശിശു വികസന വകുപ്പ് എന്നിവയുടെ സഹായത്തോടെ സാമൂഹ്യ തലത്തിൽ ഏകോപനം സാധ്യമാക്കി. എല്ലാ പഞ്ചായത്തിലും വാർഡ് തലത്തിലുള്ള ടീമുകൾ സജീവമാണ്; മാത്രമല്ല വയോജനങ്ങളുടെ വീടുകളിലേക്ക് ദിവസേനയുള്ള കോളുകളും സന്ദർശനങ്ങളും ഉറപ്പു വരുത്തുന്നു. ആശ, കുടുംബശ്രീ, പാലിയേറ്റീവ് വോളന്റിയർമാർ, സാമൂഹ്യതല വോളന്റിയർമാർ എന്നിവരടങ്ങുന്ന വാർഡ് മെമ്പറുടെ നേതൃത്വത്തിലുള്ള വോളണ്ടിയർ സംഘം എല്ലാ വാർഡുകളിലും രൂപീകരിച്ചു. ആശ, കുടുംബശ്രീ, പാലിയേറ്റീവ് വോളന്റിയർമാരുടെ 3 ലക്ഷം വോളന്റിയർമാർ ഫീൽഡ് തലത്തിൽ വയോജന,സാന്ത്വന പരിചരണ പ്രവർത്തനങ്ങൾഏകോപിപ്പിക്കുന്നു.
65 വയസ്സിനു മുകളിലുള്ളവരും വിട്ടുമാറാത്ത രോഗങ്ങൾ ബാധിച്ചവരും വീടിനുള്ളിൽ തന്നെ തുടരുന്നതിന് റിവേഴ്സ് ക്വാറന്റീൻ തന്ത്രവും കേരളം സ്വീകരിച്ചു.

## കോവിഡ്-19 അവബോധത്തിനായുള്ള ബഹുജന മാധ്യമ പ്രചാരണം

കോവിഡ്-19 അവബോധത്തിനായി 2020 ന്റെ തുടക്കം മുതൽ തന്നെ നിരവധി മാധ്യമ പ്രചരണങ്ങൾ നടക്കുന്നു. കോവിഡ്-19 സംബന്ധിച്ച് അലേർട്ട് സന്ദേശങ്ങൾ നൽകി. 2020 ജനുവരിയിലാണ് കാമ്പെയ്ൻ ആരംഭിച്ചത്. ആദ്യത്തെ കോവിഡ് കേസ് ജനുവരി 30, 2020 ന് ഔദ്യോഗികമായി പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെയാണ് കാമ്പെയ്ൻ അതിന്റെ ഗതി മാറ്റിയത്. കോവിഡ് ബാധിത രാജ്യങ്ങളിൽ നിന്ന് വരുന്ന എല്ലാവരോടും സർക്കാർ നിയന്ത്രണം പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്ന ആരോഗ്യമന്ത്രിയുടെ വീഡിയോ ബൈറ്റ് ടെലിവിഷൻ ചാനലുകൾ, എഫ്എം സ്റ്റേഷനുകൾ, അച്ചടി മാധ്യമങ്ങൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവയിലൂടെ വ്യാപകമായി പ്രചരണം നടത്തി.

പകർച്ചവ്യാധി തടയുന്നതിനായി വകുപ്പ് ബ്രേക്ക് ദി ചെയിൻ കാമ്പയിൻ ആരംഭിച്ചു.

കോവിഡ്, നോൺ–കോവിഡ് രോഗങ്ങളെക്കുറിച്ചുള്ള ശരിയായ അവബോധ ഉള്ളടക്കങ്ങളുള്ള 'കരുതൽ'എന്ന പ്രത്യേക ലഘുലേഖ ജില്ലാ പ്രോഗ്രാം മാനേജർമാർ വഴി അച്ചടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. സോഷ്യൽ മീഡിയ കാമ്പെയ്‌നുകൾ തീവ്രമാക്കുന്നതിന്, വകുപ്പിന്റെ ഔദ്യോഗിക മൊബൈൽ നമ്പർ അവരവരുടെ ഫോണിൽ സേവ് ചെയ്ത ആളുകൾക്ക് പ്രധാനപ്പെട്ട സന്ദേശങ്ങളും ബന്ധപ്പെടാനുള്ള വിശദാംശങ്ങളും ലഭിക്കാൻ വാട്ട്സ്ആപ്പിന്റെ സഹായത്തോടെ ഒരു സമഗ്ര വാട്ട്സ്ആപ്പ് ചാറ്റ്ബോട്ട് നടപ്പിലാക്കി. തപാൽ വകുപ്പിന്റെ സഹായത്തോടെ കോവിഡ് അവബോധ ഉള്ളടക്കത്തോടെ പ്രത്യേക തപാൽ കവർ നൽകി. സർക്കാർ ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചതിന് ശേഷം വിക്ടേഴ്സ് ചാനൽ വഴി പ്രത്യേക കാമ്പെയ്‌നും നടത്തി

പ്രധാന നഗരങ്ങൾക്ക് പ്രത്യേക പരിഗണനയോടെ ബോധവൽക്കരണ ഉള്ളടക്കമുള്ള പരസ്യപ്പലകകൾ കേരളത്തിലുടനീളം സ്ഥാപിച്ചു. ജനശതാബ്ദി ട്രെയിനിലും ആരോഗ്യ, കുടുംബക്ഷേമ വകുപ്പിന്റെ വിവിധ വാഹനങ്ങളിലും അവബോധ ഉള്ളടക്കങ്ങൾ സ്ഥാപിച്ചാണ് വാഹന ബ്രാൻഡിംഗ് നടത്തിയത്. മുഖ്യധാരാ മാധ്യമങ്ങളുടെ ഓൺലൈൻ മീഡിയയിലൂടെ പ്രത്യേക കാമ്പെയ്ൻ നടത്തുകയും പ്രധാനപ്പെട്ട അവബോധ സന്ദേശങ്ങൾ മിക്ക പ്രധാന മാസികകളിലും പ്രസിദ്ധീകരിക്കുകയും ചെയ്തു. ബോധവൽക്കരണ വീഡിയോകൾ, ആനിമേഷൻ വീഡിയോകൾ, ഗ്രാഫിക്കൽ വീഡിയോകൾ എന്നിവ തയാറാക്കുകയും ഇവ എല്ലാ പ്ലാറ്റ്ഫോമുകളിലൂടെയും പ്രചരിപ്പിക്കുകയും ചെയ്തു. എന്നിവ തയാറാക്കുകയും ഇവ എല്ലാ പ്ലാറ്റ്ഫോമുകളിലൂടെയും പ്രചരിപ്പിക്കുകയും ചെയ്തു. ഈ മഹാമാരിയെക്കുറിച്ചുള്ള സംശയങ്ങൾക്കും സംശയ ധ്രുവീകരണത്തിനും മാധ്യമ പ്രവർത്തകർക്കും സാധാരണക്കാർക്കും വേണ്ടി ഒരു പ്രത്യേക സംവേദനാത്മകയോഗം നടത്തുകയും, എല്ലാ സാമൂഹിക മാധ്യമങ്ങൾ വഴിയും ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു.

## ഇ– സഞ്ജീവനി ടെലിമെഡിസിൻ

കേരളത്തിൽ ഇ–സഞ്ജീവനി ടെലിമെഡിസിൻ സേവനങ്ങൾ ആരോഗ്യ വകുപ്പ് നേതൃത്വത്തിൽ ജൂൺ 10, 2020 ന് ആരംഭിച്ചു. സംസ്ഥാനത്തിനായുള്ള ടെലിമെഡിസിൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് ദിശ യുടെ സഹായത്തോടെ കേന്ദ്രീകൃതമായ രീതിയിലാണ് സേവനങ്ങൾ നൽകുന്നത്. ഇ–സഞ്ജീവനി പ്ലാറ്റ്ഫോമിൽ സേവനങ്ങൾ നൽകുന്നത് സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെ 368 ഡോക്ടർമാരാണ്. സംസ്ഥാനത്തൊട്ടാകെ പ്രതിദിനം ശരാശരി 500 പേർക്ക് അവർ സേവനങ്ങൾ നൽകുന്നു. ഒരു കൺസൾട്ടേഷന്റെ ശരാശരി സമയം 10 മിനിറ്റ് 40 സെക്കൻഡും ഒരു ഡോക്ടറുമായി ബന്ധപ്പെടുന്നതിന് രോഗിയുടെ ശരാശരി കാത്തിരിപ്പ് സമയം 3 മിനിറ്റ് 54 സെക്കൻഡുമാണ്. ഇ–സഞ്ജീവനിക്ക് പൊതുവായ ഒ.പി. ഡി സേവനങ്ങളും പ്രത്യേക ഒ.പി.ഡി സേവനങ്ങളുമുണ്ട്. കോവിഡ്–19 പകർച്ചവ്യാധിക്കെതിരെ പോരാടുന്നതിന് സാമൂഹിക അകലം പാലിക്കുമ്പോൾ, സുരക്ഷിതവും കാര്യക്ഷമവുമായ ആശയവിനിമയത്തിനുള്ള ഒരു പ്രധാന സാങ്കേതികവിദ്യയായി ടെലി–ഹെൽത്ത് മുന്നേറുകയാണ്. ലോകാരോഗ്യ സംഘടന "കോവിഡ്–19 നുള്ള ആരോഗ്യ സംവിധാനങ്ങളുടെ പ്രതിരോധം ശക്തിപ്പെടുത്തുക" എന്ന നയത്തിൽ അവശ്യ സേവനമായി ടെലിമെഡിസിൻ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

## കേരള സർക്കാർ ഡാഷ്ബോർഡ്

പ്രതിസന്ധി ഘട്ടങ്ങളിൽ വിശ്വസനീയമായ വിവരങ്ങളുടെ ലഭ്യത വഴി ജനങ്ങൾക്ക് മികച്ച തീരുമാനങ്ങളെടുക്കാൻ കഴിയും, കൂടാതെ കോവിഡ്–19 ഉം അതിന്റെ ഫലങ്ങളും ഉൾക്കൊള്ളുന്നതിനും കൈകാര്യം ചെയ്യുന്നതിനും നടപടികൾ വേണ്ടവിധം നടപ്പിലാക്കുന്നതിനും ജനങ്ങളുടെ പിന്തുണ നേടുന്നതിന് ഇത് സർക്കാരിനെ സഹായിക്കും. കോവിഡ്–19 മഹാമാരിയുടെ അവസ്ഥയും അനുബന്ധ വശങ്ങളും സംബന്ധിച്ച് വിശ്വസനീയമായ വിവരങ്ങൾ ജനങ്ങൾക്ക് നൽകുന്നുണ്ടെന്ന് കേരള സർക്കാർ ഉറപ്പാക്കി. മുഖ്യമന്ത്രിയുടെ ദൈനംദിന പത്രസമ്മേളനം വഴി സംസ്ഥാനത്തെ ഏറ്റവും ഉയർന്ന ഔദ്യോഗിക ഉറവിടങ്ങളിലൂടെ വിശ്വസനീയമായ വിവരങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി. **www.dashboard.kerala.gov.in** എന്ന വെബ് വിലാസത്തിൽ ലഭ്യമായ ജി.ഒ.കെ ഡാഷ്ബോർഡ് വഴി കോവിഡ്–19 ഡാറ്റ പൊതുജനങ്ങൾക്ക് ലഭ്യമാക്കി. വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള കോവിഡ്–19 ഡാറ്റ ഉപയോഗിച്ച് കോവിഡ്–19 കേസുകളുടെ എണ്ണം, സജീവമായ കേസുകൾ, രോഗമുക്തി , ആകെ മരണങ്ങളുടെ എണ്ണം, ജില്ല തിരിച്ചുള്ള കേസുകൾ, ആശുപത്രികളിലെ ക്വാറന്റീൻ, വീടുകൾ കേന്ദ്രികരിച്ചുള്ളക്വാറന്റീൻ, എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരണം, ആശുപത്രികളിൽ പ്രവേശിപ്പിച്ച രോഗികളുടെ എണ്ണം, പരിശോധനയ്ക്കായി അയച്ച സാമ്പിളുകളുടെ എണ്ണം, ടെസ്റ്റുകളുടെ എണ്ണം,, ടെസ്റ്റുകളുടെ ഫലം എന്നിവ ഈ ഡാഷ്ബോർഡിൽ ദിവസേന പുതുക്കുന്നു. സംസ്ഥാനത്തുടനീളമുള്ള ഹോട്ട്സ്പോട്ടുകൾ, സന്നദ്ധസേവനം, സന്നദ്ധസേവന ഗ്രൂപ്പിന്റെ വിതരണം, മാനസിക സാമൂഹിക പിന്തുണ നൽകലിന്റെ വിശദാംശങ്ങൾ എന്നിവയും ഡാഷ്ബോർഡിൽ ലഭ്യമാകുന്നു.

## സ്ഥിതിവിവര പരിപാലനം

ഐ.ഡി.എസ്.പി, കെ.എസ്.ഡി.എം.എ, കെ.എസ്.ഡി എന്നിവയിൽ നിന്നുള്ള ഡാറ്റ ശേഖരിക്കുകയും വിശദാംശങ്ങൾ ഗൂഗിൾ സ്പ്രെഡ് ഷീറ്റിലേക്ക് സംയോജിപ്പിക്കുകയും ചെയ്യുന്നു. എൽ.എസ്.ജി.ഡി തിരിച്ചുള്ള സജീവ കേസുകൾ, പ്രാഥമിക കോൺടാക്റ്റ്, സെക്കൻഡറി കോൺടാക്റ്റ്, കോവിഡ് പോസിറ്റീവ് ആയ ആരോഗ്യ പ്രവർത്തകർ എന്നിവയും, ദിനംതോറും എൽ.എസ്.ജി.ഡി തിരിച്ചുള്ള കേസുകളുടെ എണ്ണം എന്നിവയുമാണ് പ്രധാനമായും ശേഖരിച്ച ഡാറ്റ. തുടക്കത്തിൽ ഇത് ഒരു സന്നദ്ധപ്രവർത്തകന്റെ സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗിച്ചാണ് നടത്തിയിരുന്നത്, ഇപ്പോൾ ഗൂഗിൾ സ്പ്രെഡ്ഷീറ്റ് അപ്ഡേറ്റ് ചെയ്യുന്നതിന്റെ ചുമതലയും പരിപാലനവും എൻ.എച്ച്.എം ഡാറ്റ മാനേജർ നിർവഹിക്കുന്നു.

## സർക്കാരിന്റെ മാനേജ്മെന്റ് തന്ത്രം

ആഗോള തലത്തിലുള്ള ശാസ്ത്രീയ കണ്ടെത്തലുകളെ അടിസ്ഥാനമാക്കിയാണ് കേരള സർക്കാരിന്റെ കോവിഡ്–19 മാനേജ്മെന്റ് തന്ത്രം. മഹാമാരി നിയന്ത്രണത്തിനും ലഘൂകരണ ഇടപെടലുകൾക്കുമായി സംസ്ഥാന–ജില്ലാ തലങ്ങളിൽ നിർദ്ദിഷ്ട ചുമതലകളും ഉത്തരവാദിത്തങ്ങളുമുള്ള മാനേജ്മെന്റ് ഘടനകൾ രൂപീകരിച്ചു. ഗവൺമെന്റിന്റെ നയം വികസിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം കണക്കിലെടുക്കുന്നുവെന്ന് ഈ ഘടനകൾ ഉറപ്പുവരുത്തി. ആരോഗ്യ അടിസ്ഥാനസൗകര്യത്തിനു പുറത്ത് അഞ്ച് തലങ്ങളിലുള്ള ഘടനയാണ് കേരള സർക്കാർ സൃഷ്ടിച്ചത് – ഹോം ക്വാറൻറൈൻ, ഡൊമിസിലിയറി കെയർ സെന്ററുകൾ, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, കോവിഡ് സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, നിയുക്ത കോവിഡ് ഹോസ്പിറ്റലുകൾ – കോവിഡ് രോഗികൾക്ക് പരിചരണവും പിന്തുണയും നൽകുന്നതിന്. ഈ ഇടപെടൽ മഹാമാരിയെ നേരിടാൻ മാത്രമല്ല, കോവിഡ് ഇതര രോഗത്തിന്റെ ഭാരം കൈകാര്യം ചെയ്യാനും സംസ്ഥാനത്തെ പ്രാപ്തമാക്കി. ഈ നടപടികൾ ആരോഗ്യ പ്രവർത്തകരിൽ ആത്മവിശ്വാസം വളർത്തുകയും പ്രതിരോധം വികസിപ്പിക്കാനും അത്തരം വലിയ തോതിലുള്ള മഹാമാരിയെ നേരിടാനും സഹായിച്ചു.

## കോവിഡ്–19 പോലീസിന്റെ ഇടപെടലുകൾ

ഈ മാരകമായ വൈറസിനെതിരായ കേരളത്തിന്റെ പോരാട്ടത്തിൽ കേരള പോലീസും ആരോഗ്യ, കുടുംബക്ഷേമ വകുപ്പും മറ്റ് ഏജൻസികളും മുൻപന്തിയിൽ നിൽക്കുന്നവയാണ്..

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും കോവിഡ്–19 പൊട്ടിപ്പുറപ്പെട്ടതിനാൽ സംസ്ഥാനത്ത് നിലവിലുള്ള നിരോധന ഉത്തരവുകൾ നടപ്പാക്കുന്നതിനും സംസ്ഥാന പോലീസിന്റെ എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള മുഴുവൻ ഉദ്യോഗസ്ഥരെയും മാർച്ച് 15, 2020 മുതൽ സജ്ജരാക്കി ഉപയോഗപ്പെടുത്തിവരുന്നു. അവരെ റോഡുകളിലും ചന്തകളിലും ബസ് സ്റ്റാന്റുകളിലും റെയിൽവെ സ്റ്റേഷനുകളിലും വിമാനത്താവളങ്ങളിലും പൊതുജനങ്ങളുടെ സഞ്ചാരം നിയന്ത്രിക്കുന്നതിനായി മാർച്ച് 24, 2020 മുതൽ ദിവസേന 10 മുതൽ 12 മണിക്കൂർ വരെ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്. അവരെ അന്തർ സംസ്ഥാന അതിർത്തികളിൽ അവശ്യവസ്തുക്കളുടെ നീക്കം പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനും വിന്യസിക്കുന്നു.

കേരള പോലീസ് കോവിഡ്–19 ന്റെ സമൂഹവ്യാപനം തടയുന്നതിനുള്ള ശ്രമങ്ങളിൽ താഴെപ്പറയുന്ന ത്രിമുഖ സമീപനമാണ് സ്വീകരിച്ചത്:

1. വ്യക്തിഗത ശുചിത്വം പ്രോത്സാഹിപ്പിക്കുന്നതിനും ശാരീരിക അകലം പാലിക്കുന്നതിനും പൊതുജനങ്ങൾക്കിടയിൽ അവബോധം പ്രചരിപ്പിക്കുന്നതിന് നൂതന സമീപനങ്ങൾ. ലോകമെങ്ങുമുള്ള പ്രശസ്ത അച്ചടി, ദൃശ്യ മാധ്യമങ്ങളിൽ ഈ നൂതനാശയങ്ങളിൽ ചിലത് എടുത്തുകാണിച്ചിട്ടുണ്ട്.
2. രോഗബാധിതരുടെ സമ്പർക്കങ്ങൾ കണ്ടെത്തുന്നതിനും സഞ്ചാരപഥം തയ്യാറാക്കുന്നതിനും അടച്ചുപൂട്ടൽ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ആരോഗ്യ വകുപ്പിന് സഹായംനൽകുക.
3. സമൂഹത്തിലെ ദുർബല വിഭാഗങ്ങളെയും സമ്പർക്ക വിലക്കിൽ കഴിയുന്നവരെയും കൃത്യസമയങ്ങളിൽ സന്ദർശിക്കുന്ന സമൂഹവുമായി ബന്ധപ്പെടുന്ന പരിപാടികൾ, ജനമൈത്രി[1] (കമ്യൂണിറ്റി പോലീസിംഗ് ) വഴി അവരുടെ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പുവരുത്തുക, വിശപ്പുരഹിതം, ജീവധാര, രക്തദാന ബാങ്ക് തുടങ്ങിയ സഹകരണ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുക.

ഈ ത്രിമുഖ സമീപനത്തിൻ കീഴിൽ നടപ്പിലാക്കിയ ചില പ്രവർത്തനങ്ങൾ താഴെ നൽകിയിരിക്കുന്നു:

- കോവിഡ്–19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നിരവധി കണ്ടെയ്ൻമെന്റ് സോണുകളിൽ ട്രിപ്പിൾ ലോക്ക്ഡൌൺ ഏർപ്പെടുത്തിയിരുന്നു, ലോക്ക്ഡൌൺ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാൻ പോലീസ് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു.

[1] കുറ്റകൃത്യങ്ങൾ തടയൽ, രഹസ്യാന്വേഷണം പങ്കുവയ്ക്കൽ, പോലീസ് ബീറ്റുകളുടെ തലത്തിൽ പൊലീസിംഗ് മേഖലകൾക്ക് മുൻഗണന നൽകൽ തുടങ്ങിയ കാര്യങ്ങളിൽ പൗരന്മാരുടെ പങ്കാളിത്തം വഴി പൊലീസും പൊതുജനങ്ങളും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്നതാണ് കേരള പോലീസിന്റെ ജനമൈത്രി സുരക്ഷ പദ്ധതി ലക്ഷ്യമിടുന്നത്.

- സെപ്റ്റംബർ 30, 2020 ലെ കണക്ക് പ്രകാരം ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ കോവിഡ്–19 മഹാമാരി കാലയളവിൽ താഴെത്തട്ടിലെ സമൂഹത്തിന്റെ സുരക്ഷയ്ക്കായി 16 ലക്ഷത്തോളം വീട്ടുകൾ സന്ദർശിച്ചു/വീണ്ടും സന്ദർശിച്ചു/ ഡിജിറ്റലായി സർവ്വേ നടത്തി. പ്രതിബദ്ധതയുള്ള ജനമൈത്രി ഓഫീസറന്മാർ പതിവായി വീട്ടുകളിൽ സന്ദർശനങ്ങൾ നടത്തുന്നു/സമ്പർക്ക വിലക്കിൽ കഴിയുന്നവരുടെ ലംഘനങ്ങൾ കണ്ടെത്തുന്നതിന് ഡിജിറ്റൽ സർവ്വേ നടത്തുന്നു, കോവിഡ് ബാധിതരായവരുമായി രണ്ടാഴ്ച്ചയ്ക്കിടെ സമ്പർക്കം പുലർത്തുന്നവരെ കണ്ടെത്തുന്നു.
- പോലീസ് വകുപ്പ് അണുബാധയില്ലാതെ തുടരുന്നുവെന്ന് ഉറപ്പാക്കുന്നതിന് ജോലി, ആരോഗ്യസംരക്ഷണം, ശുചിത്വം എന്നിവയുടെ വിവിധ വശങ്ങളെക്കുറിച്ച് വിശദമാക്കുന്ന സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം പുറപ്പെടുവിച്ചു.
- ജനമൈത്രി ബീറ്റ് പോലീസ് ഓഫീസറന്മാരെ ഉപയോഗിച്ച് മരുന്നുകൾ എത്തിച്ചുകൊടുക്കൽ: ഈ ഉദ്യമത്തിലൂടെ ജനമൈത്രി പോലീസ് മരുന്ന് കിട്ടാതെ ദുരിതത്തിലായ 28,369 രോഗികൾക്ക് ജീവൻ രക്ഷാമരുന്നുകൾ വിതരണം ചെയ്തു.
- കേരളത്തിലെ മുതിർന്ന പൌരന്മാർ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ജനമൈത്രി സുരക്ഷാ പ്രൊജക്ടിൽ '**പ്രശാന്തി**' എന്ന പേരിൽ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് ആവിഷ്കരിച്ചു.
- ജനമൈത്രി പോലീസിന്റെ സഹായത്തോടെ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനുള്ള **ഇ–വിദ്യാരംഭം** എന്ന പദ്ധതി ആരംഭിച്ചു.
- ജൂലൈ 31, 2020 വരെ കേരള പോലീസ് 3,52,244 അതിഥി തൊഴിലാളികൾക്ക് ഇവിടെ നിന്നും ശ്രമിക് തീവണ്ടികൾ ഓടിത്തുടങ്ങിയതു മുതൽ അവരുടെ സ്വന്തം സംസ്ഥാനങ്ങളിലേക്ക് സുരക്ഷിതമായി പോകാൻ സൗകര്യമൊരുക്കി.
- കോവിഡ് കാലത്ത് ദുരിതത്തിലായ കുട്ടികളെ സഹായിക്കുന്നതിനായി **ചിരി പ്രൊജക്ടിന്** തുടക്കംക്കുറിച്ചു.
- കോവിഡ്–19 മഹാമാരി നിലവിൽ വന്നതിനുശേഷം ഗാർഹിക പീഡനത്തിലും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ മറ്റ് അതിക്രമങ്ങളിലും വർധനവ് ഉണ്ടായിട്ടുണ്ട്. ഇതിനെ നേരിട്ട് സമാധാനം ഉറപ്പുവരുത്തുന്നതിന് ഗാർഹിക സംഘർഷ പരിഹാര കേന്ദ്രങ്ങൾ (Domestic Conflict Resolution Centres) രൂപീകരിച്ചു. കോവിഡ്, കോവിഡാനന്തര കാലത്ത് സ്ത്രീകൾ, കുട്ടികൾ, വീട്ടുകളിൽ കഴിയുന്ന വൈകല്യമുള്ളവർ എന്നിവർക്കെതിരായ അതിക്രമങ്ങൾ ലഘൂകരിക്കുക എന്നതാണ് അതിന്റെ ലക്ഷ്യം. പരിപാടി കൃത്യമായി നടപ്പാക്കേണ്ടത് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവാദിത്തമാകുന്നു.

ചുരുക്കത്തിൽ കേരള പോലീസ് രോഗം പടരാതിരിക്കാൻ, പ്രത്യേകിച്ചും കണ്ടെയ്മെന്റ് മേഖലകളിൽ സമൂഹവ്യാപനം തടയാൻ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പ്രാരംഭ ഘട്ടത്തിൽ പോലീസ് ഉദ്യാഗസ്ഥർ വേണ്ടത്ര ശ്രദ്ധിക്കുകയും വൈറസ് വ്യാപനം തടയാൻ പരിശോധിക്കാൻ ആത്മാർത്ഥമായി ശ്രമിക്കുകയും ചെയ്തു. സർക്കാർ പ്രഖ്യാപിച്ച നിയന്ത്രണങ്ങൾ സമർപ്പണ ബോധത്തോടെ ഏർപ്പെടുത്തുവാൻ ജില്ലാ പോലീസ് മേധാവികൾക്ക് അനവധി നിർദ്ദേശങ്ങൾ നൽകി. സോഷ്യൽ മീഡിയയിൽ വ്യാജവാർത്തകൾ പ്രചരിക്കുന്നത് തടയുന്നതിനും പൗരന്മാർക്കിടയിൽ പരിഭ്രാന്തി കുറയ്ക്കുന്നതിനും റേഞ്ചുകളിലെയും സോണുകളിലെയും കൺട്രോളിംഗ് ഉദ്യോഗസ്ഥർ എല്ലായ്പ്പോഴും മുന്നിൽ നിന്നു പ്രവർത്തിച്ചു. നിയന്ത്രണ ലംഘന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്യാൻ ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകി. പോലീസ് ആസ്ഥാനത്തു പ്രവർത്തിക്കുന്ന കോവിഡ് സെൽ പോലീസ് സേനയുടെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. സെല്ലിന്റെ 24 മണിക്കൂർ (24x7) പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

"കോവിഡ്–19 ഇ–ജാഗ്രത പാസ്" നടപ്പിലാക്കുന്നതിൽ പോലീസ് ഒരു പ്രധാന പങ്ക് വഹിച്ചു. അതിർത്തി ജില്ലകളിലെയും ചെക്ക് പോസ്റ്റുകളിലെയും പോലീസ് ഉദ്യോഗസ്ഥർ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വലിയ തോതിലുള്ള യാത്രക്കാരെ നിയന്ത്രിക്കുന്നതിനുവേണ്ടി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി. അന്തർ ജില്ലാ നിയന്ത്രണങ്ങളും പോലീസ് സേനയിലൂടെ കൃത്യമായി നടപ്പാക്കിയിട്ടുണ്ട്. കേരള പോലീസ് വനം അധികൃതരുമായി ചേർന്ന് മറ്റ് അയൽ സംസ്ഥാനങ്ങളിലേക്കും തിരികെയുള്ള ജനങ്ങളുടെ യാത്ര നിയന്ത്രിക്കാൻ ശ്രമിച്ചു.

സമ്പർക്കവിലക്കിൽ കഴിഞ്ഞവരെ പരിപാലിക്കുന്നതിൽ ജനമൈത്രി പോലീസ് നിർണ്ണായക പങ്കുവഹിച്ചു. സമ്പർക്കവിലക്കിൽ കഴിയുന്നവരുമായി ബന്ധപ്പെട്ട് സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും ഉത്തരവുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി. സമ്പർക്ക വിലക്കിൽ കഴിയുന്നവർ കർശനമായ പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ശക്തമായ നടപടികൾ സ്വീകരിക്കാൻ പോലീസ് ആസ്ഥാനത്തുനിന്ന് നിർദ്ദേശം നൽകി. കോവിഡ് രോഗികളെ ആശുപത്രികളിൽ നിന്ന് ഡിസ്ചാർജ് ചെയ്ത ശേഷവും പോലീസ് പ്രധാനപ്പെട്ട ഒരു പങ്കുവഹിക്കുന്നുണ്ട്. ആശുപത്രികളിൽ നിന്ന് ഡിസ്ചാർജ് ചെയ്യപ്പെട്ട രോഗികൾക്ക് 7 ദിവസത്തെ സമ്പർക്കവിലക്ക് എല്ലാ അർത്ഥത്തിലും

ഉറപ്പാക്കേണ്ടതുണ്ട്. കേരള സർക്കാർ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അതു നടപ്പാക്കുന്ന ഏജൻസി പോലീസ് സേനയുമാണ്. പോലീസ് സേനയുടെ കോവിഡ്-19 മഹാമാരിയുടെ സമയത്തെ കൃത്യതയും പ്രൊഫഷണൽ മനോഭാവവും ജോലിയും നിസ്വാർത്ഥ സേവനങ്ങളും പ്രശംസനീയമാണ്.

## കോവിഡ്-19 നോടുള്ള കേരളത്തിന്റെ സാമ്പത്തിക പ്രതികരണം

കോവിഡ്-19 സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിലും ജനജീവിതത്തിലും പ്രതികൂല സ്വാധീനം ചെലുത്തിയേക്കാമെന്ന് പ്രതീക്ഷിച്ചുകൊണ്ട് കേരള സർക്കാർ അതു തടയുന്നതിനുവേണ്ടി വിവിധ സംരംഭങ്ങൾ ഏറ്റെടുത്തു. ഇതിൽ പ്രത്യക്ഷവും അല്ലാതെയുമുള്ള ഇടപെടലുകളിലൂടെ സമ്പദ് വ്യവസ്ഥയിലേക്ക് പണം എത്തിക്കുക, ആവശ്യക്കാർക്ക് ഭക്ഷണവും പാർപ്പിടവും ഉറപ്പു വരുത്തുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കാർഷിക വ്യാവസായിക മേഖലകളിലെ ഉല്പാദനം വർധിപ്പിക്കുക, വിദേശത്തുനിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നാട്ടിലേക്ക് മടങ്ങിയെത്തിയ പ്രവാസികൾക്ക് സഹായം എത്തിക്കുക എന്നിവ ഉൾപ്പെടുന്നു. സർക്കാർ മഹാമാരിയുടെ വ്യാപ ന വേഗതയെക്കുറിച്ചും നിയന്ത്രിക്കാനുള്ള തന്ത്രങ്ങളെക്കുറിച്ചും വിവരങ്ങൾ ജനങ്ങളിലെത്തിച്ചു.

## 20,000 കോടി രൂപയുടെ പാക്കേജ്

കോവിഡ് മഹാമാരിയുടെ സാമ്പത്തികാഘാതത്തെ നേരിടുന്നതിനായി 20,000 കോടി രൂപയുടെ പാക്കേജ് രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെയും കേന്ദ്രസർക്കാരിനെയുംകാൾ വളരെ നേരത്തേതന്നെ വലിയ തോതിൽ പരിപാടികൾ പ്രഖ്യാപിച്ചത് കേരള സർക്കാരാണ്. 20,000 കോടി രൂപയുടെ പാക്കേജിൽ 1,320 കോടി രൂപ മാർച്ച് മാസത്തിൽ തന്നെ 2 മാസത്തെ ക്ഷേമ പെൻഷനുകൾ മുൻകൂറായി വിതരണം ചെയ്യുന്നതിനായി മാറ്റിവെച്ചു. ക്ഷേമ പെൻഷനുകൾക്ക് അർഹതയില്ലാത്ത കുടുംബങ്ങൾക്ക് 1,000 രൂ വീതം സഹായം നൽകുന്നതിന് 100 കോടി രൂപ അനുവദിച്ചു. തുടർന്നുള്ള രണ്ട് മാസത്തിനുള്ളിൽ പലിശയിനത്തിലുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് കുടുംബശ്രീ വഴി 2,000 രൂപ വായ്പയായി വിതരണം ചെയ്തു. തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ നൽകുന്നതിനായി 2,000 കോടി രൂപ നീക്കിവെച്ചു.

കോവിഡ്-19 പരിചരണ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ പൊതുജനാരോഗ്യ രംഗത്തെ അധിക ചെലവുകൾക്കായി 500 കോടി രൂപ വകയിരുത്തി. പൊതുവിതരണ സംവിധാനത്തിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണംചെയ്യുന്നതിന് 100 കോടി രൂപ അനുവദിച്ചു. അതിനുപുറമേ വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി 20 രൂപയ്ക്ക് ഊണുനൽകുന്നതിന് 50 കോടി രൂപ വകയിരുത്തി. ഈ പദ്ധതിയുടെ നടത്തിപ്പിന് ഏപ്രിൽ മാസത്തിൽ തന്നെ 1,000 ഭക്ഷണസ്റ്റാളുകൾ സർക്കാർ സ്ഥാപിച്ചിരുന്നു. സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കുടിശ്ശികയായിട്ടുള്ള ബിൽ തുക കൊടുത്തുതീർക്കുന്നതിനായി 14,000 കോടി രൂപ അനുവദിച്ചു.

കേരള സർക്കാർ സാമ്പത്തിക പാക്കേജിനുപരിയായി ആളുകൾക്ക് ചെലവഴിക്കുന്നതിനായി പണമുണ്ടാവുന്നതിന് ചട്ടങ്ങളിലും ബിൽ അടവുകളിലും ഇളവുകൾ നൽകി. ഓട്ടോറിക്ഷാകൾക്കും ടാക്സികൾക്കുമുള്ള ഫിറ്റ്നസ് ഫീസിൽ ഇളവു ചെയ്തുകൊടുത്തു. സ്റ്റേജ് കാരിയേജുകളുടെയും കരാർ കാരിയേജുകളുടെയും മൂന്നുമാസ നികുതിയിൽ ഒരു മാസത്തേത് ഇളവുചെയ്തുകൊടുത്തു. ഈ ഇളവുകൾ എല്ലാംകൂടി 23.60 കോടി രൂപ വരുന്നു. വൈദ്യുതി, വാട്ടർ ബില്ലുകൾ പിഴയൊന്നുമില്ലാതെ ഒരു മാസം കഴിഞ്ഞ് അടയ്ക്കാൻ അനുവാദം നൽകി. സിനിമാ തിയേറ്ററുകളുടെ വിനോദ നികുതി ഒഴിവാക്കി.

അടച്ചുപൂട്ടൽ സമയത്ത് അവശ്യവസ്തുക്കളുടെ മതിയായ ലഭ്യത ഉറപ്പുവരുത്തുന്നതിന് വ്യാപാരികളുടെയും ബിസിനസ്സുകാരുടെയും സംഘടനകളുമായി വ്യാപകമായി കൂടിയാലോചനകൾ നടത്തി. അടച്ചുപൂട്ടൽകാലത്ത് വീടുകളിൽ പച്ചക്കറികളും പയർ വർഗ്ഗങ്ങളുമുൾപ്പെടെയുള്ള അവശ്യവസ്തുക്കളുടെ വിതരണം ഉറപ്പുവരുത്തുന്നതിന് ഓൺ ലൈൻ സൗകര്യങ്ങളേർപ്പെടുത്തി. ആവശ്യക്കാരെ സഹായിക്കുന്നതിനായി സംഘടനകളുടെ സ്വമേധയായുള്ള സേവനങ്ങൾ ഉറപ്പാക്കിയിരുന്നു. ക്വാറൈന്റീനിലുള്ളവർക്ക് പ്രസാധകരുടെ സഹായത്തോടെ പുസ്തകങ്ങൾ ലഭ്യമാക്കി. സേവനദാതാക്കളുമായുള്ള ചർച്ചകളെത്തുടർന്ന് ആവശ്യത്തിനുള്ള ഇന്റർനെറ്റ് ബാൻഡ് വിഡ്ത്തും ഉറപ്പാക്കി.

മഹാമാരിമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി കാലയളവിൽ റിക്കവറി നടപടികളൊന്നും നടത്താതിരിക്കാൻ ബാങ്കുകളെ പ്രേരിപ്പിക്കുന്നതിനും സാമ്പത്തിക ആശ്വാസം നൽകുന്നതിനുമായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി (എസ്എൽബിസി) യോഗം വിളിച്ചുചേർത്തു.

സമ്പദ് വ്യവസ്ഥയിലെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ ചുരുങ്ങിയ തോതിലുള്ള വിഭവങ്ങൾ ശേഖരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. 2020-21 വാർഷിക

പദ്ധതിയിലെ സ്കീമുകൾ മുൻഗണനാക്രമത്തിൽ ക്രമീകരിച്ചത് വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ സഹായിച്ചു.

## കൃഷിയും അനുബന്ധ മേഖലകളും

### സുഭിക്ഷ കേരളം

കേരള സർക്കാർ ഭക്ഷ്യ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഒരു ജനകീയ ഇടപെടലായി 'സുഭിക്ഷ കേരളം' പദ്ധതി ആവിഷ്കരിച്ചു. ഈ ക്യാമ്പയിന്റെ ലക്ഷ്യം സംസ്ഥാനത്തെ കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക, മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുക എന്നിവയാണ്. ഒരു വർഷത്തിനുള്ളിൽ 3,860 കോടി രൂപ ഈ പരിപാടിക്കു കീഴിൽ സമ്പദ് വ്യവസ്ഥയിലേക്ക് എത്തിക്കും. ഈ സ്കീമിനായി പ്രതീക്ഷിക്കുന്ന ചെലവ് കൃഷിക്ക് 1,449 കോടി രൂപ, മത്സ്യബന്ധനത്തിന് 2,078 കോടി രൂപ, ക്ഷീര വികസനത്തിന് 215 കോടി രൂപ, മൃഗസംരക്ഷണത്തിന് 115 കോടി രൂപ എന്നിങ്ങനെയാണ്.

ഈ പരിപാടിക്കു കീഴിൽ കൃഷി വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് കുടുംബശ്രീയുടെയും ബഹുജനങ്ങളുടെയും പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 25,000 ഹെക്ടർ തരിശുനിലം കൃഷിചെയ്യുന്നതിന് ഏറ്റെടുക്കാൻ നടപടികളെടുത്തു. 5,000 ഹെക്ടറിൽ നെൽക്കൃഷിയും പച്ചക്കറികളും വാഴപ്പഴങ്ങളും ഓരോന്നും 7,000 ഹെക്ടറുകളിലും കിഴങ്ങുവർഗ്ഗങ്ങൾ 5,000 ഹെക്ടറിലും പയറും ചെറുധാന്യങ്ങളും ഓരോന്നും 500 ഹെക്ടറിൽ വീതവും കൃഷി ചെയ്യണം. അടുക്കളത്തോട്ടങ്ങളും പ്രോത്സാഹിപ്പിക്കുന്നു. സർക്കാർ വിത്തുകളും തൈകളും നൽകി. വിളവെടുപ്പിനുശേഷം ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ശീതീകരണ സൗകര്യങ്ങളുടെ ഒരു ശൃംഖല ഉണ്ടാവണമെന്ന് വിഭാവനം ചെയ്യുന്നു. കേരള സർക്കാർ ഉല്പന്നങ്ങൾ വേണ്ടരീതിയിൽ വിപണനംചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു.

ഈ പരിപാടിയിൽ ഉൾപ്പെടുന്ന പ്രധാന വകുപ്പുകൾ കൃഷിയും കർഷക ക്ഷേമവും, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം,എന്നിവയാണ്. സഹകരണം, ജലവിഭവം, വ്യവസായം, തദ്ദേശ സ്വയംഭരണം എന്നിവ വായ്പ, വിപണനം, ജലസേചനം എന്നീ സഹായങ്ങൾ നൽകും.

### പഴങ്ങളും പച്ചക്കറികളും

കോവിഡ്–19 മഹാമാരിയും തുടർന്നുള്ള അടച്ചുപൂട്ടലും സമയത്ത് കാർഷിക മേഖലയ്ക്ക് സഹായ വും ആശ്വാസവും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ 'സുഭിക്ഷ കേരളം' പദ്ധതി പ്രഖ്യാപിക്കുന്നതിനു മുമ്പുതന്നെ ആരംഭിച്ചു. കോവിഡ്–19 ന്റെ തുടക്കത്തിലും അതിനെത്തുടർന്നുണ്ടായ അടച്ചുപൂട്ടലും ആരംഭിക്കുമ്പോൾ കാർഷികോല്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ മറികടക്കാൻ ഒരു സ്റ്റാൻഡേർഡ് നടപടി ക്രമം ആവിഷ്കരിച്ചു. സംഭരണത്തിനായി ഉല്പന്നങ്ങൾ ശേഖരിക്കാനുള്ള കേന്ദ്രങ്ങൾ നിശ്ചയിച്ചു. ഉദ്യോഗസ്ഥർ, മാർക്കറ്റ് ഓഫീസ് ഭാരവാഹികൾ, വ്യാപാരികൾ, പലചരക്ക് കടകൾ, വിഎഫ്പിസികെ, ഹോർട്ടികോർപ്പ് എന്നിവർ അംഗങ്ങളായി ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലുമുള്ള വാട്ട്സ്അപ് ഗ്രൂപ്പുകൾക്ക് രൂപംകൊടുത്തു.

കൃഷി വകുപ്പ്, പച്ചക്കറി–പഴം പ്രോത്സാഹന കൊൺസിൽ (VKPCK), ഹോർട്ടികോർപ്പ് എന്നിവ പച്ചക്റികളുടെ വിപണനത്തിൽ ഇടപെട്ടു. പ്രാദേശികമായി സ്ഥാപിച്ച (ഓരോ പഞ്ചായത്തിലും ഒന്നുവീതം, നഗരസഭകളിൽ രണ്ടുവീതം, കോർപ്പറേഷനുകളിൽ 5 വീതം) കർഷക ചില്ലറ വില്പന കേന്ദ്രങ്ങൾ (FRO) കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ പ്രാദേശികമായി വിൽക്കാൻ സഹായി ച്ചു. നഗരങ്ങളിലെ ആവശ്യക്കാർക്ക് മാങ്ങ, കൈതച്ചക്ക, വാഴപ്പഴം, പപ്പായ, പച്ചക്കറികൾ തുടങ്ങിയ ഉല്പന്നങ്ങൾ വിൽക്കാൻ സഹായിക്കുന്ന ഓൺ ലൈൻ മാർക്കറ്റിംഗ് രീതി സർക്കാർ ഏജൻസികൾ സ്വീകരിച്ചു. മിച്ചംവരുന്ന ഉല്പന്നങ്ങൾ മറ്റു ജില്ലകളിലേക്കു കൊണ്ടുപോകാനും ക്രമീകരണങ്ങൾ ഏർപ്പെടുത്തി. വിഎഫ്പിസികെയും ഹോർട്ടികോർപ്പും മാങ്ങ പ്രത്യേകിച്ചും പാലക്കാട് ജില്ലയിലെ ബംഗനപ്പള്ളി, സിന്ദൂര തുടങ്ങിയ ഇനങ്ങളും എറണാകുളം ജില്ലയിലെ കൈതച്ച ക്ക എന്നിവ സംഭരിക്കാനും അവരുടെ കടകൾ വഴിയും ഓൺ ലൈനായും വില്പന നടത്താനു മായി ഇടപെട്ടു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കർഷകരിൽ നിന്ന് സ്ട്രോബറി, കാബേജ്, കാരറ്റ് എന്നിവ സംഭരിച്ച് വിപണനത്തിനായി ഹോർട്ടികോർപ്പിലേക്ക് മാറ്റി. ഇതിലൂടെ കർഷകർക്ക് മിഷനിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നു. സാമൂഹിക അടുക്കളകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, അതിഥി തൊഴിലാളി ക്യാമ്പുകൾ, സംസ്ഥാനത്തൊട്ടാകെയുള്ള മറ്റ് ഏജൻസികൾ എന്നിവയ്ക്ക് പഴങ്ങളും പച്ചക്കറികളും വിതരണംചെയ്യുന്നതിനുവേണ്ട ക്രമീകരണ ങ്ങളൊരുക്കി. ഹോർട്ടികോർപ്പിന്റെ 100 സ്വന്തം സ്റ്റാളുകളിലൂടെയും 200 ഓളം ഏജൻസി വില്പനശാലകളിലൂടെയും പഴങ്ങളും പച്ചക്കറികളും വില്പന നടത്തി. ഹോർട്ടികോർപ്പ് ഉല്പാദന കേന്ദ്രങ്ങളിൽ നിന്ന് പഴങ്ങളും പച്ചക്കറികളും വാങ്ങുന്നതിൽ ഇടപെട്ടിരുന്നു. ഈ പ്രക്രിയയിൽ ഗ്രാമീണ കച്ചവടക്കാരുടെയും മൊത്തക്കച്ചവടക്കാരുടെയും പങ്ക് ജില്ലാതല ഉദ്യോഗസ്ഥർ ഉറപ്പുവരുത്തിയിരുന്നു.

സംസ്ഥാനത്ത് വിഎഫ്പിസികെയുടേതായി 287 സ്വാശ്രയ കാർഷിക വിപണികളുണ്ട്. പഴങ്ങൾ, പച്ചക്കറികൾ, മറ്റ് കാർഷികോല്പന്നങ്ങളും സ്വാശ്രയ കർഷക സംഘങ്ങൾ വഴി കച്ചവടം നടത്തുന്നു.

സാമൂഹിക അടക്കളയ്ക്കുവേണ്ട പഴങ്ങളും പച്ചക്കറികളും സൊജന്യമായി സ്വാശ്രയ കർഷക സംഘങ്ങൾ നൽകി.

### നെല്ല്

കോവിഡ്–19 ഉം തുടർന്നുള്ള അടച്ചുപൂട്ടലും കാരണം ഉണ്ടായ മാർക്കറ്റിംഗിലെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി വിളവെടുത്ത നെല്ല് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് (സപ്ലൈകോ) സംഭരിച്ചു. പാലക്കാട്, കുട്ടനാട്, കോൾ പ്രദേശങ്ങളിലായി അറുന്നൂറ് നെല്ല് മെതി സൗകര്യങ്ങൾ വകുപ്പ് ഒരുക്കിയിരുന്നു. കേരള സർക്കാർ വിഭവങ്ങൾ പൂർണ്ണമായും വിനിയോഗിക്കുന്നതിനായി അടച്ചുപൂട്ടൽ കാലയളവിൽ അരി മില്ലുകൾ പ്രവർത്തനക്ഷമമായിരിക്കണമെന്ന് നിർദ്ദേശിച്ചു.

### തേയില

കേരള സർക്കാർ പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിനായി തേയില സംഭരിക്കുന്നത് അതിന്റെ വില കൂട്ടുകയും ആ മേഖലയിലുള്ളവർക്ക് കുറച്ച് ആശ്വാസം പകരുകയും ചെയ്തു.  അടച്ചുപൂട്ടൽ കാലയളവിൽ പിഡിഎസ് വഴി വിതരണംചെയ്ത അവശ്യവസ്തുക്കളുടെ കിറ്റിലേക്ക് സപ്ലൈകോ 2.5 ലക്ഷം കിലോഗ്രാം തേയില വാങ്ങി.

### മൃഗസംരക്ഷണം

കാർഷിക മേഖലയ്ക്കൊപ്പം സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖല നേരിടുന്ന പ്രശ്നങ്ങളിലും ശ്രദ്ധചെലുത്തുകയുണ്ടായി. ഓരോ ഉപമേഖലയുടെയും പ്രത്യേകത കണക്കിലെടുത്ത് കേരള സർക്കാർ ഒന്നിലധികം നടപടികൾ ഏറ്റെടുത്തു.

### കോഴി വളർത്തൽ

കോവിഡ്–19 നെത്തുടർന്ന് ഏർപ്പെടുത്തപ്പെട്ട അടച്ചുപൂട്ടൽ സംസ്ഥാനത്ത് കോഴിത്തീറ്റയുടെ ലഭ്യത കുറച്ചു. ഇക്കാലയളവിൽ കേരള സർക്കാർ തമിഴ് നാട് സർക്കാരുമായിച്ചേർന്ന്  കോഴിത്തീറ്റ ഇറക്കുമതി ചെയ്യുന്നതിനുള്ള ക്രമീകരണങ്ങളൊരുക്കി. ഫാമുകളിൽ നിന്നുള്ള കോഴി ഉല്പന്നങ്ങളുടെ വില കുറയ്ക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള കോഴി ഫാമുകളിൽ മുട്ട വിരിയിക്കുന്നത് നിർത്തലാക്കി. മുട്ട വിരിയിക്കൽ നിർത്തിയതിന്റെ ഫലമായി അവശേഷിച്ച മുട്ടകൾ പൊതുജനങ്ങൾക്ക് വിറ്റു.

### കന്നുകാലികൾ

പോണ്ടിച്ചേരിയിൽ നിന്നും എത്തിക്കുന്ന ദ്രാവകരൂപത്തിലുള്ള നൈട്രജന്റെ കുറവ് ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചു. എങ്കിലും കേരള കന്നുകാലി വികസന ബോർഡ് (കെഎൽഡിബി) ശീതീകരിച്ച ബീജം, ദ്രാവകരൂപത്തിലുള്ള നൈട്രജൻ, മറ്റ് കൃത്രിമ ബീജസങ്കലന സാമഗ്രികൾ എന്നിവയുടെ വിതരണം സംസ്ഥാനത്തെ എല്ലാ ബീജസങ്കലന കേന്ദ്രങ്ങളിലേക്കും അടച്ചുപൂട്ടൽ കാലയളവിൽ തടസ്സംകൂടാതെ തുടർന്നു. ലഭിച്ച കുറഞ്ഞ അളവ് ദ്രവീകൃത നൈട്രജൻ സ്റ്റോക്കി ലുള്ള ശീതീകരിച്ച ബീജങ്ങൾ സൂക്ഷിക്കാനായി ഉപയോഗിച്ചു. കോവിഡ് റിലീഫ് കന്നുകാലിത്തീറ്റ സബ്സിഡി പദ്ധതി പ്രകാരം 1.82 ലക്ഷം ക്ഷീര കർഷകർക്ക് ചാക്കൊന്നിന് 400 രൂപ സർക്കാർ സബ്സിഡി നിരക്കിൽ 2.95 ലക്ഷം ചാക്ക് കന്നുകാലിത്തീറ്റ വിതരണംചെയ്തു. കേരള സർക്കാർ മൊത്തം ചെലവായ 39.68 കോടി രൂപയിൽ 11.83 കോടി രൂപ ധനസഹായം നൽകി. സംസ്ഥാനത്ത് കാലിത്തീറ്റ ലഭ്യത ഉറപ്പാക്കാനും സർക്കാർ നടപടി സ്വീകരിച്ചു.

### ക്ഷീരം

അടച്ചുപൂട്ടൽ സമയത്തെ പാൽ ഉപയോഗത്തിലെ കുറവും നിയന്ത്രണം മൂലമുള്ള വില്പനയിലെ കുറവും ഉണ്ടായിരുന്നുവെങ്കിലും ഉല്പാദനവും സംഭരണവും താരതമ്യേന ഉയർന്നു തന്നെ നിന്നു. ഇത് മിച്ചം വന്ന പാലിനെ പാൽപ്പൊടിയാക്കി മാറ്റേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. പ്രതിദിനം 1.2 മുതൽ 1.25 ലക്ഷം ലിറ്റർ പാൽ വരെ തമിഴ് നാട്ടിലേക്ക് പാൽപ്പൊടിയാക്കുന്നതിന് അയച്ചിരുന്നു. എന്നാൽ തുടക്കത്തിൽ കേരളത്തിൽ നിന്നുള്ള പാൽ വാങ്ങാൻ തമിഴ് നാട് സർക്കാർ വിസമ്മതിച്ചു.

പിന്നീട് അടിയന്തിര പ്രധാന്യം കണക്കിലെടുത്ത് കേരളം –തമിഴ് നാട് സർക്കാരുകൾ തമ്മിൽ നടത്തിയ ചർച്ചകൾക്ക് ശേഷം പ്രതിദിനം 50,000 ലിറ്റർ പാൽ വാങ്ങാൻ തമിഴ് നാട് സമ്മതിച്ചു. മിച്ചമുള്ള പാൽ പാഴായിപോകാതിരിക്കാനും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് പോഷകാഹാരം ഉറപ്പാക്കാനും അംഗനവാടികൾ, അതിഥി തൊഴിലാളി ക്യാമ്പുകൾ, സമൂഹ അടുക്കളകൾ, കൺസ്യൂമർ ഫെഡ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവയ്ക്ക് മിൽമ വഴി പാലും പാലുല്പന്നങ്ങളും വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

മൃഗസംരക്ഷണ മേഖലയ്ക്ക് പ്രചോദനം നൽകുന്നതിനായി 10,000 സങ്കരയിനം കന്നുകാലി യൂണി റ്റുകൾ സ്ഥാപിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 8,000 ക്ഷീര യൂണിറ്റുകൾ സ്ഥാപിക്കും. ഇതിൽ 200 എണ്ണം സർക്കാർ സഹായത്തോടെ യന്ത്രവൽക്കരിക്കും. കർഷകർക്ക് പാൽ കറക്കുന്ന യന്ത്രം വാങ്ങുന്നതിനും ചീസ്, തൈര് പോലുള്ള മൂല്യവർധിത പാലുല്പന്നങ്ങളുടെ ഉല്പാദനത്തിനും സഹായം നൽകുന്നു. വീടുകളിലെ കോഴി വളർത്തൽ, പന്നി ഫാമുകളെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും വേണം.

സംസ്ഥാന സർക്കാർ ക്ഷീര കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് ക്യാമ്പയിനിന്റെ ഭാഗമായി 100.09 കോടി രൂപ അനുവദിച്ചു.

### മത്സ്യബന്ധനം

അടച്ചുപൂട്ടൽ കാലയളവിൽ സംസ്ഥാനത്തെ എല്ലാ മത്സ്യബന്ധന തുറമുഖങ്ങളും ലാന്റിംഗ് കേന്ദ്രങ്ങളും മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് അടച്ചിട്ടിരുന്നു. യന്ത്രവത്കൃത ബോട്ടുകൾ പ്രവർത്തി പ്പിക്കാൻ അനുവദിക്കാതിരിക്കുകയും മത്സ്യലേലം നിരോധിക്കുകയും ചെയ്തിരുന്നു. എന്നിരുന്നാലും പരമ്പരാഗത രീതിയിലുള്ള മത്സ്യബന്ധനം അനുവദിച്ചിരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്ക് മീൻപിടിക്കാൻ പോകാൻ അനുവാദമുണ്ടായിരുന്നുവെങ്കിലും സാമൂഹിക അകലം പാലി ക്കൽ നടപടികൾ നടപ്പിലാക്കാൻ കഴിയാത്തതുകൊണ്ട് പിടിച്ച മീനുകൾ ലേലം ചെയ്യരുതെന്ന് ആവശ്യപ്പെട്ടു. പകരം സർക്കാർ നിശ്ചയിച്ച വിലയ്ക്ക് മീൻ വാങ്ങലും വില്പനയും നടത്തി. ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളെ മീനുകളുടെ വില നിർണ്ണയിക്കാനായി ചുമതലപ്പെടുത്തി. മത്സ്യബന്ധന തുറമുഖങ്ങളിലും ലാന്റിംഗ് കേന്ദ്രങ്ങളിലും തിരക്ക് ഒഴിവാക്കാൻ ടോക്കൺ സംവിധാനം ഏർപ്പെടുത്തി. മത്സ്യത്തിന്റെ ഓണ്ലൈൻ വിപണനത്തിനായി ഒരു മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചെടുത്തു. മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, മത്സ്യ ഫാമുകൾ, ഹാച്ചറികൾ, തീറ്റ, വിത്ത്, മത്സ്യകൃഷിക്കുവേണ്ട വസ്തുക്കൾ എന്നിവ അടച്ചുപൂട്ടൽ നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കാൻ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു.

പേൾ സ്പോട്ട് കൃഷിയ്ക്കായി 3,000 ഹെക്ടറിൽ ഉപ്പുവെള്ള കുളങ്ങൾ സ്ഥാപിക്കും. അതിനു പുറമേ സംയുക്ത ഉപ്പുവെള്ള മത്സ്യകൃഷിക്ക് 5,000 യൂണിറ്റുകൾ സ്ഥാപിക്കും, അങ്ങനെ ഉല്പാദനം 5,000 ടൺ വർധിപ്പിക്കാൻ കഴിയും. 5,000 രൂപ വിലയുള്ള 5,000 പ്ലാസ്റ്റിക് കുളങ്ങൾ. പതിനാല് ജില്ലകളിലും ഗുണനിലവാരവും രോഗനിയന്ത്രണവും ഉറപ്പുവരുത്തുന്നതിനായി സഞ്ചരിക്കുന്ന അക്വാ ലാബുകൾ സ്ഥാപിക്കും. ആഗസ്റ്റ് 2020 പകുതി മുതൽ സമുദ്ര മത്സ്യബന്ധനത്തിനുള്ള ഉപരോധങ്ങൾ പിന്വലിച്ചു.

### സഹകരണ മേഖല

വീടുകളിൽ സമ്പർക്ക വിലക്കിൽ കഴിഞ്ഞവർക്ക് അതത് പ്രദേശങ്ങളിലെ കൺസ്യൂമർഫെഡ്, നീതി സ്റ്റോറുകൾ വഴി അവശ്യസാധനങ്ങൾ എത്തിച്ചുകൊടുത്തു. കോവിഡ്–19 മഹാമാരിക്കെതിരായ പോരാട്ടത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ, ലാബുകൾ, സഹകരണ ആശുപത്രികൾ എന്നിവ ആരോഗ്യ വകുപ്പിനെ സഹായിക്കുന്നു. സഹകരണ ആശുപത്രികളിൽ ടെലിമെഡിസിൻ സൗകര്യങ്ങളും ഒരുക്കിയിരുന്നു.

സാമ്പത്തിക സഹായത്തിന്റെ കാര്യത്തിൽ, മാർച്ച് 1, 2020 മുതൽ മെയ് 31, 2020 വരെ സഹകരണ വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. മുഖ്യമന്ത്രിയുടെ സഹായ വായ്പാ സ്കീമിലൂടെ 20,000 രൂപ വായ്പ നൽകുന്ന പദ്ധതി സഹകരണ സംഘങ്ങളും പ്രദേശിക സഹകരണ സ്ഥാപനങ്ങളും വഴിയാണ് നടപ്പിലാക്കുന്നത്. അവ പലിശ രഹിത വായ്പകൾ, സൗജന്യം ഹോം ഡെലിവറി, മറ്റ് സേവനങ്ങൾ എന്നിവ നൽകുന്നു.

അടച്ചുപൂട്ടലിന്റെ ആദ്യ ദിവസങ്ങളിൽ കർണ്ണാടക അതിർത്തിക്ക് അടുത്തുള്ള കാസറഗോഡ് ജില്ലയിൽ 10 പുതിയ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിച്ചു.

### വനോല്പന്നങ്ങൾ

ആദിവാസി ഊരുകളിൽ നിന്നുള്ള വനോല്പന്നങ്ങൾക്കും കാർഷികോല്പന്നങ്ങൾക്കും വിപണന സാധ്യത ഉറപ്പാക്കുന്നതിന് സർക്കാർ ഒരു ഓൺ ലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചു.  കേരള വനം–വന്യജീവി വകുപ്പിനു കീഴിൽ ആദിവാസി ഊരുകളിൽ നിന്നും തടിയിതര വനോല്പന്നങ്ങൾക്കും (കാട്ടു മഞ്ഞൾ–കസ്തൂരി മഞ്ഞൾ, തേൻ, കരകൗശലവസ്തുക്കൾ/മുളയുല്പന്നങ്ങൾ) കാർഷികോല്പന്നങ്ങൾക്കും (മരച്ചീനി, വാളൻ പയർ, ചേന, വാഴപ്പഴം) അടച്ചുപൂട്ടൽ കാലത്ത് കമ്പോള സാധ്യത ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ടുള്ളതാണ്. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, നെയ്യാർ, പേപ്പാറ എന്നീ ഫോറസ്റ്റ് റേഞ്ചുകളിലാണ് ഈ പ്രൊജക്ട് നടപ്പിലാക്കിയത്.

ആദിവാസികളുടെ ഉപജീവനം ഉറപ്പുവരുത്തുന്നതിനായി വനം വകുപ്പ് ജീവനക്കാർ ആദിവാസി ഊരുകളിൽനിന്ന് ഉല്പന്നങ്ങൾ നേരിട്ട് പൊതുവപണിയിലെ നിരക്കിൽ ശേഖരിച്ചു. ആ ഉല്പന്നങ്ങൾ വനിക എന്ന വാട്ട്സ്അപ്പ് ഗ്രൂപ്പിലൂടെ നഗരങ്ങളിലെ ആവശ്യക്കാരായവരുടെ വീടുകളിൽ ആദ്യം ആവശ്യപ്പെടുന്നവർക്ക് ആദ്യം എന്ന മുറയ്ക്ക് എത്തിച്ചുനൽകി. ഈ ഉദ്യമം വനത്തിനുള്ളിൽ താമസിക്കുന്നവരുടെ, മറ്റൊരുതരത്തിലും വിപണി കണ്ടെത്താനാവാത്ത വിലപിടിപ്പുള്ള ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ സഹായിച്ചു.

ഈ പ്രദേശങ്ങളിലെ പരമ്പരാഗത വനവാസികളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയും തടിയിതര വനോല്പന്ന ശേഖരണവും ആയിരിക്കെ അടച്ചുപൂട്ടലിനുശേഷം എത്തിച്ചേരാൻ പ്രയാസമുള്ള പ്രദേശങ്ങളിലെ ആദിവാസി ഊരുകളിലെ ആളുകൾക്ക് പ്രദേശിക വിപണികളിലുള്ള കച്ചവട സാധ്യത നഷ്ടപ്പെട്ടു.

## ഭക്ഷ്യ സുരക്ഷയും പൊതുവിതരണ സമ്പ്രദായവും

സംസ്ഥാനത്ത് ഭക്ഷ്യ വിതരണം ഉറപ്പാക്കുന്നത് രണ്ട് രീതിയിലാണ്; സർക്കാരിന്റെയും സ്വകാര്യ ഉടമകളുടെയും ഉടമസ്ഥതയിലും പ്രവർത്തനത്തിലുമുള്ളതുമായ പൊതുവിതരണ സമ്പ്രദായം. കേരള സർക്കാർ 13 അവശ്യവസ്തുക്കളുടെ വില നിയന്ത്രിച്ച്, കുറഞ്ഞ വിലയ്ക്ക് അവ വിതരണം ചെയ്യാൻ പ്രതിജ്ഞാബദ്ധമായതിനാൽ സപ്ലൈകോ വഴി വിപണിയിലിടപെട്ട് പ്രവർത്തിക്കുന്നു. ആഴത്തിൽ വേരോടിയ ഈ സംവിധാനം കോവിഡ്–19 ഏല്പിച്ച അടച്ചുപൂട്ടൽ കലായളവിൽ, പ്രത്യേകിച്ചും വിതരണ ശൃംഖലയിലെയും ഭക്ഷ്യോല്പാദനത്തിലെയും വലിയതോതിലുള്ള തടസ്സങ്ങളുടെ പശ്ചാത്തലത്തിൽ, ഭക്ഷ്യ വിതരണത്തിൽ ഒരു നെടുംതൂണായി പ്രവർത്തിച്ചു,

### പൊതുവിതരണം

അടച്ചുപൂട്ടൽ കാലത്തും അതിനുശേഷവും ജനങ്ങൾക്ക് ആവശ്യത്തിന് ഭക്ഷ്യവസ്തുക്കൾ ഉണ്ടെന്നും ആരും വിശന്നിരിക്കുന്നില്ലെന്നും ഉറപ്പുവരുത്തുന്നതിന് സർക്കാർ മുൻഗണന നൽകി. സംസ്ഥാനത്തെ എല്ലാ റേഷൻകാർഡ് ഉടമകൾക്കും 17 ഇനങ്ങളുള്ള ഒരു കിറ്റ് നൽകി. ഈ പ്രത്യേക കിറ്റിൽ (അതിജീവന കിറ്റ്) **പട്ടിക 2.1.2** –ൽ കൊടുത്തിരിക്കുന്ന 17 സാധനങ്ങൾ ഉൾപ്പെടുന്നു.

അതിജീവന കിറ്റ് 84,48,016 റേഷൻ കാർഡ് ഉടമകൾക്ക് വിതരണം ചെയ്തു. സ്കീം തലത്തിൽ അതിജീവന കിറ്റ് വിതരണം ചെയ്തതിന്റെ കണക്ക് **പട്ടിക 2.1.3, അനുബന്ധം 2.1.1** –ൽ കൊടുത്തിരിക്കുന്നു.

അതിജീവന കിറ്റ് ഒറ്റത്തവണ വ്യവസ്ഥയിൽ ഏപ്രിൽ മാസത്തിൽ വിതരണംചെയ്തു.

അതിനു പുറമേ കേരള സർക്കാർ 2020 ആഗസ്റ്റിൽ ഓണം കിറ്റിൽ 11 ഇനം സാധനങ്ങൾ നൽകി. പഞ്ചസാര (1 കിലോഗ്രാം), ചെറുപയർ (500 ഗ്രാം), ശർക്കര (1 കിലോഗ്രാം), മുളകുപൊടി (100 ഗ്രാം), മല്ലിപ്പൊടി (100 ഗ്രാം), മഞ്ഞൾപ്പൊടി (100 ഗ്രാം), സാമ്പാർ പൊടി (100 ഗ്രാം), വെളിച്ചെണ്ണ (100 ഗ്രാം), പർപ്പടകം (1 പായ്ക്കറ്റ്), വെർമിസില്ലി/പായസം അട (1 പായ്ക്കറ്റ്), നറുക്ക് ഗോതമ്പ് (1 കിലോഗ്രാം).

സെപ്റ്റംബർ 2020 മുതൽ സംസ്ഥാന സർക്കാർ എട്ട് സാധനങ്ങളടങ്ങിയ കിറ്റ് നൽകാൻ തുടങ്ങി – കടല (750 ഗ്രാം), പഞ്ചസാര (1 കിലോഗ്രാം), ആട്ട (1 കിലോഗ്രാം), വെളിച്ചെണ്ണ (500 മില്ലി), മുളകുപൊടി (100 ഗ്രാം), ഉപ്പ് (1 കിലോഗ്രാം), ചെറുപയർ (750 ഗ്രാം), ഉഴുന്ന് (250 ഗ്രാം). എല്ലാ റേഷൻ കാർഡ് ഉടമകൾക്കും 2020 സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ എട്ട് ഇനങ്ങളുള്ള കിറ്റ് വിതരണം ചെയ്യും.

പ്രതിമാസ റേഷൻ യാതൊരുവിധ താമസവുമില്ലാതെ വിതരണം ചെയ്തു. 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ

**പട്ടിക 2.1.2** അതിജീവന കിറ്റിലെ വിഭവങ്ങൾ

| ഇനം | തൂക്കം |
|---|---|
| പഞ്ചസാര | 1 കി.ഗ്രാം |
| തേയില | 250 ഗ്രാം |
| പയർ | 1 കി.ഗ്രാം |
| കടല | 1 കി.ഗ്രാം |
| വെളിച്ചെണ്ണ | 500 ഗ്രാം |
| ആട്ട | 2 കി.ഗ്രാം |
| മൈദ | 1 കി.ഗ്രാം |
| മുളകുപൊടി | 100 ഗ്രാം |
| മല്ലിപ്പൊടി | 100 ഗ്രാം |
| തുവര | 250 ഗ്രാം |
| മഞ്ഞൾപ്പൊടി | 100 ഗ്രാം |
| ഉലുവ | 100 ഗ്രാം |
| കടുക് | 100 ഗ്രാം |
| സോപ്പ് | 2 എണ്ണം |
| സൺഫ്ലവർ ഓയിൽ | 1 ലിറ്റർ |
| ഉഴുന്ന് | 1 കി.ഗ്രാം |

സ്രോതസ്സ്: പൊതുവിതരണ വകുപ്പ്, കേരള സർക്കാർ

**പട്ടിക 2.1.3** അതിജീവന കിറ്റ് വിതരണം ചെയ്തതിന്റെ കണക്ക്

| മാസം | എല്ലാവിധ റേഷൻ കാർഡുടമകൾക്കും (എഎവൈ, പിഎച്ച്എച്ച്, എൻപിഎസ്, എൻപിഎൻഎസ്) നൽകിയ അരി (പതിവ് + പിഎംജികെഎവൈ + സാധാരണ + സ്പെഷ്യൽ) | യോഗ്യതയുള്ള എല്ലാ റേഷൻ കാർഡുടമകൾക്കും (എഎവൈ, പിഎച്ച്എച്ച്) വിതരണം ചെയ്ത ഗോതമ്പ് (പതിവ് + എംജികെഎവൈ) | യോഗ്യതയുള്ള എല്ലാ റേഷൻ കാർഡുടമകൾക്കും (എൻപിഎസ്, എൻപിഎൻഎസ്) വിതരണം ചെയ്ത ആട്ട | റേഷൻ വാങ്ങിയ കാർഡുടമകളുടെ ശതമാനം |
|---|---|---|---|---|
| ഏപ്രിൽ | 2,17,025.69 | 15,709.55 | 5,698.45 | 98 |
| മെയ് | 1,97,881.78 | 15,536.44 | 4,572.01 | 97.3 |
| ജൂൺ | 1,92,711.02 | 15,414.23 | 7,377.94 | 90.1 |
| ജൂലൈ | 1,55,475.33 | 29,733.28 | 6,904.21 | 89 |
| ആഗസ്റ്റ് | 1,90,253.63 | 30,502.33 | 6,436.24 | 96.1 |
| സെപ്റ്റംബർ | 1,57,236.22 | 29,792.84 | 5,777.24 | 84.7 |
| **ആകെ** | **11,10,583.67** | **1,36,688.68** | **36,766.09** | |

സ്രോതസ്സ്: പൊതുവിതരണ വകുപ്പ്, കേരള സർക്കാർ

വരെയുള്ള കാലത്ത് വിതരണം ചെയ്ത പ്രതിമാസ റേഷൻ (ദശലക്ഷം ടണ്ണിൽ) താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

2020 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ മൊത്തം 11,10,583.67 മെട്രിക് ടൺ അരി, 1,36,688.68 മെട്രിക് ടൺ ഗോതമ്പ്, 36,766.09 മെട്രിക് ടൺ ആട്ട എന്നിവ റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്തു.

## വിദ്യാർത്ഥികൾ

കോവിഡ്–19 മഹാമാരിയുടെ വ്യാപനം തടയുന്നതിനു സ്വീകരിച്ച നടപടികളുടെ ഭാഗമായി മാർച്ച് 10, 2020 സ്കൂളുകൾ അടച്ചു. നിലവിലുള്ള സാഹചര്യങ്ങളിൽ കുട്ടികൾക്ക് പാകംചെയ്ത് ഉച്ചഭക്ഷണം നൽകാൻ സാധിക്കാത്തിനാൽ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013, മിഡ് ഡെ മീൽസ് 2015 നിയമങ്ങൾ അനുസരിച്ച് നഷ്ടപരിഹാരമായി ഭക്ഷ്യ സുരക്ഷ അലവൻസ് നൽകാൻ തീരുമാനിച്ചു.

സർക്കാർ ഉത്തരവ് പ്രകാരം പ്രീപ്രൈമറി ക്ലാസുകൾ മുതൽ എട്ടാം ക്ലാസ് വരെ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് ഭക്ഷ്യ സുരക്ഷാ അലവൻസ് നൽകി. വിദ്യാർത്ഥിക്ക് ലഭിക്കേണ്ടുന്ന ഭക്ഷ്യധാന്യവും പാചകച്ചെലവും ഉൾപ്പെടുന്നതാണ് അലവൻസ്.

അടച്ചുപൂട്ടലിനാൽ നഷ്ടപ്പെട്ട 2020 മാർച്ചിലെ 15 ഉം ഏപ്രിൽ–മെയ് മാസങ്ങളിലെ 39 ഉം പ്രവൃത്തിദിനങ്ങളുടെ ഭക്ഷ്യ അലവൻസാണ് അനുവദിച്ചത്. ജൂൺ–ജൂലൈ മാസങ്ങളിൽ കിറ്റുകൾ വിതരണം ചെയ്തു.

ഭക്ഷ്യ കിറ്റിൽ അരിയും ഒമ്പത് പലചരക്ക് സാധനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്, ഇത് 2019–20 അധ്യയന വർഷം ഭക്ഷണമായി കൊടുക്കേണ്ടത് കണക്കാക്കി വിതരണം ചെയ്തു. സപ്ലൈകോ സ്റ്റോറുകൾ വഴിയാണ് കിറ്റ് വിതരണം ചെയ്തത്. വിശദാംശങ്ങൾ പട്ടിക 2.1.4 –ൽ കൊടുത്തിരിക്കുന്നു.

## ഐസിഡിഎസ് ഭക്ഷ്യ സപ്ലിമെന്റുകൾ

കോവിഡ്–19 പൊട്ടിപ്പുറപ്പെട്ടതോടെ പ്രതിരോധ നടപടിയായി അംഗനവാടികൾ അടച്ചിട്ടിരുന്നു. മാർച്ച് 22, 2020 മുതൽ സെപ്റ്റംബർ 30, 2020 വരെയുള്ള കാലയളവിൽ 3 വയസ്സിന് താഴെ പ്രായമുള്ള 5,17,841 കുട്ടികൾക്കും 3 നും 6 നും ഇടയ്ക്ക് പ്രായമുള്ള 4,44,175 കുട്ടികൾക്കും സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിന്റെ ഭാഗമായി റേഷൻ വീട്ടിലെത്തിക്കൽ സ്കീമായി ഭക്ഷണം നൽകുകയുണ്ടായി. അതിൻപ്രകാരം മുകളിൽ പറഞ്ഞ രണ്ട് വിഭാഗങ്ങളിലെ ആകെ 9,62,016 കുട്ടികൾക്ക് ഭക്ഷ്യവസ്തുക്കൾ നൽകി. അംഗനവാടി ജീവനക്കാർ എല്ലാ ഗുണഭോക്താക്കളുടെയും വീട്ടിൽ

**പട്ടിക 2.1.4** വിദ്യാർത്ഥികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്തതിന്റെ കണക്ക്

| വിഭാഗം | കിറ്റിലെ സാധനങ്ങൾ |
|---|---|
| കിറ്റ് എ – പ്രീപ്രൈമറി | 1.2 കിലോഗ്രാം അരി + 297.5 രൂപ വിലവരുന്ന 9 ഇനം പലചരക്ക് സാധനങ്ങൾ |
| കിറ്റ് ബി – പ്രൈമറി (ക്ലാസ് 1 – 5) | 4 കിലോഗ്രാം അരി + 299.5 രൂപ വിലവരുന്ന 9 ഇനം പലചരക്ക് സാധനങ്ങൾ |
| കിറ്റ് സി – അപ്പർ പ്രൈമറി (ക്ലാസ് 6 – 8) | 6 കിലോഗ്രാം അരി + രൂപ വിലവരുന്ന 9 ഇനം പലചരക്ക് സാധനങ്ങൾ |

സ്രോതസ്സ്: പൊതുവിതരണ വകുപ്പ്, കേരള സർക്കാർ

ഭക്ഷ്യവസ്തുക്കൾ എത്തിച്ചുനൽകി. അമൃതം ന്യൂട്രീമിക്സ് നവജാതശിശു മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് നൽകുകയുണ്ടായി. 3 നും 6 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് അരി, ചെറുപയർ, നുറുക്ക് ഗോതമ്പ് എന്നിവ അടങ്ങിയ ഒരു കിറ്റ് (മാസത്തിൽ രണ്ടു തവണ) നൽകുകയും ചെയ്തു.

## പട്ടികവർഗ്ഗ വിഭാഗങ്ങൾ

60 വയസ്സിനു മുകളിൽ പ്രായം വരുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ എല്ലാ ആളുകൾക്കും (61790 വ്യക്തികൾ) ചെറുപയർ (500 ഗ്രാം), വൻപയർ (500 ഗ്രാം), കടല (500 ഗ്രാം), ശർക്കര (500 ഗ്രാം), വെളിച്ചെണ്ണ (500 ഗ്രാം), നുറുക്കു ഗോതമ്പ് (3 കിലോഗ്രാം) എന്നിവ അടങ്ങിയ ഭക്ഷ്യ കിറ്റ് നൽകി. ഇത് കേരള സർക്കാർ എല്ലാ റേഷൻ കാർഡുടമകൾക്കും നൽകിയ കിറ്റുകൾക്കും മറ്റ് ആനുകൂല്യങ്ങൾക്കും പുറമേയായിരുന്നു.

## കുടിയേറ്റ തൊഴിലാളികൾ

കുടിയേറ്റ തൊഴിലാളികൾക്ക് അടച്ചുപൂട്ടൽ കാലത്ത് ഭക്ഷണവും മറ്റ് വിഭവങ്ങളും നൽകി. കുടിയേറ്റ തൊഴിലാളികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ക്യാമ്പുകൾ ആരംഭിച്ചു. അവർക്കുവേണ്ടി ക്രമീകരിച്ച ക്യാമ്പുകൾ നാലുതരത്തിലുള്ളവയാണ്.

1. **ജില്ലാ ഭരണകൂടം നടത്തിയ ക്യാമ്പുകൾ:** ഇവിടത്തെ തൊഴിലാളികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ടുപയോഗിച്ചും സന്നദ്ധ സംഘടനകളുടെയും കുടുംബശ്രീയുടെയും സഹായത്തോടെയും നടത്തുന്ന സമൂഹ അടുക്കളയിൽ നിന്നും പാകംചെയ്ത ഭക്ഷണം നൽകുന്നു. സ്വന്തമായി ഭക്ഷണം പാകംചെയ്യാൻ ആഗ്രഹിക്കുന്ന തൊഴിലാളികൾക്ക് ആവശ്യമായ സാധനങ്ങൾ വിതരണംചെയ്യുന്നു.

2. **തൊഴിലുടമ/കരാറുകാരൻ നടത്തുന്ന ക്യാമ്പുകൾ:** ഈ ക്യാമ്പുകളിലെ തൊഴിലാളികൾക്ക് അവരുടെ തൊഴിലുടമ/കരാറുകാരൻ ഭക്ഷണവും മറ്റ് സൗകര്യങ്ങളും ഉറപ്പാക്കുന്നു. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പ്രവർത്തനങ്ങളുടെ മേൽനോട്ടംവഹിക്കുന്നു.

3. **വാടക കെട്ടിടങ്ങളിലെ അഭയസ്ഥാനങ്ങൾ/ ക്യാമ്പുകളായി മാറ്റിയവ:** ഇവിടുത്തെ തൊഴിലാളികൾക്ക് സമൂഹ അടുക്കളയിൽ പാകംചെയ്ത ഭക്ഷണം നൽകുന്നു. സ്വന്തമായി ഭക്ഷണം പാകംചെയ്യാവുന്നവർക്ക് ആവശ്യമായ സാധനങ്ങൾ ജില്ലാ ഭരണകൂടവുമായി ചേർന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ എത്തിച്ചു നൽകുന്നു.

4. **പലയിടത്തായുള്ള താമസ കേന്ദ്രങ്ങൾ:** എന്നാൽ ക്യാമ്പിലേക്കു വരാൻ തയ്യാറാവാത്ത തൊഴിലാളികൾ: ഇവിടെ താമസിക്കുന്ന കുടിയേറ്റ തൊഴിലാളികൾക്ക് ക്യാമ്പ് കോ ഓഡിനേറ്ററന്മാരുടെ ചുമതലയുള്ള തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ആവശ്യാനുസരണം പാകംചെയ്ത ഭക്ഷണവും മറ്റ് സാധനങ്ങളും നൽകുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ആരംഭിച്ച 1,165 സമൂഹ അടുക്കളകളിലാണ് ഭക്ഷണം തയ്യാറാക്കുകയും 92,05,585 ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തു. ഇതിൽ 4,34,280 പേർ കുടിയേറ്റ തൊഴിലാളികളാണ്.

## നിർമ്മാണ മേഖല

കോവിഡ്–19 മഹാമാരിയുടെയും തുടർന്നുള്ള അടച്ചുപൂട്ടലിന്റെയും വ്യവസായിക മേഖലയിലെ ആഘാതത്തെ നേരിടുന്നതിനും സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി കേരള സർക്കാർ 'വ്യവസായ ഭദ്രത' യ്ക്ക് രൂപംനൽകി. വ്യവസായ വകുപ്പിനെ സ്കീമിന്റെ നടപ്പാക്കൽ ഏജൻസിയായി നിശ്ചയിച്ചു. 'വ്യവസായ ഭദ്രത' യുടെ ഭാഗമായി 3,434 കോടി രൂപ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എസ്എംഇ) അധിക മൂലധന നിക്ഷേപവും പലിശ കുറയ്ക്കലുമായി നൽകി. കേരളത്തിൽ 1.56 ലക്ഷം ചെറുകിട സംരംഭങ്ങളുണ്ട്, ഇത് സംസ്ഥാനത്തെ മൊത്തം സംരംഭങ്ങളുടെ 70 ശതമാനം വരും. ഈ മേഖല 40 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നു. നിലവിലുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) മാർജിൻ മണി സഹായവും അധിക വായ്പയ്ക്ക് പലിശ ഇളവും നൽകും.

വായ്പാ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കലും ഈ സ്കീമിനു കീഴിൽ കെഎസ്ഐഡിസിയും കിൻഫ്രയും ഏറ്റെടുക്കുന്നു. ഈ സംരംഭങ്ങൾക്ക് പലിശ തിരിച്ചടവിനായി ആറുമാസത്തെ കാലാവധി നീട്ടിനൽകുന്നു. വ്യവസായ വകുപ്പിനു കീഴിലുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾക്ക് മൂന്നുമാസത്തെ വാടക ഒഴിവാക്കി. വ്യവസായ പാർക്കുകളിലെ പൊതു സൗകര്യങ്ങൾ ഉപയോഗിക്കുന്ന സംരംഭകരെ മൂന്നുമാസത്തേക്ക് വാടകയിൽ നിന്ന് ഒഴിവാക്കി. എംഎസ്എംഇ കൾക്കും നിർമ്മാണ വ്യവസായങ്ങൾക്കും പലിശ സബ്സിഡി അനുവദിച്ചു. വൈവിധ്യവൽക്കരണത്തിനും വികസനത്തിനുമായി എടുത്ത വായ്പകളുടെ പലിശ നിരക്കിൽ ആറുമാസത്തേക്ക് 6 ശതമാനം കണ്ട് ഇളവ് നൽകുന്നു.

നിലവിൽ കെഎസ്ഐഡിസി വായ്പയുള്ള ബിസിനസുകൾക്കായി പ്രവർത്തന മൂലധനത്തിനും ആസ്തി സൃഷ്ടിക്കലിനുമായി പ്രത്യേക വായ്പകൾ ഏർപ്പെടുത്തുക എന്നതും പദ്ധതിയുടെ

ഭാഗമാണ്. കെഎസ്ഐഡിസി യുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ യൂണിറ്റുകൾക്കും പലിശയും മൂലധനവും ഇനത്തിൽ മൂന്നുമാസത്തെ മോറട്ടോറിയം പ്രഖ്യാപിച്ചു. മോറട്ടോറിയത്തിനുശേഷം പിഴയില്ലാതെ വായ്പ തിരിച്ചടയ്ക്കാം. കെഎസ്ഐഡിസിയിൽ നിന്ന് വായ്പയെടുത്ത സംരംഭകർക്ക് താമസിച്ച അടയ്ക്കുന്നതിനുള്ള പിഴ ആറുമാസത്തേക്ക് പൂർണ്ണമായും ഒഴിവാക്കും. കെഎസ്ഐഡിസി 50 ലക്ഷം രൂപ വരെ എംഎസ്എംഇകൾക്ക് വായ്പ നൽകും. കെഎസ്ഐഡിസി, കിൻഫ്ര എന്നിവയുടെ വ്യവസായ പാർക്കുകളിൽ സ്ഥലം എടുത്തിട്ടുള്ള സംരംഭകർക്ക് തിരിച്ചടവ് കാലാവധി നീട്ടിക്കൊടുക്കും. പാട്ട പ്രീമിയം മുൻകൂറായി കുറയ്ക്കും. പിന്നോക്ക വിഭാഗങ്ങൾ, സ്ത്രീകൾ, എസ്.സി, എസ്.ടി. യുവാക്കൾ എന്നീ വിഭാഗങ്ങളിൽ നിന്നുള്ളവരുടെ ഉടമസ്ഥതയിലുള്ള സംരംഭങ്ങൾക്ക് പ്രത്യേക ശ്രദ്ധനൽകി 25 ശതമാനം മാർജിൻ പണം നൽകും.

സർക്കാരിന്റെ ഐടി പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐടി സ്ഥാപനങ്ങൾക്ക് സർക്കാർ നിരവധി ആശ്വാസ നടപടികളും പലവിധ സഹായങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ ഐടി പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികൾക്കായി പാട്ടത്തിനെടുത്തിട്ടുള്ള സ്ഥല വിസ്തൃതി യെ അടിസ്ഥാനപ്പെടുത്തി വാടക ഒഴിവാക്കിക്കൊടുക്കുകയോ, 2020 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ വാടക അടവിന് മോറട്ടോറിയം അനുവദിക്കുയോ ചെയ്തു. ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ആറുമാസക്കാലത്തെ വാടക സർച്ചാർജ്ജ് ഒഴിവാക്കി. ഐടി പാർക്കു കളിലെ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ 2020–21 സാമ്പത്തിക വർഷത്തിൽ 5 ശതമാനം വാർഷിക വാടക വർധനവ് ഒഴിവാക്കി. ഐടി പാർക്കുകളിലെ വൈദ്യുതി നിരക്കിനും സബ് സിഡി പ്രഖ്യാപിച്ചു. ഐടി പാർക്കുകളിലെ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും കരാറുപ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള അന്തിമതീയതിക്ക് പുറമേ ആറുമാസത്തെ അധിക സമയം അനുവദിച്ചു. കേരള സംസ്ഥാന കയർ കോർപ്പറേഷനിൽ നിന്ന് കയറ്റുമതിക്കായി സാധനങ്ങൾ വാങ്ങുന്നവർക്ക് പണമടയ്ക്കാൻ 2 മാസത്തെ താമസം നൽകാറുണ്ടായിരുന്നു. ഇത് കോവിഡ് 19 മഹാമാരി മൂലമുണ്ടായ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 4 മാസമായി നീട്ടി. അതുപോലെ കയർ കേരള ഫെസ്റ്റുമായി ധാരണാപത്രത്തിലേർപ്പെട്ട് കയർ വാങ്ങുന്നവർക്ക് 20 ശതമാനം കിഴിവ് ( അവർ വാങ്ങുന്ന ഉല്പന്നങ്ങൾക്ക് ) നൽകിയിട്ടുണ്ട്. തുടക്കത്തിൽ 2019 ഡിസംബർ വരെ മൂന്ന് മാസത്തേക്ക് വാഗദാനംചെയ്ത ആനുകൂല്യം 2020 ജൂൺ വരെ 6 മാസത്തേക്ക് നീട്ടി. 1.37 ലക്ഷം കയർ തൊഴിലാളികൾക്ക് 1,000 രൂപാവീതം ആശ്വാസ ധനമായി നൽകുന്ന ദുരിതാശ്വാസ പാക്കേജ് പ്രഖ്യാപിച്ചു. കൂടാതെ കയർ തൊഴിലാളികൾക്ക് വരുമാന നേടാനുള്ള സഹായങ്ങൾ നൽകുന്നുണ്ട്.

### പൊതുമേഖലാ സ്ഥാപനങ്ങൾ

കേരള സർക്കാർ കൈകൾ ശുചിയാക്കാനുള്ള ലായനി (ഹാൻഡ് സാനിറ്റൈസർ) നിർമ്മിക്കാനായി വിഭവങ്ങളും സൗകര്യങ്ങളും ഉപയോഗപ്പെടുത്തി. കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം കോവിഡ്–19 മഹാമാരിയുടെ തുടക്കത്തിൽതന്നെ സാനിറ്റൈസറിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് വലിയതോതിൽ ഇല്പാദനം ആരംഭിച്ചു.

### സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (SILK)

കാസർഗോഡ് പുതിയതായി സ്ഥാപിച്ച കോവിഡ്–19 ആശുപത്രിക്ക് കട്ടിലുകൾ നിർമ്മിച്ച് വിതരണംചെയ്തു. ഈ സ്ഥാപനം ആവശ്യാനുസരണം ആശുപത്രി ഫർണീച്ചറുകളുടെ നിർമ്മാണവും ഏറ്റെടുക്കുന്നു. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് (TCCL) ആശുപത്രികളും പൊതുസ്ഥലങ്ങളും അണുവിമുക്തമാക്കുന്നതിന് വിവിധ സർക്കാർ ഏജൻസികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സോഡിയം ഹൈപ്പോക്ലോറൈറ്റ് വിതരണം ചെയ്തു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ (KSIE) യൂണിറ്റായ കേരള സോപ്സ് ഹാന്റ് സാനിറ്റൈസറിന്റെയും ലിക്വിഡ് സോപ്പിന്റെയും ഉല്പാദനം വർധിപ്പിച്ചു.

കേരള സർക്കാർ കോവിഡ്–19 മഹാമാരി നിയന്ത്രണം സുഗമമാക്കുന്നതിന് ആരോഗ്യ വകുപ്പിന് ആവശ്യമായ വസ്തുക്കളുടെ വിതരണ ഉറപ്പാക്കുന്നതിന് പൊതുമേഖലാ കമ്പനികളുടെ വിഭവങ്ങളും സാധ്യതകളും ഉപയോഗപ്പെടുത്തി.

### വിനോദസഞ്ചാരം

സംസ്ഥാന സർക്കാർ മഹാമാരി കാരണം തൊഴിലില്ലാതായ 328 ടൂറിസ്റ്റ് ഗൈഡുകൾക്ക് 10,000 രൂപ ഒറ്റത്തവണ ധനസഹായം പ്രഖ്യാപിച്ചു. പുരവഞ്ചികൾക്ക് അതിലെ മുറികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി ഒറ്റത്തവണ അറ്റകുറ്റപ്പണികൾക്ക് 80,000 രൂപ മുതൽ 1.20 ലക്ഷം രൂപവരെ അനുവദിക്കുകയും ചെയ്തു.

വാണിജ്യ വിഭാഗത്തിൽ നിന്ന് റെസിഡൻഷ്യൽ വിഭാഗത്തിലേക്ക് മാറ്റിയ ഹോംസ്റ്റേകൾക്കും ആശ്വാസ സഹായം നൽകി. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അടയ്ക്കേണ്ട നികുതിയിൽ കുറച്ച് ആശ്വാസം നൽകുന്നു. അംഗീകൃത ടൂറിസ്റ്റ്

ഗൈഡുകളെ സഹായിക്കാനുള്ള സ്കീമിന് 32.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. മാർഗ്ഗ നിർദ്ദേശങ്ങൾക്ക നുസൃതമായി നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിച്ചശേഷം പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഊർജ്ജിതശ്രമം നടന്നു.

## ഗതാഗതം

കോവിഡ്–19 ഏല്പിച്ച് അടച്ചുപൂട്ടൽ ആരംഭിച്ചതോടെ രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ കുടുങ്ങി കിടക്കുന്ന കേരളയീരെ സഹായിക്കാൻ കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (KSRTC) സജീവമായി ഇടപെട്ടു. കർണ്ണാടകത്തിലെ വിവിധ ഭാഗങ്ങളിലും (ഗുൽബെർഗ, മംഗലാപുരം, മൈസൂർ, ബാംഗ്ലൂർ) കേരളത്തിനു പുറത്തും കുടുങ്ങിക്കിടക്കുന്ന വിദ്യാർത്ഥി കളുൾപ്പടെ 400 പേരെ കേരളത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് പ്രത്യേക സർവ്വീസ് നടത്തി. അതുപോലെ തമിഴ് നാട്ടിലെ തേനി, മധുര എന്നിവടങ്ങളിൽ കുടുങ്ങിക്കിടക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ബസ് സർവ്വീസ് നടത്തി.

കേരളത്തിന് പുറത്തുനിന്ന് കുടിയേറ്റ തൊഴിലാളികൾ ഉൾപ്പെടെ ട്രെയിനിൽ വന്നവരെ പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ സമ്പർക്കവിലക്ക് കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് കെഎസ്ആർടിസി പാലക്കാട്, തൃശ്ശൂർ ഡിപ്പോകളിൽ നിന്ന് ബസുകൾ നൽകി. വിദേശത്ത് നിന്ന് വരുന്നവരുടെ യാത്രാ ആവശ്യങ്ങൾക്കായി വിമാനത്താവളങ്ങളിൽ പ്രത്യേക സർവ്വീസുകൾ അനുവദിച്ചു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സമ്പർക്ക വിലക്ക് കേന്ദ്രങ്ങളിലേക്കും മറ്റ് ക്യാമ്പുകളിലേക്കും രോഗികളെയും അല്ലാത്തവരെയും മാറ്റുന്നതിന് കെഎസ്ആർടിസിയുടെ പ്രത്യേക സർവ്വീസുകൾ വലിയതോതിൽ ഉപയോഗിച്ചു. ആരോഗ്യ മേഖലയിലെ ഉദ്യോഗസ്ഥരുടെ യാത്രയ്ക്കായി ജില്ലാ കളക്ടറന്മാരുടെ നിർദ്ദേശപ്രകാരം പ്രത്യേക സർവ്വീസുകളും നടത്തി.

2020 മെയ് 3 മുതൽ അടച്ചുപൂട്ടലിൽ ഭാഗികമായി ഇളവുവരുത്തിയെങ്കിലും പൊതുഗതാഗത സംവിധാനം 2020 മെയ് മുതൽ മാത്രമേ അനുവദിച്ചുള്ളു. ജനങ്ങൾക്ക് ആവശ്യമായത്ര ഗതാഗത സൗകര്യങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തുവാൻ കെഎസ്ആർടിസി സർക്കാരിന്റെ നിർദ്ദേശപ്രകാരം കോവിഡ്–19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പരിമിതമായ എണ്ണം സർവ്വീസ് നടത്താൻ തുടങ്ങി. ജൂൺ 9, 2020 മുതൽ കെഎസ്ആർടിസി ക്രമേണ കൂടുതൽ സർവ്വീസുകൾ നടത്താൻ തുടങ്ങി.

## തൊഴിലാളി ക്ഷേമം

കേരള സർക്കാർ അടച്ചുപൂട്ടൽ സമയത്ത് തൊഴിലാളികൾ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 68,02,984 അംഗങ്ങളുള്ള 16 വ്യത്യസ്ത തൊഴിലാളി ക്ഷേമ ബോർഡുകളിലെ തൊഴിലാളികൾക്ക് 943.20 കോടി രൂപ അടിയന്തിര സഹായമായി നൽകാൻ തുടങ്ങി. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ദുരിതാശ്വാസ സഹായമായി 1,000 രൂപ വീതം നൽകി. മെച്ചപ്പെട്ട സാമ്പത്തിക നിലയിലുള്ള ക്ഷേമ ബോർഡുകൾ കൂടുതൽ ഫണ്ട് അനുവദിച്ചു. ഏപ്രിൽ മാസത്തെയുൾപ്പെടെ നാലുമാസത്തേക്കുള്ള ക്ഷേമ പെൻഷൻ ഒറ്റത്തവണയായി അനുവദിച്ചു. വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിൽ സൊസൈറ്റികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാലു ലക്ഷത്തോളം തൊഴിലാളി ക്ഷേമ സൊസൈറ്റി അംഗങ്ങൾക്ക് സർക്കാർ 58 കോടി രൂപ അനുവദിച്ചു.

അബ്കാരി വർക്കേഴ്സ് ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് ധനസഹായമായി 5,000 രൂപയും പലിശയുള്ള വായ്പയായി 10,000 രൂപയും നൽകി. മോട്ടോർ വെഹിക്കിൾ വർക്കേഴ്സ് ക്ഷേമനിധി ബോർഡിനു കീഴിൽ ബസ്സിലെ തൊഴിലാളികൾക്ക് 5,000 രൂപയും ചരക്കുവണ്ടിയിലെ ജോലിക്കാർക്ക് 3,500 രൂപയും ടാക്സിക്കാർക്ക് 2,500 രൂപയും നൽകി. ഓട്ടോറിക്ഷാ, ട്രാക്ടർ, ഓട്ടോമൊബൈൽ എന്നിവയിലെ തൊഴിലാളികൾക്ക് യഥാക്രമം 2,000 രൂപ, 1000 രൂപ വീതം നൽകി. കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് 5,000 രൂപ ധനസഹായമായും 10,000 രൂപ പലിശരഹിത വായ്പയായും നൽകി. അതത് ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കെട്ടിടനിർമ്മാണ തൊഴിലാളികൾക്കും കർഷക തൊഴിലാളികൾക്കും ആയിരം രൂപ നൽകി. ക്ഷേമനിധി ബോർഡുകളുടെ ഭാഗമായ ബ്യൂട്ടീഷന്മാർക്ക് (ഏകദേശം 40,000) 1,000 രൂപ വീതം നൽകി. കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് ക്ഷീര കർഷകർക്ക് പെൻഷൻ വിതരണം ചെയ്തു. മാർച്ച് 1, 2020 മുതൽ മാർച്ച് 20, 2020 വരെ പാൽ അളന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപാ വീതവും ഒരു കർഷകന് പരമാവധി 1,000 രൂപയും ദുരിതാശ്വാസമായി വിതരണം ചെയ്തു. കോവിഡ് ബാധിതരായ കർഷകർക്ക് 10,000 രൂപയും സമ്പർക്ക വിലക്കിനു വിധേയരായ കർഷകർക്ക് 2,000 രൂപയും അലവൻസായും നൽകി.

## സാമൂഹ്യക്ഷേമ പെൻഷനുകൾ

കേരള സർക്കാർ സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണം കാര്യക്ഷമമാക്കുകയും കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. പെൻഷൻ തുക 2015–16 ൽ 600 രൂപയായിരുന്നത് 2019–20 ൽ 1,300

**ബോക്സ് 2.1.1** കുടുംബശ്രീയുടെ പങ്ക്

കേരളത്തിന്റെ കോവിഡ്–19 നെതിരെയുള്ള പോരാട്ടത്തിൽ കുടുംബശ്രീയുടെ പങ്ക് ബഹുതല സ്പർശിയും വലുതുമാണ്. മഹാമാരിക്കെതിരയ പോരാട്ടത്തിൽ അനിവാര്യമായ മാസ്കുകളടെയും സാനിറ്റൈസറുകളുടെയും ആവശ്യകത നിറവേറ്റാൻ കുടുംബശ്രീ ഫലപ്രദമായി ഇടപെട്ടു. മാർച്ച് 15, 2020 മുതൽ കുടുംബശ്രീ യൂണിറ്റുകൾ തുണി മാസ്കുകളുടെ നിർമ്മാണം ആരംഭിച്ചത്, പിന്നീട് വേഗത്തിലാക്കി. മാർച്ച് 18, 2020 മുതൽ കുടുംബശ്രീ യൂണിറ്റുകൾ സാനിറ്റൈസറും ഉല്പാദിപ്പിക്കാൻ തുടങ്ങി.

കുടുംബശ്രീ പ്രാദേശിക സർക്കാരുകളുമായി ചേർന്ന് വീട്ടുകളിൽ സമ്പർക്ക വിലക്കിൽ കഴിയുന്നവർക്കും ആവശ്യമായ മറ്റുള്ളവർക്കും ഭക്ഷണം എത്തിക്കുന്നതിനുവേണ്ടി സമൂഹ അടുക്കള ആരംഭിച്ചു. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും അവരുടെ വിളകൾ സമൂഹ അടുക്കളകളിലേക്ക് നൽകി.

കുടുംബശ്രീയ്ക്കു കീഴിലുള്ള സ്വാശ്രയ സംഘങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 2,000 കോടി രൂപയുടെ വായ്പ സർക്കാർ നൽകി. മുഖ്യമന്ത്രിയുടെ സഹായഹസ്ത വായ്പാ സ്കീം (CMHLS) എന്നറിയപ്പെടുന്ന ഈ സ്കീമിനു കീഴിൽ ഓരോ യൂണിറ്റിനും അവരുടെ സാമ്പത്തിക നിലയെ അടിസ്ഥാനമാക്കി 5,000 രൂപ, 10,000 രൂപ, 20,000 രൂപ ലഭിക്കും. ഈ വായ്പയുടെ പലിശ സംസ്ഥാന സർക്കാർ വഹിക്കും. വായ്പയുടെ കാലാവധി 6 മാസത്തെ പ്രാരംഭ മോറട്ടോറിയത്തോടെ 36 മാസമായിരിക്കും.

രൂപയായി ക്രമേണ വർധിപ്പിച്ചു. ഇക്കാലയളവിൽ ഗുണഭോക്താക്കളുടെ എണ്ണം 35 ലക്ഷത്തിൽ നിന്നും 58 ലക്ഷത്തിലേക്ക് ഉയർന്നു. കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ കേരള സർക്കാർ സാമൂഹ്യക്ഷേമ പെൻഷൻ 100 രൂപ കണ്ട് വർധിപ്പിച്ച് 1,400 രൂപയാക്കുകയും എല്ലാ മാസവും കൃത്യമായി വിതരണംചെയ്യുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്തു. ഈ നടപടികൾ കോവിഡ്–19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സമഗ്രമായ സാമൂഹിക സുരക്ഷാ സംരക്ഷണം ശക്തിപ്പെടുത്തുന്നു.

## പ്രവാസികൾ

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയിൽ പ്രവാസികൾ വഹിച്ചിട്ടുള്ള പങ്ക് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഈ മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിബന്ധങ്ങളുടെ പശ്ചാത്തലത്തിൽ പ്രവാസികളിൽ ധാരാളംപേർ കേരളത്തിലേക്ക് മടങ്ങി. കോവിഡ്–19 പൊട്ടിപ്പുറപ്പെടുമ്പോൾ വിദേശത്തായിരിക്കെയും സുരക്ഷിതമായി കേരളത്തിലേക്ക് മടങ്ങിവരുന്നതിനുള്ള ക്രമീകരണത്തിനും കേരള സർക്കാർ തുടക്കംമുതൽ തന്നെ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. പ്രവാസികളെ സഹായിക്കുന്നതിനായി 24x7 ഉം പ്രവർത്തിക്കുന്ന ഒരു കോവിഡ് പ്രതികരണ സെൽ നോർക്ക–റൂട്ട്സിൽ സ്ഥാപിച്ചു. ഗൾഫ്, യൂറോപ്പ്, വടക്കേ അമേരിക്ക, ആഫ്രിക്ക, തെക്ക്–കിഴക്കൻ ഏഷ്യ എന്നിവടങ്ങളിലായി 14 രാജ്യങ്ങളിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

മുഖ്യമന്ത്രി 2020 ഏപ്രിൽ 5, ഏപ്രിൽ 26, മെയ് 23 തീയതികളിൽ പ്രവാസികളിലെ പ്രമുഖരുമായും കേരളീയ സംഘടനകളുടെ പ്രതിനിധികളുമായും വീഡിയോ കോൺഫറൻസുകൾ നടത്തി. ഇതു നടത്തിയത് ഏറ്റവും താഴെത്തട്ടിലെ സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനും പ്രസക്തമായ കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമായാണ്. വിസ കാലാവധി കഴിഞ്ഞവരെയും മഹാമാരി കാരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതിലെ വിദ്യാർത്ഥികളെയും സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിനുവേണ്ട ക്രമീകരണങ്ങളൊരുക്കാൻ പ്രധാനമന്ത്രിക്കും വിദേശകാര്യമന്ത്രിക്കും കത്തുകളെഴുതി. ജോലി നഷ്ടപ്പെട്ടവർക്കും ജയിൽമോചിതരായവർക്കും ക്യാമ്പുകളിൽ കഴിയുന്ന തൊഴിലാളികൾക്കും കേന്ദ്ര സർക്കാർ വിമാന യാത്രാക്കൂലി നൽകണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചു. അടിയന്തിര വൈദ്യസഹായം ആവശ്യമുള്ളവർക്കും ഗർഭിണികൾക്കും കുട്ടികൾക്കും ഇന്ത്യയിലേക്ക് വരുന്നതിന് മുൻഗണന തേടി. മടങ്ങിവരുന്ന കുടിയേറ്റക്കാർക്ക് ഒരു പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കണമെന്നും അവരുടെ നൈപുണ്യ വികസനത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കണമെന്നും അഭ്യർത്ഥിച്ചു.

ഇന്ത്യയിലേക്ക് മടങ്ങിവരാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്കായി 2020 ഏപ്രിൽ 26 ന് നോർക്ക രജിസ്ട്രേഷൻ ആരംഭിച്ചു. 5,55,074 പ്രവാസി കേരളീയർ രജിസ്റ്റർ ചെയ്യുകയും അവരുടെ വിവരങ്ങൾ വിദേശകാര്യ മന്ത്രാലയത്തിന് കൈമാറുകയും ചെയ്തു. 2,423 ചാർട്ടേഡ് വിമാനങ്ങൾക്ക് എൻഒസി അനുവദിച്ചു. 2020 ജനുവരി 1 മുതൽ സാധുവായ പാസ്പോർട്ടും തൊഴിൽ വിസയുമായി എത്തിയവർക്കു സഹായം നൽകുന്നതിനും അടച്ചുപൂട്ടൽ കാരണം മടങ്ങിപ്പോകാൻ കഴിയാത്തവർക്കു 5,000 രൂപ വീതം സഹായം നൽകുന്നതിനുമായി 57.50 കോടി രൂപ അനുവദിച്ചു.

അതുപോലെ 2020 ജനുവരി മുതൽ നാട്ടിലേക്ക് മടങ്ങിവരികയും തുടർന്ന് കോവിഡ്–19 പിടിപെടുകയും ചെയ്ത പ്രവാസികൾക്ക് സ്വാന്തന സ്കീമിന്റെ ഭാഗമായി ചികിത്സാ സഹായമായി 10,000 രൂപ വീതം നൽകി. ക്വിക്ക് ഡോക്ടർ, ഡോക്ടർ ഓൺ കോൾ എന്നിവ വഴി പ്രവാസികൾക്ക് ഓണ്ലൈൻ മെഡിക്കൽ കൺസൾട്ടേഷൻ ലഭ്യമാക്കി. ഡിഎച്ച്എല്ലുമായി (DHL) ഒരു കരാറുണ്ടാക്കി അതുവഴി വിദേശരാജ്യങ്ങളിലുള്ള കേരളീയർക്ക് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് എത്തിച്ചുനൽകാനാവുന്നു.

നിലവിലുള്ള ക്ഷേമ പദ്ധതികൾ പരിഷ്കരിക്കുന്നതിനും പുതിയ ആശയങ്ങൾ ഉൾപ്പെടുത്തുന്നതിനുമായി 'ഡ്രീം കേരള' എന്ന ഒരു പ്രൊജക്ടിന് രൂപംനൽകിയിട്ടുണ്ട്. അതിലൂടെ മടങ്ങിവരുന്ന പ്രവാസികൾക്ക് പ്രയോജനം ലഭിക്കും. മടങ്ങിവരുന്ന പ്രവാസികളുടെ നൈപുണ്യവും അനുഭവങ്ങളും ശേഖരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്, അതിലൂടെ അവരുടെ പുനരധിവാസത്തിനുള്ള പരിപാടികൾ ആവിഷ്കരിക്കാനാവും.

നോർക്ക വകുപ്പ് മടങ്ങിയെത്തിയ പ്രവാസികളെ സഹായിക്കാൻ ബഹുതലസ്പർശിയായ നടപടികൾ ആരംഭിച്ചു. അതിൽ സാമ്പത്തികേതര നടപടികളായ ആതിഥേയ രാജ്യങ്ങളിലെ ഹെൽപ്പ് ഡെസ്കുകൾ, നോർക്ക റൂട്ട്സിലെ കോവിഡ് റെസ്പോൺസ് സെൽ എന്നിവയ്ക്കൊപ്പം പലവിധ സാമ്പത്തിക നടപടികളും ഉണ്ട്. 2020 ജനുവരി 1 മുതൽ കേരളത്തിലേക്ക് മടങ്ങിയ, അതേസമയം കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ അടച്ചുപൂട്ടൽ കാരണം തിരികെപ്പോയി ജോലിയിൽ പ്രവേശിക്കാൻ കഴിയാത്തവരുമായ പ്രവാസികൾക്ക് 5,000 രൂപ അടിയന്തിര സഹായമായി നൽകി. ഇതിനായി 57.5 കോടി രൂപ സർക്കാർ അനുവദിച്ചു. 1.75 ലക്ഷത്തിലധികം അപേക്ഷകൾ പരിശോധിച്ചുവരികയാണ്. 78,000 അപേക്ഷകൾ അംഗീകരിക്കുകയും യോഗ്യതയുള്ളവർക്ക് ഇതുവരെ 39 കോടി രൂപ അനുവദിക്കുകയും ചെയ്തു.

കോവിഡ് ബാധിതരായി മടങ്ങിയ പ്രവാസികൾക്ക് മെഡിക്കൽ സഹായം നൽകി. കൊറോണ വൈറസ് ബാധിച്ച പ്രവാസി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് 10,000 രൂപ സാമ്പത്തിക സഹായമായി നൽകുന്നു. അംഗങ്ങളല്ലാത്തവർക്ക് സ്വാന്തന സ്കീമിനു കീഴിൽ അതേ തുക നോർക്ക റൂട്ട്സിൽ നിന്നും നൽകും. ഇക്കാര്യത്തിനുവേണ്ടി ഒരു കോടി രൂപ നോർക്ക റൂട്ട്സിനു അനുവദിച്ചു.

സ്വയംതൊവിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിച്ച് മടങ്ങിവന്ന പ്രവാസികൾക്ക് ഉപജീവനമാർഗ്ഗം നൽകുന്നതിന് എൻഡിപിആർഇഎം (NDPREM) നു കീഴിൽ നോർക്ക വകുപ്പ് 30 ലക്ഷം രൂപ വരെയുള്ള മൂലധന–പലിശ സബ്സിഡിയുള്ള വായ്പ നൽകുന്നു. മടങ്ങിവന്നവരുടെ ഉപജീവനം കണക്കിലെടുത്തുകൊണ്ട് നോർക്ക വകുപ്പ് ലോണിന്റെ പരിധി 30 ലക്ഷത്തിൽ നിന്നും 50 ലക്ഷം ആക്കണമെന്നും പലിശ സബ്സിഡി 3 ശതമാനത്തിൽ നിന്നും 5 ശതമാനമാക്കണമെന്നും നിർദ്ദേശിക്കുന്നു. ഈ സ്കീമിനു കീഴിൽ മീറ്റ് പ്രൊഡാക്ട്സ് ഓഫ് ഇന്ത്യ, കെഎഫ്.സി വഴിയുള്ള മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പ്രോഗ്രാം, സപ്ലൈകോയുടെ പ്രവാസി സ്റ്റോർ സ്കീം, സ്റ്റാർട്ട് അപ് മിഷൻ സ്കീം എന്നിവ പരിശോധിക്കുന്നു.

നോർക്ക റൂട്ട്സ് തിരികെയെത്തുന്ന പ്രവാസികളുടെ നൈപുണ്യശേഷികളും പരിചയസമ്പത്തും സമാഹരിച്ച് ഒരു സ്ഥിതിവിവര കണക്ക് ശേഖരം ഉണ്ടാക്കുന്നത് ലക്ഷ്യമിട്ട് നോർക്ക സ്കിൽ റിപ്പോസിറ്ററി (NORKA Skill Repository)പോർട്ടൽ ആരംഭിച്ചു. ഈ പോർട്ടൽ തൊഴിലുടമകൾക്ക് മടങ്ങിവരുന്നവരെ ബന്ധപ്പെടുത്തി ഉപയോഗപ്പെടുത്താനും കേരളത്തിൽ പ്രവസികളെ പുനരധിവസിപ്പിക്കാനുമുള്ള സാധ്യത നൽകുന്നു. നോർക്ക സ്കിൽ റിപ്പോസിറ്ററി സ്വയംതൊഴിൽ, സംരംഭങ്ങൾ ആരംഭിക്കൽ, ഉയർന്ന നൈപുണ്യം, നിക്ഷേപ പിന്തുണ എന്നിവയ്ക്കുള്ള ഒരു അവസരവും സൗകര്യവും തുറക്കുന്നു.

### 100 ദിവസം, 100 പദ്ധതികൾ

കേരള സർക്കാർ 2020 സെപ്റ്റംബറിൽ '100 ദിവസം, 100 പദ്ധതികൾ' ക്യാമ്പയിൻ ആരംഭിച്ചു. കർമ്മ പദ്ധതിയുടെ ഭാഗമായി അടുത്ത 100 ദിവസത്തിനുള്ളിൽ സംസ്ഥാനത്ത് 100 പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടന്നത്. മഹാമാരി കാരണം താമസം നേരിട്ട പദ്ധതികളുടെ പൂർത്തീകരണം ക്യാമ്പയിൻ വേഗത്തിലാക്കും. ഈ കർമ്മ പദ്ധതിയിൽ സർക്കാർ നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റലും ദുരിതാശ്വാസ നടപടികളുടെ വർദ്ധനവും ഉണ്ടാകും. ഈ പ്രൊജക്ടുകൾ സംസ്ഥാനത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

## പ്രതികരണത്തിന്റെ സവിശേഷതകൾ

കേരളത്തിന്റെ കോവിഡ്–19 നോടുള്ള പ്രതികരണം ബഹുമുഖമാണ്. ആരോഗ്യ പരിരക്ഷ നൽകുകയും മറ്റ് സൗകര്യങ്ങളൊരുക്കുകയും ചെയ്യുന്നത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും സമ്പദ്ഘടനയെ സക്രിയമാക്കുന്നതുമായി കണക്കാക്കുന്നു. സ്വീകരിച്ച നടപടി കോവിഡ്–19 മഹാമാരി മുന്നോട്ടുവെച്ചതും അത് ഏല്പിച്ച അടച്ചുപൂട്ടൽ സാഹചര്യത്തിന്റെ പ്രത്യേകത അംഗീകരിക്കുന്നതുമാണ്. വ്യക്തികളുടെയും സമൂഹത്തിന്റെയും ആരോഗ്യവും ക്ഷേമവും മതിയായ സാമൂഹികവും സാമ്പത്തികവുമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാതെ സംരക്ഷിക്കാനാവില്ല. മഹാമാരിക്കു നടുവിലും കേരള സർക്കാർ സ്വീകരിച്ച നടപടികൾ വികസനത്തിനും സാമൂഹികനീതിക്കും വേണ്ടിയുള്ള പ്രതിബദ്ധത പ്രകടമാക്കുന്നു.

കോവിഡ്–19 നോടുള്ള കേരളത്തിന്റെ പ്രതികരണത്തിന്റെ പ്രധാന ഘടകം സംസ്ഥാനത്തിന്റെ ശക്തമായ ആരോഗ്യ സംവിധാനമാണ്. ആർദ്രം മിഷനു കീഴിൽ പൊതുജനാരോഗ്യ അടിസ്ഥാനസൗകര്യം ശക്തിപ്പെടുത്തൽ കോവിഡ്–19 കൈകാര്യംചെയ്യുന്നതിൽ ആരോഗ്യമേഖലയ്ക്ക് നിർണ്ണായക പങ്കുവഹിക്കാൻ കരുത്തേകി. മിഷന്റെ ഭാഗമായി സർക്കാർ പുതിയ പൊതുജനാരോഗ്യ സംവിധാനങ്ങൾ നിർമ്മിച്ചു, ഡോക്ടറന്മാർ, നേഴ്സുമാർ, മറ്റ് ജീവനക്കാർ എന്നിവരെ കൂടുതൽ നിയമിച്ച് ഈ രംഗത്തെ മനുഷ്യശേഷി വർധിപ്പിച്ചു, സാമൂഹിക ഇടപെടൽ വർധിപ്പിക്കുകയും വ്യക്തി ശുചിത്വവും പരിസര ശുചീകരണവും മെച്ചപ്പെടുത്തി.

സംസ്ഥാനം കോവിഡ്–19 കൈകാര്യംചെയ്തതിലെ മറ്റൊരു പ്രധാന സവിശേഷത പ്രാദേശിക സർക്കാരുകൾ വഹിച്ച മാതൃകാപരമായ പങ്കാണ്. പ്രാദേശിക സർക്കാരുകൾ ഏറ്റവും താഴെത്തട്ടിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കോവിഡ്–19 നെക്കുറിച്ചുള്ള ബോധവൽക്കരണം, “ബ്രേക്ക് ദി ചെയിൻ” ക്യാമ്പയിൻ, ശുചീകരണം, സമ്പർക്കവിലക്കിൽ കഴിയുന്നവർക്ക് വേണ്ട സഹായംനൽകൽ, അവശ്യവസ്തുക്കൾ ഉറപ്പുവരുത്തുക, പ്രാദേശികതലത്തിൽ ആരോഗ്യപരിരക്ഷാ സംവിധാനങ്ങളുടെ പട്ടിക തയ്യാറാക്കുക എന്നിവയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തിയ പ്രവർത്തനങ്ങൾ. സംസ്ഥാനത്തുടനീളം സാമൂഹിക അടുക്കളകൾ കുടുംബശ്രീ സഹായത്തോടെ സമൂഹ അടുക്കള സ്ഥാപിക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ നേതൃത്വം നൽകി. കുടിയേറ്റ തൊഴിലാളികളുടെ ക്യാമ്പുകൾ നടത്തുന്നതിലും ആവശ്യക്കാർക്ക് ഭക്ഷണവും ചികിത്സയും ഉറപ്പാക്കുന്നതിലും അവർ ഒരു പ്രധാന പങ്കുവഹിച്ചു.
സംസ്ഥാനം കോവിഡ്–19 കൈകാര്യംചെയ്തതിലെ ശ്രദ്ധേയമായ ഒരു സവിശേഷത ഏറ്റവും ഉയർന്ന തലത്തിലുള്ള വിവരങ്ങളുടെ വ്യാപനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ദിവസേനയുള്ള പത്രസമ്മേളനങ്ങളിലൂടെ വൈറസ് വ്യപനത്തെപ്പറ്റിയുള്ള ഏറ്റവും പുതിയ വിവരങ്ങൾ, വ്യക്തികൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ, മഹാമാരി കൈകാര്യംചെയ്യുന്നതിൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്നിവ നൽകി. ഇത് ജനങ്ങളിൽ സുതാര്യതയും വിശ്വാസ്യതയും പകർന്നു നൽകി. പൊതു ഇടപെടലും അതിന്റെ ഫലപ്രാപ്തിയും ഏറ്റവും പ്രകടമായ തലത്തിലായിരുന്നു.

ഏറ്റവും ദുഷ്കരമായ കാലത്ത് സർക്കാർ ആവശ്യമുള്ളവർക്ക് ഭക്ഷണവും താമസവും ഉറപ്പാക്കി. മഹാമാരിയെ പ്രതിരോധിക്കാനുള്ള തന്ത്രങ്ങൾക്കൊപ്പം അതിന്റെ പ്രതികൂലാഘാതം ലഘൂകരിക്കുന്നതിന് ഉപജീവനമാർഗ്ഗം പുനരുജ്ജീവിപ്പിക്കാനുള്ള സഹായ നടപടികളും ഉൾക്കൊണ്ടിരുന്നു.

വാക്സിൻ ലഭ്യമാകുമ്പോൾ എല്ലാവർക്കും മുൻഗണനാടിസ്ഥാനത്തിൽ ഇത് സൗജന്യമായി നൽകുമെന്നും സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്.

കോവിഡ്–19 മഹാമാരിയോടുള്ള പ്രതികരണങ്ങൾ കൂടുതൽ നിർദ്ദിഷ്ട വകുപ്പുതല സംരംഭങ്ങൾ ബന്ധപ്പെട്ട അധ്യായങ്ങളിൽ ചർച്ചചെയ്യുന്നു.

അദ്ധ്യായം

# 03

# കൃഷിയും അനുബന്ധമേഖലകളും

അദ്ധ്യായം
03

# കൃഷിയും അനുബന്ധമേഖലകളും

## 3.1 കാർഷികമേഖല

കാർഷിക, കാർഷിക – അനുബന്ധ മേഖലകൾ ഏതൊരു വികസന പ്രക്രിയയിലും ഒരു സുപ്രധാന സ്ഥാനം വഹിക്കുന്നുണ്ട്. തൊഴിൽ, ഭക്ഷണം എന്നിവ പ്രദാനം ചെയ്യുന്നതിലും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിലും ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിലും കാർഷിക മേഖലയ്ക്ക് പ്രാധാന്യമുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങളായ ദാരിദ്ര്യ നിർമ്മാർജ്ജനം, പട്ടിണി നിർമ്മാർജ്ജനം, മികച്ച ആരോഗ്യവും ക്ഷേമവും എന്നിവ കൈവരിക്കുന്നതിന് കാർഷിക മേഖല സുപ്രധാന പങ്ക് വഹിക്കുന്നു. കൃഷി ഭൂമിയുടെ വിസ്തൃതി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിന് നമ്മുടെ സംസ്ഥാനം ഉല്പാദനം, ഉല്പാദനക്ഷമത, ലാഭം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

കേരളത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ (ജി. എസ്.വി.എ) വിളകൾ, കന്നുകാലി വളർത്തൽ, മത്സ്യബന്ധനം, വനവിഭവം എന്നിവയുടെ പങ്ക് 2019–20 –ൽ 8.03 ശതമാനമായിരുന്നു (സ്ഥിരവില പ്രകാരം). കാർഷിക അനുബന്ധ മേഖലയിൽ വന്ന ഘടനാപരമായ മാറ്റങ്ങൾ മൂലം ഈ മേഖലയിൽ നിന്നുമുള്ള ജി.എസ്.ഡി.പി വിഹിതം വർഷങ്ങളായി കുറഞ്ഞുവരികയാണ്. ഇത് കാർഷിക സമ്പദ് വ്യവസ്ഥയിൽ നിന്നുമുള്ള മാറ്റത്തിന്റെ സൂചനയാണ്.

പ്രകൃതിക്ഷോഭങ്ങളും വിലയിലുണ്ടാകുന്ന വ്യതിയാനങ്ങളും കാർഷിക മേഖലയുടെ പ്രകടനത്തെ ബാധിക്കുന്നുണ്ട്. 2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കവും, തീവ്രമഴയും, മലയിടിച്ചിലും പോലുള്ള പ്രകൃതിക്ഷോഭങ്ങൾ കാർഷിക അനുബന്ധ മേഖലയ്ക്ക് വൻ നഷ്ടങ്ങളാണ് വരുത്തിയത്.

### വളർച്ചാ നിരക്കിന്റെ ഗതി

ഇന്ത്യയുടെ മൊത്തം മൂല്യവർദ്ധനവിൽ കാർഷിക അനുബന്ധ മേഖലയുടെ വിഹിതം 2013–14 ൽ 17.8 ശതമാനം ആയിരുന്നത് 2018–19 ൽ 14.6 ശതമാനമായി കുറഞ്ഞു. ഈ കാലയളവിൽ മൊത്തം മൂല്യവർദ്ധനവിൽ കാർഷിക വിളകളുടെ പങ്ക് 11.4 ശതമാനമായിരുന്നത് 8.2 ശതമാനമായി കുറഞ്ഞു. കാർഷിക അനുബന്ധ മേഖലകളിലെ ദേശീയ വളർച്ചാനിരക്ക് അസ്ഥിരമാണെന്ന് **പട്ടിക 3.1.1**–ൽ സൂചിപ്പിച്ചിരിക്കുന്നു.

എന്നിരുന്നാലും സമ്പദ് വ്യവസ്ഥയിൽ ഗ്രാമീണ ജനതയുടെ ഉപജീവനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും കാർഷിക മേഖലയ്ക്കുള്ള സ്ഥാനം പ്രാധാന്യം അർഹിക്കുന്നതാണ്. 2011 സെൻസസ് പ്രകാരം കാർഷിക മേഖലയിൽ 263 ദശലക്ഷം ജനങ്ങൾ പണിയെടുക്കുന്നു. ഇവരിൽ 45 ശതമാനം കർഷകരും 55

**പട്ടിക 3.1.1** ഇന്ത്യയുടെ മൊത്തം മൂല്യ വർദ്ധനവിൽ (ജി.വി.എ) കാർഷിക അനുബന്ധ മേഖലയുടെ വളർച്ചാ നിരക്ക്

| വർഷം | വളർച്ചാ നിരക്ക് (ശതമാനത്തിൽ) |
|---|---|
| 2013–14 | 5.6 |
| 2014–15 | (–)0.2 |
| 2015–16 | 0.6 |
| 2016–17 | 6.8 |
| 2017–18 | 5.9 |
| 2018–19 | 2.4 |

*അവലംബം: നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ്, 2020*

ശതമാനം കർഷക തൊഴിലാളികളുമാണ്. കേരളത്തിലെ കാർഷിക മേഖല വളർച്ചയുടെ പാതയിൽ നിരവധി വെല്ലുവിളികൾ നേരിടുന്നു. സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾ പ്രകാരം കാർഷിക അനുബന്ധ മേഖലകളിലെ (കൃഷി, കന്നുകാലി, വനവിഭവം, മത്സ്യബന്ധനം) വാർഷിക വളർച്ചാനിരക്ക് (ജി.എസ്.വി.എ 2011–12 ലെ സ്ഥിര വില അനുസരിച്ച്) 2013–14 ൽ (–)6.31 ശതമാനവും, 2014–15 ൽ 0.02 ശതമാനവും, 2015–16 ൽ (–)5.10 ശതമാനവും 2016–17 ൽ (–)0.65 ശതമാനവും ആയിരുന്നു. 2017–18 ൽ കാർഷികമേഖലയിൽ 2.11 ശതമാനം വളർച്ച രേഖപ്പെടുത്തിയെങ്കിലും 2018–19 ൽ (–)2.38 ശതമാനമായും 2019–20 ൽ (–)6.62 ശതമാനമായും വളർച്ച കുറഞ്ഞു. 2018–19 ൽ മത്സ്യബന്ധന, വനവിഭവ മേഖലകളിൽ കൂടിയ വളർച്ചാനിരക്ക് രേഖപ്പെടുത്തി. ഇത് യഥാക്രമം 6.55 ശതമാനവും 0.54 ശതമാനവുമായിരുന്നു. എന്നാൽ മറ്റ് മേഖലകളിൽ കുറഞ്ഞ വളർച്ചാ നിരക്കാണ് പ്രകടിപ്പിച്ചത്. 2019–20 ൽ എല്ലാ മേഖലകളിലും കുറഞ്ഞ വളർച്ചാനിരക്ക് രേഖപ്പെടുത്തി.

എസ്.ഡി.ജി ഇന്ത്യ ഇൻഡക്സ് 2019 പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം മൂല്യ വർദ്ധനവിൽ (ജി.എസ്.വി.എ) കാർഷിക അനുബന്ധ മേഖലയുടെ വിഹിതം ചെറുതാണെങ്കിലും മൊത്തം മൂല്യവർദ്ധനവിൽ ഒരു തൊഴിലാളിയ്ക്ക് ലഭിക്കുന്ന പങ്കിന്റെ കണക്കിൽ കേരളം ഇന്ത്യയിൽ മൂന്നാം സ്ഥാനത്താണ്. സംസ്ഥാനത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ ഒരു തൊഴിലാളിയ്ക്ക് ലഭിക്കുന്ന പങ്ക് 2.19 ലക്ഷം രൂപയാണ്.

സംസ്ഥാനത്തിന്റെ മൊത്തം ജി.എസ്.വി.എയിൽ (2011–12 ലെ സ്ഥിര വിലയനുസരിച്ച്) കാർഷിക അനുബന്ധ മേഖലയുടെ വിഹിതം 2013–14 ൽ 12.37 ആയിരുന്നത് കുറഞ്ഞ്2019–20 ൽ 8.03 ശതമാനമായി. വിശദാംശങ്ങൾ **പട്ടിക 3.1.2**–ൽ ചേർത്തിരിക്കുന്നു.

## കാലവർഷം 2020

മാർച്ച് 1, 2020 മുതൽ മെയ് 31 വരെ സംസ്ഥാനത്ത് സാധാരണ നിലയിൽ നിന്നും 10.34 ശതമാനം വ്യതിയാനത്തോടെ കാലവർഷപൂർവ്വ മഴ ലഭിച്ചു. ഈ കാലയളവിൽ സംസ്ഥാനത്ത് ലഭിച്ച മഴയുടെ അളവ് 404.7 മി.മീ ആയിരുന്നു. പത്തനംതിട്ട (856 മി.മീ), തിരുവനന്തപുരം (592.2 മി.മീ) ജില്ലകളിൽ ഈ കാലയളവിൽ അധിക മഴ ലഭിച്ചു. കണ്ണൂർ, കാസർഗോഡ്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ അഞ്ച് ജില്ലകളിൽ സാധാരണ ലഭിക്കുന്നതിലും കുറഞ്ഞ മഴയാണ് രേഖപ്പെടുത്തിയത്. സാധാരണ നിലയിൽ നിന്നുമുള്ള വ്യതിയാനം ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയത് പത്തനംതിട്ട (73 ശതമാനം), തിരുവനന്തപുരം (63 ശതമാനം), കോട്ടയം (50 ശതമാനം) എന്നീ ജില്ലകളിലാണ്.

തെക്ക് പടിഞ്ഞാറൻ കാലവർഷ സമയത്ത് (ജൂൺ 1, 2020 മുതൽ സെപ്റ്റംബർ 30 വരെ) കേരളത്തിൽ ലഭിച്ച യഥാർത്ഥ മഴ 2,246.0 മി.മീ ആയിരുന്നു. പ്രസ്തുത കാലയളവിൽ ലഭിക്കേണ്ട സാധാരണ മഴ 2,038.7 മി.മീ ആണ്. അതായത് സാധാരണ നിലയിൽ നിന്നും 10.2 ശതമാനം വ്യതിയാനമാണ് ഈ കാലയളവിൽ രേഖപ്പെടുത്തിയത്. 2019 ലെ തെക്ക് പടിഞ്ഞാറൻ കാലവർഷ സമയത്ത് കേരളത്തിൽ 2,300.2 മി.മീ മഴ ലഭിച്ചു. 2020–ൽ ഒൻപത് ജില്ലകളിൽ സാധാരണ തോതിലുള്ള മഴയും കണ്ണൂർ (3,365.9 മി.മീ), കാസറഗോഡ് (3,605.6 മി.മീ), കോഴിക്കോട് (3,440.3 മി.മീ), കോട്ടയം (2,329.6 മി.മീ), തിരുവനന്തപുരം (1,153.7 മി.മീ) എന്നീ ജില്ലകളിൽ അധിക മഴയും ലഭിച്ചു. കാസറഗോഡ് ജില്ലയിലാണ് ഏറ്റവും അധികം മഴ ലഭിച്ചത് (**ചിത്രം 3.1.1**).

2020–ൽ വടക്കുകിഴക്കൻ കാലവർഷ സമയത്ത് (ഒക്ടോബർ 1, 2020 മുതൽ നവംബർ 24 വരെ) സംസ്ഥാനത്ത് ലഭിച്ച മഴയുടെ അളവ് 314.9 മി.മീ

**പട്ടിക 3.1.2** മൊത്തം മൂല്യവർദ്ധനവിൽ (ജി.വി.എ/ജി.എസ്.വി.എ) കാർഷിക അനുബന്ധ മേഖലയുടെ വളർച്ചാ നിരക്ക് ദേശീയ തലത്തിലും സംസ്ഥാനതലത്തിലും സ്ഥിരവില, അടിസ്ഥാനവർഷം 2011–12

| വർഷം | മൊത്തം മൂല്യവർദ്ധനവിൽ (ജി.വി.എ) കൃഷി അനുബന്ധമേഖലകളുടെ പങ്ക് (ശതമാനത്തിൽ (ഇന്ത്യ) | സംസ്ഥാനത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ) കൃഷി അനുബന്ധമേഖലകളുടെ പങ്ക് (ശതമാനത്തിൽ) (കേരളം) |
|---|---|---|
| 2013–14 | 17.8 | 12.37 |
| 2014–15 | 16.5 | 11.92 |
| 2015–16 | 15.4 | 10.74 |
| 2016–17 | 15.2 | 9.96 |
| 2017–18 | 15.1 | 9.60 |
| 2018–19 | 14.6. | 8.83(P) |
| 2019–20 | ലഭ്യമല്ല | 8.03(Q) |

(P) താൽക്കാലികം, (Q) ദ്രുത കണക്കെടുപ്പ്
അവലംബം: നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് 2020, ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, കേരള സർക്കാർ

**ചിത്രം 3.1.1** തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ 2020 ജൂൺ മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ




*അവലംബം: ദേശീയ കാലാവസ്ഥ വകുപ്പ്, 2020*

ആയിരുന്നു. പ്രസ്തുത കാലയളവിൽ സാധാരണ ലഭിക്കുന്ന മഴയുടെ അളവ് 445.8 മി.മീ ആണ്. അതായത് സാധാരണ മഴയേക്കാൾ (–)29.4 ശതമാനം വ്യതിയാനത്തോടെ കുറവ് മഴയാണ് കേരളത്തിൽ ലഭിച്ചത്. കണ്ണൂർ, ഇടുക്കി, കാസർഗോഡ് ഒഴികെ മറ്റ് എല്ലാ ജില്ലകളിലും കുറവ് മഴയാണ് ലഭിച്ചത് (**ചിത്രം 3.1.2**). സംസ്ഥാനത്ത് ലഭിച്ച് മഴയുടെ അളവ് ജില്ലതിരിച്ച് **അനുബന്ധം 3.1.1** –ൽ ചേർത്തിരിക്കുന്നു.

## ഭൂവിനിയോഗം

കാലാകാലങ്ങളായി കേരളത്തിലെ ഭൂവിനിയോഗരീതിയിൽ വലിയ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഭക്ഷ്യവിളകളിൽ നിന്ന് ഭക്ഷ്യേതര വിളകളിലേയ്ക്കുള്ള മാറ്റവും കാർഷികേതര ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന ഭൂമിയുടെ വർദ്ധനവും ഈ മാറ്റത്തിന്റെ സൂചികകളാണ്. കേരളത്തിലെ ഭൂവിനിയോഗത്തിലും വിളക്രമത്തിലും വന്ന മാറ്റങ്ങൾ ഭക്ഷ്യസുരക്ഷയ്ക്കു മാത്രമല്ല സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സുസ്ഥിരതയ്ക്കും വെല്ലുവിളിയാണ്. ഭൂവിനിയോഗ രീതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ വിശകലനം കാർഷിക ഭൂവിനിയോഗത്തിന്റെ ഇന്നത്തെ സാഹചര്യം മനസ്സിലാക്കാൻ സഹായിക്കുന്നു. 2019–20 വർഷത്തെ ഭൂവിനിയോഗക്രമം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.1.2**–ൽ ചേർത്തിരിക്കുന്നു.

2019–20 ലെ ഭൂവിനിയോഗ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയായ 38.86 ലക്ഷം ഹെക്ടറിൽ 25.89 ലക്ഷം ഹെക്ടർ

**ചിത്രം 3.1.2** വടക്ക കിഴക്കൻ കാലവർഷത്തിൽ 2020 ഒക്ടോബർ 1 മുതൽ നവംബർ 24 വരെ ലഭിച്ച മഴ




*അവലംബം: ദേശീയ കാലാവസ്ഥ വകുപ്പ്, 2020*

(66.64 ശതമാനം) വിളയിറക്കിയിട്ടുള്ള പ്രദേശമാണ്. ഇതിൽ യഥാർത്ഥ കൃഷിയുടെ വിസ്തൃതി 20.26 ലക്ഷം ഹെക്ടറാണ് (52.13 ശതമാനം). കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി 11.73 ശതമാനവും വനമേഖല 27.83 ശതമാനവുമാണ്. കൃഷിക്കനുയോജ്യമായ പാഴ്ഭൂമിയും തരിശുഭൂമിയും യഥാക്രമം 2.57 ശതമാനവും 1.48 ശതമാനവുമാണ്. തരിശും കൃഷിയിറക്കാത്തതുമായ ഭൂമി, വിവിധ വൃക്ഷ വിളകൾക്കുപയോഗിക്കുന്ന ഭൂമി, കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി, കൃഷിക്കനുയോജ്യമായ പാഴ്ഭൂമി, ഇപ്പോൾ ഉള്ള തരിശുഭൂമിയിൽപ്പെടാത്ത തരിശുഭൂമി എന്നിവയുടെ വിസ്തൃതി 2018-19 ൽ നിന്നും വർദ്ധിച്ച് യഥാക്രമം 3.29 ശതമാനം, 1.18 ശതമാനം, 0.41 ശതമാനം, 3.43 ശതമാനം, 3.05 ശതമാനം എന്ന രീതിയിലാണ്. കൃഷിക്കനുയോജ്യമായ പാഴ്ഭൂമിയുടെ വിസ്തൃതി 3313 ഹെക്ടറായും ഇപ്പോൾ ഉള്ള തരിശുഭൂമിയിൽപ്പെടാത്ത തരിശുഭൂമിയുടെ വിസ്തൃതി 1390 ഹെക്ടറായും വർദ്ധിച്ചു. യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി 0.37 ശതമാനമായി കുറഞ്ഞു.

മൊത്തം കൃഷി വിസ്തൃതിയും ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷിയിറക്കിയ സ്ഥലത്തിന്റെ വിസ്തൃതിയും യഥാക്രമം 0.73 ശതമാനവും 4.92 ശതമാനവുമായി വർദ്ധിച്ചു. വിള തീവ്രത 126 ശതമാനത്തിൽ നിന്നും 128 ശതമാനമായി വർദ്ധിച്ചു. ഭൂവിനിയോഗക്രമം **ചിത്രം 3.1.3**–ൽ കൊടുത്തിരിക്കുന്നു.

സംസ്ഥാനത്തിന്റെ കൃഷി സ്ഥല വിസ്തൃതി അനുസരിച്ച് കൃഷിയിടങ്ങളുടെ എണ്ണം 2010-11 ൽ 68,31,000 ആയിരുന്നു. ഇത് 2015-16 ഓടെ 11 ശതമാനം വർദ്ധിച്ച് 75,83,000 ആയി. പ്രതിശീർഷ ഭൂലഭ്യത 2010-11 –ൽ 0.22 ഹെക്ടറായിരുന്നത് 2015-16 –ൽ 0.18 ഹെക്ടറായി കുറഞ്ഞു. വിശദാംശം **അനുബന്ധം 3.1.3** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

## വിളക്രമം

കേരളത്തിൽ കൃഷി ചെയ്യുന്ന പ്രധാന വിളകളുടെ കൃഷി വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.1.4 –ൽ** നൽകിയിരിക്കുന്നു.

2019-20 ലെ മൊത്തം കൃഷിവിസ്തൃതിയുടെ 9.88 ശതമാനം ഭക്ഷ്യവിളകളായ നെല്ല്, കപ്പ, മധുരക്കിഴങ്ങ്, ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ എന്നിവയും 61.6 ശതമാനം നാണ്യവിളകളായ കശുവണ്ടി, റബ്ബർ, കുരുമുളക്, നാളികേരം, ഏലം, തേയില, കാപ്പി എന്നിവയുമാണ്. മൊത്തം കൃഷി വിസ്തൃതിയിൽ 27.5 ശതമാനം റബ്ബർ, കാപ്പി, തേയില, ഏലം എന്നീ വിളകളാണ്.

വിളകളിൽ ഏറ്റവും കൂടുതൽ കൃഷി വിസ്തൃതി തെങ്ങിനും (29.3 ശതമാനം), തുടർന്ന് റബ്ബറിനുമാണ് (21.28 ശതമാനം). കൃഷി വിസ്തൃതിയുടെ 7.37 ശതമാനം രേഖപ്പെടുത്തി നെൽകൃഷി മൂന്നാം സ്ഥാനത്താണ്. 2018-19 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ മരച്ചീനി കൃഷിയുടെ വിസ്തൃതി 0.31 ശതമാനം വർദ്ധിച്ചു. പയറുവർഗ്ഗങ്ങളുടെ കൃഷി വിസ്തൃതിയും ഉൽപ്പാദനവും 229.54 ഹെക്ടർ, 197 ടൺ യഥാക്രമം കുറഞ്ഞ് 2260.46 ഹെക്ടറും 2103 ടണ്ണുമായി രേഖപ്പെടുത്തി. മറ്റ് വിളകളായ കവുങ്ങ്, കാപ്പി, കശുവണ്ടി, വാഴപ്പഴം,

**ചിത്രം 3.1.3** 2019-20 ൽ കേരളത്തിലെ ഭൂവിനിയോഗ രീതി




*അവലംബം: സാമ്പത്തിക സ്ഥിതിവിവര വകുപ്പ്, 2020*

ഏലം, കുരുമുളക് എന്നിവയുടെ വിസ്തൃതി 2018–19 നെ അപേക്ഷിച്ച് വർദ്ധിച്ചു. ഇഞ്ചി, മഞ്ഞൾ, തേയില, നാളികേരം എന്നീ വിളകളുടെ കൃഷി വിസ്തൃതി കുറഞ്ഞു. 2018–19 നെ അപേക്ഷിച്ച് നേന്ത്രവാഴ കൃഷിയുടെ വിസ്തൃതിയിൽ 14.7 ശതമാനത്തിന്റെ വർദ്ധനവുണ്ടായി. നേന്ത്രപ്പഴം, കശുവണ്ടി, കാപ്പി, മറ്റ് വാഴപ്പഴങ്ങൾ എന്നിവയുടെ ഉല്പാദനം വർദ്ധിച്ചു.

## വിളകൾ തിരിച്ചുള്ള വിശകലനം

### നെല്ല്

കേരളത്തിന്റെ മുഖ്യഭക്ഷ്യവിളയായ നെല്ല് സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 7.37 ശതമാനമാണ്. കഴിഞ്ഞ ദശാബ്ദക്കാലത്തെ കൃഷിവിസ്തൃതി വിശകലനം ചെയ്താൽ നെൽ വയൽ കൃഷിയുടെ വിസ്തൃതി ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ളത് 2010–11 –ൽ ആണെന്ന് കാണാം. 2010–11 ലെ നെൽ വയൽ കൃഷി വിസ്തൃതി 2.13 ലക്ഷം ഹെക്ടറും ഉല്പാദനം 5.23 ലക്ഷം ടണ്ണുമായിരുന്നു.

പതിമൂന്നാം പഞ്ചവൽസരപദ്ധതിക്കാലത്ത് നെല്ലിന്റെ കൃഷി വിസ്തൃതി കുറയുന്നത് തടഞ്ഞുനിർത്താൻ കഴിഞ്ഞിട്ടുണ്ട്. 2015–16 –ൽ സംസ്ഥാനത്ത് 1.97 ലക്ഷം ഹെക്ടർ പ്രദേശത്ത് നെൽകൃഷി ഇറക്കി. 2019–20 –ൽ ഇത് 1.98 ലക്ഷം ഹെക്ടർ ആയിരുന്നു. നെൽകൃഷി വിസ്തൃതി സ്ഥിരമായി കുറഞ്ഞുവന്നുകൊണ്ടിരുന്ന മുൻ പദ്ധതിക്കാലയളവിലെ സാഹചര്യത്തിൽ നിന്നും വിഭിന്നമായിരുന്നു ഈ അവസ്ഥ. 2015–16 മുതൽ 2019–20 വരെയുള്ള കാലയളവിൽ നെൽ വയൽ കൃഷിയുടെയും കരനെൽ കൃഷിയിലെയും കൃഷി വിസ്തൃതിയിലുണ്ടായ മാറ്റം **പട്ടിക 3.1.3**–ൽ ചേർത്തിരിക്കുന്നു. പ്രതികൂലമായ കാലാവസ്ഥയായിരുന്നിട്ടും, സംസ്ഥാനത്തൊട്ടാകെ ഗണ്യമായ തോതിൽ വിളനാശം സംഭവിച്ചിട്ടും വിളവെടുപ്പ് നടന്ന നെൽപ്പാടത്തിന്റെ കൃഷി വിസ്തൃതി മാറ്റംവരാതെ നിലനിർത്താൻ കഴിഞ്ഞു.

വർദ്ധിച്ച സബ്സിഡികൾ നൽകിക്കൊണ്ട് നെൽക്കൃഷി പ്രോത്സാഹിപ്പിക്കുക, താങ്ങുവിലയ്ക്കു മുകളിൽ ബോണസ് നൽകുക, വർദ്ധിച്ച രീതിയിൽ സംഭരണം നടത്തുക തുടങ്ങിയ സംസ്ഥാന സർക്കാരിന്റെ നയപരമായ ഇടപെടലുകൾ നെൽകൃഷി വിസ്തൃതിയിൽ കുറവുണ്ടാകാതിരിക്കാൻ കരണമായി. നെൽകൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സമഗ്രമായ നടപടികൾ സ്വീകരിച്ചുവരികയാണ്. 2020 –ൽ നെൽ വയൽ ഉടമകൾക്ക് ഹെക്ടർ ഒന്നിന് 2,000 രൂപ സർക്കാർ റോയൽറ്റി പ്രഖ്യാപിച്ചു. നെൽ വയലുകൾ കരഭൂമിയാക്കാതിരിക്കാനും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാതിരിക്കാനും തരിശിടാതിരിക്കാനുമാണ് ഈ പ്രോത്സാഹനം ഏർപ്പെടുത്തിയത്.

കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് നെൽകൃഷിയിറക്കിയ പ്രദേശത്തിന്റെ വിസ്തൃതി 2.31 ലക്ഷം ഹെക്ടറാണ്. കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം പ്രകൃതിദുരന്തങ്ങൾ നിമിത്തം 0.33 ലക്ഷം ഹെക്ടറിൽ കൃഷി നാശം സംഭവിച്ചു. തൻമൂലം വിളവെടുപ്പ് നടത്തിയത് 1.98 ലക്ഷം ഹെക്ടറിൽ മാത്രമാണ്. ഇതിൽ 7,129 ഹെക്ടർ കരനെൽകൃഷിയും ഉൾപ്പെടും. 0.33 ലക്ഷം ഹെക്ടർ പ്രദേശത്ത് വിളനാശം സംഭവിക്കാതിരുന്നെങ്കിൽ കൃഷി വിസ്തൃതി വർദ്ധിക്കുമായിരുന്നു.

കഴിഞ്ഞ പത്തു വർഷക്കാലത്തെ സംസ്ഥാനത്തെ നെൽക്കൃഷിയുടെ കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ നെൽകൃഷിയുടെ വിസ്തൃതി കുറയുകയാണ് ചെയ്യുന്നത്. എന്നാൽ 2012–13, 2016–17, 2017–18 വർഷങ്ങളൊഴികെ മറ്റെല്ലാ വർഷങ്ങളിലും നെല്ലുൽപ്പാദനത്തൽ വർദ്ധനവ് രേഖപ്പെടുത്തി. 2015–16 ലെ കുറഞ്ഞ ഉൽപ്പാദന വർദ്ധനവായ 5 ശതമാനത്തിൽ നിന്നും 2019–20 ലെ കൂടിയ ഉൽപ്പാദന വർദ്ധനവായ 12 ശതമാനമായി നെൽക്കൃഷി ഉൽപ്പാദനം വർധിച്ചു.

2010–11 മുതൽ 2019–20 വരെയുള്ള കാലയളവിൽ നെൽ വയൽകൃഷിയുടെ ഉൽപ്പാദനക്ഷമത വർധിച്ചു വരുന്നതായികാണാം. 2019–20 –ൽ ഏറ്റവും ഉയർന്ന ഉൽപ്പാദനക്ഷമത രേഖപ്പെടുത്തി (**ചിത്രം**

**പട്ടിക 3.1.3** സംസ്ഥാനത്ത് നെൽവയൽകൃഷിയുടെയും കരനെൽകൃഷിയുടെയും കൃഷി വിസ്തൃതി (2015–16 മുതൽ 2019–20 വരെ)

| വർഷം | നെൽകൃഷി വിസ്തൃതി (ഹെക്ടറിൽ) | | |
|---|---|---|---|
| | നെൽവയൽ | കരനെൽ | ആകെ |
| 2015–16 | 190939 | 5931 | 196870 |
| 2016–17 | 166184 | 5214 | 171398 |
| 2017–18 | 189086 | 5149 | 194235 |
| 2018–19 | 198026 | 4881 | 202907 |
| 2019–20 | 191051 | 7129 | 198180 |

*അവലംബം: സാമ്പത്തികസ്ഥിതിവിവര വകുപ്പ്*

**ചിത്രം 3.1.4** 2010–11 നെ അപേക്ഷിച്ച് കഴിഞ്ഞ പത്തുവർഷക്കാലത്തെ നെല്ലിന്റെ കൃഷി വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവയിൽ വന്ന മാറ്റം (ശതമാനത്തിൽ)




*അവലംബം:* സാമ്പത്തിക സ്ഥിതിവിവര വകുപ്പ്, കേരള സർക്കാർ

**3.1.4**). 2017–18 മുതൽ നെല്ലിന്റെ ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും സ്ഥിരമായി വളർച്ച രേഖപ്പെടുത്തി. നെല്ലിന്റെ ഉൽപ്പാദനക്ഷമതയിലുണ്ടായ വർധനവ് സംസ്ഥാനത്തെ നെൽ കൃഷിയിലുണ്ടായ ഉണർവ്വായികാണാം.

2019–20 ൽ നെൽകൃഷിയുടെ വിസ്തൃതി 1.98 ലക്ഷം ഹെക്ടറായിരുന്നു. അതിൽ 1.91 ലക്ഷം ഹെക്ടർ നെൽ വയൽ കൃഷി ആയിരുന്നു. 2010–11 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നെല്ലിന്റെ ഉൽപ്പാദനം 12.3 ശതമാനവും ഉൽപ്പാദനക്ഷമത 25.3 ശതമാനവും വർദ്ധിച്ച് യഥാക്രമം 5.87 ലക്ഷം ടണ്ണും ഹെക്ടറിന് 3073 കിലോഗ്രാമുമായി 2019–20 ൽ രേഖപ്പെടുത്തി.

2018–19 നെ അപേക്ഷിച്ച് 2019–20 ൽ നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും (നെൽ വയൽ) യഥാക്രമം 1.52 ശതമാനവും 5.24 ശതമാനവുമായി വർദ്ധിച്ചു (**അനുബന്ധം 3.1.5**). കരനെൽ കൃഷിയുടെ വിസ്തൃതി 46 ശതമാനം വർദ്ധിച്ച് 7129 ഹെക്ടറായി.

മുൻവർഷത്തെ അപേക്ഷിച്ച് 2019–20 ലെ നെൽ വയൽ കൃഷിയിൽ വിരിപ്പ്, മുണ്ടകൻ സീസണുകളിലെ കൃഷി വിസ്തൃതി കുറയുകയും പുഞ്ചകൃഷിയുടെ കൃഷി വിസ്തൃതി വർദ്ധിക്കുകയും ചെയ്തു. വിരിപ്പ് സീസണിലെ ഉല്പാദനം 40 ശതമാനം വർദ്ധിച്ചു. എന്നാൽ കൃഷി വിസ്തൃതി 2018–19 നെ അപേക്ഷിച്ച 9.9 ശതമാനം കുറഞ്ഞു. മൂന്നു സീസണുകളുമായി താരതമ്യം ചെയ്യുമ്പോൾ ഹെക്ടറിനു 3540 കി.ഗ്രാം രേഖപ്പെടുത്തി പുഞ്ചകൃഷിയാണ് ഉൽപ്പാദനക്ഷമതയിൽ മുന്നിൽ. 2019–20 ൽ, വിരിപ്പ കൃഷിയൊഴിച്ച് മറ്റു രണ്ടു സീണുകളിലും ഉൽപ്പാദനക്ഷമത 2018–19 നെ അപേക്ഷിച്ച് കുറവായിരുന്നു. വിരുപ്പ് കൃഷിയിലെ ഉൽപ്പാദനക്ഷമത 55 ശതമാനം വർധിച്ച് ഹെക്ടറിനു 2614 കിലോഗ്രാം രേഖപ്പടുത്തി.

സംസ്ഥാനത്ത് ഏറ്റവും പ്രാമുഖ്യം മുണ്ടകൻ കൃഷിയ്ക്കായിരുന്നു (**അനുബന്ധം 3.1.6**). ആലപ്പുഴയിൽ പുഞ്ചക്കൃഷിയും, പാലക്കാട് ജില്ലയിൽ മുണ്ടകൻ കൃഷിക്കും വിരിപ്പു കൃഷിയ്ക്കുമായിരുന്നു പ്രാമുഖ്യം (**അനുബന്ധം3.1.7**) സംസ്ഥാനത്തെ നെൽകൃഷി വിസ്തൃതിയിൽ 79.9 ശതമാനവും പാലക്കാട് (40.1 ശതമാനം), ആലപ്പുഴ (18.6 ശതമാനം), തൃശ്ശൂർ (11.8 ശതമാനം), കോട്ടയം (9.2 ശതമാനം) എന്നീ ജില്ലകളിലാണ്. സംസ്ഥാനത്തെ മൊത്തം നെല്ലുൽപ്പാദനത്തിന്റെ 83 ശതമാനവും ഈ നാലു ജില്ലകളിൽ നിന്നുമാണ്. 2018–19 വർഷത്തെ അപേക്ഷിച്ച് കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നെൽകൃഷിയിടത്തിന്റെ വിസ്തൃതിയിൽ വർധനവുണ്ടായി.

നെൽ വയൽകൃഷി വിസ്തൃതിയിലും ഉൽപ്പാദനത്തിലും പാലക്കാട്, ആലപ്പുഴ ജില്ലകൾ ഒന്നും രണ്ടും സ്ഥാനത്താണ്. എന്നാൽ ഉൽപ്പാദനക്ഷമതയിൽ ഒന്നും രണ്ടും സ്ഥാനം തൃശ്ശൂർ, മലപ്പുറം ജില്ലകൾക്കാണ്. പാലക്കാട്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ ജില്ലകളിലൊഴിച്ച് മറ്റെല്ലാ ജില്ലകളിലും നെല്ലുൽപ്പാദനം 2018–19 നെ അപേക്ഷിച്ച് കുറഞ്ഞു. ഉൽപ്പാദനം ഏറ്റവും കൂടുതൽ വർദ്ധിച്ചത് പാലക്കാട് ജില്ലയിലാണ് (15 ശതമാനം) തൊട്ടുപിന്നിൽ തൃശ്ശൂർ ജില്ല 10.22 ശതമാനവും കണ്ണൂർജില്ല 5.9 ശതമാനവും ഉൽപ്പാദന വർധനവ് രേഖപ്പെടുത്തി. കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളൊഴിച്ച് മറ്റെല്ലാ ജില്ലകളിലും 2018–19 നെ അപേക്ഷിച്ച് 2019–20 –ൽ ഉൽപ്പാദനക്ഷമത കുറഞ്ഞു. മുൻവർഷത്തെ അപേക്ഷിച്ച് ഉൽപ്പാദനക്ഷമതയിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയത് കൊല്ലം ജില്ലയിലാണ് (12.77 ശതമാനം). വിശദാംശങ്ങൾ **അനുബന്ധം 3.1.8** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഉയർന്ന വിളവു നൽകുന്ന നെല്ലിനങ്ങളുടെയും പ്രാദേശിക നെല്ലിനങ്ങളുടെയും കൃഷി വിസ്തൃതി സീസൺ അടിസ്ഥാനത്തിൽ **അനുബന്ധം 3.1.9** ലും **3.1.10** ലും രേഖപ്പെടുത്തിയിരിക്കുന്നു.

നെൽ വയൽകൃഷിയുടെ 97.1 ശതമാനവും അതായത് 1.85492 ലക്ഷം ഹെക്ടറിലും ഉയർന്ന വിളവ് ലഭിക്കുന്ന ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. 5,559 ഹെക്ടറിൽ പ്രാദേശിക ഇനങ്ങളാണ് കൃഷി ചെയ്യുന്നത്.

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് തരിശുനില കൃഷി, കരനെൽകൃഷി, രണ്ടാം വിളകളിലേയ്ക്കുള്ള കൃഷി വ്യാപനം, പ്രത്യേക നെൽ വിത്തിനങ്ങളുടെ കൃഷിക്കുള്ള സഹായം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഉല്പാദനോപാധികൾക്കായി (ഇൻപുട്ട് അസിസ്റ്റൻസ് ) ഹെക്ടർ ഒന്നിന് 5,500 രൂപയും, നെല്ലുൽപ്പാദന ബോണസായി ഓരോ സീസണിലും ഹെക്ടർ ഒന്നിന് 1,000 രൂപ വീതവും, സൗജന്യ വൈദ്യുതിയും നെൽ കർഷകർക്ക് നൽകുന്ന പ്രോൽസാഹനങ്ങളിലുൾപ്പെടുന്നു.

വിള ഉൽപ്പാദനത്തിന് പ്രാഥമികമായി വേണ്ടുന്ന വിത്തിന്റെ (ഇൻപുട്ട് ) കുറവ് പരിഹരിക്കുന്നതിനു, ആവശ്യമായ അളവിൽ ഗുണനിലവാരമുള്ള വിത്തുകൾ യഥാസമയം ലഭ്യമാവുന്നുണ്ടെന്നു ഉറപ്പുവരുത്തുവാൻ ഒരു വിത്തുൽപ്പാദന പദ്ധതിയും വിത്തുവിതരണ സംവിധാനവും അനിവാര്യമാണ്. പദ്ധതികളുടെ നിർവ്വഹണത്തിൽ കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ചെറുകിട ജലസേചന വകുപ്പ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുടുംബശ്രീ, എം.ജി. എൻ.ആർ.ഇ.ജി.എസ് എന്നിവയുടെ സംയോജിത സമീപനമുണ്ടായാൽ നെല്ലുൽപ്പാദനത്തിന്റെ സമഗ്രവികസനത്തിനുതകുകയും കർഷകർക്കും സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്കും സഹായകമാവുകയും ചെയ്യും. ലഭ്യമായ വായ്പാ സൗകര്യങ്ങളുടെ ഫലപ്രദമായ ചംക്രമണം, സംഘടിതമായ വിപണനം, യന്ത്രവൽക്കരണം എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ട മറ്റ് മേഖലകൾ.

## പച്ചക്കറികൾ

കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനത്ത് പച്ചക്കറി ഉൽപാദനത്തിന്റെ ആക്കം കൂടിയിട്ടുണ്ട്. 2016–17 ൽ 52,830 ഹെക്ടർ സ്ഥലത്ത് നിന്നും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് ഉൽപ്പാദിപ്പിച്ചത്. 2018–19 ൽ 82,166.55 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുകയും 12.12 ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുകയും ചെയ്തു. കൃഷി വിസ്തൃതിയിൽ 55 ശതമാനത്തിന്റെ വർദ്ധനവും ഉൽപ്പാദനത്തിൽ 67 ശതമാനത്തിന്റെ വർദ്ധനവുമുണ്ടായി. 2019–20 ൽ പച്ചക്കറി കൃഷി നടത്തിയ കൃഷിയിടത്തിന്റെ ആകെ വിസ്തൃതി 96,313 ഹെക്ടർ ആയിരുന്നു. ഇതിൽ നിന്നും 14.9 ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചു. അതായത് 2018–19 മായി താരതമ്യം ചെയ്യുമ്പോൾ കൃഷി വിസ്തൃതിയിൽ 17 ശതമാനത്തിന്റെയും ഉൽപ്പാദനത്തിൽ 23 ശതമാനത്തിന്റെയും വളർച്ച രേഖപ്പെടുത്തി (അവലംബം: സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ്).

കൃഷിവകുപ്പ്, വി.എഫ്.പി.സി.കെ, കേരള സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, തദ്ദേശസ്വയംഭരണവകുപ്പ്, കുടുംബശ്രീ എന്നീ വകുപ്പുകൾ നടപ്പാക്കിയ പച്ചക്കറി വികസന പരിപാടികൾ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് കാരണമായി. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, ഗ്രേഡഡ്, സ്റ്റാഗേർഡ്, അർബൻ എന്നിങ്ങനെയുള്ള പച്ചക്കറി ക്ലസ്റ്ററുകൾ വഴിയുള്ള കൃഷി, സ്ഥാപനങ്ങളിലെ കൃഷി, മഴമറകൃഷി, ചെറുകിട ജലസേചനം, ജലസേചനത്തിലൂടെ വളം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെയാണ് 2019–20 ൽ സംസ്ഥാനത്ത് പച്ചക്കറികൃഷി പ്രോൽസാഹിപ്പിച്ചത്.

കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളും നഴ്സറികളും ശക്തിപ്പെടുത്തിയതും കോർപ്പറേഷനുകളിലും, മുൻസിപ്പാലിറ്റികളിലും, പഞ്ചായത്തുകളിലും പുതിയ നഴ്സറികൾ സ്ഥാപിച്ചതും, കോവിഡ്–19 മഹാമാരിയുടെ സമയത്തുപോലും ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത സുഗമമാക്കി. 2019–20 കാലയളവിൽ 33 വിത്ത് ഉൽപ്പാദന ഫാമുകൾ 7.467 മെട്രിക് ടൺ പച്ചക്കറി വിത്തുകളും 70.76 ലക്ഷം പച്ചക്കറി തൈകളും കൃഷി വകുപ്പ് മുഖേന ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു.

## ജൈവകൃഷി /സുരക്ഷിത ഭക്ഷണത്തിനായുള്ള പച്ചക്കറികൃഷി

ഉത്തമ കൃഷി മുറകളിലൂടെ സുരക്ഷിത ഭക്ഷണത്തിനായുള്ള പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പാതയിലാണ് സംസ്ഥാനം. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവഗ്രാമം പദ്ധതി വഴി ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിൽ കൃഷിവകുപ്പ്, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങൾ പ്രധാന പങ്ക് വഹിച്ചു. 2019–20 കാലയളവിൽ ജൈവ ക്ലസ്റ്റർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 5,000 ഹെക്ടർ പ്രദേശത്ത് 200 ഉത്തമ കൃഷിമുറ ക്ലസ്റ്ററുകൾ രൂപീകരിച്ചു. ഒരു ക്ലസ്റ്റർ എന്നാൽ ഒന്നിച്ചു കിടക്കുന്ന 25 ഹെക്ടർ ഭൂമിയിലാണ് കൃഷി നടത്തുക. സംസ്ഥാനത്ത് 64,095 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന 1,405 ഉത്തമ കൃഷി മുറ ക്ലസ്റ്ററുകൾ ഉണ്ട്. പ്രധാനമന്ത്രി കൃഷി വികാസ് യോജനയിലൂടെ സംസ്ഥാനത്ത് 619 ജൈവക്ലസ്റ്ററുകൾ മുഖേന

12,380ഹെക്ടർ പ്രദേശത്ത് ജൈവകൃഷി നടപ്പിലാക്കി. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകളിലൂടെ ജൈവ ഉൽപ്പന്നങ്ങളുടെ വിപണനം സുഗമമാക്കി. ഇതിൽ 11 ഇക്കോഷോപ്പുകൾ 2019–20 ൽ പുതുതായി സ്ഥാപിച്ചതാണ് (അവലംബം:കാർഷിക വികസന കർഷകക്ഷേമ വകുപ്പ്).

ജൈവ സർട്ടിഫിക്കേഷന്റെ റീജിയണൽ കൗൺസിലായ വി എഫ് പി സി കെ പച്ചക്കറി കൃഷിയെ പിന്താങ്ങുന്നതിനൊപ്പം സംസ്ഥാനത്തെ ജൈവ സർട്ടിഫിക്കേഷനുള്ള പങ്കാളിത്ത ഗ്യാരന്റി സമ്പ്രദായം (പി.ജി.എസ് ) പ്രോൽസാഹിപ്പിക്കുന്നു. 2019–20 കാലയളവിൽ 87.68 ഹെക്ടർ പ്രദേശത്ത് 214 കർഷകർ പി.ജി.എസിനു കീഴിൽ രജിസ്റ്റർ ചെയ്ത് കൃഷി നടപ്പിലാക്കി. 252 പ്രാദേശിക ഗ്രൂപ്പുകളിലായി 833.33 ഹെക്ടർ പ്രദേശത്ത് 1,859 പി.ജി.എസ് കർഷകരാണ് ആകെയുള്ളത്. 2019–20 ൽ 208 കർഷകർക്ക് ജൈവഹരിത സർട്ടിഫിക്കറ്റ് നൽകി. കൂടാതെ, 957 മെട്രിക് ടൺ പി.ജി.എസ് സാക്ഷ്യപ്പെടുത്തിയ ഉൽപ്പാദനവും കൈവരിച്ചു. (അവലംബം: വി.എഫ്.പി.സി.കെ).

## കീടനാശിനി അവശിഷ്ട നിർണയം

ഭക്ഷ്യ വസ്തുക്കളിലെ കീടനാശിനി അവശിഷ്ടങ്ങളെക്കുറിച്ച് പൊതുജന അവബോധം സൃഷ്ടിക്കുക, സുരക്ഷിത ഭക്ഷണം ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പടന്നക്കാട്, കുമരകം, വെള്ളാണിക്കര, തിരുവനന്തപുരം എന്നിവിടങ്ങളിലെ കീടനാശിനി അവശിഷ്ട നിർണയ ലബോറട്ടറികളിൽ കീടനാശിനി അവശിഷ്ട നിർണയം നടത്തി വരുന്നു.

ഭക്ഷ്യ വസ്തുക്കളിലെ കീടനാശിനി അവശിഷ്ടങ്ങൾ പരിശോധിക്കുന്നതിനു സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ISO 17025 അംഗീകാരമുള്ള ലബോറട്ടറിയാണ് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലബോറട്ടറി. സംസ്ഥാനത്തെ പൊതുവിപണികൾ, ഫാംഗേറ്റ്, ഇക്കോഷോപ്പുകൾ, ഓർഗാനിക് ഷോപ്പുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച പഴങ്ങളിലും പച്ചക്കറികളിലും കീടനാശിനി അവശിഷ്ടങ്ങളുടെ സാന്നിദ്ധ്യം പരിശോധിക്കുകയും നിരീക്ഷണഫലങ്ങൾ നിശ്ചിത കാലയളവിൽ www.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

2019–20 കാലയളവിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച 4705 പച്ചക്കറി സാമ്പിളുകളും 156 പഴങ്ങളുടെ സാമ്പിളുകളും നാല് ലബോറട്ടറികളിൽ പരിശോധിച്ചു. 754 പച്ചക്കറി സാമ്പിളുകളിലും (16 ശതമാനം) 27 പഴ സാമ്പിളുകളിലും (17.3 ശതമാനം) കീടനാശിനി അവശിഷ്ടത്തിന്റെ സാന്നിധ്യം കണ്ടെത്തി. അവയിൽ 20 പച്ചക്കറി സാമ്പിളുകളിൽ കീടനാശിനി അവശിഷ്ടത്തിന്റെ അളവ് ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ് എസ് എസ് എ ഐ), ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം നിർദ്ദേശിക്കുന്ന പരമാവധി അവശിഷ്ട വിഷാംശതോതിനു (മാക്സിമം റെസിഡ്യൂ ലെവൽ) മുകളിലായിരുന്നു. ഫലവർഗ സാമ്പിളുകളിലൊന്നിലും പരമാവധി അവശിഷ്ട വിഷാംശതോതിനു മുകളിൽ കീടനാശിനി അവശിഷ്ടം കണ്ടെത്തിയില്ല. (അവലംബം: കേരള കാർഷിക സർവ്വകലാശാല)

## തെങ്ങ്

ഇന്ത്യയിലെ 16 സംസ്ഥാനങ്ങളിലും 4 കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 89.4 ശതമാനം പ്രദേശത്ത് തെങ്ങ് കൃഷി ചെയ്യുന്നു. നാളികേര ഉൽപ്പാദനത്തിലെ 91.6 ശതമാനവും സംഭാവന ചെയ്യുന്നത് തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാട്, കേരളം, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നിവയാണ്. 2019–20 ലെ രണ്ടാമത്തെ മുൻകൂർ എസ്റ്റിമേറ്റ് പ്രകാരം തെങ്ങ് കൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും യഥാക്രമം 2.153 മില്ല്യൺ ഹെക്ടറും 21308.41 മില്ല്യൺ നാളികേരവുമാണ്. തെങ്ങ് കൃഷിയുടെ വിസ്തൃതിയിലും, ഉൽപ്പാദനത്തിലും കേരളം ഒന്നാമതാണ്. ഉൽപ്പാദനക്ഷമതയിൽ ആന്ധ്രാപ്രദേശ് ഒന്നാമതും പശ്ചിമ ബംഗാൾ രണ്ടാം സ്ഥാനത്തുമാണ് (അവലംബം: നാളികേര വികസന ബോർഡ്, 2020).

നമ്മുടെ സംസ്ഥാനത്ത് തെങ്ങ് പ്രധാന വിളകളിലൊന്നാണെങ്കിലും കഴിഞ്ഞ വർഷങ്ങളിൽ തെങ്ങ് കൃഷിയുടെ പുരോഗതി പ്രോത്സാഹനജനകമല്ല. 2018–19 –ൽ തെങ്ങ് കൃഷിയുടെ വിസ്തൃതിയിലും ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും നേരിയ വർധനവു രേഖപ്പെടുത്തിയെങ്കിലും 2019–20 –ൽ കൃഷി വിസ്തൃതിയും, ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞു.

സംസ്ഥാനത്ത് 7.61 ലക്ഷം ഹെക്ടറിൽ തെങ്ങ് കൃഷി ചെയ്യപ്പെടുന്നു. ഇത് സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 29.3 ശതമാനമാണ്. 2010–11 മായി താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ പത്തു വർഷത്തിനിടയിൽ തെങ്ങു കൃഷിയുടെ വിസ്തൃതിയിൽ 1.26 ശതമാനത്തിന്റെ കുറവ് ഉണ്ടായി. കഴിഞ്ഞ ദശകത്തിൽ ഉൽപ്പാദനത്തിനുണ്ടായ ഇടിവ് 8.9 ശതമാനമാണ്. ഇത് സംസ്ഥാനത്തെ നാളികേരത്തിന്റെ കുറഞ്ഞ ഉൽപ്പാദനക്ഷമതയെ സൂചിപ്പിക്കുന്നു. 2018–19 നെ അപേക്ഷിച്ച് 2019–20 ൽ കൃഷി വിസ്തൃതിയിൽ 0.02 ശതമാനത്തിന്റെ കുറവുണ്ടായി. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും യഥാക്രമം 9.15 ശതമാനവും 9.13 ശതമാനവുമായി കുറഞ്ഞു.

തെങ്ങിൻ തോട്ടങ്ങളുടെ സംയോജിത പരിപാലനം, ബഹു വിള സമ്പ്രദായം, സംയോജിത കൃഷി സമ്പ്രദായം, മൂല്യ വർദ്ധനവിലൂടെ സംരംഭകത്വ സംരംഭങ്ങളുടെ പ്രോൽസാഹനം എന്നീ പരിപാടികളിലൂടെ സംസ്ഥാനം നാളികേര വികസനം ലക്ഷ്യമിടുന്നു. കേരഗ്രാമം പരിപാടിയിലൂടെ തെങ്ങിൻ തോട്ടങ്ങളെ ഏകീകൃത ഗ്രൂപ്പുകളായി തിരിച്ച് സംയോജിത പരിപാലനമുറകളിലൂടെയും രോഗബാധിതവും പ്രായം ചെന്നതുമായ തെങ്ങുകൾ മാറ്റി പുതിയ തൈകൾ വച്ചുപിടിപ്പിച്ചും നാളികേരത്തിന്റെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നു. പ്രായമേറിയ തെങ്ങുകൾ വെട്ടി പുതിയ തെങ്ങ് നടുകയും പരിപാലിക്കുകയും ചെയ്യുക, തെങ്ങിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, വ്യാവസായികാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉറപ്പുവരുത്തുക തുടങ്ങിയ പ്രചാരണങ്ങളിലൂടെ കേരളത്തിന്റെ നാളികേര സമ്പത്ത് പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യമിട്ട് 2018–19 ൽ ആരംഭിച്ച നാളികേര മിഷൻ പ്രവർത്തിച്ചുവരുന്നു.

പ്രായം ചെന്നതും ഉൽപ്പാദനശേഷി കുറഞ്ഞതുമായ തെങ്ങുകളുടെ എണ്ണക്കൂടുതൽ, സങ്കര ഇനങ്ങളുടെ കുറവ്, മണ്ണ് സംരക്ഷണത്തിലെ ശ്രദ്ധക്കുറവ്, ഉയർന്ന കൂലി നിരക്ക്, വിദഗ്ധ തൊഴിലാളികളുടെ കുറവ് എന്നിവയ്ക്ക് പുറമേ മൂല്യവർധിത മേഖലയിലെ പരിമിതികൾ എന്നിവയെല്ലാമാണ് സംസ്ഥാനത്തെ നാളികേര ഉൽപ്പാദനമേഖല നേരിടുന്ന പ്രശ്നങ്ങൾ. തെങ്ങ് കൃഷിയെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങളുടെ അപര്യാപ്തത ഇന്നും നിലനിൽക്കുന്നു. ഒരു തെങ്ങിൽ നിന്നും ലഭിക്കുന്ന ഉൽപ്പാദനം, തെങ്ങിന്റെ ഇനങ്ങൾ തിരിച്ചുള്ള വിവരങ്ങൾ, ജലസേചനം ലഭിക്കുന്ന സ്ഥലങ്ങൾ, ജലസേചനം ലഭിക്കാത്ത ഇടങ്ങൾ, പരിപാലനം ലഭിക്കുന്നവയുടെയും ലഭിക്കാത്ത തെങ്ങുകളുടെയും കണക്ക്, പ്രായത്തിന്റെ അടിസ്ഥാനത്തിൽ തെങ്ങിനെ തരംതിരിക്കൽ തുടങ്ങിയ കൃത്യമായ വിവരങ്ങളുടെ അഭാവം നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ തെങ്ങ് കൃഷിയെ സംബന്ധിക്കുന്ന വിവരങ്ങൾ സ്ഥിരമായി ശേഖരിക്കുകയും പുതുക്കുകയും ചെയ്യേണ്ടതാണ്.

പഴയ തെങ്ങുകൾ മാറ്റി പുതിയ തെങ്ങുകൾ നടുക, ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, സംയോജിത കീട നിയന്ത്രണം, സംയോജിത പോഷക പരിപാലനം, മൂല്യവർദ്ധനവ്, കാർഷിക സംസ്കരണം എന്നിവയാണ് നാളികേര മേഖലയുടെ ഉന്നമനത്തിനായുള്ള മാർഗ്ഗങ്ങൾ. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഉപയോഗിക്കുക, പ്രായമേറിയ തെങ്ങുകൾ വെട്ടി മാറ്റി നടുക, യന്ത്രവൽക്കരണം, ചെറുകിടജലസേചനം (മൈക്രോ ഇറിഗേഷൻ) എന്നിവ സംയോജിത പരിപാലന മാതൃകകളിലൂടെ നടപ്പാക്കുന്നതിനെ സംബന്ധിച്ച് നയപരമായ പ്രതികരണമുണ്ടാവണം. നാളികേരത്തിന്റെ സുസ്ഥിര ഉൽപ്പാദനത്തിനു തുടർച്ചയായും സ്ഥിരമായും ഈർപ്പം ലഭിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു പ്രാധാന്യം നൽകണം. കർഷക ഉൽപ്പാദക സംഘങ്ങളും, സഹകരണ പ്രസ്ഥാനങ്ങളും വഴി കർഷകരുടെ തലത്തിലുള്ള കൂട്ടായ്മ സംസ്കരണ മേഖലയിലെ വ്യവസായിക വളർച്ച അനുസരിച്ചുള്ള മൂല്യവർദ്ധിത നയം എഫ്.പി.ഒ കളുടെ പ്രോൽസാഹനം എന്നിവയായിരിക്കണം വിപണനനയത്തിന്റെ കേന്ദ്രബിന്ദു.

പുതിയതും മെച്ചപ്പെട്ടതുമായ ഉയർന്ന വിളവു ലഭിക്കുന്ന തെങ്ങിനങ്ങൾ ഉൾപ്പടെ ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ആവശ്യമായ അളവിൽ ലഭ്യമാവുന്നുണ്ടെന്നു ഉറപ്പുവരുത്തുകയെന്നതാണ് നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനു സംസ്ഥാനം അവലംബിച്ച റീപ്ലാന്റിംഗ് തന്ത്രത്തിന്റെ മുന്നുപാധി. വികേന്ദ്രീകൃത നഴ്സറികളെ പ്രോൽസാഹിപ്പിക്കുക, നല്ലയിനം തൈകൾ തിരഞ്ഞെടുക്കുന്നതിൽ പരിശീലനം നൽകികൊണ്ട് പങ്കാളിത്ത രീതിയിൽ തൈ ഉൽപ്പാദനം, മാതൃ തെങ്ങുകളെ അടയാളപ്പെടുത്തൽ, വിത്തു ശേഖരണം, സംഭരണം, നഴ്സറി സ്ഥാപിക്കലും പരിപാലനവും, കൂടാതെ നഴ്സറികൾക്ക് ഔദ്യോഗികമായി അംഗീകാരം നൽകാനുള്ള രീതി രൂപപ്പെടുത്തൽ, തെങ്ങിൻ തൈകളുടെ സർട്ടിഫിക്കേഷൻ, കാർഷിക പാരിസ്ഥിതിക മേഖലകളിൽ ശുപാർശ ചെയ്യുന്ന തെങ്ങിനങ്ങൾ വളർത്തൽ, ആവശ്യകതാടിസ്ഥാനത്തിൽ നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, ഉത്തരവാദിത്തമുള്ള തൈകളെന്ന ആശയം എന്നീ പ്രവർത്തനങ്ങൾ ആവശ്യമായ അളവിൽ ഗുണനിലവാരമുള്ള തൈകൾ ഉൽപ്പാദനത്തിനു സഹായകരമായിരിക്കും.

നാളികേര മേഖലയിലെ അനേകം അവസരങ്ങളായ വിവിധതരം വിളകളുമായി ഇടവിളകൃഷി, സംയോജിതകൃഷി, ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലൂടെ മൂല്യവർദ്ധനവ്, കയറും കയർ ഉൽപ്പന്നങ്ങൾക്കുമുള്ള വർദ്ധിച്ചുവരുന്ന ആവശ്യകത, നാളികേരപുരയിട അടിസ്ഥാനത്തിലുള്ള ഫാം ടൂറിസത്തിനുള്ള സാധ്യതകൾ എന്നിവ സമഗ്രമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട് (*അവലംബം:* നാളികേര വികസന അന്താരാഷ്ട്ര സമ്മേളനത്തിന്റെയും പ്രദർശനത്തിന്റെയും നടപടിക്രമങ്ങൾ 2020, സംസ്ഥാന ആസൂത്രണ ബോർഡ്).

## കുരുമുളക്

2019–ൽ ലോകത്തെ കുരുമുളക് ഉൽപ്പാദനം 591950 ടണ്ണായി കണക്കാക്കപ്പെടുന്നു. 2018–ൽ ഇത് 532760 ടണ്ണായിരുന്നു. കുരുമുളകുൽപ്പാദനത്തിൽ ലോകത്തിൽ ഒന്നാം സ്ഥാനം വിയറ്റ്നാമിനാണ് (47.3 ശതമാനം). ലോകത്തെ മൊത്തം ഉൽപ്പാദനത്തിന്റെ 8.1 ശതമാനം സംഭാവനയോടെ ഇന്ത്യ നാലാം സ്ഥാനത്താണ്. (*അവലംബം:* ഇന്റർനാഷണൽ പെപ്പർ കമ്മ്യൂണിറ്റി).

2019–20 ലെ ഇന്ത്യയുടെ കുരുമുളക് ഉൽപ്പാദനം 61,000 ടണ്ണായി കണക്കാക്കപ്പെടുന്നു. 2018–19 ൽ ഉൽപ്പാദനം 48,000 ടണ്ണായിരുന്നു (അവലംബം: സുഗന്ധ വ്യഞ്ജന ബോർഡിന്റെ അഡ്വാൻസ് എസ്റ്റിമേറ്റ്, യു.പി.എ.എസ്.ഐ വാർഷിക റിപ്പോർട്ട്, 2020) അതായത് 2019–20 വർഷം കുരുമുളക് ഉൽപ്പാദനത്തിൽ 27 ശതമാനത്തിന്റെ വളർച്ച രേഖപ്പെടുത്തി. കുരുമുളക് കൃഷിയുടെ അടിത്തറയായ കേരളം, കർണ്ണാടക, തമിഴ്‌നാട് എന്നീ സംസ്ഥാനങ്ങളിലെ പശ്ചിമഘട്ട മലഞ്ചെരുവുകളിൽ കൃഷി കുറഞ്ഞത് കഴിഞ്ഞ ദശകത്തിലെ കുരുമുളക് ഉൽപ്പാദനത്തെയും കയറ്റുമതിയെയും ബാധിച്ചു.

2019–20 ൽ സംസ്ഥാനത്തെ കുരുമുളക് കൃഷിയുടെ വിസ്തൃതി 83,765 ഹെക്ടർ ആയിരുന്നു. കൃഷി വിസ്തൃതിയിൽ 2018–19 നെ അപേക്ഷിച്ച് 1,004 ഹെക്ടറിന്റെ വർദ്ധനവാണ് രേഖപ്പെടുത്തിയത്. എന്നാൽ കുരുമുളകിന്റെ ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും യഥാക്രമം 6 ശതമാനത്തിന്റെയും 7.2 ശതമാനത്തിന്റെയും കുറവുണ്ടായി. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും യഥാക്രമം 34,545 ടണ്ണും ഹെക്ടറിന് 412 കിലോഗ്രാമുമായിരുന്നു. ആഭ്യന്തര ഉൽപ്പാദനത്തിന്റെ 56.6 ശതമാനം സംസ്ഥാനത്തിൽ നിന്നുമാണ് **(അനുബന്ധം 3.1.4)**.

2017 മുതൽ കുരുമുളകിന്റെ വില ഇടിഞ്ഞു കൊണ്ടിരിക്കുകയാണ്. 2017–ൽ കിലോയ്ക്ക് 529.59 രൂപ ആയിരുന്നത് 2019 ആയപ്പോൾ കിലോയ്ക്ക് 354.05 രൂപയായി. കുരുമുളകിന്റെ ഇറക്കുമതിയാണ് പ്രധാനമായും ഈ വിലയിടിവിനു കാരണം (അവലംബം: യു.പി.എ.എസ്.ഐ വാർഷിക റിപ്പോർട്ട്, 2020).

2019–20 ൽ കുരുമുളക് കയറ്റുമതി 2,710 ടൺ വർദ്ധിച്ച് 16,250 ടണ്ണായെങ്കിലും മൊത്തം കൈവരിച്ച മൂല്യം, യൂണിറ്റ് മൂല്യം എന്നിവയിൽ (വാല്യൂ റിയലൈസേഷനിലും യൂണിറ്റ് വാല്യൂ റിയലൈസേഷനിലും) ഇടിവുണ്ടായി. 2018–19 നെ അപേക്ഷിച്ച് കുരുമുളകിന്റെ കൈവരിച്ച മൂല്യം 16.81 കോടി കുറഞ്ഞ് 551.87 കോടിയായി, ഇതേ കലയളവിൽ ഒരു യൂണിറ്റിന് കൈവരിച്ച മൂല്യം കിലോഗ്രാമിനു 80.39 രൂപ കുറഞ്ഞ് കിലോഗ്രാമിനു 339.61 രൂപയായി.

ഇടുക്കിയിലെ സംയോജിത കുരുമുളക് വികസനം, വികേന്ദ്രീകൃത നഴ്സറികളിലൂടെയുള്ള കുരുമുളകിന്റെ പുനരുജ്ജീവനം, കുരുമുളകിന്റെ കൃഷി വിസ്തൃതി വിപുലീകരണത്തിനായുള്ള സഹായം, ദ്വിതീയ സൂക്ഷ്മ മൂലകങ്ങൾക്കുള്ള സഹായം, മണ്ണിന്റെ പോഷക മൂല്യം മെച്ചപ്പെടുത്തൽ, കുരുമുളക് സമിതികളെ പുനരുജ്ജീവിപ്പിക്കൽ തുടങ്ങിയവ സംസ്ഥാനത്ത് കുരുമുളക് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രധാന പരിപാടികളാണ്.

## കശുവണ്ടി

രാജ്യത്തെ അസംസ്കൃത കശുവണ്ടി ഉൽപ്പാദനം 2018–19 –ൽ 7,42,000 മെട്രിക് ടണ്ണായിരുന്നത് 2019–20 –ൽ 7,02,800 മെട്രിക് ടണ്ണായി കുറഞ്ഞു. എന്നാൽ ഈ കാലയളവിൽ കശുമാവ് കൃഷി ഭൂമിയുടെ വിസ്തൃതി 11,05,400 ഹെക്ടറിൽ നിന്നും 1,125,060 ഹെക്ടറായി വർധിച്ചു.

രാജ്യത്തെ കശുവണ്ടി കൃഷിയുള്ള സംസ്ഥാനങ്ങളിൽ, ഉൽപ്പാദനത്തിൽ ഏറ്റവും മുന്നിൽ മഹാരാഷ്ട്രയും (25.7 ശതമാനം). രണ്ടാമത് ആന്ധ്രാപ്രദേശുമാണ് (16.4 ശതമാനം). കേരളം കശുവണ്ടി ഉൽപ്പാദനത്തിൽ ആറാം സ്ഥാനത്താണ്.

കഴിഞ്ഞ ദശകത്തിൽ സംസ്ഥാനത്തെ കശുവണ്ടി കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയും ഉൽപ്പാദനവും ഗണ്യമായി കുറഞ്ഞു. 2010–11 ൽ 34750 ടണ്ണായിരുന്ന ഉൽപ്പാദനം 2019–20 ൽ 19440 ടണ്ണായി കുറഞ്ഞു. ഈ കാലയളവിൽ കൃഷി വിസ്തൃതി 43850 ഹെക്ടറിൽ നിന്നും 39,890 ഹെക്ടറായി കുറഞ്ഞു. 2010–11 ൽ ഒരു ഹെക്ടറിനു 793 കിലോ ഗ്രാമായിരുന്ന ഉൽപ്പാദനക്ഷമത 2019–20 ആയപ്പോൾ ഹെക്ടറൊന്നിനു 487 കിലോഗ്രാമായി കുറഞ്ഞത് കശുമാവ് കൃഷിയുടെ സാധ്യതകളെ കാര്യമായി ബാധിക്കുന്നു. 2018–19 നെ അപേക്ഷിച്ച് 2019–20 ൽ കൃഷി വിസ്തൃതിയും ഉൽപ്പാദനവും യഥാക്രമം 2.9 ശതമാനവും 24.4 ശതമാനവും വർധിച്ചു. **(അനുബന്ധം 3.1.12)**

2019–20 ൽ ഇന്ത്യയിൽ നിന്നുമുള്ള കശുവണ്ടിപ്പരിപ്പ് കയറ്റുമതി 954 ടൺ വർധിച്ച് 67,647 ടണ്ണായെങ്കിലും 2018–19 നെ അപേക്ഷിച്ച് കയറ്റുമതിയിൽ നിന്നും കൈവരിച്ച മൂല്യത്തിൽ (വാല്യൂ റിയലൈസേഷൻ) 566.82 കോടിയുടെ ഇടിവുണ്ടായി. കയറ്റുമതിയുടെ മൊത്തം മൂല്യം 3867.17 കോടി രൂപയാണ്. 2019–20 ൽ കശുവണ്ടി കയറ്റുമതിയിൽ കേരളത്തിന്റെ സംഭാവന 45.05 ശതമാനമായിരുന്നു. 8861 കോടി രൂപയുടെ 9.38 ലക്ഷം ടൺ അസംസ്കൃത കശുവണ്ടി ഇന്ത്യ ഇറക്കുമതി ചെയ്തു. ഇതിൽ 125.5 കോടി രൂപയുള്ള 13,202 മെട്രിക് ടൺ കശുവണ്ടിയാണ് കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്തത്. (അവലംബം: ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് ആന്റ് കോക്കോ ഡെവലപ്മെന്റ്, സി.ഇ.പി.സി.ഐ)

## തോട്ടവിളകൾ

കയറ്റുമതി, തൊഴിലവസരസാധ്യത, ദാരിദ്ര്യനിർമാർജ്ജന ശേഷി എന്നിവ കണക്കിലെടുക്കുമ്പോൾ വാണിജ്യാടിസ്ഥാനത്തിലും സാമ്പത്തികാടിസ്ഥാനത്തിലും തോട്ടവിളകൾ വളരെ പ്രാധാന്യം അർഹിക്കുന്നു. വിശേഷിച്ചും ഗ്രാമീണ

മേഖലയിൽ. തെക്കേ ഇന്ത്യയിലെ നാലു പ്രധാന തോട്ടവിളകളിൽ ഓരോന്നിനും വ്യത്യസ്തമായ സവിശേഷതകളും സാമ്പത്തിക പ്രതിസന്ധികളും കാണാനാവും.

റബ്ബർ, തേയില, കാപ്പി, ഏലം എന്നീ നാല് തോട്ടവിളകളുടെ കൃഷിയിൽ കേരളത്തിനു ഗണ്യമായ പങ്കുണ്ട്. ഈ നാലു വിളകളും സംസ്ഥാനത്തിന്റെ 7.12 ലക്ഷം ഹെക്ടർ പ്രദേശത്ത് കൃഷിചെയ്യപ്പെടുന്നു. അതായത് സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 27.5 ശതമാനവും ഈ നാലു വിളകളാണ് (**അനുബന്ധം 3.1.4**). 2019-20 വർഷത്തിൽ ദേശീയ റബ്ബർ ഉൽപ്പാദനത്തിൽ കേരളത്തിന്റെ പങ്ക് 74.9 ശതമാനമാണ്. ഏലത്തിന്റെ പങ്ക് 89.7 ശതമാനവും, കാപ്പിയുടേത് 21.87 ശതമാനവും, തേയിലയുടേത് 4.35 ശതമാനവുമാണ്. (**അനുബന്ധം 3.1.13**)

കോവിഡ്-19 മഹാമാരി മൂലം 2019-20 വർഷത്തിന്റെ അവസാനത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗൺ നിയന്ത്രണങ്ങൾ തെക്കേ ഇന്ത്യയിലെ തോട്ടമേഖലയിൽ രണ്ടാഴ്ചയ്ക്കുള്ളിൽ നീക്കം ചെയ്യുകയും, നിയന്ത്രണങ്ങളോടെ തോട്ടംമേഖലയിലെ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ അനുവദിയ്ക്കുകയും ചെയ്തെങ്കിലും, അസംസ്കൃത വസ്തുക്കളുടെയും, ഉൽപ്പന്നങ്ങളുടെയും ചരക്ക് നീക്കത്തിലുണ്ടായ നിയന്ത്രണങ്ങൾ ചെലവ് ഉയരുന്നതിനും വിപണിയുടെ അനിശ്ചിതത്വത്തിനും കാരണമാവുകയും തോട്ടങ്ങളുടെ വരുമാന മാർഗ്ഗത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു (*അവലംബം: യു.പി.എ.എസ്.ഐ, വാർഷിക റിപ്പോർട്ട്, 2020*).

## റബർ

2019-ൽ ആഗോള പ്രകൃതിദത്ത റബർ ഉൽപ്പാദനം 2018 ലെ ഉൽപ്പാദനമായ 13.892 മില്ല്യൺ ടണ്ണിൽ നിന്നും 1.4 ശതമാനം കുറഞ്ഞ് 13.695 മില്ല്യൺ ടണ്ണായി. 2019-ൽ പ്രധാന ഉൽപ്പാദന രാജ്യങ്ങളായ തായ് ലാൻഡ്, ഇന്തോനേഷ്യ, ചൈന എന്നിവിടങ്ങളിൽ പ്രകൃതിദത്ത റബറിന്റെ ഉൽപ്പാദനം കുറഞ്ഞു. എന്നാൽ വിയറ്റ്നാം, ഐവറി കോസ്റ്റ്, ഇന്ത്യ, മലേഷ്യ എന്നിവിടങ്ങളിൽ ഉൽപ്പാദനം വർധിച്ചു. 2019 -ൽ ഇന്ത്യ 5.1 ശതമാനം സംഭാവനയോടെ പ്രകൃതിദത്ത റബ്ബർ ഉൽപ്പാദനത്തിൽ ലോകത്ത് ആറാം സ്ഥാനത്തായിരുന്നു. ഉൽപ്പാദനക്ഷമതയിൽ ഇന്ത്യ മൂന്നാം സ്ഥാനത്തും, വിയറ്റ്നാം ഒന്നാം സ്ഥാനത്തുമാണ്.

രാജ്യത്തെ പ്രകൃതിദത്ത റബ്ബറിന്റെ ഉൽപ്പാദനം 2018-19 ൽ 6.51 ലക്ഷം ടണ്ണായിരുന്നത് 9.4 ശതമാനം ഉയർന്ന് 2019-20 ൽ 7.12 ലക്ഷം ടണ്ണായി. 2019-20 -ൽ ടാപ്പ് ചെയ്യാൻ കഴിയുന്ന 6,63,250 ഹെക്ടറിൽ 4,88,000 ഹെക്ടറിൽ നിന്നും മാത്രമാണ് റബർ ഉൽപ്പാദനം നടന്നത്. ടാപ്പു ചെയ്യപ്പെടാത്ത സ്ഥലത്തിന്റെ വിസ്തൃതി 2018-19 ൽ 29.8 ശതമാനമായിരുന്നത് 2019-20 ആയപ്പോൾ 26.4 ശതമാനമായി കുറഞ്ഞു. ടാപ്പ് ചെയ്യുന്ന പ്രദേശത്തിന്റെ വർധനവ്, മഴ സംരക്ഷിത പ്രദേശത്തിന്റെ വർധനവ്, മുൻ വർഷത്തെ അപേക്ഷിച്ച് അനുകൂലമായ കാലാവസ്ഥ, താരതമ്യേന ഉയർന്ന വില, സംസ്ഥാന സർക്കാരിന്റെ റബർ ഉൽപ്പാദന പ്രോൽസാഹന പദ്ധതി (ആർ.പി.ഐ.എസ്) എന്നീ ഘടകങ്ങൾ ഉൽപ്പാദനം ഉയർത്തുന്നതിന് അനുകൂലമായി വർത്തിച്ചു.

2019-20 ൽ രാജ്യത്ത് 11,34,120 ടൺ പ്രകൃതിദത്ത റബ്ബറിന്റെ ഉപഭോഗം നടന്നു. 2018-19 ലെ ഉപഭോഗമായ 12,11,940 ടണ്ണിനേക്കാൾ 6.4 ശതമാനം കുറവാണിത്. ഇറക്കുമതി മുൻ വർഷത്തെ 5.82 ലക്ഷം ടണ്ണിൽ നിന്നും 21 ശതമാനം കുറഞ്ഞ് 4.57 ലക്ഷം ടണ്ണായി.

2018-19 ൽ ആർ.എസ്.എസ് 4 ഗ്രേഡ് റബ്ബറിന്റെ വാർഷിക ശരാശരി വില നൂറ് കിലോയ്ക്ക് 12,595 രൂപയായിരുന്നത് 2019-20 ൽ നൂറ് കിലോയ്ക്ക് 13,522 രൂപയായി വർധിച്ചു (**അനുബന്ധം 3.1.14, 3.1.15, 3.1.16**). (*അവലംബം: റബ്ബർ സ്റ്റാറ്റിസ്റ്റിക്കൽ ന്യൂസ്, 2019-20*)

സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 21.3 ശതമാനം റബ്ബറാണ്. സംസ്ഥാനത്ത് തെങ്ങ് കൃഷി കഴിഞ്ഞാൽ ഏറ്റവുമധികം പ്രദേശത്ത് കൃഷി ചെയ്യുന്നത് റബ്ബറാണ്. 2018-19 നെ അപേക്ഷിച്ച് 2019-20 ൽ കേരളത്തിൽ റബർ കൃഷിയുടെ വിസ്തൃതി 170 ഹെക്ടർ കുറഞ്ഞു. എന്നാൽ ഉൽപ്പാദനം 8.32 ശതമാനം ഉയർന്ന് 5.33 ലക്ഷം ടണ്ണായി (**അനുബന്ധം 3.1.13**) (*അവലംബം: റബ്ബർ ബോർഡ്*).

## കാപ്പി

2019-20 ലെ ആഭ്യന്തര കാപ്പി ഉൽപ്പാദനം 299300 ടണ്ണായി കണക്കാക്കുന്നു (മൺസൂണിനു ശേഷമുള്ള കണക്കനുസരിച്ച്) ഇതിൽ അറബിക്ക കാപ്പിയുടെ ഉൽപ്പാദനം 90,400 ടണ്ണും (30.2 ശതമാനം) റോബസ്റ്റ കാപ്പിയുടെ ഉൽപ്പാദനം 2,08,900 ടണ്ണുമാണ് (69.8 ശതമാനം). 2018-19 നെ അപേക്ഷിച്ച് മൊത്തം ഉൽപ്പാദനത്തിലും അറബിക്ക, റോബസ്റ്റ ഇനങ്ങളുടെ ഉൽപ്പാദനത്തിലും യഥാക്രമം 20,200 ടൺ, 4,600 ടൺ, 15,600 ടൺ എന്നിങ്ങനെ കുറവ് രേഖപ്പെടുത്തി.

2019-20 കാലയളവിൽ ഇന്ത്യൻ കാപ്പി മേഖലയിൽ കയറ്റുമതിയുടെ അളവിലും കൈവരിച്ച മൊത്തം മൂല്യം, യൂണിറ്റ് മൂല്യം എന്നിവയിലും കുറവുണ്ടായി. കയറ്റുമതി ചെയ്ത കാപ്പിയുടെ അളവ് 26,920 ടൺ കുറഞ്ഞ് 3,27,070 ടണ്ണായി. കൈവരിച്ച മൂല്യം 698.90 കോടി രൂപ കുറഞ്ഞ് 5,209.16 കോടിയാവുകയും യൂണിറ്റിന് കൈവരിച്ച മൂല്യം കിലോയ്ക്ക് 7.63 രൂപ കുറയുകയും ചെയ്തു (*യു.പി.എ.എസ്.ഐ വാർഷിക റിപ്പോർട്ട് 2020*).

കോവിഡ്–19 മഹാമാരി മൂലമുണ്ടായ ആദ്യ ഘട്ട ലോക്ഡൗണിനു മുമ്പ് കാപ്പി വിളവെടുപ്പും സംഭരണവും കഴിഞ്ഞിരുന്നു. എന്നാൽ ഏപ്രിൽ, മെയ് മാസങ്ങളിൽ തൊഴിലാളികളുടെ ദൗർലഭ്യം മൂലം സാധാരണ കൃഷിപണികൾ നടത്താൻ കഴിഞ്ഞില്ല. ലോക്ഡൗൺ സമയത്ത് കോഫി ഷോപ്പുകളുടെ പ്രവർത്തനം നിർത്തിവച്ചത് കാപ്പിയുടെ ആവശ്യകതയും വിപണനവും ഗണ്യമായി കുറയാനിടയാക്കി. കയറ്റുമതിയിലുണ്ടായ ഇടിവ് ദൂരീകരിക്കാൻ കോഫീ ബോർഡ് കയറ്റുമതി പെർമിറ്റുകൾ നൽകുകയും കയറ്റുമതി പെർമിറ്റുകളുടെ സാധുത കാലാവധി നീട്ടി കൊടുക്കുകയും ചെയ്തു. കാലാവസ്ഥാ പ്രവചനം, കാർഷിക സമ്പ്രദായങ്ങൾ, വിലവിവരങ്ങൾ എന്നിവ കർഷകരിലെത്തിക്കാൻ കർഷകരുടെ ഒരു വാട്ട്സ്ആപ്പ് ഗ്രൂപ്പ് കോഫി ബോർഡ് ആരംഭിച്ചു.

കേരളത്തെ സംബന്ധിച്ച്, കാപ്പിയുടെ ഉൽപ്പാദനം 2018–19 ൽ 64,676 മെട്രിക് ടണ്ണായിരുന്നത് 2019–20 ൽ 65,459 മെട്രിക് ടണ്ണായി വർദ്ധിച്ചു. കൃഷി വിസ്തൃതിയിലും ഈ കാലയളവിൽ വർധനവുണ്ടായി. 2018–19 ൽ 84976 ഹെക്ടറായിരുന്നത് 2019–20 ൽ 85880 ഹെക്ടറായി. രാജ്യത്തെ കാപ്പി ഉൽപ്പാദക സംസ്ഥാനങ്ങളിൽ, കർണ്ണാടകത്തിനു തൊട്ടുപിന്നിലാണ് കേരളം (**അനുബന്ധം 3.1.13**). വിളവ് നൽകുന്ന വിസ്തൃതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഉൽപ്പാദനക്ഷമത ഹെക്ടറിനു 762 കിലോഗ്രാമാണ്.

ചിട്ടയായ നടീൽ, ജലസേചന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവയിലൂടെ നിലവിലുള്ള കാപ്പിത്തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ കാപ്പി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. ഇക്കോ സർട്ടിഫൈഡ് കാപ്പി ഉൽപ്പാദനത്തിലൂടെ ഉയർന്ന മൂല്യമുള്ള സ്പെഷ്യാലിറ്റി വിപണികളിൽ പ്രവേശിക്കാൻ കാപ്പി കർഷകരെ പ്രോൽസാഹിപ്പിക്കുന്നത് അവർക്ക് ഉയർന്ന വരുമാനം നേടാൻ സഹായകമാകും. 2019 മാർച്ചിൽ 'വയനാട് റോബസ്റ്റാ കോഫി' ക്ക് ജി.ഐ സർട്ടിഫിക്കേഷൻ ലഭിച്ചത് അന്താരാഷ്ട്ര വിപണിയിൽ ഇന്ത്യൻ കാപ്പിയുടെ വിശ്വാസ്യതയും ദൃശ്യതയും വർധിപ്പിക്കും. മെച്ചപ്പെട്ട സാങ്കേതിക വിദ്യയിലൂടെ മൂല്യവർദ്ധനവ്, എഫ്.പി.ഒ കളുടെ രൂപീകരണം, ഇ – പ്ലാറ്റ് ഫോമിലൂടെ കർഷകർക്ക് വിപണിയിലേയ്ക്ക് നേരിട്ടുള്ള പ്രവേശനം എന്നിവ ഉൽപ്പാദനത്തിലും വിപണനത്തിലും കാപ്പി മേഖലയുടെ പുരോഗതിയ്ക്ക് സഹായകമാകും (*അവലംബം: കോഫി ബോർഡ്,2020*).

## തേയില

ലോകത്ത് തേയില ഉൽപ്പാദനത്തിൽ ഒന്നാം സ്ഥാനം ചൈനയ്ക്കാണ്. ആഗോള ഉൽപ്പാദനത്തിന്റെ 45.5 ശതമാനം, അതായത് 6,149.7 മില്ല്യൺ കിലോഗ്രാം ചൈനയിലാണ് ഉൽപ്പാദിപ്പിക്കുന്നത് (*അവലംബം: അന്താരാഷ്ട്ര ടീ കമ്മ്യൂണിറ്റി*)

ഏറ്റവും കൂടുതൽ തേയില ഉൽപ്പാദിപ്പിക്കുന്ന രണ്ടാമത്തെ രാജ്യം ഇന്ത്യയാണ്. 2019–20 ലെ ആഭ്യന്തര തേയില ഉൽപ്പാദനം 1,360.81 ദശലക്ഷം കിലോ ഗ്രാമായിരുന്നു. ഇത് 2018–19 നേക്കാൾ 10.77 ദശലക്ഷം കിലോഗ്രാം കൂടുതലാണ് (**അനുബന്ധം 3.1.17**). 2018–19 നെ അപേക്ഷിച്ച് 2019–20 ൽ ഉത്തരേന്ത്യയിൽ ഉൽപ്പാദനം കൂടുതലും, ദക്ഷിണേന്ത്യയിൽ ഉൽപ്പാദനം കുറവായിരുന്നു (*അവലംബം: ടീ ബോർഡ്*).

2019 ന്റെ ആദ്യ പാദത്തിലെ മിത-രൂക്ഷ വരൾച്ചയ്ക്കുശേഷം സാധാരണയേക്കാൾ കൂടുതലായി തെക്കു പടിഞ്ഞാറൻ കാലവർഷം ലഭിച്ചു. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ലഭിച്ച കനത്ത മഴയും, കുറഞ്ഞ സൂര്യപ്രകാശവും ഈ മാസങ്ങളിലെ തേയില ഉൽപ്പാദനത്തെ ബാധിച്ചിട്ടുണ്ട്.

കഴിഞ്ഞ പത്തുവർഷത്തിനിടയിൽ തേയില ഉൽപ്പാദനത്തിൽ 40.8 ശതമാനത്തിന്റെ വർധനവുണ്ടായി (**അനുബന്ധം 3.1.17**). 2019–20 ലെ ആഭ്യന്തര കയറ്റുമതി 240.02 ദശലക്ഷം കിലോഗ്രാമായിരുന്നു. ഇത് 2018–19 നെ അപേക്ഷിച്ച് 14.48 ദശലക്ഷം കിലോഗ്രാം കുറവാണ്. യൂണിറ്റിനു കൈവരിച്ച മൂല്യം 2018–19 ൽ കിലോയ്ക്ക് 216.38 രൂപയായിരുന്നത് 2019–20 ൽ കിലോയ്ക്ക് 226.14 രൂപയായി വർധിച്ചു (*അവലംബം: ടീ ബോർഡ്*).

2019–20 ൽ തേയില കയറ്റുമതിയിൽ നിന്നും കൈവരിച്ച മൊത്തം മൂല്യം 5,427.78 കോടി രൂപയായിരുന്നു. ഇത് 2018–19 നെ അപേക്ഷിച്ച് 1.3 ശതമാനം കുറവാണ്. 2020 ലെ ആദ്യ അഞ്ചു മാസങ്ങളിൽ കയറ്റുമതിയുടെ മൊത്തം അളവിലും മൂല്യത്തിലും ഇടിവുണ്ടായി. 2019–20 ൽ രാജ്യത്തെ മൊത്തം ആഭ്യന്തര തേയില ഉൽപ്പാദനത്തിന്റെ 4.35 ശതമാനം കേരളത്തിൽ നിന്നാണ്. തേയില കൃഷിയുടെ വിസ്തൃതി 2018–19 നെ അപേക്ഷിച്ച് 2019–20 ൽ 1.65 ശതമാനം കുറഞ്ഞ് 35,871 ഹെക്ടറായി. 2018–19 നെ അപേക്ഷിച്ച് സംസ്ഥാനത്തെ തേയില ഉൽപ്പാദനം 2.46 ശതമാനം കുറഞ്ഞ് 59.26 മില്ല്യൺ കിലോഗ്രാമായി (**അനുബന്ധം 3.1.13**).

വില നഷ്ടം മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി, കോവിഡ് നിയന്ത്രണങ്ങൾ മൂലം തേയില നുള്ളുന്നതിനുള്ള തൊഴിലാളികളുടെ ദൗർലഭ്യം, വിതരണശൃംഖല ക്രമീകരിക്കുന്നതിനുള്ള കാലതാമസം, വേതന വിതരണത്തിനുൾപ്പടെ എസ്റ്റേറ്റാവശ്യങ്ങൾക്കുള്ള പണം ലഭ്യമാകാതിരിക്കൽ, ഗോഡൗണുകളിൽ വിറ്റുപോകാതെ തേയില കെട്ടികിടക്കൽ, കയറ്റുമതി നടക്കാത്തതും വിതരണ ശൃംഖല തകരാറിലായതോടെ തുറമുഖങ്ങളിൽ നിന്നും

തിരിച്ചും ഗതാഗതം നടക്കാത്തതും കോവിഡ്–19 മഹാമാരി തേയില മേഖലയിലുണ്ടാക്കിയ പ്രതിസന്ധികളാണ്.

### ഏലം

ലോകത്തെ രണ്ടാമത്തെ വലിയ ഏലം ഉൽപ്പാദക രാജ്യമാണ് ഇന്ത്യ. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏലയ്ക്കയുടെ സവിശേഷമായ സുഗന്ധവും സ്വാദും മൂലം അന്താരാഷ്ട്ര ഏല വ്യാപാരത്തിൽ ഇന്ത്യ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം ഇന്ത്യയിലെ ഏലം ഉൽപ്പാദനം 2019–20 ൽ 11,230 ടണ്ണായിരുന്നു, ഇത് 2018–19 നെ അപേക്ഷിച്ച് 1,710 ടൺ കുറവാണ്. 2019–20 ൽ ഏലയ്ക്കായുടെ വില കിലോയ്ക്ക് 1,388.19 രൂപ ഉയർന്ന് കിലോയ്ക്ക് 2,908.50 രൂപയിലെത്തി.

2017–18 ൽ ഏലം കയറ്റുമതി എക്കാലത്തെയും ഏറ്റവും ഉയർന്ന നിരക്കായ 5,680 ടണ്ണിലെത്തി. എന്നാൽ 2019–20 ലെ കണക്കുകൾ പ്രകാരം ഏലം കയറ്റുമതി 2090 ടണ്ണായി കുറഞ്ഞു. മുൻവർഷത്തെ അപേക്ഷിച്ച് 760 ടണ്ണിന്റെ വ്യത്യാസം. കൈവരിച്ച മൊത്തം മൂല്യം 70.04 കോടി ഉയർന്ന് 426.29 കോടിയാവുകയും യൂണിറ്റ് മൂല്യം കിലോയ്ക്ക് 789.67രൂപ വർധിച്ച് 2039.67 രൂപയാവുകയും ചെയ്തു. (യു.പി.എ.എസ്.ഐ വാർഷിക റിപ്പോർട്ട് 2020)

ഏലം ഉൽപ്പാദനത്തിൽ കേരളത്തിനു ഗണ്യമായ പങ്കുണ്ട്. രാജ്യത്തെ മൊത്തം ഉൽപ്പാദനത്തിന്റെ 89.7 ശതമാനം സംസ്ഥാനത്തിന്റെ സംഭാവനയാണ്. മുൻ വർഷത്തെ അപേക്ഷിച്ച് 2019–20 ൽ സംസ്ഥാനത്ത് ഏലയ്ക്കായുടെ ഉൽപ്പാദനം 12.6 ശതമാനം കുറഞ്ഞു 10076 മെട്രിക് ടണ്ണായി. സംസ്ഥാനത്ത് വെള്ളപ്പൊക്കം മൂലമുണ്ടായ വൻ നഷ്ടം ഉൽപ്പാദനത്തിലെ ഇടിവിനു കാരണമായി കണക്കാക്കാം(**അനുബന്ധം 3.1.13**).

### വളങ്ങളുടെയും കീടനാശിനികളുടെയും ഉപഭോഗം

2019–20 ലെ തദ്ദേശജന്യമായ കീടനാശിനികളുടെ ഉപഭോഗം 634.81 മെട്രിക് ടൺ ആയിരുന്നു. ഇതിൽ രാസകീടനാശിനി 291.01 മെട്രിക് ടണ്ണും ജൈവകീടനാശിനി 343.8 മെട്രിക് ടണ്ണുമാണ്. കീടനാശിനികളുടെ ഉപയോഗം മുൻ വർഷങ്ങളെക്കാൾ കുറഞ്ഞിട്ടുണ്ട്. ഏറ്റവും കൂടുതൽ രാസകീടനാശിനി ഉപയോഗിച്ചത് തെങ്ങിനും ജൈവകീടനാശിനി ഉപയോഗിച്ചത് നെല്ലിനുമാണ്. 2019–20 ൽ രാസ–ജൈവ കീടനാശിനികളുടെ ഉപയോഗം കുറഞ്ഞുവെങ്കിലും നെൽ കൃഷിയിൽ ഉപയോഗിച്ച രാസകീടനാശിനിയുടെ അളവ് വർദ്ധിച്ചതായി കാണാം. ജൈവകീടനാശിനിയുടെ ഉപയോഗം എല്ലാ വിളകളിലും കുറഞ്ഞതായി കാണുന്നു. നെല്ല് ഒഴികെ മറ്റെല്ലാ വിളയിനങ്ങളിലെയും രാസ കീടനാശിനിയുടെ ഉപയോഗം 2018–19 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞിട്ടുണ്ട്. (**പട്ടിക 3.1.4**)

മുൻ വർഷത്തെ അപേക്ഷിച്ച് 2019–20 ലെ നൈട്രജൻ വളങ്ങളുടെ ഉപഭോഗം ഹെക്ടറിന് 28 കിലോഗ്രാമെന്ന അളവിൽ തന്നെ മാറ്റമില്ലാതെ തുടരുന്നു, ഇത് ആകെ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം വളങ്ങളുടെ 44 ശതമാനമാണ്. 2019–20 കാലയളവിൽ ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവയുടെ ഉപഭോഗം യഥാക്രമം ഹെക്ടറിനു 14 കിലോഗ്രാം, 21 കിലോഗ്രാം എന്നിങ്ങനെയും ആകെ ഉപഭോഗത്തിന്റെ 55 ശതമാനമായും കണക്കാക്കുന്നു (**അനുബന്ധം 3.1.18**).

### കുടുംബശ്രീ മുഖേനയുള്ള കൂട്ടുകൃഷി

കുടുംബശ്രീയുടെ ഒരു പ്രധാന പ്രവർത്തന മേഖലയാണ് കൂട്ടുകൃഷി, സമൂഹത്തിന്റെയും കുടുംബത്തിന്റെയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. നെല്ല്, പച്ചക്കറി, വാഴ എന്നിവയാണ് ഇത്തരത്തിൽ കൃഷി ചെയ്യുന്ന പ്രധാന വിളകൾ. 2019–20 ൽ 8,105

**പട്ടിക 3.1.4** ഉൽപ്പന്നം തിരിച്ചും വിള തിരിച്ചുമുള്ള തദ്ദേശീയ രാസജൈവ കീടനാശിനികളുടെ ഉപഭോഗം 2018–19 മുതൽ 2019–20 വരെ (മെട്രിക് ടൺ, ടെക്നിക്കൽ ഗ്രേഡ്)

| ഉൽപ്പന്നം | വിള | രാസകീടനാശിനികൾ | | ജൈവകീടനാശിനികൾ | | ആകെ | |
|---|---|---|---|---|---|---|---|
| | | 2018–19 | 2019–20 | 2018–19 | 2019–20 | 2018–19 | 2019–20 |
| ധാന്യങ്ങൾ | നെല്ല് | 66.24 | 72.32 | 94.86 | 85.64 | 161.09 | 157.96 |
| പച്ചക്കറികൾ | | 137.58 | 40.00 | 201.99 | 57.01 | 339.57 | 97.01 |
| സുഗന്ധവ്യഞ്ജനങ്ങൾ | | 48.71 | 32.47 | 79.71 | 45.00 | 128.42 | 77.46 |
| തേങ്ങ | തെങ്ങ് | 113.06 | 78.05 | 116.49 | 81.7 | 229.54 | 159.75 |
| കവുങ്ങ് | കവുങ്ങ് | 15.80 | 17.2 | 21.75 | 19.73 | 37.55 | 36.94 |
| വാഴപ്പഴം | വാഴ | 135.91 | 50.97 | 161.97 | 54.72 | 297.88 | 105.69 |
| ആകെ | | 517.3 | 291.01 | 676.76 | 343.8 | 1194.06 | 634.81 |

*അവലംബം: സംസ്ഥാന കാർഷികവികസന കർഷകക്ഷേമവകുപ്പ്, 2020*

ഹെക്ടർ ഭൂമി നെൽ കൃഷിക്കായും 6,575 ഹെക്ടർ പച്ചക്കറിയ്ക്കായും 11,325 ഹെക്ടർ വാഴക്കൃഷിക്കായും ഉപയോഗിച്ചു. മറ്റു വിളകൾ 9,673 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. 2018–19 ൽ കൃഷിക്കായി വിനിയോഗിച്ച ഭൂവിസ്തൃതിയുമായി താരതമ്യപ്പെടുത്തുമ്പോൾ കൂട്ടുകൃഷിക്കായി ഉപയോഗിച്ച ആകെ ഭൂവിസ്തൃതി കുറഞ്ഞതായി കാണാം. 2019–20 ലെ കൃഷി വിസ്തൃതിയുടെ വിശദാംശങ്ങൾ (**അനുബന്ധം 3.1.19**) ൽ നൽകിയിട്ടുണ്ട്.

## കാർഷിക വിപണനം

ഗ്രാമീണ നഗര മേഖലകളിലെ 6 മൊത്ത വ്യാപാരകേന്ദ്രങ്ങൾ, ഒരു ജില്ലാതല സംഭരണ കേന്ദ്രം, 256 പച്ചക്കറി ക്ലസ്റ്റർ ചന്തകൾ, 37 ബ്ലോക്കുതല ഫെഡറേറ്റഡ് സ്ഥാപനങ്ങൾ, 466 ഇക്കോ ഷോപ്പുകൾ, 398 ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പിനു കീഴിലുള്ള 369 വിപണികൾ, വി.എഫ്.പി.സി.കെയ്ക്കു കീഴിലുള്ള 307 വിപണികൾ എന്നിവ ഉൾപ്പെടുന്നതാണ് സംസ്ഥാന കൃഷി വകുപ്പിനു കീഴിലുള്ള വിപണി ശൃംഖല. കർഷകർക്ക് ന്യായമായ വില നൽകുന്നതിനും കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം ഉറപ്പുവരുത്തുന്നതിനും ഈ വിപണികൾ വളരെയധികം സഹായിക്കുന്നു. ഇതു കൂടാതെ 16 ഹരിത കൂട്ടായ്മ വിപണികൾ, സംസ്ഥാനത്ത് വിവിധ പദ്ധതികളുടെ ഭാഗമായി ആരംഭിച്ച 28 വിപണികൾ എന്നിവ പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നു. ജൈവ ഉൽപ്പന്നങ്ങളും ഉത്തമ കൃഷിമുറ രീതിയിലൂടെ ഉൽപ്പാദിപ്പിച്ച സർട്ടിഫൈഡ് ഉൽപ്പന്നങ്ങളും കർഷകർക്കാവശ്യമായ ജൈവ ഉൽപ്പാദനോപാധികളും ഇക്കോഷോപ്പുകളിലൂടെ വിപണനം നടത്തുന്നു (അവലംബം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്).

വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ രൂപീകരിച്ചിരിക്കുന്ന 288 സ്വാശ്രയ കർഷക സമിതികൾ, ഫ്രാഞ്ചൈസി രീതിയിലുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ, കർഷകരുടെ നേരിട്ടുള്ള ചന്തകൾ എന്നിവ പഴം–പച്ചക്കറി വിപണനത്തിനും കർഷകരുടെ വിളകൾക്ക് ന്യായമായ വില ലഭ്യമാക്കാനും സഹായിക്കുന്നു. ഇത്തരത്തിലുള്ള സ്വാശ്രയ കർഷക സമിതികളിലൂടെ 2019–20 കാലയളവിൽ 270.084 കോടി രൂപ മൂല്യമുള്ള 92,129 മെട്രിക് ടൺ പഴം പച്ചക്കറികൾ വ്യാപാരം ചെയ്തു. മൊത്ത വ്യാപാര വിപണികളിലൂടെ വി.എഫ്.പി.സി.കെ 8 വിപണികൾ e–NAM പോർട്ടലിൽ രജിസ്റ്റർ ചെയ്തു.

ഗുണമേന്മയുള്ളതും ശുദ്ധവുമായ പഴം–പച്ചക്കറികളുടെ വിപണത്തിനായി വി.എഫ്.പി.സി.കെ യുടെ പുതിയ ഒരു ഉദ്യമമാണ് "തളിർ" എന്ന ബ്രാന്റിൽ പ്രവർത്തിക്കുന്ന വിതരണ ശൃംഖല. സൂപ്പർമാർക്കറ്റുകൾ, ഓൺലൈൻവ്യാപാരം, ഇക്കോഷോപ്പുകൾ, മിൽമ വിൽപ്പന കേന്ദ്രങ്ങൾ എന്നിവയിലൂടെ "തളിർ" ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നു. വി.എഫ്.പി.സി. കെയുടെയും മിൽമയുടെയും സഹകരണത്തോടെയുള്ള ആദ്യ വിപണന കേന്ദ്രം എറണാകുളത്തെ ഇടപ്പള്ളിയിൽ ആരംഭിച്ചു. 2019–20 കാലയളവിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 4 ഗ്രാമീണ ചന്തകൾ സ്ഥാപിക്കാൻ എം.ഐ.ഡി.എച്ചിനു കീഴിൽ ഓരോ യൂണിറ്റിനും 25.00 ലക്ഷം രൂപ ധനസഹായം നൽകുകയുണ്ടായി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിൽ പ്രവർത്തിക്കുന്ന ചന്തകളിലൂടെയും കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം നടക്കുന്നുണ്ട്. ഓരോ ചന്തകൾക്കും പ്രത്യേക മാർക്കറ്റ് അതോറിറ്റികൾ രൂപീകരിക്കുകയും ഉൽപ്പന്നങ്ങളുടെ വിൽപ്പന, കൈകാര്യം ചെയ്യൽ, മാർക്കറ്റ് ചാർജ്ജുകൾ, അളവുതൂക്കം, വിൽപ്പനക്കാരനുള്ള പണ വിതരണം, ഗ്രേഡിങ്ങ്, പായ്ക്കിംഗ് എന്നിവയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള വ്യക്തമായ നടപടിക്രമങ്ങൾ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റു പ്രധാന സ്ഥാപനങ്ങൾ കേരഫെഡ്, മാർക്കറ്റ് ഫെഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, റബ്ബർമാർക്ക് എന്നിവയും സ്പൈസസ് ബോർഡ്, ടീ ബോർഡ്, കോഫീ ബോർഡ്, നാളികേര വികസന ബോർഡ് തുടങ്ങി വിശേഷ വിളയിനങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമാണ്.

സമഗ്രമായ ഒരു പദ്ധതിയിലൂടെ നിലവിലുള്ള കാർഷിക വിപണിയെയും വിപണിയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളെയും ബന്ധിപ്പിക്കുന്നതിലൂടെ കാർഷിക വിപണന സംവിധാനം നമ്മുടെ സംസ്ഥാനത്ത് കൂടുതൽ ശക്തിപ്പെടുത്താനാവും. നിലവിലുള്ള വിപണി വിവരങ്ങളും മാർക്കറ്റ് ഇന്റലിജൻസ് സിസ്റ്റവും വികസിപ്പിച്ചെങ്കിൽ മാത്രമേ ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലും വിപണിയിൽ വരുന്ന വികസനത്തിനൊപ്പം നമുക്കും മുന്നേറാനാകൂ. സംസ്ഥാനത്ത് വിപണിയിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശീതീകരണ ശൃംഖല സ്ഥാപിക്കുന്നതിനും, പൊതു–സ്വകാര്യനിക്ഷേപം ഉപയോഗപ്പെടുത്തേണ്ടതാണ്. e–NAM രീതിയിലുള്ള ലേല സംവിധാനം, പച്ചക്കറികളുടെ ഓൺലൈൻ വിപണനം എന്നീ മുന്നേറ്റങ്ങൾ ഈ സമയത്ത് യാഥാർത്ഥ്യമാക്കാവുന്നതാണ്.

## മൂല്യ വർദ്ധനവും വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും

അനുയോജ്യമല്ലാത്ത രീതിയിൽ വിളവെടുപ്പിനുശേഷം ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിലൂടെയും സംസ്കരണ സംവിധാനങ്ങളുടെ കുറവുനിമിത്തവും നാം ഉൽപാദിപ്പിക്കുന്ന പഴം–പച്ചക്കറികളുടെ

**ബോക്സ് 3.1.1** കേന്ദ്രസർക്കാർ നടപ്പിലാക്കിയ മൂന്നു കാർഷിക നിയമങ്ങളോടുള്ള സംസ്ഥാനത്തിന്റെ പ്രതികരണം

2020 ൽ കേന്ദ്ര സർക്കാർ മൂന്നു കാർഷിക നിയമങ്ങൾ പാസാക്കി. **കാർഷിക ഉൽപന്ന വ്യാപാര വാണിജ്യ (പ്രോത്സാഹനവും നിർവ്വഹണവും) നിയമം 2020,** കർഷക (ശാക്തീകരണവും സംരക്ഷണവും) സേവനങ്ങളും വില ഉറപ്പിനുമുള്ള കരാർ 2020, അവശ്യ ഉല്പന്ന (ഭേദഗതി) നിയമം 2020 എന്നിവയാണ് പ്രസ്തുത നിയമങ്ങൾ.

ഈ നിയമ നിർമ്മാണങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽ സ്വഭാവത്തെ ഉല്ലംഘിക്കുന്നതായതിനാൽ കർഷകരിലും മറ്റു ഉപയോക്താക്കളിലും ഈ നിയമങ്ങൾ കടുത്ത വിമർശനത്തിന് ഇടയാക്കി. കൃഷി എന്നത് പട്ടിക 2 ൽ പതിനാലാം കുറിപ്പായി ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാന വിഷയമായതിനാൽ, പട്ടിക 2 ൽ ഉൾപ്പെടുന്ന ഒരു വിഷയത്തിലെ അനുബന്ധമായുള്ളതും വന്നുചേർന്നതുമായ വിഷയങ്ങൾ സംസ്ഥാന സർക്കാരിന്റെ നിയമ നിർമ്മാണ പരിധിയിൽ വരും.

**കാർഷിക ഉൽപന്ന വ്യാപാര വാണിജ്യ (പ്രോത്സാഹനവും നിർവ്വഹണവും) നിയമം, 2020** രാജ്യത്തെ കർഷകരെ പ്രതികൂലമായി ബാധിക്കും. വടക്കൻ സംസ്ഥാനങ്ങളിൽ എം.പി.എം.സി വിപണികൾ ഹരിത വിപ്ലവത്തെ പിന്തുണയ്ക്കുകയും വിപണി അധികാരത്തെ വ്യാപാരികളിൽ നിന്നും കർഷകരിലേക്ക് ചലിപ്പിക്കുന്നതിനും കർഷകരുടെ ചൂഷണം കുറയ്ക്കുന്നതിനും സഹായിച്ചു. ഉല്പന്നങ്ങളുടെ അളവും തൂക്കവും ക്രമപ്പെടുത്തുവാനും സഹായിച്ചു. എം.പി.എം.സി വിപണികളെ ഇല്ലാതാക്കുന്നത് വിപണിയിലേയ്ക്ക് സ്വകാര്യ നിക്ഷേപത്തിന്റെ വരവിന് കാരണമാകുമെന്നതിനുള്ള തെളിവുകളൊന്നുമില്ല. എം.പി.എം.സി വിപണികൾ ദുർബലമാവുകയും സ്വകാര്യ വിപണികൾ ഉയർന്നു വരാതെയുമിരുന്നാൽ കാർഷിക വിപണിയിലെ നിയന്ത്രണ സംവിധാനം തകരുമെന്നും നിയന്ത്രണമില്ലാത്ത വ്യാപാരികളുടെ ആധിപത്യം ഗ്രാമീണ ഇന്ത്യയിൽ മടങ്ങിയെത്തുമെന്നും ഭയപ്പെടുന്നു. മാത്രമല്ല സംഭരണവും താങ്ങുവിലയും സംബന്ധിച്ച നയങ്ങളോട് സ്വീകാര്യത കുറയുകയും സ്വകാര്യ കാർഷിക വിപണികൾ പ്രബലമാവുകയും ചെയ്താൽ കാർഷിക വിപണന രംഗത്ത് താങ്ങുവിലയ്ക്ക് ഫലമുണ്ടാകാതെ പോകും. കേരളം എ.പി.എം.സി നിയമം പാസാക്കിയിട്ടില്ലാത്തതിനാൽ ഈ ആക്ട് കേരളത്തിലെ കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തെ ബാധിക്കില്ല. യഥാർത്ഥത്തിൽ സംസ്ഥാനത്ത് സ്വകാര്യ വിപണികൾ ആരംഭിക്കുന്നതിന് നിയമപരമായ നിയന്ത്രണങ്ങളോ വിലക്കുകളോ നിലവിലില്ല.

**കർഷക (ശാക്തീകരണവും സംരക്ഷണവും) സേവനങ്ങളും വില ഉറപ്പിനുമുള്ള കരാർ 2020 നിയമം,** കരാർ കൃഷിയുടെ മോശമായ ക്രമപ്പെടുത്തലായി കണക്കാക്കുന്നു. മുൻകൂട്ടി നിശ്ചയിച്ച വിലയിൽ കർഷകരുടെ ഉല്പന്നങ്ങൾ വാങ്ങാൻ കമ്പനികൾ കരാറിലേർപ്പെടുന്നതുകൊണ്ട് കർഷകന് വിലയുടെ ചാഞ്ചാട്ടങ്ങൾ കാരണം ഉണ്ടാകുന്ന നഷ്ടങ്ങൾ കുറയും. എന്നാൽ പലപ്പോഴും, കമ്പനികൾ കരാറിൽ നിന്ന് വ്യതിചലിക്കുന്നതിനാൽ കർഷകന് ഗണ്യമായ നഷ്ടമുണ്ടാകുന്നു. പല സാഹചര്യങ്ങളിലും കർഷകർ അവർ ഒപ്പിട്ട കരാറുകളിലെ എല്ലാ സൂക്ഷ്മ വ്യവസ്ഥകളും മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നു. ലോകവ്യാപകമായി കരാർ കൃഷിരീതികൾ കൃഷിയിടങ്ങളിൽ നിന്നു തൊഴിലാളികളെ പുറന്തള്ളുകയും തൊഴിലിന്റെ താല്കാലികവൽക്കരണം തീവ്രമാക്കുകയും കുറഞ്ഞ കൂലി നൽകാവുന്ന സ്ത്രീ തൊഴിലാളികളുടെയും ബാലവേലയുടെയും ഉപയോഗം വർദ്ധിക്കുകയും വേഗത്തിൽ ലാഭം തേടി ഒറ്റവിള പ്രചരിപ്പിക്കുകയും ചെയ്യും. കോർപറേറ്റുകൾ നടത്തുന്ന അന്യായമായ പ്രവർത്തനങ്ങളിൽ നിന്നും കർഷകരുടെ സംരക്ഷണം ഉറപ്പാക്കേണ്ടതാണ്. നിർഭാഗ്യവശാൽ ഈ നിയമം അങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെടുന്നു.

**അവശ്യവസ്തു നിയമ ഭേദഗതി** വിവിധ വിളകളുടെ വ്യാപാര കയറ്റുമതി നിയന്ത്രണങ്ങളിലെ എല്ലാ സംഭരണ പരിധികളും നീക്കുന്നു. സംഭരണ പരിധി നീക്കം ചെയ്യുന്നത് സ്വകാര്യ നിക്ഷേപത്തിൽ വർദ്ധനവിന് കാരണമാകുമോ എന്നത് വ്യക്തമല്ല. എന്തെന്നാൽ, ഇന്ത്യയിലെ മിച്ചം വരുന്ന കാർഷിക ഉല്പന്നങ്ങൾ പലയിടത്തായും പല വിളകളിലായും വ്യാപിച്ചു കിടക്കുന്നു. വലിയ തോതിലുള്ള സ്വകാര്യ നിക്ഷേപം സമീപ ഭാവിയിൽ ഈ മേഖലയിലേക്ക് വരാൻ സാദ്ധ്യതയില്ല. അതേസമയം സംഭരണത്തിലും വെയർഹൗസിംഗിലും പൊതുനിക്ഷേപം കുറയുകയും ചെയ്യാം.

ഈ കാരണങ്ങളാൽ കേരള സർക്കാർ കർഷക സമൂഹത്തിന്റെ താല്പര്യങ്ങൾ പരിഷ്ക്കരിക്കുന്നതിന് സംസ്ഥാനതലത്തിൽ ബദൽ നിയമനിർമ്മാണങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു.

വലിയൊരുഭാഗം നഷ്ടമായി പോകാൻ ഇടവരുത്തുന്നുണ്ട്. വിളവെടുപ്പിനുശേഷം വരാവുന്ന നഷ്ടം പരമാവധി കുറയ്ക്കുകയും (ഗതാഗതവും വിപണനവും) മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുകയും ചെയ്യുന്നതിലൂടെ കർഷകന് വർദ്ധിച്ച വരുമാനം ഉറപ്പുവരുത്താനാവും. മേൽപ്പറഞ്ഞ മുന്നേറ്റങ്ങൾക്കായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്, അവയിൽ പായ്ക്ക് ഹൗസ് കളുടെ സ്ഥാപനം, ശീതസംഭരണികളുടെ സ്ഥാപനം, ശീതീകരണ ശൃംഖല വികസനം, സൂക്ഷ്മ, ചെറുകിട, ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകളുടെയും വ്യാവസായികാധിഷ്ഠിത കൃഷി സംരംഭങ്ങളുടെയും പ്രോത്സാഹനം എന്നിവ ഉൾപ്പെടുന്നു. കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ 2019–20 കാലയളവിൽ വയനാട് ജില്ലയിലെ കമ്മനയിൽ 740 ചതുരശ്രയടി വിസ്തീർണത്തിൽ ഒരു പായ്ക്ക് ഹൗസ് സ്ഥാപിച്ചു.

സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി) വഴി നമ്മുടെ സംസ്ഥാനത്ത് കാർഷിക മേഖലയിലെ സംരംഭകത്വം, കൃഷി അനുബന്ധ വാണിജ്യ പ്രോജക്റ്റുകൾ അതുവഴി ഗ്രാമീണ ജനതയ്ക്ക് തൊഴിലവസരം, കർഷകന് കൂടുതൽ വരുമാനം എന്നിവ നേടിക്കൊടുക്കാനായി കേരളത്തിലെ എസ്.എഫ്.എ.സി പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് കാർഷിക–വ്യാവസായിക സംരംഭകരുടേയും കർഷക ഉല്പാദക സംഘടനകളുടെയും വികസനത്തിനും എസ്.എഫ്.എ.സി കേന്ദ്രീകരിക്കുന്നു.

2019–20 ൽ കേരളത്തിലെ എസ് എഫ് എ സി 11 പുതിയ എം എസ് എം ഇ (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) കൾക്ക് സഹായം നൽകി. ഈ 11 യൂണിറ്റുകൾക്കു പുറമേ 2017–18 മുതൽ എസ്.എഫ്.എ.സിയുടെ സഹായത്തോടെ ആരംഭിച്ച 30 മൂല്യ വർദ്ധിത യൂണിറ്റുകൾ സംസ്ഥാനത്ത് വിജയകരമായി പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്തെ കർഷക ഉൽപാദന സംഘടനകളുടെ വികസനത്തിന്റെ ഭാഗമായി, കേരള കർഷക ഉൽപാദന സംഘടനാ നയം 2020, 15–05–20 തീയതിയിലെ സർക്കാർ ഉത്തരവ് (സാ.ധാ) നമ്പർ –431/2020/ അഗ്രി പ്രകാരം അംഗീകരിച്ചു. ഇത് ഉൽപ്പന്നങ്ങൾ, ഉൽപ്പാദനോപാധികൾ എന്നിവ സമാഹരിക്കുന്നതിനുള്ള ഫോർവേഡ് ബാക്ക് വേഡ് ലിങ്കേജിനും, മൂല്യ വർദ്ധിത ശൃംഖലാ വികസനത്തിനും, മെച്ചപ്പെട്ട വിപണന സാധ്യത എന്നിവയിലൂടെ കർഷകന്റെ ഉയർന്ന വരുമാനവും സാധ്യമാക്കുന്നു.

മതിയായ ഇൻകുബേറ്ററുകൾ, ചെറുകിട സംരംഭകർക്ക് വേണ്ടി ഉടൻ ഉപയോഗിക്കാവുന്ന പാക്കേജിങ്ങിനാവശ്യമായ സാങ്കേതിക ചട്ടം പ്രോൽസാഹിപ്പിക്കുക, ഇ–കൊമേഴ്സ്, ഓൺലൈൻ വിപണനം എന്നീ രംഗങ്ങളിലെ അറിവിന്റെയും അനുഭവത്തിന്റെയും പ്രചാരണം, ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കൽ, ശീതീകരണത്തിനുള്ള അടിസ്ഥാന സൗകര്യം, കമ്മ്യൂണിറ്റി പ്രോസസ്സിംഗ് സെന്റർ എന്നിവയിലൂടെ സംസ്ഥാനത്തെ കാർഷിക സംരംഭങ്ങളെ ശക്തിപ്പെടുത്താനാകും.

## കോവിഡ്–19 മഹാമാരി – സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രഭാവം

മഹാമാരിയും തുടർന്നുള്ള അടച്ച്പൂട്ടലും സമ്പദ്ഘടനയുടെ വിവിധ മേഖലകളിൽ ഉണ്ടാക്കിയ നഷ്ടങ്ങൾ മനസ്സിലാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് വിലയിരുത്തൽ നടത്തുകയുണ്ടായി. 2020 മാർച്ച് മാസം മുതൽ ജൂലൈ വരെയുള്ള കാലയളവിൽ തോട്ടവിളകൾ ഉൾപ്പെടെ വിളപരിപാലനമേഖലയിലെ മൊത്തം നഷ്ടം 1,731.78 കോടി രൂപയാണ്. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് സംഭവിക്കുന്ന നഷ്ടവും ഇതിൽ ഉൾപ്പെടുന്നു. വേതനനഷ്ടം മൂലം കർഷക തൊഴിലാളികൾക്ക് ഉണ്ടാകുന്ന നഷ്ടം ഏകദേശം 200.30 കോടി രൂപയായി കണക്കാക്കുന്നു.

കോവിഡ്–19 മഹാമാരി കേരളത്തിന്റെ കാർഷികമേഖലയെ പലവിധത്തിൽ ബാധിച്ചു.

1. അന്താരാഷ്ട്രവ്യാപാരത്തിന്റെ സ്വഭാവത്തെ സ്വാധീനിച്ചിരിക്കുന്ന കേരളത്തിലെ കയറ്റുമതി അധിഷ്ഠിത സുഗന്ധവ്യഞ്ജനങ്ങളിലും, തോട്ടങ്ങളിലും പ്രതികൂലമായ ആഘാതമുണ്ടാക്കി.
2. ലോക്ഡൗൺ ആരംഭിച്ചതിനുശേഷം മിക്ക കാർഷിക വിളകളുടെയും, കന്നുകാലി ഉല്പന്നങ്ങളുടെയും മത്സ്യങ്ങളുടെയും ആഭ്യന്തര വില കുത്തനെ ഇടിഞ്ഞു. ഉൽപാദനത്തിൽ ഉണ്ടായ ആഘാതം പ്രതീക്ഷിച്ചത്ര കഠിനമായിരിക്കില്ലെങ്കിലും ആവശ്യകത കുറയുകയും വിതരണ ശൃംഖല തടസ്സപ്പെടുകയും ചെയ്തത് സംസ്ഥാനത്തെ കർഷകർക്ക് വലിയ വരുമാന നഷ്ടം വരുത്തി.
3. തൊഴിലാളികളുടെ പ്രത്യേകിച്ച് കുടിയേറ്റ തൊഴിലാളികളുടെ ലഭ്യതക്കുറവും നിരവധി സംസ്കരണ യൂണിറ്റുകളുടെ പ്രവർത്തനത്തെയും അതുവഴി വിതരണ ശൃംഖലയെയും കർഷകരെയും ബാധിച്ചു.
4. കാർഷിക പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വലിയ വരുമാന നഷ്ടം വരുത്തി.

നെൽകൃഷിയുടെ രണ്ടാംവിളയുടെ കൊയ്ത്തു നടത്തേണ്ട സമയത്തായിരുന്നു ലോക്ഡൗൺ തുടങ്ങിയത്. ധാന്യങ്ങളുടെ നഷ്ടവും ഗതാഗതത്തിൽ വന്ന കാലതാമസവും കാരണം നെൽകൃഷി മേഖലയിൽ ഏകദേശം 15 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു.

പച്ചക്കറികളുടെ കാര്യത്തിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ വില കുറയുകയും വിളവെടുത്ത പച്ചക്കറികൾ സാധാരണ പോലെ വിപണനം ചെയ്യാൻ കഴിയാത്തതും മൂലം വളരെ നഷ്ടമുണ്ടായി. കേരളത്തിൽ നിന്നുള്ള പച്ചക്കറി കയറ്റുമതി കുറഞ്ഞു. 2020 ഏപ്രിൽ മുതൽ 2020 ജൂലൈ വരെ പച്ചക്കറി മേഖലയിലെ നഷ്ടം ഏകദേശം 221.93 കോടി രൂപയാണ്. കൃഷിവകുപ്പ്, വി എഫ് പി.സി.കെ ഹോർട്ടികോർപ്പ് എന്നിവയുടെ പ്രശംസനീയമായ ഇടപെടലുകൾക്ക് നഷ്ടം കുറയ്ക്കുവാൻ സഹായിച്ചു.

ജൂലൈ 2020 വരെ നേന്ത്രവാഴയുൾപ്പെടെ മറ്റ് വാഴപ്പഴങ്ങളിൽ 269 കോടി രൂപയുടെയും, പൈനാപ്പിൾ മേഖലയിൽ 50 കോടി രൂപയുടെയും നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. വിലയിടിവുമൂലമാണ് പ്രധാനമായും ഈ നഷ്ടം ഉണ്ടായതായി കണക്കാക്കിയിരിക്കുന്നത്. കശുവണ്ടി മേഖലയിൽ 10 കോടിയും, കിഴങ്ങു വർഗ്ഗങ്ങളുടെ കാര്യത്തിൽ 30 കോടി രൂപയുടെയും നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു.

**പച്ചക്കറി വിപണികളിൽ സർക്കാർ ഇടപെടൽ**

ലോക്ക്ഡൗൺ കാലയളവിൽ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വി എഫ് പി സി കെ, ഹോർട്ടികോർപ്പ് എന്നിവയുടെ സമയോചിതമായ ഇടപെടൽ കാരണം കർഷകരുടെ നഷ്ടം ഗണ്യമായി കുറഞ്ഞു. പ്രാദേശികമായി സ്ഥാപിച്ച ഫാർമേഴ്സ് റീട്ടെയിൽ വിപണികൾ മൂലം (ഓരോ പഞ്ചായത്തിലും ഒന്നു വീതം, മുൻസിപ്പാലിറ്റികളിൽ രണ്ട് വീതവും കോർപ്പറേഷനുകളിൽ അഞ്ച് വീതവും) കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രാദേശികമായി വിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ ഏജൻസികൾ സ്വീകരിച്ച ഓൺലൈൻ വിപണന തന്ത്രം, മാമ്പഴം, പൈനാപ്പിൾ, വാഴപ്പഴം, പപ്പായ, പച്ചക്കറികൾ തുടങ്ങിയ ഉൽപ്പന്നങ്ങൾ നഗരവാസികൾക്ക് നേരിട്ട് വിൽക്കാൻ സഹായിച്ചു. മാത്രമല്ല, മിച്ച ഉൽപ്പന്നങ്ങൾ മറ്റു ജില്ലകളിലേക്കുള്ള കൊണ്ടുപോകലും സാധ്യമായി. പാലക്കാട്, കുട്ടനാട്, കോൾ പ്രദേശങ്ങളിൽ കൃഷി വകുപ്പ് നെൽമെതിയന്ത്രങ്ങൾ (600 എണ്ണം) ഒരുക്കിയതു നിമിത്തം വിളവെടുപ്പ് കാലതാമസം, വേനൽ മഴ എന്നിവ മൂലമുണ്ടാകുന്ന നഷ്ടം ഒഴിവാക്കുവാൻ സാധിച്ചു.

2020 മാർച്ച് 23 മുതൽ ഏപ്രിൽ 15 വരെ ഹോർട്ടികോർപ്പ് 1200 മെട്രിക് ടൺ പഴങ്ങളും പച്ചക്കറികളും കർഷകരിൽ നിന്നും സംസ്ഥാനത്തിന് പുറത്തു നിന്നും വാങ്ങി തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ സ്വകാര്യ ഓൺലൈൻ ഭക്ഷ്യ വിതരണ പോർട്ടലുകളിലൂടെ പഴങ്ങളും പച്ചക്കറികളും ഓൺലൈൻ വിപണനം നടത്തി. സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ കമ്മ്യൂണിറ്റി അടുക്കളകൾ, റസിഡന്റ് അസോസിയേഷനുകൾ, അതിഥി തൊഴിലാളി ക്യാമ്പുകൾ, മറ്റ് ഏജൻസികൾ എന്നിവയ്ക്കും പഴങ്ങളും പച്ചക്കറികളും വിതരണം ചെയ്തു. 100 സ്വന്തം സ്റ്റാളുകളിലൂടെയും, ഹോർട്ടികോർപ്പിന്റെ 200 ഓളം ഫ്രാഞ്ചൈസികളിലൂടെയും പഴങ്ങളും പച്ചക്കറികളും ഉപഭോക്താക്കൾക്ക് വിപണനം നടത്തി.

**തോട്ടവിളകളും സുഗന്ധവ്യഞ്ജനങ്ങളും**

ഉയർന്ന റബ്ബർ ശേഖരം, റബ്ബർ ഉപഭോഗത്തിൽ ഇടിവ്, അന്താരാഷ്ട്ര വിലക്കുറവ് എന്നിവ കാരണം വ്യാപാരം തുടങ്ങിയപ്പോൾ റബ്ബറിന്റെ വില കുറഞ്ഞു. അന്താരാഷ്ട്ര സാമ്പത്തിക വളർച്ച കുറഞ്ഞതിനാൽ പ്രകൃതിദത്ത റബ്ബർ വിപണികളെ പ്രതികൂലമായി ബാധിച്ചു.

തൊഴിലാളികളുടെ അഭാവവും സംസ്കരണ ഫാക്ടറികൾ അടച്ചതുകാരണവും തേയില വിളവെടുപ്പിൽ നഷ്ടം സംഭവിച്ചു. കൂടാതെ വിതരണ ശൃംഖലയുടെ തടസ്സം കാരണമുള്ള വിപണന നഷ്ടം, ഗോഡൗണുകളിൽ വിറ്റുപോവാത്ത തേയില ശേഖരണം, കയറ്റുമതിയിലെ നിശ്ചലാവസ്ഥ, വായ്പ തിരിച്ചടവിന്റെ അഭാവം എന്നിവയും നിമിത്തം നഷ്ടം സംഭവിച്ചു. സംസ്ഥാന സർക്കാർ സപ്ലൈകോ, മുഖേന 2.5 ലക്ഷം കിലോ തേയില വാങ്ങി പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്നത് തേയില മേഖലയ്ക്ക് സഹായകമായി. കേരളത്തിലെ തേയില മേഖലയിലെ നഷ്ടം 141.2 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു.

സംസ്കരണ പ്ലാന്റുകളിൽ നിന്ന് തുറമുഖങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ ട്രക്കുകളുടെ കുറവുകൊണ്ടും ഗതാഗത നിയന്ത്രണം കൊണ്ടും, തുറമുഖ തൊഴിലാളികളുടെയും കണ്ടെയ്നറുകളുടെയും കുറവ് കൊണ്ടും കാപ്പി മേഖലയിൽ 92 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു. 66.82 ലക്ഷം തൊഴിൽദിനങ്ങൾ നഷ്ടമായി. ഇതുമൂലം 263.82 കോടിരൂപയുടെ നഷ്ടം കണക്കാക്കുന്നു.

വിലയിടിവ്, ഇ–ലേലങ്ങളിൽ എത്തുന്ന ഏലത്തിന്റെ കുറവ് എന്നിവ നിമിത്തം 126.00 കോടി രൂപയുടെ നഷ്ടം ഏലം മേഖലയിൽ ഉണ്ടായതായി കണക്കാക്കിയിരിക്കുന്നു. സംസ്ഥാനത്തെ കുരുമുളക് മേഖലയിൽ വിലയിടിവ് മൂലം 50.00 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിരിക്കുന്നു.

## കൃഷി വകുപ്പിന്റെ 2019–20 ലെ പ്രധാന നേട്ടങ്ങൾ

2019–20 ലെ വാർഷിക പദ്ധതിയിൽ, കൃഷി വകുപ്പിന് വകയിരുത്തിയ 749.42 കോടിയിൽ 369.62 കോടി രൂപ (49.3 ശതമാനം) ചെലവഴിച്ചു. 2019–20 ലെ കൃഷി വകുപ്പിന്റെ മുഖ്യ നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്:

- നെൽകൃഷി വികസനത്തിനായി ഗ്രൂപ്പ് ഫാമിംഗിലൂടെ സുസ്ഥിര നെൽകൃഷി 1.636 ലക്ഷം

ഹെക്ടറിൽ നടപ്പിലാക്കുന്നതിനും സവിശേഷ നെൽകൃഷി 458 ഹെക്ടറിൽ നടപ്പിലാക്കുന്നതിനും സഹായം നൽകി.

- ആർ.എസ്.ജി.പി പദ്ധതി പ്രകാരം 3099.905 മെട്രിക് ടൺ സർട്ടിഫൈഡ് വിത്തുകൾ ഉൽപ്പാദിപ്പിച്ചു.
- നാളികേര വികസനത്തിനായി 13750 ഹെക്ടർ പ്രദേശത്ത് 55 പുതിയ കേരഗ്രാമങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ള 77 കേരഗ്രാമങ്ങൾക്ക് രണ്ടാംവർഷ സഹായം നൽകുകയും ചെയ്തു.
- നാളികേര കൃഷിയുടെ പുനരുജ്ജീവനത്തിനായി 2018–ൽ രൂപീകരിച്ച കോക്കനട്ട് മിഷന് കീഴിൽ 2,03,759 നെടിയ ഇനവും (വെസ്റ്റ് കോസ്റ്റ് ടോൾ), 32493 കുള്ളൻ ഇനവും, 95781 സങ്കര ഇനവും തൈകൾ 60:20:20 അനുപാതത്തിൽ വാർഡ് ഒന്നിന് 75 എണ്ണം വിതരണം ചെയ്തു. 4,12,707 വിത്തു തേങ്ങ സംഭരണം നടപ്പിലാക്കി.
- വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 60 ലക്ഷം വിത്തു കിറ്റുകളും 15.46 ലക്ഷം തൈകളും വിതരണം ചെയ്തു. പച്ചക്കറി വികസനത്തിന്റെ ഭാഗമായി 757.92 ഹെക്ടർ തരിശുഭൂമി കൃഷി ചെയ്യുന്നതിനുള്ള ധനസഹായം ലഭ്യമാക്കിയതു കൂടാതെ 655 മൈക്രോ ഇറിഗേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സഹായം നൽകി. സംസ്ഥാനത്തൊട്ടാകെ സ്ഥാപിച്ച 1088 മഴമറ യൂണിറ്റുകളിൽ നടപ്പിലാക്കിയ കൃഷിയിൽ തുറന്ന കൃഷിയെക്കാൾ 25 മുതൽ 30 ശതമാനം വിളവ് ലഭിച്ചു.
- കുരുമുളക് വികസനത്തിന് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി രോഗപ്രതിരോധശേഷിയുള്ള 45 ലക്ഷം വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ വിതരണം ചെയ്തു. 853 ഹെക്ടറിൽ പുതുതായി കൃഷിയിറക്കുകയും ചെയ്തു.
- നടീൽ വസ്തുക്കളുടെ ഉൽപ്പാദനം വിവിധ തോട്ടങ്ങളിലൂടെ നടപ്പിലാക്കി. 70.76 ലക്ഷം പച്ചക്കറി തൈകൾ, 7467 കിലോ ഗ്രാം പച്ചക്കറി വിത്തുകൾ, 7,15,825 കിലോഗ്രാം നെൽ വിത്ത്, 4.3 ലക്ഷം ടിഷ്യൂ കൾച്ചർ വാഴത്തൈകൾ, 10803 വാഴക്കന്നുകൾ, 101938 അലങ്കാരച്ചെടികൾ എന്നിവ ഉൽപ്പാദിപ്പിച്ച് നൽകി.
- കോവിഡ്–19 മൂലമുള്ള പച്ചക്കറികളുടെ കുറവ് പരിഹരിക്കുന്നതിനായി 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സംസ്ഥാനത്തൊട്ടാകെയുള്ള വീട്ടുകളിൽ സൗജന്യമായി വിതരണം ചെയ്തു.
- രോഗകീട നിരീക്ഷണത്തിനായി നിലവിലുള്ള 4 പുതിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ചു.
- ജൈവഉൽപ്പന്നങ്ങളുടെ വിപണനത്തിനായി നിലവിലുള്ള എക്കോഷോപ്പുകൾ കൂടാതെ 11 പുതിയ എക്കോഷോപ്പുകൾ കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും ജില്ലാ ആസ്ഥാനങ്ങളിലും സ്ഥാപിച്ചു.
- മണ്ണിന്റെ ആരോഗ്യപരിപാലനത്തിന്റെ ഭാഗമായി 35096.72 ഹെക്ടർ 36165.6 ഹെക്ടർ പ്രദേശത്ത് യഥാക്രമം മണ്ണ് അമ്ലീലിയറന്റുകളും സൂക്ഷ്മപോഷകങ്ങളും വിതരണം ചെയ്തു.
- പി എം കിസാൻ (പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി)ൽ 2019–20 ൽ 1947.42 കോടി രൂപ 27,78,001 കർഷകർക്ക് കൈമാറി.

## കൃഷി വകുപ്പിന്റെ 2020–21 വാർഷിക പദ്ധതിയിലെ മുഖ്യ സംരംഭങ്ങൾ

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിള ഉൽപ്പാദന പദ്ധതികൾ, വിപണി വികസനം, മൂല്യവർദ്ധന പദ്ധതികൾ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, കർഷകക്ഷേമ പദ്ധതികൾ എന്നിവയിൽ കേന്ദ്രീകരിക്കുന്നു. വിഭവങ്ങളുടെ കാര്യക്ഷമമായ പരിപാലനം കാലാവസ്ഥയ്ക്കനുയോജ്യമായ കൃഷി സമ്പ്രദായങ്ങൾ നൂതന സാങ്കേതിക വിദ്യാ അധിഷ്ഠിത വികസനം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് കാർഷിക വികസന പരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നത്. കർഷകർക്ക് വരുമാന സുരക്ഷ നൽകുകയെന്ന ലക്ഷ്യത്തോടെ മൂല്യവർദ്ധനവിലൂടെ കാർഷിക മേഖലയുടെ വ്യവസായ അധിഷ്ഠിത വികസനം പ്രോൽസാഹിപ്പിക്കുന്നു. കാർഷിക വായ്പ സൗകര്യങ്ങൾ, വിള ഇൻഷ്വറൻസ് പരിരക്ഷ, വില സ്ഥിരതയുള്ള വിപണി ഇടപെടൽ, കർഷക പെൻഷൻ എന്നിവയാണ് സംസ്ഥാനം പിന്തുണയ്ക്കുന്ന മറ്റ് കർഷക സൗഹൃദ പരിപാടികൾ.

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, നെല്ല്, ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ ഇവയുടെ ഉൽപാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയുള്ള പദ്ധതികളാണ് 2020–21 ൽ നടപ്പിലാക്കുന്നത്. കൂടാതെ കേരഗ്രാമം പരിപാടിയിലൂടെ നാളികേരമേഖലയുടെ സമഗ്രവികസനം, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും, വിതരണവും, ജനപങ്കാളിത്തത്തോടെയുള്ള സമഗ്ര തരിശുനില കൃഷി, നിലവിലുള്ള ലാബുകളുടെ ആധുനികവൽക്കരണം, വിപണനത്തിനായുള്ള സ്ഥാപന സംവിധാനം, വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ, ആത്മ പ്ലസ് മാതൃകയിലുള്ള വിജ്ഞാന വ്യാപനം, സുഗന്ധവിളകളുടെ പുനരുജ്ജീവനം, കാർഷിക ഉൽപ്പാദനോപാധികളുടെയും ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനുമുള്ള പരിപാടികൾ, കീടരോഗ നിരീക്ഷണം ഉൾപ്പെടുന്ന വിള ആരോഗ്യ പരിപാലനം, ജൈവ കൃഷി പ്രോത്സാഹനം, സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉല്പാദനം, വിള ഇൻഷ്വറൻസ്, മെച്ചപ്പെട്ട സേവന വിതരണത്തിനായി കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ളവ ശക്തിപ്പെടുത്തലും, കുരുമുളകിന്റെ പുനരുജ്ജീവനം,

വയനാട് ജില്ലയിൽ കാർഷിക പ്രതിസന്ധി നേരിടുന്നതിനായി പ്രത്യേക പരിപാടികൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. കോക്കനട്ട് മിഷനു കീഴിലുള്ള നാളികേര മേഖലയുടെ പുനരധിവാസം, കുട്ടനാട് കാർഷിക മേഖലയുടെ വികസനം, അടയ്ക്ക കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടയ്ക്ക പാക്കേജ്, വകുപ്പിന്റെ ഐടി അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ എന്നിവ 2020–21 ൽ തുടരും.

സംസ്ഥാനത്തൊട്ടാകെയുള്ള 5 കാർഷിക ആവാസവ്യവസ്ഥ സോണുകളും 23 കാർഷിക ആവാസവ്യവസ്ഥ യൂണിറ്റുകളും അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് 2020–21 ലെ കൃഷി വകുപ്പിന്റെ പ്രധാന സംരംഭങ്ങളിലൊന്ന്. കാർഷിക ആവാസ വ്യവസ്ഥ അധിഷ്ഠിത കൃഷിയിൽ കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി കൃഷിപാഠശാലയും, നെൽ വയലുകൾക്കു പ്രകൃതിസംരക്ഷണത്തിൽ ഉള്ള പ്രാധാന്യം ഉൾക്കൊണ്ട് അവയെ സംരക്ഷിച്ച് നിലനിർത്തുന്നതിന് പ്രോത്സാഹനമായി നെൽ വയൽ ഉടമകൾക്ക് റോയൽറ്റി എന്നിവ 2020–21 ലെ പുതിയ പരിപാടികളാണ്.

2020–21 വാർഷിക പദ്ധതിയിലെ മറ്റൊരു പ്രധാന മേഖലയാണ് സംസ്ഥാനത്തെ പഴമേഖലയുടെ വികസനം. 2020–21 മുതൽ 10 വർഷത്തേക്ക് ഘട്ടംഘട്ടമായാണ് ഈ സംയോജിത പരിപാടി നടപ്പിലാക്കുന്നത്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ്, കേരള കാർഷിക സർവ്വകലാശാല, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, എന്നിവ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ 2020–21 മുതൽ ഓരോ വർഷവും ഒരു കോടി ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിടുന്നു. നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും, വിസ്തൃതി വികസിപ്പിക്കൽ, വിള പരിപാലനം , വിളവെടുപ്പിനുശേഷമുള്ള സംസ്കരണം, മൂല്യവർദ്ധനവ്, പഴങ്ങളുടെ ശീതികരണ ശൃംഖല വികസനം എന്നിവയാണ് ഈ പദ്ധതിയിലൂടെ കേന്ദ്രീകരിക്കുന്ന പ്രവർത്തനങ്ങൾ.

## സുഭിക്ഷ കേരളം

കോവിഡ്–19 പകർച്ചവ്യാധി സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ സാരമായി ബാധിച്ചു. തൊഴിലാളികളുടെയും യന്ത്രങ്ങളുടെയും കുറവും, വിതരണ ശൃംഖല തടസ്സപ്പെട്ടതും, ഉൽപ്പന്ന ആവശ്യകതയുടെ വ്യതിയാനം മൂലം വിലയിലുണ്ടായ കുറവും കർഷകരിൽ അരക്ഷിതാവസ്ഥ വർദ്ധിപ്പിച്ചു. ഇത്തരം സാഹചര്യങ്ങൾ ഭാവിയിൽ തരണം ചെയ്യുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും സംസ്ഥാനം ഭക്ഷ്യവിള ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കേണ്ടതുണ്ട്.

ഈ ലക്ഷ്യം മുൻനിർത്തി കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ചും നൂതന സാങ്കേതിക വിദ്യകൾ സ്വീകരിച്ചും ഭക്ഷ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ 2020–21 ൽ സുഭിക്ഷ കേരളം പരിപാടി ആരംഭിച്ചു. തരിശുഭൂമി കൃഷി, വീട്ടുവളപ്പിലെ കൃഷി, നിലവിലുള്ള കൃഷിയുടെ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട വിപണിസൗകര്യങ്ങൾ, വിളവെടുപ്പിനുശേഷമുള്ള പരിപാലനത്തിലെ ഇടപെടലുകൾ, എന്നീ പരിപാടികളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഭക്ഷ്യവിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ വികസനമാണ് ലക്ഷ്യമിടുന്നത്. കാർഷിക വികസനകർഷകക്ഷേമവകുപ്പ്, തദ്ദേശ സ്വയംഭരണവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, സഹകരണവകുപ്പ്, ജലസേചനവകുപ്പ്, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ ഏകോപനത്തോടെയാണ് സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നത്.

## വിള ഇൻഷുറൻസ് പദ്ധതി

കേരളത്തിലെ വലിയ വിഭാഗം കാർഷിക ഉല്പാദകരും ചെറുകിട കർഷകരാണ്. കൂടാതെ കേരളത്തിലെ കൃഷി കാലാവസ്ഥയെ വളരെയധികം ആശ്രയിച്ചിരിക്കുന്നതിനാൽ കാലാവസ്ഥയിലെ അനിശ്ചിതത്വം കൃഷി ഒരു നഷ്ടസാധ്യതയുള്ള സംരംഭമാക്കുന്നു. ഇത്തരത്തിൽ വിളകളുടെ ഉൽപാദനത്തിലുള്ള അനിശ്ചിതത്വം ഓരോ കർഷകനും നേരിടേണ്ടതായി വരുന്നു. വിള ഉല്പാദനത്തെ വരൾച്ച, വെള്ളപ്പൊക്കം, കീടരോഗങ്ങൾ എന്നിവയെല്ലാം ബാധിക്കുന്നതിനാൽ കർഷകർക്ക് സുസ്ഥിര വരുമാനം ലഭിക്കുന്നതിന് വിള ഇൻഷുറൻസ് മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. 25 പ്രധാന കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, അടയ്ക്ക, ഏലം, കശുമാവ്, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, പൈനാപ്പിൾ, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗം, കിഴങ്ങുവർഗ്ഗം, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ എന്നിവയാണ് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2019–20 വർഷത്തിൽ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ 4,27,739 കർഷകർ അംഗങ്ങളാവുകയും 84,716 കർഷകർക്കുള്ള ഇൻഷുറൻസ് തുകയായി 5501.83 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു.

പരിഷ്കരിച്ച ദേശീയ കാലാവസ്ഥ അടിസ്ഥാന മാക്കിയുള്ള വിള ഇൻഷുറൻസ് (ആർ.ഡബ്ല്യു. ബി.സി.ഐ.എസ് ) പദ്ധതിക്കുകീഴിൽ 2019 ഖാരിഫ് കൃഷിക്ക് 21,447 കർഷകർ അംഗങ്ങളായി. വെള്ളപ്പൊക്കം മൂലമുണ്ടായ കെടുതികൾക്കായി 18,266

കർഷകർക്ക് 43.36 കോടി രൂപ നൽകുകയുണ്ടായി. നെല്ല്, അടയ്ക്ക, കുരുമുളക്, ഇഞ്ചി, കരിമ്പ്, മഞ്ഞൾ, ഏലം, പൈനാപ്പിൾ, വാഴ, ജാതിയ്ക്ക എന്നീ വിളകൾ ആർ.ഡബ്ല്യു.ബി.സി.ഐ.എസ്-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവയ്ക്ക് പുറമേ മാവ് ഉരുളക്കിഴങ്ങ്, കാബേജ്, കാരറ്റ്, വെളുത്തുള്ളി, ബീൻസ്, പയർ, പടവലം, പാവൽ എന്നിവ കൂടി റാബി സീസണിൽ ഉൾപ്പെടുത്തി റാബി കൃഷിക്ക് 20,355 കർഷകരെ വിള ഇൻഷുറൻസിനു കീഴിൽ കൊണ്ടു വന്നു. വെള്ളപ്പൊക്കം (എല്ലാ വിളകൾക്കും), മണ്ണിടിച്ചിൽ (എല്ലാ വിളകൾക്കും), കനത്ത കാറ്റ് (വാഴപ്പഴം, ഏലയ്ക്ക, ജാതിക്ക, അടയ്ക്ക എന്നിവയ്ക്ക് ) എന്നിവ മൂലമുള്ള നാശനഷ്ടങ്ങൾ കൂടി ഉൾക്കൊള്ളിച്ചു.

കാലാവസ്ഥാ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രതികൂല കാലാവസ്ഥയ്ക്കുള്ള ക്ലെയിമുകൾ പരിഹരിക്കുന്നതിന് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തരത്തിൽ 134 സ്ഥലങ്ങളിൽ ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സ്ഥാപിച്ചു.

2019-20 ൽ പ്രധാൻ മന്ത്രി ഫസൽ ബീമ യോജന (പി.എം.എഫ്.ബി.വൈ) മുഖേന നെല്ല്, ഏത്തവാഴ, മരച്ചീനി, വാഴ എന്നീ വിളകൾക്ക് 8,015 കർഷകരെ ഇൻഷ്വർ ചെയ്യുകയും ഖാരിഫ് വിളകൾക്ക് 2019 സീസണിൽ 5,215 കർഷകർക്ക് 9.5 കോടി രൂപ ക്ലെയിം നൽകുകയും ചെയ്തു. 2019 ലെ വെള്ളപ്പൊക്കം മൂലമാണ് വലിയ വിളനാശം സംഭവിച്ചത്. 2019 റാബി കൃഷിയ്ക്ക് 9,497 കർഷകരെ ഇൻഷ്വർ ചെയ്യുകയും നെല്ലിന് മാത്രമായി 724 കർഷകർക്ക് 32.27 കോടി രൂപയുടെ ക്ലെയിം തീർപ്പാക്കുകയും ചെയ്തു (കൃഷി വകുപ്പ്, കേരള സർക്കാർ).

മറ്റ് വിശദാംശങ്ങൾ **അനുബന്ധം (3.1.20, 3.1.21, 3.1.22, 3.1.23, 3.1.24)** എന്നിവയിൽ നൽകിയിരിക്കുന്നു.

## വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പരിപാടി (വി.എഫ്.പി.സി.കെ)

2001-ൽ സ്ഥാപിതമായ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (വി.എഫ്.പി.സി.കെ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പഴവർഗ്ഗങ്ങളുടേയും പച്ചക്കറികളുടേയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വാണിജ്യതലത്തിൽ പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ വിത്തു മുതൽ വിപണനം വരെ സുസ്ഥിരത നേടാൻ സഹായിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി) രൂപീകരിക്കുക, പങ്കാളിത്ത ഗ്യാരന്റി സമ്പ്രദായം (പി.ജി.എസ് ) സംബന്ധിച്ച ബോധവത്കരണം നൽകുക, പങ്കാളിത്ത സാങ്കേതിക വികസനം സംബന്ധിച്ച പ്രചാരണം നടത്തുക, കാര്യശേഷി വർദ്ധനവ് പരിപാടികൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്തുകളുടേയും നടീൽ വസ്തുക്കളുടേയും ഉൽപാദനം, പങ്കാളിത്ത വായ്പാ ധനസഹായവും ഇൻഷ്വറൻസ് സഹായവും, ഗ്രൂപ്പ് മാർക്കറ്റിംഗ്, നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടി തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

2019-20 ൽ 5,504 പുതിയ കർഷകരെ ഉൾപ്പെടുത്തി 215 പുതിയ സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി) രൂപീകരിച്ചു. ഇതോടെ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം 2,05,798 ഉം സ്വയം സഹായ സംഘങ്ങളുടെ എണ്ണം 10,083 ഉം ആയി. നടീൽ വസ്തുക്കളുടെ ഉൽപാദനത്തിന്റെ ഭാഗമായി 84.75 മെട്രിക് ടൺ വിത്തുകൾ, 13.47 ലക്ഷം ടിഷ്യൂകൾച്ചർ ചെടികൾ, 78.51 ലക്ഷം പച്ചക്കറി തൈകൾ എന്നിവ 2019-20 ആഗസ്റ്റ് മാസം അവസാനം വരെ ഉള്ള കാലയളവിൽ ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. കൃഷിവകുപ്പിന്റെ വീട്ടുവളപ്പിലെ പച്ചക്കറിക്കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി കൗൺസിൽ മുഖേന 43.1 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്തു. കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന മിതമായ നിരക്കിൽ 88 കോടി രൂപയുടെ വായ്പ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തു. 253.26 ഹെക്ടർ പച്ചക്കറികൃഷിയും 21.05 ലക്ഷം വാഴകളും വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചു. 2019-20 ൽ വി.എഫ്.പി.സി.കെ 5513 പഴം പച്ചക്കറി കർഷകരെ ഉൾപ്പെടുത്തുകയും 204.7 ലക്ഷം രൂപ ക്ലെയിം നൽകുകയും ചെയ്തു. വി.എഫ്.പി.സി.കെ കർഷകർക്ക് 480 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകി.

കേരളത്തിലെ കാർഷിക ഉൽപ്പന്ന കയറ്റുമതി പ്രോത്സാഹനത്തിനുള്ള സംസ്ഥാനതല നോഡൽ ഏജൻസിയായി വി.എഫ്.പി.സി.കെ യെ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ കയറ്റുമതി പ്രോട്ടോക്കോൾ പാലിക്കുന്നതിനായി ധാരണാപത്രം നടപ്പിലാക്കുകയും വാഴപ്പഴത്തിന്റെ വിളവെടുപ്പിന് മുമ്പും ശേഷവും പാലിക്കേണ്ട രീതികൾ ഉറപ്പുവരുത്തുന്നതിനായി തല്പര കക്ഷികൾക്ക് പരിശീലനം നൽകുകയും ചെയ്തു.

## സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ

നാഷണൽ ഹോർട്ടികൾച്ചർ മിഷൻ എന്ന കേന്ദ്ര സ്പോൺസേർഡ് സ്കീം നടപ്പിലാക്കുന്നതിനായി 2005 ലാണ് സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ രൂപീകരിച്ചത്. ഇത് 2014-15 മുതൽ സംയോജിത ഹോർട്ടികൾച്ചർ വികസനത്തിനുള്ള മിഷനായി പുനരൂപകൽപന ചെയ്തു. പഴങ്ങൾ, കൂൺ, ഔഷധ സസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പൂക്കൾ, സുഗന്ധ തോട്ടവിളകൾ എന്നിവ ഉൾക്കൊള്ളുന്ന ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്രവികസനമാണ്

ഈ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യം. മാമ്പഴം, വാഴ, പൈനാപ്പിൾ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതിക്ക, കശുവണ്ടി, കൊക്കോ, പുഷ്പവിളകൾ എന്നീ വിളകളുടെ വികസനമാണ് ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ തേനീച്ചവളർത്തൽ, പച്ചക്കറി വിത്ത് ഉൽപാദനം, കൂൺ കൃഷി മേഖല എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൽപാദനവും ഉൽപാദനക്ഷമതയും മെച്ചപ്പെടുത്തൽ, വിളവെടുപ്പിനു ശേഷമുള്ള പരിപാലനം, വിപണനം എന്നിവയ്ക്കായുള്ള പദ്ധതികളാണ് പ്രധാനമായും മിഷൻ നടപ്പിലാക്കുന്നത്. 2014–15 മുതൽ ഇത് പി.എം.കെ.എസ്.വൈ–മൈക്രോ ഇറിഗേഷൻ ഘടകം (പ്രധാന മന്ത്രി കൃഷി സിഞ്ചയ് യോജന) നടപ്പാക്കുന്നു. പരമ്പരാഗത് കൃഷി വികാസ് യോജന (പി.കെ.വി.വൈ), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വിവൈ) എന്നിവയാണ് എസ്എച്ച്എം നടപ്പിലാക്കിയ മറ്റ് പരിപാടികൾ.

എംഐഡിഎച്ച് (മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ് മെന്റ് ഓഫ് ഹോർട്ടികൾച്ചർ) പദ്ധതിയിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ കൃത്യമായി വകയിരുത്തി ഹോർട്ടികൾച്ചർ വിളകളുടെ വിപുലീകരണത്തിനും മൂല്യവർദ്ധനവ്, സംസ്കരണം, സംഭരണം, വിപണനം എന്നിവയ്ക്ക് ആവശ്യമുള്ള അടിസ്ഥാനസൗകര്യ വികസനത്തിനും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ആനുകൂല്യം നൽകുന്ന നോഡൽ ഏജൻസിയാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ.

2019–20 ൽ എംഎഡിഎച്ചിന് കീഴിലുള്ള സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും ഉൾപ്പെടെ മൊത്തം 65.11 കോടി രൂപ എസ്.എച്ച്എമ്മിന് അനുവദിച്ചു. ഗുണനിലവാരമുള്ള വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഉത്പാദനത്തിനും വിതരണത്തിനുമായി നഴ്സറികൾ സ്ഥാപിക്കുക, പുതിയ തോട്ടങ്ങൾ സ്ഥാപിക്കുക, നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവിപ്പിക്കൽ, സംരക്ഷിതകൃഷി, ജൈവകൃഷി, ഹോർട്ടികൾച്ചർ യന്ത്രവൽക്കരണം, സാങ്കേതിക വ്യാപനം, തേനീച്ചവളർത്തൽ എന്നിവയാണ് പ്രധാന ഘടകങ്ങൾ. സംയോജിത പായ്ക്ക് ഹൗസുകൾ സ്ഥാപിക്കൽ, തരംതിരിക്കൽ, ഗ്രേഡിംഗ് യൂണിറ്റുകൾ, ശീതസംഭരണി, വിപണി വികസനം എന്നിവയാണ് വിളവെടുപ്പിനു ശേഷം ഉൾപ്പെട്ടിട്ടുള്ള പ്രധാന പരിപാടികൾ.

സ്ട്രോബെറി, വാഴപ്പഴം, പൈനാപ്പിൾ, മാമ്പഴം, ചക്ക, സങ്കര പച്ചക്കറികൾ, സുഗന്ധവ്യഞ്ജന വിളകളായ ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ജാതിക്ക, കശുവണ്ടി, കൊക്കോ എന്നിവയുടെ വിള വിസ്തൃതി ഉൾപ്പെടെ 2018–19 ൽ അനുവദിച്ച വെള്ളപ്പൊക്ക ലഘൂകരണത്തിനുള്ള എം.ഐ.ഡി.എച്ച് സ്കീം പ്രകാരമുള്ള പ്രത്യേക പാക്കേജ് 2019–20 ലും തുടർന്നു. പി.എം.കെ.എസ്.വൈ– ഓരോ തുള്ളി കൂടുതൽ വിള–മൈക്രോ ഇറിഗേഷൻ എന്ന ഘടകത്തിൽ, 2019–20 കാലയളവിൽ 48.81 ഹെക്ടറിൽ ഡ്രിപ്പ് ഇറിഗേഷന് 5.21 ലക്ഷം രൂപയുടെ പ്രത്യേക സഹായം നൽകി. വാഴപ്പഴം, പച്ചക്കറികൾ, പൈനാപ്പിൾ എന്നിവയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് പുറമേ, ആർ.കെ.വി.വൈ മുഖേന ഹൈടെക് കൃഷിക്ക് പിന്തുണ നൽകി. 8415 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള 11 പോളി ഹൗസുകൾ അനുവദിച്ചു. അതിൽ 7415 ചതുരശ്ര മീറ്റർ പച്ചക്കറി കൃഷിയിലും 1000 ചതുരശ്ര മീറ്റർ ഓർക്കിഡ് കൃഷിയിലും ആണ്. കേരളത്തിന് അനുയോജ്യമായ പോളി ഹൗസുകളുടെ ഘടനയും, രൂപകൽപ്പനയും, ഹൈടെക് ഹോർട്ടികൾച്ചർ പരിപാലനം എന്നിവയെ കുറിച്ചുള്ള പഠനത്തിൽ കേരള കാർഷിക സർവ്വകലാശാല ശുപാർശകൾ കൊണ്ടുവന്നു. ഇത് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സഹായകമായിരിക്കും.

കേന്ദ്ര മേഖല പദ്ധതിയായ ദേശീയ തേനീച്ച വളർത്തൽ, ഹണീ മിഷൻ (എൻ.ബി.എച്ച്.എം) എന്നിവയിലൂടെ മധുര വിപ്ലവത്തിന്റെ ഭാഗമാകാനുള്ള സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ഉദ്യമം സംസ്ഥാനത്തിന്റെ തേനീച്ചവളർത്തൽ മേഖലയിലെ ഉൽപാദനത്തെയും കാർഷിക ബിസിനസ്സ് വികസനത്തെയും പ്രോത്സാഹിപ്പിക്കുന്നതിന് വഴിയൊരുക്കും.

### കേരളം പുനർനിർമാണ സംരംഭം– പദ്ധതികൾ

2018 ലെ വെള്ളപ്പൊക്കത്തിനുശേഷം, ഹരിതാഭവും മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്നതുമായ കേരളം വികസിപ്പിക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർകെഐ) എന്ന സംരംഭം ആരംഭിച്ചു. ആർ.കെ.ഐയുടെ കീഴിൽ 432.147 കോടി രൂപയ്ക്ക് 13 പദ്ധതികളും മൂന്ന് പഠനങ്ങളും നടത്തുന്നതിനായി കാർഷിക വികസനകർഷകക്ഷേമ വകുപ്പിന് അനുമതി ലഭിച്ചു. അതിൽ 51.20563 കോടി രൂപ അനുവദിച്ചു. കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ ദൗത്യം, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള കാർഷിക സർവ്വകലാശാല, കേരള കാർഷിക വ്യവസായ കോർപ്പറേഷൻ എന്നിവയിലൂടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

നേരിയമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ സമഗ്രവികസനത്തിനായുള്ള സംയോജിത ഫാം മാനേജ്മെന്റ്, (10.00 കോടി), കേരളത്തിലെ വിപണി ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി (15.00 കോടി), ഇടുക്കി, വയനാട് ജില്ലകളിൽ സംയോജിത കൃഷിയിലൂടെ ഉപജീവനമാർഗ്ഗം വർദ്ധിപ്പിക്കുക. (50.00 കോടി), കുട്ടനാട് ആവാസമേഖലയുടെ സുസ്ഥിര വികസനം (2.91 കോടി), യന്ത്രവൽകൃത കൃഷിയിലൂടെ വടക്കൻ കേരളത്തിലെ കൈപാട് ജൈവ

തണ്ണീർത്തടങ്ങളുടെ വികസനം, നെല്ലിന്റെ ജനിതക ദ്രവ്യ സംരക്ഷണവും ജൈവവൈവിദ്യാധിഷ്ഠിത കൃഷിയും (3.00 കോടി) ആതിരപ്പള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി (7.917 കോടി), അട്ടപ്പാടി ഗോത്രവർഗ്ഗക്കാരുടെ സമഗ്രവും സുസ്ഥിരവുമായ കാർഷിക വികസനം, അമ്പലവയലിൽ പച്ചക്കറികളുടെയും പുഷ്പങ്ങളുടെയും മികവിന്റെ കേന്ദ്രം സ്ഥാപിക്കുക (4.00 കോടി), കൃഷി വകുപ്പിന്റെ ഇ-ഗവേണൻസ് ശക്തിപ്പെടുത്തുക (12.00 കോടി), ചെങ്ങന്നൂരിലെ സമൃദ്ധി-തരിശുരഹിത പദ്ധതി (10.00 കോടി), കാർഷിക സേവന കേന്ദ്രങ്ങളെയും കാർഷിക കർമ്മ സേനകളെയും ശക്തിപ്പെടുത്തി മേഖല തിരിച്ചുള്ള സേവന വിതരണത്തിനുള്ള പിന്തുണ, (5.00 കോടി രൂപ) തൃശ്ശൂർ-പൊന്നാനി കോൾനിലങ്ങൾ, പാംബൂരിചാൽ പാടശേഖരം എന്നിവിടങ്ങളിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ (യഥാക്രമം 298.38 കോടി, 5 കോടി രൂപ) എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. കൃഷി വകുപ്പിനും വി.എഫ്.പി.സി.കെ യ്ക്കും പഠനങ്ങൾ നടത്തുന്നതിനായി 0.95 കോടി രൂപയും അനുവദിച്ചു.

### കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (കിഫ്ബി) യിൽ അനുവദിച്ച പദ്ധതികൾ

ബനാന-ഹണി പാർക്ക് സ്ഥാപിക്കുന്നതിനായി 7.15 കോടി രൂപയും വെജിറ്റബിൾ അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനായി 15.00 കോടി രൂപയും അനുവദിച്ചു.

### കാർഷിക ഗവേഷണവും വിദ്യാഭ്യാസവും

സംസ്ഥാനത്തെ പ്രമുഖ കാർഷിക സ്ഥാപനമായ കാർഷിക സർവ്വകലാശാല, കാർഷിക വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാന വ്യാപനം എന്നിവയിൽ മികവ് പുലർത്തുന്നു. സുസ്ഥിര കാർഷിക വികസനത്തിനും കാർഷിക സമൂഹത്തിന്റെ ഉപജീവന സുരക്ഷയ്ക്കുമായി 7 കോളേജുകൾ, ആറ് പ്രാദേശിക കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, 18 ഗവേഷണ സ്ഥാപനങ്ങൾ, നാല് ഫാമുകൾ ഉൾപ്പെടുന്ന സ്ഥാപനങ്ങളുടെ ശൃംഖലയിലൂടെ നേതൃത്വം വഹിക്കുന്നു. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ 31 അഖിലേന്ത്യ ഏകോപന പദ്ധതി/ അഖിലേന്ത്യ ശൃംഖല പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. നൂതന സാങ്കേതിക വിദ്യയിലൂടെ സംരംഭകത്വം അഗ്രിബിസിനസ്സും ഉൾപ്പെടെയുള്ള കാർഷിക മേഖലയുടെ സുസ്ഥിര വളർച്ചയ്ക്കും പ്രധാന പങ്കു വഹിക്കുന്നു.

കാലാവസ്ഥാ വ്യതിയാനത്തെ ചെറുത്തുനിൽക്കുന്നതിനായി പ്രതിരോധ ശേഷിയുള്ള വിളയിനങ്ങൾ, ഹ്രസ്വകാല വിളയിനങ്ങൾ എന്നിവയുടെ വികസനം, ഉത്പാദനോപാധികളുടെ കാര്യക്ഷമതയെ പ്രോത്സാഹിപ്പിക്കുന്ന സാങ്കേതികവിദ്യ വികസനം, ചെറുകിട കൃഷിത്തോട്ട യന്ത്രവൽക്കരണം, വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ സൂക്ഷ്മ കൃഷി, തത്സമയ മാർക്കറ്റ് ഇന്റലിജെൻസ് സൗകര്യങ്ങളുടെ ഉപയോഗപ്പെടുത്തൽ, ഗുണനിലവാരമുള്ള ജൈവ ഉത്പാദനോപാധികൾ, ജൈവ വളങ്ങൾ എന്നിവയുടെ ലഭ്യത, നിരോധിത കീടനാശിനികൾക്ക് ബദൽ വികസിപ്പിക്കൽ, പ്രധാന വിളകൾക്കുള്ള കാർഷിക ആവാസ യൂണിറ്റ് അധിഷ്ഠിത പാക്കേജുകൾ എന്നിവ സംസ്ഥാനത്തെ കാർഷിക മേഖലയിലെ തിരിച്ചറിയപ്പെട്ട ചില സാങ്കേതിക വിടവുകളാണ്.

### കാർഷിക സർവ്വകലാശാലയുടെ ചില പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു

- പുറത്തിറക്കിയ പുതിയ വിള ഇനങ്ങൾ കെഎയു മിഥില, കെഎയു മനു വർണ എന്ന 2 നെല്ല് ഇനങ്ങൾ, 5 ഇന പച്ചക്കറികൾ, കെ ആർ എച്ച് 1-പീച്ചിങ്ങ ഇനം, കെ.എ.യു നിത്യ-ചതുര പയർ ഇനം, കെഎയു ദീപിക-വാളരി പയർ, കെ.എ.യു വൈഗ-ചീര, കെ.എ.യു സുരുചി-ക്ലസ്റ്റർ ബീൻ, കെ.എ.യു നിഹാര-കശുവണ്ടി, കേരസുലഭ-തേങ്ങ, പന്നിയൂർ 10-കുരുമുളക്, ഭൂമിക-രാമച്ചം, സുസ്ഥിര-ബജ്റ നേപ്പിയർ ഹൈബ്രിഡ്.
- ജ്യോതി, സ്വർണ്ണ പ്രഭ എന്നീ ഇനങ്ങളിൽ നിന്നും കേരളത്തിലെ കോൾ മേഖലയ്ക്ക് യോജിച്ചതും, ഉയർന്ന ഉത്പാദന ക്ഷമതയുള്ളതുമായ നെല്ലിനം (Cul.C-2-08) വികസിപ്പിച്ചെടുത്തു.
- ഭൗമ സൂചിക അനുബന്ധ പ്രവർത്തനങ്ങളിലെ ശ്രദ്ധേയമായ നേട്ടങ്ങൾക്ക്-കേരള കാർഷിക സർവ്വകലാശാലയുടെ ഐപിആർ സെല്ലിനു ലോക ഐപി ദിനത്തിൽ കൺട്രോളർ ജനറൽ ഓഫ് പേറ്റന്റിൽ നിന്നും പ്രത്യേക അംഗീകാരം ലഭിച്ചു.
- കേരധാര-കെഎയു കോക്കനട്ട് മിൽക്ക് എക്സ്ട്രാക്റ്റർ, കോക്കനട്ട് കളക്ടർ മടക്കാവുന്ന നൈലോൺ നെറ്റ് തരം, കോക്കനട്ട് കളക്ടർ വെൽഡഡ് മെഷ് തരം, പാം ബേസിൻ ഡിഗ്ഗർ, ഉദ്യാനമിത്ര (കെ.എ.യു ഗാർഡൻ ട്രാൻസ്പ്ലാന്റർ), സംപൂർണ്ണ (വാഴ, നെല്ല്, പച്ചക്കറി), അയർ എന്നീ സൂക്ഷമ മൂലക മിശ്രിതങ്ങൾ ഇവയ്ക്കായി വികസിപ്പിച്ച സാങ്കതികവിദ്യയുടെ കൈമാറ്റം.
- നീലയമരി (ഇൻഡിഗോഫെറ ടിൻക്റ്റോറിയ) കൈപ്പൻപടവലം (ട്രൈക്കോസാന്തസ് കുക്കുമെറിന), ഓരില (ഡെസ്മോഡിയം ഗാംജെറ്റിക്കം) എന്നിവയുടെ വിത്തുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി മാനദണ്ഡങ്ങൾ വികസിപ്പിച്ചു.
- മര മഞ്ഞളിൽ (കോക്സിനിയം ഫെനെസ്ട്രാറ്റം) നിന്നും തയ്യാറാക്കിയ അസംസ്കൃത മരുന്നിന്റെ പ്രമാണീകരണത്തിന് പ്രത്യേക നടപടിക്രമം വികസിപ്പിച്ചു.
- നഗരങ്ങളിൽ മട്ടുപ്പാവ് കൃഷിയ്ക്ക് വേണ്ടി വിള അധിഷ്ഠിത പോഷക മിശ്രിതങ്ങളും ഉൽപാദന പാക്കേജും വികസിപ്പിച്ചു.

- ഭൗതിക സവിശേഷതകൾ ആസ്പദമാക്കി ചകിരിച്ചോറും, ചാണകവും 2:1 എന്ന അനുപാതത്തിൽ അനുരൂപമായ വളർച്ചാ മാധ്യമമായി വികസിപ്പിച്ചു.
- നേന്ത്രൻ, ചക്ക, മുളക് എന്നിവ ദീർഘ കാലം സൂക്ഷിക്കുന്നതിനായിട്ടുള്ള മാർഗ്ഗങ്ങൾ വികസിപ്പിച്ചു.
- വാണിജ്യ പ്രാധാന്യമുള്ള ഇരുപത് ആന്തൂറിയം ഹൈബ്രിഡുകൾ വികസിപ്പിച്ചെടുത്തു.
- കണ്ണാറയിലെ ബനാന റിസർച്ച് സ്റ്റേഷനിലെ ഫീൽഡ് ജീൻ ബാങ്കിൽ ചക്കയുടെ ഇരുപത്തിരണ്ട് ഇനങ്ങൾ ഉൾപ്പെടുത്തി സംരക്ഷിക്കുന്നു.
- പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി അനേകം ഗ്രോ ബാഗുകൾ ഉൾപ്പെടുത്തി കമ്പോസ്റ്റിംഗ് സൗകര്യത്തോടു കൂടി കേരളത്തിന് അനുയോജ്യമായ ഒരു മിനി പോളിഹൗസ് മാതൃക രൂപ കൽപ്പന ചെയ്തു.
- പോളി ഹൗസിന് മുകളിൽ ജലസേചനം നൽകുന്നതിനും താപനിലയും ആപേക്ഷിക ആർദ്രതയും വെവ്വേറെ നിയന്ത്രിക്കുന്നതിനും, വളം ജലസേചനത്തിലൂടെ നൽകുന്നതിനും കഴിവുള്ള കുറഞ്ഞ ചെലവിലുള്ള പോളി ഹൗസ് ഓട്ടോമേഷൻ സംവിധാനം വികസിപ്പിച്ചെടുത്തു.
- കേരളത്തിലെ 100 പ്രധാന വിളകളുടെ ഉൽപാദനം, വിള സംരക്ഷണം, ജൈവ ഉൽപാദനോപാധികൾ, വിദഗ്ദരുടെ ഡയറക്ടറി, എന്നിവ ഉൾക്കൊള്ളുന്ന കൃഷി സംബന്ധിയായ മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു.
- 100 വിളകളെ ബാധിക്കുന്ന കീടങ്ങളെയും രോഗ പ്രശ്നങ്ങളെയും കുറിച്ചുള്ള ഫോട്ടോ അടക്കമുള്ള വിവരങ്ങളും, വളം, വായ്പ എന്നിവ കണക്കാക്കുന്നതിനുള്ള സൗകര്യവും ഉൾക്കൊള്ളുന്ന വെബ് സൈറ്റ് വികസിപ്പിച്ചു.
- കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രി ബിസിനസ് ഇൻകുബേറ്റർ, കാർഷിക അനുബന്ധ മേഖലകളിലെ 9 ലധികം സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകി. 4 സംരംഭകർക്ക് ടെക്നോളജി ലൈസൻസുകൾ നൽകി, 16 കൃഷി സംരംഭകർക്കും 28 സ്റ്റാർട്ടപ്പ് ഇൻകുബേറ്റുകൾക്കും പരിശീലനവും നൽകി.
- കാർഷിക സമൂഹത്തിന് വിദഗ്ധർ അടങ്ങുന്ന ഇന്റർ ഡിസിപ്ലിനറി സംഘവുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനായി ആരംഭിച്ച മുഖാമുഖം എന്ന നൂതന ആശയവിനിമയസംവിധാനം സംസ്ഥാനത്തൊട്ടാകെ 741 കർഷകരെ ഉൾപ്പെടുത്തി 15 പരിപാടികൾ നടത്തി.
- കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്തൊട്ടാകെയുള്ള വിള ഉൽപാദനം, മൂല്യവർദ്ധനവ്, ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 7 കർഷക ഉൽപാദനസംഘടനകൾ രൂപീകരിച്ചു.
- മനുഷ്യ വന്യമൃഗ സംഘട്ടനം (എച്ച്.ഡബ്ല്യു.സി) ആനയിറങ്ങുന്ന പക്ഷം പ്രവർത്തിക്കുന്ന മുന്നറിയിപ്പ് സംവിധാനം (ബീറ്റ പതിപ്പ് ) വികസിപ്പിച്ചെടുത്തു. മനുഷ്യ–വന്യജീവി സംഘർഷങ്ങൾ (എച്ച്. ഡബ്ല്യു.സി)പതിവായ ഗ്രാമങ്ങളിൽ കഴിഞ്ഞ രണ്ട് ദശകങ്ങളിൽ ഭൂവിനിയോഗരീതിയിലെ മാറ്റങ്ങൾ ജിഐഎസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് വിശകലനം ചെയ്തു. വിവിധ ഫോറസ്റ്റ് ഡിവിഷനുകൾക്കായി മനുഷ്യ വന്യമൃഗ സംഘട്ടനത്തിന്റെ വിവരങ്ങൾ ശേഖരിച്ച അടിസ്ഥാനവിവരശേഖരം തയ്യാറാക്കി.
- വനത്തിനുള്ളിലെ ഭക്ഷ്യ വിഭവങ്ങൾ മെച്ചപ്പെടുത്തുക, വന്യമൃഗങ്ങൾക്ക് വെള്ളം ലഭ്യമാക്കുക, കൃഷിസ്ഥലങ്ങളിൽ വേലികെട്ടുക, വിളകൾക്കും കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുക, മതിയായതും പെട്ടെന്നുള്ളതുമായ നഷ്ടപരിഹാരം നൽകുക എന്നിങ്ങനെ അഞ്ച് മികച്ച നടപടികൾ മനുഷ്യ–വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി നിർദ്ദേശിച്ചു.
- ആവിയിൽ തയ്യാറാക്കാവുന്ന പുട്ടു പൊടി, വാഴക്കപ്പൊടി അടിസ്ഥാനമാക്കിയുള്ള ആരോഗ്യ മിശ്രിതം, ഓസ്മോ–വാക് പ്രക്രിയയിൽ ഉണക്കുന്ന നേന്ത്രക്കായ എന്നിവയ്ക്കായി വികസിപ്പിച്ച സംസ്കരണ ചട്ടങ്ങളുടെ സാങ്കേതിക കൈമാറ്റം നടപ്പിലാക്കി.

## കാർഷിക ധനവിനിമയം

കാർഷിക ഉല്പാദനത്തിന് വായ്പ ഒരു പ്രധാന ഘടകമാണ്. സ്വാതന്ത്ര്യലബ്ധിക്കുമുതൽതന്നെ ഇന്ത്യയിലെ കാർഷികമേഖലയിലെ നയരൂപീകരണത്തിൽ വായ്പയ്ക്ക് ഒരു പ്രധാന സ്ഥാനം ലഭ്യമായിട്ടുണ്ട്. കർഷകന് സമയബന്ധിതവും മതിയായതുമായ വായ്പ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ബാങ്കിംഗ് സംവിധാനം സംസ്ഥാന സർക്കാരുമായി ചേർന്ന് പ്രവർത്തിക്കുന്നു. ഉയർന്ന കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കനുകൂലമായ രീതിയിൽ നൂതന വിപണിയിലെ മധ്യവർഗ്ഗത്തിന്റെ വർദ്ധിച്ച ആഭിമുഖ്യവും വളർന്നുവരുന്ന ആഗോള ജനസംഖ്യയും കാർഷിക മേഖലയിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന്റെ ആവശ്യകത വർദ്ധിപ്പിക്കുന്നു. ആർ.ബി.ഐ യുടെ മുൻഗണനാ മേഖലകൾക്കുള്ള വായ്പാ ടാർജറ്റുകളും വർഗ്ഗീകരണവും സംബന്ധിച്ച നിർദ്ദേശങ്ങൾക്കനുസരിച്ച് അഡ്ജസ്റ്റഡ് നെറ്റ് ബാങ്ക് ക്രെഡിറ്റ് (എ.എൻ.ബി.സി) അല്ലെങ്കിൽ ഓഫ് ബാലൻസ് ഷീറ്റ് എക്സ്പോഷറിന്റെ (ഒ.ബി.ഇ) ക്രെഡിറ്റിന് തുല്യമായ തുക, ഏതാണോ ഉയർന്നത് അതിന്റെ അടിസ്ഥാനത്തിൽ ഇരുപതോ അതിൽ കൂടുതലോ ശാഖകളുള്ള വിദേശ ബാങ്കുകൾ വഴിയും, ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ വഴിയും മുൻഗണനാ ബാങ്കുകൾക്ക് വായ്പ നൽകുന്നു. ഇതിൽ എ.എൻ. ബി.സി യുടേയോ അല്ലെങ്കിൽ ഒ.ബി.ഇ യുടേയോ

**ചിത്രം 3.1.5** കാർഷിക വായ്പ കേരളത്തിൽ (2013–14 മുതൽ 2019–20 വരെ)




*അവലംബം: സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2020-21*

ക്രെഡിറ്റിന് തുല്യമായ തുകയുടേയോ 18 ശതമാനം, ഏതാണോ കൂടുതൽ അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ വഴിയും ചെറുകിട ബാങ്കുകൾ ഉൾപ്പെടെ, കാർഷിക മേഖലയ്ക്ക് വായ്പകൾ നൽകി വരുന്നു.

കാർഷിക മേഖലയുടെ ദീർഘകാല വികസനത്തിന് കൃഷിയ്ക്കായുള്ള ദീർഘകാല വായ്പ അത്യാവശ്യമായ ഒന്നാണ്. കാരണം ഇത് മൂലധന രൂപീകരണ പ്രക്രിയയെ സഹായിക്കുന്നു. കേരളത്തിലും കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കാർഷികമേഖലയ്ക്കു നൽകുന്ന വായ്പകൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. 2016–17 ൽ 54,270.00 കോടി രൂപയും 2017–18 ൽ 67,089.00 കോടി രൂപയും 2018–19 ൽ 71,632.00 കോടി രൂപയും 2019–20 ൽ 73,034.00 കോടി രൂപയുമായി കാർഷികവായ്പയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2018–19 ൽ വിതരണം ചെയ്ത മൊത്തം കാർഷിക വായ്പ 71,632.00 കോടി രൂപയാണ്. ആകെ കാർഷിക വായ്പയിൽ 32,613.59 കോടി രൂപ വാണിജ്യ ബാങ്കുകൾ വഴിയും 10,233.36 കോടി രൂപ പ്രാദേശിക ഗ്രാമീണ ബാങ്കുകൾ വഴിയും 13,476.96 കോടി രൂപ കോ–ഓപ്പറേറ്റീവ് ബാങ്കുകൾ വഴിയും 2018–19 ൽ കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്(**പട്ടിക 3.1.5**). കാർഷിക അനുബന്ധ വായ്പ ലഭ്യമാക്കുന്നതിൽ വാണിജ്യ ബാങ്കുകളുടെ പ്രാധാന്യം തുടർന്നുകൊണ്ടിരിക്കുന്നു എന്നതാണ് ഇത് സൂചിപ്പിക്കുന്നത്(**ചിത്രം 3.1.5**).

2018–19 ലെ ലക്ഷ്യമിട്ടിട്ടുള്ള ടാർജറ്റിന്റെ 140 ശതമാനമാണ് ടേം വായ്പകളിലെ നേട്ടം. 2017–18 ൽ 113 ശതമാനം, 2016–17 ൽ 103 ശതമാനമായിരുന്ന വിള വായ്പ ലക്ഷ്യത്തിന്റെ 98 ശതമാനം മാത്രമാണ് കൈവരിച്ചത്. കാർഷിക മേഖലയ്ക്ക് വായ്പ നൽകുന്നതിൽ സഹകരണ സംഘങ്ങൾ പിന്നിലാണ്. 2018–19 വായ്പ ലക്ഷ്യത്തിന്റെ 58 ശതമാനം മാത്രമാണ് നേടിയത്. കർഷകരുടെ പ്രയോജനത്തിനായി കാർഷിക സ്വർണ്ണ വായ്പാ നയത്തിൽ സ്വീകരിച്ച കർശന മാനദണ്ഡങ്ങളാണ് കാർഷികമേഖലയ്ക്ക് വിള വായ്പ നൽകുന്നതിൽ കുറവ് വരാൻ കാരണമായത്.

## നിക്ഷേപ വായ്പ

കാർഷിക വായ്പാ ഇനത്തെ ഉല്പാദന വായ്പ, നിക്ഷേപ വായ്പ എന്ന് തരം തിരിച്ചാൽ 2013–14 ലെ നിക്ഷേപ വായ്പയുടെ പങ്ക് 14.03 ശതമാനത്തിൽ നിന്ന് 2019–20 ൽ 33.26 ശതമാനമായി വർദ്ധിച്ചതായി കാണാം (**ചിത്രം 3.1.6, അനുബന്ധം 3.1.25**). എന്നിരുന്നാലും 2018–19 നെ അപേക്ഷിച്ച് വളർച്ച ശതമാനം കുറഞ്ഞു. 2018–19 ൽ വാണിജ്യ ബാങ്കുകൾ 18435.11 ലക്ഷം രൂപ, സഹകരണബാങ്കുകൾ 5962.59 ലക്ഷം രൂപ, ആർ.ആർ.ബി 1957.85 ലക്ഷം രൂപ എന്നിങ്ങനെ നിക്ഷേപ വായ്പയായി 27,035.00 ലക്ഷം രൂപ വിതരണം ചെയ്തു.

2019–20 ൽ 73,034.00 കോടി രൂപ സംസ്ഥാനത്ത് വിതരണം ചെയ്തതിൽ 48,743.00 കോടി രൂപ ഉല്പാദന ആവശ്യങ്ങൾക്കുള്ള വായ്പയും 24,291.00 കോടി രൂപ നിക്ഷേപ ആവശ്യത്തിനുള്ള വായ്പയുമാണ്. കാർഷിക മേഖലയിൽ ലഭ്യമാക്കുന്ന ദീർഘകാല വായ്പകൾ മേഖലയിലെ മൂലധന രൂപീകരണത്തിന് ഉതകുന്നുണ്ടെന്ന് ബാങ്കുകൾ ഉറപ്പാക്കേണ്ടതുണ്ട് (**ചിത്രം 3.1.6, അനുബന്ധം 3.1.26**).

കഴിഞ്ഞ കുറച്ച് വർഷങ്ങളായി നിക്ഷേപ വായ്പയുടെ അനുപാതത്തിൽ കാര്യമായ മാറ്റമുണ്ടെന്നത് ശ്രദ്ധേയമാണ്. 2006–07 ൽ ഉൽപാദന(ഹ്രസ്വകാല) വായ്പ, നിക്ഷേപ (ദീർഘകാല) വായ്പ എന്നിവ മൊത്തം ജി.എൽ.സി (ഗ്രൗണ്ട് ലെവൽ ക്രെഡിറ്റ്)

**ചിത്രം 3.1.6** ആകെയുള്ള കാർഷിക വായ്പയിൽ ഉല്പാദന വായ്പയുടേയും നിക്ഷേപ വായ്പയുടേയും പങ്ക്




*അവലംബം:* സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2020-21

യുടെ 81 ശതമാനവും 19 ശതമാനവുമാണ്. പത്ത് വർഷത്തിനിടയിൽ കാർഷികമേഖലയിലേയ്ക്കുള്ള ഉല്പാദനനിക്ഷേപ വായ്പ യഥാക്രമം 74 ശതമാനവും 26 ശതമാനവുമായി. ഹ്രസ്വകാല വായ്പ നൽകിയത് 13 ശതമാനം സി.എ.ജി.ആർ (കോമ്പൗണ്ട് വാർഷിക വളർച്ചാ നിരക്ക്) ദീർഘകാല വായ്പ 20 ശതമാനം സി.എ.ജി.ആർ എന്നിങ്ങനെയാണ്. **(അനുബന്ധം 3.1.27).**

ഹ്രസ്വകാല വിളവായ്പ അഥവാ ഉല്പാദനവായ്പക്ക് അനുകൂലമായ അനുപാതം, മൂലധനം അഥവാ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന ആസ്തികളിലെ നിക്ഷേപത്തെ കുറച്ചിട്ടുണ്ട്. നിർണ്ണായകമായതും എന്നാൽ സ്വയം ഉയർന്നുവരാൻ ആകാത്തതുമായ പ്രവൃത്തിമേഖലകളെ സബ് വെൻഷനിൽ ഉൾപ്പെടുത്തി വ്യത്യസ്ഥ പലിശ നിരക്കുകളിൽ വായ്പ ലഭ്യമാക്കുകയും, പ്രത്യേക മേഖലാടിസ്ഥാനത്തിൽ വായ്പയുടെ ആവശ്യകതകൾ വിലയിരുത്തി സെഗ് മെന്റേഷൻ സമീപനത്തിലൂടെ വായ്പകൾ വിതരണം ചെയ്യേണ്ടതുമാണ് (സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2019-20, നബാർഡ്). 2018-19 കാലയളവിൽ മൊത്തം കാർഷിക വായ്പയുടെ ഏജൻസി തിരിച്ചുള്ള കണക്കുകൾ

**പട്ടിക 3.1.5 2018-19 ൽ കാർഷികമേഖലയ്ക്കുള്ള വായ്പ (രൂപ കോടിയിൽ)**

| ക്രമ നമ്പർ | ഏജൻസിയുടെ പേര് | ഹ്രസ്വകാല വായ്പ | | | ദീർഘകാലവായ്പ | | | ആകെ കാർഷിക വായ്പ | | |
|---|---|---|---|---|---|---|---|---|---|---|
| | | ലക്ഷ്യം | നേട്ടം | % നേട്ടം | ലക്ഷ്യം | നേട്ടം | % നേട്ടം | ലക്ഷ്യം | നേട്ടം | % നേട്ടം |
| 1 | വാണിജ്യ ബാങ്കുകൾ | 19073.18 | 21994.33 | 115.32 | 7812.01 | 10619.26 | 135.94 | 26885.19 | 32613.59 | 121.31 |
| 2 | സഹകരണ ബാങ്കുകൾ | 13065.15 | 7514.37 | 58 | 5458.49 | 5962.59 | 109 | 18523.65 | 13476.96 | 73 |
| 3 | പ്രാദേശീക ഗ്രാമീണ ബാങ്കുകൾ | 5253.16 | 8275.51 | 158 | 1489.67 | 1957.84 | 131 | 6742.83 | 10233.36 | 152 |
| 4 | സ്വകാര്യ വാണിജ്യ ബാങ്കുകൾ | 8171.83 | 6518.22 | 79.76 | 4309.43 | 7815.85 | 181.37 | 12481.21 | 14334.07 | 114.84 |
| 5 | ചെറുകിട ധനകാര്യ ബാങ്കുകൾ | 70.47 | 294.70 | 418 | 179.28 | 679.60 | 379 | 249.75 | 974.29 | 390 |
| | ആകെ | 45633.80 | 44597.12 | 98 | 19248.9 | 27035.15 | 140 | 64882.71 | 71632.27 | 110 |

*അവലംബം:* സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2020-21

സൂചിപ്പിക്കുന്നത് ഏറ്റവും കൂടുതൽ വായ്പ വിതരണം ചെയ്തത് വാണിജ്യ ബാങ്കുകൾ ആണെന്നും (45.52 ശതമാനം) തുടർന്ന് സഹകരണ ബാങ്കുകളും (18.8 ശതമാനം) പ്രാദേശിക ഗ്രാമീണ ബാങ്കുകൾ (14.28 ശതമാനം) എന്നിങ്ങനെയാണ്. (**അനുബന്ധം 3.1.28**).

## കാർഷിക മേഖലയിലേയ്ക്കുള്ള നിക്ഷേപ വായ്പ ഏജൻസി തിരിച്ചുള്ള വിതരണം

2017-18 ൽ ദീർഘകാല വായ്പയുടെ വിഹിതം മൊത്തം ജി.എൽ.സി യുടെ 28 ശതമാനത്തിൽ നിന്ന് 2018-19 ൽ 38 ശതമാനമായി ഉയർന്നിട്ടുണ്ട്. ഇത് കാർഷികമേഖലയിൽ ആസ്തി സൃഷ്ടിക്കുന്നതിന്റെ പ്രാധാന്യം കാണിക്കുന്നുണ്ട്. കൂടാതെ ഈ മേഖലയിലെ ദീർഘകാല സുസ്ഥിര വളർച്ചാ നിരക്കും ഇത് സൂചിപ്പിക്കുന്നു. 2018-19 കാലയളവിലെ കേരളത്തിലെ കാർഷിക വായ്പയിലെ നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള വിതരണം **പട്ടിക 3.1.6, ചിത്രം 3.1.7** എന്നിവയിൽ കാണിച്ചിരിക്കുന്നു. മൊത്തം ദീർഘകാല വായ്പയിൽ വാണിജ്യ ബാങ്കുകളുടെ വിഹിതം 68 ശതമാനമാണ്. അതേസമയം സഹകരണ ബാങ്കുകളുടെ വിഹിതം 22 ശതമാനമാണ്. ദീർഘകാല വായ്പയിൽ ആർ.ബി കളുടേയും ചെറുകിട ധനകാര്യ ബാങ്കുകളുടേയും വിഹിതം യഥാക്രമം 7 ശതമാനവും 3 ശതമാനവുമാണ്.

## കിസാൻ ക്രെഡിറ്റ് കാർഡ്

ആവശ്യാനുസരണവും സമയബന്ധിതമായി കാർഷിക വായ്പ ലഭ്യമാക്കുന്നതിനുള്ള ഫലപ്രദമായ വായ്പ വിതരണ സംവിധാനമായ കിസാൻ ക്രെഡിറ്റ് കാർഡ് 1998-99 കാലയളവിലാണ് ആരംഭിച്ചത്. എസ്.എൽ.ബി.സി യിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം 2018-19 -ൽ 6,92,750 കിസാൻ ക്രെഡിറ്റ് കാർഡുകൾ വഴി 8386.29 കോടി രൂപ സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്. കെ.സി.സി യുടെ പരിഷ്ക്കരിച്ച മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് (ഇത് എ.റ്റി.എം ലും സ്വൈപ്പിംഗ് മെഷിനുകളിലും ഉപയോഗിക്കാൻ പറ്റുന്ന) ഒരേ സമയം സ്മാർട്ട് കാർഡും ഡെബിറ്റ് കാർഡുമായിരിക്കണം.കെ.സി.സി യുടേയും റുപെയുടേയും ആനുകൂല്യങ്ങൾ ലഭിക്കുന്ന റുപെയ് കെ.സി.സി കാർഡ് റുപെയ് പുറത്തിറക്കിയിട്ടുണ്ട്. സാധാരണ കെ.സി.സി യിൽ നിന്ന് വ്യത്യസ്തമായി, പുതിയ റുപ്പെ കെ.സി.സി കാർഡ് ഒരു ഐഡന്റിറ്റി കാർഡ്, ഇടപാടുകൾ രേഖപ്പെടുത്തുന്ന സംവിധാനം എന്നതിലുപരി ഒരു സ്മാർട്ട്കാർഡായും ഇത് പ്രവർത്തിക്കുന്നു. ഈ കാർഡ് ഉപയോഗിച്ച് അടുത്തുള്ള എ.റ്റി.എംകളിൽ നിന്നും പി.ഒ.എസിൽ നിന്നും പണം പിൻവലിക്കാവുന്നതാണ്. നിലവിൽ കേരളത്തിൽ റുപ്പെ കെ.സി.സി യുടെ വിനിമയം പ്രാരംഭ ഘട്ടത്തിലാണ് (**അനുബന്ധം 3.1.29**).

**പട്ടിക 3.1.6** കാർഷിക മേഖലയിലേയ്ക്കുള്ള നിക്ഷേപ വായ്പ ഏജൻസി തിരിച്ചുള്ള വിതരണം(2018-19)

| ക്രമ നമ്പർ | സ്ഥാപനം | തുക (ലക്ഷത്തിൽ) | ശതമാനം |
|---|---|---|---|
| 1 | വാണിജ്യ ബാങ്കുകൾ | 18435.11 | 68.19 |
| 2 | സഹകരണ ബാങ്കുകൾ | 5962.59 | 22.05 |
| 3 | പ്രാദേശിക ഗ്രാമീണ ബാങ്കുകൾ | 1957.85 | 7.24 |
| 4 | മറ്റുള്ളവ | 679.6 | 2.51 |
| | ആകെ | 27035.16 | 100.00 |

*അവലംബം: സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2020-21*

**ചിത്രം 3.1.7** ആകെയുള്ള കാർഷിക വായ്പയിൽ ഉല്പാദന വായ്പയുടേയും നിക്ഷേപ വായ്പയുടേയും പങ്ക്




*അവലംബം: സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2020-21*

### ദീർഘകാല ഗ്രാമീണ വായ്പ ഫണ്ട്

ദീർഘകാല നിക്ഷേപ വായ്പയുടെ തോത് വർഷം തോറും കുറഞ്ഞു വരികയും ആസ്തികൾ സൃഷ്ടിക്കുന്നതിന് തടസ്സം നിൽക്കുകയും ചെയ്ത് വരുന്ന സാഹചര്യത്തിൽ, ഭാരത സർക്കാർ നബാർഡിന്റെ സഹായത്തോടെ ദീർഘകാല ഗ്രാമീണ വായ്പ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾക്കും ആർ.ആർ.ബിയ്ക്കും കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല വായ്പകൾ വിതരണം ചെയ്യുവാൻ വേണ്ടിയുള്ള സഹായമായാണ് ഈ ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുന്ന എല്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും, സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കുകൾക്കും ആർ.ആർ.ബികൾക്കും നബാർഡിൽ നിന്നുള്ള ഈ സഹായം പ്രയോജനപ്പെടുത്താനുള്ള അർഹതയുണ്ട്. വ്യവസ്ഥരഹിത ആട്ടോമാറ്റിക് റിഫിനാൻസ് സൗകര്യം കാർഷിക മേഖലയിലെ എല്ലാ പ്രോജക്ടുകളുടേയും നീക്കിയിരിപ്പിൻമേലും വായ്പയിൻ മേലും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രളയാനന്തര പുനർ നിർമിതിയുടെ ഈ ഘട്ടത്തിൽ, മൂലധനരൂപീകരണത്തെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് എൽ.റ്റി.ആർ.സി.എഫ് വഴി നബാർഡ് വായ്പ വിതരണം ചെയ്യുന്നത്. 2019–20 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ കേരളത്തിലെ റീജിയണൽ ഓഫീസ് പുനർ വായ്പയായും ഗ്രാന്റായും 10701.06 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. 2019–20 സാമ്പത്തികവർഷത്തിൽ വിതരണം ചെയ്ത മൊത്തം പുനർ വായ്പയിൽ 30 ശതമാനം ദീർഘകാല പുനർ വായ്പയും 70 ശതമാനം ഹ്രസ്വകാല പുനർ വായ്പയുമാണ്. 2019–20 സാമ്പത്തികവർഷത്തിൽ എസ്.ടി.എസ്.എ.ഒ (ഹ്രസ്വകാല സീസണൽ കാർഷിക പ്രവർത്തനങ്ങൾ) പ്രകാരം വിതരണം ചെയ്തത് 2,346.00 കോടി രൂപയും എസ്.ടി.ഒ.എസ്.എ.ഒ പ്രകാരം 2,050.00 കോടി രൂപയും അധിക എസ്.ടി.എ.ഒ പ്രകാരം 2,400.00 കോടി രൂപയുമാണ്.

### നബാർഡിന്റെ ധനസഹായം

നബാർഡ് പ്രാരംഭകാലം മുതൽ തന്നെ ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ഗ്രാമീണ പുരോഗതിയ്ക്കും മുൻഗണന നൽകുന്നുണ്ട്. 1995 മുതൽ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനായി ഗ്രാമീണ പശ്ചാത്തല വികസന നിധി എന്ന പരിപാടി നടപ്പിലാക്കി വരുന്നു. ആർ.ഐ.ഡി.എഫ് വായ്പ എടുക്കുന്നതിനുപുറമേ ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ബജറ്റിലും ഓഫ് ബജറ്റിലും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്കും കോ–ഓപ്പറേഷനുകൾക്കും ധനസഹായം നൽകുന്നതിനായി നബാർഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് (നിഡ) രൂപീകരിച്ചിട്ടുണ്ട്. 2016–17 സാമ്പത്തികവർഷത്തിൽ കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം, കണ്ണൂർ എന്നീ 4 ജില്ലകളിലെ 16 റോഡുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബോർഡിന് (കെ.എ.എ.എഫ്.ബി) ഫണ്ട് അനുവദിച്ചു. 565.00 കോടി രൂപയാണ് വായ്പയായി അനുവദിച്ചിട്ടുള്ളത്. 2019–20 സാമ്പത്തികവർഷത്തിൽ പദ്ധതിയ്ക്കായി 364.20 കോടി രൂപകൂടി അനുവദിച്ചു. പദ്ധതിയ്ക്കായി മൊത്തം 565.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യസംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി 2,000.00 കോടി രൂപ പ്രത്യേക ഫണ്ടായി ഭക്ഷ്യസംസ്കരണം എന്ന പേരിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ നബാർഡ് വഴി ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ ഭക്ഷ്യസംസ്കരണ ഫണ്ടിൽ ഒരു പ്രോജക്ട് 2015–16 ൽ അനുവദിച്ചിട്ടുണ്ട്. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് (കിൻഫ്രാ) വഴി നടപ്പാക്കുന്ന ഈ പദ്ധതിയുടെ പേര് "മെഗാഫുഡ് പാർക്ക്" പദ്ധതി എന്നാണ്. ഈ പദ്ധതിയ്ക്കായി സംസ്ഥാനത്തിന് 28.34 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വായ്പാ വിഹിതം അടിസ്ഥാനമാക്കി അനുവദിച്ച വായ്പയുടേയും, വിതരണം ചെയ്ത വായ്പയുടേയും കണക്കുകൾ **അനുബന്ധം 3.1.26** ലും **3.1.30** ലും രേഖപ്പെടുത്തിയിരിക്കുന്നു.

കാർഷികമേഖലയ്ക്കുള്ള വായ്പയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നം സമയബന്ധിതമായി കാർഷിക ആവശ്യങ്ങൾക്ക് വായ്പ അനുവദിക്കാൻ കഴിയുന്നില്ല എന്നതാണ്. കാർഷിക വായ്പയെ പ്രധാനമായും ദോഷകരമായി ബാധിക്കുന്ന കാര്യം അനിയന്ത്രിതമായ കാർഷിക സ്വർണ്ണപണയ വായ്പകളാണ്. അനുവദിക്കുന്ന വായ്പയ്ക്ക് ആനുപാതികമായി മൊത്തം ആഭ്യന്തരഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പലവിധ തടസ്സങ്ങളാണ് സംസ്ഥാനത്തുള്ളത്. ആയതിനാൽ, കാർഷിക അഭിവൃദ്ധിയെ പരിപോഷിപ്പിക്കുന്ന മറ്റ് മാർഗ്ഗങ്ങൾ അതായത്, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, അടിസ്ഥാന സൗകര്യം വ്യാപിപ്പിക്കുക, കാർഷിക അനുബന്ധമേഖലയിൽ കൂടുതലായി ഗവൺമെന്റിന്റെ വക ചിലവ് വർദ്ധിപ്പിക്കുക, ഫലപ്രദമായ രീതിയിലുള്ള എക്സ്റ്റൻഷൻ സേവനങ്ങൾ നടപ്പിലാക്കുക, മത്സരശേഷിയിലൂന്നിയ കയറ്റുമതി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയ്ക്ക് പ്രത്യേക ഊന്നൽ നൽകുക. ഇതിനെല്ലാം പുറമേ കാലാവസ്ഥാ വ്യതിയാനങ്ങളുടെ അനന്തരഫലം മറികടക്കുന്നതിനും കാർഷിക മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്തേണ്ടതുണ്ട്.

## 3.2 സഹകരണം

സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വികസന പ്രക്രിയയിൽ സഹകരണ മേഖല വഹിക്കുന്ന പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഗ്രാമീണ ജനതയും അവരുടെ ഉപജീവനവന മാർഗങ്ങളെയും കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളാണ് സഹകരണ മേഖലയിൽ നടക്കുന്നത്. വികസനത്തിനായി പ്രകൃതി, മാനവ സാമ്പത്തിക വിഭവങ്ങൾ സമാഹരിക്കുന്നതിനുള്ള ശക്തമായ ഉപാധിയാണ് സഹകരണ സംഘങ്ങൾ. കൂടാതെ, ഇന്ത്യയിൽ ജനാധിപത്യ ആസൂത്രണത്തിന്റെ ഒരുപകരണമായും സഹകരണ പ്രസ്ഥാനം കണക്കാക്കപ്പെടുന്നു. ലോകത്തിലെ തൊഴിൽ ജനസംഖ്യയുടെ 10 ശതമാനം സഹകരണ മേഖലയുടെ സംഭാവനയാണെന്ന് കണക്കാക്കുന്നു. സാമൂഹികമായി എല്ല ജന വിഭാഗങ്ങളേയും ഉൾക്കൊള്ളുന്ന സുസ്ഥിര വികസനം കൈവരിക്കുന്നതിനുള്ള മാർഗ്ഗമായി സഹകരണ വികസന മാതൃകയെ പിൻതുടരുവാനുള്ള താല്പര്യം ലോകമെമ്പാടും ഉയർന്നുവരുന്നുണ്ട്. ലോകമെമ്പാടും വർദ്ധിച്ചു വരുന്ന സാമ്പത്തിക അസമത്വത്തിന്റെ പശ്ചാത്തലത്തിൽ ഐക്യരാഷ്ട്ര സഭയും അന്താരാഷ്ട്ര തൊഴിൽ സംഘടനയും സഹകരണ സംഘങ്ങളെ പ്രായോഗിക ബദലായി പരിഗണിക്കുന്നതിനാൽ ഇന്ത്യയിലെ സഹകരണ സംഘങ്ങളുടെ വികസന മാതൃകകൾ ആഗോളതലത്തിൽ സഹകരണ സംഘങ്ങളുടെ പുനർ നിർവ്വഹണവുമായി പൊരുത്തപ്പെടുന്നുണ്ട്. സമീപകാലത്തുണ്ടായ ആഗോള സാമ്പത്തിക പ്രതിസന്ധികളിൽ നിന്ന് കരകയറുന്നതിന് സഹകരണമേഖലയുടെ ഇടപെടലിലുണ്ടായ ഗുണഫലങ്ങൾ മനസ്സിലാക്കിയും ജനാധിപത്യപരമായ ഉടമസ്ഥതയിലും നിയന്ത്രണത്തിലുള്ള ബിസിനസ്സ് രൂപവുമായ സഹകരണ പ്രസ്ഥാനങ്ങളുടെ ആവശ്യകത വർദ്ധിച്ചിട്ടുണ്ട്. സാമൂഹിക-സാമ്പത്തിക അസമത്വം ലഘൂകരിച്ചുകൊണ്ട് സമഗ്രമായ വളർച്ചയ്ക്ക് ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മികച്ച സ്ഥാപനങ്ങളാണ് സഹകരണ സംഘങ്ങൾ.

കേരള സംസ്ഥാനം രൂപപ്പെടുന്നതിന് മുമ്പ് തന്നെ കേരളത്തിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചു. തിരുവിതാംകൂർ, കൊച്ചി സംയോജനത്തിനുശേഷം സെപ്റ്റംബർ 01, 1952 മുതൽ തിരുവിതാംകൂർ, കൊച്ചി സഹകരണസംഘനിയമം 1951 പ്രാബല്യത്തിൽ വന്നു. കേരള സംസ്ഥാനം രൂപീകരിച്ചതിനുശേഷം സംസ്ഥാനത്തിനു മുഴുവൻ ഒരേ സഹകരണ നിയമം നടപ്പിലാക്കുന്നതിനായി കേരള സഹകരണ സൊസൈറ്റി നിയമം. മെയ് 15, 1969 മുതൽ നിലവിൽ വന്നു. അതിനുശേഷം ജനുവരി 01, 2000 ൽ കേരള സഹകരണ (ഭേദഗതി)നിയമം 1999 നടപ്പിലാക്കുകയുണ്ടായി.

സഹകരണ സംഘങ്ങളെ അവയുടെ പ്രവർത്തന മേഖല, ഏറ്റെടുക്കുന്ന പ്രവൃത്തികൾ എന്നിവ അനുസരിച്ച് തരം തിരിച്ചിരിക്കുന്നു. നിലവിൽ 15,892 സഹകരണ സംഘങ്ങളാണ് രജിസ്ട്രാർ ഓഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റികളുടെ കീഴിൽ പ്രവൃത്തിക്കുന്നത്. ഇതിൽ 12,052 എണ്ണം തൃപ്തികരമായി പ്രവൃത്തിക്കുന്നവയാണ്. ഇതിൽ ഭൂരിഭാഗവും ഉപഭോക്തൃസംഘങ്ങളും (3807) ശേഷം വായ്പാ സഹകരണ സംഘങ്ങളും (3369), വനിതാ സഹകരണ സംഘങ്ങളുമാണ് (931). കൂടാതെ, വിപണന, പാർപ്പിട, ആരോഗ്യ, എസ്.സി/എസ്.ടി സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും, ഇതിൽ പകുതിയോളം പ്രവർത്തനരഹിതമോ നഷ്ടത്തിലോ പ്രവർത്തിക്കുന്നവയാണ്. വിശദവിവരങ്ങൾ **അനുബന്ധം 3.2.1** ലും **3.2.2** ലും ചേർത്തിരിക്കുന്നു.

### വായ്പാ സഹകരണ സംഘങ്ങൾ

വായ്പാ സഹകരണ സംഘങ്ങളാണ് കേരളത്തിൽ ഏറ്റവും ആകർഷകമായതും സാധ്യതയുള്ളതുമായ സഹകരണ പ്രസ്ഥാനങ്ങളിലൊന്ന്. സഹകരണ വായ്പാ ഘടനയിൽ ഹ്രസ്വകാലം, ഇടത്തരം, ദീർഘകാലം എന്നീ വിഭാഗങ്ങളാണുള്ളത്. നവംബർ 28, 2019 വരെ സംസ്ഥാനതലത്തിൽ കേരള

സംസ്ഥാന സഹകരണ ബാങ്കും ജില്ലാതലത്തിൽ 14 സഹകരണ ബാങ്കുകളും ഉണ്ടായിരുന്നു. നവംബർ 29, 2019 ൽ രജിസ്ട്രാർ ഓഫ് കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുമായി 13 ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ ലയിപ്പിക്കുവാൻ സെക്ഷൻ 14 എ, കെ.സി.എസ് നിയമം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ഇതോടെ സംസ്ഥാനത്തെ നിലവിലുള്ള ത്രിതല ഹ്രസ്വകാല സഹകരണ ഘടനയെ ദ്വിതല ഘടനയാക്കി മാറ്റി. നവംബർ 29, 2019 മുതൽ ഹ്രസ്വ ഇടത്തരം കാർഷിക വായ്പാ ഘടനയിൽ കേരള ബാങ്കും ഒരു ജില്ലാ സഹകരണ ബാങ്കും 1643 പി.എ.സി.എസ്സും (പ്രാഥമിക കാർഷിക വായ്പ്പാസൊസൈറ്റികൾ) താഴെത്തട്ടിൽ എഫ്.എസ്.എസ് ഉൾപ്പെടുന്നു.

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസനബാങ്ക്, താലൂക്ക് തലത്തിൽ പ്രവൃത്തിക്കുന്ന 78 പ്രാഥമിക സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കുകൾ എന്നിവയടങ്ങുന്നതാണ് ദീർഘകാല സഹകരണ വായ്പാ സംവിധാനം. ദീർഘകാല നിക്ഷേപ വായ്പ വഴി കാർഷിക ഗ്രാമ വികസന മേഖലയിലെ മൂലധനത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് സുപ്രധാന പങ്കുണ്ട്. കർഷകർക്കും ഗ്രാമീണ മേഖലയ്ക്കും കുറഞ്ഞ നിരക്കിൽ കാർഷിക വായ്പയും സാമ്പത്തിക സേവനങ്ങളും നൽകുന്നതിലൂന്നിയാണ് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്.

പ്രാദേശികമായി സമാഹരിക്കുന്ന സ്രോതസ്സുകളെ വലിയ തോതിൽ ആശ്രയിക്കുകയും അതുവഴി കോർപ്പറേറ്റ് തലത്തിലുള്ള ക്രെഡിറ്റ് സ്ഥാപനങ്ങളിൽമേലുള്ള ആശ്രയത്വം കുറയ്ക്കുകയും ചെയ്യുക എന്നതാണ് പൊതുവിൽ സഹകരണ ബാങ്കിംഗ് സംവിധാനത്തിന്റെ ലക്ഷ്യം. പ്രാഥമിക കർഷക സഹകരണ സൊസൈറ്റികളെന്ന അടിസ്ഥാന സംവിധാനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ മാത്രമേ ഇത് സാധ്യമാകൂ.

2019-20 കാലയളവിൽ 15.35 കോടി രൂപയുടെ ധനസഹായം 104 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് അനുവദിച്ചു. ദുർബലമായ 10 പി.എ.സി.എസി ന് 170.50 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചു. കോർ ബാങ്കിംഗ് സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് 389.36 ലക്ഷം രൂപ 41 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകി. 31 ജീവനക്കാരുടെ സൊസൈറ്റികളുടെയും ഒരു അർബൻ ബാങ്കിന്റേയും ഓഹരിമൂലധനത്തിന്റെ അടിത്തറ ശക്തിപ്പെടുത്തുന്നതിനായി 16.00 ലക്ഷം രൂപ അനുവദിച്ചു. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 9 പി.എ.സി.എസ് വഴി 5.35 ലക്ഷം രൂപ ധനസഹായം നൽകി. പി.എ.സി.എസിന്റെ തിരഞ്ഞെടുത്ത സൂചകങ്ങളും വായ്പ പ്രവർത്തനങ്ങളും **അനുബന്ധം 3.2.3, 3.2.4, 3.2.5** എന്നിവയിൽ നൽകിയിരിക്കുന്നു.

## ഉപഭോക്തൃ സഹകരണ സംഘങ്ങൾ

പരസ്പര സഹകരണത്തിനും ഗുണത്തിനുമായി ഉപഭോക്താക്കളുടെ ഉടമസ്ഥതയിലുള്ള ഒരു സഹകരണ ബിസിനസ്സ് രൂപമാണ് ഉപഭോക്തൃ സഹകരണ സംഘങ്ങൾ. ഉപഭോക്തൃ ഉല്പന്നങ്ങൾ, മരുന്നുകൾ, മറ്റ് അവശ്യ ഉല്പന്നങ്ങൾ തുടങ്ങിയവ സബ്സിഡി നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകുന്നതിനും സ്വകാര്യ ചില്ലറ വ്യാപാരികളുടെ ചൂഷണത്തിൽ നിന്നും അവരെ രക്ഷിക്കുന്നതിനും ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. പൊതു ജനങ്ങൾക്ക് അവശ്യവസ്തുക്കൾ പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞ ന്യായ വിലയിൽ നൽകിക്കൊണ്ട് ഉപഭോക്തൃ സഹകരണ സംഘങ്ങൾ പൊതു വിതരണ സംവിധാനത്തിൽ ഇടപെടുന്നു. സംസ്ഥാനതലത്തിൽ സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷന്റെ നേതൃത്വത്തിൽ 14 ജില്ലാതല മൊത്ത വ്യാപാര സ്റ്റോറുകൾ പ്രാഥമികതലത്തിൽ 4,606 പ്രാഥമിക സഹകരണ സ്റ്റോറുകൾ എന്നിവ ഉൾപ്പെടുന്നതാണ് ഉപഭോക്തൃ സഹകരണ സംഘങ്ങൾ. കേരളത്തിലെ ഉപഭോക്തൃ സഹകരണശൃംഖല സംസ്ഥാന ഉപഭോക്തൃ സഹകരണ ഫെഡറേഷൻ മൊത്തത്തിൽ സംഭരണം ചെയ്ത് ജില്ലാതല മൊത്ത വ്യാപാര സ്റ്റോറുകൾക്കും, ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾക്കും (ത്രിവേണി)മറ്റും നൽകുന്നു. ജില്ലാതല മൊത്ത വ്യാപാര സ്റ്റോറുകളും പ്രാഥമിക സഹകരണ സംഘങ്ങളും അവരുടെതന്നെ സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പ്രൈമറി സ്റ്റോറുകൾ, ഡിപ്പാർട്ട്മെന്റൽ സ്റ്റോറുകൾ എന്നിവയിലൂടെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. ഇവയുടെ സേവനം സൂപ്പർ മാർക്കറ്റുകളിലൂടെ റീട്ടെയിൽ ബിസിനസ്സിലും ലഭ്യമാക്കുന്നു. മാർച്ച് 31, 2020 ലെ കണക്കനുസരിച്ച് 4626 ഉപഭോക്തൃ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 3807 എണ്ണം നിലവിൽ പ്രവൃത്തിച്ചുവരുന്നു.

കേരളത്തിലെ ഉപഭോക്തൃ മൊത്ത സഹകരണ സംഘത്തിന്റെ പരമോന്നത സ്ഥാപനമായി 1965 ൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡ് (കൺസ്യൂമർഫെഡ്) സ്ഥാപിതമായി. കൺസ്യൂമർഫെഡ് നിർവ്വഹിക്കേണ്ട പ്രധാന ചുമതല, അവശ്യവസ്തുക്കൾ ന്യായമായ വിലയ്ക്ക് ഒരു വിതരണ ഏജന്റായി കാര്യക്ഷമതയോടെ വിതരണം ചെയ്യുക എന്നതാണ്. ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടേയും സ്വന്തം ചില്ലറ വില്പനശാലകളിലൂടേയും ഉപഭോക്തൃ വസ്തുക്കൾ വാങ്ങുക, കൂട്ടിച്ചേർക്കുക, പായ്ക്ക് ചെയ്യുക, വിൽക്കുക

തുടങ്ങിയ വിവിധ റീട്ടെയിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലൂടെയാണ് ഈ പങ്ക് നിർവ്വഹിക്കുന്നത്. കൺസ്യൂമർഫെഡ് സംസ്ഥാനത്തെ അവശ്യവസ്തുക്കളുടെ വില നിയിന്ത്രിക്കുന്നതിൽ ഇടപെടുന്നു. അവശ്യ വസ്തുക്കളുടെ വിപണിയിൽ കൺസ്യൂമർഫെഡിന്റെ സ്ഥിരസംവിധാനമായ ത്രിവേണി സ്റ്റോർ ഉപയോഗിച്ച് ഇടപെടുന്നതിലൂടേയും കേരളത്തിലെ പ്രധാനപ്പെട്ട ഉത്സവ സീസണുകളിൽ സ്പെഷ്യൽ ത്രിവേണി മാർക്കറ്റുകൾ എന്നറിയപ്പെടുന്ന നിരവധി താൽക്കാലിക സ്റ്റോറുകൾ തുറക്കുന്നതിലൂടേയും വില നിയന്ത്രണം സാധ്യമാകുന്നു.

ഉപഭോക്തൃ സഹകരണ സംഘത്തിലെ പ്രധാനപ്പെട്ട ഘടകമായ ത്രിവേണി സൂപ്പർമാർക്കറ്റുകൾ വഴി പലവ്യഞ്ജനങ്ങൾ, സൗന്ദര്യവർധക വസ്തുക്കൾ, തുണിത്തരങ്ങൾ, ഇലക്ട്രിക്കൽ ഉപയോഗവസ്തുക്കൾ തുടങ്ങിയ അവശ്യവസ്തുക്കൾ മിതമായ നിരക്കിൽ ഇടനിലക്കാരുടെ ചൂഷണങ്ങൾ ഇല്ലാത്ത സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്നു. ജില്ലാതല റീജിയണൽ ഓഫീസിനു കീഴിലായി ത്രിവേണി സൂപ്പർ മാർക്കറ്റുകളും മൊബൈൽ ത്രിവേണി യൂണിറ്റുകളും പ്രവൃത്തിക്കുന്നു. സംസ്ഥാനത്ത് നിലവിൽ 182 ത്രിവേണി യൂണിറ്റുകളും 47 മൊബൈൽ ത്രിവേണി യൂണിറ്റുകളും ഉണ്ട്. ത്രിവേണി മാർക്കറ്റുകളുടെ വില്പനമൂല്യം 2018-19 ലെ 327.98 കോടിയിൽ നിന്ന് 2019-20 ൽ 355.6 കോടി രൂപയായി ഉയർന്നു.

കേരളത്തിലുടനീളം കൺസ്യൂമർഫെഡിന് 36 വിദേശ മദ്യഷോപ്പുകളും 3 ബിയർ ഷോപ്പുകളുമുണ്ട്. 2017-18 വർഷത്തിൽ ഇതിൽ നിന്ന് 1,604 കോടി രൂപയുടെ വരുമാനമുണ്ടായി. 2018-19 ൽ 1,790 കോടി രൂപയും 2019-20 ൽ 1,821.60 കോടി രൂപയായും ഉയർന്നു.

കേരള സർക്കാരിന്റെ ഉത്തരവ് പ്രകാരം 1998 ൽ ആരംഭിച്ച പദ്ധതിയായ നീതിസ്റ്റോറുകൾ നല്ലരീതിയിൽ പുരോഗമിക്കുന്നു. ആയിരത്തിൽപരം പ്രാഥമിക കാർഷിക സഹകരണ സൊസൈറ്റികൾ വഴി കേരളത്തിലെ എല്ലാ ജില്ലകളിലും പ്രത്യേകിച്ച് ഗ്രാമ പ്രദേശങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് കൊടുക്കപ്പെടുന്നു. മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് കൊടുക്കുന്നതിനാണ് നീതിമെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചത്. സംസ്ഥാനത്ത് നിലവിൽ കൺസ്യൂമർഫെഡിന് 12 മെഡിക്കൽ വെയർഹൗസുകളും 72 മെഡിക്കൽ ഷോപ്പുകളുമുണ്ട്.

### വനിതാ സഹകരണം

വനിതാ ശാക്തീകരണത്തിന് സഹകരണ പ്രസ്ഥാനം നിർണായകമായ സംഭാവന നൽകിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ ഒരു അപ്പക്സ് ഫെഡറേഷനാണ് കേരള വനിതാ സഹകരണ ഫെഡറേഷൻ ലിമിറ്റഡ് നമ്പർ 4440 (വനിതാഫെഡ്) സംസ്ഥാനത്തെ സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഗുണഭോക്താക്കളായ വനിതകൾക്ക് സൊസൈറ്റികളിലൂടെ സംയോജിത വായ്പയും സേവനങ്ങളും നൽകുക എന്നതാണ് ഫെഡറേഷന്റെ പ്രധാന ലക്ഷ്യം. മാർച്ച് 31, 2020 വരെ 1,221 വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിതമായിട്ടുണ്ട്. അതിൽ 935 എണ്ണം പ്രവർത്തിക്കുന്നു, 261 എണ്ണം പ്രവർത്തനരഹിതമാണ്, 25 എണ്ണം പൂർണ്ണമായും അടച്ചുപൂട്ടലിന്റെ വക്കിലാണ്.

### ഭവന സഹകരണ സംഘങ്ങൾ

കേരളത്തിലെ ഭവന സഹകരണ സംഘങ്ങൾ ദ്വിതലത്തിലുള്ള ഘടനയിലാണ് പ്രവർത്തിക്കുന്നത്. മാർച്ച് 31, 2020 ലെ കണക്കനുസരിച്ച് കേരളത്തിൽ 399 ഭവന സഹകരണ സംഘങ്ങളുണ്ട്. ഇതിൽ 292 സൊസൈറ്റികൾ പ്രവൃത്തിക്കുന്നുണ്ട്. 85 എണ്ണം നിഷ്ക്രിയാവസ്ഥയിലും. 22 സൊസൈറ്റികൾ പൂർണ്ണമായും പ്രവർത്തനം നിലച്ച അവസ്ഥയിലുമാണ്. ഭവന സഹകരണ സംഘങ്ങളുടെ പരമോന്നത സ്ഥാപനമാണ് കേരളാ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് നമ്പർ 4330. (ഹൗസ് ഫെഡ്) സംസ്ഥാന സർക്കാരും പ്രാഥമിക സഹകരണ സംഘങ്ങളും ഇതിന്റെ അംഗങ്ങളാണ്. 2019-20 കാലയളവിൽ 44 പ്രൈമറി ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കായി 87.00 ലക്ഷം രൂപ ഓഹരി മൂലധന സഹായം വിതരണം ചെയ്തു.

### പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിനായി രൂപീകരിച്ചിട്ടുള്ളതാണ് പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിന് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം അനിവാര്യമാണ്. മാർച്ച് 31, 2020 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 826 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുണ്ട്. അതിൽ 414 എണ്ണം പ്രവർത്തനക്ഷമമാണ്. പട്ടികജാതി/പട്ടികവർഗ്ഗ പരമോന്നത സ്ഥാപനമായാണ് കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്/ഷെഡ്യൂൾഡ് ട്രൈബ്സ് പ്രവർത്തിക്കുന്നത്.

### മാർക്കറ്റിംഗ് സഹകരണങ്ങൾ

കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനാണ് മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ പ്രധാനമായും ഊന്നൽ നൽകുന്നത്. കേരള സമ്പദ് വ്യവസ്ഥയിൽ കർഷകർ നേരിടുന്ന പ്രധാന പ്രശ്നമാണ്

വിപണനം എന്നതിനാൽത്തന്നെ മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ദ്വിതല ഘടനയിലാണ് മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ നിലനിൽക്കുന്നത്. പരമോന്നത തലത്തിൽ കേരള മാർക്കറ്റിംഗ് ഫെഡറേഷനും താഴെതട്ടിൽ പ്രൈമറി മാർക്കറ്റിംഗ് സൊസൈറ്റികളും ഉൾപ്പെടുന്നു.

പ്രാഥമിക മാർക്കറ്റിംഗ് സൊസൈറ്റികളുടെ ഉന്നതസ്ഥാപനമായ മാർക്കറ്റിംഗ് ഫെഡും, പ്രാഥമിക റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളുടെ ഉന്നതസ്ഥാപനമായ റബ്ബർ മാർക്കും വഴിയാണ് കേരളത്തിലെ മാർക്കറ്റിംഗ് മേഖല മുന്നോട്ടു പോകുന്നത്. മെച്ചപ്പെട്ട മാർക്കറ്റിംഗ് സൗകര്യങ്ങൾ പ്രദാനം ചെയ്യുക, ഉല്പന്നങ്ങൾക്ക് ന്യായമായ വില നൽകുക, ഇടനിലക്കാരെ ഒഴിവാക്കി സാധനങ്ങൾ നേരിട്ട് വാങ്ങുക. കാർഷിക അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുക, പരമ്പരാഗത ഉല്പന്നങ്ങളായ കുരുമുളക്, ഏലം, മഞ്ഞൾ, ചുക്ക്, ഗ്രാമ്പൂ എന്നിവയുടെ കയറ്റുമതി വിപണികൾ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങൾ കേരളത്തിലെ പ്രൈമറി മാർക്കറ്റിംഗ് സൊസൈറ്റികളുടെ ഉന്നതസ്ഥാപനം എന്ന നിലയിൽ മാർക്കറ്റ്ഫെഡ് നടത്തി വരുന്നു.

## വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം

വിദ്യാഭ്യാസത്തിനും പരിശീലനത്തിനും സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിന് വിവിധ പ്രൊഫഷണൽ മേഖലകളിൽ വിദ്യാഭ്യാസ സ്ഥപനങ്ങൾ സ്ഥാപിക്കുന്നതിനായി കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) രൂപീകരിച്ചു. കേരള സർക്കാരിന്റെ കീഴിലുള്ള സ്വയം ഭരണാധികാര സൊസൈറ്റിയായ കേപ്പ് സഹകരണ വകുപ്പിന്റെ സഹായത്തോടെയാണ് പ്രവർത്തിക്കുന്നത്. കേപ്പിന്റെ നേതൃത്വത്തിലുള്ള 9 എഞ്ചിനീയറിംഗ് കോളേജുകൾ, എം.ബി.എ കോളേജ്, ഫിനിഷിംഗ് സ്കൂൾ എന്നിവയ്ക്ക് കീഴിൽ 12,000 ൽ അധികം കുട്ടികൾക്ക് ഉന്നതപഠനത്തിന് അവസരം നൽകുന്നുണ്ട്. അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വഴി സഹകരണ മേഖലയിൽ ഗവേഷണ പഠനങ്ങൾ വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2019-20 കാലയളവിൽ 62 പരിശീലന പരിപാടികൾ വഴി 1,446 വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി.

## സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണ പരിപാടി

സഹകരണ മേഖലയിലേക്ക് നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിലേയ്ക്ക് യുവജനതയെ ആകർഷിക്കുന്നതിനുമായി സഹകരണ വകുപ്പ് എല്ലാ വർഷവും നിക്ഷേപ സമാഹരണ പരിപാടി സംഘടിപ്പിക്കാറുണ്ട്. നാൽപ്പതാമത് നിക്ഷേപ സമാഹരണ പരിപാടി 6,000 കോടി ലക്ഷ്യമിട്ട് ജനുവരി 1, 2020 മുതൽ 2020 മാർച്ച് വരെ നടത്തുകയുണ്ടായി. ഈ പ്രചാരണ വേളയിൽ സഹകരണ മേഖലയുടെ നിക്ഷേപം മുൻവർഷത്തെ 2,05,039.86 കോടിയിൽ നിന്ന് 2,14,481.63 കോടി രൂപയായി ഉയർന്നു. 2020 ലെ നിക്ഷേപ സമാഹരണ ലക്ഷ്യമായ 6,000.00 കോടിയിൽ 9,441.76 കോടി രൂപ അധികം സമാഹരിക്കുകയുണ്ടായി. ഓരോ വർഷത്തേയും ലക്ഷ്യവും നേട്ടവും **അനുബന്ധം 3.2.6** ൽ കൊടുത്തിരിക്കുന്നു.

## 2018-2020 കാലയളവിലെ പ്രധാന നേട്ടങ്ങൾ

### കേരളബാങ്ക്

സംസ്ഥാനത്തെ ത്രിതല ഹ്രസ്വകാല സഹകരണ ഘടനയെ ദ്വിതല ഘടനയാക്കി മാറ്റാനുള്ള നയപരമായ തീരുമാനം കേരള സർക്കാർ സ്വീകരിച്ചു. കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്കുമായി 13 ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിക്കുന്നതിന് റിസർവ്വ് ബാങ്ക് അനുവാദം നൽകി. അതനുസരിച്ച് നവംബർ 29, 2019 മുതൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും 13 ജില്ലാ സഹകരണ ബാങ്കുകളും കേരളബാങ്ക് എന്ന ബ്രാൻഡ് നാമമുള്ള ഏകീകൃത സ്ഥാപനമായി പ്രവർത്തിക്കുന്നു.

കേരള ബാങ്കിന്റെ ഹെഡ് ഓഫീസ് തിരുവനന്തപുരത്തും കോർപ്പറേറ്റ് ബിസിനസ് ലൈസൻ ഓഫീസ് എറണാകുളത്തും തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ 7 പ്രാദേശിക ഓഫീസുകൾ (അടുത്തടുത്ത ഓരോ രണ്ട് റവന്യൂ ജില്ലകൾക്ക്) ഓരോ ജില്ലാ ആസ്ഥാനത്തും ക്രെഡിറ്റ് പ്രോസ്സസിംഗ് സെന്റർ സംസ്ഥാനത്തൊട്ടാകെ ശാഖകൾ എന്നിങ്ങനെയാണ് കേരളബാങ്കിന്റെ പ്രവർത്തനം. 769 ബ്രാഞ്ചുകളിലൂടെയാണ് ബാങ്ക് പ്രവർത്തിക്കുന്നത്.

### കെയർ കേരള

2018 ആഗസ്റ്റിലെ വിനാശകരമായ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ പ്രളയബാധിതർക്ക് ദുരിതാശ്വാസവും പുനരധിവാസവും നൽകുന്നതിന് കെയർ കേരള (കോ-ഓപ്പറേറ്റീവ് അലയൻസ് റ്റു റീബിൽഡ് കേരള) എന്ന പദ്ധതിയ്ക്ക് രൂപം നൽകി. ഇതിനു കീഴിൽ 3 ഉപ പദ്ധതികൾ ഉൾപ്പെടുന്നു - കെയർഹോം, കെയർ ലോൺ, കെയർ ഗ്രേസ്. ഈ പ്രോജക്ടിനു കീഴിലുള്ള പ്രധാനപ്പെട്ട പദ്ധതിയാണ് കെയർ ഹോം. ഈ പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമിയുള്ള പ്രളയബാധിതർക്ക് സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടും പിന്തുണയോടും കൂടി വീടുകൾ നിർമ്മിച്ചു നൽകുന്നു.

ഈ പദ്ധതിപ്രകാരം സംസ്ഥാനത്തൊട്ടാകെ 2092 വീടുകൾ നിർമ്മിക്കാൻ സർക്കാർ അനുമതി നൽകി. ഈ പദ്ധതിപ്രകാരം ഓരോ വീടും 5.00 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്നു. അതിൽ സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ (എസ്.ഡി.ആർ.എഫ് ) ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയും ഉൾപ്പെടുന്നു. ഈ തുകയ്ക്ക് പുറമേ ഗുണഭോക്താക്കൾക്ക് അവരുടെ സ്വന്തം തുകയും ഉപയോഗിക്കാവുന്നതാണ്. സഹകരണ സംഘങ്ങളിൽ നിന്നും പൊതുജനങ്ങളിൽനിന്നും നിർമ്മാണത്തിനായി സംഭാവനകൾ ഉപയോഗിക്കാവുന്നതാണ്. ഇപ്പോൾ സഹകരണ വകുപ്പ് കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചു. കൂടാതെ കെയർ ഗ്രേസ് പ്രോജക്ടും നടപ്പിലാക്കുന്നു. രണ്ടാം ഘട്ടത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ ആളുകൾക്കായി സർക്കാർ ഭൂമി അനുവദിച്ചിടത്ത് 14 വാസസ്ഥലങ്ങൾ (ഫ്ലാറ്റ് ) നിർമ്മിക്കുകയാണ് ലക്ഷ്യം. കെയർ ഗ്രേസ് പ്രോജക്ട് വഴി കെയർഹോം വീടുകളിൽ താമസിക്കുന്ന കുടുംബാംഗങ്ങൾക്ക് ക്ഷേമ പ്രവർത്തനങ്ങൾ നൽകാൻ തീരുമാനിച്ചു, ഈ പ്രോജക്ട് അവസാനഘട്ടത്തിലാണ്.

### സാമൂഹ്യ സുരക്ഷാപെൻഷൻ

സംസ്ഥാന സർക്കാരിന്റെ സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി പ്രകാരം ക്ഷേമ പെൻഷൻ നൽകുന്നതിന് സംസ്ഥാനതലത്തിൽ ഒരു കൺസോർഷ്യം ആരംഭിക്കുകയും കേരളത്തിലെ സഹകരണ സംഘങ്ങളിൽ നിന്ന് സമാഹരണം നടത്തുകയും ചെയ്യുന്നു. സഹകരണ ബാങ്കുകളുടെ കളക്ഷൻ ഏജന്റുമാർ വഴിയാണ് പണം വിതരണം ചെയ്യുന്നത്. കർഷക തൊഴിലാളികളുടെ പെൻഷൻ, വാർദ്ധക്യ പെൻഷൻ, വികലാംഗ പെൻഷൻ, അവിവാഹിതരായ അമ്മമാരുടെ പെൻഷൻ, വിധവപെൻഷൻ തുടങ്ങിയ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി സഹകരണ സംഘങ്ങൾ നിലവിൽ 6,803.37 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം 1,649.04 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു.

### അട്ടപ്പാടി ആദിവാസി ജനങ്ങൾക്കുള്ള സമഗ്ര ആരോഗ്യ പരിരക്ഷാപദ്ധതി

പെരുന്തൽമണ്ണയിലെ ഇ.എം.എസ് സഹകരണ ആശുപത്രി ഗവേഷണ കേന്ദ്രവും സഹകരണ വകുപ്പും ചേർന്ന് നടപ്പിലാക്കുന്ന പ്രാരംഭ പഠനമാണ് അട്ടപ്പാടി ആദിവാസി ജനങ്ങൾക്കുള്ള സമഗ്ര ആരോഗ്യ പരിരക്ഷാപദ്ധതി. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടേയും ഒ.പി ക്ലിനിക്കുകളുടേയും സഹകരണത്തോടെ അട്ടപ്പാടി മേഖലയിലെ ആദിവാസി ജനങ്ങളുടെ സമഗ്രമായ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്താനാണ് ഇത് ലക്ഷ്യമിടുന്നത്. സൗജന്യ/സബ്സിഡി നിരക്കിൽ അട്ടപ്പാടി മേഖലയിലെ ജനങ്ങൾക്ക് ഇ.എം.എസ് സഹകരണ ആശുപത്രിയുടേയും ഗവേഷണ കേന്ദ്രത്തിന്റേയും സൗകര്യങ്ങൾ ലഭ്യമാക്കുന്നു. കൂടാതെ രോഗനിർണ്ണയ ക്യാമ്പും തുടർ ചികിത്സ ആവശ്യമുള്ളവർക്ക് സൗജന്യമായി ചികിത്സയും നൽകുന്നു. അഞ്ച് വർഷത്തേക്കായി 12.5 കോടി രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയിട്ടുള്ളത്. മാർച്ച് 31, 2020 വരെ 4826 രോഗികൾക്ക് ചികിത്സയും അട്ടപ്പാടിയിൽ 4 മെഗാ മെഡിക്കൽ ക്യാമ്പും 1384 രോഗികൾക്ക് ചികിത്സയും ഈ പ്രോജക്ടിന്റെ കീഴിൽ നടത്തുകയുണ്ടായി.

### മുറ്റത്തെ മുല്ല

സ്വകാര്യ പണം ഇടപാടുകാരുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ സഹായിക്കുന്നതിനായി സഹകരണവകുപ്പ് 2018 ൽ ആരംഭിച്ച പദ്ധതിയാണ് മുറ്റത്തെ മുല്ല. കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടുകൂടിയാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്. മാർച്ച് 31, 2020 വരെ 541.54 കോടി രൂപ സഹകരണ സംഘങ്ങൾ വഴി കുടംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്തു.

### കൃതി 2020 (കേരള ഇനിഷ്യേറ്റീവ് ഫോർ തിങ്കിംഗ് ഇന്ററാക്ടീവിനസ്സ്)

ലോകമെമ്പാടുമുള്ള സാഹിത്യ പ്രേമികളെ ഒരു അന്താരാഷ്ട്ര വേദിയിലൂടെ ഒരുമിച്ച് കൊണ്ടു വരുന്നതിനായി അന്താരാഷ്ട്ര പുസ്തക മേളയുടെ ആദ്യപതിപ്പായ കൃതി 2018 ന്റെ പത്ത് ദിവസം നീണ്ട സാഹിത്യമേള സാഹിത്യ പ്രവർത്തക കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി (എസ്.പി.സി.എസ് ) ചേർന്ന് സഹകരണവകുപ്പ് സംഘടിപ്പിച്ചു. കൃതിയുടെ മൂന്നാം പതിപ്പ് ഫെബ്രുവരി 6, 2020 മുതൽ 16 വരെ നടന്നു.

### പുതിയ സംരംഭങ്ങൾ/പദ്ധതികൾ

### ഇന്ത്യ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് ട്രെയ്ഡ് ഫെയർ 2019

ഇന്ത്യ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് ട്രെയ്ഡ് ഫെയർ ഇന്ത്യയിലെ ആദ്യത്തേയും ഏറ്റവും വലിയതുമായ അന്താരാഷ്ട്ര സഹകരണ വ്യാപാര മേളയായിരുന്നു. ആഭ്യന്തരവും അന്തർദേശീയവുമായ സഹകരണ വ്യാപാരത്തിലേയ്ക്ക് സഹകരണമേഖലയെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. സഹകരണ സംഘത്തിലെ ആളുകൾക്ക് നേരിട്ട് പ്രയോജനം കിട്ടുന്ന രീതിയിൽ കാർഷിക മേഖലയേയും മറ്റ് അനുബന്ധ മേഖലയേയും കേന്ദ്രീകരിച്ചിട്ടുള്ളതാണ് ട്രെയ്ഡ് ഫെയർ. നമ്മുടെ സംസ്ഥാനത്തു നിന്നുള്ള ഉല്പന്നങ്ങളിലേയ്ക്ക് കൂടുതൽ ശ്രദ്ധ

കേന്ദ്രീകരിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ മികച്ച നേട്ടങ്ങൾ ലോകത്തിന് കാണിച്ചുകൊടുക്കുന്നതിനുള്ള മികച്ച വേദിയാണിത്.

ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, മാർക്കറ്റ്ഫെഡ്, കൺസ്യൂമർഫെഡ്, ഹോസ്പിറ്റൽഫെഡ്, റബ്ബർമാർക്കറ്റിംഗ് ഫെഡറേഷൻ, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, റെയ്ഡ്കോ, റബ്കോ, മറ്റ് 27 സഹകരണ സംഘങ്ങൾ എന്നിവരാണ് കേരളത്തിൽ നിന്ന് മേളയിൽ പങ്കെടുത്തത്. ഇതിനുപുറമേ ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ കീഴിലുള്ള മത്സ്യഫെഡ്, കയർഫെഡ് എന്നിവരും മേളയിൽ പങ്കെടുത്തു.

### പുതിയ സഹകരണസംഘങ്ങളുടെ രൂപീകരണം

ട്രാൻസ്ജന്റർമാരുടെ ക്ഷേമത്തിനായി സംസ്ഥാനത്തെ ആദ്യത്തെ ട്രാൻസ്ജന്റർ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4498, നവംബർ 02, 2019 ന് രജിസ്റ്റർ ചെയ്തു. സംസ്ഥാനത്തെ ആദ്യപ്രവാസിക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4499, പ്രവാസികളുടെ ക്ഷേമത്തിനായി ഡിസംബർ 21, 2019 ൽ രജിസ്റ്റർ ചെയ്തു.

### സഹകരണ സംഘങ്ങളുടെ കീഴിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ ബ്രാൻഡിംഗ്

കേരളത്തിലെ സൊസൈറ്റികളിൽ ഉല്പാദിപ്പിക്കുകയും സംഭരിക്കുകയും ചെയ്യുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ഒരു പൊതു ബ്രാൻഡിംഗ് അവതരിപ്പിക്കാൻ സഹകരണ വകുപ്പ് നിർദ്ദേശിച്ചു. ഉല്പന്നങ്ങൾ പരിശോധിച്ചതിനുശേഷം ഗുണനിലവാര മുദ്ര നൽകുന്നതിനു ഒരു ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കാനും സഹകരണ സംഘത്തിന്റെ ഉല്പന്നങ്ങൾ ദേശീയ അന്തർദേശീയ വിപണികളിൽ വിപണനം ചെയ്യുന്നതിനുമുള്ള ഒരു പൊതുവേദി ആരംഭിക്കാനും, ഓൺലൈൻ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനും കേരളസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ മൂന്ന് പ്രധാന നഗരങ്ങളിൽ സഹകരണ ഉല്പന്നങ്ങൾ വില്ക്കുന്നതിനായി 3 ഔട്ട് ലെറ്റുകൾ തുറക്കാൻ സർക്കാർ തീരുമാനിച്ചു.

### പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് പി. 1449 (പാപ്കോസ്)

പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് പി. 1449 പാലക്കാട് ജില്ലയിൽ ജനുവരി 29, 2019 ന് രജിസ്റ്റർ ചെയ്ത ജില്ല മുഴുവൻ പ്രവർത്തനപരിധിയുള്ള ഒരു സഹകരണ സ്ഥാപനമാണ്. പാലക്കാട് ജില്ലയിലെ 36 സർവ്വീസ് സഹകരണ സംഘങ്ങൾ ഇതിൽ അംഗങ്ങളാണ്. സംഘത്തിന് 1,370.00 ലക്ഷം രൂപയുടെ പെയ്ഡ് അപ് ഓഹരി മൂലധനം ഉണ്ട്. വിളവെടുപ്പ് കഴിഞ്ഞാലുടൻ നെല്ല് സംഭരിച്ച് സംഭരണ സമയത്തുതന്നെ പണം നൽകി ജില്ലയിലെ കർഷകരെ സഹായിക്കുക എന്നതാണ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം. ഇടനിലക്കാരിൽ നിന്നുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കാൻ ഇത് കർഷകരെ പ്രാപ്തരാക്കുന്നു. സംഭരിച്ച നെല്ല് സംസ്കരിച്ച് വാണിജ്യാടിസ്ഥാനത്തിൽ ബ്രാൻഡ് ചെയ്ത് എല്ലാ പഞ്ചായത്തിലും വീട് തോറും വില്പന നടത്തുന്നു.

### ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) സഹായം

കേന്ദ്ര സർക്കാർ പാസ്സാക്കിയ നിയമ പ്രകാരം സ്ഥാപിച്ച സ്ഥാപനമാണ് ദേശീയ സഹകരണ വികസന കോർപ്പറേഷൻ. സഹകരണ സ്ഥാപനങ്ങൾ വഴി കാർഷിക ഉപയോഗ സാധനങ്ങൾ ഉല്പാദിപ്പിക്കാനും, സംസ്കരണം, വിപണനം, സംഭരണം, കയറ്റുമതി, ഇറക്കുമതി എന്നിവയ്ക്ക് വേണ്ടിയുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമാണ് ഇത് നിലവിൽ വന്നത്. രാജ്യത്തെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചക്ക് ആവശ്യമായ പ്രമുഖ ധനകാര്യ സ്ഥാപനമായി ഇത് മാറിയിട്ടുണ്ട്. മാർച്ച് 31, 2020 വരെ വിവിധ സഹകരണ വികസന പദ്ധതികൾക്കായി എൻ. സി. ഡി. സി യുടെ കേരളത്തിനുള്ള മൊത്തം  സാമ്പത്തിക സഹായം 8302.58 കോടി രൂപയാണ്. ഇതിൽ 2,012.41 കോടി രൂപ സംസ്ഥാന സർക്കാർ മുഖേനയും 6,290.17 കോടി രൂപ നേരിട്ടുള്ള സഹായമായും നൽകിയിട്ടുണ്ട്. കൂടാതെ 8302.58 കോടി രൂപയിൽ 1,791.34 കോടി രൂപ ദീർഘകാല വായ്പയായി നൽകിയിട്ടുണ്ട്. 73.36 കോടി രൂപ മാത്രമാണ് സബ് സിഡി ഇനത്തിൽ നൽകിയിട്ടുള്ളത്. പ്രവർത്തന മൂലധനമായി 6,437.88 കോടി രൂപ നൽകിയിട്ടുണ്ട്. 2019-20 ൽ എൻ. സി. ഡി. സി കേരളത്തിനു വേണ്ടി അനുവദിച്ചത് 450.73 കോടി രൂപയും, വിതരണം ചെയ്തത് 363.89 കോടി രൂപയും ആയിരുന്നു.  വിശദ വിവരങ്ങൾ **അനുബന്ധം 3.2.7, 3.2.8, 3.2.9** ൽ നൽകിയിരിക്കുന്നു.

### എൻ.സി.ഡി.സി സഹായത്തോടെയുള്ള പരിപാടികൾ

#### സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി)

സഹകരണ ശൃംഖല വഴി തിരഞ്ഞെടുക്കപ്പെട്ട ജില്ലകളുടെ സമഗ്രവും സംയോജിതവുമായ

**ബോക്സ് 3.2.1** കോവിഡ്–19 മായി ബന്ധപ്പെട്ട പരിപാടികൾ

**മുഖ്യമന്ത്രിയുടെ സഹായ വായ്പാ പദ്ധതി (സി.എം.എച്ച്.എൽ.എസ് )**

ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2020 ഏപ്രിൽ മുതൽ അയൽ കൂട്ടങ്ങളിലൂടെ നടപ്പിലാക്കാൻ പ്രഖ്യാപിച്ച ഒരു വായ്പാ പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സഹായ വായ്പാ പദ്ധതി. 30/2020, 34/2020 എന്നീ സർക്കുലറുകൾ അനുസരിച്ച് സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ ഇത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

കോവിഡ്–19 മഹാമാരി നേരിട്ടോ അല്ലാതെയോ ബാധിച്ച ആളുകൾക്ക് അടിയന്തിര ആശ്വാസമായി സാമ്പത്തിക സഹായം ഇതുവഴി നൽകുന്നു. ലോക്ക്ഡൗൺ കാരണം ജോലി, ബിസിനസ്സ് വരുമാനം എന്നിവ നഷ്ടപ്പെട്ടവർ ഇതിലുൾപ്പെടുന്നു. കോവിഡ്–19 കാരണം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകൾക്ക് അയൽകൂട്ട ഗ്രൂപ്പുകളിലൂടെ സാമ്പത്തികനില അനുസരിച്ച് ഓരോ അംഗത്തിനും 20,000 രൂപ വരെ നൽകുന്നു.

**പ്രത്യേക ലിക്വിഡിക്ടി ഫെസിലിറ്റി വായ്പ (എസ്.എൽ.എഫ് )**

കോവിഡ്–19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ബാങ്കുകളിൽ നിന്ന് കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സരഹിത വായ്പ ലഭ്യമാക്കുന്നതിന് നബാർഡ് പ്രത്യേക ലിക്വിഡിക്ടി ഫെസിലിറ്റി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി 1,500.00 കോടി രൂപ കെ.എസ്.സി.ബി വഴി ഗുണഭോക്താക്കൾക്ക് ധനസഹായമായി അനുവദിച്ചു. 46/2020, 43/2020 എന്നീ സർക്കുലറുകളിലൂടെ സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ ഇതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിക്കാലയളവ് 2020 മെയ് മുതൽ ജൂൺ വരെയാണ്. കൃഷി (60 ശതമാനം), മൃഗസംരക്ഷണം (10 ശതമാനം), ക്ഷീര വികസനം (10 ശതമാനം), മത്സ്യബന്ധനം (5 ശതമാനം), വ്യവസായം(15 ശതമാനം) എന്നീ നിരക്കിലാണ് വിവിധ വകുപ്പുകൾക്ക് ധനസഹായം നൽകുന്നത്.

ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കും (കന്നുകാലികൾ, പാൽ, മത്സ്യബന്ധനം, കോഴി, നെല്ല്, പച്ചക്കറി, കൃഷി എന്നിവ). എം.എസ്.എം.ഇ യൂണിറ്റുകൾക്കും (മൈക്രോ ചെറുകിട ഇടത്തരം സംരംഭങ്ങൾ) മൂലധന ആവശ്യങ്ങൾക്കും, വായ്പ അനുവദിക്കുന്നുണ്ട്. വായ്പ തിരിച്ചടവിൽ വീഴ്ചയില്ലാത്ത എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും വായ്പ അനുവദിക്കുന്നുണ്ട്.

**സുഭിക്ഷ കേരളം**

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം തുടങ്ങിയ വകുപ്പുകളുടെ സംയോജിത പദ്ധതിയാണ് സുഭിക്ഷകേരളം. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (പാക്സ്) വഴി ചുരുങ്ങിയത് 50 സെന്റ് ഭൂമിയിൽവരെ മാതൃക കൃഷിത്തോട്ടം നിർമ്മിക്കുന്നു. സഹകരണസംഘങ്ങൾ മുഖേന വായ്പയായി ധനസഹായം നൽകുന്നു. നബാർഡിൽ നിന്ന് നൽകിയ എസ്.എൽ.എഫ് വായ്പയും ഈ പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്തുന്നു. സെപ്റ്റംബർ 30, 2020 വരെ 848 സംഘങ്ങൾ 3,189.465 ഏക്കറിൽ 1,838 കൃഷിത്തോട്ടങ്ങൾ നിർമ്മിച്ചു.

വികസനത്തിനായി എൻ.സി.ഡി.സി യുടെ സഹായത്തോടെയുള്ള ഒരു സവിശേഷ പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി). കാർഷിക അനുബന്ധമേഖലകളിൽ സഹകരണ പ്രവർത്തനങ്ങളിലൂടെ തിരഞ്ഞെടുത്ത ജില്ലയുടെ സമഗ്ര വികസനത്തിനായി എൻ.സി.ഡി.പി ഏഴാം പഞ്ചവത്സരപദ്ധതിൽ അവതരിപ്പിച്ചതാണ് ഐ.സി.ഡി.പി. ബിസിനസ്സിന്റെ മൂല്യവും വ്യാപ്തിയും വർദ്ധിപ്പിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ മൾട്ടിപർപ്പസ് സൊസൈറ്റികളായി വികസിപ്പിക്കുക, ചെറുകിട നാമമാത്ര കർഷകരുടേയും ദുർബല വിഭാഗങ്ങളുടേയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സഹകരണ സംഘങ്ങൾ വഴി വായ്പകൾ നൽകികൊണ്ട് സഹകരണ ഘടനയെ ശക്തിപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടാതെ മനുഷ്യവിഭവശേഷി വികസനം പുനസ്ഥാപിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. നിലവിൽ.ഐ.സി.ഡി.പി യുടെ രണ്ടാം ഘട്ടം ഇടുക്കി, പാലക്കാട്, തൃശ്ശൂർ എന്നീ മൂന്ന് ജില്ലകളിൽ നടപ്പാക്കുന്നു.

കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് മതിയായ മൂലധനം സൃഷ്ടിക്കുന്നതിനുള്ള സാമ്പത്തിക സ്ഥിരത, മികച്ച അടിസ്ഥാന സൗകര്യങ്ങൾ എന്നീ ശക്തമായ അടിത്തറകൾ ഉണ്ട്. കഴിഞ്ഞ ഏതാനും ദശകങ്ങളിൽ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വിവിധ

മേഖലകളിൽ സഹകരണമേഖല ഗണ്യമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു. സംസ്ഥാനത്തെ ഊർജ്ജസ്വലമായ സഹകരണ വായ്പാ ഘടന വാണിജ്യ ബാങ്കുകൾ ഉയർത്തുന്ന വെല്ലുവിളികളെ നേരിടുകയും സമ്പദ് വ്യവസ്ഥയിൽ പ്രത്യേക ഇടം രൂപപ്പെടുത്തുകയും ചെയ്തു. പൊതുവിതരണ സംവിധാനം, കാർഷികോല്പന്നങ്ങളുടെ വിതരണം, മാർക്കറ്റിംഗ്, കാർഷിക സംസ്കരണം, ഉപഭോക്തൃ പ്രവർത്തനങ്ങൾ, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, ഇൻഷ്വറൻസ്, അടിസ്ഥാനസൗകര്യ വികസനം, എസ്.സി/എസ്.ടി വികസനം, വനിതാ വികസനം, സേവനം, തുണിത്തരങ്ങൾ, കൈത്തറി, കയർ, ക്ഷീര വ്യവസായങ്ങൾ തുടങ്ങി ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിന് സഹകരണ പ്രസ്ഥാനം ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഗ്രാമീണ മേഖലയിലെ ദുർബലരും താഴെക്കിടയിലുള്ളവരുമായ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് സഹകരണസംഘങ്ങൾ വഹിക്കുന്ന പങ്ക് ഒഴിച്ചുകൂടാനാവാത്തതാണ്.

## 3.3 കന്നുകാലി വികസനം

രാജ്യത്തെ കാർഷിക രംഗത്ത് സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നതിൽ മൃഗസംരക്ഷണ മേഖല നിർണ്ണായക പങ്കുവഹിക്കുന്നതോടൊപ്പം കർഷകരുടെ വരുമാന വർദ്ധനവിനും സുപ്രധാന പങ്കുവഹിക്കുന്നു. ഗ്രാമീണ മേഖലയിൽ പ്രത്യേകിച്ച്, ഭൂരഹിത കർഷകർ, ചെറുകിട, പ്രാന്തവൽക്കരിച്ച ദുർബല വിഭാഗങ്ങൾ, സ്ത്രീ കർഷകർ എന്നീ വിഭാഗങ്ങൾക്ക് ലാഭകരമായ തൊഴിൽ പ്രദാനം ചെയ്യുന്നു. കൂടാതെ, ഒരു അനുബന്ധ പൂരക വാണിജ്യ വ്യവസ്ഥയായി ഇത് പ്രവർത്തിക്കുന്നു.

### സമ്പദ് വ്യവസ്ഥയിലെ ദേശീയ സംസ്ഥാന സംഭാവനകൾ

ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ കന്നുകാലി വളർത്തലിന് വളരെയധികം പ്രാധാന്യമുണ്ട്. ചെറുകിട കർഷകരുടെ വരുമാനത്തിന്റെ 16 ശതമാനവും, ഗ്രാമീണ മേഖലയിലെ മൂന്നിൽ രണ്ട് ഭാഗം വരുന്ന ഗ്രാമീണ കർഷകരുടെ ശരാശരി 14 ശതമാനം വരുമാനമാർഗ്ഗം കന്നുകാലി മേഖലയിൽ നിന്നുമാണ്. ഇന്ത്യൻ ജനസംഖ്യയുടെ 8.80 ശതമാനം തൊഴിൽ ഈ മേഖല നൽകുന്നു. വിപുലമായ കന്നുകാലി സമ്പത്താണ് ഇന്ത്യയ്ക്കുള്ളത്. മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 4.11 ശതമാനവും, കാർഷിക ആഭ്യന്തര ഉല്പാദനത്തിന്റെ 25.60 ശതമാനവും കന്നുകാലി മേഖലയുടെ സംഭാവനയാണ്.

മൃഗസംരക്ഷണ മേഖലയിലെ പ്രധാന പ്രവർത്തനങ്ങളായ കാലിമേയ്ക്കൽ, കന്നുകാലികളെ പോറ്റൽ, കന്നുകാലി ആരോഗ്യപ്രവർത്തനങ്ങൾ കൈകാര്യം ചെയ്യൽ എന്നീ പ്രവർത്തനങ്ങളിൽ ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ പങ്ക് സ്തുത്യർഹമാണ്. ഒരു ചെറുകിട വാണിജ്യ സംരംഭം എന്ന നിലയിൽ സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതോടൊപ്പം വരുമാന സുരക്ഷയും മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുന്നു. മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കർഷകരിൽ 71 ശതമാനത്തോളം വനിതകളാണ്. ക്ഷീര മേഖലയിൽ, 15 ദശലക്ഷം പുരുഷ കർഷകരോടൊപ്പം 75 ദശലക്ഷം സ്ത്രീകൾ തൊഴിൽ ചെയ്യുന്നു. എന്നാൽ ചെറിയ വളർത്തു മൃഗങ്ങളുടെ കാര്യത്തിൽ സ്ത്രീകളുടേയും പുരുഷൻമാരുടേയും പങ്കാളിത്തം തുല്യമാണ്. സാങ്കേതിക നിലവാരം ഉയർത്തൽ, വൈദഗ്ധ്യവൽക്കരണം എന്നിവ മുഖേന ഈ മേഖലയിൽ കാര്യശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്.

സംസ്ഥാനത്തെ ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ ത്വരിതഗതിയിൽ വികസിച്ച് വരുന്ന മേഖലയാണ് കന്നുകാലി മേഖല. കൃഷിയുടെ ആഭ്യന്തര മൂല്യവർദ്ധനവ് 2018–19 –ൽ 26.97 ശതമാനമായിരുന്നത് 2019–20 –ൽ 26.67 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കന്നുകാലി മേഖലയിൽ നിന്നുള്ള മൊത്തം ആഭ്യന്തരമൂല്യവർദ്ധനവ് കൂടിയിട്ടുണ്ടെങ്കിലും, സംസ്ഥാനത്തെ മൊത്തം ആഭ്യന്തരമൂല്യവർദ്ധനവിൽ കന്നുകാലി മേഖലയുടെ വിഹിതം നേരിയ കുറവ് രേഖപ്പെടുത്തുന്നു. 2018–19 –ൽ 2.38 ശതമാനമായിരുന്നത് 2019–20 –ൽ 2.14 ശതമാനമായി കുറവ് രേഖപ്പെടുത്തുന്നു.

### ഇന്ത്യയിൽ കന്നുകാലികളുടെ എണ്ണം

ഇന്ത്യയിലെ ബൃഹത്തായ കന്നുകാലി ശേഖരം ഗ്രാമീണ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. പാലുല്പാദനത്തിൽ ഇന്ത്യയുടെ മുന്തിയ സ്ഥാനം ഇത് വെളിവാക്കുന്നു. ഇരുപതാം കന്നുകാലി കണക്കെടുപ്പ് (2019) അനുസരിച്ച് രാജ്യത്തെ കന്നുകാലികളുടെ എണ്ണം 535.78 ദശലക്ഷം ആണ്. ഇത് 2012 ലെ കന്നുകാലി കണക്കെടുപ്പിനേക്കാൾ 4.6 ശതമാനം കൂടുതലാണ്. ഇതിൽ 302.79 ദശലക്ഷം കന്നുകാലികൾ (ആടുമാടുകൾ, എരുമകൾ, മിതുൻ, യാക്ക്) ഉണ്ട്. ഇത് കഴിഞ്ഞ കണക്കെടുപ്പിനേക്കാൾ 0.93 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു. രാജ്യത്തെ കന്നുകാലികളുടെ എണ്ണം 0.8 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി 2019 ൽ 192.49 ദശലക്ഷമായിട്ടുണ്ട്.

**പട്ടിക. 3.3.1** ഇന്ത്യയിലെ കന്നുകാലി, വളർത്തു പക്ഷികണക്കെടുപ്പ്

| ക്രമ നമ്പർ | വർഗ്ഗം | പതിനേഴാം കന്നുകാലി കണക്കെടുപ്പ് (2003) | പതിനെട്ടാം കന്നുകാലി കണക്കെടുപ്പ് (2007) | പത്തൊൻപതാം കന്നുകാലി കണക്കെടുപ്പ് (2012) | ഇരുപതാം കന്നുകാലി കണക്കെടുപ്പ് (2019) | വളർച്ച നിരക്ക് (2012–19) |
|---|---|---|---|---|---|---|
| 1 | കന്നുകാലികൾ | 185.2 | 199.1 | 190.9 | 192.49 | 0.83 |
| 2 | എരുമകൾ | 97.9 | 105.3 | 108.7 | 109.85 | 1.0 |
| 3 | യാക്കുകൾ | 0.1 | 0.1 | 0.1 | 0.058 | -24.67 |
| 4 | മിതുൻ | 0.3 | 0.3 | 0.3 | 0.39 | 30 |
| | **ആകെ കന്നുകാലികൾ** | **283.4** | **304.8** | **300.0** | **302.79** | **0.92** |
| 5 | ചെമ്മരിയാട് | 61.5 | 71.6 | 65.07 | 74.26 | 14.12 |
| 6 | ആടുകൾ | 124.4 | 140.5 | 135.2 | 148.88 | 10.12 |
| 7 | പന്നികൾ | 13.5 | 11.1 | 10.3 | 9.06 | -12.04 |
| 8 | മറ്റു മൃഗങ്ങൾ | 2.2 | 1.7 | 1.48 | 0.79 | -46.62 |
| | **വളർത്തുമൃഗങ്ങൾ ആകെ** | **485** | **529.7** | **512.05** | **535.78** | **4.63** |
| 9 | വളർത്തു പക്ഷികൾ | 489 | 648.8 | 729.2 | 851.81 | 16.81 |

*അവലംബം*: മൃഗസംരക്ഷണ, ക്ഷീര വികസന മത്സ്യബന്ധന മന്ത്രാലയം വാർഷിക റിപ്പോർട്ട് 2018-19, ഇന്ത്യാഗവൺമെന്റ്, ഇരുപതാം കന്നുകാലി കണക്കെടുപ്പ്

**ചിത്രം 3.3.1** രാജ്യത്തെ കന്നുകാലി സഞ്ചയം




*അവലംബം*: ഇരുപതാം കന്നുകാലി കണക്കെടുപ്പ്, 2019

ഇന്ത്യയിലെ കഴിഞ്ഞ നാലു കന്നുകാലി കണക്കെടുപ്പു സംബന്ധിച്ച വിവരങ്ങൾ **പട്ടിക 3.3.1** ലും, രാജ്യത്തെ കന്നുകാലി സഞ്ചയം സംബന്ധിച്ച വിവരങ്ങൾ **ചിത്രം 3.3.1** ലും കൊടുത്തിരിക്കുന്നു.

## കേരളത്തിലെ കന്നുകാലികളുടെ എണ്ണം

കേരളത്തിൽ 2019 ഫെബ്രുവരി മാസത്തിൽ നടന്ന ഇരുപതാമത് കന്നുകാലി സെൻസസ് മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർ മുഖേനയാണ് നടത്തിയത്. കന്നുകാലി കണക്കെടുപ്പിന്റെ അടിസ്ഥാന ഘടകം രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിൽ വില്ലേജ് വാർഡുകൾ ആണ്. എന്നാൽ കേരളത്തിൽ ഗ്രാമീണ മേഖലയിൽ ഇത് പഞ്ചായത്ത് വാർഡുകളും, നഗരങ്ങളിൽ മുൻസിപ്പൽ/കോർപ്പറേഷൻ വാർഡുകളുമാണ്. 15,962 പഞ്ചായത്തുവാർഡുകളിലും, 3527 മുൻസിപ്പൽ/കോർപ്പറേഷൻ വാർഡുകളിലും കണക്കെടുപ്പ് നടന്നു. പതിനഞ്ച് ഇനത്തിൽപ്പെട്ട മൃഗങ്ങൾ, എട്ട് ഇനത്തിൽപ്പെട്ട വളർത്തുപക്ഷികൾ, തെരുവ് നായ്ക്കൾ, മറ്റു കന്നുകാലികൾ എന്നിവ ഇനം തിരിച്ച് എല്ലാ വാർഡുകളിലും രേഖപ്പെടുത്തിയിട്ടുണ്ട്. അറവുശാലകളെക്കുറിച്ചുള്ള വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇരുപതാമതു കന്നുകാലി കണക്കെടുപ്പിൽ കഴിഞ്ഞ കണക്കെടുപ്പിൽ നിന്നും വ്യത്യസ്തമായി മത്സ്യമേഖലയിലെ കണക്കെടുപ്പും നടത്തിയിട്ടുണ്ട്.

**പട്ടിക 3.3.2** കേരളത്തിന്റെ കന്നുകാലി കണക്കെടുപ്പ്

| ക്രമ നമ്പർ | വർഗ്ഗം | 2012 | 2019 | മുൻ കണക്കെടുപ്പിൽ നിന്നുള്ള വ്യത്യാസം (%) |
|---|---|---|---|---|
| 1 | കന്നുകാലികൾ | 13.28 | 13.42 | 1.02 |
| 2 | എരുമ | 1.02 | 1.01 | -0.71 |
| 3 | ചെമ്മരിയാട് | 0.01 | 0.01 | 0 |
| 4 | ആട് | 12.46 | 13.59 | 9.07 |
| 5 | മറ്റുള്ളവ | 12.11 | 10.33 | -14.69 |
| | **ആകെ (വളർത്തുമൃഗങ്ങൾ)** | **38.88** | **38.36** | **-1.34** |
| 6 | വളർത്തുപക്ഷികൾ | 238.45 | 298.18 | 25.05 |
| | **ആകെ മൊത്തം** | **277.34** | **336.54** | **21.35** |

*അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ, 2019*

ഇരുപതാമത് കന്നുകാലി കണക്കെടുപ്പ് (2019) പ്രകാരം സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം 38.36 ലക്ഷമാണ്. കഴിഞ്ഞ കന്നുകാലി കണക്കെടുപ്പുമായി (2012) താരതമ്യം ചെയ്യുമ്പോൾ ഇത് 1.34 ശതമാനം കുറവാണ്. ഇരുപതാമത് കന്നുകാലി കണക്കെടുപ്പ് (2019) പ്രകാരം കേരളത്തിലെ വളർത്തു പക്ഷികളുടെ എണ്ണം 298.18 ലക്ഷം ആണ്. ഇത് രാജ്യത്തെ മൊത്തം വളർത്തുപക്ഷികളുടെ എണ്ണത്തിന്റെ 3.5 ശതമാനമാണ്. ഇത് കഴിഞ്ഞ കണക്കെടുപ്പിനേക്കാൾ (2012) 25 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു. ഈ വർദ്ധനവ് ദേശീയവർദ്ധനവി (16.81 ശതമാനം) നേക്കാൾ കൂടുതലാണ്. രാജ്യത്തെ വളർത്തു പക്ഷികളുടെ എണ്ണത്തിൽ കേരളത്തിന് 9–ാം സ്ഥാനമാണുള്ളത്. കേരളത്തിലെ കന്നുകാലികളുടേയും, വളർത്തുപക്ഷികളുടേയും ഇനം തിരിച്ചുള്ള വിവരം **പട്ടിക 3.3.2** ൽ കൊടുത്തിരിക്കുന്നു

## മൃഗസംരക്ഷണ ക്ഷീര മേഖലയിലെ പ്രധാന വകുപ്പുകൾ/ഏജൻസികൾ

- മൃഗസംരക്ഷണ വകുപ്പ്
- ക്ഷീര വികസന വകുപ്പ്
- കേരള കന്നുകാലി വികസന ബോർഡ് (കെ.എൽ.ഡി.ബി)
- കേരള ഫീഡ്സ് ലിമിറ്റഡ്
- മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ
- കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി)
- കേരള സഹകരണ പാൽ വിപണന ഫെഡറേഷൻ (മിൽമ)
- കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി

കേരളത്തിലെ മൃഗസംരക്ഷണ മേഖലയിലെ ധനകാര്യ നിർവ്വഹണം (പതിമൂന്നാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച് വിവരങ്ങൾ **പട്ടിക 3.3.3** ൽ കാണിച്ചിരിക്കുന്നു.

## കേരളത്തിലെ കന്നുകാലി മേഖലയിലെ ഉൽപ്പന്നങ്ങൾ

പാൽ, ഇറച്ചി, മുട്ട എന്നിവയാണ് സംസ്ഥാനത്തെ പ്രധാന കന്നുകാലി മേഖലാ ഉല്പന്നങ്ങൾ. 2012–13 മുതൽ 2019–20 വരെയുള്ള കന്നുകാലി ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ച വിവരങ്ങൾ **ചിത്രം 3.3.2** –ൽ കാണിച്ചിരിക്കുന്നു.

## പാൽ ഉല്പാദനം

ലോകത്തിലെ ഏറ്റവും വലിയ ക്ഷീരോത്പാദന രാജ്യമായി ഇന്ത്യ തുടരുന്നു. ദേശീയതലത്തിൽ പാൽ ഉൽപാദനം 2017–18 –ൽ 17.63 കോടി ടൺ ആയിരുന്നത് 6.5 ശതമാനം വളർച്ച രേഖപ്പെടുത്തി 2018–19 ൽ 18.77 കോടി ടൺ ആയി വർദ്ധിച്ച് കഴിഞ്ഞ മൂന്നു ദശാബ്ദക്കാലത്തെ സ്ഥിരമായ വർദ്ധനവ് നിലനിർത്തി. പാലിന്റെ പ്രതിശീർഷ ലഭ്യത ഇന്ത്യയിൽ കഴിഞ്ഞ കുറെ വർഷങ്ങളായി വർദ്ധിച്ചു വരുന്നു. 2018–19ൽ 394 ഗ്രാമായി വർദ്ധിച്ചു. പാലിന്റെ ഏറ്റവും ഉയർന്ന പ്രതിശീർഷ ലഭ്യത പഞ്ചാബിലും (പ്രതിദിനം 1181 ഗ്രാം) തൊട്ടടുത്ത് ഹരിയാനയിലുമാണ് (പ്രതിദിനം 1087 ഗ്രാം). രാജ്യത്തെ പാലുല്പാദനത്തിൽ മുന്നിൽ നിൽക്കുന്നത് ഉത്തർപ്രദേശും, (മൊത്തം പാലുൽപാദനത്തിന്റെ 16.3 ശതമാനം) തുടർന്ന് രാജസ്ഥാനും (12.6 ശതമാനം) ആണ്. ഇനം തിരിച്ചുള്ള പാലുൽപാദനത്തിന്റെ ഏകദേശം 35 ശതമാനം നാടൻ എരുമകളുടെയും 26 ശതമാനം സങ്കരയിനത്തിൽപ്പെട്ട പശുക്കളിൽ നിന്നുമാണ്. മൊത്തം പാലുൽപാദനത്തിന്റെ 11 ശതമാനം നാടൻ പശുക്കളിൽ നിന്നുമാണ്. രാജ്യത്ത് ആകെ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ മൂന്നു ശതമാനം ആട്ടിൻ പാലാണ്.

2019–20 വർഷത്തിൽ കേരളത്തിൽ പാലിന്റെ ആവശ്യകത 33.22 ലക്ഷം മെട്രിക് ടൺ ആയിരുന്നെങ്കിലും ലഭ്യത 25.42 ലക്ഷം മെട്രിക്

**പട്ടിക 3.3.3** ധനകാര്യനിർവ്വഹണം (പതിമൂന്നാം പഞ്ചവത്സര പദ്ധതി) – മൃഗസംരക്ഷണ വകുപ്പ്
(രൂപ ലക്ഷത്തിൽ)

| വകുപ്പ്/ പൊതുമേഖല സ്ഥാപനം | വാർഷിക പദ്ധതി 2017–18 | | | വാർഷിക പദ്ധതി 2018–19 | | | വാർഷിക പദ്ധതി 2019–20 | | | വാർഷിക പദ്ധതി 2020–21 | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് | ശതമാനം |
| മൃഗസംരക്ഷണ വകുപ്പ് | 18528.00 | 15135.67 | 82 | 19036.00 | 15556.50 | 82 | 18193.00 | 11574.48 | 64 | 15570.00 | 7347.55 | 47.2 |
| കെ.എൽ.ഡി ബോർഡ് | 2083.00 | 2083.00 | 100 | 2141.00 | 2141.00 | 100 | 2382.00 | 1000.00 | 42 | 2150.00 | 1101.11 | 51.2 |
| കേരള ഫീഡ്സ് ലിമിറ്റഡ് | 700.00 | 501.00 | 72 | 785.00 | 199.00 | 25 | 601.00 | 0.00 | 0 | 1100.00 | 889.58 | 80.9 |
| മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ | 917.00 | 187.91 | 20.5 | 1200.00 | 280.00 | 24 | 1200.00 | 149.7 | 12.5 | 963.00 | 770.00 | 80 |
| കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ | 1757.00 | 757.00 | 43.1 | 1767.00 | 300.00 | 17 | 820.00 | 573.60 | 70 | 750.00 | 238.64 | 31.8 |
| മിൽമ | 743.00 | 743.00 | 100 | 774.00 | 774.00 | 100 | 774.00 | 774.00 | 100 | 750.00 | 0 | 0 |
| കേരള വെറ്ററിനറി യൂണിവേഴ്സിറ്റി | 6100.00 | 4225.00 | 69.3 | 7800.00 | 1500.00 | 19 | 7500.00 | 1500.00 | 20 | 5800.00 | 1100.00 | 19 |
| **ആകെ** | **30828.00** | **23632.58** | **77** | **33503.00** | **20750.50** | **62** | **31470.00** | **15571.78** | **49.5** | **27083.00** | **11446.88** | **42.3** |

*അവലംബം:* കേരള സംസ്ഥാന ആസൂത്രണബോർഡ്, വാർഷിക പദ്ധതി 2017-18 മുതൽ 2020-21 വരെ

**ചിത്രം 3.3.2** പാൽ, ഇറച്ചി, മുട്ട എന്നിവയുടെ ഉല്പാദനം 2012–13 മുതൽ 2019–20 വരെ




*അവലംബം:* മൃഗസംരക്ഷണ വകുപ്പ്, കേരള ഗവൺമെന്റ് 2020

ടൺ ആയിരുന്നു. 4.65 ലക്ഷം ടൺ പാലിന്റെ കുറവുണ്ടായി. ആയതിനാൽ 3.15 ലക്ഷം മെട്രിക് ടൺ പാൽ ഇറക്കുമതി ചെയ്യേണ്ടിവന്നു. സംസ്ഥാനത്ത് ഉൽപാദിപ്പിക്കപ്പെടുന്ന 25.42 ലക്ഷം മെട്രിക് ടൺ പാലിന്റെ ഭൂരിഭാഗവും സങ്കരയിനത്തിൽപ്പെട്ട പശുക്കളിൽ നിന്നുമാണ് (93.25 ശതമാനം). നാടൻ പശുക്കൾ 1949 ലക്ഷം മെട്രിക് ടൺ (0.08 ശതമാനം) പാൽ മാത്രമേ ഉൽപാദിപ്പിക്കുന്നുള്ളൂ. ആടുകളിൽ നിന്നുള്ള പാൽ ഉൽപാദനം 1.28 ലക്ഷം മെട്രിക് ടൺ (5.02) ശതമാനം ആണ്. ബാക്കിയുള്ളത് തദ്ദേശീയമായ കന്നുകാലികൾ, എരുമകൾ, തദ്ദേശീയ എരുമകൾ എന്നിവ ഉൽപാദിപ്പിക്കുന്നവയാണ്. 2019–20 –ൽ കേരളത്തിലെ ക്ഷീര ഉല്പാദനം ഇനം തിരിച്ച് **ചിത്രം 3.3.3** –ൽ കൊടുത്തിരിക്കുന്നു.

## മുട്ട ഉല്പാദനം

**ചിത്രം 3.3.3** 2019–20 ൽ കേരളത്തിലെ ക്ഷീര ഉല്പാദനം ഇനം തിരിച്ച്




*അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള ഗവൺമെന്റ് 2020*

കഴിഞ്ഞ നാലു ദശകങ്ങളായി ഇന്ത്യയിൽ മുട്ട ഉല്പാദനത്തിൽ ഒരു കുതിച്ചുചാട്ടം നടത്തിയിട്ടുണ്ട്. ഈ മേഖലയിലെ സാങ്കേതിക ഇടപെടൽ മൂലം അശാസ്ത്രീയമായ മുട്ട ഉല്പാദനത്തിൽനിന്നു വാണിജ്യപരമായ ഉല്പാദനരീതിയിലേക്ക് മാറിയിട്ടുണ്ട്. 2017–18 ൽ ഇന്ത്യയിലെ മൊത്തം മുട്ട ഉല്പാദനം 9520 കോടി ആയിരുന്നത് 2019ൽ 10332 കോടി എണ്ണം ആയി വർദ്ധിച്ച് 8.5 ശതമാനം വളർച്ച രേഖപ്പെടുത്തി. അതുപോലെ 2000–01 മുതൽ മുട്ടയുടെ പ്രതിശീർഷ ലഭ്യതയും വർദ്ധിച്ചിട്ടുണ്ട്. മുട്ടയുടെ പ്രതിശീർഷ ലഭ്യത 2018–19 –ൽ പ്രതിവർഷം 79 ഉം പ്രതിശീർഷ ഉപഭോഗം 70 ഉം ആണ്. രാജ്യത്ത് ഏറ്റവും കൂടുതൽ മുട്ട ഉല്പാദിപ്പിക്കുന്ന സംസ്ഥാനം ആന്ധ്രാപ്രദേശും (ആകെ ഉല്പാദത്തിന്റെ 19.1 ശതമാനം) തുടർന്ന് തമിഴ്നാട്ടും (18.2ശതമാനം), അതിനു പുറകിൽ തെലങ്കാനയും(13.2 ശതമാനം) ആണ്. രാജ്യത്ത് അഞ്ച് ശതമാനത്തിലധികം മുട്ട ഉല്പാദിപ്പിക്കുന്ന മറ്റു സംസ്ഥാനങ്ങൾ പശ്ചിമബംഗാൾ (8.3ശതമാനം), ഹരിയാന (5.9 ശതമാനം), കേരളം (2.2 ശതമാനം) എന്നിങ്ങനെയാണ്. മുട്ടയുടെ ഉയർന്ന പ്രതിശീർഷ ലഭ്യത ആന്ധ്രാപ്രദേശിലും (പ്രതിവർഷം 372 എണ്ണം) തുടർന്ന് തമിഴ്നാട് (265), ഹരിയാന (224), പഞ്ചാബ് (191) കർണ്ണാടക (95) പശ്ചിമ ബംഗാൾ (88) എന്നിങ്ങനെയാണ്. ഇത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. രാജ്യത്തെ മൊത്തം മുട്ട ഉല്പാദനത്തിൽ 87.33 ശതമാനം മുട്ടകളും മെച്ചപ്പെട്ട ഇനത്തിൽപ്പെട്ട കോഴികളുടെയും, 11.52 ശതമാനം നാടൻ കോഴികളുടേതുമാണ്. നാടൻ താറാവുകളും, മെച്ചപ്പെട്ട ഇനത്തിൽപ്പെട്ട താറാവുകളും യഥാക്രമം 0.89 ശതമാനം, 0.26 ശതമാനം മുട്ട ഉല്പാദിപ്പിക്കുന്നു.

മുട്ട ഉല്പപാദനത്തിൽ കേരളത്തിന് പത്താം സ്ഥാനമാണുള്ളത്. പന്ത്രണ്ടാം പദ്ധതിക്കാലത്ത് കേരളത്തിൽ മുട്ട ഉല്പാദനത്തിൽ വലിയമാറ്റം ഉണ്ടായിട്ടുണ്ട്. 2012–13 –ൽ സംസ്ഥാനത്തെ മൊത്തം മുട്ട ഉല്പാദനം 224 കോടിയായിരുന്നത് തുടർച്ചയായ വർദ്ധനവിലൂടെ 2014–15 ൽ 250 കോടിയായിത്തീർന്നു. 2015–16, 2016–17 എന്നീ കാലയളവിൽ മുട്ട ഉല്പാദനം യഥാക്രമം 244 കോടി, 234 കോടി എന്നിങ്ങനെ കുറവ് രേഖപ്പെടുത്തി. 2017–18 –ൽ മൊത്തം മുട്ട ഉല്പാദനം 235 കോടിയായും 2018–19 ൽ 229 കോടിയായും കുറഞ്ഞു. 2019–20 ൽ സംസ്ഥാനത്തെ മുട്ട ഉല്പാദനം 218 കോടിയായി കുറഞ്ഞു. മുട്ടയുടെ പ്രതിശീർഷ ലഭ്യത 2016–17ൽ 69 എണ്ണമായിരുന്നത് 2019–20 ൽ 62 എണ്ണമായി കുറഞ്ഞു. മുട്ടയുടെ പ്രതിശീർഷ ഉപഭോഗം പ്രതിവർഷം 128 എണ്ണമാണ്. മുട്ട ഉല്പാദനത്തിന്റെ പ്രതിവർഷ വളർച്ചാനിരക്ക് 8.5 ശതമാനമാണ്. സംസ്ഥാനത്തെ ആകെ മുട്ട ഉല്പാദനം 218.11 ലക്ഷം മുട്ടയും, ആകെ ആവശ്യകത 531.58 ലക്ഷം മുട്ടയുമാണ്. 58.63 ലക്ഷം മുട്ടയുടെ കുറവ് ഉണ്ടായതിനാൽ 254.84 ലക്ഷം മുട്ട റെയിൽ/റോഡ്/വ്യോമമാർഗ്ഗം ഇറക്കുമതി ചെയ്യേണ്ടതായി വന്നു.

സംസ്ഥാനത്ത് ആകെ ഉല്പാദിപ്പിക്കപ്പെടുന്നതിൽ 73.9 ശതമാനം മുട്ടകളും മെച്ചപ്പെട്ട ഇനത്തിൽപ്പെട്ട കോഴികളും, 21.1 ശതമാനം നാടൻ ഇനത്തിൽപ്പെട്ട കോഴികളിൽ നിന്നുമാണ്. സംസ്ഥാനത്തെ മൊത്തം മുട്ട ഉല്പാദനത്തിൽ നാടൻ ഇനം താറാവിന്റെയും, മെച്ചപ്പെട്ട ഇനം താറാവിന്റെയും മുട്ട ഉല്പാദനം യഥാക്രമം 2.7 ശതമാനം, 2.2 ശതമാനം എന്നിങ്ങനെയാണ്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന 99.7 ശതമാനം മുട്ടകളും വീട്ടുവളപ്പിലെ കോഴി വളർത്തലിൽ നിന്നുമാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള കോഴിവളർത്തലിൽ നിന്നും 0.27 ശതമാനം മുട്ട ഉല്പാദനം മാത്രമെ നടക്കുന്നുള്ളൂ. ആയതിനാൽ വരും വർഷങ്ങളിൽ വീട്ടുവളപ്പിലെ കോഴിവളർത്തലിന് വളരെയധികം പ്രാധാന്യം നൽകേണ്ടതുണ്ട്. വീട്ടുവളപ്പിലെ കോഴിവളർത്തലിൽ

**ചിത്രം 3.3.4** കേരളത്തിൽ മുട്ട ഉല്പാദനം ഇനം തിരിച്ച്




*അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള ഗവൺമെന്റ് 2020*

നാടൻ ഇനത്തിൽപ്പെട്ട കോഴികളുടേയും താറാവുകളുടെയും ശരാശരി ഉല്പാദനം പ്രതിവർഷം 138 എണ്ണം 171 എണ്ണം എന്നിങ്ങനെയാണ്. മെച്ചപ്പെട്ട ഇനം കോഴികളുടേയും താറാവുകളുടേയും ശരാശരി ഉല്പാദനക്ഷമത 217 എണ്ണം 167 എണ്ണം എന്നിങ്ങനെയാണ്. കേരളത്തിലെ മുട്ട ഉല്പാദനം ഇനം തിരിച്ച് **ചിത്രം 3.3.4**ൽ കൊടുത്തിരിക്കുന്നു.

ലോക്ഡൗണിനു മുൻപ് പ്രതിദിനം ശരാശരി 70 ലക്ഷം മുട്ടകൾ സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്തിരുന്നു. ഈ പ്രവണതയനുസരിച്ച് ലോക്ഡൗൺ കാലത്ത് 63 കോടി മുട്ട ഇറക്കുമതി ചെയ്യേണ്ടതായിരുന്നു. എന്നാൽ ഈ കാലയളവിൽ 42 കോടി മുട്ട മാത്രമേ ഇറക്കുമതി ചെയ്തിട്ടുള്ളൂ. ഇത് മുട്ട ഇറക്കുമതിയിൽ 33 ശതമാനം കുറവ് രേഖപ്പെടുത്തി. എന്നാൽ ഈ കാലയളവിൽ മുട്ട ഉപഭോഗം വീടുകളിൽ മാത്രം പരിമിതപ്പെടുത്തിയതിനാൽ പ്രസ്തുത കുറവ് വിപണിയിൽ ദൃശ്യമായില്ല.

കേരളത്തിലെ മൃഗസംരക്ഷണ വകുപ്പ് മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കേണ്ടതുണ്ട്. മുട്ട ഉല്പാദനത്തിൽ മറ്റു സംസ്ഥാനങ്ങളുടെ ആശ്രയത്വം കുറയ്ക്കുന്നതിന് പ്രതിദിനം 75 ലക്ഷം മുട്ട എന്ന രീതിയിൽ സംസ്ഥാനത്തെ ഉല്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്.

## മാംസ ഉല്പാദനം

രാജ്യത്ത് മാംസ ഉല്പാദനത്തിൽ 2007–08 മുതൽ സ്ഥിരവർദ്ധനവുണ്ടായിട്ടുണ്ട്. 2017–18 –ൽ രാജ്യത്തെ മൊത്തം മാംസ ഉല്പാദനം 77 ലക്ഷം ടൺ ആയിരുന്നത് 2018–19 –ൽ 5.2 ശതമാനം വളർച്ച രേഖപ്പെടുത്തി 81 ലക്ഷം ടണ്ണായി. രാജ്യത്ത് ഏറ്റവും കൂടുതൽ മാംസം ഉല്പാദിപ്പിക്കുന്ന സംസ്ഥാനം ഉത്തർപ്രദേശ് (15 ശതമാനം), തുടർന്ന് മഹാരാഷ്ട്ര (12.6 ശതമാനം), പശ്ചിമബംഗാൾ (10.2 ശതമാനം) ആന്ധ്രാപ്രദേശ് (9.6 ശതമാനം), തെലങ്കാന (9.3 ശതമാനം), കേരളം (5.6 ശതമാനം) എന്നിങ്ങനെ രാജ്യത്തെ മൊത്തം മാംസ ഉല്പാദനത്തിന്റെ 57 ശതമാനം സംഭാവന ചെയ്യുന്നു. രാജ്യത്തെ മൊത്തം മാംസ ഉല്പാദനത്തിന്റെ ഏകദേശം 50 ശതമാനവും പൗൾട്രി മാംസമാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ പൗൾട്രി മാംസം ഉല്പാദിപ്പിക്കുന്ന മറ്റു സംസ്ഥാനങ്ങൾ മഹാരാഷ്ട്ര, തമിഴ്നാട്, പശ്ചിമബംഗാൾ എന്നിവയാണ്. ഇന്ത്യയിൽ പോത്ത് മാംസം, ആട് മാംസം എന്നിവയുടെ സംഭാവന യഥാക്രമം 19 ശതമാനം, 14 ശതമാനം എന്നിങ്ങനെയാണ്.

കേരളത്തിലെ മാംസ ഉല്പാദനം കഴിഞ്ഞ രണ്ട് വർഷങ്ങളായി 4.69 ലക്ഷം മെട്രിക് ടൺ എന്ന നിലയിലും 2018–19 –ൽ 4.57 ലക്ഷം മെട്രിക് ടണ്ണും, 2019–20 –ൽ 4.55 ലക്ഷം ടണ്ണുമായി കുറഞ്ഞു. ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാംസത്തിന്റെ 5.6 ശതമാനം കേരളത്തിൽനിന്നുമാണ്. മാംസ ഉല്പാദനത്തിൽ കേരളം എട്ടാം സ്ഥാനത്താണ്. 2019–20 –ൽ കേരളത്തിന്റെ മാംസ ഉല്പാദനം 4.55 ലക്ഷം മെട്രിക് ടണ്ണും, മാംസത്തിന്റെ ആവശ്യകത 4.92 ലക്ഷം മെട്രിക് ടണ്ണുമായിരുന്നു. 0.09 ലക്ഷം ടൺ മെട്രിക് മാംസ ഉല്പാദന കുറവുണ്ടായി. 2019–20 –ൽ 0.28 ലക്ഷം മെട്രിക് ടൺ സംസ്കരിച്ച മാംസം ഇറക്കുമതി ചെയ്യുന്നതിനിടയാക്കി.

സംസ്ഥാനത്ത് ആവശ്യമുള്ള മാംസത്തിന്റെ 60 ശതമാനം അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണെങ്കിലും, കോവിഡ്–19 സംസ്ഥാനത്തെ മാംസ ഉല്പാദനത്തെ സാരമായി ബാധിച്ചു. ആൺ കന്നു കുട്ടികളെ പരിപോഷിപ്പിക്കുന്നതിനായി ഒരു പദ്ധതി പരിഗണിക്കേണ്ടതുണ്ട്. ലോക് ഡൗൺ കാലയളവിൽ

0.22 ലക്ഷം മെട്രിക് ടൺ മാംസ ഉല്പാദനത്തിൽ കുറവു വന്നതിനാൽ 600 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു. ഈ സാഹചര്യത്തിൽ അടുത്ത അഞ്ചു വർഷത്തേക്ക് 'കേരളാ ചിക്കൻ' പദ്ധതി വികസിപ്പിക്കേണ്ടതുണ്ട്.

### കേരളാ ചിക്കൻ

സംസ്ഥാനത്ത് ഉപഭോക്താക്കൾക്ക് ന്യായവിലയിൽ സുരക്ഷിതമായ ബ്രോയിലർ ചിക്കൻ വിതരണം ചെയ്യുന്നതിനും, കർഷകർക്ക് സാധ്യമായ ഒരു ജീവനോപാധി എന്ന നിലയിലും 63.10 കോടി രൂപ ചെലവിൽ ആരംഭിച്ച കേരളപുനർനിർമ്മാണ സംരംഭമാണ് 'കേരളാ ചിക്കൻ'. ഈ പദ്ധതി പ്രകാരം 2600 ബ്രോയിലർ ചിക്കൻ ഫാമുകളും, 240 കേരളാ ചിക്കൻ ഔട്ട് ലെറ്റുകളും സംസ്ഥാനത്താകമാനം സ്ഥാപിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ബ്രീഡർ ഫാമുകൾ, മാലിന്യ നിർമ്മാർജനത്തിന് റെൻഡറിംഗ് ഫാമുകൾ, സംസ്കരണ പ്ലാന്റുകൾ എന്നിവ തൽപ്പര കക്ഷികളായ മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ, കേരളസംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി), മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ), ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, തദ്ദേശ സ്വയംഭരണ വകുപ്പ് (എൽ.എസ്.ജി.ഡി.) എന്നീ വകുപ്പുകളിലൂടെ മാംസത്തിന്റെ ഗുണനിലവാര പരിശോധന സൗകര്യങ്ങളും ഇതിൽ ഉൾപ്പെടുന്നു

### ക്ഷീരവിപണനം

കർഷകർക്ക് ഉയർന്ന പാൽ വില നൽകുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. സംസ്ഥാനത്ത് മൂന്ന് തലത്തിലുള്ള സഹകരണ സംഘങ്ങളുടെ ഉന്നതകേന്ദ്രമാണ് കേരളാ ക്ഷീര സഹകരണ വിപണന ഫെഡറേഷൻ (കെ.സി.എം.എം.എഫ്) അഥവാ മിൽമ. കേരളാ ക്ഷീര സഹകരണ വിപണന ഫെഡറേഷന്റെ വിൽപ്പനയിൽ 2019–20 ൽ കുറവ് രേഖപ്പെടുത്തി. ഈ കാലയളവിൽ സംസ്ഥാനത്ത് ക്ഷീര സഹകരണ സംഘങ്ങൾ 6,789 ലക്ഷം ലിറ്റർ പാൽ സംഭരിച്ചതിൽ 4516 ലക്ഷം ലിറ്റർ പാൽ ഡയറിയിലേയ്ക്ക് അയയ്ക്കുകയും, 2246 ലക്ഷം ലിറ്റർ പാൽ ക്ഷീര സഹകരണ സംഘങ്ങൾ വഴി പ്രാദേശിക വില്പന നടത്തുകയും ചെയ്തു. 2019–20 ൽ ആനന്ദ് മാതൃക സഹകരണ സംഘങ്ങളുടെ (ആപ്കോസ്) പ്രതിദിന ശരാശരി ക്ഷീര സംഭരണം കഴിഞ്ഞ വർഷത്തെ 1528 മെട്രിക് ടണ്ണിൽ നിന്നും 1415 മെട്രിക് ടണ്ണായി കുറവ് രേഖപ്പെടുത്തി. സൊസൈറ്റികളുടെ പ്രതിദിന സംഭരണം 2018–19 ൽ 501 ലിറ്ററായിരുന്നത് 2019–20 –ൽ 440 ലിറ്ററായി കുറഞ്ഞു. 2019–20 ൽ കെ.സി.എം.എം.എഫിന്റെ പാൽ സംഭരണവും, വില്പനയും യഥാക്രമം 3940.76 ലക്ഷം ലിറ്റർ, 4466.27 ലക്ഷം ലിറ്റർ എന്നിങ്ങനെയാണ്. എറണാകുളം, പാലക്കാട്ട്, വയനാട്ട് ഡയറികൾ ഒഴികെ ബാക്കി എല്ലാ ഡയറികളിലും പാൽ വിതരണം സംഭരണത്തേക്കാൾ കൂടുതലാണ്. ആഭ്യന്തരലഭ്യത കുറവായതിനാൽ കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ മിൽമ ഫെഡറേഷനുകളിൽ നിന്നും പാൽ ഇറക്കുമതി ചെയ്യുകയും, പാട നീക്കം ചെയ്ത പാൽപ്പൊടി വാങ്ങുകയും ചെയ്തു. 2019–20 ൽ കെ.സി.എം.എം. എഫിന്റെ ക്ഷീര ശാലകൾ സംഭരിച്ചതും, വിപണനം നടത്തിയതുമായ പാൽ സംബന്ധിച്ച വിവരങ്ങൾ, ഇക്കാലയളവിൽ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ, പ്രതിദിനം ആപ്കോസ് സംഭരിച്ച പാലിന്റെ ശരാശരി കണക്ക് എന്നിവ യഥാക്രമം **അനുബന്ധം 3.3.1, 3.3.2, 3.3.3** എന്നിവയിൽ കൊടുത്തിരിക്കുന്നു. 2010 മുതൽ നിലവിലുള്ള പാലിന്റെ വില സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.3.4, 3.3.5** എന്നിവയിൽ കൊടുത്തിരിക്കുന്നു.

സംസ്ഥാനത്ത് പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനപ്രക്രിയയിൽ ഉല്പാദകർ മുതൽ ഉപഭോക്താക്കൾ വരെയുള്ള ഉല്പാദന വിതരണ ക്രമങ്ങളിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച പഠനം അത്യാവശ്യമാണ്. സംസ്ഥാനത്ത് പാൽ, മുട്ട, മാംസം എന്നിവയുടെ വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിന് ആധുനിക സാങ്കേതികവിദ്യ പശ്ചാത്തലം ഉപയോഗിക്കേണ്ടതുണ്ട്. അതിനായി എല്ലാ ക്ഷീര സംഘങ്ങളേയും ബന്ധിപ്പിക്കുന്ന ഒരൊറ്റ സോഫ്റ്റ് വെയർ ഉപയോഗിക്കേണ്ടതാണ്.

### കന്നുകാലിതീറ്റയും, തീറ്റപ്പുൽ ഉല്പാദനവും

കേരളത്തിൽ പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതയിലും, കാലിത്തീറ്റ ഉല്പാദനത്തിലുമുള്ള കുറവ് കന്നുകാലി മേഖലയിൽ പ്രത്യേകമായി പരിഗണിക്കപ്പെടേണ്ടതുണ്ട്. കേരളത്തിൽ തീറ്റപ്പുൽ വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസി ക്ഷീര വികസന വകുപ്പാണ്. കാലിത്തീറ്റ ഉല്പാദനവും, അവയുടെ സംരക്ഷണവും എന്ന പദ്ധതിയിൻ കീഴിൽ, കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി വ്യാപനം എന്ന ഘടകം ഉൾപ്പെടുത്തിയിട്ടുണ്ട്. പുരോഗമനോന്മുഖരായ ക്ഷീരകർഷകർ, മറ്റ് വ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഉടമസ്ഥതയിൽ ഒഴിഞ്ഞു കിടക്കുന്ന ഫലഭൂയിഷ്ഠമായ ഭൂമി തീറ്റപ്പുൽ കൃഷി വികസനത്തിനായി തെരഞ്ഞെടുക്കുന്നുണ്ട്. 2019–20 ൽ ക്ഷീര വികസന വകുപ്പ് 1691 ഹെക്ടർ പ്രദേശത്ത് തീറ്റപ്പുൽ കൃഷി ചെയ്തു. 3.57 ലക്ഷം മെട്രിക് ടൺ അധിക ഉല്പാദനം നടത്തുകയും 391.7 ലക്ഷം വേര് പിടിപ്പിച്ച തീറ്റപ്പുൽ/ തൈകൾ ഉല്പാദിപ്പിക്കുകയും ചെയ്തു. കൂടാതെ അസോള കൃഷിയും, തീറ്റപ്പുൽ ഉല്പാദനം, വിളവെടുപ്പ്, ജലസേചനം

എന്നീ പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കുന്നതിനും, കർഷകർക്ക് സഹായം നൽകി. 2019-20 ൽ കാലിത്തീറ്റ ഉല്പാദനം 3.61 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു. 2018-19 ൽ ഇതു് 3.42 ലക്ഷം മെട്രിക് ടണ്ണായിരുന്നു. കാലിത്തീറ്റ ഉല്പാദനം സംബന്ധിച്ച വിശദവിവരങ്ങൾ **അനുബന്ധം 3.3.6, 3.3.7, 3.3.8** എന്നിവയിൽ കൊടുത്തിരിക്കുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡ്, കാലിത്തീറ്റയും, അനുബന്ധ ഉല്പന്നങ്ങളുടെ നിർമ്മാണവും, വിതരണവും നടത്തി വരുന്നു. തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, കോഴിക്കോട്ടു ജില്ലയിലെ തിരുവാംഗൂർ എന്നീ ഉല്പാദനകേന്ദ്രങ്ങളാണ് കമ്പനിയ്ക്കുള്ളത്. കോവിഡ് മഹാമാരിയുടെ സമയത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചതിനാൽ കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കേരളത്തിനു പുറത്തു നിന്നും കൊണ്ടു വരുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ടായി. ആയതിനാൽ സാധാരണ നിലയിൽ നിന്നും ഉല്പാദനത്തിലും, വിതരണത്തിലും കുറവ് രേഖപ്പെടുത്തി. ഈ കാലയളവിൽ ഏകദേശം 6,110 മെട്രിക് ടൺ ഉല്പാദന വിതരണ കുറവ് 14.7 കോടി രൂപയുടെ നഷ്ടത്തിനിടയാക്കി.

കേരളത്തിൽ കന്നുകാലി മേഖലയിൽ ഒരു കന്നുകാലിത്തീറ്റ പദ്ധതി ഉണ്ടാക്കേണ്ടതുണ്ട്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ആഭ്യന്തര കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 15,000 ഏക്കറോളം ഭൂമി കണ്ടെത്തി ഉല്പാദനം ശക്തിപ്പെടുത്തേണ്ടതുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ ഫീഡ്സ് ലിമിറ്റഡ്, മിൽമ ഫീഡ്സ് എന്നിവയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കേണ്ടതും ശക്തിപ്പെടുത്തേണ്ടതുമുണ്ട്.

## പ്രജനനത്തിനുള്ള പിന്തുണ

ദീർഘകാലത്തേയ്ക്ക് കന്നുകാലികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, മെച്ചപ്പെട്ട വംശപാരമ്പര്യം നിലനിർത്തുന്നതിനും പ്രജനനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. സംസ്ഥാനത്ത്, മരവിപ്പിച്ച ബീജം ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന്റെ ചുമതല കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനാണ് (കെ. എൽ.ഡി.ബി). 2018-19 മായി താരതമ്യപ്പെടുത്തുമ്പോൾ 2019-20 ൽ ബീജ ഉല്പാദനം 19.12 ലക്ഷം മാത്രയിൽ നിന്നും 18.72 ലക്ഷം മാത്രകളായി കുറഞ്ഞു. ഈ കാലയളവിൽ ഇതിന്റെ വിതരണം സംസ്ഥാനത്തിനകത്ത് 13.98 ലക്ഷം മാത്രകളിൽ നിന്നും 13.78 ലക്ഷം മാത്രകളായി കുറയുകയും, സംസ്ഥാനത്തിനു പുറത്ത് 5.34 ലക്ഷം മാത്രകളിൽ നിന്നും 4.74 ലക്ഷം മാത്രകളായി കുറയുകയും ചെയ്തു. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ **അനുബന്ധം 3.3.9** ൽ കൊടുത്തിരിക്കുന്നു. 2019-20 ൽ സംസ്ഥാനത്ത് 2515 കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളാണുണ്ടായിരുന്നത്. ഈ കാലയളവിൽ 10.45 ലക്ഷം കുത്തിവയ്പ് നടത്തിയതിൽ 2.62 ലക്ഷം കിടാങ്ങളുണ്ടായി. ഒരു കിടാവ് ജനിക്കുന്നതിന് ശരാശരി നാല് കുത്തിവയ്പുകൾ ആവശ്യമായിട്ടുണ്ട്. കൃത്രിമ ഗർഭോല്പാദനം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.3.10** ലും കെ.എൽ.ഡി.ബി യുടെ പ്രധാന പ്രവർത്തനങ്ങൾ **അനുബന്ധം 3.3.11** ലും കൊടുത്തിരിക്കുന്നു. കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ഐ.ഐ.ഐ.റ്റി.എം.കെ (IIITMK) യുടെ സഹകരണത്തോടെ ഇലക്ട്രോണിക് ഹെർഡ് ബുക്ക് രജിസ്ട്രേഷൻ നടത്തുന്നതിനായി സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഡാറ്റ മൃഗസംരക്ഷണ വകുപ്പിനും, ക്ഷീര വികസന വകുപ്പിനും ഉപയോഗിക്കാവുന്നതാണ്.

കന്നുകാലി മേഖലയിൽ, കഴിഞ്ഞ കുറേ കാലങ്ങളായി സങ്കരയിനത്തിൽപ്പെട്ട വിദേശീയ ജനിതക ഉല്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതിനാൽ തദ്ദേശീയ ഇനത്തിൽപ്പെട്ട രോഗപ്രതിരോധ ശക്തിയുള്ള കന്നുകാലി അനുപാതം കുറഞ്ഞു വരുന്ന പ്രവണതയാണുള്ളത്. ആയതിനാൽ തദ്ദേശീയ ഇനത്തിൽപ്പെട്ട ഇന്ത്യൻ കന്നുകാലികളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. കൃത്രിമ ഗർഭധാരണ പ്രക്രിയയിൽ ഇത്തരത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിനായി പ്രത്യുല്പാദന സാങ്കേതികവിദ്യ വികസിപ്പിക്കേണ്ടതും അത് അവലംബിക്കുന്നതിന് വകുപ്പ് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

സങ്കരയിനത്തിൽപ്പെട്ട വിദേശീയ കന്നുകാലി പ്രജനനം 1956 ൽ ആണ് കേരളത്തിൽ ആരംഭിച്ചത്. 1996 വരെ ആകെ കന്നുകാലികളുടെ 67.3 ശതമാനം സങ്കരയിനത്തിൽപ്പെട്ടവയായിരുന്നെങ്കിൽ 2019 ആയപ്പോഴേയ്ക്കും 94 ശതമാനമായിത്തീർന്നു. ഇരുപതാം കന്നുകാലി കണക്കെടുപ്പ് അനുസരിച്ച് കേരളത്തിലെ തദ്ദേശീയ ഇനത്തിൽപ്പെട്ട കന്നുകാലികളുടെ എണ്ണത്തിൽ 7.38 ശതമാനം വർദ്ധനവ് മുൻ കന്നുകാലി കണക്കെടുപ്പുമായി താരതമ്യപ്പെടുത്തുമ്പോൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിലെ കന്നുകാലി മേഖലയിലെ നിർവ്വഹണ ഏജൻസികൾ തദ്ദേശീയ ഇനത്തിൽപ്പെട്ട കന്നുകാലികളുടെ വികസനത്തിലും സംരക്ഷണത്തിലും ഊന്നൽ നൽകിയതിനാലാണ്.

കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് മാട്ടുപ്പെട്ടി, ധോണി, കുളത്തുപ്പുഴ എന്നിവിടങ്ങളിലെ മൂന്ന് പ്ലാന്റുകൾ മുഖേന മരവിപ്പിച്ച ബീജത്തിന്റെ ഉല്പാദന വിതരണപ്രക്രിയ നടത്തിവരുന്നു. മരവിപ്പിച്ച ബീജത്തിന്റെ ഉല്പാദനത്തിൽ ലോക്ഡൗൺ സമയത്ത് മാട്ടുപെട്ടിയിൽ 1,25,000 മാത്രകളുടേയും, ധോണിയിൽ

83,000 മാത്രകളുടേയും കുളത്തൂപ്പുഴയിൽ 15,000 മാത്രകളുടേയും കുറവ് രേഖപ്പെടുത്തി. ഈ കാലയളവിൽ കെ.എൽ.ഡി.ബി യ്ക്ക് 89.2 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി.

## പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (എസ്.എൽ.ബി.പി)

1976 മുതൽ കന്നുകാലി വളർത്തുന്നതിന് 32 മാസം വരെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുകയും, ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തി പശുക്കിടാവുകളെ വളർത്തുന്ന പദ്ധതി നിലവിൽ നടന്നു വരുകയും ചെയ്യുന്നു. എരുമകളുടെ എണ്ണത്തിൽ പെട്ടെന്നുണ്ടായ കുറവ് പരിഹരിക്കുന്നതിനുദ്ദേശിച്ച് ഈ പദ്ധതി എരുമക്കിടാവുകൾക്കും ബാധകമാക്കി. എന്നാൽ എരുമക്കിടാവുകളെ ഉൾപ്പെടുത്തുന്ന പ്രവണത കുറഞ്ഞു വരികയും, 2014–15 മുതൽ 2019–20 വരെയുള്ള കാലയളവിൽ ഒറ്റ എരുമക്കിടാവുകളെപ്പോലും ഉൾപ്പെടുത്തിയിട്ടുമില്ല. 2018–19 ൽ ഈ പദ്ധതിയിൽ 83,196 കന്നുകുട്ടികളെ ഉൾപ്പെടുത്തിയിരുന്നെങ്കിലും 2019–20 ൽ 35,131 ആയി കുറഞ്ഞു. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ **അനുബന്ധം 3.3.12** ൽ കൊടുത്തിരിക്കുന്നു.

## മൃഗങ്ങളുടെ ആരോഗ്യ സുരക്ഷ

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ 14 ജില്ലാ വെറ്ററിനറി സെന്ററുകൾ, 50 വെറ്ററിനറി പോളി ക്ലിനിക്കുകൾ, 214 വെറ്ററിനറി ആശുപത്രികൾ, 869 വെറ്ററിനറി ഡിസ്പെൻസറികൾ, 38 പ്രാദേശിക മൃഗസംരക്ഷണ സെന്ററുകൾ, 1340 വെറ്ററിനറി സബ്സെന്ററുകൾ, 5 മൊബൈൽ വെറ്ററിനറി ആശുപത്രികൾ, 8 മൊബൈൽ ഫാം എയ്ഡ് യൂണിറ്റുകൾ, 4 മൊബൈൽ വെറ്ററിനറി ഡിസ്പെൻസറികൾ, ഒരു മോട്ടോർ ബോട്ട് വെറ്ററിനറി ആശുപത്രി എന്നിവ മുഖേന കന്നുകാലികൾക്ക് മെച്ചപ്പെട്ട ആരോഗ്യസുരക്ഷ നൽകി വരുന്നു. മൃഗസംരക്ഷണവകുപ്പ് മറ്റ് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സാംക്രമിക രോഗങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുന്നു. കുളമ്പുരോഗ നിയന്ത്രണ പരിപാടി, റാബീസ് ഫ്രീ കേരള വാക്സിനേഷൻ പരിപാടി എ.എസ്.സി.എ.ഡി, പൗൾട്രി വാക്സിനേഷൻ പരിപാടികൾ എന്നിവ വ്യവസ്ഥാപിതമായി നടപ്പിലാക്കി വരുന്നു. 2012–13 മുതൽ 2019–20 വരെ കേരളത്തിലെ കന്നുകാലികളെ ബാധിച്ച പ്രധാന പകർച്ച വ്യാധികൾ, രോഗബാധ, നാശം സംഭവിച്ച മൃഗങ്ങളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.3.13** ൽ കൊടുത്തിരിക്കുന്നു.

## രാത്രികാലങ്ങളിലെ അടിയന്തിര മൃഗചികിത്സാ സേവനങ്ങൾ

സാധാരണയായി വെറ്ററിനറി ഡോക്ടർമാരുടെ സേവനം പകൽ സമയങ്ങളിൽ മാത്രമേ ലഭ്യമായിരുന്നുള്ളൂ. രാത്രികാലങ്ങളിൽ ഈ സേവനം ലഭ്യമാകുന്നതിന് വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിനായി വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണിവരെയുള്ള സമയത്ത് ഡോക്ടറുടെ സേവനം ബ്ലോക്കുതലത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ ഒരു പദ്ധതിയാണിത്. കരാർ അടിസ്ഥാനത്തിലുള്ള ഒരു വെറ്ററിനറി ഡോക്ടറുടെ സേവനം രാത്രികാലങ്ങളിൽ ലഭ്യമാക്കുന്നു. ബ്ലോക്കടിസ്ഥാനത്തിലുള്ള ഒരു വെറ്ററിനറി സ്ഥാപനത്തിന്റെ നിയന്ത്രണത്തിലായിരിക്കും പ്രസ്തുത യൂണിറ്റ് പ്രവർത്തിക്കുന്നത്. ആവശ്യമായ മരുന്നുകൾ യൂണിറ്റിന് ലഭ്യമാക്കും. രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം 2019–20 വരെ 125 ബ്ലോക്കുകളിലും, 2021–22 ൽ എല്ലാ ബ്ലോക്കുകളിലും ലഭ്യമാക്കും.

## ഗോസമൃദ്ധി – സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ 'ഗോസമൃദ്ധി' 2017–18 ൽ ആണ് ആരംഭിച്ചത്. കന്നുകാലികളുടെ മരണമോ, വൈകല്യമോ മൂലമുണ്ടാകുന്ന ഉല്പാദനക്കുറവ് മൂലം കർഷകർക്കുണ്ടാകുന്ന അനിശ്ചിതത്വവും, നഷ്ടവും നികത്തുന്നതിനുള്ള ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിൻ കീഴിൽ മൃഗങ്ങൾക്കുള്ള പരമാവധി ഇൻഷ്വറൻസ് തുക 50,000 രൂപയാണ്. പ്രീമിയം തുക മൃഗത്തിന്റെ വിലയുടെ ഏകദേശം 3 ശതമാനവും, സബ്സിഡി നിരക്ക് 50 ശതമാനവും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 70 ശതമാനവുമാണ്. ഒറ്റത്തവണ ഇൻഷ്വറൻസിലൂടെ പരമാവധി 3 വർഷം വരെ പരിരക്ഷ ലഭിക്കുന്നു. യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയെ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. 2019–20 ൽ ഈ പദ്ധതിയിൽ 37,474 മൃഗങ്ങളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

## പാലോട്ട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വാക്സിൻ ഉല്പാദനം

സംസ്ഥാനത്ത് മൃഗങ്ങൾക്കുള്ള വാക്സിൻ നിർമ്മിച്ച് വിതരണം ചെയ്യുന്ന ഒരേ ഒരു സ്ഥാപനമാണ് പാലോടുള്ള വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്. ഇൻസ്റ്റിറ്റ്യൂട്ടിൽ ഉല്പാദിപ്പിക്കുന്ന വാക്സിനുകൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.3.14** ൽ കൊടുത്തിരിക്കുന്നു. 2019–20 ൽ 118.24 ലക്ഷം ഡോസ് പൗൾട്രി വാക്സിനും, 1.9 ലക്ഷം ഡോസ്

കന്നുകാലികൾക്കുള്ള വാക്സിനും ഉല്പാദിപ്പിച്ചു. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ പൗൾട്രി വാക്സിന്റെ ഉല്പാദനം 40.8 ശതമാനവും, കന്നുകാലികൾക്കുള്ള വാക്സിന്റെ ഉല്പാദനം 70 ശതമാനവും കുറവു രേഖപ്പെടുത്തി. 2019–20 ൽ കന്നുകാലികൾക്ക് 8.35 ലക്ഷവും, കോഴികൾക്ക് 78.35 ലക്ഷവും വാക്സിനേഷനുകൾ നടത്തി. മുൻവർഷത്തെ അപേക്ഷിച്ച് കന്നുകാലികളുടെ വാക്സിനേഷൻ യഥാക്രമം 65 ശതമാനം കുറയുകയും കോഴികളുടെ വാക്സിനേഷൻ 18.37 ശതമാനം വർദ്ധിക്കുകയും ചെയ്തു. ഈ കാലയളവിൽ നായ്ക്കളിൽ നടത്തിയ കുത്തിവയ്പ് 2018–19 ലെ 2.07 ലക്ഷത്തിൽ നിന്നും 1.72 ലക്ഷം ആയി കുറഞ്ഞു. വിശദവിവരങ്ങൾ **അനുബന്ധം 3.3.15** ൽ കൊടുത്തിരിക്കുന്നു.

## കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാല, വയനാട്

സംസ്ഥാനത്ത് മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളിൽ വിദ്യാഭ്യാസ വികസനം, ഗവേഷണം, വ്യാപനം എന്നീ പ്രവർത്തനങ്ങൾക്കായി വയനാട്ടിലെ പൂക്കോട് ആസ്ഥാനമായി ഒരു വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാല സ്ഥാപിച്ചിട്ടുണ്ട്. പുതിയ സർവ്വകലാശാല സ്ഥാപിക്കുന്നതിനായി മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലുള്ള അധ്യയന വിഭാഗങ്ങളെ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വേർപെടുത്തിയിട്ടുണ്ട്. മണ്ണുത്തിയിലെ കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജിയും, പൂക്കോട്ടും മണ്ണുത്തിയിലുമുള്ള വെറ്ററിനറി ആന്റ് അനിമൽ സയൻസ് കോളേജുമാണ് ഈ സർവ്വകലാശാലയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. മൃഗസംരക്ഷണ ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗവേഷണ കേന്ദ്രങ്ങളും, ഫാമുകളും ഈ സർവ്വകലാശാലയുടെ ഭാഗമായിരിക്കും. മൃഗചികിത്സ, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ മേൽത്തരം പ്രൊഫഷണലുകളെ വാർത്തെടുക്കുക വഴി സംസ്ഥാനത്തെ മൃഗസമ്പത്ത് വർദ്ധിപ്പിക്കുകയും, ഗവേഷണ ഫലങ്ങൾ പ്രായോഗികതലത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാനലക്ഷ്യം.

## വിലകൾ

കന്നുകാലി വളർത്തൽ മേഖലയിലെ പ്രധാന ഉല്പന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ അവശ്യസാധനങ്ങളുടേയും ഉല്പന്നങ്ങളുടേയും കഴിഞ്ഞ ആറു വർഷങ്ങളിലെ ശരാശരി വില **അനുബന്ധം 3.3.16** ൽ കൊടുത്തിരിക്കുന്നു. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ചിക്കന്റെ (ബ്രോയിലർ) വില 5 ശതമാനവും, നാടൻ ചിക്കന്റെ വിലയിൽ 2 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി. ആട്ടിറച്ചി, മാട്ടിറച്ചി എന്നിവയുടെ വില യഥാക്രമം 7.3 ശതമാനം, 9 ശതമാനം എന്നിങ്ങനെ വർദ്ധിച്ചു. മാട്ടിറച്ചിയുടെ വില വർദ്ധന വളരെ കൂടുതലായിരുന്നു. 2018–19 മായി താരതമ്യപ്പെടുത്തുമ്പോൾ വെള്ളക്കോഴിമുട്ടയുടെ വില 3.8 ശതമാനവും, തവിട്ട് നിറമുള്ള മുട്ടയുടെ വില 3.3 ശതമാനവും, താറാമുട്ടയുടെ വില 1.63 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി. പശുവിന്റെ പാലിന്റെ വില 6.4 ശതമാനവും, എരുമപ്പാലിന്റെ വില 9.53 ശതമാനവും ഈ കാലയളവിൽ വർദ്ധിച്ചു.

ഉല്പന്നോപാധികളെ സംബന്ധിച്ച് 2019–20 ൽ വയ്ക്കോലിന്റെ വില 6.6 ശതമാനവും, പുല്ലിന്റെ വിലയിൽ 8.65 ശതമാനവും വില വർദ്ധനവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ നിലക്കടല പിണ്ണാക്കിന്റെ വില 3.45 ശതമാനവും, തേങ്ങാപ്പിണ്ണാക്കിന്റെ വില 2.03 ശതമാനവും, എള്ളിൻപിണ്ണാക്കിന്റെ വില 2.6 ശതമാനവും വർദ്ധിച്ചു. ഈ വിലവർദ്ധനവ് ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം ഒരു ഭീഷണിയാണ്. ആയതിനാൽ, സംസ്ഥാനത്ത് ലഭ്യമാകുന്ന പരമ്പരാഗത രീതിയിലുള്ള തീറ്റകളുടെ സാധ്യത കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. 2015–16 മുതൽ 2019–20 വരെ കന്നുകാലി ഉല്പന്നങ്ങളുടെ ശരാശരി വില നിലവാരത്തിലുണ്ടായ പ്രവണത **ചിത്രം 3.3.5** ൽ കൊടുത്തിരിക്കുന്നു.

## 2019–20 ലെ ഭൗതിക നേട്ടങ്ങൾ

- കഴിഞ്ഞ രണ്ട് കന്നുകാലി കണക്കെടുപ്പുമായി താരതമ്യപ്പെടുത്തുമ്പോൾ (കുറഞ്ഞു വരുന്ന പ്രവണത) ഇരുപതാമത് കന്നുകാലി കണക്കെടുപ്പനുസരിച്ച് കന്നുകാലികളുടെ എണ്ണത്തിൽ ഒരു ശതമാനത്തിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആടുകളുടെ എണ്ണത്തിൽ 9 ശതമാനം വർദ്ധനവും, വളർത്തുപക്ഷികളുടെ എണ്ണത്തിൽ 25 ശതമാനം വർദ്ധനവും രേഖപ്പെടുത്തിയിട്ടുണ്ട്.
- രണ്ട് ലബോറട്ടറികൾ (തിരുവല്ലയിലെ ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറി, പാലക്കാട്ടുള്ള റിൻഡർ പെസ്റ്റ് ലബോറട്ടറി)ക്ക് എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭ്യമാവുകയും, പുതിയ രണ്ട് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുകയും ചെയ്തു.
- സംസ്ഥാനത്തെ 125 ബ്ലോക്കുകളിൽ (20 പുതിയവ) കർഷകർക്ക് രാത്രി സമയത്ത് വീട്ടുപടിക്കൽ വെറ്ററിനറി സേവനം ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കി.
- സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതിയായ 'ഗോ സമൃദ്ധി' യിൽ 28,225 മൃഗങ്ങളെ ഇൻഷ്വർ ചെയ്തു.
- പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (എസ്. എൽ.ബി.പി), 'ഗോവർദ്ധിനി' എന്നീ പദ്ധതികളുടെ

**ചിത്രം 3.3.5** കന്നുകാലി ഉല്പന്നങ്ങളുടെ ശരാശരി വിലകൾ (2014–15 മുതൽ 2019–20 വരെ)




*അവലംബം:- മൃഗസംരക്ഷണവകുപ്പ്, കേരള ഗവൺമെന്റ്, 2020*

ഭാഗമായി 83,554 പുതിയ കന്നുകുട്ടികളെ ഉൾപ്പെടുത്തുകയും, മുൻവർഷം ഉൾപ്പെടുത്തിയ 35070 കന്നുകുട്ടികൾക്ക് രണ്ടാംവർഷ ധനസഹായം നൽകുകയുമുണ്ടായി. ആകെ 1,18,624 കന്നുകുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

- വകുപ്പിന്റെ ഫാമുകളിൽ 57.18 ലക്ഷം മുട്ടകൾ, 12.91 ലക്ഷം ലിറ്റർ പാൽ, 37.2 ലക്ഷം കോഴി കുഞ്ഞുങ്ങൾ, 494 കന്നുകുട്ടികൾ, 969 ആട്ടിൻകുട്ടികൾ, 1963 പന്നിക്കുഞ്ഞുങ്ങൾ എന്നിവ ഉല്പാദിപ്പിച്ചു.
- വാണിജ്യാടിസ്ഥാനത്തിൽ 191 ആട്ട വളർത്തൽ യൂണിറ്റുകൾ, വീട്ടു വളപ്പിൽ 353 ആട്ട വളർത്തൽ യൂണിറ്റുകൾ, കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ സഹായത്തോടെ ആട്ടുകൾക്കായുള്ള 200 കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ചു.
- പലിശ ധനസഹായപദ്ധതിയിൽ 3778 കർഷകർക്ക് സഹായം ലഭ്യമാക്കി.
- 1305 സ്കൂളുകളിൽ സ്കൂൾ പൗൾട്രി ക്ലബ്ബുകൾ സ്ഥാപിക്കുകയും, 65,250 വിദ്യാർത്ഥികൾക്ക് അഞ്ച് വീതം 3,26,250 കോഴികുഞ്ഞുങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.
- കൊല്ലം, ആലപ്പുഴ ജില്ലകളിൽ ആൺ കന്നുകുട്ടികളെ പരിപോഷിപ്പിക്കുന്നതിനുള്ള 995 യൂണിറ്റുകൾ സ്ഥാപിച്ചു.
- ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ മുഖേന 347 പരിശീലന പരിപാടികൾ സംഘടിപ്പിച്ചതുവഴി 17,463 കർഷകർക്ക് പ്രയോജനം ലഭ്യമാക്കി.
- സംസ്ഥാന ദുരന്തനിവാരണ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പ്രളയബാധിത പ്രദേശങ്ങളിലെ 39,163 കർഷകർക്ക് 2467 ലക്ഷം രൂപയുടെ നഷ്ടപരിഹാരം ലഭ്യമാക്കി.

## ഭൂമിക – അനിമൽ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം – ജി.ഐ.എസ്. മാപ്പിംഗ് സിസ്റ്റം

സംസ്ഥാനത്ത് കന്നുകാലി മേഖലയിൽ, മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ സംബന്ധിച്ച വിവരങ്ങൾ ജി.ഐ.എസ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന 'ഭൂമിക' എന്ന ഒരു വിവരശേഖരണ പ്രക്രിയ മൃഗസംരക്ഷണ വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. ആരോഗ്യം, പ്രജനനം, ഉല്പാദനം, ദുരന്തനിവാരണം, മനുഷ്യവിഭവശേഷി കൈകാര്യം ചെയ്യൽ എന്നിവ ക്രമമായി നിരീക്ഷിക്കുന്നതിന് പര്യാപ്തമാണ് ഈ സംവിധാനം. വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ഈ സംവിധാനത്തിലുൾപ്പെടുന്നു. സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയിൽ ഏകദേശം 25 ലക്ഷം കുടുംബങ്ങൾ ഉള്ളതിൽ, കന്നുകാലികൾ/എരുമവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന 4.8 ലക്ഷം കർഷകരെ നവംബർ 2019 വരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള കർഷകരെ കൂടി ഉൾപ്പെടുത്തുന്ന പ്രക്രിയ തുടർന്നു വരുന്നു. ഇന്ത്യൻ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി കേരള (ഐ.ഐ.ഐ.റ്റി.എം.കെ) യുമായി ചേർന്നാണ് മൃഗസംരക്ഷണ വകുപ്പ്, കർഷകരുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം നിർണ്ണയിക്കുന്ന 'ഭൂമിക' വികസിപ്പിച്ചത്. ഗൂഗിൾ പ്ലേ സ്റ്റോറിൽ ഈ ആപ് ഡൌൺലോഡ് ചെയ്യാൻ ലഭ്യമാണ്.

മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരാണ് കർഷകരുടെ വീടുകളിൽ പോയി വിവരശേഖരണം നടത്തിയത്. തുടർന്ന് ഈ വിവരങ്ങൾ പ്രാദേശിക വെറ്ററിനറി ഓഫീസർമാർ പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. ശേഖരിച്ച ഈ വിവരങ്ങളിൽ നിന്നും വിവിധ റിപ്പോർട്ടുകൾ വിശകലനം ചെയ്യുന്നതിന് ഒരു വെബ് പോർട്ടലും ഇതോടൊപ്പം വികസിപ്പിച്ചിട്ടുണ്ട്. വകുപ്പ് കൈകാര്യം ചെയ്യുന്ന അനിമൽ റിസോഴ്സ് മാനേജ്മെന്റ് പോർട്ടൽ (എ.ആർ.എം.എസ് ) ഈ ജി.ഐ.എസ് പോർട്ടലുമായി സമന്വയിപ്പിച്ചിട്ടുണ്ട്. ഈ ജിയോ സ്പേഷ്യൽ ഡാറ്റ ഉപയോഗിച്ച് അസുഖം സംബന്ധിച്ച വിവരങ്ങൾ യഥാസമയം മാപ്പ് ചെയ്യുന്നതിനും, അത് പരിഹരിക്കുന്നതിനും, നിയന്ത്രിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്യുന്നതിന് സാധിക്കും. 'നിപ്പ' ഉണ്ടായ സമയത്ത് രോഗത്തിന്റെ വ്യാപനം തടയുന്നതിനായി വാക്സിനേഷൻ സമയബന്ധിതമായി നൽകുന്നതിന് ഈ വിവരങ്ങൾ ഫലപ്രദമായി ഉപയോഗിച്ചിരുന്നു. അതുപോലെ കുളമ്പുരോഗ നിവാരണ പ്രവർത്തനങ്ങൾക്കും ഈ പദ്ധതി ഫലപ്രദമായി ഉപയോഗിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന് സാധിച്ചിട്ടുണ്ട്.

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി 2.2 കോടി രൂപ ചെലവിൽ എറണാകുളത്തും, കണ്ണൂരും രണ്ട് മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതുപ്രകാരം അഡ്വാൻസ്ഡ് ഡയഗ്നോസ്റ്റിക് എയ്ഡുകളായ പോർട്ടബിൾ എക്സ് റെ യൂണിറ്റ്, പോർട്ടബിൾ അൾട്രാസൗണ്ട് സ്കാനർ, സർജിക്കൽ എക്യുപ്മെന്റ്സ്, അനിമൽ ലിഫ്റ്റിംഗ് ഡിവൈസ് മുതലായവ ലഭ്യമാണ്. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിംഗ് (സി-ഡാക് ) മുഖേന എട്ടു മാസങ്ങൾക്കുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതാണ്.

## സുഭിക്ഷ കേരളം

മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികളായ ഗോവർദ്ധിനി, കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ് സ്റ്റോക്ക് മിഷനിൽ ഉൾപ്പെടുന്ന ഗ്രാമീണ പ്രദേശങ്ങളിലെ വീട്ടുവളപ്പിലെ ആട്ട വളർത്തൽ, വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തൽ, ആൺ കന്നുകുട്ടികളുടെ പരിപോഷണം എന്നിവയിലൂടെ 382.24 കോടി രൂപയുടെ (സംസ്ഥാന പദ്ധതി – 50.44 കോടി രൂപ, ജീവനോപാധി സഹായക പാക്കേജ് 77.00 കോടി രൂപ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ – 254.80 കോടി രൂപ) പദ്ധതികളാണ് സുഭിക്ഷ കേരളം പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

സ്ഥായിയായ കാർഷിക വളർച്ച ഉറപ്പു വരുത്തുന്നതിൽ കന്നുകാലി മേഖല നിർണ്ണായകമായ പങ്കു വഹിക്കുന്നു. പരമ്പരാഗത കന്നുകാലി വളർത്തൽ രീതിയിൽ നിന്നും ആധുനിക വൈദഗ്ദ്ധ്യ സാങ്കേതികത ഉൾക്കൊള്ളുന്ന ഒരു മേഖലയിലേയ്ക്ക് മൃഗസംരക്ഷണവും ക്ഷീര വികസനവും എത്തിച്ചേർന്നിട്ടുണ്ട്. കൃത്രിമ ബീജാധാനം, ഡിസീസ് ആന്റ് പെസ്റ്റ് മാനേജ്മെന്റ്, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പാൽ, മാംസ ഉല്പന്നങ്ങൾ മുതലായവയുടെ വൈവിദ്ധ്യവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. പാൽ കറവ, പോഷകാഹാരം നൽകൽ, രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ വൈദഗ്ദ്ധ്യ വികസനവും സാങ്കേതിക വിദ്യയും ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്.

സ്ഥായിയായ വളർച്ച നേടുന്നതിന് ഉല്പാദനം വർദ്ധിപ്പിക്കുന്നതും, ദുർവ്യയം കുറയ്ക്കുന്നതുമായ സാങ്കേതിക വിദ്യ ഈ മേഖലയിൽ ഏർപ്പെടുത്തേണ്ടതുണ്ട്. കന്നുകാലി ഉല്പാദനക്ഷമത നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും നിർണ്ണായകഘടകങ്ങളായി സമയബന്ധിതമായ വാക്സിനേഷനുകൾ, ആരോഗ്യ പശ്ചാത്തല സേവനങ്ങൾ എന്നിവ നൽകുന്നത് പ്രാധാന്യമർഹിക്കുന്നു. ഉയർന്ന ഉല്പാദനക്ഷമതയുള്ള വിദേശ ഇനം കന്നുകാലി സംരക്ഷണത്തിൽ ശുചിത്വ ആരോഗ്യ സംരക്ഷക ക്വാറന്റയിൻ പ്രവർത്തനങ്ങൾ നിർണ്ണായക ഘടകങ്ങളാണ്. സംസ്ഥാനത്ത്, വാക്സിനേഷൻ, മൃഗസംരക്ഷണ സേവനങ്ങൾ എന്നിവ സംബന്ധിച്ച അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.

കന്നുകാലി മേഖലയിലെ സേവന വ്യാപന പ്രവർത്തനങ്ങൾ അപര്യാപ്തമായ അവസ്ഥയിലായതിനാൽ അത് ശക്തിപ്പെടുത്തേണ്ടതുണ്ട്. 75 ശതമാനം കന്നുകാലികളും മഴയിൽ നിന്ന് രക്ഷ നേടുന്നതിനുള്ള സൗകര്യങ്ങളുടെ അഭാവം, കാലിത്തീറ്റ, തീറ്റപ്പുൽ, കുടിവെള്ളം എന്നിവയുടെ അപര്യാപ്തതയും അഭിമുഖീകരിക്കുന്നു. കാലിമേച്ചിലിന് അനുയോജ്യമായ പൊതുപുൽത്തകിടികളുടെ അഭാവം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു.

മൃഗസംരക്ഷണ മേഖലയിൽ കറവ മാടുകളുടെ കുറഞ്ഞ ഉല്പാദനക്ഷമത ഒരു വെല്ലുവിളിയാണ്. മികച്ചയിനം കന്നുകാലികളുടെ വികസനം, മെച്ചപ്പെട്ടതും പോഷകഗുണമുള്ളതുമായ കാലിത്തീറ്റ, മികച്ച രോഗപ്രതിരോധ സംവിധാനം എന്നിവ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ

ഘടകങ്ങളാണ്. വിവിധ ജനിതക ഇനത്തിലുള്ള കന്നുകാലികൾക്ക് പോഷകമൂല്യമുള്ള കന്നുകാലിത്തീറ്റ, മികച്ച രോഗപ്രതിരോധ സംവിധാനം, സാങ്കേതിക വിദ്യയുടെ പ്രചാരം, നൈപുണ്യം, ഗുണനിലവാരമുള്ള സേവനമാർഗ്ഗങ്ങൾ മുതലായവ മുൻഗണനാടിസ്ഥാനത്തിൽ നൽകേണ്ടതുണ്ട്. പാൽ നൽകുന്ന മൃഗങ്ങളുടെ കാര്യത്തിൽ വിവിധ ഇനത്തിൽപ്പെട്ടവയുടെ ഉല്പാദനക്ഷമത വർദ്ധനവ് പ്രധാന്യമർഹിക്കുന്നു. ആയതിനാൽ നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ശാസ്ത്രീയരീതിയിലുള്ള വംശ വർദ്ധനവും, ഗുണനിലവാരമുള്ള കന്നുകാലിത്തീറ്റയും പ്രദാനം ചെയ്യേണ്ടതുണ്ട്. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി മികച്ച വംശവർദ്ധക മാർഗ്ഗങ്ങൾ കാലാവസ്ഥയ്ക്കനുയോജ്യമായ രീതിയിൽ സംരക്ഷിക്കേണ്ടതാവശ്യമാണ്.

## ക്ഷീര വികസനം

ഇന്ത്യൻ സമ്പദ്ഘടനയിലെ പ്രധാന മേഖലകളിലൊന്നാണ് ക്ഷീര മേഖല. ഗ്രാമീണ ജനതയ്ക്ക് തൊഴിലവസരം നൽകുന്നതിലൂടെ ദരിദ്ര ജനങ്ങളിലേയ്ക്കും അതുവഴി ദേശീയ വരുമാനത്തിലേയ്ക്കും വലിയൊരു സംഭാവന നൽകാൻ ഈ മേഖലയ്ക്ക് കഴിയുന്നു. കന്നുകാലി മേഖലയിലെ വിവിധ ഉല്പന്നങ്ങളിൽ 67.2 ശതമാനം പാൽ ഉല്പന്നങ്ങളാണ്. ഭക്ഷ്യ സുരക്ഷ, ദാരിദ്ര്യ ലഘൂകരണം, സ്ത്രീകളുടെ മെച്ചപ്പെട്ട തൊഴിലവസര സാധ്യത എന്നീ ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിന് ഈ മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഭക്ഷ്യ – കാർഷിക സംഘടനയുടെ 2018 ലെ റിപ്പോർട്ട് പ്രകാരം 500 ദശലക്ഷം ദരിദ്രജനങ്ങൾ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു, ഇതിൽ ഏറിയ പങ്കും ചെറുകിട–നാമമാത്ര കർഷകരാണ്. ഇന്റർനാഷണൽ ഡയറി ഫെഡറേഷൻ ബുള്ളറ്റിൻ 2020 റിപ്പോർട്ട് അനുസരിച്ച് ലോകത്താകമാനം 160 ദശലക്ഷം കുട്ടികൾക്ക് വിദ്യാലയങ്ങളിലൂടെ പാലിന്റേയും പാൽ ഉല്പന്നങ്ങളുടേയും പ്രയോജനം ലഭിക്കുന്നു.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ക്ഷീരമേഖലയ്ക്ക് ഒരു പ്രധാന പങ്ക് ഉണ്ട്. പ്രത്യേകിച്ചും എസ്.ഡി.ജി –1, എസ്.ഡി.ജി – 3, എസ്.ഡി.ജി-5, എസ്.ഡി.ജി – 8, എസ്.ഡി.ജി – 10 എന്നിവ കാർഷിക മേഖലയിലെ ജനങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു.

ലോകത്ത് ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണ്. ലോകത്തിലെ ഏറ്റവും വലിയ കന്നുകാലി ജനസംഖ്യയുള്ള നമ്മുടെ രാജ്യമാണ് 2018 ലെ ആഗോള പാൽ ഉല്പാദനത്തിന്റെ 22 ശതമാനവും സംഭാവന ചെയ്തത്. 1970 കളുടെ തുടക്കത്തിൽ ഇന്ത്യയുടെ പാൽ ഉല്പാദനം യു.എസ് ന്റെ പാൽ ഉല്പാദനത്തിന്റെ മൂന്നിലൊന്നും, യൂറോപ്പിന്റെ എട്ടിലൊന്നും മാത്രമായിരുന്നു. നിലവിൽ ഇന്ത്യയുടെ പാൽ ഉല്പാദനം യു.എസ് നെക്കാൾ ഇരട്ടിയും, യൂറോപ്പിനേക്കാൾ 25 ശതമാനവും കൂടുതലാണ്. 1991 നും 2018 വർഷങ്ങൾക്കുമിടയിൽ, പ്രതിശീർഷ പാലിന്റെ ലഭ്യത 178 ഗ്രാമിൽ (ഗ്രാം/ദിവസം) നിന്ന് 394 ഗ്രാം (ഗ്രാം/ദിവസം) ആയി ഉയർന്നു. ഇന്ത്യയിലെ പാൽ ഉല്പാദനം 55.6 ദശലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 188 ദശലക്ഷം മെട്രിക് ടണ്ണായി ഉയർന്നു, ഇത് ലോക പാൽ ഉല്പാദനത്തിന്റെ 22 ശതമാനമാണ്. കഴിഞ്ഞ ഇരുപത് വർഷത്തിനിടെ 4.5 ശതമാനം സംയോജിത വാർഷിക വളർച്ചാ നിരക്കിൽ (സി.എ.ജി.ആർ) രാജ്യത്തെ പാൽ ഉല്പാദനം വളരുമ്പോൾ ലോക പാൽ ഉല്പാദനം രണ്ട് ശതമാനം മാത്രമാണ് വളർന്നത്.

പാൽ ഉല്പാദനത്തിൽ ഇന്ത്യ സ്വയം പര്യാപ്തമാണ്. ഏകദേശം 73 ദശലക്ഷം ക്ഷീരകർഷകർ ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്നു. അതിൽ 85 ശതമാനം സ്ത്രീകളാണ്. കൃഷിക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചിടത്തോളം, പാലിൽ നിന്നുള്ള ഉപഭോക്തൃ വിലയുടെ 60 ശതമാനവും കർഷകനാണ് ലഭിക്കുന്നത്. ഇത് പ്രധാന പാൽ ഉല്പാദക രാജ്യങ്ങളെ അപേക്ഷിച്ച് ഏറ്റവും ഉയർന്ന നിരക്കാണ്. ഇന്ത്യയിലെ 10 സംസ്ഥാനങ്ങളാണ് ആകെ ഉല്പാദനത്തിന്റെ 81 ശതമാനവും സംഭാവന ചെയ്യുന്നത്. അവശേഷിക്കുന്ന 19 ശതമാനം മറ്റ് സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളുമാണ് ഉല്പാദിപ്പിക്കുന്നതെന്ന് ഇന്റർനാഷണൽ ഫാം കംപാരിസൺ നെറ്റ് വർക്ക്, ഡയറി റിപ്പോർട്ട് 2018 വെളിപ്പെടുത്തുന്നു. ദേശീയ നിരക്കിന് തുല്യമായ പ്രതിശീർഷ പാൽ ലഭ്യത ഒൻപത് സംസ്ഥാനങ്ങൾ മാത്രമാണ് നേടിയത്.

ഇന്ത്യ ക്ഷീരമേഖലയിൽ (പാൽ, പാൽ ഉല്പന്നങ്ങൾ) സ്വയം പര്യാപ്തത കൈവരിച്ചതിന് ക്ഷീര സഹകരണ സംഘങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ഗ്രാമവികസന പദ്ധതിയായ ഓപ്പറേഷൻ ഫ്ലഡ് പ്രോഗ്രാം (ധവള വിപ്ലവം) (ഒ.എഫ്.പി) വഴി ദാരിദ്ര കർഷകരുടെ ജീവിതത്തെ മാറ്റിമറിച്ച ആനന്ദ് മിൽക്ക് യൂണിയൻ ലിമിറ്റഡ് 'അമൂൽ' ആണ് ക്ഷീര സഹകരണത്തിന് തുടക്കം കുറിച്ചത്. 'അമൂൽ' അതിന്റെ നൂതന ആശയങ്ങളിലൂടെ ക്ഷീര സഹകരണ സംഘങ്ങളെ ഒരുമിച്ച് ചേർക്കാനും ലോകത്തെ ഏറ്റവും വലിയ പാൽ ഉല്പാദക രാജ്യമായി ഇന്ത്യയെ മാറ്റാനും സഹായിച്ചു. ക്ഷീര കർഷകർക്കും ഉപഭോക്താക്കൾക്കും ഒരേ സമയം ആനുകൂല്യങ്ങൾ നൽകുക എന്ന ആശയമാണ് അമൂൽ സംരംഭത്തിന്റെ വിജയത്തിന് കാരണം. ഇതിലൂടെ കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന പാലിന് ന്യായമായ വിലയും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള പാലും, പാൽ ഉല്പന്നങ്ങളും ലഭിക്കുന്നു. ഇടനിലക്കാരന്റെ ലാഭം പ്രാഥമിക നിർമ്മാതാവിനായുള്ള വികസന പദ്ധതികൾക്കോ ഉപഭോക്താവിന് കുറഞ്ഞ

ചെലവിൽ ഉല്പന്നങ്ങൾ ലഭ്യമാകുന്നു എന്നതിലേയ്ക്കോ ഉപയോഗപ്പെടുത്താൻ സാധിച്ചു.

ഇന്ത്യയിലെ മൊത്തം പാൽ ഉല്പാദനം 2019–20 ൽ 188 ദശലക്ഷം മെട്രിക് ടൺ ആണ്. ഇതിൽ 48 ശതമാനം പാൽ, ഉല്പാദക തലത്തിൽ തന്നെ ഉപയോഗിക്കുന്നു. അല്ലെങ്കിൽ ഗ്രാമീണ മേഖലയിലെ ഉല്പാദകരല്ലാത്തവർക്ക് വിൽക്കുന്നു. ബാക്കി 52 ശതമാനം പാൽ നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നു. വിപണിയിലേയ്ക്ക് എത്തുന്ന പാലിൽ 40 ശതമാനവും കൈകാര്യം ചെയ്യുന്നത് സംഘടിത മേഖലയാണ് (അതായത് 20 ശതമാനം സഹകരണസംഘങ്ങൾ, 20 ശതമാനം സ്വകാര്യ ക്ഷീരകർഷകർ), ശേഷിക്കുന്ന 60 ശതമാനം അസംഘടിത മേഖലയിലുമാണ്.

നഗരവൽക്കരണം, പാൽ, പാൽ ഉല്പന്നങ്ങളുടെ വർദ്ധിച്ച ആവശ്യകത, കറവ മൃഗങ്ങളുടെ ഉല്പാദനക്ഷമത എന്നിവയുടെ അടിസ്ഥാനത്തിൽ രാജ്യത്തെ പാൽ ഉല്പാദനം 330 ദശലക്ഷം ടൺ ആയി വർദ്ധിക്കുമെന്നും ആവശ്യകതയേക്കാൾ 38 ദശലക്ഷം ടൺ അധികമായി പാൽ ലഭ്യത മാറുമെന്നും നീതി ആയോഗിന്റെ റിപ്പോർട്ടിൽ (നീതി ആയോഗ് – വർക്കിംഗ് ഗ്രൂപ്പ് 2018) പറയുന്നു. ക്ഷീര വികസന വിഷൻ 2022 ലെ ദേശീയ കർമപദ്ധതി പ്രകാരം ഗ്രാമതലത്തിൽ പാൽ അനുബന്ധ അടിസ്ഥാന സൌകര്യം സ്ഥാപിക്കുന്നതിലൂടെ പാൽ സംഭരണവും സംസ്കരണവും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി പ്രകാരം സംഘടിത മേഖലയിലെ പാൽ കൈകാര്യം ചെയ്യൽ 2022 ൽ 41 ശതമാനമായും 2023–24 ഓടെ 50 ശതമാനമായും ഉയർത്താനാകും. സഹകരണ സംഘങ്ങളുടെ പാൽ സംഭരണം 2020 ലെ 10 ശതമാനത്തിൽ നിന്ന് 2023 ൽ 20 ശതമാനമായും സ്വകാര്യ മേഖലയിലെ പാൽ സംഭരണം ഈ കാലയളവിൽ 10 ശതമാനത്തിൽ നിന്ന് 30 ശതമാനമായും വർദ്ധിപ്പിക്കും.

കന്നുകാലി മേഖലയുടെ സാധ്യതകൾ കണക്കിലെടുത്ത്, ഭാരത സർക്കാർ ക്ഷീരമേഖലയ്ക്കായി ഒരു സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രത്യേകിച്ച്, നിക്ഷേപ പ്രോത്സാഹനത്തിനുള്ള ഉത്തേജക പാക്കേജായ അനിമൽ ഹസ്ബൻഡറി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (എ.എച്ച്.ഐ.ഡി.എഫ് ) (1) ഡയറി പ്രോസ്സസ്സിംഗും മൂല്യവർദ്ധന അടിസ്ഥാന സൌകര്യങ്ങളും (2) ഇറച്ചി സംസ്കരണം, മൂല്യവർദ്ധിത അടിസ്ഥാന സൗകര്യങ്ങൾ (3) 15,000 കോടി രൂപ ബജറ്റ് വിഹിതമുള്ള മൃഗസംരക്ഷണ പ്ലാന്റ് എന്നിവ ഉൾപ്പെടുന്നു. ദേശീയ ക്ഷീര വികസന ബോർഡ് (എൻ.ഡി.ഡി.ബി) വഴിയാണ് നിക്ഷേപം നടത്തുന്നത്. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒ), സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ), സെക്ഷൻ 8 കമ്പനികൾ, സ്വകാര്യ കമ്പനികൾ, വ്യക്തിഗത സംരംഭകർ എന്നിവരാണ് ഈ പാക്കേജിന്റെ ഗുണഭോക്താക്കൾ. ഈ പാക്കേജ് പ്രകാരം ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 10 ശതമാനം തുകയും, ബാക്കി 90 ശതമാനം തുക ഷെഡ്യൂൾഡ് ബാങ്കുകൾ വഴിയുള്ള വായ്പ ഘടകവുമാണ്. യഥാസമയം തിരിച്ചടയ്ക്കുമ്പോൾ, അർഹരായ ഗുണഭോക്താക്കൾക്ക് മൂന്ന് ശതമാനം പലിശ ധനസഹായമായി സർക്കാർ നൽകുന്നു. പ്രധാന വായ്പ തുകയ്ക്ക് രണ്ട് വർഷത്തെ മൊറട്ടോറിയം കാലാവധിയും അതിനുശേഷം ആറ് വർഷത്തെ തിരിച്ചടവ് കാലാവധിയും ഉണ്ടായിരിക്കും.

ഇന്ത്യൻ ക്ഷീര സഹകരണ സ്ഥാപനങ്ങൾക്കും സ്വകാര്യ സംരംഭകർക്കും അടുത്ത ദശകത്തിൽ പ്രതിദിനം 4.5 – 4.8 കോടി ലിറ്റർ അധിക പാൽ സംസ്കരണ ശേഷി നിലവിലെ പ്രതിദിനം 12 കോടി ലിറ്ററിൽ നിന്ന് പ്രതിദിനം 17 കോടി ലിറ്ററായി ഉയർത്തണം. സംഘടിത മേഖലയിൽ ഒരു ലക്ഷം ലിറ്റർ പാൽ സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നുവെന്നും കണക്കാക്കപ്പെടുന്നു. പ്രതിവർഷം 6,000 ത്തോളം ആളുകൾക്ക് തൊഴിൽ ലഭിക്കുന്നു, കൂടാതെ 30 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എ.എച്ച്.ഐ.ഡി.എഫ് വഴി സാധിക്കും. ക്ഷീരകർഷകരിലേയ്ക്ക് കിസാൻ ക്രെഡിറ്റ് കാർഡ്(കെ.സി.സി) പദ്ധതി വിപുലീകരിക്കുന്നതിലൂടെ പണലഭ്യത ഉറപ്പാക്കുകയും ചെറുകിട കർഷകരുടെ പ്രവർത്തന മൂലധന ആവശ്യകത നിറവേറ്റാനും സാധിക്കും. ലോക്ഡൗൺ സമയത്ത്, ക്ഷീര സഹകരണ സംഘങ്ങൾ പതിവിലും 15–40 ശതമാനം പാൽ അധികമായി വാങ്ങി. അധിക പാൽ സ്കിംഡ് (കൊഴുപ്പ് മാറ്റപ്പെട്ട) പാൽപ്പൊടി (എസ്.എം.പി), വെളുത്ത വെണ്ണ എന്നീ ഉല്പന്നങ്ങളാക്കി മാറ്റി. ക്ഷീര സഹകരണ സംഘങ്ങൾക്ക് പ്രതിവർഷം രണ്ട് ശതമാനം പലിശയിളവ്, വായ്പ യഥാസമയം അടയ്ക്കുന്നതിന് രണ്ട് ശതമാനം പുതിയ പലിശ ഇളവ് എന്നിവയിലൂടെ അയ്യായിരം കോടി രൂപയുടെ അധിക പണലഭ്യത ഏകദേശം രണ്ട് കോടി കർഷകരിലേയ്ക്ക് എത്തിക്കാനായി.

സംസ്ഥാനങ്ങളിലെ സാധ്യതയുള്ള ജില്ലകളിൽ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ പാൽ വികസന നയം സർക്കാർ ആവിഷ്ക്കരിക്കേണ്ടതുണ്ട്. പാൽ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ചെറുകിട, ഭൂരഹിത കർഷകർക്കിടയിൽ സംരംഭകത്വ പ്രോത്സാഹനം നടത്തുന്നതുവഴി രാജ്യത്തെ പാൽ കമ്മി പ്രദേശങ്ങളിലെ പോഷകാഹാര സംബന്ധമായ പ്രശ്നങ്ങൾ കുറയ്ക്കുന്നതിന് സഹായിക്കും.

## കേരളത്തിലെ ക്ഷീരവികസനം

ക്ഷീര കർഷകരുടേയും ഉപഭോക്താക്കളുടേയും മറ്റ് പങ്കാളികളുടേയും ക്ഷേമത്തിനൊപ്പം ഈ മേഖലയുടെ

സമഗ്രവും സുസ്ഥിരവുമായ ക്ഷീരവികസനമാണ് കേരളത്തിലെ ക്ഷീര വികസന വകുപ്പിന്റെ ലക്ഷ്യങ്ങൾ. സംസ്ഥാനത്തെ കാലിത്തീറ്റ വികസനത്തിനുള്ള നോഡൽ ഏജൻസിയായും ക്ഷീര വികസന വകുപ്പ് പ്രവർത്തിക്കുന്നു. 162 ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകൾ, 14 ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ, പാൽ, പാൽ ഉല്പന്നങ്ങൾ, കന്നുകാലികളുടെ തീറ്റ എന്നിവ പരിശോധിക്കുന്നതിനായി ഒരു സംസ്ഥാന ഡയറി ലാബ് (എൻ.എ.ബി.എൽ അംഗീകൃതം), മൂന്ന് പ്രാദേശിക ഡയറി ലാബുകൾ, 14 മൊബൈൽ ഗുണനിലവാര നിയന്ത്രണ യൂണിറ്റുകൾ, അഞ്ച് ക്ഷീര പരിശീലന കേന്ദ്രങ്ങൾ, ഒരു സംസ്ഥാന കാലിത്തീറ്റ ഫാം എന്നിവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. 3,643 ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും 3.91 ലക്ഷം രജിസ്റ്റർ ചെയ്ത കർഷകരും 2.5 ലക്ഷം പുരുഷന്മാർ (64 ശതമാനം), 1.41 ലക്ഷം സ്ത്രീകൾ (36 ശതമാനം) നിലവിലുണ്ട്. സംസ്ഥാനത്തെ ക്ഷീര വികസന പ്രവർത്തനങ്ങളുടെ നട്ടെല്ലായി ഈ വകുപ്പ് പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന 23 ശതമാനം പാൽ ക്ഷീര സഹകരണ സംഘങ്ങൾ ശേഖരിക്കുന്നു.

## 2019-20 ലെ ഭൗതിക നേട്ടങ്ങൾ

2019-20 കാലയളവിൽ ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ (ഡി.സി.എസ്) 6.80 ലക്ഷം മെട്രിക് ടൺ പാൽ (പ്രതിദിനം 18.64 ലക്ഷം ലിറ്റർ) ഉല്പാദിപ്പിച്ചു. പാൽ ഉല്പാദനത്തിൽ ഗ്രാമപഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കി മാറ്റുകയാണ് 'ക്ഷീര ഗ്രാമം' പദ്ധതിയിലൂടെ വകുപ്പ് ഉദ്ദേശിക്കുന്നത്. മികച്ച കന്നുകാലികളുടെ ഉല്പാദനം, ക്ഷീര മേഖലയുടെ നവീകരണം/യന്ത്രവൽക്കരണം, ശാസ്ത്രീയരീതിയിലുള്ള കന്നുകാലി ഷെഡുകളുടെ നിർമ്മാണം, നിലവിലുള്ള കന്നുകാലി ഷെഡുകളുടെ നവീകരണം, പാൽ കറക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കൽ, മൃഗങ്ങൾക്കുണ്ടായേക്കാവുന്ന പരിസ്ഥിതി സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള നടപടികൾ, സബ്സിഡി നിരക്കിൽ കന്നുകാലികൾക്ക് തീറ്റ നൽകൽ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഒമ്പത് പഞ്ചായത്തുകളിൽ ക്ഷീര ഗ്രാമ പദ്ധതി നടപ്പാക്കി.

ഇന്ത്യയിൽ ഉയർന്ന ആദായം ലഭിക്കുന്ന കന്നുകാലികളാണ് കേരളത്തിലെ പശുക്കൾ (പ്രതിദിനം 10.22 ലിറ്റർ ഉല്പാദനക്ഷമത). ഇന്ത്യൻ കന്നുകാലികളുടെ ശരാശരി ഉല്പാദനക്ഷമത പ്രതിദിനം 3.85 ലിറ്ററും സങ്കരയിനം കന്നുകാലികളുടേത് പ്രതിദിനം 7.85 ലിറ്ററുമാണ്. കർഷകരുടെ പുരയിടത്തിൽ/കൃഷിയിടത്തിൽ തീറ്റപ്പുൽ കൃഷി നടത്തുന്നതിലൂടെ ഉല്പാദനക്ഷമമായ സങ്കരയിനം മൃഗങ്ങളുടെ തീറ്റ ചെലവ് കുറയ്ക്കാനും പോഷക ലഭ്യത ഉറപ്പാക്കാനും സാധിക്കുന്നു. പച്ചപ്പുല്ലിന്റെ ലഭ്യത മെച്ചപ്പെടുത്തി തീറ്റ വിഭവങ്ങൾ വികസിപ്പിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കന്നുകാലികൾക്ക് ആവശ്യമായ നാരടങ്ങിയ ഭക്ഷണത്തിൽ 60 ശതമാനം മാത്രമാണ് കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നത്. തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 55 ഹെക്ടർ തരിശുഭൂമിയിൽ വൻതോതിൽ കാലിത്തീറ്റ കൃഷി നടപ്പാക്കുകയും 69 ഗുണഭോക്താക്കളെ പരിപാടിയിൽ തെരഞ്ഞെടുക്കുകയും ചെയ്തു. കാലിത്തീറ്റ കൃഷിയ്ക്കും വിപണനത്തിനും ക്ഷീര സഹകരണ സംഘങ്ങളുമായി ബന്ധമുള്ള 10 വനിതാ സ്വയം സഹായ സംഘങ്ങൾക്കും സബ്സിഡി നിരക്കിലുള്ള കാലിത്തീറ്റ വിതരണത്തിന് മറ്റ് 53 സംഘങ്ങൾക്കും സഹായം ലഭിച്ചു. തീറ്റപ്പുൽ കൃഷിയ്ക്കായി 71 കർഷകരിലേയ്ക്ക് ജലസേചന സഹായം വ്യാപിപ്പിച്ചു. തീറ്റപ്പുൽ കൃഷി നവീകരിക്കുന്നതിനും യന്ത്രവൽക്കരിക്കുന്നതിനും പുല്ല് വെട്ടി മാറ്റുന്നതിനും വിപണനം ചെയ്യുന്നതിനും 70 കർഷകർക്ക് പ്രയോജനം ലഭിച്ചു. 212 ഹെക്ടർ സ്ഥലത്ത് ചോള കൃഷിയ്ക്കും 3500 യൂണിറ്റ് അസോള കൃഷിയ്ക്കും സഹായം നൽകി, കൂടാതെ രണ്ട് കാലിത്തീറ്റ അസോള നഴ്സറികൾ സ്ഥാപിക്കുകയും ചെയ്തു.

## ക്ഷീര മേഖലയിലെ കോവിഡ്-19 നഷ്ടം വിലയിരുത്തൽ

ഉല്പാദനാനന്തര അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് ലോകത്തെ മുഴുവൻ ബാധിച്ച മഹാമാരി സമയത്ത് ക്ഷീര മേഖലയിൽ സംസ്ഥാനം കൈവരിച്ച മിച്ച ഉല്പാദനം പ്രയോജനപ്പെടുത്തുന്നതിന് കഴിയാതെപോയത്. 2019 ഓടെ പാൽ ഇറക്കുമതിയെ ആശ്രയിക്കുന്നത് പ്രതിദിനം 1.5 ലക്ഷം ലിറ്ററായി കുറയ്ക്കാൻ കേരളത്തിന് കഴിഞ്ഞു. ക്ഷീര സഹകരണ സംഘങ്ങളിലൂടേയും മറ്റ് സ്രോതസ്സുകളിലൂടേയും ആഭ്യന്തര പാൽ ഉല്പാദനം വർദ്ധിച്ചതാണ് ഇതിന് കാരണം. മിൽമ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നുള്ള പാൽ ആവശ്യകത പ്രതിദിനം 2.5 ലക്ഷം ലിറ്റർ കുറച്ചതോടൊപ്പം സംസ്ഥാനത്ത് പാൽ ലഭ്യത വർദ്ധിക്കുകയും ചെയ്തു. ഈ സാഹചര്യം ക്ഷീരമേഖലയിൽ ഒരു കുതിച്ചുചാട്ടം സൃഷ്ടിച്ചു. ലോക് ഡൗണിന് മുമ്പ് മിൽമ, ക്ഷീര സഹകരണ സംഘങ്ങൾ, സ്വകാര്യ ഡയറികൾ എന്നിവ ചേർന്ന് പ്രതിദിനം 25 ലക്ഷം ലിറ്റർ പാൽ വിൽക്കാറുണ്ടായിരുന്നു.

ക്ഷീര മേഖലയിലെ പ്രതിസന്ധി കൈകാര്യം ചെയ്യൽ സംബന്ധിച്ച വിവരങ്ങൾ **ബോക്സ് 3.3.1** -ൽ കൊടുത്തിരിക്കുന്നു.

ക്ഷീര മേഖലയിൽ കേരളം സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിച്ചേരേണ്ടതിന്റെ ആവശ്യകത ഈ മഹാമാരി ഓർമ്മിപ്പിക്കുന്നു. പാൽ അധികമായി ഉല്പാദിപ്പിക്കുന്ന സാഹചര്യത്തിലേയ്ക്ക് കേരളം ഉടൻ എത്തിച്ചേരും. മിച്ചമുള്ള പാലിനെ പാൽപ്പൊടിയും ബാഷ്പീകരിച്ച പാലും ആയി പരിവർത്തനം ചെയ്യാനും സംഭരിക്കാനും

**ബോക്സ് 3.3.1** ക്ഷീര മേഖലയിലെ പ്രതിസന്ധി കൈകാര്യം ചെയ്യൽ

- മാർച്ച് 31, 2020 ലെ കണക്കനുസരിച്ച് പാലിന്റെ ഓപ്പണിംഗ് സ്റ്റോക്ക് 23.88 ലക്ഷം ലിറ്ററും പ്രതിദിന സംഭരണം 13.21 ലക്ഷം ലിറ്ററുമാണ്. എന്നാൽ വില്പന പ്രതിദിനം 10.94 ലക്ഷം മാത്രമാണ്. മുൻ ആഴ്ചകളെ അപേക്ഷിച്ച് 27.5 ശതമാനം (പ്രതിദിനം 2.81 ലക്ഷം ലിറ്റർ) വില്പനയിൽ ഇടിവുണ്ടായി. മിച്ചമുള്ള പാലിനെ പാൽപ്പൊടിയാക്കി മാറ്റേണ്ടതിന്റെ ആവശ്യകതമയാണ് ഇവിടെ പ്രസക്തമാകുന്നത്. പ്രതിദിനം 1.2 മുതൽ 1.25 ലക്ഷം ലിറ്റർവരെ പാൽ തമിഴ്നാട്ടിലേയ്ക്ക് പാൽപ്പെടിയാക്കുവാനായി അയച്ചിരുന്നു.
- അടിയന്തിര അടിസ്ഥാനത്തിൽ പ്രതിദിനം 50,000 ലിറ്റർ പാൽ വാങ്ങാൻ തമിഴ്നാട് സമ്മതിച്ചു. മിച്ചം വന്ന പാൽ പാഴാകാതിരിക്കാൻ അംഗൻവാടികൾ, അതിഥി തൊഴിലാളി ക്യാമ്പുകൾ, സാമൂഹ്യ അടുക്കളകൾ, കൺസ്യൂമർഫെഡ്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവയിലൂടെ മിൽമ ഡയറി വഴി സർക്കാർ പാലും പാലുല്പന്നങ്ങളും വിതരണം ചെയ്തു.
- കേരള ക്ഷീര കർഷക ക്ഷേമ ഫണ്ട് ബോർഡ് മുഖേന 2019 ഒക്ടോബർ മുതൽ 2020 ജൂൺ വരെ പെൻഷനായി 55,465 കർഷകർക്ക് 60.96 കോടി രൂപ വിതരണം ചെയ്തു.
- പുതുതായി പ്രയോഗത്തിൽ വന്ന കോവിഡ് ദുരിതാശ്വാസ കന്നുകാലി തീറ്റ സബ്സിഡി പദ്ധതി പ്രകാരം 1.82 ലക്ഷം ക്ഷീര കർഷകർക്ക് 2.95 ലക്ഷം ചാക്ക് കന്നുകാലി തീറ്റ സർക്കാർ സബ്സിഡിയായ ഒരു ചാക്കിന് 400 രൂപ നിരക്കിൽ മൊത്തം 39.68 കോടി രൂപയായി വിതരണം ചെയ്തു.

*സ്രോതസ്സ്: ക്ഷീരവികസന വകുപ്പ്, കേരള സർക്കാർ*

സംസ്ഥാനത്തിന് ഒരു ആധുനിക പാൽപ്പൊടി പ്ലാന്റും ഒരു ബാഷ്പീകരണ പ്ലാന്റും ആവശ്യമാണ്. ആയതിനാൽ, മലപ്പുറം ജില്ലയിൽ 54.00 കോടി രൂപ ചെലവിൽ പ്രതിദിനം 10 മെട്രിക് ടൺ പാൽപ്പൊടി ഉല്പാദനക്ഷമതയുള്ള ഒരു ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ കെ.സി.എം.എം.എഫ് ആരംഭിച്ചിട്ടുണ്ട്.

## സുഭിക്ഷ കേരളം പദ്ധതി

'സുഭിക്ഷ കേരളം' പദ്ധതി പ്രകാരം 88.08 കോടി രൂപ വിവിധ പദ്ധതികൾക്കായി മാറ്റി വച്ചിരിക്കുന്നു. അതിൽ 51.07 കോടി രൂപ ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ മുഖേന നടപ്പിലാക്കാൻ ഉൾപ്പെടുത്തിയിട്ടുണ്ട്. കറവ മൃഗങ്ങളേയും പശുക്കളേയും ഉൾപ്പെടുത്തൽ, കാലിത്തീറ്റ ഉല്പാദനം, പാൽ ഉല്പാദന പ്രോത്സാഹനം, സബ്സിഡി കന്നുകാലി തീറ്റ ബാഗുകൾ, കന്നുകാലികൾ ഷെഡ് നിർമ്മാണം/ നവീകരണം, ഫാം യന്ത്രവൽക്കരണം, ഇൻഷുറൻസ്, റിവോൾവിംഗ് ഫണ്ട് എന്നിവയാണ് ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സുഭിക്ഷ കേരളം പദ്ധതികൾ.

## കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി) പ്രചാരണം

സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതിനുള്ള പ്രചാരണത്തിന് നേതൃത്വം നൽകാൻ നോഡൽ ഏജൻസിയായി ക്ഷീര വികസന വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്ഷീരമേഖലയിൽ 1.96 ലക്ഷം സജീവ കർഷകരാണുള്ളത്, ഇതിൽ 21,386 കർഷകർ ക്രെഡിറ്റ് കാർഡ് പ്രചാരണത്തിന് മുമ്പ് കെ.സി.സി ലഭിച്ചവരാണ്. കിസാൻ ക്രെഡിറ്റ് കാർഡ് പുതിയതായി 1.76 ലക്ഷം കർഷകരിലേയ്ക്ക് എത്തിക്കുക എന്നതാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിൽ 1.2 ലക്ഷം കർഷകർ കെ.സി.സി അപേക്ഷ പൂരിപ്പിക്കുകയും 1.11 ലക്ഷം അപേക്ഷകൾ ബാങ്കിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാലിത്തീറ്റയും പുല്ലും വാങ്ങൽ, പരിസ്ഥിത സമ്മർദ്ദത്തെ നേരിടാൻ ശാസ്ത്രീയ കന്നുകാലി ഷെഡുകൾ നിർമ്മിക്കുക, നിലവിലുള്ള കന്നുകാലി ഷെഡിന്റെ അറ്റകുറ്റപ്പണി, പരിപാലനം, ഇൻഷ്വറൻസ്, മൃഗചികിത്സാ സഹായം എന്നിവയ്ക്കായി ക്ഷീരകർഷകർക്ക് നാമമാത്ര പലിശ നിരക്കിൽ വായ്പ നൽകുക എന്നതാണ് കെ.സി.സി ലക്ഷ്യമിടുന്നത്.

## പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്തം (ആർ.സി.ഇ.പി)

ഏഷ്യ–പസഫിക് മേഖലയിലെ, ആസിയാൻ കരാറിൽ ഉൾപ്പെട്ട പത്ത് രാജ്യങ്ങളും ബ്രൂണൈ, കംബോഡിയ, ഇൻഡോനേഷ്യ, ലാവോസ്, മലേഷ്യ, മ്യാൻമാർ, ഫിലിപ്പൈൻസ്, സിംഗപ്പൂർ, തായ് ലാന്റ്, വിയറ്റ്നാം) സ്വതന്ത്ര വ്യാപാര കരാറിൽ ഉൾപ്പെട്ട ആറ് രാജ്യങ്ങളുമായുള്ള (ആസ്ട്രേലിയ, ചൈന, ഇന്ത്യ, ജപ്പാൻ, ന്യൂസിലാന്റ്, ദക്ഷിണകൊറിയ) സ്വതന്ത്ര വ്യാപാര കരാറാണ് പ്രാദേശിക സംയോജിത ഉല്പന്ന കൈമാറ്റ ഉടമ്പടി. ആസിയാൻ കരാറിൽ ഉൾപ്പെട്ട രാജ്യങ്ങളും, സ്വതന്ത്ര വ്യാപാര കരാറിലുൾപ്പെട്ട രാജ്യങ്ങളും തമ്മിൽ ആധുനിക, സമഗ്ര, ഗുണനിലവാരമുള്ള, പരസ്പര സാമ്പത്തിക നേട്ടമുള്ള കരാറിൽ ഏർപ്പെടുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

സാധനങ്ങൾ, സേവനങ്ങൾ, നിക്ഷേപങ്ങൾ, സാമ്പത്തിക സാങ്കേതിക സഹകരണം, മത്സരം, ധിഷണാസമ്പത്ത് അവകാശം എന്നിവ ആർ. സി.ഇ.പി കരാറിൽ ഉൾപ്പെടുന്നു. 40 ശതമാനത്തോളം ലോകവ്യാപാരം, ജി.ഡി.പി യുടെ 35 ശതമാനം, 16 രാജ്യങ്ങൾ, 3.6 ബില്യൺ ജനങ്ങൾ അല്ലെങ്കിൽ ലോകജനസംഖ്യയുടെ പകുതി എന്നിവ ഉൾക്കൊള്ളുന്ന ഏറ്റവും വലിയ സ്വതന്ത്ര വ്യാപാര കരാറാണിത്. ഇരുപത്തിയൊന്നാം ആസിയാൻ ഉച്ചകോടിയിലാണ് ഇത് സംബന്ധിച്ച കൂടിയാലോചനകൾ നടന്നത്. സ്വതന്ത്ര വ്യാപാര കരാർ നടപ്പിലാക്കിയതോടെയാണ് ഇന്ത്യയുടെ വ്യാപാര കമ്മി വളരെയധികം വർദ്ധിച്ചത്. ആഭ്യന്തര ക്ഷീര മേഖലയെ ബാധിക്കുന്ന വിലകുറഞ്ഞ ഇറക്കുമതിയെക്കുറിച്ചുള്ള ആശങ്ക ചൂണ്ടിക്കാട്ടി ഇന്ത്യ ആർ.സി.ഇ.പി ചർച്ചകളിൽ നിന്ന് പിന്മാറി. പാൽ ഉല്പന്നങ്ങളുടെ വില കുറഞ്ഞ ഇറക്കുമതി തടയുന്നതിനുള്ള ഇന്ത്യയുടെ നിലപാട് ആത്മനിർഭരത കൈവരിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയെ സൂചിപ്പിക്കുന്നു.

സംസ്ഥാനത്തെ പാൽ, മാംസം, മുട്ട മേഖലകളിൽ നിലവിലുള്ള മാർക്കറ്റിംഗ്, വിതരണ ശൃംഖലകളെക്കുറിച്ച് സർക്കാർ പഠനം നടത്തുകയും നിർമ്മാതാവിൽ നിന്ന് ഉപഭോക്താവിലേയ്ക്ക് നേരിട്ട് എത്തുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും വേണം. സംസ്ഥാനത്തെ പാൽ, മാംസം, മുട്ട എന്നിവയുടെ വിപണനശൃംഖല വികസിപ്പിക്കുന്നതിന് ആധുനിക വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം. സംസ്ഥാനത്തെ എല്ലാ ക്ഷീര സഹകരണ സ്ഥാപനങ്ങളേയും പരസ്പരം ബന്ധിപ്പിച്ച ഒരു സോഫ്റ്റ് വെയറിന് കീഴിൽ കൊണ്ടുവരിക എന്നതും ഇതിൽ ഉൾപ്പെടുന്നു.

## 3.4 മത്സ്യവികസനം

ഇന്ത്യയിലെ മത്സ്യബന്ധന-അക്വാകൾച്ചർ മേഖല ദേശീയ-സംസ്ഥാന സമ്പദ് വ്യവസ്ഥകളുടെ സാമ്പത്തിക വികസനത്തിൽ പ്രധാനമായ ഒരു പങ്ക് വഹിക്കുന്നു. ഇത് ജി.ഡി.പി യിലും തൊഴിൽ അവസരങ്ങളിലും മാത്രമല്ല, നിരവധി അനുബന്ധ വ്യവസായങ്ങളുടെ വളർച്ചയ്ക്കും ഉത്തേജനം നൽകുന്നു. ഒരു സമുദ്ര രാഷ്ട്രമെന്ന നിലയിൽ കേരളം അതിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം കൊണ്ട് സമ്പന്നവും വൈവിദ്ധ്യപൂർണ്ണവുമായ മത്സ്യബന്ധന വിഭവങ്ങളാൽ അനുഗ്രഹീതമാണ്. കൂടാതെ, കേരളത്തിന്റെ തീരദേശ സമ്പദ് വ്യവസ്ഥയിൽ സമുദ്ര മത്സ്യബന്ധനം ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിന്റെ സമുദ്ര അതിർത്തി പ്രധാനമായും 590 കിലോമീറ്റർ നീളമുള്ള അറേബ്യൻ കടലിന്റെ തീരപ്രദേശമാണ്. കൂടാതെ, ഉയർന്ന ഉല്പാദനക്ഷമതയുള്ള കോണ്ടിനെന്റൽ ഷെൽഫ് 39139 ചതുരശ്ര കിലോ മീറ്റർ വിസ്തീർണ്ണവും ഉണ്ട്. ഇതിനുപുറമേ പ്രത്യേക സാമ്പത്തിക മേഖല (ഇ.ഇ.ഇസഡ് ) കോണ്ടിനെന്റൽ ഷെൽഫിനപ്പുറം 200 നോട്ടിക്കൽ മൈൽ വരെ വ്യാപിക്കുകയും 218536 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതുമാണ്.

2018-19 ൽ ഇന്ത്യയിൽ മൊത്തം മത്സ്യ ഉല്പാദനം 13.75 മില്യൺ മെട്രിക് ടൺ (എം.എം.ടി) ആയിരുന്നു. ഇതിൽ ഉൾനാടൻ മേഖലയിൽ നിന്ന് 9.58 എം.എം.ടി യും സമുദ്രമേഖലയിൽ നിന്ന് 4.15 എം.എം.ടി യും സംഭാവന നൽകി. രാജ്യത്തെ മൊത്തം മത്സ്യ ഉല്പാദനത്തിന്റെ 70 ശതമാനവും ഉൾനാടൻ മത്സ്യ ഉല്പാദനമാണ്. ഉൾനാടൻ മത്സ്യ ഉല്പാദനത്തിന്റെ കാര്യത്തിൽ, ഇന്ത്യ ചൈനയ്ക്കു പുറകിൽ രണ്ടാം സ്ഥാനത്താണ്. ഏറ്റവും വലിയ അക്വാകൾച്ചർ ഉല്പാദനമുള്ള ആദ്യ പത്ത് രാജ്യങ്ങളിൽ ചൈനയ്ക്കു തൊട്ടു പിന്നിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ (വാർഷിക റിപ്പോർട്ട് 2019-20, ഫിഷറീസ് വകുപ്പ്, ഇന്ത്യാ ഗവൺമെന്റ് ). വിദേശ നാണ്യത്തിന്റെ പ്രധാന സംഭാവനകളിലൊന്നാണ് ഈ മേഖല, 2019-20 ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്ര ഉല്പന്നങ്ങളുടെ കയറ്റുമതി 12,89,651 മെട്രിക് ടണ്ണായിരുന്നു. ഇതിന്റെ മൂല്യം 46,662.85 കോടി രൂപയാണ്. ഫിഷറീസ് മേഖല അടുത്ത കാലത്ത് ദേശീയ തലത്തിൽ ഭരണപരവും സ്ഥാപനപരവുമായി പ്രകടമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. അതിൽ ഫിഷറീസ് വകുപ്പും, പുതിയ ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീര സംരക്ഷണ മന്ത്രാലയ രൂപീകരണം എന്നിവയും ഉൾപ്പെടുന്നു.

സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ മത്സ്യബന്ധന മേഖലയ്ക്ക് ഒരു പ്രധാന പങ്കുണ്ട്. 2019-20 ലെ മൊത്തം ജി.എസ്.വി.എ യിൽ (സ്ഥിര വിലയിൽ) മത്സ്യബന്ധന മേഖലയുടെ പങ്ക് 0.82 ശതമാനവും ജി.എസ്.ഡി.പി യുടെ 0.72 ശതമാനവുമാണ്. പ്രാഥമിക മേഖലയിൽ നിന്നുള്ള മൊത്തം സംസ്ഥാന മൂല്യവർദ്ധനവിന്റെ (ജി.എസ്.വി.എ) 2019-20 (ക്യു) സ്ഥിരവിലയിൽ 9.7 ശതമാനം മത്സ്യബന്ധനവും അക്വകൾച്ചറും മേഖല സംഭാവന ചെയ്യുന്നു. സംസ്ഥാനത്തിന്റെ ജി.എസ്.വി.എ വർഷങ്ങളായി വളരുകയാണെങ്കിലും ഇതിൽ പ്രാഥമിക മേഖലയുടെ വിഹിതം കുറഞ്ഞു വരികയാണ്. പ്രാഥമിക മേഖലയിലെ വിളകൾ, കന്നുകാലികൾ, വനവൽക്കരണം തുടങ്ങിയവയുടെ ജി.എസ്.വി.എ യിലെ വിഹിതം കുറഞ്ഞുവെങ്കിലും മത്സ്യബന്ധന മേഖലയുടെ പങ്ക് പ്രാഥമിക മേഖലയിലെ ജി.എസ്.വി.എ യുടെ 9.7 ശതമാനമായി തുടരുന്നു. ജി.എസ്.വി.എ യിൽ മത്സ്യബന്ധന മേഖലയുടെ സംഭാവന സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.4.1** -ൽ നൽകിയിരിക്കുന്നു.

2019-20 കാലയളവിൽ കേരളത്തിലെ മൊത്തം മത്സ്യ ഉല്പാദനം 6.8 ലക്ഷം മെട്രിക് ടണ്ണാണ്. ഇതിൽ സമുദ്ര മേഖല 4.75 ലക്ഷം മെട്രിക് ടണ്ണും ഉൾനാടൻ മേഖല 2.05 ലക്ഷം മെട്രിക് ടണ്ണും സംഭാവന ചെയ്യുന്നു. 2015-16 മുതൽ കേരളത്തിലെ മൊത്തം മത്സ്യ ഉല്പാദനം കുറയുകയായിരുന്നെങ്കിലും 2018-19 -ൽ ഗണ്യമായ വർദ്ധനവിന് സാക്ഷ്യം വഹിച്ചു. 2018-19 -ൽ കേരളത്തിൽ മൊത്തം മത്സ്യ ഉല്പാദനം കുതിച്ചുയരാൻ പ്രധാന കാരണം സമുദ്ര മത്സ്യ ഉല്പാദനത്തിലെ വർദ്ധനവാണ്. എന്നിരുന്നാലും, 2019-20 -ൽ മത്സ്യ ഉല്പദാനത്തിൽ വീണ്ടും കുറവുണ്ടായിട്ടുണ്ട്. പ്രധാനമായും സമുദ്ര മത്സ്യ

**ചിത്രം 3.4.1** കേരളത്തിലെ മത്സ്യ ഉല്പാദനം (2015–16 മുതൽ 2019–20 വരെ)




*അവലംബം: ഫിഷറീസ് വകുപ്പ്, കേരള സർക്കാർ (2020)*

ഉല്പാദനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. 2015–16 മുതൽ 2017–18 വരെ ഇടിവ് കാണിച്ചിരുന്ന സമുദ്ര മത്സ്യ ഉല്പാദനം 2018–19 ൽ വർദ്ധിച്ചു. കേരളത്തിലെ ഉൾനാടൻ മത്സ്യ ഉല്പാദനം 2016–17 മുതൽ 2019–20 വരെ സ്ഥിരമായ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. 2019–20 വർഷം 2.05 ലക്ഷം മെട്രിക് ടൺ ഉൾനാടൻ മത്സ്യ ഉല്പാദനം കേരളത്തിൽ രേഖപ്പെടുത്തി (ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ് ഹാൻഡ് ബുക്ക് 2019, ഫിഷറീസ് വകുപ്പ്, കേരള സർക്കാർ). വിശദാംശങ്ങൾ **അനുബന്ധം 3.4.2** ൽ നൽകിയിരിക്കുന്നു. കേരളത്തിലെ മത്സ്യ ഉല്പാദനത്തിന്റെ വിവരങ്ങൾ **ചിത്രം 3.4.1** –ൽ നൽകിയിരിക്കുന്നു.

ദേശീയ തലത്തിൽ ആകെ മത്സ്യഉല്പാദനത്തിന്റെ 70 ശതമാനവും ഉൾനാടൻ മേഖലയിൽ നിന്നാണ് ലഭിക്കുന്നത്. എന്നാൽ കേരളത്തിൽ ഉൾനാടൻ മത്സ്യ ഉല്പാദനത്തിന്റെ സംഭാവന 33 ശതമാനം മാത്രമാണ്. ഇന്ത്യയിലെയും കേരളത്തിലെയും മത്സ്യ ഉല്പാദന മേഖലയിലെ വ്യത്യാസം **ചിത്രം 3.4.2** –ൽ നൽകിയിരിക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ വരുമാനം നിർണ്ണയിക്കുന്നതിൽ ഉയർന്ന മൂല്യമുള്ള സമുദ്ര മത്സ്യ വിഭാഗങ്ങളായ ചെമ്മീൻ, റിബൺ മത്സ്യം, അയല എന്നിവയുടെ അളവും ഗുണനിലവാരവും നിർണ്ണായകമാണ്. എന്നാൽ, ഉയർന്ന മൂല്യമുള്ള മത്സ്യങ്ങളുടെ പങ്ക് കേരളത്തിലെ സമുദ്ര മത്സ്യ ലഭ്യതയിൽ കുറവാണ്. 2015–16 മുതൽ 2019–20 വരെ കേരളത്തിലെ ഇനം തിരിച്ചുള്ള സമുദ്ര മത്സ്യ ലഭ്യത **അനുബന്ധം 3.4.3** –ൽ കാണിച്ചിരിക്കുന്നു. 2015–16 മുതൽ 2019–20 വരെ കേരളത്തിലെ ഉൾനാടൻ

**ചിത്രം 3.4.2** ഇന്ത്യയിലേയും കേരളത്തിലേയും മത്സ്യ ഉല്പാദനം (സമുദ്ര–ഉൾനാടൻ മേഖലകളുടെ വിഹിതം)

ഇന്ത്യയിലെ മത്സ്യ ഉല്പാദനം (2018–19)

കേരളത്തിലെ മത്സ്യ ഉല്പാദനം (2019–20)




*അവലംബം:* ഫിഷറീസ് വകുപ്പ്, കേരള സർക്കാർ(2020), മൃഗ സംരക്ഷണ ക്ഷീര വികസന മത്സ്യബന്ധന വകുപ്പ് ഭാരത സർക്കാർ(2019)

മത്സ്യ ഉല്പാദനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.4.4** ൽ നൽകിയിരിക്കുന്നു. 1999–2000 മുതൽ 2015–16 വരെയുള്ള കാലയളവിൽ ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. 2016–17 ൽ ഉൾനാടൻ മത്സ്യ ഉല്പദാനത്തിൽ ഇടിവുണ്ടായി. എങ്കിലും, കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഉൾനാടൻ മത്സ്യ ഉല്പാദനം ക്രമേണ വർദ്ധിച്ചു വരുന്നുണ്ട്. എന്നിരുന്നാലും, മൊത്തം ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ കേരളത്തിന്റെ പങ്ക് വളരെ കുറവാണ്. അസം, ബീഹാർ, ഹരിയാന, ഛത്തീസ്ഗഡ്, ഉത്തർപ്രദേശ് തുടങ്ങിയ ഉൾനാടൻ ജലവിഭവങ്ങൾ കുറവുള്ള സംസ്ഥാനങ്ങൾ ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നുണ്ട്. ഉൾനാടൻ മത്സ്യബന്ധനത്തിൽ വിഭവങ്ങളുടെ വിനിയോഗം മെച്ചപ്പെടുത്താൻ കേരളത്തിന് കൂടുതൽ സാധ്യതകൾ ഉണ്ട്. 'സുഭിക്ഷ കേരളം' പോലുള്ള പദ്ധതികളിലൂടെ ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനം ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തി വരുന്നുണ്ട്.

2011 ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ മൊത്തം ജനസംഖ്യ 334 ലക്ഷമാണ്. ഇതിൽ മത്സ്യത്തൊഴിലാളികളുടെ ജനസംഖ്യ സെൻസസ് ജനസംഖ്യയുടെ 3.13 ശതമാനമാണ്. അതായത്, ഏകദേശം 10.44 ലക്ഷം. സംസ്ഥാനത്തെ 222 സമുദ്ര–മത്സ്യബന്ധന ഗ്രാമങ്ങളിലും, 113 ഉൾനാടൻ മത്സ്യബന്ധന ഗ്രാമങ്ങളിലുമാണ് ഇവർ വസിക്കുന്നത്. 2019–20 ലെ സംസ്ഥാന മത്സ്യത്തൊഴിലാളി ജനസംഖ്യ (സമുദ്ര–ഉൾനാടൻ) 10.44 ലക്ഷം ആണെന്ന് കണക്കാക്കുന്നു. ഇതിൽ 8.042 ലക്ഷം സമുദ്രമേഖലയും 2.40 ലക്ഷം ഉൾനാടൻ മേഖലയുമാണ്. മത്സ്യത്തൊഴിലാളി ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്ന ജില്ലയാണ് ആലപ്പുഴ (1.94 ലക്ഷം), തൊട്ടുപിന്നിൽ തിരുവനന്തപുരം (1.73 ലക്ഷം), എറണാകുളം (1.39 ലക്ഷം) എന്നീ ജില്ലകളാണ്. ഏറ്റവും കുറഞ്ഞ മത്സ്യത്തൊഴിലാളികളുള്ള ജില്ല വയനാട് ആണ്. മത്സ്യത്തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.4.5** ൽ നൽകിയിരിക്കുന്നു.

2019–20 കാലയളവിൽ കേരള മത്സ്യത്തൊഴിലാളി വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്ത സജീവ മത്സ്യത്തൊഴിലാളികളുടെ എണ്ണം 2,47,849 ആയിരുന്നു. തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ മത്സ്യത്തൊഴിലാളികൾ ഉള്ളത്. തൊട്ടുപിന്നിൽ ആലപ്പുഴ ജില്ലയും മലപ്പുറം ജില്ലയും ആണ്. തങ്ങളുടെ ഉപജീവനത്തിനായി മത്സ്യബന്ധനത്തിൽ ഏർപ്പെടുകയും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളാണ് സജീവ മത്സ്യത്തൊഴിലാളികളായി കണക്കാക്കുന്നത്. 2019–20 കാലയളവിൽ കേരളത്തിലെ മത്സ്യബന്ധന മേഖലയിലെ അനുബന്ധ തൊഴിലാളികളുടെ എണ്ണം 92,124 ആയിരുന്നു. അതിൽ 80 ശതമാനം (67,757) സ്ത്രീകളാണ്. ആലപ്പുഴ ജില്ലയിലാണ് ഇവരുടെ എണ്ണം ഏറ്റവും കൂടുതലുള്ളത്. കൊല്ലം, എറണാകുളം എന്നീ ജില്ലകളാണ് തൊട്ട് പിന്നിൽ. ഉപജീവനത്തിനായി മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തവരുമാണ് അനുബന്ധ തൊഴിലാളികളായി കണക്കാക്കുന്നത്. ഇതിനുപുറമേ മാർച്ച് 31, 2020 വരെ മൊത്തം 62,712 പെൻഷൻകാർ കെ.എഫ്.ഡബ്ല്യു.എഫ്.ബി യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കേരളത്തിലെ ജില്ല തിരിച്ചുള്ള മത്സ്യ ഉല്പാദനത്തിന്റെ കണക്കുകൾ പ്രകാരം എറണാകുളം ജില്ലയാണ് സമുദ്ര മത്സ്യ ഉല്പാദനത്തിൽ മുൻപന്തിയിലുള്ളത്. കൊല്ലം, കോഴിക്കോട് എന്നിവയാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. സംസ്ഥാനത്തെ മൊത്തം സമുദ്ര മത്സ്യ ഉല്പാദനത്തിന്റെ 72 ശതമാനവും ഈ 3 ജില്ലകളും ചേർന്നാണ്. ആലപ്പുഴയും കോട്ടയവും ആണ് ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ മുൻപന്തിയിലുള്ളത്. തൊട്ടുപിന്നിൽ തൃശ്ശൂർ, എറണാകുളം ജില്ലകളാണ്. മൊത്തം മത്സ്യ ഉല്പാദനത്തിന്റെ കാര്യത്തിൽ എറണാകുളം ജില്ല ഒന്നാമതും യഥാക്രമം കൊല്ലം, കോഴിക്കോട് എന്നിവ രണ്ടും മൂന്നും സ്ഥാനത്തിലുമാണ്. വിശദാംശങ്ങൾ **അനുബന്ധം 3.4.6** –ൽ നൽകിയിരിക്കുന്നു.

ദേശീയ സമുദ്ര ഉല്പന്ന കയറ്റുമതിയിൽ കേരളം ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. 2019–20 –ൽ 5,020.34 കോടി രൂപയുടെ 1,48,227 ടൺ സമുദ്ര ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു. 2015–16 മുതൽ കേരളത്തിൽ നിന്നുള്ള സമുദ്ര ഉല്പന്നങ്ങളുടെ കയറ്റുമതിയുടെ അളവിലും മൂല്യത്തിലും വർദ്ധന രേഖപ്പെടുത്തുകയായെങ്കിലും മുൻവർഷത്തെ അപേക്ഷിച്ച് 2019–20 കാലയളവിൽ അളവിലും മൂല്യത്തിലും നേരിയ ഇടിവ് കാണിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 3.4.7**–ൽ നൽകിയിരിക്കുന്നു.

## പ്രധാന വികസന പരിപാടികൾ

2019–20 ൽ മത്സ്യബന്ധന മേഖലയുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കിയ പ്ലാൻ പദ്ധതികളെ ഇത്തരത്തിൽ തരം തിരിക്കാം.

1. സമുദ്ര മത്സ്യബന്ധന വികസനം
2. ഉൾനാടൻ മത്സ്യബന്ധന വികസനം
3. പി.എം.എം.എസ്.വൈ – സി.എസ്.എസ്. സ്കീം
4. വിജ്ഞാന വ്യാപനം, പരിശീലനം, സേവനങ്ങൾ
5. വിപണികളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധനവും
6. മത്സ്യത്തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ
7. നബാർഡിന്റെ സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതികൾ

8. മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനവും മാനേജ്മെന്റും – സി.എസ്.എസ്. ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്.
9. ഫിഷറീസ് സർവ്വകലാശാലയ്ക്കുള്ള പദ്ധതി
10. തീരദേശ വികസനത്തിനായുള്ള പദ്ധതികൾ

## 2019–20 കാലയളവിലെ പ്രധാന പ്രവർത്തനങ്ങൾ

- കേരളത്തിന്റെ ഭാവി വികസനത്തിലെ ഒരു പ്രധാന മേഖലയാണ് ഉൾനാടൻ മത്സ്യ ഉല്പാദനം. എന്നാൽ മികച്ച നിലവാരമുള്ള മത്സ്യ വിത്തുകളുടെ അപര്യാപ്തത ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു. നല്ല നിലവാരമുള്ള മത്സ്യ വിത്തുകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്, നിലവിലുള്ള ഹാച്ചറികൾ, നഴ്സറികൾ, മത്സ്യഫാമുകൾ എന്നിവ ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളിൽ പുതിയ യൂണിറ്റുകൾ നിർമ്മിക്കുന്നതിനും വകുപ്പ് ശ്രമം നടത്തി. കുളങ്ങളിലെ മത്സ്യകൃഷിയ്ക്ക് ഉപയോഗിക്കുന്ന വിസ്തൃതി 2019–20 ൽ മുൻപുണ്ടായിരുന്ന 5,325 ഹെക്ടറിൽ നിന്ന് 5,700 ഹെക്ടറായി വർദ്ധിച്ചു. മത്സ്യ സംസ്കരണ യൂണിറ്റുകൾ 80 ൽ നിന്ന് 1800 യൂണിറ്റായി, മുത്തുച്ചിപ്പി വളർത്തൽ യൂണിറ്റുകൾ 2,000 ൽ നിന്ന് 3,500 യൂണിറ്റായി ഉയർന്നു. റീസർക്കുലേറ്ററി അക്വാക്കൾച്ചർ സിസ്റ്റം/ അക്വാപോണിക്സ് യൂണിറ്റുകൾ എന്നിവ 100 ൽ നിന്ന് 500 യൂണിറ്റായി വർദ്ധിച്ചു. ഒരു നെല്ല് ഒരു മത്സ്യകൃഷിയ്ക്ക് കീഴിലുള്ള പ്രദേശം 1,620 ഹെക്ടറിൽ നിന്ന് 2,500 ആയി ഉയർന്നു. 200 ഹെക്ടർ പ്രദേശത്ത് സീറോ വാട്ടർ എക്സ്ചേഞ്ച് ചെമ്മീൻ കൃഷിയും നടത്തി.
- തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ പ്രദേശങ്ങളിൽ ഒരു നെല്ല് ഒരു മത്സ്യകൃഷി 1,600 ഹെക്ടറിൽ നിന്ന് 4,500 ഹെക്ടറായും കുട്ടനാട് പ്രദേശത്ത് 2,100 ഹെക്ടറിൽ നിന്ന് 5,350 ഹെക്ടറായും വർദ്ധിച്ചു.
- നെയ്യാർ, പീച്ചി, വെസ്റ്റ് കല്ലട, കുളത്തുപ്പുഴ, കല്ലനോട്, തളിപ്പുഴ, കരപ്പുഴ എന്നീവിടങ്ങളിൽ പുതിയ ഹാച്ചറികൾ സ്ഥാപിച്ചു.
- മലമ്പുഴ, കണ്ണൂർ, എറണാകുളം, പാലക്കാട് ജില്ലയിലെ പോത്തുണ്ടി റിസോർവ്വയറിലും ബാണാസുരസാഗർ റിസോർവ്വയറിലും മത്സ്യകൃഷി ആരംഭിച്ചു.
- വൈവിധ്യവൽക്കരണം ഉറപ്പാക്കുന്നതിന് പന്നവേലിച്ചിറ – പത്തനംതിട്ട, നെയ്യാർ – തിരുവനന്തപുരം എന്നിവിടങ്ങളിൽ രണ്ട് പുതിയ ഗിഫ്റ്റ് ഹാച്ചറികൾ സ്ഥാപിച്ചു.
- കേരളത്തിലെ മൂന്ന് സോണുകൾക്കായി മറൈൻ ആംബുലൻസ് ലഭ്യമാക്കി. തിരുവനന്തപുരത്തെ വിഴിഞ്ഞം, എറണാകുളത്തെ വൈപ്പിൻ, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ എന്നിവിടങ്ങളിൽ ഒരു സമയം 10 പേർക്ക് പ്രാഥമികവും അടിയന്തിരവുമായ വൈദ്യസഹായത്തിന് ആവശ്യമായ എല്ലാ ആധുനിക സൗകര്യങ്ങളും മറൈൻ ആംബുലൻസുകളിൽ സജ്ജീകരിച്ചിരിക്കുന്നു. ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗ് സ്റ്റാൻഡേർഡ് പ്രകാരമാണ് ആംബുലൻസ് രൂപകല്പന ചെയ്തിരിക്കുന്നത്. അതിന്റെ പ്രവർത്തനത്തിനും തുടർപ്രവർത്തനങ്ങൾക്കുമായി കേരള ഷിപ്പിംഗ്, ഇന്ലാൻഡ് നാവിഗേഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തി.
- ഉൾനാടൻ മത്സ്യബന്ധന വിഭവങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായി മത്സ്യ ശേഖരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുകയും 217.87 ലക്ഷം മത്സ്യ വിത്തുകൾ വിവിധ പൊതു ജലാശയങ്ങളിൽ നിക്ഷേപിക്കുകയും ചെയ്തു. അക്വാക്കൾച്ചർ വികസന പദ്ധതിയിലൂടെ 8,300 ഹെക്ടർ വിസ്തീർണ്ണം ചെമ്മീൻ കൃഷിയ്ക്കും 9,800 ഹെക്ടർ മത്സ്യകൃഷിയ്ക്കും ഉപയോഗിച്ചു.

**ബോക്സ് 3.4.1** 'സുചിത്വസാഗരം' – കേരളത്തിലെ ഒരു നൂതന സംരംഭം

സമുദ്രത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ തടയുന്നതിനായി, 'സുചിത്വ സാഗരം' (ശുദ്ധമായ കടൽ)പദ്ധതി, സമുദ്രത്തിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം കുറയ്ക്കുക, കടലിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുക, എല്ലാത്തരം പ്ലാസ്റ്റിക്കുകൾ നീക്കം ചെയ്യുക എന്നിവ ലക്ഷ്യമിട്ട് ഒരു ശുചിത്വ ക്യാമ്പയിൻ ആരംഭിച്ചു. ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (സാഫ്), സുചിത്വ മിഷൻ, നെറ്റ് വർക്ക് ഫോർ ഫിഷ് ക്വാളിറ്റി മാനേജ്മെന്റ് ആന്റ് സസ്റ്റൈനബിൾ ഫിഷിംഗ് (നെറ്റ്ഫിഷ്) എന്നിവയുമായി സഹകരിച്ചാണ് ഈ സംരംഭം ഏറ്റെടുക്കുന്നത്. 'സുചിത്വസാഗരം' എന്ന സംരംഭത്തിലൂടെ സമുദ്ര പരിസ്ഥിതി വൃത്തിയായി സൂക്ഷിക്കുന്നതിനെക്കുറിച്ചുള്ള അവബോധം വ്യാപിപ്പിക്കുന്നതിന് വലിയ തോതിലുള്ള പ്രചാരണ പരിപാടികൾ നടത്തി. രണ്ട് മത്സ്യബന്ധന തുറമുഖങ്ങൾ, നീണ്ടകര, ശക്തിക്കുളങ്ങര തുറമുഖങ്ങളിൽ പ്ലാസ്റ്റിക് മാലിന്യ ശേഖരണ കേന്ദ്രങ്ങളുണ്ട്. അവിടെ നിന്ന് ശക്തിക്കുളങ്കരയിലെ പ്ലാസ്റ്റിക് വേർതിരിക്കൽ, ക്ലീനിംഗ് യൂണിറ്റ്, കൊല്ലം ജില്ലയിലെ നീണ്ടകരയിലെ പ്ലാസ്റ്റിക് കീറിമുറിക്കൽ യൂണിറ്റ് എന്നിവയിലേയ്ക്ക് മാലിന്യങ്ങൾ കൊണ്ടു പോകുന്നു. ഇതുവരെ 38.37 ടൺ വലകൾ, പ്ലാസ്റ്റിക് കയറുകൾ, മറ്റ് പ്ലാസ്റ്റിക് വസ്തുക്കൾ എന്നിവ മത്സ്യത്തൊഴിലാളികൾ നീക്കം ചെയ്തിട്ടുണ്ട്.

*അവലംബം: ഫിഷറീസ് വകുപ്പ്, കേരള സർക്കാർ*

**ബോക്സ് 3.4.2** പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ)

ഇന്ത്യയിലെ ഫിഷറീസ് മേഖലിയുടെ സുസ്ഥിരവും ഉത്തരവാദിത്വമുള്ളതുമായ വികസനം കൊണ്ടുവരുന്നതിനുള്ള ഒരു പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന. 2020-21 സാമ്പത്തികവർഷം മുതൽ 2024-25 സാമ്പത്തികവർഷം വരെയുള്ള അഞ്ച് വർഷക്കാലയളവിലേയ്ക്കായി മൊത്തം 20,050.00 കോടി രൂപയുടെ നിക്ഷേപത്തിനാണ് ഈ പദ്ധതിപ്രകാരം അംഗീകാരം നൽകിയിരിക്കുന്നത്. ഇതിൽ 9,407.00 കോടി രൂപയുടെ കേന്ദ്ര വിഹിതവും 4,880.00 കോടി രൂപയുടെ സംസ്ഥാന വിഹിതവും 5,763.00 കോടി രൂപയുടെ ഗുണഭോക്തൃ സംഭാവനയും ഉൾപ്പെടുന്നു. സെൻട്രൽ സെക്ടർ സ്കീം (സി.എസ്), സെൻട്രൽ സ്പോൺസേർഡ് സ്കീം (സി.എസ്.എസ്) എന്നിങ്ങനെ രണ്ട് വ്യത്യസ്ത ഘടകങ്ങളുള്ള ഒരു ബൃഹത് പദ്ധതിയാണ് പി.എം.എം.എസ്.വൈ. സെൻട്രലി സ്പോൺസേർഡ് സ്കീം ഘടകത്തെ വീണ്ടും ഗുണഭോക്തക്കളില്ലാത്തും ഗുണഭോക്താക്കളുള്ളതുമായ സ്കീമുകൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യയുടെ പ്രചോദനം, വിളവെടുപ്പിന് ശേഷമുള്ള അടിസ്ഥാന സൗകര്യ വികസനം, മൂല്യവർദ്ധിത ഉല്പന്നങ്ങൾ ശക്തിപ്പെടുത്തൽ, നവീകരണം, ശക്തമായ മത്സ്യ മാനേജ്മെന്റ്, നിയന്ത്രണ സംവിധാനങ്ങൾ എന്നിവയിലൂടെ ഉല്പാദനവും ഉല്പാദനക്ഷമതയും തമ്മിൽ ഒരു സംതുലിതാവസ്ഥ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

സ്വകാര്യ മേഖലയുടെ പങ്കാളിത്തം, സംരംഭകത്വ വികസനം, പുതിയ ബിസിനസ്സ് മോഡലുകൾ, ബിസിനസ്സ് എളുപ്പമാക്കുന്നതിനുള്ള സഹായം, നൂതന മാതൃകകൾ, സ്റ്റാർട്ട് അപ്പുകൾ, ഇൻകുബേറ്ററുകൾ എന്നിവയുൾപ്പെടെയുള്ള നൂതന പദ്ധതി പ്രവർത്തനങ്ങളിലൂടെ ഫിഷറീസ് മേഖലയിൽ ഒരു ചാലക അന്തരീക്ഷം സൃഷ്ടിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ജില്ലാ ലെവൽ കമ്മിറ്റി വഴി ജില്ലാ കളക്ടർ/ഡെപ്യൂട്ടി കമ്മിഷണർ എന്നിവരുടെ നേതൃത്വത്തിൽ ഫിഷറീസ് മാനേജ്മെന്റ് പ്ലാനുകൾ സംയോജിത ജില്ലാ ഫിഷറീസ് വികസന പദ്ധതികൾ എന്നിവയുടെ രൂപീകരണവും ഏകോപനവും പദ്ധതി വിഭാവനം ചെയ്യുന്നു. 2024-25 ഓടെ ഒരു ലക്ഷം കോടി രൂപയായി മത്സ്യ ഉല്പന്ന കയറ്റുമതി വർദ്ധിപ്പിക്കുക, മത്സ്യത്തൊഴിലാളികളുടെ വരുമാനം ഇരട്ടിയാക്കുക, പദ്ധതിക്കാലയളവിൽ ശരാശരി വളർച്ചാ നിരക്ക് 9 ശതമാനമായി ഉയർത്തുക എന്നിവയാണ് പി.എം.എം.എസ്. വൈ യുടെ പ്രധാന ലക്ഷ്യങ്ങൾ.

*അവലംബം: പിഎംഎംഎസ്വൈ മാർഗ്ഗനിർദ്ദേശങ്ങൾ 2020, ഫിഷറീസ് വകുപ്പ്*

2019-20 കാലയളവിൽ മൊത്തം 6.31 കോടി മത്സ്യ വിത്ത് ഉല്പാദനം ഡിപ്പാർട്ട്മെന്റ് ഹാച്ചറികളിലൂടെ നടപ്പിലാക്കി.

## തുറമുഖ എഞ്ചിനീയറിംഗ് വകുപ്പും മത്സ്യബന്ധന തുറമുഖങ്ങളും

lകേരള സർക്കാർ ഇതുവരെ 18 മത്സ്യ ബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും 7 തുറമുഖങ്ങളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. മതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ജൂൺ 3, 2020 -ൽ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ജില്ലയിലെ ചേറ്റുവാ മത്സ്യബന്ധനതുറമുഖം നിർമ്മാണം പൂർത്തിയാക്കി ഫെബ്രുവരി 25, 2019 ൽ ഉദ്ഘാടനം ചെയ്തു. കൊയിലാണ്ടി, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മാണം പൂർത്തിയാക്കി, ഒക്ടോബർ 1, 2020 -ൽ കമ്മീഷൻ ചെയ്തു. വിഴിഞ്ഞം, തങ്കശ്ശേരി, നീണ്ടകര, കായംകുളം, തോട്ടപ്പള്ളി, മുനമ്പം, ചേറ്റുവാ, പൊന്നാനി, ബേപ്പൂർ, പുതിയാപ്പാ, ചോമ്പാൽ, തലായ്, മാപ്പിളബേ, അഴീക്കൽ, ചെറുവത്തുർ, കൊയിലാണ്ടി, മഞ്ചേശ്വരം, മുതലപ്പൊഴി എന്നിവയാണ് പൂർത്തിയായ തുറമുഖങ്ങൾ. ചേത്തി(ഒന്നും രണ്ടും) ആർത്തുങ്കൽ (രണ്ട് ), ചെല്ലാനം (ഒന്ന്, രണ്ട് ), താനൂർ, വെള്ളയിൽ, കാസർഗോഡ് മുതലായവയുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ ലൊക്കേഷൻ **ചിത്രം 3.4.3**-ൽ നൽകിയിട്ടുണ്ട്.

വെള്ളയിൽ, ചേറ്റുവ, മഞ്ചേശ്വരം, കൊയിലാണ്ടി എന്നീ തുറമുഖങ്ങളുടേയും മുനക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റേയും നിർമ്മാണം പൂർത്തിയാക്കുന്നതിനായി 2019-20 പദ്ധതിയിൽ ഫണ്ട് വകയിരുത്തി. ചേറ്റുവ, ചെറുവത്തൂർ, തലായ് എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ പൂർത്തീകരിക്കുന്നതിനും പ്രവർത്തനക്ഷമം ആക്കുന്നതിനും ഫണ്ട് അനുവദിച്ചിരുന്നു. തുറമുഖങ്ങളുടെ മാനേജ്മെന്റിനും ധനസഹായം ലഭ്യമാക്കിയിരുന്നു. മത്സ്യബന്ധന തുറമുഖങ്ങൾ വർഷത്തിലുടനീളം പ്രവർത്തിക്കുന്നതിനായി അവയുടെ അറ്റകുറ്റപ്പണികളും ഡ്രഡ്ജിംഗും നടത്തുന്നതിനായി പദ്ധതി സഹായം ലഭ്യമാക്കിയിരുന്നു. മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി **അനുബന്ധം 3.4.8** -ൽ നൽകിയിരിക്കുന്നു.

മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളിൽ നിന്നുമുള്ള മൊത്തവരുമാനം 2016-17 ലെ 302.54 ലക്ഷം രൂപയിൽ നിന്നും 2017-18 ൽ 849.08 ലക്ഷം രൂപയായി ഉയർന്നു.

**ചിത്രം 3.4.3** കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ ലൊക്കേഷൻ




*അവലംബം: തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സർക്കാർ*

എന്നാൽ 2019–20 –ൽ 726.45 ലക്ഷം രൂപയായി കുറഞ്ഞു. 2012–13 മുതൽ തുടർച്ചയായി ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചിരുന്ന നീണ്ടകര തുറമുഖത്തു നിന്നുമാണ് 2019–20 ൽ ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചത്. മൊത്ത വരുമാനത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് കായംകുളം തുറമുഖമാണ്. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളിൽ നിന്നുമുള്ള മൊത്തവരുമാനത്തിന്റെ 62 ശതമാനം നീണ്ടകര, കായംകുളം, പുതിയാപ്പ(മൂന്നാം സ്ഥാനം) എന്നീ തുറമുഖങ്ങളിൽ നിന്നുമാണ്. മൊത്തവരുമാനത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പ്രധാനമായും കടലിൽ നിന്നും ലഭിക്കുന്ന മത്സ്യത്തിന്റെ അളവിനെ ആശ്രയിച്ചിരിക്കുന്നു. വിശദവിവരങ്ങൾ **അനുബന്ധം 3.4.9** ൽ നൽകിയിരിക്കുന്നു.

പുതിയ തുറമുഖങ്ങളുടെ നിർമ്മാണത്തിനു പുറമേ നിലവിലുള്ള തുറമുഖങ്ങളുടെ നവീകരണം, ലാന്റിംഗ് കേന്ദ്രങ്ങളുടെ നിർമ്മാണം, റോഡുകൾ, പാലങ്ങൾ, ലോക്കർ മുറികൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണത്തിനും നബാർഡ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ് XXIII നു കീഴിൽ ഉള്ള പദ്ധതികളുടെ നിർമ്മാണ പുരോഗമിക്കുന്നു. മാർച്ച് 31, 2020 വരെയുള്ള കണക്കുകൾ പ്രകാരം 4,134.93 ലക്ഷം രൂപയാണ് മൊത്തം ചെലവ്. ഇതിൽ മാർച്ച് 31, 2020 വരെ 1,750.00 ലക്ഷം രൂപ കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ് XXIII നു കീഴിൽ 2,546.00 ലക്ഷം രൂപ ചെലവു വരുന്ന 4 പുതിയ പ്രൊപ്പോസലുകൾ – വെള്ളയിൽ, ചെല്ലാനം, തങ്കശ്ശേരി, പുതിയാപ്പ – നബാർഡ് അംഗീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം കൊയിലാണ്ടി, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖങ്ങൾ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്തു.

## കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി)

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായുള്ള സംസ്ഥാന സർക്കാർ സ്ഥാപനമാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ(കെ. എസ്.സി.എ.ഡി.സി). തീരദേശവികസനം, മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൌകര്യ വികസനം, സാങ്കേതിക വിദ്യ ആർജ്ജിക്കൽ, വാണിജ്യ പ്രവർത്തനങ്ങൾ, വിദഗ്ധോപദേശം എന്നിവ സ്ഥാപനം നൽകുന്നു. 2019–20 ലെ പ്രധാന പ്രവർത്തനങ്ങളായ 112.00 കോടി രൂപയുടെ തീരസംരക്ഷണ പ്രവർത്തനങ്ങൾ, 112.21 കോടി രൂപയുടെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം, 97.43 കോടി രൂപയുടെ ചെത്തി മത്സ്യബന്ധന തുറമുഖം എന്നിവ കിഫ്ബി പദ്ധതിയ്ക്ക് കീഴിൽ അനുവദിച്ചു. 2019–20 ലെ പ്രധാന പ്രവർത്തനങ്ങളിൽ 8 തീരസംരക്ഷണ പദ്ധതികൾ, 2 മത്സ്യബന്ധന തുറമുഖങ്ങൾ, സ്കൂളുകളിൽ 56 അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ, ഒരു ഫിഷ് ലാന്റിംഗ് കേന്ദ്രം, 6 മത്സ്യവിപണന കേന്ദ്രങ്ങൾ എന്നീ പദ്ധതികൾ ഉൾപ്പെടുന്നു. ഇതിനു പുറമേ വിഴിഞ്ഞത്ത് മത്സ്യ സംസ്കരണ പദ്ധതി, കൊല്ലംകോട്, വലിയതുറ, പരുത്തിയൂർ എന്നിവിടങ്ങളിൽ കൃത്രിമ മണൽത്തിട്ട നിർമ്മാണം എന്നിവയും 2019–20 ൽ പൂർത്തിയാക്കി.

## മത്സ്യത്തൊഴിലാളി സമൂഹത്തിനായുള്ള സാമൂഹിക സുരക്ഷയും ഉപജീവനോപാധിയും

മത്സ്യത്തൊഴിലാളി സമൂഹത്തിന് സാമൂഹിക സുരക്ഷിതത്വവും ഉപജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാറിന്റെ ഫിഷറീസ് വകുപ്പിന് പുറമെ മത്സ്യഫെഡും, കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡും ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് തടസ്സരഹിതമായ ഉപജീവനോപാധികൾ ലഭ്യമാക്കുന്ന പദ്ധതിയ്ക്ക് പുറമേ ഭവനനിർമ്മാണം, ഇൻഷുറൻസ്, പെൻഷൻ മുതലായവയുള്ള പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. മത്സ്യത്തൊഴിലാളികൾക്കായുള്ള ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മുഖേന 2,42,478 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചു. 85,543 അനുബന്ധ മത്സ്യബന്ധന അനുബന്ധ പ്രവർത്തകർക്കും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി മുഖേന പ്രയോജനം ലഭിച്ചു. 46,444 മത്സ്യത്തൊഴിലാളികൾക്ക് വാർദ്ധക്യ പെൻഷൻ ലഭ്യമാക്കി. 'പെൻഷൻ ഫോർ വൈവ്സ് ഓഫ് ഡിസീസ്ഡ് ഫിഷർമെൻ' എന്ന പദ്ധതിയുടെ കീഴിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി മുഖേന (9,215 പേർക്ക് ) പ്രയോജനം ലഭിച്ചു. 'സേവിംഗ് കം റിലീഫ്' പദ്ധതിയ്ക്ക് കീഴിൽ പഞ്ഞമാസ (ഓഫ് സീസൺ) ധനസഹായം സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരിൽ 1,55,990 പേർക്കും, ഉൾനാടൻ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന 22,065 മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കി. ഫിഷറീസ് ഡിപ്പാർട്ട്മെന്റും, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡും നടപ്പിലാക്കുന്ന ഇത്തരം സ്കീമുകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.4.10** ലും **3.4.11** ലും നൽകിയിരിക്കുന്നു.

## മത്സ്യഫെഡ്

പ്രാഥമിക തലത്തിലുള്ള 657 മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ഫെഡറേഷനാണ് മത്സ്യഫെഡ്. ഇതിൽ 336 സംഘങ്ങൾ സമുദ്രമേഖലയിലും 199 സംഘങ്ങൾ ഉൾനാടൻ മേഖലയിലും 122 എണ്ണം വനിതാ സംഘങ്ങളുമാണ്. ഈ സൊസൈറ്റികളിലെ ആകെ അംഗസംഖ്യ 4.71 ലക്ഷത്തിൽ കൂടുതലാണ്. ഫെഡറേഷന്റെ ആകെ ഓഹരി മൂലധനം 150 കോടി രൂപയാണ്. മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ളിൽ സ്വയം സഹായ സംഘങ്ങൾ രൂപപ്പെടുത്താനും അതുവഴി സമ്പാദ്യശീലം വളർത്തുവാനും മത്സ്യഫെഡിന് സാധിച്ചിട്ടുണ്ട്. മൈക്രോഫിനാൻസും, പലിശരഹിത വായ്പകളും നൽകുക വഴി മത്സ്യഫെഡിന് മൈക്രോ ക്രെഡിറ്റ് മേഖലയിൽ കാര്യമായ പ്രഭാവം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2019–20 ൽ മൈക്രോഫിനാൻസിന്റെ പിന്തുണയോടെ 6,272.45 ലക്ഷം രൂപയും സ്വയം സഹായ സംഘം വഴിയുള്ള പ്രയോജനം 25,570 ഗുണഭോക്താക്കൾക്കു ലഭിച്ചു. 7,179 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 1,345.8 ലക്ഷം രൂപയുടെ പലിശ രഹിത വായ്പ അനുവദിച്ചു. വിവിധ പരിപാടികളിലൂടെ മത്സ്യഫെഡ് കൈവരിച്ച നേട്ടങ്ങൾ **അനുബന്ധം 3.4.12**–ൽ നൽകിയിട്ടുണ്ട്.

## സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ് റ്റു ഫിഷർവുമണും സ്ത്രീ ശാക്തീകരണവും (എസ്.എ.എഫ്)

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിനും ആകമാനമുള്ള വികസനം സാധ്യമാക്കുന്നതിനും വേണ്ടി സ്ഥാപിതമായ ഏജൻസിയാണ് സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ് റ്റു ഫിഷർവുമൺ. എസ്.എ.എഫ്, മത്സ്യത്തൊഴിലാളി സ്ത്രീകളെ കൂട്ടായ പ്രവർത്തനങ്ങൾ തുടങ്ങാനും ചെറുകിട സംരംഭങ്ങൾ ആരംഭിക്കാനും, അവ നിലനിർത്തുവാനും, സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ബദൽ ഉപജീവനോപാധി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പി ക്കുന്നതിനും പ്രത്യേകിച്ച് ചെറുകിട സംരംഭങ്ങളുടെ വികസനത്തിനു വേണ്ടിയും, 400 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക്

(100 ഗ്രൂപ്പ് ) സഹായം നൽകി. 48 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 12 സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ സ്ഥാപിച്ചുകൊണ്ട് കൊല്ലത്തെ കുണ്ടറയിൽ ഒരു അപ്പാരൽ പാർക്ക് കൺസോർഷ്യം രൂപീകരിച്ചു. 2019–20 കാലയളവിൽ 447 തീരമൈത്രി ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് പലിശരഹിത, വർക്കിംഗ് കാപ്പിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. 3,031 ഗുണഭോക്താക്കൾക്ക് കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകി. 40 ഗ്രൂപ്പുകൾക്ക് സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനുള്ള സഹായങ്ങൾ അതത് യൂണിറ്റുകളിൽ അനുവദിച്ചു. വിവിധ പരിപാടികളിലൂടെ എസ്.എ.എഫ് കൈവരിച്ച നേട്ടങ്ങൾ **അനുബന്ധം 3.4.13**–ൽ നൽകിയിരിക്കുന്നു.

വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പോഷക നിലവാരം ഉയർത്തുക വിദേശനാണ്യം നേടുക എന്നിങ്ങനെ വിവിധ രീതിയിൽ രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ മത്സ്യബന്ധന മേഖലയുടെ പങ്ക് വ്യക്തമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് (എ) മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ പോഷക സുരക്ഷ , (ബി) സുസ്ഥിരവും നീതിയുക്തവുമായ രീതിയിൽ സമൂഹത്തിന് ഉൽപ്പാദന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് ഉറപ്പാക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികൾക്കിടയിലെ ദാരിദ്ര്യം കുറയ്ക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പലതും മത്സ്യ സമ്പദ് വ്യവസ്ഥയുമായും സമുദ്രമേഖലയുടെ പ്രവർത്തനങ്ങളുമായും നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. മത്സ്യവിഭവങ്ങളുടെ സുസ്ഥിര പരിപാലനവും മത്സ്യത്തൊവിലാളി സമൂഹത്തിന്റെ ക്ഷേമവും ഭക്ഷ്യ–പോഷക സുരക്ഷ കൈവരിക്കുന്നതിനും കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ ക്ഷേമം മെച്ചപ്പെടുത്തുന്നതിനും അനിവാര്യമാണ്. കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതിയുടെ തകർച്ചയും ഈ മേഖലയ്ക്ക് കാര്യമായ വെല്ലുവിളികൾ ഉയർത്തുന്നു. മാത്രമല്ല കേരളത്തിലെ മത്സ്യബന്ധന മേഖല തുടർച്ചയായ പ്രകൃതി ദുരന്തത്തിൽ നിന്ന് കരകയറുകയാണ്. ഓഖി ചുഴലിക്കാറ്റ്, തുടർച്ചയായ രണ്ട് വെള്ളപ്പൊക്കം (ഓഗസ്റ്റ് 2018, 2019) ഈ മേഖലയെ സമീപകാലത്ത് പ്രതികൂലമായി ബാധിച്ചു. കഴിഞ്ഞ കുറെ വർഷങ്ങളായി നടത്തിയ സംരക്ഷണ പ്രവർത്തനങ്ങളുടേയും മാനേജ്മെന്റ് നടപടികളുടെയും ഗുണം സംസ്ഥാനം കൈവരിക്കാൻ തുടങ്ങി. പ്രത്യേകിച്ചും ഉൾനാടൻ ജലാശയങ്ങളിലെ അക്വാകൾച്ചർ പ്രവർത്തനങ്ങൾ ഭാവിയിൽ പുതിയ അവസരങ്ങൾ പ്രദാനം ചെയ്യുന്നു. ഒപ്പം പ്രാദേശിക സർക്കാരുകളിൽ നിന്നുള്ള സജീവമായ പങ്കും സംഭാവനയും ഈ ദിശയിൽ വിപ്ലവകരമായ മാറ്റം കേരളത്തിൽ കൊണ്ടുവരും. ഇന്ത്യയിലെ ഒരു പ്രധാന മത്സ്യ ഉൽപ്പാദന സംസ്ഥാനമെന്ന നിലയിൽ സാങ്കേതിക വിദ്യകൾ, സ്ഥാപനങ്ങൾ, നയങ്ങൾ, വിവിധ പങ്കാളിത്ത ഏജൻസികളുടെ പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവയിലൂടെ കേരളം സുസ്ഥിര മത്സ്യബന്ധന പരിപാലനത്തിനായി പ്രവർത്തിക്കുകയാണ്.

## 3.5 ജലവിഭവം

മനുഷ്യന്റെ ആരോഗ്യം, സാമൂഹിക-സാമ്പത്തിക വികസനം, പരിസ്ഥിതി വ്യവസ്ഥ എന്നിവയ്ക്ക് ശുദ്ധജലം ആവശ്യമാണ്. 2020 ലെ ഐക്യരാഷ്ട്രസഭയുടെ ലോക ജല വികസന റിപ്പോർട്ടിന്റെ (യു.എൻ. ഡബ്ല്യു.ഡബ്ല്യു.ഡി.ആർ 2020) തലക്കെട്ട് 'ജലവും കാലാവസ്ഥാ വ്യതിയാനവും' എന്നാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികളെ നേരിടാൻ ജലസ്രോതസുകളെ സഹായിക്കുകയെന്നതാണ് പ്രസ്തുത റിപ്പോർട്ടിലൂടെ ലക്ഷ്യമിടുന്നത്. കാലാവസ്ഥാ വ്യതിയാനം മൂലം നേരിടേണ്ടി വരുന്ന വെല്ലുവിളികൾ, അവസരങ്ങൾ, സാദ്ധ്യതകൾ എന്നിവയിൽ റിപ്പോർട്ട് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ജലസംരക്ഷണം, ജല ഉപഭോഗത്തിലെ പാഴ്ച്ചെലവ് കുറയ്ക്കൽ, സംസ്ഥാനത്തിനകത്തും, സംസ്ഥാനങ്ങൾക്കിടയിലും തുല്യമായ വിതരണം ഉറപ്പാക്കൽ എന്നീ ലക്ഷ്യങ്ങളോടു കൂടിയ ഒരു സംയോജിത ജലവിഭവ പരിപാലനം ആണ് ദേശീയ ജല ദൗത്യം (നാഷണൽ വാട്ടർ മിഷൻ) ലക്ഷ്യമിടുന്നത്. പുതിയ നിയന്ത്രണ സംവിധാനങ്ങൾ വികസിപ്പിക്കാനും, ജലസേചനസംവിധാനങ്ങൾ പുനരധിവസിപ്പിക്കുന്ന പ്രവർത്തികൾ ഉൾപ്പെടെ നിലവിലുള്ള ജലസേചന സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും, കൂടാതെ, സാധ്യമായ രീതിയിൽ ജലസേചനം വിപുലീകരിക്കാനും മിഷൻ ശ്രമിക്കും. സംഭരണശേഷി വർദ്ധിപ്പിക്കുന്നതിൽ പ്രത്യേക ഊന്നൽ നൽകും.

### റിസർവ്വോയറുകളുടെ സംഭരണ നിലവാരം

ജലവിഭവ വകുപ്പിന് കീഴിലുള്ള പതിനാറ് ഡാമുകളുടെ സംഭരണ ശേഷി 1,556.08 ദശലക്ഷം ക്യൂബിക്ക് മീറ്റർ (എംസിഎം) ആണ്. ജലസംഭരണികളിലെ എക്കലിന്റെ തോത് 28 മുതൽ 30 ശതമാനം വരെയാണെന്ന് തിരഞ്ഞെടുത്ത ജലസംഭരണികളെക്കുറിച്ചുള്ള ബാത്തിമെട്രിക് പഠനങ്ങൾ വെളിപ്പെടുത്തുന്നു. പ്രധാനമായും ജലം ഒലിച്ച് വരുമ്പോൾ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ, കളിമണ്ണ്, മണൽ എന്നിവയാണ് അടിയുന്നത്. അധികമായി എക്കൽ അടിയുമ്പോൾ റിസർവ്വോയറിന്റെ മുഴുവൻ സംഭരണശേഷിയും (എഫ്ആർഎൽ), പ്രവർത്തനക്ഷമതയും കുറഞ്ഞ് വെള്ളപ്പൊക്ക സാധ്യത വർദ്ധിക്കുകയും ചെയ്യുന്നു. 2018, 2019 വർഷങ്ങളിൽ അതിവൃഷ്ടി കാരണം ജലവിഭവ വകുപ്പിന് കീഴിലുള്ള ജലസംഭരണികളിൽ നിന്നും സംഭരണശേഷി കവിഞ്ഞു ജലം പുറത്തുപോയ സാഹചര്യം ഉണ്ടായിരുന്നു. ജലസംഭരണികളിൽ നിന്ന് എക്കൽ നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് ഇത് സൂചിപ്പിക്കുന്നത്. ഇതിലൂടെ ഡാം സുരക്ഷയും, പാരിസ്ഥിതിക സമഗ്രതയും ഉറപ്പു വരുത്താനാകും.

മംഗലം, ചുള്ളിയാർ റിസർവ്വോയറുകളിൽ നിന്നും എക്കൽ നീക്കം ചെയ്യുന്നതിനു വേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ ടേൺകീ വർക്ക് കോൺട്രാക്ട് രീതികളിലൂടെ പ്രവർത്തിക്കാനുളള നടപടിക്രമം 2017 -ൽ പുറപ്പെടുവിച്ചു. മംഗലം അണക്കെട്ടിൽ നിന്നും എക്കൽ നീക്കം ചെയ്യുന്ന പ്രക്രിയ പുരോഗമിക്കുകയാണ്. കാഞ്ഞിരപ്പുഴ, മലമ്പുഴ, വാഴാനി, നെയ്യാർ ജലസംഭരണികളിൽ ഉള്ള എക്കലിന്റെ അളവ് മനസിലാക്കുന്നതിനായി 2019-20 കാലയളവിൽ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.ഇ.ആർ.ഐ) ഒരു പഠനം നടത്തിയിരുന്നു 2018, 2019 വർഷങ്ങളിൽ അതിവൃഷ്ടി കാരണം ഉണ്ടായ വെള്ളപ്പൊക്കം മൂലം വൃഷ്ടി പ്രദേശത്ത് മണ്ണിടിച്ചിൽ ഉണ്ടായതിനാൽ കാഞ്ഞിരപ്പുഴയിലേയും നെയ്യാറിലേയും ജലസംഭരണശേഷിയിൽ വലിയ കുറവുണ്ടായതായി പഠനങ്ങൾ തെളിയിക്കുന്നു. മലമ്പുഴ റിസർവ്വോയറിന്റെ സംഭരണ ശേഷിയിലും സമാനമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, വാഴാനി റിസർവ്വോയറിന്റെ സംഭരണശേഷിയിൽ വർദ്ധനവ് രേഖപ്പെടുത്തുകയുണ്ടായി. വെള്ളപ്പൊക്ക സമയത്ത് ജലത്തിന്റെ ഒഴുക്ക് അതിവേഗത്തിലും, ഉയർന്ന തോതിലും ആയതിനാൽ, വെള്ളപ്പൊക്കം മൂലമുണ്ടായ എക്കലിന്റെ നല്ലൊരു ഭാഗം ഒലിച്ചു പോയതായി നിരീക്ഷിക്കപ്പെടുന്നു. മണ്ണിടിച്ചിൽമൂലം നഷ്ടപ്പെട്ട മണ്ണിന്റെ അളവിനേക്കാൾ കുറവായിരുന്നു ജലസംഭരണിയിൽ അടിഞ്ഞുകൂടിയ എക്കലിന്റെ തോത്. ആയതിനാൽ ജലസംഭരണ ശേഷിയിൽ വർദ്ധനവുണ്ടായി.

**ചിത്രം 3.5.1** ജലസംഭരണികളിലെ സംഭരണ നില 2018–2020




*അവലംബം: ജലവിഭവ വകുപ്പ്, കേരള സർക്കാർ*

2018 മുതൽ 2020 വരെയുള്ള കാലയളവിലെ അണക്കെട്ടുകളുടെ സംഭരണ നില (വർഷകാലത്തിനു മുൻപും ശേഷവും) **അനുബന്ധം 3.5.1**–ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ വർഷങ്ങളിലെ ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിലെ സംഭരണ നിലയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2018, 2019, 2020 വർഷങ്ങളിൽ തീവ്രമഴയ്ക്ക് ശേഷമുള്ള സംഭരണനില യഥാക്രമം 1276.85 ദശലക്ഷം ക്യൂബിക് മീറ്റർ, 1317.05 ദശലക്ഷം ക്യൂബിക് മീറ്റർ, 1271.94 ദശലക്ഷം ക്യൂബിക് മീറ്റർ എന്നിങ്ങനെയാണ്. വർഷകാലത്തിനു ശേഷമുള്ള സംഭരണ നിലയിൽ വ്യതിയാനം ഉണ്ടായിട്ടുണ്ട്. 2018 ൽ 647.37 ദശലക്ഷം ക്യൂബിക് മീറ്ററിൽ നിന്ന് 875.56 ദശലക്ഷം ക്യൂബിക് മീറ്റർ ആയി 2019 ൽ ഉയർന്നുവെങ്കിലും, 2020 ൽ 785.68 ദശലക്ഷം ക്യൂബിക് മീറ്റർ ആയി കുറയുകയുണ്ടായി. വർഷാരംഭത്തിനു മുൻപുള്ള സംഭരണ തോതും ഇത്തരം വ്യതിയാനങ്ങളെ ബാധിക്കും. മഴക്കാലത്തിനു മുൻപും പിൻപുമുള്ള ജലസംഭരണികളുടെ സംഭരണ നിലയുടെ വിശദാംശങ്ങൾ **ചിത്രം 3.5.1**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

## വൻകിട ഇടത്തരം ജലസേചന പദ്ധതികൾ

പതിനായിരം ഹെക്ടറിൽ കൂടുതൽ പ്രദേശത്തു ജലസേചനം ലഭ്യമാക്കുന്ന ജലസേചന പദ്ധതികളെ വൻകിട ജലസേചന പദ്ധതികൾ എന്നും, 2,000 ഹെക്ടർ മുതൽ 10,000 ഹെക്ടർ വരെ ജലസേചനം സാധ്യമാകുന്ന പദ്ധതികളെ ഇടത്തരം ജലസേചന പദ്ധതികൾ എന്നും തരം തിരിച്ചിരിക്കുന്നു. നാല് വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ നിർവ്വഹണ വിശദാംശങ്ങൾ **അനുബന്ധം 3.5.2**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

## പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ നാല് വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ നിർമ്മാണ പുരോഗതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ നാല് വർഷങ്ങളിൽ നിർമ്മാണം പുരോഗമിച്ച നാല് വൻകിട ഇടത്തരം ജലസേചന പദ്ധതികളാണ് മൂവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ പദ്ധതികൾ. പൂർത്തീകരിക്കേണ്ട സമയവും, ചെലവഴിക്കേണ്ട തുകയും അധികരിച്ചിട്ടും, ദശകങ്ങൾ ആയി ഈ നാല് പദ്ധതികളും തുടർന്ന് വരുന്നു. മേൽപ്പറഞ്ഞ നാല് പദ്ധതികളിൽ, മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ കമ്മീഷനിംഗ് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടക്കുകയുണ്ടായി. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ നാല് വർഷങ്ങളിൽ ഈ ജലസേചന പദ്ധതികൾ കൈവരിച്ച നിർമ്മാണ പുരോഗതികളുടെ വിശദാംശങ്ങൾ ചുവടെ വിശദീകരിച്ചിരിക്കുന്നു:

### 1. ഇടമലയാർ ജലസേചന പദ്ധതി (ഐ.ഐ.പി)

1981 ൽ 17.85 കോടി രൂപ മതിപ്പു ചിലവിൽ ആരംഭിച്ച പദ്ധതിയിലൂടെ പെരിയാർ ചാലക്കുടി നദീതടങ്ങളിൽ ഉള്ള 14,394 ഹെ. പ്രദേശം ജലസേചിതമാക്കാൻ ലക്ഷ്യമിടുന്നു. 32.278 കി.മീ നീളമുള്ള പ്രധാന കനാലിന്റെ പണികൾ പൂർത്തീകരിച്ചു. ലോ ലെവൽ കനാലിന്റെ നീളം 15 കി.മീ ആയി കുറച്ചിരുന്നു. ഇതിൽ രണ്ടു തടസ്സങ്ങൾ ഉണ്ട് – എം.സി റോഡ് ക്രോസ്സിംഗും റെയിൽവെ ക്രോസ്സിംഗും.

**പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ നാല് വർഷങ്ങളിൽ പദ്ധതിയിൽ ഉണ്ടായ ശ്രദ്ധേയമായ ചില നേട്ടങ്ങൾ:**

- ലോ ലെവൽ കനാലിലെ എം.സി റോഡ് ക്രോസിംഗ് ഭാഗത്തെ തടസ്സം പരിഹരിക്കുന്നതിനായി, 2019–20 കാലഘട്ടത്തിൽ, "പുഷ് ത്രൂ" സംവിധാനം നടപ്പിലാക്കി. ഇത് ജലവിഭവ വകുപ്പിന്റെ ചരിത്രത്തിലെ ആദ്യ സംഭവമാണ്. എം.സി റോഡിലെ ഗതാഗതത്തിന് തടസ്സങ്ങൾ സൃഷ്ടിക്കാതെ 35 മീറ്റർ തുരങ്ക നിർമ്മാണത്തിനായി നൂതന രീതിയായ "പുഷ് ത്രൂ" സംവിധാനം ആണ് ഉപയോഗിച്ചത്. ഇതിനു പുറമെ, 66 മീറ്റർ കട്ട് ആന്റ് കവർ രീതിയിലുള്ള കനാൽ നിർമ്മാണവും നടത്തി. ഈ ജലസേചന പദ്ധതിയിലൂടെ ജലനിരപ്പ് ഉയരുന്നതിനും, കാർഷിക ആവശ്യങ്ങൾക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സഹായകമായി. അംഗമാലി മാഞ്ഞാലി തോടിനെ ആശ്രയിക്കുന്ന നിരവധി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും പ്രയോജനം ലഭിച്ചു. പുഷ് ത്രൂ നിർമ്മാണ പ്രവൃത്തിയുടെ ഫലമായി 1,035 ഹെക്ടർ അയക്കട്ട് അധികമായി കൈവരിക്കുവാൻ സാധിച്ചു. 316.37 ലക്ഷം രൂപ ചിലവിൽ പദ്ധതി പൂർത്തീകരണം സമയബന്ധിതമായി നടപ്പിലാക്കി എന്നുള്ളത് എടുത്തു പറയേണ്ട കാര്യമാണ്.
- ലോ ലെവൽ കനാലിന്റെ (എൽ.എൽ.സി) 99.5 ശതമാനം പ്രവൃത്തികളും പൂർത്തിയായി. ലോ ലെവൽ കനാലിന്റെ ചെ.10,599 മീ. മുതൽ ചെ. 12,000 മീ. വരെയുള്ള നിർമ്മാണം ഈ കാലയളവിൽ പൂർത്തിയായി. എം.സി റോഡ് ക്രോസ്സിംഗിന്റേയും, മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ലോ ലെവൽ കനാലിന്റേയും ഭാഗങ്ങൾ പൂർത്തിയായതിനാൽ ചെ. 12,540 മീ. വരെ ജലവിതരണം സാധ്യമായി. നെടുമ്പാശ്ശേരി പഞ്ചായത്തിന്റെ ജല ആവശ്യങ്ങൾ നിറവേറ്റാൻ ഇതുവഴി സാധിക്കുന്നു.
- കാഞ്ഞൂർ തെക്കുംഭാഗം ശാഖാകനാലിന്റെ നീളം ആദ്യം നിർദ്ദേശിച്ച 7 കി.മീ ൽ നിന്ന് 4.547 കി.മീ ആയി ഭേദഗതി വരുത്തി. ശാഖ കനാലിന്റെ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പുരോഗമിക്കുകയാണ്. ഇതിനായി, റവന്യൂ വകുപ്പിന് 4.89 കോടി രൂപ അടച്ചിട്ടുണ്ട്.
- ചെ. 14,623 ൽ നിർമ്മിക്കേണ്ട ഫ്ലഷിനായി ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പുരോഗമിക്കുകയാണ്. ഇത് പൂർത്തീകരിക്കുന്നതോടെ എൽ.എൽ.സി യുടെ അവസാനം വരെ ജലവിതരണം സാധ്യമാകും.
- മണപാട്ടുചിറയിൽ കൂടി 128 ഹെക്ടർ അയാക്കട്ടും ലിങ്ക് കനാലിന്റെ പൂർത്തിയായ ഭാഗത്ത് നിന്ന് 396 ഹെക്ടർ അയാക്കട്ടും കൈവരിക്കാൻ ആയി.
- എൽ.എൽ.സി യുടെ റെയിൽവെ ക്രോസിംഗ് ഭാഗത്തെ പ്രവൃത്തികൾക്കായി, 306.00 ലക്ഷം രൂപ 2019–20 കാലയളവിൽ റെയിൽവെയ്ക്ക് അടച്ചു. റെയിൽവെ പണി ടെൻഡർ ചെയ്ത് പ്രാഥമിക സൈറ്റ് ജോലികൾ ആരംഭിച്ചു കഴിഞ്ഞു.

2020 മാർച്ച് മാസം വരെയുള്ള പദ്ധതി ചെലവ് 493.00 കോടി രൂപയും മൊത്തം ഭൗതീക നേട്ടം 4429 ഹെക്ടറുമാണ്.

## 2. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി (എം.വി.ഐ.പി)

**ബോക്സ് 3.5.1** മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ കമ്മീഷനിംഗ്

പ്രധാന കനാലിന്റേയും, ശാഖാ കനാലുകളുടേയും, വിതരണശൃംഖലകളുടേയും (ഇടയാർ, കാരിക്കോടിന്റെ ഏതാനും റീച്ചുകൾ ഒഴികെ) പ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ട് മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി 10.07.2020 ന് കമ്മീഷൻ ചെയ്യുകയുണ്ടായി. 20.86 കോടി രൂപയുടെ പ്രാരംഭ എസ്റ്റിമേറ്റുമായി ആരംഭിച്ച ഈ ജലസേചന പദ്ധതിയ്ക്ക് ഒരു വലതുകര പ്രധാന കനാലും (ആർ.ബി.എം.സി – 28.339 കിലോമീറ്റർ), ഒരു ഇടതു കര പ്രധാന കനാലും (എൽ ബി.എം.സി – 37.1 കിലോമീറ്റർ) ഉണ്ട്. ആർ.ബി.എം.സി, എൽ.ബി.എം.സി ശാഖകളുടെ മൊത്തം നീളം 57.154 കിലോമീറ്ററും, വിതരണശൃംഖലകളുടെ മൊത്തം നീളം 213 കിലോമീറ്ററും ആണ്.

**പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിലുണ്ടായ പുരോഗതി**

- 2017–18 കാലയളവിൽ മാഞ്ഞൂർ വിതരണശൃംഖലയിൽ ചെ. 782 മീറ്ററിനും 891 മീറ്ററിനുമിടയിലുള്ള റെയിൽവെ ക്രോസിംഗ് പ്രവൃത്തികൾ പൂർത്തിയാക്കിയതിലൂടെ 490 ഹെക്ടർ അയാക്കട്ട് കൈവരിച്ചു.
- എഴുതോണിപ്പാടത്ത് റെയിൽവെ ക്രോസിംഗ് ഭാഗത്തുള്ള അക്വൈഡക്ടിന്റെ പ്രവർത്തികൾ (ചെ.18,238 മീറ്ററിനും 18,261 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശം) 2018–19 കാലയളവിൽ പൂർത്തീകരിച്ചതിലൂടെ 796 ഹെ. അയാക്കട്ട് കൈവരിച്ചു. ഇതിൽ 11 ഹെ. ഏറ്റുമാനൂർ ശാഖാ കനാലിൽ കൂടിയും, 785 ഹെ. കുറുമുള്ളൂർ വിതരണശൃംഖലയിൽ കൂടിയും ആണ്.

- ഇലഞ്ഞി വിതരണശൃംഖല (ചെ. 0–3415 മീ.) പൂർത്തീകരിച്ചതോടെ 2019–20 ൽ 298 ഹെ. അയാക്കട്ട് കൈവരിച്ചു.
- മടക്കത്താനം ചെറിയ വിതരണശൃംഖല (ചെ. 0–690 മീ & 1522–3765 മീ) (പൈങ്കുളം അക്വെഡക്ട് ഒഴികെ) പൂർത്തീകരിച്ചതോടെ 2019–20 ൽ 126 ഹെ അയാക്കട്ട് കൈവരിച്ചു.
- 2020–21 ൽ കുത്താട്ടുകുളം ലിഫ്റ്റ് ഇറിഗേഷൻ കമ്മീഷൻ ചെയ്തതോടു കൂടി, കുത്താട്ടുകുളം വിതരണ ശൃംഖലയുടെ മുഴുവൻ അയാക്കട്ടായ, 1080 ഹെ. കൈവരിക്കാൻ സാധിച്ചു.
- 1620 മീ. നീളമുള്ള ആനിക്കാട് കിഴക്ക് (നടുക്കര) ചെറിയ വിതരണശൃംഖല 2020–21 ൽ പൂർത്തീകരിച്ചതോടെ 196 ഹെ. പ്രദേശത്തു നേട്ടം കൈവരിക്കാനായി.
- 2020–21–ൽ പൈങ്കുളം അക്വെഡക്ട് (ചെ. 690 മീറ്ററിനും 1522 മീറ്ററിനും ഇടയിൽ) പൂർത്തീകരിച്ചതോടെ 561 ഹെ. അയാക്കട്ട് കൈവരിച്ചു.
- കാരിക്കോട് വിതരണ ശൃംഖലയുടെ ഒന്നാമത്തെ റീച്ച് പൂർത്തീകരിച്ചതോടെ (0–1210 മീ.) 250 ഹെ. അയാക്കട്ട് കൈവരിച്ചു.

പദ്ധതി കമ്മീഷൻ ചെയ്ത തീയതി പ്രകാരം, പദ്ധതിയിലൂടെ കൈവരിച്ച മൊത്തം വിസ്തൃതി 33670 ഹെക്ടറും അറ്റ വിസ്തൃതി 17,179 ഹെക്ടറും ആണ്. ജൂലൈ 10, 2020 ലെ കണക്ക് പ്രകാരം പദ്ധതിയ്ക്കായി ചിലവഴിച്ച മൊത്തം തുക 1,083.64 കോടി രൂപ ആണ്.

**പദ്ധതി നേട്ടങ്ങൾ**

ജലസേചനം ലഭ്യമാകുന്ന പ്രധാന വിളകൾ ഇവയെല്ലാമാണ് - നെല്ല് (3,925 ഹെ.), നേന്ത്രവാഴ (2,126 ഹെ.) ധാന്യങ്ങൾ (930 ഹെ.), മരച്ചീനി (448 ഹെ.), ഇഞ്ചി (14 ഹെ.), കൈതച്ചക്ക (790 ഹെ.), നാളികേരം (6,354 ഹെ.), അടയ്ക്ക (597 ഹെ.), റബ്ബർ (3,868 ഹെ.), കുരുമുളക് (541 ഹെ.), പച്ചക്കറികൾ (1,765 ഹെ.), കാപ്പി (16 ഹെ.), ജാതിക്ക (1,001 ഹെ.), മഞ്ഞൾ (35 ഹെ), കൊക്കോ (40 ഹെ.), മറ്റു വൃക്ഷങ്ങൾ (380 ഹെ.), കിഴങ്ങു വർഗ്ഗങ്ങൾ (520 ഹെ.). കോട്ടയം ജില്ലയിലെ താഴ്ന്ന പാടശേഖരങ്ങളിൽ നിന്നും ഉപ്പുവെള്ളം നീക്കം ചെയ്യുന്നതിനും ഈ പദ്ധതി സഹായകരമാവുന്നു. കൂടാതെ, ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകളിലെ കുടിവെള്ള ആവശ്യങ്ങൾ പരിഹരിക്കുന്നതിനും സഹായകമാവുന്നു. സമീപ പ്രദേശങ്ങളിലെ കിണറുകളിൽ ജല നിരപ്പ് ഉയരുന്നതിനും സഹായിക്കുന്നു. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയ്ക്ക് വ്യാവസായിക അടിസ്ഥാനത്തിൽ ഉള്ള പ്രയോജനം ഈ പദ്ധതിയിൽ കൂടി ലഭിക്കുന്നു. 10.5 മെഗാ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും ഈ പദ്ധതിയിൽ കൂടി സാധിക്കുന്നു.

*അവലംബം: ജലവിഭവ വകുപ്പ്, കേരള സർക്കാർ*

### 3. കാരാപ്പുഴ ജലസേചന പദ്ധതി (കെ.ഐ.പി)

കാവേരി നദിയുടെ ഉപനദീതടമായ കബനിയിലെ ഒരു ഇടത്തരം ജലസേചന പദ്ധതിയായ കാരാപ്പുഴ ജലസേചന പദ്ധതിയ്ക്ക് 2.80 ടി.എം.സി കാവേരി ജലം അനുവദിച്ചു നൽകിയിട്ടുണ്ട്. 1978 ൽ ആസൂത്രണ കമ്മീഷൻ 7.60 കോടി രൂപയ്ക്ക് ഈ പദ്ധതിയ്ക്ക് അംഗീകാരം നൽകി. ജൂൺ 20, 2010 ന് പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു. 8,805 മീറ്റർ നീളമുള്ള വലതുകര പ്രധാന കനാലും (ആർ.ബി.എം.സി) 16,740 മീറ്റർ നീളമുള്ള ഇടതുകര പ്രധാന കനാലും (എൽ. ബി.എം.സി) ഈ പദ്ധതിയ്ക്കുണ്ട്.

### പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ നാഴികക്കല്ലുകൾ

- നിലവിലുള്ള കനാലുകളിൽ ചോർച്ച പരിഹരിക്കുന്നതിനുള്ള ജോലികൾ പൂർത്തിയാക്കിയതിനാൽ 2017 ഫെബ്രുവരിയിൽ ഇടതുകര കനാലിൽ ചെ. 15,300 മീറ്റർ വരെ ജലവിതരണം സാധ്യമായി. കാരാപ്പുഴ ജലസേചന പദ്ധതിയുടെ ചരിത്രത്തിൽ ആദ്യമായി ആണ് ഇപ്രകാരം സാധിച്ചത്.
- 2018 ലെ വെള്ളപ്പൊക്കം കാരണം, ഇടതുകര കനാലിൽ ചെ. 4,800 മീറ്റർ ഭാഗം ഇടിഞ്ഞതിനാൽ, എൽ.ബി.എം.സി യുടെ അയാക്കട്ട് 245.17 ഹെ. ൽ നിന്ന് 71.29 ഹെക്ടറായി കുറയുകയുണ്ടായി. ഇടിഞ്ഞ ഭാഗത്ത് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പുനരുദ്ധാരണ പ്രവൃത്തികൾ 2021 ഫെബ്രുവരിയിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ജോലികൾ പൂർത്തിയാക്കുന്നതിലൂടെ, എൽ.ബി.എം. സി യുടെ വാലറ്റംവരെ അതായത്, ചെ. 16,740 മീ. വരെ പ്രവർത്തനക്ഷമമാക്കാൻ സാധിക്കും. അതുവഴി മൊത്തം 245.17 ഹെ. പ്രദേശത്തു ജലസേചനം ലഭ്യമാക്കാൻ സാധിക്കും
- ആർ.ബി.എം.സി യിൽ ഇടിഞ്ഞ ഭാഗത്തിന്റെ (ചെ. 7,673 മീറ്ററിനും 7,888 മീറ്ററിനും ഇടയിൽ) പുനരുദ്ധാരണ പ്രവൃത്തികൾ, ഐ.ഡി. ആർ.ബിയുടെ രൂപരേഖയ്ക്കു അനുസൃതമായി

പൂർത്തീകരിച്ചു. അതിനാൽ, ഈ സീസൺ മുതൽ (2020–2021) ആർ.ബി.എം.സി യുടെ വാലറ്റം വരെ, അതായത്, ചെ. 8,805 മീ. വരെ ജലവിതരണം സാധ്യമാകും. ഇതുമൂലം, അധികമായി 44.47 ഹെക്ടർ അയാക്കട്ടിൽ ജലസേചനം നടത്താൻ സാധിക്കും എന്നതിനാൽ ആർ.ബി.എം.സി യുടെ മൊത്തം അയാക്കട്ട് 331 ഹെക്ടറായി മാറും.

- ഇപ്രകാരം, 2020–21 അവസാനത്തോടു കൂടി, ഇടതു വലതു കരകൾ ഉൾപ്പെടുന്ന പ്രധാന കനാൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കും. അതുവഴി മൊത്തം 636.48 ഹെക്ടർ അയാക്കട്ട് കൈവരിക്കാനാകും (അരിമുണ്ട വിതരണശൃംഖലയുടെ 60.31 ഹെ. അയാക്കട്ട് ഉൾപ്പെടെ).
- പൊങ്ങിണിത്തൊടി, അരിമുള, വള്ളിപേട്ട, ചീക്കല്ലൂർ, മണിവയൽ എന്നീ അഞ്ച് വിതരണശൃംഖലകൾ ആണ് വലതുകര കനാലിൽ നിന്നുമുള്ളത്. ഈ വിതരമശൃംഖലകളുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി വകുപ്പിന്റെ കൈവശമാണുള്ളത്. സ്മാർട്ട് സ്റ്റേഷൻ ഉപയോഗിച്ചുള്ള അലൈൻമെന്റ് സർവ്വെ നടത്തിയത് പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആണ്.

2020 മാർച്ച് മാസം വരെയുള്ള പദ്ധതി ചെലവ് 334.2 കോടി രൂപയാണ്. 601 ഹെ. അയാക്കട്ട് ആണ് ജലസേചിത പ്രദേശം.

### 4. ബാണാസുരസാഗർ ജലസേചന പദ്ധതി(ബി.എസ്.പി)

കരമാൻതോട് നദീതടത്തിലെ ബാണാസുരസാഗർ ജലസേചന പദ്ധതിയിലൂടെ വയനാട് ജില്ലയിലെ രണ്ട് താലൂക്കുകളിലായി 2800 ഹെക്ടർ (അറ്റ) പ്രദേശത്തു രണ്ടാം വിളയ്ക്കും മൂന്നാം വിളയ്ക്കും ജലസേചനം നൽകാൻ കഴിയും. 2.73 കി.മീ നീളമുള്ള ഒരു പ്രധാന കനാലും, പടിഞ്ഞാറത്തറ (9.030 കി.മീ), വെണ്ണിയോട് (5.390 കി.മീ) എന്നീ രണ്ട് ശാഖാ കനാലുകളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

- പ്രധാന കനാലിലെ ദീർഘകാലമായി നടപ്പിലാകാത്ത പ്രവൃത്തികൾ (ചെ. 1130 മീ മുതൽ 1500 മീ. വരെ)വീണ്ടും ടെൻഡർ ചെയ്തു. പ്രാരംഭ കരാറുകാരനുമായുള്ള കരാർ റിസ്ക് ആന്റ് കോസ്റ്റിൽ തീർപ്പാക്കിക്കൊണ്ടു, പണി ഇപ്പോൾ പുനക്രമീകരിച്ച് അനുമതിയ്ക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.
- കാപ്പുംകുന്ന് വിതരണശൃംഖലയുടെ ചെ. 3,005 മീ. മുതൽ ചെ. 3,205 മീ. വരെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചു.
- വെണ്ണിയോട് ശാഖാ കനാലിൽ, (ചെ. 20 മീ മുതൽ ചെ. 520 മീ. വരെയുള്ള) പ്രദേശത്തു 10 ശതമാനവും (ചെ. 4325 മീ. മുതൽ ചെ. 4,620 മീ. വരെയുള്ള) പ്രദേശത്തു 35 ശതമാനവും പ്രവൃത്തികൾ പൂർത്തീകരിച്ചു. ചെ. 570 മീ. മുതൽ ചെ. 1715 മീ. വരെയുള്ള പ്രദേശത്തെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി സ്ഥലം കൈമാറിയിട്ടുണ്ട്.
- പ്രധാന കനാലിലും (ചെ. 1130 മീ), വെണ്ണിയോട് ശാഖാ കനാലിലും (ചെ. 340 മീ.), വിതരണശൃംഖലയിലും (ചെ. 2,300 മീറ്ററിലും ചെ. 2,350 മീറ്ററിലും) 2018 ലെ വെള്ളപ്പൊക്കം മൂലം കേടായ ഭാഗങ്ങളും, കൂടാതെ അതിർത്തി മതിലിനും, സ്റ്റാഫ് ക്വാർട്ടേഴ്സിനും ഉണ്ടായ നാശനഷ്ടങ്ങളും പരിഹരിച്ചു.

2020 മാർച്ച് മാസം വരെയുള്ള പദ്ധതി ചെലവ് 64.17 കോടി രൂപയാണ്.

### കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതികൾ

പാടശേഖരത്തിന്റെ പുറം ബണ്ടുകൾ ശക്തിപ്പെടുത്തി, ഉയരത്തിൽ നിർമ്മിക്കുക, അനുബന്ധ പ്രവൃത്തികൾ ആയ മോട്ടോർ തറ, ഷെഡ്, സ്ലൂയിസ്, പൈപ്പ്, ബോക്സ് കൾവർട്ട് മുതലായവയുടെ നിർമ്മാണം എന്നിവയെല്ലാം ആണ് കുട്ടനാട്ടിലെ പ്രധാന വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. കേന്ദ്ര സർക്കാരിന്റെ അംഗീകൃത പദ്ധതികളായ കെൽ I, കെൽ II, കെൽ III, കെൽ IV എന്നിവയിലൂടെ പ്രളയനിയന്ത്രണ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. ഈ പദ്ധതികളിൽ കൂടി യഥാക്രമം 574.83 ഹെ., 3262.91 ഹെ., 2818 ഹെ., 5,834 ഹെ. സംരക്ഷിക്കാൻ സാധിച്ചു.

അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനങ്ങൾ, തീവ്ര മഴയുടെ ഫലമായിട്ടുള്ള വെള്ളപ്പൊക്കം (2018, 2019, 2020), കോവിഡ്–19 മഹാമാരി മൂലം ഉണ്ടായ ലോക്ഡൗൺ എന്നീ കാരണങ്ങളാൽ കുട്ടനാട് മേഖലയിലെ പ്രവൃത്തികൾക്കു നിരവധി തടസ്സങ്ങൾ നേരിട്ടു. കുട്ടനാടിന്റെ സമഗ്രവികസനത്തിനായി ഒരു പാക്കേജ് (കുട്ടനാട് പാക്കേജ് രണ്ടാം ഘട്ടം) ബഹു. മുഖ്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. വിവധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കേണ്ട പദ്ധതികളാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്. സംസ്ഥാന വിഹിതം, ആർ.കെ.ഐ, കിഫ്ബി എന്നിവയിലൂടെയാണ് പാക്കേജ് നടപ്പിലാക്കുന്നത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു ഈ പ്രദേശത്ത് നടത്തിയ പ്രധാന വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങൾ ചുവടെ വിശദീകരിച്ചിരിക്കുന്നു.

1. **"ഡി" ബ്ലോക്കിലെ പുത്തനാറായിരം പാടശേഖരത്തെ ബണ്ടിന്റെ പുനർനിർമ്മാണം:** 211 ഹെ. വിസ്തൃതിയുള്ള ഈ പാടശേഖരം കുട്ടനാട് താലൂക്കിലെ പുളിങ്കുന്ന്

ഗ്രാമപഞ്ചായത്തിലാണുള്ളത്. 2015 ലും 2016 ലും ഉണ്ടായ ഉയർന്ന വേലിയേറ്റം കാരണം പടിഞ്ഞാറൻ ഭാഗത്തുള്ള ബണ്ട് ഇടിയുകയുണ്ടായി. പ്രീകാസ്റ്റ് പൈൽ ആന്റ് സ്ലാബ് പ്രവൃത്തിയുടെ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യയാണ് ഇടിഞ്ഞ ഭാഗത്തു സ്വീകരിച്ചത്. പ്രീകാസ്റ്റ് പൈലുകളുടെ മൂന്ന് പാളികൾ താഴേയ്ക്ക് ഇറക്കി ടൈ ബീമുകളുമായി ബന്ധിപ്പിച്ചു. പ്രീകാസ്റ്റ് പൈലുകൾക്കിടയിൽ പ്രീകാസ്റ്റ് സ്ലാബുകൾ ഇറക്കി പൈലുകൾക്കിടയിൽ കായൽ കളിമണ്ണ് നിറച്ചാണ് ബണ്ട് നിർമ്മിച്ചത്. ഇത് ശക്തിപ്പെടുത്തുന്നതിന്, 120 മീറ്റർ നീളമുള്ള പുതിയ ബണ്ടും, കൂടാതെ തെങ്ങിൻതടി കൊണ്ടുള്ള മൂന്ന് നിര പൈലുകൾ ഉപയോഗിച്ച് ബെർമും നിർമ്മിച്ചു. കായലിലെ കളിമണ്ണ് ഉപയോഗിച്ചാണ് ഇടിഞ്ഞ ഭാഗത്തു നിർമ്മിച്ച ബേർമ് നിറച്ചത്. ബണ്ട് നിർമ്മാണത്തിന്റെ പല ഘട്ടങ്ങളിലും കയർ ജിയോടെക്സ്റ്റൈൽ ഉപയോഗിച്ചു. 2018–ൽ ആരംഭിച്ച ഈ പ്രവൃത്തി 2019 സെപ്റ്റംബറോടു കൂടി 3.18 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. 2019–20 കാലയളവിൽ ഈ പാടശേഖരത്തിൽ കൃഷി വിജയകരമായി നടത്തുകയുണ്ടായി. അതുവഴി 200 ൽ അധികം കർഷകർക്ക് പ്രയോജനം ലഭിച്ചു.

2. **കനകാശ്ശേരി പാടശേഖരത്തിൽ മണ്ണ് കൊണ്ടുള്ള ബണ്ട് നിർമ്മാണം:** 2019–ൽ, മീനപ്പള്ളി കായലിന്റെ കിഴക്കൻ ബണ്ട് ഇടിഞ്ഞതിനാൽ കനകാശ്ശേരി പാടശേഖരത്തിലെ 48.90 ഹെക്ടർ നെൽകൃഷി, മീനപ്പള്ളി പാടത്തെ 58.7 ഹെക്ടർ നെൽകൃഷി, വലിയകരി പാടത്തെ 100.8 ഹെക്ടർ നെൽകൃഷി എന്നിവ നശിക്കുകയുണ്ടായി. 60 മീറ്റർ നീളത്തിൽ ജലവിഭവ വകുപ്പ് നിർമ്മിച്ച താൽക്കാലിക ബണ്ടുകൾ കൂടുതൽ ശക്തിപ്പെടുത്തിയത് "പിള്ള ബണ്ടുകൾ" ഉപയോഗിച്ചായിരുന്നു. 71.18 ലക്ഷം രൂപ ചെലവിൽ പണി പൂർത്തീകരിച്ചു.

3. **തണ്ണീർമുക്കം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നവീകരണം:** തണ്ണീർമുക്കം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ മൂന്നാം ഘട്ടം ജൂലൈ 31, 2018 ന് പൂർത്തീകരിച്ച്, പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. 28 സ്റ്റെയിന്ലെസ് സ്റ്റീൽ ഷട്ടറുകളും അനുബന്ധ ലിഫ്റ്റിംഗ് സംവിധാനങ്ങളും ഉപയോഗിച്ചാണ് പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. റേഡിയൽ ഗേറ്റുകളും 46 അടി ലോക്കിന്റെ (14 മീറ്റർ) ഹൈഡ്രോളിക് സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളിലെ 62 പഴയ ഷട്ടറുകൾക്ക് പകരം സ്റ്റെയിന്ലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുകയും ഈ ഷട്ടറുകൾ ഉയർത്തുന്നതിനുള്ള സംവിധാനവുമായി ബന്ധപ്പെട്ട ജോലികളും പൂർത്തീകരിച്ചു. പദ്ധതിയുടെ 95 ശതമാനവും പൂർത്തിയായെങ്കിലും, കോഫെർഡാമിൽ നിന്ന് നീക്കം ചെയ്ത മണ്ണിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതിനാൽ ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുകയാണ്.

4. **തോട്ടപ്പള്ളിസ്പിൽവെയിൽ നിന്ന് ധാതു മണൽ നീക്കം ചെയ്യൽ:** ഒരു സെക്കന്റിൽ 1,800 ക്യൂബിക് മീറ്ററാണ് തോട്ടപ്പള്ളി സ്പിൽവെയുടെ യഥാർത്ഥ രൂപകല്പന ശേഷി. എന്നാൽ, അഴിമുഖത്തിന്റെ വീതി 380 മീറ്ററിൽ നിന്ന് 150 മീറ്ററായി കുറഞ്ഞതിനാൽ, ഇത് സെക്കൻഡിൽ 600 ക്യൂബിക് മീറ്ററായി കുറഞ്ഞു. അഴിമുഖത്തിന്റെ വീതിയിൽ ഈ കുറവുണ്ടായത് മൺതിട്ടകൾ രൂപപ്പെട്ടതിനാലും കാഷ്വറീന വൃക്ഷങ്ങൾ കാരണവും ആണ്. അഴിമുഖത്തിന്റെ വീതിക്കുറവ് കാരണം, ഒലിച്ചു വരുന്ന ജലത്തിന്റെ കടലിലേയ്ക്കുള്ള ഒഴുക്ക് ഫലപ്രദം ആകാത്തത് 2018 ലെ വെള്ളപ്പൊക്കത്തിന് നിർണായക ഘടകമായി. അതിനാൽ, അഴിമുഖത്തിന്റെ വീതി 360 മീറ്റർ ആയി പുനസ്ഥാപിക്കുന്നതിന് വേണ്ടി, 2,42,831.25 ക്യൂബിക് മീറ്റർ മണലും തടസ്സങ്ങളും ജൂലൈ 23, 2020 ന് മുൻപ് തന്നെ പൂർണ്ണമായും നീക്കം ചെയ്തു.

## ജലസേചിത പ്രദേശത്തിന്റെ കണക്കുകൾ

2019–20 കാലയളവിലെ ജലസേചിത പ്രദേശത്തിന്റെ സ്രോതസ്സ് തിരിച്ചുള്ള അറ്റ വിസ്തീർണ്ണം **അനുബന്ധം 3.5.3 ലും 3.5.4 ലും** രേഖപ്പെടുത്തിയിരിക്കുന്നു. 2017–18 മുതൽ 2019–20 വരെയുള്ള കാലയളവിൽ ജലസേചിത പ്രദേശത്തിന്റെ അറ്റ വിസ്തീർണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിരിക്കുന്നു. 2017–18 –ൽ, 3.92 ലക്ഷം ഹെക്ടർ ആയിരുന്നത്, 2018–19 ൽ 4.04 ലക്ഷം ഹെക്ടർ ആയും, 2019–20 ൽ 4.09 ലക്ഷം ഹെക്ടർ ആയും വർദ്ധനവ് രേഖപ്പെടുത്തി. എന്നാൽ, മൊത്തം ജലസേചിത വിസ്തൃതി 2017–18 –ൽ 5.398 ലക്ഷം ഹെക്ടർ ആയിരുന്നത്, 2018–19 ആയപ്പോൾ 5.153 ലക്ഷം ഹെക്ടർ ആയി കുറഞ്ഞെങ്കിലും, 2019–20 ലെ കണക്കായ 5.156 ലക്ഷം ഹെക്ടറുമായി താരതമ്യം ചെയ്യുമ്പോൾ മൊത്തം ജലസേചിത വിസ്തൃതിയിൽ പിന്നീട് വലിയ വ്യതിയാനം വന്നതായി കാണുന്നില്ല. മൊത്തം ജലസേചിത വിസ്തൃതിയുടെ വിശദാംശങ്ങളും, പ്രയോജനം ലഭിക്കുന്ന വിളകളുടെ വിശദാംശങ്ങളും **അനുബന്ധം 3.5.5** ലും **3.5.6** ലും രേഖപ്പെടുത്തിയിരിക്കുന്നു.

2019–20 കാലയളവിലും ജലസേചനത്തിന്റെ പ്രയോജനം ഏറ്റവും അധികം ലഭിച്ചത് നാളികേരത്തിനും, നെൽകൃഷിയ്ക്കും ആയിരുന്നുവെങ്കിലും, ഈ രണ്ടു വിളകളുടേയും ജലസേചിത പ്രദേശത്തിന്റെ വിസ്തൃതി മുൻ വർഷത്തെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്.

നെൽകൃഷിയുടെ മൊത്തം ജലസേചിത വിസ്തൃതി 2018–19 ൽ, 1.54 ലക്ഷം ഹെക്ടർ ആയിരുന്നത് 2019–20 ആയപ്പോൾ 1.50 ലക്ഷം ഹെക്ടർ ആയും, നാളികേരത്തിന്റെ മൊത്തം ജലസേചിത പ്രദേശത്തിന്റെ വിസ്തൃതി 2018–19 ൽ, 1.59 ലക്ഷം ഹെക്ടർ ആയിരുന്നത്, 2019–20 ആയപ്പോൾ 1.58 ലക്ഷം ഹെക്ടർ ആയും കുറവ് രേഖപ്പെടുത്തി. നെൽകൃഷിയുടെ വിസ്തൃതി 1.98 ലക്ഷം ഹെക്ടറിൽ നിന്ന് (2018–19) 1.91 ലക്ഷം ഹെക്ടറായി (2019–20) കുറഞ്ഞത് ഈ പശ്ചാത്തലത്തിൽ പരാമർശിക്കേണ്ടതുണ്ട്. 2019–20 കാലയളവിൽ വാഴകൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതിയിലും, ജലസേചിത വിസ്തൃതിയിലും വർദ്ധനവുണ്ടായി. വാഴകൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതി 0.52 ലക്ഷം ഹെക്ടറിൽ നിന്ന് (2018–19) 0.60 ലക്ഷം ഹെക്ടറായി (2019–20) വർദ്ധിച്ചപ്പോൾ, വാഴയുടെ ജലസേചിത വിസ്തൃതി 0.44 ലക്ഷം ഹെക്ടറിൽ നിന്ന് (2018–19) 0.52 ലക്ഷം ഹെക്ടറായി (2019–20) വർദ്ധിച്ചു. പച്ചക്കറി കൃഷിയുടെ ജലസേചിത വിസ്തൃതിയിൽ നാമമാത്രമായ വർദ്ധനവുണ്ടായി. 0.30 ലക്ഷം ഹെക്ടറിൽ (2018–19) നിന്ന് 0.31 ലക്ഷം ഹെക്ടറിലേയ്ക്ക് (2019–20) വർദ്ധിച്ചു. മൊത്തം വിള പ്രദേശത്തിൽ മൊത്തം ജലസേചിത പ്രദേശത്തിന്റെ ശതമാനത്തിൽ (20 ശതമാനം) 2018–19 ലും, 2019–20 ലും മാറ്റമില്ല.

## ചെറുകിട ജലസേചനം

### ചെറുകിട ജലസേചനത്തിന്റെ സ്ഥിതി വിവര കണക്കുകൾ (ആർ.എം.ഐ.എസ്)

ആർ.എം.ഐ.എസ് 100 ശതമാനം കേന്ദ്ര സഹായ പദ്ധതിയാണ്. ഫലപ്രദമായ ആസൂത്രണത്തിനും നയരൂപീകരണത്തിനുമായി ചെറുകിട ജലസേചന മേഖലയിൽ സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കുവാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2,000 ഹെക്ടർ വരെ ജലസേചനം ലഭ്യമാക്കുന്ന ഉപരിതല, ഭൂഗർഭജല പദ്ധതികൾ ഉള്ള സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും ചെറുകിട ജലസേചന സെൻസസ് നടത്തുക എന്നതാണ് പദ്ധതിയുടെ ഒരു പ്രധാന പ്രവർത്തനം. ചെറുകിട ജലസേചന നിർമ്മാണങ്ങളിലൂടെ (ഭൂഗർഭവും, ഉപരിതലവും) സൃഷ്ടിക്കപ്പെട്ടതും, പ്രയോജനപ്പെടുത്തിയതുമായ ജലസേചന സാധ്യതകൾ, ജലവിതരണ രീതികൾ, ഈ പദ്ധതികളുടെ ഊർജ്ജസ്വലതയ്ക്കായി ഉപയോഗിക്കുന്ന സ്രോതസ്സുകൾ എന്നിവയാണ് സെൻസസ് ഊന്നൽ നൽകുന്നത്.

2017–18 വർഷത്തെ അടിസ്ഥാനപ്പെടുത്തി നടക്കുന്ന ആറാമത്തെ സെൻസസ് പുരോഗതിയിലാണ്. ആറാമത്തെ എം.ഐ സെൻസസ്സിനൊപ്പം ആദ്യത്തെ വാട്ടർ ബോഡി സെൻസസും നടന്നു വരുന്നു. ജലസേചനത്തിനോ മറ്റ് ആവശ്യങ്ങൾക്കോ വേണ്ടി (ഉദാ. വ്യാവസായിക, കുടിവെള്ളം, വിനോദം, മതപരം, ഭൂഗർഭജല റീചാർജ്ജ് ) വെള്ളം സംഭരിക്കുന്നതിന് ഉപയോഗിക്കുന്നതും, മനുഷ്യനിർമ്മിതമോ അല്ലെങ്കിൽ പ്രകൃതിദത്തമോ, എല്ലാ വശങ്ങളും കെട്ടപ്പെട്ടതും ആയ നിർമ്മിതികളാണ് ഈ സെൻസസിൽ ജലാശയങ്ങളായി കണക്കാക്കപ്പെടുന്നത്. സെൻസസുമായി ബന്ധപ്പെട്ട ഫീൽഡ് പ്രവൃത്തികൾ 2019 ജൂണിൽ ആരംഭിച്ചെങ്കിലും, 2019 ആഗസ്റ്റിലെ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും കാരണവും, തുടർന്ന് കോവിഡ്–19 മഹാമാരി മൂലം ഉണ്ടായ ലോക്ഡൗൺ മൂലവും പണികൾ തടസ്സപ്പെട്ടിരിക്കുകയാണ്. 2020 ആഗസ്റ്റ് വരെ 697 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫീൽഡ് എന്യൂമറേഷൻ ജോലികൾ പൂർത്തീകരിച്ചു, അതായത് 67 ശതമാനം ഫീൽഡ് വർക്കുകൾ. ബാക്കിയുള്ള 337 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പൂർത്തീകരിക്കാത്ത ഫീൽഡ് വർക്കുകൾ, പട്ടികയുടെ സൂക്ഷ്മപരിശോധന, ഡാറ്റാ എൻട്രി, മൂല്യനിർണ്ണയം, റിപ്പോർട്ട് പ്രസിദ്ധീകരണം എന്നിവ നിലവിലെ സാമ്പത്തിക വർഷത്തിൽ (2020–21) നടപ്പിലാക്കും. ആദ്യ ഗഡുവായി, 46,37,812 രൂപയാണ് (മൊത്തം തുകയുടെ 40 ശതമാനം) സെൻസസ് പ്രവർത്തനങ്ങൾക്കായി 2018–19 കാലയളവിൽ കേന്ദ്ര ഗവൺമെന്റ് നൽകിയത്. ഇതിൽ നിന്ന് 13,14,704 രൂപ ആറാമത്തെ എം.ഐ സെൻസസിനും, 33,23,108 രൂപ വാട്ടർ ബോഡി സെൻസസിനും ആണ് വകയിരുത്തിയിരിക്കുന്നത്.

### പതിമൂന്നാം പഞ്ചവത്സരക്കാലത്തെ ചെറുകിട ജലസേചന പദ്ധതികൾ

ചെറുകിടജലസേചന നിർമ്മാണങ്ങളിലൂടെ പ്രയോജനം ലഭിക്കുന്ന അയാക്കട്ട് വിപുലീകരിക്കുന്നതിന് വേണ്ടി ചെറുകിട ജലസേചനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതായിരുന്നു പതിമൂന്നാമത് പഞ്ചവത്സര പദ്ധതിയുടെ പ്രധാന ഊന്നൽ. വിള ഉല്പാദനക്ഷമത ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജലസേചനക്ഷമത വർദ്ധിപ്പിക്കുന്നതിനായി, മൈക്രോ ഇറിഗേഷൻ പ്രവർത്തികളും ഈ കാലയളവിൽ സ്വീകരിച്ചിരുന്നു. സംസ്ഥാനത്തുടനീളം കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ നടപ്പാക്കുന്നതിനുള്ള നടപടികൾ ജലവിഭവ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

ഇതൊക്കെ ആണെങ്കിലും, ചെറുകിട ജലസേചന നിർമ്മിതികളിലൂടെ പ്രയോജനപ്പെടുന്ന ജലസേചിത വിസ്തൃതിയിൽ വ്യതിയാനം ഉണ്ടാകുന്നതായിട്ടാണ് പതിമൂന്നാമത് പഞ്ചവത്സര പദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിലെ കണക്കുകൾ സൂചിപ്പിക്കുന്നത്. 2017–18 ലെ വിസ്തൃതിയായ 8,006.64 ഹെക്ടറിൽ നിന്നും, ഗണ്യമായ കുറവാണ് 2018–19 ൽ രേഖപ്പെടുത്തിയത്, 3,388.05 ഹെക്ടർ. തൊട്ടടുത്ത വർഷത്തിൽ (2019–20 ൽ) ഇത് 4,474.86 ഹെക്ടറായി

നേരിയ വർദ്ധനവുണ്ടായി. നടപ്പ് വർഷത്തിൽ (2020–21), ആഗസ്റ്റ് മാസം വരെ 1,526.26 ഹെക്ടർ കൈവരിക്കുവാൻ സാധിച്ചു. 2018, 2019 വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിൽ ചെറുകിട ജലസേചന നിർമ്മിതികൾക്കു ഉണ്ടായ നാശനഷ്ടങ്ങളും, ഈ നാശനഷ്ടങ്ങൾ യഥാക്രമം ശരിയാക്കുന്നതിലെ കാലതാമസവും അയാക്കട്ട് കുറയുവാൻ കാരണം ആയിട്ടുണ്ട്. 2017–18 മുതൽ 2019–20 വരെയുള്ള ചെറുകിട ജലസേചന പദ്ധതികളുടെ ഭൗതിക നേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.5.7**–ൽ നൽകിയിരിക്കുന്നു.

1995–96 മുതൽ, വിവിധ പദ്ധതികൾക്കായി, ഘട്ടം I മുതൽ ഘട്ടം XXV വരെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിന്റെ (ആർ.ഐ.ഡി.എഫ്) കീഴിൽ നബാർഡ് വായ്പ സഹായം നൽകുന്നു. ആർ.ഐ.ഡി.എഫ് I മുതൽ XVIII വരെയുള്ളവ പൂർത്തീകരിച്ചു. കൂടാതെ, ആർ.ഐ.ഡി.എഫ് ഘട്ടം XIX മുതൽ XXV വരെയുള്ള പദ്ധതികൾ പുരോഗമിക്കുന്നു. വിവിധ ഘട്ടങ്ങളിൽ ഉൾപ്പെട്ട 1343 പദ്ധതികൾ പൂർത്തിയായി. വിശദാംശങ്ങൾ **അനുബന്ധം 3.5.8**–ൽ നൽകിയിരിക്കുന്നു.

### ഭൂഗർഭ ജല വികസനം

ഭൂഗർഭ ജല വിഭവങ്ങളുടെ സുസ്ഥിര വികസനം ലക്ഷ്യമിടുന്ന പദ്ധതിയാണ് ഭൂഗർഭജല സംരക്ഷണവും റീചാർജ്ജും. സംസ്ഥാനത്തെ വരൾച്ചാ സാഹചര്യത്തെ അതിജീവിക്കാനുള്ള ദീർഘകാല നടപടികളായാണ് ഇത്തരം റീചാർജ് പദ്ധതികൾ നടപ്പിലാക്കുന്നത്. മേൽക്കൂരയിലൂടെയുള്ള മഴവെള്ള സംഭരണം ഈ പദ്ധതി ഘടകത്തിൽ ഉൾപ്പെടുന്നു. കിണറുകൾ, കുഴൽക്കിണറുകൾ, ഉപരിതല ഡൈക്കുകൾ, ചെറിയ ചെക്ക് ഡാമുകൾ എന്നിവയിലൂടെയാണ് ഭൂഗർഭജല റീചാർജ് സാധ്യമാകുന്നത്. പൊതു കെട്ടിടങ്ങളിലും സർക്കാർ സ്കൂളുകളിലും മേൽക്കൂരയിലൂടെയുള്ള മഴവെള്ള സംഭരണം പദ്ധതിയിലൂടെ ഭൂഗർഭജല റീചാർജ്ജ് നടപ്പിലാക്കുന്നു. മഴക്കുഴികളിലൂടെ, മേൽക്കൂരയിലൂടെയുള്ള മഴവെള്ള സംഭരണം വളരെ വിജയകരമായി പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ഭൂഗർഭ ജല വകുപ്പ് നടപ്പിലാക്കി. ഇതിലൂടെ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജകമണ്ഡലത്തിലെ "ജലസമൃദ്ധി" പദ്ധതിയ്ക്കായി കുഴിച്ച കിണറുകളുടെ ഭൂഗർഭജല നിരപ്പിൽ വർദ്ധനവുണ്ടായി. എല്ലാ സർക്കാർ സ്കൂളുകളിലും ഓഫീസുകളിലും കൃത്രിമ ഭൂജല സംഭോഷണ നിർമ്മിതികൾ നടപ്പിലാക്കുന്ന ആദ്യത്തെ നിയമസഭാ മണ്ഡലമായി കാട്ടാക്കട നിയോജകമണ്ഡലം പ്രഖ്യാപിക്കപ്പെട്ടു. ഭൂഗർഭജല വികസന പദ്ധതികളിലെ ഭൗതിക നേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.5.9**–ൽ നൽകിയിരിക്കുന്നു. മൊത്തം വാർഷിക ഭൂഗർഭ ജല റീചാർജ്ജ്, മൊത്തം വാർഷിക ഭൂഗർഭജലലഭ്യത, ഭൂഗർഭജല വികസനത്തിന്റെ ഘട്ടങ്ങൾ എന്നിവ വിശദമായി **അനുബന്ധം 3.5.10** –ൽ നൽകിയിരിക്കുന്നു.

### പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ നാല് വർഷങ്ങളിൽ ജലസേചന മേഖലയുടെ പ്രകടനം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിലെ പ്രധാന നിർദ്ദേശങ്ങൾ ഇവയെല്ലാമായിരുന്നു – (1) വൻകിട–ഇടത്തര ജലസേചനത്തിൽ നിന്ന് ചെറുകിട ജലസേചന പദ്ധതികളിലേയ്ക്ക് ഊന്നൽ നൽകുക (2) കനാലുകളുടെ നവീകരണത്തിനും, ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ ജലസേചന വ്യാപനത്തിനും പ്രത്യേക ശ്രദ്ധ ചെലുത്തുക (3) വരൾച്ച നേരിടുന്നതിനായി ഹ്രസ്വകാല, ഇടത്തരം, ദീർഘകാല നടപടികൾ സ്വീകരിക്കുക (4) സംസ്ഥാനത്ത് നിലവിലുള്ള ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിൽ ഈ മേഖലയ്ക്കനുവദിച്ച വിഹിതവും ചെലവ് വിശദാംശങ്ങളും **അനുബന്ധം 3.5.11**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

## 3.6 വനവും വന്യജീവിയും

ആഗോളതലത്തിലെ വനസമ്പത്തിനെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്ന ഒരു രേഖയാണ് ഭക്ഷ്യ കാർഷിക സംഘടന തയ്യാറാക്കുന്ന ആഗോള വനസമ്പത്ത് നിർണ്ണയ റിപ്പോർട്ട് (ജി.എഫ്.ആർ.എ – ഗ്ലോബൽ ഫോറസ്റ്റ് റിസ്സോഴ്സ്സ് അസ്സെസ്സ്മെന്റ്). 2020 ലെ ജി.എഫ്.ആർ.എ റിപ്പോർട്ട് പ്രകാരം, വനമേഖലയിൽ ഉണ്ടായിട്ടുള്ള അറ്റ നഷ്ടത്തിന്റെ തോത് 1990 മുതൽ 2020 വരെ ഉള്ള കാലയളവിൽ കുറഞ്ഞിട്ടുണ്ട്. ചില രാജ്യങ്ങളിൽ വനനശീകരണം കുറഞ്ഞതുമൂലവും, മറ്റു ചില ഇടങ്ങളിൽ വനവത്ക്കരണവും, സ്വാഭാവിക വനവിപുലീകരണവുംമൂലം വന വിസ്തൃതി വർദ്ധിച്ചതാകാം ഇതിനു കാരണം.

ഓരോ രണ്ട് വർഷത്തിലും, രാജ്യത്തെ വനവിഭവങ്ങളുടെ വിലയിരുത്തൽ നടത്തി, ഫലങ്ങൾ ഇന്ത്യ സ്റ്റേറ്റ് ഫോറസ്റ്റ് റിപ്പോർട്ടിലൂടെ ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യ (ഐ.എസ്.എഫ്.ആർ) അവതരിപ്പിക്കുന്നു. രാജ്യത്തെ മൊത്തം വനവിസ്തൃതി 7,12,249 ചതുരശ്ര കിലോമീറ്ററാണെന്ന് ഐ.എസ്.എഫ്.ആർ 2019 റിപ്പോർട്ട് ചെയ്യുന്നു. ഇത് രാജ്യത്തിന്റെ ഭൂവിസ്തൃതിയുടെ 21.67 ശതമാനമാണ്. ഐ.എസ്.എഫ്.ആർ 2017 ലെ വിലയിരുത്തലുമായി താരതമ്യം ചെയ്യുമ്പോൾ ദേശീയതലത്തിൽ വനവിസ്തൃതി 3976 ചതുരശ്ര കിലോമീറ്റർ വർദ്ധിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. കർണാടക (1,025 ചതുരശ്ര കിലോമീറ്റർ), ആന്ധ്രാപ്രദേശ് (990 ചതുരശ്ര കിലോമീറ്റർ), കേരളം (823 ചതുരശ്ര കിലോമീറ്റർ), ജമ്മു കശ്മീർ (371 ചതുരശ്ര കിലോമീറ്റർ), ഹിമാചൽ പ്രദേശ് (334 ചതുരശ്ര കിലോമീറ്റർ) എന്നീ സംസ്ഥാനങ്ങളാണ് വനവിസ്തൃതിയുടെ വർദ്ധനവിന്റെ കാര്യത്തിൽ ഏറ്റവും മികച്ച അഞ്ച് സംസ്ഥാനങ്ങൾ. ഭൂമിയുടെ നിയമപരമായ പദവി കണക്കിലെടുക്കാതെയുള്ള വനമേഖലയെയാണ് വനവിസ്തൃതി (ഫോറസ്റ്റ് കവർ) സൂചിപ്പിക്കുന്നത്. എന്നാൽ, നിയമപരമായി വനമേഖലയായി രേഖപ്പെടുത്തിയതോ അല്ലെങ്കിൽ "വനം" എന്ന് നിർവ്വചിക്കപ്പെട്ടിട്ടുള്ളതോ ആയ പ്രദേശങ്ങളുടെ വനവിസ്തൃതിയാണ് റെക്കോർഡഡ് ഫോറസ്റ്റ് ഏരിയ സൂചിപ്പിക്കുന്നത്. സംസ്ഥാനത്തെ റെക്കോർഡഡ് ഫോറസ്റ്റ് ഏരിയയുടെ വിസ്തൃതി 11,520.06 ച.കി.മീ ആണ്. കേരളത്തിലെ വനസംരക്ഷണ പ്രവർത്തനങ്ങളുടേയും വനവൽക്കരണ പ്രചാരണങ്ങളുടേയും ഫലമായി, തുടർച്ചയായ രണ്ടാം മൂല്യനിർണ്ണയ കാലയളവിലും സംസ്ഥാനത്തിന്റെ വനവിസ്തൃതിയിൽ വർദ്ധനവുണ്ടായതിനാൽ, വനവിസ്തൃതിയുടെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തിന് മൂന്നാം സ്ഥാനം നേടാൻ കഴിഞ്ഞതായി ഇന്ത്യ സ്റ്റേറ്റ് ഫോറസ്റ്റ് റിപ്പോർട്ട് 2019 രേഖപ്പെടുത്തുന്നു. റിപ്പോർട്ട് പ്രകാരം, തോട്ടങ്ങൾ ഉൾപ്പെടെയുള്ള വനവിസ്തീർണ്ണം 21,144 ചതുരശ്ര കിലോമീറ്ററാണ്. കേരളത്തിന്റെ വനവിസ്തൃതിയിൽ 2017 ലെ വിലയിരുത്തലിൽ നിന്ന് 2.12 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വളരെ ഇടതൂർന്ന വനത്തിന്റെ വിസ്തീർണ്ണം 1935 ചതുരശ്ര കിലോമീറ്ററാണ്. എന്നാൽ മിതമായ ഇടതൂർന്ന വനവും, തുറന്ന വനവും യഥാക്രമം 9508 ചതുരശ്ര കിലോമീറ്ററും 9,701 ചതുരശ്ര കിലോമീറ്ററും ആണ്. ഇപ്രകാരം ആകെ വിസ്തീർണ്ണം 21,144 ചതുരശ്ര കിലോമീറ്ററാകുന്നു. ജില്ല തിരിച്ചുള്ള വനമേഖല യുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.1**–ൽ നൽകിയിരിക്കുന്നു. 3,151 ചതുരശ്ര കിലോമീറ്ററുള്ള ഇടുക്കി ജില്ലയാണ് വനവിസ്തൃതിയിൽ മുന്നിൽ നിൽക്കുന്നത്. തുടർന്ന് 2,084 ചതുരശ്ര കിലോമീറ്ററുള്ള പാലക്കാട് ജില്ലയും, 1,981 ചതുരശ്ര കിലോമീറ്ററുള്ള മലപ്പുറം ജില്ലയും. ഏറ്റവും കുറഞ്ഞ വനമേഖലയുള്ള ജില്ലകൾ കാസർഗോഡും ആലപ്പുഴയുമാണ്.

### പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ വകുപ്പിന്റെ സംരംഭങ്ങൾ/നേട്ടങ്ങൾ

പതിവ് പ്രവർത്തനങ്ങൾക്ക് പുറമേ കേരള വനം വകുപ്പ് ഈ വർഷങ്ങളിൽ ചില പ്രത്യേക പദ്ധതികൾ ഏറ്റെടുത്തിരുന്നു.

1. **പ്രോജക്ട് ഗ്രീൻ ഗ്രാസ്:** നമ്മുടെ വനങ്ങൾ വൃത്തിയായി സൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെ

സംസ്ഥാനത്ത് "പ്രോജക്ട് ഗ്രീൻ ഗ്രാസ്" എന്ന പദ്ധതി കേരള വനം വകുപ്പ് ആരംഭിച്ചു. മൂന്ന് വർഷത്തിനുള്ളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി (2019–20 മുതൽ 2021–22 വരെ) 2019 –ൽ പദ്ധതിയ്ക്ക് അനുമതി നൽകുകയുണ്ടായി. വനമേഖലയിൽ നിന്നുള്ള ഖരമാലിന്യങ്ങൾ നീക്കം ചെയ്യുക (വി.എസ്.എസ്/ഇ.ഡി.സി/ സന്നദ്ധ സംഘടനകൾ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട്), വിനോദസഞ്ചാരികളിൽ അവബോധം സൃഷ്ടിക്കുക, തൽക്ഷണം പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള മറ്റ് നിയമനടപടികൾ ഏർപ്പെടുത്തുക, മാലിന്യ നിർമ്മാർജ്ജനം നിരീക്ഷിക്കുന്നതിനു സാങ്കേതിക വിദ്യ സ്വീകരിക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യങ്ങൾ. തിരഞ്ഞെടുത്ത 125 മാലിന്യ നിക്ഷേപ സ്ഥലങ്ങൾ വൃത്തിയാക്കുകയുണ്ടായി. മാലിന്യ നിർമ്മാർജ്ജന വിഷയത്തിൽ മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ പ്രധാന പ്രശ്നം അഭിമുഖീകരിക്കുന്നതിനാൽ, ഈ പ്രദേശത്തിനായി പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചു. അതുവഴി ആ പ്രദേശത്തുനിന്നു മാത്രം 1,808 ടൺ മാലിന്യം നീക്കം ചെയ്യുകയുണ്ടായി.

2. **ഫോറസ്റ്റ് പ്ലസ് 2.0:** പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (എം.ഒ.ഇ.എഫ് ആന്റ് സി.സി) തിരഞ്ഞെടുത്ത ഇന്ത്യയിലെ മൂന്ന് മേഖലകളിലൊന്നാണ് കേരളത്തിലെ തിരുവനന്തപുരം ലാന്റ്സ്കേപ്പ്. യുണൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇന്റർ നാഷണൽ ഡവലപ്മെന്റിന്റെ(യു.എസ്.എ.ഐ.ഡി) സാങ്കേതിക സഹായത്തോടെ 2018 ൽ ഈ പദ്ധതി ആരംഭിച്ചു. ആവാസ വ്യവസ്ഥാധിഷ്ഠിതമായ നിർവ്വഹണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യകൾ വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. വനമേഖലയുടെ പരിപാലനത്തിൽ ആവാസ വ്യവസ്ഥാ സേവനങ്ങൾ ഉൾപ്പെടുത്തുവാനും, കൂടുതൽ പ്രദേശങ്ങളെ മെച്ചപ്പെട്ട പരിപാലനത്തിന്റെ കീഴിൽ കൊണ്ടുവരുവാനും, വനമേഖലയെ ആശ്രയിച്ചു കഴിയുന്ന വിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുവാനുമാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി, പ്രധാന തടി ഇതര വന ഉല്പന്നങ്ങളുടേയും പരിസ്ഥിതി ടൂറിസം പ്രവർത്തനങ്ങളുടേയും വിതരണ ശൃംഖല വിശകലന പ്രവർത്തനങ്ങൾ തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള വനാതിർത്തിയിലുള്ള ഗ്രാമങ്ങളിൽ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം ലാന്റ്സ്കേപ്പിലെ വനമേഖലയിലുള്ള ആവാസ വ്യവസ്ഥ സേവനങ്ങളുടെ അടിസ്ഥാന പഠനങ്ങളും പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.

3. **മനുഷ്യ–മൃഗ സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾ:** മനുഷ്യ–മൃഗ സംഘർഷം കുറയ്ക്കുന്നതിന്റെ ഭാഗമായി, കഴിഞ്ഞ 4 വർഷത്തിനിടയിൽ, 204 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് രൂപീകരിച്ചു. മികച്ച ഏകോപന സംവിധാനത്തിനായി 65 വനാതിർത്തി പ്രദേശങ്ങളിലായി, 5 സ്ഥലങ്ങളിൽ കൺട്രോൾ റൂമുകളുള്ള, എസ്.എം.എസ് അലേർട്ട് സംവിധാനങ്ങൾ നടപ്പിലാക്കി. മനുഷ്യ–വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി, "ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗ്" എന്ന സമ്പ്രദായം രാജ്യത്ത് ആദ്യമായി വനം വകുപ്പ് നടപ്പിലാക്കുകയുണ്ടായി. വഴക്കമുള്ള ഉരുക്കു കയറുകളാണ് ഈ നൂതന മാതൃകയിൽ ഉപയോഗിക്കുന്നത്. കയറിന്റെ അറ്റങ്ങൾ കനത്ത കോൺക്രീറ്റ് ബ്ലോക്കിൽ തളച്ചിരിക്കുന്നതിനാൽ, മുഴുവൻ ഘടകങ്ങളും ഒരൊറ്റ യൂണിറ്റായി പ്രവൃത്തിക്കുകയും, മൃഗങ്ങൾക്ക് അവയെ താഴേക്ക് തള്ളാൻ പ്രയാസമാവുകയും ചെയ്യും. പരീക്ഷണാടിസ്ഥാനത്തിൽ, മാങ്കുളം ഫോറസ്റ്റ് ഡിവിഷനിൽ കിലോമീറ്ററിന് ഏകദേശം 50.00 ലക്ഷം രൂപ നിരക്കിൽ 1.3 കി.മീ നീളത്തിൽ "ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗ്" സ്ഥാപിച്ചു.

4. **കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനു (കിഫ്ബി) കീഴിലുള്ള പദ്ധതികൾ:** മനുഷ്യമൃഗ സംഘർഷം കുറയ്ക്കുന്നതിനായി കിഫ്ബി പദ്ധതി പ്രകാരം രണ്ട് ഘട്ടങ്ങളിലായി വിവധ പ്രവർത്തനങ്ങൾ ആരംഭിച്ചു. സോളാർ ഫെൻസിംഗ്, ആനയുടെ ആക്രമണം തടയുന്ന സംരക്ഷണ ഭിത്തികൾ, റെയിൽ ഫെൻസിംഗ് എന്നിവയാണ് ഒന്നാം ഘട്ടത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. 111.91 കി.മീ ദൂരത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 17.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിനു കീഴിൽ ആരംഭിച്ച പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സോളാർ ഫെൻസിംഗ്, ആനയുടെ ആക്രമണം തടയുന്ന സംരക്ഷണ ഭിത്തികൾ എന്നിവയ്ക്കു പുറമേ, 42 കി.മീ നീളത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗും, 497 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങളും രണ്ടാംഘട്ടത്തിൽ നടപ്പിലായി വരുന്നു. ഇതിനായി അനുവദിച്ചിരിക്കുന്നത് 73.61 കോടി രൂപയാണ്.

5. **കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ (ആർ.കെ.ഡി.പി):** വനത്തിനുള്ളിലെ സ്വകാര്യ വാസസ്ഥലങ്ങളിൽ നിന്നും സ്വമേധയാ മാറ്റി പാർപ്പിക്കുക, വനത്തിനുള്ളിലെ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുക, കണ്ടൽകാടുകൾ ഏകീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ആർകെഡിപി പ്രകാരം 800.00 കോടി രൂപയ്ക്ക്

**ബോക്സ് നമ്പർ 3.6.1** വനിക

**ലോക്ഡൗൺ കാലയളവിൽ ഗോത്രവർഗ്ഗക്കാരുടെ ഉപജീവനത്തിനായി കേരള വനം വകുപ്പിന്റെ ഓൺലൈൻ സംരംഭം**

തടി ഇതര വന ഉല്പന്നങ്ങൾക്കും (കസ്തൂരി മഞ്ഞൾ, തേൻ, കരകൗശല വസ്തുക്കൾ/മുള ഉല്പന്നങ്ങൾ), കാർഷിക ഉല്പന്നങ്ങൾക്കും (മരച്ചീനി, നീളമുള്ള പയർ, ചേന, വാഴ) വിപണനം ഉറപ്പാക്കുന്നതിനു വേണ്ടി, കേരള വനം വന്യജീവി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം വന്യജീവി വിഭാഗം, ഓൺലൈൻ സംരംഭം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊണ്ടു. തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ ഉള്ള അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് (എ.ബി.പി), നെയ്യാർ, പേപ്പാറ എന്നീ മൂന്ന് വനമേഖലകളിലെ ഗോത്രഗ്രാമങ്ങളിൽ നിന്നുള്ള വിഭവങ്ങൾ ആണ് ശേഖരിച്ചത്. ഈ പ്രദേശങ്ങളിലെ പരമ്പരാഗത വനവാസികളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയും, തടി ഇതര വിഭവങ്ങളും ആയതിനാൽ, ലോക്ഡൗൺ സമയത്തു ഇത്തരം ദുർഘടമായ ഭൂപ്രദേശങ്ങളിൽ വസിക്കുന്ന ആദിവാസി ജനതയ്ക്കു പ്രാദേശിക വിപണികളിലേയ്ക്കുള്ള പ്രവേശനം നഷ്ടപ്പെട്ടു.

പരമ്പരാഗത സമ്പ്രദായമായ 'കണിച്ചന്തയ്ക്കു' പകരമായിട്ടുള്ളതായിരുന്നു പുതിയ ഓൺലൈൻ സംരംഭമായ 'വനിക'. കണിച്ചന്ത സമ്പ്രദായത്തിൽ വനവിഭവങ്ങളുടെ ലേലം ആഴ്ചയിൽ രണ്ടുതവണ വനം ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തിയിരുന്നു. അതുവഴി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഗോത്രവർഗ്ഗക്കാർക്ക് രക്ഷ നേടുവാനും, അവർക്ക് ന്യായമായ വിപണിവില ഉറപ്പാക്കുവാനും സാധിച്ചു.

ആദിവാസി ഗ്രാമങ്ങളിൽ നിന്നും നേരിട്ട് വിപണിനിരക്കിൽ വാങ്ങുന്ന വന ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് മുൻഗണനാക്രമത്തിൽ നഗരത്തിന്റെ വിവധ ഭാഗങ്ങളിലേയ്ക്ക് വാട്സ് ആപ് ഗ്രൂപ്പായ 'വനിക' വഴി എത്തിക്കും. സംഭരണത്തിന്റേയും, വിതരണത്തിന്റേയും വിജയകരമായ രണ്ടു ഘട്ടങ്ങൾ 'വനിക' പൂർത്തിയാക്കുകയുണ്ടായി.

കേരള വനംവകുപ്പിന്റെ സമയോചിതമായ ഇടപെടലിലൂടെ, വനമേഖലയിൽ താമസിക്കുന്നവർക്ക് അവരുടെ ഉല്പന്നങ്ങൾക്കു വിപണി കണ്ടെത്തി വരുമാനം നേടാൻ സാധിച്ചു. പെട്ടെന്ന് നശിച്ചു പോകുന്ന വിഭവങ്ങൾ ആയതിനാൽ ഇത്തരം സമ്പ്രദായത്തിലൂടെ വിപണനം ചെയ്തത് കൊണ്ട് ലോക്ഡൗൺ കാലയളവിലും ഇവർക്ക് വരുമാനം നഷ്ടപ്പെട്ടില്ല.

*അവലംബം: വനം, വന്യജീവി വകുപ്പ്, കേരള സർക്കാർ*

അംഗീകാരം ലഭിച്ചു. ഈ പ്രവൃത്തികൾക്കായി, 2019–20 കാലയളവിൽ 130.41 കോടി രൂപ അനുവദിച്ചു.

6. **നാട്ടാനകളുടെ വിവരശേഖരണം:** ഡി.എൻ.എ ഡാറ്റാബാങ്ക് വിവരശേഖരണത്തെ അടിസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത എല്ലാ ആനകളുടെയും സമഗ്രമായ ഒരു വിവര സംവിധാനം തയ്യാറാക്കിയതിലൂടെ, 519 നാട്ടാനകളുടെ വിശദമായ ഡാറ്റാബേസ് ഉള്ള ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി മാറി കേരളം. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ സാങ്കേതിക സഹായത്തോടെയാണ് ഇത് തയ്യാറാക്കിയത്.

7. **സംസ്ഥാന ബട്ടർഫ്ലൈ:** കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ചിത്രശലഭമായി "ബുദ്ധ മയൂരി" പ്രഖ്യാപിക്കപ്പെട്ടു. രാജ്യത്ത് ഔദ്യോഗിക ചിത്രശലഭമുള്ള നാലാമത്തെ സംസ്ഥാനമാണ് കേരളം.

## സ്വാഭാവിക വനങ്ങളുടെ പരിപാലനം

വനാതിർത്തികളുടെ സർവ്വെ, വനസംരക്ഷണം, നശിച്ചു പോയ വനങ്ങൾ പുനരുജ്ജീവിപ്പിക്കുക എന്നിവയാണ് 2019–20 കാലയളവിൽ ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ. വനാതിർത്തിയിൽ ജണ്ടകളും കയ്യാലകളും നിർമ്മിച്ചുകൊണ്ട് അതിർത്തി നിർണ്ണയം നടത്തുകയുണ്ടായി. പ്രാദേശിക ഇനങ്ങൾ നട്ടുപിടിപ്പിച്ച് നശിച്ചു പോയ വനപ്രദേശങ്ങളെ പുനരുജ്ജീവിപ്പിച്ചു. ഫയർ ലൈനുകളും, അഗ്നിരക്ഷാ നിരീക്ഷകരെ ഏർപ്പെടുത്തിയുമാണ് കാട്ടു തീയിൽ നിന്നും വനമേഖലയെ സംരക്ഷിച്ചത്. 2019–20 കാലയളവിൽ 2,177.86 കി.മീ നീളത്തിൽ ഫയർ ലൈനുകൾ സ്ഥാപിക്കുകയും, 1,54,794 അഗ്നിരക്ഷാ നിരീക്ഷകരെ വിനിയോഗിക്കുകയും ചെയ്തു.

മാർച്ച് 31, 2019 ലെ കണക്കു പ്രകാരം ഇനിയും അതിർത്തി നിർണ്ണയിക്കേണ്ടതിന്റെ ദൈർഘ്യം 2,012.68 കി.മീ ആണ്. 2019–20 കാലയളവിൽ, 11,779 സ്ഥായിയായ ജണ്ടകൾ നിർമ്മിച്ച് 600 കിലോമീറ്റർ വനാതിർത്തി നിർണയിക്കുകയുണ്ടായി. കഴിഞ്ഞ നാല്

വർഷത്തിനിടയിൽ, അതിർത്തി നിർണയിക്കുന്നതിന്റെ ഭാഗമായി 53,635 ജണ്ടകൾ നിർമ്മിച്ചു.

### തോട്ടങ്ങളുടെ ഉല്പാദനക്ഷമത മെച്ചപ്പെടുത്തുക

ഏകദേശം 1,50,000 ഹെക്ടറിലായി, വിവിധ ഇനങ്ങളിൽപെട്ട വനവൃക്ഷത്തോട്ടങ്ങൾ വകുപ്പിനുണ്ട്, അതിൽ, 77,000 ഹെക്ടറോളം വ്യാപിച്ചിരിക്കുന്നത് തേക്കാണ്. വകുപ്പിന്റെ വാർഷിക വരുമാനം പ്രധാനമായും ഈ വൃക്ഷങ്ങൾ മുറിയ്ക്കുന്നതിലൂടെയാണ്. 2019–20 ൽ, ഈട്ടുള്ള തടി ഇനങ്ങളുടെ വിഭാഗത്തിൽപ്പെട്ടവ 95.78 ഹെക്ടറിൽ പുതുതായി നട്ടുപിടിപ്പിക്കുകയും, 505.67 ഹെക്ടറിൽ പരിപാലനം നടത്തുകയും ചെയ്തിരുന്നു. വ്യാവസായിക ആവശ്യങ്ങൾക്കായുള്ള അസംസ്കൃത വസ്തുക്കളുടെ തോട്ടങ്ങളുടെ വിഭാഗത്തിൽ 153.53 ഹെക്ടറിൽ പുതുതായി നട്ടുപിടിപ്പിക്കുകയും, 343.97 ഹെക്ടറിൽ പരിപാലിക്കുകയും ചെയ്തു. എന്നാൽ, തടി ഇതര വനവിഭവങ്ങൾ ഉൾപ്പെടുന്ന വിഭാഗത്തിൽ ഇത് യഥാക്രമം 6 ഹെക്ടറും 822.01 ഹെക്ടറും ആയിരുന്നു. ഈട്ടുള്ള തടിയിനത്തിലും, വ്യാവസായിക ആവശ്യങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ ഇനത്തിലും, തടി ഇതര വന വിഭവങ്ങളിലും, 2019–20 കാലയളവിൽ, തോട്ടങ്ങളുടെ പ്രവർത്തനങ്ങൾ മുൻ വർഷത്തെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്. ഈട്ടുള്ള തടിയിനങ്ങളുടെ വിഭാഗത്തിൽ, വിതരണം ചെയ്യുന്നതിനായി തൈകൾ വളർത്തുന്നതിനേക്കാളുപരി കൂടുതൽ ശ്രദ്ധ ചെലുത്തിയത് പഴയ തോട്ടങ്ങളുടെ അഗ്നി സുരക്ഷയ്ക്കായിരുന്നു. വ്യാവസായിക അസംസ്കൃത വസ്തുക്കൾക്കുള്ള തോട്ടങ്ങളുടെ വിഭാഗത്തിൽ, പാകമായ വൃക്ഷങ്ങൾ മുറിച്ച് മാറ്റാത്തതിനാൽ, ഈ പ്രദേശത്ത് പുതിയ തോട്ടങ്ങൾ വളർത്തുന്നതിനും, തുടർന്നുള്ള പരിപാലനത്തിനും ഇത് തടസ്സമായി.

വനമേഖലയ്ക്ക് കീഴിലുള്ള തോട്ടങ്ങളുടെ ഇനം തിരിച്ചുള്ള വിസ്തൃതി **അനുബന്ധം 3.6.2**–ൽ നൽകിയിരിക്കുന്നു.

### മനുഷ്യ–മൃഗ സംഘർഷത്തിനുള്ള പരിഹാരം

വനാതിർത്തികളിൽ വർദ്ധിച്ചുവരുന്ന മനുഷ്യ–മൃഗ സംഘർഷങ്ങളുടെ ലഘൂകരണത്തിനായി, നിരവധി സജീവമായ നടപടികൾ വനംവകുപ്പ് സ്വീകരിച്ചുവരുന്നു. സൗരോർജ്ജ വേലികൾ, ആനക്കിടങ്ങുകൾ കുഴിക്കൽ, ആനയുടെ ആക്രമണം തടയുന്നതിനുള്ള സംരക്ഷണ മതിലുകളുടെ നിർമ്മാണം, വനാതിർത്തിയിൽ 'ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ്' തുടങ്ങിയ ഭൗതിക നിർമ്മാണങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഇതിനുപുറമെ, ചെക്ക് ഡാമുകളുടെ നിർമ്മാണം, വനമേഖലയിൽ ആവശ്യത്തിന് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി വയലുകളുടേയും കുളങ്ങളുടേയും പരിപാലനം, വന്യമൃഗങ്ങൾക്ക് ഭക്ഷണം ഉറപ്പാക്കുന്നതിന് കാടിനുള്ളിൽ തീറ്റ പുല്ലിനങ്ങൾ നട്ടുപിടിപ്പിക്കൽ, വാസസ്ഥലങ്ങളിൽ നിന്ന് ഗോത്രവർഗ്ഗക്കാരെ സ്വമേധയാ മാറ്റി പാർപ്പിക്കൽ, വനമേഖലയിൽ രുചികരമായ വിള കൃഷി ചെയ്യുന്നതിൽ നിന്ന് വിട്ടുനിൽക്കുവാൻ കർഷകരിൽ അവബോധം സൃഷ്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. 360.39 കി.മീ നീളത്തിലുള്ള സൗരോർജ്ജവേലി, 32.73 കി.മീ നീളത്തിലുള്ള ആനക്കിടങ്ങുകൾ, ആനയുടെ ആക്രമണത്തെ പ്രതിരോധിക്കാൻ 3.5 കി.മീ നീളത്തിൽ സംരക്ഷണ മതിൽ എന്നിവയാണ് 2019–20 കാലയളവിൽ നടത്തിയ പ്രധാന പ്രതിരോധ പ്രവർത്തനങ്ങൾ.

6662 മനുഷ്യമ മൃഗ ആക്രമണ സംഭവങ്ങളാണ് 2019–20 കാലയളവിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിലധികവും ആനയുടെ ആക്രമണമായിരുന്നു, 2895 കേസുകൾ. 2017–18 ലും 2018–19 ലും

**പട്ടിക 3.6.1** മനുഷ്യ–മൃഗ സംഘർഷങ്ങളുടെ വിശദാംശങ്ങളും 2019–20 ൽ വിതരണം ചെയ്ത നഷ്ടപരിഹാര തുകയും

| അപകടങ്ങൾ | പാമ്പുകടി (എണ്ണം) | ആന ആക്രമണം (എണ്ണം) | കാട്ടുപന്നി ആക്രമണം (എണ്ണം) | കാട്ടുപോത്ത് ആക്രമണം (എണ്ണം) | കടുവയുടെ ആക്രമണം (എണ്ണം) | പുള്ളിപ്പുലി ആക്രമണം (എണ്ണം) | മറ്റുള്ളവ | ആകെ എണ്ണം | നഷ്ടപരിഹാരം (രൂപയിൽ) |
|---|---|---|---|---|---|---|---|---|---|
| മനുഷ്യ ജീവഹാനി | 71 | 13 | 3 | 0 | 2 | 0 | 3 | 92 | 2,21,70,000 |
| മനുഷ്യർക്കുണ്ടാകുന്ന മുറിവുകൾ | 548 | 34 | 97 | 3 | 0 | 1 | 16 | 699 | 2,15,82,486 |
| കന്നുകാലിമരണം | 23 | 0 | 3 | 0 | 84 | 96 | 115 | 321 | 71,73,576 |
| കൃഷി നാശവും വസ്തു നാശവും | 2 | 2848 | 1250 | 47 | 0 | 17 | 1386 | 5550 | 4,20,80,392 |
| **ആകെ** | **644** | **2895** | **1353** | **50** | **86** | **114** | **1520** | **6662** | **9,30,06,454** |

അവലംബം: വനം, വന്യജീവി വകുപ്പ്, കേരള സർക്കാർ

രേഖപ്പെടുത്തിയിട്ടുള്ള മനുഷ്യ മൃഗ ആക്രമണ സംഭവങ്ങൾ യഥാക്രമം 7229 ഉം 7890 ഉം ആണ്. 2019-2020 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവങ്ങളുടെ എണ്ണത്തിൽ രേഖപ്പെടുത്തിയ കുറവ് ഒരു നല്ല സൂചനയാണ്. മനുഷ്യ-മൃഗ സംഘർഷങ്ങൾ തടയുന്നതിനായി വനം വകുപ്പ് കൈക്കൊണ്ട സജീവമായ നടപടികളുടെ ഫലമായി സംഘർഷങ്ങൾ ഗണ്യമായി കുറയുകയുണ്ടായി. തൽഫലമായി, ഇരകൾക്ക് നഷ്ടപരിഹാരമായി നൽകുന്ന തുകയും 2019-20 കാലയളവിൽ കുറവായിരുന്നു. മുൻവർഷം നഷ്ടപരിഹാര തുകയായി 11,15,03,154 രൂപ നൽകിയപ്പോൾ, 2019-20 ൽ നൽകിയത് 9,30,06,454 രൂപയായിരുന്നു. വിശദാംശങ്ങൾ **പട്ടിക 3.6.1** ൽ നൽകിയിരിക്കുന്നു. ക്രമാനുഗതമായി വർദ്ധിച്ചു വരുന്ന മനുഷ്യ മൃഗ സംഘർഷ സംഭവങ്ങൾ പരിഹരിക്കുന്നതിനായി കണ്ണൂർ, കോഴിക്കോട്, നിലമ്പൂർ, പാലക്കാട്, മണ്ണാർക്കാട്, റാന്നി, പേപ്പാറ, വയനാട് എന്നീ 8 പ്രദേശങ്ങളിൽ ദ്രുത പരിരോധ സംഘങ്ങൾ സർക്കാർ സജ്ജമാക്കി.

## പ്രധാന വനം ഉല്പന്നങ്ങളും വനത്തിൽ നിന്നുള്ള വരുമാനവും

2018-19, 2019-20 കാലയളവിലുള്ള പ്രധാന വന വിഭവങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.3**-ൽ നൽകിയിരിക്കുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 2019-20 കാലയളവിൽ മിക്കവാറും എല്ലാ പ്രധാന ഉല്പന്നങ്ങളുടേയും ഉല്പാദനത്തിൽ കുറവുണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു. 2019-20 കാലയളവിൽ വനവിഭവങ്ങളുടെ ഉല്പാദനത്തിൽ 69,692 കി.ഗ്രാമുമായി മുൻപിൽ നിൽക്കുന്നത് ചന്ദനമാണ്. എങ്കിലും, മുൻവർഷത്തെ ഉല്പാദനമായ 98,834.3 കി.ഗ്രാമുമായി താരതമ്യം ചെയ്യുമ്പോൾ, 29 ശതമാനം ഇടിവു വന്നതായി കാണുന്നു. തേനിന്റെ ഉല്പാദനവും 39,021.25 കി.ഗ്രാമിൽ (2018-19) നിന്നും 25,661.10 കി.ഗ്രാമിലേയ്ക്ക് (2019-20) കുറഞ്ഞിരിക്കുന്നു.

സംസ്ഥാനത്തെ, ഏക ചന്ദന ഉല്പാദന ഡിവിഷനാണ് മറയൂർ. 2019 ആഗസ്റ്റിലെ കനത്ത കാറ്റ് കാരണം, ചന്ദന മരങ്ങളുടെ നിരവധി ശാഖകൾ ഒടിഞ്ഞു വീണതിനാൽ, ഇവ ശേഖരിച്ച് തുടർ നടപടികൾക്കായി ചന്ദന ഡിപ്പോയിൽ എത്തിച്ചു. ശാഖകളിൽ നിന്ന് ലഭിക്കുന്ന ചന്ദനത്തിന്റെ അളവ് ചന്ദന മരങ്ങളിൽ നിന്നും ലഭിക്കുന്നതിനേക്കാൾ വളരെ കുറവാണ്. ചന്ദനം വാങ്ങുന്നവരിൽ അധികവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവർ ആയതിനാലും, സംസ്ഥാനത്തിനു പുറത്തു നിന്നും ചന്ദനം വാങ്ങുന്നവരിൽ നിന്നും സി.ജി.എസ്.ടി, എസ്.ജി.എസ്.ടി എന്നിവ ഈടാക്കുന്നതിനാലും, ഇ-ഓക്ഷനിൽ പ്രധാന പങ്കാളികൾ പങ്കെടുത്തിരുന്നില്ല. തൽഫലമായി വരുമാനം കുറയുകയും ചെയ്തു.

2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ വന ഉല്പന്നങ്ങളിൽ നിന്നും മറ്റ് വകകളിൽ നിന്നുമുള്ള വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.6.4**-ൽ രേഖപ്പെടുത്തിയിരിക്കുന്നു. വന ഉല്പന്നങ്ങളിൽ നിന്നും മറ്റ് വകകളിൽ നിന്നുമുള്ള വരുമാനം 2017-18 ൽ 245.41 കോടി രൂപ ആയിരുന്നത് 2018-19 ൽ 287.20 കോടി രൂപയായി ഉയർന്നു. എന്നാൽ, 2019-20 ൽ വരുമാനം 251.45 കോടി രൂപയായി കുറയുകയുണ്ടായി. തടിയിൽ നിന്നുള്ള വരുമാനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു. 2017-18 ൽ 212.92 കോടി രൂപ ആയിരുന്നത് 2018-19 ൽ 244.38 കോടി രൂപയായി വർദ്ധിച്ചു. തുടർന്ന്, 2019-20 ൽ 226.51 കോടി രൂപയായി കുറവ് രേഖപ്പെടുത്തി. 2019-20 കാലയളവിൽ സംസ്ഥാനത്ത് തേക്ക് ഉല്പാദനത്തിൽ കുറവ് രേഖപ്പെടുത്തുകയുണ്ടായി. 2019-20 ൽ മലയാറ്റൂർ, തെൻമല ഡിവിഷനുകളിൽ തേക്കിൻതോട്ടങ്ങൾ മുറിയ്ക്കാത്തതിനാൽ വരുമാനം കുറയാൻ കാരണമായി. കേരളത്തിലെ വനങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ വിശദാംശങ്ങൾ **ചിത്രം 3.6.1**-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ചിത്രം 3.6.1** 2017-18 മുതൽ- 2019-20 വരെയുള്ള കാലയളവിൽ വനത്തിൽനിന്നുള്ള വരുമാനം




അവലംബം: വനം, വന്യജീവി വകുപ്പ്, കേരള സർക്കാർ

സംസ്ഥാനത്തെ മൊത്തം മൂല്യവർദ്ധനവിൽ (അടിസ്ഥാന വിലിയിൽ) വനമേഖലയുടെ വിഹിതം 2019–20 ൽ 0.79 ശതമാനമായിരുന്നു, അതേസമയം 2018–19 ൽ ഇത് 0.87 ശതമാനമായിരുന്നു. അതുപോലെ സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ പ്രാഥമിക മേഖലയുടെ പങ്ക് 8.36 ശതമാനത്തിൽ (2018–19) നിന്ന് 7.45 ശതമാനമായി (2019–20) കുറഞ്ഞു. സംസ്ഥാനത്തെ മൊത്തം മൂല്യവർദ്ധനവിൽ വനമേഖലയുടെ വിഹിതം **അനുബന്ധം 3.6.5**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

## ജൈവവൈവിദ്ധ്യ സംരക്ഷണവും സംരക്ഷിത പ്രദേശങ്ങളുടെ പരിപാലനവും

വന്യജീവികളുടേയും ജൈവവൈവിദ്ധ്യത്തിന്റേയും സംരക്ഷണം ഈ കാലഘട്ടത്തിൽ കൂടുതൽ പ്രാധാന്യം നേടുന്നു. ദേശീയ പാർക്കുകൾ, വന്യജീവി സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ്വ് എന്നിവ ഉൾപ്പെടുന്ന 3437.027 ച.കി.മീ വരുന്ന സംരക്ഷിത വനപ്രദേശമാണ് വന്യജീവി വിഭാഗം കൈകാര്യം ചെയ്യുന്നത്. വിശദാംശങ്ങൾ **അനുബന്ധം 3.6.6** ൽ രേഖപ്പെടുത്തിയിരിക്കുന്നു. സംരക്ഷിത പ്രദേശങ്ങൾക്കു പുറമെയുള്ള വിലമതിക്കപ്പെട്ട ജൈവവൈവിദ്ധ്യ മേഖലകളുടെ സംരംക്ഷണവും പരിപാലനവും വന്യജിവി വിഭാഗം കൈകാര്യം ചെയ്തു വരുന്നു. അഗ്നി സംരക്ഷണം, ജലസ്രോതസ്സുകളുടെ വികസനം, ഉപദ്രവകാരികളായ കളകളെ ഉൻമൂലനം ചെയ്യുക, ട്രക്ക് പാതകളുടെ നിർമ്മാണവും പരിപാലനവും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ആശയവിനിമയത്തിനുള്ള സംവിധാനങ്ങൾ തുടങ്ങിയവയാണ് സംരക്ഷണ പരിപാലന പ്രവൃത്തികളിൽ ഉൾപ്പെട്ടിരിക്കുന്നത്.

വനമേഖലയിൽ നടക്കുന്ന പൊതു വന്യജീവി സെൻസസിനു പുറമേ കടുവ, ആന, നീലഗിരി ഥാർ എന്നിവയ്ക്കായി പ്രത്യേക ജനസംഖ്യ കണക്കെടുപ്പ് നടത്തിവരുന്നു. പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം കടുവകളുടെ എണ്ണം 2014 ൽ 136 ആയിരുന്നത്, 2018 ൽ 190 ആയി വർദ്ധിച്ചിട്ടുണ്ട്. കുറഞ്ഞ ജനസംഖ്യ കാരണവും, കേരളത്തിലേയും തമിഴ്നാട്ടിലേയും പശ്ചിമഘട്ടങ്ങളിൽ നിയിന്ത്രതമായി മാത്രം കാണപ്പെടുകയും ചെയ്തു വരുന്നതിനാലും ഐ.യു.സി.എൻ റെഡ് ഡേറ്റാ ബുക്കിൽ (ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ) "വംശനാശഭീഷണി" നേരിടുന്ന വിഭാഗത്തിലാണ് നീലഗിരി ഥാറിനെ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ നീലഗിരി ഥാറിന്റെ ജനസംഖ്യ 2017 ൽ 575 ആയിരുന്നുവെങ്കിൽ, 2018 ലും 2019 ലും ഇത് യഥാക്രമം 643 ഉം 526 ഉം ആയിരുന്നു.

## സാമൂഹിക വനവത്ക്കരണം

ഹരിതകേരളം പദ്ധതിയിലൂടെ സ്കൂളുകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ, പൊതുജനങ്ങൾ, മറ്റ് സംഘടനകൾ എന്നിവയ്ക്ക് സബ്സിഡി നിരക്കിൽ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതിയുടെ 11–ാം ഘട്ടം 2019–20 കാലയളവിൽ നടപ്പാക്കിയതിലൂടെ 63.18 ലക്ഷം തൈകൾ വിതരണം ചെയ്യുകയുണ്ടായി. 2009–10 മുതൽ ആരംഭിച്ച ഈ പദ്ധതിയുടെ 11 ഘട്ടങ്ങളിലൂടെ 771.36 ലക്ഷം തൈകൾ വിതരണം ചെയ്തു. ഹരിതകേരളം പദ്ധതിയുടെ അടുത്ത ഘട്ടത്തിലൂടെ 2020–21 ലെ നടീൽ സീസണിൽ തൈകൾ വിതരണം ചെയ്യുന്നതിനായി, 2019–20 കാലയളവിൽ 57.70 ലക്ഷം തൈകൾ ഉല്പാദിപ്പിച്ചു. സാമൂഹ്യ വനവല്ക്കരണ പദ്ധതിയിലൂടെ വിതരണം ചെയ്യുന്ന തൈകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.7**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

സ്വകാര്യ ഭൂമിയിൽ കൂടുതൽ മരങ്ങൾ നട്ടുവളർത്തി തടികൾ ഉല്പാദിപ്പിക്കുവാൻ കർഷകർക്കു പ്രചോദനം നൽകുക എന്നതാണ് "സ്വകാര്യ വനവൽക്കരണം" പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയുടെ ലക്ഷ്യം. തങ്ങളുടെ ഭൂമിയിൽ കുറഞ്ഞത് 50 തൈകൾ നടുന്നവർക്ക് പ്രോത്സാഹന സഹായത്തിന് അർഹതയുണ്ട്. 2019–20 കാലയളവിൽ, കർഷകർക്ക് ഈ പദ്ധതിയിലൂടെ 10.08 ലക്ഷം രൂപ ആനുകൂല്യമായി നൽകുകയുണ്ടായി. "വഴിയോരത്തണൽ" പദ്ധതിയിൽ ഉൾപ്പെടുത്തി, വിവിധ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ, സി.ആർ.പി.എഫ് ന് കീഴിലുള്ള ഭൂമിയിൽ, പഞ്ചായത്ത് ഭൂമിയിൽ, റോഡരികുകൾ എന്നിവിടങ്ങളിലായി സാമൂഹ്യ വനവൽക്കരണ വിഭാഗം 1,58,794 തൈകൾ 2019–20 ൽ നടുകയുണ്ടായി. ഇതിലൂടെ പച്ചപ്പ് അധിക പ്രദേശത്തേയ്ക്ക് വികസിപ്പിക്കുന്നതിന് സാധ്യമായി.

## പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഈ മേഖലയുടെ പ്രവർത്തനങ്ങൾ

വനസംരക്ഷണവും പരിപാലനവും, ആധുനിക സൗകര്യങ്ങളുപയോഗിച്ച് വനാതിർത്തി നിർണ്ണയിക്കുക, മനുഷ്യ മൃഗങ്ങളുടെ സംഘർഷം കുറയ്ക്കുക, വനത്തിനുള്ളിൽ ജലപരിപാലനത്തിനുള്ള മെച്ചപ്പെട്ട രീതികൾ നടപ്പിലാക്കുക എന്നിവയിലായിരുന്നു പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകിയത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിൽ ഈ മേഖലയ്ക്കായി വകയിരുത്തിയ വിഹിതത്തിന്റേയും ചെലവിന്റേയും വിശദാംശങ്ങൾ **അനുബന്ധം 3.6.8** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

## 3.7 പരിസ്ഥിതി

പരിസ്ഥിതിയും വികസനവും തമ്മിലുള്ള ബന്ധം സാമൂഹിക ജീവിതത്തിലും ഭരണനിർവ്വഹണത്തിലും മാറ്റി നിർത്തപ്പെടാനാവാത്ത രീതിയിൽ ഇഴ ചേർന്ന് മുന്നേറുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഭൂമിശാസ്ത്രപരമായും കാലാവസ്ഥാപരവുമായുള്ള പ്രത്യേകതകളാലും അതിവിശിഷ്ടമായ പ്രകൃതി ദൃശ്യങ്ങളാലും പരിസ്ഥിതി ചുറ്റുപാടുകളാലും സവിശേഷമാണ് നമ്മുടെ സംസ്ഥാനം. ഏറ്റവും വ്യത്യസ്ഥമായ ജൈവവൈവിദ്ധ്യ ഹോട്ട്സ്പോട്ടുകളിൽ ഒന്നായ കേരളം, ലോകത്തിലെത്തന്നെ ഏറ്റവും ഉല്പാദനക്ഷമതയും ജൈവവൈവിദ്ധ്യവും നിറഞ്ഞ മൂന്ന് തരം ആവാസ വ്യവസ്ഥകളാൽ സമ്പന്നമാണ്. ഉഷ്ണമേഖലാ മഴക്കാടുകൾ, ശുദ്ധജല-ഉപ്പുജല തണ്ണീർത്തടങ്ങൾ, സമുദ്ര പവിഴപ്പുറ്റുകൾ എന്നിവയാണ് അവയെല്ലാം. ഉയർന്നുവരുന്ന ജനസാന്ദ്രതയും, വികസന ആവശ്യങ്ങളും വർഷങ്ങളായി കേരളത്തിന്റെ പരിസ്ഥിതിയിലും പ്രകൃതിവിഭവങ്ങളുടെമേലും സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നു. ഈ സമ്മർദ്ദത്തിന്റെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഇപ്പോൾ കൂടുതലായി പ്രകടമായിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള ശാസ്ത്ര-സാങ്കേതിക പദ്ധതികൾ ഉപയോഗപ്പെടുത്തിക്കൊണ്ടും, പാരിസ്ഥിതിക ആവശ്യങ്ങൾ അതിന്റെ പ്രാപ്തിയെക്കാൾ കവിയാതെ ഭാവിതലമുറയ്ക്കുവേണ്ടി നിലനിർത്തിക്കൊണ്ടുമുള്ള വികസനപ്രവർത്തനങ്ങൾക്കാണ് കേരളം ഊന്നൽ നൽകുന്നത്.

പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് വളരെ ഉയർന്ന തലത്തിലുള്ള ജനകീയ അവബോധം വച്ചുപുലർത്തുന്ന ഒരു സംസ്ഥാനമാണ് കേരളം എന്ന നിലയിൽ നമുക്ക് അഭിമാനിക്കാം. പാരിസ്ഥിതിക അവബോധം കേരളീയ സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയിട്ടുള്ളതും പാരിസ്ഥിതിക പ്രശ്നങ്ങളും വിഷയങ്ങളും നമ്മുടെ പൊതുമണ്ഡലത്തിൽ ഗൗരവമായി ചർച്ച ചെയ്യപ്പെടുന്നതുമാണ്. ഈ പാരിസ്ഥിതിക അവബോധം ഒരു ബൗദ്ധിക ന്യൂനപക്ഷത്തിനുമപ്പുറം മറ്റെല്ലാ ജനവിഭാഗങ്ങളിലേയ്ക്കും വ്യാപിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇത്തരത്തിലുള്ള അറിവും അവബോധവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അനുയോജ്യ ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട് എന്നത് എല്ലായിപ്പോഴും തെളിയിക്കപ്പെട്ടിട്ടില്ല. അനുയോജ്യമായ ശാസ്ത്ര സംവിധാനങ്ങളുടെ അഭാവത്തിൽ പ്രത്യേക സംരക്ഷണ അവകാശങ്ങളിലേയ്ക്കോ അല്ലെങ്കിൽ വികസന ഉദ്യമങ്ങളെ നിഷ്ഫലമാക്കുന്ന രീതിയിലുള്ള അനിവാര്യതയിലേയ്ക്കോ ഒരു വ്യതിചലനം ഉണ്ടാകും. അതുപോലെ തന്നെ പരിസ്ഥിതിയുടെ വാഹകശേഷി എന്ന ആശയംപോലും ചലനാത്മകമാണ്. അതായത്, ശാസ്ത്രത്തിനും സാങ്കേതിക വിദ്യയ്ക്കും പരിസ്ഥിതിയുടേയും ഭൂപ്രകൃതിയുടേയും വാഹകശേഷി ഉയർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും കഴിയും എന്ന് ഊന്നിപ്പറയേണ്ടതുണ്ട്.

പരമ്പരാഗത അറിവിനപ്പുറം മുന്നോട്ടുള്ള പാതയിൽ ഒഴിച്ചുകൂടാനാവാത്ത അടിത്തറയാണ് ശാസ്ത്രം, അതിൽനിന്ന് ഏറെ പഠിക്കാനുണ്ട്. എന്നാൽ സാധുവായ അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിൽ വസ്തുതകളെ മുൻവിധികളിൽ നിന്നും അവ്യക്തതകളിൽ നിന്നും വേർതിരിക്കാൻ ശാസ്ത്രത്തിലൂടെയേ സാധിക്കുകയുള്ളൂ. ഒരു വഴികാട്ടിയായി ശാസ്ത്രം ഇല്ലെങ്കിൽ പരിസ്ഥിതി സംരക്ഷണത്തിനായുള്ള ജനകീയ ആവേശം പരിഭ്രാന്തിയിലേയ്ക്ക് വഴുതിവീഴാം. അതു വികസനത്തെ മാത്രമല്ല സമൂഹത്തെക്കൂടി സാരമായി ബാധിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ പരിസ്ഥിതി-വികസനം എന്ന പ്രഹേളിക പരിഹരിക്കാനുള്ള ശ്രമങ്ങളില്ലാതെ സുസ്ഥിര വികസനം എന്നത് ഒരു പൊള്ളയായ മുദ്രാവാക്യമായിരിക്കും.

അടുത്തിടെ മൃഗങ്ങളിൽ നിന്നും മനുഷ്യനിലേയ്ക്ക് പൊട്ടിപ്പുറപ്പെട്ട കോവിഡ്-19 എന്ന മഹാമാരി ശാസ്ത്രത്തിന്റെ പ്രാധാന്യം ഒരിക്കൽ കൂടി ഉറപ്പിക്കുകയുണ്ടായി. ഈ വൈറസിന്റെ ഉൽഭവത്തെക്കുറിച്ചും, അതിന്റെ ആഘാതം, നിരീക്ഷിക്കേണ്ടതിന്റെ ആവശ്യകത, പാലിക്കേണ്ട

ജാഗ്രത എന്നിവ അനന്തര ചർച്ചകളിൽ ഉയർന്നുവന്നു. മറുവശത്ത് അഭൂതപൂർവ്വമായ വരൾച്ചയ്ക്ക് തുടർച്ചയായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ആവർത്തിച്ച വന്ന വെള്ളപ്പൊക്കത്തിന്റേയും മണ്ണിടിച്ചിലിന്റേയും ആഘാതം കാലാവസ്ഥ തീവ്രതകളോട് പ്രതിരോധം സൃഷ്ടിക്കുന്നതിനായി ശാസ്ത്രാധിഷ്ഠിത പഠനത്തിന്റേയും ഇടപെടലിന്റേയും ആവശ്യകത ഊന്നിപ്പറയുന്നു.

ശാസ്ത്രീയ വീക്ഷണത്തോടെ പരിസ്ഥിതി പരിപാലനത്തിനായി വിഭാവനം ചെയ്തതും രൂപവൽക്കരിച്ചതുമായ സ്ഥാപനങ്ങൾ, ജൈവവൈവിദ്ധ്യ മാനേജ്മെന്റ് കമ്മിറ്റികൾ മുതലായവ പാരിസ്ഥിതിക മേഖലയിലെ എല്ലാ പ്രവർത്തനങ്ങളേയും നയിക്കുകയും നിരീക്ഷിക്കുകയും നിർദ്ദിഷ്ടവും വ്യക്തവുമായ കാര്യപരിപാടികൾ നൽകുകയും വേണം. ജനകീയ പങ്കാളിത്തത്തോടെ ഉചിതമായ പരിശീലനം നൽകി ശാസ്ത്രീയമായ വിവരശേഖരണവും മറ്റ് വസ്തുതകളുടെ ശേഖരണവും പ്രോത്സാഹിപ്പിക്കുക എന്നത് മെച്ചപ്പെട്ട ഒരു മാർഗ്ഗമാണ്. ഇന്ത്യയിലുടനീളം ജനകീയ ജൈവവൈവിദ്ധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനായി പ്രാദേശികതലത്തിൽ വിവിധ പാരിസ്ഥിതിക ആസ്തികൾ പട്ടികപ്പെടുത്തുന്നതിനും രേഖപ്പെടുത്തുന്നതിനുമുള്ള പ്രാരംഭശ്രമത്തിനപ്പുറം ബി.എം.സി കൾക്ക് നാളിതുവരെ കേന്ദ്രീകൃതവും സജീവവുമായ പ്രവർത്തനം ലഭ്യമാകുന്നത് ബുദ്ധിമുട്ടാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

ഭരണതലത്തിൽ പരിസ്ഥിതി സംരക്ഷണം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 1986–ൽ പരിസ്ഥിതി (സംരക്ഷണ) നിയമം നടപ്പിലാക്കി. പരിസ്ഥിതി മലിനീകരണം തടയുക എന്ന ലക്ഷ്യത്തോടെ അധികാരികളെ നിയമിക്കാനും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകമായ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാനും ഇത് കേന്ദ്രസർക്കാരിനെ അധികാരപ്പെടുത്തുന്നു. ഈ നിയമം അവസാനമായി ഭേദഗതി ചെയ്തത് 1991 ലാണ്. ഈ ദേശീയ നയത്തിനെ അനുപൂരകവും അനുബന്ധമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഒരു സംസ്ഥാന നയപ്രസ്ഥാവന അനിവാര്യമായി. 2009 ലാണ് കേരള പരിസ്ഥിതി നയം നിലവിൽ വന്നത്. സംസ്ഥാനത്തെ എല്ലാവരുടേയും ജീവിത നിലവാരം ഉയർത്തുക, ആവാസ വ്യവസ്ഥകളിൽ പാരിസ്ഥിതിക ആഘാതം കുറയ്ക്കുക, പരിസ്ഥിതി നശീകരണം തടഞ്ഞുകൊണ്ട് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുക എന്നിവ ലക്ഷ്യമിട്ട് ഒരേ സമയം സംരക്ഷണവും വികസനവും കൈവരിക്കാവുന്ന ഒരു ചട്ടക്കൂട് ഈ നയരേഖ നൽകുന്നു.

## കാലാവസ്ഥാ വ്യതിയാനം

ആഗോള സാമൂഹിക സാമ്പത്തിക വികസനം, ഉപജീവനമാർഗ്ഗങ്ങൾ, പരിസ്ഥിതി പരിപാലനം എന്നിവയുടെ സുസ്ഥിരതയ്ക്ക് ഉയർന്നു വരുന്ന ഒരു വെല്ലുവിളിയാണ് കാലാവസ്ഥാ വ്യതിയാനം. ഹരിതഗൃഹ വാതകങ്ങളുടെ (ജി.എച്ച്.ജി) വർദ്ധനവ് അന്തരീക്ഷ താപനിലയിലെ വർദ്ധനവിന് കാരണമാവുകയും ഇത് പ്രവചനാതീതമായ കാലാവസ്ഥാവ്യതിയാനങ്ങളായ വെള്ളപ്പൊക്കം, വരൾച്ച, ഉയർന്ന സമുദ്രനിരപ്പ് എന്നിവയിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് വളരെയധികം വിധേയമാകുന്ന ഒരു രാജ്യമാണ് നമ്മുടേത്(65 ശതമാനം വരൾച്ച സാധ്യത, 12 ശതമാനം വെള്ളപ്പൊക്ക സാധ്യത, 8 ശതമാനം ചുഴലിക്കാറ്റുകൾക്ക് സാധ്യത). കൂടാതെ ഇന്ത്യൻ സമ്പദ് വ്യവസ്ഥയും ജനസംഖ്യയും കാലാവസ്ഥാ സംവേദ മേഖലകളായ കൃഷി, വനങ്ങൾ, ടൂറിസം, മത്സ്യബന്ധനം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ഇന്ത്യ, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ഒരു ദേശീയപ്രവർത്തന പദ്ധതിയ്ക്കായുള്ള (എൻ.എ.പി. സി.സി) പ്രാരംഭ പ്രവർത്തനങ്ങൾ 2007–ൽ ആരംഭിക്കുകയും 2008 ഒക്ടോബറിൽ പുറത്തിറക്കുകയും ചെയ്തു. ഈ ദേശീയ കർമ്മപദ്ധതി (എൻ.എ.പി. സി.സി) കാലാവസ്ഥാ വ്യതിയാനത്തോട് പ്രതികരിക്കാൻ 8 ദേശീയ ദൗത്യങ്ങളെ സജ്ജമാക്കുന്നു. സൗരോർജ്ജത്തെക്കുറിച്ചുള്ള ദേശീയ ദൗത്യം, മെച്ചപ്പെട്ട ഊർജ്ജകാര്യക്ഷമത, സുസ്ഥിര കൃഷി, സുസ്ഥിര ആവാസ വ്യവസ്ഥ, ജലം, സുസ്ഥിര ഹിമാലയൻ പരിസ്ഥിതി വ്യവസ്ഥ, ഗ്രീൻ ഇന്ത്യാമിഷൻ, കാലാവസ്ഥാ വ്യതിയാനത്തിനായുള്ള നയതന്ത്രപരമായ അറിവ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. സാമ്പത്തിക പാരിസ്ഥിതിക ലക്ഷ്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനോടൊപ്പം സുസ്ഥിര വികസന പാത കൈവരിക്കുക എന്നതാണ് കാലാവസ്ഥ വ്യതിയാനത്തിനായുള്ള ദേശീയ കർമ്മപദ്ധതി (എൻ.എ.പി.സി.സി) സ്വീകരിച്ചിട്ടുള്ള തത്വം.

2008–ൽ കാലാവസ്ഥ വ്യതിയാനത്തിനായുള്ള ദേശീയ കർമ്മ പദ്ധതി (എൻ.എ.പി.സി.സി) നിലവിൽ വന്നതിനുശേഷം ഓരോ സംസ്ഥാന സർക്കാരും കാലാവസ്ഥാ വ്യതിയാനത്തിനായുള്ള കർമ്മ പദ്ധതികൾക്കായി പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള കേരള സംസ്ഥാനത്തിന്റെ ആദ്യകർമ്മ പദ്ധതി (എസ്.എ.പി.സി.സി) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്, ബന്ധപ്പെട്ട വകുപ്പുകൾ, ഏജൻസികൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കി. ഇതിന് 2014–ൽ ഇന്ത്യാ സർക്കാർ അംഗീകാരം നൽകി. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുവാനും ഉചിതമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും എസ്.എ.പി.സി.സി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാ രീതിക്കനുസരിച്ച് ഒരു നിരീക്ഷണ

**ബോക്സ് 3.7.1** ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ പൂർണമായ നിരോധനം

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 7/2019/പരിസ്ഥിതി 17.12.2019 പ്രകാരം ജനുവരി 01, 2020 മുതൽ ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക്കിന്റെ നിരോധനം പ്രബല്യത്തിൽ വന്നു. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ചട്ടങ്ങൾ നിലവിൽ വന്നതിനു ശേഷം ശേഖരണവും പുനരുപയോഗവും സാധ്യമാക്കുന്നതിനുമായി 50 മൈക്രോണിന് താഴെ കനമുള്ള പ്ലാസിറ്റിക് ക്യാരി ബാഗുകളുടെ ഉപയോഗവും വിൽപനയും സർക്കാർ കർശനമായി നിയിന്ത്രിച്ചിരിക്കുന്നു. പ്ലാസ്റ്റിക് വസ്തുക്കളടക്കം എല്ലാത്തരം മാലിന്യവും തരംതിരിച്ച് നശിപ്പിക്കുന്നതിനായി സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം വസ്തുക്കളുടെ അനിയിന്ത്രതമായ ഉപഭോഗം ഒരു പാരിസ്ഥിതിക ആരോഗ്യ പ്രശ്നമായി മാറിയിരിക്കുന്നു. പ്ലാസ്റ്റിക് വസ്തുക്കളുടെ പുനരുപയോഗം പോലും അസാധ്യമാക്കുന്ന തരത്തിൽ പുഴകളിലും ജലാശയങ്ങളിലുമാണ് ഇവ എത്തിച്ചേരുന്നത്. പരിസ്ഥിതിക്ക്, പ്രത്യേകിച്ച് ജലാശയങ്ങളുടെ സംന്തുലിതാവസ്ഥ ഇതുമൂലം അപകടാവസ്ഥയിലാകുന്നു. പ്രളയാനന്തര കേരളത്തിൽ പുഴകളിൽ നിന്നും കടലിൽ നിന്നും പ്ലാസ്റ്റിക് ബോട്ടിലുകളും മാലിന്യങ്ങളും കരയിലടിഞ്ഞത് ഇവയുടെ ആധിക്യത്തെ സൂചിപ്പിക്കുന്നു. നിരോധിക്കപ്പെടേണ്ട പ്ലാസ്റ്റിക് വസ്തുക്കൾ പട്ടികപ്പെടുത്തുന്നതിനും അവയ്ക്ക് പകരമുള്ളവ കണ്ടെത്തുന്നതിനും സർക്കാർ ഒരു വിദഗ്ധ സാങ്കേതിക സമിതിയെ നിയോഗിച്ചു. പി.വി.സി, പതാകകൾ, ഭൂരിപക്ഷം പ്ലാസ്റ്റിക് ഇനങ്ങളുടെയും നിയന്ത്രണം ക്യാഷ് റീ ഫണ്ട് സ്കീം എന്നിവ സ്ഥാപിക്കുന്നതിന് വിദഗ്ധ സാങ്കതിക സമിതി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു.

*അവലംബം : പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്*

സംവിധാനം ഭൂമിയേയും ജലസ്രോതസ്സുകളേയും സംബന്ധിച്ച് അനിവാര്യമായി തീർന്നിരിക്കുന്നു. നിലവിലുള്ള ദേശീയ കർമ്മപദ്ധതിക്കനുസരിച്ച് സംസ്ഥാന സർക്കാരിനാവശ്യമായ പദ്ധതികൾ എസ്.എ.പി.സി.സി തയ്യാറാക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിനായുള്ള സംസ്ഥാന കർമ്മപദ്ധതി (എസ്.എ.പി.സി.സി) സംസ്ഥാനതല ആസൂത്രണ പ്രക്രിയയിൽ സംയോജിപ്പിക്കേണ്ടതുണ്ട്. അതിനാൽ അനുയോജ്യ നടപടികൾ നടപ്പിലാക്കുന്നതിനുള്ള വിഭവ വിഹിതം സംസ്ഥാന സർക്കാരിന്റെ വികസന ലക്ഷ്യങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ നടത്താം.

പരിസ്ഥിതിക്കനുയോജ്യമായ മാറ്റങ്ങൾ കൊണ്ടുവരിക എന്നതാണ് കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ചുള്ള കേരള സംസ്ഥാന കർമ്മപദ്ധതിയുടെ പ്രധാന ലക്ഷ്യം. മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥ കാരണം ഉണ്ടാകുന്ന വെല്ലുവിളികളിൽ നിന്ന് സംസ്ഥാനത്തെ സംരക്ഷിക്കാൻ ഈ കർമ്മ പദ്ധതി ഇപ്പോൾ നടപടി എടുക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള പ്രതികൂല പ്രത്യാഘാതങ്ങൾ പരിഹരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട അപകടസാധ്യത കുറയ്ക്കുന്നതിനും കാലാവസ്ഥ വ്യതിയാന വകുപ്പ് വികസിപ്പിച്ചെടുത്ത കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന കർമ്മപദ്ധതി ലക്ഷ്യമിടുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട തന്ത്രങ്ങൾ സംസ്ഥാനത്തെ വികസന ആസൂത്രണ പ്രക്രിയയിൽ സമന്വയിപ്പിക്കേണ്ടതുണ്ടെന്നും ഇത് വിഭാവനം ചെയ്യുന്നു.

## വായുവിന്റെ ഗുണനിലവാര നിരീക്ഷണം

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാനത്തെ 35 സ്റ്റേഷനുകളിൽ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നു. 35 സ്റ്റേഷനുകളിൽ, 28 സ്റ്റേഷനുകൾ ദേശീയ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന്റെ (എൻ.എ.എം.പി.) കീഴിൽ വരുന്നു. 2019–ൽ സ്ഥാപിച്ച 4 പുതിയ സ്റ്റേഷനുകളിൽ തിരുവല്ല (പത്തനംതിട്ട), കുറ്റിപാടം (എറണാകുളം), പെരിങ്ങാണ്ടോർ (തൃശ്ശൂർ), കൽപ്പറ്റ (വയനാട്) എന്നിവ ഉൾപ്പെടുന്നു. മൂവാറ്റുപുഴയിൽ 2019–ൽ സ്ഥാപിച്ച പുതിയ സ്റ്റേഷൻ ഉൾപ്പെടെ 7 സ്റ്റേഷനുകളിൽ സംസ്ഥാന ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം (എസ്.എ.എം.പി) നടപ്പിലാക്കി. 2018–19 കാലയളവിൽ 19 വായു ഗുണ നിലവാര നിരീക്ഷണ സ്റ്റേഷനുകളിൽ പി.എം 2.5 സാംപ്ലർ സ്ഥാപിച്ചു. വായു ഗുണ നിലവാര നിരീക്ഷണത്തിനായി 17 ആർ.ഡി.എസ്സും, പി.എം 2.5 സാംപ്ലറുകളും 2019–20 കാലയളവിൽ വാങ്ങി. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, വയനാട്, കണ്ണൂർ, പെരുമ്പാവൂർ, കൊല്ലം, തൃശ്ശൂർ എന്നിവിടങ്ങളിലെ ജില്ലാ ഓഫീസുകൾക്കായി 8 മൈക്രോബാലൻസുകൾ വാങ്ങി വിതരണം ചെയ്തു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കോഴിക്കോട് (1 സ്റ്റേഷൻ), എറണാകുളം (2 സ്റ്റേഷനുകൾ) എന്നിവിടങ്ങളിൽ തുടർച്ചയായ വായു ഗുണ നിലവാര നിരീക്ഷണ സ്റ്റേഷനുകൾ (സി.എ.ക്യു.എം.എസ്) സ്ഥാപിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തു. 2019–20 –ൽ കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ കൂടി ബോർഡ് തുടർച്ചയായ

**ചിത്രം 3.7.1** 2019 –ൽ കേരളത്തിലെ ജനവാസ കേന്ദ്രങ്ങളിലുള്ള 10 നിരീക്ഷണ കേന്ദ്രങ്ങളിലെ വായുമലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ




*ഉറവിടം : ജല-വായു ഗുണനിലവാര ഡയറക്ടറി 2019, കെ.എസ്.പി.സി.ബി*

**ചിത്രം 3.7.2** 2019–ൽ കേരളത്തിലെ സെൻസിറ്റീവായ മൂന്ന് നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ അളവ്




*ഉറവിടം : ജല-വായു ഗുണനിലവാര ഡയറക്ടറി 2019, കെ.എസ്.പി.സി.ബി*

വായു ഗുണ നിലവാര നിരീക്ഷണ സ്റ്റേഷനുകൾ (സി.എ.ക്യൂ.എം.എസ്) സ്ഥാപിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തു. ഈ നിരീക്ഷണ സ്റ്റേഷനുകളിലെ വിവിധ വായു ഗുണ നിലവാര മാനദണ്ഡങ്ങൾ നിരീക്ഷിക്കുകയും പൊതുജനങ്ങൾക്ക് പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

## ജല ഗുണനിലവാര നിരീക്ഷണം

128 ജല ഗുണനിലവാര സ്റ്റേഷനുകൾ ദേശീയ ജല ഗുണ നിലവാര നിരീക്ഷണ പദ്ധതിയുടെ (എൻ.ഡബ്ല്യു.എം.പി) കീഴിലുണ്ട്. ഇതിൽ 48 നദികളിലായി 72 സ്റ്റേഷനുകൾ (പ്രധാന, ഇടത്തര, ചെറുകിട നദികൾ), ആറ് ജലസംഭരണികൾ, മൂന്ന് ശുദ്ധജലതടാകങ്ങൾ, എട്ട് ഓരു ജല തടാകങ്ങൾ, മൂന്ന് കനാലുകൾ, രണ്ട് കുളങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇതിനു പുറമേ 34 സ്റ്റേഷനുകൾ ഭൂഗർഭജലാശയങ്ങളിലുമാണ്. 23 നദികളിലായി 115 സ്റ്റേഷനുകളും നാല് തടാകങ്ങളിലായി 23 സ്റ്റേഷനുകളും സംസ്ഥാന ജല ഗുണനിലവാര നിരീക്ഷണ

**ചിത്രം 3.7.3** കേരളത്തിലെ വ്യവസായ കേന്ദ്രങ്ങളിലെ 11 നിരീക്ഷണ കേന്ദ്രങ്ങളിൽ ലഭ്യമായ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2019




*അവലംബം: ജലവായു ഗുണനിലവാര ഡയറക്ടറി 2019, കെ.എസ്.പി.സി.ബി*

പരിപാടിയുടെ (എസ്.ഡബ്ല്യു.എം.പി) കീഴിൽ പ്രവർത്തിക്കുന്നു.

ശബരിമല ഉത്സവ സീസണിൽ പമ്പാനദിയിലും, കരമന, പെരിയാർ, ഭാരതപ്പുഴ, വാമനപുരം, കടലുണ്ടി നദികളിലും ഉയർന്ന ബി.ഒ.ഡി മൂല്യങ്ങളുണ്ട്. കരമന നദിയിലെ മുന്നാട്മുക്ക്, കല്ലായി നദിയിലെ കല്ലായിപ്പാലം, പമ്പാനദി, കോരപ്പുഴ നദിയിലെ പുറക്കാട്ടേരി, തൊടുപുഴ നദി, മൂന്നാർ നദി എന്നിവിടങ്ങളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ഉയർന്നു നിൽക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നദികളിലെ ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് (ബി.ഒ.ഡി) **ചിത്രം 3.7.4** –ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഭാരതപ്പുഴ, ചാലക്കുടി, കടലുണ്ടി എന്നീ നദികളിൽ 2013 ലെ നിലവാരത്തെക്കാളും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചാലിയാർ, പെരിയാർ നദികളിൽ ബി.ഒ.ഡി മൂല്യം കുറഞ്ഞതായും കാണുന്നു.

**ചിത്രം 3.7.4** തിരഞ്ഞെടുക്കപ്പെട്ട നദീകേന്ദ്രങ്ങളിലെ ബി.ഒ.ഡി നില 2013 ലും 2019 ലും




*അവലംബം: ജലവായു ഗുണനിലവാര ഡയറക്ടറി 2019, കെ.എസ്.പി.സി.ബി*

**ബോക്സ് 3.7.2** തീർത്ഥാടന കാലയളവിൽ ശബരിമലയുടെ നിരീക്ഷണ സംവിധാനം

ശബരിമല തീർത്ഥാടന കാലയളവിൽ തീർത്ഥാടന പ്രദേശത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി പമ്പയിൽ ഒരു ലബോറട്ടറി സ്ഥാപിച്ചിട്ടുണ്ട്. വിവിധ സ്ഥലങ്ങളിലെ നദീജലത്തിന്റെ ഗുണനിലവാരം തുടർച്ചയായി നിരീക്ഷിക്കുന്നതിനൊപ്പം മലിനജല ശുദ്ധീകരണ പ്ലാന്റുകളിൽ നിന്നുള്ള സാമ്പിളുകളുടെ ശേഖരണവും നല്ല പാരിസ്ഥിതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി സഹായിക്കുന്നു. ആംബിയന്റ് വായു ഗുണ നിലവാര നിരീക്ഷണവും ശബ്ദ നിരീക്ഷണവും വർഷങ്ങളായി നടത്തുന്നുണ്ട്. സന്നിധാനം, പമ്പ, എരുമേലി എന്നിവിടങ്ങളിൽ ക്യാമ്പ് ഓഫീസുകൾ സജ്ജീകരിക്കുകയും പൊതുജനങ്ങൾക്കിടയിൽ വിവിധ അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. തീർത്ഥാടന കാലയളവിൽ സ്ഥലത്തെ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, ടിന്നിലടച്ച ഭക്ഷണം, കുപ്പിവെള്ളം എന്നിവ ബോർഡ് നിരോധിച്ചു. ഇത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുമുണ്ട്.

*അവലംബം: കേരള മലിനീകരണ നിയന്ത്രണ ബോർഡ്*

## കേരളത്തിലെ ജൈവവൈവിദ്ധ്യം

ജൈവവൈവിദ്ധ്യത്തെക്കുറിച്ചുള്ള ഒരവബോധം വളർത്തുന്നതിൽ ഇന്ത്യ വളരെ മുന്നിലാണ് ഇത് സർക്കാരിന്റെ നിരവധി പദ്ധതികളിൽ ഒരു പ്രധാന മേഖലയാണ്. ആഗോളതലത്തിൽ രേഖപ്പെടുത്തിയ 7–8 ശതമാനം ജീവജാലങ്ങളെ ഉൾക്കൊള്ളുകയും ലോക ജനസംഖ്യയുടെ 18 ശതമാനം ആളുകൾ വസിക്കുകയും ചെയ്യുന്ന ഈ രാജ്യം ഭൂവിസ്തൃതിയുടെ 2.4 ശതമാനം ആണ്. പ്രകൃതി മൂലധനത്തിന്റെ സമഗ്രത കാത്തുസൂക്ഷിക്കുന്നതിനൊപ്പം സമഗ്ര സാമ്പത്തിക വികസനത്തിനായുള്ള ഇന്ത്യയുടെ അന്വേഷണം വിവിധ പദ്ധതികളിലൂടെയും നയ തന്ത്രങ്ങളിലൂടെയും മുന്നോട്ടുപോകുന്നു. പ്രകൃതി വിഭവ അടിത്തറ തകർക്കാതെ എല്ലാവർക്കും ഭക്ഷ്യ– പോഷക സുരക്ഷ നൽകുന്നതിലൂടെ കൃഷി, മത്സ്യബന്ധനം, വനങ്ങൾ എന്നിവയുടെ സുസ്ഥിര പരിപാലനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും വരുംതലമുറയ്ക്ക് പാരിസ്ഥിതിക തുല്യത ഉറപ്പ് വരുത്താനും സാധിക്കുന്നു. കൃഷി ചെയ്ത സസ്യങ്ങളുടെയും കൃഷിസ്ഥലങ്ങളുടെയും കന്നുകാലികളുടെയും അവരുടെ വന്യ വർഗ്ഗങ്ങളുടേയും ജനിതക വൈവിധ്യം നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും ജനിതക രൂപമാറ്റം കുറയ്ക്കുന്നതിനുമുള്ള പരിപാടികൾ നടന്നു വരുന്നു. പ്രാദേശിക സമൂഹങ്ങളുടെ അറിവുകളും അവകാശങ്ങളും സംരക്ഷിക്കുന്നതിനായി ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പരമ്പരാഗതമായ അറിവുകളുടെ ക്രോഡീകരണവും സംരക്ഷണവും അത്യാവശ്യമാണ്.

കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ നിരവധി വികസന പദ്ധതികളിലൂടെ നേരിട്ടോ അല്ലാതയോ ജൈവവൈവിധ്യത്തിനായി ഇന്ത്യ വൻ തുക നിക്ഷേപിക്കുന്നുണ്ട്. വാർഷിക ആവശ്യം 1,09,000 കോടി രൂപയായിരിക്കെ ഏകദേശം 70,000 കോടി രൂപയാണ് ഇതിലേയ്ക്കായി ചെലവഴിക്കുന്നത്. ലോകത്തിലെ കടുവകളുടെ മൂന്നിലൊരുഭാഗം ഇന്ത്യയിലുണ്ട്. സിംഹങ്ങളുടെ എണ്ണം 1968 ലെ 177–ൽ നിന്ന് 2015–ൽ 520 ആയും ആനകളുടെ എണ്ണം 1970 കളിലെ 12,000–ൽ നിന്ന് 2015–ൽ 30,000 ആയും ഉയർന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വംശനാശത്തിന്റെ വക്കിലെത്തിയ ഒറ്റ കൊമ്പൻ ഇന്ത്യൻ കാണ്ടാമൃഗം ഇപ്പോൾ 2400 എണ്ണം ഉണ്ട്. ആഗോളതലത്തിൽ രേഖപ്പെടുത്തിയ ആകെ ജീവിവർഗങ്ങളിൽ 0.3 ശതമാനവും ഗുരുതരമായ വംശനാശഭീഷണി നേരിടുന്നുണ്ടെങ്കിലും ഇന്ത്യയിൽ രേഖപ്പെടുത്തിയിട്ടുള്ള ഇനങ്ങളിൽ 0.08 ശതമാനം മാത്രമാണ് വംശനാശഭീഷണി നേരിടുന്നത്. നമ്മുടെ സാമ്പത്തിക സാമൂഹിക വികസനത്തിന് വളരെ പ്രാധാന്യമർഹിക്കുന്ന ജൈവവൈവിധ്യത്താൽ സമ്പന്നമായ പൈതൃകം സംരക്ഷിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്.

പൊതുവിദ്യാഭ്യാസവും ജൈവവൈവിധ്യത്തെക്കുറിച്ചുള്ള അവബോധവും സർക്കാരിന്റെ പ്രധാന മേഖലകളിലൊന്നാണ്. ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും സുസ്ഥിര ഉപയോഗത്തിനും ഓരോ വ്യക്തിയുടെയും സംഭാവനകൾ ആവശ്യമാണ്. ജൈവവൈവിദ്ധ്യം എന്ന ആശയവും അതിന്റെ പ്രാധാന്യവും നേരിടുന്ന ഭീഷണികളും, ജൈവവൈവിധ്യത്തിന്റെ പുനസ്ഥാപനം, സംരക്ഷണം, സുസ്ഥിര ഉപയോഗം എന്നിവയ്ക്കായി പ്രത്യക്ഷവും പരോക്ഷവുമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാം എന്ന അവബോധം ജൈവവൈവിധ്യ മേഖലയിലേയ്ക്ക് അർത്ഥവത്തായ സംഭാവനകൾ നൽകാൻ സഹായകമാകുന്നു. വിദ്യാർത്ഥികളെയും പ്രത്യേകിച്ച് ഇന്ത്യൻ ജനസംഖ്യയുടെ 35 ശതമാനത്തോളം വരുന്ന യുവജനതയേയും ഈ മേഖലയിൽ ഉൾപ്പെടുത്തേണ്ടതാണ്.

പ്രകൃതിദത്ത ആവാസവ്യവസ്ഥയുടെ അപചയം മുഴുവൻ ജനങ്ങളെയും പ്രതികൂലമായി ബാധിക്കുന്നു. എന്നാൽ ഉപജീവനമാർഗങ്ങൾക്കായി ഭൂമിയേയും പ്രകൃതി വിഭവങ്ങളെയും ആശ്രയിക്കുന്ന ജനങ്ങളിലാണ് ഈ അവസ്ഥ കൂടുതൽ ദോഷകരമായി ബാധിക്കുന്നത്. ഇന്ത്യയുടെ ഭൂപ്രകൃതിയുടെ മൂന്നിൽ രണ്ട് ഭാഗവും

ഊഷര, അർദ്ധ ഊഷര അല്ലെങ്കിൽ വരണ്ട ഉപ ആർദ്രതയുള്ളതാണ്. ഗ്രാമീണ അർധനഗര ദരിദ്രരിൽ ബഹുഭൂരിപക്ഷവും അവരുടെ ഉപജീവനത്തിനായി ആശ്രയിക്കുന്നത് ഈ മേഖലയെയാണ്. മണ്ണിന്റെ ഫലഭൂയിഷ്ഠത, ജലത്തിന്റെ അളവും ഗുണനിലവാരവും, വായുവിന്റെ ഗുണനിലവാരം, വനങ്ങൾ, വന്യജീവി, മത്സ്യബന്ധനം എന്നിവയിൽ ഉണ്ടാവുന്ന പാരിസ്ഥിതിക തകർച്ചയുടെ സ്വാധീനം ഗ്രാമീണ ദരിദ്രരെയും പ്രത്യേകിച്ച് സ്ത്രീകളെയും സാരമായി ബാധിക്കുന്നുവെന്ന് പഠനങ്ങൾ ആവർത്തിക്കുന്നു.

### ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി)

2012 –ൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എല്ലാ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ബയേഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി) രൂപീകരിച്ചു. തദ്ദേശസ്വയംഭരണ തെരെഞ്ഞെടുപ്പിനു ശേഷം ബയേഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി) 2015–16 ൽ പുനഃസംഘടിപ്പിച്ചു. 2019–20 കാലയളവിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സംസ്ഥാനത്തെ ശേഷിക്കുന്ന രണ്ട് തലങ്ങളിലുള്ള പഞ്ചായത്ത്‌രാജ് സംവിധാനങ്ങളായ, ബ്ലോക്ക് പഞ്ചായത്തുകളിലും, ജില്ലാ പഞ്ചായത്തുകളിലും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി) ആരംഭിച്ചു. 152 ബ്ലോക്കിലും 14 ജില്ലാ പഞ്ചായത്തുകളിലും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെ രൂപീകരണം 2019 ഡിസംബറിൽ പൂർത്തിയായി. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ, പ്രദേശികതലത്തിൽ പ്രകൃതി വിഭവങ്ങൾ സുസ്ഥിരമായി കൈകാര്യം ചെയ്യുന്നതിന് കാര്യക്ഷമതാ വികസനത്തിലൂടെയും നയപരമായ പിന്തുണയിലൂടെയും ബി.എം.സികളെ ശക്തിപ്പെടുത്തുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. 2017–18 കാലയളവിൽ 20 ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളെ (ബി.എം.സി) തിരഞ്ഞെടുക്കുകയും റിപ്പോർട്ടിംഗ് കാലയളവിൽ 28 മോഡൽ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളെ തിരഞ്ഞെടുത്ത് (ഓരോ ജില്ലയിൽ നിന്നും രണ്ടെണ്ണം) അവയെ ശാക്തീകരിക്കുന്നതിന് കേന്ദ്രീകൃത പ്രോജക്റ്റുകൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

### പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ (പി.ബി.ആർ) നടപ്പിലാക്കൽ

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയും സാങ്കേതിക സഹായ ഗ്രൂപ്പുകളുടെയും (ടി.എസ്.ജി) പിന്തുണയോടെ ജൈവവൈവിധ്യത്തെക്കുറിച്ചുള്ള സമഗ്രമായ ഒരു രേഖയാണ് ജനകീയ ജൈവവൈവിദ്ധ്യ രജിസ്റ്റർ. 2019–20 ൽ ആകെ 75 പി.ബി.ആർ തയ്യാറാക്കി. പ്രദേശത്തെ ജനകീയ ജൈവവൈവിദ്ധ്യ രജിസ്റ്ററിന്റെ (പി.ബി.ആർ) ക്രമീകരണവും സാങ്കേതിക തയ്യാറെടുപ്പുമായി ബന്ധപ്പെട്ട് ബി.എം.സികൾ തയ്യാറാക്കിയ പരമ്പരാഗത അറിവുകൾ, 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, അടിസ്ഥാന തലത്തിൽ 941 ഗ്രാമ പഞ്ചായത്തുകൾ, 87 മുൻസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ എന്നിവയിൽ പൂർത്തിയാക്കി.

### ജൈവവൈവിദ്ധ്യ മേഖലയിൽ വെള്ളപ്പൊക്കവും പ്രകൃതിദുരന്തവും ഏല്പിച്ച ആഘാതം

2018–ൽ ബിഎംസി വഴി ജൈവവൈവിധ്യമേഖലയിൽ വെള്ളപ്പൊക്കത്തിന്റെ ആഘാതത്തെക്കുറിച്ച് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ദ്രുതഗതിയിൽ വിലയിരുത്തൽ നടത്തി. നദീതടങ്ങൾ, വനം, തോട്ടങ്ങൾ, കാർഷിക മേഖലകൾ എന്നവയുൾപ്പെടെ 771 വ്യത്യസ്ത ഭൂഭാഗങ്ങളെ പ്രളയം ബാധിച്ചു. 287 ഇനം കാർഷിക വിളകളെയും 1053 സസ്യജാലങ്ങളെയും 695 ജന്തുജാലങ്ങളെയും ഈ പ്രളയം ബാധിച്ചിട്ടുണ്ട്. തണ്ണീർത്തടങ്ങളിലെ ഭൂവിനിയോഗ മാറ്റം, നദീതീര സസ്യങ്ങൾ നീക്കം ചെയ്യൽ, കുന്നിൻ ചെരുവുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ, അസന്തുലിതമായ പാറപൊട്ടിക്കൽ എന്നിവ ദുരന്തത്തിന്റെ പ്രധാന കാരണങ്ങളാണ്. ഇതിന്റെ തുടർച്ചയായി കൂടുതൽ ജാഗ്രത ആവശ്യമുള്ള മേഖലകൾക്ക് മുൻഗണന നൽകി. നദീതീര പുനരുജ്ജീവനത്തിനും ജൈവവൈവിധ്യത്തിലും പരിസ്ഥിതി വ്യവസ്ഥയിലും വെള്ളപ്പൊക്കം/മണ്ണിടിച്ചിലിന്റെ ആഘാതം വിലയിരുത്തുന്നതിനുമായി 28 പ്രത്യേക പഠനങ്ങൾ കേരളത്തിലെ ഗവേഷണ വികസന സ്ഥാപനങ്ങ ളിലും സർവ്വകലാശാലകളിലും നടന്നു. ഈ പഠനത്തിന്റെ ഫലമായി പെരിയാർ, പമ്പ, ഭാരതപ്പുഴ, ചാലക്കുടിപ്പുഴ എന്നീ നദീതടങ്ങളിലെ പുനഃസ്ഥാപന നടപടികൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. പമ്പയിലെ തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ മണ്ണൊലിപ്പ് നിയന്ത്രിക്കുകയും മണ്ണിടിച്ചിലിന് സാധ്യതയുള്ള പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് നദീതീര സസ്യങ്ങളുടെ പരിപാലനത്തിന് പ്രാധാന്യം നൽകുകയും ചെയ്തു.

### വകുപ്പുകളുടെ പ്രധാന സംരംഭങ്ങളും പ്രവർത്തനങ്ങളും

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്ത ലോകത്തിലെ ആദ്യത്തെ ഭരണഘടനയാണ് ഇന്ത്യൻ ഭരണഘടന. "പരിസ്ഥിതിയെ പരിരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും പാരിസ്ഥിതിക ഗുണനിലവാരം സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളാൻ" ഭരണഘടന നിർദ്ദേശിക്കുന്നു. ഭരണഘടന പ്രകാരം

വനങ്ങൾ, തടാകങ്ങൾ, നദികൾ, വന്യജീവികൾ എന്നിവയുൾപ്പെടെയുള്ള പരിസ്ഥിതി സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യേണ്ടത് ഓരോ പൗരന്റെയും മൗലിക കർത്തവ്യമാണ്.

പാരിസ്ഥിതികം, ഭൂമിത്രസേനക്ലബുകൾ തുടങ്ങിയ പരിപാടികളിലൂടെ പാരിസ്ഥിതിക വിദ്യാഭ്യാസവും അവബോധവും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് ജനങ്ങളിലേക്ക് എത്തിക്കുന്നു. "വായുമലിനീകരണത്തിനെതിരായ പോരാട്ടം" എന്ന വിഷയത്തിൽ ബോധവൽക്കരണവും മറ്റു പ്രവർത്തന പരിപാടികളും നടത്തുന്നതിൽ പാരിസ്ഥിതികം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി കേരളത്തിലുടനീളമുള്ള വിവിധ ഹയർസെക്കന്ററി സ്കൂളുകളിലും കോളേജുകളിലും 369 ബി.എം.സികൾ പ്രവർത്തിക്കുന്നുണ്ട്.

പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് 2019–20 ൽ നടപ്പിലാക്കിയ പ്രധാന സംരംഭങ്ങൾ ഇവയാണ്: എ) ബി.എം.സികൾ മുഖേന വെള്ളപ്പൊക്ക ദുരിതബാധിത പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെ വിവിധ ജലാശയങ്ങളിൽ ജലത്തിന്റെ ഗുണനിലവാര നിരീക്ഷണ പരിപാടികൾ നടത്തുകയും ഉപയോഗയോഗ്യത കണ്ടെത്തുകയും ചെയ്തു ബി)വായു മലിനീകരണത്തെ ചെറുക്കുക എന്ന വിഷയത്തെ അടിസ്ഥാനമാക്കി പാരിസ്ഥിതികം എന്ന പേരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പരിസ്ഥിതി അവബോധവും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും നടത്തി സി) വാഹന മേഖലയിൽ സുസ്ഥിര ഊർജ്ജം പ്രോൽസാഹിപ്പിക്കുന്നതിനായി ഇലക്ട്രിക് വാഹനങ്ങൾക്കായി ഗ്രിഡ് കണക്റ്റ് ചെയ്ത സോളാർ പവർ ചാർജിംഗ് സ്റ്റേഷൻ എന്ന പദ്ധതി ആരംഭിച്ചു. ഡി) സംസ്ഥാന തണ്ണീർത്തട അതോറിറ്റിക്കായി സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റെ ആന്റ് മാനേജ്മെന്റ് (സി.ഡബ്ല്യു. ആർ.ഡി.എം) (i)കവ്വായി (ii) കട്ടമ്പള്ളി, (iii) കടലുണ്ടി, (iv) കോട്ടൂളി, (v) പൂക്കോട്, (vi) പൊന്നാനി അഴിമുഖം / പുരാത്തോർ, (vii) ചേറ്റുവ കായൽ, (viii) പരവൂർ, (ix) വെള്ളായണി എന്നീ തണ്ണീർത്തടങ്ങളെക്കുറിച്ചുള്ള സംക്ഷിപ്തരേഖകൾ തയ്യാറാക്കി.
ജൈവവൈവിധ്യത്തിന്റെയും ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷിടിക്കുന്നതിനായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തിരുവനന്തപുരത്തെ വള്ളക്കടവിൽ ജൈവവൈവിധ്യ മ്യൂസിയം സ്ഥാപിച്ചു. ക്ലാസ് മുറിക്ക് പുറത്തുള്ള പ്രകൃതിയും പരിസ്ഥിതിയുമായി ബന്ധപ്പെട്ട ജൈവവൈവിധ്യ വിദ്യാഭ്യാസവും അനുഭവങ്ങളും വർദ്ധിപ്പിക്കുന്നതിൽ ബയോഡൈവേഴ്സിറ്റി ക്ലബുകൾക്ക് വലിയ പങ്കുണ്ട്. 150 ബയോഡൈവേഴ്സിറ്റി ക്ലബുകൾ ഈ വർഷം പുതുതായി രജിസ്റ്റർ ചെയ്തു. കേരളത്തിലാകെ 1715 ബയോഡൈവേഴ്സിറ്റി ക്ലബുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (കർസാപ്പ് ) നടപ്പാക്കാൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുൻകൈ എടുത്തിട്ടുണ്ട്.

## ഹരിത കേരളം മിഷൻ

ശുചിത്വം, ജലസമൃദ്ധി, ജല സുരക്ഷ, ഭക്ഷ്യവസ്തുക്കളുടെ സുരക്ഷിതമായ ഉൽപാദനം എന്നിവ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ 2016 ഡിസംബറിൽ സംസ്ഥാനത്ത് ഹരിത കേരളം മിഷൻ ആരംഭിക്കുകയുണ്ടായി. (I) ശുചിത്വം, മാലിന്യ സംസ്കരണം, (ii) ജലസംരക്ഷണം, (iii) കാർഷിക വികസനം എന്നിങ്ങനെ മൂന്ന് ഉപ ദൗത്യങ്ങളാണ് മിഷനുള്ളത്. വിവിധ വകുപ്പുകളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഏകോപനത്തോടെയും ജനപങ്കാളിത്തത്തോടെയുമാണ് ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾ നടത്തുന്നത്. ഹരിത കേരളം മിഷൻ പ്രധാന ഊന്നൽ നൽകുന്നത് ഇവയ്ക്കാണ്:

- ഓരോ ജില്ലയിലെയും പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രാദേശിക സർക്കാരുകളുടെയും മറ്റ് വകുപ്പുകളുടെയും പദ്ധതികളുടെ വിവിധ തലത്തിലുള്ള ഏകോപനത്തിനുള്ള മാർഗ്ഗങ്ങൾ രൂപീകരിക്കുക.
- പ്രായോഗികവും ഫലപ്രദവുമായ സാങ്കേതിക സൗകര്യങ്ങൾ നേടുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് ശാസ്ത്രീയവും കാര്യക്ഷമവും സാങ്കേതികവുമായ ഉപദേശം ഉറപ്പാക്കുക.
- "ഹരിത കേരളം" സൃഷ്ടിക്കുന്നതിനായി നേതൃത്വം നൽകുകയും ജന പങ്കാളിത്തവും സാമൂഹിക ഉൾപ്പെടുത്തലും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

ഉപ ദൗത്യങ്ങൾക്ക് കീഴിൽ നടത്തിയ ചില പ്രധാന ഇടപെടലുകൾ ചുവടെ വിശദമാക്കിയിരിക്കുന്നു.

"മാലിന്യത്തിൽ നിന്നുള്ള മുക്തി" കാമ്പയിനുകൾ പ്രാദേശിക സർക്കാരുകളുടെ ശുചിത്വ, മാലിന്യ നിർമാർജന പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറയിട്ടു. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എംസിഎഫ് ), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർആർഎഫ് ), ഹരിത കർമ്മസേന, ഗാർഹിക ഉറവിട തലത്തിലുള്ള സംസ്കരണ പ്ലാന്റുകൾ, കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് യൂണിറ്റുകൾ എന്നിവയിലൂടെ മാലിന്യങ്ങളുടെ ഉറവിടതല സംസ്കരണത്തിന് അടിസ്ഥാന ആവശ്യകതകൾ ലഭ്യമാക്കുകവഴി, മാലിന്യ സംസ്കരണത്തിന് അർഹമായ പ്രാധാന്യം ലഭിക്കുകയുണ്ടായി. അതിലൂടെ സുസ്ഥിരവും വൃത്തിയുള്ളതുമായ പരിസ്ഥിതി സൃഷ്ടിക്കുകയും

പരിപാലിക്കുകയും ചെയ്യപ്പെടുന്നു. 1,033 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 28,632 അംഗങ്ങളുടെ പങ്കാളിത്തത്തോടെ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി രൂപീകരിച്ച ഹരിത കർമ്മസേന ഇപ്പോൾ 805 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സജീവമാണ്. പ്രതി മാസം 3,000 രൂപ മുതൽ 15,000 രൂപ വരെ സേനാംഗങ്ങൾ സമ്പാദിക്കുന്നതിനാൽ ഈ പദ്ധതി വരുമാനദായകവുമാകുന്നു.

അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനുമായി 1,141 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എംസിഎഫ് ) കേന്ദ്രങ്ങളും മാലിന്യം വേർതിരിക്കൽ, പുനരുപയോഗം, തുടർ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 150 റിസോഴ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് ദിവസേന ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യത്തിന്റെ ഏകദേശം 45% ഉം ഉറവിട മാലിന്യ സംസ്കരണ സംവിധാനത്തിലൂടെ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നു. 1,320 വ്യാവസായിക സ്ഥാപനതല ബയോഗ്യാസ് പ്ലാന്റുകളും 97 കമ്മ്യൂണിറ്റി തല ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുകയുണ്ടായി. പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് തദ്ദേശസ്ഥാപനങ്ങൾ 2,023.34 കിലോമീറ്റർ റോഡ് ടാർ ചെയ്യുകയുണ്ടായി. 1554 ദശലക്ഷം ടൺ ഇ–മാലിന്യങ്ങൾ സംസ്ഥാനത്ത് നിന്ന് ശേഖരിച്ച് ഇ–വേസ്റ്റ് പുനഃചംക്രമണത്തിനായി കൈമാറുകയും ഉണ്ടായി.

ഹരിത പെരുമാറ്റച്ചട്ടം സാമൂഹിക ജീവിതത്തിന്റെ ഭാഗമാക്കുന്നതിന് ഹരിത കേരളം മിഷൻ നിർണായക പങ്ക് വഹിക്കുകയും ഉത്സവങ്ങളിലും ആഘോഷങ്ങളിലും നടപ്പാക്കുകയും സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലങ്ങളിലെ 10,010 ഓഫീസുകളിലും സ്ഥാപനങ്ങളിലും ഇത് നടപ്പാക്കുകയും ചെയ്തു. സംസ്ഥാന വ്യാപകമായി ഹരിത നിയമ സാക്ഷരതാ ബോധവൽക്കരണ ക്യാമ്പയിൻ 2 ദശലക്ഷത്തിലധികം ആളുകൾക്ക് ലഭ്യമാക്കുകയുണ്ടായി. മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് വലിച്ചെറിയുന്നതും അതിന് കടുത്ത ശിക്ഷനൽകാനും ഒറ്റ ഉപയോഗ പ്ലാസ്റ്റിക്കുകൾ നിരോധിക്കുന്നതിനും മിഷന്റെ ഇടപെടലുകൾ വഴി സർക്കാർ തീരുമാനിക്കുകയുണ്ടായി. സംസ്ഥാനത്ത് 2019–ൽ നടന്ന  പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിനുള്ള നടപടികളും വിജയകരമായി ഏറ്റെടുത്തു. കോവിഡ്–19 മഹാമാരിയുടെ പശ്ചാത്തലത്തിലും, ശുചിത്വ പദവി കൈവരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയ ശ്രമങ്ങൾ നടത്തുകയാണ്. ഖരമാലിന്യ സംസ്കരണത്തിലും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ ശുചിത്വ പദവി സമ്പൂർണ്ണ ശുചിത്വത്തിലേക്കുള്ള ആദ്യപടിയാണ്.

ഹരിത കേരളം മിഷൻ നദികൾ പുനരുജ്ജീവിപ്പിക്കുകയും മറ്റ് ശുചിത്വ പ്രവർത്തനങ്ങളിലൂടെയും കഴിഞ്ഞ നാല് വർഷമായി ജലസംരക്ഷണ, ജലസംഭരണ മേഖലകളിൽ ഫലപ്രദമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. 390 കിലോമീറ്റർ നദികളും 41,529 കിലോമീറ്റർ അരുവികളും പുനരുജ്ജീവിപ്പിക്കുകയുണ്ടായി. 1,013 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീർത്തട പദ്ധതികൾ തയ്യാറാക്കുകയുണ്ടായി. 105 ബ്ലോക്ക്തല നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുകയുണ്ടായി. 60,116 ഏക്കർ നീർത്തട പ്രദേശങ്ങൾ പരിപാലിക്കുകയും,  വരട്ടാർ നദിയുടെ പുനരുദ്ധാരണവും പുനരുജ്ജീവനവും സാധ്യമാക്കുകയും, കുട്ടംപേരൂർ നദി, കിള്ളിയാർ, കോളറയാർ, വടക്കേപ്പുഴ,   ചലാംകോട് വെള്ളച്ചാട്ടം, മുട്ടംപരപ്പ വെള്ളച്ചാട്ടം, കംപ്രയാർ, പെരുംതോട്, പൂനൂർ നദി, കോട്ടാരക്കര പാണ്ടിവയൽ വെള്ളച്ചാട്ടം, മറ്റ് മലിനമായ ജലസ്രോതസ്സുകൾ എന്നിവ വൃത്തിയാക്കുകയും സുഗമമായ ജലപ്രവാഹം സാധ്യമാക്കുകയും ചെയ്യുകയുണ്ടായി. മീനച്ചിലാർ –മീനന്തരയാർ –കൊടൂരാർ പുനഃസമാഗമം സാധ്യമാക്കുകയും  ഇതിലൂടെ 4,000 ഏക്കറിലധികം പ്രദേശത്ത് കൃഷി പുനരാരംഭിക്കുകയുണ്ടായി. കഴിഞ്ഞ നാല് വർഷത്തിനിടെ 54,362 കിണറുകൾ റീചാർജ് ചെയ്യുകയും, 23,158 കിണറുകൾ പുതുതായി നിർമ്മിക്കുകയും, 13,942 കിണറുകൾ നവീകരിക്കുകയും; 18,203 കുളങ്ങൾ നിർമ്മിക്കുകയും 23,628 കുളങ്ങൾ നവീകരിക്കുകയും ചെയ്യുകയുണ്ടായി. ഈ പ്രവർത്തനങ്ങളിലൂടെ 1,21,81,650 ക്യുബിക് മീറ്റർ ജല സംഭരണം ഉറപ്പാക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ തൊഴിലുറപ്പ് പദ്ധതിയിലൂടെയാണ് (എം.ജി.എൻ.ആർ.ഇ.ജി. എസ് ) മിഷന് ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞത്.

സംസ്ഥാനത്തെ ജലപ്രവാഹങ്ങൾ വീണ്ടെടുക്കുന്നതിനായി "ഇനി ഞാൻ ഒഴുകട്ടെ" എന്ന പേരിൽ ഒരു പൊതു പ്രചാരണ പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഇതിലൂടെ സംസ്ഥാനത്തെ 7,291 കിലോമീറ്റർ ജലധാരകൾ വൃത്തിയാക്കുകയും ശുദ്ധജലപ്രവാഹം ഉറപ്പാക്കുകയും ചെയ്തു. കോട്ടയം, ആലപ്പുഴ ഉൾപ്പെടെയുള്ള വിവിധ ജില്ലകളിൽ മൺസൂൺ കാലയളവിലുണ്ടായ കനത്ത മഴയെത്തുടർന്ന് വെള്ളം കയറുന്നതിന്റെ കാഠിന്യം കുറയ്ക്കാൻ ഇത് ഉപകരിക്കുകയുണ്ടായി.

കുളങ്ങളിൽ മാപിനി സ്ഥാപിച്ച് ജലലഭ്യത അളക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. കാട്ടാക്കട നിയോജകമണ്ഡലത്തിലെ 100 കുളങ്ങളിലാണ് ഇത് സ്ഥാപിച്ചത്. എല്ലാ ജില്ലകളിലും ഓരോ ബ്ലോക്കിൽ വീതം ജല ബഡ്ജറ്റിംഗ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും സർക്കാർ തയ്യാറാക്കിയതും അംഗീകരിച്ചതുമായ മാർഗ്ഗനിർദ്ദേശങ്ങൾ

അനുസരിച്ച് വയനാട് ജില്ലയിലെ കൽപ്പറ്റയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ജലബഡ്ജറ്റിംഗ് പ്രവർത്തനങ്ങൾ നടന്നു വരുന്നു. സംസ്ഥാനത്തെ ജലദൗർലഭ്യം നേരിടുന്ന നാല് ജില്ലകളിൽ "ബണ്ഡാര ടൈപ്പ് സമ്മർ" റിസർവോയറുകൾ (Bandara type summer reservoirs) നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി ജല സംഭരണം സാധ്യമാക്കുകയുണ്ടായി. കിഫ്ബിയിൽ ഉൾപ്പെടുത്തി ഭവാനിപ്പുഴയിൽ 34 ബണ്ഡാരകൾക്കും, തൂത്തുപുഴയിൽ 6 ഉം ചന്ദ്രഗിരിയിൽ 9 ഉം അച്ചൻകോവിലാറിൽ 6 ഉം ബണ്ഡാരകൾക്കും അനുമതി ലഭിക്കുകയുണ്ടായി.

ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തുമുള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലെ കെമിസ്ട്രി ലാബുമായി ചേർന്ന് പ്രദേശവാസികൾക്ക് കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും 57 എംഎൽഎമാരുടെ പ്രത്യക വികസന ഫണ്ടും ഉപയോഗിച്ച് 426 സ്കൂളുകളിൽ ഇത് നടപ്പാക്കി വരുന്നു. ചിറ്റൂർ നിയോജകമണ്ഡലത്തിൽ ഇത്തരം 10 ലാബുകൾ ആരംഭിച്ചിട്ടുണ്ട്. പ്രാദേശികമായി ലാബുകൾ സ്ഥാപിക്കുന്നതോടെ കുടിവെള്ള പരിശോധന വിപുലീകരിക്കാനും ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാനും സാധിക്കും.

കാർഷിക വകുപ്പിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും പിന്തുണയോടെ ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾ വഴി കാർഷിക മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞു. 208 ഗ്രാമപഞ്ചായത്തുകളിലെ 988 വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കി മാറ്റുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ ഐടിഐ ക്യാമ്പസ്സുകളെയും ഹരിത ക്യാമ്പസ്സുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 11 ക്യാമ്പസുകളെ ഹരിത ക്യാമ്പസുകളായി ഇതിനോടകം പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്.

പ്രാദേശിക ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നതിനായി 1,000 ഹരിത ദ്വീപുകൾ (പച്ചത്തുരുത്ത് ) സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ജൂൺ 5, 2019 ന് ഹരിത കേരളം മിഷൻ ഒരു നൂതന പദ്ധതി ആരംഭിക്കുകയുണ്ടായി, ഇതിനകം സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ 1,261 ഓളം പച്ചത്തുരുത്തുകൾ സൃഷ്ടിക്കുകയുണ്ടായി. 590 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 454 ഏക്കറിൽ വൃക്ഷത്തൈകൾ നടുകയും, നിരവധി കുറ്റിച്ചെടികളും വള്ളികളും ജൈവ വേലികളും നട്ടുപിടിപ്പിക്കുകയും ചെയ്യുകയുണ്ടായി.

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഹരിത കേരളം മിഷനുമായി സഹകരിച്ച് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഭൂമിയിൽ കൃഷി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. ഇതുവരെ 9 ജില്ലകളിലെ 34 പൊതുമേഖലാ സ്ഥാപനങ്ങളിൽ കൃഷി ആരംഭിക്കുകയും. ചില സ്ഥലങ്ങളിൽ വിളവെടുപ്പും നടത്തുകയുണ്ടായി.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള 1428 ക്ഷേത്രങ്ങളിലെ തരിശുഭൂമിയിൽ പച്ചക്കറി, തേങ്ങ, ഫലങ്ങൾ, ഔഷധസസ്യങ്ങൾ, പൂക്കൾ എന്നിവ ക്ഷേത്രാവശ്യങ്ങൾക്കായി കൃഷിചെയ്യുന്നുള്ള പദ്ധതി ആരംഭിക്കുകയുണ്ടായി. ദേവസ്വം ബോർഡിന്റെ മൂവായിരം ഏക്കർ സ്ഥലത്ത് 'ദേവഹരിതം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വടക്കൻ കേരളത്തിലെ ചില ക്ഷേത്രങ്ങളിലും ഇത് ആരംഭിച്ചിട്ടുണ്ട്. പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ ഫലവൃക്ഷത്തൈകളുടെ ഉത്പാദനം ജനങ്ങളുടെ ഇടയിൽ പ്രജ്ഞര പ്രചാരത്തിലുണ്ട്. കണ്ണൂർ ജില്ലയിലെ പടിയൂർ –കല്യാട് ഗ്രാമപഞ്ചായത്തിലെ ഓരോ വീടുകളിലും 10 തൈകൾ വീതം ആകെ ഒരു ലക്ഷം തൈകൾ തയ്യാറാക്കുന്നുണ്ട്. ഇക്കാര്യത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ വിവിധ പ്രവർത്തനങ്ങൾ നടന്ന് വരുന്നുണ്ട്. ചുരുക്കത്തിൽ, പരിസ്ഥിതി സംരക്ഷണം ജീവിതത്തിന്റെ ഭാഗമാക്കാനുള്ള പ്രചോദനം നൽകുന്നതിൽ ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ടെന്ന് കാണാം.

## 3.8 ഭക്ഷ്യ സുരക്ഷയും പൊതു വിതരണ സമ്പ്രദായവും

ലോക ഭക്ഷ്യസുരക്ഷയ്ക്കുള്ള ഐക്യരാഷ്ട്ര സഭാ സമിതിയുടെ അഭിപ്രായത്തിൽ, എല്ലാ ജനങ്ങൾക്കും, എപ്പോഴും സജീവവും ആരോഗ്യകരവുമായ ജീവിതം നയിക്കുന്നതിനായി അവരുടെ ഭക്ഷണാഭിരുചിയും ആഹാരാവശ്യങ്ങളും നിറവേറ്റത്തക്ക രീതിയിൽ മതിയായതും സുരക്ഷിതവും പോഷക സമ്പുഷ്ടവുമായ ഭക്ഷണം ലഭിക്കുന്നതിന് ഭൗതിക, സാമൂഹിക, സാമ്പത്തിക പ്രാപ്യത ഉണ്ടെങ്കിൽ ഭക്ഷ്യ സുരക്ഷ നിലനിൽക്കുന്നുണ്ട് എന്ന് പറയാം. എല്ലാ വിഭാഗം ജനങ്ങൾക്കും, പ്രത്യേകിച്ച് കുട്ടികൾക്ക്, ആവശ്യമായ അളവിൽ പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തി കൊണ്ട് വിശപ്പ് രഹിത ലോകം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി എല്ലാ തരത്തിലുമുള്ള വിശപ്പും പോഷകാഹാര കുറവും അവസാനിപ്പിക്കാൻ ഐക്യരാഷ്ട്ര സഭ ലക്ഷ്യമിടുന്നു.

2020–ലെ സ്റ്റേറ്റ് ഓഫ് ഫുഡ് സെക്യൂരിറ്റി & ന്യൂട്രീഷൻ ഇൻ വേൾഡ് റിപ്പോർട്ട് അനുസരിച്ച് ലോക ജനസംഖ്യയുടെ 9.7 ശതമാനം (750 ദശലക്ഷത്തിനടുത്ത് ആളുകൾ) 2019 –ൽ കടുത്ത ഭക്ഷ്യ അരക്ഷിതാവസ്ഥക്ക് വിധേയരായി. വടക്കേ അമേരിക്കയും യൂറോപ്പും ഒഴികെയുള്ള ലോകത്തിലെ എല്ലാ പ്രദേശങ്ങളിലും കടുത്ത ഭക്ഷ്യ അരക്ഷിതാവസ്ഥയുടെ വ്യാപനം വർദ്ധിച്ചു. 746 ദശലക്ഷം ആളുകൾ രൂക്ഷമായ ഭക്ഷ്യ അരക്ഷിതാവസ്ഥക്ക് വിധേയരാണെന്നുള്ളത് ആശങ്കാജനകമാണ്. കൂടാതെ ലോകജനസംഖ്യയുടെ 16 ശതമാനം (1.25 ബില്യൺ ആളുകൾ) മിതമായ അളവിൽ ഭക്ഷ്യ അരക്ഷിതാവസ്ഥക്ക് വിധേയരാണ്.

### ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം–2013

സമൂഹത്തിലെ താഴ്ന്ന, ഇടത്തരം വിഭാഗങ്ങളിൽ നിന്നുള്ള ബഹുഭൂരിപക്ഷം ജനങ്ങൾക്കും ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിനായി ഇന്ത്യാ ഗവൺമെന്റ് ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം (എൻ.എഫ്.എസ്.എ) 2013 നടപ്പാക്കി. ജനങ്ങൾക്ക്, ജീവിതചക്ര സമീപനത്തിലൂടെ ഭക്ഷ്യ പോഷകാഹാര സുരക്ഷ കൈവരിക്കുന്നതിനായി ആവശ്യമായ അളവിൽ ഗുണമേന്മയുള്ള ഭക്ഷണം ന്യായമായ വിലയ്ക്ക് എത്തിക്കുക എന്നതാണ് ഈ നിയമം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ നിയമമനുസരിച്ച് കേന്ദ്ര സർക്കാർ അനുശാസിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനം ലക്ഷ്യമിടുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും പദ്ധതികളുടെ നിർവ്വഹണം നടത്തേണ്ടതും മേൽനോട്ടം വഹിക്കേണ്ടതും സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്.

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം– 2013 അനുസരിച്ച് 2016 നവംബർ മാസം 1–ാം തീയതി മുതൽ കേരളത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും അതനുസരിച്ച് പൊതുവിതരണ സമ്പ്രദായം വഴി റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തുകയും ചെയ്തു. എൻ.എഫ്.എസ്.എ യ്ക്കനുസൃതമായി, യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചു. എൻ.എഫ്.എസ്.എ വ്യവസ്ഥയ്ക്കനുസൃതമായി കേരളത്തിൽ നിലവിലുള്ള റേഷൻ കാർഡുകൾ പുതുക്കി. ഭക്ഷ്യ സുരക്ഷാ നിയമത്തിൽ അനുശാസിക്കുന്നതു പോലെ സംസ്ഥാനത്ത് മുൻഗണനാ കാർഡുകളും മുൻഗണനേതര കാർഡുകളും വിതരണം ചെയ്തു. ഗുണഭോക്താക്കളുടെ സംസ്ഥാനടിസ്ഥാനത്തിലുള്ള മുൻഗണനാക്രമവും നടപ്പാക്കി. കേന്ദ്രസർക്കാർ നിർദ്ദേശിച്ച മാനദണ്ഡമനുസരിച്ച് കേരളം എൻ.എഫ്. എസ്.എ 2013 വിജയകരമായി നടപ്പാക്കി.

ഭക്ഷ്യ സുരക്ഷാ നിയമം –2013 നിലവിൽ വന്നതോടെ സംസ്ഥാനത്ത് നിലനിന്നിരുന്ന പൊതുവിതരണ സമ്പ്രദായം സമൂലമായ മാറ്റത്തിന് വിധേയമായി. ഈ നിയമപ്രകാരം കേന്ദ്രസർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും ഉത്തരവാദിത്തങ്ങൾ വ്യക്തമായി നിർവ്വചിക്കപ്പെട്ടു എന്നുള്ളത് ഇതിന്റെ പ്രധാന സവിശേഷതകളിൽ ഒന്നാണ്. ഈ നിയമത്തിന്

കീഴിൽ പൊതുവിതരണ സംവിധാനം പൂർണ്ണമായും കംമ്പ്യൂട്ടർവ്വത്ക്കരിക്കുന്നതിന് ലക്ഷ്യമിടുന്നു. വിതരണ ചോർച്ച കുറയ്ക്കുന്നതിനും, ഗുണഭോക്താക്കളെ കൃത്യമായി തിരിച്ചറിയുന്നതിനും വിതരണത്തിലെ ചെലവ് കുറയ്ക്കുന്നതിനുമാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. അംഗീകൃത ചില്ലറ വ്യാപാര ഡിപ്പോകളിൽ (എ.ആർ.ഡി) ഇലക്ട്രോണിക് പോയിന്റ് ഒഫ് സെയിൽ (ഇ–പോസ് ) നടപ്പിലാക്കൽ, എഫ്.സി.ഐ യിൽ നിന്നും എ.ആർ.ഡി തലം വരെയുള്ള വിതരണ ശൃംഖല നടത്തിപ്പ്, മൊത്ത ചില്ലറ വ്യാപാരങ്ങൾക്ക് ബയോമെട്രിക് ആധികാരികത ഉറപ്പ് വരുത്തൽ, ജിഐഎസ് അടിസ്ഥാനപ്പെടുത്തി തീരുമാന സഹായ സംവിധാനങ്ങൾ ഒരുക്കുക, എന്നിവ വഴി ഫലപ്രദവും, സുതാര്യവും, അഴിമതി രഹിതവുമായ ഒരു പൊതുവിതരണ സമ്പ്രദായം ഉറപ്പാക്കുകയാണ് ഈ നിയമം കൊണ്ട് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ എല്ലാ റേഷൻകാർഡ് വിവരങ്ങളും ഡിജിറ്റലൈസ് ചെയ്തു. കൂടാതെ ഗുണഭോക്താക്കളെ ആധാറുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനം അവസാനഘട്ടത്തിലുമാണ്. ജനങ്ങളുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാൻ കഴിയുന്ന പരാതി പരിഹാര പോർട്ടലും സംസ്ഥാനത്ത് ആരംഭിച്ചു. എ.ആർ.ഡി കളിൽ ഇ–പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രവർത്തി പൂർത്തിയായിട്ടുണ്ട്. കൂടാതെ ഭക്ഷ്യ ധാന്യങ്ങൾ കൊണ്ടു പോകുന്നതിന് ജി.ഐ.എസ് ഘടിപ്പിച്ച വാഹനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 'വൺ നേഷൻ വൺ റേഷൻ കാർഡ്' പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡിന്റെ അന്തർ സംസ്ഥാന പോർട്ടബിലിറ്റി സംസ്ഥാനത്ത് നടപ്പിലാക്കി.

കേരളത്തിൽ പൊതുവിതരണ സമ്പ്രദായം വഴി റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം 'സപ്ലൈകോ'യ്ക്കാണ്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എഫ്.സി.ഐ) വഴിയും കോംപാക്റ്റ് മൾട്ടി റോളർ (സി.എം.ആർ) മില്ലുകൾ വഴിയും സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽ നിന്നും എടുത്ത് ഇടനില ഗോഡൗണുകളിൽ സംഭരിച്ച ശേഷം വിതരണം ചെയ്യുന്നതിനായി ന്യായവില കടകളുടെ വാതിൽപടിയിൽ എത്തിയ്ക്കുന്നത് സപ്ലൈകോ ആണ്. എഫ്.സി.ഐ, സി.എം.ആർ മില്ലുകൾ എന്നിവിടങ്ങളിൽ നിന്നും എടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ സംഭരിച്ച് വയ്ക്കുന്നതിനായി സപ്ലൈകോ സംസ്ഥാനത്തെ 75 താലൂക്കുകളിലും ഇടക്കാല ഗോഡൗണുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2.5 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കാൻ കഴിയുന്ന 15.0 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന 223 ഗോഡൗണുകൾ കൂടി സപ്ലൈകോ വാടകയ്ക്കെടുത്തിട്ടുണ്ട്. എൻ.എഫ്. എസ്.എ പ്രവർത്തനങ്ങളിലേക്ക് മാറിയതിനാൽ നിലവിലുള്ള 11 സബ്ഡിപ്പോകൾ എൻ.എഫ്. എസ്.എ ഗോഡൗണുകളായി പരിവർത്തനം ചെയ്തിട്ടുണ്ട്.

### അവശ്യവസ്തുക്കളുടെ (ഭേദഗതി) നിയമം 2020

കാർഷിക മേഖലയിലെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി റഗുലേറ്ററി സംവിധാനം ഉദാരവത്ക്കരിക്കുക എന്നതാണ് ഈ നിയമത്തിന്റെ ലക്ഷ്യം. ഈ ഭേദഗതിയിലൂടെ 1955 ലെ എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിലെ സെക്ഷൻ 3 യിലെ ഉപവകുപ്പ് ഒന്നിനു ശേഷം ഒരു പുതിയ ഉപവിഭാഗം (1) എ ഉൾപ്പെടുത്തുകയുണ്ടായി. ഇതനുസരിച്ച് ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, ഉരുളകിഴങ്ങ്, ഉള്ളി, ഭക്ഷ്യ എണ്ണ വിത്തുകൾ, എണ്ണകൾ എന്നിവ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ വിതരണം യുദ്ധം. ക്ഷാമം, അസാധാരണമായ വിലക്കയറ്റം, തീവ്രമായ പ്രകൃതി ദുരന്തം തുടങ്ങിയ അസാധാരണമായ സാഹചര്യങ്ങളിൽ മാത്രമേ നിയന്ത്രിക്കാൻ കഴിയൂ. പൊതുവിതരണ സംവിധാനവുമായി ബന്ധപ്പെട്ട ഉത്തരവുകൾ അവശ്യ ചരക്ക് നിയമം 1955 പ്രകാരം സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഉത്തരവുകൾ തുടങ്ങിയ പൊതുവിതരണ സംവിധാനവുമായി ബന്ധപ്പെട്ട ഒരു ഉത്തരവിനും ഉപവിഭാഗം 3(1 എ) ബാധകമല്ല. ഇത് അവശ്യ വസ്തുക്കളുടെ പൂഴ്ത്തി വയ്പിനും കരിഞ്ചന്തയ്ക്കും കാരണമാകും.

### വിശപ്പ് രഹിത കേരളം

ദരിദ്രർക്ക് ഒരു ദിവസം ഒരു നേരമെങ്കിലും സൗജന്യമായി ഭക്ഷണം നല്കുന്നതിനായി 'വിശപ്പ് രഹിത കേരളം' പദ്ധതിയുടെ കീഴിൽ 'സുഭിക്ഷ' എന്ന പുതിയ പദ്ധതി സംസ്ഥാന സർക്കാർ ആരംഭിച്ചു. ആലപ്പുഴ മുൻസിപ്പാലിറ്റിയിൽ പദ്ധതി നടപ്പാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിൽ കിടപ്പിലായ 130 രോഗികൾക്ക് അവരുടെ പടിവാതുക്കൽ സൗജന്യ ഭക്ഷണം നൽകി. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ജില്ലയിൽ 'സുഭിക്ഷ' ഹോട്ടലുകൾ ആരംഭിച്ചു. ഈ പദ്ധതിയുടെ ആദ്യഘട്ടമായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഒരു കമ്മറ്റി രൂപീകരിച്ചു. കിടക്ക രോഗികൾക്കും ആശ്രിതർക്കും അവരുടെ പടിവാതുക്കൽ ഐ.സി.ഡി.എസ്, പാലിയേറ്റീവ് കെയർ സെന്റർ, സന്നദ്ധ സംഘടനകൾ, ആശാവർക്കർ എന്നിവരുടെ സഹായത്തോടെ ഭക്ഷണ വിതരണം സാധ്യമാക്കുകയായിരുന്നു ഈ കമ്മറ്റിയുടെ ദൗത്യം. കമ്മറ്റിയുടെ അംഗീകാരത്തോടു കൂടി സർക്കാർ തീരുമാന പ്രകാരം ഭക്ഷണത്തിന് 25 രൂപയും കൈകാര്യം ചെയ്യൽ ചിലവിനായി 5 രൂപയും ന്യായമായ ഗതാഗതനിരക്കും ഭക്ഷ്യവിതരണ ഏജൻസിക്ക് നൽകി. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ആലപ്പുഴ, തൃശ്ശൂർ, കോട്ടയം ജില്ലകളിൽ സുഭിക്ഷ റസ്റ്റോറന്റുകൾ ആരംഭിച്ചു. ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാരുടെ മേൽനോട്ടത്തിലാണ് റസ്റ്റോറന്റുകൾ പ്രവർത്തിക്കുന്നത്. കുടുംബശ്രീ, വോളണ്ടറി

ഓർഗനൈസേഷനുകൾ, സഹകരണ സംഘങ്ങൾ എന്നിവ സുഭിക്ഷയിൽ ഉച്ചഭക്ഷണം പാകം ചെയ്യാനും വിതരണം ചെയ്യാനുമുള്ള കരാറിൽ ഏർപ്പെട്ടു. ഒരു ഊണിന് 20 രൂപയാണ് ചെലവ്. പാചകത്തിനും വിതരണത്തിനുമായി സർക്കാർ 5 രൂപാ വീതം സബ്സിഡിയായി നൽകുന്നു. ഒരു ദിവസം ശരാശരി 500 മുതൽ 1,500 വരെ ആളുകൾ ഈ സൗകര്യം ഉപയോഗിക്കുന്നു. വരും വർഷങ്ങളിൽ ഈ പദ്ധതി കേരളം മുഴുവൻ വ്യാപിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## റേഷൻ കാർഡുകളുടെ വിതരണം

1965 മുതൽ കേരള സർക്കാർ സംസ്ഥാനത്ത് പൊതു വിതരണ സമ്പ്രദായം നടപ്പാക്കിയിരുന്നു. കേന്ദ്രത്തിൽ നിന്നും അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ കൃത്യ സമയത്ത് എടുത്ത് 14,034 റേഷൻ കടകൾ വഴി കാര്യക്ഷമമായി വിതണം ചെയ്യുക എന്നത് പൊതു വിതരണ സമ്പ്രദായത്തിന്റെ പ്രധാന ചുമതലയാണ്. എൻ.എഫ്.എസ്.എ 2013 നിലവിൽ വരുന്നതിനുമുൻപേ തന്നെ സാർവത്രിക റേഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിൽ കേരളം മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്.

കേരളത്തിലെ റേഷൻ കാർഡുകളുടെ എണ്ണം 2019–20 ലെ 87.1 ലക്ഷത്തിൽ നിന്നും 2020–21 ൽ (2020 ആഗസ്റ്റ് മാസം വരെ) 87.9 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ എൻ.എഫ്.എസ്.എ കാർഡുകളുടെ എണ്ണം 37.2 ലക്ഷവും എൻ.എഫ്.എസ്.എ ഇതര കാർഡുകളുടെ എണ്ണം 50.7 ലക്ഷവും ആണ്. എൻ.എഫ്.എസ്.എ വിഭാഗത്തിൽ 5.6 ലക്ഷം അന്ത്യോദയ അന്നയോജന കാർഡുകളും 31.6 ലക്ഷം മുൻഗണനാ കാർഡുകളുമാണ്. എൻ.എഫ്.എസ്.എ ഇതര കാർഡുകളിൽ 24.7 ലക്ഷം മുൻഗണനാ സബ്സിഡി വിഭാഗവും 26.0 ലക്ഷം മുൻഗണനേതര സബ്സിഡി ഇതര വിഭാഗത്തിലുമാണ്. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലായതോടെ കേരളത്തിൽ നാല് നിറങ്ങളിലുള്ള നാല് തരം റേഷൻ കാർഡുകൾ നിലവിൽ വന്നു. എ.എ.വൈ കാർഡുകൾ മഞ്ഞ നിറത്തിലും, മുൻഗണനാ കാർഡുകൾ പിങ്ക് നിറത്തിലും മുൻഗണനേതര സബ്സിഡി കാർഡുകൾ നീലനിറത്തിലും, മുൻഗണനേതര സബ്സിഡി ഇതര കാർഡുകൾ വെള്ള നിറത്തിലുമാണ്. (**ചിത്രം 3.8.1**). ഇത് കൂടാതെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനായി 816 റേഷൻ പെർമിറ്റുകളും 2019–20 –ൽ നൽകിയിട്ടുണ്ട്.

കേരളത്തിൽ എൻ.എഫ്.എസ്.എ വിഭാഗത്തിൽ 1.5 കോടി ഗുണഭോക്താക്കളാണുള്ളത്. എൻ.എഫ്.എസ്.എ ഇതര വിഭാഗത്തിൽ 2.0 കോടി ഗുണഭോക്താക്കളും ഉണ്ട്. കേരളത്തിലെ റേഷൻ കാർഡുടമകളുടെ എണ്ണവും ഓരോ വിഭാഗത്തിനും ലഭിക്കുന്ന ഭക്ഷ്യ ധാന്യത്തിന്റെ അളവും **പട്ടിക 3.8.1**–ൽ നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിവിധ കാർഡുടമകൾക്കായി ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് 2019–20 –ൽ ചെലവാക്കിയ സബ്സിഡി തുക സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.8.1**–ൽ നൽകിയിട്ടുണ്ട്.

## വിവിധ വിഭാഗം കാർഡുടമകൾക്ക് കേരള സർക്കാർ ചെലവഴിച്ച സബ്സിഡി

സംസ്ഥാന സർക്കാർ 2019–20 –ൽ വിവിധ കാർഡുടമകൾക്കായി 200.00 കോടി രൂപ സബ്സിഡി യായി ചെലവഴിച്ചു. 2018–19 –ൽ ഇത് 327.2 കോടി രൂപയായിരുന്നു. കൂടുതൽ വിവരങ്ങൾ **പട്ടിക 3.8.2** –ൽ നൽകിയിട്ടുണ്ട്. മൊത്തം

**ചിത്രം 3.8.1** വിവിധ വിഭാഗം കാർഡുടമകൾ 2020 ആഗസ്റ്റ് മാസം വരെ, ശതമാനത്തിൽ




അവലംബം സിവിൽ സപ്ലൈസ് വകുപ്പ്

**പട്ടിക 3.8.1** എൻ.എഫ്.എസ്.എ യുടെ കീഴിൽ വിഭാഗം തിരിച്ച് വിതരണം ചെയ്ത ഭക്ഷ്യ ധാന്യങ്ങൾ (2020 ആഗസ്റ്റ് പ്രകാരം)

| ക്രമ നമ്പർ | വിഭാഗം | റേഷൻ കാർഡിന്റെ എണ്ണം | അരി | ഗോതമ്പ് | ആട്ട |
|---|---|---|---|---|---|
| 1 | എ എ വൈ | 5,57,303 | 30 കിലോഗ്രാം/ മാസം, സൗജന്യം നിരക്കിൽ | 5 കിലോഗ്രാം/ മാസം, സൗജന്യം നിരക്കിൽ | |
| 2 | മുൻഗണന | 31,64,161 | 4 കിലോഗ്രാം/ അംഗം/ മാസം, കിലോഗ്രാമിന് 2 രൂപ നിരക്കിൽ | 1 കിലോഗ്രാം/ അംഗം/ മാസം, കിലോഗ്രാമിന് 2 രൂപ നിരക്കിൽ | |
| 3 | മുൻഗണനേതര (സബ്സിഡി) | 24,68,520 | 2 കിലോഗ്രാം/ അംഗം/ മാസം, കിലോഗ്രാമിന് 4 രൂപ നിരക്കിൽ | | 2-3 കിലോഗ്രാം/ മാസം, കി-ലോഗ്രാമിന് 17 രൂപ നിരക്കിൽ |
| 4 | മുൻഗണനേതര (നോൺ സബ്സിഡി) | 25,97,858 | കിലോഗ്രാമിന് 10.90 രൂപ നിരക്കിൽ ലഭ്യതയ്ക്കനുസരിച്ച്. | | 2-3 കിലോഗ്രാം/ മാസം, കിലോഗ്രാം 17 രൂപ നിരക്കിൽ |
| 5 | അന്നപൂർണ്ണ | 1,088 | 10 കിലോഗ്രാം/ മാസം, സൗജന്യം നിരക്കിൽ | | |

*അവലംബം: സിവിൽ സപ്ലൈസ് വകുപ്പ്*

**പട്ടിക 3.8.2** വിവിധ വിഭാഗം കാർഡ് ഉടമകൾക്ക് സംസ്ഥാന സർക്കാർ ചെലവഴിച്ച സബ്സിഡി, രൂപ ലക്ഷത്തിൽ

| ക്രമ നമ്പർ | വിഭാഗം | തുക (ലക്ഷത്തിൽ) | | ശതമാനം | | മുൻ വർഷത്തെ അപേക്ഷിച്ച് 2018-19 ലെ മാറ്റം (ശതമാനത്തിൽ) |
|---|---|---|---|---|---|---|
| | | 2018-19 | 2019-20 | 2018-19 | 2019-20 | |
| 1 | അന്നപൂർണ്ണ | 19.4 | 0.0 | 0.1 | 0.00 | 100.0 |
| 2 | എ.എ.വൈ | 7131.9 | 6,336.3 | 21.8 | 31.7 | -11.2 |
| 3 | മുൻഗണന | 11417.3 | 5,538.2 | 34.9 | 27.7 | -51.5 |
| 4 | മുൻഗണനേതരം | 14149.2 | 8,128.0 | 43.2 | 40.6 | -42.6 |
| | ആകെ | 32717.8 | 20,002.5 | 100.0 | 100.0 | -38.9 |

*അവലംബം: സിവിൽ സപ്ലൈസ് വകുപ്പ്*

സബ്സിഡിയുടെ 27.7 ശതമാനം മുൻഗണന കാർഡുടമകൾക്കും 40.6 ശതമാനം മുൻഗണനേതര കാർഡുകൾക്കുമാണ് ചെലവഴിച്ചത്. 2019-20 -ൽ എ.എ.വൈ കാർഡുടമകൾക്ക് നൽകിയ സബ്സിഡി തുകയിൽ മുൻവർഷത്തെ അപേക്ഷിച്ച് 11.2 ശതമാനം കുറവുണ്ടായി. മുൻഗണന, മുൻഗണനേതര വിഭാഗങ്ങൾക്കുള്ള സബ്സിഡി തുകയിൽ യഥാക്രമം 51.5 ശതമാനവും 42.6 ശതമാനവും കുറവുണ്ടായിട്ടുണ്ട്. **(പട്ടിക 3.8.2, അനുബന്ധം 3.8.1)**

## ഭക്ഷ്യധാന്യങ്ങളുടെ വിഹിതം

സംസ്ഥാനത്തെ പൊതു വിതരണ സംവിധാനം വഴി 2018-19 ൽ വിതരണം ചെയ്ത അരിയുടെ അളവ് 10,59,392 മെട്രിക് ടൺ ആയിരുന്നത് 2019-20 -ൽ 4.5 ശതമാനം ഇടിവ് രേഖപ്പെടുത്തി 10,11,556 മെട്രിക് ടണ്ണായി കുറഞ്ഞു. 2019-20 -ൽ 1,86,353 മെട്രിക് ടൺ ഗോതമ്പും 75,000 കിലോലിറ്റർ മണ്ണെണ്ണയും 6430 മെട്രിക് ടൺ പഞ്ചസാരയും പൊതുവിതരണസംവിധാനം വഴി സംസ്ഥാനത്ത് വിതരണം ചെയ്തു. 2018-19 -ൽ ഇത് 1,82,239 മെട്രിക് ടൺ ഗോതമ്പും 52,045 കിലോലിറ്റർ മണ്ണെണ്ണയും, 8,041 ടൺ പഞ്ചസാരയുമായിരുന്നു. 2018-19 -ൽ ഗോതമ്പിന്റെ വിതരണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 2.5 ശതമാനം വർദ്ധനവും, മണ്ണെണ്ണയുടെ വിതരണത്തിൽ 44.1 ശതമാനം വർദ്ധനവും രേഖപ്പെടുത്തി. എന്നാൽ പഞ്ചസാരയുടെ വിതരണത്തിൽ 20 ശതമാനം കുറവുമുണ്ടായി.

2020-21 -ൽ (ഓഗസ്റ്റ് 2020 മാസം വരെ) 9,17,800 മെട്രിക് ടൺ അരിയും, 86,651 മെട്രിക് ടൺ ഗോതമ്പും, 27,718 കിലോ ലിറ്റർ മണ്ണെണ്ണയും, 3,915 മെട്രിക് ടൺ പഞ്ചസാരയും സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്തിട്ടുണ്ട്. പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്ത സാധനങ്ങളുടെ വിശദാംശം **അനുബന്ധം 3.8.2** -ൽ കൊടുത്തിരിക്കുന്നു.

## അന്ത്യോദയ അന്നയോജനയും (എ.എ.വൈ) അന്നപൂർണ്ണ പദ്ധതിയും (എ എൻ പി)

എൻ.എഫ്.എസ്.എ യുടെ കീഴിൽ അന്ത്യോദയ അന്നയോജന പദ്ധതിയുടെ ഭാഗമായി പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ കുടുംബങ്ങൾക്ക് പ്രതിമാസം 30 കിലോ അരിയും 5 കിലോ ഗോതമ്പും സൗജന്യമായി നൽകുന്നു. 2019–20 ൽ 5.9 ലക്ഷം അന്ത്യോദയ അന്നയോജന കാർഡുടമകളാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നത് (2020 മാർച്ച് വരെ). 2019–20 ൽ 2.1 ലക്ഷം മെട്രിക് ടൺ അരി എ.എ.വൈ കാർഡുടമകൾക്ക് വിതരണം ചെയ്തു. കേന്ദ്രസർക്കാർ കിലോഗ്രാമിന് മൂന്നു രൂപ നിരക്കിലാണ് എ.എ.വൈ പദ്ധതിയിൽ അരി അനുവദിക്കുന്നത്. എങ്കിലും സംസ്ഥാനസർക്കാർ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. (**അനുബന്ധം 3.8.1, 3.8.3**)

സർക്കാരിൽ നിന്നും ഒരു പെൻഷനും ലഭിക്കാത്ത 65 വയസ്സും അതിൽ കൂടുതലും ഉള്ള നിരാലംബരായ ആളുകൾക്ക് അന്നപൂർണ്ണ പദ്ധതി പ്രകാരം പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകുന്നു. കേന്ദ്ര സർക്കാർ അംഗീകരിച്ച് ലക്ഷ്യമിട്ട ഗുണഭോക്താക്കളുടെ എണ്ണം 44,980 ആണ്. എന്നാൽ സംസ്ഥാനത്ത് തിരിച്ചറിഞ്ഞ ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞുവരികയാണ്. 2015–16–ൽ ഇത് 23,322 ആയിരുന്നത് 2019–20 ആയപ്പോഴേക്കും 5,726 ആയി കുറഞ്ഞു. അന്ത്യോദയ അന്നയോജന, അന്നപൂർണ്ണ പദ്ധതികൾ വഴി 2019–20–ൽ വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങൾ അനുബന്ധം 3.8.3 ലും, 2020 ആഗസ്റ്റ് മാസം 31 വരെ വിതരണം ചെയ്ത ഭക്ഷ്യ ധാന്യങ്ങളുടെ വിവരങ്ങൾ **അനുബന്ധം 3.8.4** ലും നൽകിയിട്ടുണ്ട്.

## പഞ്ചസാരയുടെയും മണ്ണെണ്ണയുടേയും കേന്ദ്രവിഹിതം

പൊതുവിതരണസമ്പ്രദായം വഴിയുള്ള പഞ്ചസാര വിതരണം 2017 മാർച്ച് മാസം ഒന്നാം തീയതി മുതൽ കേന്ദ്രസർക്കാർ നിർത്തലാക്കിയിരുന്നു. എന്നാൽ 2018–19 മുതൽ അന്ത്യോദയ അന്നയോജന ഗുണഭോക്താക്കൾക്ക് കിലോഗ്രാമിന് 21 രൂപയ്ക്ക് കാർഡ് ഒന്നിന് ഒരു കിലോഗ്രാം വീതം പഞ്ചസാര നൽകി വരുന്നു. 2019–20–ൽ 6430 മെട്രിക് ടൺ പഞ്ചസാര സംസ്ഥാനത്ത് പിഡിഎസ് വഴി വിതരണം ചെയ്തു. മുൻ വർഷം ഇത് 8041 മെട്രിക് ടൺ ആയിരുന്നു. 20 ശതമാനം കുറവ് 2019–20 ൽ ഉണ്ടായി. 2020–21–ൽ ആഗസ്റ്റ് മാസം വരെ 3,915 മെട്രിക് ടൺ പഞ്ചസാര പിഡിഎസ് വഴി സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം ഏറ്റക്കുറച്ചിലോടെ തുടർന്ന് വരികയാണ്. മണ്ണെണ്ണയുടെ കേന്ദ്രവിഹിതം 2018–19 –ൽ 52,045 കിലോലിറ്റർ ആയിരുന്നത് 2019–20 ആയപ്പോഴേക്കും 75,000 കിലോലിറ്ററായി വർദ്ധിച്ചു. 2020–21 –ൽ (ഓഗസ്റ്റ് 31, 2020 വരെ) സംസ്ഥാനത്ത് 27,717 കിലോലിറ്റർ മണ്ണെണ്ണ പിഡിഎസ് വഴി വിതരണം ചെയ്തു.

## ഭക്ഷ്യധാന്യങ്ങളുടെ ജില്ലാതല വിതരണം

2019–20 –ൽ 21,915.1 മെട്രിക് ടൺ അരി എ.ഐ.വൈ വിഭാഗത്തിന് വിതരണത്തിനായി ഏറ്റെടുത്തുകൊണ്ട് തിരുവനന്തപുരം ജില്ല മുന്നിൽ നിൽക്കുന്നു. തൊട്ടുപുറകിൽ 18,846 മെട്രിക് ടൺ അരി ഏറ്റെടുത്ത മലപ്പുറം ജില്ലയാണ്. എന്നാൽ 2018–19 –ൽ മുൻഗണന വിഭാഗത്തിനുള്ള അരി ഏറ്റവും കൂടുതൽ വിതരണത്തിനായി ഏറ്റെടുത്തത് മലപ്പുറം ജില്ല ആയിരുന്നു (85,688 മെട്രിക് ടൺ). ആകെ 64,491 മെട്രിക് ടൺ അരി ഏറ്റെടുത്ത തിരുവനന്തപുരം ജില്ല തൊട്ടുപുറകിൽ നിൽക്കുന്നു. 2019–20 –ൽ മുൻഗണനാ വിഭാഗത്തിൽ ഏറ്റവും കൂടുതൽ ഗോതമ്പ് വിതരണത്തിനായി ഏറ്റെടുത്തതും (22,245 മെട്രിക് ടൺ) മലപ്പുറം ജില്ല ആയിരുന്നു. ആകെ 16,141 മെട്രിക് ടൺ ഗോതമ്പ് വിതരണത്തിനായി ഏറ്റെടുത്ത തിരുവനന്തപുരം ജില്ല രണ്ടാം സ്ഥാനത്തായിരുന്നു. കൂടുതൽ വിവരങ്ങൾക്ക് **അനുബന്ധം 3.8.5** മുതൽ **3.8.6** വരെ കാണുക.

## കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ)

1974 –ൽ സ്ഥാപിതമായ സപ്ലൈകോ എന്ന പേരിൽ അറിയപ്പെടുന്ന കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ്. റേഷൻ കടകളിലൂടെയുള്ള പൊതുവിതരണ സമ്പ്രദായത്തിന് പുറമെ പിഡിഎസ് ന്റെ രണ്ടാം നിരയായ സപ്ലൈകോ–യിലൂടെ വിപണി ഇടപെടൽ സംസ്ഥാനം ഉറപ്പാക്കുന്നു. സംസ്ഥാനത്തെ ന്യായവില ഷോപ്പുകൾ വഴിയും സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴിയും വിപണി വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് അവശ്യസാധനങ്ങളുടെ വിതരണം ഈ സംവിധാനം ഉറപ്പാക്കുന്നു. 13 അവശ്യ സാധനങ്ങൾക്ക് സബ്സിഡി നൽകി കൊണ്ട് അവയുടെ വിലകൾ സപ്ലൈകോ നിയന്ത്രിക്കുന്നു. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സപ്ലൈകോയ്ക്ക് 5 പ്രാദേശിക ഓഫീസുകളും 56 ഡിപ്പോകളും ഏകദേശം 1,200 ചില്ലറവിൽപ്പന ശാലകളും ഉണ്ട്. 2014–15 മുതൽ 2019–20 വരെ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച ഔട്ട് ലെറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.8.10** കൊടുത്തിരിക്കുന്നു. ഏറ്റവും വേഗത്തിൽ വിറ്റഴിക്കപ്പെടുന്ന 6,000 –ൽ അധികം ഉപഭോക്തൃ സാധനങ്ങൾ പരമാവധി വിൽപ്പന വിലയിൽ നിന്നും 5

**ബോക്സ് 3.8.1** കോവിഡ്–19 അതിജീവനവുമായി ബന്ധപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ

കോവിഡ്–19 നെ തുടർന്ന് രാജ്യവ്യാപകമായി ലോക്ഡൗൺ ഏർപ്പെടുത്തിയത് ദേശീയ സംസ്ഥാന സമ്പദ് വ്യവസ്ഥയെ നിശ്ചലമാക്കി. ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ അവശ്യ വസ്തുക്കൾക്കും മറ്റു സാധനങ്ങൾക്കുമായി കേരളം മറ്റു സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. കോവിഡ് 19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ, സമൂഹത്തിന് ആശ്വാസം നൽകുന്നതിനായി വിവിധ നടപടികൾ നടപ്പിലാക്കുന്നതിലും അവശ്യ വസ്തുക്കൾ ലഭ്യമാകാത്ത അവസ്ഥ ആർക്കും ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനും സിവിൽ സപ്ലൈസ് വകുപ്പ് മുൻപന്തിയിൽ നിന്ന് പ്രവർത്തിക്കുന്നു.

2020 ഏപ്രിൽ മാസം എൻ പി എസ്/ എൻ പി എൻ എസ് വിഭാഗത്തിൽപ്പെട്ട എല്ലാ കുടുംബാംഗങ്ങൾക്കും 15 കിലോഗ്രാം അരി വീതം സൗജന്യമായി നൽകി. ലോക്ഡൗൺ കാലയളവിൽ ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉറപ്പു വരുത്തുന്നതിനായി സംസ്ഥാനത്ത് 87.9 ലക്ഷം കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ 972 രൂപ വിലവരുന്ന അവശ്യസാധനങ്ങളടങ്ങിയ കിറ്റ് സൗജന്യമായി നൽകി. പാചക എണ്ണ, പഞ്ചസാര, പയർവർഗ്ഗങ്ങൾ, ധാന്യങ്ങൾ, സോപ്പ് തുടങ്ങിയ 17 ഇനം അവശ്യസാധനങ്ങൾ 'അതിജീവനകിറ്റ്' എന്ന പേരിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്തു. കോവിഡ് കിറ്റിന്റെ ജില്ല തിരിച്ചുള്ള വിതരണത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.8.7** –ൽ കൊടുത്തിരിക്കുന്നു. ഇതിനു പുറമേ എ എ വൈ, പി എച്ച് എച്ച്, എൻ പി എസ്, എൻ പി എൻ എസ് തുടങ്ങി എല്ലാ വിഭാഗത്തിലുമുള്ള കുടുംബങ്ങൾക്കും 300 കോടി രൂപയുടെ സൗജന്യ റേഷൻ വിതരണം ചെയ്തു.

കോവിഡ്–19 മഹാമാരിക്കിടയിലും സംസ്ഥാനം അസാധാരണമായ നടപടികൾ കൈക്കൊള്ളുകയും 11 ഇന പലചരക്ക് സാധനങ്ങൾ ഉൾക്കൊള്ളുന്ന ഓണം കിറ്റുകൾ റേഷൻ കാർഡ് ഉടമകൾക്ക് റേഷൻ കട വഴി വിതരണം ചെയ്യുകയും ചെയ്തു. 83,711,76 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ഇതുകൂടാതെ ആഗസ്റ്റ് മാസം മുൻഗണന ഇല്ലാത്ത വിഭാഗങ്ങൾക്ക് കിലോഗ്രാമിന് 15 രൂപ നിരക്കിൽ 10 കിലോ അരി വീതം കാർഡൊന്നിന് നൽകുകയുണ്ടായി. ഇതിനൊപ്പം അരിയും മറ്റ് അവശ്യ വസ്തുക്കളും സപ്ലൈകോ, കൺസ്യൂമർ ഫെഡ്, ഹോർട്ടി കോർപ്പ് എന്നിവ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. ഓണം കിറ്റിന്റെ ജില്ല തിരിച്ചുള്ള ഗുണഭോക്തൃ പട്ടിക **അനുബന്ധം 3.8.8** –ൽ കൊടുത്തിരിക്കുന്നു.

കോവിഡ് 19 മഹാമാരി മൂലമുണ്ടായ ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും 8 ഇനം അവശ്യസാധനങ്ങൾ അടങ്ങുന്ന കിറ്റ് സൗജന്യമായി വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചു. 2020 സെപ്റ്റംബർ മുതൽ ഡിസംബർ വരെ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ഇത് വിതരണം ചെയ്തു. യോഗ്യതയുള്ള ഗുണഭോക്താക്കൾക്ക് പി ഡി എസ്സ് ഷോപ്പുകൾ വഴി വിതരണം ചെയ്യുന്ന സൗജന്യ റേഷനു പുറമേയാണിത്.

ഒരു വ്യക്തിക്ക് 5 കിലോ അരി അഥവാ 4 കിലോ ഗോതമ്പ് എന്ന അളവിൽ അതിഥി തൊഴിലാളികൾക്കും സൗജന്യമായി വിതരണം ചെയ്തു. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെയും സംസ്ഥാന പൊതു വിതരണ സംവിധാനത്തിന്റെയും പരിധിയിൽ വരാത്ത തൊഴിലാളികൾക്കു മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. കേന്ദ്രഗവൺമെന്റിന്റെ 'ആത്മ നിർഭർ ഭാരത് ', പി എം കെയേഴ്സ് ഫണ്ട് തുങ്ങിയവയുടെ ഭാഗമായി രജിസ്റ്റർ ചെയ്ത കുടിയേറ്റ തൊഴിലാളികൾക്ക് 5 കിലോ വെള്ള അരിയും 1 കിലോ കറുത്ത ചിക്ക് പീസും രണ്ടു മാസത്തേക്ക് നൽകുകയുണ്ടായി.

ഇതിനു പുറമേ, ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രൈമറി സ്കൂൾ വരെയുള്ള വിദ്യാർത്ഥികൾക്ക് അരികിറ്റും പലചരക്ക് സാധനങ്ങളും നൽകി. സംസ്ഥാനത്തൊട്ടാകെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 26,26,110 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ഇതിനായി ഏകദേശം 81.37 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു, അരി, ആട്ട തുടങ്ങിയവ ഉൾപ്പെടെ 10 പലചരക്ക് സാധനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകി. ഓരോ പ്രീപ്രൈമറി വിദ്യാർത്ഥിക്കും 1.2 കിലോ അരിയും പ്രൈമറി വിദ്യാർത്ഥികൾക്ക് 4 കിലോ അരിയും, അപ്പർപ്രൈമറി വിദ്യാർത്ഥികൾക്ക് 6 കിലോ അരിയും നൽകുകയുണ്ടായി.

മഹാമാരിയും ട്രോളിംഗ് നിരോധനവും മൂലം ബുദ്ധിമുട്ടിലായ മത്സ്യതൊഴിലാളി വിഭാഗത്തിനും കിറ്റുകൾ നൽകി. ഒക്ടോബർ 16, 2020 വരെ മത്സ്യ തൊഴിലാളി കുടുംബത്തിന് വിതരണം ചെയ്ത കിറ്റിനെ സംബന്ധിച്ച വിവരം **അനുബന്ധം 3.8.9** –ൽ കൊടുത്തിരിക്കുന്നു.

*അവലംബം: സിവിൽ സപ്ലൈസ് വകുപ്പ്*

ശതമാനം മുതൽ 30 ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് (ശരാശരി 10 ശതമാനം) സപ്ലൈകോ, ന്യായവില ഷോപ്പുകൾ വഴി ചില്ലറ വിൽപനയ്ക്ക് എത്തിക്കുന്നു. ഉത്സവ സീസണുകളിൽ അനിയന്ത്രിതമായ വിലക്കയറ്റം തടയുന്നതിനായി പ്രത്യേക മേളകൾ സംഘടിപ്പിക്കുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള 95 ന്യായവിലമെഡിക്കൽ സ്റ്റോറുകളിലൂടെയും 5 മൊത്ത വ്യാപാര സ്റ്റോറുകളിലൂടെയും മരുന്നുകൾ വിതരണം ചെയ്യുന്നതുവഴി ഉപഭോക്താക്കൾക്ക് 15 ശതമാനം വിലക്കിഴിവ് ലഭിക്കുന്നു. നെല്ല് സംഭരണം, ഗോതമ്പും അതിന്റെ ഉത്പന്നങ്ങളുടെയും സംസ്കരണവും വിതരണവും, മണ്ണെണ്ണ, പെട്രോൾ, ഡീസൽ, എൽപി. ജി തുടങ്ങിയ പെട്രോളിയം ഉൽപന്നങ്ങളുടെ ഡീലറായി പ്രവർത്തിക്കൽ, കേന്ദ്ര സർക്കാർ പദ്ധതികളുടെ ഭാഗമായ മൈക്രോബയോളജി ലാബ്, ഭക്ഷ്യ സംസ്കരണ യൂണിറ്റ് തുടങ്ങിയവയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസി, എന്നിവയാണ് സപ്ലൈകോയുടെ മറ്റു പ്രധാന പ്രവർത്തനങ്ങൾ. 2019-20 ൽ 3 മാവേലി സ്റ്റോറുകളും, 5 സൂപ്പർ മാർക്കറ്റുകളും, 14 മാവേലി സൂപ്പർസ്റ്റോറുകളും സപ്ലൈകോ പുതുതായി ആരംഭിച്ചു. (**അനുബന്ധം 3.8.10**).

പൊതുവിതരണ സമ്പ്രദായം വഴി വിതരണം നടത്തുന്നതിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണത്തിലൂടെ സംസ്ഥാനത്തെ റേഷൻ കടകളിൽ എത്തിക്കുന്നതിനുള്ള ചുമതല സപ്ലൈകോയ്ക്കാണ്. കൂടാതെ എഫ്. സി.ഐ ഡിപ്പോകളിൽ നിന്നും/സി.എം.ആർ ഗോഡൗണിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച സൂക്ഷിക്കുന്നതിനായി സപ്ലൈകോ 75 താലൂക്കുകളിൽ എൻ.എഫ്.എസ്.എ ഇടനില ഗോഡൗണുകൾ ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യ ധാന്യങ്ങൾ അർഹരായ ഗുണഭോക്താക്കളിൽ എത്തിക്കുന്നു എന്നും മറ്റെങ്ങും വഴി തിരിച്ചു വിടുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനുമായി സംസ്ഥാനത്തെ എല്ലാ ന്യായവില ഷോപ്പുകളിലും ഇ-പോസ് മെഷീനുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഈ മഹാമാരി കാലത്ത് സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് സർക്കാർ ഉപജീവന കിറ്റുകൾ നൽകുകയുണ്ടായി. ഇതിന്റെ നിർവ്വഹണ ഏജൻസി സപ്ലൈകോ ആണ്. കേരളത്തിലുടനീളം തെരഞ്ഞെടുക്കപ്പെട്ട ഔട്ട് ലെറ്റുകളിലൂടെ ഗാർഹിക ഉപകരണങ്ങളുടെ വിൽപനയും സപ്ലൈകോ ആരംഭിച്ചു.

## ഉച്ചഭക്ഷണ പരിപാടി

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക സഹായത്തോടെയാണ് സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി നടപ്പാക്കുന്നത്. പ്രൈമറി സ്കൂളിൽ പോകുന്ന കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കി കൊണ്ട് സ്കൂൾ പ്രവേശനം, സ്ഥിരം ഹാജരാകൽ, പഠനം തുടരൽ എന്നിവ പ്രോത്സാഹിപ്പിച്ചുകൊണ്ട് പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനായി കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം 1995-ൽ ആരംഭിച്ച പദ്ധതിയാണിത്.

സംസ്ഥാനത്തെ ഉച്ചഭക്ഷണ പരിപാടിക്ക് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ചുമതല സപ്ലൈകോയ്ക്കാണ്. ഇതിനാവശ്യമായ അരി എഫ്. സി.ഐ യിൽ നിന്നാണ് ലഭിക്കുന്നത്. 2019-20 -ൽ 26.3 ലക്ഷം വിദ്യാർത്ഥികൾക്കായി 4.8 ലക്ഷം ക്വിന്റൽ അരിയും 1.3 ലക്ഷം ക്വിന്റൽ പ്രത്യേക അരിയും കോർപ്പറേഷൻ വിതരണം ചെയ്തു. 2018-19 -ൽ 5 ലക്ഷം ക്വിന്റൽ അരിയും 2.7 ലക്ഷം പ്രത്യേക അരിയുമാണ് വിതരണം ചെയ്തിരുന്നത്. സംസ്ഥാനത്ത് ഉച്ചഭക്ഷണ പരിപാടിയുടെ ഭാഗമായി വിതരണം

**ചിത്രം 3.8.2** ഉച്ചഭക്ഷണ പരിപാടി 2014-15 മുതൽ 2019-20 വരെ




*അവലംബം: സപ്ലൈകോ*

ചെയ്ത മൊത്തം ഭക്ഷ്യധാന്യങ്ങളുടെ അളവ് 2018–19 –ലെ 7.7 ലക്ഷം ക്വിന്റൽ നിന്നും 2019–20 ൽ 6.1 ലക്ഷം ക്വിന്റലായി കുറയുകയും പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം 26.6 ലക്ഷത്തിൽ നിന്നും 26.3 ലക്ഷമായി കുറയുകയും ചെയ്തു.

സംസ്ഥാനത്ത് ഉച്ചഭക്ഷണം പരിപാടിയിലൂടെ പ്രയോജനം ലഭിച്ച കുട്ടികളുടെ വിവരങ്ങൾ **ചിത്രം 3.8.2** ലും വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ കൂടുതൽ വിവരങ്ങൾ (2014–15 മുതൽ 2019–20 വരെ) **അനുബന്ധം 3.8.11** ലും നൽകിയിട്ടുണ്ട്.

അദ്ധ്യായം

# 04

# ഉൽപന്ന നിർമ്മാണ മേഖല

അദ്ധ്യായം

# 04

# ഉൽപന്ന നിർമ്മാണ മേഖല

## 4.1 കേരളത്തിന്റെ വ്യാവസായിക മേഖല

ആഭ്യന്തര ഉൽപാദനം, കയറ്റുമതി, തൊഴിൽ വളർച്ച എന്നിവയ്ക്ക് സമ്പദ്‌വ്യവസ്ഥ നിർണായകമാണ് ശക്തവും വൈവിധ്യപൂർണ്ണവുമായ ഉൽപാദന മേഖല. മൊത്ത ആഭ്യന്തര ഉൽപാദനത്തിൽ (ജിഡിപി) ഉൽപാദനത്തിന്റെ വിഹിതം വർദ്ധിക്കുന്നത് ആധുനിക സാമ്പത്തിക വളർച്ചയുടെ പ്രധാന സവിശേഷതയാണ്.

കേരളത്തിലെ മാനുഫാക്ചറിംഗ് മേഖല താരതമ്യേന ചെറുതാണ്. കേരളത്തിന്റെ ജി എസ് വി എ യിൽ 12.5 ശതമാനം (2011–12 വിലയുടെ അടിസ്ഥാനത്തിൽ) മാത്രമാണ് ഉൽപ്പന്ന നിർമ്മാണ മേഖലയിൽ ഉണ്ടായത്. താരതമ്യപ്പെടുത്തുമ്പോൾ, 2019–20 –ൽ ഇന്ത്യയുടെ ജിഡിപിയുടെ 17.4 ശതമാനം ഉൽപ്പാദന മേഖലയാണ്.

### കേരളത്തിലെ മാനുഫാക്ചറിംഗ് മേഖലയുടെ പുനരുജ്ജീവനം

അതേസമയം, കഴിഞ്ഞ നാല് വർഷമായി കേരളത്തിന്റെ മാനുഫാക്ചറിംഗ് മേഖലയുടെ മൂല്യത്തിൽ ക്രമാനുഗതമായ വർധനയുണ്ടായിട്ടുണ്ടെന്ന് എടുത്തുപറയേണ്ടതുണ്ട്. കേരളത്തിന്റെ ജി എസ് വി എയിൽ ഉൽപാദന മേഖലയുടെ വിഹിതം 2014–15 ലെ 9.8 ശതമാനത്തിൽ നിന്ന് 2019–20 ൽ 12.5 ശതമാനമായി ഉയർന്നു. വ്യവസായ വാർഷിക സർവേയിൽ നിന്നുള്ള കണക്കുകൾ പ്രകാരം, ഇന്ത്യയുടെ ഫാക്ടറി മേഖലയിൽ മൊത്തം മൂല്യത്തിൽ കേരളത്തിന്റെ പങ്ക് 2014–15 –ൽ 1.2 ശതമാനത്തിൽ നിന്ന് 2017–18 –ൽ 1.5 ശതമാനമായി ഉയർന്നു (**ചിത്രം 4.1.1** ).

**ചിത്രം 4.1.1** കേരളത്തിന്റെ ജി എസ് വി എ യിലെ മാനുഫാക്ചറിംഗ് രംഗത്തിന്റെ പങ്കും ഇന്ത്യയുടെ ജിവിഎ യിൽ ഫാക്ടറി രംഗത്തിന്റെ പങ്ക്.




*അവലംബം: സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്*

പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (പിഎൽഎഫ്എസ് ) കണക്ക് പ്രകാരം, കേരളത്തിലെ മാനുഫാക്ചറിംഗ് മേഖലയിൽ 2017–18 –ൽ 15 ലക്ഷം തൊഴിലാളികൾ (അല്ലെങ്കിൽ സംസ്ഥാനത്തിന്റെ മൊത്തം 127 ലക്ഷം തൊഴിലാളികളിൽ 12.8 ശതമാനം) ജോലി ചെയ്യുന്നു. ഫാക്ടറി മേഖലയിലെ തൊഴിലാളികൾ ഇതിൽ ഉൾപ്പെടുന്നു, അവർ 2017–18 ൽ 3.1 ലക്ഷം ആയിരുന്നു. സംഘടിത ഉൽപാദന മേഖലയുമായി ഫാക്ടറി മേഖല ഏതാണ്ട് സമാനമാണ്. പത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്നതും വൈദ്യുതോർജ്ജത്തിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതുമായ ഫാക്ടറികൾ ഫാക്ടറി മേഖലയിൽ ഉൾപ്പെടുന്നു (അതുപോലെ തന്നെ വൈദ്യുതോർജ്ജത്തിന്റെ സഹായമില്ലാതെ 20 ലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറികളും). ഫാക്ടറി മേഖലയെക്കുറിച്ചുള്ള ഡാറ്റയുടെ പ്രധാന ഉറവിടം ഇന്ത്യാ ഗവൺമെന്റിന്റെ സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം (എം ഒ എസ് പി ഐ) പ്രസിദ്ധീകരിച്ച വാർഷിക സർവേ ഓഫ് ഇൻഡസ്ട്രീസ് (എ എസ് ഐ) ആണ്.

പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾ, പ്രത്യേകിച്ച് കയർ, കശുവണ്ടി, കൈത്തറി മേഖലകളിലെ തൊഴിലാളികൾ കേരളത്തിന്റെ നിർമ്മാണ തൊഴിലാളികളിൽ ഗണ്യമായ പങ്ക് വഹിക്കുന്നു. കേരളത്തിലെ ഫാക്ടറി മേഖലയിലെ (2016–17–ൽ) 3.1 ലക്ഷം തൊഴിലാളികളിൽ 42.3 ശതമാനം അഥവാ 1.35 ലക്ഷം തൊഴിലാളികളാണ് റിസോഴ്സ് അധിഷ്ഠിത വ്യവസായങ്ങളിൽ ഉള്ളവർ. ഈ വ്യവസായങ്ങൾ ഭക്ഷ്യ ഉൽപന്നങ്ങളും പാനീയങ്ങളും (കശുവണ്ടി സംസ്കരണം ഒരു പ്രധാന ഘടകമാണ് ), ബീഡി നിർമ്മാണം, തുണിത്തരങ്ങൾ എന്നിവയാണ് (കയർ സംസ്കരണം, കൈത്തറി എന്നിവ ഉൾപ്പെടെ). കേരളത്തിലെ മാനുഫാക്ചറിംഗ് മേഖലയുടെ ഘടനയെക്കുറിച്ചുള്ള **പട്ടിക 4.1.1** കാണുക.

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഈ വ്യവസായങ്ങളിൽ ചിലത് (കശുവണ്ടി പോലുള്ളവ) നേരിടുന്ന ഘടനാപരമായ പ്രശ്നങ്ങളും പരമ്പരാകത വ്യവസായങ്ങളിൽ നിന്ന് യുവതലമുറയിലെ അഭ്യസ്തവിദ്യരായ തൊഴിലാളികൾ പിൻവലിയുന്നതും ഇതിന് കാരണമാണ്.

അതേസമയം, കേരളത്തിൽ ഒരു കൂട്ടം ആധുനിക വ്യവസായങ്ങൾ വളരുന്നുവെന്നത് ശ്രദ്ധേയമാണ്. രാസവസ്തുക്കൾ, ശുദ്ധീകരിച്ച പെട്രോളിയം ഉൽപന്നങ്ങൾ, റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, ഔഷധ, ബൊട്ടാണിക്കൽ ഉൽപന്നങ്ങൾ എന്നിവയാണ് മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട് കേരളത്തിലെ പ്രധാന വ്യവസായങ്ങൾ. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) – കൊച്ചി റിഫൈനറി അതിന്റെ ശുദ്ധീകരണ, പെട്രോ കെമിക്കൽ ഉൽപാദന ശേഷികളുടെ ഒരു വലിയ വിപുലീകരണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്, ഇത് കേരളത്തിലെ രാസ, അനുബന്ധ വ്യവസായങ്ങൾക്ക് വലിയ വാഗ്ദാനമാണ് നൽകുന്നത്. 2011–12 നും 2016–17 നും ഇടയിൽ, ശുദ്ധീകരിച്ച പെട്രോളിയം ഉൽപന്നങ്ങൾ കൂട്ടിച്ചേർത്ത മൂല്യം കേരളത്തിൽ എട്ട് മടങ്ങ് വർദ്ധിച്ചു. വാസ്തവത്തിൽ, ഉൽപാദന മേഖലയുടെ മൊത്തത്തിലുള്ള മൂല്യവർദ്ധനവിലെ വളർച്ച, അതുപോലെ തന്നെ രാസവസ്തുക്കൾ, വസ്ത്രങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, ഫർണിച്ചർ, ജ്വല്ലറി, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുൾപ്പെടെയുള്ള നിരവധി വ്യവസായങ്ങളുടെ വളർച്ച ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ വളരെ വേഗത്തിലായിരുന്നു.

### പൊതുമേഖലാ യൂണിറ്റുകളുടെ അപ്രതീക്ഷിത മാറ്റം

പ്രധാനമായും രാസവസ്തുക്കൾ, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് മേഖലകളിൽ നിരവധി സംസ്ഥാന, കേന്ദ്ര പൊതുമേഖല യൂണിറ്റുകൾ കേരളത്തിലുണ്ട്. സംസ്ഥാനത്തെ ചില പൊതുമേഖലാ സ്ഥാപനങ്ങളായ തിരുവിതാംകൂർ കൊച്ചി കെമിക്കൽസ് (ടിസിസി), കെൽട്രോൺ എന്നിവ രാജ്യത്ത് അതത് ഉൽപാദന മേഖലകളിൽ (യഥാക്രമം കാസ്റ്റിക് സോഡ, ഇലക്ട്രോണിക്സ് ) മുൻ നിരയിൽ ആണ്. എന്നിരുന്നാലും, കേരളത്തിലെ പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രകടനം സമീപകാലത്ത് വളരെ മോശമായിരുന്നു. 2016–17 മുതൽ കേരളത്തിന്റെ ഉൽപാദന മേഖലയുടെ മെച്ചപ്പെട്ട പ്രകടനത്തിന്റെ ഒരു പ്രധാന സവിശേഷത, പ്രധാനമായും രാസവസ്തുക്കളുടെയും ഇലക്ട്രിക്കൽ മെഷിനറികളുടെയും ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലതിന്റെ പ്രകടനത്തിലെ ഒരു അപ്രതീക്ഷിതമാറ്റമാണ്.

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ), തിരുവിതാംകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് (ടി.ടി.പി) ലിമിറ്റഡ്, തിരുവിതാംകൂർ–കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് (ടി.സി.സി), ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള (ടെൽക് ) ലിമിറ്റഡ് എന്നീ പ്രധാന പൊതുമേഖല സ്ഥാപനങ്ങൾ 2016–17 മുതൽ മികച്ച പുരോഗതി കൈവരിച്ചു. കെഎംഎംഎൽ ഒഴികെയുള്ള മുകളിൽ സൂചിപ്പിച്ച എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും 2015–16 –ൽ നഷ്ടം രേഖപ്പെടുത്തിയിരുന്നു, എന്നാൽ ഈ നാല് പൊതുമേഖലാ സ്ഥാപനങ്ങളും 2016–17 –ൽ ഗണ്യമായ ലാഭം നേടി. 2017–18 ഓടെ

**പട്ടിക 4.1.1** ഘടനയും താരതമ്യ വലുപ്പവുമായി ബന്ധപ്പെട്ട കേരളത്തിലെ മൊത്തം ഫാക്ടറിരംഗത്തിന്റെ വ്യവസായത്തിലെ തൊഴിലിന്റെയും മൂല്യവർധനവിന്റെയും പങ്ക്, ഇന്ത്യയുമായി ബന്ധപ്പെട്ട് കേരളത്തിലെ മൊത്തം വ്യവസായങ്ങളുടെ പങ്ക്, 2016–17.

| വ്യവസായങ്ങൾ | കേരളത്തിന്റെ മൊത്തം ഫാക്ടറി രംഗത്തിലെ വിഹിതം | | ഇന്ത്യയിൽ കേരളത്തിന്റെ വിഹിതം | |
|---|---|---|---|---|
| | തൊഴിൽ | മൂല്യവർധനവ് | തൊഴിൽ | മൂല്യവർധനവ് |
| ഭക്ഷ്യ ഉല്പന്നങ്ങളും പാനീയങ്ങളും (10, 11) | 30.5 | 11.9 | 5.3 | 1.4 |
| പുകയില ഉല്പന്നങ്ങൾ (12) | 4.8 | 0.3 | 3.3 | 0.2 |
| ടെക്സ്റ്റയിൽസ് (13) | 6.9 | 2.9 | 1.4 | 0.6 |
| വസ്ത്രങ്ങൾ (14) | 2.6 | 1.5 | 0.7 | 0.7 |
| പാദരക്ഷ (15) | 2.7 | 1.6 | 2.2 | 2.0 |
| തടിയും തടി ഉല്പന്നങ്ങളും (16) | 2.6 | 0.9 | 9.0 | 2.8 |
| പേപ്പറും പേപ്പർ ഉല്പന്നങ്ങളും (17) | 1.1 | 0.4 | 1.4 | 0.3 |
| റിക്കോർഡ് ചെയ്ത മാധ്യമങ്ങളുടെ അച്ചടിയും പുനർനിർമ്മാണവും (18) | 1.9 | 4.8 | 3.8 | 5.9 |
| ശുദ്ധീകരിച്ച പെട്രോളിയം ഉല്പന്നങ്ങൾ (19) | 4.2 | 12.1 | 8.7 | 1.0 |
| രാസവസ്തുക്കളും ഫാർമസ്യൂട്ടിക്കൽസും (20, 21) | 6.6 | 19.2 | 1.4 | 1.2 |
| റബറും പ്ലാസ്റ്റിക് ഉല്പന്നങ്ങളും (22) | 7.2 | 10.5 | 3.3 | 2.7 |
| മറ്റ് ലോഹേതര ധാതു ഉല്പന്നങ്ങൾ (23) | 6.0 | 4.7 | 1.8 | 1.0 |
| ബേസിക് ലോഹങ്ങൾ (24) | 1.5 | 1.2 | 0.5 | 0.2 |
| ഫാബ്രിക്കേറ്റഡ് ലോഹ ഉല്പന്നങ്ങൾ (25) | 1.5 | 0.7 | 0.7 | 0.2 |
| ഇലക്ട്രോണിക്, കമ്പ്യൂട്ടർ, ഒപ്റ്റിക്കൽ ഉല്പന്നങ്ങൾ (26) | 4.2 | 5.2 | 6.0 | 2.3 |
| ഇലക്ട്രിക്കൽ ഉപകരണങ്ങൾ (27) | 1.6 | 1.6 | 1.0 | 0.4 |
| യന്ത്രങ്ങളും ഉപകരണങ്ങളും (28) | 0.8 | 0.7 | 0.3 | 0.1 |
| മോട്ടോർ വാഹനങ്ങൾ (29) | 0.1 | 0.1 | 0.0 | 0.0 |
| മറ്റ് ഗതാഗത ഉപകരണം (കപ്പലുകളും ബോട്ടുകളും)(30) | 1.6 | 3.5 | 1.6 | 1.5 |
| ഫർണീച്ചർ, ജ്വവലറി, മെഡിക്കൽ ആന്റ് ദന്തൽ ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ (31, 32) | 2.4 | 10.0 | 1.8 | 5.6 |
| എല്ലാ വ്യവസായങ്ങളും കൂടി | 100 | 100 | 2.1 | 1.0 |

*കുറിപ്പ്:* ഓരോ വ്യവസായങ്ങളും നാഷണൽ ഇൻഡസ്ട്രിയൽ ക്ലാസിഫിക്കേഷൻ (NIC) - 2008 അനുസരിച്ച് ഏതിലാണ് ഉൾപ്പെടുന്നതെന്ന് സൂചിപ്പിക്കുന്നതാണ് ബ്രാക്കറ്റിലെ രണ്ടക്ക സഖ്യകൾ സൂചിപ്പിക്കുന്നത്.
അവലംബം: വാർഷിക വ്യാവസായിക സര്വ്വെയിലെ തൊഴിലാളികളുടെയും മൊത്ത മൂല്യവർധനവിന്റെയും കണക്കുകൾ.

ലാഭകരമായി മാറിയ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി) ലിമിറ്റഡ് ആധുനികവൽക്കരണത്തിന്റെയും ശേഷി വിപുലീകരണത്തിന്റെയും സുപ്രധാന ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. 2015–16 ആയപ്പോഴേക്കും കേരളത്തിലെ രാസവസ്തുക്കളിലും ഔഷധ വ്യവസായങ്ങളിലും മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ 2011–12 ലെ മൂല്യവുമായി താരതമ്യം ചെയ്യുമ്പോൾ 73 ശതമാനമായി കുറഞ്ഞുവെന്ന് **ചിത്രം 4.1.2** കാണിക്കുന്നു. എന്നാൽ, 2011–12 ലെ നിലവാരമനുസരിച്ച്, 2016–17 ൽ ഈ വ്യവസായങ്ങളിലെ മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ 187 ശതമാനമായി ആയി ഉയർന്നിരിക്കുന്നു.

## ആധുനിക വ്യവസായങ്ങളിലെ പുതിയ അവസരങ്ങൾ

മറ്റൊരു നല്ല വശം സംസ്ഥാനത്തെ പുതിയ ഒരു കൂട്ടം വ്യവസായങ്ങളുടെ ആവിർഭാവമാണ്. കേരളത്തിൽ ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2012–13 2930 ൽ നിന്ന് 2016–17 ആയപ്പോഴേക്കും 10,263 ആയി ഉയർന്നു. മെഡിക്കൽ, ദന്തൽ ഉപകരണങ്ങളുടെയും വിതരണത്തിന്റെയും നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ 2012–13 –ൽ 1023 –ൽ നിന്ന് 2016–17 –ൽ 3207 ആയി ഉയർന്നു (**പട്ടിക 4.1.2**).

**ചിത്രം 4.1.2** കേരളത്തിലെ കെമിക്കൽസ്, ഫാർമസ്യൂട്ടിക്കൽസ് വ്യവസായങ്ങൾ: ഉല്പാദന സൂചികയും (മൂല്യവർധനവ് നടത്തിയത്) ( ഇന്റക്സ് 2011-12 = 100) മൂല്യവർധനവ് നടത്തിയ കേരളത്തിൽ നിന്നുള്ള ഈ വ്യവസായങ്ങളുടെ ഇന്ത്യയിലെ വിഹിതവും




*അവലംബം:* വാർഷിക വ്യാവസായിക സര്വേ

ബിപിസിഎൽ-കൊച്ചി റിഫൈനറിയുടെ ശുദ്ധീകരണ ശേഷി വിപുലീകരിച്ചതിനുശേഷം, നിലവിലെ 9.5 ദശലക്ഷം മെട്രിക് ടണ്ണിൽ നിന്ന് (എം.എം.ടി.പി.എ) 15 മെട്രിക്ക് ടൺ (എംഎംടിപിഎ) ആയി വാർഷിക ഉല്പാദനം വർദ്ധിപ്പിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ബിപിസിഎൽ-കൊച്ചി റിഫൈനറിയുടെ ചില ഉല്പന്നങ്ങളായ പ്രൊപിലീൻ, എഥിലീൻ എന്നിവ പെട്രോകെമിക്കൽസ്, പ്ലാസ്റ്റിക്, പോളിമർ, ഫൈബർ, വ്യക്തിഗത, ഗാർഹിക പരിപാലന ഉല്പന്നങ്ങൾ എന്നിവയുൾപ്പെടെയുള്ള പ്രത്യേക രാസവസ്തുക്കളുടെ മേഖലകളിലെ വിവിധ തരം ഡൗൺസ്ട്രീം വ്യവസായങ്ങളുടെ പ്രധാന ഘടകങ്ങളാണ്. കൊച്ചിയിൽ ഒരു പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിരിക്കുന്നു. ഇത് മുകളിൽ സൂചിപ്പിച്ച വ്യവസായ ഘടകങ്ങളിൽ വലിയ സ്വകാര്യ നിക്ഷേപം ആകർഷിക്കാൻ സാധ്യതയുണ്ട്.

ഫാർമസ്യൂട്ടിക്കൽസ്, ജൈവ സാങ്കേതിക വിദ്യ, ലൈഫ് സയൻസസ്, മെഡിക്കൽ-ഉപകരണ നിർമ്മാണ വ്യവസായങ്ങൾ എന്നിവയുടെ വളർച്ചയ്ക്ക് കേരളത്തിൽ വലിയ സാധ്യതയുണ്ട്. മരുന്നുകൾക്കും ആരോഗ്യ സംരക്ഷണ ഉല്പന്നങ്ങൾക്കും സംസ്ഥാനത്തിനകത്ത് വലിയ ആവശ്യകത ഉള്ളതിനാലാണിത്. കേരളത്തിലെ ആശുപത്രികൾ, ഡോക്ടർമാർ, നഴ്സുമാർ എന്നിവരിൽ നിന്നും ഈ വ്യവസായങ്ങൾക്ക് വളരെയധികം നേട്ടമുണ്ടാക്കാൻ സാധിക്കും. വലിയ രീതിയിൽ ഇലക്ട്രോണിക്സ് ഹാർഡ് വെയർ നിർമ്മാണ മേഖല കെട്ടിപ്പടുക്കാൻ കേരളത്തിന് ശേഷിയുണ്ട്. ഇത്തരം വ്യവസായം കെട്ടിപ്പടുക്കുന്നതിന് സംസ്ഥാനത്തെ ഐടി മേഖലയിൽ കൈവരിച്ച നേട്ടങ്ങളും ഉയർന്ന യോഗ്യതയുള്ള തൊഴിലാളികളുടെ മാനവ വിഭവ ശേഷിയും ഉപയോഗിക്കണം. ആഗോളതലത്തിൽ, ഐടി, ഇലക്ട്രോണിക് മേഖലകളും സോഫ്റ്റ് വെയറും ഹാർഡ് വെയറും തമ്മിലുള്ള സംയോജനം ഇപ്പോൾ വളരുകയാണ്. ഐടി മേഖല തന്നെ അടിസ്ഥാനപരമായ മാറ്റങ്ങളിലൂടെ കടന്നുപോകുമ്പോൾ, ഹാർഡ്വെയർ നിർമ്മാണത്തിലും വൈവിധ്യവത്കരണത്തിലേക്ക് കേരളം ശ്രദ്ധ തിരിക്കേണ്ടത് പ്രധാന്യമർഹിക്കുന്നു.

## പരമ്പരാഗത മേഖലകളുടെ നവീകരണം

കയർ, കശുവണ്ടി, കൈത്തറി എന്നിവയുൾപ്പെടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഇതിനകം സൂചിപ്പിച്ചതുപോലെ, ഈ വ്യവസായങ്ങളിൽ സംസ്ഥാനത്തിന്റെ മൊത്തം തൊഴിൽ ശക്തിയുടെ ഗണ്യമായ ഒരു ഭാഗം ജോലി ചെയ്യുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണത്തിൽ ഈ വ്യവസായങ്ങളിലെ ഉൽപാദന പ്രക്രിയകളുടെ യന്ത്രവൽക്കരണം ഉൾപ്പെടും (എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടുന്നില്ല). മാത്രമല്ല, നവീകരണത്തോടെ, കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങൾ പുതിയ ഉല്പന്നങ്ങളിലേക്ക് (കയർ മേഖലയിലെ ജിയോ-ടെക്സ്റ്റൈൽസ് പോലുള്ളവ) വൈവിധ്യവത്കരിക്കാനും ഫലപ്രദമായ വിപണന വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കാനും ശ്രമിക്കാം. തൊഴിലാളികളെ പിരിച്ചുവിടുന്നതിനുപകരം (യന്ത്രവൽക്കരണത്തിൽ ഉൾപ്പെടുന്ന ഒരു തന്ത്രം

**പട്ടിക 4.1.2**

തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, 2016–17, കേരളത്തിലെയും ഇന്ത്യയിലെയും (എണ്ണത്തിൽ)

| വ്യവസായങ്ങൾ | കേരളം | ഇന്ത്യ | ഇന്ത്യയിൽ കേരളത്തിന്റെ വിഹിതം |
|---|---|---|---|
| റബർ ഉല്പന്നങ്ങൾ (221) | 15506 | 210679 | 7.4 |
| ശുദ്ധീകരിച്ച പെട്രോളിയം ഉല്പന്നങ്ങൾ (192) | 13203 | 130938 | 10.1 |
| കെമിക്കൽ ഉല്പന്നങ്ങൾ (201, 202) | 11036 | 761630 | 1.4 |
| ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഭാഗങ്ങൾ (261) | 10263 | 83890 | 12.2 |
| ഫാർമസ്യൂട്ടിക്കൽസ്, മെഡിസിനൽ, കെമിക്കൽ ആന്റ് ബൊട്ടാണിക്കൽ ഉല്പന്നങ്ങൾ (210) | 10154 | 679891 | 1.5 |
| പാദരക്ഷ (152) | 8498 | 265036 | 3.2 |
| വസ്ത്രങ്ങൾ (141) | 8384 | 778319 | 1.1 |
| പ്ലാസ്റ്റിക് ഉല്പന്നങ്ങൾ (222) | 7450 | 489824 | 1.5 |
| അച്ചടിയും അതുമായി ബന്ധപ്പെട്ട സേവനങ്ങളും (181) | 6177 | 160407 | 3.9 |
| കപ്പലുകളും ബോട്ടുകളും (301) | 4320 | 17967 | 24.0 |
| ഇലക്ട്രിക് മോട്ടോഴസ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ജനറേറ്റേഴസ് (271) | 3548 | 200804 | 1.8 |
| മെഡിക്കൽ ആന്റ് ദന്തൽ ഉപകരണങ്ങളും വിതരണവും (325) | 3207 | 60762 | 5.3 |
| ഫർണിച്ചർ (310) | 3151 | 70189 | 4.5 |

ഇതിലേക്ക് നയിച്ചേക്കാം), ആധുനികവൽക്കരണം വ്യവസായത്തിന്റെ മൊത്തത്തിലുള്ള വ്യാപനത്തിനും ഓരോ തൊഴിലാളിക്കും കൂടുതൽ മൂല്യവർദ്ധനവ് സൃഷ്ടിക്കുന്നതിനും ഇടയാക്കും.

സർക്കാരിന്റെ സ്കൂൾ യൂണിഫോം പദ്ധതിക്കായി തുണി ഉല്പാദിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈത്തറി സഹകരണ സംഘങ്ങളെ ഏൽപ്പിച്ചിരിക്കുന്നു. ഈ മേഖലയെ ഒരു പരിധിവരെ പുനരുജ്ജീവിപ്പിക്കാൻ സ്കൂൾ യൂണിഫോം പദ്ധതി സഹായിച്ചതായി കൈത്തറി തൊഴിലാളികളും സഹകരണ സംഘങ്ങളുടെ നേതാക്കളും സമ്മതിച്ചിട്ടുണ്ട്. അവസരങ്ങളുടെ അഭാവം മൂലം കൈത്തറി നെയ്ത്ത് ഉപേക്ഷിച്ച നിരവധി തൊഴിലാളികൾ ഈ മേഖലയിൽ ജോലിയിൽ പുനർപ്രവേശിച്ചിട്ടുണ്ട്.

കൈത്തറിയിലും മറ്റ് പരമ്പരാഗത മേഖലകളിലും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വേതനം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ നഷ്ടം ഒഴിവാക്കുന്നതിനും സാങ്കേതികവും സംഘടനാപരവുമായ പുതുമകൾ ആവശ്യമാണെന്ന് വ്യക്തമാണ്. ഓരോ തൊഴിലാളിയും ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധനവ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾക്കൊപ്പം കൈത്തറി പ്രോത്സാഹനം നടത്തേണ്ടതുണ്ട്. കൈത്തറിക്ക് ഒരു നല്ല മാർക്കറ്റ് സൃഷ്ടിക്കാൻ കഴിയുന്ന ഉല്പന്നങ്ങളിൽ/പ്രദേശങ്ങളിൽ പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കണം (ഉയർന്ന ഡിസൈനിലുള്ള അലങ്കാരങ്ങൾ അല്ലെങ്കിൽ സാരികൾ പോലുള്ളവ). കൈത്തറി സഹകരണ സംഘങ്ങൾ ഡിസൈൻ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനായാൽ അവർക്ക് നൂതന രൂപകൽപ്പനകളും വിപണന തന്ത്രങ്ങളും കൊണ്ടുവരാൻ കഴിയും. കൈത്തറി നെയ്ത്ത് സൊസൈറ്റികളും ടൂറിസം മേഖലയും തമ്മിലുള്ള ബന്ധമാണ് മറ്റൊരു സാധ്യത.

കേരളത്തിൽ വസ്ത്രമേഖലയുടെ വളർച്ചയ്ക്ക് വളരെ ഉയർന്ന സാധ്യതയുണ്ട്. കേരളത്തിൽ എല്ലാത്തരം വസ്ത്രങ്ങൾക്കും വിശാലവും ആധുനികവുമായ വിപണിയുണ്ട്. വലിയ ഗാർഹിക വിപണിക്കു പുറമേ പ്രവാസി കേരളീയർ ഉൾപ്പെടുന്ന ഒരു വലിയ കയറ്റുമതി വിപണിയിൽ നിന്ന് കേരളത്തിന്റെ പ്രത്യേക ഡിസൈനുകളുടെ ആവശ്യം മുതലെടുക്കാൻ സംസ്ഥാനത്തെ വസ്ത്ര നിർമ്മാണ സ്ഥാപനങ്ങൾക്കു കഴിയും. മറ്റൊരു നേട്ടം വസ്ത്ര, ഫാഷൻ മേഖലയിലെ വിദഗ്ദ്ധ തൊഴിലാളികളുടെയും പ്രൊഫഷണലുകളുടെയും കേരളത്തിലെ വലിയ തോതിലുള്ള ലഭ്യതയാണ്. വസ്ത്ര വ്യവസായം കേരളത്തിലെ ഫാഷൻ, ഡിസൈൻ രംഗത്തുള്ള സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കണം. വസ്ത്ര മേഖല ഓൺലൈൻ വിപണന തന്ത്രങ്ങൾ നന്നായി പ്രയോജനപ്പെടുത്തണം. കേരളം ഇതുവരെ ഭക്ഷ്യ-പാനീയ മേഖലകളിലെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല. പച്ച ക്കറികൾ, പഴങ്ങൾ, മത്സ്യം, മാംസം എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ സംസ്ഥാനത്തിന് വളരെയധികം സാധ്യതകളുണ്ട്. പ്രത്യേകിച്ചും തേങ്ങ, ചക്ക, വാഴപ്പഴം, പൈനാപ്പിൾ,

മരച്ചീനി എന്നിവയുടെ സംസ്കരണത്തിന് വലിയ സാധ്യതയുണ്ട്. മരം, മുള അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളും സംസ്ഥാനത്തെ തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ വികസിപ്പിക്കാൻ കഴിയും. കേരളത്തിൽ ഭക്ഷ്യ–കാർഷികാധിഷ്ഠിത ഉല്പന്നങ്ങൾക്ക് താരതമ്യേന വലിയ വിപണി നിലനിൽക്കുന്നുണ്ട്. എന്നാൽ ഈ ആഭ്യന്തര ആവശ്യത്തിന്റെ നല്ലൊരു പങ്കും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നുമുള്ള ഇറക്കുമതിയിലൂടെയാണ് നിറവേറ്റുന്നത്. കേരളത്തിന്റെ വ്യവസായങ്ങൾക്ക്, പ്രത്യേകിച്ച് ഭക്ഷ്യ–കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക്, ഈ ആഭ്യന്തര വിപണി ഉപയോഗപ്പെടുത്താൻ കഴിയും. സംസ്ഥാനത്ത് പരമ്പരാഗത, ഭക്ഷ്യ, കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും വിനോദസഞ്ചാരത്തിന്റെയും വളർച്ചയ്ക്ക് പരസ്പര സഹകരണത്തിലൂടെ നേടാനാവും. ഇതിലൂടെ ഈ രംഗങ്ങളിൽ സംസ്ഥാനത്തിന് ആഗോള അംഗീകാരം നേടിയെടുക്കാനാവും. കൃഷി, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ, വിനോദസഞ്ചാരം എന്നിവ വിജയകരമായി ഏകോപിപ്പിക്കുന്നതിൽ കേരളത്തിന് തായ്‌ലന്റ്, മലേഷ്യ, വിയറ്റ്നാം എന്നീ രാജ്യങ്ങളിലെ അനുഭവങ്ങളിൽ നിന്ന് പഠിക്കാൻ കഴിയും.

## വ്യാവസായിക പ്രോത്സാഹനം, നിക്ഷേപ സൗകര്യ പ്രവർത്തനങ്ങൾ

പ്രസക്തമായ നിയമങ്ങളിലും ചട്ടങ്ങളിലും ബിസിനസ്സ് സൗഹൃദ ഭേദഗതികൾ വരുത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി, കേരള സർക്കാർ 2018 ലെ കേരള നിക്ഷേപ പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്റ്റ് കൊണ്ടുവന്നിട്ടുണ്ട്, അത് ആവശ്യമായ രേഖകളോടെ അപേക്ഷകൾ സമർപ്പിക്കുകയാണെങ്കിൽ 30 ദിവസത്തിനുള്ളിൽ നിർബന്ധിത അംഗീകാരം പ്രതീക്ഷിക്കുന്നു. വിവിധ നിയമങ്ങൾ അനുസരിച്ച് ആവശ്യമായ വിവിധ ലൈസൻസുകൾ, അനുമതികൾ, അംഗീകാരങ്ങൾ, അനുമതികൾ എന്നിവ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാനും സംസ്ഥാനം നിക്ഷേപക സൗഹൃദപരമാക്കാനും ഈ നിയമം ശ്രമിക്കുന്നു.

കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്റ്റ് 2019 ഉം 6/01/2020 ലെ നിയമത്തിലെ 14–ാം വകുപ്പ് പ്രകാരമുള്ള ചട്ടങ്ങളും ജി.ഒ (പി) നമ്പർ 2/2020 / ഐഡിയും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന് കീഴിലുള്ള പ്രധാന സംരംഭങ്ങളിലൊന്നാണ് എംഎസ്എംഇ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പിന്റെ പരിഷ്കാരങ്ങൾ. ഇത് ഓൺലൈൻ സിംഗിൾ വിൻഡോ ക്ലിയറൻസ് മെക്കാനിസത്തിന്റെ ഭാഗമാണ്, ഇത് പാലിക്കൽ പരിശോധനകൾക്കായുള്ള കേന്ദ്ര പരിശോധന സംവിധാനം, സ്വയം സർട്ടിഫിക്കേഷൻ വ്യവസ്ഥ അവതരിപ്പിക്കൽ, വിവിധ വകുപ്പുകളുടെ അപേക്ഷകളുടെ സമാന്തര പ്രോസസ്സിംഗ്, നിർബന്ധിത സമയപരിധിക്ക് ശേഷമുള്ള അംഗീകാരങ്ങൾ, അനാവശ്യ അനുമതികൾ ഇല്ലാതാക്കൽ, സംസ്ഥാന, ജില്ലാ, വ്യാവസായിക പാർക്കുകളിൽ സിംഗിൾ വിൻഡോ ബോർഡ് നവീകരിച്ച നോഡൽ ഏജൻസികൾ വഴി രജിസ്ട്രേഷന് സ്പോട്ട് അംഗീകാരം എന്നിവ ഉൾക്കൊള്ളുന്നു.

ബിസിനസ്സ് എളുപ്പമാക്കൽ ഉയർത്തിക്കാട്ടുന്നതിനും സംസ്ഥാനത്തെ വ്യാവസായിക വളർച്ചയ്ക്കുള്ള നിയമങ്ങൾ/ചട്ടങ്ങൾ ലളിതവൽക്കരിക്കുന്നതിനും യുക്തിസഹമാക്കുന്നതിനും ഊന്നൽ നൽകുന്നതിനായി വകുപ്പ് കൊച്ചിയിൽ അസന്റ് 2019 സംഘടിപ്പിച്ചു. അസന്റ് 2019 ന്റെ വിജയകരമായ പെരുമാറ്റത്തെ അടിസ്ഥാനമാക്കി, നിക്ഷേപകരെ ലക്ഷ്യമിട്ടുള്ള വിശ്വസനീയമായ പ്രോജക്ടുകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് 2020 ജനുവരി 9, 10 തീയതികളിൽ രണ്ട് ദിവസത്തേക്ക് കൊച്ചിയിലെ ഗ്രാൻഡ് ഹയാത്ത്, ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ സർക്കാർ അസന്റ് 2020 സംഘടിപ്പിച്ചു.

## 4.2 ഉൽപ്പന്ന നിർമ്മാണ മേഖല

കേന്ദ്ര സ്ഥിതിവിവര കണക്ക് ആഫീസിലെ(സി എസ് ഒ) താല്ക്കാലിക കണക്ക് അനുസരിച്ച് ഇന്ത്യയിലെ ഉല്പ്പന്ന നിർമ്മാണ മേഖലയുടെ വളർച്ച മുൻവർഷത്തെ 5.7 ശതമാനത്തിൽ നിന്നും 2019-20 ൽ 0.03 ശതമാനമായതായി കണക്കാക്കപ്പെടുന്നു. ഇന്ത്യയിൽ ഉല്പ്പന്ന നിർമ്മാണ മേഖലയുടെ 2015-16 മുതൽ 2019-20 വരെയുള്ള വാർഷിക വളർച്ചാരീതി സ്ഥിരവിലയിൽ മൊത്തം കൂട്ടിച്ചേർക്കപ്പെട്ട മൂല്യവർദ്ധനവിന്റെ (ജി.വി.എ) താൽക്കാലിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ **ചിത്രം 4.2.1**–ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖല സാമ്പത്തിക, സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ 2019-20 ലെ കേരളത്തിന്റെ മൊത്തം സംസ്ഥാന മൂല്യവർദ്ധിത (ജിഎസ്‌വിഎ) യുടെ കണക്കനുസരിച്ച്, 2019-20 ൽ കേരളത്തിന്റെ ഉൽപാദന മേഖല സ്ഥിര വിലയിൽ (2011-12) 1.5 ശതമാനം വളർച്ച നേടി. 2019-20 ൽ സ്ഥിര വിലയിലും, നടപ്പു വിലയിലും ഉൽപാദന മേഖലയുടെ ഓഹരികൾ യഥാക്രമം 12.5 ശതമാനവും 10.1 ശതമാനവുമായിരുന്നു. 2012-13 മുതൽ 2019-20 വരെയുള്ള കേരളത്തിലെ ഉൽപാദന മേഖലയുടെ വളർച്ച **അനുബന്ധം 4.2.1** –ൽ നൽകിയിരിക്കുന്നു

2012-13 മുതൽ 2019-20 വരെ കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വരുമാന വളർച്ചാ നിരക്ക് **ചിത്രം 4.2.2** ൽ ചേർത്തിരിക്കുന്നു.

കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വരുമാനം 2011-12 ൽ 4.54 ശതമാനം വളർച്ച രേഖപ്പെടുത്തിയിരുന്നു. 2012-13ൽ ഇത് 12.47 ശതമാനമായി ഉയർന്നു. 2013-14 ൽ 4.67 ശതമാനം നെഗറ്റീവ് വളർച്ചാ നിരക്ക് കാണിച്ച ശേഷം, 2016-17 –ൽ 18.2 ശതമാനവും, 2017-18ൽ 6.1 ശതമാനവും,

**ചിത്രം 4.2.1** ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള വാർഷിക വളർച്ച മൊത്ത മൂല്യ വർദ്ധനവ്, സ്ഥിരവിലയിൽ, ശതമാനത്തിൽ




*അവലംബം: സി.എസ്.ഒ*

**ചിത്രം 4.2.2** കേരളത്തിലെ, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വാർഷിക വളർച്ചാ മൊത്ത മൂല്യ വർദ്ധനവ്, സ്ഥിരവിലയിൽ, ശതമാനത്തിൽ




*അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്*

2018-19 ൽ 1.8 ശതമാനവും, 2019-20 ൽ 1.5 ശതമാനം വളർച്ച നിരക്കും രേഖപ്പെടുത്തി.

## കേരളത്തിലെ ഖനന മേഖല

മൊത്തം കൂട്ടിച്ചേർക്കപ്പെട്ട സംസ്ഥാന ആഭ്യന്തര ഉല്പന്നത്തിലേക്ക് മൈനിംഗ് ആന്റ് ക്വാറിംഗ് മേഖലയുടെ സംഭാവന 2018-19 ൽ 221.7 കോടി രൂപയാണ്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 27.5 ശതമാനം കുറവാണ്. സ്ഥിരവിലയിൽ ജി.വി.എ യിലെ മൈനിംഗ് ആൻഡ് ക്വാറിംഗിലെ പങ്ക് 2018-19 ൽ 0.5 ശതമാനത്തിൽ നിന്ന് 2019-20 ൽ 0.4 ശതമാനമായി കുറഞ്ഞു.

കേരളത്തിൽ മൈനിംഗ് ആന്റ് ക്വാറിയിംഗ് സെക്ടറിൽ നിന്ന് 2011-12 മുതൽ 2019-20 വരെയുള്ള വരുമാന വളർച്ച 2011-12 സ്ഥിരവിലയിൽ **ചിത്രം 4.2.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

സംസ്ഥാനത്തെ ഖനന ക്വാറി മേഖലകളുടെ സ്ഥിര വില അടിസ്ഥാനത്തിലുള്ള വളർച്ച നിരക്ക് വർഷങ്ങളായി ഏറ്റക്കുറച്ചിലുണ്ടാക്കുകയാണ്. 2011-12 ൽ 26.88 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ ശേഷം ഇത് 15.98 എന്ന നെഗറ്റീവ് വളർച്ചാ നിരക്ക് കാണിക്കുന്നു. 2013-14, 2014-15 വർഷങ്ങളിൽ വളർച്ചാ നിരക്ക് യഥാക്രമം 50.14 ശതമാനവും 60.76 ശതമാനവുമാണ്. 2015-16ൽ 67.17 ശതമാനം നെഗറ്റീവ് വളർച്ച

**ചിത്രം 4.2.3** കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, മൊത്ത മൂല്യ വർദ്ധനവ്, ശതമാനത്തിൽ




*അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്*

കൈവരിച്ചതിന് ശേഷം 2017–18 വരെ വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നു. 2019–20 ൽ 27.5 ശതമാനം നെഗറ്റീവ് വളർച്ചാ നിരക്ക് ഉണ്ടായിരുന്നു.

2019–20 കാലയളവിൽ, ഒമ്പത് മേജർ ധാതുക്കൾ മൈനിംഗ് ലീസുകളും, മൈനർ ധാതുക്കൾ വിഭാഗത്തിൽപ്പെട്ട 270 ക്വാറി ലീസുകളും, 1,292 ഡീലർ ലൈസൻസുകളും നൽകി. ഈ കാലയളവിൽ കേരളത്തിൽ ആകെ 172 അംഗീകൃത മെറ്റൽ ക്രഷർ യൂണിറ്റുകളുണ്ടായിരുന്നു. കൂടാതെ, മൈനർ മേജർ ധാതുക്കൾക്ക് ഒരു പ്രോസ്പെക്ടിംഗ് ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്.

## ധാതു തിരിച്ചുള്ള ഉല്പാദനവും വരുമാനവും 2019–20

സർക്കാരിന് ധാതുക്കളിൽ നിന്നുള്ള വരുമാനം പ്രധാനമായും റോയൽറ്റിയിൽ നിന്നുമാണ് ലഭിക്കുന്നത്. ഏകദേശം 95 ശതമാനം വരുമാനവും മൈനർ ധാതുക്കളിൽ നിന്നും ബാക്കി മേജർ ധാതുക്കളിൽ നിന്നുമാണ് ലഭ്യമാകുന്നത്. 2018–19 ൽ ആകെ ലഭിച്ച വരുമാനം 171.29 കോടി രൂപയായിരുന്നു. 2019–20 ആയപ്പോഴേക്കും വരുമാനം 160.1 കോടി രൂപയായി കുറഞ്ഞു (6.5 ശതമാനം). ഇതിൽ 8.77 കോടി രൂപ മേജർ ധാതുക്കളിൽ നിന്നും 151.35 കോടി രൂപ മൈനർ ധാതുക്കളിൽ നിന്നുമാണ് ലഭിച്ചത്. മേജർ ധാതുക്കളിൽ 2019–20 ൽ ഏറ്റവുമധികം വരുമാനം ലഭിച്ചത് ലൈംസ്റ്റോണിൽ നിന്നാണ് (3.84 കോടി രൂപ) തുടർന്ന് ഇൽമനൈറ്റ് (2.64 കോടി). മൈനർ ധാതുക്കളിൽ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണിൽ (71.91 കോടി രൂപ) നിന്നാണ് ഏറ്റവുമധികം വരുമാനം,തുടർന്ന് ലാറ്ററൈറ്റ് (ബിൽഡിംഗ് ) (1.94 കോടി രൂപ) എന്നിങ്ങനെ ആണ് 2019–20 വർഷത്തിൽ ലഭിച്ചത്. കഴിഞ്ഞ 5 വർഷങ്ങളായി ധാതുക്കളിൽ നിന്നും ലഭിച്ച വരുമാനം **പട്ടിക 4.2.1** ൽ കൊടുത്തിരിക്കുന്നു.

കേരളത്തിൽ 2019–20 വർഷത്തിൽ 392.6 ലക്ഷം ടൺ മേജർ/മൈനർ ധാതുക്കൾ ഉൽപാദിപ്പിച്ചു. മേജർ ധാതുക്കളിൽ ഒന്നാം സ്ഥാനം ലൈംസ്റ്റോൺ (4.8 ലക്ഷം ടൺ), തുടർന്ന് ഇൽമനൈറ്റ് (1 ലക്ഷം ടൺ). മൈനർ മിനറലുകളിൽ ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കപ്പെടുന്നത് ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണാണ് (299.6 ലക്ഷം ടൺ), തുടർന്ന്, ഓർഡിനറി എർത്ത് (67.66 ലക്ഷം ടൺ) രണ്ടാം സ്ഥാനത്തുണ്ട്. 2019–20 –ൽ സംസ്ഥാനത്തെ ധാതുക്കളുടെ ഉൽപാദനവും വരുമാനവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 4.2.2** –ൽ ചേർത്തിരിക്കുന്നു.

## മേജർ/മൈനർ ധാതുക്കളിൽ നിന്ന് ലഭിച്ച ജില്ല തിരിച്ചുള്ള വരുമാനം സംബന്ധിച്ച വിശകലനം

2019–20 ലെ ജില്ല തിരിച്ചുളള വരുമാനം പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ വരുമാനം നേടിയ ജില്ല എറണാകുളമാണ്, 24.5 കോടി രൂപ, രണ്ടാം സ്ഥാനം തിരുവനന്തപുരത്തിനും, 23.6 കോടി രൂപ, മൂന്നാം സ്ഥാനം പാലക്കാടിനും, 15.1 കോടി രൂപ. ഏറ്റവും കുറച്ച് വരുമാനം ലഭിച്ചത് വയനാട് ജില്ലയിൽ നിന്നുമാണ് 1.7 കോടി രൂപ. ധാതുക്കളിൽ (മേജർ/ മൈനർ ധാതുക്കൾ) നിന്നുള്ള വരുമാനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 4.2.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2016–17 മുതൽ 2020–21 വരെ ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും **പട്ടിക 4.2.2** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.2.1** ധാതുക്കളിൽ നിന്നും ലഭിച്ച വരുമാനം

| ക്രമ നം. | വർഷം | മേജർ ധാതുക്കൾ | മൈനർ ധാതുക്കൾ | ആകെ |
|---|---|---|---|---|
| 1 | 2015-16 | 13.4 | 126.3 | 139.7 |
| 2 | 2016-17 | 6.4 | 132.3 | 138.7 |
| 3 | 2017-18 | 8.5 | 143.5 | 152.0 |
| 4 | 2018-19 | 5.4 | 165.9 | 171.3 |
| 5 | 2019-20 | 8.8 | 151.3 | 160.1 |

*അവലംബം: ഖനന, ജിയോളജി വകുപ്പ്*

**പട്ടിക 4.2.2** ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| ക്രമ നം | വർഷം | പദ്ധതി വിഹിതം | ചെലവ് |
|---|---|---|---|
| 1 | 2016–17 | 84.00 | 48.82 |
| 2 | 2017–18 | 135.00 | 123.03 |
| 3 | 2018–19 | 149.00 | 61.46 |
| 4 | 2019–20 | 149.00 | 75.92 |
| 5 | 2020–21* | 132.00 | 44.77 |

*അവലംബം: ബജറ്റ് കണക്കുകൾ* * 31/10/2020 ലെ ചെലവ്

## ഇ-ഗവേർണൻസ് പദ്ധതിയുടെ നടപ്പാക്കൽ

കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (കോംപാസ്) എന്ന ഓൺലൈൻ സംവിധാനം നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ വഴിയാണ് നടപ്പിലാക്കുന്നത്. എല്ലാ ജില്ലകളിലും ഇത് നടപ്പിലാക്കി വരുന്നു. 2019-20 ൽ 54 ലക്ഷം ഇ-പാസ്സുകൾ ജനറേറ്റ് ചെയ്യുകയും അച്ചടിക്കുകയുമുണ്ടായി.

## കേരളത്തിലെ ധാതു അധിഷ്ഠിത വ്യവസായങ്ങൾ

ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, കുണ്ടറ സിറാമിക്സ്, ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ്, കേരള ക്ലെയിസ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് എന്നിവ മേജർ മിനറൽ അധിഷ്ഠിതമായ വ്യവസായങ്ങളിൽ ചിലതാണ്. സ്റ്റോൺ ക്രഷർ, സാന്റ് നിർമ്മാണ യൂണിറ്റ്, ബ്രിക്സ് ഫാക്ടറി, ടൈൽ ഫാക്ടറി, എന്നിവ മൈനർ മിനറൽ അടിസ്ഥാനമാക്കിയുള്ള പ്രധാന വ്യവസായങ്ങളാണ്. ഈ അടുത്തകാലത്തായി അടിസ്ഥാന സൗകര്യ വികസനത്തിലുണ്ടായ മുന്നേറ്റം മൂലം അനേകം ഗ്രാനൈറ്റ് ബിൽഡിംഗ് യൂണിറ്റുകളും, മണൽ ഉത്പാദന യൂണിറ്റുകളും സംസ്ഥാനത്ത് പുതുതായി ആരംഭിച്ചു.

മൈനിംഗും ക്വാറിംഗും വളരെ അത്യന്താപേക്ഷിതമായ പ്രവർത്തനങ്ങളാണെങ്കിലും ഖനനപ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ഉണ്ടാക്കുന്ന ആഘാതങ്ങൾ വളരെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതാണ്. ആയതിനാൽ, ഖനന പ്രവർത്തനങ്ങൾ മൂലമുള്ള പ്രതികൂലമായ പ്രത്യാഘാതങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ സന്നദ്ധമാണ്. ആധുനിക സാങ്കേതിക വിദ്യകളും സമ്പ്രദായങ്ങളും ഒരു പരിധിവരെ മൈനിംഗ്, ക്വാറിയിംഗ് പ്രവർത്തനങ്ങൾ മൂലം പരിസ്ഥിതിക്ക് ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിന് സഹായകമാണ്.

## 4.3 പൊതുമേഖലാ സ്ഥാപനങ്ങൾ

ചില സാമൂഹിക സാമ്പത്തിക ബാധ്യതകൾ നിറവേറ്റുന്നതിനൊപ്പം ഉയർന്ന സാമ്പത്തിക വളർച്ച, ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപാദനത്തിൽ സ്വയംപര്യാപ്തത, കുറഞ്ഞതും സുസ്ഥിരവുമായ വിലകൾ എന്നിങ്ങനെയുള്ള വിശാലമായ സ്ഥൂല സാമ്പത്തിക ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാണ് പൊതുമേഖലാ സംരംഭങ്ങൾ ആരംഭിച്ചത്. ഇന്ത്യയുടെ മൊത്തത്തിലുള്ള വികസനത്തിനും വ്യവസായവത്കരണത്തിനും കേന്ദ്ര– സംസ്ഥാന തലത്തിലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ (പി.എസ്സ്.യു) വഹിച്ച പങ്ക് വളരെ നിർണ്ണായകമാണ്. ഉത്പാദനത്തിലും സാങ്കേതിക വിദ്യയിലും സ്വയംപര്യാപ്തത കൈവരിക്കുക എന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് ഇന്ത്യയിൽ പൊതുമേഖല സ്ഥാപനങ്ങൾ ആരംഭിച്ചത്. ഇന്ത്യൻ സമ്പദ്ഘടനയെ ഉയരങ്ങളിലേക്ക് എത്തിക്കുവാനും കൂടി ഉദ്ദേശിക്കുന്നു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ അവശ്യസാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കുന്നതിനും തദ്വാര വിപണിയിൽ നിർണ്ണായകമായ സ്ഥാനം നില നിർത്തുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സാധിക്കുന്നു. 1990 മുതൽ ഇന്ത്യയിലെ സാമ്പത്തികപരിഷ്കാരങ്ങൾ വിപണിക്ക് കൂടുതൽ ഊന്നൽ നൽകിയിരുന്നെങ്കിലും പി.എസ്.യു വിന്റെ ഓഹരികൾ വിറ്റഴിക്കുന്ന നയമാണ് കേന്ദ്ര സർക്കാർ പിന്തുടർന്നു വരുന്നത്. എന്നിരുന്നാലും കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്ക് വിരുദ്ധമായി പൊതുമേഖല സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ലാഭം നേടുന്നതിനും വ്യവസായ മേഖലയുടേയും സമ്പദ് വ്യവസ്ഥയുടേയും വിപുലമായ വികസനത്തിന് സഹായിക്കുന്നതിനും കേരള സർക്കാർ ലക്ഷ്യമിടുന്നു.

### കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ

വിവിധ മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും ഭരണനിയന്ത്രണത്തിലായി, 2019 മാർച്ച് 31 വരെ 348 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ത്യ ഗവൺമെന്റിന്റെ കീഴിലുണ്ട്. ഇന്ത്യയിലെ 178 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ 2018–19ൽ 1,74,587 കോടി രൂപയുടെ ലാഭം നേടി. 2017–18 ലെ 1,55,931 കോടിയിൽ നിന്ന് 11.96 ശതമാനം ലാഭം കാണിക്കുന്നു. സമ്പദ്‌വ്യവസ്ഥയിൽ 70 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ 2018–19ൽ 31,635 കോടി രൂപയുടെ നഷ്ടമുണ്ടാക്കി. 2017–18ൽ ഇത് 32,180 കോടി ആയിരുന്നു, നഷ്ടം 1.7 ശതമാനം കുറഞ്ഞു.

### കേന്ദ്ര മേഖലാ നിക്ഷേപം

ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെയുള്ള യഥാർത്ഥ നിക്ഷേപം കണക്കാക്കുന്നത് 'ഗ്രോസ് ബ്ളോക്ക'കളിലാണ്. ഇത് 2017–18 ൽ 19.7 ലക്ഷം കോടി രൂപ ആയിരുന്നത് 2018–19 ൽ 21.9 ലക്ഷം രൂപ ആയി വർദ്ധിച്ചു. ഇത് 2016–17 ലെ വളർച്ചയെ അപേക്ഷിച്ച് 11.2 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപം 'ഗ്രോസ് ബ്ലോക്കിൽ' 19.3 ശതമാനം വർദ്ധിച്ച് 2017–18 ൽ 47,242 കോടി രൂപ ആയിരുന്നത് 2018–19 ൽ 56,379 കോടി രൂപ ആയി ഉയർന്നു. ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ യഥാർത്ഥ മൊത്തം നിക്ഷേപത്തിൽ നിന്ന് കേരളത്തിന് ലഭിച്ച വിഹിതം 2017–18 ലെ 2.4 ശതമാനത്തിൽ നിന്നും 2018–19 ൽ 2.6 ശതമാനം നേരിയ വർദ്ധനവ് രേഖപ്പെടുത്തി (പബ്ലിക് എന്റർപ്രൈസസ് സർവ്വേ 2018–19). സംസ്ഥാനാടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ഏറ്റവും കൂടുതൽ നിക്ഷേപമുള്ളത് മഹാരാഷ്ട്രയിലാണ് (8.4 ശതമാനം വിഹിതം), ഉത്തർ പ്രദേശ് രണ്ടാം സ്ഥാനത്തും (6.9 ശതമാനം വിഹിതം), തമിഴ്നാട് മൂന്നാം സ്ഥാനത്തും (6.5 ശതമാനം) ആണ്. 2013–14 മുതൽ 2018–19 വരെ യുള്ള കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.3.1** ൽ ചേർത്തിരിക്കുന്നു. 31–03–2019 വരെ തെരഞ്ഞെടുത്ത സംസ്ഥാനങ്ങളിലെ കേന്ദ്ര മേഖലാ നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 4.3.2** ൽ ചേർത്തിരിക്കുന്നു.

**ചിത്രം 4.3.1**

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപത്തിൽ കേരളത്തിന്റെ വിഹിതം, ശതമാനത്തിൽ




*അവലംബം: പബ്ലിക് എന്റർപ്രൈസസ് സർവ്വേ 2018-19*

2013–14 മുതൽ 2018–19 വരെയുള്ള കാലയളവിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ കേരളത്തിന് ലഭിച്ച നിക്ഷേപ വിഹിതം **ചിത്രം 4.3.1** –ൽ ചേർത്തിരിക്കുന്നു. 2013–14 മുതൽ കേരളത്തിന്റെ നിക്ഷേപത്തിന്റെ വിഹിതം വർദ്ധിച്ചുകൊണ്ടിരിക്കുന്നതും 2017–18 ന ശേഷം നേരിയ കുറവ് വരുന്നതും ചിത്രത്തിൽ കാണാവുന്നതാണ്. 2018–19 ൽ ഇത് നേരിയ വർദ്ധനവ് രേഖപ്പെടുത്തി.

## ജോയിന്റ് സ്റ്റോക്ക് കമ്പനികൾ

2020 മാർച്ച് വരെ കേരളത്തിൽ 34,036 ജോയിന്റ് സ്റ്റോക്ക് കമ്പനികളുണ്ടായിരുന്നു, അതിൽ 31,987 (94 ശതമാനം) സ്വകാര്യ ലിമിറ്റഡ് കമ്പനികളും, 2,049 (6 ശതമാനം) പബ്ലിക് ലിമിറ്റഡ് കമ്പനികളുമാണ്. 2019 മാർച്ചുമായി താരതമ്യപ്പെടുത്തുമ്പോൾ, 2020 മാർച്ചോടെ ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ എണ്ണം 1,707 ആയി ഉയർന്നു. 2019–20 ൽ 4,479 കമ്പനികൾ പുതുതായി രജിസ്റ്റർ ചെയ്തു (4,228 പ്രൈവറ്റ് ലിമിറ്റഡ്, 251 പബ്ലിക് ലിമിറ്റഡ് ). 2019–20 കാലയളവിൽ 35 കമ്പനികളെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും 8 കമ്പനികളെ മറ്റ് സംസ്ഥാനങ്ങളിലേക്കും മാറ്റി. 2019–20 കാലയളവിൽ പിരിച്ചുവിട്ട / അടിച്ചുമാറ്റിയ / സംയോജിപ്പിച്ച കമ്പനികളുടെ എണ്ണം 2,799 ആയിരുന്നു. 15 പബ്ലിക് ലിമിറ്റഡ് കമ്പനികളെ പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളായും 4 പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളെ പബ്ലിക് ലിമിറ്റഡ് കമ്പനികളായും മാറ്റി. 2019 മാർച്ചിലെ മൊത്തം സർക്കാർ കമ്പനികളുടെ എണ്ണം 169 ആയിരുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ വിശദാംശങ്ങൾ **അനുബന്ധം 4.3.3** –ൽ നൽകിയിരിക്കുന്നു.

## വ്യവസായ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ

വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ 42 പൊതുമേഖലാ യൂണിറ്റുകൾ ഉണ്ട്, അതിൽ കിൻഫ്ര, ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ, ടെക്സ്ഫെഡ്, സഹകരണ മേഖലയ്ക്ക് കീഴിലുള്ള ടെക്സ്റ്റൈൽ കമ്പനികളുടെ ഒരു പരമോന്നത ബോഡി, കെഎസ്ഐഡിസി എന്നിവ ഉൾപ്പെടുന്നു.

2019–20 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 165.65 കോടി രൂപയുടെ വിറ്റുവരവിനെതിരെ 3,148.18 കോടി രൂപയുടെ  നഷ്ടം രേഖപ്പെടുത്തി. ലാഭം നേടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ തിരുവിതാംകൂർ കൊച്ചി കെമിക്കൽസ് ടിഡി (ടിസിസി), കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ), കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നിവ ഉൾപ്പെടുന്നു. 2017–18 കാലയളവിൽ ഓഖിയെ പിന്തുടർന്ന് 2018–19 ലും 2019–20 ലും ഉണ്ടായ വെള്ളപ്പൊക്കം കേരളത്തെ സാരമായി ബാധിച്ചു. 2020 മാർച്ചിൽ കോവിഡ്–19 പൊട്ടിപ്പുറപ്പെട്ടത് സ്ഥിതി കൂടുതൽ വഷളാക്കി. തൽഫലമായി, ഇത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനത്തെയും ബാധിച്ചു.

## വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2019–2020, 2020 സെപ്റ്റംബർ വരെയുള്ള കാലയളവിലെ പ്രധാന നേട്ടങ്ങൾ

2017–18, 2018–19 വർഷങ്ങളിൽ ആരംഭിച്ച വിവിധ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും

2019–20 കാലയളവിൽ പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനുമായി 2019–20 കാലയളവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ 299.35 കോടി രൂപ അനുവദിച്ചു. നവീകരണം / വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണപരമായ അനുമതി സർക്കാർ നൽകിയിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രധാന നേട്ടങ്ങളിൽ ഇവ ഉൾപ്പെടുന്നു:

**കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്:**

- മൊത്തം 12 കോടി രൂപ വിഹിതത്തിൽ ഡിസ്ട്രിബ്യൂട്ട് കൺട്രോൾ സിസ്റ്റം (ഡിസിഎസ്) സ്ഥാപിക്കുന്നതിനും, മൊത്തം 8 കോടി രൂപ ചെലവിൽ നിലവിലുള്ള എൽപിജി സിസ്റ്റം എൽഎൻജിയാക്കി മാറ്റുന്നതിനുമുള്ള പദ്ധതി പൂർത്തിയാക്കി.
- കമ്പനിയുടെ ആർ & ഡി വിഭാഗം പുതിയ ടൈറ്റാനിയം ഉൽപന്നങ്ങളായ ആർസി 829, ആർസി 800 പിജി വികസിപ്പിക്കുകയും പുറത്തിറക്കുകയും ചെയ്തു.
- 70 ടിപിഡി ഓക്സിജൻ പ്ലാന്റ് കമ്മീഷൻ ചെയ്തു.

**തിരുവിതാംകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്:**

- 2019 ലെ മലിനീകരണ ലഘൂകരണത്തിലെ മികച്ച പ്രവർത്തനങ്ങൾക്ക് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിൽ നിന്ന് അവാർഡ് നേടി.

**കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്**

- കുത്തിവയ്പിനും തുള്ളിമരുന്നിനും വേണ്ടി പുതിയ പ്ലാന്റ് സ്ഥാപിച്ചു.
- കോവിഡ്–19 പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് ഈ ഉൽപ്പന്നത്തിന്റെ വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് കമ്പനി ആരോഗ്യ വകുപ്പിന് ഹാൻഡ് സാനിറ്റൈസർ നിർമ്മിച്ച് വിതരണം ചെയ്തു.

**കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്**

ഇ–ഓട്ടോയുടെ വാണിജ്യ ഉൽപ്പന്നങ്ങൾ ആരംഭിച്ചു.

**ഓട്ടോകാസ്റ്റ് ലിമിറ്റഡ്:**

- റിസർച്ച് ഡിസൈൻ & സ്റ്റാൻഡേർഡ് ഓർഗനൈസേഷൻ(ആർഡിഎസ്ഒ) യിൽ നിന്ന് "ക്ലാസ് ഫൗണ്ടറി" സർട്ടിഫിക്കറ്റ് ലഭിച്ചു.
- ആർക്ക് ചൂള, സ്റ്റീൽ കാസ്റ്റിംഗ് യൂണിറ്റുകൾ കമ്മീഷൻ ചെയ്യുകയും റെയിൽവേ ബോഗികളുടെ നിർമ്മാണം ആരംഭിക്കുകയും ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു.

**യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്**

വാഹന ട്രാക്കിംഗ് സംവിധാനം വികസിപ്പിക്കുകയും സമാരംഭിക്കുകയും ചെയ്തു.

**കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ.**

- കുറഞ്ഞ ഫ്രീക്വൻസി ഡങ്കിംഗ് സോണാറിന്റെ വിതരണം വിജയകരമായി വികസിപ്പിക്കുകയും പൂർത്തിയാക്കുകയും ചെയ്തു.
- ചെന്നൈ സ്മാർട്ട് സിറ്റി പദ്ധതികളുടെ ആദ്യ ഘട്ട നിർവ്വഹണവും പൂർത്തീകരണവും
- മത്സ്യത്തൊഴിലാളികൾക്കായി നേവല്സി റിസീവർ വികസിപ്പിച്ചു
- കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്റ്റിനായി ഇന്റഗ്രേറ്റഡ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം (ഐടിഎംഎസ്) നടപ്പിലാക്കുന്നതിനുള്ള ഓർഡർ ലഭിച്ചു

**കേരള സെറാമിക്സ് ലിമിറ്റഡ്.**

- നവീകരണ പദ്ധതികളുടെ ആദ്യ ഘട്ടം പൂർത്തിയാക്കി.
- ടെക്സ്റ്റൈൽസ് മേഖലയുടെ മൊത്തത്തിലുള്ള പ്രകടനം മെച്ചപ്പെട്ടു. കോമളപുരം, പിണറായി, ഉദുമ എന്നിവിടങ്ങളിൽ പുതുതായി സ്ഥാപിച്ച ടെക്സ്റ്റൈൽ യൂണിറ്റുകളിൽ വാണിജ്യ ഉൽപാദനം ആരംഭിച്ചു. തിരുവനന്തപുരം സ്പിന്നിംഗ് മിൽസ്, ആലപ്പുഴ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കണ്ണൂർ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് എന്നിവ നൂൽ കയറ്റുമതി ചെയ്യാൻ തുടങ്ങി. കോവിഡ്–19 നെതിരായ പ്രതിരോധ നടപടികളുടെ ഭാഗമായി കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ഒരു ലക്ഷത്തോളം മാസ്കുകൾ നിർമ്മിച്ച് വിപണനം ചെയ്തു.
- വൈവിധ്യവൽക്കരണ പദ്ധതികളുടെ ഭാഗമായി കേരള ക്ലേസ് & സെറാമിക് പ്രൊഡക്ട്സ് ലിമിറ്റഡും ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡും പെട്രോൾ പമ്പുകൾ സജ്ജമാക്കി.
- പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ്, സിഡ്കോ, കെൽട്രോൺ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് എന്നിവയാണ് ചന്ദ്രയാൻ 2 പദ്ധതിയിൽ ഉപയോഗിച്ച വിവിധ ഘടകങ്ങൾ നിർമ്മിച്ചത്.
- ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്എൻഎൽ) ഏറ്റെടുക്കൽ അവസാന ഘട്ടത്തിലാണ്.

കോവിഡ്–19 പൊട്ടിപ്പുറപ്പെട്ടത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനത്തെ വളരെയധികം ബാധിച്ചു. ഉൽപാദനത്തിൽ കുറവുണ്ടായതും ലോക്ക്ഡൗൺ, മനുഷ്യശക്തിയുടെ കുറവ്, അസംസ്കൃത വസ്തുക്കളുടെ ലഭ്യതയില്ലായ്മ, കുറഞ്ഞ വിപണി ആവശ്യം, പ്രവർത്തന മൂലധനത്തിന്റെ കുറവ് എന്നിവ കാരണം മൊത്തത്തിലുള്ള പ്രകടനം കുറഞ്ഞു. 2020–21 കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കോവിഡ്–19 പാക്കേജിന് കീഴിൽ 50 കോടി ധനസഹായം സർക്കാർ നൽകി. വ്യവസായ വകുപ്പിന് കീഴിലുള്ള 42 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയും മൊത്തം അറ്റാദായം 2012–13ൽ 110.41 കോടി രൂപയായിരുന്നു. എന്നിരുന്നാലും, 2013–14 മുതൽ ഈ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം അറ്റാദായം നെഗറ്റീവ് ആണ്. ഇവരുടെ മൊത്തം നഷ്ടം 2016–17ൽ 133.4

കോടി രൂപയായിരുന്നു. എന്നാൽ 2017–18 മുതൽ ഈ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിയ അറ്റാദായത്തിൽ ശ്രദ്ധേയമായ വർധനയുണ്ടായി. അറ്റാദായം 2017–18 ൽ 5 കോടി രൂപയായിരുന്നു, അത് 2018–19ൽ 8.3 കോടി രൂപയായി ഉയർന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം കഴിഞ്ഞ 5 വർഷങ്ങളിൽ **അനുബന്ധം 4.3.4** –ൽ നൽകിയിരിക്കുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള സാമ്പത്തിക പ്രകടനം **പട്ടിക 4.3.1** –ൽ കാണിച്ചിരിക്കുന്നു

**പട്ടിക 4.3.1** വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ: പദ്ധതിവിഹിതം, വിറ്റുവരവ്, അറ്റാദായം (രൂപ കോടിയിൽ)

| ഇനങ്ങൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 ( 30/9/2020 വരെ) |
|---|---|---|---|---|---|---|
| **കെമിക്കൽ മേഖല (7 യൂണിറ്റ്)** | | | | | | |
| പദ്ധതി വിഹിതം | 19.1 | 19.7 | 19.5 | 28.2 | 15.3 | 51.5 |
| ടേൺ ഓവർ | 1153.6 | 1266.6 | 1401.9 | 1595.9 | 1394.7 | 670.5 |
| അറ്റാദായം | 13.0 | 28.2 | 223.3 | 189.1 | 63.4 | 6.1 |
| **ടെക്സ്റ്റയിൽ മേഖല (8 യൂണിറ്റുകൾ)** | | | | | | |
| പദ്ധതി വിഹിതം | 29.7 | 34.8 | 23.8 | 22.2 | 20.5 | 33.8 |
| ടേൺ ഓവർ | 96.3 | 82.3 | 133.9 | 157.3 | 158.7 | 53.8 |
| അറ്റാദായം | -72.3 | -73.9 | -90.9 | -94.2 | -115.5 | -56.0 |
| **എഞ്ചിനീയറിംഗ് മേഖല (6 യൂണിറ്റുകൾ)** | | | | | | |
| പദ്ധതി വിഹിതം | 6.0 | 12.9 | 25.9 | 30.5 | 9.4 | 34.2 |
| ടേൺ ഓവർ | 121.4 | 116.6 | 125.8 | 154.2 | 158.8 | 67.0 |
| അറ്റാദായം | -33.7 | -31.9 | -44.8 | -42.7 | -42.2 | -21.7 |
| **ഇലക്ട്രോണിക്സ് മേഖല (3 യൂണിറ്റുകൾ)** | | | | | | |
| പദ്ധതി വിഹിതം | 1.5 | 2.8 | 2.7 | 10.6 | 0 | 17.7 |
| ടേൺ ഓവർ | 484.8 | 452.4 | 480.2 | 542.6 | 521.1 | 143.9 |
| അറ്റാദായം | 13.4 | -17.51 | 3.8 | 9.6 | 4.4 | -11.0 |
| **ഇലക്ട്രിക്കൽ മേഖല (4 യൂണിറ്റുകൾ)** | | | | | | |
| പദ്ധതി വിഹിതം | 18.5 | 15.5 | 17.9 | 32.9 | 5.5 | 46.3 |
| ടേൺ ഓവർ | 398.2 | 424.0 | 393.4 | 565.1 | 498.9 | 166.9 |
| അറ്റാദായം | -47.3 | -17.9 | -34.2 | -20.4 | -34.8 | -40.1 |
| പരമ്പരാഗത തടി അടിസ്ഥാന മേഖല (7 യൂണിറ്റുകൾ) | | | | | | |
| പദ്ധതി വിഹിതം | 14.0 | 4.9 | 7.1 | 7.5 | 4.5 | 11.05 |
| ടേൺ ഓവർ | 146.7 | 139.7 | 128.1 | 136.3 | 121.5 | 29.3 |
| അറ്റാദായം | -20.9 | -22.1 | -30.1 | -21.8 | -22.2 | -17.2 |
| സെറാമിക് മേഖല (2 യൂണിറ്റുകൾ) | | | | | | |
| പദ്ധതി വിഹിതം | 2.0 | 4.9 | 4.9 | 16.2 | 3.0 | |
| ടേൺ ഓവർ | 5.5 | 4.7 | 5.3 | 8.2 | 10.99 | 8.93 |
| അറ്റാദായം | -10.9 | -10.9 | -13.7 | -9.0 | -8.27 | -6.08 |
| **വികസന മേഖല (2014–2017 ൽ 3 യൂണിറ്റുകളും 2017 ന ശേഷം 2 ഉം)** | | | | | | |
| പദ്ധതി വിഹിതം | - | 5.5 | - | - | 1.0 | 15.21 |
| ടേൺ ഓവർ | 393.2 | 235.2 | 252.4 | 283.1 | 283.6 | 77.8 |
| അറ്റാദായം | 37.6 | 12.7 | -8.4 | -2.3 | -10.5 | -10.5 |

*അവലംബം: റിയാബ്*

വ്യാവസായിക മേഖലയിലെ കെമിക്കൽ, ഇലക്ട്രോണിക് മേഖലകൾക്ക് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 2018–19 കാലയളവിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മികച്ച പ്രകടനത്തിന് കാരണമായി. അതേസമയം, ടെക്സ്റ്റൈൽ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടം രേഖപ്പെടുത്തി, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള പ്രകടനം കുറയ്ക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനും കേരളത്തിലെ വ്യാവസായിക മേഖലയുടെ സാങ്കേതിക പരിവർത്തനത്തിന്റെ ഏജന്റായി ഉയർന്നുവരാൻ സഹായിക്കാനുമുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ ആരംഭിച്ചു.

വ്യവസായ വകുപ്പിന് കീഴിലുള്ള 42 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്ത ഉല്പാദന മൂല്യം 2018–19 ൽ 3,405.7 കോടി ആയിരുന്നത് 2019–20 ൽ 2,777.7 കോടി രൂപയായി കുറഞ്ഞു. 18 ശതമാനം ഇടിവ് രേഖപ്പെടുത്തി. ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് മുൻ വർഷത്തെ അപേക്ഷിച്ച് 2019–20 ൽ 8.6 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2019–20, 2020–21 (2020 സെപ്റ്റംബർ) വരെയുമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ്, ലാഭം/നഷ്ടം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 4.3.5** –ൽ കൊടുത്തിരിക്കുന്നു.

പന്ത്രണ്ടാം പദ്ധതി കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പോലും സംസ്ഥാന ബജറ്റ് വിഹിതത്തെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ, പന്ത്രണ്ടാം പദ്ധതിയുടെ അവസാന വർഷം മുതൽ (2016–17) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമുള്ള പ്രധാന നടപടികൾ കൈക്കൊണ്ടുവരുന്നു.

## ഭാവി പരിപാടികൾ

പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്ന സംരംഭങ്ങൾ മാത്രമായി ചുരുങ്ങാതെ പൊതു സ്വകാര്യ മേഖലകളിൽ ഉയർന്ന സാങ്കേതിക സംരംഭങ്ങൾക്ക് പ്രവർത്തനക്ഷമമായ അന്തരീക്ഷം സൃഷ്ടിക്കുന്ന സ്ഥാപനങ്ങളായി മാറ്റിയെടുക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുമായി പൊതുമേഖല സ്ഥാപനങ്ങളെ ബന്ധിപ്പിക്കേണ്ടതുണ്ട്. അതിനായി, കേരളത്തിൽ നിന്നു തന്നെ അസംസ്കൃത വസ്തുക്കൾ കഴിയുന്നത്ര ശേഖരിക്കുകയും താഴെ തട്ടിലുള്ള വ്യവസായങ്ങളെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധരാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതുവായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിലേക്ക് പ്രൊഫഷണൽ മാനേജർമാരെ നിയമിക്കും. സുതാര്യമായ രീതിയിൽ ഉന്നതതലത്തിലുള്ള മാനേജർമാരുടെ ഒരു കേഡർ തിരഞ്ഞെടുക്കുന്നതിനായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന് രൂപം നൽകി. ഒരേ തരത്തിലുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

## പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്)

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റിയാബിലൂടെയാണ് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്കരണ/നവീകരണ പദ്ധതികൾ നടപ്പാക്കുന്നത്. വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവന/പുനരുദ്ധാരണ പരിപാടികൾ നടപ്പിലാക്കുന്നതിൽ റിയാബ് ഒരു പ്രധാന പങ്കാണ് വഹിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ആസൂത്രണം ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യുക, സ്ഥാപന പുന:നിർമ്മാണം, ശേഷി വർദ്ധിപ്പിക്കൽ, പൊതു മേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഭരണപരമായ ഉപദേശക സഹായവും നൽകുക എന്നിവയാണ് ഏജൻസിയുടെ പ്രധാന ഉത്തരവാദിത്വങ്ങൾ.

## വ്യാവസായിക പ്രോത്സാഹനവും അടിസ്ഥാന സൗകര്യ വികസന ഏജൻസികളും

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) എന്നിവയാണ് സംസ്ഥാനത്തെ പ്രധാന വ്യവസായ ധനസഹായ ഏജൻസികൾ. വ്യാവസായിക ധനസഹായത്തിനു പുറമെ വ്യാവസായിക വളർച്ചയ്ക്ക് ആവശ്യമായ ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ കെ.എസ്.ഐ.ഡി.സി പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുന്നു. കൂടാതെ, വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് കിൻഫ്രയും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ (സിഎംഡി) സഹായത്തോടെ സംസ്ഥാന ആസൂത്രണ ബോർഡ് കേരളത്തിലെ വ്യാവസായിക വികസനത്തിനായുള്ള നയങ്ങളെയും ഏജൻസികളെയും കുറിച്ച് ഒരു പഠന റിപ്പോർട്ട് തയ്യാറാക്കി. പ്രധാന കണ്ടെത്തലുകൾ **ബോക്സ് 4.3.1** –ൽ പരാമർശിച്ചിരിക്കുന്നു.

**ബോക്സ് 4.3.1** കേരളത്തിലെ വ്യാവസായിക വികസനത്തിനായി നയങ്ങളുടെയും ഏജൻസികളുടെയും വിലയിരുത്തൽ റിപ്പോർട്ട്"

സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിന്റെ (സിഎംഡി) സഹായത്തോടെ സംസ്ഥാന ആസൂത്രണ ബോർഡ് കേരളത്തിലെ വ്യവസായ വികസനത്തിനായുള്ള നയങ്ങളും ഏജൻസികളും സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കി. വിവിധ പ്രമോഷണൽ ഏജൻസികളുടെ നയങ്ങളും പദ്ധതികളും (ഭൂമി അനുവദിക്കൽ അല്ലെങ്കിൽ സംരംഭകത്വ പ്രമോഷൻ പോലുള്ളവ) കേരളത്തിന്റെ വ്യാവസായിക വികസനം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട അവയുടെ ഫലപ്രാപ്തി മനസ്സിലാക്കുകയും രേഖപ്പെടുത്തുകയും ചെയ്യുക എന്നതായിരുന്നു പഠനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഈ ഏജൻസികളുടെ പ്രവർത്തനങ്ങളിൽ ഏകോപനം നടത്തുക, വ്യാവസായിക വികസനത്തിന്റെ വിവിധ മേഖലകളിൽ സിനർജികൾ ഉണ്ടാക്കുക എന്നിങ്ങനെയുള്ള നടപടികളും ഈ പഠനം നിർദ്ദേശിച്ചു.

ലാഭകരവും സുസ്ഥിരവുമായ സംരംഭങ്ങളുടെ വളർച്ചയ്ക്ക് സഹായകമായ സംസ്ഥാനത്തെ എംഎസ്എംഇ പരിസ്ഥിതി വ്യവസ്ഥയുടെ പുരോഗമന പരിവർത്തനത്തിന്റെ ആവശ്യകത പഠനം ഉയർത്തിക്കാട്ടി. വിവിധ ഭൂമിശാസ്ത്രങ്ങൾക്ക് അനുയോജ്യമായ വികേന്ദ്രീകൃത വിതരണ മാനുഫാക്ചറിംഗ് ഹബുകളുടെ തിരിച്ചറിയലും വികസനവും വഴി ഇത് കൈവരിക്കാൻ നിർദ്ദേശിക്കുന്നു. ഹൈടെക് വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾക്ക് ആവശ്യമായ മാനവ വിഭവശേഷിയും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാനത്തിനുള്ളിൽ മൂലധനത്തിന്റെ ലഭ്യതയും കേരളത്തിന്റെ നേട്ടങ്ങളിൽ ഉൾപ്പെടുന്നു.

മാനുഫാക്ചറിംഗ് ഹബുകളുടെ രൂപീകരണത്തിന് വഴികാട്ടുന്ന ഘടകങ്ങൾ ഇവയാണ്: (1) അസംസ്കൃത വസ്തുക്കളുടെയോ വ്യാപാര ബന്ധത്തിന്റെയോ ഭൂമിശാസ്ത്രപരമായ നേട്ടം (2) നിലവിലുള്ള പൊതുമേഖലാ സ്ഥാപനത്തിലേക്കോ സർക്കാർ ഏജൻസിയിലേക്കോ സാമീപ്യം (3) മേഖലയിലെ സ്ഥാപിത പരിസ്ഥിതി സിസ്റ്റം കളിക്കാരുടെ ലഭ്യത, (4) ഗവേഷണ, പ്രതിഭ പരിസ്ഥിതി വ്യവസ്ഥകളുടെ സാമീപ്യം. പരമ്പരാഗത വ്യവസായ ഘടനയിൽ നിന്ന് അതിന്റെ പ്രധാന ഡിഫ്രൻഷ്യേറ്ററുകളുമായി വിന്യസിച്ചിരിക്കുന്ന ഒരു ഘടനയിലേക്ക് കേരളം മാറേണ്ടതുണ്ടെന്ന് പഠനം സൂചിപ്പിക്കുന്നു.

വിവിധ വ്യവസായ വികസന ഏജൻസികൾക്കുള്ള ഉത്തരവുകൾ രണ്ടോ അതിലധികമോ പതിറ്റാണ്ടുകൾക്ക് മുമ്പാണ് ആവിഷ്കരിച്ചത്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വ്യാവസായിക വികസനത്തിൽ വൻകിട വ്യവസായങ്ങൾക്ക് നൽകിയിട്ടുള്ള പ്രാഥമിക പങ്ക് ഈ ഉത്തരവുകൾ പ്രതിഫലിപ്പിക്കുന്നു. വൻകിട വ്യവസായങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി) രൂപീകരിച്ചത്. ഈ വൻകിട വ്യവസായങ്ങളുടെ അനുബന്ധ എംഎസ്എംഇകളെ പിന്തുണയ്ക്കാൻ ചെറുകിട വ്യവസായ വികസന കോർപ്പറേഷനെ (സിഡ്കോ) നിർബന്ധമാക്കി. വ്യാവസായിക വികസനത്തെ നയിച്ചത് പരമ്പരാഗത ഉൽപാദന ഘടകങ്ങളായ ഭൂമി, മൂലധനം, തൊഴിൽ എന്നിവയാണ്.

വിജ്ഞാനാധിഷ്ഠിതവും നൈപുണ്യവും അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ ആവിർഭാവത്തോടെ കേരളത്തിന് ഇപ്പോൾ വളരെയധികം നേട്ടങ്ങളുണ്ട്. വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളുടെ കാലഘട്ടത്തിൽ വ്യാവസായിക ഉന്നമനത്തിനുള്ള നയങ്ങളും ഏജൻസികളും വ്യാവസായിക പ്രമോഷന്റെ മാറുന്ന ആവശ്യകതകളുമായി പൊരുത്തപ്പെടണം. സ്റ്റാർട്ടപ്പുകളും ഉയർന്ന സാങ്കേതിക എംഎസ്എംഇകളും പ്രോത്സാഹിപ്പിക്കുന്നതിന് നിർദ്ദിഷ്ട നയങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്.

## കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി)

കേരളത്തിൽ ഇടത്തര–വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഉടമസ്ഥതയിൽ 1961 ൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കമ്പനിയാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി). കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് തന്ത്രപ്രധാനമായ പല വ്യവസായ പശ്ചാത്തല വികസന പദ്ധതികളും കെ.എസ്.ഐ.ഡി.സി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സ്വകാര്യ വ്യവസായിക പ്രോജക്ടുകളെ പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപ പ്രോത്സാഹന ഉദ്യമങ്ങളെ മുന്നോട്ട് നയിക്കുന്നതിനും, വ്യവസായിക അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനും ജൈവവ്യവസ്ഥയ്ക്കും സംരംഭകരെ വളർത്തുന്നതിനും സ്റ്റാർട്ട് അപ്പുകൾക്ക് പിന്തുണ നൽകുന്നതിനും ഒരു പ്രധാന പങ്ക് കെ.എസ്.ഐ.ഡി.സി വഹിക്കുന്നു. സംസ്ഥാനത്ത്, ആഭ്യന്തരവും വിദേശീയവുമായ വ്യവസായ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഐ.ഡി.സി നിക്ഷേപകർക്ക് സമഗ്രമായ പിന്തുണയും സഹായവും നൽകി വരുന്നു. വിവിധ ആനുകൂല്യങ്ങളും പദ്ധതികളും പരിശോധിക്കുവാൻ വേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തുകയും, സർക്കാരും വ്യവസായ മേഖലയും ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

**ബോക്സ് 4.3.2** കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും

- ഇടത്തര – വൻകിട വ്യവസായങ്ങൾക്ക് ധനസഹായവും പിന്തുണയും
- കേരളത്തിൽ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുക
- വ്യാവസായിക വളർച്ചാ കേന്ദ്രങ്ങൾ ഉൾപ്പെടെ അടിസ്ഥന സൗകര്യ വികസനത്തിന് പിന്തുണ നൽകുന്നു.
- കേരളത്തിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (ഇ.ഒ.ഡി.ബി) പ്രോത്സാഹിപ്പിക്കുക
- വിവിധ സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് പിന്തുണ നൽകുക
- സംരംഭക സഹായം
- ഏഞ്ചൽ/സീഡ് ഫണ്ട് പദ്ധതി.
- ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, കൊച്ചി
- ലൈഫ് സയൻസ് പാർക്ക് – ലൈഫ് സയൻസ് മേഖലയിൽ സ്വകാര്യ വ്യവസായങ്ങളെയും ഗവേഷണവികസന സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി.
- ലൈറ്റ് എഞ്ചിനിയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്–രണ്ടാം ഘട്ടം.
- വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ
- ബിസിനസ്സ് ഇൻകുബേറ്റർ
- മെഡിക്കൽ ഡിവൈസസ് പാർക്ക് (മെഡ്സ്പാർക്ക്)
- ലൈറ്റ് എഞ്ചിനിയറിംഗ് പാർക്ക്
- മെഗാ ഫുഡ് പാർക്ക്

ബിസിനസ്സ് ആശയങ്ങൾ പ്രായോഗിക പ്രോജക്ടുകളായി വികസിപ്പിക്കുന്നതിൽ നിന്നുള്ള പിന്തുണ, സാധ്യതാ പഠനങ്ങൾ നടത്തുന്നതിന് സഹായം, വികസിത ഇൻഫ്രാസ്ടക്ചർ സൗകര്യങ്ങൾ നൽകൽ, സമയബന്ധിതമായ അംഗീകാരങ്ങൾ, ഹാൻഡ്ഹോൾഡിംഗിന് അനുമതി എന്നിവ നൽകിക്കൊണ്ട് സംസ്ഥാനത്ത് എന്റർപ്രൈസ് സ്ഥാപിക്കുന്ന നിക്ഷേപകർക്കുള്ള ഏക പോയിന്റ് കോൺടാക്റ്റായി കെഎസ്ഐഡിസി പ്രവർത്തിക്കുന്നു. പ്രോജക്റ്റ് കൺസെപ്റ്റുവലൈസേഷൻ മുതൽ കമ്മീഷനിംഗ് വരെ നിക്ഷേപകൻ. ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, മെന്ററിംഗ് സെഷനുകൾ നൽകുക, സ്റ്റാർട്ടപ്പിനായി വിത്ത് ഫണ്ട് വർദ്ധിപ്പിക്കുക എന്നിവയിലൂടെ സ്റ്റാർട്ടപ്പുകൾക്കായി പ്രാപ്തമാക്കുന്ന ഒരു ഇക്കോസിസ്റ്റം സൃഷ്ടിക്കാൻ കെഎസ്ഐഡിസി പരിശ്രമിച്ചു.

വിവിധ വ്യവസായ യൂണിറ്റുകൾക്കും വിവിധ മെഗാ പ്രോജക്ടുകൾക്കും ധനസഹായം നൽകുന്നതിന് പുറമെ കെ.എസ്.ഐ.ഡി.സി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ **ബോക്സ് 4.3.2** –ൽ കൊടുത്തിരിക്കുന്നു.

## സാമ്പത്തിക സ്ഥിതി

2018–19 –ൽ കോർപറേഷൻ 33.8 കോടി രൂപ അറ്റാദായമായി നേടി. കഴിഞ്ഞ 3 വർഷങ്ങളിലെ കെ.എസ്.ഐ.ഡി.സി യുടെ ചില പ്രധാന സാമ്പത്തിക പരാമീറ്ററുകൾ **പട്ടിക 4.3.2** ൽ കൊടുത്തിരിക്കുന്നു.

## കെ.എസ്.ഐ.ഡി.സി യുടെ വ്യാവസായിക ധനസഹായ പ്രവർത്തനങ്ങൾ

2019–20 –ൽ 312.6 കോടി രൂപയുടെ പദ്ധതികൾക്ക് കെ.എസ്.ഐ.ഡി.സി അനുമതി നൽകി. ഈ പദ്ധതികൾ 705 പേർക്ക് നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കോർപ്പറേഷൻ 59.5 കോടി വിതരണം ചെയ്തു, മൊത്തം 90.5 കോടി രൂപ മുതലും പലിശയും വഴി കണ്ടെടുത്തു. നിലവിൽ 2,565.1 കോടി രൂപ മുതൽ മുടക്കിൽ 23 പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്, ഇത് 1,759

**പട്ടിക 4.3.2** കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ (കോടി രൂപയിൽ)

| വിശദാംശങ്ങൾ | 2016–17 | 2017–18 | 2018–19 |
|---|---|---|---|
| മൊത്തം ആസ്തി | 669 | 777.3 | 703.7 |
| ആകെ ചിലവുകൾ | 13.7 | 44.9 | 14.7 |
| ജീവനക്കാരുടെ ചിലവുകൾ | 9.1 | 10.3 | 8.9 |
| അറ്റലാഭം/നഷ്ടം (+/–) | 34.5 | 33.6 | 33.8 |
| ഓഡിറ്റ് നില | ഓഡിറ്റ് ചെയ്തത് | | |

*അവലംബം:* ബി.പി.ഇ അവലോകനം 2018-19

**പട്ടിക 4.3.3** കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും 2016–17 മുതൽ 2019–20 വരെ (രൂപ കോടിയിൽ)

| ക്രമ നം | വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | 2016–17 | 87.5 | 75.5 | 86.3 |
| 2 | 2017–18 | 96.3 | 171.7 | 178.4 |
| 3 | 2018–19 | 134.4 | 77.5 | 57.7 |
| 4 | 2019–20 | 116.0 | 15.9 | 13.7 |
| 5 | 2020–21* | 109 | 10.51 | 9.7 |

*അവലംബം- ബജറ്റ് എസ്റ്റിമേറ്റ്*
*2020 സെപ്റ്റംബർ വരെയുള്ള ചെലവുകൾ

പേർക്ക് തൊഴിൽ സൃഷ്ടിക്കും. കെഎസ്ഐഡിസിയുടെ ഭൗതികവും സാമ്പത്തികവുമായ പ്രകടനം 2019–20 ലും 2020–21 ലും (2020 സെപ്റ്റംബർ വരെ) **അനുബന്ധം 4.3.6** ൽ നൽകിയിരിക്കുന്നു.

## കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രോത്സാഹന പ്രവർത്തനങ്ങൾ

സ്വകാര്യ നിക്ഷേപം സുഗമമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കെ.എസ്.ഐ.ഡി.സി നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രോൽസാഹന പ്രവർത്തനങ്ങൾ ഇവയാണ്.

## ഈസ് ഓഫ് ഡൂയിംഗ് ബിസ്സിനസ്

ഈസ് ഓഫ് ഡൂയിംഗ് ബിസ്സിനസ് മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച പരിഷ്കരണ നടപടികളുടെ അടിസ്ഥാനത്തിൽ ഇന്ത്യാ ഗവൺമെന്റിന്റെ ഇന്റസ്ട്രിയൽ പോളിസി ആൻഡ് പ്രൊമോഷൻ വകുപ്പ് (ഡി.ഐ.പി.പി) വർഷംതോറും സംസ്ഥാനങ്ങളെ റാങ്ക് ചെയ്യുന്നു. കേരളത്തിൽ ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനായുള്ള ക്ലിയറൻസ് നടപടിയ്ക്കായി നിലവിലുള്ള ചട്ടങ്ങളെയും വകുപ്പുകളെയും പരിഷ്കരിക്കുന്നതിനെപ്പറ്റി കെ.എസ്.ഐ.ഡി.സി ഒരു പഠനം നടത്തുകയും, റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ ഉള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 7 ആക്ടുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള തീരുമാനം സംസ്ഥാന കാബിനറ്റ് അംഗീകരിച്ചു. ഇതിനെത്തുടർന്ന് ഇ.ഒ.ഡി.ബി യുടെ ഭാഗമായി സംസ്ഥാന സർക്കാർ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 ൽ പ്രസിദ്ധീകരിച്ചു.

## വേഗതയേറിയതും സുതാര്യവുമായ ഓൺ ലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനം (കെ.എസ്.ഡബ്ല്യൂ.ഐ.എഫ്.ടി)

സംസ്ഥാനത്ത് വ്യവസായ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനായി കേരള സർക്കാർ ഒരു 'ഏകജാലക ക്ലിയറൻസ് സംവിധാനം' ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് കെ.എസ്.ഐ.ഡി.സി. ഓൺലൈൻ ക്ലിയറൻസ് സംവിധാനവും ഓൺലൈൻ പൊതു അപേക്ഷ ഫോമുകളും വികസിപ്പിക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ (എൻ.ഐ.സി) ചുമതലപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി ലൈസൻസുകളും അംഗീകാരങ്ങളും നൽകുന്ന വിഷയത്തിൽ സർക്കാരുമായുള്ള ഭാവിയിലെ എല്ലാ ഇടപാടുകൾക്കും കെ.സ്വിഫ്റ്റ് വേദിയാകും. നിലവിൽ 15 വകുപ്പുകൾ/ ഏജൻസികളുടെ സേവനങ്ങൾ കെ. സ്വിഫ്റ്റിൽ ലഭ്യമാണ്.

## സാമ്പത്തിക സഹായം

സംസ്ഥാനത്തെ ഇടത്തരം, വൻകിട വ്യവസായങ്ങൾക്കായി കെഎസ്ഐഡിസി നിരവധി ധനസഹായ സഹായ പദ്ധതികൾ ആരംഭിച്ചു. കെഎസ്ഐഡിസിയുടെ ദീർഘകാല വായ്പ സഹായം ഒരു പദ്ധതിയിൽ പരമാവധി 100 കോടി രൂപ വരെ പരിമിതപ്പെടുത്തിയിരിക്കുന്നു. ടേം ലോൺ, ഹ്രസ്വകാല വായ്പകൾ, ഉപകരണങ്ങൾ വാങ്ങൽ വായ്പകൾ, പ്രവർത്തന മൂലധന വായ്പകൾ, കോർപ്പറേറ്റ് വായ്പകൾ, ഇക്വിറ്റി / പ്രിഫറൻസ് ഷെയർ നിക്ഷേപങ്ങൾ എന്നിവയാണ് കെഎസ്ഐഡിസി നൽകുന്ന വിവിധ തരം വായ്പകൾ. വിത്ത് ഫണ്ട് സഹായം, ഇൻകുബേഷൻ സൗകര്യം, മെന്ററിംഗ് സപ്പോർട്ട് തുടങ്ങിയ നൂതന സംരംഭങ്ങൾക്ക് കെഎസ്ഐഡിസി യുവ സംരംഭകരെ പിന്തുണയ്ക്കുന്നു. ഇക്വിറ്റി ഷെയർ ക്യാപിറ്റലിന് സോഫ്റ്റ് ലോൺ വഴി വിത്ത് ഫണ്ട് നൽകുന്നു. ഈ പരിപാടി ആരംഭിച്ചതിനുശേഷം നൂറിലധികം കമ്പനികൾക്ക് 22 കോടി രൂപയിലധികം അനുമതി നൽകി.

കെഎസ്ഐഡിസിയുടെ വനിതാ സംരംഭകത്വ ദൗത്യം നിലവിലുള്ള വനിതാ സംരംഭകരെ അവരുടെ ബിസിനസ്സ് സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിന് തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണ നൽകുന്നതിനുമായി ആരംഭിച്ച മറ്റൊരു സംരംഭമാണ്.

**പട്ടിക 4.3.4** കിൻഫ്രയുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ (രൂപ കോടിയിൽ)

| വിശദാംശങ്ങൾ | 2016-17 | 2017-18 | 2018-19 |
|---|---|---|---|
| മൊത്തം ആസ്തി | 741.6 | 1122.5 | 1228.5 |
| മൂലധനം | 37.6 | 33.7 | 43.4 |
| ജീവനക്കാരുടെ ചെലവ് | 11.2 | 12.3 | 18.1 |
| അറ്റ ലാഭം / നഷ്ടം(+/-) | 0.4 | 0.9 | 5.7 |
| ഓഡിറ്റ് ചെയ്തത് | പൂർണ്ണവും കാലികവുമാണ് | | |

*അവലംബം- ബിപിഇ റിവ്യൂ 2018-19*

ഈ പ്രോഗ്രാമിന് കീഴിലുള്ള സഹായത്തിന്റെ അളവ് ഫണ്ട് ആവശ്യകതയുടെ 80 ശതമാനം അല്ലെങ്കിൽ പരമാവധി 25 ലക്ഷമായി പരിമിതപ്പെടുത്തിയിരിക്കുന്നു, ഏതാണോ കുറവ് അത്.

## കേരള വ്യവസായ അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ (കിൻഫ്ര)

സംസ്ഥാനത്തുടനീളം വ്യവസായ-നിർദ്ദിഷ്ട അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, അതുവഴി സ്വകാര്യ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക, ഭാവിയിലെ വ്യാവസായിക വളർച്ചയ്ക്ക് ഒരു ലാൻഡ് ബാങ്ക് സൃഷ്ടിക്കുക എന്നിവ ലക്ഷ്യമിട്ടാണ് 1993 ൽ കിൻഫ്ര ആരംഭിച്ചത്. വ്യവസായ പാർക്കുകൾ / ടൗൺഷിപ്പുകൾ / സോണുകൾ എന്നിവ സ്ഥാപിച്ച് സംസ്ഥാനത്തെ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ സാമ്പത്തിക വികസനം കിൻഫ്ര പ്രോത്സാഹിപ്പിച്ചു, ഇത് സംരംഭകർക്ക് ഒരു വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ മിക്ക സൗകര്യങ്ങളും നൽകുന്നു. വിവിധ വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയാണ് കിൻഫ്രയുടെ ലക്ഷ്യം. കിൻഫ്ര വികസിപ്പിച്ചെടുത്ത വ്യവസായ പാർക്കുകളിൽ ബിൽറ്റ് അപ്പ് സ്ഥലത്ത് വികസിത ഭൂമി, സമർപ്പിത വൈദ്യുതിയും ജലവിതരണവും ആശയവിനിമയ സൗകര്യങ്ങളും ഉണ്ട്. സംരംഭകർക്കായി കിൻഫ്ര ഒരു റെഡിമെയ്ഡ് നിർമ്മാണ അന്തരീക്ഷം നൽകുന്നു, കൂടാതെ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സമയവും ചെലവും കുറയ്ക്കാൻ അവരെ സഹായിക്കുന്നു.

## സാമ്പത്തിക സ്ഥിതി

2018-19 -ൽ കോർപ്പറേഷൻ 5.7 ലക്ഷം രൂപ അറ്റാദായം റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ മൂന്ന് വർഷത്തെ ചില പ്രധാന സാമ്പത്തിക സൂചകങ്ങൾ **പട്ടിക 4.3.4** ൽ കാണിച്ചിരിക്കുന്നു.

കിൻഫ്രയുടെ 2016-17 മുതൽ 2020-21 വരെയുള്ള പദ്ധതി വിഹിതവും ചെലവ് വിവരങ്ങളും **പട്ടിക 4.3.5 -ൽ** കൊടുത്തിരിക്കുന്നു.

## കിൻഫ്രയുടെ കൈവശമുള്ള ഭൂമി

കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള ആകെ ഭൂമി 2,939.1 ഏക്കർ ആണ്. ഇതിൽ 2,318.3 ഏക്കർ ഭൂമി വ്യവസായ വികസന ആവശ്യങ്ങൾക്കായി ലഭ്യമാണ്. അതിൽ 1,476.7 ഏക്കർ ഭൂമി വ്യവസായ യൂണിറ്റുകൾക്ക് ഇതിനകം അനുവദിച്ച് കൊടുത്തിട്ടുണ്ട്. ബാക്കിയുള്ള ഭൂമി (841.1 ഏക്കർ) വ്യവസായിക യൂണിറ്റുകളുടെ അലോട്ട്മെന്റിനായി കിൻഫ്രയുടെ പക്കൽ ഇപ്പോഴും ലഭ്യമാണ്. സെപ്റ്റംബർ 2020 വരെയുള്ള കിൻഫ്ര വ്യവസായ പാർക്കുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.3.7 -ൽ** കൊടുത്തിരിക്കുന്നു.

24 വ്യാവസായിക പാർക്കുകളിൽ ലോകോത്തര അടിസ്ഥാന സൗകര്യങ്ങളുള്ള 12 പ്രധാന വ്യാവസായിക മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനം കിൻഫ്ര പൂർത്തിയാക്കി, അതിൽ 9 എണ്ണം ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ പ്രത്യേക മേഖലയാണ്.

**പട്ടിക 4.3.5** കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ)

| ക്രമ നം. | വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | 2016-17 | 101.2 | 52.7 | 52.1 |
| 2 | 2017-18 | 111.3 | 66.36 | 72.7 |
| 3 | 2018-19 | 96.0 | 47.0 | 49.0 |
| 4 | 2019-20 | 107.0 | 31 | 17.4 |
| 5 | 2020-21* | 92.53 | 40 | 43.2 |

*അവലംബം- ബജറ്റ് എസ്റ്റിമേറ്റ്*
*2020 സെപ്റ്റംബർ വരെയുള്ള ചെലവ്

കിൻഫ്ര സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും പാർക്കുകളിൽ നിക്ഷേപ സൗഹൃദ കാലാവസ്ഥ സൃഷ്ടിക്കുകയും ചെയ്തു, ഇത് സംസ്ഥാനങ്ങളുടെ സമ്പദ്‌വ്യവസ്ഥയിൽ ഗണ്യമായി സംഭാവന ചെയ്യുന്നു. കിൻഫ്രയുടെ വിവിധ വ്യാവസായിക പാർക്കുകളിൽ 728 വ്യവസായ യൂണിറ്റുകൾക്ക് 1746 കോടി മുതൽമുടക്കിൽ 20000 പേർക്ക് നേരിട്ട് തൊഴിൽ നൽകി ഭൂമി അനുവദിച്ചിട്ടുണ്ട്. എല്ലാ പാർക്കുകളിലും ഏക ജാലക ക്ലിയറൻസ് സംവിധാനവും കിൻഫ്ര വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

- തിരുവനന്തപുരത്തെ അന്താരാഷ്ട്രാ അപ്പാരൽ പാർക്ക്, എറണാകുളത്തെ കയറ്റുമതി വികസന വ്യവസായ പാർക്ക്, തിരുവനന്തപുരത്തെ ഇൻഫോടെയിൽമെന്റ് പാർക്ക്, ഫിലിം ആന്റ് വീഡിയോ പാർക്ക്, മലപ്പുറത്തെ ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക്, എന്നിവ കിൻഫ്ര വിജയകരമായി പൂർത്തികരിച്ച പ്രോജക്ടുകളാണ്.
- തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ചെറുകിട വ്യവസായ പാർക്കുകളും കിൻഫ്ര വികസിപ്പിച്ചിട്ടുണ്ട്.
- ഒറ്റപ്പാലം ഇൻഡസ്ട്രിയൽ പാർക്കിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ബിൽറ്റ് അപ് സ്പേസ് അനുവദിക്കൽ നടപടി പുരോഗമിക്കുകയും ചെയ്യുന്നു. ആന്തരിക റോഡുകളും മറ്റ് പൊതു സൗകര്യങ്ങളുടെ നിർമ്മാണവും പൂർത്തിയായി.

കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ **ബോക്സ് 4.3.3** ൽ കാണിച്ചിരിക്കുന്നു.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി) (വ്യാവസായിക ധനസഹായം)

സർക്കാർ ഉടമസ്ഥതയിലുള്ള ഒരു ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി). വ്യവസായങ്ങൾക്ക് ധനസഹായം നൽകുന്നതിലൂടെ കേരളത്തിന്റെ വ്യവസായ വൽക്കരണത്തിന് പ്രധാന പങ്ക് വഹിക്കുന്ന ഒരു ഏജൻസിയാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. നിർമ്മാണ, സേവന മേഖലകളിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) സാമ്പത്തിക സഹായം നൽകുക എന്നതാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ (കെ.എഫ്.സി) പ്രധാന ലക്ഷ്യം. പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഉൽപാദന, സേവന മേഖലകളിൽ നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണം/ നവീകരണം/ വൈവിധ്യവൽക്കരണം എന്നിവയും കോർപ്പറേഷന് സാമ്പത്തിക സഹായം നൽകാൻ കഴിയും. വായ്പകൾ, പ്രവർത്തന മൂലധന വായ്പകൾ, പ്രത്യേക പദ്ധതികൾ എന്നിങ്ങനെയുള്ള രൂപത്തിൽ സാമ്പത്തിക സഹായം നൽകുന്നു. സൂക്ഷ്മ ചെറുകിട സ്ഥാപനങ്ങൾക്കായുള്ള ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റിലെ അംഗമാണ് കെ.എഫ്.സി. കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

**ബോക്സ് 4.3.3** കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ

- ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി, കെഇപിപി എന്നിവയ്ക്കുള്ള ജലവിതരണവും റോഡ് പ്രവർത്തനങ്ങളും
- ഇൻഡസ്ട്രിയൽ പാർക്ക്, മട്ടന്നൂർ, കണ്ണൂർ
- ഫുഡ് ആൻഡ് സ്പൈസസ് പാർക്ക്, മുട്ടം, തൊട്ടുപുഴ
- കിൻഫ്രാ ഫിലിം ആൻഡ് വീഡിയോ പാർക്കിലെ ആനിമേഷൻ/ഐടി/ ഐടിഇഎസിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കഴക്കൂട്ടം, തിരുവനന്തപുരം,
- കയറ്റുമതി പ്രമോഷൻ (സ്റ്റേറ്റ് എഎസ്ഐഡിഇ സ്കീം)
- മലപ്പുറത്തെ കക്കഞ്ചേരിയിലെ കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ നിയോ സ്പെയ്സിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം
- പെട്രോകെമിക്കൽ പാർക്ക്, കൊച്ചി
- സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കോരട്ടി, തൃശ്ശൂർ
- അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്
- ആഗോള ആയുർവേദ ഗ്രാമം, തോന്നക്കൽ & വർക്കല, തിരുവനന്തപുരം
- കൊച്ചിയിലെ ഇന്റർനാഷണൽ ട്രേഡ് ആൻഡ് കൺവെൻഷൻ സെന്റർ (ജെവി വിത്ത് ഐടിപിഒ)
- ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
- മെഗാ ഫുഡ് പാർക്ക്, പാലക്കാട്
- സ്ത്രീകൾക്ക് പൊതു സൗകര്യങ്ങൾ
- നിലവിലുള്ള വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം ഉയർത്തുക (ഗ്രാന്റ് ഹെഡ്)

- ഉൽപ്പന്ന നിർമ്മാണ സേവന മേഖലകളിൽ പുതിയ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് വായ്പകൾ അനുവദിക്കുക
- നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ/സേവന സ്ഥാപനങ്ങൾക്ക് വികസനത്തിനും, ആധുനിക വൽക്കരണത്തിനും/വൈവിദ്ധ്യവൽക്കരണത്തിനും വേണ്ടിയുള്ള വായ്പ നൽകുക
- വ്യവസായ/സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക പദ്ധതികളിൽപ്പെടുത്തി പ്രവർത്തന മൂലധന വായ്പകൾ നല്കുക.
- സിവിൽ കോൺട്രാക്ടർമാർക്ക് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- ഫീച്ചർ ഫിലിമുകളും ടെലിവിഷൻ സീരിയലുകളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- നിലവിലുള്ള സിനിമ തീയ്യേറ്ററുകളുടെ ആധുനികവൽക്കരണത്തിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും, വികസനത്തിനും പുതിയ മൾട്ടിപ്ലക്സുകൾ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ
- ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും/മാലിന്യ സംസ്കരണത്തിനുമുള്ള പ്രത്യേക പദ്ധതികൾ
- ഐ.റ്റി ഹാർഡ് വെയറിനും സോഫ്റ്റ് വെയർ സംരംഭങ്ങൾക്കുമുള്ള കടാശ്വാസത്തിനുള്ള ധനസഹായം
- സ്റ്റാർട്ട് അപ്പുകളുടെ പ്രവർത്തനങ്ങൾക്കുള്ള മൂലധന ഫിനാൻസിംഗ് പദ്ധതി

കോർപ്പറേഷൻ 2019-20 ൽ 1657.9 കോടി രൂപ ധനസഹായം അനുവദിച്ചു. മുൻ വർഷം ഇത് 1645 കോടി ആയിരുന്നു. 2018-19ൽ 815.8 കോടിയിൽ നിന്ന് 2019-20 ൽ 1,446.2 കോടി രൂപ വിതരണം ചെയ്തു. സർക്കാർ നയങ്ങളിലെ മാറ്റങ്ങളും മറ്റ് ബാഹ്യ ഘടകങ്ങളും ചില മേഖലകളിലെ ബിസിനസിനെ ബാധിച്ചു. കഴിഞ്ഞ അഞ്ചുവർഷത്തെ കെഎഫ്സിയുടെ പ്രകടനം **അനുബന്ധം 4.3.8** ൽ നൽകിയിരിക്കുന്നു. കെഎഫ്സിയുടെ 2019-20 ലെ വായ്പാ പ്രവർത്തനങ്ങളുടെയും വ്യവസായ തിരിച്ചുള്ള വായ്പകളുടെയും വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 4.3.9 അനുബന്ധം 4.3.10** എന്നിവയിൽ കാണിച്ചിരിക്കുന്നു.

## ഭാവി വീക്ഷണം

സംസ്ഥാനത്തെ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് സർക്കാർ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി. ഈ വെല്ലുവിളി നേരിടുന്നതിന് സംസ്ഥാനത്ത് വിജ്ഞാനാധിഷ്ഠിത സാങ്കേതിക സംരംഭകത്വത്തിന് ഉതകുന്ന ഒരു പരിസ്ഥിതി സൃഷ്ടിക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. പ്രതിവർഷം ഒരു ലക്ഷത്തിലധികം ചെറുപ്പക്കാർ സാങ്കേതിക വിദ്യാഭ്യാസത്തിനായി സംസ്ഥാനത്ത് ചേരുന്നു. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിനുള്ള മൊത്തം വാർഷിക പ്രവേശനം 2 ലക്ഷത്തിനടുത്താണ്. ഈ ചെറുപ്പക്കാരിൽ പലരും സാധ്യതയുള്ള സംരംഭകരാണ്. തൊഴിലന്വേഷകരെക്കാൾ പുതുതലമുറ തൊഴിൽ ദാതാക്കളെ സൃഷ്ടിക്കാൻ കേരള സർക്കാർ ശ്രമിക്കുന്നു. നല്ല അടിസ്ഥാന സൗകര്യങ്ങളോടെ വ്യാവസായിക പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെയും വിപണനത്തിന് സഹായം നൽകുന്നതിലൂടെയും പ്രാദേശിക വിഭവങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും സംരംഭകരെ പിന്തുണയ്ക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഭക്ഷ്യ-കാർഷിക അധിഷ്ഠിത വ്യവസായങ്ങളിലും സാങ്കേതികമായി മെച്ചപ്പെട്ട വ്യവസായങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

സാമൂഹികവും പാരിസ്ഥിതികവുമായ സുസ്ഥിരമായ ഒരു വ്യാവസായിക പരിവർത്തനം കൈവരിക്കുക എന്നതാണ് സർക്കാരിന്റെ ദർശനം. ഉൽപാദനം, രൂപകൽപ്പന, വിപണനം എന്നിവയുടെ വിവിധ ഘട്ടങ്ങളിൽ പുതിയ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നത് ഈ പരിവർത്തനത്തിന്റെ ഒരു പ്രധാന ഘടകമായിരിക്കും.'

## 4.4 സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇകൾ)

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഊർജ്ജസ്വലമായ ഒരു മേഖലയാണ്, പ്രത്യേകിച്ചും തൊഴിലുമായി ബന്ധപ്പെട്ട്. വാസ്തവത്തിൽ, കാർഷിക മേഖലയ്ക്ക് പുറത്ത് തൊഴിലാളികൾക്ക് താരതമ്യേന കുറഞ്ഞ മൂലധന ചെലവിലൂടെ വൻതോതിൽ തൊഴിലവസരങ്ങൾ നൽകുന്നതിന് എം.എസ്. എം.ഇ യ്ക്ക് കഴിയും. ഇന്ത്യയുടെ 45 ശതമാനം ഉൽപ്പന്ന നിർമ്മാണവും, 40 ശതമാനത്തിനു മുകളിൽ കയറ്റുമതിയും, 111 ദശലക്ഷം ജനങ്ങൾക്ക് തൊഴിലും സൃഷ്ടിക്കുന്നതിലൂടെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ 28 ശതമാനത്തിനു മുകളിൽ ഈ മേഖല സംഭാവന ചെയ്യുന്നു. (അവലംബം: സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭങ്ങളെ കുറിച്ചുള്ള വിദഗ്ധ സമിതി റിപ്പോർട്ട്, ആർ.ബി.ഐ,2019 ).

### ഇന്ത്യയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ

ഇന്ത്യയിലെ എംഎസ്എംഇ മേഖല അവയുടെ വലുപ്പം, ഉപയോഗിക്കുന്ന സാങ്കേതികവിദ്യ, ഉൽപ്പന്നങ്ങൾ എന്നിവയിൽ വ്യത്യസ്തമാണ്. 2015-16 ലെ 73-മത് നാഷണൽ സാമ്പിൾ സർവ്വേ അനുസരിച്ച് രാജ്യത്ത് അംഗീകൃതമല്ലാത്ത 633.88 ലക്ഷം കാർഷികേതര എം.എസ്.എം.ഇ.കൾ (1948 ലെ ഫാക്ടറീസ് ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്ത എം.എസ്.എം.ഇ.കൾ ഒഴിച്ച് ) വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുണ്ട് (ഉൽപ്പന്ന നിർമ്മാണ മേഖലയിൽ 196.65 ലക്ഷം, വ്യാപാര മേഖലയിൽ 230.35 ലക്ഷം, മറ്റു സേവന മേഖലയിൽ 206.85 ലക്ഷം, അനൗദ്യോഗിക വൈദ്യുതി ഉൽപ്പാദന പ്രസരണ മേഖലയിൽ 0.03 ലക്ഷം). രാജ്യത്തുടനീളമുള്ള ഗ്രാമീണ, നഗര പ്രദേശങ്ങളിൽ 11.10 കോടി തൊഴിലാളികൾക്ക് (ഉൽപ്പാദനത്തിൽ 3.60 കോടി, വ്യാപാരത്തിൽ 3.87 കോടി, മറ്റ് സേവനങ്ങളിൽ 3.62 കോടി, അനൗദ്യോഗിക വൈദ്യുതി ഉൽപ്പാദന പ്രസരണ മേഖലയിൽ 0.007 കോടി) എംഎസ്എംഇ മേഖല തൊഴിൽ നൽകി. 31 ശതമാനം എംഎസ്എംഇകൾ ഉൽപാദന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടെത്തി, 32 ശതമാനം വ്യാപാരത്തിലും 33 ശതമാനം മറ്റ് സേവനങ്ങളിലും ഏർപ്പെട്ടിട്ടുണ്ട്. 633.88 ലക്ഷം എംഎസ്എംഇകളിൽ 324.09 ലക്ഷം എംഎസ്എംഇകൾ (51 ശതമാനം) ഗ്രാമപ്രദേശങ്ങളിലും 306.43 ലക്ഷം എംഎസ്എംഇകൾ (49 ശതമാനം) നഗരപ്രദേശങ്ങളിലുമാണ്

(ഉറവിടം: വാർഷിക റിപ്പോർട്ട് 2019-20, സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭക മന്ത്രാലയം, ഭാരത സർക്കാർ).

കൊറോണ വൈറസിന്റെ വ്യാപനം തടയുന്നതിനായി നടപ്പിലാക്കിയ അടച്ചുപൂട്ടൽ രാജ്യത്തുടനീളമുള്ള സാമ്പത്തിക പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. സ്ഥിതിവിവരക്കണക്ക് പദ്ധതി നടപ്പാക്കൽ മന്ത്രാലയം പുറത്തുവിട്ട ഔദ്യോഗിക കണക്കനുസരിച്ച്, 2020 ഏപ്രിൽ-ജൂൺ പാദത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 23.9 ശതമാനം ചുരുങ്ങി. സ്വകാര്യ ഉപഭോഗവും സ്വകാര്യ ബിസിനസ് നിക്ഷേപവും നേരിട്ട ഇടിവ് യഥാക്രമം 27 ശതമാനവും 47 ശതമാനവും ആണ്. മുകളിൽ സൂചിപ്പിച്ച സംഭവവികാസങ്ങൾ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങളെയാണ് ഏറ്റവും കൂടുതൽ ബാധിച്ചത്.

### എം എസ് എം ഇ മേഖലയിൽ കോവിഡ്-19 മഹാമാരി ഏൽപ്പിച്ച ആഘാതം

കോവിഡ്-19 മഹാമാരിയുടെ ആഘാതവും അതിനെത്തുടർന്നുണ്ടായ അടച്ചുപൂട്ടലിന്റെ അനന്തരഫലവും കേരളത്തിലെ എംഎസ്എംഇ മേഖലയെ എങ്ങനെ ബാധിച്ചു എന്ന് മനസിലാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് 2019, 2020 കാലയളവുകളിൽ ജനുവരി മുതൽ ഓഗസ്റ്റ് വരെ ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം, പുതിയ നിക്ഷേപം, തൊഴിൽ എന്നീ ഇനങ്ങളുടെ ഏറ്റവും പുതിയ പ്രവണത താരതമ്യം ചെയ്ത് ഒരു വിലയിരുത്തൽ നടത്തി.

മഹാമാരിയും അതിനെത്തുടർന്നുണ്ടായ അടച്ചുപൂട്ടലും മൂലം 2020 ജനുവരി മുതൽ കേരളത്തിൽ ആരംഭിച്ച

പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വളർച്ചയിൽ ഗണ്യമായ കുറവാണ് ഉണ്ടായിട്ടുള്ളത്. 2020 ജനുവരി മുതൽ ഓഗസ്റ്റ് വരെ കേരളത്തിൽ ആരംഭിച്ച പുതിയ എം എസ് എം ഇ യൂണിറ്റുകളുടെ എണ്ണം 5,662 ആയിരുന്നു, ഇത് 2019 ലെ ഇതേ മാസങ്ങളിൽ (അല്ലെങ്കിൽ 2019 നും 2020 നും ഇടയിൽ 46 ശതമാനം ഇടിവ്) സംസ്ഥാനത്ത് സ്ഥാപിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ (10,550) പകുതിയാണ്. അടച്ചുപൂട്ടൽ സമ്പദ് വ്യവസ്ഥയെ ഏറ്റവും കൂടുതൽ ബാധിച്ച 2020 ഏപ്രിൽ മുതൽ ജൂൺ വരെയാണ് പ്രതീക്ഷിച്ചതുപോലെ ആരംഭിച്ച യൂണിറ്റുകളുടെ എണ്ണത്തിൽ ഏറ്റവും വലിയ ഇടിവ് സംഭവിച്ചിട്ടുള്ളത്. ഈ കാലയളവിൽ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണത്തിൽ കുറവുണ്ടായത് 2019 ലെ ഇതേ മാസങ്ങളിലെ എണ്ണത്തിൽ നിന്ന് 75 ശതമാനമാണ്. 2020 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ നേരിയ വീണ്ടെടുക്കൽ നിരീക്ഷിക്കപ്പെടുന്നു: 1361 പുതിയ എം എസ്എംഇ യൂണിറ്റുകൾ ആരംഭിച്ചു ഈ കാലയളവിൽ, 2020 ഏപ്രിൽ മുതൽ ജൂൺ വരെ (803) ആരംഭിച്ച എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണത്തെക്കാൾ 70 ശതമാനം കൂടുതലാണ് ഇത്. എന്നിരുന്നാലും, ഇത് 2019 ലെ അനുബന്ധ കണക്കുകളെക്കാൾ (–)44 ശതമാനം വളരെ കുറവാണ്.

കേരളത്തിലെ എംഎസ്എംഇ യൂണിറ്റുകളുടെ നിക്ഷേപം 2019 ജനുവരി മുതൽ ഓഗസ്റ്റ് വരെ 978 കോടിയിൽ നിന്ന് 2020 ലെ ഇതേ മാസത്തിൽ 612 കോടി രൂപയായി കുറഞ്ഞു. 37 ശതമാനം ഇടിവ്. 2019 ഏപ്രിൽ മുതൽ ജൂൺ വരെ 2019 ലെ ഇതേ നിലവാരത്തെ അപേക്ഷിച്ച് നിക്ഷേപം 70 ശതമാനം കുറഞ്ഞു. 2020 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ നിക്ഷേപം ഉയർന്നു.

എംഎസ്എംഇ യൂണിറ്റുകളിൽ സൃഷ്ടിച്ച പുതിയ തൊഴിൽ 2019 ജനുവരി–ഓഗസ്റ്റ് കാലയളവിൽ 35,543 ൽ നിന്ന് 2020 ജനുവരി മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിൽ 19,152 ആയി കുറഞ്ഞു, 46 ശതമാനം ഇടിവ്. പുരുഷന്മാരുടെ തൊഴിൽ കുറവാണ് താരതമ്യേന ഉയർന്നത്. പുരുഷന്മാർക്കായി സൃഷ്ടിച്ച പുതിയ തൊഴിൽ 2019 ൽ 21,501 ൽ നിന്ന് 2020 ൽ 11,199 ആയി കുറഞ്ഞു (48 ശതമാനം ഇടിവ്), സ്ത്രീകൾക്കിടയിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ 2019 ൽ 14,042 ൽ നിന്ന് 2020 ൽ 7,953 ആയി കുറഞ്ഞു (43 ശതമാനം ഇടിവ്). 2020 ഏപ്രിൽ മുതൽ ജൂൺ വരെ തൊഴിൽ ഇടിവ് രൂക്ഷമായിരുന്നു (അവലംബം : വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്). വിശദാംശങ്ങൾ **പട്ടിക 4.4.1** –ൽ നൽകിയിരിക്കുന്നു .

എം.എസ്.എം.ഇ വ്യവസായ മേഖലയിൽ കോവിഡ്–19 മഹാമാരി ഏല്പിച്ച ആഘാതം 3 വിഭാഗങ്ങളായി

**പട്ടിക 4.4.1** 2019 ലും 2020 ലും കേരളത്തിലെ എം.എസ്.എം.ഇ മേഖലയിൽ സൃഷ്ടിക്കപ്പെട്ട നിക്ഷേപവും പുതിയ തൊഴിലും

| | 2019 | | | | 2020 | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | ക്വാർട്ടർ 1 | | ക്വാർട്ടർ 2 | | ക്വാർട്ടർ 3 | | ആകെ (ആഗസ്റ്റ് വരെ) | |
| വേരിയബിളുകൾ | ക്വാർട്ടർ 1 | ക്വാർട്ടർ 2 | ക്വാർട്ടർ3 | ആകെ (ആഗസ്റ്റ് വരെ) | പുതിയത് | 2019 മുതലുള്ള വളർച്ച | പുതിയത് | 2019 മുതലുള്ള വളർച്ച (ശതമാനത്തിൽ) | പുതിയത് | 2019 മുതലുള്ള വളർച്ച (ശതമാനത്തിൽ) | പുതിയത് | 2019 മുതലുള്ള വളർച്ച (ശതമാനത്തിൽ) |
| നിക്ഷേപം (രൂപ കോടിയിൽ) | 444 | 276 | 257 | 978 | 368 | −17.11% | 85 | −69.09% | 159 | −38.21% | 612 | −37.35 |
| സ്ത്രീകളുടെ തൊഴിൽ | 9,756 | 6,602 | 5,143 | 21,501 | 6,520 | −33.17% | 1,882 | −71.49% | 2,797 | −45.62% | 11,199 | −47.91 |
| പുരുഷ–ന്മാരുടെ തൊഴിൽ | 6,806 | 3,989 | 3,247 | 14,042 | 4,752 | −30.18% | 1,218 | −69.47% | 1,983 | −38.93% | 7,953 | −43.36 |
| ആകെ തൊഴിൽ | 16,562 | 10,591 | 8,390 | 35,543 | 11,272 | −31.94% | 3,100 | −70.73% | 4,780 | −43.03% | 19,152 | −46.12 |

*അവലംബം: വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്*

തിരിച്ചിരിക്കുന്നു. അത് വ്യത്യസ്തങ്ങളായ സമീപനത്തിനും ഇടപെടലുകൾക്കും യോഗ്യമാണ്

1. **അടച്ചുപൂട്ടലിനെ തുടർന്നുള്ള സ്ഥിര നഷ്ടം:** ഇതിൽ വീണ്ടെടുക്കാനാവാത്ത നഷ്ടങ്ങളുടെ ഭാഗവും ഉൾപ്പെടുന്നു. ഇവയിൽ കൂട്ടതലും സൂക്ഷ്മ തലത്തിലുള്ളതും വാടക നിരക്കുകൾ അടച്ചതും, ചെയ്യാത്ത ജോലിയ്ക്ക് കൂലി നൽകിയതും അടച്ചു പൂട്ടലിനെ തുടർന്നുള്ള ബിസിനസ് നഷ്ടങ്ങളും, ബിസിനസ്സുകളുടെ പ്രത്യേകതകൾ കാരണം സീസണുകളിലെ ബിസിനസ് അവസര നഷ്ടങ്ങളും ഉൾപ്പെടുന്നു. ഈ നഷ്ടങ്ങൾ പ്രതികൂല ആഘാതങ്ങൾ ലഘൂകരിക്കാനോ അല്ലെങ്കിൽ ശമിപ്പിക്കാനോ വേണ്ട നടപടി ഉടനേ ഉണ്ടാവേണ്ടതുണ്ടെന്ന് സൂചിപ്പിക്കുന്നു.
2. **വിതരണ ശൃംഖലയിലെ തടസ്സങ്ങൾ:** അടച്ചുപൂട്ടൽ കാരണം വിതരണശൃംഖലയുടെ പല ഘട്ടങ്ങളിലുണ്ടായ തടസ്സങ്ങൾ പ്രവർത്തനം നിർത്തിവയ്ക്കുക മാത്രമല്ല, ബിസിനസ് പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് പ്രയാസകരമാകുകയും ചെയ്തു. അസംസ്കൃത വസ്തുക്കളുടെ കുറവ്, ലഭിക്കാവുന്നവ സംഭരിക്കാതിരുന്നത്, സാധന സാമഗ്രികളുടെ വിതരണമില്ലായ്മ, തൊഴിലാളി ക്ഷാമം , വിതരണ ശൃംഖലാ പ്രശ്നങ്ങൾ, വായ്പാ വിതരണത്തിലെ കുറവ്, പ്രവർത്തന ഏകോപനത്തിലെ പ്രശ്നങ്ങൾ എന്നിവയാണ് നിലവിൽ ബിസിനസുകൾ നേരിടുന്ന പ്രശ്നങ്ങൾ. ഇവയൊക്കെ പൊതുവിലുള്ള വെല്ലുവിളികളാണ്, അവ മൂല്യ ശൃംഖലയിലെ പല വ്യവസായങ്ങളുടെ തലത്തിൽ നടത്തുന്ന ഇടപെടലുകളിലൂടെ മാത്രമേ പരിഹരികാനാവൂ.
3. **ചോദനത്തിലുണ്ടാകാവുന്ന കുറവ്:** ചോദനം കുറയുന്നത് എല്ലാ മേഖലകൾക്കും പ്രത്യേകിച്ച് സേവനങ്ങൾക്ക് ഒരു പ്രധാന വെല്ലുവിളിയായി കണക്കാക്കുന്നു. മഹാമാരി കാരണത്താൽ ഉപഭോക്താക്കളിലുണ്ടായ ഒരു പ്രതികൂല മനോഭാവം, ആവശ്യകതകൾക്കും അത്യാഹിതങ്ങൾക്കും കരുതലായി സൂക്ഷിക്കണമെന്ന ബോധത്താൽ ചെലവ് കുറയ്ക്കൽ, തൊഴിൽ നഷ്ടം കാരണം വരുമാനം കുറയൽ, ശമ്പളം വെട്ടി കുറയ്ക്കൽ, കുറഞ്ഞ വരുമാനം, കോവിഡ് വരുത്തിയ ജീവിതശൈലി മാറ്റങ്ങളായ ഡിജിറ്റൽ ഉപഭോഗം, ഇ–ലേണിംഗ്, പ്രാദേശികവൽക്കരണം, സാമൂഹിക അകലം പാലിക്കൽ പോലുള്ള നിയന്ത്രണങ്ങൾ എന്നിവ പല മേഖലകളിലും ആവശ്യകത കുറയാൻ കാരണമാകുന്നു. ഈ ആഘാതങ്ങൾക്ക് ഇടക്കാല, ദീർഘകാല പരിഹാരങ്ങൾ ആവശ്യമുള്ള ഇടപെടലുകൾ വേണ്ടി വരുന്നു.

(*അവലംബം:* കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്ഡവലപ്മെന്റ് തയ്യാറാക്കിയ കേരള എംഎസ്എംഇകളിൽ കോവിഡ് 19 ന്റെ ആഘാത റിപ്പോർട്ട്).

## സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ആശ്വാസ നടപടികൾ

കോവിഡ്–19 പൊട്ടിപ്പുറപ്പെട്ടതിനുശേഷമുള്ള എംഎസ്എംഇ മേഖലയിലെ സമ്മർദ്ദവും തുടർന്നുള്ള അടച്ചുപൂട്ടലും കണക്കിലെടുത്ത്, എംഎസ്എംഇ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റും റിസർവ് ബാങ്കും നിരവധി നടപടികൾ പ്രഖ്യാപിച്ചു. മറ്റു പല നടപടികളുടെയും കൂട്ടത്തിൽപെടുന്നവയാണ്1) ടേം ലോണുകൾ / ക്യാഷ് ക്രെഡിറ്റ് / ഓവർ ഡ്രാഫ്റ്റ് എന്നിവയുടെ തവണകൾ തിരിച്ചടയ്ക്കുന്നതിന് ഓഗസ്റ്റ് 31, 2020 വരെയുള്ള മൊറട്ടോറിയം ii) ക്യാഷ് റിസർവ് റേഷ്യോയും റിപ്പോ നിരക്കും കുറയ്ക്കൽ (iii) ഓൺ–ലെൻഡിംഗ്/ റീഫിനാൻസിംഗിനായി സിഡ്ബിയ്ക്ക് 15,000 കോടി രൂപയുടെ പ്രത്യേക റീഫിനാൻസ് സൗകര്യം (iv) എൻബിഎഫ്സി, എച്ച്എഫ്സി, എംജിഐഎസ് എന്നിവയ്ക്കായി 30,000 കോടി രൂപയുടെ സ്പെഷ്യൽ ലിക്വിഡിറ്റി സ്കീം v) സ്റ്റാൻഡേർഡ് അക്കൗണ്ടുകൾക്കും സ്ട്രെസ്ഡ് അക്കൗണ്ടുകൾക്കുമായി 3 ലക്ഷം കോടി രൂപയുടെ അടിയന്തിര ക്രെഡിറ്റ് ഗ്യാരന്റി (vi) എം.എസ്.എം.ഇ മേഖലയ്ക്ക് ഊർജ്ജം പകരുന്നതിനായി 20.000 കോടി രൂപയുടെ സ്റ്റാൻഡേർഡ്, എൻപിഎ അക്കൗണ്ടുകൾക്കായുള്ള സബോർഡിനേറ്റ് ഡബ്റ്റിനായുള്ള ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം vii)എം.എസ്. എം ഇ ഫണ്ട് ഓഫ് ഫണ്ട്സ് വഴി 50,000 കോടി രൂപയുടെ ഓഹരി നിക്ഷേപം പ്രോത്സാഹിപ്പിക്കൽ,(viii) എം.എസ്.എം.ഇ വർഗ്ഗീകരണത്തിനായുള്ള പുതുക്കിയ മാനദണ്ഡം (ix) ഉദ്യം രജിസ്ട്രേഷൻ വഴി ഈസ് ഓഫ് ഡൂയിങ് ബിസിനസിന് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കുള്ള പുതിയ രജിസ്ട്രേഷൻ (x) 200 കോടിരൂപ വരെയുള്ള വാങ്ങലുകൾക്ക് ആഗോള ടെൻഡർ ഇല്ല (xi) പലിശ സബ്സിഡി ഉൾപ്പെടുന്ന തെരുവോര കച്ചവടകാർക്കുള്ള ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം (തെരുവോര കച്ചവടകാർക്കുള്ള പ്രധാൻ മന്ത്രി ആത്മ നിർഭർ നിധി).

ഭാരത സർക്കാർ പ്രഖ്യാപിച്ച ആത്മ നിർഭർ ഭാരത് അഭിയാൻ പാക്കേജ് എംഎസ്എംഇ മേഖലയിലെ യൂണിറ്റുകൾ ഉൾപ്പെടെ സമ്പദ്‌വ്യവസ്ഥയ്ക്ക് വിവിധ തരത്തിലുള്ള സഹായം നൽകുന്നു. ധനകാര്യ മന്ത്രാലയത്തിന്റെ ധനകാര്യ സേവന വകുപ്പിന്റെ (ഡിഎഫ്എസ് ) അഡ്മിനിസ്ട്രേറ്റീവ്ണനിയന്ത്രത്തിലുള്ള നാഷണൽ ക്രെഡിറ്റ് ഗ്യാരണ്ടി ട്രസ്റ്റി കമ്പനി ലിമിറ്റഡ് (എൻസിജിടിസി) വഴിയാണ് എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം (ഇസിഎൽജിഎസ് ) നടപ്പാക്കുന്നത്. സ്റ്റാൻഡേർഡ് അക്കൗണ്ടുകൾക്കും സമ്മർദ്ദമുള്ള അക്കൗണ്ടുകൾക്കുമായി ഈ പദ്ധതി മുഖേന 3 ലക്ഷം കോടി രൂപയുടെ സഹായം നൽകുന്നു. സെപ്റ്റംബർ 9, 2020 ലെ കണക്കുപ്രകാരം 42,01,060 വായ്പക്കാർക്ക് 163,103 കോടി രൂപയും 25,01,216

വായ്പക്കാർക്ക് 1,17,885 കോടി രൂപയും പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ടെന്ന് ഡിഎഫ്എസ് റിപ്പോർട്ട് ചെയ്തു.

2020 ഒക്ടോബർ 12 വരെ കേരളത്തിൽ എസ്എൽബിസി നൽകിയ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, സംസ്ഥാനത്തുടനീളം യോഗ്യതയുള്ള 2,57,268 വായ്പക്കാരിൽ 1,43,068 കേസുകളിൽ അടിയന്തര ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്, ഇതിൽ സംസ്ഥാനത്തുടനീളം. ആകെ അനുവദിച്ച തുക, 5,672.48 കോടിരൂപയാണ്. 1,04,568 വായ്പക്കാർക്ക് ഇതിനകം 4,863.53 കോടി രൂപയുടെ ക്രെഡിറ്റ് വിതരണം ചെയ്തു. വിശദാംശങ്ങൾ **പട്ടിക 4.4.2** –ൽ നൽകിയിരിക്കുന്നു.

പ്രധാനമന്ത്രി 2020 ജൂൺ 1 ന് "ചാമ്പ്യൻസ്" എന്ന പേരിൽ ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചു. പരാതി പരിഹാരവും എംഎസ്എംഇകളെ പിന്തുണയ്ക്കലും ഉൾപ്പെടെ ഇ–ഗവേണൻസിന്റെ നിരവധി വശങ്ങൾ പോർട്ടൽ ഉൾക്കൊള്ളുന്നു. പോർട്ടലിലൂടെ, സെപ്റ്റംബർ 14, 2020 വരെ 19,181 പരാതികൾ പരിഹരിച്ചു.

കൂടാതെ, സൂക്ഷ്മ,ചെറുകിട, ഇടത്തരം സംരംഭക മന്ത്രാലയം രാജ്യത്തൊട്ടാകെയുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (എംഎസ്എംഇ) ഉന്നമനത്തിനും വികസനത്തിനുമായി വിവിധ പരിപാടികളും പദ്ധതികളും നടപ്പിലാക്കുന്നു. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (പിഎംഇജിപി), പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനായുള്ള സ്കീം (എസ്എഫ്യുആർടിഐ), ഗ്രാമീണ വ്യവസായം, സംരംഭകത്വം നൂതനാശയം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി (ആസ്പയർ), സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട് സ്കീം, ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി, ടെക്നോളജി അപ്–ഗ്രേഡേഷൻ സ്കീം (സിഎൽസിഎസ്–ടിയുഎസ് ), സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പരിപാടി (എംഎസ്ഇ–സിഡിപി), ദേശീയ പട്ടികജാതി–പട്ടികവർഗ്ഗ ഹബ്ബ് (എൻഎസ്എസ്എച്ച് ) എന്നിവ ഇതിൽ ഉൾപ്പെടുന്നു.

(അവലംബം: എംഎസ്എംഇ മന്ത്രാലയം, ഭാരത സർക്കാർ)

### സംസ്ഥാനം ഏറ്റെടുത്ത നടപടികൾ വ്യവസായ ഭദ്രത– കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ എം.എസ്.എം.ഇകൾക്കുള്ള ഒരു ആശ്വാസ ധനസഹായ പ്രത്യേക പാക്കേജ്

കോവിഡ്–19 മഹാമാരിയും തുടർന്നുള്ള അടച്ചുപൂട്ടലും കാരണം എം.എസ്.എം.ഇ മേഖല നേരിടുന്ന കനത്ത തിരിച്ചടി കണക്കിലെടുത്ത് കേരള സർക്കാരിന്റെ വ്യവസായ വകുപ്പ് വ്യവസായ ഭദ്രത എന്ന പേരിൽ ഒരു പുതിയ ആശ്വാസ പദ്ധതി മുന്നോട്ടു വെച്ചു. ഈ പദ്ധതിയ്ക്ക് താഴെ പറയുന്ന സവിശേഷതകൾ ഉണ്ട്:

1. പുതിയ ഭൂമി പ്രീമിയം അടവ് നയം: ഇത് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ(കെ.എസ്.ഐ.ഡി.സി)/ കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ(കിൻഫ്ര ) എന്നിവയുടെ ഉടമസ്ഥതയിലുള്ള വ്യവസായ പാർക്കിൽ അടയ്ക്കേണ്ട മുൻകൂർ പാട്ട തവണ കുറച്ചുകൊണ്ട് അടവ് കാലയളവ് വർധിപ്പിച്ച് പുതിയ നിക്ഷേപകരുടെ സാമ്പത്തിക ഭാരം കുറയ്ക്കുന്നതിനാണ്.
2. ഭൂമിയുടെ പാട്ടം ഒരു വർഷത്തേക്ക് മരവിപ്പിക്കൽ കെ.എസ്.ഐ.ഡി.സി യുടെയും കിൻഫ്രായുടെയും ഉടമസ്ഥതയിലുള്ള വ്യവസായ പാർക്കുകളിൽ 2020 ഏപ്രിൽ 1 നും 2021 മാർച്ച് 31 നും ഇടയിൽ നൽകേണ്ട ഭൂമി പാട്ടത്തവണ മരവിപ്പിച്ച് സംരംഭകരെ സഹായിക്കുക എന്നതാണ്.
3. മൂന്നു മാസത്തേക്ക് എസ്.ഡി.എഫ് വാടക വേണ്ടെന്നു വെയ്ക്കൽ – ഈ സവിശേഷത കെ.എസ്.ഐ.ഡി.സി /കിൻഫ്രയുടെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളിൽ നിന്നും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ വാടക ഒഴിവാക്കാൻ ലക്ഷ്യമിടുന്നു.
4. കെ.എസ്.ഐ.ഡി.സി യിൽ നിന്നുള്ള ടോപ് അപ് വായ്പകൾ. കെ.എസ്.ഐ.ഡി .സി .യുടെ നിലവിലുള്ള കക്ഷികൾക്ക് അവരുടെ അടിയന്തിര പ്രവർത്തന മൂലധനവും ആസ്തി സൃഷ്ടിക്കൽ ആവശ്യങ്ങളും നിറവേറ്റുന്നതിനായി സഹായിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.
5. കെ.എസ്.ഐ.ഡി.സി യുടെ നിലവിലുള്ള ഇടപാടുകാർക്ക് പിഴ പലിശ നിരക്കുകൾ ഒഴിവാക്കൽ
6. മുതലും പലിശയും അടയ്ക്കുന്നതിന് മോറട്ടോറിയം. കെ.എസ്.ഐ.ഡി.സി യുടെ എല്ലാ ഓപ്പറേറ്റിംഗ് യൂണിറ്റുകൾക്കും മുതലും പലിശയും അടയ്ക്കുന്നതിനുള്ള മോറട്ടോറിയം മൂന്ന് മാസത്തേക്ക് നീട്ടാനാണ് ലക്ഷ്യമിടുന്നത്.
7. എം.എസ്.എം.ഇ കൾക്ക് ആസ്തി സൃഷ്ടിക്കലിനു വേണ്ടി കെ.എസ്.ഐ.ഡി.സി യിൽ നിന്നും പ്രത്യേക വായ്പകൾ.
8. സർക്കാർ സംരംഭക സഹായ പദ്ധതിയുടെ ആനുകൂല്യങ്ങൾ വ്യാപിപ്പിക്കാൻ പദ്ധതിയിടുന്നുണ്ട്
9. (എ) അധിക പ്രവർത്തന മൂലധനത്തിനായി മാർജിൻ മണി സഹായം നൽകുന്നതിനുള്ള ഒരു പദ്ധതി (ബി) എം എസ് എം ഇ കൾക്ക് അധിക പ്രവർത്തന മൂലധന വായ്പയ്ക്ക് പലിശ ഇളവു നൽകുന്നതിനുള്ള ഒരു പദ്ധതി
10. എം.എസ്.എം.ഇ കൾക്ക് അധിക ടേം വായ്പയുടെ

പലിശ ഇളവ് നൽകുന്നതിനുള്ള ഒരു പദ്ധതി

11. ഭദ്രത പാക്കേജിന്റെ മറ്റു സവിശേഷതകൾ താഴെ പറയുന്നവയുമായി ബന്ധപ്പെട്ടിരിക്കുന്നു: മൂന്ന് മാസത്തേക്ക് തൊഴിലുടമകളുടെ ഇ.എസ്.ഐ സംഭാവന; മൂന്ന് മാസത്തേക്ക് തൊഴിലുടമകളുടെ പി.എഫ് സംഭാവന; എൻ.പി.എ വായ്പകളുടെ പരിഷ്ക്കരണം; മൂലധനത്തിന്റെയും പലിശയുടെയും മോറട്ടോറിയം 6 മാസത്തേയ്ക്ക് നീട്ടുക; എം.എസ്.എം.ഇ കൾക്കുള്ള മോറട്ടോറിയം കാലയളവിലെ പലിശ അടയ്ക്കൽ.

നിലവിലുള്ള 17 പദ്ധതികളുടെ മുൻഗണന മാറ്റി നിശ്ചയിച്ചുകൊണ്ട് 5315 ലക്ഷം രൂപ വ്യവസായ ഭദ്രത പദ്ധതിയ്ക്കായി കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് ഭരണാനുമതി ലഭിക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഒരു വെബ് പോർട്ടൽ ആരംഭിക്കുകയും ചെയ്തു.

## കേരളത്തിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖല

രാജ്യത്തെ എം.എസ്.എ.ഇ കളുടെ താരതമ്യേന ഉയർന്ന പങ്ക് കേരളത്തിലുണ്ട്. മികച്ച കണക്ടിവിറ്റി, ആശയവിനിമയ ശൃംഖല, ഉയർന്ന വൈദഗ്ദ്ധ്യമുള്ള മാനവ വിഭവശേഷി, താരതമ്യേന നല്ല വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുള്ള കേരളം എം.എസ് എം ഇ മേഖലയുടെ വളർച്ചക്ക് വളരെ അനുയോജ്യമാണ്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖല ഗ്രാമീണ പിന്നോക്ക പ്രദേശങ്ങളുടെ വ്യവസായവത്ക്കരണത്തിന് സഹായിക്കുകയും യുവാക്കൾക്കും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളായ പട്ടികജാതി, പട്ടികവർഗ്ഗക്കാർ, സ്ത്രീകൾ, ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും തൊഴിൽ നല്കുകയും ചെയ്യുന്നു.

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ മേഖലയിൽ ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. സർക്കാർ പദ്ധതികളിലൂടെ സാമ്പത്തിക സഹായം നല്കുന്നതിന് പുറമെ സംരംഭകർക്ക് വിവിധ സേവനങ്ങളും ഉപദേശങ്ങളും നല്കുന്ന സഹായിയായും ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നു, സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭക വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അതിലൂടെ യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തുന്നതിനും അവർക്കായി സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വകുപ്പ് സാമ്പത്തിക സഹായം നല്കുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്ക് വേണ്ട സേവനങ്ങൾ നല്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നല്കുന്നു.

കേരളത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയുടെയും പരമ്പരാഗത വ്യവസായ മേഖലകളുടെയും വളർച്ചക്ക് സഹായിക്കുന്ന ഒരു ഫെസിലിറ്റേറ്റർ ആയി വ്യവസായ വാണിജ്യ വകുപ്പ് പ്രവർത്തിക്കുന്നു. ഡയറക്ടറേറ്റിനു കീഴിലുള്ള ഏജൻസികൾ ഇവയാണ്: സംസ്ഥാനത്ത് കൈത്തറി, തുണി മേഖലയുടെ ഉന്നമനത്തിനും വികസനത്തിനുമായി നയങ്ങൾ ആവിഷ്ക്കരിക്കാൻ ലക്ഷ്യമിട്ടുള്ള കൈത്തറി, ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, കയറുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ എല്ലാ നയപരമായ തീരുമാനങ്ങളും നടപ്പാക്കുന്ന ഏജൻസിയാണ് കയർ ഡവലപ്മെന്റ് ഡയറക്ടറേറ്റ്.

**ബോക്സ് 4.4.1** എം.എസ്.എം.ഇ കളുടെ നിലവിലുള്ളതും പുതുക്കിയതുമായ നിർവ്വചനം

| നിലവിലുള്ള എം.എസ്.എം.ഇ കളുടെ വർഗ്ഗീകരണ മാനദണ്ഡം – പ്ലാന്റ് /യന്ത്രങ്ങൾ/ഉപകരണങ്ങൾ എന്നിവയിലു–ള്ള നിക്ഷേപം | | | |
|---|---|---|---|
| **വർഗ്ഗീകരണം** | **സൂക്ഷ്മം** | **ചെറുകിടം** | **ഇടത്തരം** |
| നിർമ്മാണ സംരംഭങ്ങൾ | നിക്ഷേപം 25 ലക്ഷം രൂപയിൽ കുറവ് | നിക്ഷേപം 5 കോടി രൂപയിൽ കുറവ് | നിക്ഷേപം 10 കോടി രൂപയിൽ കുറവ് |
| സേവന സംരംഭങ്ങൾ | നിക്ഷേപം 10 ലക്ഷത്തിൽ കുറവ് | നിക്ഷേപം 2 കോടി രൂപയിൽ കുറവ് | നിക്ഷേപം 5 കോടി രൂപയിൽ കുറവ് |
| **എം.എസ്.എം.ഇ കളുടെ പുതുക്കിയ വർഗ്ഗീകരണം** | | | |
| സമ്മിശ്ര മാനദണ്ഡം: – പ്ലാന്റ് /യന്ത്രങ്ങൾ/ഉപകരണങ്ങൾ, വാർഷിക വിറ്റുവരവ് എന്നിവയിലുള്ള നിക്ഷേപം | | | |
| വർഗ്ഗീകരണം | സൂക്ഷ്മം | ചെറുകിടം | ഇടത്തരം |
| നിർമ്മാണ സംരംഭങ്ങ–ളും സേവന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന സംരം–ഭങ്ങളും | നിക്ഷേപം 1 കോടി രൂപയിൽ കുറവ് | നിക്ഷേപം 10 കോടി രൂപയിൽ കുറവ് | നിക്ഷേപം 50 കോടി രൂപയിൽ കുറവ് |
| | വിറ്റുവരവ് 5 കോടി രൂപയിൽ കുറവ് | വിറ്റുവരവ് 50 കോടി രൂപയിൽ കുറവ് | വിറ്റുവരവ് 250 കോടി രൂപയിൽ കുറവ് |

അവലംബം: എംഎസ്.എം.ഇ മന്ത്രാലയം ഭാരത സർക്കാർ

സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ചുമതലയുള്ള കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്.

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കണക്കനുസരിച്ച് 2018–19 ൽ കേരളത്തിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകൾ 13,826 ഉം ആകെ നിക്ഷേപം 1321.94 കോടി രൂപയും, സൃഷ്ടിച്ച തൊഴിലവസരങ്ങൾ 49,068 ഉം ആണ്. 2019–20 –ൽ പുതിയ എംഎസ്എംഇ യൂണിറ്റുകൾ 13,695 ഉം, ആകെ നിക്ഷേപം 1,338.65 കോടി രൂപയും സൃഷ്ടിച്ച തൊഴിലവസരങ്ങൾ 46,081 ഉം ആണ്. കഴിഞ്ഞ രണ്ട് വർഷത്തിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണവും സൃഷ്ടിച്ച തൊഴിലവസരങ്ങളും ചുവടെയുള്ള **ചിത്രം 4.4.1** –ൽ കാണിച്ചിരിക്കുന്നു.

## സംസ്ഥാനത്തെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം (യുഎഎം)

എംഎസ്എംഇ ഡവലപ്പ്മെന്റ് ആക്ട് 2006 അനുച്ഛേദം 8 അനുസരിച്ച് 2015 സെപ്റ്റംബർ മാസം മുതൽ നടപ്പിലാക്കിയ പദ്ധതിയാണ് യുഎഎം. ഇതിൽ, എംഎസ്എംഇ സംരംഭകർ ഒരു പ്രത്യേക ഉദ്യോഗ് ആധാർ നമ്പർ (യുഎഎൻ) ലഭിക്കുന്നതിനായി ഓൺ ലൈനായി സംരംഭകത്വ ധാരണാ പത്രം സമർപ്പിക്കേണ്ടത്.

സെപ്ററംബർ 18, 2015 മുതൽ വ്യവസായ വാണിജ്യ വകുപ്പ് കേരളത്തിൽ ഇഎം ഭാഗം II സമർപ്പിക്കുന്ന സമ്പ്രദായം നിർത്തലാക്കുകയും അതിന്റെ സ്ഥാനത്ത് ഓൺ ലൈൻ രജിസട്രേഷൻ സംവിധാനമായ ഉദ്യോഗ് ആധാർ ആരംഭിക്കുകയും ചെയ്തു. മാർച്ച് 31, 2020 വരെയുള്ള കണക്കുകൾ പ്രകാരം ഉദ്യോഗ് ആധാറിൽ അപേക്ഷ സമർപ്പിച്ചവരുടെ ആകെ എണ്ണം 1,19,141 ആണ്. ഇതിൽ യഥാക്രമം നിർമ്മാണ മേഖലയിൽ 60,122,9,451,383 എന്നിങ്ങനെ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകളും (ആകെ 69,956 എണ്ണം–ഇത് 2018–19 ലെ 56,019 നെക്കാൾ 24.88 ശതമാനം കൂടുതലായിരുന്നു.) ഇതിനു പുറമെ, സേവനമേഖലയിൽ യഥാക്രമം 41,190, 7653,342 സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ ഉൾപ്പടെ 49,185 എണ്ണം യുഎഎമ്മിൽ ഫയൽ ചെയ്തിട്ടുണ്ട്. (ഇത് 2018–19 ലെ 40,465 നെ അപേക്ഷിച്ച് 21.54 ശതമാനം കൂടുതലായിരുന്നു.) (അവലംബം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ) വിവരങ്ങൾ **അനുബന്ധം 4.4.1**ൽ നല്കിയിരിക്കുന്നു.

## മേഖലയുടെ പ്രകടനം

വ്യവസായ വാണിജ്യ വകുപ്പിന്റെ കണക്കുകൾ പ്രകാരം 2019–20 കാലയളവിൽ കേരളത്തിൽ പ്രവർത്തനം ആരംഭിച്ച പുതിയ സൂക്ഷ്മ, ചെറുകിട, ഇടത്തരം യൂണിറ്റുകളുടെ ആകെ എണ്ണം 13,695 ആണ്. ഇക്കാലയളവിലെ മൊത്തം നിക്ഷേപം 1,338.65 കോടിയും, ആകെ സൃഷ്ടിച്ച തൊഴിലുകളുടെ എണ്ണം 46,081 ഉം ആണ്. 5984 തൊഴിലുകൾ സൃഷ്ടിച്ച് ഏറ്റവും കൂടുതൽ പുതിയ എംഎസ്എംഇ യൂണിറ്റുകൾ (1694) ആരംഭിച്ച പാലക്കാട് ജില്ല ഒന്നാമതും 1594 പുതിയ എംഎസ്എംഇ യൂണിറ്റുകൾ ആരംഭിച്ച് 4341 തൊഴിലുകൾ സൃഷ്ടിച്ച തൃശ്ശൂരും 1386 പുതിയ എംഎസ്എംഇ യൂണിറ്റുകളിലൂടെ 4,903 തൊഴിലുകൾ സൃഷ്ടിച്ച എറണാകുളവും തൊട്ടുപുറകിലുമാണ്. 251

**ചിത്രം 4.4.1–** 2018–19,2019–20 വർഷങ്ങളിലെ പുതിയ എംഎസ്എംഇ യൂണിറ്റുകളും സൃഷ്ടിച്ച പുതിയ തൊഴിലവസരങ്ങളും




*അവലംബം വ്യവസായിക വാണിജ്യ ഡയറക്ടറേറ്റ്*

**പട്ടിക.4.4.2.** ഒക്ടോബർ 12,2020 വരെ കേരളത്തിലെ അർഹരായ എം.എസ്.എം.ഇ. വായ്പക്കാർക്ക് അനുവദിച്ചതും വിതരണം ചെയ്തതുമായ അടിയന്തിര വായ്പാ സൗകര്യം

| ബാങ്ക് | അർഹരായ വായ്പക്കാരുടെ എണ്ണം | അനുവദിച്ചത് | | വിതരണം ചെയ്തത് | | വിതരണം ചെയ്യാനുള്ളത് | |
|---|---|---|---|---|---|---|---|
| | | അക്കൗണ്ടുകൾ | തുക (കോടിയിൽ.) | അക്കൗണ്ടുകൾ | തുക (കോടിയിൽ) | അക്കൗണ്ടുകൾ | തുക (കോടിയിൽ) |
| ആകെ പൊതു മേഖല വാണിജ്യ ബാങ്കുകൾ | 1,75,140 | 1,23,790 | 2,545.38 | 88,795 | 20,58.13 | 34,995 | 4,87.25 |
| ആർ.ആർ.ബി –കേരള ഗ്രാമീൺ ബാങ്ക് | 35,568 | 1,730 | 18.36 | 1,730 | 18.36 | 0 | 0 |
| ആകെ –സ്വകാര്യ മേഖലാ വാണിജ്യ ബാ–ങ്കുകൾ | 46,560 | 17,548 | 3,108.74 | 14,043 | 27,87.05 | 3,505 | 3,21.69 |
| ആകെ–ബാങ്കിംഗ് മേഖല | 2,57,268 | 1,43,068 | 5,672.48 | 1,04,568 | 4,863.53 | 38,500 | 808.94 |

അവലംബം: സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി

പുതിയ എംഎസ്എംഇ യൂണിറ്റുകൾ ആരംഭിച്ച് 953 തൊഴിലുകൾ സൃഷ്ടിച്ച കാസർഗോഡ് ഏറ്റവും പിന്നിലായും പ്രവർത്തനം കാഴ്ചവച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.2.2** ൽ കൊടുത്തിരിക്കുന്നു. 2019–20 ൽ ആരംഭിച്ച എംഎസ്എംഇ യൂണിറ്റുകളുടെ ഉപമേഖല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 4.4.3 –ൽ** നൽകിയിരിക്കുന്നു.

ഉപമേഖല തിരിച്ചുള്ള എംഎസ്എംഇ യൂണിറ്റുകളുടെ കഴിഞ്ഞ നാലു വർഷത്തെ വളർച്ച കാണിക്കുന്നത് കാർഷിക ഭക്ഷ്യാധിഷ്ഠിത എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം 2016–17 –ൽ 2,395 –ൽ നിന്നും 2019–20 –ൽ 2,582 യൂണിറ്റിലേക്ക് (7 ശതമാനം വർദ്ധനവ്) ക്രമാനുഗതമായ വളർച്ചയാണ്. സേവന മേഖലയുമായി ബന്ധപ്പെട്ട എം.എസ്എംഇ യൂണിറ്റുകൾ 2016–17 –ൽ 3,057 ൽ നിന്ന് 2019–20 ൽ 4,036 ആയി വർദ്ധിച്ചു. (32 ശതമാനം വർദ്ധനവ്).

**പട്ടിക 4.4.3** കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഉപമേഖല | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 സെപ്റ്റംബർ 30 വരെ ) |
|---|---|---|---|---|---|---|
| 1 | കാർഷിക ഭക്ഷ്യാധിഷ്ഠിതം | 2,395 | 2,553 | 2,712 | 2,582 | 970 |
| 2 | തുണിത്തരങ്ങളും വസ്ത്രങ്ങളും | 1,695 | 1,947 | 1,858 | 1,904 | 360 |
| 3 | ജനറൽ/മെക്കാനിക്കൽ/ലൈറ്റ് എഞ്ചിനീയറിംഗ് | 1,606 | 2,001 | 1,533 | 1,334 | 264 |
| 4 | സേവന പ്രവർത്തികൾ | 3,057 | 3,679 | 3,259 | 4,036 | 566 |
| 5 | തടി ഉൽപ്പന്നങ്ങൾ | 775 | 871 | 644 | 5,32 | 127 |
| 6 | സിമൻറ് ഉൽപ്പന്നങ്ങൾ | 344 | 469 | 329 | 3,09 | 71 |
| 7 | പ്രിൻറിംഗും അനുബന്ധ പ്രവർത്തികളും | 322 | 392 | 348 | 2,80 | 47 |
| 8 | പേപ്പർ ഉൽപ്പന്നങ്ങൾ | 158 | 163 | 192 | 1,88 | 62 |
| 9 | ഇൻഫർമേഷൻ ടെക്നോളജി | 263 | 316 | 294 | 2,40 | 54 |
| 10 | മറ്റുള്ളവ | 3,098 | 3,077 | 2,657 | 2,290 | 648 |
| | ആകെ | 13,713 | 15,468 | 13,826 | 13,695 | 3,169 |

അവലംബം- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**ചിത്രം 4.4.2 .** 2019–20 വർഷത്തിൽ നിർമ്മാണ, സേവന മേഖലയിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം




*അവലംബം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്*

2019–20 കാലയളവിൽ കൂടുതൽ എംഎസ്എംഇ യൂണിറ്റുകൾ ആരംഭിച്ചത് സേവന മേഖലയിലാണ്. തുടർന്ന് കാർഷിക ഭക്ഷ്യാധിഷ്ഠിത വ്യവസായങ്ങളും "മറ്റുള്ള" വിഭാഗവും. (പ്ലാസ്റ്റിക്ക് പാത്രങ്ങൾ, സ്വർണ്ണ ആഭരണങ്ങൾ, റബ്ബർ ഉല്പന്നങ്ങൾ കരകൗശല ഉല്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ ഇതിൽ ഉൾപ്പെടുന്നു), തുണിത്തരങ്ങൾ ,വസ്ത്രങ്ങൾ എന്നിവയിലുമാണ്.

## സംസ്ഥാന ബഡ്ജറ്റ് ( 2020–21)

2020–21 ലെ സംസ്ഥാന ബജറ്റിൽ ഗ്രാമീണ ചെറുകിട സംരംഭങ്ങൾക്ക് 390.32 കോടി രൂപ പദ്ധതി വിഹിതം അനുവദിച്ചതിൽ ഒക്ടോബർ 31, 2020 വരെ 300.39 കോടി രൂപ ചെലവഴിച്ചു (76.95 ശതമാനം), ജൻഡർ ബജറ്റിനു അർഹമായ പ്രാധാന്യം നൽകിയ 2020–21 ലെ ബഡ്ജറ്റിൽ, സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയ്ക്ക് പദ്ധതി വിഹിതമായി 154.79 കോടി രൂപ അനുവദിച്ചു. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റിന്റെയും ജില്ലാ ഉപ ഓഫീസുകളുടെയും നവീകരണം, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ് ഡെവലപ്മെന്റിനെ മികവിന്റെ കേന്ദ്രമാക്കൽ,സംരംഭക വികസന കേന്ദ്രങ്ങൾ (ഇ.ഡി. സി), ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്,നൈപുണ്യ സംരംഭ വികസന കേന്ദ്രങ്ങൾക്കുള്ള സഹായം എന്നീ അഞ്ചു പുതിയ പദ്ധതികൾ 2020–21 ൽ ആരംഭിച്ചു . വിശദാംശങ്ങൾ **പട്ടിക 4.4.4** –ൽ നൽകിയിരിക്കുന്നു.

**ബോക്സ് 4.4.2** കാലയളവിലെ പ്രധാന ഭൗതിക നേട്ടങ്ങൾ, 2019–20

- 2019–20 കാലയളവിൽ ആരംഭിച്ച എം.എസ്.എം.ഇ യൂണിറ്റുകൾ 13,695 ഉം ആകെ നിക്ഷേപം 1338.65 കോടി രൂപയും സൃഷ്ടിച്ച തൊഴിലവസരങ്ങൾ 46,081 ഉം ആണ്.
- സംരംഭക സഹായ പദ്ധതിയിൻ കീഴിൽ 530 യൂണിറ്റുകൾക്ക് 29.04 കോടി രൂപയുടെ ധന സഹായം നൽകി.
- ചെറു ഗാർഹിക യൂണിറ്റുകൾക്കുള്ള പദ്ധതിയിൻകീഴിൽ 144 യൂണിറ്റുകൾക്ക് 26.35 ലക്ഷം രൂപ ധനസഹായം നൽകി.
- പുഴകൽപ്പാടം ബഹുനില വ്യവസായ എസ്റ്റേറ്റ് (ഒന്നാം ഘട്ടത്തിന്റെ 86 ശതമാനം പണി പൂർത്തിയായി. പുന്നപ്ര ബഹുനില വ്യവസായ എസ്റ്റേറ്റിന്റെ 65 ശതമാനം പണി പൂർത്തിയായി. പുഴകൽപ്പാടം ബഹുനില എസ്റ്റേറ്റ് രണ്ടാം ഘട്ടത്തിന്റെ 78 ശതമാനം പണി പൂർത്തിയായി.
- ടെക്നോളജി മാനേജ്മെന്റ് വികസന പരിപാടികളിൽ 339 പേർ പങ്കെടുക്കുകയും 107 പേർ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.
- സംസ്ഥാനത്തുടനീളം 18 വ്യവസായ പ്രദർശനങ്ങൾ സംഘടിപ്പിച്ചു.

*അവലംബം: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്*

### സംസ്ഥാനത്തെ പ്രധാന പദ്ധതികളും നേട്ടങ്ങളും

2020–21–ൽ സംസ്ഥാനസർക്കാർ സംസ്ഥാനത്ത് വ്യവസായത്തിന് അനുകൂല സാഹചര്യമൊരുക്കുവാൻ പല പരിപാടികളും വിജയകരമായി നടപ്പിലാക്കി. വ്യവസായ ആവശ്യത്തിനു വേണ്ടി അടിസ്ഥാന സൌകര്യമൊരുക്കൽ, സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, നൈപുണ്യ വികസനം എന്നിവ നടപ്പിലാക്കി. പ്രധാന പരിപാടികളും നേട്ടങ്ങളും താഴെ പറയുന്നു.

### 1.വ്യവസായ അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ /പരിപാടികൾ

വ്യവസായ പാർക്കുകൾ, എസ്റ്റേറ്റുകൾ, വികസിത പ്രദേശം (ഡി.എ/ഡി.പി) എന്നിവിടങ്ങളിൽ റോഡുകൾ, വൈദ്യുതി,വെള്ളം, മാലിന്യ സംസ്കരണം എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൌകര്യ വികസനം പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പുതിയ ബഹുനില വ്യവസായ കെട്ടിടങ്ങൾ (എസ്.ഡി.എഫ് ), വ്യാവസായിക പാർക്കുകൾ, ക്ലസ്റ്ററുകൾക്കുള്ള പൊതു സൌകര്യ കേന്ദ്രങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള വ്യവസ്ഥകളും ഉണ്ട്.

**എ.നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട്/ പ്രദേശങ്ങളിലെ പശ്ചാത്തല സൌകര്യ വികസനം മെച്ചപ്പെടുത്തൽ**

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ വ്യവസായ സൌകര്യങ്ങൾ ഒരുക്കുന്നത് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റാണ്(ഡി.ഐ.സി). നിലവിൽ ഡി.ഐ.സിയുടെ കീഴിൽ 2424.85 ഏക്കറിലായി 39 വികസന പ്രദേശങ്ങൾ /പ്ലോട്ടുകൾ ഉണ്ട്. ഈ വികസന പ്രദേശം/പ്ലോട്ടുകളിലായി ആകെ 2574 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 2019–20 –ൽ നിലവിലെ 16 ഡെവലപ്മെന്റ് ഏരിയ /പ്ലോട്ടിന്റെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും /സൃഷ്ടിക്കുന്നതിനുമായി 912 ലക്ഷം രൂപ അനുവദിച്ചു. ഈ ഡി.എ/ഡി.പി കളിലൂടെ ആകെ 35332 പേർക്ക് തൊഴിൽ നൽകുകയും 4,93,944.86 ലക്ഷം രൂപ വരുമാനമുണ്ടാകുകയും ചെയ്തു. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.4.3** –ൽ കൊടുത്തിരിക്കുന്നു.

**ബി. ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം**

കേരളത്തിൽ വ്യവസായ ആവശ്യത്തിനുള്ള ഭൂമിയുടെ ലഭ്യത വളരെ കുറവാണ്. ഒരു വ്യവസായ പ്രദേശത്ത് കൂടുതൽ വ്യവസായങ്ങളെ ഉൾക്കൊള്ളിക്കാൻതക്ക അധിക സ്ഥല സൌകര്യം ലഭ്യമാക്കുന്ന ബഹുനില മന്ദിരങ്ങൾ അത്യാവശ്യമാണ്. 2019–20 –ൽ 978 ലക്ഷം രൂപ ചെലവിൽ ആലപ്പുഴയിൽ വിവിധോദ്ദേശ വിപണന പ്രോത്സാഹന കേന്ദ്രം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും പണി ചെയ്യുന്നതിന് പി.ഡബ്ല്യു.ഡിയ്ക്ക് 100 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. നിർമ്മാണ ജോലികൾ നടന്നു കൊണ്ടിരിക്കുന്ന പുഴക്കൽപ്പാടം ഒന്നും (86 ശതമാനം) രണ്ടും (78 ശതമാനം) പുന്നപ്ര (65 ശതമാനം) എന്നീ മൂന്ന് സ്റ്റാൻഡേർഡ്

**പട്ടിക 4.4.4** വാർഷിക പദ്ധതികളിലെ ഗ്രാമീണ ചെറുകിട സംരംഭങ്ങളുടെ പദ്ധതി വിഹിതവും ചെലവും, 2019–20, 2020–21 (രൂപ കോടിയിൽ)

| ക്രമ നമ്പർ | മേഖല/ ഉപമേഖല | വാർഷിക പദ്ധതി (2019–20) | | വാർഷിക പദ്ധതി (2020–21) | |
|---|---|---|---|---|---|
| 6.1 | ഗ്രാമീണ ചെറുകിട സംരംഭങ്ങൾ | വിഹിതം | ചെലവ് | വിഹിതം | ചെലവ് (ഒക്ടോബർ 15 വരെ ) |
| i | ചെറുകിട വ്യവസായം | 163.89 | 54.57 | 134.14 | 67.11 |
| ii | വാണിജ്യം | 15.43 | 4.77 | 16.00 | 1.62 |
| iii | കരകൗശലം | 3.55 | 2.04 | 4.65 | 3.02 |
| | ആകെ(എം.എസ്.എം.ഇ ) | 182.87 | 61.38 | 154.79 | 71.75 |
| iv | കൈത്തറിയും യന്ത്രത്തറിയും | 56.01 | 35.51 | 51.39 | 25.52 |
| v | കയർ വ്യവസായം | 141.51 | 137.35 | 112.74 | 134.34 |
| vi | ഖാദി ഗ്രാമ വ്യവസായം | 14.43 | 6.70 | 16.10 | 3.75 |
| vii | കശുവണ്ടി വ്യവസായം | 54.45 | 9.90 | 55.30 | 65.03 |
| | ആകെ | 449.27 | 250.84 | 390.32 | 300.39 |
| | (ഗ്രാമീണ ചെറുകിട സംരംഭങ്ങൾ) | | | | |

അവലംബം: ബജറ്റ് 2019-20,2020-21 & പ്ലാൻസ്പേസ്

ഡിസൈൻ ഫാക്ടറികൾ (എസ്.ഡി.എഫ്) 2020–21 –ൽ പൂർത്തികരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. 2019–20 കാലയളവിൽ പദ്ധതിയ്ക്കായി 10 കോടി രൂപ വകയിരുത്തിയിരുന്നു.

**സി . മിനി ഇന്ഡസ്ട്രിയൽ എസ്റ്റേറ്റുകൾ**

മാർച്ച്31, 2019 ലെ കണക്കനുസരിച്ച് 96 മിനി ഇന്ഡസ്ട്രിയൽ എസ്റ്റേറ്റുകളിലായി 857 എസ്.എസ്.ഐ യൂണിറ്റുകൾ ഉണ്ട്. അതിൽ പ്രവർത്തനക്ഷമമായ 740 യൂണിറ്റുകളിലൂടെ 3,623 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. 2020 മാർച്ച് 31 ലെ കണക്കനുസരിച്ച് 91 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലായി 887 യൂണിറ്റുകളുണ്ട് (2018–19 നെ അപേക്ഷിച്ച് 3.3 ശതമാനം കൂടുതൽ), ഇതിൽ പ്രവർത്തനക്ഷമമായ 752 യൂണീറ്റുകളിലൂടെ (2018–19 നെക്കാൾ 1.59 ശതമാനം വർധനവ്) 3,651 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു.

**(ഡി) സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ**

സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിൽ ഭൂമി, വർക്ക് ഷെഡ്, ജലം, അസംസ്കൃതവസ്തുക്കളുടെ വിതരണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സിഡ്കോ ലഭ്യമാക്കുന്നുണ്ട്.2018–19 കാലയളവിൽ 233.86 ഏക്കറിലായി 17 മേജർ ഇന്ഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉള്ളതിൽ 193.61 ഏക്കർ അനുവദിക്കുകയും ഇതിൽ 880 പ്രവർത്തനക്ഷമമായ യൂണിറ്റുകളിലൂടെ 7762 തൊഴിലവസരങ്ങൾ നൽകുകയും ചെയ്തു .2019–20 ൽ അനുവദിച്ച ഭൂമി 200.26 ഏക്കറും പ്രവർത്തനക്ഷമമായ യൂണിറ്റുകൾ 909 ഉം (3.2 ശതമാനം വർധനവ്) 2019–20 ലെ ആകെ വരുമാനം 2.94 കോടി രൂപയും ആയിരുന്നു. ഇതു കൂടാതെ സംസ്ഥാനത്തൊട്ടാകെ സിഡ്കോയുടെ ഭരണനിയന്ത്രണത്തിൽ 7 വ്യവസായ പാർക്കുകളിലും 36 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലുമായി (അവലംബം:www.keralasidco.com) ഏകദേശം 1596 തൊഴിലാളികൾ പ്രവർത്തന ക്ഷമങ്ങളായ 332 യൂണിറ്റുകളിലൂടെ തൊഴിൽ ചെയ്യുന്നു. 2019 –20 കാലയളവിൽ സിഡ്കോയുടെ മിനി ഇന്ഡസ്ട്രിയൽ എസ്റ്റേറ്റുകളിലൂടെ സൃഷ്ടിച്ച ആകെ വരുമാനം 1.17 കോടി രൂപയായിരുന്നു. സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.5,4.4.6,4.4.7** എന്നിവയിൽ കൊടുത്തിരിക്കുന്നു.

**(ഇ) വ്യാവസായിക ക്ലസ്റ്റർ വികസനം**

എം.എസ്.എം.ഇ സംരംഭങ്ങളെ സംബന്ധിച്ചിടത്തോളം ഇൻക്ലൂസീവ്നെസ്, സാങ്കേതിക വിദ്യയുടെ സ്വാംശീകരണം, ശേഷി മെച്ചപ്പെടുത്തൽ, പൊതു വിഭവങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവയിൽ ക്ലസ്റ്ററുകൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഉത്പാദന ക്ഷമത, മത്സരക്ഷമത, ചെറുകിട സംരംഭങ്ങൾക്കുള്ള കാര്യശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ ഉപായമായാണ് ക്ലസ്റ്റർ സമീപനത്തെ, സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭക മന്ത്രാലയം സ്വീകരിച്ചിരിക്കുന്നത്.

പരമ്പരാഗതരീതിയിലുള്ള പ്രവർത്തനങ്ങളെയും, വ്യാവസായിക ജില്ലകളെയും മത്സരത്തിന് അനുകൂലമാക്കുന്നതിനും, നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനുള്ള നവീന ശൃംഖലകളായി രൂപാന്തരപ്പെടുത്തുന്നതിലൂടെ, കൂട്ടായ്മയുടെ (agglomeration) ലാഭം കൊയ്യുന്നതിനായി കേരള സർക്കാർ വ്യവസായവത്ക്കരണത്തിന് ക്ലസ്റ്റർ വികസന സമീപനം മുൻകൂട്ടി സ്വീകരിച്ചിട്ടുണ്ട്. എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ, കെ–ബിപ് എന്നിവയിലൂടെയാണ് സംസ്ഥാനം ക്ലസ്റ്റർ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. തടി, പ്ലൈവുഡ്, ഫർണിച്ചർ, റബ്ബർ, ടെക്സ്റ്റയിൽസ്, അരിമിൽ, പ്ലാസ്റ്റിക്, പ്രിന്റേഴ്സ്, വംശീയമായ ആഹാരം, കാർഷിക ഉപകരണങ്ങൾ, ജനറൽ എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. തൃശ്ശൂരിലെ ചേവൂർ വുഡ് ഫർണ്ണിച്ചർ ക്ലസ്റ്റർ, എറണാകുളത്തെ പ്ലൈവുഡ് ക്ലസ്റ്റർ എന്നിവിടങ്ങളിൽ പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു കൊണ്ടിരിക്കുന്നു (അവലംബം: കേരള ബ്യൂറോ ഓഫ് ഇൻഡടിയൽ പ്രൊമോഷൻ). തൃശ്ശൂരിലെ ചേവൂർ വുഡ് ഫർണിച്ചർ ക്ലസ്റ്ററിൽ പൊതു സൗകര്യ സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രധാനപെട്ട പ്ലാന്റുകളും യന്ത്രങ്ങളും സ്ഥാപിക്കുകയും, ഇത് പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിലുമാണ്. കോഴിക്കോട്ടെ വുഡ് ഫർണിച്ചർ ക്ലസ്റ്ററിന്റെ കെട്ടിട നിർമ്മാണ ജോലികൾ പുരോഗമിക്കുന്നു. കേന്ദ്ര എം.എസ്. എം.ഇ മന്ത്രാലയം 19 പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. സംസ്ഥാന ഗവൺമെന്റും മറ്റ് പങ്കാളികളുമായി ചേർന്ന് തൃശ്ശൂരിലെ എംഎസ്.എം.ഇ–വികസന ഇൻസ്റ്റിറ്റ്യൂട്ട് തലസ്ഥാനത്ത് ക്ലസ്റ്ററുകളുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി സജീവമായി ഇടപെട്ട് കൊണ്ടിരിക്കുകയാണ്. എറണാകുളം കാലടി സ്റ്റീൽ കൺസോർഷ്യം പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം പപ്പടം ക്ലസ്റ്റർ എന്നിവയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.
(അവലംബം : വാർഷിക റിപ്പോർട്ട് 2019-20, എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ).

## 2.കാര്യശേഷി വികസന പരിപാടികൾ

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സംരംഭകത്വം/വ്യവസായ വികസന പരിപാടികളും നൈപുണ്യ വികസന പരിശീലനവും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. 2019–20 –ൽ 8 കോടി രൂപ പദ്ധതിയ്ക്ക് വകയിരുത്തുകയും താഴെ പറയുന്ന പരിപാടികൾ നടത്തുകയും ചെയ്തു.

- 14 ജില്ലകളിലായി 28 സംരംഭകത്വ വികസന പരിപാടികൾ സംഘടിപ്പിച്ചു . ഇതിൽ 1,391 പേർ പങ്കെടുത്തു.
- സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലും ഐ.ടി.ഐ, പോളിടെക്നിക്, ആർട്സ്&സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുകയും 20,192 പേർ ഇതിൽ പങ്കെടുക്കുകയും ചെയ്തു.
- താലൂക്ക്തല നിക്ഷേപക സംഗമം 14 ജില്ലകളിലും സംഘടിപ്പിക്കുകയും 5,324 പേർ പങ്കെടുക്കുകയും ചെയ്തു.
- വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 305 സംരംഭകത്വ വികസന ക്ലബ്ബുകൾ സ്ഥാപിച്ചു.
- 2020 ജനുവരി 29, 30 തീയതികളിൽ എൺ ലൈറ്റ് 2020 എന്ന പേരിൽ കവടിയാർ ഉദയ പാലസ് കൺവെൻഷൻ സെന്ററിൽ ഇ.ഡി ക്ലബ് കോൺക്ലേവ് എം.എസ്.എം.ഇ ഉച്ചകോടി സംഘടിപ്പിച്ചു. കേരളത്തിലുടനീളമുള്ള വിദ്യർത്ഥികളും അധ്യാപകരും സംരംഭകരും 'എൺ ലൈറ്റ് 2020' എന്ന ഇ.ഡി ക്ലബ് കോൺക്ലേവിൽ അവരുടെ നൂതന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചു.

**എ. സംരംഭകത്വം, വൈദഗ്ദ്യവികസനം എന്നിവയുടെ പ്രോത്സാഹനം**

പ്രാദേശിക സംരംഭകരുടെ പ്രോത്സാഹനം സുസ്ഥിരഉപഭോഗവും ഉത്പാദന സംവിധാനവും സൃഷ്ടിക്കുന്നതിന് വളരെ പ്രധാനമാണ്. കേരളത്തിലെ വൈദഗ്ദ്യ വികസന പരിശീലനസ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 4.4.3 –**ൽ കാണിച്ചിരിക്കുന്നു. കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ തൃശ്ശൂരിലെ എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എം.എസ്.എം.ഇ–ഡിഐ). 2019–20 വർഷത്തിൽ 30 കോഴ്സുകൾ നടത്തിയിട്ടുണ്ട്. 7,328 പേർ ഈ പരിപാടിയുടെ ഗുണഭോക്താക്കളായി. 2020–21 (സെപ്റ്റംബർ 30, 2020 വരെ) 4,208 പേർക്ക് വെബിനാറുകളിലൂടെ നൈപുണ്യ വികസന പരിപാടികളുടെ ഗുണം ലഭിക്കുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 4.4.8** –ൽ നൽകിയിരിക്കുന്നു.

## 3. വാണിജ്യ വികസനം

**എ. പ്രമോഷണൽ ഇവന്റുകൾ/എക്സിബിഷനുകൾ– 2019–20 കാലയളവിൽ എംഎസ്എംഇ മേഖലയുടെ നേട്ടങ്ങൾ**

വ്യവസായവാണിജ്യ ഡയറക്ടറേറ്റ് കേരളത്തിനകത്ത് 2019–20 –ൽ എക്സിബിഷനുകൾ/ഫെയറുകൾ എന്നിങ്ങനെ 30 വിവിധയിനം പരിപാടികൾ 1,212 സ്റ്റാളുകളിലായി സംഘടിപ്പിക്കുകയും /അവയിൽ പങ്കെടുക്കുകയും ആകെ 35.95 കോടി രൂപവരുമാനം നേടുകയും ചെയ്തു. കേരളത്തിലെ മിക്കവാറും ജില്ലകളിൽ എക്സിബിഷനുകൾ സംഘടിപ്പിച്ചു. എന്നാൽ, ഏറ്റവും കൂടുതൽ എക്സിബിഷനുകളും (6) സ്റ്റാളുകളും (480 എണ്ണം) സംഘടിപ്പിച്ചത് കണ്ണൂർ ജില്ലയാണ്. വിശദാംശങ്ങൾ **അനുബന്ധം 4.4.9** ൽ കൊടുത്തിരിക്കുന്നു. 2019–20 ൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പ്രധാന പ്രോത്സാഹന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- വകുപ്പ്, 2019–20 –ൽ സംസ്ഥാനത്തുടനീളം 18 വ്യവസായ പ്രദർശനങ്ങളും 2020 ജനുവരിയിൽ എറണാകുളത്ത് കേരള കാർഷിക ഭക്ഷ്യ പ്രദർശനവും സംഘടിപ്പിച്ചു. ആകെ 125എം.എസ്.എം.ഇ യൂണിറ്റുകൾ അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് ഇതിൽ പങ്കെടുത്തു.
- 14 ജില്ലകളിലായി സംഘടിപ്പിച്ച വിവിധ വ്യാവസായിക പ്രോത്സാഹന പരിപാടികളിൽ 29,530 പേർ പങ്കെടുക്കുകയും 15,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.
- സംരംഭകർക്ക് പുതിയ സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്നതിനും സാങ്കേതികവിദ്യ നൽകുന്ന സ്ഥാപനങ്ങളുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനും വകുപ്പ് മെഷിനറി എക്സ്പോ നടത്തുന്നു. മെഷിനറി എക്സ്പോ 2020 ഫെബ്രുവരിയിൽ തൃശ്ശൂരിൽ സംഘടിപ്പിച്ചു, വിവിധ സംസ്ഥാനങ്ങളിലെ 132 മെഷീൻ നിർമ്മാതാക്കൾ അവരുടെ മെഷീനുകൾ എക്സ്പോയിൽ പ്രദർശിപ്പിച്ചു.

**ബി. വാണിജ്യ മിഷൻ**

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ,സ്റ്റാർട്ട് അപ്പുകൾ,പരമ്പരാഗത വ്യവസായം എന്നീ മേഖലകളിലുള്ളവർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി,ബ്രാൻഡിംഗ് എന്നിവ ഒരുക്കുന്നതിനും ദേശീയ/അന്തർ ദേശീയ വിപണിയിൽ നിന്നും ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് 2018ൽ സംസ്ഥാന സർക്കാർ ആരംഭിച്ചതാണ് വാണിജ്യ മിഷൻ. വാണിജ്യ മിഷൻ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങളാണ്:

**ബോക്സ് 4.4.3** കേരളത്തിലെ വൈദഗ്ദ്യ വികസന പരിശീലനസ്ഥാപനങ്ങൾ

**എം.എസ്.എം. ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ (എം.എസ്.എം.ഇ–ഡിഐ):**
ഇന്ത്യാ ഗവൺമെന്റിന്റെ എം.എസ്.എം.ഇ മന്ത്രാലയത്തിന് കീഴിൽ വരുന്ന എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, കേരളത്തിനും ലക്ഷദ്വീപുകൾക്കും ടെക്നോ ഇക്കണോമിക് മാനേജീരിയൽ കൺസൾട്ടൻസി സർവിസുകൾ നൽകിവരുന്നു. ഇവിടെ വ്യവസായ ഉത്തേജക ക്യാമ്പെയിനുകൾ, സംരംഭകത്വ നൈപുണ്യ വികസന പരിപാടി (ഇഎസ്ഡിപി), നൈപുണ്യ വികസന പരിപാടികൾ (എസ്എസ്ഡി),) എന്നിവ സംഘടിപ്പിച്ചു. 2019–20 ൽ വൈദഗ്ദ്യവികസനത്തിൽ 3 കോഴ്സുകൾ നടത്തുകയും 66 പേർക്ക് പരിശീലനം ലഭിക്കുകയും ചെയ്തു.

**സംരംഭക വികസനത്തിനായുള്ള കേരള സ്ഥാപനം (കീഡ്):** നവംബർ 26, 2005 ന് കേന്ദ്ര സർക്കാരിനു കീഴിലെ ഒരു സ്വയംഭരണ സ്ഥാപനമായി കീഡ് സ്ഥാപിതമായി. ഓറിയന്റേഷൻ പ്രോഗ്രാമുകളും നൈപുണ്യവികസന പരിശീലനവും നൽകി സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയെന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. ഇൻസ്റ്റിറ്റ്യൂട്ട് വിവിധ സംരംഭക അവബോധ പരിപാടികൾ, സെമിനാറുകൾ, ശിൽപ്പശാല, ഗവേഷണ–വികസനം എന്നിവ സംഘടിപ്പിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കാനുള്ള സാധ്യതയുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിനെ നവീകരിക്കുന്നതിനായി, കീഡ് സംരംഭകത്വ വികസനത്തിലെ മികവിന്റെ കേന്ദ്രം എന്ന പദ്ധതിയ്ക്ക് 2020–21 ബജറ്റിൽ 200 ലക്ഷം രൂപ വിഹിതം വകയിരുത്തി. ഇൻസ്റ്റിറ്റ്യൂട്ടിനെ മികവിന്റെ കേന്ദ്രമായി പുനരുജ്ജീവിപ്പിക്കാൻ, കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കലിനുള്ള ജോലികൾ പുരോഗമിക്കുന്നു. കീഡ്, കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി സഹകരിച്ച് സംരംഭകർക്ക് നൈപുണ്യ വികസനവും പരിശീലനവും നൽകുന്നതിന് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനും കേരള അക്കാദമി ഓഫ് സ്കിൽ എക്സലൻസുമായി സഹകരിച്ച് എറണാകുളത്തെ അങ്കമാലിയിൽ സംരംഭക വികസന കേന്ദ്രം സ്ഥാപിക്കുന്നതിനും KIED മുൻകൈയെടുക്കുന്നു.

**കേരള അക്കാഡമി ഫോർ സ്കിൽ എക്സലെൻസ്(കെഎഎസ്ഇ):** കേരള സർക്കാർ, കേരള അക്കാഡമി ഫോർ സ്കിൽ എക്സലെൻസിന്റെ (കെഎഎസ്ഇ) നേതൃത്വത്തിൽ യുവ തൊഴിലാളികൾക്ക് തൊഴിൽ മാർഗനിർദേശങ്ങൾ നല്കുന്നതിനും വ്യവസായിക പരിശീലനം തൊഴിൽ ലഭ്യത എന്നിവ ഉറപ്പ് വരുത്തുന്നതിനുമായി കൊല്ലം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ കൗശൽ കേന്ദ്രങ്ങൾ സ്ഥാപിച്ചു. കേരളത്തിന്റെ പ്രത്യേക ജനസംഖ്യാ സവിശേഷതകൾ കണക്കിലെടുക്കുമ്പോൾ, വ്യാവസായിക കൂട്ടുകെട്ടുകളും പ്ലേസ്മെന്റ് ലിങ്കേജുകളും ഉപയോഗിച്ച് അതുല്യമായ നൈപുണ്യ മോഡ്യൂളുകൾ കെയ്സ് സ്വീകരിച്ചു, കൂടാതെ കെയ്സ് ആരംഭിച്ച വിവിധ നൈപുണ്യ വികസന പരിപാടികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ):** തൊഴിലും തൊഴിലധിഷ്ഠിതവുമായ മറ്റ് വിഷയങ്ങളിലും പരിശീലനത്തിനും ഗവേഷണത്തിനും ആയിട്ടുള്ള ഈ സ്ഥാപനം, 2019–20 –ൽ പരിശീലനങ്ങൾ,വർക്ക്ഷോപ്പുകൾ സെമിനാറുകൾ, പ്രസിദ്ധീകരണങ്ങൾ എന്നീ വിവിധ കാര്യപരിപാടികൾ നടത്തുകയുണ്ടായി. ഈ പരിപാടികളിൽ 6,593 പേർ ഗുണഭോക്താക്കളായി. 2019–20 –ൽ 3 പരിശീലന പരിപാടികൾ നടത്തിയതിൽ (ഓഗസ്റ്റ് 31, 2019 വരെ) 554 പേരും ഗുണഭോക്താക്കളായി.

അവലംബം: എം.എസ്.എം. ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ (എം.എസ്.എം.ഇ-ഡിഐ), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ് ഡെവലപ്മെന്റ് (കെ.ഐഇ.ഡി), കേരള അക്കാഡമി ഫോർ സ്കിൽ എക്സലെൻസ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ).

## കേരള ഇ–മാർക്കറ്റ്

സംസ്ഥാനത്ത് നിന്നുള്ള ഉൽപ്പന്നങ്ങൾക്കായി ദേശീയ അന്തർദ്ദേശീയ വിപണികൾ ലക്ഷ്യമിട്ട് സർക്കാർ 'കേരള ഇ–മാർക്കറ്റ്' എന്ന പേരിൽ ഒരു ബിസിനസ്–ടു–ബിസിനസ് വെബ് പോർട്ടൽ ആരംഭിച്ചു. വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ–ബിപ്) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും അവരുടെ ബിസിനസ്സ് വിപുലീകരിക്കുന്നതിന് സഹായിക്കുന്നതിനും സഹായിക്കുന്നതിനുമായി www.keralaemarket.com/ www.keralaemarket.org എന്ന പോർട്ടൽ വികസിപ്പിച്ചു. ദേശീയ അന്തർദേശീയ വിപണികളിൽ വാങ്ങുന്നവർക്ക് സംസ്ഥാനത്തെ എംഎസ്എംഇകളുമായും പൊതുമേഖലാ സ്ഥാപനങ്ങളുമായും സംവദിക്കാനുള്ള ഒരു കണക്ഷൻ പോയിന്റായി പോർട്ടൽ പ്രവർത്തിക്കും. ഓരോ എംഎസ്എംഇയ്ക്കും പൊതുമേഖലാ സ്ഥാപനത്തിനും അവരുടെ വ്യവസായത്തെയും ഉൽപ്പന്നങ്ങളെയും ചിത്രങ്ങൾ, വിലകൾ എന്നിവയ്ക്കൊപ്പം പട്ടികപ്പെടുത്താൻ കഴിയും. ഭക്ഷ്യ സംസ്കരണം, കൈത്തറി, തുണിത്തരങ്ങൾ, റബ്ബർ, കയർ, ആയുർവേദം, ഇലക്ട്രിക്കൽസ്, ഇലക്ട്രോണിക്സ്, കരകൗശല വസ്തുക്കൾ, കൃഷി എന്നിങ്ങനെ വിവിധ മേഖലകളിൽ ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ വ്യവസായങ്ങൾ തരം തിരിച്ചിരിക്കുന്നു. 2020 ഒക്ടോബർ വരെ പോർട്ടലിൽ രജിസ്റ്റർ ചെയ്ത വാങ്ങുന്നവരും വിൽക്കുന്നവരും ഉൾപ്പെടെ ആകെ അപേക്ഷകരുടെ എണ്ണം 1,449 ആണ്.

- കൊമേഴ്സ് മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന അന്താരാഷ്ട്ര ബിസിനസ് മീറ്റിംഗുകളിൽ കേരളം പങ്കെടുത്തിട്ടുണ്ട്. ഈ മീറ്റിംഗുകളിൽ, പരസ്പരം പ്രയോജനകരമായ ബിസിനസ്സ് പങ്കാളിത്തം വികസിപ്പിക്കാനുള്ള സാധ്യതകൾ പരിശോധിച്ചു.

ഫുഡ് ടെക് ഏഷ്യ 2019 ന്റെ അഞ്ചാം പതിപ്പ്, ഭക്ഷ്യ സംസ്കരണ, അനുബന്ധ മേഖലകളെക്കുറിച്ചുള്ള അന്താരാഷ്ട്ര എക്സിബിഷൻ 2019 സെപ്റ്റംബർ 25 മുതൽ 28 വരെ നേപ്പാളിലെ കാഠ്മണ്ഡുവിലെ കിർത്തിപൂരിൽ സംഘടിപ്പിച്ചു.

2019 ഒക്ടോബർ 15 മുതൽ 17 വരെ എസ്.ഇ.എഫ്.എം (മാലിദ്വീപിലെ ചെറുകിട ഇടത്തരം സംരംഭകരുടെ ഫെഡറേഷൻ) വാണിജ്യ മന്ത്രാലയം, ഭാരത സർക്കാർ, മാലിദ്വീപിലെ ഇന്ത്യൻ എംബസി എന്നിവയുമായി സഹകരിച്ച് മാലദ്വീപിലെ ധരുബാറുഗിൽ ഇന്ത്യൻ എക്സ്പോ 2019 സംഘടിപ്പിച്ചു.

**സി. സ്ഥിരം പ്രദർശന വിപണന സമുച്ചയം (കേരള മാർട്ട്)**

2019-20ൽ ആരംഭിച്ച ഈ പദ്ധതി, എം.എസ്.എം.ഇ മേഖലയ്ക്ക് വേണ്ടി ഒരു സ്ഥിരം പ്രദർശന വിപണന സൌകര്യം സൃഷ്ടിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം നല്കുന്നതിന് ലക്ഷ്യമിടുന്നു. ശക്തമായ ദേശീയ അന്തർ ദേശീയ ശൃംഖലയുമായി ബന്ധിപ്പിച്ച് സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സാമ്പത്തിക പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും വിൽപനയ്ക്കായി വേദി ഒരുക്കുന്നതിനും, വാണിജ്യമുദ്ര സൃഷ്ടിക്കുന്നതിനും, വ്യത്യസ്ത ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് സൗകര്യമൊരുക്കുന്നതിനും നിർദിഷ്ട എം.എസ്.എം.ഇ മാർട്ടിന് കഴിയും.

## 4. വ്യാവസായിക പ്രോത്സാഹന പദ്ധതികൾ

**എ) സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്)**

എംഎസ്എംഇകൾക്ക് വിപുലമായ പിന്തുണ നൽകാനും സംരംഭകർക്ക്, പ്രത്യേകിച്ചും എസ്സി, എസ്ടി വിഭാഗത്തിൽ നിന്നുള്ള സ്ത്രീകൾക്കും വ്യക്തികൾക്കും ഒറ്റത്തവണ പിന്തുണ നൽകാനും പദ്ധതി ഉദ്ദേശിക്കുന്നു. 2019-20 കാലയളവിൽ ഇ.എസ്.എസ് പദ്ധതിക്കായി 58.50 കോടി രൂപ വകയിരുത്തുകയും 29.03 കോടി രൂപ 512 യൂണിറ്റുകൾക്ക് നൽകുകയും ചെയ്തു.

**ബി) ഗ്രാമീണ വ്യവസായങ്ങൾക്കായുള്ള പാക്കേജ്- പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (പി.എം.ഇ. ജി.പി)**

ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും കാർഷികേതര മേഖലയിൽ ചെറു സംരംഭങ്ങൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയ തലത്തിൽ ആരംഭിച്ച ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി പദ്ധതിയാണ് 'പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (പി.എം.ഇ. ജി.പി)'.2019-20 കാലയളവിൽ ബാങ്കുകൾ 1695 അപേക്ഷകൾ സ്വീകരിക്കുകയും മാർജിൻ മണി 3,508.72 ലക്ഷം രൂപ നൽകുകയും ചെയ്തു. 2018-19 ലെ താരതമ്യപ്പെടുത്താവുന്ന കണക്കുകൾ യഥാക്രമം 1,338 അപേക്ഷകളും 2,971.24 ലക്ഷം രൂപയുമാണ്. ബാങ്കുകൾ കൂടുതൽ അപേക്ഷകൾ അനുവദിച്ചത് തൃശ്ശൂർ ജില്ലയിലാണ്, 234 എണ്ണം. തൊട്ടടുത്തായി 214 എണ്ണം പാലക്കാടും 176 എണ്ണം എറണാകുളത്തും അനുവദിച്ചു . വിശദാംശങ്ങൾ **അനുബന്ധം 4.4.10** ൽ നൽകിയിരിക്കുന്നു.

**സി) . വ്യവസായ പ്രദേശം/ പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപ വിലയുടെ പലിശ ധനസഹായം**

2019-20 ൽ ഏറ്റെടുത്ത പുതിയ പദ്ധതിയാണ് ഇത്. സർക്കാർ വ്യാവസായിക എസ്റ്റേറ്റുകളിലും/ പാർക്കുകളിലും പുതിയ സംരംഭകരെ ആകർഷിച്ച് കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിച്ചു കൊണ്ട് നിക്ഷേപ സൗഹൃദമാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഡി.ഐ.സി./ സിഡ്കോ/കെ.എസ്.ഐ.ഡി.സി /കിൻഫ്രാ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വ്യാവസായിക എസ്റ്റേറ്റുകളിൽ /പാർക്കുകളിൽ നിക്ഷേപ ഭാരമായ ഭൂമിയുടെ വിലയുടെ ഒരു വിഹിതം, അതായത് ഭൂമിയുടെ നിക്ഷേപ ചെലവിന്റെ പലിശ ഭാരം നിശ്ചിത കാലയളവിൽ ഏറ്റെടുത്തു കൊണ്ട് അതിന്റെ പലിശ വിഹിതം വ്യവസായ ഏജൻസികൾക്ക് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

## 5. സൂക്ഷ്മചെറുകിടവ്യവസായ മേഖലയിലെ വ്യവസായ ധനസഹായം

**എ. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റി (എസ്.എൽ.ബി.സി)**

സ്റ്റേറ്റ് ബാങ്കേഴ്സ് കമ്മിറ്റിയുടെ (എസ്.എൽ.ബി.സി) റിപ്പോർട്ട് പ്രകാരം, വിവിധ മേഖലകളിലായി 2020 മാർച്ച് വരെ കേരളത്തിന് അനുവദിച്ച വായ്പകളിലൂടെ പിരിഞ്ഞുകിട്ടാൻ ബാക്കി നിൽക്കുന്ന തുക 3,59,274 കോടി രൂപയാണ്. ഇത്, മുൻവർഷത്തെ 3,29,899.97 കോടി രൂപയേക്കാൾ 8.17 ശതമാനം അധികമാണ്. എം.എസ്.എം.ഇ മേഖലയിൽ 2019 മാർച്ച് വരെ മാത്രം 54,446.19 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. ഇത് മുൻവർഷത്തെ 47,201.37 കോടി രൂപയേക്കാൾ 13 ശതമാനം

കൂടുതലാണ്. വിവിധ മേഖലകളിലെ വായ്പകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.11** –ൽ നൽകിയിരിക്കുന്നു.

**ബി. സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി)**

സുരക്ഷിതമല്ലാത്ത വായ്പാ സൗകര്യം ലഭ്യമാക്കുന്ന പണമിടപാട് സ്ഥാപനങ്ങളുടെ പരിഷ്ക്കാരത്തിന് ഗവണ്മെന്റ് സിഡ്ബിയെ പ്രോത്സാഹിപ്പിക്കുന്നു. ഇതുവഴി ന്യായമായ പലിശ നിരക്കിന്റെയും ഇടപാട് ചരിത്രത്തിന്റെയും അടിസ്ഥാനത്തിൽ ഇടപാടുകാർക്ക് വായ്പാ സൗകര്യം ഉറപ്പുവരുത്തുന്നു. സിഡ്ബി മെയ്ക്ക് ഇൻ ഇന്ത്യ ഫണ്ട് ഫോർ എംഎസ്എംഇ (സ്മൈൽ) പദ്ധതി പ്രകാരം 2020 മാർച്ച് 31 വരെ മൊത്തം 7,846.40 കോടി വായ്പകൾ 4,347 എംഎസ്എംഇകൾക്ക് വിതരണം ചെയ്തു. കോവിഡ് –19 കണക്കിലെടുത്ത് എംഎസ്എംഇ മേഖലയ്ക്ക് ലിക്വിഡിറ്റി പിന്തുണ നൽകുന്നതിന് ആർബിഐ 15,000 കോടി രൂപയുടെ പ്രത്യേക ലിക്വിഡിറ്റി ഫെസിലിറ്റി (എസ്എൽഎഫ് ) സിഡ്ബിക്ക് നൽകി. കോവിഡ് –19 കാരണം മോശപ്പെട്ട സ്റ്റാർട്ട് അപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി സിഡ്ബി കോവിഡ്–19 സ്റ്റാർട്ട് അപ്പ് അസിസ്റ്റൻസ് സ്കീം (സിഎസ്എഎസ് ) ആരംഭിച്ചു

(അവലംബം : സിഡ്ബി, വർക്കിംഗ് റിപ്പോർട്ട് 2020).

## വ്യവസായ കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ

2020 മാർച്ച് 31 ലെ കണക്കനുസരിച്ച് കേരളത്തിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ആകെ എണ്ണം 977 ആണ്. കണ്ണൂരിലാണ് ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾ ഉള്ളത്, 142എണ്ണം. ആകെയുള്ള 977 കോ–ഓപ്പറേറ്റീവ് സൊസൈറ്റികളിൽ വനിതകൾ രജിസ്റ്റർ ചെയ്ത കോ–ഓപ്പറേറ്റീവുകളുടെ എണ്ണം 95 ആണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 4.4.12** –ൽ നൽകിയിരിക്കുന്നു. 2019–20 കാലയളവിൽ 542 സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## മേഖലയിലെ പ്രശ്നങ്ങളും വെല്ലുവിളികളും

ഈ മേഖലയുടെ വളർച്ചയെ ബാധിക്കുന്ന നിരവധി വെല്ലുവിളികൾ കാരണം സമ്പദ്‌വ്യവസ്ഥയിൽ ഈ മേഖലയുടെ സംഭാവന നിലവിൽ പരിമിതപ്പെട്ടിരിക്കുന്നു. പ്രധാനപ്പെട്ട വെല്ലുവിളികൾ ഇവയാണ്:

- നയവും സ്ഥാപനപരവുമായ ഇടപെടലുകൾ– അടിസ്ഥാന സൌകര്യ വികസനം, ആധുനികവൽക്കരണം, സാങ്കേതികവിദ്യ സ്വീകരിക്കൽ, പിന്നോക്കവും മുന്നോട്ടുള്ളതുമായ ബന്ധം, ക്രെഡിറ്റ് വിടവ് കുറയ്ക്കൽ, എംഎസ്എംഇകൾക്ക് സമയബന്ധിതമായി പണം നൽകൽ തുടങ്ങിയവ ലക്ഷ്യമിട്ടുള്ള നയങ്ങൾ രൂപീകരിക്കുന്നതും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിലും വെല്ലുവിളികൾ നേരിടുന്നു.
- വളർച്ച ത്വരിതപ്പെടുത്തലും ഔപചാരികവൽക്കരണം പ്രാപ്തമാക്കലും– നൂതന ബിസിനസ്സ് ആശയങ്ങൾ സുഗമമാക്കുകയും പരിപോഷിപ്പിക്കുകയും പിന്തുണയ്ക്കുകയും അവയെ സംരംഭങ്ങളായി രൂപപ്പെടുത്തുകയും അതിലൂടെ എം.എസ്.എം.ഇകൾക്ക് അനുകൂലമായ പരിതസ്ഥിതി സൃഷ്ടിക്കുകയും വേണം. സംരംഭക വികസന, ഇൻകുബേഷൻ സെന്ററുകളുടെ പിന്തുണയോടെ ഇത് നേടാനാകും. ക്രെഡിറ്റ് പിന്തുണയ്ക്കുള്ള പദ്ധതികൾ ഉൾപ്പെടെ വിവിധ പദ്ധതി കളുടെ ഉപയോഗവും എത്തിച്ചേരലും പല കാരണങ്ങളാൽ പരിമിതപ്പെട്ടിരിക്കുന്നു. എം.എസ്. എം.ഇ കൾക്കിടയിൽ ഔപചാരികവൽക്കരണവും ഡിജിറ്റൈസേഷനും പ്രോത്സാഹിപ്പിക്കുകയും യു.എ.എം–ൽ രജിസ്റ്റർ ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ഒരു വെല്ലുവിളിയായി തുടരുന്നു.
- അടിസ്ഥാന സൗകര്യങ്ങൾ പരിഹരിക്കുക– അടിസ്ഥാന സൗകര്യങ്ങളായ വർക്ക് ഷെഡുകൾ, ടൂൾ റൂമുകൾ, പ്രൊഡക്റ്റ് ടെസ്റ്റിംഗ് ലബോറട്ടറികൾ, വൈദ്യുതി, ഗ്രാമീണ ബ്രോഡ്ബാൻഡ്, ഇന്നൊവേഷൻ ഹബുകൾ എന്നിവയുടെ അപര്യാപ്തത ഈ മേഖലയുടെ വളർച്ചയ്ക്ക് തടസ്സമായി പ്രവർത്തിക്കുന്നു. മികച്ച അടിസ്ഥാന സൗകര്യങ്ങൾ നൽകുന്ന കുറച്ച് എംഎസ്എംഇ ക്ലസ്റ്ററുകൾ മാത്രമേ നിലവിലുള്ളൂ.
- ക്രെഡിറ്റ്, റിസ്ക് ക്യാപിറ്റൽ ലഭ്യത സുഗമമാക്കുക– അനൌപചാരിക സ്വഭാവം കാരണം എം.എസ്.എം.ഇകൾക്ക് ഔപചാരിക ക്രെഡിറ്റ് സ്രോതസുകളിലേക്ക് പ്രവേശനമില്ല. സാമ്പത്തിക വിവരങ്ങളുടെ അഭാവം മൂലം എം.എസ്.എം.ഇ.കളുടെ ക്രെഡിറ്റ് റിസ്ക് വിലയിരുത്തലിൽ ബാങ്കുകൾ വെല്ലുവിളികൾ നേരിടുന്നു. ഇക്വിറ്റി സപ്പോർട്ടും വെഞ്ച്വർ ക്യാപിറ്റൽ ഫിനാൻസിംഗും ആകർഷിക്കാൻ വളരെ കുറച്ച് എംഎസ്എംഇകൾക്ക് മാത്രമേ കഴിയുന്നുള്ളൂ.
- വിപണി ബന്ധവും പൊതു സംഭരണ വേദിയുമായുള്ള ബന്ധവും പ്രാപ്തമാക്കുക– എംഎസ്എംഇകൾ ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കളിലേക്കും ഉൽപ്പാദിപ്പിച്ച ഉൽപ്പന്നത്തിനായുള്ള മാർക്കറ്റിലേക്കും പരിമിതമായ ലഭ്യതയുടെ ഇരട്ട വെല്ലുവിളിയെ അഭിമുഖീകരിക്കുന്നു. പൊതുമേഖലാ യൂണിറ്റുകളുമായുള്ള ബന്ധം അവരുടെ വളർച്ചയെ സഹായിക്കും.

## 4.5. ഭക്ഷ്യസംസ്കരണം

ഉയർന്ന തോതിലുള്ള സംസ്കരണസംവിധാനമുള്ള ഒരു വികസിത ഭക്ഷ്യ സംസ്കരണ മേഖല പാഴാക്കൽ കുറയ്ക്കുന്നതിനും മൂല്യവർദ്ധനവ് മെച്ചപ്പെടുത്തുന്നതിനും വിള വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനും തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. ഭക്ഷ്യസുരക്ഷ, ഭക്ഷ്യവിലക്കയറ്റം പരിഹരിക്കൽ, ജനങ്ങൾക്ക് ആരോഗ്യകരവും പോഷകസമൃദ്ധവുമായ ഭക്ഷണം എന്നിവ നൽകുന്നതിന് ഈ മേഖലയ്ക്ക് കഴിവുണ്ട്.

മൂല്യ വർധനവിനുള്ള അനന്ത സാദ്ധ്യതകൾ കാരണം ഇന്ത്യയിൽ ഭക്ഷ്യസംസ്കരണ മേഖല ഉയർന്ന വളർച്ചയും ലാഭവും ഉള്ള മേഖലയായി ഉയർന്നുവന്നിട്ടുണ്ട്. ഇന്ത്യൻ കർഷകരെ ആഭ്യന്തര, അന്താരാഷ്ട്ര വിപണികളിലെ ഉപഭോക്താക്കളുമായി ബന്ധിപ്പിക്കുന്നതിൽ ഭക്ഷ്യ സംസ്കരണത്തിന് ഒരു പ്രധാന പങ്കുണ്ട്. മൂല്യ ശൃംഖലയിലുടനീളം നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം നടത്തുന്നു. ഏകദേശം 39,748 രജിസ്റ്റർ ചെയ്ത യൂണിറ്റുകളിലായി 1.85 ദശലക്ഷം ആളുകളെ ഈ വ്യവസായം ഉൾക്കൊള്ളുന്നു (അവലംബം: വാർഷിക റിപ്പോർട്ട് 2019-20, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ).

പഴവർഗ്ഗങ്ങളും, പച്ചക്കറികളും, തോട്ടവിളകൾ, ധാന്യസംസ്കരണം, സുഗന്ധദ്രവ്യങ്ങൾ, പാലുംപാലുൽപ്പന്നങ്ങളും, മാംസാഹാരവും കോഴിയിറച്ചിയും, മത്സ്യം, മദ്യം, ലഹരിഇതര പാനീയങ്ങൾ,കൂടാതെ മറ്റു ഉപഭോഗ ഉൽപ്പന്നങ്ങളായ മിഠായികൾ, ചോക്ലേറ്റുകൾ, കൊക്കോഉൽപ്പന്നങ്ങൾ, സോയഉൽപ്പന്നങ്ങൾ, മിനറൽ വാട്ടർ, ഉയർന്ന പ്രോട്ടീൻ ആഹാര പദാർത്ഥങ്ങൾ തുടങ്ങിയവയാണ് ഇന്ത്യയുടെ ഭക്ഷ്യ സംസ്കരണ മേഖലയിൽപ്പെടുന്നവ. ഇന്ത്യയിലെ ഭക്ഷ്യ–പലചരക്ക് വിപണി ലോകത്തിലെ ആറാമത്തെ വലിയ വിപണിയാണ്. കൂടാതെ ഇന്ത്യയിലെ മൊത്തം ചില്ലറ വിപണിയുടെ 65 ശതമാനവും ഇന്ത്യയിലെ ഭക്ഷ്യ, പലചരക്ക് ചില്ലറ വിപണികളാണ്.

### ജി.ഡി.പിയിൽ ഭക്ഷ്യ സംസ്ക്കരണ മേഖലയുടെ സംഭാവന

വർഷങ്ങളായി ഇന്ത്യയിലെ കാർഷിക ഉൽപാദനം സ്ഥിരമായി ഉയർന്ന ഉൽപാദനം രേഖപ്പെടുത്തുന്നു. പാൽ, നെയ്യ്, പയർവർഗ്ഗങ്ങൾ, ഇഞ്ചി, വാഴപ്പഴം, പേര, പപ്പായ, മാങ്ങ എന്നിവയുടെ ഉത്പാദനത്തിൽ ഇന്ത്യ ലോകത്ത് ഒന്നാം സ്ഥാനത്താണ്. അരി, ഗോതമ്പ്, മറ്റു പല പഴങ്ങളും പച്ചക്കറികളും ഉൽപാദിപ്പിക്കുന്നതിൽ ഇന്ത്യ ലോകത്ത് രണ്ടാം സ്ഥാനത്താണ്. അസംസ്കൃത വസ്തുക്കളുടെ സമൃദ്ധമായ വിതരണം, ഭക്ഷ്യ ഉൽപന്നങ്ങളുടെ ആവശ്യം വർദ്ധിക്കൽ, സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്നിവ ഭക്ഷ്യ സംസ്കരണ മേഖലയെ ഗുണപരമായി സ്വാധീനിച്ചു. കഴിഞ്ഞ 5 വർഷങ്ങളിൽ 2018–19 അവസാനം വരെ 2011–12 വിലയിൽ ഭക്ഷ്യ സംസ്കരണ മേഖല ശരാശരി വാർഷിക വളർച്ചാ നിരക്കിൽ (എഎജിആർ) 10 ശതമാനം വളർച്ച കൈവരിച്ചു. ഇത് കാർഷിക മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ 3.11 ശതമാനം ആണ്. ജിഡിപി, തൊഴിൽ, നിക്ഷേപം എന്നിവയ്ക്കുള്ള സംഭാവനയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ സംസ്കരണ മേഖല ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഒരു പ്രധാന വിഭാഗമായി ഉയർന്നുവന്നിട്ടുണ്ട്. 2011 – 12 വിലയിൽ 2018–19 –ൽ ഉൽപാദന മേഖലയിലും കാർഷിക മേഖലയിലും യഥാക്രമം 8.98 ശതമാനവും ജിവിഎയുടെ 11.11 ശതമാനവും ഈ മേഖലയാണ് സംഭാവന ചെയ്യുന്നത്

ഉത്പാദനം, ഉപഭോഗം, കയറ്റുമതി, ഭാവിയിലെ വളർച്ചാ സാധ്യതകൾ എന്നിവയുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ ഏറ്റവും വലിയ വ്യവസായമാണ് ഇന്ത്യൻ ഭക്ഷ്യ സംസ്കരണ വ്യവസായം. 2018–19 കാലയളവിൽ സംസ്കരിച്ച ഭക്ഷ്യ കയറ്റുമതിയുടെ മൂല്യം 35.30 ബില്യൺ യുഎസ് ഡോളറാണ്,

ഇത് ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ 10.69 ശതമാനമാണ്. 2018-19 കാലയളവിൽ സംസ്കരിച്ച ഭക്ഷണം ഇറക്കുമതി ചെയ്യുന്നതിന്റെ മൂല്യം 19.32 ബില്യൺ യുഎസ് ഡോളറാണ്, ഇത് ഇന്ത്യയുടെ മൊത്തം ഇറക്കുമതിയുടെ 3.95 ശതമാനമാണ് (514.03 ബില്യൺ യുഎസ് ഡോളർ). ലോകത്ത് ഇന്ത്യയുടെ ഭക്ഷ്യ കയറ്റുമതിയുടെ പങ്ക് 2018 ൽ 2.3 ശതമാനവും ലോകത്തെ ഭക്ഷ്യ ഇറക്കുമതിയുടെ വിഹിതം 2018 ൽ 1.3 ശതമാനവുമായിരുന്നു. (അവലംബം : വാർഷിക റിപ്പോർട്ട് 2019-20, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ)

## കേരളത്തിലെ ഭക്ഷ്യസംസ്ക്കരണ വ്യവസായം

രാജ്യത്തെ മൊത്തം ഭക്ഷ്യ കയറ്റുമതിയുടെ 20 ശതമാനവും കേരളത്തിലാണ്. സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്ര ഉൽപന്നങ്ങൾ, കശുവണ്ടി, തേങ്ങ, കൊക്കോ, കോഫി, ചായ, വാഴപ്പഴം, പൈൻ ആപ്പിൾ തുടങ്ങിയ പഴങ്ങളിൽ കേരളം പരമ്പരാഗതമായി ശക്തമാണ്.

സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ ഉന്നമനത്തിനായി കേരള വ്യവസായ അടിസ്ഥാന സൌകര്യ വികസന കോർപ്പറേഷൻ (കിൻഫ്ര) ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെയും, വാണിജ്യ വ്യവസായ മന്ത്രാലയം നടപ്പിലാക്കുന്ന "കയറ്റുമതി അടിസ്ഥാന സൌകര്യങ്ങളും അനുബന്ധ പ്രവർത്തനങ്ങളും വികസിപ്പിക്കുന്നതിനുള്ള സംസ്ഥാനങ്ങൾക്കുള്ള സഹായം" (ASIDE) എന്ന പദ്ധതിയുടെയും സംസ്ഥാനത്തിന്റെ നോഡൽ ഏജൻസി എന്നിവയായി കിൻഫ്ര പ്രവർത്തിക്കുന്നു. കിൻഫ്ര സംസ്ഥാനത്തുടനീളം നിരവധി ഭക്ഷ്യാധിഷ്ഠിത പാർക്കുകൾ സ്ഥാപിച്ചു.

## കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം

72 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലെ കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്കിൽ പ്രവർത്തനക്ഷമങ്ങളായ 43 യൂണിറ്റുകളുണ്ട്. 2019-20 കാലയളവിൽ പാർക്ക് 14,365.53 ലക്ഷം രൂപ നിക്ഷേപം നടത്തിയ ഇവിടെ 1,434 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

## ഫുഡ് ആൻഡ് സ്പൈസസ് പാർക്ക്, മുട്ടം, ഇടുക്കി

ഇടുക്കി ജില്ലയിലെ മുട്ടം എന്ന സ്ഥലത്തുള്ള 15 ഏക്കർ സ്ഥലത്താണ് ഈ പ്രൊജക്റ്റ് സ്ഥിതിചെയ്യുന്നത്. ഭാരത സർക്കാരിന്റെ എംഎസ്എംഇ മന്ത്രാലയത്തിനു കീഴിലുള്ള എംഎസ്എംഇ-ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (എംഎസ്എംഇ-സിഡിപി) എന്ന പദ്ധതിയ്ക്ക് കീഴിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

ഭക്ഷ്യ, സുഗന്ധവ്യഞ്ജനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും പൂർണ്ണമായ അടിസ്ഥാന സൗകര്യങ്ങൾ ഇത് വിഭാവനം ചെയ്യുന്നു. ഇന്ത്യാ ഗവൺമെന്റ് പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 12.5 കോടി രൂപയാണ് മൊത്തം പദ്ധതി ചെലവ്, അതിൽ 6 കോടി രൂപയാണ് കേന്ദ്ര സഹായം.

കിൻഫ്രാ മെഗാ ഫുഡ് പാർക്ക്, പാലക്കാട് മെഗാ ഫുഡ് പാർക്ക് പദ്ധതിയ്ക്ക് കീഴിൽ പാലക്കാട്ടെ കഞ്ചിക്കോട്ടുള്ള 79 ഏക്കറിൽ മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള കിൻഫ്രയുടെ പ്രോപോസലിന് ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. കണക്കാക്കുന്ന ആകെ പദ്ധതി ചെലവ് 119.02 കോടി രൂപയാണ് . ഇതിൽ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം നൽകുന്ന സഹായം 50 കോടി രൂപയാണ്. പദ്ധതി പ്രകാരം റോഡുകൾ, ഡ്രെയിനേജ്, ജലവിതരണം, വൈദ്യുതി വിതരണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള സൈറ്റ് വികസനം കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. പാലക്കാട് കേന്ദ്ര പ്രോസസ്സിംഗ് സെന്ററിനു പുറമേ മെഗാ ഫുഡ് പാർക്ക് പദ്ധതിയുടെ ആവശ്യകതയ്ക്ക് അനുസൃതമായി മുഴവന്നൂർ, കൊരട്ടി, കാക്കഞ്ചേരി, കൽപ്പറ്റ എന്നിവിടങ്ങളിൽ നാല് പ്രാഥമിക പ്രോസസ്സിംഗ് സെന്ററുകളും (പിപിസി) സ്ഥാപിക്കാൻ കിൻഫ്ര നടപടി സ്വീകരിച്ചിട്ടുണ്ട്. സിപിസിയിലെ ചുറ്റുമതിൽ, ഡ്രെയിനേജുകൾ, വെയർഹൌസുകൾ തുടങ്ങിയ ഘടകങ്ങളുടെ പണി പൂർത്തിയായി. റോഡുകൾ, വൈദ്യുതീകരണം, ജലവിതരണം, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം എന്നിവ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പാർക്കുകളിലെ കിൻഫ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.5.1** -ൽ നൽകിയിരിക്കുന്നു.

## കെ.എസ്.ഐ.ഡി.സി മെഗാ ഫുഡ് പാർക്ക്, ആലപ്പുഴ

ഭാരത സർക്കാരിന്റെ മെഗാ ഫുഡ് പാർക്ക് പദ്ധതിയ്ക്ക് കീഴിൽ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിൽ നിന്നുള്ള സഹായം ലഭ്യമാക്കിക്കൊണ്ട് കടൽ ഭക്ഷ്യ സംസ്കരണ മേഖലയെ കേന്ദ്രീകരിച്ച് ചേർത്തലയിലെ വ്യവസായ വളർച്ചാ കേന്ദ്രമായ പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി ഒരു മെഗാ ഫുഡ് പാർക്ക് വികസിപ്പിക്കുന്നു. കോൾഡ് സ്റ്റോറേജ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, ഐസ് പ്ലാന്റ് തുടങ്ങിയ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ പാർക്ക് നിറവേറ്റും. 3 വർഷത്തിനുള്ളിൽ 350 കോടി രൂപയുടെ നിക്ഷേപം കൊണ്ട് വരാനാകുമെന്ന് ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നു. നിലവിൽ പാർക്കിലെ 42 ഏക്കറോളം വിവിധ കടൽ ഭക്ഷ്യ/ഭക്ഷ്യ സംസ്കരണത്തിനും അനുബന്ധ യൂണിറ്റുകൾക്കും അനുവദിച്ചിട്ടുണ്ട്.

**ബോക്സ് 4.5.1** ഫുഡ്പ്രോ 2019, ചെന്നൈ

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) സംഘടിപ്പിച്ച ഫുഡ് പ്രോ 2019 ന്റെ പതിമൂന്നാം പതിപ്പ് 2019 ഓഗസ്റ്റ് 23 മുതൽ 25 വരെ ചെന്നൈ ട്രേഡ് സെന്ററിൽ വെച്ച് നടന്നു. ഭക്ഷ്യ സംസ്കരണ വ്യവസായത്തിലെ നിലവിലെ പ്രവണതകൾ, ആധുനിക സാങ്കേതികവിദ്യയിലൂടെയുള്ള നവീകരണം, ബ്രാൻഡ് നിർമ്മിക്കൽ, അവബോധം സൃഷ്ടിക്കൽ എന്നിവ കേന്ദ്രീകരിച്ചുള്ളതായിരുന്നു എക്സിബിഷൻ. എക്സിബിഷനിൽ കേരളം ഒരു 'പങ്കാളി സംസ്ഥാനം' ആയി പങ്കെടുക്കുകയും കെ-ബിപ് സംഘടിപ്പിച്ച കേരള പവലിയനിൽ ഭക്ഷ്യ സംസ്കരണത്തിലും അനുബന്ധ മേഖലകളിലും സംസ്ഥാനത്തുനിന്നുള്ള എംഎസ്എംഇകൾക്ക് പങ്കെടുക്കാൻ കെ-ബിപ് സൗകര്യമൊരുക്കി. കേരള ആസ്ഥാനമായുള്ള കമ്പനികൾക്ക് ഭക്ഷ്യ സംസ്കരണത്തിലും അനുബന്ധ മേഖലകളിലും അവരുടെ നൂതന സാങ്കേതികവിദ്യകളും സോല്യൂഷനുകളും പ്രദർശിപ്പിക്കാൻ എക്സിബിഷൻ ധാരാളം അവസരങ്ങൾ നൽകി.

*അവലംബം: സി.ഐ.ഐ*

മെഗാ ഫുഡ് പാർക്കിൽ അവശേഷിക്കുന്ന ലഭ്യമായ ഭൂമി ഏകദേശം 3 ഏക്കറാണ്. കടൽ ഭക്ഷ്യ / ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്കും അനുബന്ധ മേഖലകളിലെ വ്യാവസായിക യൂണിറ്റുകൾക്കും 30 വർഷത്തെ പാട്ടക്കാലത്തേക്ക് ഭൂമി അനുവദിക്കും. മാർച്ച് 31, 2020 വരെ ഏക്കറിന് 137.26 ലക്ഷം രൂപയാണ് നിലവിൽ ബാധകമായ പാട്ട പ്രീമിയം.

(അവലംബം: ഡബ്ല്യു.ഡബ്ല്യു.ഡബ്ല്യു.കെ.എസ്.ഐ.ഡി.സി.ഒആർജി).

## എൻസിഎച്ച്സി വഴി ഭക്ഷ്യ സുരക്ഷാ സംവിധാനം നടപ്പിലാക്കുക

നാഷണൽ സെന്റർ ഫോർ എച്ച്.എ.സി.സി.പി സർട്ടിഫിക്കേഷനും (എൻ.സി.എച്ച്.സി) കെ-ബിപ്പും സംയുക്തമായി കേരളത്തിനകത്തും മറ്റ് വിവിധ സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ ആഡിറ്റിംഗ്, സർട്ടിഫിക്കേഷൻ, റി സർട്ടിഫിക്കേഷൻ തുടങ്ങിയവ കൈകാര്യം ചെയ്തു വരുന്നു. ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ച അവബോധം നൽകുന്നതിന് നാഷണൽ സെന്റർ ഫോർ എച്ച്.എ.സി.സി.പിയുടേയും കേരളത്തിലെ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

## ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രധാന വെല്ലുവിളികൾ

- വിതരണ ശൃംഖലയിലെ പശ്ചാത്തല വിടവുകൾ (പ്രാഥമിക സംസ്കരണം, സംഭരണം, വിതരണ സൗകര്യങ്ങളുടെ അഭാവം)
- ഉൽപാദനവും സംസ്കരണവും തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ അഭാവം (സംസ്കരണം ചെയ്യാവുന്ന ഇനങ്ങളുടെ അഭാവം).
- കാലാവസ്ഥ അനുസൃതമായ പ്രവർത്തനങ്ങളും കുറഞ്ഞ ശേഷി വിനിയോഗവും
- ഗുണനിലവാരത്തിലും സുരക്ഷാ മാനദണ്ഡങ്ങളിലുമുള്ള ശ്രദ്ധക്കുറവ്.
- ഉൽപ്പന്ന വികസനത്തിന്റെയും നവീകരണത്തിന്റെയും അഭാവം

## മുന്നോട്ടുള്ള വഴി

ഭക്ഷ്യ സംസ്കരണ മേഖല ഒരു കൂട്ടം അതുല്യമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു, അത് മേഖലയുടെ വികസനത്തിന് ആവശ്യമായ ഇടപെടൽ തന്ത്രത്തെ നേരിട്ട് ബാധിക്കുകയും ചെയ്യുന്നു. കുറഞ്ഞ കാലയളവിനുള്ളിൽ സംസ്കരിക്കേണ്ട കാലാവസ്ഥാനുസൃതവും പെട്ടെന്ന് നശിച്ചു പോകുന്ന വസ്തുക്കളുമായാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ ഇടപെടേണ്ടത്. ഈ മേഖലയിൽ പ്രധാനമായും ചെറുതും സൂക്ഷ്മവും ചെറുകിടവുമായ യൂണിറ്റുകൾ അടങ്ങിയിരിക്കുന്നതിനാൽ, അവയുടെ വിപുലീകരണത്തിന് ആവശ്യമായ മിച്ചം സൃഷ്ടിക്കാനോ അടിസ്ഥാന സൗകര്യങ്ങളെ സഹായിക്കുന്നതിന് നിക്ഷേപിക്കാനോ അവർക്ക് കഴിയില്ല. അതിനാൽ, അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്കരണ ശേഷി സൃഷ്ടിക്കുന്നതിനാവശ്യമായ നിക്ഷേപം ആകർഷിക്കുന്നതിന് ലക്ഷ്യമിടുന്ന പ്രോത്സാഹനങ്ങൾക്കും ഈ മേഖലയ്ക്ക് പിന്തുണ ആവശ്യമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, ഗ്രേഡിംഗ്, പാക്കിംഗ് സെന്ററുകൾ,നിയന്ത്രിത അന്തരീക്ഷ സൗകര്യങ്ങൾ, റീഫർ വാനുകൾ, പോർട്ട്/ എയർപോർട്ട്/റെയിൽവേ സ്റ്റേഷനുകളിൽ നശിക്കുന്ന ചരക്കുകളുടെ കോൾഡ് സ്റ്റോറേജ്, ടെസ്റ്റിംഗ് ലബോറട്ടറികൾ, മറ്റ് പിന്തുണയ്ക്കൽ സൗകര്യങ്ങൾ/ സേവനങ്ങളായ ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കുക, ഗവേഷണവും വികസനവും, നൈപുണ്യ പരിശീലനം നൽകൽ, മാർക്കറ്റിംഗ് പിന്തുണ എന്നിവ വഴി വിതരണ ശൃംഖലയുടെ വിവിധ ഘടകങ്ങളിൽ ഗണ്യമായ നിക്ഷേപം ആവശ്യമാണ്.

## 4.6 പരമ്പരാഗത വ്യവസായങ്ങൾ

### കരകൗശല മേഖല

രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കരകൗശല മേഖലയ്ക്ക് പ്രബലവും പ്രധാനവുമായ പങ്കുണ്ട്. ഗ്രാമീണ, അർദ്ധ നഗരപ്രദേശങ്ങളിലെ കരകൗശല വ്യക്തികൾക്ക് ഇത് തൊഴിൽ നൽകുന്നതിനൊപ്പം രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുകയും വിദേശനാണ്യം നേടിതരുകയും ചെയ്യുന്നു. കരകൗശല വസ്തുക്കൾക്ക് വളരെയധികം സാധ്യതകളുണ്ട്, കാരണം രാജ്യത്തുടനീളം വ്യാപിച്ചുകിടക്കുന്ന ദശലക്ഷക്കണക്കിന് കരകൗശല തൊഴിലാളികളെ മാത്രമല്ല, കരകൗശല പ്രവർത്തനങ്ങളിൽ കൂടുതലായി പ്രവേശിക്കുന്നവരുടെ എണ്ണം നിലനിർത്തുന്നതിനും അവ പ്രധാനമാണ്. നിലവിൽ, കരകൗശല മേഖല തൊഴിലവസരങ്ങൾക്കും കയറ്റുമതിക്കും ഗണ്യമായ സംഭാവന നൽകുന്നു.

എന്നിരുന്നാലും, വ്യവസായത്തിന്റെ അസംഘടിത സ്വഭാവം, തൊഴിലാളികളുടെ കുറഞ്ഞ വിദ്യാഭ്യാസ നിലവാരം, കുറഞ്ഞ മൂലധന അടിത്തറ, പുതിയ സാങ്കേതികവിദ്യകളിലേക്കുള്ള എത്തിച്ചേരലിന്റെ അഭാവം , മാർക്കറ്റ് ഇന്റലിജൻസ് അഭാവം, സ്ഥാപനപരമായ ചട്ടക്കൂട് തുടങ്ങിയ ബലഹീനതകളാൽ ഈ മേഖല ബുദ്ധിമുട്ടുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നിരവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കരകൗശല മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ "ദേശീയ കരകൗശല വികസന പദ്ധതി [എൻഎച്ച്ഡിപി]", സമഗ്ര കരകൗശല ക്ലസ്റ്റർ വികസന പദ്ധതി (സിഎച്ച്സിഡിഎസ്) എന്നിവയ്ക്ക് കീഴിൽ വികസന കമ്മീഷണർ ഓഫീസ് (കരകൗശലം) നടപ്പിലാക്കുന്നു. .

ഇന്ത്യയിൽ കരകൗശല മേഖലയിൽ 68.86 ലക്ഷം കരകൗശല തൊഴിലാളികൾ പണിയെടുക്കുന്നു. ഇതിൽ 30.25 ലക്ഷം പുരുഷന്മാരും 38.61 ലക്ഷം സ്ത്രീകളുമാണ്. 2019–20 –ൽ സെപ്റ്റംബർ 2019 വരെ കൈകൊണ്ട് നിർമ്മിച്ച പരവതാനി ഉൾപ്പെടെയുള്ള കരകൗശല വസ്തുക്കളുടെ കയറ്റുമതി, 18,679.60 കോടി രൂപയായിരുന്നു (അവലംബം: വാർഷിക റിപ്പോർട്ട് 2019-20, ടെക്സ്റ്റയിൽസ് മന്ത്രാലയം,ഭാരത സർക്കാർ).

### കേരളത്തിലെ കരകൗശല വ്യവസായം

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നാണ് കരകൗശല വ്യവസായം. 1.7 ലക്ഷം കരകൗശല തൊഴിലാളികൾ കേരളത്തിൽ കരകൗശല മേഖലയിൽ സജീവമായി ഏർപ്പെട്ടിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്. ആനക്കൊമ്പ്, മുള, പനയോല, കക്കകൾ, തടി, ചിരട്ട, കളിമണ്ണ്, തുണി, കയർ, ലോഹങ്ങൾ, കല്ലുകൾ, ലാക്വയർ വെയർ തുടങ്ങിയവ ഉപയോഗിച്ച് അതിമനോഹരങ്ങളായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു പാരമ്പര്യം കേരളത്തിനുണ്ട്. സംസ്ഥാനത്തുടനീളമുള്ള കൊട്ടാരങ്ങളിലും, പുരാതന ഗൃഹങ്ങളിലും, മ്യൂസിയങ്ങളിലും പ്രാചീന കരകൗശല വിസ്മയങ്ങൾ കാണാൻ കഴിയും. പരമ്പരാഗത കരകൗശലത്തൊഴിലാളികളിൽ ഭൂരിഭാഗവും സാമൂഹികവും സാമ്പത്തികവുമായ പോരായ്മകളാൽ കഷ്ടപ്പെടുന്നു. ദന്ത കൊത്തുപണി, മരം, കൊമ്പ് കൊത്തുപണി, ബെൽ മെറ്റൽ കാസ്റ്റിംഗ് ഹാൻഡ് എംബ്രോയിഡറി, ചിരട്ട കൊത്തുപണി എന്നിവ പ്രധാന വാണിജ്യ ഇനങ്ങളാണ്. ഇടനിലക്കാരെ ഉന്മൂലനം ചെയ്യുക, കരകൗശല തൊഴിലാളികളുടെ കഴിവ് മെച്ചപ്പെടുത്തുക, ഉൽപാദനക്ഷമത, വിപണി അവസരങ്ങൾ വർദ്ധിപ്പിക്കുക, സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക എന്നിവയാണ് കേരള സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ.

### കരകൗശല വ്യവസായത്തിന്റെ പ്രാധാന്യം

കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് വികസന കോർപ്പറേഷൻ (കാഡ്കോ) എന്നിവയാണ് കേരളത്തിലെ കരകൗശല വ്യവസായത്തിന്റെ പ്രധാന പ്രോത്സാഹന ഏജൻസികൾ.

### കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി)

പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളുടെ പരമോന്നത സംഘടനയായ സുരഭി കരകൗശലത്തൊഴിലാളികളെ അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിലൂടെയും ഭാരത സർക്കാരിന്റെയും കേരള സർക്കാരിന്റെയും ക്ഷേമ പദ്ധതികളിലൂടെ പിന്തുണയ്ക്കുന്നതിലൂടെ അവരെ ഉയർത്തികൊണ്ട് വരുക എന്ന ലക്ഷ്യത്തോടെയാണ് സ്ഥാപിച്ചിരിക്കുന്നത്. സുരഭിയുടെ കീഴിൽ 46 സഹകരണ സംഘങ്ങൾ ഉണ്ട്. കേരളത്തിനകത്തും പുറത്തുമായി 11 ഷോറൂമുകൾ സുരഭിയ്ക്ക് കീഴിൽ ഉണ്ട്. 2019–20 വർഷത്തെ സഹകരണ സംഘത്തിന്റെ ആകെ വിറ്റുവരവ് 174.99 ലക്ഷം രൂപയായിരുന്നു. 2019–20 ൽ സംസ്ഥാന സർക്കാരിൽ നിന്ന് അപെക്സ് സ്ഥാപനത്തിന് 50 ലക്ഷം രൂപ ലഭിച്ചു. 2019–20 ൽ സുരഭിക്ക് എക്സിബിഷനുകളും ലാഭവും ഉണ്ടായിരുന്നില്ല. ഈ കാലയളവിൽ നൽകിയ ആകെ തൊഴിൽ 30,000 ആയിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.1** –ൽ നൽകിയിരിക്കുന്നു

### കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എച്ച് ഡി സി കെ)

കരകൗശല ഉൽപന്നങ്ങൾ സംഭരിക്കുന്നതിലും വിപണനം ചെയ്യുന്നതിലും കരകൗശല തൊഴിലാളികൾക്ക് ന്യായമായ വരുമാനം ഉറപ്പാക്കുന്നതിലും കരകൗശല വികസന കോർപ്പറേഷൻ (എച്ച്ഡിസികെ) ഏർപ്പെട്ടിരിക്കുന്നു. കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഭാരതത്തിലും സംസ്ഥാനത്തുടനീളമുള്ള കൈരളി എംപോറിയങ്ങളിലൂടെയും ശ്രീമൂലം ഷഷ്ട്യബ്ദി പൂർത്തി മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ടിലൂടെയും (എസ്എംഎസ്എംഐ) കരകൗശല മേഖലയിലെ തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ന്യായ വില നൽകിക്കൊണ്ട് ഇവയുടെ സംഭരണവും വിപണനവും നടത്തിവരുന്നു. നിലവിൽ എസ്എംഎസ്എംഐ കൂടാതെ 19 വിപണന എംപോറിയങ്ങളുടെ ഒരു ശൃംഖല തന്നെ ഈ സ്ഥാപനത്തിനുണ്ട്. മർക്കറ്റിംഗ് കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാർ ക്ഷേമ പദ്ധതികളിലൂടെ തടി കൊണ്ടുള്ള കരകൗശല പണിയിൽ ഏർപ്പെട്ടിരിക്കുന്ന കരകൗശലക്കാർക്ക് തിരുവനന്തപുരത്ത് ഒരു പൊതു സൗകര്യ സേവനകേന്ദ്രം നടത്തുന്നുണ്ട്. 'അസിസ്റ്റൻസ് ടു അപെക്സ് ഓർഗനൈസേഷൻ ഇൻ ഹാൻഡിക്രാഫ്റ്റ് സെക്ടർ', 'കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ' എന്നീ രണ്ട് പദ്ധതികളാണ് എച്ച്.ഡി.സി.കെ. നടപ്പിലാക്കിവരുന്നത്.

19 വിൽപ്പന യൂണിറ്റുകളിലൂടെ കരകൗശല വസ്തുക്കളുടെ വിൽപ്പന കൂടാതെ, എൻബിസിഎഫ്ഡിസി വായ്പാ പദ്ധതികൾക്ക് കീഴിൽ കരകൗശല തൊഴിലാളികളുടെ മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കോർപ്പറേഷൻ ധനസഹായ പദ്ധതികളും നടപ്പാക്കുന്നു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ പിന്തുണയോടെ, കരകൗശലത്തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ നടപ്പാക്കൽ, പരിശീലന പരിപാടികൾ, സി.എഫ്.സികൾ സ്ഥാപിക്കൽ, ടൂൾ കിറ്റ് വിതരണം, കരകൗശല തൊഴിലാളികൾ നിർമ്മിച്ച കലാസൃഷ്ടികൾ പ്രധാന സ്ഥലങ്ങളിൽ എക്സിബിഷനുകൾ / ക്രാഫ്റ്റ് ബസാറുകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവ വഴി പ്രദർശിപ്പിച്ച വിപണി സൌകര്യവും ഒരുക്കുന്നു.

2019–20 കാലയളവിൽ, 1,900 ലക്ഷം രൂപയുടെ വിറ്റുവരവാണ് കോപ്പറേഷൻ ലക്ഷ്യമിട്ടതെങ്കിലും മൊത്തം വിൽപ്പന 1,124.08 ലക്ഷം രൂപ മാത്രമാണ്. ലക്ഷ്യമിട്ട വിൽപ്പന കൈവരിക്കാത്തതിന്റെ പ്രധാന കാരണം കോവിഡ്–19 മഹാമാരി ലോകമെമ്പാടും വ്യാപിച്ചതാണ്. കോർപ്പറേഷന്റെ വിൽപ്പന പ്രധാനമായും ആഭ്യന്തര, വിദേശ വിനോദ സഞ്ചാരികളെയും മേളകളെയും എക്സിബിഷനുകളെയും ആശ്രയിച്ചിരിക്കുന്നു. വിനോദസഞ്ചാരികളുടെ ഒഴുക്ക്നിയന്ത്രിച്ചതും ഇന്ത്യയിലുടനീളം സമ്പൂർണ്ണ അടച്ചുപൂട്ടലും കാരണം 2019 ഡിസംബർ മുതൽ കോർപ്പറേഷന് വിൽപ്പന നേടാൻ കഴിഞ്ഞില്ല. എച്ച്ഡിസികെ ഇന്ത്യയിലുടനീളം 34 എക്സിബിഷനുകൾ നടത്തി, കരകൗശലത്തൊഴിലാളികൾക്ക് ഉൽപാദനക്ഷമത മെച്ചപ്പെടുത്തുന്നതിനായി ടൂൾ കിറ്റുകൾ വിതരണം ചെയ്തു. 2019–20 കാലയളവിൽ കോർപ്പറേഷന്റെ മൊത്തം വിറ്റുവരവ് 1,124.08 ലക്ഷം രൂപയായിരുന്നു, ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 138.17 ലക്ഷം കുറവാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.2** ൽ നൽകിയിരിക്കുന്നു.

### കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)1956 ലെ കമ്പനീസ് ആക്ടിന് കീഴിൽ പൂർണമായും കേരള ഗവണ്മെന്റ് കമ്പനിയായി രജിസ്റ്റർ ചെയ്ത് 1981ൽ നിലവിൽ വന്നതാണ്. കേരളത്തിലെ തദ്ദേശീയരായ കരകൗശല തൊഴിലാളികളായ മരപ്പണിക്കാർ, സ്വർണപ്പണിക്കാർ, കൊല്ലപണിക്കാർ, കശവപണിക്കാർ, കൊത്തപണിക്കാർ, ചെമ്പ്/ വെങ്കലം ഉപയോഗിച്ചുള്ള ജോലി ചെയ്യുന്നവർ, മറ്റു കൈത്തൊഴിൽക്കാർ എന്നിവരുടെ ഉന്നമനമാണ് കോർപ്പറേഷന്റെ മുഖ്യ ലക്ഷ്യം. വിവിധതരത്തിലുള്ള കരകൗശല തൊഴിലാളികളെ കണ്ടെത്തുകയും അവരുടെ കൈതൊഴിലുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് കാഡ്കോയുടെ പ്രാഥമിക ലക്ഷ്യം. കോഴിക്കോട്ടെ നടവന്നൂർ,കൊല്ലത്തെ

ഉമയനല്ലൂർ എന്നിവിടങ്ങളിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ മരപ്പണിക്കായി പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ കാഡ്കോ വിജയകരമായി നടത്തിവരുന്നു. ഈ പ്രദേശത്തെ മരപ്പണി മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി കരകൗശലത്തൊഴിലാളികൾ നാമമാത്ര നിരക്കിൽ ലഭ്യമായ ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നു. അതോടൊപ്പം, കരകൗശല വികസനരംഗത്ത് 4 പതിറ്റാണ്ടുകാലത്തെ പരിചയമുള്ള കാഡ്കോ, പ്രാദേശികവും പരമ്പരാഗതമായി പ്രഗത്ഭരുമായ തൊഴിൽ സേനയ്ക്ക് ആവശ്യമായ ഏറ്റവും സമകാലികമായ അടിസ്ഥാന സൌകര്യങ്ങൾ ഒരു മേൽക്കൂരയ്ക്ക് കീഴിൽ നൽകികൊണ്ട് വർദ്ധിച്ചു വരുന്ന അന്തർദ്ദേശീയ കരകൗശല വിപണി സ്വായത്തമാക്കുന്നതിനാവശ്യമായ എല്ലാ ഇൻപുട്ടുകളും അവർക്ക് നൽകുന്നു.

ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) യുടെ സംസ്ഥാന ചാനലൈസിംഗ് ഏജൻസികളിലൊന്നായ കാഡ്കോ ഒരു ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് 5 ശതമാനം നാമമാത്ര പലിശ നിരക്കിൽ പിന്നോക്ക വിഭാഗങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് വിവിധ വരുമാന വർധന പ്രവർത്തനങ്ങൾ തുടങ്ങുവാൻ ഹ്രസ്വകാല വായ്പകൾ വിതരണം ചെയ്യുന്നു. കൂടാതെ കരകൗശല യൂണിറ്റുകൾക്ക് നവീകരണത്തിനും പുതിയ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനും 5 ലക്ഷം രൂപ വരെ വായ്പ നൽകുന്നു
(*അവലംബം:* www.keralaartisans.com).

### മുള വ്യവസായം

ഉപയോഗപ്രദവും നവീകരിക്കാവുന്നതും പരിസ്ഥിതി സൗഹൃദവുമായ ഒരു വിഭവമാണ് മുള. പരിസര സുരക്ഷ, പോഷകാഹാരം, ഉയർന്ന മൂല്യമുള്ള നിർമ്മാണ സാമഗ്രികൾ എന്നിവയ്ക്ക് പുറമെ മറ്റ് 1,500 വിവിധ ആവശ്യങ്ങൾക്കും വർദ്ധിച്ച തോതിൽ മുള പ്രയോജനപ്പെടുത്തുന്നുണ്ട്. ആഗോളതലത്തിൽ 2.5 ബില്ല്യൺ ആൾക്കാർ വിവിധ രൂപങ്ങളിൽ മുള ഉപയോഗിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. ഫലപ്രദമായ ഇന്ധനോല്പാദനത്തിന് മുള ഉപയോഗിക്കുന്നതിനുള്ള ഗവേഷണപ്രവർത്തനങ്ങൾ നടന്നു വരുന്നു.

കേരളത്തിൽ, 28 വിവിധ ഇനം മുളകൾ ലഭ്യമാണ്. കേരളത്തിലെ വനങ്ങളിൽ നിന്നുള്ള മുള കുറഞ്ഞ നിരക്കിൽ പ്രാധാനമായും പൾപ്പ്, റയോൺ യൂണിറ്റുകളിലാണ് എത്തിച്ചേരുന്നത്. സംസ്ഥാനത്ത് ഏകദേശം ഒരു ലക്ഷം ആൾക്കാർ മുള വ്യവസായത്തിൽ ജീവനോപാധി കണ്ടെത്തുന്നതായാണ് കണക്ക്. വ്യവസായ ആവശ്യത്തിനുള്ള 67.3 ശതമാനം മുളയും വനത്തിൽ നിന്നല്ല മറിച്ച് പുരയിടങ്ങളിൽ നിന്നുതന്നെ ലഭിക്കുന്നു എന്നത് കേരളത്തിലെ മുള വ്യവസായത്തിന്റെ മാത്രം പ്രത്യേകതയാണ്. അങ്കമാലി പ്രദേശത്തിന് ചുറ്റുമുള്ള കരകൗശലക്കാരെയാണ് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ സഹായിക്കുന്നത്. പഞ്ചായത്തുകളിൽ നിന്ന് ഈയിടെ ലഭ്യമായ വിവരങ്ങളനുസരിച്ച് എഴുപതുകളുടെ തുടക്കം മുതൽ ഈ മേഖലയിൽ നിന്ന് ധാരാളം തൊഴിലാളികൾ നിർമ്മാണ മേഖല പോലെയുള്ള നൈപുണ്യം ആവശ്യമില്ലാത്ത തൊഴിൽ മേഖലകളിലേക്കും തൃതീയ മേഖലകളിലേയ്ക്കും ചേക്കേറുന്നതായി കണ്ടെത്തിയിട്ടുണ്ട്.
(*അവലംബം:* www.keralaartisans.com)

### കേരള സ്റ്റേറ്റ് ബാംബൂ മിഷൻ

2003 ൽ രൂപീകരിച്ച കേരള സ്റ്റേറ്റ് ബാംബൂ മിഷൻ (കെഎസ്ബിഎം), സംസ്ഥാനത്തിന്റെ ബാംബൂ വികസന ഏജൻസി (ബിഡിഎ) ആയി നിയോഗിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് ചിന്നിചിതറികിടക്കുന്ന വിഭവങ്ങളെ സംയോജിപ്പിച്ച് മുള വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും, മൂല്യ വർധനവ്, വരുമാനവർദ്ധനവ്, ദാരിദ്ര്യ നിർമ്മാർജനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

**ബോക്സ് 4.6.1** കേരള ബാംബൂ ഫെസ്റ്റ് 2019

കേരള സ്റ്റേറ്റ് ബാംബൂ മിഷൻ, ഡിസംബർ 6, 2019 മുതൽ 10 വരെ കൊച്ചിയിലെ മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ കേരള ബാംബൂ ഫെസ്റ്റിന്റെ പതിനാറാം പതിപ്പ് സംഘടിപ്പിച്ചു. സംസ്ഥാനത്തിന് പുറത്തുനിന്നുള്ള പ്രത്യേകിച്ചും രാജ്യത്തിന്റെ വടക്ക് കിഴക്ക് പ്രദേശത്ത് നിന്നുള്ള കരകൗശല വിദഗ്ധരുടെയും കരകൗശല തൊഴിലാളികളുടെയും പങ്കാളിത്തത്തോടെയാണ് ഫെസ്റ്റ് സംഘടിപ്പിച്ചത്. കേരള ബാംബൂ ഫെസ്റ്റ് 2019 ൽ 166 സ്റ്റാളുകൾ ഉള്ളതിൽ, 277 കരകൗശല/കൈതൊഴിലുകാർ പങ്കെടുത്തു. ഇതിൽ സംസ്ഥാനത്തിനകത്ത് നിന്നും 220 കരകൗശല തൊഴിലാളികൾ, മറ്റ് 6 സംസ്ഥാനങ്ങളിൽ നിന്നുള്ള 24 കരകൗശലത്തൊഴിലാളികൾ, 10 സർക്കാർ / ഗവേഷണ സ്ഥാപനങ്ങൾ, 14 സംരംഭകർ, 2 മുള നഴ്സറികൾ, മുള ഫുഡ് സ്റ്റാളുകളും 3 കുടുംബ ശ്രീ യൂണിറ്റുകളും ഉൾപ്പെടുന്നു. പ്രദർശിപ്പിച്ച ഉൽപ്പന്നങ്ങളിൽ കരകൗശല വസ്തുക്കൾ, മെമന്റോകൾ / ട്രോഫികൾ, ഫർണിച്ചർ, വിളക്ക് ഷേഡുകൾ ഉൾപ്പെടെയുള്ള ഇന്റീരിയർ ഡെക്കറേഷൻ ഡിസൈനുകൾ, അടുക്കള പാത്രങ്ങൾ, കർട്ടനുകൾ, ഫ്ലോറിംഗ് ടൈലുകൾ, മുളയരി/മൊട്ട് എന്നിവ ഉപയോഗിച്ചുള്ള ഭക്ഷ്യ ഉൽപ്പന്നങ്ങൾ എന്നിവ ഉൾപ്പെടുന്നു.

അവലംബം : കേരള സ്റ്റേറ്റ് ബാംബൂ മിഷൻ

കെ-ബിപ്പിനു കീഴിൽ കേരള സ്റ്റേറ്റ് ബാംബൂ മിഷൻ രൂപംകൊണ്ടതിന് ശേഷം നടത്തിയ ഇടപെടലുകളിൽ പ്രധാനം മുളയുടെ കൃഷി, കരകൗശല മേഖലയിൽ നൂതന ഉൽപ്പന്നങ്ങൾക്കായി പുതിയ മാതൃക സൃഷ്ടിക്കൽ, അനുയോജ്യമായ നൈപുണ്യ വികസനം, നൂതന സാങ്കേതികവിദ്യ സ്വീകരിച്ചു കൊണ്ടും വികസിപ്പിച്ചു കൊണ്ടും മുളയിലധിഷ്ഠിതമായ ആധുനിക വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ്. 2020 ജൂൺ 9 ന് കേരള സ്റ്റേറ്റ് ബാംബൂ മിഷൻ 3000 മുള തൈകൾ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന് നൽകുകയും ഈ തൈകൾ കിള്ളിയാറിലെ നദീതീരങ്ങളിൽ നദീതീര സംരക്ഷണ പദ്ധതിയുടെ ഭാഗമായി നടുകയും ചെയ്തു.

## കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ

സംസ്ഥാനത്തെ പരമ്പരാഗത മുള തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും ഉന്നമനത്തിനുമായി 1971 –ൽ നിലവിലുന്ന സ്ഥാപനമാണ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ. മുള, ഈറ്റ, ചൂരൽ, റാട്ടൺ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും, മേൽപറഞ്ഞ ഉത്പന്നങ്ങളുടെ ഉല്പാദനവും വിപണനവും ഏറ്റെടുത്ത് പരമ്പരാഗത മുള തൊഴിലാളികൾക്ക് സാമ്പത്തിക, സാങ്കേതിക, മാർഗ നിർദേശങ്ങൾ നൽകുക എന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. കോർപ്പറേഷൻ ഇന്ന് കേരളത്തിലെ 10,000 –ൽ അധികം വരുന്ന മുള തൊഴിലാളികളുടെയും കുടുംബങ്ങളുടെയും ആശ്രയകേന്ദ്രമാണ്. തൊഴിലാളികളിൽ ഭൂരിഭാഗവും പാവപ്പെട്ടവരും സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്ക, പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ്.

ഗവണ്മെന്റിന്റെ വനം വകുപ്പിന് കീഴിലുള്ള ഭൂമിയിൽ നിന്നും ഗുണമേന്മയേറിയ ഈറ്റ സ്വരൂപിക്കുകയും പരമ്പരാഗത മുള, നെയ്ത്ത് തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഇത് വായ്പയായി വിതരണം ചെയ്യുകയും നെയ്ത്ത പായകൾ നെയ്ത്തുകാരിൽ നിന്ന് നേരിട്ട് സംഭരിക്കുകയും ചെയ്യുക എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നത്. മുള കൊണ്ടുള്ള പായകൾ, മുള പലകകൾ, പരന്ന മുള ബോർഡുകൾ, ബാംബൂ ഫ്ലോറിംഗ് ടൈൽ, ബാംബൂ ഫർണിച്ചർ, കരകൗശല വസ്തുക്കൾ എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന ഉൽപ്പന്നങ്ങൾ. പായ നെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൊഴിഞ്ഞുപോയ തൊഴിലാളികൾക്കായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ മുള പായകളും കരകൗശല വസ്തുക്കളും നിർമ്മിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആരംഭിച്ചു.

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന് പാലക്കാട്, മാനന്തവാടി, നാദാപുരം എന്നിവിടങ്ങളിൽ മൂന്ന് ഫീഡർ / പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റുകൾ ഉണ്ട്. അങ്കമാലിയിലെ ബാംബൂ ബോർഡ് ഫാക്ടറി യൂണിറ്റിന്റെ അനുബന്ധ യൂണിറ്റുകളിൽ നിന്നും അസംസ്കൃത മുളയെ വിവിധ കട്ടിയുള്ള സ്ട്രിപ്പുകളായി സംസ്കരിക്കുന്നതിനായി മുളയുടെ കർട്ടനുകളായി നെയ്തെടുക്കുക എന്നതാണ് അവയുടെ ഉദ്ദേശം. മുകളിൽ പറഞ്ഞ പ്രക്രിയയിൽ നിന്ന് ഉണ്ടാകുന്ന മാലിന്യ മുള, 50 ശതമാനം മുതൽ 70 ശതമാനം വരെ ടൂത്ത്പിക്ക്, കർട്ടൻ ബ്ലൈൻഡ്സ്, ബാംബൂ കർട്ടൻസ്, ധൂപവർഗ്ഗങ്ങൾ എന്നീ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നു.

## മേഖലയിലെ പ്രശ്നങ്ങൾ

മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ് :

- കോവിഡ്-19 മഹാമാരിയുടെ വ്യാപനം ഈ മേഖലയെ സാരമായി ബാധിച്ചു
- സ്വകാര്യമേഖലയിൽ നിന്നുള്ള കടുത്ത മത്സരം
- കുറഞ്ഞ വിലയിൽ കരകൗശല വസ്തുകൾക്ക് പകരമുള്ള ഉൽപ്പന്നങ്ങളുടെ ലഭ്യത, പ്രേത്യേകിച്ച് ചൈനീസ് ഉൽപ്പന്നങ്ങൾ
- പ്രതികൂലമായ ജോലി സാഹചര്യങ്ങളിൽ പരമ്പരാഗത ജോലികൾ ചെയ്യാൻ കൈത്തൊഴിലാളികൾ മടിക്കുന്നു
- ഈ മേഖലയിലേക്ക് കടന്നുവരുന്നതിൽ പുതിയ തലമുറയുടെ താൽപ്പര്യക്കുറവ്
- മുള പോലുള്ള മേഖലയിലെ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ കുറവ്
- വനത്തിൽ നിന്നും മുള മുറിക്കുന്നതിനും സംഭരിക്കുന്നതിനുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും.
- ശരിയായ വിതരണ ശൃംഖലയുടെ അഭാവം (മുളയ്ക്ക് )
- കരകൗശല/എൻ.ജി.ഒ/എം.എസ്.എം.ഇ.കളുടെ പ്രവർത്തന മൂലധനത്തിന്റെയും വായ്പയുടെയും അഭാവം.
- സംരംഭകത്വ വികസന പരിപാടികളുടെയും നൈപുണ്യ വികസന പരിപാടികളുടെയും ആധുനികവൽക്കരണവും, പുതിയ ഡിസൈനുകൾ/ നവീനത എന്നിവയുടെയും അഭാവവും
- സാങ്കേതിക വിദ്യാ, ഡിസൈൻ, ഉപകരണങ്ങൾ എന്നിവ വികസിപ്പിക്കുന്നതിൽ ഉള്ള അവബോധമില്ലായ്മ.
- സ്റ്റാൻഡഡൈസേഷനും പാക്കേജിംഗ് സാങ്കേതികവിദ്യയും
- വിപണന സൗകര്യത്തിന്റെ അപര്യാപ്തത/ മേൽത്തട്ട് കീഴ്ത്തട്ട് ലിങ്കേജിന് ആവശ്യമായ ഹാന്റ് ഹോൾഡിംഗ് സപ്പോർട്ട്.

## മുന്നോട്ടുള്ള വഴി

കേരളത്തിലെ വ്യാവസായിക മേഖല ആഗോളമായുള്ള നല്ല മാതൃകകൾ പിന്തുടരുകയും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുകയും ഇവിടത്തെ വിദ്യാസമ്പന്നരും വൈദഗ്ദ്യവുമുള്ള തൊഴിലാളി

സമൂഹത്തെ പ്രയോജനപ്പെടുത്തേണ്ടതുമാണ്. പരിസ്ഥിതി സൗഹാർദം, മൂല്യവർധനവ് എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള നീതി ശാസ്ത്രപരമായ ഉൽപ്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളായ ഐടി, കമ്പ്യൂട്ടർ ഹാർഡ്‌വെയർ, ബയോ ടെക്നോളജി തുടങ്ങിയവയുടെ വലിയ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഊന്നൽ നൽകണം. കേരളം, സാമൂഹികവും പാരിസ്ഥിതികമായും ഉത്തരവാദപ്പെട്ട രീതിയിൽ സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പരിതസ്ഥിതി സൃഷ്ടിക്കേണ്ടതുണ്ട്.

## ടെക്സ്റ്റൈൽ വ്യവസായം

### ഇന്ത്യയിലെ ടെക്സ്റ്റൈൽ വസ്ത്ര വ്യവസായം

ലോകത്ത് തുണിയുടെ നിർമ്മാണത്തിലും കയറ്റുമതിയിലും ചൈനയ്ക്ക് ശേഷം ഇന്ത്യ രണ്ടാം സ്ഥാനത്തു നില്കുന്നു. 2018–19 –ൽ ഇന്ത്യയുടെ മൊത്തം കയറ്റുമതിയിൽ തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും പങ്ക് 12 ശതമാനം ആയിരുന്നു. അതേസമയം തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും ആഗോള വ്യാപാരത്തിൽ ഇന്ത്യയുടെ വിഹിതം 5 ശതമാനമാണ്. ഉല്പാദനമേഖലയിൽ തൊഴിൽ നല്കുന്ന ശ്രദ്ധേയമായ മേഖലയാണ് ഇന്ത്യയിൽ ടെക്സ്റ്റൈൽ ഗാർമെന്റ് വ്യവസായം. 2017–18 –ൽ ഈ വ്യവസായങ്ങൾ ഒരുമിച്ച് ഇന്ത്യയിൽ 19.3 ദശലക്ഷം ജനങ്ങൾക്ക് തൊഴിൽ നല്കിയിരുന്നു. ഇതിൽ 7 ദശലക്ഷം സ്ത്രീകളും ഉൾപ്പെടുന്നു. (2017–18 ലെ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ കണക്കനുസരിച്ച് ) ഇതിൽ കൈത്തറി, പവർലൂം, കരകൗശലം എന്നീ പരമ്പരാഗത മേഖലകളും യന്ത്രവത്കൃത മിൽ മേഖലയും ഉൾപ്പെടുന്നു.

### ഇന്ത്യയിലെ കൈത്തറി, പവർലൂം വ്യവസായം

രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കൈത്തറി മേഖല വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. 23.77 ലക്ഷം തറികളുള്ള രാജ്യത്തെ ഏറ്റവും വലിയ കുടിൽ വ്യവസായമാണ് കൈത്തറി വ്യവസായം. ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ 2019–20 ലെ വാർഷിക റിപ്പോർട്ട് അനുസരിച്ച് 35.23 ലക്ഷം നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും നേരിട്ടും അല്ലാതെയും തൊഴിൽ നൽകുന്ന കാർഷിക മേഖലയ്ക്ക് ശേഷമുള്ള ഏറ്റവും വലിയ സാമ്പത്തിക പ്രവർത്തനങ്ങളിലൊന്നാണ് കൈത്തറി നെയ്ത്ത്. രാജ്യത്തെ തുണി ഉൽപാദനത്തിന്റെ 15 ശതമാനവും ഈ മേഖല സംഭാവന ചെയ്യുന്നു, മാത്രമല്ല രാജ്യത്തിന്റെ കയറ്റുമതി വരുമാനത്തിന്റെ പ്രധാന ഉറവിടവുമാണ്. ലോകത്തെ കൈനെയ്ത്ത് തുണിത്തരത്തിന്റെ 95 ശതമാനവും ഇന്ത്യയിൽ നിന്നാണെന്ന് കണക്കാക്കപ്പെടുന്നു (ഭാരതസർക്കാറിന്റെ ടെക്സ്റ്റയിൽ മന്ത്രാലയത്തിന്റെ 2019-20 ലെ വാർഷിക റിപ്പോർട്ട്). കൈത്തറി മേഖലയിലെ നെയ്ത്തുകാരുടെ എണ്ണം കുറഞ്ഞുവരുന്നുണ്ടെങ്കിലും, കൈത്തറി ഉൽപാദനത്തിൽ കുറയുന്ന പ്രവണത തടയുന്നതിൽ കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്നുള്ള നിരന്തരമായ ശ്രമങ്ങൾ വിജയിച്ചു. 2004–05 മുതൽ കൈത്തറി ഉൽപന്നങ്ങളുടെ ഉൽപാദനത്തിൽ ഗണ്യമായ വളർച്ച ഇന്ത്യയിൽ കാണാം. 2017–18 –ൽ 79,900 ലക്ഷം ചതുരശ്ര മീറ്ററായിരുന്നു ഉത്പാദനം.

തുണിത്തരങ്ങൾ, ബെഡ് ലിനൻ, ടേബിൾ ലിനൻ, ടോയ്‌ലറ്റ്, കിച്ചൻ ലിനൻ, ടവലുകൾ, കർട്ടനുകൾ, തലയണകൾ, പാഡുകൾ, ടേപ്സ്ട്രികൾ, അപ്ഹോൾസ്റ്ററി, പരവതാനികൾ, ഫ്ലോർ കവറുകൾ, എംബ്രോയിഡറി ടെക്സ്റ്റൈൽ മെറ്റീരിയലുകൾ എന്നിവയും കൈത്തറി വ്യവസായത്തിൽ നിന്നുള്ളതാണ്. കരൂർ, പാനിപ്പത്ത് വാരണാസി, കണ്ണൂർ എന്നിവയാണ് രാജ്യത്തെ പ്രധാന കൈത്തറി കയറ്റുമതി കേന്ദ്രങ്ങൾ. കൈത്തറി ഉൽപന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റിന്റെ ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന് കീഴിലുള്ള നോഡൽ ഏജൻസിയായ ഹാൻഡ്‌ലൂം എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ (എച്ച്ഇപിസി) നല്കുന്ന കണക്കുകൾ പ്രകാരം ഇന്ത്യയിൽ നിന്നുള്ള കൈത്തറി ഉൽപന്നങ്ങളുടെ പ്രധാന കയറ്റുമതി ലക്ഷ്യസ്ഥാനങ്ങൾ യുഎസ്എ, യുകെ, സ്പെയിൻ, ഇറ്റലി, യുഎഇ ജർമ്മനി, ഫ്രാൻസ്, ജപ്പാൻ, സൗദി അറേബ്യ, ഓസ്ട്രേലിയ, നെതർലാൻഡ്സ് എന്നിവയാണ്. 2018–19 –ൽ ഇന്ത്യയിൽ നിന്നുള്ള കൈത്തറി കയറ്റുമതിയുടെ മൂല്യം 2,392.39 കോടി രൂപയായിരുന്നു.

തുണി ഉൽപാദനത്തിന്റെയും തൊഴിൽ ഉൽപാദനത്തിന്റെയും കാര്യത്തിൽ ടെക്സ്റ്റൈൽ വ്യവസായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഭാഗങ്ങളിലൊന്നാണ് വികേന്ദ്രീകൃത പവർലൂം മേഖല. രാജ്യത്ത് മൊത്തം തുണി ഉൽപാദനത്തിന്റെ 60 ശതമാനം സംഭാവന ചെയ്യുന്ന 44.18 ലക്ഷം പേർക്ക് തൊഴിൽ നൽകുന്ന മേഖലയാണിത്. കയറ്റുമതിക്കായി ഉദ്ദേശിക്കുന്ന തുണിത്തരത്തിന്റെ 60 ശതമാനവും പവർലൂം മേഖലയിൽ നിന്നാണ്. റെഡിമെയ്ഡ് വസ്ത്രങ്ങളും ഗാർഹിക ടെക്സ്റ്റൈൽ മേഖലകളും അവരുടെ ഫാബ്രിക് ആവശ്യകതകൾ നിറവേറ്റുന്നതിനായി പവർലൂം മേഖലയെ വളരെയധികം ആശ്രയിച്ചിരിക്കുന്നു. (ടെക്സ്റ്റൈൽസ് മന്ത്രാലയം, ഭാരത സർക്കാർ, വാർഷിക റിപ്പോർട്ട് 2019-20)

രാജ്യത്ത് ഏകദേശം 25 ലക്ഷം പവർലൂമുകളുണ്ട്. ഈ മേഖലയുടെ സാങ്കേതിക നിലവാരം പ്ലെയിൻ ലൂം മുതൽ ഹൈടെക് ഷട്ടിൽ ലെസ്സ് തറികൾ വരെ വൈവിദ്ധ്യമാർന്നതാണ്. ഷട്ടിൽ തറികളിൽ 75

ശതമാനത്തിലധികവും കാലഹരണപ്പെട്ടതാണെന്നും കണക്കാക്കപ്പെടുന്നു. ഇവ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതാണ്, ഫലത്തിൽ പ്രവർത്തനങ്ങളോ ഗുണനിലവാരമോനിയന്ത്രിക്കാൻ ഉപകരണങ്ങളോ അറ്റാച്ചുമെന്റുകളോ ഇല്ല. എന്നിരുന്നാലും, പവർലൂം മേഖലയിലെ സാങ്കേതികവിദ്യയുടെ നിലവാരം കഴിഞ്ഞ 8–9 വർഷങ്ങളിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

## കേരളത്തിലെ ടെക്സ്റ്റൈൽ മേഖല

സ്പിന്നിംഗ്, നെയ്ത്ത്, വസ്ത്രനിർമ്മാണം, ഡൈയിംഗ്, പ്രോസസ്സിംഗ് യൂണിറ്റുകൾ തുടങ്ങിയ മേഖലകളാണ് കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയിൽ ഉൾപ്പെടുന്നത്. പൊതുമേഖല (സംസ്ഥാന, കേന്ദ്ര), സഹകരണ മേഖല, സ്വകാര്യ മേഖല എന്നിവയിലെ യൂണിറ്റുകൾ ഈ മേഖലയിൽ ഉൾപ്പെടുന്നു. ഇതിൽ 7.03 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള 26 മില്ലുകൾ സ്പിന്നിംഗ് മേഖലയിൽ ഉൾപ്പെടുന്നു, ഏകദേശം 7,600 പേർ ജോലി ചെയ്യുന്നു. നെയ്ത്ത് മേഖലയിൽ ഖാദി യൂണിറ്റുകൾ, കൈത്തറി യൂണിറ്റുകൾ, പവർലൂം യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്നു. ഏറ്റവും പുതിയ സാങ്കേതികവിദ്യ സ്വീകരിച്ചാലും ഉയർന്ന മനുഷ്യശക്തി ഉപയോഗിക്കുന്ന ഒരു മേഖലയാണ് വസ്ത്രനിർമ്മാണം. ഇതിൽ വനിതാ ജോലിക്കാരുടെ വലിയ സാന്നിധ്യമുണ്ട്. നാട്ടുകാണിയിൽ ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ ആരംഭിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമം സംസ്ഥാനത്ത് ടെക്സ്റ്റൈൽ പ്രോസസ്സിംഗ് പ്രാദേശികവൽക്കരിക്കുന്നതിനുള്ള പ്രാരംഭം ആണ്.

2019–20 ലെ വാർഷിക പദ്ധതിയിൽ ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള (സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ) മൊത്തം സംസ്ഥാന പദ്ധതി വിഹിതം 5,601 ലക്ഷം രൂപയും ചെലവഴിച്ച തുക 3,551.03 ലക്ഷവും (63.4 ശതമാനം)ആണ്. 2020–21 വാർഷിക പദ്ധതിയിൽ ഈ മേഖലയുടെ ആകെ പദ്ധതി വിഹിതം 5,139 ലക്ഷം രൂപയാണ്. 2020 നവംബർ വരെ ചെലവഴിച്ച തുക 2,613.84 ലക്ഷം രൂപ (50.86 ശതമാനം) ആണ്. വിശദാംശങ്ങൾ **പട്ടിക 4.6.1** –ൽ നൽകിയിരിക്കുന്നു.

## കേരളത്തിലെ കൈത്തറി മേഖല

കേരളത്തിൽ തൊഴിൽ നൽകുന്ന പ്രധാന മേഘലകളിലൊന്നാണ് കൈത്തറി. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾക്കിടയിൽ തൊഴിൽ ദാതാവ് എന്ന നിലയിൽ കയർ മേഖലക്കുശേഷം കൈത്തറി മേഖല രണ്ടാം സ്ഥാനത്താണ്. സംസ്ഥാനത്തെ കൈത്തറി വ്യവസായം പ്രധാനമായും തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലും കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, കാസർഗോഡ് ജില്ലകളിലെ ചില ഭാഗങ്ങളിലും കേന്ദ്രീകരിച്ചിരിക്കുന്നു. മൊത്തം തറികളുടെ 93 ശതമാനത്തിലധികം വരുന്ന സഹകരണ മേഖലയിലാണ് ഈ വ്യവസായത്തിന്റെ ആധിപത്യം. ബാക്കി വ്യാവസായിക സംരംഭകരുടെ ഉടമസ്ഥതയിലുള്ളതാണ്.

2019–20 ൽ സംസ്ഥാനത്ത് കൈത്തറി എണ്ണം 17,113 ആയിരുന്നു. 317.5 ലക്ഷം മീറ്റർ കൈത്തറി തുണി ഉല്പാദിപ്പിച്ചു. 2019–20 ലെ മൊത്തം ഉൽപാദന മൂല്യം 113.77 കോടി രൂപയും വിറ്റുവരവ് 220.95 കോടി രൂപയുമാണ്. കൈത്തറി മേഖലയിലെ മൊത്തം നെയ്ത്തുകാരുടെ എണ്ണം 2019–20 ൽ 13,928 ആയിരുന്നു. 2019–20 ൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം 9,137 ആയിരുന്നു. 2019–20 ൽ സൃഷ്ടിച്ച ആകെ തൊഴിൽ 31.66 ലക്ഷം മനുഷ്യദിനങ്ങളാണ്. 2018–19 മായി താരതമ്യപ്പെടുത്തുമ്പോൾ, 2019–20 ൽ മൊത്തം തറികളുടെ എണ്ണം, മൊത്തം ഉൽപാദനം, ഉൽപാദന മൂല്യം, ഉൽപാദനക്ഷമത, ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം എന്നിവ കുറഞ്ഞു. എന്നിരുന്നാലും, മൊത്തം വിറ്റുവരവ്, നെയ്ത്തുകാരുടെ എണ്ണം, സൃഷ്ടിച്ച മനുഷ്യന്റെ ദിവസങ്ങൾ എന്നിവ വർദ്ധിച്ചു. ഉൽപാദന മൂല്യത്തിലെ ഇടിവ് സഹകരണ, കോർപ്പറേറ്റ് / അസംഘടിത / സ്വകാര്യ മേഖലകൾക്കിടയിൽ തുല്യമായി വ്യാപിക്കുന്നു. സഹകരണ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ അഭാവമാണ് പ്രധാനമായും കൈത്തറി മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണത്തിൽ കുറവുണ്ടായതിന് കാരണം.

**പട്ടിക 4.6.1** ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതവും ചെലവും (പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ) ലക്ഷം രൂപയിൽ

| ഉപമേഖല | 2019–20 | | | 2020–21 (2020 നവംബർ വരെ) | | |
|---|---|---|---|---|---|---|
| | അടങ്കൽ | ചെലവ് | % | അടങ്കൽ | ചെലവ് | % |
| കൈത്തറി | 2,941.95 | 1,547.35 | 52.59 | 2,333 | 1,246.02 | 53.4 |
| പവർലൂം | 199 | 54.9 | 27.58 | 169 | 41.82 | 24.74 |
| സ്പിന്നിംഗ് മില്ലുകൾ | 2,460.05 | 1,948.78 | 79.22 | 2,037 | 1326 | 65.1 |
| ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ– നാട്ടുകാണി | 0 | 0 | 0 | 600 | 0 | 0 |
| ആകെ | 5,601 | 3,551.03 | 63.4 | 5,139 | 2,613.84 | 50.86 |

*അവലംബം: പ്ലാൻ സ്പേസ്, കേരള സംസ്ഥാന ആസൂത്രണ ബോർഡ്*

2019–20 ലെ വിറ്റുവരവ് 2018–19 നെ അപേക്ഷിച്ച് ഇരട്ടിയിലധികമാണ് എന്നത് ശ്രദ്ധേയമാണ്. വിറ്റുവരവ് 2019–20 ലെ ഉൽപാദന മൂല്യത്തേക്കാൾ കൂടുതലാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.3** ൽ നൽകിയിരിക്കുന്നു.

മുണ്ടുകൾ, ഫർണിഷിംഗ് മെറ്റീരിയൽ, ബെഡ് ഷീറ്റുകൾ, ഷർട്ടിംഗ്, സാരി, ലുങ്കി എന്നിവയാണ് കൈത്തറി മേഖലയിൽ ഉത്പാദിപ്പിക്കുന്ന പ്രധാന ഇനങ്ങൾ. ജിയോ ഇൻഡിക്കേഷൻ ആക്റ്റ് ഓഫ് ഇന്ത്യ പ്രകാരം സംസ്ഥാനത്തിന്റെ ഇനിപ്പറയുന്ന ഉൽപ്പന്നങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ബാലരാമപുരം സാരിയും മികച്ച കോട്ടൺ തുണിത്തരങ്ങളും.
2. കാസർഗോഡ് സാരി
3. കുത്താംപുള്ളി സാരി
4. ചേന്ദമംഗലം മുണ്ട്
5. കണ്ണൂർ വീട് ഫർണിഷിംഗ്

## കൈത്തറി മേഖലയിലെ സ്ഥാപനങ്ങൾ

കൈത്തറി, ടെക്സ്റ്റൈൽ ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് കൈത്തറി വീവേഴ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി (ഹാൻടെക്സ്), കേരള സ്റ്റേറ്റ് കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (ഐഐഎച്ച്ടി, കണ്ണൂർ) എന്നിവയാണ് കൈത്തറി വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രധാന പങ്കാളികൾ.

## കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്

അടിസ്ഥാന സൗകര്യങ്ങൾ, വിപണനം, മാനവ വിഭവശേഷി വികസനം, പരമ്പരാഗത വൈദഗ്ധ്യവും ഉൽപ്പന്നങ്ങളുടെ സംരക്ഷണവും, ധനകാര്യം, ഡിസൈൻ ഇൻപുട്ട്, അസംസ്കൃത വസ്തുക്കളുടെ വിതരണം, നവീകരണം, ക്ഷേമപദ്ധതികൾ, വില സ്ഥിരത, ആഗോള പരിസ്ഥിതിയോട് മത്സരിക്കാൻ ഈ വിഭാഗത്തെ സജ്ജമാക്കുക എന്നിവയാണ് ഡയറക്ടറേറ്റിന്റെ പ്രധാന ചുമതലകൾ. ഈ മേഖലയുടെ വികസനത്തിനായി പദ്ധതികൾ നടപ്പാക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ പ്രധാന വിഭാഗമാണ് ഇത്. കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി വായ്പയും ഗ്രാന്റും വഴി സർക്കാർ സഹായം നൽകുന്നു. വായ്പകളും ഗ്രാന്റുകളും സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, എൻസിഡിസി, നബാർഡ്, ഹഡ്കോ തുടങ്ങിയ ധനകാര്യ ഏജൻസികളിൽ നിന്നുള്ളവ ഉൾപ്പെടുന്നു. റിബേറ്റുകളിലൂടെ വിൽപ്പന പ്രോത്സാഹനത്തിനും സർക്കാർ സഹായം നൽകുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.4** ൽ നൽകിയിരിക്കുന്നു.

## കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം വീവേഴ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി (ഹാൻടെക്സ്)

കേരളത്തിലെ പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളുടെ പരമോന്നത സ്ഥാപനമായി 1961 ൽ ഹാൻടെക്സ് രജിസ്റ്റർ ചെയ്തു. അംഗ സൊസൈറ്റികളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുക, സ്ഥാപനപരമായ പിന്തുണയും ഉൽപാദനത്തിനുള്ള ഇൻപുട്ടുകളും നൽകുക എന്നിവയാണ് ഹാൻടെക്സിന്റെ പ്രധാന ലക്ഷ്യങ്ങൾ. നിലവിൽ, 500 പ്രാഥമിക സഹകരണ സംഘങ്ങളെ അംഗങ്ങളായി ഹാൻടെക്സ് ഉൾക്കൊള്ളുന്നു. കൈകൊണ്ട് നിർമ്മിച്ച തുണിത്തരങ്ങൾ, വസ്ത്രങ്ങൾ, ഫർണിച്ചറുകൾ, റെഡിമെയ്ഡുകൾ, സാരികൾ, പരമ്പരാഗത നെയ്ത്ത് എന്നിവ ആഭ്യന്തര, കയറ്റുമതി വിപണിയുടെ പരിസ്ഥിതി സൗഹൃദ മാനദണ്ഡങ്ങൾക്കനുസൃതമായി നിർമ്മിക്കുന്നതിനായി ആധുനിക അടിസ്ഥാന സൗകര്യങ്ങളോടെ ഹാൻടെക്സ് സൊസൈറ്റികൾ ഉൽപാദനത്തിൽ ഏർപ്പെടുന്നു. ഹാൻടെക്സ് എൻഎച്ച്ഡിസിയിൽ നിന്ന് നൂലും രാസവസ്തുക്കളും ചായങ്ങളും സർക്കാർ സബ്സിഡിയോടെ ശേഖരിക്കുകയും അംഗങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.

അംഗങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ വിപണനത്തിലും വിൽപ്പനയിലും ഹാൻടെക്സ് പങ്കാളിയാണ്. നിലവിൽ 78 പ്രവർത്തിക്കുന്ന ഷോറൂമുകളുണ്ട്. എല്ലാ ഉൽപാദന, സംഭരണ പ്രവർത്തനങ്ങളും 4 പ്രാദേശിക ഓഫീസുകളും 5 പ്രവർത്തന ഉൽപാദന കേന്ദ്രങ്ങളും വഴിയാണ് നടക്കുന്നത്. തുണികൾ ചായം പൂശുന്നതിനും അച്ചടിക്കുന്നതിനുമുള്ള എല്ലാ സൗകര്യങ്ങളും തിരുവനന്തപുരത്ത് ഹാൻടെക്സിന്റെ കേന്ദ്രത്തിലുണ്ട്. രണ്ട് നെയ്ത്ത് ഫാക്ടറികളും ആധുനിക യന്ത്രസാമഗ്രികളുള്ള ഒരു വസ്ത്ര യൂണിറ്റും ഇവിടെയുണ്ട്.

2019–20 ൽ 3,077 ലക്ഷം രൂപയുടെ വിൽപ്പനയാണ് ഹാൻടെക്സ് നേടിയത്. 2019–20 കാലയളവിൽ 11 കോടി രൂപയുടെ സാധനങ്ങൾ വിവിധ സർക്കാർ വകുപ്പുകൾക്ക് ഹാൻടെക്സ് വിറ്റു. 1.26 കോടി രൂപയുടെ പരുത്തി നൂലും വിറ്റു. ഈ വർഷം അവസാനം പണമടച്ച മൂലധനം 6,556.44 ലക്ഷം രൂപയായിരുന്നു. 2018–19 നെ അപേക്ഷിച്ച്, 2019–20 ൽ വിൽപ്പനയിൽ നിന്നുള്ള വരുമാനം നേരിയ തോതിൽ വർദ്ധിച്ചു. എന്നിരുന്നാലും, 2017–18 ലും 2018–19 ലും ഏജൻസി നഷ്ടം റിപ്പോർട്ട് ചെയ്തു. ഹാൻടെക്സിന്റെ മൊത്തനഷ്ടം വാർഷികാടിസ്ഥാനത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.5** ൽ നൽകിയിരിക്കുന്നു.

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി 2019–20 ൽ ഹാൻടെക്സ് 14.5 ലക്ഷം മീറ്റർ തുണികൾ സ്കൂളുകൾക്ക് വിതരണം ചെയ്തു. കൈത്തറി സുരക്ഷ പദ്ധതിയുടെ ഭാഗമായി, കൈത്തറി തുടർച്ചയായി അയ്യായിരത്തോളം നെയ്ത്തുകാർക്ക് ഇൻപുട്ടുകൾ വിതരണം ചെയ്തു. ഷോറൂമുകളുടെ കമ്പ്യൂട്ടർ വത്ക്കരണത്തിലൂടെ ഗണ്യമായ നേട്ടങ്ങൾ കൈവരിച്ചു. 2020–21 സാമ്പത്തിക വർഷത്തിൽ 60 കോടി രൂപയുടെ വിൽപ്പനയാണ് ഹാൻടെക്സ് ലക്ഷ്യമിടുന്നത്. കോവിഡ് –19 ലോക്ക്ഡൗണിന്റെ ഫലമായി, നെയ്ത്ത് യൂണിറ്റുകളും വിൽപ്പന യൂണിറ്റുകളും അടച്ചു, അതിനാൽ പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനും വിൽക്കാനും കഴിഞ്ഞില്ല. 2020 ഓണത്തിലെ വിൽപ്പന മുൻ വർഷങ്ങളുടെ പകുതി മാത്രമാണ്. ഒരു പ്രത്യേക മാർക്കറ്റ് രൂപപ്പെടുത്തുന്നതിനായി, ഏജൻസി പ്രീമിയം ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ബ്രാൻഡുചെയ്യുകയും ചെയ്യുന്നു. 'റോയൽ' ശ്രേണിയിലുള്ള ഉൽപ്പന്നങ്ങളുടെ കാര്യം ഒരു മികച്ച ഉദാഹരണമാണ്.

## കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്)

അസംഘടിത മേഖലയിലെ പരമ്പരാഗത നെയ്ത്തുകാരുടെ ക്ഷേമത്തിനും വികസനത്തിനുമായി ഹാൻവീവ് 1968 ൽ സംയോജിപ്പിച്ചു. വൈവിധ്യമാർന്ന കൈത്തറി ഉൽപന്നങ്ങളുടെ നിർമ്മാണത്തിലും വിപണനത്തിലും ഇത് ഏർപ്പെട്ടിരിക്കുന്നു. നിലവിൽ 1,938 വ്യക്തിഗത നെയ്ത്തുകാർക്ക് തൊഴിൽ നൽകുന്നതിനെ ഹാൻവീവ് പിന്തുണയ്ക്കുന്നു. ഇതിൽ 30 പ്രാഥമിക സൊസൈറ്റികൾ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 48 സ്വന്തം ഷോറൂമുകളും 3 തനതായ ഏജൻസി ഷോറൂമുകളും 34 ഉല്പാദന കേന്ദ്രങ്ങളുണ്ട്. ഉത്സവകാലങ്ങളിൽ കോർപ്പറേഷൻ എക്സിബിഷനുകൾ നടത്തുകയും ദേശീയ അന്തർദേശീയ തലത്തിൽ നടത്തുന്ന എക്സ്പോകളിൽ പങ്കെടുക്കുകയും ചെയ്യുന്നു.

2019–20 ലെ ഹാൻവീവിന്റെ വിൽപന വിറ്റുവരവ് (താൽക്കാലിക കണക്കുകൾ) 2,030.29 ലക്ഷം രൂപയായിരുന്നു. ഇത് 2018–19 നെ അപേക്ഷിച്ച് ഒരു പുരോഗതി കാണിക്കുന്നു. തുണിയുടെയും മറ്റ് വസ്തുക്കളുടെയും മൂല്യം 1,668.40 ലക്ഷം രൂപയായിരുന്നു. ഇത് 2018–19 നെ അപേക്ഷിച്ച് മെച്ചപ്പെട്ടു. എന്നിരുന്നാലും, വാങ്ങിയതും വിതരണം ചെയ്തതുമായ നൂലിന്റെയും മറ്റ് ഇൻപുട്ടിന്റെയും മൂല്യം 2019–20 ൽ 479.49 ലക്ഷം രൂപയായിരുന്നു. ഇത് 2018–19 ൽ 567.70 ലക്ഷത്തിൽ നിന്ന് കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 4.6.6** –ൽ നൽകിയിരിക്കുന്നു. 2019–20 അവസാനം 3,956 ലക്ഷം രൂപയായിരുന്നു ഹാൻവീവിന്റെ പെയ്ഡ് അപ്പ് ക്യാപിറ്റൽ. 2019–20 ൽ ഹാൻവീവിന്റെ മൊത്തം നഷ്ടം 401.15 രൂപയായിരുന്നു. ഇത് 2018–19 നെ അപേക്ഷിച്ച് കുറവാണ്. എന്നിരുന്നാലും, ഏജൻസിയുടെ അടിഞ്ഞുകൂടിയ നഷ്ടം ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഹാൻവീവിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 4.6.7** ൽ നൽകിയിരിക്കുന്നു.

കോവിഡ്–19 ലോക്ക് ഡൗണിന്റെ ഫലമായി 350 ലക്ഷം രൂപ വിലമതിക്കുന്ന 2 ലക്ഷം മീറ്റർ ഉത്പാദന നഷ്ടം ഹാൻവീവിന് സംഭവിച്ചു. വിഷു, സ്കൂൾ തുറക്കൽ എന്നീ രണ്ട് പ്രധാന സീസണുകളിൽ 524 ലക്ഷം രൂപയുടെ വിൽപ്പന നഷ്ടമാണ് ഹാൻവീവിന് സംഭവിച്ചത്. ആകെ നഷ്ടം 874 ലക്ഷം രൂപയാണ്. ഓണം ഉത്സവ വേളയിലും പ്രതീക്ഷിച്ച വിൽപ്പന നേടാൻ ഹാൻവീവിന് കഴിഞ്ഞില്ല.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി, കണ്ണൂർ)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി 1987 ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ആൻഡ് ടെക്സ്റ്റൈൽ ടെക്നോളജി (ഐഎച്ച്ടിടി) എന്ന പേരിൽ സ്ഥാപിതമായി. തുടർന്ന്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി രൂപീകരിക്കുന്നതിന് ഐ.എച്ച്.എച്ച്.ടികൾ സംയോജിപ്പിച്ചു. ഇന്ത്യാ ഗവൺമെന്റിന്റെ ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് ഇത് പ്രവർത്തിക്കുന്നത്. കൈത്തറി മേഖലയിലെ ഗുണനിലവാരനിയന്ത്രണം ഐഐഎച്ച്ടികളുടെ സാങ്കേതിക പിന്തുണ മെച്ചപ്പെടുത്തി.

## സഹകരണ മേഖല

ടെക്സ്റ്റൈൽസ് മേഖലയിലെ സഹകരണ മേഖല സംസ്ഥാനത്തെ സ്പിന്നിംഗ്, നെയ്ത്ത് പ്രവർത്തനങ്ങളിൽ (പവർലൂം, കൈത്തറി എന്നിവ) ഉൾപ്പെടുന്നു. സഹകരണ മേഖലയിൽ 8 സ്പിന്നിംഗ് മില്ലുകളുണ്ട്. കൊയിലോൺ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ആലപ്പുഴ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, പ്രിയദർശിനി കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, തൃശ്ശൂർ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലബാർ കോ–ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, മലപ്പുറം കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കണ്ണൂർ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കരുണാകരൻ മെമ്മോറിയൽ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിവയാണ് 8 മില്ലുകൾ. ടെക്സ്ഫെഡിന് കീഴിലുള്ള അഞ്ച് സഹകരണ സൊസൈറ്റികളിലായി 562 പരമ്പരാഗത പവർലൂമുകൾ സംസ്ഥാനത്ത് ഉണ്ട്. സഹകരണ മേഖലയിലെ മൊത്തം പവർലൂമുകളുടെ എണ്ണം ഏകദേശം 801 ആണെന്ന് കണക്കാക്കപ്പെടുന്നു. സംസ്ഥാനത്തെ മൊത്തം പവർലൂമുകളുടെ എണ്ണത്തിന്റെ 82 ശതമാനവും സഹകരണ യൂണിറ്റുകളാണ്. 46 പവർലൂം സഹകരണ സംഘങ്ങൾ സംസ്ഥാനത്തുണ്ട്.

കൈത്തറി മേഖലയിലെ സഹകരണ മേഖലയിൽ ഫാക്ടറി തരവും കോട്ടേജ് തരവും സൊസൈറ്റികൾ ഉൾപ്പെടുന്നു. 2019–20 –ൽ 630 രജിസ്റ്റർ ചെയ്ത പ്രൈമറി ഹാൻഡ്‌ലൂം വീവേഴ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ (പിഎച്ച്ഡബ്ല്യുസിഎസ്) സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിൽ 180 ഫാക്ടറി തരവും 450 കോട്ടേജ് തരത്തിലുള്ള സൊസൈറ്റികളുമാണ്. രജിസ്റ്റർ ചെയ്ത 630 പ്രൈമറി കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളിൽ 408 എണ്ണം പ്രവർത്തനക്ഷമമാണ്. ഇത് 2018–19 നെ അപേക്ഷിച്ച് നേരിയ പുരോഗതിയാണ്. 2019–20 ലെ 408 വർക്കിംഗ് സൊസൈറ്റികളിൽ 145 എണ്ണം ലാഭകരവും 263 നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്. എന്നിരുന്നാലും, 2019–20ൽ ലാഭകരമായ സൊസൈറ്റികളുടെ എണ്ണം വർദ്ധിച്ചു. സംസ്ഥാനത്തെ കൈത്തറി സൊസൈറ്റികളുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.8** ൽ നൽകിയിരിക്കുന്നു.

2019–20 ൽ 89.9 കോടി രൂപമൂല്യം വരുന്ന 30.23 ദശലക്ഷം മീറ്ററായിരുന്നു സഹകരണ മേഖല കൈത്തറി തുണി ഉത്പാദിപ്പിച്ചത്. ഉൽപാദനത്തിന്റെ അളവ് വർദ്ധിച്ചിട്ടുണ്ടെങ്കിലും, 2018–19 നെ അപേക്ഷിച്ച് 2019–20 ൽ ഉൽപാദനത്തിന്റെ മൂല്യം കുറഞ്ഞു. മൊത്തം വിറ്റുവരവ് 208.35 കോടി രൂപയായിരുന്നു. ഇത് 2018–19 ലെ വിറ്റുവരവിന്റെ ഇരട്ടിയിലധികമാണ്. തറികളുടെ എണ്ണം 2018–19 ൽ 16,012 ൽ നിന്ന് 2019–20 ൽ 15,851 ആയി കുറഞ്ഞു. എന്നിരുന്നാലും, നെയ്ത്തുകാരുടെ എണ്ണം 2019–20ൽ നാമമാത്രമായി 12,666 ആയി ഉയർത്തി. 30.14 ലക്ഷം മനുഷ്യ ദിനങ്ങളുടെ തൊഴിൽസൃഷ്ടിക്കപ്പെട്ടു. ഈ മേഖലയിൽ 2019–20ൽ 8,048 സ്ത്രീകൾ ജോലി ചെയ്യുന്നു, ഇത് 2018–19ൽ 9,732 ൽ നിന്ന് കുറഞ്ഞു. വിശദാംശങ്ങൾ നേരത്തെ സൂചിപ്പിച്ച **അനുബന്ധം 4.6.3** –ൽ കാണാം.

## പവർലൂം മേഖല

സംസ്ഥാനത്ത് 979 പവർലൂമുകളുണ്ട്, അതിൽ 82 ശതമാനവും (801) സഹകരണ മേഖലയിലാണ്. പവർലൂം മേഖലയിൽ, 2019–20 –ൽ തുണി ഉത്പാദനം 64.17 ലക്ഷം മീറ്ററായിരുന്നു. ഇതിന്റെ മൂല്യം 534.36 ലക്ഷം രൂപയാണ്. ഉൽപാദനക്ഷമത ഓരോ തറിക്കും 6,554.64 മീറ്ററും മൊത്തം വിറ്റുവരവ് 581.22 ലക്ഷം രൂപയുമാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.9** –ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്ത് നെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിന്, ബജറ്റ് പിന്തുണയോടെ നാല് സംയോജിത പവർലൂം സൊസൈറ്റികൾ ആരംഭിച്ചു. പവർലൂം സഹകരണസംഘങ്ങളുടെ നവീകരണത്തിനായി 2019–20 ൽ 40 ലക്ഷം രൂപ നൽകിയിരുന്നു. തറികളുടെ നവീകരണത്തിനുശേഷം ഉൽപാദനക്ഷമത വർദ്ധിച്ചു. നേരത്തെ ഒരു നെയ്ത്തുകാരനു രണ്ട് തറികൾ എന്ന നിലയിലായിരുന്നു പ്രവർത്തനം. നവീകരണത്തിനുശേഷം, ഒരു നെയ്ത്തുകാരന് 8 തറികളിൽ പങ്കെടുക്കാം. അങ്ങനെ നെയ്ത്തുകാരുടെ ഉൽപാദനക്ഷമതയും വേതനവും വർദ്ധിച്ചു.

## സ്പിന്നിംഗ് മില്ലുകൾ

കേരളത്തിലെ സ്പിന്നിംഗ് മേഖലയിൽ പൊതുമേഖല (സംസ്ഥാന, കേന്ദ്ര), സഹകരണ മേഖല, സ്വകാര്യ മേഖല എന്നിവ ഉൾപ്പെടുന്നു. 7.03 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള 26 മില്ലുകൾ സ്പിന്നിംഗ് മേഖലയിൽ ഉൾപ്പെടുന്നു. ഏകദേശം 7600 പേർ ജോലി ചെയ്യുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (7 മില്ലുകൾ), സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നീ 3 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ 9 സ്പിന്നിംഗ് മില്ലുകളുണ്ട്. കേരളത്തിൽ 8 സഹകരണ സ്പിന്നിംഗ് മില്ലുകളുണ്ട്. കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡിന്റെ (ടെക്സ്ഫെഡ്) ഭാഗമാണ് അവ. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ മേഖലയ്ക്കും കീഴിൽ 2.87 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള 17 സ്പിന്നിംഗ് മില്ലുകളുണ്ട്. ഇതിൽ 3500 ഓളം പേർ ജോലി ചെയ്യുന്നു. കേന്ദ്ര പൊതുമേഖല സ്ഥാപനമായ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് 5 മില്ലുകളാണുള്ളത്. ഇതിൽ മൊത്തം 1.99 ലക്ഷം സ്പിൻഡിൽ ശേഷിയും 1,900 പേർ ജോലിയും ചെയ്യുന്നു. കൂടാതെ, മൊത്തം 4 മില്ലുകളുള്ള രണ്ട് പ്രമുഖ സ്വകാര്യ മേഖല സംരംഭങ്ങളുണ്ട്. 2.16 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള ഇവയിൽ 2,200 പേർക്ക് ജോലി നൽകുന്നു.

പ്രവർത്തന മൂലധനത്തിന്റെ അഭാവവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമാണ് ഈ മില്ലുകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ഈ മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ കുറവ് പരിഹരിക്കുന്നതിന്, കേരള സർക്കാർ സംസ്ഥാനത്തെ മുഴുവൻ ടെക്സ്റ്റൈൽ മേഖലക്കും പരുത്തി വാങ്ങുന്നു. കേന്ദ്രീകൃത വാങ്ങൽ സംവിധാനത്തിലൂടെ റിയാബ്, ടെക്സ്ഫെഡ്, കെ.എസ്.റ്റി.സി, വ്യക്തിഗത സ്പിന്നിംഗ് മില്ലുകളുടെ മാനേജിംഗ് ഡയറക്ടർമാർ എന്നിവരടങ്ങുന്ന ഒരു സമിതി പരുത്തി വാങ്ങൽ പ്രക്രിയ പ്രൊഫഷണലായി കൈകാര്യം ചെയ്യുന്നു. ഈ മില്ലുകൾ ഉല്പാദിപ്പിക്കുന്ന നൂലിന്റെ വില്പന നടത്തുന്നത് ഒരു ഡിപ്പോ സംവിധാനത്തിലൂടെയാണ്. ഇത് അതേ കമ്മറ്റി നിരീക്ഷിക്കുന്നു. തത്ഫലമായി, അസംസ്കൃത വസ്തുക്കളുടെ വില കുറയുകയും മേഖലയുടെ പ്രകടനം മെച്ചപ്പെടുകയും ചെയ്തു.

മില്ലുകളിൽ നിലനിൽക്കുന്ന പ്രതിസന്ധിയെക്കുറിച്ച് പഠിക്കാൻ സർക്കാർ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചു. സമിതി സംസ്ഥാനത്തെ അഞ്ച് സഹകരണ സ്പിന്നിംഗ് മില്ലുകൾ നവീകരിക്കാൻ ശുപാർശ ചെയ്തു. മലപ്പുറം

കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്, കണ്ണൂർ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്, പ്രിയദർശിനി കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, കൊല്ലം കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എന്നിവയുടെ നവീകരണത്തിന് സർക്കാർ അംഗീകാരം നൽകി. മലപ്പുറം കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെയും കണ്ണൂർ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെയും നവീകരണത്തിന്റെ ആദ്യ ഘട്ടം പൂർത്തിയായി. മില്ലിന്റെ നവീകരണത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചു. 2019–20 കാലയളവിൽ ടെക്സ്ഫെഡിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി 1,948.78 ലക്ഷം രൂപ സഹായം നൽകി. തൃശ്ശൂർ, ആലപ്പുഴ, കൊല്ലം കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകളുടെ നവീകരണം / വിപുലീകരണം വാർഷിക പദ്ധതി സഹായത്തോടെ സർക്കാർ പരിഗണിക്കുന്നു.

### കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (ടെക്സ്ഫെഡ്)

കേരളത്തിൽ സഹകരണ ടെക്സ്റ്റൈൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ആസൂത്രണം ചെയ്യുന്നതിനും സഹായിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള ഒരു സ്ഥാപനമായി 1992 ൽ ടെക്സ്ഫെഡ് സ്ഥാപിതമായി. സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെയും സംയോജിത പവർലൂം സഹകരണ സംഘങ്ങളുടെയും പരമോന്നത സ്ഥാപനമാണ് ടെക്സ്ഫെഡ്. തുണി വ്യവസായത്തിന്റെ സ്പിന്നിംഗ്, നെയ്ത്ത്, പ്രോസസ്സിംഗ്, വസ്ത്രനിർമ്മാണം എന്നിവയുൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളെയും ഇത് സമന്വയിപ്പിക്കുന്നു. ടെക്സ്ഫെഡിലെ അംഗങ്ങളായി എട്ട് സഹകരണ സ്പിന്നിംഗ് മില്ലുകളുണ്ട്. അവയിൽ അഞ്ചെണ്ണം സംസ്ഥാന സർക്കാരും മൂന്ന് എണ്ണം തിരഞ്ഞെടുക്കപ്പെട്ട ബോർഡുകളുമാണ്നിയന്ത്രിക്കുന്നത്. സർക്കാർനിയന്ത്രക്കുന്ന മില്ലുകളിൽ കൊയിലോൺ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ആലപ്പുഴ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, തൃശ്ശൂർ, കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലപ്പുറം കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കണ്ണൂർ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിവ ഉൾപ്പെടുന്നു. തിരഞ്ഞെടുക്കപ്പെട്ട ബോർഡുകൾനിയന്ത്രക്കുന്ന സ്പിന്നിംഗ് മില്ലുകളിൽ പ്രിയദർശിനി കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലബാർ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കെ കരുണാകരൻ മെമ്മോറിയൽ കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിവ ഉൾപ്പെടുന്നു.

### കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.റ്റി.സി)

സംസ്ഥാനത്ത് ടെക്സ്റ്റൈൽ മില്ലുകൾ സ്ഥാപിക്കുക, പ്രവർത്തിപ്പിക്കുക, കേരളത്തിലെ നഷ്ടത്തിലോടുന്ന തുണി വ്യവസായത്തെ മെച്ചപ്പെടുത്തുക എന്ന പ്രധാന ലക്ഷ്യങ്ങളോടെ 1972 ൽ കേരള സർക്കാർ കെ.എസ്.റ്റി.സി ആരംഭിച്ചു. കോർപ്പറേഷന് ഏഴ് മില്ലുകളും ഒരു ഗവേഷണ പരീക്ഷണ കേന്ദ്രവുമുണ്ട്. പ്രഭുരാം മില്ലുകൾ, കോട്ടയം ടെക്സ്റ്റൈൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ്, മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ്, ഹൈടെക് വീവിംഗ് മിൽസ്, കോമളപുരം സ്പിന്നിംഗ് ആൻഡ് വീവിംഗ് മില്ലുകൾ, ഉദുമ ടെക്സ്റ്റൈൽ മില്ലുകൾ എന്നിവയാണ് കെഎസ്ടിസിയുടെ കീഴിലുള്ള മില്ലുകൾ. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തിരുവനന്തപുരത്തെ ബാലരാമപുരത്ത് സ്ഥിതിചെയ്യുന്ന ഒരു ഗവേഷണ–പരീക്ഷണ വിഭാഗം (സി.എ.ആർ.ഡി.റ്റി) – സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ആൻഡ് ഡവലപ്മെൻറ് ഇൻ ടെക്സ്റ്റൈൽസ് ) കോർപ്പറേഷനുണ്ട്.

മുൻ വർഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, കോർപ്പറേഷൻ 2018–19 –ൽ കോട്ടൺ / പോളിസ്റ്റർ മിശ്രിത നൂലിന്റെ ഉത്പാദനം വർദ്ധിപ്പിച്ചിരുന്നു. തുടർന്ന് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനം 43.95 കോടി രൂപയായി ഉയർന്നു. എന്നിരുന്നാലും ഇത് വരുമാനത്തിൽ കവിഞ്ഞ ചെലവ് റിപ്പോർട്ട് ചെയ്യുന്നു. കോർപ്പറഷൻ 2016–17, 2017–18, 2018–19 വർഷങ്ങളിൽ അറ്റ നഷ്ടം റിപ്പോർട്ട് ചെയ്തു. 2018–19 അവസാനം കോർപ്പറേഷന്റെ മൊത്തം നഷ്ടം 255.72 കോടി രൂപയാണ്.

### ടെക്സ്റ്റൈൽ മേഖലയിലെ നേട്ടങ്ങൾ 2019–20

പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെയുള്ള ടെക്സ്റ്റൈൽ മേഖലയുടെ വാർഷിക പദ്ധതി വിഹിതം 2019–20 ൽ 5601.00 ലക്ഷം രൂപയായിരുന്നു. ചിലവ് 3,551.03 ലക്ഷം രൂപ (63.4 ശതമാനം). 'കൈത്തറി സഹകരണ സംഘങ്ങളുടെ നവീകരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം' എന്ന പദ്ധതി പ്രകാരം 5 പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങൾക്ക് (പിഎച്ച്ഡബ്ല്യുസിഎസ് ) വർക്ക് ഷെഡ് സഹായം നൽകി. ലൂം എ ഹൗസ് സ്കീമിന് കീഴിൽ 69 ഗുണഭോക്താക്കളുണ്ട്. 188 ഗുണഭോക്താക്കൾക്ക് തറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം നൽകുകയും തറി അറ്റകുറ്റപ്പണികൾക്കായി 188 ഗുണഭോക്താക്കൾക്ക് സഹായം നൽകുകയും ചെയ്തു. 21 പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങൾക്ക് (പിഎച്ച്ഡബ്ല്യുസിഎസ് ) സർക്കാർ ഓഹരി പങ്കാളിത്ത സഹായം നൽകി. ഹാൻടെക്സിനും ഹാൻവീവിനും സർക്കാർ പങ്കാളിത്ത പങ്കാളിത്ത സഹായം നൽകി. 'നെയ്ത്തുകാർ / അനുബന്ധ തൊഴിലാളികളുടെ പ്രചോദന പരിപാടി' പ്രകാരം ഏകദേശം 2,564 നെയ്ത്തുകാർക്ക് പ്രയോജനം ലഭിച്ചു. 81 പ്രാഥമിക ഹാൻഡ്‌ലൂം നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളിലെ (പിഎച്ച്ഡബ്ല്യുസിഎസ് ) നെയ്ത്തുകാരെ കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സഹായത്തിന്റെ ഭാഗമാക്കി.

## പ്രശ്നങ്ങളും വെല്ലുവിളികളും

പ്രവർത്തന മൂലധനത്തിന്റെ കുറവും അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിലെ ബുദ്ധിമുട്ടും ഈ മേഖല നേരിടുന്ന വെല്ലുവിളികളാണ്. കേരളത്തിൽ സ്പിന്നിംഗ്, നെയ്ത്ത് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന മില്ലുകൾ ചോദനത്തിലും പ്രദാനത്തിലും പ്രശ്നങ്ങൾ നേരിടുന്നു. കാലഹരണപ്പെട്ട യന്ത്രങ്ങൾ, കടുത്ത മത്സരം, അസംസ്കൃത വസ്തുക്കളുടെ ഉയർന്ന വില, ഉൽപാദനക്ഷമത, ലാഭം കുറയുക, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവയും കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയെ ആശങ്കപ്പെടുത്തുന്നു. സംസ്ഥാനത്തെ ഭൂരിഭാഗം ടെക്സ്റ്റൈൽ സ്പിന്നിംഗ് മില്ലുകളും 25 വർഷത്തിനു മുകളിലുള്ളവയാണ്. അവ കാലഹരണപ്പെട്ട സാങ്കേതികവിദ്യകളും ഉപകരണങ്ങളും ഉപയോഗിക്കുന്നു. ചില യൂണിറ്റുകളിൽ ഭാഗിക നവീകരണം നടത്തിയിട്ടുണ്ട്. പക്ഷേ ഇത് വ്യവസായ മാനദണ്ഡങ്ങൾ അനുസരിച്ചല്ല. ഫാബ്രിക് പ്രോസസ്സിംഗ് സൗകര്യങ്ങളുടെ അഭാവവും കേരളത്തിലെ പവർലൂം വ്യവസായം നേരിടുന്ന ഒരു പ്രശ്നമാണ്. നെയ്ത്തുകാർക്ക് സർക്കാർ ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങളെക്കുറിച്ച് അവബോധമില്ലായ്മയും ഒരു പ്രശ്നമാണ്. കോവിഡ്–19 മഹാമാരി കാരണം ലോക്ക് ഡൗൺ ചെയ്യേണ്ടിവന്നതും ഈ മേഖലയിലെ ഉൽപാദനത്തെയും വിൽപ്പനയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

## മുന്നോട്ടുള്ള വഴി

വസ്ത്രങ്ങൾക്കായി കേരളത്തിന് ഒരു വലിയ കമ്പോളമുണ്ട്, മൂല്യ ശൃംഖലയിലെ വിവിധ ഭാഗങ്ങളിൽ (സ്പിന്നിംഗ് മുതൽ വസ്ത്രങ്ങൾ വരെ) ഒരു പ്രധാന പങ്കാളിയായി ഉയർന്നുവരാൻ സംസ്ഥാനത്തിന് കഴിവുണ്ട്. ഭാവിയിലെ പരിശ്രമത്തിനായുള്ള ശ്രദ്ധ കൂടുതൽ ചെലുത്തേണ്ടത് മൂല്യനിർമ്മാണത്തിലായിരിക്കണം. ഈ മേഖലയുടെ ഭാവി വിജയത്തിനായി പുതിയ ഉൽപ്പന്നങ്ങൾ, പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ, ഇന്നൊവേഷൻ എന്നിവ നിർണ്ണായകമാണ്. വ്യവസായികളായോ തൊഴിലാളികളായോ കേരളത്തിലെ യുവാക്കളെയും വിദ്യാസമ്പന്നരെയും ഈ മേഖലയിലേക്ക് ആകർഷിക്കാനുള്ള വഴികൾ ടെക്സ്റ്റൈൽ മേഖല കണ്ടെത്തേണ്ടതുണ്ട്. ടെക്സ്റ്റൈൽ മേഖലയുടെ നവീകരണത്തിനായി കേരള സർക്കാർ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അത് തുടരണം. കോവിഡ്–19 ലോക്ക്ഡൗൺ ഓൺലൈൻ മാർക്കറ്റിംഗിൽ പുതിയ അവസരങ്ങൾ തുറന്നു. പുതിയ മാർക്കറ്റുകൾ കണ്ടെത്തുന്നതിനും ഇവ ഉപയോഗിക്കാനാകും. 'മെയ്ഡ് ഇൻ ഇന്ത്യ' ഉൽപ്പന്നങ്ങളോടുള്ള താൽപര്യം വർദ്ധിക്കുന്നതും അന്താരാഷ്ട്ര വ്യാപാര സാഹചര്യങ്ങൾ മാറുകയും ചെയ്യുന്നത് ഇന്ത്യയിലെയും സംസ്ഥാനത്തിലെയും തുണിത്തരങ്ങൾക്ക് പുതിയ അവസരങ്ങൾ തുറക്കും. ഉയർന്നുവരുന്ന ഇത്തരം അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതു വഴി ഈ മേഖലയ്ക്ക് നേട്ടമുണ്ടാക്കാം.

## ഖാദി ഗ്രാമ വ്യവസായ മേഖല

ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായ മേഖല ഗ്രാമീണ കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ മൂലധനനിക്ഷേപത്തിൽ വേണ്ടത്ര തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് ഖാദി ഗ്രാമ വ്യവസായ മേഖലയ്ക്ക് വലിയ സാധ്യതയാണുള്ളത്. ഖാദി ഉൽപ്പന്നങ്ങളുടെ ഉല്പ്പാദനം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് നിയമപരമായി പ്രവർത്തിക്കുന്ന ഒരു ഭാരത സർക്കാർ സ്ഥാപനമാണ് ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ (കെ.വി.ഐ.സി). കെ.വി.ഐ.സി.യുടെ കീഴിൽ ഉൽപ്പാദന പ്രക്രിയയിൽ പങ്കാളികളായിട്ടുള്ള ആകെ 4.96 ലക്ഷം കൈതൊഴിലുകാർ രാജ്യത്താകെയുള്ള 2,701 ഖാദി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു .ഇതിൽ ഭൂരിഭാഗവും (80 ശതമാനം) സ്ത്രീകളാണ്. ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ഉൽപ്പാദനം (പോളി വസ്ത്രവും സോളാർ വസ്ത്രവും ഉൾപ്പെടെ) 2018–19 ലെ 58,130.34 കോടി രൂപയിൽ നിന്ന് 2019–20 –ൽ 70,292.09 കോടി (താൽക്കാലികം) രൂപയായി വളർന്നു. സമാനമായി ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പന 2018–19 ൽ 74,292.09 കോടി രൂപയിൽ നിന്ന് 2019–20 ൽ 90,528.29 കോടി (താൽക്കാലികം) രൂപയായി വളർച്ച നേടിയിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയിലെ തൊഴിലവസരങ്ങൾ 2018–19 ലെ 146.99 ലക്ഷത്തിൽ നിന്നും 2019–20ൽ 152.96 ലക്ഷമായി (താൽക്കാലികം) വർദ്ധിച്ചിട്ടുണ്ട്. (അവലംബം: വാർഷിക റിപ്പോർട്ട്-2019-20, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മന്ത്രാലയം, ഭാരത സർക്കാർ)

2015–16 മുതൽ 2019–20 വരെയുള്ള കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഇന്ത്യയുടെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിൽ എന്നിവ **പട്ടിക 4.6.2** ൽ കാണിച്ചിരിക്കുന്നു

2015–16 മുതൽ 2018–19 വരെ ഉൽപാദനം, വിൽപ്പന, തൊഴിൽ എന്നിവയുടെ വളർച്ച വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നു. 2019–20 ലെ കണക്കുകൾ 2019 ഡിസംബർ 31 വരെ മാത്രമാണ്.

## കേരളത്തിലെ ഖാദിഗ്രാമ വ്യവസായ മേഖല

കേരളത്തിലെ ഖാദി മേഖലയ്ക്ക് ചരിത്രപരമായ പ്രാധാന്യവും അത് ആർജ്ജിക്കുന്ന സാമൂഹിക രാഷ്ട്രീയ പിന്തുണയും ഉള്ള ശക്തമായ അടിത്തറയുണ്ട്. ഖാദി ഗ്രാമ വ്യവസായ ബോർഡ് ഉൾപ്പെടെ 29 ഖാദി സ്ഥാപനങ്ങൾ, കെകെവിഐബി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം നമ്പറുകൾ),

**പട്ടിക 4.6.2.** ഇന്ത്യയുടെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിൽ

| വർഷം | ഉൽപ്പാദനം (രൂപ കോടിയിൽ) | വിൽപ്പന (രൂപ കോടിയിൽ ) | തൊഴിൽ (ലക്ഷത്തിൽ) |
|---|---|---|---|
| 2015-16 | 34,583.06 | 42,048.54 | 131.32 |
| 2016-17 | 42,631.09 | 52,138.21 | 136.4 |
| 2017-18 | 48,081.41 | 59,182.43 | 140.36 |
| 2018-19 | 58,130.34 | 74,292.09 | 146.99 |
| 2019-20 (31/12/2019 വരെ) | 49,139.6 | 63,227.4 | 149.58 |

അവലംബം: വാർഷിക റിപ്പോർട്ട് 2019-20, എം.സ്.എം.ഇ മന്ത്രാലയം, ഭാരത സർക്കാർ

കെവിഐസി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം) എന്നിവ ഖാദി ഉൽപാദനത്തിലും വിൽപ്പനയിലും ഏർപ്പെട്ടിരിക്കുന്നു. 2017-18 മുതൽ 2019-20 വരെയുള്ള ഈ സ്ഥാപനങ്ങളുടെ ഉത്പാദനം, വിൽപ്പന എന്നിവയും 2019-20 കാലയളവിൽ തൊഴിൽ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.10** -ൽ നൽകിയിരിക്കുന്നു. 2019-20 കാലയളവിൽ കേരളത്തിലെ ഖാദി മേഖല 13,620 കരകൗശല ത്തൊഴിലാളികൾക്ക് തൊഴിൽ നൽകുകയും മൊത്തം തുണി, നൂൽ ഉത്പാദനം 8,575.95 ലക്ഷം രൂപ കൈവരിക്കുകയും ചെയ്തു. ഖാദി കരകൗശലത്തൊഴിലാളികൾക്ക് നൽകിയ ആകെ വേതനം 1,268.77 ലക്ഷം രൂപയും മൊത്തം ഖാദി വിൽപ്പന 15,640 ലക്ഷം രൂപയുമാണ്. ഗ്രാമ വ്യവസായങ്ങളിലൂടെ ഖാദി, ഗ്രാമ വ്യവസായ ബോർഡിന് 4,135 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. പ്രത്യേക തൊഴിൽദാന പരിപാടിയിലൂടെ (എന്റഗ്രാമം) ഖാദി ബോർഡ് 201 യൂണിറ്റുകളിലൂടെ 6,29.65 ലക്ഷം രൂപ മൂലധന നിക്ഷേപം സൃഷ്ടിക്കുകയും 6,15 പേർക്ക് തൊഴിലവസരങ്ങൾ നൽകുകയും ചെയ്തു. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിലൂടെ (പിഎംഇജിപി) ബോർഡ് 3,67 യൂണിറ്റുകളിലൂടെ 2,147.97 ലക്ഷം രൂപ മൂലധന നിക്ഷേപം സൃഷ്ടിക്കുകയും 3520 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു .

## കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (കെകെവിഐബി)

കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങൾ സംഘടിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ചുമതലയുള്ള വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഒരു നിയമാനുസൃതമായ ചട്ടക്കൂടാണ് കെകെവിഐബി.. കേരള സർക്കാർ, ഖാദി കമ്മീഷൻ, ദേശസാൽകൃത ബാങ്കുകൾ എന്നിവയിൽ നിന്ന് സഹായം ലഭ്യമാക്കികൊണ്ട് സഹകരണ സ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യക്തികൾ, വകുപ്പുതല യൂണിറ്റുകൾ എന്നിവയിലൂടെ ബോർഡ് പദ്ധതികൾ നടപ്പിലാക്കുന്നു. കെവിഐസിയുടെ പ്രധാനമന്ത്രി തൊഴിൽ ദാന പദ്ധതി (പിഎംഇജിപി), പ്രത്യേക തൊഴിൽദാന പദ്ധതി (എസ്ഇജിപി) (എന്റെ ഗ്രാമം) ഉൾപ്പെടെ സംസ്ഥാന പദ്ധതി പ്രകാരം ബോർഡ് വിവിധ പദ്ധതികൾ നടപ്പാക്കി. 'എന്റെ ഗ്രാമം', പി.എം.ഇ.ജി.പി പദ്ധതികൾ പ്രകാരം പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് ജില്ലാതല ബോധവൽക്കരണ ക്യാമ്പുകളും എക്സിബിഷനുകളും നടത്തുകയും നോട്ടീസുകളും അച്ചടിച്ച വസ്തുക്കളും വിതരണം ചെയ്യുകയും ചെയ്തു.

2018-19 മുതൽ 2019-20 വരെ കഴിഞ്ഞ രണ്ട് വർഷമായി കേരള ഖാദി, ഗ്രാമ വ്യവസായത്തിന്റെ ഉത്പാദനം, വിൽപ്പന, തൊഴിൽ, നൽകിയ വേതനം

**പട്ടിക 4.6.3** കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉത്പാദനം, വിൽപ്പന, തൊഴിൽ, വേതനം, 2018-19, 2019-20 വർഷങ്ങളിൽ

| മേഖല/ഉപമേഖല | ഉൽപ്പാദന മൂല്യം (രൂപ കോടിയിൽ) | | വിൽപ്പന മൂല്യം (രൂപ കോടിയിൽ) | | തൊഴിൽ (എണ്ണത്തിൽ) | | വേതനം (രൂപ കോടിയിൽ) | |
|---|---|---|---|---|---|---|---|---|
| | 2018-19 | 2019-20 | 2018-19 | 2019-20 | 2018-19 | 2019-20 | 2018-19 | 2019-20 |
| ഖാദി മേഖല | 63.15 | 85.75 | 146.98 | 156.40 | 14,500 | 13,620 | 23.30 | 12.68 |
| ഗ്രാമ വ്യവസായ മേഖല | 117.06 | 105.69 | 122.59 | 112.34 | 93,010 | 83,407 | 83.29 | 76.03 |
| ആകെ | 180.21 | 191.44 | 269.57 | 268.74 | 1,07,510 | 97027 | 106.59 | 88.71 |

അവലംബം :ഖാദി ഗ്രാമ വ്യവസായ ബോർഡ്

എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 4.6.3** ൽ കാണിച്ചിരിക്കുന്നു.

ഖാദി ഗ്രാമ വ്യവസായ ബോർഡിന് 2018-19,2019-20 വർഷങ്ങളിൽ വിവിധ തലങ്ങളിൽ നിന്നു ലഭിച്ച വിഹിതവും അതിന്റെ ചെലവും **പട്ടിക 4.6.4**ൽ ചേർത്തിരിക്കുന്നു.

## ബജറ്റ് 2020 -21

2020-21 വാർഷിക പദ്ധതിയിൽ 12 പദ്ധതികൾ നടപ്പിലാക്കുന്നതിന് വകയിരുത്തിയ പദ്ധതി വിഹിതം 1,610 ലക്ഷം രൂപയും ചെലവ് 2020 ഒക്ടോബർ 31വരെ, 375.95 ലക്ഷം രൂപയുമാണ് (23.35 ശതമാനം).

## പ്രധാന സംസ്ഥാന പദ്ധതികളും നേട്ടങ്ങളും

2019-20 കാലയളവിൽ, സംസ്ഥാന സർക്കാർ വ്യാവസായിക അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും, തൊഴിലവസരങ്ങൾ വികസിപ്പിക്കുന്നതിനും, നൈപുണ്യ വികസനവും പരിശീലനവും നൽകുന്നതിനുമായി വിവിധ പദ്ധതികൾ വിജയകരമായി നടപ്പാക്കി. പ്രധാന പദ്ധതികളും നേട്ടങ്ങളും ചുവടെ ചേർക്കുന്നു

### I. വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ/ പരിപാടികൾ

#### എ) കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ പരുത്തി

**പട്ടിക 4.6.4.** കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിഹിതവും അതിന്റെ ചെലവും (രൂപ ലക്ഷത്തിൽ)

| ഇനം | 2018-19 | | 2019-20 | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| **സംസ്ഥാന സർക്കാർ ഗ്രാൻറ്-പദ്ധതി വിഹിതം**<br>1. ഭരണ ചെലവുകൾ (ബജറ്റ് വിഹിതം)<br>2. ഇൻകം സപ്പോർട്ട് സ്കീം (ഡി ഐ സി വഴിയുള്ള ഫണ്ട് ) | 1,066.56<br>2,180 | 1,066.56<br>2,180 | 670<br>2,100 | 667.15<br>2,100 |
| **സംസ്ഥാന സർക്കാർ ഗ്രാൻറ് - പദ്ധതിയേതരം**<br>1.പദ്ധതിയേതര- ഭരണ ചെലവുകൾ<br>2.പദ്ധതിയേതര - പ്രത്യേക ഇളവ് | 4,617.55<br>1,500 | 5,129.57<br>1,500 | 4,554.95<br>1,116 | 4,917.12<br>1,116 |
| കെ.വി.ഐ.സി ഗ്രാൻറ് | 1,260.26 | 1,134.47 | 1,250.35 | 928.87 |

*അവലംബം: ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരള സർക്കാർ*

**ബോക്സ് 4.6.2.** ഖാദി, ഗ്രാമ വ്യവസായ മേഖലയിൽ കോവിഡ്-19 ന്റെ ആഘാതം

**ഖാദി വ്യവസായം**

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ അടച്ചു പൂട്ടലിന്റെ ഫലമായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഉത്പാദന കേന്ദ്രങ്ങൾ അടച്ചു. 2020 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ ഇത് ഏകദേശം 10 കോടി രൂപയുടെ വേതന നഷ്ടത്തിന് കാരണമായി. 2020 ജൂൺ മുതൽ കണ്ടെയ്ൻമെന്റ്സോണിൽ ഒഴികെയുള്ള ഏറെക്കുറെ ഖാദി ഉൽപാദന കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമായി.

**ഗ്രാമ വ്യവസായങ്ങൾ**

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നേരിട്ടുള്ളനിയന്ത്രണത്തിലുള്ള ഗ്രാമ വ്യവസായ ഉൽപാദന യൂണിറ്റുകളിലെ പല തൊഴിലാളികൾക്കും യൂണിറ്റുകളിൽ എത്താൻ കഴിയാത്തതിനാൽ പ്രവൃത്തി ദിനങ്ങൾ നഷ്ടപ്പെട്ടു. കൂടാതെ, ബോർഡിൽ നിന്ന് സബ്സിഡി ലഭിക്കുന്ന പുതുതായി ആരംഭിച്ച 1,521 യൂണിറ്റുകൾ അടച്ചുപൂട്ടലിന്റെ ഭാഗമായി 2 മാസത്തേക്ക് പൂർണ്ണമായും അടച്ചു. ഈ അടച്ചുപൂട്ടൽ കാരണം ഗ്രാമ വ്യവസായ മേഖലയിൽ ഒരു കോടി രൂപയുടെ ഉൽപാദന നഷ്ടമുണ്ടായി.

**മാർക്കറ്റിംഗ്**

വിപണന ശൃംഖലയിലെ തകരാറുകൾ കാരണം ഖാദി ബോർഡിന്റെ വിപണനത്തെ ഇത് സാരമായി ബാധിച്ചു. ഖാദി ഷോ റൂമുകളിൽ പലതും, പ്രത്യേകിച്ച് ഹോട്ട്സ്പോട്ടുകളോ കണ്ടെയ്ൻമെന്റ് സോണുകളോ ആയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക് അവയുടെ പ്രവർത്തനങ്ങളിൽ തടസ്സങ്ങൾ നേരിട്ടു. 2020 ഫെബ്രുവരി മുതൽ ജൂലൈ വരെയുള്ള 6 മാസങ്ങളിൽ 35 കോടി രൂപയുടെ വിൽപന നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു.

*അവലംബം: ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരള സർക്കാർ*

**സംസ്കരണ യൂണിറ്റിന്റെ വിപുലീകരണവും ആധുനികവത്ക്കരണവും**

പരുത്തി സംസ്കരണ യൂണിറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതിനാൽ കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ നിലവിലുള്ള പരുത്തി സംസ്കരണ യൂണിറ്റ് വികസിപ്പിച്ച് സംസ്കരിച്ച പരുത്തിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വകുപ്പുതല ഉല്പാദന കേന്ദ്രങ്ങളിലെ നൂൽ നൂൽപ്പുകാർക്ക് ആവശ്യമുള്ളതും ഗുണമേന്മയുള്ളതുമായ സ്ലിവേർ താങ്ങാവുന്ന വിലയ്ക്ക് നൽകുന്നതിനും ലക്ഷ്യമിടുന്നു.

**ബി) വകുപ്പ് തല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ സ്ഥാപനവും ശക്തിപ്പെടുത്തലും**

വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ളതാണ് ഈ പദ്ധതി. ഖാദി വ്യവസായ സമുച്ചയത്തിലെ അറ്റകുറ്റപ്പണികളും എറണാകുളം കിഴക്കമ്പലത്തെ ഹാൻഡ് മെയ്ഡ് പേപ്പർ യൂണിറ്റും കണ്ണൂർ പാപ്പിനിശ്ശേരിയിലെയും കോട്ടയത്തെ കുളത്തൂർ, തൃശ്ശൂരിലെ ഒല്ലാരിക്കര എന്നിവിടങ്ങളിലെയും പുതിയ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വകുപ്പ് 2019–20 കാലയളവിൽ കണ്ണൂരിലും തൃശ്ശൂരിലും പേപ്പർ ബാഗ് നിർമാണ യൂണിറ്റ് സ്ഥാപിക്കുകയും കിഴക്കമ്പലത്ത് ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു .

**സി) വകുപ്പ് തല ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും**

ഖാദി ഉൽപ്പാദന കേന്ദ്രങ്ങളിലെ നിലവിലുള്ള പണിശാലകളുടെ നവീകരണം സാങ്കേതികതാ നവീകരണം എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. അടിസ്ഥാനസൗകര്യവികസനത്തിന്റെ ഭാഗമായി പണിശാലകളുടെ നിർമ്മാണം, വനിതാ തൊഴിലാളികൾക്കാവശ്യമായ പൊതു സേവന സൗകര്യങ്ങൾ, പ്രീ ലൂം പ്രോസസിംഗ് യൂണിറ്റുകൾ, വകുപ്പ് തല നൂൽ നൂൽപ്പ്/ നെയ്ത്ത് /ഉൽപാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം, ഗവേഷണവും വികസനവും എന്നിവ ഈ പദ്ധതിയിൽ ഏറ്റെടുത്തിരിക്കുന്നു 2019–20 കാലയളവിൽ തിരുവനന്തപുരത്തെ അമ്പലത്തിൻകാല, തൃശ്ശൂരിലെ പാങ്ങറപ്പള്ളി എന്നിവിടങ്ങളിലെ വർക്ക് ഷെഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും 13 പദ്ധതികൾക്കായി സ്പെയർ പാർട്സുകൾ വാങ്ങുകയും ചെയ്തു.

**ഡി) തേനീച്ച വളർത്തൽ വ്യവസായവികസനം**

തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഖാദിഗ്രാമ വ്യവസായ ബോർഡ് തേനീച്ചയോട്കൂടിയ തേനീച്ചക്കൂടുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും തേനീച്ച വളർത്തൽ പരിശീലനം നൽകുകയും ചെയ്യുന്നു. പത്തനംതിട്ട, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ വിവിധ ജില്ലകളിൽ കായികമായി പ്രവർത്തിപ്പിക്കുന്ന തേൻ സംസ്കരണ യൂണിറ്റുകൾ ബോർഡിനുണ്ട്. അടിസ്ഥാന സൌകര്യ വികസനവും തേൻ സംസ്കരണ യൂണിറ്റുകളുടെ നവീകരണവും പദ്ധതി വിഭാവനം ചെയ്യുന്നു. 2019–20 കാലയളവിൽ വകുപ്പ് കോഴിക്കോട്ടെ ബാലുശ്ശേരിയിൽ തേൻ സംസ്കരണ യൂണിറ്റ് നവീകരിച്ചു.

**ഇ) ഖാദിഗ്രാമം പരിപാടി**

തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ സ്ത്രീകൾ, ദുർബല വിഭാഗത്തിൽപ്പെട്ടവരുമായ 5,000 പേർക്ക് ക്ലസ്റ്റർ മാതൃകയിൽ 3,000 ചർക്കകളും 2,000 തറികളുംസ്ഥാപിച്ചുകൊണ്ട് പതിമൂന്നാം പഞ്ചവത്സര കാലയളവിൽ പുതിയ തൊഴിൽ സാധ്യത ഉറപ്പുവരുത്താൻ വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി. 2019–20 കാലയളവിൽ പദ്ധതിയുടെ ഭാഗമായി 31 തറികൾ വാങ്ങി.

## II. വ്യാവസായിക പ്രോത്സാഹന പദ്ധതികൾ

**എ)ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉത്സവബത്തയും ഉല്പാദന പ്രോത്സാഹനവും**

വാർഷിക ഉത്പാദനം, വില്പന, വരുമാനം എന്നിവയെ ആസ്പദമാക്കി ഖാദി നെയ്ത്തുകാർക്കും നൂൽനൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനവും ഖാദി തൊഴിലാളികൾക്ക് ഉത്സവബത്തയും നൽകൽ, ഉൽപ്പന്നങ്ങളിലെ മൂല്യവർധനവ്, മൂല്യ ശൃംഖലയിലെ ഇൻപുട്ട് ഔട്ട്പുട്ട് ലിങ്കേജ് കണക്കാക്കി തൊഴിൽ സൃഷ്ടിക്കൽ എന്നിവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി 2019–20 കാലയളവിൽ 12,651 ഖാദി കരകൗശല തൊഴിലാളികൾക്ക് ഉൽപാദന, ഉത്സവ ആനുകൂല്യങ്ങൾ നൽകി. 2020–21 കാലയളവിൽ 12,500 ഖാദി നൂൽനൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപാദന/ ഉത്സവ പ്രോത്സാഹനം നൽകി.

**ബി. പ്രത്യേക തൊഴിൽ ദാന പദ്ധതി**

പദ്ധതി വിലയിരുത്തലിന്റെയും വ്യവസായ വാണിജ്യ വകുപ്പിന്റെ അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ബാങ്ക് ലിങ്ക്ഡ് പ്രോജക്ടുകൾ വഴി ചെറുകിട സംരംഭകർക്കും പരമ്പരാഗത കരകൗശലത്തൊഴിലാളികൾക്കും മാർജിൻ മണി സബ്സിഡി നൽകുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. 2019–20 കാലയളവിൽ 100 ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും 250 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുകയും ചെയ്തു. 2020 –21 കാലയളവിൽ 214 ഗ്രാമ

വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും 4,71 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

**സി. പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതി (പിഎംഇജിപി)**

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (പിഎംഇജിപി) പ്രകാരം സർക്കാർ സബ്സിഡി സൂക്ഷ്മ സംരംഭകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യും. 2019–20 കാലയളവിൽ 367 പ്രോജക്ടുകൾ ഏറ്റെടുക്കുകയും 918.93 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായി വിതരണം ചെയ്യുകയും 2,936 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. 2019–20 കാലഘട്ടത്തിൽ, കെവിഐബി 'എന്റെ ഗ്രാമം' ആയി ഇത് നടപ്പിലാക്കി. 2019–20 കാലയളവിൽ പ്രോഗ്രാമിന്റെ ആകെ പദ്ധതി ചെലവ് 629.65 ലക്ഷം രൂപയായിരുന്നു. 201 യൂണിറ്റുകൾ സൃഷ്ടിക്കുന്നതിനും 615 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതി സഹായിച്ചു. 2019–20 വർഷത്തെ സ്വയംതൊഴിൽ സൃഷ്ടിക്കൽ പരിപാടിയുടെ ജില്ല തിരിച്ചുള്ള നേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം.4.6.11** ൽ നൽകിയിരിക്കുന്നു

## കേരളത്തിലെ ഗ്രാമ വ്യവസായ മേഖല

കെവിഐബിയുടെ എയ്ഡഡ് യൂണിറ്റുകൾ വഴി 506.81 കോടി രൂപയുടെ സാധനങ്ങൾ ഉത്പാദിപ്പിക്കുകയും 627.38 കോടി രൂപയുടെ സാധനങ്ങൾ വിൽക്കുകയും ചെയ്തു. 1,31, 840 പേർക്ക് (പിഎംഇജിപി, ആർജിപി ഉൾപ്പെടെ) ഈ മേഖല തൊഴിൽ നൽകി. 2018–19, 2019–20 വർഷങ്ങളിൽ കെകെവിഐബി സൃഷ്ടിച്ച ഉൽപാദനം, വിൽപന, വേതനം, തൊഴിൽ എന്നിവ **അനുബന്ധം 4.6.12** –ൽ നൽകിയിരിക്കുന്നു. 2018–19, 2019–20 വർഷങ്ങളിലെ ജില്ലതിരിച്ചുള്ള വകുപ്പുതല വില്പന കേന്ദ്രങ്ങളുടെയും, വിൽപ്പനയുടെയും വിവരങ്ങൾ **അനുബന്ധം 4.6.13** –ൽ നൽകിയിരിക്കുന്നു.

## വിപണനം

ഖാദി ബോർഡിന് കീഴിൽ ഖാദി ഗ്രാമ ഉൽപ്പന്നങ്ങൾക്കായി 182 വില്പനകേന്ദ്രങ്ങളുണ്ട്. ഇതിൽ 44 ഖാദിഗ്രാമസൗഭാഗ്യ (3 സഞ്ചരിക്കുന്ന വിൽപ്പന വാൻ ഉൾപ്പെടെ ) യൂണിറ്റുകളും, 50 ഖാദിസൗഭാഗ്യ, 88 ഗ്രാമസൗഭാഗ്യ (ജി.എസ്.ഡിപ്പോ) യൂണിറ്റുകളും ഉൾപ്പെടുന്നു. 2018–19 മുതൽ 2020–21 വരെയുള്ള കഴിഞ്ഞ മൂന്ന് വർഷത്തെ കെകെവിഐബിയുടെ വിൽപനയെക്കുറിച്ചുള്ള ഇനം തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 4.6.5** ൽ നൽകിയിരിക്കുന്നു

2018, 2019 ലെ കനത്ത വെള്ളപ്പൊക്കം, 2020 –ൽ കൊവിഡ്–19 ന്റെ വ്യാപനവും അതിനെ തുടർന്നുണ്ടായ അടച്ചുപൂട്ടൽ എന്നിവ കാരണം യഥാർത്ഥ വിൽപ്പന 2018–19 മുതൽ ലക്ഷ്യമിട്ട വിൽപ്പനയേക്കാൾ കുറവായിരുന്നു . 2019 ഓണക്കാലത്ത് ബോർഡ് ഓണം മേള നടത്തി. 2019 ഓണം മേളയിലൂടെ വിൽപ്പന 2,342 ലക്ഷം രൂപയായിരുന്നു. 2020 ലെ ഓണം വിൽപ്പന ലക്ഷ്യം 7,644 ലക്ഷം രൂപയായിരുന്നു, എന്നാൽ കോവിഡ്–19 മഹാമാരിയുടെ ഭാഗമായനിയന്ത്രണങ്ങൾ കാരണം യഥാർത്ഥ വിൽപ്പന 1,091 ലക്ഷം രൂപയായിരുന്നു. 2019–20 (മാർച്ച് 31, 2020 വരെ) ജില്ല തിരിച്ചുള്ള വിൽപ്പന നേട്ടങ്ങൾ **അനുബന്ധം 4.6.14** ൽ നൽകിയിരിക്കുന്നു.

## കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും

- ഖാദിയുടെ ഉൽപാദനവും വിൽപ്പനയും തമ്മിൽ വലിയ അന്തരം ഉണ്ട്. കമ്പോള ആവശ്യങ്ങൾ നിറവേറ്റുന്നതിൽ കേരളത്തിലെ ഖാദി യൂണിറ്റുകൾ പരാജയപ്പെടുന്നു, ഇവ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഗ്രാമ വ്യവസായങ്ങളിലൂടെയാണ് പരിഹരിക്കുന്നത്. അടുത്ത കാലത്തായി, ഖാദി, വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ഉൽപാദന സാധ്യത വൈവിധ്യവത്കരിക്കുന്നതിനും വിപണി സാധ്യതകൾ നിറവേറ്റുന്നതിനും പുതിയ

**പട്ടിക 4.6.5** കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിൽപ്പനയുടെ വിശദാംശങ്ങൾ 2018–19, 2019–20 & 2020–21 കാലയളവുകളിൽ

| വർഷം | ലക്ഷ്യം | വിൽപ്പന (രൂപ ലക്ഷത്തിൽ) | | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | | | പരുത്തി, മസ്ലിൻ | പട്ട് | സ്പൺ സിൽക്ക് | പോളിസ്റ്റർ | കമ്പിളി | |
| 2018–19 | 6,930 | 3,350.40 | 1,399.09 | 268.82 | 29.52 | 0.69 | 258.14 | 5,306.66 |
| 2019–20 | 7,970 | 3,256.07 | 957.74 | 298.34 | 12.38 | 2.52 | 214.23 | 4,741.29 |
| 2020–21 (സെപ്റ്റംബർ 2020 വരെ ) | 19,412 | 773.73 | 175.33 | 38.34 | 1.30 | 0 | 28.42 | 1,017.12 |

*അവലംബം:* ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരള സർക്കാർ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൂടുതൽ ഊന്നൽ നൽകുന്നു.

- ഉൽപാദന ശേഷിയുടെ വിനിയോഗം മറ്റൊരു പ്രശ്നമാണ്. കേരളത്തിൽ ആവശ്യത്തിന് ചർക്കകളും തറികളും ഉണ്ട്. സ്പെയർ പാർട്സ് വാങ്ങുന്നതിനും ഉപകരണങ്ങളുടെ സേവനം നൽകുന്നതിനുമുള്ള ഫണ്ടിന്റെ അഭാവം ഖാദി സ്ഥാപനങ്ങൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. അതിനാൽ ധാരാളം ചർക്കയും തറികളും നിഷ്ക്രിയമായിരിക്കുന്നു.
- കരകൗശലത്തൊഴിലാളികൾക്ക് കുറഞ്ഞ വേതനം. സ്പെയർ പാർട്സ് ലഭ്യമല്ലാത്തതിനാൽ കുറഞ്ഞ ഉൽപാദനക്ഷമത, നല്ല നിലവാരമുള്ള ഊട്ടുംപാവിന്റെ വിതരണം എന്നിവ ഖാദി മേഖലയിലെ ഒരു പ്രധാന പ്രശ്നമാണ്. കുറഞ്ഞ ഉൽപാദനക്ഷമത കുറഞ്ഞ വേതനത്തിലേക്ക് നയിക്കുന്നു.
- ഉയർന്ന നിലവാരമുള്ള മസ്ലിൻ, സിൽക്ക് തുണിത്തരങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കൽ
- പ്രൊഫഷണൽ മാനേജ്മെന്റിന്റെ അഭാവം. നിലവിലെ വെല്ലുവിളികളെ നേരിടാൻ ഖാദി സ്ഥാപനങ്ങൾക്ക് പ്രൊഫഷണൽ മാനേജ്മെന്റും തൊഴിൽ കാര്യക്ഷമതയും ഇല്ല.
- മാറുന്ന സാമ്പത്തിക അന്തരീക്ഷവുമായി പൊരുത്തപ്പെടുന്നത് വ്യവസായം നേരിടുന്ന വെല്ലുവിളിയാണ്. ഏതൊരു വ്യവസായത്തിന്റെയും വിജയകരമായ നിലനിൽപ്പിന് ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിലും വിപണനത്തിലും പുതുമ ആവശ്യമാണ്. പരമ്പരാഗത ഉൽപാദന രീതി ഉൾപ്പെടുന്ന ഖാദി മേഖല അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക അന്തരീക്ഷവുമായി പൊരുത്തപ്പെടുന്നതിൽ വലിയ വെല്ലുവിളികൾ നേരിടുന്നു.
- വ്യാജമായ ഖാദി. വ്യാജമായ ഖാദിയുടെ വ്യാപകമായ ഉൽപാദനവും ഉപയോഗവും ഖാദി മേഖലയെ സംബന്ധിച്ചിടത്തോളം ഗുരുതരമായ വെല്ലുവിളിയാണ്.
- പരമ്പരാഗത വ്യവസായമായ ഖാദി മേഖല നിലനിൽപ്പിന് സർക്കാർ നൽകുന്ന പിന്തുണയെ ആശ്രയിച്ചിരിക്കുന്നു. ഈ മേഖലയെ സ്വയംപര്യാപ്തമാക്കുക എന്നത് ഒരു വെല്ലുവിളിയായി ഇപ്പോഴും തുടരുന്നു.
- വിൽപ്പന ശാലകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം. മിക്ക വിൽപ്പന ശാലകളിലും അടിസ്ഥാന സൗകര്യങ്ങൾ വളരെ മോശമാണ്. മിക്ക വിൽപ്പന ശാലകൾക്കും ഉപഭോക്താക്കളെ ആകർഷിക്കാൻ കഴിയില്ല.
- ഗ്രാമ വ്യവസായ മേഖലയിലെ വെല്ലുവിളികൾ. ഗ്രാമ വ്യവസായ ഉൽപന്നങ്ങളുടെ വിപണനം വളരെ മോശമാണ്. ഉയർന്ന മത്സരം, കുറഞ്ഞ പ്രചാരവും പരസ്യവും സാങ്കേതികവിദ്യയുടെ അഭാവവുമാണ് പ്രധാന കാരണങ്ങൾ. 2018, 2019 ലെ വെള്ളപ്പൊക്കം, കോവിഡ്–19 മഹാമാരി എന്നിവയും ഈ മേഖലയെ പ്രതികൂലമായി ബാധിച്ചു.

കോവിഡ്–19 സൃഷ്ടിച്ച നിലവിലെ പ്രതിസന്ധിയെ മറികടക്കാൻ, വകുപ്പ് നിരവധി പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു. ഖാദി മുഖാവരണങ്ങളുടെ ഉൽപാദനവും വിൽപ്പനയും, ഓൺലൈൻ മാർക്കറ്റിംഗ്; കേരളത്തിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്കായി പുതിയ മാർക്കറ്റുകൾ കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ ലോകമെമ്പാടുമുള്ള മാർക്കറ്റിംഗ് ശൃംഖലയുള്ള ലുലു ബിസിനസ് ഗ്രൂപ്പുമായി സഖ്യം; കേരള സംസ്ഥാന പോലീസ് കാന്റീനിലൂടെ ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പന; ഖാദി ബ്രൈഡൽ സിൽക്ക് സാരികളുടെ ഉൽപാദനവും വിപണനവും എന്നിവ ഇതിൽ ഉൾപ്പെടുന്നു;.

## കയർ വ്യവസായം

### ഇന്ത്യയിലെ കയർ വ്യവസായം

ഇന്ത്യൻ കയർ മേഖല ഒട്ടനവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും സമ്പദ് വ്യവസ്ഥയ്ക്ക് സംഭാവന നൽകുകയും ചെയ്യുന്നു. കേരളവും തമിഴ് നാട്ടും അടങ്ങുന്ന പ്രധാന കേരോത്പാദകർ സംസ്ഥാനങ്ങളിലും ആന്ധ്രാപ്രദേശ്, കർണ്ണാടക, മഹാരാഷ്ട്ര, ഗോവ, ഒഡിഷ, അസ്സം, ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ്, പുതുച്ചേരി, എന്നീ മറ്റ് പ്രദേശങ്ങളിലും ഈ സംഭാവന ശ്രദ്ധേയമാണ്. ഇന്ത്യയിൽ ഏകദേശം 7 ലക്ഷം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്ന വ്യവസായമാണിത്. കയറ്റുമതിയുടെ കാര്യത്തിലും ഈ വ്യവസായത്തിന് പ്രാധാന്യമുണ്ട്. 2019–20 ൽ ഇന്ത്യ 9.9 ലക്ഷം മെട്രിക് ടൺ കയർ, കയറുല്പന്നങ്ങൾ കയറ്റുമതി ചെയ്തു. കയറ്റുമതി വരുമാനം 2758 കോടി രൂപ ആയിരുന്നു. ആഭ്യന്തര വരുമാനം, കയറ്റുമതി വരുമാനത്തിന്റെ ഇരട്ടിയാണ്. കയർ ഉല്പന്നങ്ങളുടെ ആഗോള ഉല്പാദനത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും ഇന്ത്യയിലാണ്. വൈറ്റ് ഫൈബറിന്റെ ആഗോള വിപണനത്തിന്റെ 60 ശതമാനം ഇന്ത്യയിലാണ്. ആഗോള ഉൽപാപദനത്തിൽ രണ്ടാം സ്ഥാനത്ത് ശ്രീലങ്കയാണ്. ഗോൾഡൻ ഫൈബറിന്റെ ത36 ശതമാനം ഉൽപാദിപ്പിക്കുന്നതും ശ്രീലങ്കയാണ്. നിലവിൽ, കയർ ഫൈബറിന്റെ ആഗോള വാർഷിക ഉല്പാദനം ഏകദേശം 3.5 ലക്ഷം മെട്രിക് ടൺ ആണ്.
(അവലംബം: കയർ ബോർഡ്, ഭാരത സർക്കാർ, മിനിസ്ട്രി ഓഫ് മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ്, ഭാരത സർക്കാർ)

കയർ വ്യവസായം പ്രാധാന്യം അർഹിക്കുന്നു, കാരണം ഇത് ഒരു കാർഷിക അധിഷ്ഠിത വ്യവസായമാണ്. ഈ വ്യവസായത്തിന് ഗ്രാമീണ മേഖലയിൽ ഗണ്യമായ സാന്നിധ്യമുണ്ട്. തൊഴിലാളികളിൽ വലിയൊരു വിഭാഗം (80 ശതമാനം) വനിതകളാണ്. മാത്രവുമല്ല തൊഴിലാളികൾ സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും ദുർബല

**ചിത്രം 4.6.1** കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്ന് നടത്തിയ കയർ, കയർ ഉൽപന്നങ്ങളുടെ കയറ്റുമതി, ലക്ഷം രൂപയിൽ




*അവലംബം- ഡയറക്ടറേറ്റ് ഓഫ് കയർ ഡവലപ്മെന്റ്, കേരള സർക്കാർ*

വിഭാഗങ്ങളിൽ പെടുന്നവരാണ്. ഇന്ത്യ നിലവിൽ 14 കയർ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. അതിൽ കയർപിത്ത്, കയർഫൈബർ, ടഫ്റ്റഡ് മാറ്റുകൾ, കൈത്തറി പായകൾ, ജിയോടെക്സ്റ്റയിലുകൾ, കയർ നൂൽ, ചുരുട്ടിയ കയർ, കൈത്തറി മാറ്റിംഗ്, റബ്ബറൈസ്ഡ് കയർ എന്നിവ ഉൾപ്പെടുന്നു. നിലവിൽ ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന തൊണ്ടിൻറെ 40 ശതമാനം മാത്രമാണ് കയർ വ്യവസായം ഉപയോഗിക്കുന്നത്. ഭാവിയിൽ കയർ മേഖലയിലെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഇത് അനുയോജ്യമായ ഘടകമാണ്

## കേരളത്തിലെ കയർ വ്യവസായം

ഇന്ത്യൻ കയർ വ്യവസായത്തിന്റെ ആസ്ഥാനമാണ് കേരളം, പ്രത്യേകിച്ച് വൈറ്റ് ഫൈബറിന്റെ കാര്യത്തിൽ. തേങ്ങ ഉൽപാദനത്തിന്റെ 61 ശതമാനവും, കയർ ഉൽപന്നങ്ങളുടെ 85 ശതമാനവും കേരളത്തിലാണ് നടക്കുന്നത്. 1.5 ലക്ഷത്തോളം കയർ തൊഴിലാളികൾ ജോലി ചെയ്യുന്ന കേരളത്തിലെ പരമ്പരാഗത വ്യവസായമാണ് കയർ മേഖല. അതിൽ 80 ശതമാനവും സ്ത്രീകളാണ്. കയർ വ്യവസായത്തിലെ മുഴുവൻ പ്രക്രിയകളും ഫൈബർ എക്സ്ട്രാക്ഷൻ, സ്പിന്നിംഗ്, പ്രൊഡക്റ്റ് എന്നിങ്ങനെ മൂന്ന് പ്രധാന വിഭാഗങ്ങളായി തിരിക്കാം. ഫൈബർ എക്സ്ട്രാക്ഷൻ, സ്പിന്നിംഗ് സെഗ്മെന്റുകൾ കൂടുതലും കേന്ദ്രീകരിച്ചിരിക്കുന്നത് സഹകരണ മേഖലയിലാണ്, അതേസമയം ഉൽപാദന വിഭാഗം ഫാക്ടറി മോഡിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ നിരവധി കയറ്റുമതിക്കാരും ഉൾപ്പെടുന്നു.

കയറ്റുമതി വരുമാനം സൃഷ്ടിക്കുന്നതിൽ കേരളത്തിലെ കയർ മേഖലയുടെ പങ്ക് ശ്രദ്ധേയമാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ സംരംഭകരും കേരളത്തിൽ കയർ, കയർ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. കേരളത്തിൽ കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയും കയർഫെഡിനൊപ്പം കയർ ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ ഏർപ്പെടുന്നു. ഈ ഏജൻസികളിൽ നിന്നുള്ള കയറ്റുമതി 2015-16 മുതൽ തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2016-17ൽ 1,072.55 ലക്ഷം രൂപയിൽ നിന്ന് 2019-20 ൽ ഇത് 1,425.86 ലക്ഷം രൂപയായി ഉയർന്നു. വിശദാംശങ്ങൾ **ചിത്രം 4.6.1, അനുബന്ധം 4.6.15** എന്നിവയിൽ നൽകിയിരിക്കുന്നു

## കയർ മേഖലയിലെ പദ്ധതികളുടെയും പരിപാടികളുടെയും പ്രകടനം

കയർ മേഖലയിൽ, സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളിൽ ഭൂരിഭാഗവും കയർ വികസന വകുപ്പ്, കയർ വികസന ഡയറക്ടറേറ്റ് എന്നിവയിലൂടെയാണ് നടപ്പിലാക്കുന്നത്. 2015-16 മുതൽ സംസ്ഥാന പദ്ധതികൾക്കായി 749.39 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഇത് പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വിഹിതം ഒഴിവാക്കിയുള്ളതാണ്. 736.97 കോടി രൂപയാണ് ചെലവ് (98.34 ശതമാനം). മൊത്തത്തിൽ, 2015-16 മുതൽ ചെലവിന്റെ ശതമാനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ **പട്ടിക 4.6.6** ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ഉപജീവനമാർഗം നൽകുന്ന കാർഷിക അധിഷ്ഠിത ഗ്രാമീണ വ്യവസായമെന്ന നിലയിൽ, കയർ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നത് നിർണായകമാണ്. 'കയർ വ്യവസായത്തിന്റെ രണ്ടാം പുനസംഘടന'യുടെ ഭാഗമായി സംസ്ഥാനത്തെ കയർ വ്യവസായത്തിനായി

**പട്ടിക 4.6.6** സംസ്ഥാന പദ്ധതി വിഹിതവും കയർ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ) ലക്ഷം രൂപയിൽ

| വർഷം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| 2015-16 | 10,894 | 6,915.1 | 63.48 |
| 2016-17 | 11,700 | 15,611.17 | 133.43 |
| 2017-18 | 12,812 | 9,872.89 | 77.06 |
| 2018-19 | 14,108 | 12,766.13 | 90.49 |
| 2019-20 | 14,151 | 13,968.27 | 98.71 |
| 2020-21* (നവംബർ 20 വരെ) | 11,274 | 14,564.41 | 129.19 |
| ആകെ | 74,939 | 73,697.97 | 98.34 |

അവലംബം: പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി അക്കൗണ്ടുകൾ, ബജറ്റ് പ്രോഗ്രാം പുസ്തകം 2020-21, കേരള പ്ലാൻസ്പേസ്

സമഗ്രമായ പുനരുജ്ജീവന പരിവർത്തന പാക്കേജ് കേരള സർക്കാർ, കയർ ഡയറക്ടറേറ്റ് മുഖേന നടപ്പാക്കുന്നു. പരിപാടിയിലൂടെ, കയർ മേഖലയെ യന്ത്രവത്കരിക്കാനും തൊഴിലാളികളുടെ വേതനം സംരക്ഷിക്കാനും ഒരേ സമയം ശ്രമിക്കുന്നു. പാക്കേജിന്റെ മൊത്തം വിഹിതം ഏകദേശം 1,444.44 കോടി രൂപയാണ്. ഇതിൽ സംസ്ഥാന ഫണ്ടും, 200 കോടി രൂപയുടെ എൻസിഡിസി ഫണ്ടും ഉൾപ്പെടുന്നു.. സംസ്ഥാന ഫണ്ടുകളിൽ പ്ലാനും നോൺ-പ്ലാൻ വിഹിതവും ഉൾപ്പെടുന്നു. പാക്കേജിൽ i) ടെക്നോളജി പ്രാപ്തമാക്കിയ സംഭരണം, വികേന്ദ്രീകൃത ഫൈബർ വേർതിരിച്ചെടുക്കൽ, ii) പരമ്പരാഗത സ്പിന്നിംഗ്, നെയ്ത്ത് മേഖലയ്ക്കുള്ള പ്രത്യേക തന്ത്രം, iii) വ്യാവസായിക സ്പിന്നിംഗ്, നെയ്ത്ത് മേഖലയുടെ നവീകരണം, iv) വ്യാവസായിക കയർ ഉൽപന്ന വൈവിധ്യവൽക്കരണം - ശ്രദ്ധ കേന്ദ്രീകരിക്കുക നെയ്ത്തിതര v) കയർ മേഖലയ്ക്കുള്ള സ്ഥാപന പിന്തുണ, തുടങ്ങിയ ഊന്നൽ നൽകേണ്ട 5 മേഘലകളുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

യന്ത്രവൽക്കരണ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 157 ഡിഫൈബറിംഗ് യൂണിറ്റുകൾ (ഡിഎഫ് ) പുതുതായി സജ്ജീകരിച്ചിരിക്കുന്നു. ഉൽപാദന ശേഷി 8 മണിക്കൂർ ഷിഫ്റ്റിൽ നിന്ന് 8,000 മുതൽ 40,000 തൊണ്ടുകൾ വരെയാണ്. സ്വകാര്യമേഖലയിലെ 50 യൂണിറ്റുകൾ ഇതിൽ ഉൾപ്പെടുന്നു. മറ്റൊരു 157 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പുതിയ ഡിഫൈബറിംഗ് യൂണിറ്റുകളുടെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തെ തൊണ്ട് ഉപയോഗം 12.5 ശതമാനത്തിൽ നിന്ന് 14.8 ശതമാനമായി ഉയർന്നു. കൊക്കോ പീറ്റ്, ബിറ്റ് ഫൈബറുകൾ എന്നീ മൂല്യവത്തായ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ഡിഎഫ് യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്നു. സർക്കാർ ഇടപെടൽ, ഗവേഷണ-വികസനം, മാർക്കറ്റ് സപ്പോർട്ട് സംരംഭങ്ങളിലൂടെ, കയർ പിത്തിന്റെയും ബിറ്റ് ഫൈബറിന്റെയും മൂല്യം മെച്ചപ്പെട്ടു. റോ കയർ പിത്തിന്റെ മൂല്യം കിലോയ്ക്ക് 0.50 രൂപയിൽ നിന്ന് കിലോയ്ക്ക് 6 രൂപയായി ഉയർന്നു. ഇത് ഡീഫിബറിംഗ് യൂണിറ്റുകളിൽ പലതും ലാഭകരമാക്കി. ഇത് മേഖലയിലേക്ക് നിക്ഷേപത്തെയും ആകർഷിക്കുന്നു. ഡിഫൈബറിംഗ് മേഖലയിൽ സ്വകാര്യ യൂണിറ്റ് സ്ഥാപിക്കുന്നതിന് 50 ശതമാനം സബ്സിഡി ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതനുസരിച്ച് 75 യൂണിറ്റുകൾ സ്വകാര്യമേഖലയിൽ ആരംഭിക്കപ്പെട്ടു.

ആധുനികവൽക്കരണത്തിനുള്ള ശ്രമങ്ങളുടെ ഭാഗമായി നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം 15,000 ഇലക്ട്രോണിക് റാട്ടുകളും 250 ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകളും (എ എസ് എം) സ്ഥാപിച്ചു. തൽഫലമായി, 2015-16 ലെ 7,800 മെട്രിക് ടണ്ണിൽ നിന്ന് കയർ നൂൽ ഉൽപാദനം 2019-20 -ൽ 20,000 മെട്രിക് ടണ്ണായി ഉയർന്നു. നൂതനവൽക്കരണ നയത്തിന്റെ ഭാഗമായി 100 കോടി രൂപയുടെ പദ്ധതി ചെലവിൽ വാണിജ്യാടിസ്ഥാനത്തിൽ കയർ കോമ്പോസിറ്റ് ബോർഡ് വികസിപ്പിക്കുന്നതിനായി കേരള സർക്കാർ കയർ വകുപ്പ് വാഗെനിൻഗെജൻ സർവകലാശാലയുമായി ധാരണാപത്രം ഒപ്പിടാൻ നടപടി സ്വീകരിച്ചു. കയർ കോമ്പോസിറ്റ് ബോർഡുകളുടെ വാണിജ്യ ഉത്പാദനം ആരംഭിച്ചു.

സമഗ്രമായ കയർ ജിയോ ടെക്സ്റ്റൈൽസ് വികസന പരിപാടി സംസ്ഥാനം നടപ്പാക്കുന്നു. നിർദ്ദിഷ്ട ഫലങ്ങളുള്ള പ്രോജക്ടുകളെ അടിസ്ഥാനമാക്കി, അതത് പ്രദേശങ്ങളിൽ വിവിധ ജിയോ-ടെക്സ്റ്റൈൽസ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്, വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയ്ക്കുള്ള സഹായം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കയർ കേരള 2019 ന്റെ ഭാഗമായി കയർ വകുപ്പ് 850 പഞ്ചായത്തുകളുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു. 103 കോടി രൂപയുടെ ഓർഡർ ശേഖരിക്കുകയും 42.87 കോടി രൂപയുടെ ഓർഡർ നടപ്പാക്കുകയും ചെയ്തു. നേരത്തെ ലഭിച്ച 120 കോടി രൂപയുടെ ഓർഡറിന് പുറമേയാണ് ഇത്. ഇതിലും 40 കോടി രൂപയുടെ ഓർഡർ ഇതിനകം നടപ്പാക്കിയിട്ടുണ്ട്. വിവിധ എഞ്ചിനീയറിംഗ്

ആപ്ലിക്കേഷനുകൾക്കായി കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക കേന്ദ്രമായി കേരളം മാറുകയാണ്.
2019–20 കാലയളവിൽ 475 സൊസൈറ്റികൾക്ക് ഉൽപാദന, വിപണന ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. മാർക്കറ്റിംഗ് വികസന സഹായത്തിനുള്ള പദ്ധതി പ്രകാരം 25 കയർ മാറ്റ് ആൻഡ് മാറ്റിംഗ്സ് സൊസൈറ്റികൾ, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ് എന്നിവയ്ക്ക് 2019–20 കാലയളവിൽ 8 കോടി രൂപ നൽകി. കയർ സഹകരണ സംഘങ്ങളിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി 519 ലക്ഷം രൂപ അനുവദിക്കുകയും അത് കേരള സംസ്ഥാന സഹകരണ പെൻഷൻ ബോർഡിന്റെ അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്തു. വിരമിച്ച 73,096 തൊഴിലാളികൾക്ക് പെൻഷനായി 80.52 കോടി രൂപ വിതരണം ചെയ്തു. വരുമാന സഹായ പദ്ധതി പ്രകാരം 2019–20 കാലയളവിൽ 29,352 കയർ തൊഴിലാളികൾക്ക് 19.67 കോടി രൂപ അനുവദിച്ചു. കയർ, കയർ ഉൽപന്നങ്ങൾക്കായുള്ള വില സ്ഥിരത പദ്ധതി പ്രകാരം 4,500–ലക്ഷം രൂപ അനുവദിക്കുകയും 3,545.57 ലക്ഷം രൂപ ഫൈബർ, കയർ നൂൽ, കയർ ഉൽപന്നങ്ങൾ എന്നിവ 2019–20 ൽ കയർഫെഡും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും വാങ്ങുന്നതിന് ചെലവഴിക്കുകയും ചെയ്തു.  മൊത്തം 1.57 ലക്ഷം ക്വിന്റൽ കയർ നൂലും 14,418 ലക്ഷം രൂപയുടെ കയർ ഉൽപന്നങ്ങളും ഈ സ്ഥാപനങ്ങൾ സംഭരിച്ചു. 214 നൂൽ സൊസൈറ്റികളിൽ 200 ലധികം പ്രവൃത്തി ദിവസങ്ങൾ ഉറപ്പാക്കി. പരമ്പരാഗത കയർ മേഖലയിലെ തൊഴിലാളികൾക്ക് പ്രതിദിനം 350 രൂപയായി വേതനം ഉയർത്തി.

## കേരള കയർ മേഖലയിലെ കയർ വികസന, ഏജൻസികളുടെ ഡയറക്ടറേറ്റ്

സംസ്ഥാനത്തെ കയർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു ഫെസിലിറ്റേറ്ററായി കയർ വികസന ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്), നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻസിആർഎംഐ), കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി, കേരള സ്റ്റേറ്റ് കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് എന്നിവ കയർ വ്യവസായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പ്രധാന ഏജൻസികളാണ്. കയർ മേഖലയിലെ തൊണ്ട് ശേഖരിക്കുക, ഡീഫൈബറിംഗ്, നൂലും മറ്റ് ഉൽപന്നങ്ങളും ഉൽപാദിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ സഹകരണ മേഖലയ്ക്ക് കാര്യമായ പങ്കുണ്ട്.

## കയർ സഹകരണ സംഘങ്ങൾ

കേരളത്തിലെ മൊത്തം കയർ സഹകരണ സംഘങ്ങളുടെ എണ്ണം 2018–19 –ൽ 1,147 ൽ നിന്ന് 2019–20 –ൽ 1,100 ആയി കുറഞ്ഞു. ഈ കാലയളവിൽ, വർക്കിംഗ് സൊസൈറ്റികളുടെ എണ്ണം 625 –ൽ നിന്ന് 581 ആയി കുറഞ്ഞു. എന്നിരുന്നാലും, വർക്കിംഗ് സൊസൈറ്റികളിൽ, ലാഭകരമായ സൊസൈറ്റികളുടെ എണ്ണത്തിൽ വലിയ വർധനയുണ്ട്. ഈ സംഖ്യ 222 ൽ നിന്ന് 316 ആയി ഉയർന്നു. പ്രവർത്തനം ആരംഭിക്കാത്ത പുതിയ സൊസൈറ്റികളുടെ എണ്ണം 2018–19 ൽ 114 ൽ നിന്ന് 2019–20 –ൽ 98 ആയി കുറഞ്ഞു എന്നതും ശ്രദ്ധേയമാണ്. അതുപോലെ, ലിക്വിഡേഷൻ നേരിടുന്ന സൊസൈറ്റികളുടെ എണ്ണവും 263 ൽ നിന്ന് 249 ആയി കുറഞ്ഞു.

മൊത്തം സൊസൈറ്റികളിൽ പകുതിയും നൂൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളാണ്. 2018–19 മായി താരതമ്യപ്പെടുത്തുമ്പോൾ, പ്രാഥമിക സഹകരണ സംഘങ്ങളുടെ എണ്ണവും നൂൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വർക്കിംഗ് സൊസൈറ്റികളുടെ എണ്ണവും 2019–20 –ൽ കുറഞ്ഞു. എന്നിരുന്നാലും, ലാഭകരമായ സൊസൈറ്റികളുടെ എണ്ണം 2018–19 ലെ 123 ൽ നിന്ന് 2019–20 –ൽ 209 ആയി വൻ വർദ്ധനവ് കാണിക്കുന്നു.

നൂൽ ഇതര മേഖലയിൽ മാനുഫാക്ചറിംഗ് സൊസൈറ്റികളും (മാറ്റുകളും മാറ്റിംഗും), ചെറുകിട ഉൽപാദകരുടെ സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു. 2018–19 –ൽ മൊത്തം നിർമ്മാണ സൊസൈറ്റികളുടെ എണ്ണം (മാറ്റുകളും മാറ്റിംഗും) 40 ൽ നിന്ന് 2019–20 ൽ 41 ആയി ഉയർന്നു. പ്രവർത്തനക്ഷമമായ മൊത്തം നിർമ്മാണ സൊസൈറ്റികളുടെ എണ്ണത്തിൽ മാറ്റമൊന്നും ഉണ്ടായില്ലെങ്കിലും (31), ലാഭകരമായ സൊസൈറ്റികളുടെ എണ്ണം 2018–19 ൽ 12 ൽ നിന്ന് 2019–20 ൽ 19 ആയി ഉയർന്നു. ചെറുകിട ഉൽപാദകരുടെ സഹകരണ സംഘങ്ങളുടെ ആകെ എണ്ണം 2018–19 ൽ 50 ൽ നിന്ന് 2019–20 ൽ 57 ആയി ഉയർന്നു. എന്നിരുന്നാലും പ്രവർത്തിച്ചിരുന്ന സൊസൈറ്റികളുടെ എണ്ണം 2018–19 ലെ 46 ൽ നിന്ന് 2019–20 ആകുമ്പോഴേക്കും 45 ആയി കുറഞ്ഞു. ലാഭമുണ്ടാക്കുന്ന യൂണിറ്റുകളുടെ എണ്ണം 24 ൽ നിന്ന് 40 ആയി വർദ്ധിച്ചു എന്നത് ശ്രദ്ധേയമാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.16 –**ൽ നൽകിയിരിക്കുന്നു.

നൂൽ മേഖലയിലെ കയർ സഹകരണ സംഘങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2017–18 മുതൽ 2019–20 വരെ ഇരട്ടിയിൽ അധികമായി തൽഫലമായി, ഈ മേഖലയിൽ നൽകുന്ന വേതനത്തിന്റെ അളവ് 2017–18 ലെ 34.77 കോടിയിൽ

നിന്ന് 2019–20 ൽ 45.30 കോടി രൂപയായി ഉയർന്നു. അതുപോലെ വർക്കിംഗ് സൊസൈറ്റികളുടെ എണ്ണം ഏകദേശം 17 ശതമാനം കുറഞ്ഞുവെങ്കിലും, സംഭരിക്കുന്ന തൊണ്ടിന്റെ മൂല്യം, ഉൽപാദിപ്പിക്കുന്ന നാരുകളുടെ മൂല്യം, ഉൽപാദിപ്പിക്കുന്ന നൂലിന്റെ മൂല്യം എന്നിവയും ഗണ്യമായ വർദ്ധനവ് കാണിക്കുന്നു. ഉൽപന്ന മേഖലയിലെ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ എണ്ണവും ഉൽപാദന മൂല്യവും 2017–18 മുതൽ 2019–20 വരെ വർദ്ധിച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.6.17** –ൽ നൽകിയിരിക്കുന്നു.

### കയർഫെഡ്

കേരളത്തിലുടനീളം വ്യാപിച്ചുകിടക്കുന്ന പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ പരമോന്നത ഫെഡറേഷനാണ് കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ് ). അംഗത്വ സൊസൈറ്റികളുടെ ഉൽപ്പന്നങ്ങൾ വാങ്ങുക, വിൽപന ഔട്ട്ലെറ്റ് വഴി ഈ ചരക്കുകൾ വിപണനം ചെയ്യുക എന്നിവയാണ് ഫെഡറേഷന്റെ പ്രധാന ലക്ഷ്യം. കേരളത്തിലെ പാവപ്പെട്ട കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും ഉപജീവനവും നൽകാൻ ഈ പ്രക്രിയ സഹായിക്കുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് കയർഫെഡിന് രണ്ട് കേന്ദ്രങ്ങളുണ്ട്. ഒരു ഫാക്ടറി റബ്ബറൈസ്ഡ് കയർ ഉൽപന്നങ്ങളും മറ്റൊന്ന് റബ്ബർ ഘടിപ്പിച്ച കയർ പായകളും ഉൽപാദിപ്പിക്കുന്നു. കയർഫെഡിന് 4 ഡീഫൈബറിംഗ് യൂണിറ്റുകളുണ്ട്. 2019–20 –ൽ കയർഫെഡിന്റെ വിവിധ പദ്ധതികൾക്കായി 233 ലക്ഷം രൂപ അനുവദിച്ചു. മിക്കവാറും എല്ലാ ഉൽപന്ന വിഭാഗങ്ങളിലും വിൽപനയിൽ ഗണ്യമായ വർദ്ധനവ് നേടാൻ കയർഫെഡിന് കഴിഞ്ഞു, അതിന്റെ ഫലമായി വിൽപന വിറ്റുവരവ് വർദ്ധിച്ചു. വിറ്റുവരവ് 2016–17ൽ 68.57 കോടിയിൽ നിന്ന് 2018–19ൽ 125.72 കോടി രൂപയായും 2019–20 ൽ 125.89 കോടി രൂപയായും ഉയർന്നു.

### കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ

ഉൽപ്പാദന, വിപണന അവസരങ്ങൾ നൽകി ചെറുകിട കയർ നിർമ്മാതാക്കളെ സഹായിക്കുന്നതിനായി 1969 ൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിച്ചു. ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതു വഴി ഇടനിലക്കാരിൽ ഇവർക്കുള്ള ആശ്രയം കുറയ്ക്കാൻ കോർപ്പറേഷന് സാധിച്ചു.. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 3 ഉൽപാദന സൗകര്യങ്ങളുണ്ട്. അടുത്തിൽ ഒരു യൂണിറ്റ് കൂടി സ്ഥാപിക്കുന്നു. 2019–20 ൽ കയർ കോർപ്പറേഷന്റെ പദ്ധതികൾക്കായി 750.14 ലക്ഷം രൂപ അനുവദിച്ചു. കയർ മേഖലയിൽ പർച്ചേസ് പ്രൈസ് സ്റ്റബിലൈസേഷൻ സ്കീം (പിപിഎസ്എസ് ) കോർപ്പറേഷൻ നടപ്പിലാക്കുന്നു. പിപിഎസ്എസിന് കീഴിലുള്ള സംഭരണ മൂല്യം 2016–17 ലെ 98.22 കോടിയിൽ നിന്ന് 2019–20 ൽ 170.08 കോടി രൂപയായി ഉയർന്നു. 2016–17 മുതൽ 2019–20 വരെ പിപിഎസ്എസിന് കീഴിലുള്ള മൊത്തം സംഭരണ മൂല്യം 521.50 കോടി രൂപയാണ്. കോർപ്പറേഷന്റെ വിറ്റുവരവ് 2016–17 ലെ 104.11 കോടിയിൽ നിന്ന് 2019–20 ൽ 184.85 കോടി രൂപയായി ഉയർന്നു. 2016–17 മുതൽ 2019–20 വരെയുള്ള മൊത്തം വിറ്റുവരവ് 578.80 കോടി രൂപയാണ്. ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള അറ്റ വരുമാനവും സംസ്ഥാന പൊതുമേഖലാ സ്ഥാപനത്തിന്റെ മൊത്തം വരുമാനവും 2016–17, 2017–18, 2018–19 വർഷങ്ങളിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനവും അറ്റാദായം തുടർച്ചയായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ അറ്റാദായം 2016–17 ലെ 1.12 കോടിയിൽ നിന്ന് 2018–19 ൽ 1.36 കോടി രൂപയായി ഉയർന്നു.

### നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻസിആർഎംഐ)

മത്സരാധിഷ്ഠത വിലയിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും പുതിയ ഡിസൈൻ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനായി കയർ വ്യവസായത്തെ സഹായിക്കുംവിധം ഗവേഷണ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന സ്ഥാപനമാണ് എൻസിആർഎംഐ. എൻസിആർഎംഐയുടെ വിവിധ പദ്ധതികൾക്കായി 2019–20 ൽ 1,072.13 ലക്ഷം രൂപ അനുവദിച്ചു.

2019–20 ലെ ഗവേഷണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ 8 ആയി തരംതിരിക്കാം –

i) ഉൽപ്പന്ന വികസനം. കൃഷിക്കായി അഗ്രി കയർ സെൽ വികസിപ്പിച്ചതാണ് ഒരു പ്രധാന നേട്ടം. ചെരിവുള്ള ഭൂമി സ്ഥിരപ്പെടുത്തുന്നതിനായി ഇത് പരീക്ഷിക്കുന്നു.

ii) യന്ത്ര വികസനം. കുറഞ്ഞ ചെലവിൽ പവർ ലൂം, മൾട്ടി ഹെഡ് സ്പിന്നിംഗ് മെഷീൻ, ഹൈടെക് സ്പിന്നിംഗ് മെഷീൻ, ടെൻഡർ കോക്കനട്ട് ക്രഷിംഗ് മെഷീൻ, കോക്കനട്ട് ട്രീ ക്ലൈംബിംഗ് മെഷീൻ, ബ്ലെൻഡഡ് കയർ നൂൽ നിർമ്മാണ യന്ത്രം, പൂർണ്ണമായും ഓട്ടോമാറ്റിക് ക്രീൽ മാറ്റ് ലൂം, ഓട്ടോമാറ്റിക് കയർ നൂലിന്റെ പരിശോധന, വിലയിരുത്തൽ എന്നിവയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെട്ടിരുന്നു.

iii) സഹകരണ പദ്ധതികൾ. ഓട്ടോമോട്ടീവ്, ഗാർഹിക ആപ്ലിക്കേഷനുകൾക്കായി കയർ ഫൈബർ ഉറപ്പിച്ച പോളിമർ മിശ്രിതങ്ങളുടെ ഉൽപ്പന്ന രൂപകൽപ്പനയും വികസനവും, കയർ പോളിമർ സംവിധാനങ്ങൾ ഉപയോഗിച്ച് ബയോഡീഗ്രേഡബിൾ മൾച്ചിംഗ് പായയുടെ വികസനം, ഫർണിച്ചർ ഉപയോഗങ്ങൾക്കായി കയർ സംയോജനത്തിന്റെ ഉത്പാദനം, അക്കസ്റ്റിക് ആപ്ലിക്കേഷനായി കയർ

സംയോജനത്തിന്റെ വലിയ തോതിലുള്ള ഉത്പാദനം, സിമന്റ് ശക്തിപ്പെടുത്തുന്നതിനായി കയർ ഉപയോഗം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

iv) സാങ്കേതിക വികസനം. ബയോ പ്ലാസ്റ്റിക് ഉൽപാദനത്തിനായി കയർ പിത്തിന്റെ ഉപയോഗം, ഗാർഹിക ജൈവ മാലിന്യങ്ങൾ കയർ പിത്ത് ഉപയോഗിച്ച് കമ്പോസ്റ്റാക്കി മാറ്റുക, ഡിഫൈബറിംഗ് യൂണിറ്റുകളിലെ തൊഴിലാളികൾക്ക് കയർ പിത്ത് കമ്പോസ്റ്റിംഗ് പരിശീലനം, ടെക്സ്ചറും നിറവും മെച്ചപ്പെടുത്തുന്നതിന് വിവിധ ബയോളജിക്കൽ, കെമിക്കൽ ഏജന്റുകളുമായി കയർ ഫൈബറുമൊത്തുള്ള ഉപയോഗം, കയർ ഫൈബറിന്റെ ബയോ മയപ്പെടുത്തലിനായി ബാക്ടീരിയകളുടെ ഉപയോഗം, ടെൻഡർ കോക്കനട്ട് ഹസ്ക് / കയർ പിത്ത് / അനുബന്ധ ഉൽപ്പന്നങ്ങളിൽ നിന്നുള്ള ബയോചാർ ഉത്പാദനം, റെറ്റ് മദ്യം ഉപയുക്തമാക്കുന്നതിനുള്ള ബയോളജിക്കൽ സിസ്റ്റത്തിന്റെ വികസനം, വ്യത്യസ്തമായ കയർ പിത്ത് കമ്പോസ്റ്റിന്റെ വിയിരുത്തൽ മലിനജലം സംസ്കരിക്കുന്നതിനുള്ള കയർ നാരുകൾ ഉപയോഗിക്കുന്ന ബയോഫിലിമിന്റെ വികസനം, ഇളം തേങ്ങയുടെ തൊണ്ട് ജൈവ വളമായി മാറ്റുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കൽ.

v) പരിശീലനവും നൈപുണ്യവികസനവും

vi) വർക്ക്ഷോപ്പുകൾ, സെമിനാറുകള് കോൺഫറൻസുകൾ vii) കൺസൽട്ടൻസി സേവനങ്ങൾ viii) ട്രൈക്കോപിത്ത് സ്പാൺ പ്രൊഡക്ഷൻ, പിത്ത് ആക്റ്റിവേറ്റർ പോലുള്ള വാണിജ്യ പ്രവർത്തനങ്ങൾ.

### ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (ഫോമിൽ)

1978 ൽ 550 ലക്ഷം രൂപയുടെ അംഗീകൃത മൂലധനവും 512.23 ലക്ഷം രൂപ അടച്ച മൂലധനവുമായി ഫോമിൽ ആരംഭിക്കപ്പെട്ടു. കയർ, ചണം, സിസൽ എന്നിവയിൽ നിന്ന് നിർമ്മിച്ച പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, നിർമ്മാണം, വിപണനം എന്നിവയ്ക്കായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ഇത്. ആഭ്യന്തര, വിദേശ വിപണികളിൽ വിൽക്കുന്ന ഡോർ മാറ്റ്സ്, മാറ്റിംഗ്സ്, പരവതാനികൾ, റഗ്സ്, കയർ ജിയോ–ടെക്സ്റ്റൈൽസ്, കാർ മാറ്റുകൾ എന്നിവ ഉൽപന്നങ്ങളിൽ ഉൾപ്പെടുന്നു. ലാറ്റെക്സ് ബാക്കിംഗ് പ്ലാന്റ്, മോഡേൺ ഡൈ ഹൗസ്, ഫുള്ളി ഓട്ടോമാറ്റിക് പവർലൂം തുടങ്ങിയ അത്യാധുനിക സൗകര്യങ്ങൾ കമ്പനിക്ക് ഉണ്ട്. മറ്റ് കയറ്റുമതിക്കാരുടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സ്പെയർ കപ്പാസിറ്റി ഉപയോഗിക്കുന്നുമുണ്ട്. 2019–20 ൽ ഫോമിലിന്റെ പദ്ധതികൾക്കായി 399.98 ലക്ഷം രൂപ അനുവദിച്ചു. 2016–17, 2017–18, 2018–19 എന്നീ 3 വർഷങ്ങളിൽ ഈ സംസ്ഥാന പൊതുമേഖലാ സ്ഥാപനം നഷ്ടം റിപ്പോർട്ട് ചെയ്തു. 2016–17 നെ അപേക്ഷിച്ച് 2017–18 ൽ നഷ്ടം കുറഞ്ഞു. എന്നിരുന്നാലും ഇത് 2018–19 ൽ വർദ്ധിച്ചു. പൊതുമേഖലാ സ്ഥാപനത്തിന്റെ നഷ്ടം 2018–19 അവസാനത്തോടെ ഏകദേശം 10 കോടി രൂപയായിരുന്നു. ഇത് 2019–20 അവസാനത്തോടെ ഏകദേശം 12 കോടി രൂപയായി ഉയർന്നു. ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനം 2016–17 നെ അപേക്ഷിച്ച് 2017–18 ൽ ഇരട്ടിയായി. എന്നിരുന്നാലും, ഇത് പിന്നീട് കുറഞ്ഞു.

### കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് (കെഎസ്സിഎംഎംസി)

കേരളത്തിലെ കയർ മേഖലയ്ക്ക് ആവശ്യമായ യന്ത്രങ്ങൾ നൽകുന്നതിനായി 2014 ഫെബ്രുവരിയിൽ അലപ്പുഴയിൽ കെ.എസ്.സി.എം.എംസി പ്രവർത്തനം ആരംഭിച്ചു. ഇലക്ട്രോണിക് റാറ്റ്സ്, ഓട്ടോമേറ്റഡ് സ്പിന്നിംഗ് മെഷീനുകൾ, ഡിഫൈബറിംഗ് മെഷീനുകൾ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റുകൾ, വില്ലോ മെഷീനുകൾ, കയർ വ്യവസായത്തിന് ആവശ്യമായ അനുബന്ധ യന്ത്രങ്ങൾ തുടങ്ങിയ കയർ യന്ത്രങ്ങൾ കമ്പനി ഉൽപ്പാദിപ്പിക്കുന്നു. 2019–20 ൽ കെ.എസ്.സി.എം.എംസി ഏറ്റെടുത്ത വിവിധ പദ്ധതികൾക്കായി 1,865.67 ലക്ഷം രൂപ അനുവദിച്ചു. കയർ മേഖലയിലെ യന്ത്രവൽക്കരണത്തിന്റെ ലക്ഷ്യം വിജയിക്കണമെങ്കിൽ കമ്പനിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന് നിർണായകമാണ്. 2019–20 ൽ കെഎസ്സിഎംഎംസി യുടെ വിൽപന വരുമാനം 22 കോടി രൂപയായിരുന്നു. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 78 ശതമാനം വർദ്ധനവ് കാണിക്കുന്നു. കമ്പനി യന്ത്രങ്ങൾ നിർമ്മിക്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുകയും യന്ത്രങ്ങൾ സ്ഥാപിക്കുകയും സംസ്ഥാനത്തെ കയർ സൊസൈറ്റികൾക്കും യൂണിറ്റുകൾക്കും തുടർച്ചയായ സേവന പിന്തുണ നൽകുകയും ചെയ്യുന്നു. 2019–20 ലെ ഇൻസ്റ്റാളേഷനുകളിൽ 1,000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകൾ, 125 ഡിഫൈബറിംഗ് യൂണിറ്റുകൾ, 28,000 ഇലക്ട്രോണിക് റാട്ടുകൾ 351 വില്ലോ മെഷീനുകൾ, 80 കയർ അൺബണ്ടിലിംഗ് മെഷീനുകൾ, 6 ഗാർഡൻ ആർട്ടിക്കിൾ പ്രൊഡക്ഷൻ മെഷീനുകൾ, 15 സെറ്റ് പരവതാനി നിർമ്മാണ യന്ത്രങ്ങൾ, 20 ക്രഷർ മെഷീനുകൾ, 8 ഡിഫൈബറിംഗ് മില്ലുകൾ (ലക്ഷദ്വീപിലേക്കും മഹാരാഷ്ട്രയിലേക്കും) ഉൾപ്പെടുന്നു. ഈ യന്ത്രങ്ങൾ സ്ഥാപിച്ചതിലൂടെ അസംസ്കൃത വസ്തുക്കളുടെ വിനിയോഗം കൂട്ടാനും, തൊഴിലാളികളുടെ പ്രതിഫലം കൂട്ടാനും, ഉൽപാദനം വർദ്ധിപ്പിക്കാനും സംസ്ഥാനത്തെ കയർ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്.

### കേന്ദ്ര സർക്കാർ പദ്ധതികൾ

കയർ മേഖലയ്ക്കായി കേന്ദ്ര സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ

ഈ മേഖലയിൽ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് കയർ ബോർഡ്. കയർ വ്യവസായത്തിന്റെ വികസനത്തിനായി 1953 –ൽ കയർ വ്യവസായ നിയമം (45) പ്രകാരം ഇന്ത്യാ ഗവൺമെന്റ് സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് കൊച്ചിയിലെ കയർ ബോർഡ്. കയർ വ്യവസായ സാങ്കേതികവിദ്യ നവീകരണ പദ്ധതി (സിഐറ്റിയുഎസ്), സയൻസ് ആൻഡ് ടെക്നോളജി (എസ് ആന്റ് ടി), നൈപുണ്യ വികസനം, മഹിള കയർ യോജന, കയറ്റുമതി മാർക്കറ്റ് പ്രോത്സാഹനം (ഇഎംപി), ആഭ്യന്തര വിപണി പ്രോത്സാഹനം (ഡിഎംപി), വാണിജ്യ വ്യവസായവുമായി ബന്ധപ്പെട്ട സേവനങ്ങൾ, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ കയർ വികാസ് യോജന എന്ന ബൃഹത് പദ്ധതിയിൽ ഉൾപ്പെടുന്നു. സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മന്ത്രാലയം (എംഎസ്എംഇ) നടപ്പാക്കുന്ന പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനായുള്ള സ്കീം ( സ്ഫൂർത്തി), ഇന്നവേഷൻ, റൂറൽ ഇൻഡസ്ട്രീസ്, എന്റർപ്രണർഷിപ്പ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി (അസ്ഫയർ) എന്നിവയും ഈ മേഖലയ്ക്ക് പ്രയോജനം ചെയ്യുന്നു. സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മന്ത്രാലയം (എംഎസ്എംഇ)നിയന്ത്രിക്കുന്ന കേന്ദ്രമേഖല പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽ വികസന പ്രോഗ്രാമിൽ നിന്നും ഈ മേഖലയ്ക്ക് നേട്ടമുണ്ട്.

### വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും

കയർ മേഖലയുടെ പരമ്പരാഗത മേഖലയിലെ കുറഞ്ഞ വേതനവും അസംസ്കൃത വസ്തുക്കളുടെ കുറവും വെല്ലുവിളികളാണ്. വ്യവസായത്തിന് ഉല്പാദനത്തിൻറയും ഓർഗനൈസേഷൻറയും നവീകരണം ആവശ്യമാണ്. സംസ്ഥാന സർക്കാർ ആരംഭിച്ച യന്ത്രവത്ക്കരണ ആധുനിക വത്ക്കരണ പരിപാടികൾ ഫലം കണ്ടു തുടങ്ങിയിട്ടുണ്ട്. ആധുനികവത്ക്കരണ പ്രക്രിയ വേഗത കൈവരിക്കേണ്ടതുണ്ട്. വ്യവസായത്തെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിന് സാങ്കേതിക വിദ്യയുടെ നവീകരണത്തിലും വിപണിയിലെ വ്യതിയാനങ്ങളുടെനിയന്ത്രണത്തിലും സർക്കാർ ഇടപെടൽ ആവശ്യമാണ്. നൂതനമായ ഉല്പന്നങ്ങൾ അവതരിപ്പിക്കുക, മത്സരശേഷി വർദ്ധിപ്പിക്കുക, വൈവിധ്യവത്ക്കരണം ത്വരിതപ്പെടുത്തുക, പുതിയ വിപണികൾ കണ്ടെത്തുക എന്നിവയ്ക്ക് ഊന്നൽ നല്കിക്കൊണ്ട് വരും വർഷങ്ങളിൽ ഈ മേഖല മികച്ച പ്രകടനം കാഴ്ചവയ്ക്കും എന്ന് പ്രതീക്ഷിക്കാവുന്നതാണ്.

### കശുവണ്ടി വ്യവസായം

അന്താരാഷ്ട്ര വിപണിയിലെ അത്ഭുത നട്ട് ആയി കണക്കാക്കപ്പെടുന്ന, കശുവണ്ടി 2019-20 ലെ ആഗോള നട്ട് ഉൽപാദനത്തിൽ ബദാം, വാൽനട്ട് എന്നിവയ്ക്ക് പിന്നിൽ മൂന്നാം സ്ഥാനത്താണ്. സംസ്കരിച്ച കശുവണ്ടിയുടെ ഉല്പാദനത്തിലും, ഉപഭോഗത്തിലും കയറ്റുമതിയിലും ഇന്ത്യ ആഗോളതലത്തിൽ വലിയ പങ്ക് വഹിക്കുന്നു. 2018ൽ ആഗോളതലത്തിൽ സംസ്കരിച്ച കശുവണ്ടിയുടെ, കയറ്റുമതിയിൽ വിയറ്റ്നാമിനു പുറകിൽ (57 ശതമാനം), രണ്ടാംസ്ഥാനം അലങ്കരിക്കുന്ന ഇന്ത്യയുടെ വിഹിതം 17 ശതമാനം ആണ്. സംസ്കരിച്ച കശുവണ്ടിയുടെ ആഗോള ഉപഭോഗം 2018 –ൽ 7.2 ലക്ഷം മെട്രിക് ടണ്ണായിരുന്നു, അതിൽ ഇന്ത്യയുടെ വിഹിതം 45.7 ശതമാനം (3.29 ലക്ഷം മെട്രിക് ടൺ) ആയിരുന്നു. യു.എസ്എ, ജർമ്മനി, ബ്രസീൽ, യുകെ എന്നിവയാണ് സംസ്കരിച്ച കശുവണ്ടി ഉപയോഗിക്കുന്ന മുൻനിര ഉപഭോക്താക്കൾ. അതേ സമയം, സംസ്കരണത്തിനായി ഉപയോഗിക്കുന്ന അസംസ്കൃത കശുവണ്ടിയുടെ പ്രധാന ഇറക്കുമതി ചെയ്യുന്ന രാജ്യം ഇന്ത്യയാണ്. 2018 ലെ അന്താരാഷ്ട്ര ഇറക്കുമതിയായ 16 ലക്ഷം മെട്രിക് ടണ്ണിൽ, 9 ലക്ഷവും ഇന്ത്യയിലേക്കായിരുന്നു. ഇതേ വർഷം വിയറ്റ്നാമിലേക്കുള്ള ഇറക്കുമതി 5,22,198 മെട്രിക് ടണ്ണാണ്.

അന്താരാഷ്ട്ര നട്ട് ആന്റ് ഡ്രൈഡ് ഫ്രൂട്ട് കൗൺസിൽ (ഐഎൻസി) പ്രസിദ്ധീകരിച്ച 2019-20 വർഷത്തെ നട്ട് ആന്റ് ഡ്രൈഡ് ഫ്രൂട്ട്സ് സ്റ്റാറ്റിസ്റ്റിക്കൽ ഇയർ ബുക്ക് പ്രകാരം, 2019-20 ൽ ആഗോള കശുവണ്ടി ഉല്പാദനം 7.87 ലക്ഷം മെട്രിക് ടണ്ണും (കശുവണ്ടിപരിപ്പ് അടിസ്ഥാനത്തിൽ), അസംസ്കൃത കശുവണ്ടി ഉല്പാദനം 36 ലക്ഷം മെട്രിക് ടണ്ണും ആണ്. ലോകത്തിൽ സംസ്കരിച്ച കശുവണ്ടിയുടെ ഉല്പാദനത്തിൽ പ്രമുഖ സ്ഥാനം വഹിക്കുന്ന ഇന്ത്യയിൽ ആഗോള ഉല്പാദനത്തിന്റെ 22 ശതമാനം ഉല്പാദിപ്പിക്കപ്പെടുന്ന (1.77 ലക്ഷം മെട്രിക് ടൺ കോട്ട് ഡി' ഐവറും (1.36 ലക്ഷം മെട്രിക് ടണ്ണും), ഘാന (65,340 മെട്രിക് ടണ്ണും), വിയറ്റ്നാം (62.100 മെട്രിക് ടണ്ണും) ടാൻസാനിയ (55.000 മെട്രിക് ടണ്ണും) എന്നിവരാണ് മറ്റ് പ്രധാന ഉല്പാദകർ അന്താരാഷ്ട്ര വിപണിയിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഉല്പാദിപ്പിക്കുന്ന പ്രദേശം പടിഞ്ഞാറൻ ആഫ്രിക്കയാണ് (47 ശതമാനം).

### ഇന്ത്യയിലെ കശുവണ്ടി മേഖല

കശുവണ്ടി ആദ്യമായി ഇന്ത്യയിൽ കൃഷി ചെയ്തത് ഗോവയിലാണ്. അവിടെ നിന്ന് രാജ്യത്തിന്റെ മറ്റു സ്ഥലങ്ങളിലേക്ക് വ്യാപിച്ചു. ഇന്ത്യയിൽ കശുവണ്ടി കൃഷി ചെയ്യുന്ന പ്രധാന സംസ്ഥാനങ്ങൾ കേരളം, കർണാടക, ഗോവ, മഹാരാഷ്ട്ര, പശ്ചിമതീരം, കിഴക്കൻ തീരത്തുള്ള തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒഡീഷ എന്നിവയാണ്. പശ്ചിമ ബംഗാൾ, ഛത്തീസ്ഗഡ് , ഗുജറാത്ത്, ജാർഖണ്ഡ്, എന്നീ സംസ്ഥാനങ്ങളിലും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ ചില പ്രദേശങ്ങളിലും കശുവണ്ടി കൃഷി വ്യാപിച്ചിരിക്കുന്നു.

ഭാരത സർക്കാരിന്റെ കശുവണ്ടി കൊക്കോ വികസന ഡയറക്ടറേറ്റ് (ഡിസിസിഡി) പ്രകാരം, 2019-20 ൽ,

ഇന്ത്യയിൽ 11.25 ലക്ഷം ഹെക്ടർ സ്ഥലത്ത് കശുവണ്ടി കൃഷി ചെയ്തു. മൊത്തം ഉല്പാദനം 7.02 ലക്ഷം മെട്രിക് ടൺ കശുവണ്ടിയായിരുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഉത്പാദിപ്പിക്കുന്ന സംസ്ഥാനങ്ങൾ മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് ഒഡീഷ എന്നിവയാണ്. കേരളം ആറാം സ്ഥാനത്താണ്. ഇന്ത്യയിൽ കശുവണ്ടി ഉൽപാദനത്തിന്റെ ഏറ്റവും വലിയ വിസ്തീർണ്ണം ഒഡീഷ (2.13 ലക്ഷം ഹെക്ടർ), തുടർന്ന് ആന്ധ്രാപ്രദേശ് (1.92 ലക്ഷം ഹെക്ടർ), മഹാരാഷ്ട്ര (1.91 ലക്ഷം ഹെക്ടർ) എന്നിവയിലാണ്. കശുവണ്ടി ഉൽപാദനത്തിന്റെയും വിസ്തൃതിയുടെയും സംസ്ഥാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.18** ൽ നൽകിയിരിക്കുന്നു.

ഇന്ത്യയിൽ കശുവണ്ടി കൃഷിയുടെ മൊത്തം ഉൽപാദനക്ഷമത ഹെക്ടറിന് 707 കിലോഗ്രാം ആണ് (2018-19). മഹാരാഷ്ട്രയിലാണ് ഏറ്റവും ഉയർന്ന ഉല്പാദനക്ഷമത (ഹെക്ടറിന് 1169 കിലോഗ്രാം). പശ്ചിമ ബംഗാൾ (ഹെക്ടറിന് 1072 കിലോഗ്രാം), അസം (ഹെക്ടറിന് 1012 കിലോഗ്രാം) തുടങ്ങിയ സംസ്ഥാനങ്ങൾ തൊട്ടുപിന്നിലുണ്ട്. ഹെക്ടറിന് 947 കിലോഗ്രാം ഉൽപാദനക്ഷമതയുള്ള കേരളം ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഉൽപാദനക്ഷമതയിൽ നാലാം സ്ഥാനത്താണ്.

കശുവണ്ടിയുടെ ആകൃതി, വലുപ്പം, നിറം എന്നിവയെ ആശ്രയിച്ച് കശുവണ്ടി പരിപ്പുകളെ വെള്ള / കരിഞ്ഞ മുഴുവനെയുള്ള, കഷണം, വിഭജിച്ചത്, ബട്ടുകൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. കശുവണ്ടിയുടെ 33 വ്യത്യസ്ത ഗ്രേഡുകൾ ഇന്ത്യാ ഗവൺമെന്റ് ആക്റ്റ് നിർദ്ദേശിക്കുന്നു. 26 ഗ്രേഡുകൾ വാണിജ്യപരമായി ലഭ്യമാവുകയും കയറ്റുമതി ചെയ്യുകയും ചെയ്യുന്നു. W-180, W-210, W-240, W-320, W-450 എന്നിവയാണ് ഇന്ത്യയിലെ കശുവണ്ടിയുടെ പ്രശസ്തമായ ഗ്രേഡുകൾ.

കശുവണ്ടിയുടെ പ്രധാന കയറ്റുമതി രാജ്യമാണ് ഇന്ത്യ. ഈ വ്യാപാരം വഴി ഇന്ത്യ ഗണ്യമായ വിദേശനാണ്യം നേടുന്നുണ്ട്. കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ) പ്രകാരം, 2019-20 ൽ ഇന്ത്യയിൽ നിന്ന് കശുവണ്ടിയുടെ കയറ്റുമതി 67,647 മെട്രിക് ടൺ ആയിരുന്നു. വരുമാനം 3867.17 കോടി രൂപ (5,510 ലക്ഷം യുഎസ് ഡോളർ) ആയിരുന്നു. കയറ്റുമതിയിൽ നിന്നുള്ള ഇന്ത്യയുടെ മൊത്തം വിദേശനാണ്യം വരുമാനത്തിന്റെ 0.19 ശതമാനമാണിത്. 60 ലധികം രാജ്യങ്ങളിലേക്ക് ഇന്ത്യ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്യുന്നു. മൊത്തം കയറ്റുമതിയിൽ ഏറ്റവും കൂടുതൽ കയറ്റുമതി പശ്ചിമേഷ്യൻ മേഖലയിലേക്കും തുടർന്ന് യൂറോപ്യൻ മേഖലയിലേക്കും പിന്നീട് തെക്കു കിഴക്കൻ / ഫാർ ഈസ്റ്റ് മേഖലകളിലേക്കും, ആയിരുന്നു. കശുവണ്ടി തോട് ദ്രാവകം പോലുള്ള ഉല്പന്നങ്ങളുടെ കയറ്റുമതിയും മൊത്തം വരുമാനത്തിൽ ഉൾപ്പെടുന്നു.

ഇന്ത്യയിൽ വ്യവസായത്തിന്റെ നിലവിലെ ആവശ്യകത അഥവ സ്ഥാപിച്ച സംസ്കരണ ശേഷി 20 ലക്ഷം മെട്രിക് ടൺ ആണ്. ഈ ആവശ്യം നിറവേറ്റുന്നതിനായി ആഭ്യന്തര ഉത്പാദനം പര്യാപ്തമല്ല. അതിനാൽ ഇന്ത്യ മറ്റ് ഉൽപാദന രാജ്യങ്ങളിൽ നിന്ന് അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യുന്നു. 2019-20 കാലയളവിൽ ഇന്ത്യ 9.38 ലക്ഷം മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തു.

## കേരളത്തിലെ കശുവണ്ടി മേഖല

കശുവണ്ടി വ്യവസായം കേരളത്തിലെ ഒരു പരമ്പരാഗത കാർഷികാധിഷ്ഠിത വ്യവസായമാണ്. ഇന്ത്യയുടെ കശുവണ്ടി സംസ്കരണ യൂണിറ്റുകളിൽ വലിയൊരു ശതമാനം കേരളത്തിലെ കൊല്ലം ജില്ലയെ ചുറ്റിപ്പറ്റിയാണ് സ്ഥിതിചെയ്യുന്നത്. ഇത് കൊല്ലം ജില്ലക്ക്' 'ലോകത്തിന്റെ കശുവണ്ടി തലസ്ഥാനം' എന്ന പദവി നേടി കൊടുത്തു. 800 ൽ അധികം ഔപചാരികവും അനൗപചാരികവുമായ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ കേരളത്തിലുണ്ടെന്നാണ് കണക്കാക്കുന്നത് ഇന്ത്യൻ കശുവണ്ടി കയറ്റുമതി പ്രോത്സാഹന കൗൺസിൽ (സിഇപിസിഐ) യിൽ രജിസ്റ്റർ ചെയ്ത കശുവണ്ടി കയറ്റുമതി, സംസ്കരണ യൂണിറ്റുകളിൽ 65 ശതമാനവും കേരളത്തിൽ നിന്നുള്ളതാണ്. ഈ മേഖലയിൽ ഏകദേശം 3,00,000 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ 90 ശതമാനം സ്ത്രീകളാണെന്നും കണക്കാക്കപ്പെടുന്നു. കശുവണ്ടി സംസ്കരണം പ്രധാനമായും സ്വകാര്യമേഖലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കശുവണ്ടി സംസ്കരണത്തിൽ സഹകരണ മേഖലയ്ക്ക് പരിമിതമായ സാന്നിധ്യമുണ്ട്. കശുവണ്ടി സംസ്കരണ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളാണ്, കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി അപെക്സ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് (കാപെക്സ് )യും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (കെഎസ് സിഡിസി)ഉം

2019-20 ൽ കേരളത്തിൽ നിന്നുള്ള സംസ്കരിച്ച കശുവണ്ടിയുടെ കയറ്റുമതി 1,742.54 കോടി രൂപ വില വരുന്ന 30,478 മെട്രിക് ടൺ ആയിരുന്നു. അതേ സമയം ഇന്ത്യയിൽ നിന്നി കയറ്റുമതി ചെയ്ത സംസ്കരിച്ച കശുവണ്ടി 3,867.17 കോടി രൂപ വില വരുന്ന 67,647 മെട്രിക് ടൺ ആയിരുന്നു. ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്ത സംസ്കരിച്ച കശുവണ്ടിയുടെ തോതിലും മൂല്യത്തിലും കേരളത്തിന്റെ വിഹിതം 45 ശതമാനം ആണ്.

കശുവണ്ടി ഉല്പാദനം 2013-14 ൽ 80,120 മെട്രിക് ടണ്ണ് ആയിരുന്നു. ഇത് 2018-19 ൽ 82,889 മെട്രിക് ടണ്ണായി ഉയർന്നു. എന്നിരുന്നാലും, 2019-20ൽ കശുവണ്ടി ഉല്പാദനം 69,624 മെട്രിക് ടണ്ണായി കുത്തനെ ഇടിഞ്ഞു. അടുത്ത കാലത്തായി ഉൽപാദനക്ഷമതയിലുണ്ടായ വർദ്ധനയാണ് ഉൽപാദനം വർദ്ധിക്കുന്നതിനുള്ള

**പട്ടിക 4.6.7** കേരളത്തിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം – 2013–14 മുതൽ 2019–20 വരെ, ഹെക്ടറിലും മെട്രിക് ടണ്ണിലും

| വർഷം | വിസ്തീർണ്ണം (1000 ഹെക്ടറിൽ | വാർഷിക വളർച്ച (%) | അളവ് (മെട്രിക് ടണ്ണിൽ) | വാർഷിക വളർച്ച (%) |
|---|---|---|---|---|
| 2013–14 | 84.9 | | 80,120 | |
| 2014–15 | 84.5 | -0.4 | 80,000 | -0.2 |
| 2015–16 | 87.0 | 2.9 | 72,000 | -10 |
| 2016–17 | 90.8 | 4.4 | 83,980 | 16.6 |
| 2017–18 | 92.8 | 2.1 | 88,180 | 5 |
| 2018–19 | 95.7 | 3.1 | 82,889 | -6.1 |
| 2019–20 | 98.8 | 3.2 | 69,624 | -16.1 |

അവലംബം – കശുവണ്ടി കൊക്കോ വികസന ഡയറക്ടറേറ്റ്, (ഡിസിസിഡി), ഭാരത സർക്കാർ

കാരണം. കശുവണ്ടി കൃഷിയുടെ വിസ്തീർണ്ണം 2013–14ൽ 84,920 ഹെക്ടറിൽ നിന്നും 2019–20ൽ 98,821 ഹെക്ടറായി ഉയർന്നു. 2015–16 മുതൽ കാര്യമായ മാറ്റങ്ങൾ വ്യക്തമാണ്. വിശദാംശങ്ങൾ **പട്ടിക 4.6.7** –ൽ നൽകിയിരിക്കുന്നു.

കേരളത്തിൽ കശുവണ്ടി കൃഷി വ്യാപിക്കുന്നതിനുള്ള പ്രധാന വെല്ലുവിളികൾ ഭൂമിയുടെമേലുള്ള സമ്മർദ്ദം, നിലവിലുള്ള ഭൂമി പരിധി നിയമങ്ങൾ, റബ്ബർ പോലുള്ള കൂടുതൽ ലാഭകരമായ നാണ്യവിളകളിലേക്കുള്ള മാറ്റം, കശുവണ്ടി കൃഷിയെ തോട്ടം ആയി കണക്കാക്കപ്പെടാത്തത് എന്നിവയാണ്. റീപ്ലാൻറേഷൻ നടത്താത്ത കശുവണ്ടി കൃഷിയിടത്തിന്റെ അളവ് കേരളത്തിൽ വലുതാണ്. കശുവണ്ടി കൃഷിയിൽ ഉൽപാദനക്ഷമത കുറയുന്നതിന് പ്രധാന കാരണങ്ങൾ സംസ്ഥാനത്തെ കശുവണ്ടി വൃക്ഷങ്ങളിൽ 70 ശതമാനവും പ്രായമുള്ളതും പ്രാദേശിക ഇനങ്ങളും, കൃഷി സീസണിന്റെ അവസാനത്തിൽ വിളവ് ആരംഭിക്കുന്നവ ആയതു കൊണ്ടാണ്. കാലാവസ്ഥാ വ്യതിയാനങ്ങളായ അമിത മഴയും, ഉയർന്ന ആപേക്ഷിക ആർദ്രത എന്നിവയും ഘടകങ്ങളാണ്.

## കശുവണ്ടി മേഖലയിലെ ഏജൻസികൾ

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും (കെഎസ്സിഡിസി) കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി അപെക്സ് സഹകരണ സൊസൈറ്റിയും (കാപെക്സ്) സംസ്ഥാനത്ത് കശുവണ്ടി സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് സംസ്ഥാന സർക്കാർ ഏജൻസികളാണ്. കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് ക്യാഷ്യു കൾട്ടിവേഷൻ (കെഎസ്എസിസി), കേരള ക്യാഷ്യു ബോർഡ് (കെസിബി), എന്നിവയാണ് ഈ മേഖലയിലെ മറ്റ് രണ്ട് സംസ്ഥാന സർക്കാർ ഏജൻസികൾ. ഇന്ത്യയിൽ കശുവണ്ടി കയറ്റുമതി പ്രോത്സാഹന കൗൺസിൽ (സിഇപിസിഐ), കശുവണ്ടി കൊക്കോ വികസന ഡയറക്ടറേറ്റ് (ഡിസിസിഡി) എന്നിവയാണ് കശുവണ്ടി പ്രോത്സാഹനത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ഏജൻസികൾ. സംസ്ഥാന വാർഷിക പദ്ധതിയിൽ നിന്നുള്ള വിഹിതവും 2019–20, 2020–21 കാലയളവിലെ ചെലവുകളും സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 4.6.8** ൽ നൽകിയിരിക്കുന്നു

**പട്ടിക 4.6.8** കശുവണ്ടി മേഖലയിലെ സംസ്ഥാന സർക്കാർ ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും 2019–20, 2020–21, കോടി രൂപയിലും ശതമാനത്തിലും

| ക്രമ നമ്പർ. | ഏജൻസി | 2019–20 | | | 2020–21 (നവംബർ 2020 വരെ) | | |
|---|---|---|---|---|---|---|---|
| | | അടങ്കൽ | ചെലവ് | % | അടങ്കൽ | ചെലവ് | % |
| 1 | കെ.എസ്.സി.ഡി.സി. | 16.50 | 16.00 | 96.9 | 14.00 | 35.04 | 250.3 |
| 2 | കാപെക്സ് | 2.50 | 0 | 0% | 5.50 | 1.19 | 21.6 |
| 3 | കെ എസ് എ സി സി | 5.15 | 0 | 0 | 5.50 | 2.00 | 36.3 |
| 4 | കെ.സി.ബി | 30.30 | 0 | 0 | 30.30 | 45.30 | 149.5 |
| | . ആകെ | 54.45 | 16.00 | 29.4 | 55.30 | 83.54 | 151 |

അവലംബം: പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണബോർഡ്, കേരള സർക്കാർ

## കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.സി.ഡി.സി)

കേരള ഗവൺമെന്റിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയായി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്സിഡിസി) 1969 ൽ രൂപീകരിച്ചു.. ഭാഗിക യന്ത്രവൽക്കരണവും കട്ടിംഗ് മെഷീനുകളുടെ അവതരണവും പ്രതിദിനം കശുവണ്ടിയുടെ സംസ്കരണം 100 മെട്രിക് ടണ്ണിൽ നിന്ന് 125 മെട്രിക് ടണ്ണായി ഉയർത്തി. അടുത്ത കാലത്തായി 1250 കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചത് ഉൽപാദനക്ഷമത വർദ്ധിച്ചതിന് കാരണമായി. കെഎസ്സിഡിസിയുടെ കീഴിൽ നിലവിൽ 30 ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 20 എണ്ണം കരാർ അടിസ്ഥാനത്തിൽ കെ.എസ്.സി.ഡി.സി നടത്തുന്ന സ്വകാര്യ ഫാക്ടറികളാണ്. ഈ പ്രക്രിയ ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉപജീവന അവസരങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. 2019-20 ൽ ആകെ തൊഴിൽ 12,121 ഉം, ഫാക്ടറികളിലെ പ്രവൃത്തി ദിനങ്ങൾ 147 ഉം, ജീവനക്കാരുടെ എണ്ണം 600 ആണ്. കെഎസ്സിഡിസി 10,767 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി സംസ്കരിച്ച് 2019-20 ൽ ഏകദേശം 2,792 മെട്രിക് ടൺ കശുവണ്ടി കേർണലുകൾ ഉത്പാദിപ്പിച്ചു. 2019-20 ൽ കെഎസ്സിഡിസിയുടെ മൊത്തം വിറ്റുവരവ് 166.53 കോടി രൂപയായിരുന്നു. മൊത്തം വിറ്റുവരവും മൊത്തം തൊഴിലും 2017-18 മുതൽ വർദ്ധിച്ചു. 2014-15 മുതൽ ഏജൻസി നഷ്ടം റിപ്പോർട്ട് ചെയ്യുന്നുണ്ടെങ്കിലും 2017-18 മുതൽ ഇത് കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 4.6.19** ൽ നൽകിയിരിക്കുന്നു.

കെഎസ്സിഡിസി സ്വന്തമായി 'മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ' വിപണനം ചെയ്യുന്നു. അത് വിൽപ്പന മൂല്യത്തിൽ മികച്ച വിഹിതം ലഭിക്കാൻ കാരണമായി. ഈ ഉൽപ്പന്നങ്ങൾക്ക് ഉപഭോക്താക്കളിൽ നിന്ന് മികച്ച പ്രതികരണം ലഭിക്കുന്നു. വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി കെഎസ്സിഡിസിയും ഔട്ട്ലെറ്റുകൾ ആരംഭിച്ചു. ബാക്ക് വേർഡ് ലിങ്കേജിന്റെ ആദ്യപടിയായി, കശുവണ്ടി കൃഷി ചെയ്യുന്നതിന് കെ.എസ്.സി.ഡി.സി നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സ്ഥാപനം പ്രതിവർഷം 2000 ഗ്രാഫ്റ്റുകൾ, ഗ്രോ ബാഗുകളിൽ, കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നു.

## കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി വ്യവസായ സഹകരണ സംഘം (കാപെക്സ്)

ഗവൺമെന്റിന് കീഴിലുള്ള 10 പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പരിപാലിക്കുന്നതിനായി 1984 ൽ കൊല്ലം ആസ്ഥാനമായി കാപെക്സ് സ്ഥാപിക്കപ്പെട്ടു. സംഭരണം, സഹകരണ സംഘങ്ങളിലൂടെയുള്ള പ്രോസസ്സിംഗ്, മാനേജ്മെന്റ്, മാർക്കറ്റിംഗ് എന്നിവ ഇതിന്റെ പ്രധാന പ്രവർത്തനത്തിൽ ഉൾപ്പെടുന്നു. ഈ സ്ഥാപനം അസംസ്കൃത കശുവണ്ടി ശേഖരിക്കുകയും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുകയും സംസ്കരണ പ്രവർത്തനം നടത്തി, അവയെ വിപണനം ചെയ്യുകയും ചെയ്യുന്നു. സംസ്കരണ ചെലവ് കുറയ്ക്കുക, തൊഴിലാളികൾക്ക് നിരന്തരമായ തൊഴിൽ, ന്യായമായ വേതനം എന്നിവ നൽകുക സ്ഥാപനത്തിന്റെ ലക്ഷ്യമാണ്.

2019 കലണ്ടർ വർഷത്തിൽ, 215 പ്രവൃത്തി ദിവസത്തേക്ക് 3,800 തൊഴിലാളികൾക്കും സ്റ്റാഫുകൾക്കും കാപെക്സ് തുടർച്ചയായ തൊഴിൽ നൽകി. അതുപോലെ, 2020 കലണ്ടർ വർഷത്തിൽ, കോവിഡ് -19 ലോക്ഡൗൺ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നിട്ടും, ഓഗസ്റ്റ് 31, 2020 വരെ 87 പ്രവൃത്തി ദിവസങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 10 കാപെക്സ് ഫാക്ടറികളിലും പായ്ക്കിംഗ് സെന്ററുകളിലും നവീകരണത്തിനും യന്ത്രവൽക്കരണത്തിനുമുള്ള പദ്ധതി പുരോഗമിക്കുകയാണ്. ഭാഗിക യന്ത്രവൽക്കരണത്തിന്റെ ഫലമായി ഒരു ബാഗ് (80 കിലോഗ്രാം) അസംസ്കൃത കശുവണ്ടി സംസ്കരിക്കുന്നതിന് ആവശ്യമായ തൊഴിലാളികളുടെ എണ്ണം 5 -ൽ നിന്ന് 4.5 ആയി കുറഞ്ഞു. അതായത് തൊഴിലാളികളുടെ ഉൽപാദനക്ഷമത മെച്ചപ്പെട്ടു. 2019-20 -ൽ മൊത്തം വിൽപ്പന വിറ്റുവരവ് 85.09

**പട്ടിക 4.6.9** കാപെക്സിന്റെ വിൽപ്പന വിറ്റുവരവ്(കോടി രൂപയിൽ)

| വർഷം | ആഭ്യന്തര വിൽപ്പന | കയറ്റുമതി | മൊത്തം വിറ്റുവരവ് | നഷ്ടം |
|---|---|---|---|---|
| 2013-14 | 42.3 | 21.2 | 63.5 | 9.4 |
| 2014-15 | 59.4 | 14.4 | 73.8 | 14.4 |
| 2015-16 | 59.1 | 14.6 | 73.7 | 16.4 |
| 2016-17 | 26.2 | 19.6 | 45.8 | 9.9 |
| 2017-18 | 81.5 | 5.3 | 86.8 | 12.6 |
| 2018-19 | 76.5 | 0 | 76.5 | 19.8 |
| 2019-20* | 85.1 | 0 | 85.1 | - |

*അവലംബം - കാപെക്സ്*
* ഓഡിറ്റിന് വിധേയമാണ്

കോടി രൂപയായിരുന്നു. കോവിഡ്–19 നിയന്ത്രണങ്ങൾ കാരണം നടപ്പ് സാമ്പത്തിക വർഷം ഓഗസ്റ്റ് 31, 2020 വരെയുള്ള വിറ്റുവരവ് 23 കോടി രൂപ മാത്രമാണ്. കാപെക്സിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.20 –**ൽ നൽകിയിരിക്കുന്നു. കാപെക്സിന്റെ വിൽപ്പന വിറ്റുവരവ് വിശദാംശങ്ങൾ **പട്ടിക 4.6.9 –**ൽ നൽകിയിരിക്കുന്നു.

### കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കേരള സംസ്ഥാന ഏജൻസി (കെഎസ്എസിസി)

കശുവണ്ടി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നത് ഉറപ്പാക്കുന്നതിനുമായി 2007 ൽ കേരള സർക്കാർ കെഎസ്എസിസി രൂപീകരിച്ചു. കെഎസ്എസിസി 2007–08 മുതൽ 'ഓർഗാനിക് കശുവണ്ടി കൃഷി, അസംസ്കൃത നട്ട് ബാങ്ക് സ്ഥാപിക്കൽ' എന്ന പദ്ധതി ആരംഭിച്ചു. 2019–20 ൽ ഏജൻസി (1,859 ഹെക്ടർ കൃഷി വിസ്തീർണ്ണംവരുന്ന) 4,08,466 എണ്ണം ഗ്രാഫ്റ്റുകൾ കർഷകർക്കും സ്ഥാപനങ്ങൾക്കും വിതരണം ചെയ്തു. 182.7 ഹെക്ടർ വിസ്തീർണ്ണം ഉള്ള ഭൂമിയിൽ, ഉയർന്ന സാന്ദ്രത തൈകൾ നട്ടുപിടിപ്പിക്കുകയും 1384.3 ഹെക്ടർ വിസ്തീർണ്ണം ഭൂമി സാധാരണ നടീലിനു കീഴിൽ കൊണ്ടുവരികയും ചെയ്തു. 2020–21 ൽ സെപ്റ്റംബർ 30 വരെ 700 ഹെക്ടറിൽ നടാവുന്ന 2 ലക്ഷം ഗ്രാഫ്റ്റുകൾ ഏജൻസി വിതരണം ചെയ്തു. രണ്ട് മോഡൽ കശുവണ്ടി ഉദ്യാനങ്ങൾ സംസ്ഥാനത്ത് സ്ഥാപിച്ചു. ഒന്ന് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ പരിസരത്തും മറ്റൊന്ന് തിരുവനന്തപുരത്തെ നെട്ടുകാൽതേരിയിലെ ഓപ്പൺ ജയിലിലുമാണ്.

സർക്കാർ നഴ്സറികളിലെ കശുവണ്ടി ഉത്പാദനം, കശുവണ്ടി കൃഷി ചെയ്യാവുന്ന സ്ഥലത്തിന്റെ സർവേ, ഫീൽഡ് വിസിറ്റ്, കർഷക സമ്പർക്കം, ബോധവൽക്കരണം, പരിശീലനം, , നടീൽ/ വിളവെടുപ്പ്, മേഖലയിലെ തൊഴിലാളികളുടെ ലഭ്യത, ഉൽപന്നങ്ങളുടെ വിപണനം എന്നിവ കോവിഡ്–19 മഹാമാരി കാലഘട്ടത്തിൽ തടസ്സപ്പെട്ടു.

### കേരള സംസ്ഥാന കശുവണ്ടി ബോർഡ് ലിമിറ്റഡ് (കെസിബി)

കേരളത്തിലെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ന്യായമായ വിലയ്ക്ക് അസംസ്കൃത കശുവണ്ടിപ്പരിപ്പ് (ആർസിഎൻ) സംഭരിക്കുക, വിതരണം ചെയ്യുകയെന്ന പ്രധാന ലക്ഷ്യത്തോടെ പ്രത്യേക ഉദ്ദേശ്യയാന വാഹനമായി (എസ്.പി.വി) 2017 ൽ സംസ്ഥാന സർക്കാർ കെസിബി സ്ഥാപിച്ചു. 2019–20 ൽ കേരള കശുവണ്ടി ബോർഡ് 119 കോടി രൂപയ്ക്ക് 13,551 മെട്രിക് ടൺ ആർസിഎൻ സംഭരിച്ചു, ഇത് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻറയും (കെഎസ്സിഡിസി) കേരള സംസ്ഥാന കശുവണ്ടി വർക്കേഴ്സ് അപെക്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും (കാപെക്സ്) കീഴിലുള്ള 40 സംസ്കരണ യൂണിറ്റുകൾ ഉപയോഗിച്ചു. കശുവണ്ടി ബോർഡ് സംഭരിക്കുന്ന കശുവണ്ടിയുടെ വിലയിൽ 2018 സെപ്റ്റംബർ–ഓക്ടോബർ കാലയളവിലെ കിലോയ്ക്ക് 132.50 രൂപ എന്ന വിലയിൽ നിന്നും കാര്യമായ കുറവ് വന്നിട്ടുണ്ട്. ഘാനയിൽ നിന്നും ഉള്ള അവസാനത്തെ ലോട്ട് (ലോട്ട് V) ന്റെ വില 83.69 രൂപ/കിലോയാണ്. അസംസ്കൃത കശുവണ്ടിയുടെ ഇറക്കുമതിയിൽ ഉണ്ടായ ഇടിവ് ആഭ്യന്തര ഉല്പാദന പ്രക്രിയക്ക് ഗുണകരമായി.

കോവിഡ്–19 മഹാമാരി കേരളത്തിലെ സംസ്കരണ മേഖലയെ പ്രതികൂലമായി ബാധിച്ചു. കെഎസ്സിഡിസി, കാപെക്സ് എന്നിവയുടെ മിക്കവാറും എല്ലാ ഫാക്ടറികളും 3 മാസത്തിലധികം അടച്ചിരുന്നു. ലോക്ക് ഡൗൺ മാർഗ്ഗനിർദ്ദേശങ്ങളിൽ ഇളവുകൾ നൽകിയിട്ടും ഫാക്ടറികൾ പ്രവർത്തിക്കുന്നത് 50 ശതമാനം ശേഷിയിൽ മാത്രമായിരുന്നു. അതിനാൽ കെസിബിയുടെ സംഭരണ, ഇറക്കുമതി പ്രവർത്തനങ്ങൾ പ്രതികൂലമായി ബാധിക്കപ്പെട്ടു. തുറമുഖങ്ങൾ, ബാങ്കുകൾ, ഗതാഗത സൗകര്യങ്ങൾ എന്നിവ പ്രവർത്തനരഹിതമായതിനാൽ ടെണ്ടർ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ വിതരണക്കാർ വിമുഖത കാണിച്ചു. ആയതിനാൽ കെസിബി ലിമിറ്റഡിന്റെ ശേഖരണവും ഇറക്കുമതി പ്രവർത്തനങ്ങളും ഇത് ബാധിച്ചു. മാത്രമല്ല, അന്താരാഷ്ട്ര വിപണികളിൽ സംസ്കരിച്ച കശുവണ്ടിയുടെ വില കുറഞ്ഞത് കശുവണ്ടി സംസ്കരണ വ്യവസായത്തിനെ പ്രതികൂലമായി ബാധിച്ചു.

വിളവെടുക്കുന്ന അസംസ്കൃത കശുവണ്ടിയുടെ വിപണി കണ്ടെത്താൻ കഴിയാത്തതിനാൽ കോവിഡ്–19 മഹാമാരി കാരണം കേരളത്തിലെ കശുവണ്ടി കർഷകരും ദുരിതത്തിലായിരുന്നു. സംസ്ഥാനത്തെ കശുവണ്ടി കർഷകരെ സഹായിക്കുന്നതിനായി, കെഎസ്സിഡിസിയും കാപെക്സും ചേർന്ന് പിന്തുണാ വില നിശ്ചയിച്ചാണ് കർഷകരിൽ നിന്ന് അസംസ്കൃത കശുവണ്ടി വാങ്ങിയത്. ഈ സംഭരണ പ്രവർത്തനത്തിനായി കെഎസ്സിഡിസി, കാപെക്സ് എന്നിവയ്ക്ക് സഹായം നൽകുന്നതിന് കെസിബി ലിമിറ്റഡ് കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് 30 കോടി രൂപ ഒറ്റത്തവണ വായ്പ എടുത്തു. ഈ സംരംഭത്തിൽ സംസ്ഥാനത്തെ കശുവണ്ടി കർഷകരിൽ നിന്ന് മൊത്തം 2,743 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ശേഖരിച്ചു.

## ഇന്ത്യൻ കശുവണ്ടി കയറ്റുമതി പ്രോത്സാഹന കൗൺസിൽ (സിഇപിസിഐ)

1955 –ൽ ഇന്ത്യാ ഗവൺമെന്റ് സ്ഥാപിച്ച സിഇപിസിഐയുടെ ലക്ഷ്യം. കശുവണ്ടിയുടെയും കശുവണ്ടി തോട് ദ്രാവകത്തിന്റെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുകയാണ്. കശുവണ്ടി വ്യവസായത്തിന്റെ സജീവ പങ്കാളിത്തത്തോടെ രൂപീകരിച്ച കൗൺസിൽ കശുവണ്ടിയുടെ ഇറക്കുമതിക്കാരും കൗൺസിൽ അംഗങ്ങളായ ആഭ്യന്തര കയറ്റുമതിക്കാരും തമ്മിലുള്ള ഇടനിലക്കാരായി പ്രവർത്തിക്കുന്നു.

2019–20 ൽ ഇന്ത്യയിൽ നിന്ന് അസംസ്കൃത കശുവണ്ടി കയറ്റുമതി 140.46 കോടി രൂപ മൂല്യമുള്ള 15,826 മെട്രിക് ടൺ ആയിരുന്നു. 2012–13 ന് ശേഷം കേരളം അസംസ്കൃത കശുവണ്ടി കയറ്റുമതി ചെയ്യുന്നില്ലായിരുന്നു. എന്നാൽ 2017–18 ൽ 1.12 കോടി രൂപ മൂല്യമുള്ള 92 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി കയറ്റുമതി ചെയ്തിട്ടുണ്ട്. 2019–20 ൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത അസംസ്കൃത കശുവണ്ടി 8,861.58 കോടി രൂപ വില വരുന്ന 9.39 ലക്ഷം മെട്രിക് ടണ്ണായിരുന്നു. 2019–20 ൽ കേരളത്തിന്റെ അസംസ്കൃത കശുവണ്ടി ഇറക്കുമതി 125.51 കോടി രൂപ മൂല്യമുള്ള 13,202 മെട്രിക് ടൺ ആയിരുന്നു. അസംസ്കൃത കശുവണ്ടി കയറ്റുമതിയിലും ഇറക്കുമതിയിലും വർഷങ്ങളായി വലിയ വ്യതിയാനങ്ങൾ ഉണ്ടായത് പ്രധാനമായും സംസ്കരണ വ്യവസായത്തിലെ വ്യാപാരികളുടെ പ്രവർത്തനങ്ങളാലാണ്. അസംസ്തൃത കശുവണ്ടി, സംസ്കരിച്ച കശുവണ്ടി എന്നിവയുടെ അന്താരാഷ്ട്ര വിലയിൽ വലിയ വ്യതിയാനങ്ങളാണ് നിലനിൽക്കുന്നത്. മറ്റ് രാഷ്ട്രങ്ങളിൽ നിന്നും ഇന്ത്യയിൽ സംസ്കരണത്തിനായി ഇറക്കുമതി ചെയ്യപ്പെടുന്ന കശുവണ്ടി കയറ്റുമതിയും ചെയ്യപ്പെടുന്നു. ആയതിനാൽ, മറ്റു രാജ്യങ്ങളിലെ കമ്പോള നിലവാരവും ആഗോള വിപണിയെ ബാധിക്കുന്നു. 2019–20 ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി തോട് ദ്രാവകത്തിന്റെ കയറ്റുമതി 4,606 മെട്രിക് ടണ്ണും (23.1 കോടി രൂപ മൂല്യം) കേരളത്തിൽ നിന്നുള്ള കശുവണ്ടി തോട് ദ്രാവകം കയറ്റുമതി 1 മെട്രിക് ടണ്ണും ( 0.01 കോടി രൂപ മൂല്യം) ആയിരുന്നു.

## കശുവണ്ടി കൊക്കോ വികസന ഡയറക്ടറേറ്റ് (ഡിസിസിഡി)

ഇന്ത്യാ ഗവൺമെന്റിന്റെ കൃഷി, സഹകരണ, കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ വരുന്ന ഓഫീസാണ് ഡിസിസിഡി. രാജ്യത്ത് കശുവണ്ടി, കൊക്കോ വികസന പരിപാടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള സ്ഥാപനമാണിത്. ഈ സ്ഥാപനം. 2019–20 ൽ, പുതിയ തോട്ടം വികസന പരിപാടിയിൽ, കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ സംയുക്ത പരിശ്രമത്തിന്റെ ഫലമായി, 19,688 ഹെക്ടർ അധിക വിസ്തീർണ്ണം കശുവണ്ടി കൃഷിക്ക് വിധേയമാക്കി. എഐഡിഎച്ച്/ആർകെവിവൈ ന് കീഴിൽ ഉയർന്ന വിളവ് ലഭിക്കുന്ന ഇനങ്ങളുടെ സാമ്പത്തിക സഹായവും ഹൈ യീൽഡിംഗ് വെറൈറ്റിയുടെ ക്ലോണിംഗും ഈ സ്ഥാപനം ക്രമീകരിച്ചിട്ടുണ്ട്. ഇത് ഉപയോഗിച്ച്. 2,753 ഹെക്ടർ സ്ഥലത്ത് റീപ്ലാന്റേഷൻ നടത്തി. ആറ് നഴ്സറികൾ സ്ഥാപിക്കുകയും നവീകരിക്കുകയും 45 നഴ്സറികൾ ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനത്തിനും വിതരണത്തിനും അംഗീകാരം നൽകുകയും ചെയ്തു. ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് 400 തൊഴിലില്ലാത്ത സ്ത്രീകൾക്ക് കശുവണ്ടി ആപ്പിൾ ഉപയോഗരീതികളിൽ പരിശീലനം നൽകി.

## വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും

ഭൂമിയുടെമേലുള്ള സമ്മർദ്ദം, ഭൂമിയുടെ പരിധി നിയമങ്ങൾ, ഫംഗസ് രോഗങ്ങളുടെ സാധ്യത, മികച്ച വരുമാനം നൽകുന്ന റബ്ബർ പോലുള്ള, മറ്റു തോട്ട വിളകളിൽ നിന്നുള്ള കടുത്ത മത്സരം, ഉയർന്ന വിളവ് ലഭിക്കുന്ന കശുവണ്ടി ഇനങ്ങളുടെ പ്രചാരക്കുറവ്, ആധുനിക കൃഷിരീതികളുടെ അഭാവം എന്നിവയാണ് കേരളത്തിലെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന വെല്ലു വിളികൾ. മത്സര വിലയിൽ ഉള്ള അസംസ്കൃത അണ്ടിപ്പരിപ്പിന്റെ കുറവ്, ഉയർന്ന സംസ്കരണ ചെലവ്, ആധുനിക സംസ്കരണ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനുള്ള വിലംബം, മറ്റ് രാജ്യങ്ങളിൽ / പ്രദേശങ്ങളിൽ നിന്നുള്ള കടുത്ത മത്സരം തുടങ്ങിയ പ്രശ്നങ്ങൾ കേരളത്തിലെ കശുവണ്ടി സംസ്കരണം അഭിമുഖീകരിക്കുന്നു. അടച്ചിട്ടിരുന്ന സ്വകാര്യമേഖലയിലെ ഫാക്ടറികൾ വീണ്ടും തുറക്കുന്നതും കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതും ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഉപജീവന അവസരങ്ങൾ സംരക്ഷിക്കുക എന്നിവയും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പ്രധാന ഇടപെടലുകൾ ആണ്.

കാർഷിക മേഖലയിലെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, കശുവണ്ടി കൃഷി കൂടുതൽ ലാഭകരമായ ഒരു സംരംഭമായി കാണപ്പെടുന്നു. ഉയർന്ന വിളവ് ലഭിക്കുന്ന ഇനങ്ങൾ, ശാസ്ത്രീയ കൃഷിരീതികൾ, വിപുലീകരണ സേവനങ്ങളുടെ കാര്യത്തിൽ കൂടുതൽ പിന്തുണ, വാണിജ്യ ഉൽപാദനത്തിന്റെ തോത് വളർത്തുക എന്നിവ സംസ്ഥാനത്ത് അസംസ്കൃത കശുവണ്ടി ഉൽപാദനത്തിൽ കൂടുതൽ വളർച്ച വരുത്തും. ന്യായമായ വിലയിലും ഗുണനിലവാരത്തിലും ആഭ്യന്തര ഉൽപാദനം വർദ്ധിക്കുന്നത് ഇറക്കുമതിയിലുള്ള സംസ്ഥാനത്തിന്റെ ആശ്രയം കുറയ്ക്കും. സംസ്കരണത്തിലും മൂല്യവർദ്ധനവിലും ആധുനിക സാങ്കേതികവിദ്യകൾ വേഗത്തിൽ സ്വീകരിക്കുക, ഉൽപാദനച്ചെലവ് കുറയ്ക്കുക,

വികസിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികവിദ്യകളും കശുവണ്ടി ആപ്പിൾ ഉൾപ്പടെ കശുവണ്ടിയിൽ നിന്നുള്ള പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക എന്നിവയാണ്. കേരളത്തിലെ കശുവണ്ടി സംസ്കരണ വ്യവസായം വികസനം ലക്ഷ്യമിടേണ്ട പ്രധാന മേഖലകൾ. 'കേരള കശുവണ്ടി' യുടെ തനിമ നിലനിർത്തുന്നതും പുതിയ വിപണികൾ വികസിപ്പിക്കുന്നതും ഈ വ്യവസായത്തെ അതിന്റെ സാധ്യതകളിലേക്ക് ഉയരാൻ സഹായിക്കും.

അദ്ധ്യായം

# 05

# സേവന മേഖല

അദ്ധ്യായം
05

# സേവന മേഖല

## 5.1 വിവരസാങ്കേതിക വിദ്യ

സമ്പദ്‌വ്യവസ്ഥയുടെ എല്ലാ മേഖലകൾക്കും പ്രയോജനം ഉള്ള ലോകത്തിലെ അതിവേഗം വളരുന്ന വ്യവസായമാണ് ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി. മൊത്ത ആഭ്യന്തര ഉൽപാദനത്തിൽ അതിന്റെ സ്വാധീനം, മാനവ വിഭവശേഷി സ്വാംശീകരിക്കാനുള്ള ശേഷി, നൂതന സാങ്കേതികവിദ്യയിലേക്ക് കൂടുതൽ പ്രവേശനം നൽകാനുള്ള കഴിവ് എന്നിവ കണക്കിലെടുത്ത് ഇൻഫർമേഷൻ ടെക്നോളജി (ഐടി) അല്ലെങ്കിൽ ഇൻഫർമേഷൻ ടെക്നോളജി പ്രാപ്ത മേഖല (ഐടിഇഎസ്) ലോകവ്യാപകമായി സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിന് കാര്യമായ സംഭാവന നൽകിയിട്ടുണ്ട്.

ഇലക്ട്രോണിക്സ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെ (എം.ഇ.ഐ.ടി.വൈ) ദൗത്യം പൗരന്മാരെ ശാക്തീകരിക്കുന്നതിനായി ഇ ഗവേണൻസ് പ്രോത്സാഹിപ്പിക്കുക, ഇലക്ട്രോണിക്സ്, ഐടി, ഐടിഇഎസ് വ്യവസായങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുക, ഇന്റർനെറ്റ് ഭരണത്തിൽ ഇന്ത്യയുടെ പങ്ക് വർദ്ധിപ്പിക്കുക, മാനവ വിഭവശേഷി വികസനം, ഗവേഷണവും വികസനവും നവീകരണവും പ്രോത്സാഹിപ്പിക്കുക, ഡിജിറ്റൽ സേവനങ്ങളിലൂടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, സുരക്ഷിതമായ സൈബർ ഇടം ഉറപ്പാക്കുക തുടങ്ങിയവ ഉൾപ്പെടുന്ന ഒരു ബഹുമുഖ സമീപനം സ്വീകരിക്കുക എന്നതാണ്. ഇന്ത്യ 'ഡിജിറ്റൽ നൈപുണ്യ'ത്തിന്റെ കേന്ദ്രമായി വളരുകയാണ്. ഇന്ത്യയിലെ ഐടി വ്യവസായം രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ഭാഗമാണ്. ദേശീയ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് (എൻഒഎഫ്എൻ) രാജ്യത്തെ 2,50,000 ഗ്രാമപഞ്ചായത്തുകളെ അതിവേഗ ബ്രോഡ്ബാന്റുമായി ബന്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. ലോകത്തിലെ രണ്ടാമത്തെ ടെക് സ്റ്റാർട്ടപ്പ് ഹബ്ബാണ് ഇന്ത്യ. ലോകത്തെ ഏറ്റവും ഉയർന്ന രണ്ടാമത്തെ ഇന്റർനെറ്റ് വരിക്കാരുള്ളതും ഇന്ത്യയിലാണ്. ഇന്ന്, കേരളം ഒരു പ്രധാന ഐടി ലക്ഷ്യ സ്ഥാനമാണ്. നൂതന സംരംഭങ്ങളിലൂടെ പ്രതിബദ്ധതയുള്ളതും കഴിവുള്ളതുമായ മാനവ വിഭവശേഷിയിലൂടെയാണ് ഇത് കൈവരിക്കാനായത്. മികച്ച ജീവിതനിലവാരം, നന്നായി സ്ഥാപിതമായ സർക്കാർ നയങ്ങൾ, കുറഞ്ഞ പ്രവർത്തനച്ചെലവ് എന്നിവ നിക്ഷേപകരെ ഏറ്റവും ഇഷ്ടപ്പെടുന്ന ഐടി ഹബുകളിലൊന്നാക്കി കേരളത്തെ മാറ്റി

ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ സംസ്ഥാന സമ്പദ്ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്ന പ്രധാന മേഖലകളിൽ ഒന്നാണ് വിവര വിനിമയ സാങ്കേതിക വിദ്യ. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ വിവരസാങ്കേതിക വിദ്യയുടെ തന്ത്രപ്രധാന പ്രാധാന്യം സർക്കാർ തിരിച്ചറിഞ്ഞ് സംസ്ഥാനത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ഈ മേഖലയിൽ ഒരുക്കുന്നതിനുമായി ആത്മാർത്ഥമായ നടപടികൾ എടുത്തിട്ടുണ്ട്. വിവര വിനിമയ സാങ്കേതിക വിദ്യ പദ്ധതികൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ, ഇ-സാക്ഷരത പദ്ധതികൾ എന്നിവ നടപ്പാക്കുന്നതിനും ഐ.റ്റി. മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും സംസ്ഥാനത്തെ മുൻപന്തിയിൽ ആക്കുന്നതിന് ഈ നയങ്ങൾ സഹായിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകാൻ ലക്ഷ്യമിടുന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതിയുടെ അന്തിമ അംഗീകാരത്തിലൂടെ കേരള സർക്കാർ ഇൻറർനെറ്റിലേക്കുള്ള പ്രവേശനം അടിസ്ഥാന അവകാശമായി പ്രഖ്യാപിക്കുകയും അവകാശം നടപ്പാക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുകയും ചെയ്തു. ഇന്റർനെറ്റ് കണക്റ്റിവിറ്റിയുടെ അവകാശങ്ങൾക്കനുസൃതമായി, 2 ദശലക്ഷം ബിപിഎൽ കുടുംബങ്ങൾക്ക് കണക്ടിവിറ്റി സൗജന്യമായി നൽകണം. കെ. ഫോൺ പദ്ധതിയുടെ നേരത്തെയുള്ള നടപ്പാക്കലിന് സംസ്ഥാനത്തിന്റെ

സാമ്പത്തിക വികസനം ഒരു പുതിയ തലത്തിലേയ്ക്ക് കൊണ്ടുപോകാൻ സഹായിക്കാനുള്ള കഴിവുണ്ട്, പ്രത്യേകിച്ചും സംസ്ഥാനത്തിന്റെ മാനവ വിഭവ ശേഷിയുടെ ദ്രുതഗതിയിലുള്ള നവീകരണത്തിനും വികസനത്തിനും ഇത് സഹായകമാകുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെയും സംസ്ഥാന പൊതുമേഖലയിലുള്ള കെ.എസ്.ഐ.ടി.ഐ.എൽ ലിമിറ്റഡിന്റെയും വിഭവങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് ദേശീയ, ആഗോള ഇന്റർനെറ്റിലേക്കുള്ള ലിങ്ക് നൽകുന്ന വിവിധ സേവനദാതാക്കളുടെ സേവനം ഉപയോഗപ്പെടുത്തി ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ കാര്യത്തിൽ പ്രത്യേകിച്ചും ലാസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പ് നൽകുന്ന ഒരു നൂതന സംവിധാനമാണ് ഈ പദ്ധതി.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം.), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്– കേരള (ഐ.ഐ.ഐ.റ്റി.എം.കെ), ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ), ഇന്റർനാഷണൽ സെന്റർഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി.ഫോസ് ), കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.), സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി–ഡിറ്റ് ) എന്നിവയാണ് സംസ്ഥാനത്ത് വിവര സാങ്കേതിക പദ്ധതികൾ നടപ്പാക്കുന്ന, വിവരസാങ്കേതിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ.

### കേരളത്തിലെ ഐ.ടി മേഖലയുടെ പ്രകടനം

- 'ഇന്ത്യ ഇന്റർനെറ്റ് 2019' എന്ന് പേരിട്ടിരിക്കുന്ന ഇന്റർനെറ്റ് ആൻഡ് മൊബൈൽ അസോസിയേഷൻ ഓഫ് ഇൻഡ്യ (ഐ.എ.എം.എ.ഐ) റിപ്പോർട്ട് അനുസരിച്ച് രാജ്യത്തെ രണ്ടാമത്തെ ഉയർന്ന നിരക്കാണ് കേരളത്തിന്റെ ഇന്റർനെറ്റ് പെനിട്രേഷൻ (54 ശതമാനം), 69 ശതമാനം പെനിട്രേഷനുമായി ദില്ലി എൻ.സി.ആർ ഒന്നാം സ്ഥാനത്താണ്. കേരളം, തമിഴ്നാട്, ദില്ലി എന്നിവിടങ്ങളിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരാണെന്നും ഈ റിപ്പോർട്ടിൽ പറയുന്നു.
- ഐഎഎംഎഐ പുതിയ റിപ്പോർട്ട് പ്രകാരം, ഇന്ത്യയിൽ നഗര പ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമങ്ങളിലാണ് കൂടുതൽ ഇന്റർനെറ്റ് ഉപയോക്താക്കൾ ഉള്ളത്. ചൈനയ്ക്ക് പിന്നിലായി ഏറ്റവും വലിയ രണ്ടാമത്തെ വലിയ ഉപയോക്തൃ വിപണിയായി ഇന്ത്യ മാറി.
- ലോകത്തെ ഒന്നാം നമ്പർ പബ്ലിക് ബിസിനസ് ആക്സിലറേറ്ററായി കെഎസ്‌യുഎമ്മിന് അന്താരാഷ്ട്ര അംഗീകാരവും ഇന്ത്യൻ സർക്കാരിന്റെ സ്റ്റേറ്റ് സ്റ്റാർട്ടപ്പ് 2019 പട്ടികയിൽ ടോപ് പെർഫോമറായി (ടോപ് 3) ദേശീയ അംഗീകാരവും ലഭിച്ചു.
- 2020 ൽ ഇതുവരെ 399 സ്റ്റാർട്ടപ്പുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തു, കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 18 ശതമാനം വളർച്ച കൈവരിച്ചു. നിലവിൽ സ്റ്റാർട്ടപ്പുകളിൽ 5,477 സജീവ സ്റ്റാർട്ടപ്പുകളുമായി മഹാരാഷ്ട്ര ഒന്നാമതാണ്. 1,292 സജീവ സ്റ്റാർട്ടപ്പുകളുമായി കേരളം ഒമ്പതാം സ്ഥാനത്താണ്.
- കേരള സ്റ്റാർട്ട് അപ്പ് മിഷൻ വിവിധ സാങ്കേതിക മേഖലകൾക്കായി സമർപ്പിത സൗകര്യങ്ങളോടെ കൊച്ചിയിൽ 1.80 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള വിശാലമായ സമുച്ചയമായ ഇന്റഗ്രേറ്റഡ് സ്റ്റാർട്ട് അപ്പ് കോംപ്ലക്സ് 2019 ജനുവരിയിൽ ആരംഭിച്ചു.
- കേരള സ്റ്റാർട്ട് അപ്പ് മിഷന്റെയും അതിന്റെ നിരവധി പ്രത്യേക പങ്കാളിത്ത ഓർഗനൈസേഷനുകളുടെയും ബാനറിൽ, നിലവിൽ 2,500 ൽ അധികം രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾ 4 ലക്ഷം ചതുരശ്ര അടിയിലധികം ഇൻകുബേഷൻ സ്ഥലവും 1,500 കോടി ബാഹ്യ നിക്ഷേപവും, 1,00,000 കോടി രൂപയുടെ മൂല്യവും, 25,000 തൊഴിലവസരങ്ങളും സൃഷ്ടിച്ചു.
- ഇന്റർനെറ്റ് ആക്സസ്സ് അവകാശമാക്കി മാറ്റിയ ആദ്യത്തെ സംസ്ഥാനമാണ് കേരളം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുന്നതിനായി കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക് (കെ – ഫോൺ) പദ്ധതി കേരള സർക്കാർ ആരംഭിച്ചു.
- 7,547 പേർക്ക് തൊഴിൽ നൽകിക്കൊണ്ട് സംസ്ഥാനത്തുടനീളം 2,706 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.
- ഇന്ത്യ സ്മാർട്ട് ഗ്രിഡ് ഫോറം (ഐഎസ്ജിഎഫ് ) ഐഐഐടിഎംകെയുടെ മേക്കർ വില്ലേജിന് "സ്മാർട്ട് ഇൻകുബേറ്റർ ഓഫ് ദി ഇയർ– 2020"പദവി നൽകി .
- 1,000 വൈ–ഫൈ ഹോട്ട്സ്പോട്ടുകളുടെ രണ്ടാം ഘട്ട ഇൻസ്റ്റാളേഷൻ പൂർത്തിയായി. 15 ലക്ഷത്തോളം അദ്വിതീയ മൊബൈൽ ഉപയോക്താക്കൾ ഈ സൗകര്യം ഉപയോഗിക്കുന്നു. പ്രതിദിനം ഡാറ്റ ഉപഭോഗം 8 ടിബി വരെയാണ്.
- സൈബർ പാർക്ക് ഇന്റർനെറ്റ്, മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ (ഐഎഎംഎഐ) യുമായി സഹകരിച്ച് കേരളത്തിൽ ആദ്യമായി ആപ്പ് ഇൻകുബേഷൻ ഹബ് വികസിപ്പിച്ചെടുത്തു.
- സ്റ്റാർട്ടപ്പുകളെക്കുറിച്ചുള്ള നാസ്കോം റിപ്പോർട്ട് അനുസരിച്ച് ഗുജറാത്ത് ഏറ്റവും മികച്ച പ്രകടനം

കാഴ്ചവെച്ചപ്പോൾ കർണാടകയും കേരളവും മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചു.

- ആധാർ എൻറോൾമെൻറിനും ആധാർ വിശദാംശങ്ങളിൽ മാറ്റം വരുത്തുന്നതിനും സഹായിക്കുന്നതിനായി നിലവിൽ 900 ഓളം സ്ഥിര എൻറോൾമെന്റ് സെന്ററുകളും അക്ഷയ സിഎസ്‌സികളുടെ 1,500 ചൈൽഡ് എൻറോൾമെന്റ് സെന്ററുകളും ഉണ്ട്.
- ടെക്നോസിറ്റിയിലെ ഐഐഐടിഎംകെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കാമ്പസിന് മൊത്തം 48,161 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ട്.
- മൂന്ന് ഐടി പാർക്കുകളിലായി പ്രവർത്തിക്കുന്ന 923 കമ്പനികളിലൂടെ 196 ലക്ഷം ചതുരശ്ര അടി സ്ഥലം, 4,982.1 കോടി നിക്ഷേപം, 22,204.57 കോടി വിറ്റു വരവ്, 1,09,740 തൊഴിലവസരങ്ങൾ എന്നിവ സൃഷ്ടിച്ചു.
- 7 നിലകളുള്ള (ജി 6) മൾട്ടി ലെവൽ കാർ പാർക്കിംഗിന്റെ നിർമ്മാണവും രണ്ടാം ഘട്ട ഇൻഫോപാർക്ക് കാമ്പസിൽ 450 കാറുകൾ പാർക്ക് ചെയ്യാനുള്ള സൗകര്യത്തിന്റെ നിർമ്മാണവും പൂർത്തിയായി.
- കേരളത്തിലെ ഏറ്റവും വലിയ എംപ്ലോയ്മെന്റ് ബേസ് കാമ്പസായി ടെക്നോപാർക്ക് മാറി. ടെക്നോപാർക്ക് മൂന്നാം ഘട്ടം ആരംഭിച്ചതോടെ 380 ഏക്കർ സ്ഥലവും 9.7 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയുമുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കായി ഇത് മാറി.
- ഐടി കമ്പനികൾക്ക് ഒരു ആശ്വാസമെന്ന നിലയിൽ, 10,000 ചതുരശ്ര അടിയിൽ താഴെയുള്ള കമ്പനികൾക്ക് മൂന്ന് മാസത്തെ വാടക ഇളവ് പ്രാബല്യത്തിൽ വരും. ലോക്ക് ഡൗൺ, കണ്ടെയ്നർ സോൺ നിയന്ത്രണങ്ങൾ എന്നിവ കാരണം, കമ്പനികൾ 2020 മാർച്ച് അവസാനം മുതൽ എല്ലാ ജീവനക്കാരും വർക്ക് ഫ്രം ഹോം തിരഞ്ഞെടുത്തു.

## ഐടി മേഖലയിൽ കോവിഡ്-19 ന്റെ സ്വാധീനം

കോവിഡ്-19 ഐടി മേഖലയിൽ ചെലുത്തിയ സ്വാധീനവും ഈ മേഖല നൽകിയ പ്രതികരണ നടപടികളും വളരെ പ്രാധാന്യമർഹിക്കുന്നു. കോവിഡ് 19 ന്റെ അഭൂതപൂർവമായ വ്യാപനം കാരണം ദൈനംദിന ബിസിനസ്സ് പ്രവർത്തനങ്ങൾ, പ്രോജക്റ്റ് ഡെലിവറികൾ, ഭൂരിഭാഗം ഐടി കമ്പനികളുടെ വരുമാന സ്ട്രീമുകൾ എന്നിവയെ സാരമായി ബാധിച്ചു. ലോക്ക്ഡൗൺ, കണ്ടെയ്മെന്റ് സോൺ നിയന്ത്രണങ്ങൾ എന്നിവ കാരണം 2020 മാർച്ച് അവസാനം മുതൽ കമ്പനികൾ എല്ലാ ജീവനക്കാർക്കും വർക്ക് ഫ്രം ഹോം ഓപ്ഷൻ നൽകി. കഴിഞ്ഞ 6 മാസത്തിൽ സൈബർപാർക്കിലെ ജീവനക്കാരുടെ ശരാശരി ഉൽപാദനക്ഷമത 70–85% ആയിരുന്നു. ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ, കണക്റ്റിവിറ്റി എന്നിവ സ്ഥാപിക്കുന്നതിൽ വെല്ലുവിളിയുണ്ടായിരുന്നെങ്കിലും സാധാരണ രീതികളോട് പൊരുത്തപ്പെടാൻ സാധിക്കുകയും ശരിയായ മോണിറ്ററിംഗ് സംവിധാനം സജ്ജമാക്കുകയും ചെയ്തതിനാൽ യൂണിറ്റുകൾക്ക് പ്രാരംഭ രണ്ട് മാസം നിർണായകമായിരുന്നു. നഷ്ടം കുറയ്ക്കുന്നതിനായി, സൈബർപാർക്കിലെ 4,046 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്ഥലത്തെ 2 യൂണിറ്റുകൾ അടച്ചു. കോവിഡ്-19 മൂലം അവരുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും നിർത്തലാക്കുകയും മറ്റു 2 യൂണിറ്റുകൾ വിപുലീകരണ പദ്ധതികൾ (4,529 ചതുരശ്ര അടി) നടത്തുകയും ചെയ്തു. പാൻഡെമിക് സമയത്ത് 4 പുതിയ കമ്പനികൾക്ക് സ്ഥലം അനുവദിക്കാൻ സൈബർപാർക്കിന് കഴിഞ്ഞു, കൂടാതെ അവർ 8,094 ചതുരശ്ര അടി വിസ്തീർണ്ണത്തിലായി വ്യാപിച്ച് കിടക്കുന്ന സ്ഥലം ഏറ്റെടുത്തു.

**ബോക്സ് 5.1.1** ഡിജിറ്റൽ യൂണിവേഴ്സിറ്റി

ജനുവരി 9, 2020 ലെ ഓർഡിനൻസ് പ്രകാരം, കേരള സർക്കാർ ഐഐഐടിഎംകെ യെ "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി" ആയി ഉയർത്തി. ടെക്നോസിറ്റിയിലെ ഐഐഐടിഎംകെയുടെ പുതിയ കാമ്പസിൽ സർവകലാശാല പ്രവർത്തനം ആരംഭിച്ചു, 2021 ജനുവരിയിൽ ഉദ്ഘാടനം ചെയ്യപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യകൾ, ശാസ്ത്രം, മാനവികത എന്നീ മേഖലകളിൽ വിദ്യാഭ്യാസം, ഗവേഷണം, വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി ആഗോള പ്രശസ്തിയുടെ സവിശേഷമായ ഒരു കേന്ദ്രമായി മാറാൻ സർവകലാശാല വിഭാവനം ചെയ്യുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിംഗ്, ഇൻറർനെറ്റ് ഓഫ് തിംഗ്സ്, ഇലക്ട്രോണിക് സിസ്റ്റംസ്, ഓട്ടോമേഷൻ, ഇമേജിംഗ് ടെക്നോളജീസ്, ഡാറ്റാ അനലിറ്റിക്സ് ആൻഡ് ബിഗ് ഡാറ്റ, സൈബർ സെക്യൂരിറ്റി, ബ്ലോക്ക് ചെയിൻ, ഇക്കോളജിക്കൽ ഇൻഫോർമാറ്റിക്സ്, ജിയോസ്പേഷ്യൽ അനലിറ്റിക്സ് എന്നീ മേഖലകളിൽ മാസ്റ്റേഴ്സ്, ഡോക്ടറേറ്റ് പ്രോഗ്രാമുകളിൽ ശേഷി വർദ്ധിപ്പിക്കുകയാണ് സർവകലാശാല ലക്ഷ്യമിടുന്നത്. പുതിയ സർവകലാശാല തുടക്കത്തിൽ അക്കാദമിക്, ഗവേഷണ തലങ്ങളിൽ 200 ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

ചെലവ് കുറയ്ക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചു, ഇത് എച്ച്ആർ ഒപ്റ്റിമൈസേഷനിലേക്കും നയിക്കുന്നു. ഐടി കമ്പനികൾക്ക് ഒരു ആശ്വാസമെന്ന നിലയിൽ, 10,000 ചതുരശ്ര അടിയിൽ താഴെ സ്ഥലം എടുത്ത കമ്പനികൾക്ക് മൂന്ന് മാസത്തെ വാടക ഇളവ് നൽകുകയും 5% വാർഷിക വാടക വർദ്ധനവ് 2021 മാർച്ച് വരെ മരവിപ്പിക്കുകയും ചെയ്തു.

സ്ഥാപനങ്ങൾക്ക് ഉണ്ടായ വരുമാനനഷ്ടം പ്രധാനമായും നിലവിലുള്ള പദ്ധതികൾ മാറ്റിവെച്ചതും, നിലവിലുള്ള പ്രോജക്ടുകൾ നിർത്തിവെച്ചതും എന്നിവ മൂലമുണ്ടാകുന്ന നഷ്ടമാണ്. ഇന്റർനെറ്റ് കണക്റ്റിവിറ്റി, അതിനുശേഷം വൈദ്യുതി തടസ്സങ്ങൾ, സുരക്ഷാ ഭീഷണികൾ, ഹാർഡ്‌വെയർ പ്രശ്നങ്ങൾ എന്നിവയാണ് 'വീട്ടിൽ നിന്നുള്ള ജോലി' മോഡിലെ പ്രധാന പ്രശ്നങ്ങൾ. ക്ലയന്റ് മീറ്റിംഗുകളും ക്ലയൻറ് സന്ദർശനങ്ങളും റദ്ദാക്കപ്പെടുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടായിരുന്നു. ക്ലയൻറ് പേയ്മെന്റുകൾ മാറ്റിവയ്ക്കുകയും അപ്രതീക്ഷിതമായി പ്രോജക്റ്റ് റദ്ദാക്കലുകൾ നടത്തുകയും ചെയ്യുന്നു.

## ഐടി മേഖലയിലെ ഏജൻസികളുടെ പ്രകടനം

സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് ഐടി വ്യവസായം വിപുലീകരിക്കാൻ സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്നു. ഒരു ഹബ്ബും സ്പോക്ക് മോഡലും ആസൂത്രണം ചെയ്തു. തിരുവനന്തപുരം (ടെക്നോപാർക്ക്), കൊച്ചി (ഇൻഫോപാർക്ക്), കോഴിക്കോട് (സൈബർ പാർക്ക്) എന്നിവ കേന്ദ്രങ്ങളായി പ്രവർത്തിക്കും, ശേഷിക്കുന്ന ജില്ലകൾ സ്പോക്കുകളായിരിക്കും.

ഐ.റ്റി പശ്ചാത്തല സൗകര്യങ്ങൾക്കും ഐ.റ്റി.ഇ.എസ്, ഇ- ഗവണൻസ് പ്രവർത്തനങ്ങൾക്കും ഈ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാരിന്റെ 2019-20 ബജറ്റിൽ 574.38 കോടി രൂപ നൽകിയിട്ടുണ്ട് കൂടാതെ, ഇതിൽ, 236.16 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (41.11 ശതമാനം). 2020-21 വാർഷിക പദ്ധതിയിൽ, 500.10 കോടി രൂപ ഈ മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്.

**പട്ടിക 5.1.1** പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ)

| ക്രമ നം | വകുപ്പ്/പദ്ധതി | വാർഷിക പദ്ധതി 2018-19 | | വാർഷിക പദ്ധതി 2019-20 | | വാർഷിക പദ്ധതി 2020-21 | |
|---|---|---|---|---|---|---|---|
| | | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് |
| 1 | കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ (കെ.എസ്.ഐ.റ്റി.എം) | 147.48 | 104.94 | 144.14 | 79.02 | 124.14 | 7.17 |
| 2 | ടെക്നോപാർക്ക് | 84.00 | 23.27 | 84.00 | 33.14 | 2.00 | 0.07 |
| 3 | ഇൻഫോപാർക്ക് | 67.05 | 33.58 | 67.05 | 26.06 | 10.00 | 8.16 |
| 4 | സൈബർപാർക്ക് | 25.69 | 7.13 | 22.69 | 0.58 | 0.01 | 0.00 |
| 5 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (ഐ.ഐ.ഐ.റ്റി.എം.കെ) | 65.50 | 6.98 | 15.50 | 4.94 | 64.20 | 8.49 |
| 6 | സ്റ്റാർട്ടപ്പ് മിഷൻ | 80.00 | 44.20 | 80.00 | 38.57 | 73.50 | 13.97 |
| 7 | കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ) | 52.37 | 24.00 | 148.00 | 48.12 | 212.75 | 77.29 |
| 8 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി - കോട്ടയം | 24.50 | 6.25 | 0.00 | 0.00 | 0.00 | 0.00 |
| 9 | സി-ഡിറ്റ് | 6.00 | 5.12 | 7.00 | 0.73 | 6.00 | 5.72 |
| 10 | ഐ.സി. ഫോസ് | 5.00 | 7.50 | 6.00 | 5.00 | 7.50 | 1.75 |
| 11 | ഹാർഡ് വെയർ മിഷൻ | 30.00 | 6.11 | 0.00 | 0.00 | | |
| | ആകെ | 587.59 | 269.08 (45.8%) | 574.38 | 236.16 (41.1%) | 500.10 | 139.16 (27.8%) |

*അവലംബം: ബഡ്ജറ്റ് എസ്റ്റിമേറ്റ്*

പദ്ധതി വിഹിതത്തിന്റെയും ചെലവാക്കിയ തുകയുടെയും വിശദാംശങ്ങൾ **പട്ടിക 5.1.1**–ൽ നൽകിയിരിക്കുന്നു.

## കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം)

കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ വിവര സാങ്കേതിക വകുപ്പിന്റെ കീഴിൽ വരുന്ന ഒരു സ്വയംഭരണ ഐ.റ്റി നിർവ്വഹണ ഏജൻസിയാണ്. വകുപ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം ഈ സ്ഥാപനം നൽകുന്നു. ഐ.സി.ടി അനുബന്ധ നയങ്ങൾ, മാർഗ്ഗരേഖകളും മാനദണ്ഡങ്ങളും എന്നിവയുടെ വികസനം ഗവൺമെന്റ് സ്ഥാപനങ്ങൾക്കുള്ള ഐ.സി.ടി ഫെസിലിറ്റേഷൻ, ഡിജിറ്റൈസേഷൻ പ്രയത്നങ്ങളിൽ സംസ്ഥാന വകുപ്പുകൾക്കുള്ള പിന്തുണയും മാർഗ്ഗ നിർദ്ദേശവും, സർക്കാരിനും വ്യവസായത്തിനും ഇടയിലുള്ള മധ്യവർത്തിയായി പ്രവർത്തിക്കുക, കാര്യശേഷി വികസനത്തിന് മുൻകൈ എടുക്കുക, ഡിജിറ്റൽ വിടവ് നികത്തുക, ഐ.ടി ഇൻഫ്രാസ്ട്രക്ചർ സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുക, വിവിധ ഇ-ഗവേണൻസ് സംരംഭങ്ങൾ ഏറ്റെടുക്കുക തുടങ്ങി വൈവിധ്യമാർന്ന റോളുകൾ കെ.എസ്.ഐ.ടി.എം നിർവ്വഹിക്കുന്നു. "സിറ്റിസൺ ഫസ്റ്റ്" എന്ന സമീപനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഡിജിറ്റൽ സേവനങ്ങൾ ഏറ്റവും മികച്ച രീതിയിൽ പൗരൻമാർക്ക് നൽകുക എന്നതാണ് കെ.എസ്.ഐ.ടി.എമ്മിന്റെ കാതലായ പ്രവർത്തനം. ഈ സജീവമായ നയങ്ങളുടെയും പദ്ധതികളുടെയും ഫലമായി, ഒരു "ഡിജിറ്റൽ സംസ്ഥാനം" എന്നതിലേക്കുള്ള പരിവർത്തന യാത്രയിൽ കേരളം വലിയ പുരോഗതി നേടി.

## പ്രധാന അവാർഡുകളും അംഗികാരങ്ങളും

നാഷണൽ ഇഗോവ് അവാർഡ് 2020, എലറ്റ്സ് ഇ ഇന്ത്യ അവാർഡ് 2020, എൻസിഇജി അവാർഡ് 2019, ഗവേണൻസ് നൗ അവാർഡ് 2019, ഡിജിറ്റൽ ഇന്ത്യ അവാർഡ് 2019, സ്കോച്ച് അവാർഡ് 2019, ടെക്ജ്ഞ 2019 എന്നിവയാണ് കെ.എസ്.ഐ.റ്റി.എം ന് ലഭിച്ച ചുരുക്കം ചില അവാർഡുകൾ.

## കെ.എസ്.ഐ.റ്റി.എം.ന്റെ പ്രധാന പ്രവർത്തനങ്ങൾ

സേവനങ്ങൾ നൽകുന്നതിൽ സുതാര്യതയും വിശ്വാസ്യതയും ഉത്തരവാദിത്വവും ഉറപ്പാക്കി സദ്ഭരണം നടപ്പാക്കുന്നതിനുള്ള ഒരു പ്രധാന ഉപാധിയാണ് ഇന്ന് ഇ-ഗവേണൻസ്. ഇ-സാക്ഷരതാ പദ്ധതി, ഇ-ഗവേണൻസ്, മൊബൈൽ ഗവേണൻസ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലും പ്രധാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും കേരളം മുൻ നിരയിൽ നിൽക്കുന്നു.

**പബ്ലിക് വൈ ഫൈ:** സംസ്ഥാനത്തെ പൗരൻമാർക്ക് സൗജന്യമായി ഇന്റർനെറ്റ് നൽകുന്നതിനായി സംസ്ഥാനത്തുടനീളം 2,000 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു സൗജന്യ വൈ-ഫൈ പ്രോജക്ടാണ് പബ്ലിക് വൈ-ഫൈ. പ്രോഗ്രാമിന്റെ ഇപ്പോഴത്തെ അവസ്ഥ;

- 1000 വൈ-ഫൈ ഹോട്ട്സ്പോട്ടുകളുടെ രണ്ടാം ഘട്ട ഇൻസ്റ്റാളേഷൻ പൂർത്തിയായി
- ഓരോ മൊബൈൽ നമ്പറിനും ദിവസേന പൗരന്മാർക്ക് 1 ജിബി ഡാറ്റ സൗജന്യമാണ്
- 15 ലക്ഷത്തോളം അദ്വിതീയ മൊബൈൽ ഉപയോക്താക്കൾ ഈ സൗകര്യം ഉപയോഗിക്കുന്നു
- പബ്ലിക് വൈ-ഫൈയുടെ പ്രവർത്തനങ്ങൾക്കും മാനേജ്മെന്റ് ചാർജുകൾക്കുമായുള്ള പേയ്മെന്റ് പുറത്തിറക്കി
- പ്രതിദിനം 88,000 സെഷനുകളും പ്രതിദിനം 8 ടിബി ഡാറ്റ ഉപയോഗവും വരെ
- ഘട്ടം 1 നും II നും ഇടയിൽ ഉപയോക്താക്കൾ പ്രതിദിനം 13,000 ൽ നിന്ന് 47,000 ആയി ഉയർന്നു.

**ഇ-ഓഫീസ്:** ഓഫീസ് നടപടി ക്രമങ്ങൾ ഇലക്ട്രോണിക് ആയി നടപ്പാക്കുന്നതിലൂടെ ഡിജിറ്റൽ വിനിമയത്തിന്റെ ഗുണഫലങ്ങൾ ഉപയോഗിച്ചു കൊണ്ട് സർക്കാർ ഓഫീസുകൾ പേപ്പർ രഹിത ഓഫീസുകളായി പരിവർത്തനം ചെയ്യുകയും ആശയവിനിമയം വഴി വേഗത്തിൽ തീരുമാനമെടുക്കുന്നതുമാണ് ഇ-ഓഫീസ് ലക്ഷ്യമിടുന്നത്. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും 66 ഡയറക്ടറേറ്റുകളിലും/ കമ്മീഷണറേറ്റുകളിലും / മറ്റു ഗവൺമെന്റ് ഓഫീസുകളിലും / എല്ലാ കളക്ടറേറ്റുകളിലും 17 കളക്ടറേറ്റ് / ആർ ഡി ഒ കളിലുമായി ഇ-ഓഫീസ് നടപ്പാക്കി കഴിഞ്ഞു. വരും വർഷങ്ങളിൽ താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും തുടങ്ങി താഴെ തട്ടുവരെ ഇ-ഓഫീസ് നടപ്പാക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. പ്രതിമാസം ഇ - ഫയൽ നീക്കം 5 ലക്ഷത്തിൽ കൂടുതലാണ്. 30,000 ത്തിലധികം അന്തിമ ഉപയോക്താക്കൾക്ക് ഇ-ഓഫീസിലെ പരിശീലനം നൽകി. 2019-20 ൽ 13 ആർഡിഒ / താലൂക്ക് / ഡയറക്ടറേറ്റ് / മറ്റ് ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പാക്കി. 2019 ജൂണിൽ, പരിശീലനം, പിന്തുണ, സിസ്റ്റം അഡ്മിനിസ്ട്രേഷൻ എന്നിവ ഏറ്റെടുക്കുന്നതിന് ഇ-ഓഫീസ് നടപ്പാക്കലിന്റെയും പിന്തുണയുടെയും ഉൽപാദനക്ഷമതയും ആശയവിനിമയവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി, സർക്കാർ തീരുമാനമനുസരിച്ച്, സാങ്കേതിക വിഭവങ്ങളും സിസ്റ്റം അഡ്മിനിസ്ട്രേഷനും എൻഐസിയിൽ നിന്ന് കെഎസ്ഐടിഎമ്മിലേക്ക് മാറ്റി.

**അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ:** കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെസ് വാൻ), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്(സെക്വാൻ), സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ്

സർവ്വീസ് ഡെലിവറി ഗേറ്റ് വേ എന്നിവയാണ് സംസ്ഥാനത്തെ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള പ്രധാന അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ.

സംസ്ഥാനത്തെ 14 ജില്ലകളെയും 152 ബ്ലോക്ക് പഞ്ചായത്തുകളെയും 63 മിനി സിവിൽ സ്റ്റേഷനുകളെയും സംസ്ഥാനത്തുടനീളമുള്ള റവന്യൂ ടവറുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കെസ്വാൻ ആണ് സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ (എസ്.ഐ.ഐ) നട്ടെല്ല്. സംസ്ഥാനത്തെ നാലായിരത്തോളം സർക്കാർ വകുപ്പുകളെ വയർലെസ്സിലൂടെയും മറ്റനവധി ലീസ്ഡ് ലൈൻ, ലാൻ എന്നിവയിലൂടെയും ഈ ശൃംഖല ബന്ധിപ്പിക്കുന്നു. ഐടി പ്രാപ്തമാക്കിയ സേവനങ്ങളുടെ ഗുണനിലവാരവും ലഭ്യതയും മെച്ചപ്പെടുത്തുന്നതിനുള്ള ദർശനത്തോടെ സർക്കാർ സെക്രട്ടേറിയറ്റിൽ സ്റ്റേറ്റ് ഓഫ് ദി ആർട്ട് ഒഎഫ്സി അധിഷ്ഠിത നെറ്റ്വർക്ക് ആർക്കിടെക്ചർ സ്ഥാപിക്കാൻ സെക്വാൻ ലക്ഷ്യമിടുന്നു. സംസ്ഥാന ഡാറ്റാ സെന്ററുകൾ (എസ്ഡിസി) സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് ചട്ടക്കൂടിന്റെ ഹൃദയഭാഗത്താണ്, സർക്കാർ സ്ഥാപനങ്ങളുടെ വിവിധ ആപ്ലിക്കേഷനുകളും വെബ്സൈറ്റുകളും ഹോസ്റ്റുചെയ്യുകയും അനുബന്ധ സേവനങ്ങൾ നൽകുകയും ചെയ്യുന്നു. വിവരദായകവും ഇടപാടുകളുമായ സർക്കാർ സേവനങ്ങൾക്കായി പൗരന്മാർക്ക് 'ഒരു സ്റ്റോപ്പ് കേന്ദ്ര' നൽകുക എന്നതാണ് സ്റ്റേറ്റ് പോർട്ടലിന്റെയും എസ്എസ്ഡിജി പദ്ധതിയുടെയും ലക്ഷ്യം. കേരള സ്റ്റേറ്റ് പോർട്ടൽ https://kerala.gov.in സർവീസസ് ഗേറ്റ്വേ (എസ്എസ്ഡിജി) വഴി തിരിച്ചുവിടുന്ന സർക്കാരുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും വകുപ്പുതല സേവനങ്ങളും നൽകുന്നു. കേരള സർക്കാരിൽ നിന്നുള്ള എല്ലാ ഉള്ളടക്കങ്ങളും ഉൾക്കൊള്ളുന്നതിനായി വിവിധ പങ്കാളികളുമായും ബുദ്ധിജീവികളുമായും സംവദിച്ചാണ് നൂറോളം പുതിയ പേജുകൾ ഉൾപ്പെടുത്തി വെബ്സൈറ്റുകൾക്കായുള്ള ജിഐഐ മാർഗ്ഗനിർദ്ദേശങ്ങളും സ്റ്റേറ്റ് പോർട്ടൽ ഫ്രെയിംവർക്ക് മാർഗ്ഗനിർദ്ദേശങ്ങളും തൃപ്തിപ്പെടുത്തുന്നതിലൂടെ ഒരു പുതിയ വെബ്സൈറ്റ് ലേഔട്ട് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

**ഇ ഡിസ്ട്രിക്റ്റ്:** ദേശീയ ഇ-ഗവേണൻസ് പദ്ധതിക്ക് കീഴിലുള്ള സ്റ്റേറ്റ് മിഷൻ മോഡ് പ്രോജക്റ്റ്, ജില്ലാതലത്തിൽ ഉയർന്ന അളവിലുള്ള സേവനങ്ങൾ എത്തിക്കുന്നതിനും അക്ഷയ വഴി ഈ സേവനങ്ങളുടെ ഓൺലൈൻ ലഭ്യത പ്രാപ്തമാക്കുന്നതിനും ബാക്ക് എൻഡ് കമ്പ്യൂട്ടറൈസേഷൻ ഏറ്റെടുക്കുന്നതിനും ലക്ഷ്യമിടുന്നു. 2019-20 കാലയളവിൽ ആകെ ലഭിച്ച അപേക്ഷ 83,60,940 ആണ്. ഇതിൽ 76,30,945 അപേക്ഷകൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല, നിരസിച്ച അപേക്ഷകളുടെ എണ്ണം 61,026 ആണ്. ഇ-ഡിസ്ട്രിക്റ്റ് പ്രോജക്റ്റിന്റെ ഇപ്പോഴത്തെ അവസ്ഥ:

- സംസ്ഥാനത്തുടനീളം 25 റവന്യൂ സർട്ടിഫിക്കറ്റ് സേവനങ്ങൾ നടപ്പിലാക്കി.
- വിവരാവകാശ നിയമവും പൊതു പരാതി സേവനങ്ങളും.
- ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിലൂടെ ഓൺലൈൻ യൂട്ടിലിറ്റി ബിൽ പേയ്മെന്റ് സംവിധാനങ്ങൾ.
- ബ്രോഡ്ബാൻഡ് സേവനങ്ങളിൽ നിന്ന് എഫ്ടിടിഎച്ചിലേക്ക് സാധ്യമായ സ്ഥലങ്ങളിൽ മൈഗ്രേറ്റുചെയ്തു.

**എം. കേരളം:** വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ട് വരുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷനാണ് എം. കേരളം.

**ഇ-ഗവൺമെന്റ് പ്രൊക്യുയർമെന്റ് (ഇ.ജി.പി):** 54 സർക്കാർ വകുപ്പുകളും 335 പൊതുമേഖലാസ്ഥാപനങ്ങളും/സ്വയംഭരണ സ്ഥാപനങ്ങളും/സർക്കാർ ഏജൻസികളും ഉപയോഗിക്കുന്ന ഒരു പൊതു പ്രൊക്യുയർമെന്റ് സംവിധാനമാണ് ഇ-ഗവൺമെന്റ് പ്രൊക്യുയർമെന്റ് (ഇ.ജി.പി). 2019-20 കാലയളവിൽ 1,13,303 ടെൻഡറുകൾ ഈ പ്ലാറ്റ്ഫോം ഉപയോഗിച്ച് നീക്കി. ടെൻഡറുകളുടെ മൊത്തം മൂല്യം 39,848 കോടി രൂപയാണ്. 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ എണ്ണം 1,027 ആണ്. 2019-20 കാലയളവിൽ 617 ഓഫീസുകൾ ഇ-പ്രൊക്യൂർമെന്റ് സിസ്റ്റത്തിലേക്ക് കുടിയേറി. ഇ-പ്രൊക്യൂർമെന്റ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥർ 2,769 ആയിരുന്നു.

**ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ:** 14 ജില്ലാ ആസ്ഥാനങ്ങളിലും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 148.1 കോടി രൂപയും 2019-20 കാലയളവിൽ 126.87 കോടി രൂപയും സർക്കാരിലേക്ക് വരുമാനം നേടിക്കൊടുക്കുകയും ചെയ്തു. പൗരൻമാർക്ക് അധിക ചെലവുകളില്ലാതെ സർക്കാരിലേക്കുള്ള എല്ലാ നികുതികളും മറ്റു കുടിശ്ശികകളും ഒരു കുടക്കീഴിൽ നൽകാനുള്ള അവസരം അക്ഷയ കേന്ദ്ര വഴി ഉറപ്പാക്കുന്നുണ്ട്. ശരാശരി 1,000-1,050 ആളുകൾ ദിനംപ്രതി ഇവിടം സന്ദർശിക്കാറുണ്ട്. ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ വികസിപ്പിച്ച നിലവിലുള്ള ഫ്രീസ് (ഫ്രണ്ട്സ് റീ-എഞ്ചിനീയറിംഗ് എന്റർപ്രൈസ് പ്രാപ്തമാക്കിയ സിസ്റ്റം) എന്ന സോഫ്റ്റ്വെയർ മാറ്റിസ്ഥാപിക്കുന്നതിനും കൂടുതൽ സൗകര്യങ്ങളുള്ള ഓൺലൈൻ സേവനങ്ങൾ സുഗമമാക്കുന്നതിനുള്ള ഒരു പുതിയ സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുണ്ട്.

**അക്ഷയ:** വിവര സാങ്കേതിക രംഗത്തെ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെ അക്ഷയ നവംബർ 18, 2002 -ന് ഒരു നൂതന സംരംഭമായി ആരംഭിച്ചു. പൊതു സ്വകാര്യ പങ്കാളിത്ത രീതിയിലാണ് 'അക്ഷയ'

പ്രവർത്തിക്കുന്നത്. കുടുംബത്തിലെ ഒരാൾക്കെങ്കിലും ഇ–സാക്ഷരത എന്നതായിരുന്നു തുടക്കത്തിലെ ഉദ്ദേശ്യം. ക്രമേണ പൗരന്മാർക്ക് സേവനം നൽകുക എന്നതിലേക്ക് അക്ഷയ മാറി. അക്ഷയ പദ്ധതി എൻറോൾമെന്റ് ഏജൻസിയായി പ്രവർത്തിക്കുകയും അക്ഷയ കേന്ദ്രങ്ങളിലൂടെ ആധാർ എൻറോൾമെന്റ് നടത്തുകയും ചെയ്യുന്നു. 2019–20 കാലയളവിൽ 7,547 പേർക്ക് തൊഴിൽ നൽകിക്കൊണ്ട് 2,706 അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നു. കേരളത്തിലെ അക്ഷയ കേന്ദ്രങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ **അനുബന്ധം 5.1.1** –ൽ ചേർത്തിരിക്കുന്നു.

**കേരളാ സ്റ്റേറ്റ് സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ (കെ.എസ്.ഡി.ഐ):** വാണിജ്യമേഖല, ലാഭേതര മേഖല, അക്കാഡമിയ എന്നീ മേഖലകളിലും ഗവൺമെന്റിന്റെ എല്ലാ തലങ്ങളിലും ജിയോ സ്പേഷ്യൽ ഡാറ്റാ ലഭ്യമാക്കുന്നത് കേരളാ സ്റ്റേറ്റ് സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചറാണ്.

കേരളത്തിൽ 100 ശതമാനം ആധാർ എൻറോൾമെന്റ് പൂർത്തിയായിട്ടുണ്ട്. യുഐഡിഎ കെഎസ്ഐറ്റിഎം നെ ആധികാരിക ഉപയോക്തൃ ഏജൻസിയായും, ഇ–കെവൈസി ഉപയോക്തൃ ഏജൻസിയായും, പ്രാമാണീകരണം വാഗ്ദാനം ചെയ്യുന്നതിനുള്ള ഇ–കെവൈസി ഉപയോക്തൃ ഏജൻസിയായും അംഗീകരിച്ചു. നിലവിൽ, 900 ഓളം സ്ഥിര എൻറോൾമെന്റ് സെന്ററുകളും 1,500 ചൈൽഡ് എൻറോൾമെന്റ് സെന്ററുകളും ആധാർ എൻറോൾമെൻറിനും വിശദാംശങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതിനുമായി അക്ഷയസെന്ററുകളുടെ കീഴിലുണ്ട്.

**വീഡിയോ കോൺഫറൻസിംഗ് (വിസി)**
ഒരു മീറ്റിംഗ് / ചർച്ച നടത്തുമ്പോൾ ഒരു സ്ഥലത്തിന് സ്വതന്ത്ര പ്ലാറ്റ്ഫോം നൽകുന്ന വിദൂര സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതിന് വീഡിയോയും ഓഡിയോയും സംയോജിപ്പിച്ച് പ്രക്ഷേപണം ചെയ്യുന്ന ഒരു സാങ്കേതികവിദ്യയാണ് വീഡിയോ കോൺഫറൻസിംഗ് (വിസി). വിസി സെഷനുകളുടെ മാനേജ്മെന്റ്, വിസി ഉപകരണങ്ങളുടെ പരിപാലനം, സ്റ്റുഡിയോകൾ എന്നിവ സി–ഡിറ്റിന്റെ പിന്തുണയോടെയാണ്. വിസി ഇൻഫ്രാസ്ട്രക്ചർ ഉപയോഗിച്ച്, ഈ വർഷം 750–800 വിസികൾ നടത്താൻ കെഎസ്ഐടിഎമ്മിന് കഴിഞ്ഞു.

ഡിജിലോക്കർ സേവനം നിലവിൽ ഇനിപ്പറയുന്നവയുമായി സംയോജിപ്പിച്ചിരിക്കുന്നു:

- ഇ ഡിസ്ട്രിക്റ്റ്–റവന്യൂ സർട്ടിഫിക്കറ്റ്
- ഭക്ഷ്യ, സിവിൽ വിതരണ വകുപ്പ്– റേഷൻ കാർഡ്
- പരീക്ഷ ഭവൻ– എസ്എസ്എൽസി
- മോട്ടോർവെഹിക്കിൾഡിപ്പാർട്ട്മെന്റ്– ഡ്രൈവിംഗ് ലൈസൻസും വെഹിക്കിൾ രജിസ്ട്രേഷനും.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് – കേരള (ഐ.ഐ.ഐ.റ്റി.എം–കെ)

ശാസ്ത്ര, സാങ്കേതിക, മാനേജ്മെന്റ് മേഖലകളിൽ ഒരു ഉന്നത സ്ഥാപനമെന്ന നിലയിൽ 2000–ൽ ആരംഭിച്ച സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ്–കേരള. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിലും, സംരംഭകത്വവും സാമൂഹിക ഉത്തരവാദിത്വവുമുള്ള പ്രൊഫഷണലുകളെയും നേതൃ ശേഷിയുള്ളവരെ വളർത്തിയെടുക്കുന്നതിലും ഈ സ്ഥാപനം പ്രാധാന്യം നൽകുന്നു. കേരള സർക്കാരിനും കേന്ദ്ര സർക്കാരിനുമായി വിവിധ ഇ–ഗവേണൻസ് സംരംഭങ്ങൾ നടപ്പിലാക്കുന്ന ഏജൻസിയാണ് ഐഐഐടിഎം–കെ. ലോകോത്തര വിദഗ്ധരുമായും ഗവേഷകരുമായും സംവദിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതിന് ദേശീയ അന്തർദേശീയ കോൺഫറൻസുകളും വർക്ക് ഷോപ്പുകളും ഏകോപിപ്പിക്കുന്നു.

അടിസ്ഥാന, പ്രായോഗിക വിവര സാങ്കേതിക വിദ്യയിലും മാനേജ്മെന്റിലും വിദ്യാഭ്യാസം, ഗവേഷണം, വികസനം, പരിശീലനം എന്നിവയിൽ ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മാസ്റ്റേഴ്സ് പ്രോഗ്രാം, എംഫിൽ പ്രോഗ്രാമുകൾ, പിഎച്ച്ഡി പ്രോഗ്രാമുകൾ, ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാമുകൾ എന്നിവയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കാദമിക് പ്രോഗ്രാമുകൾ.

സൈബർ സുരക്ഷ, മെഷീൻ ഇന്റലിജൻസ്, ഡാറ്റാ അനലിറ്റിക്സ്, ജിയോസ്പേഷ്യൽ അനലിറ്റിക്സ് എന്നിവയിൽ സ്പെഷലൈസേഷനോടുകൂടിയ ഇൻസ്റ്റിറ്റ്യൂട്ട് ഇൻ കമ്പ്യൂട്ടർ സയൻസിൽ നാല് പ്രത്യേക പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാമുകൾ (എംഎസ്സി) വാഗ്ദാനം ചെയ്യുന്നു. മേൽപ്പറഞ്ഞ നാല് പ്രത്യേക കോഴ്സുകൾക്കൊപ്പം, ഇൻസ്റ്റിറ്റ്യൂട്ട് എം.ഫിൽ ഇക്കോളജിക്കൽ ഇൻഫോർമാറ്റിക്സ്, എം.ഫിൽ കമ്പ്യൂട്ടർ സയൻസ്, പി.ജി ഡിപ്ലോമ ഇൻ ഇ–ഗവേണൻസും വാഗ്ദാനം ചെയ്യുന്നു. എം. ഫിൽ, എംഎസ്സി ബിരുദം കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയും (കുസാറ്റ് ) ബിരുദാനന്തര ഡിപ്ലോമയും ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ,ജി ഒ കെ യും വാഗ്ദാനം ചെയ്യുന്നു.

ജനുവരി 9, 2020 ലെ ഓർഡിനൻസ് പ്രകാരം, കേരള സർക്കാർ ഐഐടിഎംകെ യെ "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി" ആയി ഉയർത്തി.

## പ്ലേസ്മെന്റ് റെക്കോർഡുകൾ

ഐ.ഐ.ഐ.റ്റി.എം.കെ യിൽ നിന്ന് പാസായ കുട്ടികൾ അന്തർദേശീയമായി അറിയപ്പെടുന്ന ഐടി കമ്പനികളായ ജെ.എഫ്.ഡബ്ല്യു.റ്റി.സി– ജനറൽ ഇലക്ട്രിക് ആക്സെഞ്ചർ, ആംഡോക്സ്, സീമെൻസ് ഏണസ്റ്റ് & യങ്, എ.ആർ.എസ് സോഫ്റ്റ്‌വെയർ അലയൻസ് കോൺഹിൽ, ഐബിഎം, ഐ ബി എസ്, ഇൻഫോസിസ്, ടാറ്റ എൽസിഡി ടാറ്റാ കൺസൾട്ടൻസി സർവീസസ്, യു എസ് ടി ഗ്ലോബൽ ടെക്നോളജി വിപ്രോ തുടങ്ങിയ കമ്പനികളിൽ പ്രശംസനീയമായ സ്ഥാനങ്ങൾ വഹിക്കുന്നു.

## ഗവേഷണ കേന്ദ്രങ്ങൾ

ഇൻസ്റ്റിറ്റ്യൂട്ടിൽ സ്റ്റേറ്റ് ഓഫ് ദി ആർട്ട് ലാബുകളുമായി പ്രവർത്തിക്കുന്ന ഇനിപ്പറയുന്ന ഗവേഷണ ഗ്രൂപ്പുകൾ കഴിഞ്ഞ 10 വർഷത്തിനിടെ നൂറിലധികം ദേശീയ അന്തർദേശീയ ഗവേഷണ പ്രസിദ്ധീകരണങ്ങൾ നിർമ്മിച്ചു.

- സിവി രാമൻ ലബോറട്ടറി ഓഫ് ഇക്കോളജിക്കൽ ഇൻഫോർമാറ്റിക്സ്
- കോഗ്നിറ്റീവ് കമ്പ്യൂട്ടിംഗിലെ സെന്റർ ഓഫ് എക്സലൻസ്
- കേരള ബ്ലോക്ക്ചെയിൻ അക്കാദമി
- സൈബർ ഭീഷണി പഠിക്കാനായി സെന്റർ ഫോർ റിസർച്ച് ആൻഡ് ഇന്നൊവേഷൻ
- പാറ്റേൺ, ഇമേജ് അനാലിസിസ് എന്നിവയിലെ സെന്റർ ഫോർ എക്സലൻസ്
- ഭാഷാ കമ്പ്യൂട്ടിംഗിനായുള്ള വെർച്വൽ റിസോഴ്സ് സെന്റർ
- ജിയോ ഇൻഫോർമാറ്റിക്സ് വേണ്ടി കേന്ദ്രം സ്ഥാപിച്ചു.
- ഡാറ്റാ സയൻസ്, ഇൻഫോർമാറ്റിക്സ് വേണ്ടി കേന്ദ്ര സ്ഥാപിച്ചു.
- ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും വേണ്ടി വെബ് അധിഷ്ഠിത മൾട്ടിമീഡിയയുടെ കേന്ദ്രം സ്ഥപിച്ചു.
- ഇ ഗവേണൻസിനായുള്ള സോഫ്റ്റ്വെയർ എഞ്ചിനീയറിംഗിലെ നോളജ് സെന്റർ
- മെഡിക്കൽ ഇൻഫർമേഷൻ സിസ്റ്റംസ് സെന്റർ
- ഇൻഫോർമാറ്റിക്സ് സിസ്റ്റങ്ങളും സേവനങ്ങളും
- ഇന്റലിജൻസ് ആൻഡ് സെക്യൂരിറ്റി ഇൻഫോർമാറ്റിക്സ്(സിഐഎസ്ഐ) കേന്ദ്രം.
- സെന്റർ ഫോർ അഗ്രി ഇൻഫോർമാറ്റിക്സ് ആൻഡ് ഇ ഗവേണൻസ്

തിങ്ക്യാബേറ്റർ, ക്ലൗഡ് കമ്പ്യൂട്ടിംഗ് ലാബ്, ഡാറ്റ–കംപ്യൂട്ടേഷണൽ മോഡലിംഗ് ലാബ്, എംബഡഡ് സിസ്റ്റംസ് ലാബ്, ഫാബ് ലാബ്, ജിയോ ഇൻഫോർമാറ്റിക്സ് ലാബ്, ലോട്ട് ലാബ്, ഇലക്ട്രോണിക്സ് ഇൻകുബേറ്റർ ലാബ്, ലാംഗ്വേജ് കമ്പ്യൂട്ടിംഗ് ലാബ്, മൾട്ടിമീഡിയ ലാബ്, മെഡിക്കൽ ഇമേജ് കമ്പ്യൂട്ടിംഗ്, സിഗ്നൽ പ്രോസസ്സിംഗ് ലാബ്, ഡാറ്റാ എഞ്ചിനീയറിംഗ് ലാബ്, അഗ്രി–ഇൻഫോർമാറ്റിക്സ് ലാബ് എന്നിവയാണ് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തിക്കുന്ന വിവിധ ഗവേഷണ ലാബുകൾ.

## ടെക്നോസിറ്റി കാമ്പസ്

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കാമ്പസ് പൂർത്തികരണ ഘട്ടത്തിലാണ്, ഇൻഫർമേഷൻ ടെക്നോളജിയിലും അതിന്റെ ആപ്ലിക്കേഷൻ ഡൊമെയ്നുകളിലും പഠനങ്ങൾ, ഗവേഷണങ്ങൾ, ഇൻകുബേഷൻ എന്നിവ സുഗമമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. പൂർത്തീകരിച്ച ക്യാമ്പസിൽ മൊത്തം 48,161 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ടാകും. അക്കാദമിക് ബ്ലോക്ക്, സ്റ്റുഡന്റ്സ് ഹോസ്റ്റൽ ബ്ലോക്ക്, വിവിധ ബ്ലോക്കുകളായ സബ്സ്റ്റേഷൻ, സംപ്, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം പൂർത്തിയായി. കാമ്പസിലേക്കുള്ള കെഎസ്ഇബി വൈദ്യുതി വിതരണം ഉപയോഗിക്കാൻ തയ്യാറാണ്. ട്രാൻസ്ഫോർമർ, ടിഒഡി മീറ്റർ എന്നിവയുടെ പരിശോധന പൂർത്തിയായി. എസ്ടിപി പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നതിന് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അന്തിമ അനുമതി ലഭിച്ചു.

## 2019–20 കാലയളവിൽ ഐഐഐടിഎംകെ യുടെ പ്രധാന ഭൗതിക നേട്ടങ്ങൾ

- കാൻസർ കോശങ്ങളെ തിരിച്ചറിയുന്നതിനുള്ള മെഡിക്കൽ ചിത്രങ്ങളുടെ വിശകലനം.
- ഇമേജ് പ്രോസസ്സിംഗും മെഷീൻ ലേണിംഗും ഉപയോഗിച്ച് വസ്തുക്കൾ തിരിച്ചറിയൽ
- ഫിഷ് ഐഡന്റിഫിക്കേഷൻ സിസ്റ്റത്തിനായി ഒരു ഉപകരണം നടപ്പിലാക്കാൻ ശ്രമിക്കുന്നു.
- സർക്കുലർ മെഷ് ബേസ്ഡ് ഫീച്ചർ എക്സ്ട്രാക്ഷൻ ടെക്നിക്കിലെ ലിറ്ററേച്ചർ സർവേ
- സവിശേഷത എക്സ്ട്രാക്റ്റ് ചെയ്യലിനായി സർക്കുലർ മെഷ് നടപ്പിലാക്കാൻ ശ്രമിക്കുന്നു
- ആൻഡ്രോയിഡി ലെ ഒബ്ജക്റ്റ് തിരിച്ചറിയലിനായി ടെൻസർ ഫ്ലോ ലൈറ്റ് എപിഐ ഡീബഗ്ഗിംഗും നടപ്പാക്കലും വിജയകരമായി നടത്തി.
- സർക്കുലർ മെഷും ഉൾച്ചേർത്ത മത്സ്യ ചിത്രങ്ങളും വിജയകരമായി നടപ്പാക്കി
- ഒബ്ജക്റ്റിന്റെ ആകൃതി സംരക്ഷിക്കുന്നതിനായി മിനിമം സ്പാനിംഗ് ട്രീ അൽഗോരിതംസ് നടപ്പിലാക്കി.
- ഫസ്സി അടിസ്ഥാനമാക്കിയുള്ള സെഗ്മെൻറേഷൻ സംവിധാനം നടപ്പിലാക്കി.
- മൾട്ടി ലെയർ പെർസെപ്ട്രോൺ ഉപയോഗിച്ച് വർഗ്ഗീകരണം നടത്തുന്നു.
- സർക്കുലർ മെഷ് ഉപയോഗിച്ച് ഫ്രാക്ടൽ

ഡൈമൻഷൻ നടപ്പിലാക്കുകയും ഫലങ്ങളെ നിലവിലുള്ള ബോക്സ് എണ്ണൽ രീതിയുമായി താരതമ്യം ചെയ്യുകയും ചെയ്യുന്നു.

- സർക്കുലർ മെഷ് ഉപയോഗിച്ച് കൺവെക്സിറ്റിയും കോൺകവിറ്റിയും നടപ്പിലാക്കി.
- ഫിംഗർ സിര, പാം സിര ബയോമെട്രിക് ഉപകരണങ്ങളുടെ പ്രോട്ടോടൈപ്പുകളുടെ വികസനം.
- ഇൻഫ്രാറെഡ് എൽഇഡികൾക്ക് സമീപം ഉയർന്ന ഊർജ്ജത്തിന്റെ സഹായത്തോടെ പാം സിര ഇമേജ് ഏറ്റെടുക്കൽ ഉപകരണ പ്രോട്ടോടൈപ്പ് നിർമ്മിച്ചു.

## അവാർഡും അംഗീകാരവും

- 2020 –ൽ ഒരു ഓർഡിനൻസ് വഴി കേരള സർക്കാർ ഐഐഐടിഎംകെ യെ ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി സർവ്വകലാശാലയാക്കി മാറ്റി.
- ഐഐഐടിഎംകെയുടെ മേക്കർ വില്ലേജിന് "സ്റ്റാർട്ട് ഇൻകുബേറ്റർ ഓഫ് ദി ഇയർ–2020" നൽകി ഇന്ത്യ സ്റ്റാർട്ട് ഗ്രിഡ് ഫോറം (ഐഎസ്ജിഎഫ് ) അംഗീകരിച്ചു.
- മേക്കർ വില്ലേജിലെ എവ്ലാബ്സിന് സിഐഐ ഡിസൈൻ എക്സലൻസ് അവാർഡ് ലഭിച്ചു.
- മേക്കർ വില്ലേജിലെ ശാസ്ത്ര റോബോട്ടിക്സിന് ജിഎസ്ടി ഐഎസ്ബിഎ സ്റ്റാർട്ടപ്പ് അവാർഡ് ലഭിച്ചു.
- അഹമ്മദാബാദിലെ ഐപി പ്രമോഷൻ ഔട്ട്റീച്ച് ഫൗണ്ടേഷൻ (ഐപിപിഒ) പ്രമുഖ ഐപി കൾച്ചർ 2019 നൊപ്പം മേക്കർ വില്ലേജിനെ ഇൻകുബേഷൻ സെന്ററായി തിരഞ്ഞെടുത്തു.
- ഹാർഡ്ടെക് 2019, ഫ്യൂച്ചർ ഡിസൈൻ ഉച്ചകോടി എന്നിവ സ്റ്റാർട്ടപ്പുകൾക്ക് അവരുടെ കഴിവ് പ്രദർശിപ്പിക്കുന്നതിന് സമാനതകളില്ലാത്ത ഒരു പ്ലാറ്റ്ഫോം നൽകി.
- കേരള ബ്ലോക്ക്ചെയിൻ അക്കാദമി ഓഫ് ഐഐഐടിഎംകെ ഇന്ത്യയിൽ ലിനക്സ് ഫൌണ്ടേഷൻ ഹൈപ്പർ ലെഡ്ജർ പരിശീലന പങ്കാളിയായി. ആഗോളതലത്തിൽ പത്ത് പരിശീലന പങ്കാളികളിൽ ഒരാളാണ് കെബിഎ, ഇന്ത്യയിൽ നിന്നുള്ള ഏക അക്കാദമിയുമാണ്.

## ടെക്നോപാർക്ക്

ആഗോള നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും സാങ്കേതിക വിദ്യയിലൂന്നിയ വ്യവസായങ്ങളുടെ വികസനത്തിനാവശ്യമായ മുഴുവൻ സഹായവും നൽകുന്നതിനുമായി കേരള സർക്കാരിൻറെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായാണ് ടെക്നോപാർക്ക് ആരംഭിച്ചത്. 1995 നവംബർ 18 –നാണ് ഈ

**പട്ടിക 5.1.2** സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന

| ഇനം | നേട്ടങ്ങൾ 2016-17 | നേട്ടങ്ങൾ 2017-18 | നേട്ടങ്ങൾ 2018-19 | നേട്ടങ്ങൾ 2019-20 |
|---|---|---|---|---|
| ആകെ വിറ്റുവരവ് (രൂപ കോടിയിൽ) | 12,000 | 14,000 | 14,000 | 15,000 |
| ആകെ കയറ്റുമതി (രൂപ കോടിയിൽ) | 5,000 | 6,452 | 7,000 | 7,350 |
| ആകെ നിക്ഷേപം (രൂപ കോടിയിൽ) | 4,970 | 4,970 | 4,979 | 4,979 |
| ആകെ തൊഴിലവസരങ്ങൾ (എണ്ണം) | 52,746 | 56,000 | 60,000 | 62,000 |
| ആകെ കമ്പനികൾ (എണ്ണം) | 370 | 400 | 410 | 450 |
| ആകെ സ്ഥലം (ഏക്കറിൽ) | 760 | 760 | 770.2 | 769.84 |
| ആകെ ബിൽറ്റപ് ഏരിയ (ലക്ഷം ചതുരശ്ര അടി) | 93 | 97 | 97 | 103 |

*അവലംബം: ടെക്നോപാർക്ക്*

**പട്ടിക 5.1.3** ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി.

| ഘട്ടങ്ങൾ | ഘട്ടം I | ഘട്ടം II | ഘട്ടം III | ടെക്നോസിറ്റി | ടെക്നോപാർക്ക് കൊല്ലം |
|---|---|---|---|---|---|
| ഭൂവിസ്തൃതി (ഏക്കറിൽ) | 199.64 | 86 | 90.02 | 389.74 | 4.44 |

*അവലംബം: ടെക്നോപാർക്ക്*

സ്ഥാപനം ഔദ്യോഗികമായി രാഷ്ട്രത്തിന് സമർപ്പിച്ചത്. അന്നു മുതൽ ടെക്നോപാർക്ക് അതിന്റെ വലിപ്പത്തിലും, ജീവനക്കാരുടെ എണ്ണത്തിലും വളർന്നുകൊണ്ടേയിരിക്കുന്നു. മൂന്നാം ഘട്ട വികസനത്തോടെ ഇന്ത്യയിലെ ഏറ്റവും വലിയ ഐ.റ്റി. പാർക്കുകളിൽ ഒന്നായി ടെക്നോപാർക്ക് മാറും. ഇവിടെ 380 ഏക്കർഭൂമിയും 9.7 മില്യൺ ചതുരശ്ര അടി ബിൽറ്റ് അപ്പ് ഏര്യയുമുണ്ട്. കഴക്കൂട്ടത്ത് ടെക്നോസിറ്റി പ്രോജക്ട് വരുന്നതോടുകൂടി 424 ഏക്കർ വിസ്തൃതിയിൽ ഒരു ഏകീകൃത ഐ.റ്റി. ടൗൺഷിപ്പാകുകയും, കേരളത്തിലെ തന്നെ ആദ്യത്തെ ഐ.റ്റി. ഇടനാഴിയായി മാറുകയും ചെയ്യും. 2021 ഓടെ 50,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ടെക്നോപാർക്ക് ലക്ഷ്യമിടുന്നു. 62,000 ത്തിലധികം ഐടി / ഐടിഇഎസ് പ്രൊഫഷണലുകൾ ജോലി ചെയ്യുന്ന ഈ പാർക്കിൽ ഇപ്പോൾ 450 ഓളം കമ്പനികളുണ്ട്. സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ടെക്നോപാർക്കിന്റെ സംഭാവന **പട്ടിക 5.1.2** –ൽ കാണിച്ചിരിക്കുന്നു. ടെക്നോപാർക്കിന്റെ വളർച്ചയുടെയും ഭൗതിക നേട്ടങ്ങളുടെയും വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 5.1.2, 5.1.3** എന്നിവയിൽ നൽകിയിരിക്കുന്നു.

ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏരിയയുടെ വളർച്ച ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് സ്ഥലം 2015–16 –ൽ 72 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 2019–20 ൽ 102.7 ലക്ഷം ചതുരശ്ര അടി ആയി ഉയർന്നു. ഇതിൽ ടെക്നോപാർക്ക് വ്യാവസായിക മൊഡ്യൂളുകൾക്കായി 32.8 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണം സൃഷ്ടിച്ചു, കമ്പനികൾ പൂർത്തിയാക്കിയ മൊത്തം 70 ലക്ഷം ചതുരശ്ര അടി സ്ഥലമാണ്. ടെക്നോപാർക്കിലെ ബിൽറ്റ്അപ്പ് ഏരിയയുടെ വളർച്ച **ചിത്രം 5.1.1** –ൽ കാണിച്ചിരിക്കുന്നു.

## ടെക്നോപാർക്കിലെ കമ്പനികൾ

കഴിഞ്ഞ 5 വർഷത്തിനിടയിൽ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2015–16 –ൽ ടെക്നോപാർക്കിൽ 358 കമ്പനികൾ പ്രവർത്തിച്ചിരുന്നു. 2019–20 –ൽ ഇത് 450 ആയി വർദ്ധിച്ചു. 2015–16 മുതൽ 2019–20 വരെയുള്ള കമ്പനികളുടെ എണ്ണം സംബന്ധിച്ച വിവരം **ചിത്രം 5.1.2** –ൽ ചേർത്തിരിക്കുന്നു.

## ടെക്നോപാർക്കിൽനിന്നുള്ള കയറ്റുമതിയുടെ

**ചിത്രം 5.1.1** ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏര്യയുടെ വളർച്ച




*അവലംബം: ടെക്നോപാർക്ക്*

**ചിത്രം 5 .1. 2** ടെക്നോപാർക്കിലെ കമ്പനികളുടെവളർച്ച




*അവലംബം: ടെക്നോപാർക്ക്*

ചിത്രം 5.1.3 ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി




അവലംബം: ടെക്നോപാർക്ക്

## വളർച്ച

ടെക്നോപാർക്കിൽനിന്നുള്ള കയറ്റുമതി 2014–15 ൽ 5,100 കോടിയായിരുന്നത് 2018–19 ആയപ്പോൾ 7,000 കോടി രൂപയായി വർദ്ധിച്ചു. 2019–20 –ൽ ഇത് 7,350 കോടിയായി ഉയർന്നു, ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 5 ശതമാനം വർദ്ധന. കഴിഞ്ഞ 5 വർഷമായി ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി വിവരം **ചിത്രം 5.1.3** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

## ടെക്നോപാർക്കിലെ തൊഴിലിലുണ്ടായ വർദ്ധനവ്

ടെക്നോപാർക്കിന്റെ വളർച്ച ആ സ്ഥാപനത്തിലുണ്ടായ അവസാന അഞ്ച് വർഷത്തെ തൊഴിലിന്റെ വളർച്ചയുമായി ബന്ധപ്പെട്ട് വിശകലനം ചെയ്യാവുന്നതാണ്. 2014–15 –ൽ തൊഴിലവസരങ്ങൾ 47,100 ആയിരുന്നത് 2019–20 ആയപ്പോഴേക്കും 62,000 ആയി വർദ്ധിച്ചു. കഴിഞ്ഞ 5 വർഷത്തെ തൊഴിലവസരങ്ങളിലുണ്ടായ വർദ്ധന **ചിത്രം 5.1.4** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ എംബസി ടോറസ് പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുകയും അത് സജീവമായി തുടരുകയും ചെയ്യുന്നു. ഇതിൽ രണ്ടു ഘട്ടങ്ങളിലായി മൊത്തം 1,500 കോടി മുതൽമുടക്കിൽ ടെക്നോപാർക്കിൽ ലോകോത്തര ബിസിനസ് ഇൻഫ്രാസ്ട്രക്ചർ സൃഷ്ടിക്കാൻ വിഭാവനം ചെയ്തിരിക്കുന്നു. പദ്ധതി പൂർത്തിയാകുമ്പോൾ 20,000 നേരിട്ടുള്ള തൊഴിലവസരങ്ങളും 50,000 പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും എന്ന് പ്രതീക്ഷിക്കുന്നു.

## ടെക്നോസിറ്റി

ടെക്നോപാർക്കിന്റെ പ്രധാന പദ്ധതിയാണ് ടെക്നോസിറ്റി പ്രോജക്റ്റ്. ടെക്നോസിറ്റി പ്രോജക്റ്റ് വിശാലമായി രണ്ടായി തിരിച്ചിരിക്കുന്നു. ഐടി സംയോജിത ടൗൺഷിപ്പ് ആൻഡ് നോളജ് സിറ്റി– ഒരു സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലൂടെ സുസ്ഥിരവും ആരോഗ്യകരവുമായ ഐടി ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനായി വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ ആറ് സെന്റർ ഓഫ് എക്സലൻസ്, (സിഇഎസ്) രൂപകൽപ്പന

ചിത്രം 5.1.4 ടെക്നോപാർക്കിലെ തൊഴിലവസരങ്ങളുടെ വർദ്ധന




അവലംബം: ടെക്നോപാർക്ക്

ചെയ്തിട്ടുള്ളത്. 1) സൈബർ സുരക്ഷ, ബ്ലോക്ക്ചെയിൻ, 2) ഫിൻടെക്, ബ്ലോക്ക്ചെയിൻ, 3) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, 4) വെർച്വൽ / ആഗ്മെന്റഡ് റിയാലിറ്റി, 5) ഇ–മൊബിലിറ്റി, 6) ബഹിരാകാശ ശാസ്ത്രം എന്നിങ്ങനെയുള്ള ഐടി സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കിയാണ് സെന്റർ ഓഫ് എക്സലൻസ് പൂർത്തികരിച്ചിട്ടുള്ളത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡീപ് മെഷീൻ ലേണിംഗ്, റോബോട്ടിക്സ്, ഇലക്ട്രിക് / ഓട്ടോമേറ്റഡ് വാഹനങ്ങൾ എന്നിവയുടെ സിഇഒ ആയിരിക്കും നിസ്സാൻ ഡിജിറ്റൽ ഇന്ത്യ എൽഎൽപി. ബഹിരാകാശ ദൗത്യ പരിപാടികൾക്കായി ടെക്നോപാർക്ക് വി.എസ്.എസ്.സിയുമായി സഹകരിച്ച് നാനോ സ്പേസ് പാർക്ക് പ്രോജക്റ്റിനൊപ്പം സ്പേസ് സിസ്റ്റംസ് കോംപ്ലക്സ് സ്ഥാപിച്ചു. ഐടി ഇന്റഗ്രേറ്റഡ് ടൗൺഷിപ്പിന് 287.69 ഏക്കറും നോളജ് സിറ്റിക്കായി 102.05 ഏക്കറുമായി ടെക്നോപാർക്ക് 389.74 ഏക്കർ സ്ഥലം പള്ളിപ്പുറത്ത് സ്വന്തമാക്കി.

അടിസ്ഥാന സൗകര്യങ്ങളുടെ പണി ആരംഭിച്ചു, ടിസിഎസ്, നിസ്സാൻ, സൺടെക്, കാസ്, ഐഐഐടിഎം – കെ എന്നിവയ്ക്ക് ഭൂമി അനുവദിച്ചു. പത്തുവർഷത്തെ പദ്ധതിയായി ടെക്നോസിറ്റി പദ്ധതി വിഭാവനം ചെയ്യുന്നു. സമ്പൂർണ്ണ വികസനത്തിനായുള്ള പദ്ധതിക്ക് ഐടിയിൽ ഒരു ലക്ഷം നേരിട്ടുള്ള തൊഴിൽ, ഏകദേശം 4 ലക്ഷം പരോക്ഷ തൊഴിൽ എന്നിവ ലഭിക്കും. മൊത്തം നിർമ്മിച്ച ഓഫീസ് സ്ഥലം ഏകദേശം 10 ദശലക്ഷം ചതുരശ്രയടി വരും, 5,000 കോടി രൂപ മുതൽമുടക്കും.

## ടെക്നോ സിറ്റിയിലെ ഭാവി പദ്ധതികൾ

- ടെക്നോപാർക്കിലെ 2 ദശലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിന്റെ നിർമാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. 2020 അവസാനത്തോടെ ഇത് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- സെന്റർ ഓൺ എയ്റോസ്പേസും ടെക്നോസിറ്റിയിലെ ഡിഫൻസ് വെർട്ടിക്കൽ എന്നിവ നിർമിക്കാനായി ടിസിഎസ് പദ്ധതിയിട്ടിട്ടുണ്ട്.
- 2,500 പേർക്ക് തൊഴിൽ നൽകുമെന്ന് പ്രതീക്ഷിച്ച് 200 കോടി മുതൽമുടക്കിൽ 3.1 ദശലക്ഷം ചതുരശ്രയടി ഐടി കെട്ടിടത്തിന്റെ നിർമ്മാണം 2020 മാർച്ചിൽ സൺടെക് ആരംഭിച്ചു.
- 10.33 ഏക്കർ സ്ഥലത്ത് ഐ.ഐ.ഐ.ടി.എം.കെ അവരുടെ മാനേജ്മെന്റ് കെട്ടിടവും ഹോസ്റ്റലും അടങ്ങുന്ന പ്രാരംഭ കെട്ടിടം ആരംഭിച്ചു.

## ടെക്നോപാർക്ക് കൊല്ലം

കേരള സർക്കാർ 18 ഹെക്ടർ സ്ഥലം എം/എസ് കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഇതിൽ 10 ശതമാനം സ്ഥലം ടെക്നോപാർക്കിന് കൊല്ലം ടെക്നോപാർക്കിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി നൽകും. ലോകോത്തര നിലവാരമുള്ള 1,00,000 ചതുരശ്ര അടി ഐടി കെട്ടിടം അഷ്ടമുടിയിൽ പൂർത്തിയായി. ക്യാമ്പസിനുള്ളിലെ പമ്പ് ഹൗസ്, ഓവർഹെഡ് വാട്ടർ ടാങ്ക്, ആർട്ടീരിയൽ റോഡ് ജോലികൾ എന്നിവയുൾപ്പെടെയുള്ള ജലവിതരണ സംവിധാനം പൂർത്തിയായി. കാമ്പസിലെ തെരുവുവിളക്കുകൾ പൂർണ്ണമായും സൗരോർജ്ജ അധിഷ്ഠിതമാണ്. അടുത്ത 2 വർഷത്തിനുള്ളിൽ 800 തൊഴിലവസരങ്ങൾ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്റ്റാർട്ട് ബിസിനസ് സെന്റർ പ്രവർത്തന സജ്ജമാണ്, 20 കമ്പനികൾ അവിടെ നിന്നും പ്രവർത്തിക്കുന്നു.

## അവാർഡുകളും അംഗീകാരങ്ങളും

- അലയൻസ് ടെക്നോളജി ഇന്ത്യയും അലയൻസ് സർവീസസ് ഇന്ത്യയും, ഇന്ത്യയിലെ മികച്ച100 വനിത കമ്പനികളിൽ ഒന്നാണ്, ഇതിനെ ബോണിയർ കോർപ്പറേഷന്റെ ഒരു വിഭാഗമായ വർക്കിംഗ് മദർ മീഡിയ അംഗീകരിച്ചു.
- അലയൻസ് സർവീസസ് ഇന്ത്യയ്ക്, ഗ്രേറ്റ് പ്ലേസ് ടു വർക്ക് ഇൻസ്റ്റിറ്റ്യൂട്ട് സാക്ഷ്യപ്പെടുത്തിയ 'ജോലിചെയ്യാനുള്ള മികച്ച സ്ഥലം' എന്ന ബഹുമതി നൽകി•
- എച്ച് ആൻഡ് ആർ ബ്ലോക്കിന് ജോലി ചെയ്യാനുള്ള മികച്ച സ്ഥലം എന്ന സർട്ടിഫിക്കറ്റ് ലഭിച്ചു.
- യുബിഎസ് ഫോറത്തിന്റെ 2020 ലെ എംപ്ലോയി എൻഗേജ്മെന്റ് സമ്മിറ്റ് ൽ യുഎസ്ടി ഗ്ലോബൽ എംപ്ലോയി എൻഗേജ്മെൻറ് അവാർഡിന് അർഹനായി.
- ടെക്നോപാർക്ക് പൊതു സ്ഥാപനങ്ങളുടെ വിഭാഗത്തിൽ 'കേരള സ്റ്റേറ്റ് റിന്യൂവബിൾ എനർജി അവാർഡ് 2018' നേടി.
- 2019 ലെ ലോകത്തെ ഏറ്റവുമധികം ആരാധകരുള്ള പങ്കിട്ട സേവന സംഘടനകളായി (എസ്എസ്ഒ) അംഗീകരിക്കപ്പെട്ട മികച്ച 20 കമ്പനികളിൽ അലയൻസ് സർവീസസ് ഇന്ത്യ പട്ടികപ്പെടുത്തിയിട്ടുണ്ട്.

## ഇൻഫോപാർക്ക്

കേരളത്തിലെ രണ്ടാമത്തെ വലിയ ഐ.റ്റി ഹബ്ബാണ് കൊച്ചിയിലുള്ള ഇൻഫോപാർക്ക്, ഇതിന്റെ സ്പോക്കുകൾ ചേർത്തലയിലും തൃശ്ശൂരിലുമാണ്. ഐ.ടി./ഐ.ടി.ഇ.എസ് കമ്പനികൾക്ക് ആവശ്യമായ വൈദ്യുതി, ജല വിതരണം, കണക്ടിവിറ്റി, തുടങ്ങിയ സ്റ്റേറ്റ് ഓഫ്

ആർട്ട് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയാണ് ഇൻഫോപാർക്കിന്റെ ലക്ഷ്യം. ഇൻഫോപാർക്കും അതിന്റെ വികസന പങ്കാളികളും ചേർന്ന് (2004 –ൽ ആരംഭിച്ചതു മുതൽ) 9 മില്ല്യൺ ചതുരശ്ര അടി ബിൽറ്റ് അപ് സ്ഥലം സൃഷ്ടിക്കുകയും 427 ഐ.ടി കമ്പനികളിലൂടെ 47,000 ലധികം ഐ.ടി പ്രൊഫഷണലുകൾക്ക് തൊഴിൽ നൽകുന്നുമുണ്ട്. 2018–19 കാലയളവിൽ കയറ്റുമതി കണക്കുകൾ 4,500 കോടി രൂപയും 2019–20 –ൽ ഇത് ഏകദേശം 5,200 കോടി രൂപയുമാണ്.

## ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി

323 ഏക്കറിലായി വികസനത്തിന്റെ വിവിധ ഘട്ടങ്ങളിൽ 5 കാമ്പസുകൾ ഇൻഫോപാർക്കിനുണ്ട്. ഈ 5 കാമ്പസുകളിലെ ഭൂവിസ്തൃതി സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 5.1.4** –ൽ കാണിച്ചിരിക്കുന്നു.

ഇൻഫോപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 5.1.4** –ൽ ചേർത്തിരിക്കുന്നു. കഴിഞ്ഞ 4വർഷമായി ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക പ്രകടനം **പട്ടിക 5.1.5** –ൽ നൽകിയിരിക്കുന്നു.

## 2019–20 കാലയളവിൽ ഇൻഫോപാർക്കിന്റെ പ്രധാന നേട്ടങ്ങൾ

- 7 നിലകളുള്ള (ജി 6) മൾട്ടി ലെവൽ കാർ പാർക്കിംഗിന്റെ പൂർത്തീകരണവും രണ്ടാം ഘട്ട കാമ്പസിൽ 450 കാറുകൾ പാർക്ക് ചെയ്യാനുള്ള സൗകര്യവും.
- പലിശ ചെലവ് ലാഭിച്ചുകൊണ്ട് കോടതി ഉത്തരവ് പ്രകാരം രണ്ടാം ഘട്ട ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് എൽഎആർ ബാധ്യത പരിഹരിച്ചു.
- 500 കിലോവാട്ട് സോളാർ പവർ പ്ലാന്റ് കമ്മീഷൻ ചെയ്തു. ഇത് പ്രതിവർഷം ഏകദേശം 4 ലക്ഷം യൂണിറ്റുകൾ സൃഷ്ടിക്കാൻ കഴിയും, അതുവഴി പ്രതിവർഷം 24 ലക്ഷം രൂപ വൈദ്യുതി ബില്ലിൽ ലാഭിക്കാം.
- തപസ്യ കെട്ടിടത്തിലെ 17,000 ചതുരശ്രയടി സ്ഥലം പുതുക്കിപ്പണിയുകയും കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു, അവിടെ 300 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു
- മൊത്തം ജീവനക്കാരുടെ എണ്ണം 47,000 ആയി ഉയർന്നു. 2018–19 –ൽ ഇത് 40,000 ആയിരുന്നു.
- ഐടി കമ്പനികളുടെ എണ്ണം 427 ആയി ഉയർന്നു. 2018–19 ൽ ഇത് 392 ആയിരുന്നു.
- എം / എസ് ക്ലേസിസ് ഗ്രൂപ്പിന്റെ പുതിയ ഐടി കെട്ടിടം പൂർത്തിയാക്കി കൈവശപ്പെടുത്തി.
- മൊത്തം കയറ്റുമതി വരുമാനം 5,200 കോടി രൂപയായി ഉയർന്നു. 2018–19 –ൽ ഇത് 4,700 കോടി രൂപയായിരുന്നു.

## സൈബർ പാർക്ക്

തിരുവനന്തപുരത്തെ ടെക്നോപാർക്കിന്റെയും കൊച്ചിയിലെ ഇൻഫോപാർക്കിന്റെയും മാതൃകയിൽ സൈബർ പാർക്ക് സ്ഥാപിച്ചത് ഒരു ഹബ്, സ്പോക്ക് മോഡലിനെ അടിസ്ഥാനമാക്കിയാണ്. കൊച്ചി മുതൽ കാസർഗോഡ് വരെ പടിഞ്ഞാറൻ തീരത്ത് ഐടി ഇൻഫ്രാസ്ട്രക്ചർ വിടവ് നികത്താനാണ് ഇത് സ്ഥാപിച്ചത്.

ഐടി/ഐടിഇഎസ് നിക്ഷേപകർക്ക് ചെലവ് കുറക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ നൽകുക അതുവഴി സോഫ്റ്റ് വെയർ / സോഫ്റ്റ് വെയർ സേവനങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക, പ്രമോട്ട് ചെയ്യുക, വർദ്ധിപ്പിക്കുക, മലബാർ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് സൈബർപാർക്കിന്റെ ലക്ഷ്യം.

**പട്ടിക 5.1.4** ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി

| ഘട്ടങ്ങൾ | ഘട്ടം I | ഘട്ടം II | തൃശ്ശൂർ | ചേർത്തല | ടി.ബി.സി കല്ലൂർ |
|---|---|---|---|---|---|
| ഭൂവിസ്തൃതി (ഏക്കറിൽ) | 100.86 | 125 | 30 | 66 | ജിസിഡിഎയുടെ ഉടമസ്ഥതയിലുള്ള കെഎസ്ഐടിഎമ്മിന്റെ പാട്ടത്തിന് കീഴിൽ 30,000ച. കി മി അടി ബിൽറ്റ് അപ്പ് സ്ഥലം |

അവലംബം:ടെക്നോപാർക്ക്

**പട്ടിക 5.1.5** ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടം

| വിശദാംശങ്ങൾ | നേട്ടങ്ങൾ 2016–17 | നേട്ടങ്ങൾ 2017–18 | നേട്ടങ്ങൾ 2018–19 | നേട്ടങ്ങൾ 2019–20 |
|---|---|---|---|---|
| മൊത്തം വിറ്റുവരവ് (കോടി രൂപ) | 3,200 | 4,013 | 6,606.75 | 7,200* |
| ആകെ തൊഴിൽ (എണ്ണം) | 33,116 | 37,000 | 40,000 | 47,000 |
| കമ്പനികളുടെ എണ്ണം (എണ്ണം) | 298 | 396 | 392 | 427 |
| ആകെ ഭൂമി (ഏക്കർ) | 323 | 323 | 323 | 323 |
| ആകെ ബിൽറ്റ് അപ്പ് സ്പേസ് (ദശലക്ഷം ചതുരശ്ര അടി). | 6.6 | 8.0 | 9.0 | 9.0 |

*അവലംബം: ഇൻഫോപാർക്ക്*

*കണക്കുകൾ താൽക്കാലികമാണ്

സർക്കാറും വ്യവസായവും തമ്മിലുള്ള സാധ്യതയുള്ള നിക്ഷേപകരുമായി ഇടപഴകുക, ഐടി / ഐടിഇഎസ് അടിത്തറ ശക്തിപ്പെടുത്തുക, പ്രമോഷണൽ കാമ്പെയ്‌നുകൾ നടത്തുക, ഐടി, ഐടിഇഎസ് എന്നിവയ്ക്കായി മാനവ വിഭവശേഷി വികസിപ്പിക്കുക എന്നത് സൈബർപാർക്കിന്റെ ഉത്തരവാദിത്തമാണ്. കോഴിക്കോട് സൈബർപാർക്കിലെ 43 ഏക്കർ ഭൂമിയുടെ മുഴുവൻ ഉടമസ്ഥാവകാശവും കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് (കെഎസ്ഐടിഎൽ) ഉണ്ട്.

സൈബർ പാർക്കിന്റെ പ്രധാന നേട്ടങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു.

- ഇന്റർനെറ്റ്, മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ (ഐഎഎംഐഐ) യുമായി സഹകരിച്ച് സൈബർപാർക്ക് കേരളത്തിൽ ആദ്യമായി ആപ്പ് ഇൻകുബേഷൻ ഹബ് വികസിപ്പിച്ചെടുത്തു.
- സൈബർപാർക്കിലെ മൊബൈൽ ഇൻകുബേഷൻ ഹബിനായി ഒരു സെന്റർ ഓഫ് എക്സലൻസ് സൃഷ്ടിച്ചു
- നാൽപത്തിയൊന്ന് ഐടി കമ്പനികൾ സെസിൽ പ്രവർത്തിക്കുന്നു
- 127 പേർക്ക് തൊഴിൽ നൽകുന്ന നോൺ സെസിലെ മൊബൈൽ ഇൻകുബേഷൻ ഹബിൽ മുപ്പത്തിനാല് സ്റ്റാർട്ടപ്പ് കമ്പനികൾ പ്രവർത്തിക്കുന്നു .
- കാമ്പസിൽ 570 ഓളം നേരിട്ടുള്ള തൊഴിൽ സൃഷ്ടിച്ചു.
- 2019-20 കാലയളവിൽ മൊത്തം നിക്ഷേപം 3.12 കോടി, മൊത്തം വിറ്റുവരവ് 4.572 കോടി
- കയറ്റുമതി വരുമാനം 17 കോടി രൂപയായി ഉയർത്തി.
- 2.88 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഐടി കെട്ടിടത്തിലെ ഐടി ഇടങ്ങൾ പാട്ടത്തിനെടുക്കുന്നത് സജീവമായി നടക്കുന്നു.

സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 5.1.5** –ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ 4 വർഷമായി സൈബർപാർക്കിന്റെ പ്രധാന ഭൗതിക പ്രകടനം **പട്ടിക 5.1.6** –ൽ നൽകിയിരിക്കുന്നു.

## കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ)

സംസ്ഥാനത്തെ ഐടി/ഐടിഇഎസിനായി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി രൂപീകരിച്ച ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയാണ് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ). സർക്കാരിന്റെ ഉടമസ്ഥാവകാശത്തിലുള്ള ഭൂമി പാട്ടത്തിന് നൽകുകയോ പ്രായോഗികമായ സാമ്പത്തിക മാതൃകകളിലൂടെ സ്വരൂപിക്കുന്ന ഫണ്ട് ഉപയോഗിച്ച് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ സംസ്ഥാനത്ത് ഐ.റ്റി. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുകയാണ് കമ്പനി ചെയ്യുന്നത്.

ഭൂമി ഏറ്റെടുത്ത് അതിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, റോഡ്, ചുറ്റമതിൽ, സെസ് പദവി, മറ്റു സർക്കാർ അംഗീകാരങ്ങൾ എന്നിവ ലഭ്യമാക്കി, വ്യക്തികൾക്ക് ഐ.റ്റി. (സെസ് ) മേഖലകൾ, ഐ.റ്റി. പാർക്കുകൾ എന്നിവ വികസിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് നൽകുകയാണ് കമ്പനിയുടെ ബിസിനസ് മാതൃക. കെ.എസ്.ഐ.റ്റി.ഐ.എൽന്റെ പ്രധാന ചില പ്രോജക്ടുകൾ ഇനിപ്പറയുന്നവയാണ്.

1. **സ്കിൽ ഡെലിവറി പ്രോജക്ട്, കേരളം**
   കെ.എസ്.ഐ.ടി.എല്ലിന് കേരള സർക്കാർ നിയോഗിച്ച അഭിമാനകരമായ പദ്ധതിയാണ് സ്കിൽ ഡെലിവറി പ്രോജക്ട്, കേരളം വിദ്യാർത്ഥികളും വ്യവസായവും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്നതാണ് എസ്ഡിപികെ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി 150 എൻജിനീയറിംഗ് കോളേജുകളുടെ സജ്ജീകരണവും 3 സ്റ്റുഡിയോകളിലും ടെലികോൺഫറൻസിങ്ങ് സംവിധാനമുള്ള വിർച്ച്വൽ പ്ലാറ്റ്ഫോം ഉൾക്കൊള്ളുന്നതാണ്. കേരളത്തിലുടനീളമുള്ള 74 ക്ലാസ് മുറികളിലും ടെക്നോപാർക്ക്, ഇൻഫോപാർക്ക്, എൻഐടി കാലിക്കട്ട് എന്നിവിടങ്ങളിലെ 3 സ്റ്റുഡിയോകളിലും സിസ്റ്റം

**പട്ടിക 5.1.6** സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ

| വിശദാംശങ്ങൾ | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|
| മൊത്തം വിറ്റുവരവ് (കോടി രൂപ) | 6.65 | 10.68 | 16.78 | 4.57 |
| മൊത്തം കയറ്റുമതി (കോടി രൂപ) | 6.65 | 10.68 | 14.95 | 29.292 |
| മൊത്തം നിക്ഷേപം (കോടി രൂപ) | 0.85 | 2.39 | 3.12 | 3.12 |
| ആകെ തൊഴിൽ (എണ്ണം) | 112 | 266 | 558 | 748 |
| കമ്പനികളുടെ എണ്ണം (എണ്ണം) | 8 | 13 | 23 | 46 |
| ആകെ ഭൂമി (ഏക്കറിൽ) | 42.49 | 43 | 43 | 43 |
| ആകെ ഭൂമി (ഏക്കറിൽ) | 2.88 | 3.0 | 3.0 | 3.0 |

അവലംബം:സൈബർപാർക്ക്

ഇന്റഗ്രേഷൻ ജോലികൾ പൂർത്തിയായി.

2. **കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ.ഫോൺ):** 30,000 ത്തോളം സർക്കാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ട്രാക്ക് 1) അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകാൻ പ്രാപ്തിയുള്ള, സംസ്ഥാന വ്യാപകമായി ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയായ കെഫോൺ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്കും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സേവനങ്ങൾക്കും സൗജന്യ ഇന്റർനെറ്റ് വാഗ്ദാനം ചെയ്യുന്ന (ട്രാക്ക് 2) 1028.20 കോടി രൂപ ചെലവിൽ കെ–ഫോൺ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പിന്നീട്, 1548.08 കോടി രൂപയായിപുതുക്കി ഭരണാനുമതി നൽകി. കിഫ്ബി യുടെ സഹായത്തോടെ ട്രാക്ക് 1 നടപ്പിലാക്കാൻ തീരുമാനിച്ചു. കെഎസ്ഇബിഎൽ, കെഎസ്ഐടിഎൽ, കേരള സർക്കാർ എന്നിവയ്ക്ക് അനുകൂലമായി 49: 49: 2 ന്റെ ഓഹരി കൈവശമുള്ള പാറ്റേണിൽ ഒരു പുതിയ ജോയിന്റ് വെഞ്ച്വർ കമ്പനി (കെ–ഫോൺ ലിമിറ്റഡ്) രൂപീകരിച്ചു.

3. **ടെക്നോസിറ്റിയിൽ ഐടി കെട്ടിടത്തിന്റെ നിർമ്മാണം:** ടെക്നോസിറ്റി വികസിപ്പിക്കുന്നതിന്റെ ഭാഗമായി, 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ടെക്നോസിറ്റിയിൽ ആദ്യത്തെ ഐടി കെട്ടിടം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചു. ഇതിനായി കെഎസ്ഐടിഎലിനെ എസ്പിവിയും ഫണ്ടിംഗ് ഏജൻസി കെഐഐഎഫിയും ആണ്. മൊത്തം പദ്ധതി ചെലവ് 105 കോടി രൂപ. മുഴുവൻ പദ്ധതിയും 2020 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

4. **കളമശ്ശേരിയിലെ ടെക്നോളജി ഇന്നൊവേഷൻ സോണിൽ 1 കെട്ടിടം:** കേരളത്തിൽ ഒരു സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കൊച്ചി ഇന്നൊവേഷൻ സോണിൽ 3.4 ലക്ഷം ചതുരശ്ര അടി കെട്ടിടം നിർമിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചു. ഇതനുസരിച്ച്, കെഐഎഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 215.26 കോടി രൂപയ്ക്ക് സർക്കാർ ഭരണപരമായ അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനായി കെഎസ്ഐടിഎൽ എസ്പിവി ആയി നിയോഗിച്ചിട്ടുണ്ട്. മൂന്ന് കെട്ടിടങ്ങളുടെ നിർമ്മാണവും അനുബന്ധ സഹായ ഇൻഫ്രാസ്ട്രക്ചർ ജോലികളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കെട്ടിടം1 2020 ഡിസംബറിലും 2021 മാർച്ചോടെ കെട്ടിടം 2 ഉം പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

5. **ഗ്രാമ വിജ്ഞാന കേന്ദ്രങ്ങൾ ധർമ്മടം എൽ എസി, തളിപ്പറമ്പ് എൽ എസി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു:** കണ്ണൂരിൽ ഗ്രാമ വിജ്ഞാന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപ്പാക്കൽ ഏജൻസിയായി കെഎസ്ഐടിഎൽ ഏർപ്പെട്ടിരുന്നു. മൊത്തം കണക്കാക്കിയ ചെലവ് 5.61 കോടി രൂപ. 5.33 കോടി രൂപയുടെ വായ്പ നബാർഡ് അനുവദിച്ചു. 15 പഞ്ചായത്ത് സ്ഥലങ്ങളിൽ ജി.എഫ്.ആർ.ജി പാനൽ ഉപയോഗിച്ച് വില്ലേജ് നോളജ് സെന്റർ കെട്ടിടങ്ങൾ നിർമ്മിക്കുന്നതാണ് പ്രവൃത്തി. മുഴുവൻ ജോലികളും 2021 മാർച്ചിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

6. **ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റിന്റെ** കീഴിലുള്ള എല്ലാ നിർമ്മാണ, കണക്റ്റിവിറ്റി പ്രവർത്തനങ്ങൾക്കുമുള്ള നിർവ്വഹണ ഏജൻസിയായി കെഎസ്ഐടിഎലിനെ നിയമിച്ചു.

## ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി. ഫോസ്സ്)

ഇന്ത്യയിലെയും വിദേശത്തെയും ഫ്രീ സോഫ്റ്റ് വെയർ സംഘടനകളുമായി ചേർന്ന് ഫ്രീ സോഫ്റ്റ് വെയറുകളുടെ വികസനവും പ്രയോഗവും ഫ്രീനോളഡ്ജും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആരംഭിച്ച അന്താരാഷ്ട്രകേന്ദ്രമാണ് ഐ.സി. ഫോസ്സ്. ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട കൺസൾട്ടൻസി, ഗവേഷണ വികസന പരിപാടികൾ, അക്കാദമിക് പഠനം, സേവനം, പരിശീലനം, പ്രസിദ്ധീകരണം, സർട്ടിഫിക്കേഷൻ, അന്താരാഷ്ട്ര തലത്തിലുള്ള സഹകരണം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടേയും നോഡൽ ഏജൻസിയാണ് ഐസിഫോസ്. ഫോസ് അധിഷ്ഠിത പരിശീലന പരിപാടികൾ, വർഷോപ്പുകൾ, സെമിനാറുകൾ, ഗവേഷണ പരിപാടികൾ, പ്രൊജക്റ്റുകൾ, മലയാളം കമ്പ്യൂട്ടിംഗ് പ്രവർത്തനങ്ങൾ, വിദ്യാർഥികളുടെ ഇന്റേൺഷിപ്പുകളും പ്രോജക്ടുകളും, സമ്മർ ക്യാമ്പുകൾ, ഫാക്കൽറ്റി വികസന പരിപാടികൾ, ഫെല്ലോഷിപ്പ് പ്രോഗ്രാമുകൾ തുടങ്ങിയവ ഐ.സി ഫോസ് നടത്തിയിട്ടുണ്ട്. 2019–20 ലെ ഐസിഫോസ്സിന്റെ പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നു.

- കാഴ്ചയിൽ വെല്ലുവിളി നേരിടുന്നതിനായി ഡിടിഇയുമായി മലയാള സ്ക്രീൻ റീഡറിന്റെ ആദ്യ ഘട്ടം പൂർത്തിയാക്കി.
- 5 വനിതാ ഹാക്കത്തോൺ സെഷനുകൾ, 1 വിന്റർ സ്കൂൾ ഫോർ വുമൺ, 2 ബാക്ക് ടു വർക്ക് പ്രോഗ്രാം, 2 ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവ നടത്തി.
- ഹാർഡ്‌വെയർ ടീം അന്താരാഷ്ട്ര വർക്ക്ഷോപ്പുകൾ നടത്തുകയും സ്കൂൾ വിദ്യാർത്ഥികൾക്കായി 2 സമ്മർ ക്യാമ്പുകൾ

നടത്തുകയും ചെയ്തു.

- പ്രധാനമായും വ്യത്യസ്ത കഴിവുള്ള കുട്ടികൾക്കായി, വിജ്ഞാനപരമായ കഴിവുകളുടെ വികാസത്തെ സഹായിക്കുന്നതിന് ലക്ഷ്യമിട്ടുള്ള ഒരു ആധുനിക വിദ്യാഭ്യാസ ആപ്ലിക്കേഷനായ ടേബിൾസിയയുടെ പ്രാദേശികവൽക്കരിച്ച പതിപ്പ് രൂപകൽപ്പന ചെയ്തു.
- ജികംപ്രൈസ് ആപ്ലിക്കേഷൻ പ്രോജക്റ്റ്, ജികംപ്രൈസ് മലയാള വെബ്സൈറ്റും മലയാള ഓഡിയോയും പൂർത്തിയാക്കി.
- ഫെലോഷിപ്പ് പ്രോഗ്രാമിന് കീഴിൽ, 15 പേരിൽ 8 പേർ ഐസിഎഫ്ഒഎസിൽ ചേർന്നു, അവർ വ്യത്യസ്ത ഗവേഷണ പ്രോജക്ടുകളിൽ ഏർപ്പെടുന്നു.
- ഇതിനകം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സംയോജനവും പ്രവർത്തനപരവുമായ പരിശോധനയും ഇൻസ്റ്റാളേഷനും ഐഡെംപൈറി സജ്ജീകരണവും പൂർത്തിയാക്കി.
- ഒരു ഓഫീസ് ഫയൽ സൃഷ്ടിക്കുന്നതിനും പരിഷ്കരിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും അടയ്ക്കുന്നതിനുമുള്ള സവിശേഷതകളുള്ള ഒരു ഫസ്റ്റ് ലെവൽ പ്രോട്ടോടൈപ്പ് വികസിപ്പിച്ചു.
- സിഇടിയിലും ഐഒടിയിലെ സമ്മർ സ്കൂളിലും "ലോറാവാൻ, ഐഒടിയ്ക്കായുള്ള ആർഎസ്എസ്ഐവി" എന്നിവയിൽ പരിശീലനം നൽകി.
- സയൻസ് ഹാക്ക് ഡേ 2019 ൽ "ലോറ ഒരു ബോക്സിൽ"വർക്ക് ഷോപ്പ് നടത്തി, ചിസൽ ഉപയോഗിച്ച് ഒരു റിസ്ക്-വി മൈക്രോകൺട്രോളർ സൃഷ്ടിക്കുന്നതിനെക്കുറിച്ചുള്ള 2 ദിവസത്തെ ബൂട്ട്ക്യാമ്പ് സംഘടിപ്പിച്ചു, ടെസ്റ്റ് റിസർച്ച് പാർക്കിൽ ഉളി ഉപയോഗിച്ച് റിസ്ക്-വി സിപിയു രൂപകൽപ്പനയെക്കുറിച്ച് വർക്ക് ഷോപ്പ് നടത്തി.
- ഫോസ് സെൽ കോർഡിനേറ്റർമാരുടെ മീറ്റ് അപ്പ് നടത്തി, 45 കോർഡിനേറ്റർമാർ പങ്കെടുത്തു
- 12 ജില്ലകളിലെ വിവിധ കോളേജുകളിൽ ഫ്രീകാഡ് ഉപയോഗിച്ച് ഉൽപന്ന വികസനത്തെക്കുറിച്ചുള്ള ഏകദിന ശില്പശാല നടത്തി.

## കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.)

സംരംഭകത്വ വികസനം, ഇൻകുബേഷൻ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.). ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ ആയിഅറിയപ്പെട്ടിരുന്ന കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.) ഇന്ത്യയിലെ ആദ്യത്തെ വിജയകരമായ നോൺ അക്കാദമിക് ബിസിനസ്സ് ഇൻകുബേറ്ററാണ്. 2007 ലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്.

കേരളത്തിലെ യുവാക്കളിലും വിദ്യാർത്ഥികളിലുമുള്ള സംരംഭകത്വ കഴിവുകൾ തിരിച്ചറിയുന്നതിനും, വികസിപ്പിക്കുന്നതിനും, കേരളത്തിന്റെ പരമ്പരാഗത മേഖലകളിൽസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംരംഭകത്വ വികസന ആവശ്യങ്ങൾ കൈകാര്യം ചെയ്യുക, കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സംസ്കാരത്തിന് അനുയോജ്യമായ തരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സാങ്കേതിക ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആവശ്യമായ വിപണി കണ്ടെത്തുക, വൈജ്ഞാനിക, ഗവേഷണ വികസന സ്ഥാപനങ്ങളുമായും, വ്യവസായിക സാമ്പത്തിക സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിക്കുക, ഇൻസ്റ്റിറ്റ്യൂട്ടുകളിൽ വികസിപ്പിക്കുന്ന സാങ്കേതിക വിദ്യകൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും വേഗത്തിൽ വാണിജ്യവൽക്കരിക്കുന്നതിനും ഒരു വേദി സൃഷ്ടിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം.

2016 മുതൽ, 2,200 സ്റ്റാർട്ട് അപ്പുകൾ രജിസ്റ്റർ ചെയ്തു, 24,000 തൊഴിൽ സൃഷ്ടിച്ചു, 3.2 ലക്ഷം ചതുരശ്ര അടിയിൽ കൂടുതൽ ഇൻകുബേഷൻ സ്പേസ്, 230 ലധികം ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെല്ലുകൾ (ഐഇഡിസി), ഇവയെല്ലാം വിവിധ ജില്ലകളിലും കൊച്ചി, തിരുവനന്തപുരം, കാലിക്കറ്റ് തുടങ്ങിയ നഗരങ്ങളിലും തുല്യമായി വിതരണം ചെയ്യുന്നു. ഹാർഡ്‌വെയർ, ബയോടെക്നോളജി, ഇലക്ട്രോണിക്സ്, അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നൂതന ലാബുകളും ഈ സൗകര്യങ്ങളിൽ പലതാണ്. 2,200 സ്റ്റാർട്ടപ്പുകളിൽ 13 ശതമാനം 2019 ലെ ആദ്യ മൂന്ന് പാദങ്ങളിൽ മാത്രം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2017-20 പദ്ധതി കാലയളവിൽ, സ്റ്റാർട്ടപ്പുകളുടെ എണ്ണത്തിലും ഗുണനിലവാരത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സ്റ്റാർട്ടപ്പുകൾ 300 ൽ നിന്ന് 2,800 ൽ അധികമായി. ലോകത്തെ # 1 പൊതു ബിസിനസ് ആക്സിലറേറ്ററായി അന്താരാഷ്ട്ര അംഗീകാരവും ഗവൺമെന്റിലെ ടോപ്പ് പെർഫോമർ (ടോപ്പ് 3) എന്ന നിലയിൽ ദേശീയ അംഗീകാരവും ലഭിച്ചു. ഇന്ത്യ സ്റ്റേറ്റ് സ്റ്റാർട്ടപ്പ് റാങ്കിംഗ്, 2019. 4 ലക്ഷം ചതുരശ്ര അടി ഇൻകുബേഷൻ ഏരിയയും പ്രത്യേക ഇൻകുബേറ്ററുകളും ഉണ്ട്: അടിസ്ഥാന സൗകര്യങ്ങളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി.

സംരംഭകരുടെ വളർച്ചയ്ക്ക് അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ സംസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യ ഗവൺമെന്റ് സ്റ്റാർട്ടപ്പ് റാങ്കിംഗ് ആരംഭിച്ചു. നാസ്കോം റിപ്പോർട്ട് അനുസരിച്ച് ഗുജറാത്ത് മികച്ച പ്രകടനം കാഴ്ചവെച്ചപ്പോൾ കർണാടകയും കേരളവും മികച്ച പ്രകടനം കാഴ്ചവച്ചു. പ്രത്യേകിച്ചും വനിതാ സംരംഭകർക്കുള്ള സ്ഥാപന പിന്തുണയ്ക്കും സ്റ്റാർട്ടപ്പുകൾക്കായി ശക്തമായ സംരംഭ ഫണ്ടിംഗ് സംവിധാനത്തിനും കേരളം അംഗീകാരം നേടി.

കോവിഡ് –19 കാലയളവിൽ പോലും കേരളത്തിൽ സ്റ്റാർട്ടപ്പുകളുടെ എണ്ണം വർദ്ധിച്ചു. റിട്ടേൺ എമിഗ്രന്റുകളുടെ വർദ്ധനവ്, സംരംഭങ്ങളിലുള്ള യുവാക്കളുടെ താൽപര്യം, സ്റ്റാർട്ടപ്പുകൾക്കായി സർക്കാർ സൗകര്യങ്ങളുടെ നിലവാരം എന്നിവയാണ് ഇതിന് കാരണം. 2020 –ൽ ഇതുവരെ 399 സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 18 ശതമാനം വളർച്ചകൈവരിച്ചു. നിലവിൽ സ്റ്റാർട്ടപ്പുകളിൽ, 5,477 സജീവ സ്റ്റാർട്ടപ്പുകളുമായി മഹാരാഷ്ട്ര ഒന്നാമതാണ്, 1,292 സജീവ സ്റ്റാർട്ടപ്പുകളുമായി കേരളം ഒമ്പതാം സ്ഥാനത്താണ്.

വിവിധ സാങ്കേതിക മേഖലകൾക്കായി പ്രത്യേക സൗകര്യങ്ങളോടെ 1.80 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള വിശാലമായ സമുച്ചയമായ കൊച്ചിയിൽ 2019 ജനുവരിയിൽ കെഎസ്‌യുഎം ഇന്റഗ്രേറ്റഡ് സ്റ്റാർട്ട് അപ്പ് കോംപ്ലക്സ് ആരംഭിച്ചു. ഇത് താഴെ പറയുന്നവയുടെയും ആതിഥേയത്വം വഹിക്കുന്നു.

(1) മേക്കർവില്ലേജ് –ഏറ്റവും വലിയ ഇലക്ട്രോണിക് ഹാർഡ്‌വെയർ ഇൻകുബേറ്ററും ഇ എസ് ഡി എം സൗകര്യവും.
(2) ബയേനെസ്റ്റ്– പുതിയ സംരംഭകരെ വികസിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള സ്റ്റേറ്റ് ഓഫ് ആർട്ട് ബയോടെക്നോളജി ഇൻസ്ട്രുമെന്റേഷൻ പ്ലാറ്റ്ഫോം
(3) ബ്രിങ്ക്–ഹാർഡ്‌വെയർ സ്റ്റാർട്ടപ്പുകൾക്കായി ഇന്ത്യയുടെ ആദ്യത്തെ അന്താരാഷ്ട്ര ആക്സിലറേറ്റർ കൊണ്ടുവരിക
(4) ബ്രിക്ക്–കാൻസർ രോഗനിർണയത്തിനും പരിചരണത്തിനുമായി പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന ഇൻകുബേറ്റർ
(5) യൂണിറ്റിയും സെറയും സ്ഥാപിച്ച സെന്റർ ഓഫ് എക്സലൻസ്

രാജ്യത്തെ ഏറ്റവും വലിയ എക്സ്ക്ലൂസീവ് ഹാർഡ്‌വെയർ ഇൻകുബേറ്ററായ മേക്കർ വില്ലേജിലെ സ്റ്റാർട്ടപ്പ് കമ്പനികൾ വിവിധ പ്രദേശങ്ങളിൽ അത്യാധുനിക ഹാർഡ്‌വെയർ ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നു; ഓട്ടോമേഷൻ, റോബോട്ടിക്സ്, ഡ്രോണുകൾ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, സ്വയംഭരണ വാഹനങ്ങൾ, ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ, എനർജി മാനേജ്മെന്റ് എന്നീ മേഖലകളിൽ. മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ആഗ്മെന്റഡ് റിയാലിറ്റി / വെർച്വൽ റിയാലിറ്റി എന്നിവ തങ്ങളുടെ ഉൽപ്പന്നങ്ങളെ നൂതനവും ആഗോളതലത്തിൽ മത്സരാധിഷ്ഠിതവുമാക്കുന്നതിന് കട്ടിംഗ് എഡ്ജ് സാങ്കേതികവിദ്യകളെ സ്വാധീനിക്കുന്നതാണ് മിക്ക സ്റ്റാർട്ടപ്പുകളും.

ടെക്നോളജി ഇന്നൊവേഷൻ സോൺ നിരവധി സാങ്കേതിക മേഖലകളുടെ ആഗോള നവീകരണ ഇൻകുബേറ്റർ കേന്ദ്രമാണ്. മൾട്ടി സെക്ടർ ടെക്നോളജി ഇൻകുബേറ്ററുകൾക്ക് സ്റ്റാർട്ടപ്പുകൾ ഇൻകുബേറ്റ് ചെയ്യുന്നതിനും ഗാർഹിക വളർച്ചയുള്ള സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനുമായി ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ ടിസ് സൃഷ്ടിക്കും. കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് ടിസ് സ്ഥാപിക്കുന്നു. ബിൽറ്റ്–അപ്പ് സ്റ്റാർട്ട് അപ്പ് മൊഡ്യൂളുകൾ, ഹൈ–എൻഡ് ഫാബ്രിക്കേഷൻ ലാബുകൾ, ആർ & ഡി ലാബ് സൗകര്യങ്ങൾ, വാണിജ്യ ഓഫീസ് സ്ഥലങ്ങൾ, ഡോർമിറ്ററികൾ, എസ്എച്ച്ഒകൾ, മാളുകൾ എന്നിവ ഉൾപ്പെടുന്നതാണ് സോൺ. ഏകദേശം 5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള മൊത്തം വിസ്തീർണ്ണം ടിസ് സൃഷ്ടിക്കും. ടിസിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വിവിധ ഘട്ടങ്ങളിലായി നിർമ്മിക്കും. നിലവിൽ ഘട്ടം I പ്രവർത്തിക്കുന്നു.

ടെക് വ്യവസായത്തിലും ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിലും അവസരങ്ങളുള്ള സ്റ്റാർട്ടപ്പുകളെയും യുവാക്കളെയും പ്രാപ്തമാക്കുന്നതിനും ശാക്തീകരിക്കുന്നതിനും കെഎസ്‌യുഎമ്മിന് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവയുമായി സഹകരിക്കുന്നു.

## പ്രധാന പരിപാടികൾ

സ്റ്റാർട്ടപ്പുകൾക്കും സാങ്കേതിക പ്രതിഭകൾക്കും മികച്ച തലത്തിലുള്ള നിക്ഷേപകർ, എക്സിക്യൂട്ടീവുകൾ, മാധ്യമങ്ങൾ എന്നിവരുടെ കേന്ദ്രബിന്ദു ഹഡിൽ ഇന്ത്യയാണ്. ശരിയായ നിക്ഷേപകരുമായും കോർപ്പറേറ്റുകളുമായും കണക്റ്റുചെയ്യാൻ സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിന് സ്റ്റേജ് പ്രോഗ്രാമുകൾ, നെറ്റ്‌വർക്കിംഗ് സെഷനുകൾ പോലുള്ള സൈഡ് ഇവന്റുകൾ, റൗണ്ട് ടേബിൾ ചർച്ചകൾ, വർക്ക്ഷോപ്പുകൾ എന്നിവ സുഗമമാക്കുന്നു. ലോകത്തെ കീഴടക്കുന്ന സ്റ്റാർട്ടപ്പുകളെ മുന്നോട്ട് കൊണ്ടുവന്ന് വിജയിപ്പിക്കാൻ സഹായിക്കുക എന്നതാണ് ഹഡിൽ ഇന്ത്യയുടെ പിന്നിലുള്ള തത്ത്വചിന്ത. ബ്ലോക്ക്ചെയിൻ, ക്രിപ്റ്റോ കറൻസി, ഐഒടി, ഗെയിമിംഗ്, ഇ സ്പോർട്സ്, സൈബർ സുരക്ഷ, ഡിജിറ്റൽ വിനോദം, എആർ / വിആർ, എഐ, യുഐ / യുഎക്സ്, ഇ ഗവേണൻസ് തുടങ്ങിയ മേഖലകളിലാണ് ഹഡിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

**കേരളത്തിൽ വിത്തു പാകൽ**–രണ്ട് ദിവസത്തെ നിക്ഷേപക കേന്ദ്രീകൃത ഇവന്റ്.
**മീറ്റപ്പ് കഫെ**–സ്റ്റാർട്ടപ്പുകൾക്കും വ്യവസായങ്ങൾക്കും സ്ഥാപനങ്ങൾക്കും നിക്ഷേപകർക്കും ഒത്തുചേരാനും അവരുടെ അറിവ് പങ്കിടാനും പരിസ്ഥിതി വ്യവസ്ഥയുടെ മൊത്തത്തിലുള്ള വികസനത്തിന് പ്രാധാന്യം

നൽകുന്ന ഒരു സമൂഹത്തെ വികസിപ്പിക്കാനും ഉള്ള ഇടമാണ് മീറ്റപ്പ് കഫെ. സംസ്ഥാനത്തൊട്ടാകെയുള്ള സ്റ്റാർട്ടപ്പുകൾക്കായി ഒരു മെന്റർഷിപ്പ്, നിക്ഷേപ കേന്ദ്രം, കൂടാതെ എല്ലാ സാങ്കേതിക അവബോധത്തിനും വേണ്ടിയുള്ള ഒറ്റത്തവണ കേന്ദ്രം എന്നിവയാണ് കഫെ വികസിപ്പിക്കുന്നത്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് നഗരങ്ങളിൽ എല്ലാ മാസവും മീറ്റപ്പ് കഫെ ആതിഥേയത്വം വഹിക്കുന്നു.

**ഇൻവെസ്റ്റർ കഫെ**–നിക്ഷേപകരുമായി കണക്റ്റുചെയ്യാനും ധനസഹായം നേടാനുമുള്ള ഫണ്ടുകൾ തിരയുന്ന സ്റ്റാർട്ടപ്പുകൾക്ക് ഇൻവെസ്റ്റർ കഫെ അവസരമാണ്.

**വിമൻ സ്റ്റാർട്ടപ്പ് സമ്മിറ്റ്** – സംരംഭക യാത്ര ഏറ്റെടുക്കാനും കേരളത്തിൽ ഒരു സമഗ്ര സംരംഭകത്വ ഇക്കോസിസ്റ്റം വികസിപ്പിക്കാനും ആഗ്രഹിക്കുന്ന വനിത പ്രൊഫഷണലുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു കെഎസ്‌യുഎം സംരംഭമാണ് വിമൻ സ്റ്റാർട്ടപ്പ് സമ്മിറ്റ്.

കഴിഞ്ഞ 3 വർഷമായി കെഎസ്‌യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ **പട്ടിക 5.1.7** –ൽ നൽകിയിരിക്കുന്നു

## 2019–20 കാലഘട്ടത്തിൽ കെ.എസ്.യു.എം. ന്റെ നേട്ടങ്ങൾ

- ഐഇഡിസി ഉച്ചകോടി 2019 നടത്തി. കേരളത്തിലെ 14 ജില്ലകളിലായി 226 അക്കാദമിക് ഐഇഡിസികളിൽ നിന്ന് 4,000 –ൽ അധികം കുട്ടികൾ ഉച്ചകോടിയിൽ പങ്കെടുത്തു.
- എംഐടിയുമായി സഹകരിച്ച് കൊച്ചിയിൽ സൂപ്പർ ഫാബ് ലാബ് സ്ഥാപിച്ചു, ഇത് രാജ്യത്തെ ആദ്യത്തേതാണ്.
- പാലക്കാടിലെ പോളിടെക്നിക് കോളേജിൽ ഇൻകുബേറ്ററും മിനി ഫാബ് ലാബും സ്ഥാപിച്ചു.
- അഞ്ചാം പതിപ്പ് സീഡിംഗ് കേരളം 2020 കൊച്ചിയിൽ സംഘടിപ്പിച്ചു. 150 നിക്ഷേപകരുടെയും എച്ച്എൻഐകളുടെയും ഒരു സംഘം പങ്കെടുത്ത ഉച്ചകോടിയിൽ സംസ്ഥാനത്തെ എയ്ഞ്ചൽ ഇൻവെസ്റ്റർ കമ്മ്യൂണിറ്റിയുടെ പ്രധാന പരിപാടി.
- ഹഡിൽ കേരളം 2019 നടത്തി. കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) ഓപ്പോ, ഫ്യൂച്ചർ ഗ്രൂപ്പ്, വാധവാനി ഫൗണ്ടേഷൻ, ഓർബിറ്റ് എന്നിവയുമായി ധാരണാപത്രം ഒപ്പിട്ടു.
- വനിതാ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നടക്കുന്ന വനിതാ സ്റ്റാർട്ടപ്പ് ഉച്ചകോടി 2019 നടത്തി.
- കരിയർ ബ്രേക്കിലുള്ള (അല്ലെങ്കിൽ മുഴുവൻ സമയ ജോലിക്കു കീഴിലല്ലാത്ത) യോഗ്യതയുള്ള സ്ത്രീകളെ സൗകര്യപ്രദമായ ഫ്രീലാൻസ് അസൈൻമെന്റുകൾ ഏറ്റെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിന് ലക്ഷ്യമിട്ടുള്ള ഒരു പ്രോഗ്രാം കെ–വിൻസ് വർക്ക് ഷോപ്പ് നടത്തി.
- പേറ്റന്റ് സപ്പോർട്ട് സ്കീമിന് കീഴിൽ 9 ഇന്ത്യൻ പേറ്റന്റുകളും 7 അന്താരാഷ്ട്ര പേറ്റന്റുകളും നേടുന്നതിന് 6 സ്റ്റാർട്ടപ്പുകളും 2 വിദ്യാർത്ഥികളും പിന്തുണയ്ക്കുന്നു.
- 2019–20 –ൽ 18 സ്റ്റാർട്ടപ്പുകളിലേക്ക് സീഡ് വായ്പ വിതരണം ചെയ്തു.
- ഇൻസ്പയർ 19 സംഘടിപ്പിച്ചു, കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഐഇഡിസി സോണൽ മീറ്റും സംഘടിപ്പിച്ചു.വിവിധ ജില്ലകളിൽ നിന്നുള്ള 720 വിദ്യാർത്ഥികൾ ഈ പരിപാടിയിൽ പങ്കെടുത്തു.

**പട്ടിക 5.1.7** കെഎസ്‌യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ

| സീ: നം | വിശദാംശങ്ങൾ | നേട്ടങ്ങൾ 2017–18 | നേട്ടങ്ങൾ 2018–19 | നേട്ടങ്ങൾ 2019–20 |
|---|---|---|---|---|
| 1 | ഇക്കോസിസ്റ്റത്തിലെ ടെക് സ്റ്റാർട്ടപ്പുകളുടെ എണ്ണം | 800 | 1500 | 2500 |
| 2 | ഇൻകുബേറ്ററുകൾ / ആക്സിലറേറ്ററുകൾ (എണ്ണം) | 8 | 13 | 13 |
| 3 | മൂല്യം സൃഷ്ടിക്കൽ (കോടി രൂപ) | 28000 | 50000 | 100000 |
| 4 | തൊഴിൽ സൃഷ്ടിക്കൽ (നമ്പർ) | 10000 | 15000 | 25000 |
| 5 | ബാഹ്യ നിക്ഷേപം (കോടി രൂപ) | 280 | 500 | 1500 |
| 6 | | ടോപ്പ് 5 (ജി ഒ ഐ യുടെ മികച്ച പ്രകടനം) | | 2019 റാങ്കിംഗ് അനുസരിച്ച് മികച്ച പ്രകടനം |
| 7 | ഇക്കോസിസ്റ്റം റാങ്കിംഗ് | 20 | 30 | 30 |
| 8 | ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾ (എണ്ണം) | 150500 | 315,500 | 400263 |
| | ഇൻകുബേഷൻ സ്പേസ് (മീ ചതുരശ്ര അടി) | | | |

*അവലംബം: കെ എസ് യു എം*

- ഫെബ്രുവരി 1, 2020 –ന് 'വേഗത്തിൽ പരാജയപ്പെടുക അല്ലെങ്കിൽ വിജയിക്കുക' എന്നതിന്റെ രണ്ടാം പതിപ്പ് സംഘടിപ്പിച്ചു. മാർച്ച് 12, 2020–ന് കോവിഡ്–19 പാൻഡെമിക് കാരണം പരാജയപ്പെട്ടു അല്ലെങ്കിൽ വിജയിക്കുക എന്നതിന്റെ മൂന്നാം പതിപ്പ് ഓൺലൈനിലായിരുന്നു.
- ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ഇൻകുബേറ്ററുകളുടെ ഒത്തുചേരലായ ഇസ്ബാക്കോൺ 2019 നടത്തി, ബയോടെക് ബൂട്ട് ക്യാമ്പ് 2019 സംഘടിപ്പിച്ചു.
- കൊച്ചിയിലെ കളമശ്ശേരിയിൽ ടെക്നോളജി ഇന്നൊവേഷൻ സോൺ സ്ഥാപിക്കൽ പുരോഗമിക്കുന്നു.
- ഓർഗനൈസ്ഡ് ഇൻക്യു ഇന്നൊവേഷൻ ഹാക്കത്തോൺ– ഇൻക്യുബേറ്റ് ഐഎൻഡിയും കെഎസ്‌യുഎമ്മും സംയുക്തമായി സംഘടിപ്പിച്ച ഇൻക്യു ഇന്നൊവേഷൻ ഹാക്കത്തോണിൽ 18 ടീമുകൾ പങ്കെടുത്തു.
- സി–ഡാക്കിന്റെ സജീവ പിന്തുണയോടെ സംരംഭകത്വ വികസന പരിപാടി സംഘടിപ്പിച്ചു.
- ജനുവരി 30, 2020 ന് കൊച്ചിയിൽ നടന്ന ആഗോള സൗത്ത് ടെക് ഒന്നാം മീറ്റ് ഹോസ്റ്റുചെയ്തു
- ഹാച്ച് 2020 –ഇൻവെസ്റ്റർ എഡ്യൂക്കേഷൻ പ്രോഗ്രാം–സ്റ്റാർട്ടപ്പുകളിലേക്ക് നിക്ഷേപം നടത്താൻ പ്രൊഫഷണൽ കമ്മ്യൂണിറ്റിയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു നിക്ഷേപ വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചു.
- കെഎസ്‌യുഎമ്മിന് കീഴിലുള്ള ഏഴ് സ്റ്റാർട്ടപ്പുകൾ സിംഗപ്പൂരിലെ ഇന്നോവ്ഫെസ്റ്റ് അൺബൗണ്ടിൽ പങ്കെടുത്തു
- കെ–ആക്സിലറേറ്റർ പ്രോഗ്രാം, ബ്രിങ്ക് ഹാർഡ്‌വെയർ ആക്സിലറേറ്റർ പ്രോഗ്രാം, ലോഗ് എക്സ്: ആക്സിലറേറ്റർ പ്രോഗ്രാമുകൾ വിജയകരമായി പ്രവർത്തിക്കുന്നു
- സ്റ്റാർട്ടപ്പുകളിൽ എയ്ഞ്ചൽ നിക്ഷേപത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള വിദ്യാഭ്യാസ പദ്ധതിയായ ഇഗ്നൈറ്റ് എയ്ഞ്ചൽ ഇൻവെസ്റ്റ്മെന്റ് മാസ്റ്റർ ക്ലാസ് നടത്തി, 27 സ്റ്റാർട്ടപ്പുകൾ പരിപാടിയിൽ പങ്കെടുത്തു.

### സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി–ഡിറ്റ്)

സർക്കാർ മേഖലയിൽ ഐ.സി.ടി. സൊല്യൂഷൻസ് പ്രൊവൈഡറായി സി–ഡിറ്റ് പ്രവർത്തിക്കുന്നു. സി–ഡിറ്റ് ഏറ്റെടുത്ത് നടത്തുന്ന പ്രധാന പരിപാടികൾ ഇവയാണ്:

- ഇന്ത്യൻ നിർമ്മിത വിദേശ മദ്യക്കുപ്പികളിൽ ഘടിപ്പിക്കുന്നതിനായി ഹോളോഗ്രാം ഉൾച്ചേർത്ത ടാക്സ് ലേബൽ ഉത്പാദനം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനായി നടത്തി. കൂടാതെ, ഹോളോഗ്രാം ഉൾച്ചേർത്ത സുരക്ഷാ രേഖകളായ ആർസി ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയും മോട്ടോർ വാഹന വകുപ്പിന് നൽകി.
- സുരക്ഷാ സവിശേഷതകൾ ഉൾക്കൊള്ളുന്ന ലോട്ടറി ടിക്കറ്റുകൾ രൂപകൽപ്പന ചെയ്യുന്നതിനായി ലോട്ടറി ഡയറക്ടറേറ്റിൽ സജ്ജമാക്കിയ സെക്യൂരിറ്റി ഡിസൈൻ ലാബ്, വ്യാജത്തെ തടയുന്നതിനുള്ള സുരക്ഷാ ഫോറൻസിക് സി–ഡിഐടിയുടെ സാങ്കേതിക പിന്തുണയോടെ കൈകാര്യം ചെയ്യുന്നു.
- അതിർത്തി കടന്നുള്ള സുരക്ഷാ നടപടിയായി, കടലിൽ പോകുന്ന വെസ്സലുകൾക്കായി ഉയർന്ന സുരക്ഷ–രജിസ്ട്രേഷൻ ബോർഡുകൾ പരിഹരിക്കുന്നതിനുള്ള പദ്ധതി ഫിഷറീസ് വകുപ്പിനായി ഏറ്റെടുത്തു.
- എംവിഡി വാഹന വകുപ്പിന് കീഴിലുള്ള എല്ലാ ആർടി ഓഫീസുകൾക്കും ഫെസിലിറ്റി മാനേജ്മെന്റ് സംവിധാനം വിജയകരമായി നടത്തി
- ആറ് ജില്ലകളിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ രേഖകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി. കൂടാതെ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ പഴയ രജിസ്ട്രേഷൻ കാർഡുകളുടെ ഡിജിറ്റൈസേഷൻ, ഈന്തപ്പനകളുടെ ഡിജിറ്റൈസേഷൻ, ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ പുരാവസ്തു രേഖകളുടെ ഡിജിറ്റൈസേഷൻ എന്നിവ പൂർത്തിയാക്കി.
- പ്രവേശന പരീക്ഷാ കമ്മീഷണറേറ്റിനായുള്ള ഓൺലൈൻ പരീക്ഷാ സോഫ്റ്റ് വെയർ, രജിസ്ട്രേഷൻ വകുപ്പിനുള്ള ഫെയർ വാല്യൂ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ, രജിസ്ട്രേഷൻ വകുപ്പിനും കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമിക്കും ഓൺലൈൻ പേയ്മെന്റ് ഗേറ്റ്‌വേ സിസ്റ്റം, റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സിസ്റ്റം, സിമെറ്റിനായി ഇ–മോണിറ്റ് സിസ്റ്റം, പൊതുമരാമത്ത് വകുപ്പിനുള്ള വിംഗ്സ് പ്രോജക്റ്റ് , സോഷ്യൽ സെക്യൂരിറ്റി മിഷനുള്ള ഇ–സുരക്ഷണ സോഫ്റ്റ്വെയർ എന്നിവ നിർമിച്ചു.
- ഹരിത കേരളം മിഷൻ സ്ഥാപിച്ച മുഖ്യമന്ത്രിയുടെ അവാർഡിനായി 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷൻ നടത്തി. 18 സഹകരണ ബാങ്കുകളിലെ കാർഷിക സംരംഭങ്ങളുടെ ഡോക്യുമെന്റേഷൻ, ഹരിത കേരളം മിഷന്റെ വിവിധ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷൻ, ട്രാൻസ്ജെൻഡർ സമൂഹത്തിനായുള്ള വീഡിയോ ഡോക്യുമെന്ററി, പരസ്യ ഫിലിം, ലോട്ടറി വകുപ്പിനുള്ള പരസ്യ ചിത്രങ്ങൾ, മാലിന്യ സംസ്കരണത്തിലെ മികച്ച പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷൻ 8 എൽഎസ്ജിഡികൾക്കായി ശുചിത്വ മിഷൻ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനായി കോർപ്പറേറ്റ് വീഡിയോയുടെ നിർമ്മാണം, കേരള ബാങ്കിനായി ആനിമേഷൻ ലോഗോ നിർമ്മാണം, മരട് ഫ്ലാറ്റ് പൊളിക്കുന്നതിന്റെ

വീഡിയോ ഡോക്യുമെന്റേഷൻ, തിരുവനന്തപുരം കോർപ്പറേഷനിലെ ക്ലീനിംഗ് സ്റ്റാഫുകളെക്കുറിച്ചുള്ള അവബോധ വീഡിയോ എന്നിവ നടത്തി.

- പുനർനിർമ്മിക്കുന്ന കേരള ഇനിഷ്യേറ്റീവ്, ട്രാൻസ്ജെൻഡർ അഡ്വക്കസി കാമ്പെയ്നിന് കീഴിൽ നമ്മൾ നാമുകായ് എന്ന സൗകര്യമൊരുക്കി. കോവിഡ് –19 പാൻഡെമിക് പടരാതിരിക്കാനുള്ള ബ്രേക്ക് ദി ചെയിൻ കാമ്പെയ്നിനുള്ള ക്രിയേറ്റീവ് പിന്തുണയും നൽകി.
- വനിതാ–ശിശുവികസന വകുപ്പിനായ് സമ്പുഷ്ട കേരളത്തിന്റെ ആനിമേഷൻ വീഡിയോ പ്രൊഡാക്ഷൻ സീരീസ്, നവ കേരളം പ്രതിവാര ടെലിവിഷൻ ഷോ, ആംഗ്യഭാഷാ ബുള്ളറ്റിൻ, ടിവി ന്യൂസ് മോണിറ്ററിംഗ് പ്രോജക്റ്റ്, ഹരിത കേരളം മിഷന്റെ സോഷ്യൽ മീഡിയ കാമ്പെയ്ൻ, കേരള ഇനിഷ്യേറ്റീവ്, ജിഎസ്ടി, ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, ശുചിത്വ മിഷൻ, ആരോഗ്യകേരളം മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും വിവിധ പരിപാടികളുടെ തത്സമയ സംപ്രേഷണം, കെഐഐഎഫ്ബി, കെ–ഡിസ്ക്, കെഎസ്എഫ്ഇ പ്രവാസി ചിട്ടി എന്നിവയുടെ വിവിധ പദ്ധതികൾക്ക് സാങ്കേതിക സഹായം, മുഖ്യമന്ത്രിയുടെ പൊതു പരാതി പരിഹാര സംവിധാനത്തിന്റെ സാങ്കേതിക സൗകര്യം എന്നിവയാണ് സി– ഡിറ്റിന്റെ മറ്റ് പ്രധാന പദ്ധതികൾ.
- കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുവേണ്ടിയുള്ള ബ്രേക്ക് ദി ചെയിൻ കാമ്പെയ്നിന്റെ ക്രിയേറ്റീവ് പിന്തുണയും സാങ്കേതിക സൗകര്യവും, കോവിഡ് –19 ബാധിത രോഗികൾക്കുള്ള പോർട്ടൽ 'കൂടെ', 'കിളികൊഞ്ചൽ' എന്ന പേരിൽ പ്രീ സ്കൂൾ പഠനത്തിനുള്ള പാഠങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാങ്കേതിക പിന്തുണ, സാമൂഹിക സന്നദ്ധ സേനയ്ക്കുള്ള ട്യൂട്ടോറിയൽ വീഡിയോ എന്നിവയാണ് 2020–2021 ലെ സി–ഡിറ്റിന്റെ മറ്റ് പ്രധാന പദ്ധതികൾ.

## ഭാവി വീക്ഷണം

ഒരു ഐടി ലക്ഷ്യസ്ഥാനമെന്ന നിലയിൽ മത്സരിക്കാൻ, കേരളത്തിലെ ഐടി മേഖല സംസ്ഥാന സമ്പദ്‌വ്യവസ്ഥയിലേക്ക് മൂല്യവർദ്ധനവ് ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഐ.ടി. മേഖലകളിലെ വളർന്നു വരുന്ന മേഖലകളിൽ നിക്ഷേപം നടത്തുകയും സ്ഥാപിത ഐ.ടി./ഐ.ടി.ഇ.എസ്. പ്രവർത്തനങ്ങളിൽ മാത്രം ആശ്രയിക്കാതെ നില്ക്കുകയുമാണ് വേണ്ടത്. ഇന്ത്യൻ ഐ.ടി. മേഖലയിൽ ഫോക്കസ് മാറുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളും, ആഗോള ഐ.റ്റി മേഖലയിൽ ഉയർന്നു വരുന്ന പ്രശ്നങ്ങളും ഉൾക്കൊള്ളുന്ന ഇന്ത്യൻ ഐ.ടി. മേഖലയെന്ന നിലയിൽ, ഈ മാറ്റങ്ങളെ കേരളം ശ്രദ്ധിക്കേണ്ടതുണ്ട്. അതേസമയം ജനങ്ങളുടെ ഡിജിറ്റൽ ശാക്തീകരണത്തിലും ഐ.ടി. അവബോധത്തിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം തുടരുകയും കാലാകാലങ്ങളിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഉചിതമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, പ്രതീക്ഷിത അറ്റകുറ്റപണികൾ ഒഴിവാക്കുന്നതിനും കഴിയുന്നു.

ഹബ് ആന്റ് സ്പോക്ക് മാതൃകയിൽ ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ടക്ച്ചർ മേഖല സംസ്ഥാനത്ത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചെങ്കിലും ഈ മേഖലയെ സംയോജിപ്പിക്കുന്നതിന് ഉചിതമായ ഒരു ഏകീകൃത സംവിധാനം രൂപീകരിക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് ഐ.സി.റ്റി പ്രാപ്തമായ വിദ്യാഭ്യാസവും ഗവേഷണവും വികസവവും നവീകരണവും തിരിച്ചറിയുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഐടി അനുബന്ധ മേഖലകളിലെ നമ്മുടെ കുതിച്ചുചാട്ടം ഈ മേഖലയിൽ ഗണ്യമായ നിക്ഷേപം ആകർഷിക്കുന്നതിനെയും സ്റ്റാർട്ടപ്പുകളിലൂടെ യുവ സംരംഭകരെ തിരിച്ചറിയുന്നതിനെയും പ്രോത്സാഹിപ്പിക്കുന്നതിനെയും ആശ്രയിച്ചിരിക്കുന്നു.

## ഉപസംഹാരം

കഴിഞ്ഞ അഞ്ചുവർഷത്തെ പദ്ധതികളിൽ കേരളം ഐടി മേഖലയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, വിജ്ഞാന സമ്പദ്‌വ്യവസ്ഥ സ്ഥാപിക്കുന്നതിനായി ഗവേഷണ വികസന അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ സംസ്ഥാനം പിന്നിലാണ്. വരും വർഷങ്ങളിൽ ഐടിയുടെ പുതിയ വഴികളിൽ മത്സരപരമായ നേട്ടങ്ങൾ വികസിപ്പിക്കുന്നതിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനായി ഐസിടി പ്രാപ്തമാക്കിയ വിദ്യാഭ്യാസം, ഗവേഷണം, വികസനം, എന്നീ മേഖലകളിൽ പുതുമകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അടിസ്ഥാന സൗകര്യ വികസനം, മാനവ വിഭവശേഷി വികസനം, മൊത്തത്തിലുള്ള സാമ്പത്തിക വികസനം എന്നിവയിൽ ഗവൺമെന്റിന്റെ ഊന്നൽ ഇൻഫർമേഷൻ ടെക്നോളജിയുടെ അർത്ഥവത്തായ ഉപയോഗത്തിന് വലിയ അവസരങ്ങൾ തുറക്കും.

## 5.2 ശാസ്ത്ര സേവനങ്ങളും ഗവേഷണവും

സർവകലാശാല പഠന വിഭാഗങ്ങൾ, വ്യവസായം, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ പഠനം, ഗവേഷണം, വികസനം എന്നിവയിലൂടെ ശാസ്ത്ര സാങ്കേതികതയിൽ മികവ് പ്രോത്സാഹിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യം, ഉപജീവനം, സുഖസൗകര്യങ്ങൾ, പരിസ്ഥിതി എന്നിവ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഇടപെടലുകളിലൂടെയും അതു മുഖേന സുസ്ഥിര വികസനം നേടുന്നതിനും തുടർന്ന് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും എല്ലാ സമൂഹങ്ങളിലും ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് ഒരു പ്രധാന പങ്ക് വഹിക്കുവാനുണ്ട്.

ശാസ്ത്ര, സാങ്കേതികതയിലെ (എസ് &ടി) നൂതന മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്രം, സാങ്കേതികത, നവീകരണം എന്നിവയിൽ രാജ്യത്തിന്റെ പ്രാപ്തി മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള നോഡൽ വകുപ്പാണ് ഭാരത സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ് (ഡി.എസ്.ടി). ഒരു മത്സര സ്വഭാവ രീതിയിലൂടെ ദേശീയതലത്തിൽ ശാസ്ത്ര സാങ്കേതികതയിലെ പ്രാപ്തി വർദ്ധിപ്പിക്കുന്നതിനായി വിവിധ സ്ഥാപനങ്ങളിലെയും വിജ്ഞാന ശാഖകളിലെയും ശാസ്ത്രജ്ഞർക്ക് ഈ വകുപ്പ് ശാസ്ത്ര സാങ്കേതിക വികസന പിന്തുണ നൽകുന്നു. വൈദഗ്ധ്യത്തിലും വ്യാപ്തിയിലും ശാസ്ത്രീയ, സാങ്കേതിക ഫല സൃഷ്ടി വർദ്ധനവിനായി ഭാരതത്തിലെ ശാസ്ത്ര, സാങ്കേതിക സമൂഹത്തെ പര്യാപ്തരാക്കുന്നത് ലക്ഷ്യം വച്ചുകൊണ്ട് വിവിധ ആസൂത്രിത സംരംഭങ്ങൾ നടപ്പിലാക്കുന്നതിനും ഈ വകുപ്പ് സഹായിക്കുന്നു.

സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക വിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിൽ കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന് പ്രധാന പങ്കുണ്ട്. ശാസ്ത്ര സാങ്കേതിക രംഗത്ത് മികവ് കൈവരിക്കുന്നതിനും സമൂഹത്തിന് വലിയ തോതിൽ സേവനം നൽകുന്നതിനുമുള്ള പരിപാടികൾ തിരിച്ചറിയുന്നതിനും നടപ്പാക്കുന്നതിനും വകുപ്പ് സഹായിക്കുന്നു.

കേന്ദ്രസർക്കാരിന്റെ പങ്കിനൊപ്പം ശാസ്ത്ര സാങ്കേതിക വിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംസ്ഥാനതലത്തിലുള്ള ശ്രമങ്ങളുടെ തുടക്കക്കാരാണ് കേരളം. ഗവേഷണ–വികസന, മാനേജ്മെൻറ് പ്രവർത്തന പദ്ധതിയിലൂടെ സംസ്ഥാനത്തെ അക്കാദമിക്, ഗവേഷണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക, ഗവേഷണ–വികസന കേന്ദ്രങ്ങളിലൂടെ ഗവേഷണവും വികസനവും നടത്തുക, ബയോടെക്നോളജി മേഖലയിലെ പദ്ധതികളെയും പ്രോഗ്രാമുകളെയും തിരിച്ചറിയുകയും സുഗമമാക്കുകയും ചെയ്യുക, ജൈവ വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിര ഉപയോഗവും ഉറപ്പാക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ കേന്ദ്രങ്ങളിലെയും ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറികളും മെച്ചപ്പെടുത്തുക, ശാസ്ത്ര സാങ്കേതിക മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ, ഗവേഷണം, വികസനം എന്നിവ ഏറ്റെടുക്കുന്നതിന് യുവ പ്രതിഭകളെ പരിപോഷിപ്പിക്കുക, ജനങ്ങളുടെ പ്രയോജനത്തിനായി ഗ്രാമീണ വികസന സാങ്കേതികവിദ്യയുടെ അടിസ്ഥാനതലത്തിലുള്ള നവീകരണം പ്രോത്സാഹിപ്പിക്കുക, വ്യാവസായിക ആപ്ലിക്കേഷന്റെ പൈലറ്റ് സ്റ്റേജിൽ വികസനം, സാങ്കേതിക കൈമാറ്റം, വിവർത്തന ഗവേഷണം എന്നിവയ്ക്കായുള്ള ഇൻകുബേറ്റർ വികസിപ്പിക്കുക, ഉയർന്ന മുൻഗണനാ മേഖലകളിൽപ്പെട്ട ഭൗതിക പരിസ്ഥിതിയുടെയും പരിസ്ഥിതി വ്യവസ്ഥകളുടെയും ഗവേഷണം, സംരക്ഷണം, പരിപാലനം തുടങ്ങിയവ നടപ്പാക്കുക എന്നിവയാണ് സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ പ്രധാന ദൗത്യം. കഴിവുള്ള യുവാക്കളെ ഉയർന്ന അക്കാദമിക് മേഖലയിലേക്കും ശാസ്ത്ര ഗവേഷണത്തിലേക്കും എത്തിയ്ക്കുന്നതിനും ഗവേഷകരുടെ കഴിവുകളും ഗവേഷണ ഔട്ട്പുട്ടിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനും ഈ മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളും പ്രോഗ്രാമുകളും സഹായിക്കുന്നു.

കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ശാസ്ത്ര സാങ്കേതികതയിൽ മികവ് വർധിപ്പിക്കുന്ന വിധത്തിലുള്ള രണ്ട് മികച്ച നേട്ടങ്ങൾ പ്രത്യേക പരാമർശം അർഹിക്കുന്നു. ഒരു ഏകീകൃത എം എസ് സി /പി എച് ഡി പരിപാടി ആരംഭിക്കുകയും പോസ്റ്റ് ഡോക്ടറൽ സ്കോളർമാരെ നിയമിക്കുന്നതു ശക്തിപ്പെടുത്തി കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ പ്രവർത്തനങ്ങൾ ഉയർത്തിയതാണ് ഒന്നാമത്തേത്. ഇതോടൊപ്പം തുടർച്ചയായ കോൺഫറൻസുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിലൂടെ രാജ്യത്തെ മുൻ നിര ഗണിത ശാസ്ത്ര സ്ഥാപനങ്ങളിൽ ഒന്നായി ഉയരുന്നതിന് കെ എസ് എം നെ സഹായിക്കും. രണ്ടാമതായി ഒരു ലോകോത്തര സ്ഥാപനമായി വിഭാവനം ചെയ്തിട്ടുള്ളതും തിരുവനന്തപുരം ജില്ലയൽ ആരംഭിച്ചിട്ടുള്ളതുമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി. കേരളത്തിനും രാജ്യത്തിനു മുഴവനും കോവിഡ്-19 ന്റെയും മറ്റു പുതിയ രോഗങ്ങളുടെയും സാഹചര്യത്തിൽ മാത്രം പ്രാധാന്യം നൽകപ്പെടേണ്ട ഒരു സ്ഥാപനം മാത്രമല്ല ഈ ഇൻസ്റ്റിറ്റ്യൂട്ട്. ഇതിന് പുറമെ കെ എസ് സി എസ് ടി യുടെ കീഴിൽ ഉള്ള വിവിധ ഗവേഷണ വികസന സ്ഥാപനങ്ങൾ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സംസ്ഥാനത്ത് സംഭവിച്ച പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിൽ കാര്യമായ സംഭാവന നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖലയിൽ ഉൾപ്പെടുന്ന രണ്ടു പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ആണ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും (കെ എസ് സി എസ് ടി ഇ) തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെൻറ്ററും (ആർ സി സി).

## I. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ .എസ്. സി.എസ്.ടി.ഇ)

കേരള സർക്കാരിന്റെ ശാസ്ത്രസാങ്കേതിക വകുപ്പിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കെ.എസ്. സി.എസ്.ടി.ഇ. കേരളത്തിന്റെ മുഖ്യമന്ത്രി പ്രസിഡന്റും കെ.എസ്.സി.എസ്.ടി.ഇ യുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കൗൺസിലും (ഇ സി) ചേർന്നുള്ള സ്റ്റേറ്റ് കൗൺസിൽ (എസ് സി) ആണ് കെ.എസ്.സി.എസ്.ടി.ഇ യെ നിയന്ത്രിക്കുന്നത്. പൂർണ്ണമായി സജ്ജീകരിച്ച ഏഴ് ഗവേഷണ വികസന കേന്ദ്രങ്ങളും (ആർ&ഡി) ഗവേഷണ കേന്ദ്രങ്ങളായി വളർന്നു കൊണ്ടിരിക്കുന്ന രണ്ടു സ്ഥാപനങ്ങളും, സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങളും നിലവിൽ കെ.എസ്.സി.എസ്.ടി യുടെ കുടക്കീഴിൽ ഉണ്ട്.

സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്ര, സാങ്കേതിക, നൂതന നയങ്ങൾക്ക് രൂപം കൊടുക്കുകയും ആവിഷ്കരിക്കുകയും ചെയ്യുകയെന്നതാണ് കെ.എസ്.സി.എസ്.ടി.ഇ യുടെ പ്രധാന ലക്ഷ്യം. ശാസ്ത്ര പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും മാനവികതയുടെ സുസ്ഥിര വികസത്തിനും പ്രാധാന്യമർഹിക്കുന്ന പരിപാടികൾ കൗൺസിൽ പ്രോത്സാഹിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. ശാസ്ത്രീയ ഗവേഷണത്തിലൂടെയും സാങ്കേതികവിദ്യകളിലെ പുതുമകളിലൂടെയും വികസനത്തിനായി കൗൺസിൽ മാർഗ്ഗരേഖ തയ്യാറാക്കുന്നു.

### (എ) കെ.എസ്.സി.എസ്.ടി.ഇ യുടെ കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങൾ

ഗവേഷണ-വികസന കേന്ദ്രങ്ങളുടെ ഗവേഷണ-വികസന ശ്രമങ്ങളെ കെഎസ്സിഎസ്ടിഇ നയിക്കുന്നു. ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഗവേഷണ വികസന പ്രവർത്തനങ്ങളുടെ ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സഹായം ചെയ്യുന്നു. പ്രത്യേക മേഖലകളിൽ ഗവേഷണവും വികസന പ്രവർത്തനങ്ങളും നടത്തി വരുന്ന ഏഴ് ഗവേഷണ വികസന സ്ഥാപനങ്ങൾ കൗൺസിലിന് കീഴിലുണ്ട്. കേരള വന ഗവേഷണ കേന്ദ്രം (കെ എഫ് ആർ ഐ), ദേശീയ ഗതാഗത ആസൂത്രണ, ഗവേഷണകേന്ദ്രം (നാറ്റ്പാക്), ജലവിഭവ വികസന മാനേജ്മെൻറ് കേന്ദ്രം (സി. ഡബ്ലിയു.ആർ.ഡി.എം), ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി. ആർ.ഐ),കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം), ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റിയൂട്ട് ഫോർ ബേസിക് സയൻസ് (എസ്. ആർ.ഐ.ബി.എസ്), മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (എം.ബി.ജി.ഐ.പി.എസ്) എന്നിവയാണ് ഈ കേന്ദ്രങ്ങൾ.

### (ബി) കെ.എസ് സി എസ് റ്റി ഇ യുടെ പദ്ധതികളും പരിപാടികളും

ഉന്നത ഗുണനിലവാരമുള്ള ശാസ്ത്ര വിദ്യാഭ്യാസ സംവിധാനം വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ളവയാണ് കൗൺസിലിന്റെ പദ്ധതികളും പരിപാടികളും. സംസ്ഥാനത്തിനകത്ത് ശാസ്ത്ര സാങ്കേതികയിൽ മികവ് നേടിയെടുക്കുന്നതിനും സമൂഹത്തിനാകമാനം ബൃഹത്തായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും വേണ്ടിയുള്ള പരിപാടികൾ കണ്ടെത്തി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ശാസ്ത്ര പ്രചരണവും പ്രോത്സാഹനവും ഗവേഷണവും വികസനവും ആവാസ വ്യവസ്ഥയും പരിസ്ഥിതിയും സാങ്കേതിക വികസനവും കൈമാറ്റവും ജൈവസാങ്കേതിക വികസനം, സ്കൂൾതല ശാസ്ത്ര പ്രോത്സാഹന പ്രവർത്തനങ്ങൾ,

**ബോക്സ് 5.2.1** ഗവേഷണ വികസന സ്ഥാപനങ്ങളുടെ നേട്ടങ്ങൾ

കെ എഫ് ആർ ഐ – പ്രകൃതി വിഭവസംരക്ഷണം, സുസ്ഥിര വിനിയോഗം, ശാസ്ത്രീയ പരിപാലനം എന്നിവക്ക് ഊന്നൽ നൽകിക്കൊണ്ട് വനപരിപാലനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് ശാസ്ത്രീയപിന്തുണ നല്കിക്കൊണ്ട് ഉഷ്ണമേഖലാ വനപരിപാലനത്തിൽ ഒരു മികവിന്റെ കേന്ദ്രമായി കേരള വന ഗവേഷണ കേന്ദ്രം (കെ എഫ് ആർ ഐ) നിലകൊള്ളുന്നു. വനം വകുപ്പും മറ്റു സ്റ്റേക്ക്ഹോൾഡർമാരുമായും കൂടിച്ചേർന്നു പ്രവർത്തിച്ചു കൊണ്ട് വനപരിപാലനത്തിലെ ശാസ്ത്രീയ അടിത്തറ മെച്ചപ്പെടുത്തുന്നതിൽ കെ എഫ് ആർ ഐ പ്രധാന പങ്കു വഹിക്കുന്നു

- വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവ ബാധിച്ച ഭൂപ്രദേശങ്ങൾ വീണ്ടെടുക്കുന്നതിനു വേണ്ടി ഗവേഷണ പരിപാടികൾ ആരംഭിച്ചു.
- വനമേഖലയിലെ ഉരുൾ പൊട്ടൽ സാധ്യത വിലയിരുത്തി
- പശ്ചിമ ഘട്ടത്തിലെ ഉയർന്ന മല നിരകളിലെ പാരിസ്ഥിതിക, വികസനത്തിന്റെ ഗതി സംബന്ധിച്ച് ചരിത്ര പരമായ അവലോകനം നടത്തുകയുണ്ടായി.
- കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി എല്ലാത്തരം വനങ്ങളിലും സ്ഥിരമായ നിരീക്ഷണ സംവിധാനം സ്ഥാപിച്ചു.

സി ഡബ്ള്യു ആർ ഡി എം – ജലവിഭവ മേഖലയിലെ ഒരു മുഖ്യ ഗവേഷണ–വികസന സ്ഥാപനമാണ് കെ എസ് സി എസ് ടി ഇ യുടെ കീഴിൽ പ്രവർത്തിക്കുന്ന സി ഡബ്ള്യു ആർ ഡി എം. ജലവിഭവ സംരക്ഷണത്തിനും ജല സംബന്ധിയായ ശാസ്ത്രീയ പഠനങ്ങൾക്കും ഗവേഷണത്തിനും സി ഡബ്ള്യു ആർ ഡി എം സംഭാവന നൽകുന്നു. പ്രത്യേകിച്ച് വൃഷ്ടി പ്രദേശ സംബന്ധിയായ വിഷയങ്ങളിൽ നീർത്തട വികസനം, തണ്ണീർത്തട പരിപാലനം, കൃഷിക്കാവശ്യമായ ജല സംരക്ഷണം, വനമേഖലയും നഗര പ്രദേശവും സംബന്ധിക്കുന്ന ജല സംരക്ഷണം, നദീമുഖം, പാഴ്ജലം എന്നിവ സംബന്ധിക്കുന്ന പ്രശ്നങ്ങൾ, ഭൂഗർഭ ജല വികസനം, ജല ഗുണ നിലവാര സംരക്ഷണം, ജല സംബന്ധിയായ പരിസ്ഥിതി പ്രശ്നങ്ങൾ ജലസേചനവും പാഴ്ജലവും സംബന്ധിക്കുന്ന പ്രശ്നങ്ങൾ എന്നീ വിഷയങ്ങളിൽ ഗവേഷണത്തിന് ആവശ്യമായ വിദഗ്ധ സഹായങ്ങൾ നൽകുന്നു. നിലവിൽ ഈ സെന്ററിന് 9 ശാസ്ത്രിയ വിഭാഗങ്ങളും 3 എക്സ്റ്റൻഷൻ കേന്ദ്രങ്ങളും ഉണ്ട് .

- കേരളത്തിലെ വിവിധതരം നെൽ വിളകൾക്കായി സ്പെക്ക്ടറൽ ലൈബ്രറി വികസിപ്പിച്ചു.
- കണ്ണൂർ ജില്ലയിൽ കിണർ ജല മലിനീകരണത്തിന്റെ ഉറവിടം സംബന്ധിച്ച് ടൈയ്സർ പഠനം നടത്തി.
- കോഴിക്കോട് കാലാവസ്ഥ ഘടകങ്ങൾ വിശകലനം ചെയ്യുന്ന പഠനം പൂർത്തിയായി.
- വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമൂഹ്യാടിസ്ഥാനത്തിലുള്ള ജലവിതരണ പദ്ധതികൾ സംസ്ഥാനത്ത് ഉളവാക്കുന്ന സ്വാധീനം വിലയിരുത്തുക എന്ന ലക്ഷ്യത്തോടെ കണ്ടെത്തുകയുണ്ടായി.
- കേരളത്തിൽ പടിഞ്ഞാറു ഭാഗത്തേക്ക് ഒഴുകുന്ന നദികൾക്കായി പ്രാദേശിക അടിസ്ഥാനത്തിൽ വെള്ളപ്പൊക്ക തീവ്രത മാതൃക വികസിപ്പിച്ചു.
- ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ 35 ഗവേഷണ പ്രബന്ധങ്ങൾ, 2 പുസ്തകങ്ങൾ, 30 കോൺഫറൻസ് പേപ്പർ എന്നിവ പ്രസിദ്ധീകരിക്കുകയും 5 പി എച് ഡികൾ നൽകുകയും 3 സാങ്കേതിക മാനവ വിഭവ ശേഷി പരിശീലനം നൽകുകയും 8 ശാസ്ത്ര മീറ്റ് / കോൺഫറൻസ് സംഘടിപ്പിക്കുകയും ചെയ്തു.

നാറ്റ്പാക്ക് – ഗതാഗത എഞ്ചിനീയറിങ്, ഗതാഗത ആസൂത്രണം, ദേശീയ പാത എഞ്ചിനീയറിംഗ്, പൊതു ഗതാഗതം, പൊതു ഗതാഗതത്തിനു ബദൽ സംവിധാനം, ട്രാൻസ്പോർട്ട് എനർജി, ഉൾനാടൻ ജല ഗതാഗതം, വിനോദസഞ്ചാര ആസൂത്രണം, ഗ്രാമീണ റോഡുകൾ എന്നിവ സംബന്ധിക്കുന്ന ഗവേഷണവും കൺസൾട്ടൻസി ജോലികളും ഏറ്റെടുക്കുന്ന പൊതുമേഖലാ സ്ഥാപനം ആണ് നാറ്റ്പാക്. റോഡ്, റെയിൽ, ജല മാർഗം, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ എന്നിവയിലെ മാതൃകാ സംവിധാനങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാനസൗകര്യ വികസനത്തിനായി സർവേ മുതൽ സാങ്കേതിക സാമ്പത്തിക പഠനങ്ങൾ, പ്രായോഗിക വിശകലനങ്ങൾ, വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ വരെ തയാറാക്കുന്നതും നാറ്റ്പാക്കിന്റെ പ്രവർത്തന പരിധിയിൽ വരുന്നു.

- 31ഗവേഷണ പ്രോജക്ടുകളും 18 കൺസൾടൻസി പ്രോജക്ടുകളും 5 ആവശ്യധിഷ്ടിത/ നൂതന പഠനങ്ങളും നടത്തി.
- എൻ എച്ച് 66 ബൈപാസ്സിന് വേണ്ടി ട്രാഫിക് ഓപറേഷൻ പ്ലാൻ തയാറാക്കി.
- കേരള സംസ്ഥാന ട്രാൻസ്പോർട് പ്രൊജക്ടും ലോക ബാങ്കും ചേർന്ന് നടത്തുന്ന 80 കി.മീ. സേഫ്

കോറിഡോർ ഡെമോൺസ്ട്രേഷൻ പരിപാടി സംബന്ധിച്ച് ഗതാഗത സുരക്ഷാ ബോധവൽക്കരണ പരിപാടി നടത്തി.

- 22 ആനുകാലിക പ്രസിദ്ധീകരണങ്ങൾ, 16 സെമിനാർ പേപ്പറുകൾ എന്നിവ പ്രസിദ്ധീകരിച്ചു.

ജെഎൻ ടി ബി ജി ആർ ഐ – കേരളത്തിലെ സസ്യ വിഭവങ്ങളുടെ സുസ്ഥിര വിനിയോഗത്തിനായി ജെ എൻ ടി ബി ജി ആർ ഐ ഗവേഷണപരിപാടികൾ നടത്തുന്നു. ഏഷ്യയിലെ ഏറ്റവും വലിയ സംരക്ഷിത തോട്ടമായി കണക്കാക്കപ്പെടുന്ന ഇവിടെ 4000ത്തിൽ അധികം വിവിധ തരം പൂച്ചെടികളും ഏകദേശം 300 തരത്തിലുള്ള വിവിധയിനം പുഷ്പിക്കാത്ത സസ്യങ്ങളും നിലവിൽ സംരക്ഷിക്കപ്പെടുന്നു. തിരുവനന്തപുരത്തെ പുത്തൻതോപ്പിൽ സ്ഥിതി ചെയ്യുന്നതും ബയോഇൻഫോമാറ്റിക്സ് കേന്ദ്രം സ്ഥാപിക്കപ്പെട്ടിട്ടുള്ളതുമായ സരസ്വതി തങ്കവേലു കേന്ദ്രം ഈ സ്ഥാപനത്തിന്റെ എക്സ്റ്റൻഷൻ കേന്ദ്രം ആണ്. ഭാരത സർക്കാർ ഈ കേന്ദ്രത്തെ ദേശീയ തലത്തിലുള്ള ഒരു മികവിന്റെ കേന്ദ്രമായി അംഗീകരിച്ചിട്ടുണ്ട്.

- ചികുൻഗുനിയ വൈറസിനെതിരെ പ്രവർത്തിക്കാൻ പ്രാപ്തിയുള്ള ഒരു ആന്റി വൈറൽ മോളിക്യൂൾ സസ്യത്തിൽ നിന്നും കണ്ടെത്തി.
- ഫികസ് വർഗ്ഗത്തിൽ നിന്നും ആന്റി ഡയബറ്റിക്ക് മോളിക്യൂളുകൾ വികസിപ്പിച്ചു.
- ഗുണ നിലവാരം ഉള്ള നടീൽ വസ്തുക്കൾ സംബന്ധിച്ച് സ്വയം തൊഴിൽ പരിശീലനം നടത്തി.
- ജെ എൻ റ്റി ബി ജി ആർ ഐ യിൽ മാംഗോ റിസർച്ച് സ്റ്റേഷൻ സ്ഥാപിച്ചു.
- 7 ഗ്രാമ പഞ്ചായത്തുകളിൽ പാരമ്പര്യ വിജ്ഞാനം സംബന്ധിച്ച് എത്നോമെഡിക്കൽ സർവ്വേയും ഡോക്യുമെന്റേഷനും നടത്തി.
- ആനുകാലികങ്ങളിൽ 10 ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു 7 പി എച് ഡി കൾ നൽകി.

കെ.എസ്.ഒ.എം – ഗണിത ശാസ്ത്രത്തിൽ ഉന്നത പഠനവും ഗവേഷണവും നടത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെ കെ എസ് സി എസ് ടി ഇ യും, കേന്ദ്ര സർക്കാരിന്റെ അണുശക്തി വകുപ്പും സംയുക്തമായി രൂപീകരിച്ചതാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

- ഗണിത ഒളിംപ്യാഡ്, മാത്സ് ടാലന്റ് സെർച്ച് എന്നിവയിൽ പരിശീലനം നടത്തി.
- കോളേജ് അദ്ധ്യാപകർക്കായി വേനൽകാല/പഠനാനന്തര പരിശീലനങ്ങൾ ഓറിയന്റേഷൻ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചു.
- കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ ഇന്റഗ്രേറ്റഡ് എം എസ് സി /പി എച് ഡി പ്രോഗ്രാം ആരംഭിച്ചു.
- ഏത് സമയത്തും സേവനം പ്രദാനം ചെയ്യുന്നതിന് 10 ലോകോത്തര നിലവാരം ഉള്ള വിദഗ്ധരെ ലക്ഷ്യം വച്ചു കൊണ്ട് പോസ്റ്റ് ഡോക്ടറൽ റിസർച്ച് പ്രോഗ്രാം മെച്ചപ്പെടുത്തി.
- ഉന്നത നിലവാരമുള്ളതും മികച്ചതും ആയ ദേശീയ/അന്താരാഷ്ട്ര ശില്പശാലകളും ചർച്ച ക്ലാസ്സുകളും നിരന്തരമായി നടത്തി.

എസ്ആർഐബിഎസ് – അടിസ്ഥാന ശാസ്ത്രത്തിൽ ഗവേഷണം, അധ്യാപനം, പഠനം എന്നിവക്കായി വിഭാവനം ചെയ്തിട്ടുള്ളതും കാര്യശേഷി വികസനത്തിനും വേണ്ടിയുള്ള സ്ഥാപനമാണ് എസ് ആർ ഐ ബി എസ്. ശാസ്ത്ര അനുബന്ധ മേഖലകളിൽ യുവ അധ്യാപകർ, ഗവേഷകർ, ബിരുദാനന്തര ബിരുദധാരികൾ എന്നിവർക്കായി കഴിവുകൾ വിപുലമാക്കുന്ന തരത്തിലുള്ള പരിപാടികൾക്ക് രൂപം കൊടുക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം.

- ശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ വിദ്യാർഥികൾ, അധ്യാപകർ, ഗവേഷകർ എന്നിവർക്ക് പ്രയോജനം ചെയ്യുന്ന വിധത്തിൽ വിദ്യാഭ്യാസ സമ്മേളനങ്ങൾ, സെമിനാറുകൾ, എന്നിവ നടത്തുകയുണ്ടായി.

എം ബി ജി ഐ പി എസ് – വിവിധയിനം ജലാശയ സസ്യങ്ങൾ, ചെറിയ സസ്യങ്ങൾ, മലബാർ മേഖലയിലെ വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും ഗവേഷണത്തിനുമായി പ്രവർത്തിക്കുന്നതും സസ്യശാസ്ത്രത്തിന്റെ വിവിധ തലങ്ങളെ സംബന്ധിക്കുന്ന വിജ്ഞാനം പകർന്നു നൽകുന്നതിനും വേണ്ടിയുള്ള കെ എസ് സി എസ് ടി ഇ യുടെ സ്ഥാപനമാണ് എം ബി ജി ഐ പി എസ്.

- പ്ലാന്റ് ഡേറ്റാ ബേസിന്റെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി
- 1632 എന്റ്റികൾ പ്ലാന്റ് ഡേറ്റാ ബേസിൽ ശേഖരിക്കപ്പെട്ടു

വനിതകൾക്കായുള്ള ശാസ്ത്ര പരിപാടികൾ എന്നിവ കേന്ദ്രീകരിച്ചു കൊണ്ട് വിവിധ പദ്ധതികളും പരിപാടികളും കൗൺസിൽ നടപ്പിലാക്കിവരുന്നു.

### കെ എസ് സി എസ് ടി ഇയുടെ പദ്ധതികളുടെയും പരിപാടികളുടെയും നേട്ടങ്ങൾ

### 1. ശാസ്ത്ര സാങ്കേതികതയിലെ മാനവശേഷി വികസനം

**i. സയൻസ് റിസർച്ച് സ്കീം (എസ് ആർ എസ്)**

കൗൺസിലിന്റെ ശാസ്ത്ര സാങ്കേതിക പ്രചാരണ വിഭാഗത്തിന്റെ (എസ് ടി ഡി പി) ഫ്ലാഗ്ഷിപ്പ് പ്രവർത്തനങ്ങളിൽ ഒന്നാണ് എസ് ആർ എസ്. സംസ്ഥാനത്തെ അടിസ്ഥാന, പ്രായോഗിക ഗവേഷണത്തിൽ വികസന, ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ കീഴിൽ, ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഗവേഷണത്തിന് സാമ്പത്തിക സഹായം നൽകുന്നു. സർവകലാശാല വിഭാഗങ്ങൾ, കലാലയങ്ങൾ, ഗവേഷണ വികസന സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഗവേഷണ പ്രൊജക്ടുകൾക്കാണ് സഹായം നൽകുന്നത്. 2019–20 –ൽ ഈ പരിപാടിയുടെ കീഴിൽ 7പുതിയ പ്രോജക്ടുകൾ അനുവദിച്ചു. കൂടാതെ, സഹായം ലഭ്യമായ പ്രൊജക്ടുകളിൽ നിന്നും 5 പേറ്റന്റുകൾ ഫയൽ ചെയ്യുകയും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ 145 പ്രബന്ധങ്ങളും കോൺഫറൻസ്/സെമിനാർ എന്നിവയിൽ 94 പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചു, 346 സാങ്കേതിക മാനവശേഷി പരിശീലനവും 144 ഗവേഷണ പരിശീലനവും 39 ഔട്ട് റീച് പ്രോഗ്രാമും നടത്തുകയും 6 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഈ പരിപാടിയുടെ ഭാഗമായി, പ്ലാന്റ് പത്തോളജിക്ക് പ്രാധാന്യം നൽകിക്കൊണ്ട് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിച്ച ഏകദേശം 500 ഓളം സ്പെസിമെനുകൾ അടങ്ങുന്ന ഒരു പ്രാദേശിക ഔഷധ സസ്യ ശേഖരം സ്ഥാപിച്ചു.

**ii. കെ എസ് സി എസ് ടി ഇ എമിരറ്റസ് സയന്റിസ്റ്റ് സ്കീം**

പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാർക്ക് വ്യത്യസ്ത മേഖലകളിൽ അവരുടെ വൈദഗ്ധ്യം തെളിയിക്കുന്നതിനായി ഗവേഷണം നടത്തുന്നതിന് പിന്തുണ നൽകുന്നതിനും സംസ്ഥാനത്തിലെ പ്രധാന പ്രശ്നങ്ങൾ നേരിടുന്നതിന് അവരുടെ കഴിവുകൾ വിനിയോഗിക്കുന്നതിനും ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. 2019–20 –ൽ, ഈ പരിപാടിയുടെ കീഴിൽ സഹായം ലഭിച്ച പ്രോജക്ടുകളിൽ നിന്നും 20 കോൺഫറൻസുകൾ/സെമിനാറുകൾ നടത്തുകയും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ 16 പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും ഒരു പി.എച്ച്.ഡി നൽകുകയും ചെയ്തു.

**iii. വിദ്യാർത്ഥികൾക്കായുള്ള പ്രോജക്ടുകൾ**

ഈ പ്രോജക്ടിന്റെ കീഴിൽ, സംസ്ഥാനത്തെ സർവകലാശാല വകുപ്പുകളിലേയും കലാലയങ്ങളിലെയും വിദ്യാർത്ഥികൾക്ക് ശാസ്ത്രസംബന്ധമായ പ്രോജക്ടുകൾ ചെയ്യുന്നതിനായി സാമ്പത്തിക സഹായം നൽകുകയും 2019–20 ൽ ഔഷധ നിർമ്മാണ ശാസ്ത്രം ആയുർവേദം , ഭൗതിക ശാസ്ത്രം, രസതന്ത്രം, ഭൗമശാസ്ത്രം, ഒപ്ടോഇലക്ട്രോണിക്സ്, മൈക്രോ ബയോളജി, ജീവശാസ്ത്രം, സസ്യ ശാസ്ത്രം, ആരോഗ്യ ശാസ്ത്രം, എഞ്ചിനീയറിംഗിന്റെ വിവിധ മേഖലകൾ എന്നിങ്ങനെയുള്ള വിഷയങ്ങളിൽ പ്രോജക്ടുകൾക്ക് അനുമതി നൽകുകയുണ്ടായി.

**Iv. യുവ ശാസ്ത്ര പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടി (സ്പൈറ്റിസ്)**

8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ശാസ്ത്ര പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പുരസ്കാരങ്ങൾ നൽകുന്നതിനും (സ്പൈറ്റിസ്–I) ശാസ്ത്ര സാങ്കേതികതയിൽ നൂതന ആശയങ്ങൾ ഉള്ള പോളിടെക്നിക് കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രൊജക്റ്റുകൾ ചെയ്യുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനും (സ്പൈറ്റിസ്–II)വേണ്ടിയുള്ളതാണ് ഈ പദ്ധതി.

**v. ക്രിസ്റ്റൽ**

ശാസ്ത്രത്തിൽ വിദ്യാർത്ഥികളുടെ കഴിവുകൾ വളരെനേരത്തെ തന്നെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിപാടിയായ ക്രിസ്റ്റൽ ലക്ഷ്യമിടുന്നത് ദേശീയ ശാസ്ത്ര കോൺഗ്രസ്സിലെ സംസ്ഥാനതല വിജയികളെയാണ്. 2019–20 ൽ സംസ്ഥാനത്തെ വിവിധ ഗവേഷണ വികസന കേന്ദ്രങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയുണ്ടായി.

**vi.കെ എസ് സി എസ് ടി ഇ ഗവേഷണ ഫെല്ലോഷിപ്പ്**

ഈ പദ്ധതിയിൻ കീഴിൽ 2019–20ൽ 10 പി.എച്ച്.ഡി നൽകി. പ്രസിദ്ധീകരണങ്ങളുടെ എണ്ണം 52 ആണ്.

**vii. കെ എസ് സി എസ് ടി ഇ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്**

ശാസ്ത്രസാങ്കേതിക രംഗത്ത് നിലനിൽക്കുന്നതിനായി ഡോക്ടറേറ്റുള്ള

വ്യക്തികളെ ആകർഷിക്കുക, പി.എച്ച്.ഡി ഉള്ള വ്യക്തികളെ ഗവേഷണം തുടങ്ങുന്നതിനായി അവരുടെ തൊഴിൽ മേഖല ഏറ്റെടുക്കുന്നതിനു പ്രോത്സാഹിപ്പിക്കുക, ഫെല്ലോഷിപ്പ് ലഭിച്ചവർക്ക് പ്രചോദനം നൽകുകയും അവർക്ക് ആജീവനാന്ത പഠിതാക്കളായി തുടരുന്നതിന് ആവശ്യമായ സാങ്കേതിക, നേതൃത്വ നൈപുണ്യം വികസിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകുന്നു. 2019–20 –ൽ, പരിപാടിയുടെ കീഴിൽ ഒരു പേറ്റന്റ് ഫയൽ ചെയ്യുകയും ആനുകാലികങ്ങളിൽ 15 പ്രബന്ധങ്ങളും കോൺഫറൻസ്/ സെമിനാറിൽ 20 പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

## 2.സാങ്കേതിക വികസനവും കൈമാറ്റവും

### i.എഞ്ചിനീറിങ് ആൻഡ് ടെക്നോളജി പ്രോഗ്രാം (ഇ.റ്റി.പി)

എഞ്ചിനീയറിംഗ്, സാങ്കേതിക മേഖലയിൽ ഉന്നത നിലവാരത്തിലുള്ള ഗവേഷണ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പരിപാടിയാണ് ഇ റ്റി പി. സംസ്ഥാനത്തെ എഞ്ചിനീറിങ് കോളേജുകളിലെ പ്രഗത്ഭർക്കും ഗവേഷണ വികസന സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർക്കും വേണ്ടി ആരംഭിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 2019–20 ൽ പരിപാടിയുടെ കീഴിൽ ഒരു പേറ്റന്റ് ഫയൽ ചെയ്യുകയും 5 പി എച് ഡി നൽകുകയും ആനുകാലികങ്ങളിൽ 30 പ്രബന്ധങ്ങളും കോൺഫറൻസ്/ സെമിനാറിൽ 55 പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

### ii. ഗ്രാമീണ സാങ്കേതിക പരിപാടി (ആർ ടി പി)

പരമ്പരാഗത ഗ്രാമീണ സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിനും അവ നവീകരിക്കുന്നതിനും വേണ്ടി ധനസഹായത്തിന്റെ രൂപത്തിൽ സഹായം പ്രദാനം ചെയ്യുന്നതിനും അതുവഴി സാങ്കേതിക വിദ്യ മെച്ചപ്പെടുത്തി വ്യാപകമായി ഉപയോഗിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഗ്രാമീണ നിവാസികളുടെ കഠിനമായ ജോലിഭാരം കുറയ്ക്കുന്നതിനും ലഷ്യമിട്ടുകൊണ്ടുള്ളതാണ് ആർ ടി പി പദ്ധതി. അടിസ്ഥാന തലത്തിലുള്ള വ്യക്തികളെയും നൂതന കണ്ടുപിടിത്തങ്ങൾ നടത്തുന്നവരെയും പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ ഗ്രാമീണ സാങ്കേതിക മേഖലയിലുള്ള നൂതന ആശയങ്ങൾ മെച്ചപ്പെടുത്തുന്നതിനും നൂതന കണ്ടുപിടിത്തങ്ങൾ സംരംഭക നിലയിൽ എത്തിക്കുന്നതിനും ആണ് പ്രധാനമായും ലക്ഷ്യമിടുന്നത്. 2019–20 –ൽ പരിപാടിയുടെ കീഴിൽ ഒരു പേറ്റന്റ് ഫയൽ ചെയ്യുകയും കോൺഫറൻസ് / സെമിനാറിൽ 3 പേപ്പറുകളും ആനുകാലികങ്ങളിൽ രണ്ട് പ്രബന്ധങ്ങളുംപ്രസിദ്ധീകരിക്കുകയും ചെയ്തു.

## 3. ബയോടെക്നോളജി വികസനം

ബയോടെക്നോളജി വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച വിവിധ പരിപാടികളിൽ ബയോടെക്നോളജിയിലെ യംഗ് ഇൻവെസ്റ്റേഴ്സ് പ്രോഗ്രാം, ഇൻഡസ്ട്രി ലിങ്ക്ഡ് ബയോടെക്നോളജി റിസർച്ച് സ്കീം, ബയോടെക്നോളജി ഇന്നൊവേഷൻസ് ഫോർ റൂറൽ ഡെവലപ്മെന്റ്, ബയോടെക്നോളജി ട്രെയിനിംഗ് ആന്റ് വർക്ക് ഷോപ്പ് പ്രോഗ്രാം, പോസ്റ്റ്–ഡോക്ടറൽ ഫെലോഷിപ്പ്, ബയോടെക്നോളജി യംഗ് എന്റർപ്രണർ അവാർഡ്, കേരള ബയോടെക്നോളജി റീ–എൻടി ഫെലോഷിപ്പ്, ബയോടെക്നോളജി വിദ്യാഭ്യാസ പദ്ധതി എന്നിവ ഉൾപ്പെടുന്നു. 2019–20 ൽ ഈ പ്രോഗ്രാമിന് കീഴിൽ പിയർ അവലോകനം ചെയ്ത ജേണലുകളിൽ 14 പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു, പുസ്തക അധ്യായങ്ങളുടെ എണ്ണം 3 ഉം പുസ്തകങ്ങളുടെ എണ്ണം 2 ഉം ആണ്. സാങ്കേതിക പരിശീലനം നേടിയവരുടെ എണ്ണം 7 ഉം ഔട്ട് റീച് പരിപാടികളുടെ എണ്ണം 6ഉം ആണ്.

## 4. ആവാസ വ്യവസ്ഥാപരിസ്ഥിതി പരിപാടികൾ

പരിസ്ഥിതി സംരക്ഷണം, മലിനീകരണ ലഘൂകരണം, അവബോധം സൃഷ്ടിക്കൽ എന്നിവ ലക്ഷ്യമിട്ടു കൊണ്ടുള്ളതാണ് ആവാസ വ്യവസ്ഥാപരിസ്ഥിതി പരിപാടികള്. 2019–20 l വിവിധ ആവാസ വ്യവസ്ഥാപരിസ്ഥിതി പരിപാടികളുടെ ഭാഗമായി 5 പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും 1 പി.എച്ച്.ഡി നല്കുകയും വിവിധ സ്ഥാപനങ്ങൾ പരിസ്ഥിതി മാനേജ്മെന്റ് പരിശീലനം നല്കുകയും ചെയ്തു. മാനവ ശേഷി പരിശീലനത്തിന്റെ എണ്ണം 20 ആണ്.

## 5. സ്ത്രീകൾക്കായുള്ള ശാസ്ത്ര പരിപാടികൾ

സ്ത്രീ സാക്ഷരരുടെ എണ്ണം കേരളത്തിൽ വളരെ കൂടുതലാണെങ്കിലും, ശാസ്ത്ര ഗവേഷണത്തിൽ അവരുടെ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകളെയും പെൺകുട്ടികളെയും ശാസ്ത്ര രംഗത്തേക്കു ആകർ ഷിക്കുന്നതിനും ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനും സഹായകരമാകുന്ന സംവിധാനങ്ങൾ പ്രദാനം ചെയ്യുന്നതിനും ശാസ്ത്രം, സാങ്കേതികത, എഞ്ചിനീറിങ്, കൃഷി, വൈദ്യ ശാസ്ത്രം എന്നീ മേഖലകളിൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമായി വളരെയധികം പദ്ധതികളും പരിപാടികളും കെ എസ് സി എസ് ടി ഐയുടെ വനിതാ ശാസ്ത്ര വിഭാഗം ആരംഭിച്ചിട്ടുണ്ട്. തൊഴിലിൽ ഇടവേള സംഭവിച്ചിട്ടുള്ള വനിതകളുടെ പുനഃപ്രവേശനത്തിന് ഈ പരിപാടികൾ സഹായകമായിട്ടുണ്ട്.

ഈ മേഖലയിൽ കൗൺസിൽ നടപ്പിലാക്കുന്ന പ്രധാന പരിപാടികൾ താഴെ ചേർക്കുന്നു

i. ബാക്ക് റ്റു ലാബ് റിസർച്ച് ഫെലോഷിപ്പ് പരിപാടി –
ii. 2019–20ൽ 3 ബാക്ക് ടു ലാബ് പ്രോജക്റ്റുകൾ അനുവദിച്ചു. സഹായം ലഭിച്ച പ്രോജക്ടുകളിൽ നിന്ന് പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധങ്ങൾ 5 എണ്ണവും പുരസ്കാരങ്ങൾ 3ഉം പി.എച്ച്.ഡികൾ 5 എണ്ണവുമാണ്.
ii. ശാസ്ത്രരംഗത്തെ കേരളത്തിലെ സ്ത്രീകളെ സംബന്ധിക്കുന്ന ഡേറ്റാബേസ് തയ്യാറാക്കൽ പദ്ധതി –സംസ്ഥാനത്തെ വിവിധ ശാസ്ത്ര മേഖലകളിൽ സ്ത്രീകളുടെ സ്ഥിതിയെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ ഓൺലൈൻ ഡയറക്ടറിയിൽ 2019–20 –ൽ 114 ഉം മാർച്ച് 2019 വരെ ആകെ 3,035 രജിസ്ട്രേഷനുകളും നടത്തുകയുണ്ടായി.

## 6. ശാസ്ത്ര പ്രചരണം

ശാസ്ത്ര പുരസ്കാരങ്ങൾ, ശാസ്ത്ര മാധ്യമ പിന്തുണ, ശാസ്ത്ര രചനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഡോക്യുമെന്റേഷനും പ്രസിദ്ധീകരണവും സംസ്ഥാനത്തെയും എൻ ഐ ടി കൾ ഐ ഐ ടി കൾ എന്നിവയിലെയും എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് അവരുടെ ആശയങ്ങളും കണ്ടുപിടിത്തങ്ങളും പ്രകടിപ്പിക്കാൻ അവസരം നൽകുന്ന ടെക്നോളജി ഫെസ്റ്റിവൽ (ടെക് ഫെസ്റ്റ് ), ദേശീയ ശാസ്ത്ര ദിനവും സാങ്കേതിക ദിനവും ആയി ബന്ധപ്പെട്ട പരിപാടികൾ, ഗ്രാമീണ മേഖലയിലെ അസംഘടിതരായ സംരംഭകർക്കായി അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനായിന റൂറൽ ഇന്നോവേറ്റേഴ്സ് മീറ്റ് എന്നിവ ഉൾപ്പെടുന്നതാണ് ശാസ്ത്ര പ്രചരണ പരിപാടികൾ.

2019–20 ൽ മൂന്ന് ശാസ്ത്രജ്ഞർക്ക് കേരള യംഗ് സയന്റിസ്റ്റ് അവാർഡുകൾ നൽകി.

## 7. ശാസ്ത്രസാങ്കേതികതയിലെ പശ്ചാത്തല വികസന പരിപാടികൾ

ശാസ്ത്ര മേഖലയിലെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഗവേഷണം വ്യാപിപ്പിക്കുന്നതിനും കലാലയങ്ങൾക്കും വിദ്യാലയങ്ങൾക്കും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനായി ലാബുകളും അനുബന്ധ സൗകര്യങ്ങളും ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്രമീകരിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം കൗൺസിൽ നൽകുന്നുണ്ട്. സെലെക്ടിവ് ഓഗ്മെന്റ്ഷൻ ഓഫ് റിസർച്ച് ആൻഡ് ഡെവലപ്മെൻറ് (എസ് എ ആർ ഡി), ശാസ്ത്രപോഷിണി എന്നീ രണ്ടു പരിപാടികൾ കൌൺസിൽ ഇതിനായി നടത്തുന്നുണ്ട്. കലാലയങ്ങളിലും സർവകലാശാലകളിലും നിർദ്ദിഷ്ട മേഖലകളിൽ ഗവേഷണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ് എസ് എ ആർ ഡി പരിപാടി. ലബോറട്ടറികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും അവയുടെ അറ്റകുറ്റ പണികൾക്കുമായി ഈ പരിപാടിയിലൂടെ ധനസഹായംനൽകുന്നു. ഇത്തരത്തിൽ കേരളത്തിലെ 72 സയൻസ് ബിരുദാനന്തര ബിരുദ ലബോറട്ടറികളിലും ഗവേഷണ സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഇതുവരെ വർധിപ്പിച്ചിട്ടുണ്ട്. ഹൈസ്കൂൾ തലത്തിൽ മെച്ചപ്പെട്ട ശാസ്ത്ര അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഭൗതിക ശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നീ വിഷയങ്ങളിൽ മാതൃക ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണ് ശാസ്ത്രപോഷിണി.

## 2. റീജിയണൽ ക്യാൻസർ സെന്റർ (ആർ സി സി), തിരുവനന്തപുരം

2019 –ൽ, ആഗോള തലത്തിൽ, ഏകദേശം ആറിൽ ഒരു മരണം ക്യാൻസർ മൂലവും ഏകദേശം 96 ലക്ഷം മരണത്തിന് കാരണവും ക്യാൻസർ രോഗം ആയിരുന്നു. ക്യാൻസർ മൂലമുള്ള മരണങ്ങളിൽ ഏകദേശം 70 ശതമാനവും സംഭവിക്കുന്നത് കുറഞ്ഞതും ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിലാണ്. ഈ രോഗത്തിന്റെ കാരണമായേക്കാവുന്ന പ്രധാനപ്പെട്ട ഘടകമായ പുകയില ഉപഭോഗം ക്യാൻസർ മൂലമുണ്ടാകുന്ന 22 ശതമാനത്തോളം മരണത്തിനും ഇടയാക്കുന്നു.

ഭാരതത്തിൽ ഏകദേശം 22.7 ലക്ഷം ആളുകൾ ക്യാൻസർ രോഗബാധിതരായി ജീവിക്കുന്നുവെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. 2018 ൽ രാജ്യത്ത് ക്യാൻസർ ബാധിത മരണങ്ങളുടെ ആകെ എണ്ണം 7.84 ലക്ഷം ആയിരുന്നു. ഇതിൽ 4.31 ലക്ഷം പേർ പുരുഷൻമാരും 3.71 ലക്ഷം സ്ത്രീകളുമാണ്. രാജ്യത്തെ പുരുഷൻമാരുടെ ഇടയിൽ സാധാരണയായി കാണപ്പെടുന്നഓറൽ ക്യാൻസർ മൊത്തം ക്യാൻസറിന്റെ 16 ശതമാനം ആണ്. എല്ലാത്തരം ക്യാൻസറിന്റെയും 14 ശതമാനത്തോളം കാണപ്പെടുന്ന സ്തനാർബുദമാണ് സ്ത്രീകളിൽ ഏറ്റവും ബാധിക്കുന്ന തരം ക്യാൻസർ. 28 സ്ത്രീകളിൽ ഒരാൾക്ക് അവരുടെ ജീവിത കാലത്ത് ഈ രോഗം പിടിപെടാനുള്ള സാധ്യതയാണുള്ളത്.

കേരളത്തിൽ ക്യാൻസർ നിയന്ത്രണം, ചികിത്സ, ഗവേഷണം, പരിശീലനം എന്നിവയിൽ നൂതന പ്രവർത്തനങ്ങൾ തിരുവനന്തപുരത്തെ ആർ.സി.സി

**ബോക്സ് 5.2.2 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി**

പകർച്ചവ്യാധികളായ വൈറൽ രോഗങ്ങളുടെ നിയന്ത്രണം, ഗവേഷണം, രോഗനിർണയം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന അന്താരാഷ്ട്ര വൈറോളജി സ്ഥാപനങ്ങളുമായുള്ള ശൃംഖലയിൽ ഉൾപ്പെടുത്തി വിഭാവനം ചെയ്യുന്ന ഒരു ഗ്ലോബൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടാണ് തിരുവനന്തപുരത്തെ തോന്നക്കലിൽ ബയോ 360 ലൈഫ് സയൻസസ് പാർക്കിൽ കേരള സർക്കാർ 2019 ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിച്ചു. മെച്ചപ്പെട്ട മനുഷ്യജീവിതത്തിനായി ഉപദ്രവകാരികളായ വൈറസുകളെ നിർമ്മാർജ്ജനം ചെയ്യുന്നതിനും അടിസ്ഥാന ശാസ്ത്രവും ട്രാൻസിലേഷണൽ റിസർച്ച് ഉൾപ്പെടുന്ന ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ പരിശീലനവും വിദ്യാഭ്യാസവും നൽകുന്നതിനും, സാക്രമിക രോഗങ്ങള വൈറൽ ൽനിയന്ത്രണത്തിയും അവ തടയുന്നതിനു പര്യാപ്തമായ ശാസ്ത്രീയ ഉപാധികൾ പ്രധാനം ചെയ്യുന്നതിനും വേണ്ടി അന്തർ ദേശീയ സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുന്ന ഒരു മികവിന്റെ സ്ഥാപനമായിരിക്കും ഇത്. പ്രാദേശിക, ദേശീയ, ആഗോള ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വൈറോളജിയിലെ അത്യാധുനിക ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ വികസിപ്പിക്കുക, വിദഗ്ധ ശാസ്ത്ര-സാങ്കേതിക ഉദ്യോഗസ്ഥരെ സജ്ജമാക്കുക, സേവനങ്ങളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുക എന്നതാണ് ഇതിന്റെ ദൗത്യം. 202.00 കോടി രൂപ മൊത്തം പദ്ധതി ചെലവ് വരുന്ന ഈ സ്ഥാപനം വ്യാവസായിക കൈമാറ്റം/സാങ്കേതിക പ്രോത്സാഹനം എന്നിവയ്ക്കായി പ്രവർത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. അടിസ്ഥാന സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്തു കൊണ്ട് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ഈ സ്ഥാപനത്തിന്റെ പങ്കാളിയായിരിക്കും. തിരുവനന്തപുരത്തെ തോന്നക്കലിൽ 25 ഏക്കർ സ്ഥലത്തു വ്യാപിച്ചു കിടക്കുന്ന ക്യാമ്പസിന്റെ നിർമ്മാണം രണ്ടു ഘട്ടങ്ങളിലാണ്. ക്യാമ്പസിനു രണ്ടു ഘട്ടങ്ങളാണുള്ളത്. ഘട്ടം 1ഉം ഘട്ടം 2ഉം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ബയോ ലാബ്, കോമൺ ഇൻസ്ട്രുമെന്റേഷൻ റൂം, ജൈവ സുരക്ഷാ സൗകര്യങ്ങൾ ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ, എന്നിവ ഉൾപ്പെടുന്ന ഘട്ടം I എ – പ്രീഫാബ് രണ്ടു നില കെട്ടിടം (25,000 ചതുരശ്ര അടി ), അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ബയോ ലാബ്, ജൈവ സുരക്ഷാ സൗകര്യങ്ങൾ, പ്രവർത്തന വിഭാഗം എന്നിവ ഉൾപ്പെടുന്ന മൂന്നു നിലകളോട് കൂടിയ ഘട്ടം I ബി- പ്രധാന കെട്ടിടം (78,000 ചതുരശ്ര അടി) എന്നിവ ചേർന്നതാണ് ഇൻസ്റ്റിട്യൂട്ട്.

2020 ഒക്ടോബർ 20ന് ഈ സ്ഥാപനം ഉദ്ഘാടനം ചെയ്യപ്പെട്ടു. 39 രാജ്യങ്ങളിൽ ആയി 45ഓളം മികവിന്റെ കേന്ദ്രങ്ങളിൽ ഈ ഇൻസ്റ്റിറ്റ്യൂട്ട് അഫിലിയേറ്റ് ചെയ്യപ്പെട്ടിരിക്കുന്നു. 25,000 ചതുരശ്ര അടി പ്രാദേശത്ത് വ്യാപിച്ച പ്രീ ഫാബ് കെട്ടിടത്തിൽ ക്ലിനിക്കൽ വൈറോളജി, വൈറോളജി ഡയഗനോസ്റ്റിക്ക് വിഭാഗങ്ങൾ പ്രവർത്തന സജ്ജമായിട്ടുണ്ട്.

യിൽ നടത്തിവരുന്നു. 2019-20 ൽ ആകെ 15,474 പുതിയ കേസുകളും 2,67349 പുന: പരിശോധനാ കേസുകളും ഇവിടെ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി. പുതുതായി രജിസ്റ്റർ ചെയ്ത കേസുകളിൽ 7,408 എണ്ണം (48 ശതമാനം) പുരുഷൻമാരും 8,056 എണ്ണം (52 ശതമാനം) സ്ത്രീകളുമാണ്. ക്യാൻസർ രോഗനിർണയത്തിനും ചികിത്സയ്ക്കും ആവശ്യമായ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന രാജ്യത്തെ മുൻനിരക്യാൻസർ സെന്ററുകളിൽ ഒന്നാണ് 350 ബെഡ് കപ്പാസിറ്റിയോടുകൂടി തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ ക്യാൻസർ സെന്റർ. ക്യാൻസർ രോഗ പഠന വൈദ്യ ശാസ്ത്ര ശാഖയിലെ വിവിധ മേഖലകളെ സംബന്ധിക്കുന്ന അടിസ്ഥാന, പ്രായോഗിക, സ്ഥിതി വിവര, ശാസ്ത്ര ഗവേഷണം നടത്തുക എന്നതാണ് ഈ സെന്ററിന്റെ പ്രധാന ലക്ഷ്യം. ഇവിടെ അടിസ്ഥാന, പ്രായോഗിക, ചികിത്സ സംബന്ധിയായ ഗവേഷണങ്ങൾ നടത്തുകയും വിജ്ഞാനം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

രാജ്യത്തെ നിലവിലുള്ള 28 റീജിയണൽ ക്യാൻസർ സെന്ററുകളിൽ മുൻപന്തിയിലുള്ള മൂന്നെണ്ണത്തിലൊന്നാണ് ആർ സി സി. അന്താരാഷ്ട്ര സംഘടനകളായ ലോകാരോഗ്യ സംഘടന, അന്താരാഷ്ട്ര ക്യാൻസർ ഗവേഷണകേന്ദ്രം (ഫ്രാൻസ് ), അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി (വിയന്ന), ദേശീയക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് (യു.എസ്എ), ക്യാൻസർ ഗവേഷണകേന്ദ്രം (യു.കെ), ലീഡ്സ് യൂണിവേഴ്സിറ്റി (യു.കെ), ആരോഗ്യഗവേഷണകേന്ദ്രം (ജപ്പാൻ) എന്നിവയും മറ്റ് പ്രമുഖ സംഘടനകളുമായി ആർ .സി.സി മെച്ചമായ ബന്ധം നിലനിർത്തുന്നു.

കഴിഞ്ഞ മുപ്പത്തിയൊമ്പത് വർഷങ്ങളായി, കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട അർബുദ പരിശോധനയും ചികിൽസയും നല്കിക്കൊണ്ട് കേരളത്തിലെയും തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ സമീപ പ്രദേശങ്ങളിലെയും ജനങ്ങളുടെ വർദ്ധിച്ചു വരുന്ന ക്യാൻസർ രോഗാവശ്യങ്ങൾ പരിഗണിക്കുന്നതിൽ ആർ.സി.സി ഗണ്യമായ സംഭാവന ചെയ്തിട്ടുണ്ട്. കൂടാതെ, ക്യാൻസർ രോഗം നിയന്ത്രണ വിധേയമാക്കുന്നതിനും ക്യാൻസർ ചികിത്സയുടെ വിവിധ മേഖലകളിലാവശ്യമായ മാനുഷികശേഷി വളർത്തുന്നതിനും പുതിയ ചികിത്സാരീതികൾ ലഭ്യമാക്കുന്നതിനായി ഗവേഷണം പ്രോത്സാഹിപ്പിക്കുന്ന തിനായി പ്രവർത്തിക്കുന്നതും ആർ .സി.സിയുടെ പരിധിയിൽ ഉൾപ്പെടുന്നു.

ആർ.സി.സി യെക്കൂടാതെ മലബാർ ക്യാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ എന്നിങ്ങനെ രണ്ട് ക്യാൻസർ സെന്ററുകൾ നിലവിലുണ്ട്. ഇവ സംബന്ധിക്കുന്ന വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ ആരോഗ്യം എന്ന സെക്ഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ആർ.സി.സി–രൂപരേഖ

ക്യാൻസർ നിയന്ത്രണത്തിൽ ഒരു ആഗോള നേതൃത്വനിരയിലേക്ക് എത്തുക എന്നതാണ് ആർ.സി.സിയുടെ ലക്ഷ്യം. 2019–20 –ൽ, 15,474 പുതിയ കേസുകൾ ആർസിസിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടു. രോഗികളുടെ സന്ദർശനത്തിന്റെ ദൈനംദിന ശരാശരി 892 എണ്ണമായിരുന്നു ആർ .സി.സിയുടെ 2018–19 ലെയും 2019–20 ലെയും രൂപരേഖ **പട്ടിക 5.2.1** –ൽ നല്കുന്നു.

## ആർ.സി.സിയിൽ രജിസ്റ്റർ ചെയ്ത കേസുകൾ

കഴിഞ്ഞ 10 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ സൂചിപ്പിക്കുന്നത് ഓരോവർഷവും പുതിയ കേസുകളുടെ എണ്ണം വർധിച്ചുവരുന്നു എന്നുള്ളതാണ്. 2015–16 മുതൽ 2019–20 വരെ രജിസ്റ്റർ ചെയ്ത മൊത്തം കേസുകളുടെ എണ്ണം 79,841 ആണ്. 2019–20 –ൽ 15,474 പുതിയ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുകയും ഇത് കഴിഞ്ഞവർഷത്തേക്കാൾ 0.97ശതമാനം കുറവുമാണ്. 2018–19 ൽ രജിസ്റ്റർ ചെയ്തത്, 15,627 കേസ്സുകളായിരുന്നു. കഴിഞ്ഞ 5വർഷം രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **പട്ടിക 5.2.2** ൽ കൊടുത്തിരിക്കുന്നു.

2019–20 –ൽ രജിസ്റ്റർ ചെയ്ത മൊത്തം 15,474 പുതിയ കേസുകളിൽ, 13,482 കേസുകൾ (87 ശതമാനം) സംസ്ഥാനത്തിനകത്തുനിന്നും ബാക്കിയുള്ളവ മറ്റു സംസ്ഥാനങ്ങളിൽ നിന്നും രാജ്യത്തിനു പുറത്തുനിന്നുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മൊത്തം പുതിയ കേസുകളിൽ ഏറ്റവുമധികം തിരുവനന്തപുരം ജില്ലയിൽ നിന്നും (26.32 ശതമാനം) കുറവ് വയനാട് ജില്ലയിൽ നിന്നുമാണ് (0.42 ശതമാനം)

**പട്ടിക 5.2.1** ആർ.സി.സി യുടെ 2018–19 ലെയും 2019–20 ലെയും രൂപ രേഖ ഒറ്റനോട്ടത്തിൽ

| | 2018–19 | 2019–20 |
|---|---|---|
| രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ | 15,627 | 15, 474 |
| പുനഃപരിശോധനയക്കായി രജിസ്റ്റർ ചെയ്തകേസുകൾ | 2,58,838 | 2, 67, 348 |
| കിടത്തി ചികിത്സിച്ച രോഗികൾ | 11,568 | 11, 397 |
| റേഡിയോ തെറാപ്പി | 7,071 | 6, 499 |
| ബ്രച്ചിതെറാപ്പി | 1,766 | 1, 616 |
| ശസ്ക്രക്രിയ സംബന്ധിക്കുന്ന പ്രവർത്ത നങ്ങൾ | 5, 756 | 6, 075 |
| എൻഡോസ്കോപ്പിക് പ്രവർത്തനങ്ങൾ | 2,969 | 2, 719 |
| കീമോതെറാപ്പി | 11,939 | 12, 323 |
| മജ്ജമാറ്റിവയ്ക്കൽ | 37 | 33 |
| തുടർ ഗവേഷണ പ്രൊജക്ട്കൾ | 179 | 215 |

*അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം*

**പട്ടിക 5.2.2** കഴിഞ്ഞ 5 വർഷങ്ങളിൽ റീജിയണൽ ക്യാൻസർ സെന്ററിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ, 2015–16 മുതൽ 2019–20 വരെ

| വർഷം | പുതിയ കേസുകളുടെ എണ്ണം |
|---|---|
| 2015–16 | 16,042 |
| 2016–17 | 16,255 |
| 2017–18 | 16,443 |
| 2018–19 | 15,627 |
| 2019–20 | 15, 474 |
| ആകെ | 79, 841 |

*അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം*

**ചിത്രം 5.2.1** രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ, ജില്ലാ അടിസ്ഥാനത്തിൽ, 2019-20




*അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം*

റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. **ചിത്രം 5.21** -ൽ കേരളത്തിലെ ജില്ലകളിൽ നിന്നും പുതുതായി രജിസ്റ്റർ ചെയ്ത കേസുകൾ കാണിച്ചിരിക്കുന്നു.

## സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ

2019-20 ൽ കൂടുതൽ പുതിയ കേസുകൾ രജിസ്റ്റർ ചെയ്തത് നെഞ്ച്, ഗ്യാസ്ട്രോഇന്റസ്റ്റിനൽ ക്യാൻസർ രോഗങ്ങൾക്കാണ്. (3,654 കേസുകൾ) തുടർന്ന് ഏറ്റവുമധികം രജിസ്റ്റർ ചെയ്തിട്ടുള്ളത് ഗർഭാശയ, ജെനിറ്റോയൂറിനറി, മറ്റുള്ളവയും (2,788കേസുകൾ) ശിരസ്, നെക്ക് ക്യാൻസറുകളുമാണ് (2,601 കേസുകൾ). ഏറ്റവും കുറവ് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടതു കുട്ടികളുടെ ക്ലിനിക്കിൽ ആണ് (531 കേസുകൾ ) 2018-19 ലും 2019-20 ലും സ്പെഷ്യലിറ്റി ക്ലിനിക്കുകളിൽ പുതുതായി രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം **പട്ടിക 5.2.3** -ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 5.2.2** -ൽ വിവിധ ശരീരഭാഗങ്ങളിൽ വ്യാപിച്ച ക്യാൻസർ രോഗത്തിന്റെ വിവരങ്ങൾ 2019-20 -ൽ വിവിധ സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ പുതുതായി രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണത്തിന്റെ ശതമാനത്തിൽ കാണിച്ചിരിക്കുന്നു.

പ്രായം/ലിംഗ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ സൂചിപ്പിക്കുന്നത് 2019-20 ൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളിൽ, 55-64 വയസ്സ് പ്രായമുള്ളവരാണ് (26.86 ശതമാനം) കൂടുതൽ ക്യാൻസർ രോഗ ബാധിതർ എന്നതാണ്. (ഇതിൽ 28.33 ശതമാനം പുരുഷന്മാരും 25.51 ശതമാനം സ്ത്രീകളും ഉൾപ്പെടും) ലിംഗ/ പ്രായമനുസരിച്ച് 2019-20 ൽ ആർ.സി.സിയിൽ കാൻസർ ചികിത്സയ്ക്കായി രജിസ്റ്റർചെയ്ത രോഗികളുടെ

**പട്ടിക 5.2.3** 2018-19 ലും 2019-20 ലും രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം, സ്പെഷ്യാലിറ്റി ക്ലിനിക്ക് അടിസ്ഥാനത്തിൽ

| ക്രമ നം. | ക്ലിനിക് | 2018-19 | 2019-20 |
|---|---|---|---|
| 1 | ഹിമറ്റോലിംഫോറിറ്റിക്യുലാർ, ബോൺ, സോഫ്റ്റ്, ടിഷ്യൂ സർകോമ | 2,382 | 2, 432 |
| 2 | ഹെഡ്, നെക്ക് | 2,569 | 2, 334 |
| 3 | ബ്രെസ്റ്റ്, കേന്ദ്ര നാഡീ വ്യൂഹം | 2,558 | 2, 601 |
| 4 | ഗൈനക്, ജനിറ്റിനറി | 2,690 | 2, 788 |
| 5 | നെഞ്ച്. ഗ്രാസ്ട്രോഇന്റസ്റ്റിനൽ | 3,763 | 3, 654 |
| 6 | പീഡിയാട്രിക് | 537 | 561 |
| 7 | തൈറോയിഡ് | 1,128 | 1104 |
| ആകെ | | 15,627 | 15474 |

*അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം*

ചിത്രം 5.2.2 2019–20 സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ എണ്ണം




*അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം*

രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം (പ്രായം/ലിംഗ അടിസ്ഥാനത്തിൽ)

വിവരങ്ങൾ **ചിത്രം 5.2.3** –ൽ കൊടുത്തിരിക്കുന്നു

സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം ലിംഗ അടിസ്ഥാനത്തിൽ.

2019–20 –ൽ രജിസ്റ്റർ ചെയ്ത മൊത്തം പുരുഷന്മാരിൽ ഏകദേശം 34.57 ശതമാനവും നെഞ്ച്, ഗ്യാസ്ട്രോ ഇൻഡസ്റ്റിനിയൽ ക്ലിനിക്കുകളിലാണ് രജിസ്റ്റർ ചെയ്തത്. സ്ത്രീകളുടെ കാര്യത്തിൽ മൊത്തം രജിസ്റ്റർ ചെയ്ത കേസുകളിൽ 29.68 ശതമാനവും രജിസ്റ്റർ ചെയ്തത് ബ്രസ്റ്റ്, കേന്ദ്രനാഡീവ്യൂഹം എന്നീ ക്ലിനിക്കുകളിലാണ്.

## റഫറൽ സംവിധാനം

ത്രിതീയ തലത്തിലുള്ള ഒരു റഫറൽ ആശുപത്രിയായ ആർ.സി. സി. യിലേക്ക് മറ്റ് സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്നുമുള്ള രോഗികളെ റഫർ ചെയ്യപ്പെടുന്നു. മുൻവർഷത്തെ പോലെ 2019–20 കാലയളവിൽ ആർ.സി.സിയിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകളിൽ കൂടുതലും തിരുവനന്തപുരത്ത് നിന്നുമാണ് (26.32 ശതമാനം കേസുകൾ), തുടർന്ന് കൊല്ലം (19.22 ശതമാനം), ഏറ്റവും കുറവ് കേസുകൾ റഫർ ചെയ്യപ്പെട്ടത് വയനാട് നിന്നാണ് (0.42 ശതമാനം). 2019–20 –ൽ തിരുവനന്തപുരത്ത് നിന്നും റഫർ

ചിത്രം 5.2.3 പുതിയതായി രജിസ്റ്റർചെയ്ത രോഗികളുടെ പ്രായവും ലിംഗവുമനുസരിച്ചുള്ള കണക്ക്, 2019–20




*അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം*

**ചിത്രം 5.2.4** ആർ.സി.സിയിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം, 2019–20




*അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം*

ചെയ്യപ്പെട്ട കേസുകൾ 4073 എണ്ണവും 2018–29 ൽ 4013 എണ്ണവുമായിരുന്നു. വിശദാംശങ്ങൾ **പട്ടിക 5.2.4** –ൽ കൊടുത്തിരിക്കുന്നു.

കൂടാതെ, 2019–20 –ൽ തമിഴ്നാട്ടിൽ നിന്ന് 1,798 കേസുകളും കർണ്ണാടകയിൽ നിന്ന് 11 ഉം ലക്ഷദ്വീപിൽ നിന്ന് 12 ഉം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് 138 ഉം മാലിദ്വീപിൽ നിന്ന് 33 പേരേയും റഫർ ചെയ്തിട്ടുണ്ട്. മുൻ വർഷം തമിഴ്നാട് നിന്നും 1,924 കര്ണ്ണാടകയിൽ നിന്നും 5 , ലക്ഷദ്വീപിൽ നിന്ന് 10, മറ്റ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് 161, മാലിദ്വീപിൽ നിന്ന് 40 എന്നിങ്ങനെയായിരുന്നു കേസുകളുടെ എണ്ണം.

സംസ്ഥാനത്തിനകത്തു നിന്നും പുറത്തുനിന്നും 2019–20 –ൽ അന്തർദേശീയ തലത്തിലും റഫർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം **ചിത്രം 5.2.4** ൽ കൊടുത്തിരിക്കുന്നു.

## കേന്ദ്ര –സംസ്ഥാന സർക്കാർ പദ്ധതികൾ

രോഗികൾക്ക് സൗജന്യ നിരക്കിലും കുറഞ്ഞ നിരക്കിലും ചികിത്സ ലഭ്യമാക്കുന്നത് ഉറപ്പ വരുത്തുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ ഉദാരമായ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 5.2.5** –ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 5.2.4** 2018–19 ലും 2019–20 ലും ആർ.സി.സിയിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകൾ

| ക്രമ നം. | ജില്ല | കേസുകളുടെ എണ്ണം | |
|---|---|---|---|
| | | 2018–19 | 2019–20 |
| 1 | തിരുവനന്തപുരം | 4,013 | 4, 073 |
| 2 | കൊല്ലം | 3,014 | 2, 973 |
| 3 | പത്തനംതിട്ട | 830 | 886 |
| 4 | ആലപ്പുഴ | 992 | 984 |
| 5 | കോട്ടയം | 544 | 627 |
| 6 | ഇടുക്കി | 323 | 330 |
| 7 | എറണാകുളം | 605 | 546 |
| 8 | തൃശ്ശൂ ർ | 873 | 853 |
| 9 | പാലക്കാട് | 906 | 877 |
| 10 | മലപ്പുറം | 211 | 242 |
| 11 | കോഴിക്കോട് | 751 | 697 |
| 12 | വയനാട് | 72 | 63 |
| 13 | കണ്ണൂർ | 213 | 191 |
| 14 | കാസർഗോഡ് | 140 | 140 |

*അവലംബം: റീജിയണൽ ക്യാൻസർ സന്റെർ, തിരുവനന്തപുരം*

## ആർ സി.സിയുടെ 2019-20 ലെ പ്രധാന സംരംഭങ്ങൾ

സർക്കാർ സഹായ പദ്ധതികൾക്ക് പുറമേ, ക്യാൻസർ രോഗികളെയും കുടുംബങ്ങളെയും താഴെ പറയുന്ന മറ്റ പദ്ധതികൾ വഴിയും ആർസിസി സഹായിക്കുന്നു.

1. സൗജന്യ മരുന്ന് ബാങ്ക്- പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരണമായി, ആർ.സി.സി യുടെ ഡയറക്ടർ രൂപീകരിച്ചിട്ടുള്ള ഒരു കമ്മറ്റിയുടെ നിരീക്ഷണങ്ങൾക്കനുസരിച്ചാണ് ഈ സൌജന്യ മരുന്ന് ബാങ്ക് പ്രവർത്തിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ 2,344 രോഗികൾക്കും പൂർണ്ണമായോ ഭാഗികമായോ ഇതിലൂടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. മുൻ വർഷം ഇത് 3,108 ആയിരുന്നു.
2. സൗജന്യ ഭക്ഷണം (അക്ഷയപാത്രം)- വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ 2019-20 ൽ മെച്ചമല്ലാത്ത സാമൂഹിക സാമ്പത്തിക സ്ഥിതിയിലുള്ള 5,016 രോഗികൾക്കും 2018-19 ൽ 6,923 രോഗികൾക്കും ഭക്ഷണം സൗ ജന്യമായി നല്കിയിട്ടുണ്ട്.
3. ഇന്ത്യൻ ക്യാൻസർ സൊസൈറ്റിയുടെ സഹായ പദ്ധതി - ക്യാൻസർ രോഗചികിത്സക്കായി ഇന്ത്യൻ ക്യാൻസർ സൊസൈറ്റിയുടെ സഹായം ലഭിക്കുന്ന രാജ്യത്തുടനീളമുള്ള 4 ക്യാൻസർ സെന്ററുകളിൽ ഒന്നായി ആർ .സി.സി യെ തെരഞ്ഞെടുത്തിട്ടുണ്ട്. 2019-20 ൽ 27പേർക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമായിട്ടുണ്ട്.

## മാനവശേഷി വികസനം

1. അന്താരാഷ്ട്ര കോൾപോസ്കോപ്പി സ്കൂൾ - 30 ഡോക്ടർമാർക്ക് ഒരാഴ്ച്ചത്തെ ഹാൻഡ്സ് ഓൺ ട്രെയിനിങ് നൽകി. 91 ബി.എസ്.സി. (എം. എൽ റ്റി) വിദ്യാർത്ഥികൾക്കും 15 നഴ്സുമാർക്കും പാപ്സ്മിയർ VI എ, വിഐഎൽഐ, കോൾപോസ്കോപ്പി തുടങ്ങിയ ചെലവ് കുറഞ്ഞ

**പട്ടിക 5.2.5** കേന്ദ്ര -സംസ്ഥാന സർക്കാർ പദ്ധതികൾ, 2018-19 & 2019-20

| പദ്ധതി | രജിസ്റ്റർ ചെയ്ത രോഗികൾ (പുതിയ കേസുകൾ) | | പ്രയോജനം ലഭിച്ചവരുടെ എണ്ണം | | ചെലവായ തുക (കോടിയിൽ) | |
|---|---|---|---|---|---|---|
| | 2018-19 | 2019-20 | 2018-19 | 2019-20 | 2018-19 | 2019-20 |
| **കേന്ദ്ര സർക്കാർ പദ്ധതികൾ** | | | | | | |
| പ്രധാനമിന്ത്രയുടെ ആശ്വാസ ഫണ്ട് | 420 | 136 | 1,542 | 2056 | 3.44 | 1.11 |
| ആരോഗ്യ മിന്ത്രയുടെ രാഷ്ട്രീയ ആരോഗ്യ നിധി (ആർ എ എൻ) | | | 2,074 | 2,019 | | |
| ആരോഗ്യ മിന്ത്രയുടെ ഡിസ്ക്രീഷണറി ഫണ്ട് | 7 | | 18 | 25 | 0.0011 | |
| ക്യാൻസർ രോഗികൾക്കായുള്ള ആരോഗ്യ മിന്ത്രയുടെ ഫണ്ട് (എച്ച്. എം.സി.എഫ്.പി.സി.എസ്.ആർ പദ്ധതി) | 42 | 25 | 81 | 92 | 0.44 | 0.05 |
| **സംസ്ഥാന സർക്കാർ പദ്ധതികൾ** | | | | | | |
| ക്യാൻസർ സുരക്ഷ പദ്ധതി | 472 | 500 | 5389 | 5,932 | 5.78 | 4.88 |
| ചിസ് പ്ലസ്സ് | 7635 | 591 | 40780 | 41920 | 19.55 | 0.80 |
| കാരുണ്യ ഫണ്ട് | 6162 | 745 | 27686 | 24344 | 41.59 | 3.88 |
| സുകൃതം | 175 | | 8489 | 8607 | 2.07 | |
| താലോലം | 8 | 14 | 99 | 117 | 0.03 | 0.03 |
| പട്ടിക വർഗ വിഭാഗത്തിലുള്ള രോഗികൾക്കായുള്ള ഫണ്ട് | 23 | 36 | 354 | 424 | 0.19 | 0.24 |
| എൻഡോസൾഫൻ ബാധിതർക്കുള്ള സ്നേഹ സാന്ത്വനം പരിപാടി | 10 | 1 | 53 | 61 | 0.07 | 0.01 |

*അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം*

സെർവിക്കൽ സ്ക്രീനിംഗ് സ്ട്രാറ്റജിയിൽ ഓറിയന്റേഷൻ പ്രോഗ്രാമും നടത്തി.

2. പരിശീലകർ– പരിശീലന പരിപാടി – ഡോക്ടർമാർ, വൈദ്യശാസ്ത്ര ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിലെ പാരാമെഡിക്കൽ സ്റ്റാഫ്, എൻ. എസ്.എസ്, ആശാ പ്രവർത്തകർ, തുടങ്ങിയ സന്നദ്ധപ്രവർത്തകർ എന്നിവരുൾപ്പെടുന്ന ആരോഗ്യ സംരക്ഷണ ദായകരായ 1,483 പേർക്ക് 2019–20 –ൽ പരിശീലക – പരിശീലന പരിപാടിയിലൂടെ പരിശീലനം ലഭിക്കുകയുണ്ടായി. 2018–19ൽ പരിശീലനം ലഭിച്ചവരുടെ എണ്ണം 4,192ആയിരുന്നു.
3. ഹൗസ് സർജൻമാർക്കായുള്ള പരിശീലന പരിപാടി – തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലേയും ദന്തൽ കോളേജിലേയും ഹൗസ് സർജൻമാർക്കായി സംഘടിപ്പിച്ച ക്യാൻസർ രോഗ നിവരണവും നിയന്ത്രണവും സംബന്ധിക്കുന്ന പരിശീലന പരിപാടിയിൽ 67ഹൗസ് സർജൻമാർ പങ്കെടുക്കുകയുണ്ടായി.

## ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾ

### പ്രാരംഭദിശയിൽ ക്യാൻസർ കണ്ടെത്തൽ

2019–20 –ൽ പ്രാരംഭദിശയിൽ ക്യാൻസർ കണ്ടെത്തുന്നതിനുള്ള വിഭാഗത്തിൽ 4,909 പേർ ആർ. സി.സി യിൽ പരിശോധനയ്ക്ക് വിധേയമായതിന്റെ ഫലമായി 391 ക്യാൻസർ കേസുകളും 1,392 പ്രീ–ക്യാൻസർ കേസുകളും നിർണയം നടത്തി.

### ക്യാൻസർ ഔട്ട് റീച്ച് പരിപാടികൾ

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന 72 ക്യാൻസർ നിർണ്ണയ ക്യാമ്പുകളിൽ 5,613 പേർ പരിശോധനയ്ക്ക് വിധേയമായി. വിശദാംശങ്ങൾ **പട്ടിക 5.2.6** –ൽ നല്കിയിരിക്കുന്നു. 31 ക്യാൻസർ ബോധവല്ക്കരണ പരിപാടികളിലൂടെ 3,125 പേർക്ക് ക്യാൻസർ നിയന്ത്രണം സംബന്ധിച്ച പരിശീലനം നേടുന്നതിന് കഴിഞ്ഞു.

ഇതിനു പുറമേ, തിരുവനന്തപുരം മംഗലപുരം പ്രദേശത്തെ സ്ത്രീകൾക്കായി രണ്ടാഴ്ചയിലൊരിക്കൽ നടത്തുന്ന ഗർഭാശയ ക്യാൻസർ നിർണ്ണയ ക്ലിനിക്കിന്റെ ഭാഗമായി 20 ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. പരിശോധനയ്ക്ക് വിധേയരായ 140 സ്ത്രീകളിൽ 1 സെർവിക്കൽ ക്യാൻസർ, 20 സെർവിക്കൽ പ്രീ ക്യാൻസർ, 13 എച്ച് പി വി ഇൻഫെക്ഷൻ എന്നിവ കണ്ടെത്തുകയുണ്ടായി. പുകയില ഉപഭോഗം നിർത്തലാക്കുന്നത് സംബന്ധിക്കുന്ന ക്ലിനിക്കിൽ 86 പേർ പങ്കെടുക്കുകയുണ്ടായി.

### ഗവേഷണ വികസന പരിപാടികൾ

ഒരു മുൻനിര ക്യാൻസർ ഗവേഷണ സ്ഥാപനമെന്ന നിലയിൽ ധാരാളം പി.എച്ച്.ഡികൾ ആർ സി സി നല്കിയിട്ടുണ്ട്. 2019–20 ൽ, ഏകദേശം 31 ഗവേഷകർ ഗവേഷണം നടത്തുകയും, 34പേർ വൈദ്യശാസ്ത്രം, ശിശുരോഗം, സർജിക്കൽ ഓങ്കോളജി എന്നീ വിഷയങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളും 42 പേർ അനസ്തേഷ്യ, രോഗനിർണ്ണയ ശാസ്ത്രം, റേഡിയോ ഡയഗ്നോസിസ്, റേഡിയോ തെറാപ്പി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ പഠനം നടത്തുകയുമുണ്ടായി. നിലവിലുള്ള ഗവേഷണ പ്രോജക്ടുകളുടെ എണ്ണം 215ആണ്.

വിവിധ ചികിത്സ സംവിധാനങ്ങളുമായി സംയോജിച്ച് കൊണ്ട് 85 ആർട്ടിക്കിളുകൾ, 22 പുസ്തക അധ്യായങ്ങൾ / കോൺഫറൻസ് പേപ്പറുകൾ, ഒരു പുസ്തകം എന്നിവ പ്രസിദ്ധീകരിക്കുകയും ഒരു പേറ്റന്റ് ഫയൽ ചെയ്യുകയുമുണ്ടായി.

**പട്ടിക 5.2.6** ക്യാൻസർ പരിശോധനാ വിശദാംശങ്ങൾ

| ക്രമ നമ്പർ | ക്യാൻസർ | കേസുകളുടെ എണ്ണം |
|---|---|---|
| 1 | ഓറൽ | 12 |
| 2 | ഓറൽ പ്രീ–ക്യാൻസർ | 160 |
| 3 | ബ്രസ്റ്റ് | 11 |
| 4 | സർവിക്കൽ | 1 |
| 5 | സർവിക്കൽ പ്രീ ക്യാൻസർ | 28 |
| 6 | മറ്റുള്ളവ | 3 |
| 7 | എച്ച്.പി.വി ഇൻഫെക്ഷൻ | 314 |
| 8 | തീവ്രത കുറഞ്ഞ ബ്രെസ്റ്റ് ലീഷൻ | 341 |

അവലംബം: റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

32,191 മൈക്രോബയോളജി ഇൻവെറസ്റ്റിഗെഷനുകളും 62,883 ഇമേജിം, 72,006 ന്യൂക്ലിയർ മെഡിസിൻ 3,365 ആർ ടി –പി സി ആർ പഠനങ്ങൾ എന്നിവ നടത്തി.

ആർ സി സി ക്ക് 30 അവാർഡ് / അംഗീകാരങ്ങൾ ലഭിച്ചതിൽ 3 എണ്ണം അന്തർദേശീയമാണ്.

### ആർ.സി.സി യിലെ പശ്ചാത്തല സൗകര്യ വികസനം

#### i.ഭൗതിക പശ്ചാത്തല സൗകര്യങ്ങളുടെ വിപുലീകരണം

രോഗികൾക്ക് മെച്ചപ്പെട്ട സ്ഥല സൗകര്യങ്ങൾ, വിവിധ രോഗ നിർണ്ണയ, ചികിത്സാ സൌകര്യങ്ങളുടെ വ്യാപനം എന്നിവ ലക്ഷ്യമിട്ടു കൊണ്ട് 2.75 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 18,722.00 ലക്ഷം രൂപ ചെലവ് വരുന്നതും, റേഡിയോ തെറാപ്പി ബ്ലോക്ക്, പുതിയ ബ്ലഡ് ബാങ്ക്, 10–ബെഡ് ബോൺമാരോ ട്രാൻസ്പ്ലാന്റ് യൂണിറ്റ്, മോഡുലാർ ഓപ്പറേഷൻ തീയറ്ററുകൾ, 8–ബെഡ് ന്യൂക്ലിയാർ മെഡിസിൻ വാർഡ്, റോബോർട്ടിക് സർജറി യൂണിറ്റ്, അഡ്വാൻസ്ഡ് മൈക്രോ ബയോളജി ലബോറട്ടറി, തീവ്ര പരിചരണ വിഭാഗം, സർജിക്കൽ, മെഡിക്കൽ വാർഡുകൾ, പേ വാർഡുകൾ, ഹോസ്റ്റലുകൾ എന്നിവ ഉൾപ്പെടുന്നതുമായ പുതിയ 14 നില കെട്ടിടത്തിന്റെ നിർമ്മാണം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനായി പ്രാരംഭ പ്രവർത്തനങ്ങൾ ആർസിസി ആരംഭിച്ചിട്ടുണ്ട്.

#### ii. 2019–20 ൽ പുതുതായി ചേർക്കപ്പെട്ട ചികിത്സാനിർണ്ണയ, പരിശോധനാ സൗകര്യങ്ങൾ

- പുതിയ അത്യാഹിത വിഭാഗം ഉത്ഘാടനം ചെയ്തു
- റേഡിയോ ഡയഗ്നോസ്റ്റിക്സ്, റേഡിയേഷൻ ഫിസിക്സ്, മൈക്രോ ബയോളജി, പത്തോളജി, അനസ്തേഷ്യ, ബോൺ മാരോ ട്രാൻസ് പ്ലാന്റേഷൻ യൂണിറ്റ്, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, സർജിക്കൽ ഓങ്കോളജി, പുതിയ അത്യാഹിത വിഭാഗം, ഗവേഷണ, വിവര സംവിധാനം എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ പുതിയ സംവിധാനങ്ങൾ കൂട്ടിച്ചേർത്തു.

- കോവിഡ്–19 മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
- ജില്ലാ, താലൂക് ആശുപത്രികളിൽ ആർ സി സി പരിശീലനം നൽകിയ ഡോക്ടർമാർ മുഖേന എല്ലാ ജില്ലകളിലും കാൻസർ കെയർ വികേന്ദ്രീകരണം
- കോവിഡ് നിരീക്ഷണ സെൽ രൂപീകരിച്ച് കൊണ്ട് കോവിഡ്–19 ഇൻഫെക്ഷൻ ഫലപ്രദമായി തടഞ്ഞു നിർത്തൽ
- 47 ലക്ഷം രൂപയുടെ കാൻസർ ചികിത്സാ മരുന്നുകൾ കേരള ഫയർ സർവീസ് മുഖേന രോഗികളുടെ വീട്ടുകളിൽ വിതരണം നടത്തി.

### ശാസ്ത്ര, സാങ്കേതിക മേഖലയിലെ പദ്ധതി വിഹിതവും ചെലവും

2015–16 മുതൽ 2019–20 വരെ ശാസ്ത്ര സാങ്കേതിക മേഖലയിലെ വിഹിതവും ചെലവും സംബന്ധിക്കുന്ന വിശദാംശങ്ങൾ **പട്ടിക 5.2.7** –ൽ കൊടുത്തിരിക്കുന്നു.

### ഭാവി വീക്ഷണം

സംസ്ഥാനത്ത് ഉയർന്ന വിദ്യാഭ്യാസ നേട്ടങ്ങൾക്കിടയിലും ശാസ്ത്രത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ പൊതുവായ അവബോധം ഉണ്ടായിട്ടും ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികസനം സുപ്രധാന വെല്ലുവിളികൾ നേരിടുന്നു. ഈ മേഖലയിലെ പ്രധാന വെല്ലുവിളികൾ: (i) ശാസ്ത്ര വിദ്യാഭ്യാസത്തിൻറെയും ശാസ്ത്രീയ ഗവേഷണത്തിൻറെയും ഗുണനിലവാരം അതിവേഗം മെച്ചപ്പെടുത്തുക (ii) രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവ ശാസ്ത്രജ്ഞരുടെ പഠനത്തിനും ഗവേഷണത്തിനുമുള്ള സ്ഥാപനങ്ങളായി മാറ്റുന്നതിന് സംസ്ഥാനത്തെ ശാസ്ത്ര സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തൽ (ii) വിവിധ ശാഖകളിൽ മികവിന്റെ കേന്ദ്രങ്ങൾ വികസിപ്പിക്കൽ (IV) സംസ്ഥാനത്തവരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു

**പട്ടിക 5.2.7** പദ്ധതി വിഹിതവും ചെലവും 2015–16 മുതൽ 2019–20 വരെ (രൂപ കോടിയിൽ)

| വർഷം | വിഹിതം | ചെലവ് |
|---|---|---|
| 2015–16 | 153.29 | 66.29 (43.24 %) |
| 2016–17 | 159.15 | 86.01 (54.08 %) |
| 2017–18 | 175.07 | 82.00 (46.84 %) |
| 2018–19 | 194.08 | 90.59 (47%) |
| 2019–20 | 225.15 | 65.36 (29%) |

*അവലംബം:* പ്ലാൻ സ്പേസ് കേരള, സംസ്ഥാന ആസൂത്രണബോർഡ്

പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്തിന്റെ വികസനത്തിന് എസ് ആന്റ് ടി പിന്തുണ നൽകുക ശാസ്ത്ര സാങ്കേതിക മേഖലയിലെ പുരോഗതിയും സമ്പദ്‌വ്യവസ്ഥയുടെ ഉദാരവൽക്കരണവും പുരോഗമന ആഗോളവൽക്കരണവും ശാസ്ത്ര–സാങ്കേതിക മേഖലയ്ക്ക് പുതിയ വെല്ലുവിളികൾ വരുത്തി. അടിസ്ഥാന ഗവേഷണ/സാങ്കേതികവിദ്യയിൽ കേരളത്തെ മികച്ച സംസ്ഥാനങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി സാങ്കേതികവിദ്യ കേന്ദ്രീകരിച്ചുള്ള കാർഷിക വികസനം, ഊർജ്ജം, സാങ്കേതിക ബിസിനസ് ഇൻകുബേറ്ററുകൾ എന്നിവയിൽ ഗവേഷണത്തിനും വികസനത്തിനുമായി പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കേണ്ടതുണ്ട്. സയൻസ് ആന്റ് ടെക്നോളജിയുടെ സംസ്ഥാനതല ആസൂത്രണത്തിനും ഉന്നമനത്തിനുമുള്ള ഒരു ഏജൻസി എന്ന നിലയിൽ കെഎസ്‌സിടിഇ സ്വകാര്യ വ്യാവസായിക ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കുന്നു.

ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ടുകൾ പ്രകാരം രോഗം ബാധിക്കുന്നതിനുള്ള സാധ്യതാ ഘടകങ്ങൾ ഒഴിവാക്കുക വഴി 30–50 ശതമാനം വരെ ക്യാൻസർ രോഗങ്ങൾ കുറയ്ക്കാം. കൂടാതെ രോഗം വരാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും, നേരത്തേയുള്ള രോഗനിർണ്ണയവും ചികിത്സയും വഴിയും രോഗ ബാധ്യത കുറയ്ക്കാവുന്നതുമാണ്. കഴിഞ്ഞകുറച്ചുവർഷങ്ങളായി ആർ.സി.സി യിൽ പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ ഉണ്ടായ കുറവ്, ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങളിലും ആർ.സി.സി യിൽ ലഭ്യമായിട്ടുള്ള ചികിത്സാ സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിലും ഈ കേന്ദ്രത്തിന്റെ പ്രയത്നങ്ങളുടെ അനന്തരഫലമാണ് സൂചിപ്പിക്കുന്നത്. ക്യാൻസർ ചികിത്സയിൽ ഏർപ്പെട്ടിരിക്കുന്നതും ഉയർന്നു വരുന്നതുമായ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകൾ/ മറ്റ് ആശുപത്രികൾ എന്നിവയുടെ പങ്ക് ഭാവിയിൽ സംസ്ഥാനത്തെ ക്യാൻസർ രോഗ ലഘൂകരണത്തിനു സഹായിക്കുന്നതാണ്.

## 5.3 വിനോദ സഞ്ചാരം

വികസനത്തിൽ മറ്റ് മേഖലകളുമായുള്ള പരസ്പരബന്ധമുള്ളതും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വരുമാനം വർധിപ്പിക്കുകയും ചെയ്യുന്നതിനോടൊപ്പം സമൂഹത്തെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്ന മേഖലയാണ് വിനോദ സഞ്ചാരം. ലോകപ്രശസ്ത ബ്രാൻഡ്, സ്ഥിരമായ വളർച്ച, വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ, പ്രാദേശിക സംരംഭങ്ങളുടെ സാന്നിധ്യം എന്നിവയാണ് കേരളത്തിലെ വിനോദ സഞ്ചാര വ്യവസായത്തിന്റെ സവിശേഷത, പശ്ചാത്തല സൗകര്യ വികസനം, വിപണനം, മാനവശേഷി വികസനം, പ്രചാരണം, ആതിഥേയത്വം എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് കേരളത്തിൽ വിനോദസഞ്ചാര മേഖലയിലെ പൊതുനിക്ഷേപം. ആഭ്യന്തര, അന്തർദേശീയ വിപണികളിൽ സംസ്ഥാനം വിനോദ സഞ്ചാരത്തെ സജീവമായി പ്രോത്സാഹിപ്പിക്കുന്നു.

രണ്ടാം പഞ്ചവത്സര പദ്ധതി മുതൽ സംസ്ഥാന സർക്കാർ വിനോദ സഞ്ചാര മേഖലക്ക് പിന്തുണ നൽകി വരുന്നു. കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ പൊതുനിക്ഷേപത്തിന്റെ പ്രധാന പങ്ക് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം, സൗന്ദര്യവത്ക്കരണം, വഴിയോരങ്ങളിലും ജലാശയ തീരങ്ങളിലും ഗുണനിലവാരമുള്ള സഞ്ചാരകേന്ദ്രങ്ങൾ, വിവര സംവിധാന കേന്ദ്രങ്ങൾ, സന്ദർശക മുറികൾ, ഭൂപ്രദേശങ്ങൾ, ജലാശയങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള സാഹസിക വിനോദ സഞ്ചാരത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ, സഞ്ചാര കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ചൂണ്ടുപലകകൾ, വിനോദ സഞ്ചാര ഗതാഗത മാർഗ്ഗങ്ങൾ, സഞ്ചാരികളുടെ സുരക്ഷിതത്വം എന്നിവയ്ക്കാണ് ചെലവഴിക്കുന്നത്. വിപണനം ആണ് രണ്ടാമതായി പൊതുനിക്ഷേപം ലക്ഷ്യം വയ്ക്കുന്ന മേഖല. അനേകം ഗ്രാമീണ സമൂഹങ്ങൾക്ക് പ്രത്യേകിച്ച് വികസിച്ചു കൊണ്ടിരിക്കുന്ന ലോകത്തിൽ ഒരു ഉപജീവന മാർഗം കൂടിയാണ് വിനോദ സഞ്ചാരം.

കോവിഡ്–19 മഹാമാരി കാരണം വിനോദ സഞ്ചാര മേഖല ആഗോള തലത്തിൽ ഒരു പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുന്നു. യു എൻ ലോക വിനോദ സഞ്ചാര സംഘടനയുടെ അഭിപ്രായത്തിൽ 2020 ൽ അന്താരാഷ്ട്ര തലത്തിൽ വിനോദ സഞ്ചാരികളുടെ വരവിൽ 60 മുതൽ 80 ശതമാനം വരെ കുറവ് സംഭവിക്കുകയും ഉപജീവനം, ബിസിനസ് മേഖലകളിൽ ഇത് വലിയ പ്രത്യാഘാതം സൃഷ്ടിക്കുകയും ചെയ്യും. ലോക വിനോദ സഞ്ചാര സംഘടനയുടെ കണക്കനുസരിച്ച് അനുസരിച്ച അന്തർദേശീയ വിനോദ സഞ്ചാരം പൂർവ സ്ഥിതിയിൽ ആകുന്നതിനു മുൻപ് ആഭ്യന്തര വിനോദ സഞ്ചാരത്തിന്റെ തിരിച്ചു വരവ് പ്രതീക്ഷിക്കുന്നു. വിനോദ സഞ്ചാരം പുനരാരംഭിക്കുന്നതിന് വേണ്ട യു എൻ ലോക വിനോദ സഞ്ചാര സംഘടന ലഭ്യമായ മാർഗ നിർദേശങ്ങളും പ്രവർത്തനങ്ങളും മുൻപോട്ടു വച്ചിട്ടുണ്ട്. സുസ്ഥിര ഭാവിക്കായിയുള്ള കർമ്മ പരിപാടിയിൽ കോവിഡ്–19 പ്രതിസന്ധിയുടെ പശചാതലത്തിൽ ഗ്രാമീണ സമൂഹത്തിൽ വിനോദ സഞ്ചാര മേഖലയുടെ പ്രാധാന്യത്തിന് ഊന്നൽ നൽകുന്നു.

### വിനോദ സഞ്ചാര മേഖലയുടെ നേട്ടങ്ങൾ

ലോകമെമ്പാട്ടുമുള്ള അന്താരാഷ്ട്ര വിനോദ സഞ്ചാരികളുടെ വരവ് 4 ശതമാനം വർദ്ധിച്ച് 2019 –ൽ 1.5 ബില്യൺ ആയി. 2019 –ൽ യൂറോപ്പ് (+)4 ശതമാനം, ഏഷ്യയും പസഫിക്കും (+)5 ശതമാനം, അമേരിക്ക (+)2 ശതമാനം, ആഫ്രിക്ക (+)4 ശതമാനം, മധ്യ കിഴക്കൻ പ്രദേശങ്ങൾ (+)8 ശതമാനം എന്നിങ്ങനെ അന്താരാഷ്ട്ര വിനോദ സഞ്ചാരികളുടെ വരവിൽ വളർച്ച രേഖപ്പെടുത്തുകയുണ്ടായി. (അവലംബം : യു.എൻ ലോക വിനോദ സഞ്ചാര സംഘടന).

2018 ലെ വെള്ളപ്പൊക്കം മൂലമുണ്ടായ പ്രത്യാഘാതത്തിൽ നിന്നും ശക്തമായ തിരിച്ചു വരവ് കേരളത്തിലെ വിനോദ സഞ്ചാര മേഖലക്ക് 2019 –ൽ ഉണ്ടാകുകയും വിദേശ, ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ കഴിഞ്ഞ

**ബോക്സ് 5.3.1** യുഎൻ ഡബ്ലിയു ടി ഒ വിനോദ സഞ്ചാര, ഗ്രാമീണ വികസന വർഷം – 2020

- യുഎൻ ഡബ്ലിയു ടി ഒ 2020 വിനോദസഞ്ചാര, ഗ്രാമീണ വികസന വർഷം ആയിതെരഞ്ഞെടുത്തിരിക്കുന്നു
- കോവിഡ്–19 പ്രതിസന്ധി കാരണം നേരിട്ടും അല്ലാതെയും ആഘാതം നേരിടുന്നതിൽ ഗ്രാമീണ സമൂഹം വളരെ കുറച്ച് മാത്രമേ തയ്യാറെടുത്തിട്ടുള്ളൂ.
- ഗ്രാമീണ സമൂഹത്തിലെ യുവാക്കൾക്കിടയിൽ മുതിർന്നവരെക്കാൾ തൊഴിലില്ലായ്മക്ക് മൂന്നു മടങ്ങു അധികം സാധ്യതയാണ് ഉള്ളത്.
- തൊഴിലും തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുന്നതിൽ വിനോദസഞ്ചാരത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തുന്നതിനുള്ള ഒരു അവസരം ആയി 2020 വർഷം തെരഞ്ഞെടുത്തിരിക്കുന്നു
- കോവിഡ്–19 മഹാമാരി സാമ്പത്തികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ നേരിടുന്നതിന് ഗ്രാമീണ സമൂഹത്തെ പിന്തുണച്ചു കൊണ്ട് ഒരു പുനരുജ്ജീവനത്തിനുള്ള ഒരു വർഷമായി ഗ്രാമീണ മേഖലയിലെ വിനോദ സഞ്ചാരം പ്രദാനം ചെയ്യുന്നു.

*(അവലംബം : യു.എൻ ലോക വിനോദ സഞ്ചാര സംഘടന).*

24 വർഷത്തിനിടയിൽ സംസ്ഥാനത്തു ഏറ്റവും ഉയർന്ന വളർച്ചാ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തു. 2018 നേക്കാൾ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 8.52 ശതമാനവും ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 17.81 ശതമാനവും വളർച്ച സംസ്ഥാനത്തു 2019 ൽ രേഖപ്പെടുത്തുകയുണ്ടായി. *(അവലംബം:വിനോദ സഞ്ചാര വകുപ്പ് കേരള സർക്കാർ)*

## വിനോദ സഞ്ചാരികളുടെ ആഗമനം

### വിദേശ വിനോദ സഞ്ചാരികൾ

2019 ൽ രാജ്യം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 10.56 കോടിയായിരുന്നു. 2018 ലെ വിനോദസഞ്ചാരികളുടെ എണ്ണത്തേക്കാൾ 5.20 ശതമാനം കൂടുതലാണ്. മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2019 –ൽ മൊത്തം 11.89 ലക്ഷം വിദേശ വിനോദ സഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചു. 2018 –ൽ 10.96 ലക്ഷമായിരുന്നു. 2010 മുതൽ 2019 വരെയുള്ള കാലയളവിൽ ഇന്ത്യയിലേക്കും കേരളത്തിലേക്കുമുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ പ്രവണത **ചിത്രം 5.3.1** കൊടുത്തിരിക്കുന്നു.

2010 മുതൽ 2013 വരെയും 2015 ലും കേരളത്തിലെ വിദേശ വിനോദ സഞ്ചാരികളുടെ വളർച്ചാ നിരക്ക് ഇന്ത്യയേക്കാൾ കൂടുതലാണ്. 2014, 2016, 2017, 2018 വർഷങ്ങളിൽ ഇത് ദേശീയ ശരാശരിയേക്കാൾ കുറവായിരുന്നു. 2010 ന് ശേഷം സംസ്ഥാനത്ത് കുറഞ്ഞ വളർച്ചാ നിരക്ക് കാണാൻ സാധിക്കുന്നു.

2018 നേക്കാൾ 8.52 ശതമാനം വളർച്ച രേഖപ്പെടുത്തി കൊണ്ട് 2019 ൽ 11,897,71 വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചപ്പോൾ 2018 ൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 10,96,407 ആയിരുന്നു. ഇന്ത്യയിലേക്കും കേരളത്തിലേക്കും 2010 മുതലുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ ദേശീയ/സംസ്ഥാന വളർച്ചാ നിരക്ക് **അനുബന്ധം 5.3.1** ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 5.3.1** കേരളത്തിലേക്കും ഇന്ത്യയിലേക്കുമുള്ള വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, 2010 മുതൽ 2019 വരെ (ശതമാനത്തിൽ)




അവലംബം : വിനോദ സഞ്ചാര വകുപ്പ് , കേരള സർക്കാർ

**ചിത്രം 5.3.2** കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ 2010 മുതൽ 2019 വരെ




*അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ*

## വിദേശ വിനോദ സഞ്ചാരികളുടെ ആഗമനത്തിലെ കാലികത

2019 ൽ കേരളം സന്ദർശിച്ച മൊത്തം വിദേശ സഞ്ചാരികളിൽ ഏകദേശം 14 ശതമാനം ജനുവരിയിലും തുടർന്ന് ഡിസംബറിലും ആണ്. (ഏകദേശം 13 ശതമാനം), 2018 ലും ഏറ്റവുമധികം വിനോദ സഞ്ചാരികളുടെ വരവ് ദൃശ്യമായത് ജനുവരിയിലും തുടർന്ന് ഡിസംബറിലുമാണ്. 2019 ൽ വിദേശ വിനോദ സഞ്ചാരികളുടെ ഏറ്റവും കുറഞ്ഞ തിരക്ക് അനുഭവപ്പെട്ടത് ജൂണ് മാസത്തിലാണ് (3.83 ശതമാനം), കഴിഞ്ഞ 12 വർഷങ്ങളായി ഇതേ പ്രവണത തുടർന്നു കൊണ്ടിരിക്കുന്നു.

2018ലും 2019ലും ഇന്ത്യയിലെയും കേരളത്തിലെയും വിദേശ വിനോദ സഞ്ചാരികളുടെ മാസാടിസ്ഥാനത്തിലുള്ള വരവ് പട്ടിക 5.3.1 ൽ കൊടുത്തിരിക്കുന്നു. 2010 മുതൽ 2019 വരെ കേരളത്തിലേക്കുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ മാസാടിസ്ഥാനത്തിലുള്ള താരതമ്യം **ചിത്രം 5.3.2** –ൽ കൊടുത്തിരിക്കുന്നു

**പട്ടിക 5.3.1** 2018 ലും 2019 ലും ഇന്ത്യയിലും കേരളത്തിലും എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ

| ക്രമ നം | മാസം | വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2018 | | വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2019 | |
|---|---|---|---|---|---|
| | | ഇന്ത്യ | കേരളം | ഇന്ത്യ | കേരളം |
| 1 | ജനുവരി | 10,45,027 | 1,67,980 | 11,11,040 | 1,60.588 |
| 2 | ഫെബ്രുവരി | 10,49,259 | 1,52,003 | 10,90,516 | 1,48,024 |
| 3 | മാർച്ച് | 10,21,539 | 1,20,711 | 9,78,236 | 11,3857 |
| 4 | ഏപ്രിൽ | 7,45,033 | 85,493 | 77,4651 | 86,693 |
| 5 | മെയ് | 6,06,513 | 4,5427 | 6,15,136 | 49,952 |
| 6 | ജൂൺ | 6,83,935 | 36,746 | 7,26,446 | 45,675 |
| 7 | ജൂലൈ | 8,06,493 | 68,868 | 8,18,125 | 7,80,34 |
| 8 | ആഗസ്റ്റ് | 7,85,993 | 60,121 | 8,00,837 | 74,210 |
| 9 | സെപ്റ്റംബർ | 7,19,894 | 44,769 | 7.51,513 | 62,942 |
| 10 | ഒക്ടോബർ | 8,90,223 | 73,263 | 9,45,017 | 94,205 |
| 11 | നവംബർ | 10,12,569 | 99,271 | 10,92,440 | 1,20,848 |
| 12 | ഡിസംബർ | 11,91,498 | 1,41,755 | 12,26,398 | 1,54,743 |

*അവലംബം: സ്ഥിതി വിവര കണക്ക് മന്ത്രാലയം, ഭാരത സർക്കാർ & വിനോദ സഞ്ചാര വകുപ്പ്, കേരളം*

**ചിത്രം 5.3.3** 2018, 2019 വർഷങ്ങളിൽ കേരളത്തിലേക്ക് വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 രാജ്യങ്ങൾ, ശതമാനത്തിൽ




*അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ*

## വിനോദ സഞ്ചാരികളുടെ ആഗമനം സംബന്ധിക്കുന്ന വിപണി ഉറവിടം

2019 –ൽ, 15.63 ശതമാനം സംഭാവന ചെയ്തുകൊണ്ട് സംസ്ഥാനത്തേക്കു ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്ന രാജ്യങ്ങളിൽ, യു.കെ മുൻപന്തിയിലാണ്. 9.23 ശതമാനത്തോടെ യു എസ് എ രണ്ടാം സ്ഥാനത്താണ്. 2018 ലും ഈ രണ്ട് രാജ്യങ്ങളും ആദ്യ രണ്ട് സ്ഥാനങ്ങളിൽ ആയിരുന്നു. 2019 ൽ കൂടുതൽ വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ തൊട്ടടുത്ത സ്ഥാനത്ത് രാജ്യങ്ങൾ ഫ്രാൻസ് (8.22ശതമാനം), ജർമ്മനി (5.66ശതമാനം) എന്നിവയാണ്. കഴിഞ്ഞ വർഷവും മൂന്നും (ഫ്രാൻസ് 7.95 ശതമാനം) നാലും (ജർമ്മനി 6.03 ശതമാനം) സ്ഥാനങ്ങളിൽ ഈ രാജ്യങ്ങൾ തന്നെയായിരുന്നു. 2018, 2019 വർഷങ്ങളിൽ കേരള വിനോദ സഞ്ചാരത്തിന്റെ പ്രധാന വിപണി ഉറവിടങ്ങളുടെ സംഭാവന **അനുബന്ധം 5.3.2** ലും, 2018 ലും 2019 ലും സംസ്ഥാനത്തേക്കു ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന പത്ത് രാജ്യങ്ങളുടെ സംഭാവന **ചിത്രം 5.3.3** ലും കൊടുത്തിരിക്കുന്നു.

## വിദേശ വിനോദ സഞ്ചാരികളുടെ ആഗമനം ജില്ലാടിസ്ഥാനത്തിൽ

കഴിഞ്ഞ കുറച്ചു വർഷങ്ങളായി, എറണാകുളവും തിരുവനന്തപുരവുമാണ് സംസ്ഥാനത്ത് ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികളുടെ വരവ് രേഖപ്പെടുത്തിയ രണ്ട് ജില്ലകൾ. 2019 ൽ 5,22,232 എണ്ണവും 2018 ൽ 3,68,437 ഉം വിദേശ വിനോദ സഞ്ചാരികൾ എറണാകുളം ജില്ല സന്ദർശിച്ചു. തിരുവനന്തപുരത്തിന്റെ കാര്യത്തിൽ, 2019 ൽ ജില്ല സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 3,10,451. ആണ്. 2019 –ൽ ഏറ്റവും കുറച്ചു വിദേശ വിനോദ സഞ്ചാരികൾ സന്ദർശിച്ച ജില്ലകൾ പത്തനംതിട്ടയും (2,042) പാലക്കാടും (2,147) ആണ്. 2018 ലും സമാന പ്രവണത കാണുവാൻ സാധിക്കുന്നു.വിശദാംശങ്ങൾ അനുബന്ധം 5.3.3 ൽകൊടുത്തിരിക്കുന്നു. വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനം സംബന്ധിക്കുന്ന മേഖല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് 2019 ൽ മൊത്തം വിദേശ വിനോദ സഞ്ചാരികളിൽ ഏകദേശം 57 ശതമാനം പേർ മധ്യ കേരളം സന്ദർശിക്കുകയും 37 ശതമാനം പേർ സംസ്ഥാനത്തിന്റെ തെക്കൻ മേഖല സന്ദർശിക്കുകയും, എന്നാൽ വടക്കൻ കേരളം സന്ദർശിച്ചത് വെറും 6 ശതമാനം മാത്രവുമാണ്.

2019 –ൽ കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 5.3.4** –ൽ കൊടുത്തിരിക്കുന്നു.

## ആഭ്യന്തരവിനോദ സഞ്ചാരികൾ

2019 ൽ കേരളത്തിലേയ്ക്കുള്ള ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ എണ്ണം 1,83,84,233 ആയിരുന്നു. ഇത് മുന്വർഷത്തെക്കാൾ 17.81 ശതമാനം കൂടുതലാണ്. 2018 ൽ കേരളത്തിലെത്തിയ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 1,56,04,661 ആയിരുന്നു. 2010 മുതൽ 2019 വരെ കേരളത്തിലെത്തിയ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വിവരങ്ങൾ **അനുബന്ധം 5.3.4** ൽ കൊടുത്തിരിക്കുന്നു. 2010–2019 കാലയളവിൽ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ പ്രവണത **ചിത്രം 5.3.5** ൽ കൊടുത്തിരിക്കുന്നു.

2009 മുതൽ 2011 വരെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കേരളത്തിലെ വളർച്ചാ നിരക്ക് വർദ്ധിക്കുകയും പിന്നീട് കുറയാൻ തുടങ്ങുകയും ചെയ്തു. 2012–2014 കാലയളവിൽ സംസ്ഥാനം സ്ഥിരമായ വളർച്ചാ നിരക്കിന്

**ചിത്രം 5.3.4** കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മേഖല തിരിച്ച്, 2019 (ശതമാനത്തിൽ)




*അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ*

സാക്ഷ്യം വഹിച്ചു. 2015 ൽ വളർച്ചാ നിരക്ക് 6.59 ശതമാനമായിരുന്നത് 2016 ൽ 5.67 ശതമാനമായി കുറഞ്ഞു. എന്നാൽ, 2017 ൽ സംസ്ഥാനത്തെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ 11.39 ശതമാനം വളർച്ച രേഖപ്പെടുത്തി. 2018 ൽ ഇത് വീണ്ടും കുറഞ്ഞ് 6.35 ശതമാനത്തിലെത്തി. എന്നാൽ 2019 ൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ സംസ്ഥാനത്ത് 17.81 ശതമാനം വളർച്ച ദൃശ്യമായി

## ആഭ്യന്തര വിനോദ സഞ്ചാരികളുടെ ആഗമനത്തിലെ കാലികത

2019ൽ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവ് സംബന്ധിക്കുന്ന മാസാടിസ്ഥാനത്തിലുള്ള വിവരങ്ങൾ പ്രകാരം, കേരളത്തിൽ ഏറ്റവുമധികം സഞ്ചാരികളുടെ തിരക്ക് അനുഭവപ്പെട്ടത് ഡിസംബർ മാസത്തിലും ഏറ്റവും കുറവ് ഓഗസ്റ്റ് മാസത്തിലും ആയിരുന്നു. വിശദാംശങ്ങൾ **പട്ടിക 5.3.2** –ൽ നൽകിയിരിക്കുന്നു

2010 മുതൽ 2019 വരെയുള്ള ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ മാസാടിസ്ഥാനത്തിലുള്ള വിവരങ്ങൾ **ചിത്രം 5.3.6** ൽ കൊടുത്തിരിക്കുന്നു.

## ആഭ്യന്തര വിനോദ സഞ്ചാരം പ്രദാനം ചെയ്യുന്ന ഉറവിടം

കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളിൽ

**ചിത്രം 5.3.5** കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, 2010 മുതൽ 2019 വരെ, ശതമാനത്തിൽ




*അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ*

**പട്ടിക 5.3.2** കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ, 2018, 2019 വർഷങ്ങളിൽ

| ക്രമ നം | മാസം | ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | |
|---|---|---|---|
| | | | 2019 |
| 1 | ജനുവരി | 14,22,483 | 15,15,551 |
| 2 | ഫെബ്രുവരി | 12,26,778 | 13,35,665 |
| 3 | മാർച്ച് | 12,28,451 | 13,39,252 |
| 4 | ഏപ്രിൽ | 14,70,552 | 16,13,257 |
| 5 | മെയ് | 15,94,332 | 18,18,986 |
| 6 | ജൂൺ | 10,84,238 | 13,41,496 |
| 7 | ജൂലൈ | 11,76,994 | 14,30,508 |
| 8 | ആഗസ്റ്റ് | 9,95,577 | 13,21,175 |
| 9 | സെപ്റ്റംബർ | 11,19,445 | 14,68,337 |
| 10 | ഒക്ടോബർ | 12,81,028 | 15,94,093 |
| 11 | നവംബർ | 13,64,805 | 16,52,880 |
| 12 | ഡിസംബർ | 16,39,978 | 19,53,023 |
| | ആകെ | 1,56,04,661 | 1,83,84,233 |

*അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ*

ഏകദേശം 64.36 ശതമാനവും സംസ്ഥാനത്തിനകത്ത് നിന്ന് തന്നെയുള്ള സന്ദർശകർ ആണെന്നാണ് 2019 ലെ സ്ഥിതി വിവര കണക്കുകൾ സൂചിപ്പിക്കുന്നത്. സന്ദർശകരെ സംഭാവന ചെയ്യുന്ന കാര്യത്തിൽ, മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിൽ 9.47 ശതമാനം സന്ദർശകരെ സംഭാവന ചെയ്തുകൊണ്ട് തമിഴ്നാട് ഒന്നാം സ്ഥാനത്താണ്. കർണാടകവും (6.16 ശതമാനം) മഹാരാഷ്ട്രയും (3.55 ശതമാനം) ആണ് മറ്റു പ്രധാനപ്പെട്ട സംസ്ഥാനങ്ങൾ. കഴിഞ്ഞ വർഷവും ഈ സംസ്ഥാനങ്ങൾ തന്നെയായിരുന്നു മുൻപന്തിയിൽ. കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ മുൻപന്തിയിൽ നിൽക്കുന്ന 15 സംസ്ഥാനങ്ങളുടെ സംഭാവന സംബന്ധിക്കുന്ന വിശദാംശങ്ങൾ **അനുബന്ധം 5.3.5** ൽ കൊടുത്തിരിക്കുന്നു. കേരളത്തിലേക്ക് 2018ലും 2019ലും ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ മുൻപന്തിയിൽ നിൽക്കുന്ന 10 സംസ്ഥാനങ്ങളുടെ സംഭാവന **ചിത്രം 5.3.7** ൽ കാണിച്ചിരിക്കുന്നു.

## ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവ്

**ചിത്രം 5.3.6** കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 2010 മുതൽ 2019 വരെ,




*അവലംബം : വിനോദ സഞ്ചാര വകുപ്പ് , കേരള സർക്കാർ*

**ചിത്രം 5.3.7** 2018 ലും 2019 ലും വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 സംസ്ഥാനങ്ങൾ, ശതമാനത്തിൽ




*അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ*

## ജില്ലാടിസ്ഥാനത്തിൽ

കേരളത്തിലെ ജില്ല തിരിച്ചുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ, എറണാകുളവും തിരുവനന്തപുരവും ആയിരുന്നു 2019 ൽ മുൻപന്തിയിൽ നിൽക്കുന്ന ജില്ലകൾ. 2018 ലും ഈ ജില്ലകൾ തന്നെ ആയിരുന്നു മുൻപന്തിയിൽ. ഏറ്റവും കുറവ് സഞ്ചാരികളെ ആകർഷിക്കുന്ന ജില്ല പത്തനംതിട്ടയാണ്. വിശദാംശങ്ങൾ അനുബന്ധം 5.3.6 ൽ കൊടുത്തിരിക്കുന്നു. 2018 ലും 2019 ലും ഏറ്റവും അധികം ആഭ്യന്തര വിനോദ സഞ്ചാരികൾ മധ്യകേരളം സന്ദർശിക്കുകയുണ്ടായി എന്നാണ് മേഖല തിരിച്ചുള്ള വിശദാംശങ്ങൾ സൂചിപ്പിക്കുന്നത്. **ചിത്രം 5.3.8** ൽ 2019 ലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം മേഖലാടിസ്ഥാനത്തിൽ കാണിച്ചിരിക്കുന്നു.

## കേരളത്തിലെ താമസ സൗകര്യ യൂണിറ്റുകൾ

2020 സെപ്റ്റംബർ വരെ, 88,773 മുറികൾ ഉൾപ്പെടുന്ന ആകെ 7,022 താമസ സൗകര്യ യൂണിറ്റുകളാണ് സംസ്ഥാനത്തുള്ളത്. ഏറ്റവും കൂടുതൽ താമസ സൗകര്യ യൂണിറ്റുകൾ ആലപ്പുഴ ജില്ലയിലും (1,173 യൂണിറ്റുകൾ) കാസർഗോഡ് ജില്ല, താമസ സൗകര്യ യൂണിറ്റുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ ഏറ്റവും പിന്നിലുമാണ് (85 യൂണിറ്റുകൾ). വിശദാംശങ്ങൾ **അനുബന്ധം 5.3.7** ൽ കൊടുത്തിരിക്കുന്നു.

## വിനോദസഞ്ചാരത്തിന്റെ സാമ്പത്തിക പ്രതിഫലനം

2019 ൽ വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള വിദേശ വിനോദ സഞ്ചാരത്തിൽ നിന്ന് 10,271.06 കോടി രൂപയുടെയും ആഭ്യന്തര വിനോദ സഞ്ചാരത്തിൽ

**ചിത്രം 5.3.8** മേഖലാടിസ്ഥാനത്തിൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം, 2019 –ൽ (ശതമാനത്തിൽ)




*അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ*

**പട്ടിക 5.3.3** കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്നും ലഭ്യമായ സാമ്പത്തിക നേട്ടം (നേരിട്ടും അല്ലാതെയും), 2010 മുതൽ 2019 വരെ, രൂപ കോടിയിൽ

| വർഷം | സാമ്പത്തിക നേട്ടം (നേരിട്ടും അല്ലാതെയും) | ശതമാന വ്യത്യാസം |
|---|---|---|
| 2010 | 17348.00 | 31.11 |
| 2011 | 19037.00 | 9.73 |
| 2012 | 20430.00 | 7.31 |
| 2013 | 22926.55 | 12.22 |
| 2014 | 24885.44 | 8.54 |
| 2015 | 26689.63 | 7.24 |
| 2016 | 29658.56 | 11.12 |
| 2017 | 33383.68 | 12.56 |
| 2018 | 36258.01 | 8.60 |
| 2019 | 45010.69 | 24.13 |

അവലംബം : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

നിന്ന് 24785.62 കോടി രൂപയുടെയും സാമ്പത്തികനേട്ടം ഉണ്ടായി. വിശദാംശങ്ങൾ **അനുബന്ധം 5.3.8** –ൽ കൊടുത്തിരിക്കുന്നു. 2019 –ൽ നേരിട്ടും അല്ലാതെയും ഈ മേഖലയ്ക്ക് ഉണ്ടായ സാമ്പത്തിക നേട്ടം 45,010.69 കോടി രൂപയായിരുന്നു. 2018 നെ അപേക്ഷിച്ച് 24.13 ശതമാനം വർദ്ധനവാണ് ഇത് സൂചിപ്പിക്കുന്നത്. വിശദാംശങ്ങൾ **പട്ടിക 5.3.3** –ൽ കൊടുത്തിരിക്കുന്നു.

2010 മുതൽ 2019 വരെ കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ നിന്നും ലഭ്യമായ സാമ്പത്തിക നേട്ടം **ചിത്രം 5.3.9** –ൽ കൊടുത്തിരിക്കുന്നു.

## 2019 ലെയും 2020 ലെയും നേട്ടങ്ങളും പുരസ്ക്കാരങ്ങളും.

- യു എൻ ഡബ്യൂറ്റിഒ അവാർഡ് ഫോർ എമർജിംഗ് ഗ്ലോബൽ ഡെസ്റ്റിനേഷൻസ്–ബാരിയർ ഫ്രീ ടൂറിസം പ്രൊജക്റ്റ് നടപ്പിലാക്കിയതിലുള്ള ആക്സസബിൾ ഡെസ്റ്റിനേഷൻ അവാർഡ് 2019
- പി എ റ്റിഎ ഗ്രാന്റ് അവാർഡ് ഫോർ ഹ്യൂമൻ ബൈ നേച്ചർ ക്യാമ്പെയിൻ
- DAS GOLENE STADTTOR 2020 FOR BOTH PRINT AND FILM– കേരള ടൂറിസം ഫോർ ഹ്യൂമൻ

**ചിത്രം 5.3.9** വിനോദസഞ്ചാര മേഖലയിൽ നിന്നും ലഭ്യമായ സാമ്പത്തിക നേട്ടം 2010 മുതൽ 2019 വരെ, രൂപ കോടിയിൽ




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

### 5.3.2 വിനോദ സഞ്ചാര വ്യവസായത്തിൽ കോവിഡ്–19 ന്റെ പരിണിത ഫലം

വിനോദ സഞ്ചാര മേഖലയിലെ എല്ലാ സംരംഭകരുടെയും തൊഴിലാളികളുടെയും ഉപജീവനത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ട് കോവിഡ്–19 മഹാമാരി ഈ മേഖലയിലെ എല്ലാ സ്റ്റേക്ക് ഹോൾഡർമാരെയുംവിവിധപ്രവർത്തനങ്ങളെയും നിശ്ചലാവസ്ഥയിൽ എത്തിക്കുകയുണ്ടായി. കോവിഡ്–19 ന്റെ പശ്ചാത്തലത്തിലുണ്ടായ ലോക്ഡൗൺ മൂലം സംസ്ഥാനത്തെ വിനോദ സഞ്ചാര വ്യവസായം വളരെയധികം നഷ്ടം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇനിയുള്ള 6 മാസക്കാലം കൂടി ഈ സാഹചര്യം തുടർന്നേക്കാമെന്നാണ് വിനോദ സഞ്ചാര മേഖലയിൽ നിന്ന് ലഭ്യമാകുന്ന പ്രതികരണങ്ങൾ സൂചിപ്പിക്കുന്നത്. വിനോദസഞ്ചാരമേഖലയിലെ നഷ്ടം സംബന്ധിച്ച് സംസ്ഥാന ആസൂത്രണബോർഡ് ഒരു വിലയിരുത്തൽ നടത്തുകയുണ്ടായി. ചുവടെ ചേർത്തിരിക്കുന്ന രണ്ടു രീതികൾ ഉപയോഗിച്ചാണ് നഷ്ടം കണക്കാക്കിയിരിക്കുന്നത്.

2020 –ൽ പ്രതീക്ഷിച്ച വിനോദസഞ്ചാരികളുടെ വരവിന്റെ എണ്ണവും (കോവിഡ്–19 –ന് മുൻപ്) 2020 –ൽ കണക്കാക്കപ്പെട്ടിട്ടുള്ള എണ്ണവും (കോവിഡ്–19 –ന് ശേഷവും) തമ്മിലുള്ള വ്യത്യാസം അടിസ്ഥാനമാക്കിയുള്ള കണക്ക്.

2019 –ൽ എത്തിച്ചേർന്ന വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തെക്കാൾ 10 ശതമാനം അധിക വളർച്ച പ്രതീക്ഷിച്ചുകൊണ്ട്2020ജനുവരിമുതൽസെപ്റ്റംബർവരെകണക്കാക്കപ്പെട്ടിട്ടുള്ളവിദേശവിനോദസഞ്ചാരികളുടെ വരവിന്റെ എണ്ണം 9,01,971 ആയിരുന്നു. എന്നാൽ വിനോദ സഞ്ചാര വകുപ്പിന്റെ കണക്കുകൾ പ്രകാരം സഞ്ചാരികളുടെ വരവിൽ 61 ശതമാന കുറവു സംഭവിച്ചുകൊണ്ട് ഈ കാലയളവിൽ 3,49,575 സഞ്ചാരികളാണ് കേരളം സന്ദർശിച്ചത്. അതുപോലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ 20 ശതമാനം വർദ്ധനവ് പ്രതീക്ഷിച്ചുകൊണ്ട് 2020 ജനുവരി മുതൽ സെപ്റ്റംബർ വരെ പ്രതീക്ഷിച്ച സഞ്ചാരികളുടെ എണ്ണം 1,58,21,071 ഉം കണക്കാക്കപ്പെട്ട എണ്ണം 39,31,591 ഉം ആണ്. ഏകദേശം 75 ശതമാനം കുറവാണ് എണ്ണത്തിലുണ്ടായിരിക്കുന്നത്. ഈ മേഖലയില് 2020 ജനവരി മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ വിനോദ സഞ്ചാര മേഖലക്കുണ്ടായ മൊത്തം നഷ്ടം 24,971 കോടി രൂപയാണ്, ഇതിൽ 20,303 കോടി രൂപ നേരിട്ടും 4,668 കോടി രൂപ അല്ലാതെയുമുള്ള വരുമാന നഷ്ടമാണ്.വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ നിന്നും 5,274 കോടി രൂപയും ആഭ്യന്തര വിനോദ സഞ്ചാരത്തിൽ നിന്നും 19, 697 കോടി രൂപയുടെ നഷ്ടവുമാണ് സംഭവിച്ചിട്ടുള്ളത്.

2020 ൽ കണക്കാക്കപ്പെട്ടിട്ടുള്ള എണ്ണവും (കോവിഡ്–19 ന് ശേഷം) 2019 ലെ വിനോദ സഞ്ചാരികളുടെ വരവിന്റെ യഥാർത്ഥ എണ്ണവും തമ്മിലുള്ള വ്യത്യാസം അടിസ്ഥാനമാക്കിയുള്ള കണക്ക്.

2019 ജനുവരി മുതൽ സെപ്റ്റംബർ വരെ സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനത്തിന്റെ എണ്ണം യഥാക്രമം 8,19,975 ഉം 1,31,84,227 ഉം ആയിരുന്നു. എന്നാൽ ഈ മാസങ്ങളിൽ 2020 ൽ എത്തിച്ചേരുമെന്ന് പ്രതീക്ഷിച്ച സഞ്ചാരികളുടെ എണ്ണം യഥാക്രമം 3,49,575 ഉം 39,31,591 ഉം ആയിരുന്നു. 2019 നെ അപേക്ഷിച്ച് വിദേശ സഞ്ചാരികളുടെ വരവിൽ 57 ശതമാനവും ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ 70 ശതമാനവും കുറവ് സംഭവിച്ചു. 2020 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലെ മൊത്തം നഷ്ടം 20,115 കോടി രൂപയാണ്. ഇതിൽ 16,178 കോടി രൂപ നേരിട്ടും 3,937 കോടി രൂപ അല്ലാതെയും ഉള്ള വരുമാന നഷ്ടമാണ്. വിദേശസഞ്ചാരികളുടെ വരവിൽ ഉണ്ടായ കുറവ് മൂലം വിനോദസഞ്ചാരമേഖലയ്ക്ക് ഉണ്ടായ വരുമാന നഷ്ടം 15,712 കോടി രൂപയുമാണ്.

കഴിഞ്ഞ 9 മാസക്കാലത്തെ വിനോദ സഞ്ചാര മേഖലയിലെ മൊത്തം നഷ്ടം 20,000 മുതൽ 25,000 കോടി രൂപ വരെയാണ്.

*അവലംബം : അസ്സെസ്സ്മെന്റ് ഓഫ് ദി ഇമ്പാക്ട് ഓഫ് കോവിസ്-19 പാൻഡമിക് ആൻഡ് ലോക്ക്ഡൗൺ ഓൺ കേരള ഇക്കോണമി, ഏപ്രിൽ ടു ജൂൺ, 2020, സംസ്ഥാന ആസൂത്രണ ബോർഡ്*

ബൈ നേച്ചർ ക്യാമ്പൈൻ
- പിഎറ്റിഎ ഗോൾഡ് അവാർഡ് ഫോർ കേരള ടൂറിസം ക്യാമ്പൈൻ കം ഔട്ട് ആൻറ് പ്ലേ
- പിഎറ്റിഎ ഗോൾഡ് അവാർഡ് ഫോർ കേരള ടൂറിസം വെബ്സൈറ്റ്
- കുമരകത്തെ എത്തനിക് റെസ്റ്റോറൻറിന് സ്ത്രീ ശാക്തീകരണത്തിനുള്ള പിഎറ്റിഎ ഗോൾഡ് അവാർഡ് 2019

ഏഷ്യ–എസ്പിഎ ഇന്ത്യ അവാർഡ് ഫോർ ബെസ്റ്റ് വെൽനസ്സ് ഡെസ്റ്റിനേഷൻ
- ഏഷ്യാ എസ്പിഎ ഇന്ത്യാ അവാർഡ് ഫോർ ഇന്ത്യാസ് ലീഡിംഗ് ബൊട്ടീക്ക് ഹോട്ടൽ–2019– ദി മലബാർ ഹൗസ്
- സ്ത്രീശാക്തീകരണം, ട്രാവൽ അഡ്വർടൈസ്മെന്റ് ബ്രോഡ്കാസ്റ്റ് മീഡിയ, വെബ് സൈറ്റ് എന്നിവയ്ക്കുള്ള പസഫിക് ഏഷ്യാ ട്രാവൽ അസോസിയേഷൻ (പി.എ.ടി.എ) പുരസ്കാരം. 2019
- എം.സി.യു.ബി.ഇ 2019 ഡിജിറ്റൽ പുരസ്കാരം.
- ഡി.ഐ.ജി.ഐ.ഇ.എസ് 2019 ഡിജിറ്റൽ പുരസ്കാരം.

**പട്ടിക 5.3.4** സംസ്ഥാന പദ്ധതി വിഹിതവും ചെലവും 2015–16 മുതൽ 2019–20 വരെ, രൂപ കോടിയിൽ

| വർഷം | വിഹിതം | ചെലവ് |
|---|---|---|
| 2015–16 | 223.04 | 203.63 (91.29%) |
| 2016–17 | 311.56 | 285.76 (91.72%) |
| 2017–18 | 342.73 | 308.32 (90%) |
| 2018–19 | 379.00 | 289.31(76 %) |
| 2019–20 | 372.37 | 192.62(59%) |

*അവലംബം : പ്ലാൻ സ്പേസ് കേരള.,സംസ്ഥാന ആസൂത്രണ ബോർഡ്*

- മൂന്നാർ വിനോദ സഞ്ചാര കേന്ദ്രത്തിന് സെക്കൻറ് ബെസ്റ്റ് അവാർഡ് 2020
- പിഎറ്റിഎ ഗ്രാൻഡ് ഗോൾഡ് അവാർഡ് 2020 ഫോർ മാർക്കറ്റിംഗ്

## സംസ്ഥാന പദ്ധതി വിഹിതവും ചെലവും

2015–16 മുതൽ 2019–20 വരെയുള്ള കാലയളവിൽ കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ ലഭിച്ച സംസ്ഥാന പദ്ധതി വിഹിതവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 5.3.4** –ൽ നൽകിയിരിക്കുന്നു. പദ്ധതി വിഹിതത്തിൽ വർദ്ധനവുണ്ടെങ്കിലും വിനിയോഗം കുറഞ്ഞ നിരക്കിലാകുന്ന പ്രവണതയാണ് കഴിഞ്ഞ കുറച്ച് വർഷങ്ങളായി ദൃശ്യമാകുന്നത്.

## വിനോദ സഞ്ചാരം മേഖലയിലെ വകുപ്പ് / ഏജൻസികൾ

- വിനോദ സഞ്ചാര വകുപ്പ്
- കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ
- കേരള ടൂറിസം ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ്
- ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ
- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻഡ് ടൂറിസം സ്റ്റഡീസ്
- സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്
- ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്
- എക്കോ ടൂറിസം ഡയറക്ടേറ്റ്

## പ്രധാന നേട്ടങ്ങൾ

കോവിഡ് ലോസ് അസിസ്റ്റൻസ് സ്കീം : കോവിഡ്–19 കാരണം ഉണ്ടായ പ്രതിസന്ധിയിൽ നിന്ന് വിനോദ സഞ്ചാര വ്യവസായത്തിലെ സ്റ്റേക്ക്ഹോൾഡർമാരെ പിന്തുണക്കുന്നതിനായുള്ള പദ്ധതി. കോവിഡ് 19 മഹാവ്യാധി കാരണം ഉണ്ടായ പ്രതിസന്ധിയിൽ നിന്ന് സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയെ പിന്തുണക്കുന്നതിനായി ചീഫ് മിനിസ്റ്റേഴ് സ് ടൂറിസം ലോൺ അസിസ്റ്റൻസ് സ്കീം സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ഈ മേഖലയിലെ സംരഭകർക്ക് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം (റ്റി ഡബ്ലിയു സി എസ് എസ് ), തൊഴിൽ ചെയ്യുന്നവർക്ക് ഹ്രസ്വ കാല വ്യക്തിഗത വായ്പ ലഭിക്കുന്നതിനായുള്ള ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം (റ്റി സി എസ് ), ഹൗസ് ബോട്ടുകളുടെ അത്യാവശ്യം അറ്റകുറ്റപണികൾ ചെയ്യുന്നതിനു വേണ്ടി സാമ്പത്തിക സഹായം ലഭിക്കുന്നതിന് വേണ്ടി ഹൗസ് ബോട്ട് ഉടമകൾക്ക് ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവയും ടൂറിസ്റ്റ് ഗൈഡ്സ് സപ്പോർട്ട് സ്കീമിന്റെ കീഴിൽ അർഹരായ ടൂറിസ്റ്റ് ഗൈഡ്കൾക്ക് ടൂറിസം ഗൈഡ്സ് സപ്പോർട്ട് സ്കീം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ സംരഭങ്ങളിലൂടെ നിലവിലെ പ്രതിസന്ധിയിൽ നിന്നും വിനോദ സഞ്ചാര വ്യവസായത്തിലെ എല്ലാ സ്റ്റേക്ക്ഹോൾഡർമാരെയും സംരക്ഷിക്കുന്നതിനും തുടർന്ന് അതിവേഗം പ്രവർത്തനങ്ങൾ തുടരുന്നതിനും കേരള സർക്കാർ ലക്ഷ്യം വക്കുന്നു.

## വിവര സാങ്കേതിക സംരംഭങ്ങൾ

- മൂന്നു കോടിയിൽ അധികം സബ്സ്ക്രൈബെർസ് ഉള്ള കേരള ടൂറിസം യു ട്യൂബ് ചാനൽ
- പ്രത്യേക തീം അടിസ്ഥാനമാക്കി കേരള ടൂറിസം മൈക്രോ സൈറ്റ് വികസിപ്പിച്ചു
- ലോകമെമ്പടും ഉള്ള 15000 നഗരങ്ങളിൽ നിന്ന് 4.4 മില്യൺ ആളുകൾ പോസ്റ്റ് ഫ്ലഡ് ക്യാമ്പയിനിലൂടെ വെബ്സൈറ്റ് സന്ദർശിച്ചു.
- പ്രധാനപ്പെട്ട ടൂർ ഓപ്പറേറ്റർമാർക്കും പ്രോപ്പർട്ടികൾക്കും വേണ്ടി പ്രത്യേകം പേജുകളോട് കൂടി 1575 താമസ സൗകര്യ യൂണിറ്റുകൾ കേരള ടൂറിസം വെബ്സൈറ്റിൽ ഉൾപ്പെടുത്തി.
- ക്യൂ ആർ കോഡിനായി മൊബൈൽ ക്യാമറ ഫോട്ടോഗ്രാഫുകൾ ജിയോ റ്റാഗ്ഗ് ചെയ്തു
- കേരള ടൂറിസം വീഡിയോകൾക്ക് ഇ കാറ്റലോഗ്
- തെരഞ്ഞെടുത്ത കേന്ദ്രങ്ങൾക്ക് ടൂറിസം റിസോഴ്സ് മാപ്പിംഗ്

## വിപണന സംരംഭങ്ങൾ

- നൂതന വിപണന ക്യാമ്പൈനുകൾ: കൂടുതൽ വിനോദ സഞ്ചാരികളെ

ആകർഷിക്കുന്നതിനും വിപണിയിലെ ആധിപത്യം നിലനിർത്തുന്നതിനുമായി തുടങ്ങിയ സോഷ്യൽ മീഡിയ പോലെയുള്ള നൂതന വിപണന ക്യാമ്പൈനുകൾ കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനും കേരളത്തിന്റെ ബ്രാൻഡിംഗിനു സഹായിച്ചു.
- ഹ്യൂമൻ ബൈ നേച്ചർ ക്യാമ്പൈൻ– 2018 ലെ ജല പ്രളയവും നിപ്പ വൈറസ് മൂലമുണ്ടായ പകർച്ചവ്യാധിയും ടൂറിസം മേഖലക്കുണ്ടാക്കിയ ആഘാതത്തിൽ നിന്നും ശക്തമായ തിരിച്ചുവരവ് നല്കിക്കൊണ്ട് അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ട ക്യാമ്പൈൻ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതവും സംസ്കാരവും പ്രകടമാക്കുകയുണ്ടായി. കോവിഡ്–19 മഹാവ്യാധി കൊണ്ടുണ്ടായ പ്രതിസന്ധിയും നേരിടാൻ ഈ ക്യാമ്പൈൻ പ്രചോദനമാണ്.
- ബിനാലെ പ്രമോഷൻ ക്യാമ്പൈൻ
- കേരള ബ്ലോഗ് എക്സ്പ്രസ്സ്
- കം ഔട്ട് ആൻറ് പ്ലേ– ഓഫ് സീസൺ പ്രമോഷൻ ക്യാമ്പൈൻ

### കിറ്റ്സ്, എസ് ഐ എച്ച് എം ആൻറ് എഫ് സിഐ എന്നീ സ്ഥാപനങ്ങൾ വഴിയുള്ള മാനവ ശേഷി വികസനം

- കിറ്റ്സ് നടത്തിയ ട്രെയിനിംഗ് പ്രോഗ്രാമുകളിൽ ഏകദേശം 50 ഓളം യുവതീയുവാക്കൾ പരിശീലനം നേടുകയും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ ടൂറിസം ഇൻഫോർമേഷൻ സെൻററുകളിൽ നിയമിക്കപ്പെടുകയും ചെയ്തു.
- 114 പ്രാദേശിക സംസ്ഥാന തല വിനോദ സഞ്ചാര ഗൈഡുകൾ കിറ്റ്സ് നടത്തിയ പരിശീലന പരിപാടികളിൽ പങ്കെടുത്തു.
- കിറ്റ്സ്, എസ് ഐ എച്ച് എം ആൻറ് എഫ് സിഐ എന്നിവിടങ്ങളിൽ നിന്നുമുള്ള 80 ശതമാനത്തിലധികം വിദ്യാർത്ഥികൾ ഉദ്യോഗം നേടി.

### അടിസ്ഥാന സൗകര്യം/വിനോദ സഞ്ചാര കേന്ദ്ര വികസനം

- സംസ്ഥാനത്തുടനീളമുള്ള 70 കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരൻമാർക്കുമുള്ള സൗകര്യാർത്ഥം ബാരിയർ ഫ്രീ ടൂറിസം പ്രൊജക്ടിൻറ ഒന്നാം ഘട്ടം നടപ്പിലാക്കി.
- വേളി മിനിയേച്ചർ റെയിൽവെ പ്രൊജക്ട്
- ഏഴ് ടൂറിസം ഇൻഫർമേഷൻ സെന്ററുകളുടെ പുനരുദ്ധാരണം പൂർത്തിയായി
- 12 കേന്ദ്രങ്ങളിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് സംഘടിപ്പിച്ചു.
- നോർത്ത് മലബാറിൽ ഹൗസ് ബോട്ട് ഇൻസ്റ്റലെഷനും വിർച്വൽ റിയാലിറ്റി വിനോദ സഞ്ചാര വികസനവും
- കേരളത്തിനു പുറത്ത് താമസിക്കുന്നവർക്ക് ലോക്ക്ഡൗൺ കാലത്ത് സംസ്ഥാനത്തെക്ക് മടങ്ങി വരുന്നതിനായി ടൂർ ഓപ്പറേറ്റർമാരുടെ വാഹനങ്ങൾ ബുക്ക് ചെയ്യുന്നതിലേക്ക് ഓൺലൈൻ പോർട്ടൽ ആരംഭിച്ചു
- ഇന്ത്യ ടുഡേ മാഗസിൻ നടത്തിയ സ്റ്റേറ്റ് ഓഫ് ദി സ്റ്റേറ്റ്സ് സ്റ്റഡി 2019 പ്രകാരം ടൂറിസം വിഭാഗത്തിൽ ഇന്ത്യയിൽ മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുന്ന സംസ്ഥാനമായി കേരളം ഉയർന്നു വന്നിട്ടുണ്ട്.
- 2019 –ൽ സന്ദർശനം നടത്തുന്നതിനായി സി എൻ എൻ ട്രാവൽ തെരഞ്ഞെടുത്ത ലോകമെമ്പാടുമുള്ള 19 സ്ഥലങ്ങളുടെ പട്ടികയിൽ കേരളവും പരാമർശിക്കപ്പെട്ടിട്ടുണ്ട്.
- പതിനേഴാം നൂറ്റാണ്ടിലെ ബേക്കൽ കോട്ടയുടെ ചരിത്രം ഉൾപ്പെടുത്തിക്കൊണ്ട് ബേക്കലിൽ ലൈറ്റ് ആൻഡ് സൗണ്ട് ഷോ
- കൊല്ലത്ത് മിയാവാക്കി ഫോറസ്റ്റ്
- തരിശ് നിലത്തിലെ കൃഷി – കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ സംരംഭമായ സുഭിക്ഷ കേരളം പദ്ധതിയ്ക്ക് പിന്തുണ നൽകുന്നതിനായി തിരുവനന്തപുരത്തെ ആക്കുളത്ത് ഉപയാഗശൂന്യമായി കിടന്ന ഒരു ഏക്കർ ഭൂമി ബനാന ഫാം ആക്കി മാറ്റി

### ഇക്കോ ടൂറിസം വികസനം

- സൈലന്റ് വലിയിലെയും മീശപുലിമലയിലെയും ഇക്കോ ടൂറിസം പ്രവർത്തനം വ്യാപിപ്പിക്കൽ
- തേക്കടിയിൽ സന്ദർശകർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തെന്മലയിൽ മാനുകളുടെ സംരക്ഷണ കേന്ദ്രം മെച്ചപ്പെടുത്തൽ, ഇരവികുളം ദേശീയ ഉദ്യാനത്തിലെ സൗകര്യങ്ങൾ നവീകരിക്കൽ, തെന്മല ആംഫി തിയറ്റർ നവീകരണം

### കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ സംരംഭങ്ങൾ

- വേളി വിനോദ സഞ്ചാര കേന്ദ്രത്തെ ടൂറിസ്റ്റ് ഹബ് ആക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് ടൂറിസ്റ്റ് കൺവെൻഷൻ സെന്റർ നിർമാണം, അർബൻ വെറ്റ്ലാൻഡ് പാർക്ക് എന്നിവ ആരംഭിച്ചു
- കേന്ദ്ര സഹായ പദ്ധതിയായ പ്രസാദ് സ്കീമിന്റെ ഭാഗമായി ഗുരുവായൂരിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ പൂർത്തിയായി
- വിനോദ സഞ്ചാര അടിസ്ഥാന സൗകര്യങ്ങളുടെയും നിക്ഷേപങ്ങളുടെയും വികസനം ആസൂത്രണം ചെയ്യുന്നതിനായി അടുത്ത മുപ്പത് വർഷത്തേക്ക് നോർത്ത് മലബാറിന്റെ വികസനത്തിനായുള്ള

ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കൽ

- മടവൂർപാറ ടൂറിസം സോൺ വികസന പദ്ധതി ഒന്നാം ഘട്ടം പൂർത്തിയായി. വനം വകുപ്പുമായി ചേർന്ന് പൊന്മുടിയിൽ പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര പ്രവർത്തങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ തുടങ്ങിയിട്ടുണ്ട്.

**ഉത്തരവാദിത്ത ടൂറിസം മിഷൻ:** നിലവിൽ ഉത്തരവാദിത്വ ടൂറിസം മിഷന്റെ കീഴിൽ 17,008 വ്യക്തിഗത – ഗ്രൂപ്പ് യൂണിറ്റുകൾ നിലവിലുണ്ട്. ഇതിൽ 13,567 എണ്ണം സ്ത്രീകൾ നേതൃത്വം വഹിക്കുന്നവ/സത്രീകളുടെ ഉടമസ്ഥതയിലുള്ളവയാണ്.

ഈ യൂണിറ്റുകൾ വഴി 92,980 പ്രാദേശിക സമൂഹങ്ങൾ നേരിട്ടും അല്ലാതെയും ഗുണഭോക്താക്കളാകുന്നു. ആർറ്റി മിഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള യൂണിറ്റുകൾ വഴി 25.50 കോടി രൂപയുടെ വരുമാനവും നിലവിൽ ലഭ്യമായിട്ടുണ്ട്. ആർ റ്റി മിഷൻറെ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജിൽ 850 കുടുംബങ്ങൾ പങ്കാളികളും നിലവിൽ 60 പാക്കേജുകൾ പ്രവർത്തനത്തിലുള്ളവയുമാണ്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യ മുക്തവും പ്ലാസ്റ്റിക് നിർമ്മാർജ്ജനവും ആക്കുന്നതിനായി ആർ ടി മിഷൻ ക്ലീൻ കേരള സംരംഭം ആരംഭിച്ചു. കുട്ടനാട് പാക്കേജിൻറെ രണ്ടാംഘട്ടത്തിൻറെ ഭാഗമായി ഈ മേഖലയിലെ വിവിധ പദ്ധതികൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. കുട്ടനാട് പാക്കേജ് രണ്ടാം ഘട്ടത്തിന്റെ ഭാഗമായി അയ്മനം വില്ലേജിനെ ആദ്യത്തെ മാതൃക ആർ ടി വില്ലേജ് ആയി പ്രഖ്യാപിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പ്രാദേശിക സമൂഹങ്ങൾ എന്നിവരുടെ 100 ശതമാനം പിൻതുണയോടെ ആർ റ്റി വില്ലേജുകളെ ഉത്തരവാദിത്ത വിനോദ സഞ്ചാരം പ്രാവർത്തികമാക്കാൻ മാതൃതാ ആർ റ്റി വില്ലേജ് പ്രോജക്ട് ലക്ഷ്യമിടുന്നു. പതിമൂന്ന് വില്ലേജുകൾ തെരെഞ്ഞെടുക്കപ്പെട്ടതിൽ ഒരു മാതൃക ആർ ടി വില്ലേജിന്റെ എല്ലാ പ്രവർത്തനങ്ങളും വിജയകരമായി നടപ്പിലാക്കിയത് അയ്മനം ആണ്.

## ഭാവി വീക്ഷണം

കോവ്ഡ്–19 മഹാവ്യാധി കാരണം സംസ്ഥാനത്തെ വിനോദ സഞ്ചാര യൂണിറ്റുകൾ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കയാണ്. വിനോദ സഞ്ചാര യൂണിറ്റുകൾ കഴിഞ്ഞ 8 മാസങ്ങളായി പ്രവർത്തന രഹിതവും വരുമാനമില്ലാത്തതുമായ അവസ്ഥയിലാണ്. ഈ അവസ്ഥയിൽ നിന്നും വിനോദ സഞ്ചാര മേഖലയെ തിരികെ കൊണ്ടു വരുന്നതിന് സഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷ ഉറപ്പാക്കിക്കൊണ്ട് ആഭ്യന്തര വിനോദ സഞ്ചാരത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഇതിനായി കേരളത്തെ കോവിഡിന് ശേഷം ആരോഗ്യപരമായി സുരക്ഷിതമായ വിനോദ സഞ്ചാര കേന്ദ്രമായി മാറ്റേണ്ടതുണ്ട്.

സമ്പന്നമായ ചരിത്ര–സാംസ്കാരിക പാരമ്പര്യങ്ങളുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ കേരളം സന്ദർശകർക്ക് ലോകോത്തര വിനോദ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന സുരക്ഷിതവും പരിസ്ഥിതി സൗഹൃദവുമായ വിനോദ സഞ്ചാര ലക്ഷ്യസ്ഥാനങ്ങൾ ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ അറിയപ്പെടാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനവും അവ ജനപ്രിയമാക്കുകയാണ് ആശങ്കയുള്ള മറ്റൊരു പ്രധാന മേഖല. അയൽ സംസ്ഥാനങ്ങളിൽ നിന്നും, ശ്രീലങ്ക പോലുള്ള രാജ്യങ്ങൾ, മറ്റ് ഏഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഈ മേഖല മത്സരം നേരിടുന്നു. വ്യവസായത്തിൽ ഉയർന്ന നിലവാരമുള്ള സേവനങ്ങൾ നൽകുന്നതിന് യോഗ്യതയുള്ള വ്യക്തികൾ സംസ്ഥാനത്തിന് അത്യാവശ്യമാണ്. പാരമ്പര്യേതര വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും വികസനം പ്രോത്സാഹിപ്പിക്കുന്നതിന് ടൂറിസത്തിന്റെ മുഴുവൻ വ്യാപ്തിയും പര്യവേക്ഷണം ചെയ്യേണ്ടത് അത്യാവശ്യമാണ്. വിനോദസഞ്ചാര സ്ഥാപനങ്ങളുടെയും സേവന ദാതാക്കളുടെയും എണ്ണം വികസിപ്പിക്കേണ്ടതുണ്ട്.

## 5.4 വിദേശ വ്യാപാരം

കോവിഡ്–19 പകർച്ചവ്യാധി ലോകമെമ്പാടുമുള്ള വ്യാപാരത്തെ ബാധിക്കുന്ന വിധം ആഗോളവിതരണ ശൃംഖലയെ തടസ്സപ്പെടുത്തിയിട്ടുണ്ട്. ദുർബലമായ ആഗോളവളർച്ചയും അമേരിക്കയും ചൈനയും തമ്മിലുള്ള നിരന്തരമായ വാണിജ്യ–സാങ്കേതിക പിരിമുറുക്കങ്ങളും 2019 –ൽ ലോകത്താകമാനം വ്യാപാരത്തെ നേരത്തെതന്നെ മന്ദഗതിയിലാക്കിയിരുന്നു. വ്യാപാരനിയന്ത്രണങ്ങൾ ഏർപ്പെടുത്തൽ, പ്രത്യേകിച്ച് മെഡിക്കൽ സാധനങ്ങളുടെ വിതരണത്തിലും ഭക്ഷ്യോല്പന്നങ്ങൾക്കുള്ള കയറ്റുമതിയിലുമുള്ള നിയന്ത്രണങ്ങൾ വ്യാപാരത്തിന്റെ അളവിനെ വീണ്ടും മങ്ങലേൽപ്പിച്ചു. തുറമുഖങ്ങളും അതിർത്തികളും അടച്ചതും, വിമാനയാത്രയിലെ നിയന്ത്രണങ്ങളും കസ്റ്റംസ് ഇടപാടുകളിലെ കാലതാമസവും ഈ പകർച്ചവ്യാധി കാലഘട്ടത്തിലെ വ്യാപാര പ്രവാഹത്തെ പ്രതികൂലമായി ബാധിച്ചു.

ലോകവ്യാപാര സംഘടനയുടെ പ്രവചനപ്രകാരം[1] 2020 –ൽ ലോകചരക്ക് വ്യാപാരത്തിന്റെ അളവിൽ 9.2 ശതമാനം ഇടിവ് കണക്കാക്കുന്നു. വിവിധ രാജ്യങ്ങളിൽ വ്യത്യസ്ഥമായ അളവിലാണെങ്കിലും മുൻകാലയളവിനെ അപേക്ഷിച്ച് 14.3 ശതമാനം കുറവോടുകൂടി ആഗോളവ്യാപാരം അതിന്റെ രണ്ടാം പാദത്തിൽ എക്കാലത്തേയും ഏറ്റവും വലിയ ഇടിവ് രേഖപ്പെടുത്തി. പാൻഡമിക് സമയത്തുള്ള സേവന വ്യാപാരത്തിലെ ഇടിവ് ചരക്ക് വ്യാപാരത്തിലെ ഇടിവ് പോലെ തന്നെ ശക്തമാണ്. കോവിഡ്–19 പകർച്ചവ്യാധി കാലഘട്ടത്തിലെ വ്യാപാര ഇടിവ് 2008–09 ലെ ആഗോളസാമ്പത്തിക പ്രതിസന്ധിയുടേതിന് സമാനമാണെങ്കിലും സാമ്പത്തിക പശ്ചാത്തലം വ്യത്യസ്തമാണ്. നിലവിലെ മാന്ദ്യത്തിൽ വ്യാപാരത്തിന്റെ ഇടിവ് കൂടുതൽ മിതമായിരിക്കുമ്പോൾ തന്നെ മൊത്ത ആഭ്യന്തര ഉല്പാദനത്തിലുള്ള സങ്കോചം കൂടുതൽ ശക്തമായി രേഖപ്പെടുത്തുന്നുണ്ട്.

### ഇന്ത്യയിലെ വിദേശവ്യാപാരം

2018–19 ൽ 329.5 ബില്യൺ ഡോളറായിരുന്ന ഇന്ത്യയുടെ ചരക്ക് കയറ്റുമതി 2019–20 –ൽ ഡോളറടിസ്ഥാനത്തിൽ 4.8 ശതമാനം ഇടിവ് രേഖപ്പെടുത്തി കൊണ്ട് 314.3 ബില്യൺ ഡോളറായി കണക്കാക്കുന്നു. 2018–19 –ൽ 204.8 ബില്യൺ ഡോളറായിരുന്ന സേവനകയറ്റുമതി 2019–20 –ൽ 4.1 ശതമാനം വളർച്ച രേഖപ്പെടുത്തി കൊണ്ട് 214.1 ബില്യൺ ഡോളറായി രേഖപ്പെടുത്തി. ഇന്ത്യയുടെ മൊത്ത കയറ്റുമതി 2018 ലെ 534.3 ബില്യൺ ഡോളറിൽ നിന്ന് 1.4 ശതമാനം ഇടിവ് രേഖപ്പെടുത്തി കൊണ്ട് 2019–20 –ൽ 528.5 ബില്യൺ ഡോളറായി കുറഞ്ഞു.

ഇന്ത്യയുടെ മൊത്തം കയറ്റുമതി (ചരക്കുകളും സേവനങ്ങളും ഉൾപ്പെടെ) 2020–21 –ൽ, ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ, മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 16.7 ശതമാനം കുറഞ്ഞ് 221.9 ബില്യൺ ഡോളറാകുമെന്ന് കണക്കാക്കുന്നു. ഇതിൽ ചരക്ക് കയറ്റുമതി 21.3 ശതമാനം ഇടിവ് രേഖപ്പെടുത്തി 125.3 ബില്യൺ ഡോളറായി കുറയുമെന്നും സേവന കയറ്റുമതി 9.8 ശതമാനം ഇടിവ് രേഖപ്പെടുത്തി 96.6 ബില്യൺ ഡോളറാകുമെന്നും കണക്കാക്കുന്നു. [2]

2018–19 –ൽ ഇന്ത്യയുടെ ചരക്ക് കയറ്റുമതി 513.1 ബില്യൺ ഡോളറായിരുന്നത് 2019–20 –ൽ 8.9 ശതമാനം ഇടിവ് രേഖപ്പെടുത്തി കൊണ്ട് 467.2 ബില്യൺ ഡോളറായി കുറഞ്ഞു. 2018–19 ൽ 126.4 ബില്യൺ ഡോളറായിരുന്ന സേവന ഇറക്കുമതി 2019–20 –ൽ 4 ശതമാനം വളർച്ച രേഖപ്പെടുത്തി കൊണ്ട് 131.4 ബില്യൺ ഡോളറായി വർദ്ധിച്ചിരുന്നു. 2019–20 –ൽ ഇൻഡ്യയുടെ മൊത്തം ഇറക്കുമതി (ചരക്കുകളും സേവനങ്ങളും ഉൾപ്പെടെ) 640.4 ബില്യൺ ഡോളറായിരുന്നുവെങ്കിൽ 2019–20 –ൽ ഇത് 6.5 ശതമാനം ഇടിവ് രേഖപ്പെടുത്തികൊണ്ട് 598.6 ബില്യൺ ഡോളറായി കുറഞ്ഞു.

[1].പത്രകുറിപ്പ് 862,2020 ഒക്ടോബർ 6, ലോക വ്യാപാര സംഘടന
[2]ഇന്ത്യയുടെ വിദേശ വ്യാപാരം, 2020 സെപ്റ്റംബർ, കേന്ദ്രവ്യവസായ വാണിജ്യ മന്ത്രാലയത്തിന്റെ 2020 ഒക്ടോബർ 15 ലെ പത്രകുറിപ്പ്

**പട്ടിക 5.4.1** 2015–16 മുതൽ 2020–21 വരെയുള്ള ഇന്ത്യയുടെ മൊത്തം കയറ്റുമതിയും ഇറക്കുമതിയും, മൂല്യം യു.എസ് ബില്യൺ ഡോളറിൽ

| വർഷം | കയറ്റുമതി | | | ഇറക്കുമതി | | |
|---|---|---|---|---|---|---|
| | ചരക്ക് കയറ്റുമതി | സേവന കയറ്റുമതി | ആകെ കയറ്റുമതി | ചരക്ക് ഇറക്കുമതി | സേവന ഇറക്കുമതി | ആകെ ഇറക്കുമതി |
| 2015–16 | 262.3 | 155.1 | 417.4 | 381.0 | 85.7 | 466.7 |
| 2016–17 | 275.9 | 160.7 | 436.5 | 384.4 | 95.5 | 479.8 |
| 2017–18 | 303.5 | 174.8 | 478.3 | 465.6 | 105.2 | 570.8 |
| 2018–19 | 329.5 | 204.8 | 534.3 | 513.1 | 126.4 | 640.4 |
| 2019–20# | 314.3 | 214.1 | 528.5 | 467.2 | 131.4 | 598.6 |
| 2020–21 (up to സെപ്റ്റംബർ 2020)# | 125.3 | 96.6 | 221.9 | 148.7 | 55.4 | 204.1 |

*അവലംബം:* കേന്ദ്രവ്യവസായ വാണിജ്യ വകുപ്പ് മന്ത്രാലയം
# താൽക്കാലികം

**പട്ടിക 5.4.2** കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത ചരക്കുകൾ, 2017–18 മുതൽ 2019–20 വരെ (അളവ്: ലക്ഷം മെട്രിക് ടൺ)

| വ്യാപാരം | കയറ്റുമതി | | | ഇറക്കുമതി | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | 2017-18 | 2018-19 | 2019-20 | 2017-18 | 2018-19 | 2019-20 | 2017-18 | 2018-19 | 2019-20 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| ആഭ്യന്തരം | 27.4 | 40.2 | 39.2 | 59.2 | 69.2 | 71.8 | 86.6 | 109.4 | 111.0 |
| വിദേശം | 30.4 | 26.3 | 28.1 | 174.4 | 184.5 | 201.3 | 204.8 | 210.8 | 229.4 |
| ആകെ | 57.8 | 66.5 | 67.3 | 233.6 | 253.8 | 273.1 | 291.4 | 320.2 | 340.4 |

*അവലംബം:* കൊച്ചിൻ പോർട്ട് ട്രസ്റ്റ്

ഇന്ത്യയുടെ മൊത്തം ഇറക്കുമതി 2020–21 ൽ, ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ, 2019–20 ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 35.4 ശതമാനം ഇടിവ് രേഖപ്പെടുത്തി 204.1 ബില്യൺ ഡോളറായിരിക്കുമെന്ന് കണക്കാക്കുന്നു. ഇതിൽ ചരക്ക് ഇറക്കുമതി 40.1 ശതമാനം ഇടിവ് രേഖപ്പെടുത്തി 148.7 ബില്യൺ ഡോളറായും സേവന ഇറക്കുമതി 18.5 ശതമാനം ഇടിവ് രേഖപ്പെടുത്തി 55.4 ബില്യൺ ഡോളറായി കുറയുമെന്നും കണക്കാക്കുന്നു. (**പട്ടിക 5.4.1**)

## വിദേശ വ്യാപാരം – കേരളം

കൊച്ചി തുറമുഖം 2019–20–ൽ കൈകാര്യം ചെയ്ത മൊത്തം ചരക്ക് (ആഭ്യന്തരവും വിദേശവും ഉൾപ്പെടെ) മുൻവർഷത്തെ അപേക്ഷിച്ച് 6.3 ശതമാനമായി വളർച്ചാനിരക്കിൽ ഇടിവ് രേഖപ്പെടുത്തി കൊണ്ട് 340.4 ലക്ഷം മെട്രിക്ക് ടൺ ആയി വർദ്ധിച്ചു. 2018–19 –ൽ ഇത് 320.2 ലക്ഷം മെട്രിക് ടണ്ണും, വളർച്ചാ നിരക്ക് 9.9 ശതമാനവും ആയിരുന്നു. ഇതിൽ ആഭ്യന്തര ചരക്ക് വ്യാപാരം 2018–19 –ൽ 109.4 ലക്ഷം മെട്രിക്ക് ടണ്ണും വളർച്ചാ നിരക്ക് 26.3 ശതമാനവും ആയിരുന്നത് 2019–20–ൽ 111 ലക്ഷം മെട്രിക്ക് ടണ്ണായും വളർച്ചാ നിരക്ക് 1.5 ശതമാനമായും മാറി. 2019–20 –ൽ കൊച്ചി തുറമുഖം കൈകാര്യം ചെയ്ത വിദേശ വ്യാപാരം 229.4 ലക്ഷം മെട്രിക് ടണ്ണും, വളർച്ചാ നിരക്ക് 8.8 ശതമാനവും ആയിരുന്നു. 2018–19 –ൽ ഇത് 210.8 ലക്ഷം മെട്രിക് ടൺ ആയിരുന്നു. (**പട്ടിക 5.4.2**).

കൊച്ചി തുറമുഖം വഴിയുള്ള മൊത്തം കയറ്റുമതി (ആഭ്യന്തരവും വിദേശവും ഉൾപ്പെടെ) 2018–19 –ൽ 66.5 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2019–20 ൽ 67.3 ലക്ഷം മെട്രിക് ടണ്ണായി നേരിയ തോതിൽ വർദ്ധിച്ചു. എന്നാൽ വളർച്ചാ നിരക്ക് മുൻ വർഷത്തെ 15 ശതമാനത്തിൽ നിന്നും 2019–20 ൽ 1.2 ശതമാനമായി കുത്തനെ കുറഞ്ഞു. ആഭ്യന്തര കയറ്റുമതി വ്യാപാരം 2018–19 –ൽ 40.2 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2019–20 –ൽ 39.2 ലക്ഷം മെട്രിക് ടൺ ആയി കുറഞ്ഞു. എന്നാൽ വളർച്ചാ നിരക്ക് മുൻ വർഷത്തെ 46.8 ശതമാനത്തിൽ നിന്നും 2019–20 –ൽ –2.5 നെഗറ്റീവ് വളർച്ചാ നിരക്കായി കുത്തനെ കുറഞ്ഞു. തേയില, കാപ്പി, കശുവണ്ടിപരിപ്പ്, സമുദ്രോല്പ്പന്നങ്ങൾ കയറുല്പ്പന്നങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയാണ് കൊച്ചി തുറമുഖം വഴി കയറ്റി അയക്കുന്ന പ്രധാന ഇനങ്ങൾ. കൂടുതൽ വിവരങ്ങൾ **അനുബന്ധം 5.4.1** –ൽ നൽകിയിട്ടുണ്ട്.

2018–19 നെ അപേക്ഷിച്ച് 2019–20 –ൽ സമുദ്രോല്പന്നങ്ങൾ, കയർ ഉത്പന്നങ്ങൾ, കോഫി എന്നിവയുടെ കയറ്റുമതിയിൽ ഗണ്യമായ കുറവുണ്ടായി. കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതിയിൽ ഈ കാലയളവിൽ നേരിയ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കശുവണ്ടിയുടെ കയറ്റുമതിയിൽ രേഖപ്പെടുത്തപ്പെട്ട ഇടിവിന് വിരുദ്ധമാണിത്.

കൊച്ചി തുറമുഖം വഴിയുള്ള മൊത്തം ഇറക്കുമതി (ആഭ്യന്തരവും വിദേശവും ഉൾപ്പെടെ) 2018–19 ൽ 253.8 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2019–20 –ൽ 273.1 ലക്ഷം ടൺ ആയി വർദ്ധിച്ചുവെങ്കിലും വളർച്ചാ നിരക്ക് മുൻ വർഷത്തെ 8.6 ശതമാനത്തിൽ നിന്നും 7.6 ശതമാനമായി കുറഞ്ഞു. ആഭ്യന്തര ഇറക്കുമതി 2018–19 ൽ 69.2 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2019 –20 ൽ 71.8 ലക്ഷം മെട്രിക്ക് ടണ്ണായി വർദ്ധിക്കുകയും വളർച്ചാ നിരക്ക് 2018–19 ലെ 17 ശതമാനത്തിൽ നിന്നും 3.8 ശതമാനമായി കുറയുകയും ചെയ്തു. എന്നാൽ വിദേശ ഇറക്കുമതി 2018–19–ലെ 184.5 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2019–20 ൽ 201.3 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിക്കുകയും വളർച്ചാ നിരക്ക് 5.8 ശതമാനത്തിൽ നിന്നും 9.1 ശതമാനമായി വർദ്ധിക്കുകയും ചെയ്തു. രാസവളങ്ങൾ, അസംസ്കൃത വസ്തുക്കൾ, ഇരുമ്പ്, ഉരുക്ക്, യന്ത്രസാമഗ്രികൾ, പെട്രോളും പെട്രോളിയം ഉൽപന്നങ്ങളും ഉൾപ്പെടുന്ന മറ്റ് ഇനങ്ങൾ എന്നിവയാണ് കൊച്ചി തുറമുഖം വഴി 2019–20 –ൽ ഇറക്കുമതി ചെയ്ത പ്രധാന ഇനങ്ങൾ. കൂടുതൽ വിവരങ്ങൾ **അനുബന്ധം 5.4.2**–ൽ നൽകിയിട്ടുണ്ട്.

## സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി

ഇന്ത്യ 2019–20 –ൽ 46,662.9 കോടി രൂപയുടെ 12.9 ലക്ഷം മെട്രിക്ക് ടൺ സമുദ്രോല്പന്നങ്ങൾ കയറ്റുമതി ചെയ്യുകയുണ്ടായി. 2018–19 –ൽ 46,589.4 കോടി രൂപ മൂല്യമുള്ള 13.9 ലക്ഷം മെട്രിക് ടൺ സമുദ്രോൽപന്നങ്ങളാണ് കയറ്റുമതി ചെയ്തത്.

2018–19 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2019–20 ൽ കയറ്റുമതിയുടെ പരിമാണാത്മക അളവിൽ 7.2 ശതമാനം കുറവും മൂല്യത്തിൽ 0.2 ശതമാനം കൂടുതലുമാണ് രേഖപ്പെടുത്തുന്നത്. കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതിയുടെയും വളർച്ചാ നിരക്കിൽ 2019–20 ൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്ന കയറ്റുമതി 2018–19 –ൽ 6,014.7 കോടി രൂപ മൂല്യമുള്ള 1.8 ലക്ഷം മെട്രിക്ക് ടൺ ആയിരുന്നെങ്കിൽ 2019–20 –ൽ അളവിൽ 16.7 ശതമാനവും മൂല്യത്തിൽ 16.5 ശതമാനവും ഇടിവ് രേഖപ്പെടുത്തി 5,020.3 കോടി രൂപ മൂല്യമുള്ള 1.5 ലക്ഷം ടണ്ണായി കുറയുകയാണുണ്ടായത്. (**പട്ടിക 5.4.3** & **ചിത്രം 5.4.1**)

ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതിയിലെ വളർച്ചാനിരക്ക് 2014–15 മുതൽ 2019–20 വരെയുള്ള കാലയളവിൽ ചാഞ്ചാടുന്നതായി കാണിക്കുന്നു. ഇന്ത്യയിൽ നിന്നുള്ള സമുദ്രോല്പന്ന കയറ്റുമതി വളർച്ചാ നിരക്ക് (അളവിൽ) 2014–15 ൽ 6.9 ശതമാനമായിരുന്നത് 2015–16 ൽ (–)10 (നെഗറ്റീവ് വളർച്ചാ നിരക്ക് ) ശതമാനമായി കുറഞ്ഞു. എന്നാൽ 2016–17 ൽ വളർച്ചാ നിരക്ക് 20 ശതമാനവും 2017–18 ൽ 21.3 ശതമാനവുമായി ഉയർന്നു. തുടർന്ന് 2018–19 ൽ വളർച്ച 1.1 ശതമാനമായി കുറയുകയും 2019–20 ആയപ്പോൾ വളർച്ച (–)7.4 ശതമാനത്തിലേക്ക് എത്തുകയും ചെയ്തു. കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതിയിലും വളർച്ചാ നിരക്കിലും ചാഞ്ചാട്ടം പ്രതിഫലിച്ചിരുന്നു. കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വളർച്ചാ നിരക്ക് 2014–15 –ൽ 0.6 ശതമാനമായിരുന്നത് 2015–16 ൽ (–)10.6 ശതമാനമായി കുറയുകയും 2016–17 ൽ 6.7 ശതമാനമായി വർദ്ധനവും രേഖപ്പെടുത്തി. തുടർന്ന് 2017–18 ൽ 12.3 ശതമാനമായി ഉയർന്നതിന് ശേഷം 2018–19 –ൽ 2.5 ശതമാനമായി കുറയുകയും 2019–20 –ൽ ഇത്

**പട്ടിക 5.4.3** സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി– ഇന്ത്യയിലും കേരളത്തിലും, 2014–15 മുതൽ 2019–20 വരെ (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ)

| വർഷം | ഇന്ത്യ | | കേരളം | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം | അളവ് | മൂല്യം |
| 2014–15 | 10,51,243 | 33,441.6 | 1,66,754 | 5,166.1 | 15.9 | 15.5 |
| 2015–16 | 9,45,892 | 30,420.8 | 1,49,138 | 4,644.4 | 15.8 | 15.3 |
| 2016–17 | 11,34,948 | 37,870.9 | 1,59,141 | 5,008.5 | 14.0 | 13.2 |
| 2017–18 | 13,77,244 | 45,106.9 | 1,78,646 | 5,919.0 | 13.0 | 13.1 |
| 2018–19 | 13,92,559 | 46,589.4 | 1,83,064 | 6,014.7 | 13.1 | 12.9 |
| 2019–20 | 12,89,651 | 46,662.9 | 1,48,226 | 5,020.3 | 11.5 | 10.8 |

അവലംബം: സമുദ്രോല്പന്നകയറ്റുമതി വികസന അതോറിറ്റി

**ചിത്രം 5.4.1** സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വളർച്ചാനിരക്കുകൾ (അളവിൽ)–ഇൻഡ്യ, കേരളം– കേരളത്തിന്റെ വിഹിതം, 2014–15 മുതൽ 2019–20 വരെ, ശതമാനത്തിൽ




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

(–)19 ശതമാനമായി കുത്തനെ താഴുകയും ചെയ്തു. ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപ്പന്ന കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം (അളവിൽ) 2014–15 –ൽ 15.9 ശതമാനമായിരുന്നത് 2019–20 ആയപ്പോൾ 11.5 ശതമാനമായി കുറഞ്ഞു.

2019–20 ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപ്പന്ന കയറ്റുമതി വിപണി വിഹിതത്തിൽ അളവിലും മൂല്യത്തിലും യഥാക്രമം 50.6 ശതമാനവും 73.2 ശതമാനവും രേഖപ്പെടുത്തികൊണ്ട് ശീതീകരിച്ച ചെമ്മീൻ മുന്നിലുള്ള സ്ഥാനം നിലനിർത്തി. അളവിൽ 17.3 ശതമാനവും മൂല്യത്തിൽ 7.7 ശതമാനവും രേഖപ്പെടുത്തി ശീതീകരിച്ച മത്സ്യം രണ്ടാം സ്ഥാനത്താണ്. 2019–20 ൽ അളവിൽ 6.2 ശതമാനവും മൂല്യത്തിൽ 7.4 ശതമാനവും വളർച്ച രേഖപ്പെടുത്തി 34,152 കോടി രൂപ മൂല്യമുള്ള 6.5 ലക്ഷം ടൺ ശീതീകരിച്ച ചെമ്മീനാണ് ഇന്ത്യയിൽ നിന്നും കയറ്റി അയച്ചത്. (**അനുബന്ധം 5.4.3**). ഇൻഡ്യയിൽ നിന്നും കയറ്റി അയച്ച സമുദ്രോൽപന്നങ്ങളും അവയുടെ വിപണി വിഹിതവും **ചിത്രം 5.4.2** ൽ നൽകിയിട്ടുണ്ട്.

2019–20 ൽ അളവിൽ 19 ശതമാനവും മൂല്യത്തിൽ 16.5 ശതമാനവും ഇടിവോടു കൂടി 5,020.3 കോടി രൂപ

**ചിത്രം 5.4.2** 2019–20 –ൽ ഇൻഡ്യയിൽ നിന്ന് കയറ്റി അയച്ച സമുദ്രോൽപന്നങ്ങളും അവയുടെ വിപണി വിഹിതവും (ശതമാനത്തിൽ)




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

**ചിത്രം 5.4.3** 2019–20 –ൽ കേരളത്തിൽ നിന്ന് കയറ്റി അയച്ച സമുദ്രോല്പന്നങ്ങളും വിപണി വിഹിതവും (ശതമാനത്തിൽ)




*അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി*

മൂല്യമുള്ള 1.5 ലക്ഷം മെട്രിക് ടൺ സമുദ്രോല്പന്നങ്ങൾ കേരളത്തിൽ നിന്നും കയറ്റുമതി ചെയ്തു. 2018–19 –ൽ ഇത് 6014.7 കോടി രൂപ മൂല്യമുള്ള 1.8 ലക്ഷം മെട്രിക് ടൺ ആയിരുന്നു. വിപണി വിഹിതത്തിൽ അളവിൽ 36.3 ശതമാനവും മൂല്യത്തിൽ 51.7 ശതമാനവും രേഖപ്പെടുത്തി ശീതീകരിച്ച ചെമ്മീൻ മുന്നിൽ ആയിരുന്നു. പക്ഷേ മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2019–20 ൽ അളവിൽ 17.3 ശതമാനം ഇടിവും മൂല്യത്തിൽ 14.8 ശതമാനം ഇടിവും കാണിക്കുന്നു. 2019–20 ൽ കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്ത സമുദ്രോല്പന്നങ്ങളുടെ ഇനം തിരിച്ചുള്ള വിപണി വിഹിതം **ചിത്രം 5.4.3** –ൽ നൽകിയിട്ടുണ്ട്.

2019–20 ൽ ഇൻഡ്യൻ സമുദ്രോല്പന്നങ്ങളുടെ ഏറ്റവും വലിയ വിപണി ചൈനയും (3.3 ലക്ഷം മെട്രിക് ടൺ) തുടർന്ന് യു.എസ്.എ (3.1 ലക്ഷം മെട്രിക് ടൺ) തെക്ക് കിഴക്ക് ഏഷ്യ (2.2 ലക്ഷം മെട്രിക് ടൺ) യൂറോപ്യൻ യൂണിയൻ (1.7 ലക്ഷം മെട്രിക് ടൺ) എന്നിവയാണ്. കൂടാതെ ജപ്പാൻ (0.8 ലക്ഷം മെട്രിക് ടൺ), മധ്യ കിഴക്കൻ രാജ്യങ്ങൾ (0.6 ലക്ഷം മെട്രിക് ടൺ), മറ്റ് രാജ്യങ്ങൾ (1.3 ലക്ഷം മെട്രിക് ടൺ) എന്നിവിടങ്ങളിലേക്കും ഇൻഡ്യയിൽ നിന്ന്

ചിത്രം 5.4.4 2019–20–ൽ ഇൻഡ്യൻ സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം ശതമാനത്തിൽ




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

**ചിത്രം 5.4.5** 2019-20 -ലെ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം (ശതമാനത്തിൽ)




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി

സമുദ്രോല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നു. ഇൻഡ്യൻ സമുദ്രോൽപന്നങ്ങളുടെ പ്രധാന വിദേശ വിപണികളും വിപണി വിഹിതവും **ചിത്രം 5.4.4** ൽ നൽകിയിട്ടുണ്ട്.

2019-20 -ൽ കേരളത്തിൽ നിന്നുള്ള സമുദ്രോൽപ്പന്നങ്ങളുടെ ഏറ്റവും വലിയ വിപണി യൂറോപ്യൻ യൂണിയനും (46,178 മെട്രിക് ടൺ) തുടർന്ന് തെക്ക് കിഴക്കൻ ഏഷ്യ (35,513 മെട്രിക് ടൺ), ചൈന (24,302 മെട്രിക് ടൺ), യു.എസ്.എ (14,135 മെട്രിക് ടൺ), ജപ്പാൻ (8,399 മെട്രിക് ടൺ), മധ്യ കിഴക്കൻ രാജ്യങ്ങൾ (6,767 മെട്രിക് ടൺ), മറ്റ് രാജ്യങ്ങൾ (12,931 മെട്രിക് ടൺ) എന്നിവയായിരുന്നു. 2019-20 -ൽ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികളും വിപണി വിഹിതവും ചിത്രം 5.4.5 -ൽ നൽകിയിട്ടുണ്ട്.

## കശുവണ്ടി കയറ്റുമതി

ഇൻഡ്യയിൽ നിന്ന് 2019-20 -ൽ 3,867.2 കോടി രൂപ മൂല്യമുള്ള 67,647 മെട്രിക് ടൺ കശുവണ്ടി പരിപ്പ് കയറ്റി അയച്ചു. 2018-19 -ൽ ഇത് 4,434 കോടി രൂപ മൂല്യമുള്ള 66,693 മെട്രിക് ടൺ ആയിരുന്നു. 2019-20 -ൽ, മുൻവർഷത്തെ അപേക്ഷിച്ച്, ഇൻഡ്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതിയിൽ അളവിൽ 1.4 ശതമാനത്തിന്റെ വളർച്ചയും മൂല്യത്തിൽ 12.8 ശതമാനത്തിന്റെ ഇടിവും രേഖപ്പെടുത്തി. ഇൻഡ്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പ് പ്രധാനമായും യു.എ.ഇ, അമേരിക്ക, നെതർലന്റ്, ജപ്പാൻ, സൗദി അറേബ്യ, ജർമ്മനി, സ്പെയിൻ, ഫ്രാൻസ്, കുവൈറ്റ് എന്നീ രാജ്യങ്ങളിലേക്കായിരുന്നു കയറ്റുമതി ചെയ്തത്.

കേരളത്തിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതി 2018-19 -ലെ 1,892.6 കോടി രൂപ മൂല്യമുള്ള 29,062

**ചിത്രം 5.4.6** കശുവണ്ടി പരിപ്പിന്റെ കയറ്റുമതി: കേരളവും ഇൻഡ്യയും (അളവ്: മെട്രിക് ടൺ)




അവലംബം: കാഷ്യു എക്സ്പോർട്ട്പ്രൊമോഷൻ കൌൺസിൽ ഓഫ് ഇൻഡ്യ

**പട്ടിക 5.4.4** കശുവണ്ടി പരിപ്പിന്റെ കയറ്റുമതി ഇൻഡ്യയും കേരളവും (2014-15 മുതൽ 2019-20 വരെ), (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ)

| വർഷം | കേരളം | | ഇൻഡ്യ | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് | മൂല്യം (₹ crore) | അളവ് | മൂല്യം (₹ crore) | അളവ് | മൂല്യം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2014-15 | 68,150 | 3,098.8 | 1,18,952 | 5,432.9 | 57.3 | 57.0 |
| 2015-16 | 50,652 | 2,579.5 | 96,346 | 4,952.1 | 52.6 | 52.1 |
| 2016-17 | 38,054 | 2,415.3 | 82,302 | 5,168.8 | 46.2 | 46.7 |
| 2017-18 | 36,930 | 2,580.4 | 84,352 | 5,871.0 | 43.8 | 44.0 |
| 2018-19 | 29,062 | 1,892.6 | 66,693 | 4,434.0 | 43.6 | 42.7 |
| 2019-20 | 30,478 | 1,742.5 | 67,647 | 3,867.2 | 45.1 | 45.1 |

അവലംബം: കാഷ്യു എക്സ്പോർട്ട്പ്രൊമോഷൻ കൌൺസിൽ ഓഫ് ഇന്ത്യ

മെട്രിക് ടണ്ണിൽ നിന്നും 2019-20 -ൽ അളവിൽ 4.9 ശതമാനം വളർച്ചയും മൂല്യത്തിൽ 7.9 ശതമാനം ഇടിവും രേഖപ്പെടുത്തി കൊണ്ട് 1,742.5 കോടി രൂപ മൂല്യമുള്ള 30,478 മെട്രിക്ക് ടൺ ആയി വർദ്ധിച്ചു. ഇൻഡ്യയിൽ നിന്നും കേരളത്തിൽ നിന്നും കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ കൂടുതൽ വിവരങ്ങൾ **ചിത്രം 5.4.6** -ൽ നൽകിയിട്ടുണ്ട്.

ഇൻഡ്യയിൽ നിന്ന് കയറ്റി അയക്കുന്ന മൊത്തം കശുവണ്ടി പരിപ്പിന്റെ അളവിൽ കേരളത്തിന്റെ വിഹിതം 2014-15 -ൽ 57.3 ശതമാനമായിരുന്നത് 2018-19 -ൽ 43.6 ശതമാനമായി കുറഞ്ഞു. മൂല്യത്തിൽ ഇത് 2014-15 -ൽ 57.0 ശതമാനമായിരുന്നത് 2018-19 ൽ 42.7 ശതമാനമായും കുറഞ്ഞു. 2019-20 ൽ അളവിലും മൂല്യത്തിലും വിഹിതം 45.1 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ **പട്ടിക 5.4.4** ൽ നൽകിയിട്ടുണ്ട്.

2018-19 -ലെ പോലെ 2019-20 ലും ഇൻഡ്യയിൽ നിന്നുള്ള കശുവണ്ടിത്തോട് എണ്ണയുടെ കയറ്റുമതിയിൽ ഇടിവ് അനുഭവപ്പെട്ടു. 2018-19 -ൽ 26.9 കോടി രൂപ മൂല്യമുള്ള 5,300 മെട്രിക് ടൺ കശുവണ്ടിത്തോട് എണ്ണ കയറ്റി അയച്ചിരുന്നു. 2019-20 -ൽ അളവിലും മൂല്യത്തിലും യഥാക്രമം 13.1 ശതമാനവും, 14.1 ശതമാനവും ഇടിവ് രേഖപ്പെടുത്തി കൊണ്ട് 23.1 കോടി രൂപ മൂല്യമുള്ള 4,606 മെട്രിക്ക് ടണ്ണായി കുറഞ്ഞു. 2019-20 -ൽ കേരളത്തിൽ നിന്നുള്ള കശുവണ്ടിത്തോട് എണ്ണയുടെ കയറ്റുമതിയിലും കാര്യമായ ഇടിവ് കാണിക്കുന്നു. 2018-19 ൽ കേരളത്തിൽ നിന്നും 3.3 കോടി രൂപ മൂല്യമുള്ള 699 മെട്രിക്ക് ടൺ കശുവണ്ടിത്തോട് എണ്ണ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിരുന്നുവെങ്കിൽ 2019-20 -ൽ ഇത് വെറും 1 മെട്രിക് ടൺ മാത്രമായിരുന്നു. (**അനുബന്ധം 5.4.4** കാണുക).

അസംസ്കൃത കശുവണ്ടി ഉൽപാദിപ്പിക്കുന്ന മുൻനിര രാജ്യങ്ങളിൽ ഒന്നാണ് ഇൻഡ്യ. വിയറ്റ്നാം, ബ്രസീൽ, താൻസാനിയ, ഐവറി കോസ്റ്റ്, ഗിനിയ, മൊസാംബിക്, ഇന്തോനേഷ്യ, തുടങ്ങിയവയാണ് മറ്റ് പ്രധാന അസംസ്കൃത കശുവണ്ടി ഉൽപാദക രാജ്യങ്ങൾ. ഇൻഡ്യ 2018-19 ൽ 7,42,714 മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഉൽപാദിപ്പിച്ചിരുന്നത്. 2019-20 ൽ മുൻ വർഷത്തെ അപേക്ഷിച്ച് 7 ശതമാനം വളർച്ച കുറഞ്ഞ് 6,91,056 മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഉൽപാദിപ്പിച്ചത്. കേരളത്തിൽ നിന്നുള്ള അസംസ്കൃത കശുവണ്ടി ഉൽപാദനവും 2019-20 -ൽ കുറഞ്ഞു. 2018-19 ൽ ഇത് 82,889 മെട്രിക് ടൺ ആയിരുന്നത് 2019-20 ൽ ഇത് 16 ശതമാനമായി കുറഞ്ഞ് 69,624 മെട്രിക് ടൺ ആയി.

ഇൻഡ്യ 2019-20 -ൽ 140.5 കോടി രൂപ മൂല്യമുള്ള 15,826 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി കയറ്റുമതി ചെയ്തു. 2018-19 -ൽ ഇത് 143.5 കോടി രൂപ മൂല്യമുള്ള 11,378 മെട്രിക്ക് ടൺ ആയിരുന്നു. 2019-20 -ൽ ഇൻഡ്യ യിൽ നിന്നുള്ള അസംസ്കൃത കശുവണ്ടിയുടെ കയറ്റുമതിയിൽ അളവിൽ 39.1 ശതമാനം വളർച്ചയും മൂല്യത്തിൽ 2.1 ശതമാനം ഇടിവും രേഖപ്പെടുത്തി. 2018-19 ലും 2019-20 ലും കേരളത്തിൽ നിന്നും അസംസ്കൃത കശുവണ്ടി കയറ്റി അയച്ചിരുന്നില്ല.

ഇൻഡ്യ 2019-20 -ൽ 8,861.6 കോടി രൂപ മൂല്യമുള്ള 9,38,038 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തു. 2018-19 -ൽ ഇത് 10,929.3 കോടിരൂപ മൂല്യമുള്ള 8,35,463 മെട്രിക് ടൺ ആയിരുന്നു. 2019-20 -ൽ അസംസ്കൃത കശുവണ്ടിയുടെ ഇറക്കുമതിയുടെ അളവിൽ 12.3 ശതമാനത്തിന്റെ വളർച്ചയും മൂല്യത്തിൽ 18.9 ശതമാനത്തിന്റെ ഇടിവും രേഖപ്പെടുത്തി.

2019–20 –ൽ ഇൻഡ്യ ഇറക്കുമതി ചെയ്ത മൊത്തം അസംസ്കൃത കശുവണ്ടിയിൽ, കേരളത്തിന്റെ പങ്ക്. 125.5 കോടി രൂപ മൂല്യമുള്ള 13,202 മെട്രിക്ക് ടൺ ആയിരുന്നു. 2018–19 –ൽ കേരളം 622.4 കോടി രൂപ മൂല്യമുള്ള 43,341 മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഇറക്കുമതി ചെയ്തിരുന്നത്.

## കയറും കയറുൽപന്നങ്ങളുടെയും കയറ്റുമതി

ഇൻഡ്യയിൽ നിന്നുള്ള കയറും കയറുൽപന്നങ്ങളുടെയും കയറ്റുമതി 2018–19 –ൽ 2,728.1 കോടി രൂപയുടെ 9,64,046 മെട്രിക് ടൺ ആയിരുന്നത് 2019–20 –ൽ, അളവിൽ 2.6 ശതമാനം വർദ്ധനവോടെയും മൂല്യത്തിൽ 1.1 ശതമാനം വർദ്ധനവോടേയും. 2,757.9 കോടി രൂപ മൂല്യമുള്ള 9,88,996 മെട്രിക് ടൺ ആയിരുന്നു. കോവിഡ് 19 പകർച്ചവ്യാധിയും കയർനാരിന്റെ കുറഞ്ഞ വിലയുമാണ് ആഗ്രഹിച്ച ഫലം നേടാനാവാത്തതിന്റെ പ്രധാനകാരണങ്ങൾ.

2019–20 ൽ കയർ പിത്ത്, കൈത്തറി മാറ്റുകൾ, കയർ ഭൂവസ്ത്രം, കയർ യാൺ, കയർച്ചുരുൾ എന്നിവയുടെ കയറ്റുമതിയിൽ വർദ്ധനവും, ചകിരി, ടഫ്റ്റ് മാറ്റ്, കൈത്തറിയിൽ നിർമ്മിച്ച മാറ്റിംഗുകൾ, റബറൈസ്ഡ് കയർ, കയർ മറ്റിനങ്ങൾ, കയർ റോപ്പ്, യന്ത്രത്തറിയിൽ നിർമ്മിച്ച മാറ്റ് തുടങ്ങിയവയുടെ കയറ്റുമതിയിൽ ഇടിവും രേഖപ്പെടുത്തി. 2019–20 –ൽ ഇൻഡ്യ 1,349.6 കോടി രൂപയുടെ കയർ പിത്ത് കയറ്റുമതി ചെയ്തു. ഇത് മൊത്തം കയറും കയറുൽപന്നങ്ങളുടെ കയറ്റുമതിയുടെ അളവിൽ 49 ശതമാനമാണ്. കയറിൽ നിന്നുള്ള മൂല്യവർധിത ഇനങ്ങൾ മൊത്തം കയറ്റുമതിയുടെ 33 ശതമാനം വരും. മൂല്യവർധിത ഉൽപന്നങ്ങളിൽ കയർ നാരുപയോഗിച്ചുള്ള മാറ്റ് ഒന്നാമതായി നിൽക്കുന്നു. മാറ്റുകൾ അളവിൽ 5.9 ശതമാനവും മൂല്യത്തിൽ 20.4 ശതമാനവുമാണ്. ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന കയറുൽപന്നങ്ങളുടെ മുഖ്യഇനങ്ങളിൽ ഒന്നാണിത്. കയർ നാരുകൾ അളവിൽ 31 ശതമാനവും മൂല്യത്തിൽ 18 ശതമാനവും വരും.

2019–20 ൽ 111 രാജ്യങ്ങൾ ഇന്ത്യയിൽനിന്നും കയറും കയർ ഉൽപന്നങ്ങളും ഇറക്കുമതി ചെയ്തിട്ടുണ്ട്. അളവിൽ 14.4 ശതമാനവും മൂല്യത്തിൽ 25.3 ശതമാനവുമുള്ള അമേരിക്കയാണ് ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ ഒന്നാമത്. അളവിൽ 35.9 ശതമാനവും മൂല്യത്തിൽ 21.9 ശതമാനവുമുള്ള ചൈനയാണ് ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിൽ രണ്ടാമത്തെ വലിയ രാജ്യം. നെതർലാന്റ്, സൗത്ത് കൊറിയ, യുകെ, ജപ്പാൻ, ഓസ്ട്രേലിയ, ജർമനി,കാനഡ എന്നിവയാണ് ഗണ്യമായ അളവിൽ കയറുൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്ന മറ്റു രാജ്യങ്ങൾ.

2019–20 –ൽ കേരളത്തിലെ കൊച്ചി തുറമുഖം വഴി 2,17,390 മെട്രിക് ടൺ കയറും കയറുൽപ്പന്നങ്ങളും കയറ്റുമതി ചെയ്തിട്ടുണ്ട്. 2018–19 ൽ ഇത് 2,25,463 മെട്രിക് ടൺ ആയിരുന്നു. കേരളത്തിൽ നിന്നും ഇൻഡ്യയിൽ നിന്നും കയറ്റുമതി ചെയ്ത കയറും കയറുൽപന്നങ്ങളുടെയും വിവരങ്ങൾ ചിത്രം **5.4.7** ൽ നൽകിയിട്ടുണ്ട്.

## തേയിലയുടെ കയറ്റുമതി

ഇൻഡ്യയിൽ നിന്നുള്ള തേയിലയുടെ കയറ്റുമതി 2018–19 ൽ 5,506.8 കോടി രൂപ മൂല്യമുള്ള 2,54,502 മെട്രിക് ടൺ ആയിരുന്നത് 2019–20 –ൽ വളർച്ചാ നിരക്ക് അളവിൽ 5.2 ശതമാനം ഇടിവോടെയും മൂല്യത്തിൽ 0.9 ശതമാനം ഇടിവോടെയും 5,457.1 കോടി രൂപയുടെ 2,41,344 മെട്രിക് ടൺ ആയിരുന്നു. കേരളത്തിലെ തുറമുഖങ്ങൾ വഴിയുള്ള തേയിലയുടെ കയറ്റുമതി 2018–19 –ൽ 1,434.4 കോടി രൂപ മൂല്യമുള്ള

**ചിത്രം 5.4.7** ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള കയറും കയറുൽപന്നങ്ങളുടെയും കയറ്റുമതി, 2014–15 മുതൽ 2019–20 വരെ, (അളവ്: ലക്ഷം മെട്രിക് ടൺ)




*അവലംബം: കയർ ബോർഡ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്*

**പട്ടിക 5.4.5** ഇൻഡ്യയിൽ നിന്നും കേരളത്തിലെ തുറമുഖങ്ങൾ വഴിയുമുള്ള തേയില കയറ്റുമതി, 2014–15 മുതൽ 2019–20 വരെ, (അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപ)

| വർഷം | കേരളം | | ഇൻഡ്യ | |
|---|---|---|---|---|
| | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) |
| 2014–15 | 69,343 | 94,879 | 1,99,077 | 3,82,364 |
| 2015–16 | 69,706 | 1,02,534 | 2,32,920 | 4,49,310 |
| 2016–17 | 67,431 | 1,13,935 | 2,27,634 | 4,63,250 |
| 2017–18 | 75,741 | 1,23,294 | 2,56,572 | 5,06,488 |
| 2018–19 | 80,683 | 1,43,440 | 2,54,502 | 5,50,684 |
| 2019–20 | 76,983 | 1,47,082 | 2,41,344 | 5,45,710 |

അവലംബം: റ്റീബോർഡ്

80,683 മെട്രിക് ടൺ ആയിരുന്നത് 2019–20 –ൽ അളവിൽ 4.6 ശതമാനം ഇടിവോടെയും മൂല്യത്തിൽ 2.5 ശതമാനം വളർച്ചയോടെയും 1,470.82 കോടി രൂപയുടെ 76,983 മെട്രിക് ടൺ ആയി കുറഞ്ഞു. (**പട്ടിക 5.4.5**)

## കാപ്പിയുടെ കയറ്റുമതി

കൊച്ചി തുറമുഖം വഴിയുള്ള കാപ്പിയുടെ കയറ്റുമതി 2018–19 ൽ 40,670 മെട്രിക് ടണ്ണിൽ നിന്നും 2019–20 ൽ 22 ശതമാനം ഇടിവ് രേഖപ്പെടുത്തി 31,750 മെട്രിക് ടണ്ണായി കുറഞ്ഞു. കൊച്ചി തുറമുഖം വഴി കയറ്റുമതി ചെയ്യുന്ന കാപ്പിയുടെ അളവ് തുടർച്ചയായി കുറഞ്ഞ് കൊണ്ടിരിക്കുന്നു. 2013–14 –ൽ കയറ്റുമതി ചെയ്ത അളവിന്റെ (75,631 മെട്രിക് ടൺ) പകുതി മാത്രമാണിത്.

## സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി

കോവിഡ്–19 പകർച്ചവ്യാധിക്കിടയിലും 2019–20 –ൽ ഇൻഡ്യയിൽ നിന്നുള്ള സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതിയിലുള്ള മുന്നേറ്റം തുടരുകയും ചരിത്രത്തിലാദ്യമായി 3 ബില്യൺ യു.എസ് ഡോളർ മറികടക്കുകയും ചെയ്തു. 2019–20 –ൽ 21,51,540.4 ലക്ഷം രൂപയുടെ 11,83,000 മെട്രിക് ടൺ സുഗന്ധ വ്യഞ്ജനങ്ങൾകയറ്റുമതി ചെയ്തു. 2018–19 –ൽ ഇത് 19,50,581.2 ലക്ഷം രൂപയുടെ 11,00,250 മെട്രിക് ടൺ ആയിരുന്നു. 2019–20 –ൽ ഇൻഡ്യയിൽ നിന്നുള്ള സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതിയിൽ അളവിലും മൂല്യത്തിലും യഥാക്രമം 7.5 ശതമാനവും 10.3 ശതമാനവും വളർച്ച രേഖപ്പെടുത്തിയിരുന്നു.

കേരളത്തിൽ നിന്നുള്ള (കൊച്ചി, തിരുവനന്തപുരം തുറമുഖങ്ങൾ വഴി) സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി 2018–19 –ൽ 3,77,427.2 ലക്ഷം രൂപയുടെ 93,036.5. മെട്രിക് ടൺ ആയിരുന്നത് 2019–20 –ൽ അളവിലും മൂല്യത്തിലും 11.4 ശതമാനവും 7.5 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി കൊണ്ട് 4,05,861.8 ലക്ഷം രൂപ മൂല്യമുള്ള 1,03,635 മെട്രിക് ടൺ ആയി ഉയർന്നു.

ഇന്ത്യയിൽ നിന്നും കയറ്റി അയക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളുടെ അളവിൽ കേരളത്തിന്റെ വിഹിതത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി ചാഞ്ചാട്ടം അനുഭവപ്പെടുന്നു. 2018–19 –ൽ ഇത് 8.5 ശതമാനമായിരുന്നത് 2019–20 –ൽ

**പട്ടിക 5.4.6** സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി– കേരളവും ഇൻഡ്യയും, 2014–15 മുതൽ 2019–20 വരെ (അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപ)

| വർഷം | കേരളം | | ഇൻഡ്യ | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപ) | അളവ് | മൂല്യം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2014–15 | 81,555.3 | 3,28,534.0 | 8,93,920.0 | 14,89,967.5 | 9.1 | 22.1 |
| 2015–16 | 1,00,076.0 | 3,90,518.1 | 8,43,255.0 | 16,23,823.0 | 11.9 | 24.1 |
| 2016–17 | 84,418.8 | 4,27,120.1 | 9,47,790.0 | 17,81,223.6 | 8.9 | 24.0 |
| 2017–18 | 95,455.9 | 4,15,296.1 | 10,28,060.0 | 17,98,016.2 | 9.3 | 23.1 |
| 2018–19 | 93,036.5 | 3,77,427.2 | 11,00,250.0 | 19,50,581.2 | 8.5 | 19.3 |
| 2019–20 | 1,03,635 | 4,05,861.8 | 11,83,000 | 21,51,540.4 | 8.8 | 18.9 |

*അവലംബം: സ്പൈസസ് ബോർഡ്*

ചിത്രം: 5.4.8 കേരളത്തിന്റെയും ഇൻഡ്യയുടേയും സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി (അളവിൽ) വളർച്ചാ നിരക്കുകൾ, ശതമാനത്തിൽ, (2014-15 മുതൽ 2019-20 വരെ)




*അവലംബം: സ്പൈസസ് ബോർഡ്*

അളവിൽ 8.8 ശതമാനമായി വർദ്ധിച്ചുവെങ്കിലും മൂല്യം പരിശോധിക്കുമ്പോൾ 2018-19 ലെ 19.3 ശതമാനത്തിൽ നിന്നും 2019-20 -ൽ 18.9 ശതമാനമായി കുറയുകയാണുണ്ടായത്. **(പട്ടിക 5.4.6)**

ഇൻഡ്യയിലും കേരളത്തിലും നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും ഉൽപ്പന്നങ്ങളുടേയും കയറ്റുമതി വളർച്ചാ നിരക്കിൽ കഴിഞ്ഞ കുറെ വർഷങ്ങളായി ചാഞ്ചാട്ടം അനുഭവപ്പെടുന്നു. ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും ഉൽപ്പന്നങ്ങളുടേയും കയറ്റുമതി വളർച്ചാ നിരക്ക് 2014-15 -ൽ 9.4 ശതമാനമായിരുന്നു. 2015-16 -ൽ ഇത് (-)5.7 ശതമാനമായി കുറഞ്ഞു. 2016-17 -ൽ 12.4 ശതമാനമായി ഉയർന്നു എങ്കിലും 2018-19 -ൽ 7 ശതമാനമായി വീണ്ടും കുറഞ്ഞു. 2019-20 -ൽ ഇത് 7.5 ശതമാനമായി ഉയർന്നു.

കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും ഉൽപ്പന്നങ്ങളുടേയും കയറ്റുമതിയുടെ വളർച്ചാ നിരക്കിലും കഴിഞ്ഞ കുറെ വർഷങ്ങളായി ചാഞ്ചാട്ടം ഉണ്ട്. 2014-15 -ൽ ഇത് 0.2 ശതമാനമായിരുന്നു. 2015-16 ൽ 22.7 ശതമാനമായി ഉയർന്നു എങ്കിലും 2016-17 ൽ (-)15.6 ശതമാനമായി കുറഞ്ഞു. 2017-18 -ൽ ഇത് വീണ്ടും 13.1 ശതമാനമായി വർദ്ധിച്ചുവെങ്കിലും 2018-19 ൽ (-)2.5 ശതമാനമായി കുറഞ്ഞു. 2019-20 ൽ സുഗന്ധവ്യഞ്ജനങ്ങളുടെയും ഉൽപ്പന്നങ്ങളുടേയും കയറ്റുമതി 14.4 ശതമാനമായി കൊണ്ട് ശ്രദ്ധേയമായ വളർച്ച കാണിക്കുന്നുണ്ട്. ഇന്ത്യയിലും കേരളത്തിലും നിന്നുമുള്ള സുഗന്ധ വ്യഞ്ജന കയറ്റുമതിയുടെ വളർച്ചാ നിരക്കിലെ പ്രവണത **ചിത്രം 5.4.8** ൽ നൽകിയിട്ടുണ്ട്.

ഒരോ സുഗന്ധവ്യഞ്ജനങ്ങൾ പ്രത്യേകം പരിശോധിക്കുമ്പോൾ, 2019-20 -ൽ കോരളത്തിൽ നിന്നും കയറ്റുമതി ചെയ്ത മുളക്, മഞ്ഞൾ, മല്ലി, ജീരകം, സെലറി, പെരും ജീരകം എന്നിവ അളവിലും മൂല്യത്തിലും മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

2018-19 -ൽ കേരളത്തിൽ നിന്നുള്ള (കൊച്ചി. തിരുവനന്തപുരം) തുറമുഖങ്ങൾ വഴി 273.2 കോടി രൂപയുടെ 2097 മെട്രിക് ടൺ ഏലം (ചെറുത്) കയറ്റി അയച്ചിരുന്നു. 2019-20 -ൽ അളവിലും മൂല്യത്തിലും യഥാക്രമം 57.9 ശതമാനവും 11.3 ശതമാനവും ഇടിവോടെ 242.3 കോടി രൂപയുടെ 883 മെട്രിക് ടൺ ആയി ഏലത്തിന്റെ(ചെറുത്) കയറ്റുമതി കുറഞ്ഞു. മുളകിന്റെ കയറ്റുമതി 2018-19 -ൽ 418 കോടി രൂപ മൂല്യമുള്ള 23122 മെട്രിക് ടൺ ആയിരുന്നത് 2019-20 ൽ അളവിലും മൂല്യത്തിലും യഥാക്രമം 14.4 ശതമാനവും 12.4 ശതമാനവും വർദ്ധനവോടെ 469.68 കോടി രൂപ മൂല്യമുള്ള 26,460 മെട്രിക് ടൺ ആയി ഉയർന്നു. 2018-19 -ൽ 517.6 കോടി രൂപ മൂല്യമുള്ള 12,504 മെട്രിക് ടൺ കുരുമുളകാണ് കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്തത്. 2019-20 -ൽ ഇത് 471.3 കോടി രൂപ മൂല്യമുള്ള 14,198.2 മെട്രിക് ടൺ ആയി. 2019-20 -ൽ ഇതിന്റെ വളർച്ചാ നിരക്ക് അളവിൽ 13.6 ശതമാനം വർദ്ധനവും മൂല്യത്തിൽ 8.9 ശതമാനം ഇടിവും രേഖപ്പെടുത്തുന്നു. മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ കാര്യത്തിൽ കറി പൗഡർ/മിശിതം, പുതിയ ഉൽപ്പന്നങ്ങൽ, സുഗന്ധ തൈലങ്ങൾ, ഒലിയോറെസിൻസ് എന്നിവയുടെ കയറ്റുമതി 2018-19 നെ അപേക്ഷിച്ച് അളവിലും മൂല്യത്തിലും വർദ്ധനവ് കാണിക്കുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കറിപൗഡർ കൂട്ടിന്റെ കയറ്റുമതി 2018-19 -ൽ 220.1 കോടി രൂപ മൂല്യമുള്ള 9387.9 മെട്രിക് ടൺ ആയിരുന്നത് 2019-20 -ൽ അളവിൽ 19.4 ശതമാനം വർദ്ധനവും മൂല്യത്തിൽ 14.4 ശതമാനം വർദ്ധനവും രേഖപ്പെടുത്തി 251.9 കോടി രൂപയുടെ 11,208 മെട്രിക് ടൺ ആയി വർദ്ധിച്ചു. സുഗന്ധവ്യഞ്ജന എണ്ണ/തൈലം

**ബോക്സ് 5.4.1** കയറ്റുമതി തയ്യാറെടുപ്പ് സൂചിക –2020

ഇന്ത്യാ ഗവൺമെന്റിന്റെ നീതി ആയോഗ് (NITI Ayog) ആദ്യമായി ഇന്ത്യൻ സംസ്ഥാനങ്ങൾക്കായി ഒരു കയറ്റുമതി തയ്യാറെടുപ്പ് സൂചിക വികസിപ്പിച്ചെടുത്തിട്ടുണ്ട്. രാജ്യത്തിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായനിർണ്ണായക സൂചികകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും ഈ സൂചിക റാങ്ക് ചെയ്യുന്നു.

ഇന്ത്യൻ സംസ്ഥാനങ്ങളുടേയും കേന്ദ്രഭരണ പ്രദേശങ്ങളുടേയും കയറ്റുമതി ആവാസവ്യവസ്ഥയെ കയറ്റുമതി തയ്യാറെടുപ്പ് സൂചിക (ഇ.വി.ഐ) പരിശോധിക്കുന്നു. ഉപദേശീയതലത്തിൽ കയറ്റുമതി തയ്യാറെടുപ്പും മത്സര ശേഷിയും പഠിക്കുന്നതിനായി വികസിപ്പിച്ച ആദ്യത്തെ സൂചികയാണിത്. സംസ്ഥാനങ്ങളുടെ സന്നദ്ധത, അവയുടെ കയറ്റുമതി സാധ്യതകൾ, അവയുടെ പ്രകടനം എന്നിവ വിലയിരുത്തുന്നതിനാണ് ഇ.പി.ഐ ലക്ഷ്യമിടുന്നത്. ഹിതകരമായ കയറ്റുമതി പ്രോത്സാഹന നയങ്ങൾ കൊണ്ടുവരിക, ഉപദേശീയ തലത്തിൽ കയറ്റുമതി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നിയന്ത്രണ ചട്ടക്കൂടുകൾ സുഗമമാക്കുക, കയറ്റുമതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക, മത്സരബുദ്ധിയോടെ കയറ്റുമതി മെച്ചപ്പെടുത്തുന്നതിനുള്ള തന്ത്രപരമായ നിർദ്ദേശങ്ങൾ തിരിച്ചറിയാൻ സഹായിക്കുക തുടങ്ങിയ കാര്യങ്ങൾ നേടിയെടുക്കുന്നതിനായി സംസ്ഥാനങ്ങൾക്കിടയിൽ മത്സരബുദ്ധി സന്നിവേശിപ്പിക്കുക എന്നതാണ് ഈ സൂചികയുടെ പ്രാഥമിക ലക്ഷ്യങ്ങൾ.

| സ്തംഭങ്ങൾ | സ്കോർ | റാങ്കിംഗ് |
|---|---|---|
| നയം | 74.77 | 10th |
| വ്യവഹാര ആവാസ വ്യവസ്ഥ | 56.23 | 10th |
| കയറ്റുമതി ആവാസ വ്യവസ്ഥ | 26.99 | 18th |
| കയറ്റുമതി പ്രകടനം | 56.30 | 4th |
| മൊത്തം സ്കോർ | 54.11 | 10th |

ഈ സൂചിക്ക് നാല് സ്തംഭങ്ങളും 11 ഉപസ്തംഭങ്ങളുമാണുള്ളത് (i) നയം (ii) വ്യവഹാര ആവാസവ്യവസ്ഥ (iii) കയറ്റുമതി ആവാസവ്യവസ്ഥ (iv) കയറ്റുമതി പ്രകടനം എന്നിവയാണ് നാല് സ്തംഭങ്ങൾ. ഇവയിൽ കയറ്റുമതി പ്രകടനം മാത്രമാണ് ഉദ്ദിഷ്ട ഫലത്തിലധിഷ്ഠിതമായ സ്തംഭമായി നിലകൊള്ളുന്നത്. സംസ്ഥാനങ്ങളുടേയും കേന്ദ്രഭരണ പ്രദേശങ്ങളുടേയും കയറ്റുമതി ചുവടുകളുടെ വ്യാപ്തി ഇത് അപഗ്രഥിക്കുന്നു.

ഈ സൂചിക പ്രകാരം സംസ്ഥാനങ്ങളിലുടനീളമുള്ള സ്ഥലപരമായ വ്യതിയാനങ്ങൾ കണക്കിലെടുത്തുകൊണ്ട് സംസ്ഥാനങ്ങളെ മൂന്ന് ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്. 1. പ്രധാന സംസ്ഥാനങ്ങൾ (തീരദേശ മേഖലകളും കടൽ ഭാഗമല്ലാതെ കരയാൽ വലയം ചെയ്ത മേഖലകളും) 2. വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ 3. കേന്ദ്ര ഭരണ പ്രദേശങ്ങൾ/ സിറ്റി സ്റ്റേറ്റ്സ്/ചെറിയ സംസ്ഥാനങ്ങൾ. സൂചിക പ്രകാരം 75.19 പോയിന്റുമായി ഗുജറാത്ത് ഒന്നാം സ്ഥാനത്തും 75.14 പോയിന്റോടെ മഹാരാഷ്ട്ര രണ്ടാം സ്ഥാനത്തും 64.93 പോയിന്റുമായി തമിഴ്നാട് മൂന്നാം സ്ഥാനത്തും നിലകൊള്ളുന്നു. തീരദേശമേഖലയിലുൾപ്പെട്ട കേരള സംസ്ഥാനം സൂചിക പ്രകാരം 54.11 പോയിന്റുമായി പത്താംസ്ഥാനത്താണുള്ളത്. കയറ്റുമതിയുടെ വൈവിധ്യ വൽക്കരണത്തിൽ അത്യന്തം വലിയ പ്രകടനം കാഴ്ചവെച്ച ഒരേയൊരു സംസ്ഥാനമാണ് കേരളമെങ്കിലും സൂചിക പ്രകാരം കേരളത്തിലെ കയറ്റുമതി പരിതസ്ഥിതി വളരെ മോശമാണ്.

*കുറിപ്പ്: എല്ലാ സ്കോറുകളും 0 മുതൽ 100 വരെ ആയതിനാൽ ഉയർന്ന സ്കോർ ഉയർന്ന പ്രകടനത്തെ സൂചിപ്പിക്കുന്നു.*

എന്നിവയുടെ കയറ്റുമതി 2018–19 –ലെ 1,671.2 കോടി രൂപയുടെ 8,127 മെട്രിക് ടണ്ണിൽ നിന്നും 2019–20 ൽ അളവിലും മൂല്യത്തിലും യഥാക്രമം 17.6 ശതമാനവും 13.3 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി 1,894.1 കോടി രൂപ മൂല്യമുള്ള 9,560 മെട്രിക് ടൺ ആയി വർദ്ധിച്ചു.

## 5.5 പൊതു സേവനങ്ങൾ

### സർവ്വേയും ഭൂരേഖയും

സംസ്ഥാനത്തെ മൊത്തം പട്ടയ ഭൂമികളുടെയും റീസർവ്വേ നിശ്ചിത സമയത്തിനുള്ളിൽ അളന്ന് തിട്ടപ്പെടുത്തി രേഖയാക്കുന്നതിനാണ് സർവ്വേ വകുപ്പ് രൂപീകരിച്ചത്. ഇത് കൂടാതെ, ഭൂവിനിയോഗം, ഭൂരേഖാ ഡിജിറ്റൈസേഷൻ, പട്ടയ വിതരണത്തിന് ഭൂസർവ്വേ നടത്തൽ, വനഭൂമി സർവ്വേ, പ്രത്യേക പദ്ധതികൾക്ക് ഭൂമി സർവ്വേ ചെയ്യൽ എന്നിവയും സർവ്വേ വകുപ്പിന്റെ പ്രവർത്തികളാണ്. 2020 വരെ 908 വില്ലേജുകളിലെ ഭൂമിയുടെ റീ സർവേ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്, 756 വില്ലേജുകളിലെ റീ സർവേ ജോലികൾ പൂർത്തീകരിക്കേണ്ടതുണ്ട്. 2017 മുതൽ 2020 വരെയുള്ള (ഓഗസ്റ്റ് 31, 2020 വരെ) നടത്തിയിട്ടുള്ള റീസർവേയുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.1** –ൽ നൽകിയിട്ടുണ്ട്.

റീസർവ്വേ, ഭൂമിയേറ്റെടുക്കൽ എന്നിവയുടെ മേൽ അപ്പീൽ നടപടി കൈക്കൊള്ളുന്നതും വകുപ്പാണ്. അത്തരം പരാതികളിൽ ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടർ തീർപ്പ് കൽപ്പിക്കുന്നത്. 2019 –ൽ 2,72,903 റീസർവ്വേ പരാതികളിൽ 2,41,344 കേസുകൾ (88.43 ശതമാനം) പരിഹരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച 161 അപ്പീലുകളിൽ 133 കേസുകളിൽ തീർപ്പ് കല്പിച്ചിട്ടുണ്ട്. വിശദ വിവരം **അനുബന്ധം 5.5.2** –ൽ നൽകിയിട്ടുണ്ട്.

ഐ.എ.എസ് ഉദ്യോഗസ്ഥർ, റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ, സർവ്വേ വകുപ്പിലെ ഉദ്യോഗസ്ഥർ, വനം വകുപ്പിലെ ഉദ്യോഗസ്ഥർ, എന്നിവർക്ക് സർവ്വേ വകുപ്പ് പരിശീലനം നൽകുന്നുണ്ട്. വിശദ വിവരങ്ങൾ **അനുബന്ധം 5.5.3** –ൽ നൽകിയിട്ടുണ്ട്.

### ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ

സർവ്വേ രേഖകളുടെ ഡിജിറ്റൈസേഷൻ നടത്തുന്നത് സർവ്വേ വകുപ്പാണ്. 2019 –ൽ 429 ബ്ലോക്ക് മാപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം 5.5.4 –ൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിലവിലുള്ള ഭൂരേഖകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നുണ്ട്. 2017, 2018, 2019 വർഷങ്ങളിൽ യഥാക്രമം 3,68,564, 78,485, 13,887 എണ്ണം ഫീൽഡ് മെഷർമെന്റ് ബുക്കുകൾ സ്കാൻ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ ഏറ്റവും കൂടുതൽ ഫീൽഡ് മെഷർമെന്റ് ബുക്കുകൾ സ്കാൻ ചെയ്തത് പാലക്കാട് ജില്ലയിലും (1,06,426 എണ്ണം) ഏറ്റവും കുറവ് കോഴിക്കോട് (5,975) ജില്ലയിലുമാണ്. അവസാന മൂന്ന് വർഷത്തിനുള്ളിൽ സ്കാൻ ചെയ്ത എഫ്എംബിയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 5.5.1**–ൽ നൽകിയിട്ടുണ്ട്.

### രജിസ്ട്രേഷൻ വകുപ്പ്

രേഖകളുടെ രജിസ്ട്രേഷൻ നടത്തുക എന്നതാണ് രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതല. രജിസ്ട്രേഷൻ നടത്തുന്നതിന് ഇ– പെയ്മെന്റ് സംവിധാനം വകുപ്പ് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. 2019 ൽ രേഖകൾ രജിസ്റ്റർ ചെയ്ത ഇനത്തിൽ 94,006.57 ലക്ഷം രൂപ രജിസ്ട്രേഷൻ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. ഇതിൽ 57,773.2 ലക്ഷം വിൽപ്പന കൈമാറ്റം വഴി ഉള്ളതാണ്, ഇത് ഒരു പ്രധാന ഘടകമാണ്. രേഖകൾ രജിസ്റ്റർ ചെയ്തതിന്റെയും ഫീസ് ശേഖരിച്ചതിന്റെയും വിശദവിവരങ്ങൾ **അനുബന്ധം 5.5.5, 5.5.6** എന്നിവയിൽ നൽകിയിട്ടുണ്ട്. പഴയ രേഖകളുടെ ഡിജിറ്റൈസേഷനു പുറമേ, ഡിജിറ്റൽ ഗെഹാൻ, ഇ–പേയ്മെന്റ് എന്നീ പുതിയ സംവിധാനങ്ങളും വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

**ചിത്രം 5.5.1** എഫ്.എം.ബി ഷീറ്റുകൾ സ്കാൻ ചെയ്ത വിവരം (എണ്ണം) 2017–2019




അവലംബം: ഡയറക്ടറേറ്റ് ഓഫ് സർവ്വേ ലാന്റ് റെക്കോർഡ്സ്

**ബോക്സ് 5.5.1**
ഡിജിറ്റൽ ഗെഹാൻ

സഹകരണ ബാങ്കുകളിൽ നിന്ന് കാർഷിക വായ്പകൾ, ഇതര വായ്പകൾ എടുക്കാൻ ആഗ്രഹിക്കുന്ന ആളുകൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള പ്രക്രിയയിലും നടപടിക്രമങ്ങളിലും സുതാര്യതയും വേഗതയും കൊണ്ടുവരുന്നതിനായി രജിസ്ട്രേഷൻ വകുപ്പ് അവതരിപ്പിച്ച ഒരു സംവിധാനമാണ് ഡിജിറ്റൽ ഗെഹാൻ.

## ഇ–പയേ്മന്റ് സംവിധാനം

2019–20 വർഷത്തിൽ, 315 സബ് രജിസ്ട്രാർ ഓഫീസുകളിലും ഇ–പോസ് മെഷീനുകൾ സ്ഥാപിക്കുകയും, അവ ഇ–പേയ്മന്റ് സംവിധാനവുമായി ബന്ധിപ്പിക്കുകയും ചെയ്തു. ഇത് സബ് രജിസ്ട്രാർ ഓഫീസുകളിൽ ലളിതവും സുരക്ഷിതവുമായ പണമിടപാട് നടത്തുന്നതിന് സൗകര്യമൊരുക്കുന്നു.

## എക്സൈസ് വകുപ്പ്

എക്സൈസ് വകുപ്പിന് 69 എക്സൈസ് സർക്കിൾ ഓഫീസുകളും, 138 എക്സൈസ് റെയ്ഞ്ച് ഓഫീസുകളും, 41 ചെക്ക് പോസ്റ്റുകളും, 19 സ്പെഷ്യൽ സ്ക്വാഡുകളും ഉണ്ട്. ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം തടയുന്നതിനായി 'വിമുക്തി' എന്ന ബോധവത്ക്കരണ പരിപാടി വകുപ്പ് നടത്തുന്നുണ്ട്. 1950 ലെ അബ്കാരി ആക്ട്, 1958 ലെ എൻ.ഡി.പി.എസ് (നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോത്തെറാപ്പിക്ക് സബ്സ്റ്റൻസ്) ആക്ട്, കോട്പാ (സിഗരറ്റും മറ്റ് പുകയില ഉൽപന്നങ്ങളും – പരസ്യങ്ങളുടെ നിരോധനവും, വാണിജ്യം, വ്യാപാരം, ഉൽപ്പാദനം, പ്രദാനം, വിതരണം എന്നിവയുടെ നിയന്ത്രണവും) നിയമം 2003 എന്നിവയുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നത് എക്സൈസ് വകുപ്പാണ്. 2020 ൽ (2020 ഓഗസ്റ്റ് 31 വരെ) അബ്കാരി ആക്ടിന്റെ കീഴിൽ 7,984 കേസുകളും, എൻ.ഡി.പി.എസ് ആക്ടിന്റെ കീഴിൽ 1,934 കേസുകളും, കോട്പാ യുടെ കീഴിൽ 24,523 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2019 ൽ ഇത് യഥാക്രമം 13763, 7099, 76833 എന്നിങ്ങനെയായിരുന്നു. 2018, 2019, 2020 എന്നീ വർഷങ്ങളിൽ വിവിധ നിയമങ്ങൾ പ്രകാരം ചുമത്തിയ കേസുകളുടെ വിശദ വിവരം അനുബന്ധം 5.5.7 –ൽ കൊടുത്തിരിക്കുന്നു. ഇ–പെയ്മെന്റ് സംവിധാനവും, ഇ–ലൈസൻസിംഗ് സംവിധാനവും എക്സൈസ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ അബ്കാരി കേസുകൾ 2018 ൽ 10,634 ആയിരുന്നത് 29.42 ശതമാനം വർദ്ധിച്ച് 2019 ൽ 13,763 ആയി. വർദ്ധന നിരക്ക് ഏറ്റവും കൂടുതൽ ഇടുക്കി ജില്ലയിലാണ് (93.33 ശതമാനം). എൻഡിപിഎസ് കേസുകൾ, 2018 നെ അപേക്ഷിച്ച് 6.25 ശതമാനം ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്. പത്തനംതിട്ട, പാലക്കാട്, കോഴിക്കോട്, വയനാട്, കാസറഗോഡ് ഒഴികെയുള്ള എല്ലാ ജില്ലകളിലും കേസുകളുടെ എണ്ണം കുറഞ്ഞു. കേസുകളിൽ ഏറ്റവും കൂടുതൽ ഇടിവ് രേഖപ്പെടുത്തിയത് തിരുവനന്തപുരം ജില്ലയിലാണ് (35.38 ശതമാനം). കോട്പാ കേസുകളിൽ 7.02 ശതമാനം വർദ്ധനവ് ഉണ്ടായി. ഏറ്റവും വർദ്ധനവ് കൂടിയ ജില്ല എറണാകുളം ജില്ലയും (96.84 ശതമാനം), ഏറ്റവും കുറഞ്ഞ വർദ്ധനവ് കോഴിക്കോട് (31.44 ശതമാനം) ജില്ലയുമാണ്. വിശദവിവരം **അനുബന്ധം 5.5.8** –ൽ നൽകിയിട്ടുണ്ട്.

വിവിധ കേന്ദ്രങ്ങളിൽ നിന്നും നിയമ വിരുദ്ധമായ നിരോധിത വസ്തുക്കൾ വകുപ്പ് പിടിച്ചെടുക്കുകയും നശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിൽ സ്പിരിറ്റ്, ചാരായം ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, കള്ള്, അരിഷ്ടം, കഞ്ചാവ് ചെടി എന്നിവയും ഉൾപ്പെടുന്നു. 2020 വർഷത്തിലെ ജില്ലാ തല വിവരങ്ങൾ **അനുബന്ധം 5.5.9** –ൽ ഉൾപ്പെടുത്തിയിരിക്കുന്നു.
സ്കൂളുകളിലും, കോളേജുകളിലും, പൊതു സ്ഥലങ്ങളിലും എക്സൈസ് വകുപ്പ് അവബോധ പരിപാടികൾ നടത്തുന്നുണ്ട്. 2020 ൽ ആകെ 7162 അവബോധന പരിപാടികൾ നടത്തി. 2019 ൽ ഇത് 22,272 ആയിരുന്നു. ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ **അനുബന്ധം 5.5.10** –ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## പോലീസ് വകുപ്പ്

സംസ്ഥാനത്തെ ക്രമസമാധാനം പരിപാലിക്കുന്നതിനും കുറ്റകൃത്യ അന്വേഷണത്തിനും വേണ്ടി പ്രവർത്തിക്കുന്ന സംസ്ഥാന ഗവൺമെന്റിന്റെ വിഭാഗമാണ് പോലീസ് വകുപ്പ്. പോലീസ് വകുപ്പിന് ജനറൽ എക്സിക്യൂട്ടീവ് വിഭാഗം, ക്രൈം ബ്രാഞ്ച്, ആംഡ് പോലീസ്, സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോ, പരിശീലന വിഭാഗം, സ്പെഷ്യൽ ബ്രാഞ്ച്, 11 പ്രത്യക ഉദ്ദേശ്യ വിഭാഗങ്ങൾ എന്നിവയുണ്ട്. പ്രത്യക ഉദ്ദേശ വിഭാഗങ്ങളിൽ ഫോറൻസിക് വിഭാഗം, വനിത സെൽ, ട്രാഫിക്ക് പോലീസ്, വാച്ച് & വാർഡ്, ഹൈവേ പോലീസ്, കോസ്റ്റൽ പോലീസ്, ടെമ്പിൾ പോലീസ്, ടൂറിസം പോലീസ്, മൗണ്ടഡ് പോലീസ്, ഡോഗ് സ്ക്വാഡ്, പോലീസ് ബാന്റ് എന്നിവയും ഉൾപ്പെടുന്നു. സാധാരണ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നത് ജനറൽ എക്സിക്യൂട്ടീവ് വിഭാഗമാണ്. പോലീസിന്റെ ആസ്ഥാനം തിരുവനന്തപുരമാണ്. ഇതിന്  നോർത്ത് സോൺ, സൗത്ത് സോൺ എന്നിങ്ങനെയും അതിൽ 4 പോലീസ് റെയ്ഞ്ചുകളും, 19 പോലീസ് ജില്ലകളും ഉണ്ട്.

പോലീസ് വകുപ്പ് വഴി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ 14 പിങ്ക് കൺട്രോൾ റൂമുകളിലൂടെയും 19 കൗൺസിലിംഗ് കേന്ദ്രങ്ങളിലൂടെയും ജൻഡർ അധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പോലീസ് വകുപ്പിനോടൊപ്പം 570 നിർഭയ വോളണ്ടിയർമാരും പ്രവർത്തിക്കുന്നു. വിശദ വിവരങ്ങൾ **അനുബന്ധം 5.5.11** –ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജനമൈത്രി പോലീസിംഗ് പദ്ധതിയിലൂടെ വകുപ്പ് ജനങ്ങളുമായി ഇടപെട്ട് പ്രവർത്തിക്കുന്നു. ആകെയുള്ള 518 പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കിയിട്ടുണ്ട്. കോവിഡ് –19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, ജനമൈത്രി ബീറ്റ് ഓഫീസർമാർ നിലവിൽ രോഗ ലഘൂകരണ പ്രവർത്തനങ്ങളിൽ മാത്രം ഏർപ്പെട്ടിരിക്കുന്നു. **അനുബന്ധം 5.5.12** –ൽ വിശദ വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പ്, എക്സൈസ് വകുപ്പ്, വനം വകുപ്പ്, ഗതാഗത വകുപ്പ്, എന്നിവയുടെ പിന്തുണയോടെ പോലീസ് വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടത്തുന്ന സ്കൂൾ അധിഷ്ഠിത പരിപാടിയാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്. പി. സി). നിയമത്തെ ബഹുമാനിക്കാനും അച്ചടക്കം പാലിക്കാനും, പൗരബോധം കാത്തു സൂക്ഷിക്കാനും സമൂഹത്തിലെ ദുർബല വിഭാഗങ്ങളോട് സഹാനുഭൂതി കാട്ടുന്നതിനും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. ഇത് അവരുടെ കുടുംബത്തോടും, സമൂഹത്തോടും പരിസ്ഥിതിയോടുമുള്ള അർപ്പണ ബോധം ശക്തിപ്പെടുത്തുന്നതോടൊപ്പം അസഹിഷ്ണുത, വഴി തെറ്റിയ രീതി, മയക്കുമരുന്ന് ദുരുപയോഗം തുടങ്ങിയ ദുശ്ശീലങ്ങളിൽ നിന്നും പിന്തിരിപ്പിക്കുന്നു. 2010 ആഗസ്റ്റ് 2 ന് കേരളത്തിലങ്ങോളമിങ്ങോളം 127 സ്കൂളുകളിലായാണ് ഈ പദ്ധതി ആരംഭിച്ചത്. നിലവിൽ 701 സ്കൂളുകളിലായി 57,621 കേഡറ്റുകൾ ഉണ്ട്. ഈ 701 സ്കൂളുകളിൽ 409 സർക്കാർ സ്കൂളുകളും, 268 എയ്ഡഡ് സ്കൂളുകളും 24 അൺ എയ്ഡഡ് സ്കൂളുകളും ആണ്. വിശദ വിവരങ്ങൾ **അനുബന്ധം 5.5.13, 5.5.14** എന്നിവയിൽ നൽകിയിരിക്കുന്നു.

പോലീസിന്റെ എൻ.ആർ.ഐ സെൽ 2019–20 –ൽ (ഓഗസ്റ്റ് 31, 2020 വരെ)  33 കേസുകളാണ് രജിസ്റ്റർ

**ചിത്രം 5.5.2** സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം




*31.08.2020 വരെ
*അവലംബം: പോലീസ് വകുപ്പ്*

**ബോക്സ് 5.5.2** സ്ത്രീ സുരക്ഷാ വർഷം – 2020

പെൺകുട്ടികൾ ഉൾപ്പെടെയുള്ള സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 2020 വർഷം വനിതാ സുരക്ഷ വർഷം ആയിരുന്നു. സ്ത്രീകളുടെ സുരക്ഷയ്ക്കും ശാക്തീകരണത്തിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നിലവിലുള്ള 8 പിങ്ക് കൺട്രോൾ റൂമുകൾക്ക് പുറമേ 6 പുതിയ പിങ്ക് കൺട്രോൾ റൂമുകളും ഈ കാലയളവിൽ സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പോലീസ് സഹായം നൽകുന്നതിന് ലക്ഷ്യമിട്ട് 24x7 മണിക്കൂർ പിങ്ക് കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നു.

ചെയ്തിരിക്കുന്നത്. വിശദ വിവരം **അനുബന്ധം 5.5.15** കാണാം. 2019–20 ഇൽ സൈബർ & ഹൈടെക് എൻക്വയറി സെൽ 567 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2018–19 –ൽ ഇത് 466 ആയിരുന്നു. 2014–15 മുതൽ 2019–20 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള വർധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം **ചിത്രം 5.5.2** –ൽ കാണിച്ചിരിക്കുന്നു.

സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള അധിക്ഷേപം, ഓൺ ലൈൻ ചീറ്റിംഗ്, സ്മാർട്ട് ഫോൺ ഉപയോഗിച്ചുള്ള സൈബർ കുറ്റകൃത്യങ്ങൾ, ബാങ്ക് അക്കൗണ്ടുകൾ, ഇ–മെയിൽ ഐഡി എന്നിവയുടെ ഹാക്കിംഗ്, ചൈൽഡ് പ്രോണോഗ്രാഫി സൃഷ്ടിക്കൽ, പ്രസിദ്ധീകരിക്കൽ, പങ്കുവയ്ക്കൽ തുടങ്ങിയവയാണ് പ്രധാനമായും റിപ്പോർട്ട് ചെയ്തിട്ടുള്ള സൈബർ കുറ്റകൃത്യങ്ങൾ. വിശദ വിവരങ്ങൾ **അനുബന്ധം 5.5.16** –ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## പൊതുസേവനങ്ങൾ (ജയിലുകൾ)

1. ജയിൽ ഭരണകൂടം ഉറപ്പുവരുത്തേണ്ടത്, കുറ്റവാളി സമൂഹത്തിലേക്ക് മടങ്ങി വരുന്നത് ഒരു നിയമപാലകൻ എന്ന നിലയിൽ മാത്രമല്ല, നന്നായി ക്രമീകരിക്കപ്പെട്ടതും സ്വയം പര്യാപ്തമായ ജീവിതം നയിക്കുവാൻ പ്രാപ്തിയുള്ള ഒരാളായിരിക്കണം എന്ന ലക്ഷ്യത്തിനാണ്. തടവുകാർക്ക് ജയിലുകളിൽ സുരക്ഷിതമായ തടങ്കൽ നൽകുക എന്നതാണ് ജയിൽ വകുപ്പിന്റെ അടിസ്ഥാന കടമയും ഉത്തരവാദിത്വവും. ജയിലിൽ പ്രവേശിക്കപ്പെടുന്ന എല്ലാ വ്യക്തികൾക്കും നിയമപ്രകാരം വിഭാവനം ചെയ്തിട്ടുള്ള ശുചിത്വ ജീവിത സാഹചര്യങ്ങൾ, മതിയായ ഭക്ഷണം, വസ്ത്രം, വൈദ്യ പരിചരണം എന്നിവയ്ക്ക് അർഹതയുണ്ട്. തടവുകാരുടെ പുനരധിവാസത്തിന് കൂടുതല് പ്രാധാന്യം ആവശ്യമാണ്, കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള മാനസിക, സാമൂഹിക യുക്തിപരമായ ഒരു പ്രക്രിയയാണ് ഇത്. അന്തസുള്ള ജീവിതം നയിക്കാൻ കുറ്റവാളികളെ സമൂഹത്തിൽ പുനസംഘടിപ്പിക്കുക എന്നതാണ് ആത്യന്തിക ലക്ഷ്യം.
2. കേരളത്തിൽ 3 സെൻട്രൽ ജയിലുകൾ ഉൾപ്പെടെ 55 ജയിലുകളാണ് നിലവിലുള്ളത്. കണ്ണൂർ, വിയ്യൂർ, തിരുവനന്തപുരം എന്നിവിടങ്ങളിലാണ് സെൻട്രൽ ജയിലുകൾ. 3 ഓപ്പൺ ജയിലുകൾ, 3 വനിതാ ജയിലുകൾ, 13 ജില്ലാ ജയിലുകൾ, 15 പ്രത്യേക സബ് ജയിലുകൾ, 16 സബ് ജയിലുകൾ, ഒരു ഉയർന്ന സുരക്ഷാ ജയിൽ എന്നിവയുണ്ട്.
3. എല്ലാ ജയിലുകളുടെയും ഇപ്പോഴത്തെ അംഗീകൃത ശേഷി 7200 ആണ്. മാർച്ച് 2020 വരെ 7663 (7056, 607 പരോൾ) തടവുകാരുണ്ടായിരുന്നു, അവരിൽ 193 പേർ സ്ത്രീകളാണ്. കോവിഡ് 19 നെതിരായ മുൻകരുതൽ നടപടിയുടെ ഭാഗമായി കേരള ഹൈക്കോടതി തടവുകാർക്ക് പരോൾ അല്ലെങ്കിൽ അവധി നൽകുകയും കൂടാതെ ജാമ്യം അനുവദിക്കുകയും ചെയ്തു. 41 തടവുകാരെ ഉൾക്കൊള്ളുന്ന ബോർസ്റ്റൽ സ്കൂൾ എറണാകുളം ജില്ലയിലെ തൃക്കാക്കരയിലാണ് സ്ഥിതി ചെയ്യുന്നത്. 2015–2020 കാലയളവിലെ തടവുകാരുടെ എണ്ണം പട്ടിക 5.5.1 ൽ നൽകിയിരിക്കുന്നു. വിവിധ ജയിലുകളിലെ തടവുകാരുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.17** –ൽ കൊടുത്തിരിക്കുന്നു.
4. ജയിൽ വകുപ്പ് നടപ്പാക്കുന്ന രണ്ട് പ്രധാന പദ്ധതികളാണ് ജയിലുകളുടെ നവീകരണവും തടവുകാരുടെ ക്ഷേമവും. ശിക്ഷ പൂർത്തിയായ ശേഷം മോചിപ്പിക്കപ്പെടുമ്പോൾ തടവുകാർ പരിഷ്കൃതരും സ്വയം പര്യാപ്തരുമായ വ്യക്തികളായി മാറുന്നതിന് എല്ലാ ശ്രമങ്ങളും നടത്തുക എന്നതാണ് വകുപ്പിന്റെ ദൗത്യം.
5. അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, നവീകരണം, തടവുകാരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്ക് സംസ്ഥാനത്ത് ഉചിതമായ പ്രാധാന്യം നൽകുന്നു. സന്ദർശക

**പട്ടിക 5.5.1** തടവുകാരുടെ എണ്ണം 2015 മാർച്ച് മുതൽ 2020 മാർച്ച് 31 വരെ

| തടവുകാർ | മാർച്ച് 2015 | മാർച്ച് 2016 | മാർച്ച് 2017 | മാർച്ച് 2018 | മാർച്ച് 2019 | മാർച്ച് 2020 |
|---|---|---|---|---|---|---|
| ആകെ | 7,544 | 7,983 | 7,613 | 7,882 | 7,967 | 7,663 |
| സ്ത്രീ | 201 | 213 | 200 | 196 | 181 | 193 |

*ഉറവിടം: ജയിൽ വകുപ്പ്*

മുറി സജ്ജീകരിക്കുക, ടോയ്ലറ്റ് സൗകര്യങ്ങൾ, വീഡിയോ കോൺഫറൻസിംഗ് സംവിധാനം, ജയിലുകളുടെ സുരക്ഷ ശക്തിപ്പെടുത്തുക, സിസിടിവി നിരീക്ഷണ സംവിധാനം സ്ഥാപിക്കൽ എന്നിവ നവീകരണത്തിലെ ചില പ്രവർത്തനങ്ങളാണ്. അടിസ്ഥാന വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ, തൊഴിൽ പരിശീലനം, നൈപുണ്യ പ്രോത്സാഹനം, കലാകായിക പരിപാടികളിലെ താല്പര്യം എന്നിവ ജയിൽ മോചനം കഴിഞ്ഞ് ജീവിക്കാനുള്ള ഒരു വരുമാന മാർഗ്ഗത്തിനായി തൊഴിലെടുക്കാൻ സഹായകകരമായ രീതിയിലുള്ള ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങളാണ് തടവുകാരുടെ ക്ഷേമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

തടവുകാർക്കിടയിൽ അന്തസ്സ് വളർത്തിയെടുക്കുകയും അതുവഴി അവരെ ഒരു നല്ല പൗരനായി സമൂഹത്തിലേക്ക് അയക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

### ജയിൽ വകുപ്പ് മുഖേന നൽകുന്ന സേവനങ്ങൾ

നിലവിലുള്ള നിയമ പ്രകാരം തടവുകാരുടെ ചുവടെ പറയുന്ന അവകാശങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട സേവനങ്ങളാണ് ജയിൽ വകുപ്പ് നടപ്പിലാക്കി വരുന്നത്.

- മാന്യതയുള്ള മനുഷ്യരായി ജീവിക്കുക.
- മതിയായ ആഹാര ക്രമം, ആരോഗ്യവും രോഗ ചികിത്സയും, വൃത്തിയുള്ള ജീവിത സാഹചര്യങ്ങൾ, വസ്ത്രം.
- കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, നിയമോപദേശകർ, മറ്റു വ്യക്തികൾ എന്നിവരുമായി ആശയവിനിമയം.
- നിയമ സഹായവും നിയമ സേവനവും സാധ്യമാക്കൽ.
- നിയമ ലംഘനം നടത്തുന്നതിനെതിരെയോ, നിയമ വിരുദ്ധമായ കടന്നാക്രമണത്തിനെതിരെയും ഉള്ള സംരക്ഷണം.
- അകാരണമായുള്ള വിവേചനം തടയുക.
- നിയമ പ്രകാരമല്ലാതെയുള്ള ശിക്ഷാ നടപടികളിൽനിന്നും ദ്രോഹ നടപടികളിൽ നിന്നും സംരക്ഷണം നൽകലും ഇത്തരം അവസരങ്ങളെ തടയുകയും ചെയ്യൽ.
- മതപരമായ വിശ്വാസം തുടരൽ.
- നിയമ പ്രകാരമല്ലാത്ത തൊഴിൽ, നിശ്ചിത സമയത്തിൽ കൂടുതൽ തൊഴിലെടുപ്പിക്കൽ, നിശ്ചിത നിരക്ക് പ്രകാരം കൂലി നൽകാതിരിക്കൽ എന്നിവയിൽ നിന്നും സംരക്ഷണം.
- ഇന്ത്യൻ ഭരണ ഘടന 3-ം അദ്ധ്യായപ്രകാരമുള്ള അവകാശങ്ങളുടെ ആസ്വാദനം എന്നത് കുറ്റവാളിയാക്കപ്പെട്ടതിനാലും തടവുശിക്ഷയനുഭവിച്ചതിനാലും അവകാശങ്ങളുടെ ആസ്വാദനത്തിന് കഴിവില്ലാത്തവരാകാതിരിക്കാനും.
- സമൂഹത്തിനാവശ്യമായ തൊഴിൽ മേഖലയിൽ ഫലപ്രദമായ പരിശീലനം നൽകൽ.
- നിശ്ചിത തീയതിയിൽ വിടുതൽ ചെയ്യൽ.

### 6. നിയമപരമായ ചട്ടക്കൂട്

പ്രൊബേഷൻ സമ്പ്രദായത്തിന്റെ നിയമപരവും നിയന്ത്രണപരവുമായ ചട്ടക്കൂട് 1958-ലെ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് 1961-ലെ കേരള ബോർസ്റ്റൽ സ്കൂൾ ആക്ട്, 1960-ലെ കേരള പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് റൂൾസ് എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇതുവരെ പ്രൊബേഷൻ സംസ്ഥാന നയങ്ങൾ ഇല്ലാത്തതിനാൽ മുൻകാലത്ത് നിയന്ത്രിച്ചിരുന്ന ജയിൽ വകുപ്പിന്റെ സമീപനത്തെ അടിസ്ഥാനമാക്കിയാണ് നിയമ നിയന്ത്രണ ചട്ടക്കൂട് നടപ്പാക്കിവരുന്നത്. പ്രൊബേഷൻ എന്നത് തിരുത്തലുകളും നിയന്ത്രണങ്ങളുമെന്ന സമീപനം മാത്രമല്ല ക്ഷേമകരവും സംരക്ഷണ പ്രവർത്തനങ്ങളും കൂടിയാണെന്ന് ബോധ്യമായപ്പോൾ പ്രൊബേഷന്റെ ഉത്തരവാദിത്വം സാമൂഹ്യ നീതി വകുപ്പിലേക്ക് കൈമാറ്റം ചെയ്തു. പ്രൊബേഷൻ നിയമ നിയന്ത്രണ ചട്ടക്കൂട് സംബന്ധിച്ച സംസ്ഥാന നയത്തിന്റെ ഒരു കരട് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

### 7. കേരള പ്രിസൺസും കറക്ഷണൽ സർവ്വീസസും (മാനേജ്മെന്റ്) നിയമം, 2010.

തടവുകാരുടെ ഭദ്രമായ സൂക്ഷിപ്പ്, തെറ്റുതിരുത്തൽ, ഗുണകരമായ മാറ്റം ഉണ്ടാക്കൽ, ക്ഷേമവും പുനരധിവാസവും പ്രിസണുകളുടെയും കറക്ഷണൽ സർവ്വീസുകളുടെയും പരിപാലനം, ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ എന്നിവ ഈ നിയമം പ്രദാനം ചെയ്യുന്നു. 8. കേരള ബോർസ്റ്റൽ സ്കൂൾ നിയമം, 1961 കൗമാരപ്രായക്കാരായ കുറ്റവാളികളെ തടവിൽ വയ്ക്കുന്നതിനും തെറ്റു തിരുത്തുന്നതിനുമായുള്ള ബോർസ്റ്റൽ സ്കൂളുകൾ സ്ഥാപിക്കലും ക്രമീകരിക്കലും അനുവദിക്കുന്നതു സംബന്ധിച്ച നിയമമാണിത്. കൗമാരപ്രായക്കാരായ കുറ്റവാളികളിൽ തെറ്റു തിരുത്തൽ നടപടി നടപ്പാക്കാനുള്ള സ്ഥാപനമാണ് ബോർസ്റ്റൽ സ്കൂൾ. കുറ്റം ചുമത്തപ്പെട്ടവരെ ഇവിടെ തടവിൽ വയ്ക്കുകയും വ്യവസായപരവും കാർഷികപരവുമായ പരിശീലനവും മറ്റു നിർദ്ദേശങ്ങളും നൽകുകയും ചെയ്യുന്നു. ശിക്ഷണപരമായ സ്വാധീനവും കുറ്റവാളികളിൽ ഗുണകരമായ മാറ്റം ഉണ്ടാക്കുന്നതിനും കുറ്റകൃത്യത്തെ തടയുന്നതിനും കഴിയുന്നു. 18-21 വയസ്സു വരെയുള്ള കൗമാരപ്രായക്കാരായ കുറ്റവാളികളെ പാർപ്പിക്കുന്നതിനും മെച്ചപ്പെട്ട പുനരധിവാസത്തിനും ഗുണപരമായ സ്വഭാവ രൂപീകരണത്തിനുമായുള്ള സ്ഥാപനമാണ് ബോർസ്റ്റൽ സ്കൂൾ.

## 9. പ്രൊബേഷൻ

ആഗോള തലത്തിൽ സ്വീകാര്യമായുള്ളതും, ഫലപ്രദമായി പരീക്ഷിച്ചിട്ടുള്ളതും വ്യാപകമായി പരിശീലിപ്പിക്കുകയും ചെയ്തിട്ടുള്ള സ്ഥാപനേതര രീതിയാണ് പ്രൊബേഷൻ. തെരെഞ്ഞെടുക്കപ്പെട്ട കുറ്റവാളികളെ ജയിലുകളിലടയ്ക്കാതെ പ്രത്യേകിച്ചും പ്രായം കുറഞ്ഞവർ/ആദ്യമായി കുറ്റവാളികളായവർ എന്നിവരെ പരിചരിക്കാനും പുനരധിവസിപ്പിക്കാനുമായി നീതിന്യായവകുപ്പിന്റെ വിവേചനാധികാരം വിനിയോഗിച്ച് വിട്ടുതൽ ചെയ്യുന്ന രീതിയാണിത്. തടവുകാരെ സമൂഹത്തിൽ പുനരധിവസിപ്പിക്കുന്നതിനു സഹായകരമായി വിഭാവനം ചെയ്തിട്ടുള്ള സ്ഥാപനേതരമായ ഈ രീതി ജയിലിലടയ്ക്കുന്നതിനുപകരമായുള്ള സംവിധാനമാണ്. പ്രത്യേകമായി തെരെഞ്ഞെടുക്കപ്പെട്ടതും ശിക്ഷയിൽ ഉപാധികളോടെ വിലക്ക് ലഭിച്ചവരുമായ തടവുകാരെ പ്രൊബേഷൻ ഓഫീസർമാരുടെ വ്യക്തിപരമായ നിരീക്ഷണത്തിലൂടെയും പരിചരണത്തിലൂടെയും കൈകാര്യം ചെയ്യുന്ന പ്രവർത്തനമാണ് പ്രൊബേഷൻ. പ്രൊബേഷൻ കാലയളവിൽ കുറ്റവാളികൾ ചട്ടങ്ങളും നിയന്ത്രണങ്ങളും അനുസരിക്കുന്നത് ഉറപ്പുവരുത്തുന്നതിനായും മറ്റും വിവിധ തരത്തിലുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിനും പ്രൊബേഷൻ ഓഫീസർമാർ കുറ്റവാളികളുമായി ഇടപെടുന്നു. സമൂഹത്തിൽ കുറ്റവാളികളെ പുനഃസ്ഥാപിക്കുകയെന്നതാണ് പ്രൊബേഷന്റെ ആത്യന്തികമായ ലക്ഷ്യം. കുറ്റവാളികളിൽ ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള സഹജ വാസന കുറക്കുവാനും ഇതു വഴി സഹായകരമാകുന്നു. ജയിലുകളുടെ തിരക്ക് കുറയ്ക്കുന്നതിനും അതുവഴി തിരഞ്ഞെടുത്ത കുറ്റവാളികളുമായി ഇടപഴകുന്നതിനുള്ള ചിലവ് കുറയ്ക്കുന്നതിനും സഹായകമാവുന്നു.

## 10. കേരള പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ചട്ടങ്ങൾ, 1960

1958–ലെ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ടിന്റെ തുടർച്ചയായി ആക്ടിൽ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരങ്ങൾ പ്രാവർത്തികമാക്കുന്നതിന് 1960–ൽ കേരള ചട്ടങ്ങൾ നിലവിൽ വന്നു. സംസ്ഥാനത്ത് സ്ഥാപനപരമായ ക്രമീകരണങ്ങൾക്കും നിർവ്വഹണ ചട്ടക്കൂടുകൾക്കുമുള്ള വ്യവസ്ഥ പ്രസ്തുത ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

## 11. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ

നൂതന രീതികൾക്കനുസൃതമായി തിരുത്തൽ സമ്പ്രദായം പ്രവർത്തന തലത്തിൽ കൊണ്ടുവരുന്നതിന് മുൻഗണന നൽകികൊണ്ട് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള സ്ഥാപനമാണ് ഇത്. തിരുവനന്തപുരം പൂജപ്പുരയിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്.

## തടവുകാർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ

## 12. ജയിലുകളുടെ നവീകരണം

തടവുകാർക്ക് മെച്ചപ്പെട്ട അന്തരീക്ഷം നൽകുന്നതിന്റെ ഭാഗമായി വിവിധ ആധുനികവൽക്കരണ പരിപാടികൾ ഈ പദ്ധതിപ്രകാരം നടപ്പാക്കി വരുന്നു. ജയിലുകൾ, സബ് ജയിലുകൾ, അടുക്കള വിഭാഗം, തയ്യൽ വിഭാഗം, കാന്റീൻ കെട്ടിടം, മറ്റു അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ എന്നിവ ജയിൽ വികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പ്രവർത്തികളാണ്.

## 13.തടവുകാരുടെ ക്ഷേമം

ഈ പദ്ധതി തടവുകാരുടെ അടിസ്ഥാന വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ, വിഭാവനം ചെയ്യുന്നു. ജയിലിന്റെ സുരക്ഷ വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ, ജയിൽ ക്ഷേമദിനം സംഘടിപ്പിക്കൽ, റീ ഓറിയന്റേഷൻ കോഴ്സ്, സംസ്ഥാനതല സെമിനാറുകൾ, തുടർ വിദ്യാഭ്യാസ പരിപാടി/യോഗ ക്ലാസ്, സിസിടിവി സംവിധാനം, പശു, ആട് വളർത്തൽ ഫാമുകൾ എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. നൈപുണ്യ വികസനത്തെ കേന്ദ്രീകരിച്ച് തൊഴിൽ പരിശീലനം നൽകുന്നതിനും മുൻഗണന നൽകിവരുന്നു.

## 14. അനന്തര ശുശ്രൂഷ, തുടർ സേവനങ്ങൾ, ഇരകളുടെ പുനരധിവാസം

തടവുകാരുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലും അവരിൽ ഗുണകരമായ മാറ്റം ഉണ്ടാക്കുന്നതിനുമായി കാലാവധി പൂർത്തിയാക്കാതെ തന്നെ അവരെ മോചിപ്പിക്കുന്നത് സർക്കാർ നയമാണ്. മുൻകാല കുറ്റവാളികൾ, ജാമ്യത്തിൽ കഴിയുന്നവർ, മുൻ തടവുകാർ, ദരിദ്രരായ കുറ്റവാളികളുടെ ആശ്രിതർ എന്നിവർക്കും ധന സഹായം നൽകൽ, ഗാർഹിക പീഡനത്തിനിരയായവർക്ക് കഴിവു വികസിപ്പിക്കുന്നതിനുള്ള പരിശീലനം, തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, പുനരധിവാസ പ്രവർത്തനം, സ്വയം തൊഴിൽ യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനോ പ്ലെയ്സ്മെന്റ് സൗകര്യത്തിന് വേണ്ടിയോ ധനസഹായം എന്നിവയും നടപ്പാക്കിവരുന്നു. ജയിൽ മോചിതരായവർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി സാമൂഹ്യ നീതി വകുപ്പ് 15,000 രൂപ നൽകി വരുന്നു. പദ്ധതിയുടെ

ഭാഗമായി ആശ്രിതരായ 25 തടവുകാർക്ക് സ്വയം തൊഴിൽ സഹായം നൽകി. 1087 വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും 'നേര്വഴി' പദ്ധതി പ്രയോജനപ്പെടുത്തി. മാനസിക ആരോഗ്യം കുറവുള്ള 6 തടവുകാരെ എൻ.ജി.ഒ കൾ വഴി പുനരധിവസിപ്പിക്കുകയും 750 കോടതി ഉദ്യോഗസ്ഥർക്ക് 2019–20 ൽ പരിശീലനം നൽകുകയും ചെയ്തു.

## 15. തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

ഒരു വ്യക്തി ഒരു തവണ ജയിലിലടയ്ക്കപ്പെട്ടാൽ അദ്ദേഹത്തിന്റെ കുടുംബമാണ് ഏറ്റവും കൂടുതൽ പ്രയാസം നേരിടുന്നത്. സാമ്പത്തികത്തിന്റെ അഭാവം മൂലം അവരുടെ കുട്ടികൾക്ക് വളരെ ചെറിയ പ്രായത്തിൽതന്നെ വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നു. പിന്നീട് ഇതിന് ഹാനികരമായ പ്രത്യാഘാതങ്ങളുണ്ടായേക്കാം. ഇതിനാൽ സർക്കാർ ഇത്തരം വ്യക്തികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി ടി. പദ്ധതി ആരംഭിച്ചു. ഇതിൻ പ്രകാരം 1–ാം ക്ലാസുമുതൽ 5–ാം ക്ലാസുവരെയുള്ള കുട്ടികൾക്ക് പ്രതിമാസം 300 രൂപയും (10 മാസത്തേക്ക് ), 6–ാം ക്ലാസ്സ് മുതൽ 10–ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് 500 രൂപയും +1, +2 കുട്ടികൾക്ക് 750 രൂപയും ഡിഗ്രി/ പ്രൊഫഷണൽ കോഴ്സ് ചെയ്യുന്ന കുട്ടികൾക്ക് 1,000 രൂപയും സഹായം നൽകുന്നു. 2019–20–ൽ 201 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകി.

## പ്രധാന നേട്ടങ്ങൾ 2019–20

• വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കൽ: കോടതികളിൽ റിമാൻഡ് തടവുകാരുടെ ഹാജരാക്കലും, എസ്കോർട്ടുകളും/സുരക്ഷയും നൽകുന്നതുമായി ബന്ധപ്പെട്ട ചെലവ് ഈ പദ്ധതി വഴി കുറയ്ക്കാൻ സാധിക്കുന്നു. 470 സ്ഥലങ്ങളിലെ കോടതികളേയും ജയിലുകളേയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് അനുമതി നൽകി (കോടതികളിലെ 383 സ്റ്റുഡിയോകളും 53 ജയിലുകളിൽ 87 സ്റ്റുഡിയോകളും). കോടതികളുടേയും ജയിലുകളുടേയും 324 സ്ഥലങ്ങളിൽ ഇതുവരെ വീഡിയോ കോൺഫറൻസിംഗ് സൗകര്യം സ്ഥാപിച്ചു.

- കോവിഡ്–19 മഹാമാരിയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത പ്രവർത്തനങ്ങൾ : കോവിഡ്–19 നെതിരെയുള്ള പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 14 സി.എഫ്.എൽ.ടി കേന്ദ്രങ്ങൾ ആരംഭിച്ചു. കോടതികളിൽ നിന്ന് റിമാൻഡ് ചെയ്യപ്പെടുന്ന തടവുകാരെ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ഈ കേന്ദ്രങ്ങളിൽ പാർപ്പിക്കും. കുറഞ്ഞ ചെലവിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ജയിലുകളിൽ മാസ്കും സാനിറ്റൈസറും നിർമ്മിച്ച് കോവിഡ്–19 മഹാമാരി തടയുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പ് വിപുലീകരിച്ചു. 15 ലക്ഷത്തിലധികം മാസ്കുകളും 15,000 ലിറ്റർ സാനിറ്റൈസറുകളും വിതരണത്തിനായി ഇതുവരെ നിർമ്മിച്ചിട്ടുണ്ട്.
- തടവുകാരുടെ തൊഴിൽ പരമായ അറിവും കഴിവും കൂടാതെ അതിനോടുള്ള ഇച്ഛാശക്തി ബലപ്പെടുത്തുന്നതിനും പരിശീലിപ്പിക്കുന്നതിനും വേണ്ടി വിവിധ തൊഴിൽ പരിശീലന പരിപാടികൾ നടത്തി. ജയിലുകളിൽ ശിക്ഷിക്കപ്പെടുന്ന കാലയളവിൽ തടവുകാർക്ക് ഫലപ്രദമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ജയിലുകളിൽ നിന്ന് മോചിപ്പിക്കപ്പെട്ട ശേഷം ഒരു തൊഴിൽ പിന്തുടരാനും അതോടൊപ്പം ഉപജീവനമാർഗ്ഗം നേടാനും ഇത് സഹായിക്കുന്നു. ബ്യൂട്ടീഷൻ കോഴ്സ്, ഡ്രൈവിംഗ്, ടൈലറിംഗ്, ഫാഷൻ ഡിസൈനിംഗ്, ഇലക്ട്രിക്കൽ ഹാർഡ് വെയർ, കെട്ടിട നിർമ്മാണം, ഭക്ഷ്യസംസ്കരണം, ബേക്കറി ഭക്ഷ്യ നിർമ്മാണം, പ്ലംബിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ഓർഗാനിക് ഫാമിംഗ്, കംപ്യൂട്ടർ ഹാർഡ് വെയർ, അസംബ്ലിംഗ്, ലിഫ്റ്റ് ഓപ്പറേഷൻ തുടങ്ങിയ മേഖലകളിലാണ് പരിശീലനം നൽകുന്നത്.
- പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിന് കീഴിൽ നിർമ്മിച്ച മൂന്ന് പുതിയ ജയിലുകൾ പ്രവർത്തനം ആരംഭിച്ചു. ഹൈ സെക്യൂരിറ്റി ജയിൽ, ജില്ലാ ജയിൽ പാലക്കാട്, പ്രത്യേക സബ്ജയിൽ ഇരിഞ്ഞാലക്കുട എന്നിവയാണ് പുതിയ ജയിലുകൾ.
- സെൻട്രൽ ജയിലുകളായ തിരുവനന്തപുരം, വിയ്യൂർ എന്നിവിടങ്ങളിൽ "സ്വിഗ്ഗി", "ഊബർ" എന്നിവയുമായി ചേർന്ന് ഭക്ഷ്യവസ്തുക്കളുടെ ഓൺലൈൻ വിതരണം ആരംഭിച്ചു.
- സംസ്ഥാന സാക്ഷരത മിഷന്റെ സഹായത്തോടെ തടവുകാർക്ക് സംപൂർണ്ണ സാക്ഷരത കൈവരിക്കാനായി വകുപ്പ് 'ജയിൽ ജ്യോതി' എന്ന ദൗത്യം ആരംഭിക്കുകയും തടവുകാർക്ക് തുടർ വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും സൗകര്യങ്ങൾ നൽകുകയും ചെയ്തു.
- കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ഏജൻസിയുടെ സാമ്പത്തിക, സാങ്കേതിക സഹായത്തോടെ ഓപ്പൺ ജയിൽ നെറ്റുകൽത്തേരിയിലും ഒരു മാതൃക കശുവണ്ടി ഉദ്യാനം സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചു.
- വിവിധ ജയിലുകളിൽ 'മിയാവാക്കി' മാതൃക വനങ്ങൾ സജ്ജീകരിക്കുന്നു.
- തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിൽ ആർ.ഒ. പ്ലാന്റും പവർ ലോൺഡ്രി സംവിധാനവും സ്ഥാപിച്ചു.
- ജയിലിലെ തടവുകാരുടെ അവകാശങ്ങളും ചുമതലകളും സംബന്ധിച്ച് ഹാൻഡ് ബുക്ക് വിതരണം ചെയ്യുകയും ന്യൂസ് ലെറ്റർ പ്രസിദ്ധീകരിക്കാൻ ആരംഭിക്കുകയും ചെയ്തു.

**ബോക്സ് 5.5.3** ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ജയിലുകളിലെ വിപണനകേന്ദ്രങ്ങൾ

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ജയിലുകളിൽ ഔട്ട്‌ലെറ്റ് സ്ഥാപിക്കുന്നു. ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ 4 പെട്രോളിയം ഔട്ട് ലെറ്റുകൾ സെൻട്രൽ ജയിൽ, തിരുവനന്തപുരം/വീയ്യൂർ/കണ്ണൂർ, ഓപ്പൺ ജയിൽ, ചീമേനി എന്നിവിടങ്ങളിൽ ആരംഭിച്ചു. ഫ്രീഡം ഇന്ധന നിറയ്ക്കൽ സ്റ്റേഷൻ എന്നാണ് ഇന്ധന സ്റ്റേഷനുകളുടെ പേര്. 4 ഇന്ധന സ്റ്റേഷനുകളിൽ 65 ഓളം തടവുകാരാണ് ജോലി ചെയ്യുന്നത്. ഈ ഔട്ട് ലെറ്റുകളുടെ ഏറ്റവും സവിശേഷമായ പ്രത്യേകത ഉപഭോക്താക്കളെ സേവിക്കുന്നതിനായി ഗുണകരമായ മാറ്റം ഉള്ള ജയിൽ തടവുകാരെ നിയമിക്കുന്നു എന്നതാണ്. ഇത് തടവുകാരുടെ തിരുത്തലിനും, പുനരധിവാസത്തിനും ഫലപ്രദവും ഭാവിക്ക് ഉതകുന്നതുമാണ് ജയിലിലെ തടവുകാരെ മോചിപ്പിക്കുമ്പോൾ വീണ്ടും ജോലി ചെയ്യുന്നതിന് സജ്ജരാക്കുന്നതിനൊപ്പം അവരുടെ സ്വയ മൂല്യവും മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുന്നു.

## 5.6 ജനങ്ങളിലേക്ക്

സർക്കാരിന്റെ നയങ്ങൾ, പരിപാടികൾ, പദ്ധതികൾ, സംരംഭങ്ങൾ, നേട്ടങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളിലെത്തിക്കുന്നതിനുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പാണ് . സംസ്ഥാന സർക്കാരിന്റെയും പൌരന്മാരുടെയുമിടയിൽ സുഗമമായ ആശയവിനിമയം നില നിർത്താനായി പൊതു അഭിപ്രായങ്ങളിലെ പ്രതികരണങ്ങൾ സർക്കാരിന് ലഭ്യമാക്കുന്നത് വകുപ്പാണ്.

കാലത്തിന്റെ മാറ്റത്തിനനുസൃതമായി പുതിയ സമീപനങ്ങളും പൊതുജന സമ്പർക്ക രീതിയിലുള്ള ഇടപെടലുകളും വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സമൂഹ മാധ്യമത്തിലെയും മൊബൈൽ ജേർണലിസത്തിലെയും സംരഭങ്ങൾ ഇതിൽ ചിലതാണ്. ലക്ഷ്യം വച്ച പ്രേക്ഷകരിലേക്ക് എത്താൻ മൊബൈൽ ആപ്പുകൾ ഉപയോഗിച്ചും സമൂഹ മാധ്യമങ്ങളും ഡിജിറ്റൽ മീഡിയയും വഴി ഫലപ്രദമായ പ്രചരണം നടത്തിയും വലിയൊരു വിഭാഗം പ്രേക്ഷകരിലെത്തുമെന്നതും സമ്പർക്കപരിപാടിയും വർദ്ധിപ്പിക്കുന്നതും ഉറപ്പാക്കിയിട്ടുണ്ട്. ക്രിയാത്മകമായി വ്യത്യസ്തമായ ഓണ്ലൈൻ കാമ്പയിനുകൾ വകുപ്പിന്റെ മൊത്തത്തിലുള്ള പൊതുജന സമ്പർക്കത്തിനും വിവര വ്യാപന പ്രവർത്തനങ്ങൾക്കും പ്രചോദനമായിട്ടുണ്ട്.

ഏറ്റവും മികച്ച പൊതു വിനിമയ ഉപാധികളും വിവര വിനിമയ ശൃംഖലയും പ്ലാറ്റ്ഫോമുകളും ഉപയോഗിച്ചു കൊണ്ട് പ്രളയവും ഇപ്പോഴത്തെ കോവിഡ് പകർച്ചവ്യാധിയും ഉൾപ്പെടെയുള്ള പ്രതിസന്ധി ഘട്ടത്തിൽ വിവര വിനിമയത്തിനായി ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് ഒരു പ്രധാന പങ്ക് വഹിച്ചു. സമയ ബന്ധിതമായ ഇടപെടലുകളിലൂടെയും തൽസമയ പ്രേക്ഷക പങ്കാളിത്തത്തിലൂടെയും വകുപ്പ് സമൂഹ മാധ്യമ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി. പരമ്പരാഗത സമീപന മാർഗ്ഗമായ ഔട്ട് ഡോർ കാമ്പയിനുകൾ, സംസ്ഥാന വ്യാപകമായി സർക്കാർ ഉടമസ്ഥതയിലുള്ള ഹോർഡിങ്ങുകളുടെ ശൃംഖല ആരംഭിക്കുന്നതിനു സാക്ഷ്യം വഹിച്ചു.

2019 –20 ലെ വകുപ്പിന്റെ പ്രധാന നേട്ടങ്ങളുടെ വിശദാംശങ്ങൾ ചുവടെ സംഗ്രഹിക്കുന്നു

### പ്രധാന നേട്ടങ്ങൾ

1. ഔട്ട് ഡോർ പബ്ലിസിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം,, കോഴിക്കോട് കണ്ണൂർ എന്നീ ജില്ലകളിൽ 37 സ്വന്തം ഹോർഡിങ്ങുകൾ വകുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ഹോർഡിങ്ങുകളിൽ ലോക കേരള സഭ, ലൈഫ് മിഷൻ പദ്ധതികളെക്കുറിച്ചുള്ള പരസ്യങ്ങൾ നൽകി. ഗാന്ധി ജയന്തി, വായനാദിനാചരണം, ഔദ്യോഗിക ഭാഷയായ മലയാളം വാരാചരണം എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം പരിപാടികൾ സംഘടിപ്പിച്ചു .
2. വാർത്താ സൗകര്യ വിഭാഗത്തിന് കീഴിൽ പ്രത്യേക ന്യൂസ് ഡസ്ക് രൂപീകരിക്കുകയും 2019 ലെ പ്രളയകാലത്തും കേരളത്തിന്റെ പുനർ നിർമ്മാണ സംരംഭങ്ങൾക്കും വിവിധ ഭാഷയിലുള്ള പത്രക്കുറിപ്പ് നൽകുകയും ചെയ്തു. 4800 –ൽ അധികം പത്രക്കുറിപ്പുകളും 1500 വാർത്തകളും ഈ –മെയിൽ, വാട്ട്സ്ആപ് വഴി മാധ്യമങ്ങൾക്ക് നൽകി .
3. മാർച്ചിൽ 2020 വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ ഓൺലൈൻ വിഭാഗം ഏറ്റെടുത്ത പ്രവർത്തന ങ്ങൾ:
(i)പുഷ് എസ്.എം. എസ് ന്റെ ഭാഗമായി 'കോവിഡ്–19' 'ബ്രേക്ക് ദ ചെയിൻ' ക്യാമ്പയിനിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ജി GoK– ഡയറക്റ്റ് മൊബൈൽ ആപ്ളിക്കേഷൻ (10 ലക്ഷത്തിലധികം ഡൗൺലോഡുകൾ) അവതരിപ്പിച്ചു
(ii) ഉപഭോക്താക്കളുടെ വർധനവിൽ ഉണ്ടാകുന്ന തടസങ്ങൾ ഒഴിവാക്കാൻ ഓട്ടോ സ്കെയിലിംഗ് സാങ്കേതിക വിദ്യ (ഒരു സർക്കാർ ഏജൻസി

ആദ്യമായി ഉപയോഗിച്ച് ) 41 ലക്ഷം ആളുകളിൽ എത്തിക്കുകയും പി.ആർ.ഡി ലൈവ് വഴി എസ്. എസ്.എൽ. സി, പ്ലസ് ടു പരീക്ഷാ ഫലങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു

(iii) സർക്കാരിന്റെ പ്രവർത്തനത്തെയും പൊതുജീവിതത്തെയും ബാധിക്കുന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രത്യേക്ഷപ്പെടുന്ന വ്യാജ വാർത്തകളും സന്ദേശങ്ങളും തിരിച്ചറിയുന്നതിന് ഒരു വസ്തുതാ പരിശോധന വിഭാഗം (ഐ &പി ആർ ഡി ഫാക്ട് ചെക്ക് കേരളാ) ആരംഭിച്ചു

(iv) സർക്കുലറുകൾ, അറിയിപ്പുകൾ, ടെൻഡറുകൾ, സർക്കാർ റിപ്പോർട്ടുകൾ, സർക്കാർ നയങ്ങൾ, വാർത്തകൾ, ക്യാബിനറ്റ് ഓർഡറുകൾ, വീഡിയോകൾ, ചിത്രങ്ങൾ, ബാനറുകൾ, എന്നിവ ഉൾപ്പെടെ 20,000 ഡോകുമെന്റുകൾ സർക്കാരിന്റെ പോർട്ടലിലും www.kerala.gov.in യിൽ അപ്‌ലോഡ് ചെയ്തു

4. വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ കേന്ദ്ര വാർത്താ വിഭാഗം ക്ലിപ് മെയിൽ എന്ന ഓൺലൈൻ സംവിധാനത്തിലൂടെയാണ് വാർത്താകുറിപ്പുകൾ ടെലിവിഷൻ ചാനലിന് ലഭ്യമാക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ ഡിവിഷനിൽ നിന്ന് 10,589 വാർത്താശകലങ്ങൾ പുറത്തിറക്കി. അതിന്റെ ഫലമായി ദേശിയ–മേഖലാ വാർത്താ ചാനലുകൾ 25,942 ഡൗൺലോഡുകൾ നടത്തി.
5. പി.ആർ.ഡി യുടെ ഓഡിയോ വിഷ്വൽ ഡോക്യുമെന്റെഷൻ വിഭാഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിക്കുന്ന സർക്കാരിന്റെ പ്രധാന പ്രതിവാര സംവേദനാത്മക ടെലിവിഷൻ പരിപാടിയായ 'നാം മുന്നോട്ട്' ദൂരദർശൻ ഉൾപ്പെടെ 14 ചാനലുകളുടേയും യൂട്യൂബ് ചാനലുകളിലൂടെയും 52 എപ്പിസോഡുകൾ നിർമ്മിക്കുകയും സംപ്രേഷണം ചെയ്യുകയും ചെയ്തു. 'പ്രിയ കേരളം' (ന്യൂസ് റൗണ്ട് –അപ്പ് ), 'നവകേരളം' (വികസനം–അടിസ്ഥാനമാക്കിയത് )എന്നീ പ്രതിവാര ടെലിവിഷൻ പരിപാടികളുടെ 52 ഓളം പരമ്പരകളും സംപ്രേഷകണം ചെയ്തു.
6. ഫോട്ടോഗ്രാഫി വിഭാഗം 2018 ലെ സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡ് സംഘടിപ്പിച്ചു. 1,175 പരിപാടികളും 5,107 മാധ്യമങ്ങൾക്ക് വേണ്ടിയുള്ള ചിത്രങ്ങളും 1,02,509 ഡോകുമെന്റ് റെശനാവശ്യമായ ചിത്രങ്ങളും ഉൾപ്പെടുത്തി സംസ്ഥാന ഫോട്ടോഗ്രാഫി പുരസ്കാരം സംഘടിപ്പിച്ചു.
7. സംസ്ഥാന സർക്കാരിന്റെ വിവിധ കാഴ്ചപ്പാടുകളുമായി ബന്ധപ്പെട്ട് 25 ൽ അധികം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരണ വിഭാഗം പുറത്തിറക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 'സ്കൂൾ വിദ്യാർത്ഥികൾക്കുള്ള കത്തിന്റെ' 42.5 ലക്ഷം പകർപ്പുകൾ, വായനാ പക്ഷാചരണത്തിൽ 25,000 ചുവർ പരസ്യങ്ങൾ, ജനകീയം അതിജീവനത്തിന്റെ 20,000 ലഘുലേഖകൾ, ഒരാഴ്ച നീണ്ട ഓണാഘോഷവുമായി ബന്ധപ്പെട്ട 50,000 ലഘുലേഖകളും പ്രകാശനം ചെയ്തു.

## 2019–20 കാലയളവിൽ വകുപ്പ് വിവിധ ഡിവിഷനുകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

1. പരിശീലനം, ശേഷി വർധിപ്പിക്കൽ എന്നിവയുടെ ഭാഗമായി വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ രണ്ട് സംഘം ഉദ്യോഗസ്ഥർ കോഴിക്കോട് ഐ .ഐ .എമ്മിൽ നിന്നും ഡാറ്റാ ജേർണലിസത്തിൽ പരിശീലനം നേടി.
2. കാസർഗോഡ്, ഇടുക്കി ,പത്തനംതിട്ട, കണ്ണൂർ എന്നിവിടങ്ങളിലെ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി .
3. ഐ .ടി സേവനങ്ങൾക്കു കീഴിൽ എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർക്കും ബി.എസ്. എൻ.എൽ ബ്രോഡ്ബാൻഡ് (എഫ്.ടി.ടി.എച്ച് ) കണക്റ്റിവിറ്റിക്കും, ഓഫീസ് ആസ്ഥാനത്ത് പാട്ടം കരാർ വ്യവസ്ഥയിൽ കണക്ഷനും നൽകി
4. പബ്ലിക് റിലേഷൻസ് ഇൻഫർമേഷൻ സർവീസ് മാനേജ്മന്റ് (പ്രിസം) ഭാഗമായി ഇൻഫർമേഷൻ അസിസ്റ്റന്റ്മാർ, സബ്–എഡിറ്റർമാർ, കണ്ടന്റ് ഡെവലപ്പർ എന്നിവരെ ഉൾപ്പെടുത്തി പുതിയ പാനൽ രൂപീകരിക്കുകയും മൊബൈൽ ജേർണലിസത്തിൽ പരിശീലനം നൽകുകയും ചെയ്തു

പബ്ലിക് റിലേഷൻസ് വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ ചുവടെ വിശദമാക്കിയിരിക്കുന്നു.

### വിഷ്വൽമീഡിയ

വാർത്താവിഭാഗം, പ്രോഗ്രാംപ്രൊഡക്ഷൻ, ആഡിയോ വീഡിയോ ഡോക്യുമെന്റേഷൻ, ഇലക്ട്രോണിക് മീ ഡിയമാർക്കറ്റിംഗ് എന്നിവ വിഷ്വൽമീഡിയയിൽ ഉൾപ്പെടുന്നു. ടെലിവിഷൻചാനലുകൾക്ക് വാർത്തകളുടെ വീഡിയോ ക്ലിപ്പിംഗുകൾനൽകൽ, സോഷ്യൽമീഡിയ, പരസ്യങ്ങളുടെ നിർമ്മാണവും വിതരണവും (ഓഡിയോ ആൻഡ് വീഡിയോ), ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളുടെനിർമ്മാണവും, ഡോക്യുമെന്റേഷനും, ചരിത്രരേഖാശേഖരണവും, ബഹു. മുഖ്യമിന്ത്രയുടെ പ്രതിവാര ദൂരദർശൻ പരിപാടിയായ 'നാംമുന്നോട്ട്' (ദൂരദർശനിലും 13 സ്വകാര്യചാനലിലും സംപ്രേക്ഷണം) നിർമ്മാണം, എന്നിവ ഈ ഡിവിഷൻ മുഖേനയാണ്നടക്കുന്നത്. പ്രതിവാരദൂരദർശൻ, റേഡിയോപരിപാടികളുടെ നിർമ്മാണപ്രക്ഷേപണ പ്രവർത്തനങ്ങളും ഈ ഡിവിഷൻനടപ്പാക്കുന്ന ഏഷ്യാനെറ്റിലെ നവകേരളവും (വികസനവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി), ദൂരദർശനിലെ പ്രിയകേരളം(ന്യൂസ് റൗണ്ട്അപ്പ് ) പരിപാടികളും

ഓൾ ഇന്ത്യ റേഡിയോ പരിപാടിയായ ജനപഥം (കേരളത്തിലെ എല്ലാ സ്റ്റേഷനിലും) പരിപാടിയും ഇതിൽ ഉൾപ്പെടുന്നു.

## വെബ് ആന്റ് ന്യൂമീഡിയ

സർക്കാർ വെബ് പോർട്ടലിന്റെ ഉള്ളടക്ക (www.kerala.gov.in) വിശദാംശങ്ങൾ കൈകാര്യം ചെയ്യുന്നത് ഈ വിഭാഗമാണ്. ടി ദ്വിഭാഷാ (ഇംഗ്ലീഷും മലയാളവും) പോർട്ടൽ മുഖേന ക്യാബിനറ്റ് അംഗങ്ങൾ, അവരുടെ ചുമതലപ്പെട്ട വിഷയങ്ങളും വിവിധ സർക്കാർ വകുപ്പുകളെയും, ഡയറക്ടറേറ്റുകളെയും, ബോർഡുകളെയും കമ്പനികളെയും ഇടപെടാനുള്ള വിശദാംശങ്ങളും ഉത്തരവാദിത്വങ്ങളും, സേവനങ്ങളും സംബന്ധിച്ച വിശദാംശങ്ങളും ഈ വിഭാഗമാണ് നൽകി വരുന്നത്. സർക്കാരിന്റെ 40–ൽ പരം സേവനങ്ങളുടെ ഗേറ്റ് വേ ആയി ഈ പോർട്ടൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക ഭൗമശാസ്ത്ര ജനസംഖ്യാപരമായ വിശദാംശങ്ങൾ താല്പര്യമുള്ളവർക്കായി ഒരു ഹാന്റി ഓൺലൈൻ റഫറൻസായി ഈ പോർട്ടൽ പ്രയോജനപ്പെടുന്നു (www.kerala.gov.in). ഡോക്യുമെന്ററികൾ, സർക്കാർ ഉത്തരവുകൾ, മന്ത്രിസഭാതീരുമാനങ്ങൾ, CMDRF ഉത്തരവുകൾ, നോട്ടിഫിക്കേഷനുകൾ, സർക്കുലറുകൾ, ആപ്ലിക്കേഷൻ ഫോമുകൾ, പോളിസി ഡോക്യുമെന്റുകൾ, പ്രസിദ്ധീകരണങ്ങൾ, നിയമങ്ങളും ചട്ടങ്ങളും റിപ്പോർട്ടുകളും ടെണ്ടറുകളും എന്നിവയെല്ലാത്തിന്റെയും ഒരു ശേഖരമാണ് www.kerala.gov.in വെബ് സൈറ്റ്. വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം പൊതുജനം വിലയിരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടുകൾ പൊതുജനങ്ങൾക്ക് പ്രാപ്തമാക്കുവാനും ഈ വിഭാഗം സഹായിക്കുന്നു. ദിനംതോറുമുള്ള സർക്കാർ പത്ര കുറിപ്പുകളും പ്രഖ്യാപനങ്ങളും ഈ പോർട്ടലിലെ ഭാഗമാണ്. വിവിധ സർക്കാർ പ്രസിദ്ധീകരണങ്ങളും ഈ പോർട്ടൽ മുഖേന ലഭ്യമാക്കുന്നു. എസ്.എസ്. എൽ.സി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി എന്നിവയുടെ പരീക്ഷാ ഫലം സർക്കാർ വെബ്പോർട്ടലിലൂടെയും വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെയും പ്രസിദ്ധീകരിക്കുന്നത് വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷനാണ്. വകുപ്പിന്റെ സോഷ്യൽ മീഡിയ അക്കൗണ്ടുകളായ ട്വിറ്റർ, ഫേസ്ബുക്ക്, യൂ ട്യൂബ് എന്നിവ കൈകാര്യം ചെയ്യുന്നത് പ്രസ്തുത വിഭാഗമാണ്.

## മീഡിയാ ബന്ധങ്ങൾ

സർക്കാരിന്റെ പ്രവർത്തനങ്ങളെ കുറിച്ചുള്ള വാർത്താ റിപ്പോർട്ടുകളും മറ്റു ഔദ്യോഗിക വിജ്ഞാപനങ്ങളും സ്ഥിരമായി വിതരണം ചെയ്യുന്നത് വകുപ്പിന്റെ പത്ര പ്രസ്താവന വിഭാഗമാണ്. പ്രസ് മീറ്റുകൾ നടത്തുക, റിപ്പോർട്ടിംഗ് സുഗമമാക്കുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങൾ മീഡിയാ റിപ്പോർട്ടർമാർക്ക് നൽകൽ എന്നിവയാണ് മീഡിയാ റിലേഷൻസ് വിഭാഗത്തിന് കീഴിൽ വരുന്ന പ്രധാന പ്രവർത്തനങ്ങൾ. വകുപ്പിലെ സൂക്ഷ്മ പരിശോധന വിഭാഗം സർക്കാരിന്റെ നയങ്ങൾ, പരിപാടികൾ, മറ്റു വിഷയങ്ങൾ എന്നിവ പത്ര ദൃശ്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരണത്തിനായി സൂക്ഷ്മ പരിശോധന ചെയ്യുന്നു.

## പ്രസിദ്ധീകരണങ്ങൾ

കോശഗ്രന്ഥം, മാഗസിനുകൾ, ന്യൂസ് ലെറ്ററുകൾ, ലഘുലേഖകൾ തുടങ്ങിയവ പ്രസിദ്ധീകരണ വിഭാഗത്തിന്റെ എഡിറ്റോറിയൽ വിഭാഗം ആണ് ചെയ്യുന്നത്. സർക്കുലേഷൻ വിഭാഗവും ഇതിൽ പെടുന്നു.

## പരസ്യങ്ങൾ

സർക്കാർ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ഔദ്യോഗിക ഏജൻസിയാണ് ഇൻഫർമേഷൻസ് ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് . വിവിധ വകുപ്പുതല പരസ്യങ്ങൾ മീഡിയയ്ക്ക് നൽകുകയും പരസ്യ ചെലവുകൾ വിതരണം ചെയ്യുകയും ചെയ്യുന്നത് പരസ്യ വിഭാഗമാണ്. പ്രിന്റ്/വിഷ്വൽ പരസ്യങ്ങളുടെ നിർമ്മാണവും ഈ വിഭാഗം ചെയ്തു വരുന്നു. പ്രിന്റ്, ഇലക്ട്രോണിക്, ഓൺ ലൈൻ മീഡിയ, മീഡിയ ലിസ്റ്റ് കൈകാര്യം ചെയ്യൽ എന്നിവയ്ക്കുള്ള സർക്കാർ നിരക്ക് നിശ്ചയിക്കലും ഈ വിഭാഗത്തിന്റെ ചുമതലയാണ്.

## ഔട്ട്ഡോർ പബ്ലിസിറ്റിയും സംസ്കാരവും

സർക്കാർ നയങ്ങളും സംരംഭങ്ങളും സംബന്ധിച്ച് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും സംസ്ഥാനത്തിനു പുറത്തും മതിയായ പ്രചരണം നടത്തുന്നതിനായി വിവിധ ബോധവത്ക്കരണ പരിപാടികളും പ്രചരണ പരിപാടികളും സംഘടിപ്പിക്കുന്നത് ഔട്ട് ടോർ പബ്ലിസിറ്റി വിഭാഗമാണ്. പ്രദർശനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, സാമൂഹ്യമാധ്യമം, മൾട്ടി മീഡിയ ക്യാമ്പയിൻ, കലാ സാംസ്കാരിക സ്വരൂപങ്ങളും ഇതിനായി ഉപയോഗിക്കുന്നു.

## ഗവേഷണവും നിർദ്ദേശവും

പ്രസ് ആന്റ് രജിസ്ട്രേഷൻ ഓഫ് ബുക്ക്സ് ആക്ട്– പി .ആർ. ബി ആക്ട് –ലെ നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുടെയും ആനുകാലികങ്ങളും സംബന്ധിച്ച രജിസ്റ്ററുകൾ ക്രമപ്രകാരം കൈകാര്യം ചെയ്യുന്നത് ഗവേഷണവും നിർദ്ദേശവും വിഭാഗമാണ്. പുതിയ പ്രവണതകളും പൊതു സമ്പർക്ക പരിപാടികളായ പി.ആർ. മട്രിക്സ്, ക്രൈസിസ് കമ്യൂണിക്കേഷൻ, ക്യാമ്പയിൻ പ്ലാനിംഗ്, പുതിയ

സാങ്കേതിക വികാസങ്ങളായ മൊബൈൽ ജേണലിസം (മോജോ), ബ്രാൻഡിംഗ്, ഇൻഫോഗ്രാഫിക്സ് തുടങ്ങിയവയുടെയും വിവിധ കാഴ്ചപ്പാടുകളും കേന്ദ്രീകരിച്ചുകൊണ്ട് വിശദമായ പരിശീലന പരിപാടി വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

## കേരള മീഡിയ അക്കാദമി

വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്വയം ഭരണാധികാരമുള്ള ഒരേ ഒരു സ്ഥാപനമാണ് കേരള മീഡിയ അക്കാദമി. 2014 –ൽ കേരള പ്രസ്സ് അക്കാദമി എന്ന പേരിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത പ്രസ്ഥാനം കേരള മീഡിയ അക്കാദമി എന്ന പേരിൽ പുനഃനാമകരണം ചെയ്തു. ജേണലിസം മേഖലയിൽ പഠനങ്ങളും ഗവേഷണവും ഏകോപനവും പ്രോത്സാഹനവും പരിശീലന കോഴ്സുകളും സംഘടിപ്പിക്കുക, ശില്പശാലയും സെമിനാറുകളും സംഘടിപ്പിക്കുക, പുസ്തകങ്ങളും ആനുകാലികങ്ങളും പ്രസിദ്ധീകരിക്കുക, മാധ്യമ അവാർഡുകൾ നടപ്പാക്കുക, ജേണലിസത്തിന് അഡ്വാൻസ്ഡ് റിസർച്ച് നടത്തുന്നതിന് ഫെലോഷിപ്പ് അനുവദിക്കുക എന്നിവയാണ് കേരള മീഡിയ അക്കാദമിയുടെ പ്രധാന ലക്ഷ്യങ്ങൾ. കേരള മീഡിയ അക്കാദമിയുടെ അനുബന്ധ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ മീഡിയയുമായി ബന്ധപ്പെട്ട് നാലു കോഴ്സുകളിലായി 100 വിദ്യാർത്ഥികൾ പഠിച്ചു വരുന്നു.

തിരുവനന്തപുരം ഉപകേന്ദ്രത്തിൽ സ്റ്റുഡിയോ സംവിധാനം ഉപയോഗിച്ച് ഇന്റർനെറ്റ് റേഡിയോ, സർക്കാർ മേഖലയിലെ പബ്ലിക് റിലേഷൻസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി 'മോഡേൺ മീഡിയ സ്കിൽ സെന്റർ' തുറന്നു, പത്രപ്രവർത്തന വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ഓരോ ജില്ലയിലെയും മുതിർന്ന പത്രപ്രവർത്തകരെ അനുമോദിച്ച് 'മാധ്യമ ചരിത്ര യാത്ര' സംഘടിപ്പിച്ചു.

**ബോക്സ് 5.6.1** കോവിഡ് –19 – വകുപ്പ് ഏറ്റെടുത്ത പ്രവർത്തനങ്ങൾ

- ബഹു. കേരളാ മുഖ്യമന്ത്രിയുടെ മാധ്യമ സമ്മേളനത്തിൽ ബഹുഭാഷാ പത്രക്കുറിപ്പുകൾ നൽകലും മാധ്യമ ഏകോപനവും.
- 'കോവിഡ് –19', 'ബ്രേക്ക്–ദി–ചെയിൻ' കാമ്പെയ്ൻ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പുഷ് എസ്എംഎസ് സേവനത്തിന്റെ ഭാഗമായി 2020 മാർച്ചിൽ ഐ & പിആർഡിയുടെ ഓൺലൈൻ ഡിവിഷൻ, GoK ഡയറക്ട് മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചു.
- **ഉത്തരവുകൾ സർക്കുലറുകൾ, നടപടിക്രമങ്ങൾ:** കോവിഡ്–19 മായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ച സർക്കാർ ഓർഡറുകൾ, സർക്കുലറുകൾ, നടപടിക്രമങ്ങൾ എന്നിവ www.kerala.gov.in എന്ന ഔദ്യോഗിക വെബ്സൈറ്റ് വഴി അപ്‌ലോഡുചെയ്തു.
- കോവിഡ് ഹെൽപ്പ് ലൈൻ നമ്പറുകൾ, സ്റ്റേറ്റ് കോവിഡ് കോൾ സെന്ററുകൾ, കേന്ദ്ര സർക്കാർ മാർഗ്ഗനിർദേശങ്ങൾ എന്നിവ www.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപ്‌ലോഡുചെയ്തു
- **ബഹുഭാഷാ പ്രചാരണം:** അതിഥി തൊഴിലാളികളെയും പ്രവാസികളെയും ലക്ഷ്യമിട്ട് പത്രക്കുറിപ്പുകൾ, വീഡിയോകൾ, ഡിജിറ്റൽ പോസ്റ്ററുകൾ എന്നിവ ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, കന്നഡ, ഒഡിയ, ബംഗാളി ഭാഷകളിൽ നൽകി. ഇത് അന്തർദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ അഭിനന്ദിക്കുകയും ദേശീയമായും ആഗോളമായും കേരള സംരംഭങ്ങളെ വിജയകരമായ ഒരു മാതൃകയായി അവതരിപ്പിക്കാൻ വളരെയധികം സഹായിക്കുകയും ചെയ്തു.
- **ആംഗ്യഭാഷയിലെ അറിയിപ്പുകൾ:** പകർച്ചവ്യാധി യുടെ നാളുകളിൽ വകുപ്പിന്റെ മറ്റൊരു പുതിയ സംരംഭമാണ് ആംഗ്യഭാഷയിലെ പ്രതിവാര അറിയിപ്പുകൾ
- **റേഡിയോ കേരള വഴിയുള്ളപ്രത്യേക അറിയിപ്പുകൾ:** പ്രവാസി ശ്രോതാക്കൾക്ക് വേണ്ടി റേഡിയോ കേരള (ഇന്റർനെറ്റ് റേഡിയോ സേവനം) വഴി എല്ലാ ദിവസവും പ്രത്യേക വാർത്താക്കുറിപ്പ് നൽകുന്നതോടൊപ്പം ബഹു. കേരളാമുഖ്യമന്ത്രിയുടെ തൽസമയ വാർത്ത സമ്മേളനം പ്രക്ഷേപണം ചെയ്തു.
- **ആനുകാലികങ്ങളുടെയും ബുള്ളറ്റിനുകളുടെയും ദൈനംദിന ഇ–പതിപ്പുകൾ:** ആനുകാലിക പ്രസിദ്ധീകരണങ്ങളായ 'കേരള കോളിംഗ്', 'സമകാലിക ജനപഥം'എന്നിവ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രേത്യേക ഇ–പതിപ്പിൽ മലയാളം, ഇംഗ്ലീഷ് ഭാഷയിൽ ദിനംപ്രതി പ്രസിദ്ധീകരിച്ചു.
- **ദിനം പ്രതിയുള്ള അന്വേഷണാത്മക അറിയിപ്പ്:** തെറ്റായ വാർത്തകൾക്കും വിവാദങ്ങൾക്കും കാരണമാകുന്ന അടിസ്ഥാന യാഥാർത്ഥ്യങ്ങളും പ്രശ്നങ്ങളും അറിയാൻ സർക്കാരിനെ പ്രാപ്തമാക്കുന്നതിനും അവ പരിഹരിക്കുന്നതിന് സമയബന്ധിതമായി ഇടപെടുന്നതിനും വകുപ്പ് ഒരു 'ഇന്റലിജൻസ് അധിഷ്ഠിത റിപ്പോർട്ടിംഗ്' വികസിപ്പിച്ചു.
- **സോഷ്യൽ മീഡിയ ഇടപെടലുകൾ:** ലോക്ക് ഡൌൺ കാലയളവിൽ സോഷ്യൽ മീഡിയയും അതിന്റെ വിവിധ ഉപയോഗങ്ങളും (ടിക് ടോക്ക് വീഡിയോകൾ, ഇൻസ്റ്റാഗ്രാം സ്റ്റോറികൾ, പോസ്റ്ററുകൾ, വീഡിയോകൾ, ഫോട്ടോകൾ മുതലായവ) സംസ്ഥാനത്തിലും ജില്ലാതലത്തിലും ഈ വകുപ്പ് പരമാവധി പ്രയോജനപ്പെടുത്തി.

അദ്ധ്യായം

06

# മാനവ വികസനം

അദ്ധ്യായം
# 06

# മാനവ വികസനം

## 6.1 വിദ്യാഭ്യാസം

*"വിദ്യാഭ്യാസത്തിലൂടെ ഞാൻ ഉദ്ദേശിക്കുന്നത് ശിശുവിലും മുതിർന്നവരിലും അവരുടെ ശരീരം, മനസ്സ്, ആത്മാവ് എന്നിവയിലെ ഏറ്റവും മികച്ചത് പുറത്തെടുക്കുക എന്നതാണ്. സാക്ഷരത വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യ ലക്ഷ്യമല്ല; തുടക്കം പോലുമല്ല"* – മഹാത്മാഗാന്ധി.

സാമൂഹികവും സാമ്പത്തികവുമായ വികസനത്തിലും ജീവിത നിലവാരത്തിലും കേരളത്തിന്റെ നേട്ടങ്ങൾ പ്രചോദനകരവും പ്രോത്സാഹനജനകവുമാണ്. മാനവ വികസന സൂചികയെ സംബന്ധിച്ചിടത്തോളം, സംസ്ഥാനത്തിന്റെ പ്രകടനം ലോകത്തിലെ വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്താവുന്നതാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരും ദുർബലരുമായ വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധ നല്കി എല്ലാ വിഭാഗങ്ങളിലേയും കുട്ടികളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനം പ്രശംസനീയമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഭിന്നശേഷിയുള്ള കുട്ടികളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി പ്രഫഷണൽ വൈദഗ്ധ്യവും സഹായവും നല്കി പ്രത്യേകം രൂപകൽപ്പന ചെയ്ത പ്രോഗ്രാമുകൾ നടപ്പിലാക്കുന്നു. അതുപോലെ, കലാകായിക മേഖല പോലുള്ള പാഠ്യേതര പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. എന്നിരുന്നാലും കവറേജ്, ശാസ്ത്രീയ സഹായം എന്നിവയിൽ കൂടുതൽ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ ഗുണഭോക്താക്കളുടേയും വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ മേഖയിൽ സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിനെക്കുറിച്ച് "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" (വിദ്യാഭ്യാസമിഷൻ) പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു.

കോവിഡ്–19 മഹാമാരിയുടെ വ്യാപനം വിദ്യാഭ്യാസ മേഖലയടക്കം സമ്പദ് വ്യവസ്ഥയുടെ എല്ലാ വിഭാഗങ്ങളേയും പ്രതികൂലമായി ബാധിച്ചു. ഈ സാഹചര്യം വിദ്യാഭ്യാസ സ്ഥാപനങ്ങളെ മറ്റൊരു തലത്തിലേക്ക് ഉയരാൻ പ്രേരിപ്പിക്കുകയും മുമ്പ് ഉപയോഗിച്ചിട്ടില്ലാത്ത പ്ലാറ്റ് ഫോമുകളും സാങ്കേതിക വിദ്യയും തിരഞ്ഞെടുക്കുന്ന അവസ്ഥയിൽ എത്തിക്കുകയും ചെയ്തു. മേൽസാഹചര്യം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവരുടെ സാങ്കേതിക പരിജ്ഞാനവും അടിസ്ഥാന സൗകര്യങ്ങളും ശക്തിപ്പെടുത്തുന്നതിന് നിരവധി വെല്ലുവിളികളും അവസരങ്ങളും സൃഷ്ടിച്ചു. അതിലൂടെ ടെലികോൺ ഫറൻസിംഗ്, വെർച്ച്വൽ മീറ്റിംഗുകൾ, വെബിനാർ, ഇ–കോൺഫറൻസിംഗ് എന്നിവയിൽ വലിയ വർദ്ധനവ് ഉണ്ടായി. കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി വികാസം പ്രാപിച്ച ഐ.സി.ടി അധിഷ്ഠിത വിദ്യാഭ്യാസം ഓൺ ലൈൻ അധ്യാപനത്തിലേക്കും പഠനത്തിലേക്കും മാറാൻ സഹായിച്ചു.

**ബോക്സ് 6.1.1 ദേശീയ വിദ്യാഭ്യാസ നയം 2020**

കരട് ദേശീയ വിദ്യാഭ്യാസ നയം 2019 അടിസ്ഥാനമാക്കിയാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം, 2020 പ്രഖ്യാപിച്ചത്. ഇൻഡ്യൻ ബഹിരാകാശ ഗവേഷണ സംഘടനയുടെ മുൻചെയർമാൻ ഡോ.കെ.കസ്തൂരിരംഗന്റെ അദ്ധ്യക്ഷതയിലുള്ള സമിതി രൂപീകരിച്ച നയം 2020 ജൂലൈ 29 ന് കേന്ദ്രമന്ത്രി സഭ അംഗീകരിച്ചു.

- സ്കൂൾ പാഠ്യപദ്ധതിയും അദ്ധ്യാപനവും ഒരു പുതിയ "5+3+3+4" രൂപകൽപനയിൽ പുനഃ സംഘടിപ്പിക്കാൻ നയം ശ്രമിക്കുന്നു. അതിലൂടെ വിവിധ വികസന ഘട്ടങ്ങളിൽ പഠിതാക്കളുടെ ആവശ്യങ്ങൾക്കും താൽപര്യങ്ങൾക്കും ഉതകുന്ന വിധത്തിൽ സ്കൂൾ വിദ്യാഭ്യാസം "അടിസ്ഥാനഘട്ടം" (അഞ്ച് വർഷം) പ്രാഥമികഘട്ടം (മൂന്ന് വർഷം), "മദ്ധ്യഘട്ടം" (മൂന്ന് വർഷം), ഉന്നതഘട്ടം (മൂന്ന് വർഷം) (ഒൻപത്, 10,11,12) എന്നീ ക്രമത്തിലാക്കി.

- 2025–ഓടെ പ്രാഥമിക വിദ്യാലയങ്ങളിൽ "അടിസ്ഥാന സാക്ഷരതയും സംഖ്യാ പ്രാവീണ്യവും" നേടാൻ ഇത് ലക്ഷ്യമിടുന്നു.
- കേന്ദ്രസർക്കാർ നിയന്ത്രണത്തിലുള്ള സ്കൂളുകൾ ഒഴികെയുള്ള പൊതു–സ്വകാര്യ സ്കൂളുകളുടെ വിലയിരുത്തലും അംഗീകാരവും ഇതിന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചായിരിക്കും.
- കുറഞ്ഞത് അഞ്ചാം ഗ്രേഡ്, എട്ട് വരെ അഭിലഷണീയം–ആവിഷ്ക്കരണ മാധ്യമം മാതൃഭാഷ അല്ലെങ്കിൽ പ്രാദേശിക ഭാഷയായിരിക്കും. "ത്രി ഭാഷ ഫോർമുല" സ്കൂളുകളിൽ തുടർന്നും നടപ്പിലാക്കും. അവിടെ മൂന്നിൽ രണ്ട് ഭാഷ പ്രാദേശികമായിരിക്കണം.
- രാജ്യത്തുടനീളമുള്ള ഇന്ത്യൻ ആംഗ്യഭാഷയുള്ള സ്കൂൾ പാഠ്യപദ്ധതി ഒരേ നിലവാരത്തിലാക്കാൻ നയം ശ്രമിക്കുന്നു.
- എല്ലാ പെൺകുട്ടികൾക്കും ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കും തുല്യവും നിലവാരമുള്ളതുമായ വിദ്യാഭ്യാസം നൽകുന്നതിനായി ഇന്ത്യാ ഗവൺമെന്റ് ഒരു "ലിംഗപദവി–ഉൾപ്പെടുത്തൽ" ഫണ്ട് രൂപീകരിക്കും. ടോയ് ലെറ്റുകൾക്കും ശുചിത്വത്തിനുമുള്ള വ്യവസ്ഥകൾ, സോപാധികമായ പണകൈമാറ്റം, സൈക്കിൾ എന്നിവ പോലുള്ള സ്ത്രീ, ട്രാൻസ്ജെൻഡർ വിദ്യാർത്ഥികളെ സഹായിക്കുന്നതരത്തിലുള്ള കേന്ദ്ര സർക്കാരിന്റെ നയങ്ങൾ നടപ്പിലാക്കാൻ സംസ്ഥാനങ്ങൾക്ക് ഈ ഫണ്ട് ഉപയോഗിക്കാം.
- 5 മുതൽ 10 കിലോമീറ്റർ ചുറ്റളവിൽ അംഗനവാടി കേന്ദ്രങ്ങൾ ഉൾപ്പെടെ ഒരു സെക്കൻഡറി സ്കൂളും താഴ്ന്ന ഗ്രേഡുകൾ നൽകുന്ന മറ്റ് സ്കൂളുകളും അടങ്ങുന്ന "സ്കൂൾ സമുച്ചയങ്ങൾ" സ്ഥാപിക്കാൻ നയം നിർദ്ദേശിക്കുന്നു.
- എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും (എച്ച്.ഇ.ഐകൾ) 2040 ഓടെ മൾട്ടി ഡിസിപ്ലിനറി ആകാൻ ലക്ഷ്യമിടുന്നുവെന്ന് നയം പറയുന്നു. 2030 ഓടെ എല്ലാ ജില്ലയിലും കുറഞ്ഞത് ഒരു മൾട്ടി ഡിസിപ്ലിനറി എച്ച്.ഇ.ഐ എങ്കിലും ഉണ്ടായിരിക്കും. ഉന്നത വിദ്യാഭ്യാസത്തിലെ മൊത്ത എൻറോൾമെന്റ് അനുപാതം 2018 ലെ 26.3 ശതമാനത്തിൽ നിന്ന് 2035 ഓടെ 50 ശതമാനത്തിലേക്ക് ഉയർത്താൻ ഈ നയം ലക്ഷ്യമിടുന്നു.
- മൂന്ന് വർഷ ബിരുദം പൂർത്തിയായവർക്ക് രണ്ട് വർഷത്തെ മാസ്റ്റർ പ്രോഗ്രാമുകൾ, നാല് വർഷത്തെ ബിരുദ പ്രോഗ്രാം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഒരു വർഷത്തെ മാസ്റ്റർ പ്രോഗ്രാം അല്ലെങ്കിൽ അഞ്ച് വർഷത്തെ ഇന്റെഗ്രേറ്റഡ് ബാച്ചിലേഴ്സ്, മാസ്റ്റേഴ്സ് പ്രോഗ്രാമുകൾ എന്നിങ്ങനെയുള്ള സൗകര്യം സാധ്യമാണ്.
- ഉയർന്ന നിലവാരമുള്ള ഇന്ത്യൻ സർവ്വകലാശാലകളെ മറ്റ് രാജ്യങ്ങളിൽ ക്യാമ്പസുകൾ സ്ഥാപിക്കാൻ പ്രോത്സാഹിപ്പിക്കും. അതുപോലെ, ലോകത്തിലെ മികച്ച 100 സർവ്വകലാശാലകളിൽ ഉൾപ്പെടുന്ന തിരഞ്ഞെടുത്ത സർവ്വകലാശാലകളെ ഇന്ത്യയിൽ പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കും.
- സൂക്ഷ്മ നിരീക്ഷണത്തിനു ശേഷം, തുല്ല്യതയും കഴിവും അടിസ്ഥാനമാക്കി ഗവേഷണ ഫണ്ടിങ്ങ് സുഗമമാക്കുന്നതിന് ഒരു ദേശീയ ഗവേഷണ ഫൗണ്ടേഷൻ സ്ഥാപിക്കും.
- വിദ്യാഭ്യാസത്തിൽ പൊതു നിക്ഷേപം, മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 4.43 ശതമാനത്തിൽ നിന്നും 6 ശതമാനമായി ഉയർത്താൻ കേന്ദ്രവും സംസ്ഥാനങ്ങളും ഒരുമിച്ച് പ്രവർത്തിക്കും.
- 2017 നവംബറിൽ സ്ഥാപിതമായ നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള എല്ലാ പ്രവേശന പരീക്ഷകളും നടത്തും.
- ഉന്നത വിദ്യാഭ്യാസ കമ്മീഷൻ (യു.ജി.സി), അഖിലേന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (എ.ഐ.സി.ടി.ഇ) എന്നിവയ്ക്ക് പകരമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒരൊറ്റ നിയന്ത്രണ സംവിധാനം സൃഷ്ടിക്കുന്നതിനായി ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ (എച്ച്.ഇ.സി.ഐ) ബിൽ 2019 പാർലമെന്റിൽ പാസാക്കി.
- പുതിയ വിദ്യാഭ്യാസ നയം 2020 നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാനങ്ങൾക്കിടയിൽ ചർച്ചകൾ നടക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വർദ്ധിച്ച കേന്ദ്രീകരണം, സ്വകാര്യ വൽക്കരണം, സംസ്ഥാനങ്ങളുടെ കുറഞ്ഞ പങ്ക്, പ്രീ പ്രൈമറി മേഖലയിലെ വ്യക്തതയില്ലായ്മ വിദേശ സർവ്വകലാ ശാലകളുടെ കടന്നുവരവ് തുടങ്ങിയ കാര്യങ്ങളിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആശങ്ക ഉന്നയിച്ചിട്ടുണ്ട്.

അവലംബം: മാനവ വിഭവശേഷി മന്ത്രാലയം

## സാക്ഷരത

ഒരു രാജ്യത്തിന്റെ മാനുഷിക മൂലധനത്തിന്റെ ഗുണനിലവാരത്തിന്റെ ഏറ്റവും പ്രധാന സൂചകം സാക്ഷരതയാണ്. സാക്ഷരത കണക്കിലെടുക്കുമ്പോൾ 93.91 ശതമാനം സാക്ഷരത നിരക്ക് നേടിക്കൊണ്ട് ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് കേരളം. ലക്ഷദ്വീപും (92.28 ശതമാനം) മിസോറാമും (91.58 ശതമാനം) കേരളത്തിന്റെ തൊട്ടു പുറകിലുണ്ട് (സെൻസസ്സ് ഓഫ് ഇന്ത്യ 2011). 1951 –ൽ 47.18 ശതമാനമായിരുന്ന കേരളത്തിലെ സാക്ഷരതാനിരക്ക് 2011 ആയപ്പോൾ ഏകദേശം ഇരട്ടിയായി. 1951 ൽ 22 ശതമാനമായിരുന്ന സ്ത്രീ–പുരുഷ സാക്ഷരതാന്തരം 2011ൽ 4.04 ശതമാനമായി താഴ്ന്നു. സ്ത്രീ സാക്ഷരതയിൽ കേരളം 92 ശതമാനത്തോടെ രാജ്യത്ത് ഒന്നാമത് നിൽക്കുമ്പോൾ രാജസ്ഥാനാണ് ഏറ്റവും പിന്നിലുള്ളത്

(52.66 ശതമാനം) (സെൻസസ് ഓഫ് ഇന്ത്യ 2011). 1951 മുതൽ 2011 വരെയുള്ള സാക്ഷരതാ മിഷൻ നിരക്കുകൾ **അനുബന്ധം 6.1.1** –ൽ കൊടുത്തിരിക്കുന്നു. സാക്ഷരതാ നിരക്കിന്റെ കാര്യത്തിൽ ജില്ലകൾ തമ്മിലുള്ള അന്തരം വളരെ കുറവാണ്. കേരളത്തിന്റെ സാക്ഷരതാ നിരക്ക് ജില്ലതിരിച്ച് വിശകലനം ചെയ്യുമ്പോൾ 96.93 ശതമാനത്തോടെ പത്തനംതിട്ടയാണ് സാക്ഷരതയിൽ ഏറ്റവും മുന്നിൽ. 96.41 ശതമാനത്തോടെ കോട്ടയം ജില്ലയും 96.26 ശതമാനത്തോടെ ആലപ്പുഴയും തൊട്ടുപിന്നിലുണ്ട്. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്കുള്ള ജില്ല പാലക്കാടാണ് (88.49 ശതമാനം). 2001, 2011 വർഷങ്ങളിലെ പുരുഷ–സ്ത്രീ വിഭാഗം തിരിച്ചുള്ള ജില്ലകളിലെ സാക്ഷരതാ നിരക്കുകൾ **അനുബന്ധം 6.1.2** –ൽ കൊടുത്തിരിക്കുന്നു.

സാക്ഷരതാ രംഗത്തും തുടർ വിദ്യാഭ്യാസ മേഖലയിലും പല നൂതന പദ്ധതികളും കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കി വരുന്നു. സാക്ഷരത എന്നാൽ വെറും എഴുത്തും വായനയും പഠിക്കുക മാത്രമല്ല മറിച്ച് ആരോഗ്യപരവും വളർച്ചാപരവുമായ ഒരു സാമൂഹിക ജീവിതം എങ്ങനെ വളർത്തിയെടുക്കാം എന്ന അവബോധം വളർത്തിയെടുക്കൽ കൂടിയാണ്. ഈ ആശയം മുന്നിൽ വച്ചുകൊണ്ട് കെ. എസ്. എൽ. എം. എ. ആരംഭിച്ച സാമൂഹ്യ സാക്ഷരത പദ്ധതി ലക്ഷ്യം വയ്ക്കുന്നത് ആരോഗ്യം, പരിസ്ഥിതി, ലിംഗഭേദം, കേരള നവോത്ഥാനം, ഇന്ത്യൻ ഭരണഘടന, ഇ–വിദ്യാഭ്യാസം എന്നീ മേഖലകളെയാണ്. അടുത്തകാലത്തായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ പ്രത്യേക സാക്ഷരതാ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പട്ടികജാതി–പട്ടികവർഗ്ഗം, കുടിയേറ്റത്തൊഴിലാളികൾ, ഭിന്നലിംഗക്കാർ തുടങ്ങിയവർക്കായുള്ള സാക്ഷരതാ പരിപാടി കേരളത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് യോജിക്കുന്നതാണ്. പ്രായമേറിയ പഠിതാക്കളാണ് സാക്ഷരതയുടെയും തുടർവിദ്യാഭ്യാസത്തിന്റെയും ഗുണഭോക്താക്കളിൽ അധികവും.

**ചങ്ങാതി:** കേരളത്തിലെ കുടിയേറ്റ തൊഴിലാളികളെ സാക്ഷരരാക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2019–20 ൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഈ പരിപാടി നടപ്പാക്കുകയും 1,641 കുടിയേറ്റ തൊഴിലാളികൾ സാക്ഷരരാവുകയും ചെയ്തു. കേരളത്തിലെ 25 ലക്ഷത്തോളം കുടിയേറ്റ തൊഴിലാളികൾക്ക് ഭാവിയിൽ പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വായനയ്ക്കും എഴുത്തിനും പരിശീലനം നൽകുന്നതിനു പുറമെ, നല്ല ആരോഗ്യം, ശുചിത്വ രീതികൾ എന്നിവയെക്കുറിച്ചുള്ള അവബോധവും ഇതിന്റെ ഭാഗമായി നൽകുന്നു. വിവിധ സാക്ഷരതാ പദ്ധതികളിലൂടെ പഠിച്ച് വിജയിച്ചവരുടെ വിവരം **പട്ടിക 6.1.1**–ൽ കൊടുത്തിരിക്കുന്നു.

വിവിധ സാക്ഷരതാ പദ്ധതികളിലൂടെ പഠിച്ച് വിജയിച്ചവരുടെ വിവരം **പട്ടിക 6.1.1**–ൽ കൊടുത്തിരിക്കുന്നു.

4–ാം തരം, 7–ാം തുല്യതാ പരിപാടിയുടെ പരീക്ഷ എഴുതുന്നവരുടെ എണ്ണം കഴിഞ്ഞ വർഷങ്ങളിൽ കൂടി വരുന്നതായി കാണുന്നു. എന്നാൽ 2020 –ൽ കോവിഡ്–19 മായി ബന്ധപ്പെട്ട അടച്ചിടൽ കാരണം ഈ എണ്ണം കുറയാനിടയായി. കെ. എസ്. എൽ. എം. എ. യുടെ കാര്യക്ഷമമായ പ്രവർത്തനഫലമായി "പ്രേരക"മാർക്ക് അർഹരായ ആളുകളെ കണ്ടെത്തി അവരെ വിവിധ തുല്യത പദ്ധതിയിൽ ചേർക്കാൻ സാധിച്ചിട്ടുണ്ട്. വളരെ നല്ലൊരു വിഭാഗത്തെതന്നെ വിദ്യാഭ്യാസത്തിലേയ്ക്ക് തിരികെ കൊണ്ടുവരാൻ പ്രത്യേകിച്ച് പത്താം തരത്തിലേയ്ക്കും പന്ത്രണ്ടാം തരത്തിലേയ്ക്കും ചേർക്കാൻ കെ. എസ്. എൽ. എം. എ.യുടെ പ്രയത്നം കൊണ്ട് സാധിച്ചിട്ടുണ്ട്. സാക്ഷരതാ തുല്യതാ പരിപാടിയിൽ 2020 –ൽ പേര് ചേർത്തിട്ടുള്ളവരുടെ എണ്ണം ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**പട്ടിക 6.1.1** സാക്ഷരതാ പദ്ധതികളുടെ നിലവിലെ അവസ്ഥ 2019–20

| ക്രമ നം. | പദ്ധതിയുടെ പേര് | വിജയിച്ചവരുടെ എണ്ണം |
|---|---|---|
| 1 | സംസ്ഥാനത്തൊട്ടാകെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിനുള്ള പ്രത്യേക സാക്ഷരതാ പദ്ധതി | 30,755 |
| 2 | അട്ടപ്പാടി പട്ടികവർഗ്ഗ തുല്യതാ പരിപാടി | 2,553 |
| 3 | വയനാട് പട്ടികവർഗ്ഗ തുല്യതാ പരിപാടി ഒന്നാം ഘട്ടം | 2,993 |
| 4 | പട്ടികജാതി വിഭാഗത്തിനുള്ള പ്രത്യേക സാക്ഷരതാ പദ്ധതി (നവചേതന) | 3,060 |
| 5 | പട്ടിക വർഗ്ഗ വിഭാഗത്തിനുള്ള പ്രത്യേക സാക്ഷരതാ പദ്ധതി (സമഗ്ര) | 1,152 |
| 6 | തീരദേശ മേഖലയ്ക്കുള്ള പ്രത്യേക പദ്ധതി (അക്ഷരസാഗരം) | 3,608 |
| 7 | തിരുവനന്തപുരം മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള സാക്ഷര പദ്ധതി | 7,673 |
| 8 | ചങ്ങാതി (കുടിയേറ്റ തൊഴിലാളികൾക്കു വേണ്ടിയുള്ള സാക്ഷരതാ പദ്ധതി) | 1,641 |
| 9 | ഭിന്നലിംഗക്കാർക്കുവേണ്ടിയുള്ള പ്രത്യേക തുടർ വിദ്യാഭ്യാസ പദ്ധതി | 44 |
| 10 | പരിസ്ഥിതി സാക്ഷരതാ പദ്ധതി | 10 ലക്ഷത്തിലധികം പേർ ഈ പദ്ധതിയിൽ പങ്കെടുക്കുന്നു. |

*അവലംബം: കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി*

**പട്ടിക 6.1.2** പന്ത്രണ്ടാം തരത്തിലും പത്താം തരത്തിലും തുല്യതാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ

| പാഠ്യക്രമം | | സ്ത്രീ | പുരുഷൻ | ഭിന്നലിംഗക്കാർ | പട്ടികജാതി | പട്ടികവർഗ്ഗം | ഭിന്നശേഷിക്കാർ | ആകെ |
|---|---|---|---|---|---|---|---|---|
| ഹയർ സെക്കണ്ടറി | 2019 | 19,792 | 12,842 | 36 | 7,779 | 1,220 | 454 | 42,123 |
| | 2020 | 9,524 | 14,252 | 30 | 5,273 | 759 | 371 | 30,209 |
| എസ്.എസ്.എൽ.സി | 2019 | 15,567 | 18,460 | 29 | 7,786 | 1,381 | 748 | 43,971 |
| | | 10,898 | 11,026 | 22 | 5,148 | 839 | 613 | 28,546 |

*അവലംബം: സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി*

തുല്യതാ പരിപാടിയിൽ ചേരുന്നവരിൽ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നവരുടെ എണ്ണം കൂടുതലാണെന്ന് കാണാം. കേരള സംസ്ഥാനസാക്ഷരതാ മിഷന്റെ കഴിഞ്ഞ കുറെ വർഷങ്ങളിലെ ശ്രമഫലമായി ഭിന്നലിംഗക്കാരും ഈ പദ്ധതിയുടെ ഭാഗമായി. 2020 –ൽ പത്താം തരത്തിലും പന്ത്രണ്ടാം തരത്തിലുമായി 52 പേർ തുല്യതാ പരിപാടിയിൽ ചേർന്നു. അതുപോലെ തന്നെ ഭിന്നശേഷിക്കാരുടെ ഉയർന്ന പ്രാതിനിധ്യവും കാണാവുന്നതാണ്.

## സ്കൂൾ വിദ്യാഭ്യാസം

2019–20 ൽ കേരളത്തിൽ 12951 സ്കൂളുകൾ ഉണ്ടായിരുന്നു. ഇതിൽ 4,693 (36.24 ശതമാനം) എണ്ണം സർക്കാർ സ്കൂളുകളായിരുന്നു. കൂടാതെ 7,216 (55.71 ശതമാനം) എയ്ഡഡ് സ്കൂളുകളും 1,042 (8.05 ശതമാനം) അൺ എയ്ഡഡ് സ്കൂളുകളും ഉണ്ട്. സർക്കാർ തലത്തിൽ ലോവർ പ്രൈമറി സ്കൂളുകളുടെ എണ്ണമാണ് അപ്പർ പ്രൈമറി ഹൈസ്കൂൾ എണ്ണത്തേക്കാൾ കൂടുതൽ. എയ്ഡഡ് സ്കൂളുകളുടെ എണ്ണം സർക്കാർ സ്കൂളുകളുടേതിനേക്കാൾ കൂടുതലാണ്. 2019–20 ൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്കൂളുകൾ മലപ്പുറം ജില്ലയിലാണ് (1,561) തൊട്ടു പിന്നാലെ കണ്ണൂരും (1,308), കോഴിക്കോട്ടുമാണ് (1,279). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ സ്കൂളുകളും (553) അൺ എയ്ഡഡ് സ്കൂളുകളും (201 എണ്ണം) ഉള്ളതും മലപ്പുറത്തുതന്നെ. എന്നാൽ കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ എയ്ഡഡ് സ്കൂളുകൾ ഉള്ളത് (963). **അനുബന്ധം 6.1.4** –ൽ ജില്ല/ മാനേജ് മെന്റ്/തലം തിരിച്ച് 2019–20 ലെ കേരളത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്.

2019–20 –ൽ സംസ്ഥാനത്തെ 1,529 സ്കൂളുകളിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ പാഠ്യപദ്ധതിയാണ് അനുവർത്തിച്ചുപോരുന്നത്. ഇതിൽ 1,315 സി.ബി.എസ്.ഇ. സ്കൂളുകളും, 164 ഐ.സി.എസ്.ഇ. സ്കൂളുകളും, 36 കേന്ദ്രീയ വിദ്യാലയങ്ങളും, 14 ജവഹർ നവോദയ വിദ്യാലയങ്ങളും ഉണ്ട്. എല്ലാ ജില്ലയിലും ഓരോ ജവഹർ നവോദയ വിദ്യാലയം പ്രവർത്തിക്കുന്നു. കേരള സർക്കാർ പാഠ്യപദ്ധതി അല്ലാത്ത പാഠ്യപദ്ധതി അനുവർത്തിക്കുന്ന 2019–20 വർഷത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.5** –ൽ കൊടുത്തിട്ടുണ്ട്.

## സർക്കാർ സ്കൂളുകളിലെ പശ്ചാത്തല വികസനവും സൗകര്യങ്ങളും

കേരളത്തിലെ എല്ലാ സർക്കാർ സ്കൂളുകളും പ്രവർത്തിക്കുന്നത് ഉറപ്പുള്ള കെട്ടിടങ്ങളിലാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 95 സർക്കാർ സ്കൂളുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. കെട്ടിട സൗകര്യമുള്ള സർക്കാർ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.6** ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തുള്ള സർക്കാർ

**ചിത്രം 6.1.1** ഉടമസ്ഥത തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2019–20




*അവലംബം: പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്*

സ്കൂളുകളുടെ പശ്ചാത്തലവികസനവും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർവ്വശിക്ഷാ കേരള പോലുള്ള പരിപാടികളും വളരെയേറെ സഹായിച്ചിട്ടുണ്ട്. കണക്കുപ്രകാരം 99.83 ശതമാനം സർക്കാർ സ്കൂളുകളിൽ കുടിവെള്ള സൗകര്യവും, 100 ശതമാനം സർക്കാർ സ്കൂളുകളിൽ മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളുമുണ്ട്. കുടിവെള്ളം/മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളോടുകൂടിയ സർക്കാർ സ്കൂളുകളുടെ 2019-20 ലെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 6.1.7**-ൽ കാണാം.

## വിദ്യാർത്ഥികളുടെ പ്രവേശനം

സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് കാണുന്നുണ്ട്. 2018-19 -ൽ 37.04 ലക്ഷത്തിൽ നിന്ന് 2019-20 -ൽ 37.17 ലക്ഷമായി കൂടി. എൽ. പി വിഭാഗത്തിൽ കുട്ടികളുടെ പ്രവേശനത്തിൽ നല്ലൊരു വർദ്ധനവ് ഉണ്ടായി. കേരളത്തിലെ സ്കൂളുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ എണ്ണം വിഭാഗം തിരിച്ച് 2013-14 മുതൽ 2019-20 വരെ **അനുബന്ധം 6.1.8** -ൽ കൊടുത്തിരിക്കുന്നു. 2019-20 -ൽ കേരളത്തിലെ സ്കൂളുകളിലെ ഉടമസ്ഥത തിരിച്ചും, ക്ലാസ് തിരിച്ചുമുള്ള കുട്ടികളുടെ സ്കൂൾ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 6.1.9 -ൽ** കൊടുത്തിരിക്കുന്നു. എയ്ഡഡ് സ്കൂളിലെ കുട്ടികളുടെ എണ്ണം സർക്കാർ സ്കൂളുകളിനേക്കാളും അൺ എയ്ഡഡ് സ്കൂളിനേക്കാളും കൂടുതലാണ് (**ചിത്രം 6.1.2 -ൽ**). ജില്ല തിരിച്ച്, ഘട്ടം തിരിച്ച്, ആൺ-പെൺ തിരിച്ച് 2019-20 -ൽ കേരളത്തിലെ സ്കൂളുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.10** -ൽ കൊടുത്തിരിക്കുന്നു. തൃശ്ശൂരിലെ ലോവർ പ്രൈമറി വിഭാഗം ഒഴിച്ച് ബാക്കി ജില്ലകളിലും വിഭാഗത്തിലും ആൺകുട്ടികളുടെ എണ്ണമാണ് പെൺകുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതൽ.

"പൊതു-വിദ്യാഭ്യാസ സംരക്ഷണ യജ്ഞം" എന്ന പരിപാടിയിലൂടെ കേരളത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പ്രവേശനത്തിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് 2017-18 അധ്യയന വർഷത്തിൽ കേരളത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 1,56,565 പുതിയ വിദ്യാർത്ഥികൾ പ്രവേശനം നേടി. അനുബന്ധ സംഖ്യകൾ 2018-19 വർഷത്തിൽ 1,85,971 ഉം 2019-20 വർഷത്തിൽ 1,63,558 ഉം ആയിരുന്നു.

## പെൺകുട്ടികളുടെ സ്കൂൾ പ്രവേശനം

2019-20 ൽ, സ്കൂളുകളിലെ ആകെയുള്ള വിദ്യാർത്ഥികളിൽ 48.96 ശതമാനം പെൺകുട്ടികളാണ്. എല്ലാ ജില്ലകളിലും ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടേതിനേക്കാൾ കൂടുതലാണ്. എന്നിട്ടും സ്കൂൾ പ്രവേശനത്തിന്റെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ലിംഗ സമത്വത്തിന്റെ വിടവ് കേരളത്തിൽ തുലോം കുറവാണ്.

## പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം

2019-20 ലെ കണക്കു പ്രകാരം സംസ്ഥാനത്ത് ആകെയുള്ള വിദ്യാർത്ഥികളിൽ 10.31 ശതമാനം പട്ടികജാതിയിൽപ്പെട്ടവരാണ്. സർക്കാർ, സ്വകാര്യ-എയ്ഡഡ്, സ്വകാര്യ-അൺ എയ്ഡഡ് സ്കൂളുകളിലെ പട്ടികജാതി വിദ്യർത്ഥികൾ യഥാക്രമം 13.06, 9.95, 4.06, ശതമാനമാണ്. സർക്കാർ സ്കൂളുകളിലെ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ ശതമാനം, എണ്ണം എന്നിവ പ്രൈവറ്റ് എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലേതിനേക്കാൾ കൂടുതലാണ്. (**പട്ടിക 6.1.3**).

2019-20 -ൽ സംസ്ഥാനത്ത് ആകെ സ്കൂൾ പ്രവേശനം നേടിയ കുട്ടികളിൽ 1.98 ശതമാനം

**ചിത്രം 6.1.2** ഉടമസ്ഥത തിരിച്ച് വിദ്യാർത്ഥികളുടെ പ്രവേശനം




അവലംബം: പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**6.1.3 സ്കൂളുകളിലെ പട്ടിക ജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രവേശനം ശതമാനത്തിൽ**

| മാനേജ്മെന്റ് | മറ്റുള്ളവർ | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|---|
| സർക്കാർ | 83.25 | 13.06 | 3.70 |
| സ്വകാര്യ എയ്ഡഡ് | 88.73 | 9.95 | 1.32 |
| സ്വകാര്യ അൺ എയ്ഡഡ് | 95.47 | 4.06 | 0.47 |
| ആകെ | 87.71 | 10.31 | 1.98 |

*അവലംബം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്*

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. ഇത് 2019-20 കാലഘട്ടത്തിൽ സർക്കാർ/എയ്ഡഡ്/ അൺഎയ്ഡഡ് സ്കൂളുകളിൽ യഥാക്രമം 3.7 ശതമാനം, 1.32 ശതമാനം, 0.47 ശതമാനം വിതമാണ്. 2019-20 ലെ സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള കണക്ക് **അനുബന്ധം 6.1.11** -ൽ കൊടുത്തിരിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ മൊത്തം കുട്ടികളിൽ 4.01 ശതമാനം പട്ടികജാതി കുട്ടികളും 2.05 ശതമാനം പട്ടികവർഗ്ഗ കുട്ടികളും മാത്രമാണ് പ്രൈവറ്റ് അൺഎയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയിരിക്കുന്നത്. ബാക്കിയുള്ള കുട്ടികൾ സർക്കാർ-സ്വകാര്യ എയ്ഡഡ് സ്കൂളുകളിലായി പ്രവേശിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് ആകെയുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ 58.8 ശതമാനവും പ്രവേശനം നേടിയിരിക്കുന്നത് ഗവൺമെന്റ് സ്കൂളുകളിലാണ്.

## കൊഴിഞ്ഞുപോകൽ നിരക്ക്

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ ഏറ്റവും കുറവ് കേരളത്തിലാണ്. 2019-20 ലെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് 0.11 ശതമാനമാണ്. മാനവ വിഭവശേഷി മാന്ത്രാലയത്തിന്റെ 2018 ലെ വിദ്യാഭ്യാസ സ്ഥിതിവിവരകണക്ക് പ്രകാരം എൽ.പി വിഭാഗത്തിലെ ഇന്ത്യയിലെ ശരാശരി കൊഴിഞ്ഞുപോകൽ നിരക്ക് 4.13 ശതമാനവും, യു.പി., ഹൈസ്കൂൾ എന്നിവിടങ്ങളിൽ യഥാക്രമം 4.03, 17.06 ശതമാനവുമാണ്. കേരളത്തിൽ യു.പിയെ അപേക്ഷിച്ച് കൊഴിഞ്ഞുപോകൽ നിരക്ക് എൽ പി യിലും ഹൈസ്കൂളിലും കൂടുതലാണ്. ഹൈസ്കൂൾ വിദ്യാർത്ഥികളിലാണ് കൊഴിഞ്ഞുപോകൽ നിരക്ക് കൂടുതലുള്ളത്. കൊഴിഞ്ഞുപോകൽ നിരക്ക് 2016-17 ലെ 0.33 ശതമാനത്തിൽ നിന്ന് 2019-20 -ൽ 0.15 ശതമാനമായി കുറഞ്ഞതായി **പട്ടിക 6.1.4** -ൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഈ കുറവ് എല്ലാ ഘട്ടത്തിലും കാണാവുന്നതാണ്.

സംസ്ഥാനത്തെ ജില്ലകളിൽ ലോവർ പ്രൈമറി തലത്തിൽ കൊഴിഞ്ഞു പോകൽ കൂടുതലുള്ളത് ഇടുക്കി ജില്ലയിലാണ്. (0.33 ശതമാനം) അപ്പർ പ്രൈമറി തലത്തിൽ വയനാട് ആണ് കൊഴിഞ്ഞു പോകൽ നിരക്ക് കൂടുതൽ ഉള്ളത് (0.25 ശതമാനം); തൊട്ടു പുറകിൽ ഇടുക്കി, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളാണ് (0.10 ശതമാനം), ഹൈസ്കൂൾ തലത്തിൽ (1.14 ശതമാനം) വയനാട്ടിലാണ് കൊഴിഞ്ഞു പോകൽ കൂടുതൽ. തൊട്ടു പുറകിൽ യഥാക്രമം ഇടുക്കിയും (0.45 ശതമാനം) കാസർഗോഡും (0.21 ശതമാനം) ആണ്. ജില്ല തിരിച്ചും ക്ലാസ്സ് തിരിച്ചും 2019-20 ലെ കൊഴിഞ്ഞു പോകൽ നിരക്കുകൾ **അനുബന്ധം 6.1.12** ൽ കൊടുത്തിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇക്കാലയളവിൽ കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു. എന്നിരുന്നാലും ഈ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. (**പട്ടിക 6.1.6** കാണുക). കേരളത്തിലെ പട്ടികജാതി വിഭാഗത്തിലെ 2019-20 കാലയളവിലെ കൊഴിഞ്ഞുപോകൽ നിരക്ക് 2018-19 കാലയളവിലെ 0.12 ശതമാനത്തിൽ നിന്നും 0.13 ശതമാനമായി നേരിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കൊഴിഞ്ഞുപോക്ക് നിരക്ക് ഇതേ കാലയളവിൽ 1.29 ശതമാനത്തിൽ നിന്ന് 1.16 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് ഏറ്റവും കൂടുതൽ കാസർഗോഡ് (0.44

**പട്ടിക 6.1.4** സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക്

| | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|
| ആകെ | 0.22 | 0.16 | 0.12 | 0.11 |
| എൽ പി | 0.2 | 0.15 | 0.12 | 0.11 |
| യു പി | 0.11 | 0.1 | 0.07 | 0.06 |
| എച്ച്.എസ് | 0.33 | 0.22 | 0.17 | 0.15 |

*അവലംബം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്*

പട്ടിക.6.1.5 ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക്

| ജില്ല | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 0.17 | 0.52 | 0.12 | 0.15 |
| കൊല്ലം | 0.07 | 0.21 | 0.05 | 0.06 |
| പത്തനംതിട്ട | 0.00 | 0.11 | 0.00 | 0.00 |
| ആലപ്പുഴ | 0.02 | 0.00 | 0.02 | 0.02 |
| കോട്ടയം | 0.12 | 0.50 | 0.09 | 0.11 |
| ഇടുക്കി | 0.44 | 1.58 | 0.14 | 0.30 |
| എറണാകുളം | 0.14 | 1.04 | 0.17 | 0.19 |
| തൃശ്ശൂർ | 0.02 | 0.15 | 0.02 | 0.02 |
| പാലക്കാട് | 0.19 | 1.03 | 0.10 | 0.15 |
| മലപ്പുറം | 0.04 | 2.32 | 0.05 | 0.07 |
| കോഴിക്കോട് | 0.10 | 1.57 | 0.08 | 0.10 |
| വയനാട് | 0.06 | 1.77 | 0.08 | 0.50 |
| കണ്ണൂർ | 0.01 | 0.34 | 0.05 | 0.06 |
| കാസർഗോഡ് | 0.44 | 1.59 | 0.04 | 0.12 |
| ആകെ | 0.13 | 1.16 | 0.07 | 0.11 |

*അവലംബം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്*

ശതമാനം), ഇടുക്കി (0.44 ശതമാനം) എന്നീ ജില്ലകളിലാണ്. എന്നാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോകൽ നിരക്ക് ഏറ്റവും കൂടുതൽ മലപ്പുറം ജില്ലയിലാണ് (2.32 ശതമാനം), വയനാട് ജില്ലയാണ് (1.77 ശതമാനം) തൊട്ട് പിന്നിൽ.
2019-20 ൽ കേരളത്തിലെ പട്ടിക ജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞ് പോകൽ നിരക്ക് ജില്ല തിരിച്ചുള്ളതും ക്ലാസ്സ് തിരിച്ചുമുള്ള കൊഴിഞ്ഞുപോകലിന്റെ വിശദവിവരങ്ങൾ **അനുബന്ധം 6.1.13** യിലും **6.1.14** എന്നിവയിൽ നൽകിയിരിക്കുന്നു.

## അദ്ധ്യാപകരുടെ എണ്ണം

2019-20 ൽ 1,62,045 അദ്ധ്യാപകരാണ് കേരളത്തിലെ സ്കൂളുകളിൽ പഠിപ്പിക്കുന്നത്. ഇതിൽ 94,904 (58.57 ശതമാനം) അദ്ധ്യാപകർ എയ്ഡഡ് സ്കൂളുകളിലും 13,974 (8.62 ശതമാനം) അദ്ധ്യാപകർ അൺ-എയ്ഡഡ് സ്കൂളുകളിലുമാണ്. ശേഷിക്കുന്ന 53,167 (32.81 ശതമാനം) അദ്ധ്യാപകർ സർക്കാർ സ്കൂളുകളിലാണ്. മൊത്തം അദ്ധ്യാപകരിൽ 50.78 ശതമാനം പേർ ഹൈസ്കൂളിലും, 24.37 ശതമാനം യു.പി യിലും, 24.85 ശതമാനം എൽ.പി. സ്കൂളിലുമാണ്. അതിൽ തന്നെ 72.29 ശതമാനം വനിതകളാണ്. 2019-20 ലെ സ്റ്റേജ് തിരിച്ചും, മാനേജ്മെന്റ് തിരിച്ചും ഉള്ള കേരളത്തിലെ അദ്ധ്യാപകരുടെ എണ്ണം **അനുബന്ധം 6.1.15** -ൽ ചേർത്തിരിക്കുന്നു.

## കുട്ടികൾ കുറവുള്ള സ്കൂളുകൾ

2019-20 കാലയളവിൽ ശരാശരി 25 കുട്ടികളേക്കാൾ കുറവുള്ള 996 സ്കൂളുകളുണ്ട്. ഇതിൽ 382 എണ്ണം സർക്കാർ സ്കൂളുകളും 614 എണ്ണം എയ്ഡഡ് സ്കൂളുകളുമാണ്. ശരാശരി 10 കുട്ടികളേക്കാൾ കുറവുള്ള 37 സർക്കാർ എൽ.പി. സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. എന്നാൽ എയ്ഡഡ് സ്കൂളുകളിൽ ഇത് 84 ആണ്. ജില്ല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് കുട്ടികൾ കുറവുള്ള സ്കൂളുകൾ ഏറ്റവും കൂടുതലുള്ളത് പത്തനംതിട്ട (215 എണ്ണം) ജില്ലയിലും തുടർന്ന് കോട്ടയം (118), കണ്ണൂർ (103), ആലപ്പുഴ (103) ജില്ലകളിലുമാണ്. കുട്ടികളുടെ എണ്ണം കുറവുള്ള എയ്ഡഡ് സ്കൂളുകൾ കൂടുതൽ ഉള്ളത് പത്തനംതിട്ട (154) ജില്ലയും തൊട്ടുപുറകിൽ കണ്ണൂർ (90) ജില്ലയുമാണ്. സർക്കാർ മേഖലയിൽ ഇത് പത്തനംതിട്ട ജില്ലയും (61) തൊട്ടുപുറകിൽ ആലപ്പുഴ ജില്ലയുമാണ് (52). എൽ പി സ്കൂൾ മേഖലയിലാണ് ഭൂരിഭാഗവും കുറവ് കുട്ടികളുള്ള സ്കൂളുകളുള്ളത്. സർക്കാർ മേഖലയിൽ ഏറ്റവും കറവ് കുട്ടികൾ ഉള്ളത് (94.50 ശതമാനം) എൽ.പി.സ്കൂളുകളിലാണ്. എയ്ഡഡ് മേഖലയിലും (87.95 ശതമാനം) കുട്ടികൾ കുറവുള്ള സ്കൂളുകൾ എൽ.പി. വിഭാഗത്തിലാണ്. കേരളത്തിലെ കുട്ടികൾ കുറവുള്ള സ്കൂളുകളുടെ വിശദവിവരങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.16** -ൽ കൊടുത്തിരിക്കുന്നു.

## കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്)

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള ഒരു സംസ്ഥാന സർക്കാർ സംരംഭമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്). കഴിഞ്ഞ ഒരു ദശാബ്ദത്തിലെ കൈറ്റിന്റെ

പരിധിയിലുള്ള പ്രവർത്തനങ്ങളായ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, കപ്പാസിറ്റി ബിൽഡിംഗ്, ഉള്ളടക്ക വികസനം, കണക്റ്റിവിറ്റി, ഇ-ലേണിംഗ്, സാറ്റലൈറ്റ് അധിഷ്ഠിത വിദ്യാഭ്യാസം, പിന്തുണയും പരിപാലന സംവിധാനവും, ഇ-ഗവേണൻസ്, സ്കൂളുകളുടെ ഭൗതിക സാഹചര്യ വികസനം എന്നിവയിലൂടെ കൈറ്റ് സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിപ്ലവം സൃഷ്ടിച്ചു. കൈറ്റിന്റെ പരിശ്രമത്തോടെ, സംസ്ഥാനത്തെ സ്കൂളുകളിൽ ഇപ്പോൾ അതിവേഗ ബ്രോഡ് ബാൻഡ് കണക്റ്റിവിറ്റി, ആവശ്യമായ ഡിജിറ്റൽ റിസോഴ്സ് പോർട്ടലുകൾ, പരിശീലനം ലഭിച്ച അദ്ധ്യാപകർ എന്നിവരുടെ പിന്തുണയുള്ള ഏറ്റവും പുതിയ ഐ..സി. ടി. ഗാഡ്ജെറ്റുകൾ സജ്ജീകരിച്ചിരിക്കുന്നു, അതുവഴി മൊത്തം ഐ.സി.ടി. പ്രാപ്തമായ പ്രവർത്തന സംവിധാനം ഉണ്ട്.

4752 സെക്കൻഡറി സ്കൂളുകളിൽ 493.50 കോടി രൂപ ചെലവാക്കി ഹൈടെക് സ്കൂൾ പദ്ധതിയും 11,273 പ്രൈമറി സ്കൂളുകളിൽ 300 കോടി രൂപ മുടക്കി ഹൈടെക് ലാബ് പ്രൊജക്ടും കൈറ്റ് വിജയകരമായി പൂർത്തിയാക്കി. ഹൈടെക് സ്കൂൾ പ്രൊജക്ടിന്റെ അടിസ്ഥാനത്തിൽ 4,752 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ/ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ സ്റ്റാന്റേർഡ് 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ 44,705 ക്ലാസ്സ് മുറികൾ, ലാപ്ടോപ്പ്, സീലിംഗ് മൗണ്ടഡ് പ്രൊജക്ടർ, യു.എസ്.ബി. എന്നിവ ഉപയോഗിച്ച് ഹൈടെക് ആക്കിയിരിക്കുന്നു. കൂടാതെ സ്പീക്കറുകൾ, ഹൈസ്പീഡ് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ടിവിറ്റി, നെറ്റ് വർക്കിങ്, സമഗ്ര റിസോഴ്സ് പോർട്ടലിലേക്കുള്ള ആക്സസ് എന്നിവയും സാധ്യമാക്കി. 59,532 ലാപ്ടോപ്പുകൾ, 43,736 മൾട്ടിമീഡിയ പ്രൊജക്ടറുകൾ, 42,055 പ്രൊജക്ടർ മൗണ്ടിംഗ് ആക്സസറീസ് 21,841 പ്രൊജക്ടർ സ്ക്രീനുകൾ, 43,030 യു.എസ്.ബി. സ്പീക്കറുകൾ 4,578 ഡി.എസ്.എൽ.ആർ. ക്യാമറകൾ, 4,545 എൽ.ഇ.ഡി. ടെലിവിഷനുകൾ, 4,720 ഫുൾ എച്ച്. ഡി. വെബ്ക്യാമുകൾ, 4,611 മൾട്ടി ഫങ്ഷൻ പ്രിന്ററുകൾ എന്നിവ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി 11,273 പ്രൈമറി സ്കൂളുകൾക്ക് അവരുടെ വിദ്യാർത്ഥികളുടെ എണ്ണത്തിനും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ടിവിറ്റിയും ആനുപാതികമായി ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ, യു.എസ്.ബി. സ്പീക്കറുകൾ എന്നിവ നൽകി. ഈ പദ്ധതിയുടെ ഭാഗമായി മൊത്തം 56,248 ലാപ്ടോപ്പുകൾ, 24,382 മൾട്ടിമീഡിയ പ്രൊജക്ടറുകൾ, 56,248 യു.എസ്.ബി. സ്പീക്കറുകൾ എന്നിവ ഈ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്.

ഐ.സി.ടി. ഉള്ളടക്കത്തിന്റെ കാര്യത്തിൽ സമഗ്ര റിസോഴ്സ് പോർട്ടൽ (www.samagra.kite.kerala.gov.in) അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരു പോലെ പാഠ്യപദ്ധതിയും സിലബസും ബന്ധിപ്പിച്ചിട്ടുള്ള വിവിധതരം മൾട്ടി മീഡിയ മെറ്റീരിയലുകളിലേക്ക് പ്രവേശനം നൽകുന്നു. സ്കൂളുകളിലെ വിദ്യാർത്ഥികളെ ഐ.ടി. സ്കൂൾ ക്ലബുകൾ (ലിറ്റിൽ കൈറ്റ്സ്) രൂപീകരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. ഐ.സി.റ്റി. യിലൂടെ പര്യവേക്ഷണത്തിലും സ്വയം പഠനത്തിലും ഏർപ്പെടുന്ന 1.80 ലക്ഷം വിദ്യാർത്ഥി അംഗങ്ങളെ ഉൾകൊള്ളുന്ന 2,060 യൂണിറ്റുകൾ ഉള്ള ലിറ്റിൽ കൈറ്റ്സ് ഇന്ത്യയിലെ വിദ്യാർത്ഥികളുടെ വലിയ ഐ.സി.ടി ശൃംഖലയാണ്. ആനിമേഷൻ, സൈബർ സുരക്ഷ, ഇലക്ട്രോണിക്സ്, ലാംഗ്വേജ് കമ്പ്യൂട്ടിംഗ്, ആർട്ടിഫിഷൽ ഇന്റലിജൻസ്, റോബോട്ടിക്സ്, 3ഡി ആനിമേഷൻ എന്നിവയിൽ അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു. വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ ചാനൽ പ്രക്ഷേപണം ചെയ്യുന്നതിനുള്ള മാധ്യമമായി കൈറ്റ് അതിന്റെ KITE VICTORS വിദ്യാഭ്യാസ ചാനലും (www.victors.kite.kerala.gov.in) ഉപയോഗിച്ച് വരുന്നു. ചാനൽ ഇപ്പോൾ 24/7 സംപ്രേഷണം ചെയ്യുന്നു. എല്ലാ കേബിൾ, ഡി.ടി. എച്ച് നെറ്റ് വർക്കുകളിലും ഇപ്പോൾ ലഭ്യമാണ്. ലേണിംഗ്-"KOOL" (kites Online Open Learning-kool.kite.kerala.gov.in) എന്ന തലകെട്ടിൽ സ്കൂൾ അദ്ധ്യാപകർക്കായുള്ള MOOC (മാസിവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ) മോഡൽ കോഴ്സിലൂടെ അദ്ധ്യാപകർ നിർബന്ധിത സർട്ടിഫിക്കേഷൻ കോഴ്സുകൾക്ക് നിർദ്ദിഷ്ട സമയം നഷ്ടപ്പെടാതെ തന്നെ ചേർന്നു വരുന്നു. മാർച്ച് 31, 2020 വരെ പതിനായിരത്തിലധികം അധ്യാപകർക്ക് KOOL പദ്ധതിയുടെ പരിശീലനം ലഭിച്ചു.

2020 മാർച്ച് രണ്ടാം വാരത്തിൽ കോവിഡ്-19 മഹാമാരി ആരംഭിച്ചതോടെ മുൻകരുതൽ നടപടിയായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളും അടച്ചുപൂട്ടുകയും ഇപ്പോൾ നടപ്പാക്കുന്ന വാർഷിക പരീക്ഷകൾ നിർത്തലാക്കുകയും ചെയ്തു. എന്നിരുന്നാലും കൈറ്റ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായുള്ള പരിപാടികളിലൂടെ അക്കാദമിക വിടവ് നികത്താനും അതിന്റെ ഭാഗമായുള്ള വെല്ലുവിളികളെ നേരിടാനും സാധിച്ചു. കപ്പാസിറ്റി ബിൽഡിംഗിന്റെ കാര്യത്തിൽ, 81,000 പ്രൈമറി അധ്യാപകർക്ക് സ്വയം പഠന മോഡൽ സമഗ്ര റിസോഴ്സ് പോർട്ടൽ നൽകി. കുട്ടികൾക്ക് വീടുകളിൽ ക്രിയാത്മകവും ബൗദ്ധികവുമായ അന്തരീക്ഷം പ്രാപ്തമാക്കുന്നതിന് അവസരമൊരുക്കുകയെന്ന ലക്ഷ്യത്തോടെ സ്കൂളുകളിൽ നഷ്ടപ്പെട്ട ക്ലാസ് ദിവസങ്ങൾ തിരിച്ചുപിടിക്കുന്നതിനായി കുട്ടികൾക്കായി പ്രത്യേക പരിപാടി 'അവധിക്കാല സന്തോഷങ്ങൾ' (ഹാപ്പി വെക്കേഷൻ ടൈംസ്) നടത്തി. 'അക്ഷരവൃക്ഷം' എന്ന സവിശേഷമായ ഒരു പ്രോഗ്രാം പുറത്തിറക്കി. അതിലൂടെ ഡിജിറ്റൽ ഉള്ളടക്കങ്ങൾ നിർദ്ദിഷ്ട വിദ്യാവിനോദ രൂപത്തിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതിലൂടെ വിദ്യാർത്ഥികൾക്ക് വിവിധ കളികളിലൂടെയും

**ബോക്സ് 6.1.2** ഫസ്റ്റ് ബെൽ

കോവിഡ്–19 മഹാമാരി ഉണ്ടായിരുന്നിട്ടും, കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ വഴി, മുൻ വർഷത്തെപോലെ ഈ വർഷവും അക്കാദമിക് സെക്ഷൻ ജൂൺ 1 ന് തന്നെ ആരംഭിക്കാനായി. "ഫസ്റ്റ്ബെൽ" ക്ലാസ്സുകൾ ചാനലിലൂടെ പ്രക്ഷേപണം ചെയ്യുകയും അതിന്റെ ഫേസ് ബുക്ക് പേജ് **www.facebook.com/Victorseduchannel** വഴി തത്സമയം സംപ്രേഷണം ചെയ്യുകയും കൂടാതെ ഓഫ് ലൈൻ കാഴ്ചകൾക്കായി www.youtube.com/its Victors എന്ന യൂട്യൂബ് ചാനലിൽ അപ് ലോഡ് ചെയ്യുകയും ചെയ്തു. സംസ്ഥാനത്തെ 15000 ത്തിലധികം സ്കൂളുകളിൽ ഹൈടെക് പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1.20 ലക്ഷത്തിലധികം ലാപ് ടോപ്പുകളും 70000 പ്രൊജക്ടറുകളും മറ്റ് ഐ.സി.ടി ഉപകരണങ്ങളും വിന്യസിക്കപ്പെട്ടു. ഇത് കേബിൾ കണക്ഷൻ അല്ലെങ്കിൽ ടെലിവിഷൻ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്കായി ഉപയോഗപ്പെടുത്തുന്നു. ചില ക്ലാസ്സുകളിൽ കാഴ്ചക്കാരുടെ എണ്ണം 40 ലക്ഷം കവിഞ്ഞു. ഇന്ത്യയെ കൂടാതെ മിഡിൽ ഈസ്റ്റിൽ നിന്നും അമേരിക്ക, യൂറോപ്യൻ മേഖലകളിൽ നിന്നുള്ള നൂറുകണക്കിന് ആളുകൾ ക്ലാസ്സുകൾ കണ്ടു. ഇംഗ്ലീഷ്, മലയാളം മാധ്യമങ്ങൾക്ക് പുറമേ, തമിഴ്, കന്നട മാധ്യമങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി കൈറ്റ്, കന്നട, തമിഴ് മീഡിയം ക്ലാസ്സുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അവ **www.youtube.com/dropkd, www.youtube.com/kitekasaragod** എന്നീ യൂട്യൂബ്ചാനലുകളിൽ ലഭ്യമാക്കി. ഇതിലൂടെ ഒരു വിദ്യാർത്ഥി പോലും പഠന അവസരങ്ങൾ നഷ്ടപ്പെടുത്തുന്നില്ലെന്ന് ഉറപ്പാക്കാൻ സാധിക്കുന്നു. സ്കൂളുകൾ വീണ്ടും തുറക്കുന്നത് വരെ "ഫസ്റ്റ് ബെൽ" തുടരും.

പരിമിതമായ വിഭവങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിച്ച്, മുൻകൂട്ടി നിശ്ചയിച്ച സമയ ഷെഡ്യൂളുകളിൽ എല്ലാ മാനദണ്ഡങ്ങളും അനുസരിച്ച് ഡിജിറ്റൽ ക്ലാസ്സുകൾ തുടരാൻ കൈറ്റിന് കഴിഞ്ഞു. സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളായ ഫെയ്സ് ബുക്ക്, യൂട്യൂബ് എന്നിവയും ഈ സംരംഭത്തിന്റെ ഭാഗമായി വ്യാപകമായി ഉപയോഗിച്ചു. തുടക്കത്തിൽ ഉപകരണങ്ങളുടെ അഭാവം കാരണം ഈ ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിക്കാത്ത ചില വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. എന്നാൽ സ്മാർട്ട് ഫോൺ, ടെലിവിഷൻ വിതരണത്തിലൂടെ സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവർ ഇടപെട്ടതോടെ ഇത് പരിഹരിക്കാൻ സാധിച്ചു.

*അവലംബം: കൈറ്റ് 2019*

പ്രവർത്തനങ്ങളിലൂടെയും നിർവചിക്കപ്പെട്ട കഴിവുകൾ നേടാൻ കഴിയും.

ഫിസിക്കൽ ഇൻഫ്രാസ്ട്രക്ചർ നവീകരണത്തിന്റെ കാര്യത്തിൽ 5 കോടി, രൂപ 3 കോടി രൂപ വിഭാഗത്തിൽ 56 സ്കൂൾ കെട്ടിടങ്ങളുടെ പ്രൊജക്ടുകൾ കൈറ്റ് പൂർത്തിയാക്കി, ഇതിൽ 7.55 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഹൈടെക് ക്ലാസ് മുറികൾ, കിച്ചൻ ബ്ലോക്ക്, ഡൈനിംഗ് ഹാൾ, ടോയ് ലറ്റ് ബ്ലോക്കുകൾ, ലബോറട്ടറികൾ, ഓഡിറ്റോറിയങ്ങൾ എന്നിവ ഉൾകൊള്ളുന്ന കെട്ടിടങ്ങൾ നിർമ്മിച്ചു.

## സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)

പ്രീ സ്കൂൾ മുതൽ സീനിയർ സെക്കന്ററി തലം വരെ ഒരു കുടക്കീഴിൽ കൊണ്ടുവരാനായി 'സ്കൂൾ' നെ വിഭാവനം ചെയ്യത്തക്കവിധത്തിൽ സ്കൂൾ വിദ്യാഭ്യാസത്തെകുറിച്ചുള്ള ഒരു സംയോജിത പദ്ധതിയാണ് സമഗ്രശിക്ഷ. ഇത്തരമൊരു ഭരണ സംവിധാനം സൃഷ്ടിക്കുന്നതിലൂടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിൽ ശ്രദ്ധയൂന്നി അതിനുവേണ്ടി തന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും സഹായിക്കുന്നു. നിലവാരമുള്ള സ്കൂൾ വിദ്യാഭ്യാസം വിപുലീകരിക്കുന്നതിലൂടെ പ്രവേശനം വർദ്ധിപ്പിക്കുക, പിന്നോക്കം നിൽക്കുന്ന ഗ്രൂപ്പുകളേയും ദുർബല വിഭാഗങ്ങളേയും ഉൾപ്പെടുത്തുന്നതിലൂടെ തുല്യത പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക, സ്കൂൾ വിദ്യാഭ്യാസത്തിലെ സാമൂഹികവും ലിംഗപരവുമായ വിടവുകൾ നികത്തുക, സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും തുല്യത ഉറപ്പാക്കുക തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പൊതു ലക്ഷ്യങ്ങൾ.

പൊതു വിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും

**ബോക്സ് 6.1.3** സമഗ്ര ശിക്ഷ കേരളയുടെ പ്രധാന സംരംഭങ്ങൾ, 2019–20

**ശാസ്ത്രപഥം**
വിദ്യാർത്ഥികൾക്ക് പഠനത്തോടുള്ള താൽപര്യവും അന്വേഷണാത്മതയും ജ്വലിപ്പിക്കത്തവിധമുള്ള സമഗ്ര ശിക്ഷ കേരളയുടെ ഒരു പുതുമയുള്ള സംരംഭമാണ് ശാസ്ത്രപഥം. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് അവരുടെ തനത് വിഷയത്തിലെ ആധുനികതയെ പരിചയപ്പെടുത്താൻ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ശാസ്ത്ര സാങ്കേതിക മേഖലയിലുള്ള അദ്ധ്യാപകരുമായുള്ള അടുപ്പവും ഇടപെടലും ഓരോ വിദ്യാർത്ഥിക്കും അവരവരുടെ പഠന ശാഖയിലെ വളർച്ചാ സാധ്യത കണ്ടെത്താൻ തീർച്ചയായും സാധിക്കുന്നു. സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് വിദ്യാർത്ഥികൾക്കായി പ്രത്യേകം പരിപാടി നടത്തി വരുന്നു.

**പ്രാദേശിക വിഭവ കേന്ദ്രങ്ങളും ഊരുവിദ്യാകേന്ദ്രങ്ങളും**
പൊതു വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും പിന്നോക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുമിടയിൽ പ്രത്യക്ഷമായ ഒരു വിടവ് ഉണ്ട് എന്നാണ് നാഷണൽ ആച്ചീവ്മെന്റ് സർവ്വെ കാണിക്കുന്നത്. സാമൂഹ്യ–സാമ്പത്തിക വശങ്ങൾ  അറിവ് വർദ്ധിപ്പിക്കുന്നതിന്റെ അളവ് കുറയുന്നതിന് കാരണമാകുന്നുണ്ട്. പ്രാദേശിക വിഭവ കേന്ദ്രങ്ങൾ വഴി പഠന പ്രവർത്തനങ്ങളിൽ താങ്ങ് നൽകുന്നതിലൂടെ ഈ വിടവ് നികത്തി അക്കാദമിക നേട്ടത്തിലെത്തിക്കാൻ സാധിക്കുന്നു. ടാർഗെറ്റ് ഗ്രൂപ്പിന്റെ താമസ സ്ഥലത്തിനടുത്തുള്ള കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി പോലുള്ള പൊതു സ്ഥലങ്ങളിലാണ് ഈ സെന്ററുകൾ പ്രവർത്തിക്കുന്നത്. സമഗ്ര ശിക്ഷ കേരളയിലെ സന്നദ്ധ പ്രവർത്തകർ പഠിതാക്കൾക്ക് പിന്തുണ നൽകുന്നു. പഠിതാക്കൾക്ക് അവരുടെ സാമൂഹിക കഴിവുകൾ, നേതൃത്വ ഗുണങ്ങൾ, മാധ്യമ സാക്ഷരത കഴിവുകൾ, ആശയ വിനിമയ കഴിവുകൾ, ഐ.സി.ടി ഉപയോഗിക്കുന്നതിനുള്ള കഴിവുകൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള അവസരങ്ങളും ലഭിക്കുന്നു.

**ഊരു വിദ്യാ കേന്ദ്രങ്ങൾ**
പ്രാദേശിക വിഭവ കേന്ദ്രങ്ങളുടെ പട്ടികവർഗ്ഗ മേഖലയിലുള്ള രൂപമാണ് "ഊരു വിദ്യാകേന്ദ്രങ്ങൾ". ഗോത്ര പഠിതാക്കളുടെ രണ്ട് പ്രധാന അക്കാദമിക് പ്രശ്നങ്ങൾ ഊരു വിദ്യാകേന്ദ്രങ്ങൾ അഭിസംബോധന ചെയ്യുന്നു. ആദ്യത്തേത്, അല്ലെങ്കിൽ ഏറ്റവും പ്രധാനപ്പെട്ടത് എന്നു പറയുന്നത് നിലനിർത്തൽ പ്രശ്നമാണ്. സാംസ്കാരിക ഘടകങ്ങൾ മൂലമുണ്ടാകുന്ന അന്യവൽക്കരണവും പിന്നോക്കാവസ്ഥയും പലപ്പോഴും ഈ പഠിതാക്കളെ സ്കൂളിൽ നിന്നും വിട്ട് നിൽക്കാൻ പ്രേരിപ്പിക്കുന്നു. അക്കാദമിക് പിന്തുണ നൽകുന്നതിനൊപ്പം ഈ പഠിതാക്കളെ ഒന്നിലധികം തരത്തിൽ സാമൂഹികവൽക്കരിക്കാനും ഊരു വിദ്യാകേന്ദ്രങ്ങൾ ലക്ഷ്യമിടുന്നു. മൊത്തത്തിൽ 600 എൽ.ആർ.സി.കളും 44 "ഊരു വിദ്യാകേന്ദ്രങ്ങളും" കേരളത്തിൽ പ്രവർത്തിക്കുന്നു.

**ഗണിതോത്സവം (ഗണിതത്തിന്റെ ഉത്സവം)**
ഗണിതശാസ്ത്ര ജീവിതത്തെ അടിസ്ഥാനമാക്കിയുള്ളതും അർത്ഥവത്തായതുമായ പഠനം സാക്ഷാത്കരിക്കുന്നതിനുള്ള നൂതന പരിപാടിയാണിത്. ഗണിത ശാസ്ത്രം എന്ന വിഷയം മനുഷ്യ ജീവിതത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നതിനെക്കുറിച്ചുള്ള അന്വേഷണമാണ് "ഗണിതോത്സവം" എന്ന പരിപാടി.

*അവലംബം* : SSK, 2019

വിദ്യാഭ്യാസ അവകാശ നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള പ്രായത്തിന് അനുയോജ്യമായ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിന് അക്കാദമിക വിടവ് നികത്തുന്നതിനുമായുള്ള പ്രവർത്തനങ്ങളാണ് എസ്.എസ്.കെ. ഏറ്റെടുത്തിരിക്കുന്നത്.

## ഹയർ സെക്കന്ററി വിദ്യാഭ്യാസം

ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി സെക്കന്ററി വിദ്യാഭ്യാസം പുനഃക്രമീകരിക്കുന്നതിന് വേണ്ടിയാണ് ഹയർസെക്കന്ററി കോഴ്സുകൾ 1990–91 കാലയളവിൽ സംസ്ഥാനത്ത് നിലവിൽ വന്നത്. 2020–ൽ സംസ്ഥാനത്ത് 2,079 ഹയർ സെക്കന്ററി സ്കൂളുകൾ നിലവിലുണ്ട്. അതിൽ 819 എണ്ണം (39.4 ശതമാനം) സർക്കാർ സ്കൂളുകളാണ്. 846 എണ്ണം (40.7 ശതമാനം) എയ്ഡഡ് സ്കൂളുകളും ബാക്കി 414 എണ്ണം (19.9 ശതമാനം) അൺ എയ്ഡഡ്/ടെക്നിക്കൽ സ്കൂളുകളാണ്. ജില്ലകളിൽ ഏറ്റവും കൂടുതൽ ഹയർ സെക്കന്ററി സ്കൂളുകൾ മലപ്പുറത്താണ് (248 എണ്ണം) തൊട്ടുപിന്നാലെ യഥാക്രമം എറണാകുളവും (209 എണ്ണം) തൃശ്ശൂരുമാണ് (203 എണ്ണം). 2020–ൽ ഹയർ സെക്കന്ററി കോഴ്സിൽ 7,250

ബാച്ചുകൾ ഉണ്ട്. 3,81,755 പേരാണ് ഹയർ സെക്കന്ററി സ്ക്കൂളുകളിൽ പ്രവേശനം നേടിയത്. ഏറ്റവും കൂടുതൽ ബാച്ചുകൾ മലപ്പുറം ജില്ലയിലാണ് (1067 എണ്ണം). ഇവിടെ 58,930 വിദ്യാർത്ഥികൾ പ്രവേശനം നേടി. ജില്ല–മാനേജ്മെന്റ് തിരിച്ചുള്ള ഹയർ സെക്കന്ററി സ്ക്കൂളുകളുടേയും ബാച്ചുകളുടേയും എണ്ണം **അനുബന്ധം 6.1.17** ലും ജില്ലകളിൽ പ്രവേശനം നേടിയ കുട്ടികളുടെ കണക്കുകൾ **അനുബന്ധം 6.1.18** ലും കാണാം. ഹയർ സെക്കന്ററി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ വിജയ ശതമാനം 2018–19 ലെ 84.28 ശതമാനത്തിൽ നിന്ന് 2019–20 –ൽ 85.14 ശതമാനമായി ഉയർന്നു. 2020–ൽ 18,668 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും എ+ നേടി. 3,20,940 കുട്ടികൾ ഉന്നത പഠനത്തിന് യോഗ്യത നേടി. വിശദാംശങ്ങൾ **അനുബന്ധം 6.1.19** –ൽ നൽകിയിരിക്കുന്നു. പട്ടികജാതി വിദ്യാർത്ഥികളുടെ വിജയ ശതമാനം 66.33 ശതമാനത്തിൽ നിന്ന് 68.03 ശതമാനമായി കൂടിയിട്ടുണ്ട് എന്നാൽ എസ്. ടി.വിദ്യാർത്ഥികളുടെ എണ്ണം 65.74 ശതമാനത്തിൽ നിന്ന് 63.59 ശതമാനമായും കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 6.1.20, 6.1.21** എന്നിവയിൽ നൽകിയിരിക്കുന്നു.

## വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം സംസ്ഥാനത്ത് ആരംഭിക്കുന്നത് 1983–84 കാലഘട്ടത്തിലാണ്. സ്വയം തൊഴിൽ/വേതന/പ്രത്യക്ഷ തൊഴിലുകൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടെ പ്ലസ് ടു തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുകയാണ് വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. 2020–21–ൽ 389 വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്കൂളുകളിലായി സംസ്ഥാനത്ത് 1,101 ബാച്ചുകളുണ്ട്. ഇതിൽ 261 സ്ക്കൂളുകൾ സർക്കാർ മേഖലയിലും 128 എണ്ണം എയ്ഡഡ് മേഖലയിലുമാണ്. 52 എണ്ണത്തോടെ ഏറ്റവും കൂടുതൽ വി.എച്ച്.എസ്. കൾ ഉള്ള ജില്ല കൊല്ലവും, തൊട്ടടുത്ത് 41 എണ്ണത്തോടെ തിരുവനന്തപുരവുമാണ്. 2020–21–ൽ ജില്ല തിരിച്ചുള്ള വി.എച്ച്.എസ്.എസ്. കളും കോഴ്സുകളും **അനുബന്ധം 6.1.22** –ൽ കൊടുത്തിരിക്കുന്നു.

മാർച്ച് 2020 ലെ വി.എച്ച്.എസ്.ഇ പരീക്ഷയിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടിയത് 76.06 ശതമാനമാണ്. 2011 മുതൽ 2020 വരെ വി.എച്ച്. എസ്.ഇ. പരീക്ഷ എഴുതിയവരുടെയും വിജയിച്ചവരുടെയും എണ്ണവും സ്കൂളിൽ പോകുന്ന കുട്ടികളുടെ റിസൽട്ടുകളും (2012–2020) **അനുബന്ധം 6.1.23, 6.1.24** എന്നിവയിൽ കൊടുത്തിരിക്കുന്നു.

## സർവ്വകലാശാലയും ഉന്നതവിദ്യാഭ്യാസവും

സംസ്ഥാനത്ത് ആകെ 14 സർവ്വകലാശാലകളുണ്ട്. ഇതിൽ 4 സർവ്വകലാശാലകൾ – കേരളാ, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ എന്നിവ – പൊതുസ്വഭാവമുള്ളതും, വിവിധ കോഴ്സുകൾ നടത്തുന്നവയും ആണ്. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരള കാർഷിക സർവ്വകലാശാല, കേരള ആരോഗ്യ സർവ്വകലാശാല, കേരള മത്സ്യ, സമുദ്രോല്പന്ന പഠന സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല തുടങ്ങിയവ പ്രത്യേക വിഷയങ്ങളിൽ വൈദഗ്ധ്യം നേടുന്നതിന് സഹായകമായ കോഴ്സുകൾ നടത്തിവരുന്നു. ഇതുകൂടാതെ 2005 ൽ, സ്ഥാപിതമായ നുവാൽസ് അഥവാ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കാസർഗോഡ് സ്ഥാപിച്ച കേന്ദ്ര സർവ്വകലാശാല എന്നിവയും പ്രവർത്തിക്കുന്നു.

ആർട്സ് ആന്റ് സയൻസ് കോളേജുകൾ സംസ്ഥാനത്ത് 229 ആർട്സ് ആന്റ് സയൻസ് കോളേജുകൾ നിലവിലുള്ളതിൽ 163 സ്വകാര്യ എയ്ഡഡ് കോളേജുകളും 66 സർക്കാർ കോളേജുകളും ആണ്. ഇത് കൂടാതെ നിരവധി അൺ–എയ്ഡഡ്/ സെൽഫ് ഫിനാൻസിങ്ങ് കോളേജുകളും സർവ്വകലാശാലകളുടെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. 2019–20 –ൽ എറണാകുളം, തിരുവനന്തപുരം ജില്ലകളിലാണ് (26) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഉള്ളത്. തൊട്ടുപുറകിൽ കോട്ടയം (24) ജില്ലയാണ്. ഏറ്റവും കൂടുതൽ സർക്കാർ കോളേജുകൾ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലാണ് (10). 2019–20 ൽ സംസ്ഥാനത്ത് നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ എണ്ണം ജില്ല തിരിച്ച് **അനുബന്ധം 6.1.25** –ൽ കൊടുത്തിരിക്കുന്നു. സെൽഫ് ഫിനാൻസിങ്ങ് കോളേജുകളുടെയും സ്വയം ഭരണാധികാരമുള്ള കോളേജുകളുടെയും വിവരങ്ങൾ **അനുബന്ധം 6.1.26** –ൽ കൊടുത്തിരിക്കുന്നു.

## വിദ്യാർത്ഥികളുടെ പ്രവേശനം

കേരളത്തിലെ നാല് സർവ്വകലാശാലകൾക്ക് കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 2019–20 –ൽ 3.32 ലക്ഷം വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട് (അൺ എയ്ഡഡ് കോളേജുകൾ ഒഴികെ). ഇതിൽ 2.25 ലക്ഷം (67.7 ശതമാനം) പെൺകുട്ടികളാണ്.

ബിരുദ പഠനത്തിന് പ്രവേശനം നേടിയിട്ടുള്ള കുട്ടികളിൽ 47.5 ശതമാനം പേർ ബി.എ യ്ക്കും, 36.5 ശതമാനം പേർ ബി.എസ്.സി.യ്ക്കും, 16 ശതമാനം പേർ

**പട്ടിക 6.1.6** ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ

| കോഴ്സ് | ആകെ | പെൺകുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|
| ബി.എ | 1,37,576 | 88,768 | 48,808 | 64.5 |
| ബി എസ്.സി | 1,05,545 | 78,908 | 26,637 | 74.8 |
| ബി.കോം. | 46,403 | 29,472 | 16,931 | 63.5 |
| **ആകെ** | **2,89,524** | **1,97,148** | **92,376** | **68.1** |
| എം.എ | 15,924 | 10,167 | 5,757 | 63.8 |
| എം.എസ്.സി | 19,971 | 12,757 | 7,214 | 63.9 |
| എം.കോം | 6,874 | 4,828 | 2,046 | 70.2 |
| **ആകെ** | **42,769** | **27,752** | **15,017** | **64.9** |
| **ആകെ മൊത്തം** | **3,32,293** | **2,24,900** | **1,07,393** | **67.7** |

*അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്*

**ചിത്രം 6.1.3** ഡിഗ്രി കോഴ്സിലേക്കുള്ള സ്ത്രീ പുരുഷ വിദ്യാർഥികളുടെ പ്രവേശനം




*അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്*

ബി.കോമിനുമാണ് ചേർന്നിട്ടുള്ളത്. ബിരുദ പഠനത്തിന് പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ 68.1 ശതമാനം പെൺകുട്ടികളാണ്. ആൺ–പെൺ തിരിച്ചുള്ള പ്രവേശനം വ്യക്തമാക്കുന്നത് ബി.എ, ബി.എസ്.സി കോഴ്സുകളെക്കാൾ ആൺകുട്ടികൾ തിരഞ്ഞെടുക്കുന്നത് ബി.കോം കോഴ്സാണ്.

ബി.എ. ബിരുദ കോഴ്സിന് ആകെ 27 വിഷയങ്ങളാണുള്ളത്. സാമ്പത്തിക ശാസ്ത്രം ആണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയ വിഷയം. തൊട്ടു പുറകിൽ ഇംഗ്ലീഷ് വരുന്നു. ബി.എസ്.സി. കോഴ്സിനു കീഴിൽ ആകെ 31 വിഷയങ്ങൾ പഠിക്കാം. ഇവിടെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത് ഫിസിക്സിലാണ് തൊട്ടുപിറകിലാണ് ഗണിതശാസ്ത്രം. ബി.എ., ബി.എസ്.സി., ബി.കോം കോഴ്സുകളിലായി ആർട്സ് ആന്റ് സയൻസസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **ചിത്രം 6.1.3** ലും **അനുബന്ധം 6.1.27, 6.1.28, 6.1.29** ലും കൊടുത്തിരിക്കുന്നു. 2019–20 കാലഘട്ടത്തിൽ കേരളത്തിൽ 21867 വിദ്യാർത്ഥികൾ ബിരുദാനന്തര–ബിരുദ കോഴ്സുകൾക്ക് പ്രവേശനം നേടി. ഇതിൽ 66 ശതമാനം പെൺകുട്ടികളാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ എം.എ, എം.എസ്.സി, എം.കോം കോഴ്സുകൾക്ക് പ്രവേശനം നേടിയവരുടെ വിശദമായ കണക്കുകൾ **അനുബന്ധം 6.1.30, 6.1.31, 6.1.32** –ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

സംസ്ഥാനത്ത് ബിരുദ–ബിരുദാനന്തര ബിരുദ കോഴ്സുകളിലായി 42,486 പട്ടികജാതി വിഭാഗ വിദ്യാർത്ഥികളാണ് പ്രവേശനം നേടിയിട്ടുള്ളത്. 2019–20 ൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ 12.79 ശതമാനം പട്ടികജാതിയിൽപ്പെട്ടവരാണ്. 2019–20 –ൽ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയവരിൽ 7,311 പേർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ്. ഇത് ആകെ

**പട്ടിക 6.1.7** ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി എസ്.ടി വിദ്യാർത്ഥികൾ

| കോഴ്സ് | ആകെ | ശതമാനം എസ്.സി | ശതമാനം എസ്.ടി | ശതമാനം മറ്റുള്ളവർ |
|---|---|---|---|---|
| ബി.എ | 100 | 10.39 | 2.25 | 87.09 |
| ബി.എസ്.സി | 100 | 15.47 | 0.97 | 83.57 |
| ബി.കോം | 100 | 13.35 | 1.85 | 84.8 |
| **ആകെ** | **100** | **12.72** | **1.85** | **85.44** |
| എം.എ | 100 | 15.77 | 6.02 | 78.22 |
| എം.എസ്.സി | 100 | 11.26 | 3.33 | 85.41 |
| എം.കോം | 100 | 13.30 | 4.90 | 81.8 |
| **ആകെ** | **100** | **13.26** | **4.58** | **82.15** |
| **ആകെ മൊത്തം** | **100** | **12.79** | **2.20** | **85.01** |

*അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്*

**ചിത്രം 6.1.4** ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ ശതമാനത്തിൽ




*അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്*

വിദ്യാർത്ഥികളുടെ 2.2 ശതമാനമാണ്.

2019–20–ൽ കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ചേർന്ന പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കണക്കുകൾ അനുബന്ധം 6.1.33 ൽ കാണാം. പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രവേശനം 41,547 ൽ നിന്നും 42,486 ആയി ഉയർന്നു. പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ ഇത് 6,956 ൽ നിന്നും 7,313 ലേക്ക് ഉയർന്നു. പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം അവരുടെ ജനസംഖ്യയുടെ അനുപാതത്തേക്കാൾ കൂടുതലാണെന്ന് കാണാൻ സാധിക്കും. മേൽ വിഭാഗങ്ങളുടെ ശതമാനാടിസ്ഥാനത്തിലുള്ള വിവരങ്ങൾ **പട്ടിക 6.1.17** ലും **ചിത്രം 6.1.4** ലും കാണാം.

## സ്കോളർഷിപ്പുകൾ

13 തരം കേന്ദ്ര–സംസ്ഥാനതല സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (65,626), ജില്ല മെറിറ്റ് സ്കോളർഷിപ്പ് (20,409), കേരള സംസ്ഥാന സുവർണ്ണ ജൂബിലി സ്കോളർഷിപ്പ് (4,473) എന്നിവയാണ് 2019–20 വർഷത്തിൽ നല്കിയ പ്രധാന സ്കോളർഷിപ്പുകൾ. 2015–16 മുതൽ 2019–20 വരെയുള്ള കാലഘട്ടത്തിൽ നൽകിയിട്ടുള്ള സ്കോളർഷിപ്പുകൾ വിവരങ്ങൾ **അനുബന്ധം 6.1.34** –ൽ കൊടുത്തിരിക്കുന്നു.

## അദ്ധ്യാപകർ

സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2019–20 ലെ അദ്ധ്യാപകരുടെ എണ്ണം 9955 ആണ്. ഇതിൽ 57.2 ശതമാനം സ്ത്രീകളാണ്. 2015–16 മുതൽ 2019–20 വർഷങ്ങളിൽ സർവ്വകലാശാല തിരിച്ച് കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അദ്ധ്യാപകരുടെ എണ്ണം **അനുബന്ധം 6.1.35** ൽ കാണാം. ഇവരിൽ 3,933 പേർ (39.5 ശതമാനം) പി.എച്ച്.ഡി. ബിരുദമുള്ളവരാണ്.

വിശദവിവരങ്ങൾ **അനുബന്ധം 6.1.36** –ൽ കൊടുത്തിട്ടുണ്ട്. 2020 ൽ ഈ കോളേജുകളിൽ 3,772 പേർ അതിഥി അദ്ധ്യാപകരായി ജോലി ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1.37** ൽ കാണാം.

### കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ

ദേശീയ തലത്തിലുള്ള വിദ്യാഭ്യാസ നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി, സംസ്ഥാനതല ആസൂത്രണത്തിന്റെയും സഹകരണത്തിന്റെയും പ്രാധാന്യം അംഗീകരിച്ചുകൊണ്ട്, എല്ലാ സംസ്ഥാനങ്ങളിലും ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കണമെന്ന് ദേശീയ വിദ്യാഭ്യാസ നയം 1986ൽ നിർദ്ദേശിച്ചു. 2007 മാർച്ച് 16 ന് കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നിലവിൽ വന്നു. സംസ്ഥാനത്ത് ഹയർ എഡ്യൂക്കേഷനെ പറ്റിയുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമത്വം, പ്രവേശനം, മികവ് എന്നിവ ഉറപ്പാക്കാനും പ്രയത്നിക്കുന്നു. കൗൺസിലിന്റെ പ്രധാന ചുമതലകൾ താഴെ പറയുന്നു:

- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ നയങ്ങൾ രൂപീകരിക്കുന്ന ഒരു ഏജൻസിയായി പ്രവർത്തിക്കുക.
- സംസ്ഥാനത്തെ സർക്കാർ, സർവ്വകലാശാലകൾ, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉപദേശം നൽകുക.
- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ ആശയങ്ങൾക്കും പദ്ധതികൾക്കും തുടക്കം കുറിക്കുക
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്വയംഭരണാവകാശത്തിൽ കൈകടത്താതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതു സൗകര്യങ്ങൾ ലഭ്യമാക്കുക.

## കൗൺസിലിന്റെ പ്രധാന സംരംഭങ്ങൾ – 2019–20

### ഇ.ജേണൽ കൺസോർഷ്യം

ഇൻഫർമേഷൻ ആന്റ് ലൈബ്രറി നെറ്റ് വർക്ക് സെന്ററുകൾ നല്കുന്ന രാജ്യത്തെ സ്ഥാപങ്ങളിലുടനീളമുള്ള ഇ.ജേണലുകളിലേക്ക് സൗജന്യമായി പ്രവേശിക്കാനുള്ള സൗകര്യമാണിത്, അതിലൂടെ ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിയും. പ്രസക്തമായ വിഷയങ്ങളിലെ മിക്കവാറും എല്ലാ ജേണലുകളും ഡാറ്റാ ബേസും സർക്കാർ അല്ലെങ്കിൽ സർവ്വകലാശാലകൾ പൂർണ്ണമായി ധനസഹായം ചെയ്യത്തക്കവിധത്തിൽ ന്യായമായ ചെലവിൽ സബ്സ് ക്രൈബ് ചെയ്യാൻ കഴിയും. കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളുടേയും പങ്കാളിത്തത്തോടെ ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.

### കാൽനെറ്റ് (കേരള അക്കാദമിക് ലൈബ്രറീസ് നെറ്റ് വർക്ക്)

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ലൈബ്രറികളുടെ സഹകരണത്തോടെ, സംസ്ഥാനത്ത് ഒരു ലൈബ്രറി ശൃംഖല രൂപീകരിച്ച് വിഭവങ്ങൾ പങ്കിടൽ ഈ സംരംഭം ഉറപ്പാക്കുന്നു. ഇതിൽ രണ്ട് ലെവലുകളാണുള്ളത് ;

i. ഒരു സർവ്വകലാശാലയുടെ ലൈബ്രറികൾ നെറ്റ് വർക്ക് ചെയ്യുക, ഇത് മേൽ സർവ്വകലാശാലയുടെ പേരിൽ അറിയപ്പെടുക.
ii. അഫിലിയേറ്റഡ് കോളേജ് ലൈബ്രറികളുടെ ശൃംഖലകൾ നെറ്റ് വർക്കുമായി ബന്ധിപ്പിക്കുക.

### കേരള ചരിത്രഗവേഷണ കൗൺസിൽ (കെ.സി.എച്ച്.ആർ)

ചരിത്രത്തിലും പുരാവസ്തുഗവേഷണത്തിലും മറ്റ് സാമൂഹ്യ ശാസ്ത്രവിഷയങ്ങളിലും ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2001 ൽ സ്ഥാപിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള ചരിത്ര ഗവേഷണ കൗൺസിൽ. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുമായി അക്കാദമിക അംഗീകാരമുള്ളതും കേരള സർവ്വകലാശാലയുടെ അംഗീകരിക്കപ്പെട്ട ഗവേഷണ കേന്ദ്രവുമാണ് കേരള ചരിത്ര ഗവേഷണ കൗൺസിൽ. ചരിത്രാതീതകാലം മുതൽ വർത്തമാനകാലം വരെയുള്ള കേരളത്തിന്റെ ചരിത്രം ശാസ്ത്രീയമായി തയ്യാറാക്കി ഒരു സമഗ്ര വാല്യമായി പ്രസിദ്ധീകരിക്കാൻ കൗൺസിൽ തയ്യാറെടുക്കുകയാണ്.

കോവിഡ്–19 മഹാമാരി കണക്കിലെടുത്ത്, ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ കെ.സി.എച്ച്.ആർ അടിസ്ഥാനമാക്കിയുള്ള അക്കാദമിക് വിപുലീകരണ പ്രോഗ്രാമുകൾ നടത്തി. ഇക്കാര്യത്തിൽ രണ്ട് സീരീസ് ആരംഭിച്ചു. ആദ്യത്തേത് ചരിത്രത്തിലും സാമൂഹ്യ ശാസ്ത്രത്തിലും വിദഗ്ധരായ പണ്ഡിതന്മാർ ഉൾപ്പെടുന്ന കെ.സി.എച്ച്.ആർ വെബിനാർ സീരീസ് ആണ്. രണ്ടാമത്തെ സീരീസ് "കേരള സമൂഹത്തിന്റെ പരിണാമം" എന്ന പേരിൽ മലയാളത്തിലെ കെ.സി. എച്ച്.ആർ വെബ്ടോക്ക് സീരീസ് ആണ്. ഈ വെബ് ടോക്ക് സീരീസ് ഹയർ സെക്കണ്ടറി സ്കൂൾ തലത്തിലുള്ള വിദ്യാർത്ഥികളെയാണ് ലക്ഷ്യമിടുന്നത്. അതോടൊപ്പം കേരള ചരിത്രത്തെക്കുറിച്ചുള്ള അക്കാദമിക് പ്രഭാഷണം വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കാനുള്ള ശ്രമവുമുണ്ട്.

## 2019–20 ലെ കെ.സി.എച്ച്.ആർ ന്റെ പ്രധാന സംരഭംങ്ങൾ

"കോസ്മോസ് മലബാറിക്കസ് " എന്ന ഒരു പദ്ധതി തുടങ്ങാനുള്ള പ്രരംഭ നടപടി എടുത്തു. ഡച്ച് ആർക്കൈവ്സിലും ഇന്ത്യയിലും ചരിത്ര പരമായ രേഖകളുടെ ശേഖരം വിശകലനത്തിനായി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ കാലാവധി ഏഴ് വർഷമായിരിക്കും. ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സംസ്കൃത സ്റ്റഡീസ് (എസ്.എസ്.യു.എസ് ) കാലടിയുടേയും കേരള സർക്കാരിന്റെ സ്റ്റേറ്റ് ആർക്കൈവ്സ് ഡിപ്പാർട്ട്മെന്റിന്റെയും പങ്കാളിത്തത്തോടെ ലൈഡൻ സർവ്വകലാശാല (എൽ യു), നെതർലൻഡ്സിലെ ദേശീയ ആർക്കൈവ്സ്, ചരിത്ര ഗവേഷണത്തിനുള്ള കേരള കൗൺസിൽ എന്നിവരാണ് ഇതിൽ ഉൾപ്പെടുന്നത്.

## കേരള സംസ്ഥാന നൈപുണ്യ വികസന പ്രോജക്ട് (അസാപ്)

കേരള സംസ്ഥാന നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി 2012 ൽ ഉന്നത–പൊതു വിദ്യാഭ്യാസ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ച പദ്ധതിയാണ് അസാപ്. ഹയർ സെക്കന്ററി തലം മുതൽ ബിരുദ തലം വരെയുള്ള ജനറൽ കരിക്കുലവുമായി ബന്ധപ്പെടുത്തി സുപ്രധാന അടിസ്ഥാന പരിശീലനം, തൊഴിലധിഷ്ഠിത പരിശീലനം, കരിയർ കൗൺസലിംഗ് എന്നിവയിലൂടെ വിദ്യാഭ്യാസ തൊഴിലില്ലായ്മയെ നേരിടാൻ ഇത് ലക്ഷ്യമിടുന്നു. അസാപിന്റെ വിജയം സാമൂഹ്യ നൈപുണ്യത്തിലേക്കും ഫ്യൂച്ചറിസ്റ്റിക് നൈപുണ്യത്തിലേക്കും നയിച്ചു. വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത ഉയർത്താനും അവരുടെ തൊഴിൽ വൈദഗ്ധ്യത്തിന്റെ മേന്മ വർദ്ധിപ്പിക്കാനും തക്ക വിധത്തിലുമുള്ള അനുകൂല സാഹചര്യം അസാപ് സജ്ജമാക്കുന്നു. സാങ്കേതിക വിദ്യാർത്ഥികളുടെ നൈപുണ്യ വിടവ് നികത്താനും ഭാവി വ്യവസായത്തിന് അവരെ സജ്ജരാക്കാനും എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും സ്ഥാപിച്ച നൂതന നൈപുണ്യ വികസന കേന്ദ്രങ്ങൾ (എ.എസ്.ഡി.സി.കൾ) ശക്തിപ്പെടുത്തുന്നതിൽ 2019–20 കാലയളവിൽ അസാപ് ശ്രദ്ധ കേന്ദ്രീകരിച്ചു. വ്യവസായത്തിലെ ഡിമാൻഡ് അടിസ്ഥാനമാക്കിയുള്ള തൊഴിൽ റോളുകളിൽ കമ്മ്യൂണിറ്റിയെ സജ്ജമാക്കുന്നതിനായി നൂതന മൾട്ടി സ്കിൽ ട്രെയിനിംഗ് സെന്ററുകളായ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും (സി.എസ്.പി) പ്രവർത്തനക്ഷമമാക്കി.

## 2019–20 ലെ അസാപിന്റെ പ്രധാന സംരഭങ്ങൾ

**സാങ്കേതിക സ്ഥാപനങ്ങളിലെ വിപുലമായ നൈപുണ്യ വികസനം:** എഞ്ചിനീയറിംഗ്, പോളിടെക്നിക് സ്ഥാപനങ്ങളിലെ നൈപുണ്യ വിടവ് നികത്തുന്നതിനും ഭാവി സാങ്കതിക വിദ്യകളുമായി വിദ്യാർത്ഥികളെ ബന്ധിപ്പിക്കുന്നതിനും, അസാപ് 66 എഞ്ചിനീയറിംഗ് കോളേജുകളിലും 45 പോളിടെക്നിക്കുകളിലും അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (എ എസ് ഡി സി കൾ) സ്ഥാപിച്ചു. കേരളത്തിലുടനീളം എ എസ് ഡി സി കൾ വ്യവസായ പ്രമുഖരുമായി പങ്കാളികളാകുകയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, റോബോട്ടിക് പ്രോസസ്, ഓട്ടോമേഷൻ തുടങ്ങിയ നൂതന കോഴ്സുകൾ വാഗാദാനം ചെയ്യുകയും ചെയ്യുന്നു. പരമ്പരാഗതമായ തൊഴിലാളികളിൽ നിന്ന് മാറി, ഈ നൂതന കോഴ്സുകളിൽ ചേരുന്നതിന് വനിതാ വിദ്യാർത്ഥികൾ വലിയ താല്പര്യം കാണിക്കുന്നു. 9,180 കുട്ടികൾ അസാപ് ലെവൽ 2 കോഴ്സുകളിൽ (എ.എസ്.ഡി.സി കോഴ്സുകൾ) ചേർന്നു. 2018–19 –ൽ 249 പേരും 2019–20 –ൽ 8,931 പേരും ചേർന്നിട്ടുണ്ട്. 96 വിദ്യാർത്ഥികളെ ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, മെഷീൻ ലേണിംഗ് കോഴ്സുകളിൽ ഉൾപ്പെടുത്തി.

**പഠനത്തോടൊപ്പം സമ്പാദിക്കുക** – ബിരുദ വിദ്യാർത്ഥികൾക്കായുള്ള ഇന്റേൺഷിപ്പ് പ്രോഗ്രാം: പരമ്പരാഗത വിദ്യാഭ്യാസ പരിപാടിയിൽ പങ്കെടുക്കുമ്പോൾ തന്നെ ബിരുദ വിദ്യാർത്ഥികൾക്ക് ജോലി ചെയ്യാനുള്ള അവസരം നൽകുന്നതിന് സ്റ്റേറ്റ് ഇന്റേൺഷിപ്പ് പോർട്ടൽ പ്രവർത്തിപ്പിക്കാനുള്ള ചുമതല സംസ്ഥാന സർക്കാർ അസാപിനെ ചുമതലപ്പെടുത്തി. പരിപാടിക്കായി ഒരു ബോധനശാസ്ത്രം നടപ്പിലാക്കുകയാണ് ഈ പോർട്ടൽ ലക്ഷ്യം വയ്ക്കുന്നത്. ഇതിന്റെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ, അക്കാദമിക് വിദഗ്ദ്ധർ, വ്യവസായങ്ങൾ എന്നിവ ഒരു വെബ് പ്ലാറ്റ് ഫോമിൽ വരത്തക്ക വിധത്തിലാണ് എംപ്ലോയബിലിറ്റി എൻഹാൻസ് മെന്റ് പ്രോജക്ട് എന്ന സംരംഭം രൂപകൽപ്പന ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ ഇന്റേൺഷിപ്പ് പോർട്ടലിന്റെ പ്രധാന സവിശേഷത എന്താണെന്നാൽ, ഇത് വിദ്യാർത്ഥികളെ വ്യവസായങ്ങളുമായി മാത്രമല്ല, സാങ്കേതിക ജോലികൾ ഉൾക്കൊള്ളുന്ന സംസ്ഥാന വകുപ്പുകളുമായി കൂട്ടി ബന്ധിപ്പിച്ചിരിക്കുന്നു എന്നതാണ്.

**കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ:** സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ സ്ഥലങ്ങളിൽ അത്യാധുനിക പരിശീലന സൗകര്യങ്ങളുള്ള വിവിധ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിലേക്കായി രൂപപ്പെടുത്തിയെടുത്ത അസാപിന്റെ, വ്യവസായ നേതൃത്വത്തിൽ ഉള്ള പബ്ലിക്ക്, പ്രൈവറ്റ്, പാർട്ട്ണർഷിപ്പ് സംരംഭമാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. സി.എസ്.പി.കൾ ഒരു ഹബ് അല്ലെങ്കിൽ സ്പോക്ക് മോഡലിൽ പ്രവർത്തിക്കുകയും അക്കാദമിക് സ്ഥാപനങ്ങൾ, തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങൾ, പ്രാദേശിക വ്യവസായങ്ങൾ എന്നിവയുമായി ബന്ധപ്പെടുകയും നൈപുണ്യ

വികസന പരിസ്ഥിതിയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. മൊത്തം 16 സി.എസ്.പി കൾ സംസ്ഥാനത്ത് തുടക്കമാക്കേണ്ടതുണ്ട്. അതിൽ 9 എണ്ണം ഇതിനകം തന്നെ പ്രവർത്തിക്കുന്നുണ്ട്. ബാക്കി 7 സി.എസ്.പി കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

**നാഷണൽ ക്വാളിഫിക്കേഷൻ രജിസ്റ്റർ (എൻ ക്യൂ ആർ):** നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (എൻ.എസ്.ക്യൂ.എഫ് ) അനുസരിച്ച് നൈപുണ്യ യോഗ്യതകൾ വികസിപ്പിക്കുന്നതിനുള്ള കഴിവും യോഗ്യതയും അസാപ് നേടിയിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷമായി, അസാപ് അഞ്ച് എൻ.എസ്.ക്യൂ.എഫ് യോഗ്യതകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അത് ഇപ്പോൾ ദേശീയ യോഗ്യത രജിസ്റ്ററിൽ (എൻ.ക്യൂ.ആർ) ലഭ്യമാണ്. ഇതോടെ അസാപ് നൈപുണ്യ കോഴ്സ് പാഠ്യപദ്ധതി വികസന മണ്ഡലത്തിലേക്ക് പ്രവേശിച്ചു.

എൻ.ക്യൂ.ആർ ലെ അസാപ് യോഗ്യതകൾ ഇവയാണ്:

- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ (എൻ.എസ്.ക്യൂ.എഫ് ലെവൽ 6)
- ജൂനിയർ കറസ്പോണ്ടന്റ് കോഴ്സ് (എൻ.എസ്.ക്യൂ.എഫ് ലെവൽ 5)
- അസിസ്റ്റന്റ് ഓഫ് സെറ്റ് പ്രിന്റിംഗ് ഓപ്പറേറ്റർ (എൻ.എസ്.ക്യൂ.എഫ് ലെവൽ 4)
- എയർ കാർഗോ മാനേജ് മെന്റ് എക്സിക്യൂട്ടീവ് (എൻ.എസ്.ക്യൂ.എഫ് ലെവൽ 6)
- ഹൈടെക് ഫാം മാനേജ് മെന്റിലെ സർട്ടിഫിക്കറ്റ് കോഴ്സ് (എൻ.എസ്.ക്യൂ.എഫ് ലെവൽ 6)

2019 ൽ നാല് യോഗ്യതകൾ കൂടി വികസിപ്പിച്ചെടുത്തു. ഇത് എൻ.എസ്.ക്യൂ.എഫി ന്റെ അംഗീകാരം നേടിയിട്ടുണ്ട്. അവ ഇനി പറയുന്നവയാണ് ;

- 3 ഡി പ്രോട്ടോ ടൈപ്പിംഗ് മാനേജർ (എൻ.എസ്.ക്യൂ.എഫ് ലെവൽ 6)
- മാനേജർ പ്രീ പ്രസ്സ് (എൻ.എസ്.ക്യൂ.എഫ് ലെവൽ 6)
- ബൈൻഡിംഗ് മെഷീൻ ഓപ്പറേറ്റർ (എൻ.എസ്.ക്യൂ.എഫ് ലെവൽ 4)
- എ.ഐ മെഷീൻ ലേണിംഗ് ഡെവലപ്പർ (എൻ.എസ്.ക്യൂ.എഫ് ലെവൽ 7)

**പോളിടെക്നിക്കുകളിലെ അസാപ് കമ്മ്യൂണിറ്റി കോളേജുകൾ:** പ്രാദേശിക തൊഴിലവസരങ്ങളും സ്വയം തൊഴിലവസരങ്ങളും തിരിച്ചറിഞ്ഞ് അതിനാവശ്യമായ നൈപുണ്യ പരിശീലനം നൽകിക്കൊണ്ട് സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ആശയവുമായി അഖിലേന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷന്റെ (എ.ഐ.സി.ടി.ഇ) കീഴിൽ പ്രവൃത്തിക്കുന്ന മാതൃക സ്ഥാപനമാണ് കമ്മ്യൂണിറ്റി കോളേജുകൾ. യഥാർത്ഥ വ്യവസായ മേഖലയിലുള്ള നൈപുണ്യ വിജ്ഞാന ദാതാക്കൾ പരിശീലനം നൽകുന്നു.

**ഷീ സ്കിൽസ് :** 15 വയസ്സിനു മുകളിലുള്ള സ്ത്രീകൾ/ പെൺകുട്ടികൾക്ക് വ്യവസായ പ്രസക്തമായ കോഴ്സുകളിൽ 3 മാസം ദൈർഘ്യമുള്ള നൈപുണ്യ പരിശീലനം നൽകുന്നതിനായി അസാപ് ആരംഭിച്ചതാണ് ഈ സംരംഭം. സ്ത്രീകളെ, കുട്ടതലും വീട്ടമ്മമാരെ, വിപണനപരമായ കഴിവുകൾ പഠിക്കാൻ സഹായിക്കുന്നതിലൂടെ ജീവിത നിലവാരം ഉയർത്തുക, സാമ്പത്തികമായി സ്വയം പര്യാപ്തരാകാൻ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പ്രത്യേക ഉദ്യമത്തിന്റെ ലക്ഷ്യം. 2019 ൽ 11 തൊഴിൽ മേഖലകളിലായി 23 കോഴ്സുകൾ ഷീ.സ്കിൽസ് വാഗ്ദാനം ചെയ്യുന്നു. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, സോഫ്റ്റ് സ്കിൽസ് പരിശീലനം നൽകുക എന്നിവയാണ് പരിപാടിയുടെ പ്രധാന സവിശേഷതകൾ. 5,529 സ്ത്രീകൾ പരിപാടിക്ക് ചേർന്നു.

## റീബൂട്ട് കേരള ഹാക്കത്തൺ 2020 – എൻജിനീയറിംഗ് വിദ്യാഭ്യാസത്തിൽ ഹാക്കത്തൺ സംസ്കാരം പ്രചരിപ്പിക്കൽ

സംസ്ഥാനത്തെ വിവിധ വകുപ്പുകൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നിറഞ്ഞ പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരം കണ്ടെത്തുന്നതിലൂടെ കേരളത്തിന്റെ വികസനത്തിലേക്ക് ആശയങ്ങൾ നൽകാൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള ഒരു അവസരമാണ് റീബൂട്ട് കേരള ഹാക്കത്തൺ 2020. പത്ത് തീമുകളിൽ ഇടവേളകളില്ലാതെ 36 മണിക്കൂർ നീണ്ടുനിൽക്കുന്ന, രണ്ട് ഘട്ടമുള്ള 22 ഹാക്കത്തണുകൾ ഉൾക്കൊള്ളുന്നതായിരുന്നു ആർ.കെ.എച്ച് 2020. 2019–20 ലെ റീബൂട്ട് കേരള ഹാക്കത്തണിന്റെ ആദ്യ ഘട്ടത്തിൽ എട്ട് ഹാക്കത്തണുകൾ ഓഫ് ലൈനിലാണ് നടന്നത്. പ്രശ്ന പരിഹാരത്തിലൂടെ സുസ്ഥിര മാറ്റം കൊണ്ടു വരുകയും കൂടാതെ ഉത്പന്ന നവീകരണത്തിന് വേണ്ടി സംയോജിത പ്രവർത്തനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഹാക്കത്തണിന്റെ ലക്ഷ്യം.

## രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ)

ആസൂത്രിതമായ വികസനത്തിലൂടെ ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രവേശനം, തുല്യത, നിലവാരം എന്നിവ സംസ്ഥാന തലത്തിൽ മെച്ചപ്പെടുത്തുക എന്നതാണ് റൂസയുടെ പ്രധാന ലക്ഷ്യങ്ങൾ. പുതിയ അക്കാദമിക് സ്ഥാപനങ്ങൾ സൃഷ്ടിക്കുക, നിലവിലുള്ളവ വികസിപ്പിക്കുക, നവീകരിക്കുക, പ്രൊഫഷണലായി നിയന്ത്രിക്കുന്നതും ഗവേഷണോന്മുഖമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന രീതിയിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾ വികസിപ്പിക്കുക, ദേശീയമായിത്തന്നെ പ്രസക്തിയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകുക എന്നിവയാണ് റൂസയുടെ ലക്ഷ്യങ്ങൾ.

റൂസ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെയുള്ള 142 സർക്കാർ, എയ്ഡഡ് കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ രണ്ട് ഘട്ടങ്ങളായി മെച്ചപ്പെടുത്തുന്നതിന് 2 കോടി രൂപ അനുവദിച്ചു. റൂസയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെയുള്ള 5 സ്വയംഭരണ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഗുണ നിലവാരം ഉയർത്തുന്നതിനും 5 കോടി രൂപ അനുവദിച്ചു. അക്കാദമിക മേഖലയിൽ ഗവേഷണ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി റൂസ റിസർച്ച് നെറ്റ് വർക്ക് ഗ്രൂപ്പ് (ആർ.ആർ.എൻ.ജി) സ്ഥാപിച്ചു. ആർ.ആർ.എൻ.ജി സംസ്ഥാനത്തൊട്ടാകെയുള്ള സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ മീറ്റിംഗുകളും വർക്ക് ഷോപ്പുകളും നടത്തുന്നു. ആർ.ആർ.എൻ.ജി, യു.ജി.സി, എം.എച്ച്.ആർ.ഡി എന്നിവയ്ക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അതിൽ നിരവധി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തു. വയനാട്ടിൽ മാതൃക ബിരുദ കോളേജിന്റെ നിർമ്മാണത്തിനായുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചു. പുത്തൻ വിദ്യാഭ്യാസ നയത്തിന്റെ പശ്ചാത്തലത്തിൽ, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോടൊപ്പം റൂസയുടേയും പങ്ക് മാറുമെന്ന് പ്രതീക്ഷിക്കുന്നു.

## സാങ്കേതിക വിദ്യാഭ്യാസം

സമൂഹത്തിന്റെ നേട്ടത്തിനായി സാങ്കേതികവിദ്യയുടെ ഉപയോഗം, ജീവിത നിലവാരം മെച്ചപ്പെടുത്തൽ, സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനായി വ്യവസായ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ സാങ്കേതിക വിദ്യ വർദ്ധിപ്പിക്കൽ എന്നിവയാണ് സാങ്കേതികവിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. യുവാക്കൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിലൂടെ സുസ്ഥിര വികസനത്തിനും സാമൂഹ്യ ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും

**ബോക്സ് 6.1.4** നോഡൽ സെന്റർ ഫോർ റോബോട്ടിക്സ് ആന്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് റോബോട്ടിക്സ് മേഖലയിലുള്ള സാങ്കേതിക സ്ഥാപനങ്ങൾക്ക് നൈപുണ്യ വികസന പരിപാടികളും പരിശീലനവും സംഘടിപ്പിക്കുക, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ സുഗമമാക്കുക എന്നീ രണ്ടു ലക്ഷ്യങ്ങളോടുകൂടി 2019 ൽ തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിൽ സ്ഥാപിതമായ ഒരു സംരംഭമാണ് നോഡൽ സെന്റർ ഫോർ റോബോട്ടിക്സ് ആന്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. വ്യവസായ നിലവാരം പുലർത്താൻ പ്രാപ്തിയുള്ള, നന്നായി പരിശീലനം സിദ്ധിച്ചതും നല്ല പ്രാഗൽഭ്യമുള്ള മാനവ ശേഷി ഉൽപാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമായ ഒരു ഇന്റർഡിസിപ്ലിനറി സ്വഭാവമുള്ള കേന്ദ്രമാണ് എൻ.സി.ആർ.എ.ഐ. ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷന് കീഴിൽ ത്രിതല മാതൃകയിൽ വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ, പോളി ടെക്നിക് കോളേജുകൾ, സാങ്കേതിക ഹൈസ്കൂളുകൾ എന്നിവ ഇതിന്റെ സൗകര്യങ്ങൾ പങ്കിടുന്ന വിധത്തിലാണ് ഈ പരിപാടി വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിൽ മികവിന്റെ കേന്ദ്രമായി പ്രവർത്തിക്കും.

ആരംഭം മുതൽ 39.3 ലക്ഷം രൂപയുടെ ബാഹ്യധന സഹായത്തോടെയുള്ള ഗവേഷണ പ്രോജക്ടുകൾ കേന്ദ്രം ഏറ്റെടുത്തിട്ടുണ്ട്, കൂടാതെ 8 പിജി ലെവൽ വിദ്യാർത്ഥി പ്രോജക്ടുകളും. ഒരു പരിശീലന കലണ്ടർ പ്രസിദ്ധീകരിക്കുകയും അത് കർശനമായി പാലിക്കുകയും ചെയ്യുന്നു. ഇത് ഫാക്കൽറ്റികളെ ഈ മേഖലയിലെ ഏറ്റവും പുതിയ സംഭവ വികാസങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു. സെന്റർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 7 ദേശീയ തലത്തിലുള്ള കോൺഫറൻസ് പ്രബന്ധങ്ങളും ഒരു അന്താരാഷ്ട്ര പുസ്തക ചാപ്റ്റർ പ്രസിദ്ധീകരണവും (കമ്പ്യൂട്ടർ സയൻസിലെ സ്പ്രിംഗർ ലെക്ചർ കുറിപ്പുകൾ എഴുതിയത്) ഉണ്ട്. സ്ഥാപന–സ്ഥാപന ആശയവിനിമയത്തിന്റെ ഭാഗമായി, ഒരു യന്ത്രവൽകൃത കൈതച്ചക്ക കൊയ്ത് യന്ത്രത്തിന്റെ വികസനത്തിനായി അഗ്രികൾച്ചർ യൂണിവേഴ്സിറ്റി മണ്ണുത്തിയുമായും സെൽഫ് ഡ്രൈവിംഗ് കാറിനുള്ള അൽഗോരിതം ഉത്തമീകരിക്കുന്നതിന് ജപ്പാനിലുള്ള ടയോട്ട ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമായും കേന്ദ്ര ചർച്ച നടത്തുന്നു. (ധാരണാപത്രം ഒപ്പിടാൻ പോകുന്നു)

കോവിഡ് മഹാമാരി സമയത്ത്, ഡി.ടി.ഇ ക്ക് കീഴിലുള്ള മറ്റ് പല സ്ഥാപനങ്ങളെയും പോലെ, ജി.ഇ.സി തൃശ്ശൂർ ആരോഗ്യ സംരക്ഷണ മേഖലയിലും കാര്യമായ സാങ്കേതിക സംഭാവനകൾ നൽകിയിട്ടുണ്ട്. കോവിഡ് വാർഡുകളുടെ ശുചിത്വ വൽക്കരണത്തിനും കോവിഡ് ഐസൊലേഷൻ വാർഡുകളിലെ ഭക്ഷണം/മരുന്ന് വിതരണത്തിനും വേണ്ടിയുള്ള സാനിറ്റൈസർ കുഞ്ഞപ്പൻ 2.0 എന്ന റോബോട്ട് വികസിപ്പിച്ചെടുത്തതാണ് ഇതിൽ പ്രധാനം. കേളേജിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് "ഫാബ് ലാബ്" സൗകര്യം ഉപയോഗിച്ച് രൂപകൽപ്പന ചെയ്ത പെഡൽ ഓപ്പറേറ്റഡ് ഹാൻഡ് സാനിറ്റൈസർ, വെന്റിലേറ്റർ – സ്പ്ലിറ്റർ, എയറോസോൾ ബോക്സ് എന്നിവ ആരോഗ്യസംരക്ഷണ അധികാരികൾക്ക് കൈമാറിയ മറ്റ് പ്രധാന സംഭാവനകളാണ്.

അവരെ പ്രാപ്തമാക്കുന്നതിന് സാധിക്കുന്നു. സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നോഡൽ വകുപ്പായി പ്രവർത്തിച്ച വരുന്നത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണപരവും സാമ്പത്തികവുമായ നിയന്ത്രണത്തിനു കീഴിലുള്ള സാങ്കേതിക സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.38** ൽ കൊടുത്തിരിക്കുന്നു.

## എഞ്ചിനീയറിംഗ് കോളേജുകൾ

2019–20 ലെ കണക്കുപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള 177 എഞ്ചിനീയറിംഗ് കോളേജുകളിലായി 49,136 പേർ പ്രവേശനം നേടി. ഇതിൽ 165 എണ്ണം (93.2ശതമാനം) സ്വാശ്രയകോളേജുകളും (അൺ എയ്ഡഡ്), 9 എണ്ണം (5.1ശതമാനം) സർക്കാർ കോളേജുകളും, 3 എണ്ണം (1.7ശതമാനം) സ്വകാര്യ എയ്ഡഡ് കോളേജുകളുമാണ്. ഏറ്റവും കൂടുതൽ അൺഎയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ഉള്ളത് എറണാകുളം ജില്ലയിലാണ് (29 എണ്ണം). അതു കഴിഞ്ഞാൽ തിരുവനന്തപുരം (26 എണ്ണം) ജില്ലയാണ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർകോഡ് ജില്ലകളിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ല. ജില്ല തിരിച്ചും, മാനേജ്മെന്റ് തിരിച്ചുമുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെയും, അനുവദിച്ചിട്ടുള്ള സീറ്റുകളുടെയും എണ്ണം **അനുബന്ധം 6.1.39** ൽ ചേർത്തിട്ടുണ്ട്. 2020–ൽ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം സർക്കാർ കോളേജുകളിൽ 3,430 ആണ് (7ശതമാനം). ഇത് എയ്ഡഡ് കോളേജുകളിൽ 1,844 (3.75ശതമാനം) ഉം, അൺഎയ്ഡഡ് കോളേജുകളിൽ 43,862 (89.3ശതമാനം) ഉം ആയിരുന്നു.

2020–21 ൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഏറ്റവുമധികം സീറ്റുകൾ ഉള്ളത് മെക്കാനിക്കൽ (9,780), എഞ്ചിനീയറിംഗ് വിഭാഗത്തിലാണ്. തുടർന്ന് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് (9,222), സിവിൽ എഞ്ചിനീയറിംഗ് (8,814), ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് (6,550) വിഭാഗത്തിലുമാണ്. എന്നാൽ 2019–20 –ൽ ഏറ്റവും കൂടുതൽ സീറ്റുകൾ ഉണ്ടായിരുന്നത് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ശാഖയിലാണ് (16,120). 2019–20 ലെ ശാഖ തിരിച്ചുള്ള സീറ്റ് വിഭാഗത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1.40** –ൽ ചേർത്തിരിക്കുന്നു. ബിരുദ തലത്തിൽ പെൺകുട്ടികളുടെ പ്രവേശനത്തിന്റെ അനുപാതം 2019–20 ൽ 37.8 ശതമാനമാണ്. 2019–20 ൽ 1,356 വിദ്യാർത്ഥികൾക്ക് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സിൽ പ്രവേശനം ലഭിച്ചു. സർക്കാർ–എയ്ഡഡ് കോളേജുകളിൽ ബിരുദ–ബിരുദാനന്തര കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 64 ശതമാനം പെൺകുട്ടികളാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.41** ലും **6.1.42** ലും ചേർത്തിരിക്കുന്നു.

## എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക മികവ്

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യയന മികവ് ഉയർന്നതും, ശ്ലാഘനീയവുമാണ്. വിജയശതമാനവും പ്രശസ്തമായ സ്ഥാപനങ്ങളിൽ മികച്ച ജോലി ലഭിച്ച വിദ്യാർത്ഥികളുടെ കണക്കും (പ്ലെയ്സ്മെന്റ് ) വളരെ മെച്ചപ്പെട്ടതാണ്.

സർക്കാർ എയ്ഡഡ് കോളേജ് മറ്റെല്ലാവിഭാഗത്തേക്കാളും നല്ല പ്രകടനം കാഴ്ചവച്ച് 71.51 വിജയശതമാനത്തോടെ മുന്നിലാണ്. തൊട്ടു പുറകിലായി 67.78 ശതമാനത്തോടെ സർക്കാർ എൻജിനീയറിംഗ് കോളേജും. സർക്കാർ സ്വാശ്രയ കോളേജുകളുടെ വിജയശതമാനം (54.3 ശതമാനം) സ്വകാര്യ സ്വാശ്രയ കോളേജുകളുടെ വിജയശതമാനമായ 46.56 ന് മുകളിലാണ്. ആൺകുട്ടികളുമായി താരതമ്യം ചെയ്യുമ്പോൾ

**പട്ടിക 6.1.8** ബി.ടെക് റിസൽട്ട്, 2020

| മാനേജ് മെന്റ് | ആൺകുട്ടികൾ | | | പെൺകുട്ടികൾ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം |
| സർക്കാർ | 2,088 | 1,259 | 60.3 | 1,252 | 1,005 | 80.27 | 3,340 | 2,264 | 67.78 |
| സ്വകാര്യ എയ്ഡഡ് | 1,270 | 844 | 66.46 | 594 | 489 | 82.32 | 1,864 | 1,333 | 71.51 |
| സർക്കാർ സ്വയംഭരണം | 2,725 | 1,159 | 42.55 | 2,423 | 1,636 | 67.52 | 5,148 | 2,795 | 54.3 |
| സ്വകാര്യ സ്വാശ്രയം | 12,645 | 4,499 | 35.59 | 8,871 | 5,512 | 62.21 | 21,516 | 10,011 | 46.56 |
| ആകെ | 18,728 | 7,761 | 41.45 | 13,140 | 8,642 | 65.82 | 31,868 | 16,403 | 51.50 |

*അവലംബം:* കേരള സാങ്കേതിക സർവ്വകലാശാല, 2020

**പട്ടിക 6.1.9** എസ്സ്.സി/എസ്സ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം, 2020

| ഉടമസ്ഥത | എസ്സ്.സി | | | എസ്സ്.ടി | | |
|---|---|---|---|---|---|---|
| | രജിസ്റ്റർ ചെയ്ത വിദ്യാര്ത്ഥികൾ | വിജയിച്ച വിദ്യാര്ത്ഥികൾ | വിജയശതമാനം | രജിസ്റ്റർ ചെയ്ത വിദ്യാര്ത്ഥികൾ | വിജയിച്ച വിദ്യാര്ത്ഥികൾ | വിജയശതമാനം |
| സർക്കാർ | 240 | 98 | 40.8 | 33 | 8 | 24.2 |
| സ്വകാര്യ | 118 | 53 | 44.9 | 15 | 3 | 20 |
| എയ്ഡഡ് | 154 | 41 | 26.6 | 12 | 3 | 25 |
| സർക്കാർ സ്വയംഭരണം | 466 | 94 | 20.2 | 18 | 5 | 27.7 |
| സ്വകാര്യ സ്വാശ്രയം | 978 | 286 | 29.2 | 78 | 19 | 24.36 |
| ആകെ | | | | | | |

*അവലംബം*: കേരള സാങ്കേതിക സർവ്വകലാശാല, 2020

പെൺകുട്ടികൾ 65.82 ശതമാനം വിജയം നേടി. രജിസ്റ്റർ ചെയ്ത ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളെക്കാൾ കൂടുതലാണെങ്കിലും ആൺകുട്ടികളുടെ വിജയശതമാനം പെൺകുട്ടികളെ അപേക്ഷിച്ച് കുറവാണ് എന്നത് ശ്രദ്ധിക്കേണ്ടതാണ്. എസ്സി/എസ്ടി വിദ്യാർത്ഥികളുടെ വിജയ ശതമാനം (29.2 ശതമാനവും 24.36 ശതമാനവും യഥാക്രമം) സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ് എന്നുള്ളത് ആശങ്കജനകമാണ്.

വിവിധ സർക്കാർ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പ്ലേസ്മെൻറ് റെക്കോർഡും താരതമ്യേന ഉയർന്നതാണ്. ഗേറ്റ്, കാറ്റ് മുതലായ മത്സരപരീക്ഷകളിലൂടെ ധാരാളം വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് യോഗ്യത നേടുന്നു. മിക്ക വിദ്യാർത്ഥികൾക്കും വിപ്രോ, മഹീന്ദ്ര, ടി.സി. എസ്, ബോഷ് തുടങ്ങിയ ബഹുരാഷ്ട്ര സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നു. 2019–20 കാലഘട്ടത്തിൽ വിവിധ സർക്കാർ എൻജിനീയറിംഗ് കോളേജുകളിലെ വിസിറ്റിംഗ് ഫാക്കൽറ്റി പരിപാടികളെക്കുറിച്ചും പ്ലേസ്മെൻറ് വിശദാംശങ്ങളും **അനുബന്ധം 6.1.43** ലും **6.1.44** ലും നൽകിയിരിക്കുന്നു. കോവിഡ്–19 മഹാമാരി മൂലം പ്രവേശന പ്രക്രിയയിലും, കൃത്യസമയത്തുള്ള പരീക്ഷ നടത്തിപ്പിനും ഫല പ്രഖ്യാപനത്തിനും കാലതാമസമുണ്ടായി. അതിനാൽ 2019–20 ലെ വിശദാംശങ്ങൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## പോളിടെക്നിക്കുകളും ടെക്നിക്കൽ ഹൈസ്കൂളുകളും

കേരളത്തിൽ 45 സർക്കാർ പോളിടെക്നിക്കുകളും, 6 സ്വകാര്യ എയ്ഡഡ് പോളിടെക്നിക്കുകളും ആണ് നിലവിലുള്ളത്. ഇവിടങ്ങളിലെ പ്രവേശനം 2019–20 –ൽ യഥാക്രമം 10,644 ഉം, 1,422 ഉം ആണ്. 2019–20–ൽ 29,597 വിദ്യാർത്ഥികൾ ഗവൺമെന്റ് പോളിടെക്നിക്കുകളിലും, 4,376 വിദ്യാർത്ഥികൾ സ്വകാര്യ എയ്ഡഡ് പോളിടെക്നിക്കുകളിലും പഠിക്കുന്നുണ്ട്. 2015–16 മുതൽ 2019–20 വരെയുള്ള വർഷങ്ങളിൽ പോളിടെക്നിക്കുകളിലെ വാർഷിക പ്രവേശനവും വിദ്യാർത്ഥികളുടെ എണ്ണവും **അനുബന്ധം 6.1.45, 6.1.46** ൽ കാണാം. 2019–20 വർഷത്തിൽ പോളിടെക്നിക്കുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ ട്രേഡ് തിരിച്ചുള്ള വിശദവിവരങ്ങൾ **അനുബന്ധം 6.1.47** ൽ കാണാം. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചത് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് (2020), തുടർന്ന് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (2,010), മെക്കാനിക്കൽ എഞ്ചിനീയറിംഗ് (1,670), സിവിൽ എഞ്ചിനീയറിംഗ് (1,340), എന്നിവയുമാണ്. പോളിടെക്നിക്കുകളിൽ പ്രവേശനം നേടിയ കുട്ടികളിൽ 28.3 ശതമാനം പെൺകുട്ടികളാണ്. എന്നാൽ സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിൽ ഇത് 29.2ഉം, 22.3 ശതമാനവുമാണ്. 1,512 അദ്ധ്യാപകരാണ് സംസ്ഥാനത്തെ പോളിടെക്നിക്കുകളിലുള്ളത്. അധ്യാപികമാരുടെ അനുപാതത്തിലും വളരെ കുറവ് കാണപ്പെടുന്നു (38.6 ശതമാനം). എയ്ഡഡ്

**പട്ടിക.6.1.10** പോളിടെക്നിക്കുകളിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം

| സ്ഥാപനം | 2017–18 | | | | 2018–19 | | | | 2019–20 | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ | എസ്. സി | എസ്.ടി | മറ്റുള്ളവർ | ആകെ | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ |
| സർക്കാർ | 6.9 | 0.7 | 92.4 | 100 | 7.1 | 1.0 | 91.9 | 100 | 8.0 | 1.1 | 91.0 | 100 |
| സ്വകാര്യ (എയ്ഡഡ്) | 5.1 | 0.5 | 94.4 | 100 | 4.6 | 0.5 | 94.9 | 100 | 5.1 | 0.5 | 94.4 | 100 |
| ആകെ | 6.6 | 0.7 | 92.7 | 100 | 6.8 | 1.0 | 92.3 | 100 | 7.6 | 1.0 | 91.4 | 100 |

*അവലംബം*: കേരള സാങ്കേതിക സർവ്വകലാശാല, 2020

പോളിടെക്നിക്കുകളിൽ അധ്യാപികമാരുടെ എണ്ണം 28.3 ശതമാനമാണ്. എന്നിരുന്നാലും സർക്കാർ മേഖലയിൽ ഇത് താരതമ്യേന കൂടുതലാണ് (40.6 ശതമാനം). പോളിടെക്നിക്കുകളിലെ അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ, **അനുബന്ധം 6.1.48** –ൽ കാണാം. ഇതേ വർഷം ഇവിടെയുള്ള പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം **അനുബന്ധം 6.1.49** –ൽ കാണാം

കേരളത്തിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. 2020–21 കാലഘട്ടത്തിൽ ഇവിടെ ആകെ 7,771 വിദ്യാർത്ഥികളും 542 അധ്യാപകരും ഉണ്ടായിരുന്നു. അധ്യാപകരിൽ 29.5 ശതമാനം സ്ത്രീകളാണ്. ടെക്നിക്കൽ സ്കൂളുകളിലെ 2015–16 മുതൽ, 2020–21 വരെയുള്ള വർഷങ്ങളിലെ അധ്യാപക വിദ്യാർത്ഥി വിവരങ്ങൾ **അനുബന്ധം 6.1.50** –ൽ കാണാം. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ, ടെക്നിക്കൽ ഹൈസ്കൂളുകളിലെ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം 10.9 ശതമാനത്തിൽ നിന്നും 10.4 ശതമാനമായി നേരിയ തോതിൽ കുറഞ്ഞു. 0.8 ശതമാനമാണ് പട്ടിക വർഗ്ഗക്കാരുടെ അനുപാതം ഇതിന്റെ വിശദവിവരങ്ങൾ **അനുബന്ധം 6.1.51** ലും **6.1.52** ലും ചേർത്തിരിക്കുന്നു.

ധാരാളം ഗവേഷണങ്ങൾ നടക്കുകയും വളരെയധികം അംഗീകാരം ലഭിക്കുകയും ചെയ്ത ഒന്നാണ് വിദ്യാഭ്യാസരംഗത്തെ കേരളത്തിന്റെ പ്രകടനം. സ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം, വിദ്യാഭ്യാസ രംഗത്ത് ഇൻഡ്യയിലെ ഏറ്റവും പുരോഗമിച്ച സംസ്ഥാനങ്ങളിലൊന്നാണ് കേരളം. സെക്കൻഡറി വിദ്യാഭ്യാസത്തിലെ എൻറോൾമെന്റ് അനുപാതം ഗണ്യമായി ഉയർന്നതാണെങ്കിലും, ഉന്നത വിദ്യാഭ്യാസത്തിൽ സംസ്ഥാനത്തിന്റെ പ്രകടനം സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലെന്നപോലെ ശ്രദ്ധേയമല്ല. നിലവാരം, ചെലവ്, ബിരുദതലത്തിലെ തൊഴിലില്ലായ്മ നില എന്നിവയാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങൾ. കേരളത്തിലെ ഉന്നത വിദ്യാഭ്യാസം സുപ്രധാന നയമാറ്റങ്ങൾക്ക് വിധേയമായി. അവയിൽ ഏറ്റവും പ്രധാനം സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതാണ്. മറ്റ് സംസ്ഥാനങ്ങളിലെന്ന പോലെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിലും സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിച്ചു വരുന്നു.

സമൂഹത്തിലെ മാറ്റങ്ങൾക്കനുസരിച്ച് ഉന്നത വിദ്യാഭ്യാസമേഖലയേയും മാറ്റേണ്ടതുണ്ട്. ഓരോ മേഖലയിലും ഓട്ടോമേഷൻ, കൃത്രിമ ബുദ്ധിയുടെ ഉപയോഗം എന്നിവ കാരണം ചില ജോലികൾ അനാവശ്യമായിത്തീരും, അതേ സമയം തികച്ചും വ്യത്യസ്തമായ നൈപുണ്യ ആവശ്യകതയുള്ള പുതിയ ജോലികൾ ഉയർന്നു വരും. അതിനാൽ മാറിക്കൊണ്ടിരിക്കുന്ന സമ്പദ് വ്യവസ്ഥയുടെ ആവശ്യങ്ങളുമായി തൊഴിലധിഷ്ഠിത കോഴ്സുകൾ സ്വയം പൊരുത്തപ്പെടണം. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്, നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (എൻ.എ.എ.സി) അംഗീകാരമുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ എണ്ണവും, നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷന്റെ (എൻ.സി.എ) അംഗീകാരമുള്ള എൻജിനീയറിംഗ് കോളേജുകളുടേയും എണ്ണം വർദ്ധിപ്പിക്കുന്നതിന് ഗൗരവവും കേന്ദ്രീകൃതവുമായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

കോവിഡ്–19 പ്രതിസന്ധി സൃഷ്ടിച്ച നിയന്ത്രണങ്ങളെ മറികടക്കാൻ ഓൺലൈൻ വിദ്യാഭ്യാസം വളരെ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും സാധാരണവും പരമ്പരാഗതവുമായ വിദ്യാഭ്യാസ രീതികളുമായി താരതമ്യപ്പെടുത്തുമ്പോൾ അതിൽ ഗുരുതരമായ പ്രശ്നങ്ങൾ ഉൾപ്പെടുന്നു. ഓൺലൈൻ വിദ്യാഭ്യാസത്തിലുള്ള പ്രവേശനക്ഷമത ഡിജിറ്റൽ ഗാഡ്ജെറ്റുകളുടെ ലഭ്യതയ്ക്ക് വിധേയമാണ്. ഇത് വിദ്യാർത്ഥികളുടെ താമസ സ്ഥലത്തേയും ആശ്രയിച്ചിരിക്കുന്നു. നമ്മുടെ നിരവധി പ്രദേശങ്ങൾ ഇപ്പോഴും സേവനദാതാക്കളുടെ നെറ്റ് വർക്ക് പരിധിക്ക് പുറത്താണെന്നതാണ് യാഥാർത്ഥ്യം. ഈ ഡിജിറ്റൽ വിഭജനത്തോടൊപ്പം (പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾക്കിടയിൽ) ഓൺലൈൻ വിദ്യാഭ്യാസത്തിൽ അധ്യാപകർക്കും പഠിതാക്കൾക്കുമുള്ള ആരോഗ്യ പ്രശ്നങ്ങളും ഉൾപ്പെടുന്നു. നമ്മൾ ഓൺലൈൻ ഡിജിറ്റൽ വിദ്യാഭ്യാസം തുടരുമ്പോൾ ഈ രണ്ട് പ്രശ്നങ്ങളും ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

## 6.2 വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും

കേരളത്തിന്റെ ആരോഗ്യമേഖല മറ്റ് സംസ്ഥാനങ്ങൾക്ക് ഒരുമാതൃകയാണ്. ഇത് ഈ മേഖലയിലെ നേട്ടങ്ങളുടെ കാര്യത്തിൽ മാത്രമല്ല, പൊതുജനാരോഗ്യ ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള മികവുകൊണ്ട് കൂടിയാണ്. 2018 ലെ നിപ വൈറസ്, ഇപ്പോഴത്തെ കോവിഡ്-19 മഹാമാരി എന്നിവ കൈകാര്യം ചെയ്യുന്നതിൽ ആരോഗ്യ സംവിധാനം അവസരത്തിനൊത്തുയർന്നു.

ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണ നിരക്ക്, ജനനനിരക്ക്, മരണനിരക്ക് എന്നീ ആരോഗ്യ സൂചികകളിൽ കേരളം വൻകുതിപ്പുകൾ നടത്തിയിരിക്കുന്നു. സംസ്ഥാനത്തെ ആരോഗ്യ നിലവാരം വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്താവുന്നതാണ്. ഈ നേട്ടങ്ങൾ സുസ്ഥിരമാണെന്ന് സംസ്ഥാനം ഉറപ്പാക്കേണ്ടതുണ്ട്. വാസ്തവത്തിൽ, കോവിഡ്-19 മഹാമാരിയെ നേരിടാൻ സംസ്ഥാനത്തെ പ്രാപ്തമാക്കിയത് ശക്തമായ പൊതുജനാരോഗ്യ സംവിധാനമാണ്.

പൊതുമേഖലയിൽ സാധ്യമായ ഏറ്റവും മികച്ച പ്രതിരോധ സാന്ത്വന പരിചരണം ലഭ്യമാക്കുകയാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. ആരോഗ്യ രംഗത്ത് ജന സൗഹൃദപരമായ ലക്ഷ്യം കൈവരിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ പ്രധാന നയം. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഊന്നൽ പൊതുമേഖലയിൽ ആരോഗ്യ രംഗത്ത് ഗുണനിലവാരം മെച്ചപ്പെടുത്തുക, മികച്ച ചികിത്സാ സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുക, പൊതുജനാരോഗ്യത്തിനും ശുചിത്വത്തിനുമുള്ള സൗകര്യങ്ങൾ വിപുലീകരിക്കുക, ഇൻഷുറൻസ് പരിരക്ഷ വിപുലീകരിക്കുക, ആധുനിക കേരളം അഭിമുഖികരിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതികളും പ്രോഗ്രാമുകളും സംഘടിപ്പിക്കുക എന്നിവയാണ്.

**പട്ടിക 6.2.1** ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ ജനസംഖ്യ, സാമൂഹിക-സാമ്പത്തിക ആരോഗ്യ സൂചകം

| ക്രമ നമ്പർ | സൂചകം | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | ആകെജനസംഖ്യ (കോടിയിൽ) (സെൻസസ് 2011) | 3.34 | 121.06 |
| 2 | ദശവർഷ വളർച്ച (ശതമാനത്തിൽ) (സെൻസസ് 2011) | 4.90 | 17.7 |
| 3 | ലിംഗഅനുപാതം (സെൻസസ് 2011) | 1084 | 943 |
| 4 | ശിശുലിംഗഅനുപാതം ((സെൻസസ് 2011) | 964 | 919 |
| 5 | ജനനനിരക്ക് # | 13.9 | 20 |
| 6 | മരണ നിരക്ക് # | 6.9 | 6.2 |
| | പുരുഷൻ | 7.9 | 6.6 |
| | സ്ത്രീ | 5.9 | 5.7 |
| 7 | സാധാരണവളർച്ചാനിരക്ക് # | 7.1 | 13.8 |
| 8 | ശിശുമരണനിരക്ക് # | 7 | 32 |
| | പുരുഷൻ | 9 | 32 |
| | സ്ത്രീ | 5 | 33 |

| | | | |
|---|---|---|---|
| 9 | ക്രൂഡ് ഡെത്ത് റേറ്റ്* | 6.9 | 6.2 |
| 10 | മരണനിരക്ക്* | | |
| | എ)കുട്ടികൾ (0–4) | 2.1 | 8.9 |
| | ബി)കുട്ടികൾ (5–14) | 0.2 | 0.5 |
| | സി)വ്യക്തികൾ (15–59) | 2.1 | 2.9 |
| | ഡി)വ്യക്തികൾ (60 ഉം മുകളിലും) | 41.2 | 42.6 |
| 11 | വൈദ്യശുശ്രൂഷ ലഭ്യമായ മരണങ്ങളുടെ ശതമാനം * | | |
| | സർക്കാർ മേഖല | 42.8 | 29.4 |
| | സ്വകാര്യ മേഖല | 36.8 | 18.5 |
| | നിർദ്ദിഷ്ടയോഗ്യതയുള്ളവർ | 15.4 | 33 |
| | പരിശീലനം ലഭിക്കാത്തവർ/മറ്റുള്ളവർ | 5 | 19.2 |
| 12 | ചാപിള്ളയുടെ ജനനനിരക്ക്* | 5 | 4 |
| 13 | ക്രൂഡ് ബർത്ത് റേറ്റ്* | 13.9 | 20 |
| 14 | പ്രത്യുൽപാദനനിരക്ക്* | 1.7 | 2.2 |
| 15 | സാധാരണ പ്രത്യുൽപാദനനിരക്ക്* | 48.6 | 70.4 |
| 16 | ആകെ വൈവാഹിക പ്രത്യുൽപാദന നിരക്ക് * | 5.1 | 4.9 |
| 17 | പൊതു വൈവാഹിക പ്രത്യുൽപാദന നിരക്ക്* | 69.5 | 109.2 |
| 18 | ഗ്രോസ്റീപ്രൊഡക്ഷൻറേറ്റ്* | 0.9 | 1 |
| 19 | അമ്മമാർക്ക് വൈദ്യസഹായം ലഭിച്ചുകൊണ്ടുള്ള ജനന ശതമാനം* | | |
| | സർക്കാർ മേഖല | 44.9 | 54.5 |
| | സ്വകാര്യ മേഖല | 54.9 | 28 |
| | നിർദ്ദിഷ്ടയോഗ്യതയുള്ളവർ | 0.1 | 9.7 |
| | പരിശീലനംലഭിക്കാത്തവർ/മറ്റുള്ളവർ | 0.1 | 7.8 |
| 20 | സ്ത്രീകളിലെ വിവാഹപ്രായം * | | |
| | എ) 18–നുമ്പ് | 17 | 16.8 |
| | ബി) 18–20 | 19.1 | 19.2 |
| | സി) 21–നുമുകളിൽ | 24.6 | 24 |
| | ഡി)എല്ലാവരും | 23.2 | 22.3 |
| 21 | മാതൃമരണനിരക്ക്** | 43 | 113 |
| 22 | പ്രതീക്ഷിതആയുർദൈർഘ്യം *** | 75.3 | 69.4 |
| | പുരുഷൻ | 72.5 | 68.2 |
| | സ്ത്രീ | 77.9 | 70.7 |

*അവലംബം- #എസ്.ആർ.എസ് 2020 മേയ് /*എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018/*
*** സ്പെഷ്യൽ ബുള്ളറ്റിൻ ഓൺ എംഎംആർ 2016-18/ ***എസ്.ആർ.എസ്. ലൈഫ് ടേബിൾ 2014-18*

## കേരളത്തിന്റെ ആരോഗ്യ സൂചകങ്ങൾ

ദേശീയ സാഹചര്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ ആരോഗ്യമേഖലയുടെ നേട്ടങ്ങൾ ആരോഗ്യ, ജനസംഖ്യാ സൂചികകളിൽ വ്യക്തമായി പ്രതിഫലിക്കുന്നു. മാതൃമരണ അനുപാതം (എംഎംആർ) കേരളത്തിൽ 43 മാത്രമാണ് എന്നാൽ അഖിലേന്ത്യാ അനുപാതം 113 ആണ്. കേരളത്തിലെ പ്രതീക്ഷിത ആയുർദൈർഘ്യം ഇന്ത്യയുടെ കണക്കുകളേക്കാൾ വളരെ കൂടുതലാണ്. യോഗ്യതയുള്ള പ്രൊഫഷണലുകളിൽനിന്ന് വൈദ്യസഹായം ലഭിക്കാത്ത മരണത്തിന്റെ ശതമാനം ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ നാലിലൊന്ന് മാത്രമാണ്. എന്നിരുന്നാലും, കേരളത്തിലെ 'സ്റ്റിൽ ബർത്ത് റേറ്റ്' ഇന്ത്യയേക്കാൾ അല്പം കൂടുതലാണ്. മൊത്തം വൈവാഹിക പ്രത്യുൽപാദന നിരക്ക് ഒഴികെ പ്രത്യുൽപാദന നിരക്ക് ദേശീയ കണക്കുകളേക്കാൾ കുറവാണ്. അമ്മമാർക്ക് യോഗ്യതയുള്ള പ്രൊഫഷണലുകളിൽനിന്ന് വൈദ്യസഹായം ലഭിക്കതെയുള്ള ജനനങ്ങളുടെ ശതമാനം കേരളത്തിൽ 0.1 ഉം ദേശീയ തലത്തിൽ 7.8 ഉം ആണ്. ദേശീയ ശരാശരിയുമായി താരതമ്യം

ചെയ്തുകൊണ്ടുള്ള കേരളത്തിന്റെ പ്രധാനപ്പെട്ട ആരോഗ്യ ജനസംഖ്യാ സൂചകങ്ങൾ **പട്ടിക 6.2.1** –ൽ ചേർത്തിരിക്കുന്നു.

## വിവിധ തലങ്ങളിലുള്ള ശിശു മരണനിരക്ക്

സംസ്ഥാനത്തെ ശിശുമരണനിരക്കും (ഐഎംആർ) നവജാത ശിശു മരണനിരക്കും (എൻഎൻഎംആർ) ദേശീയ ശരാശരിയുടെ അഞ്ചിലൊന്ന് മാത്രമാണ്. അഖിലേന്ത്യാ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ അഞ്ച് വയസ്സിൽ താഴെയുള്ള മരണനിരക്ക് (5 ൽ താഴെയുള്ള എം.ആർ.) മൂന്നിലൊന്നിലും കുറവാണ്. പ്രസവത്തിനു ഒരാഴ്ച്ചക്കകത്തുള്ള ശിശുമരണനിരക്ക് (പിഎൻഎംആർ), ആദ്യ ഘട്ടത്തിലുള്ള നവജാത ശിശു മരണനിരക്ക് (ഏർളി നിയോനേറ്റൽ  മോർട്ടാലിറ്റി റേറ്റ് ), അവസാനപാദ നവജാത ശിശു മരണനിരക്ക് (ലേറ്റ് നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ്), പോസ്റ്റ് നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ് (പിഎൻഎൻഎംആർ) എന്നിവയും അഖിലേന്ത്യാ കണക്കുകളേക്കാൾ കുറവാണ്. വിവിധ തലങ്ങളിലുള്ള കുട്ടികളുടെ മരണനിരക്ക് ദേശീയ കണക്കുകളേക്കാൾ മികച്ചതാണ്. ഈ നേട്ടങ്ങളുടെ ഒരു പ്രധാന കാരണം കേരളത്തിലെ അമ്മമാർക്ക് ലഭിക്കുന്ന വൈദ്യസഹായമാണ്. കേരളത്തിലെ അമ്മമാർക്ക് യോഗ്യതയുള്ള പ്രൊഫഷണലുകളുടെ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം 99.9 ശതമാനമാണ്, ദേശീയ തലത്തിൽ ഇത്  92.2 ശതമാനമാണ്. ഇന്ത്യയിലെയും കേരളത്തിലെയും ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങളുടെ വിശദാംശങ്ങൾ **ചിത്രം 6.2.1** –ൽ നൽകിയിരിക്കുന്നു.

## നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ. ക്യൂ. എ. എസ്)

2013 ൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് ആരംഭിച്ചെങ്കിലും കേരളത്തിന് അനുയോജ്യമല്ലാത്ത എൻ.ക്യു.എ.എസ്. ചെക്ക് ലിസ്റ്റിലെ ചില ചെക്ക് പോയിന്റുകൾ കാരണം എൻ.ക്യൂ.എ.എസ് ഉപയോഗിച്ച് നിരവധി സ്ഥാപനങ്ങളെ അംഗീകരിക്കാൻ കേരളത്തിന്  കഴിഞ്ഞില്ല. നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ സഹായത്തോടെ കേരള മാനദണ്ഡങ്ങൾക്കനുസരിച്ച് എൻ.ക്യൂ.എം.എസ് ചെക്ക് ലിസ്റ്റ് മാറ്റം വരുത്തുവാൻ സംസ്ഥാനം മുൻകൈയെടുത്തു. കേരള വ്യവസ്ഥകൾക്ക് യോജിക്കാത്ത ചില ഇനങ്ങൾ നീക്കം ചെയ്യുകയും പകരം പാലിയേറ്റീവ് കെയർ ഉൾപ്പെടുത്തിയുമാണ് ചെക്ക് ലിസ്റ്റ് നവീകരണം നടത്തിയത്. ചെക്ക് ലിസ്റ്റ് നവീകരിച്ച ശേഷം എൻ.ക്യൂ.എ.എസ്. അക്രഡിറ്റേഷനിൽ കേരളം വളരെയധികം പുരോഗതി കൈവരിച്ചു. 2020 ഓഗസ്റ്റ് വരെ 1284 സ്ഥാപനങ്ങളിൽ 80 സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിന്നു ഇതിനകം ദേശീയതല അംഗീകാരം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

## ആർദ്രം മിഷൻ

അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ആർദ്രം മിഷൻ എന്ന പദ്ധതി ആരംഭിച്ചു. സർക്കാർ ആശുപത്രികളിലെ സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ന്യായമായ ചെലവിലും സമയത്തിലും സംതൃപ്തിയിലും ചികിത്സ നൽകുന്നതിനും

**ചിത്രം 6.2.1** വിവിധ തലങ്ങളിലുള്ള ശിശു മരണനിരക്ക്




*അവലംബം: എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018*

മിഷൻ ലക്ഷ്യമിടുന്നു. മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു

1. മെഡിക്കൽ കോളേജ് ആശുപത്രികളുടെയും മറ്റ് ഗവൺമെൻറ് ആശുപത്രികളുടെയും ഔട്ട്പേഷ്യന്റ് (ഒ.പി.) വിഭാഗങ്ങളുടെ രോഗി സൗഹൃദ പരിവർത്തനം,
2. ജില്ല താലൂക്ക് തല ആശുപത്രികളെ മാതൃകാനിലവാരത്തിലേക്കുയർത്തൽ,
3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി ഘട്ടം ഘട്ടമായി വികസിപ്പിക്കുക,
4. ആശുപത്രികളിലെ രോഗികളുടെ പരിചരണത്തിൽ പ്രോട്ടോക്കോൾ അടിസ്ഥാനത്തിലുള്ള ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾ ഉറപ്പുവരുത്തുക.

സർക്കാർ മെഡിക്കൽ കോളജ് ഹോസ്പിറ്റലുകൾ, ജില്ലാ താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് ആർദ്രം മിഷൻ നടപ്പാക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി മാറ്റി മതിയായ മരുന്ന് വിതരണം, ഉറപ്പായ പ്രോട്ടോക്കോളുകൾ എന്നിവയിലൂടെ ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യം ഉറപ്പുവരുത്തി പൊതുജനാരോഗ്യവ്യവസ്ഥയിൽ അവരുടെ വിശ്വാസം വർദ്ധിപ്പിക്കാൻ കഴിയും.

### കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ

2017–18 കാലത്ത് 14 ജില്ലകളിലായി 170 പി.എച്ച്..സി.കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനായി സർക്കാർ തെരഞ്ഞെടുത്തു. ഇതിൽ 162 എഫ്എച്ച്സികൾ ഇതിനകം പ്രവർത്തനക്ഷമമാക്കി, ബാക്കിയുള്ളവ പുരോഗമിക്കുന്നു. 2018–19 ലെ രണ്ടാം ഘട്ടത്തിൽ എഫ്എച്ച്സികളായി വികസിപ്പിക്കുന്നതിന് 504 പിഎച്ച്സികളെ തെരഞ്ഞെടുത്തു, അതിൽ 219 എണ്ണം പൂർത്തിയായി, മറ്റ് പിഎച്ച്സികളിൽ വിവിധ ഘട്ടങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി വികസിപ്പിക്കുന്നത് സംബന്ധിച്ച ജനങ്ങളുടെ പ്രതികരണം പ്രോത്സാഹനജനകമാണ്. മൂന്നാം ഘട്ടത്തിൽ ദേശീയ ആരോഗ്യ മിഷനു കീഴിലുള്ള ഫണ്ട് ഉപയോഗിച്ച് എഫ്എച്ച്സികളായി വികസിപ്പിക്കുന്നതിന് 212 പിഎച്ച്സികളെ തിരഞ്ഞെടുത്തു. ഇതിനുപുറമെ 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ (സിഎച്ച്സി) ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റും. ഒരു മെഡിക്കൽ ഓഫീസർ, രണ്ട് സ്റ്റാഫ് നഴ്സുമാർ, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച നിയമനം നടത്തിയതുമൂലം പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ കുറഞ്ഞത് 3 ഡോക്ടർമാരും 4 നഴ്സുമാരും ഉണ്ടാകും. ആർദ്രം മിഷന്റെ ആദ്യ ഘട്ടത്തിൽ മെഡിക്കൽ ഓഫീസർമാർ (170), സ്റ്റാഫ് നഴ്സ് (340), ഫാർമസിസ്റ്റ് (150), ലാബ് ടെക്നീഷ്യൻ (170) എന്നിവരടങ്ങുന്ന 830 തസ്തികകൾ സൃഷ്ടിച്ചു. രണ്ടാം ഘട്ടത്തിൽ മെഡിക്കൽ ഓഫീസർമാർ (400), സ്റ്റാഫ് നഴ്സ് (400), ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ (200) എന്നിവരടങ്ങുന്ന 1000 തസ്തികകൾ സൃഷ്ടിച്ചു.

ക്ലിനിക്കൽ കെയർ, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളുടെ സേവനം വർദ്ധിപ്പിച്ചിരിക്കുകയാണ്. വൈകുന്നേരം 6.00 മണി വരെ ഔട്ട്പേഷ്യന്റ് കെയർ നൽകി വരുന്നു. ഇ–ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കുന്നതിലൂടെ കുടുംബാരോഗ്യ രജിസ്ട്രേഷൻ ഡാറ്റയെ അടിസ്ഥാനപ്പെടുത്തി വ്യക്തിഗത രോഗ പരിപാലന പദ്ധതിയും കുടുംബ ആരോഗ്യ പദ്ധതിയും കൂടുതൽ വികസിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചായത്തുകളുമായും പൊതുജന പങ്കാളിത്തത്തോടെയും സഹകരിച്ച വാർഡ്, പഞ്ചായത്ത് തലത്തിലുള്ള പ്രതിരോധം, പരിപാലനം, പുനരധിവാസസംരക്ഷണ സേവനങ്ങൾ എന്നിവയിലൂന്നി ആരോഗ്യപദ്ധതികൾ വികസിപ്പിച്ചെടുക്കും. ആർദ്രം ദൗത്യത്തിന്റെ ഭാഗമായി ആരോഗ്യസേന എന്ന പുതിയ ഹെൽത്ത് വോളന്റിയർ സംവിധാനം ആരംഭിച്ചിട്ടുണ്ട്. കേരളീയ സമൂഹത്തിന്റെ സാംക്രമിക രോഗങ്ങളെ അടിസ്ഥാനമാക്കി പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ പ്രത്യേകിച്ചും പകർച്ച വ്യാധികൾ സംബന്ധിച്ച പരിപാടികൾ ഇതിന്റെ ഒരു ശ്രദ്ധേയമായ മേഖലയാണ്. പി.എച്ച്.സി. തലത്തിൽ കൈകാര്യം ചെയ്യപ്പെടുന്ന 53 സാധാരണ ചികിത്സാ ഉപാധികൾക്കുള്ള ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾ മെഡിക്കൽ ഓഫീസർമാർക്കായി തയ്യാറാക്കുകയും ലഭ്യമാക്കുകയും ചെയ്യുന്നു.

### പരിശീലന നില

പരിഷ്കരിച്ച തൊഴിൽ ഉത്തരവാദിത്തങ്ങളും കുടുംബാരോഗ്യകേന്ദ്ര പരിവർത്തന മാർഗനിർദേശങ്ങളും ഇതിനകം തയ്യാറാക്കിയിട്ടുണ്ട് കൂടാതെ ജീവനക്കാർക്ക് മൊഡ്യൂൾ അടിസ്ഥാനത്തിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. എല്ലാ വിഭാഗം ജീവനക്കാർക്കും സമഗ്രവും നിരന്തരവുമായ പരിശീലനം നടത്തുന്നതിലൂടെ സേവന ഗുണനിലവാരം ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ നയം. ഈ പരിശീലനത്തിന്റെ ഉത്തരവാദിത്തം എസ്.എച്ച്.എസ്.ആർ.സിക്ക് നൽകിയിട്ടുണ്ട്. മൂന്ന് തരത്തിലുള്ള പരിശീലനമാണ് നൽകിവരുന്നത്. ടീം ബിൽഡിംഗ് പരിശീലനം, ആശയ അടിസ്ഥാനത്തിലുള്ള പരിശീലനം, നൈപുണ്യ പരിശീലനം.

### ആശ്വാസം ക്ലിനിക്കുകൾ

സംസ്ഥാനത്തൊട്ടാകെയുള്ള 149 ഫാമിലി ഹെൽത്ത് സെൻററുകളിൽ പ്രാഥമിക പരിചരണത്തിൽ ആശ്വാസം ഡിപ്രഷൻ മാനേജ്മെന്റ് പദ്ധതി

ആരംഭിച്ചു. പി. എച്. ക്യു. 9 ഉം മാനസിക പ്രാഥമിക ചികിത്സയും ഉപയോഗിച്ചു പരിശോധന നടത്തുന്നതിന് ആരോഗ്യ പ്രവർത്തകരും സ്റ്റാഫ് നഴ്സുമാരും പരിശീലനം നേടിയപ്പോൾ പ്രാഥമിക ശുശ്രൂഷയിൽ വിഷാദ രോഗനിർണ്ണയത്തിലും മാനേജ്മെന്റിലും ഡോക്ടർമാരെ പരിശീലിപ്പിക്കാനായി. ഡി.എം. എച്ച്.പി മാനസികരോഗവിദഗ്ധൻ കാണേണ്ട കേസുകൾക്കായുള്ള റഫറൽ പ്രോട്ടോക്കോൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2019–20 –ൽ പരിശോധന നടത്തിയവരുടെ എണ്ണം 25,587 ആണ്, അതിൽ പോസിറ്റീവ് കേസുകളുടെ എണ്ണം 4901 ആണ്.

## കേരള സി.ഒ.പി.ഡി. പ്രതിരോധ നിയന്ത്രണ പരിപാടി–ശ്വാസ്

ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമൊണറി ഡിസീസ് (സി.ഒ.പി.ഡി.) നിയന്ത്രണ പരിപാടി കേരളത്തിലെ ഫാമിലി ഹെൽത്ത് സെന്റർ തലം മുതൽ ആർദ്രം മിഷന്റെ ഭാഗമായി നടപ്പാക്കുന്നു. ഈ അധ്യായത്തിലെ 'സാംക്രമികേതര രോഗങ്ങൾ' എന്ന വിഭാഗത്തിൽ വിശദാംശങ്ങൾ നൽകിയിരിക്കുന്നു.

## സർക്കാർ ആശുപത്രികളിലെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങളുടെ രോഗീസൗഹൃദ പരിവർത്തനം

മെഡിക്കൽ കോളേജ് ആശുപത്രികളും ജില്ലാതല ആശുപത്രികളും ദിവസവും ആയിരക്കണക്കിന് രോഗികൾക്ക് ഔട്ട് പേഷ്യന്റ് പരിചരണം നൽകുന്നുവെന്ന വസ്തുത കണക്കിലെടുത്ത് ഈ ആശുപത്രികളുടെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിനു ആർദ്രം മിഷൻ മുൻഗണന നൽകിയിട്ടുണ്ട്. ഒ.പി. രജിസ്ട്രേഷൻ കൗണ്ടറും രോഗിക്ക് കാത്തുനിൽക്കുന്നതിനുള്ള സൗകര്യവും, ഇരിപ്പിടം, ടോക്കൺ സംവിധാനം, കുടിവെള്ളം, ടോയ്ലറ്റ് സൗകര്യം, പബ്ലിക് അഡ്രസ്സ് സിസ്റ്റം, വിവര വിദ്യാഭ്യാസ വാർത്താവിനിമയ സംവിധാനങ്ങൾ, സിഗ്നേജ് സംവിധാനങ്ങൾ തുടങ്ങിയ സംയോജിപ്പിച്ചിരിക്കുന്നു. വലിയ സ്ഥാപനങ്ങൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ രോഗി പരിപാലന കോർഡിനേറ്റർമാരുടെ പിന്തുണയും നൽകും. ഗുണനിലവാരമുള്ള ചികിത്സാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനായി കൺസൾട്ടേഷൻ മുറികളിൽ ആവശ്യമായ ഉപകരണങ്ങൾ ഒ.പി. കമ്പ്യൂട്ടർവൽക്കരണം നിർദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള കേസ് മാനേജ്മെന്റ് എന്നിങ്ങനെ ആസൂത്രണം ചെയ്തിരിക്കുന്നു. സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിലും ജില്ലാതല ആശുപത്രികളിലും ഇത് നടപ്പിലാക്കിവരികയാണ്.

## ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിലെ ജന സൗഹൃദ ഒ.പി പരിവർത്തനം

സംസ്ഥാനത്ത് ആകെ 18 ജനറൽ ആശുപത്രികളും, 18 ജില്ലാ ആശുപത്രികളുമാണ് ഉള്ളത്. ഇതിൽ 17 സ്ഥാപനങ്ങളെ മാത്രമാണ് ഒ.പി. വിഭാഗം പരിവർത്തനത്തിനായി തെരഞ്ഞെടുത്തത് (പതിനൊന്ന് ജില്ലകളിൽ നിന്നും ഓരോ ആശുപത്രിയും കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ നിന്ന് രണ്ട് ആശുപത്രികളും). ഒൻപത് ആശുപത്രികളുടെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി. മറ്റ് ആശുപത്രികളിലെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. താലൂക്ക് ആശുപത്രികളിലെ ഒ.പി പരിവർത്തനത്തിന്റ ഭാഗമായി ആകെ 86 താലൂക്ക് ആശുപത്രികളിൽ നിന്നും 75 സ്ഥാപനങ്ങളെ മാതൃകാനിലവാരത്തിലേക്കുയർത്താൻ തിരഞ്ഞെടുത്തു. 2017–18 കാലഘട്ടത്തിൽ ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളിൽ സൃഷ്ടിച്ച വിവിധ തസ്തികകളുടെ എണ്ണം 891 ആണ്. ഇതിൽ 14 സൂപ്പർ സ്പെഷ്യലിസ്റ്റുകളും 252 സ്പെഷ്യലിസ്റ്റുകളും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരും, 197 സ്റ്റാഫ് നഴ്സ്, 84 ലാബ് ടെക്നീഷ്യൻമാർ, 344 പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർ ഉൾപ്പെടുന്നു.

## മെഡിക്കൽ കോളേജുകളിലെ പുതിയ സംരംഭങ്ങൾ

മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾക്ക് ഗുണമേന്മയും, ജനസൗഹാർദ്ദപരവുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, പാരിപ്പള്ളി, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകൾ ഒ.പി.ഡി. പരിവർത്തനം നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തു. നിലവിൽ സംസ്ഥാനത്തെ 8 മെഡിക്കൽ കോളേജുകളിൽ പ്രവർത്തനങ്ങൾ പൂർത്തിയായി. മെഡിക്കൽ കോളേജുകളിൽ രോഗികളുടെ തിരക്കു മൂലമുള്ള അസൗകര്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി എല്ലാ വകുപ്പുകളിലും ഓൺലൈൻ ഒ.പി രജിസ്ട്രേഷൻ കണ്ടറുകൾ, രോഗികൾക്ക് കാത്തുനിൽകുന്നതിനുള്ള സൗകര്യം, കുടിവെള്ള സൗകര്യങ്ങൾ, ടോയ്ലറ്റുകളുടെ പുനർ നിർമാണം / നവീകരണം, ഒ.പി മുറികൾ, സിഗ്നേജുകൾ സ്ഥാപിക്കുക, ഇത് കൂടാതെ ടി.വി, ഡിസ്പ്ലേ ബോർഡ്, ഇരിപ്പിടങ്ങൾ, പി.എ. സിസ്റ്റം, ഒ.പി മുറികളിൽ എയർ കണ്ടീഷണറുകൾ, റാമ്പ് തുടങ്ങിയ സംവിധാനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നു.

## ആർദ്രം ജനകീയ ഹെൽത്ത് കാമ്പെയ്ൻ

2019 നവംബർ 18 നാണ് ആർദ്രം ഹെൽത്ത് കാമ്പെയ്ൻ ആരംഭിച്ചത്. സംസ്ഥാനതലത്തിൽ ആരംഭിച്ചതിനെത്തുടർന്നു ജില്ലാതല എൽ.എസ്.ജി. തല പ്രചാരണം എല്ലാ ജില്ലകളിലും ആരംഭിച്ചു. മിഷനുകൾ, ലൈൻ ഡിപ്പാർട്ട്മെന്റുകൾ, ഏജൻസികൾ, എൻ.ജി.ഒ കൾ, സി.ബി.ഒ കൾ തുടങ്ങിയവയുടെ സജീവ പങ്കാളിത്തത്തോടെയും ബന്ധപ്പെട്ട പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെയും നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ഈ കാമ്പെയ്ൻ നടപ്പാക്കും. വിപുലീകരിച്ച വാർഡ്തല ആരോഗ്യ ശുചിത്വ പോഷകാഹാര സമിതിയുടെ നേതൃത്വത്തിൽ വാർഡ് തലത്തിലും പ്രാദേശിക തലത്തിലുമുള്ള പ്രചാരണം ആരംഭിക്കും. ആരോഗ്യ ജാഗ്രത കമ്മിറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്ത്/ ബ്ലോക്ക്/അർബൻ ഏരിയ തലത്തിലും ഈ കാമ്പെയ്ൻ വിപുലീകരിക്കും. എൽ.എസ്ജി. ലെവൽ കമ്മിറ്റികൾ, നിലവിലുള്ള ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ഡി.എം.ഒ എന്നിവരുടെ നേതൃത്വത്തിലുള്ള ജില്ലാ ആർദ്രം ടാസ്ക് ഫോഴ്സ് ഏകോപിപ്പിച്ചാണ് ജില്ലാതലത്തിൽ ഇത് നടപ്പാക്കുന്നത്. ജില്ലയുടെ ചുമതലയുള്ള മന്ത്രി, എം.പി, എം.എൽ.എ എന്നിവരാണ് ജില്ലാതല സമിതിയുടെ മുഖ്യ രക്ഷാധികാരികൾ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ളതും ബഹുമാനപ്പെട്ട മന്ത്രിമാരും മറ്റ് അംഗങ്ങളുമാണ് നവ കേരള കർമ്മ പദ്ധതിക്ക് സംസ്ഥാന തലത്തിൽ നേതൃത്വവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നത്. ആരോഗ്യ വകുപ്പ് മന്ത്രി ചെയർ പേഴ്സണായും, പ്രിൻസിപ്പൽ സെക്രട്ടറി (ഹെൽത്ത് ) വൈസ് ചെയർ പേഴ്സണായും സംസ്ഥാനതലത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള ഒരു സമിതിയായി പ്രവർത്തിക്കുന്നു. ജനകീയ കാമ്പെയ്നിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന പ്രധാനപ്പെട്ട അഞ്ച് മേഖലകൾ ചുവടെ ചേർക്കുന്നു :

1. ആരോഗ്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രതിരോധവും പ്രോത്സാഹനവും
2. ആരോഗ്യകരമായ ഭക്ഷണം
3. വ്യായാമവും ശാരീരിക അധ്വാനവും പ്രോത്സാഹിപ്പിക്കുക
4. മാനസികാരോഗ്യവും ലഹരിവിമോചനവും (മദ്യം, പുകവലി, ലഹരി വസ്തുക്കളുടെ ഉപയോഗം)
5. ശുചിത്വവും മാലിന്യ നിർമാർജനവും

## ഇ–ഹെൽത്ത് പ്രൊജക്ട്

കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയായി ബന്ധിപ്പിക്കുന്നതിന് ഇ–ഹെൽത്ത് പ്രൊജക്ട് ലക്ഷ്യമിടുന്നു. ഡോക്ടർമാർക്ക് എളുപ്പത്തിൽ പരിശോധിക്കാവുന്ന വ്യക്തിഗത മെഡിക്കൽ രേഖകളുടെ ഒരു ഡാറ്റാബേസ് നിർമ്മിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. രോഗിയുടെ സവിശേഷമായ തിരിച്ചറിയൽ, സംസ്ഥാനത്തെ വിവിധ പ്രാഥമിക, ദ്വിതീയ, തൃദീയ തലങ്ങളിലുള്ള വിവിധ ആരോഗ്യ പരിപാലന വിതരണ യൂണിറ്റുകൾ തമ്മിലുള്ള ഡാറ്റ എക്സ്ചേഞ്ച് എന്നിവ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഇത് മൂലം ആവർത്തിച്ചു വരുന്ന മെഡിക്കൽ പരിശോധനകൾ ഒഴിവാക്കാനും രോഗിയുടെ ചെലവ് കുറക്കുന്നതിനും ക്ലിനിക്കുകളിലും ലാബുകളിലും തിരക്കു കുറയ്ക്കാനും കഴിയും. തിരുവനന്തപുരം പൈലറ്റ് ജില്ലയായി ആരംഭിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. 140 ആശുപത്രികളിൽ ഇ–ഹെൽത്ത് പൂർത്തിയായി, അതിൽ 63 എണ്ണം പേപ്പർ ഉപയോഗിക്കേണ്ടതില്ലാത്ത ആശുപത്രികളായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തിന്റെ ഇ–ഹെൽത്ത് പദ്ധതിയെ നിതി ആയോഗ് അഭിനന്ദിച്ചു. 2,59,21,080 വ്യക്തികളുടെ ഡാറ്റാ ബേസ് ശേഖരിച്ച് ഇലക്ട്രോണിക് രേഖകളായി സംഭരിച്ച രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം.

## സുസ്ഥിര വികസന ലക്ഷ്യങ്ങൾ: കേരളത്തിന്റെ ലക്ഷ്യം

സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ ഹ്രസ്വകാലത്തേക്കും ഇടക്കാലത്തേക്കും കൈവരിക്കേണ്ട ലക്ഷ്യങ്ങൾ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ഐക്യ രാഷ്ട്ര സഭ രൂപപ്പെടുത്തിയ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽപ്പെടുന്ന പ്രത്യേകിച്ചും എസ്.ഡി.ജി നമ്പർ മൂന്ന് പരാമർശമായി തെരഞ്ഞെടുത്ത് ദേശീയ അന്തർദേശീയ ലക്ഷ്യങ്ങളോട് തുല്യമായ ലക്ഷ്യങ്ങൾക്ക് അന്തിമരൂപം നൽകി. ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ച ലക്ഷ്യങ്ങളിൽ കേരളത്തിന് പ്രസക്തമായവ കർമ്മ സമിതി വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തിന്റെ ഇപ്പോഴുള്ള സാംക്രമികരോഗ നിലക്കും വ്യാപ്തിക്കും യോജിച്ചവ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഐക്യരാഷ്ട്ര സഭാ രേഖയിലുള്ള ലക്ഷ്യങ്ങൾക്കുടാതെ സംസ്ഥാനത്ത് പ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ടതായ ദന്തസംരക്ഷണം, നേത്ര സംരക്ഷണം, പാലിയേറ്റീവ് കെയർ എന്നീ ലക്ഷ്യങ്ങളും കേരളം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രധാന മാർഗ്ഗങ്ങളും സമിതി നിർദ്ദേശിച്ചിട്ടുണ്ട്. കൈവരിക്കേണ്ട ലക്ഷ്യങ്ങളുടെ പുരോഗതി നിർണ്ണയിക്കുന്നതിനായി അടിസ്ഥാന രേഖാ മൂല്യങ്ങൾ വിലയിരുത്തുന്നതിന് 2021 ൽ ഒരു സർവേ നടത്തി സംസ്ഥാനത്തിന്റെ പ്രവർത്തനം വിലയിരുത്തും.

**പട്ടിക 6.2.2** വകുപ്പ് തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും (വാർഷിക പദ്ധതി 2017–21) (രൂപ ലക്ഷത്തിൽ)

| വകുപ്പ് | വാർഷിക പദ്ധതി 2017–18 | | വാർഷിക പദ്ധതി 2018–19 | | വാർഷിക പദ്ധതി 2019–20 | | വാർഷിക പദ്ധതി 2020–21 (ഒക്ടോബർ 15 വരെ) | |
|---|---|---|---|---|---|---|---|---|
| | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം |
| ആരോഗ്യ സേവനം | 72,402 | 97.74 | 78,921 | 84.23 | 78329 | 82.20 | 99140 | 64.55 |
| മെഡിക്കൽ വിദ്യാഭ്യാസം | 47,009 | 82.25 | 49,414 | 56.47 | 48425 | 72.21 | 42060 | 24.11 |
| ഭാരതീയ ചികിത്സാ വകുപ്പ് | 4,320 | 81.56 | 4,820 | 70.10 | 4755 | 67.13 | 4195 | 30.98 |
| ആയുർവേദ വിദ്യാഭ്യാസം | 4,600 | 48.51 | 5,060 | 50.82 | 4975 | 40.74 | 4320 | 9.62 |
| ഹോമിയോപ്പതി | 2,300 | 88.37 | 2,700 | 100 | 2660 | 65.15 | 2375 | 32.53 |
| ഹോമിയോ വിദ്യാഭ്യാസം | 864 | 42.98 | 1,015 | 100 | 1000 | 67.90 | 865 | 107.82 |
| ആകെ | 1,31,495 | 89.42 | 1,41,930 | 73.24 | 1,40,594 | 76.36 | 1,52,955 | 50.71 |

*അവലംബം: പ്ലാൻ സ്പെയിസ്*

### പദ്ധതിക്കാലത്തെ ആരോഗ്യമേഖലയ്ക്കുള്ള ധനസഹായം

കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനബജറ്റിൽ നിന്നും വലിയ തുക നീക്കി വയ്ക്കുന്ന ഒരു പ്രധാന മേഖലയാണ് ആരോഗ്യം. അടുത്ത കാലത്തായി സർക്കാരിന്റെ ആരോഗ്യ സംരക്ഷണ ചെലവ് നിരന്തരമായി വർദ്ധിക്കുന്നതായി കാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും സംഭാവനയെ ഒഴിവാക്കിയാൽ മൊത്തം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന്റെ 5 ശതമാനത്തോളമാണ് ആരോഗ്യ സംരക്ഷണത്തിന് കേരളം ചെലവഴിക്കുന്നത് എന്നതാണ് വസ്തുത. ഇതിനുപുറമെ, കെട്ടിട നിർമ്മാണത്തിനും ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുമായി സർക്കാർ ഈ മേഖലയിൽ കിഫ്ബി വഴി വലിയ തുക നിക്ഷേപിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പദ്ധതികൾ നടപ്പാക്കുന്നതിന് നീക്കിവച്ചിരുന്ന തുക 3,31,888.00 ലക്ഷം രൂപ (ബി.ഇ) ആയിരുന്നു. പദ്ധതി കാലയളവിൽ റിപ്പോർട്ട് ചെയ്ത ആകെ ചെലവ് 3,00,600.50 ലക്ഷം (90.57%). കഴിഞ്ഞ നാല് വാർഷിക പദ്ധതി കാലയളവിലെ വകുപ്പനുസരിച്ചുള്ള പദ്ധതി വിഹിതവും ചെലവും 2020 ഒക്ടോബർ വരെ (2020–21) ആകെ പദ്ധതി വിഹിതവും ചെലവും **പട്ടിക 6.2.2** –ൽ കൊടുത്തിട്ടുണ്ട്.

## കേരളത്തിലെ പ്രധാന ആരോഗ്യ പ്രശ്നങ്ങൾ

### സാംക്രമിക രോഗങ്ങൾ

കേരളത്തിൽ സാംക്രമിക സാംക്രമികേതര രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടുവരുന്നു. ഡെങ്കി, ചിക്കൻഗുനിയ, ലെപ്റ്റോസ്പൈറോസിസ്, മലേറിയ, ഹെപ്പറ്റൈറ്റിസ്, എച്ച്1 എൻ1 തുടങ്ങിയ സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കപ്പെട്ടിരുന്നുവെങ്കിലും അടുത്ത കാലത്തായി രോഗനിരക്കും മരണനിരക്കും വർദ്ധിക്കുന്നതിന് ഈ രോഗങ്ങളുടെ പുനരുജ്ജീവനം നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഡെങ്കി, മലേറിയ, ജാപ്പനീസ് എൻസെഫലൈറ്റിസ്, സ്ക്രബ് ടൈഫസ് മുതലായ കൊതുകുജന്യ രോഗങ്ങൾ പല ജില്ലകളിലും ഗണ്യമായി വർധിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള വയറിളക്കരോഗങ്ങൾ, ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ ജലജന്യ അണുബാധകൾ പല ജില്ലകളിലും നിരന്തരമായി കണ്ടുവരുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി കുറവ് രേഖപ്പെടുത്തിയിരുന്ന കോളറ ചില ജില്ലകളിൽ കൂടുതലായി കാണപ്പെടുന്നു. വർഷങ്ങളോളം പരിശ്രമിച്ചിട്ടും ഡിഫ്തീരിയയും വില്ലൻ ചുമയും പോലുള്ള വാക്സിൻ മൂലം തടയാനുള്ള രോഗങ്ങൾ ഇനിയും നിർമാർജനം ചെയ്യേണ്ടിയിരിക്കുന്നു.

### ഡെങ്കിപ്പനി

ഇപ്പോൾ വെക്ടർ ജന്യ രോഗങ്ങളുടെ ഏറ്റവും വലിയ കാരണമായി മാറിയിരിക്കുന്ന ഡെങ്കിപ്പനി കേരളത്തിൽ 1998 ലാണ് പടർന്നു പിടിച്ചത്. 2015 വരെ രോഗം കൂടുതലും തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ വ്യാപകമായിരുന്നു. എന്നാൽ 2017 –ൽ എല്ലാ ജില്ലകളിലും ഡെങ്കിപ്പനി വ്യാപകമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉയരത്തിൽ സ്ഥിതിചെയ്യുന്ന ജില്ലകളിൽ കുറഞ്ഞ നിരക്കിലും മറ്റുള്ള ജില്ലകളിൽ കൂടുതലായും കാണപ്പെട്ടു. ഈ വൈവിധ്യമാർന്ന വിതരണത്തിന്റെ മുഖ്യ കാരണം ഡെങ്കി വെക്റ്റർ–ഈഡിസ് കൊതുകുകളുടെ വ്യാപനത്തിനു കാരണമാവുന്ന തരത്തിൽ പരിസ്ഥിതി ഘടകങ്ങളിലെ മാറ്റങ്ങൾ മൂലമാണെന്ന് കരുതുന്നു. ഗ്രാമീണ പശ്ചാത്തലത്തിൽ മുൻകാലങ്ങളിൽ കണ്ട ഈ കൊതുക് ഇപ്പോൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും വ്യാപിച്ചു. 2016 മുതൽ 2020 ഓഗസ്റ്റ് വരെയുള്ള കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.4** –ൽ നൽകിയിരിക്കുന്നു.

## എലിപ്പനി

സംസ്ഥാനം അഭിമുഖീകരിക്കുന്ന മറ്റൊരു പൊതുജനാരോഗ്യവെല്ലുവിളിയാണ് ലെപ്റ്റോസ്പൈറോസിസ്. എൺപതുകളുടെ തുടക്കത്തിൽ അപൂർവരോഗമായി കണക്കാക്കപ്പെട്ടിരുന്ന ഇത് ഇപ്പോൾ എല്ലാ ജില്ലകളിലും വ്യാപിച്ചിരിക്കുന്നു. 2012–13 –ൽ ഒരു വലിയ പകർച്ചവ്യാധിയായി വടക്കൻ ജില്ലകളെ രോഗബാധിതമാക്കിയ രോഗം പിന്നീട് കേരളം മുഴുവനായും ബാധിച്ചു. തുടക്കത്തിൽ രോഗം ബാധിച്ച എലികളുടെ മൂത്രത്തിൽ നിന്നും പരിസ്ഥിതി മലിനീകരണം മൂലമാണ് വ്യാപിച്ചത്. പശുക്കൾ, നായ്ക്കൾ, പന്നികൾ തുടങ്ങിയ വളർത്തു മൃഗങ്ങളിൽ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ട് തന്നെ കൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് രോഗ സാധ്യതയുണ്ട്. സ്തംഭനാവസ്ഥയിലുള്ള കനാലുകളിൽ ശുചീകരണത്തിൽ പങ്കെടുക്കുന്നവർക്കു ഈ രോഗം ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ലെപ്റ്റോസ്പൈറോസിസ് കാരണം മരണനിരക്ക് ഉയരുന്നതു വെറ്റിനറി, മൃഗസംരക്ഷണ വകുപ്പുകളുടെ കൂട്ടായ പരിശ്രമത്തിൽ ഫലപ്രദമായി നിയന്ത്രിക്കേണ്ടതുണ്ട്.

2019 –ൽ 1211 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയും, 57 പേർ മരിക്കുകയും ചെയ്തു. 2020 ൽ (ഓഗസ്റ്റ് വരെ) 568 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയും, 19 ആളുകൾ മരിക്കുകയും ചെയ്തു. 2019–20 ലും 2020–21 (ഓഗസ്റ്റ് വരെ) ലും എലിപ്പനിക്ക് ചികിത്സ തേടിയവരുടെയും മരണം റിപ്പോർട്ട് ചെയ്തതിന്റെയും ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 6.2.1**– കൊടുത്തിരിക്കുന്നു. 2016 മുതൽ 2020 വരെ (ഓഗസ്റ്റ് 31, 2020 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണത്തിന്റെയും പട്ടിക **പട്ടിക 6.2.4** ൽ നൽകിയിരിക്കുന്നു.

## ചിക്കൻഗുനിയ

കൊതുകജന്യ അണുബാധകളിൽ പുതുതായിട്ടുള്ളതാണ് ചിക്കൻഗുനിയ. 2005–06 കാലയളവിൽ അറബിക്കടലിലെ വിദൂര ദ്വീപുകളിലാണ് ഈ രോഗം ഉണ്ടായത് എന്ന് വിശ്വസിക്കപ്പെടുന്നു. തൊട്ടടുത്ത രണ്ട് വർഷങ്ങളിലായി കേരളം മുഴുവൻ അതിവേഗം വ്യാപിക്കുകയും നമ്മുടെ ജനസംഖ്യയുടെ 80 ശതമാനത്തിലധികം ജനങ്ങളെ ബാധിക്കുകയും ചെയ്തു. ഭാഗ്യവശാൽ രോഗംവ്യാപനം കുറയുകയും ജനങ്ങൾക്ക് ദീർഘകാലികമായ പ്രതിരോധശേഷി ലഭിക്കുകയും ചെയ്യുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കേരളത്തിൽ 200 കേസുകൾ മാത്രം റിപ്പോർട്ട് ചെയ്യുകയും ഈ കാലയളവിൽ മരണം ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തിട്ടില്ല. എന്നാൽ 2020 ൽ കേരളത്തിൽ 411 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇവിടെ രോഗം കൈമാറ്റം ചെയ്യുന്നതു ഈഡിസ് കൊതുകുകൾ ആണ്. ഡെങ്കി, ചിക്കൻഗുനിയ എന്നിവ ഒരേ കൊതുകിലൂടെ പടർന്ന് കൊണ്ടിരിക്കുന്നതിനാലും സിക വൈറസ്, മഞ്ഞപ്പനിയുടെ ഭീഷണി എന്നിവക്കു ഒരേ കൊതുകുകൾ ഉത്തരവാദികൾ ആയതിനാലും ഭാവിയിൽ നാം ഇവയെ നേരിടാൻ ശ്രദ്ധാലുക്കളായിരിക്കണം. 2019 –ൽ 109 ചിക്കൻഗുനിയ കേസുകൽ റിപ്പോർട്ട് ചെയ്തതിൽ 86 എണ്ണം തിരുവനന്തപുരം ജില്ലയിലും 10 എണ്ണം ഇടുക്കിയിലും ആണ്. 2020 (ഓഗസ്റ്റ് 31 വരെ) 411 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ 404 എണ്ണം തിരുവനന്തപുരം ജില്ലയിൽ ആണ്. 2019–20 ലും 2020–2021 (ഓഗസ്റ്റ് വരെ) ചിക്കൻഗുനിയക്കു ചികിത്സതേടിയവരുടെ ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 6.2.2** ൽ കൊടുത്തിരിക്കുന്നു. 2016 മുതൽ 2020 വരെ (ഓഗസ്റ്റ് 31, 2020 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.4** –ൽ നൽകിയിരിക്കുന്നു.

## വൈറൽ പനി

വൈറൽ പനി എന്നത് അന്തർലീനമായ വൈറൽ അസുഖം മൂലമുണ്ടാകുന്ന പനിയാണ്. നിരവധി വൈറൽ അണുബാധകൾ മനുഷ്യരെ ബാധിക്കും. ഒരു പനി പോലും പല വൈറൽ അണുബാധകളുടെ ലക്ഷണമായിരിക്കാം. ചില വൈറൽ അണുബാധകൾ ഡെങ്കി പോലുള്ള ഉയർന്ന പനി ഉണ്ടാക്കാം. 2019 ൽ കേരളത്തിൽ 28,62,375 വൈറൽ പനി കേസുകൾ റിപ്പോർട്ട് ചെയ്തു. 2020 –ൽ (ഓഗസ്റ്റ് വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 9,27,950 ആണ്. വൈറൽ പനി ബാധിച്ച് 2019 ലും 2020 ലും (ഓഗസ്റ്റ് വരെ) ചികിത്സ തേടിയ രോഗികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 6.2.2 –**ൽ നൽകിയിരിക്കുന്നു.

## മലേറിയ

കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി നമ്മുടെ രാജ്യത്തിന്റെ പൊതുജനാരോഗ്യ മേഖല നേരിടുന്ന വെല്ലുവിളി അനോഫിലസ് കൊതുകുകളിലൂടെ പകരുന്ന മലേറിയ രോഗമാണ്. ഇതിന്റെ നിർമാർജനം ലക്ഷ്യമിടുന്ന വിവിധ ദേശീയ പരിപാടികൾ പരിമിതമായ വിജയം നേടുന്നു. എഴുപതുകളുടെ ആരംഭത്തിൽ കേരളത്തിൽ നിന്നും മലേറിയ രോഗം നിർമാർജനം ചെയ്തെങ്കിലും ഒരു പൊതുജനാരോഗ്യ വെല്ലുവിളിയായി ഇപ്പോൾ ഉയർന്നു വരുന്നു. മലേറിയ രോഗബാധിത സംസ്ഥാനങ്ങളിൽ നിന്നുള്ള വൻതോതിലുള്ള കുടിയേറ്റം കാരണം അടുത്തകാലത്തായി പ്രശ്നം കൂടുതൽ വഷളായി. ഫാൽസിപിയം മലേറിയയുടെ അനുപാതം കേരളത്തിൽ സാവധാനത്തിൽ വർധിച്ചു വരികയാണ്. തദ്ദേശീയമായി മലേറിയ നീക്കം ചെയ്യൽ സംസ്ഥാനത്തെ എസ്.ഡി.ജി. ലക്ഷ്യങ്ങളിൽ

**പട്ടിക 6.2.3** ഇന്ത്യയിലെയും കേരളത്തിലെയും വിവിധ ഗ്രൂപ്പുകളിൽ എച്ച്.ഐ.വി. വ്യാപനം ശതമാനത്തിൽ

| വിഭാഗം | ഇന്ത്യ | കേരളം |
|---|---|---|
| ആന്റിനാറ്റൽ ക്ലിനിക്കിൽ പങ്കെടുക്കുന്നവർ | 0.28 | 0.05 |
| സ്ത്രീ ലൈംഗികത്തൊഴിലാളി | 1.56 | 0.10 |
| ഹിജ്റ / ട്രാൻസ്ജെൻഡർ | 3.14 | 0.16 |
| പുരുഷന്മാരുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്ന പുരുഷന്മാർ | 2.69 | 0.23 |
| മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർ | 6.26 | 0.41 |
| പുരുഷ കുടിയേറ്റക്കാരൻ | 0.51 | 0.00 |
| ദീർഘദൂര ട്രക്കർ | 0.86 | 0.00 |

*അവലംബം: കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി)*

ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് നിറവേറ്റുന്നതിനുള്ള പ്രശ്നങ്ങൾ പലതാണ്. ദ്രുത നഗരവൽക്കരണം, ജില്ലകളിലെ വിപുലമായ അടിസ്ഥാന സൗകര്യ വികസനം, നഗര പ്രദേശത്ത് അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ, കാലാവസ്ഥാ വ്യതിയാനം നിമിത്തം കൊതുകുകളുടെ ജീവിത പരിണാമത്തിൽ ഉണ്ടായ മാറ്റം എന്നിവയാണ് എസ്.ഡി.ജി ലക്ഷ്യം നേടിയെടുക്കുന്നതിൽ വലിയ തടസം. കേരളത്തിലെ മലേറിയയുടെ വാർഷിക കണക്കുകൾ 2,000 –ൽ കുറവും മരണനിരക്ക് വളരെ കുറവാണ് എങ്കിലും പ്രധാന പ്രശ്നം ആഭ്യന്തര മലേറിയ വർദ്ധനയാണ്. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി തദ്ദേശീയ മലേറിയ പിടിമുറുക്കുന്നു. കർണാടകയിലെ വളരെ ഉയർന്ന മലമ്പനി നിരക്കുള്ള ജില്ലകളുടെ സമീപത്താകയാൽ കാസർകോട് ജില്ലയിൽ വർഷങ്ങളായി വളരെയധികം മലമ്പനി ഉണ്ട്. നമ്മുടെ സംസ്ഥാനത്തെ പടിഞ്ഞാറൻ തീരത്തുള്ള മീൻപിടുത്തക്കാരുടെ സാന്നിധ്യം തീരദേശ ജില്ലകളിൽ മലേറിയ പടരുന്നതിനുള്ള ഒരു ഭീഷണിയാണ്. 2019 –ൽ മലേറിയ ബാധിതരുടെ എണ്ണം 656 ഉം മരണം റിപ്പോർട്ട് ചെയ്തത് 1 ഉം ആണ്. 2020 (ഓഗസ്റ്റ് 13 വരെ) മലേറിയ ബാധിതരുടെ എണ്ണം 2 ഉം മരണം റിപ്പോർട്ട് ചെയ്തത് 0 ഉം ആണ്. 2016 മുതൽ 2019 ഓഗസ്റ്റ് വരെയുള്ള റിപ്പോർട്ട് ചെയ്ത കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.4** –ൽ നൽകിയിരിക്കുന്നു. സംസ്ഥാനത്ത് മലേറിയ കേസുകളുടെ എണ്ണം കുറയുന്ന പ്രവണത കാണിക്കുന്നു.

### ജപ്പാൻ ജ്വരം

ഇത് മസ്തിഷ്ക്കത്തെ ബാധിക്കുന്ന കൊതുക ജന്യമായ എൻസെഫലൈറ്റിസിന്റെ ഒരു രൂപമാണ്. നെൽവയലുകളുടെ സാന്നിധ്യം മൂലം കേരളത്തിൽ ഈ രോഗ സാധ്യത കൂടുതലാണ് കാരണം ഈ രോഗം പരത്തുന്ന വൈറസ് വാഹകരായ കൊതുകുകൾ നെൽവയലുകളിലെ വെള്ളക്കെട്ടുകളിൽ പടർന്ന് കിടക്കുന്നു. മലിനമായ വെള്ളത്തിൽ മുട്ടയിടുന്ന ക്യൂലെക്സ് കൊതുകിന്റെ തനതായ സ്വഭാവം മറ്റ് മേഖലകളിൽ രോഗ സാദ്ധ്യതകൾ വർദ്ധിപ്പിക്കും. ജാപ്പനീസ് എൻസെഫലൈറ്റിസ് (ജെ.ഇ.) ദേശാടന പക്ഷികളുടെ സാന്നിധ്യം വഴി കൈമാറ്റം ചെയ്യപ്പെടുന്നു എന്നത് അധിക അപകടമാണ് കാരണം നമ്മുടെ നാട്ടിൽ ദേശാടന പക്ഷികളെ ആകർഷിക്കുന്ന നിരവധി സങ്കേതങ്ങളുണ്ട്. എന്നാൽ ജെ.ഇ.ക്കെതിരെ ഫലപ്രദമായ വാക്സിൻ ഉള്ളതിനാൽ വാക്സിനേഷൻ ശക്തിപ്പെടുത്തുന്നതിലൂടെ അതിന്റെ നിയന്ത്രണ പരിപാടിയിൽ നമുക്ക് ശുഭാപ്തി വിശ്വാസമുണ്ട്. 2016 ലും 2017 ലും 1 കേസ് വീതം റിപ്പോർട്ട് ചെയ്യുകയും മരണം ഒന്നുംതന്നെ ഉണ്ടാകാതിരിക്കുകയും ചെയ്തു. എന്നാൽ 2018 ലും 2019 ലും കേസുകൾ യഥാക്രമം 5, 11 എന്നിങ്ങനെ വർദ്ധിക്കുകയും 2 മരണങ്ങൾ വീതം റിപ്പോർട്ട് ചെയ്യുകയും ചെയ്തു. 2020 ൽ (ഓഗസ്റ്റ് വരെ) കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. 2016 മുതൽ 2020 ഓഗസ്റ്റ് വരെയുള്ള ജപ്പാൻ ജ്വരത്തിന് ചികിത്സ തേടിയവരുടെയും മരണം റിപ്പോർട്ട് ചെയ്തതിന്റെ വിശദാംശങ്ങൾ **പട്ടിക 6.2.4** നൽകിയിരിക്കുന്നു.

### ജല ജന്യ രോഗങ്ങൾ

ജില്ലയുടെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ആദിവാസി തീരദേശ പ്രദേശങ്ങളിൽ സുരക്ഷിതമായ കുടിവെള്ള ലഭ്യതയില്ലെന്നതു ജലജന്യ രോഗങ്ങൾക്ക് പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നു. കിണറുകൾ, പമ്പ്, ടാങ്കർ ലോറിയിലൂടെ വിതരണം ചെയ്ത വെള്ളം, പൊതു ജലവിതരണ പൈപ്പിലെ തകരാറുകൾ നിമിത്തം കുടിവെള്ളത്തോടൊപ്പം അഴുക്കുചാൽ വെള്ളം കലരുന്നത്, ജലസ്രോതസ്സുകളിൽ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ, വാണിജ്യ ആവശ്യങ്ങൾക്കുള്ള ഐസ് ഉപയോഗിച്ച് ശീതള പാനീയങ്ങൾ തയ്യാറാക്കുന്നത്, മലിനമായ ജലം ഉപയോഗിച്ച് വെൽക്കം ഡ്രിങ്ക് തയ്യാറാക്കുന്നത് തുടങ്ങിയ സുരക്ഷിതമല്ലാത്ത ജല സ്രോതസ്സുകൾ എന്നിവ ജല ജന്യ രോഗങ്ങൾക്കു കാരണമാണ്. സാംക്രമിക രോഗങ്ങൾ തടയാനും നിയന്ത്രിക്കാനും 2017 നവംബർ മുതൽ "ജാഗ്രത" എന്ന പേരിൽ ഒരു പ്രവർത്തന പദ്ധതി ആരോഗ്യവകുപ്പ്

നടപ്പിലാക്കിവരുന്നു. ടൈഫോയ്ഡ് രോഗികളുടെ എണ്ണത്തിൽ 2015 മുതൽ ഗണ്യമായ കുറവുണ്ടായി. 2016 മുതൽ 2020 ഓഗസ്റ്റ് വരെ കടുത്ത വയറിളക്ക രോഗങ്ങൾക്കും ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ രോഗങ്ങളുടെ ചികിത്സ നേടിയവരുടെ വിശദാംശങ്ങൾ **പട്ടിക 6.2.4** –ൽ നൽകിയിരിക്കുന്നു.

## എച്ച്.ഐ.വി / എയ്ഡ്സ്

കേരളത്തിലെ എച്ച്.ഐ.വി യുടെ വ്യാപനം നിയന്ത്രിക്കുക, എച്ച്.ഐ.വി/എയ്ഡ്സ് രോഗത്തിനോട് പ്രതികരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവ് ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന അഗ്രഗാമിയായ സ്ഥാപനമാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ

**ബോക്സ് 6.2.1** കൊറോണ വൈറസ് രോഗം (കോവിഡ്–19)

ഇന്ത്യയിലെ ആദ്യ കോവിഡ്–19 രോഗം കേരളത്തിൽ 2020 ജനുവരി 30 ന് തിരിച്ചറിഞ്ഞു. ആദ്യത്തെ കോവിഡ് –19 സ്ഥിരീകരിച്ച കേസ് റിപ്പോർട്ട് ചെയ്തതുമുതൽ പകർച്ചവ്യാധിയെ നേരിടാൻ കേരളം ബഹുമുഖ തന്ത്രങ്ങൾ അവലംബിച്ചു. ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ (ഡബ്ല്യുഎച്ച്ഒ) കോവിഡ് –19 ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിക്കുന്നതിന് വളരെ മുമ്പുതന്നെ കോവിഡ്–19 നുള്ള കേരളത്തിന്റെ പ്രതിരോധം ആരംഭിച്ചു. ആദ്യ കേസ് റിപ്പോർട്ട് ചെയ്ത ദിവസം മുതൽ സംസ്ഥാനത്തെ നിയന്ത്രണ തന്ത്രങ്ങൾ നന്നായി നടന്നിരുന്നു. സംസ്ഥാനത്തിനകത്ത് മഹാമാരി പൊട്ടിപ്പുറപ്പെടാതിരിക്കാൻ ആരോഗ്യവകുപ്പ് അടിയന്തര പ്രതികരണ സംവിധാനം സജീവമാക്കി.

സർക്കാർ, സ്വകാര്യ മേഖലകളിലെ എല്ലാ ആരോഗ്യ പരിരക്ഷാ സൗകര്യങ്ങളുടെയും വിശദമായ വിലയിരുത്തൽ നടത്തി. എല്ലാ ജില്ലകളിലും നിരവധി മീറ്റിംഗുകൾ നടത്തി സംസ്ഥാന തലത്തിൽ ഈ സൗകര്യങ്ങൾ എങ്ങനെ ഉപയോഗിക്കാമെന്നതിനെക്കുറിച്ചുള്ള വിശദമായ കർമപദ്ധതി തയ്യാറാക്കി. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വീടുകളിൽ ക്വാറന്റീൻ സൗകര്യമില്ലാത്ത എല്ലാ അന്തർദ്ദേശീയ യാത്രക്കാരെയുംഅന്തർസംസ്ഥാന യാത്രക്കാരെയും ക്വാറന്റീൻ ചെയ്യുവാനായി കോവിഡ് കെയർ സെന്ററുകൾ (സി.സി.സി) സ്ഥാപിച്ചു. രോഗലക്ഷണമുള്ള രോഗികൾക്കായി കോവിഡ് ആശുപത്രികളും രോഗലക്ഷണമില്ലാത്തവർക്കായി കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങളും (സി.എഫ്.എൽ.ടി.സി) തയ്യാറായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തിൽ മതിയായ സ്റ്റാഫ്, ബയോമെഡിക്കൽ മാലിന്യ നിർമാർജനം തുടങ്ങിയവ നടത്തിപോരുന്നു.

കോവിഡ്–19 നിയന്ത്രണ പ്രവർത്തനങ്ങളുടെ തുടക്കം മുതൽ സ്വകാര്യ ആശുപത്രി ഇടപെടൽ സംഘം ജില്ലാ സ്വകാര്യ ആശുപത്രി നോഡൽ ഓഫീസർമാരുമായും, സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ, ഐഎംഎ എന്നിവരുമായും അടുത്ത ബന്ധം പുലർത്തിയിരുന്നു. കോവിഡ് –19 സംശയിക്കപ്പെടുന്നവരെയും രോഗികളെയും അവരുടെ വീടുകളിൽ നിന്ന്/എക്സിറ്റ് പോയിന്റുകളിൽ നിന്ന്/ ഐസൊലേഷൻ സൗകര്യങ്ങളിലേക്ക് എത്തിക്കുന്നതിനായി 'കനിവ് –108' ആംബുലൻസുകൾ വഴി കെ.എം.എസ്.സി.എൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിൽ കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ക്വാറന്റൈനിലും / ഐസോലെഷനിലും ഉള്ള വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും 'ഒറ്റക്കല്ല ഒപ്പമുണ്ട്' എന്ന പേരിൽ മാനസിക–സാമൂഹിക പിന്തുണ നൽകാൻ തീരുമാനിച്ചു. ആരോഗ്യമേഖലയിൽ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരെയും സമൂഹത്തിലെ പല വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്രവും വിശാലവുമായ രീതിയിൽ സംസ്ഥാനതല പരിശീലനം നടത്തുവാൻ കഴിഞ്ഞു. എല്ലാ പഞ്ചായത്തിലും വാർഡ് തല സംഘങ്ങൾ സജീവമാവുകയും വയോജനങ്ങളുടെ വീടുകളിലേക്ക് ദിവസേനയുള്ള കോളുകളും സന്ദർശനങ്ങളും ഉറപ്പ് വരുത്തുകയും ചെയ്തു. കോവിഡ്–19 അവബോധത്തിനായി 2020 ന്റെ തുടക്കം മുതൽ തന്നെ നിരവധി മാധ്യമ പ്രചാരണങ്ങൾ നടക്കുന്നു. കേരളത്തിൽ ഇ–സഞ്ജീവനി ടെലിമെഡിസിൻ സേവനങ്ങൾ ആരോഗ്യ വകുപ്പ് നേതൃത്ത്വത്തിൽ ജൂൺ 10, 2020 ന് ആരംഭിച്ചു. കേന്ദ്രീകൃതമായ രീതിയിലാണ് ഇതിൽ സേവനങ്ങൾ നൽകുന്നത്. സംസ്ഥാനത്തിനായുള്ള ടെലിമെഡിസിൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് 'ദിശ'യാണ്. www.dashboard.kerala.gov.in എന്ന വെബ് വിലാസത്തിൽ ലഭ്യമായ ജി.ഓ.കെ ഡാഷ്ബോർഡ് വഴി കോവിഡ്–19 ഡാറ്റ പൊതുജനങ്ങൾക്ക് ലഭ്യമാക്കി. കൂടുതൽ വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ അധ്യായം 2 ൽ (കോവിഡ്–19 മഹാമാരിയും കേരളത്തിന്റെ പ്രതികരണവും) നൽകിയിരിക്കുന്നു.

**പട്ടിക 6.2.4** കേരളത്തിലെ സാംക്രമികരോഗങ്ങളുടെ വ്യാപനം

| വർഷം | 2016 | | 2017 | | 2018 | | 2019 | | 2020 (ഓഗസ്റ്റ് വരെ) | |
|---|---|---|---|---|---|---|---|---|---|---|
| രോഗം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം |
| ഡെങ്കിപ്പനി | 7218 | 21 | 21993 | 165 | 4090 | 32 | 4651 | 14 | 2420 | 5 |
| മലേറിയ | 1540 | 3 | 1194 | 2 | 908 | 0 | 656 | 1 | 132 | 0 |
| സ്ഥിരീകരിച്ച ചിക്കുൻഗുനിയ | 124 | 0 | 54 | 0 | 76 | 0 | 109 | 0 | 411 | 0 |
| ജാപ്പനീസ് എൻ-സെഫലൈറ്റിസ് (ജെ.ഇ.) | 1 | 0 | 1 | 0 | 5 | 2 | 11 | 2 | 0 | 0 |
| ലെപ്റ്റോസ്പൈ-റോസിസ് | 1710 | 35 | 1408 | 80 | 2079 | 99 | 1211 | 57 | 568 | 19 |
| ഹെപ്പറ്റൈറ്റിസ് - എ | 1351 | 10 | 988 | 24 | 1369 | 5 | 1620 | 7 | 407 | 1 |
| കോളറ | 10 | 0 | 8 | 1 | 9 | 0 | 9 | 0 | 2 | 0 |
| ടൈഫോയ്ഡ് | 1668 | 2 | 314 | 1 | 109 | 0 | 27 | 0 | 15 | 0 |
| എ.ഡി.ഡി. (ഡയേറിയ) | 493973 | 14 | 463368 | 8 | 540814 | 12 | 544027 | 6 | 194193 | 1 |
| സ്ക്രബ്ബ് ടൈഫസ് | 633 | 3 | 340 | 5 | 400 | 6 | 579 | 14 | 321 | 6 |
| കല അസർ | 2 | 0 | 0 | 0 | 6 | 1 | 4 | 0 | 0 | 0 |
| കൈസന്നൂർ ഫോറസ്റ്റ്ഡി-സീസ് | 9 | 0 | 0 | 0 | 0 | 0 | 8 | 2 | 29 | 3 |
| എച്ച് 1 എൻ 1 | 22 | 1 | 1411 | 76 | 823 | 50 | 853 | 45 | 61 | 2 |
| പനി | ഒ.പി. | 2641311 | 18 | 3417968 | 76 | 2935627 | 63 | 2862375 | 51 | 927950 21 |
| | ഐ.പി. | 80049 | | 109974 | | 59983 | | 60080 | | 15898 |
| വയറിളക്ക രോഗങ്ങൾ | 326517 | 10 | | | | | | | | |
| എന്ററിക് ഫീവർ | 1192 | 0 | | | | | | | | |
| മീസിൽസ് | 870 | 3 | 508 | 1 | 190 | 0 | 199 | 1 | 48 | 1 |
| ചിക്കൻപോക്സ് | 12698 | 1 | 27856 | 20 | 30154 | 17 | 29583 | 20 | 13719 | 1 |

അവലംബം: ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ്

സൊസൈറ്റി. ദേശീയ എയ്ഡ്സ് കൺട്രോൾ പരിപാടി സംസ്ഥാനത്ത് നടപ്പാക്കാനാണ് ഈ സ്ഥാപനം രൂപീകരിച്ചത്. സംസ്ഥാനത്തെ എയ്ഡ്സ് വ്യാപന നിരക്ക് 2008-09 -ൽ 0.21 ശതമാനത്തിൽ നിന്നും 2010-11 -ൽ 0.13 ശതമാനമായും 2017 -ൽ 0.05 ശതമാനമായും കുറഞ്ഞിരിക്കുന്നു. സംസ്ഥാനത്തെ എച്ച്.ഐ.വി മഹാമാരി എന്ന പകർച്ചാവ്യാധി മുഖ്യമായും കേന്ദ്രീകരിച്ചിരിക്കുന്നത്, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർക്കിടയിൽ 0.41 ശതമാനവും (2011 -ൽ 4.95 ശതമാനം)- ഇന്ത്യയിൽ ഇത് 6.26 ശതമാനം, പുരുഷന്മാരുമായി ലൈംഗികബന്ധത്തിലേർപ്പെടുന്ന പുരുഷന്മാരുടെയിടയിൽ (എം.എസ്.എം) 0.23 ശതമാനവും (2011 -ൽ 0.36 ശതമാനം) - ഇന്ത്യയിൽ ഇത് 2.69 ശതമാനം, സ്ത്രീ ലൈംഗിക തൊഴിലാളികളുടെയിടയിൽ (എഫ്.എസ്.ഡബ്ല്യു) 0.10 ശതമാനവും (2011 -ൽ 0.73 ശതമാനം) - ഇന്ത്യയിൽ ഇത് 2017 -ൽ 1.56 ശതമാനം എന്ന തോതിലാണ്. കേരളത്തിൽ ഭിന്നലിംഗക്കാർക്കിടയിലെ എച്ച്.ഐ.വി വ്യാപന നിരക്ക് 0.16 ശതമാനവും ഇന്ത്യയിൽ 3.14 ശതമാനവും ആണ്. ഇന്ത്യയിൽ കുടിയേറ്റക്കാർക്കിടയിലെ എച്ച്.ഐ.വി വ്യാപനം 0.51 ശതമാനമാണ്. ഇന്ത്യയിലെയും കേരളത്തിലെയും വിവിധ ഗ്രൂപ്പുകളിൽ എച്ച്ഐവി വ്യാപനം **പട്ടിക 6.2.3** ൽ നൽകിയിരിക്കുന്നു.

## സാംക്രമികേതര രോഗങ്ങൾ

മനുഷ്യന്റെ ആരോഗ്യകരമായ ജീവിതത്തിനു ഭീഷണിയായിട്ടുള്ളത് അർബുദം, പ്രമേഹം, കാർഡിയോവാസ്കുലാർ രോഗങ്ങൾ, ശ്വാസകോശസംബന്ധമായ രോഗങ്ങൾ എന്നീ സാംക്രമികേതര രോഗങ്ങളാണ്. ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഭാവിയിൽ ഉണ്ടാക്കാനിടയുള്ള കഷ്ടനഷ്ടങ്ങൾ വളരെ വലുതായിരിക്കും. പ്രായാധിക്യവും ജീവിത രീതികളും ഇതിനെ സ്വാധീനിക്കുന്നു. താഴ്ന്ന

വരുമാനക്കാരെ സംബന്ധിച്ച് മരുന്നുകളുടെ ഉയർന്ന വിലയും ചികിത്സക്കാവശ്യമായ സുദീർഘമായ കാലപരിധിയും വമ്പിച്ച സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്. വൻതോതിൽ ആധുനികവൽക്കരണവും നഗരവത്കരണവും, ജീവിത രീതിയിലുള്ള മാറ്റം, മദ്യം, പുകയില എന്നിവയിലുള്ള ആശ്രയത്വം, വൈറ്റ് കോളർ തൊഴിലുകൾക്കുള്ള മുൻഗണന, വിചിത്രമായ ഭക്ഷണരീതികൾ, ശാരീരിക പ്രയത്നത്തിന് കുറഞ്ഞ മുൻഗണന, ജനങ്ങളുടെ ഉയർന്ന തലത്തിലുള്ള സമ്മർദ്ദം എന്നിവ സംസ്ഥാനത്ത് സാംക്രമികേതര രോഗങ്ങൾ ഉണ്ടാകുന്നതിന് ചില കാരണങ്ങളാണ്. അമിതവണ്ണം, ഹൈപ്പർ ലിപിഡെമിയ, ഹൃദയാഘാതം, പക്ഷാഘാതം എന്നിവയും കൂടുതലാണ്. ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ പുരുഷന്മാരിൽ കാൻസർ മരണനിരക്ക് വളരെ കൂടുതലാണ്. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ്, തിരുവനന്തപുരം നടത്തിയ സർവേയിൽ സംസ്ഥാനത്തെ എൻ.സി.ഡി. സ്ഥിതി കൂടുതൽ വഷളായതായി കാണുന്നു. മൂന്നിൽ ഒരാൾക്ക് രക്താതിമർദ്ദമുണ്ടെന്നും അഞ്ചിൽ ഒരാൾക്ക് പ്രമേഹമുണ്ടെന്നും സർവേ വെളിപ്പെടുത്തുന്നു. നേരത്തേ കണ്ടുപിടിച്ചതിനുശേഷവും രക്തത്തിലെ പഞ്ചസാരയും രക്തസമ്മർദ്ദവും സാധാരണനിലയുടെ അളവ് മാനദണ്ഡങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവ് മാത്രമേ സാധാരണ നിരക്കിലേക്ക് നിയന്ത്രിക്കുന്നതിനു സാധിച്ചിട്ടുള്ളുവെന്നു പഠനം വെളിപ്പെടുത്തി.

## കേരള സി.ഒ.പി.ഡി. പ്രതിരോധ നിയന്ത്രണ പരിപാടി – ശ്വാസ്

ലോകവ്യാപകമായി രോഗാവസ്ഥക്കും മരണത്തിനും നിദാനമായ പ്രമുഖ കാരണങ്ങളിലൊന്നാണ് ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമൊണറി ഡിസീസ് (സി.ഒ.പി.ഡി.). ഇന്ത്യയെ സംബന്ധിച്ച 'ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസസ്' (വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് മെട്രിക്സ് ആൻഡ് ഇവാല്യുവേഷൻ (ഐ.എച്ച്.എം.ഇ) കണക്കനുസരിച്ച് ഇന്ത്യയിലെ മരണനിരക്കിന്റെ രണ്ടാമത്തെ പ്രധാന കാരണം സി.ഒ.പി.ഡി. യാണ്. അടുത്തിടെ ഇന്ത്യയിലെ എൻസിഡി പ്രോഗ്രാമിൽ മുൻഗണനയുള്ള എൻസിഡികളിൽ സി.ഒ.പി.ഡി യും കടുത്ത വൃക്കരോഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. ആസ്ത്മ, സി.ഒ.പി.ഡി. എന്നിവയ്ക്കുള്ള ദേശീയ കണക്കുകൾ കേരളത്തിലെ സ്ഥിതിയും പ്രതിഫലിപ്പിക്കുന്നു, കേരളത്തിലെ സി.ഒ.പി.ഡി. കേസുകളുടെ എണ്ണം 5,30,000 ആണെന്നും പ്രായപൂർത്തിയായവരിൽ ആസ്ത്മ രോഗികളുടെ എണ്ണം 4,80,000 ആണെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിൽ സി.ഒ.പി.ഡി ക്കായുള്ള ഒരു പ്രത്യേക പൊതുജനാരോഗ്യ പദ്ധതിയാണ് ശ്വാസ്. ഇത് ആർദ്രം മിഷൻന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്റർ (എഫ്എച്ച്സി) തലം മുതൽ നടപ്പിലാക്കുന്നു. 300 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 36 ഉപജില്ല / ജില്ലാ ആശുപത്രികളിലും ശ്വാസ് ക്ലിനിക്കുകൾ ആരംഭിച്ചിരിക്കുന്നു. 2019–20 –ൽ രോഗനിർണ്ണയം നടത്തിയ സി.ഒ.പി.ഡി രോഗികളുടെ എണ്ണം 11557 ഉം ആസ്ത്മ രോഗികളുടെഎണ്ണം 7081 ഉം ആണ്.

## അർബുദം

കേരളത്തിലെ ഒരു പ്രധാന സാംക്രമികേതര രോഗമാണ് അർബുദം. മെഡിക്കൽ കോളേജുകൾ കൂടാതെ റീജണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, കൊച്ചി കാൻസർ ആൻഡ് റിസേർച്ച് സെന്റർ എന്നീ സർക്കാർ മേഖലയിലുള്ള ആശുപത്രികളും അർബുദത്തിന് ചികിത്സ നൽകി വരുന്നു. ഈ സ്ഥാപനങ്ങൾ കൂടാതെ എല്ലാ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളും കാൻസർ ചികിത്സ നൽകുന്നുണ്ട്. നേരത്തേരോഗം തിരിച്ചറിയാതിരിക്കുക, വൻചികിത്സാചെലവ്, തുച്ഛമായ ചികിത്സാ സൗകര്യങ്ങൾ, അവബോധമില്ലായ്മ എന്നീ കാര്യങ്ങൾ ഈ രോഗം വന്ന് മരിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നു.

## മലബാർ കാൻസർ സെന്റർ

കേരള സർക്കാരിനുകീഴിലുള്ള ഒരു സ്വയംഭരണസ്ഥാപനമാണ് കണ്ണൂരിലെ മലബാർ കാൻസർ സെന്റർ. വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് അർബുദചികിത്സ നൽകാൻ സ്ഥാപിതമായതാണ് മലബാർ കാൻസർ സെന്റർ. ഇവിടെ 203 പേരെ കിടത്തി ചികിത്സിക്കാൻ സാധിക്കും. അർബുദരോഗികളെ ചികിത്സിക്കുന്നതിനായി ഏറ്റവും പുതിയ സംവിധാനങ്ങൾ ഇവിടെയുണ്ട്. 2019–20 ൽ മലബാർ കാൻസർ സെന്ററിൽ ചികിത്സ ലഭിച്ചതിൽ 4294 പേർ കിടത്തി ചികിത്സ ലഭ്യമായവരും 75843 പേർ ഔട്ട്പേഷ്യന്റ്സുമാണ്. ഇതിൽ പുതിയ കേസുകൾ 4579 ആണ്. ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന പുതിയ കേസുകളുടെ ശരാശരി എണ്ണം 4,390 ആണ്.

## കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ

കാൻസർ രോഗബാധാ നിരക്കിലുള്ള ഭീതിജനകമായ വർദ്ധനവും മധ്യകേരളത്തിൽ സർക്കാർ തലത്തിൽ ഒരു ത്രിതീയ കാൻസർ പരിചരണ ഗവേഷണ കേന്ദ്രത്തിന്റെ ആവശ്യകതയും കൊച്ചിയിലെ കാൻസർ റിസർച്ച് സെന്ററിന്റെ പിറവിക്കു കാരണമായി. സി.സി.ആർ.സി. എന്നത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റിയാണ്. സി.സി.ആർ.സി. യിൽ നിലവിൽ ലഭ്യമാകുന്ന കിടക്കകളുടെ എണ്ണം 20 ആണ്. എന്നാൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന കേസുകളുടെ എണ്ണം ആയിരത്തോളമാണ്. 2019 –ൽ

ചികിത്സിച്ച ഔട്ട്പേഷ്യന്റുകളുടെ എണ്ണം 11305 ഉം പുതിയ കേസുകൾ 2179 ഉം ആണ്. 2020 ൽ (ഓഗസ്റ്റ് 31 വരെ) ചികിത്സ തേടിയ രോഗികളുടെ എണ്ണം 2623 ഉം പുതിയ കേസുകൾ 425 ഉം ആണ്

### റീജിയണൽ കാൻസർ സെന്റർ (ആർ.സി.സി.)

കേരളത്തിൽ കാൻസർ രോഗനിർണയത്തിനും ചികിത്സയ്ക്കും നിയന്ത്രണത്തിനുമായുള്ള സമ്പൂർണ സമർപ്പിത കേന്ദ്രമാണ് ആർ.സി.സി. തിരുവനന്തപുരം. രാജ്യത്തെ ഏറ്റവും മികച്ച 28 ആർ.സി.സി. കളിൽ ഒന്നായ ആർ.സി.സി. തിരുവനന്തപുരം അന്താരാഷ്ട്ര സ്ഥാപനങ്ങളുമായുള്ള പ്രവർത്തന ബന്ധവും നിലനിർത്തുന്നു. ആർ.സി.സിയിൽ ദിവസേനയുള്ള ശരാശരി രോഗി സന്ദർശനങ്ങൾ 891 ആണ്. കഴിഞ്ഞ മുപ്പത്തിയെട്ട് വർഷങ്ങളായി കേരളത്തിന്റെയും തമിഴ്നാട്ടിലെയും കർണാടകത്തിലെയും ചില പ്രദേശങ്ങളിലെയും ജനങ്ങളുടെ വർധിച്ച് വരുന്ന കാൻസർ പരിചരണ ആവശ്യങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിൽ നിർവഹിക്കുന്നു. 2019–20 –ൽ പുതിയതായി 15,574 കേസുകൾ കണ്ടെത്തുകയും 2,67,349 കേസുകൾ അവലോകനം ചെയ്യുകയും 11,397 ഇൻ–പേഷ്യന്റ് അഡ്മിഷനുകളും ആർ.സി.സിയിൽ നടത്തി.

### മാനസികാരോഗ്യം

ഭാരതസെൻസസ് 2011 പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 0.20 ശതമാനം മാനസിക രോഗങ്ങളുള്ളവരും 0.20 ശതമാനം മാനസികവൈകല്യമുള്ളവരുമാണ്. ദേശീയശരാശരി യഥാക്രമം 0.06 ശതമാനവും 0.12 ശതമാനവുമാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ നിരക്ക് വളരെ കൂടുതലാണ്. ശാരീരികാരോഗ്യത്തിന് നൽകുന്ന പ്രാധാന്യം കണക്കിലെടുക്കുമ്പോൾ മാനസികാരോഗ്യത്തിന് കേരളത്തിൽ പ്രാധാന്യം കുറവാണ്. ഒരു മാനസികാരോഗ്യനയത്തിന് സംസ്ഥാനസർക്കാർ 2013 മെയ് മാസം രൂപം നൽകി അംഗീകരിച്ചു. ഈ നയത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന കാര്യങ്ങൾ ഇവയാണ്. മാനസികാസ്വാസ്ഥ്യത്തിന്റെ ചികിത്സ തുടങ്ങേണ്ടത് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിന്നാണ്. സൈക്യാട്രിക് മെഡിസിൻ വകുപ്പും മനോരോഗാശുപത്രികളും റഫറൽ സംവിധാനങ്ങളാക്കണം. ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമിക ചികിത്സയിൽ 'ആശ്വാസം' വിഷാദരോഗ മാനേജ്മെന്റ് സംസ്ഥാനത്തൊട്ടാകെയുള്ള 149 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ചു.

കേരളത്തിൽ മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളിലായി 1,366 കിടക്കകൾ നിലവിലുണ്ട്. മാസംതോറും 10,000 ഔട്ട്പേഷ്യൻസുമായി എല്ലാ ജില്ലകളിലും ജില്ലാമാനസികാരോഗ്യപരിപാടി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കേന്ദ്രങ്ങളിലൂടെ പുനരധിവാസ സൗകര്യവും നല്കിവരുന്നു. അവബോധമില്ലായ്മ, പൊതുമനോഭാവം, കുടുംബാംഗങ്ങളുടെ ശ്രദ്ധാക്കുറവ്, തുടർ നടപടികളുടെ അഭാവം തുടങ്ങിയവയാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പ്രധാന പ്രശ്നങ്ങൾ. സംസ്ഥാനസർക്കാർ 26 പകൽവീടുകൾ ആരംഭിച്ചിട്ടുണ്ട്. രോഗം ഭേദമായ 506 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

### ജില്ലാ മാനസിക ആരോഗ്യ പരിപാടി

സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി) പ്രവർത്തിക്കുന്നു. 2014 ലോടുകൂടി തിരുവനന്തപുരം ജില്ല മാനസികാരോഗ്യം പ്രാഥമിക ചികിത്സാ പരിരക്ഷയുമായി വിജയകരമായി സംയോജിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ജില്ലയിലെ എല്ലാ പി.എച്ച്.സികളിലും സി.എച്ച്.സികളിലും ബന്ധപ്പെട്ട ആശുപത്രികളിലെ പരിശീലനം ലഭിച്ച ഡോക്ടർമാർ മാനസികാരോഗ്യ ക്ലിനിക്കുകൾ നടത്തുന്നു. തങ്ങളുടെ അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കും. സംസ്ഥാനം മുഴുവനും ഇതു വ്യാപിപ്പിക്കാൻ ശ്രമിക്കുന്നു. സംസ്ഥാനത്ത് ഡിഎംഎച്ച്പിയിൽ നിന്ന് ഓരോ മാസവും 17,000 രോഗികൾ ചികിത്സ തേടുന്നുണ്ട്. പൊതു ജനങ്ങൾക്കു അവബോധം സൃഷ്ടിക്കുന്നതിനായി വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ, മാനസികാരോഗ്യവും പ്രാഥമികാരോഗ്യവും ശരിയായി ബന്ധപ്പെടുത്തുന്നതിനായി ഡോക്ടർമാർക്കും നഴ്സുമാർക്കും ഫാർമസിസ്റ്റുകൾക്കും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം, ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയൽ, ആത്മഹത്യ തടയൽ, വയോജന മാനസികാരോഗ്യം, മാനസിക സമ്മർദ്ദ നിയന്ത്രണം എന്നിവ പ്രവർത്തനങ്ങളാണ്. സമഗ്ര മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി മാനസിക വൈകല്യമുള്ളവർക്കായി പകൽ പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. ഇപ്പോൾ സംസ്ഥാനത്ത് 26 പരിചരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയ മാനസികാരോഗ്യ പരിപാടി എൻഎച്ച്എം സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നു. 2019–20 ൽ നടത്തിയ ക്ലിനിക്കുകളുടെ എണ്ണം 3,442 ഉം പുതിയ കേസുകളുടെ എണ്ണം (ക്ലിനിക്കുകൾ മാത്രം) 12,895 ഉം ആണ്. സമ്പൂർണ മാനസിക ആരോഗ്യ ക്യാമ്പുകൾ നടത്തിയതിന്റെ എണ്ണം 727 ഉം പുതിയ കേസുകളുടെ എണ്ണം 14,419 ഉം ആണ്.

### ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്

കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്. പ്രമേഹത്തിനും അതിന്റെ സങ്കീർണ്ണമായ ചികിത്സയ്ക്കും മാത്രമായി

പ്രവർത്തിക്കുന്ന സർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ്. തിരുവനന്തപുരം നഗരത്തിലെ ആക്കുളത്തിനടുത്തുള്ള പുലയനാർകോട്ടയിൽ, 2001 ലാണ് ഐ.ഐ.ഡി പ്രവർത്തനം ആരംഭിച്ചത്. തിരുവനന്തപുരത്തെ പബ്ലിക് ഹെൽത്ത് ലാബോറട്ടറി കാമ്പസിൽ ഒരു സബ് സെന്ററും പ്രവർത്തിക്കുന്നു. പ്രമേഹത്തിന്റെ ജനിതക അടിത്തറയെക്കുറിച്ച് അന്വേഷിക്കുക, ഡോക്ടർമാർക്കും, പാരാമെഡിക്കൽ സ്റ്റാഫിനും വേണ്ട പരിശീലനംനൽകുക, ചികിത്സാ രീതികൾ വികസിപ്പിക്കുന്നതിന് ഗവേഷണ സഹായം നൽകുക, അക്കാദമിക് തലത്തിൽ പ്രാധാന്യം നൽകുക, കൂടാതെ പ്രമേഹ രോഗത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അത്യാധുനിക കോൺഫറൻസുകൾ ഇന്ത്യയിൽ സംഘടിപ്പിക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഐ.ഐ.ഡി യിൽ ലഭ്യമായ കിടക്കകളുടെ എണ്ണം 40 ആണ്. ശരാശരി ഓരോ വർഷവും കണ്ടെത്തിയ പുതിയ കേസുകളുടെ എണ്ണം 6000 ആണ്. 2019–20 ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 25062 ഉം ഐപി 296 ഉം പുതിയ കേസുകൾ 3330 ഉം ആണ്.

## ആധുനിക വൈദ്യശാസ്ത്രം

കേരളത്തിൽ ആധുനിക വൈദ്യശാസ്ത്രസേവനങ്ങൾ ചെയ്യുന്നത് ആരോഗ്യസേവന ഡയറക്ടറേറ്റും (ഡി. എച്ച്.എസ് ) അതുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ മേഖലകൈകാര്യം ചെയ്യുന്നത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റു(ഡി.എം.ഇ)മാണ്.

### ആരോഗ്യവകുപ്പിനു കീഴിലുള്ള ആരോഗ്യപരിരക്ഷാസ്ഥാപനങ്ങൾ

ആരോഗ്യസേവനവകുപ്പിന് കീഴിലുള്ള 1,284 ആരോഗ്യപരിരക്ഷാസ്ഥാപനങ്ങളിലായി 38,097 കിടക്കകളും 6288 ഡോക്ടർമാരും 21325 പാരാമെഡിക്കൽ ജീവനക്കാരും ഉണ്ട്. ഇതിൽ 197 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, 19 (24x7) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ 674 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 186 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, 86 താലൂക്ക് ആസ്ഥാന ആശുപത്രികൾ, 18 ജില്ലാആശുപത്രികൾ, 18 ജനറൽ ആശുപത്രികൾ, 3 മാനസികരോഗാശുപത്രികൾ, 8 സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, 3 കുഷ്ഠരോഗാശുപത്രികൾ 18 ക്ഷയരോഗക്ലിനിക്കുകൾ, 5 മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികൾ, 49 മറ്റ് ആശുപത്രികൾ എന്നിവയുണ്ട്. രോഗപ്രതിരോധവും രോഗശമനവുമുൾപ്പെടെയുള്ള സമഗ്രമായ പ്രധാമികതല സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ. സാമൂഹ്യാരോഗ്യകേന്ദ്രങ്ങളും, താലൂക്ക് ആസ്ഥാന ആശുപത്രികളും ദ്വിദീയതലപരിചരണം ലഭിക്കുന്നയിടങ്ങളാണ്. ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്ത്രീകളുടെ ആശുപത്രികൾ എന്നിവ സ്പെഷ്യാലിറ്റി സേവനങ്ങളും ചില സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും നൽകുന്നു. സാമൂഹ്യരോഗ്യ കേന്ദ്ര തലം വരെ എല്ലാ ആരോഗ്യപരിപാലന കേന്ദ്രങ്ങളിലും സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നിവയ്ക്കാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. കേരളത്തിലെ ബെഡ് പോപുലേഷൻ അനുപാതം 876 ഉം ശരാശരി ഡോക്ടർ ബെഡ് അനുപാതം 6 ഉം ആണ്. 2019 ലും 2020 ലും കേരളത്തിലെ പ്രധാന ആരോഗ്യസ്ഥാപനങ്ങളും കിടക്കകളും ഇനം തിരിച്ച്, ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് വിവരങ്ങൾ ചെറുതും വലുതുമായി നടത്തിയ ശാസ്ത്രക്രിയകൾ, ഡി.എച്ച്.എസിനു കീഴിലുള്ള മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫുകൾ, എന്നിവ **അനുബന്ധം 6.2.3, 6.2.4, 6.2.5** എന്നിവയിൽ കൊടുത്തിരിക്കുന്നു.

**ചിത്രം 6.2.2** ഡിഎച്ച്എസിന് കീഴിൽ കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം




*അവലംബം : ആരോഗ്യ സേവന ഡയറക്ടറേറ്റ്*

### ഡിഎച്ച്എസിന് കീഴിൽ കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം

ആരോഗ്യ സേവന ഡയറക്ടറേറ്റിന് കീഴിലുള്ള കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള ചിത്രം 6.2.2 ൽ നൽകിയിരിക്കുന്നു. മറ്റ് ജില്ലകളെ അപേക്ഷിച്ച് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ കൂടുതൽ കിടക്കകളുണ്ട്. എന്നാൽ കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ കിടക്കകളുടെ എണ്ണം കുറവാണ്.

## ആരോഗ്യ ഇൻഷ്വറൻസ്

### ആയുഷ്മാൻ ഭാരത് – നാഷണൽ ഹെൽത്ത് പ്രൊട്ടക്ഷൻ സ്കീം

കേന്ദ്ര പങ്കാളിത്ത പദ്ധതിയായ ആയുഷ്മാൻ ഭാരത് – ദേശീയ ആരോഗ്യ സംരക്ഷണ പദ്ധതി കേന്ദ്രസർക്കാർ ആരംഭിച്ചു. പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (പി.എം–ജെ.എ.വൈ.) യും ഹെൽത്ത് ആൻഡ് വെൽനെസ് സെന്റർ (എച്ച്.ഡബ്ല്യൂ.സി.) എന്നിവ ഈ പദ്ധതിയുടെ പരസ്പരബന്ധിതമായ രണ്ട് ഘടകങ്ങളാണ്. പി.എം–ജെ.എ.വൈ. പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 5 ലക്ഷം രൂപയാണ് ഒരു വർഷം പ്രയോജനം ലഭിക്കുന്നത്. സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് അടിസ്ഥാനമാക്കിയുള്ള പത്ത് കോടി പാവപ്പെട്ട കുടുംബങ്ങളെ നിർദ്ദിഷ്ട പദ്ധതി ലക്ഷ്യമിടുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളായ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്. ബി.വൈ.), സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (എസ്. സി. എച്ച്. ഐ.എസ്.) എന്നിവയെല്ലാം എബി–എൻഎച്ച്പിഎം – യിൽ ലയിക്കും. രാജ്യമെമ്പാടുമുള്ള ഏതെങ്കിലും പൊതു/ അംഗീകൃത സ്വകാര്യ ആശുപത്രികളിൽ നിന്നും പണം നൽകാതെ ആനുകൂല്യങ്ങൾ ഈ സ്കീം പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിക്കപ്പെടും. സംസ്ഥാനങ്ങളുടെ ആവശ്യകതകൾ കണക്കിലെടുക്കുമ്പോൾ ഒരു പരിധി വരെ ഈ നിരക്കുകൾ പരിഷ്കരിക്കാൻ കഴിയും. വിവിധ കേന്ദ്ര മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും സംസ്ഥാന സർക്കാരുകളുടെ (അവരുടെ സ്വന്തം ചിലവിൽ) നിലവിലെ ആരോഗ്യ ഇൻഷ്വറൻസ്/സംരക്ഷണ സ്കീമുകളുമായുള്ള ഉചിതമായ സംയോജനം ഉറപ്പാക്കും. നടപ്പാക്കൽ രീതി അഷ്വറൻസ് / ട്രസ്റ്റ് മോഡൽ, ഇൻഷ്വറൻസ് മോഡൽ അല്ലെങ്കിൽ മിക്സഡ് മോഡൽ ആയി തിരഞ്ഞെടുക്കാൻ സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ഫണ്ട് പങ്കിടൽ രീതി 60: 40 ആണ്.

### കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെഎഎസ്പി)

പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (പി.എം–ജെ.എ.വൈ.) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെഎഎസ്പി) എന്ന പുതിയ പദ്ധതിയായി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചു. സർക്കാർ സ്പോൺസർ ചെയ്ത ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളായ രാഷ്ട്രീയ സ്വസ്ഥ്യ ഭീമ യോജന (ആർഎസ്ബിവൈ), സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ് ), സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (എസ്ചിസ് ) എന്നിവ കെഎഎസ്പി സംയോജിപ്പിക്കുന്നു. തുടക്കത്തിൽ, 5 ലക്ഷം രൂപ കവറേജുമായി ഇൻഷ്വറൻസ് മോഡിൽ 2019 ഏപ്രിൽ 1 മുതൽ 2020 ജൂൺ വരെ പദ്ധതി നടപ്പാക്കി. 2020 ജൂലൈ 1 മുതൽ, ₹5 ലക്ഷം കവറേജുമായി അഷ്വറൻസ് മോഡിലാണ് പദ്ധതി നടപ്പാക്കുന്നത്. മൊത്തം 41.36 ലക്ഷം കുടുംബങ്ങളെ കെഎസ്പി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ കുടുംബത്തിനും പ്രീമിയം പരിധി 1,052 രൂപയാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. അതിൽ 60 ശതമാനം സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി നൽകും. അതിനാൽ, എൻറോൾ ചെയ്ത ഓരോ പി.എം–ജെ.എ.വൈ. (ആർഎസ്ബിവൈ) കുടുംബത്തിനും കേന്ദ്ര സർക്കാർ 631.2 രൂപ നൽകുന്നു. ഇതുവരെ 366 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്, ഇതിൽ 189 സ്വകാര്യ ആശുപത്രികളും 177 പൊതു ആശുപത്രികളും ഉൾപ്പെടുന്നു.

കാരുണ്യ ബെനവലന്റ് ഫണ്ട് (കെബിഎഫ് ) പദ്ധതിയും ഇതേ മിഷനു കീഴിൽ സംസ്ഥാനത്ത് പ്രത്യേകം പ്രവർത്തിക്കുന്നു.

ആർഎസ്ബിവൈ / ചിസ് (2018–19 വരെ), എം–ജെ.എ.വൈ./ കെഎഎസ്പി (2019–20) എന്നിവയുടെ പുരോഗതി അനുബന്ധം 6.2.6 ൽ നൽകിയിരിക്കുന്നു. ആർഎസ്ബിവൈ / ചിസ് (2018–19 വരെ), എം–ജെ.എ.വൈ./ കെഎഎസ്പി (2019–20) എന്നിവയുടെ മേഖലാതല ഉപഭോഗം **അനുബന്ധം 6.2.7** ൽ നൽകിയിരിക്കുന്നു.

### കാരുണ്യ ബെനവലന്റ് ഫണ്ട്

ചില മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി 2012 ഫെബ്രുവരിയിൽ കേരള സർക്കാർ കാരുണ്യ ബെനവലന്റ് ഫണ്ട് (കെബി.എഫ് ) പദ്ധതി ആരംഭിച്ചു. എ.പി.എൽ നില കണക്കിലെടുക്കാതെ റേഷൻ കാർഡ് അനുസരിച്ച് വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള

ഓരോ കുടുംബത്തിനും സാമ്പത്തിക സഹായം ലഭിക്കും. എന്നിരുന്നാലും ഈ വരുമാന പരിധി ഹീമോഫീലിയ ചികിത്സയിൽ ഏർപ്പെടുത്തിയിട്ടില്ല. ഓരോ കുടുംബത്തിനും വൃക്കരോഗങ്ങളുടെ ചികിത്സയ്ക്കായി 3 ലക്ഷം രൂപ വരെയും മറ്റ് നിർദ്ദിഷ്ട രോഗങ്ങൾക്ക് 2 ലക്ഷം രൂപവരെയും ധന സഹായം ലഭിക്കും. ഒന്നോ അതിലധികമോ ആളുകൾക്ക് മുകളിൽ നിർദ്ദേശിച്ച പരിധിക്ക് വിധേയമായി ഒരേ റേഷൻ കാർഡിൽ നിന്ന് പ്രയോജനം നേടാം. ഹിമോഫീലിയ രോഗികളുടെ ചികിത്സയ്ക്കായി നൽകുന്ന ധനസഹായത്തിന് പരിധിയില്ല. സംസ്ഥാന ലോട്ടറി വകുപ്പ് വഴി പദ്ധതി നടപ്പാക്കിയിരുന്നു. 2020 സെപ്റ്റംബർ 1 മുതൽ ഇത് സംസ്ഥാന ആരോഗ്യ ഏജൻസി നടപ്പാക്കുന്നു.

### ആരോഗ്യകിരണം

കേരളസർക്കാരിന്റെ പ്രധാന ആരോഗ്യ പദ്ധതികളിലൊന്നാണ് ആരോഗ്യകിരണം. ജനനം മുതൽ 18 വയസ്സ് വരെയുള്ള അർഹതപ്പെട്ട എല്ലാരോഗികൾക്കും പദ്ധതി സൗജന്യചികിത്സയും അനുബന്ധവൈദ്യസേവനങ്ങളും നല്കുന്നു. ഈ പദ്ധതിയിലുൾപ്പെടുന്നത് ഒ.പി. രജിസ്ട്രേഷൻ ചിലവ്, രോഗനിർണ്ണയം/മരുന്നുകൾ/ഇംപ്ലാന്റുകൾ ചികിത്സയ്ക്കുപയോഗിക്കുന്ന വസ്തുക്കൾ എന്നീ ചെലവുകൾക്കാണ്. മേൽപ്പറഞ്ഞ ചെലവുകൾ നിർവഹിക്കുന്നത് ഓരോ ജില്ലയ്ക്കും നൽകുന്ന കോർപ്പസ് ഫണ്ടിൽ നിന്നാണ്. 2019–20 കാലഘട്ടത്തിൽ 9987226 ഔട്ട് പേഷ്യന്റ് രോഗികൾക്കും 216964 ഇൻപേഷ്യന്റ് രോഗികൾക്കും പ്രയോജനം ലഭിച്ചു.

## ദേശീയ ആരോഗ്യമിഷൻ

ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച ദേശീയ ആരോഗ്യ മിഷൻ (എൻഎച്ച്എം) പരിപാടിയിൽ എൻആർഎച്ച്എം, എൻയുഎച്ച്എം എന്നീ രണ്ട് ഉപമിഷനുകൾ ഉൾപ്പെടുന്നു. ദേശീയ ആരോഗ്യമിഷന് അഞ്ച് ധനസഹായഘടകങ്ങൾ ഉണ്ട്. ഇവ: 1) എൻ.ആർ. എച്ച്.എം/ ആർ.സി.എച്ച് ഫ്ലെക്സി പൂൾ 2) എൻ.യു.എച്ച്. എം ഫ്ലെക്സി പൂൾ 3) സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ലെക്സി പൂൾ 4) സാംക്രമികേതര രോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ലെക്സി പൂൾ 5)ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്നിവയാണ്. ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്ന ഘടകത്തിന് വിവിധ പദ്ധതി കാലയളവുകളിൽ ധനസഹായം ലഭ്യമായിട്ടുണ്ട്. ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാതലങ്ങളിൽ കുടുംബക്ഷേമ ബ്യൂറോകൾ) സബ്സെന്ററുകൾ, നഗര കുടുംബക്ഷേമകേന്ദ്രങ്ങൾ, അർബൻ റിവാംബിംഗ് സ്കീം(ഹെൽത്ത് തസ്തികകൾ), എ.എൻ.എം/എൽ.എച്ച്.വി പരിശീലന സ്ക്കൂളുകൾ, ആരോഗ്യകുടുംബക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷതൊഴിലാളികളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങൾക്ക് ശമ്പളം നൽകുന്നതിനാണ് തുക അനുവദിക്കുന്നത്.

കേന്ദ്ര സർക്കാർ ധനസഹായത്തോടെ ആരോഗ്യ സ്ഥാപനങ്ങളുടെ വികസനത്തിനായി എൻ.എച്ച്.എം സംസ്ഥാനത്ത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രവർത്തിക്കുന്നത്. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നല്കുന്ന ആകെ വിഹിതത്തിന്റെ 40 ശതമാനം സംസ്ഥാന സർക്കാർ വിഹിതമായി നൽകുന്നു. ഹെൽത്ത് സർവ്വീസസ് വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആയുഷ് എന്നിവയ്ക്ക് എൻ. എച്ച്.എം ധനസഹായം നൽകുന്നു. ഒറ്റപ്പെട്ടതും വിദൂരവുമായ പ്രദേശങ്ങളിലുള്ള പാവപ്പെട്ടവർക്ക് നിലവാരമുള്ളതും അഭികാമ്യമായതും താങ്ങാൻ കഴിയുന്നതും തിട്ടപ്പെടുത്താൻ കഴിയുന്നതുമായ ആരോഗ്യസേവനങ്ങൾ പ്രദാനം ചെയ്യുന്നതിനാണ് മിഷൻ ലക്ഷ്യം വയ്ക്കുന്നത്. എൻആർഎച്ച്എം ഗ്രാമത്തിൽ നിന്ന് ജില്ലയിലേക്കുള്ള ഒരു സജീവ ആരോഗ്യ സംവിധാനമാണ്. എൻ.എച്ച്.എം ന 83 നഗര പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉണ്ട്. 2016–17 ൽ ഭാരതസർക്കാർ സംസ്ഥാനത്തിന് നൽകിയത് 444.44 കോടിയും, 2017–18 ൽ 496.71 കോടിയും 2018–19 ൽ 845.66 കോടിയും 2019–20 ൽ 803.58 കോടി രൂപയുമാണ്. മെഡിക്കൽ, പാരാമെഡിക്കൽ, മറ്റുള്ള വിഭാഗങ്ങൾ എന്നിവയിലായി എൻഎച്ച്എമ്മിന്റെ മൊത്തം ജീവനക്കാരുടെ എണ്ണം 7814 ആണ് (ഓഗസ്റ്റ് 2020 വരെ).

### പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന (പി.എം.എസ്.എസ്.വൈ)

പ്രധാനമന്ത്രി സ്വാസ്ഥ്യസുരക്ഷായോജന (പി.എം.എസ്. എസ്.വൈ) എന്ന കേന്ദ്രസർക്കാർ പദ്ധതി മെഡിക്കൽ കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങളും സാങ്കേതികവിദ്യകളും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ്. ഇതിന്റെ ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽകോളേജിനും, മൂന്നാം ഘട്ടത്തിൽ കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകൾക്കും 150 കോടി രൂപ വീതമുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 30 കോടി രൂപ സംസ്ഥാന വിഹിതമാണ്. തിരുവനന്തപുരം മെഡിക്കൽകോളേജിന്റെ സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടം ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്നവ 2020–21 –ൽ പൂർത്തിയാകും.

### സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സിമറ്റ്)

സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട്(സിമറ്റ് ) മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പരിപോഷിപ്പിക്കുന്നതിന് 2008 –ൽ ആരംഭിച്ച സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് കീഴിൽ 4 നഴ്സിംഗ് കോളേജുകളിലായി 340 കുട്ടികൾ വാർഷിക പ്രവേശനം നേടുന്നു. 2020 ഒക്ടോബർ –ൽ സിമറ്റിന് കീഴിലുള്ള നഴ്സിംഗ് കോളേജുകളിൽ ആകെ 1,051 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

## പബ്ലിക് ഹെൽത്ത് ലാബോറട്ടറീസ്

സംസ്ഥാനത്ത് ആകെ 9 പബ്ലിക്ക് ഹെൽത്ത് ലാബുകളാണ് ഉള്ളത്. തിരുവനന്തപുരത്തുള്ള സംസ്ഥാന പൊതുജനാരോഗ്യ ലാബും, എറണാകുളം, കോഴിക്കോട്, പത്തനംതിട്ട, കണ്ണൂർ എന്നിവിടങ്ങളിലുള്ള റീജിയണൽ ഹെൽത്ത് ലാബോറട്ടറികളും കൂടാതെ ആലപ്പുഴ, മലപ്പുറം, വയനാട്, കൊല്ലം ജില്ലകളിലും പബ്ലിക്ക് ഹെൽത്ത് ലാബുകളും പ്രവർത്തിക്കുന്നു. ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലാബാണ് എല്ലാ പി.എച്ച്. ലാബുകളിലേക്കുമുള്ള സാങ്കേതിക മാർഗ നിർദ്ദേശവും മെറ്റീരിയലുകളും നൽകുന്നത്. ഏകദേശം 200 രോഗികളാണ് വിവിധ ലാബുകളിൽ പരിശോധനക്കായി ദിവസവും എത്തുന്നത്. ഓരോ ദിവസവും ഏകദേശം 1,300 ഓളം പരിശോധനകളാണ് വിവിധ ലാബോറട്ടറികളിലായി നടക്കുന്നത്. 2013 മാർച്ചിൽ ആരംഭിച്ച ന്യൂബോൺ സ്ക്രീനിംഗ് (എൻ.ബി.എസ് ) പ്രോഗ്രാം 2017 സെപ്റ്റംബറിൽ പ്രസവം നടത്തുന്ന എല്ലാ ആശുപത്രികളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. നവജാത ശിശുക്കളുടെ രക്ത സാമ്പിളുകൾ സംസ്ഥാന പബ്ലിക്ക്  ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ മൂന്ന് പ്രാദേശിക ലാബോറട്ടറികളിലും പരിശോധിക്കുന്നു. കൺജനിറ്റൽ ഹൈപ്പോതൈറോയിഡിസം, കൺജനിറ്റൽ അഡ്രിനാൽ ഹൈപ്പർപ്ലാസിയ, ഫീനൽ കെറ്റോണൂറിയ, ജി 6 പി.ഡി യുടെ കുറവ് ഈ രോഗങ്ങൾക്കാണ് സ്ക്രീനിംഗ് പരിശോധന നടത്തുന്നത്. സ്റ്റേറ്റ് പി.എച്ച് ലാബിലെ ഡയറക്ടർ ആണ്.  കേരളത്തിലെ എൻ. ബി.എസ് പ്രോഗ്രാമുകളുടെ സ്റ്റേറ്റ് നോഡൽ ഓഫീസർ. 593832 നവജാത ശിശുക്കളുടെ സാമ്പിളുകളാണ് 2019-20 ൽ നാല് പി.എച്ച് ലാബുകളിലായി ആകെ ലഭിച്ചത്.

## ചൈൽഡ് ഡെവലപ്പ്മെന്റ് സെന്റർ (സി.ഡി.എസ്.)

ശിശുസംരക്ഷണവും വിദ്യാഭ്യാസവും, കൗമാരപരിചരണവും വിദ്യാഭ്യാസവും, വിവാഹപൂർവ്വ കൗൺസലിംഗ്, വനിതാക്ഷേമം, ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ശിശുവൈകല്യങ്ങൾ ഇല്ലാതാക്കൽ എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ കീഴിൽ സ്വയം ഭരണാധികാരമുള്ള ഒരു മികവിന്റെ കേന്ദ്രമായാണ് ശിശുവികസന കേന്ദ്രം ആരംഭിച്ചത്. കുട്ടികളെയും കൗമാരക്കാരെയും പൂർണ്ണ ആരോഗ്യവാൻമാരാക്കി വളർത്തി അവരിലൂടെ ആരോഗ്യകരമായ ഒരു യുവതലമുറയെ സൃഷ്ടിക്കലാണ് ലക്ഷ്യം. 2017-18 -ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 16,756 ഉം 2018-19 ൽ 16,461 ഉം 2019-20 ഓഗസ്റ്റ് വരെ 20,167 ഉം ആണ്. ഇവിടെ ഔട്ട് പേഷ്യന്റ് സേവനങ്ങൾ മാത്രമേ ലഭിക്കൂ. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ലഭ്യമല്ല. 2019-20 ൽ 4086 പേർ വിവിധ പരിശീലനങ്ങൾ, കോൺഫറൻസുകൾ കമ്മ്യൂണിറ്റി വിപുലീകരണ പ്രോഗ്രാം തുടങ്ങിയവയിൽ പങ്കെടുത്തു.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ഗുണനിലവാരമുള്ള മരുന്നുകൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, രേഖപ്പെടുത്തിയിരിക്കുന്ന ചില്ലറ വിലയേക്കാൾ കൂടുതൽ വില മരുന്നുകൾക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുക എന്നതാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ചുമതലകൾ. വകുപ്പിന് കീഴിൽ 6 മേഖലാ ഓഫീസുകൾ, 11 ജില്ലാ ഓഫീസുകൾ, 4 ആയുർവേദ വിഭാഗങ്ങൾ, 3 മരുന്ന് പരിശോധനാലബോറട്ടറികൾ എന്നിവയുണ്ട്. പ്രതിവർഷം 11,500 സാമ്പിളുകളുടെ വിശകലന ശേഷിയുള്ള എൻ. എ. ബി. എൽ. അംഗീകാരമുള്ള മരുന്ന് പരിശോധനാലബോറട്ടറികൾ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്നു. പത്തനംതിട്ട, കണ്ണൂർ എന്നിവിടങ്ങളിലായി രണ്ട് ലബോറട്ടറികൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2019-20 വകുപ്പിന്റെ പ്രധാനനേട്ടങ്ങൾ **പട്ടിക 6.2.5** -ൽ കൊടുത്തിരിക്കുന്നു.

## ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

2006 ലെ ഭക്ഷ്യ സുരക്ഷാ സ്റ്റാൻഡേർഡ്സ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ അടിസ്ഥാന മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും ഭക്ഷ്യ ഉൽപാദനം, സംഭരണം, വിതരണം, ഇറക്കുമതി എന്നിവ നിയന്ത്രിക്കുന്നതിനും സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പിക്കുന്നതിനും വേണ്ടി നിയമാനുസൃതമായ ഒരു സ്ഥാപനമായി ഭക്ഷ്യ സുരക്ഷ സ്റ്റാൻഡേർഡ്സ്

**പട്ടിക 6.2.5** ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടം, 2019-20

| | |
|---|---|
| നടത്തിയ പരിശോധനകളുടെ എണ്ണം | 16558 |
| വിൽക്കാൻ അനുവദിക്കുന്ന ലൈസൻസ് സസ്പെന്റ് ചെയ്തവരുടെ എണ്ണം | 224 |
| ടെസ്റ്റ് ചെയ്ത സാമ്പിളുകളുടെ എണ്ണം | 9363 |
| പുതിയ നിർമ്മാണലൈസൻസുകൾ (അലോപ്പതിയിലും കോസ്മെറ്റിക്സ് ) വിതരണം ചെയ്തവയുടെ എണ്ണം | 11 |
| പുതിയ ബ്ലഡ് ബാങ്ക് ലൈസൻസ് വിതരണം ചെയ്തവരുടെ എണ്ണം | 9 |

*അവലംബം:ഡ്രഗ്സ് കൺട്രോൾ വകുപ്പ്*

**പട്ടിക 6.2.6** ഭക്ഷ്യ സുരക്ഷാ കമ്മിഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ–2019–20, 2020–21 (ആഗസ്റ്റ് 31) വരെ

| പ്രോഗ്രാമുകൾ | 2019–20 | 2020–21 |
|---|---|---|
| ദ്രുത പ്രതികരണ സംഘം നടത്തിയ പരിശോധനകളുടെ എണ്ണം | 10527 | 4966 |
| ദ്രുത പ്രിതികരണ സംഘം നടപടി സ്വീകരിച്ച ഭക്ഷ്യ വിഷ കേസുകളുടെ എണ്ണം | 68 | 6 |
| രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകിയത് | 90620 | |
| സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഗ്രാമപഞ്ചായത്ത് പരിപാടി (ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം) | 126 | – |
| സ്കൂളുകളിൽ സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം പരിപാടി (സ്കൂളുകടെ എണ്ണം) | 420 | – |
| ഭക്ഷ്യ ബിസിനസ് ഓപ്പറേറ്റർമാർക്ക് ഭക്ഷ്യ സുരക്ഷാ പരിശീലനവും സർട്ടിഫിക്കേഷനും | 15763 | |
| വിശകലനം ചെയ്ത ഭക്ഷണ സാമ്പിളുകളുടെ എണ്ണം | 23867 | |

*അവലംബം-ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്*

അതോരിറ്റി ഓഫ് ഇന്ത്യ സ്ഥാപിച്ചു. സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം, വെള്ളം, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ തുടങ്ങിയവ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ വകുപ്പ് ലക്ഷ്യമിടുന്നത്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ലാബുകൾ, ഗവൺമെന്റ് അനലറ്റിക്കൽ ലാബ് തിരുവനന്തപുരം, എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിലെ രണ്ട് റീജിയണൽ അനലറ്റിക്കൽ ലബോറട്ടറികൾ, പത്തനംതിട്ടയിലെ സംസ്ഥാന ഭക്ഷ്യപരിശോധന ലബോറട്ടറി എന്നിവയാണ്. വെള്ളം, പാൽ, സാധാരണയിൽ കവിഞ്ഞ കളർ ചേർക്കൽ, ക്രിത്രിമ മധുരം ചേർക്കൽ, പുറമേയുള്ള പദാർത്ഥങ്ങൾ, ഫംഗസ് വളർച്ച തുടങ്ങിയവയുടെ പരിശോധനകളാണ് ഈ ലബോറട്ടറികളിൽ നടക്കുന്നത്. 'ഓപ്പറേഷൻ സാഗർ റാണി' വഴി മത്സ്യ ലാൻഡിംഗ് കേന്ദ്രങ്ങളിലെ മത്സ്യങ്ങളുടെയും അയൽ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവന്ന മത്സ്യങ്ങളുടെയും വൻ തോതിലുള്ള പരിശോധന ചെക്ക് പോസ്റ്റുകളിൽ ലോക്ക് ഡൗൺ കാലയളവിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് ഏറ്റെടുക്കുകയും 201 മെടിക് ടൺ പഴകിയ മത്സ്യം നശിപ്പിക്കുകയും ചെയ്തു. 2019–20 ലും 2020–21 ലും ഭക്ഷ്യാസുരക്ഷാ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ **പട്ടിക 6.2.6** ൽ നൽകിയിരിക്കുന്നു.

## മെഡിക്കൽ വിദ്യാഭ്യാസം

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, മഞ്ചേരി, എറണാകുളം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിലുള്ള 9 മെഡിക്കൽ കോളേജുകളിലൂടെയാണ് കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നത്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ നഴ്സിംഗ് വിദ്യാഭ്യാസം നൽകുന്നതിനായി 7 നഴ്സിംഗ് കോളേജുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ ജില്ലകളിൽ 6 ദന്തൽകോളേജുകൾ പ്രവർത്തിക്കുന്നു. ഇവ കൂടാതെ 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമുണ്ട്. ഇടുക്കി, കോന്നി, കാസർഗോഡ് എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഡിഎംഇയ്ക്ക് കീഴിലുള്ള മൊത്തം ഫാക്കൽറ്റികളുടെ എണ്ണം 3,521 ആണ്. 9 മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ, പാരാമെഡിക്കൽ സീറ്റുകളുടെ ആകെ എണ്ണം 4,726 ആണ്. സർക്കാർമെഡിക്കൽകോളേജുകളിൽ 2020–21 ൽ നടത്തിവരുന്ന മെഡിക്കൽ–പാരാമെഡിക്കൽ കോഴ്സുകൾ, വാർഷിക പ്രവേശനകണക്കുകൾ, മെഡിക്കൽ വിദ്യാഭ്യാസഡയറക്ടറുടെ കീഴിലുള്ള മെഡിക്കൽകോളേജുകളിലെ ക്ലിനിക്കൽ, നോൺക്ലിനിക്കൽ വിഭാഗത്തിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം 6.2.8 ലും 6.2.9 ലും കൊടുത്തിരിക്കുന്നു. 2019–20 ലും 2020–21 വർഷങ്ങളിൽ മെഡിക്കൽ കോളേജ് ആശുപത്രികളുടെയും അനുബന്ധ സ്ഥാനങ്ങളുടെയും

**ബോക്സ് 6.2.2** പ്രാണ – പരിരക്ഷക്കുള്ള പ്രാണവായു

കിടപ്പുരോഗികൾക്ക് പൈപ്പ് ലൈനിലൂടെ ഓക്സിജൻ തുടർച്ചയായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി. കേന്ദ്രീകൃത ഓക്സിജൻ വിതരണവും മറ്റ് അനുബന്ധ മെഡിക്കൽ ഉപകരണങ്ങളും ഉൾക്കൊള്ളുന്ന 600 കിടക്കകൾ ഒരുക്കി രോഗബാധിതരായ രോഗികൾക്ക് ജീവ ശ്വാസം നൽകുന്ന ഒരു നവീന ആശയമായിരുന്നു പ്രാണ. ഈ പ്രോജക്ടിന് കീഴിലുള്ള ഒരു യൂണിറ്റിന്റെ വില, 12,000 രൂപയാണ്. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, സർക്കാർ അധികാരികൾ, ആരോഗ്യ വിദഗ്ധർ എന്നിവരുടെ പിന്തുണയോടെ സംസ്ഥാനത്തെ ആദ്യ പദ്ധതി തൃശ്ശൂരിലെ സർക്കാർ മെഡിക്കൽ കോളേജിൽ ഉദ്ഘാടനം ചെയ്തു.

ഒരു താരതമ്യ വിശകലനം അനുബന്ധം 6.2.10 -ൽ കാണാം. 2019-20 വർഷത്തെ 13,110 കിടക്കകളുമായി താരതമ്യം ചെയ്യുമ്പോൾ 2020-21 കാലഘട്ടത്തിൽ മെഡിക്കൽ കോളേജ് സ്ഥാപനങ്ങളിലെ കിടക്കകളുടെ എണ്ണം 160 വർധിച്ചു. കൊറോണ വൈറസ് ബാധയും തുടർന്നുള്ള നിയന്ത്രണങ്ങളും കാരണം 2019-20 നെ അപേക്ഷിച്ച് 2020-21ൽ പുറം രോഗികളുടെയും പ്രധാന ശസ്ത്രക്രിയകളുടെയും എണ്ണം കുറഞ്ഞു.

### കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് (കെ.യു.എച്ച്. എസ്.)

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെല്ത്ത് ആന്റ് അലൈഡ് സയൻസസ് ആക്ട് 2010 പ്രകാരം സ്ഥാപിതമായ ഈ സർവ്വകലാശാല കൃത്യവും ചിട്ടയുള്ളതുമായ വിദ്യാഭ്യാസരീതി ഉറപ്പവരുത്താനും ആധുനികവൈദ്യശാസ്ത്രം, ഹോമിയോ, ഭാരതീയ ചികിത്സാരീതി തുടങ്ങി എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലും പരിശീലന ഗവേഷണപരിപാടികൾ നടത്താനും ഉദ്ദേശിച്ചുള്ളതാണ്. 2010-11 അദ്ധ്യയന വർഷത്തിലാണ് സർവകലാശാലയിൽ അദ്ധ്യയന പ്രവർത്തനങ്ങൾ ആരംഭിച്ചത്. സർവ്വകലാശാലയ്ക്ക് കീഴിൽ 2020 ഒക്ടോബർ വരെ 310 പ്രൊഫഷണൽ കോളേജുകളാണ് ചേർക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 38 സർക്കാർ കോളേജുകൾ, 6 സർക്കാർ ധനസഹായമുള്ള കോളേജുകൾ 266 സ്വാശ്രയ കോളേജുകൾ എന്നിവ ഉൾപ്പെടുന്നു. അലോപ്പതി, ആയുർവേദ, സിദ്ധ, യുനാനി, യോഗ, നാച്ചുറോപ്പതി, നഴ്സിംഗ്, ഫാർമസ്യൂട്ടിക്കൽ സയൻസ്, പാരാമെഡിക്കൽ തുടങ്ങി കേരളത്തിലെ എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലേയും പ്രൊഫഷണൽ കോളേജുകൾ ഈ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. വിവിധ ആരോഗ്യശാസ്ത്ര വിഭാഗങ്ങളിലായി
2019-20 -ൽ ഏകദേശം 22024 (4121 വിദ്യാർത്ഥികളും 17,903 വിദ്യാർത്ഥിനികളും) വിദ്യാർത്ഥികൾ പഠനം നടത്തുന്നു. വിവിധ വിഭാഗങ്ങളിലായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിശദാംശങ്ങൾ **പട്ടിക 6.2.7** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 6.2.7** വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ ( ഒക്ടോബർ 2020 ലെ എണ്ണം)

| വിഭാഗം | ഗവൺമെന്റ് | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ |
|---|---|---|---|---|
| മോഡേൺ മെഡിസിൻ | 10 | 0 | 21 | 31 |
| ആയുർവ്വേദ മെഡിസിൻ | 3 | 2 | 12 | 17 |
| ഹോമിയോ മെഡിസിൻ | 2 | 4 | 0 | 6 |
| ദന്തൽ | 5 | 0 | 20 | 25 |
| സിദ്ധ മെഡിസിൻ | 0 | 0 | 1 | 1 |
| യുനാനി മെഡിസിൻ | 0 | 0 | 1 | 1 |
| നഴ്സിംഗ് | 7 | 0 | 116 | 123 |
| പാരാ മെഡിക്കൽ | 6 | 0 | 46 | 52 |
| ഫാർമസി | 5 | 0 | 49 | 54 |
| ആകെ | 38 | 6 | 266 | 310 |

അവലംബം: കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ്

**ചിത്രം 6.2.3** കെയുഎച്ച്എസിന് കീഴിലുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകൾ ശതമാനം




അവലംബം: കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്

2020 ഒക്ടോബർ വരെ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആൻഡ് അലൈഡ് സയൻസസുമായി (കെയുഎച്ച്എസ് ) അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ ഗ്രാഫിക്കൽ പ്രാതിനിധ്യം **ചിത്രം 6.2.3** –ൽ നൽകിയിരിക്കുന്നു. കെ.യു.എച്ച്.എസുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മൊത്തം കോളേജുകളുടെ 14 ശതമാനം മാത്രമാണ് സർക്കാർ, സർക്കാർ എയ്ഡഡ് കോളേജുകൾ.

## ഭാരതീയ വൈദ്യശാസ്ത്ര സമ്പ്രദായം

ആയുർവ്വേദം രോഗങ്ങൾ ചികിത്സിക്കാനുള്ള ശാസ്ത്രം മാത്രമല്ല, മറിച്ച് സമ്പൂർണ്ണമായ ഒരു ജീവിതശൈലി കൂടിയാണ്. ആയുർവ്വേദ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഗ്രാന്റ്–ഇൻ–എയ്ഡ് ആയുർവ്വേദ സ്ഥാപനങ്ങൾ, സിദ്ധാ, വൈദ്യ, യുനാനി, വിഷ, നേത്ര, പ്രകൃതിജീവനം എന്നീ ശൃംഖലകളിലൂടെ ആയുർവ്വേദ വകുപ്പ് ജനങ്ങൾക്ക് വൈദ്യ സഹായം നല്കിവരുന്നു. ഈ വകുപ്പിന് കീഴിൽ മാനസികരോഗാശുപത്രി, പഞ്ചകർമ്മ, പ്രകൃതി ചികിത്സ, സിദ്ധാ, വിഷ, മർമ്മ തുടങ്ങിയ സ്പെഷ്യൽ ആശുപത്രികളും പ്രവർത്തിച്ചു വരുന്നു. ഐ.എസ്.എം.ന്റെ കീഴിൽ ഇപ്പോൾ 130 ആശുപത്രികളും 817 ഡിസ്പെൻസറികളുമുണ്ട്. ഈ ആശുപത്രികളിലെ കിടക്കകളുടെ ആകെ എണ്ണം 3,154 ഉം ആണ്. സംസ്ഥാന ഔഷധബോർഡ്, ഔഷധസസ്യങ്ങളുടെ കൃഷി, സംരക്ഷണം, ഗവേഷണം, വികസനം, വ്യാപനം, എന്നിവ ഏകോപിപ്പിച്ചുകൊണ്ടുപോകുന്നു. 2018–19 ലും 2019–20 ലും ഐ.എസ്.എം.ന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാനസ്ഥാപനങ്ങളൽ കിടക്കകൾ രോഗികൾ എന്നിവ ജില്ലതിരിച്ച് **അനുബന്ധം 6.2.11** –ൽ കൊടുത്തിരിക്കുന്നു.

സാധാരണ വൈദ്യചികിത്സയ്ക്കുപുറമേ സ്പെഷ്യൽ പ്രോജക്ട്കളും ഭാരതീയ ചികിത്സാവകുപ്പ് 2019–20 –ൽ നടപ്പിലാക്കിയിട്ടുണ്ട്. 2019–20 ൽ നടപ്പിലാക്കിയ അത്തരം പ്രോജക്ട്കളാണ്; ഋതു, പ്രസാദം, ദൃഷ്ടി, ജീവനി, പുനർനവ, കരൾരോഗമുക്തി, സ്നേഹധാര, ജറിയാട്രിക് കെയർ, യോഗ, സ്പോർസ് മെഡിസിൻ, പഞ്ചകർമ്മ ക്ഷാരസൂത്ര, മാനസികം, കൗമാരഭൃത്യം, പ്രസൂതിതന്ത്ര, കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണം, സിക്കിൾ സെൽ, നിർവിഷ, സിദ്ധാ, ക്ഷേമജനനി, മുതലായവ. വിശദാംശങ്ങൾ **അനുബന്ധം 6.2.13** –ൽ നൽകിയിരുക്കുന്നു.

## ആയുഷ്
## (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധാ, യുനാനി, ഹോമിയോപ്പതി)

ഭാരതസർക്കാർ രണ്ട് നിയന്ത്രണ ഏജൻസികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ ആദ്യത്തേത് ആയുർവ്വേദ യുനാനി, സിദ്ധാ എന്നീ വൈദ്യശാസ്ത്ര മേഖലകളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടേയും നിയന്ത്രണത്തിനായുള്ള ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ (ഐ.എം.സി.സി) ആക്ട് 1970 ന് കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ (സി.സി.ഐ.എം) ആണ്. രണ്ടാമത്തേത് ഹോമിയോ മെഡിക്കൽ സംവിധാനത്തിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടെയും നിയന്ത്രണത്തിനുള്ള ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973 കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയാണ്. നിലവിൽ യോഗയും പ്രകൃതി ചികിത്സയും പ്രത്യേകം മരുന്നുകൾ ഉപയോഗിക്കാത്തതിനാൽ ഇവയെ പൂർണ്ണമായും നിയിന്ത്രക്കുന്നില്ല.

## ദേശീയ ആയുഷ് മിഷൻ

കേന്ദ്രസർക്കാരിന്റെ ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധാ, യുനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ്മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ്സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവ്വേദ സിദ്ധാ–യുനാനി–ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയിന്ത്രക്കൽ, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. ഓഗസ്റ്റ് 08, 2015 ന് സംസ്ഥാനത്ത് കേരള സർക്കാർ ആയുഷ് വകുപ്പ് ആരംഭിച്ചു.

2017–18 കാലത്ത് കേന്ദ്ര വിഹിതം 2096.20 ലക്ഷം രൂപയും 2018–19 കാലഘട്ടത്തിൽ അത് 2597.84 ലക്ഷം രൂപയും ആണ്. കേന്ദ്രസർക്കാർ 2019–20 –ൽ 1540.54 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

## ആയുർവ്വേദ മരുന്ന് നിർമ്മാണം–ഔഷധി

ഇന്ത്യയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ആയുർവ്വേദ മരുന്ന് നിർമ്മാണശാലയാണ് ഔഷധി. ലാഭകരമായി പ്രവർത്തിക്കുന്ന വളരെ ചുരുക്കം പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണിത്. ആയുർവ്വേദ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആയുർവ്വേദമരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യുന്ന സ്ഥാപനം ഔഷധിയാണ്. കേരളത്തിൽ മരുന്നുകൾ ഔഷധി ആയുർവ്വേദവകുപ്പിന് വിതരണം ചെയ്യുന്നു. ഇത് മാർക്കറ്റ് വിലയെക്കാളും 30 ശതമാനം വിലക്കുറവിലാണ് നല്കുന്നത്. ഐ.എസ്.എം ഈ

മരുന്നുകൾ സംസ്ഥാനത്തെ ദരിദ്രരായ രോഗികൾക്ക് സൗജന്യമായി നൽകുന്നു. സംസ്ഥാനത്തുടനീളം 878 പ്രത്യേക ഏജൻസികളിലൂടെ പൊതുജനത്തിനും കമ്പനി മരുന്ന് എത്തിക്കുന്നു. 2018–19 കാലയളവിൽ നികുതിക്കു ശേഷമുള്ള സ്ഥാപനത്തിന്റെ ലാഭം 3443.69 ലക്ഷം രൂപയായിരുന്നത് 2019–20 ൽ 2457.13 ആയികുറഞ്ഞു.

### ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം – ആയുർവ്വേദകോളേജുകൾ

തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിലായി 1361 കിടക്കകളുള്ള മൂന്ന് സർക്കാർ ആയുർവ്വേ മെഡിക്കൽകോളേജുകളുണ്ട്. 2018–19 ൽ 9958 ഇൻപേഷ്യൻസിനും 5,06,883 ഔട്ട്പേഷ്യൻസിനും ചികിത്സ നൽകുകയുണ്ടായി. ഇതിൽ പുതിയ രോഗികൾ 2,37,287 ആണ്. ഇത് 2019–20 ൽ യഥാക്രമം 10,441 ഉം 4,34,085 ഉം ആണ്. ഇതിൽ പുതിയ രോഗികൾ 91,613 ആണ്. തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽകോളേജിന് കീഴിൽ പഞ്ചകർമ്മാശുപത്രിയും, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുമുണ്ട്. 2 എയ്ഡഡ് ആയുർവ്വേദ കോളേജുകളും, 12 സ്വാശ്രയ ആയുർവ്വേദകോളേജുകളും, ഒരു സ്വാശ്രയസിദ്ധ കോളേജും, ഒരു സ്വാശ്രയ യുനാനി കോളേജും, 6 പാരാമെഡിക്കൽ സ്വാശ്രയകോളേജുകളും മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ബിരുദകോഴ്സിന് 1,080, ബിരുദാനന്തരകോഴ്സിന് 186, പാരാമെഡിക്കൽ കോഴ്സുകൾക്ക് 482 എന്നിങ്ങനെ വിദ്യാർത്ഥികൾ വാർഷിക പ്രവേശനം നേടുന്നുണ്ട്.

## ഹോമിയോപ്പതി

സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 669 ഹോമിയോപ്പതി ഡിസ്പെൻസറികളും 14 ജില്ലാ ആശുപത്രികൾ, 17 താലൂക്ക് ആശുപത്രികൾ, 2 ടെൻ ബെഡ്ഡ് ആശുപത്രികൾ എന്നിവയിലായി 1,000 കിടക്കകൾ ഉണ്ട്. കൂടാതെ ഹോമിയോപ്പതി ഡയറക്ടറേറ്റിന് കീഴില് ആലപ്പുഴയിലും പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി (ഹോംകോ) എന്ന മരുന്ന് നിർമ്മാണ യൂണിറ്റ് ഉണ്ട്. കഴിഞ്ഞ 20 വർഷങ്ങളായി ഹോംകോ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2019–20 കാലയളവിൽ ഹോംകോയുടെ മൊത്തലാഭം 8.68 കോടിയാണ്. 2019 ലും 2020 ലും ഹോമിയോപ്പതി വകുപ്പിന് കീഴിൽ ജില്ല തിരിച്ചുള്ള സ്ഥാപനങ്ങൾ, കിടക്കകൾ, ചികിത്സ നേടിയ രോഗികളുടെ എണ്ണം എന്നിവ **അനുബന്ധം 6.2.13** –ൽ കൊടുത്തിട്ടുണ്ട്.

### ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം

സർക്കാർതലത്തിൽ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള രണ്ട് ഹോമിയോ മെഡിക്കൽകോളേജുകൾ വഴി ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നു. ഇവ കൂടാതെ 3 എയ്ഡഡ് കോളേജുകളും, ഒരു അൺഎയ്ഡഡ് കോളേജും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ആകെ കിടക്കകൾ 118 ഉം കോഴിക്കോട് 100 ഉം ആണ്. 2018–19 ൽ ചികിത്സ ലഭിച്ച ഇൻപേഷ്യന്റ്സ് 2554 ഉം ഔട്ട് പേഷ്യന്റ്സ് 262204 ഉം ആണ്. ഐപിയിൽ 2019–20 –ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 3,022 ഉം ഒപി 2,80,180 ഉം ആയിരുന്നു. 6 ഹോമിയോ മെഡിക്കൽ കോളേജുകളിലെയും കോഴ്സുകൾ, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ **അനുബന്ധം 6.2.14** –ൽ കൊടുത്തിരിക്കുന്നു.

### രോഗപ്രതിരോധവ്യാപനം

മരുന്നും പ്രതിരോധകുത്തിവയ്പും കൊണ്ട് ഒഴിവാക്കാനാകുന്നതും ആരോഗ്യത്തെ ദുർബലപ്പെടുത്തുന്നതുമായ വ്യാധികൾ, വൈകല്യം, മരണം തുടങ്ങിയവയിലേക്ക് നയിക്കുന്ന രോഗങ്ങളായ ഡിഫ്റ്റീരിയ, ഹെപ്പറ്റൈറ്റീസ് എയും ബിയും, അഞ്ചാം പനി, മുണ്ടിനീര്, ന്യൂമോണിയയും അനുബന്ധരോഗങ്ങളും, പോളിയോ, അതിസാരം, ടെറ്റനസ് തുടങ്ങിയവ ചെറുക്കുന്നതിന് ഏറ്റവും ഫലപ്രദവും ചെലവ് കുറഞ്ഞതുമായ ഇടപെടലാണ് പ്രതിരോധകുത്തിവയ്പുകൾ. 2016–17 മുതലുള്ള 5 വർഷങ്ങളിലെ രോഗപ്രതിരോധ വ്യാപന പരിപാടി **അനുബന്ധം 6.2.15** –ൽ കാണാം.

### ഭാവി വീക്ഷണം

ശക്തമായ പൊതുജനാരോഗ്യ സംരക്ഷണ സംവിധാനത്തിലാണ് കേരളത്തിന്റെ ശക്തി. സംസ്ഥാനത്തെ എല്ലാ പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളെയും ഉൾക്കൊള്ളുന്നതിനായി ഇത് വിപുലീകരിക്കേണ്ടതുണ്ട്. പുതിയതും നിലവിലുള്ളതുമായ വെല്ലുവിളികളെ നേരിടാൻ ആരോഗ്യ സൗകര്യങ്ങൾ നിരന്തരം നവീകരിക്കേണ്ടതുണ്ട്. ആരോഗ്യ സംരക്ഷണ രംഗത്ത് ആർജിച്ച നേട്ടങ്ങൾ ശക്തിപ്പെടുത്തുകയും നിലനിർത്തുകയും വേണം.

## 6.3 ജനസംഖ്യ ഘടനയിലുള്ള മാറ്റങ്ങൾ

ആഗോള ജനസംഖ്യയുടെ നാല് സവിശേഷതകളിൽ ഒന്നായി ജനസംഖ്യാ വാർദ്ധക്യം അറിയപ്പെടുന്നു, മറ്റ് മൂന്ന് സവിശേഷതകളായി കണക്കാക്കുന്നത് ജനസംഖ്യാ വർദ്ധനവ്, അന്താരാഷ്ട്ര കുടിയേറ്റം, നഗരവൽക്കരണം എന്നിവയാണ്. ജനങ്ങൾക്ക് പ്രായമാകൽ എന്നത് അനിവാര്യമായതും മാറ്റാനാവാത്തതും ജനസംഖ്യാപരവുമായ യാഥാർത്ഥ്യമാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ (എസ്.ഡി.ജി) പുരോഗതി നേടുന്നത് ഉറപ്പാക്കുന്നതിന് പ്രായമാകുന്ന ജനസംഖ്യയുമായി ബന്ധപ്പെട്ട സാമ്പത്തിക സാമൂഹിക മാറ്റങ്ങൾക്ക് വേണ്ടിയുള്ള തയ്യാറെടുപ്പ് ആവശ്യമാണ്. ജനസംഖ്യാഘടനയിലുണ്ടാകുന്ന മാറ്റങ്ങൾക്ക് സിവിൽ സൊസൈറ്റിയും സർക്കാരും സാനുകമ്പം പ്രവർത്തിക്കേണ്ടതാവശ്യമാണ്.

പ്രായമാകുമ്പോൾ പ്രാഥമിക ആരോഗ്യ സംരക്ഷണത്തിനും ദീർഘകാല സംരക്ഷണത്തിനുമുള്ള വർദ്ധിച്ച ആവശ്യകത വെല്ലുവിളിയാകുകയും മെച്ചപ്പെട്ട പരിശീലനം ലഭിച്ച പരിപാലകരെ വലിയ തോതിൽ ആവശ്യമായി വരുകയും വയോജന സൗഹൃദമായ പശ്ചാത്തല സൗകര്യങ്ങളുടെ ആവശ്യകത വർദ്ധിക്കുകയും ചെയ്യുന്നു. ദാരിദ്ര്യം തടയുന്നതിനും അസമത്വം കുറയ്ക്കുന്നതിനും പ്രായമായവരിൽ സാമൂഹിക ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും സുസ്ഥിര സാമൂഹിക സംരക്ഷണ പദ്ധതികൾ സ്ഥാപിക്കേണ്ടത് പ്രധാനമാണ്. ലോകാരോഗ്യ സംഘടന 2020–2030 നെ *ആരോഗ്യകരമായ വാർദ്ധക്യത്തിന്റെ ദശകമായി* പ്രഖ്യാപിച്ചു.

പ്രായമായവരുടെ ജനസംഖ്യയുടെ അനുപാതം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് കൂടുതലായതിനാൽ പ്രായമായവരോട് കേരളത്തിന് പ്രത്യേക ഉത്തരവാദിത്തമുണ്ട്. ജനസംഖ്യ വാർദ്ധക്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജീവിതഗുണനിലവാരം മെച്ച പ്പെടുത്തുന്നതിനും തൊഴിൽ–ജീവിത ഐക്യം സുഗമമാക്കുന്നതിന് തുടർച്ചയായതും ആജീവനാന്തവുമായ വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, പ്രായമായവർക്ക് തൊഴിൽ, കുടുംബ സൗഹൃദ നയങ്ങൾ എന്നിവയുടെ രൂപത്തിൽ പിന്തുണ നൽകുന്നതിന് സർക്കാർ ഇടപെടൽ അത്യാവശ്യമാണ്.

### കേരളത്തിലെ ജനസംഖ്യ സംക്രമണം

ലോകമെമ്പാടുമുള്ള ജനസംഖ്യ അതിവേഗം പ്രായമാകുന്നതായി നമുക്കറിയാം. പ്രത്യുൽപാദന ക്ഷമതയിലെ കുറവ്, മരണ നിരക്കിലെ കുറവ്, ദീർഘായുസ്സ് എന്നീ മൂന്നു ജനസംഖ്യാപരമായ മാറ്റങ്ങളാണ് ജനസംഖ്യ പ്രായമേറുന്നതിലേക്ക് നയിക്കുന്നത്. യുവത്വത്തിൽ നിന്നും പ്രായാധിക്യത്തിലേക്കുള്ള പ്രായഘടനയുടെ മാറ്റം ഇതിന്റെ പ്രതിഫലനമാണ്. ദീർഘായുസ്സും പ്രത്യുത്പാദനക്ഷമതയിലെ കുറവും മൂലം മുതിർന്നവരുടെ ജനസംഖ്യ പൊതുവായ ജനസംഖ്യയേക്കാൾ വേഗതയിൽ ആഗോളതലത്തിൽ വർദ്ധിച്ചു വരുന്നു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പ്രത്യുത്പാദന ക്ഷമതയിൽ വളരെ മുൻപായി നേട്ടം കൈവരിക്കാൻ കഴിഞ്ഞ കേരളത്തിൽ,മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെക്കാൾ പ്രായമായവരുടെ ഏറ്റവും ഉയർന്ന അനുപാതമാണ് (2011 ലെ സെൻസസ് പ്രകാരം ജനസംഖ്യയുടെ 12.6 ശതമാനം), അഖിലേന്ത്യാ തലത്തിൽ ഇത് 8.6 ശതമാനമാണ്. ജനനനിരക്കിലും മരണനിരക്കിലും ഉണ്ടായ മാറ്റവും തുടർന്നു പ്രായഘടനയിൽ ഉണ്ടായ മാറ്റങ്ങളും മൂലം കേരളം ജനസംഖ്യാ സംക്രമണത്തിന്റെ നിർണായകമായ ഘട്ടത്തിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നത്. ജനസംഖ്യാ പരിവർത്തനത്തിന്റെ പ്രധാനപ്പെട്ട അന്തരഫലം വാർദ്ധക്യമാണെന്നത് പ്രായമായവരുടെ എണ്ണത്തിലുള്ള ആപേക്ഷിക വർദ്ധനവ് പ്രതിഫലിപ്പിക്കുന്നു. ഇത് കേരളത്തിന്റെ സാമൂഹ്യ–സാമ്പത്തിക സാഹചര്യത്തെ ബാധിക്കുന്നതാണ്. പ്രായമായവരെ പരിപാലിക്കാൻ കുടുംബങ്ങൾക്ക് സാമ്പത്തികവും മാനസികവുമായ

പിന്തുണ നൽകേണ്ടിവരും. ഏകാന്തത അണുകുടുംബങ്ങളുടെ ഒരു പ്രധാന സവിശേഷതയാണ്, കൂടാതെ ഏകാന്തത, ദാരിദ്ര്യം തുടങ്ങിയവയ്ക്കെതിരെ പ്രായമായവരിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടത് പ്രധാനമാണ്.

## ജനസംഖ്യ സംക്രമണം ഇന്ത്യയിലെയും കേരളത്തിലെയും അവസ്ഥ

മുൻപ് സൂചിപ്പിച്ചപോലെ, ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെക്കാൾ വേഗത്തിലാണ് കേരളത്തിലെ വയോജനങ്ങളുടെ വളർച്ച. 60 വയസിനു മുകളിലുള്ള ജനസംഖ്യ 1961 ൽ 5.1 ശതമാനമായിരുന്നപ്പോൾ ദേശീയ ശരാശരി 5.6 ശതമാനം ആയിരുന്നു, എന്നാൽ കേരളം കാലക്രമേണ ഇന്ത്യയുടെ മറ്റു പ്രദേശങ്ങളെ മറികടന്നു. 2001 –ൽ പ്രായമായവരുടെ അനുപാതം അഖിലേന്ത്യാ ശരാശരി 6.9 ശതമാന മായിരിക്കെ കേരളത്തിൽ ഇത് 10.6 ശതമാനത്തിലേക്ക് ഉയർന്നു. 60 വർഷങ്ങൾക്ക് ശേഷം 2011 ലെ കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ ഇത് കേരള ജനസംഖ്യയുടെ 12.6 ശതമാനവും അഖിലേന്ത്യാ ശരാശരി 8.6 ശതമാനവുമായി. 2018 ഓടെ പ്രായമായവരുടെ ദേശീയ ശരാശരി അനുപാതം 8.1 ശതമാനതിൽ എത്തുകയും കേരളത്തിൽ ഇത് 12.9 ശതമാനവുമായി ഉയർന്നതായി ജനസംഖ്യാ കണക്കുകൾ വ്യക്തമാക്കുന്നു(**ചിത്രം 6.3.1**).

60 വയസിന് മുകളിയിൽ ഉള്ള പുരുഷന്മാരുടെയും സ്ത്രീകളുടെയും കണക്കെടുക്കുമ്പോൾ ഭൂരിഭാഗം വനിതകളും വിധവകൾ ആണ് 2013–17 ലെ എസ്.ആർ.എസ് റിപ്പോർട്ട് അനുസരിച്ച് കേരളത്തിലെ ആയുർദൈർഘ്യം പുരുഷന്മാർക്കും സ്ത്രീകൾക്കും യഥാക്രമം 72.5 വയസും 77.8 വയസും ആണ്. അഖിലേന്ത്യാ തലത്തിലും പുരുഷന്മാരേക്കാൾ സ്ത്രീകളുടെ ആയുർദൈർഘ്യം കൂടുതലാണ്, എന്നിരുന്നാലും കേരളത്തിൽ ഇത് വളരെ കൂടുതലാണ്. മുതിർന്ന പൗരന്മാരുടെ ജനസംഖ്യയുടെ അനുപാതം തുടർച്ചയായി വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ് ആരോഗ്യ പരിപാലന സൗകര്യങ്ങളിലെ പൊതുവായ പുരോഗതി. പ്രായമായവർക്കിടയിൽ വിധവകളുടെ ഉയർന്ന അനുപാതത്തിന് മറ്റൊരു കാരണം പുരുഷന്മാർ ഏതാനും വയസ്സിന് താഴെയുള്ള സ്ത്രീകളെ വിവാഹം കഴിക്കുന്നതിനാലാണ്. നാഷണൽ സാമ്പിൾ സർവേ (എൻ.എസ്.എസ് ) 2015, കണക്കുകൾ പ്രകാരം പ്രായമായവരുടെ ജനസംഖ്യയുടെ 65 ശതമാനം രോഗാവസ്ഥയെ നേരിടുന്നവരാണ് എന്നത് ആശങ്കാജനകമായ വെളിപ്പെടുത്തലാണ്. ഇന്ത്യയിൽ പ്രായമായവരുടെ ലിംഗാനുപാതം എടുത്താൽ 1971 യിൽ 1000 പുർഷന്മാർക്ക് 938 സ്ത്രീകൾ എന്നത് 2011 ആയപ്പോഴേക്കും 1033 ആയി ഉയർന്നു. 2026 ആകുമ്പോളെക്കും 1060 ലേക്ക് എത്തും എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പുരുഷന്മാർക്കിടയിൽ, പ്രത്യേകിച്ച് മുതിർന്നവരിലും ചെറുപ്പക്കാരിലും മരണനിരക്ക് ഗണ്യമായി കുറയുന്നു.

കേരളത്തിലെ വയോജനങ്ങളിൽ വലിയൊരു പങ്കും വിധവകളാണ്. 2011 ലെ സെൻസസ് പ്രകാരം, 60–69 വരെയുള്ള വയോജനങ്ങളിൽ 23 ശതമാനം വിധവകളും 70 വയസ്സിനു മുകളിലുള്ളവരിൽ 43.06 ശതമാനവുമാണ്. 2025 ആകുമ്പോഴേക്കും നമ്മുടെ ജനസംഖ്യയുടെ 20 ശതമാനം പ്രായമായവരായിരിക്കും, അതിന്റെ ഫലമായി സാമൂഹ്യ സുരക്ഷാ സംവിധാനത്തിന്റെ ആവശ്യം ഗണ്യമായി വർധിക്കും. കേരളത്തിലെ മുതിർന്ന പൗരന്മാരുടെ പ്രായഘടന **പട്ടിക 6.3.1** –ൽ നൽകിയിരിക്കുന്നു. കേരളത്തിലെ മുതിർന്ന പൗരന്മാരുടെ വൈവാഹിക നില **പട്ടിക 6.3.2** –ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.3.1** ഇന്ത്യയിലെയും കേരളത്തിലെയും പ്രായമായവരുടെ ശതമാനം




അവലംബം: കെയറിംഗ് ഫോർ ഔവർ എൽഡർലി, ഇന്ത്യാ ഏജിംഗ് റിപ്പോർട്ട് 2017, യു.എൻ.എഫ്.പി.എ എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018

**പട്ടിക 6.3.1** കേരളത്തിലെ വയോജനങ്ങളുടെ പ്രായഘടന

| പ്രായ ഘടന | ആകെ | | പുരുഷന്മാർ | | സ്ത്രീകൾ | |
|---|---|---|---|---|---|---|
| പ്രായ ഘടന | 33406061 | | 16027412 | | 17378649 | |
| ആകെ ജനസംഖ്യ | 4193393 | | 1883595 | | 2309798 | |
| 60-69 | 2416805 | (58%) | 1144368 | (47%) | 1272437 | (53%) |
| 70-79 | 1234739 | (29%) | 534879 | (43%) | 699860 | (57%) |
| 80 യിൽ കൂടുതൽ | 541849 | (13%) | 204348 | (37.7%) | 337501 | (62.3%) |

*അവലംബം: സെൻസസ് ഓഫ് ഇന്ത്യ, 2011*

**പട്ടിക 6.3.2** കേരളത്തിലെ വയോജനങ്ങളുടെ വൈവാഹിക നില

| | ആകെ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| വിവാഹം കഴിച്ചിട്ടില്ലാത്തവർ | 2.6 | 1.8 | 3.3 |
| വൈവാഹിക ജീവിതം നയിക്കുന്നവർ | 60.8 | 88.9 | 37.8 |
| വിഭാര്യൻ/വിധവ | 35.7 | 8.8 | 57 |
| മറ്റുള്ളവർ | 0.9 | 0.5 | 1 .9 |
| പങ്കാളി ഇല്ലാതെ | 39.2 | 11.1 | 62.2 |
| ജീവിക്കുന്നവർ | | | |

*അവലംബം: സെൻസസ് ഓഫ് ഇന്ത്യ, 2011*

നിലവിൽ 60 വയസ്സിനു മുകളിലുള്ള വിവാഹിതരുടെ എണ്ണം തെറ്റിദ്ധാരണജനകമാണ്. കേരളത്തിലെ മുതിർന്നവരുടെ ദാമ്പത്യ അവസ്ഥ പരിശോധിക്കുകയാണെങ്കിൽ അറുപതു വയസ്സിനു മുകളിലുള്ള (88.9 ശതമാനം) പുരുഷന്മാരുടേയും ഭാര്യമാർ പ്രായാവസ്ഥയിലും ജീവിച്ചിരിക്കുന്നവരാണ്. എന്നാൽ ഈ പ്രായത്തിലെ 37.8 ശതമാനം സ്ത്രീകളുടെ ഭർത്താക്കന്മാർ മാത്രമേ ജീവിച്ചിരിക്കുന്നുള്ളൂ. അധികം പുരുഷന്മാരും തങ്ങളേക്കാൾ പ്രായം കുറഞ്ഞ സ്ത്രീകളെ വിവാഹം ചെയ്യുന്നതുകൊണ്ടുതന്നെ പുരുഷന്മാർക്ക് അറുപത് വയസ്സ് പ്രായമാകുമ്പോഴും അവരുടെ ഭാര്യമാർ വളരെ ചെറുപ്പമായിരിക്കും.

## പ്രായമായവരിലെ ശാരീരികവൈകല്യം

2015 ൽ അംഗപരിമിത സെൻസസ് കണക്കനുസരിച്ച് പ്രായമായവരുടെ വൈകല്യങ്ങളിൽ ചലന വൈകല്യമാണ് കൂടുതൽ (43 ശതമാനം). മൾട്ടിപ്പിൾ വൈകല്യങ്ങൾ രണ്ടാമതായും കാണപ്പെടുന്നു (13 ശതമാനം). അൽഷിമേഴ്സ് രോഗികൾ 35041 പേരുണ്ട്. കേരളത്തിൽ വിവിധ സ്ഥാപനങ്ങളിൽ ജീവിക്കുന്ന വൈകല്യമുള്ള മുതിർന്ന പൗരന്മാരുടെ എണ്ണം 4260 ആണ്. ഇതിൽ 2352 സ്ത്രീകളും 1908 പുരുഷന്മാരും ആണ്. ഇതിൽ 80 വയസ്സിനു മുകളിലുള്ളവർ 570 പേരാണ്. മൊത്തം അംഗങ്ങൾ സീനിയർ അംഗങ്ങൾ ആയ 4,32,953 കുടുംബങ്ങൾ ആണുള്ളത്. ഇത് ആകെ കുടുംബങ്ങളുടെ 5.27 ശതമാനം ആണ്.

## വർദ്ധിത വാർദ്ധാക്യ ആശ്രയത്വം

ജനസംഖ്യാ വാർദ്ധാക്യത്തിന്റെ മൂന്ന് അളവുകൾ അന്തർതലമുറ പിന്തുണാ സംവിധാനങ്ങളും ജനസംഖ്യാ പ്രായഘടനയുടെ മാറ്റവും പരിശോധിക്കാൻ ഉപയോഗിക്കുന്നു, അതായത്, വാർദ്ധാക്യ ആശ്രിത അനുപാതം, വരാനിരിക്കുന്ന വാർദ്ധാക്യ ആശ്രിത അനുപാതം, സാമ്പത്തിക വാർദ്ധാക്യ ആശ്രിത അനുപാതം എന്നിവയാണ്. ജനസംഖ്യ വാർദ്ധാക്യം പരമ്പരാഗത വീക്ഷണകോണിൽ നിന്ന് കാണുന്ന രീതിയാണ് വാർദ്ധാക്യ ആശ്രിത അനുപാതം; ശേഷിക്കുന്ന വർഷങ്ങൾ കണക്കിലെടുത്ത് ജനസംഖ്യയുടെ വാർദ്ധാക്യം കണക്കാക്കുന്നത് വരാനിരിക്കുന്ന വാർദ്ധാക്യ ആശ്രിത അനുപാതമാണ്; സാമ്പത്തിക വീക്ഷണകോണിൽ നിന്ന് ജനസംഖ്യ വാർദ്ധാക്യം അളക്കുന്നതിനു തൊഴിൽ ശക്തിയുടെ പങ്കാളിത്തം കണക്കിലെടുത്തു സാമ്പത്തിക വാർദ്ധാക്യ ആശ്രിത അനുപാതം കാണുന്നു.

അറുപതു വയസ്സിനു മുകളിലുള്ള മുതിർന്നവരുടെ എണ്ണത്തിന്റെയും 15-59 വയസ്സ് പ്രായമുള്ളവരുടെയും എണ്ണത്തിന്റെ അനുപാതമാണ് ''ഓൾഡ് ഏജ്'' ഡിപ്പൻഡൻസി റേഷ്യോ'. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ 'ഓൾഡ് ഏജ്' ഡിപ്പൻഡൻസി റേഷ്യോ 142 ഉം കേരളത്തിൽ ഉയർന്ന ആയുർദൈർഘ്യം മൂലം ഇത് 196 ഉം ആണ്. വാർദ്ധാക്യകാല ആശ്രിതത്വ അനുപാതം കേരളത്തിൽ വർധിച്ചുവരുന്ന പ്രവണത കാണിക്കുന്നു ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതലാണിത്.
(എൽഡർലി ഇൻ ഇന്ത്യ 2016, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ).

**പട്ടിക 6.3.3.** പ്രായമായവരുടെ തൊഴിൽ പങ്കാളിത്തം, ശതമാനത്തിൽ

| പ്രായം | 60+ | 80+ |
|---|---|---|
| ഇന്ത്യ | 34.4 | 9.78 |
| കേരളം | 26.1 | 11.4 |

അവലംബം: കെയറിംഗ് ഫോർ ഔവർ എല്ഡെർലി, ഇന്ത്യാ ഏജിംഗ് റിപ്പോർട്ട് 2017, യു.എൻ.എഫ്.പി.എ

2001–ൽ 166 ആയിരുന്നത് 2011–ൽ 196 ആയി ഉയർന്നു. പ്രത്യുൽപാദനക്ഷമത കുറയുകയും ദീർഘായുസ്സ് വർദ്ധിക്കുകയും ചെയ്യുന്നതിനാൽ, പ്രായമായവരുടെ ആപേക്ഷിക അനുപാതം വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ചെറുപ്രായക്കാരുടെ അനുപാതം കുറയുന്നു. ഇത് വ്യക്തമാക്കുന്നത് എന്തെന്നാൽ വലിയ ഒരു ഭാഗം മുതിർന്നവരുടെ ദൈനദിന ജീവിതം, ആരോഗ്യം, ഭവനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കേണ്ട ഉത്തരവാദിത്വം തൊഴിലെടുക്കുന്ന ജനങ്ങളുടേതാണെന്നാണ്.

## മുതിർന്ന പൗരന്മാർ അനുഭവപരിചയമുള്ള മനുഷ്യവിഭവശേഷി എന്നനിലയിൽ

സംസ്ഥാന സർക്കാർ സേവനത്തിലുള്ള വിരമിക്കൽ പ്രായം 56 വയസ്സാണ്. മിക്ക പൊതുമേഖലാ സ്ഥാപനങ്ങളിലും ഇത് 60 ആണ്. പ്രായമാകൽ വ്യക്തികളുടെ പ്രവർത്തനജീവിതം കുറയ്ക്കുന്നു. കേരളത്തിൽ വിരമിച്ച സർക്കാർ ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നതിനാൽ അവർക്ക് സുഖപ്രദമായ ജീവിതം നയിക്കാൻ കഴിയും. ഈ അനുഭവ സമ്പന്നരായ മനുഷ്യശക്തിയെ ശരിയായി വിന്യസിക്കുന്നത് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയാണ്. പ്രായപൂർത്തിയായവർ തിരക്കുപിടിച്ച ജോലിയിൽ ഏർപ്പെടുമ്പോഴും ആരോഗ്യത്തോടെ കൂടുതൽ കാലം ജീവിക്കുന്നു. എന്നാൽ അത്തരം ജോലി ഇല്ലാതിരുന്നവർക്കും മറ്റ് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും പെൻഷനും വിരമിക്കലും ഇല്ല. ചില വിഭാഗങ്ങളിൽ പെൻഷൻ ആയി നാമമാത്രമായ തുക മാത്രം ലഭിക്കുന്നത് അവരുടെ ചികിത്സക്കും മറ്റും ആവശ്യകതക്ക പോലും സഹായിക്കില്ല. ഭാവിയിൽ അവർക്ക് മതിയായ സാമൂഹ്യ സുരക്ഷിതത്വവും ഉത്പാദനപരമായ ജീവിതവും ഉറപ്പാക്കേണ്ടത് സർക്കാരിനു വെല്ലുവിളിയാണ്.

## പ്രായമായവർക്കായുള്ള പോഷക പരിഗണനകൾ

അറുപതു വയസ്സിനു മേലെയുള്ള പ്രായമുള്ള വ്യക്തികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. മിക്കപ്പോഴും ഇത് പോഷകാഹാരക്കുറവു മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒരു ഗ്രൂപ്പാണ്. ആരോഗ്യകരമായ പ്രായമാകൽ ആയുസ്സ് വർദ്ധിപ്പിക്കാൻ വേണ്ടി മാത്രമല്ല, പ്രധാനമായും ആരോഗ്യകരമായ പ്രവർത്തനക്ഷമമായ കാലം വർദ്ധിപ്പിക്കാൻ വേണ്ടിയും കൂടിയാണ്. ആവശ്യമായ ഊർജ്ജവും പോഷകാഹാര ആവശ്യങ്ങളും നിറവേറ്റുന്നതിനായി ശരിയായ അളവിലുള്ള ഭക്ഷണവും ഭക്ഷണ രീതിയും ലഭിക്കുന്നതിൽ പ്രായമായവരിൽ അധികവും പരാജയപ്പെടുന്നു. വികസ്വര രാജ്യങ്ങളിലെ ജനങ്ങൾ അപര്യാപ്തമായ അളവിലുള്ള ഭക്ഷണ രീതി മാറ്റങ്ങൾ മൂലം പോഷകാഹാരക്കുറവിനെ അഭിമുഖീകരിക്കുകയാണ്. അതേസമയം, കൊഴുപ്പ്, മൃഗാധിഷ്ഠിത ഉത്പന്നങ്ങൾ, സംസ്കരിച്ച ഭക്ഷണസാധനങ്ങൾ എന്നീ നാരുകുറഞ്ഞ ഭക്ഷ്യവസ്തുക്കൾ കൂടുതലായി ഉപയോഗിക്കുന്നതുമൂലം പൊണ്ണത്തടി, ടൈപ്പ് 2 ഡയബറ്റിസ് രോഗികളുടെ എണ്ണം കൂടുന്നതായും കണ്ടെത്തിയിട്ടുണ്ട്. മുതിർന്നവർക്കുള്ള ആഹാര രീതിയിൽ ഇടപെടലുകളും അടിയന്തിര ശ്രദ്ധയും അത്യാവശ്യമാണ്.

## ആരോഗ്യം

പൊതുജനാരോഗ്യം, ആരോഗ്യരംഗത്തെ പുരോഗതി, രോഗങ്ങൾ, പരിക്കുകൾ, നേരത്തെയുള്ള മരണങ്ങൾ എന്നിവയെക്കുറിച്ചുള്ള സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റം എന്നിവയുടെ വിജയഗാഥയാണ് ജനസംഖ്യാ വാർദ്ധക്യം. എന്നാൽ പ്രായമായവരിൽ നിരന്തരമായ ആരോഗ്യപ്രശ്നങ്ങളുണ്ട്. കേൾവിശക്തി, തിമിരം, റിഫ്രാക്റ്റീവ് പിശകുകൾ, പുറം–കഴുത്ത് വേദന, ഓസ്റ്റിയോ ആർത്രൈറ്റിസ്, വിട്ടുമാറാത്ത ശ്വാസകോശരോഗങ്ങൾ, പ്രമേഹം, വിഷാദം, ഡിമെൻഷ്യ എന്നിവ വാർദ്ധക്യത്തിലെ സാധാരണ അവസ്ഥകളാണ്. ഇന്ത്യയിലെ മികച്ച ആരോഗ്യ പരിപാലന സംവിധാനമുള്ള സംസ്ഥാനമായി കേരളം പരിഗണിക്കപ്പെടുന്നു. എന്നാൽ ഏറ്റവും രോഗാവസ്ഥയുള്ള സംസ്ഥാനവും കേരളമാണ്. മോർബിഡിറ്റിയുടെ നാഷണൽ സാമ്പിൾ സർവേ 71–ാം റൗണ്ട് (ജനുവരി – ജൂൺ, 2015) പ്രകാരം ഇന്ത്യയിലുടനീളം നടത്തിയ 15 ദിവസത്തെ സർവേയിൽ പങ്കെടുത്ത 1,000 പേരിൽ 89 പേർ രോഗബാധിതരെന്നു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കേരളത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള കണക്കുപ്രകാരം 1,000 പേരിൽ 310 പേരാണ്. അറുപതു വയസ്സിനു മുകളിലുള്ളവരിൽ ഇത് ഇന്ത്യയിൽ 276 ഉം കേരളത്തിൽ 646 ഉം ആണ് .

ഇന്ത്യയിൽ സംക്രമികേതര രോഗങ്ങൾ കൂടുതലുള്ള സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ പ്രമേഹ രോഗത്തിന്റെ തലസ്ഥാനമാണ് കേരളം. റെജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് ഡെത്ത് റിപ്പോർട്ട് പറയുന്നത് 2015 ൽ പ്രമേഹം

മൂലം ഇന്ത്യയിൽ വെറും 3.4 ശതമാനം പേർ മാത്രമാണ് മരിച്ചതെങ്കിൽ അത് കേരളത്തിൽ 9.6 ശതമാനം ആയിരുന്നു. രക്താതിസമ്മർദ്ദം, ഹൃദയ സംബന്ധമായ അസുഖങ്ങൾ എന്നിവയുടെ കാരണങ്ങളും വ്യത്യസ്തമല്ല. ജീവിത ദൈർഘ്യവും ജീവിതനിലവാരവും കുറയ്ക്കുന്നതിനു ഇത് കാരണമാകുന്നു. കേരളത്തിലെ എല്ലാ പ്രായക്കാരെയും ബാധിക്കുന്ന പൊതുവായ പ്രശ്നങ്ങളാണിതെങ്കിലും, ആരോഗ്യ പ്രശ്നങ്ങളിൽ കൂടുതൽ ദുർബലരായ പ്രായമായവരെ ഇത് കൂടുതലായി ബാധിക്കുന്നു.

## പ്രായമായവരുടെ ക്ഷേമത്തിൽ സർക്കാരിന്റെ പങ്ക്

### ഇന്ത്യാ ഗവൺമെന്റിന്റെ ഇടപെടലുകൾ

സ്വാതന്ത്ര്യാനന്തര കാലം മുതൽക്കുതന്നെ ചില സാമൂഹ്യ ക്ഷേമ പരിപാടികളിലൂടെ നമ്മുടെ സമൂഹത്തിൽ മുതിർന്ന ആളുകളെ പിന്തുണയ്ക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമായിട്ടുണ്ട്. ഐക്യരാഷ്ട്രസഭയുടെ വാർഷിക വയോജന വർഷം ആയി 1999 പ്രഖ്യാപിച്ചു. തുടർന്ന് പ്രായമായവരെ അവർക്ക് ഗുണപ്രദമായ വഴികളിൽ ശാക്തീകരിക്കുകയും ക്ഷേമ നടപടികൾ വേഗത്തിലാക്കുകയും ചെയ്യുന്നതിനായി 1999 ജനുവരി 13 ന് ഭാരതസർക്കാർ വയോജനങ്ങൾക്കായുള്ള ദേശീയ നയം അംഗീകരിച്ചു. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലന ക്ഷേമ നിയമം, 2007 മുതിർന്നവരുടെ അവകാശങ്ങൾക്ക് സംരക്ഷണം നല്കുന്നു. ഭരണഘടനാ വ്യവസ്ഥകൾക്ക് പുറമെ വൃദ്ധജന സുരക്ഷ, വാർദ്ധക്യ പെൻഷൻ, വയോജന ഭവനങ്ങൾ സ്ഥാപിക്കുക, വാർദ്ധക്യസഹജമായ സേവനങ്ങൾ വികസിപ്പിക്കുക, മുതിർന്നവർക്കായുള്ള ഭവന നയം ഉദാരവൽക്കരിക്കൽ എന്നിവ നടപ്പിലാക്കുന്നു.

### സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയം

സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയം പേര് സൂചിപ്പിക്കുന്നത് പോലെ സാമൂഹ്യ അസമത്വങ്ങൾ, ചൂഷണം, വിവേചനം, അനീതി എന്നിവ അനുഭവിക്കുന്ന സമൂഹത്തിലെ വിഭാഗങ്ങൾക്ക് തുല്യമായ നീതി ഉറപ്പാക്കുന്നതിനു വേണ്ടിയാണു നിലകൊള്ളുന്നത്. മന്ത്രാലയത്തിന്റെ സോഷ്യൽ ഡിഫൻസ് ഡിവിഷൻ പ്രധാനമായും മുതിർന്ന പൗരൻമാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നു കൂടാതെ മദ്യപാനത്തിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും ഇരകൾ, ഭിന്നലിംഗക്കാർ, യാചകർ/അഗതികൾ എന്നിവരുമുൾപ്പെടുന്നു. മുതിർന്ന പൗരന്മാർക്ക് സുരക്ഷിതവും ബഹുമാനത്തോടെ ഉല്പ്പാദനക്ഷമവുമായ ജീവിതം നയിക്കാൻ മന്ത്രാലയം സംസ്ഥാന സർക്കാരുകളും/യൂണിയൻ ടെറിട്ടറി അഡ്മിനിസ്ട്രേഷൻ എന്നിവയുമായി സഹകരിച്ച് മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള നിയമങ്ങൾ, നയങ്ങൾ, പരിപാടികൾ എന്നിവ വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുന്നു.

### മുതിർന്ന പൗരന്മാരുടെ ദേശീയ നയം 2011

ദേശീയ നയം മുതിർന്ന വ്യക്തികളുടെ സമ്പന്നമായ അനുഭവത്തെ തിരിച്ചറിയുകയും അവരെ പ്രധാനപ്പെട്ട മനുഷ്യവിഭവങ്ങൾ എന്ന നിലയിൽ പരിഗണിക്കുകയും അവരുടെ അവസാനകാലത്തിൽ അന്തസ്സായ ജീവിതം ഉറപ്പുവരുത്തുകയും ശാരീരികവും സാമ്പത്തികവുമായ സുരക്ഷ, ആരോഗ്യ സംരക്ഷണം, അഭയം എന്നിവ ഉറപ്പുവരുത്തുകയും സർക്കാരിന്റെ അംഗീകാര നടപടി ആവശ്യമായവയ്ക്ക് പ്രത്യേകിച്ചും മുതിർന്ന സ്ത്രീകളുടെയും പാവപ്പെട്ട ഗ്രാമീണരുടെയും കാര്യത്തിൽ അംഗീകാരം നൽകുകയും ചെയ്യുന്നു. സാമ്പത്തിക ഭക്ഷ്യ സംരക്ഷണം, ആരോഗ്യപരിചരണം, അഭയം, പ്രായമായവരുടെ മറ്റ് ആവശ്യങ്ങൾ, വികസനത്തിൽ നീതിനിഷ്ഠമായ പങ്കാളിത്തം, ചൂഷണത്തിനെതിരായ സംരക്ഷണം, ജീവിത നിലവാരം ഉയർത്തുന്നതിന് സേവനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവ കൈവരിക്കുന്നതിന് സംസ്ഥാന നയവും പിന്തുണയും വിഭാവനം ചെയ്യുന്നു

### മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലന ക്ഷേമ നിയമം, 2007

മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും അവരുടെ ക്ഷേമത്തിനും ആവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനും 2007 ഡിസംബറിൽ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലന ക്ഷേമ നിയമം, 2007 നടപ്പിലാക്കി. മാതാപിതാക്കൾ/മുതിർന്ന പൗരന്മാർക്ക് മക്കളും ബന്ധുക്കളും സംരക്ഷണം നൽകുന്നത് ട്രിബ്യൂണലുകൾ മുഖേന നിർബ്ബന്ധിതവും നിയമപരവുമാക്കുക, ബന്ധുക്കൾ അവഗണിച്ചാൽ മുതിർന്ന പൗരന്മാർക്ക് സ്വത്ത് കൈമാറ്റം ചെയ്യൽ പിൻവലിക്കൽ, മുതിർന്ന പൗരന്മാരെ ഉപേക്ഷിക്കുന്ന കാര്യത്തിൽ കുറ്റം ചുമത്തൽ, വയോജന പരിപാലന ഹോമുകൾ സ്ഥാപിക്കൽ, മുതിർന്ന പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണവും, മുതിർന്ന പൗരന്മാർക്ക് ആവശ്യമായ വൈദ്യസഹായ സൗകര്യങ്ങൾ തുടങ്ങിയവക്കു ഈ നിയമം സംരക്ഷണം നൽകുന്നു.

സാമൂഹ്യ നീതി മന്ത്രാലയം പ്രസ്തുത നിയമത്തിന്റെ ഭേദഗതി ബിൽ 2019 അന്തിമ രൂപം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം മുതിർന്ന പൗരന്മാരുടെ സംരക്ഷണ ചുമതല അകന്ന ബന്ധുക്കൾക്കും ബാധകമാണ്. മാതാപിതാക്കളെ അവഗണിക്കുന്നവർക്കുള്ള പിഴ വർദ്ധിപ്പിക്കുകയും ജയിലിലടയ്ക്കുകയും ചെയ്യുന്നതോടൊപ്പം 10000 രൂപ മാതാപിതാക്കളുടെ പരിപാലനത്തിന് നൽകേണ്ടതുമാണ്. വൃദ്ധമന്ദിരങ്ങൾക്കും പകൽ

**ബോക്സ് 6.3.1** കോവിഡ്–19 മായി ബന്ധപ്പെട്ട് മുതിർന്ന പൗരന്മാരുടെ പരിചരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ

മുതിർന്ന പൗരന്മാരാണ് ജനസംഖ്യയുടെ ഏറ്റവും ദുർബലമായ വിഭാഗം, അതിനാൽ കോവിഡ്–19 പൊട്ടിപ്പുറപ്പെടുന്ന സമയത്ത് അവർക്ക് പ്രത്യേക ശ്രദ്ധയും ആവശ്യമാണ്. മുതിർന്ന പൗരന്മാർ അവരവരുടെവീടുകളിൽ ക്വാറന്റീനിൽ ആയിരുന്നതിനാൽ ശാരീരികവും മാനസികവുമായ സമ്മർദ്ദത്തിനും വൈകാരിക പ്രശ്നങ്ങൾക്കും സാധ്യതയുണ്ട്. അത്തരം പ്രശ്നങ്ങളെ നേരിടാൻ പ്രായമായവർക്ക് സൈക്കോസോഷ്യൽ കൗൺസിലിംഗ് നൽകുന്നു.

**ഗ്രാൻഡ് കെയർ പ്രോജക്റ്റ്–വയോക്ഷേമ കോൾ സെന്റർ**

കോവിഡിനെതിരെ പോരാടാനും പകർച്ചവ്യാധി പടരാതിരിക്കാനുമുള്ള ഗവൺമെന്റിന്റെ ശ്രമങ്ങൾക്ക് മറുപടിയായി, സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ മുൻകരുതൽ നടപടികളും സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചു. കൊറോണ കണ്ടെയിൻമെന്റ് പ്രവർത്തനങ്ങൾക്ക് ഒപ്പമായി ഡിപ്പാർട്ട്മെന്റ് വൃദ്ധസദനങ്ങളിൽ താമസിക്കുന്നവർക്കും റിവേഴ്സ് ക്വാറന്റീന് വിധേയരായ മുതിർന്നവർക്കും അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി "ഗ്രാൻഡ് കെയർ പ്രോജക്റ്റ്" എന്ന ഒരു പുതിയ സംരംഭം അവതരിപ്പിച്ചു. ഗ്രാൻഡ് കെയർ പദ്ധതിയുടെ ഭാഗമായി, പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനുമായി വകുപ്പ് ഓരോ ജില്ലയിലും ജില്ലാ സീനിയർ സിറ്റിസൺ സെൽ നിരീക്ഷിക്കുന്ന വയോക്ഷേമ കോൾ സെന്റർ ആരംഭിച്ചു. രാവിലെ 6 മുതൽ രാത്രി 10 വരെ എല്ലാ ദിവസവും കോൾ സെന്ററുകൾ പ്രവർത്തിക്കുന്നു.

പരിപാലന കേന്ദ്രങ്ങൾക്കും നിശ്ചിത സൗകര്യങ്ങൾ നിർബന്ധിതമാക്കുന്നതിനായുള്ള പുതിയ വ്യവസ്ഥകളും ഇതിൽ ഉൾപ്പെടുന്നു.

## കേരള സർക്കാരിന്റെ ഇടപെടലുകൾ

സംഘടനകളുടെയും റസിഡൻഷ്യൽ സ്ഥാപനങ്ങളുടെയും പദ്ധതികളുടെയും ശൃംഖല മുഖേന മുതിർന്നവർക്ക് സാമൂഹ്യ സുരക്ഷിതത്വം നൽകുന്നത് സാമൂഹ്യ നീതി വകുപ്പും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമാണ്. ആരോഗ്യകരമായ വാർദ്ധക്യത്തിനായി ഒരു നയം പിന്തുടരുന്നതിനുള്ള ഒരു ശ്രമം എന്നാൽ “ആരോഗ്യകരമായ വാർദ്ധക്യത്തെ പ്രാപ്തമാക്കാനായി പ്രവർത്തനക്ഷമത വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള പ്രക്രിയ“ ആണ്. എല്ലാ ജനങ്ങൾക്കും അവർ വിലമതിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നതിനെയാണ് പ്രവർത്തനക്ഷമത എന്ന് അർത്ഥമാക്കുന്നത് (ഡബ്ല്യു.എച്ച്ഒ.)

1. മനസ്സിലാക്കാനും വളർച്ചയ്ക്കും തീരുമാനങ്ങൾ എടുക്കാനും
2. ചലനാത്മകമാകാനും
3. ബന്ധങ്ങൾ ഉണ്ടാക്കാനും നിലനിർത്താനും
4. സമൂഹത്തിനു സംഭാവന നൽകാനും ഒരു വ്യക്തിക്ക് ഉണ്ടാകേണ്ട കഴിവുകളാണ് ഒരു വ്യക്തിക്ക് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുവാൻ വേണ്ടത്.

## സംസ്ഥാന വയോജന നയം 2013

സംസ്ഥാനത്തെ 60 വയസ്സിനു മേൽ പ്രായമുള്ള എല്ലാവരുടെയും താല്പര്യ സംരക്ഷണം സമൂഹത്തിന്റെ ചുമതലയായി ഈ നയം വിഭാവനം ചെയ്യുന്നു. മുതിർന്ന പൗരന്മാർക്ക് അർഹമായ സ്നേഹവും ബഹുമാനവും നൽകുന്നതോടൊപ്പം അവരുടെ ആരോഗ്യം സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകേണ്ടതുമാണ്. മുതിർന്നവർക്ക് യോജിക്കുന്ന തൊഴിലുകൾ കണ്ടെത്തി അഭിമാനപൂർവ്വം സമൂഹത്തിലെ ഒരംഗമായി കഴിയാനുള്ള സാഹചര്യം ഒരുക്കാനും ശ്രമിക്കേണ്ടതുണ്ട്. മുതിർന്നവരുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ സംബന്ധിച്ചും നയത്തിൽ പ്രതിപാദിക്കുന്നു.

## മുതിർന്നവരുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന കേരളത്തിലെ സ്ഥാപനങ്ങൾ

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ 16 സർക്കാർ വൃദ്ധ മന്ദിരങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ 11 ഹോമുകളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറികൊടുക്കുകയും ഇതിനായുള്ള പദ്ധതി തുകയും തദ്ദേശ ഭരണ സ്ഥാപനം മുഖേനതന്നെ അനുവദിച്ചുവരുന്നു. സംസ്ഥാന ഗവൺമെന്റിന്റെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി 630 വൃദ്ധസദനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഓർഫനേജസ് ആന്റ് അതർ ചാരിറ്റബിൾ ഹോംസ് ആക്ട് 1960 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ് ഈ ഹോമുകൾ. സായംപ്രഭ ഹോമുകൾ പകൽ പരിപാലന കേന്ദ്രങ്ങളാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന പകൽ പരിപാലന കേന്ദ്രങ്ങളിൽ കെയർ പ്രൊവൈഡർ, യോഗ ക്ലാസുകൾ, ധ്യാന ക്ലാസ്സുകൾ, വിനോദ സൗകര്യങ്ങൾ, ഫർണിച്ചറുകൾ,

**പട്ടിക 6.3.4** 2015-16 മുതൽ 2019-20 വരെ കേരളത്തിലെ വൃദ്ധാസദനങ്ങളിൽ വയോജനങ്ങളുടെ എണ്ണം

| വർഷം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|
| കേരളത്തിലെ വൃദ്ധാസദനങ്ങളിൽ വയോജനങ്ങളുടെ എണ്ണം | 17499 | 19149 | 27272 | 28029 | 28021 |

അവലംബം: സാമൂഹിക നീതി ഡയറക്ടറേറ്റ്

വീൽചെയറുകൾ എന്നീ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തി മെച്ചപ്പെടുത്തുന്നു. നിലവിൽ 82 പകൽ പരിപാലന കേന്ദ്രങ്ങൾ സായംപ്രഭ ഹോമുകളായി മെച്ചപ്പെടുത്തിയിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം മാതൃകാ സായംപ്രഭ ഹോമുകളായി പ്രവർത്തിക്കുന്നു. (മുതിർന്നവർക്കുള്ള വിവിധ സേവന പകൽ പരിപാലന കേന്ദ്രം). ഈ കേന്ദ്രങ്ങൾ അടിയന്തിരമായി ആവശ്യമുള്ള സേവനങ്ങൾ നൽകുകയും ഒരു പ്രതിബന്ധമുക്ത സംവിധാനം ലഭ്യമാക്കുന്നതിന് അവർക്ക് ആവശ്യമുള്ള സമയങ്ങളിൽ പിന്തുണ നൽകുകയും ചെയ്യുന്നു. പകൽ സമയത്ത് ഏകാന്തത അനുഭവിക്കുന്ന മുതിർന്നവർക്ക് ആശ്വാസം നൽകാനും പകൽ പരിപാലനകേന്ദ്രങ്ങൾ അവസരം ഒരുക്കുന്നു.

ആരോഗ്യമില്ലാത്ത മുതിർന്നവരുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്നവയാണ് വൃദ്ധ മന്ദിരങ്ങളും പകൽ പരിപാലന കേന്ദ്രങ്ങളും. ഈ സ്ഥാപനങ്ങളിലേക്ക് പ്രവേശനത്തിനായി സ്ഥാപനത്തിന്റെ സൂപ്രണ്ടിന് അപേക്ഷ നൽകേണ്ടതും ജില്ലാ പ്രൊബേഷൻ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവേശനം അനുവദിക്കുകയും ചെയ്യുന്നു.

**പട്ടിക 6.3..4** പ്രകാരം വൃദ്ധജനങ്ങളെ വൃദ്ധാസദനത്തിലേക്ക് അയയ്ക്കുന്ന സംസ്കാരം കേരളത്തിൽ വളരെ വേഗത്തിൽ വർദ്ധിച്ചു വരുന്നു. എന്നാൽ 2019-20-ൽ 4 വൃദ്ധ സദനങ്ങൾ മാനസികാരോഗ്യ പുനരധിവാസ കേന്ദ്ര ങ്ങളാക്കി മാറ്റിയിട്ടുള്ളതിനാലും ബന്ധുക്കൾ വീട്ടുകളിലേക്ക് കൊണ്ടുപോയതിനാലും മരണം മൂലവും എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്.

## കേരളത്തിലെ മുതിർന്ന പൗരന്മാരുടെ പരിപാലന ക്ഷേമ ചട്ടങ്ങൾ, 2008

ഈ ചട്ടങ്ങൾ പ്രകാരം സ്വയം പരിപാലനം നടത്താൻ കഴിയാത്ത മുതിർന്ന പൗരന്മാർക്ക പരിപാലനത്തിനായി മെയിന്റനൻസ് ട്രിബ്യൂണലിനെ സമീപിക്കാവുന്നതാണ്. ഈ ചട്ടങ്ങൾ പ്രകാരം ഓരോ സബ് ഡിവിഷനിലും മെയിന്റനൻസ് ട്രിബ്യൂണലിന്റെ പ്രെസൈഡിങ്ങ് ഓഫീസർ ആയി റെവന്യൂ ഡിവിഷണൽ ഓഫീസർ നിയമിക്കപ്പെടുന്നു. ജില്ലാ കളക്ടർമാരെ ഓരോ ജില്ലയുടെയും അപ്പലേറ്റ് ട്രിബ്യൂണലിന്റെ പ്രെസൈഡിങ്ങ് ഓഫീസർമാരായി നിയമിച്ചിരിക്കുന്നു. ഓരോ ജില്ലയുടെയും പരിപാലന ഓഫീസറായി ജില്ലാ സാമൂഹ്യനീതി ഓഫീസർ നിർദേശിക്കപെട്ടിരിക്കുന്നു

## വാർധക്യകാല പെൻഷൻ പദ്ധതി

ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ പദ്ധതി എന്നത് (IGNOAPS) 60 വയസിനും അതിനുമുകളിലുമുള്ളവർക്കും ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്നവർക്കുമുള്ള ഒരു നോൺ-കോൺട്രിബ്യൂട്ടറി വാർധക്യകാല പെൻഷൻ പദ്ധതിയാണ്. 60-75 വയസ് പ്രായമുള്ള എല്ലാ ഐ.ജി.എൻ.ഒ.എ.പി.എസ്. ഗുണഭോക്താക്കൾക്കും പ്രതിമാസം 1,400 രൂപ പെൻഷൻ ലഭിക്കുന്നു. 75 വയസ്സും അതിനുമുകളിലും ഉള്ളവർക്ക് പ്രതിമാസ പെൻഷൻ ആനുകൂല്യം 1,500 രൂപയും ലഭിക്കുന്നു. ഇതിൽ 60 നും 79 നും ഇടയിൽ പ്രായമുള്ളവർക്ക് 200 രൂപയും 80 വയസ്സിനും അതിനുമുകളിലും പ്രായമുള്ളവർക്ക് 500 രൂപയുമാണ് കേന്ദ്രസർക്കാർ നൽകുന്ന തുക. ബാക്കി തുക സംസ്ഥാന സർക്കാർ നൽകുന്നു. 2019-20-ൽ 6,022.54 കോടി രൂപ സംസ്ഥാന വിഹിതമായും 225.66 കോടി രൂപ കേന്ദ്ര വിഹിതമായും ഇതിനായി വിനിയോഗിച്ചിട്ടുണ്ട്.

മറ്റു സാമൂഹ്യ ക്ഷേമ പെൻഷനുകൾക്കൊപ്പം ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷനും തദ്ദേശ സ്ഥാപനങ്ങളാണ് കൈകാര്യം ചെയ്യുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി അപേക്ഷകൾ സ്വീകരിച്ച് തുടർനടപടികൾക്ക് ശേഷം പദ്ധതിപ്രകാരമുള്ള പെൻഷൻ അനുവദിക്കുന്നു. സംസ്ഥാനത്തെ മൊത്തം സാമൂഹ്യ സുരക്ഷാ പെൻഷൻകാരുടെ 52.89 ശതമാനം വരുന്ന വാർദ്ധക്യ പെൻഷൻ പദ്ധതിയിൽ 25.98 ലക്ഷം ഗുണഭോക്താക്കളുണ്ട്.

പ്രതിമാസ പെൻഷൻ 2016 -ൽ 1,000 രൂപയിൽ നിന്ന് 2020 -ൽ 1,300 രൂപയായി ഉയർത്തി. സംസ്ഥാന സർക്കാർ 100 ദിവസത്തെ പദ്ധതി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ഇത് 1,400 രൂപയായി ഉയർത്തിയിട്ടുണ്ട് (**ചിത്രം 6.3.2**).

## പൊതുഗതാഗത സംവിധാനത്തിലെ സംവരണം

സംസ്ഥാന സർക്കാർ മുതിർന്ന പൗരന്മാർക്ക് സംസ്ഥാന റോഡ് ഗതാഗത സ്ഥാപനങ്ങളിലെ ബസുകളിലെ 20% സീറ്റുകൾ റിസർവേഷൻ ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ട്രാൻസ്പോർട്ട് ബസുകളിലും ഇത് നടപ്പാക്കുന്നു. കെഎസ്ആർടിസിയിലെ 8 സീറ്റുകൾ മുതിർന്ന

**ചിത്രം 6.3.2** ഒരു ഗുണഭോക്താവിന്റെ വാർദ്ധാക്യകാല പെൻഷൻ തുക, 2015 മുതൽ 2020 വരെ, രൂപയിൽ




*അവലംബം: സേവന പെൻഷൻ , ഇൻഫോർമേഷൻ കേരള മിഷൻ*

പൗരന്മാർക്കായി നീക്കിവച്ചിരിക്കുന്നു. 60 വയസ്സിനു മുകളിലുള്ള ഇന്ത്യൻ പൗരത്വമുള്ള മുതിർന്ന പൗരന്മാർക്ക് വിമാനമാർഗ്ഗം ആഭ്യന്തര യാത്രയ്ക്കുള്ള സാമ്പത്തിക നിരക്കിൽ 50 ശതമാനം ഇളവ് ലഭിക്കും. മുതിർന്ന പൗരന്മാർക്ക് ട്രെയിൻ നിരക്കിൽ 50 ശതമാനം ഇളവ് ലഭിക്കും

## സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ

### വയോജന സൗഹൃദ പഞ്ചായത്തുകൾ

സംസ്ഥാന വയോജന നയം, 2013 ന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതിയാണ് വയോജന സൗഹൃദ പഞ്ചായത്ത്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും വയോജന സൗഹൃദ പഞ്ചായത്തുകളായി മാറ്റിയെടുത്ത് വയോജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യവും പങ്കാളിത്തവും ഉറപ്പാക്കി അവരുടെ ജീവിതനിലവാരം ഉയർത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

### വയോമിത്രം

കേരള സാമൂഹ്യ സുരക്ഷ മിഷൻ വയോമിത്രം പരിപാടി 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും എല്ലാ ജില്ലകളിലുമായി നടപ്പാക്കുന്നുണ്ട്. കേരള സാമൂഹിക സുരക്ഷാ മിഷൻ സംസ്ഥാനത്തെ കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സിന് മുകളിലുള്ള പ്രായമായവർക്ക് ആരോഗ്യ പരിരക്ഷയും പിന്തുണയും നൽകുന്ന വയോമിത്രം പദ്ധതി നടപ്പാക്കുന്നു. മൊബൈൽ ക്ലിനിക്കുകൾ മുഖേന ആരോഗ്യ പരിശോധനയും ചികിത്സയും. സാന്ത്വന പരിപാലനം, കൗൺസിലിംഗ്, പ്രായമായവരുടെ സഹായ കേന്ദ്രങ്ങൾ എന്നിവ വഴി സൗജന്യ മരുന്നുകൾ വയോമിത്രം പരിപാടി നൽകുന്നു. അതാതു പ്രദേശത്തെ തദ്ദേശഭരണസ്ഥാപനവുമായി ഒരു സംയുക്ത സംരംഭമായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഓരോ മൊബൈൽ യൂണിറ്റിലും മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവർ ഉൾപ്പെടുന്നു. പദ്ധതി പ്രദേശത്തെ കിടപ്പു രോഗികൾക്ക് സാന്ത്വന പരിചരണ സേവനം നൽകുന്നു. പ്രത്യേക പരിശീലനം ലഭിച്ച നഴ്സുമാരുടെയും ജെ.പി.എച്ച്.എൻ മാരുടെയും സേവനം ലഭ്യമാണ്. വയോമിത്രം കോ-ഓർഡിനേറ്റർമാർ ഈ പ്രദേശത്തെ ആവശ്യമുള്ള വയോജനങ്ങൾക്കു സഹായ കേന്ദ്രത്തിന്റെ സേവനം നൽകും. വയോജനങ്ങൾക്കു വയോമിത്രം ഓഫീസിൽ നിന്ന് സഹായം ലഭ്യമാകാൻ കഴിയും. ഈ പദ്ധതി പ്രകാരം, ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ, ദന്തസംരക്ഷണ ക്യാമ്പുകൾ, വിനോദ പരിപാടികൾ എന്നിവ വർഷം തോറും നടത്തി വരുന്നു. 2019-20 -ൽ ഗുണഭോക്താക്കളുടെ എണ്ണം 2,79,635 ആണ്.

### വയോ അമൃതം

ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന അംഗങ്ങളുടെ ചികിത്സയ്ക്കായി ഭാരതീയ ചികിത്സ വകുപ്പിന്റെ (ഐ.എസ്.എം) സഹായത്തോടെ സർക്കാർ വൃദ്ധസദനങ്ങളിൽ സാമൂഹ്യനീതി വകുപ്പ് ഈ പരിപാടി ഏറ്റെടുത്തു നടപ്പിലാക്കി. പ്രമേഹ രോഗങ്ങൾ, ആസ്ത്മ, ത്വക് രോഗങ്ങൾ, വാതം, കണ്ണ്, ചെവി രോഗങ്ങൾ തുടങ്ങിയ ആരോഗ്യപ്രശ്നങ്ങളാണ് ചികിത്സിക്കുന്ന കേസുകളിൽ ഭൂരിഭാഗവും. ആരോഗ്യ പരിചരണത്തിൽ കൗൺസിലിംഗും സാന്ത്വന പരിചരണവും ഉൾപ്പെടുന്നു. ഈ പദ്ധതി പ്രകാരം സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള സർക്കാർ വൃദ്ധ മന്ദിരങ്ങളിലെ അന്തേവാസികൾക്കായുള്ള ആയുർവേദ ചികിത്സ നൽകുന്നു. ഒരു ഡോക്ടറുടെയും അറ്റൻഡറുടെയും

സഹായം ഈ അന്തേവാസികൾക്കു നൽകുന്നു. ഈ പദ്ധതി പ്രകാരം 2019–20 –ൽ സർക്കാർ വൃദ്ധ സദനങ്ങളിലെ 813 അന്തേവാസികൾക്ക് ആയുർവ്വേദ ചികിത്സ നൽകി.

### മന്ദഹാസം

മുതിർന്ന പൗരന്മാർക്ക് സൗജന്യമായി പല്ല് നൽകുന്ന സാമൂഹ്യ നീതി വകുപ്പിന്റെ പദ്ധതിയാണ് മന്ദഹാസം. പല്ലുകൾ നഷ്ടപ്പെട്ടശേഷം പ്രായമായവർ നേരിടുന്ന പോഷകാഹാരവും ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ കുറയ്ക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഗുണഭോക്താക്കൾക്ക് ചികിത്സ ലഭ്യമാക്കാൻ കഴിയുന്ന ഡന്റൽ കോളേജുകളുടെയും ഡെന്റൽ ട്രീറ്റ് സെന്ററുകളുടെയും ലിസ്റ്റ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. നിലവാരവും മാനദണ്ഡവും ഉറപ്പാക്കുന്നതിലൂടെ കൃത്രിമ പല്ലിന്റെ ഗുണനിലവാരവും ചികിത്സയുടെ ഗുണനിലവാരവും ഉറപ്പാക്കും. ബിപിഎൽ വിഭാഗത്തിൽ വരുന്ന മുതിർന്ന പൗരന്മാർക്ക് ഈ പദ്ധതിയിലൂടെ സഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഒരു ഗുണഭോക്താവിന് അയ്യായിരം രൂപയാണ് പരമാവധി സാമ്പത്തിക സഹായം ലഭിക്കുക. 2019–20 –ൽ 514 മുതിർന്നവർക്ക് സഹായം നൽകിയിട്ടുണ്ട്.

### സായംപ്രഭ പദ്ധതി – മുതിർന്ന പൗരന്മാർക്കായുള്ള സമഗ്ര പദ്ധതി

സാമൂഹ്യ നീതി വകുപ്പിന്റെ സംരംഭമായ സായംപ്രഭ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പകൽ പരിപാലന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നു. മറ്റു ക്ഷേമ പ്രവർത്തനങ്ങളും വിവിധ പശ്ചാത്തലങ്ങളിലും വിവിധ രൂപത്തിലും മുതിർന്നവർക്കെതിരെയുണ്ടാകുന്ന അധിക്ഷേപങ്ങൾ സംബന്ധിച്ച് ബോധവത്ക്കരണ പരിപാടിയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. മുതിർന്നവരുടെ ക്ഷേമത്തിനായുള്ള വിവിധ പ്രവർത്തനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നു. വയോസംഗമം, മന്ദഹാസം, വയോമധുരം, പ്രവർത്തന ക്ഷമമായതും ആരോഗ്യപരമായതുമായ വാർദ്ധക്യം സംബന്ധിച്ച ബോധവത്ക്കരണ പരിപാടി, പശ്ചാത്തല സൗകര്യങ്ങളും ഓഫീസുകളും വയോജന സൗഹൃദമാക്കുക കൂടാതെ സ്കൂൾ / കോളേജ് വിദ്യാർത്ഥികൾക്ക് വാർദ്ധക്യത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുക എന്നിവ ഈ പദ്ധതിയുടെ പ്രവർത്തനങ്ങളാണ്. നിംഹാൻസ് വഴി വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് സൈക്കോ സോഷ്യൽ കെയർ കൂടാതെ അന്തേവാസികൾക്ക് യോഗ തെറാപ്പിയും പദ്ധതി പ്രകാരം നൽകുന്നു.

### വയോമധുരം

ഇന്ത്യയിൽ പ്രമേഹരോഗികൾ കൂടുതലുള്ള സംസ്ഥാനം കേരളമാണ്. കേരളത്തിലെ മുതിർന്നവരിൽ 80 ശതമാനം പേരും പ്രമേഹരോഗികളാണ്. വയോജന സൗഹൃദ സംസ്ഥാന മാക്കുന്നതിന്റെ ഭാഗമായി 'വയോമധുരം' എന്ന പുതിയ പദ്ധതി ആരംഭിച്ചു. ഇതിൻ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുതിർന്ന പ്രമേഹ രോഗികൾക്ക് ഗ്ലൂക്കോ മീറ്ററുകൾ സൗജന്യമായി നൽകുന്നു.

## കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ

### രാഷ്ട്രീയ വയോശ്രീ യോജന

2011 സെൻസസ് പ്രകാരം ഇന്ത്യയിലെ മുതിർന്ന പൗരന്മാരുടെ ജനസംഖ്യ 10.38 കോടിയാണ്. ഇതിൽ 1.13 കോടി 80 വയസ്സിനു മുകളിലുള്ളവരാണ്. 70 ശതമാനത്തിലധികം പേരും രാജ്യത്തിന്റെ ഗ്രാമീണ മേഖലയിൽ താമസിക്കുന്നവരാണ്. വാർദ്ധക്യപരമായി പല തരത്തിലുള്ള വൈകല്യങ്ങൾ മൂലം ബുദ്ധിമുട്ടുന്നവരാണ് 5.2 ശതമാനം മുതിർന്നവർ. ജനസംഖ്യ ഘടനയിലുണ്ടായ പെട്ടെന്നുള്ള മാറ്റവും ദീർഘായുസ്സും ആരോഗ്യ സംരക്ഷണത്തിനുള്ള മുൻകരുതലുകളും മറ്റു വികസന സൂചകങ്ങളും കാരണം ഇന്ത്യയിലെ ജനസംഖ്യ പ്രായമായിക്കൊണ്ടിരിക്കുന്ന ഒരു പ്രതിഭാസത്തിലേക്ക് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 2026 ആകുമ്പോഴേക്കും മുതിർന്നവരുടെ ജനസംഖ്യ 17.3 കോടി ആയേക്കാമെന്നാണ് സൂചിപ്പിക്കുന്നത്. ബിപിഎൽ വിഭാഗത്തിൽപെടുന്ന പ്രായപരിധി മൂലമുള്ള വൈകല്യങ്ങളുള്ള മുതിർന്ന പൗരന്മാർക്ക് ഈ കേന്ദ്ര ഗവൺമെൻറ് സ്കീം സഹായവും സഹായ ഉപകരണങ്ങളും നൽകുന്നു. കാഴ്ച, കേൾവി, പല്ല്, ലോക്കോമോട്ടോർ എന്നീ വൈകല്യങ്ങളെ/ രോഗങ്ങളെ അഭിമുഖീകരിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

### പ്രായമായവർക്ക് വയോശ്രേഷ്ഠ സമ്മാൻ അവാർഡ്

മുതിർന്നവരുടെ ക്ഷേമത്തിനായി വിവിധങ്ങളായ സേവനങ്ങൾ ചെയ്യുന്ന പ്രശസ്തരായ മുതിർന്നവർ, സ്ഥാപനങ്ങൾ എന്നിവയെ അംഗീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. എല്ലാ വർഷവും ഒക്ടോബർ 1 ലോകമെമ്പാടും അന്താരാഷ്ട്ര വയോജന ദിനമായി ആഘോഷിക്കുന്നു. ഇതിന്റെ ഭാഗമായി സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം എല്ലാ വർഷവും വിവിധ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുകയും മുതിർന്ന പൗരന്മാർ, സംഘടനകൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് വയോശ്രേഷ്ഠ സമ്മാൻ അവാർഡ് നൽകുകയും ചെയ്യുന്നു. പ്രായമായവരുടെ പ്രശ്നങ്ങൾക്കും ആവശ്യങ്ങൾക്കും സമൂഹത്തെ ബോധവൽക്കരിക്കുകയും പ്രായമായവരോടുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധതയെ ഊന്നിപ്പറയുകയും മുതിർന്ന പൗരന്മാർ നൽകുന്ന സേവനങ്ങളെ അംഗീകരിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

## കാഴ്ചപ്പാട്

പ്രായമായവരുടെ ജീവിത സാഹചര്യങ്ങളും ജീവിത ക്രമീകരണങ്ങളും, അവരുടെ ഉൽപാദനക്ഷമതയും സമൂഹത്തിന് നൽകുന്ന മറ്റ് സംഭാവനകളും സാമൂഹിക സംരക്ഷണത്തിനും ആരോഗ്യ പരിപാലനത്തിനുമുള്ള അവരുടെ ആവശ്യങ്ങളും വിലയിരുത്തുന്നതിൽ ജനസംഖ്യാ വാർദ്ധക്യത്തെക്കുറിച്ചുള്ള പുതിയ നടപടികളും ആശയങ്ങളും നിർണായക സ്വാധീനം ചെലുത്തുന്നു. വ്യക്തികളുടെ പരമാവധി പ്രവർത്തന ശേഷി നിലനിർത്തുന്നതിന് ആജീവനാന്ത ആരോഗ്യവും പ്രതിരോധ പരിചരണവും പ്രോത്സാഹിപ്പിക്കുന്നത് ആരോഗ്യവും ക്ഷേമവും മെച്ചപ്പെടുത്താൻ സഹായിക്കും. വിദ്യാഭ്യാസ ആരോഗ്യരംഗങ്ങളിൽ കൂടുതൽ തുക വിനിയോഗിക്കുന്നതിലൂടെ ആജീവനാന്ത പഠനം ഉൾപ്പെടെ എല്ലാവർക്കും ക്ഷേമം, ഉൽപാദനക്ഷമത മെച്ചപ്പെടുത്താനും സാമ്പത്തിക വളർച്ച നിലനിർത്താനും കഴിയും. മതിയായ ആനുകൂല്യങ്ങളോടെ സാർവത്രിക സാമൂഹിക സംരക്ഷണം ഉറപ്പാക്കുന്നതിലൂടെ ദാരിദ്ര്യം, അസമത്വം എന്നിവ കുറയ്ക്കുകയും സാമൂഹിക ഉൾപ്പെടുത്തലിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള സുസ്ഥിര വികസനം കൈവരിക്കുന്നതിന് നിലവിലുള്ളതും ഭാവിയിലുമുള്ള ജനസംഖ്യാ ചലനാത്മകത കണക്കിലെടുത്തുകൊണ്ടുള്ള നയങ്ങളും പരിപാടികളും ആവശ്യമാണ്.

അദ്ധ്യായം

07

# തൊഴിൽ, തൊഴിൽ സാധ്യതകൾ

അദ്ധ്യായം
07

# തൊഴിൽ, തൊഴിൽ സാധ്യതകൾ

## 7.1 തൊഴിലും തൊഴിലാളി ക്ഷേമവും

ഓരോ വ്യക്തിയുടെയും ജീവിതത്തിന്റെ ഒരു ഭാഗവും, വ്യക്തിയുടെ അന്തസിന് നിർണ്ണായകവും മനുഷ്യ സമൂഹത്തിന്റെ ഉന്നമനത്തിനും, വികസനത്തിനും ആധാരവും ആണ് തൊഴിൽ. തൊഴിൽ പ്രദേശങ്ങളുടെയും, മേഖലകളുടെയും പരിഗണനാടിസ്ഥാനത്തിലല്ലാതെ തന്നെ തൊഴിലാളികളെ, വേഗത്തിലും, ഉയർന്ന തലത്തിൽ ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് നീക്കം നടത്തിയും, സാമൂഹ്യ സാമ്പത്തിക മേഖലകളിൽ മികച്ച നേട്ടം കൊയ്യാൻ കേരളത്തിനായിട്ടുണ്ട്. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ 2019 –ലെ വാർഷിക റിപ്പോർട്ട് അനുസരിച്ച് സാമ്പത്തിക വളർച്ച എന്നത് തൊഴിലവസരങ്ങൾ സൃഷ്ടിച്ചെടുക്കുക മാത്രമല്ല, തൊഴിലിടങ്ങളിൽ സ്വാതന്ത്ര്യം, സുരക്ഷ അന്തസ്സ് എന്നിവ കൂടി സംരക്ഷിക്കപ്പെടണം എന്ന് സൂചിപ്പിക്കുന്നു. കേരളത്തിലെ തൊഴിൽ നീക്കം എളുപ്പമാക്കുന്ന സാഹചര്യങ്ങളാണ് സ്വാതന്ത്ര്യം, സുരക്ഷിതമായ തൊഴിലിടങ്ങളും, സംസ്ഥാനത്തിന്റെ ബോധപൂർവ്വമായ നയങ്ങളും, സാമൂഹ്യ സുരക്ഷാ നെറ്റ് വർക്കുകളും. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ കാർഷിക–കാർഷികേതര മേഖലകളിലെ ദിവസ വേതനം വളരെ ഉയർന്നതാണ്. അതുപോലെ തന്നെ ശരാശരി ദിവസ വേതനം കേരളത്തിൽ ഉയർന്നതായതിനാലാണ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അതിഥി തൊഴിലാളികൾ ഇവിടേക്ക് ആകർഷിക്കപ്പെടുന്നത്. എന്നിരുന്നാലും സംസ്ഥാനം അധിക തൊഴിലവസരങ്ങളും, തൊഴിൽ–തീവ്രമായ സാമ്പത്തിക വളർച്ചയും സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. ഇത് പൂർത്തീകരിക്കുന്നതിനായി തൊഴിൽ ശക്തിയെ കുറഞ്ഞ മൂല്യ വർദ്ധിത മേഖലകളിൽ നിന്നും ഉയർന്ന മൂല്യ വർദ്ധിത മേഖലകളിലേക്ക് മാറ്റേണ്ടതുണ്ട്. കേരളത്തിലെ ഗ്രാമങ്ങളിലും നഗരങ്ങളിലും പുതിയ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന രീതിയിലുള്ള സമഗ്രമായ വളർച്ച കൈവരിക്കുക എന്നതാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.

### കേരളത്തിലെ തൊഴിലാളികളും, തൊഴിൽ ശക്തിയും

കേരളത്തിലെ തൊഴിൽ ശക്തിയുടെ/സേനയുടെ സ്ഥിതി വിവരകണക്കുകൾ തൊഴിൽ സേന പങ്കാളിത്ത നിരക്ക്, തൊഴിലാളി ജനസംഖ്യ നിരക്ക് (വർക്കർ പോപ്പുലേഷൻ റേഷ്യോ), പ്രതിദിന വേതന നിരക്ക്, വ്യാവസായിക ബന്ധങ്ങളിലെ പ്രവണതകൾ തുടങ്ങിയ സൂചകങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയും. പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2018–19 (PLFS) ന്റെ നിർവ്വചന മനുസരിച്ച് "തൊഴിൽ ശക്തി/സേന എന്നത് തൊഴിലെടുക്കുകയോ, തൊഴിൽ തേടികൊണ്ടിരിക്കുകയോ, തൊഴിൽ ലഭ്യമായിട്ടുള്ളതോ ആയ വ്യക്തികളാണ്". തൊഴിൽ ശക്തി അല്ലെങ്കിൽ സാമ്പത്തികമായി സജീവമായ ആയ ജനങ്ങൾ എന്നത്, ഉല്പാദന പ്രവർത്തനങ്ങൾക്കായി നിലവിലെ തൊഴിൽ ശക്തിയെ പ്രദാനം ചെയ്യലാണ്". തൊഴിൽ പങ്കാളിത്ത നിരക്ക് എന്നാൽ "മൊത്തം ജന സംഖ്യയിലെ തൊഴിൽ സേനയുടെ ശതമാനമാണ്."

**പട്ടിക 7.11**–ൽ ഇന്ത്യയിലെയും, കേരളത്തിലെയും 2017–18, 2018–19 വർഷങ്ങളിലെ തൊഴിൽ സേന പങ്കാളിത്ത നിരക്ക് കാണിച്ചിരിക്കുന്നു. 2017–18 വർഷത്തെ അപേക്ഷിച്ച്, കേരളത്തിലെയും പൊതുവിൽ ഇന്ത്യയിലെയും എല്ലാ പ്രായത്തിലുമുള്ള എൽ. എഫ്. പി. ആർ. 2018–19 –ൽ വർദ്ധിച്ചിട്ടുണ്ട്. 2018–19 –ൽ കേരളത്തിലെ എൽ.എഫ്.പി.ആർ (എല്ലാ പ്രായത്തിലും) ഇന്ത്യയിലെ എൽ.എഫ്. പി. ആർ നിരക്കിനേക്കാൾ കൂടുതലാണ്. (37.5) കേരളത്തിലെ സ്ത്രീ–പുരുഷ മേഖലയിലെ എൽ.എഫ്.പി. നിരക്ക് ഇന്ത്യൻ ശരാശരിയേക്കാൾ കൂടുതലാണ്.

**പട്ടിക 7.1.1** തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) (ശതമാനം) യുഷ്വൽ സ്റ്റാറ്റസ് അനുസരിച്ച്

| ക്രമ നം. | വയസ്സ് | ഗ്രാമം | | | നഗരം | | | ഗ്രാമം + നഗരം | | | ഗ്രാമം | | | നഗരം | | | ഗ്രാമം + നഗരം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | വ്യക്തി | ആൺ | പെൺ | വ്യക്തി | ആൺ | പെൺ | വ്യക്തി | ആൺ | പെൺ | വ്യക്തി | ആൺ | പെൺ | വ്യക്തി | ആൺ | പെൺ | വ്യക്തി |
| | | ഇന്ത്യ 2017–18 | | | | | | | | | കേരളം 2017–18 | | | | | | | | |
| 1 | 15–29 വയസ്സ് | 58.9 | 15.9 | 38.1 | 58.5 | 17.5 | 38.5 | 58.8 | 16.4 | 38.2 | 55.1 | 20.8 | 37.2 | 48.4 | 27.6 | 37.8 | 52.2 | 23.6 | 37.4 |
| 2 | 15–59 വയസ്സ് | 80.2 | 26.6 | 53.6 | 80.1 | 22.3 | 51.6 | 80.2 | 25.3 | 53 | 79.5 | 31.1 | 53.6 | 78.1 | 33 | 53.6 | 78.9 | 31.9 | 53.6 |
| 3 | 15 വയസ്സിന് മുകളിൽ | 76.4 | 24.6 | 50.7 | 74.5 | 20.4 | 47.6 | 75.8 | 23.3 | 49.8 | 71.1 | 25.9 | 46.6 | 68.9 | 27.3 | 46.4 | 70.1 | 26.5 | 46.5 |
| 4 | എല്ലാ പ്രായത്തിലും ഉൾപെട്ടവർ | 54.9 | 18.2 | 37 | 57 | 15.9 | 36.8 | 55.5 | 17.5 | 36.9 | 54.1 | 20.7 | 36.4 | 53.6 | 22.1 | 36.8 | 53.9 | 21.3 | 36.6 |
| | | ഇന്ത്യ 2018–19 | | | | | | | | | കേരളം 2018–19 | | | | | | | | |
| 5 | 15–29 വയസ്സ് | 58.8 | 15.8 | 37.8 | 58.6 | 17.1 | 38.7 | 58.8 | 16.2 | 38.1 | 43.3 | 23 | 32.9 | 51.6 | 29.1 | 39.9 | 47 | 25.8 | 36 |
| 6 | 15–59 വയസ്സ് | 80.6 | 28.3 | 54.5 | 79.6 | 22.5 | 51.6 | 80.3 | 26.5 | 53.6 | 76.5 | 35.5 | 54.6 | 79.9 | 35 | 55.4 | 78.1 | 35.2 | 55 |
| 7 | 15 വയസ്സിന് മുകളിൽ | 76.4 | 26.4 | 51.5 | 73.7 | 20.4 | 47.5 | 75.5 | 24.5 | 50.2 | 71 | 31.3 | 49.7 | 71.4 | 29.7 | 48.8 | 71.2 | 30.6 | 49.3 |
| 8 | എല്ലാ പ്രായത്തിലും ഉൾപെട്ടവർ | 55.1 | 19.7 | 37.7 | 56.7 | 16.1 | 36.9 | 55.6 | 18.6 | 37.5 | 56.9 | 25 | 39.7 | 56.3 | 24.2 | 39.2 | 56.6 | 24.6 | 39.5 |

*ഉറവിടം: പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ - 2017-18, 2018-19*

**ചിത്രം 7.1.1.** ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലാളി ജനസംഖ്യാ അനുപാതം (ഗ്രാമീണ–നഗര)




*ഉറവിടം: പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ - 2017-18, 2018-19*

## വർക്കർ പോപ്പുലേഷൻ റേഷ്യോ (WPR)

തൊഴിൽ സ്ഥിതി വിലയിരുത്തുന്നതിനുള്ള ഒരു സൂചനകമാണ് വർക്കർ പോപ്പുലേഷൻ റേഷ്യോ. ഇത് വഴി ഒരു സമ്പദ് വ്യവസ്ഥയിലെ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ട്, സാധന സേവനങ്ങളുടെ ഉല്പാദനങ്ങളിൽ എത്ര പേർ സജീവമായി പങ്കാളിയാകുന്നു എന്ന് മനസ്സിലാക്കാം.

**ചിത്രം 7.1.1–ൽ** ഇന്ത്യയിലെയും കേരളത്തിലെയും (ഗ്രാമം+നഗരം) മൊത്തത്തിലുള്ള വർക്കർ പോപ്പുലേഷൻ റേഷ്യോ കാണിക്കുന്നു. കേരളത്തിലെ

വർക്കർ പോപ്പുലേഷൻ റേറ്റ് (എല്ലാ പ്രായത്തിലും) ഇന്ത്യൻ ശരാശരിയേക്കാൾ വളരെ മികച്ചതാണ്. കേരളത്തിലെ സ്ത്രീ തൊഴിലാളികളുടെ സാമ്പത്തിക പ്രവർത്തനങ്ങളിലെ ഇടപെടലുകൾ മികച്ച രീതിയിൽ ആണ്, (അതായത് ഇന്ത്യൻ ശരാശരിയേക്കാൾ കൂടുതൽ) എന്നിരുന്നാലും ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക്, പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്കിനേക്കാൾ കുറവാണ്. 2017–18, 2018–19 വർഷങ്ങളിലെ ഇന്ത്യയിലെയും കേരളത്തിലെയും തൊഴിൽ പങ്കാളിത്ത നിരക്കിന്റെ താരതമ്യം **അനുബന്ധം** 7.1.1–ൽ ചേർത്തിട്ടുണ്ട്.

## കേരളത്തിലെ വേതന നിരക്ക്

അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (ILO 2018) ഇന്ത്യ വേതന റിപ്പോർട്ട് അനുസരിച്ച് സ്ഥിരമായി ഏറ്റവും ഉയർന്ന കാഷ്വൽ വേതനം ഗ്രാമീണ– നാഗരിക മേഖലയിൽ നൽകി വരുന്ന സംസ്ഥാനങ്ങൾ കേരളം, ജമ്മു കാശ്മീർ, പഞ്ചാബ്, ഹരിയാന എന്നിവയാണ്.

**പട്ടിക** 7.1.2 പ്രകാരം, കേരളത്തിലെ കാഷ്വൽ തൊഴിലാളികളുടെ (ഗ്രാമീണ–നഗര) പ്രതിദിന ശരാശരി വേതനം/ശമ്പളം/വരുമാനം (സി. ഡബ്ല്യു,എസ് ) അഖിലേന്ത്യാ ശരാശരിയേക്കാൾ ഉയർന്നതാണ്. പി.എൽ.എഫ്.എസ്. അനുസരിച്ച് കേരളത്തിലെ ശരാശരി വേതന നിരക്ക് എല്ലാ പാദങ്ങളിലും (ഗ്രാമീണ, നഗര) ഇന്ത്യൻ ശരാശരിയേക്കാൾ ഉയർന്നതാണ്. ഏറ്റവും പ്രധാന വസ്തുത കേരളത്തിലെ കാഷ്വൽ തൊഴിലാളികളുടെ നിലവിലുള്ള വേതനം ഇന്ത്യയിൽ നിലവിലുള്ള വേതനത്തേക്കാൾ 65 ശതമാനം വരെ കൂടുതലാണ്. കേരളത്തിലെ സ്ത്രീ തൊഴിലാളികളുടെ വേതന നിരക്ക്, പുരഷന്മാരെ അപേക്ഷിച്ച് കുറവാണ് എങ്കിലും ഇന്ത്യ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ വേതനം 50 ശതമാനത്തോളം ഉയർന്നു നില്ക്കുന്നു. ഇന്ത്യയിലെയും, കേരളത്തിലെയും 2018–2019 വർഷങ്ങളിലെ വേതന നിരക്ക് **അനുബന്ധം 7.1.2, 7.1.3**–ൽ കൊടുത്തിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള വേതനം കാഷ്വൽ സ്വയംതൊഴിൽ മേഖലയിൽ ഇന്ത്യൻ ശരാശരിയേക്കാൾ വളരെ മികച്ചതാണ് (**പട്ടിക 7.1.2**).

## തൊഴിലില്ലായ്മ

മൊത്തം തൊഴിൽ ശക്തിയിൽ തൊഴിലില്ലാതെ നിൽക്കുന്നവരുടെ ശതമാനമാണ് തൊഴിലില്ലായ്മ നിരക്ക്. യൂഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസ് പ്രകാരം (എല്ലാ പ്രായത്തിലും) ഇന്ത്യയിൽ നിലവിലുള്ള തൊഴിലില്ലായ്മ നിരക്ക് 5.8 ശതമാനമാണ്. കേരളത്തിലെ സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണ്.

ഈ പട്ടിക സൂചിപ്പിക്കുന്ന പ്രകാരം കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിക്കുന്നതിന്റെ പ്രധാന കാരണം ഇവിടത്തെ സ്ത്രീ–പുരുഷന്മാർക്ക് ലഭിച്ചിട്ടുള്ള ഉയർന്ന വിദ്യാഭ്യാസവും അതിനനുസൃതമായുള്ള ജോലി ലഭ്യതക്കുറവുമാണ്. എന്നിരുന്നാലും കേരളത്തിലെ 2017–18 ലെ 11.4 ശതമാനം തൊഴിലില്ലായ്മയിൽ നിന്നും 2018–19–ൽ 9 ശതമാനമാക്കി കുറയ്ക്കാൻ കേരളത്തിനായി. ഇന്ത്യയിലും 2017–18 വർഷത്തെ അപേക്ഷിച്ച് തൊഴിലില്ലായ്മ നിരക്കിൽ 2018–19 –ൽ അൽപം കുറവ് വന്നിട്ടുണ്ട്.

## കേരളത്തിലെ ഫാക്ടറി തൊഴിലാളികൾ

കേരളത്തിൽ പ്രവർത്തിച്ച കൊണ്ടിരിക്കുന്ന ഫാക്ടറികളുടെ എണ്ണത്തിലുള്ള വർദ്ധനവിന്റെ തോത് കുറവാണെങ്കിലും എണ്ണം വർദ്ധിച്ച കൊണ്ടിരിക്കുന്നുണ്ട്. അതായത് 2014–ൽ 21764 ഫാക്ടറികളാണ് കേരളത്തിൽ പ്രവർത്തിച്ചിരുന്നതെങ്കിൽ 2020–ൽ ഇതിന്റെ എണ്ണം 24468 ആയി ഉയർന്നിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാക്ടറികളുടെ **ചിത്രം** 7.1.2–ൽ കൊടുത്തിട്ടുണ്ട്. അത് പോലെ തന്നെ കേരളത്തിൽ ഫാക്ടറീസ് ആന്റ്

**പട്ടിക** 7.1.2 താത്കാലിക (കാഷ്വൽ) തൊഴിലുകളിൽ നിന്നുള്ള ശരാശരി വരുമാനം (CWS) (Rs.0.00)

| കാലയളവ് | സംസ്ഥാനം | ഗ്രാമം | | | നഗരം | | | ഗ്രാമം+നഗരം | | |
|---|---|---|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| ജൂലൈ– സെപ്റ്റംബർ, 2018 | കേരളം | 641.83 | 357.79 | 598.79 | 710.13 | 422.76 | 676.4 | 664.82 | 375.6 | 624.23 |
| | ഇന്ത്യ | 276.92 | 170.1 | 253.93 | 342.15 | 204.73 | 319.3 | 287.88 | 174.54 | 264.38 |
| ഒക്ടോ– ഡിസം, 2018 | കേരളം | 659.41 | 377.8 | 605.64 | 678.44 | 365.85 | 649.06 | 666.26 | 375.43 | 620.16 |
| | ഇന്ത്യ | 286.84 | 185.64 | 264.63 | 348.76 | 226.25 | 331.24 | 297.86 | 190.26 | 275.59 |
| ജനുവരി– മാർച്ച്, 2019 | കേരളം | 677.53 | 403.4 | 651.61 | 684.01 | 332.02 | 649.73 | 680.07 | 374.84 | 650.87 |
| | ഇന്ത്യ | 287.36 | 190.23 | 267.42 | 357.53 | 220.22 | 339.15 | 299.08 | 193.44 | 278.56 |
| ഏപ്രിൽ –ജൂൺ, 2019 | കേരളം | 732.17 | 388.32 | 697.18 | 680.32 | 372.25 | 648.27 | 710.77 | 381.59 | 676.96 |
| | ഇന്ത്യ | 297.44 | 199.24 | 278.62 | 367.65 | 244.15 | 351.82 | 309.77 | 204.49 | 290.7 |

*ഉറവിടം: പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ - 2017-18, 2018-19*

**പട്ടിക 7.1.3** ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലില്ലായ്മ നിരക്ക് (ശതമാനം)

| ക്രമ നം. | വയസ്സ് | ഗ്രാമം | | | നഗരം | | | ഗ്രാമം+നഗരം | | | ഗ്രാമം | | | നഗരം | | | ഗ്രാമം+നഗരം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| | | ഇന്ത്യ 2017–18 | | | | | | | | | കേരളം 2017–18 | | | | | | | | |
| 1 | 15–29 വയസ്സ് | 17.4 | 13.6 | 16.6 | 18.7 | 27.2 | 20.6 | 17.8 | 17.9 | 17.8 | 20.5 | 61.7 | 32.5 | 27.4 | 65.2 | 41.5 | 23.3 | 63.4 | 36.3 |
| 2 | 15–59 വയസ്സ് | 6.3 | 4 | 5.7 | 7.3 | 11.3 | 8.2 | 6.6 | 6 | 6.5 | 6.6 | 21.3 | 11.2 | 7.5 | 29 | 14.7 | 7 | 24.8 | 12.7 |
| 3 | 15 വയസ്സും അതിനു മുകളിലും | 5.7 | 3.8 | 5.3 | 6.9 | 10.8 | 7.7 | 6.1 | 5.6 | 6 | 5.9 | 19.6 | 10 | 6.6 | 27.4 | 13.2 | 6.2 | 23.2 | 11.4 |
| 4 | എല്ലാ വയസ്സിലും | 5.8 | 3.8 | 5.3 | 7.1 | 10.8 | 7.8 | 6.2 | 5.7 | 6.1 | 5.9 | 19.6 | 10 | 6.6 | 27.5 | 13.2 | 6.2 | 23.2 | 11.4 |
| | | ഇന്ത്യ 2018–19 | | | | | | | | | കേരളം 2018–19 | | | | | | | | |
| 5 | 15–29 വയസ്സ് | 16.6 | 13.8 | 16 | 18.7 | 25.7 | 20.2 | 17.2 | 17.7 | 17.3 | 23.4 | 57.8 | 35.8 | 23.1 | 53.1 | 34.6 | 23.3 | 55.4 | 35.2 |
| 6 | 15–59 വയസ്സ് | 6 | 3.8 | 5.4 | 7.4 | 10.3 | 8.3 | 8 | 5.5 | 6.2 | 5.6 | 17.8 | 9.9 | 6.0 | 20.7 | 11.0 | 5.8 | 19.1 | 10.4 |
| 7 | 15 വയസ്സും അതിനു മുകളിലും | 5.5 | 3.5 | 5.0 | 7.0 | 9.8 | 7.6 | 6.0 | 5.1 | 5.8 | 4.7 | 15.6 | 8.4 | 5.2 | 18.8 | 9.7 | 4.9 | 17 | 9.0 |
| 8 | എല്ലാ വയസ്സിലും | 5.6 | 3.5 | 5.0 | 7.1 | 9.9 | 7.7 | 6.0 | 5.2 | 5.8 | 4.7 | 15.6 | 8.4 | 5.2 | 18.8 | 9.7 | 5.0 | 17.1 | 9.0 |

*ഉറവിടം: പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ - 2017-18, 2018-19*

**ചിത്രം 7.1.2** കേരളത്തിലെ ഫാക്ടറികളുടെ എണ്ണം




*ഉറവിടം: ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, കേരള സർക്കാർ*

ബോയിലേഴ്സ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം **പട്ടിക 7.1.4**–ൽ കൊടുത്തിട്ടുണ്ട്. **പട്ടിക 7.1.5** പ്രകാരം, ഫാക്ടറികളിലെ മാരകമായ അപകടങ്ങളുടെ എണ്ണം കുറയുന്നുണ്ട്, എന്നാൽ വർഷം തോറും ഉള്ള മാരകമല്ലാത്ത അപകടങ്ങൾ കുറക്കാൻ കഴിഞ്ഞില്ല. ഇത് മുൻ കരുതൽ നടപടികൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു.

**പട്ടിക 7.1.4** ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം

| വർഷം | തൊഴിലാളികൾ |
|---|---|
| 2014 | 646923 |
| 2015 | 688199 |
| 2016 | 702129 |
| 2017 | 678058 |
| 2018 | 698679 |
| 2019 | 726195 |
| 2020 | 702901 |

ഉറവിടം: ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, കേരള സർക്കാർ

**പട്ടിക 7.1.5** കേരളത്തിലെ വ്യാവസായിക അപകടങ്ങൾ, 2013–2020 കാലയളവിൽ, (എണ്ണം)

| അപകടങ്ങൾ | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | ജൂലൈ 31, 2020 വരെ |
|---|---|---|---|---|---|---|---|---|
| ഗുരുതരമായവ | 414 | 274 | 131 | 156 | 180 | 187 | 162 | 82 |
| നിസാരമായവ | 365 | 370 | 341 | 297 | 507 | 405 | 307 | 146 |

ഉറവിടം: ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, കേരള സർക്കാർ

## ഫാക്ടറി തൊഴിലാളികളുടെ സുരക്ഷ

ഫാക്ടറി തൊഴിലാളികളുടെ സുരക്ഷ ഫാക്ടറി പരിസരത്ത് താമസിക്കുന്ന പൊതു ജനങ്ങളുടെയും, ഫാക്ടറി തൊഴിലാളികളുടെയും സുരക്ഷ, ക്ഷേമം, ആരോഗ്യം തുടങ്ങിയവ ഉറപ്പ് വരുത്തുന്നതിനുള്ള ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയാണ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്. വകുപ്പ് ഇതിനായി നിരവധി നിയമങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

2020–21 (ജൂലൈ 30 വരെ) മേജർ ആക്സിഡന്റ് ഹസാർഡ് (MAH) ഫാക്ടറികളിൽ 3 പ്രയോറിറ്റി ഇൻസ്പെക്ഷനുകൾ, ഹസാർഡസ് ഫാക്ടറികളിൽ സോഷ്യലിസ്റ്റ് ഇൻസ്പെക്ടർമാർ മുഖേന 6 പരിശോധനകളും, അത് കൂടാതെ ഫാക്ടറി പരിസരത്ത് ജീവിക്കുന്ന പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും, തൊഴിലാളികൾക്കും വകുപ്പ് പരിശീലനങ്ങളും സംഘടിപ്പിക്കാറുണ്ട്. 2020-ലെ കോവിഡ് മഹാമാരിമൂലം വകുപ്പിന് അതിന്റെ പല തുടർ പരിപാടികളും സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. മറ്റ് വിശദാംശങ്ങൾ **അനുബന്ധം 7.1.4** –ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 7.1.5** പ്രകാരം, ഫാക്ടറികളിലെ മാരകമായ അപകടങ്ങളുടെ എണ്ണം കുറയുന്നുണ്ട്, എന്നാൽ വർഷം തോറും ഉള്ള മാരകമല്ലാത്ത അപകടങ്ങൾ കുറക്കാൻ കഴിഞ്ഞില്ല. ഇത് മുൻ കരുതൽ നടപടികൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു.

## വ്യാവസായിക തർക്കങ്ങൾ

പരാതികൾ ഉന്നയിക്കുന്നതിനും, ജീവനക്കാരനും തൊഴിലുടമയും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള ഒരു വേദി ഉണ്ടാകുക എന്നത് സംസ്ഥാനത്തിലെ തൊഴിൽപരമായ ബന്ധം ഉറപ്പുവരുത്തുന്നതിന് അത്യാവശ്യമാണ്. സംഘടിത മേഖലയ്ക്ക് മാത്രമായി 1947 ലെ വ്യാവസായിക തർക്ക നിയമം ഇത്തരത്തിലുള്ള പ്രശ്ന പരിഹാരത്തിന് നിയമപരമായ ചട്ടക്കൂട് നൽകുന്നു. അത് പോലെ തന്നെ ജോലിയിൽ നിന്ന് പിൻവലിക്കലും, പിരിച്ചുവിടലും ഇത് നിയന്ത്രിക്കുന്നു. തർക്കങ്ങളുടെ പരിഹാര നിരക്കിലും പുരോഗതിയുണ്ടായിട്ടുണ്ട്. 2014–15 –ൽ കൈകാര്യം ചെയ്ത ആകെ തർക്കങ്ങൾ 5,445 ഉം ഇതേ കാലയളവിൽ പരിഹരിച്ച തർക്കങ്ങൾ 2,242 ഉം ആണ്, അതായത് കൈകാര്യം ചെയ്ത തർക്കങ്ങളുടെ 41 ശതമാനം പരിഹരിച്ചു. 2019–20 –ൽ, കൈകാര്യം ചെയ്ത തർക്കങ്ങളുടെ എണ്ണം 6676 ഉം തീർപ്പാക്കിയത് 3537 ഉം ആണ്, അതായത് മൊത്തം കൈകാര്യം ചെയ്ത തർക്കങ്ങളുടെ 52 ശതമാനം പരിഹരിക്കപ്പെട്ടു.

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വ്യാവസായിക തർക്കങ്ങളുടെ വാർഷിക ശരാശരി 6500–ൽ കൂടുതലാണെങ്കിലും ഒരു വർഷത്തിൽ ശരാശരി പുതിയ തർക്കങ്ങളുടെ എണ്ണം 4000 ആയിരുന്നു. കേരളത്തിലെ വ്യാവസായിക തർക്കങ്ങളുടെയും പരിഹാരങ്ങളുടെയും വിശദാംശങ്ങൾ **അനുബന്ധം 7.1.5** ലും, സെറ്റിൽമെന്റ് നിരക്കിന്റെ പ്രവണത **ചിത്രം 7.1.3** ലും കൊടുത്തിരിക്കുന്നു.

വിവിധ കാരണങ്ങളാൽ കേരളത്തിൽ നഷ്ടപ്പെട്ട ആകെ തൊഴിൽ ദിനങ്ങൾ **പട്ടിക 7.1.6** കാണിക്കുന്നു. സമരങ്ങൾ, ലോക്കൗട്ടുകൾ, ജോലിയിൽ നിന്ന് പിരിച്ചുവിടൽ എന്നിവയാണ് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാനുണ്ടായ പ്രധാന കാരണങ്ങൾ. കേരളത്തിലെ പണിമുടക്കുകളുടെ വിശദാംശങ്ങൾ **അനുബന്ധം 7.1.6** –ൽ നൽകിയിരിക്കുന്നു.

**ചിത്രം 7.1.3** 2014-15 മുതൽ 2019-20 വരെയുള്ള വ്യാവസായിക സെറ്റിൽമെന്റിന്റെ നിരക്ക് (ശതമാനത്തിൽ)




*ഉറവിടം: ഫാക്ടറികളും ബോയിലറുകളും വകുപ്പ്, കേരള സർക്കാർ*

**പട്ടിക 7.1.6** വിവിധ കാരണങ്ങളാൽ കേരളത്തിൽ നഷ്ടപ്പെട്ട ആകെ തൊഴിൽ ദിനങ്ങൾ

| വർഷം | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 (ആഗസ്റ്റ് 31, 2020 വരെ) |
|---|---|---|---|---|---|---|---|---|
| തീർപ്പ് കല്പിക്കാനുള്ളവ | 8 | 11 | 4 | 0 | 1 | 1 | 1 | 1 |
| തർക്കങ്ങളുടെ എണ്ണം | 10 | 5 | 7 | 5 | 1 | 2 | 1 | 0 |
| ആകെ | 18 | 16 | 11 | 5 | 2 | 3 | 2 | 1 |
| സമരം മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ | 2,68,947 | 94,021 | 2,21,619 | 59,692 | 1,41,120 | 1,46,696 | 1,81,500 | 94,500 |
| ലോക്കൗട്ട് മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ | 3,53,002 | 2,91,964 | 3,18,250 | 5,26,302 | 6,08,789 | 5,93,546 | 5,64,975 | 3,20,922 |
| പിരിച്ചുവിടൽ മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ | 26,691 | 68,337 | 72,935 | 4,24,650 | 5,28,930 | 4,73,044 | 4,59,715 | 3,38,872 |

*ഉറവിടം: ഫാക്ടറികളും ബോയിലറുകളും വകുപ്പ്, കേരള സർക്കാർ*

## കേരളത്തിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ

### എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് (ഇഎസ്ഐ) പദ്ധതി

രോഗങ്ങൾ, അംഗവൈകല്യങ്ങൾ, എന്നിവയുണ്ടായാൽ ജീവനക്കാർക്ക് പരിരക്ഷ നൽകുക, ജോലിയുമായി ബന്ധപ്പെട്ട അപകടത്തിൽ മരണപ്പെട്ട തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ സഹായം നൽകുക, പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾ നൽകുക എന്നിവയാണ് ഗവൺമെന്റിന്റെ ഇ.എസ്.ഐ പദ്ധതി യുടെ ഉദ്ദേശ്യം. 948 ലെ ഇഎസ്ഐ ആക്റ്റിനെ അടിസ്ഥാനമാക്കിയുള്ളതാണ് സമഗ്രമായ സാമൂഹ്യ സുരക്ഷാ വ്യവസ്ഥകൾ. വൈദ്യുതി ഉപയോഗിക്കുന്നതും, പത്തോ അതിലധികമോ തൊഴിലാളികളെ നിയമിക്കുന്ന സീസണൽ ഇതര ഫാക്ടറികളിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരും, അല്ലെങ്കിൽ 20 ഓ അതിൽ കൂടുതൽ തൊഴിലാളികളെയോ നിയമിക്കുന്ന ഫാക്ടറികളിലെയും എല്ലാ ജീവനക്കാരും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കൂടാതെ ഷോപ്പുകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, സിനിമ, റോഡ് മോട്ടോർ ട്രാൻസ്പോർട്ട് സ്ഥാപനങ്ങൾ, പത്ര സ്ഥാപനങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്നവരും ഇതിൽ ഉൾപ്പെടുന്നു. ഇൻഷ്വർ ചെയ്ത ഓരോ ജോലിക്കാരനും അവരുടെ തൊഴിലുടമയും അവരുടെ വേതനത്തിന്റെ ഒരു നിശ്ചിത ശതമാനം ഓരോ മാസവും ESIC ലേക്ക് സംഭാവന ചെയ്യേണ്ടതുണ്ട്. തൊഴിലാളികളുടെ വേതനപരിധി

നിരക്ക് കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നു. മിക്ക സാമൂഹിക സുരക്ഷാ പദ്ധതികളെയും പോലെ ESI സ്കീം പ്രവർത്തിക്കുന്നു. ഇതൊരു സ്വാശ്രയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ്. പരിരക്ഷിത ജീവനക്കാരിൽ നിന്നും അവരുടെ തൊഴിലുടമകളിൽ നിന്നും വേതനത്തിന്റെ ഒരു നിശ്ചിത ശതമാനം ഇതിലേക്ക് സംഭാവന ആയി എടുക്കുന്നു. ഇ.എസ്.ഐ ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും എണ്ണം **അനുബന്ധം 7.1.7–ൽ** കൊടുത്തിരിക്കുന്നു.

### കേരളത്തിലെ തൊഴിലാളി ക്ഷേമം

ഏതൊരു സമ്പദ്‌വ്യവസ്ഥയുടെയും അടിസ്ഥാനം അതിന്റെ തൊഴിൽ ശക്തിയാണ്, അവരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നത് വ്യാവസായിക അഭിവൃദ്ധിക്കും, സാമൂഹിക ക്ഷേമത്തിനും ഒഴിച്ചുകൂടാനാവാത്തതാണ്. അത് പോലെ തന്നെ സാമ്പത്തിക വികസനത്തിന് പ്രധാനമാണ് നിക്ഷേപകന്റെയും വ്യാവസായിക സ്ഥാപനങ്ങളുടെയും നിലനിൽപ്പും എന്നതിനാൽ ഈ രണ്ട് താൽപര്യങ്ങൾക്കിടയിലും ഒരു സമന്വയം വരുത്തുന്നതിന് സർക്കാരിന്റെ പങ്ക് വളരെ അത്യാവശ്യമാണ്.

കേരളത്തിൽ, തൊഴിൽ വകുപ്പിന്റെ മേധാവിയാണ് ലേബർ കമ്മീഷണർ, 14 ജില്ലാ ലേബർ ഓഫീസർമാരും 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും അടങ്ങുന്ന അഡീഷണൽ ലേബർ കമ്മീഷണറുടെ (എൻഫോഴ്സ്മെന്റ് ) നേതൃത്വത്തിലുള്ള ഒരു എൻഫോഴ്സ്മെന്റ് വിഭാഗത്തെ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം സ്ഥാപനങ്ങളുടെ പരിശോധന നടത്താൻ ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കെല്ലാം മേഖലാടിസ്ഥാനത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് മേഖലാ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാന തലത്തിൽ ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ, അഡീഷണൽ ലേബർ കമ്മീഷണറും (എൻഫോഴ്സ്മെന്റ് ) ചുമതല വഹിക്കുന്നു.

തൊഴിൽ സൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിനും, തൊഴിലാളികൾക്ക് നിയമപരമായി അർഹമായ ശമ്പളത്തോടെയുള്ള പ്രതിവാര അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിട സൗകര്യം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ യഥാവിധി ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നു. കൂടാതെ, അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പാക്കാനും വേതന സംരക്ഷണ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. വേതനസംരക്ഷണ സംവിധാനം (ഡബ്ല്യുപിഎസ് )/ഇ–പേയ്മെന്റ് കേരളത്തിലെ തൊഴിൽ വകുപ്പിന്റെ ഒരു പ്രധാന പദ്ധതിയാണ്, ഇത് തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നതും, വേതനം ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതും, അത്തരം വിതരണങ്ങൾ നിരീക്ഷിക്കാനും ലക്ഷ്യമിടുന്നു.

### തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ

തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ തൊഴിൽ വകുപ്പ് പ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാനത്ത് നിലവിലുള്ള 28 തൊഴിൽ ക്ഷേമ ബോർഡുകളിൽ (ഉറവിടം: ലേബർ കമ്മീഷണറേറ്റ്) 16 വെൽഫെയർ ഫണ്ട് ബോർഡുകൾ തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു, അതത് തൊഴിൽ മേഖലയ്ക്ക് ക്ഷേമത്തിനായുള്ള വിവിധ സൗകര്യങ്ങൾ നൽകുന്നത് ഉറപ്പാക്കാൻ ഈ ബോർഡുകൾക്ക് കഴിയുന്നു. മറ്റു ബോർഡുകൾ കൃഷി, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്നു. തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമ ബോർഡുകൾ **പട്ടിക 7.1.7**–ൽ പരാമർശിച്ചിരിക്കുന്നു.2020 ജനുവരി വരെ ഈ 16 ക്ഷേമ ബോർഡുകളിലായി 79,03,233 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്

### കേരളത്തിലെ അനൗപചാരിക തൊഴിലാളികളുടെ സാമൂഹിക സംരക്ഷണം

കേരളത്തിലെ അനൗപചാരിക മേഖലയിലെ തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി, വകുപ്പ് നിരവധി ക്ഷേമപദ്ധതികൾ നടപ്പാക്കുന്നു.

### 1.അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹിക സംരക്ഷണം

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹികവും സാമ്പത്തികവുമായ സംരക്ഷണം ലക്ഷ്യമിടുന്നതാണ് പദ്ധതി. ഈ സ്കീമിന് ഇനിപ്പറയുന്ന മൂന്ന് ഘടകങ്ങളുണ്ട്:

**(എ) അസംഘടിത പ്രതിദിന വേതന ജീവനക്കാരുടെ ദുരിതാശ്വാസ ഫണ്ട്**

ദൈനംദിന വേതന തൊഴിലാളികളുടെ നിർവചനത്തിൽ ഉൾപ്പെടുന്ന തൊഴിലാളികൾക്കും മറ്റ് ക്ഷേമപദ്ധതികളുടെ പരിധിയിൽ വരാത്തവർക്കും തൊഴിലിനിടക്ക് പരിക്ക് പറ്റിയവർക്കും 2000 രൂപനിരക്കിൽ ധനസഹായം നൽകുന്നതിന് തൊഴിൽ വകുപ്പ് വഴി നടപ്പാക്കിയ പദ്ധതിയാണ് ഇത്. ഈ പദ്ധതി 2007–08 –ൽ തൊഴിൽ വകുപ്പ് വഴിയാണ് നടപ്പിൽ വരുത്തിയത്.

**(ബി) മരം കയറുന്നവരുടെ വൈകല്യ പെൻഷൻ പദ്ധതി**

മരം കയറുന്ന തൊഴിലാളികളുടെ ക്ഷേമ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിച്ചിരുന്ന, മരണപ്പെട്ട തൊഴിലാളികളുടെ

**പട്ടിക 7.1.7** തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമ ബോർഡുകൾ

| ക്രമ നം | ബോർഡിന്റെ പേര് |
|---|---|
| 1 | കേരള ഈറ്റ കാട്ടുവള്ളി, പന്തനസ് ലീഫ് തൊഴിലാളി വെൽഫെയർ ഫണ്ട് ബോർഡ് |
| 2 | കേരള ഹാൻഡ് ലൂം തൊഴിലാളി വെൽഫെയർ ഫണ്ട് ബോർഡ് |
| 3 | കേരള ബീഡി, സിഗാർ തൊഴിലാളി വെൽഫെയർ ഫണ്ട് ബോർഡ് |
| 4 | കേരള കാർഷിക തൊഴിലാളി വെൽഫെയർ ഫണ്ട് ബോർഡ് |
| 5 | കേരള ആഭരണ തൊഴിലാളി വെൽഫെയർ ഫണ്ട് ബോർഡ് |
| 6 | കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി വെൽഫെയർ ഫണ്ട് ബോർഡ് |
| 7 | കേരള തയ്യൽ തൊഴിലാളി വെൽഫെയർ ഫണ്ട് ബോർഡ് |
| 8 | കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് |
| 9 | കേരള കള്ള് ചെത്ത് തൊഴിലാളി വെൽഫെയർ ഫണ്ട് ബോർഡ് |
| 10 | കേരള അബ്കാരി വെൽഫെയർ ഫണ്ട് ബോർഡ് |
| 11 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സോഷ്യൽ സെക്യൂരിറ്റി ബോർഡ് |
| 12 | കേരള ചെറുകിട തോട്ടം തൊഴിലാളി വെൽഫയർ ഫണ്ട് ബോർഡ് ഓർഗനൈസേഷൻ |
| 13 | കേരള ചുമട്ട് തൊഴിലാളി വെൽഫയർ ബോർഡ് |
| 14 | കേരള ബിൽഡിംഗ്, മറ്റ് കൺസ്ട്രക്ഷൻ തൊഴിലാളി വെൽഫയർ ഫണ്ട് ബോർഡ് |
| 15 | കേരള കശുവണ്ടി തൊഴിലാളി റിലീഫ് ആൻഡ് വെൽഫയർ ഫണ്ട് ബോർഡ് |
| 16 | കേരള ഷോപ്പ്സ് ആൻഡ് എസ്റ്റ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി വെൽഫയർ ഫണ്ട് ബോർഡ് |

ഉറവിടം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

ആശ്രിതർക്ക് പെൻഷൻ നൽകുന്നതിനായി 2012 ജനുവരി ഒന്നിനാണ് ഈ പെൻഷൻ പദ്ധതി അവതരിപ്പിച്ചത്.

**(സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മാതൃത്വ അലവൻസ്**

2011–12 ലാണ് സർക്കാർ ആദ്യമായി ഈ പദ്ധതി ആരംഭിച്ചത്. വിവിധ ക്ഷേമ ഫണ്ട് ബോർഡുകൾ നൽകുന്ന പ്രസവാനുകൂല്യങ്ങൾ നൽകുന്നതിന് ഒരു ഏകീകൃത മാനദണ്ഡം കൊണ്ട് വരുകയും, പ്രസവാനുകൂല്യം മിനിമം വേതനം ആയി നിശ്ചയിക്കുകയും ചെയ്തു. പ്രസവാനുകൂല്യത്തിന്റെ തുക വിവിധ ക്ഷേമ ഫണ്ട് ബോർഡുകൾ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നുണ്ട്, അത് അവരുടെ അഭ്യർത്ഥന പ്രകാരം സർക്കാർ ബോർഡുകൾക്ക് തിരികെ നൽകും.

### 2. എസ്റ്റേറ്റ് തൊഴിലാളികളുടെ ആശ്വാസനിധി

അപകടത്തിൽ മരണപ്പെടുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ നിയമാനുസൃത അനന്തരവകാശിക്ക് ഒറ്റത്തവണ സാമ്പത്തിക സഹായമായി 25,000 രൂപ നൽകുന്നതിനുള്ള പദ്ധതിയാണിത്.

### പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള ധനസഹായം

പരമ്പരാഗത തൊഴിൽമേഖലയായ ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും, കശുവണ്ടി. കയർ, കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ്, കരകൗശല നിർമ്മാണം തുടങ്ങിയ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് 1,250 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. കയർ, ഫിഷറീസ് തുടങ്ങിയ വകുപ്പുകൾ, അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡുകൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

### കോവിഡ് ലോക്ക്ഡൗൺ: തൊഴിലാളികൾക്കുള്ള സഹായം

തൊഴിലാളി ക്ഷേമ ബോർഡുകൾ തൊഴിലാളികൾക്ക് എക്സ് ഗ്രേഷ്യ സാമ്പത്തിക സഹായം പ്രഖ്യാപിച്ചു. നേരിട്ടുള്ള സാമ്പത്തിക സഹായത്തിനുപുറമെ, ചില ബോർഡുകൾ പലിശരഹിത വായ്പകളും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതുവരെ പ്രഖ്യാപിച്ചിട്ടില്ലെങ്കിലും തൊഴിലാളികൾക്ക് വരുമാന സഹായം നൽകാനും നിർദ്ദേശമുണ്ട്.

1. ചുമട്ട് തൊഴിലാളി വെൽഫെയർ ബോർഡിലെ എല്ലാ അംഗങ്ങൾക്കും ഏപ്രിൽ 14, 2020 ന് മുമ്പ് ബോണസ് നൽകി. 2, 43, 504 അംഗങ്ങൾക്കായി ഇപ്രകാരം 30 കോടി രൂപ ചെലവഴിച്ചു.
2. വർഷം പൂർത്തിയാക്കുകയും 2018 ൽ അംഗത്വം പുതുക്കുകയും ചെയ്ത എല്ലാ അംഗങ്ങൾക്കും നിർമാണ ക്ഷേമ ബോർഡ് ₹1,000 നൽകി. അത്തരം 15 ലക്ഷത്തോളം അംഗങ്ങളുണ്ടായിരുന്നു, ഇതിനായി 200 കോടി രൂപ ചെലവഴിച്ചു.
3. വിവിധ വിഭാഗത്തിലുള്ള മോട്ടോർ തൊഴിലാളികൾക്കായി **പട്ടിക 7.1.8** –ൽ നൽകിയിരിക്കുന്ന പ്രകാരം തുക മോട്ടോർ

വർക്കേഴ്സ് വെൽഫെയർ ബോർഡ് ചെലവഴിച്ചു.

1. അബ്കരി വർക്കേഴ്സ് വെൽഫെയർ ബോർഡ് 5,000 രൂപ വരെ ബാർ തൊഴിലാളികൾക്ക് സഹായമായും 10,000 രൂപ വരെ പലിശരഹിത വായ്പയായും വിതരണം ചെയ്തു.
2. ആശുപത്രികൾ, പെട്രോൾ പമ്പുകൾ, ഗ്യാസ് ഏജൻസികൾ, കേരള ഷോപ്പുകളും വാണിജ്യ സ്ഥാപനങ്ങളും ലേബർ വെൽഫെയർ ബോർഡുകളിൽ അംഗങ്ങളായ സ്വയംതൊഴിൽ ചെയ്യുന്നവർക്കും 1,000 രൂപ ധനസഹായം വിതരണം ചെയ്തു. കോവിഡ് ബാധിതർക്ക് 10,000 രൂപയും വിതരണം ചെയ്തു, ഐസൊലേഷനിൽ കഴിയേണ്ടി വന്നവർക്ക് 5,000 രൂപയും സഹായം നൽകി.
3. കോവിഡ്–19 പാൻഡെമിക് ബാധിച്ച, കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്ത അംഗങ്ങൾക്ക് 7,500 രൂപ വിതരണം ചെയ്തു, കോവിഡ്–19 കാരണം ഐസൊലേഷനിൽ കഴിയേണ്ടി വന്നവർക്ക് 1,000 രൂപയും നൽകി.

## അതിഥി തൊഴിലാളികൾ

മിക്ക ആളുകളും ഒരു സ്ഥലത്ത് തന്നെ സ്ഥിരമായി താമസിക്കുന്നു അല്ലെങ്കിൽ ഒരു നിർദ്ദിഷ്ട സ്ഥലത്ത് ഉറച്ച് നിൽക്കുന്നു എന്ന ആശയം ആകർഷകമാകുമെങ്കിലും അത് സാദ്ധ്യമായ ഒന്നല്ല. ചലനാത്മകതയെ പരിമിതപ്പെടുത്തുന്നതോ നിയന്ത്രിക്കുന്നതോ ആയ നിർദ്ദിഷ്ട നയങ്ങളോ മറ്റ് ഘടകങ്ങളോ നിലവിലില്ലെങ്കിൽ മൊബിലിറ്റി എന്നത് എല്ലാ ജനങ്ങളിലും അന്തർലീനമായ സ്വഭാവമാണ്. എന്നിരുന്നാലും, ചില ആളുകൾ മറ്റുള്ളവരേക്കാൾ കൂടുതൽ മറ്റിടങ്ങളിലേക്ക് പോകാൻ താല്പര്യം കാണിക്കുന്നു, മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി, ഓരോ രാജ്യത്തിന്റെയും വികസനത്തിന്റെ നിലവാരവുമായി ഇതിന്അടുത്ത ബന്ധം ഉണ്ട്, ഇത് ഓരോ രാജ്യത്തെയും ജനസംഖ്യ വിതരണവുമായും ബന്ധപ്പെട്ടിരിക്കുന്നു. മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ആന്തരിക കുടിയേറ്റം അളക്കുന്നതിൽ ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും, ലോകത്തുടനീളമുള്ള പാറ്റേണുകൾ താരതമ്യം ചെയ്യാൻ കഴിയുന്ന വിശകലന മോഡലുകളുടെ നിർമ്മാണത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്[1].

പശ്ചിമ ബംഗാൾ, ബീഹാർ, ഒഡീഷ, ഉത്തർപ്രദേശ്, ഛത്തീസ്ഗഢ്, ജാർഖണ്ഡ്, അസം തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള അതിഥി തൊഴിലാളികളുടെ വരവ് സംസ്ഥാനത്തെ തൊഴിൽ മേഖലയിലെ സമീപകാല പ്രവണത കാണിക്കുന്നു. അന്തർ–സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ 1979 –ലെ അന്തർ–സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ തൊഴിൽ, സേവന വ്യവസ്ഥകളുടെ നിയമപ്രകാരം കൈകാര്യം ചെയ്യപ്പെടുന്നു. നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച്, കരാറുകാരൻ തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്ന സംസ്ഥാനത്ത് നിന്ന് (ഒറിജിനൽ സ്റ്റേറ്റ്) റിക്രൂട്ട്മെന്റ് ലൈസൻസും അവർ ജോലി ചെയ്യുന്ന സംസ്ഥാനത്ത് നിന്ന് ഒരു തൊഴിൽ ലൈസൻസും (സ്വീകർത്താവ് സ്റ്റേറ്റ്) വാങ്ങിയിരിക്കണം. തൊഴിലുടമ എന്ന നിലയിൽ നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള വ്യവസ്ഥകൾ ഉറപ്പാക്കാൻ കരാറുകാരനും, പ്രധാന തൊഴിലുടമയും ബാധ്യസ്ഥരാണ്. എന്നാൽ സാധാരണയായി, ഈ തൊഴിലാളികളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ പല കാരണങ്ങൾ കൊണ്ടും കഴിയാറില്ല. മതിയായ ആരോഗ്യ സൗകര്യങ്ങളില്ലാതെ ഈ തൊഴിലാളികൾ ജോലിസ്ഥലത്തിന് സമീപം ശുചിത്വമില്ലാത്ത അവസ്ഥയിൽ കൂട്ടം കൂടി താമസിക്കാൻ നിർബന്ധിതരാകുന്നു. ഇത് മറികടക്കാൻ, കുടിയേറ്റ തൊഴിലാളികൾക്ക് സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കുന്നതിന് കേരള സർക്കാർ ധാരാളം പദ്ധതികളും ഇടപെടലുകളും ആരംഭിച്ചിട്ടുണ്ട്.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും, അതുപോലെ, ബംഗ്ലാദേശിൽ നിന്നും, നേപ്പാളിൽ നിന്നും മറ്റുമായി ഏകദേശം 25 ലക്ഷത്തിൽപരം കുടിയേറ്റ തൊഴിലാളികളാണ് കേരളത്തിലുള്ളതെന്ന് ഡി. നാരായണയുടെ പഠനത്തിൽ (2013) കണക്കാക്കിയിട്ടുണ്ട് – ഇത് സംസ്ഥാനത്തെ ഇപ്പോഴത്തെ ജനസംഖ്യയുടെ ഏകദേശം 7 ശതമാനത്തോളം വരും.[2] ഇത്തരത്തിൽ കുടിയേറുന്നവരിൽ അധികവും 18 വയസ്സിനും

**പട്ടിക 7.1.8** മോട്ടോർ വർക്കേഴ്സ് വെൽഫെയർ ബോർഡ് മോട്ടോർ തൊഴിലാളികൾക്ക് നൽകിയ തുക (രൂപയിൽ)

| വിഭാഗം | തുക രൂപയിൽ |
|---|---|
| സ്റ്റേജ് കാരിയെജ്/ കോൺട്രാക്റ്റ് കാരിയെജ്/ ബസ് തൊഴിലാളി | 5000 |
| ഗുഡ് സ് വാഹന തൊഴിലാളികൾ | 3500 |
| ടാക്സി തൊഴിലാളികൾ | 2500 |
| ഓട്ടോ, ട്രാക്റ്റർ തൊഴിലാളികൾ | 2000 |
| ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളികൾ | 1000 |

[1] A Parson et al.,2007; UN DESA, 2015 - Abridged excerpt of Skeldon, 2018.
[2] Narayana, D. and Venkiteswaran C.S. with M. P. Joseph (2013), "Domestic Migrant Labour in Kerala", a studyconducted by the Gulati Institute of Finance and taxation" submitted to Labour and Rehabilitation Department, Government of Kerala

30 വയസ്സിനും ഇടയിൽ പ്രായമുള്ള പുരുഷ തൊഴിലാളികളാണ്. കിഴക്കൻ ഇന്ത്യൻ സംസ്ഥാനങ്ങളായ പശ്ചിമ ബംഗാൾ, അസം, ഒഡീഷ, ബീഹാർ എന്നിവിടങ്ങളിൽ നിന്നുള്ള പട്ടികജാതി/ പട്ടികവർഗ്ഗ തൊഴിലാളികൾ കുടുംബങ്ങളില്ലാതെയാണ് കുടിയേറുന്നത്. ഈ കുടിയേറ്റ തൊഴിലാളികൾ എല്ലാ മേഖലകളിലെയും തൊഴിലുകളിൽ ഏർപ്പെടുന്നു.

മൈഗ്രേഷൻ സർവേ 2018 പ്രകാരം തൊഴിൽ, മറ്റ് ആവശ്യങ്ങൾ എന്നിവക്കായി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള കുടിയേറ്റം തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേരള മൈഗ്രേഷൻ സർവ്വേ (കെ.എം.എസ് 2018) അനുസരിച്ച് പശ്ചിമ ബംഗാൾ, ഒഡീഷ, അസം, ബീഹാർ, ഉത്തർപ്രദേശ് സംസ്ഥാനങ്ങളിൽ നിന്നായി ഏകദേശം 30 ലക്ഷത്തോളം ആഭ്യന്തര കുടിയേറ്റക്കാർ കേരളത്തിലുണ്ടെന്നാണ് കണക്കാക്കുന്നത്. അത്തരം തൊഴിലാളികൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കുടിയേറുന്നതിനുള്ള ഒരു കാരണം കേരളത്തിലെ അസംഘടിത മേഖലയിൽ പോലും നിലവിലുള്ള ഉയർന്ന വേതന നിരക്കാണ്.

എന്നാൽ ആവാസിനായി രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ (അതിഥി തൊഴിലാളികൾക്കുള്ള സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി) വിവിധ പഠനങ്ങളും, സർവ്വേകളും കണക്കാക്കിയ എണ്ണത്തേക്കാൾ വളരെ കുറവാണ്. ആവാസ് രജിസ്ട്രേഷൻ പ്രകാരം ഓഗസ്റ്റ് 31, 2020 വരെ രജിസ്റ്റർ ചെയ്ത മൊത്തം അതിഥി തൊഴിലാളികളുടെ എണ്ണം 5,07,024 ആണ്. ഈ അതിഥി തൊഴിലാളികൾ കേരളത്തിലെ 14 ജില്ലകളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ കുടിയേറ്റക്കാർ പശ്ചിമ ബംഗാളിൽ നിന്നുള്ളവരാണ്.

വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികളുടെ വിവരങ്ങൾ **ചിത്രം 7.1.4–ൽ** കാണിച്ചിരിക്കുന്നു. സംസ്ഥാനാടിസ്ഥാനത്തിലുള്ള ബ്രേക്ക്അപ്പ് വിശദാംശങ്ങൾ **അനുബന്ധം** 7.1.8–ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അതിഥി തൊഴിലാളികളുള്ളത് എറണാകുളം തിരുവനന്തപുരം എന്നീ ജില്ലകളിലാണ്. മൊത്തം തൊഴിലാളികളിൽ എട്ട് ശതമാനത്തിലധികം വരുന്ന ധാരാളം കുടിയേറ്റ തൊഴിലാളികൾ കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ ആണ് ഉള്ളത്. കേരളത്തിലെ ജില്ല തിരിച്ചുള്ള അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ **ചിത്രം 7.1.5–ൽ** കാണിച്ചിരിക്കുന്നു.

## അതിഥി തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷ

**ആവാസ്:** എല്ലാ അതിഥി തൊഴിലാളികൾക്കും 'ആവാസ്' എന്ന പേരിൽ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി കേരളം ഉറപ്പു നൽകുന്നു. രാജ്യത്ത് മറ്റൊരു സംസ്ഥാനവും നൽകാത്ത 25,000 രൂപ മൂല്യമുള്ള മെഡിക്കൽ ഇൻഷ്വറൻസും 2 ലക്ഷം രൂപ മരണ സഹായവും ലഭിക്കാൻ അവർക്ക് അർഹതയുണ്ട്.
**അപ്നാഘർ:** കുടിയേറ്റ തൊഴിലാളികൾക്ക് ന്യായമായ നിരക്കിൽ താമസ സ്ഥലങ്ങൾ നൽകുന്നതിനായി സർക്കാർ 'അപ്നാഘർ പദ്ധതി' ആരംഭിച്ചു. തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന വേതനം നൽകുന്ന രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. മിക്ക കുടിയേറ്റ തൊഴിലാളികൾക്കും പ്രതിദിനം 600 രൂപയിൽ കുറയാത്ത വേതനം ലഭിക്കുന്നു, കൂടാതെ ഓവർടൈം, ബോണസ്, മറ്റ് നിയമപരമായ ആനുകൂല്യങ്ങൾ എന്നിവയും നൽകുന്നു.

**ചിത്രം** 7.1.4 വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികളുടെ വിവരങ്ങൾ




*ഉറവിടം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ*

**ചിത്രം 7.1.5** ജില്ല തിരിച്ചുള്ള അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ എണ്ണം




*ഉറവിടം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ*

**ബോക്സ് 7.1.2 കോവിഡ്-19 പാൻഡെമിക് അതിഥി തൊഴിലാളികൾക്കായുള്ള, ഇടപെടലുകൾ**

അതിഥി തൊഴിലാളികളെ ഘട്ടംഘട്ടമായി അതാത് ലക്ഷ്യസ്ഥാനങ്ങളിലേക്ക് എത്തിക്കാൻ കേരള സർക്കാർ സഹാനുഭൂതിയോടുകൂടി സജീവമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ജൂൺ 3, 2020 വരെ 102 ട്രെയിനുകൾ 1,38,870 ൽ അധികം (ഒരു ലക്ഷം മുപ്പത്തിയെട്ടായിരത്തി എഴുനൂറ്റി എഴുപത് മാത്രം) തൊഴിലാളികളെ വിവിധ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോയി. അതിഥി തൊഴിലാളികളെ അവരുടെ വീടുകളിലേക്ക് മടക്കി അയയ്ക്കുന്നതിനുള്ള വിശദമായ പദ്ധതി ഇതിനകം തയ്യാറാക്കി, അതനുസരിച്ച് ട്രെയിനുകളിലായി ഷെഡ്യൂൾ ചെയ്തിരുന്നു.

കോവിഡ്-19 കണ്ടെയ്ൻമെന്റ് പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ, ലേബർ കമ്മീഷണറേറ്റ് കോൾ സെന്ററിനൊപ്പം എല്ലാ ജില്ലകളിലും അതിഥി തൊഴിലാളികളുടെ പരാതി പരിഹരിക്കുന്നതിന് 24x7 പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ/കോൾ സെന്ററുകൾ ആരംഭിച്ചു. തൊഴിലാളികളുമായി സംവദിക്കുന്നതിനും അവരുടെ പരാതികൾ പരിഹരിക്കുന്നതിനും വേണ്ടത്ര ബഹുഭാഷാ ഉദ്യോഗസ്ഥരെ കോൾ സെന്ററുകളിൽ വിന്യസിപ്പിച്ചിരുന്നു. കോവിഡ്-19 മഹാമാരി പൊട്ടിപ്പുറപ്പെട്ട സാഹചര്യത്തിൽ, മാർച്ച് 24, 2020 മുതൽ രാജ്യത്ത് അപ്രതീക്ഷിതമായി ലോക്ക്ഡൌൺ പ്രഖ്യാപിച്ചു. ജനസംഖ്യയിൽ മോശമായി ഇത് ഏറ്റവും ബാധിച്ച വിഭാഗങ്ങളിലൊന്ന് കുടിയേറ്റ തൊഴിലാളികളായിരുന്നു എന്ന് നിസ്സംശയം പറയാം. കാരണം ഈ കാലയളവിൽ സാമ്പത്തിക പ്രവർത്തനങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല. അവരിൽ ഭൂരിഭാഗത്തിനും വാടക നൽകാൻ പോലും കഴിഞ്ഞില്ല, അതിന്റെ ഫലമായി അവരിൽ ചിലർ വീട്ടുടമസ്ഥരിൽ നിന്നും കുടിയൊഴിപ്പിക്കൽ നടപടികൾ നേരിട്ട് തെരുവിലാകുകയും ചെയ്തു. ലോക്ക്ഡൗൺ സമയത്ത് ഏകദേശം 5 ലക്ഷം കുടിയേറ്റ തൊഴിലാളികളുണ്ടായിരുന്നു. ഇവർ സംസ്ഥാനത്തൊട്ടാകെയുള്ള 21,556 ക്യാമ്പുകളിൽ അഭയം പ്രാപിച്ചു. ക്യാമ്പുകളിൽ ഭക്ഷണം, വെള്ളം, വിനോദോപാധികൾ ടെലിവിഷൻ, ഗെയിമിംഗ് സൗകര്യങ്ങൾ എന്നിവ നൽകി. ലോക്ക്ഡൗൺ സമയത്ത് തൊഴിൽ വകുപ്പിനെ 2020 മാർച്ച് 29 ന് അവശ്യ സേവനമായി പ്രഖ്യാപിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (ഹോം ആൻഡ് വിജിലൻസ്) നിർദ്ദേശപ്രകാരം ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ ഒരു ടീം രൂപീകരിക്കുകയും, ക്യാമ്പുകളിൽ അഭയം തേടിയ അതിഥി തൊഴിലാളികൾക്ക് സുരക്ഷയും ക്ഷേമ നടപടികളും വ്യാപിപ്പിച്ചു. ലേബർ കമ്മീഷണറേറ്റിൽ ഒരു 'കോവിഡ് വാർ റൂം' സ്ഥാപിക്കുകയും അതിഥി തൊഴിലാളികളെ പരിപാലിക്കുകയും ചെയ്തു. ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ/ഇൻസ്പെക്ടർമാർ ഓഫ് പ്ലാന്റേഷൻ തുടങ്ങിയവരെ ഉൾപ്പെടുത്തി ഫീൽഡ് തലത്തിൽ മറ്റൊരു ടീമിനെയും രൂപീകരിച്ചു. ഈ ക്യാമ്പുകൾ എല്ലാം തന്നെ ജില്ലാ ഭരണകൂടവുമായി സഹകരിച്ച് പ്രവർത്തിച്ചു. തൊഴിൽ വകുപ്പിന്റെ ഇടപെടലിന്റെ ഫലമായി ഒരു അതിഥി തൊഴിലാളിക്ക് പോലും ഭക്ഷണം, കുടിവെള്ളം, മറ്റ് ശാരീരിക സൗകര്യങ്ങൾ എന്നിവ നഷ്ടപ്പെടരുത്

എന്ന രീതിയിൽ  സർക്കാർ മുന്നൊരുക്കം നടത്തി. ഏതെങ്കിലും തരത്തിലുള്ള നിയമവിരുദ്ധ കുടിയൊഴിപ്പിക്കലുകൾക്കെതിരെ കെട്ടിട ഉടമകൾക്ക് കർശന മുന്നറിയിപ്പ് നൽകിയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് കുടുംബശ്രീ നിയന്ത്രിക്കുന്ന 'കമ്മ്യൂണിറ്റി കിച്ചൻ' വഴി തൊഴിലാളികൾക്ക് ഭക്ഷണം നൽകുന്നതിലൂടെ സംസ്ഥാനം മികച്ച മാതൃകയായി. അതിഥി തൊഴിലാളികൾക്ക് മാന്യമായ താമസസൗകര്യം, ഭക്ഷണം, ആരോഗ്യ പരിരക്ഷ, ലോക്ക്ഡൌൺ കാലയളവിൽ അവരുടെ എല്ലാ ആവശ്യങ്ങളും നിവർത്തിച്ച് കൊണ്ട് കേരളം അവരെ പരിപാലിച്ചു.

## കോവിഡ്-19 പാൻഡെമിക് അതിഥി തൊഴിലാളികൾക്കായുള്ള, ഇടപെടലുകൾ

കുടിയേറ്റ മാനേജ്മെന്റിന്റെ കേരള മാതൃക പ്രശംസനീയമായിരുന്നു. ആസൂത്രിതവും സംഘടിതവുമായ തൊഴിൽ ക്ഷേമ സംരംഭങ്ങൾക്ക് അനുയോജ്യമായ ഒരു സംസ്ഥാനമെന്ന നിലയിൽ കേരളം മാതൃകയിട്ടുണ്ട്. മെച്ചപ്പെട്ട മിനിമം വേതനം, മാതൃകാ താമസ സൗകര്യം (അപ്നാ ഘർ സ്കീം), സാമൂഹ്യ സുരക്ഷാ പദ്ധതി വ്യവസ്ഥകൾ (ആവാസ് ) എന്നിവയുൾപ്പെടെ വളരെ നല്ലരീതിയിലുള്ള ഒരു സംഘടിത തൊഴിൽ ക്ഷേമ പരിസ്ഥിതി വ്യവസ്ഥ സംസ്ഥാനത്തുണ്ട്. ഇവിടെ ജോലി ചെയ്യുന്ന കേരളത്തിലെ അതിഥി തൊഴിലാളികൾക്ക് തൊഴിൽ ക്ഷേമാധിഷ്ഠിത സാമൂഹിക വ്യവസ്ഥയുടെ നേട്ടങ്ങളുണ്ട്. തൊഴിൽ മേഖലയിലെ സമാധാനം, വ്യാവസായിക ഐക്യം, കാര്യക്ഷമത, തൊഴിലാളികളുടെ അവകാശങ്ങൾ, പുതിയതും സുതാര്യവുമായ ഒരു തൊഴിൽ സംസ്കാരം എന്നിവയാണ് കേരളം ലക്ഷ്യമിടുന്നത്. ഒരു നല്ല തൊഴിലുടമ-തൊഴിലുടമ ബന്ധം വികസിപ്പിക്കുന്നതിനും, അവകാശങ്ങൾക്കൊപ്പം ജീവനക്കാർക്കിടയിൽ കടമകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പ് ഊന്നൽ നൽകുന്നു. തൊഴിലുടമകളുടെയും, തൊഴിലാളികളുടെയും താൽപ്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കേണ്ടതുണ്ട് എന്നതിനാൽ  വ്യക്തിപരമായ ദിവസങ്ങൾ നഷ്ടപ്പെടാതെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, തൊഴിലാളികൾക്ക് തൊഴിൽ നിയമങ്ങളുടെ പ്രയോജനങ്ങൾ ഉറപ്പാക്കാനുമാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

## 7.2 തൊഴിൽ

### ആഗോള തൊഴിൽ കാഴ്ചപ്പാട്

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ വേൾഡ് എംപ്ലോയ്മെന്റ് ആന്റ് ഔട്ട് ലുക്ക്- ട്രെൻസ് 2020 അനുസരിച്ച് 2009 നും 2018 നും ഇടയിലുള്ള തൊഴിലില്ലായ്മ നിരക്ക് കുറയുന്നത് സ്ഥായിയായി. തൊഴിൽ മേഖലയിലെ വളർച്ച കുറയുന്നത് ആഗോള സാമ്പത്തിക മാന്ദ്യവുമായി ബന്ധപ്പെട്ടാണ്, ഇത് പ്രാധാനമായും ഉല്പാദനമേഖലയിലാണ്. 2019 ലെ 5.4 ശതമാനം ആഗോള തൊഴിലില്ലായ്മ നിരക്ക് തുടർന്നു വരുന്ന രണ്ട് വർഷങ്ങളിലും ഇതേ നിരക്കിൽ തന്നെ തുടരുമെന്ന് വിലയിരുത്തുന്നു. ഈ സ്ഥിതി തുടരുമെങ്കിലും തൊഴിൽ മേഖലയിലെ വേതനവും പ്രചോദനവും തമ്മിലുള്ള പൊരുത്തക്കേടിനെ തുടർന്നു ലോകമെമ്പാടുമുള്ള തൊഴിലില്ലായ്മ 188 ദശലക്ഷം അധികരിച്ചു.

ആഗോള തൊഴിൽ വിപണിയിൽ മാന്യമായ ജോലിലഭിക്കുന്നതിനുള്ള ഭൂമി ശാസ്ത്രപരമായ അസമത്വം ഉൾപ്പെടെ തൊഴിൽ വിപണികൾ ഗണ്യമായ അസമത്വങ്ങൾക്ക് കാരണമാകുന്നു എന്ന് കണ്ടെത്തലുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം സമകാലിക തൊഴിൽ വിപണിയിലെ ലിംഗ അസമത്വവും ഒരു സവിശേഷതയാണ്. മാന്യമായ ജോലിയിലേയ്ക്ക് തുല്യമായി പ്രവേശനം ലഭ്യമാകാത്തതുകാരണം ആഗോളവരുമാനത്തിലെ അസമത്വം മുന്നത്തേതിനേക്കാൾ കൂടുതലാണ്.

കോവിഡ്–19 പാൻഡമിക് തൊഴിൽ വിപണികളിൽ ചെലുത്തിയ സ്വാധീനം കാരണം സ്ഥിതിവിവര കണക്കുകളും പ്രവചനങ്ങളും വലിയ മാറ്റങ്ങൾക്കു വിധേയമായി. ദശലക്ഷ കണക്കിനു ആളുകളുടെ ഉപജീവനത്തെ ബാധിച്ച പകർച്ച വ്യാധി തന്നെയാണ് തൊഴിൽ ലോകത്തേയും ബാധിച്ചത്. ലോകത്തെ സംബന്ധിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങളിൽ കാണാൻ കഴിയുന്നത് കോവിഡ്–19 കാരണം തൊഴിലിടം അടച്ചുപൂട്ടലുകൾക്ക് വിധേയമാകുമ്പോൾ ലോകത്തെമ്പാടുമുള്ള തൊഴിലിൽ വിപണികളെ താറുമാറാക്കുന്നു. ഇത് ജോലി സമയത്തെ നഷ്ടത്തിലേക്ക് നയിക്കുകയും ഈ പ്രവൃത്തി തൊഴിൽ വരുമാനത്തെ ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു. 2019 ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 2020 ലെ ആദ്യ കാലയളവിൽ ആഗോള തൊഴിൽ വരുമാനം 10.7 ശതമാനമായി കുറഞ്ഞതായി കണക്കാക്കുന്നു. മിക്ക രാജ്യങ്ങളിലും തൊഴിലിന്റെ ആപേക്ഷിക ഇടിവ് പുരുഷന്മാരേക്കാൾ സ്ത്രീകൾക്കാണ് കൂടുതൽ സംഭവിച്ചത്.

### തൊഴിൽ രംഗം: ഇന്ത്യയും കേരളവും

പീരിയോഡിക് ലേബർ ഫോർസ് സർവ്വേ (PLFS) പ്രകാരം 2017 ൽ കേന്ദ്ര സർക്കാർ ആരംഭിച്ച പുതിയ സീരീസ് നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ (NSSO)[1] ക്വിൻക്വീനിയൽ എംപ്ലോയ്മെന്റ് ആന്റ് തൊഴിലില്ലായ്മ സർവ്വേകൾ നിർത്തലാക്കുകയും പകരമായി ഇപ്പോൾ വാർഷിക അടിസ്ഥാനമായി കണക്കാക്കുന്നത് ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ആണ്. ദേശീയ തലത്തിലേയും സംസ്ഥാന തലത്തിലേയും തൊഴിലിനെയും തൊഴിലില്ലായ്മയെയുംക്കുറിച്ചുള്ള പ്രാഥമിക വിവരം നൽകുന്നത് പി എൽ എഫ് എസ് ഡാറ്റയാണ്. ഇന്ത്യാ ഗവൺമെന്റിന്റെ രണ്ടാമത്തെ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേയിൽ (PLFS) 2018–19 ലെ റിപ്പോർട്ടാണ് ജൂൺ 2020 മാസത്തിൽ പുറത്തിറക്കിയത്. ഇതിൽ ജൂലൈ 2018 മുതൽ ജൂൺ 2019 വരെ എൻ എസ് ഒ നടത്തിയ സർവ്വേകളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട്

1 അവസാനത്തേത് എൻഎസ്എസ്ഒ 2011-12 ലേതാണ് (68 -മത് റൗണ്ട്)

തയ്യാറാക്കിയിരിക്കുന്നത്. 12,720 എഫ് എസ് യു (6,983 ഗ്രാമങ്ങളും 5,737 നഗര ബ്ലോക്കുകളും) 1,01,579 വീടുകൾ (ഗ്രാമപ്രദേശങ്ങളിൽ 55,812, നഗരപ്രദേശങ്ങളിൽ 45,767), 4,20,757 പേർ (ഗ്രാമപ്രദേശങ്ങളിൽ 2,39,817, നഗരപ്രദേശങ്ങളിൽ 1,80,940) എന്നിവ സർവ്വേയിൽ ഉൾപ്പെടുന്നു. ജനസംഖ്യയെ ആക്ടിവിറ്റി സ്റ്റാറ്റസുകൾ അനുസരിച്ച തരംതിരിക്കുന്നതിനായി സർവ്വേയിൽ സ്വീകരിച്ച യുഷ്വൽ സ്റ്റാറ്റസ് (പി എസ് +എസ് എസ്) സമീപനത്തെയും നിലവിലെ പ്രതിവാര സ്റ്റാറ്റസ് സമീപനത്തെയും അടിസ്ഥാനമാക്കി തൊഴിൽ ശക്തി സൂചകങ്ങളുടെ എസ്റ്റിമേറ്റുകൾ ഈ റിപ്പോർട്ടിൽ അവതരിപ്പിച്ചിരിക്കുന്നു. യൂഷ്വൽ സ്റ്റാറ്റസ് (പി എസ് + എസ് എസ്) സമീപനത്തിനുള്ള റഫറൻസ് കാലയളവ് 1 വർഷവും നിലവിലെ പ്രതിവാര സ്റ്റാറ്റസ് സമീപനത്തിന്റെ കാലയളവ് ഒരാഴ്ചയുമാണ്.

## തൊഴിലില്ലായ്മാ നിരക്ക്

തൊഴിലില്ലായ്മാ നിരക്ക് എന്നാൽ തൊഴിൽ ശക്തിയിലെ തൊഴിലില്ലാത്ത വ്യക്തികളുടെ ശതമാനമാണ്. ഇത് യൂഷ്വൽ സ്റ്റാറ്റസ് (പി. എസ്. + എസ്.എസ്) നിരക്കിലും, പ്രതിവാര സ്റ്റാറ്റസ്, ഡെയിലി സ്റ്റാറ്റസ് എന്നിങ്ങനെയാണ് കണക്കാക്കുന്നത്. തൊഴിലില്ലായ്മ തൊഴിൽ ശക്തിയുടെ ഉപയോഗപ്പെടുത്താത്ത ഭാഗത്തെയാണ് കാണിക്കുന്നത്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള എൻ. എസ്.ഒ 2018 ജൂലൈ മുതൽ 2019 ജൂൺ വരെ നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (പി.എൽ. എഫ്.എസ്) പ്രകാരം പ്രധാന സംസ്ഥാനങ്ങളിൽ 15 വയസ്സും അതിൽ കൂടുതലുമുള്ള വ്യത്യസ്ത പൊതു വിദ്യാഭ്യാസ തലത്തിലുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരം കേരളത്തിൽ, 9.0 ശതമാനവും അഖിലേന്ത്യാ തലത്തിൽ ഇത് 5.8 ശതമാനവുമാണ്. (**ചിത്രം 7.2.1**).

അഖിലേന്ത്യാതലത്തിലെ തൊഴിലില്ലായ്മാനിരക്ക് 2017–18 –ൽ 6.1 ശതമാനമായിരുന്നത് 2018–19 ൽ 5.8 ശതമാനമായി കുറഞ്ഞു. തൊഴിലില്ലായ്മാനിരക്ക് പുരുഷന്മാർക്കിടയിൽ 6 ശതമാനവും സ്ത്രീകൾക്കിടയിൽ 5.2 ശതമാനവുമാണ്. ഈ തൊഴിലില്ലായ്മനിരക്കുകൾ 2017–18 –ൽ യഥാക്രമം 6.2 ശതമാനവും 5.7 ശതമാനവുമായിരിന്നു. ഗ്രാമപ്രദേശങ്ങളിൽ പുരുഷൻമാരുടെ തൊഴിലില്ലായ്മാ നിരക്ക് 5.6 ശതമാനവും സ്ത്രീകളുടേത് 3.5 ശതമാനവുമാണ്. നഗരപ്രദേശങ്ങളിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മാ നിരക്ക് 7.1 ശതമാനവും സ്ത്രീകളുടേത് 9.9 ശതമാനവുമാണ്.

കേരളത്തിൽ 2017–18 ൽ 11.4 ശതമാനമായിരുന്ന തൊഴിലില്ലായ്മാനിരക്ക് 2018–19 ആയപ്പോഴേക്കും 9 ശതമാനമായി കുറഞ്ഞു. തൊഴിലില്ലായ്മാനിരക്ക് പുരുഷന്മാർക്കിടയിൽ 5 ശതമാനവും സ്ത്രീകൾക്കിടയിൽ 17.1 ശതമാനവുമാണ്. തൊഴിലില്ലായ്മാ നിരക്ക് ഗ്രാമീണപ്രദേശത്ത് പുരുഷന്മാരുടേത് 4.7 ശതമാനവും സ്ത്രീകളുടേത് 15.6 ശതമാനവും, നഗരപ്രദേശത്ത് പുരുഷന്മാരുടേത് 5.2 ശതമാനവും സ്ത്രീകളുടേത് 18.8 ശതമാനവുമാണ്.

**ചിത്രം 7.2.1** ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയും/ കേന്ദ്രഭരണ പ്രദേശങ്ങളിലേയും15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കുകൾ, ശതമാനത്തിൽ




അവലംബം: പി.എൽ.എഫ്.എസ് റിപ്പോർട്ട്, 2018-19, കേന്ദ്ര സർക്കാർ

സംസ്ഥാനങ്ങളിലേയും/ കേന്ദ്രഭരണ പ്രദേശങ്ങളിലേയും 15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കിന്റെ വിശദാംശങ്ങൾ **അനുബന്ധം 7.2.1** കൊടുത്തിട്ടുണ്ട്.

യൂഷ്വൽ സ്റ്റാറ്റസ് (പി.എസ് + എസ്.എസ്) രീതിയനുസരിച്ച് 15 വയസ്സും അതിൽ കൂടുതലുമുള്ള വ്യക്തികളുടെ തൊഴിലില്ലായ്മാ നിരക്ക് ഇല്ലാത്തത് ഡാമൻ ആൻഡ് ഡീയു ആണ്. സംസ്ഥാനങ്ങൾക്കിടയിൽ ഏറ്റവും കുറഞ്ഞ തൊഴിലില്ലായ്മാ നിരക്ക് പശ്ചിമബംഗാളിലാണ് (1.8 ശതമാനം). ഇന്ത്യയുടെ മൊത്തം തൊഴിലില്ലായ്മാ നിരക്കിനേക്കാൾ (5.8 ശതമാനം) കുറഞ്ഞ തൊഴിലില്ലായ്മാ നിരക്കുള്ള സംസ്ഥാനങ്ങളാണ് ഛത്തിസ്ഗഡ് (2.4 ശതമാനം), മേഘാലയ (2.2 ശതമാനം), സിക്കിം (3.1 ശതമാനം), ഗുജറാത്ത് (3.2 ശതമാനം), കർണ്ണാടക (3.6 ശതമാനം), മധ്യപ്രദേശ് (3.5 ശതമാനം), മഹാരാഷ്ട്ര (5.0 ശതമാനം), ഹിമാചൽപ്രദേശ് (5.1 ശതമാനം), ജാർഖണ്ഡ് (5.2 ശതമാനം), ആന്ധ്രാപ്രദേശ് (5.3 ശതമാനം), രാജസ്ഥാൻ (5.7 ശതമാനം), ഉത്തർപ്രദേശ് (5.7 ശതമാനം).

ഇന്ത്യയിൽ 15 വയസ്സും അതിനു മുകളിലും ഉള്ള വിദ്യാസമ്പന്നരായവരുടെ (സെക്കന്ററി വിദ്യാഭ്യാസവും അതിനുമുകളിലും) തൊഴിലില്ലായ്മ നിരക്ക് 11.0 ശതമാനം: ഗ്രാമ പ്രദേശങ്ങളിൽ 11.2 ശതമാനവും, നഗരപ്രദേശങ്ങളിൽ 10.8 ശതമാനവുമാണ്. ഇതേ വിഭാഗത്തിൽപ്പെട്ടവരുടെ യൂഷ്വൽ സ്റ്റാറ്റസ് (പി. എസ് + എസ്.എസ്) പ്രകാരം 15 വയസ്സും അതിൽ കൂടുതലുമുള്ള ഗ്രാമപ്രദേശങ്ങളിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും തൊഴിലില്ലായ്മ നിരക്ക് യഥാക്രമം 10.1 ശതമാനവും, 16.6 ശതമാനവുമാണ്. നഗരപ്രദേശങ്ങളിൽ 15 വയസ്സും അതിൽ കൂടുതലുമുള്ള വിദ്യാസമ്പന്നരായ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്ക് 9.2 ശതമാനവും, സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് 17.6 ശതമാനവുമാണ്.

കേരളത്തിലെ വിദ്യാസമ്പന്നരായ (സെക്കന്ററി വിദ്യാഭ്യാസവും അതിനുമുകളിലും) 15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് 16.2 ശതമാനമാണ്, ഗ്രാമ പ്രദേശങ്ങളിൽ ഇത് 15.9 ശതമാനവും, നഗര പ്രദേശങ്ങളിൽ 16.5 ശതമാനവുമാണ് (**അനുബന്ധം 7.2.2**).

നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരം 15 വയസ്സിനും അതിന് മുകളിലും പ്രായമുള്ള പുരുഷന്മാരുടേയും സ്ത്രീകളുടേയും തൊഴിലില്ലായ്മാനിരക്ക് ഇന്ത്യയിൽ 8.7 ശതമാനവും, കേരളത്തിൽ 11.8 ശതമാനവുമാണ്. ഗ്രാമീണ മേഖലയിലെ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്ക് 8.6 ശതമാനവും സ്ത്രീകളുടേത് 7.3 ശതമാനവുമാണ്. നഗരപ്രദേശങ്ങളിൽ ഇത് പുരുഷന്മാരിൽ 8.8 ശതമാനവും സ്ത്രീകളിൽ 12.1 ശതമാനവുമാണ്. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ തൊഴിലില്ലായ്മാ നിരക്ക് പുരുഷന്മാരിൽ 8.0 ശതമാനവും സ്ത്രീകളിൽ 19.0 ശതമാനവുമാണ്, നഗരപ്രദേശത്തെ തൊഴിലില്ലായ്മാ നിരക്ക് പുരുഷന്മാരുടേത് 7.9 ശതമാനവും സ്ത്രീകളുടേത് 20.9 ശതമാനവുമാണ് (**അനുബന്ധം 7.2.3**).

കേരളത്തിലെ ഗ്രാമീണ, നഗര പ്രദേശങ്ങളിലെ സ്ത്രീ-പുരുഷ തൊഴിലില്ലായ്മ നിരക്ക് യൂഷ്വൽ സ്റ്റാറ്റസ് രീതിയിലും (പി.എസ്+എസ്.എസ്) നിലവിലെ പ്രതിവാര സ്റ്റാറ്റസ് രീതിയിലും കണക്കാക്കിയപ്പോൾ അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. കേരളത്തിലെ ഗ്രാമീണ, പ്രദേശങ്ങളിലെ സ്ത്രീ തൊഴിലില്ലായ്മ ആശങ്കയുളവാക്കുന്നെങ്കിലും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് (എൽ എഫ് പി ആർ) 35.2 ശതമാനമായി കണക്കാക്കപ്പെടുന്നത് അഖിലേന്ത്യാ നിരക്കായ 23.5 ശതമാനത്തിനേക്കാൾ കൂടുതലാണ് (**അനുബന്ധം 7.2.4**). പി.എൽ.എഫ്.എസ് റിപ്പോർട്ട് പ്രകാരം നഗര പ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമ പ്രദേശങ്ങളിൽ തൊഴിലില്ലായ്മ നിരക്ക് കുറവാണ്. (**ചിത്രം 7.2.2**)

## യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക്

പതിനഞ്ച് വയസ്സിനും ഇരുപത്തി ഒൻപത് വയസ്സിനുമിടയിൽ ഉള്ളവരെ യുവജനങ്ങളായി കണക്കാക്കുന്നു. യുവജനങ്ങളുടെ ഉൽപാദനക്ഷമമായ തൊഴിൽ സാമ്പത്തിക വികസനത്തിന് അനിവാര്യ ഘടകമാണ്. അഖിലേന്ത്യാ തലത്തിൽ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക്, പിഎൽഎഫ്എസ് (2018-19) ലും എൻഎസ്എസ്ഒയുടെ അവസാന മൂന്ന് ക്വിൻക്വീനിയൽ റൗണ്ടുകളിലും, കണക്കാക്കിയിട്ടുണ്ട്. മൊത്തം ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ 2011-12-ൽ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് വളരെ കൂടുതലായിരുന്നു. 2004-05 മുതൽ 2011-12 വരെയുള്ള കാലയളവിൽ ഗ്രാമീണ പുരുഷ യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക് 3.9 ശതമാനം മുതൽ 5.0 ശതമാനം വരെയാണെങ്കിലും, 2018-19 -ൽ ഇത് 16.6 ശതമാനമായി ഉയർന്നു. അതേസമയം, 2004-05 നും 2011-12 നും ഇടയിലുള്ള കാലയളവിൽ ഗ്രാമീണ യുവജനങ്ങൾക്കിടയിലെ സ്ത്രീ തൊഴിലില്ലായ്മ നിരക്ക് 4.2 ശതമാനത്തിൽ നിന്ന് 4.8 ശതമാനം ആവുകയും, 2018-19 ൽ 13.8 ശതമാനമായി ഉയരുകയും ചെയ്തു. ഇതേ കാലയളവിൽ, 2004-05 മുതൽ 2011-12 വരെ, നഗരങ്ങളിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പുരുഷന്മാരിൽ 7.5 ശതമാനത്തിൽ നിന്ന് 8.8 ശതമാനം ആകുകയും, തുടർന്ന് 2018-19 ൽ 18.7 ശതമാനമായി ഉയരുകയും ചെയ്തു. എന്നാൽ നഗരങ്ങളിലെ

**ചിത്രം 7.2.2** കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക്, ശതമാനത്തിൽ (യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ് ), (നിലവിലെ പ്രതിവാര സ്റ്റാറ്റസ് (സി ഡബ്ല്യൂ എസ് )




*അവലംബം*: പി.എൽ.എഫ്.എസ് റിപ്പോർട്ട്, 2018-19. കേന്ദ്രസർക്കാർ

കുറിപ്പ്: യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്) കണക്കിൽ പ്രിൻസിപ്പൽ സ്റ്റാറ്റസും, സബ്സിഡിയറി സ്റ്റാറ്റസും എസ്റ്റിമേറ്റുകളും കൂട്ടിച്ചേർത്താണ് തൊഴിലില്ലാത്തവരെ കണക്കാക്കിയിട്ടുള്ളത്. നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കിന്റെ കണക്ക് ഹ്രസ്വകാലമായ 7 ദിവസത്തെ അടിസ്ഥാനമാക്കിയുള്ള ഏകദേശ ചിത്രമാണ്.

യുവജനങ്ങൾക്കിടയിലെ സ്ത്രീ തൊഴിലില്ലായ്മ നിരക്ക് 2004–05 ൽ 13.1 ശതമാനമായിരുന്നത് 2011–12 –ൽ 14.9 ശതമാനം ആവുകയും തുടർന്ന് 2018–19 ൽ ഇത് 25.7 ശതമാനമായി ഉയരുകയും ചെയ്തു.

കേരളത്തിലെ യുവജനങ്ങൾ, സംസ്ഥാന ജനസംഖ്യയുടെ, ഏകദേശം 23 ശതമാനത്തോളം വരുന്നുണ്ട്. സർവ്വേ റിപ്പോർട്ട് പ്രകാരം മൊത്തം ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ വളരെ ഉയർന്നതാണ്. ഇത് കേരളത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മയുടെ തീവ്രത വെളിപ്പെടുത്തുന്നതാണ്. ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 35.8 ശതമാനവും നഗരപ്രദേശങ്ങളിലേത് 34.6 ശതമാനവുമാണ്. അതുപോലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മയിൽ, സ്ത്രീ തൊഴിലില്ലായ്മയാണ് പുരുഷ തൊഴിലില്ലായ്മയേക്കാൾ

**ചിത്രം 7.2.3** യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ് ) പ്രകാരം കേരളത്തിലെയും ഇന്ത്യയിലെയും യുവജനങ്ങൾക്കിടയിലെ (15 മുതൽ 29 വയസ്സ് വരെ) തൊഴിലില്ലായ്മാ നിരക്ക് (ശതമാനത്തിൽ)




*അവലംബം*: പി.എൽ.എഫ്.എസ് റിപ്പോർട്ട്, 2018-19. കേന്ദ്രസർക്കാർ

കൂടുതൽ. ഏരിയ തിരിച്ചുള്ള തൊഴിലില്ലായ്മ കണക്കുകൾ കാണിക്കുന്നത് പുരുഷന്മാരുമായി (23.4 ശതമാനം) താരതമ്യം ചെയ്യുമ്പോൾ 57.8 ശതമാനം സ്ത്രീകളും ഗ്രാമീണ മേഖലയിൽ തൊഴിലില്ലാത്തവരാണ് എന്നാണ്. (**ചിത്രം 7.2.3**). കേരളത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ വളരെ വ്യാപകമാകാനുള്ള കാരണം യുവജനങ്ങൾക്കിടയിൽ നൂതന മേഖലകൾക്കു വേണ്ടി വരുന്ന തൊഴിൽ പരിചയ കുറവും നൈപുണ്യ കുറവും മറ്റുമാണ്. ഈ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട പരിപാടികളും, തൊഴിലവസരങ്ങൾ വർദ്ധിക്കുന്ന പരിപാടികളും കൂടുതൽ ഫലപ്രദമാക്കേണ്ടതും യുവജനങ്ങളെ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് സജ്ജമാക്കേണ്ടതുമാണ്.

## സംഘടിത മേഖലയിലെ തൊഴിൽ

കേരളത്തിലെ സംഘടിത മേഖലയിൽ, തൊഴിലവസരങ്ങൾ ഏകദേശം സ്ഥിരമായി നിൽക്കുന്ന പ്രവണതയാണ് കാണിക്കുന്നത്. 2012ൽ കേരളത്തിലെ സംഘടിത മേഖലയിൽ, തൊഴിലവസരങ്ങൾ 10.8 ലക്ഷമായിരുന്നത് 2020 (മാർച്ച് 31, 2020 വരെ) ആയപ്പോഴേക്കും 12.5 ലക്ഷമായി വർദ്ധിച്ചു. നാമമാത്ര വർദ്ധനവ് മാത്രമാണ് ഉണ്ടായത്.
പൊതുമേഖലയും സ്വകാര്യ മേഖലയും ഉൾപ്പെടുന്നതാണ് സംഘടിത മേഖല. 2020 ന് ശേഷം സ്വകാര്യ മേഖലയിലാണ് തൊഴിലവസരങ്ങൾ കൂടി വരുന്നത് എന്നത് ശ്രദ്ധാർഹമായ കാര്യമാണ്. 2019 ലെ കണക്കനുസരിച്ച് സംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ആകെയുള്ള 12.5 ലക്ഷം ജീവനക്കാരിൽ 5.5 ലക്ഷം (44.2 ശതമാനം) പേർ പൊതുമേഖലയിലും, 6.9 ലക്ഷം (55.8 ശതമാനം)പേർ സ്വകാര്യ മേഖലയിലും ആണ് തൊഴിലെടുക്കുന്നത് (**അനുബന്ധം 7.2.5, ചിത്രം 7.2.4**).

പൊതുമേഖലയിൽ തൊഴിലെടുക്കുന്നവരിൽ 46.9 ശതമാനം സംസ്ഥാന സർക്കാർ ജീവനക്കാരും, 10.8 ശതമാനം കേന്ദ്ര സർക്കാർ ജീവനക്കാരും, 23.3 ശതമാനം സംസ്ഥാന അർദ്ധ സർക്കാർ ജീവനക്കാരും, 4.4 ശതമാനം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും, 14.6 ശതമാനം കേന്ദ്ര അർദ്ധ സർക്കാർ ജീവനക്കാരുമാണ് (**അനുബന്ധം 7.2.6, ചിത്രം 7.2.5**)

2020 മാർച്ചിലെ കണക്കനുസരിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് ഏറ്റവും കൂടുതൽ ആളുകൾ തൊഴിലെടുക്കുന്നത് എറണാകുളം ജില്ലയിലും ഏറ്റവും കുറവ് വയനാട് ജില്ലയിലുമാണ്. എറണാകുളം ജില്ലയിൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നത് 2.6 ലക്ഷം ആളുകളാണ്. ഇത് സംഘടിത മേഖലയിലെ തൊഴിലിന്റെ 21.1 ശതമാനം വരും. അതേ സമയം വയനാട് ജില്ലയിൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ആളുകളുടെ എണ്ണം 0.4 ലക്ഷം ആണ്. ഇതാകട്ടെ സംഘടിത മേഖലയിലെ തൊഴിലിന്റെ 2.8 ശതമാനം മാത്രമേയുള്ളൂ. കഴിഞ്ഞ 4 വർഷത്തിനിടയിൽ സ്വകാര്യ മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്ന പ്രവണതയാണ് ശ്രദ്ധേയമാകുന്നത്. പൊതു മേഖലയിലും സ്വകാര്യ മേഖലയിലും 2019 ൽ ജോലി ചെയ്യുന്നവരുടെ എണ്ണം യഥാക്രമം 5,60,605 ഉം, 6,86,889 ഉം ആണ്. എന്നാൽ 2020 ൽ ഇത് യഥാക്രമം 5,54,919 6,99,447 ആയി വർദ്ധിച്ചു (**അനുബന്ധം 7.2.7**).

**ചിത്രം 7.2.4** കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ – കേരളം (എണ്ണം ലക്ഷത്തിൽ)




അവലംബം: എംപ്ലോയ്മെന്റ് ഡയറക്റ്ററേറ്റ് കേരള സർക്കാർ 2020

**ചിത്രം 7.2.5** പൊതുമേഖലയിലെ തൊഴിൽ വിതരണം




*അവലംബം: എംപ്ലോയ്മെന്റ് ഡയറക്റ്ററേറ്റ്, കേരള സർക്കാർ, 2020*

പൊതുമേഖലയിലെ തൊഴിലിന്റെ കാര്യത്തിൽ പുരുഷൻമാരാണ് എണ്ണത്തിൽ സ്ത്രീകളെക്കാൾ കൂടുതലുള്ളത്. എന്നാൽ സ്വകാര്യ മേഖലയിൽ സ്ത്രീകളാണ് പുരുഷൻമാരേക്കാൾ കൂടുതലുള്ളത്. 2019-20 ൽ പൊതുമേഖലയിൽ ജോലി ചെയ്യുന്നവരിൽ 65.2 ശതമാനം പുരുഷൻമാരും, 34.8 ശതമാനം സ്ത്രീകളുമാണ്. പൊതുമേഖലയിലെ തൊഴിലിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നത് തിരുവനന്തപുരം ജില്ലയിലും ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ്. തിരുവനന്തപുരം ജില്ലയിൽ പൊതുമേഖലയിൽ 30,355 സ്ത്രീകളാണ് ജോലി ചെയ്യുന്നത്, തൊട്ടു പിന്നിൽ എറണാകുളവും (23,196), തൃശ്ശൂരും (21,973), കൊല്ലവും (19,127) ആണ്. ഇടുക്കി ജില്ലയിൽ 3,433 സ്ത്രീകൾ മാത്രമാണ് പൊതുമേഖലയിലുള്ളത്. തൊട്ടുമുന്നിൽ വയനാടും (6,877), കാസർഗോഡും (6,953), കോട്ടയവുമാണ് (7,983) (**അനുബന്ധം 7.2.8**). പൊതുമേഖലയിലെ സ്ത്രീ പങ്കാളിത്തം **പട്ടിക 7.2.1** -ൽ കാണിച്ചിരിക്കുന്നു.

സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ മേഖല തിരിച്ചുള്ള കണക്കുകൾ പരിശോധിച്ചാൽ, സേവന മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായും, കാർഷിക മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായും കാണാം. മറ്റ് മേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ കാർഷിക മേഖലയിലെ തൊഴിൽ അവസരങ്ങൾ കുറയുകയും നിർമ്മാണ മേഖലയിലേയും വിദ്യാഭ്യാസ രംഗത്തേയും തൊഴിൽ അവസരങ്ങൾ ഉയരുകയും ചെയ്യുന്നു. (**അനുബന്ധം 7.2.9, ചിത്രം 7.2.6**)

## അസംഘടിത മേഖലയിലെ തൊഴിൽ

ഇൻഡ്യൻ സമ്പദ് ഘടനയിൽ, മൊത്തം ആഭ്യന്തര ഉൽപാദനം, തൊഴിൽ, സമ്പാദ്യം, മൂലധന രൂപീകരണം എന്നിവയിലേക്കുള്ള സംഭാവന കണക്കിലെടുക്കുമ്പോൾ, അസംഘടിത തൊഴിൽ മേഖല നിർണ്ണായകമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. തൊഴിൽ ശക്തിയുടെ 90 ശതമാനത്തിലധികം തൊഴിലിലേർപ്പെട്ടിരിക്കുന്നതും, മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ എതാണ്ട്

**പട്ടിക 7.2.1** പൊതു മേഖല തൊഴിൽ -സ്ത്രീ പങ്കാളിത്തം

| ക്രമ നമ്പർ | വിഭാഗം | തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 1 | സംസ്ഥാന സർക്കാർ | 104628 | 54.2 |
| 2 | സംസ്ഥാന അർദ്ധ സർക്കാർ | 38666 | 20.0 |
| 3 | കേന്ദ്ര സർക്കാർ | 14745 | 7.6 |
| 4 | കേന്ദ്ര അർദ്ധ സർക്കാർ | 25968 | 13.4 |
| 5 | തദ്ദേശ ഭരണ സ്ഥാപനങ്ങൾ | 9217 | 4.8 |
| | ആകെ | 193224 | 100.0 |

*അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് കേരള സർക്കാർ, 2020*

**ചിത്രം 7.2.6** സംഘടിത മേഖലയിലെ പ്രധാനപ്പെട്ട തൊഴിൽ വിതരണം – മാർച്ച് 2020 (ശതമാനം)




*അവലംബം*: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ 2018-20

**ബോക്സ് 7.2.1** കേരള സമ്പദ്വ്യവസ്ഥയിൽ കോവിഡ്–19 കാലയളവിൽ ഉണ്ടായ തൊഴിൽ, വേതനനഷ്ടം

സംസ്ഥാനത്ത് നടപ്പാക്കിയ ലോക്ക്ഡൗൺ സമ്പദ്വ്യവസ്ഥയുടെ എല്ലാ മേഖലകളിലും അഭൂതപൂർവമായ തൊഴിൽ നഷ്ടത്തിന് കാരണമായി. സംസ്ഥാന ആസൂത്രണ ബോർഡ് നടത്തിയ 2020 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലഘട്ടത്തതിൽ കേരള സാമ്പത്തിക രംഗത്ത് 'കോവിഡ്–19 മഹാമാരിയും ലോക്ക് ഡൗണും കേരള സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതത്തെക്കുറിച്ചുള്ള വിലയിരുത്തൽ' എന്ന പഠനത്തിൽ രജിസ്റ്റർ ചെയ്തവരും അല്ലാത്തതുമായ തൊഴിലാളികൾക്ക് ഈ 98 ദിവസ കാലയളവിൽ (2020 മാർച്ച് 25 മുതൽ ജൂൺ 30) ഉണ്ടായ തൊഴിൽ നഷ്ടം 721.2 ദശലക്ഷം ദിനങ്ങളാണ്. ലോക്ക് ഡൗണിന്റെ ആഘാതം ഏറ്റവും കൂടുതൽ ഏറ്റുവാങ്ങിയത് സ്വയംതൊഴിൽ, ദിവസ തൊഴിലാളികളുടെ കാര്യത്തിലായിരുന്നു.

അവശ്യവസ്തുക്കളും കാർഷിക പ്രവർത്തനങ്ങളും ഒഴികെ മിക്കവാറും എല്ലാ പ്രവർത്തനങ്ങളും നിലച്ചു. സ്വകാര്യമേഖലയിൽ സ്ഥിരമായി ജോലി ചെയ്യുന്ന തൊഴിലാളികളിൽ നല്ലൊരു പങ്ക് ആളുകൾക്കും ജോലി നഷ്ടപ്പെട്ടു. ഇത് ബാധിക്കാത്ത തൊഴിലാളികളിൽ ഒരേയൊരു വിഭാഗം പൊതുമേഖലയിലെ തൊഴിലാളികളാണ്. ഇതിൽ സംസ്ഥാന, കേന്ദ്ര സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്ന തൊഴിലാളികളാണ്.

41 ദിവസത്തെ ലോക്ക്ഡൗണിന്റെ ആദ്യ ഘട്ടത്തിൽ, നിർമ്മാണ മേഖലയിലും മറ്റ് മേഖലകളിലും ജോലി ചെയ്തിരുന്ന 90 ശതമാനം കുടിയേറ്റ തൊഴിലാളികൾക്കും ജോലി നഷ്ടപ്പെടുകയും തൊഴിൽരഹിതരാവുകയും ചെയ്തു. സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വേതന നഷ്ടം അടച്ചുപൂട്ടലിന്റെ ഒന്നും രണ്ടും ഘട്ടങ്ങളിലേത് 24,713.9 കോടി രൂപയാണെന്ന് കണക്കാക്കുന്നു. അടച്ചുപൂട്ടലിന്റെ ബാക്കി കാലയളവിലെ നഷ്ടം 19,406.9 കോടി രൂപയാണെന്നും കണക്കാക്കുന്നു. തോട്ടം മേഖലയിലെ മിക്കവാറും തൊഴിലാളികളെയും ആ മേഖല ഉപയോഗപ്പെടുത്തിയെന്നത് ശ്രദ്ധേയമാണ്. എന്നിരുന്നാലും വ്യവസായ പ്രമുഖർ പറയുന്നത് അടച്ചുപൂട്ടലിൽ ഇളവുകൾ അനുവദിച്ചതോടെ തമിഴ് നാട്ടിൽ നിന്നുള്ള തൊഴിലാളികൾ അവരുടെ നാട്ടിലേക്ക് മടങ്ങി പോയതിനാൽ തൊഴിലാളികളുടെ കുറവ് ഈ രംഗത്തുണ്ടായിട്ടുണ്ടെന്നാണ്.

ഈ 98 ദിവസ കാലയളവിൽ ക്ഷേമ ബോർഡുകളിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ തൊഴിൽ നഷ്ടം 713.8 ദശലക്ഷം ദിനങ്ങളാണ്. തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികളുടേത് 25.1 ദശലക്ഷം ആണ്. തോട്ട മേഖലയിലെ തൊഴിലാളികൾക്ക് 3.3 ദശലക്ഷം ദിനങ്ങളുടെ തൊഴിൽ നഷ്ടം ഉണ്ടായി.

*അവലംബം*: കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും കേരള സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതത്തെ കുറിച്ചുള്ള വിലയിരുത്തൽ, ഏപ്രിൽ മുതൽ ജൂൺ 2020, സംസ്ഥാന ആസൂത്രണ ബോർഡ്

50 ശതമാനവും ലഭിക്കുന്നതും ഈ മേഖലയിൽ നിന്നുമാണ്. രാജ്യത്തും സംസ്ഥാനത്തും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വലിയൊരു അനുപാതം തൊഴിലാളികൾ അസംഘടിത മേഖലയിലാണ് തൊഴിലിലേർപ്പെട്ടിരിക്കുന്നത്. അസംഘടിത മേഖലയിലെ തൊഴിലാളികളിൽ തൊഴിൽ സുരക്ഷിതത്വമില്ലായ്മ, തൊഴിലിൽ ഉയർച്ചയ്ക്കുള്ള സാധ്യതക്കുറവ്, ശമ്പളത്തോടെയുള്ള അവധി ദിനങ്ങൾ ഇല്ലാത്ത അവസ്ഥ, തൊഴിൽ സുരക്ഷിതക്കുറവ്, നിയമവിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ എന്നിവ കണ്ടുവരുന്നു. അസംഘടിത മേഖലയിലെ ദുരിത സാഹചര്യങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേരള സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത് എംപ്ളോയ്മെൻറ് ഡയറക്റ്ററേറ്റിനെയാണ്. അടുത്ത കാലത്തായി, കേരള സർക്കാർ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും സേവനങ്ങളും

### രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സജീവ രജിസ്റ്ററുകളിലെ കണക്കുകളനുസരിച്ച് ഡിസംബർ 31, 2012 –ന് 43.3 ലക്ഷം തൊഴിലന്വേഷകരാണ് ഉണ്ടായിരുന്നത്. എന്നാൽ ഇത് ജൂലൈ 31, 2020 ആയപ്പോഴേക്കും 34.3 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. തൊഴിലന്വേഷകരുടെ വർഷം തിരിച്ചുള്ള കണക്കുകൾ **അനുബന്ധം** 7.2.10 ലും **ചിത്രം** 7.2.7 ലും കൊടുത്തിട്ടുണ്ട്.

അഖിലേന്ത്യാ തലത്തിലെ സാഹചര്യത്തിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ ഒരു പ്രധാന സവിശേഷത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സജീവ രജിസ്റ്ററുകളിലെ തൊഴിലന്വേഷകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നുള്ളതാണ്. 2020 ൽ ആകെയുള്ള

**ചിത്രം** 7.2.7 കേരളത്തിലെ തൊഴിലന്വേഷകർ (എണ്ണം ലക്ഷത്തിൽ)




*അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ 2020*

**ചിത്രം** 7.2.8 വിദ്യാഭ്യാസ യോഗ്യത അടിസ്ഥാമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ, ശതമാനത്തിൽ




*അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ 2020*

**ചിത്രം 7.2.9** വിദ്യാഭ്യാസ യോഗ്യത അടിസ്ഥാമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ, ശതമാനത്തിൽ




*അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ 2020*

തൊഴിലന്വേഷകരിൽ 63.6 ശതമാനവും (ജൂലൈ 31, 2020) സ്ത്രീകളാണ്. സജീവ രജിസ്റ്ററുകളിൽ നിരക്ഷരരായ ആളുകളുടെ എണ്ണം 880 ആണ്. തൊഴിലന്വേഷകരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് എസ്. എസ്. എൽ. സി. ക്ക് താഴെ യോഗ്യതയുള്ളവർ 7.9 ശതമാനം മാത്രമേയുള്ളൂ എന്നാണ്. ഏകദേശം 92.1 ശതമാനം തൊഴിലന്വേഷകരും എസ്. എസ്. എൽ. സി യും അതിനു മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. (**ചിത്രം 7.2.8, അനുബന്ധം 7.2.11**).

ജൂലൈ 31, 2020 ലെ കണക്കനുസരിച്ച് പ്രൊഫഷണലും സാങ്കേതിക യോഗ്യതയുള്ള തൊഴിലന്വേഷകർ 3.5 ലക്ഷമാണ്. ഇതിൽ 71 ശതമാനവും ഐ.ടി.ഐ. സർട്ടിഫിക്കറ്റ്, ഡിപ്ലോമയുള്ളവർ, എഞ്ചിനീയറിംഗ് യോഗ്യതയുള്ളവരാണ്. എഞ്ചിനീയറിംഗ് ബിരുദധാരികളായ 47,525 തൊഴിലന്വേഷകരും, മെഡിക്കൽ ബിരുദമുള്ള 9,000 പേരുമുണ്ട്. (**അനുബന്ധം7.2.12**). തൊഴിലന്വേഷകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **ചിത്രം 7.2.9**–ൽ നൽകിയിട്ടുണ്ട്.

2020 ജൂലൈ 31 വരെയുള്ള കണക്കുകൾ പ്രകാരം പൊതു വിഭാഗത്തിലെയും, പ്രൊഫഷണൽ/സാങ്കേതിക വിഭാഗത്തിലെയും തൊഴിലന്വേഷകരുടെ എണ്ണത്തിൽ തിരുവനന്തപുരം ജില്ല ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. ജില്ലയിൽ ആകെ 5.3 ലക്ഷം തൊഴിലന്വേഷകരുള്ളതിൽ 3.4 ലക്ഷം പേർ സ്ത്രീകളും 1.9 ലക്ഷം പേർ പുരുഷൻമാരുമാണ്. തൊഴിലന്വേഷകരുടെ എണ്ണത്തിൽ രണ്ടാം സ്ഥാനത്തുള്ളത് കൊല്ലം ജില്ലയാണ്. ഇവിടെ 3.7 ലക്ഷം തൊഴിലന്വേഷകരാണുള്ളത്. ഏറ്റവും കുറവ് തൊഴിലന്വേഷകരുള്ളത് കാസർഗോഡ് ജില്ലയിലാണ്. ഇവിടെയുള്ള തൊഴിലന്വേഷകർ 0.9 ലക്ഷമാണ് (എണ്ണം 87,393) (**അനുബന്ധം 7.2.13**).

## കൈവല്യ

കേരള സർക്കാരിന്റെ എംപ്ലോയ്മെന്റ് വകുപ്പ് 2016 ൽ, ഭിന്നശേഷിക്കാരായ പൗരൻമാരുടെ സാമൂഹ്യ അംഗീകാരം, അവസര തുല്യത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി അവതരിപ്പിച്ച സമഗ്രമായ ഒരു പദ്ധതിയാണ് കൈവല്യ. ഭിന്ന ശേഷിക്കാരുടെ പൂർണ്ണമായ പങ്കാളിത്തവും ഏകീകരണവും സാധ്യമാകത്തക്ക രീതിയിൽ ഭൗതിക സാമൂഹിക സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. 'കൈവല്യ' പദ്ധതിയിൽ താഴെ പറയുന്ന 4 ഘടകങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു;

1. തൊഴിൽ പരമായ സഹായം
2. കാര്യക്ഷമത വർധിപ്പിക്കൽ
3. മത്സര പരീക്ഷകൾക്കായുള്ള പരിശീലനം
4. സ്വയം തൊഴിൽ ഉദ്യമങ്ങൾക്ക് പലിശരഹിത വായ്പ

മേൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിനായി 2019 ൽ 471 വ്യക്തികൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ 235.5 ലക്ഷം രൂപ ചെലവഴിച്ചു. 2020 ൽ (2020 ഓക്ടോബർ 31) 79.5 ലക്ഷം രൂപ മേൽ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളുടെയും വിതരണം ചെയ്ത തുകയുടെയും വിശദാംശങ്ങൾ **അനുബന്ധം 7.2.14** ൽ നൽകിയിട്ടുണ്ട്.

## സ്വയം തൊഴിൽ പദ്ധതികൾ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 3 സ്വയം തൊഴിൽ പരിപാടികൾ കേരളത്തിൽ നടപ്പിലാക്കുന്നുണ്ട്.

**1. കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്റ്റേർഡ് അൺ എംപ്ലോയിഡ് (കെ ഇ എസ് ആർ യു) :** "കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്" (കെ.ഇ.എസ്. ആർ.യു) എന്ന സ്വയം തൊഴിൽ പരിപാടി 1999 മുതൽ നടപ്പാക്കിവരുന്നു, എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 21 നും 50 നും ഇടയിലുള്ള പ്രായവിഭാഗത്തിൽപ്പെടുന്നവരും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷംരൂപയിൽ താഴെയുള്ള തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ പരിപാടി. ഐ റ്റി ഐ /ഐ റ്റി സി സർട്ടിഫിക്കറ്റുള്ളവർ, പ്രൊഫഷണൽ/ സാങ്കേതിക യോഗ്യതയുള്ളവർ, ബിരുദമുള്ള വനിതകൾ, തൊഴിലില്ലായ്മവേതന പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർക്ക് പ്രത്യേക മുൻഗണന നല്കുന്നു. ഈ പരിപാടി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 20 ശതമാനം സബ്സിഡിയോടെ ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ നൽകുന്നു. 2019–20 ൽ (2020 സെപ്റ്റംബർ 30) 130.5 ലക്ഷം രൂപ ഈ പദ്ധതി വഴി 322 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.

**2. മൾട്ടി പർപ്പസ് സർവ്വീസ് സെന്റർ/ജോബ്ക്ലബുകൾ (എം.പി.എസ്.സി./ജെ.സി.):** അസംഘടിതമേഖലയിൽ സംരംഭങ്ങൾ കെട്ടിപ്പടുക്കുന്നതിന് ഉദ്ദേശിച്ചുള്ള ഒരു ഗ്രൂപ്പ് അധിഷ്ഠിത സ്വയം തൊഴിൽ പരിപാടിയാണിത്. എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള 21–45 പ്രായവിഭാഗത്തിൽപ്പെടുന്ന 2 മുതൽ 5 അംഗങ്ങൾ വരെയുള്ള തൊഴിൽ രഹിതർ ചേർന്ന് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 2 ലക്ഷം രൂപ സബ്സിഡിയോടെ 10 ലക്ഷം രൂപ വരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. ഈ പദ്ധതി ക്രെഡിറ്റ് ഗ്യാരന്റി സ്കീമിൽ ലയിപ്പിച്ചിട്ടുണ്ട്. 2019–20 ൽ 62 ജോബ്ക്ലബ്ബുകൾക്കായി 100.00 ലക്ഷം രൂപ അനുവദിച്ചു

**3.ശരണ്യ:** വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, 30 വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾ, പട്ടികവർഗ്ഗക്കാരിലെ അവിവാഹിതരായ അമ്മമാർ, ശാരീരിക വൈകല്യമുള്ള സ്ത്രീകൾ, കിടപ്പിലായ വ്യക്തിയുടെ ഭാര്യ എന്നിങ്ങനെയുള്ള ഏറ്റവും പിന്നോക്കം നില്ക്കുന്നതും തനിച്ചുപാർക്കുന്നതുമായ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഒരു പരിപാടിയാണ് "എംപ്ലോയ്മെന്റ് സ്കീം ഫോർ ദി ഡെസ്റ്റിറ്റ്യൂട്ട് വിമൻ (ശരണ്യ). ഈ പരിപാടി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50 ശതമാനം സബ്സിഡിയോടെ (പരമാവധി 25,000 രൂപ) 50,000 രൂപവരെ പലിശ രഹിത ബാങ്ക് വായ്പ നല്കുന്നു. ഈ പദ്ധതിയ്ക്ക് 2019 –20 ൽ അനുവദിച്ച 1,820 ലക്ഷം രൂപയിൽ നിന്നും 1,235.6 ലക്ഷം രൂപ 2,516 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.

### എംപ്ലോയബിലിറ്റി സെന്റർ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ 'തൊഴിൽ – നൈപുണ്യ വികസനത്തിനായുള്ള കേന്ദ്രങ്ങൾ' (എംപ്ലോയബിലിറ്റി സെന്റർ) ആയി രൂപപ്പെടുത്തുക വഴി കേരള സർക്കാർ വിപ്ലവകരമായ ഒരുകാൽവെയ്പാണ് നടത്തിയിരിക്കുന്നത്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അഭ്യസ്തവിദ്യരായ യുവാക്കളെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി അവരുടെ വൈദഗ്ധ്യങ്ങളെ, മാനസിക കഴിവുകൾ അടങ്ങുന്ന പരീക്ഷകളിലൂടെ, തിരിച്ചറിഞ്ഞ് ആവശ്യമായ പരിശീലനം നൽകുകയും, അതുവഴി രാഷ്ട്രത്തിന്റെ തൊഴിൽ ശക്തിയിലേക്ക് നേരിട്ട് ഇറങ്ങുന്നതിന് സജ്ജരാക്കുകയും ചെയ്യുന്നു. വൈദഗ്ധ്യം ആവശ്യമുള്ളതനുസരിച്ച് ഉദ്യോഗാർത്ഥികളെ 'വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡേഴ്സിന് അരികിലേക്കോ സമാന സ്ഥാപനങ്ങളിലേക്കോ അയയ്ക്കാറുണ്ട്. ഇതുവരെ പത്ത് എംപ്ലോയബിലിറ്റി സെന്ററുകൾ ജില്ലാ എംപ്ലോയ്മെൻറ് എക്സ് ചേഞ്ചുകളോടൊപ്പം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് കേന്ദ്രങ്ങൾ തുടങ്ങിയിട്ടുള്ളത്. രജിസ്റ്റർ ചെയ്ത 1,832 ആളുകളിൽ, 465 പേരുടെ മൂല്യ നിർണ്ണയം നടത്തുകയും, 403 പേർക്ക് ട്രെയിനിംഗ് നൽകുകയും, 232 പേർക്ക് ജോലി വാഗ്ദാനം നൽകുകയും ചെയ്തു.

### കരിയർ ഡെവലപ്മെന്റ് സെന്റർ

കരിയർ ഡെവലപ്മെന്റ് സെന്റർ (സി. ഡി. സി.) കേരള സർക്കാരിന്റെ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ് ഗ്രാമീണ യുവാക്കൾക്ക് വേണ്ടി 2016–17 ൽ ആരംഭിച്ച സംരംഭമാണ്. വ്യക്തികൾ നേരിടുന്ന തൊഴിൽപരമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ലഭിക്കുന്നതിനുള്ള ലക്ഷ്യ സ്ഥാനമാകുന്നതിനാണ് ഈ കേന്ദ്രം ലക്ഷ്യമിടുന്നത്. ഗ്രാമ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ, തൊഴിൽ മേഖലകളിലുണ്ടാകുന്ന നൂതന പ്രവണതകളെപ്പറ്റി ആവശ്യമായ അറിവും പരിശീലനവും നേടുന്നതിന് സഹായിക്കുക എന്നതാണ് ഈ കേന്ദ്രത്തിന്റെ പ്രധാന ഉദ്ദേശ്യം. വ്യക്തികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കരിയർ മാനേജ്മെന്റിലെ

ഏറ്റവും പുതിയ സാങ്കേതികവിദ്യകളും ഉചിതമായ ഉപാധികളും ഈ കേന്ദ്രം സ്വീകരിക്കുന്നു. പൂർണ്ണമായും പ്രൊഫഷണലുകളായി മാറുന്നതിന് വിദ്യാർത്ഥികൾക്ക് അവരുടെ തൊഴിലുകൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ പിന്തുണയും നൽകി, അർത്ഥപൂർണ്ണമായ തൊഴിലുമായി ബന്ധിപ്പിക്കുക എന്നതാണ് ഈ സെന്ററുകളുടെ ആത്യന്തികമായ ലക്ഷ്യം. ഒരു ക്ഷേമ സമൂഹത്തിലേക്കുള്ള വീഥിയായി പ്രവർത്തിക്കുകയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ കൊണ്ട് ലക്ഷ്യമിടുന്നത്. കെ. എ. എസ്. ഇ (KASE) യുടെ സാങ്കേതിക സഹായത്തോടെയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്. 2018-19 ൽ രണ്ട് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, എംപ്ലോയ്മെന്റ് വകുപ്പ് സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്. ഒന്ന് തിരുവനന്തപുരം ജില്ലയിലെ പാലോട്ടും, മറ്റൊന്ന് ആലപ്പുഴ ജില്ലയിലെ കായംകുളത്തുമാണ്. ഈ രണ്ട് സെന്ററുകളും നന്നായി പ്രവർത്തിക്കുന്നുമുണ്ട്. വകുപ്പിന്റെ കീഴിൽ ആകെ അഞ്ച് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

### മോഡൽ കരിയർ സെന്റർ

എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും കരിയർ സെന്ററുകൾ ആക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഭാഗമായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരത്തുള്ള 'യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ' വിൽ മോഡൽ കരിയർ സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ്, ട്രെയിനിംഗ് എന്നിവയുടെ ഡയറക്റ്ററേറ്റ് ജനറൽ ഓഫീസ്, കേന്ദ്ര ലേബർ & എംപ്ലോയ്മെന്റ് മന്ത്രാലയം, കേന്ദ്ര എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് (കേരളം) എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ഇത് നടപ്പാക്കുന്നത്. യുവാക്കൾക്ക് അവരുടെ യോഗ്യതയും നൈപുണ്യവും അനുസരിച്ച് കിട്ടാവുന്ന അനുയോജ്യമായ തൊഴിലുകളെക്കുറിച്ച് മനസ്സിലാക്കാൻ സഹായകരമാകുന്ന രീതിയിൽ പ്രവർത്തിക്കുന്നതിനാണ് സെന്ററുകൾ കൊണ്ട് ലക്ഷ്യമിടുന്നത്. തൊഴിലുമായി ബന്ധപ്പെട്ട വൈവിധ്യമാർന്ന സേവനങ്ങളാണ് ഉദ്യോഗാർത്ഥികൾക്ക് സൗജന്യമായി ലഭ്യമാക്കുന്നത്. സെന്ററുകൾ ഇപ്പോൾ കൂടുതൽ ശ്രദ്ധ ചെലുത്തുന്നത് ഉദ്യോഗാർത്ഥികൾക്ക് 'കരിയർ കൗൺസിലിങ്ങ്' നൽകുന്നതിനാണ്. അവരുടെ അഭിരുചിക്കും നൈപുണ്യത്തിനും അനുസൃതമായുള്ള തൊഴിൽ മേഖല കണ്ടെത്തുന്നതിനാണിത്. വ്യവസായങ്ങളുടെ സഹകാരിയാകുക, കാന്റിഡേറ്റ് എൻഗേജ്മെന്റ്, തൊഴിലും & നൈപുണ്യ മാപ്പിങ്ങ്, പ്ലേയ്സ്മെന്റ് / തൊഴിൽ മേളകൾ സംഘടിപ്പിക്കുക എന്നിവ സെന്ററുകളുടെ പ്രധാന പ്രവർത്തനങ്ങളാണ്.

## തൊഴിലില്ലായ്മാവേതനം

കേരള സർക്കാർ 1982-ലാണ് തൊഴിലില്ലായ്മാ വേതന പരിപാടി ആരംഭിച്ചത്. ഈ പരിപാടി പ്രകാരം 18 വയസ് പൂർത്തിയായതും എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് മൂന്ന് വർഷക്കാലാവധി പൂർത്തിയാക്കിയതുമായ തൊഴിൽ രഹിതർക്ക് പ്രതിമാസം 120 രൂപ വീതം തൊഴിൽ രഹിത വേതനമായി നൽകി വരുന്നു. ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിച്ചിടത്തോളം രജിസ്ട്രേഷനുശേഷം രണ്ട് വർഷ കാലാവധി പൂർത്തിയാക്കിയാൽ മതിയാകും. ഉയർന്ന പ്രായപരിധി 35 വയസാണ്. വിദ്യാഭ്യാസ യോഗ്യത; പൊതു വിഭാഗത്തിൽപ്പെട്ടവർ എസ്.എസ്.എൽ. സി. വിജയിച്ചിരിക്കണം. പട്ടികജാതി/പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവരെയും ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെയും സംബന്ധിച്ചിടത്തോളം എസ്. എസ്.എൽ.സി പരീക്ഷയ്ക്ക് ഹാജരായവരായിരുന്നാൽ മതിയാകും. വാർഷിക കുടുംബ വരുമാനം 12,000 രൂപയിലും പ്രതിമാസ വ്യക്തിഗത വരുമാനം 100 രൂപയിലും അധികരിക്കാൻ പാടില്ല. കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും നിലവിൽ വന്നതോടെ ഈ പരിപാടിയുടെ നടത്തിപ്പ് ചുമതല 1998 മുതൽ ഗ്രാമ,നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കൈമാറുകയുണ്ടായി. അർഹരായ അപേക്ഷകർക്ക് അവരുടെ അപേക്ഷ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അപേക്ഷ പരിശോധിച്ച് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി തീരുമാനമെടുക്കുന്നതാണ്. 2019 ൽ 1,22,035 ഗുണഭോക്താക്കൾക്കായി 1,171.5 ലക്ഷം രൂപ തൊഴിലില്ലായ്മാ വേതനമായും, 2,498 ഗുണഭോക്താക്കൾക്കായി 1,047.8 ലക്ഷം രൂപ സ്വയം തൊഴിൽ സഹായവും വിതരണം ചെയ്തു. നടപ്പു സാമ്പത്തിക വർഷം, 2020 ൽ 82,300 ഗുണഭോക്താക്കൾക്കായി 1639.8 ലക്ഷം രൂപ തൊഴിലില്ലായ്മാ വേതനമായും, 2,708 ഗുണഭോക്താക്കൾക്കായി 1,639.8 ലക്ഷം രൂപ സ്വയം തൊഴിൽ സഹായമായും വിതരണം ചെയ്തിട്ടുണ്ട്. **(അനുബന്ധം 7.2.15)**

### നിയുക്തി - 2020

ദേശീയ എംപ്ലോയ്മെന്റ് സർവ്വീസ് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിക്കുന്ന വിപുലമായ റിക്രൂട്ട്മെന്റ് മേളകളാണ് 'നിയുക്തി'. ഇത് പ്രധാനമായും സംഘടിപ്പിക്കുന്നത് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ അഭ്യസ്ത വിദ്യരും, പ്രാഗല്ഭ്യമുള്ളവരുമായ തൊഴിൽ രഹിതരായ യുവാക്കൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയാണ്. 'നിയുക്തി 2020' കോഴിക്കോട് വച്ച് സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പരിപാടിയിൽ 4,500 തൊഴിലന്വേഷകരും,

**ചിത്രം 7.2.10** കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ




*അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ 2020*

73 തൊഴിൽ ദാതാക്കളും പങ്കെടുത്തതിൽ, 240 പേർക്ക് പ്ലേയ്സ്മെന്റ് നൽകുകയും ചെയ്തു.

### കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ

കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ 2010 മുതൽ കുറഞ്ഞുവരികയാണ്. അതിനു ശേഷം 2015 മുതൽ 2018 വരെ ഇതു വർദ്ധിച്ചുകൊണ്ടിരുന്നു (2016–ൽ നേരിയ കുറവുണ്ടായി). എന്നിരുന്നാലും 2018 ലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 2019–ൽ ഇതിനു കുറവു സംഭവിച്ചു. 2005 മുതലുള്ള കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ **ചിത്രം 7.2.10** –ൽ കാണിച്ചിരിക്കുന്നു.

## 7.3 നൈപുണ്യ വികസനം

ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ജനസംഖ്യയുള്ള രാജ്യങ്ങളിൽ ഒന്നായ ഇന്ത്യക്ക് നൈപുണ്യ ശേഷിയുടെ തലസ്ഥാനമാകാനുള്ള സാധ്യത ഉണ്ട്. യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല എങ്കിൽ നൈപുണ്യ വികസനം പൂർത്തിയാകില്ല. ഇതിനായി ഗവൺമെന്റ് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെ മൂലധന തീവ്രമായതോ, സാങ്കേതിക വിദ്യ കൂടുതലായതോ ആയ വ്യവസായങ്ങൾക്ക് പകരം തൊഴിൽ സാധ്യത കൂടുതലുള്ള വ്യവസായങ്ങൾക്ക് ഊന്നൽ നൽകേണ്ട സാഹചര്യമുണ്ട് (വാർഷിക റിപ്പോർട്ട്-2019-20, നൈപുണ്യ വികസന സംരഭകത്വ മന്ത്രാലയം, ഇന്ത്യ)

ദേശീയ ജനസംഖ്യ കമ്മീഷന്റെ കണക്കുകൾ അനുസരിച്ച്, 15–59 പ്രായപരിധിയിൽ ഉൾപ്പെടുന്ന തൊഴിൽ സേനയുടെ ജനസംഖ്യാനുപാതം 2011 ൽ 60.5 ൽ നിന്നും 2036 ൽ 65.1 ശതമാനമായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. 2011 മുതൽ 2036 വരെയുള്ള മൊത്തം ജനസംഖ്യാ വർദ്ധനവിന്റെ പ്രൊജക്ഷൻ 30.7 കോടിയാണ്, ഇതിൽ 15–59 വയസിനിടയ്ക്കുള്ള ജനസംഖ്യ വർദ്ധനവ് 82.5 ശതമാനമാണ്. ഇത് തൊഴിലാളികളുടെ ലഭ്യതയെ സൂചിപ്പിക്കുന്നു.

ഒരു രാജ്യത്തിന്റെ വളർച്ചയ്ക്കും, സാമൂഹ്യ വികസനത്തിനും ചാലക ശക്തിയാകുന്നത് നൈപുണ്യവും അറിവുമാണ്. മികച്ച പരിശീലനം ലഭിച്ച വിദഗ്ദ തൊഴിലാളികളുടെ അഭാവമാണ് ഇന്ത്യ ഇപ്പോൾ നേരിടുന്നത്. മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 2.3 ശതമാനം തൊഴിലാളികൾ മാത്രമാണ് നൈപുണ്യ പരിശീലനം ലഭിച്ചിട്ടുള്ളത്. ഇത് യു.എസ്.എ യിൽ 52 ശതമാനവും, യു.കെ യിൽ 68 ശതമാനവും, ജർമ്മനിയിൽ 75 ശതമാനവും, ജപ്പാനിൽ 80 ശതമാനവും, ദക്ഷിണ കൊറിയയിൽ 96 ശതമാനവുമാണ് (ദേശീയ നൈപുണ്യ വികസന മിഷൻ ഫ്രെയിം വർക്ക് ഫോർ ഇംപ്ലിമെന്റേഷൻ, നൈപുണ്യ വികസന സംരഭകത്വ മന്ത്രാലയം, ഇന്ത്യ), വിദ്യാസമ്പന്നരായ തൊഴിൽ സേനയിലെ വലിയൊരു വിഭാഗത്തിന് ഒട്ടുംതന്നെ, അല്ലെങ്കിൽ വളരെ കുറവുമാത്രമേ തൊഴിൽ നൈപുണ്യം കൈവശമുള്ളൂ. ഇത് അവരെ തൊഴിലില്ലാത്തവരാക്കി മാറ്റുന്നു. ആയതിനാൽ തൊഴിലുടമകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അത് വഴി സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനുമുള്ള നൈപുണ്യ പരിശീലന പരിപാടികൾ വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളിൽ ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ഇന്ത്യയിലെ 20–ഓളം മന്ത്രാലയങ്ങളും/ വകുപ്പുകളും, ചേർന്ന് 70 ൽ പരം പദ്ധതികൾ നൈപുണ്യ വികസനത്തി നായി നടപ്പിലാക്കുന്നുണ്ട്. നൈപുണ്യ പരിശീലന പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളെയും/സംസ്ഥാനങ്ങളെയും തമ്മിൽ സംയോജിപ്പിക്കുന്നതിന് ലക്ഷ്യം വെച്ച് 2015 ജൂലൈ 15 നാണ്, നൈപുണ്യ വികസന– സംരഭകത്വ മന്ത്രാലയം, ദേശീയ നൈപുണ്യ വികസന മിഷന് രൂപം നൽകിയത്. നൈപുണ്യ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും, സംയോജി പ്പിക്കുന്നതിനുമൊപ്പം നൈപുണ്യങ്ങൾ കൃത്യമായ നിലവാരത്തിലും, വേഗത്തിലും നേടിയെ ടുക്കുന്നതിനായി വിവിധ വകുപ്പുകളെ വളരെ പെട്ടെന്ന് തീരുമാനമെടുക്കാൻ സഹായിക്കുക എന്നതും ഇതിന്റെ ലക്ഷ്യമാണ്.

കേരളത്തിലെ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകുക വഴി അവരുടെ കഴിവുകൾ ഇന്ത്യയിലെയും, ലോകത്താകമാനവും ഉള്ള തൊഴിലിനാധാരമായി അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ രൂപീകരിച്ച ഒരു നോൺ പ്രോഫിറ്റ് കമ്പനിയാണ് കേരള അക്കാദമി

ഫോർ സ്കിൽസ് എക്സലൻസ് (KASE), സംസ്ഥാനത്തെ വിവിധ നൈപുണ്യ വികസന സംരംഭങ്ങൾ സുഗമമാക്കുന്നതിനും, ഏകോപിപ്പിക്കുന്നതിനുമുള്ള ഒരു നോഡൽ ഏജൻസിയാണ് ഇത്.

## നൈപുണ്യ വികസനത്തിനായുള്ള സർക്കാർ സംരംഭങ്ങൾ

### അഡീഷണൽ സ്കിൽസ് അക്വിസിഷൻ പ്രോഗ്രാം (ASAP)

സംസ്ഥാന നൈപുണ്യ വികസന പദ്ധതിയുടെ (SSDP) ഒരു ഭാഗമായി ഹയർ എഡ്യൂക്കേഷന്റെയും, പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത സംരംഭമായി 2012 ലാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി (ASAP) ആരംഭിച്ചത്.

പൊതു പാഠ്യപദ്ധതിയോടൊപ്പം ഹയർ സെക്കണ്ടറി തലത്തിലും ബിരുദതലത്തിലും, മാർക്കറ്റ് റെലവന്റ് ഫൗണ്ടേഷൻ പരിശീലനം, വൊക്കേഷണൽ ട്രെയിനിംഗ്, കരിയർ കൗൺസിലിംഗ് എന്നിവ കൂടി ഉൾപ്പെടുത്തി വിദ്യാസമ്പന്നർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുക എന്നതാണ് 'അസാപിന്റെ' ന്റെ (ASAP) ലക്ഷ്യം. 1100 ഓളം ഹയർ സെക്കണ്ടറി സ്കൂളുകളിലെയും, ആർട്സ് & സയൻസ് കോളേജുകളിലേയും 201409 കുട്ടികൾക്ക് 'അസാപ്' (ASAP) സംസ്ഥാനത്ത് ഗുണനിലവാരമുള്ള പരിശീലനം നൽകി.

### നിരന്തര പരിശീലന പദ്ധതികൾ

100 മണിക്കൂർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും, 80 മണിക്കൂർ അടിസ്ഥാന ഐ.ടി വൈദഗ്ധ്യവും അടങ്ങുന്ന ഒരു അടിസ്ഥാന നൈപുണ്യ പരിശീലനവും ഇതിന്റെ പതിവ് പരിശീലനത്തിൽ ഉൾപ്പെടുന്നു. ഇതിന് ശേഷം ബ്രിട്ടീഷ് കൗൺസിലിന്റെ ഭാഷാ പ്രാവീണ്യം പരീക്ഷയായ 'ആപ്റ്റിസ്' എന്ന ഒരു സർട്ടിഫിക്കറ്റ് പരീക്ഷയും നടത്തുന്നു. ഇതിന്റെ ഫീസ് ഘടന സംസ്ഥാന സർക്കാർ നിർണയിക്കുന്നതാണ്.

തെരഞ്ഞെടുത്ത സ്കൂളുകളെയും, കോളേജുകളെയും പ്രത്യേക നൈപുണ്യ പരിശീലന കേന്ദ്രങ്ങളായി, (സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ) അസാപ് നിയോഗിച്ചിട്ടുണ്ട്. നിലവിൽ 121 എസ്.ഡി.സി കളിലാണ് ഫൗണ്ടേഷൻ ക്ലാസ്സുകൾ നടത്തപ്പെടുന്നത്.

- 2019-20 ൽ 62 നൈപുണ്യ കോഴ്സുകൾ അസാപ് നൽകി
- 2019-20 ൽ 30869 കുട്ടികൾ അസാപിൽ എൻറോൾ ചെയ്തു.
- ഷീ സ്കിൽസ് 2019-ൽ 5529 പെൺകുട്ടികൾ രജിസ്റ്റർ ചെയ്തു.
- 2019-20 ൽ 34,768 ആപ്റ്റിസ് സർട്ടിഫിക്കറ്റുകളും 24496 സ്കിൽ കോഴ്സ് സർട്ടിഫിക്കറ്റുകളും നൽകി.
- പ്രാദേശിക തൊഴിലവസരങ്ങളും, സ്വയം തൊഴിൽ അവസരങ്ങളും തിരിച്ചറിഞ്ഞ് അനുയോജ്യമായ നൈപുണ്യ പരിശീലനം നൽകിക്കൊണ്ട് ദുർബല സമുദായങ്ങളുടെ ഉന്നമനത്തനായി ലക്ഷ്യമിടുന്ന കമ്മ്യൂണിറ്റി കോളേജ് എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 22 പോളിടെക്നിക്കുകളെ തെരഞ്ഞെടുത്തു.
- മൊത്തം 17 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചതിൽ 9 എണ്ണം ഇതിനകം തന്നെ പ്രവർത്തനമാരംഭിക്കുകയും 8 പാർക്കുകൾ നിർമ്മാണ ഘട്ടത്തിലുമാണ്.

### കുടുംബശ്രീ, എസ്.സി/എസ്.ടി എന്നിവർക്കുള്ള നൈപുണ്യ പരിശീലന പരിപാടികൾ

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ ആയ കുടുംബശ്രീ രൂപീകരിച്ചത്. സ്ത്രീകൾക്കിടയിൽ നൈപുണ്യ വികസനത്തിന്റെ ഭാഗമായി ഈ ഏജൻസി സംസ്ഥാന തലത്തിൽ നിരവധി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

### ദീൻദയാൽ അന്ത്യോദയ യോജന–നാഷണൽ റൂറൽ ലൈവ് ലി ഹുഡ് മിഷൻ (DAY-NRLM)

ഈ പദ്ധതി പ്രകാരം, ദരിദ്ര ഗ്രാമീണ വിഭാഗങ്ങൾക്ക് യാതൊരു ചെലവും കൂടാതെ ആവശ്യ പ്രകാരം ഉള്ള നൈപുണ്യ പരിശീലനം നൽകുന്നു. ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗസല്യ യോജന (DDU GKY) കുടുംബശ്രീ അംഗങ്ങൾക്ക് നൈപുണ്യാധിഷ്ഠിത പരിശീലനവും നൽകുന്നു. വിവരങ്ങൾ **പട്ടിക 7.3.1** ൽ കൊടുത്തിരിക്കുന്നു.

### എസ്.സി /എസ്.ടി സ്കിൽ അധിഷ്ഠിത പരിശീലന പ്രോഗ്രാം വിശദാംശങ്ങൾ

കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ അവരുടെ പരിമിതമായ തൊഴിലവസരങ്ങളിൽ നിന്നാണ് ഉടലെടുക്കുന്നത്. വിദ്യാഭ്യാസത്തിന്റെയും, നൈപുണ്യ വികസനത്തിന്റെയും അഭാവ മൂലം അവരെ കേരളത്തിന്റെ പ്രശംസനീയമായ മാനവ വിഭവ വികസനത്തിന്റെ നേട്ടങ്ങൾ ഒരു പരിധിവരെ അവർക്ക് അപ്രാപ്യമാക്കി. ഈ വിഭാഗങ്ങളിൽ ആത്മവിശ്വാസവും, സ്വാശ്രയശീലവും തീരുമാനമെടുക്കലിന്റെ കഴിവും വികസിപ്പിക്കുന്നതിന് നൈപുണ്യ വികസനം ഒഴിച്ചു കൂടാനാവാത്തതാണ്. വിദ്യാഭ്യാസത്തിലൂടെയും നൈപുണ്യ വികസനത്തിലൂടെയും പ്രസ്തുത

**പട്ടിക 7.3.1** പരിശീലനവും, നിയമനവും ലഭിച്ചവരുടെ എണ്ണം, 2019–20, 2020–21

| പദ്ധതിയുടെ പേര് | ഘടകങ്ങൾ | നേട്ടങ്ങൾ (എണ്ണം) | |
|---|---|---|---|
| | | 2019–20 | 2020–21 (30.09.2020 വരെ) |
| DDU GKY | പരിശീലനം ലഭിച്ച വ്യക്തികൾ | 13,113 | 125 |
| | നിയമനം ലഭിച്ച | 9,957 | 120 |

*ഉറവിടം - കുടുംബശ്രീ മിഷൻ*

**പട്ടിക 7.3.2** നൈപുണ്യ പരിശീലനം, വിശദാംശങ്ങൾ

| വർഷം | നൈപുണ്യ പരിശീലനത്തിന്റെ എണ്ണം | ഏജൻസികളുടെ എണ്ണം | | നിയമന നില | |
|---|---|---|---|---|---|
| | | പങ്കെടുത്തവരുടെ എണ്ണം | No. of courses | ഇന്ത്യ | വിദേശം |
| 2016–17 | 3 | 5 | 457 | 288 | 1 |
| 2017–18 | 4 | 8 | 1430 | 1393 | |
| 2018–19 | 6 | 14 | 870 | 659 | 10 |
| 2019–20 | 11 | 22 | 1148 | 306 | 11 |
| 2020–21 (30.09.2020 വരെ) | 4 | 4 | 1450 | | |
| ആകെ | 28 | 53 | 5355 | 2646 | 22 |

*ഉറവിടം : പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്, കേരള സർക്കാർ*

വിഭാഗങ്ങളെ ശാക്തീ കരിച്ചാൽ അവർക്ക് സ്വാശ്രയവും മാന്യവുമായ ജീവിതം നയിക്കാൻ കഴിയുന്നതാണ്. **(പട്ടിക 7.3.2)**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 2016–17 മുതൽ 2020–21 (30.09.2020 വരെ) 53 നൈപുണ്യ പരിശീന പരിപാടികളാണ് നടത്തിയത്. ഇതിൽ 5355 ഉദ്യോഗാർത്ഥികൾ പങ്കെടുത്തു. ഇതിൽ 2646 പേർക്ക് ഇന്ത്യയിലെ വിവിധ സ്ഥാപനങ്ങളിലും 22 പേർക്ക് വിദേശത്തും ജോലി ലഭിച്ചിട്ടുണ്ട്.

## വ്യാവസായിക പരിശീലന വകുപ്പ്

കേരള സർക്കാരിന്റെ, തൊഴിലും, നൈപുണ്യം വകുപ്പിന്റെ കീഴിലാണ് വ്യാവസായിക പരിശീലന വകുപ്പ് പ്രവർത്തിക്കുന്നത്. നൈപുണ്യ വികസനവും, സംരംഭകത്വവും മന്ത്രാലയം, ഭാരത സർക്കാരിന്റെ ഡയറക്ടർ ജനറലിന്റെ (പരിശീലനം) വിവിധ നൈപുണ്യ പരിശീന പ്രവർത്തനങ്ങളുടെ സംസ്ഥാന തല നോഡൽ ഏജൻസിയായി വ്യാവസായിക പരിശീലന വകുപ്പ് പ്രവർത്തിക്കുന്നു. ഡയറക്ടർ ജനറലാണ് വകുപ്പിന്റെ മേധാവി. ഡി.ജി.ഇ & ടി ആരംഭിച്ച രണ്ട് പ്രധാന പദ്ധതികളായ ക്രാഫ്റ്റ്സ്മാൻ പരിശീനം, അപ്രന്റിസ്ഷിപ്പ് പരിശീലനം എന്നിവ വിവിധ സർക്കാർ, പ്രൈവറ്റ് സ്ഥാപനങ്ങളിലൂടെ സംസ്ഥാനത്തിന്റെ ഗ്രാമീണ–നാഗരിക മേഖലകളിൽ നടത്തിവരുന്നു. പരിശീലനാർത്ഥിക്ക് ലഭിക്കുന്ന സൗജന്യ പരിശീലനവും മറ്റ് സഹായങ്ങളും, സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങളെ സാങ്കേതിക മുന്നേറ്റത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സഹായിക്കുന്നു. രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും വിലപ്പെട്ട സംഭാവനകൾ നൽകാൻ കഴിയുന്ന, നൈപുണ്യവും, സാങ്കേതിക മികവുമുള്ള ഒരു യുവതലമുറയെ സൃഷ്ടിച്ചെടുക്കുകയും, 2022 ഓടു കൂടി തൊഴിലില്ലായ്മ കുറക്കുന്നതിനായി 500 മില്യൺ നൈപുണ്യമുള്ള വ്യക്തികളെ സൃഷ്ടിച്ചെടുക്കുകയുമാണ് വകുപ്പിന്റെ മുഖ്യ ലക്ഷ്യം.

ഇന്ത്യാ ഗവൺമെന്റ് 1950 ലാണ് ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് പദ്ധതി നടപ്പിലാക്കിയത്. തൊഴിൽ നേടാനാവശ്യമായ പരിശീലനത്തിലൂടെ പ്രാദേശിക വ്യവസായങ്ങൾക്കാവശ്യമായ വിവിധ ട്രേഡുകളിലേക്ക് നൈപുണ്യമുള്ള തൊഴിലാളി കളുടെ ഒഴുക്ക് ഉറപ്പ് വരുത്തുക, ചിട്ടയായ പരിശീലനത്തിലൂടെ വ്യവസായികോൽപ്പാദന ത്തിന്റെ അളവും, ഗുണനിലവാരവും വർദ്ധിപ്പിക്കുക, അഭ്യസ്ത വിദ്യരിലെ തൊഴിലില്ലായ്മ കുറയ്ക്കുക തുടങ്ങിയവയാണ് ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗിന്റെ ഉദ്ദേശ്യം. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ് രാജ്യത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉന്നത അതോറിറ്റി ഈ പദ്ധതി പ്രകാരം ട്രെയിനി ഒരു പ്രത്യേക ട്രേഡ് പൂർത്തിയാക്കുകയും, അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് വിജയിക്കുകയും ചെയ്താൽ, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നു. ടി പദ്ധതി കേരള ത്തിൽ നടപ്പിലാക്കുന്നത് ഇൻഡസ്ട്രിയൽ ട്രൈയിനിംഗ് വകുപ്പാണ്.

ഏകദേശം 85 ബ്രാഞ്ചുകളിലായി മൊത്തം 54060 സീറ്റുകൾ ക്രാഫ്റ്റ്സ്മാൻ ട്രൈയിനിംഗിനു മാത്രമായി മാറ്റി വെച്ചിട്ടുണ്ട്. ഗവൺമെന്റ് ഐ.ടി.ഐ. യിൽ 35772 ഉം മറ്റ് അനുബന്ധ സ്ഥാപനളിലും സ്വകാര്യ

ഐ.ടി.ഐ. കളിലുമായി 18288 ഉം സീറ്റുകൾ. വിശദ വിവരങ്ങൾ **അനുബന്ധം 7.3.1, 7.3.2, 7.3.3, 7.3.4** ൽ ചേർത്തിട്ടുണ്ട്.

## അപ്രന്റീസ് പരിശീലനം

1961ലെ അപ്രന്റീസ്ഷിപ്പ് നിയമം അനുസരിച്ച് അപ്രന്റിസ്ഷിപ്പ് പരിശീലന പരിപാടികൾ നടത്തി വരുന്നു. അപ്രന്റീസ്ഷിപ്പ് പരിശീലന പരിപാടികൾ നിയന്ത്രിക്കുകയും അതു വഴി നിലവാരമുള്ള പാഠ്യപദ്ധതി, പരിശീലന കാലയളവ്, നൈപുണ്യങ്ങൾ ഉറപ്പാക്കൽ തുടങ്ങിയവയാണ് ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. വ്യവസായങ്ങളിൽ തൊഴിൽ നൈപുണ്യമുള്ള തൊഴിലാളികളുടെ ആവശ്യം സാധൂകരിക്കുന്നതിനായി വ്യവസായശാലകളിലെ സൗകര്യം പ്രയോജനപ്പെടുത്തി പ്രായോഗിക നൈപുണ്യ പരിശീലനം നൽകുന്നു. വ്യവസായത്തിനാവശ്യമുള്ള നൈപുണ്യമുള്ള തൊഴിലാളികളെ സൃഷ്ടിക്കലാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപ്രന്റീസ്ഷിപ്പ് എന്നത് അപ്രന്റീസും തൊഴിലുടമയും തമ്മിലുള്ള ഒരു ഉടമ്പടിയാണ്. ഒരു നിശ്ചിത കാലയളവിൽ, ഒരു പ്രത്യേക നൈപുണ്യം വികസിപ്പിച്ചെടുക്കുന്നതിന് പരിശീലിപ്പിക്കുകയും, പ്രസ്തുത കാലയളവിൽ അപ്രെന്റിസ്ഷിപ്പ് നിയമം (1961) അനുസരിച്ചുള്ള ഒരു ധന സഹായം നൽകുകയും ചെയ്യുന്നു. കേന്ദ്ര/ സംസ്ഥാന സർക്കാരുകൾ ഒരു മൂന്നാം കക്ഷിയായി ഈ ഉടമ്പടി നിയന്ത്രിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

ഇന്ത്യ ഗവൺമെന്റ് അടുത്തിടെ നാഷണൽ അപ്രന്റീസ് പ്രൊമോഷൻ സ്കീം (നാപ്സ്) അവതരിപ്പിച്ചു. ഈ പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ 25 ശതമാനം സ്റ്റൈപ്പന്റും സ്ഥാപനങ്ങൾക്ക് തിരിച്ചടയ്ക്കണം. കേരളത്തിലെ അപ്രന്റിസ്ഷിപ്പ് ട്രെയിനിംഗ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത മേൽനോട്ടത്തിൽ നടത്തുന്നു. ഈ നിയമ പ്രകാരം വ്യവസായ ശാലകളിലെ നൈപുണ്യ പരിശീലനത്തിനുള്ള സൗകര്യങ്ങളും സാധ്യതകളും ഉപയോഗപ്പെടുത്തുകയും നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുന്നു. സംസ്ഥാനത്തെ അപ്രന്റിസ്ഷിപ്പ് പദ്ധതികൾ നടപ്പിലാക്കുന്നത് സംസ്ഥാന അപ്രന്റീസ്ഷിപ്പ് അഡ്വൈസറുടെയും അസിസ്റ്റന്റ് അപ്രന്റിസ്ഷിപ്പിന്റെയും ഓഫീസ് മുഖേനയാണ്. ഈ പദ്ധതിയിലൂടെ 14 ജില്ലകളിൽ 81 ട്രേഡുകൾ നീക്കിവച്ചിട്ടുണ്ട്.

- സ്ഥിതി ചെയ്യുന്ന സീറ്റുകളുടെ എണ്ണം : 7936
- വിനിയോഗിച്ച സീറ്റുകളുടെ എണ്ണം : 2807
- സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണം : 2443 (ഗവൺമെന്റ്: 869, സ്വകാര്യം: 1574)
- വിനിയോഗിച്ച സ്ഥാപനങ്ങളുടെ എണ്ണം : 746 (ഗവൺമെന്റ്: 251, സ്വകാര്യ: 495)

ഈ പദ്ധതി പ്രകാരം 2000 വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് സെർട്ടിഫിക്കറ്റുകൾ നൽകി വരുന്നു. 50 ശതമാനം അപ്രന്റീസ്ഷിപ്പ് നിയമനം സംസ്ഥാനത്ത് ഗവൺമെന്റ് മേഖലയിൽ നടത്തിവരുന്നു.

## വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ

വ്യാവസായിക പരിശീലന പദ്ധതി പ്രകാരം സംസ്ഥാനത്ത് 99 വ്യാവസായിക പരിശീലന സ്ഥാപനങ്ങളും സ്വകാര്യ ഐ.ടി.ഐ കളും പ്രവർത്തിക്കുന്നു. ഈ ഐ.ടി.ഐ യിൽ മൊത്തം 35,772 സീറ്റുകൾ ലഭ്യമാണ്. ഇതിൽ 30 ശതമാനം സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു. കൂടാതെ സർക്കാർ മേഖലയിൽ 14 വനിത ഐ.ടി.ഐ കൾ പ്രവർത്തിക്കുന്നു.

## ഇന്ത്യ സ്കിൽസ് – കേരളം –2019

ഇന്ത്യ സ്കിൽസ് 2018 എന്ന നൈപുണ്യ മത്സരത്തിന്റെ മികവാർന്ന വിജയത്തിന്റെ പ്രചോദനം ഉൾക്കൊണ്ട് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് കൂടുതൽ മികച്ച നൈപുണ്യ പോരാട്ടത്തിനുള്ള ഒരു വേദി തുറന്നു. അതാണ് ഇന്ത്യ സ്കിൽസ് കേരള 2019. ഈ മത്സരം 2020 ഫെബ്രുവരിയിൽ കോഴിക്കോട്, സ്വപ്ന നഗരിയിൽ വച്ച് നടന്നു. ഇന്ത്യ സ്കിൽസ് 2018–ന് സംസ്ഥാനത്തെ യുവജനങ്ങളിൽ നിന്നും മികച്ച പ്രതികരണം ലഭിച്ചു. ജില്ലാതല മത്സരങ്ങളിൽ 7422–പേർ പങ്കെടുക്കുകയും, കൊച്ചി മറൈൻ ഡ്രൈവിൽ വച്ച നടന്ന ഫൈനലുകൾ 112 ഫൈനലിസ്റ്റുകൾ വന്ന ഒരു വലിയ ഇനം ആയിരുന്നു. കൂടാതെ ഓരോ ട്രേഡിലേയും വിജയികൾക്കും രണ്ടാം സ്ഥാനക്കാർക്കും പ്രത്യേക പരിശീലനം നൽകുകയും അവർ 2018 ജൂൺ 21 മുതൽ 23 വരെ നടന്ന റീജിയണൽ മത്സരമായ ഇൻഡ്യ സ്കിൽസ് 2018–ൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുകയും ചെയ്തു. സംസ്ഥാനത്ത് നിന്നുള്ള 40 മത്സ രാർത്ഥികളിൽ നിന്നും 20 പേർ വിജയികളാകുകയും, 2018 ഒക്ടോബർ 2 മുതൽ 5 വരെ ന്യൂഡൽഹിയിൽ വച്ച് ദേശിയ തല മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിക്കുകയും ചെയ്തു. ഇവരിൽ നിന്നും 3 പേർ രാജ്യത്തെ പ്രതിനിധീകരിച്ച് റഷ്യയിലെ ഖസാനിൽ വച്ച് നടന്ന വേൾഡ് സ്കിൽ 2019–ൽ പങ്കെടുക്കുകയും ചെയ്തു. കേരളത്തിൽ നിന്നുള്ള രണ്ട് പേർക്ക് 'മെഡലിയൻ ഓഫ് എക്സലൻസ്' അവാർഡ് ലഭിക്കുകയുണ്ടായി. ഒരു സർക്കാർ ഐ.ടി.ഐ ട്രെയിനി ഫ്ലോർ–വാൾ ടൈലിംഗ്–ലും 3D ഗെയിം ആർട്ടിൽ ഒരു ബിരുദധാരിയും അവാർഡുകൾ നേടി. ചുരുക്കത്തിൽ ഇൻഡ്യ സ്കിൽസ് കേരളം 2018, വേൾഡ് സ്കിൽസ് 2019 ലേക്കുള്ള പാത തുറന്നു. ഇൻഡ്യ സ്കിൽസ് കേരള 2018–ലെ വിജയികൾക്ക് രാജ്യത്തെ പ്രതിനിധീകരിച്ച് വിവിധ അന്താരാഷ്ട്ര നൈപുണ്യ മത്സരങ്ങളായ യൂറോ സ്കിൽസ് 2019, ഏഷ്യ സ്കിൽ 2019, ഹൈ–ടെക് റഷ്യ 2019 കൂടാതെ വേൾഡ് സ്കിൽ ഓസ്ട്രേലിയ 2019 എന്നിവയിലും പങ്കെടുക്കാൻ സാധിച്ചു.

## ISO സർട്ടിഫിക്കേഷൻ

ഗുണ നിലവാരമാണ് വ്യാവസായിക പരിശീലന സ്ഥാപനങ്ങളുടെ മുഖമുദ്ര. പരിശീലന ങ്ങളിൽ അതി നൂതന സാങ്കേതിക വിദ്യകളാണ് സ്ഥാപനങ്ങൾ ഉപയോഗിക്കുന്നത്. (റിസൽട്ട് ഓറിയന്റഡ്) ഫലപ്രാപ്തി ലക്ഷ്യം വച്ചുള്ള പ്രകടനം ഉറപ്പ് വരുത്തുകയാണ് വകുപ്പിന്റെ ലക്ഷ്യം. 34 ഐ.ടി.ഐ കൾക്ക് ISO സർട്ടിഫിക്കേഷൻ നൽകിയാണ് വകുപ്പിന്റെ ഈ സംരംഭങ്ങളെ അംഗീകരിക്കുന്നത്.
ഐ.എസ്.ഒ സർട്ടിഫിക്കറ്റ് നേടിയ ഐ.ടി.ഐ കൾ ഐ.ടി.ഐ കോഴിക്കോട്, ഐ.ടി.ഐ ഏറ്റുമാനൂർ, ഐ.ടി.ഐ മാള, ഐ.ടി.ഐ (വനിത) കളമശ്ശേരി, ഐ.ടി.ഐ കണ്ണൂർ, ഐ.ടി.ഐ (വനിത) ചാലക്കുടി, ഐ.ടി.ഐ അരീക്കോട്, ഐ.ടി.ഐ ചെങ്ങന്നൂർ, ഐ.ടി.ഐ ധനുവച്ചപുരം, ഐ.ടി.ഐ ചാക്ക, ഐ.ടി.ഐ കൊല്ലം, ഐ.ടി.ഐ (വനിത) കൊല്ലം, ഐ.ടി.ഐ പള്ളിക്കത്തോട്, ഐ.ടി.ഐ കട്ടപ്പന, ഐ.ടി.ഐ ചാലക്കുടി, ഐ.ടി.ഐ മലമ്പുഴ, ഐ.ടി.ഐ (വനിത) കണ്ണൂർ, ഐ.ടി.ഐ കാസറകോഡ്, ഐ.ടി.ഐ ആര്യനാട്, ഐ.ടി.ഐ ചാത്തന്നൂർ, ഐ.ടി.ഐ മലയൻകീഴ് ഐ.ടി.ഐ പള്ളിപ്പാട്, ഐ.ടി.ഐ അട്ടപ്പാടി, ഐ.ടി.ഐ കയ്യൂർ, ഐ.ടി.ഐ കൊയിലാണ്ടി, ഐ.ടി.ഐ നിലമ്പൂർ, ഐ.ടി.ഐ കുഴൽമന്ദം, ഐ.ടി.ഐ മാടായി എന്നിവയാണ് ISO സർട്ടിഫിക്കേഷൻ നേടിയ ഐ.ടി.ഐ കൾ.

## ഐ.ടി.ഐ വെബ് സൈറ്റുകളുടെ നവീകരണം

ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ഐ.റ്റി.ഐ കളിലുമായി പ്രത്യേക വെബ് സൈറ്റുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡി.ജി.ഇ ആന്റ് റ്റി യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരണമായി ഐ.റ്റി.ഐ ഇൻസ്റ്റിറ്റ്യൂട്ടുകൾ, കോഴ്സ്, പ്രവേശന വിശദാംശങ്ങൾ, ഫാക്കൽറ്റി, സേവനങ്ങൾ, പ്രത്യേകതകൾ, കൺസൽട്ടൻസി, ഭാവി പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഈ വെബ് സൈറ്റിൽ ലഭ്യമാകുന്നു.

## ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

വർഷത്തിൽ ഏകദേശം മൂവായിരത്തോളം ട്രെയിനികൾക്ക് സർക്കാർ ഐ.ടി.ഐ കൾ വഴി വിവിധ കോഴ്സുകളിൽ പരിശീലനം നൽകി വരുന്നു. പ്ലാന്റുകളിലെ പരിശീലന സമയത്ത് ഫാക്ടറികളിലും മറ്റും ട്രെയിനികൾ ഭാരമേറിയതും, അപകടപരവുമായ പല യന്ത്രങ്ങളും കൈകാര്യം ചെയ്യേണ്ടതായി വരാറുണ്ട്. പരിശീലനത്തിനിടയ്ക്ക് ചിലപ്പോഴൊക്കെ ട്രെയിനികൾക്ക് അപകടം സംഭവിക്കാറുമുണ്ട്. ആയതുകൊണ്ട് 2018–19–ൽ ട്രയിനികൾക്കായി ഒരു ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നിലവിൽ വന്നു. ഇതിലെ ഐ.ടി.ഐ ട്രെയിനികൾക്ക് ഒരു വർഷത്തെ 3 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് നൽകുന്നുണ്ട്.

## സാങ്കേതിക കൈമാറ്റ പരിപാടി

ഐ.ടി.ഐ ട്രെയിനികൾക്കായി വകുപ്പ് ഒരു സാങ്കേതിക കൈമാറ്റ പരിപാടി ആരംഭിച്ചു. ട്രെയിനികൾക്ക് വിദേശത്തുള്ള മികച്ച സ്ഥാപനങ്ങളിൽ പരിശീലന സൗകര്യം ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2018–19 വർഷത്തിൽ, വിവിധ ട്രേഡുകളിലുള്ള 46–ഓളം ട്രെയിനികൾക്ക് ഐ.ടി.ഐ എഡ്യൂക്കേഷൻ സർവീസ് സിംഗപ്പൂർ നടത്തിയ പരിശീലനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞു.

## നൈപുണ്യ കർമ്മസേന

പ്രളയത്തോടനുബന്ധിച്ച് വ്യവസായിക പരിശീലന വകുപ്പ് രൂപീകരിച്ച ഒന്നാണ് നൈപുണ്യ കർമ്മ സേന. ഇലക്ട്രിക്കൽ, പ്ലംബിംങ്, കാർപെന്ററി എന്നീ കേടുപാടുകൾ തിർക്കുന്നതിനായുള്ള സേനയാണിത്. ഇവരെ കൂടാതെ ഐ.ടി.ഐ വിദ്യാർത്ഥികളുടെ സാങ്കേതിക ജ്ഞാനമുള്ള ഒഫീഷ്യലുകൾ എന്നിവരെല്ലാം ഇതിൽ പങ്കാളികളായിട്ടുണ്ട്. ഈ സേനയെ 2020–21–ൽ വകുപ്പ് ഒരു സ്ഥിരം സംവിധാനമാക്കി മാറ്റിയിട്ടുണ്ട്.

## പ്ലേസ്മെന്റ് സംവിധാനം

2019–20–ൽ 2,139 ട്രെയിനികൾക്ക് പ്ലേസ്മെന്റ് സെൽ വഴി ജോലി ലഭിച്ചിട്ടുണ്ട്.

## 2019–20–ലെ നാഴികക്കല്ലുകൾ

- ഇന്ത്യ–സ്കിൽ കേരള 2020 യുവജനങ്ങൾക്ക് അവരുടെ തൊഴിൽപരമായ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു വേദിയായിരുന്നു. ഇതിലെ വിജയികൾക്ക് ഇന്ത്യ സ്കിൽ 20–ലും അത് വഴി ഷാങ്ഹായിൽ വച്ച് നടക്കുന്ന വേൾഡ് സ്കിൽ 2020 മത്സരങ്ങളിലും പങ്കെടുക്കുവാൻ അവസരം ലഭിക്കും.
- 3 മേഖലകളിലായി ജോബ് ഫെയർ സംഘടിപ്പിക്കുകയുണ്ടായി
- കിഫ്ബിയുടെ ഫണ്ടിലൂടെ 10 ഐ.ടി.ഐ കൾ അന്താരാഷ്ട്ര നിലവാരത്തി ലേക്കുയർത്തുന്നതിനുള്ള നടപടികൾ ഉണ്ടായി. ഐടിഐ ധനുവച്ചപുരം, ഐടിഐ കൊല്ലം, ഐടിഐ ചെങ്ങന്നൂർ, ഐടിഐ ഏറ്റുമനൂർ, ഐടിഐ കട്ടപ്പന, ഐടിഐ ചാലക്കുടി, ഐടിഐ മലമ്പുഴ, ഐടിഐ കൊയിലാണ്ടി, ഐടിഐ കണ്ണൂർ, ഐടിഐ കയ്യൂർ എന്നിവയാണ് ഈ ഐ.ടി.ഐ കൾ.
- ഹരിതകേരള മിഷന്റെ സഹായത്തോടെ

തെരഞ്ഞെടുത്ത് 14 ഐ.ടി.ഐ കളിൽ ഗ്രീൻക്യാംപസ് പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്

### കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്(കെയ്സ്)

സെന്റർ ഫോർ റിസർച്ച് എഡ്യൂക്കേഷൻ ആന്റ് ടിച്ചേഴ്സ് ട്രെയിനിംഗ് കേരള അക്കാദമി ഫോർ സ്കിൽ എക്സെലൻസ് (കെയ്സ് ) കോഴിക്കോടുള്ള സദ്ഭാവന ഗ്രൂപ്പും കൂടിച്ചേർന്നുള്ള ഒരു സംരംഭം ആണിത്. അദ്ധ്യാപകരുടെ ആവശ്യത്തിനും അഭിരുചിക്കും അനുസരിച്ചുള്ള പരിശീലനത്തിനുള്ള സ്ഥാപനമാണ് ഇത്. 70 ശതമാനം പ്ലേസ്മെന്റ് ഗ്യാരണ്ടിയുള്ള പരിശീലനമാണിത്.

ഇന്ത്യയിലെയും വിദേശത്തെയും തൊഴിൽ കമ്പോളത്തിന് ഇണങ്ങുന്ന വിധം ആഗോള നിലവാരത്തിലേയ്ക്ക് കേരളത്തിലെ യുവജനങ്ങളുടെ നൈപുണ്യ മികവ് ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ സ്ഥാപിച്ചതാണ് കെയ്സ്. ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു കമ്പനിയാണ് കെയ്സ്. സംസ്ഥാനത്തിന്റെ വിവിധ നൈപുണ്യ വികസന സംരംഭങ്ങൾ സുഗമമാക്കുന്നതിനും ഏകോപിപിക്കുന്നതിനും ഉതകുന്ന രീതിയിലാണ് കെയ്സിന്റെ പ്രവർത്തനം. ലോകത്താകമാനം ഉള്ള വ്യവസായങ്ങൾക്ക് ഉതകുന്ന തരത്തിൽ തൊഴിൽ നൈപുണ്യങ്ങളെ നൂതന സാങ്കേതിക വിദ്യയിലൂടെ ഉയർത്തിക്കൊണ്ടു വരുകയാണ് കെയ്സിൻറെ ലക്ഷ്യം.

### കേരളത്തിലെ നൈപുണ്യ സംയോജനം

ദേശീയ, സംസ്ഥാന, ജില്ലാതലങ്ങളിൽ സ്ഥാപന പരമായ ശക്തിപ്പെടുത്തലിനാണ് 'കെയ്സിനെ' സംസ്ഥാന നൈപുണ്യ മിഷൻ ആയി തെരഞ്ഞെടുത്തത്. വിവിധ വകുപ്പുകൾക്ക് അവരവരുടേതായ നൈപുണ്യ പദ്ധതികൾ ഉണ്ട്. ഇത് ചില ആവർത്തനങ്ങൾ ഉണ്ടാകാൻ കാരണമാകുന്നു. അത് കൊണ്ട് തന്നെ ഇത്തരത്തിൽ ഏകീകരണത്തിനായുള്ള ഒരു ഏജൻസി ഉണ്ടായിരിക്കേണ്ട ആവശ്യകത ഊന്നിപ്പറയുന്നു. ഇത്തരത്തിൽ ഒരു കുടക്കീഴിൽ നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഏകീകരിക്കാനാണ് ' കെയ്സ് ' സ്ഥാപിതമായിട്ടുള്ളത്.

ഇതിനായി സംസ്ഥാന നൈപുണ്യ വികസന മിഷൻ എന്ന തരത്തിൽ താഴെ പറയുന്ന സവിശേഷതകൾ നിർദ്ദേശിച്ചു.

- ഭരണ സൗകര്യത്തിനായുള്ള ഒരു ചട്ടക്കൂട്.
- സംസ്ഥാന നൈപുണ്യ വികസന മിഷൻ ഒരു നൈപുണ്യ സെക്രട്ടേറിയറ്റ് ആയി പ്രവർത്തിക്കുക.
- വേൾഡ് സ്കിൽ ലൈസിയം – നൈപുണ്യ സെക്രട്ടേറിയറ്റിനായുള്ള ഒരു തിങ്ക് – ടാങ്ക്.

സംസ്ഥാന നൈപുണ്യ വികസന സംരംഭങ്ങൾ നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ താഴെ പറയുന്ന രണ്ട് അഡ്മിനിസ്ട്രേറ്റിവ് ബോഡികൾ കൂടി ആരംഭിച്ചിട്ടുണ്ട്.

1. **സംസ്ഥാനതല സ്റ്റിയറിംഗ് കൗൺസിൽ:** സംസ്ഥാനത്തിന്റെ നയ രൂപീകരണ അതോറിറ്റിയായി ഇത് പ്രവർത്തിക്കുന്നു. കേരളത്തിത്തിലുടനീളമുള്ള നൈപുണ്യ വികസന കേന്ദ്രങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സംസ്ഥാനത്തിന്റെ നൈപുണ്യ നയത്തിന് അനുസൃതമായി ഉന്നതാധികാര സമിതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്ന കൗൺസിൽ ഒരു ഭരണ സമിതിയായി പ്രവർത്തിക്കുന്നു. കൗൺസിൽ ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. മറ്റ് മന്ത്രിമാർ, ചീഫ് സെക്രട്ടറി, വ്യവസായിക വകുപ്പിലെ പ്രതിനിധികൾ എന്നിവർ കൗൺസിൽ അംഗങ്ങളാണ്.

2. **ഹൈ പവർ കമ്മറ്റി:** ചീഫ് സെക്രട്ടറി ചെയർമാനും, കെയ്സ് മാനേജിംഗ് ഡയറക്ടർ കൺവീനറുമായ കമ്മിറ്റിയാണ് ഇത്. സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള കമ്മറ്റിയാണ് ഹൈ പവർ കമ്മറ്റി. മാത്രമല്ല വിവിധ സംഘടനകൾ നടത്തുന്ന നൈപുണ്യ പ്രോഗ്രാമുകൾ നിയന്ത്രിക്കുന്നതും ഈ കമ്മറ്റിയാണ്.

### അന്താരാഷ്ട്ര നൈപുണ്യ പരിശീലനവും, തൊഴിലും പദ്ധതിയും (ഐ–സ്റ്റെപ്പ്)

കേരളത്തിന്റെ ജനസംഖ്യാ പരമായ സവിശേഷതകൾ കണക്കിലെടുത്ത് വ്യവസായിക സഹകരണങ്ങളും പ്ലേസ്മെന്റ് ലിങ്കേജുകളും ഉപയോഗിച്ച് അതുല്യമായ നൈപുണ്യ മാതൃകകൾ 'കെയ്സ്' സ്വീകരിച്ചിട്ടുണ്ട്. കേരള ഗവൺമെന്റിന്റെ നൈപുണ്യ വികസന ദൗത്യവുമായി ബന്ധപ്പെടുത്തുന്നതിനുള്ള ഒരു ഏകജാലക സംവിധാനമാണ് ഐ–സ്റ്റെപ്പ്. ഉപഭോക്താവ് സ്കിൽ ഗ്യാപ്പ് തിരിച്ചറിയുന്ന ഏത് വ്യവസായിക മേഖലയിലേക്കും ഐ–സ്റ്റെപ്പ് എത്തുന്നു. തൊഴിൽ നൈപുണ്യവും 60 ശതമാനത്തോളം ഉറപ്പുള്ള തൊഴിൽ സാധ്യതകളും നൽകുക എന്ന ലക്ഷ്യത്തോടെയുള്ള പ്രോജക്ട് പ്രോപ്പോസലുകൾ 'കെയ്സി'ന്റെ ഐ–സ്റ്റെപ്പ് സംരംഭത്തിൽ സമർപ്പിക്കാം.

**ഐ–സ്റ്റെപ്പിന് കീഴിൽ വരുന്ന മോഡ്യൂളുകൾ.**

എ. സെന്റർ ഓഫ് എക്സലൻസ്.
ബി. നൈപുണ്യ പരിശീലന കോഴ്സുകളുടെ അക്രിഡിറ്റേഷൻ.
സി. നൈപുണ്യ പരിശീലന പരിപാടികൾ.

## എ. സെന്റർ ഓഫ് എക്സലൻസ്

നഴ്സിംഗ്, സെക്യൂരിറ്റി സ്കിൽസ്, , ഓയിൽ ആൻഡ് റിഗ്, ടീച്ചിംഗ്, വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, കൺസ്ട്രക്ഷൻ എന്നിവയിൽ മികവ് പുലർത്തു ന്ന കേന്ദ്രങ്ങൾ കെയ്സ് സ്ഥാപിച്ചു.

### 1. നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് ((NICE):

നഴ്സുമാരുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ലോകോത്തര പരിശീലന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഇന്ത്യയിലെ ആദ്യത്തെ സംരംഭമാണ് ഇത്. തിരുവനന്തപുരം സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ (എൻ.എം.സി. ഹെൽത്ത് കെയർ ഗ്രൂപ്പ്, യു.എ.ഇ.) പങ്കാളിത്തത്തോടെയാണ് 'കെയ്സ്' തിരുവനന്തപുരം കിൻഫ്രാ അപ്പാരൽ പാർക്കിൽ ഈ സെന്റർ സ്ഥാപിച്ചത്. ജൂൺ 2020 വരെയുള്ള കണക്കനുസരിച്ച് മൊത്തം 586 വിദ്യാർത്ഥികൾ ഇവിടെ പരിശീലനം പൂർത്തിയാക്കുകയും അവരിൽ 190 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു.

### 2. സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS)

തിരുവനന്തപുരം കിൻഫ്രാ അപ്പാരൽ പാർക്കിൽ ഇന്റർ നാഷണൽ കോളേജ് ഫോർ സെക്യൂരിറ്റി സ്റ്റഡീസിന്റെ പങ്കാളിത്തത്തോടെ ദേശീയ സുരക്ഷയിൽ ഒരു മികച്ച സ്ഥാപനം എന്ന നിലയിൽ കെയ്സ് സ്ഥാപിച്ചതാണ് ക്യാറ്റ്സ് (CATS). സുരക്ഷ വൈദഗ്ധ്യത്തിൽ നൂതന പരിശീലനം നൽകുക എന്നതാണ് സ്ഥാപനത്തിന്റെ മുഖ്യ ലക്ഷ്യം. 2020 ജൂൺ വരെയുള്ള കണക്കനുസരിച്ച് മൊത്തം പരിശീലനം പൂർത്തിയാക്കിയ 192 വിദ്യാർത്ഥികളിൽ 76 പേർക്ക് ജോലി ലഭിക്കുകയുണ്ടായി.

### 3. എൻലൈറ്റൻ സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം ഫോർ ഓയിൽ ആൻഡ് റിഗ് (ESPOIR)

ഓയിൽ ആൻഡ് റിഗ് വ്യവസായത്തിന് ആവശ്യമായ നൈപുണ്യ ങ്ങൾ ഉള്ള യുവജനങ്ങളെ സജ്ജീകരിക്കുന്നതിനായി ഖാസ് ഖത്തറിലെ ഇറാം എഞ്ചിനീയറിംഗ് ഡബ്ളിയു. എൽ.എൽ.ന്റെ പങ്കാളിത്തത്തോടെ ഈ അക്കാദമി എറണാകുളം, അങ്കമാലി ഇൻകെൽ ടവറിൽ സ്ഥിതിചെയ്യുന്നു. അന്തർദ്ദേശീയ നിലവാരം പുലർത്തുന്ന സുസജ്ജമായ ലാബുകളിലൂടെയും വർക്ക് ഷോപ്പുകളിലൂടെയും പ്രായോഗിക കഴിവുകളും, പരിശീലനവും നൽകുന്നതിൽ അക്കാദമി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പരിശീലനം പൂർത്തിയാക്കിയ 1107 പേരിൽ 723 പേർക്ക് നിയമനം ലഭിക്കുകയും 165 കുട്ടികൾ നിലവിൽ പരിശീലനം നേടുകയും ചെയ്യുന്നു.

### 4. സ്കൂൾ ഓഫ് വാട്ടർ ടെക്നോളജി (SWAT)

കൊച്ചിയിൽ സ്ഥിതി ചെയ്യുന്ന ഗ്രീൻ മെത്തേഡ് എഞ്ചിനീയറിംഗ് (പ്രൈവറ്റ്) ലിമിറ്റഡ് ജല, മലിന ജല ശുദ്ധീകരണ പ്ലാന്റിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രധാന സ്ഥാപനങ്ങളിലൊന്നാണ്. ഏറ്റവും നൂതനവും, കാലികവുമായ ഉപകരണ–സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സ്ഥാപനം നിരവധി ജല–മലിനജല ശുദ്ധീകരണ ജോലികൾ നടത്തി വരുന്നു. ജൂൺ 2020 വരെ മൊത്തം 48 വിദ്യാർത്ഥികൾ ഇവിടെ പരിശീനം പൂർത്തിയാക്കുകയും അവരിൽ 40 പേർക്ക് ജോലി ലഭ്യമാകുകയും ചെയ്തു.

### 5. ഇന്ത്യൻ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC)

കേരള സർക്കാരിന്റെ ഈ സ്ഥാപനം കൊല്ലം ചവറയിലാണ് സ്ഥിതി ചെയ്യുന്നത്. കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കോഴ്സുകൾ നൽകുന്നതിനും കൺസ്ട്രക്ഷനുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വിഗദ്ധ പരിശീലനം നൽകുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. യുവതീ–യുവാക്കൾക്ക് ദേശീയ നിലവാരമുള്ള നൈപുണ്യ പരിശീലന കേന്ദ്രമായി ഈ സ്ഥാപനം 2018 ലാണ് സ്ഥാപിതമായത്. ഈ സ്ഥാപനത്തിന്റെ പരിശീലനത്തിലൂടെ നിരവധി പേർക്ക് ഇന്ത്യയിലും, വിദേശത്തും ജോലി ലഭ്യമായിട്ടുണ്ട്.

കൂടാതെ IIIC ബിസിനസ് ലാംഗ്വേജ് ടെസ്റ്റിംഗ് സർവീസ് (BULATS) കോഴ്സുകൾ നടത്തുന്നതിനായി കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുമായി ഒരു കരാർ ഒപ്പ് വെച്ചിട്ടുണ്ട്. മാനേജീരിയൽ കോഴ്സിലെ എല്ലാ അദ്ധ്യാപകരും വിദ്യാർത്ഥികളും 5 ദിവസത്തെ ഈ ബിസിനസ് ലാംഗ്വേജ് ട്രെയിനിങ്ങിൽ പങ്കെടുത്തിട്ടുണ്ട്. ഇതിന്റെ ആദ്യ സെഷൻ ആരംഭിച്ചത് 2020 മാർച്ച് മാസത്തിലാണ്. ഏകദേശം 150 ഓളം അദ്ധ്യപകരും വിദ്യാർത്ഥികളും ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

## ബി. അക്രഡിറ്റഷൻ

പ്രശസ്തമായ നൈപുണ്യ പരിശീലനം നടത്തുന്ന സ്ഥാപനങ്ങൾക്ക് കെയ്സിന്റെ സഹകരണത്തോടെ അക്രിഡിറ്റേഷൻ ലഭിക്കുകയും, അതുകൊണ്ട് അത്തരം സ്ഥാപന ങ്ങൾക്ക് അനുയോജ്യരും മിടുക്കരുമായ വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയുകയും ചെയ്യുന്നു. കൃത്യമായ മാനദണ്ഡങ്ങൾ നിരീക്ഷിക്കുകയും, നടപ്പിലാക്കുകയും ചെയ്യുന്നു എന്ന് വരുമ്പോൾ ഇത്തരം സ്ഥാപനങ്ങളുടെ സേവനങ്ങളിൽ പൊതുജന സ്വീകാര്യത വർദ്ധിക്കുന്നു. ഉന്നത നിലവാരമുള്ള സ്ഥാപനങ്ങളെ തിരിച്ചറിയുന്നതിനുള്ള ഒരു സൂചകം തന്നെയാണ് കെയ്സിന്റെ അക്രിഡിറ്റേഷൻ.

### 1. ഹെഡ്ജ് സ്കൂൾ ഓഫ് അപ്ലൈഡ് ഇക്കോണമിക്സ്, കൊച്ചി

കൊമേഴ്സ്, മാനേജ്മെന്റ് അല്ലെങ്കിൽ ബിസിനസ് അഭിരുചിയുള്ള വിദ്യാർത്ഥി കൾക്ക് ഹെഡ്ജ് സ്കൂൾ ഓഫ് അപ്ലൈഡ് ഇക്കോണമിക്സ് അതുല്യമായ അവസര മാണ് നൽകുന്നത്. ഇതിലൂടെ അവർക്ക് ബാങ്കിംഗ്, സാമ്പത്തിക – സാമ്പത്തികേതര രംഗങ്ങളിലെ വിപണന – പ്രയോഗിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ അനലിറ്റിക്കൽ കഴിവുകൾ വികസിപ്പിക്കാൻ കഴിയുന്നു. ജൂൺ 2020 വരെയുള്ള കണക്കനുസരിച്ച് 2258 വിദ്യാർത്ഥികളിൽ നിന്നും 402 വിദ്യാർത്ഥികൾക്ക് ഇതിലൂടെ ജോലി ലഭിക്കുകയുണ്ടായി.

### 2. ഇൻഡസ്കാൻ പെട്രോളിയം, നിലമ്പൂർ, മലപ്പുറം

എല്ലാത്തരം മെക്കാനിക്കൽ നിർമ്മാണ വ്യവസായങ്ങൾക്കും പ്രത്യേകിച്ച് എണ്ണ/വാതക മേഖലയിലെ പ്രത്യേക നൈപുണ്യ പരിശീലനത്തിന് തുടക്കമിടുന്ന ഒരു സ്ഥാപനമാണ് ഇത്. ഇതിന്റെ ക്വാളിറ്റി കൺട്രോൾ എഞ്ചിനീയർ, ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർ എന്നീ കോഴ്സുകൾക്ക് കെയ്സ് അംഗീകാരം നൽകി യിട്ടുണ്ട്. വിജയകരമായി പരിശീലനം പൂർത്തിയാക്കിയതിന് ശേഷം എഞ്ചിനീയർ മാർക്ക് ആസൂത്രണം, പർച്ചേസ്, പൈപ്പിംഗ്, ഫാബ്രിക്കേഷൻ, വെൽഡിംഗ്, ക്വാളിറ്റി പരിശോധനകൾ, ഗുണനിലവാര നിയന്ത്രണം എന്നീ ഉത്തരവാദിത്തങ്ങൾ ഏറ്റെടു ക്കുന്നതിനായുള്ള പുതിയ കോഴ്സ് സിലബസ് രൂപകല്പനയും സ്ഥാപനം ചെയ്യുന്നു. ജൂൺ 2020 വരെയുള്ള കണക്കനുസരിച്ച് പരിശീലനം പൂർത്തിയാക്കിയ 263 വിദ്യാർത്ഥികളിൽ 165 പേർക്ക് ജോലി ലഭിക്കുകയുണ്ടായി.

### 3. എസ്.എം.ഇ.സി. ഓട്ടോമേഷൻ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി.

കെയ്സിന്റെ അംഗീകാരമുള്ള സർട്ടിഫൈഡ് ഓട്ടോമേഷൻ എഞ്ചിനീയർ കോഴ്സ് ഈ സ്ഥാപനം ഓഫർ ചെയ്യുന്നു. എഞ്ചിനീയറിംഗ് ബിരുദധാരികൾക്കും, ഡിപ്ലോമക്കാർക്കും, ഐ.ഐ.ടി. യിലെ വിദ്യാർത്ഥികൾക്കും മറ്റുമായി പ്രത്യേക നൈപുണ്യ പരിശീലന പരിപാടികളും സ്ഥാപനം നടത്തുന്നുണ്ട്. പരിശീലനം പൂർത്തിയാക്കിയ 132 വിദ്യാർത്ഥികളിൽ 46 പേർക്ക് ജോലി ലഭിച്ചു.

### 4. ധന്വന്തരി എഡ്യൂക്കേഷൻ & ചാരിറ്റബിൾ സൊസൈറ്റി, ഇടുക്കി

ധന്വന്തരി എഡ്യൂക്കേഷൻ & ചാരിറ്റബിൾ സൊസൈറ്റിയുടെ പഞ്ചകർമ്മ ചികിത്സ ഡിപ്ലോമ, ആയുർവ്വേദ നഴ്സിംഗ് ഡിപ്ലോമ, ആയുർവ്വദ ഫാർമസി ഡിപ്ലോമ തുടങ്ങിയ കോഴ്സുകൾക്ക് കെയ്സ് അംഗീകാരം നൽകി അവരുമായി പങ്കാളിത്തം ഉറപ്പിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കിയ 260 വിദ്യാർത്ഥികളിൽ 160 പേർക്ക് ജൂൺ 2020 വരെയുള്ള കണക്കനുസരിച്ച് ജോലി ലഭിച്ചിട്ടുണ്ട്.

### 5. എത്തിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽ എക്സലൻസ്, പാലക്കാട്

ബാംഗ്ലൂർ ആസ്ഥാനമായുള്ള എത്തിയോസ് ഇൻസ്റ്റിറ്റ്യൂട്ടുമായി 'കെയ്സ്' അതിന്റെ പങ്കാളിത്തം ഉറപ്പു വരുത്തിയിട്ടുണ്ട്. വിനോദം, ഹോസ്പിറ്റാലിറ്റി എന്നീ മേഖലകളിലെ വിവിധ കോഴ്സുകൾക്ക് ഇപ്രകാരം കെയ്സ് അംഗീകാരം നൽകിയിട്ടുണ്ട്. നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിം വർക്കിന്റെയും. സ്കിൽ ഇന്ത്യ സംരംഭത്തിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്കും, ലക്ഷ്യങ്ങൾക്കും അനുസൃതമായി ഗ്രാമീണ–നഗര സമ്പദ് വ്യവസ്ഥകളുടെ സുസ്ഥിരവും സമഗ്രവുമായ വളർച്ച കൈ വരിക്കുന്നതിന് സ്ഥാപനം നൈപുണ്യ പരിശീലനം നൽകി വരുന്നു. ജൂൺ 2020 വരെയുള്ള കണക്കനുസരിച്ച് പരിശീലനം പൂർത്തിയാക്കിയ 440 വിദ്യാർത്ഥികൾക്കും ജോലി ലഭ്യമായിട്ടുണ്ട്.

### 6. ഇന്റർകാഡ് സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം

ആധുനിക വ്യവസായിക ലോകത്ത് കമ്പ്യൂട്ടർ ഡിസൈനിംഗ് കൂടുതൽ പ്രധാന്യം നേടിയിട്ടുണ്ട്. അതിനാൽ സിവിൽ ആർക്കിടെക്ചർ, മെക്കാനിക്കൽ മേഖലകൾക്കായുള്ള കമ്പ്യൂട്ടർ

ഡിസൈനിംഗിൽ യുവതീ-യുവാക്കളുടെ നൈപുണ്യ വികസനത്തിനായി 'കെയ്സ്' അംഗീകരിച്ച വിവിധ കോഴ്സുകൾ തിരുവനന്തപുരത്തെ ഇന്റർ കാഡ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് നടത്തുന്നുണ്ട്.

7. **ബ്ലിറ്റ്സ് അക്കാദമി, കൊച്ചി**

മെക്കാനിക്കൽ, സിവിൽ എഞ്ചിനീയറിംഗ് മേഖലകളിലെ വിവിധ ട്രേഡുകളിലേക്കാവശ്യമായ ട്രെയിനിംഗ് നൽകുവാനായി കെയ്സിന്റെ സർവീസ് പ്രൊവൈഡർ ആയി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഇത്. ജൂൺ 2020 വരെയുള്ള കണക്കനുസരിച്ച് പരിശീലനം പൂർത്തിയാക്കിയ 1450 വിദ്യാർത്ഥികളിൽ 812 പേർക്ക് ജോലി ലഭ്യമായിട്ടുണ്ട്.

8. **സ്പോർട്ട്സ് & മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം**

തോട്ട് അക്കാദമി (Thought Academy) വാഗ്ദാനം ചെയ്യുന്ന 'സർട്ടിഫൈഡ് ലേണിംഗ് ആൻഡ് ഡെവലപ്മെന്റ് പ്രൊഫഷണൽ' എന്ന കോഴ്സിന് 40 മണിക്കൂർ ദൈർഘ്യം ഉണ്ട്. ഇതിൽ 36 മണിക്കൂർ ക്ലാസ്സ് റൂം പരിശീലനവും 4 മണിക്കൂർ 'വെബെക്സ്' സേവന പരിശീലനവും ആണ്. ഉൾപ്പെടുത്തിയിട്ടുള്ളത്. പാഠ്യ പദ്ധതിയിൽ 60 മണിക്കൂർ പ്രൊജക്ടും 6 മണിക്കൂർ കോ-ഫെസിലിറ്റേഷനും ഉൾപ്പെടുന്നു. പ്രോഗ്രാമിലേക്കുള്ള യോഗ്യത, ബിരുദം/ഡിപ്ലോമ ആണ്. നിലവിൽ ജോലി ചെയ്യുന്ന പരിശീലകർ, പ്രൊഫഷണലുകൾ, ഫ്രീലാൻസേഴ്സ്, സോഫ്റ്റ് സ്കിൽ പരിശീലകർ, പരിശീലകരാകാൻ താല്പര്യമുള്ളവർ തുടങ്ങിയവരെയാണ് കോഴ്സ് ലക്ഷ്യമിടുന്നത്.

## കൗശൽ കേന്ദ്രങ്ങൾ

ലോകോത്തര പരിശീലന സൗകര്യങ്ങളോടെയുള്ള സ്കിൽ ഹബ്ബുകളായാണ് കേരളത്തിലുടനീളം, ഗ്രാമീണ യുവജനങ്ങളെ ഉദ്ദേശിച്ചുകൊണ്ട് കെയ്സ് കൗശൽ കേന്ദ്ര ങ്ങൾ സ്ഥാപിച്ചത്. ആശയ വിനിമയ വൈദഗ്ധ്യം, ഡിജിറ്റൽ സാക്ഷരത, ക്വാണ്ടിറ്റേറ്റീവ് ആപ്റ്റിറ്റ്യൂഡ്, അനലിറ്റിക്കൽ സ്കിൽസ്, സോഫ്റ്റ് സ്കിൽസ് എന്നിങ്ങനെ വിവിധ മേഖലകളിൽ പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങളുള്ള ഗ്രാമീണ ജനതയെ കേന്ദ്രീകരിച്ചുള്ള കമ്മ്യൂണിറ്റി സ്കിൽ ഹബ്ബുകളാണ് കൗശൽ കേന്ദ്രങ്ങൾ. നിരവധി ക്ലസ്റ്റർ ടച്ച് പോയിന്റുകൾ ഉള്ള ഒരു വൺ-സ്റ്റോപ്പ് മാർഗ്ഗ നിർദ്ദേശ സമുച്ചയം, വിദ്യാർത്ഥി കൾക്കും, തൊഴിലന്വേഷകർക്കും അവരുടെ നിർദ്ദിഷ്ട ലക്ഷ്യം പൂർത്തീകരിക്കുന്നതിനും സഹായകമാണ്. കേന്ദ്രങ്ങളിലെ കരിയർ കൗൺസിലർമാർ രജിസ്റ്റർ ചെയ്ത അംഗങ്ങൾക്ക് ജോലി സംബന്ധമായ മാർഗ്ഗ നിർദ്ദേശവും, വിദ്യാഭ്യാസ വായ്പകളുടെ വിശദാംശങ്ങളും, കോഴ്സുകളുടെ തൊഴിൽ സാധ്യതകളും, ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ വിശദാംശങ്ങളും, വിവിധ മത്സര പരീക്ഷകൾ, സ്കോളർഷിപ്പുകൾ എന്നിവ സംബ ന്ധിച്ച പ്രസക്തമായ വിവരങ്ങളും നൽകി വരുന്നു. അത് കൂടാതെ കൗശൽ കേന്ദ്രങ്ങൾ വിദ്യാർത്ഥികളുടെ ആശയ വിനിമയ നൈപുണ്യവും , തൊഴിൽ നൈപുണ്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പ്ലാറ്റ് ഫോം ആയും പ്രവർത്തിച്ചു വരുന്നു.

### ലക്ഷ്യങ്ങൾ

1. കേന്ദ്രത്തെ സമീപിക്കുന്ന ഗ്രാമീണ മേഖലയിലെ ആളുകൾക്ക് എല്ലാവർക്കും ഡിജിറ്റൽ സാക്ഷരത, ആശയ വിനിമയ കഴിവുകൾ, ക്വാണ്ടിറ്റേറ്റീവ് അനലറ്റിക്കൽ അഭിരുചികൾ തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുക, മറ്റ് നൈപുണ്യ പരിശീലന മേഖലകളെയും, കേന്ദ്രങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ നൽകുക.

2. വിദ്യാഭ്യാസ വായ്പകൾ, സ്കോളർഷിപ്പുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ക്കുറിച്ചുള്ള വിശദാംശങ്ങൾ, മത്സര പരീക്ഷകൾക്കും മറ്റും അപേക്ഷിക്കാനുള്ള മാർഗ്ഗ നിർ ദ്ദേശങ്ങൾ നൽകുക.

കൗശൽ കേന്ദ്രങ്ങൾ താഴ പറയുന്ന കോഴ്സുകളും നടത്തി വരുന്നു;

- ഇംഗ്ലീഷ് ലാംഗ്വേജ് ( ബേസിക് & ഇന്റർമീഡിയറ്റ് ) കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി/ ഫ്രഞ്ച്
- ക്വാണ്ടിറ്റേറ്റീവ് ആപ്റ്റിറ്റ്യൂഡ് & അനലറ്റിക്കൽ റീസണിംഗ്, സി.എം.ഡി.
- ഡിജിറ്റൽ സാക്ഷരതയും കമ്പ്യൂട്ടർ നൈപുണ്യ പരിശീലനവും
- ഇലക്ട്രിക്കൽ പരിശീലനം

കൊല്ലം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലായി 3 കൗശൽ കേന്ദ്രങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്.

## കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, അഹമ്മദാബാദിന്റെ സഹകരണത്തോടെ കൊല്ലം ചവറയിലാണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്. കരകൗശല സമൂഹവും, പ്രൊഫഷണൽ ഡിസൈനർമാരും പൊതുജനങ്ങളും തമ്മിലുള്ള സഹവർത്തിത്വത്തിലൂടെ കേരളത്തിൽ ഊർജ്ജസ്വലതയുള്ള ഒരു ഡിസൈൻ കമ്മ്യൂണിറ്റിയെ സൃഷ്ടിക്കുന്നതിനായാണ് ഇത് സ്ഥാപിച്ചത്.

**പട്ടിക. 7.3.3** കെ.എസ്.ഐ.ഡി. കോഴ്സുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം, 2016 മുതൽ 2019 വരെ

| നമ്പർ | വർഷം | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | 2016 | 16 |
| 2 | 2017 | 16 |
| 3 | 2018 | 29 |
| 4 | 2019 | 23 |

*ഉറവിടം - വ്യവസായിക പരിശീലന വകുപ്പ്, കേരള സർക്കാർ.*

ഡിസൈനിംഗ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, സാങ്കേതിക വിദ്യ, മാനേജ്മെന്റ്, സർഗ്ഗാത്മകത ഡിസൈൻ കഴിവുകൾ എന്നിവ യുജനങ്ങൾക്കിടയിൽ വർദ്ധിപ്പിക്കുക എന്നതൊക്കെയാണ് കെ.എസ്.ഐ.ഡി.യുടെ പ്രഥമിക ലക്ഷ്യം.

ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ & അപ്പാരൽ ടെക്നോളജി, ഇന്റഗ്രേറ്റഡ് കമ്മ്യൂണി ക്കേഷൻ ഡിസൈൻ തുടങ്ങിയ ആധുനിക കോഴ്സുകൾ ഇൻസ്റ്റിറ്റ്യൂട്ട് നൽകി വരുന്നു.

## തൊഴിൽ കേന്ദ്രങ്ങൾ

യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കാനും, തൊഴിലവസരങ്ങൾ പ്രയോജന പ്പെടുത്തുന്നതിന് അവരെ കഴിവുള്ളവരാക്കി അവർക്ക് സ്വകാര്യ മേഖലയിൽ ജോലി നൽകുന്നതിനും ആസൂത്രിതവും, സമഗ്രവുമായ ശ്രമങ്ങൾ ആവശ്യമാണ്. ഈ ഉദ്ദേശ്യ ലക്ഷ്യത്തോടു കൂടിയാണ് കെയ്സും തൊഴിലും പരിശീലനവും വകുപ്പ് ഡയറക്ടറുമായും കൂടിച്ചേർന്ന് സർക്കാർ ഈ സംരംഭത്തിന് രൂപം നൽകിയത്. കേരളത്തിലെ വിവിധ ജില്ലകളിലായി 10 തൊഴിൽ കേന്ദ്രങ്ങൾ നിലവിലുണ്ട്. ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾക്ക് പുറമെയാണ് ഇവ. 2020 അവസാനത്തോടെ ഇടുക്കി ജില്ലയിൽ പുതിയ ഒരു തൊഴിൽ കേന്ദ്രം കൂടി തുറക്കുന്നതാണ്.

## കരിയർ വികസന കേന്ദ്രങ്ങൾ

നാഷണൽ എംപ്ലോയ്മെന്റ് സർവീസിന്റെ (കേരളം) സഹകരണത്തോടു കൂടി കെയ്സ് കേരളത്തിൽ ഉടനീളം കരിയർ വികസന കേന്ദ്രങ്ങൾ/ മിനി എംപ്ലോയബിലിറ്റി സെന്ററുകൾ തുറക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. വ്യക്തികൾ അഭിമുഖീകരിക്കുന്ന എല്ലാത്തരം തൊഴിൽ പ്രശ്നങ്ങൾക്കും ആധികാരിക പരിഹാരങ്ങളും, ഏറ്റവും പുതിയ സാങ്കേതിക വിദ്യകളും, ഉചിതമായ ഉപകരണങ്ങളും ഉപയോഗിച്ച് ആധികാരിക പരിഹാരങ്ങൾ നൽകുന്നതിനുള്ള ഒരു കേന്ദ്രമായാണ് ഇത് പ്രവർത്തിക്കുന്നത്.

- സംസ്ഥാനത്ത് നിലവിൽ 5 കരിയർ വികസന കേന്ദ്രങ്ങളാണ്.
- എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിൽ 2020 അവസാനത്തോടു കൂടി ഒരു കേന്ദ്രം കൂടി തയ്യാറാകും

**ബോക്സ് : 7.3.1** കേരള സംസ്ഥാന തൊഴിൽ പോർട്ടൽ

തൊഴിലും നൈപുണ്യവും വകുപ്പ് ഒരു നൂതനമായ ഒരു ഏകജാലക സംവിധാനം തൊഴിലന്വേഷകർക്കായി ഒരുക്കിയിട്ടുണ്ട്. അതാണ് സംസ്ഥാന തൊഴിൽ പോർട്ടൽ (http://statejobportal.kerala. gov.in) തൊഴിലന്വേഷണത്തിനും, റിക്രൂട്ട്മെന്റിനും വേണ്ടിയുള്ള ഒരു നൂതന പരിഹാരമാണ് ഈ പോർട്ടൽ. വിവിധ സർക്കാർ-ഇതര സ്ഥാപനങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥി കൾക്ക് കേരളത്തിലുടനീളമുള്ള സർക്കാർ, സർക്കാരിതര സ്ഥാപ നങ്ങൾക്ക് ഈ തൊഴിൽ പോർട്ടറിലേക്ക് നേരിട്ട് പ്രവേശനം ലഭിക്കുന്നതാണ്. അത്തരത്തിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് ആഗ്രഹിക്കുന്ന കമ്പനികൾക്ക് ഒരു എൻഡ് ടു എൻഡ് സംവിധാന മായി ഈ പോർട്ടലിനെ ഉപയോഗപ്പെടുത്താവുന്നതാണ്.

നിലവിലെ സ്ഥിതി വിവര കണക്കുകൾ :

| | | |
|---|---|---|
| രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ | : | 57875 |
| രജിസ്റ്റർ ചെയ്ത തൊഴിൽ സ്ഥാപനങ്ങൾ | : | 571 |
| രജിസ്റ്റർ ചെയ്ത പാർട്ട്ണർ ഇൻസ്റ്റിറ്റ്യൂട്ടുകൾ | : | 137 |
| മൊത്തം ഒഴിവുകൾ | : | 5586 |
| മൊത്തം തൊഴിൽ ആപ്ലിക്കേഷൻസ് | : | 8006 |
| മൊത്തം ഇന്റർവ്യൂ | : | 1253 |
| മൊത്തം തൊഴിൽ ലഭിച്ചത് | : | 23 |

## സ്കിൽ രജിസ്ട്രി

സ്കിൽ രജിസ്ട്രി ഒരു മൊബൈൽ ആപ്ലിക്കേഷനാണ്, ഗാർഹിക വാണിജ്യ ആവശ്യങ്ങൾക്കായി വിദഗ്ദ്ധരായ തൊഴിലാളികളുടെ സേവനം നേരിട്ട് ലഭിക്കുന്നതിനും ഈ ആപ്ലിക്കേഷൻ വഴി സാധിക്കുന്നു. സേവനങ്ങൾ ആവശ്യമുള്ളവർക്ക് www.keralaskillsregistry.com അല്ലെങ്കിൽ https://play.google.com/store/apps/details.id=com.klystrontch.skillregistry–ൽ നിന്നും ഉപഭോക്താക്കളായി രജിസ്റ്റർ ചെയ്യാനും കഴിയും. വ്യവസായ പരിശീലന വകുപ്പ്, കുടുംബശ്രീ, പഞ്ചായത്ത് വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്(കേയ്സ് )തയ്യാറാക്കിയ സ്കിൽ രജിസ്റ്ററി വഴി ദൈനംദിന ഗാർഹിക–വ്യാവസായിക ആവശ്യങ്ങൾക്ക് തൊഴിലാളികളെ കണ്ടെത്താനും ഒപ്പം തൊഴിൽ നേടാനും സാധിക്കുന്നു. ഇടനിലക്കാരില്ലാതെ ആർക്കും സ്വന്തം കഴിവനുസരിച്ചുള്ള തൊഴിൽ കണ്ടെത്താൻ പദ്ധതി സഹായിക്കും. ഐ.റ്റി.ഐ, കുടുംബശ്രീ എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ പരിശീലനം നേടിയ സർട്ടിഫൈഡ് ടെക്നീഷ്യൻമാരെ അതത് വകുപ്പുകളാണ് സാക്ഷ്യപ്പെടുത്തുക. തൊഴിലറിയാമെങ്കിലും സർട്ടിഫിക്കറ്റ് ഇല്ലാത്തവരെയും രജിസ്റ്ററിയിലുൾപ്പെടുത്തും. അവർക്ക് തൊഴിൽ പരിചയമുണ്ടെന്ന് പഞ്ചായത്ത് സാക്ഷ്യപ്പെടുത്തിയാൽ മതി. സ്കിൽ രജിസ്ട്രി വഴി ലഭ്യമായ സേവനങ്ങൾ ഇലക്ട്രീഷ്യൻ, പ്ലംബർ, കാർപ്പെന്റർ, പെയിന്റർ, തെങ്ങുകയറ്റക്കാർ, ഡേ കെയർ–വീട്ടിൽ കുട്ടികളുടെ സംരക്ഷണം, ഡ്രൈവർ, ഗാർഡനിങ് ആൻഡ് ലാൻഡ് സ്കേപിങ്, ഹോം ക്ലീനിങ്/ഹൗസ് മെയ്ഡ്, ലോണ്ടറി ആൻഡ് അയണിങ്, മേസ്തിരിപ്പണി, വയോജനങ്ങളുടെ സംരക്ഷണം–വീടുകളിലും ആശുപത്രികളിലും, ഗ്രാസ് കട്ടിങ്, വീടുകളിൽ വന്നുള്ള മൊബൈൽ ബ്യൂട്ടിപാർലർ സർവ്വീസ്, ടെലിവിഷൻ റിപ്പയർ ആൻഡ് ഇസ്റ്റലേഷൻ, ഫാൻ, അയൺബോക്സ്, കംപ്യൂട്ടർ, എയർ കണ്ടീഷണർ, മിക്സർ ആൻഡ് ഗ്രൈൻഡർ, റഫ്രിജറേറ്റർ, വാഷിങ്മെഷീൻ എന്നിവയുടെ റിപ്പയർ ആൻഡ് സർവ്വീസ്, വീടുകളിലെത്തി ഷുഗർ, കൊളസ്ട്രോൾ, പ്രഷർ എന്നിവ പരിശോധിക്കുന്ന സാന്ത്വനം ഹെൽത്ത് ചെക്ക്അപ് എന്നീ മേഖലകളിൽ തൊഴിലറിയാവുന്നവരുടെ സേവനം ഞൊടിയിടയിൽ ജനങ്ങൾക്ക് മൊബൈൽ ആപ്പിലൂടെ ലഭ്യമാക്കും. ആദ്യ ഘട്ട സേവനം തിരുവനന്തപുരം ജില്ലക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. സാവധാനം ഇത് മറ്റ് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതാണ്. സ്കിൽ രജിസ്ട്രിയുടെ നിലവിലെ സ്ഥിതി വിവരക്കണക്കുകൾ താഴെ കൊടുക്കുന്നു (**പട്ടിക. 7.3.4**).

## പ്രധാനമന്ത്രി കൗശൽ വികാസ് യോജന (പി.എം.കെ.വൈ.) 2.0

പ്രധാനമന്ത്രി കൗശാൽ വികാസ് യോജനയുടെ, സെൻട്രലി സ്പോൺസേർഡ് സ്റ്റേറ്റ് മാനേജ്ഡ് ഘടകത്തിന്റെ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയാണ് കെയ്സ് (സംസ്ഥാന നൈപുണ്യ വികസന മിഷൻ). നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന്റെ ഫലം അടിസ്ഥാനമാക്കിയുള്ള ഒരു പ്രധാന പദ്ധതിയാണ് പി.എം.കെ.വൈ. ഇന്ത്യൻ യുവജനങ്ങളെ നൈപുണ്യ പരിശീലനം വഴി

**പട്ടിക. 7.3.4** സ്കിൽ രജിസ്ട്രിയുടെ നിലവിലെ സ്ഥിതി വിവരക്കണക്കുകൾ

| രജിസ്റ്റർ ചെയ്ത സർവീസ് പ്രൊവൈഡേഴ്സിന്റെ എണ്ണം. | അംഗീകാരം കാത്തിരിക്കുന്നവ | അംഗീകാരം ലഭിച്ചവർ | രജിസ്റ്റർ ചെയ്തവർ | സർവീസ് ഓർഡർ | മൊത്തം ലഭ്യമായ സർവീസ് |
|---|---|---|---|---|---|
| 6899 | 550 | 4643 | 16377 | 716 | 42 |

*ഉറവിടം: വ്യവസായിക പരിശീലന വകുപ്പ്, കേരള സർക്കാർ.*

**പട്ടിക 7.3.5.** പി.എം.കെ.വൈ. യുടെ ഇപ്പോഴത്തെ സ്ഥിതിവിവര കണക്കുകൾ

| വിശദാംശങ്ങൾ | എണ്ണം |
|---|---|
| **A. പരിശീലന പങ്കാളികളുടെ എംപാനൽമെന്റ്, ടാർഗെറ്റ് അലോക്കേഷൻ** | |
| ഇ.ഒ.ഐ യിലൂടെ പരിശീലന പങ്കാളികളെ കണ്ടെത്തി എം പാനൽ ചെയ്യുക | 3 |
| എം പാനൽ ചെയ്ത പരിശീലകർ | 73 |
| പരിശീലന പങ്കാളികൾക്ക് അനുവദിച്ച പരിശീലന ലക്ഷ്യങ്ങൾ | 46570 |
| **B. പരിശീലന വിവരങ്ങൾ** | |
| പരിശീലനത്തിന് എൻ റോൾ ചെയ്ത വിദ്യാർത്ഥികൾ | 11753 |
| സർട്ടിഫിക്കറ്റ് ലഭിച്ച വിദ്യാർത്ഥികൾ | 6728 |
| ജോലി ലഭിച്ചവർ | 885 |

*ഉറവിടം: വ്യാവസായിക പരിശീലന വകുപ്പ്, കേരള സർക്കാർ*

തൊഴിൽ നേടാനും, അത് വഴി ഉപജീവനം നടത്താനും പ്രപ്തരാക്കുന്നതിന് വേണ്ടിയുള്ളതാണ് നൈപുണ്യ സർട്ടിഫിക്കേഷൻപദ്ധാതി (**പട്ടിക. 7.3.5**).

## മികച്ച നേട്ടങ്ങൾ

- പി.എം.കെ.വൈ. മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച്, പരിശീലകർ അതത് മേഖലകളിലെ നൈപുണ്യ കൗൺസിലുകൾ സാക്ഷ്യപ്പെടുത്തിയ (Train to Trainer) ആളുകൾ ആയിരിക്കണം.
- പരിശിലകരുടെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ആൻഡ് സ്മോൾ ബിസ്സിനെസ്സ് ഡവലപ്മെന്റ് സർട്ടിഫിക്കേഷൽ ഉറപ്പാക്കുന്നതിന്, കെയ്സ് NIESBUD മായി സഹകരിച്ച് കേരളത്തിൽ 148 പരിശീലകർക്ക് പ്രത്യേക പരിശീലനം നൽകി.
- നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് കെയ്സ് പരിശീലന പങ്കാളികൾക്ക് വിവിധ സഹായ സെഷനുകൾ നടത്തി വരുന്നു.

## സങ്കല്പ് (SANKALP)

കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിനു കീഴിൽ ഒരു വേൾഡ് ബാങ്ക് അസിസ്റ്റഡ് പ്രൊജക്ട് ആയാണ് സങ്കല്പ് (സ്കിൽ അക്വിസിഷൻ ആൻഡ് നോളഡ്ജ് അവയർനെസ്സ് ലൈവ്ലിഹുഡ് പ്രൊമോഷൻ) പദ്ധാതി നടപ്പിലാക്കുന്നത്. രാജ്യത്തെ യുവജനങ്ങൾക്ക് ഗുണനിലവാരവും, കമ്പോള പ്രസക്തവുമായ പരിശീലന അവസരങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

നൈപുണ്യ പഠനം വിദ്യാർത്ഥികൾക്ക് വിവിധ രീതികളിൽ ജോലി നേടുന്നതിനും, അത് വഴി സ്ഥിര വരുമാനം നേടിയെടുക്കുന്നതിനും അവരെ പ്രപ്തരാക്കുന്നു. കൂടാതെ നൈ പുണ്യ പഠനത്തിലൂടെ ഇത്തരത്തിലുള്ള 'സ്കിൽ ഗ്യാപ്' മറികടക്കുന്നതിനും കഴിയുന്നു.

അദ്ധ്യായം

# 08

# സാമൂഹിക ഉൾച്ചേർക്കൽ– ഉദ്യമങ്ങൾ

അദ്ധ്യായം

08

# സാമൂഹിക ഉൾച്ചേർക്കൽ–ഉദ്യമങ്ങൾ

## 8.1 ലിംഗപദവിയും വികസനവും

*ലോകമെമ്പാടും, ഫലപ്രദവും സമഗ്രവുമായ കോവിഡ്-19 പ്രതികരണ-പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളുടെ ചുക്കാൻ പിടിക്കുന്നതും തീരുമാനമെടുക്കുന്നതിന്റെ ഉന്നത തലങ്ങൾ മുതൽ മുൻനിര സേവനങ്ങൾ വരെ നടപ്പാക്കുന്നതും സ്ത്രീകളാണ്. - യു.എൻ വിമെൻ*

മഹാമാരിയുടെ ദുരന്തഫലങ്ങൾ മുഴുവൻ മനുഷ്യരാശിയേയും ബാധിച്ചെങ്കിലും അത് എല്ലാ തലങ്ങളിലുമുള്ള ലിംഗപദവി ബന്ധങ്ങളിലും പ്രത്യേക സ്വാധീനം ചെലുത്തുന്നു. ലിംഗപദവി സങ്കൽപ്പങ്ങളേയും നേതൃത്വത്തെക്കുറിച്ചുള്ള സ്ഥിരമാതൃകകളെയും പുനരവലോകനം ചെയ്യുന്നതിന് അവസരമാകാൻ ഈ മഹാമാരി കാരണമായി. വനിതകൾ നേതൃത്വം നൽകുന്ന ന്യൂസിലാന്റ്, തായ്‌വാൻ, ജർമ്മനി തുടങ്ങിയ രാജ്യങ്ങൾ കോവിഡ്–19 നെ പ്രതിരോധിക്കുന്നതിൽ മികച്ച പ്രകടനം കാഴ്ചവച്ചത് ലോകശ്രദ്ധ നേടിയിട്ടുണ്ട്. അവർ മറ്റ് രാജ്യങ്ങൾക്ക് പിന്തുടരാനുള്ള മാതൃക സൃഷ്ടിച്ചു. സ്ത്രീകൾ നേതൃത്വം നൽകുന്ന ഈ രാജ്യങ്ങൾ, മറ്റുള്ളവയേക്കാൾ, രോഗ വ്യാപനത്തെ പ്രാരംഭ ഘട്ടത്തിൽ തന്നെ നിയന്ത്രിച്ച് നിർത്തുന്നതിലും, ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിലും കാണിച്ച ശുഷ്കാന്തി പ്രത്യേക പരാമർശമർഹിക്കുന്നതാണെന്ന് പഠനങ്ങൾ കാണിക്കുന്നു (ഗരികിപ്പതിയും കംബംപതിയും, 2020[1]). മുകളിൽ സൂചിപ്പിച്ച വനിതാ നേതൃത്വത്തിലുള്ള രാജ്യങ്ങളിലെ സ്ഥിതി സമാന സാമൂഹികസാമ്പത്തിക, വികസന സ്ഥിതിയുള്ള മറ്റ് പുരുഷ നേതൃത്വത്തിലുള്ള രാജ്യങ്ങളുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു. ഈ വനിതാ നേതാക്കളുടെ നിഷ്പക്ഷവും സമഗ്രവും കാലേക്കൂട്ടിയുള്ളതുമായ നടപടികളുടെ/ പ്രവർത്തനങ്ങളുടെ ഫലങ്ങൾ "ചിട്ടയായതും ഗണ്യമായി മെച്ചപ്പെട്ടതുമാണ്" എന്ന് കാണാം.

കേരളത്തിന്റെ പശ്ചാത്തലത്തിൽ പകർച്ചവ്യാധിക്കെതിരെ പ്രതിരോധം തീർക്കുന്നതിന്റെ എല്ലാ ഘട്ടങ്ങളിലും കേരളാ ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി കെ കെ ഷൈലജയുടെ സജീവ പങ്ക് ആഗോളതലത്തിൽ ഇതിനുമുമ്പുതന്നെ പ്രശംസിക്കപ്പെട്ടിട്ടുള്ളതാണ്. നിപ വൈറസ് മൂലമുണ്ടായ പൊതുജനാരോഗ്യ അടിയന്തരാവസ്ഥയിലും ബഹു. മന്ത്രി സംസ്ഥാനത്തെ നയിച്ചിട്ടുണ്ട്. മന്ത്രിയുടെ നേതൃത്വത്തിൽ, പകർച്ചവ്യാധിയോട് അതിശക്തമായ കാലേക്കൂട്ടിയുള്ള ഭരണകൂട പ്രതികരണം ഇല്ലായിരുന്നുവെങ്കിൽ, ബംഗ്ലാദേശിലും സിംഗപ്പൂരിലും ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായത് പോലെ നിപ ഭയാനകമായ ഉയർന്ന അനുപാതത്തിലേക്ക് വളരുമായിരുന്നു. കേരളത്തിൽ കോവിഡ്–19 ബാധിച്ച നാൾ മുതൽ തന്നെ മന്ത്രിയുടെ കഴിവുറ്റ നേതൃത്വത്തിൽ ആരോഗ്യ വകുപ്പ് ഈ മഹാമാരിയെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നു.

കോവിഡ്–19 മാനേജ്മെന്റിൽ സ്ത്രീകളുടെ പങ്ക് അവിഭാജ്യമാണ്. പകർച്ചവ്യാധിയെ നേരിടാൻ തുടർച്ചയായി പ്രവർത്തിക്കുന്ന പ്രധാന ഏജൻസികളിലൊന്നാണ് വനിതാ സ്വയം സഹായ ഗ്രൂപ്പുകൾ (എസ്.എച്ച്.ജി). അടച്ചിടൽ പ്രഖ്യാപനം നടന്ന് ആഴ്ചകൾക്കുള്ളിൽ ഏപ്രിലിൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ ലോക ബാങ്ക് നടത്തിയ നിരീക്ഷണത്തിൽ "ഇന്ത്യയിലെ 90 ശതമാനത്തിലധികം ജില്ലകളിലും, നഗരങ്ങളുടെ പരിധിക്കു പുറത്ത്, സ്വയം സഹായ സംഘങ്ങളിലെ സ്ത്രീകൾ മുഖാവരണങ്ങൾ നിർമ്മിക്കുന്നു, കമ്മ്യൂണിറ്റി അടുക്കളകൾ പ്രവർത്തിപ്പിക്കുന്നു, അവശ്യ ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നു, ആരോഗ്യത്തെയും ശുചിത്വത്തെയും കുറിച്ച് ആളുകളെ ബോധവൽക്കരിക്കുന്നു, വ്യാജ പ്രചാരണത്തിലുള്ള വിവരങ്ങളെ പ്രതിരോധിക്കുന്നു[2]". കേരളത്തിലുടനീളം 45 ലക്ഷം പേർ അംഗത്വമുള്ള ഏറെ ചർച്ച

[1].വനിതാ നേതാക്കൾ കൊറോണ വൈറസിനെ നന്നായി ചെയ്യുന്നുണ്ടോ? സ്ഥിതിവിവരക്കണക്കുകളുടെ സഹായത്തോടെ"-(2020) ഗരികിപ്പതി, സുപ്രിയ, ഉമാ കംപമ്പതി ഇവരുടെ സംവാദത്തിൽനിന്നും എടുത്തത് https://theconversation.com/are-women-leaders-really-doing-better-on-coronavirus-the-data-backs-it-up-144809.

[2]. എടുത്തത് : യു.സി.എൽ.ജി വിമൻ- https://www.uclg.org/sites/default/files/uclgwomen_calltoaction_en.pdf

ചെയ്യപ്പെട്ട കേരളത്തിലെ വനിതാ സ്വയം സഹായക സംഘമായ കുടുംബശ്രീ, അടച്ചിടീൽ കാലയളവിൽ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിലേക്ക് സംസ്ഥാനത്തിന്റെ നടപടിക്രമങ്ങളുടെ നേട്ടങ്ങൾ എത്തിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. വനിതാ–ശിശു വികസന വകുപ്പിന്റേയും കുടുംബശ്രീയുടേയും പ്രവർത്തകർ കോവിഡ്–19 നെക്കുറിച്ചും അതിന്റെ പ്രോട്ടോക്കോളിനെക്കുറിച്ചും നിരവധി അവബോധ പരിപാടികൾ ആരംഭിച്ചു. പ്രത്യേകിച്ചും 'ബ്രേക്ക് ദി ചെയിൻ കാമ്പെയ്ൻ'. മുഖ്യമന്ത്രിയുടെ 'സഹായഹസ്തം' (ഹെൽപ്പിംഗ് ഹാൻഡ്സ്) വായ്പ പദ്ധതിയും അംഗങ്ങളുടെ കുടുംബങ്ങളിലെ കുട്ടികൾക്ക് ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ലാപ്ടോപ്പ് നൽകുന്നതിനുള്ള കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതിയും ഉൾപ്പെടെ സംസ്ഥാനത്തിന്റെ നിരവധി ധനസഹായ പദ്ധതികളുടെ നിർവഹണ ഏജൻസിയാണ് കുടുംബശ്രീ.

## കോവിഡ്–19 കുടുംബശ്രീ ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ

- കുടുംബശ്രീ സാമൂഹ്യാധിഷ്ഠിത ആശയവിനിമയ ശൃംഖല: അടച്ചിടീൽ സമയത്ത് കോവിഡ്–19 സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനായി 22 ലക്ഷം എൻ.എച്ച്.ജി അംഗങ്ങളുള്ള 1.9 ലക്ഷം വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ കുടുംബശ്രീ രൂപീകരിച്ചു.
- പ്രായമായവരുടെ പരിചരണത്തിനായുള്ള ഐ.ഇ.സി കാമ്പെയ്നുകൾ: കോവിഡ്–19 ബാധിക്കാതിരിക്കാൻ പ്രായമായ ആളുകൾ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് അയൽക്കൂട്ടങ്ങളെ അറിയിക്കുന്നതിനായി ഒരു ഐഇസി കാമ്പെയ്ൻ നടത്തി. അയൽക്കൂട്ടങ്ങൾക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ അയച്ച കത്ത് പ്രകാരം പ്രായമായവരുടെ പരിചരണത്തിന് പ്രാധാന്യം നൽകുന്ന

**ബോക്സ് 8.1.1** വനിതാ ശിശു വികസന വകുപ്പ് ഏറ്റെടുത്ത കോവിഡ് പ്രതികരണ പ്രവർത്തനങ്ങൾ

- ടി.എച്ച്.ആർ ഡെലിവറി: അംഗൻവാടി പ്രവർത്തകർ വഴി എല്ലാ ഗുണഭോക്താക്കളുടെയും പടിവാതിൽക്കൽ ടി.എച്ച്.ആർ വിതരണം ചെയ്തു.
- സാനിറ്റൈസർ പിന്തുണ: പൊതു സ്ഥലങ്ങളിൽ കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർമാരിലേക്കും സാനിറ്റൈസർ എത്തിച്ചു.
- മനഃശാസ്ത്രപരമായ പിന്തുണ: ആരോഗ്യ വകുപ്പിൽ പ്രവർത്തിക്കാൻ 1050 കൗൺസിലർമാരെ (സ്കൂൾ കൗൺസിലർമാർ / ഐസിപിഎസ് കൗൺസിലർമാർ / ഫാമിലി കൗൺസിലർമാർ) നിയോഗിച്ചു.
- അംഗൻവാടി പ്രവർത്തകർ അവരുടെ പ്രദേശത്ത് കൈകഴുകൽ ബോധവൽക്കരണം നടത്തി.
- പ്രായമായവരുടെ സർവേ: അംഗൻവാടി പ്രവർത്തകർ ഫോൺ മുഖേന 44 ലക്ഷത്തോളം വയോജനങ്ങളുടെ ഒരു സർവേ നടത്തി. നിരീക്ഷണത്തിനും ഇടപെടലിനുമായി വിവിധ വകുപ്പുകളുമായി ഈ വിവരങ്ങൾ പങ്കിട്ടു
- ക്വാറന്റീൻ പിന്തുണ: അങ്കണവാടി പ്രവർത്തകർ വഴി ക്വാറന്റീനിലുള്ള വ്യക്തികളെ നിരീക്ഷിക്കുകയും ആരോഗ്യ വകുപ്പുമായും തദ്ദേശ സ്ഥാപനങ്ങളുമായും ബന്ധിപ്പിച്ച് പിന്തുണ ഉറപ്പാക്കുകയും ചെയ്തു.
- അംഗനവാടികളിൽ നിന്ന് വീട്ടിലേക്ക്: അംഗൻവാടി പ്രവർത്തകർ തങ്ങളുടെ സർവേ പ്രദേശത്തെ ഓരോ ഗുണഭോക്താക്കളുമായി ടെലിഫോണുകൾ വഴി സംവദിക്കുകയും പതിവായി നിരീക്ഷണം നടത്തുകയും ചെയ്യുന്നു.
- സ്ഥാപന പിന്തുണ: തങ്ങളുടെ പ്രൊജക്റ്റ് പ്രദേശത്തെ സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും നിരാലംബർക്കും ഭിന്നശേഷിക്കാർക്കുമായി നിലകൊള്ളുന്ന സ്ഥാപനങ്ങളുമായി ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ ബന്ധപ്പെടുകയും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടർനടപടി കൈക്കൊള്ളുകയും ചെയ്തു.
- ഗുണഭോക്താക്കൾക്ക് മിൽമ പാൽ: കേരളത്തിലെ എല്ലാ ജില്ലകളിലെയും അംഗനവാടികളുടെ ഗുണഭോക്താക്കളായ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ എന്നിവർക്ക് 150 മില്ലി സുഗന്ധമുള്ള, മധുരമുള്ള, വിറ്റാമിൻ എ & ഡി ഉറപ്പുള്ള പാൽ വിതരണം ചെയ്യാൻ മുൻകൈയെടുത്തു. കണ്ണൂർ ജില്ലയിൽ വിതരണം ആരംഭിച്ചു.
- വനിതാ സംരക്ഷണം: ഗാർഹിക പീഡനം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ റിപ്പോർട്ടുചെയ്യാൻ ആളുകളെ പ്രാപ്തരാക്കുന്നതിനായി എൻഎസ്എസ് സാങ്കേതിക സെല്ലിന്റെ പിന്തുണയോടെ 24 മണിക്കൂർ വാട്ട്സ്ആപ്പ് / എസ്.എം.എസ് ഹെൽപ്പ് ലൈൻ '9400080292' ആരംഭിച്ചു.

*അവലംബം : വനിതാ-ശിശു വികസന വകുപ്പ്*

പോസ്റ്ററുകൾ, സി.ഡി.എസി.ലേക്കുള്ള എസ്.എം.എസ് തുടങ്ങി വിവിധ ഐ.ഇ.സി പ്രവർത്തനങ്ങൾ നടത്തി.

- മുഖ്യമന്ത്രിയുടെ 'സഹായഹസ്തം' വായ്പാ പദ്ധതി: കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് പലിശരഹിത വായ്പ 2,000 കോടി രൂപ മുഖ്യമന്ത്രിയുടെ 'സഹായഹസ്തം' വായ്പ പദ്ധതി പ്രകാരം നൽകി.
- പലചരക്ക് കിറ്റ് പാക്കിംഗ്: 87 ലക്ഷം കുടുംബങ്ങൾക്ക് പലചരക്ക് കിറ്റുകൾ തയ്യാറാക്കാൻ കുടുംബശ്രീ സന്നദ്ധപ്രവർത്തകരുടെ സഹായം സിവിൽ സപ്ലൈസ് വകുപ്പ് തേടി. 210 സി.ഡി. എസിൽ നിന്ന് 569 വോളന്റിയർമാർ 50 ദിവസത്തേക്ക് ഈ പ്രവർത്തനത്തിന്റെ ഭാഗമായി.
- സ്കൂൾ കുട്ടികൾക്കുള്ള കെഎസ്എഫ്ഇ വിദ്യശ്രീ സ്കീം: താഴ്ന്ന സാമ്പത്തിക വിഭാഗത്തിൽ പെട്ടവരിൽ 60 ശതമാനം പേരും കുടുംബശ്രീ അംഗങ്ങളായതിനാൽ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസ് (കെഎസ്എഫ്ഇ) കുടുംബശ്രീ അംഗങ്ങൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി മൈക്രോ സേവിംഗ് സ്കീം കൊണ്ടുവന്നു. ലാപ്ടോപ്പുകൾ വാങ്ങാൻ 6 ലക്ഷം അംഗങ്ങൾ താൽപര്യം കാണിച്ച പദ്ധതിയിൽ ഇതുവരെ 5 ലക്ഷം അംഗങ്ങൾ ലാപ്ടോപ് വാങ്ങാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. 15,565 അയൽക്കൂട്ട അംഗങ്ങൾ സെപ്റ്റംബർ 30, 2020 വരെ പദ്ധതിയിൽ ചേർന്നു
- കമ്മ്യൂണിറ്റി അടുക്കളകൾ, ജനകീയ ഹോട്ടലുകൾ, ടേക്ക് എവേ കൌണ്ടറുകൾ: – സംസ്ഥാനത്തുടനീളം പഞ്ചായത്ത് തലത്തിൽ 800 ഓളം കമ്മ്യൂണിറ്റി അടുക്കളകളും നഗരപ്രദേശങ്ങളിൽ 215 കമ്മ്യൂണിറ്റി അടുക്കളകളും കുടുംബശ്രീ, പ്രാദേശിക സർക്കാരുകൾ എന്നിവയുമായി ചേർന്ന് സ്ഥാപിച്ചിട്ടുണ്ട്. ജൂൺ 17 വരെ കുടുംബശ്രീ നടത്തുന്ന 427 ജനകീയ ഹോട്ടലുകളിലൂടെ 27,21,625 ഭക്ഷ്യ പാഴ്സലുകൾ വിതരണം ചെയ്തു. കുടുംബശ്രീ യൂണിറ്റുകൾ 13 സ്ഥലങ്ങളിൽ ടേക്ക്–എവെ കൌണ്ടറുകൾ പ്രവർത്തിപ്പിക്കുന്നു. കൂടാതെ, കുടുംബശ്രീ കാന്റീൻ / കാറ്ററിംഗ് യൂണിറ്റുകൾ എന്നിവ വഴി ഇതുവരെ സംസ്ഥാനത്തെ വിവിധ കൊറോണ കെയർ സെന്ററുകളിലേക്ക് 66,811 ഭക്ഷ്യ പാക്കറ്റുകൾ വിതരണം ചെയ്തു.
- ലോക്ക്ഡൗൺ കാലയളവിൽ ആളുകൾക്ക് മാനസികാരോഗ്യ പിന്തുണ: 2020 ജൂൺ വരെ 360 കമ്മ്യൂണിറ്റി കൗൺസിലർമാരും സ്നേഹിത സ്റ്റാഫും ഫോണിലൂടെ മാനസികാരോഗ്യ പിന്തുണ നൽകി. 1,54,000 പേർക്ക് പ്രയോജനം ലഭിച്ചു.
- സാമൂഹിക അകലം പാലിക്കലിന്റെ പ്രചരണം: പൊതുസ്ഥലങ്ങളിൽ സാമൂഹിക അകലം പാലിക്കേണ്ടതിന്റെ ആവശ്യകത അറിയിക്കാനായി കുടുംബശ്രീ കേരളത്തിലുടനീളം ഒരു സാമൂഹിക അകലം പാലിക്കൽ ക്യാമ്പയിൻ നടത്തി. "കടകളിലൂടെ സാമൂഹിക ആകലം" എന്ന ടാഗ് ലൈൻ ഉപയോഗിച്ചാണ് കാമ്പയിൻ നടത്തിയത്. 678 സി.ഡി.എസിൽ ക്യാമ്പയിൻ നടത്തി, ഒരു മാസത്തെ കാമ്പെയ്നിലൂടെ 30,000 കടകൾ വിറ്റു. ഈ കാമ്പെയ്നിലൂടെ 60 ലക്ഷം രൂപയുടെ വിൽപ്പന നടന്നു.
- കരുതൽ കാമ്പെയ്ൻ: മഹാമാരിയുടെ പ്രതിസന്ധി മൂലം വിപണിയിൽ നഷ്ടം നേരിട്ട സൂക്ഷ്മ സംരംഭങ്ങളിലൂടെ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് "കരുതൽ– ഉൽപന്ന വിതരണ കാമ്പെയ്ൻ " കേരളത്തിലുടനീളം നടത്തിയത്. 3,522 സംരംഭങ്ങളുടെ പങ്കാളിത്തത്തോടെ 482 സി.ഡി. എസ്സുകളിൽ കരുതൽ കാമ്പെയ്ൻ നടത്തി. എൻ. എച്ച്.ജികളിൽ 1.47 ലക്ഷം കിറ്റ് വിതരണം ചെയ്തു, ഇതിലൂടെ മൊത്തം വിൽപന 6.38 കോടി രൂപ നേടുവാൻ കഴിഞ്ഞു.

ലിംഗപദവി വ്യത്യാസങ്ങൾ സ്വാഭാവികമായി നല്കപ്പെട്ടതല്ലന്നും മറിച്ച് വലിയ രീതിയിലുള്ള സാമൂഹിക മാനദണ്ഡങ്ങൾ വഴി സ്ഥാപിക്കപ്പെട്ടതാണെന്നുമുള്ള തിരിച്ചറിവ് ഈ അടുത്ത ദശാബ്ദങ്ങളിലായി കൂടുതൽ ഉയർന്നു വന്നിട്ടുണ്ട്. ജൈവശാസ്ത്രപരമായ വ്യത്യാസം എന്നതിനപ്പുറം ലിംഗപദവി ഒരു സാമൂഹിക നിർമ്മിതിയാണെന്നത് ഈ മഹാമാരി സമയത്ത് ഉറപ്പിക്കപ്പെട്ടു.

ഇതൊക്കെയാണെങ്കിലും, ഈ മഹാമാരി കൊണ്ടുള്ള ലോക്ക്ഡൗണിന് മറ്റൊരു വശമുണ്ട്, ഒരുപക്ഷേ കൂടുതൽ ആഴമേറിയതും തൽക്കാലത്തേക്ക് അദൃശ്യവുമായത്. ഗാർഹിക പീഡനങ്ങളും മറ്റ് മൊത്തത്തിലുള്ള ലിംഗപദവി അനീതികളും അടിച്ചമർത്തലുകളും വർദ്ധിച്ച കാലഘട്ടമാണിത്. മഹാമാരി കൊണ്ടുള്ള ലോക്ക്ഡൗൺ കാലയളവിൽ ഇപ്പോൾ തന്നെ സാരമായ രീതിയിൽ നിലനിൽക്കുന്ന ലിംഗപദവി അസമത്വം കൂടുതൽ വഷളായതായി. പല ശ്രോതസുകളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു. ഈ കാലയളവിൽ കൂടുതൽ സ്ത്രീകൾക്ക് ജോലിയും വരുമാനവും നഷ്ടപ്പെട്ടുവെന്നത് മാത്രമല്ല; ഗാർഹിക ജോലിയും ഉത്തരവാദിത്തങ്ങളും മൂലം സ്ത്രീകൾക്ക് അമിതഭാരം വഹിക്കേണ്ടിവരികയും ചെയ്യുന്നു. മുൻപുള്ള നിലയിലേക്ക് മടങ്ങുന്നതിന് പകരം "ആരോഗ്യം, കാലാവസ്ഥ, സമ്പദ്‌വ്യവസ്ഥ, മൗലിക മനുഷ്യാവകാശം എന്നിവയിൽ നാം നേരിടുന്ന നിരവധി വെല്ലുവിളികൾക്ക് പരിഹാരമായി ലിംഗസമത്വം സാക്ഷാത്കരിക്കുന്നതിന് പ്രവർത്തിക്കുക" (2020) യാണ് ലോക്ക്ഡൗണിനുശേഷം ചെയ്യേണ്ടതെന്ന് സ്പെയിനിലെ ആക്ടിവിസ്റ്റുകളുടെ സംഘടനകൾക്ക് നേതൃത്വം നൽകുന്ന യുണൈറ്റഡ് സിറ്റിസ് ആൻഡ് ലോക്കൽ ഗവൺമെന്റ് എന്ന സംഘടന നിർദേശിച്ചു. മഹാമാരിയുടേയും ലോക്ക്ഡൗണിന്റേയും പശ്ചാത്തലത്തിൽ മാത്രമല്ല പൊതുവായി എടുത്താലും

മറ്റ് സംസ്ഥാനങ്ങളുടെയും ചില വികസ്വര രാജ്യങ്ങളെയും അപേക്ഷിച്ച് സ്ത്രീ പദവി ഉൾപ്പെടെയുള്ള ലിംഗപദവി സമത്വത്തിന്റെ കാര്യത്തിൽ കേരളത്തിലെ സ്ഥിതി വളരെ മെച്ചമാണ്.

മാനവ വികസനത്തിന്റെ പല വശങ്ങളിലും സംസ്ഥാനം ജനങ്ങൾക്ക് തുല്യ അവസരങ്ങൾ നൽകുന്നു, അതിനാൽ നിരവധി ലിംഗപദവി സൂചകങ്ങളുടെ കാര്യത്തിൽ കാര്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ജി.ഐ.ഐ യുടെ (ലിംഗ അസമത്വ സൂചിക) ഘടകങ്ങളെ സംബന്ധിച്ചിടത്തോളം, മാതൃമരണ നിരക്ക്, കൗമാര ജനനനിരക്ക്, സെക്കൻഡറി വിദ്യാഭ്യാസമുള്ള മുതിർന്ന സ്ത്രീകളുടെ അനുപാതം എന്നീ സൂചകങ്ങളിൽ കേരളത്തിന്റെ പ്രകടനം ശ്രദ്ധേയമാണ്. 2011 ലെ സെൻസസ് പ്രകാരം കേരളത്തിൽ സ്ത്രീ -പുരുഷ അനുപാതം 1,084 ആണ്, ഇത് ദേശീയ അനുപാതമായ 940 നെ അപേക്ഷിച്ച് വളരെ ഉയർന്നതാണ്. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 52 ശതമാനവും സ്ത്രീകളാണ്. ദേശീയ ശരാശരിയായ 11 ശതമാനത്തിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ വീടുകളിൽ 22 ശതമാനം സ്ത്രീകളാൽ നയിക്കപ്പെടുന്നവയാണ്. എന്നാൽ ഉയർന്ന തലങ്ങളിലെ തീരുമാനമെടുക്കുന്ന സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തവുമായി ബന്ധപ്പെട്ട സൂചകങ്ങൾ കാണിക്കുന്നത് കേരളത്തിന്റെ പ്രകടനം മോശമാണെന്നും കേരളത്തിൽ സ്ത്രീകൾ പ്രതിനിധാനം ചെയ്യുന്ന നിയമസഭ, പാർലമെന്റ് സീറ്റുകളുടെ എണ്ണം ഇപ്പോഴും ഇന്ത്യയുടെ ശരാശരിയേക്കാൾ താഴെയാണെന്നുമാണ്.

## വിദ്യാഭ്യാസവും ലിംഗസമത്വവും

സാമൂഹ്യ-സാംസ്കാരിക വികസനവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ നേട്ടങ്ങളിൽ ഏറ്റവും ശ്രദ്ധയാകർഷിക്കുന്നത് ഉയർന്ന സ്ത്രീ സാക്ഷരതയും വിദ്യാഭ്യാസവുമാണ്. ഉയർന്ന സാക്ഷരത കേരള സ്ത്രീകളുടെ സാമൂഹികവും രാഷ്ട്രീയവുമായ വികസന കുതിപ്പിന്റെ അടിസ്ഥാനമായി കണക്കാക്കാം. ഒരു ചെറിയ സ്ത്രീ-പുരുഷ വ്യത്യാസം നിലനിൽക്കുന്നുണ്ടെങ്കിലും ഇന്ത്യൻ സംസ്ഥാനങ്ങളിൽ മികച്ച സ്ത്രീ സാക്ഷരതാ നിരക്കായ 92 ശതമാനം കേരളത്തിലാണ് (സെൻസസ്, 2011). കേരളത്തിൽ ഈ 6 ദശകങ്ങൾ കൊണ്ട് സ്ത്രീ-പുരുഷ വ്യത്യാസം കുറഞ്ഞുവെന്നും കാണാൻ സാധിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് ആറാം അദ്ധ്യായം വിദ്യാഭ്യാസം- **അനുബന്ധം 6.1.1** കാണുക). 75-ാമത് എൻ. എസ്.എസ്.ഒ യുടെ വിശകലനത്തിൽ കേരളത്തിൽ സ്ത്രീകളുടെ സാക്ഷരതാ നിരക്ക് വീണ്ടും വർദ്ധിച്ചതായി റിപ്പോർട്ട് ചെയ്യുന്നു (**അനുബന്ധം 8.1.1**). കമ്പ്യൂട്ടർ സാക്ഷരത, അടിസ്ഥാന ഇന്റർനെറ്റ് പരിജ്ഞാനം തുടങ്ങിയ സാക്ഷരതയുടെ കാര്യത്തിൽ കേരളത്തിലെയും ഇന്ത്യയിലെയും സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണ് (**ചിത്രം 8.1.1**). കമ്പ്യൂട്ടർ, ഇൻറർനെറ്റ് സാക്ഷരത എന്നിവയുടെ കാര്യത്തിൽ സ്ത്രീ-പുരുഷ വ്യത്യാസം ഗ്രാമീണ മേഖലയിലാണ് കൂടുതൽ പ്രകടമാകുന്നത്. ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും വിവിധ തലത്തിലുള്ള സാക്ഷരതയിലെ സ്ത്രീ-പുരുഷ വ്യത്യാസങ്ങൾ **അനുബന്ധം 8.1.1** -ൽ നൽകിയിരിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, സ്കൂൾ പ്രവേശനം പ്രാഥമിക തലത്തിൽ സാർവത്രികമാണ്, കൂടാതെ സ്ത്രീ-പുരുഷ തുല്യത കൈവരിക്കുകയും ചെയ്തു. സ്കൂളുകളിൽ ചേരുന്ന വിദ്യാർത്ഥികളിൽ 49 ശതമാനവും പെൺകുട്ടികളാണ്. ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിലെ പ്രവേശനത്തിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ പ്രവേശനം 51.19 ശതമാനമാണ്. മൂന്നാമത്തെ തലത്തിലും പെൺകുട്ടികളുടെ പ്രവേശനം ആൺകുട്ടികളേക്കാൾ കൂടുതലാണ്. ഉദാഹരണത്തിന്, 2019-20 കാലയളവിൽ കേരളത്തിലെ വിവിധ ആർട്സ് സയൻസ് കോളേജുകളിൽ ബിരുദ

**ചിത്രം 8.1.1** കമ്പ്യൂട്ടർ, ഇൻറർനെറ്റ് സാക്ഷരതാ നിരക്കുകളിലെ ലിംഗ പദവി വത്യാസങ്ങൾ




*അവലംബം: 75-ാം മത് എൻ.എസ്.എസ്.ഒ റൗണ്ട്*

കോഴ്സുകളിലേക്ക് പ്രവേശനം നേടിയതിന്റെ 68.1 ശതമാനം പെൺകുട്ടികളാണ്. ബിരുദാനന്തര ബിരുദം പരിഗണിക്കുമ്പോൾ, പെൺകുട്ടികളുടെ പ്രവേശനം മൊത്തം പ്രവേശനത്തിന്റെ 64.9 ശതമാനമായി ഉയർന്നുനിൽക്കുന്നു. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും പെൺകുട്ടികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ സ്ഥിതി വ്യത്യസ്തമാണ്. പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ പെൺകുട്ടികളുടെ ശതമാനം എഞ്ചിനീയറിംഗ് കോളേജുകളിൽ 37.8 ഉം പോളിടെക്നിക്കുകളിൽ 28.1 ഉം മാത്രമാണ്. ടെക്നിക്കൽ സ്കൂളുകളിൽ വളരെ താഴ്ന്ന ശതമാനമായ 5 ശതമാനം മാത്രമാണ് പെൺകുട്ടികൾ.

ബി ടെക്, ടെക്നിക്കൽ കോഴ്സുകൾ, പോളിടെക്നിക്സ്, ടെക്നിക്കൽ ഹൈസ്കൂളുകൾ എന്നിവയിൽ പെൺകുട്ടികളുടെ പ്രവേശനം ആനുപാതികമായി കുറവാണ്; ആരോഗ്യം, ആരോഗ്യ-അനുബന്ധ വിഷയങ്ങൾ എന്നിവയിൽ അനുപാതം വളരെ കൂടുതലാണ്. മറ്റേതൊരു വിഭാഗവുമായി താരതമ്യപ്പെടുത്തുമ്പോൾ, വൈദ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട കോഴ്സുകളിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. **പട്ടിക 8.1.1**-ൽ കാണുന്നത് പോലെ, ആരോഗ്യ-അനുബന്ധ കോഴ്സുകളിലെ

**പട്ടിക 8.1.1** വിവിധ തലങ്ങളിൽ പെൺകുട്ടികളുടെ പ്രവേശനം-2020-21

| മേഖല | ആകെ | പെൺകുട്ടികൾ | ശതമാനം |
|---|---|---|---|
| എൽ.പി | 1329219 | 653903 | 49.19 |
| യു.പി | 1120713 | 551367 | 49.19 |
| എച്ച്.എസ് | 1266965 | 614355 | 48.49 |
| എച്ച്.എസ്.എസ് | 381755 | 196212 | 51.39 |
| വി.എച്ച്.എസ്.എസ് | 23847 | 10042 | 42.10 |
| ടെക്ക്നിക്കൽ ഹൈ സ്കൂൾ | 7771 | 393 | 5.00 |
| പോളി ടെക്നിക് | 12066 | 3397 | 28.10 |
| ബി.എ , ബി.എസ്സി & ബി.കോം | 289524 | 197148 | 68.10 |
| ബി. ടെക് | 5382 | 2036 | 37.80 |
| എം.എ എം. എസ്സി & എം.കോം | 42769 | 27752 | 64.90 |
| എം. ടെക് | 1356 | 869 | 64.10 |
| ആരോഗ്യവും അനുബന്ധ ശാസ്ത്രവും | 22024 | 17903 | 81.28 |

*അവലംബം :ഡി.ജി.ഇ, ഡി.സി.ഇ, ഡി.ടി.ഇ, കെ.ടി.യു, കെ. യു. എച്ച്. എസ്, 2020*

**പട്ടിക 8.1.2** മെഡിക്കൽ വിദ്യാഭ്യാസത്തിലെ പെൺകുട്ടികളുടെ അനുപാതം

| വിഭാഗം | പാഠ്യക്രമം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|---|
| ആധുനിക വൈദ്യശാസ്ത്രം | ബിരുദം | 3028 | 3913 | 6941 | 56.38 |
| | ബിരുദാനന്തരബിരുദം | 884 | 1270 | 2154 | 58.96 |
| ഹോമിയോ വൈദ്യശാസ്ത്രം | ബിരുദം | 42 | 275 | 317 | 86.75 |
| | ബിരുദാനന്തരബിരുദം | 4 | 54 | 58 | 93.10 |
| ആയുർവേദ വൈദ്യശാസ്ത്രം | ബിരുദം | 130 | 843 | 973 | 86.64 |
| | ബിരുദാനന്തരബിരുദം | 13 | 163 | 176 | 92.61 |
| യുനാനി | ബിരുദം | 9 | 41 | 50 | 82.00 |
| | ബിരുദാനന്തരബിരുദം | 0 | 0 | 0 | 0 |
| സിദ്ധ | ബിരുദം | 5 | 19 | 24 | 79.17 |
| | ബിരുദാനന്തരബിരുദം | 0 | 0 | 0 | 0 |
| | **ആകെ** | **4115** | **6578** | **10693** | **61.52** |

*അവലംബം: ആരോഗ്യ സർവ്വകലാശാല (കെ.യു.എച്ച്.എസ്)*

80 ശതമാനത്തിലധികം വിദ്യാർത്ഥികളും പെൺകുട്ടികളാണ്. വൈദ്യശാസ്ത്രത്തിലെ വിവിധ ശാഖകളിലെ ബിരുദമോ ബിരുദാനന്തര ബിരുദമോ നേടുന്ന പെൺകുട്ടികളുടെ അനുപാതം **പട്ടിക 8.1.2** കാണിക്കുന്നു. ഇവിടെയും പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ കൂടുതലാണ്. വരും വർഷങ്ങളിൽ 60 ശതമാനത്തിലധികം ഡോക്ടർമാർ സ്ത്രീകളായിരിക്കുമെന്നതിന്റെ സൂചനയാണിത്.

ആൺകുട്ടികളുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രൊഫഷണൽ, ടെക്നിക്കൽ കോഴ്സുകൾക്ക് മുൻ കാലഘട്ടങ്ങളിൽ പെൺകുട്ടികളുടെ പരിഗണന കുറവായിരുന്നു. എൻ.എസ്.എസ് ഓ യുടെ 75-ാ മത് റൗണ്ടിലെ കണക്കുകൾ പ്രകാരം ഈ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിൽ പെൺകുട്ടികൾക്ക് കാലക്രമേണ മാറ്റം ഉണ്ടായതായി കാണാം. ഗ്രാമപ്രദേശങ്ങളിൽ പെൺകുട്ടികളേക്കാൾ കൂടുതൽ ആൺകുട്ടികൾ സാങ്കേതിക, പ്രൊഫഷണൽ കോഴ്സുകളാണ് ഇഷ്ടപ്പെടുന്നതെങ്കിലും പ്രൊഫഷണൽ, ടെക്നിക്കൽ കോഴ്സുകളിലെ പെൺകുട്ടികളുടെ ശതമാനം കേരളത്തിൽ അഖിലേന്ത്യാ തലത്തേക്കാൾ കൂടുതലാണ്. ഗ്രാമപ്രദേശങ്ങളിൽ 9 ശതമാനം പെൺകുട്ടികളും കേരളത്തിൽ സാങ്കേതിക, പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുമ്പോൾ ഇന്ത്യയിലെ അനുപാതം രണ്ട് ശതമാനത്തിൽ താഴെയാണ്. നഗരപ്രദേശങ്ങളിലെ പെൺകുട്ടികളുടെ കണക്ക് പരിഗണിക്കുമ്പോഴും കേരളവും ഇന്ത്യയും തമ്മിൽ ഈ വിടവ് നിലനിൽക്കുന്നു.

വിദ്യാർത്ഥികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കാണിക്കുന്നത് സാങ്കേതിക വിദ്യാഭ്യാസം ഒഴികെ, പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെ എല്ലാ തലത്തിലും പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ കൂടുതലാണ് എന്നതാണ്. കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യസ്ഥിതി സംസ്ഥാനതിനകത്ത് തന്നെയുള്ള പുരുഷന്മാരുമായും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലുള്ള സ്ത്രീകളുമായും താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യ നില മെച്ചപ്പെട്ടിരിക്കുന്നത് സംസ്ഥാനത്തിന്റെ ഉയർന്ന സാമൂഹ്യ വികസനത്തെയാണ് പ്രതിഫലിപ്പിക്കുന്നത് ആരോഗ്യ സൂചകങ്ങളിൽ ഭൂരിഭാഗവും സംസ്ഥാനത്തെ സ്ത്രീകൾക്ക് വളരെ അനുകൂലമാണ്. ഇന്ത്യയിലെ മൊത്തത്തിലുള്ള സ്ത്രീകളുടെ ആയുർദൈർഘ്യ നിരക്ക് 70.4 വയസാണ്. കേരളത്തിൽ ജനിക്കുന്ന സ്ത്രീകളുടെ ശരാശരി ആയുർദൈർഘ്യമായ 77.8 വയസ്സ് എന്നത് ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന നിരക്കാണ്. രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറത്തുവിട്ട കണക്കുകൾ പ്രകാരം എല്ലാ ജനസംഖ്യാ സൂചകങ്ങളും കേരളത്തിലെ സ്ത്രീകൾക്ക് അനുകൂലമാണ് **(പട്ടിക 8.1.4)**.

സംസ്ഥാനത്ത് മാതൃ പരിചരണത്തിനായി വിപുലമായ പൊതു വ്യവസ്ഥകൾ കൊണ്ടുവന്നതിന്റെ ഭാഗമായി ഉണ്ടായ പ്രതിഫലനമാണ് മാതൃമരണ നിരക്കിലുള്ള കുറവും സ്ത്രീകളുടെ ഉയർന്ന ആയുർദൈർഘ്യവും. ആരോഗ്യസംരക്ഷണ സ്ഥാപനങ്ങളിലേക്കുള്ള സാർവത്രിക പ്രവേശനം വഴി മാതൃ പരിചരണവും ആരോഗ്യ കേന്ദ്രങ്ങളിൽ തന്നെ എല്ലാ പ്രസവവും ഉറപ്പാക്കാനും സഹായിക്കുന്നു. അതുപോലെ, കൗമാര ഗർഭധാരണം കേരളത്തിൽ വളരെ കുറവാണ്. കൂടുതൽ വിവരങ്ങൾക്ക് **പട്ടിക 8.1.5** കാണുക. പൊതുജനാരോഗ്യ സംരക്ഷണം നൽകുന്നതിൽ കേരള

**പട്ടിക 8.1.3** പാഠ്യക്രമം അനുസരിച്ചുള്ള വിദ്യാർത്ഥികളുടെ വിവരം ശതമാനത്തിൽ

| | | കേരളം | | | ഇന്ത്യ | | |
|---|---|---|---|---|---|---|---|
| | | സാധാരണ കോഴ്സുകൾ | ടെക്നിക്കൽ/ പ്രഫഷണൽ കോഴ്സുകൾ | മൊത്തം | സാധാരണ കോഴ്സുകൾ | ടെക്നിക്കൽ/ പ്രഫഷണൽ കോഴ്സുകൾ | മൊത്തം |
| ഗ്രാമം | പുരുഷന്മാർ | 88.8 | 11.2 | 100 | 97.1 | 2.9 | 100 |
| | സ്ത്രീകൾ | 91.1 | 8.9 | 100 | 98.3 | 1.7 | 100 |
| | ആകെ | 89.8 | 10.2 | 100 | 97.6 | 2.4 | 100 |
| നഗരം | പുരുഷന്മാർ | 90.8 | 9.2 | 100 | 91.7 | 8.3 | 100 |
| | സ്ത്രീകൾ | 87.8 | 12.2 | 100 | 93.7 | 6.3 | 100 |
| | ആകെ | 89.3 | 10.7 | 100 | 92.6 | 7.4 | 100 |
| ആകെ | പുരുഷന്മാർ | 89.6 | 10.4 | 100 | 95.5 | 4.5 | 100 |
| | സ്ത്രീകൾ | 89.5 | 10.5 | 100 | 96.9 | 3.1 | 100 |
| | ആകെ | 89.6 | 10.4 | 100 | 96.1 | 3.9 | 100 |

അവലംബം: 75-ാമത് റൗണ്ട് എൻ.എസ്.എസ്.ഒ യുടെ വിശകലനം, ഭാരത സർക്കാർ

**പട്ടിക 8.1.4** ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ ആരോഗ്യസ്ഥിതി

| ക്രമ നം. | സൂചകങ്ങൾ | | | കേരളം | ഇന്ത്യ |
|---|---|---|---|---|---|
| 1 | ശിശുമരണ നിരക്ക്# | | ആകെ | 7 | 32 |
| | | | പുരുഷന്മാർ | 9 | 32 |
| | | | സ്ത്രീകൾ | 5 | 33 |
| 2 | ശരാശരി വിവാഹ പ്രായം * | 18 വയസിന് താഴെ ഉള്ളവർ | സ്ത്രീകൾ | 17 | 16.8 |
| | | 18–20 | | 19.1 | 19.2 |
| | | 21 വയസിന് മുകളിൽ ഉള്ളവർ | | 24.6 | 24 |
| | | ആകെ പ്രായം ഉള്ളവരിൽ | | 23.2 | 22.3 |
| 3 | മാതൃ മരണ നിരക്ക് ** | | ആകെ | 43 | 113 |
| 4 | 60 വയസ്സിനും അതിനുമുകളിലും ഉള്ളവരിലെ ലിംഗപദവി അനുസരിച്ച് | | ആകെ | 12.9 | 8.1 |
| | | | പുരുഷന്മാർ | 12.2 | 7.8 |
| | | | സ്ത്രീകൾ | 13.7 | 8.4 |
| 5 | ശരാശരി ആയുർദൈർഘ്യം *** | | ആകെ | 75.3 | 69.4 |
| | | | പുരുഷ്മാർ | 72.5 | 68.2 |
| | | | സ്ത്രീകൾ | 77.9 | 70.7 |

*അവലംബം :* # എസ്.ആർഎസ് മേയ് 2020 / * എസ്.ആർഎസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018/** എം.എം.ആർ നെ കുറിച്ചുള്ള പ്രത്യേക ബുള്ളറ്റിൻ 2016-18/*** എസ്.ആർഎസ് ലൈഫ് ടേബിൾ 2014-18/

സർക്കാർ നിലവിൽ വന്നതുമുതൽ ദശാബ്ദങ്ങളായി നടത്തിയ പരിശ്രമങ്ങളുടെ ഫലമാണ് ഈ നേട്ടങ്ങൾ.

ജീവിത ശൈലി ആരോഗ്യ സൂചകങ്ങളിൽ ഉയർന്ന സാക്ഷരത, വിദ്യാഭ്യാസ നില, ആരോഗ്യപരമായ അനുകൂല സൂചകങ്ങൾ എന്നിവ പ്രതിഫലിക്കുന്നില്ല. ശരീര ഭാര സൂചിക പ്രകാരം അമിതവണ്ണവും വിളർച്ചയും കണക്കിലെടുക്കുമ്പോൾ, 2015–16 ലെ ദേശീയ ആരോഗ്യ സർവേ റിപ്പോർട്ടുകൾ പ്രകാരം സ്ത്രീകളുടെ സ്ഥാനം മികച്ചതല്ല. ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ, ഭാരക്കുറവ് നേരിടുന്ന സ്ത്രീകളുടെ എണ്ണം കേരളത്തിൽ കുറവാണെങ്കിലും പുരുഷന്മാരുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലേയും ഇന്ത്യയിലേയും സ്ത്രീകളുടെ അവസ്ഥ മോശമാണ്. എന്നാൽ അമിതവണ്ണത്തിന്റെ കാര്യത്തിൽ കേരളത്തിലെ സ്ത്രീകളുടെ ശതമാനം ഇന്ത്യയേക്കാളും സംസ്ഥാനത്തെ പുരുഷന്മാരേക്കാളും കൂടുതലാണ്. വിളർച്ചയുടെ കാര്യത്തിൽ, 2005–06 മുതൽ 2015–16 വരെ ഉള്ള ശതമാനത്തിൽ വർദ്ധനവ് കാണാമെങ്കിലും കേരളത്തിന്റെ സ്ഥിതി അഖിലേന്ത്യാ ശരാശരിയേക്കാൾ മികച്ചതാണ് (**അനുബന്ധം 8.1.2**).

സമ്പുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി പോഷക അളവ് മെച്ചപ്പെടുത്തുന്നതിനായി വനിതാ ശിശു വികസന വകുപ്പ് വഴി സംസ്ഥാനത്തൊട്ടാകെയുള്ള സ്ത്രീകൾക്കും കുട്ടികൾക്കും പോഷകാഹാര ക്ലിനിക്കുകൾ തുറന്നു. സംസ്ഥാനത്തെ 152 ബ്ലോക്കുകളിലെയും ആറ് കോർപ്പറേഷനുകളിലെയും ഐസിഡിഎസ് ഓഫീസുകളിൽ ഈ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു.

ഏറ്റവും പുതിയ ദേശീയ ആരോഗ്യ സർവേ 2019–20, പ്രകാരം പുറത്തുവിട്ട റിപ്പോർട്ടിലെ വിളർച്ചയുടെ കണക്കുകൾ ഒട്ടും ശുഭ സൂചകം അല്ലാത്തതിനാൽ ഇത് അനിവാര്യവും വളരെ സമയോജിതവും ആണെന്ന് മനസിലാക്കാൻ കഴിയും. ബലഹീനത, മുരടിപ്പ്, ഭാരക്കുറവ് എന്നിവ കാണുന്ന 5 വയസ്സിന് താഴെയുള്ള കുട്ടികൾ ഉൾപ്പെടെ എല്ലാ പ്രായക്കാരിലും ഗർഭിണികളിലും 2015–16 മുതൽ വിളർച്ചയുടെ കണക്കിൽ വർധനവ് ഉണ്ടായതായി കാണുന്നു (ദി ഹിന്ദു, ഡിസംബർ 13, 2020).

## സാമ്പത്തിക പങ്കാളിത്തം

ആരോഗ്യം, വിദ്യാഭ്യാസം, മറ്റ് പല വികസന സൂചകങ്ങൾ എന്നിവയിൽ കേരളത്തിലെ സ്ത്രീകൾ പുരുഷന്മാരെക്കാൾ മികച്ചവരാണെങ്കിലും സാമ്പത്തിക മേഖലയിലെ അവരുടെ പങ്കാളിത്തം ഇനിയും വർദ്ധിക്കേണ്ടിയിരിക്കുന്നു. എൻ.എസ്.എസ്.ഒയുടെ മുൻ റൗണ്ടുകളിൽ തൊഴിൽ സേനാ പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ), തൊഴിൽ പങ്കാളിത്ത നിരക്ക് (ഡബ്ല്യു.പി.ആർ) എന്നിവയിൽ പുരുഷന്മാരും സ്ത്രീകളും തമ്മിൽ വലിയ വിടവുകളുണ്ടായിരുന്നു. അതുപോലെ, എൽ.എഫ്.പി.ആർ, ഡബ്ല്യു.പി.ആർ സൂചികകളിയിൽ കേരളത്തിലെ സ്ത്രീകൾ ഇന്ത്യയിലെ സ്ത്രീകളേക്കാൾ കുറവായിരുന്നു. എന്നാൽ അടുത്തിടെയുള്ള പീരിയോഡിക് ലേബർ ഫോഴ്സ് സർവേകൾ (പി.എൽ.എഫ്.എസ് ) കാണിക്കുന്നത് ഇക്കാര്യത്തിൽ പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അന്തരം ഒരു പരിധിവരെ കുറഞ്ഞിട്ടുണ്ട് എന്നാണ്.

**പട്ടിക 8.1.5** മാതൃ പരിചരണത്തിന്റെ സൂചകങ്ങൾ

| | ഇന്ത്യ | | | | കേരളം | | | |
|---|---|---|---|---|---|---|---|---|
| സൂചകങ്ങൾ | എൻ.എഫ്.എച്ച്.എസ് –2 (1998–99) | എൻ.എഫ്.എച്ച്.എസ്– 3 (2005–06) | എൻ.എഫ്.എച്ച്.എസ്– 4 (2015–16) | എൻ.എഫ്.എച്ച്.എസ്– 5 (2019–20) | എൻ.എഫ്.എച്ച്.എസ് –2 (1998–99) | എൻ.എഫ്.എച്ച്.എസ്– 3 (2005–06) | എൻ.എഫ്.എച്ച്.എസ്– 4 (2015–16) | എൻ.എഫ്.എച്ച്.എസ്– 5 (2019–20) |
| കൗമാര പ്രായക്കാരിലെ ഗർഭധാരണം | ലഭ്യമല്ല | 16 | 7.9 | ലഭ്യമല്ല | ലഭ്യമല്ല | 5.8 | 3 | 2.4 |
| പ്രസവ പൂർവ പരിശോധന– അമ്മമാരുടെ അനുപാതം | 20.0** | 43.9 | 58.6 | ലഭ്യമല്ല | 64.9** | 91.9 | 95.1 | 93.6 |
| ആശുപത്രികളിലെ ജനനങ്ങൾ (ശതമാനം) | 33.6 | 38.7 | 78.9 | ലഭ്യമല്ല | 93.0 | 99.3 | 99.8 | 99.8 |
| അമ്മയും ശിശു സംരക്ഷണവും (എം.സി.പി) കാർഡ് ഉടമ (ശതമാനം) | ലഭ്യമല്ല | ലഭ്യമല്ല | 89.3 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 84.2 | 91.3 |
| ആകെ പ്രത്യുല്പാദന നിരക്ക് (കുട്ടികൾ/സ്ത്രീകൾക്കുള്ള ശരാശരി കുട്ടികൾ ) | 2.85 | 2.7 | 2.2 | ലഭ്യമല്ല | 1.96 | 1.9 | 1.6 | 1.8 |
| സമ്പൂർണ്ണ പ്രസവ പൂർവ പരിശോധന (ശതമാനം) | ലഭ്യമല്ല | 11.6 | 21 | ലഭ്യമല്ല | ലഭ്യമല്ല | 66.7 | 61.2 | ലഭ്യമല്ല |
| അമ്മമാർക്ക് പ്രസവാനന്തര പരിചരണംലഭിച്ചത്(ശതമാനം) | ലഭ്യമല്ല | 34.6 | 62.4 | ലഭ്യമല്ല | ലഭ്യമല്ല | 84.6 | 88.7 | 93.3 |
| സിസേറിയനിലൂടെയുള്ള പ്രസവം (ശതമാനം) | 7.1 | 8.5 | 17.2 | ലഭ്യമല്ല | 29.3 | 30.1 | 35.8 | 38.9 |
| കൗമാര പ്രായക്കാരിലെ വിളർച്ച (ശതമാനം) | 73.3* | 55.3 | 53.1 | ലഭ്യമല്ല | 45.7* | 32.8 | 34.3 | 36.3 |
| ഗർഭാവസ്ഥയിൽ അനുഭവിച്ച അക്രമം (ശതമാനം) | ലഭ്യമല്ല | ലഭ്യമല്ല | 3.9 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 1.2 | 0.5 |

*അവലംബം* : ദേശീയ കുടുംബ ആരോഗ്യ സർവേ
*എല്ലാ പെൺകുട്ടികളും ഉൾപ്പെടെ;
** മൂന്നോ അതിൽ അധികമോ പ്രസവ പൂർവ പരിശോധന നടത്തിയവർ

അതുപോലെ, 2018–19 –ൽ ഇന്ത്യയിലെ സ്ത്രീകളുമായി താരതമ്യപ്പെടുത്തുമ്പോൾ അവർ മെച്ചപ്പെട്ട സ്ഥാനത്തെത്തി എന്നാണ്. (**പട്ടിക 8.1.6** കാണുക)

കഴിഞ്ഞ രണ്ട് പി.എൽ.എഫ്.എസ് കണക്കുകൾ അനുസരിച്ച് കേരളത്തിലെ സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തത്തിൽ മൂന്ന് പ്രധാന മുന്നേറ്റങ്ങളുണ്ട്:

1. സ്ത്രീകളിലേയും പുരുഷന്മാരിലേയും എൽ.എഫ്.പി.ആറും ഡബ്ല്യു.പി.ആറും വർദ്ധിച്ചിട്ടുണ്ടെങ്കിലും സ്ത്രീകളിലെ എൽ.എഫ്.പി.ആറിന്റെയും ഡബ്ല്യു.പി.ആറിന്റെയും വർദ്ധനവ് കൂടുതൽ വ്യക്തമാണ്
2. 2017–18 ലെ സ്ത്രീകളിലെ ഡബ്ല്യു.പി.ആർ 16.4 ശതമാനത്തിൽ നിന്ന് 2018–19 ആയപ്പോഴേക്കും 20.4 ശതമാനമായി ഉയർന്നു
3. ഇതാദ്യമായി, ഏറ്റവും പുതിയ പി.എൽ.എഫ്.എസ് അനുസരിച്ച് കേരളത്തിലെ ആകെ പുരുഷന്മാരുടെയും സ്ത്രീകളുടെയും തൊഴിൽ പങ്കാളിത്തം ഇന്ത്യയിലെ ശരാശരിയെക്കാൾ ഉയർന്നിട്ടുണ്ട് നഗരത്തിലെ സ്ത്രീകളുടെ ഡബ്ല്യു.പി.ആർ എല്ലായ്പ്പോഴും അഖിലേന്ത്യയെക്കാൾ ഉയർന്നതാണെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്.

**പട്ടിക 8.1.6** സാമ്പത്തിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം– ഇന്ത്യയും കേരളവും

| പ്രായ വിഭാഗം | തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ) | | | | | | തൊഴിൽ പങ്കാളിത്ത നിരക്ക് (ഡബ്ല്യു.പി.ആർ) | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഇന്ത്യ | | | കേരളം | | | ഇന്ത്യ | | | കേരളം | | |
| | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| | 2017–18 | | | | | | | | | | | |
| 15–29 വയസ്സ് | 58.8 | 16.4 | 38.2 | 52.2 | 23.6 | 37.4 | 48.3 | 13.5 | 31.4 | 40.1 | 8.6 | 23.8 |
| 15–59 വയസ്സ് | 80.2 | 25.3 | 53 | 78.9 | 31.9 | 53.6 | 74.9 | 23.8 | 49.5 | 73.4 | 24 | 46.8 |
| 15 വയസും അതിൽ കൂടുതലുമുള്ളവർ | 75.8 | 23.3 | 49.8 | 70.1 | 26.5 | 46.5 | 71.2 | 22 | 46.8 | 65.8 | 20.4 | 41.2 |
| മൊത്തം പ്രായം ആയവരിൽ | 55.5 | 17.5 | 36.9 | 53.9 | 21.3 | 36.6 | 52.1 | 16.5 | 34.7 | 50.5 | 16.4 | 32.4 |
| | 2018–19 | | | | | | | | | | | |
| 15–29 വയസ്സ് | 58.8 | 16.2 | 38.1 | 47 | 25.8 | 36 | 48.6 | 13.3 | 31.5 | 36.1 | 11.5 | 23.4 |
| 15–59 വയസ്സ് | 80.3 | 26.5 | 53.6 | 78.1 | 35.2 | 55 | 75.1 | 25 | 50.3 | 73.5 | 28.5 | 49.3 |
| 15 വയസും അതിൽ കൂടുതലുമുള്ളവർ | 75.5 | 24.5 | 50.2 | 71.2 | 30.6 | 49.3 | 71 | 23.3 | 47.3 | 67.7 | 25.3 | 44.9 |
| എല്ലാ പ്രായക്കാരിലും (0+) | 55.6 | 18.6 | 37.5 | 56.6 | 24.6 | 39.5 | 52.3 | 17.6 | 35.3 | 53.8 | 20.4 | 35.9 |

*അവലംബം: പീരിയോഡിക് ലേബർ ഫോഴ്സ് സർവേ- 2017-18 മുതൽ 2018-19*

4. 15–29 വയസ് പ്രായമുള്ളവരൊഴികെ എല്ലാ പ്രായത്തിലുമുള്ള കേരളത്തിലെ സ്ത്രീകൾക്ക് അഖിലേന്ത്യാ ശരാശരിയേക്കാൾ ഉയർന്ന തൊഴിൽ പങ്കാളിത്ത നിരക്ക് ഉണ്ട്. 15–59 വയസ്സിനിടയിലുള്ള പ്രായത്തിൽ കേരളത്തിലെ സ്ത്രീകളുടെ ഡബ്ല്യു.പി.ആർ 28.5 ഉം അഖിലേന്ത്യാ ശരാശരി 25 ഉം മാത്രമാണ്.

ഡബ്ല്യു.പി.ആർന്റെ കാര്യത്തിൽ ഇന്ത്യയിലേയും കേരളത്തിലേയും തൊഴിൽ നിലയിലെ ലിംഗപദവിയിലുള്ള വ്യത്യാസം **ചിത്രം** 8.1.2 –ൽ കാണിച്ചിരിക്കുന്നു. പുരുഷന്മാരുരേടെയും സ്ത്രീകളുടെയും ഡബ്ല്യു.പി.ആറിൽ ഉയർന്ന പ്രവണത കാണിക്കുന്നുണ്ടെങ്കിലും, കേരളത്തിലെ സ്ത്രീകളുടെ ഡബ്ല്യു.പി.ആറിന്റെ വർദ്ധാനവ് പുരുഷന്മാരേക്കാളും

**ചിത്രം** 8.1.2 കേരളത്തിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും തൊഴിൽ പങ്കാളിത്ത നിരക്ക് (15–59 വയസ് പ്രായമുള്ളവരിൽ)




*അവലംബം : പീരിയോഡിക് ലേബർ ഫോഴ്സ് സർവേ - 2017-18, 2018-19*

**പട്ടിക 8.1.7** ശരാശരി വേതനം / ശമ്പളം / വരുമാനം എന്നിവ ലിംഗപദവിയുടെ അടിസ്ഥാനത്തിൽ

| കാലയളവ് | കേരളം/ ഇന്ത്യ | കൃത്യമായ വേതനം / ശമ്പളം ലഭിക്കുന്ന ജോലിയിൽ നിന്ന് ഒരു മാസത്തിൽ ശരാശരി വേതനം / ശമ്പളം (0.00 രൂപ) | | കൂലി വേല ചെയ്യുന്നവരിലെ പ്രതിദിനം ശ രാശരി വേതനം / ശമ്പളം (0.00 രൂപ) | | സ്വയം തൊഴിൽ ചെയ്യുന്ന 30 ദിവസങ്ങളിലെ ശരാശരി മൊത്ത വരുമാനം (0.00 രൂപ) | |
|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| ജൂലൈ– സെപ്റ്റംബർ 2018 | കേരളം | 18,372.48 | 16,787.13 | 664.82 | 375.60 | 14,105.77 | 5,469.92 |
| | ഇന്ത്യ | 16,556.88 | 12,182.87 | 287.88 | 174.54 | 10,711.29 | 4,460.54 |
| ഒക്ടോബർ– ഡിസംബർ 2018 | കേരളം | 18,894.56 | 17,920.15 | 666.26 | 375.43 | 14,385.47 | 5,587.08 |
| | ഇന്ത്യ | 16,874.30 | 12,629.24 | 297.86 | 190.26 | 11,007.22 | 5,004.92 |
| ജനുവരി–മാർച്ച് 2019 | കേരളം | 19,381.29 | 15,400.67 | 680.07 | 374.84 | 14,185.95 | 4,983.03 |
| | ഇന്ത്യ | 16,842.19 | 12,285.27 | 299.08 | 193.44 | 11,292.21 | 4,996.05 |
| ഏപ്രിൽ–ജൂൺ 2019 | കേരളം | 21,091.19 | 15,237.44 | 710.77 | 381.59 | 15,260.36 | 6,118.94 |
| | ഇന്ത്യ | 17,160.97 | 12,850.52 | 309.77 | 204.49 | 11,674.05 | 4,919.48 |

*അവലംബം: പി.എൽ.എഫ്.എസ് 2018-19*

ഇന്ത്യയിലെ തന്നെ വിവിധ ഭാഗങ്ങളിലുള്ള സ്ത്രീകളെക്കാളും കൂടുതലാണ്. പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ ഉള്ള സ്വയം തൊഴിലുകളിൽ ഏർപ്പെട്ടവർ, ദിവസ വേതനത്തിൽ ജോലി ചെയ്യുന്നവർ എന്നിവരിലൂടെയാണ് വർദ്ധനവിലേക്ക് നയിച്ചത്. 2018 ലെ പ്രളയ ദുരിതാശ്വാസ ഘട്ടത്തിൽ സ്ത്രീകൾക്ക് പ്രതിഫലം നൽകുന്നതിനായി എൻ.ആർ.ഇ.ജി.എ, എ.യു.ഈ.ജി.എസ്, സ്വയം തൊഴിൽ (സ്വന്തം ഉടമസ്ഥതയിൽ യിലുള്ള സ്ഥാപനങ്ങൾ) മൈക്രോ–നാനോ എന്റർപ്രൈസുകൾ വഴി പ്രത്യേക പ്രോത്സാഹനവും ഊന്നലും നൽകിയതുകൊണ്ടാണ് ദിവസ വേതനത്തിന്റെ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരിലും, സ്വയം തൊഴിൽ സംഘങ്ങളിലെയും വർദ്ധനവിനു കാരണം. നിലവിൽ ഈ സംവിധാനം തുടർന്നുപോകുന്നു. ഇക്കാര്യത്തിൽ സർക്കാർ നയം ഫലം കണ്ടു. എങ്കിലും ഇത് ഇപ്പോഴും വളരെ കുറഞ്ഞ നിരക്കായ 20.4 ശതമാനമാണ് എന്നത് ആശങ്കാജനകമാണ്, ഈ വർദ്ധനവ് നിലനിർത്താൻ ശ്രമം ആവശ്യമാണ്. എൽ.എഫ്.പി.ആർ, ഡബ്ല്യു.പി.ആർ എന്നിവയെക്കുറിച്ചുള്ള വിശദമായ വിശകലനങ്ങൾ ഏഴാം അധ്യായത്തിലെ തൊഴിലും, തൊഴിൽ ക്ഷേമവും എന്ന വിഭാഗത്തിൽ നൽകിയിരിക്കുന്നു.

വേതന നിരക്കുകളിലെ അസമത്വം വേതനത്തിന്റെയും പ്രതിഫലത്തിന്റെയും കാര്യത്തിൽ, സംസ്ഥാനത്തും ദേശീയ തലത്തിലും കാര്യമായ ലിംഗപദവിപരമായ അസമത്വം നിലനിൽക്കുന്നു. ശമ്പളമുള്ള ജോലി, സ്വയംതൊഴിൽ, കൂലിപ്പണി എന്നിവയിൽ പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള വേതന നിരക്കിന്റെ അസമത്വം ഈ അവലോകനത്തിന്റെ ഏഴാം അധ്യായത്തിലെ തൊഴിൽ വിഭാഗത്തിൽ വിശദമാക്കിയിട്ടുണ്ട്. വേതന നിരക്കിന്റെ ലിംഗപദവിപരമായ അസമത്വം സ്വകാര്യ മേഖലയിൽ/ അസംഘടിത മേഖലയിൽ മാത്രമല്ല, **പട്ടിക 8.1.7**–ൽ കാണിച്ചിരിക്കുന്നതുപോലെ കൃത്യമായ ശമ്പളമുള്ള തൊഴിൽ മേഖലയിലും വ്യാപകമാണ്.

സ്ഥിര ശമ്പളമുള്ള ജോലി, സ്വയം തൊഴിൽ എന്നിവയിൽ ഏർപ്പെട്ടവരെക്കാളും ലിംഗപദവി വ്യത്യാസത്തിനനുസരിച്ച് വരുമാനം കുറവുള്ളത് അധികവും കൂലി വേല ചെയ്യുന്നവരിലാണ്. ഇന്ത്യയിലെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾക്കും പുരുഷന്മാർക്കും താൽക്കാലിക/ അസ്ഥിര ജോലികളിൽ ഉയർന്ന വേതനം ലഭിക്കുന്നുണ്ടെങ്കിലും വേതന നിരക്കിന്റെ ലിംഗ പദവി വ്യത്യാസം കേരളത്തിലും നിലനിൽക്കുന്നുണ്ട്. ഈ വ്യത്യാസം മഹാമാരി സമയത്ത് വർദ്ധിക്കാനുള്ള എല്ലാ സാധ്യതകളും കേരളത്തിലുമുണ്ട്. **ചിത്രം 8.1.3** –ൽ കൂടുതൽ നന്നായി കാണിച്ചിട്ടുണ്ട്.

സാമ്പത്തിക ശാക്തീകരണവും സാമൂഹിക ശാക്തീകരണവും പരസ്പര പൂരകമാണ്. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം കൈവരിക്കുന്നത് അവർ തൊഴിൽ ശക്തിയുടെ അവിഭാജ്യ ഘടകമായിത്തീരുകയും ഗാർഹിക, പരിചരണ ഉത്തരവാദിത്തങ്ങളുടെ മുഴുവൻ ഭാരം വഹിക്കാതെ തന്നെ ഉത്പാദന പരമായി ജോലിചെയ്യുകയും ചെയ്യുമ്പോഴാണ്. ഇത് അംഗീകരിക്കേണ്ടത് ആവശ്യമാണ്. വീട്ടിനകത്ത് സ്ത്രീകൾ ചെയ്യുന്ന പരിചരണ ജോലികളും പണം ലഭിക്കാത്ത ജോലികളും കുറയ്ക്കാനും പങ്കിടാനും നീതി പൂർവ്വമായ കൂട്ടുത്തരവാദിത്തത്തിലൂടെ സാധിക്കാൻവേണ്ട നടപടികൾ എടുക്കേണ്ടതാണ്. ഇവ കുറയ്ക്കുന്നതിനും പുനർവിതരണം ചെയ്യുന്നതിനും സഹായിക്കുന്ന

**ചിത്രം 8.1.3** ഇന്ത്യയിലെയും കേരളത്തിലെയും പൊതു ജോലി ഒഴികെയുള്ള കൂലി വേലയിൽ നിന്നുള്ള പ്രതിദിന ശരാശരി അനുസരിച്ച് നിലവിലുള്ള വേതനം / ശമ്പളം (0.00 രൂപ)




അവലംബം : പി.എൽ.എഫ്.എസ്, 2018-19

ഉചിതമായ നയങ്ങൾ / പദ്ധതികൾ രൂപകൽപന ചെയ്യുന്നതിൽ സംസ്ഥാനത്തിന് നിർണായക പങ്ക് വഹിക്കാനുണ്ട്.

വനിതാ തൊഴിലാളികളുടെ വ്യാവസായിക വിതരണം ഗ്രാമീണ മേഖലകളിൽപ്പോലും കേരളത്തിന് ചരിത്രപരമായി തന്നെ വൈവിധ്യമാർന്ന സ്ത്രീ തൊഴിൽ രീതികളുണ്ട് എന്നത് **പട്ടിക 8.1.8** –ൽ പ്രകാരം വളരെ കൃത്യമായി പുറത്തുവരുന്നു. 2004-05 നും 2011-12 നും ഇടയിൽ കേരളത്തിൽ സ്ത്രീ തൊഴിലാളികൾ കാർഷിക മേഖലയിൽ നിന്ന് മാറിപോയതായി നേരത്തെ നടത്തിയ ചില പഠനത്തിൽ വ്യക്തമാണ്.

എന്നിരുന്നാലും, ഇക്കാലയളവിൽ കാർഷികമേഖലയിൽ സ്ത്രീകളുടെ തൊഴിലവസരങ്ങൾ കുത്തനെ ഇടിഞ്ഞിട്ടും, ഗ്രാമീണ കേരളത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് കുറഞ്ഞില്ല, കാരണം ഗ്രാമീണ സ്ത്രീകളുടെ നിർമ്മാണ, സേവന മേഖലകളിലെ തൊഴിലവസരങ്ങളിൽ ഗണ്യമായ വർധനവുണ്ടായതായി കണക്കുകൾ പറയുന്നു. കേരളത്തിലെ ഡബ്ല്യു.പി.ആർ ഇന്ത്യയുടെതിനോപ്പമെത്താൻ ഇത് സഹായിച്ചു (നേരത്തെ ചൂണ്ടിക്കാട്ടിയത് പ്രകാരം). അഖിലേന്ത്യാ തലവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ നിർമ്മാണ വ്യവസായത്തിലെ സ്ത്രീകളുടെ അനുപാതം

**പട്ടിക 8.1.8** യു.പി.എസ്.എസ് തയാറാക്കിയ സ്ത്രീ തൊഴിലാളികളുടെ (എല്ലാ പ്രായക്കാരിലും) വ്യവസായം തിരിച്ചുള്ള അനുപാതം 2017-18, 2018-19

| | കേരളം 2017-18 | | | കേരളം 2018-19 | | |
|---|---|---|---|---|---|---|
| | മൊത്തം വനിതകൾ | ഗ്രാമീണ വനിതകൾ | നഗര വനിതകൾ | മൊത്തം വനിതകൾ | ഗ്രാമീണ വനിതകൾ | നഗര വനിതകൾ |
| കൃഷിയും അനുബന്ധവും | 19.0 | 26.0 | 9.7 | 19.0 | 26.3 | 9.7 |
| ഖനനവും ക്വാറിയും | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 0.1 | 0.1 | 0.1 |
| നിർമ്മാണം | 13.7 | 13.1 | 14.6 | 14.8 | 13.3 | 16.6 |
| വൈദ്യുതി, വെള്ളം തുടങ്ങിയവ | 0.4 | 0.1 | 0.9 | 0.2 | 0.8 | 0.6 |
| നിർമ്മാണം | 11.4 | 13.0 | 9.3 | 15.5 | 19.9 | 9.9 |
| വ്യാപാരം, ഹോട്ടൽ, റെസ്റ്റോറന്റ് | 10.6 | 10.9 | 10.1 | 11.5 | 8.3 | 15.3 |
| ഗതാഗതം, സംഭരണം, ആശയവിനിമയം | 2.8 | 2.3 | 3.3 | 2.7 | 0.9 | 4.9 |
| മറ്റ് സേവനങ്ങൾ | 42.1 | 34.6 | 52.1 | 36.2 | 30.4 | 42.9 |

അവലംബം: പി.എൽ.എഫ്.എസ് 2017-18, 2018-19

കൂടുതലാണ് (അഖിലേന്ത്യാ തലത്തിലെ വിവരം ഇവിടെ നൽകിയിട്ടില്ല). ഇതിനു കാരണം, ധാരാളം കഠിനാധ്വാനികളായ സ്ത്രീകൾ ഉൽപാദനക്ഷമത കുറഞ്ഞ പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, ഖാദി, കയർ, കശുവണ്ടി എന്നിവയിൽ ഏർപ്പെട്ടതുകൊണ്ടാണ്. കുറവ് വേതനം ലഭിക്കുന്ന വ്യവസായങ്ങളിലെ സ്ത്രീകളുടെ കേന്ദ്രീകരണം കേരളത്തിലെ വിവിധ ക്ഷേമ ഫണ്ട് ബോർഡുകളിലെ സ്ത്രീകളുടെ കൂടിയ അംഗത്വത്തിൽ നിന്ന് വ്യക്തമാകുന്നു. ഉദാഹരണത്തിന്, കശുവണ്ടി തൊഴിലാളികളിലും ബീഡി തൊഴിലാളികളിലും ഇടയിൽ സ്ത്രീകൾ യഥാക്രമം 95 ശതമാനവും 99 ശതമാനമാണ്.

മറുവശത്ത്, കേരളത്തിലെ വനിതാ തൊഴിലാളികളുടെ ശ്രദ്ധേയമായ മറ്റൊരു സവിശേഷത, പ്രത്യേകിച്ചും നഗരപ്രദേശങ്ങളിൽ നൈപുണ്യവും വിദ്യാഭ്യാസവും ആവശ്യമായ ഉയർന്ന വേതനം ലഭിക്കുന്ന ചില സേവന മേഖലാ ജോലികളിലെ സ്ത്രീകളുടെ ഉയർന്ന പങ്കാളിത്തമാണ് (ജയൻ ജോസ് 2018). പൊതു ഭരണം, വിദ്യാഭ്യാസം, ആരോഗ്യം, വിവര സേവനങ്ങൾ (കമ്മ്യൂണിറ്റി, സാമൂഹിക, വ്യക്തിഗത സേവനങ്ങൾ), ധനകാര്യം, ബിസിനസ്സ് എന്നീ മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ അനുപാതം ഗ്രാമീണ മേഖലയിൽ പോലും ഇന്ത്യയുടെ ഇരട്ടിയാണ്,കൂടാതെ ഗുജറാത്ത്, കർണാടക എന്നീ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്നതുമാണ്. (ജയൻ ജോസ് 2018).

ഗ്രാമീണ, നഗര പ്രദേശങ്ങളിൽ കാർഷികമേഖലയിൽ ഏർപ്പെടുന്ന സ്ത്രീകളിൽ നേരിയ വർധനവുണ്ടായപ്പോൾ, കേരളത്തിന്റെ ഗ്രാമീണമേഖലയിൽ വലിയ വർധനവ് നിർമാണത്തിലും ചില സേവന മേഖലയിലുമാണെന്ന് 2018–19 –ൽ, കേരളത്തിലെ എഫ്.ഡബ്ല്യു. പി.ആറിന്റെ വർദ്ധനവിലുണ്ടായ കണക്കുകളിൽ നിന്നും മനസിലാക്കാം. വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയിലും തുടർന്ന് നിർമ്മാണ വ്യവസായ സേവനങ്ങൾ എന്നിവയിലുമാണ് ഈ ഉയർന്ന വർധനവ് നഗര പ്രദേശങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ 2018–19 ൽ ഗ്രാമീണ സ്ത്രീ പങ്കാളിത്ത നിരക്കിലെ ഉയർച്ചക്ക് കാരണം എൻ.ആർ.ഇ. ജി.എ യുടെ തൊഴിൽമൂലമുണ്ടായ വർദ്ധനവ് കാർഷികമേഖലയിലെ പങ്കാളിത്ത വർദ്ധനവാണ്. എന്നാൽ മറ്റ് കാർഷികേതര മേഖലകളിലും ഇത് പ്രതിഫലിക്കപ്പെട്ടിട്ടുണ്ട്. എൻ.ആർ.ജി.എ യുടെ കീഴിൽ അനുവദനീയമായ പ്രവർത്തനങ്ങളിൽ അംഗനവാടി, കോഴി ഷെഡ്, കന്നുകാലി ഷെഡ് തുടങ്ങിയവ ഉൾപ്പെടുന്നു, ഇവയെല്ലാം "നിർമ്മാണത്തിന്റെ" കീഴിൽ വരാം. എന്നിരുന്നാലും, ഇത് പ്രധാനമായും കാഷ്വൽ അല്ലെങ്കിൽ അനൗദ്യോഗികമായ ജോലിയുടെ കാര്യത്തിലാണ് (ഉദാ. നിർമ്മാണം, വാണിജ്യ ഹോട്ടലുകൾ, സേവനങ്ങൾ എന്നിവയിൽ). ഉൽപ്പാദനം, വ്യാപാരം, ഹോട്ടലുകൾ മുതലായവയിൽ ഉള്ള സ്വയം തൊഴിലും പരിഗണിക്കാറുണ്ട്. എന്നാൽ "മറ്റ് സേവനങ്ങളിൽ" ഉൾപ്പെടുന്ന ധനകാര്യം, റിയൽ എസ്റ്റേറ്റ്, വിദ്യാഭ്യാസം, ആരോഗ്യം, വിവര സേവനങ്ങൾ, പൊതു, വ്യക്തിഗത സേവനങ്ങൾ, കലയും വിനോദവും, എന്നിവയിൽ കുത്തനെ ഇടിവാണ് ഉണ്ടായത്; ഈ മേഖലകൾ ഉപ–വ്യവസായ ഗ്രൂപ്പായി വേർതിരിച്ച് കൂടുതൽ അന്വേഷണം ആവശ്യമാണ്. 2 വർഷത്തിനിടയിലുള്ള സ്ഥിരമായ തൊഴിലിന്റെ വിഹിതത്തിലുള്ള ഇടിവ് ഇവിടെയും പ്രതിഫലിക്കുന്നുണ്ട്.

### തൊഴിൽ നില

**പട്ടിക 8.1.9** –ൽ കാണിച്ചിരിക്കുന്നതുപോലെ സ്ത്രീകളുടെ തൊഴിൽ ശക്തിയെ വീണ്ടും തരംതിരിക്കുമ്പോൾ സ്വയം തൊഴിൽ അനുപാതം കേരളത്തിൽ താരതമ്യേന വളരെ കുറവാണെന്നുകാണാം. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം താരതമ്യേന ഉയർന്നതും കുറഞ്ഞ ശമ്പളമുള്ള സ്വകാര്യ മേഖലാ ജോലികളിൽ ഏർപ്പെടാൻ തയാറാകാത്തവരുമായതിനാൽ സാമ്പത്തിക പ്രവർത്തനങ്ങളിലുള്ള സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിൽ സ്വയംതൊഴിലിന്റെ പങ്ക് വളരെ പ്രധാനമാണ്.

അതിശയകരമെന്നു പറയട്ടെ, സ്വയംതൊഴിലാളികൾക്ക് ധാരാളം അവസരങ്ങളുണ്ടെങ്കിലും, സ്വയം തൊഴിൽ ചെയ്യുന്നവരുടെ പങ്ക് ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ കുറവാണ്. കേരളത്തിലെ വനിതകളിൽ സ്വയംതൊഴിലിൽ ഏർപ്പെട്ട ആകെ തൊഴിലാളികൾ 32.2 ശതമാനവും അഖിലേന്ത്യാതലത്തിൽ 53.4 ശതമാനവുമാണ്. എന്നിരുന്നാലും, 2018–19 ലെ കണക്ക്പ്രകാരം മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവാണ് ഉണ്ടായത് (**പട്ടിക 8.1.9**).

വനിതാ തൊഴിലാളികളുടെ എണ്ണം കേരളത്തിൽ കുറവായി കാണുന്നുണ്ടെങ്കിലും ജോലി ചെയ്യുന്നവരുടെ അവസ്ഥ ഇന്ത്യയിലെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണ്. ഇതിനു കാരണം സ്ഥിര തൊഴിലാളികളുടെ അനുപാതം കേരളത്തിൽ കൂടുതലായതാണ്. 2017–18–ൽ 47.5 ശതമാനം വനിതാ തൊഴിലാളികളും സ്ഥിര തൊഴിലാളികളായിരുന്നു (ഗ്രാമങ്ങളിൽ ഇത് 41.3 ശതമാനവും നഗരപ്രദേശങ്ങളിൽ ഇത് 55.8 ശതമാനവും). ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇത് 22.5 ശതമാനമാണ് (ഗ്രാമീണ മേഖലയിൽ 10.5 ശതമാനവും നഗരപ്രദേശങ്ങളിൽ 52.1 ശതമാനവുമാണ്). എന്നാൽ 2018– 19–ൽ കേരളത്തിലെ സാധാരണ സ്ത്രീ

**പട്ടിക 8.1.9** തൊഴിലിൽ വിശാലമായ പദവി പ്രകാരം സാധാരണ നിലയിലുള്ള (പിഎസ്+എസ്.എസ്) അനുസരിച്ച് സ്ത്രീ തൊഴിലാളികളുടെ ശതമാന വിതരണം: 2017–18, 2018–19.

| | കേരളം | | | | | | | |
|---|---|---|---|---|---|---|---|---|
| | 2017–18 | | | | 2018–19 | | | |
| | സ്വയം തൊഴിൽ | | സ്ഥിരം /ശമ്പളം ഉള്ളവർ | അസംഘടിത മേഖല | സ്വയം തൊഴിൽ | | സ്ഥിരം /ശമ്പളം ഉള്ളവർ | അസംഘടിത മേഖല |
| | തൊഴിലുടമ | സഹായി | | | തൊഴിലുടമ | സഹായി | | |
| ഗ്രാമീണ മേഖലയിലെ വനിതകൾ | 21.23 | 9.23 | 41.34 | 28.15 | 25.60 | 8.50 | 33.6 | 32.2 |
| നഗര മേഖലയിലെ വനിതകൾ | 22.79 | 5.67 | 55.75 | 15.8 | 22.50 | 7.20 | 53.2 | 17.10 |
| മൊത്തം വനിതകൾ | 21.92 | 7.71 | 47.52 | 22.86 | 24.3 | 7.9 | 42.3 | 25.5 |
| അഖിലേന്ത്യാ തലം | | | | | | | | |
| ഗ്രാമീണ മേഖലയിലെ വനിതകൾ | 19.03 | 38.70 | 10.52 | 31.76 | 21.8 | 37.9 | 11.0 | 29.30 |
| നഗര മേഖലയിലെ വനിതകൾ | 23.72 | 11.02 | 52.14 | 13.12 | 24.9 | 9.6 | 54.7 | 10.7 |
| മൊത്തം വനിതകൾ | 20.21 | 31.71 | 21.03 | 27.05 | 22.5 | 30.9 | 21.9 | 24.7 |

*അവലംബം: പി. എൽ.എഫ്.എസ് 2017 -18, 2018-19*

തൊഴിലാളികളുടെ എണ്ണം 42 ശതമാനമായി കുത്തനെ കുറഞ്ഞു(33.6 ശതമാനം ഗ്രാമപ്രദേശങ്ങളിലും 53.2 ശതമാനം നഗര പ്രദേശങ്ങളിലും). ഇന്ത്യൻ ശരാശരി ഇരട്ടിയായി ഇക്കാലയളവിൽ വർധിച്ചിട്ടുണ്ട് എന്നാൽ മിക്കവാറും കൂലി ലഭിക്കാതിരുന്ന കുടുംബത്തിലെ സഹായി എന്ന നിലയിൽ നിന്ന് സ്വന്തം സംരംഭം അല്ലെങ്കിൽ തൊഴിൽ ദാതാവ് എന്ന നിലയിലേക്കൊരു മാറ്റം സ്വയം തൊഴിൽ രംഗത്ത് കാണാൻ കഴിയുന്നു എന്നതാണ് ചെറിയൊരു പുരോഗതി. ദിവസ വേതനത്തിൽ ജോലിചെയ്യുന്നവരുടെ ശതമാനത്തിൽ കുറവുണ്ടായതായി കണക്കുകൾ രേഖപ്പെടുത്തുന്നു. സ്ഥിരം തൊഴിലിൽ ഏർപ്പെട്ടവരുടെ ശതമാനം മാറ്റമില്ലാതെ 21–22 ആയി തുടരുകയും ചെയ്യുന്നു.

സംഘടിത മേഖലയിലെ സ്ത്രീകൾ

സംഘടിത മേഖലയിലെ തൊഴിലാളികളിൽ സ്ത്രീകളുടെ അനുപാതം (44.2 ശതമാനം) പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ് (55.8 ശതമാനം). എന്നാൽ സംഘടിത മേഖലയിലെ മൊത്തം തൊഴിലാളികളിൽ സ്ത്രീകളുടെ എണ്ണം കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ വർധനവ് കാണിക്കുന്നു. ഇത് **അനുബന്ധം 8.1.3** –ൽ കാണിച്ചിരിക്കുന്നു. സംഘടിത മേഖലയിലെ മൊത്തം വനിതാ തൊഴിലാളികളിൽ (5,88,779) ഭൂരിപക്ഷവും (62.6 ശതമാനം) സ്വകാര്യമേഖലയിൽ ഏർപ്പെട്ടിരിക്കുന്നതായി കാണാൻ സാധിക്കുന്നു. സംഘടിത മേഖലയിലെ തൊഴിൽ സ്ഥിതിവിവരക്കണക്കുകളുടെ മേഖല തിരിച്ചുള്ള ശതമാനം പരിശോധിക്കുമ്പോൾ, പൊതുമേഖലയിലെ അവരുടെ സഹപ്രവർത്തകരായ പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകൾ പിന്നാക്കാവസ്ഥയിലാണെന്ന് വ്യക്തമാക്കുന്നു. പൊതുമേഖലയിൽ സ്ത്രീകളുടെ തൊഴിൽ വിഹിതം 2.2 ലക്ഷമാണ്, ഇത് 2020 ൽ 34.6 ശതമാനമാണ്. സ്വകാര്യമേഖലയിലെ സ്ത്രീകളുടെ തൊഴിൽ വിവിതം 3.7 ലക്ഷമാണ് (51 ശതമാനം). വിശദാംശങ്ങൾ **പട്ടിക 8.1.10**–ൽ നല്കിയിരിക്കുന്നു

സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ കഴിഞ്ഞ 15 വർഷമായി പൊതു, സ്വകാര്യ മേഖലകളിൽ വളരുകയാണ്. (**ചിത്രം 8.1.4, അനുബന്ധം 8.1.3**). സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങളുടെ വർധന പൊതുമേഖലയേക്കാൾ കൂടുതലാണ്, സ്വകാര്യമേഖലയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. **ചിത്രം 8.1.4** പ്രകാരം സ്ത്രീകൾക്കിടയിലെ തൊഴിൽ വളർച്ച പുരുഷന്മാരേക്കാൾ കൂടുതലാണ് എന്നതാണ്.

വിവിധ സർക്കാർ സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പൊതുമേഖലയിലെ തൊഴിലിന്റെ തരം തിരിച്ചുള്ള പരിശോധനയിൽ സ്ത്രീകളുടെ അനുപാതം ഏറ്റവും ഉയർന്നത് സംസ്ഥാന സർക്കാർ ജോലികളിലാണെന്നു വ്യക്തമാക്കുന്നു തൊട്ടു താഴെ തദ്ദേശ

**പട്ടിക 8.1.10** സംഘടിത മേഖലയിലെ തൊഴിൽ

| വർഷം | പൊതു മേഖല | | | സ്വകാര്യ മേഖല | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
| 2018 | 363982 | 189942 | 553924 | 324301 | 335752 | 660053 | 688283 | 525694 | 1213977 |
| ശതമാനം | 65.7 | 34.3 | 100 | 49.1 | 50.9 | 100 | 56.7 | 43.3 | 100 |
| 2019 | 366812 | 193807 | 560619 | 344004 | 342877 | 686881 | 710816 | 536684 | 1247500 |
| ശതമാനം | 65.4 | 34.6 | 100 | 50.1 | 49.9 | 100 | 57 | 43 | 100 |
| 2020 | 361695 | 193224 | 554919 | 331294 | 368153 | 699447 | 692989 | 561377 | 1254366 |
| ശതമാനം | 63.81 | 36.19 | 100 | 49.03 | 50.97 | 100 | 55.79 | 44.21 | 100 |

*അവലംബം : തൊഴിൽ ഡയറക്ടറേറ്റ് * ലഭ്യമായ വിവരങ്ങൾ അനുസരിച്ച്*

**ചിത്രം 8.1.4** സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിലിന്റെ വളർച്ച




*അവലംബം : തൊഴിൽ ഡയറക്ടറേറ്റ്*

സ്ഥാപനങ്ങളിലാണ് ഈ അനുപാതം ഏറ്റവും കൂടുതൽ.

വിവിധ തരത്തിലുള്ള സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 8.1.4** –ൽ നൽകിയിരിക്കുന്നു. പൊതുമേഖലയിലെ ജീവനക്കാരിൽ വനിതകളുടെ എണ്ണവും അനുപാതവും ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലാണ്. എന്നാൽ സംസ്ഥാന സർക്കാരിൽ ഏറ്റവും കൂടുതൽ വനിതാ ജീവനക്കരുള്ളത് തിരുവനന്തപുരത്തും രണ്ടാമതായി എറണാകുളവുമാണ്. കേന്ദ്രസർക്കാർ ജീവനക്കാക്കാരുടെ കണക്കെടുത്താൽ വനിതാ പ്രാതിനിധ്യം കൂടുതൽ തിരുവനന്തപുരവും രണ്ടാമതായി എറണാകുളവുമാണ്.

## കുടുംബശ്രീയിലൂടെ സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം

### അയൽക്കൂട്ടങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ (ഫിനാൻഷ്യൽ ഇൻക്ലൂഷൻ)

പിന്നാക്കം നിൽക്കുന്നവരും കുറഞ്ഞ വരുമാനവുള്ളവരുമായ വിഭാഗത്തെ ധനകാര്യ സേവനങ്ങളിൽ ഉൾപ്പെടുത്തുന്ന പ്രക്രിയയാണ് സാമ്പത്തിക ഉൾപ്പെടുത്തൽ. പാവപ്പെട്ട സ്ത്രീകളെ അവരുടെ സൂക്ഷ്മ സമ്പാദ്യം, വായ്പാ പരിപാടി എന്നിവയിലൂടെ സാമ്പത്തികമായി ഉയർത്തുന്നതിൽ കുടുംബശ്രീ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. അയൽകൂട്ടങ്ങളുടെ സൂക്ഷ്മ സമ്പാദ്യ പദ്ധതി വഴി (ത്രിഫ്റ്റ്) അർഹമായ അംഗങ്ങൾക്ക് ആഭ്യന്തര വായ്പ നൽകി വരുന്നു. കുടുംബശ്രീ സാമൂഹ്യ സംഘടനാ സംവിധാനത്തിന്റെ പ്രാഥമിക യൂണിറ്റുകളാണ്

**പട്ടിക 8.1.11** സർക്കാരിന്റെ വിവിധ തലങ്ങളിലെ വനിതാ ജീവനക്കാരുടെ തരംതിരിച്ചുള്ള കണക്ക്

| വർഷം | 2018-19 | | | 2019-20 | | |
|---|---|---|---|---|---|---|
| ഗവൺമെന്റിന്റെ തരം | ആകെ | വനിതകൾ | ശതമാനത്തിൽ | ആകെ | വനിതകൾ | ശതമാനത്തിൽ |
| കേന്ദ്ര സർക്കാർ | 59924 | 14594 | 24.4 | 59971 | 14745 | 24.5 |
| സംസ്ഥാന സർക്കാർ | 262046 | 105004 | 40.1 | 260170 | 104628 | 40.2 |
| കേന്ദ്രവുമായി പങ്കിട്ടത് | 82154 | 25828 | 31.4 | 80800 | 25968 | 32.1 |
| സംസ്ഥാനവുമായി പങ്കിട്ടത് | 131597 | 39218 | 29.8 | 129290 | 38666 | 29.9 |
| എൽ.എസ്.ജി.ഐ | 24898 | 9163 | 36.8 | 24688 | 9217 | 37.3 |
| ആകെ | 560619 | 193807 | 34.6 | 554919 | 193224 | 34.8 |

അവലംബം : തൊഴിൽ ഡയറക്ടറേറ്റ്

അയൽക്കൂട്ടങ്ങൾ (എൻ.എച്ച്.ജി) അയൽപക്കത്തുള്ള പത്ത് മുതൽ ഇരുപത് വരെ സ്ത്രീകളെ അംഗങ്ങളാക്കി ഒരു അയൽക്കൂട്ടം ഉണ്ടാക്കുന്നു. നടപടിക്രമങ്ങൾ ഇല്ലാതെ ലഭിക്കുന്ന വായ്പകൾ അടിയന്തര സാമ്പത്തിക ആവശ്യങ്ങളും അപ്രതീക്ഷിത അനിശ്ചിതത്വങ്ങളും നിറവേറ്റുന്നതിന് അയൽക്കൂട്ടത്തിലെ അംഗങ്ങളെ സഹായിക്കുന്നു. സൂക്ഷ്മ സമ്പാദ്യത്തിന്റെയും വായ്പയുടെയും പ്രവർത്തനം കുടുംബശ്രീ അയൽക്കൂട്ടത്തിലെ അടിസ്ഥാന പ്രവർത്തനമാണ്, കൂടാതെ താങ്ങാനാവുന്ന പ്രതിവാര തിരിച്ചടവ് തുക അയൽക്കൂട്ടത്തിലെ അംഗങ്ങൾ കൂട്ടായി തീരുമാനിക്കുന്നു, അയൽക്കൂട്ടങ്ങൾക്ക് സ്വയംഭരണാധികാരമുള്ളതും സാമ്പത്തിക കാര്യങ്ങളിൽ വിവേചനാധികാരമുള്ളതുമായ പങ്കുണ്ടെങ്കിലും, ഓരോ അയൽക്കൂട്ടങ്ങളും കുടുംബശ്രീയുടെ പൊതു നിയമാവലിക്ക് അനുസൃതമായി പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. പ്രവർത്തനങ്ങൾ ഏരിയ ഡവലപ്മെന്റ് സൊസൈറ്റി (എ.ഡി.എസ്) കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്) എന്നിവയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. 2018-19 കാലയളവിൽ അയൽക്കൂട്ടങ്ങൾ ശേഖരിച്ച ആകെ സൂക്ഷ്മ സമ്പാദ്യം 410.7 കോടി രൂപയാണ്. ഈ സൂക്ഷ്മ സമ്പാദ്യത്തിൽ നിന്ന് നൽകിയ ആഭ്യന്തര വായ്പ സൂക്ഷ്മ സമ്പാദ്യത്തിന്റെ നാലിരട്ടിയിലധികം വരും

## കുടുംബശ്രീ അംഗങ്ങളുടെ വരുമാന ഉത്പാദന പ്രവർത്തനങ്ങൾ

കൂട്ടുത്തരവാദിത്ത സംഘങ്ങൾ (ജെ.എൽ.ജികളും) സംരംഭങ്ങളുമാണ് കുടുംബശ്രീയുടെ കീഴിലുള്ള പ്രധാന വരുമാന മാർഗങ്ങൾ. 3.9 ലക്ഷം സ്ത്രീകൾ കുടുംബശ്രീയുടെ വിവിധ വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്.

4 മുതൽ 10 വരെ അംഗങ്ങളുള്ള സ്ത്രീകളുടെ കൂട്ടായ കാർഷിക ഗ്രൂപ്പുകളാണ് കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങൾ (ജെ. എൽ.ജി). 3 ലക്ഷത്തിലധികം വനിതാ കർഷകർ കൃഷിയിൽ സജീവമായി ഏർപ്പെടുന്നു. അവർ അമ്പതിനായിരത്തിലധികം ഏക്കറിൽ കൃഷി ചെയ്യുന്നുമുണ്ട്. കേരളത്തിൽ ഈ കണക്ക് വളരെ നിർണ്ണായകമാണ്. ഇവിടെ പുരുഷന്മാർ കൃഷിയിൽ നിന്ന് കൂടുതൽ അകന്ന് പോകുകയും കൃഷി ചെയ്യാവുന്ന ഭൂമി (നെൽവയൽ ഉൾപ്പെടെ) മറ്റ് ആവശ്യങ്ങളിലേക്ക് മാറ്റുകയും ചെയ്തു വരുന്നു. സ്ത്രീകളുടെ ഉപജീവനം, തരിശു ഭൂമി കൃഷി യോഗ്യമാക്കി മാറ്റുക എന്നിവ

**പട്ടിക 8.1.12** അയൽക്കൂട്ടങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ

| | 2018-19 | 2019-20 |
|---|---|---|
| അയൽക്കൂട്ടങ്ങളുടെ എണ്ണം | 291507 | 287723 |
| അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം(ലക്ഷത്തിൽ) | 43.9 | 45.1 |
| വരിസംഖ്യ (കോടിയിൽ) | 410.7 | 443.7 |
| ബാങ്കുമായി ബന്ധിപ്പിച്ചിട്ടുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം | 79458 | 73522 |
| വിതരണ തുക മൊത്തത്തിൽ | 4131.9 | 2670 |
| ആഭ്യന്തര വായ്പ (കോടിയിൽ) | 2059.5 | 1778.4 |

അവലംബം: കുടുംബശ്രീ

**പട്ടിക 8.1.13** കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെ.എൽ.ജി) മൈക്രോ എന്റർപ്രൈസുകളും

| കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങൾ (ജെ.എൽ.ജി) | | |
|---|---|---|
| വർഷം | 2018-19 | 2019-20 |
| ജെ എൽ ജികളുടെ എണ്ണം | 62527 | 71572 |
| ജെ എൽ ജി അംഗങ്ങളുടെ എണ്ണം | 330516 | 354122 |
| കൃഷിയിടത്തിന്റെ വിസ്തീർണ്ണം (ഏക്കറിൽ) | 54084 | 50000 |
| തരിശു നിലത്തിന്റെ വിസ്തീർണ്ണം (ഏക്കറിൽ) | 5324.9 | |
| **കുടുംബശ്രീയുടെ കീഴിലുള്ള വനിതാ സംരംഭങ്ങൾ** | | |
| സംരംഭങ്ങളുടെ എണ്ണം | 21365 | 26448 |
| സംരംഭത്തിലെ സ്ത്രീകളുടെ എണ്ണം | 57149 | 87239 |

*അവലംബം :കുടുംബശ്രീ*

വഴി 2008-ൽ ഭക്ഷ്യ സുരക്ഷയും ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ പാട്ടകൃഷി ഗ്രൂപ്പുകളായാണ് കുടുംബശ്രീയിൽ സംഘ കൃഷി ആരംഭിച്ചത്. എന്നാൽ രണ്ട് പതിറ്റാണ്ടിന്റെ പ്രവർത്തനങ്ങൾക്ക് ശേഷം, ഭക്ഷ്യസുരക്ഷ, ഉപജീവനം എന്നീ ലക്ഷ്യങ്ങളേക്കാൾ കൂടുതൽ നേട്ടങ്ങൾ ഈ പദ്ധതിയിലൂടെ കൈവരിച്ചിട്ടുണ്ട്. കൂട്ടായ്മയിലൂടെ സാമൂഹ്യ സാമ്പത്തിക ശാക്തീകരണത്തിനുള്ള ഒരു മാർഗമായി ഇത് മാറി കഴിഞ്ഞു. പദ്ധതികളുടേയും ഏജൻസികളുടേയും / വകുപ്പുകളുടേയും സംയോജനത്തിന്റെ വിജയഗാഥയാണ് പദ്ധതി. കൂട്ടായ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഭൂരിഭാഗം സ്ത്രീകളും കൂലിപണിക്കാർ, തൊഴിലാളികൾ, ഭർത്താക്കൻമാർ / മാതാപിതാക്കൾ എന്നിവരുടെ സഹായികൾ എന്ന നിലയിൽ കൃഷിയിൽ പരിചയം നേടിയിട്ടുണ്ട്. ഈ പദ്ധതി അവരെ തൊഴിലാളി പദവിയിൽ നിന്ന് ഇപ്പോൾ വനിത കർഷകരാക്കി മാറ്റിയിട്ടുണ്ട്.

## മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജിഎ)

ഈ പദ്ധതിയിൽ കേരളത്തിലെ 90 ശതമാനം തൊഴിലാളികളും സ്ത്രീകളാണ്. 2018-19 സൃഷ്ടിച്ച വ്യക്തിഗത തൊഴിൽ ദിനങ്ങളുടെ വർദ്ധനവ് ശ്രദ്ധിക്കേണ്ടതുണ്ട്. 2017-18 ലെ നോട്ടിഫൈഡ് അവിദഗ്ദ്ധ വേതന നിരക്ക് പ്രതിദിനം 258 രൂപയായിരുന്നു. ഇത് 2018 ഏപ്രിൽ 1 മുതൽ 271 ആയി ഉയർത്തി. പകർച്ച വ്യാധി യുടെ പശ്ചാത്തലത്തിൽ അവിദഗ്ദ്ധ വേതന നിരക്ക് സംസ്ഥാനത്തിൽ 291 രൂപയായി ഉയർത്തി. എല്ലാ മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് (എം.ജി.എൻ.ആർ.ഇ.ജി.എ) ആസ്തികളും ജിയോടാഗ് ചെയ്യുന്ന പ്രക്രിയയിലൂടെ സർക്കാർ കൂടുതൽ സുതാര്യതയും മികച്ച തത്സമയ തിരിച്ചറിയലും സാധ്യമാക്കി.

**പട്ടിക:8.1.14** 2016-17 മുതൽ 2020-21 വരെ കേരളത്തിൽ നൽകിയിട്ടുള്ള എൻ ആർ ജി എ തൊഴിൽ നില

| വർഷം | സജീവ തൊഴിൽ കാർഡുകളുടെ എണ്ണം(ലക്ഷത്തിൽ) | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം(ലക്ഷത്തിൽ) | തൊഴിൽ ലഭിച്ച കുടുംബം (ശതമാനത്തിൽ) | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ(ലക്ഷത്തിൽ) | കുടുംബങ്ങൾക്ക് തൊഴിൽ നൽകിയ ശരാശരി ദിനങ്ങൾ | 100 ദിനം പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | ആകെ കുടുംബങ്ങളിൽ 100 ദിനം പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം (ശതമാനത്തിൽ) |
|---|---|---|---|---|---|---|---|
| 2016-17 | 20.31 | 14.52 | 71.49 | 684.62 | 46.97 | 1,13,186 | 7.76% |
| 2017-18 | 19.39 | 13.04 | 67.25 | 619.59 | 47.24 | 1,17,370 | 8.94% |
| 2018-19 | 20.20 | 14.78 | 73.19 | 975.25 | 65.97 | 4,41,480 | 29.80% |
| 2019-20 | 20.00 | 14.38 | 71.95 | 801.89 | 55.73 | 2,50,584 | 17.42% |
| 2020-21 (21.08.2020 വരെ) | 19.09 | 11.19 | 58.64 | 272.17 | 24.31 | | |

*അവലംബം : എൻ ആർ ജി എ ഡാറ്റാ ബേസ്*

സംസ്ഥാനത്തെ പ്രളയാനന്തര പുനസ്ഥാപന ശ്രമങ്ങളിൽ പൊതു സ്വത്തുക്കളുടെ നവീകരണത്തിലൂടെയും സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ ഉപജീവന പുനരുജ്ജീവനത്തിലൂടെയും കേരളം പുനർ നിർമ്മിക്കുന്നതിൽ എം.ജി.എൻ.ആർ.ജി പദ്ധതി നിർണ്ണായക പങ്ക് വഹിച്ചു. 2018–19 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ 9.75 കോടി വ്യക്തിഗത തൊഴിൽ ദിനങ്ങൾ ഉറപ്പാക്കി. തുടക്കത്തിൽ, പ്രളയ ബാധിതമായ ഏഴ് ജില്ലകളിൽ ഓരോ കുടുംബത്തിനും 50 ദിവസത്തെ അധിക തൊഴിൽ അനുവദിക്കുന്നതിന് സംസ്ഥാനത്തിന് അനുമതി ലഭിച്ചിരുന്നു. ഭാഗീകമായി പ്രളയ ബാധിതമായ ആറ് ജില്ലകളിലെ 87 ഗ്രാമപഞ്ചായത്തുകൾക്ക് 50 ദിവസത്തെ അധിക തൊഴിൽ നൽകി. 2018–19 –ൽ വെള്ളപ്പൊക്കത്തിന് ശേഷം (ആഗസ്റ്റ് 16, 2018 മുതൽ മാർച്ച് 31, 2019 വരെ) 10.31ലക്ഷം കുടുംബങ്ങളിൽ നിന്ന് 12.02 ലക്ഷം പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്, അതിൽ 4.83 ലക്ഷം കുടുംബങ്ങളിൽ നിന്ന് 6.12 ലക്ഷം പേർ പുതുതായി ജോലി ചെയ്യുന്നു. വെള്ളപ്പൊക്കത്തിനുശേഷം 82,605 കുടുംബങ്ങൾക്ക് പുതിയ തൊഴിൽ കാർഡുകൾ നൽകി. 7.63 കോടി വ്യക്തിഗത ദിനങ്ങൾ നൽകിയതിന്റെ ഫലമായി 2,068.74 കോടി രൂപയുടെ തൊഴിൽ (അതായത് പ്രതിദിനം 271 രൂപ വേതനം) സൃഷ്ടിച്ചു. 2018–19 ലെ എൻ.ആർ.ജി.എ തൊഴിൽ വർദ്ധനവ് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധനവിന് സഹായകമായിട്ടുണ്ടന്നതിൽ സംശയമില്ല.

എം.ജി.എൻ.ആർ.ഇ.ജി.എസ് ന്റെ അയവുള്ള രീതി മൂലം മറ്റ് പദ്ധതികളുമായി ഒത്തു ചേരുന്നതിന് വളരെ അനുയോജ്യമാണ്. എല്ലാത്തരം പദ്ധതികളുടേയും വികസന സാധ്യതകൾ വേഗത്തിലാക്കാനും മററ്പദ്ധതികൾ പരിപൂർണ്ണമാക്കുന്നതിനും ഇത് നൽകുന്ന മനുഷ്യശക്തിയും ഭൗതിക ഘടകങ്ങളും ഉപയോഗപ്പെടുത്താം. അതേ സമയം എം.ജി.എൻ. ആർ.ഇ.ജി.എസ് ന്റെ ഗുണഭോക്താക്കൾക്കായി ഉത്പാദനപരവും ആസ്തി സൃഷ്ടിക്കുന്നതുമായ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രശ്നത്തേയും ഇത് അഭിസംബോധന ചെയ്യുന്നു. മേൽപ്പറഞ്ഞവ കണക്കിലെടുത്തുകൊണ്ട് എം.ജി.എൻ.ആർ.ഇ.ജി. എസിന്റെ ആസൂത്രണ പ്രക്രിയയിലേക്ക് പ്രധാന വകുപ്പുകളെ കൊണ്ടു വരുന്നതിനായി വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു. പരമാവധി തൊഴിൽ ഉറപ്പു വരുത്തുന്നതിനായി പദ്ധതി ലൈഫ് മിഷനുമായി സംയോജിപ്പിച്ചു.

സുഭിഷ കേരളം പദ്ധതിയുടെ ഭാഗമായി മണ്ണ് തയ്യാറാക്കൽ, കന്നുകാലികളുടെ തൊഴുത്ത്, കോഴിക്കൂട് എന്നിവയുടെ നിർമ്മാണം, കുളങ്ങളുടേയും ജലാശയങ്ങളുടേയും നവീകരണം, മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ എന്നിവയിലും ഈ പദ്ധതി സംഭാവന ചെയ്തുകൊണ്ടിരിക്കുന്നു.

**പട്ടിക. 8.1.15** തീരുമാനമെടുക്കുന്നതിൽ വനിതാ പങ്കാളിത്തം

| സൂചികകൾ | ഇന്ത്യ | | | | | കേരളം | | | | |
|---|---|---|---|---|---|---|---|---|---|---|
| | എൻ എഫ് എച്ച് എസ് –5 (2019–20) | | | എൻ എഫ് എച്ച് എസ്–4 (2015–16 | എൻ എഫ് എച്ച് എസ്–3 (2005–06) | എൻ എഫ് എച്ച് എസ്–5 (2019–20) | | | എൻ എഫ് എച്ച് എസ്–4 (2015–16) | എൻ എഫ് എച്ച് എസ് –3 (2005–06) |
| | നഗരം | ഗ്രാമം | ആകെ | ആകെ | ആകെ | നഗരം | ഗ്രാമം | ആകെ | ആകെ | ആകെ |
| ഇപ്പോൾ വിവാഹം കഴിഞ്ഞ, സാധാരണ ഗാർഹിക തീരുമാനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകൾ (ശതമാനത്തിൽ) | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 84 | 76.5 | 93.6 | 94.6 | 94.1 | 92.1 | 88 |
| സ്വയം ഉപയോഗിക്കുന്ന ബാങ്ക്/സേവിംഗ്സ് അക്കൗണ്ടുള്ള സ്ത്രീകൾ(ശതമാനത്തിൽ) | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 53 | 15.1 | 78.9 | 78.2 | 78.5 | 70.6 | 27 |
| സ്വന്തമായി മൊബൈൽ ഫോണുള്ള സ്ത്രീകൾ(ശതമാനത്തിൽ) | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 45.9 | ലഭ്യമല്ല | 86.2 | 86.9 | 86.6 | 81.2 | ലഭ്യമല്ല |

*അവലംബം : എൻ എഫ് എച്ച് എസ് 2015-16*

## സ്ത്രീ ശാക്തീകരണവും തീരുമാനമെടുക്കുന്നതിലെ പങ്കാളിത്തവും

തീരുമാനമെടുക്കുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം അവരുടെ ശാക്തീകരണം അളക്കുന്നതിനുള്ള ഒരു പ്രധാന സൂചകമാണ്. വീട്ടിലെ തീരുമാനമെടുക്കുന്നതിലും സംസ്ഥാനത്തിന്റെ നയപരമായ തീരുമാനങ്ങളിലും സ്ത്രീകൾ അനുകൂലമായ പങ്ക് വഹിക്കേണ്ടതാണ്. നീതിപൂർവവും വികസിതവുമായ ഒരു സമൂഹത്തിന്റെ രൂപീകരണത്തിന് രണ്ട് തലങ്ങളിലും അവരുടെ പങ്ക് ഒരു പോലെ നിർണ്ണായകമാണ്. എൻ.എഫ്.എച്ച്.എസ്, 2015-16. ശേഖരിച്ച മൂന്ന് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബത്തിൽ തീരുമാനമെടുക്കുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം പരിഗണിക്കപ്പെടുന്നു, സാധാരണയായി ഗാർഹിക തീരുമാനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകളുടെ ശതമാനവും അവർതന്നെ പ്രവത്തിപ്പിക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടുള്ള സ്ത്രീകളുടെ ശതമാനം സ്വയം ഉപയോഗിക്കുന്ന മൊബൈൽ ഫോൺ ഉള്ള സ്ത്രീകളുടെ ശതമാനവുമാണിവ.

അഖിലേന്ത്യാ തലത്തിനേക്കാൾ കൂടുതൽ (തീരുമാനമെടുക്കൽ പ്രക്രിയയിൽ) കേരളത്തിലെ സ്ത്രീകൾ സജീവമായി പങ്കെടുക്കുന്നുവെന്ന് വ്യക്തമാകുന്നുണ്ട്. ലോകസഭാ തെരഞ്ഞെടുപ്പിൽ വനിതാ വോട്ടർമാരുടെ പങ്കാളിത്തം 1962 ലെ മൂന്നാം ലോകസഭാ തെരഞ്ഞെടുപ്പിലെ 46.63 ശതമാനത്തിൽ നിന്നും 16-ാം ലോകസഭയിലേക്കുള്ള തെരഞ്ഞെടുപ്പിലെ 66 ശതമാനമായി ഉയർന്നിട്ടുണ്ട്. അഖിലേന്ത്യാ ശരാശരിയെ അപേക്ഷിച്ച് കേരളത്തിലെ വനിതാ വോട്ടർമാരുടെ പങ്കാളിത്തം വളരെ ഉയർന്നതാണ്. പാർലമെന്റിൽ സ്ത്രീകളുടെ പ്രാതിനിധ്യം കണക്കിലെടുക്കുമ്പോൾ കേരളം പിന്നിലാണ്. 16-ാമത് ലോകസഭയിൽ പാർലമെന്റ് അംഗങ്ങളിൽ 12 ശതമാനം സ്ത്രീകളാണ്. ഒരു വനിതാ എംപിക്ക് (5 ശതമാനം) മാത്രമേ കേരളത്തിൽ നിന്ന് പാർലമെന്റിൽ എത്താൻ കഴിഞ്ഞുള്ളൂ. അതുപോലെ സംസ്ഥാന നിയമസഭയിൽ സ്ത്രീകളുടെ പ്രാതിനിധ്യവും കുറവാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം അഖിലേന്ത്യ ശരാശരിയേക്കാൾ കൂടുതലാണ്. പ്രാദേശിക സർക്കാരുകളിൽ തീരുമാനമെടുക്കുന്നതിൽ പകുതി സ്ഥാനങ്ങൾ സ്ത്രീകൾക്കായി നീക്കി വെച്ചിരിക്കുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ അനുപാതത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതലാണ്. കോടതികളിലും സിവിൽ സർവീസുകളിലും സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണ്.

## സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ

ഉയർന്ന വിദ്യാഭ്യാസ നിലവാരവും, ഉയർന്ന സാമൂഹിക വികസനവും കൈവരിച്ച കേരളത്തിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ വലിയ ഭീഷണിയായി തുടർന്നു വരുന്നു. ഒരു വശത്ത് സ്ത്രീകൾ വീടുകളിൽ നിന്ന് പുറത്തു വന്ന് തൊഴിൽ ഏറ്റെടുക്കണമെന്ന് ആഗ്രഹിക്കുന്നു, മറുവശത്ത് അവരുടെ സുരക്ഷ ഉറപ്പാക്കേണ്ടതും പ്രധാനമാണ്. വീടിനുപുറത്ത് ഉത്പാദന പരമായ സാമ്പത്തിക പ്രവർത്തനങ്ങൾ നടത്താൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിന് ഈ ദിശയിൽ കൂടുതൽ ശ്രമങ്ങൾ ആവശ്യമാണ്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ 'ഭർത്താവ്/ബന്ധുക്കൾ നടത്തുന്ന ക്രൂരത' ഇപ്പോഴും ഒരു പ്രധാന ഘടകമാണ്. 2016 ലെ ഇന്ത്യയുടെ ക്രൈം റെക്കോർഡ് ബ്യൂറോ പുറത്തുവിട്ട കണക്ക് പ്രകാരം, സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ ഭൂരിഭാഗവും ഭർത്താവിന്റെയോ ബന്ധുക്കളുടെയോ (32.6 ശതമാനം) ക്രൂരത, സ്ത്രീകളെ അപമാനിക്കൽ (25 ശതമാനം) തട്ടികൊണ്ടുപോകൽ (19 ശതമാനം) ബലാൽസംഗം (11.5 ശതമാനം) എന്നിവയാണ്. ഉത്തർ പ്രദേശിലാണ് ആകെ കേസുകളുടെ 14.5 ശതമാനവും (3,29,067 കേസുകൾ). തുടർന്ന് പശ്ചിമ ബംഗാളാണ് (9.6 ശതമാനം, 33052 കേസുകൾ). 2016 മുതൽ കേരളത്തിലെ മൊത്തം കുറ്റകൃത്യങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ട് (**ചിത്രം 8.1.5**). കേരളത്തിലെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 8.1.5**-ൽ നൽകിയിരിക്കുന്നു.

## പ്രധാന ലിംഗപദവി ബോധവൽക്കരണ പരിപാടികൾ

കുറ്റകൃത്യങ്ങൾ നടക്കുന്ന സാഹചര്യത്തിൽ (കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഈ എണ്ണം കുറഞ്ഞുവെങ്കിലും) ബോധവൽക്കരണ പരിപാടിയുടെ രൂപത്തിൽ പ്രതിരോധ നടപടികൾ വളരെ പ്രധാനമാണ്. വിവിധ വകുപ്പുകളും ഏജൻസികളും കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർക്ക് പല തലങ്ങളിൽ ലിംഗപദവി സംവേദനാത്മക പരിപാടികൾ നടത്തുന്നു.

## പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗപദവി സംവേദനക്ഷമത പരിപാടി- "ബോധ്യം"

സ്ത്രീകൾക്കെതിരായ ആക്രമം സംസ്ഥാനത്തെ പോലീസ് സേനയെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന ആശങ്കയായി മാറിയിട്ടുണ്ട്. മറ്റ് മാർഗ്ഗങ്ങൾ ഒന്നും ഇല്ലാതാകുമ്പോൾ പ്രശ്നമുള്ള സ്ത്രീകൾ അവസാന അത്താണിയായി പോലീസിൽ എത്തുന്നു. സേനയുടെ മനോഭാവം, സമീപനം, തൊഴിൽ സംസ്കാരം എന്നിവ മാറ്റേണ്ടത് കാലത്തിന്റെ ആവശ്യകതയാണ്. അങ്ങനെയെങ്കിൽ പ്രശ്ന ബാധിതയായ സ്ത്രീകൾ സ്വമേധയാ പോലീസ്

**ചിത്രം 8.1.5 ആകെ കുറ്റകൃത്യങ്ങൾ**




*അവലംബം: ക്രൈം റിക്കോഡ്സ് ബ്യൂറോ, കേരളം*

ഉദ്യോഗസ്ഥരുടെ സഹായം തേടും. ലിംഗപദവി സംവേദനക്ഷമത പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ വ്യക്തിപരമായ മനോഭാവങ്ങളേയും വിശ്വാസങ്ങളേയും മാറ്റാനും ഇരകളെക്കുറിച്ചുള്ള മുൻ ധാരണകളെ പരിശോധിക്കാനും മാറ്റം വരുത്താനും പ്രാപ്തമാക്കും. "ബോധ്യം" –പോലീസിനായുള്ള ലിംഗപദവി സംവേദനക്ഷമതാ പരിശീലനം സെപ്റ്റംബർ 4, 2019 ന് കെ.എസ്.ഡബ്ല്യു.സി ആരംഭിക്കുകയും അതേ വർഷം തന്നെ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുകയും ചെയ്തു. തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജ് (പി.ടി.സി) തൃശ്ശൂരിലെ കേരളാ പോലീസ് അക്കാദമി (കെ.പി.എ) എന്നിവിടങ്ങളിൽ 30 പേർ വീതമുള്ള (സിവിൽ പോലീസ് ഓഫീസർമാർ) ബാച്ചുകളിലാണ് പരിശീലനം നടത്തിയത്. 2019–20 –ൽ കോർപ്പറേഷൻ 484 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം പൂർത്തിയാക്കി. 50,000 ത്തോളം സിവിൽ പോലീസ് ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു സംഘം സംസ്ഥാന പോലീസിൽ നിലവിലുണ്ട്. അതിനാൽ ഈ പരിശീലനം തുടർച്ചയായ പരിപാടിയായി വിഭാവനം ചെയ്യുന്നു. സ്ത്രീകൾക്കുള്ള അടിയന്തര പ്രതികരണ സേവനങ്ങളുടെ ഫലപ്രാപ്തി മെച്ചപ്പെടുത്തുന്നതിനൊപ്പം സംസ്ഥാനത്ത് ലിംഗപദവി–സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം.

## വനിതാ കോളേജുകളിലെ വനിതാ സെല്ലുകൾ

ലിംഗപദവി ബോധവൽക്കരണ പരിപാടികളുടെയും ഭാഗമായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കോളേജുകളിൽ വനിതാ സെല്ലുകൾ ആരംഭിച്ചു. സമൂഹത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് യുവജനങ്ങളെ ബോധവാന്മാരാക്കുക, ദൈനംദിന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് മതിയായ മാനേജ്മെന്റ് കഴിവുകൾ നൽകി അവരെ സജ്ജരാക്കുക എന്നിവയാണ് ഒരു വനിതാ സെല്ലിന്റെ പ്രധാന ലക്ഷ്യം. ലിംഗപദവി ബോധവൽക്കരണ പരിശീലനം, വിവാഹത്തിന് മുൻപുള്ള കൗൺസിലിംഗ്, ഓപ്പൺ ഫോറങ്ങൾ, സംസ്കാരിക പരിപാടികൾ, കൈയെഴുത്തു പ്രതി പ്രസിദ്ധീകരണം, ഐടി/സോഫ്റ്റ് സ്കിൽ പരിശീലനം, ക്രിയേറ്റീവ് വർക്ക് ഷോപ്പുകൾ, കമ്മ്യൂണിറ്റി ഇടപെടൽ പരിപാടികൾ തുടങ്ങിയ വിവിധ പരിപാടികൾ കെ.എസ്.ഡബ്ല്യു.ഡി.സി കേരളത്തിലെ തെരഞ്ഞെടുത്ത വനിതാ കോളേജുകളിൽ ആരംഭിച്ചു. നിലവിൽ 62 വനിതാ കോളേജുകളിൽ 5,000 അംഗങ്ങളുള്ള കെ.എസ്.ഡബ്ല്യു.ഡി.സി വനിതാ സെല്ലുകൾ പ്രവർത്തിക്കുന്നു. ലിംഗപദവി സമത്വം എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്ത് ലിംഗപദവി സൗഹൃദ ക്യാമ്പസുകൾ സൃഷ്ടിക്കുന്നതിനുമായി മിക്സഡ് കോളേജുകളിൽ വനിതാ സെല്ലുകൾ ആരംഭിച്ചു. 2020 മാർച്ചിൽ വിമൻ സെൽ അംഗങ്ങളുടെ പിന്തുണയോടെ "സ്ത്രീപക്ഷകേരളം" എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ചു.

- **24/7 വനിതാ ഇൻഫർമേഷൻ ആൻഡ് അസിസ്റ്റൻസ് സെന്റർ**
  മിത്ര ഹെൽപ്പ് ലൈൻ (181) മാർച്ച് 27 ന് കെ.എസ്.ഡബ്ല്യു.ഡി.സി കേരളത്തിൽ ആരംഭിച്ചു. എല്ലാ ദിവസവും 24 മണിക്കൂറും ആവശ്യമുണ്ടെങ്കിൽ സ്ത്രീകൾക്ക് സമീപിക്കാവുന്ന വിധത്തിലുള്ള ഒരു സംവിധാനമാണിത്. എല്ലാ സമയത്തും സ്ത്രീകൾക്ക് ഒരു പിന്തുണാ സാഹചര്യം സൃഷ്ടിക്കുന്നതിനും ദുരിതത്തിലായ സ്ത്രീകൾക്ക് വേണ്ടി കാര്യക്ഷമമായി പ്രവർത്തിക്കുന്ന അടിയന്തര പ്രതികരണ സംവിധാനമായും ഹെൽപ്പ് ലൈൻ വിഭാവനം ചെയ്യുന്നു. ഇതുവരെ 78,436 കേസുകളിൽ ഹെൽപ്പ് ലൈൻ ഫലപ്രദമായ ഇടപെടൽ നടത്തിയിട്ടുണ്ട്. കൂടാതെ വൈദ്യശാസ്ത്ര, നിയമ സംവിധാനം, പോലീസ് എന്നിവയുടെ അകമഴിഞ്ഞ സഹായത്തോടു

കൂടി മിത്ര കോൾ റെസ്പോൺസ് ടീം വേഗത്തിൽ ജുഡീഷ്യൽ സേവനങ്ങൾ നൽകുന്നത് ശ്രദ്ധേയമാണ്. മിത്ര 181, ഒ.എസ്.സി (സഖി എന്നറിയപ്പെടുന്ന വൺ സ്റ്റോപ്പ് സെന്ററുകൾ), സംസ്ഥാന പോലീസ് എന്നിവരുടെ സംയോജിത പരിശ്രമം മൂലം സംസ്ഥാനത്തെ സ്ത്രീകളുടെ സുരക്ഷാ സൗകര്യങ്ങൾ ശക്തിപ്പെടുത്താൻ കഴിയുന്നു

- കോഴിക്കോട് ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്തയിൽ ആദിവാസി വനിതാകൾക്കായി സംയോജിത നൈപുണ്യ വികസന കേന്ദ്രം കോർപ്പറേഷൻ സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകളുടെ നൈപുണ്യവും ഉപജീവന ആവശ്യങ്ങളും മനസിലാക്കാൻ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരെയും കോർപ്പറേഷൻ നിയമിച്ചു. നിരവധി പരിശീലന പരിപാടികളും വർക്ക് ഷോപ്പുകളും നടത്തി. ഒരു കമ്മ്യൂണിറ്റി അടുക്കളയും പ്രവർത്തിക്കുന്നു. കൂടാതെ ഒരു വിവര കേന്ദ്രമായി പ്രവർത്തിച്ചു കൊണ്ട് സാമൂഹ്യ വികസന പ്രവർത്തനങ്ങളുടെ കേന്ദ്രമായി ഇത് വികസിക്കുകയും കിൻഫ്രാ അപ്പാരൽ പാർക്കിൽ വച്ച് 4 ആദിവാസി സ്ത്രീകൾക്ക് ടൈലറിംഗിനായി വിപുലമായ പരിശീലനം നൽകുകയും ചെയ്തു.
- വിദേശ രാജ്യങ്ങളിൽ ജോലി ആഗ്രഹിക്കുന്ന നേഴ്സിംഗ്/ബിരുദധാരികൾക്ക് വേണ്ടി കെ.എസ്. ഡബ്ല്യൂ.ഡി.സി യുടെ നേതൃത്വത്തിൽ സി.എം. ഡി യും ഒ.ഡി.സി.ഇ.സി യുമായും ചേർന്നു കൊണ്ട് സമഗ്രമായ ഫിനിഷിംഗ് പ്രോഗ്രാം ആരംഭിച്ചിരിക്കുന്നു.

## സധൈര്യം മുന്നോട്ട്

2018–ൽ ഡബ്ല്യൂ.ഡി.സി ആരംഭിച്ച സംസ്ഥാന വ്യാപകമായ പദ്ധതിയാണ് സധൈര്യം മുന്നോട്ട് അടിസ്ഥാനപരമായി സമഗ്ര ലിംഗപദവി അവബോധ പദ്ധതിയാണ്. ഇത് രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു; അതിലൊന്ന് സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതു മേഖല, അസംഘടിത, അനൗപചാരിക മേഖലകൾ എന്നിങ്ങനെയുള്ള ജോലി സ്ഥലങ്ങളിൽ അവബോധം സൃഷ്ടിക്കലാണ്. പുരുഷന്മാരും, സ്ത്രീകളും ഭിന്നലിംഗക്കാരും മറ്റ് ലൈംഗിക, ലിംഗ ന്യൂനപക്ഷങ്ങളും ഉൾപ്പെടുന്ന പൊതുജനങ്ങളുമായി ഇടപെടുന്നവർക്കുള്ള അവബോധ പരിപാടിയാണ് രണ്ടാമത്തേത്. ഈ ബോധവൽക്കരണ പ്രചാരണം കുടുംബശ്രീ, ആശ വർക്കർമാർ, എം.ജി.എൻ. ആർ.ഇ.ജി.എ, ജെ.പി.എച്ച്.എൻ, സ്കൂൾ ഉച്ച ഭക്ഷണ തൊഴിലാളികൾ, ഐ.സി.ഡി.എസ് വർക്കേഴ്സ് തുടങ്ങി എല്ലാ മേഖലകളിലും എത്തിച്ചേരേണ്ടതുണ്ട്. "സ്ത്രീകളും സമൂഹവും" സ്ത്രീകളും തൊഴിലും, സ്ത്രീകളും നിയമവും, സ്ത്രീകളും മാധ്യമവും എന്നീ വിഷയങ്ങളിൽ മോഡ്യൂളുകൾ, സ്കിറ്റുകൾ, പാട്ടുകൾ, കലാജാഥ, പോസ്റ്റർ എക്സിബിഷനുകൾ, വീഡിയോ ഷോകൾ ഷോർട്ട് ഫിലിം ഫെസ്റ്റിവലുകൾ കൈപ്പുസ്തകങ്ങൾ എന്നിവയിലൂടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ലിംഗഭേദവും വിവേചനവും ഇല്ലാത്ത ഒരു സമൂഹം സൃഷ്ടിക്കുന്നതിനുള്ള ഒരു പ്രധാന നാഴികക്കല്ലായിരുന്നു വകുപ്പ് സംഘടിപ്പിച്ച രാത്രി നടത്തങ്ങളുടെ പരമ്പര. നിർഭയ ദിനത്തോടനുബന്ധിച്ച് 2019 ഡിസംബർ മുതൽ ആരംഭിച്ച പൊതു സ്ഥലങ്ങളും റോഡുകളും സ്ത്രീകളുടെ കൂടി ഉടമസ്ഥതയിലാണെന്ന ബോധവൽക്കരണ പരിപാടി കോവിഡ് പകർച്ചവ്യാധി കാരണം നിർത്തേണ്ടി വന്നു.

**സ്ത്രീധന നിരോധന പ്രചാരണം:** സ്ത്രീധനത്തെ ഇല്ലാതാക്കാനുള്ള ഒരു ജനപ്രിയ കാമ്പയിൻ 2019–20–ൽ വനിതാ–ശിശു വികസന വകുപ്പ് ആരംഭിച്ചു. ബോധവൽക്കരണത്തിലൂടെയും ശാക്തീകരണത്തിലൂടെയും സ്ത്രീധനത്തെ പൂർണ്ണമായും ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ അഞ്ചു വർഷത്തെ പ്രവർത്തന പദ്ധതി തയ്യാറാക്കി. സ്ത്രീകളെ അപമാനിക്കുന്ന ഈ ആചാരത്തോട് ഒരു എതിർ സമീപനം ഉറപ്പാക്കുന്നതിന് സ്ത്രീകളുടെ വിദ്യാഭ്യാസം, സാമ്പത്തിക സ്വാതന്ത്ര്യം, സ്വതന്ത്ര ചിന്താഗതിക്കാരായ പുരുഷന്മാർ എന്നിവരുടെ പ്രാധാന്യം എടുത്തു കാണിക്കേണ്ടതുണ്ട്. ഈ ക്യാമ്പെയൻ വർഷങ്ങളായി തുടരുന്നു

**ജെൻഡർ പാർക്ക്:** വിവിധ പദ്ധതികൾ, സംസ്കാരിക, അക്കാദമിക് പരിപാടികൾ എന്നിവയുടെ സംഗമ കേന്ദ്രമായ കോഴിക്കോട് പ്രധാന കാമ്പസ് സ്ഥാപിച്ചുകൊണ്ട് സംസ്ഥാനത്ത് ലിംഗപദവി സമത്വത്തിനും ശാക്തീകരണത്തിനും തുടക്കമിടാനുള്ള വനിതാ–ശിശു വികസന വകുപ്പിന്റെ ഒരു സംരംഭമാണിത്. ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, ആംഫി തിയേറ്റർ, ജെൻഡർ ലൈബ്രറി, ജെൻഡർ മ്യൂസിയം എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഉപജീവനത്തിനായി ഡ്രൈവിംഗ് ഏറ്റെടുക്കാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് 'ഷീ–ടാക്സി' പദ്ധതി. വനിതകളുടെ സംരംഭങ്ങൾ പ്രായോഗികമാക്കാനുള്ള ഒരു ഫെലോഷിപ്പ് പരിപാടിയായ 'വിമൺ ഇൻ എന്റെർപ്രണർഷിപ്പ്' (WISE) ഉം അടുത്തവർഷം വിഭാവനം ചെയ്തിട്ടുള്ള ലിംഗപദവിയും സുസ്ഥിര സംരംഭകത്വവും സംബന്ധിച്ച ഒരു അന്തരാഷ്ട്ര സമ്മേളനവുമാണ് ജെൻഡർ പാർക്കിന്റെ മറ്റ് പ്രവർത്തനങ്ങൾ. ഹെറിറ്റേജ് മ്യൂസിയവും ലൈബ്രറിയും കൂടി ചേർന്ന് ഒരു ജെൻഡർ ഡാറ്റ സെന്റർ യു.എൻ വിമണുമായി ചേർന്ന് സ്ഥാപിക്കും. ഇത് ജെൻഡർ പാർക്കിനെ ലിംഗപദവി പ്രവർത്തനങ്ങൾക്കായുള്ള ദക്ഷിണേഷ്യൻ കേന്ദ്രമാക്കി മാറ്റും. കഴിഞ്ഞ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചതു പോലെ, ഒരു അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രം (ഐ.ഡബ്ല്യൂ.ടി.സി) കിഫ്ബിയുടെ സഹായത്തോടെ ആരംഭിക്കും.

**ലിംഗപദവി സ്വയംപഠന പരിപാടി (ജി.എസ്.എൽ.പി):** ലിംഗപദവി പരമായ പ്രശ്നങ്ങൾ സ്വയം മനസിലാക്കാനും പഠിക്കാനും സ്ത്രീകളെ പ്രാപ്തരാക്കുന്നതിനായി 2007–ൽ കുടുംബശ്രീ ജി.എസ്.എൽ.വി ആരംഭിച്ചു. അയൽ കൂട്ടങ്ങളിലെ സ്ത്രീകൾ ലിംഗപദവി ഭേദങ്ങളെയും അവരുടെ ജീവിതാനുഭവത്തിലെ സന്ദർഭങ്ങൾ വച്ച് മനസിലാക്കുന്ന ഒരു പങ്കാളിത്ത വിദ്യാഭ്യാസ പദ്ധതിയാണിത്. സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ചും അവരുടെ കാഴ്ചപ്പാടുകൾ എങ്ങനെ പ്രകടിപ്പിക്കുമെന്നതിനെക്കുറിച്ചും ഒരു കൂട്ടായ ബോധം വളർത്തിയെടുക്കാൻ ഈ പഠന പ്രക്രിയ സ്ത്രീകളെ സഹായിക്കുന്നു. ഈ പരിപാടിയിൽ 4.5 ലക്ഷം കുടുംബശ്രീ വനിതകൾക്ക് റിസോഴ്സ് പേഴ്സണായും ടീം അംഗങ്ങളായും പരിശീലനം നല്കി. റിസോഴ്സ് പേഴ്സൺസിന്റെ സഹായത്തോടു കൂടി 45 ലക്ഷത്തോളം കുടുംബശ്രീ അംഗങ്ങൾ ഈ സ്വയം പഠന പരിപാടിയിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. പഠന പ്രക്രിയയ്ക്ക് വേണ്ടി തെരഞ്ഞെടുത്ത നാല് വിഷയ മേഖലകൾ ഇവയാണ് 1) സ്ത്രീകളും ജോലിയും 2) സ്ത്രീകളും ആരോഗ്യവും 3) സ്ത്രീകളും മൊബിലിറ്റിയും 4) സ്ത്രീകളും വിനോദവും

## കേരള വനിതാ കമ്മീഷന്റെ ലിംഗപദവി ബോധവൽക്കരണ പരിപാടി

സമുദായ പങ്കാളിത്തത്തോടെ കുറ്റകൃത്യങ്ങൾ തടയുന്നതിന് വളരെ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന ജാഗ്രത സമിതിയ്ക്ക് (താഴെതട്ടിലുള്ള ഒരു നിരീക്ഷണ സ്ഥാപനം) പരിശീലനമാണ് കെ.ഡബ്ല്യു. സി യുടെ ഒരു പ്രധാന പ്രവർത്തനം. 2019–20 –ൽ കമ്മീഷൻ 148 സെമിനാറുകൾ/നിയമശില്പശാലകൾ, സ്ത്രീകൾക്ക് വേണ്ടി യുള്ള നിയമങ്ങളും മറ്റു നിയമ നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട് 32 പരിശീലന പരിപാടികൾ, 119 അദാലത്ത് എന്നിവ പഞ്ചായത്ത് ജാഗ്രതാ സമിതിക്ക് വേണ്ടി സംഘടിപ്പിച്ചു. ലിംഗപദവി ബോധവൽക്കരണ പരിപാടിയുടെ കീഴിൽ 254 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കലാലയ ജ്യോതി സംഘടിപ്പിച്ചു. കൂടാതെ സ്ത്രീകളുടെ എൻ.ജി.ഒ കളെ പങ്കെടുപ്പിച്ച് കൊണ്ട് വിവാഹം കഴിക്കാൻ പോകുന്നവർക്ക് വേണ്ടിയുള്ള 28 കൗൺസിലിംഗ് സെഷൻസ് എന്നിവ കമ്മീഷൻ സംഘടിപ്പിച്ചു.

## കേരളത്തിലെ ഭിന്നലിംഗ സമൂഹം

2015 ഭിന്നലിംഗ നയം പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് (ടി.ജി) സമത്വത്തിനുള്ള അവകാശവും തുല്യ പരിരക്ഷയും ലഭിക്കാനായി 2014 –ൽ ഉള്ള സുപ്രീം കോടതി[3] യുടെ സുപ്രധാന വിധിന്യായത്തിനുശേഷം, വ്യക്തമായ ചട്ടക്കൂടിനുള്ളിൽ ട്രാൻസ്ജെൻഡർമാർക്കായുള്ള അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള സംസ്ഥാന നയം പുറത്തിറക്കി. ഇന്ത്യയിൽ ഭിന്നലിംഗത്തെ ഇപ്പോൾ മൂന്നാംലിംഗമായി കണക്കാക്കുന്നു. ആർട്ടിക്കിൾ 377 എടുത്തുകളഞ്ഞ സുപ്രധാന വിധി എടുത്തു പറയേണ്ട ഒന്നാണ്. എന്നിരുന്നാലും, എല്ലാ ഭിന്നലിംഗക്കാരെയും നിയമപരമായി അംഗീകരിക്കുക എന്നത് ഒരു വിദൂര സ്വപ്നമായി ഇപ്പോഴും തുടരുന്നു. എങ്കിലും അടുത്തിടെയുള്ള ഭിന്നലിംഗക്കാർക്കായുള്ള അവകാശ സംരക്ഷണ നിയമം 2019, ഇന്ത്യയിലെ ഭിന്നലിംഗക്കാർക്കാരുടെ അവസ്ഥയെക്കുറിച്ച് നിരവധി ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്. പ്രത്യേകിച്ചും സ്വയം തിരിച്ചറിയാനുള്ള അവകാശവുമായി ബന്ധപ്പെട്ട്.

2014 – സുപ്രീം കോടതി വിധിക്ക് അനുസൃതമായി ഒരു വ്യക്തിയെ ടി.ജി ആയി തിരിച്ചറിയാൻ സംസ്ഥാന നയം അനുവദിക്കുന്നു. ടി.ജി.കളെ രജിസ്റ്റർചെയ്യാനും തിരിച്ചറിയൽ കാർഡുകൾ നൽകാനും കഴിയുന്ന ജില്ലാതല ടിജി ബോർഡുകൾ സ്ഥാപിക്കാനും നയം ശുപാർശ ചെയ്യുന്നു.

സാമൂഹ്യ നീതി വകുപ്പ് ടിജികളെക്കുറിച്ച് നടത്തിയ സർവ്വേയിൽ, ക്ഷേമത്തിനും അന്തസിനുമുള്ള ജീവിതത്തിന് ആവശ്യമായ അടിസ്ഥാന കഴിവുകൾ പോലും നേടാൻ അവർക്ക് കഴിയുന്നില്ലെന്ന് വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്. അതിനാൽ ടിജികളെ സാമൂഹികമായി ഉൾപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ കേവലം സാമ്പത്തിക നടപടികളിൽ മാത്രമായി പരിമിതപ്പെടുത്താൻ കഴിയില്ല.

ടിജികളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ പല വകുപ്പുകൾ നടപ്പാക്കുന്നുണ്ട്., പ്രധാനമായും സാമൂഹിക നീതി വകുപ്പ് (സാമൂഹിക നീതി വകുപ്പിന്റെ പദ്ധതികൾ **ബോക്സ് 8.1.2** –ൽ നൽകിയിരിക്കുന്നു.) ഇവ കൂടാതെ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെ.എസ്.എൽ.എം.എ) സംസ്ഥാനത്തെ ന്യൂനപക്ഷ ലിംഗഭേദത്തിന് സൗജന്യവും നിരന്തരവുമായ വിദ്യാഭ്യാസം നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് "സമന്വയ" എന്ന പ്രത്യേക സാക്ഷരതാ പദ്ധതിക്ക് തുടക്കമിട്ടു. ഈ പ്രോഗ്രാമിന്റെ ഭാഗമായി അവർ കെ.എസ്.എൽ.എം.എ യുടെ 4,7,10,12 തുല്യത പ്രോഗ്രാമുകളിൽ ചേർന്നു. 2018–19 –ൽ 65 പേർ പത്താം തര പന്ത്രണ്ടാം തര തുല്യതാ പരീക്ഷ പാസായപ്പോൾ 2019–20 –ൽ ഇങ്ങനെ വിജയിച്ച ഭിന്നലിംഗക്കാരുടെ എണ്ണം 52 ആയി. ഭിന്നലിംഗ സമൂഹത്തിന് പ്രതിമാസ സ്കോളർഷിപ്പും പാർപ്പിടവും

[3] സുപ്രീംകോടതി വിധിന്യായത്തിൽ ഇങ്ങനെ പ്രസ്താവിച്ചു: "ഭരണ ഘടന ഉറപ്പ് അനുസരിച്ച് ട്രാൻസ്ജെൻഡർ സമൂഹത്തിന് പ്രത്യേക അവകാശങ്ങൾ, അഭിപ്രായ സ്വാതന്ത്ര്യ, അക്രമത്തിനെതിരായ അവകാശം, വ്യക്തിഗത സ്വാതന്ത്ര്യത്തിനുള്ള അവകാശം, അന്തസ്സ്, വിദ്യാഭ്യാസത്തിനുള്ള അവകാശം, ശാക്തീകരണം, വിവേചനം, ചൂഷണം, ജോലി ചെയ്യാനുള്ള അവകാശം എന്നിവയുണ്ട്. അതിനാൽ ഹിജ്റാസ്, ട്രാൻസ് സെക്ഷ്വൽ, ട്രാൻസ്ജെൻഡർ എന്നിവരുൾപ്പെടെയുള്ളവരുടെ ലിംഗ സ്വത്വവും അഭിപ്രായ പ്രകടനവും തീരുമാനിക്കാനുള്ള അവകാശം ഓരോ വ്യക്തിക്കും ഉണ്ടായിരിക്കണം. ഒപ്പം അവരുടെ വ്യക്തിത്വം സ്വതന്ത്രമായി പ്രകടിപ്പിക്കാനുള്ള അവകാശവും ഉണ്ടായിരിക്കണം, മൂന്നാം ലിംഗമായി കണക്കാക്കുകയും ചെയ്യും"

നൽകുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ നാല് ജില്ലകളിൽ ഒരു പുതിയ പരിപാടികൾ ആരംഭിച്ചു. അതുപോലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ എൽ.ജി.ബി.ടി കളുടെ ക്ഷേമം ലക്ഷ്യമിട്ടുള്ള പദ്ധതികൾ/പരിപാടികൾ ആരംഭിച്ചു. കോട്ടയം മെഡിക്കൽകോളേജിൽ സൗജന്യ ലൈംഗീക പുനർനിർണ്ണയ ശസ്ത്രക്രിയകൾക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഭിന്നലിംഗക്കാർക്ക് കൗൺസിലിംഗിനും മരുന്നിനുമായി ഹോമിയോപ്പതി ഡയറക്ടറേറ്റ് തുടങ്ങിയ ഒരു പരിപാടിയാണ് "നിസർഗ"

## ലിംഗപദവി ബജറ്റ്

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വനിത ഘടക പദ്ധതി (ഡബ്യൂസിഡി) നിർബന്ധിതമായി ഉൾപ്പെടുത്തികൊണ്ട് ഒൻപതാം പദ്ധതിയുടെ സമയത്ത് പ്രാദേശിക തലത്തിൽ ഒരു ലിംഗപദവി പ്രതികരണ ബജറ്റ് കേരളത്തിൽ അവതരിപ്പിച്ചു. സംസ്ഥാനത്ത് നിന്ന് 35–40 ശതമാനം ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് (എൽ.എസ്.ജി.ഐ കൾ) വിഭജിച്ചതോടെ, ലിംഗപദവി ബജറ്റിന്റെ ആദ്യരൂപം 1996 –ൽ സംസ്ഥാനത്ത് ഉണ്ടായി, അവിടെ ഓരോ പഞ്ചായത്തിനും സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് ഒരു അധ്യായം തയ്യാറാക്കാൻ നിർദ്ദേശം നൽകി. 9 –ാം പദ്ധതി സമയത്ത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകളുടേയോ, സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതികൾക്കു വേണ്ടിയോ നീക്കി വച്ചിരുന്നു. അവ വനിതാ ഘടക പദ്ധതി (ഡബ്ല്യു.സി.പി) എന്നറിയപ്പെട്ടു.

ലിംഗപദവി ബജറ്റിംഗ് പ്രക്രിയ സ്ഥാപനവൽക്കരിക്കുന്നതിന് 2005–06 ലെ കേന്ദ്ര ബജറ്റിലാണ് ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്. കേരളത്തിലെ സംസ്ഥാന ബജറ്റിൽ ലിംഗപദവി ബജറ്റ് ഉൾപ്പെടുത്തുന്നതിന് കാര്യമായ ശ്രമങ്ങൾ നടന്നിട്ടുണ്ട്. ബജറ്റിൽ ഉൾപ്പെടുത്തിട്ടുള്ള പ്രത്യേക രേഖയായി വകുപ്പുകളിലുടനീളം പെൺകുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി അടയാളപ്പെടുത്തിയ വിഭവങ്ങൾ ഉൾപ്പെടുത്തിയത് പതിനൊന്നാം പദ്ധതിയുടെ തുടക്കത്തിലാണ്. 2017–18 ലാണ് സംസ്ഥാനത്ത് ആദ്യമായി ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്.

**ബോക്സ് 8.1.2** ട്രാൻസ്ജെൻഡർമാർക്കായി സാമൂഹിക നീതി വകുപ്പ് നടപ്പിലാക്കുന്ന പരിപാടികൾ

- പദ്ധതി ആസൂത്രണം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും, നടപ്പാക്കുന്നതിനും അവർക്കുകൂടി പങ്കാളിത്തം ഉള്ള ഒരു ടി.ജി സെൽ ഡയറക്ടറേറ്റിൽ ആരംഭിച്ചു.
- 2019–20–ൽ ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനു വേണ്ടി സാമൂഹിക നീതി വകുപ്പ് "മഴവില്ല്" എന്ന പ്രധാന പരിപാടിയുടെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി.
- 30 ഭിന്നലിംഗക്കാർക്ക് നൈപുണ്യ വികസന പരിശീലനം നൽകി.
- 7 ഭിന്നലിംഗക്കാർക്ക് സ്വയം തൊഴിൽ സഹായം നൽകി.
- 100 ഭിന്നലിംഗക്കാർക്ക് ബ്യൂട്ടീഷ്യൻ പരിശീലനം നൽകി.
- 20 ഭിന്നലിംഗക്കാരിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകി.
- 20 പേർക്ക് ഹോസ്റ്റൽ സൗകര്യങ്ങൾക്കായി സാമ്പത്തിക സഹായം നൽകി.
- 41 ഭിന്നലിംഗക്കാർക്ക് ലൈംഗീക പുനർനിർണ്ണയ ശസ്ത്രക്രിയയ്ക്ക് (എസ്.ആർ.എസ്) ധനസഹായം നൽകി.
- 33 ഭിന്നലിംഗക്കാർക്ക് എസ്.ആർ.എസ് ആഫ്റ്റർ കെയർ സാമ്പത്തിക സഹായം നൽകി.
- ഒരു വിദ്യാർത്ഥിക്ക് ഏവിയേഷൻ കോഴ്സിന് ധനസഹായം നൽകി.
- ഉപജീവനത്തിനായി 12 തയ്യൽമെഷീനുകൾ നൽകി.
- 5 ഭിന്നലിംഗക്കാർക്ക് ഡ്രൈവിംഗിന് പരിശീലനം നൽകി
- സ്കൂളുകളിലും കോളേജുകളിലും ഓഫീസുകളിലും സെൻസിറ്റൈസേഷൻ പ്രോഗ്രാം നടത്താൻ കഴിഞ്ഞു. കൂടാതെ വർണ്ണപ്പകിട്ട് എന്ന പേരിൽ കലോത്സവം നടത്തി

*അവലംബം : സാമൂഹിക നീതി വകുപ്പ്*

പൊതു തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് പ്രാപ്തമാകുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുക, അതോടൊപ്പം സ്ത്രീകളുടെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ ശാക്തീകരണത്തിനുമുള്ള മേഖലയ്ക്കാണ്. 2019–20 ലെ വാർഷിക പദ്ധതി ഊന്നൽ നൽകിയത്. സ്ത്രീകളുടെ വേതനം, തൊഴിൽ, സ്വയംതൊഴിൽ, ഉപജീവനത്തിനുള്ള വിഹിതം, നൈപുണ്യ വികസനം, ജോലി സ്ഥലത്തെ പ്രത്യേക സൗകര്യങ്ങൾ, കുട്ടികളുടെ സംരക്ഷണം, ജോലിയുള്ള സ്ത്രീകളുടെ ഹോസ്റ്റൽ, ജോലി സ്ഥലത്തുള്ള സുരക്ഷ എന്നിവ ഉറപ്പ് വരുത്തുക, വീട്ടിലും പൊതുരംഗത്തും നടക്കുന്ന അക്രമങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കുക തുടങ്ങിയവക്ക് വേണ്ടി എല്ലാ വർഷവും ഫണ്ട് നീക്കി വക്കുകയാണ് പദ്ധതി സമീപനം.

2019–20 –ൽ 1,421.6 കോടി രൂപ വനിതാ നിർദ്ദിഷ്ട പദ്ധതികൾക്കായി നൽകി. 2,470.11 കോടി രൂപ സ്ത്രീകൾക്ക് സംയോജിത പദ്ധതികളിൽ ലഭ്യമാക്കി. പാർട്ട് എ യും പാർട്ട് ബി യും ഉൾപ്പെടെ മൊത്തം 3,891.71 കോടി രൂപ പെൺകുട്ടികൾ / സ്ത്രീകൾക്കാണ്. ഇത് സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 16.9 ശതമാനം ആണ്. പാർട്ട് എ യിൽ 6.2 ശതമാനവും പാർട്ട് ബി യിൽ 10.7 ശതമാനവും (പ്രാദേശിക സർക്കാരുകൾ ഒഴികെ). കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ന്യായമായ വർദ്ധന ഉണ്ടായിട്ടുണ്ട്. 2020–21 –ൽ വനിതാ നിർദ്ദിഷ്ട പദ്ധതികൾക്കായി (പാർട്ട് എ ) 1,509.33 കോടി രൂപ (7.3 ശതമാനം) പാർട്ട് ബി യിലെ സംയോജിത പദ്ധതികൾക്കായി 2,300.54 കോടി രൂപ (11.1 ശതമാനം) എന്നിവ സ്ത്രീകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. മൊത്തം 3,809.87 കോടി രൂപ സ്ത്രീകൾക്കായി നീക്കി വച്ചിട്ടുണ്ട്. ഇത് മൊത്തം വിഹിതത്തിന്റെ 18.4 ശതമാനം ആണ്. ഈ തുകയിൽ 5 കോടി രൂപ 'മഴവില്ലി'നായി വകയിരുത്തിയിട്ടുണ്ട്. 2017–18 മുതൽ 2020–21 വരെയുള്ള നാല് വർഷങ്ങളിൽ വനിതാ നിർദ്ദിഷ്ട പദ്ധതികൾക്കായി ബജറ്റ് വിഭവങ്ങളുടെ വിഹിതവും അനുപാതവും വർദ്ധിച്ചതായി കാണുന്നു.

## മുന്നോട്ടുള്ള ഗതി

ലിംഗപദവി വികസനം, സംസ്ഥാന പദ്ധതിയുടെ അഭിവാജ്യ ഘടകമാണ്. ലിംഗപദവി സമത്വം സംസ്ഥാനത്ത് സ്ത്രീകളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും കാര്യമായ പരിശ്രമം നടത്തുന്നുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ ചില തലങ്ങളിൽ കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെ മുന്നിലാണ്. എന്നിരുന്നാലും വേതന അസമത്വം, കുറഞ്ഞ വരുമാനമുള്ള ജോലികളിൽ സ്ത്രീകളുടെ കേന്ദ്രീകരണം, ലിംഗാധിഷ്ഠിത അക്രമം എന്നിവ പരിഹരിക്കപ്പെടേണ്ട മേഖലയാണ്. അതുപോലെ തന്നെ ഉയർന്ന തലങ്ങളിലുള്ള (ലെജിസ്ലേറ്റീവ് അസംബ്ലി, പാർലമെന്റ് ) തീരുമാനമെടുക്കുന്ന സ്ഥാപനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. ഇത് ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

2018 ഓഗസ്റ്റിലെ അഭൂതപൂർവ്വമായ പ്രളയവും/ മണ്ണിടിച്ചിലും, 2020 ലെ കോവിഡ് മഹാമാരിയും കാരണം കഴിഞ്ഞ 3 വർഷത്തെ ബജറ്റുകൾ ഉപജീവന പുനരുജ്ജീവനത്തിനും/കേരളം പുനർനിർമ്മിക്കുന്നതിനും സ്ത്രീകൾക്ക് കൂടുതൽ മുൻഗണന നൽകുന്നു. എൻ.ആർ.ഇ.ജി.എസ് വഴി വിഭാവനം ചെയ്തിട്ടുള്ള തൊഴിൽ വിപുലീകരണം, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ തുടങ്ങിയ വിവിധ സർക്കാർ ഏജൻസികളുടെ മെച്ചപ്പെട്ട സ്വയം തൊഴിൽപദ്ധതികൾ ചെറുകിട/ഇടത്തരം കശുവണ്ടി ഫാക്ടറികളിലെ സ്ത്രീകളുടെ ഉപജീവന പുനരുജ്ജീവിക്കൽ, അയ്യങ്കാളി നഗര തൊഴിൽ പദ്ധതിയിൽ ഗണ്യമായ വർദ്ധനവ് എന്നിവയാണ് ഉപജീവന പദ്ധതികളിൽ പ്രധാനം.

വിഭവ പരിമിതികൾക്കിടയിലും, കാർഷിക അധിഷ്ഠിതവും കാർഷികേതര അധിഷ്ഠിതവും പരമ്പരാഗതവും പാരമ്പര്യേതരവുമായ വനിതാ സംരംഭകത്വത്തിൽ, പ്രത്യേകിച്ചും സ്ത്രീകളുടെ തൊഴിലിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ കാലയളവിൽ സംസ്ഥാനം കൂടുതൽ വ്യക്തിഗത വനിതാ സ്റ്റാർട്ടപ്പുകൾ, ഐ.ടി ഇൻഡസ്ട്രീസ് മേഖലയ്ക്ക് കീഴിലുള്ള നാനോ മൈക്രോ എന്റെർപ്രൈസുകൾ എന്നിവയ്ക്ക് സാക്ഷ്യം വഹിച്ചു. സാമ്പത്തിക പ്രവർത്തനങ്ങളിൽസ്ത്രീകളുടെ പങ്കാളിത്തം നിലനിർത്തേണ്ടതിന് കുടുംബശ്രീയും മറ്റ് സ്ഥാപനങ്ങളുടെ സ്വയം സഹായ ഗ്രൂപ്പുകൾക്കും പ്രത്യേക ഉപജീവന വികസന പാക്കേജ് നൽകേണ്ടതുണ്ട്.

## 8.2 സാമൂഹിക – സാമ്പത്തിക ദുർബലതകളെ അഭിമുഖീകരിക്കൽ

### പട്ടികജാതി, പട്ടികവർഗ്ഗ, മറ്റു പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, മുന്നോക്ക സമുദായങ്ങൾ എന്നിവരുടെ ക്ഷേമം

പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ സാമൂഹിക സാമ്പത്തിക വികസനം ഉറപ്പുവരുത്തുന്നതിനും ആസൂത്രണ പ്രക്രിയ പ്രവർത്തിക്കും എന്നതാണ് സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന സവിശേഷത (സമീപന രേഖ പേജ് 16).

കേരളത്തിൽ പട്ടികജാതി ജനസംഖ്യ 9.1 ശതമാനവും പട്ടികവർഗ്ഗ ജനസംഖ്യ 1.45 ശതമാനവുമാണ് (**പട്ടിക 8.2.1**). സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യാനുപാതത്തേക്കാൾ കൂടുതൽ പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി), പട്ടികവർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി) വിഹിതങ്ങൾ വകയിരുത്തുന്നത് ഉറപ്പുവരുത്തുന്ന നയമാണ് പതിമൂന്നാം പദ്ധതിയിൽ സംസ്ഥാന സർക്കാർ അനുവർത്തിച്ചുവരുന്നത്.

ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 46 പ്രകാരം, ദുർബല വിഭാഗക്കാരുടെ, പ്രത്യേകിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ സാമ്പത്തിക താൽപര്യങ്ങൾ പ്രത്യേകം പരിരക്ഷിക്കപ്പെടേണ്ടതും അവരെ സാമൂഹിക അസമത്വങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും സംരക്ഷിക്കേണ്ടതാണെന്നും പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. ഭരണഘടനയുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ടാണ് സംസ്ഥാന സർക്കാർ, പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ മാനവ വികസനവും വരുമാനവും ഉയർത്തുന്നതിനുള്ള ശ്രമങ്ങൾക്കും ഈ വിഭാഗങ്ങൾക്കെതിരെയുള്ള സാമൂഹികമായ വിവേചനങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും പ്രത്യേക ശ്രദ്ധ കൊടുക്കുന്നത്.

ജില്ല തിരിച്ചുള്ള പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യയുടെ വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 8.2.1** ലും, **8.2.2** ലും നൽകിയിരിക്കുന്നു. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം, ദേശീയ നിലവാരത്തേക്കാൾ മെച്ചപ്പെട്ടിട്ടുണ്ട്. കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യയുടെ സാക്ഷരത, ലിംഗാനുപാതം എന്നിവയുടെ ദേശീയ താരതമ്യം **അനുബന്ധം 8.2.3** –ൽ നൽകിയിരിക്കുന്നു. കേരളത്തിൽ, 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് റൂൾസ് 14 (എ) അനുസരിച്ച്, സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഗസറ്റഡ്, നോൺ–ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 10 ശതമാനം (പട്ടികജാതിക്കാർക്ക് 8 ശതമാനം, പട്ടികവർഗ്ഗക്കാർക്ക് മാത്രം 2 ശതമാനം) സംവരണം ഉറപ്പാക്കുന്നുണ്ട്. 2020 ജനുവരി ഒന്നിലെ വാർഷിക അവലോകന റിപ്പോർട്ട് പ്രകാരം 88 വകുപ്പുകളിൽ 39 വകുപ്പുകളിലെ വാർഷിക അവലോകനം മാത്രമേ പൂർത്തികരിച്ചിട്ടുള്ളൂ. ഇതുപ്രകാരം പൊതു സർവീസിൽ പട്ടികജാതി/പട്ടികവർഗക്കാരുടെ മൊത്തം പ്രാതിനിധ്യം 11.37 ശതമാനമാണ്. ഇതിൽ 9.41 ശതമാനം പേർ പട്ടികജാതിക്കാരും 1.96 ശതമാനം പട്ടികവർഗ്ഗക്കാരുമാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർക്കാർ സർവീസിലുള്ള പ്രാതിനിധ്യം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 8.2.4** –ൽ നൽകിയിരിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള വികസന പരിപാടികൾ

പട്ടികജാതിക്കാരുടെയും പട്ടികവർഗക്കാരുടെയും വികസനത്തിനായി സംസ്ഥാന സർക്കാർ പ്രതിവർഷം പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി) വിഹിതം ആയും പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) വിഹിതം ആയും നീക്കിവയ്ക്കുന്നുണ്ട്. സെൻസസ് കണക്കുകൾ പ്രകാരമുള്ള പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യയുടെ

**പട്ടിക 8.2.1** കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യയുടെ പൊതു വിവരങ്ങൾ

| ക്രമ നമ്പർ | സൂചകങ്ങൾ | പട്ടികജാതി | പട്ടികവർഗം |
|---|---|---|---|
| 1 | ആകെ ജനസംഖ്യ* | 30.39 ലക്ഷം | 4.84 ലക്ഷം |
| 2 | ആകെ ജനസംഖ്യയുടെ ശതമാനം* | 9.1 | 1.45 |
| 3 | കോളനികൾ/ഊരുകളുടെ എണ്ണം** | 26,342 | 4,762 |
| 4 | സമുദായങ്ങളുടെ എണ്ണം* | 53 | 37 |
| 5 | സാക്ഷരതാ നിരക്ക്** | 88.70% | 74.44% |
| 6 | തൊഴിലില്ലായ്മ നിരക്ക്** | 49% | 30.27% |
| 7 | ദാരിദ്ര്യനിരക്ക്*** | 57.66% | 61.68% |

*അവലംബം :* സെൻസസ് 2011*, സാമൂഹിക സാമ്പത്തിക സർവ്വെ, 2011

***പട്ടികജാതി/ പട്ടികവർഗ്ഗ സർവേ 2013**

അനുപാതത്തക്കാൾ കൂടിയ തുകയാണ് ഇതെന്ന് കാണാം. നിലവിൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 9.81 ശതമാനം പട്ടികജാതിക്കാരുടെ ക്ഷേമത്തിനും 2.82 ശതമാനം പട്ടികവർഗക്കാരുടെ ക്ഷേമത്തിനായും നീക്കിവച്ചിട്ടുണ്ട്. ഇതിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്കും, അവശേഷിക്കുന്നത്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കും വിവിധ പദ്ധതികളുടെ നടത്തിപ്പിനായി നീക്കിവച്ചിരിക്കുന്നു.

2019-20-ൽ സംസ്ഥാനത്തെ ആകെ പദ്ധതി വിഹിതമായ 30,610 കോടി രൂപയിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി യഥാക്രമം 3,002.84 കോടി രൂപയും 866.56 കോടി രൂപയുമാണ് നീക്കി വച്ചിരുന്നത്. 2020-21-ൽ മൊത്തം സംസ്ഥാന പദ്ധതി വിഹിതമായ 27,610 കോടി രൂപയിൽ നിന്നും പട്ടികജാതി വികസന വകുപ്പിന് 2,708.54 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിന് 781.36 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് 2016-17 മുതൽ 2020-21 വരെ പ്രതിവർഷം വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ **ചിത്രം 8.2.1**-ൽ നൽകിയിരിക്കുന്നു.

## പട്ടികജാതിക്കാരുടെ വികസനം

പ്ലാൻ സ്കീമുകൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന

**ചിത്രം 8.2.1** 2016-17 മുതൽ 2020-21 വരെ അനുവദിച്ച പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും, തുക കോടിയിൽ.




*അവലംബം : ബഡ്ജറ്റ് കണക്കുകൾ*

സർക്കാർ പട്ടികജാതി വികസന വകുപ്പിനും പ്രാദേശിക സർക്കാരുകൾക്കും പദ്ധതി വിഹിതം നൽകിവരുന്നു. ഇതിനുപുറമെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്രസർക്കാരും തുക അനുവദിക്കുന്നുണ്ട്. 2019–20–ൽ പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി 3,002.84 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 1,649.00 കോടി രൂപ പട്ടികജാതി വികസന വകുപ്പിനും 1,353.84 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് വകയിരുത്തിയിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 777.20 കോടി രൂപ ചെലവഴിക്കുകയുണ്ടായി. 2016–17 മുതൽ 2020–21 വരെ സംസ്ഥാനത്തിന്റെ ആകെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ച പട്ടികജാതി ഉപപദ്ധതി വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 8.2.5–**ൽ നൽകിയിരിക്കുന്നു. 2019–20, 2020–21 (2020 സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ സ്കീം തിരിച്ചുള്ള വിഹിതം, ചെലവ്, ഭൗതീക ലക്ഷ്യങ്ങൾ, നേട്ടങ്ങൾ എന്നിവ യഥാക്രമം **അനുബന്ധം 8.2.6, 8.2.7** എന്നിവയിൽ നൽകിയിരിക്കുന്നു. പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി ഏറ്റെടുത്ത പ്രധാന പരിപാടികൾ ചുവടെ സംഗ്രഹിച്ചിരിക്കുന്നു.

## പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി ഏറ്റെടുത്ത പ്രധാന വികസന പരിപാടികൾ

**സ്ഥലവും ഭവനവും**

ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്നു. പട്ടികജാതി വികസന വകുപ്പിന്റെ കണക്കനുസരിച്ച് ഭൂരഹിതരായ പട്ടികജാതിക്കാർ 1,00,475 ആണ്. ഇതിൽ 4,225 കുടുംബങ്ങൾക്ക് 2019–20 –ൽ സഹായം ലഭിച്ചു. 2019–20 –ൽ പദ്ധതിയ്ക്കായി അനുവദിച്ച 185.00 കോടി രൂപയിൽ നിന്നും 164.52 കോടി രൂപ (89 ശതമാനം) ചെലവഴിച്ചു. 2016–17 മുതൽ 2019–20 വരെ ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം **ചിത്രം 8.2.2–**ൽ നൽകിയിരിക്കുന്നു.

2016–17 മുതൽ 2020–21 വരെ (സെപ്റ്റംബർ 30, 2020 വരെ) ഭൂരഹിതർക്ക് ഭൂമി നൽകൽ എന്ന പദ്ധതിയിൽ അനുവദിച്ച വിഹിതവും ചെലവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 8.2.8** –ൽ നൽകിയിട്ടുണ്ട്.

ഭവന നിർമ്മാണ പദ്ധതി പ്രകാരം, പുതിയ വീടുകളുടെ നിർമ്മാണവും 2007–08 മുതൽ 2016–17 വരെ പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്ത പഴയ വീടുകളുടെ പൂർത്തിയാക്കലും ലൈഫ് മിഷൻ ഏറ്റെടുത്തിട്ടുണ്ട്. ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ, 2007–08 മുതൽ 2015–16 വരെ പട്ടികജാതി വികസന വകുപ്പിന്റെ ഭവന പദ്ധതി പ്രകാരം അനുവദിച്ച പൂർത്തീകരിക്കാത്ത 3,893 ഭവനങ്ങളിൽ 3,844 എണ്ണം പൂർത്തീകരിക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ, അർഹരായ 13,017 പട്ടികജാതി ഗുണഭോക്താക്കളിൽ 12,007 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ആരംഭിക്കുകയും, അവയിൽ 7,721 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. മൂന്നാം ഘട്ടത്തിനായി സ്ഥലവും വീടും ലഭ്യമല്ലാത്ത 54,949 പട്ടികജാതി ഗുണഭോക്താക്കളെ മിഷൻ കണ്ടെത്തിയിട്ടുണ്ട്.

## വിദ്യാഭ്യാസം

പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി, പട്ടികജാതി വികസന വകുപ്പ് 85

**ചിത്രം 8.2.2** 2016–17 മുതൽ 2019–20 വരെ ഭൂമി ലഭ്യമായ കുടുംബങ്ങളുടെ എണ്ണം




*അവലംബം : പട്ടികജാതി വികസന വകുപ്പ്*

നഴ്സറി സ്കൂളുകൾ, 11 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, 44 ഐ.റ്റി.ഐ കൾ, 87 പ്രീ–മെട്രിക് ഹോസ്റ്റലുകൾ 17 പോസ്റ്റ്–മെട്രിക് ഹോസ്റ്റലുകൾ, 4 പ്രീ എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ, വടക്കാഞ്ചേരിയിൽ ഒരു കമ്മ്യൂണിറ്റി കോളേജ്, പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് എന്നിവ പ്രവർത്തിക്കുന്നു. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രാഥമിക വിദ്യാഭ്യാസ സഹായം, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, വിദേശ സ്കോളർഷിപ്പ് എന്നിങ്ങനെ വിവിധ തരത്തിലുള്ള വിദ്യാഭ്യാസ സഹായങ്ങൾ സർക്കാർ നൽകുന്നുണ്ട്. 2020–21 –ൽ കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ രണ്ട് പുതിയ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. 2019–20 –ൽ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക്, പ്രൊഫഷണൽ കോഴ്സുകൾക്കായി, പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റ് അർഹ (ഒ.ഇ.സി) വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് എന്നിവയുടെ ധനസഹായ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. 1.00 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ഹൈസ്കൂളിലെയും ഹയർ സെക്കൻഡറി ക്ലാസുകളിലെയും വിദ്യാർത്ഥികൾക്കായി 11,218 പഠന മുറികൾ നാളിതുവരെ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് 2019–20 –ൽ നൽകിയ പ്രധാന വിദ്യാഭ്യാസ സഹായം **ബോക്സ് 8.2.1** –ൽ നൽകിയിരിക്കുന്നു.

2019–20, 2020–21 (2020, സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിയ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി തുടങ്ങിയവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.9** –ൽ നൽകിയിരിക്കുന്നു. 2016–17 മുതൽ 2020–21 (സെപ്റ്റംബർ 30, 2020 വരെ) അനുവദിച്ച വിവിധ തരത്തിലുള്ള സ്കോളർഷിപ്പുകളും സഹായങ്ങളും ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം **അനുബന്ധം 8.2.10** കൊടുത്തിരിക്കുന്നു.

## ആരോഗ്യം

ആരോഗ്യ പരിരക്ഷാ പദ്ധതി പ്രകാരം 15,180 പേർക്ക് വിവിധ രോഗങ്ങൾക്കുള്ള ചികിത്സാ സഹായം നൽകുകയും, 483 മെഡിക്കൽ ക്യാമ്പുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുകയും ചെയ്യുകയുണ്ടായി. ഇതിനുപുറമെ, പട്ടികജാതി കോളനികളിൽ 29 ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു. 2019–20 –ൽ 39.44 കോടി രൂപ പദ്ധതിക്കായി ചെലവഴിച്ചു. 2020–21–ൽ, പദ്ധതിയ്ക്കായി 26.37 കോടി രൂപ (സെപ്റ്റംബർ 30, 2020 വരെ) ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷമായി ആരോഗ്യ പരിരക്ഷാ പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുള്ള വിഹിതം, ചെലവ് എന്നിവയുടെ വിശദാംശങ്ങളും അനുവദിച്ചിട്ടുള്ള ചികിത്സാ സഹായവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 8.2.11**–ൽ നൽകിയിരിക്കുന്നു.

## നൈപുണ്യ പരിശീലനവും തൊഴിലും

ദുർബല വിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷ ഒരുക്കുന്നതിനായി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ പട്ടികജാതിക്കാർക്ക് നൽകിയിട്ടുണ്ട്. 2019–20 –ൽ ഈ പദ്ധതിക്കായി അനുവദിച്ച 38.00 കോടി രൂപയിൽ 36.97 കോടി രൂപ ചെലവഴിക്കുകയുണ്ടായി. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഈ പദ്ധതി പ്രകാരം, 119 നൈപുണ്യ പരിപാടികളിലൂടെ 5,495 പട്ടികജാതി യുവതീ യുവാക്കൾക്ക് നൈപുണ്യ വികസനം നൽകിയിട്ടുണ്ട്. പരിശീലനം പൂർത്തിയായവരിൽ 1,297 പേർക്ക് ഇന്ത്യയിലും 201 പേർക്ക് വിദേശത്തും കഴിഞ്ഞ അഞ്ചുവർഷമായി തൊഴിൽ ലഭിക്കുകയുണ്ടായി.

**ബോക്സ് 8.2.1** പട്ടികജാതി വിദ്യാർത്ഥികൾക്ക് 2019–20 –ൽ നൽകിയ പ്രധാന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ (പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം)

| | |
|---|---|
| • പ്രീ മെട്രിക് സ്കോളർഷിപ്പ് | –3,64,403 |
| • പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | –1,45,095 |
| • എൻട്രൻസ് പ്രവേശന പരിശീലനം | –506 |
| • വിദേശത്ത് പഠിക്കാനുള്ള സഹായം | – 21 |
| • മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കാനുള്ള സഹായം | – 4,561 |
| • ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള സഹായം | – 1,543 |
| • സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള സഹായം | – 335 |
| • അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് | – 4,680 |
| • പഠനമുറികൾ | – 4,556 |

*അവലംബം : പട്ടികജാതി വികസന വകുപ്പ്*

സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് വായ്പയുടെ മൂന്നിലൊന്ന് സബ്സിഡിയായി വ്യക്തികൾക്കും/സ്വയം സഹായ ഗ്രൂപ്പുകൾക്കും ധനസഹായം നൽകിവരുന്നു. 2019-20 -ൽ, 207 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ സബ്സിഡി ലഭിച്ചിട്ടുണ്ട്. 2019-20, 2020-21 (സെപ്റ്റംബർ 30, 2020 വരെ) വർഷങ്ങളിൽ സ്വയംതൊഴിൽ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നേടിയവരുടെ എണ്ണം **അനുബന്ധം 8.2.12**-ൽ നൽകിയിരിക്കുന്നു. വാർഷിക കുടുംബ വരുമാന പരിധി 2.50 ലക്ഷം രൂപയിൽ താഴെയുള്ള തൊഴിലില്ലാത്ത പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ജോലി നേടുന്നതിനായി 1.00 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. 2019-20 -ൽ വിദേശത്ത് തൊഴിൽ തേടുന്നതിന് 1,922 പേർക്ക് ധനസഹായം നൽകുകയുണ്ടായി.

## പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം

മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി മുപ്പതിലധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി കോളനികളിൽ 'അംബേദ്കർ ഗ്രാമ വികസന പദ്ധതി' ആരംഭിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം, ഓരോ കോളനിക്കും കുടിവെള്ളം, കക്കൂസ്, ശുചിത്വം, മാലിന്യ നിർമാർജ്ജനം, റോഡ് കണക്റ്റിവിറ്റി, വൈദ്യുതീകരണം, ഭൂസംരക്ഷണ മതിൽ നിർമ്മാണം, ജലസേചനം, കളിസ്ഥലം, കമ്മ്യൂണിറ്റി ഹാൾ, എന്നിവയുടെ നിർമ്മാണം നവീകരണം, ഭവന നവീകരണം, വരുമാനദായക പ്രവർത്തനങ്ങൾക്ക് ധനസഹായം, കോളനിക്കുള്ളിൽ/കോളനിയോട് ചേർന്നുള്ള ശ്മശാനങ്ങൾ എന്നിവയുടെ നവീകരണത്തിനുമായി ഓരോ കോളനിക്കും, 1.00 കോടി രൂപ വീതം നൽകുന്നു. മുൻ വർഷങ്ങളിൽ ഏറ്റെടുത്ത 216 സ്വയം പര്യാപ്ത ഗ്രാമങ്ങളിൽ, 164 ഗ്രാമങ്ങളുടെ വികസന പ്രവർത്തനങ്ങൾ 2019-20-ൽ പൂർത്തിയാക്കുകയുണ്ടായി. അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം ഏറ്റെടുത്ത 50 ഗ്രാമങ്ങളിൽ നാളിതുവരെ 39 ഗ്രാമങ്ങളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

## മറ്റ് സാമൂഹിക വികസന പരിപാടികൾ

### വിവാഹ ധനസഹായം

പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തികപിന്തുണ നൽകുന്നതിനായി പട്ടികജാതി കുടുംബങ്ങൾക്ക് 75,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. 2019-20-ൽ 8,677 പട്ടികജാതി കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം സഹായം നൽകുകയും, ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 70.00 കോടി രൂപയിൽ നിന്നും 62.08 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2020-21-ൽ അനുവദിച്ച 70.00 കോടി രൂപയിൽ 42.77 കോടി രൂപ (സെപ്റ്റംബർ 30, 2020 വരെ) ചെലവഴിച്ചിട്ടുണ്ട്. വിവാഹ ധനസഹായ നിരക്ക് 2016-17 -ൽ 50,000 രൂപയിൽ നിന്ന് 75,000 രൂപയായി ഉയർത്തുകയുണ്ടായി. പ്രസ്തുത പദ്ധതിയ്ക്ക് കഴിഞ്ഞ അഞ്ചുവർഷമായി നീക്കിവച്ചിട്ടുള്ള പദ്ധതിവിഹിതം, ചെലവഴിച്ച തുക, പദ്ധതി മുഖേന പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം എന്നിവ **ചിത്രം 8.2.3**-ൽ നൽകിയിരിക്കുന്നു.

## ദുർബല വിഭാഗങ്ങൾക്കായി പ്രത്യേക പാക്കേജ്

പട്ടികജാതിക്കാർക്കിടയിലെ ദുർബല സമുദായങ്ങളായ വേടർ, നായാടി, കല്ലാടി, അരുന്ധതിയാർ/ചക്ലിയാർ എന്നിവർക്കായി കാർഷിക ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നതിനായി ഒരു പുതിയ പരിപാടി 2019-20-ൽ ആരംഭിച്ചു. ഇതനുസരിച്ച്, കുറഞ്ഞത് 25 സെന്റ് ഭൂമി വാങ്ങുന്നതിന് പരമാവധി 10.00 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. 2019-20-ൽ ദുർബല വിഭാഗങ്ങൾക്കുള്ള വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന 50.00 കോടി രൂപയിൽ നിന്നും, 31.71 കോടി രൂപ ചെലവഴിക്കുകയുണ്ടായി. ഇതിൽ 135 ഗുണഭോക്താക്കൾക്ക് കാർഷിക ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചിട്ടുണ്ട്. വീട് നന്നാക്കാൻ 598 കുടുംബങ്ങൾക്കും, ദുർബല വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി 352 പഠനമുറികൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകുകയുണ്ടായി.

## നിയമപരമായ സേവനങ്ങൾ

ലോകസഭയിലേയ്ക്കും, സംസ്ഥാന നിയമ നിർമ്മാണ സഭയിലേയ്ക്കും, തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പിലും, സർക്കാർ ജോലിയിലും പട്ടികജാതിക്കാർക്ക് ഇൻഡ്യൻ ഭരണഘടന സംവരണം ഉറപ്പാക്കുന്നുണ്ട്. ഇൻഡ്യൻ ഭരണഘടനയുടെ 17-ാം ആർട്ടിക്കിൾ പ്രകാരം, തൊട്ടുകൂടായ്മ നിർത്തലാക്കിയിട്ടുള്ളതും, അതിന്റെ പ്രയോഗം നിരോധിച്ചിട്ടുള്ളതുമാകുന്നു. പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുവാനായി പൗരാവകാശ സംരക്ഷണ നിയമവും 1989 ലെ അതിക്രമങ്ങൾ തടയൽ നിയമവും ശക്തമായി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ, തൊട്ടു കൂടായ്മ എന്നിവയ്ക്ക് ഈ നിയമങ്ങൾ ശിക്ഷ ഉറപ്പാക്കുന്നുണ്ട്. അതിക്രമങ്ങൾക്ക് ഇരയായവരുടെ പുനരധിവാസം, ആവശ്യമായ സഹായം എന്നിവയ്ക്കായി പ്രത്യേക കോടതി, പോലീസ് സ്റ്റേഷൻ, പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ എന്നിവ രൂപീകരിച്ചിട്ടുണ്ട്. 2019-20 -ൽ ഈ പദ്ധതിക്കായി അനുവദിച്ച 12.50 കോടി രൂപയിൽ 9.77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി

പ്രകാരം, 75,000 രൂപ നിരക്കിൽ മിശ്ര വിവാഹ ധനസഹായമായും നൽകി വരുന്നുണ്ട്. 2019–20–ൽ 1,842 ദമ്പതികൾക്ക് ഈ ധനസഹായം ലഭിക്കുകയുണ്ടായി. കഴിഞ്ഞ അഞ്ചു വർഷമായി മിശ്രവിവാഹ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ **അനുബന്ധം 8.2.13** –ൽ കൊടുത്തിരിക്കുന്നു.

## വാത്സല്യനിധി

പട്ടികജാതി പെൺകുട്ടികളുടെ സമഗ്രവികസനത്തിനായി വാത്സല്യനിധി എന്ന പേരിൽ ഒരു ഇൻഷ്വറൻസ് ബന്ധിത സാമൂഹിക സുരക്ഷാ പരിപാടി 2017–18 –ൽ ആരംഭിച്ചു. ഈ പദ്ധതി പ്രകാരം, പട്ടികജാതി വികസന വകുപ്പ് പെൺകുട്ടിയുടെ പേരിൽ 1,38,000 രൂപ എൽ.ഐ.സിയിൽ 4 തവണകളായി നിക്ഷേപിക്കുന്നു. കുട്ടിക്ക് 6 മാസം തികയുമ്പോൾ ആദ്യ ഗഡുവായ 30,000 രൂപയും, കുട്ടിക്ക് പ്രൈമറി ക്ലാസ്സിൽ അഡ്മിഷൻ ലഭിക്കുകയോ അഞ്ച് വയസ്സ് തികയുകയോ ചെയ്യുമ്പോൾ 33,000 രൂപയും, കുട്ടിക്ക് 10 വയസ്സ തികയുകയോ അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴോ മൂന്നാം ഗഡുവായ 36,000 രൂപയും 10–ാം സ്റ്റാന്റേർഡിൽ എത്തുമ്പോൾ നാലാം ഗഡുവായ 39,000 രൂപയും നാല് ഗഡുക്കളായി നിക്ഷേപിക്കുന്നു. കുട്ടിക്ക് 18 വയസ്സ് തികയുമ്പോൾ 3,00,000 രൂപ ഇൻഷ്വറൻസ് തുകയായി ഉറപ്പു നൽകുന്നു. കൂടാതെ കുടുംബത്തിലെ വരുമാനം നേടുന്ന അംഗത്തിന് ഇൻഷ്വറൻസ് ആനുകൂല്യങ്ങളും, ഒൻപതാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠിക്കുന്ന പെൺകുട്ടിയുടെ സഹോദരനോ, സഹോദരിക്കോ 1,000 രൂപ വിദ്യാഭ്യാസ സഹായമായും നൽകുന്നു. 2019–20 –ൽ ഈ പദ്ധതിക്കായി 11.00 കോടി രൂപ വകയിരുത്തിയതിൽ 10.99 കോടി രൂപയും ചെലവഴിക്കുകയുണ്ടായി. ഈ പരിപാടിയിൽ നാളിതുവരെ 5,896 പെൺകുട്ടികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## പട്ടികജാതി ഉപപദ്ധതിക്കായുള്ള കോർപ്പസ് ഫണ്ട് (ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ്)

പട്ടികജാതി ഉപപദ്ധതി പദ്ധതികളിൽ നിർണായക വിടവുകൾ നികത്തുന്നതിനായി പട്ടികജാതി വികസന വകുപ്പ് ബഡ്ജറ്റിൽ കോർപ്പസ് ഫണ്ടായി പ്രതിവർഷം തുക നീക്കിവയ്ക്കുന്നു. മാനവ വിഭവശേഷി വികസനം, അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് തയ്യാറാക്കിയ പ്രോജക്ടുകൾക്ക് പട്ടികജാതി ഉപപദ്ധതിയിലെ നിർണായക വിടവുകൾ നികത്തുന്നതിന് ഫണ്ട് നൽകാനാണ് കോർപ്പസ് ഫണ്ട് ഉദ്ദേശിക്കുന്നത്. 25 ലക്ഷം രൂപ വരെ ഉള്ള സ്കീമുകൾക്ക് ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള ജില്ലാതല കമ്മിറ്റിക്ക് ഭരണാനുമതി നൽകാവുന്നതാണ്. 2019–20–ൽ ഈ പദ്ധതിക്കായി 15.27 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച 520 പദ്ധതികളിൽ 211 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. ഇതിൽ 88 റോഡ് പണികൾ, 86 കുടിവെള്ള പദ്ധതികൾ, 3 സാംസ്കാരിക കേന്ദ്രങ്ങൾ, പട്ടികജാതിക്കാരുടെ 34 വീടുകൾക്ക് സംരക്ഷണ മതിൽ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. 2016–17 മുതൽ 2020–21 (സെപ്റ്റംബർ 30, 2020)വരെ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം 8.2.14** –ൽ നൽകിയിരിക്കുന്നു.

**ചിത്രം 8.2.3** 2016–17 മുതൽ 2019–20 വരെ വിവാഹ ധനസഹായത്തിന് അനുവദിച്ച വിഹിതവും ചെലവും, പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണവും, രൂപ ലക്ഷത്തിൽ




*അവലംബം : പട്ടിക ജാതി വികസനവകുപ്പ്*

## പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്രസഹായം (എസ്.സി.എ റ്റു എസ്.സി.എസ്.പി)

പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായുള്ള പരിപാടികൾ ഏറ്റെടുക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും പ്രത്യേക സഹായം ലഭിക്കാറുണ്ട്. കേന്ദ്ര, സംസ്ഥാന, തദ്ദേശഭരണ സർക്കാരുകൾ ഏറ്റെടുക്കുന്ന പദ്ധതികളിലെ നിർണ്ണായക വിടവുകൾ നികത്തുന്നതിന് സഹായമാവുന്ന പരിപാടിയാണിത്. എസ്.സി.എ റ്റു എസ്.സി.എസ്.പി പ്രകാരം ലഭ്യമാകുന്ന ധനസഹായത്തിന്റെ 75 ശതമാനം തുക പട്ടികജാതി ജനസംഖ്യാ അടിസ്ഥാനത്തിൽ ജില്ലകളിൽ കളക്ടർമാർക്ക് നല്കുന്നു. ശേഷിക്കുന്ന 25 ശതമാനം തുക പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ പദ്ധതി നടത്തിപ്പിന് വിനിയോഗിക്കുന്നു. പട്ടികജാതി കുടുംബങ്ങൾക്ക് സബ്സിഡിയും ധനകാര്യസ്ഥാപന ധനസഹായവും കൂട്ടിചേർത്ത് വരുമാനദായകമായ പ്രവർത്തനങ്ങൾ ഈ പദ്ധതിപ്രകാരം ഏറ്റെടുക്കാവുന്നതാണ്. 2016–17 മുതൽ 2020–21 വരെ (സെപ്റ്റംബർ 30, 2020 വരെ) എസ്.സി.എ ടു എസ്.സി.എസ് പി പദ്ധതിയുടെ വിഹിതം, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.15** –ൽ നൽകിയിരിക്കുന്നു.

## പട്ടികവർഗ്ഗ വികസനം

1974–75 –ൽ പട്ടികവർഗ്ഗ ഉപപദ്ധതി ആരംഭിച്ചതോടെ, അഞ്ചാം പഞ്ചവത്സര പദ്ധതി മുതൽ പട്ടികവർഗ്ഗ വികസനം ഭരണകൂടത്തിന്റെ

**ബോക്സ് 8.2.2** കോവിഡിന്റെ പശ്ചാത്തലത്തിൽ പട്ടികജാതി വികസന വകുപ്പ് എറ്റെടുത്ത നടപടികൾ

കോവിഡ്–19 പ്രതിരോധത്തിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് താഴെപറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി.

1. മാർച്ച് 18, 2020 ന് വകുപ്പിന് കീഴിലുള്ള മുഴുവൻ ഓഫീസുകളിലും ബോധവൽക്കരണം പ്രതിരോധം എന്നിവ സംബന്ധിച്ച വിശദമായ സർക്കുലർ നൽകി
2. ആരോഗ്യ വകുപ്പിന്റെ പിന്തുണയോടുകൂടി എല്ലാ പട്ടികജാതി കോളനികളിലും'ബ്രേക്ക് ദ ചെയിൻ' ക്യാമ്പയിൽ നടത്തുകയും വ്യക്തിശുചിത്വത്തെക്കുറിച്ചും സാമൂഹിക അകലം പാലിക്കേണ്ടതിനെക്കുറിച്ചും ബോധവൽക്കരണം നടത്തുകയുമുണ്ടായി. പട്ടികാജാതി വികസന വകുപ്പിനു കീഴിലുള്ള പട്ടികജാതി (എസ്.സി) പ്രൊമോട്ടർമാരും ജില്ലാതല ഉദ്യോഗസ്ഥരും ബോധവല്ക്കരണത്തിന്റെ ഭാഗമായി പട്ടികജാതി കോളനികളിൽ വിവര സാമഗ്രികൾ വിതരണം ചെയ്തു.
3. ഫീൽഡ്തല ഉദ്യോഗസ്ഥരെ ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റിൽ കോവിഡ് 19 സെൽ ആരംഭിക്കുകയുണ്ടായി. ഈ സെൽ മുഖേന ജില്ലയിലെ കോവിഡ് ബാധിതരെയും, നിരീക്ഷണത്തിൽ കഴിയുന്നവരുടെയും വിവരങ്ങൾ ശേഖരിക്കുകയുണ്ടായി.
4. കോവിഡ്–19 രോഗബാധിതർക്കും, രോഗം ഉണ്ടെന്ന് സംശയിക്കുന്നവർക്കും,ഐസലേഷനിൽ കഴിയുന്നവർക്കും ക്വറന്റൈനിൽ കഴിയുന്നവർക്കും സമയബന്ധിതമായ പരിശോധന ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുകയുണ്ടായി.
5. ക്വാറന്റൈനിലുള്ളവർക്കും ഐസലേഷനിൽ കഴിയുന്നവർക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭക്ഷണവും മറ്റത്യാവശ്യ സാധനങ്ങളും നൽകുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു.
6. എല്ലാ പട്ടികജാതി കോളനികളിലും അത്യാവശ്യ ഭക്ഷണ വസ്തുക്കൾ, മരുന്ന്, കുടിവെള്ളം എന്നിവ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വൃദ്ധർക്കും, ഗർഭിണികൾക്കും, വികലാംഗർക്കും, കുട്ടികൾക്കും പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്തു.
7. പ്രാദേശികതലത്തിൽ പ്രവർത്തിച്ചുവന്നിരുന്ന പട്ടികജാതി പ്രൊമോട്ടർമാരുടെ സേവനത്തിൽ തടസ്സമില്ലാതിരിക്കാൻ സേവന കാലാവധി ദീർഘിപ്പിച്ചു.
8. സർക്കാർ നിർദ്ദേശപ്രകാരം വകുപ്പിനു കീഴിലുള്ള എല്ലാ ഹോസ്റ്റലുകളും മോഡൽ റസിഡൻഷ്യൽ സ്കൂളുകളും അടച്ചു.
9. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഭൂരിഭാഗം ഹോസ്റ്റലുകളും സ്കൂളുകളും കോവിഡ് കെയർ സെന്ററുകളായി മാറ്റുകയും ജില്ലാകളക്ടർമാർക്ക് കൈമാറ്റം ചെയ്യുകയുമുണ്ടായി.
10. വകുപ്പിലെ ഫീൽഡ് തല ഉദ്യോഗസ്ഥരും ജില്ലാതല ഉദ്യോഗസ്ഥരും ജനങ്ങൾക്ക് സമയബന്ധിതമായി സഹായം ഉറപ്പാക്കുന്നതിനായി ജില്ലാ ഭരണകൂടത്തോടും പ്രാദേശിക സർക്കാരുകൾക്കൊപ്പം നിന്ന് പ്രവർത്തിച്ചു.

*അവലംബം : പട്ടികജാതി വികസനവകുപ്പ്*

പ്രധാന ലക്ഷ്യമായിരുന്നു. അതനുസരിച്ച്, സംസ്ഥാനത്തൊട്ടാകെയുള്ള സാമൂഹികമായും സാമ്പത്തികമായും ദുർബലരായ പട്ടികവർഗ്ഗ സമുദായങ്ങളുടെ വികസനത്തിനായി സാമ്പത്തിക സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചു. പട്ടികവർഗ്ഗ സംരക്ഷണത്തിനും വികസനം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഭരണഘടനാനിർദ്ദേശങ്ങളും നിയമങ്ങളും ഉണ്ടായിരുന്നിട്ടും, താഴെതട്ടിലുള്ള ധാരാളം പ്രതിബന്ധങ്ങൾ വികസനത്തെ തുടർച്ചയായി ബാധിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർ അവരുടെ അവകാശങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിലും അവ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിലുമാണ് പട്ടികവർഗ്ഗവികസനത്തിന്റെ അന്തസത്ത നിലകൊള്ളുന്നത്. പട്ടികവർഗ്ഗ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും തുക വകയിരുത്തുന്നുണ്ട്. എന്നിട്ടും, അവശ്യ സൗകര്യങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം, അഭികമ്യത, അടിസ്ഥാന സൗകര്യങ്ങൾ, ടെലികോം/ഇന്റർനെറ്റ് കണക്റ്റിവിറ്റി, ഉപജീവന മാർഗ്ഗങ്ങൾ തുടങ്ങിയവ ഇന്നും പട്ടികവർഗ്ഗ മേഖലയിലെ പ്രധാന വെല്ലുവിളിയായി തന്നെ നിലനിൽക്കുന്നു. പട്ടികവർഗ്ഗക്കാർക്ക് അവരുടെ വികസന സാധ്യത മനസ്സിലാക്കിക്കൊടുക്കുന്ന തരത്തിലുള്ള പശ്ചാത്തലം ഒരുക്കുക എന്നതാണ് പട്ടികവർഗ്ഗ വികസനത്തിന് മാർഗ്ഗദർശനം നൽകുന്നത്. പട്ടികവർഗ്ഗ വികസനത്തിനായുള്ള വിവിധ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച് കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തേണ്ടത് അനിവാര്യമാണ്.

പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ വിദ്യാഭ്യാസ പരിപാടികൾ, പാർപ്പിടം, ആരോഗ്യം, സാമൂഹിക സാമ്പത്തിക ഉന്നമനം, നിയമ പരിരക്ഷാ പരിപാടികൾ എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. സംസ്ഥാന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികൾ, പട്ടിക വർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ ടു ടി.എസ്.പി) എന്നിവയാണ് പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദനീയമായ വിഹിതത്തിന്റെ പ്രധാന ധന സ്രോതസ്സുകൾ. 2019–20 –ൽ പട്ടികവർഗ്ഗക്ഷേമത്തിനായി 866.26 കോടി രൂപ നീക്കിവെച്ചതിൽ 663.27 കോടി രൂപ പട്ടികവർഗ്ഗ വികസനവകുപ്പിനും, 202.99 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമാണ് നൽകിയിട്ടുള്ളത്. 2019–20 –ൽ പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 663.27 കോടി രൂപയിൽ 428.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2016–17 മുതൽ 2020–21 വരെ ആകെ സംസ്ഥാന വിഹിതത്തിൽ നിന്നും അനുവദിച്ച പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 8.2.16** ൽ നൽകിയിരിക്കുന്നു. 2019–20, 2020–21 (സെപ്റ്റംബർ 30, 2020 വരെ) വർഷങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.17** ലും **അനുബന്ധം 8.2.18** ലും ചേർത്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പ്രധാന പരിപാടികൾ ചുവടെ സംഗ്രഹിക്കുന്നു.

## പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പാക്കുന്ന പ്രധാന പരിപാടികൾ

### ഭൂമി

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനായി 2001–ൽ പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം) ആരംഭിക്കുകയുണ്ടായി. ഭൂരഹിതർക്ക് ഭൂമി നൽകൽ, പുനരധിവാസ മേഖലയുടെ സമഗ്ര വികസനം എന്നിവയാണ് പട്ടികവർഗ്ഗ പുനരധിവാസ മിഷന്റെ പ്രധാന പരിപാടികൾ. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കണക്കനുസരിച്ച്, സംസ്ഥാനത്ത് 10,944 ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുണ്ട്. ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം എന്നീ പരിപാടികൾ വഴിയാണ് പട്ടികവർഗ്ഗ പുനരധിവാസ മിഷൻ ഭൂമി വിതരണം ചെയ്യുന്നത്. 2019–20 ലെ ഈ പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- ലാന്റ് ബാങ്ക് പദ്ധതി പ്രകാരം, 58 ഗുണഭോക്താക്കൾക്ക് 10.06 ഏക്കർ ഭൂമി വിതരണം ചെയ്യുകയുണ്ടായി. ഇതിൽ മലപ്പുറം ജില്ലയിലെ 34 ഗുണഭോക്താക്കൾക്ക് 5.27 ഏക്കർ സ്ഥലവും കണ്ണൂർ ജില്ലയിലെ 24 ഗുണഭോക്താക്കൾക്ക് 4.79 ഏക്കർ സ്ഥലവും വിതരണം ചെയ്തിട്ടുണ്ട്.
- നിക്ഷിപ്ത വനഭൂമിയിലുള്ള 73.19 ഏക്കർ ഭൂമി വയനാട്ടിലെ 456 പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തു.
- വനാവകാശ നിയമ പ്രകാരം, 596.39 ഏക്കർ ഭൂമി 549 പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തു.

2019–20–ൽ വിവിധ പദ്ധതികളിലായി 1,061 പട്ടികവർഗ്ഗക്കാർക്ക് ആകെ 679.64 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം, 2020–21–ൽ 328 പട്ടികവർഗ്ഗക്കാർക്ക് (2020 സെപ്റ്റംബർ 30 വരെ) ഭൂമി നൽകി. 2016–17 മുതൽ 2019–20 വരെ വിവിധ ജില്ലകളിൽ ഭൂമി വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.19** –ൽ നൽകിയിരിക്കുന്നു.

### ഭവനം

സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗക്കാർക്കും വീട് ലഭ്യമാക്കുക എന്നത് സർക്കാർ നയം ആണ്. അതുകൊണ്ട് സംസ്ഥാനത്ത് വീടില്ലാത്ത ഒരു പട്ടികവർഗ്ഗ കുടുംബവും ഉണ്ടാവുകയില്ല. 2019-20 -ൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം, ഏകദേശം 16,070 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭവനരഹിതരും 10,944 കുടുംബങ്ങൾ ഭൂരഹിതരുമാണ്. 2017-18 മുതൽ ലൈഫ് മിഷൻ മുഖേനയാണ് ഭവന പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന പദ്ധതി വിഹിതത്തിന് പുറമെ, കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിൽ (കെ.യു.ആർ. ഡി.എഫ്.സി) നിന്നുള്ള ധനസഹായവും ഇതിനായി ലഭിക്കുന്നുണ്ട്. പ്രാദേശിക സർക്കാരുകൾ അവർക്ക് അനുവദിച്ച പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിൽ നിന്നും, പ്രധാനമന്ത്രി ആവാസ് യോജനയിൽ നിന്നും പട്ടികവർഗ്ഗക്കാർക്ക് പാർപ്പിടം നൽകുന്നതിനായി തുക വിനിയോഗിക്കുന്നുണ്ട്. 2016-17-ൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ഭവന പദ്ധതികൾ പ്രകാരം അനുവദിച്ച 6,709 വീടുകളിൽ, 702 വീടുകൾ 2019-20-ൽ പൂർത്തീകരിക്കുകയുണ്ടായി. ലൈഫ് മിഷന്റെ ആദ്യഘട്ടത്തിൽ, ലക്ഷ്യമിട്ട 12,054 വീടുകളിൽ, 11,087 എണ്ണം പൂർത്തീകരിച്ചു, ഇതിൽ 1,255 വീടുകൾ 2019-20 ലാണ് പൂർത്തിയായത്. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ 6,107 വീടുകൾക്ക് അനുമതി നൽകിയിട്ടുള്ളതിൽ 2,001 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 2016-17 മുതൽ 2019-20 വരെ ഭവന പദ്ധതിയ്ക്ക് അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം 8.2.20** -ൽ നൽകിയിരിക്കുന്നു.

### വിദ്യാഭ്യാസ പരിപാടികൾ

പട്ടികവർഗ്ഗക്കാരുടെ അറിവ് വർദ്ധിപ്പിക്കുക എന്നതിനപ്പുറം, അവർക്ക് മെച്ചപ്പെട്ട തൊഴിലും മാനവിക വികസനവും പ്രാപ്തമാക്കുന്നതിനുള്ള ഒരു ഉപാധി കൂടിയാണ് വിദ്യാഭ്യാസം എന്നതിനാൽ, പട്ടികവർഗ്ഗ വികസന വകുപ്പ് നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 13 നഴ്സറി സ്‌കൂളുകൾ, 10 കിന്റർ ഗാർട്ടൻ, 3 ബാലവാടികൾ, 1 വികാസ് വാഡി, 3 ബാലവിജ്ഞാൻ കേന്ദ്രങ്ങൾ, പ്രത്യേകിച്ചും ദുർബലരായ ആദിവാസി ഗ്രൂപ്പുകൾക്കുള്ള 7 പെരിപ്പതറ്റിക് വിദ്യാഭ്യാസ കേന്ദ്രങ്ങൾ, 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, 22 ഏകാധ്യാപക വിദ്യാലയങ്ങൾ, 106 പ്രീ-മെട്രിക് ഹോസ്റ്റലുകൾ, 9 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, 12 പരിശീലന കേന്ദ്രങ്ങൾ, 2 വൊക്കേഷണൽ ട്രെയിനിംഗ് കേന്ദ്രങ്ങൾ, 1 വ്യവസായ പരിശീലന സ്ഥാപനം എന്നിവ പ്രവർത്തിക്കുന്നുണ്ട്. പോസ്റ്റ്-മെട്രിക്, പ്രീ-മെട്രിക് സ്കോളർഷിപ്പുകൾക്ക് പുറമെ, അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, പെരിപ്പതറ്റിക് വിദ്യാഭ്യാസം, കായിക വിദ്യാഭ്യാസങ്ങൾക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ തുടങ്ങിയവ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ബഹുമുഖമായ വികസനം

**ബോക്സ് 8.2.3** 2019-20 ലെ വിദ്യാഭ്യാസ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ

- 'ഗോത്രസാരഥി' പദ്ധതി പ്രകാരം 476 സ്കൂളുകളിലെ, 18,306 പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തി.
- നിലവിലുള്ള 150 കമ്മ്യൂണിറ്റി സ്റ്റഡി സെന്ററുകൾക്ക് പുറമെ പട്ടികവർഗ്ഗക്കാർക്കിടയിൽ ട്യൂഷൻ, ഇ-ലേണിംഗ് സൗകര്യങ്ങൾ എന്നിവ നൽകുന്നതിനായി 100 സ്റ്റഡി സെന്ററുകൾ കൂടി അധികമായി സ്ഥാപിച്ചു.
- അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കീം പ്രകാരം, സമർത്ഥരായ 1200 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി.
- 625 അനാഥരായ കുട്ടികൾക്ക് പ്രത്യേക ധന സഹായം അനുവദിച്ചു.
- 72,415 വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് നൽകി.
- 18,329 കുട്ടികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചു.
- 5 വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് സ്കോളർഷിപ്പ് നൽകി.
- 776 സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ വിതരണം ചെയ്തു.
- 86 വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനം നൽകി.
- 3,419 കുട്ടികൾക്ക് ട്യൂട്ടോറിയൽ ഗ്രാന്റ് അനുവദിച്ചു.

*അവലംബം :- പട്ടികവർഗ്ഗ വികസന വകുപ്പ്*

**ബോക്സ് 8.2.4** 2019–20 ലെ ആരോഗ്യ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ

- 742 സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2,500 രൂപ നിരക്കിൽ ധനസഹായം നൽകി.
- 'ജനനി ജന്മരക്ഷ' പദ്ധതി പ്രകാരം 8700 ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 2,000 രൂപ നിരക്കിൽ ധനസഹായം ലഭ്യമായി.
- 'ട്രഡീഷണൽ ട്രൈബൽ ഹീലേഴ്സ്' എന്ന പദ്ധതി പ്രകാരം, 342 പരമ്പരാഗത വൈദ്യൻമാർക്ക് 10,000 രൂപ നിരക്കിൽ വാർഷിക ഗ്രാന്റ് അനുവദിച്ചു.
- സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതി പ്രകാരം, 33,000 പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ സൗകര്യങ്ങൾ നൽകി.
- വീടുകളിൽ ചികിത്സാ സഹായം ഉറപ്പാക്കുന്നതിനായി മൊബൈൽ ക്ലിനിക്കുകൾ വഴി 3,684 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.

*അവലംബം :- പട്ടികവർഗ്ഗ വികസന വകുപ്പ്*

സധ്യമാക്കുന്നുണ്ട്. 2019–20 ലെ വിദ്യാഭ്യാസ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ **ബോക്സ് 8.2.3** –ൽ നൽകിയിരിക്കുന്നു.

2016–17 മുതൽ 2020–21 വരെ സ്കോളർഷിപ്പും മറ്റ് ധനസഹായങ്ങളും ലഭ്യമാക്കിയ കുട്ടികളുടെ എണ്ണം അനുബന്ധം 8.2.21–ൽ കൊടുത്തിരിക്കുന്നു. 2019–20, 2020–21 (സെപ്റ്റംബർ 30, 2020 വരെ) എന്നീ വർഷങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിച്ച ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി, എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.22 –ൽ** നൽകിയിരിക്കുന്നു. വിദ്യാഭ്യാസത്തിനായി 2019–20 –ൽ വകയിരുത്തിയ 179.39 കോടി രൂപയിൽ 100.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വർഷംതോറും വിദ്യാഭ്യാസത്തിനായി അനുവദിച്ച തുക, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.23** –ൽ നൽകിയിരിക്കുന്നു.

## ആരോഗ്യ പരിപാടികൾ

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനായി വിവിധ പരിപാടികൾ ഏറ്റെടുത്തു നടപ്പിലാക്കുകയുണ്ടായി. പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ പരിപാടി, ജനനി ജന്മരക്ഷ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ചികിത്സാ ധനസഹായം, പരമ്പരാഗത വൈദ്യൻമാർക്കുള്ള ധനസഹായം, മൊബൈൽ മെഡിക്കൽ ക്ലിനിക്കിന്റെ നടത്തിപ്പ് തുടങ്ങിയവ പട്ടികവർഗ്ഗക്കാർക്കായി ഏറ്റെടുത്ത പ്രധാന ആരോഗ്യ പരിരക്ഷാ പദ്ധതികളാണ്. 2019–20 ലെ ആരോഗ്യ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ **ബോക്സ് 8.2.4 –ൽ** നൽകിയിരിക്കുന്നു.

2019–20–ൽ ആരോഗ്യമേഖലയ്ക്ക് കീഴിലുള്ള പരിപാടികൾക്കായി 43.73 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചതിൽ, 32.81 കോടി രൂപ ചെലവഴിക്കുകയുണ്ടായി. 2020–21–ൽ 16.56 കോടി രൂപയും (2020 സെപ്റ്റംബർ 30 വരെ) ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷമായി ആരോഗ്യ മേഖലയിൽ അനുവദിച്ച വിഹിതം, ചെലവ്, ഭൗതീകനേട്ടങ്ങൾ എന്നിവ **അനുബന്ധം 8.2.24** ലും **അനുബന്ധം 8.2.25** ലും നൽകിയിരിക്കുന്നു.

## നൈപുണ്യ വികസനം, തൊഴിൽ, ഉപജീവന പരിപാടികൾ

പട്ടികവർഗ്ഗക്കാർക്കിടയിൽ ജീവനോപാധി പരിപാടികൾ മെച്ചപ്പെടുത്തുന്നതിനായി വിവിധ നൈപുണ്യ പരിശീലന പരിപാടികളും കരിയർ ഗൈഡൻസ് ക്യാമ്പയിനുകളും സംഘടിപ്പിക്കുകയുണ്ടായി. 2019–20–ൽ, 25 നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിച്ചതിൽ 1,148 പട്ടികവർഗ്ഗ യുവതി യുവാക്കൾ പങ്കെടുക്കുകയും പരിശീലന പരിപാടികൾ തുടർന്നുവരികയുമാണ്. ഇതുവരെ പരിശീലനം പൂർത്തിയാക്കിയ 317 പട്ടികവർഗ്ഗ യുവതീ–യുവാക്കൾക്ക് സ്വാകാര്യ സ്ഥാപനങ്ങളിൽ ജോലി ലഭ്യമായി. കഴിഞ്ഞ 4 വർഷമായി നൈപുണ്യ പരിശീലനം ലഭ്യമായവരുടെയും അതുവഴി തൊഴിൽ ലഭിച്ചവരുടെയും വിശദാംശങ്ങൾ **അനുബന്ധം 8.2.26** ലും **ചിത്രം 8.2.4** ലും നൽകിയിരിക്കുന്നു. 2019–20 –ൽ നൈപുണ്യ വികസനത്തിനായി ഏറ്റെടുത്ത സുപ്രധാന പരിപാടികൾ **ബോക്സ് 8.2.5, 8.2.6** എന്നിവയിൽ നൽകിയിരിക്കുന്നു.

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കേരള ട്രൈബൽ പ്ലസ്

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലൂടെ (എം.ജി.എൻ.ആർ.ഇ.ജി.എ) നിലവിൽ 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നുണ്ട്. 2017–18 മുതൽ, എം.ജി.എൻ.ആർ.ഇ.ജി.എ യുടെ കീഴിൽ 'കേരള ട്രൈബൽ പ്ലസ്' എന്ന പദ്ധതി ആരംഭിക്കുകയും

**ചിത്രം 8.2.4** 2016-17 മുതൽ 2019-20 വരെ നൈപുണ്യ പരിശീലന പരിപാടിയിൽ പങ്കെടുത്തവരുടെയും ജോലി ലഭിച്ചരുടെയും എണ്ണം




*അവലംബം : പട്ടികവർഗ്ഗ വികസന വകുപ്പ്*

**ബോക്സ് 8.2.5** ഗോത്രജീവിക- നൈപുണ്യ വികസനത്തിലെ നാഴികക്കല്ല്

പട്ടികവർഗ്ഗക്കാരുടെ നൈപുണ്യ വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്ത ശ്രദ്ധേയമായ പരിപാടിയാണ് 'ഗോത്രജീവിക'. വിവിധ പട്ടികവർഗ്ഗ സമുദായങ്ങൾക്കിടയിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് തൊഴിൽ വിപണിയിൽ ആവശ്യകതയുള്ള വിവിധ പ്രവർത്തന മേഖലകളിൽ അവർക്ക് നൈപുണ്യ വികസന പരിപാടികൾ നൽകുക എന്നതാണ് ഈ പരിപാടിയിലൂടെ ലക്ഷ്യം വച്ചത്. വൈദഗ്ധ്യം കുറവുള്ളതും അവിദഗ്ദ്ധരുമായ പട്ടികവർഗ്ഗ തൊഴിലാളികളെ വിദഗ്ദ്ധ തൊഴിലാളികളാക്കി മാറ്റുന്ന പ്രക്രിയയാണിത്. പട്ടികവർഗ്ഗമേഖലയിലെ വീടുകൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്ന് ഒരു തൊഴിൽ സേനയെ വികസിപ്പിക്കുക എന്നതാണ് ഈ പരിപാടി ലക്ഷ്യമിട്ടത്. ഈ പരിപാടിയിലൂടെ കൽപ്പണി, പ്ലംബിംഗ്, ഇലക്ട്രിക്കൽ വയറിംഗ്, മരപ്പണി, പെയിന്റിംഗ്, ടൈൽ വർക്ക് തുടങ്ങിയ വിവിധ മേഖലകളിലായി 1,170 പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകുകയും, പരിശീലനം ലഭിച്ച പട്ടികവർഗ്ഗ ഗുണഭോക്താക്കളെ 53 സ്വാശ്രയ ഗ്രൂപ്പുകളാക്കുകയും ചെയ്തു. ഈ ഗ്രൂപ്പുകൾ ഇപ്പോൾ വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. മാത്രമല്ല, പൊതു, സ്വകാര്യ മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ കരാറുകളും ഇവർ ഏറ്റെടുത്ത് തുടങ്ങിയിട്ടുണ്ട്.

'ഗോത്രജീവിക' പരിപാടിയുടെ ഭാഗമായുള്ള സ്വയംസഹായ സംഘങ്ങൾ ഏറ്റെടുത്തിട്ടുള്ള മികച്ച നിർമ്മാണ പ്രവർത്തികളിലൊന്നാണ് എറണാകുളം ജില്ലയിലെ കുട്ടമ്പുഴയിലെ ""പന്തപ്ര ഭവന പദ്ധതി,"" ടി.ആർ.ഡി എമ്മിന് കീഴിൽ പുനരധിവസിപ്പിച്ച 57 പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം ഗോത്രജീവികയിലെ സ്വയം സഹായ സംഘങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. പട്ടികവർഗ്ഗ സ്വയം സഹായ സംഘത്തിന്റെ പങ്കാളിത്തത്തോടെ മാത്രം നടപ്പിലാക്കുന്ന ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ നിർമ്മാണ പ്രവർത്തിയായി ഈ ഭവന പദ്ധതിയെ കണക്കാക്കാം. സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിപ്പെടാത്ത പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനസമൂഹത്തിന്റെ ശാക്തീകരണവും ഉന്നമനവുമാണ് ഈ പരിപാടിയിലൂടെ കാണാനാവുന്നത്.

*അവലംബം: പട്ടികവർഗ്ഗ വികസന വകുപ്പ്*

**ബോക്സ് 8.2.6** അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് (എ.ടി.എ.പി)

അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണം ലക്ഷ്യം വെച്ച് കൊണ്ടുള്ള പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആദ്യ സംരംഭമാണ് അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്. പട്ടികവർഗ്ഗക്കാർക്കിടയിലുള്ള സാമ്പത്തിക പിന്നാക്കാവസ്ഥയ്ക്കുള്ള പ്രധാന കാരണങ്ങളിലൊന്ന് സംരംഭങ്ങളുടെ അഭാവം തന്നെയാണ്. പട്ടികവർഗ്ഗ സ്ത്രീകളിൽ നൈപുണ്യ വികസനത്തിന്റെ അഭാവം പരിഹരിക്കപ്പെടേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തൊട്ടാകെയുള്ള പട്ടികവർഗ്ഗ സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിന് പട്ടികവർഗ്ഗ വികസനവകുപ്പ് മുൻകൈയെടുക്കുകയുണ്ടായി. അട്ടപ്പാടിയിലെ വിവിധ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും 250 പട്ടികവർഗ്ഗ സ്ത്രീകളെ തെരഞ്ഞെടുത്ത് യന്ത്രവൽകൃത അലങ്കാര വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകുകയും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി

ബ്ലോക്കിലെ മിനി സിവിൽസ്റ്റേഷൻ സമുച്ചയത്തിൽ ഒരു ഉല്പാദന യൂണിറ്റ് സ്ഥാപിക്കുകയും, പട്ടികവർഗ്ഗ വികസന വകുപ്പ് ഈ സംരംഭത്തിന് ആവശ്യമായ ഫർണിച്ചറുകൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ നൽകുന്നതിനും സംരംഭത്തിന്റെ വികസനത്തിന് മികച്ച പിന്തുണ നൽകി. പദ്ധതിയുടെ നടത്തിപ്പിനുള്ള സ്ഥലം നൽകുന്നതിനും, പ്രാരംഭ പ്രവർത്തനങ്ങൾക്കും ആവശ്യമായ സഹായവും ജില്ലാ ഭരണകൂടം നൽകുകയുണ്ടായി. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സ്ത്രീകളുടെ നൈപുണ്യ വികസനത്തിനും, ഉപജീവന മാർഗ്ഗത്തിനും, ശാക്തീകരണത്തിനും ഈ പദ്ധതി വളരെയധികം സഹായിച്ചു. 200 സ്ത്രീകളുടെ ജീവനോപാധി ഉറപ്പുവരുത്തുന്നതിനായി അട്ടപ്പാടിയിലെ ഈ വസ്ത്ര വ്യാപാര ഉല്പാദന യൂണിറ്റിന് കഴിഞ്ഞു. നിലവിൽ ഈ യൂണീറ്റാണ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിലെയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും കുട്ടികൾക്കുള്ള യൂണിഫോം തുന്നി നൽകുന്നത്. സ്ത്രീകളിലും കുടുംബത്തിലും സാമ്പത്തിക, സാമൂഹിക, നേതൃത്വപരമായ മാറ്റങ്ങൾക്ക് കാരണമായ ഒരു മാതൃകാ പദ്ധതിയാണിത്. വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിലേയ്ക്ക് കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

*അവലംബം:* പട്ടികവർഗ്ഗ വികസന വകുപ്പ്

ഇത് പ്രകാരം സംസ്ഥാന സർക്കാർ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും തൊഴിൽ ദിനങ്ങൾ 100 ദിവസത്തിൽ നിന്ന് 200 ദിവസങ്ങളായി ഉയർത്തുകയുമുണ്ടായി. തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായും സമയബന്ധിതമായി തൊഴിലുറപ്പ് കൂലി ലഭ്യമാക്കുന്നതിനുമായി സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും കുടുബശ്രീ മുഖേന പട്ടികവർഗ്ഗ തൊഴിലാളികൾക്ക് ആഴ്ചയിൽ ഒരിക്കൽ വേതനം നൽകുന്നതിനുള്ള ഒരു കോർപ്പസ് ഫണ്ട് സംവിധാനവും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അതുവഴി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ കേന്ദ്ര ഗവൺമെന്റ് ലഭ്യമാക്കുന്ന മുറയ്ക്ക് വേതനം മുൻകൂറായി നൽകിയ തുക തിരിച്ചുപിടിക്കുന്നതാണ്. ഈ കോർപ്പസ് ഫണ്ട് സംവിധാനം വയനാട്, അട്ടപ്പാടി, ആറളം എന്നിവിടങ്ങളിലാണ് പ്രധാനമായും നടപ്പിലാക്കിയത് എം.ജി.എൻ.ആർ.ഇ.ജി.എ – കേരള ട്രൈബൽ പ്ലസ് നടപ്പിലാക്കിയതു മുതൽ തൊഴിൽ ലഭിച്ച പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിശദാംശങ്ങൾ **ചിത്രം 8.2.5 –ൽ** നൽകിയിരിക്കുന്നു.

## ഭക്ഷ്യ സുരക്ഷയും പോഷകാഹാര വികസന പരിപാടികളും

പട്ടികവർഗ്ഗക്കാരിലെ പോഷകാഹാരക്കുറവിനും ദാരിദ്ര്യത്തിനും പരിഹാരം കാണുന്നതിന്റെ ഭാഗമായി മൺസൂൺ സമയത്ത്, പ്രത്യേകിച്ചും ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും പട്ടികവർഗ്ഗമേഖലകളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. 2019–20 –ൽ 80,000 ഭക്ഷണ കിറ്റുകളും 1,59,753 ഓണക്കിറ്റുകളും പട്ടികവർഗ്ഗ ക്കാർക്ക് വിതരണം ചെയ്തു. അട്ടപ്പാടി, വയനാട് എന്നിവിടങ്ങളിലെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, കൗമാരക്കാർ, മുതിർന്ന പൗരൻമാർ, കടുത്ത രോഗബാധിതർ എന്നിവരുൾപ്പെടെയുള്ള ദുർബലരുടെ

**ചിത്രം 8.2.5** മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കേരള ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം തൊഴിൽ ലഭിച്ച പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം




*അവലംബം :-* ഗ്രാമീണ വികസന വകുപ്പ്

**ബോക്സ് 8.2.7** മില്ലറ്റ് വില്ലേജ് പദ്ധതി

അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി കൃഷി വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് 'മില്ലറ്റ് വില്ലേജ് പദ്ധതി. പദ്ധതിയുടെ മൊത്തം അടങ്കൽ തുക 7.41 കോടി രൂപയാണ്. 1,900 ഏക്കറുകളിൽ അട്ടപ്പാടിയിലെ 70 ഊരുകളിലായി പദ്ധതി പുരോഗമിച്ചു വരുന്നു. ഈ പദ്ധതിയിലൂടെ പച്ചക്കറികൾ, റാഗി, തിന, ചാമ, ചോളം, മുതിര, തുവര, നിലക്കടല, ഉഴുന്ന്, പയർവർഗ്ഗങ്ങൾ, എണ്ണക്കുരു മുതലായവ കൃഷി ചെയ്യുന്നു. സംസ്ഥാനത്തൊട്ടാകെയുള്ള കെയ്ക്കോ (KAICO) വിപണികളിലൂടെയും മറ്റ് ഇക്കോ ഷോപ്പുകളും വഴിയാണ് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനം നടത്തുന്നത്. വിപണനത്തിന്റെ ഭാഗമായി, 'അട്ടപ്പാടി ഓർഗാനിക്' എന്ന പേരിൽ ഗുണനിലവാരമുള്ള ബ്രാൻഡഡ് ഓർഗാനിക് ഉല്പന്നം വില്പനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷിക്കുന്നതിനും, തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി അട്ടപ്പാടിയിലെ കട്ടേക്കാട് പട്ടികവർഗ്ഗ മേഖലയിൽ 'ബീ ഹൈവ് ഫെൻസിംഗ്' ആരംഭിച്ചിട്ടുണ്ട്. 2019–20–ൽ 400 ഹെക്ടറിലെ വിളപ്പെടുപ്പ് വഴി 1,256 കർഷകർക്ക് പ്രയോജനം ലഭിക്കുകയുണ്ടായി. പട്ടികവർഗ്ഗക്കാർക്ക് തൊഴിലവസരങ്ങളും ഉപജീവനമാർഗ്ഗവും സൃഷ്ടിക്കുന്നതിനു പുറമെ അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യസുരക്ഷയും പോഷകാഹാരവും ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

*അവലംബം:* പട്ടികവർഗ്ഗ വികസന വകുപ്പ്

**ബോക്സ് 8.2.8** 'നമത് വെള്ളാമെ' ന്യൂട്രിഷ്യൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ അഗ്രോ ഇക്കോളജി

കേരളത്തിലെ ഏറ്റവും വലിയ പട്ടികവർഗ്ഗ മേഖലയായ അട്ടപ്പാടിയിൽ, ശിശുമരണ നിരക്കും രോഗാവസ്ഥയും പോലുള്ള കാരണങ്ങളാൽ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതാണ്. ഈ സാഹചര്യത്തിലാണ് പട്ടികജാതി വികസന വകുപ്പും, കേരള ഡവലപ്മെന്റ് ഇന്നൊവേഷൻ ആന്റ് സ്ട്രാറ്റജിക് കൗൺസിലും (കെ.ഡിസ്ക്) 'തണൽ' എന്ന എൻ.ജി.ഒ യുമായി ചേർന്ന് പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി അട്ടപ്പാടിയിൽ 2019–20–ൽ ഒരു പൈലറ്റ്, പദ്ധതിക്ക് തുടക്കമിട്ടത്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി ആരംഭിച്ച 'ന്യൂട്രിഷ്യൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ അഗ്രോ ഇക്കോളജി' എന്ന ഈ പദ്ധതിയെ പ്രാദേശിക ഭാഷയിൽ 'നമത് വെള്ളാമെ' എന്ന് നാമകരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ അട്ടപ്പാടിയിലെ വിവിധ പട്ടികവർഗ്ഗ വിഭാഗങ്ങൾ നടത്തുന്ന പരമ്പരാഗത കാർഷിക രീതികളിലൊന്നായ 'പഞ്ചകൃഷി' പുനരുജ്ജീവിപ്പിക്കുകയുണ്ടായി. സമ്മിശ്രകൃഷിരീതിയാണ് ഇവിടെ പിന്തുടരുന്നത്. ഇതിനെ ഇന്റർ ക്രോപ്പിംഗ് എന്നും അറിയപ്പെടുന്നു. പ്രസ്തുത കൃഷിയിൽ പലതരം മില്ലറ്റുകൾ, ചോളം, എള്ള്, റെഡ്ഗ്രാം, അരി, പച്ചക്കറികൾ, കീര മുതലായവ കൃഷി ചെയ്യുന്നുണ്ട്. പരമ്പരാഗത കൃഷിക്കാർ അവരുടെ തദ്ദേശീയ കാർഷിക രീതികൾ അവലംബിച്ചു. ഇത് കുറഞ്ഞ മുതൽമുടക്കിൽ ഭക്ഷ്യ ഉല്പാദന വർദ്ധനവിനും, ഭക്ഷ്യസുരക്ഷയ്ക്കും, പോഷകസമൃദ്ധിക്കും, സുസ്ഥിരമായ കാർഷിക അഭിവൃദ്ധി ഉണ്ടാക്കുന്നതിനും സഹായിച്ചു.

പങ്കാളിത്ത ഗ്യാരണ്ടി സിസ്റ്റം (പി.ജി.എസ്–ഇന്ത്യ), തൊഴിലുറപ്പ്പദ്ധതി, മൂല്യവർദ്ധന പരിപാടികൾ എന്നിവയിലൂടെ കാർഷികാഭിവൃദ്ധി മെച്ചപ്പെടുത്താൻ സാധിക്കുകയുണ്ടായി. പട്ടികവർഗ്ഗ സമുദായങ്ങൾ പ്രത്യേകിച്ചും ഊരുകൂട്ടങ്ങളും, പട്ടികവർഗ്ഗക്കാരായ ഫീൽഡ് കോ–ഓർഡിനേറ്റർമാരുമാണ് ഈ പദ്ധതിയെ മുന്നോട്ട് നയിക്കുന്ന ഘടകങ്ങൾ. ആദ്യഘട്ടത്തിൽ, അട്ടപ്പാടിയിലെ 19 ഊരുകളിലേക്ക് പദ്ധതി നടപ്പിലാക്കുകയും 617 കർഷകരുടെ ഉടമസ്ഥതയിലുള്ള 897 ഏക്കർ ഭൂമി കൃഷിയ്ക്കായി ഏറ്റെടുക്കുകയും ചെയ്തു. കഴിഞ്ഞ 20 മുതൽ 25 വർഷം വരെ തരിശു ഭൂമിയായി കിടന്ന 71 ശതമാനം ഭൂമിയും (638 ഏക്കർ) കൃഷിയോഗ്യമാക്കി മാറ്റുവാനും സാധിച്ചു. വർഷാവസാനത്തോടെ 17,234 കിലോഗ്രാം മില്ലറ്റ്, ധാന്യങ്ങൾ, പച്ചക്കറികൾ, മറ്റ് ഭക്ഷ്യവിളകൾ എന്നിവ വിളവെടുക്കാൻ കർഷകർക്ക് കഴിഞ്ഞു. മുന്നൂറിലധികം കുടുംബങ്ങൾ 10 മാസത്തിൽ കൂടുതൽ വിളവ് ഉപയോഗിക്കുകയും. പട്ടികവർഗ്ഗക്കാരുടെ തനത് ഭക്ഷണരീതി, സംസ്കാരം, ആചാരങ്ങൾ എന്നിവയ്ക്ക് അനുസൃതമായ നിരവധി അപൂർവ്വ ധാന്യങ്ങളും, വിള ഇനങ്ങളും വീണ്ടും കൃഷി ചെയ്തതിനാൽ ഈ പദ്ധതി പട്ടികവർഗ്ഗക്കാർക്കിടയിൽ വ്യാപകമായി അംഗീകരിക്കപ്പെടുകയും കൃഷിയുമായി ബന്ധപ്പെട്ട പല ആചാരങ്ങളും ഉത്സവങ്ങളും വീണ്ടെടുക്കാനും കഴിഞ്ഞു. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അട്ടപ്പാടിയിലെ 16 ഊരുകളിലേക്ക് കൂടി പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഈ പദ്ധതിയിലൂടെ ആകെ 1,671 ഏക്കറിൽ കൃഷിചെയ്യുകയും അതുവഴി 1,211 കർഷകർക്ക് പ്രയോജനം ലഭിക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

*അവലംബം:* പട്ടികവർഗ്ഗ വികസന വകുപ്പ്

പോഷണത്തിനായി 'കമ്മ്യൂണിറ്റി കിച്ചണുകൾ' നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടും പൂൾഡ് ഫണ്ടും വിനിയോഗിച്ച് വിവിധ ജില്ലകളിൽ നിരവധി കാർഷിക വികസന പദ്ധതികൾ ഏറ്റെടുത്തു. അട്ടപ്പാടിയിലെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 'മില്ലറ്റ് വില്ലേജ്' പദ്ധതിയും 'ന്യൂട്രീഷ്യൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ അഗ്രോ ഇക്കോളജി' എന്ന പദ്ധതിയും അട്ടപ്പാടിയിൽ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ **ബോക്സ് 8.2.7, ബോക്സ് 8.2.8** –ൽ കാണിച്ചിരിക്കുന്നു.

## സാമൂഹിക വികസന പരിപാടികൾ

പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹ ധന സഹായം, അടിയ, പണിയ, പി.വി.റ്റി.ജി ഗ്രൂപ്പുകൾക്കുള്ള പ്രത്യേക പാക്കേജ്, ഗോത്ര വാത്സല്യനിധി, അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് സ്കീം എന്നിവയാണ് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന സുപ്രധാന സാമൂഹിക വികസന പദ്ധതികൾ. ഈ പദ്ധതിയുടെ പ്രധാന ഭൗതിക നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- 275 പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 1.00 ലക്ഷം രൂപ നിരക്കിൽ വിവാഹ ധനസഹായം നൽകി.
- കോഴിക്കോട് ജില്ലയിലെ 'ഓഡംകോഡ്' പട്ടികവർഗ്ഗ മേഖലയിൽ 10 പണിയ കോളനികളെ പുനരധിവസിപ്പിക്കുന്നതിനായി 2.75 ഏക്കർ ഭൂമി അടിയ, പണിയ വിഭാഗങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് വഴി വാങ്ങി നൽകി.
- പെൺകുട്ടികൾക്ക് സാമൂഹിക സാമ്പത്തിക സുരക്ഷയുടെ ഭാഗമായുള്ള ഗോത്ര വാത്സല്യ നിധി (ഗേൾ ചൈൽഡ് എൻഡോവ്മെന്റ് സ്കീം) എന്ന പദ്ധതിയിലൂടെ 500 പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി.

## നിയമ പരിരക്ഷ പരിപാടികൾ

### പൗരാവകാശ സംരക്ഷണവും അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമവും

സമൂഹത്തിലെ പാർശ്വവല്ക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിനും ഭരണഘടനാപരവും നിയമപരവുമായ സംരക്ഷണം നൽകുന്നതിനുമായി, പൗരാവകാശ സംരക്ഷണ നിയമവും പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം, 1989 നിയമവും നടപ്പാക്കിയിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നുണ്ട്. 2018–19–ൽ പട്ടികവർഗ്ഗക്കാർക്കെതിരെ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 125 ആയിരുന്നത് 2019–20–ൽ 84 ആയി കുറഞ്ഞിട്ടുണ്ട്. മിശ്രവിവാഹ ധനസഹായം 2019–20–ൽ 47 ദമ്പതികൾക്ക നൽകി. 2020–21–ൽ (2020 സെപ്റ്റംബർ 30 വരെ) 50 ദമ്പതികൾക്കും മിശ്രവിവാഹ ധനസഹായം നൽകിയിട്ടുണ്ട്.

### പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കായുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായക വിടവ് നികത്തൽ പദ്ധതി)

പട്ടികവർഗ്ഗ ഉപപദ്ധതിയിൽ കണ്ടെത്തിയ വികസന വിടവുകൾ നികത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് വർഷം തോറും ബഡ്ജറ്റിൽ കോർപ്പസ് ഫണ്ട് ആയി തുക വകയിരുത്തുന്നു. കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം, വിവിധ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 2019–20–ൽ വകയിരുത്തിയ 58.00 കോടി രൂപയിൽ നിന്നും 31.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2016–17 മുതൽ 2020–21 വരെ (സെപ്റ്റംബർ 30, 2020 വരെ) കോർപ്പസ് ഫണ്ടിൽ അനുവദിച്ച വിഹിതവും ചെലവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 8.2.27** –ൽ നൽകിയിരിക്കുന്നു.

### പട്ടികവർഗ്ഗ ഉപപദ്ധതിക്കുവേണ്ടിയുള്ള പ്രത്യേക കേന്ദ്രസഹായം (എസ്.സി.എ ടു റ്റി.എസ്.പി)

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന വിദ്യാഭ്യാസം, ആരോഗ്യം, തൊഴില്ലധിഷ്ഠിത വരുമാനദായക പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുക്കുന്നതിനായി സംസ്ഥാന പദ്ധതികൾക്കു പുറമെ കേന്ദ്രസർക്കാരിൽ നിന്നും അധിക വിഹിതമായി ലഭ്യമാകുന്ന ഫണ്ടാണ് പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം 2016–17 മുതൽ 2020–21 വരെ (സെപ്റ്റംബർ 30, 2020 വരെ) പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായത്തിന്റെ വിഹിതവും ചെലവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 8.2.28**–ൽ കൊടുത്തിരിക്കുന്നു.

### കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിങ്ങ് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഫോർ എസ്.സി/എസ്.റ്റി (കിർത്താഡ്സ്)

1970–ൽ സ്ഥാപിതമായ പട്ടികവർഗ്ഗ ഗവേഷണ പരിശീലന സെന്റർ (റ്റി.ആർ.ആന്റ്.റ്റി.സി) പുനർനാമകരണം ചെയ്താണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഫോർ എസ്.സി/എസ്.റ്റി (കിർത്താഡ്സ്) ആയിമാറിയത്. ഈ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗക്കാരെക്കുറിച്ച് പഠനങ്ങളും ഗവേഷണവും നടത്തുന്നു. കേരളത്തിലെ പട്ടിക സമൂഹങ്ങൾക്കിടയിലെ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് നരവംശശാസ്ത്ര ഗവേഷണം സഹായിക്കുന്നു. പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന ആവശ്യങ്ങളും പ്രശ്നങ്ങളും തിരിച്ചറിയാനും അവരുടെ സമഗ്രവികസനത്തിന് ഒരു പരിഹാരം കണ്ടെത്തുന്നതിനും സർക്കാരിന് ശുപാർശകൾ നിർദ്ദേശിക്കാനും ഈ സ്ഥാപനം ശ്രമിക്കുന്നു. സ്ഥാപനത്തിന് ഗവേഷണം, പരിശീലനം, ഡവലപ്മെന്റ് സ്റ്റഡീസ് എന്നിങ്ങനെ മൂന്ന് പ്രധാന വിഭാഗങ്ങളാണുള്ളത്. സ്ഥാപനത്തിന്റെ ഗവേഷണ വിഭാഗം, നരവംശശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും വിവിധ മേഖലകളിൽ നിന്നുള്ള സൈദ്ധാന്തിക വീക്ഷണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട്, സാമുദായിക പഠനങ്ങളുടെ ഗവേഷണത്തിന്റെയും വർഗ്ഗീകരണത്തിന്റെയും

**ബോക്സ് 8.2.9** കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ പട്ടികവർഗ വികസന വകുപ്പ് സ്വീകരിച്ച നടപടികൾ

പട്ടികവർഗ്ഗ കോളനികളിൽ കോവിഡ്–19 പടരുന്നത് തടയുന്നതിനായി ഫീൽഡ് ലെവൽ ഓഫീസർമാരുടെയും ട്രൈബൽ പ്രൊമോട്ടർമാരുടെയും സേവനം ഉപയോഗിച്ച് പട്ടികവർഗ വികസന വകുപ്പ് നിരവധി ഇടപെടലുകൾ നടത്തി. വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ വിശദീകരിച്ചിരിക്കുന്നു.

**ബോധവത്ക്കരണം**

I. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും, നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജരുമായി ചേർന്നുകൊണ്ട് എല്ലാ പ്രോജക്ട് ഓഫീസർമാരും/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർമാരും, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർമാരും, ട്രൈബൽ പ്രൊമോട്ടർമാരും പട്ടികവർഗ കോളനികളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി.

II. ആരോഗ്യ വകുപ്പിന്റെ പ്രധാന നിർദ്ദേശങ്ങളും പബ്ലിസിറ്റി പോസ്റ്ററുകളും എല്ലാ ഫീൽഡ് സ്റ്റാഫുകൾക്കും അവരുടെ സ്മാർട്ട് ഫോണുകളിലൂടെയും ടാബ് ലെറ്റുകളിലൂടെയും നൽകി.

III. സന്ദേശങ്ങൾ കൈമാറുന്നതിന് എല്ലാ ടി.ഇ.ഒ കളും ട്രൈബൽ പ്രൊമോട്ടർമാരും ഉൾപ്പെടുന്ന പ്രത്യേക വാട്ട്സ് അപ്പ് ഗ്രൂപ്പുകൾ സൃഷ്ടിച്ചു.

IV. പണിയർ, മണ്ണാൻ, കാട്ടുനായ്ക്കൻ, അഡിയ, ഊരാളി, കൊറഗ, ഇരുള, മുദുഗ, കുറുമ്പ, മുതുവാൻ എന്നീ പട്ടികവർഗ്ഗ സമുദായക്കാർക്ക് അവരുടെ ഗ്രോത്ര ഭാഷകളിൽ വിവർത്തനം ചെയ്ത ബോധവൽക്കരണ വീഡിയോകൾ അവർക്കിടയിൽ പ്രചരിപ്പിച്ചു.

V. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തി.

VI. പട്ടികവർഗ്ഗ പ്രൊമോട്ടർമാർ അവരുടെ അധികാര പരിധിയിലുള്ള എല്ലാ വീടുകളും സന്ദർശിച്ച് രോഗലക്ഷണങ്ങളുള്ളവ്യക്തികൾ,രോഗപരിശോധനനടത്തിയവർരോഗംബാധിച്ചവ്യക്തികൾ,ക്വാറന്റൈനിലോ ഒറ്റപ്പെട്ടോ കഴിയുന്നവർ എന്നിവരെക്കുറിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകി.

VII. മറ്റ് രോഗങ്ങളുടെ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകി.

പ്രത്യേക ബോധവൽക്കരണ പരിപാടികളും പരിശോധനകളും നടത്തുകയും, അഡിയ, പണിയ, മറ്റു ദുർബലരായ പട്ടികവർഗ വിഭാഗങ്ങൾ എന്നിവർക്ക് ശുചിത്വ സൗകര്യങ്ങൾ നൽകുകയും ചെയ്തു.

*അവലംബം : പട്ടികവർഗ്ഗ വികസന വകുപ്പ്*

ഭാഗമായി വിവിധ സമുദായങ്ങളുടെ, പ്രത്യേകിച്ചും പട്ടിക സമുദായങ്ങളെക്കുറിച്ച്, വംശീയ, സാമൂഹിക, സാംസ്കാരിക പഠനങ്ങൾ നടത്തുന്നു. ഡവലപ്മെന്റ് സ്റ്റഡീസ് വിഭാഗം സംസ്ഥാനത്തെ പട്ടിക സമുദായങ്ങളുടെ വികസനത്തിനായി നടപ്പിലാക്കിയ വിവിധ പരിപാടികളുടെ പഠനങ്ങൾ നടത്തുന്നു. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങളെ ശാക്തീകരിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് പരിശീലന വിഭാഗം ധാരാളം പരിപാടികൾ നടത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു. ഓറിയന്റേഷൻ പരിപാടികൾ, കപ്പാസിറ്റി ബിൽഡിംഗ് പരിപാടികൾ, ശാക്തീകരണ പരിപാടികൾ, വിദ്യാഭ്യാസ പരിപാടികൾ എന്നിവയും ഈ വിഭാഗം നടത്തിവരുന്നു. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങളുടെ പരമ്പരാഗത നൃത്തം, സംഗീതം എന്നിവ ഉൾക്കൊള്ളുന്ന ആദികലാഗ്രാമം പരിപാടിയും ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തു നടത്തുന്നു. കിർത്താഡ്സിന്റെ പദ്ധതി തിരിച്ചുള്ള വിഹിതവും ചെലവും **അനുബന്ധം 8.2.29 –ൽ** നൽകിയിരിക്കുന്നു. 2016–17 മുതൽ 2020–21 വരെ (2020 സെപ്റ്റംബർ 30 വരെ) കേരളത്തിലെ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമെതിരായി കിർത്താഡ്സ് നടത്തിയ നരവംശ കേസുകളുടെ എണ്ണം **അനുബന്ധം 8.2.30** –ൽ നൽകിയിരിക്കുന്നു.

## കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള സംരംഭകരുടെ ആവശ്യങ്ങൾക്കും അഭിലാഷങ്ങൾക്കും യോജിക്കുന്ന തരത്തിലുള്ള ക്ഷേമ പരിപാടികളും വിവിധ വരുമാനദായകമായ പദ്ധതികളും കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളെ (i) ഒറ്റത്തവണ വായ്പാ പദ്ധതി (ii) ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനുമായി (എൻ.എസ്.എഫ്. ഡി.സി.) ചേർന്നു നടപ്പിലാക്കുന്ന പദ്ധതികൾ (iii) ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനുമായി (എൻ.എസ്.ടി.എഫ്.ഡി.സി.)

ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികൾ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. കോർപ്പറേഷന്റെ വരുമാനദായക പ്രവർത്തനങ്ങളാണ് മൾട്ടി പർപ്പസ് യൂണിറ്റ് വായ്പ, ട്രാൻപോർട്ട് സ്കീം, സംരംഭം ആരംഭിക്കാനുള്ള വായ്പ, കുടിയേറ്റക്കാരുടെ പുനരധിവാസത്തിനുള്ള വായ്പ, വിദേശ തൊഴിൽ വായ്പ, മൈക്രോ ക്രെഡിറ്റ് ഫിനാൻസ് വായ്പ, ലഘു വ്യവസായ വായ്പ, വനിതാ ശാക്തീകരണ പദ്ധതി, മഹിളാസമൃദ്ധി യോജന, മൃഗ സംരക്ഷണത്തിനായുള്ള വായ്പ എന്നിവ. 2019–20–ൽ കോർപ്പറേഷൻ 8,992.66 ലക്ഷം രൂപ വിതരണം ചെയ്യുകയും 4,869 പട്ടികജാതിക്കാർക്കും 425 പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2020–21–ൽ 904 പട്ടികജാതി ഗുണഭോക്താക്കൾക്കും 71 പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്കും (സെപ്റ്റംബർ 30, 2020 വരെ) പദ്ധതി പ്രയോജനപ്പെട്ടു. 2019–20–ൽ കോർപ്പറേഷൻ ഏറ്റെടുത്ത പുതിയ പരിപാടികൾ ചുവടെ കൊടുക്കുന്നു.

**എ) സ്റ്റാർട്ട് അപ്പ് സംരഭകർക്ക് വായ്പ**

3.50 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള 18 മുതൽ 55 വയസ്സുവരെയുള്ള പട്ടികജാതി യുവജനങ്ങൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 50 ലക്ഷം രൂപവരെ 6 ശതമാനം പലിശനിരക്കിൽ വായ്പ നൽകുന്നു. അടുത്തിടെ പ്രൊഫഷണൽ കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നുണ്ട്. 2019–20–ൽ ഒരു പട്ടികജാതി സംരഭകനും, 2020–21–ൽ 2 സംരഭകർക്കും ഈ പദ്ധതി വഴി ധനസഹായം ലഭിക്കുകയുണ്ടായി.

**ബി) പ്രവാസികളുടെ പുനരധിവാസത്തിനുള്ള വായ്പ**

നോർക്ക മുഖേന തെരഞ്ഞെടുക്കുന്ന ഗുണഭോക്താകൾക്ക് വരുമാനദായക സംരഭങ്ങൾ ആരംഭിക്കുന്നതിനായി 20 ലക്ഷം രൂപ കേരള സംസ്ഥാന വികസന കോർപ്പറേഷൻ നൽകുന്നു. പദ്ധതി മൂലധനത്തിന്റെ 15 ശതമാനം തുക സബ്സീഡിയായി നോർക്ക നൽകുന്നു. 2019–20–ൽ 6 ഗുണഭോക്താക്കൾക്കായി 22.25 ലക്ഷം രൂപ വായ്പയായി നൽകി.

**സി) സ്ത്രീ ശാക്തീകരണപരിപാടി**

കോർപ്പറേഷൻ, കുടുംബശ്രീയുമായി ചേർന്ന് സ്ത്രീ ശാക്തീകരണ പരിപാടി ഏറ്റെടുത്ത് നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ സംരംഭക ഗ്രൂപ്പുകൾക്ക് വായ്പ നൽകുന്നു. 3 ലക്ഷം രൂപയാണ് വായ്പാതുക. ഇതിൽ ഒരു ലക്ഷം രൂപ സബ്സീഡി. ഈ പരിപാടിയിലൂടെ 448 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുകയുണ്ടായി.

കോർപ്പറേഷന്റെ 2019–20, 2020–21 (സെപ്റ്റംബർ 30, 2020 വരെ) വർഷങ്ങളിലെ ഭൗതികവും, സാമ്പത്തികവുമായ നേട്ടങ്ങളുടെ പദ്ധതി തിരച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.31** –ൽ നൽകിയിരിക്കുന്നു.

## മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

ഇന്ത്യൻ ഭരണഘടനയുടെ 340–ാം അനുഛേദം പ്രകാരവും മണ്ഡൽ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗക്കാരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ 2011 നവംബറിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് രൂപീകരിക്കുകയുണ്ടായി. ഒ.ബി.സി വിഭാഗത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗമാണ് ഒ.ഇ.സി. 2019–20 സാമ്പത്തിക വർഷത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന് 114.20 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചതിൽ 99.68 കോടി രൂപ (87.29 ശതമാനം) ചെലവഴിക്കുകയുണ്ടായി. 2019–20, 2020–21 (2020 സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ പരിപാടികളുടെ പദ്ധതി തിരിച്ചുള്ള വിഹിതം, ചെലവ്, ഭൗതീക നേട്ടം എന്നിവ **അനുബന്ധം 8.2.32** ലും, **അനുബന്ധം 8.2.33** ലും നൽകിയിരിക്കുന്നു.

പിന്നാക്ക വികസന വകുപ്പ് ഏറ്റെടുത്തിരിക്കുന്ന മറ്റു വിദ്യാഭ്യാസ പദ്ധതികളാണ്(i) പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ (ii) തൊഴിൽദായക പദ്ധതികൾ (iii) നൈപുണ്യ പരിശീലനം (iv) പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ബാർബർ ഷോപ്പുകൾ, മൺപാത്ര തൊഴിലാളികൾ, പരമ്പരാഗത കരകൗശല വസ്തുകളുടെ നിർമ്മാണം തുടങ്ങിയവയ്ക്കുള്ള സഹായം.

## വിദ്യാഭ്യാസ പദ്ധതികൾ

ഒ.ബി.സി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് പ്രീ–മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗകാർക്ക് നൽകുന്ന എല്ലാത്തരം വിദ്യാഭ്യാസ സഹായങ്ങളും വരുമാന പരിധിയില്ലാതെ ഒ.ഇ.സി വിദ്യാർത്ഥികൾക്കും ലഭിക്കുവാൻ അർഹതയുണ്ട്. 2019–20 –ൽ ഒ.ബി.സി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് നൽകിയ പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- 91,696 ഒ.ഇ.സി വിദ്യാർഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പും 1,43,557 ഒ.ഇ.സി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും ലഭ്യമാക്കി.
- 2,30,834 ഒ.ബി.സി വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പും 3,59,020 ഒ.ബി.സി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും ലഭ്യമാക്കി.
- 35 വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പും ലഭിച്ചു.

### തൊഴിൽദായക പദ്ധതി

പിന്നാക്ക വിഭാഗങ്ങൾക്ക് വരുമാനദായക തൊഴിൽ ദായക പദ്ധതികളായ 'തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന പരിപാടി', 'പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ ഓട്ടോമൊബൈൽ വ്യവസായത്തിലെ തൊഴിലുകൾ ലഭ്യമാക്കൽ' തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നു. 'തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന പരിപാടിയിലൂടെ' സിവിൽ സർവ്വീസ് പരീക്ഷ, യു.ജി.സി/നെറ്റ്/ജെ.ആർ.എഫ്./ഗേറ്റ്/മാറ്റ്, പ്രശസ്ത സ്ഥാപനങ്ങളിലെ മറ്റ് മത്സരപരീക്ഷകൾ തുടങ്ങിയവയിൽ പരിശീലനം നേടുന്നതിനും, സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നു. 2019-20 -ൽ 2,573 ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചു. 'പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ ഓട്ടോമൊബൈൽ വ്യവസായത്തിലെ തൊഴിലുകൾ ലഭ്യമാക്കൽ' എന്ന പദ്ധതിയിലൂടെ മോട്ടോർ വാഹനം, വൻകിടവ്യവസായം, ഹോട്ടൽ മാനേജ്മെന്റ്, പൊളിമർ ടെക്നോളജി തുടങ്ങിയ മേഖലകളിൽ തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നു. 2019-20 -ൽ ഈ പദ്ധതിയിലൂടെ 197 വിദഗ്ദ്ധ തൊഴിലാളികൾക്കും ടെക്നീഷ്യൻമാർക്കും പ്രയോജനം ലഭിച്ചു.

മറ്റു പിന്നാക്ക വിഭാഗക്കാർക്കിടയിലെ പരമ്പരാഗത തൊഴിലുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി മൺപാത്ര തൊഴിലാളികൾ, ബാർബർ ഷോപ്പ് തൊഴിലാളികൾ, കരകൗശല വിദഗ്ധർ എന്നിവർക്ക് ധനസഹായം നൽകി. 2019-20-ൽ 134 മൺപാത്ര തൊഴിലാളികൾക്ക് 50,000 രൂപ നിരക്കിൽ സഹായം നൽകി. വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ വരെയുള്ള ബാർബർ ഷോപ്പുകളുടെ നവീകരണത്തിനായി 25,000 രൂപ നിരക്കിൽ ധനസഹായം നൽകി. 2019-20 -ൽ 421 പരമ്പരാഗത ബാർബർമാർക്ക് ധനസഹായം നൽകി സഹായിച്ചു. 'മറ്റ് പിന്നാക്ക സമുദായത്തിലെ പരമ്പരാഗത കരകൗശല വിദഗ്ധർക്ക് നൈപുണ്യ വികസന പരിശീലനവും പണി ആയുധങ്ങൾക്ക് ഗ്രാന്റും' എന്ന പദ്ധതി പ്രകാരം 2,009 പേർക്ക് നൈപുണ്യ വികസന പരിശീലനവും ടൂൾകിറ്റുകൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായവും ലഭിച്ചു.

### കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി)

സംസ്ഥാന തലത്തിൽ കെ.എസ്.ബി.സി.ഡി.സി. യാണ് വിവിധ ദേശീയ ധനകാര്യ ഏജൻസികളുടെ ഏകോപന ചാനലായി പ്രവർത്തിക്കുന്നത്. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള പിന്നാക്ക വിഭാഗക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ കോർപ്പറേഷൻ ധനസഹായം നൽകി വരുന്നുണ്ട്. വിവാഹ ധനസഹായ പദ്ധതി, വിദ്യാശ്രീ വായ്പ, വിദേശത്ത് തൊഴിലിനായുള്ള വായ്പ, സുവർണ്ണശ്രീ വായ്പ എന്നീ ക്ഷേമ പദ്ധതികൾ കോർപ്പറേഷൻ തനതുഫണ്ടും സംസ്ഥാന സർക്കാർ സഹായവും വിനിയോഗിച്ച് നടപ്പിലാക്കിവരുന്നു. 2019-20 -ൽ 504.11 കോടി രൂപയുടെ വായ്പ കോർപ്പറേഷൻ വിതരണം ചെയ്യുകയും അതുവഴി 44,653 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു, അതിൽ 35,619 സ്ത്രീകൾ ഉൾപ്പെടുന്നു. (79.77 ശതമാനം). സെപ്റ്റംബർ 30, 2020 ലെ കണക്കനുസരിച്ച് 221.38 കോടി രൂപ വിതരണം ചെയ്യുകയും അതുവഴി 28,043 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. 2019-20, 2020-21 (സെപ്റ്റംബർ 30, 2020 വരെ) വർഷങ്ങളിൽ കോർപ്പറേഷന്റെ ഇനം തിരിച്ചുള്ള ചിലവുകളും ഭൗതിക നേട്ടങ്ങളും **അനുബന്ധം 8.2.34** -ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

ഇൻഡ്യൻ കമ്പനീസ് ആക്റ്റ് 1956 അനുസരിച്ച്, 1980-ലാണ് കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ രൂപീകരിച്ചത്. പട്ടികജാതി വിഭാഗങ്ങളിൽ നിന്നും മറ്റു ശുപാർശിത വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യൻ വിഭാഗത്തിലേയ്ക്ക് പരിവർത്തിതപ്പെട്ടവരുടെ സാമൂഹികവും, വിദ്യാഭ്യാസപരവും, സാംസ്കാരികവും, സാമ്പത്തികവുമായ ഉന്നമനവും അവരുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക എന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. സംസ്ഥാന സർക്കാരിൽ നിന്നും വാർഷികാടിസ്ഥാനത്തിൽ ലഭിക്കുന്ന ഓഹരി മൂലധന സഹായവും ഗ്രാന്റുകളും എൻ.ബി.സി.എഫ്.ഡി.സി യിൽ നിന്നും ലഭിക്കുന്ന വായ്പാ സഹായവുമാണ് കോർപ്പറേഷന്റെ പ്രധാന ധനസ്രോതസ്സുകൾ. കൃഷിഭൂമി വാങ്ങൽ, സ്വയം തൊഴിൽ, പാർപ്പിടം, വിദ്യാർത്ഥികൾക്ക് ധനസഹായം, വിവാഹ വായ്പ, കൃഷിയും അനുബന്ധ മേഖലയിലുമുള്ള സഹായം, ചെറുകിട കച്ചവടം, വിദ്യാഭ്യാസ വായ്പ തുടങ്ങിയവയാണ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ. 2016-17 മുതൽ 2020-21 വരെ (2020 സെപ്റ്റംബർ 30 വരെ) സംസ്ഥാന സർക്കാർ സഹായത്തോടെയുള്ള വായ്പാ പദ്ധതികൾ വർഷം തോറും വിതരണം ചെയ്യുന്ന വിശദാംശങ്ങൾ **അനുബന്ധം 8.2.35**-ൽ നൽകുന്നു. കോർപ്പറേഷന്റെ ഭൗതികവും, സാമ്പത്തികവുമായ നേട്ടങ്ങളുടെ ഇനം തിരച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.36** -ൽ നൽകിയിരിക്കുന്നു.

### ന്യൂനപക്ഷ ക്ഷേമം

2011ലെ കാനേഷുമാരി പ്രകാരം സംസ്ഥാനത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ജനസംഖ്യാ ശതമാനം 44.99 ആണ്. 1992 ലെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിയമപ്രകാരം മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാർസി

എന്നീ മതവിഭാഗക്കാരോടൊപ്പം 2014 മുതൽ ജൈന മത വിഭാഗക്കാരെക്കൂടി ന്യൂനപക്ഷ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ ധനസഹായം, കുടിവെള്ള വിതരണ പദ്ധതി, വിവാഹബന്ധം വേർപെടുത്തിയ/വിധവകളായ/ഭർത്താവ് ഉപേക്ഷിച്ച/ ന്യൂനപക്ഷ വിഭാഗത്തിലെ സ്ത്രീകൾക്കുള്ള ഭവന പദ്ധതി, വിവാഹ പൂർവ്വ കൗൺസിലിംഗ്, മൈനോറിറ്റി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ.

2019–20–ൽ സംസ്ഥാന സർക്കാർ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി മൊത്തം 48.75 കോടി രൂപ അനുവദിച്ചു. അതിൽ 20.64 കോടി രൂപ (42.35 ശതമാനം) ചെലവഴിച്ചു. 2019–20, 2020–21 (സെപ്റ്റംബർ 30, 2020 വരെ) വർഷങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിഹിതം, ചെലവ് , ഭൗതിക–സാമ്പത്തിക നേട്ടങ്ങൾ എന്നിവ **അനുബന്ധം 8.2.37** ലും **അനുബന്ധം 8.2.38** ലും ചേർത്തിരിക്കുന്നു.

### കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ

സിഖ്, ജൈന തുടങ്ങിയ ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ മാർച്ച് 22, 2013 ന് കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ രൂപീകരിക്കുകയുണ്ടായി. സ്വയം തൊഴിൽ വായ്പ, ബിസിനസ് വികസന വായ്പ, വിദ്യാഭ്യാസ വായ്പ, വിസ വായ്പ, പ്രവാസി വായ്പ, ജീവനക്കാർക്കുള്ള വിവിധോദ്ദേശ്യ വായ്പ, മദ്രസ്സ/പൊതുവിഭാഗ/ അദ്ധ്യാപകർക്കും ഭവന വായ്പ മുതലായവയാണ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ. 2019–20–ൽ ഓഹരി മൂലധനമായി സംസ്ഥാന സർക്കാരിൽ നിന്നും കോർപ്പറേഷന് 15.00 കോടി രൂപ ലഭിച്ചു. കോർപ്പറേഷന്റെ സാമ്പത്തിക, ഭൗതിക നേട്ടങ്ങൾ **അനുബന്ധം 8.2.39** –ൽ നൽകിയിരിക്കുന്നു.

### മുന്നോക്ക സമുദായങ്ങളുടെ ക്ഷേമം (സമുന്നതി)

സംസ്ഥാന സർക്കാർ നവംബർ 8, 2012–ന് മുന്നോക്ക സമുദായ കോർപ്പറേഷൻ രൂപീകരിച്ചു. 2011 ലെ കാനേഷുമാരി പ്രകാരം 168 സമുദായങ്ങൾ മുന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്നുണ്ട്. അതിൽ 19 സമുദായങ്ങൾ ക്രിസ്ത്യൻ മതവിഭാഗത്തിൽപ്പെട്ടവരാണ്.

കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പരിപാടികളിൽ സ്കോളർഷിപ്പ്, പരിശീലനത്തിനുള്ള സഹായം, തവണ വായ്പ സഹായം, നൈപുണ്യ സംരംഭകത്വ വികസനം, ശിഥിലമായ അഗ്രഹാരങ്ങളുടെയും വീടുകളുടെയും പുനരുദ്ധാരണം, മംഗല്ല്യ സമുന്നതി എന്നിവയാണ്. 2019–20–ൽ വിവിധ പരിപാടികൾക്കായി 42.00 കോടി രൂപ കോർപ്പറേഷന് അനുവദിച്ചു. ഇതിൽ 31.80 കോടി രൂപ ചെലവഴിച്ചു. 2019–20, 2020–21 (2020 സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ കേർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികളുടെ ഭൗതിക, സാമ്പത്തിക നേട്ടങ്ങൾ **അനുബന്ധം 8.2.40** –ൽ നൽകിയിരിക്കുന്നു.

## 8.3 സാമൂഹ്യ സുരക്ഷാ നടപടികൾ

സാമൂഹ്യ സുരക്ഷിതത്വത്തിന്റെ അടിസ്ഥാന ആശയം വിഭാവനം ചെയ്യുന്നത് ദാരിദ്ര്യത്തെയും ദാരിദ്ര്യത്തിന്റെ കഷ്ടതകളെയും പ്രതിരോധിക്കുന്നതിനായി സാമൂഹിക മാർഗ്ഗങ്ങൾ വിനിയോഗിക്കുകയെന്നതാണ്. ജീവിത ചക്രത്തിലെ ആദ്യം മുതൽ അന്ത്യം വരെയുള്ള ജീവിതത്തിൽ യാദൃശ്ചികമായുണ്ടാകുന്ന സംഭവങ്ങളെ തരണം ചെയ്യാനായി എല്ലാ പൗരന്മാർക്കും ഒരു നിശ്ചിത നിലവാരത്തിലുള്ള ഭൗതികമായ സുരക്ഷിതത്വം ഉറപ്പ് വരുത്തുകയെന്നത് സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമാണ്. കുടുംബ വരുമാനം വർദ്ധിപ്പിച്ചും, മാനവിക വികസനവും പ്രത്യുത്പാദന ക്ഷമതയും പരിപോഷിപ്പിച്ചും ആഭ്യന്തര ആവശ്യകത വർദ്ധിപ്പിച്ചും സാമ്പത്തികസ്ഥിതിയിൽ ഘടനാപരമായ പരിവർത്തനം നടത്തുകയും തൊഴിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതുവഴി ജീവിത ചക്രത്തിലെ ദാരിദ്ര്യവും ദുരിതങ്ങളും കുറയ്ക്കുവാനും സുസ്ഥിരമായതും അംഗീകാരമുള്ളതുമായ വളർച്ചയ്ക്ക് പിന്തുണ നൽകുവാനുമുള്ള ദേശീയ വികസന തന്ത്രങ്ങളുടെ മർമ്മ പ്രധാനമായ ഘടകങ്ങളാണ് സാമൂഹ്യ സുരക്ഷിതത്വത്തിന്റെ നയങ്ങൾ. ഐ എൽ ഓ റിപ്പോർട്ട് 2017–19 പ്രകാരം ആവശ്യമെങ്കിൽ എല്ലാ ജനങ്ങൾക്കും ജനനം മുതൽ പ്രായാധിക്യം വരെ സാമൂഹ്യ സുരക്ഷ രാജ്യങ്ങൾ നൽകേണ്ടതാണ്. ഇതോടൊപ്പം ഉയർന്ന രീതിയിൽ സംരക്ഷണം നൽകുന്നതിനായി പങ്കാളിത്ത സാമൂഹ്യ ഇൻഷ്വറൻസ് പദ്ധതികളും ആവിഷ്കരിക്കേണ്ടതാണ്.

വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹ്യ വികസന പരിപാടികളും ആവശ്യമായ പുനരധിവാസവും നൽകി നിർദ്ദിഷ്ട വിഭാഗങ്ങൾക്ക് പിന്തുണ നൽകുകയും ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് സാമൂഹ്യ സുരക്ഷാ നടപടികളുടെ ഉദ്ദേശം. എല്ലാവരുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതിനായി അവരുടെ ജീവിതത്തെ അറിഞ്ഞു സഹായിക്കുക എന്നതാണ് സദ്ഭരണത്തിന്റെയും വികസനത്തിന്റെയും അടിസ്ഥാന തത്വം. പിന്നാക്കാവസ്ഥയിലുള്ള ജനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള ഇടപെടലുകൾ ആവശ്യമാണ്. ലോകമെമ്പാടും വരുമാനം / ആസ്തി അസമത്വം വർദ്ധിക്കുന്നതിന്റെ തെളിവുകൾക്കൊപ്പം, ചരക്കുകളുടെയും സേവനങ്ങളുടെയും പൊതുവിതരണത്തിന്റെ ആവശ്യകത നിർണായക പ്രാധാന്യമർഹിക്കുന്നു. ലോകത്താകമാനമുള്ള വരുമാനം/ആസ്തി അസമത്വം വർദ്ധിക്കുന്നതിന്റെ തെളിവുകൾ ലഭിക്കുന്നത് കൊണ്ട് അടിസ്ഥാന സാധനങ്ങളുടെയും സേവനങ്ങളുടെയും പൊതു വിതരണത്തിന്റെ ആവശ്യകത നിർണ്ണായക പ്രാധാന്യം അർഹിക്കുന്നു. സുസ്ഥിര വികസന പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിനായി സർക്കാർ പദ്ധതികളിലെ ഇരട്ടിക്കലും ഒരു പ്രവൃത്തി പൂർത്തിയാക്കും മുൻപ് തുടർന്നുള്ള പ്രവൃത്തി ആരംഭിക്കുന്നതു ഒഴിവാക്കേണ്ടതും സമഗ്രമായ ഉൾപ്പെടുത്തൽ ഉറപ്പാക്കേണ്ടതും വിടവുകളുണ്ടെങ്കിൽ ആവശ്യമായ പുതിയ ഇടപെടലുകൾ കണ്ടെത്തേണ്ടതുമാണ്.

അംഗപരിമിതർ, മുതിർന്നവർ, ക്ലേശകരമായ ജീവിതം നയിക്കുന്ന സ്ത്രീകൾ കുട്ടികൾ എന്നിവർക്ക് സാമൂഹ്യ സുരക്ഷാ നടപടികൾ കൈക്കൊള്ളുന്ന കാര്യത്തിൽ കേരളം കൈവരിച്ച നേട്ടങ്ങൾ അനവധിയാണ്. കേരളത്തിൽ സാമൂഹ്യനീതി വകുപ്പും വനിതാ ശിശു വികസന വകുപ്പും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് ഏജൻസികളുമാണ് സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. സാമൂഹ്യസുരക്ഷാ പരിപാടികൾക്കായി നിലകൊള്ളുന്ന വകുപ്പുകളും ഏജൻസികളും അവരുടെ പ്രധാന പ്രവർത്തനങ്ങളും **അനുബന്ധം 8.3.1**–ൽ കൊടുത്തിരിക്കുന്നു.

### കേരളത്തിലെ സാമൂഹ്യ സുരക്ഷാ പരിപാടികളുടെ തരം തിരിവ്

കേരളത്തിലെ സാമൂഹ്യ സുരക്ഷാ പരിപാടികളെ രണ്ട് വിഭാഗമായി തരം തിരിക്കാവുന്നതാണ്.
എ. സ്ഥാപനങ്ങളിലൂടെ നൽകുന്ന സംരക്ഷണം
ബി. സാമൂഹ്യ സഹായ പരിപാടികൾ
എ. സ്ഥാപനങ്ങളിലൂടെ നൽകുന്ന സംരക്ഷണം

സംസ്ഥാനത്ത് സർക്കാരും സർക്കാരിതര സംഘടനകളും മറ്റു സന്നദ്ധ സംഘടനകളും ചേർന്ന് സമൂഹത്തിൽ ദുർബലരായവർക്ക് സ്ഥാപനങ്ങളിലൂടെ പരിചരണവും സംരക്ഷണവും നൽകുന്നു. സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി സാമൂഹ്യ നീതി വകുപ്പ് ആണ്. സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണവും ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അർത്ഥവത്തായ പ്രാധാന്യം നൽകുന്നതിനായി 2017–18 –ൽ സാമൂഹ്യനീതിവകുപ്പ് വിഭജിച്ച് വനിതശിശു വികസന വകുപ്പ് രൂപീകരിച്ചു. സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള നോഡൽ ഏജൻസി വനിതാശിശു വികസനവകുപ്പാണ്. സാമൂഹ്യ നീതി വകുപ്പിന് കീഴിൽ 29 ക്ഷേമ സ്ഥാപനങ്ങളും 2 തൊഴിൽ പരിശീലന കേന്ദ്രങ്ങളും ഉണ്ട്. അംഗപരിമിതരുടെയും മുതിർന്നവരുടെയും പരിചരണം സംരക്ഷണം, പുനരധിവാസം എന്നിവ ഈ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടുന്നു. ഇതിൽ 16 സ്ഥാപനങ്ങൾ മുതിർന്നവർക്കായുള്ളതും 15 സ്ഥാപനങ്ങൾ ഭിന്നശേഷിക്കാർക്കുള്ളതുമാണ്. വനിതാശിശുവികസന വകുപ്പിൻ കീഴിൽ വനിതകളുടെയും ശിശുക്കളുടെയും സംരക്ഷണത്തിനും പുനരധിവാസത്തിനുമായി 44 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ 28 സ്ഥാപനങ്ങൾ കുട്ടികൾക്കുള്ളതും 16 സ്ഥാപനങ്ങൾ സ്ത്രീകൾക്കുള്ളതുമാണ്.

സാമൂഹ്യ നീതി വകുപ്പും വനിതാശിശു വികസന വകുപ്പും സ്ഥാപനങ്ങളിലൂടെയുള്ള സേവനം മുഖേന 2000–ൽ അധികം പേർക്കും സർക്കാരിതര സംഘടനകൾ മുഖേന 55000–ലധികം പേർക്കും പുനരധിവാസം നൽകിയിട്ടുണ്ട്. ഈ കാലയളവിൽ വകുപ്പുകളുടെ കീഴിലുള്ള ചില ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണം അനുവദനീയമായ അംഗങ്ങളേക്കാൾ കുറവാണെന്ന് കാണാം. രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ 2019–20 ലെ അനുവദനീയമായ അംഗസംഖ്യ 91,042 ആണെന്നിരിക്കെ അന്തേവാസികളുടെ എണ്ണം 53,111 ആയിരുന്നു. ഇത് മൊത്തം അനുവദനീയമായ സംഖ്യയുടെ 58 ശതമാനം വരും. വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ, ആശാഭവൻ, ഭിന്നശേഷിക്കാർക്കായുള്ള ഹോമുകൾ, പ്രതീക്ഷാഭവൻ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ അന്തേവാസികളുടെ എണ്ണം അനുവദനീയമായ അംഗസംഖ്യയേക്കാൾ കൂടുതലാണ്. വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിർഭയ ഷെൽട്ടർ ഹോമുകളിൽ (വനിതശിശു ഭവനങ്ങൾ) അന്തേവാസികളുടെ എണ്ണം അനുവദനീയമായ അംഗസംഖ്യയേക്കാൾ കൂടുതലും അനാഥർക്കുള്ള സ്ഥാപനങ്ങളിൽ കുറവും ആയിരുന്നു. എന്നിരുന്നാലും ബുദ്ധിപരമായ വെല്ലുവിളികൾ (ഓട്ടിസം, സെറിബ്രൽ പാൾസി, മൾട്ടിപ്പിൾ ഡിസബലിറ്റീസ്, ബുദ്ധിമാന്ദ്യം) നേരിടുന്ന കുട്ടികൾക്കായി കോഴിക്കോട്ടുള്ള ഒരു സ്ഥാപനമൊഴിച്ചാൽ മതിയായ പരിചരണ സ്ഥാപനങ്ങളോ/അസിസ്റ്റഡ് ലിവിംഗ് ഹോമുകളോ സംസ്ഥാനത്ത് ഇല്ല. മുൻപുള്ളതിന് ഉപരിയായി പുതിയ സ്ഥാപനങ്ങൾ തുടങ്ങാൻ ഒരു സംയോജിത സമീപനത്തിലൂന്നിയ നയ രൂപീകരണവും സൂക്ഷ്മമായ ആസൂത്രണവും ആവശ്യമാണെന്ന് ഈ കാര്യങ്ങൾ വ്യക്തമാക്കുന്നു. സാമൂഹ്യ നീതി വകുപ്പിന്റെയും വനിതാശിശു വകുപ്പിന്റെയും കീഴിലുള്ള പ്രധാന ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 8.3.2**–ലും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേത് **അനുബന്ധം 8.3.3**–ലും ചേർത്തിട്ടുണ്ട്.

## ബി. സാമൂഹ്യ സഹായ പരിപാടികൾ

സമൂഹത്തിൽ ഉപജീവനത്തിന് വഴിയില്ലാത്ത പാവപ്പെട്ടവരുടെ ഇടയിൽനിന്ന് ദാരിദ്ര്യവും മറ്റ് പിന്നാക്കാവസ്ഥയും തുടച്ച് നീക്കാൻ ലക്ഷ്യമിട്ട പരിപാടികളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. വിവിധ സാമൂഹ്യ സഹായ പരിപാടികൾ ചുവടെ ചേർക്കുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച വിശദാംശങ്ങൾ 6–ാം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ

വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സിന് മേലെ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവയാണ് പ്രധാനപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ. വാർദ്ധക്യ കാല പെൻഷൻ, വികലാംഗപെൻഷൻ, വിധവാ പെൻഷൻ എന്നീ പെൻഷൻകാർക്ക് കേന്ദ്ര വിഹിതമായി ഒരു നിശ്ചിത തുക ലഭിക്കുന്നുണ്ട്. എങ്കിലും കൂടുതൽ തുക സംസ്ഥാന സർക്കാരാണ് നൽകുന്നത്. 2015, ഏപ്രിൽ മാസം മുതൽ പുതുതായി ആരംഭിച്ച ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി. ബി.ടി) വഴിയാണ് പെൻഷൻ വിതരണ നടപടികൾ നടപ്പാക്കിവരുന്നത്. 2020 ഒക്ടോബർ വരെ സംസ്ഥാനത്ത് 49.14 ലക്ഷം പെൻഷൻകാർ നിലവിലുണ്ട്. വാർദ്ധക്യകാല പെൻഷൻ വിഭാഗത്തിലും (52.89 ശതമാനം) തുടർന്ന് വിധവാ പെൻഷനിലുമാണ് (27.85 ശതമാനം) ഏറ്റവും കൂടുതൽ പെൻഷൻകാർ ഉള്ളത് (**ചിത്രം 8.3.1**).

പെൻഷൻ പദ്ധതികളിൽ ഏറ്റവും കൂടുതൽ ഗുണഭോക്താക്കൾ തിരുവനന്തപുരം ജില്ലയിലും കുറഞ്ഞത് വയനാട് ജില്ലയിലുമാണ്. ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 8.3.4** –ൽ ചേർത്തിരിക്കുന്നു.

**ചിത്രം 8.3.1** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പെൻഷൻ പദ്ധതികളുടെ ഗുണഭോക്താക്കൾ 2019–20




*അവലംബം : ഇൻഫർമേഷൻ കേരള മിഷൻ , സേവന പെൻഷൻ*

## അംഗപരിമിതരുടെ ക്ഷേമം

വൈകല്യമുള്ള വ്യക്തികളിൽ ദീർഘകാല ശാരീരിക, മാനസിക, ബൗദ്ധിക അല്ലെങ്കിൽ സെൻസറി വൈകല്യങ്ങളുള്ളവർ ഉൾപ്പെടുന്നു. ഇത് മറ്റുള്ളവരെപ്പോലെ സമൂഹത്തിൽ പൂർണ്ണവും ഫലപ്രദവുമായ പങ്കാളികളാ കുന്നതിന് വിവിധ തടസ്സങ്ങളാകുന്ന വൈകല്യം ഒരു ആരോഗ്യ പ്രശ്നം മാത്രമല്ല; ഒരു വ്യക്തിയുടെ ആരോഗ്യസ്ഥിതിയോ അല്ലെങ്കിൽ വൈകല്യമോ അവരുടെ പരിതസ്ഥിതി സ്വാധീനിക്കുന്ന അനവധി ഘടകങ്ങളുമായുള്ള സമ്പർക്കത്തിൽ നിന്ന് ഉണ്ടാകുന്നഒരു സങ്കീർണ്ണ പ്രതിഭാസമാണ് എന്ന് മനസ്സിലാക്കേണ്ടതാണ്. അപ്രാപ്യമായ ഭൗതിക ചുറ്റുപാടുകൾ ഗതാഗത സൌകര്യങ്ങൾ, സഹായകരമായ ഉപകരണങ്ങളുടെയും സാങ്കേതികവിദ്യകളുടെയും ദൗർലഭ്യം, സേവനങ്ങളിലെ ന്യൂനതകൾ, സമൂഹത്തിലെ വിവേചനപരമായ മുൻവിധികൾ, ധാരണകൾ എന്നിവ വൈകല്യമുള്ളവരെ പൂർണ്ണമായും സാമൂഹികവും സാമ്പത്തികവുമായ ഉൾപ്പെടുത്തലിനുള്ള തടസ്സങ്ങളായി നിൽക്കുന്നു. വിദ്യാഭ്യാസത്തിന്റെ കുറവ്, മോശമായ ആരോഗ്യ അവസ്ഥ , കുറഞ്ഞ തൊഴിൽ, ഉയർന്ന ദാരിദ്ര്യ നിരക്ക് എന്നിവ പോലുള്ള പ്രതികൂല സാമൂഹിക സാമ്പത്തിക ഫലങ്ങൾ ഭിന്നശേഷിക്കാർ അനുഭവിക്കേണ്ടതായി വരുന്നുണ്ട്. വൈകല്യമുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ മറികടക്കാൻ പാരിസ്ഥിതികവും സാമൂഹികവുമായ തടസ്സങ്ങൾ നീക്കുന്നതിന് ഇടപെടലുകൾ ആവശ്യമാണ്. ലഭിക്കാവുന്നതിൽ ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യവും ക്ഷേമവും ലഭിച്ചാൽ മാത്രമേ ഭിന്നശേഷിക്കാർക്ക് പൂർണ്ണവും ഉൽപാദനപരവുമായ ജീവിതം നയിക്കുന്നതിന് സാധിക്കൂ. എന്തെന്നാൽ ഒരാളുടെ ആരോഗ്യവും ക്ഷേമവും ജോലിയിലും വിദ്യാഭ്യാസത്തിലും സമൂഹത്തിലും പൂർണ്ണമായി പങ്കാളി കളാകാനുള്ള കഴിവിനെ ബാധിക്കുന്നു. തുല്യ അവസരങ്ങളും ഫലപ്രദമായതും പ്രാപ്യമായതുമായ പുനരധിവാസ നടപടികളും ഉണ്ടെങ്കിൽ ഭൂരിപക്ഷം ഭിന്നശേഷിക്കാർക്കും മെച്ചപ്പെട്ട ജീവിത നിലവാരം നയിക്കാൻ കഴിയും. ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്നതുപോലെ ഭിന്നശേഷിക്കാരെ ഇനിയും വെറുതെയുള്ള ഒരു ക്ഷേമ പ്രിസത്തിൽക്കൂടി നോക്കിക്കാണാതെ ഈ പരിപാടികളെ അവകാശാടിസ്ഥാനത്തിലും വികസനോന്മുഖമായും തിരിച്ചറിയേണ്ടതുണ്ട്. നിഷ്ക്രിയരായ ഗുണഭോക്താക്കൾ എന്നതിലുപരി വികസനരംഗത്ത് തുല്യപങ്ക് വഹിക്കുന്നവരും വേണ്ട സംഭാവന ചെയ്യുന്നവരുമായി അംഗപരിമിതരെ പരിഗണിക്കേണ്ടിയിരിക്കുന്നു. സംസ്ഥാന പരിഗണനയിലുള്ള അംഗപരിമിതരുടെ അവകാശാടിസ്ഥാനത്തിലുള്ള സമഗ്രമായ ജീവിതചക്രസമീപനത്തിന് പതിമൂന്നാം പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. പ്രതിരോധനടപടികൾ, പ്രാരംഭ നിർണ്ണയം, ഡി.ഇ.ഐ.സി മുഖേനയും മറ്റുആരോഗ്യ, സാമൂഹ്യ സ്ഥാപനങ്ങൾ മുഖേനയും പ്രാരംഭ ഇടപെടൽ, സ്പെഷ്യൽ അംഗൻവാടികൾ മുഖേനയുള്ള വിദ്യാഭ്യാസ പിന്തുണ, ബഡ്സ് സ്കൂളുകൾ, മാതൃകാശിശുപുനരധിവാസ കേന്ദ്രങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സാമൂഹ്യാധിഷ്ഠിത പുനരധിവാസം, അസിസ്റ്റഡ് ലിവിംഗ് പ്രോജക്ടുകൾ എന്നിവയും ഇതിലുൾപ്പെടുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കൂൾ പ്രവേശനം നല്കുന്നതിനോടൊപ്പം തന്നെ അവരെ ഉൾക്കൊള്ളിക്കുന്നതിനുള്ള സംവിധാനം കൂടെ തയ്യാറാക്കേണ്ടതാണ്. ഇത്തരം വിദ്യാർത്ഥികളുടെ

ആവശ്യങ്ങൾ സംബന്ധിച്ച് അദ്ധ്യാപകർക്ക് അവബോധം നൽകേണ്ടതുമാണ്. ആശുപത്രികളിൽ നിലവിൽ നഴ്സിംഗ് പരിശീലനം നൽകുന്നതുപോലെ സ്പെഷ്യൽ എഡ്യൂക്കേഷൻ പരിശീലന പരിപാടി കൂടുതൽ പ്രയോഗികമാക്കേണ്ടതാണ്. പെരുമാറ്റ വൈകല്യമുള്ളവർ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. വ്യക്തി സംരക്ഷണ പദ്ധതി രൂപീകരണവും തുടർനടപടികളും മറ്റൊരു വലിയ സംരംഭമാണ്. ഇതിന് സേവനങ്ങളുടെയും, വിഭവങ്ങളുടെയും, സ്ഥാപനങ്ങളുടെയും ഒരു സംയോജനം ആവശ്യമാണ്.

കേരളത്തിൽ കേരള സാമൂഹ്യ സുരക്ഷാമിഷന്റെ നേതൃത്വത്തിൽ 2015–ൽ ഒരു അംഗപരിമിത സർവേ നടത്തുകയുണ്ടായി. 22 തരത്തിലുള്ള വൈകല്യം അടിസ്ഥാനമാക്കി നടത്തിയ ഈ സർവേ ഇന്ത്യയിലെ തന്നെ ആദ്യത്തേതാണ്. ഇതനുസരിച്ച് കേരളത്തിൽ 7.94 ലക്ഷം പേർ അംഗപരിമിതരാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയിൽ 2.32 ശതമാനം വരും. അംഗപരിമിതരിൽ സ്ത്രീകൾ 44.57 ശതമാനവും, പട്ടികജാതി വിഭാഗത്തിലുള്ളവർ 10.93 ശതമാനവും, ട്രാൻസ് ജെൻഡേഴ്സ് 0.15 ശതമാനവും, പട്ടികവർഗ്ഗക്കാർ 2.15 ശതമാനവുമാണ്. ഏറ്റവും കൂടുതൽ അംഗപരിമിതർ മലപ്പുറം ജില്ലയിലും (12.5 ശതമാനം) തുടർന്ന് കോഴിക്കോട് (9.89 ശതമാനം) ജില്ലയിലും ഏറ്റവും കുറവ് വയനാട് (2.91 ശതമാനം) ജില്ലയിലുമാണ്. വൈകല്യത്തിന്റെ ലക്ഷണം നോക്കിയാൽ ചലനവൈകല്യം ഏറ്റവും മുന്നിലും (32.89 ശതമാനം) ബഹുഗുണവൈകല്യം (17.31 ശതമാനം) രണ്ടാമതുമാണ്. ഭിന്നശേഷി ജനസംഖ്യയിൽ 63229 പേർ പൂർണ്ണമായും ശയ്യാവലംബികളാണ്. ഏകദേശം 1.69 ലക്ഷം ഭിന്നശേഷിക്കാർ സർക്കാർ/ സ്വകാര്യ മേഖലയിലും, താല്ക്കാലിക, ഭിന്ന വേതന ജോലിയിലും ഏർപ്പെട്ടിരിക്കുന്നു. 10–ാം ക്ലാസും അതിനു മുകളിലും വിദ്യാഭ്യാസമുള്ള 2.59 ലക്ഷം പേരും ഉണ്ട്. ഗതാഗതസൗകര്യമില്ലായ്മ, ഗുരുതര വൈകല്യം, സാമ്പത്തിക പരാധീനത, കഴിവില്ലായ്മ, മാതാപിതാക്കളുടെ താല്പര്യമില്ലായ്മ, മറ്റു കാര്യങ്ങൾ എന്നിവ മൂലം 3.46 ലക്ഷം ഭിന്നശേഷിക്കാർക്ക് വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്.

### അംഗപരിമിതർക്കായുള്ള സംസ്ഥാന നയം

വികസന അജണ്ടയിലും പ്രവർത്തന പരിപാടികളിലും വൈകല്യത്തിന്റെ വിവിധ വശങ്ങൾ കൂടി ഉൾക്കൊള്ളിക്കേണ്ടത് അനിവാര്യവും അത്യന്താപെക്ഷിതവുമാണെന്ന് അംഗീകരിച്ചുകൊണ്ട് 2015–ൽ കേരള സർക്കാർ അംഗപരിമിതർക്കുള്ള ഒരു നയം രൂപീകരിച്ചു. വികസനപ്രക്രിയയിൽ അംഗപരിമിതരുടെ പങ്കാളിത്തം ഉറപ്പാക്കുക, വൈകല്യം ഒരു മനുഷ്യാവകാശ പ്രശ്നമായി കണക്കാക്കുക, അധിക്ഷേപത്തിൽ നിന്നുള്ള സംരക്ഷണം ഉറപ്പാക്കുക, ഉൾപ്പെടുത്തൽ വികസനത്തിൽ അനുകൂലമായ സാഹചര്യവും മനോഭാവവും സൃഷ്ടിക്കുക, അംഗപരിമിതരുടെ ശാക്തീകരണം തുടങ്ങിയവയ്ക്ക് ഈ നയം ഊന്നൽ കൊടുക്കുന്നു. നിഷ്ക്രിയരായ ഗുണഭോക്താക്കൾ എന്നതിലുപരിയായി വികസന രംഗത്ത് തുല്യപങ്ക് വഹിക്കുന്നവരും വേണ്ട സംഭാവന ചെയ്യുന്നവരുമായി അംഗപരിമിതരെ കണക്കാക്കേണ്ടിയിരിക്കുന്നു.

## അംഗപരിമിതരുടെ ഉന്നമനത്തിനായി നിലകൊള്ളുന്ന സ്ഥാപനങ്ങൾ

### നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്)

വൈകല്യരംഗത്തെ പ്രമുഖ സ്ഥാപനമായ നിഷ് അംഗപരിമിതരായവർക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിനായി വൈകല്യപഠനങ്ങളും റീഹാബിലിറ്റേഷൻ സയൻസുകളും ഉൾപ്പെടെ മികച്ച അവസരം ഒരുക്കുന്നു. പ്രാരംഭ ഇടപെടൽ, തുടർ സേവനങ്ങൾ, കേൾവിശേഷിയിലും സംസാര ശേഷിയിലും ഉള്ള വൈകല്യങ്ങൾ, ചികിത്സാപരവും മനശ്ശാസ്ത്രപരവുമായ സേവനങ്ങൾ, വിദ്യാഭ്യാസ പരിപാടികൾ, പരിശീലനവും തൊഴിൽ ലഭ്യമാക്കലും, സന്നദ്ധസേവന പരിശീലനത്തിനുള്ള അവസരങ്ങളും ലഭ്യമാക്കുക എന്നിവ നിഷിന്റെ പദ്ധതികളിൽപ്പെടുന്നു.

ഏപ്രിൽ 2018 മുതൽ മാർച്ച് 2019 വരെ പ്രാരംഭ ഇടപെടൽ പരിപാടിയിൽ 173 കേസ് കളും (കുട്ടികളുടെ എണ്ണം), ഹിയറിംഗ് ആന്റ് സ്പീച്ച് ലാംഗ്വേജ് ഡിസോഡർ പരിപാടിയിൽ 11,614 കേസ് കളും ആരോഗ്യ, മനഃശാസ്ത്ര തുടർ സേവന പരിപാടിയിൽ 3,833 കേസ് കളും നിഷ് കൈകാര്യം ചെയ്തു. നിഷ് നടത്തിയ അക്കാഡമിക പരിപാടികൾ 274 വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെട്ടു. പരിശീലനം, വ്യാവസായ ഉദ്യോഗ നിയമനം എന്നീ പരിപാടികൾ 54 പേർക്കും വോളണ്ടിയറിംങ് ആന്റ് ഇന്റേൺഷിപ്പ് 10 പേർക്കും അവസരം നല്കി. യോഗങ്ങളിലും കോൺഫറൻസുകളിലും പരിപാടികളിലും ശ്രവണ വൈകല്യമുള്ളവരുടെ ആവശ്യങ്ങൾക്കായി പരിശീലനം നൽകിയ ഫെസിലിറ്റേറ്റർമാരുടെ സേവനവും നൽകി വരുന്നു.

### കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ

അംഗപരിമിതരുടെ സാമ്പത്തിക ഉന്നമനത്തിനും പുനരധിവാസത്തിനുമുള്ള പ്രവർത്തനങ്ങൾ കോർപ്പറേഷൻ നടപ്പാക്കുന്നു. 2019–20 –ൽ മോട്ടോറൈസ്ഡ് വാഹനം, വീൽചെയർ, ശ്രവണ സഹായി എന്നിവ 1,213 അംഗപരിമിതർക്കു നൽകുകയുണ്ടായി. ദേശീയ വികലാംഗ സാമ്പത്തിക

വികസന കോർപ്പറേഷന്റെ സഹായത്തോടെ സ്വയം തൊഴിൽ പദ്ധതിക്കായി 141 അംഗ പരിമിതർക്ക് കോർപ്പറേഷൻ വായ്പ വിതരണം ചെയ്തു. ഇതു കൂടാതെ കോർപ്പറേഷൻ സ്വന്തമായി 26 പേർക്ക് സ്വയം തൊഴിലിനുള്ള ബാങ്ക് വായ്പ സബ്സിഡി നൽകുകയും ഗുരുതരമായ ഭിന്നശേഷിയുള്ള കുട്ടികൾക്ക് 20,000 രൂപ ക്രമത്തിൽ ഫിക്സഡ് ഡെപ്പോസിറ്റ് സ്കീം പ്രകാരം 23 കുട്ടികൾക്ക് സഹായം നൽകുകയും ചെയ്തിട്ടുണ്ട്. പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച 300 ഭിന്നശേഷി കുട്ടികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്, അനുയോജ്യമായ മൈക്രോ പ്രൊജക്ടുകൾ നടപ്പാക്കുന്നതിനായി 20 സ്വയം സഹായ ഗ്രൂപ്പുകൾക്ക് സഹായം ലോട്ടറി ടിക്കറ്റ് വിൽപ്പന നടത്താനായി 273 ഭിന്നശേഷിക്കാർക്ക് ധനസഹായം കാഴ്ചവൈകല്യമുള്ള 1,000 പേർക്ക് സ്മാർട്ട് ഫോണും വിതരണം എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കി

### അംഗപരിമിതർക്ക് വേണ്ടിയുള്ള സംസ്ഥാന കമ്മീഷണറേറ്റ്

കേന്ദ്രസർക്കാരിന്റെ 1995–ലെ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് നിയമപ്രകാരം സ്ഥാപിതമായതാണ് ഈ സ്ഥാപനം. അംഗപരിമിതർക്കായി നടപ്പാക്കുന്ന പദ്ധതികളുടെ ഏകോപനം, സംസ്ഥാനത്ത് ഇവർക്ക് വേണ്ടി അനുവദിക്കുന്ന ഫണ്ട് യഥാവിധി ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക എന്നതുമാണ് കമ്മിഷണറേറ്റിന്റെ പ്രധാന ചുമതല. ബോധവത്കരണ ക്യാമ്പുകൾ നടത്തുക, അംഗപരിമിതരുടെ പരാതികൾക്ക് പരിഹാരം കാണുക, ഇവർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തുക എന്നിവയാണ് കമ്മീഷണറേറ്റിന്റെ മറ്റ് പ്രവർത്തനങ്ങൾ. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിലെ ജില്ലാ ഓഫീസർമാർ, തദ്ദേശഭരണ സെക്രട്ടറിമാർ, സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർ, അഭിഭാഷകർ എന്നിവർക്ക് ബോധവത്ക്കരണ സെമിനാറുകൾ നടത്തി. ടി.വി. ചാനലുകൾ മുഖേന സംപ്രേഷണത്തിനായി 'ഇരുളിൽ ഒരു തിരിനാളം' ഷോർട്ട് ഫിലിം നിർമ്മിച്ചു.

### നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ)

പലതരം വൈകല്യമുള്ള കുട്ടികൾക്കും, സെറിബ്രൽ പാൾസി ഉൾപ്പെടെ മറ്റ് രോഗങ്ങൾ ബാധിച്ച മുതിർന്നവർക്കുമുള്ള രോഗ നിർണ്ണയം, തെറാപ്പി ചികിത്സ എന്നിവ ഈ സ്ഥാപനത്തിലൂടെ നൽകുന്നു. സ്ട്രോക്ക്, അപകടം എന്നിവ വന്നവരെയും ഇവിടെ ചികിത്സിക്കുന്നുണ്ട്. വീട്ടിൽ തന്നെ നൈപുണ്യ പരിശീലനവും തെറാപ്പി പരിപാടിയും നൽകി പരിപാലിക്കുന്നതിനായി മാതാപിതാക്കൾക്ക് പരിശീലനവും പ്രദർശനവും നൽകുന്നതിനുള്ള ഒരു കാര്യ പരിപാടിയും തയ്യാറാക്കിയിട്ടുണ്ട്. പ്രൊഫഷണലുകൾക്ക് പരിശീലന പരിപാടി സംഘടിപ്പിക്കൽ, ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സ്– ഗവേഷണവും പഠനവും എന്നിവ നടപ്പാക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കൊഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസോഡർ ആന്റ് ന്യൂറോ സയൻസും, ചൈൽഡ് ഡവലപ്പ്മെന്റ് സെന്ററും വൈകല്യ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ആറാമത്തെ ആരോഗ്യ അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

### അംഗപരിമിതർക്കുള്ള പരിപാടികൾ

അംഗപരിമിതരുടെ ക്ഷേമത്തിനുള്ള പദ്ധതികൾ സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ നടപ്പാക്കുന്നു. സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യസുരക്ഷാ മിഷനും ഏറ്റെടുക്കുന്ന പരിപാടികൾ താഴെ ചേർക്കുന്നു.

### അംഗപരിമിതർക്ക് സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി

2015 –ലെ ഭിന്നശേഷിവിഭാഗക്കാരുടെ സർവ്വേ പ്രകാരം കേരളത്തിൽ 7.9 ലക്ഷം പേർ ഭിന്നശേഷിക്കാരാണ്. അംഗപരിമിത നിയമം, 1995 പ്രകാരം എല്ലാ അംഗപരിമിതർക്കും സർട്ടിഫിക്കറ്റ് നല്കേണ്ടത് നിർബന്ധമാണ്. 2009 മുതൽ 2019 മാർച്ച് വരെ കേരള സാമൂഹ്യസുരക്ഷാ മിഷൻ 1992 ക്യാമ്പുകൾ സംഘടിപ്പിച്ച് 3,66,109 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി. 2019–20–ൽ 325 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി. അംഗപരിമിതരായവർക്ക് ദൂരെ സ്ഥലത്ത് പോയി മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ ലഘൂകരിക്കാൻ ഇത്തരത്തിലുള്ള ക്യാമ്പുകൾ സഹായകമായി.

### ആശ്വാസകിരണം

കടുത്ത മാനസികവെല്ലുവിളികൾ നേരിടുന്നവരെയും ശാരീരിക വൈകല്യം ബാധിച്ച് ശയ്യാവലംബികളായവരെയും 100 ശതമാനം അന്ധതയുള്ളവരെയും, ക്യാൻസർ, സെറിബ്രൽ പൾസി, ഓട്ടിസം, മാനസിക പരാധീനത ഉള്ളവരെയും പരിചരിക്കുന്ന സഹായികൾക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. 2019–20 കാലയളവിൽ 1,13,717 പരിചരണ സഹായികൾക്ക് ധനസഹായം നൽകി.

### സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസബിലിറ്റീസ് (എസ്.ഐ.ഡി)

സാമൂഹ്യ സുരക്ഷമിഷൻ വഴി വൈകല്യം തടയുക, നിർണ്ണയിക്കുക, മുൻകൂട്ടി ഇടപെടുക, അംഗപരിമിതർക്ക്

വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ഉറപ്പാക്കാൻ വേണ്ടി സർക്കാർ പ്രത്യേക താല്പര്യമെടുത്ത് നടപ്പാക്കുന്ന പദ്ധതിയാണിത്. വൈകല്യ പരിപാലനം ഒരു ജീവിത ചക്ര സമീപനത്തോടെ നടപ്പാക്കാനായി ഈ പദ്ധതിയുടെ കീഴിലുള്ള എല്ലാ പ്രവർത്തനങ്ങളും മറ്റു ബന്ധപ്പെട്ട ഇടപെടലുകളും ഉൾപ്പെടുത്തി ഒരു പുതിയ സമീപനം 'അനുയാത്ര' എന്ന പേരിൽ നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ ഭിന്ന ശേഷി സൗഹൃദമാക്കുന്നതിനും സമൂഹത്തിന്റെ മുഖ്യ ധാരയിലെത്തിച്ചുകൊണ്ട് ഭിന്നശേഷികുട്ടികളെ ശാക്തീകരിക്കുന്നതിനും 2016 –ലെ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾക്കനുസൃതമായി ഭിന്നശേഷിക്കാരെ സാമൂഹ്യ പ്രവർത്തനങ്ങളിൽ മുൻപന്തിയിലേക്ക് കൊണ്ടു വരുന്നതിനുമാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത് .

എം എം ആർ വാക്സിനേഷൻ : റൂബെല്ല, മീസൽസ്, മുണ്ടിനീര് എന്നിവ മൂലമുണ്ടാകുന്ന വൈകല്യങ്ങളേയും രോഗസംക്രമണത്തെയും തടയാനായി വാക്സിനേഷൻ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രം വരെയുള്ള സ്ഥാപനങ്ങളിൽ പുതുതായി ജനിക്കുന്ന കുട്ടികൾക്ക് വാക്സിനേഷൻ സൗജന്യമായി നൽകി. 2019–20–ൽ 81,761 ഡോസ് വാക്സിൻ നല്കി.

കാതോരം – വിവിധ മാസ പ്രായങ്ങളിൽ ഇടപെടൽ രീതി മുഖേന ശ്രവണ വൈകല്യം നിയന്ത്രിക്കുന്നതിനുള്ള ഒരു ജീവിത ചക്ര സമീപനമാണ്. വ്യത്യസ്ത മാസങ്ങളിൽ നടത്തേണ്ട ഇടപെടലുകൾ ചുവടെ കൊടുത്തിരിക്കുന്നു.

യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ് : പുതുതായി ജനിക്കുന്ന കുട്ടികളിൽ കേൾവി ശേഷി പരിശോധിക്കാൻ 63 സർക്കാർ ഡെലിവറി പോയിന്റുകളിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. ശ്രവണ വൈകല്യം കണ്ടെത്തുന്നതിനായി ഈ ആശുപത്രികളിൽ ജനിച്ച കുട്ടികളിൽ 97% പേരെ പരിശോധന നടത്തുകയും ചെയ്തു. 2019–20 –ൽ 1,35,842 നവജാതശിശുക്കളെ പരിശോധിച്ചിട്ടുണ്ട്.

3 മാസത്തിനുശേഷം ശ്രവണ വൈകല്യം കണ്ടെത്തൽ– ശ്രവണ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനുള്ള മെച്ചപ്പെട്ട നിലവാരത്തിലുള്ള ബെറ ഉപകരണം പാലക്കാട് ഒഴികെ എല്ലാ ജില്ല ഹോസ്പിറ്റലുകളിലും ജനറൽ ആശുപത്രികളിലും NPPCD സെന്ററുകളിൽ സ്ഥാപിച്ചിട്ടുണ്ട്. 2019–20 –ൽ 786 കുട്ടികളെ പരിശോധന നടത്തിയിട്ടുണ്ട്.

6 മാസത്തിൽ ശ്രവണ സഹായിയുടെയും ആഡിറ്ററി വെർബൽ തെറാപ്പിയുടെയും പിന്തുണ നൽകൽ– സർക്കാർ മെഡിക്കൽ കോളേജുകൾ, പ്രമുഖ ആശുപത്രികൾ, നിഷ്, നിപ് മർ എന്നീ സ്ഥാപനങ്ങൾ മുഖേനയും ആഡിറ്ററി വെർബൽ തെറാപ്പി നൽകുന്നതാണ്. പ്രതിരോധത്തിനും ശ്രവണ വൈകല്യം നിയന്ത്രിക്കുന്നതിനുള്ള ദേശീയ പരിപാടികളുടെ ഭാഗമായി വികലാംഗ കോർപ്പറേഷൻ മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖേന ശ്രവണ സഹായികൾ നൽകി വരുന്നു.

18 മാസ പ്രായത്തിൽ കോക്ലിയാൻ ഇംപ്ലാന്റ് – നിലവിലുള്ള ശ്രുതി തരംഗം പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടാണ് ഈ പരിപാടി നടപ്പാക്കുന്നത്. ഏകദേശം 1,070 കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയകൾ സൗജന്യമായി നടത്തി.

ഇംപ്ലാന്റിനു ശേഷം 42 മാസത്തേക്കുള്ള തെറാപ്പി –സർക്കാർ മെഡിക്കൽ കോളേജുകൾ, പ്രധാന ആശുപത്രികൾ, നിഷ്, നിപ്മർ എന്നീ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നു.

അംഗനവാടികളിലും സ്കൂളുകളിലും തുടർ പ്രവർത്തനങ്ങൾ: മുഖ്യധാരാവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കലും DEIC കൾ മുഖേന മേൽനോട്ടവും നടത്തപ്പെടുന്നു.

ഏർലി ഇന്റർവെൻഷൻ സെന്ററുകൾ– വൈകല്യം തിരിച്ചറിയാനായി മുൻകൂട്ടിയുള്ള പരിശോധന ഉറപ്പാക്കുന്നതിനും അനുയോജ്യമായ സേവനങ്ങൾ നൽകുന്നതിനും എല്ലാ ജില്ലകളിലും എല്ലാ നൂതനമായ സംവിധാനങ്ങളും ഏർപ്പെടുത്തി DEIC കൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 9 ജില്ലകളിൽ DEIC യുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 5 എണ്ണത്തിന്റെ പ്രവർത്തനം 2020–ൽ പൂർത്തീകരിക്കുന്നതാണ് ഇതു ജില്ലയിലെ ഒരു ഡിസബിലിറ്റി ഹബ് ആയി പ്രവർത്തിക്കുന്നതാണ്. ആഗസ്റ്റ് 2017 മുതൽ 25 മൊബൈൽ ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓരോ മാസവും ഏകദേശം 3000–4000 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ മെഡിക്കൽ കോളേജ് തലത്തിലുള്ളതും 5 മെഡിക്കൽ കോളേജുകളിൽ ആരംഭിച്ചിട്ടുള്ളതുമാകുന്നു. (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ) REIC കൾ മുഖേന ബുദ്ധി വികാസത്തിലുള്ള കാലതാമസവും മറ്റു വൈകല്യങ്ങൾക്കുമായി 10,012 കുട്ടികൾക്കു പിന്തുണ നൽകിയിട്ടുണ്ട്. പട്ടിക വർഗ്ഗ സമൂഹത്തിനായി പ്രത്യേക ഏർലി ഇന്റർവെൻഷൻ കം ഡിസബിലിറ്റി മാനേജ്മെന്റ് യൂണിറ്റ് അഗളിയിൽ ആരംഭിച്ചു. മാസംതോറും 100 കുട്ടികൾക്ക് പിന്തുണ നൽകുന്നു.

അംഗപരിമിതരായ പ്രീ–സ്കൂൾ കുട്ടികൾക്ക് പ്രത്യേക അംഗനവാടികൾ സ്ഥാപിക്കൽ– അംഗപരിമിതരായ പ്രീസ്കൂൾ കുട്ടികൾക്ക് അനുയോജ്യമായ പരിശീലനവും മെഡി ക്കൽ തെറാപ്പിയും നൽകുന്നതിനായി എല്ലാ ICDS പ്രോജക്ടിലും ഒരു അംഗനവാടി പ്രത്യേക അംഗൻ വാടിയായി നിശ്ചയിച്ചിരിക്കുന്നു. നിലവിൽ കോഴിക്കോട്

ജില്ലയിൽ പദ്ധതി നടപ്പാക്കി വരുന്നു. 1,110 കുട്ടികൾക്ക് പിന്തുണ നൽകുകയും 374 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ 2019–20 യഥാക്രമമായ സ്കൂളുകളിൽ ചേരുകയും ചെയ്തു.

എം. പവർ ഇൻകുബേറ്റർ– മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള മാജിക് പരിശീലനത്തിനും അവതരണത്തിനുമുള്ള മാജിക് പ്ലാനറ്റിലെ ഒരു കേന്ദ്രമാണിത്. വിവിധ കലകളുടെ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിന്റെ പ്രവർത്തനം പുരോഗതിയിലാണ് എം. പവർ ടീമിലെ 5 കുട്ടികൾ മാജിക് പ്രദർശനം നടത്തുകയും വരുമാനം നേടുകയും ചെയ്യുന്നുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള മാജിക് പരിശീലനവും മാജിക് പ്ലാനറ്റിൽ മാജിക് അവതരിപ്പിക്കുന്ന പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന 5 കുട്ടികളുടെയും തൊഴിലും തുടർന്നു നടപ്പാക്കുന്നതിന്റെ ഭാഗമായി KSSM മായി സഹകരിച്ച് മാജിക് പ്ലാനറ്റിൽ സർക്കാരിന്റെ അഭിമാനമായ ഒരു ഡിഫറന്റ് ആർട്ട് സെന്റർ ആരംഭിച്ചു. ഓട്ടിസം ബാധിച്ച 100 കുട്ടികളുടെ സംഗീതം, ഡാൻസ്, പെയിന്റിംഗ്, വിവിധ സംഗീത ഉപകരണങ്ങളിലെ നൈപുണ്യം, എന്നീ കഴിവുകൾ അവതരിപ്പിച്ചു കൊണ്ട് ശാക്തീകരിക്കുന്നതിനും പങ്കാളികളാകുന്നതിനുമുള്ള ടി സെന്ററിലൂടെയും ആർട്ട് തെറാപ്പിയിലൂടെയും ഇത്തരം കുട്ടികളിൽ നല്ല രീതിയിലുള്ള മാറ്റങ്ങൾ ഉണ്ടാക്കുന്നതിനു കഴിയുന്നു.

ബുദ്ധിപരമായവെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ശാക്തീകരിക്കുന്നതിനായി ഹോർട്ടികൾച്ചർ തെറാപ്പിയും സാമൂഹ്യകൃഷിയും മുഖേന 2019–20 –ൽ 14 കുട്ടികൾക്ക് തെറാപ്പിയും പരിശീലനവും KSSM ന്റെ പിന്തുണയോടെ വെള്ളായണി കാർഷിക കോളേജിൽ നൽകുകയുണ്ടായി.

## സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിമെൻഷ്യാ

ഡിമെൻഷ്യാ രോഗികളെ പുനരധിവസിപ്പിക്കാൻ ലക്ഷ്യമിട്ട ഈ പദ്ധതി പ്രകാരം തൃശ്ശൂർ മുനിസിപ്പാലിറ്റിയിൽ ഒരു ഡേ കെയർ സെന്ററും എടവനക്കാട് വൃദ്ധാസദനത്തിൽ ഒരു പൂർണ്ണസമയ സെന്ററും സാമൂഹ്യനീതി വകുപ്പ് ആരംഭിച്ചു.

## ഭിന്നലിംഗക്കാർ

ഇന്ത്യയിൽ ആദ്യമായി ഭിന്നലിംഗക്കാർക്കായിട്ടുള്ള നയം നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. നയരൂപീകരണത്തിനു മുന്നോടിയായി ഭിന്നലിംഗക്കാരുടെ സാമൂഹ്യ വ്യക്തിപരമായ ജീവിതത്തിന്റെ എല്ലാ വശങ്ങളും അടിസ്ഥാനമാക്കി ഒരു സംസ്ഥാന വ്യാപക സർവ്വേ നടത്തിയിരുന്നു. സ്നോബോളിംഗ് ടെക്നിക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 25,000–ൽ പരം ഭിന്നലിംഗക്കാരുണ്ടെന്നു കണക്കാക്കപ്പെടുന്നു.

കേരളത്തിൽ 2015–16 –ൽ നടത്തിയ ഭിന്നശേഷിക്കാരുടെ സർവ്വേ പ്രകാരം 1,187 വികലാംഗരായ ഭിന്നലിംഗക്കാരാണുള്ളത്. ഇതിൽ ഭൂരിഭാഗം പേരും തന്റെ വ്യക്തിത്വം വെളിപ്പെടുത്താൻ തയ്യാറാകുന്നില്ല. ഭിന്നലിംഗക്കാർ അവരുടെ ദൈനംദിന ജീവിത പ്രവർത്തനങ്ങൾക്കായി വളരെയധികം കഷ്ടപ്പേടേണ്ടിവരുന്നു. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി 2019–20–ൽ വിവിധ പദ്ധതികൾ നടപ്പാക്കി. നൈപുണ്യ പരിശീലനം 30 പേർക്കും സ്വയം തൊഴിൽ സഹായം 7 പേർക്കും, ബ്യൂട്ടീഷൻ പരിശീലനം 100 പേർക്കും വിദ്യാഭ്യാസ സ്കോളർഷിപ്പ് 20 പേർക്കും ഹോസ്റ്റൽ സൗകര്യങ്ങൾക്ക് സാമ്പത്തിക സഹായം 20 പേർക്കും, SRS സർജറിക്കായി സാമ്പത്തിക സഹായം 41 പേർക്കും, SRS തുടർ സംരക്ഷണത്തിനായി സാമ്പത്തിക സഹായം 33 പേർക്കും, ജീവിത മാർഗ്ഗത്തിനായി തയ്യൽ മെഷീനുകൾ 13 പേർക്കും നൽകുകയും ഡ്രൈവിംഗ് പരിശീലനം 5 പേർക്കും നൽകി. 'വർണ്ണപകിട്ട്' എന്ന പേരിൽ സ്കൂളുകൾ/ കോളേജുകൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ സൂക്ഷ്മബോധന പരിപാടിയും കലോത്സവവും വകുപ്പ് സംഘടിപ്പിച്ചു.

## വനിതകളുടെ ക്ഷേമവും ശാക്തീകരണവും

സ്ത്രീകളുടെ ക്ഷേമവും ശാക്തീകരണവും സർക്കാരിന്റെ പ്രാഥമിക ലക്ഷ്യങ്ങളിലൊന്നാണ്. സ്ത്രീകളുടെ സമഗ്രമായ വളർച്ച ഉറപ്പാക്കലും ശാക്തീകരണവും സംരക്ഷണവും സംസ്ഥാനത്തിന്റെ സുസ്ഥിരമായതും നിഷ്പക്ഷമായതുമായ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ദാരിദ്ര്യ നിർമ്മാർജ്ജനം, അസമത്വം, മെച്ചപ്പെട്ട ആരോഗ്യം, മാന്യമായ ജോലി, സാമ്പത്തിക വളർച്ച എന്നീ ഘടകങ്ങളിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള മുൻ വ്യവസ്ഥയായാണ് സ്ത്രീ ശാക്തീകരണം അംഗീകരിക്കപ്പെട്ടിട്ടുള്ളത്. സ്ത്രീ ശാക്തീകരണം എന്നത് സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ സ്ഥിതികൾക്ക് അനുബന്ധമായി സമൂഹത്തിലെ സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പ്രക്രിയയാണെന്നു മനസ്സിലാക്കേണ്ടതാണ്.

വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി 2017–18–ൽ ഒരു പുതിയ വകുപ്പ് രൂപീകരിക്കുകയുണ്ടായി. സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള പദ്ധതി പ്രവർത്തനങ്ങൾ ഈ വകുപ്പാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് സർക്കാരും സർക്കാരിതര സംഘടനകളും സന്നദ്ധ സംഘടനകളും സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള സ്ഥാപനപരമായ സംരക്ഷണം നൽകുന്നു. അതിക്രമങ്ങളിൽ നിന്നും വിവേചനത്തിൽ നിന്നും

മുക്തമായ പരിസ്ഥിതി ഉണ്ടാക്കി സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും അവകാശങ്ങളെകുറിച്ച് അവബോധം ഉണ്ടാക്കുകയും സ്ഥാപനപരമായ സൗകര്യങ്ങളും മനുഷ്യാവകാശങ്ങളെ തിരിച്ചറിയാനുള്ള നിയമപരമായ പിന്തുണയും നൽകി സ്ത്രീകളുടെ വികസനവും ശാക്തീകരണവും മുഖേന വികസനത്തിൽ തുല്യ പങ്കാളികളാക്കുന്നതിനായാണ് വനിതാ ക്ഷേമ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്.

സംസ്ഥാന ജനസംഖ്യയുടെ 52 ശതമാനം സ്ത്രീകളാണ്. കേരളത്തിലെ സ്ത്രീ പുരുഷ അനുപാതം 1,000 പുരുഷന്മാർക്ക് 1,084 സ്ത്രീകളുമാണ്. ഇന്ത്യയിൽ സ്ത്രീ സാക്ഷരത ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ് (92 ശതമാനം). ഇന്ത്യയിലെ സ്ഥിതിവിശേഷവുമായി താരതമ്യം ചെയ്യുമ്പോൾ ശിശുമരണനിരക്ക് കേരളത്തിൽ വളരെ കുറവാണ്. കേരളത്തിലെ സ്ത്രീകളുടെ ഇപ്പോഴത്തെ അവസ്ഥാവിശേഷം ഈ അദ്ധ്യായത്തിലെ ലിംഗ പദവിയും വികസനവും എന്ന ഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്. വനിതാശാക്തീകരണത്തിനുള്ള സ്ഥാപനങ്ങളെക്കുറിച്ചും സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പുനരധിവാസത്തിനായുള്ള പ്രധാന പദ്ധതികളെക്കുറിച്ചുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## വനിതാ ശാക്തീകരണത്തിനുള്ള സ്ഥാപനങ്ങൾ

### കേരള സംസ്ഥാന വനിതാ കമ്മീഷൻ

സ്ത്രീകൾക്കെതിരെയുള്ള ന്യായരഹിതമായ ഏർപ്പാടുകളെപ്പറ്റി അന്വേഷിക്കാനും പരിഹാരം നിർദ്ദേശിക്കാനും, സ്ത്രീകളുടെ പദവി ഉയർത്താനുമായി 1996 –ൽ കമ്മീഷൻ നിലവിൽ വന്നു. ലിംഗപദവി അവബോധന പരിപാടികൾ, നിയമ ശില്പശാലകൾ/സെമിനാർ, അദാലത്തുകൾ ഡി.എൻ.എ പരീക്ഷണം എന്നീ പ്രവർത്തനങ്ങൾ കമ്മീഷൻ ഏറ്റെടുക്കുന്നു. 2019–20–ൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളെപ്പറ്റിയുള്ള 148 സെമിനാറുകൾ, നിയമ ശില്പശാലകൾ, പഞ്ചായത്ത് ജാഗ്രതാസമിതി പ്രവർത്തകർക്ക് വനിതകളുമായി ബന്ധപ്പെട്ട നിയമങ്ങൾ മറ്റ് നിയമ നടപടിക്രമങ്ങൾ എന്നിവയെക്കുറിച്ചുള്ള 32 കൗൺസലിംഗ്/നൈപുണ്യ പരിശീലനങ്ങൾ എന്നിവ സംഘടിപ്പിച്ചു. കൂടാതെ 119 അദാലത്തുകൾ സംഘടിപ്പിച്ചു. ജെൻഡർ അവബോധന പരിപാടികൾ പ്രകാരം 28 വിവാഹപൂർവ കൗൺസലിംഗ് പരിപാടികൾ വനിതാ സർക്കാരിതര സംഘടനകളുടെ പങ്കാളിത്തത്തോടെ സംസ്ഥാനമൊട്ടാകെ നടത്തുകയും, 254 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കലാലയ ജ്യോതി സംഘടിപ്പിക്കുകയും ചെയ്തു. 2019–20 കാലയളവിൽ കമ്മീഷന് 5,408 പരാതികൾ ലഭിച്ചു. പരാതികളുടെ സ്വഭാവം പരിശോധിച്ചാൽ സ്ത്രീകൾക്കെതിരെയുള്ള ഗാർഹികപീഡനം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമം, കുടുംബപ്രശ്നങ്ങൾ എന്നിവ വർദ്ധിച്ചുവരുന്നതായി കാണാം. മാർച്ച് 2020 വരെ പരാതികളുടെ ഇനം തിരിച്ചും ജില്ല തിരിച്ചുമുള്ള വിവരം **അനുബന്ധം 8.3.5**–ൽ ചേർത്തിരിക്കുന്നു.

### കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ

വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതിയും ജെൻഡർ അവബോധനം, ഫിനിഷിംഗ് സ്കൂൾ എന്നിവയുടെ ഫ്ലാഗ്ഷിപ്പ് പരിപാടികളുമാണ് കോർപ്പറേഷന്റെ പ്രധാന പരിപാടികൾ. കോർപ്പറേഷൻ ആദ്യമായി ദേശീയ പട്ടിക വർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ ചാനലൈസിംഗ് ഏജൻസിയാവുകയും 11 പട്ടിക വർഗ്ഗ വനിതകൾക്ക് വായ്പ അനുവദിക്കുകയും ചെയ്തു. നാഷണൽ കോർപ്പറേഷന്റെ സ്വയം തൊഴിൽ വായ്പാപദ്ധതി പ്രകാരം 4,493 വനിതകൾക്ക് 107 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതമായ 7.42 കോടി രൂപയും പൊതുവിഭാഗത്തിൽപ്പെട്ട 286 സ്ത്രീകൾക്കും കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പ നൽകി. വനിതാ ശാക്തീകരണത്തിനായുള്ള പിന്നാക്ക വിഭാഗ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രത്യോക അവാർഡും ദേശീയ പട്ടിക ജാതി വികസന ധനകാര്യ കോർപ്പറേഷന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനുള്ള അവാർഡും വനിതാ വികസന കോർപ്പറേഷനു ലഭിച്ചു.

മുൻനിര ഫിനിഷിംഗ് സ്കൂൾ പരിപാടിയിൽ ഉൾപ്പെടുത്തി, തിരുവനന്തപുരത്തും കണ്ണൂരും പ്രവർത്തിക്കുന്ന റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ് (റീച്ച് ) മുഖേന 979 വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നല്കി. ജെൻഡർ അവബോധന പരിപാടിയുടെ ഭാഗമായി 62 വനിതാ കോളേജുകളിൽ 5,000 ലധികം അംഗങ്ങളോടെ വനിതാസെല്ലുകൾ പ്രവർത്തിക്കുന്നു. സമൂഹത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് യുവജനങ്ങൾക്ക് അവബോധം ഉണ്ടാക്കുകയും ദൈനംദിന പ്രവൃത്തികൾ സുഗമമായി നിർവ്വഹിക്കാൻ കഴിയത്തക്ക തരത്തിൽ സജ്ജരാക്കുകയെന്നതുമാണ് വനിതാ സെല്ലിന്റെ പ്രധാന ലക്ഷ്യം. ലിംഗപദവി സമത്വം സംബന്ധിച്ച് ആശയം പ്രചരിപ്പിക്കുന്നതിനും ലിംഗപദവി സൗഹൃദമായ കാമ്പസ് ഉണ്ടാക്കുന്നതിനുമായി സംസ്ഥാനത്തെ മിക്സഡ് കോളേജുകളിൽക്കൂടി വനിതാസെൽ ആരംഭിച്ചിട്ടുണ്ട്. 2019–20–ൽ 62 കോളേജുകളിലെ ഒരു വനിതാ സെൽ മെമ്പർക്കു വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം ചെയ്തു. ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കായി വനിതാശിശു വികസന മന്ത്രാലയം വിഭാവനം ചെയ്തപോലെ ഒരു ഹെൽപ്പ് ലൈൻ സംവിധാനം– അത്യാവശ്യ ഉത്തരവാദിത്വ സംവിധാനം ഉണ്ട്. മിത്ര ഹെൽപ് ലൈൻ (181) മാർച്ച് 27, 2017–ന് കേരളത്തിൽ പ്രവർത്തനം

ആരംഭിക്കുകയും ആവശ്യമായ സ്ത്രീകൾക്ക് (24x7) സമീപിക്കാവുന്ന വിധത്തിലും പ്രത്യേകിച്ച് മഹാമാരിക്കാലത്തും അടിയന്തിര ഉത്തരവാദിത്വ സേവനങ്ങൾ നൽകി വിജയകരമായി പ്രവർത്തിക്കുന്നു. 78436–ൽ പരം കേസുകളിൽ ഈ ഹെൽപ് ലൈൻ ഫലപ്രദമായ ഇടപെടൽ നടത്തിയിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി കോർപ്പറേഷൻ കോഴിക്കോട് ചക്കിട്ടപ്പാറ പട്ടിക വർഗ്ഗ സങ്കേതത്തിൽ സുസ്ഥിരമായ ഉപജീവന മാർഗ്ഗം വികസിപ്പിച്ചെടുക്കുന്നതിന് ഏകീകൃതമായ നൈപുണ്യ വികസന കേന്ദ്രം സ്ഥാപിച്ചു. 2019–20 –ൽ 4 കോളേജുകളിൽ നിന്നായി 52 പട്ടിക വർഗ്ഗ വനിതകളെ കണ്ടെത്തി പശു വളർത്തലിൽ പരിശീലനം നൽകുകയും പട്ടിക വർഗ്ഗ വനിതാ ക്ഷീര കർഷകർക്ക് മൃഗസംരക്ഷണ പിന്തുണയും കാലിത്തീറ്റയും നൽകുകയും ചെയ്തു. ആർത്തവ ശുചിത്വം പാലിക്കുന്നതിന്റെ ഭാഗമായി 2019–20 –ൽ സംസ്ഥാനത്തെ 550 സ്ക്കൂളുകളിൽ അനുബന്ധ പരിപാടി നടപ്പിലാക്കുകയും 22 ലക്ഷത്തിലധികം സാനിട്ടറി നാപ്കിനുകളും 1201 ഇൻസിനറേറ്ററുകളും വിതരണം ചെയ്യുകയും ചെയ്തു. 359 തദ്ദേശഭരണ സ്ഥാപനങ്ങളിലെ 1524 സ്ക്കൂളുകളിൽ 1346 അലമാരകളും വിതരണം ചെയ്തു. 1524 സർക്കാർ /എയിഡഡ് സ്കൂളുകളിൽ ഷീ–പാട് പ്രോജക്റ്റ് നടപ്പാക്കുകയും 2.77 ലക്ഷം വിദ്യാർത്ഥിനികൾക്ക് പ്രയോജനപ്പെടുകയും ചെയ്തു. സർക്കാർ സ്കൂളുകളിൽ ഉയർന്ന നിലവാരമുള്ള നാപ്കിനുകളും ഇൻസിനറേറ്ററുകളും സൗജന്യമായി നൽകി ഉറപ്പാക്കുന്നു.

## ജെൻഡർ പാർക്ക്

ലിംഗപദവി സമത്വം, വനിതാശാക്തീകരണം എന്നിവ സംബന്ധിച്ചുള്ള പഠനം, ഗവേഷണം എന്നിവയ്ക്കുള്ള ഒരു വേദിയായാണ് സാമൂഹ്യനീതി വകുപ്പ് കോഴിക്കോട് ജെൻഡർ പാർക്ക് എന്ന ആശയം (ആരംഭിച്ചത് 2011 ലാണെങ്കിലും) 2013–ൽ പ്രാവർത്തികമാക്കിയത്. സമൂഹം ഉയർത്തുന്ന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ കടമ്പകൾ തരണം ചെയ്തു ലിംഗപദവി സമത്വത്തിനുള്ള ഒരു പ്രവേശനമാർഗ്ഗമായി ഈ വേദി പ്രയോജനപ്പെടുന്നു. കൂടാതെ, സാമ്പത്തിക സംസ്കാരിക സാമൂഹിക മേഖലകളിൽ സംസ്ഥാനത്തിനും സമൂഹത്തിനും നേട്ടം ഉണ്ടാക്കാൻ സഹായിക്കുകയും ചെയ്യുന്നു. പ്രധാന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നത് ഗവേഷണം – നയരൂപീകരണത്തിന് ഗവേഷണം; നൈപുണ്യ വികസന കേന്ദ്രം; ഉല്പാദന കേന്ദ്രം – എസ്.ഡി.സിയുടെ ഒരു വില്പന കേന്ദ്രമോ സ്വതന്ത്ര സ്വഭാവമുള്ളതോ ആയി പ്രവർത്തിക്കാവുന്നതാണ്; ലൈബ്രറിയും ഡോക്യുമെന്റേഷൻ സെന്ററും; ഗവേഷണ ഗ്രന്ഥങ്ങളും സ്ത്രീകളുടെ പൈതൃക ചരിത്രങ്ങളും സൂക്ഷിക്കുന്നതിനായി പൈതൃക മ്യൂസിയങ്ങൾ; സ്ത്രീകൾക്ക് ഡ്രോയിംഗ്, പെയിന്റിംഗ്, ഡാൻസ്, സംഗീതം, സാംസ്കാരികപരമായ മറ്റു കലകൾ തുടങ്ങിയവയിലുള്ള കഴിവുകൾ അവതരിപ്പിക്കാനുതകുന്ന ഒരു സാംസ്കാരിക സ്ഥലം എന്നിവ ഉൾപ്പെടുന്നു. ഇതിന് ഒരു ആംഫി തിയേറ്ററും പൂർത്തിയായി വരുന്ന കൺ വെൻഷൻ സെന്ററും ഉണ്ട്. 500–ലധികം പേർക്ക് പങ്കെടുക്കാനുള്ള സജ്ജീകരണങ്ങളോടുകൂടിയ കൺവെൻഷൻ സെന്ററും ആംഫി തീയേറ്ററും ഉണ്ട്. സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കാനായുള്ള ഫെലോഷിപ്പ് പരിപാടിയായ സുസ്ഥിരമായ സംരംഭങ്ങളിൽ വനിതകൾ (വൈസ്), വാഹനമോടിക്കൽ മേഖലയിൽ വനിതകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രാരംഭമായ ഷീ–ടാക്സി എന്നിവ ചില പ്രവർത്തനങ്ങളാണ്. സ്ത്രീകൾക്കായുള്ള സാംസ്കാരിക കേന്ദ്ര സ്ഥാപനവും വ്യാപാരം, കച്ചവടം, വ്യവസായം എന്നിവയുടെ വളർച്ചയ്ക്ക് സുസ്ഥിരവും സുരക്ഷിതവുമായ ചുറ്റുപാടുകൾ സംജാതമാക്കാനുമായുള്ള കാഴ്ചപ്പാടോടുകൂടിയ പ്രവർത്തിയാണ് ജൻഡർപാർക്കിലെ അന്താരാഷ്ട്ര വനിതാ വിപണന കേന്ദ്രം. കാലേകൂട്ടിയുള്ള സഹകരണ പരിശ്രമങ്ങളുടെ ഫലമായി (2015 –ൽ സംഘടിപ്പിച്ച ലിംഗപദവി സമത്വം– 1 – ന്റെ അന്താരാഷ്ട്ര കോൺഫറൻസിലൂടെ ഊർജ്ജിതപ്പെടുത്തിയത് ) ഇന്ത്യ, ശ്രീലങ്ക, മാൽദീപ്സ്, ഭൂട്ടാൻ എന്നീ രാജ്യങ്ങളിൽ ലിംഗ പദവി സംബന്ധമായ എല്ലാ പ്രവർത്തനങ്ങളുടെയും ഒരു സൗത്ത് ഏഷ്യൻ ജൻഡർ ഹബ് ആയി ജെൻഡർ പാർക്കിനെ വികസിപ്പിക്കുന്നതിനു യു.എൻ. വിമൺ തുല്യ പങ്കാളിയാകുമെന്ന് സമ്മതിച്ചിട്ടുണ്ട്.

## സ്ത്രീകളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടിയുള്ള പദ്ധതികൾ

സ്ത്രീകളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടിയുള്ള പദ്ധതികൾ വനിതാശിശുവികസന വകുപ്പ് വഴിയാണ് നടപ്പാക്കുന്നത്. വനിതാശിശുവികസന വകുപ്പ് മുഖേനയും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയും നടപ്പാക്കുന്ന പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു.

## പ്രധാനമന്ത്രി മാതൃ വന്ദന യോജന

പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആദ്യത്തെ കുഞ്ഞിന് ധനസഹായം ലഭിക്കുന്നു. 3 ഗഡുക്കളായി 5,000 രൂപ ധനസഹായം നൽകുന്നു. 2019–20 –ൽ 1,80,290 പേർ ഗുണഭോക്താക്കളായി.

## സ്നേഹസ്പർശം

കേരള സാമൂഹ്യസുരക്ഷാ മിഷൻ നടപ്പാക്കുന്ന ഈ പദ്ധതി മുഖാന്തിരം 2,000 രൂപ ധനസഹായം നൽകി അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു. 2019–20–ൽ 2074 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

## വനിതാവികസന പദ്ധതികൾ

സ്ത്രീധന നിരോധനം, ഗാർഹിക പീഢനത്തിൽ നിന്നും സംരക്ഷണം, ലൈംഗീക അധിക്ഷേപത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുക, പിഢനത്തിന് ഇരയാകുന്നവരുടെ പുനരധിവാസവും നഷ്ടപരിഹാരവും, ആരോഗ്യ സംരക്ഷണവും, വനിത കുടുംബനാഥയായിട്ടുള്ളവർക്കും ബി.പി. എൽ കുടുബത്തിലെ വനിതകൾക്കുമുള്ള സഹായം, സ്വയം തൊഴിൽ ചെയ്യുന്ന കുറഞ്ഞ വേതനം പറ്റുന്ന സ്ത്രീകളുടെ കാര്യശേഷി ഉയർത്താനുള്ള ധനസഹായം എന്നീ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി വനിതാ ശിശു വികസന വകുപ്പ് നടപ്പാക്കുന്ന ഒരു മുഖ്യ പദ്ധതിയാണിത്. വകുപ്പിന്റെ ഒരു പ്രധാന പരിപാടിയായ ജെൻഡർ അവബോധന സമഗ്ര പരിപാടി, വിവിധ ജനവിഭാഗങ്ങളിൽ ലിംഗാവബോധ സമൂഹത്തെ സൃഷ്ടിക്കാൻ സഹായകരമാകുന്നു.

## നിർഭയാ പരിപാടികൾ

വനിതാ ശിശുവികസന വകുപ്പിന്റെ നിർഭയാ പദ്ധതി ലൈംഗിക പീഢനത്തിന് ഇരയായ സ്ത്രീകൾക്ക് സംരക്ഷണം നൽകാനുള്ള നിർഭയാകേന്ദ്രങ്ങൾ (വനിതാശിശുകേന്ദ്രങ്ങൾ) സജ്ജമാക്കുന്നതിന് വിഭാവനം ചെയ്യുന്നു. ലൈംഗിക പീഢനത്തിന് ഇരയായ സ്ത്രീകളുടെ സംരക്ഷണത്തിനായി 14 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു (പത്തനംതിട്ട, കോട്ടയം ഒഴികെ). ലൈംഗിക പീഡനത്തിന് ഇരയായ സ്ത്രീകൾ പ്രോസിക്യൂഷൻ കേസുകളിൽ പ്രഥമ സാക്ഷികളാണെന്നതിനാലും അവരുടെ സുരക്ഷിതത്വവും സഹകരണവും അക്രമികൾക്ക് ഏറ്റവും കൂടുതൽ ശിക്ഷ നേടികൊടുക്കുന്നതിന് അത്യന്താപേക്ഷിതമായതിനാൽ ഇരകൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നു.

## വൺ സ്റ്റോപ്പ് കേന്ദ്രം

പൊതു സ്ഥലങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും, കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തും വച്ച് പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സഹായവും പിന്തുണയും വൺസ്റ്റോപ്പ് കേന്ദ്രം മുഖേന നൽകി വരുന്നു. സംസ്ഥാനങ്ങൾ നിർഭയ ഫണ്ട് മുഖേനയാണ് വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ നടപ്പാക്കുന്നത്. 2018–19–ൽ കേന്ദ്ര സർക്കാർ 5 ജില്ലകളിൽ വൺസ്റ്റോപ്പ് കേന്ദ്രങ്ങൾ പ്രവർത്തിച്ചു വന്നിരുന്നത് 2019–20 –ൽ 9 ജില്ലകളിലേക്ക് വ്യാപിപ്പിച്ചു. രാജ്യത്ത് എല്ലാ ജില്ലകളിലും ഒ.എസ്.സി കൾ ഉള്ള സംസ്ഥാനങ്ങളിലൊന്നായി കേരളം.

## ജെൻഡർ അവബോധന പരിപാടി

ലിംഗപദവി പരമായ വെല്ലുവിളികളെ സംബന്ധിച്ച് പൊതുവായി മനസ്സിലാക്കുന്നതിന് പ്രേരണയും പ്രോത്സാഹനവും നൽകുകയെന്നതുമാണ് ജൻഡർ അവബോധനം കൊണ്ട് ലക്ഷ്യമിടുന്നത്. യാഥാർത്ഥ്യങ്ങളെ മൂല്യങ്ങളും മാനദണ്ഡങ്ങളും എങ്ങനെ സ്വാധീനിക്കുന്നുവെന്നും സ്ഥിര സങ്കല്പങ്ങളെ ഊന്നി ഉറപ്പിക്കുകയും അസമത്വങ്ങളെ സൃഷ്ടിക്കുന്ന ചട്ടക്കൂടുകൾക്ക് നൽകുന്ന പിന്തുണകളെയും ജൻഡർ അവബോധനം ചൂണ്ടിക്കാട്ടുന്നു. സ്ത്രീകളിലും പുരുഷന്മാരിലും ലിംഗപദവി സമത്വം, സമൂഹത്തിലെ ഇതിന്റെ ഗുണഫലങ്ങളെയും അനന്തരഫലങ്ങളെയും സംബന്ധിച്ച് അറിവ് നൽകാനും ജൻഡർ അവബോധനം പ്രധാന പങ്ക് നിർവഹിക്കുന്നു.

അവബോധവും അറിവും മെച്ചപ്പെടുത്താനായി ലിംഗ പദവി സമത്വവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലെ തെളിവുകളും വാദഗതികളും ലഭ്യമാക്കി സ്ത്രീ പുരുഷ അസമത്വങ്ങളെ അടിച്ചേൽപ്പിക്കുന്ന വിശ്വാസങ്ങളെയും താല്പര്യങ്ങളെയും സ്വഭാവങ്ങളെയും ജൻഡർ അവബോധനം ലക്ഷ്യമിടുന്നു. പരസ്പരം മനസ്സിലാക്കുന്നതിനും ലിംഗസമത്വം അറിയുന്നതിനുമായി ആശയ വിനിമയം, വിവര കൈമാറ്റം എന്നിവ പരിപോഷിപ്പിക്കുന്നതിനും, സമൂഹത്തെയും സമുദായങ്ങളെയും ഒരുമിപ്പിക്കുന്നതിനും ജൻഡർ അവബോധനം സഹായകരമാകുന്നു. ജൻഡർ അവബോധന പരിപാടിയിലെ ഒരു പ്രധാന പരിപാടിയാണ് 'സധൈര്യം മുന്നോട്ട്'. വിവേചനത്തിൽ നിന്നും ലിംഗ വിവേചനത്തിൽ നിന്നും സ്വതന്ത്രമായ ഒരു സമൂഹ രൂപീകരണത്തിനുള്ള അവബോധനം സൃഷ്ടിക്കുന്നതിന് ഒരു പ്രധാന സംഭവമായിരുന്നു തുടർച്ചയായ രാത്രി നടത്തം.

കേരള സംസ്ഥാന വനിതാ കോർപ്പറേഷൻ 2019 സെപ്റ്റംബറിൽ സംസ്ഥാനത്തുള്ള 523 പോലീസ് സ്റ്റേഷനുകളിലെ സിവിൽ പോലീസ് ഓഫീസർമാർക്കായി 'ബോധ്യം', എന്ന പേരിൽ ജെൻഡർ അവബോധന പരിപാടി ആരംഭിച്ചു. 30 സിവിൽ പോലീസ് ഓഫീസർമാർക്കു വീതം പോലീസ് ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം, കേരള പോലീസ് അക്കാദമി–തൃശ്ശൂർ എന്നിവിടങ്ങളിൽ പരിശീലനം നൽകി. 2019–20 –ൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 484 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. സ്ത്രീകൾക്കായുള്ള ഫലപ്രദമായ അടിയന്തിര ഇടപെടൽ സേവനങ്ങൾ മെച്ചപ്പെടുത്തലും സംസ്ഥാനത്ത് സ്ത്രീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കലുമാണ് ഈ പരിപാടിയുടെ ലക്ഷ്യം.

## കുട്ടികളുടെ ക്ഷേമവും ശാക്തീകരണവും

ഒരു രാജ്യത്തിന്റെ നില എന്താണെന്ന് തീരുമാനിക്കുന്നത് ആരാജ്യം കുട്ടികളെ എങ്ങനെ പരിപാലിക്കുന്നു എന്നതിലാണ് . കുട്ടികളുടെ ആരോഗ്യം, സുരക്ഷിതത്വം, വിദ്യാഭ്യാസം, സാമൂഹ്യവത്ക്കരിക്കൽ,

സ്നേഹിക്കപ്പെടുന്നതും പരിഗണിക്കപ്പെടുന്നതും അവർ ജനിച്ച കുടുംബങ്ങളിലെയും സമൂഹത്തിലെയും ഉൾപ്പെടുത്തൽ എന്നിവ ഈ പരിചരണത്തിൽ പെടുന്നു (യൂനിസെഫ്, 2007). ആരോഗ്യപരമായ വ്യക്തിത്വ വികാസത്തിലും നല്ല രീതിയിലുള്ള ബന്ധങ്ങളും എല്ലാ കുട്ടികൾക്കും പരിഗണനയും സംരക്ഷണവും നൽകുന്ന ബന്ധങ്ങളും സാഹചര്യങ്ങളും സാമൂഹ്യ നീതിയും സമൂഹത്തിലെ പങ്കാളിത്തവും ഉൾപ്പെട്ട സാഹചര്യങ്ങളും അടിസ്ഥാനമാക്കിയാണ് കുട്ടികളുടെ ക്ഷേമം നിലനിൽക്കുന്നത്. രാജ്യത്തിന്റെ വികസനത്തിനായി ഭാവി മാനവശേഷി രൂപീകരിക്കുന്നതിന് കുട്ടികളുടെ നല്ല രീതിയിലുള്ള വളർച്ച അത്യന്താപേക്ഷിതമാണ്.

2011 സെൻസസ് പ്രകാരം, കേരളത്തിൽ പൂജ്യത്തിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ ജനസംഖ്യ സംസ്ഥാനത്തെ മൊത്തജനസംഖ്യയുടെ 30 ശതമാനം വരും. ഇതിൽ പൂജ്യം മുതൽ 6 വയസ്സുള്ളവർ 10.4% ശതമാനമാണ്. എസ് ആർ എസ് റിപ്പോർട്ട് 2019 പ്രകാരം സംസ്ഥാനത്ത് 5 വയസ്സിൽ താഴെയുള്ള മരണനിരക്ക് 1,000 ൽ 10 ആണ് NFHS–4 റിപ്പോർട്ട് പ്രകാരം ഇത് 7 ആണ്. കുട്ടികളുടെ നിലനില്പ്, വികാസം, സുരക്ഷ, പങ്കാളിത്തം എന്നീ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ കേരളം സമഗ്ര പുരോഗതി കൈവരിച്ചിട്ടുണ്ട്.

### കുട്ടികളുടെ സുരക്ഷ, പരിചരണം, വളർച്ച എന്നിവയ്ക്കുള്ള പ്രധാന പരിപാടികൾ

വനിത ശിശു വികസന വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനുമാണ് കുട്ടികളുടെ സുരക്ഷ, പരിചരണം, വളർച്ച എന്നിവയ്ക്കായുള്ള പരിപാടികളും പദ്ധതികളും നടപ്പാക്കുന്നത്. കുട്ടികൾക്കുള്ള അവകാശങ്ങൾ നടപ്പാക്കുന്നതിനായി പ്രധാനപ്പെട്ട നിയമങ്ങൾ, നയങ്ങൾ, പരിപാടികൾ എന്നിവ താഴെ പ്രതിപാദിക്കുന്നു.

### കുട്ടികളുടെ സംരക്ഷണാവകാശം

കുട്ടികളോടുള്ള അവഗണന, അതിക്രമം, അധിക്ഷേപം, ചൂഷണം എന്നിവയിൽ നിന്ന് അവരെ മോചിപ്പിച്ച് സുരക്ഷിതമായ അന്തരീക്ഷം ഒരുക്കുകയെന്നതാണ് കുട്ടികളുടെ സംരക്ഷണം കൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ തരത്തിലുമുള്ള മോശമായ പെരുമാറ്റത്തിൽ നിന്നും അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിൽ കേരളം വളരെ മുന്നോട്ട് പോയിട്ടുണ്ട്. എന്നിരുന്നാലും കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ തോത് തുടർച്ചയായി ഉയർന്നു വരുന്നതോടോപ്പം ബലാത്സംഗവും മറ്റു കുറ്റകൃത്യങ്ങളും കൂടി വരുന്നു. കുട്ടികൾക്കെതിരെയുള്ള അധിക്ഷേപം പ്രത്യേകിച്ച് പെൺകുട്ടികൾക്കെതിരെയുള്ള ലൈംഗീക അധിക്ഷേപ സംഭവങ്ങൾ കൂടി വരുന്നുണ്ട്. പദാർത്ഥ ദുരുപയോഗം പ്രത്യേകിച്ച് കൗമാരപ്രായക്കാരിൽ കൂടി വരുന്നു. മദ്യത്തിന്റെ ഉപയോഗം സൈബർ കുറ്റ കൃത്യങ്ങൾ എന്നിവ ഉൽകണ്ഠ ഉളവാക്കുന്ന മറ്റു പ്രധാന പ്രശ്നങ്ങളാണ്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോവിന്റെ കണക്ക് പ്രകാരം ബലാൽസംഗകേസുകൾ 2018 –ൽ 1137 ഉം 2019 –ൽ 1,113 ഉം ആണ്. കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ 2018–ൽ 4,253 എണ്ണവും 2019–ൽ 4,350 എണ്ണവുമാണ്. 2018–ൽ നിന്ന് 2% വർദ്ധനവ് കാണിക്കുന്നു .

### ശൈശവ വിവാഹം

ബാലാവകാശങ്ങളുടെ ലംഘനമാണ് ശൈശവ വിവാഹം. ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 'എൻ.എഫ്.എച്ച്.എസ്–4 നെ അടിസ്ഥാനമാക്കിയുള്ള ഇന്ത്യയിലെ ശൈശവ വിവാഹവും കൗമാരപ്രായത്തിലെ ഗർഭധാരണവും സംബന്ധിച്ച റിപ്പോർട്ട്'' പ്രകാരം 15 നും 19 നും ഇടയിൽ പ്രായമുള്ള പെൺകുട്ടികളുടെ ശൈശവ വിവാഹം സംബന്ധിച്ച് എൻ.എഫ്.എച്ച്.എസ്. 3, എൻ. എഫ്. എച്ച്.എസ്–4 റിപ്പോർട്ടുകൾ താരതമ്യ വിശകലനം നടത്തിയതിൽ നിന്നും വ്യക്തമാകുന്നത് കഴിഞ്ഞ 10 വർഷത്തിൽ മൊത്തത്തിലുള്ള ശൈശവ വിഹാഹ നിരക്ക് കുറഞ്ഞിട്ടുണ്ടെന്നാണ്. കേരളത്തിൽ എൻ. എഫ്.എച്ച്.എസ്–3 പ്രകാരം ശൈശവ വിവാഹ നിരക്ക് 6.2 ശതമാനമായിരുന്നത് എൻ. എഫ്.എച്ച്.എസ്–4 പ്രകാരം 2.4 ശതമാനം ആയി കുറഞ്ഞിട്ടുണ്ട്. ദേശീയ ശരാശരി 11.9 ശതമാനം ആണ്.

### കുട്ടികളുടെ വികസനാവകാശം

കുട്ടികളുടെ ബാല്യകാലം അവരുടെ പുരോഗതിയുടെ ഏറ്റവും പ്രബലമായ കാലഘട്ടമാണ്. 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ ശാരീരികം, മാനസികം, വികാരം, സാമൂഹ്യം എന്നീ തലങ്ങൾ കേന്ദ്രീകരിച്ചുള്ള സമഗ്ര പുരോഗതിയാണ് ഇതിൽ ഉൾപ്പെടുന്നത്. ഈ നാല് മണ്ഡലങ്ങളിലുമുള്ള കുട്ടികളുടെ വളർച്ചയെ പ്രോൽസാഹിപ്പിക്കുന്ന കാര്യത്തിൽ കേരളം എപ്പോഴും മുൻപന്തിയിലാണ്. എന്നിരുന്നാലും കുട്ടികളുടെ ബാല്യകാല വികസനത്തിൽ ചില തടസ്സങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. പ്രതിരോധകുത്തിവയ്പ് എടുക്കുന്ന കാര്യത്തിൽ സംസ്ഥാനം വളരെ മുന്നിലാണെങ്കിലും ദേശീയ കുടുബ ആരോഗ്യ സർവ്വേ 4 പ്രകാരം 100% –ൽ ചെറിയ കുറവാണ് (12 മുതൽ 23 മാസംവരെ പ്രതിരോധകുത്തിവെയ്പ് 82.1 ശതമാനം). അതുപോലെതന്നെ കേരളം പൂർണ്ണമായ മുലയൂട്ടൽ (ആദ്യത്തെ 6 മാസ ശൈശവ ഘട്ടത്തിൽ) നടത്തുന്നതിൽ പുരോഗതി കുറഞ്ഞു വരുന്നു (എൻ.എഫ്. എച്ച്.എസ്–3 പ്രകാരം 0 മുതൽ 5 വയസ്സുള്ള കുട്ടികൾക്ക് പൂർണ്ണമായ മുലയൂട്ടൽ നടത്തുന്നതിന്റെ ആധിക്യം 56.2% ശതമാനവും എൻ.എഫ്.എച്ച്.എസ്–4 പ്രകാരം 53.3 ശതമാനവുമാണ് ). പാലൂട്ടലിന് മുമ്പായി ആഹാരം നൽകൽ, മുലപ്പാൽ നൽകുന്നതിനുള്ള കാലതാമസം,

കുപ്പിപ്പാൽ നൽകൽ തുടങ്ങിയ അനാരോഗ്യപരമായ ആഹാരം നൽകുന്ന സമ്പ്രദായം കേരളത്തിൽ നടക്കുന്നുണ്ടെന്ന് അനവധി ഗവേഷണ പഠനങ്ങൾ വ്യക്തമാക്കുന്നു. 6–59 മാസം പ്രായമുള്ള കുട്ടികളുടെ വിളർച്ചാ നിരക്ക് സൂചിപ്പിക്കുന്നത് ആരോഗ്യ സ്ഥിതിയിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നാണ് (എൻ. എഫ്.എച്ച്.എസ്–3 ൽ 44.5 ഉം എൻ.എഫ് എച്ച് എസ്–4–ൽ 35.7 ആണ് നിരക്കുകൾ). 2019–20–ലെ ഏറ്റവും പുതിയ NFHS റിപ്പോർട്ടു വെളിപ്പെടുത്തുന്നത് ടി സൂചകങ്ങളിൽ ചിലത് വിപരീതമാകുന്നു എന്ന് അസ്വസ്ഥാജനകമായ വിവരമാണ്. പ്രതിരോധ ശേഷി ആർജ്ജിച്ചതിന്റെ ശതമാനത്തിൽ 4 ശതമാനത്തിന്റെ കുറവും എല്ലാ പ്രായക്കാരിലും അനീമിയ വർദ്ധിച്ചിട്ടുള്ളതായും റിപ്പോർട്ട് വ്യക്തമാക്കുന്നു (ഡിസംബർ 13 ഹിന്ദു).

### കുട്ടികളുടെ അതിജീവനാവകാശം

ശിശുമരണ നിരക്കും നവജാത ശിശുക്കളുടെ തൂക്കക്കുറവിന്റെ ബാഹുല്യവും കുട്ടികളുടെ അതിജീവനത്തിൽ ഉത്കണ്ഠ ജനിപ്പിക്കുന്ന കാര്യങ്ങളാണ്. സംസ്ഥാനത്ത് ശിശുമരണ നിരക്ക് 1,000 ജനനത്തിന് 12 എന്നതിൽ നിന്ന് 8 ആയി കുറയ്ക്കാനാണ് സുസ്ഥിര വികസന ലക്ഷ്യം (എസ്. ഡി.ജി) വിഭാവനം ചെയ്യുന്നത്. അതുപോലെ 2020 ആകുമ്പോഴേക്കും മാതൃമരണ നിരക്ക് ഒരു ലക്ഷം ജനനത്തിന് 66–ൽ നിന്ന് 30 ആയി കുറയ്ക്കാനും 5 വയസ്സിന് താഴെയുള്ള ശിശുമരണ നിരക്ക് 1,000 ജനനത്തിന് 14ൽ നിന്നും 9 ആയി കുറയ്ക്കാനും ലക്ഷ്യമിടുന്നു. മുകളിൽ പറഞ്ഞിട്ടുള്ള രംഗത്തെല്ലാം സംസ്ഥാനം കാര്യമായ നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും, കുട്ടികളിലെ പോഷക വൈകല്യത്തിന്റെ ബാഹുല്യവും (എൻ.എഫ്.എച്ച്.എസ്– 4 പ്രകാരം 5 വയസ്സിന് താഴെ ഉദ്ദേശം 16.1 ശതമാനം കുട്ടികൾക്ക് തൂക്കക്കുറവും 19.7 ശതമാനം കുട്ടികൾക്ക് വളർച്ചാമുരടിപ്പും), കുട്ടികളിലെ വിളർച്ചയും (എൻ.എഫ്.എച്ച്.എസ് 4 പ്രകാരം 35.7 ശതമാനം കുട്ടികൾ വിളർച്ചയുള്ളവരാണ് ). പ്രതിരോധകുത്തിവെയ്പ്പിന്റെ കുറവും (സംസ്ഥാനത്ത് ഉദ്ദേശം 17.9 ശതമാനം കുട്ടികൾക്ക് 12–23 മാസത്തിൽ മുമ്പായി 5 വാക്സിനുകൾ ലഭിക്കുന്നില്ല) സംസ്ഥാനത്ത് ചില ജില്ലകളിൽ കൂടുതലാണ്, പ്രത്യേകിച്ച് പട്ടിക വർഗ്ഗക്കാരുടെയിടയിൽ. ഏറ്റവും പുതിയ NFHS ഡേറ്റാ പ്രകാരം രോഗ പ്രതിരോധശക്തി ആർജ്ജിക്കുന്നതിനും അനീമിയയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും സുസ്ഥിര വികസന ലക്ഷ്യം നേടിയെടുക്കാൻ സർക്കാരിന് കൂടുതൽ വെല്ലുവിളിയായി മാറും.

### കുട്ടികളുടെ പങ്കാളിത്താവകാശം

തീരുമാനങ്ങൾ എടുക്കുന്ന വേളയിൽ കുട്ടികളുടെ കാഴ്ചപ്പാട് സ്വതന്ത്രമായി അവതരിപ്പിക്കാനുള്ള ഒരു ചുറ്റുപാട് സൃഷ്ടിക്കുകയാണ് കുട്ടികളുടെ പങ്കാളിത്താവകാശം കൊണ്ട് ഉദ്ദേശിക്കുന്നത്. കുട്ടികളുടെ മൊത്തത്തിലുള്ള വികസനത്തിന് സമഗ്ര സംഭാവന ചെയ്യുന്നതിനു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള അയൽക്കൂട്ട ശൃംഖലയായ കേരളാ മോഡൽ ബാലസഭകളും ബാലപഞ്ചായത്തുകളും ദേശവ്യാപകമായി അംഗീകാരം പിടിച്ചു പറ്റിയതാണ്.

### കുട്ടികൾക്ക് ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നുള്ള സംരക്ഷണ നിയമം (പോക്സോ) നിയമം 2012

കുട്ടികൾക്കെതിരെയുള്ള അധിക്ഷേപങ്ങളെക്കുറിച്ചും ലൈംഗീക കൈയ്യേറ്റം, ലൈംഗീക പീഡനം, അശ്ലീല സാഹചര്യം എന്നിവയിൽനിന്ന് കുട്ടികളെ സംരക്ഷിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും ഈ നിയമം പ്രതിപാദിക്കുന്നു. പ്രസ്തുത നിയമം നടപ്പാക്കുന്നതിൽ സംസ്ഥാനം ഒട്ടനവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന കുട്ടികൾക്ക് പരിചരണവും സുരക്ഷയും നൽകാനായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 14 വനിതാശിശു ഭവനങ്ങൾ സ്ഥാപിച്ചു. എല്ലാ ജില്ലകളിലും സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. ഈ നിയമത്തിന്റെ കീഴിൽ വരുന്ന കേസ്സുകൾ പെട്ടെന്ന് വിചാരണ ചെയ്യാൻ സംസ്ഥാനത്ത് പ്രത്യേക കോടതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ കോടതികൾ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈഗീകാതിക്രമണങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ പരിശോധനയ്ക്കായി തെരെഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള പോക്സോ കേസുകൾ വർദ്ധിച്ചു വരുന്നു. 2017 –ൽ കേസുകളുടെ എണ്ണം 2,697 ആയിരുന്നത് 2018 –ൽ 3,175 ആയും 2019 –ൽ 3,609 ആയും വർദ്ധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കേരളത്തിൽ 28 പോക്സോ കോടതികൾ കേരളത്തിൽ അനുവദിക്കുകയും 17 കോടതികൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്

### കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

ഈ കമ്മീഷൻ നിയമ പ്രകാരം പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ബാലാവകാശം സംരക്ഷിക്കാൻ നിലവിലെ നിയമങ്ങൾ പരിശോധിച്ച് അവലോകനം നടത്തുക, കുട്ടികളുടെ അവകാശ ലംഘനം നടന്നത് അന്വേഷിക്കുക, കുട്ടികളുടെ അവകാശങ്ങളുടെ പൂർണ്ണ സ്വാതന്ത്ര്യത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ കണ്ടു പിടിക്കുക, വസ്തുതകൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുക എന്നിവ കമ്മീഷന്റെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങളാണ്. 2019–20 കാലയളവിൽ, 1,933 പരാതികൾ കമ്മീഷന് ലഭിച്ചു. ഇതിൽ 1,244 പരാതികൾക്ക് പരിഹാരം കണ്ടു.

പരിഹാരം കണ്ട പരാതികളിൽ 73 എണ്ണം പോക്സോ ആക്ട്മായി ബന്ധപ്പെട്ടതും, 77 എണ്ണം ആർ.റ്റി.ഇ യുമായും 9 എണ്ണം ജുവൈനൽ ജസ്റ്റീസുമായി ബന്ധപ്പെട്ടതും ബാക്കിയുള്ള 1,774 എണ്ണം കുട്ടികളുടെ അവകാശ ലംഘനവുമായി ബന്ധപ്പെട്ടതുമാണ്.

### ദത്തെടുക്കൽ സേവനങ്ങൾ

സംസ്ഥാന ദത്തെടുക്കൽ റിസോഴ്സ് ഏജൻസിയെ മുന്നോട്ടു കൊണ്ടു പോകുന്നതിനായി കേരളത്തിൽ 17 പ്രത്യേക ദത്തെടുക്കൽ ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. 2013–14 മുതൽ 2019–20 വരെ, 994 രാജ്യത്തിനകത്തുള്ള ദത്തെടുക്കലും 93 രാജ്യാന്തര ദത്തെടുക്കലും നടന്നു. 2019–20–ൽ കേരളത്തിൽ 117 കുട്ടികളെ ദത്തെടുത്തു (രാജ്യത്തിനകത്തുള്ളത് 111 ഉം, രാജ്യാന്തരം 6 ഉം). ഇതിൽ 62 പേർ പെൺകുട്ടികളാണ് ദത്തെടുത്ത കുട്ടികളെ സംബന്ധിച്ച വിവരം **അനുബന്ധം 8.3.6** –ൽ ചേർത്തിരിക്കുന്നു.

### ചൈൽഡ് ലൈൻ സേവനങ്ങൾ

തെരുവിൽ താമസിക്കുന്ന ആരോഗ്യമില്ലാത്ത കുട്ടികൾ, തൊഴിലെടുക്കുന്ന കുട്ടികൾ, ഗാർഹിക തൊഴിലെടുക്കുന്ന കുട്ടികൾ, ഒളിച്ചോടിയകുട്ടികൾ, ലൈംഗിക തൊഴിലാളികളുടെ മക്കൾ, ലൈംഗിക അക്രമത്തിനിരയായ കുട്ടികൾ എന്നിവരുടെ ആവശ്യങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള സേവനമാണ് ലക്ഷ്യമിടുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ടോൾഫ്രീ ടെലിഫോൺ (1,098) സേവനമാണ് ചൈൽഡ് ലൈൻ. ഇൻഡ്യയിൽ 430 നഗരങ്ങളിൽ ഈ സേവനം ലഭ്യമാണ്. കേരളത്തിൽ 14 സ്ഥലത്ത് ഈ സംവിധാനം പ്രവർത്തിക്കുന്നു. സർക്കാരിത സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെ ചൈൽഡ് ലൈൻ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

### സംയോജിത ശിശുവികസന സേവനങ്ങൾ (ഐ.സി.ഡി.എസ്)

കുട്ടികളുടെ ബാല്യത്തിൽ തന്നെയുള്ള വളർച്ച സാധ്യമാക്കാൻ കേന്ദ്രസർക്കാർ നടപ്പാക്കുന്ന ഒരു ഫ്ലാഗ്ഷിപ്പ് പരിപാടികളിലൊന്നാണിത്. പൂരകപോഷകാഹാരം, പ്രതിരോധകുത്തിവെയ്പ്, ആരോഗ്യപരിശോധന, റഫറൽ സർവീസസ്, ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം, 6 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പ്രീ–സ്ക്കൂൾ വിദ്യാഭ്യാസം, അമ്മമാർ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് സേവനങ്ങൾ ഉറപ്പാക്കുന്ന ഒരു സമഗ്ര പദ്ധതിയാണിത്. 2019–20–ൽ 33,115 അംഗൻവാടികൾ മുഖേന ഈ പദ്ധതി നടപ്പാക്കുന്ന പൂരകപോഷകാഹാര പരിപാടി 12.91 ലക്ഷം പേർക്കും, പ്രീ–സ്ക്കൂൾ വിദ്യാഭ്യാസ പരിപാടി 3 മുതൽ 6 വയസ്സുള്ള 4.11 ലക്ഷം കുട്ടികൾക്കും പ്രയോജനപ്പെട്ടു. പൂരകപോഷകാഹാര പരിപാടിയിൽ 3.55 ലക്ഷം പേർ ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും ആയിരുന്നു. (**അനുബന്ധം 8.3.7**).

സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധതരം നൂതനമായ പ്രവർത്തികൾ ഐ.സി.ഡി.എസിന്റെ കീഴിൽ തുടക്കം കുറിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ പ്രദേശങ്ങളിൽ കുട്ടികളുടെ പോഷകാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി അമൃതം ന്യൂട്രിമിക്സ് തയ്യാറാക്കുന്നതിനായി വയനാട്ടിൽ കുടുംബശ്രീ ഉല്പാദന യൂണിറ്റുകൾ ആരംഭിച്ചു. ഗുരുതരമായ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി യൂണിസെഫിന്റെ സഹായത്തോടെ ഒരു സാമൂഹ്യാധിഷ്ഠിത പോഷകാഹാര പുനരധിവാസ പരിപാടി അട്ടപ്പാടി പട്ടിക വർഗ്ഗ പ്രോജക്ട് പ്രദേശത്ത് ആരംഭിച്ചിട്ടുണ്ട്. പോഷകാഹാര അവസ്ഥയുടെ തത്സമയ മോണിറ്ററിംഗിനായി GIS അധിഷ്ഠിതമായ ജാതക്–ജനനി അട്ടപ്പാടിയിൽ ആരംഭിച്ചു. കുട്ടികളുടെ 5 വയസുവരെയുള്ള വളർച്ച നിരീക്ഷിക്കുന്നതിനുള്ള സംവിധാനമാണ് ജാതക്. മൊബൈൽ ആപ്ലിക്കേഷൻ വഴി ശബ്ദരേഖയും ചിത്രവും സ്ഥാനവും ഉൾപ്പെടുന്ന തത്സമയ വിവരങ്ങൾ ജാതകിലൂടെ ലഭിക്കുന്നു. ഇത് അട്ടപ്പാടിയിലും മാനന്തവാടി, ദേവികുളം, ഇരിട്ടി എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ 33,115 അംഗൻവാടി കേന്ദ്രങ്ങളിലും സാമൂഹ്യ ആഡിറ്റ് നടത്തപ്പെട്ടിട്ടുണ്ട്. അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരുടെ ക്ഷേമത്തിനായി അംഗൻവാടി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ബാല്യത്തിൽത്തന്നെയുള്ള വളർച്ചയും സംരക്ഷണവും പ്രീ സ്കൂൾ വിദ്യാഭ്യാസ പരിപാടിയും അംഗൻവാടികൾ മുഖേന ഇ.സി.സി.ഇ പദ്ധതി പ്രകാരം നൽകുന്നു.

### സംയോജിത ശിശു സംരക്ഷണ പദ്ധതി

സുരക്ഷയും സംരക്ഷണവും ആവശ്യമുള്ളവരും നിയമപ്രശ്നങ്ങളുള്ളവരുമായ കുട്ടികൾക്ക് പ്രതിരോധം, നിയമ സുരക്ഷ, പുനരധിവാസ സേവനങ്ങൾ എന്നിവ നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. സംസ്ഥാനത്ത് ജെ.ജെ ആക്ടിൽ ഉൾപ്പെട്ട നിബന്ധനകൾ വേഗത്തിൽ നടപ്പിലാക്കുവാനായി ശിശു സംരക്ഷണ യൂണിറ്റുകൾ, ശിശുക്ഷേമ കമ്മറ്റികൾ, പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റുകൾ, സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റി, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ജെ.ജെ ബോർഡുകൾ എന്നിവ സ്ഥാപിച്ചു. ചൈൽഡ് മാര്യേജ് റീസ്റ്റ്റെയിന്റ് നിയമം, കേരള യാചക നിരോധന നിയമം, ചൈൽഡ് റൈറ്റ്സ് കൺവെൻഷൻ പരിപാടികൾ, ദത്തെടുക്കലുമായി ബന്ധപ്പെട്ട നിയമങ്ങൾ പോലുള്ള വിവിധ സാമൂഹ്യ നിയമങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ ഈ പദ്ധതിക്ക് കീഴിൽ നടപ്പാക്കുന്നുണ്ട്.

പോക്സോ നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ടയൽ കേസുകൾ തീർപ്പാക്കാൻ പ്രത്യേക കോടതികൾ ആരംഭിച്ചു. ഷഫീക്ക് കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി 'ബാലസുരക്ഷ' സംബന്ധിച്ച് ഒരു മാതൃകാ പ്രോട്ടോക്കോൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 1. കുട്ടികൾക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, 2. കേസുകൾ കണ്ടെത്തി നേരത്തെ തന്നെ ഇടപെടൽ നടത്തുക, 3. ഇരയ്ക്ക് സുരക്ഷയും സംരക്ഷണവും നൽകുക, 4. ആവർത്തിക്കുന്ന അക്രമങ്ങൾ തടയൽ എന്നിവ ഇതിൽ പെടുന്നു.

### പോഷൺ അഭിയാൻ

രാജ്യത്തെ പോഷകാഹാരകുറവ് വിവിധ ഘട്ടങ്ങളിലായി കുറയ്ക്കുന്നതിനായുള്ള പദ്ധതിയാണിത്. ജീവിത ചക്ര ആശയങ്ങളിലൂടെയും സംയോജനത്തിലൂടെയും പ്രയോജനം ലക്ഷ്യമിട്ടുകൊണ്ട് പോഷകാഹാരവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെയും പദ്ധതികളുടെയും ഏകോപനവും സമയബന്ധിതമായ മോണിറ്ററിങ്ങും ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നു. പോഷകാഹാരം സംബന്ധിച്ച സഞ്ചരിക്കുന്ന പ്രദർശനം, ആദ്യ 1,000 ദിവസത്തിന്റെ പ്രാധാന്യം ഉൾപ്പെടുത്തിയ ഫ്ലോട്ട് ഓണഘോഷയാത്രയിലുൾപ്പെടുത്തൽ, ദിവസേനയുള്ള വിവര വിനിമയത്തിനായി പോഷകവാണി വാട്സ്ആപ് എന്നിവ പദ്ധതിയുടെ ചില പ്രവർത്തനങ്ങളാണ്. സമ്പുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്താകെ പോഷക ക്ലിനിക്കുകൾ വനിതാ ശിശു വികസന വകുപ്പ് ആരംഭിച്ചു. സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലും 152 ബ്ലോക്കുകളിലെ ICDS ഓഫീസുകളിലുമാണ് ക്ലിനിക്കുകകൾ പ്രവർത്തിക്കുന്നത്. NFHS 2019-20 റിപ്പോർട്ട് കേരളത്തിലെ അനീമിയയുടെ അവസ്ഥയ്ക്കനുസരിച്ച് കൃത്യസമയത്തെ അത്യാവശ്യ പ്രവർത്തനമായിരുന്നു. 5 വയസ്സിനു താഴെയുള്ള കുട്ടികളിലെ അമിത വണ്ണം, ഭാരക്കുറവ് എന്നിവയുംഎല്ലാ പ്രായക്കാരിലെയും ഗർഭിണികളിലെയും അനീമിയ 2015-16-നേക്കാൾ വർദ്ധിച്ച തോതിലാണ്.

## കുട്ടികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട പദ്ധതികൾ

### കുട്ടികൾക്കുള്ള കാൻസർ സുരക്ഷയും താലോലം പദ്ധതിയും

കാൻസർ, മറ്റു ജീവനു ഭീഷണിയായ രോഗങ്ങൾ എന്നിവയാൽ ബുദ്ധിമുട്ടുന്ന 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ അംഗീകൃത ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുന്ന സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതിയാണിത്. കാൻസർ സുരക്ഷ 12 സർക്കാർ ആശുപത്രികൾ മുഖേനയും താലോലം പദ്ധതി 18 സർക്കാർ ആശുപത്രികൾ മുഖേനയും നടപ്പാക്കി വരുന്നു. 2019-20 വർഷം കാൻസർ സുരക്ഷാ പദ്ധതിയിലൂടെ 7092 കുട്ടികൾക്കും താലോലം പദ്ധതിയിലൂടെ 16,507 കുട്ടികൾക്കും സഹായം ലഭിച്ചിട്ടുണ്ട്.

### കുട്ടികളിലെ കോക്ലിയർ ഇംപ്ലാന്റേഷൻ

പ്രാദേശിക സംസ്ഥാനതല സാങ്കേതിക കമ്മിറ്റികൾ തെരഞ്ഞെടുത്ത അഞ്ചു വയസ്സുവരെയുള്ള കുട്ടികൾക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ (കെ. എസ്.എസ്.എം) ഈ പദ്ധതിയിലൂടെ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്കുള്ള സഹായം നൽകുന്നു. പ്രത്യേക പട്ടികയിലുള്ള ആശുപത്രികളിലൂടെ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികൾക്ക് ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ (എ.വി.എച്ച് ) വേണ്ടി സാമ്പത്തിക സഹായവും നൽകുന്നു. 2017-18-ൽ കുട്ടികൾക്ക് ഇമ്പ്ളാൻറ് ഉൾപ്പെടെ സ്പീച് പ്രോസസ്സർ അപ്ഗ്രേഡേഷൻ സൗജന്യമായി നൽകുന്നതിനായി 'ധ്വനി'എന്ന പ്രോജക്റ്റ് ആരംഭിച് ധ്വനി പ്രോജക്റ്റിൽ 55 പേർ ഗുണഭോക്താക്കളായപ്പോൾ കൊക്ലെയാർ ഇംപ്ലാൻറഷൻ പദ്ധതി പ്രകാരം 2019-20 കാലയളവിൽ 108 കുട്ടികൾക്ക് സഹായം ലഭിച്ചു.

### ജുവനൈൽ ഡയബെറ്റിസ് ബാധിച്ച കുട്ടികൾക്കായുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)

പ്രമേഹ (ടൈപ്പ്-1) ബാധിച്ച കുട്ടികൾക്കും കൗമാരപ്രായക്കാർക്കും സമഗ്ര സംരക്ഷണം നൽകുന്ന പദ്ധതിയാണിത്. 5 നും 18 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്കാണ് ഈ രോഗം ബാധിക്കുന്നത്. പൊതു സമൂഹത്തിനും പരിചരിക്കുന്നവർക്കും രോഗത്തെ സംബന്ധിച്ച് അവബോധം കുറവാണ്. ഇൻസുലിൻ നൽകുകയെന്ന ചികിത്സയും നിരന്തരമുള്ള പരിശോധനയും മുഖേന മാത്രമാണ് ഈ രോഗം നിയന്ത്രിക്കാനാവുന്നത്. സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ മിഠായി സെന്ററുകൾ സ്ഥാപിച്ചു. 2019-20 -ൽ 750 കുട്ടികൾക്ക് സഹായം ലഭിച്ചു.

### അട്ടപ്പാടിയിലെ ശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ 1,000 ദിന പരിപാടി

അട്ടപ്പാടിയിലെ ശിശുക്കൾക്കു വേണ്ടി നടപ്പിലാക്കുന്ന വനിതാശിശുവികസന വകുപ്പിന്റെ ഒരു പ്രത്യേക പരിപാടിയാണിത്. ശിശുക്കൾക്കു നേരത്തേ മുലയൂട്ടലിന് അമ്മമാരെ പ്രേരിപ്പിക്കുക, 6 മാസമാകുമ്പോൾത്തന്നെ മറ്റ് ആഹാരങ്ങൾ യഥാസമയം നൽകുക, മുലപ്പാലിനു പുറമേയുള്ള ആഹാരങ്ങൾ നൽകുമ്പോൾ ശുചിത്വം പാലിക്കുക, എല്ലാ പ്രതിരോധ കുത്തിവയ്പുകളും, വിറ്റാമിൻ-എയും വിരനാശക മരുന്നുകളും നൽകുക, എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

## സ്നേഹപൂർവ്വം

മാതാപിതാക്കൾ രണ്ടുപേരും നഷ്ടപ്പെട്ടതോ ഒരാളില്ലാത്തതോ മറ്റേയാൾക്ക് കുട്ടിയെ സംരക്ഷിക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി ഇല്ലാത്തതോ ആയ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഒരു പദ്ധതിയാണിത്. കുട്ടികൾക്ക് ബിരുദ പഠനം വരെ വിദ്യാഭ്യാസ സഹായം നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. HIV/AIDS ബാധിതരായ കുട്ടികളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 2019-20-ൽ 31,933 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

## സ്നേഹ സാന്ത്വനം

സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശ്വാസ നടപടികൾ കൈക്കൊള്ളുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകി വരുന്നു. 1 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നു. 2019-20-ൽ ഈ പദ്ധതിയിൽ 6,619 പേർ ഗുണഭോക്താക്കളായിരുന്നു.

## ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ കേരള (ഒ.ആർ.സി)

വനിതാശിശു വികസന വകുപ്പ് നടപ്പാക്കുന്ന സംയോജിത ശിശുവികസന പദ്ധതിയുടെ ഒരു അവിഭാജ്യമായ പ്രവർത്തനമാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൺ. കുട്ടികളുടെ സംരക്ഷണത്തിനും വികസനത്തിനും വേണ്ടി വിദ്യാഭ്യാസ, ആരോഗ്യ, ആഭ്യന്തര തദ്ദേശസ്വയംഭരണ വകുപ്പുകളുടെയും സർക്കാർ സർക്കാരിതര സംഘടനകളുടെയും കൂട്ട് ഉത്തരവാദിത്വത്തിൽ സ്കൂൾ കേന്ദ്രീകൃത പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. ഇതിന്റെ ലക്ഷ്യം കുട്ടികളുടെ മെച്ചപ്പെട്ട സുരക്ഷയും വികസനവും ജീവിത നൈപുണ്യം മെച്ചപ്പെടുത്തലും പോഷക സമൃദ്ധവും ദുരിതങ്ങളെ പരിഹരിക്കലും ഉപദേശം നൽകലും നല്ല രീതിയിലുള്ള രക്ഷാകർത്തൃത്വം ലഭ്യമാക്കുക എന്നതുമാണ്. ഈ പദ്ധതിയുടെ ഭാഗമായി കുട്ടി ഡെസ്ക്-കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട അവബോധന പരിപാടി, കളിയരങ്ങ്-അവധിക്കാലത്ത് കുട്ടികളുടെ ക്രിയാത്മകത, ലോക്ക്ഡൗൺ കാലയളവിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പച്ചക്കറി കിറ്റ് നൽകൽ, ചിരി-ടെലികൗൺസിലിംഗ് പരിപാടി, നോഡൽ അദ്ധ്യാപകർക്കുള്ള ജീവിത നൈപുണ്യ പരിശീലന പരിപാടി, ഭിന്നശേഷിക്കാരായ കുട്ടികളെ പരിപാലിക്കുന്നതിനു മാതാപിതാക്കൾക്ക് സഹായകരമായ ബോധവത്ക്കരണ വീഡിയോയുടെ 3 സീരീസ് പ്രസിദ്ധീകരിക്കൽ, എന്നിവ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ നടപ്പാക്കുകയുണ്ടായി

## കാവൽ

നിയമ പ്രശ്നമുള്ള കുട്ടികൾക്ക് പിന്തുണ നൽകുന്നതിനായി ബംഗളൂരുവിലുള്ള നിം ഹാൻസിന്റെയും സൈക്യാട്രി വകുപ്പിന്റെയും സാങ്കേതിക സഹായത്തോടെ വനിതശിശുവികസന വകുപ്പ് നടപ്പാക്കുന്ന ഒരു നവീന പരിപാടിയാണിത്. സമൂഹത്തിന് ദോഷകരമായി ബാധിക്കാതിരിക്കാനും സാമൂഹ്യ വിരുദ്ധ കൂട്ടുകെട്ടുകളിൽ  പെടാതിരിക്കാനുമായി സൈക്കോസോഷ്യൽ സേവനങ്ങൾ കുട്ടികൾക്ക് നൽകുന്നു.  2019-20 -ൽ 333 കുട്ടികളുടെ വിദ്യാഭ്യാസം പുനരാരംഭിക്കുകയും, 257 കുട്ടികൾ തൊഴിൽ പരിശീലനത്തിലേർപ്പെടുകയും പരിശീലനം കഴിഞ്ഞ് 78 കുട്ടികൾ വിവിധ തൊഴിലുകളിൽ ചേരുകയും ചെയ്തു.  154 കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുകയും ഡീ അഡിക്ഷൻ ചികിത്സയ്ക്കായി അയയ്ക്കുകയുമുണ്ടായി. 96 കുട്ടികൾ ഡീ അഡിക്ഷൻ ചികിത്സ വിജയകരമായി പൂർത്തിയാക്കുകയും വിദ്യാഭ്യാസം കഴിഞ്ഞ 508 കുട്ടികൾക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. സംസ്ഥാനത്തിലെ എൻ.ജി.ഒ കളുടെ സഹായത്തോടെ ഈ പദ്ധതി നടപ്പാക്കുന്നു.

## കൗമാരക്കാരായ പെൺകുട്ടികൾക്കു വേണ്ടിയുള്ള മനഃശാസ്ത്ര സാമൂഹ്യ സേവനങ്ങൾ

വനിതാശിശുവികസന വകുപ്പിന്റെ ഈ പദ്ധതി കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ്, മാർഗ്ഗോപദേശം തുടങ്ങിയ സഹായങ്ങൾ നൽകുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ പിന്തുണയോടെ 2009-10 -ൽ തെരഞ്ഞെടുക്കപ്പെട്ട 163 സ്കൂളുകളിൽ മനഃശാസ്ത്ര സാമൂഹ്യ കൗൺസലിംഗ് സെന്റർ ആരംഭിക്കുകയും 1,012 സ്ക്കൂളുകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. കുട്ടികൾക്ക് കൗൺസലിംഗും മാർഗ്ഗോപദേശവും നൽകുന്നതിനായി ഓരോ സ്കൂളിലും ഒരു ഫുൾടൈം കൗൺസിലറെ നിയമിച്ചിട്ടുണ്ട്.

## മാനന്തവാടി ബ്ലോക്കിലെ ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള അമ്മയും കുഞ്ഞും ആരോഗ്യ അനുഗമന വ്യവസ്ഥ

ജാതക്, ജനനി എന്നീ സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളുടെ സഹായത്തോടെ വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിൽ കുട്ടികളുടേയും ഗർഭിണികളുടേയും ആരോഗ്യനില അറിയുന്നതിനു വേണ്ടി വനിതാശിശു വികസന വകുപ്പ് നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്.

## ശരണബാല്യം

സംസ്ഥാനത്ത് ബാലവേല, കുട്ടികളുടെ ഭിക്ഷാടനം, കുട്ടികളെ കടത്തൽ, തെരുവിൽ ജീവിക്കുന്ന കുട്ടികൾ എന്നിവ ഇല്ലാതാക്കുകയാണ് ശരണ ബാല്യം പദ്ധതി മുഖേന നടപ്പാക്കുന്നത്. ഇത്തരം അപകടങ്ങളിൽപ്പെടുന്ന കുട്ടികൾക്കായി അടിയന്തിര സഹായവും ലഭ്യമാക്കുന്നു. ഇതിനായി നാല്പ ജില്ലകളിൽ 14 റെസ്ക്യൂ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. 2019–20 –ൽ 203 കുട്ടികളെ രക്ഷപ്പെടുത്തിയിട്ടുണ്ട്.

## വിജ്ഞാന ദീപ്തി

കുട്ടികളുടെ വിദ്യാഭ്യാസത്തിന് പിൻതുണ നൽകുന്നതിന്റെ ഭാഗമായി മാസം തോറും 2000 രൂപ ഈ പദ്ധതിയുടെ ഭാഗമായി നൽകുന്നു. ഇതു മറ്റു സ്ഥാപനങ്ങളിൽ താമസിപ്പിക്കുന്നത് തടയുന്നതിനും അവരുടെ സ്വന്തം ഭവനത്തിൽ തന്നെ പാർപ്പിക്കുന്നതിനും സഹായകരമാകുന്നു. 2019–20 –ൽ 828 കുട്ടികൾക്ക് പിന്തുണ നൽകി. ഈ പരിപാടിയിലൂടെ 2019–20 –ൽ സർക്കാർ നടത്തിവരുന്ന കുട്ടികളുടെ ഹോമുകളിൽ താമസിക്കുന്ന 200 കുട്ടികൾക്ക് റസിഡൻഷ്യൽ സ്കൂളുകളിൽ വിദ്യാഭ്യാസം നൽകി. ഇതിന്റെ ചെലവുകൾ വകുപ്പാണ് വഹിച്ചത്.

## കേരളത്തിലെ ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

കേരളത്തിൽ ഓർഫണേജ് കൺട്രോൾ ബോർഡിന്റെ 1961–ലെ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന 1,154 സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങൾക്കു ഓർഫനേജ് കൺട്രോൾ ബോർഡുവഴി സാമ്പത്തിക സഹായം ലഭിച്ചു വരുന്നു. 2015–ലെ ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ സെക്ഷൻ 41 പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെ 817 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു.

## മംഗല്യ

വിധവകളായ സ്ത്രീകൾക്ക് പുനർ വിവാഹത്തിനായി ഈ പദ്ധതി പ്രകാരം 25,000 രൂപ അനുവദിക്കുന്നു. 2018–19 കാലയളവിൽ 235 പേർക്ക് സഹായം നൽകി.

## അഭയ കിരണം, സഹായഹസ്തം, വൺഡേ ഹോം

ഉപേക്ഷിക്കപ്പെട്ടതും ഭവനരഹിതരുമായ വിധവകൾക്ക് സുരക്ഷിതമായതും മെച്ചപ്പെട്ടതുമായ ജീവിത സാഹചര്യം നൽകുന്നതിനായുള്ള പദ്ധതിയാണ് അഭയകിരണം. ഇവർക്ക് സംരക്ഷണവും താമസ സൗകര്യവും നൽകുന്ന അടുത്ത ബന്ധുക്കൾക്ക് 1000 രൂപ മാസംതോറും നൽകുന്നു. 2019–20 –ൽ 779 ഗുണഭോക്താക്കൾക്ക് സഹായം നൽകി. വിധവകൾക്ക് സ്വയംതൊഴിലിനായി ധനസഹായം നൽകുന്ന പദ്ധതിയാണ് സഹായ ഹസ്തം. 2019–20 –ൽ 131 വിധവകൾക്കും ധനസഹായം നൽകി. വിവിധ ഉദ്ദേശങ്ങൾക്കായി നഗരത്തിലെത്തുന്ന സ്ത്രീകൾക്ക് ആഹാരവും താമസ സൗകര്യവും മിതമായ നിരക്കിൽ ഒൺഡേഹോം നൽകി വരുന്നു. തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. കെട്ടിടത്തിന്റെ 8–ാം നിലയിൽ പ്രവർത്തിച്ചുവരുന്ന ഒൺഡേഹോം തിരുവനന്തപുരം കോർപ്പറേഷന്റെയും വനിതാശിശുവികസന വകുപ്പിന്റെയും സംയോജിത സംരംഭമാണ്.

## ആശ്വാസ നിധി

ലൈംഗീകാതിക്രമം, നീചമായ അക്രമം, ഗാർഹിക അക്രമം, ഗാർഹിക അതിക്രമം, ആസിഡ് ആക്രമണങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ളവർക്ക് ഇടക്കാലാശ്വാസമായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് ആശ്വാസ നിധി. 2019–20 –ൽ 84 ഗുണഭോക്താക്കൾക്ക് സഹായ ധനം നൽകി.

## സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും കോവിഡ്–19 പ്രവർത്തനങ്ങൾ

കോവിഡ്–19 മഹാമാരിക്കാലത്തും അടച്ചിടൽ കാലത്തും പ്രത്യേക സംരക്ഷണവും ശ്രദ്ധയും ആവശ്യമായ ജനവിഭാഗങ്ങളാണ് മുതിർന്ന പൗരന്മാരും, ഭിന്ന ശേഷിക്കാരും സ്ത്രീകളും കുട്ടികളും. സാമൂഹ്യനീതി വകുപ്പിന്റെയും വനിതാശിശു വികസന വകുപ്പിന്റെയും കീഴിൽ 73 ക്ഷേമ സ്ഥാപനങ്ങളും 2 തൊഴിൽ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. ഇതിൽ വൃദ്ധസദനങ്ങൾ, ആശാഭവൻ, പ്രതീക്ഷാഭവൻ, പ്രത്യാശാഭവൻ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, കൗമാരപ്രായക്കാർക്കായുള്ള അനന്തര ശുശ്രൂഷാ ഹോമുകൾ, നിർഭയ ഷൽട്ടർ ഹോമുകൾ (വനിതാ ശിശു മന്ദിരങ്ങൾ), അനാഥ മന്ദിരങ്ങൾ, ബുദ്ധിവൈകല്യം ഉള്ള കുട്ടികൾക്കായുള്ള ജീവിത സഹായ മന്ദിരങ്ങൾ എന്നിവ ഉൾപ്പെടുന്നു.
സംസ്ഥാനത്ത് കോവിഡ്–19 മഹാമാരി പൊട്ടിപ്പുറപ്പെട്ടപ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള സുരക്ഷാകരുതൽ നടപടികൾ വകുപ്പുകൾ നടപ്പാക്കി. എല്ലാക്ഷേമ സ്ഥാപനങ്ങളിലും സന്ദർശകർക്കു നിയന്ത്രണം ഏർപ്പെടുത്തി. ക്ഷേമസ്ഥാപനങ്ങൾ സമൂഹത്തിൽ നിന്നും ബന്ധുക്കളിൽ നിന്നും സഹായം സ്വികരിച്ചിരുന്നു. ഈ സ്ഥാപനങ്ങളിലേക്കുള്ള സഹായത്തിന്റെ വരവിനെ മഹാമാരി ദേഷകരമായി ബാധിച്ചു. എന്നിരുന്നാലും വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ ജനവിഭാഗങ്ങളെയും സഹായിക്കാൻ ഉതകുന്ന നടപടികൾ സ്വികരിച്ചു.

**മുതിർന്നവർക്കുള്ള പിന്തുണ:** മഹാമാരി കാലത്ത് പ്രത്യേക സംരക്ഷണവും ശ്രദ്ധയും ആവശ്യമായ ദുർബല

വിഭാഗമാണ് മുതിർന്ന പൗരന്മാർ. ഭവനങ്ങളിൽ ക്വാറന്റൈൻ ചെയ്തിരുന്ന മുതിർന്ന പൗരന്മാർക്ക് ശാരീരിക മാനസിക പ്രയാസങ്ങളും വൈകാരിക പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ തരണം ചെയ്യാനായി മുതിർന്നവർക്ക് സൈക്കോ സോഷ്യൽ കൗൺസിലിംഗ് നൽകുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതിയായ വയോമിത്രം മുഖേന കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ചില ബ്ലോക്കു പഞ്ചായത്തുകളിലും ഉള്ള മുതിർന്നവരായ ഗുണഭോക്താക്കൾക്ക് മരുന്നും അവശ്യ സേവനങ്ങളും മൊബൈൽ യൂണിറ്റിലൂടെ നൽകി. ഒരു ഡോക്ടർ സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് കോഡിനേറ്റർ എന്നിവർ ഈ മൊബൈൽ യൂണിറ്റിൽ ഉണ്ടായിരിക്കുന്നതാണ്.

**ആഹാരവും താമസ സൗകര്യവും:** ഭക്ഷ്യ പൊതു വിതരണ വകുപ്പുമായി സഹകരിച്ച് എല്ലാ ക്ഷേമ സ്ഥാപനങ്ങളിലും സൗജന്യ റേഷൻ നൽകി. ഹോർട്ടികൾച്ചർ കോർപ്പറേഷൻ മുഖേന ഫ്രഷ് പച്ചക്കറികളും നൽകി. ദുരിതത്തിലായ 1,000 ഭിന്നലിംഗക്കാർക്ക് ഭക്ഷ്യധാന്യകിറ്റും അടച്ചിടൽ കാരണം താമസ സൗകര്യം നഷ്ടപ്പെട്ടവർക്ക് താമസ സൗകര്യവും വകുപ്പ് നൽകുകയുണ്ടായി.

**ഭിന്നശേഷിക്കാർ, ദുരിതബാധിതർ, മറ്റുള്ളവർക്കുള്ള പിന്തുണ:-** ഭിന്നശേഷി കുട്ടികളുടെയും ഭിന്നശേഷി വിദ്യാർത്ഥികളുടെയും മാതാപിതാക്കൾക്ക് ഭവനങ്ങളിൽ തന്നെ തങ്ങണമെന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി. തെറാപ്പികൾ, ഇന്ററാക്ടീവ് സെഷനുകൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്(നിഷ് ), സംസ്ഥാന നോഡൽ ഏജൻസി സെന്റർ(സ്നാക് ), പ്രാദേശിക തല കമ്മിറ്റി (എൽ.എൽ.സി.) എന്നിവയുടെ സാമൂഹ്യ വൈകല്യ പരിപാലന പുനരധിവാസ പ്രവർത്തനങ്ങളും ഓൺലൈനായി നൽകി. പരിരക്ഷാ പദ്ധതിയുടെ ഭാഗമായി 90 കുടുംബങ്ങൾക്ക് അത്യാവശ്യ മരുന്നുകൾ നൽകി. പരിരക്ഷാ പദ്ധതിയുടെ ഭാഗമായി 90 കുടുംബങ്ങൾക്ക് അത്യാവശ്യ മരുന്നുകൾ നൽകി, 22 കുടുംബങ്ങൾക്ക് നേരിട്ടുള്ള കൗൺസിലിംഗും 242 കുടുംബങ്ങൾക്ക് ഓൺലൈൻ കൗൺസിലിംഗും നൽകി, 2,326 അഗതികളെയും തെരുവിൽ അലയുന്നവർക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ താല്ക്കാലിക താമസ സൗകര്യങ്ങൾ നൽകി. കേഴ്വിക്കുറവുള്ളവർക്കായി നിഷ് 24x7 ഹെൽപ്പ് ലൈൻ ആരംഭിച്ചു. തെറാപ്പികളും കൗൺസലിംഗ് സെഷനുകളും നൽകി.

**ഭവനങ്ങളിലേക്ക് ICDSപൂരക പോഷകാഹാരം നൽകൽ:** കോവിഡ്-19 - മഹാമാരിയെ തുടർന്ന് പ്രതിരോധ നടപടിയുടെ ഭാഗമായി അംഗനവാടികൾ അടച്ചു. മാർച്ച് 11, 2020 മുതൽ സെപ്റ്റംബർ 30, 2020 വരെ മൂന്നു വയസ്സിൽ താഴെയുള്ള 5,17,841 കുട്ടികൾക്കും 3 മുതൽ 6 വയസ്സു വരെ പ്രായമുള്ള 4,44,175 കുട്ടികൾക്കും പൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി ടേക്ക് ഹോം റേഷൻ പദ്ധതി (THRs) പ്രകാരം ആഹാര സാധനങ്ങൾ നല്കിയിട്ടുണ്ട്. മേൽ രണ്ടു വിഭാഗങ്ങളിലായി 9,62,016 കുട്ടികൾക്ക് ആഹാര സാധനങ്ങൾ നൽകി. എല്ലാ ഗുണഭോക്താക്കൾക്കും അംഗനവാടി വർക്കർമാർ റ്റി എച്ച് ആർ ഭവനങ്ങളിൽ എത്തിച്ചു നൽകി. 0 മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രമിക്സും, അരി, ചെറുപയർ, ഗോതമ്പ് നുറുക്ക് എന്നിവ 3-6 വയസ്സുവരെയുള്ള കുട്ടികൾക്കും നൽകി.

അംഗനവാടി വർക്കർമാർ തദ്ദേശഭരണ സ്ഥാപനങ്ങളും ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ക്വാറന്റൈനിലുള്ള വ്യക്തികൾക്ക് പിന്തുണ ഉറപ്പു വരുത്തി. 44 ലക്ഷത്തോളം മുതിർന്ന പൗരന്മാരെ ഫോണിലൂടെ ബന്ധപ്പെട്ട് അംഗനവാടി വർക്കർമാർ സർവ്വേ നടത്തുകയും വിവരങ്ങൾ വിവിധ വകുപ്പുകൾക്ക് തുടർ നടപടികൾക്കും ഇടപെടലുകൾക്കുമായി നൽകുകയും ചെയ്തു. അംഗനവാടി ഗുണഭോക്താക്കളായ കുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ എന്നിവർക്ക് പ്രത്യേക രുചിയുള്ളതും മധുരമുള്ളതും വിറ്റാമിൻ എ.ഡി എന്നിവ ചേർത്തിട്ടുള്ളതുമായ 150 ml പാൽ നൽകി.

**വനിത സംരക്ഷണം:** അടച്ചിടൽ കാലയളവിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വത്തിനും ഗാർഹിക അതിക്രമം സംബന്ധിച്ച കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിനുമായി നാഷണൽ സർവ്വീസ് സ്കീം ടെക്നിക്കൽ സെല്ലിന്റെ പിന്തുണയോടെ വകുപ്പ് 24 മണിക്കൂർ വാട്ട്സ് ആപ്പ്/എസ്.എം.എസ്. ഹെൽപ്പ് ലൈൻ നമ്പർ '9400080292' ആരംഭിച്ചു. കോവിഡ്-19 രോഗികളുടെ സംരക്ഷണ ചുമതലയുള്ള 41 വനിതാ ആരോഗ്യ പ്രവർത്തകർക്ക് KSWDC യുടെ വർക്കിംഗ് വുമൻസ് ഹോസ്റ്റലിൽ താമസ സൗകര്യം നൽകി.
**സൈക്കോ സോഷ്യൽ പിന്തുണ:** കുട്ടികളിലെ ക്രിയാത്മകത നൈപുണ്യത്തെ പ്രോത്സാഹിപ്പിക്കാനും അടച്ചിടലിന്റെ സമ്മർദ്ദം ലഘൂകരിക്കാനുമായി കുട്ടികളെ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിനായി ICDS ' ലോഗിൻ ടു സർഗാലയം' എന്ന പരിപാടി 15 ഏപ്രിൽ മുതൽ മേയ് 15 വരെ നടത്തുകയുണ്ടായി. സർക്കാരിലെയും DCPU- ലെയും കൗൺസിലർമാർക്ക് ഓൺലൈൻ കൗൺസിലിംഗും പരിശീലനവും നൽകി. യൂണിസെഫിന്റെ സഹായത്തോടെ ഓൺലൈൻ സുരക്ഷ, കുട്ടികളിലെ ലൈംഗീക അതിക്രമം, സ്ട്രെസ് മാനേജ്മെന്റ്, കൗൺസിലിംഗ് ടെക്നിക്കുകൾ, കോവിഡ്-19 മായി ബന്ധപ്പെട്ട സന്ദേശങ്ങൾ നൽകുക എന്നിവ കേന്ദ്രീകരിച്ചുകൊണ്ട് സംസ്ഥാനത്തെ CCI കൾ കുട്ടികൾക്ക് പിന്തുണ നൽകി.

**ബ്രേക്ക് ദ ചെയിൻ ക്യാമ്പയിൻ** (കോവിഡ് പ്രോട്ടോകോളിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പ്രതിരോധ ഉപകരണങ്ങളുടെ വിതരണം പ്രാപ്തമാക്കുന്നതിനുമായി KSSM ന്റെ ഒരു മുൻ നിര

സംരംഭം) : ജില്ലാ കളക്ടർമാരുടെ ആവശ്യപ്രകാരം ഹോട്ട് സ്പോട്ടുകളിലും റെഡ് സോണുകളിലും 12,000 ലിറ്റർ സാനിറ്റൈസർ KSSM വിതരണം ചെയ്തു. ജയിൽ വകുപ്പിന്റെ സഹായത്തോടെ ഒരു ലക്ഷം പുനരുപയോഗിക്കാൻ കഴിയുന്ന തുണിയുടെ മാസ്ക്ക് KSSM കോ ഓർഡിനേറ്റർമാർ മുഖേന സംസ്ഥാനത്ത് വിതരണം ചെയ്തു. കോവിഡ്–19 രോഗികളെ പരിചരിക്കുന്ന ഡോക്ടർമാർക്കും നഴ്സുമാർക്കും ആരോഗ്യ പ്രവർത്തകർക്കും വിതരണം ചെയ്യുന്നതിനായി 800 PPE കിറ്റുകൾക്കായി (ഗൗൺ, ഗോഗിൾസ്, ഗ്ലൗസ്, N95 മാസ്ക്, ഷൂ കവർ) 10 ലക്ഷം രൂപ KWDC CSR ഫണ്ടിൽ നിന്നും ചെലവഴിച്ചു. സാമ്പത്തിക സഹായം, ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള കിടപ്പ് രോഗികളുടെയും ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെയും സഹായികൾക്കുള്ള പെൻഷൻ– 1,14,188 പേർക്ക് നൽകി. സമാശ്വാസ പദ്ധതി പ്രകാരം നൽകാനുള്ള 3 മാസത്തെ ധന സഹായം 8,172 ഗുണഭോക്താക്കൾക്ക് KSSM നൽകി.

സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സഹായികൾക്ക് നൽകാനുള്ള 5 മാസത്തെ ശമ്പളവും വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള സഹായികൾക്ക് നൽകാനുള്ള 6 മാസത്തെ ശമ്പളവും KSSM നൽകി. എൻഡോസൾഫാൻ ബാധിതർക്കുള്ള സമഗ്ര പദ്ധതി പ്രകാരം 4,917 പേർക്കും എൻഡോസൾഫാൻ ഇരകളുടെ 813 സഹായികൾക്കും സഹായം നൽകി.

### വിമുക്തഭടന്മാരുടെയും യുദ്ധാനന്തര വിധവകളുടെയും ക്ഷേമം

വിമുക്ത ഭടന്മാരുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമവും പുനരധിവാസവും ഉറപ്പു വരുത്താനാണ് വകുപ്പ് പ്രവർത്തിക്കുന്നത്. വിമുക്ത ഭടന്മാരെയും വിധവകളെയും പുനർ നിയമനത്തിനായി മത്സരപ്പരീക്ഷകൾക്കായി പരിശീലിപ്പിക്കുന്നതിനും സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനുമായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി. വിമുക്ത ഭടന്മാർ, വിധവകൾ, ആശ്രിതർ എന്നിവരെ പ്രാപ്തരാക്കാനായി തൊഴിൽ/പ്രൊഫഷണൽ/ സാങ്കേതിക കോഴ്സുകൾ എന്നിവയിൽ പുനരധിവാസ പരിശീലനം നൽകുന്നതായിരുന്നു പ്രധാന പരിപാടി. 2019 –20 –ൽ കെസ്കോൺ യൂണിഫോം വസ്ത്ര നിർമ്മാണത്തിന്റെ 2 യൂണിറ്റുകൾ തിരുവനന്തപുരത്തും തലശ്ശേരിയിലും ആരംഭിച്ചു. ഈ യൂണിറ്റുകളിൽ 15 വനിതകൾക്കും 3 പുരുഷന്മാർക്കും തൊഴിൽ നൽകി. കോവിഡ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആശാവർക്കർമാർക്ക് 1,500 മാസ്കുകൾ വിതരണം ചെയ്തു. സൗരോർജ്ജ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

### വിശപ്പ് മുക്ത നഗരം

ചികിത്സയുമായി ബന്ധപ്പെട്ട് പട്ടണങ്ങളിൽ എത്തുന്നവർക്ക് ദിവസം ഒരു നേരമെങ്കിലും സൗജന്യ ഭക്ഷണം ഈ പദ്ധതി പ്രകാരം ലഭ്യമാകുന്നു. ആദ്യമായി പദ്ധതി നടപ്പാക്കിയത് കോഴിക്കോട് ആണ്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി, മലപ്പുറം ജില്ലാ ഹോമിയോ ആശുപതി, തിരുവനന്തപുരം മെഡിക്കൽ കോളേജ്, എസ്.എ.ടി. ആശുപത്രി, കൊല്ലം ജില്ലാ താലൂക്ക് ആശുപത്രികൾ, ഗവ. ജനറൽ ഹോസ്പിറ്റൽ എന്നിവിടെ പദ്ധതി നടപ്പാക്കി വരുന്നു. 2019–20 –ൽ 6,07,403 പേർക്ക് പദ്ധതി പ്രയോജനപ്പെട്ടു.

### വീക്ഷണം

ഏതൊരു സമൂഹത്തിലും ഒരു വ്യക്തിയും സ്വന്തം ആവശ്യങ്ങളെല്ലാം നിറവേറ്റാൻ വേണ്ടുന്ന വൈദഗ്ദ്ധ്യമുള്ളവരല്ല. എല്ലാവരും ചില ആവശ്യങ്ങൾ നിറവേറ്റുന്നതിന് മറ്റുള്ളവരെ ആശ്രയിക്കുന്നു. കൂടുതൽ പേരും സാമൂഹ്യ പൊതുവി തരണത്തെ ആശ്രയിക്കുന്നു. സാമൂഹ്യ ഇൻഷ്വറൻസ് പരിപാടി നൽകുന്ന സാമൂഹ്യ സുരക്ഷിതത്വം, ദാരിദ്ര്യം, വാർദ്ധക്യം, തൊഴിലില്ലായ്മ തുടങ്ങിയ സാമൂഹ്യ അവസ്ഥകളിൽ നിന്നുമുള്ള സംരക്ഷണം എന്നിവയ്ക്കു അതീതമാണ് സാമൂഹ്യ സുരക്ഷിതത്വം. ദീർഘകാലത്തേയ്ക്കുള്ള സാമൂഹ്യ സാമ്പത്തിക വികസനത്തിന്റെ പ്രധാന ഘടകങ്ങളാണ് ഫലപ്രദമായതും കാര്യക്ഷമമായതുമായ സാമൂഹ്യസുരക്ഷാസംവിധാനങ്ങൾ. സാമൂഹ്യ സുരക്ഷിതത്വത്തിന്റെ സുസ്ഥിരതയ്ക്കും വിശ്വാസ്യതയ്ക്കും ശക്തമായതും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതുമായ സംഘടനകൾ അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും അർഹതയുള്ള ഒരു വ്യക്തിപോലും ഒഴിവാക്കപ്പെടാതെ എല്ലാവർക്കും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. എല്ലാവർക്കും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നത് യാഥാർത്ഥ്യമാക്കുന്നതിന് കൂടുതൽ പരിശ്രമങ്ങൾ ആവശ്യമാണ്.

അദ്ധ്യായം

# 09

# കല
# സംസ്കാരം
# കായികരംഗം

അദ്ധ്യായം

09

# കല, സംസ്കാരം, കായികരംഗം

## 9.1 കല, സംസ്കാരം

കലകളുടേയും ഉത്സവങ്ങളുടേയും നാടായാണ് കേരളം അറിയപ്പെടുന്നത്. വൈവിദ്ധ്യമാർന്ന കലാരൂപങ്ങളുടെ മികച്ച പാരമ്പര്യമുണ്ട്. ചരിത്ര പരമായി തമിഴ്–ദ്രാവിഡ സംസ്കാരവും ആര്യ–ഇന്ത്യൻ സംസ്കാരവും കേരളത്തിന്റെ സംസ്കാരത്തെ സ്വാധീനിച്ചിട്ടുണ്ട്. അതിന്റെ കലാ രൂപങ്ങൾ, കരകൗശല വസ്തുക്കൾ, ഭാഷകളുടെ ചരിത്രം, ഉത്സവങ്ങൾ, ആയോധന കലകൾ, വസ്ത്രധാരണം തുടങ്ങി നിരവധി സംസ്കാരങ്ങളുടെ സ്വാധീനം അതിന്റെ സംസ്കാരത്തിന്റെ വിവിധ മേഖലകളിൽ വ്യക്തമായി അനുഭവപ്പെടുന്നു. വ്യാപാരം മറ്റ് ബന്ധങ്ങൾ എന്നിവയിലൂടെ വിദേശ സംസ്കാരങ്ങളുമായുള്ള ദീർഘകാല സമ്പർക്കം അതിന്റെ സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ ഒരു പ്രധാന ഘടകമായി തുടരുന്നു. വിവിധ മതങ്ങളിലേയും വംശങ്ങളിലേയും സമുദായങ്ങളിലേയും ആളുകൾ വൈവിധ്യമാർന്ന സംസ്കാരത്തിന്റെ വളർച്ചയെ സ്വാധീനിച്ചിട്ടുണ്ട്. അറേബ്യൻ കടലിനും പശ്ചിമഘട്ടത്തിനും ഇടയിലുള്ള കേരളത്തിന്റെ സംസ്കാരിക വൈവിധ്യം അതിന്റെ സവിശേഷമായ ഭൂമിശാസ്ത്രപരമായ സവിശേഷതകളാൽ വികസിപ്പിച്ചെടുത്തിട്ടുള്ളതാണ്. നിരവധി സവിശേഷ കലാപരിപാടികൾ കേരളത്തിനുണ്ട്. കൂടിയാട്ടം, കഥകളി, കുമ്മാട്ടിക്കളി, കണിയർകളി, മോഹിനിയാട്ടം, തുള്ളൽ, തിരയാട്ടം, പടയണി, കൂത്ത്, കേരള നടനം തുടങ്ങിയവയാണ് അവ. തിരുവാതിരക്കളി, പരിചമുട്ട്കളി, കളരിപ്പയറ്റ്, ഒപ്പന, കോൽകളി, മാർഗ്ഗം കളി എന്നിങ്ങനെയുള്ള തദ്ദേശീയമായ കലകൾക്കും പ്രസിദ്ധമാണ് കേരളം. ഇവ കൂടാതെ, കളമെഴുത്ത്, സർപ്പംതുള്ളൽ, തെയ്യം, വേലക്കളി തുടങ്ങി നാടോടി ആചാരാനുഷ്ഠാനങ്ങളും ഗോത്രവർഗ്ഗക്കാരുടെ കലാരൂപങ്ങളും കലാപരിപാടികൾക്ക് വാക്കാലുള്ളതും ദൃശ്യപരവുമായ ആനന്ദം നൽകുന്നു. ഒപ്പേറ, ബാലറ്റ്, മാസ്ക്, പാന്റോമൈം കലാരൂപങ്ങളുടെ പ്രധാന സവിശേഷതകൾ സമന്വയിപ്പിക്കുന്ന മുന്നൂറ് വർഷം പഴക്കമുള്ള നൃത്തരൂപമാണ് കഥകളി. കലാ രൂപങ്ങളുടെ ജന പ്രീതി–ഉദാഹരണത്തിന്, കഥകളി, മോഹിനിയാട്ടം–എന്നിവ പണ്ട് മുതൽകെ പണ്ഡിതന്മാരെയും സന്ദർശകരേയും സംസ്ഥാനത്തെത്തിച്ചിട്ടുണ്ട്.

സാംസ്കാരിക പൈതൃകം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായുള്ള സംസ്ഥാനത്തെ നിരവധി സ്ഥാപനങ്ങളുടെ ഉന്നമനത്തിന് കേരള സർക്കാർ പിന്തുണ നൽകിയിട്ടുണ്ട്. അവതരണ കലകൾക്കുള്ള അക്കാദമിക് സ്ഥാപനങ്ങളും കലയുടെയും സംസ്കാരത്തിന്റേയും ഉന്നമനത്തിനുള്ള സ്ഥാപനങ്ങളും അവയിൽ ഉൾപ്പെടുന്നു. ഈ മേഖലയ്ക്ക് പ്രധാനമായും സാമ്പത്തിക സഹായം നൽകുന്നത് ഡയറക്ടറേറ്റ് ഓഫ് കൾച്ചർ വഴിയാണ്.

ഈ മേഖലയിലെ പ്രധാനപ്പെട്ട നിർവ്വഹണ വകുപ്പുകളാണ് താഴെ പറയുന്നത്.

- സാംസ്കാരിക ഡയറക്ടറേറ്റ്,
- സാംസ്കാരിക കാര്യ വകുപ്പ്
- (ആർക്കിയോളജി വകുപ്പ്) പുരാവസ്തു വകുപ്പ്,
- (ആർകൈവ്സ് വകുപ്പ്) പുരാരേഖാ വകുപ്പ്,
- (മ്യൂസിയം ആൻഡ് സൂം) കാഴ്ച ബംഗ്ലാവ്, മൃഗശാലാ വകുപ്പ്,
- കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷൻ

**സാംസ്ക്കാരിക വകുപ്പിന് കീഴിൽ ഉൾപ്പെടുന്ന പ്രധാന സ്ഥാപനങ്ങൾ**

- കേരള സംസ്ഥാന ചലചിത്ര അക്കാദമി
- കേരള ഫോക്ക് ലോർ അക്കാദമി
- കേരള സാഹിത്യ അക്കാദമി
- കേരള സംഗീത നാടക അക്കാദമി
- കേരള ലളിതകലാ അക്കാദമി
- മാർഗ്ഗി
- ഭാരത് ഭവൻ
- കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ
- വാസ്തു വിദ്യാ ഗുരുകുലം
- കേരള കലാമണ്ഡലം
- വൈലോപ്പിള്ളി സംസ്കൃതിഭവൻ
- ഗുരുഗോപിനാഥ് നടന ഗ്രാമം

- ജവഹർ ബാലഭവൻ
- സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
- കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി

## പുരാവസ്തു വകുപ്പ്

പുരാവസ്തു വകുപ്പിന് കീഴിൽ 12 പുരാവസ്തു മ്യൂസിയങ്ങളും 180 ഓളം സംരക്ഷിത സ്മാരകങ്ങളുമുണ്ട്. വകുപ്പിന്റെ പ്രധാന നേട്ടങ്ങളിലൊന്നാണ് ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കൽ. തൃശ്ശൂർ ജില്ലയിൽ ജില്ലാ പൈതൃക മ്യൂസിയം പൂർത്തീകരിക്കുകയും പൊതുജനങ്ങൾക്ക് സന്ദർശനത്തിന് തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. പുരാവസ്തു വകുപ്പ് മുഖേന നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്.

- പത്മനാഭപുരം കൊട്ടാരത്തിൽ പാൽപ്പുരമാളികയുടെയും ക്ലോക്ക് റൂമിന്റെയും നിർമ്മാണം.
- ചന്ദ്രഗിരിക്കോട്ടയുടെ സംരക്ഷണ പ്രവർത്തനങ്ങൾ.
- കൃഷ്ണപുരം കൊട്ടാരത്തിന്റെ സംരക്ഷണവും വികസന പ്രവർത്തനങ്ങളും
- കുഞ്ഞാലിമരയ്ക്കാർ സ്മാരകം
- എറണാകുളത്തെ ഹിൽ പാലസ് മ്യൂസിയത്തിലെ എട്ടുകെട്ടിന്റെയും കളപ്പുരയുടെയും സംരക്ഷണ പ്രവർത്തനങ്ങൾ
- എറണാകുളത്തെ പൈതൃക മ്യൂസിയം നവീകരിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ
- ശ്രീ പാദം കൊട്ടാരം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- ഇടുക്കി മ്യൂസിയത്തിന്റെ വികസന പ്രവർത്തനങ്ങൾ
- നാണയശാസ്ത്ര വിഭാഗത്തിന്റെ സംരക്ഷണവും, വികസനവും, ഡോക്യുമെന്റേഷനും
- പ്രാദേശിക സംരക്ഷണ ലാബിന്റെ പ്രവർത്തനങ്ങൾ (രാസവസ്തുക്കൾ ഉപയോഗിച്ച് രേഖകളുടെ സംരക്ഷണം) കൂടാതെ മൊബൈൽ യൂണിറ്റിന്റെയും സംരക്ഷണ പ്രവർത്തനങ്ങൾ.

പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി ബന്ധപ്പെട്ട വിഷയത്തിൽ പുരാവസ്തു ഗവേഷകരുടെ പര്യവേഷണവും ഉത്ഖനനവുമാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനം. ഐ.എൻ.വി.ഐ.എസ് (INVIS) ഡിജിറ്റൽ ജിയോ മാപ്പിംഗ് ആണ് ഈ ഗവേഷണം നടത്തുന്നത്.

## പുരാരേഖാ വകുപ്പ്

സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും, ഇതിന്റെ വിവിധ വകുപ്പുകളുടെയും, സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കൈവശമുള്ളതുമായ സ്ഥിരമൂല്യമുള്ള രേഖകളുടെ സൂക്ഷിപ്പ് ചുമതല പുരാരേഖാ വകുപ്പിനാണുള്ളത്. ചരിത്ര മൂല്യമുള്ള സർക്കാർ രേഖകൾ, താളിയോലകൾ, കൈയെഴുത്തു പ്രതികൾ മുതലായവ വകുപ്പ് പരിരക്ഷിക്കുകയും റഫറൻസ് ഉദ്ദേശത്തിനായി അവയെ ശാസ്ത്രീയമായി സംരക്ഷിക്കുകയും ചെയ്യുന്നു.

2020–21 കാലയളവിൽ, വകുപ്പിന്റെ പ്രധാന നേട്ടങ്ങളും പ്രവർത്തനങ്ങളും താഴെപ്പറയുന്നവയാണ്.

- പാം ലീഫ് റെക്കോർഡുകളുടെയും പേപ്പർ റെക്കോർഡുകളുടേയും ഡിജിറ്റലൈസേഷൻ:– സി.ഡിറ്റ് വഴി 56 പാം ലീഫ് റെക്കോർഡുകളും 3,35,500 പേപ്പർ റെക്കോർഡുകളും വകുപ്പ് ഡിജിറ്റലൈസ് ചെയ്തു.
- കാബിനറ്റ് റെക്കോർഡുകളുടെ ഡിജിറ്റലൈസേഷൻ : 25% പ്രവൃത്തി പൂർത്തീകരിച്ചു.
- ആർകൈവൽ റെക്കോർഡുകളുടെ പ്രസിദ്ധീകരണം : രേഖകൾ തിരഞ്ഞെടുക്കുന്നതിന് വകുപ്പ് എഡിറ്റോറിയൽ കമ്മിറ്റി രൂപീകരിച്ച് 'ഭരണഭാഷ അടിസ്ഥാന രേഖകൾ' എന്ന ശീർഷകത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു.
- ഇന്റർനാഷണൽ ആർകൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ സ്ഥാപിക്കൽ : തിരുവനന്തപുരം കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിൽ ഇന്റർ നാഷണൽ ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ സ്ഥാപിക്കുന്നതിന് കേരള സർവ്വകലാശാലയുമായി ധാരണാപത്രം ഒപ്പിട്ടു. ഈ പദ്ധതി കേരള മ്യൂസിയം വഴി നടപ്പിലാക്കും.
- പാം ലീഫ് മ്യൂസിയം സ്ഥാപിക്കൽ : പാം ലീഫ് മ്യൂസിയം സ്ഥാപിക്കുന്നതിനായി കേരള മ്യൂസിയവുമായി ധാരണാ പത്രം ഒപ്പിട്ടു. മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക ജോലികളും ആരംഭിച്ചു.
- ഇടുക്കി ജില്ലാ പൈതൃക കേന്ദ്രവും ആർക്കൈവൽ ഗാലറിയും സ്ഥാപിക്കൽ : ഇടുക്കി ജില്ലയിൽ നിന്ന് ആർക്കൈവൽ രേഖകൾ ഏറ്റെടുക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി, ഡിപ്പാർട്ട് മെന്റിന് ഇടുക്കിയിൽ ഒരു ജില്ലാ പൈതൃക കേന്ദ്രമുണ്ട്. അവിടെ ഒരു ആർക്കൈവൽ ഗാലറി സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- രേഖകളുടെ പ്രസിദ്ധീകരണം: 2020–21 സാമ്പത്തിക വർഷത്തിൽ ഇനിപ്പറയുന്ന മൂന്ന് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ വകുപ്പ് ലക്ഷ്യമിടുന്നു.

  i. മതിലകം രേഖകളുടെ ശബ്ദകോശം. (മതിലകം റെക്കോർഡിന്റെ ഗ്ലോസറി)
  ii. സ്വാതന്ത്ര്യസമര പ്രസംഗങ്ങൾ ഭാഗം–5
  iii. തിരുവിതാംകൂറിലെ ആരോഗ്യ പരിപാലന വ്യവസ്ഥയുടെ പരിണാമം.

## സാംസ്ക്കാരിക ഡയറക്ടറേറ്റ്

വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന കലാ, സാഹിത്യം, സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനുമായി രൂപീകരിച്ചതാണ് സാംസ്കാരിക ഡയറക്ടറേറ്റ്. കലാ സാഹിത്യ വ്യക്തികൾക്കുള്ള ധനസഹായം അവാർഡു തുക എന്നിവയും, അവശ കലാകാരന്മാർ, പ്രശസ്ത കലാകാരന്മാരുടെയും എഴുത്തുകാരുടെയും വിധവകൾ, വിവിധ സാംസ്കാരിക സ്ഥാപനങ്ങളിലെയും അക്കാദമികളിലെയും ജീവനക്കാർ എന്നിവർക്കുള്ള പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതും സാംസ്കാരിക ഡയറക്ടറേറ്റാണ്. 2020–21 കാലയളവിൽ സാംസ്കാരിക ഡയറക്ടറേറ്റിന്റെ വിവിധ പദ്ധതികളിലെ നേട്ടങ്ങൾ ചുവടെ വിവരിക്കുന്നു

### i. നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ

14 ജില്ലകളിലും വിപുലമായ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം വകുപ്പ് ഏറ്റെടുക്കുന്ന പ്രധാന പദ്ധതികളിലൊന്നാണ്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. 3.5 മുതൽ 5 ഏക്കർ വരെയുള്ള വിശാലമായ സ്ഥലത്ത് മെഗാ കൾച്ചറൽ കോംപ്ലക്സുകൾ നിർമ്മിക്കും. ഓഡിറ്റോറിയം, ബ്ലാക്ക് ബോക്സ് തിയേറ്ററുകൾ, സെമിനാർ ഹാളുകൾ, ശിൽപികൾക്കുള്ള ജോലി സ്ഥലങ്ങൾ, കരകൗശല തൊഴിലാളികൾക്കുള്ള സ്ഥലവും, ഗാലറികൾ, എക്സിബിഷൻ ഹാളുകൾ, ലൈബ്രറികൾ എന്നിവ ഉൾപ്പെടുന്നവയായിരിക്കും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ. ഓരോ സാംസ്കാരിക സമുച്ചയവും 50.00 കോടി രൂപ ചെലവിൽ നിർമ്മിക്കും. കേരളത്തിലെ പ്രമുഖ നവോത്ഥാന നേതാക്കളുടെ പേരിലാണ് ഈ സമുച്ചയങ്ങൾ അറിയപ്പെടുന്നത് (**പട്ടിക.9.1.1**).

കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം നടക്കുന്നു. മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ, കോട്ടയം, ആലപ്പുഴ ജില്ലകളിൽ പദ്ധതികൾക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തി, ഈ ജില്ലകളിലെ ഭൂമി കൈമാറ്റ പ്രക്രിയ പുരോഗമിക്കുകയാണ്.

### ii. യുവ കലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ്

ഒരു വശത്ത് യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക, മറുവശത്ത് പ്രാദേശിക സാംസ്കാരിക വികസനം പ്രോത്സാഹിപ്പിക്കുക എന്നീ ഇരട്ട ലക്ഷ്യങ്ങളാണ് ഈ പദ്ധതിയ്ക്കുള്ളത്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ബിരുദം നേടിയിട്ടുള്ള 1,000 യുവ കലാകാരന്മാർക്ക് ഡയമണ്ട് ജൂബിലി ഫെലോഷിപ്പ് നൽകുന്നു. ഫെലോഷിപ്പ് ജേതാക്കൾക്ക് പ്രതിമാസം 10,000 രൂപ സംസ്ഥാന സർക്കാർ നൽകും. ഫെലോഷിപ്പ് ജേതാവിന്, ആതിഥേയത്വം നൽകുന്ന ഒരു പ്രാദേശിക ആതിഥേയനെ കണ്ടെത്തുമ്പോഴാണ് ഫെലോഷിപ്പ് പ്രവർത്തന ക്ഷമമാകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തിലൂടെയാണ് ഈ പരിപാടി നടപ്പാകുന്നത്. വ്യത്യസ്ത കലകളിൽ കഴിവു തെളിയിച്ച 1,000 യുവ കലാകാരന്മാരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ ജില്ലയിലെയും

**പട്ടിക 9.1.1** നവോത്ഥാന മ്യൂസിയങ്ങൾ

| ക്രമ നം. | ജില്ലയുടെ പേര് | പ്രമുഖ നവോത്ഥാന നേതാക്കളുടെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | ശ്രീ. അയ്യങ്കാളി |
| 2 | കൊല്ലം | ശ്രീ. ശ്രീ.നാരായണഗുരു |
| 3 | പത്തനംതിട്ട | ശ്രീ. ചട്ടമ്പിസ്വാമി |
| 4 | ആലപ്പുഴ | ശ്രീ. പി.കൃഷ്ണപിള്ള |
| 5 | കോട്ടയം | ശ്രീമതി. ലളിതാംബിക അന്തർജനം |
| 6 | എറണാകുളം | ശ്രീ. സഹോദരൻ അയ്യപ്പൻ |
| 7 | ഇടുക്കി | ശ്രീമതി. അക്കമ്മ ചെറിയാൻ |
| 8 | തൃശ്ശൂർ | ശ്രീ. വള്ളത്തോൾ നാരായണ മേനോൻ |
| 9 | പാലക്കാട് | ശ്രീ. വി.ടി. ബട്ടതിരിപ്പാട് |
| 10 | മലപ്പുറം | ശ്രീ. അബ്ദുൾ റഹ്മാൻ സാഹിബ് |
| 11 | കോഴിക്കോട് | ശ്രീ. വൈക്കം മുഹമ്മദ ബഷീർ |
| 12 | വയനാട് | ശ്രീ. ഇടച്ചേന കുങ്കൻ |
| 13 | കണ്ണൂർ | ശ്രീ. വാഗ്ഭടാനന്ദൻ |
| 14 | കാസർഗോഡ് | ശ്രീ. സുബ്രഹ്മണ്യ തിരുമുൻമ്പ് |

*അവലംബം: ഡയറക്ടറേറ്റ് ഓഫ് കൾച്ചർ*

ഫെലോഷിപ്പ് ആർട്ടിസ്റ്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും 14 ജില്ലകളിലും കോർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പ് കലാകാരൻമാർക്ക് നൽകുന്ന 10,000 രൂപ ഫെലോഷിപ്പ് തുകയ്ക്ക് പുറമേ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഫെലോഷിപ്പിന്റെ വിഹിതമായി ആർട്ടിസ്റ്റുകൾക്ക് 5,000 രൂപ നൽകുന്നു.ഉപജീവന മാർഗ്ഗം പ്രതിസന്ധിയിലായ യുവ കലാകാരൻമാർക്ക് ഈ പദ്ധതി ഒരു വലിയ സഹായമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനതായ കലയുടെയും സംസ്കാരത്തിന്റെയും ഉന്നമനത്തിനും സംരക്ഷണത്തിനുമുള്ള വിജയകരമായ ശ്രമം കൂടിയാണിത്. നിലവിലെ കോവിഡ് പാൻഡെമിക് ദിവസങ്ങളിൽ ഡയമണ്ട് ജൂബിലി ഫെലോഷിപ്പ് ആർട്ടിസ്റ്റുകളുടെ സാമൂഹിക പ്രതിബദ്ധത അതീവ ശ്രദ്ധ നേടിയിരുന്നു. സുരക്ഷയുടെയും സാമൂഹിക അകലം പാലിക്കുന്നതിന്റെയും സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിൽ കലാകാരൻമാർ മുൻപന്തിയിലാണ്. കലാ മാധ്യമത്തിലൂടെയും  നാടകവേദികളിലൂടെയും അവർ വിശ്രമമില്ലാതെ പ്രവർത്തിക്കുകയും കൊറോണ വൈറസ് പടരുന്നതിനെ എങ്ങനെ ഒഴിവാക്കാം എന്ന സന്ദേശം പ്രചരിപ്പിക്കുകയും ചെയ്തു. എല്ലാ ക്ലസ്റ്ററുകളിലെയും ആർട്ടിസ്റ്റുകൾ കോവിഡ് പ്രോട്ടോക്കോളിന് അനുസൃതമായി ഓൺലൈൻ ആർട്ട് ട്യൂട്ടോറിയലുകൾ ആരംഭിച്ചിട്ടുണ്ട്.

### iii. സംസ്ക്കാരത്തിന്റെ വ്യാപനം

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെക്കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ സാംസ്കാരിക കലാരൂപങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കേരളത്തിന്റെ സ്പഷ്ടവും, ദൃശ്യവും, അദൃശ്യവുമായ പൈതൃകത്തിനായി ഒരു സാംസ്കാരിക ഭൂപടം വികസിപ്പിക്കുക, കേരള സംസ്കാരത്തിന്റെ വിവിധ വശങ്ങളെ ഉൾപ്പെടുത്തി ഇതിനകം തന്നെ തുടങ്ങിയിട്ടുള്ള വെബ് സൈറ്റ് അപ്ഡേറ്റ് ചെയ്യുക, കേരള സംസ്കാരത്തെക്കുറിച്ചുള്ള അവബോധം വ്യാപിപ്പിക്കുക, പൊതുജനങ്ങളിൽ സംരക്ഷണ അവബോധ പരിപാടികൾ സൃഷ്ടിക്കുക, ദേശീയ തലത്തിൽ പരിപാടികൾ സംഘടിപ്പിക്കുക, അന്തർദേശീയ സാംസ്കാരിക കൈമാറ്റ പരിപാടികൾ, വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, പൈതൃകോൽസവം കൂടാതെ സാംസ്കാരികത്തനിമ വിളിച്ചോതുന്ന വിഡിയോകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തെലുങ്കാന, ന്യൂഡൽഹി, ചെന്നൈ

**പട്ടിക 9.1.2 കേരളത്തിലെ തിരഞ്ഞെടുത്ത 20 പൈതൃക ഗ്രാമങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. അവ താഴെ പറയുന്നവയാണ്.**

| ക്രമ നം. | പൈതൃക ഗ്രാമങ്ങൾ, ജില്ല | ഉൽപ്പന്നങ്ങൾ |
|---|---|---|
| 1 | ബാലരാമപുരം, തിരുവനന്തപുരം | കൈത്തറി/നെയ്ത്ത് |
| 2 | മുട്ടത്തറ, വെല്ലാർ തിരുവനന്തപുരം | വുഡ് ക്രാഫ്റ്റ് |
| 3 | ആര്യനാട്, തിരുവനന്തപുരം | വുഡ് ക്രാഫ്റ്റ് |
| 4 | തഴവ, കൊല്ലം | സ്ക്രീൻ ലൈൻ പായ |
| 5 | ആറൻമുള, പത്തനംതിട്ട | ലോഹ കണ്ണാടി/ആറന്മുള കണ്ണാടി |
| 6 | മന്നാർ, ആലപ്പുഴ | മെറ്റൽ ബെല്ല് |
| 7 | ചേർത്തല, ആലപ്പുഴ | കയർ പായ |
| 8 | വടയാർ, കോട്ടയം | മൺപാത്രങ്ങൾ |
| 9 | ചെന്നമംഗലം, എറണാകുളം | കൈത്തറി |
| 10 | തേക്കടി, കുമളി, ഇടുക്കി | ചൂരൽ, മുള കൊണ്ടുള്ള കരകൗശല വസ്തുക്കൾ |
| 11 | ചേർപ്പ്, തൃശ്ശൂർ | വുഡ് ക്രാഫ്റ്റ് |
| 12 | കുത്താംപ്പുള്ളി, തൃശ്ശൂർ | കൈത്തറി |
| 13 | എലവള്ളി, തൃശ്ശൂർ | പൂരം ക്രാഫ്റ്റ് |
| 14 | പെരുവെമ്പ, പാലക്കാട് | പെർക്കുഷൻ മ്യൂസിക്കൽസ്, കൈത്തറി |
| 15 | വെള്ളിനേഴി, പാലക്കാട് | കഥകളി ശിരോവസ്ത്രം |
| 16 | അറുവക്കോട്, മലപ്പുറം | മൺപാത്രങ്ങൾ |
| 17 | ബേപ്പൂർ, കോഴിക്കോട് | ഉരു നിർമ്മാണം |
| 18 | ത്രിക്കൈപ്പെട്ട, വയനാട് | മുള, ചൂരൽ കരകൗശല വസ്തുക്കൾ |
| 19 | പയ്യന്നൂർ, കണ്ണൂർ | തെയ്യം, ക്രാഫ്റ്റ് |
| 20 | തളങ്കര, കാസർഗോഡ് | കൈകൊണ്ട് നെയ്ത് തെടുക്കുന്ന പ്രാർത്ഥന തൊപ്പികൾ |

*അവലംബം: സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ്*

എന്നിവിടങ്ങളിലും സൗദി അറേബ്യയിലെ റിയാദിലും സാംസ്കാരിക വ്യാപനത്തിന്റെ ഭാഗമായി പരിപാടികൾ നടത്തുകയുണ്ടായി. സാംസ്കാരിക വകുപ്പ് കലാ ശില്പങ്ങൾ, പെയിന്റിംഗ് എന്നിവ വെബ് സൈറ്റ് വഴി നാല് ഭാഷകളിൽ പ്രസിദ്ധീകരിച്ചു. 2,000 ത്തിൽ കൂടുതൽ ചിത്രങ്ങൾ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. കൂടാതെ കേരളത്തിലെ 14 ജില്ലകളിലെ കല, കരകൗശല വസ്തുക്കൾ, പൈതൃക ഗ്രാമങ്ങൾ എന്നിവയുടെ വീഡിയോ വിശദാംശങ്ങൾ സാംസ്കാരിക വകുപ്പ് അപ് ലോഡ് ചെയ്തിട്ടുണ്ട്.

### iv. ഗ്രാമീണ കലാ കേന്ദ്രങ്ങൾ

പരമ്പരാഗത കലാകാരൻമാർക്കും കരകൗശല തൊഴിലാളികൾക്കും സുസ്ഥിരമായ ഉപജീവനമാർഗ്ഗം ഉറപ്പുവരുത്തുന്നതിനായി സാംസ്കാരിക വകുപ്പ് ഒരു ഗ്രാമീണ ആർട്ട് ഹബ്/കലാ കേന്ദ്രവും കരകൗശല തൊഴിലാളികൾക്ക് ഉപജീവന പദ്ധതിയും ആവിഷ്കരിച്ചു.

### v. നാട്ടരങ്ങ്

ഗ്രാമങ്ങളിലും ചെറിയ നഗരങ്ങളിലും സംസ്കാരിക സൗകര്യങ്ങൾ ഇല്ലാത്ത പൊതു പാതകളിൽ ഒരു സാംസ്കാരിക സ്ഥലം വികസിപ്പിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് ഒരു ചെറിയ സ്റ്റേജ്, മേക്കപ്പ് റൂം, ഇരിപ്പിടങ്ങൾ, സോളാർ ലൈറ്റ് സൗകര്യങ്ങൾ തുടങ്ങിയവ നിർമിക്കും. ഗതാഗത സൗകര്യത്തെ തടസ്സപ്പെടുത്താതെ പൊതു പാതയുടെ അടുത്തായി സജ്ജീകരിക്കും. മറ്റെവിടെങ്കിലും പൊതു സ്ഥലം ലഭ്യമാണെങ്കിൽ അവിടെ നാട്ടരങ്ങ് കേന്ദ്രത്തിന്റെ നിർമ്മാണത്തിന് പരിഗണിക്കും. ഒരു നാട്ടരങ്ങ് കേന്ദ്രത്തിന്റെ നിർമ്മാണത്തിന് 20.00 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. പാലക്കാട് ജില്ലയിലെ വടക്കാംഞ്ചേരി നഗരത്തിലും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിലുമാണ് നാട്ടരങ്ങ് കേന്ദ്രങ്ങൾ പൊതു ഉപയോഗത്തിനായി തുറന്നിട്ടുള്ളത്.

### vi. കോവിഡ് സഹായ പദ്ധതി

കോവിഡ് പാൻഡെമിക് എന്ന വ്യാധി കാരണം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ഉപജീവനമാർഗം നഷ്ടപ്പെട്ട കലാകാരൻമാരെ സഹായിക്കാൻ വിഭാവനം ചെയ്ത് സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് രൂപീകരിച്ച പദ്ധതിയാണ് കോവിഡ് സഹായ പദ്ധതി. 32,000 കലാകാരൻമാർക്ക് രണ്ട് മാസത്തേക്ക് 1,000 രൂപ വീതം തുക വിതരണം ചെയ്തു. കോവിഡ് സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ കേരള സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക് ലോർ അക്കാദമി, സാഹിത്യ അക്കാദമി എന്നീ സ്ഥാപനങ്ങൾ വഴി ശേഖരിച്ചു. ധനസഹായം വിതരണം ചെയ്യുന്നതിനായി 640.00 ലക്ഷം രൂപ ചെലവഴിച്ചു.

### കാഴ്ച ബംഗ്ലാവും മൃഗശാലയും ഡയറക്ടറേറ്റ്

ഡയറക്ടറേറ്റിന് ഹെഡ് ഓഫീസ്, കാഴ്ചബംഗ്ലാവുകളും ചിത്രശാലകളും, തിരുവനന്തപുരത്തുള്ള മൃഗശാലയും കൂടാതെ കോഴിക്കോട്ടുള്ള ചിത്രശാലയും കൃഷ്ണമേനോൻ മ്യൂസിയവും, തൃശ്ശൂരിലെ കാഴ്ച ബംഗ്ലാവും മൃഗശാലയും, വയനാട് കുങ്കിച്ചിറയിലെ പൈതൃക മ്യൂസിയവുമുണ്ട്. വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങളായി ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്.

- തിരുവനന്തപുരം മൃഗശാലയിലെ ബട്ടർഫ്ലൈ പാർക്കിന്റെ നിർമ്മാണം
- തൃശ്ശൂരിലെ സ്റ്റേറ്റ് മ്യൂസിയത്തിലും മൃഗശാലയിലും അക്വേറിയത്തിന്റെ നിർമ്മാണം
- തിരുവനന്തപുരത്തെ മൃഗശാലയുടെ സ്റ്റോറിൽ ഗ്രാനൈറ്റ് സ്ലാബുകളുടെ നിർമ്മാണം.
- തൃശ്ശൂരിലെ സംസ്ഥാന മൃഗശാലയിലെ ടൈഗർ വളപ്പുകളിൽ അറ്റകുറ്റപ്പണി നടത്തൽ.
- കോഴിക്കോട് ആർട്ട് ഗ്യാലറിയിലും കൃഷ്ണ മേനോൻ മ്യൂസിയത്തിലും പൊതുവായ മേൽവിലാസ സംവിധാനം സ്ഥാപിക്കൽ
- കെസിഎസ് പണിക്കർ ഗാലറിയിൽ പ്രദർശിപ്പിച്ചിരിക്കുന്ന പെയിന്റിംഗിന്റെ സംരക്ഷണം

### കേരള കലാമണ്ഡലം

കേരളത്തിന്റെ പാരമ്പര്യ അവതരണ കലാരൂപങ്ങളായ കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ എന്നിവയും അവയുടെ സംഗീത വാദ്യ ഉപകരണങ്ങളുടെ പ്രോത്സാഹനത്തിനും പരിരക്ഷണത്തിനുമായി മഹാകവി വള്ളത്തോൾ നാരായണ മേനോൻ 1930 –ൽ സ്ഥാപിച്ച സ്ഥാപനമാണ് കേരള കലാമണ്ഡലം. കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേന്ദ്രമായ കേരള കലാമണ്ഡലം 2007 –ൽ കല്പിത സർവ്വകലാശാല എന്ന പദവി നേടി തൻമൂലം ഉയർന്ന നിലവാരത്തിലുള്ളകലാ അക്കാദമിക പ്രവർത്തനങ്ങൾ നിറവേറ്റുന്നു

### കേരള സംസ്ഥാന ചലചിത്ര അക്കാദമി

മലയാളത്തിൽ നല്ല രീതിയിൽ സിനിമയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 1998 ൽ കേരള സംസ്ഥാന ചലചിത്ര അക്കാദമി സ്ഥാപിച്ചു. സിനിമാ വ്യവസായത്തെകുറിച്ചും ദൃശ്യമാധ്യമ രംഗത്തെകുറിച്ചും നയ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ അക്കാദമി സഹായിക്കുന്നു. അന്താരാഷ്ട്ര ചലച്ചിത്രോത്സവം, കേരള ദേശീയ ചലച്ചിത്രോത്സവം, അന്താരാഷ്ട്ര ഡോക്യുമെന്ററി, ഹ്രസ്വ ചലച്ചിത്രോത്സവം എന്നി 3 ചലച്ചിത്ര മേളകൾ അക്കാദമി സംഘടിപ്പിക്കുന്നു. കോവിഡ്–19 കാലഘട്ടത്തിൽ ഓഗസ്റ്റ് 21 മുതൽ 28 വരെ കേരള ചലച്ചിത്ര അക്കാദമി ഒരു ഓൺലൈൻ

ഫിലിം ഫെസ്റ്റിവൽ ഡോക്കസ്കേപ്പ് IDSFFK സംഘടിപ്പിച്ചു. ഷോർട്ട് ഫിലിം സ്ക്രീൻ പ്ലേ പൂർത്തീകരണത്തിന്റെ വിധി പ്രഖ്യാപിക്കുകയും അക്കാദമിയുടെ "സമീക്ഷ" മാസികയുടെ പ്രസിദ്ധീകരണം നടത്തുകയും ചെയ്തു. ലോക്ക്ഡൗൺ കാലയളവിൽ നിരവധി വെബിനാറുകളും നടത്തി.

## മലയാളം മിഷൻ

പ്രവാസി മലയാളികളുടെ കുട്ടികൾക്ക് കേരള സംസ്കാരവും മലയാള ഭാഷയും പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ 2009 ലാണ് മലയാളം മിഷൻ ആരംഭിച്ചത്. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സഹകരണത്തോടെ വിദേശത്തും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുമുള്ള മലയാളം പഠനകേന്ദ്രങ്ങളുടെ ഏകോപനം, മേൽ നോട്ടം, എന്നിവയാണ് മലയാളം മിഷന്റെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടത്. 'എവിടെ മലയാളിയുണ്ടോ അവിടെ മലയാളം' എന്നതാണ് മിഷന്റെ മുദ്രാവാക്യം.

## മലയാളം മിഷനു കീഴിലുള്ള പ്രധാന പരിപാടികൾ/നേട്ടങ്ങൾ

- വിപുലീകരണം: 24 സംസ്ഥാനങ്ങളിലും 42 വിദേശ രാജ്യങ്ങളിലും മലയാളം മിഷന് കേന്ദ്രങ്ങളുണ്ട്. ഈ കേന്ദ്രങ്ങളിൽ 44,000 കുട്ടികൾ പഠിക്കുന്നു. 4,000 അദ്ധ്യാപകർ മലയാളം മിഷൻ ക്ലാസ്സ് കൈകാര്യം ചെയ്യുന്നു.
- ലൈബ്രറി: രണ്ട് ഘട്ടങ്ങളിലായി 300 ലൈബ്രറികൾക്ക് അധിക സൗകര്യം മലയാള മിഷൻ നൽകിയിട്ടുണ്ട്.
- ഭാഷാ പ്രതിഭാ പുരസ്കാരം: മലയാള ഭാഷയിലെ സാങ്കേതികവും ഭാഷാപരവുമായ സംഭാവനകൾക്കുള്ള ആദരവായിട്ടാണ് ഈ പുരസ്കാരം നൽകുന്നത്. ഇതിൽ തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾക്ക് സർട്ടിഫിക്കറ്റും മൊമന്റോയും സഹിതം 50,000 രൂപ സമ്മാന തുക നൽകും.
- റേഡിയോ മലയാളം: ഏകദേശം 5 ലക്ഷംപേർ പരിപാടി കേൾക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഫെബ്രുവരി 21, 2020 –ന് പരിപാടി ഉദ്ഘാടനം ചെയ്തു.
- നീലക്കുറിഞ്ഞി–പത്താംതരം തത്തുല്യ സർട്ടിഫിക്കറ്റ്: പത്താം ക്ലാസ്സ് നിലവാരത്തിന് തുല്യമായ നീലക്കുറിഞ്ഞി പദ്ധതിക്ക് കേരള സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.
- പൂക്കാലം–വെബ് മാഗസിൻ: 2017–ൽ ആരംഭിച്ച ഈ പദ്ധതി വിദ്യാർത്ഥികളെ അവരുടെ അക്കാദമിക് പരിശ്രമങ്ങൾക്ക് സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നടപ്പിലാക്കുന്നത്.
- സുവനീർ ഷോപ്പ്: കപ്പുകൾ, ടീ–ഷർട്ടുകൾ, ബാഗുകൾ, മാസ്കുകൾ തുടങ്ങിയവയിൽ അച്ചടിച്ച ഇനങ്ങളിലൂടെ മലയാള ഭാഷയുടേയും സാഹിത്യത്തിന്റേയും അഭിവൃദ്ധിക്കായി നടപ്പിലാക്കിയ പദ്ധതിയാണിത്.
- എല്ലാവർക്കും മലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ് : വീട്ടിലെ എല്ലാവർക്കും വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ജനുവരി 7, 2019–ന് ഈ പദ്ധതി ആരംഭിച്ചത്.
- പ്രവേശനോത്സവങ്ങൾ, സ്റ്റഡി ഫെസ്റ്റിവലുകൾ: എല്ലാ വർഷവും ജൂൺ ഒന്നാം തീയതിയാണ് ഈ പരിപാടി നടത്തുന്നത്.
- മലയാന്മ 2020: എല്ലാ വർഷവും ഫെബ്രുവരി 21 നാണ് ലോക മാതൃഭഷാദിനം ആചരിക്കുന്നത്. ഈ അവസരത്തിൽ മലയാള മിഷൻ മലയാള ഭാഷാ പ്രതിഭാ പുരസ്കാരം, ലോക കേരള സാഹിത്യം എന്നിവയുടെ സമ്മാനങ്ങൾ വിതരണം ചെയ്യുകയും തിരഞ്ഞെടുത്ത 120 അദ്ധ്യാപകരെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു.
- പാഠപുസ്തക പരിഷ്കരണം: നീലക്കുറിഞ്ഞിയുടെയും ആമ്പലിന്റേയും പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു. 'കണിക്കൊന്ന' കോഴ്സിനായി പാഠപുസ്തകങ്ങൾ തയ്യാറാക്കികൊണ്ടിരിക്കുന്നു.
- സിഗ്നേച്ചർ ഫിലിം : "എവിടെ മലയാളിയുണ്ടോ അവിടെ മലയാളം" എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു സിനിമ നിർമ്മിച്ചത്. ജനുവരി 02, 2020 ന് തിരുവനന്തപുരത്തെ നിയമ സഭയിലെ ശങ്കരനാരായണ തമ്പി ഹാളിൽ ഈ സിനിമ പ്രദർശിപ്പിച്ചു.
- യൂട്യൂബ് ചാനൽ: മലയാള മിഷന്റെ പരിപാടികൾ 10 കോടി പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിനായി ഒരു യൂട്യൂബ് ചാനൽ ആരംഭിച്ചു.
- കൾച്ചറൽ ട്രാൻസ്മിഷൻ ഫീസ്റ്റ്: ചെന്നൈ, സൗദി അറേബ്യ, ദില്ലി, തെലുങ്കാന എന്നീ സ്ഥലങ്ങളിൽ മലയാള മിഷൻ പഠന കേന്ദ്രങ്ങൾ സാംസ്കാരിക വ്യാപന മേളകൾ നടത്തി.
- പഠന സാമഗ്രികളുടെ കിറ്റ് വിതരണം: തിരഞ്ഞെടുത്ത 200 പഠന കേന്ദ്രത്തിലേക്ക് പഠന സാമഗ്രികൾ വിതരണം ചെയ്തു. മാതൃഭാഷ മലയാളം പഠിക്കാൻ കുട്ടികൾ സന്നദ്ധത അറിയിച്ച കേന്ദ്രങ്ങളിലേക്കാണ് വിതരണം നടത്തിയത്.
- ചങ്ങാതി കുടുക്ക: മലയാള മിഷൻ വിദ്യാർത്ഥികൾ 28.5 ലക്ഷം രൂപ സ്വരൂപിക്കുകയും പ്രളയബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരന്തനിവാരണ ഫണ്ടിലേക്ക് സംഭാവന നൽകുകയും ചെയ്തു.
- കോവിഡ്–19 പ്രവർത്തനങ്ങൾ: പ്രവാസി മലയാളികൾക്ക് വൈദ്യസഹായവും ഭക്ഷണ കിറ്റുകളും നൽകി അവരുടെ യാത്രയ്ക്കായി സഹായിക്കുന്നതിനുള്ള ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചു.

### മാർഗ്ഗി

കഥകളി പഠിപ്പിക്കുന്നതിനുള്ള സ്ഥാപനമായും കഥകളി, കൂടിയാട്ടം, നങ്ങ്യാർകൂത്ത് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാംസ്കാരിക കേന്ദ്രമായും 1970 ൽ ആരംഭിച്ച സ്ഥാപനമാണ് മാർഗ്ഗി. 'കളിയോഗ' (പരിശീലന അവതരണ സംഘം) മാതൃകയിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും സ്കൂൾ വിദ്യാർത്ഥികൾക്ക് കഥകളി വേഷം, സംഗീതം, ചെണ്ട, മദ്ദളം എന്നിവയിൽ മാർഗ്ഗി സൗജന്യ പരിശീലനം നൽകുന്നു. കേന്ദ്ര സംഗീത നാടക അക്കാദമിയുടെ സഹകരണത്തോടെയാണ് കൂടിയാട്ടം വിഭാഗം പ്രവർത്തിക്കുന്നത്. കൂടിയാട്ടത്തിന്റെ പ്രോത്സാഹനത്തിനായി സെമിനാറുകളും ക്ലാസുകളും നടത്തുന്നു. കലാസാംസ്കാരിക കൽപിത സർവ്വകലാശാലയായ കേരള കലാമണ്ഡലം മാർഗ്ഗിയെ കൂടിയാട്ടം ഗവേഷക വിദ്യാർത്ഥികൾക്കുള്ള വിഭവ കേന്ദ്രം (റിസോഴ്സ് സെന്റർ) ആയി അംഗീകരിച്ചിട്ടുണ്ട്. വിദേശ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുള്ള അംഗീകൃത സ്ഥാപനമായി മാർഗ്ഗിയെ ഇന്ത്യാഗവൺമെന്റിന്റെ ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് തെരഞ്ഞെടുത്തിട്ടുണ്ട്.

### കേരള ലളിതകലാ അക്കാദമി

കലാകാരന്മാരുടെ പ്രത്യേകിച്ച് ചിത്രകാരന്മാരുടെയും ശിൽപികളുടെയും കലാവാസനകളെ പരിപോഷിപ്പിക്കുന്ന പരിപാടികളാണ് കേരള ലളിതകാല അക്കാദമി നടപ്പാക്കി വരുന്നത്. പ്രദർശനങ്ങൾ സംഘടിപ്പിക്കുവാൻ കലാകാരന്മാർക്ക് ധനസഹായവും ലളിതകലാ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും അക്കാദമി നൽകി വരുന്നു. കോവിഡ്-19 ലോക്ക് ഡൗൺ കാലയളവിൽ, എൽ.പി.,യുപി., ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലത്തിൽ നിന്നുള്ള കുട്ടികൾക്കായി കേരള ലളിതകലാ അക്കാദമി ഓൺലൈ പെയിന്റിംഗ് മത്സരം നടത്തി. നാലംഗ ജഡ്ജിംഗ് പാനൽ മികച്ച കൃതികൾ തിരഞ്ഞെടുത്തു. അക്കാദമിയുടെ ചിത്രങ്ങളും സമകാലീന കലാകാരൻമാരുടെ സൃഷ്ടികളും പ്രദർശിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ ആർട്ട് ഗാലറി സ്ഥാപിക്കുകയും ഓഗസ്റ്റ് 20, 2020 ന് ഉദ്ഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ട്

### കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ

കേരള നവോത്ഥാന പ്രസ്ഥാനത്തിന്റെ മുൻ നിരയിലുണ്ടായിരുന്ന മഹാകവിയും സാമൂഹ്യ പരിഷ്ക്കർത്താവുമായിരുന്ന ശ്രീ കുമാരനാശാന്റെ സ്മരണയ്ക്കായി 1958 ൽ സ്ഥാപിച്ചതാണ് കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ. ലോകമെമ്പാടും കുമാരനാശാന്റെ ആശയങ്ങളും സാഹിത്യ രചനകളും പ്രചരിപ്പിക്കുക, ഇന്ത്യയുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുക, സർവ്വകലാശാലാ അക്കാദമിക പരിപാടികൾ സംഘടിപ്പിക്കുക, ഇന്ത്യൻ സാംസ്കാരിക വൈവിധ്യത്തിൽ ഗവേഷണം എന്നിവയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഏഷ്യയിലെതന്നെ ഏറ്റവും വലിയ ചുമർചിത്ര മ്യൂസിയം ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. ആശാന്റെ കവിതകളായ വീണപൂവ്, ലീല, ചിന്താവിഷ്ടയായ സീത, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, കരുണ എന്നീ കവിതകളെ അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങൾ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

### കേരള സംസ്ഥാന ജവഹർ ബാലഭവൻ

കല, സാഹിത്യം, സംസ്കാരം, സയൻസ് എന്നീ മേഖലകളിൽ ദേശീയ സംസ്ഥാനതലത്തിൽ കുട്ടികളുടെ സർഗ്ഗവാസനകളെ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ജവഹർ ബാലഭവനുകൾ. തിരുവനന്തപുരത്ത് കനകകുന്ന് കൊട്ടാരത്തിനടുത്താണ് കേരള സംസ്ഥാന ജവഹർ ബാലഭവൻ സ്ഥിതിചെയ്യുന്നത്. കൊല്ലം, ആലപ്പുഴ, കോട്ടയം തൃശ്ശൂർ എന്നി ജില്ലകളിൽ ബാലഭവനുകൾ ഉണ്ട്. 2019 ൽ മെച്ചപ്പെട്ട സൗകര്യങ്ങളോടെ ബാലഭവൻ നഴ്സറി വിഭാഗം നവീകരിച്ചു.

### ഭാരത് ഭവൻ

സാംസ്കാരിക പരിപാടിയുടെ തത്സമയ സംപ്രേഷണം ഏപ്രിൽ 29-ന് ഫേസ് ബുക്ക് പേജുകളിൽ ആരംഭിച്ചു. കലാകാരൻ ശ്രീ. ഭരത് മുരളിയുടെ സ്മരണയ്ക്കായി ആഗസ്റ്റ് ആറിന് ഭരത് ഭവനാണ് 'ചിരസ്മരണ' എന്ന ഓൺലൈ പ്രോഗ്രാം സംഘടിപ്പിച്ചത്. സാംസ്കാരിക വകുപ്പും സൗത്ത് സോൺ കൾച്ചർ സെന്ററുമായി സഹകരിച്ച് ഭാരത് ഭവൻ ആഗസ്റ്റ് 22, 2020 മുതൽ ആഗസ്റ്റ് 31, 2020 വരെ ഓണം സീസണിൽ പുതിയ മാധ്യമ വിഷ്വൽ കൾച്ചറൽ ഫെസ്റ്റ് 'മാവേലി മലയാളം' എന്ന പരിപാടി സംഘടിപ്പിച്ചു.

### ഗുരുഗോപിനാഥ് നടനഗ്രാമം, വട്ടിയൂർക്കാവ്

വിവിധ ഇന്ത്യൻ നൃത്തരൂപങ്ങൾ പഠിപ്പിക്കുകയും, പരിശീലനം നൽകുകയും ഗവേഷണം നടത്തുന്നതിനുമായി സ്ഥാപിക്കപ്പെട്ട കേന്ദ്രമാണ് ഗുരുഗോപിനാഥ് നടനഗ്രാമം. കഴിവും അഭിരുചിയും ഉള്ള കുട്ടികൾക്ക് നൃത്തത്തിലും സംഗീതോപകരണങ്ങളിലും ക്ലാസ്സുകൾ നടത്തുന്നുണ്ട്. സ്ഥിരമായി കേരള നൃത്തരൂപങ്ങളിൽ സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്.

## സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി

ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള ലൈബ്രറികളിലൊന്നാണ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി. പൂർണ്ണമായും കംപ്യൂട്ടർ വൽക്കരിച്ചതും അത്യാധുനിക സാങ്കേതിക വിദ്യകളായ റേഡിയോ ഫ്രീക്വൻസി സംവിധാനവും ഡിജിറ്റൽ ശാഖയുമുള്ള രാജ്യത്തെ ആദ്യലൈബ്രറികളിലൊന്നാണിത്. അംഗങ്ങൾക്ക് പുസ്തകങ്ങൾ പുതുക്കിയെടുക്കുന്നതിന് ഇന്റർനെറ്റ് മുഖേന ഓൺലൈൻ സൗകര്യവുമുണ്ട്. നിലവിൽ തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് 96,500 ൽ കൂടുതൽ അംഗങ്ങളും വിവിധ വിഷയങ്ങളിലായി 5 ലക്ഷത്തോളം പുസ്തകങ്ങളുമുണ്ട്. കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് ഒരു പ്രത്യേക ബ്ലോക്കും തുറന്നിട്ടുണ്ട്. പുതിയ ഹെറിറ്റേജ് മോഡൽ കെട്ടിടത്തിലാണ് ഈ ബ്ലോക്ക്. നന്നായി സജ്ജീകരിച്ച ഏ. സി. റഫറൻസ് ഹാളും ഇൻഫർമേഷൻ സെന്ററും ലൈബ്രറിയിൽ പ്രവർത്തിക്കുന്നു. വിരളവും അമൂല്യവുമായ പഴയ പുസ്തകങ്ങൾ, മാസികകൾ, ന്യൂസ് പേപ്പർ എന്നിവയുടെ പഴയ ലക്കങ്ങളും റഫറൻസ് വിഭാഗത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഇംഗ്ലീഷും മലയാളവും ഉൾപ്പെടെ 1,200 ഓളം പുസ്തകങ്ങളുടെ ഡിജിറ്റൽ ശേഖരം ലൈബ്രറിക്കുണ്ട്. 1903 മുതലുള്ള സർക്കാർ ഗസറ്റുകളുടെ ഡിജിറ്റൽ ലൈബ്രറി വെബ് സൈറ്റിൽ ലഭ്യമാണ്.

അവധിക്കാല സ്കൂൾ സംഘടിപ്പിക്കുകയാണ് കേരള സ്റ്റേറ്റ് സെൻട്രൽ ലൈബ്രറികളുടെ പ്രധാനപ്പെട്ട പ്രവർത്തനം. ഇത് ഒരു മാസത്തെ വേനലവധിക്കാലത്തെ ക്യാമ്പാണ്. 600 ൽ അധികം സ്കൂൾ കുട്ടികൾ ഓരോ വർഷവും ഈ ക്യാമ്പിൽ പങ്കെടുക്കുന്നു. സെൻട്രൽ ലൈബ്രറി കാമ്പസിനുള്ളിൽ ഒരു ദിവസത്തെ ക്യാമ്പായി സമ്മർ സ്കൂൾ നടത്തുന്നു. ഇതിലൂടെ കുട്ടികൾക്ക് ജീവിതത്തിന്റെ എല്ലാ മേഖലകളും തുറന്നു കാട്ടപ്പെടുന്നു. സാഹിത്യോൽസവം, സംഗീതം, നൃത്ത പരിപാടികൾ, സ്പോർട്സ് എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള പരിപാടികൾ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി നടത്താറുണ്ട്. ചലച്ചിത്രം, കായികം, സാഹിത്യം, രാഷ്ട്രീയം തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ള വിശിഷ്ടാതിഥികളുമായി സംവദിക്കാൻ കുട്ടികൾക്ക് ഈ ക്യാമ്പ് വഴി അവസരം ലഭിക്കും.

## കേരള സംസ്ഥാന ഗ്രന്ഥ ശാലാ കൗൺസിൽ

കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ സംസ്ഥാനത്ത് ഒരു ഗ്രന്ഥശാലാ സംവിധാനം ആവിഷ്ക്കരിക്കുവാൻ തങ്ങളുടെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ ശ്രമിക്കുന്നു. കേരള പബ്ലിക് ലൈബ്രറീസ് ആക്ട് 1989 പ്രകാരമുള്ള വിവിധങ്ങളായ പ്രവർത്തനങ്ങളും സാമൂഹിക പ്രസക്തിയുള്ള മറ്റ് പ്രവർത്തനങ്ങളും ഈ സ്ഥാപനം ഏറ്റെടുത്തു നടത്തുന്നു. ഗ്രന്ഥശാലാ സേവനം സാർവത്രികമാക്കുക, വിവരശേഖരണത്തിനായി ആധുനിക സൗകര്യമൊരുക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധന്മാർക്കും പ്രത്യേക ഗ്രന്ഥശാലാ സേവനങ്ങൾ ലഭ്യമാക്കുക എന്നിവ ഗ്രന്ഥ ശാലാ കൗൺസിലിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നവയാണ്. ഈ പ്രവർത്തനങ്ങൾ അവരെ മാനസികമായി ശക്തരാക്കുന്നു. അവ പ്രധാനമായും താഴെപറയുന്നവയാണ് :

- മാതൃകാ ഗ്രന്ഥശാലകൾ: ഒരു പ്രദേശത്തിന്റെ സാമൂഹിക–സാംസ്കാരിക കൈമാറ്റത്തിന്റെ കേന്ദ്ര സ്ഥലമായി ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ 14 ജില്ലകളിലും മോഡൽ വില്ലേജ് ലൈബ്രറികളുണ്ട്.
- അക്കാദമിക് പഠന കേന്ദ്രം: പബ്ലിക്ക് ലൈബ്രറികൾ ഗ്രാമീണ മേഖലയിലെ സർവ്വകലാശാലകളാണെന്ന ആശയത്തിലാണ് ഇത് രൂപീകരിച്ചിട്ടുള്ളത്. ആ പ്രദേശത്തെ എല്ലാ ആളുകൾക്കും പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗവേഷണ വിദഗ്ധർക്കും ഇത് ഉപയോഗപ്രദമാകും. കേരളത്തിലെ 14 ജില്ലകളിലും അക്കാദമിക് പഠന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.
- ജയിൽ ലൈബ്രറി സേവനം: ജയിൽ ലൈബ്രറി സേവനത്തിന്റെ പ്രധാന ലക്ഷ്യം അന്തേവാസികളുടെ ഉന്മേഷവും മാനസികാരോഗ്യവുമാണ്. വായനാശീലം ഇരയെ ഒരു പരിധിവരെ പരിവർത്തനം ചെയ്യുമെന്ന പ്രതീക്ഷയിലാണ് ഇത് ആരംഭിച്ചത്.
- കുട്ടികളുടെ ഹോം ലൈബ്രറി സേവനം: അഞ്ച് ജുവനൈൽ ഹോമുകളിലെ അന്തേവാസികളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് ജുവനൈൽ ഹോംസ് ലൈബ്രറികൾ പ്രവർത്തിക്കുന്നു.
- ആശുപത്രി ലൈബ്രറി സേവനം: പ്രധാനമായും ദീർഘകാലമായി ചികിത്സയിലുള്ള രോഗികൾക്കും ആശുപത്രിയിലെ ജീവനക്കാർക്കും വിശ്രമത്തിനായി 7 ആശുപത്രികളിൽ ലൈബ്രറി സേവനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.
- അനാഥാലയ ലൈബ്രറി സേവനം: വിദ്യാർത്ഥികളുടെ വായനാ ശേഷി വർദ്ധിപ്പിക്കുന്നതിനായി 4 അനാഥാലയ ലൈബ്രറി സേവനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു.
- ഹെർമിറ്റേജ് ലൈബ്രറി: സർക്കാർ ഉടമസ്ഥതയിലുള്ള വാർദ്ധാക്യ ഭവനങ്ങളിലെ അന്തേവാസികളുടെ ക്ഷേമത്തിനായി ഇത് പ്രവർത്തിക്കുന്നു.
- ലൈബ്രറികളുടെ കമ്പ്യൂട്ടറൈസേഷൻ: കേരളത്തിലെ 1,000 ഗ്രാമീണ ലൈബ്രറികൾ കമ്പ്യൂട്ടർവത്കരിക്കാനും ഇന്റർനെറ്റ് കണക്ടിവിറ്റി നൽകാനും പദ്ധതി ഉദ്ദേശിക്കുന്നു.
- ഫിലിം ക്ലബ് സ്ഥാപിക്കൽ: സമൂഹത്തിൽ മതപരവും സാമുദായികവുമായ ഐക്യം പ്രചരിപ്പിക്കാനാണ്

പദ്ധതി ഉദ്ദേശിക്കുന്നത്.

- ബ്രെയ്ലി-ശ്രവണ ലൈബ്രറി: കേരളത്തിൽ തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ മൂന്ന് ബ്രെയ്ലി-ശ്രവണ ലൈബ്രറികൾ സ്ഥാപിച്ചു.
- ഡിജിറ്റൽ ലൈബ്രറി: ഡിജിറ്റൽ ലൈബ്രറി സജ്ജീകരിക്കുന്നതിന് കോഴിക്കോട് ജില്ല ലൈബ്രറിയെ തിരഞ്ഞെടുത്തു.

## സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻ

പ്രശസ്ത എൻസൈക്ലോപീഡിയകളായ 'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക', 'അമേരിക്കാന' എന്നിവയുമായി താരതമ്യപ്പെടുത്താവുന്ന തരത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന എൻസൈക്ലോപീഡിയകളും മറ്റ് സമാന റഫറൻസ് പുസ്തകങ്ങളും മലയാള ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിനായി സ്ഥാപിതമായ ഒരു സ്ഥാപനമാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻ. സർക്കാർ തലത്തിൽ മലയാളത്തിൽ ഒരു എൻസൈക്ലോപീഡിയ തയ്യാറാക്കുന്നതിനുള്ള ആദ്യശ്രമം ആരംഭിച്ചത് 1961-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 'മലയാളം എൻസൈക്ലോപീഡിയ വകുപ്പ്' എന്ന പേരിൽ ഒരു പുതിയ വകുപ്പ് രൂപീകരിച്ചു കൊണ്ടാണ്. പത്ത് വാല്യങ്ങളായി ഒരു എൻസൈക്ലോപീഡിയ തയ്യാറാക്കി പ്രസിദ്ധീകരിക്കാനായിരുന്നു പദ്ധതി. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ മോഡലിൽ ഇരുപത് വാല്യങ്ങളിലായി മുപ്പതിനായിരത്തോളം ശീർഷകങ്ങൾ ഉൾപ്പെടുത്തി പദ്ധതിയുടെ വ്യാപ്തിയും മൊത്തത്തിലുള്ള ഫ്രെയിം ജോലിയും വിപുലീകരിച്ചു. 1976 -ലാണ് മലയാളം എൻസൈക്ലോപീഡിയ ഡിപ്പാർട്ട്മെന്റിനെ 'ദി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻ' എന്ന പേരിൽ ഒരു സ്വയംഭരണ സ്ഥാപനമാക്കി മാറ്റിയത്.

ഇൻസ്റ്റിറ്റ്യൂട്ട് ഇതുവരെ ജനറൽ എൻസൈക്ലോപീഡിയയുടെ പതിനേഴ് വാല്യങ്ങൾ, ലോക സാഹിത്യത്തെക്കുറിച്ചുള്ള എൻസൈക്ലോപീഡിയയുടെ പത്ത് വാല്യങ്ങൾ, എൻസൈക്ലോപീഡിയ ഓൺ എൻവയോൺമെന്റ്, ജ്യോതിശാസ്ത്ര പരിണാമം എന്നിവ പ്രസിദ്ധീകരിച്ചു. ജനറൽ എൻസൈക്ലോപീഡിയയുടെ മൂന്ന് വാല്യങ്ങൾ ഇനിയും പ്രസിദ്ധീകരിക്കാനുണ്ട്. പുതുക്കിയ ജനറൽ എൻസൈക്ലോപീഡിയയുടെ പത്ത് വാല്യങ്ങളും പ്രസിദ്ധീകരിച്ചു. ന്യൂഡൽഹിയിലെ ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി (ഡി ഐ ടി) യുടെ സാമ്പത്തിക സഹായത്തോടെ നോളജ് വെബ് റിപ്പോസിറ്ററി പൈലറ്റ് പ്രോജക്ട് (കെ.ഡബ്യൂ.ആർ.പി) എന്ന വെബ് ശേഖരം 2016 ജൂലൈയിൽ ആരംഭിച്ചു. സർവ്വെ വിജ്ഞാനകോശം വാല്യം 18, മലയാള സാഹിത്യ വിജ്ഞാനകോശം, നിയമ വിജ്ഞാനകോശം എന്നിവയുടെ തയ്യാറാക്കൽ പുരോഗമിക്കുന്നു.

## 9.2 കായിക, യുവജനകാര്യങ്ങൾ

*"ഐക്യ രാഷ്ട്ര സഭയുടെ ലക്ഷ്യങ്ങൾ, പ്രത്യേകിച്ച് മില്ലേനിയം വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായിക്കുന്ന ഒരു പ്രധാന ഉപകരണമായി സ്പോർട്സ് കൂടുതൽ അംഗീകരിക്കപ്പെടുന്നു. വികസനത്തിലും സമാധാന പരിപാടികളിലും കൂടുതൽ ആസൂത്രിതമായ രീതിയിൽ കായികത്തെ ഉൾപ്പെടുത്തുന്നതിലൂടെ, മെച്ചപ്പെട്ട ഒരു ലോകം സൃഷ്ടിക്കാൻ ഞങ്ങളെ സഹായിക്കുന്നതിന് ചെലവ് കുറഞ്ഞ ഈ ഉപകരണം ഐക്യരാഷ്ട്ര സഭയ്ക്ക് പൂർണ്ണമായി ഉപയോഗിക്കാൻ കഴിയും"* – ബാൻ കി മൂൺ, ഐക്യരാഷ്ട്ര സഭ മുൻ സെക്രട്ടറി ജനറൽ.

ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യമായ ഇന്ത്യയ്ക്ക് കായിക മേഖലയിൽ മാനവ വിഭവശേഷി ഉപയോഗിക്കാൻ നല്ല കഴിവുണ്ട്. 2011-ലെ സെൻസസ് അനുസരിച്ച്, ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ അഞ്ചിലൊന്ന് (19.1 ശതമാനം) യുവാക്കളാണ് (15–24 വയസ് പ്രായമുള്ളവർ). നിലവിൽ ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 34.33 ശതമാനം യുവാക്കളാണ്. ഒരു രാജ്യത്തിന്റെ കഴിവും വളർച്ചയുടെ സാധ്യതയും നിർണ്ണയിക്കുന്നത് യുവജനസംഖ്യയുടെ വലുപ്പത്തിനനുസരിച്ചാണ്, യുവാക്കൾ ശക്തമായ അഭിനിവേശവും, പ്രചോദനവും ഇച്ഛാശക്തിയും കാണിക്കുന്നു. ഇത് രാജ്യത്തിന്റെ സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ വികസനം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ഏറ്റവും മൂല്യവത്തായ മാനവ വിഭവശേഷിയാകുന്നു. കായിക രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യൻ സർക്കാർ വലിയ തുക ചിലവഴിക്കുന്നുണ്ടെങ്കിലും ഒളിബിക്സിൽ ഇതുവരെ 28 മെഡലുകൾ മാത്രമാണ് രാജ്യം നേടിയിട്ടുള്ളത്. അന്താരാഷ്ട്ര മത്സരങ്ങളിലെ ഇന്ത്യയുടെ പ്രകടനം ഈ രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെയും ശാസ്ത്രീയമായ ശ്രമങ്ങളുടെ ആവശ്യകതയും ചൂണ്ടിക്കാണിക്കുന്നു.

കായിക രംഗത്ത് ഒരു നിയമം പ്രാബല്യത്തിൽ വരുത്തുന്നതിലും, വിദ്യാഭ്യാസ പാഠ്യ പദ്ധതിയുമായി സ്പോർട്സ് സമന്വയിപ്പിക്കുന്നതിലും, സ്പോർട്സ് കമ്മീഷനെ നിയമിക്കുന്നതിലും കായിക വിനോദത്തിന് ആവശ്യമായ അടിസ്ഥാന വികസനത്തിനുള്ള പദ്ധതി വിഹിതം ഉപയോഗിക്കുന്നതിനുള്ള അനുമതി പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനും ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സ്പോർടസ് കൗൺസിലും മറ്റ് കായിക ഇനങ്ങളുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങളിലും കേരളം മുൻപന്തിയിലാണ്. അതുകൊണ്ടുതന്നെ കായിക രംഗത്ത് കേരളം ഇതിനകം ലോക ഭൂപടത്തിൽ അഭിനന്ദനീയമായ സ്ഥാനം കൈവരിച്ചതിൽ അതിശയിക്കാനില്ല. ഇന്ന് കേരളത്തിൽ നിന്നുള്ള പ്രഗത്ഭരായ യുവാക്കൾ അത്ലറ്റിക്സുകൾ, വോളിബോൾ തുടങ്ങി ക്രിക്കറ്റ് വരെയുള്ള വിവിധ കായിക ഇനങ്ങളിൽ ദേശീയ അന്തർദേശീയ തലത്തിൽ തങ്ങളുടെ മികവ് തെളിയിക്കുന്നുണ്ട്.

കായിക വിനോദ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ കേരളം മുന്നിലാണ്. കേരള സർക്കാർ സംസ്ഥാനത്തെ കായിക, വിനോദ അടിസ്ഥാന സൗകര്യ വികസനത്തിനായി അടുത്തിടെ നിരവധി സംരംഭങ്ങൾ ആരംഭിച്ചു. ഭൂവിനിയോഗം പരിമിതപ്പെടുത്തികൊണ്ട് ഒന്നിലധികം കായിക വിനോദ വിഭാഗങ്ങൾക്ക് അനുയോജ്യമായ രീതിയിൽ വിവിധ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും, മെച്ചപ്പെട്ട നവീകരണ പ്രവർത്തനങ്ങളും സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റ് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് കായിക, ഗെയിമുകളുടെ വികസനം ആശ്രയിച്ചിരിക്കുന്നത് കായിക രംഗത്തെ മെച്ചപ്പെടുത്തും ശരിയായ നിലവാരമുള്ളതുമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തെ ആണ്.

### കേരള സംസ്ഥാന സർക്കാരിനു കീഴിലുള്ള കായിക സ്ഥാപനങ്ങൾ

കേരള സംസ്ഥാന സർക്കാർ കായിക അനുബന്ധ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നുണ്ട്,

ഇത് നമ്മുടെ സംസ്ഥാനത്തെ നിരവധി കായിക താരങ്ങളെയും, യുവാക്കളെയും മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സഹായിക്കുന്നുണ്ട്. ഈ മേഖലയ്ക്ക് കീഴിലുള്ള പ്രധാന സ്ഥാപനങ്ങൾ ഇവയാണ് :

1. കായിക യുവജനകാര്യ ഡയറക്ടറേറ്റ്
2. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ
3. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്
4. കേരള സംസ്ഥാന യുവജന കമ്മീഷൻ

## 1. കായിക യുവജനകാര്യ വകുപ്പ്

1986 –ൽ സ്ഥാപിതമായ ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് (ഡി.എസ്. വൈ.എ) കേരളത്തിലെ കായിക വിനോദങ്ങളുടെ വികസനത്തിനും ഉന്നമനത്തിനും വേണ്ടി ഒരു പ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനമാണ്. ഉചിതമായതും മികച്ചതുമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്തുകൊണ്ടും കായിക രംഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം നൽകികൊണ്ടും, അന്താരാഷ്ട്ര നിലവാരത്തിലേക്ക് കായിക താരങ്ങളെ പരിശീലിപ്പിച്ച് സംസ്ഥാനത്തെ കായിക വിനോദങ്ങളുടെ ഉന്നമനവും വികസനവും ലക്ഷ്യമാക്കിയാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇതിനുപുറമെ, കേരളത്തിൽ നിന്നുള്ള കായിക വ്യക്തികളുടെ മത്സര നൈപുണ്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ ഏറ്റവും പുതിയ സാങ്കേതിക വിദ്യകളും കായിക രംഗത്തുള്ള നൂതന ആശയങ്ങളും കൊണ്ടു വരുന്നതിനുള്ള പദ്ധതികൾ ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് നടപ്പിലാക്കി വരുന്നു.

## 2. രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ

കേരള സംസ്ഥാന ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് വകുപ്പ് 1992–ൽ രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ (ആർ.ജി.എസ്.എം.സി.) സ്ഥാപിക്കുകയുണ്ടായി. നിലവിൽ, സംസ്ഥാനത്തെ അത്ലറ്റുകളുടെ മെഡിക്കൽ ആവശ്യങ്ങൾ നിറവേറ്റുന്ന ഏക സ്പോർട്സ് മെഡിസിൻ സ്ഥാപനമാണിത്. രോഗികൾക്ക് സൗജന്യമായി എല്ലാ സർക്കാർ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 1.00 വരെ ഈ സെന്ററിൽ ഔട്ട്പേഷ്യന്റ് പരിശോധന സൗജന്യമായി നടത്തുന്നുണ്ട്. രാജീവ്ഗാന്ധി സ്ഫോട്സ് മെഡിസിൻ സെന്ററിൽ (ആർ.ജി.എസ്.എം.സി) ബോധവത്ക്കരണ ശില്പശാലകൾ, സെമിനാറുകൾ, ആന്റി ഡോപ്പിംഗ്, സ്പോർട്സ് പോഷകാഹാരം, സ്പോർട്സ് സൈക്കോളജി, സ്പോർട്സ് കൗൺസിലിംഗ്, സ്പോർട്സ് മെഡിസിനിലെ മറ്റ് അനുബന്ധ വിഷയങ്ങൾ എന്നിവയെകുറിച്ചുള്ള ബോധവത്ക്കരണ ശില്പശാലകൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ എന്നിവ നടത്തുകയുണ്ടായി. 2019–20 കാലയളവിൽ 5,92,420 രൂപ മരുന്നുകളുടെ വിതരണത്തിനായി വിനിയോഗിച്ചു.

### ഡയറക്ടറേറ്റിന്റെ പ്രത്യേക പദ്ധതികൾ

**കിക്ക് ഓഫ് :** കേരളത്തിലെ ജനപ്രിയ കായിക വിനോദങ്ങളിലൊന്നാണ് ഫുട്ബോൾ. കുട്ടികളുടെ ഫുട്ബോൾ കളിക്കാനുള്ള കഴിവുകൾക്ക് മൂർച്ചകൂട്ടുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഉപ–നഗര, ഗ്രാമീണ, ഗോത്രവർഗ്ഗ, മറ്റ് ദുർബല പ്രദേശങ്ങളിൽ നിന്നുള്ള ഫുട്ബോൾകളിയിൽ കഴിവുള്ള കുട്ടികളെ ചെറുപ്പത്തിൽ കണ്ടുപിടിച്ച് നല്ല കളിക്കാരായി വളർത്തുകയെന്ന ലക്ഷ്യത്തോടെയുള്ള താഴെതട്ടിലുള്ള പരിശീലന പദ്ധതിയാണ് കിക്ക് ഓഫ് സ്കീം. 2018–19 –ൽ സംസ്ഥാനത്തൊട്ടാകെയുള്ള 19 കോന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കി. ഇതിൽ 18 കേന്ദ്രങ്ങൾ ആൺകുട്ടികൾക്കും ഒരു കേന്ദ്രം പെൺകുട്ടികൾക്കുമാണ് പ്രവർത്തിച്ചിരുന്നത്. 2018–19 –ലെ 19 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് പുറമെ, പെൺകുട്ടികൾക്കു മാത്രമായി 14 കേന്ദ്രങ്ങളിലേക്ക് പദ്ധതി വിപുലീകരിച്ചു. ഇപ്പോൾ സംസ്ഥാനത്തൊട്ടാകെയുള്ള 33 കിക്ക് ഓഫ് പരിശീലന കേന്ദ്രങ്ങളിൽ 15 കേന്ദ്രങ്ങളിൽ പെൺകുട്ടികളെ മാത്രം പരിശീലിപ്പിക്കുന്നു..

**സ്പ്ലാഷ്:** 8–18 വയസ്സിനുള്ളിൽ പ്രായമുള്ള കുട്ടികളുടെ നീന്തൽ കഴിവ് മെച്ചപ്പെടുത്തുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2019 മുതൽ 5 ജില്ലകളിൽ (കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി) ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

**വളകൾ :** ഗ്രാസ് റൂട്ട് ബാസ്കറ്റ് ബോൾ പ്രോഗ്രാം 'പ്ലേ ഫോർ ഹെൽത്ത്' എന്ന ആശയം പ്രചരിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. ആരോഗ്യകരവും ഊർജ്ജസ്വലവും, ഉത്തരവാദിത്തവമുള്ളതുമായ ഒരു സമൂഹം കെട്ടിപ്പടുക്കുക, രാജ്യത്തിന്, ഊർജ്ജസ്വലവും സമൃദ്ധവുമായ ഭാവി കെട്ടിപ്പടുക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. 2019–20 സാമ്പത്തിക വർഷത്തിൽ 5 ജില്ലകളിലായി 10 സ്ക്കൂളുകളിൽ ഈ പദ്ധതി ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലേക്കും പദ്ധതി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം. കേരളത്തിലെ യുവ വിദ്യാർത്ഥികളെ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

**സ്പ്രിന്റ്–അത്ലറ്റിക്സിനുള്ള ഗ്രാസ് റൂട്ട് പരിശീലന പരിപാടി:** ദേശീയ അന്തർ ദേശീയ തലത്തിലുള്ള പ്രകടനത്തെ അടിസ്ഥാനമാക്കി കേരളത്തിലെ മുൻഗണനാ കായിക വിഭാഗത്തിലൊന്നാണ്

അത്ലറ്റിക്സ്. പ്രകടനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തൊട്ടാകെയുള്ള അന്തർ സ്കൂൾ, ഇന്റർ ഡിസ്ട്രിക്റ്റ് ടൂർണമെന്റുകൾക്കുള്ള പരിശീലനം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അതിനാൽ അത്ലറ്റിക്സിനെ മുൻഗണനാ കായിക വിഭാഗമായി തിരഞ്ഞെടുക്കേണ്ടതുണ്ട്, കൂടാതെ 5–12 വയസ്സിനിടയിലുള്ള സ്കൂൾ കുട്ടികൾക്ക് തുടർച്ചയായ പരിശീലനം നൽകേണ്ടതുണ്ട്. ഈ പദ്ധതി ഉപനഗര, ഗ്രാമീണ, പട്ടികവർഗ്ഗ മേഖലകളിൽ നിന്നുള്ള കഴിവുള്ള കുട്ടികളെ ചെറു പ്രായത്തിൽ തിരഞ്ഞെടുത്ത് പ്രോത്സാഹനവും പരിശീലനവും നൽകുക എന്നതാണ് ലക്ഷ്യം. നിലവിൽ 6 കേന്ദ്രങ്ങളിൽ ഓരോന്നും 6 ജില്ലകളിലായി പദ്ധതി നടപ്പിലാക്കുന്നുണ്ട്. ജില്ലകൾ, കണ്ണൂർ, കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം എന്നിവയാണ്.

### ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്

അന്താരാഷ്ട്ര നിലവാരത്തിന് തുല്യമായി കായിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ് കേരളത്തിലെ കായിക രംഗത്തെ പുതിയ തലത്തിലേക്ക് എത്തിച്ചേർക്കുന്നു. ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് (ഡി. എസ്.വൈ.എ) ആത്യാധുനികവും കലാപരവുമായ സൗകര്യങ്ങൾ ഉൾപ്പെടുത്തി നവീകരിച്ചുകൊണ്ട് ഈ സ്റ്റേഡിയത്തിന്റെ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്. ഇതിഹാസ വോളിബോൾ കളി താരമായിരുന്ന ശ്രീ ജിമ്മി ജോർജ്ജിന്റെ പേരിലുള്ള ഈ സ്റ്റേഡിയത്തിന് രാജ്യമെമ്പാടുമുള്ള കായിക പ്രേമികളുടെ ഹൃദയത്തിൽ ഒരു പ്രത്യേക സ്ഥാനം ഉണ്ട്. കായികതാരങ്ങൾ അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുള്ള ഏറ്റവും അനുയോജ്യമായ വേദി ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലാണ് ഉള്ളത്. കായികവും ശാരീരിക ക്ഷമതയും അവരുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറുന്നുവെന്ന് ഉറപ്പാക്കാൻ കായിക വ്യക്തികളെയും പൊതുജനങ്ങളെയും പ്രചോദിപ്പിക്കുന്നതിനാണ് ഇത് ആവിഷ്ക്കരിച്ചിരിക്കുന്നത്.

### ഇൻഡോർ സ്റ്റേഡിയം

ദേശീയ ഗെയിംസുകളുമായി ബന്ധപ്പെട്ട് 1987 –ൽ തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് നിർമ്മിച്ച ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം നിരവധി കായിക മത്സരങ്ങൾക്ക് ആതിഥേയത്വം വഹിച്ചിട്ടുണ്ട്. കൂടാതെ താരങ്ങൾക്കും കായിക പ്രേമികൾക്കും പതിവ് പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള വേദികൂടിയാണ് ഇൻഡോർ സ്റ്റേഡിയം. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിശീലകരുടെ കീഴിൽ ബാഡ്മിന്റൺ കളിക്കാരുടെ പരിശീലനവും ഈ വേദിയിൽ നടന്നു വരുന്നുണ്ട്. ജിംനാസ്റ്റിക്സ്, തായ്ക്വാണ്ടോ എന്നീ വിഭാഗങ്ങളിൽ പരിശീലനം ഇവിടെ നൽകുന്നുണ്ട്, കൂടാതെ ടേബിൾ ടെന്നീസ്, വോളിബോൾ എന്നിവ കളിക്കുന്നതിനുള്ള സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. അന്താരാഷ്ട്ര മത്സരങ്ങൾ നടത്താൻ കഴിയുന്ന വിധത്തിൽ സ്റ്റേഡിയം അടുത്തിടെ നവീകരിച്ച് ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. പ്രത്യേക ആവശ്യങ്ങൾക്ക് അനുസരിച്ച് അരീന ലൈറ്റിംഗ് നൽകിയിട്ടുണ്ട്. നവീകരണം പൂർത്തീകരിച്ച ഹാളിൽ അത്യാധുനിക അക്ക്വസ്റ്റിസ്ക്, പബ്ലിക്ക് അഡ്രസ് സംവിധാനം എന്നിവയും നൽകിയിട്ടുണ്ട്.

### നീന്തൽക്കുളം

1962 ൽ ഉദ്ഘാടനം ചെയ്യപ്പെട്ട നീന്തൽക്കുളം ഇപ്പോൾ സ്പോർട്സ് ഹബിന്റെ ഭാഗമാണെന്നതിന് പുറമെ തലസ്ഥാന നഗരത്തിലെ ഒരു പ്രധാന നാഴിക കല്ലാണ്. അന്താരാഷ്ട്ര നിലവാരവും 2015 –ൽ ഫിനയുടെ (ഇന്റർ നാഷണൽ നീന്തൽ ഫെഡറേഷൻ) സാങ്കേതിക സവിശേഷതകളും പരിപാലിക്കുന്നതിനായി നീന്തൽ കുളം നവീകരിക്കുകയുണ്ടായി. 50 മീറ്റർ x 18 മീറ്ററിൽ നിന്നും നീന്തൽകുളത്തിന്റെ വലിപ്പം 50 മീറ്റർ x 25 മീറ്ററായി ഉയർത്തി. ഒരു പുതിയ ഫിൽട്ടർ പ്ലാന്റ്, പുതിയ ടോയ്ലറ്റ് ബ്ലോക്കുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകൾ എന്നിവയും നിർമ്മിച്ചിട്ടുണ്ട്. ടച്ച് പാഡുകളും ക്ലോക്കുകളും പോലുള്ള സ്കോർ ബോർഡുകളും സമയം അളക്കുന്ന ഉപകരണങ്ങളും നീന്തൽ കുളത്തിൽ ലഭ്യമാണ്. നീന്തൽ കുളം ഓസോൺ ഉപയോഗിച്ച് ഫിൽട്ടർ ചെയ്യുകയും ഡൈവിങ്ങ് പ്ലാറ്റ് ഫോമുകൾ ഫിനയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് പുനർ നിർമ്മിക്കുകയും ചെയ്തു. രാത്രിയിൽ മത്സരങ്ങൾ നടത്തുന്നതിനായി ഹൈ–മാസ്റ്റ് ലൈറ്റിംഗ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

### ആൾറ്റിറ്റ്യൂട് സിമുലേറ്റിങ്ങ് ട്രെയിനിംഗ് (അസ്ത്ര)

ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് (ഡി.എസ്.വൈ.എ.) ദക്ഷിണേന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യ സൗകര്യമാണ് അസ്ത്ര. അത്യാധുനിക സൗകര്യമായ ലോ–ഓക്സിജൻ സിമുലേറ്റർ സൗകര്യം ഇവിടെ ലഭ്യമാണ്. കായിക രംഗത്തെ മികവിനായാണ് ഈ സൗകര്യം വികസിപ്പിച്ചെടുത്തിട്ടുള്ളത്. ഹൈ ആൾറ്റിറ്റ്യൂട് സ്പോർട്സ് പരിശീലന കേന്ദ്രം സ്ഥിതിചെയ്യുന്നത് ഇടുക്കി ജില്ലയിലെ മൂന്നാറിലാണ്. രാജ്യത്തെ ഇത്തരത്തിലുള്ള രണ്ടാമത്തെ പരിശീലന കേന്ദ്രം (ആദ്യത്തേത് ഹിമാചൽ പ്രദേശിലാണ്), അന്തർദേശീയ തലത്തിൽ കായിക വിനോദ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുന്ന വിധത്തിലുള്ള ഒരു വേദിയായി വികസിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനം 1995 ലാണ് ആരംഭിച്ചത്. ഈ സൗകര്യത്തോടുകൂടിയ പരിശീലന കേന്ദ്രത്തിലേക്കുള്ള പ്രവേശനം

**ബോക്സ് 9.2.1** സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ (എസ്.എൽ.പി.സി)

ഓരോ പൗരന്റെയും സമഗ്ര വികസനത്തിൽ കായികവും, ശാരീരികക്ഷമതയും ഒരു പ്രധാന പങ്ക് വഹിക്കുകയും ടീം സ്പിരിറ്റിനെ പ്രോത്സാഹിപ്പിക്കുകയും, തന്ത്രപരവും വിശകലനപരവുമായി ചിന്തിക്കാനും, നേതൃത്വപരമായ കഴിവുകൾ വർദ്ധിപ്പിക്കാനും, ലക്ഷ്യ ക്രമീകരണം നടത്തുന്നതിനും, റിസ്ക്ക് എടുക്കുന്നതിനുള്ള കഴിവ് എന്നിവ വികസിപ്പിക്കുന്നതിന് കാരണമായിത്തീരുന്നു. അന്താരാഷ്ട്ര നിലവാരമുള്ള എയർ കണ്ടീഷൻ ചെയ്ത സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ഇതിനകം സംസ്ഥാനത്ത് ഒമ്പത് സ്ഥലങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
അവ–

- പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന എസ്.എൽ.പി.സി.
- കോട്ടയം ജില്ലയിലെ പാലയിൽ പ്രവർത്തിക്കുന്ന എസ്.എൽ.പി.സി.
- ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിൽ പ്രവർത്തിക്കുന്ന എസ്.എൽ.പി.സി.
- ഇടുക്കി ജില്ലയിലെ ദേവികുളത്ത് പ്രവർത്തിക്കുന്ന എസ്.എൽ.പി.സി.
- പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ പ്രവർത്തിക്കുന്ന എസ്.എൽ.പി.സി.
- മലപ്പുറം ജില്ലയിലെ കോട്ടപ്പടിയിൽ പ്രവർത്തിക്കുന്ന എസ്.എൽ.പി.സി.
- വയനാട് ജില്ലയിലെ മാനന്തവാടിയിൽ പ്രവർത്തിക്കുന്ന എസ്.എൽ.പി.സി.
- കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് പ്രവർത്തിക്കുന്ന എസ്.എൽ.പി.സി.
- കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ പ്രവർത്തിക്കുന്ന എസ്.എൽ.പി.സി.

ഇവ പ്രവർത്തനക്ഷമമാകുന്നത് കൂടാതെ സംസ്ഥാനത്തെ ഓരോ ജില്ലയിലും കുറഞ്ഞത് ഒരു സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററെങ്കിലും ഉണ്ടായിരിക്കും. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ നിർദ്ദിഷ്ട സ്പോർട്സ് ലൈഫ് ഫിറ്റനസ് സെന്ററുകൾ മേഖലയിലെ ജനങ്ങൾക്കിടയിൽ ഒരു കായിക സംസ്കാരം പ്രോത്സാഹിപ്പിക്കാനും, ആരോഗ്യപരമായ ജീവിതത്തെ പ്രോത്സാഹിപ്പിക്കാനും കാരണമായിത്തീരുമെന്ന് പ്രതീക്ഷിക്കുന്നു. ആളുകൾ സജീവമായി ഫിറ്റ്നസ് പിന്തുടരുന്നതിലൂടെ, ഗുണഭോക്താക്കൾ ആരോഗ്യപരമായ ഒരു ജീവിത ശൈലി ആസ്വദിക്കുമെന്നും, ജീവിതശൈലി രോഗങ്ങളും, അനുബന്ധ പ്രശ്നങ്ങളും ആളുകളിൽ ബാധിക്കുന്നത് ഗണ്യമായി കുറവുണ്ടാകുമെന്നുമുള്ള പ്രതീക്ഷയ്ക്ക് വകയുണ്ട്. എല്ലാ ജില്ലകളിലും അത്തരമൊരു കേന്ദ്ര സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്.

*അവലംബം:* കായിക യുവജന കാര്യ ഡയറക്ടറേറ്റ്

**പട്ടിക 9.2.1** ഉപയോഗവും ഇരിപ്പിടവും അനുസരിച്ച് കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങൾ

| ക്രമ നം. | സ്റ്റേഡിയത്തിന്റെ പേര് | ഉപയോഗം | ഇരിപ്പിടങ്ങളുടെ എണ്ണം (ഏകദേശ എണ്ണം) |
|---|---|---|---|
| 1 | കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് | ഔട്ട് ഡോർ സ്റ്റേഡിയം (ഫുട്ബാൾ) | 80,000 |
| 2 | കാര്യവട്ടം സ്റ്റേഡിയം | ഗ്രീൻ ഫീൽഡ് സ്റ്റേഡിയം (ക്രിക്കറ്റ്/ഫുട്ബാൾ) | 50,000 |
| 3 | എൽ.ബി.എസ്.സ്റ്റേഡിയം | ഔട്ട് ഡോർ | 30,000 |
| 4 | സി.എസ്.എൻ, സ്റ്റേഡിയം, തിരുവനന്തപുരം | ഔട്ട് ഡോർ (ഫുട്ബാൾ/അത്ലറ്റിക്സ്) | 25,000 |
| 5 | മെഡിക്കൽ കോളേജ് സ്റ്റേഡിയം, കോഴിക്കോട് | ഔട്ട് ഡോർ സ്റ്റേഡിയം (ഫുട്ബാൾ/അത്ലറ്റിക്സ് | 15,000 |
| 6 | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ | ഔട്ട് ഡോർ സ്റ്റേഡിയം (ഫുട്ബാൾ) | 15,000 |
| 7 | രാജീവ് ഗാന്ധി സ്റ്റേഡിയം, കൊച്ചി | ഇൻഡോർസ്റ്റേഡിയം (മൾട്ടി സ്പോർട്സ്) | 10,000 |
| 8 | ഹോക്കി സ്റ്റേഡിയം, കൊല്ലം | ഔട്ട്ഡോർ സ്റ്റേഡിയം (ഹോക്കി) | 5,000 |
| 9 | ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ | ഇൻഡോർസ്റ്റേഡിയം (മൾട്ടി സ്പോർട്സ്) | 5,000 |
| 10 | നീന്തൽകുളം, പിരപ്പൻകോട്, തിരുവനന്തപുരം | നീന്തൽകുളം | 5,000 |

*അവലംബം:* ഡയറക്ടറേറ്റ് ഓഫ് സ്പോട്സ് ആൻഡ് യൂത്ത് അഫയേഴ്സ്.

മുൻനിരയിലുള്ള അത്ലറ്റുകൾ/കളിക്കാർക്കായി നീക്കിവച്ചിരിക്കുന്നു. 3 മുതൽ 6 വരെ എയ്റോബിക് ഉപകരണങ്ങളും ബങ്ക് ബെഡുകളും ഈ പരിശീലന കേന്ദ്രത്തിലെ സൗകര്യത്തിലുണ്ട്.

## സ്റ്റേഡിയങ്ങൾ

വളർന്നു വരുന്ന ബൃഹത്തായകായിക മേഖലയ്ക്ക് ഉയർന്ന പ്രകടനത്തിന് ഊന്നൽ നൽകാൻ

കുട്ടികളുടെയും യുവാക്കളുടെയും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നതിനുള്ള ഒരു പ്രാഥമിക ആവശ്യകതയാണ് സ്റ്റേഡിയങ്ങൾ. ഒരു പരിസ്ഥിതി സൗഹാർദ്ദ ആവാസ വ്യവസ്ഥയോടുകൂടിയതാവണം സ്റ്റേഡിയങ്ങൾ. കായിക വിനോദത്തിനുള്ള വിവിധ സൗകര്യങ്ങളിൽ, യുവാക്കളെ ശാരീരികമായും, ആരോഗ്യകരമായും സുഖകരമാക്കാൻ സ്റ്റേഡിയങ്ങൾ വളരെ അത്യാവശ്യമാണ്. 26 സ്റ്റേഡിയങ്ങൾ സംസ്ഥാനത്തുണ്ട്. കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങളുടെ ഉപയോഗവും ഇരിപ്പിടങ്ങളുടെ എണ്ണം സംബന്ധിച്ച ശേഷിയുമുള്ള പട്ടിക, **പട്ടിക. 9.2.1** ലും ശേഷിക്കുന്ന സ്റ്റേഡിയങ്ങളുടെ പട്ടിക **അനുബന്ധം 9.2.1** ലും നൽകിയിരിക്കുന്നു.

## 2. കേരള സംസ്ഥാന കായിക സമിതി

കേരളത്തിൽ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിനു കീഴിൽ രൂപീകരിച്ച കൗൺസിൽ 1974–ൽ പുനഃസംഘടിപ്പിക്കുകയുണ്ടായി. പിന്നീട് കേരള സ്പോർട്സ് കൗൺസിൽ പിരിച്ചുവിടുകയും കേരള സംസ്ഥാന കായിക സമിതി രൂപീകരിക്കുകയും കേരള സ്പോർട്സ് ആക്ട് 2000, കേരള സ്പോർട്സ് റൂൾസ് 2008 എന്നിവ പ്രകാരം പ്രവർത്തിച്ചു വരികയും ചെയ്യുന്നു. കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ, കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾ, സ്പോർട്സ് പരിശീലന കേന്ദ്രങ്ങൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, സ്കൂൾ സ്പോർടസ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ എന്നിങ്ങനെ നിരവധി കേന്ദ്രങ്ങൾ കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ വോളിബോൾ, അത്ലറ്റിക്സ്, നീന്തൽ എന്നിവയ്ക്കായി ' എലൈറ്റ് പരിശീലന കേന്ദ്രങ്ങൾ' ആരംഭിച്ചിട്ടുണ്ട്.

- **സ്പോർട്സ് അക്കാദമികൾ**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിലവിൽ 31 ജില്ലാ സ്പോർട്സ് അക്കാദമികളും 54 കോളേജ്, 25 സ്കൂൾ സ്പോർട്സ് അക്കാദമികളും നടത്തുന്നു. ജില്ലാ സ്പോർട്സ് അക്കാദമികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നേരിട്ട് പരിപാലിക്കുന്നു. ബോർഡിംഗ്, ലോഡ്ജിംഗ്, വിദഗ്ദ കോച്ചുകൾക്ക് കീഴിലുള്ള പരിശീലനം മെഡിക്കൽ ചികിത്സ, ടി.എ., ഡി.എ., വാഷിംഗ് അലവൻസ്, പഠന സൗകര്യങ്ങൾ, കണ്ടീഷനിംഗ് സൗകര്യങ്ങൾ എന്നിവ ഈ പദ്ധതി പ്രകാരം ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് നൽകുന്നു. സെലക്ഷൻ ട്രയലുകൾക്ക് ശേഷം മികച്ച പ്രകടനം കാഴ്ചവെക്കുന്ന സ്പോർട്സ് കളിക്കാരെ മെറിറ്റിൽ തിരഞ്ഞെടുക്കുന്നു. ഏകദേശം 3000 കുട്ടികളാണ് ഇപ്പോൾ ഹോസ്റ്റലുകളിൽ താമസിപ്പിക്കുന്നത്. സ്പോർട്സ് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് ബോർഡിംഗ്, ലോഡ്ജിംഗ് ചാർജ്ജുകളായി പ്രതിദിനം 200 രൂപയും വാഷിംഗ് അലവൻസായി പ്രതിമാസം 200 രൂപയും നൽകുന്നു.

സെന്റർ ഓഫ് എക്സലൻസ് (എലൈറ്റ് ട്രെയിംഗ് സെന്റർ– അത്ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ് ബോൾ): പ്രഗത്ഭരായ യുവ കായിക താരങ്ങളിലെ കായിക നൈപുണ്യത്തെ പരിപോഷിപ്പിക്കുന്നതിനും ഏഷ്യൻ/ കോമൺ വെൽത്ത്/ഒളിബിക് ഗെയിംസിൽ മെഡലുകൾ നേടാൻ പ്രാപ്തരാക്കുന്നതിനുമായി അത്ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ് ബോൾ തുടങ്ങിയ വിവിധ വിഭാഗങ്ങളിൽ എലൈറ്റ് സ്കീം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്

- തിരഞ്ഞെടുപ്പ് പരീക്ഷണങ്ങൾക്ക് ശേഷം മികവ് തെളിയിക്കുന്ന കളിക്കാരുടെ മെറിറ്റ് ലിസ്റ്റ് തയ്യാറാക്കുകയും അവർക്ക് പ്രതിമാസം ബോർഡിംഗ്/ലോഡ്ജിംഗ് ചെലവുകൾ, വിദഗ്ദ പരിശീലകരുടെ കീഴിൽ പരിശീലനം, മെഡിക്കൽ ചികിത്സ, പഠന സൗകര്യങ്ങൾ, കണ്ടീഷനിംഗ് സൗകര്യങ്ങൾ എന്നിവ നൽകുകയും ചെയ്യുന്നു.
- നിലവിൽ ഐലൈറ്റ് സ്കീമിന് കീഴിൽ 4 മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു (**പട്ടിക 9.2.2**).

## ഓപ്പറേഷൻ ഒളിമ്പിയ 2020–2024

സംസ്ഥാനത്തൊട്ടാകെ അഞ്ച് കായിക വിഭാഗങ്ങളിൽ നിന്നുള്ള മികച്ചതും ഉന്നതവുമായ കായിക താരങ്ങളെ മെച്ചപ്പെടുത്തുന്നതിനും അത്യാധുനിക അടിസ്ഥാന സൗകര്യങ്ങൾ, വിദേശ പരിശീലകരുടെ സേവനങ്ങൾ ഉൾപ്പെടെയുള്ള പരിശീലന സൗകര്യങ്ങൾ അന്താരാഷ്ട്ര മത്സരങ്ങളിൽ എക്സ്പോഷർ എന്നിവ പരിശീലിപ്പിക്കുന്നതിനും ഓപ്പറേഷൻ ഒളിമ്പിയ വിഭാവനം ചെയ്യുന്നു.

**പട്ടിക 9.2.2** എലൈറ്റ് സ്കീമിന് കീഴിൽ പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ

| സെന്റർ | വിദ്യാർത്ഥികളുടെ എണ്ണം | കോച്ചുകളുടെ എണ്ണം |
|---|---|---|
| ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ കാര്യവട്ടം (അത്ലറ്റിക്സ്) | 10 | 2 |
| തൃപ്രയാർ വോളിബോൾ അക്കാദമി, തൃശ്ശൂർ | 23 | 1 |
| ബാസ്കറ്റ് ബോൾ അക്കാദമി, കണ്ണൂർ | 9 | 1 |
| ഫുട്ബോൾ അക്കാദമി, എറണാകുളം | 6 | 1 |

*അവലംബം: കേരള സംസ്ഥാന കായിക സമിതി.*

**ബോക്സ് നമ്പർ 9.2.2** ഓപ്പറേഷൻ ഒളിമ്പിയ 2020–2024

കേരള സർക്കാരിന്റെ കായിക വകുപ്പിന്റെ അഭിമാനകരമായ പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പിയ 2020–24" 2017 മെയ് 28 ന് ആരംഭിച്ചു. അടുത്ത ഒളിമ്പിക്സിൽ മെഡലുകൾ നേടാൻ കേരളത്തിൽ നിന്നുള്ള കായിക താരങ്ങളെയും അത്ലറ്റിക്സുകളെയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഒരുക്കുന്നു. ഈ ആവശ്യത്തിനായി വിദഗ്ദ്ധ സമിതി രൂപീകരിച്ച് 'ഓപ്പറേഷൻ ഒളിമ്പിയ' എന്ന പദ്ധതി രൂപീകരിക്കുന്നതിന് ഒരു കൂട്ടം സ്റ്റേക്ക്ഹോൾഡർമാരുടെ ചർച്ച ആരംഭിച്ചു. അത്ലറ്റിക്സ്, ബോക്സിംഗ്, ബാഡ്മിന്റൺ(ഷട്ടിൽ), ഫെൻസിംഗ്, റോവിംഗ് എന്നിങ്ങനെ തെരെഞ്ഞെടുത്ത അഞ്ച് കായിക ഇനങ്ങളിൽ ഓപ്പറേഷൻ ഒളിമ്പിയ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പരിചയ സമ്പന്നരായ പരിശീലകരാണ് ഈ കേന്ദ്രങ്ങളിലേക്ക് തിരഞ്ഞെടുത്തിട്ടുള്ള പരിശീലനാർത്ഥികൾക്ക് പരിശീലനം നൽകുന്നത്. പ്രധാന കേന്ദ്രങ്ങൾ ആറ്റിങ്ങൽ (അത്ലറ്റിക്സ് ആൻഡ് ബോക്സിംഗ്), എറണാകുളം (ബാഡ്മിന്റൺ), കണ്ണൂർ (ഫെൻസിംഗ്), ആലപ്പുഴ (റോവിംഗ്)

*അവലംബം: കേരള സംസ്ഥാന കായിക സമിതി*

- **ഡോ: എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി**

നമ്മുടെ സംസ്ഥാനത്തെ പ്രമുഖ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഡോ: എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 14 മുതൽ 20 വയസ്സു വരെയുള്ള 11 കായിക താരങ്ങൾക്ക് (ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ) സ്കോളർഷിപ്പ് നൽകുന്നുണ്ട്. 2019–20 അധ്യയന വർഷത്തിൽ ഈ പദ്ധതി പ്രകാരം 6 കായിക താരങ്ങൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

- **എല്ലാവർക്കും യോഗ**

മനുഷ്യ ശരീരത്തിന്റെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ശക്തിപ്പെടുത്തുന്നതിൽ യോഗയ്ക്ക് പ്രത്യേക പങ്കുണ്ട്. മനുഷ്യ ശരീരത്തിന്റെയും മനസ്സിന്റെയും മൊത്തത്തിലുള്ള ആരോഗ്യത്തെ മെച്ചപ്പെടുത്തുന്നതിനാൽ യോഗയ്ക്ക് ലോകമെമ്പാടും വളരെയധികം പ്രസക്തി ലഭിച്ചിട്ടുണ്ട്. യോഗയുടെ പ്രസക്തിയും എല്ലാ മനുഷ്യരിലും വരുത്തുന്ന അതിന്റെ സമഗ്രമായ നേട്ടവും കണക്കിലെടുത്ത്, കേരളത്തിലെ സ്കൂൾ കുട്ടികൾക്ക് "എല്ലാവർക്കും യോഗ" പ്രോഗ്രാമിലൂടെ യോഗയെക്കുറിച്ച് പ്രാഥമിക അറിവ് നൽകണമെന്നതാണ് പദ്ധതിയുടെ ലക്ഷ്യം

- **കായിക ക്ഷമതാ മിഷൻ –ഘട്ടം 2**

രണ്ടാം ഘട്ടത്തിൽ, വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ശാരീരിക ക്ഷമതയും കായികക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കായിക ക്ഷമതാ മിഷൻ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്തെ മുഴുവൻജനങ്ങളെയും നാലായി തിരിക്കും:

- നഴ്സറി മുതൽ നാലാം ക്ലാസ് വിദ്യാർത്ഥികൾക്കും
- അഞ്ചാം ക്ലാസ് മുതൽ പ്ലസ് ടു വരെയും, യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കും.
- യുവാക്കൾ, ജോലി ചെയ്യുന്ന പ്രൊഫഷണലുകൾ
- മുതിർന്ന പൗരന്മാർ

കേരള സർക്കാരിന്റെ വിവിധ വകുപ്പുകളായ കേരള സ്പോർട്സ് കൗൺസിൽ, വിദ്യാഭ്യാസ വകുപ്പ്, പ്രാദേശിക സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു

## ദേശീയ അന്തർ ദേശീയ ഇവന്റുകളിൽ കേരളത്തിന്റെ പ്രകടനം

ദേശീയ അന്തർ ദേശീയ ഗെയിമുകളിൽ മെഡലുകൾ നേടിയതിൽ സംസ്ഥാനത്തെ കളിക്കാരുടെ പ്രകടനം ശ്രദ്ധേയമാണ്. ദേശീയ അന്തർ ദേശീയ ഗെയിമുകളിൽ പങ്കെടുത്ത് 2019–20 കാലയളവിൽ 702 മെഡലുകൾ നേടിയിട്ടുണ്ട്. 2,572 സ്പോർട്സ് കളിക്കാരെ കേരളത്തിലെ വിവിധ സ്ഥാപനങ്ങളിൽ ചേർത്തിട്ടുണ്ട്. ഇന്ത്യയിലും വിദേശത്തും നടന്ന വിവിധ കായിക, ഗെയിം മീറ്റുകളിൽ 979 പേർ പങ്കെടുത്തു.**(പട്ടിക 9.2.3)**

2019–20 –ൽ വിവിധ തലത്തിൽ നേടിയ 702 മെഡലുകളിൽ 3 അന്താരാഷ്ട്ര മെഡലുകൾ മാത്രമാണ് ലഭിച്ചത്. ദേശീയ മത്സരങ്ങളിൽ നിന്നും ലഭിച്ച ആകെ മെഡലുകളുടെ എണ്ണം 304 ആണ്. അന്താരാഷ്ട്ര കായിക ഇനങ്ങളിൽ പങ്കെടുക്കുന്നവരുടെ എണ്ണം വളരെ കുറവാണെങ്കിലും എല്ലാവരും മെഡലുകൾ നേടിയിട്ടുണ്ട്. കായിക വ്യക്തികളെ പരിശീലിപ്പിക്കുന്നതിൽ കേന്ദ്രീകൃതവും ഏകീകൃതവുമായ ശ്രമങ്ങൾ മികച്ച ഫലങ്ങളിലേക്ക് നയിക്കും.

## 3. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

1985–ൽ രൂപീകൃതമായ കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് സംസ്ഥാനത്തെ എല്ലാ യുവജന ശാക്തീകരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും അവ നടപ്പിലാക്കുന്നതിനുമായിട്ടുള്ള ഒരു പരമോന്നത ഏജൻസിയായി പ്രവർത്തിച്ചു വരുന്നു. തൊഴിൽ

**പട്ടിക 9.2.3** 2019–20 ലെ വിവിധ മത്സരങ്ങളിൽ പങ്കെടുത്തവരുടെയും മെഡലുകളുടെയും വിശദാംശങ്ങൾ

| | പങ്കെടുത്തവർ | സ്വർണ്ണം | വെള്ളി | വെങ്കലം | ആകെ മെഡലുകൾ |
|---|---|---|---|---|---|
| അന്താരാഷ്ട്ര മത്സരങ്ങൾ | 3 | 2 | 0 | 1 | 3 |
| ദേശീയ മത്സരങ്ങൾ | 304 | 46 | 37 | 52 | 135 |
| ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങൾ | 170 | 12 | 12 | 8 | 32 |
| സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങൾ | 63 | 0 | 0 | 0 | 0 |
| സൗത്ത് സോൺ നാഷണൽ മത്സരങ്ങൾ | 16 | 1 | 1 | 1 | 3 |
| സംസ്ഥാന മീറ്റ് | 387 | 125 | 138 | 133 | 396 |
| ഇന്റർ കോളേജിയേറ്റ് | 36 | 70 | 41 | 22 | 133 |
| ആകെ | 979 | 256 | 229 | 217 | 702 |

*അവലംബം: കേരള സംസ്ഥാന യൂത്ത് സ്പോർട്സ് കൗൺസിൽ*

**ബോക്സ് 9.2.3** ജി.വി. രാജ സീനിയർ സെക്കന്ററി സ്പോർട്സ് സ്ക്കുളിനെ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസായി തിരഞ്ഞെടുത്തു

ഖേലോ ഇന്ത്യ സ്കീമിന് കീഴിൽ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസ് (കെ.ഐ.എസ്.സി.ഇ.) സെന്റർ ആയി നവീകരിക്കുന്നതിനായി തിരുവനന്തപുരത്തെ ജി.വി.രാജ സീനിയർ സെക്കന്ററി സ്പോർട്സ് സ്ക്കുളിനെ കേന്ദ്ര സർക്കാരിന്റെ യുവജനകാര്യ കായിക മന്ത്രാലയം തിരഞ്ഞെടുത്തു. ഒളിംബിക്സിലെ മികവിനായുള്ള ഇന്ത്യയുടെ ശ്രമം ശക്തിപ്പെടുത്തുന്നതിനാണ് കെ.ഐ.എസ്.സി.ഇ സ്ഥാപിതമായത്. ഈ സ്ക്കുളിനെ കെ.ഐ.എസ്.സി.ഇ കേന്ദ്രത്തിന്റെ തലത്തിലേക്ക് നവീകരിക്കുന്നതിനും, ഉയർത്തുന്നതിനുമായി, കേന്ദ്ര സർക്കാർ സ്പോട്സ് സയൻസ്, ടെക്നോളജി സപ്പോർട്ട് എന്നിവയിൽ നിലവിലുള്ള പ്രായോഗിക വിടവ് നികത്തുന്നതിനുള്ള ഫണ്ടിംഗ് വിപുലീകരിക്കും. കായിക ഉപകരണങ്ങൾ, വിദഗ്ദ പരിശീലകർ, ഉയർന്ന പ്രകടനമുള്ള മാനേജർമാർ എന്നിവരുടെ ആവശ്യകതയിലെ വിടവുകൾ നികത്തുന്നതിനും ഈ സെന്റർ സഹായിക്കും. കായിക താരങ്ങളുടെ പ്രകടനത്തിന്റെ തോത് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുമെന്ന് ഉറപ്പാക്കാൻ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ വൈദഗ്ദ്ധ്യം, വിഭവങ്ങൾ, ഒരു നിരീക്ഷണ സംവിധാനം എന്നിവ വ്യാപിപ്പിക്കും.

*അവലംബം: പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഓഫ് ഇന്ത്യ*

രഹിതരായ യുവാക്കൾക്ക് പരിശീലന പരിപാടികളും സ്വയം തൊഴിൽ സംരംഭങ്ങളും ആരംഭിക്കുന്നതിനും യൂത്ത് ക്ലബുകൾക്കും ഓർഗനൈസേഷനുകൾക്കും ബോർഡ് ധനസഹായം നൽകി വരുന്നു.

## പ്രധാന പ്രവർത്തനങ്ങൾ

**കേരളോത്സവം:** സംസ്കാരം, കല, കായികം എന്നീ മേഖലകളിൽ യുവാക്കൾക്ക് കഴിവുകൾ പ്രകടിപ്പിക്കാൻ അവസരമൊരുക്കുകയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് കേരളോത്സവം സംഘടിപ്പിക്കുന്നു.

- 14 ജില്ലകളിലും പ്രാഥമിക, ജില്ലാതല പരിപാടികൾ നടത്തി. ഈ പരിപാടികൾ 1 ലക്ഷം യുവാക്കളും 6000 ക്ലബുകളും പങ്കെടുത്തു.
- സംസ്ഥാനതലത്തിലുള്ള മീറ്റ് ഡിസംബർ 26, 2019 മുതൽ 29 വരെ 12 വേദികളിലായി നടത്തി. പരിപാടിയിൽ 59 ഇനം കലാപരിപാടികളിലും 43 കായിക ഇനങ്ങളിലുമായി 6,500 ഓളം പേർ പങ്കെടുത്തു.
- ദേശീയതല പരിപാടി ജനുവരി 12, 2020 മുതൽ 16 വരെ ഉത്തർ പ്രദേശിലെ ലഖ്നൗവിൽ നടന്നു. 23–മത് ദേശീയ യുവജന മേളയിൽ 64 പേർ പങ്കെടുത്തു

**യുവശക്തി:** സാമൂഹ്യ വികസന പരിപാടികളും സന്നദ്ധ പരിപാടികളും യൂത്ത് ക്ലബുകളിലൂടെ പ്രോത്സാഹിപ്പിക്കുക, കേരളോത്സവം, ഗ്രാമ സഭ എന്നിവിടങ്ങളിൽ യുവാക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക, ലേബർ ബാങ്കുകളും മറ്റ് തൊഴിൽ ഗ്യാരന്റി പ്രോഗ്രാമുകളും സംഘടിപ്പിക്കുക, യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും ജില്ലാ കോർഡിനേറ്റർമാരാണ് യുവശക്തി പരിപാടി ഏകോപിപ്പിക്കുന്നത്.

**യൂത്ത് കേരള എക്സ്പ്രസ്:** യൂത്ത് ക്ലബുകളുടെ പ്രയോജനകരമായ പ്രവർത്തനങ്ങൾ

പൊതുജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് യൂത്ത് കേരള എക്സ്പ്രസ്. 2018–19 –ൽ നിലവിൽ വന്ന ഈ പദ്ധതിയിലൂടെ നൂറിലധികം യൂത്ത് ക്ലബുകൾക്ക് ഗുണം ലഭിച്ചിട്ടുണ്ട്. യൂത്ത് കേരള എക്സ്പ്രസ് വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ പൊതു ജനങ്ങൾക്ക് ഉപയോഗപ്രദമാണ്. ഈ പദ്ധതിയുടെ യൂത്ത് ക്ലബുകളുടെ പ്രവർത്തനങ്ങളെ സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് വരെ കൊണ്ട് വരുന്നുണ്ട്.

## കേരളത്തിലെ ദേശീയ നാടോടി ഉത്സവം

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ ദേശീയ നാടോടി കലകളെ പ്രോത്സാഹിപ്പിക്കുക, അതുവഴി രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം തിരിച്ചറിയുക എന്നിവയാണ് കേരളത്തിലെ ദേശീയ നാടോടി ഉത്സവം സംഘടിപ്പിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. ദേശീയ നാടോടി ഉത്സവത്തിന്റെ പ്രതിനിധി സംഘത്തിൽ സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള പ്രതിനിധികൾ ഉൾപ്പെടുന്നു, അവർ അവരുടെ തനതായ നാടോടി കലാ–സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുകയും സമൂഹത്തിലെ യുവ പ്രതിഭകളുമായി സംവാദിക്കുകയും മറ്റുള്ളവരുടെ പ്രവർത്തനങ്ങളെകുറിച്ച് അറിയുകയും ചെയ്യുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്ക് കേരളത്തിലെ സംസ്കാരത്തെകുറിച്ച് അറിയുവാനും ഇവിടുത്തെ കുടുംബ ജീവിതം, സംസ്കാരം ജീവിത രീതി എന്നിവ മനസ്സിലാക്കുവാനുമുള്ള അവസരം ഇതു വഴി ലഭിക്കുന്നുണ്ട്.

## കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ്

2018 –ൽ നമ്മുടെ സംസ്ഥാനം ചരിത്രത്തിൽ അഭൂതപൂർവ്വമായ വെള്ളപ്പൊക്കത്തിന് സാക്ഷ്യം വഹിച്ചു. 2019 –ലും സംസ്ഥാനത്ത് സമാനമായ വെള്ളപ്പൊക്കം ഉണ്ടായി. കേരളത്തിലെ യുവാക്കൾ സന്നദ്ധ പ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ, യൂത്ത് ക്ലബുകൾ, വിദ്യാർത്ഥികൾ, ബ്യൂറോ ക്രാറ്റുകൾ, ജനപ്രതിനിധികൾ, എൻ.ജി.ഒ.കൾ തൊഴിലാളികൾ, എന്നിവർ നിരവധി ജീവൻ രക്ഷിക്കുന്നതിൽ വിലപ്പെട്ട പങ്ക് വഹിച്ചു. പ്രതികൂല സമയങ്ങളിൽ യുവാക്കളുടെ ശക്തി പ്രകടമായി. ഇത് സംസ്ഥാനത്തെ കേരള വോളണ്ടിയർ യൂത്ത് അക്ഷൻ ഫോഴ്സിന്റെ (കെ.വി.വൈ.എഫ് ) എന്ന ആശയത്തിന് വഴിയൊരുക്കുകയുണ്ടായി.

പ്രകൃതി ദുരന്തങ്ങളെ നേരിടാൻ യുവജന സന്നദ്ധ പ്രവർത്തകരെ സജ്ജമാക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ഒരു സന്നദ്ധ സേനയാണ് കേരള

**ബോക്സ് 9.2.4** കോവിഡ് –19 കാലഘട്ടത്തിൽ കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങളും മറ്റ് പ്രതിസന്ധികളും

- ചെയിൻ തകർക്കുക: മാർച്ച് 14, 2020 മുതൽ കോവിഡ്–19 പാൻഡെമിക്കിന്റെ പ്രതിരോധ പ്രവർത്തനങ്ങളിൽ കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ് ഏർപ്പെട്ടിരിക്കുന്നു. വിവിധ സർക്കാർ സ്കൂളുകൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, കോടതി വളപ്പുകൾ, മറ്റ് പൊതു സ്ഥലങ്ങൾ എന്നിവയും ജില്ലാ ഹെഡ്ക്വാട്ടേഴ്സുകളിലും മറ്റ് പൊതു സ്ഥലങ്ങളിലും വാട്ടർ കിയോസ്കുകൾ കൈ കഴുകുന്നതിനായി സ്ഥാപിച്ചു, സാനിറ്റൈസർ ആവശ്യത്തിന് ലഭ്യമാക്കുകയും ചെയ്തു.
- ലോക്ക് ഡൗൺ ഹെൽപ്പ് ഡെസ്ക്: ലോക്ക് ഡൗൺ സമയത്ത് ജനങ്ങൾക്ക് മരുന്നും ആവശ്യമായ സാധനങ്ങളും വിതരണം ചെയ്യുന്നതിന് അവർ ജില്ലാതലത്തിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. കമ്യൂണിറ്റി കിച്ചൻ പ്രോഗ്രാമിൽ ഒരു സന്നദ്ധ പ്രവർത്തകനെന്ന നിലയിലും ഒരു കോർഡിനേറ്റർ എന്ന നിലയിലും അവർ ഇരട്ട റോളിൽ പങ്ക് വഹിച്ചു.
- രക്തദാന പ്രവർത്തനങ്ങളിൽ 2000 വൊളണ്ടിയർമാർ പങ്കെടുത്തു
- പെട്ടിമുടി ലാൻഡ് ബ്ലൈഡ്–മൂന്നാർ: വിവിധ സർക്കാർ വകുപ്പുകളുടെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെ മൂന്നാറിലെ പെട്ടിമുടിയിലെ ലാൻഡ് സ്ലൈഡിനിടെ രക്ഷാ പ്രവർത്തനത്തിന് അവർ സഹായിച്ചിട്ടുണ്ട്.
- ചെല്ലാനം **ഗ്രാമപഞ്ചായത്ത് എറണാകുളം ജില്ല:** ലോക്ക്ഡൗൺ സമയത്ത്, എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിൽ കടൽ തിരമാല ആക്രമണം നടന്നു. 80 ശതമാനം ആളുകളെയും ഈ സംഭവം ബാധിക്കുകയും നിരവധി വീടുകൾക്ക് ഭാഗീകമായോ പൂർണ്ണമായോ നാശനഷ്ടമുണ്ടായി. ചെല്ലാനം ഗ്രാമപഞ്ചായത്തിലെ രക്ഷാ പ്രവർത്തനങ്ങളിൽ കേരള വൊളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ്, പോലീസ് സേനയുമായും ആരോഗ്യ വകുപ്പുമായും സഹകരിച്ച് ദുരിതബാധിതർക്ക് ആവശ്യമായ മരുന്നുകളും ഭക്ഷണവും മറ്റ് അടിസ്ഥാന സൗകര്യത്തിന് ഉതകുന്ന സേവനങ്ങളും സാധനങ്ങളും വിതരണം ചെയ്തു.
- കോവിഡ്–19 ലോക്ക്ഡൗണുമമായി ബന്ധപ്പെട്ട് ഭാവിയിലെ ഭക്ഷ്യ ക്ഷാമം മുൻകൂട്ടികണ്ടുകൊണ്ട് സന്നദ്ധ പ്രവർത്തകർ കാർഷിക സ്വയം പര്യാപ്തതയ്ക്കായുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. യൂത്ത് വെൽഫയർ ബോർഡ് കോർഡിനേറ്റർമാർ, ക്ലബുകൾ, ജില്ലാ യൂത്ത് ക്ലബുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചാണ് അവർ കാർഷിക പ്രവർത്തനങ്ങൾ ആരംഭിച്ചത്.

*അവലംബം: കേരള സംസ്ഥാന യൂത്ത് വെൽഫയർ ബോർഡ്*

വോളണ്ടിയർ യൂത്ത് ആക്ഷൻ ഫോഴ്സ്. ഇതിനകം 2000 യുവാക്കൾക്ക് പരിശീലനം നൽകുകയും 14 ജില്ലകളിൽ ഒരു സന്നദ്ധ സേനയെ രൂപീകരിക്കുകയും ചെയ്തു. കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ ആഭിമുഖ്യത്തിൽ 14 ജില്ലകളിൽ അവശ്യവസ്തുക്കളുടെ കളക്ഷൻ സെന്ററുകൾ സ്ഥാപിക്കാനും അവ വിതരണം ചെയ്യുവാനും കേരള സംസ്ഥാന യുവജനക്ഷേമബോർഡിന് കഴിഞ്ഞിട്ടുണ്ട്.

കേരള വോളണ്ടിയർ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങൾ വരും വർഷങ്ങളിൽ കൂടുതൽ വിപുലീകരിക്കും. ഇതിന്റെ ഭാഗമായി, പ്രാദേശിക സർക്കാർ തലത്തിലേക്ക് ശക്തി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം. പഞ്ചായത്ത്/മുനിസിപാലിറ്റി/കോർപ്പറേഷൻ തലത്തിൽ ഒരു യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരിച്ച് അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും വിവിധ സന്നദ്ധ പ്രവർത്തനങ്ങൾക്ക് തയ്യാറെടുക്കുകയും ചെയ്യുകയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

**താഴെ പറയുന്ന മറ്റ് പ്രവർത്തനങ്ങൾ 2019–20–ൽ യുവജനക്ഷേമ ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട് :**

1. കേരളത്തിലെ 14 ജില്ലകളിലെ യൂത്ത് ക്ലബ്ബുകൾക്ക് ധനസഹായം.
2. പി.എസ്.സി. പരീക്ഷ, കെ.എ.എസ് പ്രധാന പരീക്ഷകൾക്ക് പരിശീലനം നടത്തി.
3. **മണിനാദം:** ശ്രീ. കലാഭവൻ മണിയുടെ ചരമ വാർഷിക ദിനത്തിൽ സംസ്ഥാനതല നാടൻ പാട്ട് മത്സരം തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ നടത്തി.
4. **സെവൻസ് ഫുട്ബോൾ:** സംസ്ഥാനതല പരിപാടി കോഴിക്കോട് വച്ച് നടത്തി.
5. ശ്രീ.ചിത്തിരേഷ് നടേശന് സ്വീകരണ ചടങ്ങ് നടത്തി. ദക്ഷിണ കൊറിയയിൽ നടന്ന പതിനൊന്നാമത് ലോക ബോഡി ബിൽഡിംഗ് ആന്റ് ഫിസിക് സ്പോർട്സ് ചാമ്പ്യൻ ഷിപ്പിൽ (ഡബ്ല്യു ബി പി എഫ് ) 2019–ൽ മിസ്റ്റർ യൂണിവേഴ്സ്–2019 ആയി കിരീടമണിഞ്ഞ ആദ്യത്തെ ഇന്ത്യക്കാരൻ.
6. **ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ (കലയും സംസ്ക്കാരവും):** കേരള സംസ്ഥാന യുവജനക്ഷേമബോർഡ് ഓൺലൈൻ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ (വിഷൻ 2019) നടത്തി. ഈ പരിപാടിയിൽ 100 ഹ്രസ്വ സിനിമകൾ പ്രദർശിപ്പിക്കുകയും 24 ഹ്രസ്വ ചിത്രങ്ങൾ കളിക്കുകയും 9 ചിത്രങ്ങൾ അവാർഡിനായി തിരഞ്ഞെടുക്കുകയും ചെയ്തു.
7. **ജെൻഡർ പ്രോഗ്രാം:** 1. കളരി പയറ്റ് പരിശീലനം. 2. "മാരിവില്ല്" എന്ന പേരിൽ ട്രാൻസ്ജെൻഡർമാരെ ശക്തിപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കി.
8. മൈം ഫെസ്റ്റ്
9. യംഗ് ടാലന്റ് ഫെസ്റ്റ്.

## കേരള സംസ്ഥാന യുവജനകമ്മീഷൻ (കെ.എസ്.വൈ.സി)

കേരളത്തിലെ യുവാക്കളെ ശാക്തീകരിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുനനതിനുമായി രൂപീകരിച്ച ഒരു ക്വാസി –ജുഡീഷ്യൽ ബോഡിയാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. കേരള സർക്കാരിനു കീഴിൽ ഒരു ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമായി ഇത് പ്രവർത്തിക്കുന്നു. കോളേജുകളിലെ പ്രൊജക്ട് കോഡിനേറ്ററിനു കീഴിലുള്ള ബോധവൽക്കരണ പരിപാടികൾ/യുവാക്കൾക്കുള്ള വേദികൾ, എസ് സി/എസ്.ടി കോളനികളിലെ യുവാക്കൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ, അദാലത്ത്/ഹിയറിംഗുകൾ/പ്രാദേശിക സിറ്റിംഗുകൾ, ജില്ലാ സെമിനാറുകൾ/സിമ്പോസിയങ്ങൾ/വർക്ക് ഷോപ്പുകൾ, ദേശീയ സെമിനാർ, യൂത്ത് ഐക്കൺ അവാർഡുകൾ പാർശ്വവത്ക്കരിക്കപ്പെട്ട യുവാക്കളെ ശാക്തീകരിക്കുക/ആരോഗ്യ സംരക്ഷണം, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, ഇ.എം. എസ് മെമ്മോറിയൽ ഇന്റർ യൂണിവേഴ്സിറ്റി പ്രസംഗ മത്സരവും, ദേശീയ യുവജന പരിപാടിയും സാംസ്കാരിക കൈമാറ്റവും മികച്ച യുവ ജന കമ്മീഷൻ ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾ തുടങ്ങിയവയാണ് കേരള സംസ്ഥാന യുവജന കമ്മീഷന്റെ സുപ്രധാന പരിപാടികൾ.

## കോവിഡ്–19 കാലഘട്ടത്തിൽ കേരള സംസ്ഥാന യുവജന കമ്മീഷന്റെ (കെ.എസ്.വൈ.സി) പ്രവർത്തനങ്ങൾ

- കേരള സംസ്ഥാന യുവജന കമ്മീഷൻ 24 മണിക്കൂറും പ്രവർത്തന സജ്ജമായ "യൂത്ത് ഡിഫൻസ് ഫോഴ്സ്"രൂപീകരിച്ചു.
- കോവിഡ്–19 ലോക്ക്ഡൗൺ കാലയളവിൽ ജീവിക്കാൻ ആവശ്യം വേണ്ട വസ്തുക്കളും/ മരുന്നുകളും വിതരണം ചെയ്യുന്നതിന് യൂത്ത് ഡിഫൻസ് ഫോഴ്സ് അവരുടെ സന്നദ്ധ സേവനം ഉപയോഗപ്പെടുത്തി.
- അഗ്നിശമന സേനയുടെ സഹായത്തോടെ അവർ തിരുവനന്തപുരത്തെ ആർ.സി.സി.–ലെ കാൻസർ രോഗികൾക്ക് മരുന്നുകൾ വിതരണം ചെയ്തു.
- കോവിഡ്–19 ബാധിച്ചവർക്ക് ഐസൊലേഷൻ വാർഡിൽ താമസിച്ചവർക്ക് വായന പുസ്തകങ്ങൾ വിതരണം ചെയ്തു
- പ്രാദേശിക ലൈബ്രറിയിൽ നിന്ന് വീടുകളിലേക്ക് പുസ്തകങ്ങൾ വിതരണം ചെയ്തു.
- രക്തദാന പ്രവർത്തനങ്ങളിൽ പങ്കെടുത്തു.
- തിരുവനന്തപുരത്തെ മാനസികാശുപത്രി മെഡിക്കൽ സെന്ററിൽ നിന്ന് മാനസിക രോഗികൾക്ക് മരുന്ന് വിതരണം ചെയ്യുന്നതിൽ

ഏർപ്പെട്ടിരുന്നു.

- സർക്കാർ തീരുമാനങ്ങളും വിവരങ്ങളും ഇലക്ട്രോണിക് സോഷ്യൽ മീഡിയയിലൂടെയും അച്ചടിച്ച മാധ്യമങ്ങളിലൂടെയും ആശയ വിനിമയം നടത്തി.
- ഐസൊലേഷൻ വാർഡുകളിലും മറ്റ് പൊതു സ്ഥലങ്ങളിലും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

അദ്ധ്യായം

10

# പ്രവാസി മലയാളികൾ

അദ്ധ്യായം

10

# പ്രവാസി മലയാളികൾ

## അന്താരാഷ്ട കുടിയേറ്റം

അവസാനത്തെ അഞ്ച് ദശാബ്ദങ്ങളായി അന്തരാഷ്ട കുടിയേറ്റത്തിന്റെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2019 ലെ കണക്കനുസരിച്ച് ജന്മനാട് വിട്ട് മറ്റ് രാജ്യങ്ങളിൽ താമസിക്കുന്ന ആളുകളുടെ എണ്ണം (പ്രവാസികൾ) 272 മില്യൺ ആണ്. ഇത് 1990 ലെ കണക്കിനേക്കാൾ 119 മില്യൺ കൂടുതലും (153 മില്യൺ) 1970 നേക്കാൾ 3 മടങ്ങ് കൂടുതലുമാണ്. (84 മില്യൺ). വിശദ വിവരങ്ങൾ **പട്ടിക 10.1.1** യിൽ നൽകിയിരിക്കുന്നു.

ആഗോളതലത്തിൽ അന്താരാഷ്ട കുടിയേറ്റ ജനസംഖ്യയുടെ എണ്ണം വർദ്ധിച്ചുവെങ്കിലും ലോക ജനസംഖ്യയുടെ ആനുപാതികമായി താരതമേന്യ സ്ഥിരത പുലർത്തുന്നു. 2019 –ൽ അന്തരാഷ്ട കുടിയേറ്റക്കാരിൽ ഏറിയ പങ്കും (ഏകദേശം 74 ശതമാനം) 20 മുതൽ 64 വയസ്സ് വരെ പ്രായമുള്ള തൊഴിലെടുക്കുന്ന വിഭാഗത്തിൽപ്പെട്ടവരാണ്. 2000 മുതൽ 2019 വരെയുള്ള വർഷങ്ങളിൽ 20 വയസ്സിന് താഴെയുള്ള കുടിയേറ്റക്കാരിൽ നേരിയ കുറവുണ്ടായി (16.4 ശതമാനത്തിൽ നിന്ന് 14 ശതമാനമായി), 65 വയസ്സും അതിൽ കൂടുതലുമുള്ള അന്തരാഷ്ട കുടിയേറ്റക്കാരുടെ പങ്ക് 2000 മുതൽ ഏകദേശം സ്ഥിരമായി നിൽക്കുന്നു (12 ശതമാനം).

## പണമയയ്ക്കൽ (റെമിറ്റൻസസ്)

പണമയയ്ക്കൽ 2000 –ൽ 126 ബില്യൺ യുഎസ് ഡോളറിൽ നിന്ന് 2018 ആയപ്പോഴേക്കും 689 ബില്യൺ ഡോളറായി ഉയർന്നു. 2018 –ൽ വിദേശത്ത് നിന്നുമുള്ള പണമയയ്ക്കലിൽ 9 ശതമാനം വർദ്ധനവുണ്ടായി, 2017 –ൽ ഇത് 633.00 ബില്യൺ യു.എസ് ഡോളറായിരുന്നു. 2018 –ൽ ഇന്ത്യ, ചൈന, മെക്സികോ, ഫിലിപ്പൈൻസ്, ഈജിപ്ത് എന്നിവയാണ് പ്രവാസികളുടെ പണം സ്വീകരിക്കുന്നതിൽ ആദ്യ സ്ഥാനത്തുള്ള അഞ്ച് രാജ്യങ്ങൾ. ഇന്ത്യയും ചൈനയും ബാക്കിയുള്ളവയെക്കാൾ വളരെ മുകളിലാണ്. ഈ രാജ്യങ്ങളിലേക്കുള്ള മൊത്തം പണമയയ്ക്കൽ യഥാക്രമം 78.61 ബില്യൺ, 67.41 ബില്യൺ ആണ്, ഇത് മൂന്നാം

**പട്ടിക 10.1.1** അന്താരാഷ്ട കുടിയേറ്റക്കാരുടെ എണ്ണം, 1970–2019

| വർഷം | കുടിയേറ്റക്കാരുടെ എണ്ണം | മൊത്തം ജനസംഖ്യയുടെ ശതമാനം |
|---|---|---|
| 1970 | 8,44,60,125 | 2.3 |
| 1975 | 9,03,68,010 | 2.2 |
| 1980 | 10,19,83,149 | 2.3 |
| 1985 | 11,32,06,691 | 2.3 |
| 1990 | 15,30,11,473 | 2.9 |
| 1995 | 16,13,16,895 | 2.8 |
| 2000 | 17,35,88,441 | 2.8 |
| 2005 | 19,16,15,574 | 2.9 |
| 2010 | 22,07,81,909 | 3.2 |
| 2015 | 24,88,61,296 | 3.4 |
| 2019 | 27,16,42,105 | 3.5 |

*അവലംബം:* യു എൻ ഡി ഇ എസ് എ, 2008, 2019 എ, 2019 ബി.

**ചിത്രം 10.1.1** പ്രവാസി പണം ലഭിക്കുന്ന (2005–2018) പ്രധാന രാജ്യങ്ങൾ (യു.എസ് ബില്ല്യൺ)




*അവലംബം:* വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2020, ഐക്യരാഷ്ട്രസഭ

**ബോക്സ് 10.1.1** കോവിഡ് 19 പ്രതിസന്ധിയും കുടിയേറ്റവും

- കോവിഡ്–19 മഹാമാരിയും അടച്ചുപൂട്ടലും മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് 2020 ൽ ആഗോള പണമയയ്ക്കൽ 20 ശതമാനം കുത്തനെ കുറയുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.
- പണമയക്കലിൽ കുറവുണ്ടായിട്ടും, നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ ഇടിവ് കൂടുതലായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ (35 ശതമാനത്തിൽ കൂടുതൽ) വരുമാനം കുറഞ്ഞതും, ഇടത്തരം വരുമാനമുള്ളതുമായ രാജ്യങ്ങളിലെ ബാഹ്യ ധനസഹായ സ്രോതസായി പണമയയ്ക്കൽ പ്രവാഹം വളരെ പ്രാധാന്യമർഹിക്കുന്നു.
- ലോകബാങ്ക് ഗ്രൂപ്പിലെ എല്ലാ മേഖലകളിലും പണമയയ്ക്കൽ പ്രവാഹം കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. യൂറോപ്പിലും മധ്യേഷ്യയിലും (27.5 ശതമാനം) ഉപ–സഹാറൻ ആഫ്രിക്ക (23.1 ശതമാനം) ദക്ഷിണേഷ്യ (22.1 ശതമാനം), മിഡിൽ ഈസ്റ്റ്, വടക്കേ ആഫ്രിക്ക (19.6 ശതമാനം) ലാറ്റിൻ അമേരിക്ക, കരീബിയൻ (19.3 ശതമാനം), കിഴക്കൻ ഏഷ്യ പെസഫിക് (13 ശതമാനം) തുടങ്ങിയ എല്ലാ മേഖലകളിലും ഇത് പ്രതിഫലിക്കും.

കോവിഡ്–19 മഹാമാരി ദരിദ്ര– സമ്പന്ന രാജ്യങ്ങളുടെ സമ്പദ് വ്യവസ്ഥയെ ഒരു പോലെ തകർക്കുന്നു. അതുപോലെ താഴ്ന്ന വരുമാനമുള്ളതും ദുർബലവുമായ പല സംസ്ഥാനങ്ങൾക്കും, വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന കുടിയേറ്റക്കാരും അതിഥി തൊഴിലാളികളും നാട്ടിലേക്ക് അയക്കുന്ന പണത്തിന്റെ നഷ്ടം ഈ സാമ്പത്തിക തകർച്ചയുടെ ആക്കം വർദ്ധിപ്പിക്കും. പണമയയ്ക്കൽ പ്രവാഹം കുറയുന്നത് സാധാരണ ഇടപാടുകൾ പോലും കൈകാര്യം ചെയ്യാൻ ഇതിനകം തന്നെ സാമ്പത്തികമായി പോരാടുന്ന ഇത്തരം രാജ്യങ്ങളിലെ സർക്കാരുകൾക്ക് മേൽ സാമ്പത്തിക, ധന, സാമൂഹിക സമ്മർദ്ദങ്ങൾ വർദ്ധിപ്പിക്കുക തന്നെ ചെയ്യും.

*അവലംബം:* ഐ എം എഫ് -ഫിനാൻസ് ആൻഡ് ഡെവലപ്മെന്റ് ജൂൺ, 2020

സ്ഥാനത്തുള്ള മെക്സിക്കോയ്ക്ക് ലഭിക്കുന്നതിനെക്കാൾ (35.66 ബില്യൺ യു.എസ് ഡോളർ) വളരെ കൂടുതലാണ് (**ചിത്രം 10.1.1, അവലംബം 10.1.1**).

യു.എസ്.എ, യു.എ.ഇ, സൗദി അറേബ്യ, ജർമ്മനി, സ്വിറ്റ്സര്ലാൻഡ് എന്നിവയാണ് പണമയയ്ക്കുന്നതിൽ ആദ്യത്തെ അഞ്ച് രാജ്യങ്ങൾ. 2005 മുതൽ 2017 വരെയുള്ള പണമയയ്ക്കുന്ന മുൻനിര രാജ്യങ്ങളുടെ **പട്ടിക 10.1.2** –ൽ കാണിച്ചിരിക്കുന്നു.

## കേരളത്തിലെ കുടിയേറ്റം

ലോക സമ്പദ് വ്യവസ്ഥയിൽ പ്രവാസികളുടെ സ്വാധീനം വിലമതിക്കാനാവാ ത്തതാണ്. 1970 കൾക്ക് ശേഷം പ്രവാസികളുടെ എണ്ണം നോക്കിയാൽ നമുക്ക് ഇത് മനസിലാക്കാൻ കഴിയും. കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളായി അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണം വർദ്ധിച്ചു.

**പട്ടിക 10.1.2** പണം അയക്കുന്ന പ്രധാന രാജ്യങ്ങൾ (2005–2017) (യു.എസ് ബില്ല്യൺ)

| രാജ്യം | 2005 | 2010 | 2015 | 2017 |
|---|---|---|---|---|
| യു.എസ് .എ | 47.25 | 50.78 | 61.86 | 67.96 |
| യു.എ.ഇ | ലഭ്യമല്ല | 10.57 | 40.33 | 44.37 |
| സൗദി അറേബ്യ | 14.3 | 27.07 | 38.79 | 36.12 |
| ജർമ്മനി | 12.71 | 14.68 | 18.03 | 22.09 |
| സ്വിററ് സർലാന്റ്ണ്ട് | 10.52 | 17.76 | 25.4 | 26.6 |
| ഫ്രാൻസ് | 9.48 | 12.03 | 12.79 | 13.5 |

*അവലംബം:* വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2020, ഐക്യരാഷ്ട്രസഭ

അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണത്തിൽ ഏറ്റവും വലിയ രാജ്യമായി ഇന്ത്യ തുടരുന്നു. ഇന്ത്യയിലാണ് ഏറ്റവും കൂടുതൽ കുടിയേറ്റക്കാർ (17.5 ദശലക്ഷം) തുടർന്ന് മെക്സിക്കോയും ചൈനയും (യഥാക്രമം 11.8 ദശലക്ഷം, 10.7 ദശലക്ഷം)

ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള ആളുകൾ തൊഴിലിനായി കുടിയേറുന്നുണ്ടെങ്കിലും കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാർക്ക് താരതമ്യേന ചില ഗുണങ്ങളുണ്ട്. ഉയർന്ന വിദ്യാഭ്യാസ പാരമ്പര്യമുള്ള ഒരു സംസ്ഥാനത്ത് നിന്ന് വരുന്നത് കൊണ്ട് അവർക്ക് പ്രത്യേക കഴിവുകളുമുണ്ട്. പുത്തൻ സാങ്കേതിക വിദ്യകളിൽ നൈപുണ്യം കാണിക്കുന്നതിനും, സങ്കീർണ്ണമായ സാങ്കേതികതയോടും മാറുന്ന ജോലി സാഹചര്യങ്ങളോടും പൊരുത്തപ്പെടാനും കേരളീയർക്ക് എളുപ്പത്തിൽ സാധിക്കുന്നു. ഗൾഫ് രാജ്യങ്ങളിലും മറ്റിടങ്ങളിലും കുടിയോറ്റ തൊഴിലാളികളുടെ സംഭാവന വ്യക്തമായി തിരിച്ചറിയാവുന്നതാണ്.

2013 –ൽ, കേരള മൈഗ്രേഷൻ സർവ്വേ (കെ.എം.എസ്) പ്രവചിച്ചതു പോലെ, കുടിയേറ്റത്തിൽ കുറവു കാണുന്നു. 2013–ലെ മൊത്തം കുടിയേറ്റക്കാരുടെ എണ്ണം 24 ലക്ഷമായിരുന്നു. അത് 2018 ൽ 21 ലക്ഷമായി കുറഞ്ഞു. കുടിയേറ്റക്കാരുടെ എണ്ണം 2013 മുതൽ 2018 വരെ ഏകദേശം 12 ശതമാനം കുറവ് രേഖപ്പെടുത്തി എന്നാണ് കാണിക്കുന്നത്. കെ.എം.എസ് 2018 കണക്കാക്കിയ തിരിച്ചെത്തിയ പ്രവാസികളുടെ എണ്ണം 12.95 ലക്ഷമാണ്, അതായത് ഏകദേശം കേരളത്തിൽ നിന്നുള്ള മൊത്തം കുടിയേറ്റക്കാരുടെ എണ്ണത്തിന്റെ 60 ശതമാനം. അവസാന റൗണ്ടിൽ കണ്ട പ്രവണത കെ.എം.എസ് 2018 സ്ഥിരീകരിച്ചു– അതായത് കേരളത്തിൽ നിന്നു കുടിയേറ്റം കുറയുകയും തിരിച്ചു വരുന്നവരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നു. 1998 മുതൽ 2018 വരെയുള്ള അഞ്ച് വർഷത്തെ ഇടവേളകളിൽ കുടിയേറ്റക്കാരുടെ എണ്ണം **ചിത്രം 10.1.2** ൽ കാണിക്കുന്നു. 2015–18 കാലയളവിൽ എൻ.ആർ.കെ യുടെ എണ്ണം 2.78 ലക്ഷം കുറഞ്ഞു.

**ചിത്രം 10.1.2** കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ എണ്ണം, 1998 മുതൽ 2018 വരെ എണ്ണത്തിൽ




*അവലംബം:* കേരള മൈഗ്രേഷൻ സർവ്വേ

**പട്ടിക 10.1.3** കേരളത്തി നിന്നുള്ള പ്രവാസികൾ ജില്ല തിരിച്ച് – 2018

| ജില്ല | 2018 |
|---|---|
| തിരുവനന്തപുരം | 1,37,007 |
| കൊല്ലം | 2,40,527 |
| പത്തനംതിട്ട | 1,09,836 |
| ആലപ്പുഴ | 1,36,857 |
| കോട്ടയം | 1,66,625 |
| ഇടുക്കി | 32,893 |
| എറണാകുളം | 53,418 |
| തൃശ്ശൂര് | 2,41,150 |
| പാലക്കാട് | 89,065 |
| മലപ്പുറം | 4,06,054 |
| കോഴിക്കോട് | 1,60,691 |
| വയനാട് | 30,650 |
| കണ്ണൂര് | 2,49,834 |
| കാസറഗോഡ് | 67,281 |
| കേരളം | 21,21,888 |

*അവലംബം:* കേരള മൈഗ്രേഷൻ സർവേ 2018, സിഡിഎസ്, തിരുവനന്തപുരം

**ചിത്രം 10.1.3** കേരളത്തിലെ കുടിയേറ്റക്കാരുടെ ജില്ല തിരിച്ചുള്ള അനുപാതം 2013




*അവലംബം:* കേരള മൈഗ്രേഷൻ സർവേ 2018, സിഡിഎസ്, തിരുവനന്തപുരം

### കേരളത്തിലെ കുടിയേറ്റക്കാരുടെ ജില്ല തിരിച്ചുള്ള അനുപാതം 2013–2018

കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ ജില്ല തിരിച്ചുള്ള അനുപാതം യഥാക്രമം **ചിത്രം 10.1.3, 10.1.4** എന്നിവയിൽ കൊടുത്തിരിക്കുന്നു. 2018 ൽ 19.14 ശതമാനത്തോടെ മലപ്പുറം ജില്ലയാണ് ഒന്നാം സ്ഥാനത്ത് തുടർന്ന് 11.77 ശതമാനവുമായി കണ്ണൂർ, 11.36 ശതമാനവുമായി തൃശ്ശൂർ എന്നിവയാണ്. 2013 ലും മലപ്പുറത്ത് നിന്നാണ് കുടിയേറ്റക്കാരുടെ എണ്ണം ഏറ്റവും കൂടുതൽ (18.98 ശതമാനം) തുടർന്ന് കണ്ണൂർ ജില്ലയാണ് (12.14 ശതമാനം)

**ചിത്രം 10.1.4** കേരളത്തിലെ കുടിയേറ്റക്കാരുടെ ജില്ല തിരിച്ചുള്ള അനുപാതം 2018




*അവലംബം:* കേരള മൈഗ്രേഷൻ സർവേ 2018, സിഡിഎസ്, തിരുവനന്തപുരം

**ചിത്രം 10.1.5** കേരളത്തിൽ ജില്ല തിരിച്ചുള്ള പ്രവാസികളുടെ അറ്റ വർധന




*അവലംബം:* കേരള മൈഗ്രേഷൻ സർവേ 2018, സിഡിഎസ്, തിരുവനന്തപുരം

2013–2018 കാലയളവിൽ സംസ്ഥാനത്തെ മൊത്തം കുടിയേറ്റക്കാരുടെ എണ്ണം കുറഞ്ഞുവെങ്കിലും ചില ജില്ലകളിൽ വർദ്ധനവുണ്ടായിട്ടുണ്ട്, അതായത് മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ ആണ് ഏറ്റവും കൂടുതൽ കുറവുണ്ടായത് എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിവയിലാണ്. സംസ്ഥാനത്തെ പ്രവാസികളുടെ ജില്ല തിരിച്ചുള്ള മാറ്റത്തിന്റെ **ചിത്രം** 10.1.5 –ൽ നൽകിയിരിക്കുന്നു. സംസ്ഥാനത്തൊട്ടാകെയുള്ള പ്രവാസികളുടെ വിശദാംശങ്ങൾ **അനുബന്ധം** 10.1.2 –ൽ നൽകിയിരിക്കുന്നു.

**ചിത്രം 10.1.6** ഇന്റർ സർവ്വേ പ്രകാരം തിരിച്ചെത്തിയ പ്രവാസികളുടെ എണ്ണം




*അവലംബം:* കേരള മൈഗ്രേഷൻ സർവേ 2018, സിഡിഎസ്, തിരുവനന്തപുരം

## പ്രവാസികളുടെ തിരിച്ചു വരവ് (റിട്ടേൺ എമിഗ്രേഷൻ)

ജോലി, പഠനം അല്ലെങ്കിൽ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി (ഭാര്യഭർത്താക്കന്മാർ, മാതാപിതാക്കൾ എന്നിവരുൾപ്പെടെ) കുറഞ്ഞത് ആറുമാസക്കാലം കേരളത്തിന് പുറത്ത് താമസിക്കുകയും ഇപ്പോൾ കേരളത്തിൽ താമസിക്കുകയും ചെയ്യുന്നവരെയാണ് തിരിച്ചെത്തിയ പ്രവാസികളായി കണക്കാക്കുന്നത്. കേരള കുടിയേറ്റക്കാരിൽ 90 ശതമാനവും താൽകാലിക കരാർ ജോലിക്കായി ഗൾഫിലേക്ക് പുറപ്പെടുന്നവരാണ്. ഗൾഫ് രാജ്യങ്ങൾ പൗരത്വം നൽകാത്തതിനാൽ കരാർ കാലാവധി കഴിഞ്ഞ് എല്ലാവരും കേരളത്തിലേക്ക് മടങ്ങേണ്ടിവരുന്നു.
(എമിഗ്രേഷനും പണമയയ്ക്കലും: കേരള എമിഗ്രേഷൻ സർവ്വേയിൽ നിന്നുള്ള പുതിയ തെളിവുകൾ, 2018 : എസ്. ഇരുദയ രാജൻ, കെ.സി. സക്കറിയ ജനുവരി 2019).

## കേരളത്തിലെ റിട്ടേൺ എമിഗ്രേഷന്റെ പ്രവണതകൾ

കെ.എം.എസ് 2018 കണക്കാക്കിയതനുസരിച്ച് തിരിച്ചെത്തിയ പ്രവാസികളുടെ എണ്ണം 12.95 ലക്ഷമാണ്, അതായത് കേരളത്തിൽ നിന്നുള്ള മൊത്തം കുടിയേറ്റക്കാരുടെ എണ്ണത്തിന്റെ 60 ശതമാനം 2013 ന് ശേഷമുള്ള വർദ്ധനവ് കാണിക്കുന്നു **(ചിത്രം 10.1.6).** എന്നാൽ വർദ്ധനവിന്റെ ശതമാനം 2013 –ൽ 8.1 –ൽ നിന്ന് 2018 –ൽ 3.3 ശതമാനമായി കുറഞ്ഞു (**അനുബന്ധം 10.1.3, 10.1.4**).

കെ.എം.എസ് 2018 അനുസരിച്ച് ഏറ്റവും കൂടുതൽ റിട്ടേൺ എമിഗ്രേഷൻ കൊല്ലം താലൂക്കിൽ (82,945) ആണ്. തുടർന്ന് തിരൂർ (75,664), കോഴിക്കോട് (75,102) എന്നിവയിൽ ആണ്. 2013 –ൽ ഏറ്റവും കൂടുതൽ റിട്ടേൺ എമിഗ്രേഷൻ ചിറയിൻകീഴ് താലൂക്കിൽ (85,507) ആണ്. തുടർന്ന് കോഴിക്കോട് (70,581),

**പട്ടിക 10.1.4** ജാഗ്രത പോർട്ടൽ അനുസരിച്ച് മടങ്ങിയെത്തിയവരുടെ വിശദാംശങ്ങൾ

| ക്രമ നം | രാജ്യം | തിരിച്ചു വന്നവരുടെ എണ്ണം |
|---|---|---|
| 1 | യു.എ.ഇ | 189295 |
| 2 | സൗദി അറേബ്യ | 59608 |
| 3 | ഒമാന് | 33998 |
| 4 | ബഹ്റൈൻ | 14611 |
| 5 | കുവൈറ്റ് | 21222 |
| 6 | ഖത്തര് | 36224 |
| 7 | മറ്റു രാജ്യങ്ങൾ | 22120 |
| | ആകെ | 377078 |

*അവലംബം:* നോർക്ക റൂട്ട്സ്

**പട്ടിക 10.1.5** വിവിധ സംസ്ഥാനങ്ങളിൽ നിന്നും മടങ്ങിയെത്തിയവരുടെ എണ്ണം

| സംസ്ഥാനം | തിരിച്ചെത്തിയവരുടെ എണ്ണം |
|---|---|
| കർണാടക | 1,83,820 |
| തമിഴ് നാട് | 1,68,093 |
| മഹാരാഷ്ട്ര | 72,176 |
| ദില്ലി | 38,656 |
| വെസ്റ്റ് ബംഗാൾ | 24,730 |
| തെലങ്കാന | 18,503 |
| ഉത്തർ പ്രദേശ് | 18,397 |
| രാജസ്ഥാൻ | 11,780 |
| ബീഹാർ | 11,126 |
| ഗുജറാത്ത് | 10,547 |
| ആന്ധ്രാപ്രദേശ് | 10,086 |
| ആസ്സാം | 8,214 |
| മദ്ധ്യപ്രദേശ് | 7,531 |
| ഒഡിഷ | 5,868 |
| ഹരിയാന | 5,762 |
| മറ്റു സംസ്ഥാനങ്ങൾ | 33,867 |
| ആകെ | 6,29,156 |

*അവലംബം: നോർക്ക റൂട്ട്സ്*

**ബോക്സ് 10.1.2** കോവിഡ്–19 പണമയയ്ക്കൽ നഷ്ടം

കോവിഡ്–19 മഹാമാരിയും തുടർന്നുള്ള ലോക്ക്ഡൗണും കാരണം ഉണ്ടായ പണമയയ്ക്കൽ നഷ്ടം സംസ്ഥാന ആസൂത്രണ ബോർഡ് വിലയിരുത്തിയിട്ടുണ്ട്. ഈ വിശകലനത്തിൽ സ്വകാര്യ കൈമാറ്റങ്ങളിലൂടെയും എൻ.ആർ.ഐ നിക്ഷേപങ്ങളിലൂടെയും നേരിട്ടുള്ള പണമയയ്ക്കൽ മാത്രമെ വിലയിരുത്തലിനായി കണക്കിലെടുത്തിട്ടുള്ളൂ. റിസർവ്വ് ബാങ്കിന്റെ 'സർവ്വേ ഓൺ ഇന്ത്യ' യുടെ ആന്തരിക പണമയയ്ക്കൽ (2018) അനുസരിച്ച് രാജ്യത്തെ മൊത്തം പണമയയ്ക്കലിന്റെ 19 ശതമാനം കേരളത്തിന് ലഭിക്കുന്നു. വാണിജ്യ ബാങ്കുകളിലെ എൻ.ആർ.ഐ നിക്ഷേപം അംഗീകൃത വിദേശനാണ്യ ഡീലർമാർ വഴിയുള്ള വിനിമയം എന്നിവയാണ് സംസ്ഥാനത്തേയ്ക്ക് പണമയയ്ക്കുന്നതിനുള്ള നേരിട്ടുള്ള മാർഗങ്ങൾ. ഇത് കൂടാതെ കുടിയേറ്റക്കാരിൽ നിന്നും കുടുംബത്തിന് ലഭിക്കുന്ന വിദേശ സാധനങ്ങളുടെ മൂല്യവും പണമയയ്ക്കൽ കണക്കാക്കുമ്പോൾ പരിഗണിക്കണമെന്നാണ് വിദഗ്ധരുടെ അഭിപ്രായം. കൂടാതെ കൈമാറ്റം നടത്തുന്ന നിയമ വിരുദ്ധ മാർഗ്ഗങ്ങളുമുണ്ട്. ഈ പ്രതിസന്ധി ഘട്ടത്തിൽ അനധികൃത കൈമാറ്റം കുറഞ്ഞു.

അംഗീകൃത വിദേശനാണ്യ ഡീലർമാർ വഴി 2018–19 ൽ കേരളത്തിലേയ്ക്ക് കൈമാറിയ തുക 95,623 കോടി രൂപയും ബാങ്കുകളിലെ എൻ.ആർ.ഐ നിക്ഷേപത്തിലൂടെ കൈമാറ്റം ചെയ്യപ്പെട്ടത് 1,46,912 കോടി രൂപയുമാണ്. അതായത് കേരളത്തിലെ ബാങ്കുകളിലെ എൻ.ആർ.ഐ നിക്ഷേപത്തിന്റെ പ്രതിമാസ ശരാശരി 12,243 കോടി രൂപയും സ്വകാര്യ കൈമാറ്റം 7,969 കോടി രൂപയുമാണ്. (ഇന്ത്യയിലേക്കുള്ള മൊത്തം സ്വകാര്യ രസീതുകളും ഇന്ത്യയിലെ ആകെ എൻ.ആർ.ഐ നിക്ഷേപങ്ങളും സംബന്ധിച്ച് ഡാറ്റ ആർ.ബി.ഐ യിൽ നിന്നുള്ളതാണ്. കേരളത്തിന്റെ ആപേക്ഷിക വിഹിതം റിസർവ് ബാങ്ക് പഠനത്തേയും കേരള മൈഗ്രേഷൻ സർവ്വേയുടെ (കെ.എം.എസ്) റിപ്പോർട്ടുകളേയും അടിസ്ഥാനമാക്കിയുള്ള താണ്.

മുൻകാല പ്രവണതകളുടെ അടിസ്ഥാനത്തിൽ 2020–21 –ൽ സ്വകാര്യ കൈമാറ്റം, എൻ.ആർ.ഐ നിക്ഷേപം എന്നിവയുൾപ്പെടെ കേരളത്തിന്റെ മൊത്തം പണമയയ്ക്കൽ 2.7 ലക്ഷം കോടി ആയിരിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്. 2015–16 മുതൽ 2020–21 വരെ സംസ്ഥാനത്തിന് അയച്ച പണത്തിന്റെ വിശദാംശങ്ങൾ **പട്ടിക 10.1.6** –ൽ ഉണ്ട്.

**പട്ടിക 10.1.6** 2015–16 മുതൽ 2020–21 വരെ സംസ്ഥാനത്തിന് അയച്ച പണത്തിന്റെ വിശദാംശങ്ങൾ

| വർഷം | ഇന്ത്യയിലേക്കുള്ള പണം അയക്കൽ* | കേരളത്തിന്റെ പങ്ക് # | കേരളത്തിന്റെ പങ്ക് (ശതമാനം) # | കേരളത്തിലേക്കുള്ള മാസ ശരാശരി | ഇന്ത്യയിലെ എൻ. ആർ.ഐ നിക്ഷേപം* | എൻ. ആർ.ഐ നിക്ഷേപത്തിൽ കേരളത്തിന്റെ പങ്ക് # | കേരളത്തിന്റെ മൊത്തം റെമിറ്റൻസ് |
|---|---|---|---|---|---|---|---|
| (3+7) | 2 | 3 | 4 | 5 | 6 | 7 | 8 |
| 2015–16 | 429072 | 69081 | 16 | 5757 | 720997 | 116081 | 185161 |
| 2016–17 | 411120 | 78113 | 19 | 6509 | 841956 | 159972 | 238084 |
| 2017–18 | 445567 | 78420 | 18 | 6535 | 757751 | 133364 | 211784 |
| 2018–19 | 534207 | 95623 | 18 | 7969 | 820737 | 146912 | 242535 |
| 2019–20** | 528966 | 96272 | 18 | 8023 | 902152 | 164192 | 260463 |
| 2020–21** | 555999 | 105069 | 19 | 8756 | 911046 | 173100 | 278169 |

2020–21 കാലഘട്ടത്തിൽ സ്വകാര്യ രസീതുകൾ വഴി സംസ്ഥാനത്തേയ്ക്കുള്ള പണമയയ്ക്കൽ ശരാശരി 8756 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കപ്പെടുന്നു. ചില കുടിയേറ്റക്കാർ പണം കൈമാറുന്നതിനായി സ്വകാര്യ മണി എക്സ്ചേഞ്ച് ഡീലർമാരെ ആശ്രയിക്കുന്നു. ഇവരിൽ പലർക്കും ജോലി നഷ്ടപ്പെട്ട് കേരളത്തിലേയ്ക്ക് മടങ്ങിയെത്തിയതിനാൽ എക്സ്ചേഞ്ച് ഡീലർമാർവഴി കൈമാറ്റം ഗണ്യമായി കുറഞ്ഞു. അംഗീകൃത വിദേശ നാണ്യ ഡീലർമാരിൽ നിന്നു ശേഖരിച്ച വിവരം അനുസരിച്ച് 2020 ജനുവരി മുതൽ 2020 മെയ് വരെ സ്വകാര്യ കൈമാറ്റത്തിൽ 65 ശതമാനം കുറവുണ്ടായിട്ടുണ്ട്. ഇത് ഏകദേശം 5691 കോടി രൂപയാണ്.

എന്നിരുന്നാലും, എൻ.ആർ.ഐ നിക്ഷേപത്തിന്റെ കാര്യത്തിൽ, കുടിയേറ്റക്കാർ നിക്ഷേപിക്കുന്ന തുകയിൽ വർദ്ധനവുണ്ട്. കേരളത്തിലെ വാണിജ്യബാങ്കുകളിലെ എൻ.ആർ.ഐ അക്കൗണ്ടുകളിലെ മൊത്തം നിക്ഷേപം 2019 ഡിസംബറിൽ 1.99 ലക്ഷം കോടി ആയിരുന്നുവെന്ന് എസ്.എൽ.ബി.സി യിൽ നിന്ന് ലഭിച്ച വിശദാംശങ്ങൾ വ്യക്തമാക്കുന്നു. 2020 ജൂൺ മാസത്തോടെ ഇത് 2.11 ലക്ഷം കോടിയായി ഉയർന്നു. 2020 ജനുവരി മുതൽ ജൂൺ വരെ നിക്ഷേപം 0.12 ലക്ഷം കോടി വർദ്ധിച്ചു.

*അവലംബം:* 2019 -ലെ റിസർവ് ബാങ്ക്ന്റെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്ക് ഹാൻഡ്ബുക്കും കേരള മൈഗ്രേഷൻ സർവേയും
കുറിപ്പ്: # റിസർവ് ബാങ്ക് സർവേയെയും കേരള മൈഗ്രേഷൻ സർവേ 2018 ന്റെ റിപ്പോർട്ടിനെയും മുൻകാല പ്രവണതകളെയും അടിസ്ഥാനമാക്കി 2015-16 മുതൽ 2017-18 വരെയുള്ള കേരളത്തിന്റെ വിഹിത ശതമാനം.
മുൻകാല പ്രവണതകളെ അടിസ്ഥാനമാക്കിയുള്ള 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലെ കേരളത്തിന്റെ വിഹിതത്തിന്റെ വിശദാംശങ്ങൾ.
* മുൻകാല പ്രവണതകളെ അടിസ്ഥാനമാക്കിയുള്ള 2019-20, 2020-21 വർഷങ്ങളിലെ 2, 6 നിരകളിലെ എസ്റ്റിമേറ്റുകൾ

തിരൂർ (65915) എന്നിവയാണ്. ഓരോ ജില്ലയിലും തിരിച്ചെത്തുന്ന പ്രവാസികളുടെ ശതമാനം, മലപ്പുറത്ത് 23.9 ശതമാനത്തിൽ നിന്ന് ഇടുക്കിയിൽ 0.5 ശതമാനമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ഏകദേശം 50 ശതമാനം കുടിയേറ്റക്കാർ കേരളത്തിലെ മൂന്ന് ജില്ലകളായ മലപ്പുറം, കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിലേക്ക് മടങ്ങിയിട്ടുണ്ട്. തിരിച്ചെത്തിയ പ്രവാസികളുടെ വിശദാംശങ്ങൾ **അനുബന്ധം 10.1.5** –ൽ നൽകിയിരിക്കുന്നു.

## കോവിഡിനുശേഷമുള്ള റിട്ടേൺ മൈഗ്രേഷൻ

കോവിഡ്–19 പ്രതിസന്ധിയുടേയും തുടർന്നുള്ള ലോക്ക്ഡൗണിന്റേയും പശ്ചാത്തലത്തിൽ, നിരവധി പ്രവാസി മലയാളികൾ വന്ദേഭാരത് ദൗത്യം, ഓപ്പറേഷൻ സമുദ്ര സേതു, ചാർട്ടേഡ് ഫ്ലൈറ്റുകൾ എന്നിവയിലൂടെ വിമാന മാർഗത്തിലും കടൽ മാർഗത്തിലും കേരളത്തിലേയ്ക്ക് മടങ്ങി. കോവിഡ്–19 ജാഗ്രത പോർട്ടൽ അനുസരിച്ച് മടങ്ങിയെത്തിയവരുടെ വിശദാംശങ്ങൾ **പട്ടിക 10.1.4** –ൽ കാണിച്ചിരിക്കുന്നു.

വിവിധ സംസ്ഥാനങ്ങളിൽ നിന്ന് മടങ്ങിയെത്തിയവരുടെ വിശദാംശങ്ങൾ **പട്ടിക 10.1.5** ൽ നൽകിയിരിക്കുന്നു. അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ് നാട് എന്നിവിടങ്ങളിൽ നിന്നാണ് ഏറ്റവും കൂടുതൽ മടങ്ങിയെത്തുന്നത്.

## നോർക്ക റൂട്ട്സ്

2002 മുതൽ നോർക്ക ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഫീൽഡ് ഏജൻസിയാണ് നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി എന്നറിയപ്പെട്ടിരുന്ന നോർക്കാ റൂട്ട്സ്. പ്രവാസി ക്ഷേമം ഉറപ്പു വരുത്തുക, പ്രവാസവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കുമായി ഒരു പൊതു സംവിധാനം കൊണ്ടു വരിക എന്നിവയാണ് ഏജൻസിയുടെ പ്രധാന ലക്ഷ്യം.

## നോർക്ക റൂട്ട്സിന്റെ പ്രധാന പദ്ധതികൾ

### സാന്ത്വന

വാർഷിക വരുമാനം 1.5 ലക്ഷം രൂപയിൽ താഴെയുള്ളവർക്കും അതുപോലെ തന്നെ മരണമടഞ്ഞ പ്രവാസികളുടെ ആശ്രിതർ, മരണം, വിവാഹം, വൈദ്യ ചികിത്സ ഭിന്നശേഷിക്കാർക്കുള്ള മൊബിലിറ്റി ഉപകരണങ്ങൾ എന്നിവയ്ക്കുള്ള സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായാണ് ഈ പദ്ധതി ആരംഭിച്ചത്.

2019–20 –ൽ 4,102 ഗുണഭോക്താക്കൾക്കായി ഈ പദ്ധതി പ്രകാരം 24.25 കോടി രൂപ വിതരണം ചെയ്തു. കോവിഡ്–19 മൂലമുള്ള മരണവും സാന്ത്വന പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ നാലുവർഷത്തിനിടെ 13,000 ലധികം ഗുണഭോക്താക്കൾക്ക് 77 കോടി രൂപ വിതരണം ചെയ്തു.

### നോർക്കാ ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റെസ് (എൻ.ഡി.പി.ആർ.ഇ.എം)

കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയ കുടിയേറ്റക്കാരെ മാന്യമായ ജീവിതം തുടരാൻ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ഒരു പുനരധിവാസ പാക്കേജാണ് ഇത്. ഈ പദ്ധതി പ്രകാരം 30 ലക്ഷം പ്രാരംഭ മൂലധനമുള്ള സംരംഭകർക്ക് സബ്സിഡി നൽകുന്നു. കൃത്യമായ തിരിച്ചടവ് നടത്തുമ്പോൾ, ആദ്യത്തെ നാല് വർഷത്തേയ്ക്ക് മൂലധനത്തിൽ 15 ശതമാനം സബ് സിഡിയും പലിശയിൽ 3 ശതമാനം കിഴിവും വാഗ്ദാനം ചെയ്യുന്നു.

2019–20 ൽ 1,043 ഗുണഭോക്താക്കൾക്കിടയിൽ 53.43 കോടി രൂപ വിതരണം ചെയ്തു. മൂലധന സബ്സിഡി ലഭിക്കുന്നതിനുള്ള ബാങ്കുകളുടെ എണ്ണം 10 നിന്ന് 16 ആയി വർദ്ധിപ്പിച്ചു. മൂലധന സബ്സ്ഡിക്കുള്ള ലോക്ക് ഇൻ കാലാവധി 4 ൽ നിന്ന് 3 ആയി കുറച്ചു. എൻ.ഡി.പി. ആർ.ഇ.എം. പദ്ധതി മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടിയിൽ ഉൾപ്പെടുത്തി. കഴിഞ്ഞ നാല് വർഷത്തിനിടെ 2,895 ഗുണഭോക്താക്കൾക്ക് 45.21 കോടി രൂപ വിതരണം ചെയ്തു.

### നോർക്കാ ഗ്ലോബൽ കോണ്ടാക്ട് സെന്റർ

കുടിയേറ്റക്കാരെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി എന്ന നിലയിൽ, പ്രത്യേകിച്ചും എമിഗ്രേഷൻ നടപടികളെക്കുറിച്ച് ദുർബല വിഭാഗക്കാർക്കും, അനധികൃത കുടിയേറ്റത്തിൽ ഉണ്ടാകുന്ന അപകടസാധ്യതകൾ, വിദേശ തൊഴിൽ തേടുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ, വിവര പ്രചരണത്തിനും പരാതി പരിഹാരത്തിനും 24 മണിക്കൂർ ഹെൽപ്പ് ലൈൻ എന്നിവയാണ് പ്രവാസികൾക്ക് വേണ്ടി ഈ കേന്ദ്രത്തിൽ സജ്ജീകരിച്ചിരിക്കുന്നത്. തത്സമയ ചാറ്റ്, ഈ–മെയിൽ, എസ്.എം.എസ് എന്നിവയിലൂടെ പ്രവാസി മലയാളികൾക്ക് ഈ കേന്ദ്രവുമായി മുഴുവൻ ദിനവും ബന്ധപ്പെടാം. 30 രാജ്യങ്ങളിലായി 3 ലക്ഷത്തിലധികം പ്രവാസികൾ ഈ സേവനം ഉപയോഗിച്ചു.

### അടിയന്തര ആംബുലൻസ് സംവിധാനം

പല പ്രവാസികളും വിദേശത്ത് ജോലി ചെയ്യുമ്പോൾ അസുഖം ബാധിക്കുകയോ അപകടങ്ങൾ നേരിടുകയോ ചെയ്യുന്നു. അതിനുശേഷം അവർ കേരളത്തിലേക്ക് മടങ്ങി വന്ന് ഇവിടെ ചികിത്സ തുടരേണ്ടതുണ്ട്. ചികിത്സാർത്ഥം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കൊണ്ട് വരുന്നതിനും, മരണപ്പെട്ട പ്രവാസികളുടെ മൃതദേഹം കൊണ്ടുവരുന്നതിനും വിമാനത്താവളങ്ങളിൽ ആംബുലൻസ് സൗകര്യം നൽകാൻ പദ്ധതിയുണ്ട്. ഇക്കാര്യത്തിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായി (ഐ.എം.എ) സഹകരിച്ച് നോർക്ക റൂട്ട്സ് പ്രവർത്തിക്കും. 650 ഓളം സേവനങ്ങൾ ഈ പദ്ധതിയിലൂടെ സാധ്യമാക്കി.

### പ്രവാസി നിയമ സഹായ സെൽ

ധാരാളം മലയാളികൾ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ പ്രത്യേകിച്ച് ജി.സി.സി. രാജ്യങ്ങളിൽ അവരുടെ അറിയില്ലായ്മ മൂലമുള്ള ചെറുതോ നിസാരമോ ആയ കുറ്റകൃത്യങ്ങൾക്ക് ജയിൽ ശിക്ഷയ്ക്ക് വിധേയമാകുന്നത് വളരെക്കാലമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാജ്യത്തെ നിയമത്തെക്കുറിച്ചുള്ള അജ്ഞതയും ഭാഷാ പ്രശ്നങ്ങളുമാണ് ജയിലിൽ കഴിയേണ്ടിവരുന്നതിന്റെ പ്രധാന കാരണങ്ങൾ. 6 ജി. സി. സി രാജ്യങ്ങളിലായി 11 ലീഗൽ കൺസൽട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്. വിവിധ കേസുകളിൽ 110 അപേക്ഷകളുൾ ലഭിച്ചതിൽ 100 ഓളം കേസുകൾ ആവശ്യമായ നടപടികൾക്കായി ലീഗൽ കൺസൽട്ടന്റുകൾകളിലേക്ക് മാറ്റി.

ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാധാരണക്കാരെ ജയിലുകളിൽ നിന്ന് രക്ഷിക്കുന്നതിനും സഹായിക്കുന്ന ഒരു പദ്ധതിയാണ് പ്രവാസി നിയമ സഹായ സെൽ. ഇതുവരെ ആറ് ജി.സി.സി കളിൽ ലീഗൽ കൺസൽട്ടന്റുകളെ വിന്യസിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി പ്രകാരം പരിഗണനയ്ക്കായി കേസുകൾ അവർക്ക് അയച്ചിട്ടുണ്ട്.

### അടിയന്തര പുനരധിവാസ ഫണ്ട്

ആഭ്യന്തര അശാന്തിയോ പ്രകൃതി ദുരന്തമോ കാരണം, പ്രവാസി മലയാളികളെ അവരുടെ ജോലി സ്ഥലങ്ങളിൽ നിന്നോ താമസ സ്ഥലങ്ങളിൽ നിന്നോ ഇന്ത്യ ഗവൺമെന്റിന്റെ വിദേശകാര്യ മന്ത്രാലയവുമായി സഹകരിച്ച് ഒഴിപ്പിക്കേണ്ടി വരുന്നു. ഇക്കോണമി ക്ലാസ് യാത്രയ്ക്ക് ധനസഹായം, കേരള ഹൗസിലെ താമസം, അടിയന്തര ചെലവുകൾ എന്നിവയാണ് ഈ പരിപാടിയുടെ കീഴിൽ വരുന്ന പ്രവർത്തനങ്ങൾ.

### പ്രവാസി ഡിവിഡന്റ് സ്കീം

പ്രവാസി മലയാളികളിൽ നിന്ന് സംസ്ഥാനത്തിന്റെ വികസനത്തിന് നിക്ഷേപം ക്ഷണിക്കുന്നതിനായി പ്രവാസി വെൽഫെയർ ബോർഡ് വഴി പ്രവാസി ഡിവിഡന്റ് സ്കീം അവതരിപ്പിച്ചു. പ്രവാസികളുടെയും മടങ്ങിയെത്തിയവരുടെയും ക്ഷേമം ഉറപ്പ് വരുത്തുന്നതിനൊപ്പം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ വിഭവങ്ങൾ സ്വായത്തമാക്കുകയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി ലക്ഷ്യമിടുന്നത്.

നിക്ഷേപകർക്ക് 3 ലക്ഷം മുതൽ 51 ലക്ഷം വരെ നിക്ഷേപിക്കാൻ കഴിയുന്ന ഒരു ദീർഘകാല പദ്ധതിയാണിത്. അവർക്ക് സർക്കാർ വിഹിതം ഉൾപ്പെടെ 10 ശതമാനം ലാഭവിഹിതം ഉറപ്പ് നൽകുന്നു. ആദ്യ മൂന്ന് വർഷം 10 ശതമാനം ലാഭ വിഹിതം നിക്ഷേപത്തിൽ ചേർക്കുകയും നാലാം വർഷം മുതൽ പ്രതിമാസ ലാഭവിഹിതം നിക്ഷേപകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. നിക്ഷേപകന്റെ കാലാവധിക്കുശേഷം പങ്കാളിക്ക് ലാഭവിഹിതം നൽകും. അതിനുശേഷം ആദ്യ മൂന്ന് വർഷത്തേയ്ക്ക് നോമിനിയ്ക്ക് ലാഭവിഹിതത്തോടൊപ്പം തിരികെ നൽകും.

### ലോക കേരള സഭ

ലോകമെമ്പാടും താമസിക്കുന്ന കേരളീയർക്കുള്ള ഒരു പൊതു വേദിയായി കേരള സർക്കാർ ലോക കേരള സഭ (എൽ.കെ.എസ് ) രൂപീകരിച്ചു. പ്രവാസികളെ അവരുടെ സ്വന്തം സംസ്ഥാനവുമായി സംസ്കാരിക, സാമൂഹിക, രാഷ്ട്രീയ സാമ്പത്തിക സമന്വയത്തിനുള്ള ഒരു വേദിയായി ഇത് വിഭാവനം ചെയ്യുന്നു. വിവിധ രാജ്യങ്ങളിലുള്ള ലോക കേരള സഭ അംഗങ്ങളും പ്രവാസി അസോസിയേഷനിലെ അംഗങ്ങളും പ്രവാസി കമ്മ്യൂണിറ്റിയെ സംഘടിപ്പിക്കുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ചു.

### കോവിഡ്–19 ന്റെ സന്ദർഭത്തിലുള്ള പ്രത്യേക സഹായം

**കേരള ഗവൺമെന്റ് പ്രവാസികൾക്ക് പ്രഖ്യാപിച്ച സാമ്പത്തിക സഹായം താഴെ പറയുന്നു.**

- കൊറോണ വൈറസ് ബാധിച്ച പ്രവാസി വെൽഫെയർ ബോർഡ് അംഗങ്ങൾക്ക് 10,000 രൂപയാണ് ധനസഹായം നൽകുന്നത്. അംഗങ്ങളല്ലാത്തവർക്ക്, അതേ തുക സാന്ത്വന പദ്ധതി പ്രകാരം നോർക്കാ റൂട്ട്സ് അനുവദിച്ചു. ഇതുമായി ബന്ധപ്പെട്ട് ഒരു കോടി രൂപയാണ് നോർക്കാ റൂട്ട്സ് കൊടുത്തത്. സെപ്റ്റംബർ 18, 2020 വരെ 20 അപേക്ഷകളാണ് സ്വീകരിച്ചത് അവയിൽ തുടർനടപടികൾ നടന്നു വരികയാണ്.
- കേന്ദ്ര ഗവണ്മെന്റ് ഏർപ്പെടുത്തിയ ലോക്ഡൗൺ മൂലം 2020 ജനുവരി 1 മുതൽ കേരളത്തിലേക്ക് മടങ്ങിയവർക്കും ജോലി പുനരാരംഭിക്കാൻ കഴിയാത്തവർക്കും 5000 രൂപയാണ് നല്കിയത്. ഇക്കാര്യത്തിൽ 57.5 കോടി രൂപ അനുവദിക്കുകയും 1.75 ലക്ഷത്തിലധികം അപേക്ഷകൾ പ്രോസ്സസ് ചെയ്യുകയും ചെയ്യുന്നു. 78,000 അപേക്ഷകൾക്ക് അംഗീകാരം ലഭിച്ചു. അർഹതപ്പെട്ടവർക്ക് 39 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്.

തിരിച്ചെത്തുന്ന പ്രവാസികളുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് മുമ്പിലുള്ള വെല്ലുവിളികളെ പുനരധിവാസം, പുന–ഏകീകരണം, തുടർ കുടിയേറ്റം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിക്കാം. പ്രവാസികൾക്കായി നിലവിലുള്ള പ്രോഗ്രാമുകൾ നവീകരിക്കുകയും പുനക്രമീകരിക്കുകയും വേണം. അന്തർദേശീയ വിപണിയിലെ തൊഴിൽ സാധ്യത, ജോലിക്കുവേണ്ടിയുള്ള കുടിയേറ്റത്തിനുള്ള രാജ്യം തിരിച്ചുള്ള സാധ്യതകൾ, മടങ്ങി വരുന്ന കുടിയേറ്റക്കാരുടെ പുനരധിവാസം എന്നിവ മനസ്സിലാക്കുന്നതിനും ആഴത്തിലുള്ള പഠനം ആവശ്യമാണ്.

അദ്ധ്യായം

# 11

# പശ്ചാത്തല സൗകര്യങ്ങൾ

അദ്ധ്യായം

11

# പശ്ചാത്തല സൗകര്യങ്ങൾ

*ഒരു സമ്പദ് വ്യവസ്ഥക്കും അതിന്റെ മേഖലയുടെ വളർച്ചക്കും ശക്തിമത്തായതും പ്രതിരോധ ശേഷിയുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ്. വ്യാവസായിക വളർച്ചയെയും ഉൽപാദനത്തെയും ഉത്തേജിപ്പിക്കുന്നതിനാൽ അടിസ്ഥാന സൗകര്യ മേഖലയിലെ നിക്ഷേപം മൊത്തത്തിലുള്ള സാമ്പത്തിക വളർച്ചയെ ഇരട്ടിപ്പിക്കുന്നു. സമൂഹത്തിന്റെ എല്ലാ മേഖലകളിലും സമഗ്ര വികസനവും, സുസ്ഥിര വളർച്ചയുമാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. വ്യവസായ പശ്ചാത്തല വികസനത്തിലൂടെ സുസ്ഥിര വളർച്ചക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. ഗതാഗതം, കുടിവെള്ളം, ശുചിത്വം, ഊർജ്ജം, സാമൂഹ്യ വാണിജ്യ പശ്ചാത്തലങ്ങൾ, വിവര സാങ്കേതികവിദ്യ, ഇലക്ട്രോണിക് വ്യവസായം തുടങ്ങിയ മേഖലകളിൽ ബജറ്റിന് പുറമെ 50,000 കോടി രൂപയുടെ പശ്ചാത്തല വികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ (കിഫ്ബി) സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പശ്ചാത്തലമേഖലയ്ക്ക്, വൈകിയാണെങ്കിലും വേണ്ടത്ര പരിഗണന ഇപ്പോൾ ലഭിക്കുന്നുണ്ട്. ധാരാളം വൻകിട പദ്ധതികൾ വരും വർഷങ്ങളിൽ പ്രവർത്തനക്ഷമമാകും. കിഫ്ബി മുഖേന പശ്ചാത്തല വികസന പദ്ധതികൾക്കാവശ്യമായ വിഭവ ദൗർലഭ്യ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സർക്കാർ ലക്ഷ്യമിടുകയാണ്. സംസ്ഥാന സർക്കാർ സ്വീകരിച്ച നിരവധി നൂതനവും നിർണ്ണായകവുമായ നടപടികളിലൊന്നാണ് ഇത്.*

## 11.1 ഗതാഗതം

സുഗമമായ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ഗതാഗത അടിസ്ഥാന സൗകര്യത്തിൽ ഉൾപ്പെടുന്നു. പ്രധാന ഗതാഗത അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ റോഡുകൾ, റെയിൽവേ, ജലപാത, വായുമാർഗങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ, അനുബന്ധ മേഖലകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

റോഡ് ഗതാഗതം ഏറ്റവും ചെലവു കുറഞ്ഞതും മെച്ചപ്പെട്ട ഗതാഗത മാർഗ്ഗവുമായി കണക്കാക്കപ്പെടുന്നു, ചരക്കുനീക്കത്തിനും യാത്രക്കാർക്കും യാത്രാ സൗകര്യത്തിന് പുറമെ ജനവാസമുള്ള വിദൂര പ്രദേശങ്ങളിൽ എത്തിച്ചേരുന്നതിനും ഉപകരിക്കുന്നു. രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിനും സാമൂഹിക സമന്വയത്തിനും ഒരു നല്ല റോഡ് ശൃംഖല പ്രധാനമാണ്. ഇത് വിദൂര പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകയും മാർക്കറ്റുകൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലേക്ക് പ്രവേശനവും പിന്നോക്ക പ്രദേശങ്ങളിലേക്ക് വ്യാപാരം, നിക്ഷേപം എന്നിവയ്ക്ക് ആവശ്യമായ അവസരവും തുറന്നുകൊടുക്കുന്നു. ഇന്റർ മോഡൽ ഗതാഗത വികസനം, വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, തുറമുഖങ്ങൾ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് റോഡുകൾക്ക് മുഖ്യ പങ്ക് വഹിക്കാൻ കഴിയും.

അമേരിക്കയ്ക്കു ശേഷം ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ റോഡ് ശൃംഖലയാണ് ഇന്ത്യയുടേത്. ഇന്ത്യൻ റോഡ് ശൃംഖല 58,97,671 കിലോമീറ്ററിലധികം വരുന്നു. ദേശീയപാതകൾ, അതിവേഗപാതകൾ,

**പട്ടിക 11.1.1** ഇന്ത്യയുടെ റോഡ് ശൃംഖല, 2019–20 കാലയളവിൽ

| വിശദാംശങ്ങൾ | കി.മി. |
|---|---|
| ദേശീയപാത / എക്സ്പ്രസ് ഹൈവേ | 1,32,500 |
| സംസ്ഥാന പാതകൾ | 1,56,694 |
| മറ്റ് റോഡുകൾ | 56,08,477 |
| ആകെ | 58,97,671 |

*അവലംബം: മോർത്ത്, 2019-20 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട്*

സംസ്ഥാനപാതകൾ, പ്രധാന ജില്ലാ റോഡ്, മറ്റ് ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. വിശദാംശങ്ങൾ **പട്ടിക 11.1.1**–ൽ നൽകിയിരിക്കുന്നു.

ലോക ബാങ്ക് റിപ്പോർട്ട് പ്രകാരം, ചരക്ക് കടത്തിന്റെ 65 ശതമാനവും യാത്രാ ഗതാഗതത്തിന്റെ 85 ശതമാനവും ഇന്ത്യൻ റോഡ് ശൃംഖല കൈകാര്യം ചെയ്യുന്നു. കഴിഞ്ഞ അറുപത് വർഷങ്ങൾക്കിപ്പുറം ഗതാഗതത്തിന്റെ 40 ശതമാനം കൈകാര്യം ചെയ്യുന്ന ദേശീയപാതകൾ 2.2 ശതമാനം വളർച്ച മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുപോലെ റോഡ് ശൃംഖലയുടെ 3 ശതമാനം മാത്രം വരുന്ന സംസ്ഥാന പാതകൾ, ആകെ റോഡ് ഗതാഗതത്തിന്റെ 40 ശതമാനം കൈകാര്യം ചെയ്യുന്നു. 90,000കി. മി. ഏകദേശ ദൈർഘ്യമുള്ള സംസ്ഥാന പാതകൾ ഒറ്റവരി പാതകളാണ് (3.5 മീ.വീതി). വാഹന ജനസംഖ്യ 10.8 ശതമാനം കോമ്പൗണ്ട് വാർഷിക വളർച്ചാ നിരക്കിലും (സിഎജിആർ) യാത്രാ ഗതാഗതം 12,000 ബില്യൺ പാസഞ്ചർ കിലോമീറ്റർ (ബിപികെഎം) എന്ന കണക്കിലും വർദ്ധിച്ച് വരുന്നു. നിലവിലെ ചരക്ക് ഗതാഗതം 9.7 ശതമാനം വാർഷിക വളർച്ച തുടരുകയാണെങ്കിൽ , 2032 ഓടുകൂടി ഇത് 13,000 ബിടികെഎം ആകുമെന്ന് പ്രതീക്ഷിക്കുന്നു.

ദേശീയപാതകൾ രാജ്യത്തിന്റെ സാമ്പത്തിക നട്ടെല്ലാണ്, മാത്രമല്ല പാതകൾ കടന്നുപോകുന്ന പ്രദേശങ്ങളുടെ വികസനത്തിനും പുതിയ പട്ടണങ്ങൾ രൂപം കൊള്ളുന്നതിനും ഇത് സൗകര്യമൊരുക്കുന്നു. ധാരാളം ചെറിയ റെസ്റ്റോറന്റുകൾ, സത്രം (ധാബാസ് എന്നറിയപ്പെടുന്നു), മറ്റ് സൗകര്യങ്ങൾ എന്നിവയിലൂടെ ദീർഘകാല തൊഴിൽ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കുന്നു. രാജ്യത്തുടനീളം ഇടത്തരം, ദീർഘദൂര അന്തർ–നഗര യാത്രക്കും ചരക്കുഗതാഗതത്തിനും ദേശീയപാതകൾ സൗകര്യമൊരുക്കുന്നു. സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിൽ ഗതാഗതം എത്തിക്കുന്നതിനാണ് സംസ്ഥാനപാതകൾ ഉദ്ദേശിക്കുന്നത്. മറ്റ് ജില്ലാ റോഡുകളും വില്ലേജ് റോഡുകളും പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും അവരുടെ സാമൂഹിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും കാർഷിക ഉൽപന്നങ്ങൾ ഗ്രാമങ്ങളിൽ നിന്ന് അടുത്തുള്ള വിപണികളിലേക്ക് എത്തിക്കുന്നതിനുള്ള മാർഗ്ഗം പ്രദാനം ചെയ്യുന്നു. പ്രധാന റോഡുകളും ഗ്രാമീണ റോഡുകളും തമ്മിലുള്ള ബന്ധത്തിന്റെ ദ്വിതീയ പ്രവർത്തനം പ്രധാന ജില്ലാ റോഡുകൾ മുഖേനയാണ്.

ഒരൊറ്റ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ഗതാഗത ശൃംഖലകളിൽ ഒന്നാണ് ഇന്ത്യൻ റെയിൽവെ. ഇന്ത്യയിലെ ഏറ്റവും ചെലവ് കുറഞ്ഞ ഗതാഗത മാർഗ്ഗമാണിത്. ഇന്ത്യൻ റെയിൽ ദൈർഘ്യം 1,15,000 കിലോമീറ്ററിൽ അധികമായി വ്യാപിച്ചു കിടക്കുന്നു, 7,349 സ്റ്റേഷനുകളിൽ നിന്ന് പ്രതിദിനം 12,617 പാസഞ്ചർ ട്രെയിനുകളും 7,421 ചരക്ക് ട്രെയിനുകളും 23 ദശലക്ഷം യാത്രക്കാരും 3 ദശലക്ഷം ടൺ (എംടി) ചരക്കുനീക്കവും നടത്തുന്നു. അമേരിക്ക, റഷ്യ, ചൈന എന്നിവയ്ക്ക് ശേഷം ലോകത്തിലെ നാലാമത്തെ വലിയ ശൃംഖലയാണിത്.

സർവീസുകളിലെ സ്വകാര്യ പങ്കാളിത്തവും, വിമാനത്താവളങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും യാത്രക്കാരുടെ എണ്ണത്തിൽ ക്രമാനുഗത വളർച്ച നേട്ടുന്നതിന് സിവിൽ വ്യോമയാന രംഗത്തിനെ സഹായിച്ചിട്ടുണ്ട്. ഇന്ത്യയിലെ വിമാനത്താവളങ്ങൾ 2019–20ൽ (ഏപ്രിൽ–സെപ്റ്റംബർ) 1271.40 ആയിരം വിമാന സർവ്വീസ്സുകളും (പൊതു വ്യോമയാനങ്ങൾ ഒഴികെ) 170.02 ദശലക്ഷം യാത്രക്കാരെയും 1707.98 ആയിരം ടൺ ചരക്കുകളും കൈകാര്യം ചെയ്തു. യാത്രാ ഗതാഗതത്തിൽ 0.3 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ വിമാന നീക്കങ്ങളിലും ചരക്ക് കടത്തിലും യഥാക്രമം 1.2 ശതമാനത്തിന്റെയും 4.9 ശതമാനത്തിന്റെയും കുറവ് ഉണ്ടായി.

ഗതാഗത മേഖലയിലെ മറ്റ് ഗതാഗത മാർഗ്ഗങ്ങളായ ഉൾനാടൻ ജലഗതാഗതവും തീരദേശ ഗതാഗതവും ചരക്ക് നീക്കത്തിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. 7,512 കി.മീ ദൈർഘ്യമുള്ള ഇന്ത്യയിലെ തീരദേശ മേഖലയിൽ 12 വൻകിട തുറമുഖങ്ങളും 200 ചെറുകിട തുറമുഖങ്ങളും നിലവിലുണ്ട്. ഇതിൽ 30 തുറമുഖങ്ങൾ മുഖേന മാത്രമാണ് ചരക്ക് നീക്കം സാദ്ധ്യമാകുന്നത്. ചെറുകിട, വൻകിട തുറമുഖങ്ങൾ മുഖേന ഏകദേശം 53 ദശലക്ഷം ടൺ ചരക്ക് നീക്കം നടക്കുന്നതായി കണക്കാക്കപ്പെടുന്നു. എന്നിരുന്നാലും, ആഭ്യന്തര ചരക്ക് ഗതാഗത മേഖലയിൽ തീരദേശ ഉൾനാടൻ ജലഗതാഗതത്തിന്റെ പങ്ക് ഏകദേശം ഒരു ശതമാനം മാത്രമാണ്.

2.73 ലക്ഷം കി.മീറ്റർ റോഡുകൾ, 1,588 കി.മീറ്റർ റെയിൽവേ, 1,687 കി.മീറ്റർ ഉൾനാടൻ ജലഗതാഗതം, 585 കിലോമീറ്റർ തീരദേശ മേഖലയിലെ 18 തുറമുഖങ്ങൾ, 4 വിമാനത്താവളങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് സംസ്ഥാനത്തെ പ്രധാന

ഗതാഗത പശ്ചാത്തല മേഖല. 38,863 ച.കി.മീറ്റർ വിസ്തീർണ്ണമുള്ളതും, വൈവിധ്യമായ ഭൂപ്രകൃതിയോടു കൂടിയ കേരളത്തിന്റെ പൊതു ഗതാഗത മേഖലയിൽ, റോഡ് ഗതാഗതമാണ് മുഖ്യ പങ്ക് വഹിക്കുന്നത്. കേരളത്തിന് 49,342 സ്റ്റേജ് കാരിയറുകളും 77,431 കരാർ ബസ്സുകൾ/കാരിയേജ് ഓമ്നി ബസുകളും 5,493 കെഎസ്ആർടിസി ബസുകളുമുണ്ട്. പാലക്കാട്, തിരുവനന്തപുരം റെയിൽവെ ഡിവിഷനുകളിലായി ആകെ 1,588 കി.മീറ്റർ ട്രാക്ക് ദൈർഘ്യത്തിൽ 1,257 കി.മീറ്റർ ഗതാഗത സൗകര്യമുണ്ട്. കേരളത്തിലെ ജലഗതാഗത മാർഗ്ഗങ്ങളായ നദികൾ, തടാകങ്ങൾ, നദീ മുഖങ്ങൾ, കായലുകൾ എന്നിവിടങ്ങളിലെ 1,895 കി.മീറ്റർ ദൂരത്തിൽ ഉൾനാടൻ ജലഗതാഗതം സാധ്യമാണ്. പരിസ്ഥിതി സൗഹൃദവും കാര്യക്ഷമവുമായ ഗതാഗത മാർഗ്ഗമാണ് ഉൾനാടൻ ജലഗതാഗതം. ദീർഘദൂര ചരക്ക് ഗതാഗതത്തിന് തീരദേശ ഗതാഗതത്തെ അവലംബിക്കാവുന്നതാണ്. ബഹുമാർഗ്ഗ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുക വഴി, കേരളത്തിൽ ലഭ്യമായ 585 കി.മീറ്റർ തീരദേശം ചരക്കുഗതാഗത പ്രവർത്തനങ്ങൾക്ക് അനുയോജ്യമാക്കി മാറ്റാൻ കഴിയും.

തീരദേശ ഗതാഗത മേഖലയിൽ ഒരു വൻകിട തുറമുഖവും, 17 ചെറുകിട തുറമുഖങ്ങളും വിഴിഞ്ഞത്തെ നിർദ്ദിഷ്ട അന്താരാഷ്ട്രാ ആഴക്കടൽ തുറമുഖ പദ്ധതിയുമാണ് കേരളത്തിന് ഉള്ളത്. ബർത്തിംഗ്, ചരക്ക് കൈകാര്യം ചെയ്യൽ, ചരക്ക് സൂക്ഷിക്കുന്നതിനുള്ള സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നീ നാല് ഇടത്തരം തുറമുഖങ്ങളും സംസ്ഥാനത്തുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിങ്ങനെ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു. നിലവിലുള്ള എല്ലാ വിമാനത്താവളങ്ങളും അന്താരാഷ്ട്രാ നിലവാരം ഉള്ളവയാണെന്ന പ്രത്യേകത കൂടി കേരളത്തിന് സ്വന്തമാണ്. കണ്ണൂർ അന്താരാഷ്ട്രാ വിമാനത്താവളം പൂർത്തിയായതോടുകൂടി ഏറ്റവും കൂടുതൽ അന്താരാഷ്ട്ര വിമാനത്താവളങ്ങളുള്ള തമിഴ് നാട് സംസ്ഥാനത്തിനൊപ്പം കേരളവും പങ്ക് ചേർന്നു. നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുള്ള ഗതാഗത പ്രവർത്തനങ്ങൾക്ക് പൊതുഗതാഗത മാർഗ്ഗത്തിന്റെ പ്രായോഗികത മനസ്സിലാക്കി കേരള സർക്കാർ കൊച്ചി മെട്രോ പദ്ധതി ആരംഭിച്ചു. കൊച്ചി മെട്രോ കമ്മീഷൻ ചെയ്തതോടു കൂടി കൊച്ചി നഗരത്തിലെ ഗതാഗത ബാഹുല്യം കുറയ്ക്കാൻ കഴിഞ്ഞു.

## കേരളത്തിലെ ഗതാഗത മേഖലയുടെ പ്രകടനം

### റോഡുകൾ

- 2019–20 –ൽ കേരളത്തിലെ ആകെ റോഡ് ദൈർഘ്യം 3,31,904.11 കിലോമീറ്റർ ആണ് ക്ലാസിഫൈഡ്, നോൺ–ക്ലാസിഫൈഡ് റോഡുകൾ ഇതിൽ ഉൾപ്പെടുന്നു.
- കേരളത്തിലെ റോഡ് സാന്ദ്രത 390 കിമീ /100 ചതുരശ്ര കിലോമീറ്ററാണ്.
- ഒരു ലക്ഷം ജനസംഖ്യക്ക് റോഡിന്റെ നീളം 993.54 കി.മി ആണ്.
- 2019ൽ 41,111 റോഡപകടങ്ങളിൽ 4,440 മരണങ്ങളും 46,055 പരിക്കുകളും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.
- സംസ്ഥാനത്ത് 340 ബ്ലാക്ക് സ്പോട്ടുകൾ നാറ്റ്പാക് കണ്ടെത്തി.
- ഘട്ടം 1, റീച്ച് 1, 5 കിലോമീറ്റർ നീളമുള്ള കരമന മുതൽ പ്രാവച്ചമ്പലം വരെ റോഡ് പണി പൂർത്തിയായി.
- കൊല്ലം ബൈപാസ് ജോലികൾ 2019 ജനുവരി, 15 ന് പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. അലപ്പുഴ ബൈപാസ് ജോലികൾ നവംബർ, 2020 അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ 15 കിലോമീറ്റർ തീരദേശപാത നിർമാണം പുരോഗമിക്കുകയാണ്, നിലവിൽ 52 ശതമാനം ജോലികൾ പൂർത്തിയായി.
- 184.68 കിലോമീറ്റർ ബിഎം, ബിസി, 38.47 കിലോമീറ്റർ സാധാരണ പുനർനിർമ്മാണം, 563.154 കിലോമീറ്റർ അഴുക്കുചാൽ നിർമ്മാണം എന്നിവ സംസ്ഥാനപാത (വികസനവും മെച്ചപ്പെടുത്തലും) പ്രകാരം പൂർത്തിയാക്കി.
- 2,716 പാലങ്ങൾ പിഡബ്ല്യുഡി ബ്രിഡ്ജസ് വിഭാഗം പരിപാലിക്കുന്നു, 312 പാലങ്ങളുടെ നിർമാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- ഹിൽ ഹൈവേയുടെ 21 റീച്ചുകൾ ഉൾക്കൊള്ളുന്ന 1,726.397 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി അംഗീകരിച്ചു.
- 11.6.2020 തീയതിയിലെ ജി.ഒ.(എംഎസ് ) നമ്പർ 53/2020/പിഡബ്ല്യുഡി ഉത്തരവ് പ്രകാരം രൂപകൽപ്പന/നിർമ്മാണ രീതികളിലെ പുതുമ, റോഡ് അസ്സറ്റ് മാനേജ്മന്റ്, റോഡ് സുരക്ഷാ മാനേജ്മന്റ്, ഗുണനിലവാരം ഉറപ്പുവരുത്തലും കോൺട്രാക്ട് മാനേജ്മെന്റും തദ്ദേശീയ ഗവേഷണ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്നീ തീമാറ്റിക് മേഖലകളുമായി ബന്ധിപ്പിച്ച് കെഎച്ച്ആർഐ യെ മികവിന്റെ കേന്ദ്രമായി ഉയർത്തി.

### റോഡ് ഗതാഗതം

- മാർച്ച് 31, 2020 ലെ കണക്ക് പ്രകാരം, സാധുവായ രജിസ്ട്രേഷൻ നമ്പറുള്ള മോട്ടോർ വാഹനങ്ങൾ 1.41 കോടിയും, 2019–20 –ൽ പുതുതായി രജിസ്റ്റർ ചെയ്ത വാഹനങ്ങൾ 8,49,200 ഉം ആണ്.
- കോവിഡ്–19 ഘട്ടത്തിൽ ദീർഘദൂര യാത്ര

സൗകര്യപ്രദമാക്കുന്നതിന് കെഎസ്ആർടിസി 2020 ജൂൺ 26 ന് 'റിലേ' പോയിന്റ് ടു പോയിന്റ് സേവനവും ജൂലൈ 2, 2020 ന് ബസ്-ഓൺ-ഡിമാൻഡ് ("ബോൺഡ്") സേവനവും ആരംഭിച്ചു.
- 2018-19 നെ അപേക്ഷിച്ച് 14.5 ശതമാനം വളർച്ചയോടെ 20,55,842 എറണാകുളം ജില്ലയിലാണ് കേരളത്തിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ ഉള്ളത്.
- ഇരുചക്രവാഹനങ്ങൾ ഉൾപ്പെടുന്ന ട്രാഫിക് അപകടങ്ങൾ 2018ലെ 34,473 (പ്രതിദിനം 94) ൽ നിന്ന് 2019 ൽ 16,970 (പ്രതിദിനം 46) ആയി കുറഞ്ഞു.
- എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി ഇലക്ട്രിക് വാഹനങ്ങൾ (ഇവി) വിന്യസിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. മോട്ടോർ വാഹന നിയമങ്ങൾ നടപ്പിലാക്കുന്നതിനും റോഡ് അച്ചടക്കം ഉറപ്പാക്കുന്നതിനുമായി സുരക്ഷിത കേരള പദ്ധതിയിലൂടെ 65 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് 'പ്ലഗ്-ഇൻ ഇലക്ട്രിക് വാഹനങ്ങൾ' നൽകാനുള്ള നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പ് (എംവിഡി) നൽകിയിട്ടുണ്ട്. ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിൽ (ഇഇഎസ്എൽ) 65 ഇലക്ട്രിക് വാഹനങ്ങൾ ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി (അനെർട്ട്) മുഖേനയാണ് ഡ്രൈ ലീസിന് നൽകുന്നത്.

## സംസ്ഥാന ജലഗതാഗതം

- "വേഗ 2" ഹൈ സ്പീഡ് എസി പാസഞ്ചർ (120 പാക്ക്) കം ബോട്ട് 2020 മാർച്ച് 10 ന് അലപ്പുഴ-കുമരകം-കോട്ടയം മേഖലകളെ തമ്മിൽ ബന്ധിപ്പിച്ച് പ്രവർത്തനം ആരംഭിച്ചു.

## മറ്റ് ഗതാഗതം

- കൊച്ചി മെട്രോ-ആലുവ മുതൽ പേട്ട വരെ (ഒന്നാം ഘട്ടം) 25.2 കിലോമീറ്റർ നീളത്തിൽ 22 സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിച്ചു.
- വാട്ടർ മെട്രോ ജൂൺ, 2022ന് 25 ബോട്ടുകളും ടെർമിനൽ സൗകര്യങ്ങളും ഉപയോഗിച്ച് കമ്മീഷൻ ചെയ്യും.
- ഭാരത സർക്കാർ ഓർഡർ നമ്പർ 2019/ ജെവിസെൽ/കെആർഡിസിഎൽ/ എസ്എച്ച്എസ്ആർസി, തീയതി. ഡിസംബർ 17, 2019 പ്രകാരം സിൽവർ ലൈൻ പ്രോജക്റ്റിന് (സെമി ഹൈ സ്പീഡ് റെയിൽ പ്രോജക്റ്റ്) തത്വത്തിൽ അംഗീകാരം (ഐപിഎ) നൽകി.
- തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോയുടെ പുതുക്കിയ പദ്ധതികൾക്ക് കെആർഡിഎൽ അംഗീകാരം നൽകി.

## റോഡ് ഗതാഗത മേഖല

പ്രാദേശിക സർക്കാരുകൾ, പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) വിഭാഗം, ദേശീയ പാതകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ജലസേചന വകുപ്പ്, വനം വകുപ്പ്, റെയിൽവേ എന്നീ ഏജൻസികളാണ് കേരളത്തിലെ റോഡുകൾ പരിപാലിക്കുന്നത്. ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ സെന്റർ (നാറ്റ്പാക്), മോട്ടോർ വാഹന വകുപ്പ്, കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി), റോഡുകളും പാലങ്ങളും വികസന കോർപ്പറേഷൻ (ആർ.ബി.ഡി.സി.കെ), കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ.എസ്.ടി.പി), കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി), റോഡ് ഇൻഫ്രാസ്ട്രക്ടർ കമ്പനി കേരള (റിക്ക്) ലിമിറ്റഡ് എന്നിവയാണ് ഗതാഗത മേഖലയുമായി ബന്ധിപ്പെട്ടിരിക്കുന്ന മറ്റ് ഏജൻസികൾ.

2019-20ൽ കേരളത്തിലെ മൊത്തം റോഡ് ദൈർഘ്യം 3,31,904.11 കിലോമീറ്ററാണ്. ഇന്ത്യൻ റോഡ് കോൺഗ്രസ് നിശ്ചയിച്ചിട്ടുള്ള ക്ലാസിഫൈഡ്, നോൺ-ക്ലാസിഫൈഡ് റോഡുകൾ ഇതിൽ ഉൾപ്പെടുന്നു. ഓരോ വർഷവും ശരാശരി 12 മുതൽ 14 ശതമാനം വരെയുണ്ടാകുന്ന റോഡ് ഗതാഗതവളർച്ച, പിഡബ്ല്യുഡി റോഡ് ശൃംഖലയിൽ വലിയ സമ്മർദ്ദം സൃഷ്ടിക്കുന്നുണ്ട്. കേരളത്തിലെ റോഡ് സാന്ദ്രത 390 കിലോമീറ്റർ/100 ചതുരശ്ര കിലോമീറ്ററാണ്, ഇത് ദേശീയ ശരാശരിയുടെ മൂന്നിരട്ടിയാണ്. ഒരു ലക്ഷം ജനസംഖ്യക്ക് റോഡിന്റെ നീളം 993.54 കിലോമീറ്ററാണ്, കൂടാതെ റോഡ് ശൃംഖലയുടെ 90 ശതമാനവും ഒറ്റവരി പാതകളാണ്. പ്രാഥമിക ശൃംഖലയായി കണക്കാക്കപ്പെടുന്ന ദേശീയപാതകൾ, മൊത്തം ഗതാഗതത്തിന്റെ 40 ശതമാനം വഹിക്കുന്നു, മൊത്തം ഗതാഗതത്തിന്റെ 80 ശതമാനവും കൈകാര്യം ചെയ്യുന്നത് റോഡ് ശൃംഖലയുടെ 10 ശതമാനത്തിൽ താഴെ മാത്രമാണ്.

സംസ്ഥാനത്തെ വിവിധ ഏജൻസികൾ പരിപാലിക്കുന്ന റോഡുകളുടെ ദൈർഘ്യം സംബന്ധിച്ച വിവരങ്ങൾ **പട്ടിക 11.1.2 -ൽ** കൊടുത്തിരിക്കുന്നു.

വിവിധ പ്രാദേശിക സർക്കാരുകൾ 2019-20 -ൽ പരിപാലിച്ച 2,65,421.12 കീ.മീറ്റർ ആകെ റോഡ് ദൈർഘ്യത്തിൽ, 1,31,597.6 കീ.മീറ്റർ (49.58 ശതമാനം) ടാർ ചെയ്തവയും, 31,395.10 കി.മീറ്റർ (11.83 ശതമാനം) റോഡുകൾ സിമന്റ് കോൺക്രീറ്റും, 72,762.70 കി.മീറ്റർ മണ്ണ് പാകിയവയും (27.41 ശതമാനം), 18,669.70 കി.മീറ്റർ മെറ്റൽ പാകിയവയും (7.03 ശതമാനം), 10,996.02 കി.മീറ്റർ ദൂരം (4.14 ശതമാനം) മറ്റ് വ്യത്യസ്ത ഗുണ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ചവയുമാണ്.

സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച്, 2019ൽ 41,111 റോഡപകടങ്ങളിൽ

**പട്ടിക 11.1.2** കേരളത്തിലെ വിവിധ ഏജൻസികൾ പരിപാലിക്കുന്ന റോഡുകൾ സംബന്ധിച്ച വിവരങ്ങൾ 2018-19, 2019-20 വർഷങ്ങളിൽ

| ക്രമ നമ്പർ | വകുപ്പുകൾ | ദൈർഘ്യം (കി.മി) 2018-19 | ശതമാനം | ദൈർഘ്യം (കി.മി) 2019-20 | ശതമാനം |
|---|---|---|---|---|---|
| 1 | പഞ്ചായത്തുകൾ (എൽ .എസ്.ജി.ഡി) | 206620.23 | 75.65 | 265421.12 | 79.97 |
| 2 | പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) | 31812.106 | 11.65 | 31812.06 | 9.58 |
| 3 | മുനിസിപ്പാലിറ്റികൾ | 18411.870 | 6.74 | 18411.87 | 5.55 |
| 4 | കോർപ്പറേഷനുകൾ | 6644.000 | 2.43 | 6644.00 | 2.00 |
| 5 | വനം വകുപ്പ് | 4903.642 | 1.80 | 4893.59 | 1.47 |
| 6 | ജലസേചന വകുപ്പ് | 2611.900 | 0.96 | 2611.90 | 0.79 |
| 7 | പൊതുമരാമത്ത് വകുപ്പ് (ദേശീയ പാതകൾ) | 1781.570 | 0.65 | 1781.57 | 0.54 |
| 8 | മറ്റുള്ളവ (റെയിൽവേ, വൈദ്യുതി വകുപ്പ് ) | 328.000 | 0.12 | 328.00 | 0.10 |
| | ആകെ | 273113.30 | 100.00 | 331904.11 | 100.00 |

*അവലംബം : വിവിധ വകുപ്പുകൾ*

4,440 മരണങ്ങളും 46,055 പരിക്കുകളും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നാറ്റ്പാക് 340 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. റോഡ് ട്രാഫിക് അപകടങ്ങളിൽ മിക്കതും ഡ്രൈവർ, റോഡ് അവസ്ഥ, വാഹനം, പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. റോഡ് സുരക്ഷ സങ്കീർണ്ണമായ പ്രശ്നമായതിനാൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിവിധ പങ്കാളികളിൽ (സ്റ്റേക്ക്ഹോൾഡേഴ്സ്) നിന്ന് സ്ഥിരവും നീണ്ടുനിൽക്കുന്നതും സംയോജിതവുമായ ശ്രമങ്ങൾ ആവശ്യമാണ്.

2011 മുതൽ സംസ്ഥാനത്തെ ഗതാഗത, ആശയവിനിമയ മേഖലയുടെ പ്രധാന വികസന സൂചകങ്ങൾ **അനുബന്ധം 11.1.1**ൽ നൽകിയിരിക്കുന്നു. ഗതാഗത മേഖലയ്ക്ക് 2019-20, 2020-21, (2020 സെപ്റ്റംബർ വരെ) വർഷങ്ങളിൽ വാർഷിക പദ്ധതിയിനത്തിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ **പട്ടിക 11.1.3 -ൽ** കൊടുത്തിരിക്കുന്നു.

### റോഡ് മേഖല 2019-20, 2020-21 വർഷങ്ങളിലെ സാമ്പത്തിക അവലോകനം (സെപ്റ്റംബർ 2020 വരെ)

റോഡുകളും പാലങ്ങളും വിഭാഗത്തിന് 2019-20 വാർഷിക പദ്ധതിയിൽ 1, 36,713.00 ലക്ഷം രൂപ അനുവദിച്ചതിൽ 1,98,698.96 ലക്ഷം രൂപ (145.34 ശതമാനം) ചെലവഴിച്ചു. ഗതാഗത മേഖലയ്ക്ക് 2019-20 -ൽ വകയിരുത്തിയ 10,243.00 ലക്ഷം രൂപയിൽ 1,04,709.32 ലക്ഷം രൂപ (1022.25 ശതമാനം) ചെലവാക്കി. റോഡുകളും പാലങ്ങളും വിഭാഗത്തിനും ഗതാഗത മേഖലയ്ക്കുമായി

**പട്ടിക 11.1.3** ഗതാഗത മേഖലയ്ക്ക് 2019-20, 2020-21 വർഷങ്ങളിൽ വാർഷിക പദ്ധതിയിനത്തിൽ വകയിരുത്തിയ തുക, ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച (രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | ഉപമേഖലകൾ | വാർഷിക പദ്ധതി 2019-20 | | വാർഷിക പദ്ധതി 2020-21 | |
|---|---|---|---|---|---|
| | | വിഹിതം | ചെലവ് (%) | വിഹിതം | ചെലവ് (9/20) (%) |
| 1 | തുറമുഖ വകുപ്പ് | 11006.00 | 4,158.98 (37.79) | 12083 | 911.12 (7.54) |
| 2 | റോഡുകളും പാലങ്ങളും | 136713.00 | 1,98,698.96 (145.34) | 110210 | 73607.45 (66.79) |
| 3 | റോഡ് ഗതാഗതം | 10243.00 | 1,04,709.32 (1022.25) | 14768 | 655.01 (4.44) |
| 4 | ഉൾനാടൻ ജലഗതാഗതം | 13145.00 | 2853.43 (21.71) | 11110 | 1337.7 (12.04) |

*അവലംബം: സംസ്ഥാന ബഡ്ജറ്റ് 2019-20, 2020-21 & പ്ലാൻസ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്.*

**പട്ടിക 11.1.4** ഗതാഗത മേഖലയ്ക്ക് 2019–20, 2020–21 വർഷങ്ങളിൽ വകയിരുത്തിയ പദ്ധതി തുക, ചെലവ് എന്നിവ വകുപ്പ് തിരിച്ച് (തുക ലക്ഷത്തിൽ)

| ക്രമ. നമ്പർ | വകുപ്പുകൾ | വാർഷിക പദ്ധതി 2019–20 | | വാർഷിക പദ്ധതി 2020–21 | |
|---|---|---|---|---|---|
| | | വിഹിതം | ചെലവ് (%) | വിഹിതം | ചെലവ് (9/20) (%) |
| 1 | പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) | 125789 | 162104.78 (128.87) | 100616 | 58737.59 (58.37) |
| 2 | പൊതുമരാമത്ത് വകുപ്പ് (ദേശീയപാത) | 10924 | 36594.19 (334.95) | 9594 | 14869.85 (154.9) |
| | ആകെ | 136713 | 198698.96 (145.34) | 110210 | 73607.45 (66.79) |

*അവലംബം: സംസ്ഥാന ബഡ്ജറ്റ് 2019-20, 2020-21 & പ്ലാൻസ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്.*

2020–21ൽ 1,10,210.00 ലക്ഷം രൂപയും 14,768.00 ലക്ഷം രൂപയും അനുവദിച്ചു. അനുബന്ധ ചെലവ് 73,607.45 ലക്ഷം രൂപയും 655.01 ലക്ഷം രൂപയുമാണ്.

## റോഡുകൾ

സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനം, ചെലവ് കുറഞ്ഞ ചരക്ക് നീക്കം, യാത്ര എന്നിവയ്ക്ക് കാര്യക്ഷമതയുള്ള റോഡ് പശ്ചാത്തലം ആവശ്യമാണ്. കേരളത്തിലെ റോഡ് ശൃംഖല ഫലപ്രദമായി പരസ്പരം ബന്ധപ്പെട്ടതാണെങ്കിലും, പാർശ്വങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ അനേകം പരിമിതികൾ നേരിടുന്നു. നിലവിൽ, റോഡുകളിലൂടെയുള്ള ഗതാഗതം ഉൾക്കൊള്ളാവുന്നതിലും അധികമാണ്. റോഡ് ഗതാഗത വാർഷിക വളർച്ചാ നിരക്ക് 12 മുതൽ 14 ശതമാനമാണ്. ഭൂമി ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങളും, റോഡ് വീതി വർദ്ധിപ്പിക്കാൻ കഴിയാത്തതും നിലവിലുള്ള റോഡുകളിൽ ഗതാഗത കുരുക്കിന് ഇടയാക്കുന്നു. ഗതാഗത മേഖലയ്ക്ക് 2019–20, 2020–21 വർഷങ്ങളിൽ വകയിരുത്തിയ പദ്ധതി തുക, ചെലവ് എന്നിവ വകുപ്പ് തിരിച്ച് **പട്ടിക 11.1.4** –ൽ നൽകിയിരിക്കുന്നു.

## ബ്ലാക്ക് സ്പോട്ട്

കഴിഞ്ഞ 3 കലണ്ടർ വർഷങ്ങളിൽ ഗുരുതരമായ പരിക്കുകൾ / മരണങ്ങൾ അല്ലെങ്കിൽ പത്ത് മരണങ്ങൾ ഉൾപ്പെടുന്ന അഞ്ച് അപകടങ്ങൾ നടന്ന 500 മീറ്ററോളം നീളമുള്ള റോഡാണ് ദേശീയപാതകളിലെ റോഡപകട ബ്ലാക്ക് സ്പോട്ട് എന്ന് ഇന്ത്യൻ ഗതാഗത, ദേശീയപാത മന്ത്രാലയം (MoRTH) സൂചിപ്പിക്കുന്നത്.

നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻഎച്ച്ഐഐ) മാനദണ്ഡം അനുസരിച്ച് അപകടങ്ങളുടെ തീവ്രത സൂചിക (എഎസ്ഐ) അടിസ്ഥാനമാക്കി അപകടകരമായ സ്ഥലങ്ങൾ കണ്ടെത്തുന്നു. ത്രെഷോൾഡ് മൂല്യത്തേക്കാൾ അപകട തീവ്രതാ സൂചിക (എഎസ്ഐ) ഉള്ള സ്പോട്ടുകൾ (ശരാശരി തീവ്രത+ 1.5* സ്റ്റാൻഡേർഡ് ഡീവിയേഷൻ) ബ്ലാക്ക് സ്പോട്ടുകളായി കണക്കാക്കും. എഎസ്ഐയുടെ കണക്ക് പ്രകാരം, മാരകമായ അപകട തോത് 7 ആയും, ഗുരുതര പരിക്ക് 3 ആയും എൻഎച്ച്എഐയുടെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പരിഗണിക്കപ്പെടും.

2016–2018 വർഷം പോലീസ് വകുപ്പ് നൽകിയ അപകട വിവരത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലുടനീളം 340 മുൻഗണനയുള്ള ബ്ലാക്ക് സ്പോട്ടുകളുടെ പട്ടികയ്ക്ക് നാറ്റ്പാക് അന്തിമരൂപം നൽകി, 2019 ഡിസംബറിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് (കെആർഎസ്എ) റിപ്പോർട്ട് സമർപ്പിച്ചു. ജിയോസ്പേഷ്യൽ, സ്റ്റാറ്റിസ്റ്റിക്കൽ വിശകലനം എന്നിവ നടത്തി 2019ൽ മൊത്തം 340 റോഡ് സ്ട്രെച്ചുകൾ 'മുൻഗണനാ ക്രാഷ് ബ്ലാക്ക്-സ്പോട്ടുകൾ' ആയി കണ്ടെത്തുകയും, അവയെ ഉയർന്ന അപകട സാധ്യതയുള്ള ബ്ലാക്ക് സ്പോട്ടുകൾ (232 സ്ഥലങ്ങൾ), മിതമായ അപകടസാധ്യതയുള്ള ബ്ലാക്ക് സ്പോട്ടുകൾ എന്നിങ്ങനെ തരംതിരിച്ചു. (108 സ്ഥലങ്ങൾ). റോഡ് ഇനം അടിസ്ഥാനമാക്കി കേരളത്തിലെ ബ്ലാക്ക് സ്പോട്ടുകളുടെ സംഗ്രഹം **പട്ടിക 11.1.5** –ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.1.5** ഗതാഗത മേഖലയ്ക്ക് 2019–20, 2020–21 വർഷങ്ങളിൽ വകയിരുത്തിയ പദ്ധതി തുക, ചെലവ് എന്നിവ വകുപ്പ് തിരിച്ച് (തുക ലക്ഷത്തിൽ)

| ക്രമ. നമ്പർ | റോഡ് ഇനം | ബ്ലാക്ക് സ്പോട്ടുകളുടെ എണ്ണം | | ആകെ ബ്ലാക്ക് സ്പോട്ടുകൾ |
|---|---|---|---|---|
| | | ഉയർന്ന റിസ്ക് | മിതമായ റിസ്ക് | |
| 1 | ദേശീയപാത | 157 | 64 | 221 |
| 2 | സംസ്ഥാനപാത | 49 | 31 | 80 |
| 3 | മറ്റ് റോഡുകൾ | 26 | 13 | 39 |
| | ആകെ | | | 340 |

*അവലംബം: നാറ്റ്പാക്*

## റോഡ് മേഖല 2019–20, 2020–21 വർഷങ്ങളിലെ സാമ്പത്തിക അവലോകനം (2020 സെപ്റ്റംബർ വരെ)

കേരളത്തിലെ ദേശീയപാതകളിൽ ആകെ 221 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്, അതിൽ 157 സ്ഥലങ്ങൾ ഉയർന്ന അപകടസാധ്യതയുള്ളതും 64 സ്ഥലങ്ങൾ മിതമായ അപകട സാധ്യതയുള്ളതുമാണ്. സംസ്ഥാന പാതകളിൽ തിരിച്ചറിഞ്ഞ 80 ബ്ലാക്ക് സ്പോട്ടുകളിൽ 49 എണ്ണം ഹൈ–റിസ്ക് വിഭാഗത്തിലും ബാക്കി 31 എണ്ണം മോഡറേറ്റ്–റിസ്ക് വിഭാഗത്തിലുമാണ്. മറ്റ് റോഡുകളിൽ തിരിച്ചറിഞ്ഞ 39 ക്രാഷ് ബ്ലാക്ക്–സ്പോട്ടുകളിൽ 26 സ്ഥലങ്ങൾ ഉയർന്ന അപകടസാധ്യതയുള്ളതും 13 സ്ഥലങ്ങൾ മിതമായ അപകടസാധ്യതയുള്ളതുമാണ്.

2018–19 പദ്ധതി ഇനത്തിൽ, നിർവ്വഹണ അംഗീകാരം നൽകിയ 21 ബ്ലാക്ക്–സ്പോട്ടുകളിൽ 11 ബ്ലാക്ക്–സ്പോട്ടുകൾ പരിഹരിക്കുകയും മറ്റ് ബ്ലാക്ക്–സ്പോട്ടുകളുടെ തിരുത്തൽ നടപടികൾ പുരോഗമിക്കുകായും ചെയ്യുന്നു.

## പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗം

കേരളത്തിലെ സംസ്ഥാന പാതകൾ, പ്രധാന ജില്ലാറോഡുകൾ തുടങ്ങിയവ പരിപാലിക്കുന്നത് പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) വിഭാഗമാണ്. റോഡ് ശൃംഖലയുടെ 18 ശതമാനം ഉൾക്കൊള്ളുന്ന പൊതുമരാമത്ത് വകുപ്പ് റോഡുകളിലൂടെയാണ് വാഹന ഗതാഗതത്തിന്റെ 80 ശതമാനവും കടന്നുപോകുന്നത്. 2018–19ൽ പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) പരിപാലിച്ച റോഡുകളുടെ ആകെ ദൈർഘ്യം 31,812.106 കി.മീ ആണ്. ഇതിൽ 4,341.651 (13.65 ശതമാനം) കി.മീറ്റർ റോഡുകൾ സംസ്ഥാന പാതകളും, 27,470.455 (86.35 ശതമാനം) കി.മീറ്റർ റോഡുകൾ പ്രധാന ജില്ലാ റോഡുകളുമാണ്.

കേരളത്തിലെ റോഡ് സാന്ദ്രത 100 ചതുരശ്ര കിലോമീറ്ററിന് 390 കിലോമീറ്ററാണ്, ഇത് ദേശീയ ശരാശരിയുടെ മൂന്നിരട്ടിയാണ്. സംസ്ഥാന പാതകൾ, പ്രധാന ജില്ലാറോഡുകൾ എന്നിവയിൽ അധിക റോഡുകളൊന്നും ചേർത്തിട്ടില്ല. ജ്യാമിതീയ മെച്ചപ്പെടുത്തൽ, ജംഗ്ഷൻ മെച്ചപ്പെടുത്തൽ, മറ്റ് സാങ്കേതിക തിരുത്തലുകൾ എന്നിവ പരിഹരിക്കുന്നതിന് റോഡ് മെച്ചപ്പെടുത്തലുകൾ, നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി, റീലെയിങ്, നവീകരണം തുടങ്ങിയ ജോലികൾ ഏറ്റെടുക്കേണ്ടത് അത്യാവശ്യമാണ്.

4,341.651 കിലോമീറ്റർ ദൈർഘ്യമുള്ള സംസ്ഥാനപാതകളിൽ 41.26 കിലോമീറ്റർ നാല് പാതകളും 4,256.15 കിലോമീറ്റർ രണ്ട് പാതകളും ബാക്കി 44.24 കിലോമീറ്റർ ഒറ്റവരി പാതകളുമാണ്. 27,470.455 കിലോമീറ്റർ പ്രധാന ജില്ലാ റോഡുകളിൽ 57.93 കിലോമീറ്റർ നാല് പാതകളും, 17,183.24 കിലോമീറ്റർ രണ്ട് വരി പാതകളും, ബാക്കി 10,229.17 കിലോമീറ്റർ ഒറ്റവരിപാതയുമാണ്.

സംസ്ഥാന പാതകളുടെ 4,341.651 കി.മീറ്റർ ആകെ ദൈർഘ്യത്തിൽ, 41.26 കി.മീറ്റർ നാല് വരി പാതകളും 4,256.15 കി.മീറ്റർ റോഡുകൾ ഇരട്ടവരിപ്പാതകളും, 44.24 കി.മീറ്റർ ഒറ്റവരി പാതകളും 57.93 കി.മി. നാല്

**ബോക്സ് 11.1.1** 2019–20 ലെ പൊതുമരാമത്ത് വകുപ്പിന്റെ (റോഡുകളും പാലങ്ങളും) പ്രധാന സംരംഭങ്ങൾ

- 184.68 കിലോമീറ്റർ ബിഎം & ബിസി, 38.47 കിലോമീറ്റർ സാധാരണ പുനർനിർമ്മാണം, 563.154 കിലോമീറ്റർ അഴുക്കുചാൽ എന്നിവ സംസ്ഥാനപാത (വികസനവും മെച്ചപ്പെടുത്തലും) പ്രകാരം പൂർത്തിയായി.
- സംസ്ഥാനപാത (പാലങ്ങളും കലുങ്കുകളും) പ്രകാരം 106 കലുങ്കുകൾ പൂർത്തിയാക്കി.
- 37.16 കിലോമീറ്റർ ദൈർഘ്യമുള്ള സംസ്ഥാനപാത, പ്രധാന ജില്ലാ റോഡുകളിലെ റോഡ് സുരക്ഷാ അടയാളങ്ങളും മെച്ചപ്പെടുത്തലും പൂർത്തിയാക്കി.
- 51.95 കിലോമീറ്റർ ഹിൽ ഹൈവേ പൂർത്തിയാക്കി.
- പ്രധാന ജില്ലാ റോഡുകൾ (വികസനവും മെച്ചപ്പെടുത്തലും) – 1,260.816 കിലോമീറ്റർ ബിഎം & ബിസി, 652.684 കിലോമീറ്റർ സാധാരണ പുനർനിർമ്മാണം 977.048 കിലോമീറ്റർ അഴുക്കുചാൽ നിർമ്മാണം എന്നിവ പൂർത്തിയാക്കി.
- നബാർഡ് സഹായത്തോടെ 79.55 കിലോമീറ്റർ റോഡ് സ്ട്രെച്ചുകൾ, ബിഎം ബിസി ജോലികൾ പൂർത്തിയാക്കി.
- പ്രധാന ജില്ലാ റോഡുകളിൽ (പാലങ്ങളും കലുങ്കുകളും), 806 കൽവർട്ടുകൾ പൂർത്തിയാക്കി.
- 75 കലുങ്കുകളും ഒരു പാലവും നബാർഡിന് കീഴിൽ പൂർത്തിയായി (പാലങ്ങളും കലുങ്കുകളും)
- 194.74 കിലോമീറ്റർ ശബരിമല റോഡ് പണി പൂർത്തിയാക്കി.
- കെഎച്ച്ആർഐ സെന്റർ ഓഫ് എക്സലൻസായി (CoE) ഉയർത്തി.

*അവലംബം : പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും), കേരള സർക്കാർ*

വരി പാതകളും 17,183.24 കി.മീറ്റർ ഇരട്ടവരിപ്പാതകളും ബാക്കിയുള്ള 10,229.17 കി.മീറ്റർ ഒറ്റവരി പാതയുമാണ്. പൊതുമരാമത്ത് വകുപ്പ് പരിപാലിക്കുന്ന 31,812.106 കി.മീറ്റർ ആകെ റോഡ് ദൈർഘ്യത്തിൽ ഏറ്റവും കൂടുതൽ 3,456.214 കി.മീറ്റർ (10.86 ശതമാനം) ദൈർഘ്യം കോട്ടയം ജില്ലയിലും കുറവ് 1,029.314 കി.മീറ്റർ (3.24 ശതമാനം) വയനാട് ജില്ലയിലുമാണ്. പൊതുമരാമത്ത് വകുപ്പ് പരിപാലിക്കുന്ന റോഡ് ദൈർഘ്യം സെപ്റ്റംബർ 30, 2020 വരെയുള്ളത് ജില്ല തിരിച്ച് **അനുബന്ധം 11.1.2** –ൽ കൊടുത്തിരിക്കുന്നു. 2019–20ലെ പൊതുമരാമത്ത് വകുപ്പ്, റോഡുകളും പാലങ്ങളും വിഭാഗത്തിന്റെ പ്രധാന സംരംഭങ്ങൾ **ബോക്സ് 11.1.1** –ൽ കൊടുത്തിരിക്കുന്നു.

## പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം

എല്ലാ രാജ്യങ്ങളിലെയും റോഡുകളുടെയും ഹൈവേ ശൃംഖലകളുടെയും പ്രധാന അടിസ്ഥാന ഘടകങ്ങളാണ് പാലങ്ങൾ. 2018ൽ, നിലവിലുള്ള പാലങ്ങളുടെ പരിപാലനത്തിനും പുതിയ പാലങ്ങളുടെ നിർമ്മാണത്തിനുമായി ഒരു പുതിയ വിഭാഗം ആരംഭിച്ചു. ആകെ 2,716 പാലങ്ങൾ പിഡബ്ല്യുഡി പാലങ്ങൾ വിഭാഗം പരിപാലിക്കുന്നു. അതിൽ 622 പാലങ്ങൾ സംസ്ഥാനപാതകളിലും 1,990 പാലങ്ങൾ പ്രധാന ജില്ലാ റോഡുകളിലും/ മറ്റ് ജില്ലാ റോഡുകളിലും, 104 പാലങ്ങൾ ഗ്രാമീണ റോഡുകളിലും/റെയിൽ മേൽപ്പാലങ്ങൾ എന്നിവിടങ്ങളിൽ പിഡബ്ല്യുഡി പരിപാലിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 11.1.3, 11.1.4, 11.1.5** ൽ നൽകിയിരിക്കുന്നു.

ഏനാത്ത് പാലവുമായി ബന്ധപ്പെട്ട പരിശോധനയ്ക്ക് ശേഷം 162 പാലങ്ങൾ പുനർനിർമിക്കേണ്ടതുണ്ടെന്ന് കണ്ടെത്തി. അതിനുശേഷം 2018, 2019 ലെ അഭൂതപൂർവമായ വെള്ളപ്പൊക്കം കാരണം 208 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമാണെന്ന് കണ്ടെത്തി. ഇതിൽ 62 പാലങ്ങൾക്ക് ഭരണാനുമതി നൽകി, അതിൽ 3 പ്രവൃത്തികൾ പൂർത്തിയായി, മറ്റ് 3 പ്രവൃത്തികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്, 16 പ്രവൃത്തികൾ നടക്കുന്നു, ശേഷിക്കുന്ന ജോലികൾ ടെൻഡർ പ്രക്രിയയ്ക്കായി വിവിധ ഘട്ടങ്ങളിലാണ്. 146 പാലങ്ങൾക്ക് ഭരണാനുമതി ആവശ്യമാണ്. ദേശീയ ജലപാത (എൻ ഡബ്ലിയു ഡബ്ലിയു), സംസ്ഥാന ജലപാത (എസ്ഡബ്ലിയുഡബ്ലിയു) എന്നിവയിലുടനീളമുള്ള 160 പാലങ്ങളിൽ 69 പാലങ്ങൾ (27–ദേശീയ ജലപാത, 42–സംസ്ഥാന ജലപാത) ഉൾനാടൻ ജലഗതാഗതത്തിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് പുനർനിർമ്മാണം ആവശ്യമാണ്. നിലവിൽ 312 പാലങ്ങൾ നിർമ്മാണത്തിലാണ്, അവ (i) 139 ബജറ്റ് ജോലികൾ (ii) 127 കിഫ്ബി പദ്ധതികൾ (iii) 15 നബാർഡ് പദ്ധതികൾ (iv) 8 കാസർഗോഡ് വികസന പദ്ധതികൾ (v) 19 പുനർനിർമാണ പ്രവർത്തനങ്ങൾ (vi) 1 നിക്ഷേപ പ്രവർത്തനവും (vii) 3 എംഎൽഎ എഡിഎഫ് പ്രവർത്തനങ്ങളും നടക്കുന്നു.

2018–19 ലെ പൊതുമരാമത്ത് (റോഡുകളും പാലങ്ങളും) പ്രധാന സംരംഭങ്ങൾ **ബോക്സ് 11.1.2**ൽ നൽകിയിരിക്കുന്നു

നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ) ക്കുവേണ്ടി ദേശീയ പാതകൾ, സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവയുടെ നിർമ്മാണം, പരിപാലനം, നയരൂപീകരണം, ആസൂത്രണം, മാതൃകകൾ തയ്യാറാക്കൽ എന്നിവ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയാണ്. പശ്ചാത്തല വികസന പ്രവർത്തനങ്ങളിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് വളരെയധികം പ്രാധാന്യമുണ്ട്. അതിനാൽ, കാലാനുസൃത ആവശ്യങ്ങൾ നേരിടുന്നതിന് സ്വകാര്യ പങ്കാളിത്തം, ബഹുരാഷ്ട്ര ഫണ്ടിംഗ് ഏജൻസികളായ ജപ്പാൻ അന്താരാഷ്ട്ര സഹകരണ ബാങ്ക് (ജെ.ബി.ഐ.സി), ലോകബാങ്ക്, എ.ഡി.ബി എന്നിവിടങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## ദേശീയ പാതകൾ (എൻഎച്ച്)

റോഡ് ഗതാഗത, ദേശീയപാത മന്ത്രാലയം (മോർത്ത്) കേരളത്തിലെ എൻഎച്ച് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. പ്രധാനമായും കേന്ദ്ര സഹായത്തോടെ നിർമ്മിക്കുന്ന ദേശീയ പാതകളുടെ നിർമ്മാണ ചുമതലയും സംരക്ഷണവും സംസ്ഥാന

**ബോക്സ് 11.1.2** പിഡബ്ല്യുഡിയുടെ (റോഡുകളും പാലങ്ങളും) പ്രധാന സംരംഭങ്ങൾ, 2018–19

- പൊതുമരാമത്ത് വിഭാഗത്തിന്റെ കാര്യക്ഷമത, ഗുണമേന്മ, മാനേജ്മെന്റ് എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സംരംഭങ്ങൾ
- ഡിസൈൻ വിംഗ് വികേന്ദ്രീകരിച്ച് പ്രാദേശിക ഡിസൈൻ ഓഫീസുകൾ രൂപീകരിച്ചു.
- അന്വേഷണ ഗുണനിലവാര വിഭാഗം ശക്തിപ്പെടുത്തി.
- റോഡ് മെയിന്റനൻസ് വിഭാഗത്തിന് പുതിയ യൂണിറ്റ് രൂപീകരിച്ചു
- സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (സിആർആർഐ) സാങ്കേതിക സഹായത്തോടെ 6,000 കിലോമീറ്റർ (സംസ്ഥാന പാതകൾ) റോഡ് പരിപാലനം.
- മാനേജ്മെന്റ് സിസ്റ്റം (ആർഎംഎംഎസ്) നടപ്പാക്കുന്നതിന് ലോകബാങ്ക് ധനസഹായം.

അവലംബം: പൊതുമരാമത്ത് വിഭാഗം (റോഡുകളും പാലങ്ങളും), കേരള സർക്കാർ

പൊതുമരാമത്ത് ദേശിയ പാത വിഭാഗത്തിനാണ്. സംസ്ഥാനത്തെ 11 ദേശീയപാതകളുടെ ആകെ ദൈർഘ്യം 1,781.50 കി. മീറ്ററാണ്. മൊത്തം റോഡ് ദൈർഘ്യത്തിൽ, പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നീളം 1,557.99 കിലോമീറ്ററും എൻഎച്ച്എഐയുടെ നീളം 223.6 കിലോമീറ്ററുമാണ്. സംസ്ഥാന എൻഎച്ച് വിഭാഗം 172.30 കിലോമീറ്റർ 4 വരി പാതയും, 1,333.65 കിലോമീറ്റർ 2 വരി പാതയും 275.6 കിലോമീറ്റർ 2 വരി പാതകൾക്ക് താഴെ ഉള്ളവയെയും പരിപാലിക്കുന്നു. കേരളത്തിൽ 11 ദേശീയപാതകളുണ്ട്. ഗതാഗത യോഗ്യമായ രീതിയിൽ ദേശിയ പാത നിലനിർത്തുന്നതിന് ഭാഗമായി, സംസ്ഥാന പദ്ധതി തുക ഉപയോഗിച്ച് മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ നടത്തുകയും അറ്റകുറ്റപ്പണികൾ സംസ്ഥാന പദ്ധതി അല്ലെങ്കിൽ പദ്ധതി ഇതര തുക ഉപയോഗിച്ച് നടത്തുകയും ചെയ്യുന്നു. ഇതിനുപുറമെ, മോർത്ത് അനുവദിച്ച കേന്ദ്ര റോഡ് ഫണ്ട് ജോലികൾ ആദ്യം സിആർഎഫ് ജോലികൾക്കായുള്ള സംസ്ഥാന പദ്ധതി ശീർഷകത്തിൽ നിന്ന് ചിലവഴിക്കുകയും ശേഷം മോർത്തിൽ നിന്ന് റീഇംബേഴ്സ് ചെയ്യുകയും ചെയ്യുന്നു.

11 ദേശീയ പാതകളിൽ, വാളയാർ – എടപ്പള്ളി എൻഎച്ച് 544 (പഴയ എൻഎച്ച് 47), എൻഎച്ച് 47 ന്റെ എടപ്പള്ളി – അരൂർ സ്ട്രെച്ച് (പുതിയ എൻഎച്ച് 66), വല്ലാർപാടം–കളമശ്ശേരി എൻഎച്ച് 47 സി (പുതിയ എൻഎച്ച് 966 എ) എന്നിവ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻഎച്ച് ഐ) ആണ് നിർമ്മാണ സംരക്ഷണ ചുമതലകൾ നടത്തുന്നത്. ദേശീയ പാതകൾ, ദേശീയ പാതകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നഗര ലിങ്ക് റോഡുകൾ എന്നിവയുടെ പരിപാലനം ദേശീയ പാത വിഭാഗമാണ് കൈകാര്യം ചെയ്യുന്നത്. ദൈനംദിന അറ്റകുറ്റപണികൾ, ദേശീയ പാതകളിലെ ട്രാഫിക് സുരക്ഷാ ജോലികൾ, ജംഗ്ഷനുകൾ മെച്ചപ്പെടുത്തൽ, നഗരത്തിലെ ബൈപാസ് ലിങ്ക് റോഡുകളുടെ നവീകരണം എന്നിവ സംസ്ഥാന ബജറ്റ് സഹായത്തോടെ നടപ്പിലാക്കുന്നു. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് ലഭിക്കുന്ന കേന്ദ്ര റോഡ് ഫണ്ട് വിഹിതം സംസ്ഥാന പാതകൾ, മറ്റ് ജില്ലാ റോഡുകൾ തുടങ്ങിയവയുടെ വികസനത്തിനായി ഉപയോഗിക്കുന്നു. വിശദാംശങ്ങൾ **പട്ടിക 11.1.6 –**ൽ കൊടുത്തിരിക്കുന്നു.

## എൻഎച്ച്–47–കരമന കാളിയാക്കാവിള വീതികൂട്ടൽ

ഒന്നാം ഘട്ടത്തിൽ റീച്ച് I കരമനയിൽ മുതൽ പ്രവാചമ്പലം വരെ 5 കിലോമീറ്റർ ദൂരത്തിന്റെ നിർമ്മാണം പൂർത്തിയായി. ഒന്നാം ഘട്ടം റീച്ച് രണ്ട് ഭൂമി ഏറ്റെടുക്കൽ, അതായത് പ്രവച്ചമ്പലം മുതൽ വഴിമുക്ക് വരെ 6.5 കിലോമീറ്റർ പ്രവൃത്തിക്ക് 364.97 കോടി രൂപ അനുവദിച്ചു, ഇതിന്റെ പണി പുരോഗമിക്കുകയാണ്. നിർമാണത്തിനായി 162.46 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി നൽകി. പ്രവാചമ്പലം മുതൽ ബലരാമപുരം (5 കിലോമീറ്റർ) വരെയുള്ള ജോലികൾ 24 മാസത്തെ നിർമാണ കാലാവധിയോടെ 112.07 കോടി രൂപയ്ക്ക് M/s യുഎൽസിസിഎസ് ലിമിറ്റഡിന് നൽകി. 2020 ഡിസംബർ, 31 ഓടെ ഇത് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ബലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കിലോമീറ്റർ ഭൂമി ഏറ്റെടുക്കൽ നടപടി ഈ വർഷം പൂർത്തിയാകും. രണ്ടാം ഘട്ട പദ്ധതിയുടെ

**പട്ടിക 11.1.6** കേരളത്തിലെ ദേശീയ പാതകൾ (എൻഎച്ച്)

| ക്രമ നമ്പർ | പുതിയ നമ്പർ | പഴയ നമ്പർ | ദേശീയ പാത | | പുതിയ ദേശീയ പാതകൾ (കേരളത്തിൽ കി.മീ.) | |
|---|---|---|---|---|---|---|
| | | | മുതൽ | വരെ | | |
| 1 | 66 | എൻ എച്ച് 17 | തലപ്പാടി | ഇടപ്പള്ളി | 420.77 | 669.43 |
| | | എൻ എച്ച് 47 | ഇടപ്പള്ളി | കളിയിക്കാവിള | 248.66 | |
| 2 | 544 | എൻ.എച്ച് 47 | വാളയാർ | ഇടപ്പള്ളി | 168.14 | |
| 3 | 85 | എൻ.എച്ച് 49 | ബോഡിമെട്ട് | കുണ്ടന്നൂർ | 167.593 | |
| 4 | 744 | എൻ.എച്ച് 208 | കൊല്ലം | കഴുത്തുരുത്തി | 81.280 | |
| 5 | 766 | എൻ എച്ച് 212 | കോഴിക്കോട് | മുത്തങ്ങ കേരള – കർണ്ണാടക അതിർത്തി | 117.600 | |
| 6 | 966 | എൻ.എച്ച് 213 | കോഴിക്കോട് | പാലക്കാട് | 125.300 | |
| 7 | 183 | എൻ.എച്ച് 220 | കൊല്ലം | തേനി (തമിഴ് നാട് അതിർത്തി) | 216.30 | |
| 8 | 966 ബി | എൻ.എച്ച് 47 എ | വെല്ലിംഗ്ടൺ ഐലന്റ് | കുണ്ടന്നൂർ | 5.920 | |
| 9 | 966 എ | എൻ.എച്ച് 47 സി | വല്ലാർപാടം | കളമശ്ശേരി | 17.20 | |
| 10 | 183 എ | | ഭരണിക്കാവ് | പത്തനംതിട്ട (വഴി) വണ്ടിപെരി–യാർ | 116.80 | |
| 11 | 185 | | അടിമാലി | പൈനാവ് (വഴി) കുമിളി | 96.00 | |
| | | | | **ആകെ** | **1,781.50** | |

അവലംബം : പൊതുമരാമത് വകുപ്പ് (ദേശീയ പാതകൾ)

വഴിമുക്ക് മുതൽ കാളിയാക്കാവിള വരെ 17 കിലോമീറ്റർ ദൂരത്തിന്റെ പരിശോധനയും ഡിപിആർ തയ്യാറാക്കലും പുരോഗമിക്കുന്നു.

### കൊല്ലം ആലപ്പുഴ ബൈപ്പാസുകൾ

ദേശീയപാത 47 ലെ കൊല്ലം ആലപ്പുഴ ബൈപ്പാസ്സുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഒരു സംയുക്ത സംരംഭമാണ്. മൊത്തം പദ്ധതി ചെലവായ 700.48 കോടി രൂപയിൽ സംസ്ഥാന വിഹിതമായ 350.24 കോടി രൂപ സംസ്ഥാന സർക്കാരിന്റെ മേജർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്. എൻഎച്ച് 66 (പഴയ എൻഎച്ച് 47) 13 കിലോമീറ്റർ നീളമുള്ള കൊല്ലം ബൈപാസ് 50:50 ശതമാനം ചെലവ് പങ്കിടൽ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെയും ഭാരത സർക്കാരിന്റെയും സാമ്പത്തിക പങ്കാളിത്തത്തോടെയാണ് നിർമ്മിച്ചത്. പ്രസ്തുത പദ്ധതിയിൽ മൂന്ന് പാലങ്ങളും, 7 കി.മീറ്റർ പുതിയ റോഡുകളും, 4 കി.മീറ്റർ നിലവിലുള്ള റോഡുകളുടെ വീതി കൂട്ടലും ഉൾപ്പെടുന്നു. ഇ.പി.സി പദ്ധതിയിൽ മെയ് 27, 2015 ന് ആരംഭിച്ച ബൈപാസിന്റെ നിർമ്മാണം ജനുവരി 15, 2019ന് പൂർത്തിയാക്കി ഉത്ഘാടനം ചെയ്തു. സംസ്ഥാനത്തെ 3 പ്രധാന ദേശീയപാതകളെ തമ്മിൽ എൻഎച്ച് 66, എൻഎച്ച് 183, എൻഎച്ച് 744 ബന്ധിപ്പിച്ച് കടന്നുപോകുന്നു എന്നതാണ് കൊല്ലം ബൈപാസിന്റെ പ്രത്യേകത. 352.05 കോടി രൂപ പുതുക്കിയ ചെലവിൽ കൊല്ലം ബൈപാസിന്റെ നിർമാണം ഇപിസി അടിസ്ഥാനത്തിൽ പൂർത്തിയാക്കി. 6.6 കിലോമീറ്റർ 2 വരി ആലപ്പുഴ ബൈപാസ്, എൻഎച്ച് 66 (പഴയ എൻഎച്ച് 47) ൽ 408/100 കിലോമീറ്റർ മുതൽ 414/900 വരെ ഇപിസി അടിസ്ഥാനത്തിൽ 50:50 ചെലവ് പങ്കിടൽ അടിസ്ഥാനത്തിൽ 348.43 കോടി രൂപയുടെ നിർമ്മാണം കേരള സർക്കാരും ഭാരത സർക്കാരും (മോർത്ത്) അംഗീകരിച്ചു. 274.34 കോടി രൂപയുടെ ഇപിസി പദ്ധതിയുടെ കരാറുകാർ M/s RDS CVOC (JV) ആണ്. 2020 സെപ്റ്റംബറിലെ പ്രവർത്തന നേട്ടം 98.60 ശതമാനമാണ്, 2020 നവംബർ അവസാനത്തോടെ ഇതിന്റെ പണികൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

### തീരദേശ പാത (കോസ്റ്റൽ ഹൈവേ)

തെക്ക് കേരള-തമിഴ്നാട് അതിർത്തിയിലെ കൊല്ലങ്കോടിൽ നിന്ന് ആരംഭിച്ച് കാസർഗോഡ് ജില്ലയിലെ കുഞ്ചത്തൂരിൽ അവസാനിക്കുന്ന നിലവിലെ എൻഎച്ച് 66 ന് സമാന്തരമായി തീരദേശപാത നിർമ്മിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. മൊത്തം 655 കിലോമീറ്റർ ദൈർഘ്യവും 6,500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തീരദേശ ഹൈവേക്ക് ആവശ്യമായ തുക കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) അനുവദിക്കും. തീരദേശപാത കാസർഗോഡ് മഞ്ചേശ്വരം മുതൽ തിരുവനന്തപുരം പൂവ്വാർ വരെ 654 കിലോമീറ്റർ ദൂരം, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിങ്ങനെ 9 ജില്ലകളിലൂടെ കടന്നുപോകുന്നു. പ്രധാന തുറമുഖങ്ങളായ വല്ലാർപ്പാടം, വിഴിഞ്ഞം, കൊല്ലം എന്നിവയുമായി ഇതിനെ ബന്ധിപ്പിക്കുന്നു.

മലപ്പുറം ജില്ലയിലെ പടിഞ്ഞാറെക്കര മുതൽ ഉണ്ണിയാൽ വരെ 15 കിലോമീറ്റർ തീരദേശപാത നിർമാണം പുരോഗമിക്കുകയാണ്, നിലവിൽ 52 ശതമാനം ജോലികൾ പൂർത്തിയായി. മൊഹിയുദ്ദീൻ പള്ളി മുതൽ മലപ്പുറം ജില്ലയിലെ കേട്ടുങ്ങൽ പാലം വരെയുള്ള 3.85 കിലോമീറ്റർ തീരദേശ ദേശീയപാത നിർമാണത്തിന് 26.0 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഭരണാനുമതി ലഭിക്കുന്നതിന് മൂന്ന് പ്രവൃത്തികളുടെ വിശദ പദ്ധതി റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ചു. മറ്റ് 7 റോഡ് സ്ട്രെച്ചുകളുടെ ഡിപിആർ തയ്യാറാക്കി വരുന്നു, 9 പാലങ്ങളുടെ പരിശോധന പൂർത്തിയാക്കി. കുറഞ്ഞത് 14 മീറ്റർ റൈറ്റ് ഓഫ് വേ (ROW) അടിസ്ഥാനമാക്കിയാണ് തീരദേശ ഹൈവേ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്, ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകൾ രൂപീകരിച്ച്, സഹായ സ്റ്റാഫുകളെ തഹസിൽദാർമാർ നിയമിച്ചിട്ടുണ്ട്. തീരദേശ ഹൈവേയുടെ നിലവിലെ സ്ഥിതി **പട്ടിക 11.1.7** –ൽ നൽകിയിരിക്കുന്നു

### മലയോര പാത (ഹിൽ ഹൈവേ)

വടക്ക്-തെക്ക് ഇടനാഴിയുടെ മലയോര പ്രദേശങ്ങളെ ഉൾപ്പെടുത്തി നിലവിലുള്ള ശൃംഖല നവീകരിക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്ത് മലയോര മേഖലയ്ക്ക് ആവശ്യമായ വികസനം എത്തിക്കുവാൻ നിർദ്ദിഷ്ട മലയോര പാത (ഹിൽ ഹൈവേ) വിഭാവനം ചെയ്യുന്നു. ആലപ്പുഴ ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിലൂടെയും മലയോര ഹൈവേ കടന്നുപോകുന്നു. കൂടാതെ, 8 ജില്ലകളിലെ വിവിധ വനമേഖലകളിലൂടെ മലയോര പാത കടന്നുപോകുന്നു. പാതയുടെ വികസനത്തിന് ആവശ്യമായ വനഭൂമി കണ്ടെത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള റോഡ് ഫണ്ട് ബോർഡാണ് നിർവ്വഹിക്കുന്നത്.

ഹിൽ ഹൈവേയുടെ ആകെ നീളം 687.179 കിലോമീറ്ററാണ്, പദ്ധതി വേഗത്തിൽ നടപ്പാക്കുന്നതിന് ഇതിനെ വിവിധ റീച്ചുകളായി ഇതിനെ തിരിച്ചിരിക്കുന്നു. 21 റീച്ചുകളുടെ ഡിപിആർ തയ്യാറാക്കി സാമ്പത്തിക അനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. 21 റീച്ചുകളിൽ; മൊത്തം 1,726.397 കോടി രൂപയുടെ 18 റീച്ചുകൾക്കുള്ള സാമ്പത്തിക അനുമതി കിഫ്ബി നൽകിയിട്ടുണ്ട്. കിഫ്ബി അനുമതി ലഭിച്ച റീച്ചുകളുടെ ആകെ ദൈർഘ്യം 549.413 കിലോമീറ്ററാണ്. ഇതിൽ

**പട്ടിക 11.1.7 തീരദേശ ഹൈവേയുടെ നിലവിലെ സ്ഥിതി**

| ജില്ല | ദൂരം (കി മി) | മേഖല | നിലവിലെ സ്ഥിതി |
|---|---|---|---|
| തിരുവനന്തപുരം | 78.00 | കൊല്ലംകോട്– കാപ്പിൽ പാലം | ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം കിഫ്ബിക്ക് സമർപ്പിച്ചു. ഡ്രോൺ സർവേ പൂർത്തിയാക്കി. ഡിപിആർ തയ്യാറാക്കൽ പുരോഗമിക്കുന്നു. |
| കൊല്ലം | 55.10 | കാപ്പിൽ പാലം – അഴീക്കൽ | പൊഴിക്കരയിൽ നിന്ന് താന്നിയിലേക്കുള്ള കല്ലിടൽ പുരോഗമിക്കുന്നു, ഭൂമി ഏറ്റെടുക്കലിന് റവന്യൂ വകുപ്പിന് അപേക്ഷ സമർപ്പിച്ചു. ബാക്കിയുള്ള സ്ട്രെച്ചുകളുടെ ഡിപിആർ തയ്യാറാക്കി വരുന്നു. |
| ആലപ്പുഴ | 82.10 | വലിയഴീക്കൽ– സൗത്ത് ചെല്ലാനം | സ്ട്രെച്ചുകളുടെ ഡിപിആർ തയ്യാറാക്കൽ പുരോഗമിക്കുന്നു. |
| എറണാകുളം | 49.90 | സൗത്ത് ചെല്ലാനം – മുനമ്പം ബീച്ച് | എറണാകുളം, തൃശ്ശൂർ ജില്ല എന്നീ ജില്ലകളിൽ ഡിപിആർ തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള ടെണ്ടർ പ്രക്രിയ പുരോഗമിക്കുന്നു. |
| തൃശ്ശൂർ | 63.90 | അഴീക്കോട് – ഇടക്കഴിയൂർ | പടിഞ്ഞാറേക്കര മുതൽ ഉനിയാൽ വരെ 15 കിലോമീറ്റർ പണി പുരോഗമിക്കുന്നു. കേട്ടുങ്ങൽ പാലം മുതൽ മൊഹിയുദ്ദീൻ പള്ളി വരെയുള്ള സ്ട്രെച്ചിന്റെ പ്രവർത്തനങ്ങൾ ടെണ്ടറിംഗ് ഘട്ടത്തിലാണ്. |
| മലപ്പുറം | 69.40 | സിങ്കപ്പൂർ പാലസ് ജംങ്ഷൻ – കടലുണ്ടി | |
| കോഴിക്കോട് | 102.45 | കടലുണ്ടി– പൂഴിതല | 22 കിലോമീറ്ററിന്റെ ഡിപിആർ കിഫ്ബിക്ക് സമർപ്പിച്ചു. 8.60 കി.മി അതിർത്തി കല്ലിടൽ നടപടികൾ പുരോഗമിക്കുന്നു. ബാക്കി സ്ഥലങ്ങളുടെ സർവേയും പരിശോധനയും പുരോഗമിക്കുന്നു. |
| കണ്ണൂർ | 72.70 | മാഹി – രാമന്തലി | 34.71 കോടി രൂപയുടെ 4.66 കിലോമീറ്റർ സ്ട്രെച്ചിന് ഭരണാനുമതി നൽകി ലഭിച്ചു, 45.80 കിലോമീറ്ററിന്റെ പരിശോധനാ നടപടികൾ പൂർത്തിയായി. ബാക്കി സ്ട്രെച്ചുകളുടെ പരിശോധനയും എസ്റ്റിമേറ്റ് തയ്യാറാക്കലും പുരോഗമിക്കുന്നു. |
| കാസർഗോഡ് | 80.70 | വലിയപറമ്പ ബീച്ച്– തലപ്പാടി | 24.90 കിലോമീറ്റർ ദൈർഘ്യത്തിന്റെ ഡിപിആർ സമർപ്പിച്ചു. പാലങ്ങൾക്കായുള്ള അന്വേഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| ആകെ | 654.25 | | |

*അവലംബം*: പൊതുമരാമത്ത് വിഭാഗം (ദേശീയ പാത)

11റീച്ചുകളുടെ പണികൾ ആരംഭിച്ചു. പദ്ധതിക്ക് ആവശ്യമായ ഭൂമി ലഭിക്കുന്നതിന് അനുസരിച്ച് മറ്റ് റീച്ചുകളുടെ പണികൾ ഉടൻ ഏറ്റെടുക്കും.

## പിഡബ്ല്യുഡി (റോഡ് പരിപാലനം) വിഭാഗം

ജിഒ (എംഎസ്) നമ്പർ 39/2017/ പിഡബ്ല്യുഡി തിയ്യതി, 29.06.2017 ലെ ഉത്തരവ് പ്രകാരമാണ് റോഡ് പരിപാലനത്തിനായി ചീഫ് എഞ്ചിനീയർ (റോഡ് മെയിന്റനൻസ്) വിഭാഗം സൃഷ്ടിച്ചത്. കൂടാതെ, ഓരോ ജില്ലയ്ക്കും ഏഴ് ഡിവിഷൻ ഓഫീസുകളും പതിനാല് സബ് ഡിവിഷൻ ഓഫീസുകളും ജിഒ (ആർടി) നമ്പർ 1519/2018/ പിഡബ്ല്യുഡി തീയതി, 25.09.2018 പ്രകാരം സ്ഥാപിച്ചു.

ജൂലൈ 2019 മുതൽ 4,000 കിലോമീറ്റർ റോഡിന്റെ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (ആർഎംഎംഎസ്) നടപ്പാക്കുന്നതിന് ആവശ്യമായ വിവര ശേഖരണം റോഡ് മെയിന്റനൻസ് വിഭാഗം നടത്തി വരുന്നു. മെച്ചപ്പെട്ടതും ഉപയോക്തൃ സൗഹൃദവുമായ വെബ് അധിഷ്ഠിത റോഡ് വിവര സംവിധാനം സ്ഥാപിക്കുക എന്നതാണ് ആർഎംഎംഎസിന്റെ മൊത്തത്തിലുള്ള ലക്ഷ്യം. അറ്റകുറ്റപ്പണികൾക്കായി ലഭ്യമായ പരിമിത വിഭവങ്ങളുടെ പരമാവധി ഉപയോഗം, റോഡ് മെയിന്റനൻസ് പ്രവൃത്തിയിൽ ശരിയായ ആസൂത്രണവും വീക്ഷണവും, ശരിയായതും സമയബന്ധിതവുമായ അറ്റകുറ്റപ്പണികൾ വഴി മുഴുവൻ ഗതാഗത ചെലവുകളും കുറയ്ക്കുക എന്നിവയാണ് ആർഎംഎംഎസിന്റെ പ്രധാന ലക്ഷ്യം. പദ്ധതി പൂർത്തീകരണ ലക്ഷ്യം 2020 ഡിസംബറാണ്. എന്നാൽ കോവിഡ് 19 മഹാമാരി കാരണം, സർവേ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കാൻ കഴിഞ്ഞില്ല, മാത്രമല്ല, 2020–21 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഇത് പൂർത്തിയാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

5/7 വർഷത്തേക്ക് കേരളത്തിലെ തെരഞ്ഞെടുത്ത റോഡുകൾക്കായി ഔട്ട്പുട്ട് ഇൻപുട്ട് പെർഫോമൻസ് ബേസ്ഡ് റോഡ് മെയിന്റനൻസ് കരാർ (ഒപിബിആർസി) നടപ്പിലാക്കുന്നതിന് ആവശ്യമായ വിവരശേഖരണവും 2019–2020 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. കെഎസ്ടിപി വഴി ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെയാണ് രണ്ട്

പദ്ധതികളും (ഒപിബിആർസി, ആർഎംഎംഎസ് ) നടപ്പിലാക്കുന്നത്.

സാമ്പത്തിക പ്രാധാന്യം, സാമ്പത്തിക വളർച്ചാ കേന്ദ്രങ്ങളുമായും പ്രധാനപ്പെട്ട ഇടനാഴികളുമായും തന്ത്രപരമായ ബന്ധം, ട്രാഫിക് നിരക്ക്, വാണിജ്യ വാഹനങ്ങളുടെ അളവ്, പൊതുഗതാഗത മാർഗങ്ങൾ, ദുരന്ത നിവാരണ, കാലാവസ്ഥാ പ്രതിരോധശേഷി പ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് കോർ റോഡ് നെറ്റ്‌വർക്കിന്റെ (സിആർഎൻ) മുൻഗണന നിശ്ചയിച്ചുള്ളത്. ജി.ഒ (പി) നം.1/2020/ പൊതുമരാമത്ത്, 7.4.2020 തീയ്യതിയിലെ ഉത്തരവ് പ്രകാരം 7,000 കിലോമീറ്റർ പിഡബ്ല്യുഡി റോഡുകൾ കോർ റോഡ് നെറ്റ്‌വർക്ക് (സിആർഎൻ) ആക്കി വിജ്ഞാപനം പുറപ്പെടുവിച്ചുണ്ട്.

### കേരള സംസ്ഥാന ഗതാഗത പദ്ധതി (കെഎസ്ടിപി)

ലോകബാങ്ക് സഹായത്തോടെ ജൂൺ 13, 2013 ന്, 2,403 കോടി രൂപ (US $445 മില്യൺ) ചെലവിൽ ആരംഭിച്ച പദ്ധതിയാണ് കേരള സംസ്ഥാന ഗതാഗത പദ്ധതി–II. ജൂൺ 19, 2013 ന് ഒപ്പുവെച്ച വായ്പാ ഉടമ്പടി 2013 സെപ്റ്റംബർ മാസം നിലവിൽ വന്നു. വായ്പാ കാലാവധി 2019 ഏപ്രിൽ മാസം വരെയാണെങ്കിലും, 2021, ഏപ്രിൽ വരെ ഇത് ദീർഘിപ്പിച്ചു. പ്രസ്തുത പദ്ധതിയുടെ 56 ശതമാനം (ലോകബാങ്ക്), 44 ശതമാനം കേരള സർക്കാരിന്റെ അർഹമായ ഇനങ്ങളിൽ (ഭൂമി ഏറ്റെടുക്കൽ പ്രവർത്തന ചെലവ് ഒഴികെ) എന്ന അനുപാതത്തിലാണ്.

മെച്ചപ്പെട്ട റോഡ് സുരക്ഷാ വ്യവസ്ഥകളോടെ നിലവാരം ഉയർത്തി 363 കിലോമീറ്റർ റോഡ്, സഞ്ചാര യോഗ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മൂന്ന് പ്രധാന ഘടകങ്ങളാണ് ഈ പദ്ധതിയ്ക്കുള്ളത്. 1) 363 കി.മീറ്റർ റോഡ് നിലവാരം ഉയർത്തൽ 2) റോഡ് സുരക്ഷാ മേൽനോട്ടം 3) വകുപ്പുതല സ്ഥാപന ശാക്തീകരണം എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. എട്ട് ജില്ലകളിലെ 87 ഗ്രാമങ്ങളിലൂടെ നവീകരണത്തിന് തെരഞ്ഞെടുത്ത റോഡുകൾ കടന്നുപോകുന്നു. 80 കി.മീറ്റർ വരുന്ന സുരക്ഷാ ഇടനാഴി നിർമ്മാണം, റോഡ് സുരക്ഷാ അതോറിറ്റി, പിഡബ്ല്യൂഡി റോഡ് സുരക്ഷാ സെൽ എന്നിവയുടെ ശാക്തീകരണം, പൊതുജന പങ്കാളിത്തത്തോടെ റോഡ് ആസ്തികളുടെ നടത്തിപ്പ്, പൊതു വിവര സംവിധാനത്തിന്റെയും പിഡബ്ല്യൂഡി പരാതി പരിഹാര സെല്ലിന്റെയും ശക്തിപ്പെടുത്തൽ, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പരീക്ഷണ അടിസ്ഥാനത്തിൽ റോഡ് നവീകരണ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിലെ വിവിധ നവീന ഘടകങ്ങളാണ്.

ഈപദ്ധതിയിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വിശദാംശങ്ങൾ **പട്ടിക 11.1.8** –ൽ കൊടുത്തിരിക്കുന്നു.

### ചലഞ്ച് ഫണ്ട് പരിപാടി

കെഎസ്ടിപി –2 അനുസരിച്ച് ലോക ബാങ്ക് പ്രോജക്ട് അപ്രൈസൽ ഡോക്യുമെന്റ് (പിഎഡി) ഘടകം ബി– റോഡ് സുരക്ഷാ മാനേജ്മെന്റിന് കീഴിലാണ് ചലഞ്ച് ഫണ്ട് വരുന്നത്. പ്രാദേശിക പങ്കാളിത്തത്തിലൂടെ സംസ്ഥാനത്തുടനീളം അഞ്ച് “സുരക്ഷിത ഇടനാഴികൾ/ മേഖലകൾ” കൂടി വികസിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. പ്രാദേശിക റോഡ് ഉപയോക്തൃ സ്റ്റേക്ക്ഹോൾഡർ ഗ്രൂപ്പുകൾ, ഡിആർഎസ്സി, കെആർഎസ്എ, പിഡബ്ല്യുഡി, കെഎസ്ടിപി എന്നിവരുടെ സഹകരണത്തോടെ നൂതന റോഡ് സുരക്ഷാ നിർദേശങ്ങൾ ആവിഷ്കരിക്കാനാണ് ചലഞ്ച് ഫണ്ട് ഉദ്ദേശിക്കുന്നത്. ഉയർന്ന അപകട സാധ്യതയുള്ള റോഡ് ഉപയോക്താക്കളെ (കാൽനടയാത്രക്കാർ, സൈക്കിൾ സവാരിക്കാർ, മോട്ടോർ സൈക്കിൾ യാത്രികർ) അഭിസംബോധന ചെയ്യാനും അപകട സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തുന്നതിനും ചലഞ്ച് ഫണ്ടിന് ലക്ഷ്യമുണ്ട്. അപകട ചരിത്രം, സമീപനത്തിലെ പുതുമ, പ്രാദേശിക പങ്കാളിത്തം, പ്രതിബദ്ധത എന്നിവയാണ് ഫണ്ടിന്റെ വിലയിരുത്തൽ മാനദണ്ഡം.

### കേരള പുനർനിർമ്മാണ സംരംഭം (ജർമ്മൻ ബാങ്ക്/ ലോകബാങ്ക് സഹായം)

29.5.2020 ലെ ജിഒ (ആർറ്റി.) നമ്പർ 235/2020/ പി & ഇഎ പ്രകാരം, കേരള പുനർനിർമ്മാണ സംരംഭത്തിന് (ആർകെഐ) കീഴിൽ 3,346.09 കോടി രൂപയുടെ റോഡ് പുനർനിർമ്മാണ പ്രവർത്തനങ്ങക്ക് ഭരണാനുമതി നൽകി. ഇതിൽ ലോകബാങ്ക് സഹായം 1,200.0 കോടി രൂപയും കെഎഫ്ഡബ്ല്യു വായ്പ (ജർമ്മൻ ബാങ്ക്) സഹായം 1,800.0 കോടി രൂപയുമാണ്. വികസന നയ വായ്പ പ്രകാരം ലോക ബാങ്ക് 100 ശതമാനം സഹായം നൽകും. എന്നാൽ കെഎഫ്ഡബ്ല്യു വായ്പ സഹായം 70 ശതമാനവും ബാക്കി തുക സംസ്ഥാന വിഹിതവുമാണ്.

കേരള പുനർനിർമ്മാണ സംരംഭത്തിന്റെ (ആർകെഐ) ഭാഗമായി, 2018 ൽ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും തകർന്ന റോഡുകൾ പുനർനിർമ്മിച്ച്/പുനസ്ഥാപിച്ച് ഗതാഗത യോഗ്യമാക്കുന്നതിന് കെഎസ്ടിപി പദ്ധതികൾ ഏറ്റെടുത്തു. ഇതിനായി 62 റോഡുകൾ (1,600 കിലോമീറ്റർ) പിഡബ്ല്യുഡി റോഡ് വിഭാഗം നിർദ്ദേശിച്ചു. ഇതിന് 2,807 കോടി രൂപ പ്രാഥമിക ചെലവ് കണക്കാക്കി. അടിസ്ഥാന സൗകര്യങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാക്കിയതിന്റെ ആഘാതവും പ്രതീക്ഷിത സാമൂഹിക–സാമ്പത്തിക വളർച്ചാ ഘടകങ്ങളും അടിസ്ഥാനമാക്കി 62 റോഡുകൾ 59

**പട്ടിക 11.1.8** സംസ്ഥാന ധനസഹായത്തോടെ പൂർത്തിയാക്കിയതും നടന്നുവരുന്നതുമായ പദ്ധതികൾ, 2019–20 (തുക കോടിയിൽ)

| ക്രമ നമ്പർ | റോഡുകളുടെ പേര് | പുതുക്കിയ കരാർ തുക | സാമ്പത്തിക പുരോഗതി 5/2020 വരെ | ഭൗതികനേട്ടം (ശതമാനം) | പരാമർശം |
|---|---|---|---|---|---|
| 1 | യു ജി–1 കാസർഗോഡ് –കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ) | 114.00 | 122.85 | 100 | പൂർത്തീകരിച്ചു |
| 2 | യു ജി–2 പിലാത്തറ – പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ) | 102.00 | 101.62 | 100 | പൂർത്തീകരിച്ചു |
| 3 | യു ജി–3 എതലശ്ശേരി – കളറോഡ് (28.80 കി.മീ പുതുക്കിയത്) | 156.00 | 104.81 | 63.74 | പുന: ക്രമീകരിച്ചു. 2020 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 4 | യു ജി 3ബി കളറോഡ്– വളവുപാറ റോഡ് (25.20 കി.മീ പുതുക്കിയത്) | 200.00 | 191.46 | 86.49 | പുന: ക്രമീകരിച്ച പണികൾ പുരോഗമിക്കുന്നു. ഇരിട്ടി പാലത്തിന്റെ നിർമ്മാണം 2020 ഡിസംബറിലും കൂട്ടുപുഴയുടേത് 30.4.2021ലും തീരുമെന്ന് പ്രതീക്ഷിക്കുന്നു |
| 5 | യു ജി–4 ചെങ്ങന്നൂർ – എറ്റുമാനൂർ റോഡ് (45.40 കി.മീ) | 288.00 | 278.35 | 100 | പൂർത്തീകരിച്ചു |
| 6 | യു ജി–4എ തിരുവല്ല ബൈപാസ് (2.3 കി.മീ) | 37.03 | 16.55 | 51.12 | പുന: ക്രമീകരിച്ച പണികൾ പുരോഗമിക്കുന്നു.2020 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 7 | യു ജി–4 ബി തിരുവല്ല ടൗൺ (1.9 കി.മീ) | 7.77 | 4.83 | 98 | പൂർത്തീകരിച്ചു |
| 8 | യു ജി–5 ഏറ്റുമാനൂർ – മൂവാറ്റുപുഴ റോഡ് (40.96 കി.മീ) | 159.00 | 164.71 | 100 | പൂർത്തീകരിച്ചു |
| 9 | യു ജി–6 പൊൻകുന്നം – തൊടുപുഴ റോഡ് (50 കി.മീ) | 270.00 | 223.25 | 100 | പൂർത്തീകരിച്ചു |
| 10 | യു ജി–7 പെരുമ്പിലാവ് – പെരുന്തൽമണ്ണ റോഡ് (41 കി.മീറ്റർ) | 8.11 | 7.58 | 100 | പൂർത്തീകരിച്ചു |
| 11 | കഴക്കൂട്ടം–അടൂർ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട് | 146.67 | 122.51 | 100 | പൂർത്തീകരിച്ചു |

*അവലംബം:കെ.എസ്.ടി.പി*

**പട്ടിക 11.1.9** ചലഞ്ച് ഫണ്ടിനു കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ, തുക കോടിയിൽ

| ക്രമ. നം | ഡിആർഎസ്സിയിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ | പ്രോജക്റ്റ് ഇടനാഴി | ഇടനാഴിയുടെ നീളം | പ്രതീക്ഷിത ചെലവ് | സ്ഥിതി |
|---|---|---|---|---|---|
| 1 | കോഴിക്കോട് | പവങ്ങാട്– കോരപ്പുഴ (സിവിൽ വർക്ക് അനുവധിച്ചത്) | 5.5 km | 10.00 | ജോലി പുരോഗമിക്കുന്നു |
| 2 | തിരുവനന്തപുരം | മെഡിക്കൽ കോളേജ്–കണ്ണമൂല–പേട്ട | 5.0 km | 7.50 | പ്രവൃത്തിക്ക് ടെൻഡറിങ് നൽകി |
| 3 | കൊല്ലം | കോട്ടിയം– കുണ്ടറ പിഡബ്ല്യുഡി റോഡ് | 11.6 km | 5.00 | പ്രവൃത്തിക്ക് ടെൻഡറിങ് നൽകി |
| 4 | എറണാകുളം | വൈപിൻ–മുനമ്പം (ഇ–യാത്രാ പദ്ധതി) | 25 km | 10.02 | പ്രവൃത്തിക്ക് ടെൻഡറിങ് നൽകി |
| | | ആകെ | 47.1 കി.മി | 43.52 | |

*അവലംബം: കെഎസ്ടിപി*

ആയി കുറച്ചു. തിരഞ്ഞെടുത്ത മുഴുവൻ റോഡുകളുടെയും ഡിപിആർ ഏകദേശം തയ്യാറായിക്കഴിഞ്ഞു, കരാർ ജോലികൾ ക്രമീകരിക്കുന്നതിനുള്ള ലേല നടപടികൾ ആരംഭിച്ചു. ലോകബാങ്ക് ധനസഹായം നൽകുന്ന പദ്ധതികൾ ഇപിസി മോഡിൽ ക്രമീകരിക്കാനും ജർമ്മൻ ബാങ്ക് ധനസഹായം നൽകുന്ന പദ്ധതികൾ ഐറ്റം റേറ്റ് കോൺട്രാക്ട് അനുസരിച്ച് ക്രമപ്പെടുത്താനും ഉദ്ദേശിക്കുന്നു.

### കേരള റോഡ് ഫണ്ട് ബോർഡ് (കെആർഎഫ്ബി)

കേരള റോഡ് ഫണ്ട് നിയമം 2001 പ്രകാരം നിലവിൽ വന്ന ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ് കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി). പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നഗര റോഡ് മെച്ചപ്പെടുത്തൽ പദ്ധതി നടപ്പിലാക്കുന്നത് കേരളാ റോഡ് ഫണ്ട് ബോർഡാണ്. ഈ പദ്ധതി പ്രകാരം പൊതു സ്വകാര്യ പങ്കാളിത്ത (അന്വറ്റി) പദ്ധതിയിലൂടെ തലസ്ഥാന നഗരത്തിലെ 42.069 കി.മീറ്റർ റോഡുകൾ, നിർമ്മാണ ശേഷമുള്ള 15 വർഷത്തെ അറ്റകുറ്റപണികളിലൂടെ ദൃഢപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയവയാണ്. ഇത് അന്വറ്റി പേയ്മെന്റ് മോഡിൽ സംരക്ഷിച്ചു വരുന്നു. പ്രതി വർഷം 35.498 കോടി രൂപയാണ് ആന്വിറ്റി തുക.

### കോഴിക്കോട് സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി (സിആർഐപി)

**ഘട്ടം I (എ)**

മൊത്തം 211.00 കോടി രൂപ ചെലവിൽ 6 ഇടനാഴികൾ ഉൾപ്പെട്ട 22.251 കിലോമീറ്റർ റോഡ് വികസിപ്പിക്കുന്ന കോഴിക്കോട് സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി ഒന്നാം ഘട്ടം (എ) പ്രകാരം കെആർഎഫ്ബി പൂർത്തിയാക്കി. ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓപ്പറേറ്റ് & ട്രാൻസ്ഫർ (ഡിബിഎഫ്ഒടി) ആന്വിറ്റി മോഡിലാണ് പദ്ധതി ഏറ്റെടുത്തത്. 2016 ജനുവരി 5 ന് പണി ആരംഭിച്ചു, നിശ്ചിത പൂർത്തീകരണ കാലയളവിന് (എസ്സിസിഡി) മുമ്പായി ഡിസംബർ 15, 2017 നകം കരാറുകാർ മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കി, ആന്വിറ്റി തുക ഓരോ വർഷവും 46.22 കോടി രൂപയാണ്

**ഘട്ടം I (ബി)**

ഘട്ടം –1 (എ) കോഴിക്കോട് സിആർഐപിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൊത്തം ഏഴ് ഇടനാഴികളിൽ ഒന്നാണ് കോഴിക്കോട് സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി ഘട്ടം 1 (ബി) – മാനാഞ്ചിറ – വെള്ളിമാട്കുന്ന് റോഡ്. ഭൂമി ഏറ്റെടുക്കൽ ജോലികൾ പൂർത്തിയാകാത്തതിനാൽ, ഘട്ടം 1 (എ) അനുസരിച്ച് പദ്ധതി ഏറ്റെടുക്കാൻ കഴിഞ്ഞില്ല. ഭൂമി ഏറ്റെടുക്കലിനായി അനുവദിച്ച മൊത്തം തുക 344.50 കോടി രൂപയാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

തുടർന്ന്, 29.24 കിലോമീറ്റർ ദൈർഘ്യമുള്ള 10 റോഡുകൾ ഉൾപ്പെട്ട കോഴിക്കോട് സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി ഘട്ടം II കെആർഎഫ്ബി ആരംഭിച്ചു. ഇപ്പോൾ പദ്ധതി ഡിപിആർ തയ്യാറാക്കൽ ഘട്ടത്തിലാണ്.

### കണ്ണൂർ സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി

ഏറ്റെടുക്കൽ ചെലവ് ഒഴികെ 401.467 കോടി രൂപ ചെലവിൽ 11 ഇടനാഴികൾ ഉൾപ്പെടുന്ന 44.065 കിലോമീറ്റർ ദൂരം ഡിബിഎഫ്ഒടി –ആന്വിറ്റി മോഡിൽ കെആർഎഫ്ബി മുൻകൈയെടുത്ത് നിർമ്മിക്കുന്ന പദ്ധതിയാണ് കണ്ണൂർ സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി. കണ്ണൂർ സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി ഡി.ബി.എഫ്.ഒ.ടി–ആന്വിറ്റി മോഡ് നടപ്പാക്കുന്നതിന് 26 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ 337.648 കോടി രൂപ അനുവദിച്ചു. 2019 –ൽ പ്രത്യേക ലാൻഡ് അക്വിസിഷൻ (എൽഎ) യൂണിറ്റ് രൂപീകരിക്കുന്നതിന് സർക്കാർ അനുമതി നൽകി. സി 1, സി 3, സി 8, സി 12 എന്നീ 4 ഇടനാഴികൾക്കായി 14.5 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചു.

### മറ്റ് സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതികൾ

ആലപ്പുഴ സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി ഘട്ടം 1 ഉം (ബി) (മുപ്പാളം ജംഗ്ഷൻ മെച്ചപ്പെടുത്തൽ) ഘട്ടം II ഉം, തൃശ്ശൂർ സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി, കൊല്ലം സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി, കോട്ടയം സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി, മലപ്പുറം സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതി, എന്നിവയാണ് കെആർഎഫ്ബി ആരംഭിച്ച മറ്റ് പദ്ധതികൾ. ഇവ കൂടാതെ മറ്റ് 6 പട്ടണങ്ങളിലെ സിറ്റി റോഡ് മെച്ചപ്പെടുത്തൽ പദ്ധതികളും (അതായത് 1, 2, 3, 4, 5, 6) ഏറ്റെടുത്തിട്ടുണ്ട്.

സാധാരണ പൊതു സ്വകാര്യ മേഖല (പിപിപി) പ്രവർത്തനങ്ങൾക്ക് പുറമേ, പൊതുമരാമത്ത് പദ്ധതികളുടെ ധനസഹായത്തിലും കെആർഎഫ്ബി ഏർപ്പെട്ടിരിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുന്നതിന് സസ്റ്റൈനബിൾ ആൻഡ് പ്ലാൻഡ് എഫേർട്ട് ടു എൻഷ്വർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് (സ്പീഡ്) കേരള പദ്ധതിയിൽ 4 പദ്ധതികൾക്കും ഡിസ്ട്രിക് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട് (ഡിഎഫ്ഐപി) പ്രവർത്തനങ്ങൾക്ക് കീഴിൽ 5 പദ്ധതികൾക്കും കെആർഎഫ്ബി ധനസഹായം നൽകുന്നു. കിഫ്ബി നിയമ ഭേദഗതികൾക്ക് ശേഷം, കിഫ്ബി ധനസഹായമുള്ള പ്രോജക്ടുകളുടെ എസ്പിവി ആയി കെആർഎഫ്ബി യെ ചുമതലപ്പെടുത്തി.

## റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരളാ ലിമിറ്റഡ് (റിക്)

1956 ലെ ഇന്ത്യൻ കമ്പനി നിയമമനുസരിച്ച് രൂപം കൊണ്ട കേരളാ റോഡ് ഫണ്ട് ബോർഡിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആണ് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്. തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവിടങ്ങളിൽ സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി (എസ്.ആർ.ഐ.പി) പ്രകാരം റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു. ഈ പദ്ധതി രണ്ട പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത്. വാർഷിക തവണ വ്യവസ്ഥയിൽ പുനരധിവാസ പാക്കേജും, വിവിധ ഫണ്ടിങ്ങ് ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കുന്ന മെച്ചപ്പെടുത്തൽ പാക്കേജ് എന്നിവയാണ് ഈ രണ്ട് പാക്കേജുകൾ. പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി 83 കി.മീറ്റർ റോഡുകൾ, എ &ബി എന്നീ രണ്ട് പക്കേജുകളിലായി തിരുവനന്തപുരം, കോട്ടയം, കാസർഗോഡ് ജില്ലകളിൽ 209.91 കോടി രൂപാ ചെലവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സെമി അന്വറ്റി മോഡിൽ ഏറ്റവും താഴ്ന്ന ലേല പാക്കേജുകളായ പാക്കേജ് എ (പരിഷ്ക്കരിച്ചത്) യഥാക്രമം 10.73 കോടി രൂപ, പാക്കേജ് ബി 18.70 കോടി രൂപ എന്നീ നിരക്കുകൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ജോലികൾ പൂർത്തിയാക്കുന്ന മുറക്ക് കരാറുകാർക്ക് 5 തവണകളായി പാക്കേജ് എയ്ക്ക് (പരിഷ്ക്കരിച്ചത്) യഥാക്രമം 14.9 കോടി രൂപയും പാക്കേജ് ബിയ്ക്ക് 21.5 കോടി രൂപയും ഗ്രാന്റായി നൽകണം. റിക്കിന്റെ 2019-120ലെ പ്രധാന പ്രവർത്തനങ്ങൾ **ബോക്സ് 11.1.3**-ൽ കൊടുത്തിരിക്കുന്നു.

## റോഡ് മേഖലയിലെ ഗവേഷണവും വികസനവും

റോഡ് സംവിധാനം നവീകരിക്കുന്നതിലെ വെല്ലുവിളികൾ നേരിടുന്നതിന് നൂതന മാതൃകകളും സാങ്കേതികത്വവും വികസിപ്പിക്കുന്നതിൽ ഗവേഷണ-വികസന പ്രവർത്തനങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നു. ചെലവ് കുറഞ്ഞ സാങ്കേതികവിദ്യ ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുമ്പോൾ രൂപകൽപ്പന, ഗവേഷണം, സൂക്ഷ്മ പരിശോധന, ഗുണ നിയന്ത്രണം എന്നിവ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ ബോർഡ് (ഡ്രിക്ക് ബോർഡ്), കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്ക്) എന്നീ സ്ഥാപനങ്ങൾ നിലവിൽ റോഡ് ഗവേഷണ വികസന മേഖലയിൽ പ്രവർത്തിച്ച് വരുന്നു.

### 1.പിഡബ്ല്യുഡി (ഡിസൈൻ വിഭാഗം)

പാലങ്ങൾ, കെട്ടിടങ്ങൾ, റോഡുകളുടെയും പാലങ്ങളുടെയും ഡിപിആർ തയ്യാറാക്കൽ, പിഡബ്ല്യുഡി പദ്ധതികളുടെ ഗുണനിലവാര നിയന്ത്രണം, പിഡബ്ല്യുഡി ജീവനക്കാർക്ക് ഗവേഷണം, നൂതന പരിശീലന സൗകര്യം എന്നിവയാണ് ഡിസൈൻ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. 2019-20 -ൽ ഏകദേശം 20,000 കോടി രൂപയുടെ 134 പാലങ്ങളുടെ രൂപകൽപ്പന പൂർത്തിയാക്കി. ആലപ്പുഴ, കോട്ടയം ജില്ലകളിലെ ആലപ്പുഴ- ചങ്ങനാശ്ശേരി റോഡ് നവീകരണ ജോലികളുടെ രൂപകൽപ്പന പൂർത്തിയാക്കി.

**ബോക്സ് 11.1.3** 2019-20 ലെ റിക്കിന്റെ പ്രധാന പ്രവർത്തനങ്ങൾ

1. **(എ) പാക്കേജ് എ- സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി**
   പാക്കേജ് എ-യിൽ രണ്ടു റോഡുകളുടെ നിർമ്മാണം - ഉപ്പള-കാണിയാന റോഡ് (9.4 കി.മീ) വിദ്യാനഗർ-സീതങ്കോളി റോഡ് (15.6 കി.മീ), 81 കോടി രൂപാ ചെലവിൽ 1 വർഷ നിർമ്മാണ കാലാവധിയും, 14 വർഷ അറ്റകുറ്റ പണി കാലാവധിയും ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. 2019-20 മുതൽ, പദ്ധതി പ്രവർത്തന, പരിപാലന കാലയളവിലാണ്, കൂടാതെ കരാറുകാർക്ക് 21.46 കോടി രൂപ ആന്വിറ്റിയായി നൽകി.

2. **(ബി) പാക്കേജ് ബിയിലെ സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി.**
   പാക്കേജ് ബി-യിൽ 2016 ആഗസ്റ്റിൽ ആരംഭിച്ച രണ്ട് റോഡുകളുടെ നിർമ്മാണം - കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവിള റോഡ് (36.10 കി.മീ), വെള്ളനാട്-ആര്യനാട്-ചെറ്റച്ചൽ റോഡ് (21.90 കി.മീ), ആകെ പദ്ധതി തുക 128.91 കോടി രൂപ. രണ്ട് വർഷ നിർമ്മാണ കാലാവധിയും, 13 വർഷ അററകുറ്റപണി കാലയളവുമാണ്. 2019-20 മുതൽ, പദ്ധതി പ്രവർത്തന, പരിപാലന കാലയളവിലാണ്, കൂടാതെ കരാറുകാർക്ക് 37.4 കോടി രൂപ ആന്വിറ്റിയായി നൽകി.

3. **സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പരിപാടിയിലെ പുതിയ പദ്ധതികൾ**
   കരമന-വെള്ളറട റോഡ്- ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരുന്നു.

*അവലംബം: റിക്ക്*

## 2. കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെഎച്ച്ആർഐ)

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന ജോലികളുടെ ഗുണ നിലവാര നിയന്ത്രണം നടത്തുന്ന മേഖലാ ഓഫീസാണ് കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. പത്തനംതിട്ട, ആലപ്പുഴ, കൊല്ലം സബ് ഡിവിഷനുകൾ കെ.എച്ച്. ആർ.ഐ യുടെ പരിധിയിൽപ്പെടുന്നു.

പ്രധാന മേഖലകൾക്ക് മുൻഗണന നൽകി കാര്യ വിചാരക നേതൃത്വം, തന്ത്രപരമായ ഉപദേശവും പ്രശ്ന പരിഹാര മാർഗ്ഗങ്ങളും നൽകിക്കൊണ്ട് കേരളത്തിലെ റോഡ് മേഖലയെ മാറ്റത്തിന് വിധേയമാക്കുന്ന ഉപദേശക സമിതി/ബുദ്ധി കേന്ദ്രമായി പ്രവർത്തിക്കുവാൻ ജിഒ (എംഎസ് ) നമ്പർ 53/2020/പിഡബ്ല്യുഡി, 11.6.2020 തീയതിയിലെ ഉത്തരവ് പ്രകാരം കെഎച്ച്ആർഐയെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തി. തെരഞ്ഞെടുത്ത അഞ്ച് മേഖലകളിൽ അതായത് രൂപകൽപ്പന/നിർമ്മാണ രീതികളിലെ പുതുമ, റോഡ് അസറ്റ് മാനേജുമെന്റ്, റോഡ് സുരക്ഷാ മാനേജ്മെന്റ്, ഗുണ നിലവാര ഉറപ്പ്, കരാർ മാനേജ്മെന്റ്, തദ്ദേശീയ ഗവേഷണ വികസന പ്രോത്സാഹനം എന്നിവയിൽ കേരളത്തിലെ റോഡ് ശൃഖലയെ മാറ്റത്തിന് വിധേയമാക്കുന്ന ഉപദേശക സമിതി/ബുദ്ധി കേന്ദ്രമായി പ്രവർത്തിക്കാൻ ഇത് നിർദ്ദേശിക്കുന്നു.

## 3. നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്ക്)

ഗതാഗതവും, ഗതാഗത അനുബന്ധ മേഖലകളിലെ ഗവേഷണ, വികസന വിപുലീകരണ പ്രവർത്തനങ്ങളുമാണ് സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റിൽ (കെ.എസ്.സി.എസ്.ടി.ഇ) ഉൾപ്പെടുന്ന നാറ്റ്പാക്കിന്റെ ലക്ഷ്യം. ഗതാഗത ആസൂത്രണവും റോഡ് സുരക്ഷയും, പ്രദേശിക ഗതാഗതം, ഹൈവേ ആസൂത്രണവും വികസനവും, ട്രാഫിക് മാനേജ്മെന്റ്, ജല ഗതാഗതം കൂടാതെ വിവിധ പ്രായോജകർക്ക് പ്രവർത്തന മേഖലകൾക്കുള്ളിൽ നിന്നുകൊണ്ട് ഉപദേശങ്ങൾ നല്കൽ എന്നിവയാണ് നാറ്റ്പാക്കിന്റെ ചുമതലകൾ.

ഗതാഗതവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വകുപ്പുകൾ, ഏജൻസികൾ, മന്ത്രാലയങ്ങൾ തുടങ്ങി വിവിധ തലങ്ങളിലുള്ള സർക്കാർ സംവിധാനങ്ങൾക്ക് നാറ്റ്പാക് സാങ്കേതിക സേവനങ്ങളും ഉപദേശങ്ങളും നൽകുന്നു. റോഡ് സുരക്ഷ, ട്രാഫിക് എഞ്ചിനീയറിംഗ്, പാരിസ്ഥിതിക പ്രശ്നങ്ങൾ, നയങ്ങളും പരിപാടികളും, നഗര ഗതാഗതം, പൊതുഗതാഗത പ്രശ്നങ്ങൾ, ടൂറിസം, ഉൾനാടൻ ജലഗതാഗതം തുടങ്ങിയ വിവിധ കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു. നാറ്റ്പാക്കിന്റെ ചില പ്രധാന സേവനങ്ങൾ ചുവടെ ചേർക്കുന്നു:

i. സംസ്ഥാനത്തെ അപകട ബ്ലാക്ക്-സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണന നൽകലും.
ii. ട്രാഫിക്കും സിഗ്നൽ സംവിധാനവും മെച്ചപ്പെടുത്തി റോഡ് സുരക്ഷ വർദ്ധിപ്പിക്കൽ - പ്രദർശനവും നടപ്പിലാക്കലും.
iii. മോഡൽ റോഡ് സുരക്ഷാ ഇടനാഴി രൂപകൽപ്പന.
iv. വ്യത്യസ്ഥ പൊതുഗതാഗത, ചരക്ക് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വില സൂചികകളുടെ ആനുകാലിക അപ്ഡേറ്റ്.
v. പ്രധാന അപകട സ്ഥലങ്ങൾ, അപകട കാരണം, ലഘൂകരണ നടപടികൾ എന്നിവ സംബന്ധിച്ച വിശകലനവും അന്വേഷണവും.

## റോഡ് ഗതാഗതം

സംസ്ഥാനത്തെ റോഡ് ഗതാഗത മേഖലയിലെ പ്രവർത്തനങ്ങൾ കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (കെഎസ്ആർടിസി)യും മോട്ടോർ വാഹന വകുപ്പും (എംവിഡി)യും നിയന്ത്രിക്കുന്നു. പൊതുജനങ്ങൾക്ക് അവശ്യവും ലാഭകരവുമായ ഗതാഗത സേവനം കെഎസ്ആർടിസി നൽകുന്നു. റോഡ് സുരക്ഷയും സുതാര്യതയും ഉറപ്പുവരുത്താനും മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും ഫലപ്രദമായി നടപ്പാക്കാനും, നികുതി വരുമാന ശേഖരം വർദ്ധിപ്പിക്കാനും മോട്ടോർ വാഹന വകുപ്പ് വിഭാവനം ചെയ്യുന്നു.

കേരളത്തിൽ, റോഡ് ഗതാഗത വ്യവസായത്തിന്റെ മേൽക്കോയ്മ സ്വകാര്യ സേവകർക്കാണ്. റോഡ് മുഖേനയുള്ള ചരക്ക് ഗതാഗതം പൂർണ്ണമായും സ്വകാര്യ മേഖലയുടെ നിയന്ത്രണത്തിലാണ്.

2019-20, 2020-21 വാർഷിക പദ്ധതിയിൽ റോഡ് ഗതാഗത മേഖലയുടെ വകുപ്പ് തിരിച്ചുള്ള വിഹിതവും ചെലവും **പട്ടിക 11.1.10 -**ൽ നൽകിയിരിക്കുന്നു

## മോട്ടോർ വാഹന വകുപ്പ്

കേരളത്തിൽ 2020 മാർച്ച് മാസം വരെ 141.84 ലക്ഷം മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ രണ്ടു ദശകങ്ങളിൽ മോട്ടോർ വാഹനങ്ങളുടെ

**പട്ടിക 11.1.10** വാർഷിക പദ്ധതിയിൽ റോഡ് ഗതാഗത മേഖലയുടെ വകുപ്പ് തിരിച്ചുള്ള വിഹിതവും ചെലവും, 2019–20, 2020–21 (രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | വകുപ്പ് | വാർഷിക പദ്ധതി 2019–20 | | വാർഷിക പദ്ധതി 2020–21 | |
|---|---|---|---|---|---|
| | | വിഹിതം | ചെലവ് (%) | വിഹിതം | ചെലവ് (9/2020) (%) |
| 1 | കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (കെഎസ്ആർടിസി) | 5600 | 0 | 9991 | 0 |
| 2 | മോട്ടോർ വാഹന വകുപ്പ് | 4643 | 408.19 (8.79) | 3877 | 655.01 (16.89) |
| 3 | എസ്‌സിടി കോളേജ് ഓഫ് എഞ്ചിനീയറിംഗ് | 0 | 0 | 900 | 0 |
| | ആകെ | 10243 | 408.19 (3.95) | 14768 | 655.01 (4.43) |

*അവലംബം: സംസ്ഥാന ബജറ്റ് 2019-20, 2020-21, പ്ലാൻസ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്*

പ്രതിവർഷ വളർച്ചാ നിരക്ക് 10 ശതമാനത്തിൽ അധികമാണ്. 2019 മാർച്ചിലെ കണക്കുകൾ പ്രകാരം കേരളത്തിൽ 1,000 ആളുകൾക്ക് 425 വാഹനങ്ങൾ ഉണ്ട്. ലോക വികസന സൂചകങ്ങൾ (2015) അനുസരിച്ച്, ഇന്ത്യയിൽ 1,000 ആളുകൾക്ക് 18 ഉം, ചൈന 47, അമേരിക്ക 507 എണ്ണം എന്നിങ്ങനെയാണ്. ഇതിനർത്ഥം കേരളത്തിലെ വാഹനങ്ങളുടെ എണ്ണം ചൈനയേക്കാൾ വളരെ മുന്നിലും, വികസിത രാജ്യങ്ങൾക്ക് തുല്യവുമാണ്.

കേരളത്തിലെ മോട്ടോർ വാഹനങ്ങളുടെ വളർച്ച കഴിഞ്ഞ വർഷത്തെ 10.7 ശതമാനത്തിനെ അപേക്ഷിച്ച് 6.36 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ പതിനൊന്ന് വർഷത്തിനിടയിൽ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധന **ചിത്രം 11.1.1** –ൽ കൊടുത്തിരിക്കുന്നു.

കഴിഞ്ഞ വർഷത്തേതുമായി താരതമ്യപ്പെടുത്തുമ്പോൾ 2020, മാർച്ച് 31 വരെ നിയമാനുസൃത രജിസ്ട്രേഷൻ ഉള്ള വാഹനങ്ങളുടെ എണ്ണം 1,33,34,984 –ൽ നിന്നും 1,41,84,184 ആയി വർദ്ധിച്ചു. വിശദ വിവരങ്ങൾ **അനുബന്ധം 11.1.6** ൽ കൊടുത്തിരിക്കുന്നു. 2019–20 ൽ പുതിയതായി രജിസ്റ്റർ ചെയ്ത ആകെ വാഹനങ്ങളുടെ എണ്ണം 8,49,200 (2018–19 –ൽ ഇത് 12,92,295 ആയിരുന്നു) ആണ്. ഇത് സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 11.1.7** –ൽ ചേർത്തിരിക്കുന്നു. വാഹന നികുതി, മറ്റുള്ളവ എന്നിങ്ങനെ കേരള മോട്ടോർ വാഹന വകുപ്പ് നേടിയ വരുമാനം 2012–13 ലെ 1,831.15 കോടി രൂപയെ അപേക്ഷിച്ച് 2018–19 –ൽ 3,625.31 കോടി രൂപയായും 2019–20 –ൽ 4,582.92 കോടി രൂപയായും ഉയർന്നു. ഇത്, മുൻവർഷത്തെക്കാൾ 26.41 ശതമാനം കൂടുതലാണ്. 2020–21 സെപ്റ്റംബർ വരെ നേടിയ ആകെ വരുമാനം 1,063.72 കോടി രൂപയാണ്.

**ചിത്രം 11.1.1** കഴിഞ്ഞ പതിനൊന്ന് വർഷങ്ങളിൽ ഉണ്ടായ വാഹനങ്ങളുടെ വർദ്ധന




*അവലംബം: മോട്ടോർ വാഹന വകുപ്പ്, കേരള സർക്കാർ*

**ചിത്രം 11.1.2** 2019–20 ൽ രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങൾ ഇനം തിരിച്ച്




*അവലംബം: മോട്ടോർ വാഹന വകുപ്പ്, കേരള സർക്കാർ*

2019–20 വർഷത്തിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ ഇനം തിരിച്ചുള്ള ശതമാന കണക്ക് **ചിത്രം 11.1.2** –ൽ കൊടുത്തിരിക്കുന്നു.

ജില്ല തിരിച്ചുള്ള കേരളത്തിലെ മോട്ടോർ വാഹനങ്ങളുടെ വളർച്ച **അനുബന്ധം 11.1.8** –ൽ കൊടുത്തിരിക്കുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ ഉള്ളത് എറണാകുളം ജില്ലയിലാണ്, 20,55,842 വാഹനങ്ങൾ (14.49%). തൊട്ടടുത്ത് 17,72,975 (12.49%) തിരുവനന്തപുരം ജില്ലയാണ്. വയനാട് ജില്ലയിലാണ് ഏറ്റവും കുറവ് വാഹനങ്ങൾ 2,35,759 (1.66%) ഉള്ളത്.

2012 മുതൽ 2020 വരെ വാഹന വളർച്ചയിലുണ്ടായ വർദ്ധന ഇനം തിരിച്ച് **അനുബന്ധം 11.1.9** –ൽ രേഖപ്പെടുത്തിയിരിക്കുന്നു. മോട്ടോർ വാഹനങ്ങളുടെ വളർച്ചയും റോഡ് ദൈർഘ്യത്തിലെ ഉയർന്ന അന്തരവും കേരളത്തിൽ ഉടനീളം ഗതാഗത ഞെരുക്കത്തിനും, റോഡപകടങ്ങൾ വർദ്ധിക്കുന്നതിനും കാരണമാകുന്നു.

2019–20, 2020–21 (സെപ്റ്റംബർ വരെ) വാഹനമേഖലയിലെ വിൽപന **ബോക്സ് 11.1.4** –ൽ നൽകിയിരിക്കുന്നു.

**ബോക്സ് 11.1.4** വാഹനമേഖലയിലെ വിൽപന വളർച്ച 2019–20, 2020–21 (സെപ്റ്റംബർ വരെ)

ഉപഭോക്താവിന്റെ മനസ്സിൽ സാമൂഹിക അകലം പാലിക്കുന്നതിനൊപ്പം ബിസിനസ്സ് അവസ്ഥകളെ സാധാരണ നിലയിലാക്കാനുള്ള സർക്കാർ നീക്കവും വാഹനങ്ങൾക്ക് ബാങ്കുകൾ നൽകുന്ന ധനസഹായത്തിന് നൽകുന്നതിന് കൂടുതൽ പരിഗണനയും, എൻട്രി ലെവൽ പാസഞ്ചർ വാഹന വിൽപനയ്ക്ക് നല്ല സ്വീകാര്യത ലഭിച്ചു. ഇത് പൊതുഗതാഗതത്തെ അപേക്ഷിച്ച് സ്വകാര്യ ഗതാഗതത്തിന് മുൻഗണന ലഭിച്ചു. പുതിയ വാഹനങ്ങളുടെ അവതരണവും വാഹന വിപണിക്ക് ഉത്തേജകമായി. കഴിഞ്ഞ സാമ്പത്തിക വർഷത്തെ മോശം അവസ്ഥയും വിപണിയെ സഹായിച്ചു.

ഇന്ത്യൻ റീട്ടെയിൽ വ്യവസായം, പ്രത്യേകിച്ച് പാസഞ്ചർ വാഹന വിഭാഗവും ട്രാക്ടറും 2020 സെപ്റ്റംബറിൽ വളർച്ചാ പാതയിൽ തിരിച്ചെത്തി. എന്നിരുന്നാലും, ഇരുചക്ര വാഹനങ്ങൾ, മുച്ചക്ര വാഹനങ്ങൾ, വാണിജ്യ വാഹനങ്ങൾ എന്നിവയുടെ ഈ വർഷത്തെ പ്രകടനം മന്ദഗതിയിലാണ്.

2020 സെപ്റ്റംബറിൽ 13,44,866 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് 2019 സെപ്റ്റംബറിൽ രജിസ്റ്റർ ചെയ്ത 14,98,283 വാഹനങ്ങളെക്കാൾ 10.24 ശതമാനം കുറവാണ്.

സെപ്റ്റംബർ, 2019ലെ റിപ്പോർട്ട് അനുസരിച്ച്, പാസഞ്ചർ വാഹനങ്ങളുടെ രജിസ്ട്രേഷൻ 1,78,189 ആണ്. സെപ്റ്റംബർ, 2020ൽ 9.81 ശതമാനം വളർച്ചയോടെ നേടിയ 1,95,665 വാഹന വിൽപന, സമ്പത് വ്യവസ്ഥയുടെ തിരിച്ചുവരവ് കാണിക്കുന്നു, മാത്രമല്ല വ്യവസായം തുടങ്ങുവാൻ സർക്കാർ സ്വീകരിച്ച അനുകൂല നടപടികൾ, പുതിയ വാഹനങ്ങളുടെ അവതരണം, ജനങ്ങൾ പൊതു ഗതാഗതത്തെക്കാൾ സ്വകാര്യ ഗതാഗതത്തിന് നൽകിയ മുൻഗണന എന്നിവയും സമ്പദ്‌വ്യവസ്ഥയുടെ ശ്രദ്ധേയമായ തിരിച്ചുവരവിന് കാരണമായി.

2019 സെപ്റ്റംബറിൽ 11,63,918 ഇരുചക്ര വാഹനങ്ങൾ രജിസ്റ്റർ ചെയ്തപ്പോൾ, 2020 സെപ്റ്റംബറിൽ രജിസ്റ്റർ ചെയ്ത ഇരുചക്ര വാഹനങ്ങൾ 10,16,977 ആണ്, 12.62 ശതമാനം ഇടിവ്.

2019 സെപ്റ്റംബറിൽ രജിസ്ട്രേഷൻ നടന്ന 58,485 വാഹനങ്ങളിൽ നിന്ന് ത്രീ വീലർ വാഹന രജിസ്ട്രേഷൻ 24,060 ആയി കുറഞ്ഞു, 58.86 ശതമാനം ഇടിവ്.

2019 സെപ്റ്റംബറിൽ രജിസ്റ്റർ ചെയ്ത 59,683 വാണിജ്യ വാഹനങ്ങളെക്കാൾ 39,600 കുറച്ച് വാഹനങ്ങളാണ് കോവിഡ് കാലഘട്ടത്തിന് തൊട്ട് മുമ്പ് രജിസ്ട്രേഷൻ നടത്തിയത്, 33.65 ശതമാനം കുറവ്.

സെപ്റ്റംബർ മാസത്തിലെ വാഹന രജിസ്ട്രേഷൻ മാസാടിസ്ഥാനത്തിൽ 11.45 ശതമാനം വർദ്ധിക്കുന്നുവെങ്കിലും, വാർഷികാടിസ്ഥാനത്തിൽ –10.24 ശതമാനം കുറവ് രേഖപ്പെടുത്തുന്നു. വർഷാടിസ്ഥാനത്തിൽ താരതമ്യം ചെയ്യുമ്പോൾ, 2 വീലർ –12.62 ശതമാനം, ത്രീവീലർ –58.86 ശതമാനം, വാണിജ്യ വാഹനങ്ങൾ –33.65 ശതമാനമായി വിൽപ്പന കുറഞ്ഞു. അൺലോക്ക് ആരംഭിച്ചതിന് ശേഷം ആദ്യമായി പാസഞ്ചർ വാഹന വിൽപ്പന 9.81 ശതമാനം വർദ്ധിച്ചു.

അവലംബം: ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസ് (എഫ്എഡിഎ )

കേരളത്തിൽ 2020 സെപ്റ്റംബറിൽ രജിസ്റ്റർ ചെയ്ത ഇരുചക്ര വാഹനങ്ങൾ 51,979 ആണ്. മുൻ വർഷം ഇത് 56,171 ആയിരുന്നു, –7.46 ശതമാനം കുറവ്. രജിസ്റ്റർ ചെയ്ത ത്രീ വീലറുകളുടെ എണ്ണം 2020 സെപ്റ്റംബർ വരെ, 1,182 ആണ്. അതേസമയം മുൻ വർഷം ഇത് 2600 ആയിരുന്നു. ത്രീ വീലർ വാഹനങ്ങളുടെ രജിസ്ട്രേഷനിൽ –54.54 ശതമാനം കുറവ് രേഖപ്പെടുത്തുന്നു. 2019–20, 2020–21–ൽ (2020 സെപ്റ്റംബർ വരെ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 11.1.11** –ൽ നൽകിയിരിക്കുന്നു.

2019നെ അപേക്ഷിച്ച് 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വാഹന നികുതി, രജിസ്ട്രേഷൻ, ഫീസ്, പിഴ എന്നിവയിലൂടെ സംസ്ഥാന സർക്കാരിന് ഉണ്ടായ നഷ്ടം 276.20 കോടി രൂപയാണ്.

റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ, വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, ചെക്ക് പോസ്റ്റുകളുടെ നവീകരണം എന്നിവയാണ് മോട്ടോർ വാഹന വകുപ്പ് നടപ്പാക്കി വരുന്ന പ്രധാന പദ്ധതികൾ. റഡാർ നിരീക്ഷണ സംവിധാനത്തിൽ, വേഗത, റെഡ് ലൈറ്റ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറ എന്നിവയുടെ സഹായത്തോടെ ഇതുവരെ 17, 64,430 കുറ്റങ്ങൾ കണ്ടെത്തുകയും 16.33 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തു. ഭരണ നിർവ്വഹണപരമായ അടിസ്ഥാന സൗകര്യങ്ങൾ, റോഡ് സുരക്ഷാ സംരംഭങ്ങൾ, മാനവ വിഭവശേഷി വികസനം എന്നിവയ്ക്കാണ് മോട്ടോർ വാഹന വകുപ്പ് ബജറ്റിൽ കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത്.

മോട്ടോർ വാഹന വകുപ്പിന് 2019–20, 2020–21 വർഷങ്ങളിൽ വിവിധ പദ്ധതികൾക്ക് അനുവദിച്ച പദ്ധതി വിഹിതം, ചെലവ് (2020 സെപ്റ്റംബർ വരെ) എന്നിവ **പട്ടിക 11.1.12** ൽ കൊടുത്തിരിക്കുന്നു.

മോട്ടോർ വാഹന വകുപ്പിന്റെ 2019–20, 2020–21 കാലയളവിലെ പ്രധാന ഭൗതിക നേട്ടങ്ങൾ **പട്ടിക 11.1.13** ൽ നൽകിയിരിക്കുന്നു.

## പ്രധാന ഭാവി പ്രവർത്തനങ്ങൾ

1. സേഫ് കേരള പദ്ധതിയുടെ ഭാഗമായി, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് , ടാറ്റ നെക്സൺ ഇവി മോഡലിന്റെ 65 ഇലക്ട്രിക് വാഹനങ്ങൾ ഡ്രൈ ലീസിന് വാങ്ങുന്നത് ഉടൻ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
2. ടെസ്റ്റിംഗ് സെന്ററുകൾ നൽകുന്ന മലിനീകരണ പരിശോധന സർട്ടിഫിക്കറ്റുകളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിന് എൻ.ഐ.സിയുടെ സഹായത്തോടെ കേന്ദ്രീകൃത വാഹന മലിനീകരണ പരിശോധനാ സംവിധാനം പുരോഗമിക്കുന്നു.

**പട്ടിക 11.1.11** കേരളത്തിലെ വാഹന രജിസ്ട്രേഷൻ, 2019–20 & 2020–21 (2020 സെപ്റ്റംബർ വരെ)

| വിഭാഗം | സെപ്റ്റംബർ 2020 | സെപ്റ്റംബർ 2019 | വർഷം തോറും % |
|---|---|---|---|
| ഇരുചക്ര വാഹനങ്ങൾ | 51979 | 56171 | –7.46 |
| മുച്ചക്ര വാഹനങ്ങൾ | 1182 | 2600 | –54.54 |
| വാണിജ്യ വാഹനങ്ങൾ | 1966 | 2257 | –12.89 |
| പാസഞ്ചർ വാഹനങ്ങൾ | 17934 | 18372 | –2.38 |
| ടി ആർ എ സി | 24 | 26 | –7.69 |
| അകെ | 73085 | 79426 | –7.98 |

അവലംബം: ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസ് (എഫ്എഡിഎ )

**പട്ടിക 11.1.12** മോട്ടോർ വാഹന വകുപ്പിന്റെ 2019–20, 2020–21 വർഷങ്ങളിൽ പദ്ധതി തിരിച്ചുള്ള വിഹിതവും ചെലവും (2020 സെപ്റ്റംബർ വരെ) (രൂപ ലക്ഷത്തിൽ)

| പദ്ധതി | വാർഷിക പദ്ധതി 2019–20 | | വാർഷിക പദ്ധതി 20120–21 | |
|---|---|---|---|---|
| | വിഹിതം | ചെലവ് (%) | വിഹിതം | ചെലവ് (%) |
| റോഡ് ഗതാഗത സുരക്ഷാ നടപടികൾ | 1400 | 0 | 580 | 0 |
| മോട്ടോർ വാഹന വകുപ്പിൽ ഇ- ഗവേണൻസ് | 132 | 0 | 120 | 0 |
| വെഹിക്കിൾ കം ഡ്രൈവർ ടെസ്റ്റിംഗ് സ്റ്റേഷൻസ് | 675 | 200.61 | 1076 | 103.32 |
| മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം | 1050 | 0 | 500 | 39.20 |
| മോഡൽ ഇൻസ്പെക്ഷൻ ആൻഡ് സർട്ടിഫിക്കേഷൻ സെന്ററുകൾ സ്ഥാപിക്കൽ | 1 | 0 | 1 | 0 |
| മോട്ടോർ വാഹന വകുപ്പ്– പുതിയ സബ് ഓഫീസുകൾ സ്ഥാപിക്കൽ | 188 | 0 | 100 | 11.29 |
| ഇ– മൊബിലിറ്റി പ്രമോഷൻ ഫണ്ട് | 1197 | 207.58 | 1500 | 501.20 |
| ആകെ | 4643 | 408.19 (8.79) | 3877 | 655.01 (16.89) |

*അവലംബം: പ്ലാൻസ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്*

3. അന്താരാഷ്ട്ര സുരക്ഷാ സവിശേഷതകളോടെ പോളികാർബണേറ്റ് അടിസ്ഥാനമാക്കിയുള്ള ഡ്രൈവിംഗ് ലൈസൻസുകളുടെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെയും കേന്ദ്രീകൃത അച്ചടിയും വിതരണവും കൊച്ചിയിലെ M/s. കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻ സൊസൈറ്റി ലിമിറ്റഡ് മുഖേന ഉടൻ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
4. അന്താരാഷ്ട്ര നിലവാരമുള്ള ഡ്രൈവിംഗ് ലൈസൻസ് സ്വന്തമാക്കാൻ ഇന്ത്യൻ പൗരന്മാരെ പ്രാപ്തരാക്കുന്നതിന് ആരംഭിച്ച ഇന്റർനാഷണൽ ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക് കം കോച്ചിംഗ് സെന്റർ സ്ഥാപിക്കലിന്റെ നടപടികൾ ആരംഭിച്ചു. വിദേശ രാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ വാഹനമോടിക്കാൻ ഇത് സഹായിക്കും.
5. പ്രകൃതി ദുരന്ത സമയത്ത് വകുപ്പിന്റെ നിർവ്വഹണ ഓഫീസർമാരുമായി പരസ്പരം ഇടപഴകാൻ പ്രാപ്തമാക്കുന്ന വയർലെസ് കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്ക് പ്രോജക്റ്റ് ഉടൻ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
6. അപകട നിരക്ക് കുറയ്ക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള 'സുരക്ഷിത കേരള' പദ്ധതിയുടെ ഭാഗമായി; 14 ജില്ലാ കൺട്രോൾ റൂമുകളും 1 കേന്ദ്രീകൃത കൺട്രോൾ റൂമും സ്ഥാപിക്കുന്നത് 2021 മാർച്ച് 31 ന് മുമ്പ്

**പട്ടിക 11.1.13** മോട്ടോർ വാഹന വകുപ്പിന്റെ 2019–20, 2020–21 കാലയളവിലെ പ്രധാന ഭൗതിക നേട്ടങ്ങൾ

| 2019–20 | 2020–21 |
|---|---|
| 31–മത് ദേശീയ റോഡ് സുരക്ഷാ വാരത്തിന്റെ സംസ്ഥാനതല ഉദ്ഘാടനത്തിൽ, നൂതന നിർവ്വഹണത്തിന്റെ ഭാഗമായി 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ 13.1.2020 ന് ഫ്ളാഗ്ഓഫ് ചെയ്തു. | പത്തനംതിട്ടയിലെ കോന്നി, തിരുവനന്തപുരത്തെ വർക്കല, കൊല്ലം, പത്തനാപുരം, ചടയമംഗലം, കോഴിക്കോട് രാമനാട്ടുകര (ഫെറോക്), കണ്ണൂർ ജില്ലയിലെ പയ്യന്നൂർ എന്നിവിടങ്ങളിൽ 6 പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ കമ്മീഷൻ ചെയ്തു. |
| 31–മത് ദേശീയ റോഡ് സുരക്ഷാ വാരത്തിന്റെ സമാപന ചടങ്ങിൽ, "ഡിജിറ്റൽ എൻഫോഴ്സ്മെന്റ് " ആൻഡ്രോയിഡ് അധിഷ്ഠിത പോയിന്റ് ഓഫ് സെയിൽ സിസ്റ്റം 17.1.2020ന് ഉദ്ഘാടനം ചെയ്തു. | |
| ഇ–ഗവേണൻസ് കാര്യശേഷി വികസന പദ്ധതി പ്രകാരം 235 ജീവനക്കാർക്ക് പരിശീലനം നൽകി | |
| കമ്പ്യൂട്ടർ അധിഷ്ഠിത വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും തളിപ്പറമ്പും (കണ്ണൂർ ജില്ല), കാസർഗോഡും കമ്മീഷൻ ചെയ്തു. | |
| 'വാഹൻ' വഴി ഓൺലൈൻ പേയ്മെന്റ് സുഗമമാക്കുന്നതിന് ഇ–ചലാൻ അപ്ലിക്കേഷൻ ആരംഭിച്ചു | |
| അപേക്ഷകരുടെ ഡ്രൈവിംഗ് ടെസ്റ്റുകൾ റെക്കോർഡു ചെയ്യുന്നതിന് ആവിഷ്കരിച്ച ഡ്രൈവിംഗ് ടെസ്റ്റ് മോണിറ്ററിംഗ് സിസ്റ്റം പദ്ധതിക്കായി 68 ഡിജിറ്റൽ കാംകോർഡർ വാങ്ങിച്ചു. | |

*അവലംബം: മോട്ടോർ വാഹന വകുപ്പ്*

പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

7. മലയാളത്തിലും ഇംഗ്ലീഷ് ഭാഷയിലും വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് സി–ഡിറ്റിന്റെ സഹായത്തോടെ മോട്ടോർ വാഹന വകുപ്പ് ദ്വിഭാഷാ വെബ്സൈറ്റ് ആരംഭിക്കാൻ ഒരുങ്ങുന്നു.

## ഇ–ഗവേണൻസ് സംരംഭങ്ങൾ

വാഹനങ്ങളുടെ വെബ് അധിഷ്ഠിത ഡാറ്റാബേസ് ശക്തിപ്പെടുത്തുന്നതിനും നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിനും, രജിസ്ട്രേഷൻ, ആധുനിക രീതിയിലെ വാഹന നിരീക്ഷണ സംവിധാനങ്ങൾ എന്നിവയ്ക്കായി സർക്കാർ ഇ–ഗവേണൻസ് സംവിധാനം ലക്ഷ്യമിടുന്നു.

## ഓട്ടോമാറ്റിക്ക് ഡ്രൈവർ ലൈസൻസിംഗ് സമ്പ്രദായവും വാഹന പരിശോധന സംവിധാനവും

1. വാഹന രജിസ്ട്രേഷന് 'വാഹൻ', ഡ്രൈവർ ലൈസൻസ് വിതരണത്തിന് 'സാരഥി' എന്നീ സേവനങ്ങൾ ആവിഷ്ക്കരിച്ചു
2. നിരത്തിൽ ഓടിക്കാൻ യോജിച്ചതും മലിനീകരണ രഹിതവുമാണെന്ന് ഉറപ്പിക്കുന്നതിനും എല്ലാ ആർടിഒകളിലും ഓട്ടോമാറ്റിക് ഡ്രൈവർ ലൈസൻസിംഗ് സംവിധാനങ്ങളും വാഹന പരിശോധന സംവിധാനങ്ങളും ഏർപ്പെടുത്തി.
3. ഇന്റിക്കേറ്ററുകൾ, സീറ്റ് ബെൽറ്റ് എന്നിവയുടെ ഉപയോഗം സംബന്ധിച്ച കർശന പരിശോധന.

## വാഹൻ & സാരഥി– വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ

വാഹൻ –4 (മോട്ടോർ വാഹന രജിസ്ട്രേഷൻ സംബന്ധിച്ച വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ), സാരഥി–4 (മോട്ടോർ വാഹന ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ) രാജ്യത്താകമാനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. നിലവിലുള്ള ലാമിനേറ്റഡ് കാർഡുകളേക്കാൾ വളരെ മികച്ചതാണ് 'വാഹൻ', 'സാരഥി' എന്നീ സംവിധാനങ്ങളിലൂടെ നൽകുന്ന സ്മാർട്ട്/പ്ലാസ്റ്റിക് കാർഡ് അടിസ്ഥാനമാക്കിയുള്ള ലൈസൻസുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും.

## റോഡ് സുരക്ഷ

മോട്ടോർ വാഹന വകുപ്പും പോലീസും നിരവധി റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടും റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നു. വർദ്ധിച്ച് വരുന്ന റോഡപകടങ്ങൾ ഉൽക്കണ്ഠ ഉളവാക്കുന്നതാണ്. കേരളത്തിലെ റോഡപകടങ്ങൾ ജില്ല തിരിച്ചും അപകടത്തിൽപ്പെടുന്ന വാഹനങ്ങളുടെ വിവരങ്ങൾ ഇനം തിരിച്ചും യഥാക്രമം **അനുബന്ധം 11.1.10, 11.1.11 –ൽ** ചേർത്തിരിക്കുന്നു.

കേരളത്തിൽ 20,012 റോഡ് അപകടങ്ങളാണ് 2020 ജനുവരി മുതൽ സെപ്റ്റംബർ വരെ ഉണ്ടായിട്ടുള്ളത്. 2019–20 കാലയളവിൽ കെഎസ്ആർടിസി ബസ്സുകൾ മുഖേന 865 അപകടങ്ങളും, മറ്റ് ബസ്സുകൾ മുഖേന 3,192 അപകടങ്ങളുമാണ് ഉണ്ടായിട്ടുള്ളത്. ഇരുചക്ര വാഹനങ്ങളുടെ എണ്ണം 2018–19 ലെ 86.20 ലക്ഷത്തിൽ നിന്ന് 2019–20 –ൽ 92.07 ലക്ഷമായി ഉയർന്നു, ശരാശരി വാർഷിക വളർച്ചാ നിരക്ക് 6.80 ശതമാനം. ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടുന്ന അപകടങ്ങളുടെ എണ്ണം 2018 ലെ 34,473 –ൽ (പ്രതിദിനം 94) നിന്ന് 2019 –ൽ 16,970 (പ്രതിദിനം 46) ആയി കുറഞ്ഞു. സംസ്ഥാനത്ത് ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന അപകടങ്ങളിൽ യഥാക്രമം 41 ശതമാനം ഇരുചക്ര വാഹനങ്ങളും 27 ശതമാനം കാറുകൾ മുഖേനയുമാണ് സംഭവിക്കുന്നത്. കേരളത്തിലെ മോട്ടോർ വാഹന അപകടങ്ങളുടെ പ്രവണത **ചിത്രം11.1.3 –ൽ** കൊടുത്തിയിരിക്കുന്നു.

**ചിത്രം 11.1.3** കേരളത്തിലെ മോട്ടോർ വാഹന അപകട പ്രവണത




*അവലംബം: സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ*

**പട്ടിക 11.1.14** 2010–2020 ലെ കേരളത്തിലെ റോഡ് അപകടങ്ങൾ

| വർഷം | മോട്ടോർ വാഹനങ്ങളുടെ എണ്ണം | അപകടങ്ങളുടെ എണ്ണം | അപകടങ്ങൾ / ലക്ഷം വാഹനങ്ങൾ |
|---|---|---|---|
| 2010 | 53,97,652 | 35,633 | 660 |
| 2011 | 60,72,019 | 34,946 | 576 |
| 2012 | 68,70,354 | 35,282 | 514 |
| 2013 | 80,48,673 | 37,204 | 462 |
| 2014 | 85,47,966 | 35,198 | 412 |
| 2015 | 94,21,245 | 37,253 | 395 |
| 2016 | 1,01,71,813 | 39,137 | 385 |
| 2017 | 1,10,30,037 | 38,777 | 351 |
| 2018 | 1,20,42,691 | 38,734 | 322 |
| 2019 | 1,41,84,184 | 41,111 | 289 |

അവലംബം : മോട്ടോർ വാഹന വകുപ്പ്, സംസ്ഥാന ക്രൈം റിക്കോർഡ് ബ്യൂറോ

സംസ്ഥാനത്ത് 2018-19 –ൽ രജിസ്റ്റർ ചെയ്ത ഒരു ലക്ഷം വാഹനങ്ങൾക്ക് 305 എന്ന റോഡപകട നിരക്ക്, 2019-20 –ൽ 289 ആയി കുറഞ്ഞു. 2020-21ൽ (2020 സെപ്റ്റംബർ വരെ), 20,012 റോഡപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ റോഡപകടങ്ങൾ നടക്കുന്നത് വ്യത്യസ്ഥ കാലത്തിലും സമയത്തും ആയതിനാൽ അപകട നിരക്ക് കൂടുതലാണോ കുറവാണോ എന്ന് വ്യക്തമായി നിർവ്വചിക്കാൻ സാദ്ധ്യമല്ല. എന്നാൽ, 2010 ന് ശേഷം ഓരോ വർഷവും അപകടങ്ങൾ/ലക്ഷം വാഹന അനുപാത നിരക്ക് കുറഞ്ഞ് വരുന്നത് എടുത്ത് പറയേണ്ടത് തന്നെയാണ്. കഴിഞ്ഞ പത്ത് വർഷം സംസ്ഥാനത്തുണ്ടായ റോഡപകടങ്ങളുടെ എണ്ണം **പട്ടിക 11.1.14** –ൽ കൊടുത്തിരിക്കുന്നു.

ട്രാഫിക് പോലീസ് റെക്കോർഡുകൾ അനുസരിച്ച് മിക്കവാറും റോഡപകടങ്ങൾ ഡ്രൈവർമാരുടെ അശ്രദ്ധ മൂലമാണ് സംഭവിക്കുന്നത്. എന്നിരുന്നാലും, റോഡ് രൂപകൽപ്പനയിലെ അപാകത മോട്ടോർ വാഹനങ്ങളുടെ സഞ്ചാരത്തെ ദോഷകരമായി ബാധിക്കുന്നത് റോഡ് സഞ്ചാരത്തിന്റെ മോശപ്പെട്ട അവസ്ഥയെ ചിത്രീകരിക്കുന്നു. വിവിധ തരം റോഡ് ഉപയോക്താക്കൾക്ക് റോഡ് സുരക്ഷാ പരിശീലനം, റോഡ് രൂപകൽപ്പനയിലെ തിരുത്തൽ നടപടികൾ, റോഡ് നിർമ്മാണത്തിലും ആസൂത്രണത്തിലും പ്രവർത്തന ഘട്ടങ്ങളിലും ആവശ്യമായ റോഡ് സുരക്ഷാ വശങ്ങൾ ഉൾപ്പെടുത്തുന്നതിലെ കുറവ് എന്നിവ അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിക്കേണ്ട പ്രാഥമിക വസ്തുതകളാണ്. 2019-20 –ൽ കേരളത്തിലുണ്ടായ റോഡപകടങ്ങളുടെ ശതമാനം, വാഹനങ്ങൾ, എന്നിവ ഇനം തിരിച്ച് **ചിത്രം 11.1.4** –ൽ കൊടുത്തിരിക്കുന്നു.

## കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (കെഎസ്ആർടിസി)

യാത്രക്കാരുടെ ഗതാഗത ആവശ്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കെഎസ്ആർടിസി. കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (കെഎസ്ആർടിസി) ഇപ്പോൾ മാറ്റത്തിന്റെ പാതയിലാണ്. ജീവനക്കാരുടെ പൂർണ്ണ പിന്തുണയും സഹകരണവും

ചിത്രം 11.1.4 20218-19 –ൽ കേരളത്തിൽ ഉണ്ടായ റോഡപകടങ്ങളുടെ ശതമാനം വാഹനങ്ങളുടെ ഇനം തിരിച്ച്




അവലംബം:സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ

ഉപയോഗിച്ച് അടുത്ത മൂന്ന് വർഷത്തിനുള്ളിൽ കെഎസ്ആർടിസിയുടെ പുനരുജ്ജീവനത്തിനായി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി കോർപ്പറേഷന് ഒരു മാറ്റം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. പ്രവർത്തനച്ചെലവ് കുറച്ചും വരുമാനം വർദ്ധിപ്പിച്ചും ഈ ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. അടിസ്ഥാന സൗകര്യവികസനവും വർക്ക് ഷോപ്പുകളുടെ നവീകരണവും, മൊത്തം കമ്പ്യൂട്ടർവൽക്കരണം (ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസർമാർക്കും ഇ–ഓഫീസ് നടപ്പിലാക്കൽ) എന്നിവ കെഎസ്ആർടിസി ലക്ഷ്യമിടുന്നു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഡീസൽ ബസുകളെ സിഎൻജി, എൽഎൻജി ബസ്സുകൾ ആക്കാനും പുതിയ ഇലക്ട്രിക് ബസുകൾ വാങ്ങിക്കാനുമുള്ള പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലൂടെ അന്തരീക്ഷ മലിനീകരണം കുറക്കാമെന്നും ഇന്ധന ഉപഭോഗം 30 ശതമാനം കുറയുമെന്നും പ്രതീക്ഷിക്കുന്നു.

പ്രവർത്തനേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നൂതന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. എല്ലാ മേഖലകളിലും പൊതു ജനങ്ങൾക്ക് പൊതു ഗതാഗത സംവിധാനം സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നതിനേക്കാൾ ലാഭത്തിൽ ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം. അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന് തിരുവനന്തപുരം നഗരത്തിൽ ഡീസൽ ഇതര ബസ് സർവീസ് നടത്താനും സർക്കാർ പദ്ധതിയിടുന്നു. പൊതുഗതാഗതം മാറ്റത്തിന് വിധേയമാക്കുന്നതിനുള്ള പ്രാരംഭ ഘട്ടമെന്ന നിലയിൽ, സ്വകാര്യ ബസുകളെ പോലെ കെഎസ്ആർടിസി ബസുകളെയും ഇതിനായി പരിഷ്ക്കരിക്കും, തുടർന്ന്, രാജ്യത്ത് ന്യൂഡൽഹിക്ക് ശേഷം തിരുവനന്തപുരം രണ്ടാമത്തെ 'ഹരിത നഗരം' ആയി പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കെഎസ്ആർടിസിയുടെ മൊത്ത വരുമാനം 2,091 കോടി രൂപയിൽ നിന്ന് 2019–20ൽ 2,053 കോടി രൂപയായി കുറഞ്ഞു. മൊത്തം വരുമാനച്ചെലവ് 2018–19 –ൽ 2,554 കോടി രൂപയിൽ നിന്ന് 2019–20 –ൽ 2344 കോടി രൂപയായും, പ്രവർത്തനനഷ്ടം 2018–19 –ൽ 227 കോടി രൂപയിൽ നിന്ന് 2019–20 –ൽ 291 കോടി രൂപയായും ഉയർന്നു.
ആകെ വരുന്ന 5,493 കെ.എസ്.ആർ.ടി.സി ബസ്സുകളിൽ 2,396 (43.61 ശതമാനം) ബസ്സുകൾ 10 വർഷമോ അതിലധികമോ പഴക്കമുള്ളതാണ്. 2020ൽ 10 സ്കാനിയയും, 8 ഇലക്ട്രിക് ബസുകളും ഉൾപ്പെടെ 18 ബസ്സുകൾ ആണ് വെറ്റ് ലീസ് അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടിസിയുടെ കൈവശമുള്ളത്. കെ.എസ്.ആർ.ടിസി ബസ്സുകളുടെ കാലപ്പഴക്കം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 11.1.12** –ൽ രേഖപ്പെടുത്തിരിക്കുന്നു. കോർപ്പറേഷന്റെ ശരാശരി പ്രതിദിന വരുമാനം 2018–19 –ൽ 12,688 രൂപയായിരുന്നത്, 2019–20 –ൽ 13,521 രൂപയായി വർദ്ധിച്ചു. കെഎസ്ആർടിസിയുടെ പ്രവർത്തനക്ഷമതയും ജില്ല തിരിച്ചുള്ള പ്രവർത്തന സ്ഥിതി വിവര കണക്കുകളും കാണിക്കുന്ന പ്രധാന സൂചകങ്ങൾ യഥാക്രമം **അനുബന്ധം 11.1.13, 11.1.14** –ൽ നൽകിയിരിക്കുന്നു.

കെ.എസ്.ആർ.ടി.സി ഓർഡിനറി, സിറ്റി ബസ്സുകളുടെ യാത്രാ നിരക്ക് കി.മീറ്ററിന് 70 പൈസയാണ്. സൂപ്പർഫാസറ്റ് ബസ്സുകൾക്ക് കി.മീറ്ററിന് 78 പൈസയും, സൂപ്പർ ഡീലക്സ് ബസ്സുകൾക്ക് 85 പൈസയും, എ.സി എയർ ബസ്സുകൾക്ക് 93 പൈസയും, ഹൈടെക് വോൾവോ ബസ്സുകൾക്ക് 145 പൈസയുമാണ്. കെ.എസ്.ആർ.ടി.സി ബസ്സുകളുടെ യാത്രനിരക്കിന്റെ ഘടന സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 11.1.15** ൽ കൊടുത്തിരിക്കുന്നു.

ഫ്ലീറ്റ് പുനരുദ്ധാരണത്തിന്റെ ഭാഗമായി കെ.എസ്. ആർ.ടി.സി, വെറ്റ് ലീസ് അടിസ്ഥാനത്തിൽ സ്കാനിയ പോലുള്ള മൾട്ടി ആക്സിൽ ബസ്സുകൾ അതിന്റെ ഡീലർമാർ മുഖാന്തിരം കരസ്ഥമാക്കി അന്തർ സംസ്ഥാന റൂട്ടുകളിൽ സർവ്വീസ് നടത്തി വരുന്നു.

വർദ്ധിച്ച പ്രവർത്തന ചെലവ്, ഉയർന്ന പെൻഷൻ ബാദ്ധ്യത, പലിശ തിരച്ചടവ്, ലാഭകരമല്ലാത്ത റൂട്ടുകളിലെ സർവ്വീസ്, ആനുകൂല്യ യാത്രകൾ എന്നിവ കെഎസ്ആർടിസിയുടെ സാമ്പത്തിക പ്രകടനവും ഭൗതിക നേട്ടങ്ങളും പൊരുത്തപ്പെടുന്നില്ല.

സംസ്ഥാനത്തെ യാത്രാ ഗതാഗത പ്രവർത്തനങ്ങളിൽ സ്വകാര്യ ഓപ്പറേറ്റർമാർക്കാണ് മേൽകൈ ഉള്ളത്. കെഎസ്ആർടിസിയുടെ വാഹന ഉപയോഗം 75.56 ശതമാനം മാത്രമാണ്. കെഎസ്ആർടിസിയുടെ 5,493 ബസുകളിൽ 2,369 (43.12 ശതമാനം) ബസുകൾ പത്തോ അതിലധികമോ വർഷം കാലപ്പഴക്കമുള്ളവയാണ്. കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള ബസ്സുകൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 11.1.16** –ൽ കാണിച്ചിരിക്കുന്നു. കെ.എസ്.ആർ.ടി.സിയുടെ പ്രധാന ആഭ്യന്തര സൂചകങ്ങൾ **ബോക്സ് 11.1.5** –ൽ കൊടുത്തിരിക്കുന്നു. കെ.യു.ആർ.റ്റി.സിയുടെ പ്രവർത്തനക്ഷമത സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 11.1.17**–ൽ കൊടുത്തിരിക്കുന്നു.

കുറഞ്ഞ പ്രവർത്തന ക്ഷമത, ഉയർന്ന ബസ്/ ജീവനക്കാർ അനുപാതം, സാമ്പത്തിക നേട്ടമില്ലാത്ത റൂട്ടുകളിലെ സർവ്വീസ്, പ്രായോഗികമല്ലാത്ത ഡിപ്പോകൾ തുടങ്ങിയവയാണ് കെ.എസ്.ആർ.ടി.സി നേരിടുന്ന പ്രശ്നങ്ങൾ/ വെല്ലുവിളികൾ ആണ്.
പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വിവിധ

**ബോക്സ് 11.1.5** കെ.എസ്.ആർ.ടി.സി യുടെ പ്രധാന ആഭ്യന്തര സൂചകങ്ങൾ

- ശരാശരി ബസ്സുകൾ – 5,496
- പ്രവർത്തനക്ഷമമായ ബസ്സുകൾ – 4,153
- ബസ്സുകളുടെ ശരാശരി കാലപ്പഴക്കം (വർഷം) – 10
- കാലപ്പഴക്കമുള്ള വാഹനങ്ങൾ – 43 എണ്ണം
- ജീവനക്കാരുടെഎണ്ണം – 29,148
- ബസ് ജീവനക്കാർ അനുപാതം (ആകെ ബസുകൾ) – 1:5.3
- ബസ് ജീവനക്കാർ അനുപാതം (പ്രവർത്തനക്ഷമമായ ബസ്സുകൾ) – 1:7
- ബസ് ജീവനക്കാരുടെ കാര്യക്ഷമത (കി.മീ.) /ജീവനക്കാർ /ദിനം) – 580
- ഇന്ധന ക്ഷമത (കി.മീ./ ലിറ്റർ) – 4.19 കി.മീ./ലിറ്റർ
- ഒക്യുപ്പൻസി റേഷ്യോ – 603 യാത്രികർ

അവലംബം: കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ

പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കി യാത്രക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തി ഈ മേഖലയിൽ സമൂല മാറ്റം കൈവരിക്കാൻ സാധിക്കുമെന്ന് കെഎസ്ആർടിസി പ്രതീക്ഷിക്കുന്നു. 2018–19 മുതൽ 2020–21 വരെയുള്ള കെഎസ്ആർടിസിയുടെ പദ്ധതി തിരിച്ചുള്ള വിഹിതം ചെലവ് (ഒക്ടോബർ 2020 വരെയുള്ള ചെലവ്) എന്നിവ **പട്ടിക 11.1.15** –ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.1.15** കെഎസ്ആർടിസിയുടെ പദ്ധതി തിരിച്ചുള്ള വിഹിതം, 2018–19 മുതൽ 2020–21 വരെ ചെലവ് (രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതി/ഘടകങ്ങൾ | ലക്ഷ്യങ്ങൾ | വാർഷിക പദ്ധതി 2018–19 | | വാർഷിക പദ്ധതി 2019–20 | | വാർഷിക പദ്ധതി 2020–21 | |
|---|---|---|---|---|---|---|---|---|
| | | | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് |
| 1 | അടിസ്ഥാന സൗകര്യ വികസനവും ഡിപ്പോകളുടെ ആധുനിക വൽക്കരണവും | ബസ് ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 3464.00 | 0.00 | 3450.00 | 0.00 | 3193.00 | 0.00 |
| 2 | ഇ ഗവർണൻസും സമ്പൂർണ കമ്പ്യൂട്ടർവൽക്കരണവും | ഐടി സംരംഭങ്ങൾ നിലനിർത്താൻ ഉദ്ദേശിച്ചുള്ളത് | 1330.00 | 0.00 | 2030.00 | 0.00 | 1698.00 | 0.00 |
| 3 | ഡ്രൈവർമാർ, സാങ്കേതിക പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം | സ്ഥാപനത്തിൽ പരിശീലനവും കാര്യശേഷി വർദ്ധിപ്പിക്കലും | 120.00 | 0.00 | 120.00 | 0.00 | 100.00 | 0.00 |
| 4 | ആധുനിക വൽക്കരണവും ഗുണപരമായ വാഹന മെച്ചപ്പെടുത്തലും | യൂറോ മാനദണ്ഡമനുസരിച്ച് പുതിയ ഇലക്ട്രിക്കൽ, സിഎൻജി / എൽഎൻജി ബസുകൾ വാങ്ങിക്കൽ | 1.00 | 0.00 | | | 5000.00 | 0.00 |
| 5 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പ | പ്രവർത്തന മൂലധനം | | | | 103353.89 | | |
| | ആകെ | | 4915.00 | 0 | 5600.00 | 103353.89 (1845.60) | 9991.00 | 0.00 |

അവലംബം: പ്ലാൻസ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്.

## 2020-21 ലെ നേട്ടങ്ങൾ

- കോവിഡ് -19 ഘട്ടത്തിൽ ദീർഘദൂര യാത്ര സുഗമമാക്കുന്നതിന് കെഎസ്ആർടിസി 2020 ജൂൺ 26 ന് 'റിലേ' പോയിന്റ് ടു പോയിന്റ് സേവനം ആരംഭിച്ചു. 1 മണിക്കൂർ ഇടവിട്ടാണ് ഈ സേവനം. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ബസ്സുകളിൽ ശുചിത്വം ഉറപ്പുവരുത്തുന്നു.
- കെഎസ്ആർടിസി ജൂലൈ 2, 2020 ന് ബസ്-ഓൺ-ഡിമാൻഡ് ("ബോണ്ട്") സേവനം ആരംഭിച്ചു. ഉദ്യോഗസ്ഥർക്ക് ഓഫീസ് പ്രവേശന കവാടം വരെ ബസ്സിൽ സീറ്റ് ഉറപ്പുവരുത്തുന്നു. ബോർഡിംഗ് സ്റ്റേഷനിൽ ബൈക്ക് പാർക്കിങ്ങിനുള്ള സൗകര്യവും സാധാരണ യാത്രക്കാർക്ക് ഇളവുകളോടെയുള്ള ട്രാവൽ കാർഡും ഈ സേവനത്തിന്റെ പ്രധാന ആകർഷണങ്ങളാണ്.

## തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ കോളേജിന്റെ (എസ്‌സിടി) ഉന്നത വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം (ഗതാഗത വകുപ്പിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനം)

തിരുവനന്തപുരത്തെ ശ്രീ ചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് (എസ്‌സിടിസിഇ) 1995 മുതൽ ഒരു സമ്പൂർണ്ണ എഞ്ചിനീയറിംഗ് കോളേജായി പ്രവർത്തിച്ചു തുടങ്ങി. ബിരുദ, ബിരുദാനന്തര ബിരുദം, ഡോക്ടറേറ്റ് എന്നീ മൂന്ന് തലങ്ങളിൽ ഉയർന്ന നിലവാരമുള്ള എഞ്ചിനീയറിംഗ് വിദ്യാഭ്യാസം വാഗ്ദാനം ചെയ്യുന്ന മികച്ച ചുരുക്കം ചില കോളേജുകളിൽ ഒന്നാണ് ഇത്. നിലവിൽ വിദ്യാർത്ഥികളുടെ എണ്ണം ഏകദേശം 2000 ത്തോളമാണ്. നിയമനം നടത്തുന്നതിൽ സംസ്ഥാനത്തെ മികച്ച മൂന്നോ നാലോ കോളേജുകളിൽ ഒന്നുമാണ്. മുഴുവൻ പ്രവേശനവും മെറിറ്റ് അടിസ്ഥാനത്തിലും ഫീസ് ഘടന സംസ്ഥാന സർക്കാർ തീരുമാനിക്കുന്ന കുറഞ്ഞ നിരക്കിലുമാണ്.

ലൈബ്രറി ബ്ലോക്കിന്റെ രണ്ടും മൂന്നും നിലകൾ, ലേഡീസ് ഹോസ്റ്റൽ, റിസർച്ച് ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനും ഉന്നത വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനത്തിനും 2020-21 -ൽ സർക്കാർ 9.0 കോടി രൂപ അനുവദിച്ചു.

ജി.ഒ (ആർ ടി) നമ്പർ 245/2020/ട്രാൻസ്, 23/07/2020 തീയതിയിലെ ഉത്തരവ് പ്രകാരം ലേഡീസ് ഹോസ്റ്റൽ നിർമാണത്തിന് 6.0 കോടി രൂപയും, ലൈബ്രറി ബ്ലോക്കിന് മുകളിൽ രണ്ടും മൂന്നും നിലകളുടെ നിർമ്മാണത്തിനുമായി 1.73 കോടി രൂപയും ജി.ഒ (ആർ ടി) നമ്പർ 242/2020 / ട്രാൻസ്, 21/07/2020 തീയതിയിലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി. എന്നാൽ കോവിഡ്-19 കാരണം ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണം ഇതുവരെ തുടങ്ങാനായിട്ടില്ല.

## ഇലക്ട്രിക് മൊബിലിറ്റി സംരംഭങ്ങൾ

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് ഇലക്ട്രിക് വാഹനങ്ങൾ (ഇവി) വിന്യസിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. മോട്ടോർ വാഹന നിയമങ്ങൾ നടപ്പിലാക്കുന്നതിനും റോഡ് അച്ചടക്കം ഉറപ്പാക്കുന്നതിനും 'സുരക്ഷിത കേരള' പദ്ധതിയുടെ ഭാഗമായി 65 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് 'പ്ലഗ്-ഇൻ ഇലക്ട്രിക് വാഹനങ്ങൾ' നൽകാൻ മോട്ടോർ വാഹന വകുപ്പ് (എംവിഡി) നിർദ്ദേശം നൽകിയിട്ടുണ്ട്. ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി (അനർട്ട്) മുഖേന ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിൽ (ഇഇഎസ്എൽ) നിന്നാണ് 65 ഇലക്ട്രിക് വാഹനങ്ങൾ' ഡ്രൈ ലീസിന് നൽകുന്നത്. പുതിയ വാഹനങ്ങൾ വാങ്ങേണ്ടതില്ലെന്ന സർക്കാർ തീരുമാനപ്രകാരം, സംസ്ഥാനത്ത് വലിയ തോതിൽ ഇലക്ട്രിക്ക് വാഹനങ്ങൾ ആദ്യമായി പാട്ടത്തിനെടുക്കുന്നത് മോട്ടോർ വാഹന വകുപ്പാണ്.

മുൻകൂർ ചിലവ് നൽകി ടാറ്റ നെക്സൺ ഇ.വി എട്ട് വർഷത്തേക്ക് ഡ്രൈ ലീസിനെടുക്കാൻ (ഡ്രൈവർമ്മാർ ഇല്ലാത്ത കാർ) സർക്കാർ തീരുമാനിച്ചു. എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ 65 ഓഫീസുകളിലും ചാർജിംഗ് സൗകര്യങ്ങളോടെ സംസ്ഥാനത്ത് ഒരു ഇവി ചാർജിംഗ് നെറ്റ്‌വർക്കും സ്ഥാപിക്കുന്നതാണ്. ഒറ്റ ചാർജിംഗിൽ വാഹനങ്ങൾ 312 കിലോമീറ്റർ ഓടുന്നതിനാൽ, ഖജനാവിന് ഗണ്യമായ പണം ലാഭിക്കാൻ കഴിയും, അതായത് ഒരു കിലോമീറ്ററിന് ഒരു രൂപയിൽ കുറവ് മാത്രമായിരിക്കും ഇതിന് ചെലവ് വരിക.

ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്ന പൊതുജനങ്ങൾക്ക് ചാർജിംഗ് സ്റ്റേഷനുകൾ ലഭ്യമാക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് കരസ്ഥമാക്കുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് ഡ്രൈവർമാരായി ഹോം ഗാർഡുകളെ നിയമിക്കുന്നതിനും സർക്കാർ തീരുമാനം ആയിട്ടില്ല. ഇ.ഇ.എസ്.എൽ ആണ് 65 ഇ.വികളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നത്.

## നിയമാനുസൃതം പരിഷ്കരിച്ച വാഹനങ്ങൾ

എൻഫോഴ്സ്മെന്റ് ആവശ്യങ്ങൾക്ക് വാങ്ങിച്ച ഇലക്ട്രിക് വാഹനങ്ങളിൽ സ്പീഡ് റഡാറുകൾ പോലുള്ള മോട്ടോർ വാഹന നിരീക്ഷണ സാമഗ്രികൾ

**പട്ടിക 11.1.16** രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങൾ 2020–21 കാലയളവിൽ

| ക്രമ നമ്പർ | വാഹനത്തിന്റെ തരം | രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം |
|---|---|---|
| **ഗതാഗത വാഹനങ്ങൾ** | | |
| 1 | ഇലക്ട്രിക് ഓട്ടോ റിക്ഷ | 223.00 |
| 2 | ത്രീ വീലർ ഗുഡ്സ് | 0.00 |
| 3 | ഇ റിക്ഷ | 0.00 |
| 4 | മോട്ടോർ ക്യാബ് | 3.00 |
| | ആകെ | 226.00 |
| **ഗതാഗത ഇതര വാഹനങ്ങൾ** | | |
| 1 | മോട്ടോർ സൈക്കിൾ | 152.00 |
| 2 | മോട്ടോർ കാർ | 222.00 |
| 3 | ത്രീ വീലർ | 0.00 |
| | ആകെ | 374.00 |
| | ആകെ മൊത്തം | 600.00 |

*അവലംബം: മോട്ടോർ വാഹന വകുപ്പ്*

നിയമാനുസൃതം സ്ഥാപിക്കും. രാപ്പകൽ ഡ്രൈവർക്ക് പുറമേ, പകൽസമയത്ത് ഒരു മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥനും രാത്രിയിൽ രണ്ട് പേരും ഈ വാഹനത്തിൽ ഉണ്ടായിരിക്കും.
2020–21ൽ രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 11.1.16** –ൽ നൽകിയിരിക്കുന്നു.

## കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (കെഎഎൽ)

ഇലക്ട്രിക് ഓട്ടോറിക്ഷ, 'കേരള നീം ജി', വികസിപ്പിക്കുന്നതിനുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ 2018 മെയ് മാസത്തിൽ ആരംഭിച്ചു. സെൻട്രൽ മോട്ടോർ വെഹിക്കിൾ റൂൾസ് (സിഎംവിആർ) അനുസരിച്ച് ആർടിഒ രജിസ്ട്രേഷൻ നിർബന്ധമാക്കിയതിനാൽ, റോഡ് യോഗ്യതാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ആദ്യ പ്രോട്ടോടൈപ്പ് വാഹനം പൂനെയിലെ ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയിലേക്ക് അയച്ചു. 'കേരള നീം ജി'യുടെ വാണിജ്യ ഉൽപാദനത്തിന്റെ ഔദ്യോഗിക ആരംഭം ജൂലൈ 10, 2019 ന് ആരംഭിച്ചു. ഇതിന് കേരളത്തിൽ 15 ലധികം ഡീലർമാരെയും ഇന്ത്യയിൽ 50 ഓളം ഡീലർമാരെയും കെഎഎൽ നിയമിച്ചു. നിലവിലെ കോവിഡ് പ്രതിസന്ധി കാരണം, നിർണായക ഘടകങ്ങളായ മോട്ടോർ, ലിഥിയം അയൺ ബാറ്ററികൾ എന്നിവയുടെ വിതരണം 2020 ജനുവരി മുതൽ നിർത്തിവച്ചിരിക്കുന്നതിനാൽ, ഈ ഘടകങ്ങൾ പുറം രാജ്യങ്ങളിൽ നിന്നുമാണ് ഇപ്പോൾ ഇറക്കുമതി ചെയ്യുന്നത്. കോവിഡ് പ്രതിസന്ധി അവസാനിച്ചു കഴിഞ്ഞാൽ ഉൽപാദനം കാര്യക്ഷമമാക്കുമെന്നും, പ്രതിവർഷം 15,000 വാഹനങ്ങൾ ഉത്പാദിപ്പിക്കാൻ കഴിയുമെന്നും കെഎഎൽ പ്രതീക്ഷിക്കുന്നു. ഇലക്ട്രിക് ഓട്ടോകൾക്ക് സിഎംവിആർ സർട്ടിഫിക്കേഷൻ ലഭിച്ച ഒരേയൊരു പൊതുമേഖലാ സ്ഥാപനമായ കെഎഎൽ, കോർപ്പറേറ്റ് വാഹന നിർമാതാക്കളുമായും മത്സരിക്കുന്നു. നിലവിൽ, കെഎഎൽ ഉൽപ്പന്നങ്ങൾ ആഗോളതലത്തിൽ അംഗീകരിക്കപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ നേപ്പാളിൽ നിന്നും ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. ശ്രീലങ്ക, ബംഗ്ലാദേശ്, തായ്‌വാൻ, കെനിയ, ഈജിപ്ത്, ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്ന് കെഎഎലിന് നിരവധി അന്വേഷണങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതിന് കെഎഎൽ അതിന്റെ ഉൽപാദന ക്ഷമത 7,200 യൂണിറ്റിൽ നിന്ന് പ്രതിവർഷം 15,000 യൂണിറ്റായി ഉയർത്തി.

നിലവിൽ, വിവിധ വിഭാഗങ്ങളിലായി 150 ജീവനക്കാർ മാത്രമാണ് കെഎഎൽ–ൽ ജോലി ചെയ്യുന്നത്. യൂണിറ്റ് ഉല്പാദന ലക്ഷ്യം 15,000 കൈവരിച്ചാൽ, ജീവനക്കാരുടെ എണ്ണം 750 ആയി ഉയർത്താമെന്നും അത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും കരുതുന്നു. കെഎഎല്ലിന്റെ സുസ്ഥിര വളർച്ച അനുബന്ധ വ്യവസായങ്ങളെ സാമ്പത്തികമായി ലാഭകരമാക്കുകയും, പരോക്ഷ തൊഴിൽ സൃഷ്ടിക്ക് ഇടയാക്കുകയും ചെയ്യും.

## ഭാവി പരിപാടികൾ

### എ. ഇ–റിക്ഷകൾ

സെൻട്രൽ മോട്ടോർ വെഹിക്കിൾസ് റൂൾസ് (സിഎംവിആർ) സർട്ടിഫിക്കേഷനായി, ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയിലേക്ക് (എആർഎഐ) കെഎഎൽ ഇതിനകം ഒരു പ്രോട്ടോടൈപ്പ് വാഹനം അയച്ചു. എആർഎഐ സർട്ടിഫിക്കേഷൻ ഏപ്രിൽ, 2020 ന് ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. പക്ഷേ, കോവിഡ് –19 കാരണം ഇത് വൈകുകയാണ്.

**ബി. ഇലക്ട്രിക് വീൽ ബാരോ**

മാലിന്യ ശേഖരണം, നിർമ്മാണ പ്രവർത്തനങ്ങൾ പോലുള്ള വിവിധ ആവശ്യങ്ങൾക്ക് എന്നിവയ്ക്ക് അനുയോജ്യമായ ഇലക്ട്രിക് വീൽ ബാരോയുടെ ഒരു പ്രോട്ടോടൈപ്പ് വികസിപ്പിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണത്തിന് ഇത് വളരെ പ്രയോജനപ്രദമാണ്. വാണിജ്യ വിതരണത്തിനായി തദ്ദേശസ്വയംഭരണം സ്ഥാപനങ്ങളുമായി ചർച്ചകൾ നടക്കുന്നു.

**സി. ലിഥിയം ബാറ്ററി നിർമ്മാണം**

കെഎഎല്ലിൽ ലിഥിയം ടിറ്റനേറ്റ് ബാറ്ററികൾ നിർമ്മിക്കുന്നതിനായി ജപ്പാനിലെ M/s തോഷിബ ബാറ്ററിയുമായി സംയുക്ത സംരംഭം ഉദ്ദേശിക്കുന്നു. സർക്കാരിൽ നിന്ന് അനുമതി വാങ്ങിയ ശേഷം പദ്ധതി ആരംഭിക്കും. കൂടാതെ, കമ്പനി ലിഥിയം അയൺ സെല്ലുകളുടെ പാക്കേജിംഗിനും അതിന്റെ നിർമ്മാണത്തിനും കമ്പനി തന്നെ പദ്ധതിയിടുന്നു.

**ഡി. ബിഎസ് VI വാഹനങ്ങളുടെ വികസനം**

ബിഎസ് VI സിഎൻജി/എൽപിജി വാഹനങ്ങൾ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശം M/s ഗ്രീവ്സ് കോട്ടൺ ലിമിറ്റഡ് സമർപ്പിച്ചു. ഇത് വികസിപ്പിക്കുന്നതിന് ആവശ്യമായ ഏകദേശ സമയം 12 മാസമാണ്. സർക്കാരിൽ നിന്ന് അനുമതി നേടിയ ശേഷം ഈ പദ്ധതി ആരംഭിക്കാൻ കഴിയും. ബിഎസ് VI വിഭാഗത്തിൽ, പെട്രോൾ, ഡീസൽ, സിഎൻജി, എൽപിജി വാഹനങ്ങൾക്കായി കമ്പനി പദ്ധതിയിടുന്നു. സിഎൻജി/എൽപിജി വാഹനങ്ങൾ അവതരിപ്പിക്കുമ്പോൾ, നിലവിലുള്ള ഡീസൽ വാഹനങ്ങളെ മാറ്റം വരുത്തി എൽപിജി/സിഎൻജി വാഹനങ്ങളാക്കാനും കമ്പനി ഒരുങ്ങുന്നു.

സംസ്ഥാനത്തെ സാങ്കേതിക സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട്, എഞ്ചിനീയറിംഗ് ബിരുദധാരികളെ ഉൾപ്പെടുത്തി വാഹന നിർമ്മാണത്തിൽ തൊഴിൽ പരിശീലനം നൽകുന്നതിനും കമ്പനി പദ്ധതിയിടുന്നുണ്ട്. പരിശീലനം പൂർത്തിയാക്കിയ ശേഷം അവരെ വാഹന ഉൽപാദന യൂണിറ്റുകളിൽ നിയമിക്കുകയും അതിലൂടെ അവർക്ക് തൊഴിൽ അവസരം നൽകുകയും ചെയ്യും. കെഎഎല്ലിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ സഹായത്തോടെ ഒരു ഗവേഷണ വികസന ഇൻകുബേഷൻ സെന്റർ സ്ഥാപിച്ച്, കെഎഎൽ തൊഴിലാളികളുടെ വൈദഗ്ധ്യവും, യുവ വിദ്യാർത്ഥികളുടെ ആശയങ്ങളുമായി സംയോജിപ്പിച്ച് നൂതന ഉൽപ്പന്നങ്ങൾ ആരംഭിക്കുക എന്നതാണ് മറ്റൊരു നിർദ്ദിഷ്ട പദ്ധതി.

ഇലക്ട്രിക് സ്കൂട്ടറുകൾ, കാറുകൾ, ബസുകൾ എന്നിവയുടെ നിർമ്മാണത്തിനും കമ്പനി ഒരുങ്ങുന്നുണ്ട്. ഇലക്ട്രിക് സ്കൂട്ടറുകൾ 2021ന് മുമ്പും 2021–22 ന്റെ രണ്ടാം പകുതിയിൽ ഇലക്ട്രിക് കാറുകളും വിപണിയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. വരും വർഷങ്ങളിൽ വിപണിയിൽ ഒരു പ്രധാന പങ്ക് വഹിക്കാൻ കെഎഎല്ലിന് കഴിയും.

## റോഡ് ഗതാഗത മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ, മുന്നോട്ടുള്ള മാർഗ്ഗങ്ങൾ

സംസ്ഥാനത്തെ നിലവിലുള്ള മിക്ക റോഡുകളും ഗതാഗത ബാഹുല്യം നേരിടുന്നതിന് ആവശ്യമായ വീതിയുള്ളവയല്ല, നാലിലൊന്ന് റോഡുകൾ മാത്രമേ രണ്ടുവരി പാതകളോ നാലുവരി പാതകളോ ആയിട്ടുള്ളൂ. അതേസമയം മിക്ക റോഡുകളും ഒറ്റവരി അല്ലെങ്കിൽ ഇടത്തരം പാതകളുടെ ശേഷി ഉള്ളവ മാത്രമാണ്. ദേശീയ പാതകളിൽ, ഏകദേശം 12 ശതമാനം മാത്രമേ നാലുവരി പാതകളായിട്ടുള്ളൂ. ബാക്കിയുള്ളവ ഒറ്റവരിപാതകളോ ഇടത്തരം പാതകളോ ആണ്. റോഡ് ശൃംഖലയുടെ 8 ശതമാനം മാത്രം വരുന്ന ദേശീയ പാതകൾ, സംസ്ഥാന പാതകൾ എന്നിവയിലൂടെയാണ് അന്തർ സംസ്ഥാന, അന്തർ നഗര ഗതാഗതം കൂടുതലായി കടന്നുപോകുന്നത്. ഗതാഗത ആവശ്യങ്ങൾ കണക്കിലെടുക്കുമ്പോൾ നിലവിലുള്ള റോഡുകളുടെ നിലവാരം ഉയർത്തേണ്ടത് ആവശ്യമാണ്. ഗതാഗത കുരുക്കും കാലതാമസവും, ലക്ഷ്യസ്ഥാനത്തേക്ക് വേഗം എത്തിച്ചേരൽ, അപകടങ്ങൾ കുറയ്ക്കൽ എന്നീ ഘടകങ്ങൾ പരിശോധിക്കുമ്പോൾ നിലവിലുള്ള റോഡ് ശൃംഖലയ്ക്ക് ഗുണപരമായ മാറ്റം ആവശ്യമാണ്. മിക്ക പൊതുമരാമത്ത് വകുപ്പ് റോഡുകളുടെയും നിലവാരം മെച്ചപ്പെടുത്തി, വീതി കൂട്ടി, റോഡ് സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

സംസ്ഥാനത്തിന്റെ റോഡ് വികസനത്തിന് മുൻഗണന നൽകുന്നതിന് ചില കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. സംസ്ഥാന പാതകളും, പ്രധാന ജില്ലാ റോഡുകളും പ്രൊഫഷണൽ രൂപകല്പനയോടെയും, ആവശ്യമായ ഡ്രെയിനേജ് സൗകര്യങ്ങളോടെയും നവീകരിക്കേണ്ടത് ആവശ്യമാണ്. നാല് വരി ദേശീയപാതകൾ, മലയോര ഹൈവേ, തീരദേശ ഹൈവേ, ബൈപ്പാസ്സുകൾ തുടങ്ങിയ പുതിയ റോഡ് വികസന സംരംഭങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് പൂർത്തിയാക്കേണ്ടവയാണ്.

കേരളത്തിലെ സംസ്ഥാനപാതകൾ, പ്രധാനപ്പെട്ട ജില്ല റോഡുകൾ, സിറ്റി റോഡുകൾ എന്നിവയിൽ ജ്യോമെട്രിക്കൽ ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, നടപ്പാത മെച്ചപ്പെടുത്തൽ, യൂട്ടിലിറ്റി ഡക്ടുകൾ, തുടങ്ങിയ സാങ്കേതിക തിരുത്തലുകൾ ഉൾപ്പെടുത്തി റോഡുകൾ പുനഃനിർമ്മിക്കുകയും, അറ്റകുറ്റപ്പണി കരാറുകളിലൂടെ റോഡുകളുടെ

അത്യന്താധുനിക വികസനം നടപ്പാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. സേവന നിലവാരം ഉയർത്തുന്നതിന്, പ്രധാന തടസ്സമായ റോഡ് വക്കിലെ പാർക്കിംഗ് സമ്പ്രദായവും ശ്രദ്ധിക്കേണ്ടതാണ്. ഭൗതിക പശ്ചാത്തല ദാതാക്കളായ പൊതുമരാമത്ത് വകുപ്പ്, റെയിൽവേ, ഉൾനാടൻ ജലഗതാഗത അതോറിറ്റി, വിമാനത്താവളം, തീരദേശ ഷിപ്പിംഗ് അതോറിറ്റികൾ എന്നിവയുടെ ഏകോപനം ഗതാഗത പശ്ചാത്തല മേഖലയുടെ നിർമ്മാണം, പരിപാലനം പ്രവർത്തനം എന്നിവയ്ക്ക് അത്യാവശ്യമാണ്. ഒരു ബഹുവിധ ഗതാഗത ശൃംഖല സംരക്ഷിക്കുന്നതിന് ഭൗതിക അടിസ്ഥാന സൗകര്യ രൂപീകരണം അത്യാവശ്യമാണ്.

## റെയിൽ ഗതാഗതം

1,257 കിലോ മീറ്റർ റൂട്ട് ദൈർഘ്യവും 1,588 കിലോ മീറ്റർ ട്രാക്കുകളും അടങ്ങിയ കേരളത്തിലെ റെയിൽവേ ശൃംഖല ഇന്ത്യൻ റെയിൽവേ ഭൂപടത്തിൽ പ്രത്യേക സ്ഥാനമാണ് നേടിയിട്ടുള്ളത്. ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളാണ് കേരളത്തിലുള്ളത്. പാലക്കാട് ഡിവിഷനു കീഴിലെ പാതയുടെ നീളം 577.74 കിലോമീറ്റർ ആണ്. 99 മെയിൽ/എക്സ്പ്രസ് ട്രെയിനുകൾ, 60 പാസഞ്ചർ ട്രെയിനുകൾ, 64 ചരക്ക് ട്രെയിനുകൾ എന്നിവ ഈ ഡിവിഷനിൽ നിന്നും സർവീസ് നടത്തുന്നു. തിരുവനന്തപുരം ഡിവിഷന്റെ പാതയുടെ ആകെ നീളം 623 കി.മി ആണ്. പ്രതിദിനം 170 മെയിൽ/എക്സ്പ്രസ്/ പാസഞ്ചർ ട്രെയിനുകളും 8 ഗുഡ്സ് ട്രെയിനുകളും ഇവിടെ നിന്നും സർവീസ് നടത്തുന്നു. സംസ്ഥാനത്ത് കൂടി കടന്ന് പോകുന്ന റെയിൽവേ ലൈനുകളെ ബ്രോഡ്ഗേജുകളാക്കി മാറ്റിയിട്ടുണ്ട്. സംസ്ഥാനത്ത് 200 ഓളം റെയിൽവേ സ്റ്റേഷനുകൾ ഉണ്ട് (പാലക്കാട് ഡിവിഷന് കീഴിൽ 95 ഉം തിരുവനന്തപുരം ഡിവിഷന് കീഴിൽ 105 ഉം). 2018–19 –ൽ തിരുവനന്തപുരം ഡിവിഷന് കീഴിൽ വൈദ്യുതീകരിച്ച പാതയുടെ നീളം 1,197 കിലോമീറ്ററാണ്, ഈ കാലയളവിൽ 1,703.67 കോടി രൂപ വരുമാനമായി ലഭിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണ പ്രവർത്തനങ്ങൾ എന്നിവ നടക്കുന്നു. റെയിൽവേ മേഖലയിൽ പുതിയ ചില ലൈനുകൾക്കുള്ള സാദ്ധ്യതാ പഠനങ്ങളും നടന്നുവരുന്നു.

## കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെആർഡിസിഎൽ)

കേരളത്തിലെ പ്രധാന റെയിൽവേ പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി രൂപീകരിക്കപ്പെട്ട കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ് കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെആർഡിസിഎൽ). 51 ശതമാനം സംസ്ഥാന സർക്കാർ ഓഹരിയും, 49 ശതമാനം കേന്ദ്രസർക്കാർ ഓഹരിയുമായി സംസ്ഥാനത്ത് ഭാവിയിൽ നിലവിൽ വരുന്ന റെയിൽവേ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സംരംഭമാണ് ഇത്.

**പട്ടിക 11.1.17** കെആർഡിസിഎൽ – ന്റെ പ്രധാന സംരംഭങ്ങൾ, 2019–20

| ക്രമ. നം. | പദ്ധതികൾ | നിലവിലെ സ്ഥിതി |
|---|---|---|
| 1 | തലശ്ശേരിയെയും മൈസൂരിനേയും തമ്മിൽ മാനന്തവാടി വഴി ബന്ധിപ്പിക്കുന്ന പുതിയ ബ്രോഡ് ഗേജ് ലൈൻ | • കേരളത്തിലെ സർവേ പൂർത്തിയായി. കർണാടക സംസ്ഥാനത്ത് സർവേ അനുമതി നേടുന്നതിനുള്ള പ്രക്രിയ പുരോഗമിക്കുന്നു.<br>• തലശ്ശേരി – മൈസൂർ റെയിൽ പദ്ധതിയുടെ പുതുക്കിയ സാധ്യതാ റിപ്പോർട്ട് കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കി. 200 കിലോമീറ്റർ ഇടനാഴിക്ക് 13,987 കോടി രൂപ ചെലവുവരും.<br>• കേരളം കർണാടക സംസ്ഥാനങ്ങളിലെ ജിയോ ഫിസിക്കൽ സർവേ പൊതുജന പ്രതിരോധം കൂടാതെയും പ്രദേശത്തിന്റെ പരിസ്ഥിതിയെ ബാധിക്കാതെയും ഹെലികോപ്റ്റർ സർവ്വേയിലൂടെ നടത്താമെന്ന് കെആർസിഎൽ നിർദ്ദേശിച്ചു |
| 2 | നിലമ്പൂർ മുതൽ നഞ്ചങ്കോട് വരെ പുതിയ ബ്രോഡ് ഗേജ് പാതയുടെ നിർമ്മാണം | • നിലമ്പൂർ – നഞ്ചൻഗുഡ്, തലശ്ശേരി – മൈസൂർ എന്നിവയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പശ്ചിമഘട്ടത്തിന് കുറുകെ കേരള കർണാടക വനാതിർത്തിയിൽ ഒരു പൊതു പ്രവേശന കവാടം സ്ഥാപിക്കാൻ കെആർഡിസിഎൽ പഠനം നടത്തി നിർദ്ദേശിച്ചു.<br>• അലൈൻമെന്റിന്റെ അംഗീകരിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കേരള കർണാടക സംസ്ഥാനങ്ങളുടെ ചർച്ച നടത്താൻ നിർദ്ദേശിച്ചു. |
| 3 | വാണിജ്യ വികസന പദ്ധതി അടിസ്ഥാനത്തിൽ എറണാകുളത്ത് (ഇആർജി) പുതിയ ടെർമിനസ് സ്റ്റേഷൻ വികസനം | • കൊച്ചിയിലെ കിറ്റ്കോ തയ്യാറാക്കിയ ഡിപിആർ കെആർഡിസിഎല്ലിന്റെ ഡയറക്ടർ ബോർഡ് അംഗീകരിച്ച്, ഡിസംബർ, 2017 ൽ റെയിൽവേ ബോർഡിന് സമർപ്പിച്ചു.<br>• ഈ നിർദ്ദേശത്തിലെ റിട്ടേൺ നിരക്ക് 18 ശതമാനമാണ്. ഈ നിർദ്ദേശത്തിന് റെയിൽവേ സ്റ്റേഷൻ ഡെവലപ്മെന്റ് അതോറിറ്റി / റെയിൽവേ ലാൻഡ് ഡെവലപ്മെന്റ് എന്നിവയുടെ അനുമതി ആവശ്യമാണ്. |

*അവലംബം*: കേരള റെയിൽ ഡെവലൊപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (കെ ആർ ഡി സി എൽ)

ഏറ്റെടുക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സംയുക്ത സംരംഭ കമ്പനിക്ക് 100 കോടി രൂപ മൂലധന നിക്ഷേപമായി ആവശ്യമാണ്. റെയിൽവേ മന്ത്രാലയത്തിന്റെയും (റെയിൽവേ ബോർഡ്) സംസ്ഥാന സർക്കാരിന്റേയും അനുമതിയോടെ പ്രസ്തുത മൂലധനത്തിൽ മാറ്റം വരുത്താവുന്നതാണ്. 2019 മെയ് വരെ പദ്ധതിക്ക് ആവശ്യമായത് 1,226.45 ഹെക്ടർ ഭൂമിയാണ്. ഇതിൽ 1,074.19 ഹെക്ടർ സ്വകാര്യ ഭൂമിയും 107.98 ഹെക്ടർ സർക്കാർ ഭൂമിയും 44.28 ഹെക്ടർ റെയിൽവേ ഭൂമിയുമാണ്. കെആർഡിസിഎൽ ഏറ്റെടുത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി **പട്ടിക 11.1.17** –ൽ നൽകിയിരിക്കുന്നു.

## സിൽവർ ലൈൻ (സെമി ഹൈ സ്പീഡ് റെയിൽ)

529.45 കിലോമീറ്റർ നീളമുള്ള സെമി ഹൈ സ്പീഡ് റെയിൽ ഇടനാഴിയാണ് സിൽവർ ലൈൻ പദ്ധതി. കാസർഗോഡിനെയും തിരുവനന്തപുരത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ സെമി ഹൈ സ്പീഡ് ട്രെയിനിന് മണിക്കൂറിൽ 200 കിലോമീറ്റർ വേഗതയിൽ ഓടാൻ സാധിക്കും. ഇത് സംസ്ഥാനത്തിന്റെ വടക്കും തെക്കും തമ്മിലുള്ള ഗതാഗതം സുഗമമാക്കുകയും നിലവിലുള്ള 10–12 മണിക്കൂറിനെ അപേക്ഷിച്ച് മൊത്തം യാത്രാ സമയം 4 മണിക്കൂറായി കുറയ്ക്കുകയും ചെയ്യും. നൂറ് ശതമാനം ഹരിത പദ്ധതിയായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്.

11 ജില്ലകളിലൂടെ കടന്നുപോകുന്ന ഈ ഇടനാഴിയിൽ തിരുവനന്തപുരം, കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം, കൊച്ചി വിമാനത്താവളം, തൃശ്ശൂർ, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിങ്ങനെ 11 സ്റ്റേഷനുകൾ ഉണ്ട്. വിമാനത്താവളങ്ങൾ, ഐടി പാർക്കുകൾ, ആരോഗ്യ സ്ഥാപനങ്ങൾ, സാംസ്കാരിക വാണിജ്യ കേന്ദ്രങ്ങൾ,എന്നിവയുമായി ബന്ധിപ്പിക്കുന്നു. സെമി ഹൈ സ്പീഡ് റെയിൽ (എസ്എച്ച്എസ്ആർ), വാഹനങ്ങളെയും ട്രക്കുകളെയും നിരത്തുകളിൽ നിന്നും ഒഴിവാക്കുന്നതോടൊപ്പം 2028 ഓടെ 2,87,994 ടൺ കാർബൺ ഡൈ ഓക്സൈഡും 2051 ആകുമ്പോഴേക്കും ഏകദേശം 5,94,636 ടണ്ണും കാർബൺ ഡൈ ഓക്സൈഡും പുറംതള്ളുന്നത് കുറയ്ക്കുന്നതിന് സഹായിക്കും. പൊതു സേവനങ്ങളും ഫീഡർ സേവനങ്ങളും ഉപയോഗിച്ച് ലാസ്റ്റ് മൈൽ കണക്റ്റിവിറ്റിയിലൂടെ ഗ്രാമങ്ങളിലേക്ക് ട്രെയിൻ മാർഗ്ഗമുള്ള ചരക്ക് നീക്കം അതായത്, റോ റോ സേവനവും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

കേരള റെയിൽ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെആർഡിസിഎൽ) പദ്ധതിയുടെ സാധ്യതാ റിപ്പോർട്ട് തയ്യാറാക്കി റെയിൽവേ ബോർഡിന് സമർപ്പിച്ചു. വിശദ പഠനത്തിനും റെയിൽവേ പദ്ധതികൾക്കായി നിലവിലുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിച്ച് പദ്ധതി റിപ്പോർട്ട് സമർപ്പിക്കാൻ റെയിൽവേ ബോർഡ് നിർദ്ദേശിച്ചു. സിൽവർ ലൈൻ പദ്ധതിയുടെ സാദ്ധ്യതാ റിപ്പോർട്ട് പാരീസിലെ M/s സിസ്ട്ര മുഖേന കെ–റെയിൽ തയ്യാറാക്കി. ജി.ഒ (എം.എസ്) നമ്പർ 43/2019 / ട്രാൻസ്, തീയതി 26.08.2019 പ്രകാരം കേരള സർക്കാർ ഇത് അംഗീകരിച്ചു. ഭാരത സർക്കാർ ഉത്തരവ് നമ്പർ 2019/ജെവിസെൽ/ കെആർഡിസിഎൽ/ എസ്എച്ച്എസ്ആർസി തീയതി, 17.12.2019 പ്രകാരം റെയിൽവേ മന്ത്രാലയം, പദ്ധതിക്ക് തത്വത്തിൽ (ഇൻ–പ്രിൻസിപ്പൽ) അംഗീകാരം നൽകിയിട്ടുണ്ട്. ഇത് അനുസരിച്ച്, 63,941 കോടി രൂപ പദ്ധതി ചെലവിൽ വിശദ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) തയ്യാറാക്കി. വിശദ പ്രോജക്ട് റിപ്പോർട്ടിന് കെ–റെയിൽ ഡയറക്ടർ ബോർഡ് അംഗീകാരം നൽകി. ജിഒ (എം എസ്) നമ്പർ 18/2020 / ട്രാൻസ് ഉത്തരവ് പ്രകാരം കേരള സർക്കാരിൽ നിന്ന് അനുമതി നേടിയ ശേഷം റിപ്പോർട്ട് 11.06.2020ന് റെയിൽവേ മന്ത്രാലയത്തിനും നീതി ആയോഗിനും അംഗീകാരത്തിനായി കൈമാറി. കേരള സർക്കാരിന്റെ പ്രത്യേക പദ്ധതിയായി പദ്ധതിക്ക് മുൻഗണന നൽകി. കേരള സർക്കാരിന്റെ പ്രത്യേക പദ്ധതിയായി ഇതിന് മുൻഗണന നൽകിയിട്ടുണ്ട്.

തിരുവനന്തപുരം– കാസർഗോഡ് സെമി ഹൈ സ്പീഡ് റെയിലിന്റെ സാങ്കേതിക / രൂപകൽപ്പന സവിശേഷത **പട്ടിക 11.1.18** –ൽ നൽകിയിരിക്കുന്നു.

## കൊച്ചി മെട്രോ റെയിൽ പ്രൊജക്റ്റ് (കെഎംആർപി)

കൊച്ചി നഗരത്തിന്റെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേരള സർക്കാർ ആരംഭിച്ച ഫ്ലാഗ്ഷിപ്പ് പരിപാടിയാണ് കൊച്ചി മെട്രോ റെയിൽ പദ്ധതി (കെ.എം.ആർ.പി). ഭാരത സർക്കാരിന്റെയും,

**പട്ടിക 11.1.18** സാങ്കേതിക/ ഡിസൈൻ സവിശേഷതകൾ

| ഇനം | ഡിസൈൻ സവിശേഷത |
|---|---|
| റൂട്ട് ദൈർഘ്യവും സ്റ്റേഷന്റെ എണ്ണവും | 529.45 കി.മീ, 11 എണ്ണം |
| ഗേജ് | സ്റ്റാൻഡേർഡ് ഗേജ്, 1435 മിമി |
| പാതകളുടെ എണ്ണം | ഇരട്ട ട്രാക്ക് (ഒരേ ദിശയിലേക്ക്) |
| റോളിംഗ് സ്റ്റോക്ക് | തുടക്കത്തിൽ 9 കോച്ചുകളും പിന്നീട് 12 കോച്ചുകളും |

അവലംബം: കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

**പട്ടിക 11.1.19** കൊച്ചി മെട്രോ-പദ്ധതിയുടെ വിശദാംശങ്ങൾ, രൂപ കോടിയിൽ

| ക്രമ നമ്പർ | റീച്ച് | ബന്ധിപ്പിക്കുന്ന സ്ഥലങ്ങൾ | ദൈർഘ്യം (കി.മീ) | അടങ്കൽ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| ഒന്നാം ഘട്ടം | ആലുവ മുതൽ പേട്ട വരെ (22 സ്റ്റേഷനുകൾ) | | 25.612 | | ജൂൺ 19, 2017 ന് കമ്മീഷൻ ചെയ്തു |
| | റീച്ച്- I | ആലുവ മുതൽ പാലരിവട്ടം വരെ (11 സ്റ്റേഷനുകൾ) | 13.40 | | ഒക്ടോബർ 3, 2017 ന് കമ്മീഷൻ ചെയ്തു |
| | റീച്ച്- II എ | പാലരിവട്ടം മുതൽ മഹാരാജാസ് കോളേജ് വരെ (5 സ്റ്റേഷനുകൾ) | 4.96 | 5687.79 (പുതുക്കിയ നിരക്ക് ) | |
| | റീച്ച്- II ബി | മഹാരാജാസ് മുതൽ തൈക്കൂടം വരെ (6 സ്റ്റേഷനുകൾ) | 5.65 | | സെപ്റ്റംബർ 03, 2019 ന് ഉദ്ഘാടനം ചെയ്യുകയും സെപ്റ്റംബർ 04, 2019 ന് വാണിജ്യ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു |
| | റീച്ച്- IIസി | തൈക്കൂടം മുതൽ പേട്ട വരെ (1 സ്റ്റേഷൻ) | 1.33 | | പൂർത്തിയാക്കി പ്രവർത്തനത്തിന് തയ്യാറാണ് |
| ഘട്ടം I (എ) | | പേട്ട മുതൽ എസ്. ജംഗ്ഷൻ (വിപുലീകരണം) | 1.88 | 710.93 (പുതുക്കിയ നിരക്ക് ) | 2021-22 അവസാനത്തോടെ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഘട്ടം I (ബി) | | എസ്എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെ | 1.20 | 355.70 | 2021-22 അവസാനത്തോടെ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഘട്ടം II | | ജെഎൽഎൻ സ്റ്റേഡിയം മുതൽ കാക്കനാട് ഐടി സിറ്റി വരെ | 11.00 | 1957.05 | അന്തിമ അനുമതി ലഭിക്കുന്ന മുറക്ക് ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ ആരംഭിക്കും. റോഡ് വീതികൂട്ടുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. |

*അവലംബം : കെ.എം.ആർ.എൽ*

കേരള സർക്കാരിന്റെയും സംയുക്ത സംരംഭമായ പ്രസ്തുത പദ്ധതി, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ. എം.ആർ.എൽ) ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രീതിയിലാണ് നടപ്പിലാക്കുന്നത്. 2012, ജൂലൈയിൽ 5,181.79 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതും 25.612 കിലോമീറ്റർ നീളവും 22 സ്റ്റേഷനുകളുള്ള മെട്രോ വയാഡക്റ്റിന് (അലുവ-പേട്ട പദ്ധതിക്ക് ) സർക്കാർ അനുമതി നൽകി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കെ.എം.ആർ.എൽ, ഭാരത സർക്കാർ, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഡി.എം.ആർ.സി) എന്നിവരുമായി ഒരു തൃകക്ഷി കരാർ ഒപ്പുവെച്ചു. പദ്ധതിയുടെ വിശദാംശങ്ങൾ **പട്ടിക 11.1.19 -ൽ** നൽകിയിരിക്കുന്നു.

ആലുവ മുതൽ പേട്ട വരെ 22 സ്റ്റേഷനുകൾ ഉൾപ്പെട്ട 25.2 കിലോമീറ്റർ കൊച്ചി മെട്രോ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. 5 സ്റ്റേഷനുകളുള്ള മഹാരാജാസ് കോളേജ് മുതൽ തൈക്കൂടം വരെ 5.65 കിലോമീറ്റർ ദൂരം 2019 സെപ്റ്റംബറിൽ കമ്മീഷൻ ചെയ്തു. ഒന്നാം ഘട്ടത്തിന്റെ ഭാഗവും 1.33 കിലോമീറ്റർ നീളവും 1 സ്റ്റേഷനും ഉൾപ്പെടുന്ന തൈക്കൂടം മുതൽ പേട്ട വരെയുള്ള (റീച്ച് 2 സി) തുറക്കുന്നതിനുള്ള നിയമപരമായ അനുമതി 2020 മെയ് 28ന് ലഭിച്ചു. കോവിഡ്-19 ലോക്ക്ഡൗൺ നീക്കിയതിനുശേഷം 2020 സെപ്റ്റംബർ 7 ന് എല്ലാ പ്രതിരോധ നടപടികളോടു കൂടെ പൊതുജനത്തിന് തുറന്നുകൊടുത്തു.

കൊച്ചി മെട്രോയുടെ മൊത്ത വരുമാനം 2019-20 ലെ 94.0 കോടി രൂപയിൽ നിന്നും 2020-21 -ൽ 14.96 കോടി രൂപയായി കുറഞ്ഞു. 2019-20 ലെ 116.0 കോടി രൂപ മൊത്തം വരുമാനച്ചെലവിനെ അപേക്ഷിച്ച് 2020-21 -ൽ 41.41 കോടി രൂപയും പ്രവർത്തന നഷ്ടം 2019-20 ലെ 22.0 കോടി രൂപ അപേക്ഷിച്ച് 2020-21ൽ 26.45 കോടി രൂപയുമാണ്. യാത്രക്കാരുടെ എണ്ണം 2019-20 -ൽ 181.0 ലക്ഷത്തിൽ നിന്ന് 2020-21 -ൽ 1.746 ലക്ഷമായി കുറഞ്ഞു, യാത്രക്കാരുടെ എണ്ണത്തിൽ 98.25 ശതമാനം കുറവ് രേഖപ്പെടുത്തുന്നു. വിശദാംശങ്ങൾ **അനുബന്ധം 11.1.18** ൽ നൽകിയിരിക്കുന്നു.

കെഎംആർഎല്ലിന്റെ പ്രധാന സവിശേഷതകളും / നേട്ടങ്ങളും **പട്ടിക 11.1.20 -ൽ** നൽകിയിരിക്കുന്നു.

**പട്ടിക** 11.1.20 കെഎംആർഎല്ലിന്റെ പ്രധാന സവിശേഷതകളും / നേട്ടങ്ങൾ 2019–20, 2020–21 കാലഘട്ടങ്ങളിൽ

| 2019–20 | 2020–21 |
|---|---|
| മഹാരാജാസ് കോളേജ് മുതൽ തൈക്കൂടം വരെ 5 സ്റ്റേഷനുകൾ അടങ്ങിയ 5.65 കിലോമീറ്റർ ദൂരം 2019 സെപ്റ്റംബറിൽ കമ്മീഷൻ ചെയ്തു. | കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടം തൈക്കൂടം മുതൽ പേട്ട വരെ 1.33 കിലോമീറ്റർ ദൂരം കമ്മീഷൻ ചെയ്തു. |
| തൈക്കൂടം മുതൽ പേട്ട വരെ 1.33 കി.മീ. ന്റെ ബാക്കി ഭാഗം 2020 മാർച്ചിൽ കമ്മീഷൻ ചെയ്യാൻ തയ്യാറായി. | 5.445 മെഗാവാട്ട് ശേഷിയുള്ള സോളാർ പിവി പ്രൊജക്റ്റിന് അംഗീകാരം ലഭിച്ചു. |
| കൊച്ചി മെട്രോ എയർപോർട്ട് കണക്റ്റിവിറ്റി സേവനം 'പവൻദൂത്' അവതരിപ്പിച്ചു, അതായത്, കൊച്ചി വിമാനത്താവളത്തിനും ആലുവ മെട്രോ സ്റ്റേഷനും ഇടയിലുള്ള ഇലക്ട്രിക് എ / സി ബസ് സർവീസ്. | കൊച്ചി മെട്രോയിലെ ഡിപ്പോയും കോർപ്പറേറ്റ് ഓഫീസും ഉൾപ്പെടെ 6 സ്റ്റേഷനുകൾക്ക് ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ് കൗൺസിൽ (ഐജിബിസി) പ്ലാറ്റിനം റേറ്റ്ട് സർട്ടിഫിക്കറ്റ് നൽകി. |
| തുറമുഖ എയർപോർട്ട് റോഡ് – രണ്ടാം ഘട്ട പ്രാരംഭ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയും ജോലികൾ പുരോഗമിക്കുകയുമാണ്. | മെട്രോ സ്റ്റേഷനുകളിൽ മഴവെള്ള സംഭരണ സംവിധാനം ആരംഭിച്ചു. |
| ഘട്ടം I എ സിവിൽ കരാറിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. 2021 നവംബർ ആണ് ലക്ഷ്യമിട്ടുന്ന പൂർത്തീകരണ തീയതി. | സംയോജിത ഘട്ടം 1 എ, 1 ബിയുള്ള ഇ & എം, പവർ, ട്രാക്ഷൻ പ്രവൃത്തികൾ എന്നിവയ്ക്ക് അനുമതി നൽകി. |
| ഘട്ടം I ബിയുടെ (എസ്എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെ) വിശദ ഡിസൈൻ കൺസൾട്ടന്റ് കരാർ നൽകി. | ഘട്ടം 1 ബിയുടെ സിവിൽ ജോലികൾ പുരോഗമിക്കുന്നു. 2022, മെയ് മാസമാണ് ലക്ഷ്യമിട്ടിരിക്കുന്ന പൂർത്തീകരണ തീയതി |
| കൊച്ചി വാട്ടർ മെട്രോ പദ്ധതിക്ക് വനം പരിസ്ഥിതി മന്ത്രാലയം പാരിസ്ഥിതിക അനുമതി നൽകി. | ഘട്ടം 1 എ (പേട്ട മുതൽ എസ്എൻ ജംഗ്ഷൻ വരെ) പൂർത്തീകരണ, വാസ്തുവിദ്യാ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് അനുമതി നൽകി. ജലഗതാഗതം – കരാർ നൽകിയ 8 ടെർമിനലുകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 100 പാക്സ് (23 എണ്ണം) ബോട്ടുകളുടെ രൂപകൽപ്പനക്കും നിർമ്മാണത്തിനും അനുമതി നൽകി | ഒഴുകി നടക്കുന്ന ചങ്ങാടങ്ങൾക്ക് (ഫ്ലോട്ടിംഗ് പോണ്ടൂൺ) നിർമ്മാണ അനുമതി നൽകി. |
| | ഭൂമി ഏറ്റെടുക്കൽ – 14 ടെർമിനലുകൾക്കായുള്ള സാമൂഹിക ആഘാത പഠനം പൂർത്തിയായി |

*അവലംബം: കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്*

## മുന്നോട്ടുള്ള പ്രയാണം

പേട്ട മുതൽ എസ്എൻ ജംഗ്ഷൻ വരെ ഘട്ടം 1 എ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു, 2022 മാർച്ചിൽ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. എസ്എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെയുള്ള ഘട്ടം 1 ബി സ്ട്രെച്ചിന്റെ പണികളും പുരോഗമിക്കുന്നു, 2022 ഓഗസ്റ്റിൽ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം ഘട്ടം ജെഎൽഎൻ സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള പ്രവർത്തനങ്ങൾക്കുള്ള ഭാരത സർക്കാരിന്റെ അനുമതി 2020 ഡിസംബറോടെ ലഭിക്കുമെന്നും നിർമാണ പ്രവർത്തനങ്ങൾ 2020 ഡിസംബറോടെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാക്കനാട് ജംഗ്ഷൻ മുതൽ ഇൻഫോപാർക്ക് എക്സ്പ്രസ് വേ എൻട്രൻസ് (2.5 കിലോമീറ്റർ) വരെയുള്ള പ്രദേശത്തിന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ ജെഎൽഎൻ സ്റ്റേഡിയം മുതൽ കുന്നംപുരം വരെയുള്ള (4.5 കിലോമീറ്റർ) പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയ പണികൾ ഡിസംബർ, 2021ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## മാതൃകാ പദ്ധതികൾ, നിർദ്ദിഷ്ട നേട്ടങ്ങൾ, മികച്ച പ്രവർത്തനങ്ങൾ

മുട്ടം ഡിപ്പോയിൽ കെഎംആർഎൽ ഒരു കംബൈൻഡ് ഓക്സിലിയറി ആൻഡ് ട്രാക്ഷൻ സബ് സ്റ്റേഷൻ നിർമ്മിച്ചു. തുടർച്ചയായ 415 വി എസി ആക്സിലറിയും 750 വി ഡിസി ട്രാക്ഷൻ പവർ സപ്ലൈ സിസ്റ്റവും പുതിയ സബ്സ്റ്റേഷൻ ഉറപ്പാക്കുന്നു. കൊച്ചി മെട്രോയിലെ ഡിപ്പോയും കോർപ്പറേറ്റ് ഓഫീസും ഉൾപ്പെടെ 6 സ്റ്റേഷനുകൾക്ക് ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ് കൗൺസിലിന്റെ (ഐജിബിസി) പ്ലാറ്റിനം അംഗീകൃത സർട്ടിഫിക്കറ്റ് ലഭിച്ചു. ഊർജ്ജ കാര്യക്ഷമതയ്ക്കും സുസ്ഥിരതയ്ക്കും ഐജിബിസി അംഗീകാരം ലഭിച്ച ഒരേ ഒരു മെട്രോ ആണ് കെഎംആർഎൽ.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, മെട്രോ സ്റ്റേഷനുകളിൽ മഴവെള്ള സംഭരണ സംവിധാനം ആരംഭിച്ചു. ഒരു വർഷം 22 മെട്രോ സ്റ്റേഷനുകളിൽ 420 ലക്ഷം ലിറ്റർ മഴ വെള്ളം ശേഖരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എസ്സിഎംഎസ് വാട്ടർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക സഹായത്തോടെയാണ് മഴവെള്ള സംഭരണ പദ്ധതി നടപ്പാക്കുന്നത്.

## കോവിഡ്–19 ആഘാതം

കോവിഡ് –19 ലോക്ക്ഡൗൺ കാരണം മാർച്ച് 22, 2020 മുതൽ സെപ്റ്റംബർ 6, 2020 വരെ കൊച്ചി മെട്രോയുടെ പ്രവർത്തനം നിർത്തിവച്ചു. ഇത് മെട്രോ സർവീസുകളിൽ നിന്നുള്ള വരുമാനത്തെ സാരമായി ബാധിച്ചു. കോവിഡ് –19 ആഘാതം, നിർമ്മാണ സാമഗ്രികളുടെ വിലയിലെ വർദ്ധന, തൊഴിലാളികളുടെ വേതനം എന്നിവ പദ്ധതിയുടെ

ചെലവിനെ ബാധിച്ചു. നിർബന്ധിത 14 ദിവസത്തെ ക്വാറന്റീൻ തൊഴിലാളികളെയും ഉദ്യോഗസ്ഥരെയും പെട്ടെന്ന് സംഘടിപ്പിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കി. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ജില്ലകളിൽ നിന്നുമുള്ള വസ്തുക്കളുടെ വരവ്, നിർമാണ സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവയുടെ സമാഹരണം, സംഭരണം എന്നിവയെയും ഗതാഗത നിയന്ത്രണം പ്രതികൂലമായി ബാധിച്ചു. സാമൂഹിക അകലം കാരണം, ക്യാമ്പിൽ നിന്ന് സൈറ്റുകളിലേക്ക് ദിവസേനയുള്ള തൊഴിലാളികളുടെ യാത്രയും പദ്ധതി ചെലവിനെ ബാധിച്ചു. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെ കോവിഡ്–19 മഹാമാരി പ്രതികൂലമായി ബാധിച്ചു.

### കൊച്ചി–മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (എംടിഎ)

വിവിധ യാത്രാമാർഗ്ഗങ്ങൾ സംയോജിപ്പിക്കാനും ആസൂത്രണം ചെയ്യാനും നിയന്ത്രിക്കാനുമുള്ള ഇന്ത്യയിലെ ആദ്യത്തെ അതോറിറ്റിയായ കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (കെഎംടിഎ), നവംബർ 1, 2020 മുതൽ നിലവിൽ വന്നു. കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്റ്റ് പ്രാബല്യത്തിൽ വന്ന ഏപ്രിൽ 1, 2020 മുതലാണ് അതോറിറ്റി രൂപം കൊണ്ടത്. കൊച്ചി നഗരത്തിലെ നഗര ഗതാഗതം ആസൂത്രണം ചെയ്യൽ, ഏകോപിപ്പിക്കൽ, കൈകാര്യം ചെയ്യൽ എന്നിവ കൂടാതെ ഗ്രേറ്റർ കൊച്ചിയിലെ ജനങ്ങൾക്ക് സംയോജിത, പങ്കിടൽ, ഹരിത ഗതാഗത സംവിധാന ശൃംഖല സൃഷ്ടിച്ച് അധികാരങ്ങൾ നൽകാൻ രൂപം നൽകിയിട്ടുള്ള രാജ്യത്തെ ആദ്യ സമഗ്ര നിയമമായിട്ടാണ് ഇത് ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. ഓരോ എംടിഎയ്ക്കും കീഴിൽ നഗര ഗതാഗത ഫണ്ട് (യുടിഎഫ് ) സൃഷ്ടിക്കുന്നതിനും യുടിഎഫിന് വരുമാനവും അധികാരവും നൽകുന്നതിനും ഈ നിയമം അനുശാസിക്കുന്നു.

### തിരുവനന്തപുരം കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതി

ഒരു മാസ് റാപിഡ് ട്രാൻസിറ്റ് സിസ്റ്റം (എം.ആർ.റ്റി. എസ്സ് ) എന്ന നിലയിൽ തിരുവനന്തപുരത്തും, കോഴിക്കോട്ടും ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള റാപിഡ് ട്രാൻസിറ്റ് സിസ്റ്റം കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർടി. എൽ) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ (ഡി.എം. ആർ.സി) ഇതിന്റെ വിശദ പദ്ധതി റിപ്പോർട്ട് (ഡി. പി.ആർ) തയ്യാറാക്കിയിട്ടുണ്ട്. മെട്രോ പദ്ധതികൾക്ക് കേരള സർക്കാർ 6,728 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ സംസ്ഥന സർക്കാരിന്റെ വിഹിതം 1,619 കോടി രൂപയും, കേന്ദ്ര സർക്കാരിന്റെ വിഹിതം 1,278 കോടി രൂപയും വായ്പ്പാ വിഹിതം 3,831 കോടി രൂപയുമാണ്. 13.33 കിലോമീറ്റർ ദൈർഘ്യവും 14 സ്റ്റേഷനുകളുള്ള കോഴിക്കോട് പദ്ധതി ആദ്യ ഘട്ടമായി ഏറ്റെടുത്തു. പദ്ധതിയുടെ ഏകദേശ ചെലവ് തിരുവനന്തപുരം 4,219.00 കോടി രൂപയും കോഴിക്കോട് 2,509 കോടി രൂപയും ചേർത്ത് (കേന്ദ്ര നികുതിയും ഭൂമിയും ഉൾപ്പെടെ) ആകെ 6,728.00 കോടി രൂപയാണ്.

രാജ്യത്തെ പുതിയ മെട്രോ പദ്ധതികൾക്ക് അനുയോജ്യമായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ 2017 ആഗസ്റ്റ് മാസത്തിൽ കേന്ദ്ര സർക്കാർ പുതുക്കിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. നിലവിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള മെട്രോ റെയിൽ പദ്ധതികൾക്കും ഈ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമാണ്. ഭാരത സർക്കാരിന്റെ പുതിയ മെട്രോ നയത്തിന് അനുസൃതമായി, 2017 ഡിസംബറിൽ, പരിഷ്കരിച്ച തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ റെയിൽ പദ്ധതികളുടെ വിശദ പദ്ധതി റിപ്പോർട്ടുകൾ കേരള സർക്കാരിന്റെ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സമിതി അവലോകനം ചെയ്തു. കോഴിക്കോട്, തിരുവനന്തപുരം പദ്ധതികൾക്ക് യഥാക്രമം 2,773 കോടി രൂപയും 4,673 കോടി രൂപയുമാണ് ചെലവ്. കമ്മിറ്റി പദ്ധതികൾക്ക് അംഗീകാരം നൽകി, എന്നാൽ ആസൂത്രണം ചെയ്ത യാത്രാസംഖ്യ യഥാർത്ഥ കണക്കുകളേക്കാൾ വളരെ കുറവായിരിക്കുകയും, പദ്ധതി പ്രവർത്തനങ്ങളുടെ പ്രാരംഭ വർഷങ്ങളിൽ സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിക്കുന്നതിന് ഇത് ആവശ്യമായി വരുകയും ചെയ്യും.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കെആർടിഎല്ലിന്റെ ഡയറക്ടർ ബോർഡ്, റിപ്പോർട്ട് 2019 ജൂലൈയിൽ പരിഗണിച്ചു. ടെക്നോപാർക്കിനെ ലൈറ്റ് മെട്രോ പദ്ധതിയുമായി ബന്ധിപ്പിച്ച് തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ അന്വേഷിക്കാൻ തീരുമാനിച്ചു.

ടെക്നോപാർക്കിനെ തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിന് കെആർടിഎൽ ഹൈദരാബാദിലെ M/s യുഎംടിസി ലിമിറ്റഡിനെ ചുമതലപ്പെടുത്തി. യുഎംടിസി പഠനം പൂർത്തിയാക്കി 2020 സെപ്റ്റംബറിൽ റിപ്പോർട്ട് സമർപ്പിച്ചു.

2020 ഒക്ടോബർ, 19 ന് ചേർന്ന കെ ആർ ടി എൽ ഡയറക്ടർ ബോർഡ് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ റെയിൽ പദ്ധതികളുടെ പുതുക്കിയ ഡിപിആറിന് അംഗീകാരം നൽകുകയും, സർക്കാരിന്റെ അംഗീകാരത്തിന് ശേഷം ഭാരത സർക്കാരിന്റെ അംഗീകാരത്തിനായി അയയ്ക്കുവാൻ തീരുമാനിച്ചു.

**പട്ടിക 11.1.21** ജലമെട്രോ– ധനകാര്യ രീതി, രൂപ കോടിയിൽ

| സ്രോതസ്സ് | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | അനുബന്ധ പശ്ചാത്തലം | ആകെ |
|---|---|---|---|---|
| വായ്പ | 181.81 | 132.78 | 265.12 | 579.71 |
| ഓഹരി (ഇക്വിറ്റി) | 32.08 | 23.43 | 46.79 | 102.30 |
| ആകെ | 213.89 | 156.21 | 311.91 | 682.01 |

അവലംബം- കെ.എം.ആർ.എൽ

ടെക്നോപാർക്കിനെ ലൈറ്റ് മെട്രോയുമായി ബന്ധിപ്പിക്കുന്നതിന് ഡിപിആർ തയ്യാറാക്കാനും തീരുമാനിച്ചു.

ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ ഫ്ലൈ ഓവറുകളുടെ നിർമാണം ഉൾപ്പെടെ തിരുവനന്തപുരം ലൈറ്റ് മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് കിഫ്ബി ധനസഹായം നൽകുകയും, ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ ഘട്ടത്തിലുമാണ്. ശ്രീകാര്യത്ത് നിർദ്ദിഷ്ട ഫ്ലൈഓവറിന്റെ നിർമ്മാണം ഉടൻ ആരംഭിക്കും. കോഴിക്കോട് ലൈറ്റ് മെട്രോ ഇടനാഴിയുടെ മാനാഞ്ചിറ – മീഞ്ചന്ത റോഡ് വീതികൂട്ടുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്

## ജല മെട്രോ പദ്ധതി

748 കോടി രൂപ ചെലവിൽ 76 കി.മീറ്റർ ദൈർഘ്യവും 16 റൂട്ടുകളിലായി ലെ 38 ജെട്ടികൾ ഉൾപ്പെടുന്ന കൊച്ചി മെട്രോ വാട്ടർ പദ്ധതിയ്ക്ക് 2015 നവംബറിൽ അംഗീകാരം നൽകി. 682.01 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതിൽ, 579.71 കോടി രൂപ ലോൺ ഘടകവും 102.30 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. കേന്ദ്ര സർക്കാരും കെ.എഫ്.ഡബ്ല്യൂ (ജർമ്മനി), കെ.എം ആർ.എൽ എന്നീ ഏജൻസികൾ തമ്മിൽ 2016 ജൂണിൽ ഏർപ്പെട്ട ത്രികക്ഷി ധാരണ പ്രകാരം 85 മില്യൺ യൂറോ ലഭിക്കുന്നതിന് കരാർ ഒപ്പുവച്ചിട്ടുണ്ട്. എയ്കോം കൺസോർഷ്യത്തെ ജനറൽ കൺസൾട്ടൻസിയായി അംഗീകരിച്ച് 2017 ജൂൺ 2ന് കരാർ ഒപ്പുവെച്ചു. വിശദാംശങ്ങൾ **പട്ടിക 11.1.21**–ൽ ചേർത്തിരിക്കുന്നു.

1,528.27 കോടി രൂപയുടെ ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റത്തിന്റെ പുതുക്കിയ ഡിപിആർ ഇപ്പോൾ ഭരണ നിർവ്വഹണ വകുപ്പിന്റെ പരിശോധനയിലാണ്. ഇതിന് 2020 ഡിസംബറോടെ കിഫ്ബിയിൽ നിന്നും അനുമതി നേടാനാണ് ലക്ഷ്യമിടുന്നത്. കൊച്ചി വാട്ടർ മെട്രോ പദ്ധതിക്കായി പരിസ്ഥിതി വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEFCC) 2019 ഒക്ടോബറിൽ പരിസ്ഥിതിക അനുമതി നൽകി. കൊച്ചി വാട്ടർ മെട്രോയുടെ ജിയോ ടെക്നിക്കൽ, ബാത്ത്മെട്രിക്, ടോപ്പോഗ്രാഫിക് സർവേ പ്രവർത്തനങ്ങൾ പൂർത്തിയായി. കൊച്ചി നഗരത്തിലെ 6 പ്രധാന കനാലുകൾ പുതുക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള ഐആർഡബ്ല്യൂ ടിഎസ് പദ്ധതിയുടെ ജനറൽ കൺസൾട്ടൻസി സർവീസസ് കരാർ 22.68 കോടി രൂപയ്ക്ക് M/s ആന്റിയ നെദർലാൻഡ് ബിവി– ആന്റിയ ഇന്ത്യ സംയുക്ത സംരംഭത്തിന് ലഭിച്ചു. ഐയുആർഡബ്ലിയുടിഎസ് പദ്ധതിക്ക് ആവശ്യമായ പ്രത്യേക സേവനങ്ങളായ ലിഡാർ സർവ്വേ, എസ്ഐഎ പഠനങ്ങൾ, ബാതിമെട്രി സർവ്വേ, ജല ഗുണനിലവാര പഠനം തുടങ്ങിയ പ്രത്യേക സേവനങ്ങൾ പൂർത്തിയാക്കി.

25 ബോട്ടുകളും ടെർമിനലുകളും ഉപയോഗപ്പെടുത്തി 2022 ജൂണോടുകൂടി ജല മെട്രോ പൂർണ്ണമായും പ്രവർത്തന ക്ഷമമാകും. കൊച്ചി മെട്രോയുമായി ചേർന്ന് ജല മെട്രോ സംവിധാനത്തിൽ ഒരു സംയുക്ത ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

## വ്യോമ ഗതാഗതം

രാജ്യത്തെ സിവിൽ ഏവിയേഷൻ മേഖലയുടെ വികസനത്തിനും നിയന്ത്രണത്തിനും ദേശീയ നയങ്ങളും പരിപാടികളും രൂപീകരിക്കുന്നതിന്റെ ഉത്തരവാദിത്വം സിവിൽ ഏവിയേഷൻ മന്ത്രാലയത്തിനാണ്. സിവിൽ ഏവിയേഷൻ മേഖലയിലെ സുരക്ഷാ പ്രശ്നങ്ങൾ പ്രധാനമായും കൈകാര്യം ചെയ്യുന്ന റെഗുലേറ്ററി ബോഡിയാണ് ഡിജിസിഎ. ഇന്ത്യയിലേയ്ക്കും/ തിരിച്ചും/ഇന്ത്യയ്ക്കകത്തും ഉള്ള വിമാന സർവ്വീസുകൾ നിയന്ത്രിക്കുന്നതും സിവിൽ എയർ റെഗുലേഷനുകൾ, വായു സുരക്ഷ, പറക്കൽ യോഗ്യതാ മാനദണ്ഡങ്ങൾ എന്നിവ നടപ്പിലാക്കുന്നതും ഡിജിസിഎയുടെ ഉത്തരവാദിത്വമാണ്.

വന്ദേ ഭാരത് ദൗത്യം **ബോക്സ്** 11.1.6 –ൽ നൽകിയിരിക്കുന്നു.

വിവിധ സംസ്ഥാനങ്ങളിൽ വ്യോമ ഗതാഗതം തലസ്ഥാന കേന്ദ്രീകൃതമാകുമ്പോൾ കേരളത്തിൽ നാല് വ്യത്യസ്ത വിമാനത്താവളങ്ങളിലായി വ്യോമ ഗതാഗതം തുല്യമായി കൈകാര്യം ചെയ്യപ്പെട്ട് വരുന്നു. ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ 15 വിമാനത്താവളങ്ങളിൽ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളും ഉൾപ്പെടുന്നു. സംസ്ഥാനത്ത് പ്രതിവർഷം എട്ട് ലക്ഷത്തിലധികം ആഭ്യന്തര യാത്രക്കാരും 50 ലക്ഷം അന്താരാഷ്ട്ര യാത്രക്കാരും ഈ വിമാനത്താവളങ്ങളിലെ സേവനങ്ങൾ ഉപയോഗിക്കുന്നു.

**ബോക്സ് 11.1.6** വന്ദേ ഭാരത് ദൗത്യം (വി.ബി.എം)

കോവിഡ്–19 പകർച്ചവ്യാധി മുഖേന ഉണ്ടായ തകർച്ചയ്ക്കും ലോകമെമ്പാടുമുള്ള ലോക്ക്ഡൗണുകൾക്കും ശേഷം വിദേശത്ത് കുടുങ്ങിക്കിടക്കുന്ന ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിക്കുന്നതിനായി മെയ് 7, 2020 നാണ് വന്ദേ ഭാരത് ദൗത്യം ആരംഭിച്ചത്. വായു, കര, കടൽ എന്നീ വിവിധ മാർഗ്ഗങ്ങളിലൂടെ ഒരു രാജ്യം സിവിലിയന്മാരെ ഒഴിപ്പിച്ചതിൽ വച്ച് ഏറ്റവും വലിയ കുടിയൊഴിപ്പിക്കൽ ദൗത്യമായാണ് ഇത് കരുതപ്പെടുന്നത്. ഇന്ത്യൻ പൗരന്മാരെ നാട്ടിലേക്ക് തിരികെ കൊണ്ടുവരുന്നതിന് പുറമെ, വിദേശീയർ, വിദേശത്ത് ജോലി ചെയ്യുന്നവർ എന്നിവരെ തിരികെ പോകുന്നതിനും ഈ ദൗത്യത്തിലൂടെ യാത്രാ സൗകര്യമൊരുക്കി. മെയ് 7–17 മുതൽ 11 ദിവസം നീണ്ടുനിന്ന വി.ബി.എമ്മിന്റെ ആദ്യ ഘട്ടം ഇന്ത്യക്കാർ കൂടുതൽ അധിവസിക്കുന്ന കേന്ദ്രങ്ങളായിരുന്നു. മൂന്ന് ഗതാഗത മാർഗ്ഗങ്ങളും ഇതിൽ ഉൾപ്പെട്ടിരിക്കെ, 64 വിമാന സർവ്വീസുകളിലായി 12,708 പേരെ രാജ്യത്തേക്ക് കൊണ്ടുവരാനും അത്രതന്നെ സർവ്വീസുകൾ വഴി 3,562 പേരെ രാജ്യത്തിന് പുറത്തേക്ക് കൊണ്ട് പോകുന്നതിനും സാധിച്ചു. തുടർന്നുള്ള ഘട്ടങ്ങളിൽ വിമാന സർവ്വീസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഒക്ടോബർ 26 വരെ 1,606 വിമാനങ്ങളാണ് ഘട്ടം ഘട്ടമായി സർവ്വീസ് നടത്തിയത്.

സ്വദേശത്തേക്ക് മടങ്ങിയ 4.5 ലക്ഷം ഇന്ത്യക്കാരിൽ ഭൂരിഭാഗവും യുഎഇയിൽ നിന്നുള്ളവരാണ്. സൗദി അറേബ്യ, ഖത്തർ എന്നിവിടങ്ങളിൽ നിന്ന് യഥാക്രമം 1.63 ലക്ഷവും, 1.04 ലക്ഷം പേരുമാണ്. ഗൾഫ് മേഖലയ്ക്ക് പുറത്ത് ഏറ്റവും കൂടുതൽ യുഎസ്സിൽ നിന്നും 77,305 പേരും, യുകെയിൽ നിന്നും 39,141 പേരുമാണ്.

തിരികെ എത്തിയ ഇന്ത്യക്കാരെ ഏറ്റവുമധികം സ്വീകരിച്ച സംസ്ഥാനം കേരളമാണ്. സംസ്ഥാനത്ത് ഇതുവരെ 3,72,053 പേർ തിരിച്ചെത്തിയിട്ടുണ്ട്. ശേഷം ദില്ലി 2,28,705, ഉത്തർപ്രദേശ് 1,16,609, തമിഴ്നാട് 1,10,246 എന്നീ സംസ്ഥാനങ്ങളാണ്. പട്ടികയിൽ ഏറ്റവും താഴെ 41 പേർ മടങ്ങി എത്തിയ ദാദ്ര ആൻഡ് നഗർ ഹവേലി ആണ്.

ലോകത്തിലെ ഒരു രാജ്യം നടത്തുന്ന ഏറ്റവും വലിയ സിവിലിയൻ കുടിയൊഴിപ്പിക്കലാണ് വി.ബി.എം. ഗൾഫ് യുദ്ധത്തിന്റെ തുടക്കത്തിൽ 1990 ൽ 1,10,000 പേരെ വൻ തോതിൽ എയർ ലിഫ്റ്റിംഗ് നടത്തിയതാണ്, 2020 ന് മുമ്പുള്ള ഏറ്റവും വലിയ കുടിയൊഴിപ്പിക്കൽ ശ്രമമായി കണക്കാക്കപ്പെട്ടിരുന്നത്.

*അവലംബം: ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ*

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നീ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു. കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളും അന്താരാഷ്ട്രാ വിമാനത്താവളങ്ങൾ ആണെന്ന പ്രത്യേകത കൂടി ഉണ്ട്. തെക്കെ ഇന്ത്യയിലെ പ്രധാനപ്പെട്ട വിമാനത്താവളമാണ് തിരുവനന്തപുരം അന്താരാഷ്ട്രാ വിമാനത്താവളം. ലോക വ്യോമയാന ഭൂപടത്തിലെ ഒൻപത് അന്താരാഷ്ട്രാ റൂട്ടുകൾ, എട്ട് ആഭ്യന്തര എയർ റൂട്ടുകൾ, എട്ട് വൻകിട ചെറുകിട വിമാനത്താവളങ്ങളുടെ നിയന്ത്രണം എന്നിവ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം വഹിക്കുന്നു. ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ പന്ത്രണ്ടാമത്തെയും കേരളത്തിലെ മൂന്നാമത്തെയും വിമാനത്താവളമാണ് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം. കണ്ണൂർ അന്താരാഷ്ട്രാ വിമാനത്താവളം പൂർത്തിയായതോടെ കൂടുതൽ അന്താരാഷ്ട്രാ വിമാനത്താവളങ്ങൾ ഉള്ള തമിഴ് നാടിനൊപ്പം കേരളവും പങ്ക് ചേർന്നു.

## കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് (സിയാൽ)

കാനഡയിലെ മോൺട്രിയൽ ആസ്ഥാനമായുള്ള എയർ പോർട്ട് കൗൺസിൽ ഇന്റർനാണൽ (എ.സി.ഐ) 2016 അടിസ്ഥാനമാക്കി നടത്തിയ എയർപോർട്ട് സർവ്വീസ് ക്വാളിറ്റി (എ.എസ്.ക്യൂ) സർവ്വേയിൽ 50 മുതൽ 150 ലക്ഷം വരെ യാത്രക്കാരെ കൈകാര്യം ചെയ്യുന്ന വിഭാഗത്തിൽ ഉൾപ്പെട്ട വിമാനത്താവളങ്ങളിൽ മൂന്നാം സ്ഥാനം സിയാലിനാണ് നൽകിയിരിക്കുന്നത്. സമഗ്രവും സുസ്ഥിരവും ചെലവ് കുറഞ്ഞതുമായ നൂതന മോഡലുകൾ സിയാൽ പരീക്ഷിക്കുന്നു. അത്യാധുനിക സൗകര്യങ്ങളുള്ള നവീകരിച്ച ആഭ്യന്തര ടെർമിനൽ 2018 ഡിസംബർ 12 ന് ഉദ്ഘാടനം ചെയ്തു. വിമാനത്താവളത്തിന് 3,400 മീറ്റർ നീളവും 45 മീറ്റർ വീതിയുള്ള കോഡ് ഇ റൺവേയാണ് ഉള്ളത്. പുതിയ ആഭ്യന്തര ടെർമിനലിന്റെ മൊത്തം വിസ്തീർണ്ണം നിലവിലുള്ള ഒരു ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 6 ലക്ഷം ചതുരശ്രയടിയായി വർദ്ധിപ്പിച്ചു. 56 ചെക്ക് ഇൻ കൗണ്ടറുകൾ, 11 ഗേറ്റുകൾ, 2000 യാത്രികരെ ഉൾക്കൊള്ളാനാവുന്ന 7 എയ്റോബ്രിഡ്ജുകൾ എന്നിവ ഉൾപ്പെടെ അധുനിക സൗകര്യങ്ങൾ ഇവിടെയുണ്ട്. ആധുനിക ബാഗേജ് കൈകാര്യം ചെയ്യാനുള്ള സൗകര്യവും വിമാനത്താവളത്തിന്റെ പ്രത്യേകതയാണ്. സൗരോർജ്ജ നിലയങ്ങളുടെ ശേഷി 40 മെഗാവാട്ട് ആയി ഉയർത്തിയതിന്റെ ഫലമായി 110 കെവി ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ അടുത്തിടെ ഉദ്ഘാടനം ചെയ്തു. നിലവിൽ 40 മെഗാവാട്ട് സൗരോർജ്ജ നിലയങ്ങൾ പ്രതിദിനം 1.63 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ശരാശരി പ്രതിദിന ഉപഭോഗം 1.53

ലക്ഷം യൂണിറ്റാണ്. വൈദ്യുതി ബില്ലിൽ വാർഷിക ലാഭം 36 കോടി രൂപ മാത്രമല്ല ഇതുവഴി ഉണ്ടാകാമായിരുന്ന 37,200 ടൺ ഹരിതഗൃഹ വാതകം പുറംതള്ളുന്നത് സൗരോർജ്ജ നിലയങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നു.

2019–20 ൽ 38,441 ആഭ്യന്തര വിമാനങ്ങളും 29,309 അന്താരാഷ്ട്ര വിമാനങ്ങളും ഈ വിമാനത്താവളത്തിൽ നിന്ന് സർവീസ് നടത്തിയപ്പോൾ, 2020–21 (സെപ്റ്റംബർ 30 വരെ) 5,237 ആഭ്യന്തര വിമാനങ്ങളും 2,851 അന്താരാഷ്ട്ര വിമാനങ്ങളും സർവീസ് നടത്തി. 2019–20 –ൽ 50,10,380 ആഭ്യന്തര യാത്രക്കാരും 47,00,293 അന്താരാഷ്ട്ര യാത്രക്കാരും ഇവിടെ നിന്നും വിവിധ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യപ്പോൾ 2020–21–ൽ (30.9.2020 വരെ) ഇത് 3,13,071 ആഭ്യന്തര യാത്രക്കാരും 2,24,679 അന്താരാഷ്ട്ര യാത്രക്കാരും ആയിരുന്നു. ആഭ്യന്തര സേവനങ്ങളിലൂടെ 2019–20 –ൽ 15,007 ടണ്ണും അന്താരാഷ്ട്ര സേവനങ്ങളിലൂടെ 58,582 ടണ്ണും ചരക്ക് കൈകാര്യം ചെയ്തു.

ആഭ്യന്തര സേവനങ്ങളിലൂടെ 2020–21 സെപ്റ്റംബർ 30 വരെ 16,645 ടണ്ണും അന്തർദേശീയ സേവനങ്ങളിലൂടെ 1,867 ടൺ ചരക്കുകളും കൈകാര്യം ചെയ്തു. ഇതിലൂടെ 2019–20 ൽ 655.04 കോടി രൂപയും, 2020–21ൽ (സെപ്റ്റംബർ 30 വരെ) 76.78 കോടി രൂപയും വരുമാനം നേടി. മറുവശത്ത്, 2019–20, 2020–21 (സെപ്റ്റംബർ 30 വരെ) കാലയളവിൽ യഥാക്രമം 407.20 കോടി രൂപയും 187.32 കോടി രൂപയും ചെലവഴിച്ചു.

## കോവിഡ്–19 ആഘാതം

കോവിഡ് –19 വൈറസ് നിയന്ത്രിക്കുന്നതിനും വ്യാപനം തടയുന്നതിനും മിക്ക രാജ്യങ്ങളിലും യാത്രാ ഉപദേശങ്ങൾ – അല്ലെങ്കിൽ പൂർണ്ണമായ നിരോധനം ഏർപ്പെടുത്തിയത് വ്യോമയാന മേഖലയിൽ അഭൂതപൂർവമായ പ്രതിസന്ധിക്കും തടസ്സത്തിനും കാരണമായി. നടപ്പ് സാമ്പത്തിക വർഷാരംഭം മുതൽ തന്നെ കൊച്ചി വിമാനത്താവളത്തിലെ വ്യോമ ഗതാഗതം തടസ്സപ്പെട്ടു. ഇന്ത്യയിലെ ആഭ്യന്തര യാത്രയ്ക്കുള്ള നിയന്ത്രണം ലഘൂകരിക്കുമ്പോഴും, സിയാലിന്റെ പ്രധാന പ്രവർത്തന മേഖലയായ അന്താരാഷ്ട്ര ഗതാഗതം 'ഇപ്പോഴും നിരവധി പ്രശ്നങ്ങൾ കാരണം പ്രതിസന്ധിയിലാണ്. കോവിഡ്–19 സിയാലിൽ ചെലുത്തിയ സ്വാധീനത്തിന്റെ സംക്ഷിപ്ത രേഖ **പട്ടിക 11.1.22** –ൽ കാണിച്ചിരിക്കുന്നു.

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് (കിയാൽ)

കണ്ണൂർ അന്തർദേശീയ വിമാനത്താവളം നിർമ്മിച്ച്, പ്രവർത്തിപ്പിക്കുന്നതിന് കേരള സർക്കാർ കണ്ണൂർ അന്താരാഷ്ട്രാ വിമാനത്താവളം ലിമിറ്റഡ് (കിയാൽ) രൂപീകരിച്ചിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായാണ് കിയാൽ, കണ്ണൂർ വിമാനത്താവള വികസനം നടപ്പിലാകുന്നത്. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2016–17 മുതൽ 2025–26 വരെയും, രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ 2026–27 മുതൽ 2045–46 വരെയുമാണ്. ഒന്നാം ഘട്ടത്തിൽ പ്രതിവർഷം 39,638 എണ്ണം വിമാനങ്ങൾ (തിരക്കേറിയ സമയങ്ങളിൽ 18 എണ്ണം വരെ), 4.67 ദശലക്ഷം യാത്രക്കാർ, 60,758 ടൺ ചരക്കുകൾ എന്നിവ പ്രസ്തുത വിമാനതാവളത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കും. 3,050 മീറ്റർ ദീർഘമുള്ള റൺവേ (10,006.56 അടി), 96,000 ച.മീ വിസ്തൃതിയുള്ള ടെർമിനൽ കെട്ടിടം, 20 പാർക്കിംഗ് സ്റ്റാന്റ് (ഏപ്രൺ), 22,000 ച.മീ. കാർ/ബസ് പാർക്കിംഗ്, 1200 ച.മീ. എ.ടി.സി/ ടെക്നിക്കൽ ബിൽഡിംഗ്, 7,750 ച.മീ. ഗ്രൗണ്ട് സർവ്വീസ് എക്വിപ്മെന്റ് പാർക്കിംഗ് ഏരിയ തുടങ്ങിയ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. ഡയറക്ടർ ബോർഡിന്റെ തീരുമാന പ്രകാരം റൺവേ ദൈർഘ്യം 3,050 മീറ്ററിൽ നിന്നും 3,400 മീറ്ററായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.
2019–20ൽ (സെപ്റ്റംബർ 30, 2019 വരെ) ഇത് 5,439 ആഭ്യന്തര വിമാനങ്ങളും 2,649 അന്താരാഷ്ട്ര വിമാനങ്ങളുമാണ്. 2018–19 –ൽ 1,35,251 ആഭ്യന്തര യാത്രക്കാരും 89,134 അന്താരാഷ്ട്ര യാത്രക്കാരും യാത്ര ചെയ്യപ്പോൾ 2019–20 –ൽ 4,60,490 ആഭ്യന്തര യാത്രക്കാരും 4,06,899 അന്താരാഷ്ട്ര യാത്രക്കാരും യാത്ര ഇവിടെ നിന്നും വിവിധ സ്ഥലങ്ങളിലേക്ക് ചെയ്തു. 2018–19 –ൽ വരുമാനം 19.36 കോടി രൂപയും 2019–20 –ൽ (2019 സെപ്റ്റംബർ, 30 വരെ) 47.01

**പട്ടിക 11.1.22** കോവിഡ്–19 സിയാലിൽ വരുത്തിയ സ്വാധീനത്തിന്റെ സംക്ഷിപ്ത രേഖ

| ക്ര.നം | 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ 2020 വരെ | കഴിഞ്ഞ വർഷത്തെ സമാന കാലയളവിൽ നിന്നുള്ള മാറ്റം (ശതമാനത്തിൽ) |
|---|---|---|
| 1 | യാത്രാ ഗതാഗതം (ദശലക്ഷത്തിൽ) | |
| 1എ | ആഭ്യന്തരം | –89.00 |
| 1ബി | അന്താരാഷ്ട്രം | –91.00 |
| 2 | റവന്യൂ ശീർഷകം | |
| 2എ | ആഭ്യന്തരം | –76.00 |
| 2ബി | അന്താരാഷ്ട്രം | –83.00 |

*അവലംബം: സിയാൽ*

കോടി രൂപയുമാണ്. അതേസമയം 2018–19, 2019–20 കാലയളവിൽ ചെലവ് യഥാക്രമം 76 കോടി രൂപയും 83.15 കോടി രൂപയുമാണ് (സെപ്റ്റംബർ 30, 2019 വരെ).

കണ്ണൂർ വിമാനത്താവളത്തിന്റെ ചരിത്രത്തിൽ ആദ്യമായി വിദേശ വിമാനക്കമ്പനികൾ കണ്ണൂർ വിമാനത്താവളത്തിൽ പ്രവർത്തനം ആരംഭിച്ചു. കുവൈറ്റ് എയർവേയ്സ്, ഫ്ലൈ ദുബായ്, എയർ അറേബ്യ, അൽ ജസീറ, സലാം എയർവേയ്സ്, സൗദിയ, ഇത്തിഹാദ് എയർവേയ്സ്, ഗൾഫ് എയർ, ഒമാൻ എയർ എന്നിവ കണ്ണൂർ വിമാനത്താവളത്തിലേക്ക് സർവീസ് തുടങ്ങി. കണ്ണൂർ വിമാനത്താവളത്തിന്റെ ചരിത്രത്തിൽ ആദ്യമായി വലിയ വിമാനങ്ങൾ മുഴുവൻ ശേഷിയോടെ കണ്ണൂരിൽ ലാൻഡിംഗ് ആരംഭിച്ചു. കുവൈറ്റ് എയർവേയ്സ്, സൗദിയ, എയർ ഇന്ത്യ എന്നിവിടങ്ങളിൽ നിന്നുള്ള എയർബസ് 330 / ബോയിംഗ് 777–300 / ബോയിംഗ് 777–300 ER എന്നീ വിഭാഗങ്ങളിൽ പെടുന്നവയാണ് ഈ വിമാനങ്ങൾ. ഓഗസ്റ്റ് 31, 2020 വരെ കണ്ണൂർ വിമാനത്താവളത്തിലേക്കും പുറത്തേക്കുമായി പതിനൊന്ന് വലിയ വിമാനങ്ങൾ സർവ്വീസ് നടത്തി. മെയ് 25, 2020 മുതൽ കണ്ണൂർ വിമാനത്താവളത്തിൽ ആഭ്യന്തര പ്രവർത്തനങ്ങൾ പുനരാരംഭിച്ചുവെന്നത് എടുത്തുപറയേണ്ടതാണ്. ദില്ലി, ബാംഗ്ലൂർ, ഹൈദരാബാദ്, ചെന്നൈ, ഗോവ, തിരുവനന്തപുരം, കൊച്ചി, ഹുബ്ലി എന്നിവിടങ്ങളിലേക്കാണ് പ്രധാനമായും സർവ്വീസ് നടത്തുന്നത്.

## പ്രവാസികളെ തിരികെ കൊണ്ടുവരുന്നതിൽ കണ്ണൂർ വിമാനത്താവളത്തിന്റെ പങ്ക്

കോവിഡ്–19 മഹാമാരി സമയത്ത് കണ്ണൂർ വിമാനത്താവളം 300 അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുകയും 50,000 പ്രവാസികളെ തിരികെ കൊണ്ടുവരികയും ചെയ്തു. ലോക്ഡൗണിൽ സർക്കാർ ഇളവ് വരുത്തിയതോടെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം പുനരാരംഭിച്ചു. “വന്ദേ ഭാരത്” മിഷന്റെ ഭാഗമായി കണ്ണൂർ വിമാനത്താവളത്തിൽ ആദ്യ വിമാനം മെയ് 12, 2020 ന് എത്തിച്ചേർന്നു. അതിനുശേഷം കണ്ണൂർ വിമാനത്താവളത്തിന് ഷെഡ്യൂൾ ചെയ്യാത്ത / ചാർട്ടേഡ് വിമാനങ്ങൾ ഉൾപ്പെടെ 300 വിമാനങ്ങൾ (ഓഗസ്റ്റ് 31, 2020 അർദ്ധരാത്രി 12 വരെ) സർവ്വീസ് നടത്തുകയും, അതുവഴി 50,050 പേർക്ക് മാതൃരാജ്യത്തിലേക്ക് എത്തിച്ചേരാനും കഴിഞ്ഞു. മിക്കവാറും എല്ലാ ഗൾഫ് രാജ്യങ്ങളിൽ നിന്നുമുള്ള യാത്രക്കാർ നേരിട്ട് കണ്ണൂരിലെത്തി. ദുബായ്, ഷാർജ, അബുദാബി, ദമ്മാം, മസ്കറ്റ്, ദോഹ, കുവൈറ്റ്, ജിദ്ദ, റിയാദ്, റാസ് അൽ–ഖൈമ, സലാല എന്നിവിടങ്ങളായിരുന്നു പ്രധാന ലക്ഷ്യസ്ഥാനങ്ങൾ. ഈ ദൗത്യത്തിൽ കണ്ണൂർ വിമാനത്താവളം മോസ്കോ, ദുഷാൻബെ (താജിക്കിസ്ഥാൻ), സലാല, റാസ് അൽ–ഖൈമ എന്നീ നാല് പുതിയ ലക്ഷ്യസ്ഥാനങ്ങളിൽ നിന്നുള്ള ആദ്യ വിമാനങ്ങളെ സ്വാഗതം ചെയ്തു. എയർ ഇന്ത്യ, എയർ ഇന്ത്യ എക്സ്പ്രസ്, ഇൻഡിഗോ, ഗോ എയർ, സ്പൈസ് ജെറ്റ് തുടങ്ങിയ പ്രധാന ഇന്ത്യൻ വിമാനക്കമ്പനികൾ കണ്ണൂർ വിമാനത്താവളത്തിൽ നിന്നാണ് പ്രവർത്തിക്കുന്നത്.

## തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

സംസ്ഥാനത്തെ ആദ്യത്തെ വിമാനത്താവളമാണ് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം. നവംബർ 1, 1935 ന് ആദ്യത്തെ വിമാനം പുറപ്പെട്ടു. സ്വാതന്ത്ര്യാനന്തരം, ആഭ്യന്തര വിമാന സർവീസുകൾക്കായി ആഭ്യന്തര ടെർമിനൽ ടി 1 നിർമ്മിച്ചു. 99,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ളതാണ്. ആഭ്യന്തര ടെർമിനൽ. ഒരേ സമയം 400 ഓളം യാത്രക്കാരെ കൈകാര്യം ചെയ്യാൻ കഴിയും. 1600 യാത്രക്കാരെ കൈകാര്യം ചെയ്യാനുള്ള ശേഷിയുള്ള ടെർമിനൽ 2 അന്താരാഷ്ട്ര പ്രവർത്തനങ്ങൾക്കുള്ളതാണ്, കൂടാതെ എയർ ഇന്ത്യയുടെ ആഭ്യന്തര പ്രവർത്തനങ്ങളും കൈകാര്യം ചെയ്യുന്നു. പുതിയ അന്താരാഷ്ട്ര ടെർമിനലിൽ (ടി 2) വാർഷിക യാത്രക്കാരെ കൈകാര്യം ചെയ്യാനുള്ള ശേഷി ഏകദേശം 1.8 ദശലക്ഷമാണ്. അന്താരാഷ്ട്ര പ്രവർത്തനങ്ങൾ കൂടുതലും മദ്ധ്യ കിഴക്കൻ, തെക്ക് കിഴക്കൻ രാജ്യങ്ങളിലേക്കാണ്. തിരുവനന്തപുരം വിമാനത്താവളത്തിൽ പുതിയ മറ്റ് അനുബന്ധ സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് വിമാനത്താവളം കൂടുതൽ വിപുലീകരിക്കാൻ പദ്ധതിയിടുന്നുണ്ട്. ആഭ്യന്തര ടെർമിനൽ നിർമാണത്തിനായി 18 ഏക്കർ ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ സമ്മതിച്ചു.

ജിഒ (എംഎസ്) നമ്പർ 72/2018/ട്രാൻസ്, 15.12.2018 തീയതിയിലെ ഉത്തരവ് അനുസരിച്ച് വിമാനത്താവളം പ്രവർത്തിപ്പിക്കുന്നതിന് 26 ശതമാനം സംസ്ഥാന സർക്കാർ വിഹിതത്തിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്പിവി) രൂപീകരിച്ചു. കൊച്ചി, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളങ്ങൾ നടത്തുന്ന കമ്പനികളുടെ പിപിപി (പൊതു സ്വകാര്യ പങ്കാളിത്തം) മാതൃകയിലാണ് പുതുതായി രൂപംകൊണ്ട ടിയാലും (തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം) പ്രവർത്തിക്കുന്നത്.

# ജലഗതാഗതം

ജലഗതാഗതം ചെലവു കുറഞ്ഞ ഗതാഗത രീതിയാണ്. ഇത് സുരക്ഷിതവും ഊർജ്ജക്ഷമതയുമുള്ളതും കൂടുതൽ പരിസ്ഥിതി സൗഹൃദവും ഏറ്റവും കുറവ് കാർബൺ നിർഗമനവും ഉള്ളതാകുന്നു. കേരളത്തിൽ റോഡ്, റെയിൽ ഗതാഗതം എന്നിവയ്ക്ക് അനുയോജ്യമായ അനുബന്ധമായി ഉപയോഗിയ്ക്കാവുന്ന ഒരു

ഗതാഗത രീതിയാണിത്. ഇതിന് വലിയ ഭാരങ്ങൾ ഉൾക്കൊള്ളാനുള്ള ശേഷിയുണ്ട്. കൂടാതെ കൂടുതൽ ദൂരത്തേക്ക് ഭാരിച്ച സാധനങ്ങൾ വഹിക്കാനും അനുയോജ്യമാണ്. ജലഗതാഗതത്തിന് പ്രധാനമായും മൂന്ന് പ്രാഥമിക വിഭാഗങ്ങളാണുള്ളത്. സമുദ്രഗതാഗതം, ഉൾനാടൻ ജലഗതാഗതം, തീരദേശ കപ്പൽ ഗതാഗതം എന്നിവയാണ്. തീരദേശ തുറമുഖങ്ങൾ, ഉൾനാടൻ തുറമുഖങ്ങൾ, റെയിൽ വികസനം, ട്രക്ക് റൂട്ടുകൾ തുടങ്ങിയവ ഉൾപ്പെടുന്ന സങ്കീർണ്ണ ശൃംഖലയായ ഇത് സാമ്പത്തിക അടിത്തറയുടെ മൂലാധാരമായി ലോകമെമ്പാടും വ്യാപിച്ച് കിടക്കുന്നു. ജലഗതാഗതത്തിന്റെ കാര്യക്ഷമതയും സുസ്ഥിരതയും ഉയർത്തുന്നതിലൂടെ ജലഗതാഗതവുമായി ബന്ധപ്പെട്ട സുപ്രധാന കാര്യങ്ങൾക്ക് ഒരു സമഗ്രമായ ചട്ടക്കൂട് രൂപപ്പെടുത്തേണ്ടതാണ്. തീരദേശ കപ്പൽ ഗതാഗതം, വിദേശ വ്യാപാരം, ഉൾനാടൻ ജലഗതാഗതം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖങ്ങളുടേയും ഉൾനാടൻ ജലപാതകളുടേയും സമഗ്രവികസനത്തിനായും ഉള്ള വിവിധ സർക്കാർ പദ്ധതികളും നയങ്ങളുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

## തുറമുഖ മേഖല

ആഗോളതല വ്യാപാരത്തിന്റെയും ഉൽപാദന വിതരണ ശൃംഖലയുടെയും നട്ടെല്ലാണ് സമുദ്ര ഗതാഗതം, എന്തെന്നാൽ ലോക വ്യാപാരത്തിന്റെ അഞ്ചിൽ നാലു ഭാഗവും നടക്കുന്നത് സമുദ്ര മാർഗ്ഗം വഴിയാണ്. ഐക്യരാഷ്ട്രസഭയുടെ വ്യാപാരവും വികസനവും സംബന്ധിച്ച സമ്മേളനം (യു.എൻ.സി.ടി.എ.ഡി) 2019 ലെ സ്റ്റാറ്റിസ്റ്റിക്സ് മാനുവലിൽ നിലവിലെ ആഗോള വ്യാപാര സൂചകങ്ങൾ റിപ്പോർട്ടു ചെയ്യുന്നുണ്ട്. മാനുവൽ അനുസരിച്ച് ആഗോള വ്യാപാരത്തിന്റെ (കയറ്റുമതി) മൊത്തം മൂല്യം 19.5 ട്രില്യൺ ഡോളറാണ് (യു.എൻ.സി.ടിഎ.ഡി, 2019). ലോകമെമ്പാടുമുള്ള തുറമുഖങ്ങളിൽ 793 ദശലക്ഷം ടി.ഇ.യു സമാഹരിച്ചു, 2017 നും 2018 നും ഇടയിൽ ഇത്തരത്തിൽ സമാഹരിച്ചതിൽ 4.7 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2020 ലെ പ്രാരംഭ പ്രതീക്ഷകൾ, സമ്പദ്‌വ്യവസ്ഥയിലും വ്യാപാരത്തിലും മിതമായ പുരോഗതി കൈവരിക്കുമെന്നായിരുന്നു. കോവിഡ്–19 പകർച്ചവ്യാധി മൂലമുണ്ടായ അഭൂതപൂർവമായ ആഗോള ആരോഗ്യ–സാമ്പത്തിക പ്രതിസന്ധി സമ്പദ്‌വ്യവസ്ഥയുടെ കാഴ്ചപ്പാടിനെ സാരമായി ബാധിക്കുകയുണ്ടായി. എല്ലാ സാമ്പത്തിക സൂചകങ്ങളും താഴേക്കുള്ള പ്രവണത കാണിക്കുന്നതോടൊപ്പം തന്നെ സമുദ്ര ഗതാഗതത്തിലും വ്യാപാരത്തിലും സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്. നിലവിലുള്ള നിരന്തരവുമായ അനിശ്ചിതത്വത്തിൽ, 2020 ൽ അന്താരാഷ്ട്ര സമുദ്ര വ്യാപാരത്തിന്റെ അളവ് 4.1 ശതമാനം കുറയുമെന്ന് യു.എൻ.സി ടി.എ.ഡി കണക്കാക്കുന്നത്.

(അവലംബം: മാരിടൈം ട്രാൻസ്പോർട്ട് 2020 അവലോകനം)

## ഇന്ത്യയിലെ തുറമുഖ മേഖല

ഷിപ്പിംഗ് മന്ത്രാലയം സൂചിപ്പിക്കുന്നതനുസരിച്ച്, ഇന്ത്യയുടെ വ്യാപാരത്തിന്റെ അളവിൽ 95 ശതമാനവും, മൂല്യത്തിന്റെ 70 ശതമാനവും സമുദ്ര ഗതാഗതത്തിലൂടെയാണ് ലഭ്യമാകുന്നത്. ഇന്ത്യയിൽ 12 പ്രധാന തുറമുഖങ്ങളും , 200 നോട്ടിഫൈഡ് മൈനർ, ഇന്റർമീഡിയറ്റ് തുറമുഖങ്ങളുണ്ട്. സാഗർമാല എന്ന ഇന്ത്യാ ഗവണ്മെന്റിന്റെ ദേശീയ പരിപ്രേക്ഷ്യ പദ്ധതിയുടെ ഭാഗമായി രാജ്യത്ത് ആറ് പുതിയ വലിയ തുറമുഖങ്ങൾ വികസിപ്പിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ രാജ്യത്തിന്റെ വാണിജ്യ, വ്യാപാര മേഖലയിലെ വളർച്ച നിലനിർത്തുന്നതിൽ ഇന്ത്യൻ തുറമുഖങ്ങളും ഷിപ്പിംഗ് വ്യവസായവും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഏകദേശം 7,517 കിലോമീറ്റർ തീരപ്രദേശമുള്ള ലോകത്തെ പതിനാറാമത്തെ രാജ്യമാണ് ഇന്ത്യ. തുറമുഖ മേഖലയെ പിന്തുണയ്ക്കുന്നതിൽ ഇന്ത്യൻ സർക്കാർ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. തുറമുഖ നിർമാണ, പരിപാലന പദ്ധതികൾക്കായി ഓട്ടോമാറ്റിക് റൂട്ടിന് കീഴിൽ 100 ശതമാനം വരെ വിദേശ നിക്ഷേപം (എഫ്. ഡി.ഐ) അനുവദിക്കുന്നുണ്ട്.

(അവലംബം: ഐ.ബി.ഇ.എഫ് (ഇന്ത്യ ബ്രാൻഡ് എന്‌കൊയറി ഫൌണ്ടേഷൻ- www.inef.org).

ഇന്ത്യയ്ക്ക് 12 പ്രധാന തുറമുഖങ്ങളുണ്ട്: ദീൻദയാൽ (പഴയ കണ്ട്ല), മുംബൈ, ജെ.എൻ.പി.ടി (ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റ്), മോർമുഗാവോ, ന്യൂ മംഗലാപുരം, കൊച്ചി, ചെന്നൈ, കാമരാജർ (മുമ്പത്തെ എൻനോർ), വി.ഒ ചിദംബരനാർ, വിശാഖപട്ടണം, പരദ്വീപ്, കൊൽക്കത്ത (ഹാൽദിയ ഉൾപ്പെടെ).

## ഇന്ത്യാ ഗവൺമെന്റിന്റെ സാഗർമാല പ്രോഗ്രാം

സമുദ്ര മാർഗ്ഗം വഴിയുള്ള സ്ഥലങ്ങളെയും തീരദേശപ്രദേശത്തെയും ഫലപ്രദമായ രീതിയിൽ ഉപയോഗിച്ചുകൊണ്ട് തുറമുഖമേഖലയെ വ്യവസായവൽക്കരിക്കുന്നതിനായുള്ള ഇന്ത്യാ ഗവൺമെന്റിന്റെ ഒരു ഫ്ലാഗ്ഷിപ്പ് പദ്ധതിയാണ് സാഗർമാല പ്രോഗ്രാം. ഇന്ത്യയുടെ തുറമുഖങ്ങൾ നവീകരിക്കാൻ സാഗർമല പദ്ധതി ലക്ഷ്യമിടുന്നു. അതിലൂടെ തുറമുഖത്തിന്റെ വികസനം വർദ്ധിപ്പിക്കാനും തീരപ്രദേശങ്ങൾ വികസിപ്പിക്കാനും സാധിക്കുന്നു. സാഗർമല പദ്ധതിയുടെ ഭാഗമായി, 2015–2035 കാലയളവിൽ തുറമുഖ നവീകരണം, പുതിയ തുറമുഖ വികസനം, തുറമുഖ കണക്റ്റിവിറ്റി മെച്ചപ്പെടുത്തൽ, തുറമുഖവുമായി ബന്ധപ്പെട്ട വ്യവസായവൽക്കരണം, തീരദേശ സമുദായ വികസനം തുടങ്ങിയ മേഖലകളിൽ 574 ലധികം പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി ലക്ഷ്യമിടുന്നു(ചെലവ്: 6.01 ലക്ഷം കോടി രൂപ). സെപ്റ്റംബർ 30, 2019 ലെ കണക്കനുസരിച്ച് മൊത്തം 121 പ്രോജക്ടുകൾ (ചെലവ്: 30,228 കോടി രൂപ)

**പട്ടിക 11.1.23** സാഗർമലയ്ക്ക് കീഴിലുള്ള പദ്ധതികളുടെ സംഗ്രഹം–ഇന്ത്യ

| പ്രവർത്തനങ്ങൾ | ആകെ | | പൂർത്തിയായത് | | നടപ്പിലാക്കുന്നത് | |
|---|---|---|---|---|---|---|
| | പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് (രൂപ കോടിയിൽ) | പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് (രൂപ കോടിയിൽ) | പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് (രൂപ കോടിയിൽ) |
| തുറമുഖ നവീകരണം | 236 | 1,18,352 | 68 | 22,551 | 70 | 36,998 |
| പോർട്ട് കണക്റ്റിവിറ്റി | 235 | 2,35,528 | 35 | 5,803 | 94 | 1,19,360 |
| തുറമുഖ വ്യവസായവൽക്കരണം | 35 | 2,40,234 | 2 | 512 | 17 | 1,51,745 |
| തീരദേശ സമുദായ വികസനം | 68 | 7,369 | 16 | 1,362 | 20 | 945 |
| **ആകെ** | **574** | **6,01,483** | **121** | **30,228** | **201** | **3,09,048** |

*അവലംബം: ഷിപ്പിംഗ് മന്ത്രാലയം ഇന്ത്യൻ സർക്കാർ*

പൂർത്തിയായി, 201 പ്രോജക്ടുകൾ (ചെലവ്: 3,09,048 കോടി.) നടപ്പാക്കിക്കൊണ്ടിരിക്കുകയാണ് **(പട്ടിക 11.1.23)**.

## ഇന്ത്യയിലെ പ്രധാന തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക്

12 പ്രധാന തുറമുഖങ്ങളും 200 പ്രധാന ഇതര തുറമുഖങ്ങളും (മൈനർ തുറമുഖങ്ങൾ) രാജ്യത്തുണ്ട്. പ്രധാന തുറമുഖങ്ങൾ ഷിപ്പിംഗ് മന്ത്രാലയത്തിന്റെ ഭരണ നിയന്ത്രണത്തിലാണ്, പ്രധാന ഇതര തുറമുഖങ്ങൾ അതത് സംസ്ഥാന മാരിടൈം ബോർഡുകളുടെ / സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിലാണ്. 12 പ്രധാന തുറമുഖങ്ങളും പ്രവർത്തനയോഗ്യമാണ്. 200 ചെറുകിട തുറമുഖങ്ങളിൽ 65 ഓളം തുറമുഖങ്ങൾ ചരക്ക് കൈകാര്യം ചെയ്യുന്നു. മറ്റുള്ളവ ചരക്ക് കൈകാര്യം ചെയ്യാത്ത "തുറമുഖ പരിധി" ആണ്, ഇവ മത്സ്യബന്ധന കപ്പലുകളും ചെറിയ കടത്തുവള്ളങ്ങളും ഉപയോഗിച്ച് യാത്രക്കാരെ കടലിലേക്ക് കൊണ്ടുപോകുന്നുണ്ട്. ഇന്ത്യയിലെ പ്രധാന തുറമുഖങ്ങൾ 2019 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ 709.93 ലക്ഷം ടൺ ചരക്ക് കൈകാര്യം ചെയ്തിട്ടുണ്ട്. ഇത് 2018 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിനേക്കാൾ 0.82 ശതമാനം കൂടുതലാണ്. മൊത്തം ചരക്ക് ഗതാഗതത്തിന്റെ 33.65 ശതമാനം പെട്രോളിയം (ക്രൂഡ് ഉൽപന്നങ്ങൾ/എൽ.എൻ.ജി) എന്നിവ ഉൾപ്പെട്ട വിഭാഗമാണ്. മുൻ വർഷം ഇതേ കാലയളവിൽ ഇത് 33.24 ശതമാനമായിരുന്നു. കഴിഞ്ഞ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ പി.ഒ.എൽ (2.08%),

**ചിത്രം11.1.5** പ്രധാന തുറമുഖങ്ങളിലെ ഇനം തിരിച്ചുള്ള ചരക്കു ഗതാഗതം (000' ടണ്ണിൽ)




*അവലംബം: ഇന്ത്യൻ പോർട്ട് അസോസിയേഷൻ-2020*

**ചിത്രം11.1.6** പ്രധാന തുറമുഖങ്ങളിലെ ചരക്കു ഗതാഗതം




*അവലംബം: ഇന്ത്യൻ പോർട്ട് അസോസിയേഷൻ-2020*

**ചിത്രം11.1.7** ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളിലെ ചരക്ക് ഗതാഗത ശേഷി (2017–2018 മുതൽ 2018–19 വരെ)




*അവലംബം: www.indiastat.com*
* പ്രതിവർഷം ദശലക്ഷം ടൺ നിരക്കിൽ (എം.പി.ടി.എ)

ചെറുഗോളങ്ങൾ ഉൾപ്പെടെയുള്ള ഇരുമ്പയിര് (35.17%), വളം (12.69%), പാചകം, മറ്റ് കൽക്കരി (2.56), എന്നീ ഇനങ്ങളുടെ ചരക്ക് ഗതാഗതത്തിൽ വർദ്ധന ഉണ്ടായി. എന്നാൽ മറ്റ് ദ്രാവകങ്ങൾ, (–)1.50, അസംസ്കൃത രാസവളങ്ങൾ (–)5.5, കൽക്കരി (താപ, നീരാവി) (–)12.72, മറ്റ് വസ്തുക്കൾ (–)4.78 എന്നിവയുടെ വ്യാപാരത്തിൽ കുറവുണ്ടായി. വിശദാംശങ്ങൾ **ചിത്രം 11.1.5** –ൽ കാണിച്ചിരിക്കുന്നു

പ്രധാന തുറമുഖങ്ങളിൽ 2019–20 ൽ കൈകാര്യം ചെയ്ത മൊത്തം ചരക്ക് 709.93 ദശലക്ഷം ടൺ ആണ്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 0.82 ശതമാനം വളർച്ചയാണ് കാണിക്കുന്നത്

ഇന്ത്യൻ പോർട്ട് അസോസിയേഷന്റെ (**ചിത്രം 11.1.6**) കണക്കുകൾ പ്രകാരം, 2019–20 ലെ മൊത്തം ചരക്ക് വളർച്ച 0.82 ശതമാനവും 2018–19 ൽ 2.9 ശതമാനവുമായിരുന്നു. ചരക്ക് കൈകാര്യം ചെയ്യുന്നതിൽ പാരദ്വീപ് ഏറ്റവും ഉയർന്ന വളർച്ചാ നിരക്ക് (11.36 ശതമാനം) കൈവരിക്കുകയുണ്ടായി. കിഴക്കൻ തുറമുഖങ്ങളിലെ ചരക്കുകളുടെ വളർച്ച ഇപ്രകാരമാണ്, കൊൽക്കത്ത (3.12 ശതമാനം), ചെന്നൈ (5.05 ശതമാനം), വി ഒ ചിദംബരനാർ (3.3 ശതമാനം). പടിഞ്ഞാറൻ തുറമുഖങ്ങളിലെ ചരക്കുകളുടെ വളർച്ച ഇപ്രകാരവുമാണ്. കൊച്ചി തുറമുഖം (6.3 ശതമാനം), മുംബൈ (0.18 ശതമാനം) എന്ന പ്രകാരവുമാണ്.

## ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളുടെ ശേഷി വിനിയോഗം

2018–2019 –ൽ ഏറ്റവും കൂടുതൽ ചരക്കു ഗതാഗതം കൈകാര്യം ചെയ്തത് 267.10 ദശലക്ഷം ടൺ ശേഷിയുള്ള ദീനദയാൽ തുറമുഖമാണ്. തൊട്ടുപിന്നിൽ 239.00 ദശലക്ഷം ടൺ ശേഷിയുള്ള പാരദ്വീപ് ആണ്. ശേഷി ഉപയോഗത്തിന്റെ വിശദാംശങ്ങൾ **ചിത്രം 11.1.7** –ൽ കാണിച്ചിരിക്കുന്നു

## ഇന്ത്യയിലെ ചെറുകിട തുറമുഖങ്ങളുടെ ശേഷിയും, ശേഷി വിനിയോഗവും

രാജ്യത്തെ തുറമുഖങ്ങളുടെ ശേഷി ഉയർത്തുന്നതിനായി ഇന്ത്യാ ഗവൺമെന്റ് സാഗർമാല, എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിലെ ചെറുകിട തുറമുഖങ്ങളുടെ മൊത്തം ശേഷി 0.55 ദശലക്ഷം ടൺ ആണ്, അതിന്റെ ശേഷിയുടെ 37.10 ശതമാനം മാത്രമാണ് ഉപയോഗിച്ചത്. രാജ്യത്തെ ഏറ്റവും കൂടുതൽ ചരക്ക് കൈമാറ്റ ശേഷിയുള്ള (542 ദശലക്ഷം ടൺ) ഗുജറാത്ത് തന്നെയാണ് 2018–19 ൽ ഏറ്റവും കൂടുതൽ ചരക്ക് കൈകാര്യം ചെയ്തത്. ശേഷി വിനിയോഗത്തിന്റെ വിശദാംശങ്ങൾ **ചിത്രം 11.1.8** –ൽ നൽകിയിരിക്കുന്നു.

## കൊച്ചി പോർട്ട്

കേരളത്തിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളിലൊന്നാണ് കൊച്ചി തുറമുഖം. വില്ലിംഗ്ടൺ,

**ചിത്രം 11.1.8** തിരഞ്ഞെടുത്ത സംസ്ഥാനങ്ങൾ തിരിച്ചുള്ള ഇന്ത്യയിലെ ചെറുകിട തുറമുഖങ്ങളിലെ ശേഷി വിനിയോഗം (2018–19) (മില്ല്യൻ ടണ്ണിൽ)




*അവലംബം:* www.indiastat.com,2020

വല്ലാർപ്പാടം എന്നീ രണ്ട് ദ്വീപുകളിലായാണ് തുറമുഖം സ്ഥിതി ചെയ്യുന്നത്. 2019–20 –ൽ കൊച്ചി തുറമുഖം കൈകാര്യം ചെയ്ത മൊത്തം ചരക്ക് ഗതാഗതം 19.47 എംഎംടി ആയിരുന്നു, 2018–19 –ൽ 32.02 എംഎംടി. ആയിരുന്നു. മുൻവർഷത്തേക്കാൾ 39.2 ശതമാനം ഇടിവാണ് ഇത് സൂചിപ്പിക്കുന്നത്. കോവിഡ്–19 എന്ന മഹാമാരിയെ തുടർന്ന് ലോകമെമ്പാടുമുള്ള ചരക്കുകളുടെ ഗതാഗതം തടസ്സപ്പെട്ടതിനാൽ തുറമുഖ ഗതാഗതം കുറയുകയുണ്ടായി. എന്നിരുന്നാലും മുൻവർഷത്തെ അപേക്ഷിച്ച് ബ്രേക്ക് ബൾക്ക് കാർഗോയിൽ 38.9 ശതമാനം വർധന രേഖപ്പെടുത്തുകയുണ്ടായി. കൈകാര്യം ചെയ്യുന്ന ചരക്ക് ഗതാഗതത്തിന്റെ വിശദാംശങ്ങൾ ചുവടെയുള്ള **ചിത്രം 11.1.9** –ൽ നൽകിയിരിക്കുന്നു.

രാസവളങ്ങൾ, അസംസ്കൃത വസ്തുക്കൾ എന്നിവയുൾപ്പെടെയുള്ള മറ്റ് ചരക്കുകൾ, ഭക്ഷ്യധാന്യങ്ങൾ, ഇരുമ്പ്, ഉരുക്ക്, യന്ത്രങ്ങൾ എന്നിവ ഇറക്കുമതിയുടെ പ്രധാന ഘടകങ്ങളാണ്. തേയില, കശുവണ്ടിപ്പരിപ്പ്, സമുദ്രോത്പന്നങ്ങൾ, കയർ ഉൽപന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കാപ്പി, മറ്റിനങ്ങൾ എന്നിവയാണ് പ്രധാന കയറ്റുമതി വസ്തുക്കൾ.

ഇന്ത്യയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണ് കൊച്ചി തുറമുഖം. 2018–19 –ൽ 49 അന്താരാഷ്ട്ര ക്രൂയിസ് കപ്പലുകൾ 62,753 യാത്രക്കാരുമായും 28,828 ക്രൂ അംഗങ്ങളുമായും കൊച്ചി തുറമുഖം സന്ദർശിച്ചു. കൊച്ചി തുറമുഖത്തെ വില്ലിങ്ടൺ ദ്വീപിൽ നിന്ന് ടൂറിസ്റ്റുകൾക്കായി ഹെലികോപ്റ്റർ സേവനം ഏർപ്പെടുത്തി. 2019 നവംബർ 21 നാണ് ഹെലികോപ്റ്റർ സേവനം ആരംഭിച്ചത്. മൂന്നാർ, ജഡായു എർത്ത് സെന്റർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്ര നടത്തുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. പുതിയ മംഗലാപുരം തുറമുഖം ഇതിനകം (നവംബർ 3, 2019 ന്) ഹെലികോപ്റ്റർ സർവീസ് ആരംഭിച്ചിരുന്നു.

## കൊച്ചി കപ്പൽശാല

രാജ്യത്തെ ഏറ്റവും വലിയ കപ്പൽശാലയാണ് കൊച്ചി കപ്പൽശാല. ഇത് 1,10,000 ഡിഡബ്ല്യൂടി വരെയുള്ള കപ്പലുകൾ നിർമ്മിക്കുകയും എല്ലാത്തരം കപ്പലുകളും നന്നാക്കുകയും ചെയ്യുന്നു. അന്താരാഷ്ട്ര പ്രശസ്ത കമ്പനികളിൽ നിന്ന് കപ്പൽ നിർമ്മാണ ഓർഡറുകൾ നേടിയെടുക്കുന്നതിൽ കൊച്ചി കപ്പൽശാല പ്രശസ്തമാണ്. നിലവിൽ, രാജ്യത്തെ ആദ്യത്തെ തദ്ദേശീയ വ്യോമ പ്രതിരോധ കപ്പൽ (എയർ ക്രാഫ്റ്റ് കാരിയേഴ്സ് ഐഎൻഎസ് വിക്രാന്ത്)

**ചിത്രം 11.1.9** കൊച്ചി തുറമുഖലെ ചരക്ക് ഗതാഗതം (2017–18 മുതൽ 2019–20)




*അവലംബം: കൊച്ചിൻ പോർട്ട്ട്രസ്റ്റ്*

നിർമ്മിക്കുന്നത്. കൊച്ചിയെ ഇന്ത്യയുടെ ഒരു സമുദ്ര കേന്ദ്രമായി വികസിപ്പിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി, സിഎസ്എൽ വില്ലിംഗ്ടൺ ദ്വീപിലെ അന്താരാഷ്ട്ര കപ്പൽ നന്നാക്കൽ സൗകര്യത്തിന് സമീപം ഒരു മാരിടൈം പാർക്ക് സ്ഥാപിച്ചു, ഇത് ബഹുമാനപ്പെട്ട സഹമന്ത്രി (സ്വതന്ത്ര ചാർജ്) ശ്രീ മൻസുഖ് എൽ മണ്ഡാവിയ സെപ്റ്റംബർ 19, 2019 ന് ഷിപ്പിംഗിനായി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ആദ്യ ഘട്ടത്തിൽ തന്നെ സമുദ്ര വ്യവസായത്തിലെ ആഗോള പ്രശസ്തമായ പത്ത് സ്ഥാപനങ്ങൾ സിഎസ്എല്ലുമായി സഹകരിച്ച് മാരിടൈം പാർക്കിൽ തങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുകയുണ്ടായി. കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡുമായി ബന്ധപ്പെട്ട സാമ്പത്തിക പുരോഗതിയുടെ വിശദാംശങ്ങൾ **പട്ടിക 11.1.24** –ൽ നൽകിയിരിക്കുന്നു.

കപ്പൽ നിർമ്മാണ വിപണിയിൽ മന്ദഗതിയിലാണെങ്കിലും കമ്പനി മികച്ച പ്രകടനമാണ് കാഴ്ചവച്ചത് വൈവിധ്യമാർന്ന പ്രവർത്തന വിഭാഗങ്ങളും ഉൽപ്പന്ന പ്രൊഫൈലും 2018–19 –ൽ (2,965.60 കോടി രൂപയുമായി) താരതമ്യം ചെയ്യുമ്പോൾ 2019–20 –ൽ 3,422.49 കോടി രൂപയുടെ വിറ്റുവരവ് നേടാൻ കമ്പനിയെ സാധിച്ചിട്ടുണ്ട്, 2019–20 ൽ നികുതി കിഴിച്ചുള്ള ലാഭം 863.43 കോടി രൂപ. 2018–19 ൽ ഇത് 751.38 കോടി രൂപയായിരുന്നു. 2019–20 ൽ അറ്റാദായം 637.69 കോടി രൂപയാണ്. 2018–19 –ൽ ഇത് 481.18 കോടി രൂപയായിരുന്നു

## കേരളത്തിലെ തുറമുഖങ്ങൾ

കേരളത്തിലെ തീരദേശം ഏകദേശം 585 കിലോമീറ്റർ ദൂരമുണ്ട്. കൊച്ചിയിൽ ഒരു പ്രധാന തുറമുഖവും 17 പ്രധാന ഇതര തുറമുഖങ്ങളും വിഴിഞ്ഞത്ത് വരാനിരിക്കുന്ന മറ്റൊരു സുപ്രധാന തുറമുഖവുമുണ്ട്. കേരളത്തിലെ 17 പ്രധാന തുറമുഖങ്ങളിൽ നാലെണ്ണം ബെർത്തിംഗ്, ചരക്ക് കൈകാര്യം ചെയ്യൽ, സംഭരണ സൗകര്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ഇന്റർമീഡിയറ്റ് തുറമുഖങ്ങളായി കണക്കാക്കുന്നു. അവ വിഴിഞ്ഞം, ബേപ്പൂർ–കോഴിക്കോട്, അഴീക്കൽ, കൊല്ലം എന്നീ തുറമുഖങ്ങളാണ്. നീണ്ടകര, ആലപ്പുഴ, വലിയതുറ, കായംകുളം, മനക്കോടം, മുനമ്പം–കൊടുങ്ങല്ലൂർ, പൊന്നാനി, തലശ്ശേരി, കോഴിക്കോട്, കണ്ണൂർ, ചെറുവത്തൂർ–നീലേശ്വരം, കാസർഗോഡ് എന്നിവയാണ് സംസ്ഥാനത്തെ ബാക്കി 13 ചെറുകിട തുറമുഖങ്ങൾ.

## കേരള മാരിടൈം ബോർഡ് (തുറമുഖ വകുപ്പ്)

തുറമുഖ വകുപ്പാണ് സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ നോക്കിനടത്തുന്നത്. കേരള സർക്കാരിൻ കീഴിലുള്ള കോട്ടയം ജില്ലയിലെ നാട്ടകമിലെ 49 ശതമാനം അഴിമുഖമാണ് ഉൾനാടൻ തുറമുഖത്തിനായി കേരള വ്യവസായ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) ഏറ്റെടുക്കുന്നത്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ സ്വത്തുക്കൾ സംരക്ഷിക്കുക എന്നതാണ് തുറമുഖ വകുപ്പിന്റെ പ്രധാന പ്രവർത്തനം ലക്ഷ്യം. സംസ്ഥാനത്തിന് 585 കിലോമീറ്റർ നീളമുള്ള സ്വീകാര്യമായ മാനദണ്ഡങ്ങളോട് താരതമ്യപ്പെടുത്താവുന്ന സമുദ്ര പ്രവർത്തനങ്ങളും തത്സമയ ഷിപ്പിംഗ് പ്രവർത്തനങ്ങളും കൊച്ചിയിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്നു. സംസ്ഥാനത്തെ പതിനാല് ജില്ലകളിൽ ഒമ്പത് എണ്ണം കടൽ തീരത്താണ്. സംസ്ഥാനത്തിന്റെ സമുദ്രവിഭവങ്ങളുടെ മികച്ചതും സുസ്ഥിരവുമായ വിനിയോഗം അതിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ധാരാളം അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സാധ്യമായ സ്ഥലങ്ങളിലെല്ലാം സമുദ്രവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിനാൽ, തീരദേശ ഷിപ്പിംഗ് വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി രൂപകൽപ്പന ചെയ്യുകയും തന്ത്രപരമായി നടപ്പാക്കുന്നതിന് ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കുകയും ചെയ്തു. ചെറുകിട തുറമുഖങ്ങളിലൂടെ റോഡ്/റെയിൽ, തീരദേശ ജലപാതകളിൽ നിന്നുള്ള ചരക്ക് ഗതാഗതം/യാത്രാ ഗതാഗതം എന്നിവ വഴിതിരിച്ചുവിടുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. സംസ്ഥാനത്തിന്റെ ഗതാഗത/ലോജിസ്റ്റിക് മേഖലയെ രൂപാന്തരപ്പെടുത്തുന്ന തരത്തിലാണ്

**പട്ടിക 11.1.24** 2018–19 മുതൽ2019–20 വരെയുള്ള കൊച്ചി കപ്പൽശാലയുടെ സാമ്പത്തിക പുരോഗതി

| ക്രമ നം. | ഇനങ്ങൾ | 2018–19 | 2019–20 |
|---|---|---|---|
| 1 | മൊത്തം വരുമാനം | 3192.89 | 3669.99 |
| 2 | വിലയിടിവ്, നികുതി ,മറ്റു സാമ്പത്തിക ചെലവുകൾ കിഴിച്ചുള്ള ലാഭം | 799.83 | 956.75 |
| 3 | സാമ്പത്തിക ചെലവുകൾ | 14.30 | 44.59 |
| 4 | വിലയിടിവും, എഴുതിത്തള്ളലും | 34.16 | 48.73 |
| 5 | നികുതി കിഴിച്ചുള്ള ലാഭം | 751.38 | 863.43 |
| 6 | നികുതി ചെലവ് | 270.20 | 225.74 |
| 7 | അറ്റാദായം | 481.18 | 637.69 |

അവലംബം കൊച്ചിൻ ഷിപ്പ്യാർഡ് (വാർഷിക റിപ്പോർട്ട് 2019-20)

പദ്ധതി ആസൂത്രണം ചെയ്തത്. തുറമുഖ വകുപ്പിന് കീഴിൽ നടപ്പാക്കുന്ന തീരദേശ ഷിപ്പിംഗ് പദ്ധതി രാജ്യത്തെ ആദ്യത്തേതാണ്. ഇത് മത്സ്യബന്ധനം, വ്യവസായങ്ങൾ, സമുദ്ര വിദ്യാഭ്യാസം, ടൂറിസം എന്നിവയുമായി സമന്വയിപ്പിച്ച് മേഖലയിൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. കേരള ഉൾനാടൻ വെസ്സൽ നിയമങ്ങൾ (കെ.ഐ.വി നിയമങ്ങൾ)/സംസ്ഥാനത്ത് നടപ്പാക്കുന്നതിന് പോർട്ട് ഡിപ്പാർട്ട്മെന്റ് ഡയറക്ടർക്ക് ഉത്തരവാദിത്തമുണ്ട്. കേരള മാരിടൈം ബോർഡ് ആക്റ്റ് 2017 ന്റെ അംഗീകാരത്തിന് ശേഷം, തുറമുഖ വകുപ്പ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലാണ് നടക്കുന്നത്.

സെപ്റ്റംബർ 16 ന് കേരള മാരിടൈം ബോർഡ് ആക്ട് 2017 ന്റെ അംഗീകാരത്തിന് ശേഷമാണ് കേരള മാരിടൈം ബോർഡ് നിലവിൽ വന്നത്. ഈ നിയമപ്രകാരം കേരളത്തിലെ ചെറുകിട തുറമുഖങ്ങളുടെ ഭരണം, നിയന്ത്രണം, പരിപാലനം എന്നിവയ്ക്കായി കെ.എം.ബി രൂപീകരിച്ചിരിക്കുന്നു. ഒരു ചെയർമാൻ, വൈസ് ചെയർമാൻ, 6 എക്സ്-ഒഫീഷ്യോ അംഗങ്ങൾ, നാമനിർദേശം ചെയ്യപ്പെട്ട നാല് അംഗങ്ങൾ എന്നിവരടങ്ങുന്നതാണ് ബോർഡ്. ഈ നിയമത്തിന്റെ ഫലമായി കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷനും കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് സൊസൈറ്റിയും കെ.എം.ബിയുടെ നിയന്ത്രണത്തിലായി. തുറമുഖവുമായി ബന്ധപ്പെട്ട എല്ലാത്തരം പ്രവർത്തനങ്ങൾ, തുറമുഖങ്ങളുടെ നവീകരണം, ഷിപ്പിംഗ് പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക എന്നിവയാണ് കേരള മാരിടൈം ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങൾ.

## കേരള ഉൾനാടൻ വെസ്സൽ (കെഐവി) നിയമങ്ങൾ, 2010

2010 സെപ്റ്റംബർ 15 ന് കെഐവി നിയമങ്ങൾ നിലവിൽ വന്നു. ഡയറക്ടർ, പോർട്ട് ഡിപ്പാർട്ട്മെന്റാണ് ഇതിന്റെ നടപ്പിലാക്കൽ അതോറിറ്റി. എന്നാൽ ഇപ്പോൾ നടപ്പാക്കൽ കെ.എം.ബിയെ ചുമതലയിൽ വരുന്നു. കെ.ഐ.വി ചട്ടമനുസരിച്ച് വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നിങ്ങനെ 6 പോർട്ട് രജിസ്ട്രികൾ ഉണ്ട്. കെഐവി നിയമമനുസരിച്ച്, ജലയാനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി 5 വർഷമായിരിക്കുന്നതും വാർഷിക സർവേ സർട്ടിഫിക്കറ്റ് ഒരു വർഷത്തേക്ക് സാധുതയുള്ളതുമാണ്. ജലയാനങ്ങളുടെ പ്രവർത്തനത്തിന് ഈ രണ്ട് സർട്ടിഫിക്കറ്റുകളും അത്യാവശ്യമാണ്. കൂടാതെ, 3 വർഷത്തിലൊരിക്കൽ കപ്പലുകൾ ഡ്രൈ ഡോക്കിൽ സർവേ ചെയ്യണം. 3 വർഷത്തേക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് വയബിലിറ്റി സർട്ടിഫിക്കറ്റും മൂന്നാം കക്ഷി ഇൻഷ്വറൻസും നൽകിയാൽ മാത്രമാണ് ഹൗസ് ബോട്ടുകൾക്ക് സർവേ സർട്ടിഫിക്കറ്റുകൾ നൽകുന്നത്.

## രജിസ്റ്റർ ചെയ്ത ജലയാനങ്ങൾ

2019-20 ൽ കേരളത്തിലെ വിവിധ തുറമുഖങ്ങളിലായി 469 ജലയാനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതായത്, വിഴിഞ്ഞം (77), കൊല്ലം (128), ആലപ്പുഴ (102), കൊടുങ്ങല്ലൂർ (74). പാസഞ്ചർ കപ്പൽ, സ്പീഡ് ബോട്ട്, ഹൗസ് ബോട്ട്, കാർഗോ കപ്പൽ, ഫ്ലോട്ടിംഗ് റിസോർട്ട്, മോട്ടോർ ബോട്ട്, കട്ടർ സെക്ഷൻ ഡ്രെഡ്ജർ, ജങ്കർ, ഷിക്കാറസ്, ടഗ്, ജെറ്റ്സ്കി, റെസ്ക്യൂ ബോട്ട്, ക്രൂയിസ് ബോട്ട് എന്നിവ രജിസ്റ്റർ ചെയ്ത ജലയാനങ്ങളിൽ ഉൾപ്പെടുന്നു. 2019-20 ൽ 1857 കപ്പലുകൾ പരിശോധിച്ചത്. അതിൽ 1,297 എണ്ണം തികഞ്ഞതായും 554 കപ്പലുകൾ തകരാറിലായതായും കണ്ടെത്തിയിട്ടുണ്ട് തുറമുഖ വകുപ്പ് കെഐവി നിയമങ്ങൾ നടപ്പിലാക്കുന്നതിനാൽ, ഇത് പരിശോധനകൾ നടത്തുകയും ജലയാനങ്ങളുടെ രജിസ്ട്രേഷൻ സുഗമമാക്കുകയും ഷിപ്പിംഗിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. വിശദാംശങ്ങൾ **പട്ടിക 11.1.25, 11.1.26** എന്നിവയിൽ നൽകിയിരിക്കുന്നു.

## കേരളത്തിലെ ഇന്റർമീഡിയറ്റ് തുറമുഖങ്ങളിലെയും ചെറുകിട തുറമുഖങ്ങളിലെയും ചരക്ക് ഗതാഗതം

കഴിഞ്ഞ നാല് വർഷമായി കേരളത്തിലെ ഇന്റർമീഡിയറ്റ് തുറമുഖങ്ങളിലെയും ചെറുകിട തുറമുഖങ്ങളിലെയും കൈകാര്യം ചെയ്ത ചരക്കുകളുടെ വിശദാംശങ്ങൾ **പട്ടിക 11.1.27** കാണിക്കുന്നു. കഴിഞ്ഞ നാല് വർഷങ്ങൾ കണക്കിലെടുക്കുമ്പോൾ, കേരളത്തിലെ ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ കൈകാര്യം

**പട്ടിക 11.1.25** കെ. ഐ.വി.നിയമം നടപ്പിലാകുനതിനായുള്ള പരിശോധനാ വിവരങ്ങൾ

| ക്രമ. നം. | ഇനം | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|
| 1 | പരിശോധിച്ച യാനങ്ങളുടെ എണ്ണം | 899 | 712 | 833 | 1857 |
| 2 | കുറ്റമറ്റതായി കണ്ടെത്തിയവയുടെ എണ്ണം | 532 | 402 | 485 | 1297 |
| 3 | തകരറിലായതായി കണ്ടെത്തിയവയുടെ എണ്ണം | 367 | 310 | 348 | 554 |
| 4 | തടഞ്ഞു വയ്ക്കൽ ഉത്തരവ് നല്കിയവയുടെ എണ്ണം | 25 | 41 | 25 | 56 |

*അവലംബം കേരള മാരി ടൈം ബോർഡ്*

**പട്ടിക 11.1.26** കേരളത്തിൽ രജിസ്റ്റർ ചെയ്ത യാനങ്ങളുടെ എണ്ണം

| ക്രമ. നം. | ഇനം | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|
| 1 | കാറ്റഗറി എ | NIL | 1 | NIL | 10 |
| 2 | കാറ്റഗറി ബി | 50 | 33 | 84 | 251 |
| 3 | പുതുതായി നിർമ്മിച്ച യാനങ്ങൾ | 54 | 33 | 84 | 103 |
| 4 | പഴയ പേര് മാറ്റിയത് | 4 | 3 | 7 | 105 |

അവലംബം കേരള മാരി ടൈം ബോർഡ്

**പട്ടിക 11.1.27** 2017 മുതൽ 2019 വരെ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്കുകളുടെ അളവ് (അളവ് ടണ്ണിൽ)

| വര്ഷം | ഇറക്കുമതി | | | കയറ്റുമതി | | | ആകെ |
|---|---|---|---|---|---|---|---|
| | ആഭ്യന്തരം | വിദേശ | ആകെ | ആഭ്യന്തരം | വിദേശ | ആകെ | |
| 2017 | 106663 | 0 | 106663 | 291219 | 7580 | 298799 | 405462 |
| 2018 | 12174 | 0 | 12174 | 126619 | 0 | 126619 | 138793 |
| 2019 | 92542 | 4459 | 97001 | 122380 | 3767 | 126147 | 223148 |
| 2020 | 37338 | 908 | 38246 | 115968 | 0 | 115968 | 154214 |
| ആകെ | 152717 | 5367 | 158084 | 656186 | 11347 | 667533 | 921617 |

അവലംബം കേരള മാരി ടൈം ബോർഡ്

ചെയ്യുന്ന ചരക്കിന്റെ അളവിൽ ഏറ്റക്കുറച്ചിലുകൾ കാണപ്പെടുന്നുണ്ട്. ഈ നാല് വർഷങ്ങളിലും, കയറ്റുമതി ചരക്ക് (കയറ്റുമതി = തീരദേശ, വിദേശ) ഇറക്കുമതി ചരക്കിനേക്കാൾ കൂടുതലാണ് (ഇറക്കുമതി = തീരദേശവും വിദേശവും). കേരളത്തിൽ നിന്നുള്ള മൊത്തം ചരക്ക് കയറ്റുമതി യഥാക്രമം 2017ൽ 2,98,799 ടൺ, 2020-ൽ 1,15,968 ടൺ എന്നിങ്ങനെയാണ്.

കേരളത്തിൽ 4 തുറമുഖങ്ങൾക്ക് ചരക്ക് കൈകാര്യം ചെയ്യാനുള്ള ശേഷിയുണ്ട്. അവ, ബേപ്പൂർ, അഴിക്കൽ, കൊല്ലം, വിഴിഞ്ഞം എന്നിവയാണ് (വിശദാംശങ്ങൾ **അനുബന്ധം 11.1.19** ൽ കാണിച്ചിരിക്കുന്നു). നാല് തുറമുഖങ്ങളുടെ മൊത്തം വാർഷിക ശേഷി ഏകദേശം 9000 ലക്ഷം ടണ്ണാണ്. ചരക്ക് കൈകാര്യം ചെയ്യാനുള്ള ശേഷിയും ഉപയോഗവും തമ്മിൽ വലിയ വിടവ് ഉണ്ട്, അത് ഒരു ശതമാനത്തിൽ താഴെയാണ്. വിനിയോഗശേഷിയിലെ പ്രശ്നങ്ങൾ / വെല്ലുവിളി സൂക്ഷ്മനിരീക്ഷണം നടത്തുകയും അവ പരിഹരിച്ച ശേഷി ഉപയോഗം മെച്ചപ്പെടുത്തേണ്ടതുണ്ട്.

## കേരളത്തിലെ തുറമുഖങ്ങളിൽ നിന്നുമുള്ള വരുമാനം

കേരളത്തിലെ തുറമുഖങ്ങളിൽ നിന്നുമുള്ള വരുമാനം 2016 മുതൽ 2020 വരെ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ നിന്നുമുള്ള വരുമാനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 11.1.28** -ൽ നൽകിയിരിക്കുന്നു. 2018 ൽ മൊത്തം വരുമാനത്തിൽ ഗണ്യമായി കുറവ് സംഭവിച്ചിട്ടുണ്ട്. 2019 ൽ ഇത് മുൻ വർഷത്തെക്കാളും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു തുറമുഖത്തിന്റെ പ്രധാന പ്രവർത്തനം ചരക്ക് ഗതാഗതമായി കണക്കാക്കപ്പെടുന്നു. നിർഭാഗ്യവശാൽ, കയറ്റുമതി, ഇറക്കുമതി കുടിശ്ശികയുടെ വിഹിതം മൂന്ന് വർഷത്തിനിടെ മൊത്തം വരുമാനത്തിന്റെ ഒരു ശതമാനത്തിൽ താഴെയാണ്. അതായത് 2016 ൽ 40 ലക്ഷം രൂപയും 2019 ൽ 32 ലക്ഷം രൂപയും ആണ്. തുറമുഖ വരുമാനത്തിന്റെ പ്രധാന പങ്ക് ഡ്രെജ്ഡ് വസ്തുക്കളിൽ നിന്നുമാണ്. 2016, 2017, 2019, 2020 വർഷങ്ങളിലെ മൊത്തം വരുമാനത്തിന്റെ 90 ശതമാനവും ഡ്രെജ്ഡ് വസ്തുക്കളിൽ ലഭിച്ചിട്ടുള്ളത്. ആയതിനാൽ തുറമുഖപ്രവർത്തനങ്ങൾ കുറച്ചുകൂടി വിപുലമാക്കേണ്ടതുണ്ട്. 2019-20 കാലയളവിൽ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ നിന്ന് ലഭ്യമായ വരുമാനം ഇനം തിരിച്ചുള്ള **അനുബന്ധം 11.1.20** നൽകിയിരിക്കുന്നു.

2020 ൽ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളുടെ വരുമാനത്തിൽ ഓരോ ഇനത്തിന്റെയും പങ്ക് ഇനിപ്പറയുന്ന **ചിത്രം 11.1.10** കാണിക്കുന്നു.

## ചെറുകിട തുറമുഖങ്ങളുടെ പ്രവർത്തനങ്ങൾ

17 ചെറുകിട തുറമുഖങ്ങളിൽ, നാല് തുറമുഖങ്ങൾ 2019-20 ൽ കടലുഴിയുള്ള വ്യാപാരത്തിനായി പ്രവർത്തിച്ചിരുന്നു. കൊല്ലത്തിന് യന്ത്രസാമഗ്രികളുടെ കയറ്റുമതിയും ഇറക്കുമതിയും ഉണ്ടായിരുന്നു. വിഴിഞ്ഞത്ത് പച്ചക്കറികളുടെ ചരക്ക് ഗതാഗതം ഉണ്ടായിരുന്നു. അഴിക്കൽ, ബേപ്പൂർ (കോഴിക്കോട്) തുറമുഖങ്ങൾക്കും

**ബോക്സ് 11.1.7** തുറമുഖ മേഖലയിലെ മൊത്തത്തിലുള്ള പ്രകടനം

1. കേരളത്തിലെ പ്രവർത്തനയോഗ്യമായ നാല് ചെറുകിട തുറമുഖങ്ങൾ അഴിക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നിവയാണ്.
2. തുറമുഖ വരുമാനത്തിന്റെ ഭൂരിഭാഗവും (52.73 കോടി രൂപ) ഡ്രജ്ഡ് വസ്തുക്കളിൽ നിന്നാണ്.
3. 2018–19 ൽ കേരളത്തിന്റെ തുറമുഖ ശേഷി 0.55 ദശലക്ഷം ടണ്ണും 37.10 ശതമാനം ശേഷി ഉപയോഗവുമാണ്.
4. കേരളത്തിൽ നിന്നുള്ള മൊത്തം ചരക്ക് കയറ്റുമതി യഥാക്രമം 2017–ഇൽ 2,98,799 ടൺ, 2020–ൽ 1,15,968 ടൺ ആണ് (ഒക്ടോബർ വരെ)
5. കേരളത്തിലെ ചെറുകിട തുറമുഖങ്ങളിൽ 2019–20 ൽ 224 സ്റ്റീമറുകളും 252 കപ്പലുകളും സന്ദർശിച്ചിട്ടുണ്ട്.. ഇതിൽ 203 സ്റ്റീമറുകളും 251 കപ്പലുകളും ബേപ്പൂർ തുറമുഖം സന്ദർശിച്ചു.
6. 2019–20 ൽ 469 ഉൾനാടൻ കപ്പലുകൾ കേരളത്തിലെ വിവിധ തുറമുഖങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്

*അവലംബം കേരള മാരി ടൈം ബോർഡ്*

**ചിത്രം 11.1.10** 2020 ൽ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളുടെ വരുമാനത്തിൽ ഓരോ ഇനത്തിന്റെയും പങ്ക്




*അവലംബം കേരള മാരി ടൈം ബോർഡ്*

**പട്ടിക 11.1.28** 2016 മുതൽ 2020 വരെ കേരളത്തിലെ മൈനർ ഇന്റർമീഡിയറ്റിൽ തുറമുഖങ്ങളിൽ നിന്നുമുള്ള വരുമാനത്തിന്റെ വിഭാഗം തിരിച്ചുള്ള വിഭജനം

| വർഷം | തുറമുഖ കുടിശ്ശിക | | കയറ്റുമതി ഇറക്കുമതി കുടിശ്ശിക | | വ്യാപാര ഓവർടൈം നിരക്കുകൾ | | ഡ്രെഡ്ജെഡ് വസ്തുക്കൾ | | മറ്റുള്ളവ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| | തുക | മൊത്തം% | തുക | മൊത്തം% | തുക | മൊത്തം% | തുക | മൊത്തം% | തുക | മൊത്തം% | |
| 2016 | 9.05 | 0.15 | 40.04 | 0.67 | 45.42 | 0.76 | 5468.57 | 91.02 | 444.77 | 7.4 | 6007.85 |
| 2017 | 4.18 | 0.07 | 27.38 | 0.47 | 46.16 | 0.79 | 5603.65 | 96.12 | 148.31 | 2.54 | 5829.68 |
| 2018 | 7.95 | 0.3 | 31.49 | 1.18 | 15.48 | 0.58 | 1169.03 | 43.76 | 1447.8 | 54.19 | 2671.75 |
| 2019 | 7.97 | 0.16 | 32.66 | 0.67 | 33.01 | 0.68 | 4342.43 | 89.71 | 424.52 | 8.77 | 4840.59 |
| 2020 | 4.9 | 0.08 | 5.03 | 0.09 | 46.27 | 0.81 | 5273.6 | 90.90 | 476.8 | 8.23 | 5802.0 |

*അവലംബം കേരള മാരി ടൈം ബോർഡ്*

2019–20ൽ വ്യാപാര പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 11.1.19** –ൽ നൽകിയിരിക്കുന്നു.

2019–20 കാലയളവിൽ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങൾ വഴി തുറമുഖവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ നിന്ന് 58.02 കോടി രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. ഡ്രെഡ്ജ് ചെയ്ത വസ്തുക്കളിൽ നിന്നാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചത് (52.73 കോടി രൂപ). 2019–20 ലെ മൊത്തം ഇറക്കുമതി കയറ്റുമതി വരുമാനം 50.1 ലക്ഷം രൂപയായിരുന്നു. കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങൾ വഴി നേടിയ വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 11.1.20** –ൽ നൽകിയിരിക്കുന്നു.

സ്റ്റീമറുകളും കപ്പലുകളും സന്ദർശിച്ചതിൽ കേരളത്തിലെ നാല് ഓപ്പറേറ്റിംഗ് തുറമുഖങ്ങളിൽ ഏറ്റവും തിരക്കേറിയ തുറമുഖമാണ് ബേപ്പൂർ (കോഴിക്കോട്). 2019–20 കാലയളവിൽ 224 സ്റ്റീമറുകളും 256 കപ്പലുകളും കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ സന്ദർശിച്ചു. ഇതിൽ 203 സ്റ്റീമറുകളും 251 കപ്പലുകളും ബേപ്പൂർ തുറമുഖത്താണ് വന്നത്. വിശദാംശങ്ങൾ **അനുബന്ധം 11.1.21** –ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ നാല് ഓപ്പറേറ്റിംഗ് തുറമുഖങ്ങളിൽ ഏറ്റവും കൂടുതൽ സൗകര്യങ്ങളുള്ളത് ബേപ്പൂർ തുറമുഖത്താണ്. ബേപ്പൂരിൽ 310 മീറ്റർ വാർഫ്, കൂടാതെ 800 മീ 2 ഗോഡൗൺ ഏരിയയും ഉണ്ട്. കേരളത്തിലെ ചെറുകിട തുറമുഖങ്ങളിൽ ലഭ്യമായ സൗകര്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.22** ൽ നൽകിയിരിക്കുന്നു.

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലും (2017–18 മുതൽ 2020–21 വരെ) സാമ്പത്തിക പുരോഗതി

ചുവടെ നൽകിയിരിക്കുന്ന **പട്ടിക 11.1.29** അനുസരിച്ച്, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ, തുറമുഖ മേഖലയുടെ മൊത്തത്തിലുള്ള വിഹിതം 700.3 കോടി രൂപയും. ചെലവ് 782.00 കോടി (111.7 ശതമാനം) രൂപയും ആണ്. ഇതിൽ 223.72 കോടി രൂപ വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡിന് (വി.ഐ.എസ്.എൽ) വകയിരുത്തിയിട്ടുള്ളത്. 523.68 കോടിയാണ് പദ്ധതി ചെലവ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വി.ഐ.എസ്.എല്ലിന് ബജറ്റ് വിഹിതം മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോഗ്രാമിന് കീഴിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കി വരുന്നു., തുറമുഖ മേഖലയിൽ ഒരു ലക്ഷം രൂപയുടെ ടോക്കൺ വിഹിതമാണ് വർഷം തോറും വകയിരുത്തുന്നത്. ഇത് വിഹിതം കുത്തനെ കുറയാൻ കാരണമാകുന്നു.

## തീരദേശ ഷിപ്പിംഗ് പ്രമോഷണൽ പദ്ധതി

### ചരക്ക് പ്രോത്സാഹന പദ്ധതി

കേരള തീരത്ത് തെക്ക് പൊഴിയൂരിനും വടക്ക് മഞ്ചേശ്വരത്തിനും ഇടയിലുള്ള ജലപാതകളിൽ ചരക്ക് നീക്കുന്നതിനും പ്രധാന തുറമുഖത്ത് കയറ്റുകയോ ഇറക്കുകയോ ചെയ്യുന്നതിന് കാർഗോ ഇൻസെന്റീവ് 3/ടൺ/കിലോമീറ്റർ എന്ന നിരക്കിലാണ് അനുവദിച്ചിരുന്നത്. തീരദേശ ഷിപ്പിംഗ് പദ്ധതി ആരംഭിച്ചതിനുശേഷം ഏകദേശം 136 ലക്ഷം രൂപ ഈ പദ്ധതി പ്രകാരം വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. കിഴക്ക്, പടിഞ്ഞാറൻ തീരങ്ങളിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ, സിമൻറ്, ഗ്രാനൈറ്റ്, മാർബിൾ, സെറാമിക് ടൈലുകൾ, കശുവണ്ടിപ്പരിപ്പ്, കേർണലുകൾ, രാസവളങ്ങൾ, സോഡാ ആഷ് പോലുള്ള രാസവസ്തുക്കൾ എന്നിവ പോലുള്ള പ്രത്യേക ചരക്കുകൾ / ചരക്കുകൾ വഴിതിരിച്ചുവിടുകയാണ് ലക്ഷ്യം. ആനുകൂല്യങ്ങൾ അന്തിമമാക്കാൻ വകുപ്പ് ഉപയോഗിക്കുന്ന നാവിഗേഷൻ ചാർട്ടുകളെ അടിസ്ഥാനമാക്കിയാണ് കൃത്യമായ ദൂരം കണക്കാക്കുന്നത്

### തുറമുഖ മേഖലയിലെ ഭൗതിക നേട്ടം

നിർദ്ദിഷ്ട ലക്ഷ്യങ്ങൾ നേടുന്നതിനും നിർദ്ദിഷ്ട പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനും പോർട്ട് മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുണ്ട്. കെ.എം.ബി, ഹൈഡ്രോ ഗ്രാഫിക് സർവ്വേ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം, കെ.എസ്.എം.ഡി.സി.എൽ.

### 2019–20

- ഇ–ഓഫീസ്, പരിശീലനം, ശേഷി വർദ്ധിപ്പിക്കൽ, അന്വേഷണം, ആസൂത്രണം, ഗവേഷണം, വികസന പ്രവർത്തനങ്ങൾ എന്നിവയിലൂടെ തുറമുഖ മേഖലയെ പരിപാലിച്ച്. തടസ്സമില്ലാത്ത ഭരണം കാഴ്ചവയ്ക്കുന്നു.
- വിഴിഞ്ഞം ബേപ്പൂർ തുറമുഖം എന്നിവിടങ്ങളിൽ ക്രൂ മാറ്റുന്നതിനുള്ള സൗകര്യങ്ങൾ ആരംഭിച്ചു
- കൊല്ലം, ബേപ്പൂർ, അഴിക്കൽ തുറമുഖം എന്നിവിടങ്ങളിൽ ഓട്ടോമേറ്റഡ് കാർഗോ കൈകാര്യം ചെയ്യൽ ഗിയറുകൾ പൂർത്തിയായി
- കൊല്ലം തുറമുഖത്തെ മൾട്ടി പർപ്പസ് പാസഞ്ചർ–കം–കാർഗോ വാർഫ് 20 കോടി രൂപ (സാഗർമാല പദ്ധതി പ്രകാരം) ചെലവിൽ പൂർത്തിയാക്കി ഇതിൽ 7.23 കോടി രൂപ കേന്ദ്ര ഗവണ്മെന്റിന്റെ ധനസഹായമാണ് ലഭിച്ചത്.
- ലക്ഷദ്വീപിനെ ബേപ്പൂർ തുറമുഖവുമായി ബന്ധിപ്പിക്കുന്ന പതിവ് സേവനങ്ങൾ ആരംഭിച്ചു.
- വിഴിഞ്ഞം തുറമുഖം മാലിദ്വീപിലേക്ക് പ്രതിവാര

**പട്ടിക 11.1.29** 12–ാം പഞ്ചവത്സര പദ്ധതിയിലെയും 13 –ാം പഞ്ചവത്സര പദ്ധതിയിലെയും വിഹിതവും

| മേഖല | 12–ാം പഞ്ചവത്സര പദ്ധതി | | 13–ാം പഞ്ചവത്സര പദ്ധതി | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | 2012–17 | | 2017–18 | | 2018–19 | | 2019–20 | | 2020–21 * | |
| | വിഹിതം വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് |
| തുറമുഖമേഖല | 476.58 | 258.27 | 138.09 | 38.4 | 126.39 | 60.5 | 110.06 | 37.7 | 80.11 | 8.8 |
| വി ഐ എസ് എൽ | 223.72 | 523.68 | 0.01 | 175.0 | 0.01 | 100.7 | 0.01 | 3.91 | 0.01 | 0 |
| ആകെ തുറമുഖമേഖല+ വി ഐ എസ് എൽ) | 700.3 | 781.95 | 138.1 | 213.4 | 126.4 | 161.2 | 110.1 | 41.6 | 80.12 | 8.8 |

*അവലംബം: ബജറ്റ് എസ്റ്റിമേറ്റും പ്ലാൻ സ്പെയ്സും*
* 2020 ഒക്ടോബറുവരെയുള്ള ചെലവ്

കപ്പൽ പ്രവർത്തനം നടത്തി വരുന്നു.

- ബേപ്പൂർ തുറമുഖത്തും അഴീക്കൽ തുറമുഖത്തും ഇലക്ട്രോണിക് ഡാറ്റ ഇന്റർചേഞ്ച് സൗകര്യം ലഭ്യമാക്കും
- ബോണ്ട് ക്രൂ പരിശീലന പരിപാടിയിൽ 5,000 ത്തിലധികം കുട്ടികൾ നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുംപരിശീലനം നേടി. ഇൻസ്റ്റിറ്റ്യൂട്ട് ജലജന്യ പരിശീലന പ്രവർത്തനങ്ങൾ, നോട്ടിക്കൽ, എഞ്ചിനീയറിംഗ് സ്ട്രീമുകളിൽ പ്രീ–സീ കോഴ്സുകൾ നടത്തുന്നുണ്ട്., കൂടാതെ നാവികർക്ക് നിർബന്ധിതമായ അടിസ്ഥാന സുരക്ഷാ കോഴ്സുകളും ഏറ്റെടുത്ത് നടപ്പാക്കിവരുന്നു
- കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ചരക്ക് / കണ്ടെയ്നർ കൈകാര്യം ചെയ്യാനുള്ള ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്
- ബേപ്പൂർ തുറമുഖത്ത് ഇലക്ട്രോണിക് ഡാറ്റ ഇന്റർചേഞ്ച് സൗകര്യത്തിനായി ട്രാൻസിറ്റ് ഷെഡ് പൂർത്തിയാക്കി
- പൊന്നാനിയിലെ പുതിയ വാർഫിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു.
- വിഴിഞ്ഞം തുറമുഖത്തെ ലെവാർഡ് ബ്രേക്ക് വാട്ടറും കടൽത്തീരത്തെ ബ്രേക്ക്വാട്ടറും ശരിയാക്കൽ
- കൊല്ലം തുറമുഖത്ത് പുതിയ ഗേറ്റും ഗേറ്റ് ഹൗസിന്റെയും നിർമാണം
- കൊല്ലം തുറമുഖത്തേക്കുള്ള റോഡ്, റെയിൽ കണക്റ്റിവിറ്റിക്കായി ടെക്നോ ഇക്കണോമിക് സാധ്യതാ റിപ്പോർട്ടും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനായി കൺസൾട്ടൻസി പുരോഗമിച്ചു വരുന്നു.
- ബേപ്പൂർ തുറമുഖത്ത് തീരദേശ ബെർത്ത് നിർമ്മിക്കുന്നതിന് പാരിസ്ഥിതിക അനുമതി നേടുന്നതിനായി പാരിസ്ഥിതിക ആഘാതം വിലയിരുത്തൽ പഠനം ആരംഭിച്ചു.
- എം ടി ചാലിയാറിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി
- ബേപ്പൂർ തുറമുഖത്ത് സിസിടിവി ഇൻസ്റ്റാൾ ചെയ്തു
- കൊല്ലം തുറമുഖത്തെയും ബേപ്പൂർ തുറമുഖത്തെയും ഡ്രഡ്ജിംഗ് ജോലികൾ പൂർത്തിയായി
- തീരദേശ ഷിപ്പിംഗ് പ്രവർത്തനങ്ങൾക്കായി മുൻഗണനാടിസ്ഥാനത്തിൽ കൊല്ലം, അഴിക്കൽ തുറമുഖങ്ങൾ വികസിപ്പിക്കുന്നുണ്ട്
- കേരള തുറമുഖ മേഖലയുടെ സമീപകാല ചരിത്രത്തിലെ ഒരു പ്രധാന നാഴികക്കല്ലാണ് ബേപ്പൂർ തുറമുഖത്ത് ക്രൂ മാറ്റുന്നതിനുള്ള സൗകര്യം സ്ഥാപിക്കുന്നത്. എംവി എവർ ഗ്ലോബ് എന്ന ചരക്ക് കപ്പലിൽ 2020 ജൂലൈ 15 നായിരുന്നു ആദ്യത്തെ ക്രൂ മാറ്റം. ഇതുവരെ 39 കപ്പലുകളിലായി 682 ക്രൂവിന് ഈ സൗകര്യം ലഭ്യമാക്കാനും ക്രൂ മാറ്റുന്ന പ്രവർത്തനങ്ങളിലൂടെ 33.98 ലക്ഷം രൂപ വരുമാനം നേടാനും കഴിഞ്ഞു.

## സംസ്ഥാനത്തെ പ്രധാന തുറമുഖങ്ങൾ

### വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (വിഐഎസ്എൽ)

ഇന്ത്യയിലെ ആദ്യത്തെ ഡീപ് വാട്ടർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലായിരിക്കും വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രധാന അനുകൂലാവസ്ഥ അതിന്റെ സ്വാഭാവിക ആഴം 18 മീ. അന്തർദ്ദേശീയ ഷിപ്പിംഗ് റൂട്ടിലേക്ക് 10 നോട്ടിക്കൽ മൈൽ മാത്രം ദൂരം, തീരത്ത് കുറഞ്ഞ മണ്ണടിയൽ എന്നിവയാണ്. തുരമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (വിഐഎസ്എൽ) എന്ന പ്രത്യേക ഉദ്ദേശ്യ യാനം

കേരള സർക്കാർ ഇതിനായി രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മില്ല്യൺ ടി.ഇ.യു (ഇരുപത് അടി തുല്യമായ യൂണിറ്റുകൾ) കണ്ടെയ്നർ കൈകാര്യം ചെയ്യാനുള്ള ശേഷിയാണ് 800 മീറ്റർ ബെർത്ത് നീളമുള്ള തുറമുഖത്തിന്റെ ആദ്യ ഘട്ടത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. ഭാവിയിൽ 3 മില്ല്യൺ ടി.ഇ.യു/2,000 മീറ്റർ ബെർത്ത് നീളത്തിലേക്ക് വികസിപ്പിക്കാനുള്ള പദ്ധതിയുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ആകെ ചെലവ് 7,700.00 കോടി രൂപയാണ് (i) പൊതു സ്വകാര്യ ഘടകമായി 4,089.00 കോടി രൂപ (ii) 1,463.00 കോടി രൂപയുടെ ബ്രേക്ക് വാട്ടർ (iii) ഇൻഫ്രാസ്ട്രക്ചറിനും ഭൂമി ഏറ്റെടുക്കലിനുമായി 1,808 കോടി രൂപയുടെ ബാഹ്യ ധന സമാഹരണം (iv) പദ്ധതി ബാധിതർക്ക് (പിഎപി) പുനരധിവാസത്തിനും നടത്തിപ്പ് ചെലവുകൾക്കും (ആർ. ആർ) പി.എ.പി ക്കും വേണ്ടി 3,40.00 കോടി രൂപയും ആണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

ഗവൺമെന്റിൽ നിന്നുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (വിജിഎഫ് ) ഉപയോഗിച്ച് പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പിപിപി) മാതൃകയിൽ നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യത്തെ തുറമുഖ പദ്ധതിയാണിത്. 4,089.00 കോടി രൂപയുടെ പിപിപി ഘടകത്തിൽ 1,635.00 കോടി രൂപയുടെ നിക്ഷേപം വിജിഎഫ് ഭാഗമാണ് (കേന്ദ്ര ഗവൺമെന്റിൽ നിന്ന് 817.8 കോടി രൂപയും സംസ്ഥാന ഗവൺമെന്റിന്റെ 817.2 കോടി രൂപയും) 2,454.00 കോടി രൂപയുടെ നിക്ഷേപം നടത്തിപ്പുകാരനായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡാണ് (എ.വി.പി.പി.എൽ) നടത്തുന്നത്.

തുറമുഖ നിർമാണ പ്രവർത്തനങ്ങൾ 2015 ഡിസംബറിൽ ആരംഭിച്ചു. 565 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടർ, 800 മീറ്റർ നീളമുള്ള ബെർത്ത്, കണ്ടെയ്നർ യാർഡ്, അതിർത്തി മതിലുകൾ, ആക്സസ് റോഡുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പ്രതിദിനം 3.3 ദശലക്ഷം ലിറ്റർ ശേഷിയുള്ള (എംഎൽഡി) വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും 11 കെവി പവർ സബ്സ്റ്റേഷന്റെയും ജോലികൾ പൂർത്തിയായി.

ഇതുവരെ പദ്ധതിയിൽ സർക്കാർ നിക്ഷേപിച്ച ആകെ തുക 1194.1 കോടി രൂപയാണ് പദ്ധതിയുടെ സാമ്പത്തിക പുരോഗതി **പട്ടിക 11.1.30** –ൽ കാണിച്ചിരിക്കുന്നു.

തുറമുഖ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി **പട്ടിക 11.1.31** –ൽ നൽകിയിരിക്കുന്നു.

## അഴീക്കൽ തുറമുഖം (മലബാർ ഇന്റർനാഷണൽ പോർട്ടും സെസ് ലിമിറ്റഡ്)

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായും ബഹുമാനപ്പെട്ട തുറമുഖ മന്ത്രി വൈസ് ചെയർമാനായും രൂപം കൊണ്ട പോർട്ട് ലിമിറ്റഡ് 2018 മാർച്ച് 6 ന് അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി സംയോജിപ്പിച്ചു. കമ്പനിയുടെ അംഗീകൃത മൂലധനം 100 കോടി രൂപയും പ്രാരംഭ പെയ്ഡ് അപ്പ് ക്യാപിറ്റൽ 25 കോടി രൂപയുമാണ്. കമ്പനി ആക്ട് 2013 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും ഗവൺമെന്റിന്റെ പൂർണ ഉടമസ്ഥതയിലുള്ളതുമാണ് ഈ കമ്പനി. ടെക്നിക്കൽ കൺസൾട്ടൻസി സേവനങ്ങൾ ഹോവ് എഞ്ചിനീയറിംഗ് പ്രോജക്ട്സ് ഇന്ത്യ/പ്രൈവറ്റ് ലിമിറ്റഡിന് 2018 ഏപ്രിൽ 23 ന് ചുമതലപ്പെടുത്തുകയും 2018 മെയ് 9 ന് കരാർ നൽകുകയും ചെയ്തു.

14.5 മീറ്റർ വരെ ഡ്രാഫ്റ്റ് ഉള്ള കപ്പലുകളെ കൈകാര്യം

**പട്ടിക 11.1.30** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാമ്പത്തിക പുരോഗതി (രൂപ കോടിയിൽ)

| ക്രമ. നം. | ഇനങ്ങൾ | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 ഒക്ടോബർവരെ | ആകെ |
|---|---|---|---|---|---|---|---|
| 1 | ബ്രേക്ക് വാട്ടറിന്റെയും ഫിഷിംഗ് ഹാർബറിന്റെയും നിർമ്മാണം | 146.3 | 146.3 | | | 0 | **292.6** |
| 2 | ഭൂമി | 596.5 | 26.1 | 30.2 | 0.5 | 2.1 | **655.4** |
| 3 | വെള്ളം | 7.3 | – | – | – | | **7.3** |
| 4 | ഊർജ്ജം | 51 | – | – | – | | **51** |
| 5 | റെയില്വേ കണക്റ്റിവിറ്റി | 4.1 | – | 10.5 | – | | **14.6** |
| 6 | പുനരധിവാസം | 20.4 | 11.4 | 49.0 | 2.2 | 3.1 | **86.1** |
| 7 | നടത്തിപ്പ് ചെലവ് | 72.9 | 6.2 | 5.8 | 1.4 | 3.2 | **89.5** |
| 8 | ആകെ ചെലവഴിച്ച തുക | 898.4 | 189.9 | 95.5 | 4.1 | 8.5 | **1196.5** |
| 9 | സർക്കാരിൽ നിന്നും ലഭിച്ച തുക | 931.6 | 141.1 | 100.7 | – | 20.7 | **1194.1** |
| 10 | പലിശ വരുമാനം | 19.7 | 0.04 | 0.1 | – | 0.3 | **20.1** |
| | **ആകെ** | **2748.2** | **521.04** | **291.8** | **8.2** | **37.9** | **3607.14** |

*അവലംബം: വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (വിഐഎസ്എൽ)*

**പട്ടിക 11.1.31** തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി

| ക്രമ. നം. | ഇനം | ഫെബ്രുവരി2019 ൽ | നവംബർ 2019 ൽപൂർത്തിയാക്കിയവ | ലക്ഷ്യം |
|---|---|---|---|---|
| 1 | ബ്രേക്ക് വാട്ടർ | 565 മീറ്റർ | 676 മീറ്റർ | 3100 മീറ്റർ |
| 2 | ഡ്രെഡ്ജിംഗ് | 2.3 മില്യൺ മീറ്റർ$^3$ | 2.3 മില്യൺ മീറ്റർ$^3$ | 7 മില്യൺ മീറ്റർ$^3$ |
| 3 | കണ്ടയ്നർ ബെർത്ത് | പൈലിംഗ് ജോലികൾ പൂർത്തിയായി | ബീം നെറ്റ്‌വർക്കിംഗ് പൂർത്തിയായി | ഡെക്ക് സൂപ്പർ സ്ട്രക്ചർ പൂർത്തിയാകും |
| 4 | കണ്ടെയ്നർ യാർഡിനായി ഒരുക്കിയ ഭൂമി | 33 ഹെക്ടർ | 33 ഹെക്ടർ | 53 ഹെക്ടർ |
| 5 | പ്രവേശന റോഡ് | 500 മീറ്റർ വരെ ശൃംഖല സബ്ഗ്രേഡ് ചെയ്തു | 500 മീറ്റർ ശൃംഖല–യ്ക്കപ്പുറം സബ്ഗ്രേഡ് ചെയ്തിട്ടുണ്ട്. പാലത്തിന്റെ നിർമാണ പ്രവർത്തന–ങ്ങളും പുരോഗമിക്കുന്നു | 2 കിലോ മീറ്റർ |

*അവലംബം: വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (വിഐഎസ്എൽ)*

ചെയ്യാൻ തുറമുഖത്തിന് സൗകര്യമുണ്ട്. തുറമുഖത്തിന് ഒന്നാം ഘട്ടത്തിൽ 2–3 ബെർത്ത് ഉണ്ടായിരിക്കുകയും അടുത്ത ഘട്ടങ്ങളിൽ ബർത്തുകൾ വർദ്ധിപ്പിക്കുകയും ചെയ്യും. ഭാവി ഘട്ടങ്ങളിൽ എൽഎൻജി സൗകര്യം പരിഗണിക്കുന്നതാണ്. ഭക്ഷ്യധാന്യങ്ങൾ, സിമന്റ്, ഭക്ഷ്യ എണ്ണ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനായി സമർപ്പിത ടെർമിനലുകൾ വികസിപ്പിക്കാനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

അഴീക്കൽ തുറമുഖം ഗ്രീൻഫീൽഡ് തുറമുഖമായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഡിപിആർ തയ്യാറാക്കൽ പുരോഗമിക്കുകയാണ്.. പ്രോജക്റ്റ് സൈറ്റിൽ ജിയോ സാങ്കേതിക അന്വേഷണം നടത്തുന്നതിനായി കമ്പനി ഇതിനകം തന്നെ എം / എസ് ഫർഗ്രോ ജിയോടെക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് ചുമതലപെടുത്തിയിട്ടുണ്ട്. ജിയോടെക് അന്വേഷണത്തിന്റെ ഭാഗമായി, വിശദമായ മണ്ണിന്റെ പ്രൊഫൈൽ ലഭിക്കുന്നതിന് ലാൻഡ് (9 എണ്ണം), മറൈൻ (40 എണ്ണം) ബോർ ഹോൾ പഠനങ്ങൾ നടത്തേണ്ടതുണ്ട്. ഇത് ഡിപിആർ സ്റ്റേജിൽ ഡിസൈൻ തയ്യാറാക്കാൻ ആവശ്യമാണ്. കേരള സർക്കാരിന്റെ സർക്കാർ ഉത്തരവ് നം ജി.ഒ.(Rt)No.144/2020/ എഫ് ആൻഡ് പി ഡി തീയതി 06/03/2020 പ്രകാരം 3.54 കോടി രൂപ (ജിഎസ്ടി, മേൽനോട്ട ചാർജ്ജുകൾ ഉൾപ്പെടെ)അംഗീകരിക്കുകയുണ്ടായി.

വികസന പദ്ധതിയുടെ ഭാഗമായി, വ്യാപാരം വർദ്ധിപ്പിക്കുന്നതിനായി തുറമുഖത്തെ സാമ്പത്തിക വികസനത്തിനുമുള്ള പദ്ധതികൾ വിപുലപെടുത്തുന്നതിനു വിഭാവനം ചെയ്യുന്നു. ഇവ തുറമുഖത്തിന്റെ ഗതാഗതവും വരുമാനവും വർദ്ധിപ്പിക്കുകയും അത് ലാഭകരമാക്കുകയും സർക്കാരിന്റെ നിക്ഷേപം കുറയ്ക്കുകയും ചെയ്യും, അതേസമയം സാമ്പത്തിക വികസനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. തുറമുഖ പദ്ധതിക്കായി കൂടുതൽ മത്സരാധിഷ്ഠിത ലേലക്കാരെ ആകർഷിക്കുന്നതിനായി സെസ് / ഇൻഡസ്ട്രിയൽ പാർക്കുകളുടെ വികസന പ്രവർത്തനങ്ങൾ തുറമുഖത്തിന്റെ വികസനത്തിന് സമാന്തരമായി പോകേണ്ടതാണ്. കേരള സർക്കാരിന്റെ സർക്കാർ ഉത്തരവ് നം ജി.ഒ.(Rt)No നമ്പർ 175/2020 / എഫ്, പിഡി തീയതി 19/03/2020 പ്രകാരം 2.5 കോടി രൂപ പഠനം ഏറ്റെടുക്കുന്നതിന് എം / എസ് ഹിന്റർലാൻഡ് ബിസിനസ് കൺസൾട്ടന്റായി നിയമിക്കുന്നതിനായും. പിപിപി മോഡൽ അനുസരിച്ച് തുറമുഖത്തിന്റെ വികസനത്തിന് ഒരു ഇളവ് കണ്ടെത്തുന്നതിനുള്ള സാധ്യത റിപ്പോർട്ട് ചെയ്യുന്നതിനും അധികാരം കൈകാര്യം ചെയ്യുകയും ചെയ്യുന്നതിനുമായി സർക്കാർ ഭരണപരമായ അനുമതി നൽകിയിട്ടുണ്ട്.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

ഫിഷറീസ്, പോർട്ട്, ടൂറിസം വകുപ്പുകളുടെ സേവന വിഭാഗമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രവർത്തിക്കുന്നു. കൂടാതെ, മുനമ്പം ഫിഷിംഗ് ഹാർബർ ഒഴികെയുള്ള എല്ലാ മത്സ്യബന്ധന തുറമുഖങ്ങളും ഇത് കൈകാര്യം ചെയ്യുന്നു.

സമുദ്രമേഖലയിൽ അടിസ്ഥാന സൗകര്യ വികസനം സൃഷ്ടിക്കുന്നതിനുള്ള പുതിയ രീതികളും സാങ്കേതികവിദ്യയും അന്വേഷിക്കുക, പര്യവേക്ഷണം ചെയ്യുക, വികസിപ്പിക്കുക, നടപ്പിലാക്കുക എന്നിവയാണ് വകുപ്പിന്റെ പ്രധാന ദൗത്യം. തീരദേശ മേഖലയിൽ ഫിഷറീസ് വകുപ്പ്, തുറമുഖ വകുപ്പ്, ടൂറിസം വകുപ്പ് എന്നിവയ്ക്ക് ഇത് സാങ്കേതിക സഹായം നൽകുന്നു.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

### 2019–20

- കാസർഗോഡ് ഡിവിഷൻ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു.

- കമലേശ്വരത്തെ എച്ച്.ഇ.ഡി കോമ്പൗണ്ടിൽ മഴവെള്ള സംഭരണ ടാങ്കുകൾ നിർമ്മിച്ചു
- കമലേശ്വരത്തെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ ഓഫീസ് ഡിസൈൻ സെന്ററിന്റെയും ഗുണനിലവാര നിയന്ത്രണ ലാബിന്റെയും നിർമ്മാണം പുരോഗമികച്ച് വരുന്നു.
- സി.ഇ ഓഫീസിലെ യുപിഎസ് മുറിയും ജലവിതരണ സംവിധാനത്തിലെ മെച്ചപ്പെടുത്തലുകളും പൂർത്തീകരിച്ചു.
- തങ്കശ്ശേരിയിലെ ഇൻവെസ്റ്റിഗേഷൻ സൗത്ത് സോൺ സബ്ഡിവിഷൻ ഓഫീസ് വിപുലീകരിക്കുകയും നവീകരിക്കുകയും ചെയ്തു
- പൊന്നാനിയിൽ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം പൂർത്തിയായി
- 1350 മുതൽ 1500 മീറ്റർ തങ്കശ്ശേരിയിലെ പ്രധാന ബ്രേക്ക് വാട്ടർ വിപുലപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായി

## ഹൈഡ്രോഗ്രാഫിക് സർവേ വിംഗ് (എച്ച്.എസ്ഡബ്ല്യു)

ഉൾനാടൻ ജലഗതാഗതത്തിനും സംസ്ഥാനത്തെ എല്ലാ ചെറുകിട തുറമുഖങ്ങളുടെയും വികസനത്തിനും വേണ്ടിയുള്ള ഹൈഡ്രോഗ്രാഫിക് ഡാറ്റ അന്വേഷിച്ച് ശേഖരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1967 ൽ ഹൈഡ്രോഗ്രാഫിക് സർവേ വിംഗ് സ്ഥാപിതമായത്. ഡ്രെഡ്ജിംഗ് ആവശ്യകത, അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ബാത്ത്മെട്രിക് ഡാറ്റ, ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം, തുടങ്ങി വിവിധ ആവശ്യങ്ങൾക്കുള്ള വിവരങ്ങൾ കണ്ടെത്തുന്നതിനായും വിംഗ് രൂപീകരിച്ചതു മുതൽ പതിവായി പ്രീ–ഡ്രെഡ്ജിംഗ്, പോസ്റ്റ് ഡ്രെഡ്ജിംഗ്, മൺസൂണിന് മുമ്പുള്ളതും ശേഷമുള്ളതും ആയ സർവ്വെകളും എന്നിവ നടത്തുന്നു. ഫിഷ് ലാൻഡിംഗ് സെന്ററുകൾ, ചെറിയ തുറമുഖങ്ങൾ, നാവിഗേഷൻ, ടൂറിസം, ഗവേഷണം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള ബാത്ത്മെട്രിക് ഡാറ്റ കണ്ടെത്തുന്നതിനായി സർവ്വെകൾ നടത്തുന്നു. പോർട്ട് ഡിപ്പാർട്ട്മെന്റിനും ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിനും വേണ്ടിയാണ് വിംഗ് പ്രധാനമായും പ്രവർത്തിക്കുന്നത്. ജലസേചനം, പിഡബ്ല്യുഡി, ഫിഷറീസ്, ടൂറിസം, ഉൾനാടൻ നാവിഗേഷൻ, മറ്റ് പ്രധാന ഏജൻസികളായ കേരള വാട്ടർ അതോറിറ്റി, കേരള ഇലക്ട്രിസിറ്റി ബോർഡ്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, വിവിധ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയ്ക്കായി സർവേ പ്രവർത്തനങ്ങൾ വിംഗ് ഏറ്റെടുക്കുന്നു. കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സിഡബ്ല്യുആർഡിഎം, സെസ്സ്, ഇന്ത്യൻ അഡ്മിറൽറ്റി ചാർട്ടുകൾ (നാവിക ഹൈഡ്രോഗ്രാഫിക് ഓഫീസ് പ്രസിദ്ധീകരിക്കുന്ന നാവിഗേഷൻ ചാർട്ടുകൾ) എന്നിവ അപ്ഡേറ്റ് ചെയ്യുന്നതിന് ഡെറാഡൂണിലെ (ഇന്ത്യൻ നേവി) നേവൽ ഹൈഡ്രോഗ്രാഫിക് ഓഫീസ് ആവശ്യപ്പെടുന്ന ടൈഡൽ, ഹൈഡ്രോഗ്രാഫിക് വിവരങ്ങളും ഹൈഡ്രോഗ്രാഫിക് സർവേ വിംഗ് കൈമാറുന്നു.

## ഹൈഡ്രോഗ്രാഫിക് സർവേ ഇൻസ്റ്റിറ്റ്യൂട്ട്

2013 ൽ സ്ഥാപിതമായ തിരുവിതാംകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് 1955 പ്രകാരം രജിസ്റ്റർ ചെയ്ത കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹൈഡ്രോഗ്രഫി ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (കിഹാസ് ) കൊച്ചിയിലെ ഫിഷറീസ് യൂണിവേഴ്സിറ്റി കാമ്പസിൽ പ്രവർത്തികച്ച് വരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ആറുമാസത്തേക്ക് അടിസ്ഥാന ഹൈഡ്രോ ഗ്രാഫിക് കോഴ്സ് നടത്തുന്നു. ഈ വർഷം, രണ്ട് ബാച്ചുകൾക്കുള്ള കോഴ്സ് നടത്തുകയുണ്ടായി. ഈ കോഴ്സ് പൂർത്തിയാക്കിയ 19 കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.  ഈ അടിസ്ഥാന ഹൈഡ്രോഗ്രാഫിക്കൽ സർവേ കോഴ്സ് പൂർത്തിയാക്കിയ ഭൂരിഭാഗം വിദ്യാർത്ഥികൾക്കും ഇന്ത്യയിൽ തൊഴിൽ ലഭിക്കുകയുണ്ടായി.. ഈ സ്ഥാപനത്തെ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യാനോഗ്രഫി (കുഫോസ് ) യുമായി ബന്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരികച്ച് വരുന്നു. 2013 മുതൽ 2019 വരെ 123 കുട്ടികൾക്ക് ഹൈഡ്രോ ഗ്രാഫിക് സർവേ കോഴ്സ് പൂർത്തിയാക്കിയതിൽ 72 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. 2019 ൽ 16 വിദ്യാർത്ഥികളുമായി ഏഴാമത്തെ കോഴ്സിന്റെ പ്രവർത്തനം പുരോഗമിച്ച് വരുന്നു.

## ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗത്തിന്റെ ഭൗതിക നേട്ടങ്ങൾ 2019–20

- 2 ഓട്ടോമാറ്റിക് ടൈഡ് ഗേജ് വാങ്ങിച്ചു.
- ഒരു എക്കോ സൗണ്ടറും ഡിഫറൻഷ്യൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റവും വാങ്ങിച്ചു
- 32 സർവേകൾ നടത്തി.
- ലോക ഹൈഡ്രോഗ്രാഫിക് ദിനത്തിൽ സെമിനാർ സംഘടിപ്പിച്ചു
- 2 സർവേ വള്ളങ്ങളുടെ നവീകരണം.

പദ്ധതി പ്രകാരം, പ്രീ–പോസ്റ്റ് ഡ്രെഡ്ജിംഗ് സർവേ, പ്രീ–പോസ്റ്റ് മൺസൂൺ സർവേ, ഡാറ്റ ശേഖരിക്കുകയും പരിശോധിക്കുകയും ക്രമീകരിക്കുകയും കംപൈൽ ചെയ്യുകയും സർവേ ചാർട്ടുകൾ തയ്യാറാക്കുകയും ചെയ്യുകയുണ്ടായി. 2020–21 കാലയളവിൽ ഇനിപ്പറയുന്ന സർവേ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

- കൊച്ചി പോർട്ട് ട്രസ്റ്റ് സർവേ– 1 എണ്ണം, കൊച്ചി ഷിപ്പ് യാർഡ് സർവേ –6 എണ്ണം
- വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് തെൻമല

സർവേ– 1 എണ്ണം
- നീണ്ടകര ഡ്രെഡ്ജിംഗ് സർവേ– 2 എണ്ണം
- താൽക്കാലിക സർവേ –1 എണ്ണം

## പ്രശ്നങ്ങൾ / വെല്ലുവിളികൾ

കുറഞ്ഞ പ്രവേശനക്ഷമത, വിശ്വാസ്യത, ചെലവ്, സൗകര്യം തുടങ്ങിയ വിവിധ കാരണങ്ങളാൽ ഗതാഗത മേഖലയിലെ ജലപാതകളുടെ സംഭാവന ഗണ്യമായി കുറവാണ്. ഈ മേഖലയിലെ തടസ്സങ്ങൾ ചുവടെ ചേർക്കുന്നു.

- തുറമുഖങ്ങളിലെ തൊഴിൽ പ്രശ്നങ്ങൾ
- റിട്ടേൺ കാർഗോയുടെ അഭാവം
- തുറമുഖ വികസനത്തിൽ മത്സ്യത്തൊഴിലാളി സമൂഹം / പ്രദേശവാസികളുമായി തർക്കം
- ദുരന്ത നിവാരണ സംവിധാനത്തിന്റെ അഭാവം
- തുറമുഖ മേഖലയിലെ മാനവ വിഭവശേഷി വർദ്ധിപ്പിക്കുക
- തുറമുഖ വികസനം / ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് പ്രാദേശിക സമൂഹവുമായി തർക്കങ്ങൾ.

## ഉൾനാടൻ ജലഗതാഗതം (IWT)

റോഡ്, റെയിൽ, വ്യോമ ഗതാഗത മാർഗ്ഗങ്ങൾക്കൊപ്പം ഒരു ബദൽ ഗതാഗത മാർഗ്ഗമാണ് ഉൾനാടൻ ജലഗതാഗതം (ഐ.ഡബ്ല്യു.റ്റി). ഉൾനാടൻ ജലഗതാഗതം സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിനും സമൂഹങ്ങളുടെ വ്യത്യസ്ത തലങ്ങളെ ബന്ധിപ്പിക്കുന്നതിനും ഉള്ള കഴിവുണ്ട്. ഇന്ന്, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ രാജ്യങ്ങളെ സഹായിക്കാനും സാമ്പത്തിക വികസനത്തിന്റെ ഒരു യന്ത്രമായി പ്രവർത്തിക്കാനും ഉൾനാടൻ ജലഗതാഗതത്തിന് കഴിയും. നിലവിലുള്ള ഗതാഗത സംവിധാനങ്ങളേക്കാൾ കൂടുതൽ ഊർജ്ജ ക്ഷമവുമാണ് ഉൾനാടൻ ജലഗതാഗതം.

പാരിസ്ഥിതികാഘാതം കുറഞ്ഞതും ചെലവ് കുറഞ്ഞതും ആയ ഗതാഗത മാർഗ്ഗങ്ങളിലൊന്നാണെങ്കിലും, ഇത് വലിയ തോതിൽ പ്രയോജനപ്പെടുത്തിയിട്ടില്ല. ഉൾനാടൻ ജലഗതാഗതത്തിന്റെ കാര്യക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുന്നതിലൂടെ 20 ശതമാനം ചരക്ക് നീക്കങ്ങൾ റോഡുകളിൽ നിന്ന് ജലമാർഗത്തിലേക്ക് മാറ്റാൻ കഴിയും.
പൊതുവെ, വലിയ നദികളുള്ള പ്രദേശങ്ങളിലാണ് ഉൾനാടൻ ജലപാത സംവിധാനങ്ങൾ കാണപ്പെടുന്നത്. കനാലുകൾ ഈ ഗതാഗത സംവിധാനങ്ങളുടെ ഉപയോഗം വിപുലീകരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ലോകത്തിലെ സഞ്ചാരയോഗ്യമായ ജലമാർഗ്ഗങ്ങൾ ഏകദേശം 6,23,000 കിലോമീറ്ററാണ്. ആഗോള ദൈർഘ്യത്തിന്റെ 18 ശതമാനം ഉള്ള ചൈനയിലാണ് ഏറ്റവും കൂടുതൽ സഞ്ചാരയോഗ്യമായ ജലമാർഗമുള്ളത്. തുടർന്ന് റഷ്യ (16 ശതമാനം), ബ്രസീൽ (8 ശതമാനം), യുഎസ്എ (7 ശതമാനം) എന്നിവയാണ്. ഇന്ത്യൻ സഞ്ചാരയോഗ്യമായ ജലപാത ജലമാർഗ്ഗങ്ങളുടെ ആഗോള ദൈർഘ്യത്തിന്റെ രണ്ട് ശതമാനം വരും.

ഇന്ത്യയിൽ സഞ്ചാരയോഗ്യമായ ഉൾനാടൻ ജലപാതകൾ ഏകദേശം 14,500 കിലോമീറ്റർ ഉണ്ട്. ഇതിൽ, 9,200 കിലോമീറ്റർ (5,200 കിലോമീറ്റർ നദി, 4,000 കിലോമീറ്റർ കനാൽ), യന്ത്രവൽകൃത ജലയാനങ്ങൾ ഉപയോഗിക്കാവുന്നതാണ്. രാജ്യത്തൊട്ടാകെ 111 ജലാശയങ്ങൾ/വിഭാഗങ്ങൾ ദേശീയ ജലപാതകളായി ഇന്ത്യൻ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ലോകത്തിന്റെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം ഇന്ത്യയിൽ വളരെ കുറവാണ്. ഉൾനാടൻ ജലപാതകളിലൂടെയുള്ള നീക്കിയ മൊത്തം ചരക്ക് (ടൺ കിലോമീറ്ററിൽ) നീക്കം ഇന്ത്യയിലെ മൊത്തം ചരക്ക് നീക്കത്തിന്റെ 0.1 ശതമാനമാണ്. ഇത് അമേരിക്കയിലെ 21 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. ഇന്ത്യയിലെ ഗോവ, പശ്ചിമ ബംഗാൾ, അസം, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിൽ ചരക്ക് ഗതാഗത സംവിധാനം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ഇന്ത്യയിലെ ഉൾനാടൻ ജലപാതകളിൽ ഗംഗ–ഭഗീരഥി–ഹൂഗ്ലി നദികൾ (1620 കിലോമീറ്റർ), ബ്രഹ്മപുത്ര (891 കിലോമീറ്റർ), ബരാക് നദി, ഗോവയിലെ നദികൾ, കേരളത്തിലെ കായലുകൾ, മുംബൈയിലെ ഉൾനാടൻ ജലപാതകൾ, ഗോദാവരി–കൃഷ്ണ ഡെൽറ്റാ പ്രദേശങ്ങളിലെ നദികൾ (1078 കിലോമീറ്റർ) എന്നിവ ഉൾപ്പെടുന്നു. യന്ത്രവത്കൃത കപ്പലുകളും ബോട്ടുകളും ഉപയോഗിച്ച് പ്രതിവർഷം 44 ദശലക്ഷം ടൺ ചരക്ക് ഈ ജലപാതകളിലൂടെ കൊണ്ടു പോകുന്നു. എൻഎച്ച്എഐ ആക്റ്റ് – 1985 പ്രകാരം രൂപീകരിച്ച ഇന്ത്യയിലെ ദേശീയ ജലപാതകളുടെ ചുമതലയുള്ള സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയാണ് ഇൻലാൻഡ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ (ഐ.ഡബ്ല്യു.എ.ഐ) ജലപാതകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കാൻ ഇൻലാന്റ് വാട്ടർ അതോറിട്ടിയെ അധികാരപ്പെടുത്തിയിട്ടുണ്ട്. പുതിയ പദ്ധതികളുടെ സാമ്പത്തിക സാധ്യതയും ഇത് പരിശോധിക്കുന്നു. രാജ്യത്തുടനീളമുള്ള ദേശീയ ജലപാതകളിലെ ചരക്ക് നീക്കത്തിന്റെ വിശദാംശങ്ങൾ **പട്ടിക 11.1.32 –ൽ** നൽകിയിരിക്കുന്നു.

## ഉൾനാടൻ ജലഗതാഗതം– കേരളം

മറ്റേതൊരു തരത്തിലുള്ള ഗതാഗതത്തെയും പോലെ തന്നെ ഉൾനാടൻ ജലഗതാഗത സംവിധാനവും യാത്രക്കാരുടെ ചലനവും ചരക്ക് ഗതാഗതവും ചെലവ് കുറഞ്ഞതാകുന്നു. കുറഞ്ഞ നിരക്കിൽ ബൾക്ക് ചരക്ക് നീക്കാനുള്ള ശേഷിയിലാണ് ഈ സംവിധാനത്തിൻറെ

**പട്ടിക 11.1.32** ദേശീയ ജലപാതകളിലെ ചരക്ക് ഗതാഗതം

| ക്രമ നം. | ഉൾനാടൻ മാർഗ്ഗങ്ങൾ | ഏപ്രിൽ 2019 | ഏപ്രിൽ 2020 | വർദ്ധനവിന്റെയും കുറയുന്നതും ശതമാനത്തിൽ |
|---|---|---|---|---|
| 1 | എൻ.ഡബ്ളിയു 1 ഗംഗ – ഭാഗീരഥി ഹൂഗ്ലി നദി | 714128 | 365615 | –49% |
| 2 | എൻ.ഡബ്ളിയു 2 ഗംഗബ്രഹ്മപുത്ര | 32243 | 5338 | –83 |
| 3 | എൻ.ഡബ്ളിയു –3 (വെസ്റ്റ് കോസ്റ്റ് കനാലും ചമ്പകര കനാലും ഉദയോഗമണ്ഡൽ കനാലും) | 17379 | 17627 | 1.4 |
| 4 | എൻ.ഡബ്ളിയു 4 (കൃഷ്ണ നദി) | 47307 | – | –100 |
| | **സബ് ടോട്ടൽ (ദേശീയ ജലപാത 1–4** | **811056** | **388580** | **–52** |
| **മഹാരാഷ്ട്ര ജലപാത** | | | | |
| 5 | എൻ.ഡബ്ളിയു –10 (അംബാ നദി നദി) | 2044651 | 1410774 | –31 |
| 6 | എൻ.ഡബ്ളിയു –83 (രാജ് പുരി നദീമുഖം) | 59956 | 40371 | –33 |
| 7 | എൻ.ഡബ്ളിയു –85 (രേവ്ദണ്ഡ നദീമുഖം & കുണ്ഡലിക നദി)) | 198018 | 140835 | –29 |
| 8 | എൻ.ഡബ്ളിയു –91 (ശാസ്ത്രി നദി – ജയ്ഗാഡ് കോട്ട നദീമുഖം) | – | – | – |
| | **ആകെ** | **2302625** | **1591980** | **31** |
| **ഗോവ ജലപാത** | | | | |
| 9 | എൻ.ഡബ്ളിയു –68 (മണ്ഡോവി നദി) | 154140 | 95643 | –38 |
| 10 | എൻ.ഡബ്ളിയു –111 (സുവരി നദി ) | 216895 | 355343 | 64 |
| | **ആകെ** | **371035** | **450986** | **22** |
| **ഗുജറാത്ത് ജലപാത** | | | | |
| 11 | എൻ.ഡബ്ളിയു –73 (നർമദാ നദി) | 6561 | 6296 | –4 |
| 12 | എൻ.ഡബ്ളിയു –100 (താപി നദി) | 2958486 | 1095455 | –63 |
| | ആകെ | 2965047 | 1101751 | –63 |
| 13 | (എൻ.ഡബ്ളിയു –97) സുന്ദർബൻസ് | 328658 | 181118 | –45 |
| 14 | (എൻ.ഡബ്ളിയു –16) ബാരാക് നദി | – | – | – |
| 15 | (എൻ.ഡബ്ളിയു –44) ഇച്ഛമതി നദി | – | – | – |
| 16 | (എൻ.ഡബ്ളിയു –94) സോണി നദി | – | – | – |
| | **ആകെ മൊത്തം** | **6778421** | **3714415** | **–45** |
| | **ആകെ മൊത്തം (മില്ല്യൻ മെട്രിക് ടണ്ണിൽ)** | **6.78** | **3.71** | **–45** |

*അവലംബം:* ഷിപ്പിംഗ് മന്ത്രാലയം, ഗവ. ഓഫ് ഇന്ത്യ -2020
കുറിപ്പ്: 2019 ഏപ്രിൽ അപേക്ഷിച്ച് 2020 ഏപ്രിൽ; ദേശീയ ജലപാതകളിലെ ഗതാഗതം 45 ശതമാനം കുറഞ്ഞു. - ഈ കാലയളവിലെ രാജ്യവ്യാപകമായി ലോക്ക്ഡൌൺ ആണ് കാരണം.
കണക്കുകൾ പ്രകാരം 2019 ഏപ്രിൽ മുതൽ 2020 ഏപ്രിൽ വരെ കേരളത്തിലെ NW 3 ലെ ഗതാഗതം 1.4 ശതമാനം വർദ്ധിച്ചു.

അന്തർലീനമായ നേട്ടം. ഇതുകൂടാതെ, റോഡ് സംവിധാനത്തിന്റെ ലഭ്യത അപര്യാപ്തമായ വിദൂര ജലപ്രവാഹമുള്ള പ്രദേശങ്ങൾ, ദ്വീപുകൾ, കായൽ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് യാത്ര ചെയ്യാനുള്ള ഏക മാർഗ്ഗമാണിത്. റോഡിന്റെയോ റെയിൽ സംവിധാനത്തിന്റെയോ ശേഷി വർദ്ധിപ്പിക്കുന്നതിന് വലിയ നിക്ഷേപം ആവശ്യമാണ്, അതേസമയം പ്രകൃതിദത്ത ദാനമായ ജലപാതകൾ മിനിമം നിക്ഷേപത്തിലൂടെ സഞ്ചാര യോഗ്യമാക്കാൻ സാധിക്കും. സംസ്ഥാന ജലഗതാഗത വകുപ്പ് (എസ്ഡബ്ല്യൂടിഡി), തീരദേശ ഷിപ്പിംഗ്, ഉൾനാടൻ നാവിഗേഷൻ വകുപ്പ് (സിഎസ്ഐഎൻഡി), കേരള ഷിപ്പിംഗ്, ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ (കെഎസ്ഐഎൻസി) എന്നിവയാണ് ഐഡബ്ല്യൂടിയുടെ കീഴിലുള്ള പ്രധാന ഏജൻസികൾ.

2018–19, 2019–20, 2020–21 എന്നീ വർഷങ്ങളിലെ സി.എസ്.ഐ.എൻ.ഡി, കെ.എസ്.ഐ.എൻ.സി എന്നിവയുടെ പദ്ധതിവിഹിതവും ചെലവും (2020 സെപ്റ്റംബർ വരെയുള്ള ചെലവ്) **പട്ടിക 11.1.33 –ൽ** നൽകിയിരിക്കുന്നു.

## തീരദേശ ഷിപ്പിംഗ്, ഉൾനാടൻ ജല നാവിഗേഷൻ വകുപ്പ് (സി.എസ്.ഐ.എൻ.ടി)

ദേശീയ ജലപാത–3 നെ ബന്ധിപ്പിക്കുന്ന വെസ്റ്റ് കോസ്റ്റ് കനാൽ വികസിപ്പിക്കുന്നതിന് കേരള സർക്കാർ മുൻഗണന നൽകുന്നു. വെസ്റ്റ് കോസ്റ്റ് കനാൽ (ഡബ്ല്യൂസിസി), ഫീഡർ കനാലുകൾ എന്നിവ സംസ്ഥാനത്തെ ജലപാതകളിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ ആകെ

**പട്ടിക 11.1.33** വകുപ്പ് തല അവലോകനം, 2018-19 മുതൽ 2020-21 വരെ (രൂപ ലക്ഷത്തിൽ)

| വകുപ്പ് | വാർഷിക പദ്ധതി 2018-19 | | വാർഷിക പദ്ധതി2019-20 | | വാർഷിക പദ്ധതി2020-21 | |
|---|---|---|---|---|---|---|
| | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | സെപ്റ്റംബർ 2020 വരെയുള്ള ചെലവ് |
| സി.എസ്.ഐ. എൻ.ഡി | 8918 | 1935 | 8762 | 1381.3 | 7482 | 534.2 |
| കെ.എസ്.ഐ. എൻ.സി | 1600 | 1179 | 1572 | 1011 | 1018 | 322 |
| ആകെ | 10518 | 3114 | 10334 | 2392.3 | 8500 | 866.2 |

*അവലംബം: പ്ലാൻ സ്പേസ്*

നീളം 1,687 കി.മീ. ആണ്. കേരളത്തിലെ ഉൾനാടൻ ജലപാതയുടെ മൊത്തം നീളം 616 കിലോമീറ്ററാണ്. ഡബ്ല്യുസിസിയെ ബന്ധിപ്പിക്കുന്ന 1,100 കിലോമീറ്റർ ഫീഡർ/ലിങ്ക് കനാലുകളും വാണിജ്യ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, ടൂറിസം സ്പോട്ടുകൾ എന്നിവ പോലുള്ള പ്രധാന സ്ഥലങ്ങളും ഇവിടെയുണ്ട്. ആകെ 616 കിലോമീറ്ററിൽ മാഹിക്കും വളപട്ടണത്തിനും ഇടയിലുള്ള മൂന്ന് ഭാഗങ്ങൾ (മൊത്തം 26 കിലോമീറ്റർ) കരഭാഗമാണ്. നീലേശ്വരം മുതൽ കാസറഗോഡ് വരെ (41 കിലോമീറ്റർ) പാത നീട്ടുന്നതും പരിഗണനയിലാണ്. പടിഞ്ഞാറൻ തീരദേശ കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം നേരത്തെ ദേശീയ ജലപാത 3 ആയി പ്രഖ്യാപിച്ചിരുന്നു. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ഭാഗവും ആറ് ഫീഡർ കനാലുകളും ദേശീയ ജലപാതകളുടെ ഭാഗമാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. വെസ്റ്റ് കോസ്റ്റ് കനാലിനെ അഞ്ച് വിഭാഗങ്ങളായി തിരിക്കാം (1) കോവളം–കൊല്ലം (74.18 കിലോമീറ്റർ), (2) കൊല്ലം–കോട്ടപ്പുറം (കൊടുങ്ങല്ലൂർ) (168 കിലോമീറ്റർ), (3) കോട്ടപ്പുറം–കോഴിക്കോട് (160 കിലോമീറ്റർ), (4) കോഴിക്കോട്–നീലേശ്വരം (187.82 കിലോമീറ്റർ), (5) നീലേശ്വരം–കാസർഗോഡ് (41 കിലോമീറ്റർ) എന്നിവയാണ് അവ. കേരളത്തിലെ മുഴുവൻ ജലപാതാ സംവിധാനത്തിനും വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കാനും സ്മാർട്ട് ജലപാതകളായി വികസിപ്പിക്കാനും കഴിയും.

സംസ്ഥാനത്തെ ജലപാത സംവിധാനത്തിന്റെ വികസനത്തിനായി മൂന്ന് ഘട്ടങ്ങളിലായി ഒരു പ്രവർത്തന പദ്ധതി അംഗീകരിക്കുകയും താഴെപറയുന്നപോലെ നടപ്പാക്കുകയും ചെയ്യുന്നു.
ഘട്ടം I–ഡബ്ല്യു.സി.സി ലഭ്യമായ ഭൂമിയിൽ സാധ്യമായ വീതിയോടെ 2020 ൽ പൂർത്തിയാക്കാൻ കഴിയുന്നവ നടപ്പാക്കും.
ഘട്ടം II– കൈയേറ്റക്കാരുടെ പുനരധിവാസം, ഭൂമി ഏറ്റെടുക്കൽ, കനാൽ വീതികൂട്ടൽ എന്നിവ 2020-22 ൽ പൂർത്തിയാക്കും.
ഘട്ടം III– കാസറഗോഡ് ജില്ലയിലെ ബേക്കൽ വരെ വെസ്റ്റ് കോസ്റ്റ് കനാലിനെ നീട്ടുക, ഫീഡർ കനാലുകളുടെ വികസനം, ചരക്ക് ഗതാഗത, ടൂറിസം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ 2022-25 കാലയളവിൽ കൈവരിക്കും. മുഴുവൻ സമയ ഗതാഗതം പ്രാപ്തമാക്കുന്നതിന് സ്മാർട്ട് ജലപാതകൾക്കായി നാവിഗേഷൻ സഹായകങ്ങളും സിഗ്നലുകളും സ്ഥാപിക്കും.

സംസ്ഥാന ജലഗതാഗത വകുപ്പ് (എസ്ഡബ്ല്യുടിഡി), തീരദേശ ഷിപ്പിംഗ്– ഉൾനാടൻ ജലഗതാഗത വകുപ്പ് (സിഎസ്ഐഎൻഡി), കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ (കെഎസ്ഐഎൻസി) എന്നിവയാണ് കേരളത്തിലെ ഉൾനാടൻ ജലഗതാഗതത്തിലെ പ്രധാന ഏജൻസികൾ. സംസ്ഥാന ജലപാതകളുടെ വികസനം സംസ്ഥാന സർക്കാരും ഒരു പ്രധാന പങ്കാളിയായി കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡും (സിയാൽ) ചേർന്ന് രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യയാനമായ കേരള വാട്ടർ വേയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡും (ക്വിൽ) സിഎസ്ഐഎൻഡിയും സംയുക്തമായി നടത്തുന്നു കിഫ്ബി സഹായത്തോടെ പാർവതി–പുത്തനാറിലെ (കോവളം – ആക്കുളം സ്ട്രെച്ച് ) വികസന പ്രവർത്തനങ്ങൾ ക്വിൽ ഏകദേശം പൂർത്തിയാക്കി. ആക്കുളം – കൊല്ലം, കോഴിക്കോട് – മാഹി, വളപ്പട്ടണം–നീലേശ്വരം എന്നിവയുടെ വികസന പ്രവർത്തനങ്ങൾ സിഎസ്ഐഎൻഡി ഏറ്റെടുക്കുമ്പോൾ, കൊല്ലം – കോഴിക്കോട് (ദേശീയ ജലപാതയായി പ്രഖ്യാപിച്ചഭാഗം) സ്ട്രെച്ചിലെയും അതിന്റെ ഫീഡർ കനാലുകളിലെയും വികസന പ്രവർത്തനങ്ങളുടെ ചുമതല കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ ഇൻലാൻഡ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കാണ്.

ആഴമില്ലായ്മ, വീതികുറവ്, കരയിടിച്ചിൽ, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിങ്ങനെയുള്ള പല തരത്തിലുള്ള തടസ്സങ്ങളും കനാലുകളുടെ പല ഭാഗങ്ങളിലുമുണ്ട്. കൊല്ലത്തിനും കോട്ടപ്പുറത്തിനുമിടയിലുള്ള ദേശീയ ജലപാത 3, ചമ്പക്കര, ഉദ്യോഗ് മണ്ഡൽ എന്നിവയുടെ ഫീഡർ കനാലുകൾ ക്ലാസ് 3 നിലവാരത്തിൽ വികസിപ്പിച്ചെടുത്തു. ഈ കനാലുകളിൽ ബാർജ് സർവ്വീസുകൾ പ്രവർത്തിക്കുന്നു. കൊല്ലം, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസറഗോഡ് എന്നിവിടങ്ങളിൽ യാത്രാ ബോട്ട് സൗകര്യം ഉണ്ട്. ദേശീയ ജലപാത

3 ൽ മുനമ്പം, കൊച്ചി, കായംകുളം, നീണ്ടകര എന്നിവിടങ്ങളിൽ കടലിലേയ്ക്ക് ബന്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഹൗസ് ബോട്ടുകൾ, ഷിങ്കർ ബോട്ടുകൾ, സ്പീഡ് ബോട്ടുകൾ തുടങ്ങി വിവിധ തരം യാനങ്ങൾ ഈ കനാലുകളിലും ടൂറിസത്തെ ബന്ധിപ്പിക്കുന്ന ബാക്ക് വാട്ടറുകളിലും സഞ്ചരിക്കുന്നു. ചില സ്ഥലങ്ങളിൽ ജങ്കാർ സേവനങ്ങളും പ്രവർത്തിക്കുന്നു.

## ഡബ്ല്യുസിസിയുടെ വിവിധ റീച്ചുകളുടെ വികസനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ.

**1. കോവളം – കൊല്ലം റീച്ച് (0–74.18 കിലോമീറ്റർ)**

**എ. കോവളത്തിനും ആക്കുളം സ്ട്രെച്ചിനുമിടയിലുള്ള പാർവതി പുത്തനാർ (0–16.5 കിലോമീറ്റർ)**

കരിക്കകത്തിലെ പഴയ പാലം പൊളിച്ചുമാറ്റുന്നു. വള്ളങ്ങൾ കടന്നുപോകുന്നതിന് മതിയായ ലംബമില്ല. അതിനാൽ പാലം പൊളിക്കേണ്ടതുണ്ട്. ഇതിനായി 6 കോടി അനുവദിച്ചിട്ടുണ്ട്. ഇതിൽ 3 കോടി രൂപക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

**ബി. ആക്കുളം – കൊല്ലം സ്ട്രെച്ച് (16.5–74.18 കിലോമീറ്റർ)**

നിലവിലുള്ള രണ്ട് ബോട്ട് ജെട്ടികൾ അറ്റകുറ്റപ്പണികൾക്കായി ക്രമീകരിച്ചിരിക്കുന്നു. വർക്കല മുൻസിപ്പാലിറ്റിയിലെയും വെട്ടൂർ പഞ്ചായത്ത് കുടുംബശ്രീ യൂണിറ്റ്, എന്നിവയിലൂടെ 480 കയ്യേറ്റക്കാരെ ഒഴിപ്പിച്ച വിവിധ പുനരധിവാസ പദ്ധതികൾ വഴി ഇതിനകം തന്നെ വീട് / ഭൂമി ലഭിച്ചവരെ തിരിച്ചറിയുന്നതിനായും പുനരധിവസിപ്പിക്കുന്നതിനായി സർവേ നടത്തി. ചിലക്കൂർ തുരങ്കത്തിൽ വൃത്തിയാക്കൽ ജോലികളും മറ്റുചില അറ്റകുറ്റപ്പണികളും പുരോഗമിച്ച് വരുന്നു. ശിവഗിരി തുരങ്കത്തിലെ ശുചീകരണ ജോലികളും പുരോഗമിച്ച് വരുന്നു.

**2. കൊല്ലം മുതൽ കോട്ടപ്പുറം റീച്ച് (എൻഡബ്ലിയു 3) (74.18– 242.18 കി.മീ)**

ദേശീയ ജല ഗതാഗത വ്യവസ്ഥകൾക്കനുസരിച്ച് ദേശീയ ജലഗതാഗത പാതയിലെ ക്രോസ് സ്ട്രക്ച്ചറിന്റെ പുനർനിർമിക്കുന്നതിന് തുക അനുവദിക്കണമെന്ന യോടൊപ്പമുള്ള വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് (എൻ ഡബ്ലിയു 3, എൻ ഡബ്ലിയു 8, എൻ ഡബ്ലിയു 9, എൻ ഡബ്ലിയു 59) ഇന്ത്യാ ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്.

**3. കോട്ടപ്പുറം–കോഴിക്കോട് റീച്ച് (242.18–402.18 കി.മീ) (NW–3 വിപുലീകരണം)**
വിശദമായ പ്രോജക്റ്റ് IWAI തയ്യാറാക്കി.

**4. കോഴിക്കോട്–വടകര റീച്ച് (402.18–450.08 കിലോമീറ്റർ)**

പുതിയതുറ പാലത്തിനായി ഡിപിആർ പിഡബ്ല്യുഡി തയ്യാറാക്കുന്നുണ്ട്. കനോലി കനാൽ വൃത്തിയാക്കുന്നത് ക്വിൽ ഏറ്റെടുക്കുകയും ഇരഞ്ഞിക്കലിലെ മണ്ണ് നീക്കം ചെയ്യുകയും കല്ലായി ആഴക്കടലിലേക്ക് മാറ്റുകയും താഴെയുള്ള ഓപ്പണിംഗ് ബാർജിലൂടെ കടത്തിവിടുകയും ചെയ്യുന്നു.

**5. വടകര– മാഹി റീച്ച് (450.08–467.69 കി.മീ)**

ആദ്യ റീച്ച് 450.08 കിലോമീറ്റർ മുതൽ 454.08 കിലോമീറ്റർ വരെ 4 കിലോമീറ്റർ കനാൽ ഭാഗികമായി രൂപീകൃതമായിട്ടുണ്ട്. ക്രോസ് സ്ട്രക്ചറുകളുടെ നിർമ്മാണം പുരോഗമിക്കുന്നത് ഒഴിച്ച രണ്ടാമത്തെ റീച്ച് സഞ്ചാരയോഗ്യമാണ്. എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി തിരുവനന്തപുരം സ്ട്രക്ചറുകളുടെ രൂപകൽപ്പനയ്ക്കായി ചുമതലപ്പെടുത്തിയിട്ടുണ്ട്. മൂന്നാമത്തെ റീച്ചിന്റെ ആഴത്തിലുള്ള ഭാഗത്തിൽ മണ്ണ് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നു,. നാലാമത്തെ റീച്ചിൽ, കനാൽ രൂപീകരണം ഏകദേശം പൂർത്തിയായി. അഞ്ചാമത്തെ റീച്ചിൽ, കനാൽ ഭാഗികമായി രൂപം കൊള്ളുന്നു.

**6. . മാഹി– വളപട്ടണം റീച്ച് (467.69–526.20 കി.മീ)**

വളപട്ടണത്തിനും അഞ്ചരക്കണ്ടിക്കും ഇടയിൽ മൂന്നാം കട്ട് ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുന്നു. ഇരഞ്ഞോളിക്കും മാഹിക്കും ഇടയിലുള്ള ഒന്നാം കട്ട് ഭൂമി ഏറ്റെടുക്കുന്നതിന്റെ പാരിസ്ഥിതിക ആഘാത വിലയിരുത്തൽ പഠനം 85 ശതമാനം പൂർത്തിയായി. സാമൂഹിക ആഘാത പഠനം ഏറ്റെടുക്കുന്നത് റവന്യൂ വകുപ്പിന്റെ ഷോർട്ട്ലിസ്റ്റ് ചെയ്ത ഏജൻസിയാണ്.

**7. വളപട്ടണം മുതൽ നീലേശ്വരം വരെ (526.20–590.53 കി.മീ)**

നീലേശ്വരം നദിയുടെ തീരങ്ങൾ വൃത്തിയാക്കുന്നു. ജലഗതാഗതയോഗ്യമാണ്. നമ്പ്യർക്കല്ലു ലോക്കിലെ കുറച്ച് സ്ഥലങ്ങളിൽ സഞ്ചാരപാതയിൽ കുറച്ചു പ്രശ്നങ്ങൾ ഉണ്ട്. മണ്ണ് ഗവേഷണം പൂർത്തിയായി, റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ, ഇത് രൂപകൽപ്പനയ്ക്കായി ഐ.ടി.ആർ.ബി– ക്ക് സമർപ്പിക്കും.

**8. നീലേശ്വരം മുതൽ ബേക്കൽ വരെ (590.53–616.60 കി.മീ)**

നമ്പ്യാർ കല്ലു ലോക്കിൽ മണ്ണ് ഗവേഷണം ഉടൻ പൂർത്തിയാകും. കോഡട്ടു വിസിബിയുടെ പൊളിക്കൽ പൂർത്തിയായി, ആലംകോട്ടു വിസിബി കം ബ്രിഡ്ജ്, 90 ശതമാനം പൂർത്തീകരിച്ചു. മേൽപ്പറഞ്ഞ രണ്ട് ഘടനകളുടെയും അന്വേഷണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു

## കേരള ഷിപ്പിംഗ്, ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ (കെഎസ്ഐഎൻസി)

കെഎസ്എൻസി 2018 ഡിസംബറിൽ 200 പാക്സ് ക്രൂയിസ് കപ്പൽ "നെഫെർട്ടിറ്റി" അവതരിപ്പിച്ചു. സുരക്ഷിതമായ പ്രവർത്തനങ്ങൾക്ക് കപ്പലുകൾക്ക്

**പട്ടിക 11.1.34** കേരള ഷിപ്പിംഗ്, ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ (കെഎസ്ഐഎൻസി) യുടെ പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ

| ഇനങ്ങൾ | 2018-19 | 2019-20 |
|---|---|---|
| ജംഗറുകളുടെ എണ്ണം | 4* | 4* |
| പ്രവർത്തനയോഗ്യമായ ജംഗറുകളുടെ എണ്ണം | | 3** |
| ബോട്ടുകളുടെ എണ്ണം | 1 | 1 |
| പ്രവർത്തനയോഗ്യമായ ബോട്ടുകളുടെ എണ്ണം (കൊച്ചി കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന)) | 1 | 1 |
| പ്രതിദിനം ഷെഡ്യൂൾ പ്രകാരമുള്ള ട്രിപ്പുകളുടെ എണ്ണം | 75 | 75 |
| യാത്രാക്കാരുടെ എണ്ണം(ലക്ഷത്തിൽ) | 12.42 | 12.76 |
| ബാർജുകളുടെ എണ്ണം | 7 | 7 |
| ടൂറിസ്റ്റ് ബോട്ടുകളുടെഎണ്ണം | 3 | 4 |
| ആകെ ചരക്ക് ദൂരം ( കിലോമീറ്ററിൽ) | 22932 | 34612 |
| ആകെ വഹിച്ച ചരക്ക് ( ടണ്ണിൽ) | 203033 | 240756 |
| ഉൾനാടൻ ഗതാഗതം വഴിയുള്ള ആകെ റവന്യൂ വരുമാനം(ലക്ഷത്തിൽ) ടൂറിസ്റ്റ് ബോട്ട്, ബാർജ്+ജംഗാർഎന്നിവയിൽ നിന്നുള്ള വരുമാനം | 1187.1 | 1690.1 |
| ഉൾനാടൻ ഗതാഗതം വഴിയുള്ള ആകെ റവന്യൂ വരുമാനം (ലക്ഷത്തിൽ) | 1322.68 | 1736.46 |
| മറ്റ ബിസിനസ്സുകളിൽ നിന്നുമുള്ള ആകെ വരുമാനം(ലക്ഷത്തിൽ) | 197.60 | 322.42 |
| മറ്റ ബിസിനസ്സുകളിൽ നിന്നുമുള്ള ആകെ വരുമാനത്തിൽ നിന്നുമുള്ള ആകെ ചെലവ്(ലക്ഷത്തിൽ) | 143.86 | 171.77 |
| ജീവനക്കാരുടെ ആകെ എണ്ണം ( | 153 | 170 |

*അവലംബം: കെഎസ്ഐഎൻസി ലിമിറ്റഡ്*

കുറിപ്പ്; * കെഎസ്എൻസി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 2 ജാങ്കറുകളും കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 2 റോ-റോ ജാങ്കറുകളും

** കെഎസ്ഐഎൻസി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഒരു ജാങ്കറും കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 2 റോ-റോ ജാങ്കേഴ്സും പ്രവർത്തിക്കുന്നു.

3 മീറ്റർ ആഴത്തിൽ ചാനൽ ആവശ്യമാണ്. ഹൈക്കോടതിക്ക് സമീപം ഒരു ജെട്ടി ഡിപ്പാർട്ട്മെന്റിന്റെ ഉടമസ്ഥതയിലാണെങ്കിലും, ഇതിന് 1.50 മീറ്ററോളം കുറഞ്ഞ ഡ്രാഫ്റ്റ് ഉണ്ട്, ചാനലിനെ കൂടുതൽ ആഴത്തിലാക്കാനും 3 മീറ്റർ ഡ്രാഫ്റ്റ് നിലനിർത്താനും ഇത് വളരെ ചെലവേറിയതായിരിക്കും. കൊച്ചി പോർട്ട് ട്രസ്റ്റിന്റെ വാർവ്സ് ഉപയോഗിക്കുക എന്നതാണ് ബദൽ മാർഗം.

## സംസ്ഥാന ജല ഗതാഗത വകുപ്പ്

വെള്ളം കയറുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് മെച്ചപ്പെട്ടതും വേഗത്തിലുമുള്ള ജലഗതാഗത സകര്യങ്ങൾ പൊതുജനങ്ങൾക്ക് നൽകുക, ഉൾനാടൻ ഗതാഗതവുമായി ബന്ധപ്പെട്ട് കാലാ കാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിയമപരമായ വ്യവസ്ഥകൾ, ചട്ടങ്ങൾ, നിയമങ്ങൾ എന്നിവ ശരിയായി നടപ്പിലാക്കുക തുടങ്ങിയവയാണ് വകുപ്പിന്റെ ദൗത്യം.

സംസ്ഥാന ജലഗതാഗത വകുപ്പ് വെള്ളക്കെട്ടുള്ളള്ള പ്രദേശങ്ങളിലെ നിവാസികളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് വകുപ്പ് നിലകൊള്ളുന്നത്. ഡിപ്പാർട്ട്മെൻറ് വഴി വാണിജ്യ വുമായി ബന്ധപ്പെട്ട വകുപ്പാണെങ്കിലും ഈ വകുപ്പിന്റെ പ്രവർത്തനം ഒരു സേവന വകുപ്പ് പോലെയാണ്. 'ഗതാഗതം' ഒരു "അവശ്യ സേവനം" ആയതിനാൽ വകുപ്പ് ഒരു അവശ്യ സേവന വകുപ്പായി മാറി. മരം/ ഉരുക്ക്/ സൗരോർജ്ജം അടിസ്ഥാനമാക്കിയുള്ള ഫൈബർ ഗ്ലാസ് പാസഞ്ചർ ബോട്ടുകൾ ഉപയോഗിച്ച് പ്രതിവർഷം 150 ലക്ഷത്തിൽപ്പരം യാത്രക്കാരെ വകുപ്പ് കൈകാര്യം ചെയ്യുന്നു. വെള്ളം കയറിയ പ്രദേശം, ജലഗതാഗത മേഖലയെ ആശ്രയിക്കുന്നു എന്നതാണ് ഈ വകുപ്പിന്റെ പ്രസക്തി.

## 2019-20 ലെ നൂതന സംരംഭങ്ങൾ

അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റി "വേഗ 2" എസി പാസഞ്ചർ കം ടൂറിസ്റ്റ് സർവീസ് ബോട്ട് 2020 മാർച്ച് 10 ന് അലപ്പുഴ-കുമര-കോട്ടയം മേഖലയിൽ ഉദ്ഘാടനം ചെയ്തു. വകുപ്പ് 5 ഐആർഎസ് ക്ലാസ് മോണോ ഹൾ സ്റ്റീൽ ബോട്ടുകൾ കരസ്ഥമാക്കി. വകുപ്പിന്റെ നിലവിലുള്ള സ്റ്റീൽ ബോട്ടുകളെ അപേക്ഷിച്ച് കുറഞ്ഞ മലിനീകരണവും കൂടുതൽ വേഗതയും ഉള്ള തരത്തിലാണ് ഇതിന്റെ രൂപകൽപ്പന. പയന്നൂർ, മട്ടൂൽ-അഴീക്കൽ റൂട്ടുകൾക്കിടയിൽ കടത്തുബോട്ട് സർവ്വീസ് ആരംഭിച്ചു. ഇലക്ട്രിക് റോ-റോ അവതരിപ്പിക്കുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് 2019-20 കാലയളവിൽ വിവിധ പഠനങ്ങൾ നടത്തി. പാസഞ്ചർ കം ടൂറിസ്റ്റ് കപ്പൽ "സീ-അഷ്ടമുടി", നാല് വാട്ടർ ടാക്സി, രണ്ട് 75 പാക്സ് കറ്റമരം, ഏഴ് 100 പാസഞ്ചർ കപ്പാസിറ്റി കറ്റമരം ബോട്ടുകൾ എന്നിവയുടെ നിർമ്മാണം പൂർത്തിയായി. രണ്ട് സോളാർ ബോട്ടുകളുടെയും

ഇന്ത്യയിലെ ആദ്യ സോളാർ ക്രൂയിസ് കപ്പലിന്റെയും നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഈ കപ്പലുകൾ കൂടി പൂർത്തിയാകുന്നതോടെ, വകുപ്പിന്റെ ടൂറിസം സാദ്ധ്യതകൾക്ക് വളരെയധികം പ്രയോജനം ചെയ്യുന്നത് കൂടാതെ തദ്ദേശീയ യാത്രക്കാർക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ അവരുടെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാൻ കഴിയും.

സംസ്ഥാന ജല ഗതാഗത വകുപ്പിന്റെ 2018-19, 2019-20, 2020-21 (ചെലവ് സെപ്റ്റംബർ, 2020 വരെ) കാലയളവിലെ പദ്ധതി വിഹിതവും ചെലവും **പട്ടിക 11.1.35** ലും പ്രവർത്തന സ്ഥിതി വിവര ക്കണക്കുകൾ **അനുബന്ധം 11.1.23** ലും നൽകിയിരിക്കുന്നു. നൽകിയിരിക്കുന്നു

## പുതിയ സംരംഭങ്ങളും കാഴ്ച്ചപ്പാടുകളും

ഇന്ത്യയിലെ ആദ്യത്തെ സോളാർ ബോട്ട് 'ആദിത്യ'യുടെ വിജയത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് വൈക്കം മേഖലയിൽ പഴയ തടി ബോട്ടുകൾക്ക് പകരം കൂടുതൽ സോളാർ ബോട്ടുകൾ വാങ്ങുന്നതിന് വകുപ്പ് ആലോചിക്കുന്നു. പരിസ്ഥിതി മലിനീകരണ ഭീഷണി ഒഴിവാക്കുന്നതിനൊപ്പം ഇന്ധന വിലയുടെ ദൈനംദിന വർദ്ധനവിന്റെ ഭാരം ലഘൂകരിക്കാനും ഇത് സഹായിക്കും. ഒരു ഇലക്ട്രിക് റോ-റോ വാങ്ങാൻ വകുപ്പ് തയ്യാറെടുപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഡീസൽ എഞ്ചിനിൽ പ്രവർത്തിക്കുന്ന റോ-റോയുടെ പ്രവർത്തന ചെലവിന്റെ 70 ശതമാനവും ഡീസൽ വിലയാണെന്ന് അനുമാനിക്കപ്പെടുന്നു.

റോഡ് ഗതാഗതവുമായി താരതമ്യപ്പെടുത്തുമ്പോൾ അപകടകരവും അപകടസാദ്ധ്യത ഉള്ളതുമായ രാസവസ്തുക്കൾ, പെട്രോളിയം ഉൽപന്നങ്ങൾ എന്നിവ കൊണ്ടുപോകുന്നതിന് കുറഞ്ഞ ചെലവും അപകടസാദ്ധ്യത തീരെ കുറഞ്ഞതുമായ "ബാർജ്" സേവനം ഏർപ്പെടുത്തുന്നതിന് വകുപ്പ് തയ്യാറെടുക്കുന്നു. കൂടാതെ വെള്ളപ്പൊക്കം പോലുള്ള അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ വായു നിറച്ച 5 ഡിംഗി ബോട്ടുകൾ വാങ്ങൽ, രണ്ട് സ്റ്റേഷൻ ഓഫീസുകളുടെ പുനർനിർമ്മാണം ആലപ്പുഴ, എറണാകുളം മേഖലകളിൽ ഫീഡിംഗ് റൂം സൗകര്യം എന്നിവയും വകുപ്പ് ഉദ്ദേശിക്കുന്നു.

## പ്രശ്നങ്ങളും വെല്ലുവിളികളും

- ജലസേചനം, വ്യാവസായം, മറ്റ് ആവശ്യങ്ങൾ എന്നിവയ്ക്കായി വെള്ളം വഴിതിരിച്ചുവിടുന്നത് നദികളിലെ ഒഴുക്ക് കുറയ്ക്കുകയും അതിന്റെ ഫലമായി ആഴം കുറയുകയും ഉയർന്ന പ്രതലം രൂപപ്പെടുകയും ചെയ്യുന്നു.
- വനനശീകരണവും ബലം കുറഞ്ഞ ക്യാച്ച്മെന്റുകളും ഉയർന്ന പ്രദേശങ്ങളിൽ നിന്നുള്ള വർദ്ധിച്ച മണ്ണൊലിപ്പിന് ഇടയാക്കുന്നു.
- നദികളുടെ സംരക്ഷണ നടപടികളുടെ അപര്യാപ്തത, ക്രമേണ ജലപാതകളുടെ തകർച്ചയ്ക്ക് കാരണമാകുന്നു.
- മതിയായ ഗതി നിയന്ത്രണ സൗകര്യങ്ങളുടെ അപര്യാപ്തതയും സുരക്ഷിതമല്ലാത്ത യാത്രയും ഉയർന്ന യാത്രാ സമയത്തിനും ഇടയാക്കുന്നു.
- കയറ്റിറക്ക കേന്ദ്രങ്ങളിലെ വേണ്ടത്ര ടെർമിനൽ സൗകര്യങ്ങളുടെ അഭാവവും നിലവിലുള്ളവയിലെ അപര്യാപ്തതകളും.

**പട്ടിക 11.1.35** 2018-19 മുതൽ 2020-21 വരെ പദ്ധതി തിരിച്ചുള്ള അവലോകനം (രൂപ ലക്ഷത്തിൽ)

| പദ്ധതിയുടെ പേര് | വാർഷിക പദ്ധതി 2018-19 | | വാർഷിക പദ്ധതി 2019-20 | | വാർഷിക പദ്ധതി 2020-21 | |
|---|---|---|---|---|---|---|
| | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് 2020 സെപ്റ്റംബർ വരെ |
| ഭൂമിയും കെട്ടിടവും ടെർമിനൽ സൗകര്യങ്ങളും | 400.00 | 13.51 | 160.00 | 14.59 | 160.00 | 59.55 |
| ബോട്ടുകൾ വാങ്ങലും കടത്തു സർവ്വീസുകൾ വിപുലീകരിക്കലും | 1600.00 | 1042.18 | 2110.00 | 429.10 | 2100.00 | 342.20 |
| വർക്ക്ഷോപ്പ് സൗകര്യങ്ങൾ | 270.00 | 0.00 | 250.00 | 67.61 | 150.00 | 27.72 |
| പുതിയ എഞ്ചിൻ വാങ്ങലും പഴയ ബോട്ടുകൾ പുതുക്കിപ്പണിയലും | 150.00 | 147.84 | 291.00 | 126.56 | 200.00 | 51.45 |
| ആകെ | 2420.00 | 1203.51 (53.03 %) | 2811.00 | 637.86 (22.69 %) | 2610.00 | 480.92 (18.43 %) |

*അവലംബം: സംസ്ഥാന ജല ഗതാഗത വകുപ്പ്*

# മുന്നോട്ടുള്ള വഴി

## തുറമുഖ മേഖല

നിലവിൽ തീരദേശ ചരക്കുകളിൽ ഭൂരിഭാഗവും പ്രത്യേകിച്ച് കണ്ടെയ്നറൈസ്ഡ് ഗതാഗതം കൊച്ചി തുറമുഖം വഴി തിരിച്ചുവിടുന്നു, അവിടെ നിന്ന് റോഡ് മാർഗം സംസ്ഥാനത്തെ അവസാന ലക്ഷ്യസ്ഥാനത്തേക്ക് അയയ്ക്കുന്നു. കേരളത്തിലെ പ്രധാന ഇതര തുറമുഖങ്ങളെ തീരദേശ കവാടങ്ങളായി വികസിപ്പിക്കുന്നതിലൂടെ, തീരദേശ ചരക്ക് ഉദ്ദേശിച്ച ലക്ഷ്യസ്ഥാനത്തിന്റെ ഏറ്റവും അടുത്തുള്ള പ്രധാന ഇതര തുറമുഖത്ത് നിന്ന് ലോഡ് ചെയ്യാൻ കഴിയും, അതുവഴി ലോജിസ്റ്റിക് ചെലവ് കുറയ്ക്കും.

മതിയായ ഡ്രാഫ്റ്റ്, ശരിയായ കണക്റ്റിവിറ്റി, ആധുനിക മെറ്റീരിയൽ കൈകാര്യം ചെയ്യാനുള്ള ഉപകരണങ്ങൾ, സംഭരണ സൗകര്യങ്ങൾ, സുരക്ഷാ സംവിധാനം എന്നിവ ഉപയോഗിച്ച് മൈനർ / നോൺ-പ്രധാന തുറമുഖങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. ഷിപ്പിംഗ് മേഖലയെ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ, കൺവെൻഷനുകൾ, കരാറുകൾ എന്നിവ നിയന്ത്രിക്കണം, കൂടാതെ സമുദ്രമേഖലയിൽ മതിയായ വളർച്ചയും വികാസവും കൈവരിക്കുന്നതിന് ഞങ്ങളുടെ സമുദ്ര സൗകര്യങ്ങൾ, സേവനങ്ങൾ, സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട ഇവന്റുകൾ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിക്കണം.

## ജലഗതാഗതം

1. ഉൾനാടൻ ജലപാത മേഖല വികസിപ്പിക്കുന്നതിൽ പൊതു-സ്വകാര്യ പങ്കാളിത്തം ശക്തിപ്പെടുത്തേണ്ടതാണ്. സ്വകാര്യ വ്യക്തികൾക്ക്/കമ്പനികൾക്ക് ടെർമിനൽ വികസനം, ചരക്ക്, പാസഞ്ചർ കൈകാര്യം ചെയ്യൽ, കുറഞ്ഞ ഡ്രാഫ്റ്റ് കപ്പലുകളും അനുബന്ധ റിപ്പയർ സൗകര്യങ്ങളും എന്നിവ ഏറ്റെടുക്കാൻ കഴിയും.
2. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിലും നദികളുടെ പരിപാലനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.
3. ട്രാൻസ്-ഷിപ്പിംഗ് ചെലവ് കുറയ്ക്കുന്നതിനും ഉൾനാടൻ ജലഗതാഗതം സാമ്പത്തികമായി കൂടുതൽ ലാഭകരമാക്കുന്നതിനും തടസ്സമില്ലാത്ത, മൾട്ടിമോഡൽ അവസാന മൈൽ കണക്റ്റിവിറ്റിയുടെ ലഭ്യത ഉറപ്പാക്കുന്നതിന്.
    - ഉൾനാടൻ ജലപാതകളിലൂടെ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുക
    - നദീതീരങ്ങളിൽ വ്യാവസായിക ഇടനാഴികൾ പ്രോത്സാഹിപ്പിക്കുക, ജലപാത അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം വളർത്തുക.
    - കൂടുതൽ ദൂരത്തേക്ക് കൽക്കരി, കത്തുന്ന വസ്തുക്കൾ എന്നിവയ്ക്ക് ഉയർന്ന റോഡ് നികുതി ചുമത്തുക
4. റിവർ ടൂറിസം പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
5. സാമ്പത്തിക നേട്ടങ്ങൾ ഉറപ്പുവരുത്തുന്ന നാശനഷ്ടങ്ങൾ നിരാകരിക്കുന്നതിന് ഉൾനാടൻ ജലപാത വികസനത്തിന്റെ പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതം വിലയിരുത്തേണ്ടതുണ്ട്

## 11.2 ഊർജ്ജം

ആഗോളതലത്തിൽ സാമ്പത്തിക വളർച്ചയ്ക്കും മാനവികക്ഷേമത്തിനും ഊർജ്ജം നിർണായക പങ്കുവഹിക്കുന്നു. ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ഇന്ധനവും വെളിച്ചവും നൽകുന്നതിനും പുറമെ വ്യവസായം, കൃഷി, വാണിജ്യം, മറ്റുസേവന മേഖലകൾ എന്നിവയ്ക്ക് ശക്തി പകരുന്നതിനും ഊർജ്ജം അനിവാര്യമാണ്. രാജ്യത്ത് ഉർജ്ജത്തിന്റെ ആവശ്യകത അനുദിനം ത്വരിതഗതിയിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ആകയാൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവശ്യകതയ്ക്കനുസരിച്ച് ഊർജ്ജം കണ്ടെത്താൻ നിലവിലുള്ള ഊർജ്ജോത്പാദന സ്രോതസ്സുകളുടെ ഉത്പാദനശേഷി വൻതോതിൽ വർധിപ്പിക്കേണ്ടതാവശ്യമാണ്. ലോക ബാങ്കിന്റെ കണക്കനുസരിച്ച് ഇന്ന് 840 ദശലക്ഷം മനുഷ്യർ വൈദ്യുതി ഇല്ലാതെ ജീവിക്കുന്നു. കൂടാതെ, 100 ദശലക്ഷം മനുഷ്യർ ആവശ്യത്തിന് വൈദ്യുതി ഉപയോഗം ഇല്ലാതെയും ജീവിക്കുന്നു. മനുഷ്യന്റെ നിലനില്പിനുള്ള അടിസ്ഥാന ആവശ്യമാണ് വൈദ്യുതി. ആവശ്യമായ ഊർജ്ജം മിതമായ നിരക്കിൽ ഗുണനിലവാരത്തോടെ ലഭ്യമാക്കുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്തങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ഊർജ്ജ മേഖല നിലനിൽപിനായുള്ള വെല്ലുവിളി അഭിമുഖീകരിക്കുന്നുണ്ട്.

### ഇന്ത്യയിലെ ഊർജ്ജ മേഖല

ലോകത്ത് ഊർജ്ജ ഉത്പാദനത്തിലും ഉപയോഗത്തിലും ഇന്ത്യയ്ക്ക് മൂന്നാം സ്ഥാനമുണ്ട്. കഴിഞ്ഞ മൂന്നു വർഷമായി വൈദ്യുതി ക്ഷാമം ഗണ്യമായി കുറഞ്ഞു. കൂടാതെ വൈദ്യുതി ശൃംഖലയിലെ പരിമിതികളും പല സംസ്ഥാനങ്ങളിലെയും ഡിസ്കോമുകളുടെ പ്രതികൂല സാമ്പത്തിക സ്ഥിതിയും കാരണം ഇപ്പോൾ ഉപയോഗശൂന്യമായ രീതിയിൽ ഉൽപാദന ശേഷി ഉണ്ട്. ഡിമാൻഡ് സൈഡ് മാനേജ്മെന്റിന്റെ (ഡിഎസ്എം) വർധിച്ച വിഭവ ഉപഭോഗത്തിനും വൈദ്യുതി വിതരണ പ്രസരണ നഷ്ടം (റ്റി&ഡി നഷ്ടം) കുറയ്ക്കുന്നതിനും കേന്ദ്ര സർക്കാർ പ്രത്യേകം ഊന്നൽ നൽകുന്നുണ്ട്. താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ വൈദ്യുത പദ്ധതികളുടെ വികസനം, പ്രസരണ മേഖലയിലെ സ്വകാര്യമേഖലാ പങ്കാളിത്തം, മെച്ചപ്പെട്ട ഊർജ്ജ കാര്യക്ഷമതയ്ക്കുള്ള ദേശീയ ദൗത്യം, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ (ആർഇഎസ് ) വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് വിലകുറഞ്ഞ ഉൽപാദന സ്രോതസ്സായ കൽക്കരിയുടെ ബഹുമുഖമായ ഉപയോഗം തുടങ്ങിയ നയ സംരംഭങ്ങളിലൂടെ എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള സമഗ്രമായ ശ്രമങ്ങൾ നടക്കുന്നു.

2020 സെപ്റ്റംബർ 30 ന് രാജ്യത്തിന്റെ മൊത്തം സ്ഥാപിത ശേഷി 3,73,029.36 മെഗാവാട്ടാണ്. ഇന്ത്യയിൽ, താപോർജ്ജത്തിൽ നിന്നുള്ള വൈദ്യുതിയാണ് ഊർജ്ജ സ്രോതസ്സുകളിൽ പ്രധാന മായിട്ടുള്ളത്. 2020 സെപ്റ്റംബർ 30 ന്റെ കണക്കനുസരിച്ച് ഇത് രാജ്യത്തിന്റെ മൊത്തം സ്ഥാപിത ശേഷിയുടെ 62.01 ശതമാനം വരുന്നു. നാഷണൽ ഗ്രിഡിലേക്ക് വിവിധ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് 2020 സെപ്റ്റംബർ 30 അടിസ്ഥാനമാക്കിയുള്ള ഊർജ്ജ വിഹിതവും അതിന്റെ ശതമാനവും **പട്ടിക 11.2.1** –ൽ കൊടുത്തിരിക്കുന്നു. അടുത്തകാലത്ത്, പുനരാവർത്തക ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോത്പാദനം ജല വൈദ്യുതി ഉൽപാദനത്തെ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളി രണ്ടാം സ്ഥാനത്തെത്തി.

### കേരളത്തിലെ ഊർജ്ജ മേഖല

രാജ്യത്ത് 100 ശതമാനം വീടുകളും വൈദ്യുതീകരിച്ച ആദ്യ സംസ്ഥാനം കേരളമാണ്. പവർക്കട്ടോ ലോഡ്ഷെഡ്ഡിംഗോ ഇല്ലാതെ 365 ദിവസവും 24 മണിക്കൂറും സംസ്ഥാനത്തു വൈദ്യുതി ലഭ്യമാക്കുന്നു. സാർവത്രിക വൈദ്യുതീകരണം നേടിയ ശേഷം, എന്നും വർധിച്ചുകൊണ്ടിരിക്കുന്ന ഉപഭോക്താക്കളുടെ അഭിലാഷങ്ങളുടെ വിശ്വാസ്യത നേടുന്നതിനും വൈദ്യുതി നഷ്ടത്തിന്റെ ഏറ്റവും താഴ്ന്ന നില

**പട്ടിക 11.2.1** ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി 2020 സെപ്റ്റംബർ 30 അനുസരിച്ചുള്ളത്

| ഇന്ധനം | 31.8.2018 അനുസരിച്ചുള്ള സ്ഥാപിതശേഷി (മെ.വാ.) | ശതമാനം | 31.10.2019 അനുസരിച്ചുള്ള സ്ഥാപിതശേഷി (മെ.വാ.) | ശതമാനം | 30.9.2020 അനുസരിച്ചുള്ള സ്ഥാപിതശേഷി (മെ.വാ.) | ശതമാനം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| താപവൈദ്യുതി | 2,21,768.00 | 64.1 | 2,29,401.42 | 62.86 | 2,31,320.72 | 62.01 |
| ജല വൈദ്യുതി | 45,487.00 | 13.1 | 45,399.22 | 12.44 | 45,699.22 | 12.25 |
| ആണവോർജ്ജം | 6,780.00 | 2 | 6,780.00 | 1.86 | 6,780.00 | 1.82 |
| പുനരാവർത്തക ഊർജ്ജം | 72,013.00 | 20.8 | 83,379.50 | 22.84 | 89,229.42 | 23.92 |
| ആകെ | 3,46,048.00 | 100 | 3,64,960.14 | 100 | 3,73,029.36 | 100 |

*അവലംബം : കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ)*

**പട്ടിക 11.2.2** ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി 2020 സെപ്റ്റംബർ 30 അനുസരിച്ചുള്ളത്

| മേഖല | സ്ഥാപിതശേഷി (മെ.വാ.) | ശതമാനം |
|---|---|---|
| സംസ്ഥാന മേഖല | 1,03,616.90 | 27.78 |
| കേന്ദ്ര മേഖല | 93,926.93 | 25.18 |
| സ്വകാര്യ മേഖല | 1,75,485.53 | 47.04 |
| ആകെ | 3,73,029.36 | 100 |

*അവലംബം: കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ)*

കൈവരിക്കുന്നതിനും, വികേന്ദ്രീകൃത പുനരുൽപ്പാദക ജനറേറ്ററുകൾ ഉയർത്തുന്ന ആവശ്യകതകൾ നിറവേറ്റുന്നതിനും, ഇൻസ്റ്റലേഷനുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനം ഇപ്പോൾ ഗ്രിഡിന്റെ നവീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇവയ്ക്കെല്ലാം പുറമേ, ഇ-മൊബിലിറ്റിയിൽ പ്രതീക്ഷിക്കുന്ന കുതിച്ചുചാട്ടത്തിന് തയ്യാറാകുന്നതിന് പുതിയ ലൈനുകൾ, സബ്സ്റ്റേഷനുകൾ, നിലവിലുള്ള സംവിധാനങ്ങൾ എന്നിവ നവീകരിക്കുക വഴി ഒരു ആർട്ട് ട്രാൻസ്മിഷൻ ശൃംഖല കെട്ടിപ്പടുക്കുന്നതിനുള്ള ദൗത്യവും സംസ്ഥാനം ആരംഭിച്ചു കഴിഞ്ഞു. മേല്പറഞ്ഞ കാര്യങ്ങൾ മുന്ഗണനയ്ക്കനുസരിച്ച് സജ്ജമാക്കുന്നതിനായി 'ദ്യുതി 2021', 'സൗര', 'ഫിലമെന്റ് ഫ്രീ കേരളം', 'ട്രാൻസ്ഗ്രിഡ് 2.0', 'ഇ-സേഫ്' എന്നീ അഞ്ച് അനുബന്ധ പദ്ധതികളുടെ പൂച്ചെണ്ടായ 'ഊർജ്ജ കേരള മിഷൻ' സംസ്ഥാനം ആരംഭിച്ചു. കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികൾ ഉൾക്കൊള്ളുക, കാർബൺ ഫൂട്ട് പ്രിന്റ് കുറയ്ക്കുക എന്നിവയാണ് സംസ്ഥാനത്തിന്റെ ഊർജ്ജ മേഖലയിൽ വിഭാവനം ചെയ്യുന്ന എല്ലാ പദ്ധതികളുടെയും അടിസ്ഥാനം.

സംസ്ഥാന ഊർജ്ജ മേഖലയിൽ, പൊതുമേഖലയെ ശ്രേഷ്ഠമായ സ്ഥാനത്ത് നിലനിർത്തുന്നതിന് കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സാങ്കേതികം, ഉപഭോക്തൃ സേവനം, സാമ്പത്തിക പാരാമീറ്ററുകൾ എന്നിവയുൾപ്പെടെയുള്ള പ്രവർത്തനത്തിന്റെ എല്ലാ വശങ്ങളിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഇന്ത്യയുടെ ഊർജ്ജ മേഖലയിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെക്കുന്ന പൊതു യൂട്ടിലിറ്റികളിൽ ഒന്നാണ്. വെള്ളപ്പൊക്കത്തിന്റെയും മണ്ണിടിച്ചിലിന്റെയും രണ്ട് പ്രധാന സംഭവങ്ങളും കോവിഡ്-19 പാൻഡെമിക്കും ഉൾപ്പെടെ, കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാനത്തെ ബാധിച്ച ദുരന്തങ്ങളുടെ പരമ്പരയിലും, കെഎസ്ഇബി എല്ലാവിധത്തിലും സംസ്ഥാന ജനങ്ങൾക്ക് മികച്ച സേവനം നൽകി. പ്രത്യേകിച്ചും ഇപ്പോൾ നടക്കുന്ന കോവിഡ്-19 പാൻഡെമിക് സമയത്ത് സാധ്യമായ ഏറ്റവും ഉയർന്ന സേവന നിലവാരം പുലർത്തുക, അറ്റകുറ്റപ്പണികൾ നടത്തുക, കേടുപാടുകൾ വേഗത്തിൽ പുനഃസ്ഥാപിക്കുക, സമ്പദ്വ്യവസ്ഥയിലെയും അഭ്യന്തര മേഖലയിലെയും വിവിധ മേഖലകളിൽ താരിഫും അനുബന്ധ ഇളവുകളും നൽകുക തുടങ്ങിയവ കെഎസ്ഇബിയുടെ സേവങ്ങളിൽ ഉൾപ്പെടുന്നു.

മറ്റിടങ്ങളിലെ പ്രധാന മാതൃക എന്നിരുന്നാലും കെഎസ്ഇബിയെ പുനരുപയോഗ ഊർജ്ജ വികസനത്തിനെതിരായ ഒരു എതിരാളിയായി കാണുന്നില്ല എന്നതാണ് ഊർജ്ജ മേഖലയിലെ സംസ്ഥാനത്തിന്റെ കാഴ്ചപ്പാട്. സൗരോർജ്ജം, പ്രത്യേകിച്ച് ഗ്രിഡ് കണക്റ്റ്ചെയ്ത സൗരോർജ്ജം, സംസ്ഥാനത്തുടനീളമുള്ള മറ്റ് നൂതന സൗരോർജ്ജ, കാറ്റാടി പദ്ധതികൾ എന്നിവയുടെ ത്വരിത ഗതിയിലുള്ള വ്യന്യാസത്തിൽ കെഎസ്ഇബി പ്രധാന പങ്കാളിത്തം വഹിക്കുന്നു. മുകളിൽ സൂചിപ്പിച്ച "സൗര" പ്രോഗ്രാം വിന്യാസത്തിന്റെ ഒരു പ്രധാന ഭാഗം കെഎസ്ഇബി കൈകാര്യം ചെയ്യുന്ന തരത്തിൽ ഈ ചട്ടക്കൂട്ടിൽ സങ്കൽപ്പിക്കപ്പെട്ടതാണ്.

കെഎസ്ഇബിയുടെ സാങ്കേതിക ശേഷി മാറ്റി വയ്ക്കുകയോ ഉപയോഗശൂന്യമാക്കുകയോ ചെയ്യുന്നതിനുപകരം പുനരുപയോഗ ഊർജ്ജത്തിന്റെ വികാസത്തിന് ഉപയോഗപ്പെടുത്തേണ്.

രാജ്യത്ത് ഇക്കഴിഞ്ഞ രണ്ട് ദശകങ്ങളിൽ സംഭവിച്ച സാങ്കേതിക മുന്നേറ്റങ്ങൾക്ക്, ഈ മുന്നേറ്റത്തിന്റെ നേട്ടങ്ങളെ ഈ മേഖലയിലെ സംസ്ഥാനത്തിന്റെ തംന്ത്ര വരച്ചുകാട്ടുന്ന തരത്തിൽ, സംസ്ഥാനത്തെ ഊർജ്ജ മേഖല പൂർണ്ണമായും സജീവമാണ്. സുസ്ഥിരതയുടെ പുതിയ കാലഘട്ടത്തിൽ അതിന്റെ വളർച്ച നിലനിർത്തുന്നതിനായി നിരവധി പുതിയ നൂതന ആശയങ്ങളും സംരംഭങ്ങളും ഇത് പ്രയോജനപ്പെടുത്തുന്നു. പ്രത്യേകിച്ചും പുനരുപയോഗ ഊർജ്ജ കാലഘട്ടത്തിൽ, സൗരോർജ്ജത്തിനും കാറ്റിനും അപ്പുറത്തുള്ള പുതിയ രൂപങ്ങൾ സംസ്ഥാനത്തെ വികസനത്തിനും വിന്യാസത്തിനും പരിഗണിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതുണ്ട്. അത്തരം ശ്രമങ്ങളിൽ സംസ്ഥാനത്തിന്റെ എസ് ആന്റ് ടി യുടെയും സാങ്കേതിക ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഈ രണ്ട് സ്ഥാപനങ്ങൾക്കും വൈദ്യുതി മേഖലയ്ക്കും പരസ്പരം പ്രയോജനകരമാകും.

## വൈദ്യുതി ആവശ്യകത

സംസ്ഥാനത്ത് 2019–20 –ൽ ഏറ്റവും കൂടിയ ഊർജ്ജ ആവശ്യകത മാർച്ച് 27 ന് 22.00 മുതൽ 22.30 വരെയുള്ള മണിക്കൂറികളിൽ 4,316.8 മെഗാവാട്ടായിരുന്നു. രാവിലത്തെ ഏറ്റവും കൂടിയ ഊർജ്ജ ആവശ്യകത മെയ് 23 ന് 08.00 മുതൽ 08.30 വരെയുള്ള മണിക്കൂറികളിൽ 3,465 മെഗാവാട്ടായിരുന്നു. ഏറ്റവും കുറഞ്ഞ ഊർജ്ജ ആവശ്യകത ഓഗസ്റ്റ് 9 ന് 4.30 മുതൽ 5.00 വരെയുള്ള മണിക്കൂറികളിൽ 1,302 മെഗാവാട്ടായിരുന്നു. 2019–20 ലെ ശരാശരി ഊർജ്ജ ആവശ്യകത 3,567 മെഗാവാട്ടായിരുന്നു.

## ഊർജ്ജ ഉല്പാദനവും വാങ്ങലും വിൽപ്പനയും

കേരള സംസ്ഥാനത്തിന്റെ 2019–20 ലെ ഊർജ്ജ മേഖലയുടെ സംക്ഷിപ്തരൂപം **പട്ടിക 11.2.3** –ൽ കൊടുത്തിരിക്കുന്നു.

## സംസ്ഥാനത്തിനുള്ളിലെ ഊർജ്ജ വിൽപ്പന

2019–20 ൽ 11 ബൾക്ക് ലൈസെൻസികൾ ഉൾപ്പെടെ 1,28,26,185 ഉപഭോക്താക്കൾക്കായി 22,948.82 മെഗാ യൂണിറ്റ് വൈദ്യുതി കെ എസ് ഇ ബി എൽ വിറ്റു. മൊത്തം വിറ്റുവരവ് 13,91,754 ലക്ഷം രൂപയായിരുന്നു. സംസ്ഥാനത്തിന് പുറത്ത് മറ്റു യൂട്ടിലിറ്റികൾക്ക് വൈദ്യുതി വിറ്റതുൾപ്പെടെ മൊത്തം വിറ്റുവരവ്13,918.79 കോടി രൂപയാണ്.

## ഊർജ്ജ ഉപഭോഗത്തിന്റെ രീതി

പബ്ലിക് ലൈറ്റിംഗ് വിഭാഗത്തിലും എൽടി ഇൻഡസ്ട്രിയൽ വിഭാഗത്തിലും ഇഎച്ച്ടി ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗത്തിലും കുറവുണ്ടായതൊഴികെ മറ്റെല്ലാ എൽടി വിഭാഗങ്ങളിലെയും ഉപഭോക്താക്ക ളുടെ ഉപഭോഗം വർദ്ധിച്ചു. എൽഇഡി വിളക്കുകൾ കൂടിയതാണ് പബ്ലിക് ലൈറ്റിംഗിനുള്ള വൈദ്യുതി ഉപഭോഗം കുറയാൻ കാരണം. എൽടി വ്യാവസായിക വിഭാഗത്തിലും ഇഎച്ച്ടി വിഭാഗത്തിലും കുറവുണ്ടായതിന്റെ കാരണം ഈ വർഷം അവസാന പാദത്തിൽ 2019 ലെ പ്രളയവും

**പട്ടിക 11.2.3** കേരള സംസ്ഥാനത്തിന്റെ ഊർജ്ജ മേഖലയുടെ സംക്ഷിപ്ത രൂപം 2019–20 കാലയളവിൽ

| വിശദാംശങ്ങൾ | വൈദ്യുതി (മില്യൺ യൂണിറ്റ്) |
|---|---|
| കെ.എസ്.ഇ.ബി.എൽന്റെ മൊത്തം ഊർജ്ജ ഉത്പാദനം | 5,781.23 |
| കേരള ചുറ്റളവിലുള്ള സിജിഎസിൽ നിന്ന് വൈദ്യുതി വാങ്ങൽ | 10,082.00 |
| ദീർഘകാല / ഇടത്തരം / ഹ്രസ്വകാല കരാറുകളിലൂടെ / സ്വാപ്പ് വഴി കേരള ചുറ്റളവിൽ വൈദ്യുതി വാങ്ങൽ | 9,993.52 |
| സംസ്ഥാനത്തിനുള്ളിലെ ഐപിപി / സിപിപിയിൽ നിന്നുള്ള മൊത്തം വൈദ്യുതി വാങ്ങൽ | 308.23 |
| കേരള ചുറ്റളവിൽ മൊത്തം വൈദ്യുതി വാങ്ങൽ | 20,383.76 |
| ഓപ്പൺ ആക്സസ് വഴി സംസ്ഥാനത്തിന് പുറത്ത് വിൽപ്പന നടത്തുന്നതിനു സ്വകാര്യ ഐപിപി ജനറേറ്റർ വഴിയുള്ള വൈദ്യുതി | 37.50 |
| കേരള ചുറ്റളവിൽ ഓപ്പൺ ആക്സസ് വഴി ലഭിച്ച ഊർജ്ജം | 405.86 |
| കുറയ്ക്കേണ്ട സഹായ ഉപഭോഗം. | 58.42 |
| കയറ്റുമതി– കെ എസ് ബി എൽ വഴിയുള്ള ഉർജ്ജവില്പന, സ്വപ്പിനുള്ള തിരിച്ചുവരവ് കൂടാതെ ഓപ്പൺ ആക്സസ് വഴി സംസ്ഥാനത്തിന് പുറത്ത് വിൽപ്പന നടത്തുന്നതിനു സ്വകാര്യ ഐപിപി ജനറേറ്റർ വഴിയുള്ള വൈദ്യുതി | 323.84 |
| ഓപ്പൺ ആക്സിസിലൂടുള്ള വൈദ്യുതി ഉൾപ്പെടെ കേരള ചുറ്റളവിൽ സംസ്ഥാനത്തിന്റെ ഉപഭോ–ഗത്തിനുള്ള വൈദ്യുതി ഇൻപുട്ട് | 26,226.08 |
| ഓപ്പൺ ആക്സിസിലൂടുള്ള വൈദ്യുതി ഉൾപ്പെടെ ഉപഭോക്താക്കൾക്കുള്ള മൊത്തം ഊർജ്ജം | 23,058.91 |

*അവലംബം: കെ.എസ്.ഇ.ബി.എൽ*

ചിത്രം 11.2.1 കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം




*അവലംബം: കെ.എസ്.ഇ.ബി.എൽ*

കോവിഡ്-19 ഉം ആണ്. ഊർജ്ജ ഉപഭോഗ രീതിയുടെ വിശദാംശങ്ങളും 2019-20 ൽ ശേഖരിച്ച വരുമാനവും അനുബന്ധം 11.2.1 ൽ നൽകിയിരിക്കുന്നു. കേരളത്തിൽ വൈദ്യുതോർജ്ജ ഉപഭോഗം 2018-19 ലെ 21,750.25 എം.യു.യിൽ നിന്ന് 2019-20ൽ 5.67 ശതമാനം വർധിച്ച് 23,058.91 എം.യു ആയി (ഓപ്പൺ ആക്സസ് ഉപഭോഗം ഉൾപ്പെടെ). 2012-13 മുതൽ 2019-20 വരെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം, **ചിത്രം 11.2.1** -ൽ നൽകിയിരിക്കുന്നു.

## മൊത്തം സാങ്കേതിക വാണിജ്യ (എ. റ്റി. ആൻഡ് സി) നഷ്ടങ്ങൾ

2019-20 വർഷം മൊത്തം സാങ്കേതിക വാണിജ്യ നഷ്ടം 13.14 ശതമാനത്തിൽ നിന്നും 14.07 ശതമാനമായി വർദ്ധിക്കുകയും പ്രസരണ വിതരണ നഷ്ടം 12.47 ശതമാനത്തിൽ നിന്നും 12.08 ശതമാനമായി കുറയുകയും ചെയ്തു. മൊത്തം പ്രസരണ വിതരണ നഷ്ടം കുറച്ചു കൊണ്ടു വരുന്നതിൽ മികച്ച നേട്ടം കൈവരിക്കാൻ കെ.എസ്.ഇ.ബിയ്ക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ മൊത്തം സാങ്കേതിക വാണിജ്യ നഷ്ടം വർധിച്ചത് കോവിഡ്-19 പകർച്ചവ്യാധിയും തുടർന്നുണ്ടായ ലോക്ക് ഡൌൺ മൂലവുമാണ്. ഡിസ്ട്രിബ്യൂഷൻ എസ് ബി യു ടെ മൊത്തം സാങ്കേതിക വാണിജ്യ നഷ്ടം 10.77 ശതമാനവും പ്രസരണ വിതരണ നഷ്ടം 8.70 ശതമാനവും ആണ്. കഴിഞ്ഞ അഞ്ചു വർഷമായുള്ള എ.റ്റി. & സി നഷ്ടം **അനുബന്ധം 11.2.2** ൽ കൊടുത്തിരിക്കുന്നു. കഴിഞ്ഞ ആറു വർഷമായി, മൊത്തം സാങ്കേതിക വാണിജ്യ (എ.റ്റി.&സി) നഷ്ടത്തിലും പ്രസരണ വിതരണ (റ്റി&ഡി) നഷ്ടത്തിലും ഉണ്ടായിട്ടുള്ള പ്രവണത **ചിത്രം 11.2.2** -ൽ കൊടുത്തിരിക്കുന്നു.

## ഊർജ്ജമേഖലയിലെ ഏജൻസികളുടെ പ്രവർത്തന നേട്ടം

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ), ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി

ചിത്രം 11.2.2 എ .റ്റി & സി നഷ്ടവും, റ്റി & ഡി നഷ്ടവും (ശതമാനത്തിൽ)




*അവലംബം: കെ.എസ്.ഇ.ബി.എൽ*

**പട്ടിക 11.2.4** 2019–20 ലെ കേരള സംസ്ഥാനത്തിന്റെ ഊർജ്ജ മേഖലയുടെ സംക്ഷിപ്തരൂപം

| ക്രമ നമ്പർ | വകുപ്പിന്റെ/ ഏജൻസിയുടെ പേര് | വാർഷിക പദ്ധതി 2019-20 | | | വാർഷിക പദ്ധതി 2020-21 | | |
|---|---|---|---|---|---|---|---|
| | | വിഹിതം | ചെലവ് | ചെലവ് ശതമാനത്തിൽ | വിഹിതം | ചെലവ് സെപ്റ്റംബർ 2020 | ചെലവ് ശതമാനത്തിൽ |
| 1 | കെ.എസ്.ഇ.ബി.എൽ | 1,71,237.00 | 1,45,238.96 | 84.82 | 1,70,821.00 | 46,636.11 | 27.30 |
| 2 | അനെർട്ട് | 5,200.00 | 1,061.56 | 20.41 | 4,180.00 | 1,133.56 | 27.11 |
| 3 | ഇ.എം.സി | 883.00 | 401.27 | 45.44 | 763.00 | 0.00 | 0 |
| 4 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 825.00 | 84.94 | 10.29 | 693.00 | 21.65 | 3.12 |
| | ആകെ | 1,78,145.00 | 1,46,786.73 | 82.40 | 1,76,457.00 | 47,791.32 | 27.08 |

*അവലംബം: പ്ലാൻ സ്പേസ്*

(അനെർട്ട് ), ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) എന്നീ നാല് ഏജൻസികൾ മുഖേനയാണ് മുഖ്യമായും കേരളത്തിൽ ഊർജ്ജ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. ഈ വകുപ്പുകളുടെ 2019–20, 2020–21 എന്നീ വർഷങ്ങളിലെ വിഹിതം, ചെലവ്, ചെലവ് ശതമാനം എന്നിവ **പട്ടിക 11.2.4** –ൽ കൊടുത്തിരിക്കുന്നു.

2020–21 വർഷത്തെ വാർഷിക പദ്ധതിയിൽ 1,76,457.00 ലക്ഷം രൂപയാണ് ഊർജ്ജമേഖലയ്ക്കായി വകയിരുത്തിയിരിക്കുന്നത്. വാർഷിക പദ്ധതിയിൽ 1,70,821.00 ലക്ഷം രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി. എൽ)നും 4,180.00 ലക്ഷം രൂപ ഏജൻസി ഫോർ നോൺ കണ്വെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട് ) യ്ക്കും 693.00 ലക്ഷം രൂപ മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എം ടി എസ് ൽ) യ്ക്കും 763.00 ലക്ഷം രൂപ എനർജി മാനേജ്മെന്റ് സെന്ററിനും(ഇ.എം.സി) വകയിരുത്തിയിട്ടുണ്ട്. പ്ലാൻ സ്പെയ്സിൽ റിപ്പോർട്ട് ചെയ്ത പ്രകാരം, 2020 സെപ്റ്റംബർ വരെ 47,791.32 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്, അതായത് മൊത്തം വിഹിതത്തിന്റെ 27.08 ശതമാനം. ഇതിൽ, കെ.എസ്.ഇ.ബി എൽ 46,636.11 ലക്ഷം രൂപയും (27.30 ശതമാനം), അനെർട്ട് 1,133.56 ലക്ഷം രൂപയും (27.11 ശതമാനം), ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് 21.65 ലക്ഷം രൂപയും (3.12 ശതമാനം) 2020 സെപ്റ്റംബർ വരെ ചെലവഴിച്ചിട്ടുണ്ട്. ഇ.എം.സി 2020 സെപ്റ്റംബർ വരെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

## കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)

ഇന്ത്യൻ കമ്പനീസ് ആക്ട് 1956 (കേന്ദ്ര നിയമം 1956 ന്റെ 1) പ്രകാരം സംയോജിക്കപ്പെട്ട പവർ യൂട്ടിലിറ്റി കമ്പനിയാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ). 2003 ലെ ഇലക്ട്രിസിറ്റി ആക്ട്, വകുപ്പ് 131 പ്രകാരം കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണെങ്കിലും വകുപ്പ് 131, 133 എന്നിവയുടെ ഉപവകുപ്പ് 2 പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരുന്ന പ്രവർത്തനങ്ങളും, പ്രത്യേകതകളും, താത്പര്യങ്ങളും, അവകാശങ്ങളും, ബാധ്യതകളും, ഉത്തരവുകളും, സ്വകാര്യതകളും പഴയ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് 2013 ഒക്ടോബർ 31 ന് തിരികെ ഏല്പിച്ചു. കെ.എസ്.ഇ.ബി.എൽ ഉത്പാദനത്തിനും, പ്രസരണത്തിനും, വിതരണത്തിനും പ്രേത്യേകം ലാഭകേന്ദ്രങ്ങളുള്ള സ്വതന്ത്ര ചുമതലയുള്ള കമ്പനിയാണ്. 2011 ജനുവരി 14 ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ലയിപ്പിക്കുകയും 2013 നവംബർ 1 മുതൽ സ്വതന്ത്ര ചുമതലയുള്ള കമ്പനിയായി പ്രവർത്തിക്കുന്നതിനും തുടങ്ങി. സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം, പ്രസരണം, വിതരണം, എന്നിവ കെ.എസ്.ഇ.ബി.എൽ നിർവ്വഹിക്കുന്നു. ഗാർഹികാവശ്യങ്ങൾക്കും കാർഷികാ വശ്യങ്ങൾക്കും വേണ്ട വൈദ്യുതി താങ്ങാവുന്ന വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുക എന്നതാണ് പ്രഖ്യാപിത ലക്ഷ്യം.

## 2019–20 –ൽ കെ.എസ്.ഇ.ബി.എല്ലിന്റെ നേട്ടങ്ങൾ

- 2019 പ്രളയസമയത്ത് ഉണ്ടായ വൈദ്യുതി തടസ്സങ്ങൾ മിഷൻ റീകണക്ട് 2019 വഴി ചുരുങ്ങിയ ദിവസത്തിനുള്ളിൽ പുനഃസ്ഥാപിക്കുകയും സാധാരണമാക്കുകയും ചെയ്തു.
- കോവിഡ്– 19 ലോക്ക് ഡൗണിനിടെയും തുടർന്നുള്ള അൺലോക്ക് സമയങ്ങളിലും കർശനമായ കോവിഡ്– 19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് കെ എസ് ഇ ബി എല്ലിന്റെ സമർപ്പിത സ്റ്റാഫ് വഴി തടസ്സമില്ലാത്ത വൈദ്യുതി നൽകുകയും എല്ലാ അവശ്യ സേവനങ്ങളും പരിപാലിക്കുകയും ചെയ്തു.
- 2,91,517 പുതിയ സേവന കണക്ഷനുകൾ പ്രാബല്യത്തിൽ വരുത്തുകയും, 1,301 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ ഇൻസ്റ്റാൾ ചെയ്യുകയും ചെയ്തു. 1,080.5 കിലോമീറ്റർ 11 കെവി ലൈനുകളും 3,689.141 കിലോമീറ്റർ എൽടി ലൈനുകളും നിർമ്മിച്ചു.
- ഒരു 220 കെവി സബ്സ്റ്റേഷനും ഒമ്പത്

110 കെവി, രണ്ട് 66 കെവി, ആറ് 33 കെവി സബ്സ്റ്റേഷനുകളും നിർമ്മിക്കുകയു 33 കെവിയും അതിനുമുകളിലുള്ളവയും ഉൾപ്പെടെയുള്ള വോൾട്ടേജ് ലെവലിൽ 366.4 കിലോമീറ്റർ ലൈനുകൾ വലിക്കുകയും 200 എംവിഎ സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമറുകളുടെയും 2,638 എംവിഎ സ്റ്റെപ്പ് ഡൌൺ ട്രാൻസ്ഫോർമറുകളുടെയും ശേഷി വർധിപ്പിക്കുകയും ചെയ്തതാണ് ട്രാൻസ്മിഷൻ മേഖലയിലുള്ള നേട്ടങ്ങൾ.

- പ്രസരണ വിതരണ നഷ്ടം 2018–19 ലെ 12.47 ശതമാനമാനത്തിൽ നിന്ന് 2019–20 ൽ 12.08 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ വർഷം അവസാന പാദത്തിൽ കോവിഡിന്റെ ആഘാതം ഉണ്ടായിട്ടും വിതരണ സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റിനുള്ള എടി&സി നഷ്ടം 10.77 ശതമാന മായി നിലനിർത്തുന്നതിനും വിതരണ നഷ്ടം 2018–19ലെ 9.09 ശതമാനത്തിൽ നിന്ന് 2019–20 ൽ 8.70 ശതമാനമായി കുറയ്ക്കുന്നതിനും കഴിഞ്ഞു.
- സംസ്ഥാന സർക്കാരും കെഎസ്ഇബിഎല്ലും എടുത്ത തീരുമാനങ്ങളും നടപടിയും മുഖേന ആർ.ഒ.ഡബ്ള്യു തെളിയുക വഴി തിരുനെൽവേലി–കൊച്ചി–മാടക്കത്തറ –ഉദുമൽപേട്ട് 400 കെവി പവർ ഹൈവേ യാഥാർത്ഥ്യമായി.
- ചുരുങ്ങിയ സമയത്തിനുള്ളിൽ സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ആറ് ഇ–വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു.
- 2019–20 ൽ ഉത്പാദനത്തിൽ 0.62 മെഗാവാട്ട് ശേഷി കൈവരിക്കാനായി.

## ഊർജ്ജ കേരള മിഷൻ

സംസ്ഥാനത്തെ വൈദ്യുതി മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 ജൂൺ 14 ന് കേരള സർക്കാർ 'ഊർജ്ജ കേരള മിഷൻ' ആരംഭിച്ചു. അടുത്ത 3 വർഷത്തിനുള്ളിൽ ചുവടെ വിശദമാക്കിയിരിക്കുന്ന അഞ്ച് പ്രധാന പ്രോജക്ട്കൾ നടപ്പിലാക്കാൻ ഇത് ലക്ഷ്യമിടുന്നു.

## സൗര

2021 ഓടെ പുനരാവർത്തക ഊർജ്ജമായ സൗരോർജ്ജ പദ്ധതികളിലൂടെ 1000 മെഗാവാട്ടിന്റെ ശേഷി വർധന കൈവരിക്കാൻ കെഎസ്ഇബി ഉദ്ദേശിക്കുന്നു. സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 11.2.5** –ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 11.2.5 സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | പ്രൊജക്റ്റ് | മെഗാവാട്ട് | ലക്ഷ്യമിടുന്ന തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മേൽക്കൂര ടോപ്പ് സോളാർ– ഘട്ടം –1 ഇപിസി | 46.5 | 2020–21 | മൂന്ന് വെണ്ടർമാരിലൂടെ നടപ്പിലാക്കുന്നു. |
| 2 | മേൽക്കൂര ടോപ്പ് സോളാർ– ഘട്ടം –1 റെസ്കോ മോഡൽ | 60 | 2020–21 | വിഭാവനം ചെയ്തിട്ടുള്ള സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ നിന്ന് 60 മെഗാവാട്ട് ഡിമാൻഡ് സമാഹരിക്കുന്നതിന് പദ്ധതിയിടുന്നു |
| 3 | മേൽക്കൂര ടോപ്പ് സോളാർ–ഫേസ് –2 സബ്സിഡി (അംഗീകാരം കിട്ടിയത്) | 50 | 2020–21 | ടെണ്ടർ പ്രക്രിയ നടക്കുന്നു. (12.5 മെഗാവാട്ട് അനെർട് നടപ്പിലാക്കും) 2021 ഏപ്രിലിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 4 | മേൽക്കൂര ടോപ്പ് സോളാർ–ഫേസ് –2 സബ്സിഡി (പ്രതീക്ഷിക്കുന്നത്) | 100 | 2020–21 | ടെണ്ടർ പ്രക്രിയ നടക്കുന്നു. ഇത് പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി 2021 ഡിസംബർ |
| 5 | അമ്പലത്തറ സോളാർ പാർക്ക് | 50 | | പ്രവർത്തനം ആരംഭിച്ചു |
| 6 | പൈവളിക സോളാർ പാർക്ക് | 50 | 2020–21 | ടിഎച്ച്ഡിസിഎൽ മുഖേന നടപ്പിലാക്കിവരുന്നു |
| 7 | ചീമേനി സോളാർ പാർക്ക് | 100 | 2021–22 | ആർപിസികെഎൽ ന് സർക്കാർ ഭൂമി കൈമാറിയിട്ടുണ്ട് |
| 8 | എൻടിപിസി ഫ്ലോട്ടിംഗ് സോളാർ | 225 | 2021–22 | അഞ്ചുരുളിയിൽ 100 മെഗാവാട്ട്, ചെരുതോണിയിൽ 25 മെഗാവാട്ട് എന്നിവയ്ക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചു. മറ്റൊരു 100 മെഗാവാട്ട് ആസൂത്രണം ചെയ്തു വരുന്നു |
| 9 | എസ്ഇസിഐ ഫ്ലോട്ടിംഗ് സോളാർ | 150 | 2021–22 | കുളമാവ് –50 മെഗാവാട്ട്, ബാണാസുരസാഗർ 100 മെഗാവാട്ട് എന്നിവയ്ക്കുള്ള ബാത്ത്മെട്രിക് സർവേ പൂർത്തിയായി |
| 10 | സ്വതന്ത്ര ഊർജ്ജ ഉല്പാദകരിൽ നിന്നും റിവേഴ്സ് ബിഡ്ഡ് വഴിയുള്ള കെ എസ് ഇ ബി എൽ പദ്ധതി | 200 | 2020–21 | കേരള സംസ്ഥാന എനർജി റെഗുലേറ്ററി കമ്മീഷന്റെ ദേശീയ അംഗീകാരം വാങ്ങിയ ശേഷം ഭൂമിയിൽ ഉയർന്നു നിൽക്കുന്ന സോളാർ ബിഡ്ഡുകൾ സ്ഥാപിച്ച് സോളാർ എനർജി ഉല്പാദിപ്പിക്കും |
| | ആകെ സോളാർ എനർജി | 1,031.5 | | |

*അവലംബം: കെ.എസ്.ഇ.ബി.എൽ*

## ഫിലമെന്റ് രഹിത കേരളം

ഈ പദ്ധതിയിലൂടെ പീക്ക് ഡിമാൻഡ്, ഗ്ലോബൽ വാമിങ്, ഹൈഡ്രജൻ(എച്ച്ജി) പൊല്യൂഷൻ തുടങ്ങിയവ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ വീടുകളിലെയും, തെരുവ് വിളക്ക് മേഖലയിലെയും നിലവിലുള്ള എല്ലാ സിഎഫ്എൽ, ഫിലമെന്റ് ബൾബുകൾക്ക് പകരം ഉർജ്ജക്ഷമവും ദീർഘകാലം നിലനിൽക്കുന്നതുമായ എൽഇഡി വിളക്കുകൾ സ്ഥാപിക്കും. ഗാർഹീക മേഖല ലക്ഷ്യമിട്ട ആദ്യ ഘട്ടത്തിൽ 13 ലക്ഷത്തിലധികം ഉപഭോക്താക്കൾ എൽഇഡി വിളക്കുകൾക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.70:30 അനുപാതത്തിൽ രണ്ടു കമ്പനികളിൽ നിന്നായി ഒരു കോടി എൽ ഇ ഡി ബൾബുകൾ വാങ്ങുന്നതിന് കെ എസ് ഇ ബി എൽ അംഗീകാരം നൽകി. 2021 ഫെബ്രുവരി ഓടെ എൽ ഇ ഡി ബൾബുകളുടെ വിതരണം പൂർത്തീകരിക്കാമെന്നു പ്രതീക്ഷിക്കുന്നു.

## ദ്യുതി 2021

കെഎസ്ഇബി ലിമിറ്റഡിന്റെ വിതരണ ഗ്രിഡ് അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്താനുള്ള ദൗത്യവുമായി ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. മൊത്തം പദ്ധതി വിഹിതം 4,036.30 കോടി രൂപയാണ്. 2018 ലും 2019 ലും ഉണ്ടായ അതീവ നാശകാരിയായ വെള്ളപ്പൊക്കം പദ്ധതി പുരോഗതിയെ സാരമായി ബാധിച്ചു. കൂടാതെ, കോവിഡ്– 19 പകർച്ചവ്യാധിയും പദ്ധതി പുരോഗതിയെ പിന്നോട്ടടിച്ചു. 2019–20, 2020–21 വർഷങ്ങളിലായി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നത് മാർച്ച് 2021 ആയി ഭേദഗതി ചെയ്തു. ഈ പദ്ധതിയുടെ സെപ്റ്റംബർ 30, 2020 ലെ പുരോഗതി 21.85 ശതമാനമാണ്.

## ട്രാൻസ്ഗ്രിഡ് 2.0 – സെക്കന്റ് ജനറേഷൻ ട്രാൻസ്മിഷൻ നെറ്റ്‌വർക്ക്

സംസ്ഥാനത്തിന്റെ ഭാവി ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി ട്രാൻസ്മിഷൻ ശൃംഖല ശക്തിപ്പെടുത്തുന്നതിനാണ് ഇത് പദ്ധതിയിട്ടുന്നത്, ഇത് രണ്ട് ഘട്ടങ്ങളായി നടപ്പാക്കാൻ തീരുമാനിച്ചു. പദ്ധതിയുടെ ആദ്യ ഘട്ടം 2017–2022 കാലയളവിലും രണ്ടാം ഘട്ടം 2019–2024 കാലയളവിലും നടപ്പാക്കാ നാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. 12 സബ്സ്റ്റേഷനുകളുടെയും 2084 സർക്യൂട്ട് കിലോമീറ്റർ ഇഎച്ച്ടി ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുത്തിയിട്ടുള്ള 13 പാക്കേജുകളായി പദ്ധതിയുടെ ആദ്യ ഘട്ട ജോലികൾ തിരിച്ചിരിക്കുന്നു. കൂടാതെ. ഈ 12 സബ്സ്റ്റേഷനുകളിൽ 4 എണ്ണം എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകളും (എഐഎസ് ), ബാക്കി 8 ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകളും (ജിഐഎസ് ) ആണ്. 12 പാക്കേജുകളായി തിരിച്ചിരിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 12 സബ്സ്റ്റേഷനുകൾ (എഐഎസ് – 3 എണ്ണം, ജിഐഎസ് – 9 എണ്ണം) ഉൾപ്പെടുത്തിയിട്ടുണ്ട്. സെപ്റ്റംബർ 30, 2020 –ൽ മൊത്തം 1,052.89 കോടി രൂപയുടെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ കിഫ്ബി ഫണ്ടായ 523.54 കോടി രൂപയും പി എസ് ഡി എഫ് ഫണ്ടായ 461.87 കോടി രൂപയും കെ എസ് ഇ ബി എൽ ഫണ്ടായ 67.47 കോടി രൂപയും ഉൾപ്പെടുന്നു. ഈ വർഷാവസാനത്തോടെ 760 കോടി രൂപയുടെ പ്രവർത്തികൾ കൂടി പൂർത്തിയാക്കാൻ കഴിയും. ഈ വർഷം മാത്രം സെപ്റ്റംബർ 30, 2020 വരെ 301.56 കോടി രൂപയുടെ പ്രവർത്തികൾ പൂർത്തിയാക്കി. പദ്ധതികളുടെ ഭൗതീക പുരോഗതി **പട്ടിക 11.2.6** –ൽ കൊടുത്തിരിക്കുന്നു

## ഇ–സെയ്ഫ്

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും കെഎസ്ഇബിയും സംയുക്തമായി വികസിപ്പിച്ചെടുത്ത ഇസേഫ് പ്രോജക്റ്റ് വൈദ്യുത അപകടങ്ങൾ ഇല്ലാതാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഈ ബജറ്റ് വർഷത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് ഇ–സേഫ് പ്രോജക്ടുകൾ നടപ്പാക്കാൻ 4.08 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടത്തുക, അഗളി, ഷോളയാർ, പുതൂർ എന്നീ ഗ്രാമ പഞ്ചയത്തുകളിലെ ഗോത്ര വർഗ്ഗക്കാരുടെ വീടുകൾ റീവയറിങ് നടത്തുക, അപകടങ്ങൾ കുറയ്ക്കുന്നതിന്, പൈലറ്റ് സുരക്ഷാ സംവിധാനമായി ഓവർഹെഡ് ലൈനുകളെ വൈദ്യുത വേലി കളുമായി യോജിപ്പിച്ച് പരിശോധന സംവിധാനം സജ്ജമാക്കുക തുടങ്ങിയ പ്രവർത്തികൾ ഈ വർഷം വിഭാവനം ചെയ്തിട്ടുണ്ട്. എൻപിജി ഉപഭോക്താക്കളുടെ കുടുംബം ഉൾപ്പെടെയുള്ള ഉപഭോക്താക്കളുടെ വീടുകൾ സുരക്ഷാ നിലവാരം ഉറപ്പുവരുത്തുന്ന ഇഎൽസിബി യും കുറഞ്ഞത് നാല് പോയിന്റുകളും ഉൾപ്പെടെ റീവയറിങ് നടത്തുന്നതിന് കുടുംബം ഒന്നിന് 12,287 രൂപ നിരക്കിൽ വരുന്ന വാർഷിക പദ്ധതിയിൽ പ്രൊജെക്ടുകൾ തയ്യാറാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് 24–1–2020 ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിക്കുന്ന തോടെ എല്ലാ ഗാർഹിക കുടുംബങ്ങളും മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള എർത്ത് ലീക്കേജ് പ്രൊട്ടക്ഷൻ കൈവരിക്കു മെന്നു പ്രതീക്ഷിക്കുന്നു.

## ഉല്പാദനം

2019–20 ൽ കെ എസ് ബി എൽ ന്റെ ആഭ്യന്തര ഉത്പാദനം കഴിഞ്ഞ വർഷത്തേതിൽ നിന്ന് 24.18 ശതമാനം കുറഞ്ഞ് 5,781.23 മില്യൺ യൂണിറ്റായി. സംസ്ഥാനത്തിന്റെ മൊത്തം ഊർജ്ജ ഉത്പാദനം 6050.65 മില്യൺ യൂണിറ്റാണ്. കെ എസ് ഇ ബി ൽ ന്റെ ആഭ്യന്തര ഉത്പാദനം ശേഷി **പട്ടിക 11.2.7** –ൽ ചേർത്തിരിക്കുന്നു.

**പട്ടിക 11.2.6** ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ ഭൗതീക പുരോഗതി, 2019–20 ഒന്നും രണ്ടും ഘട്ടങ്ങൾ

| ക്രമ നമ്പർ | പ്രവർത്തി | പ്രവർത്തിയുടെ അളവ് | പുരോഗതി |
|---|---|---|---|
| A | ട്രാൻസ്ഗ്രിഡ് 2.0 – ഘട്ടം I | | |
| a | **കിഫ്ബി ഫണ്ട് പ്രവർത്തികൾ** | | |
| 1 | സബ് സ്റ്റേഷനുകളുടെ സ്ഥാപിക്കൽ (220 കെവി –11,400 കെവി –1) | 12 എണ്ണം | 220 കെവി മഞ്ചേരി സബ്സ്റ്റേഷൻ 23.06.2020 ന് കമ്മീഷൻ ചെയ്തു. മറ്റ് 11 സബ്സ്റ്റേഷൻ ജോലികൾ പുരോഗമിക്കുന്നു |
| 2 | ട്രാൻസ്മിഷൻ ലൈനുകളുടെ നിർമ്മാണം | 321 റൂട്ട് കിലോമീറ്റർ | 220 കെവി കറുകടം – കോതമംഗലം ലൈൻ 11.12.2019 ൽ ചാർജ് ചെയ്തു. ബാക്കി പ്രവർത്തികൾ പുരോഗമിക്കുന്നു |
| b | **പി എസ് ഡി എഫ് പ്രവർത്തികൾ** | | |
| 1 | ട്രാൻസ്മിഷൻ ലൈനുകളുടെ നിർമ്മാണം | 211.46 റൂട്ട് കിലോമീറ്റർ | രണ്ട് പാക്കേജുകൾക്ക് പിഎസ്ഡിഎഫിൽ ധനസഹായം നൽകുന്നു. കക്കയം–നല്ലളം ജോലികൾ കമ്മീഷൻ ചെയ്തു. എംഡികെഎ–എംഎൽപിഎയുടെ 220 കെവി ഭാഗം ഇതിനകം 10–7–2019 ന് ചാർജ് ചെയ്തു. മറ്റെല്ലാ ജോലികളും പുരോഗതിയിലാണ്. |
| B | ട്രാൻസ്ഗ്രിഡ് 2.0 – ഘട്ടം II | | |
| a | **കിഫ്ബി ഫണ്ട് പ്രവർത്തികൾ** | | |
| 1 | സബ് സ്റ്റേഷനുകളുടെ സ്ഥാപിക്കൽ (220 കെവി –8, 400 കെവി –1) | 9 എണ്ണം | 20 കെ വി കക്കാട്, പത്തനംതിട്ട എന്നിവ ടെൻഡർ ചെയ്തു. ശാസ്താംകോട്ട, തുറവൂർ, ഇരിങ്ങാലക്കട എന്നിവയ്ക്ക് കിഫ്ബി അനുമതി കാത്തിരിക്കുന്നു. പഞ്ചൽ, പാലക്കാട്, ഇടമൺ എന്നിവയുടെ കാര്യത്തിൽ ഡിപിആർ തയാറാക്കി വരുന്നു |
| 2 | ട്രാൻസ്മിഷൻ ലൈനുകളുടെ നിർമ്മാണം | 431.4 റൂട്ട് കിലോമീറ്റർ | കോട്ടിയം–കൊല്ലം ജി.ഐ.എസ് പണി പൂർത്തിയായി. മറ്റ് രണ്ട് പ്രവർത്തികളും അവാർഡ് ചെയ്തു. ബാക്കി 4 പ്രവൃത്തികൾക്കായി കിഫ്ബി അനുമതി കാത്തിരിക്കുന്നു. 6 പ്രവൃത്തികൾക്കായി ഡിപിആർ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. |
| b | **ഗ്രീൻ കോറിഡോർ പാക്കേജ്** | | |
| 1 | സബ് സ്റ്റേഷനുകളുടെ സ്ഥാപിക്കൽ (220 കെവി –3, 400 കെവി –1) | 4 എണ്ണം | എംഎൻആർഇയുടെ അംഗീകാരം കാത്തിരിക്കുന്നു |
| 2 | ട്രാൻസ്മിഷൻ ലൈനുകളുടെ നിർമ്മാണം | 102 റൂട്ട് കിലോമീറ്റർ | |

*അവലംബം: കെ.എസ്.ഇ.ബി.എല്*

**പട്ടിക 11.2.7 കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉൽപാദന ശേഷി**

| ക്രമ നമ്പർ | ഇനം | 31.03.2019 ൽ ഉത്പാദന ശേഷി (മെ.വാ.) | 2019–20 ൽ കൂട്ടിച്ചേർത്ത ഉത്പാദന ശേഷി (മെ.വാ.) | 31.03.2020 ൽ ആകെ ഉത്പാദന ശേഷി (മെ.വാ.) (2+3) | 2019–20 ൽ ആകെ ഉല്പാദനം (മി. യു) |
|---|---|---|---|---|---|
| 0 | 1 | 2 | 3 | 4 | 5 |
| 1 | ജല വൈദ്യുതി | 2,058.76 | | 2,058.76 | 5,741.83 |
| 2 | താപവൈദ്യുതി | 159.96 | | 159.96 | 12.03 |
| 3 | കാറ്റ് | 2.025 | | 2.025 | 1.42 |
| 4 | സൗരോർജ്ജം | 16.85 | 0.62 | 17.47 | 25.95 |
| | ആകെ | 2,237.60 | 0.62 | 2,238.22 | 5,781.23 |

*അവലംബം: കെ.എസ്.ഇ.ബി.എൽ*

## 2019–20 കാലയളവിലെ ഉൽപാദന ശേഷി വർദ്ധന

കേരളത്തിലെ 2020 മാർച്ച് വരെയുള്ള മൊത്തം ഊർജ്ജ സ്ഥാപിത ശേഷി 3,061.37 മെഗാവാട്ട് ആണ്. ഇതിൽ 2,129.42 മെഗാവാട്ട് (69.56 ശതമാനം) ജല വൈദ്യുത പദ്ധതികളിൽ നിന്നും, 676.54 മെഗാവാട്ട് (22.10 ശതമാനം) തെർമൽ പദ്ധതികളിൽ നിന്നും, 70.28

**ചിത്രം 11.2.3** മൊത്തം സ്ഥാപിത ശേഷി




*അവലംബം: കെ.എസ്.ഇ.ബി.എൽ.*

മെഗാവാട്ട് (2.30 ശതമാനം) കാറ്റിൽ നിന്നും, 185.13 മെഗാവാട്ട്(6.04 ശതമാനം) സൗരോർജ്ജത്തിൽ നിന്നും ഉൽപാദിപ്പിക്കുന്നു. ജലം, താപം, പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി **ചിത്രം 11.2.3** ൽ കൊടുത്തിരിക്കുന്നു.

ഊർജ്ജ സ്രോതസ്സ് സംബന്ധിച്ചും കഴിഞ്ഞ അഞ്ച് വർഷത്തെ സ്ഥാപിതശേഷി സംബന്ധിച്ചും ഉള്ള വിശദാംശങ്ങൾ അനുബന്ധം 11.2.3 ലും മേഖല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 11.2.4 ലും നല്കിയിരിക്കുന്നു. 2019-20 ലെ മൊത്തം സ്ഥാപിത ശേഷിയായ 3,061.37 മെഗാവാട്ടിൽ, 2,238.22 മെഗാവാട്ട് (73.11 ശതമാനം) സംസ്ഥാന മേഖലയിൽ നിന്നും, 359.58 മെഗാവാട്ട് (11.75 ശതമാനം) കേന്ദ്ര മേഖലയിൽ നിന്നും, 463.57 മെഗാവാട്ട് (15.14 ശതമാനം) സ്വകാര്യ മേഖലയിൽ നിന്നുമാണ്. കഴിഞ്ഞ ആറു വർഷത്തെ ഊർജ്ജ ലഭ്യത സംബന്ധിച്ച വിശദംശങ്ങൾ **അനുബന്ധം 11.2.5** -ൽ നൽകിയിരിക്കുന്നു.

## സ്ഥാപിത ഉൽപാദന ശേഷി

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ 2058.76 മെഗാ വാട്ട് ശേഷിയുള്ള 37 ജല വൈദ്യുത നിലയങ്ങളും 2.025 മെഗാ വാട്ട് ശേഷിയുള്ള ഒരു കാറ്റാടിപ്പാടവും 159.96 മെഗാ വാട്ട് ശേഷിയുള്ള 2 തെർമൽ പവർ പ്ലാന്റുകളും 17.47 മെഗാ വാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകളും വിവിധ സ്ഥലങ്ങളിലായി നിലവിലുണ്ട്. 2019-20 കാലയളവിൽ സ്വകാര്യ പ്ലാന്റുകൾ മുഖേനയുള്ള ഉല്പാദന ശേഷി വർധന 60.39 മെഗാവാട്ടായിരുന്നു.

കെ എസ് ഇ ബി എല്ലിന് സൗരോർജ്ജ പ്ലാന്റുകളിൽ നിന്നുള്ള 0.62 മെഗാവാട്ട് ശേഷി വർധനവേയുള്ളൂ. സംസ്ഥാനത്തെ ഒരേ ഒരു കേന്ദ്ര ഉൽപ്പാദക നിലയം (സി ജി എസ് ) ആണ് കായംകുളത്തുള്ള ആർ ജി സി സി പി പി. കാസർഗോട്ട് ഇന്ത്യൻ റിന്യൂവബിൾ എനർജി ഡെവലപ്മെന്റ് ഏജൻസി ലിമിറ്റഡ് (ഐ ആർ ഇ ഡി എ) ന്റെ 50 മെഗാവാട്ട് സോളാർ പാർക്കും കുഴൽമന്നത്ത് അനെർട്ടിന്റെ 2 മെഗാവാട്ട് സോളാർ പ്ലാന്റും സംസ്ഥാന നിക്ഷേപമുള്ള പദ്ധതികളാണ്. സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ജല വൈദ്യുത പദ്ധതികൾ

സംസ്ഥാനത്തെ നിർമ്മാണത്തിലിരിക്കുന്ന പ്രധാന ജല വൈദ്യുതി പദ്ധതികളും അവയുടെ പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതിയും **പട്ടിക 11.2.8** -ൽ നൽകിയിരിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്ന മറ്റു ജല വൈദ്യുതി പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.6** -ൽ നൽകിയിരിക്കുന്നു.

## സംസ്ഥാനത്തിന്റെ എനർജി മിക്സിൽ റിന്യൂവബിൾ എനർജി ഘടകത്തിന്റെ മെച്ചപ്പെടുത്തൽ.

പുനരുപയോഗ ഊർജ്ജം ഉപയോഗപ്പെടുത്താനുള്ള എല്ലാ സാധ്യതകളും കെഎസ്ഇബിഎൽ പരിഗണിക്കുന്നു. സൗര പദ്ധതികളിലൂടെ സൗരോർജ്ജം വികസിപ്പിക്കുന്നതിനു പുറമേ, മറ്റ് പുനരുപയോഗ ഊർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതും ത്വരിതപ്പെടുത്തുന്നു. 2022 ഓടെ പുനരുപയോഗ ഉർജ്ജത്തിൽനിന്നും 40 ശതമാനം ഊർജ്ജ ആവശ്യകതകൾ നിറവേറ്റുകയാണ് ലക്ഷ്യം. 3,309.18 മെഗാവാട്ടിനായി നിലവിലുള്ളതും നടന്നുവരുന്നതും പൈപ്പ്ലൈനിലുള്ളതുമായ

**പട്ടിക 11.2.8** നിർമ്മാണം പുരോഗമിക്കുന്ന സംസ്ഥാനത്തെ പ്രധാന ജല വൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെ. വാ) | ജില്ല | പ്രവർത്തി ആരംഭിച്ച തീയതി | പ്രതീക്ഷിക്കുന്ന പൂർത്തീകരണ മാസം |
|---|---|---|---|---|---|
| 1 | തോട്ടിയാർ എച്ച്.ഇ.പി | 40 | ഇടുക്കി | 16.01.2009 | ഡിസംബർ, 2021 |
| 2 | സെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി | 85 MU | ഇടുക്കി | 06.07.2009 | മാർച്ച്, 2022 |
| 3 | ചാത്തൻകോട്ട നട II എസ്. എച്ച്.ഇ.പി | 6 | കോഴിക്കോട് | 09.11.2017 | മാർച്ച്, 2021 |
| 4 | പെരിങ്ങൽകുത്ത് എസ്.എച്ച്.ഇ.പി | 24 | തൃശ്ശൂർ | 01.04.2014 | മെയ്, 2021 |
| 5 | ഭൂതത്താൻകെട്ട് എസ്.എച്ച്.ഇ.പി | 24 | എറണാകുളം | 15.02.2014 | ഓഗസ്റ്റ്, 2021 |
| 6 | അപ്പർ കല്ലാർ | 2 | ഇടുക്കി | 12.08.2016 | ഏപ്രിൽ, 2021 |
| 7 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 | ഇടുക്കി | 02.03.2017 | ഡിസംബർ, 2021 |
| 8 | പഴശ്ശി സാഗർ | 7.5 | കണ്ണൂർ | 27.10.2017 | ഡിസംബർ, 2021 |
| 9 | ചിന്നാർ | 24 | ഇടുക്കി | 27.04.2018 | മാർച്ച്, 2022 |
| 10 | പെരുവണ്ണാമൂഴി | 6 | കോഴിക്കോട് | 25.05.2018 | മെയ്, 2021 |

*അവലംബം: കെ.എസ്.ഇ.ബി.എൽ.*

**പട്ടിക 11.2.9** നിലവിലുള്ളതും നടന്നുവരുന്നതും പൈപ്പ്ലൈനിലുള്ളതുമായ പുനരുൽപ്പാദക ഊർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ

| നിലവിലുള്ളതും നടന്നുവരുന്നതും പൈപ്പ്ലൈനിലുള്ളതുമായ പുനരുൽപ്പാദക ഊർജ്ജ പദ്ധതി | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രൊജക്റ്റ് | ശേഷി (മെഗാ വാട്ട്) | ലക്ഷ്യ മിടുന്ന തീയതി | നിലവിലെ സ്ഥിതി |
| A | **സോളാർ** | | | |
| I | **നിലവിലുള്ളത്** | 204.22 | | |
| ii | **നടന്നുവരുന്നതും പൈപ്പ്ലൈനിലുള്ളതും** | | | |
| 1 | കെഎസ്ഇബിഎൽ പ്രൊജക്റ്റ് | 23.27 | 2020-21 | നടന്നുവരുന്നത് 13.355 മെഗാവാട്ട് പൈപ്പ്ലൈനിലുള്ളത് 9.912 മെഗാവാട്ട് |
| 2 | സോളാർ പാർക്ക്- ടിഎച്ച്ഡിസിഎൽ പൈവളിക, കാസർഗോഡ്, സോളാർ പാർക്ക്, ചീമേനി. | 150 | 2019-20 | പൈവളിക 50 മെഗാവാട്ട് നടന്നുവരുന്നത് ചീമേനി 100 മെഗാവാ- ആർപിസികെഎൽന് ഭൂമി കൈമാറിയിട്ടുണ്ട് |
| 3 | സൗര റൂഫ് ടോപ്പ് സോളാർ- ഘട്ടം -1 | 110 | 2020-21 | സൗര റൂഫ് ടോപ്പ് സോളാർ- ഘട്ടം -1 110 2020-21 46.5 മെഗാവാട്ട് ഇപിസി മോഡിൽ നടപ്പിലാക്കി വരുന്നു . വിഭാവനം ചെയ്തിട്ടുള്ള സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ നിന്ന് റെസ്കോയിൽ 60 മെഗാവാട്ട് ഡിമാൻഡ് സമാഹരിക്കുന്നതിന് പദ്ധതിയിടുന്നു. |
| 4 | സൗര റൂഫ് ടോപ്പ് സോളാർ- ഘട്ടം -2 എംഎൻആർഇ സബ്സിഡി പദ്ധതി | 150 | 2020-21 | അനെർട് നടപ്പാക്കുന്ന 12.5 മെഗാവാട്ട് ഉൾപ്പെടെ എംഎൻആർഇ സബ്സിഡി പദ്ധതി പ്രകാരം അനുവദിച്ച 50 മെഗാവാട്ട് ടെൻഡർ പ്രക്രിയയിലാണ്. ഇത് 2021 ഏപ്രിലിൽ പൂർത്തിയാക്കാമെന്ന പ്രതീക്ഷിക്കുന്നു. എംഎൻആർഇ അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്ന ബാക്കി 100 മെഗാവാട്ട് ടെൻഡർ പ്രക്രിയയിലാണ്. ഇത് 2021 ഡിസംബറിൽ പൂർത്തിയാക്കാമെന്ന പ്രതീക്ഷിക്കുന്നു. |
| 5 | എൻഎച്ച്പിസി ഫ്ലോട്ടിംഗ് സോളാർ, വെസ്റ്റ് കല്ലട. | 50 | 2020-21 | ടെൻഡറിംഗ് പ്രക്രിയയിലാണ്. |
| 6 | എൻടി പിസി ഫ്ലോട്ടിംഗ് സോളാർ, കായംകുളം. | 92 | 2020-21 | പവർ പർച്ചേസ് എഗ്രിമെന്റ് കരട് ഒപ്പുവയ്ക്കുകയും എൻടി പിസി വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു |
| 7 | എൻടിപിസി ഫ്ലോട്ടിംഗ് സോളാർ | 225 | 2021-22 | അഞ്ചുരുളിയിൽ 100 മെഗാവാട്ട്, ചെറുതോണിയിൽ 25 മെഗാവാട്ട് എന്നിവയ്ക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചു. ചെറുതോണിയിലെ മറ്റൊരു 100 മെഗാവാട്ട് ശേഷി പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 8 | സ്വതന്ത്ര ഊർജ്ജ ഉല്പാദകരിൽ നിന്നും റിവേഴ്സ് ബിഡ്ഡ് വഴിയുള്ള കെ എസ് ഇ ബി എൽ പദ്ധതി | 200 | 2020–21 | കേരള സംസ്ഥാന എനർജി റെഗുലേറ്ററി കമ്മീഷന്റെ ദേശീയ അംഗീകാരം വാങ്ങിയ ശേഷം ഭൂമിയിൽ ഉയർന്നു നിൽക്കുന്ന സോളാർ ബിഡ്ഡുകൾ സ്ഥാപിച്ച് സോളാർ എനർജി ഉല്പാദിപ്പിക്കും |
| 9 | പിഎം – കുസും | 50 | 2020–21 | അനുവദിച്ച 10 മെഗാവാട്ടിനുള്ള ഡിമാൻഡ് സമാഹരിച്ചു. .എംഎൻആർഇയിലേക്ക് 40 മെഗാവാട്ട് അധികമായി ആവശ്യപ്പെടുന്നു. |
| 10 | എസ്ഇസിഐ ഫ്ലോട്ടിംഗ് സോളാർ | 150 | 2021–22 | കുളമാവ് –50 മെഗാവാട്ട്, ബാണാസുരസാഗർ 100 മെഗാവാട്ട് എന്നിവയ്ക്കുള്ള ബാത്ത്മെട്രിക് സർവേ പൂർത്തിയായി |
| 11 | എസ്ഇസിഐ വഴി സൗരോർജ്ജം | 200 | | കൂടിയാലോചന നടപടികൾ നടന്നു വരുന്നു |
| | **ആകെ സൗരോർജ്ജം** | 1,604.49 | | |
| B | **കാറ്റ്** | | | |
| I | നിലവിലുള്ളത് | 80.28 | | |
| II | **നടന്നുവരുന്നതും പൈപ്പ്ലൈനിലുള്ളതും** | | | |
| 1 | എൻഎച്ച്പിസി, പാലക്കാട് | 8 | 2020–21 | നടന്നുവരുന്നു. |
| 2 | രാമക്കൽമേട്(സ്വകാര്യം) | 2 | 2020–21 | നടന്നുവരുന്നു. |
| 3 | എസ്ഇസിഐ ട്രാൻഷെ VI സ്കീം | 200 | 2020–21 | പിഎസ്എ നടപ്പിലാക്കി. |
| 4 | എസ്ഇസിഐ ട്രാൻഷെ VII സ്കീം | 100 | 2020–21 | പിഎസ്എ നടപ്പിലാക്കി. |
| 5 | കെഎസ്ഇബിഎൽ – കഞ്ചിക്കോട് | 2.5 | 2020–21 | നടന്നുവരുന്നു. |
| 6 | കെഎസ്ഇബിഎൽ – ഇന്റേർക്രോപ്പിംഗ് | 2.65 | 2020–21 | നടന്നുവരുന്നു. |
| | **ആകെ വിൻഡ് എനർജി** | 395.43 | | |
| c | **പുനരുൽപ്പാദക ഹൈഡൽ എനർജി** | | | |
| i | നിലവിലുള്ളത് | 215.56 | | |
| ii | നന്നുവരുന്നത് | 193.5 | | |
| iii | പൈപ്പ്ലൈനിലുള്ളത് | 894 | | Includes 780MW Idukki extension scheme |
| | **ആകെ** | **1,303.06** | | |
| D | **മാലിന്യത്തിൽനിന്നുമുള്ള ഊർജ്ജം** | | | |
| 1 | വയനാട് | 0.2 | 2019–22 | ആസൂത്രണം ചെയ്തു വരുന്നു. |
| 2 | ഞാലിയാൻപറമ്പ് | 6 | 2019–22 | ടെൻഡർ ജോലിക്ക് ക്ഷണിച്ചു. |
| | **ആകെ** | 6.2 | | |
| | **2021–22 അവസാനത്തോടെ പ്രതീക്ഷിക്കുന്ന മൊത്തം ശേഷി** | **3,309.18** | MWp | |

*അവലംബം: കെ.എസ്.ഇ.ബി.എൽ.*

പുനരുൽപ്പാദക ഊർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 11.2.9 –**ൽ നൽകിയിരിക്കുന്നു.

നിലവിലുള്ള 204.22 മെഗാവാട്ട് സൗരോർജ്ജത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 11.2.7** –ൽ നൽകിയിരിക്കുന്നു.

## വിതരണം

2020 മാർച്ച് 31 ലെ കണക്ക് പ്രകാരം കെ എസ് ഇ ബി ലിമിറ്റഡിന് വിതരണ വിഭാഗത്തിൽ 64,212 സർക്യൂട്ട് കിലോമീറ്റർ 11 കെ വി ലൈനുകളും 2,93,280 സർക്യൂട്ട് കിലോമീറ്റർ എൽ റ്റി ലൈനുകളും 9,915 മെഗാ വോൾട്ട് ആംപിയർ സ്റ്റെപ്പ് ഡൗൺ കപ്പാസിറ്റിയുള്ള

81,470 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും ഉണ്ട്. 2019–20 –ൽ വിതരണ വിഭാഗത്തിൽ ലക്ഷ്യമിട്ടിരുന്ന അടിസ്ഥാന സൗകര്യങ്ങളും നേട്ടങ്ങളും **അനുബന്ധം 11.2.8** –ൽ കൊടുത്തിരിക്കുന്നു. ഊർജ്ജ കേരള മിഷന്റെ കീഴിലുള്ള ദ്യുതി 2021 പദ്ധതിയിൽ വിതരണ വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടുത്തിയിരിക്കുന്നു. കോവിഡ്–19 ലോക്ക് ഡൌൺ കാലത്തെ ബുദ്ധിമുട്ടേറിയ സമയങ്ങളിൽ ഉപഭോക്താക്കളെ പിന്തുണയ്ക്കുന്നതിനായി കെഎസ്ഇബിഎൽ നിരവധി ദുരിതാശ്വാസ നടപടികൾ നടപ്പിലാക്കി. കസ്റ്റമർ കെയർ സെന്റർ ശക്തിപ്പെടുത്തുകയും ഉപഭോക്തൃ വിശ്വസ്തത നേടുന്നതിനും സേവന പരിപാലനം സുഗമമാക്കുന്നതിനും പുതിയ സേവനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

1. **വാതിൽപ്പടി സേവനങ്ങൾ** –പാലക്കാട് ഇലക്ട്രിക് സർക്കിളിന് കീഴിലുള്ള 39 സർക്കിളുകളിൽ പൈലറ്റ് ഇസ്ലിമെന്റേഷൻ ആരംഭിച്ചു. കെഎസ്ഇബിഎൽ നൽകുന്ന എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും പേര് സൂചിപ്പിക്കുന്നത് പൊലെതന്നെ അവരുടെ ഒരു വിളിക്ക് വീട്ടുപടിക്കലെത്തിക്കുക എന്നതാണ് പ്രോഗ്രാം. പൈലറ്റ് ഇസ്ലിമെന്റേഷൻ എല്ലാ പാർട്ടികളുടെയും ശ്രദ്ധ ആകർഷിക്കുകയും പൊതുജനങ്ങളും മാധ്യമങ്ങളും ഉപഭോക്തൃ സംതൃപ്തിയുടെ ആത്മാർത്ഥമായ ചുവടുവെപ്പായി ഇതിനെ പ്രശംസിക്കുകയും ചെയ്യുന്നു.

2. **സെൽഫ് മീറ്റർ റീഡിംഗ് ആപ്പ്** – കെഎസ്ഇബിഎൽ ഒരു സ്വയം മീറ്റർ റീഡിംഗ് ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്ത് 2020 നവംബർ ആദ്യത്തോടെ ഇത് നടപ്പിലാക്കാൻ ഒരുങ്ങുകയാണ്. ആപ്ലിക്കേഷൻ സാധാരണക്കാർക്ക് എളുപ്പത്തിൽ ഉപയോഗിക്കാൻ കഴിയും. ഡോർ ലോക്ക് പ്രശ്നങ്ങൾക്കും മീറ്റർ റീഡിംഗ് പിശകുകൾക്കും പരിഹാരമായി അപ്ലിക്കേഷൻ പ്രവർത്തിക്കും. എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും കെഎസ്ഇബിഎൽ ഫീൽഡ് സ്റ്റാഫുകൾക്കും പുതിയ ഘട്ടം ഉപയോഗപ്രദമാകും.

3. **ഇ–സമയം** . കെ.എസ്.ഇ.ബി.എല്ലിന്റെ സെക്ഷൻ ഓഫീസുകൾ സന്ദർശിക്കാനുള്ള വെർച്വൽ ക്യൂവായ ഇ–സമയം, തിരുവനന്തപുരത്തെ കേശവദാസപുരം, വെള്ളയമ്പലം സെക്ഷനുകളിൽ പൈലറ്റായി നടപ്പാക്കുന്നു.

## കുടിശ്ശിക ശേഖരണം

കാലാകാലങ്ങളിൽ കുടിശ്ശികയുള്ള വൈദ്യുതി ബിൽ തുക ശേഖരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകി വരുന്നു. സെപ്റ്റംബർ 30, 2020 വരെ സ്വകാര്യ ഉപഭോക്താക്കളുടെ കുടിശ്ശിക 963.79 കോടി രൂപയാണ്. കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും ഉൾപ്പെടെ സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിന്റെ അവസാനത്തിൽ സർക്കാർ കുടിശ്ശിക 723.67 കോടി രൂപയാണ്. ഇതിൽ 604.15 കോടി രൂപ സംസ്ഥാന സർക്കാർ വകുപ്പുകളുടെയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയുമാണ്. ഈ കുടിശ്ശികയുടെ പ്രധാന പങ്കായ 399.05 കോടി രൂപ കെഡബ്ല്യുഎയുടേതാണ്. കെഡബ്ല്യുഎ 30–9–2018 വരെ പലിശ ഉൾപ്പെടെ അടയ്ക്കേണ്ട കുടിശ്ശിക നാല് വാർഷിക ഗഡുക്കളായി നൽകണം. ആദ്യ തവണ മാത്രം അടച്ചു. സെപ്റ്റംബർ 30, 2018 ന് ശേഷമുള്ള കെഡബ്ല്യുഎയുടെ വൈദ്യുതി ചാർജ് ബില്ലുകൾ എൽഎസ്ജി വാട്ടർ ചാർജിൽ നിന്നും അടയ്ക്കാനും തീരുമാനിച്ചു. 140.64 കോടി രൂപ നൽകി, ജനുവരി 1, 2019 മുതലുള്ള ഫണ്ട് കൈമാറ്റം ശേഷിക്കുന്നു.

## പ്രസരണം– സാധാരണ

ഉപഭോക്താക്കൾക്ക് 24x7 തടസ്സമില്ലാത്ത ഗുണനിലവാരമുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനും ആവശ്യാനുസരണം വൈദ്യുതി ലഭ്യമാക്കുന്നതിനും ട്രാൻസ്മിഷൻ ശൃംഖലയുടെ മതിയായ ശേഷി വികസിപ്പിക്കേണ്ടതുണ്ട്. കൂടാതെ, കേന്ദ്ര വൈദ്യുതി അതോറിറ്റി മുന്നോട്ടുവച്ച എൻ –1 ആസൂത്രണ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്. വ്യത്യസ്ത വോൾട്ടേജ് ലെവലിന്റെ 45 സബ്സ്റ്റേഷനുകളും 1,300 സർക്യൂട്ട് കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനുകളും 2022 മാർച്ചോടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

2020 മാർച്ച് 31 ലെ സബ്സ്റ്റേഷനുകൾ, അതിന്റെ ലക്ഷ്യങ്ങൾ, നേട്ടങ്ങൾ, നെറ്റ്‌വർക്ക് വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുന്ന കേരളത്തിന്റെ ട്രാൻസ്മിഷൻ ഇൻഫ്രാസ്ട്രക്ചർ **അനുബന്ധം 11.2.9** ലും **അനുബന്ധം 11.2.10** ലും നൽകിയിരിക്കുന്നു.

## കെഎസ്ഇബിഎല്ലിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതികൾ

മുകളിൽ സൂചിപ്പിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള അഞ്ച് പ്രോജക്ടുകൾക്ക് പുറമേ, ഇനിപ്പറയുന്ന നാല് പ്രോജക്ടുകളും കെഎസ്ഇബിഎല്ലിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതികളാണ്.

## ഇ–മൊബിലിറ്റി

ഇ–മൊബിലിറ്റി നയം പ്രഖ്യാപിച്ച ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ആദ്യത്തേതാണ് കേരള സംസ്ഥാനം. സംസ്ഥാനത്തൊട്ടാകെ ഇ–വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ വിന്യസിക്കുന്നത്

ഉറപ്പാക്കുന്നതിന് കെ.എസ്.ഇ.ബിയെ സ്റ്റേറ്റ് നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. 8.2 കോടി രൂപ സംസ്ഥാന ധനസഹായത്തോടെ, സംസ്ഥാന വ്യാപകമായി ഇ-വാഹനങ്ങൾക്ക്ചാർജിംഗ് സൗകര്യം ഉറപ്പ് വരുത്തുന്നതിനായി എല്ലാ ജില്ലകളിലുമായി 32 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കെ.എസ്. ഇ.ബി.എൽ പദ്ധതിയിട്ടിട്ടുണ്ട്. ഇതിൽ 6 സ്റ്റേഷനുകൾ പൂർത്തിയായി, ബാക്കി സ്റ്റേഷനുകൾക്കുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഹെവി ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ്, ഫാസ്റ്റർ അഡോപ്ഷൻ, മാനുഫാക്ചറിംഗ് ഓഫ് ഇലക്ട്രിക് വെഹിക്കിൾസ് (ഫെയിം-ഇന്ത്യ) ഫേസ് -2 സ്കീം മുഖേനയുള്ള കേന്ദ്ര ധനസഹായത്തിൽ, ഏഴ് നഗരങ്ങളിൽ 30 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നു. ഒക്ടോബർ 15, 2020 വരെ കേന്ദ്ര സർക്കാർ 181 സ്റ്റേഷനുകൾ കൂടി അനുവദിച്ചു. ഈ 181 സ്റ്റേഷനുകളുടെ സ്ഥാപനം 2022 മാർച്ചോടെ പൂർത്തിയാക്കേണ്ടതുണ്ട്.

## കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ)

30,000 സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ചെലവ് കുറഞ്ഞതും അതിവേഗത്തിലുള്ളതുമായ ഇന്റർനെറ്റ് കണക്ഷനുകളും 20 ലക്ഷം ബിപിഎൽ കുടുംബങ്ങൾക്ക് സൗജന്യ ഇൻറർനെറ്റ് സൗകര്യവും ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തുടനീളം ഒരു വൈഡ് ഏരിയ നെറ്റ്‌വർക്ക് നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 49: 49: 2 എന്ന അനുപാതത്തിൽ കെഎസ്ഇബിഎൽ, കെഎസ് ഐടിഐഎൽ, സംസ്ഥാന സർക്കാർ എന്നിവയുടെ ഇക്വിറ്റി പങ്കാളിത്തത്തോടെ പ്രത്യേക ഉദ്ദേശ്യ വാഹനം (എസ്പിവി) നെറ്റ്‌വർക്കിന്റെ നടപ്പാക്കലും പരിപാലനവും നടത്തും. കെഎസ്ഇബിഎല്ലിന് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾക്കൊപ്പം, ഈ പദ്ധതി കെഎസ്ഇബിഎൽ ന്റെ എല്ലാ ഓഫീസുകളിലേക്കും ഹൈ സ്പീഡ് ഇൻറർനെറ്റ് കണക്റ്റിവിറ്റി ഉറപ്പാക്കുന്നു. വിതരണ നിരയിൽ (47,289 കിലോമീറ്റർ) പോൾ വാടകയും 4 ഫൈബറുകളും കെഎസ്ഇബിക്ക് സൗജന്യമായി ലഭിക്കും. കൺട്രോൾ ആൻഡ് പ്രൊട്ടക്ഷൻ, സ്മാർട്ട് ഗ്രിഡുകൾ, സ്മാർട്ട് മീറ്ററുകൾ, ഇന്റർനെറ്റ് ഓഫ് തിംഗ്സ് എന്നിവയ്ക്കുള്ള അധിക ഡാറ്റാ ആശയവിനിമയ ആവശ്യകതകൾ ഇത് നിറവേറ്റും. സൃഷ്ടിച്ച ആസ്തികൾ കെഎസ്ഇബിഎല്ലിന് നിക്ഷിപ്തമായിരിക്കും.

രണ്ട് പാക്കേജുകളിലാണ് പ്രവർത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നത്. കിഫ്ബിയുമായി കരാറിൽ ഏർപ്പെട്ട തുകയായ (പിഎസി) 1,028.2 കോടി രൂപയുള്ള കെ-ഫോൺ പ്രവർത്തികൾ പാക്കേജ് - എയിലും പി.എസ്.ഡി.എഫ്. ഫണ്ടിൽ പി.എ.സി. തുകയായ 99.2 കോടി രൂപയുള്ള , വിശ്വസനീയമായ കമ്മ്യൂണിക്കേഷൻ ആൻഡ് ഡാറ്റാ അക്വിസിഷൻ നെറ്റ്‌വർക്ക് (ആർസി & ഡിഎ നെറ്റ്‌വർക്ക് ) പാക്കേജ് - ബിയിലും ആണ്. ഏഴ് വർഷത്തേക്ക് പാക്കേജ് എ, ബി എന്നിവയുടെ ഒ.പി.ഇ.എക്സ്. 363.42 കോടി രൂപയാണ്

സെപ്റ്റംബർ 30, 2020 ലെ പുരോഗതി താഴെ കൊടുത്തിരിക്കുന്നു:

- എൻഒസി ഇതര ഐടി- 85 ശതമാനം പൂർത്തിയായി.
- ഡിആർ ഐടി -50 ശതമാനം പൂർത്തിയായി.
- പോയിന്റ് ഓഫ് പ്രെസെൻസ് (പിഒപി) - 119/375 പിഒപികൾക്കായി സിവിൽ ഫൌണ്ടേഷൻ പ്രവർത്തനങ്ങളും 85/375 പിഒപികൾക്കായി പ്രീഫാബ് സ്ഥാപിക്കലും പൂർത്തിയായിട്ടുണ്ട്.
- ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ (ഒപിജിഡബ്ല്യൂ) - 42.511 / 2600.066 KM പൂർത്തിയായി.
- എല്ലാ ഡൈലെക്ട്രിക് സെൽഫ് സപ്പോർട്ടിംഗ് കേബിൾ - 5535/35000 കിലോമീറ്റർ പൂർത്തിയായി.

## എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇആർപി)

ബിസിനസ്സ് മാനേജുചെയ്യുന്നതിനും അക്കൗണ്ടിംഗ്, മെറ്റീരിയൽ മാനേജുമെന്റ്, മാനവ വിഭവശേഷി എന്നിവയുമായി ബന്ധപ്പെട്ട നിരവധി ബാക്ക് ഓഫീസ് പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുന്നതിനും സംയോജിത ആപ്ലിക്കേഷനുകളുടെ ഒരു സിസ്റ്റം ഉപയോഗിക്കാൻ ഇആർപി അനുവദിക്കും. ഐപിഡിഎസിന് കീഴിലുള്ള കേന്ദ്ര സ്പോൺസേർഡ് പദ്ധതിയായാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. പവർ ഫിനാൻസ് കോർപ്പറേഷന് ഇആർപി പ്രോജക്ട് പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. ആദ്യ ഗഡുവായി അനുവദിച്ച 42.64 കോടി രൂപയിൽ (60 ശതമാനം ഗ്രാന്റ് ) 6 കോടി രൂപയും ലഭിച്ചു. ഇആർപി നടപ്പാക്കൽ 2020 ഓഗസ്റ്റിൽ പൂർത്തിയായേക്കുമായിരുന്നെങ്കിലും 2021 മാർച്ച് വരെ എക്സ്റ്റൻഷൻ പിഎഫ്സി നൽകിയിട്ടുണ്ട്. ഇആർപി സോഫ്റ്റ്‌വെയർ വീട്ടിൽ വികസിപ്പിച്ചെടുക്കുന്നു, പുരോഗതി ഇപ്രകാരമാണ്:

- പ്രോജക്ട് പ്ലാൻ അന്തിമമാക്കുകയും സമയപരിധി അനുസരിച്ച് വികസന ടീം രൂപീകരിക്കുകയും ചെയ്തു.
- നവംബർ 2020 മുതൽ യുഎടി ആരംഭിക്കും.
- കോഡിംഗ് സെപ്റ്റംബർ 30, 2019 മുതൽ ആരംഭിച്ചു, ചില വിടവുകളൊഴികെ ഇത് അവസാന ഘട്ടത്തിലാണ്. കോവിഡ് -19 നിയന്ത്രണങ്ങൾ മൂലമാണ് കാലതാമസം നേരിട്ടത്.
- മൊഡ്യൂൾ തിരിച്ചുള്ള നടപ്പാക്കലിനായി തിരയുകയും ഡിസംബർ 2020 മുതൽ സംഭരണ മൊഡ്യൂൾ ആരംഭിക്കാൻ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.

## കമ്മ്യൂണിക്കേറ്റിംഗ് ഫോൾട് പാസ് ഡിറ്റക്ടേർസ് (സി എഫ് പി ഡി)

കെഎസ്ഇബിയുടെ ജീവനക്കാർ, ഇൻ-ഹൗസ് ഗവേഷണത്തിനുശേഷം, വളരെ ഉപയോക്തൃ സൗഹൃദമായ ചെലവ് കുറഞ്ഞ കമ്മ്യൂണിക്കേറ്റിംഗ് ഫോൾട് പാസ് ഡിറ്റക്ടറുകൾ വികസിപ്പിച്ചു. 2022 നകം 16,267 പ്ലസ് സിഎഫ്പിഡികളെ എച്ച്ടി നെറ്റ്‌വർക്കിൽ വിന്യസിക്കാൻ കെഎസ്ഇബിഎൽ ഉദ്ദേശിക്കുന്നു. സെപ്റ്റംബർ 30, 2020 തീയതിയിലെ പുരോഗതി ഇപ്രകാരമാണ്:

- ഇതുവരെ 3255 യൂണിറ്റുകൾ കൂട്ടിച്ചേർക്കുകയും വിതരണം ചെയ്യുകയും ചെയ്തു, അതിൽ 2,564 യൂണിറ്റുകൾ ഒക്ടോബർ 06, 2020 ഓടെ സ്ഥാപിച്ചു. ഇൻസ്റ്റാൾ ചെയ്ത മൊത്തം 801 യൂണിറ്റുകളിൽ തകരാറുണ്ട്.
- സിഎഫ്പിഡികൾക്കായി ഫീൽഡ് ലെവൽ മെയിന്റനൻസ് സഹായത്തിനായി സിസ്റ്റം സൂപ്പർവൈസർമാരുടെ പരിശീലനം പൂർത്തിയായി.

## കേന്ദ്ര സർക്കാർ പദ്ധതികൾ

കേരളത്തിൽ നടപ്പിലാക്കുന്ന, കേന്ദ്ര സർക്കാരിന്റെ പ്രധാനപ്പെട്ട ഊർജ്ജമേഖല പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ വിശദീകരിച്ചിരിക്കുന്നു.

## ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജന (യുഡിഎഐ)

വൈദ്യുതി വിതരണ കമ്പനികളുടെ (ഡിസ്കോം) സാമ്പത്തിക മാറ്റവും പുനരുജ്ജീവനവും ലക്ഷ്യംവച്ച് ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച പാക്കേജാണ് ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജന. കേരള സർക്കാരും കെഎസ്ഇബിഎല്ലും മാർച്ച് 15, 2017 ന് കേന്ദ്ര ഗവൺമെന്റുമായി ധാരണാപത്രം ഒപ്പിട്ടു. കെഎസ്ഇബിഎല്ലിന്റെ ആഭ്യന്തര കാര്യക്ഷമത മെച്ചപ്പെടുത്തലാണ് ധാരണാപത്രം ഒപ്പിട്ടതിന്റെ ഉദ്ദേശ്യം. ധാരണാപത്രത്തിൽ സാമ്പത്തിക സഹായമൊന്നും ഉൾപ്പെടുത്തിയിട്ടില്ല. സ്മാർട്ട് മീറ്റർ ഇൻസ്റ്റാളേഷൻ, ഇആർപി, റൂറൽ ഫീഡർ ഓഡിറ്റ് എന്നിവ ഒഴികെയുള്ള പ്രധാനപ്പെട്ട പ്രവർത്തന ലക്ഷ്യങ്ങൾ കെഎസ്ഇബിഎൽ നേടിയിട്ടുണ്ട്. ഇആർപി വികസിപ്പിക്കുന്നത് കോഡിംഗ് ഘട്ടത്തിലാണ്. കൂടാതെ, ഗ്രാമീണ ഫീഡറുകളുടെ ഫീഡർ മോണിട്ടറിംഗ് പൂർത്തിയായിട്ടുണ്ട്. തീയതി പ്രകാരം സ്മാർട്ട് മീറ്ററിംഗ് നടപ്പാക്കേണ്ടതില്ലെന്ന് നയപരമായ തീരുമാനം കെഎസ്ഇബിഎൽ എടുത്തിട്ടുണ്ട്.

## ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)

ഗ്രാമീണ വൈദ്യുതീകരണത്തിനും ഉപ പ്രസരണ, വിതരണ ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഗ്രാമീണ മേഖലകൾക്കായി (വിതരണ ട്രാൻസ്ഫോർമറുകൾ, ഫീഡറുകൾ, ഉപഭോക്താക്കൾ എന്നിവിടങ്ങളിലെ മീറ്ററിങ് ഉൾപ്പെടെ) കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ). ഡി.ഡി.യു.ജി.ജെ.വൈ നടപ്പിലാക്കുന്നതിന്റെ സാമ്പത്തികവും ഭൗതികവുമായ പുരോഗതിയുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.11** – ൽ കാണിച്ചിരിക്കുന്നു. സമാപന റിപ്പോർട്ട് ആർഇസി യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## പ്രധാനമന്ത്രി സഹജ് ബിജിലി ഹർ ഘർ യോജന–"സൗഭാഗ്യ"

ഗ്രാമപ്രദേശങ്ങളിലെ എല്ലാ വീടുകൾക്കും (എപിഎല്ലും ദരിദ്ര കുടുംബങ്ങൾക്കും) നഗരപ്രദേശങ്ങളിലെ ബിപിഎൽ കുടുംബങ്ങൾക്കും സിംഗിൾ പോയിൻറ് വയറിംഗ് ഉൾപ്പെടെ സൗജന്യ വൈദ്യുതി കണക്ഷൻ സൗഭാഗ്യയിൽ വിഭാവന ചെയ്തിരിക്കുന്നു. സൗഭാഗ്യയ്ക്ക് കേരളത്തിന് അനുമതി ലഭിച്ചില്ല. 2018 ലെ വെള്ളപ്പൊക്കത്തിൽ വൈദ്യുതീകരിക്കപ്പെട്ട 3,19,171 വീടുകളെ വീണ്ടും നന്നാക്കുന്നതിന് 95.75 കോടി രൂപ (സംസ്ഥാന നികുതി കുറച്ച്, മൊത്തം തുക 88.45 കോടി രൂപ) കേരളത്തിന് അനുവദിച്ചു. ഇതിൽ 54.59 കോടി രൂപ ലഭിച്ചു. സൗഭാഗ്യയുടെ സമാപന റിപ്പോർട്ട് ആർഇസി യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## സംയോജിത വൈദ്യുതി വികസന പദ്ധതി–ഐപിഡിഎസ്

സബ് ട്രാൻസ്മിഷൻ, വിതരണ ശൃംഖലകൾ, വിതരണ ട്രാൻസ്ഫോർമറുകൾ, ഫീഡറുകൾ, നഗര പ്രദേശങ്ങളിലെ ഉപഭോക്താക്കൾ എന്നിവ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ 25 വിതരണ സർക്കിളുകളിൽ ഐപിഡിഎസ് ഘട്ടം –1 നടപ്പാക്കി. പിഎഫ്സി ലിമിറ്റഡിന് സമർപ്പിക്കുന്നതിന് 25 സർക്കിളുകൾക്കായുള്ള ഐപിഡിഎസ് (സിസ്റ്റം ശക്തിപ്പെടുത്തൽ) പൂർത്തിയാക്കാൻ പുരോഗമിക്കുന്നു.

ഐടി ഭാഗത്തിന്റെ പുരോഗതി ഇപ്രകാരമാണ്:

- **ഐ.പി.ഡി.എസി. ന് കീഴിലുള്ള രണ്ടാം ഘട്ട ഐടി നടപ്പാക്കൽ** – 21 പട്ടണങ്ങൾ ഉൾക്കൊള്ളുന്ന 22.86 കോടി രൂപയ്ക്ക് ഡിപിആർ ഫെബ്രുവരി 20, 2017 ന് അനുവദിച്ചു. 21 നഗരങ്ങളിലും റിംഗ് ഫെൻസിംഗ് പോലുള്ള അനുബന്ധ പ്രവർത്തനങ്ങളുടെ നടപ്പാക്കൽപൂർത്തിയായി. ബോർഡർ മീറ്ററുകളിൽ 367 മോഡമുകളും 21

നഗരങ്ങളിലെ ഫീഡർ മീറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. മോഡമുകൾ സെൻട്രൽ സെർവറുമായി ആശയവിനിമയം നടത്തുന്നു. നിലവിലുള്ള ആർഎപിഡിആർപി ആപ്ലിക്കേഷനുകളുമായി സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളുടെ സംയോജനം പുരോഗമിക്കുന്നു.

- **ഐപിഡിഎസിന് കീഴിലുള്ള നോൺ–** എസ്‌സിഎഡിഎ ടൗണുകൾക്കായുള്ള റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം (ആർടി–ഡിഎഎസ്) –ആർടി–ഡിഎഎസ് നടപ്പിലാക്കുന്നതിനുള്ള ടെൻഡർ ക്ഷണിക്കുന്ന അറിയിപ്പ് ജൂലൈ 09, 2019 ന് പ്രസിദ്ധീകരിച്ചു. സാങ്കേതിക മൂല്യനിർണ്ണയത്തിന് ഒരു ബിഡ്ഡർ മാത്രമേ യോഗ്യത നേടിയിട്ടുള്ളൂ എന്നതിനാൽ, റീടെൻഡറിങ് നടത്തി. ഇപ്പോൾ സ്വീകാര്യത കത്ത് മെസ്സേർസ് സ്കോപ്പ് ടിഎൻഎം പ്രൈവറ്റ് ലിമിറ്റഡ് ന് ജൂൺ 11, 2020 –ൽ നൽകി.
- **ഐപിഡിഎസിന് കീഴിലുള്ള ഇആർപി നടപ്പാക്കൽ** –ഫ്ലാഗ്ഷിപ്പ് പ്രോജെക്ടുകളിലുൾപ്പെട്ട ഇആർപി കാണുക
- **ഐപിഡിഎസിന് കീഴിലുള്ള ഉദയ് സ്‌കീമിൽ പങ്കെടുക്കുന്ന സംസ്ഥാനങ്ങൾക്കായി സ്മാർട്ട് മീറ്റർ നടപ്പാക്കൽ** – ഇപ്പോൾ കെഎസ്ഇബിഎൽ സ്മാർട്ട് മീറ്ററിംഗുമായി മുന്നോട്ട് പോകേണ്ടെന്ന് തീരുമാനിച്ചു.
- **ആർഎപിഡിആർപി ഭാഗം എ** –എസ്‌സിഎഡിഎ /ഡിഎംഎസ് പ്രോജക്റ്റ് . തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് നഗരങ്ങളിലും എസ്‌സിഎഡിഎ ഭാഗം എയുടെ ഇൻസ്റ്റലേഷൻ പൂർത്തിയായി. മൂന്നാം കക്ഷി പരിശോധന പൂർത്തിയായി. പാർട്ട്– ബി പ്രവൃത്തികൾ മാർച്ച് 31, 2018 ന് പൂർത്തിയായി. പദ്ധതി സമാപനം 2018 ജൂൺ മാസത്തിൽ നടന്നു.
- **ബിഗ് ഡാറ്റ അനലിറ്റിക്സ്**– കെഎസ്ഇബിയുടെ കോർ ആപ്ലിക്കേഷനുകളിൽ നിന്ന് വലിയ അളവിലുള്ള അസംസ്കൃത ഡാറ്റയെ വിശകലന ആവശ്യത്തിനായി ഒരു വിജ്ഞാന അടിത്തറയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ ബിഗ് ഡാറ്റ അനലിറ്റിക്സിനായി ഒരു സിസ്റ്റം വികസിപ്പിക്കാൻ വിഭാവനം ചെയ്യുന്നു.
- **സൈബർ സുരക്ഷാ പദ്ധതികൾ** –സൈബർ സുരക്ഷാ ഉപദേഷ്ടാവിന്റെ ഹാൻഡ്‌ഹോൾഡിംഗ് പിന്തുണയോടെ ഇനിപ്പറയുന്ന പ്രോജക്ടുകൾ കെഎസ്ഇബിഎല്ലിൽ നടപ്പിലാക്കും
  1. ഓർഗനൈസേഷന്റെ മൊത്തത്തിലുള്ള ഐടി സുരക്ഷാ ലാൻഡ്സ്കേപ്പ് മെച്ചപ്പെടുത്തുന്നതിനായി വിവിധ നൂതന സൈബർ സുരക്ഷാ നടപടികൾ നടപ്പിലാക്കുക
  2. ഡാറ്റാ സെന്റർ / ഡിആർ സെന്ററിനായി ഐഎസ്ഒ സർട്ടിഫിക്കേഷൻ ലഭിക്കുക.
- കെ ഫോൺ പ്രോജക്റ്റ്– ഫ്ലാഗ്ഷിപ്പ് പ്രോജെക്ടുകളിലുൾപ്പെട്ട കെ ഫോൺ കാണുക.

## പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്തഹാൻ മഹാഭിയാൻ (പിഎം കുസും)

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി തരിശായ കാർഷിക ഭൂമി വിനിയോഗിക്കുക, വൈദ്യുതി ഉൽപാദനത്തിൽ നിന്ന് കർഷകർക്ക് സ്ഥിരമായ വരുമാനം നൽകുക, കാർഷിക പമ്പുകൾ സൗരവത്കരിക്കുക എന്നിവ ഗ്രിഡിൽ നിന്നുള്ള വൈദ്യുതി ഉപയോഗം കുറയ്ക്കുകയും സബ്സിഡികളുടെ രൂപത്തിൽ സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായം കുറയ്ക്കുകയും ചെയ്യും. പിഎം–കുസും പദ്ധതിയുടെ ഘടകം – എയിൽ എംഎൻആർഇ 10 മെഗാവാട്ട് സോളാർ പ്ലാന്റുകൾ സംസ്ഥാനത്തിന് അനുവദിച്ചു. കെഎസ്ഇബിഎൽ ഈ പദ്ധതി നടപ്പിലാക്കുകയും ഭൂവുടമകൾക്കായി രണ്ട് മോഡലുകൾ മുന്നോട്ട് വയ്ക്കുകയും ചെയ്തു .ആദ്യത്തേത് പാട്ടത്തിനെടുത്ത് പാനലുകൾ സ്ഥാപിക്കുന്ന ലീസ് മോഡൽ (ഇപിസി / റെസ്കോ രീതി). രണ്ടാമത്തേത് ഭൂവുടമകൾ തന്നെ നിക്ഷേപം നടത്തുന്ന നിക്ഷേപ മോഡൽ (പിപിഎ രീതി). പങ്കെടുത്തവരിൽ 169 പേർ പിഎം കുസുമിൽ രജിസ്റ്റർ ചെയ്തു. വിശദമായ സർവേ പൂർത്തിയാക്കുകയും, രണ്ട് മോഡലുകളിലുമായി 10 മെഗാവാട്ട് പ്ലാന്റുകൾക്ക് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുകയും ചെയ്തു. നിക്ഷേപ മോഡലിൽ അപേക്ഷകരുമായി ആദ്യം ചർച്ച ആരംഭിക്കുകയും, പദ്ധതി എത്രയും വേഗം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഘടകം–സിയിൽ, 7.5 എച്ച്പി വരെ വ്യക്തിഗത പമ്പ് ശേഷിയുള്ള 10 ലക്ഷം ഗ്രിഡ് കണക്റ്റഡ് ചെയ്ത കാർഷിക പമ്പുകളുടെ സോളറൈസേഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. സോളറൈസേഷന്റെ ചിലവിന്റെ 30 ശതമാനം വരെ കേന്ദ്ര സർക്കാർ ധനസഹായം നൽകുകയും 30 ശതമാനം സംസ്ഥാന സർക്കാരും ബാക്കി ഗുണഭോക്തൃ കൃഷിക്കാരൻ വഹിക്കേണ്ടിയും വരും. ഗ്രിഡ് കണക്റ്റഡ് ചെയ്ത പമ്പുകളുടെ സോളറൈസേഷൻ നടപ്പിലാക്കാൻ അനെർട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഇന്ത്യയുടെ സോളാർ ട്രാൻസ്ഫിഗറേഷനായി സുസ്ഥിര മേൽക്കൂര നടപ്പാക്കൽ (എസ്. ആർ. ഐ. എസ്. റ്റി. ഐ.)

പവർ ഡിസ്ട്രിബ്യൂട്ടിംഗ് കമ്പനികൾ (ഡിസ്കോംസ്) നിർവ്വഹണ ഏജൻസികളായി മൊത്തം 11,814 കോടി രൂപയുടെ കേന്ദ്ര സാമ്പത്തിക സഹായത്തോടെ 2022 ആകുമ്പോഴേക്കും മേൽക്കൂര സോളാർ (ആർടിഎസ്) പദ്ധതികളിൽ നിന്ന് 40,000 മെഗാവാട്ട് സഞ്ചിതശേഷി കൈവരിക്കാനുള്ള ലക്ഷ്യത്തോടെ ഇന്ത്യാ ഗവൺമെന്റ്, രണ്ടാം ഘട്ട ഗ്രിഡ് കണക്റ്റഡ് ചെയ്ത മേൽക്കൂര സോളാർ പ്രോഗ്രാം നടപ്പാക്കും. 10 കിലോവാട്ട് പ്ലാന്റുകൾ വരെ റെസിഡൻഷ്യൽ മേഖലയ്ക്ക് കേന്ദ്ര സാമ്പത്തിക സഹായം/സബ്സിഡി ലഭിക്കും. ഈ സബ്സിഡി

പദ്ധതിയിൽ 50 മെഗാവാട്ട് സംസ്ഥാനത്തിന് അനുവദിച്ചു. 37.5 മെഗാവാട്ട് ശേഷിയുള്ള പദ്ധതി കെഎസ്ഇബിഎല്ലും ബാക്കി 12.5 മെഗാവാട്ട് ശേഷിയുള്ള പദ്ധതി അനെർട്ടും നടപ്പാക്കും. 2020-21 വർഷത്തേക്ക് 200 മെഗാവാട്ട് അധികമായി സംസ്ഥാനം അഭ്യർത്ഥിച്ചിട്ടുണ്ട്.

## എല്ലാവർക്കും 24 x7 പവർ

കാർഷിക ഉപഭോക്താക്കളടക്കം സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും 24 x7 വൈദ്യുതി വിതരണ നില കേരളം നേടിയിട്ടുണ്ട്. 1,100 അർബൻ ഫീഡറുകളും 640 ഗ്രാമീണ 11 കെവി ഫീഡറുകളും ദേശീയ പവർ പോർട്ടലുമായി (എൻപിപി) ബന്ധിപ്പിച്ചിരിക്കുന്നു, അവ മോണിറ്റർ ചെയ്യാനും കഴിയും

## ഉന്നത് ജ്യോതി ബൈ അഫൊർഡബിൾ എൽ.ഇ.ഡി ഫോർ ഓൾ (യു.ജെ.എ.എൽ.എ)

2020 ജൂൺ മാസത്തോടെ രാജ്യത്ത് 770 ദശലക്ഷം ഇൻകാൻഡസെന്റ് ബൾബുകൾ മാറ്റി പകരം എൽഇഡി ബൾബുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ ഗാർഹിക ഉപഭോക്താക്കൾക്ക് എൽഇഡി ബൾബുകൾ നൽകുന്നതാണ് ഈ പദ്ധതി. കേരളം ഇതിനകം തന്നെ വീടുകളിൽ 135.6 ലക്ഷം വിളക്കുകൾ മാറ്റി എൽഇഡി ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ നേട്ടം 83.76 ശതമാനമാണ്.

## പെർഫോം അച്ചീവ് ആൻഡ് ട്രേഡ് (പി.എ.ടി)

നാഷണൽ മിഷൻ ഫോർ എൻഹാൻസ്ഡ് എനർജി എഫിഷ്യൻസി (എൻഎംഇഇ) യുടെ കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ ഒരു ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമാണ് പാറ്റ് സ്കീം. ഡിസ്കോമുകളെയും ഉൾക്കൊള്ളുന്ന പാറ്റിന്റെ രണ്ടാമത്തെ സൈക്കിൾ 2016 മാർച്ചിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പാറ്റ് നിയമങ്ങൾ പ്രകാരം എല്ലാ ആവശ്യകതകളും പാലിച്ചിരിക്കുന്നു. പിഎടി സൈക്കിൾ II ന്റെ ഭാഗമായി പിഎടി സ്കീമിൽ പറഞ്ഞിട്ടുള്ള എല്ലാ ആക്ഷൻ പോയിന്റുകളിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കൃത്യവും സമയബന്ധിതവുമായ നേട്ടം ഉറപ്പാക്കിയിട്ടുണ്ട്. വൈദ്യുതി വിതരണ കമ്പനിയെന്ന നിലയിൽ ഊർജ്ജ സംരക്ഷണ നിയമം 2001 ലെ എല്ലാ നിർബന്ധിത വ്യവസ്ഥകളും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും (കെഎസ്ഇബി ലിമിറ്റഡ്) പാലിച്ചിട്ടുണ്ട്.

## സംസ്ഥാന വിഹിതമുള്ള പദ്ധതികൾ

2019-20ലെ സംസ്ഥാന വിഹിതമുള്ള പദ്ധതികളുടെ പുരോഗതി വിശദാംശങ്ങൾ **പട്ടിക11.2.10** -ൽ നൽകിയിരിക്കുന്നു.

## പി.ജി.സി.എൽ അന്തർസംസ്ഥാന പദ്ധതികൾ

പ്രധാന അന്തർസംസ്ഥാന ട്രാൻസ്മിഷൻ പദ്ധതികൾ.

**പുഗലൂർ-തൃശ്ശൂർ എച്ച് വി ഡി സി പദ്ധതി .**
കേരളത്തിലേക്കുള്ള 600 മെഗാവാട്ട് റായ്ഗഡ് -പുഗലൂർ എച്ച്‌വിഡിസി ഇടനാഴിയുടെ വിപുലീകരണമാണ് ഈ പദ്ധതി. 2020 മെയ് മാസത്തിലാണ് റായ്ഗഡ്-പുഗലൂർ ഇടനാഴി ടെസ്റ്റ് ചാർജ് ചെയ്തത്. 153.5 കിലോമീറ്റർ ദൈർഘ്യമുള്ള ഈ 320 കെവി ഡിസി ലൈനിന് കേരളത്തിനുള്ളിൽ 92 കിലോമീറ്റർ ഉണ്ട്. ഇതിൽ 64 കിലോമീറ്റർ വടക്കാഞ്ചേരി വരെ ഓവർഹെഡും ബാക്കി 28 കിലോമീറ്റർ യുജി കേബിളിലൂടെയുമാണ്. ലൈനിന് 2000 മെഗാവാട്ട് ശേഷി ഉണ്ട്. സെപ്റ്റംബർ 30, 2020 ലെ പുരോഗതി ഇപ്രകാരമാണ്.

- 400 കെവി എച്ച്‌വിഡിസി സി തൃശ്ശൂർ സ്റ്റേഷൻ - 95 ശതമാനം പൂർത്തിയായി.
- ട്രാൻസിറ്റ് സ്റ്റേഷൻ വടക്കാഞ്ചേരി - 2020 ഒക്ടോബറോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പട്ടിക 11.2.10** സംസ്ഥാന വിഹിതമുള്ള പദ്ധതികളുടെ പുരോഗതി

| ക്രമ നമ്പർ | പ്രൊജക്റ്റ് | കെഎസ്ഇബിഎൽ ആവശ്യപ്പെട്ട തുക (കോടിയിൽ) | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ചെലവായ തുക (കോടിയിൽ) |
|---|---|---|---|---|
| 1 | ഇആർപി നടപ്പാക്കൽ | 5.68 | 5.68 | 5.68 |
| 2 | സ്മാർട്ട് ഗ്രിഡ് കൊച്ചി | 17.6 | | |
| 3 | ടൈഡൽ ആൻഡ് വേവ് എനർജി | 0.02 | 0.02 | |
| 4 | എസ്റ്റോർട് പ്രൊജക്റ്റ് -എച്ച് വി ഡി എസ് | 0.46 | 0.46 | |
| 5 | എസ്റ്റോർട് പ്രൊജക്റ്റ് - ഡിടിആറിന്റെ ക്രമീകരണം | 0.54 | 0.54 | |
| 6 | ഇടമൺ - കൊച്ചി ..കെ വി ലൈൻ കോമ്പൻസേഷൻ | 3 | | 3 |
| | **ആകെ** | **27.3** | **6.7** | **8.68** |

*അവലംബം: കെ.എസ്.ഇ.ബി.എൽ*

- 320 കെവി എച്ച്‌വിഡിസി –യുജി കേബിൾ വടക്കാഞ്ചേരി – തൃശ്ശൂർ സ്ട്രെച്ച് – 320 കെവി എച്ച്‌വിഡിസി ഒഎച്ച് ഭാഗം പൂർത്തിയാക്കി (ഒഴലപ്പതി മുതൽ വടക്കാഞ്ചേരി വരെ).
- പൂർത്തിയാക്കാനുള്ള 63.641 കിലോമീറ്ററിൽ 12.34 കിലോമീറ്റർ ദൂരം കമ്പി വലിക്കുന്നു.
- 400 കെവി ലിലോ വിഭാഗം (തൃശ്ശൂർ എസ് / എസ് മുതൽ 400 കെവി കൊച്ചി–തൃശ്ശൂർ ലൈൻ വരെ) – പൂർത്തിയായി.

2020 ഡിസംബറോടെ പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഇടമൺ –കൊച്ചി 400 കെവി ലൈൻ.** ഇടമൺ –കൊച്ചി ലൈൻ സെപ്റ്റംബർ 2, 2019 –ൽ ടെസ്റ്റ് ചാർജ് ചെയ്തു. ഈ സ്ട്രെച്ച് പൂർത്തിയാകുന്നതോടെ സംസ്ഥാനത്തിലൂടെയുള്ള ആദ്യത്തെ 400 കെവി വൈദ്യുതി ഹൈവേ, അതായത് തിരുനെൽവേലി–കൊച്ചി– തൃശ്ശൂർ– ഉദുമൽപേട്ട് യാഥാർത്ഥ്യമാകും. ലൈനിന് 800 മെഗാവാട്ട് ശേഷി ഉണ്ട്.

## അണക്കെട്ട് പുനരധിവാസ വികസന പദ്ധതി (ഡ്രിപ്പ്)

കേന്ദ്ര സർക്കാർ മുഖേന ലോക ബാങ്ക് ധന സഹായത്തോടെ സംസ്ഥാനത്തെ നിലവിലുള്ള ഡാമുകളുടെ സുരക്ഷിതത്വവും സ്ഥായിയായ പ്രകടനവും ഘടനാപരമായ കാര്യങ്ങളും മെച്ചപ്പെടുത്തുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ ജിആർ & ആർഡിയുടെ ഒരു സുപ്രധാന പദ്ധതിയാണിത്. ഈ പദ്ധതിയുടെ പൂർത്തീകരണം 2021 മാർച്ചിലേക്ക് നീട്ടി. ഡ്രിപ്പിന്റെ ഘടകങ്ങൾ ഇവയാണ്:

**ഘടകം 1** – 12 ജലവൈദ്യുത പദ്ധതികളിൽപെട്ട 37 ഡാമുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അറ്റകുറ്റപ്പണിയും മെച്ചപ്പെടുത്തലും.
**ഘടകം 2** – സ്ഥാപനപരമായ ശക്തിപ്പെടുത്തൽ.
**ഘടകം 3** – പ്രോജക്ട് മാനേജ്മെന്റ്.

ഘടകം 1, 2 എന്നിവയിൽ 118.80 കോടി രൂപയുടെ സാമ്പത്തിക പുരോഗതി കൈവരിക്കുമെങ്കിലും, 3.2 കോടി രൂപ ടെണ്ടർ ഘട്ടത്തിൽ മാത്രമാണ്. എന്നാൽ ഘടകം 3 ന്റെ പുരോഗതിയിൽ ഇതിനകം 10.8 കോടി രൂപ ചെലവഴിച്ചു. ജൂൺ 30, 20 ന് അവസാനിക്കുന്ന പാദം വരെ ഐയുഎഫ്ആർ കണക്കുകൂട്ടൽ അനുസരിച്ച് എല്ലാ ഘടകങ്ങളിലും ചെലവഴിച്ച മൊത്തം ചെലവ് 102.7 കോടി രൂപയാണ്. ഇന്നുവരെ കേന്ദ്ര ഗവൺമെന്റ് വഴി കേരള സർക്കാരിന് തിരിച്ചുനൽകിയ ക്ലെയിമിന്റെ തുക 99 കോടി രൂപയാണ്. കെ.എസ്.ഇ.ബി.എല്ലിന് കേരള സർക്കാരിൽ നിന്നും ലഭിച്ച തുക 62.8 കോടി രൂപയാണ്.

## ഡ്രിപ്പ് II

നടന്നുകൊണ്ടിരിക്കുന്ന ഡ്രിപ്പ് പ്രോജക്ടുകൾക്ക് അനുസൃതമായി, കേന്ദ്ര വാട്ടർ കമ്മീഷന്റെ സെൻട്രൽ പ്ലാൻ മോണിറ്ററിങ് യൂണിറ്റ്(സിപിഎംയു) ലോക ബാങ്ക് സഹായത്തോടെ രണ്ടാം ഘട്ട ഡ്രിപ്പ് പരിശോധിച്ചു വരുന്നു. കെഎസ്ഇബിഎല്ലിൽ നിന്ന് 70 കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് ഭരണപരമായ അനുമതി ലഭിച്ചിട്ടുണ്ട്. 22.5 കോടി രൂപയുടെ ജോലികൾ ടെൻഡർ ചെയ്തിട്ടുണ്ട്. പെരിങ്ങൽക്കുത്ത് അണക്കെട്ട് ശക്തിപ്പെടുത്തുക, ഇടമലയാർ അണക്കെട്ടിൽ സിസി ലാബ് സ്ഥാപിക്കുക, റോഡ് മെച്ചപ്പെടുത്തുക എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## പവർ മോഷണം

നിയമത്തിന്റെ കർശനമായ നടപ്പാക്കലും സമൂഹത്തിലുള്ള അവബോധവും മൂലം സംസ്ഥാനത്ത് വൈദ്യുതി മോഷണവും ബന്ധപ്പെട്ട തകരാറുകളും വളരെ കുറവാണ്. വൈദ്യുതി ചെറുമോഷണവും ദുരുപയോഗവും കണ്ടെത്തുന്നതിനായി എല്ലാ ജില്ലകളിലും കെഎസ്ഇബിഎല്ലിന് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് (എപിടിഎസ് ) ഉണ്ട്. ഫീൽഡ് സ്റ്റാഫിന് പരിശോധനയ്ക്കായി പ്രതിമാസ ലക്ഷ്യങ്ങളും നൽകുന്നു. 2019–20 കാലയളവിൽ 338 മോഷണക്കേസുകൾ കണ്ടെത്തി, അതിൽ നിന്ന് 2.38 മില്യൺ യൂണിറ്റ് വൈദ്യുതി മോഷണവും ദുരുപയോഗവും നടത്തിയതായി കണക്കാക്കുന്നു. 2019–20 ലെ പരിശോധനയ്ക്കിടെ നടത്തിയ വിലയിരുത്തലിൽ 7.66 കോടി രൂപയുടെ ഊർജ്ജ ചെലവ് കണ്ടെത്തി. 2018–19 മായി താരതമ്യപ്പെടുത്തുമ്പോൾ, കണ്ടെത്തിയ കേസുകളുടെ എണ്ണത്തിൽ 42.61 ശതമാനം വർധനയും കണക്കാക്കിയ മില്യൺ യൂണിറ്റിൽ 114.41 ശതമാനം വർധനവുമുണ്ട്. വിലയിരുത്തലിൽ നിന്ന് കണ്ടെത്തിയ ഊർജ്ജ ചെലവ് 284.92 ശതമാനം വർദ്ധിച്ചു.

## വൈദ്യുത അപകടങ്ങൾ

2019–20 വർഷം അപകട രഹിത വർഷമാക്കാൻ കെഎസ്ഇബിഎൽ ലക്ഷ്യമിടുകയും ലക്ഷ്യം കൈവരിക്കാനുള്ള ശ്രമങ്ങൾ നടന്നു വരികയും ചെയ്യുന്നു. കെഎസ്ഇബിഎൽ ഇൻസ്റ്റലേഷനിൽ നിന്ന് മനുഷ്യർക്ക് 113 മാരകമായ അപകടങ്ങളും മൃഗങ്ങൾക്ക് 39 മാരക അപകടങ്ങളും ഉണ്ടായി. 2018–19 നെ അപേക്ഷിച്ച് മനുഷ്യർക്ക് മാരകമായ അപകടങ്ങളിൽ 8.13 ശതമാനവും മൃഗങ്ങൾക്ക് 30.35 ശതമാനവും കുറവുണ്ടായി. 2019–20 ൽ 185 മാരകമല്ലാത്ത അപകടങ്ങളും മനുഷ്യർക്ക് സംഭവിച്ചു, എന്നാൽ 2018–19 ൽ ഇത് 211 ആയിരുന്നു. ഉപഭോക്തൃ ഇൻസ്റ്റലേഷനുകളിൽ നിന്ന് മനുഷ്യർക്ക് 126 മാരക അപകടങ്ങളും 25 മാരകമല്ലാത്ത അപകടങ്ങളും സംഭവിച്ചു.

## ദുരന്തങ്ങൾ

### പവർ മേഖലയിൽ കോവിഡ് –19 ന്റെ ആഘാതം

2020 മാർച്ച് 24 മുതൽ സർക്കാർ ഏർപ്പെടുത്തിയ ലോക്ക് ഡൗൺ ഊർജ്ജ മേഖലയിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ലോക്ക് ഡൗൺ കാരണം വൈദ്യുതി ഉപഭോഗത്തിൽ ഗണ്യമായ കുറവുണ്ടായി, കൂടാതെ, വിതരണ കമ്പനികൾക്ക് ഉപഭോക്താക്കൾ നൽകാനുള്ള പണം നൽകാൻ കഴിഞ്ഞുമില്ല. വിതരണ കമ്പനികളുടെ പണലഭ്യതാ നിലയെ ഇത് ബാധിക്കുകയും ഉൽപാദന പ്രസരണ കമ്പനികൾക്ക് പണമടയ്ക്കുന്നതിനുള്ള കഴിവ് തടസ്സപ്പെടുത്തുകയും ചെയ്തു.

### കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സുപ്രധാന നയ നടപടികൾ

ചൈനയിലും മറ്റേതെങ്കിലും രാജ്യത്തും നോവൽ കൊറോണ വൈറസ് പടരുന്നതുകാരണം വിതരണ ശൃംഖലകൾ തടസ്സപ്പെടുന്നത് പ്രകൃതിദുരന്തമായി കണക്കാക്കാമെന്നും 'നിയമപരമായി കരാർ ചെയ്യപ്പെട്ട ഒരു കാര്യം ചെയ്യുന്നതിൽ നിന്നും ഒരാളെ തടയുന്ന മുൻകൂട്ടിക്കാണാത്ത സാഹചര്യം'(ഫോഴ്സ് മജ്യൂർ) എന്ന നിലയിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബലപ്രയോഗവും ഉചിതമായ നടപടിയും നടത്താം എന്നും ധനകാര്യ മന്ത്രാലയം ഓഫീസിന്റെ ഫെബ്രുവരി 19, 2020 തീയതിലെ മെമ്മോറാണ്ടം നമ്പർ എഫ് 18/4/2020– പിപിഡി വ്യക്തമാക്കിയിരുന്നു. വിതരണ ലൈസൻസികളുടെ പണലഭ്യത പരിഹരിക്കുന്നതിന്,വിതരണ ലൈസൻസികൾക്ക് വൈദ്യുതി വാങ്ങുന്നതിനായി സ്റ്റേറ്റ് ലോഡ് ഡിസ്പാച്ച് കേന്ദ്രങ്ങൾ ഉറപ്പാക്കിയിരുന്ന 100 ശതമാനം പേയ്മെന്റ് സുരക്ഷ വ്യവസ്ഥയിൽ കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ 27–3–2020 ലെ ഉത്തരവ് നമ്പർ 23/22/2019–ആർ & ആർ പ്രകാരം ഇളവ് നൽകി. ഇളവ് അനുസരിച്ച്, നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബലപ്രയോഗവും ഉചിതമായ നടപടിയും നടത്താം എന്ന സാഹചര്യം(ഫോഴ്സ് മജ്യൂർ) കണക്കിലെടുത്ത്, 30–6–2020 വരെ കരാർ പ്രകാരം പേയ്മെന്റ് സുരക്ഷാ സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടെങ്കിൽപ്പോലും, പേയ്മെന്റ് സുരക്ഷ സ്ഥാപിക്കേണ്ട തുകയുടെ 50 ശതമാനത്തിന് പവർ ഷെഡ്യൂൾ ചെയ്യാമെന്ന് തീരുമാനിച്ചു.

വൈദ്യുതി നിയമത്തിലെ സെക്ഷൻ 107 പ്രകാരം പൊതു താല്പര്യത്തിനായി, നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബലപ്രയോഗവും ഉചിതമായ നടപടിയും നടത്താം എന്ന സാഹചര്യം(ഫോഴ്സ് മജ്യൂർ) കണക്കിലെടുത്ത്, മാർച്ച് 24, 2020 മുതൽ ജൂൺ 30, 2020 വരെയുള്ള കാലയളവിൽ ബിൽ നൽകിയ തീയതി മുതൽ 45 ദിവസങ്ങൾക്കപ്പുറത്തേക്ക് കാലതാമസം നേരിടുന്ന പേയ്മെന്റുകൾക്കായുള്ള ലേറ്റ് പേയ്മെന്റ് സർചാർജ് (എൽപിഎസ്) കുറയ്ക്കുന്നതിന് ഭാരത സർക്കാർ വൈദ്യുതി മന്ത്രാലയം മാർച്ച് 28, 2020 ലെ കത്ത് നമ്പർ 23/22/2019–ആർ & ആർ പാർട്ട് –4 പ്രകാരം കേന്ദ്ര വൈദ്യുതി നിയന്ത്രണ കമ്മീഷന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കുറച്ച എൽപിഎസ് ജൂൺ 30, 2020 വരെയുള്ള കാലയളവിന് ബാധകമാണ്. മാത്രമല്ല, പണമടയ്ക്കൽ വൈകിയതിനാൽ ജനറേറ്റിംഗ് കമ്പനികൾക്കും ട്രാൻസ്മിഷൻ ലൈസൻസികൾക്കും വഹിക്കേണ്ടിവരുന്നതിനേക്കാൾ കൂടുതൽ എൽപിഎസ് ഉണ്ടാകരുതെന്ന് വ്യവസ്ഥ ചെയ്തിരുന്നു. സെക്ഷൻ 63 പ്രകാരം താരിഫ് നിശ്ചയിച്ചിട്ടുള്ള ജനറേറ്റിംഗ് കമ്പനികളുടെയും ട്രാൻസ്മിഷൻ ലൈസൻസികളുടെയും കാര്യത്തിൽ, പിപിഎയിലെ ഫോഴ്സ് മജ്യൂർ വ്യവസ്ഥകൾ അനുസരിച്ച് എൽപിഎസ് നൽകേണ്ട നിരക്കിനെക്കുറിച്ചുള്ള ബാധ്യതകളിൽ നിന്ന് ഡിസ്കോമുകൾക്ക് ആശ്വാസം ലഭിക്കും.

വൈദ്യുതി നിയമത്തിലെ സെക്ഷൻ 108 പ്രകാരം എൽപിഎസിനെ സംബന്ധിച്ച് സമാനമായ അല്ലെങ്കിൽ കൂടുതൽ ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നതിന് വേണ്ട നിർദേശങ്ങൾ ബന്ധപ്പെട്ട സംസ്ഥാന കമ്മീഷനുകൾക്കും വിതരണ കമ്പനികൾക്കും നൽകാനും കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനുപുറമെ, കേന്ദ്രസർക്കാർ മെയ് 15, 2020 ലെ കത്ത് നമ്പർ 11/16 / 2020–Th–II പ്രകാരം കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന് കീഴിലുള്ള എല്ലാ വൈദ്യുതി ഉത്പാദക, പ്രസരണ സിപിഎസ്ഇകൾക്കും എല്ലാ സബ്സിഡിയറി / സംയുക്ത സംരംഭങ്ങളായ വൈദ്യുതി ഉത്പാദക സിപിഎസ്ഇകൾക്കും ഷെഡ്യൂൾ ചെയ്തിട്ടില്ലാത്ത ഊർജ്ജ ശേഷി ചാർജ്ജുകൾ മാറ്റിവയ്ക്കുന്നതിനും ലോക്ക് ഡൗൺ കാലയളവ് അവസാനിച്ചതിന് ശേഷം പലിശയില്ലാതെ മൂന്ന് തുല്യ ഗഡുക്കളായി നൽകുന്നതിനും വിതരണ കമ്പനികൾക്ക് വൈദ്യുതി വിതരണ ബില്ലിനും (നിശ്ചിത ചെലവ്) പിജിസിഐഎൽ ചുമത്തുന്ന അന്തർസംസ്ഥാന ട്രാൻസ്മിഷൻ നിരക്കുകൾകൾക്കും ഏകദേശം 20–25 ശതമാനം വരെ ഇളവ് നൽകാനും ഉപദേശം നൽകി. കോവിഡ്–19 മഹാമാരി കാരണം ലോക്ക് ഡൗൺ കാലയളവിലേക്കുള്ള വൈദ്യുതി ബിൽ അന്തിമ ഉപഭോക്താക്കളിലേക്ക് കൈ മാറുന്നതിനുള്ള ഉപദേശം കേരള സർക്കാരിനെയും ഡിസ്കോമുകളെയും അറിയിച്ചിട്ടുണ്ട്.

ഇതിനുപുറമെ, വൈദ്യുതി മന്ത്രാലയം 10–06–2020 തീയതിയിലെ 11/16 / 2020–Th–II നമ്പർ കത്ത് പ്രകാരം റിബേറ്റ് തുക 50.86 കോടി രൂപയും മാറ്റിവയ്ക്കപ്പെട്ട കപ്പാസിറ്റി ചാർജ് 63.38 കോടി രൂപയുമാണെന്ന് കേരള സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ട്.

## കേരള സർക്കാർ പ്രഖ്യാപിച്ച ദുരിതാശ്വാസങ്ങൾ

ലോക്ക് ഡൗൺ സമയത്ത് നേരിട്ട ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കുന്നതിന് നിരവധി നടപടികൾ കേരള സർക്കാരും പ്രഖ്യാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഏപ്രിൽ 21, 2020 ന് നടത്തിയ വാർത്താ സമ്മേളനത്തിൽ, കെഎസ്ഇബി ലിമിറ്റഡിന്റെ വ്യാവസായിക വാണിജ്യ ഉപഭോക്താക്കൾക്ക് 2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ മാറ്റിവയ്ക്കപ്പെട്ട നിശ്ചിത നിരക്കുകൾ, മാറ്റിവച്ച സ്ഥിരം നിരക്കുകളുടെ 12 ശതമാനം പലിശ നിരക്കിൽ (18 ശതമാനത്തിനുപകരം) ഡിസംബർ 15, 2020 വരെ നൽകുന്ന തിനുള്ള ഓപ്ഷൻ നൽകിയിട്ടുണ്ടെന്ന് പ്രഖ്യാപിച്ചു. പിന്നീട്, സംസ്ഥാന സർക്കാരിന്റെ നിർദേശ പ്രകാരം ഈ സൗകര്യം സ്വകാര്യ ആശുപത്രികൾക്കും അനുവദിച്ചു. ലോക്ക് ഡൗൺ കാലയളവിൽ ആഭ്യന്തര ഉപഭോക്താക്കൾക്കും അവരുടെ ബിൽ തുകയുടെ പകുതി അടയ്ക്കാനും ബാക്കി തുക രണ്ട് തുല്യ തവണകളായി അയയ്ക്കാനും അനുവാദമുണ്ടായിരുന്നു.

## കെഎസ്ഇബിയുടെ സാമ്പത്തിക സ്ഥിതിയിലുണ്ടായ ആഘാതം

കോവിഡ്–19 പാൻഡെമിക് കെഎസ്ഇബി ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചു. മഹാമാരി മൂലം മാർച്ച് 2020 മുതൽ ജൂലൈ വരെയുള്ള കാലയളവിൽ, ചുവടെ സൂചിപ്പിച്ചിട്ടുള്ള ഘടകങ്ങൾ പ്രകാരം, യൂട്ടിലിറ്റിക്ക് ഉണ്ടായ നഷ്ടം ഏകദേശം 1240 കോടി രൂപയാണ് കണക്കാക്കി യിരിക്കുന്നത്.

കെഎസ്ഇബിയുടെ കോവിഡ്–19 ന്റെ സാമ്പത്തിക ആഘാതം **പട്ടിക 11.2.11** –ൽ നൽകിയിരിക്കുന്നു.

## വെള്ളപ്പൊക്കം 2019

2019 ലെ മൺസൂൺ മൂലമുണ്ടായ നാശനഷ്ടങ്ങളിൽ ഭൂരിഭാഗവും വടക്കൻ ജില്ലകളായ പാലക്കാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് എന്നിവിടങ്ങളിലായിരുന്നു. കക്കയത്തിന്റെ മൂന്ന് ജനറേറ്ററുകൾക്കും ഏഴ് ചെറുകിട ജലവൈദ്യുത നിലയങ്ങൾക്കും ബരാപോൾ കനാലിലെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിനും കേടുപാടുകൾ സംഭവിച്ചു. രണ്ട് 220 കെവി സബ്സ്റ്റേഷനുകളും ആറ് 110 കെവി സബ്സ്റ്റേഷനുകളും ഉൾപ്പെടെ 43 സബ്സ്റ്റേഷനുകളുടെ പ്രവർത്തനം തടസ്സപ്പെട്ടു. 2019 ലെ വെള്ളപ്പൊക്കത്തിൽ 50.47 ലക്ഷം ഉപഭോക്താക്കളെ ബാധിച്ചതായി കണക്കാക്കപ്പെടുന്നു. ഈ മഴക്കാലത്ത് കെഎസ്ഇബിഎല്ലിന് 243.05 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു.

## വെള്ളപ്പൊക്കം 2020

ഓഗസ്റ്റിൽ 2020 മൺസൂണിന്റെ ഭാഗമായ കനത്ത മേഘപടലങ്ങളും തുടർച്ചയായ മഴയും വെള്ളം ഒഴുക്കും വലിയ നാശനഷ്ടങ്ങൾക്ക് കരണമായതിന് സംസ്ഥാനം സാക്ഷ്യം വഹിച്ചു. ധാരാളം ഇലക്ട്രിക്കൽ

**പട്ടിക 11.2.11** കെഎസ്ഇബിയുടെ കോവിഡ്–19 ന്റെ സാമ്പത്തിക ആഘാതം
(ജൂലൈ 31, 2020 ൽ കണക്കാക്കിയത് )

| ക്രമ നമ്പർ | ഇനം | ചെലവ് |
|---|---|---|
| 1 | ഊർജ്ജ വിൽപ്പന കുറഞ്ഞതിനാൽ വരുമാനനഷ്ടം | ₹865.13 |
| 2 | കുടുങ്ങിപ്പോയ ജീവനക്കാർക്ക് ഗതാഗതം ക്രമീകരിച്ചതിന് | ₹0.08 |
| 3 | വൈദ്യുതി ചാർജ്ജുകൾ അടയ്ക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള പലിശ എഴുതിത്തള്ളൽ (ആഭ്യന്തരം) | ₹12.28 |
| 4 | ഓൺലൈൻ പേയ്മെന്റിനായി ബാങ്ക് ഇടപാട് ചാർജ്ജുകൾ ആഗിരണം ചെയ്തത് | ₹4.50 |
| 5 | ഓൺലൈൻ ഇടപാട് പ്രോത്സാഹിപ്പിക്കുന്നതിന് ക്യാഷ് ബാക്ക് നൽകിയത് | ₹9.00 |
| 6 | അപേക്ഷാ ഫീസ് എഴുതിത്തള്ളൽ | ₹1.00 |
| 7 | നിശ്ചിത നിരക്കുകൾക്കുള്ള റിബേറ്റ് (വ്യവസായങ്ങൾ / കമ്മീഷൻ സ്ഥാപനങ്ങൾ, പ്രൈവറ്റ് ആശുപത്രികൾ എന്നിവയ്ക്ക് ) | ₹76.62 |
| 8 | മാറ്റിവച്ച നിശ്ചിത നിരക്കുകൾക്കുള്ള പലിശ ഭാരം | ₹3.24 |
| 9 | ആഭ്യന്തര ഉപഭോക്താക്കൾക്കുള്ള അധിക സബ്സിഡി | ₹200.00 |
| 10 | അധിക സുരക്ഷാ നിക്ഷേപം മാറ്റിവച്ചതുമൂലമുള്ള പലിശ ഭാരം | ₹17.00 |
| 11 | കോവിഡ് –19 ദുരിതാശ്വാസ സൗകര്യങ്ങൾ | ₹50.00 |
| 12 | പോൾ റെന്റൽ ചാർജ്ജുകൾ മാറ്റിവച്ചതുമൂലമുള്ള പലിശ ഭാരം | ₹0.20 |
| | **ആകെ** | **₹1239.05** |

*അവലംബം: കെ.എസ്.ഇ.ബി.എൽ*

ഇൻസ്റ്റലേഷനുകൾ മരങ്ങൾ വീണ് തകരുകയും ചില ഇൻസ്റ്റലേഷനുകൾ മണ്ണിടിച്ചിലിലും മഴവെള്ള പാച്ചിലിലും പെട്ട് ഒഴുകിപ്പോകുകയും ചെയ്തു. ഇൻസ്റ്റലേഷനുകൾ പലതും തകരാറിലാകുകയും വിതരണ ശൃംഖലയിൽ വ്യാപകമായ തടസ്സങ്ങൾ ഉണ്ടാകുകയും വഴി വെള്ളപ്പൊക്കം ഏറ്റവും അധികം ബാധിച്ച വകുപ്പുകളിൽ ഒന്നാണ് കെഎസ്ഇബി ലിമിറ്റഡ്. പ്രത്യേകിച്ച് ഇടുക്കി, കണ്ണൂർ ജില്ലകളിലെ നാശനഷ്ടങ്ങൾ ദൂരവ്യാപകമായ തടസങ്ങൾക്ക് കാരണമായി.

വിതരണ ശൃംഖലയിൽ 56 ട്രാൻസ്ഫോർമറുകൾക്കും 8,506 തൂണുകൾക്കും നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു, കൂടാതെ 36,274 സ്ഥലങ്ങളിൽ വിതരണ ലൈൻ സ്നാപ്പിംഗ് മൂലം (7,254.9 കിലോമീറ്റർ നീളം കണ്ടക്ടർ കേടായി) 86.18 കോടി രൂപയുടെ നാശനഷ്ടം കെഎസ്ഇബിഎൽ കണക്കാക്കിയിട്ടുണ്ട്.

## വെള്ളപ്പൊക്കത്തിന് ശേഷം

### അടിയന്തര പ്രവർത്തന പദ്ധതി

സിഡബ്ല്യുസി അംഗീകരിച്ച 37 ഡാമുകളുടെ അടിയന്തര പ്രവർത്തന പദ്ധതി (ടയർ –1) കെഎസ്ഇബി എല്ലിന്റെ വെബ് സൈറ്റിൽ ഈ തീയതി വരെ പ്രസിദ്ധീകരിച്ചു. കെഎസ്ഇബിഎല്ലിന്റെ 24 ഡാമു കൾക്കായുള്ള സ്റ്റേക്ക്ഹോൾഡർ കൺസൾട്ടേഷൻ മീറ്റിംഗ് നടത്തി. സിഡബ്ല്യുസി അംഗീകരിച്ച 36 ഡാമുകൾക്കായുള്ള ഒ & എം മാനുവലുകൾ കെഎസ്ഇബിഎല്ലിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

### ജലസംഭരണികളുടെ മലിനീകരണം

2018 ഓഗസ്റ്റ്, 2019 ഓഗസ്റ്റ് മാസങ്ങളിലെ അഭൂതപൂർവമായ മഴയുടെയും മണ്ണിടിച്ചിലിന്റെയും വെള്ളപ്പൊക്കത്തിന്റെയും വെളിച്ചത്തിൽ, കേരള സർക്കാരിന്റെ അംഗീകൃത സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജ്യറിൽ (എസ്ഒപി) വ്യക്തമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കെഎസ്ഇബിയുടെ ജലസംഭരണികളിൽ നിന്നും ചളി നീക്കം ചെയ്യുന്നതിനുള്ള റിക്വസ്റ്റ് ഫോർ പ്രൊപോസൽ (ആർഎഫ്പി) ക്ഷണിക്കാൻ കെഎസ്ഇബിഎൽ അനുമതി നൽകി. ലോവർ പെരിയാർ റിസർവോയറിന്റെ ഡീസിൽറ്റേഷൻ ജോലികൾ ട്രാവൻകോർ സിമൻറ്സ് ലിമിറ്റഡിന് നൽകി. ഡീസിൽറ്റഡ് മെറ്റീരിയലുകൾ മാറ്റിയിടുന്നതിനായി വനഭൂമി താൽക്കാലികമായി ലഭ്യമാകാഞ്ഞതിനാൽ പണി ആരംഭിക്കാൻ കഴിഞ്ഞില്ല. മട്ടുപ്പെട്ടി, ആനയിറങ്കൽ, പൊൻമുടി, സെൻഗുളം, കല്ലാർക്കുട്ടി ജലസംഭരണികളുടെ കാര്യത്തിൽ സംഭരണ ശേഷി വിലയിരുത്തുന്നതിന് ടെൻഡറുകൾ ക്ഷണിക്കുകയും മംഗലാപുരം, ജിയോ മറൈൻ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിന് സെപ്റ്റംബർ 30, 2020 –ൽ ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകുകയും ചെയ്തു. പെരിങ്ങൽക്കുത്ത് റിസർവോയ റിനായി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന ബാത്ത്മെട്രിക് സർവേ സംഘടിപ്പിച്ചു. കുണ്ടല റിസർവോയർ സംഭരണ ശേഷി അടുത്തിടെ വിലയിരുത്തി, ഡീസിൽറ്റേഷൻ ആവശ്യമില്ല. പ്രധാന ജലസംഭരണികളുടെ സംഭരണ വിലയിരുത്തൽ പഠനം ഡ്രിപ് –2 –ൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

### വെല്ലുവിളികളും പ്രശ്നങ്ങളും

യൂട്ടിലിറ്റി നേരിടുന്ന വെല്ലുവിളികളും പ്രശ്നങ്ങളും ഇവയാണ്:

- **നിയമപരമായ പരിസ്ഥിതി**– വൈദ്യുതി ബിൽ (ഭേദഗതി ബിൽ) 2020 ൽ നിർദ്ദേശിച്ചിട്ടുള്ള വൈദ്യുത മാർക്കറ്റിന്റെ കൂടുതൽ ഉദാരവൽക്കരണം, ഉപഭോക്തൃ അടിത്തറയും യൂട്ടിലിറ്റിയുടെ വരുമാനവും ഗണ്യമായി ഇല്ലാതാക്കുമെന്ന തിരിച്ചറിവാണ് ഓപ്പൺ ആക്സസ് വാഴ്ചയുടെയും വികേന്ദ്രീകൃത പുനരുപയോഗ ഊർജ്ജ തലമുറയുടെയും ഇരട്ട വെല്ലുവിളികളായി കെഎസ്ഇബിഎൽ നേരിടുന്നത്. പുതിയ സബ് ലൈസൻസ് ക്ലോസ് ലാഭ സാധ്യതയുള്ള പ്രദേശങ്ങളിൽ സ്വകാര്യ ലൈസൻസികളെ ഉൾപ്പെടുത്തുന്നതിന് കാരണമായേക്കാം. 2020 ലെ ഡ്രാഫ്റ്റ് ഇലക്ട്രിസിറ്റി (ഉപഭോക്താക്കളുടെ അവ കാശങ്ങൾ) ചട്ടങ്ങളുടെ കാര്യത്തിൽ, ബൾക്ക് പ്രൊപ്പോസൽ ഇതിനകം കെഎസ്ഇബിഎൽ നടപ്പി ലാക്കിയിട്ടുണ്ടെങ്കിലും പ്രീപെയ്ഡ് മീറ്ററിംഗ് പോലുള്ള ചില നിർദേശങ്ങൾക്ക് സാമ്പത്തിക പ്രത്യാഘാ തങ്ങളുണ്ട്. വിതരണ ലൈസൻസുകൾ സ്വകാര്യവൽക്കരിക്കുന്നതിനുള്ള കരട് സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് രേഖകൾ നടപ്പിലാക്കുകയാണെങ്കിൽ അത് സ്വകാര്യവൽക്കരണ പ്രക്രിയയെ സഹായിക്കുകയും, എൻപിവിയിലെ ആസ്തികളുടെ വില പോലുള്ള നിരവധി ഉപ നിബന്ധനകൾ വളരെ കുറഞ്ഞ മൂല്യത്തിൽ സ്വത്ത് കൈമാറ്റം ചെയ്യാൻ അനുവദിക്കുകയും ചെയ്യും. ഈ ഭേദഗതികൾ പൊതുമേഖലയിലെ യൂട്ടിലിറ്റിയുടെ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്നു.

- **പവർ വാങ്ങൽ**– ഊർജ്ജ വാങ്ങൽ ചെലവ് ഏറ്റവും മികച്ച നിലയിൽ നിലനിർത്താൻ കെഎസ്ഇബിഎല്ലിന് കഴിഞ്ഞു. ക്രമാതീതമായ ചെലവ് കാരണം, എൻടിപിസിയുടെ കായംകുളം യൂണിറ്റിൽ നിന്ന് വൈദ്യുതി ആഗിരണം ചെയ്യാൻ കേരളത്തിന് കഴിയുന്നില്ല, എന്നാൽ നിശ്ചിത ചാർജ് നൽകുന്നു. വാർഷിക നിശ്ചിത ചെലവ് കുറച്ചുകൊണ്ടും ഇതര വിലകുറഞ്ഞ

വൈദ്യുതി അധികമായി അനുവദിച്ചുകൊണ്ടും കേരളത്തിന്റെ ബാധ്യത കുറയ്ക്കുന്നത് ഉറപ്പാക്കാൻ വൈദ്യുതി മന്ത്രാലയത്തിന്റെ ഇടപെടൽ അഭ്യർത്ഥിച്ചെങ്കിലും ഇന്നുവരെ ഒരു ഇടപെടലും ഉണ്ടായില്ല. രാജ്യത്തുടനീളം ടിപിഎസിൽ എഫ്ജിഡി, ഡെനോക്സ് ഉപകരണങ്ങൾ സ്ഥാപിച്ചതുമൂലം താപവൈദ്യുതിയുടെ വില വർധിക്കുന്നതും ഡിസ്കോമു കളിലേക്ക് ബാധ്യത കൈമാറുന്നതും ഒരു ഭീഷണിയായി തുടരുന്നു.

- **ജനറേഷൻ**– പരിസ്ഥിതി ഗ്രൂപ്പുകളുടെ എതിർപ്പിനാൽ വലിയ ഹൈഡൽ സ്റ്റേഷനുകളും കൽക്കരി അധിഷ്ഠിത സ്റ്റേഷനുകളും വികസിപ്പിക്കുന്നതിനുള്ള പരിമിതികൾ കാരണം സംസ്ഥാനത്ത് ഉൽപ്പാദന ശേഷി കൂട്ടുന്നത് ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്. സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള തരിശുഭൂമിയുടെ ദൗർലഭ്യം, പരിമിതമായ കാറ്റിന്റെ ഊർജ്ജ സാധ്യത എന്നിവയാണ് പുനരുൽപ്പാതക വൈദ്യുതോർജ്ജം വികസിപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ. പ്രദേശവാസികളുടെ എതിർപ്പുമൂലം മാലിന്യ ഊർജ്ജ നിലയങ്ങൾ പലയിടത്തും പ്രതീക്ഷിച്ചപോലെ ആരംഭിക്കാൻ കഴിഞ്ഞില്ല. **പട്ടിക 11.2.8** –ൽ കാണുന്നത് പോലെ വിവിധ കാരണങ്ങളാൽ നിലവിലുള്ള ജല വൈദ്യുത പദ്ധതികൾ 5 മുതൽ 10 വർഷം വരെ കാലതാമസം നേരിടുന്നു.

- **പ്രസരണം**– വടക്കൻ ഗ്രിഡിൽ നിന്ന് വൈദ്യുതി ഇറക്കുമതി ചെയ്യുന്നതിനുള്ള അപര്യാപ്തമായ വൈദ്യുതി ഇടനാഴികളും ഇന്റർ സ്റ്റേറ്റ് ട്രാൻസ്മിഷൻ ലൈനുകളുടെ അപര്യാപ്തമായ ശൃംഖലയുമാണ് സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ. പുതിയ ട്രാൻസ്മിഷൻ ലൈനുകൾ വലിയ്ക്കുന്നതിനുള്ള വഴിയുടെ അവ കാശത്തിന്റെ പ്രശ്നവും ഭൂമിയുടെ ദൗർലഭ്യവുമാണ് ഇന്റർ സ്റ്റേറ്റ് ട്രാൻസ്മിഷൻ നെറ്റ്‌വർക്ക് വികസനത്തിന് പ്രധാന തടസ്സം. സിഇആർസി (ഇന്റർ–സ്റ്റേറ്റ് ട്രാൻസ്മിഷൻ ചാർജുകളുടെയും നഷ്ടങ്ങളുടെയും പങ്കിടൽ) റെഗുലേഷൻസ് 2020 പ്രകാരം, ബാലൻസ് ഘടകത്തിന് കീഴിലുള്ള എസി ലൈനിന്റെ ട്രാൻസ്മിഷൻ ചാർജുകൾ ഈ ആസ്തി കൂട്ടിച്ചേർക്കലുകൾക്ക് ഉത്തരവാദികളല്ലാത്ത കേരളം പോലുള്ള സംസ്ഥാനങ്ങളിലേക്ക് ഉപയോഗശൂന്യമായ ശേഷിയുടെ ബാധ്യത കൈമാറുന്നതിലേക്ക് നയിക്കും. നിലവിലുള്ള ചാർജുകളുടെ 2–3 ഇരട്ടിയായി സംസ്ഥാനം നൽകേണ്ട ട്രാൻസ്മിഷൻ ചാർജ്ജ് കളിൽ വർധനയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. റായ്ഗഡ് – പുഗലൂർ–മഡക്കത്തറ എച്ച്ഡിവിസി ലൈനിന്റെ കാര്യത്തിൽ, ട്രാൻസ്മിഷൻ ചാർജുകളുടെ 70 ശതമാനം പ്രാദേശിക ഘടകമായി നൽകണം. ലൈനിനെ ദേശീയ ആസ്തിയായി പ്രഖ്യാപിക്കുകയാണെങ്കിൽ, സംസ്ഥാനത്തിന്റെ ഭാരം 30 ശതമാനമായി കുറയ്ക്കാൻ കഴിയും.

- **വിതരണം**– മോശം നെറ്റ്‌വർക്കിംഗ്, പഴയതും നിലവാരം കുറഞ്ഞതുമായ ലൈനുകൾ, മറ്റു ഫീഡിങ് സൗകര്യങ്ങളുടെ അഭാവം, കുറഞ്ഞ എച്ച്ടി / എൽടി അനുപാതം, നിലവാരമില്ലാത്ത ഘടനകൾ എന്നിങ്ങനെ നിരവധി തടസ്സങ്ങൾ നെറ്റ്‌വർക്കിലുണ്ട്. വൈദ്യുത അപകടങ്ങൾ വർദ്ധിക്കുന്നത് നേരിടുന്ന മറ്റൊരു പ്രശ്നമാണ്. വരാനിരിക്കുന്ന ഇ–വാഹനങ്ങളുടെ കുതിച്ചുചാട്ടം, അധിക വൈദ്യുതിയും മതിയായ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചറും ആവശ്യപ്പെടുന്നു. വിതരണ മേഖലയ്ക്കായി പുതിയ കേന്ദ്ര പദ്ധതികൾ പ്രഖ്യാപിക്കാനും നടപ്പാക്കാനുമുള്ള കാലതാമസം സ്വന്തം ഫണ്ട് മൂലധന പ്രവർത്തനങ്ങൾക്കായി വഴിതിരിച്ചുവിടാൻ കെഎസ്ഇബി യെ നിർബന്ധിതമാക്കുന്നു. വിതരണത്തിൽ നഷ്ടം കുറയ്ക്കാനും വിവേകപൂർണമായി വരുമാനം വർദ്ധിപ്പിക്കാനും കഴിയുന്ന കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുകയെന്നത് കെഎസ്ഇബിഎല്ലിന് ഒരു വെല്ലുവിളിയാണ്.

- **കോവിഡ്–19** യൂട്ടിലിറ്റിയിൽ കോവിഡ്–19 ന്റെ സ്വാധീനം കഠിനമാണ്. 'ലിക്വിഡിറ്റി ഇൻഫ്യൂഷൻ സ്കീമുകളാണ് കാലത്തിന്റെ ആവശ്യം. 'ആത്മനിർഭർ ഭാരത് അഭിയാൻ'ന്റെ കീഴിലുള്ള ലിക്വിഡിറ്റി ഇൻഫ്യൂഷൻ സ്കീമുകൾ യുക്തിരഹിതമായ പലിശനിരക്കും സർക്കാർ ഗ്യാരണ്ടി പോലുള്ള നിബന്ധനകളും ഉള്ള ഒരു വായ്പ പാക്കേജ് മാത്രമാണ്. മാത്രമല്ല, ഡിസ്കോമുകളിൽ നിന്ന് കുടിശ്ശിക തീർക്കുന്നതിനായി തുക നേരിട്ട് ജനറേറ്റിംഗ് കമ്പനികളിലേക്ക് കൈമാറാൻ നിർദ്ദേശിക്കുന്ന പദ്ധതി പ്രായോഗികമായി പെട്ടെന്നുള്ള പണമടയ്ക്കൽ നടത്തുന്ന കെഎസ്ഇബി പോലുള്ള യൂട്ടിലിറ്റികൾക്ക് പ്രയോജനകരമല്ല.

## പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ

ഊർജ്ജത്തെ പൊതുവെ പുനരാവർത്തക ഊർജ്ജമെന്നും പുനരാവർത്തിക്കാനാവാത്ത ഊർജ്ജമെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. ലോകത്തിലെ 85 ശതമാനത്തിലധികം ഊർജ്ജം പുനരാവർത്തിക്കാനാവാത്ത സ്രോതസ്സുകളിൽ നിന്നാണ് ലഭിക്കുന്നത്. മിക്ക വികസിത രാജ്യങ്ങളും പുനരാവർത്തിക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകളായ ഫോസിൽ ഇന്ധനങ്ങൾ (കൽക്കരി, എണ്ണ), ആണവോർജ്ജം എന്നിവയെയാണ്

ആശ്രയിച്ചിരിക്കുന്നത്. സൗരോർജ്ജം, ജിയോ തെർമൽ, ജലവൈദ്യുതി, ബയോമാസ്, കാറ്റ് തുടങ്ങിയവ പുനരാവർത്തക ഊർജ്ജസ്രോതസ്സുകളിൽ ഉൾപ്പെടുന്നു. മിക്ക വികസ്വര രാജ്യങ്ങളിലും ധാരാളം പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ ഉണ്ട്.

കേരളത്തിൽ പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ നിയന്ത്രിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് (i) ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്), (ii) എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി), (iii) മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി (എംറ്റിഎസ്എൽ) എന്നീ ഏജൻസികൾ മുഖേനയാണ്.

## ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്)

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ് ഏജൻസി ഫോർ നോൺ കണ്വെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി(അനർട്ട്). സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജപ്രചരണത്തിനും നടപ്പാക്കലിനും അധികാരമുള്ള നോഡൽ ഏജൻസിയാണ് അനർട്ട്. കേരളത്തിൽ കേന്ദ്രസർക്കാർ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജിയുടെ (എം.എൻ.ആർ. ഇ) നോഡൽ ഏജൻസി കൂടിയാണ് ഇത്.
2019-20, 2020-21 (2020 സെപ്റ്റംബർ വരെ) വർഷങ്ങളിൽ അനർട്ടിന്റെ പദ്ധതി വിഹിതവും ചെലവും **പട്ടിക 11.2.12 -ൽ** നൽകിയിരിക്കുന്നു.

## അനർട്ടിന്റെ 2019-20 ലെ നേട്ടങ്ങൾ

- 100 കിലോവാട്ട് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിച്ചു. ഗുരുതരമായ ലോഡുകൾക്ക് ബാക്കപ്പ് നൽകുന്നതിന് കുറഞ്ഞ ബാറ്ററി സംഭരണമുള്ള ഗ്രിഡ് കണക്റ്റുചെയ്ത സിസ്റ്റങ്ങളാണിവ. കെഎസ്ആർസിയുടെ പുതിയ റെഗുലേഷന്റെ റെഗുലേഷൻ പ്രകാരം ബാറ്ററി സംഭരണത്തോടുകൂടിയ ഗ്രിഡ് കണക്റ്റുചെയ്ത സിസ്റ്റങ്ങളെ അനുവദിക്കുന്ന പദ്ധതിയാണിത്. ഉദ്ഘാടനം ഉടൻ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- സർക്കാർ കെട്ടിടങ്ങൾ - അനെർട്ട് പ്ലാൻ ഫണ്ടുപയോഗിച്ച് ആകെ 619 കിലോവാട്ട് ശേഷിയും സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് 1,350 കിലോവാട്ട് ശേഷിയും കമ്മീഷൻ ചെയ്തു,
- എംഎൻആർഇ സബ്സിഡി പദ്ധതി പ്രകാരം (2019 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ) 4.3 മെഗാവാട്ട് സോളാർ മേൽക്കൂര സംവിധാനം നടപ്പാക്കി.
- സോളാർ കോൾഡ് സ്റ്റോറേജ് - 30 മണിക്കൂർ 5 ടൺ പച്ചക്കറി സംഭരിക്കാവുന്ന 6 കിലോവാട്ട് സോളാർ - കോഴിക്കോട് സുബിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് സ്ഥാപിച്ചു.
- സോളാർ വാട്ടർ എടിഎം - 3 കിലോവാട്ട് സോളാർ ഉള്ള 3000 എൽപിഡി ജല ശുദ്ധീകരണ സംവിധാനം - 2 എണ്ണം, ആലപ്പുഴയിലും കണ്ണൂരിലും ഇൻസ്റ്റാൾ ചെയ്തു. ആലപ്പുഴയിലേത് കമ്മീഷൻ ചെയ്തു.
- കമ്മ്യൂണിറ്റി സോളാർ സ്റ്റീം പാചക സംവിധാനം - നേരിയമംഗലം പ്രീ മെട്രിക് ഹോസ്റ്റൽ - 100 അന്തേവാസികൾക്ക് അനുയോജ്യം - 30 ചതുരശ്ര മീറ്റർ സൗരോർജ്ജ കേന്ദ്രീകൃത കളക്റ്ററുകൾ.
- ഗവേഷണ-വികസന നവീകരണങ്ങളെ പിന്തുണയ്ക്കൽ - അനെർട്ട് ധനസഹായം നൽകുന്ന അക്കാദമിക് സ്ഥാപനങ്ങളുടെ

**പട്ടിക 11.2.12** 2019-20, 2020-21 വർഷങ്ങളിൽ അനർട്ടിന്റെ വിഹിതവും ചെലവുകളും (രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതി | വാർഷിക പദ്ധതി 2019-20 | | | വാർഷിക പദ്ധതി 2019-20 | | |
|---|---|---|---|---|---|---|---|
| | | വിഹിതം | ചെലവ് | ശതമാനം | വിഹിതം | 2020 സെപ്റ്റംബർ വരെയുള്ള ചെലവ് | ശതമാനം |
| 1 | പുനരാവർത്തക ഊർജ്ജത്തിലുള്ള പരിപാടികൾ | 3,500 | 478.80 | 13.68 | 2,030.00 | 863.28 | 42.53 |
| 2 | പുനരാവർത്തക ഊർജ്ജ പൊതു സമ്പർക്കം, എത്തിച്ചേരൽ, പഠനങ്ങളും വികസനവും | 1,700 | 582.77 | 34.28 | 400.00 | 270.28 | 67.57 |
| 3 | അനെർട്ട് - പുനരുപയോഗ ഊർജ്ജത്തിനായുള്ള ഒരു നോളഡ്ജ് ഹബ് | | | | 1,750.00 | 0.00 | 0.00 |
| | **ആകെ - അനർട്ട്** | **5,200** | **1,061.57** | **20.41** | **4,180.00** | **1,133.56** | **27.11** |

*അവലംബം : പ്ലാൻസ്പേയ്സ്*

ചെറിയ പ്രോജക്ട്ടുകൾ – ഇന്ധന സെല്ലിലെ ഒരു പ്രോജക്റ്റ് പൂർത്തിയായി.

- ഇ.ഇ.എസ്.എല്ലുമായി സഖ്യത്തിൽ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വാടകയ്ക്ക് ഇലക്ട്രിക് വാഹനങ്ങൾ നൽകുന്നു
- സോളാർ അഗ്രോ ഫാമിംഗ് – വിളകളെ ബാധിക്കാതെ കാർഷിക ഭൂമിയിൽ 25 കിലോവാട്ട് സോളാർ – പാലക്കാട് ചിറ്റൂരിൽ സ്ഥാപിച്ചു
- ഊർജ്ജ മിത്ര ടെക്നീഷ്യൻമാർ, അംഗീകൃത സോളാർ ഇൻസ്റ്റലേഴ്സ്, ഇൻസ്പെക്ടർമാർ എന്നി വർക്കുള്ള പരിശീലനം.

### നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ:

- എറണാകുളം ജില്ലയിലെ പോലീസ് ഡിപ്പാർട്ട്മെന്റ് കെട്ടിടങ്ങൾക്കുള്ള സോളാർ മേൽക്കൂര – 300 കിലോവാട്ടിന് ഓർഡറുകൾ നൽകി.
- അനെർട്ടിൽ സോളാർ ചാർജിംഗ് സ്റ്റേഷൻ (ഫാസ്റ്റ് ചാർജ് സൗകര്യത്തോടെ) പൂർത്തിയായി.
- സ്വകാര്യ സ്ഥാപനങ്ങൾക്കായി പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പരിപാടിയിൽ – മലപ്പുറത്ത് ഒരു ക്വാറിയിൽ 5 മെഗാവാട്ട് സൗരോർജ്ജ നിലയം – ധാരണാപത്രം ഒപ്പിട്ടു.
- മൂന്ന്ഗ്ലിമട – പാലക്കാട് കെഡബ്ല്യൂഎയുടെ ഭൂമിയിലെ 6 മെഗാവാട്ട് സൗരോർജ്ജ നിലയം ടെൻഡർ ഘട്ടത്തിലാണ്.
- അതത് കോളേജുകളുമായി സഹകരിച്ച് കോളേജ് വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടി – ഓൺലൈൻ അടിസ്ഥാന പരിപാടി കുറച്ച് ദിവസത്തിനുള്ളിൽ ആരംഭിക്കും. പുനരുപയോഗ ഊർജ്ജത്തിൽ നൂതന കോഴ്സുകൾക്കായി നിരവധി അഭ്യർത്ഥനകൾ സ്വീകരിച്ചുവരുന്നു.
- എസ്ടിഐസി (കുസാറ്റ്) യുമായി സഹകരിച്ച് സൗരയൂഥങ്ങൾക്കായി സജ്ജീകരിച്ച ടെസ്റ്റിംഗ് ലബോറട്ടറി

### വെല്ലുവിളികളും പ്രശ്നങ്ങളും

- ഭൂമിയുടെ ലഭ്യതയും പ്രവേശനക്ഷമതയും.
- പുനരുപയോഗ ഊർജ്ജ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിഭവ പരിമിതികൾ.
- പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി സംഭരണത്തെക്കുറിച്ച് വ്യക്തമായ നയമൊന്നുമില്ല.
- റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (ആർപിഒ) ടാർഗെറ്റുകൾ പാലിക്കാത്തതും അതിനുള്ള നഷ്ടപരിഹാരവും.
- പുനരുപയോഗ ഊർജ്ജ പ്രോജക്റ്റുകൾക്കായുള്ള എസ്ഒപി യുടെ അഭാവവും വീലിംഗ്, ട്രാൻസ്മിഷൻ ചാർജുകളിൽ ഇളവും.

അനെർട്ടിന്റെ ഭാഗമെന്ന നിലയിൽ ആർപിഒ ലക്ഷ്യങ്ങൾ നിറവേറ്റുന്ന പുനരുപയോഗ ഊർജ്ജ പ്രോജക്ട്ടുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു മുൻഗണനാ താരിഫ് / ജനറേഷൻ അധിഷ്ഠിത ഇൻസെന്റീവ് / എബിലിറ്റി ഗ്യാപ് ഫണ്ടിംഗ് നടത്തുക, ഉപഭോഗം ചെയ്യാനാവാത്ത ഊർജ്ജത്തിന്റെ ഓരോ യൂണിറ്റിനെതിരെയും ഹരിത ഊർജ്ജ സെസ് രൂപത്തിലുള്ള ഒരു പുനരുപയോഗ ഊർജ്ജ ഫണ്ട് രൂപീകരിക്കുക, വീലിംഗ് / ട്രാൻസ്മിഷൻ ചാർജുകൾ പരിമിതപ്പെടുത്തുന്നതിനുള്ള നയങ്ങൾ രൂപപ്പെടുത്തുക, റിന്യൂവബിൾ എനർജി ഗ്രിഡിലേക്കുള്ള സൗരോർജ്ജ ജനറേറ്ററുകളുടെ പരിമിതികൾ പരിഹരിക്കുക, പുനരുപയോഗ ഊർജ്ജ പ്രോജക്ട്ടുകൾക്കായുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ ഉണ്ടാക്കുക, പ്രധാന ആഭ്യന്തര കെട്ടിടങ്ങൾ / വാണിജ്യ വ്യവസായങ്ങൾ എന്നി വയിൽ പുനരുപയോഗ ഊർജ്ജ മാർക്കറ്റിംഗ് നടത്തുക, പുനരുപയോഗ ഊർജ്ജ പ്രോജക്ട്ടുകൾക്കായി വിവിധ മേഖലകളിലെ ഇൻഫ്രാ ഫണ്ടിന്റെ ശതമാനം ഹാൾമാർക്കിംഗ് ചെയ്യുക, പുനരുപയോഗ ഊർജ്ജത്തിന്റെ ഒരു നോളഡ്ജ് ഹബ്

**പട്ടിക 11.2.13** ഇ.എം.സി യുടെ വിഹിതവും ചെലവുകളും 2019 –20, 2020–21 വർഷങ്ങളിൽ (രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതി | വാർഷിക പദ്ധതി 2019–20 | | | വാർഷിക പദ്ധതി 2020–21 | | |
|---|---|---|---|---|---|---|---|
| | | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് സെപ്റ്റംബർ 2020 വരെ | ശതമാനം |
| 1 | സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ | 25.00 | 10.00 | 40.00 | 25.00 | 0.00 | 0.00 |
| 2 | ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ | 312.00 | 175.90 | 56.38 | 228.00 | 0.00 | 0.00 |
| 3 | പശ്ചാത്തല വികസനവും സ്ഥാപനം ശക്തിപ്പെടുത്തലും | 361.00 | 149.96 | 41.54 | 295.00 | 0.00 | 0.00 |
| 4 | കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി | 185.00 | 153.50 | 82.97 | 215.00 | 0.00 | 0.00 |
| | **ആകെ – ഇ എം സി** | **883.00** | **489.36** | **55.42** | **763.00** | **0.00** | **0.00** |

*അവലംബം : പ്ലാൻസ്പേയ്സ്*

എന്ന രീതിയിൽ അനെർട്ടിനെ റീ ഓറിയന്റ് ചെയ്യുക എന്നിവ പരിഗണിക്കപ്പെടേണ്ടതാണ്.

### എനർജി മാനേജ്മെന്റ് സെന്റർ– കേരള (ഇ.എം.സി)

സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണം– പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും 2001 ലെ ഊർജ്ജ സംരക്ഷണ നിയമം നടപ്പാക്കുന്നതിനും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സംസ്ഥാന അംഗീകൃത ഏജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ (ഇ എം സി). സ്മോൾ/ മിനി/ മൈക്രോ ജല വൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതും ഇ എം സി ആണ്. സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനത്തിന് പ്രചോദനം നൽകുന്നതിനായി സംസ്ഥാന സർക്കാർ വൈദ്യുതി വകുപ്പിന് കീഴിൽ രൂപീകരിച്ച എസ്.എച്ച്.പി.സെൽ ഇ.എം.സിയുമായി ചേർന്ന് പ്രവർത്തിക്കുന്നു. 2019 –20, 2020–21 എന്നീ വർഷങ്ങളിലെ ഇ.എം.സി– യുടെ വിഹിതവും ചെലവുകളും (സെപ്റ്റംബർ 2020 വരെ) **പട്ടിക 11.2.13** –ൽ ചേർത്തിരിക്കുന്നു

## എനർജി മാനേജ്മെന്റ് സെന്ററിന്റെ നേട്ടങ്ങൾ

### അവാർഡുകളും അംഗീകാരങ്ങളും

- നീതി ആയോഗ് ബിഇഇയുടെ പിന്തുണയോടെ 2019 ൽ സംസ്ഥാന ഊർജ്ജ കാര്യക്ഷമത തയ്യാറെടുപ്പ് സൂചിക തയ്യാറാക്കിയതിൽ ഹരിയാന, കർണാടകം എന്നീ സംസ്ഥാനങ്ങളോടൊപ്പം കേരളവും ഒന്നാമതെത്തി.
- ഊർജ്ജ മന്ത്രാലയം, ഭാരത സർക്കാർ സ്ഥാപിച്ച സംസ്ഥാന നിയുക്ത ഏജൻസി വിഭാഗത്തിൽ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡിൽ ഇ.എം. സി ഒന്നാം സ്ഥാനം നേടി.

### ഊർജ്ജ സംരക്ഷണ പരിപാടികൾ

- സംസ്ഥാനത്തെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വഴി 337.6 മില്യൺ യൂണിറ്റ് വൈദ്യുതിയും 1,7674.8 കിലോ ലിറ്റർ എണ്ണയും ലാഭിക്കുകയും 19,542 കിലോഗ്രാം കാർബൺ ഡൈ ഓക്സൈഡ് കുറയ്ക്കുകയും ചെയ്തു.
- പത്തനംതിട്ടയിലെ സിവിൽ സ്റ്റേഷനിൽ നിക്ഷേപ ഗ്രേഡ് എനർജി ഓഡിറ്റ് നടത്തുകയും കേരള പിഡബ്ല്യുഡി (ഇലക്ട്രിക്കൽ വിഭാഗം) വഴി എനർജി ഓഡിറ്റ് ശുപാർശകൾ നടപ്പാക്കുകയും ചെയ്തു.
- നടപ്പ് സാമ്പത്തിക വർഷത്തിൽ 12 സ്ഥാപനങ്ങൾ ഇ.എം.സിയുടെ എനർജി ഓഡിറ്റ് സബ്സിഡി പദ്ധതി നേടി.
- സർക്കാർ ആശുപത്രികളിൽ ഊർജ്ജ കാര്യക്ഷമത പ്രവർത്തനങ്ങൾ പ്രദർശന പദ്ധതികളായി നടപ്പിലാക്കി.
- കേരള വാട്ടർ അതോറിറ്റിയുടെ തിരുവല്ല, പിഎച്ച് ഡിവിഷൻ നിരണം – കടപ്ര അസംസ്കൃത ജലവിതരണ സംവിധാനത്തിൽ ഊർജ്ജ കാര്യക്ഷമമായ പമ്പിംഗ് സംവിധാനം നടപ്പിലാക്കി.
- ഊർജ്ജ സംരക്ഷണ അവസരങ്ങൾ തിരിച്ചറിയുന്നതിനായി ക്ഷേത്ര കെട്ടിടം ഉൾപ്പെടെയുള്ള ഗുരുവായൂർ ദേവസ്വം ബോർഡ് കെട്ടിടങ്ങളിൽ വിശദമായ ഊർജ്ജ ഓഡിറ്റ് നടത്തി.
- ആറന്മുള ഗ്രാമപഞ്ചായത്തിൽ മോഡൽ എനർജി എഫിഷ്യൻസി വില്ലേജ് പ്രോഗ്രാം 2019 ജൂൺ 22 ന് ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ ഭാഗമായി വാക്ക് ത്രൂ എനർജി ഓഡിറ്റുകളും ബോധവൽക്കരണ പരിപാടികളും സ്കൂളുകൾ / സർക്കാർ ഓഫീസുകൾ / കെട്ടിടങ്ങൾ എന്നിവയിൽ ബന്ധപ്പെട്ട തിരഞ്ഞെടുത്ത ഓഡിറ്റ് സ്ഥാപനവും ഇഎംസി റിസോഴ്സ് വ്യക്തികളും നടത്തി.
- മോഡൽ എനർജി എഫിഷ്യൻസി വില്ലേജ് പ്രോഗ്രാമിന്റെ ഭാഗമായി 6000 എണ്ണം 9 വാട്ട്സ് എൽഇഡി ബൾബുകൾ പെരുമ്പളം ഗ്രാമപഞ്ചായത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് ഒരു ബൾബിന് 50 രൂപ നിരക്കിൽ വിതരണം ചെയ്തു . പെരുമ്പളം ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 10 കിലോവാട്ട് ഓഫ് ഗ്രിഡ് സോളാർ പിവി സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ബിഇഇയുടെ പിന്തുണയോടെ ഇഎംസി നൽകി. അനെർട്ട് ഡെപ്പോസിറ്റ് വർക്ക് വഴിയാണ് പ്രവൃത്തി നടപ്പാക്കുന്നത്.
- കേരള വാട്ടർ അതോറിറ്റിയുടെ (കെഡബ്ല്യൂഎ) ആറ് (6) പ്രധാന എച്ച്ടി പമ്പിംഗ് സ്റ്റേഷനുകളുടെ വിശദമായ എനർജി ഓഡിറ്റ് നടത്തുന്നത് ഇഎംസി എംപാനൽഡ് എനർജി ഓഡിറ്റ് സ്ഥാപനത്തിലൂടെയാണ്
- ഉർജമിത്ര വഴി ഉപയോക്താക്കൾക്ക് മിതമായ നിരക്കിൽ സ്റ്റാർ റേറ്റഡ് ഫാൻ വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ യോഗ്യതയുള്ള / പരിചയസമ്പന്നരായ വെണ്ടർമാരെ എംപാനലിംഗ് ചെയ്യുന്ന പ്രക്രിയ എനർജി മാനേജ്മെന്റ് സെന്റർ ആരംഭിച്ചു, അതുവഴി സംസ്ഥാനത്തുടനീളം ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങളുടെ വ്യാപനം വർദ്ധിപ്പിക്കും.
- എനർജി ക്ലിനിക്കിന്റെ 2019–20 ന്റെ ഭാഗമായി 69,680 വീടുകളിൽ കേരളത്തിലെ വനിതാ സന്നദ്ധപ്രവർത്തകർ ഊർജ്ജ സർവേ നടത്തുകയും 3,000 യൂണിറ്റ് ഊർജ്ജം ലാഭിക്കുകയും ചെയ്തു.
- ഫ്ലാഗ് ഷിപ്പ് പ്രോഗ്രാമായ എസ്ഇപി 2019–20 ന്റെ ഭാഗമായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ

നിന്നുള്ള 9155 സ്കൂളുകളെ ചേർത്തുകൊണ്ട് ബോധവൽക്കരണ ക്ലാസുകൾ നടത്തി.

- ഊർജ്ജ കിരൺ 2019-20 പ്രോഗ്രാമുകൾ 140 അസംബ്ലി മണ്ഡലങ്ങളെയും ഉൾക്കൊള്ളിച്ചു കൊണ്ട് നടത്തി. "ഊർജ്ജ കാര്യക്ഷമതയും സംരക്ഷണവും" എന്നതായിരുന്നു ഉർജാകിരൻ പരിപാടിയുടെ കേന്ദ്രവിഷയം. 64,276 പേർ പരിപാടിയിൽ പങ്കെടുത്തു.
- കേരളത്തിലെ 140 മണ്ഡലങ്ങളിലും 166 എൻജിഒകളുടെ അസോസിയേഷനുമായി ഊർജ്ജ സംരക്ഷണ സിഗ്നേച്ചർ കാമ്പെയ്നുകൾ നടത്തി.
- 40 ഏജൻസികളുമായി ചേർന്ന് കേരളത്തിലെ നിയമസഭാ മണ്ഡലങ്ങളിൽ 40 വനിതാ ശാക്തീകരണ പദ്ധതികൾ നടത്തി.
- നാലാഞ്ചിറയിലെ നാഷണൽ കരിയർ സർവീസ് സെന്ററിൽ നിന്നുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്കായി എൽഇഡി ബൾബ് റിപ്പയർ ചെയ്യുന്നതിനെക്കുറിച്ചുള്ള 3 ദിവസത്തെ പരിശീലന പരിപാടി 2019 മെയ് മാസത്തിൽ നടത്തുകയും എൽഇഡി സ്റ്റാർ നിർമ്മാണത്തെക്കുറിച്ചുള്ള 2 ദിവസത്തെ പരിശീലന പരിപാടി 2019 ഡിസംബറിൽ അതേ ബാച്ച് വിദ്യാർത്ഥികൾക്ക് നൽകുകയും ചെയ്തു.
- കെഎസ്ഇസിബിസി സെൽ പ്രവർത്തനങ്ങളുടെ ഭാഗമായി 5 പരിശീലന പരിപാടികൾ നടത്തി.
- എസ്ഇപി ടെക്കിന്റെ ഭാഗമായി 11 വിദ്യാർത്ഥി പ്രോജക്ടുകളും 5 ടെക് ഫെസ്റ്റുകളും ഇഎംസി നയിക്കുകയും പിന്തുണയ്ക്കുകയും ചെയ്തു.

## ചെറുകിട ജലവൈദ്യുതി വികസനം

- അനകാംപോയിൽ (8 മെഗാവാട്ട്), അരിപ്പാറ (4.5 മെഗാവാട്ട്) എന്നീ പദ്ധതികൾ പുരോഗമിക്കുന്നു (നിർവ്വഹണം അവസാന ഘട്ടത്തിൽ).
- കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് 'അസെന്റ് 2020' യിൽ ഇഎംസി കേരളത്തിലെ വിവിധ ജില്ലകളിലെ 89 ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രദർശിപ്പിച്ചിരുന്നു.
- പത്തനംതിട്ട ജില്ലയിലെ പമ്പ റിവർ ബേസിൻ, അച്ചൻകോവിൽ റിവർ ബേസിൻ എന്നിവയുടെ നദീതട പഠനം തയ്യാറാക്കി വരുന്നു.

## ഗവേഷണവും വികസനവും

- വേൾഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സസ്റ്റൈനബിൾ എനർജി (ഡബ്ല്യൂഐഎസ്ഇ) യുമായി ചേർന്ന് എനർജി മാനേജ്മെന്റ് സെന്റർ (ഇഎംസി) "ഇന്ത്യയിലെ ഊർജ്ജ കാര്യക്ഷമത നയ ചട്ടക്കൂടിന്റെ അവലോകനം, ഊർജ്ജ സംരക്ഷണ നയം നടപ്പിലാക്കുന്നതിൽ സംസ്ഥാന നിയുക്ത ഏജൻസികളെ പിന്തുണയ്ക്കുക" എന്ന വിഷയത്തിൽ ഒരു പഠനം നടത്തുന്നു. ഈ പഠനത്തിന്റെ ഭാഗമായി ഒരു ദിവസത്തെ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.
- തിരുവനന്തപുരം സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസുമായി (സിഡിഎസ്) സഹകരിച്ച് "ഊർജ്ജ ഉൽപാദനക്ഷമതയെക്കുറിച്ചുള്ള ഗവേഷണ പഠനം: കേരളത്തിനായുള്ള ഒരു മേഖലാ വിശകലനം" ഇ.എം.സി പൂർത്തിയാക്കി.
- "എനർജി എഫിഷ്യന്റ് ഹൗസ് ബോട്ടുകൾ", "സ്മാർട്ട് എനർജി മീറ്റർ" എന്നിവയ്ക്കായി സിഡിഎസിയുമായി സഹകരിച്ച് പ്രോജക്ടുകൾ നടപ്പാക്കുന്നു.

## വെല്ലുവിളികളും പ്രശ്നങ്ങളും

- മുൻഗണനാ മേഖലകളിലെ ഊർജ്ജ സംരക്ഷണം / ഉൽപാദനക്ഷമത / മാനദണ്ഡങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള ധനസഹായ മോഡലുകൾ.
- ഊർജ്ജ മാനേജ്മെന്റ് പ്രോജക്ടുകൾ കൈകാര്യം ചെയ്യാനും നടപ്പാക്കാനുമുള്ള സംവിധാനം
- വികിരണം കുറയ്ക്കുന്നതും കാലാവസ്ഥാ വ്യതിയാന ലഘൂകരണവും നിർബന്ധമില്ല.
- ഡിസൈൻ / നിർമ്മാണ ഘട്ടങ്ങളിൽ ഊർജ്ജ കാര്യക്ഷമത പിന്തുടരാൻ വാണിജ്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് നിർബന്ധമില്ല.
- എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് റൂളുകൾ (ഇസിബിസി) പിഡബ്ല്യുഡി, എൽഎസ്ജിഡി, ഡവലപ്പർമാർ എന്നിവർ സ്വീകരിക്കേണ്ടതുണ്ട്.
- നിലവിലുള്ള കാര്യക്ഷമമല്ലാത്ത ഉപകരണങ്ങളുടെ ഡിമാൻഡ് സമാഹരണവും അവ മാറ്റിസ്ഥാപിക്കലും.
- കാർഷിക മൂല്യ ശൃംഖലയിൽ ഊർജ്ജ കാര്യക്ഷമമായ നടപ്പാക്കൽ.
- ആഭ്യന്തര മേഖലയിൽ ഊർജ്ജ കാര്യക്ഷമത സ്വീകരിക്കുന്നതിനുള്ള പ്രോട്ടോക്കോളുകൾ / നയങ്ങൾ.
- ജലവൈദ്യുതി വികസനത്തിൽ ഉയർന്ന ഭൂമി ചെലവും ഫോറസ്റ്റ് ക്ലിയറൻസ് പ്രശ്നങ്ങളും.

### കോവിഡ്-19 ന് എതിരെയുള്ള പോരാട്ടം

- കോവിഡ്-19 ലോക്ക് ഡൗൺ ഘട്ടത്തിലേക്കുള്ള ദ്രുത പ്രവർത്തനത്തിനായി എല്ലാ ജീവനക്കാർക്കും വിപിഎൻ സൗകര്യം ഉപയോഗിച്ച് വീട്ടിൽ ഇരുന്നു ജോലി ചെയ്യാൻ അവസരം നൽകി.
- എല്ലാ അവബോധ പ്രോഗ്രാമുകളും പാനൽ ചർച്ചകളും മീറ്റിംഗുകളും ഓൺലൈൻ വെബിനാർ മോഡിലേക്ക് മാറ്റി.
- വിവിധ ടാർഗെറ്റ് ഗ്രൂപ്പുകൾക്കായി സർട്ടിഫിക്കറ്റ് കോഴ്സുകളും പരിശീലന പരിപാടികളും ആരംഭിച്ചു.
- കോവിഡ്-19 ബ്രേക്ക് ദി ചെയിൻ, എസ്എംഎസ്

കാമ്പെയ്‌നുകൾ എന്നിവ ഇന്റേണൽ കോവിഡ്-19 സെല്ലിന്റെ നിരീക്ഷണത്തോടെ ഫലപ്രദമായി നടപ്പാക്കി.

- ജോലിസ്ഥലത്ത് ബ്രേക്ക് ദി ചെയിൻ കാമ്പെയ്‌നിന്റെ ഭാഗമായി ജീവനക്കാർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ മനസിലാക്കാൻ വെബിനാർ ക്രമീകരിച്ചു. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. മുഹമ്മദ് അഷീൽ ആണ് വെബിനാർ കൈകാര്യം ചെയ്തത്.
- ഊർജ്ജ സംരക്ഷണം എന്ന തീം ഉപയോഗിച്ച് ലോക്ക് ഡൗൺ ഘട്ടത്തിൽ ഓൺലൈൻ മത്സരങ്ങൾ ക്രമീകരിച്ചു.
- "ആഭ്യന്തര മേഖലയിലെ ഊർജ്ജ സംരക്ഷണം" എന്ന വിഷയത്തിൽ എല്ലാ ബുധനാഴ്ചയും ഫേസ്ബുക്ക് ലൈവ് നടത്തുന്നു.

## ഡിപ്പാർട്ടുമെന്റ് ഓഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന്റെ കീഴിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പ്രവർത്തിക്കുന്നു. സുരക്ഷാ പരിശോധനകൾ നടത്തുന്നതും ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ, മീഡിയം വോൾട്ടേജ് ഇൻസ്റ്റലേഷൻ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുന്നതും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ആണ്. വിവിധ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ പരിശോധന, കാലിബറേഷൻ എന്നിവ നടത്തുക എന്നതാണ് മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എംടിഎസ്എൽ) യുടെ ലക്ഷ്യം. വോൾട്ടേജ്, കറന്റ്, റെസിസ്റ്റൻസ്, ഫ്രീക്വൻസി, പവർ, പവർ ഫാക്ടർ, എനർജി മുതലായവയുടെ കാലിബ്രേഷൻ അളക്കുന്നതിനുള്ള സൗകര്യങ്ങൾ നിലവിൽ ഇവിടെ ലഭ്യമാണ്. പ്രൊട്ടക്ഷൻ റിലെ, ഇൻസ്ട്രുമെന്റ് ട്രാൻസ്ഫോർമർ എന്നിവയുള്ള പ്രീ കമ്മീഷണിംഗ് ടെസ്റ്റിംഗ് സൗകര്യം എന്നിവ ഇതിലുൾപ്പെടുന്നു. പവർ ട്രാൻസ്ഫോർമറുകൾ, കേബിളുകൾ, സർക്ക്യൂട്ട് ബ്രേക്കുകൾ എന്നിവയുള്ള പ്രീ കമ്മീഷണിംഗ് ടെസ്റ്റുകൾ എന്നിവ ഇവിടെ നടത്തപ്പെടുന്നു. ഇവിടെ നടത്തുന്ന എല്ലാ കാലിബറേഷനുകളും ടെസ്റ്റുകളും ദേശീയ, അന്തർ ദേശീയ നിലവാരത്തിനൊത്തതാണ്. സംസ്ഥാനത്തെ എല്ലാ ഇലക്ട്രിക്കൽ അപകടങ്ങളും അന്വേഷിപ്പിക്കുന്നതും അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിക്കുന്നതും അപകടങ്ങൾക്ക് ഉത്തരവാദിയായ വ്യക്തി/അധികാരികൾ എന്നിവർക്കെതിരെ നടപടികൾ എടുക്കുന്നതും ഈ വകുപ്പാണ്.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മൂന്ന് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ് ലബോറട്ടറി, ഗുണനിലവാര നിയന്ത്രണ ഓർഡർ ഫലപ്രദമായി നടപ്പിലാക്കൽ, ഇ-സേഫ് കേരള എന്നിവയാണ്. കഴിഞ്ഞ രണ്ട് വർഷമായി വകുപ്പിൽ നിന്നുള്ള വരുമാനം 106.738 കോടി രൂപയാണ് (കെഎസ്ഇബിഎല്ലിൽ നിന്നുള്ള തീരുവ ഒഴികെ), ഇതിൽ മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എംടിഎസ്എൽ), മറ്റ് പ്രാദേശിക ടെസ്റ്റിംഗ് ലബോറട്ടറികൾ, മറ്റ് സേവനങ്ങൾ എന്നിവയിൽ നിന്നുള്ള ടെസ്റ്റിംഗ് ഫീസും ഉൾപ്പെടുന്നു. ഗുണനിലവാര നിയന്ത്രണ പരിശോധനയിലൂടെ, നിലവാരമില്ലാത്ത ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ വിൽപ്പന ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞു.

2019-20, 2020-21 കാലയളവിലെ (ചെലവ് സെപ്റ്റംബർ 2020 വരെ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പദ്ധതി വിഹിതവും ചെലവും **പട്ടിക 11.2.14** -ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.2.14** ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ 2019-20, 2020-21 കാലയളവിലെ വിഹിതവും ചെലവുകളും (രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതി | വാർഷിക പദ്ധതി 2019-20 | | | വാർഷിക പദ്ധതി 2020-21 | | |
|---|---|---|---|---|---|---|---|
| | | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് സെപ്റ്റംബർ 2020 വരെ | ശതമാനം |
| 1 | മീറ്റർ ടെസ്റ്റിംഗ് & സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എം.റ്റി.എസ്. എൽ) | 470.00 | 47.27 | 10.06 | 245.00 | 1.14 | 0.46 |
| 2 | ഗുണനിലവാര നിയന്ത്രണ ഓർഡർ ഫലപ്രദമായി നടപ്പിലാക്കൽ | 155.00 | 5.24 | 3.38 | 40.00 | 1.38 | 3.45 |
| 3 | ഇ-സേഫ് കേരള | 200.00 | 32.43 | 16.21 | 408.00 | 19.13 | 4.69 |
| | ആകെ | 825.00 | 84.94 | 10.30 | 693.00 | 21.65 | 3.12 |

*അവലംബം : പ്ലാൻസ്പേസ്*

## ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ 2018-19 ലെ നേട്ടങ്ങൾ

- 2019-20 കാലയളവിൽ 434 വൈദ്യുത അപകടങ്ങൾ സംഭവിച്ചതിൽ, 282 മരണങ്ങൾ (222 മനുഷ്യരേയും 60 മൃഗങ്ങളേയും ബാധിച്ചു)
- ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിൽ നിന്നും ഐ.എസ്. 15700:2005 മാനദണ്ഡം അനുസരിച്ച് "സേവോത്തം സർട്ടിഫിക്കേഷൻ" (സേവന ഗുണനിലവാര മാനേജ്മെന്റ് സിസ്റ്റം സർട്ടിഫിക്കേഷൻ) നിലനിർത്തി.
- തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലയിലെ ഉദ്യോഗസ്ഥർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും വിജയകരമായി നടത്തുകയും ചെയ്തു.
- തിരുവനന്തപുരം, കോട്ടയം, ഇടുക്കി, എറണാകുളം എന്നിവിടങ്ങളിലെ പ്രാദേശിക പരീക്ഷണ ലബോറട്ടറികളിൽ ഉപകരണങ്ങളുടെ കാലിബ്രേഷൻ നടത്തി.
- മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി- തിരുവനന്തപുരം, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിലെ പ്രാദേശിക ടെസ്റ്റിംഗ് ലബോറട്ടറികളിൽ എൻഎബിഎൽ അക്രഡിറ്റേഷൻ പരിപാലിക്കുന്നു.
- 2019-20 കാലയളവിൽ മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറികളിലും മറ്റ് പ്രാദേശിക മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികളിലുമായി ഏതാണ്ട് 17685 എനർജി മീറ്ററുകൾ പരിശോധിക്കുകയും ഈ എണ്ണത്തിൽ 2019-20 കാലയളവിൽ ലബോറട്ടറികളിൽ നിന്ന് 2.22 കോടി രൂപ വരുമാനമായി ലഭിക്കുകയും ചെയ്തു.
- നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ് പരിശീലനം ഡിപ്പാർട്ട്മെൻറ് ഓഫീസർമാർക്കായി നടത്തി.
- തിരുവനന്തപുരം മീറ്റർ ടെസ്റ്റിംഗ് സ്റ്റാൻഡേർഡ് ലബോറട്ടറി പുതുക്കിപ്പണിയുകയും പരിശോധന സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്തു.
- നിയമാനുസൃത പരിശോധനയ്ക്കും ക്യസിഒ പരിശോധനയ്ക്കും ജില്ലാ ഓഫീസുകളിൽ വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നു.
- നടത്തിയ നിയമപരമായ പരിശോധനയിൽ നിന്ന് ആകെ 36.456 കോടി രൂപ വരുമാനമായി ലഭിച്ചു.
- സംസ്ഥാനത്തുടനീളം സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടത്തി.
- പാലക്കാട് ജില്ലയിലെ അഗളി, പുതുർ, ഷോളയാർ എന്നീ പഞ്ചായത്തുകളിലെ 400 ആഭ്യന്തര ഉപഭോക്താക്കൾക്ക് ഇഎൽസിബി ഉൾപ്പെടെ നാല് ലൈറ്റ് പോയിന്റുകളും പ്ലഗ് പോയിന്റുകളും വച്ച് വയറിംഗ് പുതുക്കി ഗുണനിലവാരം മെച്ചപ്പെടുത്തി.
- ഓഡിയോ / വിഷ്വൽ / പ്രിന്റ് മീഡിയ വഴി വൈദ്യുത സുരക്ഷാ ബോധവൽക്കരണ സന്ദേശങ്ങൾ സംപ്രേഷണം ചെയ്തു.
- കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വകുപ്പിൽ നിന്നുള്ള മൊത്തം വരുമാനം 68.062 കോടി രൂപയാണ് (തീരുവ ഒഴികെ).

## കേരള സംസ്ഥാന വൈദ്യുത നിയന്ത്രണ കമ്മീഷൻ (കെ.എസ്.ഇ.ആർ.സി)

ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻസ് ആക്ട് പ്രകാരം 2003 ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (കെഎസ്ഇആർസി) അർദ്ധ ജുഡീഷ്യൽ സ്വഭാവമുള്ള ഒരു സ്റ്റാറ്റ്യൂട്ടറി ഓർഗനൈസേഷൻ ആണ്. സംസ്ഥാനത്തെ ഊർജ്ജ രംഗത്ത് ഫലപ്രദവും കാര്യക്ഷമവുമായ നിയന്ത്രണ നടപടിക്രമങ്ങൾ നടപ്പാക്കുന്നതിന് കമ്മീഷൻ ശ്രമിച്ചിട്ടുണ്ട്.

## കേരള സംസ്ഥാന വൈദ്യുതി നിയന്ത്രണ കമ്മീഷന്റെ ചുമതലകൾ:

ഇലക്ട്രിസിറ്റി ആക്റ്റ്, 2003 ലെ വ്യവസ്ഥകൾ പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള പ്രധാന ചുമതലകൾ താഴെപ്പറയുന്നവയാണ് :

- സംസ്ഥാനത്തിനകത്ത് മൊത്തവ്യാപാരം, ബൾക്ക് അല്ലെങ്കിൽ റീട്ടെയിൽ എന്തിനായാലും വൈദ്യുതിയുടെ ഉത്പാദനം, വിതരണം, പ്രസരണം, വീലിംഗ് എന്നിവയ്ക്കുള്ള താരിഫ് നിർണ്ണയിക്കുക.
- സംസ്ഥാനത്തിനകത്ത് സംഭരണത്തിനും വിതരണത്തിനുമായി ജനറേറ്റിംഗ് കമ്പനികളിൽ നിന്നോ ലൈസൻസികളിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ കരാറുകളിലൂടെ വൈദ്യുതി വാങ്ങുന്നതിന് വാങ്ങുന്ന വില ഉൾപ്പെടെ വിതരണ ലൈസൻസികളുടെ വൈദ്യുതി വാങ്ങലും സംഭരണ പ്രക്രിയയും നിയന്ത്രിക്കുക.
- അന്തർ-സംസ്ഥാന പ്രസരണത്തിനും വൈദ്യുതിയുടെ വീലിംഗിനും സൗകര്യമൊരുക്കുക.
- ട്രാൻസ്മിഷൻ ലൈസൻസികൾ, വിതരണ ലൈസൻസികൾ, വൈദ്യുതി വ്യാപാരികൾ എന്നിവരായി പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് സംസ്ഥാനത്തിനകത്ത് അവരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലൈസൻസുകൾ നൽകുക.
- ഗ്രിഡുമായും വൈദ്യുതി വിൽപ്പനയുമായും ബന്ധിപ്പിക്കുന്നതിന് ഉചിതമായ മുൻകരുതലുകൾ എടുത്തുകൊണ്ട് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് ഏതൊരു വ്യക്തിയുടെയും വൈദ്യുതി ഉൽപാദനവും സഹ-ഉൽപാദനവും പ്രോത്സാഹിപ്പിക്കുകയും, കൂടാതെ അത്തരം സ്രോതസ്സുകളിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിന് വിതരണ ലൈസൻസിയുടെ പ്രദേശത്തെ

വൈദ്യുതിയുടെ മൊത്തം ഉപഭോഗത്തിന്റെ ഒരു ശതമാനം നിർണ്ണയിക്കുകയും ചെയ്യുക.

- ലൈസൻസികളും ജനറേറ്റിംഗ് കമ്പനികളും തമ്മിലുള്ള തർക്കങ്ങളെക്കുറിച്ച് തീരുമാനിക്കുകയും വ്യവഹാരത്തിനായി ഏതെങ്കിലും തർക്കം റഫർ ചെയ്യുകയും ചെയ്യുക.
- ഇലക്ട്രിസിറ്റി ആക്റ്റ്, 2003 ന്റെ ആവശ്യങ്ങൾക്കായി ഫീസ് ചുമത്തുക.
- സ്റ്റേറ്റ് ഗ്രിഡ് കോഡ് വ്യക്തമാക്കുക.
- ലൈസൻസികളുടെ സേവനത്തിന്റെ ഗുണനിലവാരം, തുടർച്ച, വിശ്വാസ്യത എന്നിവയുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ വ്യക്തമാക്കുക അല്ലെങ്കിൽ നടപ്പിലാക്കുക.
- വൈദ്യുതിയുടെ അന്തർ–സംസ്ഥാന വ്യാപാരത്തിൽ ആവശ്യമെങ്കിൽ ട്രേഡിംഗ് മാർജിൻ പരിഹരിക്കുക.
- വൈദ്യുതി വ്യവസായത്തിന്റെ പ്രവർത്തനങ്ങളിൽ മത്സരം, കാര്യക്ഷമത, സമ്പദ്‌വ്യവസ്ഥ എന്നിവയുടെ പ്രോത്സാഹനം, വൈദ്യുതി വ്യവസായത്തിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്തെ വൈദ്യുതി വ്യവസായത്തിന്റെ പുനഃസംഘാടനവും പുനർരൂപീകരണവും നടത്തുക, വൈദ്യുതി ഉൽപാദനം, പ്രസരണം, വിതരണം, വ്യാപാരം എന്നിവ സംബന്ധിച്ച കാര്യങ്ങൾ അല്ലെങ്കിൽ സംസ്ഥാന കമ്മീഷനെക്കുറിച്ച് സർക്കാർ പരാമർശിക്കുന്ന മറ്റേതെങ്കിലും കാര്യങ്ങൾ തുടങ്ങിയ എല്ലാ കാര്യങ്ങളിലും അല്ലെങ്കിൽ ഏതെങ്കിലും കാര്യങ്ങളിൽ സംസ്ഥാന സർക്കാരിനെ ഉപദേശിക്കുക

## 2019–20 കാലയളവിലെ കെഎസ്ആർസിയുടെ പ്രധാന പ്രവർത്തനങ്ങൾ

അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങൾ, ചട്ടങ്ങളുടെ രൂപപ്പെടുത്തലും അന്തിമരൂപം നൽകലും നിവേദനങ്ങളുടെ തീർപ്പാക്കൽ, വാർഷിക റവന്യൂ ആവശ്യകതയും ലൈസൻസികളുടെ പ്രതീക്ഷിത റവന്യൂ ചാർജുകളും (എആർആർ ആൻഡ് ഇആർസി) തുടങ്ങിയവയുമായി ബന്ധപ്പെട്ട ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിനും കമ്മീഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും നിരവധി ആന്തരിക മീറ്റിംഗുകൾ നടത്തി. 2019–20 കാലയളവിൽ കമ്മീഷൻ സ്വീകരിച്ചതും തീർപ്പാക്കിയതുമായ അപേക്ഷകളുടെ എണ്ണം യഥാക്രമം 53 ഉം 75 ഉം ആയിരുന്നു.

## കമ്മീഷൻ പ്രഖ്യാപിച്ച പ്രധാന നിയന്ത്രണങ്ങൾ

വൈദ്യുതി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച്, കമ്മീഷന്റെ ചുമതലകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കമ്മീഷൻ നിയന്ത്രണങ്ങൾ പുറപ്പെടുവിക്കണം. വൈദ്യുതി നിയമത്തിന് കീഴിലുള്ള സബ്–ഓർഡിനേറ്റ് നിയമനിർമ്മാണങ്ങളാണ് നിയന്ത്രണങ്ങൾ. നടപ്പുവർഷത്തിൽ, കമ്മീഷൻ റിന്യൂവബിൾ എനർജി മേഖലയിലെ സുപ്രധാന റെഗുലേഷൻ പുറപ്പെടുവിക്കുകയും സപ്ലൈ കോഡിലും താരിഫ് റെഗുലേഷനുകളിലും ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

## 2020 ജൂൺ 05 തീയതിയിലെ സർക്കാർ ഗസറ്റ് നമ്പർ 1345 ൽ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആൻഡ് നെറ്റ് മീറ്ററിംഗ്) റെഗുലേഷൻസ് 2020

പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ വ്യാപനം കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നു. അതനുസരിച്ച്, ശരിയായ നിയമ ചട്ടക്കൂടിനൊപ്പം പുനരുപയോഗ ഊർജ്ജം സംയോജിപ്പിക്കുന്നതിനുള്ള ഒരു സംവിധാനം ആവശ്യമാണ്. കൂടാതെ, 2003 ലെ വൈദ്യുതി നിയമത്തിലെ സെക്ഷൻ 86 (1) (ഇ) പ്രകാരം ഗ്രിഡുമായും വൈദ്യുതി വിൽപനയുമായും ബന്ധിപ്പിക്കുന്നതിന് ഉചിതമായ മുൻകരുതലുകൾ എടുത്തുകൊണ്ട് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് ഏതൊരു വ്യക്തിയുടെയും വൈദ്യുതി ഉൽപാദനവും സഹ–ഉൽപാദനവും പ്രോത്സാഹിപ്പിക്കുകയും, അത്തരം സ്രോതസ്സുകളിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിന് വിതരണ ലൈസൻസിയുടെ പ്രദേശത്തെ വൈദ്യുതിയുടെ മൊത്തം ഉപഭോഗത്തിന്റെ ഒരു ശതമാനം നിർണ്ണയിക്കുകയും ചെയ്യുന്നതിന് സംസ്ഥാന വൈദ്യുതി നിയന്ത്രണ കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും, സമീപകാലത്ത് പുനരുപയോഗ ഊർജ്ജ മേഖലയിൽ ഗണ്യമായ സാങ്കേതിക പുരോഗതി ഉണ്ടായിട്ടുണ്ട്. സോളാർ പിവി പ്ലാന്റുകളുടെയും കാറ്റാടി ഊർജ്ജ സംവിധാനങ്ങളുടെയും മൂലധന ചെലവ് ഗണ്യമായി കുറയുകയും ശേഷി വിനിയോഗം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഇവയെല്ലാം, ഇപ്പോൾ പരമ്പരാഗത കൽക്കരി അധിഷ്ഠിത വൈദ്യുത നിലയങ്ങളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയെക്കാൾ ഗണ്യമായും കുറഞ്ഞ ഉൽപാദനച്ചെലവിൽ, സൗരോർജ്ജ, കാറ്റാടി സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനു പ്രാപ്തമാക്കി. ഈ മാറ്റങ്ങളും ഈ മേഖലയിലേക്ക് പുനരുപയോഗ ഊർജ്ജം വ്യാപകമായി ലക്ഷ്യമിടുന്നതും കണക്കിലെടുത്ത് നിലവിലുള്ള 2014 ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂഷൻ സോളാർ എനർജി സിസ്റ്റം) റെഗുലേഷൻസ്, 2015 ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി) റെഗുലേഷൻസ് എന്നിവ മാറ്റി മേൽപ്പറഞ്ഞ ചട്ടങ്ങൾ നടപ്പാക്കാൻ കമ്മീഷൻ തീരുമാനിച്ചു.

**പട്ടിക 11.2.15** റെഗുലേഷൻ അനുസരിച്ച് കൽപ്പിത എന്റിറ്റികളുടെ നിർബന്ധിത ആർപിഒ

| വർഷം | ഉത്പാദനത്തിന്റെ അളവ് / പുതുക്കാവുന്ന ഊർജ്ജ സ്രോതസ്സുകളുടെ വാങ്ങൽ മൊത്തം ഉപഭോഗത്തിന്റെ ശതമാനമായി | | |
|---|---|---|---|
| | നോൺ സോളാർ | സോളാർ | ആകെ |
| 2019-20 | 8.00 | 4.00 | 12.00 |
| 2020-21 | 9.00 | 5.25 | 14.25 |
| 2021-22 | 10.25 | 6.75 | 17.00 |

അവലംബം:കെഎസ്ഇആർസി

മേൽപ്പറഞ്ഞ ചട്ടങ്ങളിൽ, ബാധ്യതയുള്ള സ്ഥാപനങ്ങൾക്കായി റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (ആർപിഒ) കമ്മീഷൻ നിർണ്ണയിച്ചു. 'ബാധ്യതയുള്ള സ്ഥാപനങ്ങളെ' അവരുടെ വൈദ്യുതി ഉപഭോഗ പോർട്ട്ഫോളിയോയ്ക്കനുസരിച്ച് സൗരോർജ്ജ, സൗരേതര ഊർജ്ജസ്രോതസ്സുകളിൽ നിന്ന് മിനിമം അളവിൽ പുനരുപയോഗ ഊർജ്ജം ഉൽപാദിപ്പിക്കുന്നതിനോ വാങ്ങുന്നതിനോ ആർപിഒ ഉടമ്പടി വയ്ക്കുന്നു. ബാധ്യതയുള്ള സ്ഥാപനങ്ങളിൽ സംസ്ഥാനത്തെ വിതരണ ലൈസൻസികൾ, ഓപ്പൺ ആക്സസ് ഉപഭോക്താക്കൾ (നിലവിലുള്ള വിതരണ ലൈസൻസികൾ ഒഴികെയുള്ള ഉറവിടങ്ങളിൽ നിന്ന് ഊർജ്ജം വാങ്ങുന്ന ഉപഭോക്താക്കൾ), ക്യാപ്റ്റീവ് എനർജി ഉപഭോക്താക്കൾ എന്നിവർ ഉൾപ്പെടുന്നു. റെഗുലേഷൻ അനുസരിച്ച് കൽപ്പിത എന്റിറ്റികളുടെ നിർബന്ധിത ആർപിഒ **പട്ടിക 11.2.15** -ൽ നൽകിയിരിക്കുന്നു.

മുകളിൽ കാണിച്ചിരിക്കുന്നതുപോലെ, 2019-20 -ൽ, ബാധ്യതയുള്ള ഒരു സ്ഥാപനം മൊത്തം ഊർജ്ജ ഉപഭോഗത്തിന്റെ 12 ശതമാനം പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് സൃഷ്ടിക്കുകയോ വാങ്ങുകയോ ചെയ്യണം. 12 ശതമാനത്തിൽ 4 ശതമാനം സൗരോർജ്ജത്തിൽ നിന്നാണ്. ബാക്കി 8 ശതമാനം സൗരോർജ്ജ ഇതര സ്രോതസ്സുകളായ ചെറുകിട ജലവൈദ്യുതി, കാറ്റ്, ജൈവ ഇന്ധന ഉൽപാദനം, നഗര അല്ലെങ്കിൽ മുനിസിപ്പൽ ഖരമാലിന്യങ്ങൾ, ഇന്ത്യാ ഗവൺമെന്റ് മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജിയുടെ അംഗീകാരമുള്ള മറ്റ് സ്രോതസ്സുകൾ എന്നിവയിൽ നിന്നാണ്.

ചട്ടപ്രകാരം, ഏതെങ്കിലും ബാധ്യതയുള്ള സ്ഥാപനങ്ങൾ ആർപിഒ നേരിടുന്നതിൽ ഒരു കുറവുണ്ടായാൽ , ഈ ഹ്രസ്വകാല വീഴ്ച സോളാർ അല്ലെങ്കിൽ സൗരോർജ്ജ ഇതര റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതിലൂടെ പരിഹരിക്കാനാകും. സൗരോർജ്ജ പുനരുപയോഗ ഊർജ്ജ വാങ്ങൽ ബാധ്യതയെക്കാൾ അധികമായി ഉപയോഗിക്കുന്ന സൗരോർജ്ജത്തിന്റെ അളവ്, സോളാർ ഇതര ബാധ്യതയായും കണക്കാക്കാം. ആർപിഒയുടെ പാലിക്കൽ നിരീക്ഷിക്കുന്നതിനായി കമ്മീഷന് ഒരു സ്റ്റേറ്റ് ഏജൻസിയെ നിയോഗിക്കുന്നതിനും റെഗുലേഷനിൽ വ്യവസ്ഥയുണ്ട്. 'പ്രോസ്യൂമർ' പരിസരത്ത് നെറ്റ് മീറ്ററിംഗ് സൗകര്യമുള്ള ഗ്രിഡ് സംവേദനാത്മക റിന്യൂവബിൾ എനർജി സിസ്റ്റങ്ങൾ ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള നിയമപരവും സാങ്കേതികവുമായ ചട്ടക്കൂടിനായി കമ്മീഷൻ നിയന്ത്രണങ്ങൾ വ്യവസ്ഥ ചെയ്യുന്നു. പുനരുപയോഗ ഊർജ്ജ സംവിധാനം അവരുടെ ഊർജ്ജം ഗ്രിഡിലേക്ക് കടത്തിവിടുകയും ചെയ്യുന്ന ഒരു ക്യാപിറ്റീവ് ഉപഭോക്താവാണ് പ്രോസ്യൂമർ. വിതരണ ലൈസൻസി അവരുടെ ഉപഭോക്താക്കൾക്ക് നൽകുന്ന ഒരു ക്രമീകരണമാണ് നെറ്റ് മീറ്ററിംഗ്. ഈ ക്രമീകരണമനുസരിച്ച് ഒരു പ്രോസ്യൂമറിന് അവരുടെ സ്വന്തം പുനരുപയോഗ ഊർജ്ജ സംവിധാനങ്ങളിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കാനും ഉപയോഗിക്കാനും വിതരണ ലൈസൻസി വിതരണം ചെയ്യുന്ന വൈദ്യുതി ഓഫ് ചെയ്തതിനുശേഷം അധിക ഊർജ്ജം നൽകാനും കഴിയും.

കമ്മീഷൻ നിയന്ത്രണങ്ങൾ അനുസരിച്ച് നിയന്ത്രണ കാലയളവ് 2019-20 മുതൽ അഞ്ച് വർഷമാണ്. നിയന്ത്രണ കാലയളവിൽ, താരിഫ് നിർണ്ണയിക്കാൻ ഉപയോഗിക്കുന്ന പാരാമീറ്ററുകൾ ഒരു നിയന്ത്രണ കൃത്യത നൽകുന്നതിന് മാറ്റമില്ലാതെ സൂക്ഷിക്കുന്നു. 2019-20 വർഷത്തെ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്കായുള്ള ചട്ടങ്ങൾ അനുസരിച്ച് വിതരണ ലൈസൻസികൾ ഊർജ്ജം വാങ്ങുന്നതിനായി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള പൊതുവായ താരിഫ് പട്ടിക **11.2.16** ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.2.16** 2019-20 വർഷത്തെ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ പൊതു താരിഫ്

| വിവിധ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ | രൂപ / കിലോവാട്ട് |
|---|---|
| 5 മെഗാ വാട്ടും അതിലും താഴെയുമുള്ള ചെറിയ ജലവൈദ്യുത പദ്ധതികൾ | 5.53 |
| 25 മെഗാ വാട്ടും അതിലും താഴെയുമുള്ള കാറ്റ് ഊർജ്ജ പദ്ധതികൾ (സി യുഎഫ് 24% ഉള്ളത്) | 3.75 |
| ഒരു സ്ഥലത്തുള്ള 5 മെഗാവാട്ടിൽ കുറവുള്ള സോളാർ പിവി പ്രോജക്ടുകൾ | 3.35 |

അവലംബം:കെഎസ്ഇആർസി

**പട്ടിക 11.2.17** റെഗുലേഷൻ അനുസരിച്ച് കൽപ്പിത എന്റിറ്റികളുടെ നിർബന്ധിത ആർപിഇ.

| വിശദാംശങ്ങൾ | എസ്ബിയു-ഡി | | | |
|---|---|---|---|---|
| | 2018-19 | 2019-20 | 2020-21 | 2021-22 |
| എആർആർ | 13,754.02 | 15,501.03 | 15,973.31 | 16,487.91 |
| താരിഫ് ഇതര വരുമാനം | 531.55 | 548.10 | 571.23 | 594.36 |
| നെറ്റ് എആർആർ | 13.222.47 | 1,4952.93 | 15,402.08 | 15,893.55 |
| നിലവിലുള്ള താരിഫിൽ നിന്നുള്ള ആകെ വരുമാനം | 13,190.32 | 14,152.38 | 14,457.33 | 14,895.02 |
| വരുമാന വിടവ് | (-)32.15 | (-)800.56 | (-)944.75 | (-)998. 53 |

*അവലംബം: കെഎസ്ഇആർസി*

**പട്ടിക 11.2.18** വിതരണത്തിന്റെ ശരാശരി ചെലവും താരിഫ് നിർണ്ണയിക്കേണ്ട യൂണിറ്റിന്റെ വരുമാന വിടവും

| വിതരണ യൂണിറ്റിന്റെ ശരാശരി ചെലവ് | യൂണിറ്റ് | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| സാക്ഷാത്കരിക്കേണ്ട വിതരണച്ചെലവ് | ₹ /kWh | 5.76 | 6.10 | 6.17 | 6.20 |
| വരുമാന വിടവ് / യൂണിറ്റ് | ₹ /kWh | (-)0.01 | (-)0.35 | (-)0.39 | (-)0.40 |

*അവലംബം: കെഎസ്ഇആർസി*

## കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവുകൾ

ഈ വർഷത്തിൽ കമ്മീഷൻ 75 പരാതികൾ തീർപ്പാക്കി. കെഎസ്ഇബി ലിമിറ്റഡിനായുള്ള മൊത്തം റവന്യൂ ആവശ്യകതകളുടെ അംഗീകാരവും 2018-19 മുതൽ 2021-22 വരെയുള്ള നിയന്ത്രണ കാലയളവിലേക്കുള്ള താരിഫും ഈ ഉത്തരവുകളിൽ പ്രധാനപ്പെട്ടതാണ്. കോഴിക്കോട്, എറണാകുളം, കട്ടപ്പന, തിരുവനന്തപുരം എന്നിവിടങ്ങളിൽ പൊതു ഹിയറിംഗ് നടത്തിയ ശേഷമാണ് ഉത്തരവ് പുറപ്പെടുവിച്ചത്. താരിഫ് പരിഷ്കരണത്തിലൂടെ വീണ്ടെടുക്കുന്നതിനായി 2018-19 മുതൽ 2021-22 വരെയുള്ള നിയന്ത്രണ കാലയളവിനായി കെഎസ്ഇബി ലിമിറ്റഡിന്റെ വിതരണ വിഭാഗത്തിന് അംഗീകരിച്ച റവന്യൂ വിടവ് **പട്ടിക 11.2.17** നൽകുന്നു.

മേൽപ്പറഞ്ഞവയെ അടിസ്ഥാനമാക്കി, വിതരണത്തിന്റെ ശരാശരി ചെലവും താരിഫ് നിർണ്ണയിക്കേണ്ട യൂണിറ്റിന്റെ വരുമാന വിടവും **പട്ടിക 11.2.18** -ൽ നൽകിയിരിക്കുന്നു.

കെഎസ്ഇബി ലിമിറ്റഡ് അവരുടെ നിവേദനത്തിൽ, 2018-19, 2020-21 എന്നീ നിയന്ത്രണ കാലയളവിലെ രണ്ട് വർഷത്തെ താരിഫ് റിവിഷൻ നിർദേശങ്ങൾ നൽകി. ബൾക്ക് സപ്ലൈ താരിഫ് ഉൾപ്പെടെ മിക്കവാറും എല്ലാ താരിഫ് വിഭാഗങ്ങളിലുമാണ് നിർദ്ദിഷ്ട താരിഫ് വർദ്ധനവ്. ആക്റ്റ്, റെഗുലേഷൻസ്, താരിഫ് പോളിസി എന്നിവയിലെ വ്യവസ്ഥകൾ പരിശോധിച്ചതിന് ശേഷം, കമ്മീഷൻ മൊത്തത്തിലുള്ള താരിഫ് (നിശ്ചിത/ ഡിമാൻഡ് ചാർജ്, എനർജി ചാർജ് ) വർദ്ധിപ്പിച്ചു, അങ്ങനെ വരുമാനം 902 കോടി രൂപയായി വർദ്ധിപ്പിച്ച് അംഗീകൃത വരുമാന വിടവ് നികത്തുന്നു. 2019-20. വിശദാംശങ്ങൾ **പട്ടിക 11.2.19** ൽ നൽകിയിരിക്കുന്നു.

## ഉപഭോക്തൃ വക്കാലത്തും ആജ്ഞാനുവർത്തിത്വ ഓഡിറ്റ്

വൈദ്യുതി നിയമം, ചട്ടങ്ങൾ, ലൈസൻസികളുടെയും ഉത്പാദക കമ്പനികളുടെയും നിയന്ത്രണങ്ങൾ എന്നിവയുടെ അനുവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള ചുമതല കമ്മീഷനിലെ കംപ്ലയിൻസ് ഓഡിറ്റ് വിഭാഗത്തിനാണ്. ഊർജ്ജ മേഖലയെക്കുറിച്ചും നിയന്ത്രണ പ്രക്രിയയെക്കുറിച്ചും ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഉപഭോക്തൃ വക്കാലത്ത് സെൽ (സിഎസി) പ്രവർത്തിക്കുന്നു. അതുവഴി വൈദ്യുതി നിയന്ത്രണ പ്രക്രിയയിൽ ഉപഭോക്തൃ പങ്കാളിത്തം ഉറപ്പാക്കുന്നു. വിവിധ കേന്ദ്രങ്ങളിൽ ക്ലാസുകൾ നടത്തുകയും വാർത്താക്കുറിപ്പുകളും ലഘുലേഖകളും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതിലൂടെ റെഗുലേറ്ററി സംവിധാനത്തെക്കുറിച്ചും വൈദ്യുതി നിയന്ത്രണ കമ്മീഷന്റെ പ്രവർത്ത നങ്ങളിൽ അവരുടെ പങ്കിനെക്കുറിച്ചും ഉപഭോക്താക്കളെ ബോധവൽക്കരിക്കുക എന്നതാണ് സിഎസി ലക്ഷ്യമിടുന്നത്.

## ഉപഭോക്തൃ വക്കാലത്ത് സെല്ലിന്റെ പ്രധാന ലക്ഷ്യങ്ങൾ:

- ഉപഭോക്തൃ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും നിയന്ത്രണ പ്രക്രിയയിൽ ഫലപ്രദമായി പങ്കെടുക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക.
- ഉപഭോക്താക്കൾക്ക് വിവര സ്രോതസ്സായി പ്രവർത്തിക്കുകയും വൈദ്യുതിയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുക
- അസംഘടിത ഉപഭോക്തൃ ഗ്രൂപ്പുകൾക്കായി വർക്ക് ഷോപ്പുകളും പരിശീലന പരിപാടികളും

**പട്ടിക 11.2.19** നിലവിലുള്ള താരിഫിലെ വരുമാനവും, കെഎസ്ഇബിഎല്ലിന്റെ അംഗീകൃത താരിഫും

| താരിഫ് കാറ്റഗറി | 2019–20 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള താരിഫ് പ്രകാരം പ്രതീക്ഷിക്കുന്ന വരുമാനം | 2019–20 ൽ കെഎസ്ഇബി ലിമിറ്റഡിന്റെ നിർദ്ദിഷ്ട താരിഫിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനം | | അംഗീകൃത താരിഫിൽ നിന്നുള്ള വരുമാനം | |
|---|---|---|---|---|---|
| | | തുക | വർദ്ധനവ് (വാർഷികം) | തുക | വർദ്ധനവ് (വാർഷികം) |
| | തുക കോടിയിൽ) | തുക കോടിയിൽ) | തുക കോടിയിൽ) | തുക കോടിയിൽ) | തുക കോടിയിൽ) |
| **എൽ ടി വിഭാഗങ്ങൾ** | | | | | |
| എൽടി– Iആഭ്യന്തര | 4,744.32 | 5,511.29 | 766.97 | 5,283.27 | 538.95 |
| എൽടി ഇൻഡസ്ട്രീസ് | 804.75 | 847.11 | 42.36 | 851.01 | 46.27 |
| എൽടി–V അഗ്രികൾച്ചർ | 88.05 | 101.81 | 13.76 | 101.90 | 13.84 |
| എൽടി–VI ജനറൽ | 1,565.63 | 1,645.00 | 79.37 | 1,594.64 | 29.01 |
| എൽടി–VII വാണിജ്യ | 1,613.30 | 1,669.53 | 56.23 | 1,665.84 | 52.54 |
| എൽടി–VIII പബ്ലിക് ലൈറ്റിംഗ് | 183.92 | 197.85 | 13.93 | 202.59 | 18.67 |
| എൽടി ഹോർഡിംഗുകൾ | 4.01 | 4.01 | 0.00 | 4.14 | 0.14 |
| **എച്ച്ടി വിഭാഗങ്ങൾ** | | | | | |
| എച്ച്ടി –1 വ്യവസായം | 1,507.51 | 1,620.10 | 112.59 | 1,600.14 | 92.63 |
| എച്ച്ടി–II | 699.91 | 709.88 | 9.97 | 716.17 | 16.26 |
| എച്ച്ടി–III | 5.23 | 5.47 | 0.24 | 5.82 | 0.59 |
| എച്ച്ടി–IV | 672.57 | 668.44 | –4.13 | 686.87 | 14.29 |
| എച്ച്ടി–V | 13.27 | 12.82 | –0.45 | 14.23 | 0.96 |
| **ഇഎച്ച്ടി വിഭാഗം** | | | | | |
| ഇഎച്ച്ടി–66 kV | 213.10 | 245.08 | 31.98 | 227.73 | 14.63 |
| ഇഎച്ച്ടി–110 kV | 435.74 | 481.76 | 46.02 | 465.63 | 29.89 |
| ഇഎച്ച്ടി – 220 kV. | 55.80 | 67.01 | 0.02 | 63.60 | 4.72 |
| ഇഎച്ച്ടി ജനറൽ . | 57.37 | 58.26 | 0.89 | 58.88 | 1.51 |
| റെയിൽവേ | 179.27 | 203.54 | 24.27 | 185.34 | 6.06 |
| കെ.എം.ആർ.എൽ. | 10.01 | 11.34 | 1.33 | 10.20 | 0.19 |
| ലൈസൻസികളും ബൾക്ക് ഉപഭോക്താക്കളും | 394.43 | 437.53 | 43.10 | 416.22 | 21.80<br>902.94 |
| **അധിക വരുമാനം** | | | **1,247.44** | | |

അവലംബം: കെഎസ്ഇആർസി

ക്രമീകരിക്കുക.

- വാർത്താക്കുറിപ്പുകൾ, ലഘുലേഖകൾ, വസ്തുതാവിവരങ്ങൾ, മറ്റ് വിവരദായക വസ്തുക്കൾ എന്നിവ പ്രസിദ്ധീകരിക്കുക.
- ഉപഭോക്തൃ സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കമ്മീഷന് വേണ്ട ശുപാർശ ചെയ്യുക

## ആജ്ഞാനുവർത്തിത്വ ഓഡിറ്റ്

സംസ്ഥാനത്തെ എല്ലാ ലൈസൻസികളും കമ്മീഷൻ പുറപ്പെടുവിച്ച ചട്ടങ്ങളുടെയും ഉത്തരവുകളുടെയും വ്യവസ്ഥകൾ പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കമ്മീഷന്റെ ഓഫീസിൽ ഒരു കംപ്ലയിൻസ് എക്സാമിനർ പ്രവർത്തിക്കുന്നു. ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും വൈദ്യുതി നിയമം 2003 ലെ വ്യവസ്ഥകൾ പാലിക്കാത്തത് അല്ലെങ്കിൽ ലംഘിക്കൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ കംപ്ലയിൻസ് എക്സാമിനർക്ക് അയയ്ക്കാം.

കംപ്ലയിൻസ് ഓഡിറ്റിന്റെ ഭാഗമായി വിതരണ ലൈസൻസികളുടെ ഫീൽഡ് ഓഫീസുകളുടെ അനുവർത്തന നില നിർണ്ണയിക്കാൻ ആനുകാലിക പരിശോധനകൾ ക്രമീകരിച്ചിരിക്കുന്നു. കെഎസ്ഇബി ലിമിറ്റഡിന്റെ ഡിസ്ട്രിബ്യൂഷൻ സെക്ഷൻ ഓഫീസുകളിലും സംസ്ഥാനത്തെ മറ്റ് ലൈസൻസികളിലും കംപ്ലയിൻസ് വിഭാഗം സ്പോട്ട്

പരിശോധന നടത്തുകയും ലൈസൻസികളുമായി തിരുത്തൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഉപഭോക്താക്കളുടെ വിവേചനപരമായ ബില്ലിംഗ്, ഉപഭോക്താക്കൾക്ക് അധിക നിക്ഷേപമായി ഉയർന്ന തുക നിർണ്ണയിക്കുക, താരിഫ് നിർണ്ണയിക്കുന്നതിലെ പൊരുത്തക്കേടുകൾ, അധിക ചാർജ്ജുകൾ നിർണ്ണയിക്കുക , പ്രകടന മാനദണ്ഡങ്ങൾ പാലിക്കാത്തത് എന്നിവ കോംപ്ലയൻസ് എക്സാമിനർ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയ ചില ക്രമക്കേടുകൾ ആണ്.ഒപ്പം ഇവ തിരുത്തുന്ന നടപടികൾക്കായി ലൈസൻസികളെ ഏൽപ്പിക്കുകയും ചെയ്യുന്നു.

### ഉപഭോക്തൃ പരാതി പരിഹാര ഫോറവും(സിജിആർഎഫ്) ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും.

ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വൈദ്യുതി നിയമം വിഭാവനം ചെയ്യുന്നതരത്തിൽ സംസ്ഥാന കമ്മീഷൻ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി ഉപഭോക്തൃ പരാതി പരിഹാര ഫോറങ്ങൾ (സിജിആർഎഫ്) സ്ഥാപിക്കുന്നത് ലൈസൻസികൾക്ക് നിർബന്ധമാക്കി. സിജിആർഎഫ് പരാതികൾ പരിഹരിക്കാത്തതോ

**പട്ടിക 11.2.20** 2019–20 കാലയളവിൽ വിതരണ ലൈസൻസികൾക്ക് കീഴിലുള്ള വിവിധ സിജിആർ എഫുകൾ സ്വീകരിച്ചതും തീർപ്പാക്കിയതുമായ അപേക്ഷകൾ

| സിജിആർഎഫിന്റെ പേര് | 2019 ഏപ്രിൽ 1 ന് തീർപ്പുകൽപ്പിച്ചിട്ടില്ലാത്ത പരാതികൾ | 2019–20 കാലയളവിൽ ലഭിച്ച പരാതികൾ | 2019–20 ൽ തീർപ്പാക്കിയ പരാതികൾ | 2020 മാർച്ച് 31 വരെ തീർപ്പുകൽപ്പിച്ചിട്ടില്ലാത്ത പരാതികൾ |
|---|---|---|---|---|
| സിജിആർഎഫ്, കെഎസ്ഇബി ലിമിറ്റഡ്, കോട്ടാരക്കര | 25 | 131 | 140 | 16 |
| സിജിആർഎഫ്, കെഎസ്ഇബി ലിമിറ്റഡ് എറണാകുളം | 28 | 124 | 126 | 26 |
| സിജിആർഎഫ്, കെഎസ്ഇബി ലിമിറ്റഡ്, കോഴിക്കോട് | 37 | 155 | 175 | 17 |
| സി.ജി.ആർ.എഫ്, തൃശ്ശൂർ കോർപ്പറേഷൻ | 0 | 11 | 7 | 4 |
| സിജിആർഎഫ്, ടെക്നോപാർക്ക്, തിരുവനന്തപുരം | 1 | ഇല്ല | ഇല്ല | 1 |
| സിജിആർഎഫ്, കൊച്ചി പോർട്ട് ട്രസ്റ്റ്, കൊച്ചി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സിജിആർഎഫ്, കെപിയുപിഎൽ , കൊച്ചി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സിജിആർഎഫ്, സിഎസ്ഇഇസെഡ്എ , കൊച്ചി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സിജിആർഎഫ്, റബ്ബർ പാർക്ക് ഇന്ത്യ (പി) ലിമിറ്റഡ്, കൊച്ചി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സിജിആർഎഫ്, ഇൻഫോപാർക്, കൊച്ചി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സിജിആർഎഫ്, സ്മാർട്ട്സിറ്റി, കൊച്ചി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സിജിആർഎഫ്, കെഡിഎച്ച്പിസിഎൽ, മൂന്നാർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

*അവലംബം: കെഎസ്ഇആർസി*

**പട്ടിക 11.2.21** ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ റിപ്പോർട്ട് പ്രകാരം വർഷത്തിൽ ലഭിച്ചതും തീർപ്പാക്കിയതുമായ അപ്പീലുകളുടെ സംഗ്രഹം

| | |
|---|---|
| 1.3.2019 ലെ തീർപ്പുകൽപ്പിക്കാത്ത അപേക്ഷകളുടെ എണ്ണം | 15 അപ്പീലുകളും 1 റിവ്യൂവും |
| 2019–20 കാലയളവിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | 102 അപ്പീലുകളും 3 റിവ്യൂകളും |
| 2019–20 കാലയളവിൽ തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം | 100 അപ്പീലുകളും 4 റിവ്യൂകളും |
| 31.3.2020 ലെ തീർപ്പുകൽപ്പിക്കാത്ത അപേക്ഷകളുടെ എണ്ണം | 17 അപ്പീലുകൾ |
| നടത്തിയ സിറ്റിംഗുകളുടെ എണ്ണം | 119 |

*അവലംബം: കെഎസ്ഇആർസി*

സിജിആർഎഫിന്റെ തീരുമാനത്തിൽ ദുഃഖിതരായതോ ആയ ഉപഭോക്താക്കൾക്ക് സംസ്ഥാന കമ്മീഷൻ നിയോഗിച്ച ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനെ സമീപിക്കാം. 2019–20 കാലയളവിൽ വിതരണ ലൈസൻസികൾക്ക് കീഴിൽ വിവിധ സിജിആർഎഫുകൾ സ്വീകരിച്ചതും തീർപ്പാക്കിയതുമായ അപേക്ഷകളുടെ സംഗ്രഹം **പട്ടിക 11.2.20** –ൽ നൽകിയിരിക്കുന്നു.

മൊത്തം 448 പരാതികളിൽ 285 തീരുമാനം ഉപയോക്താക്കൾക്ക് അനുകൂലമാണെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്.
ഉപഭോക്തൃ ആവലാതി പരിഹാര ഫോറം പരാതികൾ പരിഹരിക്കാത്തതിലൂടെ ദുഃഖിതരായ ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കാനുള്ള നിയമപരമായ അധികാരമാണ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ. ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ റിപ്പോർട്ട് പ്രകാരം വർഷത്തിൽ ലഭിച്ചതും തീർപ്പാക്കിയതുമായ അപ്പീലുകളുടെ സംഗ്രഹം **പട്ടിക 11.2.21** –ൽ നൽകിയിരിക്കുന്നു

56 അപ്പീലുകളും 4 അവലോകനങ്ങളും ഉപഭോക്താക്കൾക്ക് അനുകൂലമായിരുന്നു.

## കമ്മീഷന്റെ പ്രവർത്തനങ്ങളിൽ കോവിഡ്–19 ന്റെ സ്വാധീനം

കോവിഡ്–19 ലെ നിയന്ത്രണ നടപടികൾ കാരണം ചുമത്തിയ ലോക്ക് ഡൗണുകളും നിയന്ത്രണങ്ങളും കമ്മീഷന്റെ പ്രവർത്തനരീതിയിൽ മാറ്റങ്ങൾ വരുത്തി. കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച്, കമ്മീഷന്റെ ഓഫീസിൽ ജീവനക്കാരുടെ ഹാജർ പരിമിതപ്പെടുത്തി, ജീവനക്കാർക്ക് വീട്ടിലിരുന്നു ജോലി ചെയ്യാനുള്ള സൗകര്യം അനുവദിച്ചു. മുമ്പത്തെ സമ്പ്രദായത്തിൽ നിന്നുള്ള വ്യതിചലനമെന്ന നിലയിൽ, കമ്മീഷൻ അതിന്റെ അപേക്ഷകൾ തീർപ്പാക്കുന്നതിന് വീഡിയോ കോൺഫറൻസ് മോഡ് വഴി ഹിയറിംഗുകൾ നടത്തി.

## മുന്നോട്ടുള്ള വഴി

ഊർജ്ജമേഖലയുടെ ആരോഗ്യകരമായ വളർച്ചയ്ക്കും നിശ്ചയിച്ച നയങ്ങളും പരിപാടികളും നടപ്പാക്കുന്നതിനും ഊർജ്ജ വ്യവസായത്തിന്റെ വിവിധ സംഘടനകൾക്കിടയിൽ നിരന്തരമായ ആശയവിനിമയവും മികച്ച ഏകോപനവും ഉണ്ടായിരിക്കണം. ഊർജ്ജ കേരള മിഷൻ പോലുള്ള സമഗ്രമായ പദ്ധതികളിലൂടെ കെഎസ്ഇബിഎൽ, അനർട്ട്, ഇഎംസി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് തുടങ്ങിയ സഹോദര സ്ഥാപനങ്ങൾക്കിടയിലെ മികച്ച സമന്വയത്തിലൂടെ 2021 ഓടെ സംസ്ഥാനത്തെ ഊർജ്ജ മേഖലയെ ആഗോള നിലവാരത്തിലേക്ക് വികസിപ്പിക്കുവാൻ സാധിക്കും.

മൊത്തം വൈദ്യുതീകരണത്തിന്റെ ലക്ഷ്യം കേരള സംസ്ഥാനം പൂർത്തീകരിച്ചു. ജനവാസമുള്ള ഏതൊരു പ്രദേശത്തും മണിക്കൂറുകൾക്കുള്ളിൽ ആവശ്യാനുസരണം വൈദ്യുതി നൽകാൻ സംസ്ഥാന വിതരണ ഗ്രിഡിന് ഇപ്പോൾ കഴിയും, അതും വൈദ്യുതി മുടങ്ങലോ ലോഡ് ഷെഡിംഗോ ഇല്ലാതെ ന്യായമായ ചിലവിൽ. അടിച്ചമർത്തുന്ന അന്തരീക്ഷം ഉണ്ടായിരുന്നിട്ടും, പവർ എക്സ്ചേഞ്ചുകൾ ഉൾപ്പെടെയുള്ള ഊർജ്ജ വിപണിയിലെ അവസരങ്ങൾ പര്യവേക്ഷണം ചെയ്യാൻ കെ.എസ്.ഇ.ബി.എല്ലിന് കഴിഞ്ഞു. ആഭ്യന്തര ഉൽപാദനം ഉൾപ്പെടെ കെഎസ്ഇബിഎല്ലിന്റെ വൈദ്യുതി വാങ്ങൽ ചെലവ് 2019–20 വർഷത്തിൽ യൂണിറ്റിന് 3.30 രൂപ മാത്രമാണ്. അടിസ്ഥാന ആവശ്യം നിറവേറ്റുന്നതിനായി വേണ്ടത്ര വൈദ്യുതി കെഎസ്ഇബി ലിമിറ്റഡ് ബന്ധിപ്പിച്ചിരിക്കുന്നു. വേനൽക്കാലത്ത് വൈകുന്നേരത്തെ തിരക്കേറിയ സമയങ്ങളിൽ ഉണ്ടാകുന്ന ക്ഷാമത്തിന് കെഎസ്ഇബിഎൽ മറ്റ് യൂട്ടിലിറ്റികളിൽ നിന്നുള്ള വൈദ്യുതി ബാങ്കിംഗ് വിജയകരമായി ഉപയോഗിച്ചു. അടുത്ത വേനൽക്കാലത്ത് മതിയായ ക്രമീകരണങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

പുനരുപയോഗ ഊർജ്ജം ഉപയോഗപ്പെടുത്തുന്നതിനും ഈ രംഗത്ത് മത്സരിക്കുന്നതിനുമുള്ള എല്ലാ ഓപ്ഷനുകളും കെഎസ്ഇബിഎൽ പരിഗണിക്കുന്നു. സൗര പദ്ധതികളിലൂടെ സൗരോർജ്ജം വികസിപ്പിക്കുന്നതിനൊപ്പം മറ്റെല്ലാ സ്രോതസ്സുകളും ത്വരിതപ്പെടുത്തുന്നു. 2022 ഓടെ റിന്യൂവബിൾസിൽ നിന്നുള്ള 40 ശതമാനം ഊർജ്ജ ആവശ്യകതകൾ നിറവേറ്റുകയാണ് ലക്ഷ്യം. 1829 മെഗാവാട്ട് പുനരുപയോഗ ഊർജ്ജ ശേഷിയും 2021–22 ഓടെ കരാറുകളിലൂടെ 700 മെഗാവാട്ടും ഉയർത്താനാണ് പദ്ധതി. . ട്രാൻസ്ഗ്രിഡ് 2.0 വഴി, ട്രാൻസ്മിഷൻ ലൈനുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്, അവയ്ക്ക് കുറഞ്ഞത് അല്ലെങ്കിൽ അധിക ഭൂമി / ആർഓഡബ്ല്യൂ ആവശ്യമില്ല. സബ്സ്റ്റേഷനുകളുടെ ഭൂമിയുടെ ആവശ്യകത കുറയ്ക്കുന്നതിനായി ആധുനിക ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകൾ സ്വീകരിച്ചു. പുതിയ 400 കെവി തിരുനെൽവേലി – കൊച്ചി – ത്രിച്ചൂർ – ഉദുമല്പേട്ട പവർ ഹൈവേയും റായ്ഗഡ്–പുഗലൂർ എച്ച് വിഡിഎസ് ത്രിച്ചൂരിലേക്ക് വ്യാപിപ്പിക്കുന്നതും സംസ്ഥാനത്തിന്റെ ഊർജ്ജ ഇറക്കുമതി ശേഷി 2800 മെഗാവാട്ട് വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കോവിഡ്–19 പാൻഡെമിക് ആക്രമണത്തോടൊപ്പം 2019 ലെ വെള്ളപ്പൊക്കം 2019–20 ൽ എസിഎസ്–എആർആർ വിടവ് വർദ്ധിപ്പിച്ചു. എസിഎസ്–എആർആർ വിടവ് ഒരു യൂണിറ്റിന് 0.197 രൂപയാണ്. കഴിഞ്ഞ വർഷങ്ങളിൽ വരുമാനം വർദ്ധിപ്പിക്കാനും ചെലവ് കുറവ് വരുത്താനും കെഎസ്ഇബിഎല്ലിന് കഴിഞ്ഞു. വരുമാനത്തിന്റെ ശതമാനമായി നഷ്ടം കണക്കാക്കുമ്പോൾ പ്രവർത്തന നഷ്ടം സഹിക്കാവുന്ന പരിധിക്കുള്ളിലാണെന്ന് മനസ്സിലാക്കാം. കെഎസ്ഇബിഎല്ലിന്റെ പ്രവർത്തനത്തിന് മതിയായ

പണമൊഴുക്ക് ഉറപ്പാക്കുന്നു. നഷ്ടം നികത്താൻ കെഎസ്ഇബിഎല്ലിന് ഒരിക്കലും ബാഹ്യ പിന്തുണ ആവശ്യമില്ല. ഇ–മൊബിലിറ്റി നയം പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യത്തെ രാജ്യങ്ങളിലൊന്നാണ് കേരളം. ഇക്കാര്യത്തിൽ കെഎസ്ഇബിയുടെ തയ്യാറെടുപ്പ് കണക്കിലെടുത്ത് സംസ്ഥാനത്തുടനീളം ഇ–വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ വിന്യസിക്കുന്നത് ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ കെഎസ്ഇബിയെ സ്റ്റേറ്റ് നോഡൽ ഏജൻസിയായി നിയമിച്ചു. വെല്ലുവിളിയെ നേരിടാൻ കെഎസ്ഇബിഎൽ ശരിയായ പാതയിലാണ് നീങ്ങുന്നത്. ഈ വർഷം ലക്ഷ്യമിട്ടുള്ള 62 ചാർജിംഗ് സ്റ്റേഷനുകളും വരും വർഷങ്ങളിൽ 181 സ്റ്റേഷനുകളും കൂടി പൂർത്തിയാകുന്നതോടെ വാഹന ചാർജിംഗിനായി സംസ്ഥാന വ്യാപകമായ അടിസ്ഥാന ശൃംഖല സൃഷ്ടിക്കും.

ആഭ്യന്തര മേഖലയിലെയും തെരുവ് വിളക്കുകളിലെയും എല്ലാ ഫിലമെന്റ് ലാമ്പുകളും ഫ്ലൂറസെന്റ് വിളക്കുകളും ട്യൂബുകളും അതിന്റെ വേരിയന്റ്, ഊർജ്ജ കാര്യക്ഷമത, ദീർഘകാലം നിലനിൽക്കുന്ന എൽഇഡി വിളക്ക്, ട്യൂബുകൾ എന്നിവ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കുന്നതിലൂടെ ഫിലമെന്റ് ഫ്രീ കേരള പ്രോഗ്രാം, സായാഹ്ന പീക്ക് ഡിമാൻഡ് കുറയ്ക്കുന്നതിനും കാർബൺ ഡൈഓക്സൈഡ് ബാഗിർഗ്ഗമനം  കുറയ്ക്കുന്നതിനും ഭൂമിയിലേക്ക് പോകുന്നതിൽ നിന്ന് എച്ച്ജി പിടിച്ചെടുക്കുന്നതിനും സംസ്ഥാനം വിഭാവനം ചെയ്യുന്നു. ഡിമാൻഡ് സൈഡ് മാനേജ്മെന്റിന്റെ ഭാഗമായി ആഭ്യന്തര കാര്യക്ഷമമായ ലൈറ്റിംഗ് പ്രോഗ്രാമിൽ 1.35 കോടിയിലധികം എൽഇഡി ലൈറ്റുകൾ വിതരണം ചെയ്തുകൊണ്ട് സംസ്ഥാനം ഇതിനകം തന്നെ ഊർജ്ജ  കാര്യക്ഷമത ലൈറ്റിംഗിലേക്ക് കടന്നിട്ടുണ്ട്. ഈ നടപടികളെല്ലാം സുസ്ഥിര വികസനത്തിനായി ശുദ്ധമായ അന്തരീക്ഷത്തിലേക്കുള്ള ഉപയോഗത്തിന്റെ പ്രതിബദ്ധതയെ ഊന്നിപ്പറയുന്നു.

ഒരു പൊതു യൂട്ടിലിറ്റി എന്ന നിലയിൽ കെഎസ്ഇബിഎൽ ലോക്ക് ഡൗൺ  സമയത്ത് ലക്ഷക്കണക്കിന് ഉപഭോക്താക്കളുടെ അഭിലാഷത്തിന് പ്രഥമ പരിഗണന നൽകി. പലർക്കും, ലോക്ക് ഡൗൺ സമയത്ത് അവരുടെ ദീർഘകാല സമ്പാദ്യം ഇല്ലാതാകുകയും ചെലവഴിക്കാൻ വരുമാനമില്ലാതിരിക്കുകയും ചെയ്തപ്പോൾ, ലോക്ക് ഡൗണിന്റെ   ദുരിതങ്ങൾ ലഘൂകരിക്കുന്നതിന് ഉപയോക്താക്കൾക്ക് ദുരിതാശ്വാസ നടപടികൾ പ്രഖ്യാപിച്ച് ആവശ്യമുള്ളവരെ സഹായിക്കാൻ കെഎസ്ഇബിഎൽ ഒരു സഹായഹസ്തം നൽകി. യൂട്ടിലിറ്റി അതിന്റെ പ്രവർത്തന പോസ്റ്റ് ലോക്ക്ഡൗൺ സാധാരണമാക്കി. നഷ്ടമുണ്ടായിട്ടും, കോവിഡ്–19 പാൻഡെമിക്കുമായി സഹവർത്തിക്കാ നുള്ള പരിവർത്തനത്തിലാണ് കോവിഡ്–19 പ്രോട്ടോക്കോൾ പരിപാലിക്കുന്നതിനും സേവനങ്ങൾ അവരുടെ വാതിൽപ്പടിയിൽ എത്തിക്കുന്നതിനും ഉള്ള സേവനങ്ങൾ നവീകരിച്ചത്. മുകളിൽ വിവരിച്ചതു പോലെ, സ്വകാര്യവത്കരണമില്ലാതെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തിക്കൊണ്ട് വൈദ്യുതി മേഖല യിലെ വെല്ലുവിളികളെയും പ്രശ്നങ്ങളെയും നേരിടാൻ കെഎസ്ഇബിഎൽ തയ്യാറാണ്, കൂടാതെ ഊർജ്ജ കേരള മിഷനിലൂടെ ആഗോള നിലവാരം കൈവരിക്കാൻ ഒരുങ്ങുകയാണ്. കേരളത്തിന്റെ പുനഃസംഘടനയുടെ വിജയകരമായ അനുഭവം സേവനങ്ങളുടെ ഫലപ്രാപ്തിക്കായി ഒരു സംയോജിത യൂട്ടിലിറ്റിയെന്ന നിലയിൽ നിലനിൽപ്പിന്റെ പ്രാധാന്യത്തെ ഊന്നിപ്പറയുന്നു, മറുവശത്ത് തന്ത്രപരമായ ബിസിനസ്സ് യൂണിറ്റുകളിലേക്ക് ലംബമായി ബന്ധിപ്പിക്കുന്നതിലൂടെ കാര്യക്ഷമതയും കൂടുതൽ സാമ്പത്തിക നിയന്ത്രണവും കൈവരിക്കുന്നു. ഒരു പൊതു യൂട്ടിലിറ്റി എന്ന നിലയിൽ കെഎസ്ഇബിഎൽ സംസ്ഥാനത്തെ എല്ലായിടത്തും മിതമായ നിരക്കിൽ വൈദ്യുതി തുല്യമായി വിതരണം ചെയ്യുകയും സുസ്ഥിര മാതൃകയായി പരിണമിക്കുകയും ചെയ്തു.

പുനരുപയോഗ ഊർജ്ജ വിഭാഗങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും കൂടുതൽ പുനരുപയോഗ ഊർജ്ജ ഉപകരണങ്ങളുടെ നിരന്തരമായ ഉപയോഗത്തിന് അനുയോജ്യമായ ഒരു ഇക്കോ സിസ്റ്റം വികസിപ്പിക്കുന്നതിനും അനെർട്ട് റീഓറിയന്റ്ചെയ്യേണ്ടതുണ്ട്. സംസ്ഥാനത്തെ ഊർജ്ജ മേഖലയുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി, ഇതിനകം ആരംഭിച്ച എല്ലാ ജലവൈദ്യുത നിലയങ്ങളും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. മിനി മൈക്രോ ഹൈഡൽ പ്ലാന്റുകൾ സാധ്യമായത്രയും നിർമ്മിക്കാൻ മുൻഗണന നൽകേണ്ടതുണ്ട്.

വർദ്ധിച്ചുവരുന്ന ആവശ്യവുമായി പൊരുത്തപ്പെടുന്ന വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനായി വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുക എന്നതാണ് സർക്കാരിന്റെ ഏറ്റവും മുൻഗണന. അതേസമയം, ശക്തിയുടെ ഗുണനിലവാരത്തിനും തുല്യ പ്രാധാന്യമുണ്ട്. പാരമ്പര്യേതര ഊർജ്ജ  സ്രോതസ്സുകൾ നമ്മുടെ ഊർജ്ജ ആവശ്യകതകൾ നിറവേറ്റുന്നതിൽ പരമാവധി ഉപയോഗപ്പെടുത്തണം. കാറ്റ്, സൗരോർജ്ജ ഫോട്ടോവോൾട്ടെയ്ക്ക്, ചെറുകിട, ഇടത്തരം ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉൽപാദനം അതിന്റെ മുഴുവൻ ശേഷിയും ഉപയോഗപ്പെടുത്തണം. ഏതൊരു രാജ്യത്തും മതിയായ സാമ്പത്തികവും സാമൂഹികവുമായ വളർച്ച ഉറപ്പാക്കാൻ, ലഭ്യമായ എല്ലാ ഊർജ്ജ സ്രോതസ്സുകളും ഏറ്റവും ഫലപ്രദമായും സാമ്പത്തികമായും, പ്രത്യേകിച്ച് വൈദ്യുതി ഉൽപാദനത്തിനായി ഉപയോഗിക്കുന്നത് അനിവാര്യമാണ്.

ഊർജ്ജ കാര്യക്ഷമത നയങ്ങൾ, പ്രോട്ടോക്കോളുകൾ, ഊർജ്ജ കാര്യക്ഷമത മാനേജ്മെന്റ്, പതിപ്പ് അപ്ഡേറ്റ് എന്നിവ സംബന്ധിച്ച ചട്ടങ്ങളും നിയന്ത്രണങ്ങളും, മാനദണ്ഡങ്ങൾ ഉയർത്തിക്കാട്ടുന്ന ഊർജ്ജ കാര്യക്ഷമത പദ്ധതികൾക്ക് ധനസഹായം, ഊർജ്ജ ഓഡിറ്റുകളിലൂടെ സ്ഥിരത പാലിക്കൽ, ഫലങ്ങൾ ലിങ്ക് ചെയ്യൽ, സ്റ്റാൻഡേർഡ്, സ്കിൽഡ് മാൻപവർ എന്നിവയ്ക്കിടയിൽ ശരിയായ ബാലൻസ് വികസിപ്പിക്കുക, റെഗുലേറ്റർ സംരംഭങ്ങളുടെയും ഉപകരണങ്ങളുടെയും വിപണി സമീപ നങ്ങൾ എന്നിവ പരിഗണിക്കാം.

## 11.3 വാർത്താവിനിമയം

### കേരളത്തിലെ തപാൽ ശൃംഖല

ലോകത്തിലെ ഏറ്റവും വിപുലമായ തപാൽ ശൃംഖലകളിൽ ഒന്നാണ് ഇന്ത്യയിലേത്. രാജ്യത്ത് നിലവിലുള്ള 1,55,531 തപാലാഫീസുകളിൽ 1,39,882 (89.94 ശതമാനം) ഗ്രാമീണ മേഖലയിലും 15,649 (10.26 ശതമാനം) നഗരപ്രദേശങ്ങളിലും പ്രവർത്തിക്കുന്നു. രാജ്യത്ത് ശരാശരി 8,770 പേർക്ക് ഒരു തപാൽ ആഫീസാണുള്ളത്. ഗ്രാമപ്രദേശങ്ങളിൽ ഇത് 6,455 പേരും നഗരപ്രദേശങ്ങളിൽ 29,458 പേരുമാണ്. തപാലാഫീസുകളുടെ ശരാശരി സേവന വിസ്തീർണ്ണം 21.14 ചതുരശ്ര കിലോമീറ്ററാണ്. ഹെഡ് പോസ്റ്റ് ഓഫീസുകൾ, സബ് പോസ്റ്റ് ഓഫീസുകൾ, എക്സ്ട്രാ ഡിപ്പാർട്ടുമെന്റ് സബ് പോസ്റ്റ് ഓഫീസുകൾ, എക്സ്ട്രാ ഡിപ്പാർട്ടുമെന്റൽ ബ്രാഞ്ച് പോസ്റ്റ് ഓഫീസുകൾ എന്നിങ്ങനെ നാല് വിഭാഗങ്ങൾ ചേർന്നതാണ് ഇന്ത്യൻ തപാൽ ശൃംഖല.

സംസ്ഥാനത്തിന്റെ മുഴുവൻ പ്രദേശങ്ങളും ലക്ഷദ്വീപ്, മാഹി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളും ചേർന്നതാണ് കേരളത്തിലെ തപാൽ ശൃംഖല. എല്ലാ വില്ലേജുകളിലും കുറഞ്ഞത് ഒരു തപാൽ ഓഫീസെങ്കിലും ഉള്ള ഒരേ ഒരു സംസ്ഥാനമാണ് കേരളം. കേരള സർക്കിളിന്റെ കീഴിൽ 5,063 തപാൽ ഓഫീസുകൾ ആഗസ്റ്റ് 31, 2019 വരെയുള്ള കണക്കുകൾ പ്രകാരം പ്രവർത്തിച്ച് വരുന്നു. ഇതിൽ 1,509 ഡിപ്പാർട്ട്മെന്റ് തപാലാഫീസുകളും 3,554 എക്സ്ട്രാ ഡിപ്പാർട്ടുമെന്റൽ തപാൽ ആഫീസുകളുമാണ്. കേരളത്തിലെ തപാൽ ആഫീസുകൾ ശരാശരി 7.70 ചതുരശ്ര കി.മീ. വിസ്തീർണ്ണത്തിൽ 6,611 പേർക്ക് സേവനം നൽകുമ്പോൾ ദേശീയതലത്തിൽ ഇത് ശരാശരി 21.21 ച.കി. മീറ്ററിന് 7,175 ആണ്. ഗ്രാമീണ മേഖയിലാണ് 82.82 ശതമാനം തപാലാഫീസുകളും പ്രവർത്തിച്ച് വരുന്നത്.

കേരളത്തിലെ തപാൽ ഓഫീസുകളുടെ സെപ്റ്റംബർ 30, 2020 ലെ കണക്കു അനുസരിച്ച് ജില്ല തിരിച്ചുള്ള വിതരണം **പട്ടിക 11.3.1** –ൽ കൊടുത്തിരിക്കുന്നു.

സംസ്ഥാനത്തെ തപാൽ ശൃംഖലയുടെ വിശാല ലഭ്യത കണക്കിലെടുത്ത്, പുതിയ തപാൽ ഓഫീസുകൾ തുറന്ന് നിലവിലുള്ള എക്സ്ട്രാ ഡിപ്പാർട്ട്മെന്റൽ പോസ്റ്റോഫീസുകൾ (ഇഡിബിഒകൾ) മുഴുവൻ സമയ തപാൽ ഓഫീസുകളാക്കി ഉയർത്തുകയോ ചെയ്ത് പുതുതായി വികസിപ്പിച്ച നഗര/ ഗ്രാമപ്രദേശങ്ങളിൽ തപാൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിരന്തര ശ്രമങ്ങൾ നടന്നുവരുന്നു.

കേരളത്തിലെ എല്ലാ പോസ്റ്റ് ഓഫീസുകളും ഒരു പൗര കേന്ദ്രമായി അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി. ഓരോ പൗരനും ഇപ്പോൾ തങ്ങളുടെ വീട്ടുവാതിൽക്കൽ ഈ ഹബിലേക്ക് പ്രവേശനം ഉണ്ട്. വിശദാംശങ്ങൾ **അനുബന്ധം 11.3.1, 11.3.2, 11.3.3, 11.3.4** എന്നിവയിൽ കാണിച്ചിരിക്കുന്നു.

സേവന നിലവാരം ഉയർത്തുന്നതിന് 5 ദേശീയ ഹബ്ബുകൾക്ക് കീഴിൽ 14 സ്പീഡ് പോസ്റ്റ് പ്രോസസ്സിംഗ് സെന്ററുകൾ ഉപയോഗിച്ച് നിരീക്ഷണം, സാങ്കേതിക പ്രേരണ സുഗമമാക്കുന്നതിനും ബുക്കിംഗ് മുതൽ ഡെലിവറി വരെ ട്രാക്ക്, ട്രേസ് സൗകര്യങ്ങൾ എന്നിവ ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ മെയിൽ ശൃംഖല നവീകരിച്ചു. രജിസ്റ്റർ ചെയ്ത മെയിലുകൾക്ക് ഇപ്പോൾ ട്രാക്ക് ആൻഡ് ട്രേസ് സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമാണ്. ദേശീയ നയത്തിന്റെ ഭാഗമായി, മേഖലയിലെ മികച്ച സേവന നിലവാരം ഉറപ്പുവരുത്തുന്നതിന് സർക്കിളിൽ സാധാരണ മെയിലുകൾ കൈകാര്യം ചെയ്യുന്ന ശൃംഖല നവീകരിച്ചു.

### വിതരണ ശൃംഘലയിൽ സാങ്കേതികത ഏർപ്പെടുത്തൽ

- സർക്കിളിലെ 1509 ഡിപ്പാർട്ട്മെന്റൽ പോസ്റ്റോഫീസുകൾ കമ്പ്യൂട്ടർ വത്കൃതമാണ്.
- ഡെലിവറി, പണമയയ്ക്കൽ, സേവിംഗ്സ് ബാങ്ക്, കൗണ്ടർ സേവനങ്ങൾ തുടങ്ങിയ പ്രധാന മേഖലകളിൽ വിവിധ പോസ്റ്റോഫീസുകളുടെ പ്രവർത്തനം സർക്കിൾ ഓഫീസ് ദിവസേന നിരീക്ഷിക്കുന്നു.

**പട്ടിക 11.3.1** കേരളത്തിലെ തപാൽ ഓഫീസുകളുടെ ജില്ല തിരിച്ചുള്ള വിതരണം 30.9.2020 ലെ കണക്ക്

| ക്രമ നം. | ജില്ല / കേന്ദ്രഭരണ പ്രദേശത്തിന്റെ പേര് | പോസ്റ്റ് ഓഫീസുകളുടെ എണ്ണം |
|---|---|---|
| 1 | കാസർഗോഡ് | 231 |
| 2 | കണ്ണൂർ | 382 |
| 3 | വയനാട് | 163 |
| 4 | പുതുച്ചേരി കേന്ദ്ര ഭരണ പ്രദേശം (മാഹി മാത്രം) | 4 |
| 5 | കോഴിക്കോട് | 407 |
| 6 | മലപ്പുറം | 438 |
| 7 | പാലക്കാട് | 455 |
| 8 | തൃശ്ശൂർ | 484 |
| 9 | ലക്ഷദ്വീപ് കേന്ദ്ര ഭരണ പ്രദേശം | 10 |
| 10 | എറണാകുളം | 391 |
| 11 | ഇടുക്കി | 296 |
| 12 | കോട്ടയം | 409 |
| 13 | അലപ്പുഴ | 300 |
| 14 | പത്തനംതിട്ട | 312 |
| 15 | കാസറഗോഡ് | 367 |
| 16 | തിരുവനന്തപുരം | 414 |
| | ആകെ | 5063 |

*അവലംബം:* ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ, തിരുവനന്തപുരം

**പട്ടിക 11.3.2** കേരള തപാൽ സർക്കിളിന്റെ പുതിയ ഇ–അധിഷ്ഠിതവും മൂല്യവർദ്ധിതവുമായ സേവനങ്ങൾ

| ക്രമ. നം. | സേവന ഇനം | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | 'ഇ പോസ്റ്റ്' | ഭൗതിക കൈമാറ്റം ഒഴിവാക്കി അന്തിമ ലക്ഷ്യസ്ഥാനത്തേക്ക് പോസ്റ്റ്മാൻ വഴി വേഗത്തിൽ ആശയവിനിമയം അയയ്ക്കുന്നതിനുള്ള സേവനം. 31/03/2020 വരെ 1,334 പോസ്റ്റോഫീസുകളി–ൽ ഈ സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| 2 | പലരിൽ നിന്നും ഒന്നിലേക്ക് | അനേകം പ്രേക്ഷിതർക്ക് ഒരേ ഇപോസ്റ്റ് സന്ദേശം ഒരു പ്രേക്ഷിതന് മാത്രം ഇമെയിൽ ബോക്സിൽ അയയ്ക്കാൻ ഇത് സഹായിക്കുന്നു. |
| 3 | ഒന്നിൽ നിന്നും പല–രിലേക്ക് | അയച്ച ആളിൽ നിന്ന് ഒരേ ഇപോസ്റ്റ് സന്ദേശം ഒന്നിലധികം സ്വീകർത്താക്കൾക്ക് ഇമെയിൽ ഇൻബോക്സിൽ അയയ്ക്കാൻ ഇത് സഹായിക്കുന്നു. |
| 4 | ഇഎംഒ | 2008–ൽ രാജ്യത്തിന് അകത്തേക്കും പുറത്തേക്കും വിലാസക്കാർക്ക് പണം അയയ്ക്കുന്നതിനാ–ണ് ഈ സേവനം അവതരിപ്പിച്ചത്. ഇന്ന്, മണി ഓർഡർ വ്യവഹാരത്തിന്റെ 98 ശതമാനവും ഇലക്ട്രോണിക് രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. കേരളത്തിൽ ഈ സേവനം വാഗ്ദാനം ചെയ്യുന്ന പോസ്റ്റോഫീസുകളുടെ എണ്ണം ഇന്ന് 1,508 ആണ്. |
| 5 | ഐഎംഒ | 2020 ജനുവരിയിൽ നിർത്തലാക്കി |
| 6 | ഇ–പേയ്മെന്റ് | എല്ലാ കമ്പ്യൂട്ടർവത്കൃത പോസ്റ്റോഫീസുകളിൽ നിന്നും വിവിധ സേവന ദാതാക്കളുടെ താൽ–പര്യാർത്ഥം ഉപഭോക്തൃ ബില്ലുകൾ ഉൾപ്പെടെ ശേഖരിക്കുന്നതിനും ഇടപാട് സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സമയപരിധിക്കുള്ളിൽ കേന്ദ്രീകൃതമായി പണമടയ്ക്കുന്നതിന് സേവനം പ്രദാനം ചെയ്യുന്നു. കേരള തപാൽ സർക്കിളിലെ എല്ലാ 1,508 (ഹെഡ് പോസ്റ്റ് ഓഫീസുകളും സബ് പോസ്റ്റ് ഓഫീസുകളും) പോസ്റ്റോഫീസുകളിലും ഈ സേവനം ലഭ്യമാണ് |
| 7 | ഇന്റർനാഷണൽ സ്പീഡ് പോസ്റ്റ് അല്ലെങ്കിൽ ഇ എം എസ് | ഇന്ത്യയിൽ നിന്ന് 99 രാജ്യങ്ങളിലേക്ക് ഇതിന്റെ സേവനം ലഭ്യമാണ് |

*അവലംബം:* ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ, തിരുവനന്തപുരം

- വെബ്സൈറ്റിലൂടെ പരാതികൾ രജിസ്റ്റർ ചെയ്യാനും അന്തിമ തീർപ്പാക്കൽ വരെ പുരോഗതി നിരീക്ഷിക്കാനുമുള്ള സൗകര്യം.
- www.indiapost.gov.in വെബ്സൈറ്റ് മുഖേന രജിസ്റ്റർ, ഇൻഷ്വർ ചെയ്ത, സ്പീഡ് പോസ്റ്റ്, ഇഎംഒ, വിദേശ ഉത്തരവാദിത്വ ലേഖനങ്ങൾ എന്നിവയ്ക്ക് ട്രാക്ക് ആൻഡ് ട്രേസ് സൗകര്യം.

കേരള തപാൽ സർക്കിളിന്റെ പുതിയ ഇ–അധിഷ്ഠിതവും മൂല്യവർദ്ധിതവുമായ സേവനങ്ങൾ **പട്ടിക 11.3.2 –ൽ** നൽകിയിരിക്കുന്നു

ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ അടുത്തിടെ ഏറ്റെടുത്ത് നടപ്പിലാക്കിയ ബിസിനസ്സ് സംരംഭങ്ങൾ:

1. വിവിധ പ്രൊഫഷണൽ കോഴ്സുകളിലും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന മറ്റ് പരീക്ഷകളിലും അലോട്ട്മെന്റ് ലഭിച്ച അപേക്ഷകരിൽ നിന്ന് ഇ–പേയ്മെന്റ് വഴി അപേക്ഷാ ഫീസ് ശേഖരിക്കുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുമായുള്ള സേവനം.
2. ഇ– പേയ്മെന്റ് മുഖേന ജല ബില്ലുകൾ ഒടുക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായുള്ള (കെഡബ്ല്യുഎ) ബന്ധം.
3. ഇ–പേയ്മെന്റ് സേവനത്തിലൂടെ പോസ്റ്റോഫീസുകളിൽ പ്രീപെയ്ഡ് മൊബൈൽ കണക്ഷനുകൾ റീചാർജ് ചെയ്യുന്നതിന് അധർവ അസോസിയേറ്റ്സുമായുള്ള (3 ഇപെയ്മെന്റ് ബിൽ സംവിധാനം വഴി– അധർവ പ്രീപെയ്ഡ്, അധർവ പോസ്റ്റ്പെയ്ഡ്, കെപിഎവൈ) സേവനം.
4. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോംഗ് എജ്യുക്കേഷനുമായി (സ്കോൾ–കേരളം) സഖ്യമുണ്ടാക്കി ഇ–പേയ്മെന്റ് സേവനത്തിലൂടെ സ്കോളിനു കീഴിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ നിന്ന് വിവിധ ഫീസ് ശേഖരിക്കുന്നതിനുള്ള സേവനം.
5. കേരളത്തിലുടനീളമുള്ള 152 എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് സർവകലാശാലയുടെ പ്രധാന പരീക്ഷാ സാമഗ്രികൾ ശേഖരിക്കുന്നതിനും ബുക്കിംഗ് ചെയ്യുന്നതിനും വിതരണം നടത്തുന്നതിനുമായി എപിജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുമായുള്ള ബന്ധം.
6. 73 പോളിടെക്നിക് കോളേജുകൾ, 11 ടെക്നിക്കൽ ഹൈസ്കൂളുകൾ, 17 സർക്കാർ വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള പ്രധാന പരീക്ഷാ സാമഗ്രികൾ ബുക്ക് ചെയ്യുന്നതിനും അയയ്ക്കുന്നതിനുമായി കേരളത്തിലെ സാങ്കേതിക പരീക്ഷാ കൺട്രോളറുമായുള്ള ബന്ധം.
7. പൊതുജനങ്ങളിൽ നിന്നുള്ള പരാതികളും കത്തുകളും ഇ–പോസ്റ്റ് സന്ദേശങ്ങളും ഏകോപിപ്പിക്കുന്നതിന് കോർപ്പറേറ്റ് ഇ–പോസ്റ്റിനായി കേരള സംസ്ഥാന സർക്കാരുമായുള്ള ബന്ധം.
8. പിആർഎസ് സൗകര്യം വഴി റെയിൽവേ റിസർവേഷൻ ടിക്കറ്റ് ബുക്കിംഗ് സംവിധാനം.
9. പാസ്പോർട്ട് ഉപഭോക്താക്കൾക്ക് പാസ്പോർട്ട് ലഭിക്കുന്നതിനുള്ള പ്രക്രിയ സുഗമമാക്കുന്നതിന് പത്തനംതിട്ട, കവരത്തി, കാസർഗോഡ്, ചെങ്ങന്നൂർ, കട്ടപ്പന, ഒലവക്കോട്, ആറ്റിങ്ങൽ , നെൻമാറ എന്നിവിടങ്ങളിൽ സേവാ കേന്ദ്രങ്ങൾ സ്ഥാപിച്ചു.
10. യുഐഡിഐഐയുമായി സഹകരിച്ച് ആധാർ എൻറോൾമെന്റ് കം അപ്ഡേറ്റ് സെന്ററുകൾ ആരംഭിച്ചു.
11. ഗംഗോത്രിയിൽ നിന്നും കൊണ്ടുവരുന്ന ഗംഗാ ജലം വിതരണം.
12. ഉജാല പദ്ധതിക്ക് കീഴിൽ വിതരണം ചെയ്യുന്ന എൽഇഡി ബൾബുകൾ, ട്യൂബ് ലൈറ്റുകൾ, എനർജി എഫിഷ്യന്റ് ഫാനുകൾ എന്നിവയുടെ വിൽപ്പനയ്ക്കായി കേരള തപാൽ സർക്കിൾ M/s എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡുമായുള്ള കരാർ.
13. സിബിഎസ്ഇയുടെ പ്രധാന പരീക്ഷാ സാമഗ്രികൾ ബുക്ക് ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും സിബിഎസ്ഇയുമായുള്ള ബന്ധം.
14. എൻഡിഎ, സ്റ്റേറ്റ് പിഎസ്‌സി, യുപിഎസ്‌സി, എസ്എസ്‌സി എന്നീ സ്ഥാപനങ്ങൾക്ക് പ്രത്യേക ബുക്കിംഗ് നടത്തുന്നതിന് തെരെഞ്ഞെടുത്ത പോസ്റ്റോഫീസുകളിൽ പ്രത്യേക സ്പീഡ് പോസ്റ്റ് ബുക്കിംഗ് കൗണ്ടറുകളുടെ ക്രമീകരണം.
15. ഇന്ത്യയിലുടനീളമുള്ള തഹസിൽദാർ/താലൂക്ക് തല അധികാരികൾക്ക് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ സെൻസസ് 2021ന് ആവശ്യമായ സാമഗ്രികൾ വിതരണം ചെയ്യുന്ന പദ്ധതി.

## സ്റ്റാമ്പ് ശേഖരം

സ്റ്റാമ്പ് ശേഖരം ഒരു വിനോദമായി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, തിരുവനന്തപുരം ജിപിഒ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ഹെഡ് ഓഫീസുകൾ എന്നിവിടങ്ങളിൽ കേരള തപാൽ സർക്കിൾ വിവിധ നടപടികൾ സ്വീകരിച്ച് വരുന്നു. കേരളത്തിലെ എല്ലാ ഹെഡ് പോസ്റ്റ് ഓഫീസുകൾ, സംസ്ഥാനത്തെ 25 ഫിലാറ്റലി എക്സ്റ്റൻഷൻ കൗണ്ടറുകൾ എന്നിവിടങ്ങളിലൂടെ സ്റ്റാമ്പ് ശേഖരം ലഭ്യമാക്കുന്നു. ഇന്ത്യാ പോസ്റ്റ് ഓരോ വർഷവും പുറത്തിറക്കുന്ന സ്റ്റാമ്പ് ശേഖര വസ്തുക്കൾ വാങ്ങാൻ ആഗ്രഹിക്കുന്ന അക്കൗണ്ടുള്ള ഏതൊരു സ്റ്റാമ്പ് ശേഖരിക്കുന്ന വ്യക്തിക്കും, ഉപഭോക്താവിനും വിവിധ ബ്യൂറോകളിലൂടെ ആദ്യ ആറുമാസത്തിനുള്ളിൽ ഇവ വിതരണം ചെയ്ത് ലഭ്യമാക്കുന്നു.

## കെരാപെക്സ് 2019

കേരള സർക്കിൾ ഫിലാറ്റലിക് എക്സിബിഷൻ (കെരാപെക്സ്) 2019, തിരുവനന്തപുരത്ത് നവംബർ 26, 2019 മുതൽ നവംബർ 29, 2019 വരെ നടന്നു. ഒരു കാരീഡ് കവർ ഉൾപ്പടെ ഏഴ് പ്രത്യേക കവറുകൾ, കെരാപെക്സ് തീമിൽ ഒരു സാറ്റിൻ കവർ, ഗാന്ധിജിയുടെ കേരള സന്ദർശനത്തെക്കുറിച്ചുള്ള ഒരു ഖാദി കവർ എന്നിവയുൾപ്പെടെ എക്സിബിഷൻ പുറത്തിറക്കി. കേരള സർക്കിളിന്റെ പിക്റ്റോറിയൽ പോസ്റ്റ്കാർഡ് പായ്ക്കും കേരള സർക്കിളിന്റെ എല്ലാ പിക്റ്റോറിയൽ ശേഖരങ്ങളും ഗാന്ധിജിയുടെ ജീവിതത്തിലെ സുപ്രധാന സംഭവത്തെക്കുറിച്ചുള്ള 15 ചിത്ര പോസ്റ്റ്കാർഡുകളും അടങ്ങിയ ഒരു പായ്ക്ക്, കെറാപെക്സ് 2019 പുറത്തിറക്കി.

## വാർത്താവിനിമയം

സമ്പദ്‌വ്യവസ്ഥയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്കും നവീകരണത്തിനും ആവശ്യമായ പ്രധാന പിന്തുണാ സേവനങ്ങളിലൊന്നാണ് വാർത്താവിനിമയം. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിലെ വാർത്താവിനിമയ സേവനം ഗണ്യമായി മെച്ചപ്പെട്ടു.

## ടെലിഫോൺ വരിക്കാരുടെ വിശദാംശങ്ങൾ

ആഗസ്റ്റ് 31, 2020 വരെ 1,167.81 ദശലക്ഷം ടെലിഫോൺ വരിക്കാരുള്ള ലോകത്തെ രണ്ടാമത്തെ വലിയ ടെലികമ്മ്യൂണിക്കേഷൻ വിപണിയാണ് ഇന്ത്യ, ഇതിൽ 1,147.92 ദശലക്ഷം വയർലെസ് വരിക്കാരും 19.89 ദശലക്ഷം വയർ-ലൈൻ വരിക്കാരുമാണ് ഉള്ളത്.

ഇന്ത്യയിൽ മൊത്തത്തിലുള്ള ടെലി ഡെൻസിറ്റി 86.23 ശതമാനമാണ് (വയർലെസ്: 84.77 ശതമാനവും വയർ ലൈൻ: 1.47 ശതമാനം). കേരളത്തിലെ ടെലി ഡെൻസിറ്റി ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്നതാണ്, ഇത് 128.93 ശതമാനവും ടെലിഫോൺ വരിക്കാരുടെ എണ്ണം 45.72 ദശലക്ഷവുമാണ് (44.28 വയർലെസും 14.39 വയേർഡ് കണക്ഷനുകളും).

## കേരളത്തിലെ ടെലിഫോൺ വരിക്കാരുടെ എണ്ണം: സേവന ദാതാവിന്റെ അടിസ്ഥാനത്തിൽ

കേരളത്തിലെ വയർലെസ് ടെലിഫോൺ വരിക്കാരുടെ എണ്ണം **പട്ടിക 11.3.3** ൽ നൽകിയിരിക്കുന്നു.

കേരളത്തിൽ ആകെ വയർലെസ് വരിക്കാരുടെ എണ്ണം 4,42,86,150 ആണ്. 10,95,0711 വരിക്കാരുള്ള ബിഎസ്എൻഎല്ലിനാണ് ഏറ്റവും വലിയ വയർലെസ് കണക്റ്റിവിറ്റി ഉള്ളത്. വൊഡാഫോണിന് 1,77,19,606 വരിക്കാരാണ്. റിലയൻസ് കമ്മ്യൂണിക്കേഷൻസിന് 709 വരിക്കാർ മാത്രമേയുള്ളൂ.

സേവന ദാതാക്കളുടെ വയർലെസ് മാർക്കറ്റ് ഷെയർ **ചിത്രം 11.3.1** –ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ വയർ–ലൈൻ ടെലിഫോൺ വരിക്കാരുടെ എണ്ണം പട്ടിക 11.3.4 –ൽ നൽകിയിരിക്കുന്നു

കേരളത്തിലെ വയർ–ലൈൻ ടെലിഫോൺ വരിക്കാരുടെ എണ്ണം **ചിത്രം 11.3.2** –ൽ നൽകിയിരിക്കുന്നു.

ടെലി കമ്മ്യൂണിക്കേഷൻ വകുപ്പ് ഒറ്റ അടിയന്തിര നമ്പർ **ബോക്സ് 11.3.4** –ൽ നൽകിയിരിക്കുന്നു.

## ഇന്റർനെറ്റ് വരിക്കാരുടെ വിശദാംശങ്ങൾ

2020 ജൂൺ, 30 അവസാനത്തിൽ ഇന്ത്യയിലെ ആകെ ഇൻറർനെറ്റ് വരിക്കാരുടെ എണ്ണം 749.07 ദശലക്ഷമാണ്. 726.01 ദശലക്ഷത്തിലധികം വരുന്ന ഇന്റർനെറ്റ് വരിക്കാരിൽ, 96.95 ശതമാനം ഉപഭോക്താക്കൾ വയർലെസ് ഇന്റർനെറ്റ് വരിക്കാരും 3.07 ശതമാനം വരുന്ന 23.06 ദശലക്ഷം പേർ വയേർഡ് ഇന്റർനെറ്റ് വരിക്കാരുമാണ്.

**പട്ടിക 11.3.3** കേരളത്തിലെ വയർലെസ് ടെലിഫോൺ വരിക്കാരുടെ എണ്ണം

| ബിഎസ്എൻഎൽ | ഭാരതി എയർടെൽ | വോഡഫോൺ ഐഡിയ | റിലയൻസ് ജിയോ | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | ആകെ |
|---|---|---|---|---|---|
| 1,09,50,711 | 59,44,643 | 1,77,19,606 | 96,70,481 | 709 | 4,42,86,150 |

അവലംബം: ബിഎസ്എൻഎൽ

**പട്ടിക 11.3.4** കേരളത്തിലെ വയർ–ലൈൻ ടെലിഫോൺ വരിക്കാരുടെ എണ്ണം

| ബി എസ് എൻ എൽ | ഭാരതി എയർടെൽ | വോഡഫോൺ ഐഡിയ | റിലയൻസ് ജിയോ | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | ടാറ്റ ടെലി കമ്യൂണിക്കേഷൻസ് | ആകെ |
|---|---|---|---|---|---|---|
| 13,16,646 | 60,245 | 6,090 | 28,238 | 8,295 | 19,620 | 14,39,134 |

അവലംബം: ബിഎസ്എൻഎൽ

**ചിത്രം 11.3.1** സേവന ദാതാക്കളുടെ വയർലെസ് മാർക്കറ്റ് ഷെയർ




*അവലംബം: ബിഎസ്എൻഎൽ*

**ചിത്രം 11.3.2** കേരളത്തിലെ വയർ–ലൈൻ ടെലിഫോൺ വരിക്കാരുടെ എണ്ണം




*അവലംബം: ബിഎസ്എൻഎൽ*

ബോക്സ് 11.3.1 ടെലി കമ്മ്യൂണിക്കേഷൻ ഒറ്റ അടിയന്തിര നമ്പർ '112'

വാർത്താ പ്രക്ഷേപണ വകുപ്പ് 2016 ഓഗസ്റ്റിൽ ടെലികമ്മ്യൂണിക്കേഷൻ സർവ്വീസ് പ്രയോരിറ്റീസ് (ടി.എസ്.പി) അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും അടിയന്തര ഘട്ട നമ്പർ '100'ന് പകരം '112' ഏർപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ഡൽഹി ഒഴികെ മറ്റ് എല്ലാ സംസ്ഥാനങ്ങളും/കേന്ദ്ര ഭരണ പ്രദേശങ്ങളും '100' ന് പകരം '112' ഒറ്റ അടിയന്തിര നമ്പരായി സ്വീകരിച്ചിട്ടുണ്ട്. രാജ്യത്ത് നിലവിലുള്ള 100, 101, 102, 108 എന്നീ വ്യത്യസ്ഥ അടിയന്തിര നമ്പരുകൾക്ക് പകരമായിട്ടാണ് '112' അടിയന്തിര നമ്പരായി നിർദ്ദേശിച്ചിട്ടുള്ളത്. ആഭ്യന്തരവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പി.എസ്.എ.പി (പബ്ലിക് സേഫ്റ്റി ആൻസറിംഗ് പോയിന്റ്) സംവിധാനത്തിന് കീഴിലാണ് എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഈ പദ്ധതി നടപ്പിലാക്കുന്നത്. പി.എസ്.എ.പിയിൽ അടിയന്തിര സന്ദേശം ലഭിച്ചാലുടൻ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ/കേന്ദ്ര ഭരണ പ്രദേശങ്ങളിലെ പ്രത്യേകം പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ/സന്ദേശം സ്വീകരിക്കുന്ന ആൾ/ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ/കേന്ദ്ര ഭരണ പ്രദേശത്തെ വിദഗ്ദർ എന്നിവർ സന്ദേശത്തിന്റെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് പോലീസ്, അഗ്നിരക്ഷാ സേന, ആരോഗ്യ വകുപ്പ് മറ്റ് ബന്ധപ്പെട്ട സംവിധാനങ്ങൾ എന്നിവയ്ക്ക് സന്ദേശം കൈമാറുന്നു.

**പട്ടിക 11.3.5** സേവന ദാതാവ് തിരിച്ചുള്ള ടെലിഫോൺ ടവറുകൾ

| ബിഎസ്എൻഎൽ | ഭാരതി എയർടെൽ | വോഡഫോൺ ഐഡിയ | റിലയൻസ് ജിയോ | ആകെ |
|---|---|---|---|---|
| 6,012 | 7,007 | 8,593 | 10,101 | 31,713 |

*അവലംബം: ബിഎസ്എൻഎൽ*

കേരളത്തിൽ ആകെ ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം 27.44 ദശലക്ഷമാണ്.

സേവന ദാതാവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ മൊബൈൽ ടവറുകളുടെ എണ്ണം **പട്ടിക 11.3.5** –ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ മൊബൈൽ ടവറുകളുടെ ശതമാനം **ചിത്രം 11.3.3** –ൽ നൽകിയിരിക്കുന്നു.

കേരള ടെലികോം സർക്കിളിന്റെ സേവനം കേരളം, കേന്ദ്ര ഭരണ പ്രദേശങ്ങളായ ലക്ഷദ്വീപ്, പോണ്ടിച്ചേരിയുടെ (മാഹി) വിവിധ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ലഭ്യമാക്കുന്നു. കേരള സർക്കിളിന് കീഴിൽ 11 മേജർ സെക്കന്ററി സ്വിച്ചിംഗ് ഏര്യകളും (എസ്.എസ്.എ) ലക്ഷദ്വീപിലെ ഒരു മൈനർ സെക്കന്ററി സ്വിച്ചിംഗ് ഏര്യയും ഉണ്ട്. കേരള ടെലികോം രംഗത്തെ നിലവിലെ അവസ്ഥ **ബോക്സ് 11.3.2** –ൽ കൊടുത്തിരിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 11.3.5** –ൽ നൽകിയിരിക്കുന്നു.

## വാർത്താപ്രക്ഷേപണ പശ്ചാത്തലം

പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിവരസാങ്കേതികവിദ്യ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. വിവരസാങ്കേതിക പാർക്കുകളിൽ കൂടുതൽ സ്ഥലസൗകര്യം, റോഡുകൾ, റാമ്പുകൾ, വിവരസാങ്കേതിക മേഖലകളിലേക്ക് മെച്ചപ്പെട്ട ഉപരിതല സൗകര്യങ്ങൾ, ഊർജ്ജ ലഭ്യത അടിസ്ഥാന സൗകര്യ വികസനത്തിന് വിവര സാങ്കേതികത ആസ്പദമാക്കി സ്വകാര്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കൽ, രാജ്യത്തെ പ്രധാന നഗരങ്ങളെ വിവരസാങ്കേതിക മേഖലകളുമായി ബന്ധിപ്പിച്ച് മെച്ചപ്പെട്ട വാണിജ്യ ബന്ധങ്ങൾ ഉറപ്പുവരുത്തുന്നതിന് മതിയായ സാമൂഹ്യ സുരക്ഷ പരിപാടികൾ, പൊതു സ്ഥലങ്ങളിൽ സൗജന്യ വൈഫൈ, ഇന്റർ നെറ്റ് ഓഫ് തിങ്ങ്സ് (ഐ.ഒ. റ്റി) തുടങ്ങിയവ ഇതിന്റെ ഭാഗമാണ്. ഡിജിറ്റൽ പൊതു സേവനങ്ങൾ അനായാസവും വേഗതയേറിയതും സുഗമവും ചിലവുകുറഞ്ഞതുമാണ്. പൊതുമേഖലയെ ഇത് കാര്യക്ഷമവും

**ചിത്രം 11.3.3** കേരളത്തിലെ മൊബൈൽ ടവറുകളുടെ ശതമാനം




*അവലംബം: ബി എസ് എൻഎൽ*

**ബോക്സ് 11.3.2** 2019, ജൂൺ 30 അനുസരിച്ച് കേരള ടെലികോം മേഖലയുടെ അവസ്ഥ

- ടെലഫോൺ എക്സ്ചേഞ്ചുകളുടെ എണ്ണം : 1,407
- സജ്ജീകരണ ശേഷി : 27,08,568
- പ്രവർത്തനക്ഷമമായ കണക്ഷനുകൾ : 1,26,51,432. മൊബൈൽ (1,09,09,530) + ലാൻഡ് ലൈൻ (17,41,902)
- ച.കി മീറ്ററിന് ശരാശരി ടെലഫോണുകൾ : 320
- ടെലഫോൺ സാന്ദ്രത : 1,000ന് 378

*അവലംബം: ബി എസ് എൻഎൽ*

ലാഭകരവുമാക്കുന്നു. ഡിജിറ്റൽ രംഗത്തെ വിടവ് നികത്തി 2020ഓടെ ഡിജിറ്റൽ അധിഷ്ഠിത സമൂഹം വാർത്തെടുത്ത് സ്ഥിരതയാർന്ന സാമ്പത്തിക വികസനം കൈവരിക്കുക എന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സംസ്ഥാന സർക്കാരിന്റെ ഇ– ഗവേണൻസ് സംരംഭങ്ങളിൽ മുഖ്യമായവയിൽ ചിലതാണ് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെസ്വാൻ), സെക്രട്ടേറിയേറ്റ് ഏരിയ നെറ്റ് വർക്ക്, സ്റ്റേറ്റ് ഡാറ്റാ സെൻറർ, സ്റ്റേറ്റ് ഡാറ്റാ സർവീസ് ഡെലിവറി ഗേറ്റ് വേ, പൊതുസ്ഥലങ്ങളിലെ സൗജന്യ വൈഫൈ സൗകര്യം എന്നിവ. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും, 14 ജില്ലകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയെ കോർത്തിണക്കുന്നതുമായ കെസ്വാൻ (കെ.എസ്. ഡബ്ല്യൂ.എ.എൻ) പദ്ധതി സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ച്ചറിന്റെ (എസ്.ഐ.ഐ) നട്ടെല്ലാണ്. ഈ നെറ്റ് വർക്ക് സംവിധാനത്തിലൂടെ 3,500ൽപ്പരം ഓഫീസുകളെ വയർലെസ്സ് സംവിധാനം വാടകയ്ക്ക് എടുത്ത മറ്റ് ലൈനുകളുമായി തുടങ്ങിയ ലോക്കൽ ഏരിയ നെറ്റ് വർക്കുകളിലൂടെ ബന്ധിപ്പിച്ചിട്ടുണ്ട്. ഒരു സുരക്ഷിത ടെലികമ്മ്യൂണിക്കേഷൻ ശൃംഖലവഴി സംസ്ഥാന ഗവണ്മെന്റുകളെ തമ്മിലും ഗവൺമെന്റും പൊതുജനങ്ങളും തമ്മിലുമുള്ള ബന്ധം നിലനിർത്തുന്നതിന് സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെയും, കെസ്വാൻ ഏകോപനം സാദ്ധ്യമാകുന്നു.

## കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (കെഫോൺ)

കേരളത്തെ ബൗദ്ധികവും നവീനവും ഉൾക്കാഴ്ച ഉള്ളതുമായ ഒരു സമൂഹമാക്കി വാർത്തെടുക്കുന്നതിനുമാണ് ഡിജിറ്റൽ ജീവിതസാഹചര്യം വളർത്തി എടുക്കുന്നതിനുമാണ് സംസ്ഥാന സർക്കാർ സ്റ്റേറ്റ് വൈഡ് ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് – കേരള ഫൈബർ നെറ്റ് വർക്ക് (കെഫോൺ) സംരംഭത്തിന് തുടക്കമിട്ടത്.

ഡിജിറ്റൽ കേരളയുടെ ഭാഗമായ ജി2ജി, ജി2സി, ബി2സി എന്നീ പ്ലാറ്റ്ഫോമുകളിൽ വളരെ കാര്യക്ഷമമായി കെ ഫോൺ പ്രവർത്തിക്കുന്നു. സങ്കീർണ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് തയ്യാറാക്കിയ ഉള്ളടക്കങ്ങൾ ഫലപ്രദമായി തുറക്കുന്നതിനും, സ്മാർട്ട് സിറ്റി, സ്മാർട്ട് ട്രാഫിക്ക് മാനേജ്മെൻറ്, വീഡിയോ നിരീക്ഷണം, സാമ്പത്തിക ഉൾപ്പെടുത്തൽ, സ്മാർട്ട് മീറ്ററിംഗ് പരിഹാരങ്ങൾ, ഡിജിറ്റൽ ഇടപാടുകൾ തുടങ്ങിയ സേവനങ്ങളും ഈ നെറ്റ് വർക്കിലൂടെ ചെയ്യുവാൻ കഴിയും. കേരളത്തിലെ ഉൽപാദന സേവന ഇൻക്യൂബേറ്ററുകൾക്ക് വൈവിധ്യ അവസരങ്ങൾ തുറക്കുന്നതിനും സ്റ്റാർട്ട്പ്പ് സംരംഭങ്ങൾക്ക് വേണ്ടത്ര ഊർജ്ജം പകരുന്നതിനും ഇത് പ്രയോജനം ചെയ്യും.

ജില്ലാ കേന്ദ്രങ്ങൾ, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകൾ എന്നിവയുമായി തലസ്ഥാനത്തെ ബന്ധിപ്പിക്കുന്നതിന് ഒപ്റ്റിക് ഫൈബർ നെറ്റ് വർക്ക് (കേരള സ്റ്റേറ്റ് ഫൈബർ നെറ്റ് വർക്ക് ) സംവിധാനം ഏർപ്പെടുത്തുന്നതിന് സംസ്ഥാനസർക്കാർ ഉദ്ദേശിക്കുന്നു. വിപുലമായ നെറ്റ് വർക്ക് സൗകര്യങ്ങൾ കെഫോൺ പദ്ധതി വഴി ഒരുക്കുക്കിയിട്ടുണ്ട്. പക്ഷംകൂടാതെ ആവശ്യാനുസരണം താങ്ങാവുന്ന തരത്തിൽ രണ്ട് എം.ബി.പി.സ് മുതൽ 100എം. ബി.പി.സ് വരെ വേഗതയിൽ എല്ലാ ഭവനങ്ങളിലും നെറ്റ് വർക്ക് സൗകര്യം ലഭിക്കുന്നതിന് കെഫോൺ വിഭാവനം ചെയ്യിരിക്കുന്നു. ഇതിന് കെഎസ്ഇബിയുടെ സഹകരണത്തോടെ നിലവിലുള്ള വൈദ്യുതി പോളുകളുമായി ബന്ധിപ്പിച്ച് ഒ.എഫ്.സി തയ്യാറാക്കുന്നു.

ഡിജിറ്റൽ വിഭജനം പരിഹരിക്കുന്നതിന് എല്ലാ നഗര–ഗ്രാമ പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിച്ച് സംസ്ഥാനത്തുടനീളം ഫൈബർ ഒപ്റ്റിക് കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിനായി വൻകിട അടിസ്ഥാന സൗകര്യ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലൂടെ നിർദ്ദിഷ്ട കെഫോൺ ശൃംഖല കേരളത്തിന്റെ ഡിജിറ്റൽ പരിവർത്തനത്തിന് കരുത്തേകും. ബിപിഎൽ കുടുംബങ്ങൾക്ക് 2 എംബിപിഎസ് വരെ സൗജന്യ പരിമിത ഇന്റർനെറ്റ് ബാൻഡ്‌വിഡ്ത്ത് ലഭ്യമാകും.

## 11.4 കുടിവെള്ളം

സുരക്ഷിതവും പര്യാപ്തവുമായ ശുദ്ധ ജലവും ശുചിത്വവും ലഭ്യമാക്കുക എന്നത് അടിസ്ഥാന മനുഷ്യാവകാശങ്ങളും അവ എല്ലാ മനുഷ്യരുടേയും ആരോഗ്യകരമായ ഉപജീവന മാർഗ്ഗത്തിനും അന്തസ്സ് നിലനിറുത്തുന്നതിനും ഒഴിവാക്കാനാവാത്തതുമാണ്. എല്ലാവർക്കും ശുദ്ധജലവും ശുചിത്വവും സാർവ്വത്രികമായി ലഭ്യമാക്കുക എന്ന നേട്ടത്തിനു വേണ്ടി വിവേചനമില്ലാതെ പ്രവർത്തിക്കാൻ അന്താരാഷ്ട്ര മനുഷ്യാവകാശ നിയമം എല്ലാ രാജ്യങ്ങളേയും നിർബന്ധിക്കുന്നു. എല്ലാവർക്കും വിശ്വസനീയമായ ജലവിതരണം നൽകുകയെന്നത് ലോകത്തിന്റെ പല ഭാഗങ്ങളിലെന്ന പോലെ ഇന്ത്യയിലും ഒരു വെല്ലുവിളിയാണ്.

ലോകാരോഗ്യസംഘടന/യൂണിസെഫ് 2019 വിവരങ്ങൾ അനുസരിച്ച് ലോകമെമ്പാടുമുള്ള 220 കോടി ആളുകൾക്ക് സുരക്ഷിത കുടിവെള്ളത്തിന്റേയും 420 കോടി ആളുകൾക്ക് സുരക്ഷിത ശുചിത്വത്തിന്റേയും കുറവുണ്ട്. 20.7 കോടി ആളുകൾ ഒരു മെച്ചപ്പെട്ട സ്രോതസ്സിൽ നിന്നും വെള്ളം ശേഖരിക്കുവാൻ പോയിട്ടുവരുന്നതിനായി ഓരോ പ്രാവശ്യവും 30 മിനിറ്റിലധികം ചെലവഴിക്കുന്നു. കൂടാതെ 200 കോടി ആളുകൾ മനുഷ്യമാലിന്യമുള്ള കുടിവെള്ള സ്രോതസ്സ് ഉപയോഗിക്കുന്നു. ശുചിത്വക്കുറവും സുരക്ഷിതമല്ലാത്ത കുടിവെള്ളവും മൂലം വയറിളക്കരോഗങ്ങളാൽ അഞ്ചുവയസ്സിൽ താഴെയുള്ള ഏകദേശം 2,97,000 കുട്ടികൾ (പ്രതിദിനം 800 ൽ കൂടുതൽ) പ്രതിവർഷം മരണമടയുന്നു.

ഐക്യരാഷ്ട്ര മനുഷ്യാവകാശ കൗൺസിലിന്റെ (യു. എൻ.എച്ച്.ആർ.സി) 40–ാം യോഗത്തിൽ 'ആരേയും വിട്ടുകളയരുത്' എന്ന ഐക്യരാഷ്ട്ര ലോക ജലവിതരണ റിപ്പോർട്ട് 2019 മാർച്ച് 19 –ന് പുറത്തിറക്കി. ജലവിഭവ മാനേജ്മെന്റിന്റെ മെച്ചപ്പെട്ടത്തലുകളുടേയും ജലവിതരണ, ശുചിത്വ സേവനങ്ങളുടെ ലഭ്യതയുടേയും പ്രാധാന്യമാണ്, ലോക ജലദിനത്തോടനുബന്ധിച്ച് ഇത് വിശദീകരിക്കുന്നത്. സുസ്ഥിര വികസനത്തിനായുള്ള 2030 അജണ്ടയിലെ പ്രതിബദ്ധതയുടെ ഏറ്റവും പ്രധാന ഭാഗമായാണ് 'ആരേയും വിട്ടുകളയരുത്' എന്ന നിലപാടിനെ കാണേണ്ടത്. ഇതിന് എല്ലാ രാജ്യങ്ങളിലേയും എല്ലാ ജനങ്ങൾക്കും സാമൂഹിക സാമ്പത്തിക വികസനത്തിൽ നിന്ന് പ്രയോജനം നേടാനും മനുഷ്യാവകാശങ്ങളുടെ പൂർണ്ണമായ തിരിച്ചറിവ് നേടാനും അനുവദിക്കുക എന്ന ലക്ഷ്യമാണുള്ളത്. ഈ റിപ്പോർട്ട് അനുസരിച്ച് 'ആഗോള ജല ആവശ്യം' 2050 വരെ സമാനമായ നിരക്കിൽ വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രധാനമായും വ്യാവസായിക ഗാർഹിക മേഖലകളിലെ ആവശ്യം വർദ്ധിക്കുന്നതിനാൽ നിലവിലെ ജല ഉപയോഗ നിലവാരത്തേക്കാൾ 20 മുതൽ 30 ശതമാനം വരെ വർദ്ധനവ് കണക്കാക്കുന്നു. ഉയർന്ന ജല സമ്മർദ്ദം അനുഭവിക്കുന്ന രാജ്യങ്ങളിൽ 200 കോടിയലധികം ആളുകൾ താമസിക്കുന്നു. കൂടാതെ വർഷത്തിൽ ഒരു മാസമെങ്കിലും ഏകദേശം 400 കോടി ആളുകൾക്ക് കടുത്ത ജല ദൗർലഭ്യം അനുഭവപ്പെടുന്നു. ജലത്തിന്റെ ആവശ്യം വർദ്ധിക്കുകയും കാലാവസ്ഥാ വ്യതിയാന തീവ്രത ബാധിക്കുകയും ചെയ്യുമ്പോൾ ജല സമ്മർദ്ദ നില വർദ്ധിക്കുന്നത് തുടരും.

ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഫലപ്രദമായി ജല പരിപാലനം സാധ്യമാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ് ഫോമിംഗ് ഇന്ത്യ (എൻ ഐ ടി ഐ) – നീതി ആയോഗ് സംയോജിത ജല മാനേജ്മെന്റ് സൂചിക (സി ഡബ്ല്യൂ എം ഐ) വികസിപ്പിച്ചെടുത്തു. സി ഡബ്ല്യൂ എം ഐ അനുസരിച്ച് സംസ്ഥാനങ്ങൾ ജല മാനേജ്മെന്റിൽ പുരോഗതി കാണിക്കുന്നുണ്ടെങ്കിലും മൊത്തത്തിലുള്ള പ്രകടനം ഇന്ത്യയുടെ ജല വെല്ലുവിളികളെ വേണ്ടവിധം നേരിടാൻ ആവശ്യമായതിനേക്കാൾ വളരെ താഴെയാണ്. ജല മാനേജ്മെന്റിന്റെ വിവിധ വശങ്ങൾ അളക്കുന്നതിനും അത് സംസ്ഥാനങ്ങളിലെ ജല ജീവ ചക്രത്തിലുടനീളം ഉപയോഗിക്കുന്നതിനുമുള്ള ഇന്ത്യയിലെ ആദ്യത്തെ ശ്രമമാണിത്. 28 വ്യത്യസ്ത സൂചകങ്ങൾ ഉൾപ്പെട്ട 9 വിശാല മേഖലകൾ ഉൾക്കൊള്ളുന്ന സംയോജിത ജല മാനേജ്മെന്റിന്റെ സൂചികയിൽ

എല്ലാ സംസ്ഥാനങ്ങളേയും നീതി ആയോഗ് റാങ്ക് ചെയ്തിട്ടുണ്ട്. 2018, 2019 –ലെ രണ്ടു സി ഡബ്ല്യു എം ഐ റിപ്പോർട്ടുകളിലും കേരളത്തിന് പന്ത്രണ്ടാം സ്ഥാനമുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ശരാശരി 80% സംസ്ഥാനങ്ങളും ജല മാനേജ് മെന്റ് സ്കോർ മെച്ചപ്പെടുത്തി.

ദേശീയ സാമ്പിൾ സർവ്വേയുടെ (എൻ എസ് എസ് ) 76–ം റൗണ്ടിന്റെ ഭാഗമായി സ്ഥിതിവിവരക്കണക്ക്, പ്രോഗ്രാം നടപ്പാക്കൽ മന്ത്രാലയത്തിലെ ദേശീയ സ്ഥിതി വിവരക്കണക്ക് ഓഫീസ് കുടിവെള്ളം, ശുചിത്വം, ശുചീകരണം, പാർപ്പിട അവസ്ഥ എന്നിവയെക്കുറിച്ച് ഒരു സർവ്വേ നടത്തുകയുണ്ടായി. ഗ്രാമീണ മേഖലയിലെ ഏകദേശം 87.6 ശതമാനം കുടുംബങ്ങൾക്കും നഗര പ്രദേശങ്ങളിലെ ഏകദേശം 90.9 ശതമാനം കുടുംബങ്ങൾക്കും വർഷം മുഴുവൻ ആവശ്യമായ കുടിവെള്ളം പ്രധാന സ്രോതസ്സിൽ നിന്ന് ലഭിക്കുന്നുണ്ടെന്ന് സർവ്വേ കാണിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ ഏകദേശം 42.9 ശതമാനം കുടുംബങ്ങളും പ്രധാന കുടിവെള്ള സ്രോതസ്സായി കൈപമ്പ് ഉപയോഗിക്കുന്നു. നഗര പ്രദേശങ്ങളിലെ ഏകദേശം 40.9 ശതമാനം കുടുംബങ്ങളും കുടിവെള്ളത്തിന്റെ പ്രധാന ഉറവിടമായി വീടുകളിലെ പൈപ്പുവെള്ളം ഉപയോഗിക്കുന്നു.

കേരളത്തിൽ 13–ാം പഞ്ചവത്സര പദ്ധതിയുടെ സമീപനം മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ഉറപ്പാക്കുക, ദൗർലഭ്യം നേരിടുന്ന നഗരപ്രദേശങ്ങൾക്ക് കുടിവെള്ളവിതരണത്തിൽ പ്രത്യേക ഊന്നൽ നൽകുക, കിണറുകൾ സംരക്ഷിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുക, വിതരണ നഷ്ടം കുറയ്ക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുക എന്നിവയാണ്. കേരള ജല അതോറിറ്റി (കെ.ഡബ്ല്യു എ), കെ.ആർ.ഡബ്ല്യു എസ് എ (കേരള റുറൽ വാട്ടർ ആന്റ് സാനിട്ടേഷൻ ഏജൻസി) എന്നിവയാണ് കുടിവെള്ള മേഖലയിലെ പ്രധാന നടപ്പാക്കൽ ഏജൻസികൾ. പ്രാദേശിക സർക്കാരുകളും ഇതിൽ പ്രധാന പങ്ക് വഹിക്കുന്നു.

## കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ)

കേരളത്തിലെ ജലവിതരണത്തിന്റെ വികസനവും ക്രമീകരണത്തിനും മലിനജല ശേഖരണത്തിനും നീക്കം ചെയ്യലിനുമായി കെ.ഡബ്ല്യൂ.എ സ്ഥാപിച്ചു. ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, പ്രോജക്ട്കൾ, ആസൂത്രണം, വികസനം, ഗുണ നിലവാര നിയന്ത്രണം, കൺസൾട്ടൻസി എന്നിവയാണ് ഇതിന്റെ പ്രധാന പ്രവർത്തന യൂണിറ്റുകൾ.

## മലിന ജലനിവാരണം

കെ.ഡബ്ല്യൂ.എയ്ക്ക് സംസ്ഥാനത്ത് മലിന ജല മാനേജ്മെന്റ് ശ്യംഖലയുടെ ഏറ്റവും കുറഞ്ഞ വ്യാപ്തിയാണുള്ളത്. തിരുവനന്തപുരം നഗരത്തിൽ 602.5 കിലോമീറ്റർ ഡ്രെയിനേജ് കവറേജുണ്ട്. എറണാകുളത്ത് അത് 28 കിലോമീറ്ററുമാണ്. കെ.എസ്.യു.ഡി.പി യുടെ കീഴിൽ കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിൽ മലിനജല മാനേജ്മെന്റ് പദ്ധതികൾ ഏറ്റെടുത്തിരുന്നുവെങ്കിലും പൊതുജന പ്രതിഷേധവും ഭൂലഭ്യതകുറവും മൂലം ഇവ രണ്ടും നടപ്പാക്കാൻ കഴിഞ്ഞില്ല. അമൃതിന്റെ കീഴിൽ തിരുവനന്തപുരം സിറ്റിയിൽ നിരവധി പദ്ധതികൾ പുരോഗമിക്കുന്നു. അറ്റകുറ്റപ്പണികൾക്കു പുറമേ തിരുവനന്തപുരം കോർപ്പറേഷനിലെ മലിനജല മാനേജ്മെന്റ് ശൃഖലയെ തിരുവനന്തപുരം മലിനജല മാനേജ്മെന്റ് വിഭാഗം പരിപാലിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽത്തന്നെ ഗുരുവായൂരിൽ മലിന ജല നിവാരണ പദ്ധതി ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2019–20 കാലയളവിൽ 914 മീറ്റർ പുതിയ മലിനജല മാനേജ്മെന്റ് പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും 362 മാൻഹോളുകൾ നിർമ്മിക്കുകയും ചെയ്തു. 2019–20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയുടെ ആകെ ചെലവ് 28.52 ലക്ഷം രൂപയായിരുന്നു.

വാട്ടർ അതോറിറ്റിയുടെ പി പി ഡി വിഭാഗത്തിലെ നിലവിലുള്ള ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി കേരളത്തിലുടനീളം മലിന ജല മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനു വേണ്ടി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി ജൂലയ് 7, 2020 ന് ഒരു സിവറേജ് വെർട്ടിക്കൽ രൂപീകരിച്ചു. എന്നിരുന്നാലും പണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മലിനജല മാനേജ്മെന്റ് പ്ലാന്റുകൾ/പമ്പ് ഹൗസുകൾ എന്നിവയ്ക്കെതിരായ ജനങ്ങളുടെ പ്രതിഷേധം, ഭൂമി ലഭിക്കുന്നതിലും റോഡ് മുറിക്കുന്നതിന് അനുവാദം ലഭിക്കുന്നതിലുള്ള കാലതാമസം എന്നിവ മലിനജല മാനേജ്മെന്റ് പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുമ്പ് പരിശോധിക്കേണ്ടതുണ്ട്.

## ജലവിതരണ കവറേജ്

ആഗസ്റ്റ് 31, 2020 വരെ 2.09 കോടി ജനങ്ങൾക്ക് പ്രയോജനം ചെയ്തുകൊണ്ട് 1020 ജലവിതരണ പദ്ധതികൾ പ്രവർത്തിച്ചുവരുന്നു. പൈപ്പ് വെള്ളത്തിന്റെ ശരാശരി പ്രതിശീർഷ ലഭ്യത പ്രതിദിനം 84.76 ലിറ്ററാണ് (എല്ലാ ജില്ലാകളിലേയും ആവാസ വ്യവസ്ഥകളിൽ പ്രതിശീർഷ ലഭ്യത വ്യത്യസ്തമാണ്). 2019–20 സാമ്പത്തിക വർഷത്തിൽ 27 പദ്ധതികൾ കമ്മീഷൻ ചെയ്യുകയും അതുവഴി ജലവിതരണ കവറേജ് വർദ്ധിക്കുകയും ചെയ്തു. കവറേജിൽ ഉൾപ്പെടാത്ത പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതിനായി കിഫ്ബി, സംസ്ഥാന പദ്ധതി, ആർ.കെ.ഐ, നബാർഡ് എന്നിവയുടെ കീഴിൽ നിരവധി പുതിയ പദ്ധതികൾ അനുവദിച്ചു. ആഗസ്റ്റ് 31, 2020 പ്രകാരം കേരള ജനസംഖ്യയുടെ 58.42 ശതമാനം (54.11 ശതമാനം ഗ്രാമീണരും 75.60 ശതമാനം നാഗരികരും) കെ ഡബ്ല്യൂ

**ചിത്രം 11.4.1** ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന കുടുംബങ്ങളുടെ (2020 ഓഗസ്റ്റ് 31 വരെ) ജില്ലതിരിച്ചുള്ള അനുപാതം




*അവലംബം:* കേരള വാട്ടർ അതോറിറ്റി

എ യുടെ നിലവിലുള്ള പദ്ധതികളിൽ നിന്ന് പൈപ്പ് ജലവിതരണം ലഭിക്കുന്നു.

2020 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച് ജലവിതരണ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള, ജില്ല തിരിച്ചുള്ള ജനസംഖ്യ ചിത്രം 11.4.1–ൽ കാണിച്ചിരിക്കുന്നു. കേരളത്തിലെ 14 ജില്ലകളിൽ 86.67 ശതമാനത്തോടെ എറണാകുളം ജില്ലയാണ് ഏറ്റവും കൂടുതൽ കവറേജുള്ളത്. 79.53 ശതമാനത്തോടെ ആലപ്പുഴ ജില്ല പിന്നിൽത്തന്നെയുണ്ട്. കാസർഗോഡ് ജില്ലയിലാണ് കവറേജ് ഏറ്റവും കുറവ് (29.51 ശതമാനം). ജനസംഖ്യയുടെ ആകെ കവറേജ് 58.42 ശതമാനമാണ്. വിശദാംശങ്ങൾ അനുബന്ധം 11.4.1–ൽ നൽകിയിട്ടുണ്ട്. ആഗസ്റ്റ് 31, 2020 പ്രകാരം ജില്ലാതലത്തിലും ഇനം തിരിച്ചുമുള്ള വിശകലനം കാണിക്കുന്നത് തിരുവനന്തപുരത്താണ് ഏറ്റവും കൂടുതൽ ജലവിതരണ പദ്ധതികളെന്നും (101), വയനാട് ഏറ്റവും കുറവ് ജലവിതരണ പദ്ധതികളെന്നും (24) ആണ്. ഏറ്റവും കൂടുതൽ നഗര ജലവിതരണ പദ്ധതികൾ കോഴിക്കോട്ടും (17) ഏറ്റവും കുറവ് വയനാട്ടും (1) ആണ് **(അനുബന്ധം 11.4.2).**

ഗാർഹിക സേവന കണക്ഷനുകൾ (എച്ച് എസ് സി), തെരുവു ടാപ്പുകൾ എന്നിവയിലൂടെ കെ ഡബ്ല്യൂ എ കുടിവെള്ളം വിതരണം ചെയ്യുന്നു. ഗാർഹിക, ഗാർഹികേതര, വ്യാവസായിക കണക്ഷനുകളുടെ ആകെ എണ്ണം യഥാക്രമം 24,88,361 ഉം, 18,65,567 ഉം, 2,177 ഉം ആണ്. ആഗസ്റ്റ് 31, 2020 വരെ ആകെ 1,98,603 തെരുവു ടാപ്പ് കണക്ഷനുകളിൽ 1,49,776 എണ്ണം പഞ്ചായത്തിലും 18,972

**ചിത്രം 11.4.2** ജില്ല തിരിച്ചുള്ള ആളോഹരി ജലലഭ്യത, 2020 ആഗസ്റ്റ് 31 ലെ കണക്ക്




*അവലംബം:* കേരള വാട്ടർ അതോറിറ്റി

എണ്ണം കോർപ്പറേഷനുകളിലും 29,855 എണ്ണം മുൻസിപ്പാലിറ്റികളിലുമാണ് (**അനുബന്ധം 11.4.3**). 2020 ഓഗസ്റ്റ് 31 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റിയ കെ ഡബ്ല്യൂ എ യുടെ ഗ്രാമീണ ജലവിതരണ പദ്ധതികളുടെ എണ്ണം 501–ഉം 14 ജില്ലകളിലേയും ആകെ ജനസംഖ്യാ കവറേജ് 11,01,160 ഉം ആണ്. പ്രാദേശിക സർക്കാരുകളിലേക്ക് മാറ്റിയ ജലവിതരണ പദ്ധതികളുടെ ജില്ലാതല വിശദാംശങ്ങൾ **അനുബന്ധം 11.4.4** –ൽ കൊടുത്തിരിക്കുന്നു. **ചിത്രം 11.4.2** –ൽ കാണിച്ചിരിക്കുന്ന 2020 ആഗസ്റ്റ് 31 ലെ ജല ലഭ്യതാ കണക്കു പ്രകാരം എറണാകുളം ജില്ലയാണ് ഏറ്റവും കൂടുതൽ ജലലഭ്യത (188.18 എൽ പി സി ഡി) കാസർഗോഡാണ് ഏറ്റവും കുറഞ്ഞ ലഭ്യത (18.19 എൽ പി സി ഡി). ഇത് കഴിഞ്ഞ വർഷത്തെ കണക്കുകളിൽ നിന്ന് വ്യത്യാസപ്പെട്ടിട്ടില്ല (**അനുബന്ധം 11.4.5**).

### വരുമാനം

കെ ഡബ്ല്യൂ എ യുടെ പ്രധാന വരുമാനം ജലവിൽപ്പനയിൽ നിന്നാണ്. കൂടാതെ 100 ശതമാനവും മീറ്റർ റീഡ് ചെയ്യുന്ന ജല കണക്ഷനുകളുള്ള, രാജ്യത്തെ ഏക സംസ്ഥാനം കേരളമാണ്. ബ്ലോക്ക് താരിഫ് ഘടനയോടു കൂടിയ (ഉപഭോഗം കൂടുന്നതിനനനുസരിച്ച് നിരക്ക് വർദ്ധിക്കുന്നു) ജലതാരിഫ് സംസ്ഥാനത്തുടനീളം ഒരുപോലെയാണ്. ജലതാരിഫിൽ അവസാനം മാറ്റം വരുത്തിയത് ഒക്ടോബർ 1, 2014 –ലാണ്. 2019–20 കാലയളവിൽ സമാഹരിച്ച ആകെ വരുമാനം 722.98 കോടി രൂപയാണ്. ജലവില്പനയിൽ നിന്നുള്ള വരുമാനം, കേരള സർക്കാരിൽ നിന്നുള്ള പദ്ധതിയേതര ഗ്രാന്റ്, കേരള സർക്കാരിൽ നിന്നുള്ള പദ്ധതി വിഹിതം, നബാർഡ്, എൻ ആർ ഡി ഡബ്ല്യൂ പി/ജെ ജെ എം എന്നിവയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നുള്ള വിഹിതങ്ങൾ എന്നിവയാണ് വാട്ടർ അതോറിറ്റിയുടെ പ്രധാന വരുമാന സ്രോതസ്സുകൾ.

2019–20, 2020–21 (ആഗസ്റ്റ് 31 വരെ) കാലയളവിൽ ഗാർഹിക ഗാർഹികേതര വ്യാവസായിക പദ്ധതികളുടെ ജല നിരക്കുകളിൽ നിന്നുള്ള വരുമാനം യഥാക്രമം 48,357 ലക്ഷം രൂപയും 13,427 ലക്ഷം രൂപയുമാണ്. ഇക്കാലയളവിൽ തെരുവു ടാപ്പുകളിൽ നിന്ന് ലഭിച്ചത് യഥാക്രമം 23,941 ലക്ഷം രൂപയും 3,501 ലക്ഷം രൂപയുമാണ് (**അനുബന്ധം 11.4.6**).

## സംസ്ഥാന പദ്ധതികൾ

### സർവ്വേയും അന്വേഷണവും

കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും വെള്ളം എത്തിക്കുക എന്നതാണ് കെ ഡബ്ല്യൂ എ യുടെ ലക്ഷ്യം. ഇതിനായി പദ്ധതികളുടെ ഷെൽഫ് തയ്യാറാക്കുന്നതിനായി വിശദമായ സർവ്വേകൾ നടത്തണം. 2019–20 കാലയളവിൽ 21 ഡി ഇ ആർ (വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട്)/പി ഇ ആർ (പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട്) തയ്യാറാക്കുകയും ആകെ 132.8 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

### നബാർഡ് സഹായ ഗ്രാമീണ ജലവിതരണ പദ്ധതികൾ–ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട്

നബാർഡിന്റെ വായ്പാ സഹായത്തോടെ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ കെ ഡബ്ല്യൂ എ നടപ്പിലാക്കുന്നു. അനുവദിച്ച മൊത്തം 25 പദ്ധതികളിൽ 3 പ്രോജക്ടുകൾ പൂർത്തിയാക്കുകയും 4 പ്രോജക്ടുകൾ ഉപേക്ഷിക്കുകയും ചെയ്തു. ഈ സാമ്പത്തിക വർഷത്തിൽ 9 പ്രോജക്ടുകൾ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു (ട്രാൻചേ XX, XXII എന്നിവയുടെ അവശേഷിക്കുന്ന ജോലികൾ). പത്തനംതിട്ട ജില്ലയിലെ കോന്നി മെഡിക്കൽ കോളേജ് ജലവിതരണ പദ്ധതി, പാലക്കാട് അഗളിയിലേക്കും സമീപ പഞ്ചായത്തുകളിലേക്കുമുള്ള സമഗ്ര ജലവിതരണ പദ്ധതി (സി ഡബ്ല്യൂ എസ് എസ്), പെറുനാട് പഞ്ചായത്തിലെ നിലക്കൽ പ്ലാപ്പള്ളി പ്രദേശത്തേക്കും സീതത്തോട് പഞ്ചായത്തിലേക്കുമുള്ള ജലവിതരണ പദ്ധതി എന്നിങ്ങനെ ചില പ്രധാന ജോലികൾ നബാർഡിന് കീഴിൽ അനുവദിച്ചു. കഴിഞ്ഞവർഷം ട്രാൻചേ XXV–നു കീഴിൽ അനുവദിച്ച മൂന്ന് പ്രധാന പദ്ധതികളാണ് പൂവാർ പഞ്ചായത്ത്, കുളനട, വിതുര തൊളിക്കോട് എന്നിവിടങ്ങളിലേക്കുള്ള ജലവിതരണ പദ്ധതികൾ.

### കുപ്പിവെള്ളത്തിനുള്ള നിർമ്മാണ യൂണിറ്റുകൾ

പൊതുജനങ്ങൾക്ക് ന്യായമായ വിലക്ക് ഗുണനിലവാരമുള്ള, പാക്കേജ് ചെയ്ത/കുപ്പിവെള്ളം കെ ഡബ്ല്യൂ എ വഴി ലഭ്യമാക്കുന്നതിനായി തിരുവനന്തപുരത്ത് ഒരു കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സിവിൽ മെക്കാനിക്കൽ ജോലികൾ പൂർത്തിയായി. കുപ്പിവെള്ള പ്ലാന്റ് കെ.ഐ.ഐ.ഡി.സി (കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ)– ക്ക് കൈമാറി. 2019–20 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 133.12 ലക്ഷം രൂപയായിരുന്നു.

### കെ ഡബ്ല്യൂ എ യുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽ ഘടനകളുടെ നവീകരണം

സമയബന്ധിതമായ അറ്റകുറ്റപ്പണികൾ, സംരക്ഷണം, നവീകരണം എന്നിവയുടെ അഭാവം മൂലം തകർന്നു കിടക്കുന്ന കെട്ടിടങ്ങളെ നവീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഓഫീസ് കെട്ടിടങ്ങൾ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഇൻടേക്ക്, വാട്ടർ ടാങ്കുകൾ, പമ്പ്

ഹൗസുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ തുടങ്ങിയ വിവിധ സിവിൽ ഘടനകളുടെ വാർഷിക അറ്റകുറ്റപ്പണികൾ കഴിഞ്ഞ കുറേ വർഷങ്ങളായി ഫണ്ടിന്റെ കുറവുമൂലം സംസ്ഥാനത്തുടനീളം നടക്കുന്നില്ല. അതിനാൽ സൃഷ്ടിച്ച നേട്ടങ്ങളെ സംരക്ഷിക്കുവാനും സേവന ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും സിവിൽ ഘടനകളുടെ ഘട്ടം ഘട്ടമായുള്ള പരിപാലനവും നിർദ്ദേശിക്കുന്നു. വിവിധ ജില്ലകളിൽ സ്ഥിതി ചെയ്യുന്ന ചില ഓഫീസ് കെട്ടിടങ്ങൾ, ഗസ്റ്റ് ഹൗസുകൾ, ടാങ്കുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, പമ്പ ഹൗസുകൾ എന്നിവയുടെ അറ്റ കുറ്റപ്പണികൾ ഉൾപ്പടെ 48 ജോലികൾ ഈ ബജറ്റ് വിഹിതത്തിൽ പൂർത്തിയായി.

## നൂതന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും

പുതിയ സാങ്കേതിക വിദ്യകളും ആധുനിക മാനേജ് മെന്റ് രീതികളും സ്വീകരിച്ച് സേവന വിതരണവും ഗുണനിലവാരവും മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. നൂതന ആശയങ്ങൾ പരിശീലിപ്പിക്കുന്നതിലൂടെ പരിഹരിക്കാനോ മെച്ചപ്പെടുത്താനോ കഴിയാത്ത ചില പ്രശ്നങ്ങൾ പരിഹരിക്കാനോ മെച്ചപ്പെടുത്താനോ കഴിയും. ഉദാഹരണത്തിന്, ഉചിതമായ സാങ്കേതിക വിദ്യ സ്വീകരിക്കുന്ന ജലശുദ്ധീകരണ യൂണിറ്റുകൾക്ക് ലവണാംശം, ഇരുമ്പ്, ഫ്ലൂറൈഡ്, ജൈവ മലിനീകരണം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആട്ടോമേറ്റഡ് നെറ്റവർക്കുകൾ സ്ഥാപിക്കുന്നതിലൂടെ ഫ്ലോ മീറ്ററുകളും സ്മാർട്ട് മീറ്ററുകളും സ്ഥാപിക്കുവാനും വരുമാന രഹിതജലം (എൻ.ആർ.ഡബ്ല്യൂ) കുറക്കുന്നതിനായി നടപടികൾ ഏറ്റെടുക്കാനും കഴിഞ്ഞു. ഈ പദ്ധതി പ്രകാരം അനുവദിച്ച ജോലികൾക്കൊപ്പം കെ ഡബ്ല്യൂ എ കെട്ടിടത്തിന്റെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന രണ്ട് ജോലികൾ ഉൾപ്പെടെ പൂർത്തിയായി. ബൾക്ക് ഫ്ലോ മീറ്റർ സ്ഥാപിക്കുന്നതുൾപ്പെടെ രണ്ട് ജോലികളുമുണ്ട്.

## മാനവ വിഭവ ശേഷി, ഗവേഷണം, വികസനവും ഗുണനിലവാര നിയന്ത്രണവും

വലിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ഉപകരണങ്ങളും, ആധുനിക പദ്ധതി മാനേജ്മെന്റ് രീതികളും പരിശീലിപ്പിക്കുന്നതിനോടൊപ്പം എഞ്ചിനീയർമാരേയും മറ്റ് സ്റ്റാഫുകളേയും നവീകരിക്കുകയും സജ്ജരാക്കുകയും ചെയ്യുന്നതുവഴി പുതിയ ഹൈടെക് സംവിധാനങ്ങൾ പരിപാലിക്കുകയും വേണം. എൻ.ആർ.ഡബ്ല്യൂ, മാനേജ്മെന്റ് മൂന്ന് നഗരങ്ങളിൽ 24*7 ജലവിതരണം, ഓട്ടോമേഷൻ എന്നിവയ്ക്കായി കെ ഡബ്ല്യൂ എ പദ്ധതിയിടുന്നു. 2019–20 സാമ്പത്തിക വർഷത്തിലെ ഒരു പ്രധാന നേട്ടം 2,196 പേർ പങ്കെടുത്ത 88 പരിശീലന കോഴ്സുകൾ നടത്തി എന്നതാണ്. 2019–20 സാമ്പത്തിക വർഷത്തിലെ ആകെ ചെലവ് 36.98 ലക്ഷം രൂപയാണ്.

## നഗര ജലവിതരണ പദ്ധതിയുടെ പുനരധിവാസം, മെച്ചപ്പെടുത്തൽ, പ്രവർത്തനങ്ങൾ

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം പമ്പ്സെറ്റുകളുടേയോ ബന്ധപ്പെട്ട അനുബന്ധ ഉപകരണങ്ങളുടേയോ, അറ്റകുറ്റപ്പണി/മാറ്റി സ്ഥാപിക്കൽ, പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിനുകൾ, വിതരണ ലൈനുകൾ ഉൾപ്പെടെയുള്ള പഴകിയതും തകരാറ് വന്നതുമായി പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുക, നഗര പദ്ധതികളിലെ പ്രധാന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നിവയാണ്. ഈ പദ്ധതിയുടെ കീഴിൽ സാർക്ക് (കേരളത്തിലെ മാന്ദ്യത്തിനെതിരായ പ്രത്യേക സഹായം) പ്രകാരം ഏറ്റെടുക്കുന്ന നിലയിലുള്ള എല്ലാ നഗര ജലവിതരണ പദ്ധതികളും പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. പാലക്കാട് ജില്ലയിലെ വടവന്നൂർ പഞ്ചായത്തിലേയും, ചിറ്റൂർ തത്തമംഗലം മുൻസിപ്പാലിറ്റിയിലേയും ജലവിതരണ പദ്ധതി 2019 –ൽ പൂർത്തിയാക്കിയ ഒരു പ്രധാന നഗര പദ്ധതിയാണ്. നഗര ജലവിതരണ പദ്ധതികളിലേക്കുള്ള മൂന്ന് ജോലികൾ/മെച്ചപ്പെടുത്തലുകൾ, എന്നിവയും പൂർത്തിയായിട്ടുണ്ട്. 2019–20 സാമ്പത്തിക വർഷത്തെ മൊത്തം ചെലവ് 295.96 ലക്ഷം രൂപയായിരുന്നു.

## ഗ്രാമീണ ജല വിതരണപദ്ധതികൾ

നിലവിൽ പല ഗ്രാമപഞ്ചായത്തുകളിലും ഇപ്പോഴും ശുദ്ധീകരിച്ച ജലവിതരണം ലഭ്യമല്ല. ഗ്രാമീണ കുടുംബങ്ങളിൽ ഏകദേശം 34 ശതമാനത്തിന് മാത്രമാണ് നിലവിൽ പൈപ്പ് വിതരണം ഉള്ളത്. 2024–ഓടെ എല്ലാ വീടുകളിലും പൈപ്പ് ജലവിതരണം ലക്ഷ്യമിട്ടുള്ള ജൽ ജീവൻ മിഷൻ ആരംഭിച്ചതോടെ ഈ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. തുടർന്നു വരുന്ന ഗ്രാമീണ പദ്ധതികളുടെ പൂർത്തീകരണവും ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു. 2019–20 കാലയളവിൽ 11 പദ്ധതികൾ പൂർത്തിയായി. എ.ആർ.ഡബ്ല്യൂ.എസ്സ്. എസ്സ് മുതൽ കോട്ടയം ജില്ലയിലെ കുമരകം/തിരുവാർപ്പ് വരെയുള്ള ഒരു പ്രധാന പദ്ധതിയും ഗ്രാമീണ ജനതക്ക് ജല വിതരണം മെച്ചപ്പെടുത്തുന്നതിനായുള്ള 10 ചെറുകിട ജോലികളും പൂർത്തിയായി. 2019–20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ആകെ ചെലവഴിച്ചത് 1985.89 ലക്ഷം രൂപയാണ്.

## പ്രത്യേക സ്ഥാപനങ്ങൾ/സ്ഥലങ്ങളിലേക്കുള്ള ജലവിതരണ പദ്ധതി

മെഡിക്കൽ കോളേജുകൾ (ജലവിതരണ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിലൂടെ) പോലെയുള്ള ചില പ്രത്യേക സ്ഥാപനങ്ങൾ/സ്ഥലങ്ങളിലേക്ക് തടസ്സമില്ലാതെ

ജലവിതരണം നൽകാനും ശബരിമല പോലുള്ള സന്ദർശ്ശന കേന്ദ്രങ്ങളിലെ തീർത്ഥാടകർക്ക് മതിയായ അളവിൽ കുടിവെള്ളം നൽകാനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. 2019-20 കാലയളവിൽ സർക്കാർ ആശുപത്രികൾ മെഡിക്കൽ കോളേജുകൾ മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്ക് ജലവിതരണം നടത്തുന്ന-5- പദ്ധതികൾ പൂർത്തിയായി.

### അരുവിക്കര പമ്പിംഗ് സ്റ്റേഷൻ നവീകരണം

പരമ്പരാഗത രീതികൾക്കനുസൃതമായി പ്രവർത്തിക്കുന്ന പഴയ പദ്ധതികൾ നവീകരിക്കുക, ജലവിതരണം മെച്ചപ്പെടുത്തുക, കെ ഡബ്ല്യു എ യുടെ വൈദ്യുതി ചാർജ് കുറയ്ക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത, അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ നവീകരണം പുരോഗമിച്ചു കൊണ്ടിരിക്കുകയും, 70 ശതമാനം ഭൗതിക പുരോഗതി ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

### ഉൽപ്പാദനവും വിതരണവും മെച്ചപ്പെടുത്തുക

നിലവിലുള്ള പദ്ധതികളിലെ ഫലങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം. തടസ്സമില്ലാത്ത ജലവിതരണം, ചോർച്ച, പൊട്ടൽ എന്നിവയിലുള്ള ജലനഷ്ടം കുറയ്ക്കൽ, ഊർജ്ജ സംരക്ഷണം എന്നിവ ഉറപ്പാക്കാനാണ് ഇതു ഉദ്ദേശിക്കുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ 182 ജോലികൾ പൂർത്തിയാക്കി. അവയിൽ 29 പഴയ ജലശുദ്ധീകരണ പ്ലാന്റുകളുടെ നവീകരണം, നിലവിലുള്ള ജലവിതരണ പദ്ധതികളുടെ 250.97 കിലോമീറ്റർ പഴയ പൈപ്പുകളുടെ മാറ്റി സ്ഥാപിക്കലും ചിലയിടങ്ങളിൽ പൈപ്പുകൾ നീട്ടുകയും കാലഹരണപ്പെട്ട പമ്പുകളുടെ മോട്ടോറുകൾ മാറ്റിസ്ഥാപിക്കുകയും ചെയ്യുക എന്നിവ അവയിൽ ഉൾപ്പെടുന്നു.

### ഉറവിടം മെച്ചപ്പെടുത്തലും ജലസംരക്ഷണവും

വേനൽക്കാലത്ത്/വരൾച്ചാ കാലാവസ്ഥയിൽ മതിയായ വെള്ളം ഉറവിടത്തിൽ ലഭ്യമാണെന്ന് ഉറപ്പാക്കുകയാണ് ഈ പദ്ധതി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ ലക്ഷ്യം. ഈ കാലയളവിൽ അവലംബം ശക്തിപ്പെടുത്തുന്നതിനും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ ചെയ്തു. അതിൽ പ്രധാനമായും ചെക്ക് ഡാമുകളുടേയും റെഗുലേറ്ററുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു. ഈ പ്രവർത്തനത്തിലൂടെ വേനൽക്കാലത്തെ ജലസമ്മർദ്ദം വലിയ അളവിൽ ലഘൂകരിക്കാനാകും.

### കുടിവെള്ളം- വരൾച്ച ലഘൂകരണം

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളും മുൻകൂട്ടി പ്രതീക്ഷിക്കാത്ത അടിയന്തിര ഇടപെടലുകളും ഈ പദ്ധതിയിൽ ഏറ്റെടുക്കുന്നു. വരൾച്ചാക്കാലത്ത് ജല വിതരണം മെച്ചപ്പെടുത്തുന്നതിനായി 1226 പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. 2019-20 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 918.98 ലക്ഷം രൂപയാണ്.

### എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി), ഇ-ഗവേണൻസ്, ഇൻഫർമേഷൻ മാനേജ് മെന്റ്

ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ഇ അബാക്കസ്സ്- കേരള വാട്ടർ അതോറിറ്റിയുടെ ഉപഭോക്തൃ മാനേജ്മെന്റിനായി ഉപയോഗിക്കുന്ന ഓൺലൈൻ ഇടപാട് പ്രോസസ്സിംഗ് സംവിധാനമുള്ള അബാക്കസ് എന്റർപ്രൈസ് ബില്ലിംഗ് ആപ്ലിക്കേഷൻ മിക്കവാറും എല്ലാ ഉപവിഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുകയും നിലവിൽ 26 ലക്ഷം ഉപഭോക്തൃ ജനസംഖ്യ കൈവരിക്കുകയും ചെയ്യുന്നു. 29 വിഭാഗങ്ങളും 74 ഉപവിഭാഗങ്ങളും 135 മേഖലകളും ഇതുവരെ ഉൾപ്പടുത്തിയിട്ടുണ്ട്. കെ.ഡബ്യൂ.എ യുടെ 98 ശതമാനം ഉപഭോക്താക്കളെയും ഈ സംവിധനത്തിനു കീഴിൽ കൊണ്ടുവന്നു. എന്നാൽ എടുത്തു പറയേണ്ട ഒരു നാഴികകല്ലാണിത്. നിലവിലുള്ള ബില്ലിംഗ് ആപ്ലിക്കേഷൻ നവീകരിക്കുന്നതിന്റെ ഭാഗമായി ഫീൽഡ് സ്റ്റാഫ് മുതൽ ചീഫ് ഇൻജിനീയർമാർ വരെ എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥരുടെ ആവശ്യങ്ങളും പ്രതികരണങ്ങളും ശേഖരിച്ചതിനു ശേഷം ഒരു യു.ആർ. എസ് തയ്യാറാക്കിയിട്ടുണ്ട്.

98 ശതമാനം കണക്ഷനുകളും പദ്ധതികളുടെ പട്ടികയിൽ മാപ്പ് ചെയ്തു. ഉൽപ്പാദനം, വിതരണം, പദ്ധതികളിലെ നഷ്ടത്തിന്റെ അളവ്, വരുമാന രഹിത നഷ്ടം കണക്കാക്കൽ, ബ്രേക്ക് ഈവൻ അനാലിസിസ്, ജലവിതരണ പദ്ധതികളെ അടിസ്ഥാനമാക്കിയുള്ള ചെലവിടൽ എന്നിവയുടെ വിശകലനം ഇത് പ്രാപ്തമാക്കുന്നു. 2019-20 സാമ്പത്തിക വർഷത്തെ മൊത്തം ചെലവ് 100.6 ലക്ഷം രൂപയാണ്.

### നീതി ആയോഗ്

സംസ്ഥാനത്തെ 73 ഫ്ലൂറൈഡ് ബാധിത വാസസ്ഥാലങ്ങൾക്ക് ഇടക്കാല ജലവിതരണം നൽകുന്നതിനായി നീതി ആയോഗ് കേരളത്തിന് 19.73 കോടി രൂപ ഒറ്റത്തവണ കേന്ദ്ര അധികസഹായകമായി (ഒ.റ്റി.എ) അനുവദിച്ചു. ഫ്ലൂറൈഡ് ആഴ്സെനിക് ബാധിത പ്രദേശങ്ങളിൽ ഇടക്കാല നടപടിയായി സാമൂഹ്യ ജലശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലൂടെ 8 മുതൽ 10 എൽ.പി.സി.ഡി

(പ്രതി ദിന പ്രതിശീർഷ ലിറ്റർ) സുരക്ഷിത കുടിവെള്ളം ഉറപ്പാക്കാൻ ഇത് വിഭാവനം ചെയ്യുന്നു. കേരളത്തിൽ ആഴ്സെനിക് ബാധിത വാസസ്ഥലങ്ങളൊന്നുമില്ല.

നീതി ആയോഗ് വിഹിതം ഉപയോഗിച്ച് ദുരിതബാധിത വാസസ്ഥലങ്ങളിൽ അടുത്തുള്ള സുരക്ഷിത സ്രോതസ്സുകളിൽ നിന്ന് ആർ ഓ പ്ലാന്റുകളും സാധ്യമായ പൈപ്പ് ലൈൻ വിപുലീകരണവും നടത്തുവാൻ കേരളാ വാട്ടർ അതോറിറ്റി പദ്ധതിയിട്ടു. അതനുസരിച്ച് ശുദ്ധീകരിച്ച സ്രോതസ്സുകളിൽ നിന്ന് പൈപ്പ് ലൈൻ വിപുലീകരണം നൽകികൊണ്ട് 55 ഫ്ലൂറൈഡ് ബാധിത ആവാസ വ്യവസ്ഥകളിൽ കേരള വാട്ടർ അതോറിറ്റി സുരക്ഷിതമായ കുടിവെള്ളം നൽകി. മാർച്ച് 31, 2020–ലെ സ്ഥിതി പ്രകാരം 18 ഫ്ലൂറൈഡ് ബാധിത ആവാസ വ്യവസ്ഥകൾ വിതരണ വ്യാപ്തിയിലെത്തിക്കാൻ ബാക്കിയുണ്ട്. ജലവിതരണത്തിൽ ഉൾപ്പെടാതെ ശേഷിക്കുന്ന ഫ്ലൂറൈഡ് ബാധിത വാസസ്ഥലങ്ങളിൽ പൈപ്പ് ലൈൻ വിപുലീകരണം സ്ഥാപിക്കുന്നതിന് നീതി ആയോഗ് അനുമതി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞവയെ അടിസ്ഥാനമാക്കി ശേഷിക്കുന്ന ആവാസ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടിയെടുക്കുന്നു.

### ക്യാപിറ്റൽ ജോലികൾ

കെ.ഡബ്ല്യൂ.എ വിവിധ ശീർഷകങ്ങളിൽ പദ്ധതികൾ ഏറ്റെടുക്കുന്നു. 2019–20 സാമ്പത്തിക വർഷത്തിൽ 27 പദ്ധതികൾ കമ്മീഷൻ ചെയ്യുകയും അതുവഴി കവറേജ് വർദ്ധിപ്പിക്കുവാനും ജനതയ്ക്ക് സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കാനും കഴിഞ്ഞു. സംസ്ഥാന പദ്ധതിയുടേയും നബാർഡിന്റേയും പദ്ധതികൾ ഏറ്റെടുക്കുന്നതു കൂടാതെ കിഫ്ബി (കെ ഐ ഐ എഫ് ബി), ആർ കെ ഐ എന്നിവയ്ക്കു കീഴിലും പുതിയ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2019–20 കാലയളവിൽ എൻ ആർ ഡി ഡബ്ല്യൂ പി/ജെ ജെ എം, അമൃത് എന്നിവയ്ക്ക് കീഴിൽ പുതിയ പദ്ധതി അനുവദിച്ചിട്ടില്ല.

### കിഫ്ബി

കെ.ഡബ്ല്യൂ.എ യുടെ 72 കുടിവെള്ള പദ്ധതികൾക്ക് കേരള സർക്കാർ അനുമതി നൽകുകയും 70 പദ്ധതികൾക്ക് 4428.76 കോടി രൂപയ്ക്ക് ധനസഹായം നൽകാൻ കിഫ്ബി ഇതുവരെ അനുമതിയും അംഗീകാരവും നൽകിയിട്ടുണ്ട്. 2016–17 കിഫ്ബി ധനസഹായത്തിൽ 1257.1 കോടി രൂപയ്ക്ക് വേണ്ടിയുള്ള 23 ജലവിതരണ പദ്ധതികൾ 66 പാക്കേജുകളിലായി നടപ്പിലാക്കുന്നു. ഇത്തരം 66 പാക്കേജുകളിൽ 57 എണ്ണം ടെൻഡർ ചെയ്യുകയും 51 എണ്ണം നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലെത്തുകയും 20 പാക്കേജുകൾ ഇതിനോടകം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, 11 സർക്കിളുകളിൽ 'പഴയ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുക' എന്നതിലുള്ള 11 പദ്ധതികളിൽ 10 എണ്ണത്തിൽ 382.64 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 10 സർക്കിളുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.

കിഫ്ബി 2017–18 പ്രകാരം 35 പദ്ധതികൾക്ക് കേരള സർക്കാർ തത്വത്തിൽ അനുമതി നൽകുകയും 35 പദ്ധതികൾക്ക് 2468.62 കോടി രൂപയുടെ സഹായം നൽകുന്നതിന് കിഫ്ബി അനുമതിയും അംഗീകാരവും നൽകുകയും ചെയ്തു. ശേഷിക്കുന്ന ഒരു പദ്ധതി കിഫ്ബിയുടെ വിലയിരുത്തലിലാണ്. 94 പാക്കേജുകളിലാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇവയിൽ 48 പാക്കേജുകൾ ടെൻഡർ ചെയ്തു, 41 പാക്കേജുകൾ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്. 2 പാക്കേജുകൾ ഇതിനോടകം പൂർത്തിയായി. ശേഷിക്കുന്ന പാക്കേജുകൾക്ക് ഭൂമി ഏറ്റെടുക്കൽ ആവശ്യമാണ്. കിഫ്ബി 2018–19–നു കീഴിൽ 2 പദ്ധതികൾക്ക് കേരള സർക്കാർ തത്വത്തിൽ അനുമതി നൽകുകയും 320.41 കോടി രൂപയുടെ ധനസഹായം 2 പദ്ധതികൾക്ക് നൽകുന്നതിന് കിഫ്ബി അംഗീകാരം നൽകുകയും ചെയതു. ഈ പദ്ധതികൾ 10 പാക്കേജുകളിലായി നടപ്പിലാക്കുന്നു. ഈ 10 പാക്കേജുകളിൽ 2 എണ്ണം ടെൻഡർ ചെയ്യുകയും ഈ 2 പാക്കേജുകൾക്കായി കരാർ നടപ്പാക്കുകയും ചെയ്തു.

### അടൽ മിഷൻ ഫോർ റിജുവിനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (എ.എം.ആർ.യു.റ്റി)–അമൃത്

അടൽ മിഷൻ ഫോർ റിജുവിനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത് )–നു കീഴിൽ ജലവിതരണ, മലിനജല ജോലികളുടെ നടപ്പാക്കൽ ഏജൻസിയാണ് കേരള വാട്ടർ അതോറിറ്റി. ഭാരത സർക്കാരിന്റെ നഗര വികസന മന്ത്രാലയം കേരളത്തിലെ 9 നഗരങ്ങൾ തെരഞ്ഞെടുത്തു. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ 6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മൂന്ന് മുൻസിപ്പാലിറ്റികളിലുമായി കെ ഡബ്ല്യൂ എ യുടെ ജലവിതരണ പദ്ധതികൾ വ്യാപിച്ചു കിടക്കുന്നു. പദ്ധതി കാലയളവ് 2015–16 സാമ്പത്തിക വർഷം മുതൽ 2019–20 വരെ അഞ്ച് വർഷമാണ്. ഇത് മാർച്ച് 31,2021 വരെ നീട്ടിയിട്ടുണ്ട്. മേൽപ്പറഞ്ഞ നഗരങ്ങളിൽ 168 ജലവിതരണജോലികളും 115 മലിനജല നിയന്ത്രണ പദ്ധതികളും നിർവ്വഹിക്കുന്നതിന് 1332.56 കോടി രൂപയുടെ ഭരണാനുമതി കെ.ഡബ്ല്യൂ. എ ക്ക് നൽകിയിട്ടുണ്ട്. ആകെ പദ്ധതി വിഹിതം 50 : 30 : 20 അനുപാതത്തിൽ യഥാക്രമം കേന്ദ്ര, സംസ്ഥാന, അതത് നഗര പ്രാദേശിക സർക്കാരുകൾ എന്നിങ്ങനെ വിഭജിച്ചിരിക്കുന്ന രീതിയിലാണ് ഫണ്ടിംഗ് രീതി. കെ.ഡബ്ല്യൂ.എ 1326.56 കോടി രൂപയുടെ

ജോലികൾ ടെൻഡർ ചെയ്യുകയും അതിൽ 1290.95 കോടിയുടെ ജോലികൾ ക്രമീകരിക്കുകയും ചെയ്തു. ഇവയിൽ ഇതുവരെ 183.27 കോടിയുടെ ജോലികൾ പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്നവ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്.

## റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (ആർ.കെ.ഐ)

റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (ആർ.കെ.ഐ) യുടെ കീഴിൽ ഭരണാനുമതി ലഭിച്ച 182.6 കോടി രൂപയുടെ ഏഴ് പുതിയ പദ്ധതികൾക്ക് ഈ വർഷം അനുമതി നൽകി. ചേരാനല്ലൂർ പഞ്ചായത്തിലേക്കുള്ള ജലവിതരണ പദ്ധതി, തിരുവനന്തപുരം പഞ്ചായത്തിലേയ്ക്കുള്ള ഗ്രാമീണ ജലവിതരണ പദ്ധതിക്കു വേണ്ടിയുള്ള വിതരണ ശൃംഖല, കട്ടുത്തുരുത്തിയിലേക്കും സമീപ ഗ്രാമങ്ങളിലേക്കുമുള്ള ജലവിതരണ പദ്ധതി, എരുമേലി ഭാഗത്തെ ജലവിതരണ സംവിധാനത്തേക്കുള്ള ജലവിതരണ പദ്ധതി, ചാവക്കാട് താലൂക്ക് ഘട്ടം 2-ലെ മുല്ലശ്ശേരി പവറട്ടി പഞ്ചായത്തുകളിലേക്കുള്ള ജലവിതരണ

**ബോക്സ് 11.4.1 ജൽജീവൻ മിഷൻ (ജെജെഎം)**

2024 ഓടെ ഗ്രാമീണ ഇന്ത്യയിലെ എല്ലാ ജീവനക്കാർക്കും പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകളിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ഭാരത സർക്കാർ പദ്ധതിയാണ് ജൽജീവൻ മിഷൻ (ജെ ജെ എം). എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും ദീർഘകാലാടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ട ഗുണനിലവാരത്തോടുകൂടിയതും മതിയായ അളവിലും നിരന്തരമായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം. മഴവെള്ള സംഭരണം, ഭൂഗർഭജല റീചാർജ്, ഗാർഹിക മലിനജലത്തെ കൃഷിക്ക് പുനരുപയോഗിക്കുന്നതിനു വേണ്ടിയുള്ള പരിപാലനം തുടങ്ങിയ ഉറവിട സുസ്ഥിരതയ്ക്കായി പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ ഉൾപ്പെടെ പ്രാദേശിക തലത്തിൽ ജലത്തിന്റെ ആവശ്യ-വിതരണ വശത്തിന്റെ സമഗ്രമായ മാനേജ് മെന്റിൽ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. രാജ്യത്തുടനീളം സുസ്ഥിര ജലവിതരണ പരിപാലനത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി മിഷൻ മറ്റ് കേന്ദ്ര, സംസ്ഥാന സർക്കാർ പദ്ധതികളുമായി ഒത്തുചേരും. കേന്ദ്രവും സംസ്ഥാനവും തമ്മിൽ 50:50 ചെലവ് പങ്കിടൽ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**കേരളത്തിലെ ജെ ജെ എം നടപ്പാക്കൽ**

കേരളത്തിലെ ഗ്രാമീണ കുടുംബങ്ങളുടെ ആകെ എണ്ണം 67.15 ലക്ഷവും ഗ്രാമീണ എഫ് എച്ച് റ്റി സി(പ്രവർത്തന ക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകൾ) ഏപ്രിൽ 1, 2020 പ്രകാരം 17.5 ലക്ഷമാണ്. അതിനാൽ ഈ മിഷനിൽ 2024-ഓടെ 49.65 ലക്ഷം എഫ്.എച്ച്.ടി.സി കൾ നൽകേണ്ടതുണ്ട്.

ത്രിതല പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ ജൽ ജീവൻ മിഷൻ നടപ്പാക്കാനുള്ള സർക്കാർ ഉത്തരവ് 2020 ജൂണിൽ പുറപ്പെടുവിച്ചു. 2020-21-ൽ 21.42 ലക്ഷം ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള വാർഷിക പ്രവർത്തന പദ്ധതി (എ എ പി) സർക്കാർ അംഗീകരിച്ചു. 2020-21 പദ്ധതി പ്രകാരം 586 ഗ്രാമങ്ങളിലെയും 380 പഞ്ചായത്തുകളിലേയും 23 ബ്ലോക്ക് പഞ്ചായത്തുകളിലേയും 100 ശതമാനം കുടുംബങ്ങളേയും ഇത് ലക്ഷ്യമിടുന്നു. എസ്.സി- എസ്.ടി കുടുംബങ്ങൾ കൂടുതലുള്ള ഗ്രാമങ്ങൾ ഈ വർഷത്തെ പദ്ധതിയിൽ ഒരു വലിയ അളവിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ലക്ഷ്യമിട്ടിട്ടുള്ള 18 ഗ്രാമങ്ങളിൽ 12 എണ്ണം ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. അവശേഷിക്കുന്ന ഗ്രാമങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ ഉൾപ്പെടുത്തും. ഫ്ലൂറൈഡ്, ലവണാംശം, ഇരുമ്പ് തുടങ്ങിയവ പോലെ ജല ഗുണനിലവാരം ബാധിക്കപ്പെട്ട 114 വാസസ്ഥലങ്ങളിൽ 104 എണ്ണം 2020-21 കാലയളവിൽ ഉൾപ്പെടുത്തും. അവശേഷിക്കുന്ന വാസസ്ഥലങ്ങൾക്കായി 10 സാമൂഹ്യ ജല ശുദ്ധീകരണ പ്ലാന്റുകൾ (സി ഡബ്ല്യൂ പി പി) ഈ വർഷത്തെ പദ്ധതിയിൽ ഒരു ഇടക്കാല നടപടിയായി നിർദ്ദേശിക്കുന്നു.

ദൃശ്യമാധ്യമ/മറ്റ് സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചാരണം/കമ്മ്യൂണിറ്റി മൊബിലൈസേഷൻ/പ്രസിദ്ധപ്പെടുത്തൽ എന്നിവയുടെ സമാന്തര പ്രവർത്തനങ്ങളും ഒരു മിഷൻ രീതിയിൽ മുന്നോട്ട് കൊണ്ടു പോകുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന/ജില്ലാ പഞ്ചായത്ത് തലങ്ങളിലെ എല്ലാ സ്ഥാപന ക്രമീകരണങ്ങളും നിലവിലുണ്ട്. 2020-21 -ലെ വാർഷിക കർമ്മ പദ്ധതി പ്രകാരം 2020-21 പദ്ധതിക്കുവേണ്ടിയുള്ള 21.42 ലക്ഷം കണക്ഷനുകൾ നൽകുന്നതിനായുള്ള ഡി ഇ ആർ (വിശദമായ ഇൻജിനീയറിംഗ് റിപ്പോർട്ടുകൾ) തയ്യാറാക്കി 791 പഞ്ചായത്തുകൾക്ക് സമർപ്പിക്കുകയുണ്ടായി. ആഗസ്റ്റ് 5, 2020-ന് നടന്ന സംസ്ഥാന ജല-ശുചിത്വ മിഷൻ (എസ് ഡബ്ല്യൂ എസ് എം) യോഗം ആദ്യഘട്ടമായി 716 പഞ്ചായത്തുകളിൽ 16.48 ലക്ഷം എഫ് എച്ച് റ്റി സി കൾ നൽകാനുള്ള നിർദ്ദേശം അംഗീകരിച്ചു (13/8/20-ൽ നടന്ന സംസ്ഥാനതല പദ്ധതി അനുമതി സമിതി (എസ് എൽ എസ് എസ് സി) 716 പഞ്ചായത്തുകളിൽ 16.48 ലക്ഷം എഫ് എച്ച് റ്റി സി കൾ നൽകുന്നതിനായുള്ള

പ്രോജക്ട്ടുകൾ അംഗീകരിച്ചു). 716 പഞ്ചായത്തുകളിൽ 16.48 ലക്ഷം എഫ് എച്ച് റ്റി സി കൾ നൽകുന്നതിനു വേണ്ടി 4343.89 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകി. കെ ഡബ്ല്യൂ എ ഇതുവരെ (2020 ഒക്ടോബർ 20 വരെ) 692 പഞ്ചായത്തുകളിൽ 15.39 ലക്ഷം എഫ് എച്ച് റ്റി സി കൾ നൽകുന്നതിനായി 799 ജോലികൾ ടെൻഡർ ചെയ്തു. 114 നിയോജക മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന 411 പഞ്ചായത്തുകളിൽ 4.47 ലക്ഷം എഫ് എച്ച് റ്റി സി കൾ നൽകുന്നതിനുവേണ്ട 415 ജോലികൾക്ക് ഇതുവരെ (2020 ഒക്ടോബർ 20 വരെ) വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. കേരള സർക്കാർ, ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിനു വേണ്ടിയുള്ള എല്ലാ നടപടികളും കേരള സർക്കാർ കൈക്കൊള്ളുന്നു.

പദ്ധതി, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി, നൂൽപ്പുഴ, മുട്ടിൽ ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിലേക്കുള്ള ജല വിതരണ പദ്ധതികൾ, എരുമേലി പഞ്ചായത്ത് സ്ഥാപിക്കുന്ന കനകപ്പള്ളം മേഖല വിതരണ സംവിധാനത്തിലേക്കുള്ള ജലവിതരണ പദ്ധതി.

## ജലനിധി

ലോകബാങ്ക് സഹായത്തോടെ ജലനിധി നടപ്പാക്കുന്നതിനുള്ള ഒരു പ്രത്യേകോദ്ദേശ്യമായാണ് കേരള സംസ്ഥാന ഗ്രാമീണ ജലവിതരണ, ശുചിത്വ ഏജൻസി (കെആർഡബ്ല്യുഎസ്എ) രൂപീകരിച്ചത്. 2000–2008 കാലയളവിൽ ജലനിധി ഘട്ടം –1, 2012–19 കാലയളവിൽ ഘട്ടം 2 എന്നിങ്ങനെ ജലനിധിയുടെ രണ്ട് ഘട്ടങ്ങൾ കെആർഡബ്ല്യുഎസ്എ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. ജലനിധിയുടെ കീഴിൽ സമൂഹ്യാധിഷ്ഠിത ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്തുകൾക്ക് നിർണ്ണായക പങ്കുണ്ട്. പങ്കാളിത്ത, സാമൂഹിക നിയന്ത്രിത ജലവിതരണവും ശുചിത്വ സൗകര്യങ്ങളും അവരുടെ തന്നെ ഉടമസ്ഥതയിലുള്ളതും പരിപാലിക്കപ്പെടുന്നതുമായ രീതിയിൽ നടപ്പിലാക്കുന്നതിനായി കെആർഡബ്ല്യുഎസ്എ എൻജിഓകളുടെ വിപുലമായ ഒരു ശൃംഖലയും സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ ഗ്രാമീണ കുടുംബങ്ങളിലെ പ്രധാനമായും പട്ടികജാതി, പട്ടികവർഗ്ഗ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിഭാഗങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ തുല്യവും ഉൾക്കൊള്ളിക്കുന്നതും വികേന്ദ്രീകൃതവുമായ ഒരു വിതരണ സംവിധാനം ജലനിധിക്കു കീഴിൽ ഈ പദ്ധതി മാതൃകയിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയാണ്

**പട്ടിക – 11.4.1** 2020 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജലവിതരണ കണക്ഷനുകളുടേയും തെരുവു ടാപ്പുകളുടേയും ജില്ലാ തല വിവരങ്ങൾ

| ക്രമ നം. | ജില്ല | ഗാർഹിക കണക്ഷനുകൾ | തെരുവു ടാപ്പുകൾ (പഞ്ചായത്ത്) |
|---|---|---|---|
| 1 | തിരുവനന്തപുരം | 4572 | |
| 2 | കൊല്ലം | 20285 | |
| 3 | പത്തനംതിട്ട | 5977 | |
| 4 | ആലപ്പുഴ | 0 | |
| 5 | കോട്ടയം | 46220 | |
| 6 | ഇടുക്കി | 37002 | |
| 7 | എറണാകുളം | 2173 | |
| 8 | തൃശ്ശൂർ | 63265 | |
| 9 | പാലക്കാട് | 50351 | |
| 10 | മലപ്പുറം | 85355 | |
| 11 | കോഴിക്കോട് | 50632 | 307 |
| 12 | വയനാട് | 34739 | |
| 13 | കണ്ണൂർ | 22157 | |
| 14 | കാസർഗോഡ് | 21447 | |
| | **ആകെ** | **444175** | **307** |

*അവലംബം കേരള വാട്ടർ അതോറിറ്റി*

കെആർഡബ്ല്യുഎസ്എ. ഇതിനായി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി 'മഴകേന്ദ്രം' എന്നൊരു പ്രത്യേകസെൽ കെആർഡബ്ല്യുഎസ്എ–ക്ക് കീഴിൽ ആരംഭിച്ചു. സംസ്ഥാനത്തെ ജലവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി കെആർഡബ്ല്യുഎസ്എ–യെ കേരള സർക്കാരിന്റെ ഡബ്ല്യു എസ് എസ് ഒ (വാട്ടർ സാനിറ്റേഷൻ സപ്പോർട്ട് ഓർഗനൈസേഷൻ) ആയി നിയമിച്ചു. 2020 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജലവിതരണ കണക്ഷനുകളുടേയും തെരുവു ടാപ്പുകളുടേയും ജില്ലാ തല വിവരങ്ങൾ **പട്ടിക 11.4.1**–ൽ നൽകിയിട്ടുണ്ട്.

## പദ്ധതി നേട്ടങ്ങൾ

**ജലനിധി ഘട്ടം I**–, ൽ 10.56 ലക്ഷം ജനങ്ങൾക്ക് പ്രയോജനകരമാംവിധം 3694 ചെറിയ ജലവിതരണ പദ്ധതികളും 16 വലിയ ജലവിതരണ പദ്ധതികളും കമ്മീഷൻ ചെയ്തു. ജലവിതരണ പദ്ധതികൾക്ക് പുറമേ ഭൂഗർഭജല റീച്ചാർജ്ജ് പ്രവർത്തനങ്ങൾ, ശൗചാലയങ്ങൾ, പരിസ്ഥിതി ശുചിത്വ നടപടികൾ, മഴവെള്ള സംഭരണം തുടങ്ങിയ ഘടകങ്ങളും ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുകയും വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. 112 ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കുകയും 411 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

**ജലനിധി ഘട്ടം–II** 115 ഗ്രാമപഞ്ചായത്തുകളിൽ ജലനിധി ഘട്ടം 11 പദ്ധതി നടപ്പിലാക്കി. ആവശ്യമായ കാര്യശേഷി വർദ്ധിപ്പിച്ചതിനുശേഷം 2173 ജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്ത് പ്രവർത്തനത്തിനും പരിപാലനത്തിനുമായി ഗുണഭോക്തൃ ഗ്രൂപ്പിലേക്ക് കൈമാറി. 11.57 ലക്ഷം ജനങ്ങളുടെ ജലദുരിതങ്ങൾ പദ്ധതി പരിഹരിച്ചു. ഈ പദ്ധതിയ്ക്കായി 1360 കോടി രൂപയാണ് ചെവഴിച്ചത്.

ജലനിധി ഘട്ടം–1 നും 2–നും ഒരുമിച്ച് 227 ഗ്രാമപഞ്ചായത്തുകളിലായി 22 ലക്ഷം ജലനിധി ഗുണഭോക്താക്കളാണ് ഇപ്പോൾ കേരളത്തിലുള്ളത്. ജലവിതരണ ശുചിത്വ പദ്ധതികൾ കൈകാര്യം ചെയ്യാനും, ആവശ്യപ്പെടാനും, ആസൂത്രണം ചെയ്യാനും, രൂപകല്പന ചെയ്യാനും, നടപ്പാക്കാനും ഭാഗിക മൂലധന നിക്ഷേപത്തിന് സംഭാവന നൽകാനും പ്രവർത്തനത്തിന്റെയും പരിപാലനത്തിന്റെയും മൊത്തം ചെലവ് വഹിക്കാനും തീരെ ദരിദ്രരും ദുർബലരുമായ ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ള സമുദായങ്ങൾക്ക് കഴിയുമെന്ന് ജലനിധി മാതൃക വിജയകരമായി തെളിയിച്ചു. പ്രവർത്തന പരിപാലന ചെലവ് (ഓ&എം) സമുദായങ്ങൾ വഹിക്കുന്നതിനാൽ ജലനിധി പദ്ധതികൾ പൊതു ഖജനാവിന് കൂടുതൽ ബാധ്യതയല്ല. കഴിഞ്ഞ 18 വർഷമായി ജലനിധി കാര്യക്ഷമവും സുസ്ഥിരവുമായ ജലപരിപാലനം പ്രകടമാക്കുന്നു. ഒന്നാം ഘട്ടത്തിൽ (2002–08 കാലയളവിൽ) ആരംഭിച്ച 70 ശതമാനം പദ്ധതികളും ഇപ്പോഴും സമുദായങ്ങൾ വിജയകരമായി പ്രവർത്തിപ്പിക്കുന്നുണ്ടെന്ന് ആസൂത്രണ ബോർഡിന്റേയും ഏ ജിയുടേയും സമീപ കാല പഠനങ്ങൾ സ്ഥിരീകരിക്കുന്നു.

ജലനിധിയുടെ ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന ജില്ലതിരിച്ചുള്ള ഗ്രാമീണ ജനസംഖ്യ കണക്കിലെടുക്കുമ്പോൾ വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ (24.41 ശതമാനം). കോഴിക്കോട് ഏറ്റവും കൂടുതൽ പദ്ധതികൾ (1052) ഉള്ളപ്പോൾ ആലപ്പുഴയ്ക്ക് പദ്ധതികളൊന്നുമില്ല. 2020 ആഗസ് 31 പ്രകാരം 5,883 പദ്ധതികളുടെ പരിധിയിൽ ആകെ 2,18,598 ഗ്രാമീണ ജനങ്ങൾ ഉൾപ്പെടുന്നു. 2020 ആഗസ്റ്റ് 31 പ്രകാരം ആകെ 4,44,175 ജലവിതരണ ഗാർഹിക കണക്ഷനുകളിൽ മലപ്പുറത്ത് ഏറ്റവും കൂടുതൽ എണ്ണവും (85,355) തൃശ്ശൂരിന് രണ്ടാമത് ഏറ്റവും കൂടുതൽ എണ്ണവും(63,265) കണക്ഷനുകൾ ഉണ്ട്. ജലനിധി പ്രോജക്ട് മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, പദ്ധതികൾ കമ്മീഷൻ ചെയ്തതിനുശേഷം, 100 ശതമാനം പ്രവർത്തനങ്ങളും പരിപാലനവും (ഓ&എം) ഗുണഭോക്തൃ സമൂഹങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്. അതിനാൽ, അതത് പദ്ധതി മാനേജ്മെന്റ് കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരം ഒരോ പദ്ധതിക്കും ജലനിരക്കുകൾ വ്യത്യാസപ്പെടുന്നു. മിക്ക പദ്ധതികളിലും ഓരോ കുടുംബങ്ങൾക്കും 10000 ലിറ്ററിന് പ്രതിമാസം ഈടാക്കുന്നത് ശരാശരി 100 രൂപയാണ്. എല്ലാ ജില്ലകളിലേയും ജലനിധിയുടെ ജലവിതരണ പദ്ധതികളുടെ പ്രതിശീർഷ പ്രതിദിന (എൽ പി സി ഡി) ജല ലഭ്യത 70 എൽ പി സി ഡി യാണ്.

ശുചീകരണ പ്രവർത്തനങ്ങളുടെ ഒന്നും രണ്ടും ഘട്ടങ്ങളിലെ ജില്ല തിരിച്ചുള്ള നേട്ടങ്ങൾ കാണിക്കുന്നത് മലപ്പുറം ജില്ലയിൽ 26,385 മീറ്റർ ഡ്രെയിനേജ് കവറേജ് ഉണ്ടെന്നും ഇത് 14 ജില്ലകളിൽ ഏറ്റവും ഉയർന്നതാണെന്നും ആണ്. ആഗസ്റ്റ് 31, 2020 ലെ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ (557) കോട്ടയത്താണ് (**അനുബന്ധം 11.4.7**). ആഗസ്റ്റ് 31, 2020 വരെയുള്ള ഭൂഗർഭ ജലറീച്ചാർജ്ജ് (ജി ഡബ്ല്യൂ ആർ) ഘടനകളുടെ ഭൂരിഭാഗവും (988) കോട്ടയത്താണ്. അതുപോലെ കെ.ആർ.ഡബ്ല്യൂ.എസ്.എ സംസ്ഥാനത്ത് സ്ഥാപിച്ച മൊത്തം മഴവെള്ള സംഭരണ (ആർ.ഡബ്ല്യൂ.എച്ച്) ടാങ്കുകളുടെ എണ്ണം ആഗസ്റ്റ് 31, 2020 വരെ 32031 ആണ്. ഇത് ഏറ്റവും കൂടുതൽ എണ്ണം (9,828) ഇടുക്കിയിലും ഏറ്റവും കുറവ് (196) വയനാട്ടുമാണ് (**അനുബന്ധം 11.4.8**). കെ.ആർ.ഡബ്ല്യൂ.എസ്.എ യുടെ കണക്കനുസരിച്ച് ആഗസ്റ്റ് 31, 2020 പ്രകാരമുള്ള 5,883 പദ്ധതികളിൽ പ്രവർത്തനക്ഷമമായുള്ള 5,001 ചെറുകിട ജലവിതരണ പദ്ധതികളുടേയും പരിധിയിൽ 4,45,710 കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട് **അനുബന്ധം 11.4.9**).

## 11.5 ഭവനനിർമ്മാണം

വാസസ്ഥലം എന്നത് മനുഷ്യന്റെ അടിസ്ഥാന ആവശ്യകതകളിലൊന്നും സുരക്ഷിതത്വം, അന്തസ്സ് എന്നിവയോടുകൂടി ഒരിടത്ത് താമസിക്കാനുള്ള മനുഷ്യാവകാശവുമാണ്. എല്ലാവരുടേയും ഭവന ആവശ്യങ്ങൾ തൃപ്തികരമാണെന്ന് ഉറപ്പാക്കേണ്ടത് ഒരു സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. മതിയായതും താങ്ങാനാവുന്നതുമായ ഭവനങ്ങൾ ലഭ്യമാക്കുകയെന്നത് നിരന്തരം വളരുന്നൊരു വെല്ലുവിളിയാണ്. യു എൻ പൊതുസഭയുടെ 74–ാമത് സെഷൻ വാർഷിക റിപ്പോർട്ട് 2019 അനുസരിച്ച്, മതിയായ പാർപ്പിടം, 'മതിയായ ജീവിത നിലവാരത്തിന്റെ ഒരു ഘടകവും ഈ സാഹചര്യത്തിൽ വിവേചന രഹിതമായ അവകാശവുമാണ്.

ഒ ഇ സി ഡി (ഓർഗനൈസേഷൻ ഫോർ ഇക്കണോമിക് കോ–ഓപ്പറേഷൻ ആന്റ് ഡവലപ്മെന്റ് ) 2019–ലെ – ഇന്ത്യാ എല്ലാവർക്കും ഭവനം, സാമ്പത്തിക സർവ്വേ പ്രകാരം പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ താങ്ങാനാകുന്ന വീടുകളുടെ അധിക ആവശ്യം, ചെറിയ വാടക വിപണി, ഉയർന്ന നിലവാരമുള്ള ഭവനങ്ങളുടെ അമിത വിതരണം എന്നിങ്ങനെയാണ്  പാർപ്പിട വിപണി കാണപ്പെടുന്നത്. അടുത്ത കാലത്തായി ഗുണനിലവാരമുള്ള വീടുകളുടെ ശേഖരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിലും താഴ്ന്ന വരുമാനക്കാർക്കിടയിൽ ഭവനക്ഷാമം വളരെ വലുതാണ്. വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ വീടിന്റെ വില ഉയർന്നതിനാൽ ഭവന വായ്പ ലഭിക്കുന്നത് പലപ്പോഴും പ്രയാസമാണ്. സർവ്വേ പറയുന്നത്, ' ഉയർന്ന ജന സാന്ദ്രതയുടെ പശ്ചാത്തലത്തിൽ  വിപണിയിലെ ഘടനാപരമായ കാഠിന്യം, കർശനമായ മേഖലാവൽക്കരണം, ഭൂനിയമങ്ങൾ എന്നിവയുടെ ഭാഗമായുള്ളവ, നിയന്ത്രിത ഫ്ലോർ സൂചികകൾ, ഉയർന്ന ഇടപാട് ചെലവുകൾ എന്നിവ കാരണമാണ് വീടുകളുടെ വിലകൾ ഉയരുന്നത്' . നഗരവൽക്കരണം പ്രത്യേകിച്ച് ഗ്രാമീണ നഗര കുടിയേറ്റം, വിപണിയുടെ താഴേത്തട്ടിൽ മിതമായ നിരക്കിലെ ഭവനനിർമ്മാണത്തിന്റെ ആവശ്യകത വർദ്ധിപ്പിക്കുമെന്ന് റിപ്പോർട്ട് അഭിപ്രായപ്പെടുന്നു. ഇടപാട് നികുതി പോലുള്ള സ്റ്റാമ്പ് ഡ്യൂട്ടികൾ കുറയ്ക്കുക, ഭൂവിനിയോഗ നിയമങ്ങൾ ലഘൂകരിക്കുക, കരാർ നടപ്പാക്കൽ വർദ്ധിപ്പിക്കുക എന്നിവ പാർപ്പിട വിപണി ചലനാത്മമാക്കുകയും പാർപ്പിട വിതരണം വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് സർവ്വേ ചൂണ്ടിക്കാട്ടുന്നു. ഉടമസ്ഥാവകാശം പ്രോത്സാഹിപ്പിക്കുന്നതിനാൽ 2022–ഓടുകൂടി എല്ലാ ഇന്ത്യക്കാർക്കും  താങ്ങാനാകുന്ന ഭവനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള 'എല്ലാവർക്കും ഭവനം പദ്ധതി'യെ, ഭവനക്ഷാമം കുറയ്ക്കുന്നതിനുള്ള ഒരു നല്ല മാർഗ്ഗമായി' ഒ ഇ സി ഡി നോക്കി കാണുന്നു. അവരുടെ അഭിപ്രായത്തിൽ ഇത്തരത്തിലുള്ള കൂടുതൽ പദ്ധതികൾ ആവശ്യമാണ്. 2019–ലെ കുടിയായ്മ നിയമം (ടെനൻസി ആക്ട് ) ശരിയായ ദിശയിലേക്കുള്ള ഒരു കാൽവയ്പ്പാണ്.[1]

നിരവധി ഭവന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് കേന്ദ്ര–സംസ്ഥാന സർക്കാരുകൾ വീടില്ലായ്മ തുടച്ചുനീക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിൽ ശരാശരി ഭവന നിലവാരവും അതിന്റെ ഗുണ നിലവാരവും മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മികച്ചതാണ്.  2011–ലെ സെൻസസ് പ്രകാരം കേരളത്തിൽ 1000 പേർക്ക് 336 വീടുകളുള്ളപ്പോൾ ഇന്ത്യയിലുടനീളം അത് 273 വീടുകളാണ്. കേരളത്തിലെ ആളുകൾ താമസിക്കുന്ന വീടുകളുടെ ശരാശരി വലുപ്പം, ഗുണനിലവാരം, ആളോഹരി തറ വിസ്തീർണ്ണം എന്നിവയും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്.

സംസ്ഥാനത്തെ എല്ലാ ഭൂരഹിത, ഭവന രഹിത കുടുംബങ്ങൾക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ

[1] രാജ്യത്ത് വാടക നിയന്ത്രണം കൈകാര്യം ചെയ്യുന്ന പ്രാചീന നിയമങ്ങളിൽ നിന്ന് ഒരു പടി മുന്നിലാണ് മോഡൽ ടെനൻസി ആക്റ്റ് 2019 എന്ന പൊതുധാരണ ഉണ്ടെങ്കിലും ഇത് ഭൂവുടമകൾക്കോ കുടിയാൻമാർക്കോ അനുകൂലമെന്നതിനെക്കുറിച്ച് ചില ചർച്ചകൾ നടക്കുന്നു. ലൈവ് മിന്റ് ജൂലൈ 29, 2020-ലെ എൻ . ചക്രവർത്തിയുടെ 'മോഡൽ ടെനൻസി ആക്ട് ഭൂവുടമകൾക്കോ കുടിയാൻമാർക്കോ കൂടുതൽ അനുകൂലം?' കാണുക.

നൽകുന്നതിനായി 2016–ൽ കേരള സർക്കാർ, ലൈഫ് മിഷൻ (ഉപജീവനമാർഗ്ഗം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം)ഒരു പ്രധാന പദ്ധതിയായി ആരംഭിച്ചു. താഴേക്കിടയിലുള്ള യഥാർത്ഥ പ്രശ്നങ്ങളെ ഒരു വിവിധോദ്ദേശ സമീപനത്തിലൂടെ പരിഹരിക്കുന്നതിനായി ഒരു സമയബന്ധിത പരിപാടിയായാണ് ഇത് വിഭാവനം ചെയ്യുന്നത്. നൈപുണ്യ വികസനത്തിലൂടെ സുസ്ഥിര ഉപജീവന മാർഗ്ഗം ലക്ഷ്യമിട്ടുള്ള സമഗ്രമായ ഒരു പുനരധിവാസ പദ്ധതിയും സാമ്പത്തിക സ്വാശ്രയത്വത്തിലേക്ക് നയിക്കുന്നതും ഉൾച്ചേർക്കപ്പെട്ട വികസനം ഉറപ്പുവരുത്തുന്നതും ഉദ്ദേശിച്ചുള്ള ലൈഫ് മിഷൻ ഭൂരഹിത ഭവന രഹിതരായ ദരിദ്രർക്ക് പാർപ്പിടം നൽകുന്ന ഒരു സമഗ്ര പുനരധിവാസ പദ്ധതിയാണ്.

അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിനു പുറമേ, നിലവിലെ തകർന്ന വീടുകളുടെ പുനസ്ഥാപനം, സ്വന്തമായി ഭൂമി ഉള്ളവർക്കായി വീടുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം, സംസ്ഥാനത്തെ ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കളെ അപ്പാർട്ട് മെന്റ് സമുച്ചയങ്ങളിൽ താമസിപ്പിക്കുക എന്നിവ മിഷൻ ലക്ഷ്യം വയ്ക്കുന്നു. ലൈഫ് മിഷനു വേണ്ടിയുള്ള ഒരു സർവ്വേ വിശകലനം കാണിക്കുന്നത് കേരളത്തിലാകെ 5,04,967 ഭവനരഹിതരായ കുടുംബങ്ങളുണ്ടെന്നാണ്, ഇതിൽ ഭൂരഹിതരും ഭൂമിയുള്ളവരുമായ ഭവനരഹിതർ ഏറ്റവും കൂടുതലുള്ളത് തിരുവനന്തപുരം ജില്ലയിലാണ് (79,225). ഭൂരഹിതരും ഭൂമിയുള്ളവരുമായ ഭവനരഹിതരായ കുടുംബങ്ങൾ ഏറ്റവും കുറവുള്ളത് പത്തനംതിട്ട ജില്ലയിലാണ്. കൂടുതൽ വിവരങ്ങൾ എൽ എസ് ജി ഡി വിഭാഗത്തിന്റെ കൂടെ നൽകിയിട്ടുണ്ട്.

## ഭവന നിർമ്മാണ മേഖലയിലെ ഏജൻസികൾ

സംസ്ഥാന സർക്കാർ വിവിധ വകുപ്പുകളിലൂടെ ഭവന പദ്ധതികൾ നടപ്പിലാക്കുന്നു.ഹൗസിംഗ് കമ്മീഷണറേറ്റിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം കേരളത്തിൽ 20–ലേറെ ഏജൻസികൾ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് (എൽ.എസ്.ജി.ഡി), കുടുംബശ്രീ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ. എസ്.എച്ച്.ബി), കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക് ), കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ തുടങ്ങിയവ ഉൾപ്പെടുന്നതാണ് ഈ മേഖലയിലെ പ്രധാന ഏജൻസികൾ. സർക്കാരിതര ഏജൻസികളായ കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, സഹകരണ സംഘങ്ങൾ മുതലായവയും കേരള സംസ്ഥാന സഹകരണഭവന ഫെഡറേഷൻ പോലുള്ള സഹകരണ സ്ഥാപനങ്ങളും കേരളത്തിലെ ഭവന നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. വിവിധ സർക്കാരിതര സംഘടനകളും ഈ മേഖലയിൽ കാര്യമായ സംഭാവനകൾ നൽകുന്നു. തൊഴിൽ, മത്സ്യബന്ധനം , സൈനികക്ഷേമം, നഗരകാര്യം, ന്യൂനപക്ഷക്ഷേമം തുടങ്ങിയ വകുപ്പുകളും സാമ്പത്തിക ദുർബല വിഭാഗക്കാർക്കും പാവപ്പെട്ട (കുടിയേറ്റക്കാരുൾപ്പെടെയുള്ള) തൊഴിലാളികൾക്കും താങ്ങാനാകുന്ന തരത്തിലുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ ഏജൻസികൾ/ വകുപ്പുകൾ 2019–20 മുതൽ 2020–21 (ആഗസ്റ്റ് 31, 2020 വരെ) ഏകദേശം 1,23,807 വീടുകളുടെ നിർമ്മാണത്തിന് സഹായം നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 11.5.1**–ൽ നൽകിയിട്ടുണ്ട്. ഓരോ ഏജൻസിയുടേയും നേട്ടങ്ങളുടെ അനുപാതം **ചിത്രം 11.5.1** –ൽ കൊടുത്തിരിക്കുന്നു. ഭൂരിഭാഗം (95 ശതമാനം) വീടുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നിർമ്മിച്ചത്.

## കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ എസ് എച്ച് ബി), സർക്കാരിനുകീഴിലെ ഭവന നിർമ്മാണ മേഖലയിലെ നിർവ്വഹണ ഏജൻസിയാണ്. ഭവന നിർമ്മാണത്തിനുള്ള ധനസഹായം വായ്പയായി

**പട്ടിക 11.5.1** വിവിധ ഏജൻസികൾ മുഖാന്തിരം നിർമ്മിച്ച ഭവനങ്ങൾ 2019–20 മുതൽ 2020–21 (31 ആഗസ്റ്റ് 2020 വരെ).

| വർഷം | കെഎസ് എച്ച്ബി | എൽ എസ് ജി ഡി | തൊഴിൽ വകുപ്പ് | മത്സ്യബന്ധന വകുപ്പ് | പട്ടിക ജാതി വികസന വകുപ്പ് | പട്ടികജാതി, മറ്റ് നിർദ്ദേശിത സമുദായങ്ങൾ എന്നിവയിൽ നിന്നുള്ള പരിവർത്തിത ക്രൈസ്തവർക്ക വേണ്ടിയുള്ള കേരള സംസ്ഥാന വികസന കോർപ്പറേഷൻ |
|---|---|---|---|---|---|---|
| 2019–20 | 107 | 108504 | 5 | 1093 | 3081 | 199 |
| 2020–21 up to 31.08.20 | 7 | 9592 | 359 | 251 | 574 | 35 |
| ആകെ | 114 | 118096 | 364 | 1344 | 3655 | 234 |
| ആകെ മൊത്തം | | | | | | 123807 |

*അവലംബം :ഹൗസിംഗ് കമ്മീഷണറേറ്റ്*
കുറിപ്പ് – കഴിഞ്ഞ വർഷങ്ങളിൽ നിർമ്മിച്ച വീടുകളുടെ വിശദാംശങ്ങൾ സാമ്പത്തികാവലോകനം 2019-ൽ കൊടുത്തിട്ടുണ്ട്.

**ചിത്രം 11.5.1** വർഷങ്ങളിൽ ഏജൻസികളുടെ ഭവന നിർമ്മാണത്തിലെ ആനുപാതിക പങ്ക് 2019–20, 2020–21 (2020 ആഗസ്റ്റ് 31 വരെ)




അവലംബം: ഹൗസിംഗ് കമ്മീഷണറേറ്റ്
*മറ്റുള്ളവയിൽ ഭവന നിർമ്മാണ ബോർഡ് (കെ എസ് എച്ച് ബി), തൊഴിൽ വകുപ്പ്, പരിവർത്തിത ക്രൈസ്തവർക്കു വേണ്ടിയുള്ള വികസന കോർപ്പറേഷൻ എന്നിവ ഉൾപ്പെടുന്നു.

കൊടുക്കുന്നതിനു പുറമേ പൊതു ഭവന പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് പാർപ്പിട സൗകര്യങ്ങൾ നൽകുന്നു.

## ഗൃഹശ്രീ ഭവന പദ്ധതി

2013–14 മുതൽ ബഡ്ജറ്റ് പിന്തുണയോടെ ഓരോ വീടിന്റെയും നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകിക്കൊണ്ട് ബോർഡ് നടപ്പിലാക്കുന്നു. 2സെൻറ് /3 സെന്റ് ഭൂമി സ്വന്തമായുള്ള സാമ്പത്തിക ദുർബല വിഭാഗക്കാർ/താഴ്ന്ന വരുമാനക്കാരായ ഗുണഭോക്താക്കൾക്ക് എൻ.ജി.ഒ/ വോളന്ററി ഏജൻസികൾ/ മനുഷ്യസ്നേഹികളായ വ്യക്തികൾ എന്നിവരുടെ പങ്കാളിത്തത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയിൻ കീഴിൽ 2019–20–ൽ 107 വീടുകളും ആഗസ്റ്റ് 31, 2020 വരെ 7 വീടുകളും നിർമ്മിച്ചു. 2016–17 മുതൽ 2020–21(ആഗസ്റ്റ് 31, 2020 വരെ) ആകെ 2225 വീടുകൾ നിർമ്മിച്ചു.

## സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി–ഘട്ടം V

സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കായി പാർപ്പിട ഫ്ലാറ്റുകൾ ക്വാർട്ടേഴ്സുകളായി നിർമ്മിക്കുന്നതിനാണ് ഈ പദ്ധതി. ഈ പദ്ധതി പൂർത്തിയായശേഷം ഫ്ലാറ്റുകൾ അതത്–ജില്ലാ കളക്ടർമാർക്ക് അലോട്ട്മെന്റിനായി കൈമാറും. ഈ പദ്ധതിയിൽ അടങ്കൽ തുക ലഭിക്കുന്നതിനുള്ള പ്രയാസം കാരണം കൂടുതൽ ജോലികൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ഇപ്പോൾ ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

## വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ പദ്ധതികൾ

വനിതാ ജീവനക്കാർക്ക് അവരുടെ വീടുകൾക്ക് പുറത്ത് പോയി ജോലി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്, കുറഞ്ഞ നിരക്കിൽ മികച്ച താമസ സൗകര്യങ്ങൾ ഒരുക്കുന്നതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ (ഡബ്ല്യൂ ഡബ്ല്യൂ എച്ച്) നിർമ്മിക്കുന്നു.

കേന്ദ്ര സർക്കാർ ഗ്രാന്റും (നിർമ്മാണ ചെലവിന്റെ 60 ശതമാനം), സംസ്ഥാന സർക്കാർ വിഹിതവും (നിർമ്മാണ ചെലവിന്റെ 40 ശതമാനം) ബഡ്ജറ്റ് വഴി ഉപയോഗപ്പെടുത്തിക്കൊണ്ട് ബോർഡ് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നു.

കെ.എസ്സ്.എച്ച്.ബി–2016–17 മുതൽ 11 വനിതാ ഹോസ്റ്റലുകൾ നിർമ്മിച്ചിട്ടുണ്ട്. ഒരെണ്ണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്, മറ്റൊരെണ്ണം കൂടി ഉടൻ നടപ്പാക്കും. കാസർഗോഡിലെ മധുർ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകി. നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ നൽകുകയും ചെയ്തു

## ഭവന വകുപ്പ് സാങ്കേതിക സെൽ

ഭവന നിർമ്മാണ മേഖലയുടെ ആസൂത്രണവും ഏകോപനവും ലക്ഷ്യമിട്ട് 1980–ലാണ് ഹൗസിംഗ് കമ്മീഷണറേറ്റ് രൂപീകരിച്ചത്. ഭവന നിർമ്മാണ മേഖലയിലെ വിവിധ ഏജൻസികളുടെ, നയരൂപവൽക്കരണത്തിലും സാങ്കേതിക സഹായത്തിലും ഈ ഓഫീസ് വ്യാപൃതമാണ്. മാത്രമല്ല ഭവനനിർമ്മാണമേഖലയിലെ വിവര ശേഖരണത്തിലും

വ്യാഖ്യാനത്തിലും സജീവമായി ഏർപ്പെടുകയും തീരുമാനമെടുക്കാൻ സഹായിക്കുകയും ചെയ്യുന്നു.

### കേരള കാലാവസ്ഥ പ്രതികരണ ബിൽഡിംഗ് ഡിസൈൻ പ്രമോഷൻ പ്രോഗ്രാം

2019–20 കാലയളവിൽ അഞ്ച് ജില്ലകളിൽ സെമിനാർ/ വർക്ക് ഷോപ്പുകൾ നടത്താനും ഈ മേഖലയിലെ മികച്ച പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്ന തെരഞ്ഞെടുക്കപ്പെടുന്ന നാല് അവസാന വർഷ, എം ടെക്/എം ആർക്/പി എച്ച് ഡി വിദ്യാർത്ഥികൾക്ക് 50000–രൂപ വീതം ക്യാഷ് അവാർഡ് നൽകാനും പദ്ധതി വിഭാവനം ചെയ്യുന്നു.

### കേരള ഭവന നിർമ്മാണ നയം 2020

ഹൗസിംഗ് കമ്മീഷണറേറ്റ് കേരള ഭവന നിർമ്മാണ നയം തയ്യാറാക്കാൻ ആരംഭിച്ചു. 2011–ലെ കേരള ഭവന നിർമ്മാണ നയം പരിഷ്ക്കരിക്കുന്നതിനും പുതിയ കരട് നയം തയ്യാറാക്കുന്നതിനുമായി രണ്ട്– സമിതികൾ രൂപീകരിച്ചു. ഹൗസിംഗ് കമ്മീഷണറാണ് ഉപസമിതിയുടെ കൺ വീനർ ആദ്യ കമ്മിറ്റിയോഗം ജനുവരി 20, 2020–ന് വിളിച്ചു ചേർത്തു. ഒരു കരട് സമിതി രൂപീകരിച്ച് ഒരു കരട് നയം തയ്യാറാക്കിയിട്ടുണ്ട്. കരട് കമ്മിറ്റി അംഗങ്ങളിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭിച്ചതിന് ശേഷം കരട് നയം സർക്കാറിന് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

കേരള സർക്കാരിന്റെ ഭവന നിർമ്മാണ വകുപ്പിനു കീഴിലുള്ള ഒരു അംഗീകൃത ഏജൻസിയാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്). നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കൽ, തൊഴിൽ രഹിതരായ യുവാക്കൾ, പൊതുജനങ്ങൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവർക്കായി നിർമ്മാണവുമായി ബന്ധപ്പെട്ട ട്രേഡുകളിൽ പരിശീലനം നടത്തുക, ചെലവു കുറഞ്ഞ പരിസ്ഥിതി സൗഹൃദ നിർമ്മാണ സാമഗ്രികളുടെ വിൽപ്പന, നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ടെസ്റ്റിംഗ് ലാബുകളിലൂടെ നിർമ്മാണ വസ്തുക്കൾ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നിവ പോലെയുള്ള, ഭവന നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കെസ്നിക്ക് വ്യാപൃതരാണ്. കാട്ടാക്കട ഗ്രാമത്തിൽ ഉപജീവന മാർഗ്ഗങ്ങളുൾപ്പടെയുള്ള 30 പാർപ്പിട യൂണിറ്റുകൾ ഉൾക്കൊള്ളുന്ന ഒരു മാതൃകാ സുസ്ഥിര ഗ്രാമം കെസ്നിക് നിർമ്മിക്കുന്നു.

ചെലവു കുറഞ്ഞതും പരിസ്ഥിതി സൗഹൃദപരവുമായ (സി ഇ ഇ എഫ് ) നിർമ്മാണം ഉൾപ്പടെ കഴിഞ്ഞ വർഷം കെസ്നിക് 200 കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുക്കുകയും പൂർത്തിയാക്കുകയും ചെയ്തു. കെസ്നിക്കും യു എൻ ഡി പിയും സംയുക്തമായി നിർമ്മാണ മേഖലയിലേയും അനുബന്ധ മേഖലയിലേയും യുവാക്കൾക്കും മേസ്തിരിമാർക്കും നൈപുണ്യ നവീകരണ പരിശീലനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. എൻജിനീയറിംഗ് കോളേജുകൾക്കായും കെസ്നിക് പരിശീലനങ്ങൾ സംഘടിപ്പിച്ചിരുന്നു. അഞ്ഞൂറിലധികം വിദ്യാർത്ഥികൾ പരിശീലനത്തിലൂടെ പ്രയോജനം നേടി. കെസ്നിക് അതിന്റെ നിർമ്മാണത്തിൽ പുതിയ സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിന് എല്ലായ്പ്പോഴും പരിശ്രമിക്കുന്നുണ്ട്. ഇപ്പോൾ പ്രീ ഫാബ് നിർമ്മാണത്തിനുള്ള ആവശ്യകത വർദ്ധിച്ചു വരികയാണ്. പ്രീ ഫാബ് നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി, കെസ്നിക് ഭാരത സർക്കാരിന്റെ പൊതു മേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പ്രീ ഫാബ് ലിമിറ്റഡുമായി ധാരണാ പത്രം ഒപ്പിട്ടു. വിശദമായ വാസ്തു വിദ്യാരൂപകല്പനകൾ വികസിപ്പിക്കുന്നതിനും കെട്ടിട നിർമ്മാണത്തിന് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുമായി കെസ്നിക്കിലെ ലാബിഷാസിൽ ഒരു ക്യാറ്റ് ലാബിഷാസ് ഡിസൈൻ ലാബ് (സി എൽ ഡി എൽ) സ്ഥാപിച്ചു. 25 കോടി രൂപയുടെ പദ്ധതികളുടെ രൂപകല്പന സി എൽ ഡി എൽ പൂർത്തിയാക്കി.

### തദ്ദേശ സ്വയംഭരണ വകുപ്പ് (എൽ എസ് ജി ഡി)–ഉപജീവനം, ഉൾച്ചേർക്കൽ, സാമ്പത്തിക ശാക്തീകരണം (ലൈഫ്) മിഷൻ.

ജനങ്ങളുടെ ഭവന ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ ഏജൻസിയാണ് തദ്ദേശസ്വയംഭരണ വകുപ്പ്. കേരളത്തിൽ 2019–20 മുതൽ 2020–21 വരെ (ഓഗസ്റ്റ് 31, 2020 വരെ) വിവിധ സർക്കാർ ഏജൻസികൾ നൽകിയ വീടുകളുടെ 95 ശതമാനവും തദ്ദേശ സ്ഥാപന വകുപ്പ് മുഖേന നൽകിയിട്ടുള്ളവയാണ്. കുടുംബശ്രീ, ലൈഫ് മിഷൻ, പ്രാദേശിക സർക്കാരുകൾ തുടങ്ങിയവരാണ് ഭവന പ്രവർത്തന മേഖലയിലുള്ള പ്രധാന ഏജൻസികൾ.

മൂന്ന് ഘട്ടങ്ങളായിട്ടാണ് ലൈഫ് മിഷൻ പദ്ധതി പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്. പ്രഥമഘട്ടത്തിൽ പൂർത്തീകരിക്കാൻ സാധിക്കാത്ത വീടുകളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടത്. ഡിസംബർ 1, 2020 വരെയുള്ള കണക്ക് പ്രകാരം പൂർത്തീകരിക്കാത്ത 54,123 വീടുകളിൽ 52,422 വീടുകളുടെയും (96.86 ശതമാനം) നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഡിസംബർ 2020 അവസാനത്തോടെ പ്രഥമഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കും.

രണ്ടാം ഘട്ടത്തിൽ, സ്വന്തമായി ഭൂമിയുള്ള വ്യക്തികൾക്ക് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായമാണ്

നൽകുന്നത്. പരിശോധനകൾക്ക്ശേഷം 1,03,976 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും ഇതിൽ 98,482 ഗുണഭോക്താക്കൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വയ്ക്കുകയും ഭവന നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ 4 ലക്ഷം രൂപ (നാല് ഘട്ടമായി) സാമ്പത്തിക സഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പട്ടിക വർഗ്ഗ കോളനികളിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയാണ് (5 ഘട്ടമായി) അനുവദിക്കുന്നത്. ഡിസംബർ 1, 2020 വരെയുള്ള കണക്കുകൾ പ്രകാരം 86,548 (87.88%) ഗുണഭോക്താക്കൾ വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്. സംസ്ഥാനത്തെ ഭവന പദ്ധതികളെല്ലാം ലൈഫ് മിഷന്റെ കീഴിൽ കൊണ്ടുവന്നിട്ടുള്ളതിനാൽ പി.എം.എ.വൈ(യു) ലൈഫിൽ 58,971 വീടുകളും, ലൈഫ്-പി.എം.എ.വൈ (ആർ) ൽ 17,125 വീടുകളും പൂർത്തിയായിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾക്ക് കീഴിലുള്ള വിവിധ പദ്ധതികളിലൂടെ ലൈഫ് മിഷൻ യഥാക്രമം 19,377, 2095, 4212 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. സർക്കാരിന്റെ 100 ദിനപരിപാടിയുടെ ഭാഗമായി 25,000 വീടുകളുടെകൂടി പൂർത്തീകരണമാണ് ലൈഫ് മിഷൻ ലക്ഷ്യമിടുന്നത്.

സ്ഥലവും വീടുമില്ലാത്ത ഗുണഭോക്താക്കളുടെ പുനരധിവാസമാണ് മിഷൻ മൂന്നാം ഘട്ടത്തിൽ ലക്ഷ്യംവയ്ക്കുന്നത്. സ്ഥലവും വീടും ഇല്ലാത്ത 3.37 ലക്ഷം ഗുണഭോക്താക്കളെ ലൈഫ് മിഷൻ സർവ്വേയിലൂടെ കണ്ടെത്തിയിട്ടുണ്ട്. സോഫ്റ്റ് വെയറിലൂടെ ഈ ഗുണഭോക്താക്കളുടെ പരിശോധന നടത്തുകയും, അങ്ങനെ കണ്ടെത്തിയ 2,29,310 ഗുണഭോക്താക്കളിൽ 1,35,769 പേരെ ഒക്ടോബർ 31, 2020 വരെ അർഹരായവരായി തെരഞ്ഞെടുത്തിട്ടുമുണ്ട്. ഈ ഗുണഭോക്താക്കളെ ഹൗസിംഗ് കോംപ്ലക്സുകളിൽ പുനരധിവസിപ്പിക്കാനാണ് ലൈഫ് മിഷൻ ഉദ്ദേശിക്കുന്നത്. കൂടാതെ, സ്വന്തമായി ഭൂമി വാങ്ങി വീട് നിർമ്മിക്കാൻ കഴിയുന്ന ഗുണഭോക്താക്കൾക്ക് അതിനുള്ള സഹായം നൽകുന്നതുമാണ്. സമയവും അദ്ധ്വാനവും കുറയ്ക്കുന്നതിന്റെ ഭാഗമായി 3-ാം ഘട്ടത്തിൽ പുരോഗമിക്കുന്ന എല്ലാ ഹൗസിംഗ് കോംപ്ലക്സുകളും പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കാനാണുദ്ദേശിക്കുന്നത്. ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഭവനം ഫൗണ്ടേഷൻ നിർമ്മിച്ച ഹൗസിംഗ് കോംപ്ലക്സ് 24.82 കോടി രൂപയ്ക്ക് ലൈഫ് മിഷൻ ഏറ്റെടുക്കുകയും ഏഴ് നിലകളിലായുള്ള 217 അപ്പാർട്ടുമെന്റുകളിൽ 163 എണ്ണവും ഉപയോഗ അവസ്ഥയിലുമാണ്. ഓരോ അപ്പാർട്ട്മെന്റും 460 ചതുരശ്ര അടി വിസ്തീർണ്ണമുള്ളതും, ലിഫ്റ്റ്, അലക്കുന്നതിനായുള്ള സ്ഥലം, കമ്പോസ്റ്റ് പ്ലാന്റ്, ആരോഗ്യ ഉപകേന്ദ്രം, കുടുംബശ്രീ കൗൺസിലിംഗ് കേന്ദ്രം, യൂത്ത് ക്ലബ്ബ്, ജെൻഡർ ക്ലബ്ബ്, ക്രഷ് എന്നിങ്ങനെയുള്ള പൊതു സൗകര്യങ്ങളോട് കൂടിയതുമാണ്. കൂടാതെ ഇവിടെയുള്ള ഗുണഭോക്താക്കൾക്ക് വിവിധ ജീവനോപാധി പരിശീലന പരിപാടികളും നൽകുന്നുണ്ട്. ലൈഫ്

**പട്ടിക-11.5.2** ലൈഫ് മിഷൻ റിപ്പോർട്ട് -1.12.2020 പ്രകാരം പൂർത്തിയാക്കിയ വീടുകൾ

| ജില്ല | ഘട്ടം 1 | ഘട്ടം 2 | ഘട്ടം 3 | പി എം എ വൈ(നഗരം) | പി എം എ വൈ (ഗ്രാമം) | പട്ടിക ജാതി വകുപ്പ് | പട്ടിക വർഗ്ഗ വകുപ്പ് | ഫിഷറീസ് വകുപ്പ് | ആകെ |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 6,045 | 13875 | 74 | 9798 | 3001 | 2300 | 2 | 1296 | 36391 |
| കൊല്ലം | 3616 | 7804 | 222 | 4655 | 1407 | 1907 | 3 | 769 | 20383 |
| പത്തനംതിട്ട | 1171 | 1853 | 146 | 1213 | 711 | 1114 | 544 | 10 | 6762 |
| ആലപ്പുഴ | 2727 | 8781 | 62 | 3269 | 730 | 1210 | 10 | 548 | 17337 |
| കോട്ടയം | 1101 | 4058 | 233 | 1714 | 603 | 901 | 13 | 78 | 8701 |
| ഇടുക്കി | 3013 | 9444 | 666 | 1559 | 759 | 804 | 114 | 15 | 16374 |
| എറണാകുളം | 1057 | 5231 | 181 | 7438 | 778 | 1910 | 9 | 314 | 16918 |
| തൃശ്ശൂർ | 2996 | 4760 | 291 | 5915 | 1532 | 2178 | 22 | 101 | 17795 |
| പാലക്കാട് | 7596 | 11533 | 293 | 4601 | 1925 | 2575 | 115 | 13 | 28651 |
| മലപ്പുറം | 2726 | 5856 | 168 | 7137 | 2384 | 2080 | 29 | 480 | 20860 |
| കോഴിക്കോട് | 6469 | 4621 | 172 | 4211 | 1118 | 1257 | 12 | 311 | 18171 |
| വയനാട് | 8433 | 3325 | 159 | 2222 | 913 | 255 | 918 | - | 16225 |
| കണ്ണൂർ | 2643 | 2338 | 73 | 3771 | 693 | 482 | 279 | 197 | 10476 |
| കാസർഗോഡ് | 2829 | 3069 | 32 | 1468 | 571 | 404 | 25 | 80 | 8478 |
| **ആകെ** | **52422** | **86548** | **2772** | **58971** | **17125** | **19377** | **2095** | **4212** | **243522** |

അവലംബം:ലൈഫ് മിഷൻ

മിഷന്റെ 3–ാം ഘട്ടത്തിൽ 2,772 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അങ്ങനെ സംസ്ഥാനത്ത് ലൈഫ് മിഷന് കീഴിൽ ആകെ 2,43,522 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഡിസംബർ 1, 2020 വരെ ലൈഫ് മിഷൻ പൂർത്തീകരിച്ച വീടുകളുടെ ജില്ലാ തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 11.5.2** –ൽ കൊടുത്തിരിക്കുന്നു.

സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലുമായി 29 അപ്പാർട്ട്മെന്റ് കോപ്ലക്സുകളുടെ നിർമ്മാണം ലൈഫ് മിഷൻ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 8 സ്ഥലങ്ങളിൽ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചുകൊണ്ടുള്ള അപ്പാർട്ട്മെന്റ് കോപ്ലക്സുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു. 2021 ജനുവരി അവസാനത്തോടെ ഇത് പൂർത്തീകരിക്കുന്നതാണ്. കൂടാതെ സഹകരണ വകുപ്പിന്റെ കെയർഹോം പ്രോജക്ടിന്റെ ഭാഗമായി 14 അപ്പാർട്ട്മെന്റ് കോംപ്ലക്സുകളും സംസ്ഥാനത്ത് നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ട്. എല്ലാ അപ്പാർട്ട്മെന്റ് കോപ്ലക്സുകളുടെയും നിർമ്മാണം 2021 മെയ് മാസത്തോടെ പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുമ്പോൾ ഗ്രാമപ്രദേശങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെയും (എം.ജി.എൻ.ആർ.ഇ.ജി.എസ്) നഗര പ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെയും (എ.യു.ഇ.ജി.എസ്) 90 വീതം തൊഴിൽ ദിനങ്ങൾ വീട് നിർമ്മാണത്തിന് വിനിയോഗിക്കാവുന്നതാണ്. ഇതിനുപുറമെ ലൈഫ് മിഷന്റെ ഗുണഭോക്താക്കൾക്ക് വേണ്ടി കുടുംബശ്രീ, വനിതാ നിർമ്മാണ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്.

അടിക്കടിയുണ്ടാകുന്ന പ്രളയത്തിന്റെയും മണ്ണിടിച്ചിലിന്റെയും പശ്ചാത്തലത്തിൽ സ്ഥായിയായതും പരിസ്ഥിതി സൗഹാർദ്ദവുമായ ഭവന നിർമ്മാണം എന്നത് ലൈഫ് മിഷന്റെ മുമ്പിൽ വലിയ വെല്ലുവിളി ഉയർത്തുന്നുണ്ട്. 2021 ഓടെ ഒരു ലക്ഷത്തിലധികം വീടുകളുടെ നിർമ്മാണം ലൈഫ് മിഷൻ ലക്ഷ്യം വയ്ക്കുമ്പോൾ കെട്ടിട സാമഗ്രികളുടെ ലഭ്യതയും സമയബന്ധിതമായി വീടുകളുടെ നിർമ്മാണവും ലൈഫ് മിഷന്റെ മുന്നിലുള്ള വലിയ കടമ്പതന്നെയാണ്. എന്നിരുന്നാലും ഉറപ്പുള്ളതും ദീർഘകാലം നിലനിൽക്കുന്നതും, ഘടനാപരമായി സുരക്ഷിതവുമായ ഭവനങ്ങൾ മിഷന്റെ സാങ്കേതികക്ഷമതയെ തന്നെയാണ് കാണിക്കുന്നത്.

ഭവനനിർമ്മാണ സാമഗ്രികളുടെ ഉയർന്ന ചെലവ് ലൈഫ് മിഷന്റെ ഗുണഭോക്താക്കൾ നേരിടുന്ന ഒരു പ്രധാന പ്രശ്നം തന്നെയാണ്. ലൈഫ് മിഷൻ ഈ വിഷയം വിക്രാതാക്കളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉല്പന്നത്തിന്റെ പരമാവധി വില്പന വിലയെക്കാളും (എം.ആർ.പി) 20–60 ശതമാനം വരെ കുറഞ്ഞനിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളായിട്ടുണ്ട്. തത്ഫലമായി ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്, വയറിംഗ് സാധനങ്ങൾ, പെയിന്റ്, സെറാമിക് മെറ്റീരിയൽ, പൈപ്പ് ഫിറ്റിംഗ്സ്, വാട്ടർ ടാങ്കുകൾ, സിമെന്റ് മുതലായവ കുറഞ്ഞ നിരക്കിൽ ലൈഫ് ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ട്. ഇതുവഴി ലൈഫ് ഗുണഭോക്താക്കൾക്ക് വീടൊന്നിന് 50,000 രൂപ മുതൽ 1,00,000 ലക്ഷം രൂപയുടെ വരെ പ്രയോജനവും ലഭിക്കുന്നുണ്ട്.

### കുടുംബശ്രീ

എൽ എസ് ജി ഡി യുടെ കീഴിൽ ദരിദ്രരുടെ പ്രത്യേകിച്ച് നഗര ദരിദ്രരുടെ ഭവന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ കുടുംബശ്രീ ഒരു പ്രധാന പങ്കു വഹിക്കുന്നു. പ്രധാന കേന്ദ്രാവിഷ്കൃത നഗര ദാരിദ്ര ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനുള്ള സംസ്ഥാനതല നോഡൽ ഏജൻസിയാണ് ഇത്. ഈ പരിപാടികൾക്ക് കീഴിലുള്ള പദ്ധതികളുടെ നിരീക്ഷണവും രൂപീകരണവും എൽ എസ് ജി ഡി യുടെ ഭരണ പരമായ നിയന്ത്രണത്തിൽ കുടുംബശ്രീ ഏറ്റെടുക്കുന്നു. പി എം എ വൈ (നഗരം) നടപ്പാക്കുന്നതിനുള്ള സംസ്ഥാനതല നോഡൽ ഏജൻസി കുടുംബശ്രീയാണ്.

### പി എം എ വൈ (നഗരം)

സംസ്ഥാന സർക്കാരും നഗര പ്രാദേശിക സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്ന ഒരു പ്രധാന കേന്ദ്രാവിഷ്കൃത ഭവന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (നഗരം) (പി എം എ വൈ അർബൻ). ചേരി നിവാസികൾ ഉൾപ്പെടെയുള്ള നഗര ദരിദ്രരുടെ പാർപ്പിടാവശ്യങ്ങൾ പരിഹരിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. (1) ഭൂമി വിഭവമായി ഉപയാഗിച്ചു കൊണ്ട് സ്വകാര്യ ഡവലപ്പർമാരുടെ പങ്കാളിത്തത്തോടെ ചേരി നിവാസികളുടെ പുനരധിവാസം. (2) വായ്പ ബന്ധിത സബ്സിഡി വഴി ദുർബല വിഭാഗങ്ങൾക്ക് താങ്ങാനാവുന്ന ഭവന നിർമ്മാണത്തിന്റെ പ്രചരണം. (3) പൊതു സ്വകാര്യ മേഖലകളുമായുള്ള പങ്കാളിത്തത്തിൽ താങ്ങാനാകുന്ന ഭവനം. (4) ഗുണഭോക്തൃ നേതൃത്വത്തിലുള്ള വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള സബ്സിഡി എന്നിവ പോലുള്ള പരിപാടികളിലൂടെ 2022 ഓടുകൂടി എല്ലാവർക്കും പാർപ്പിടം ഉറപ്പായും നൽകുക എന്നതും ഇതിലുൾപ്പെടുന്നു. 2022–ഓടെ ഭവനരഹിതരായ എല്ലാ സാമ്പത്തിക ദുർബല വിഭാഗങ്ങളിലെ (ഇ ഡബ്ല്യൂ എസ്) കുടുംബങ്ങൾക്കും വീടുനൽകാൻ പദ്ധതി ലക്ഷ്യമിടുന്നു.

'ഇൻ–സിറ്റു' ചേരി വികസന പദ്ധതിയിൽ കേന്ദ്ര വിഹിതം ഒരു ലക്ഷവും, താങ്ങാനാവുന്ന ഭവന പദ്ധതിക്ക് കീഴിൽ കേന്ദ്രവിഹിതം 1.5 ലക്ഷവുമാണ്. ഗുണഭോക്തൃ നേതൃത്വ ഭവന നിർമ്മാണം(പുതിയത് )– ബി എൽ സി (എൻ) പ്രകാരം കേന്ദ്ര വിഹിതം, ഒരു വാസയോഗ്യമായ യൂണിറ്റിന് 1.5 ലക്ഷം രൂപയും സംസ്ഥാന, നഗര പ്രാദേശിക സ്ഥാപന വിഹിതം 2.50 ലക്ഷം രൂപയുമാണ്. വായ്പ ബന്ധിത സബ്സിഡി പദ്ധതി (സി എൽ എസ് എസ് ) പ്രകാരം മുഴുവൻ സബ് സിഡി ഘടകങ്ങളും കേന്ദ്രസർക്കാർ വഹിക്കുന്നു. ജനുവരി 2017 മുതൽ ഇടത്തരം കുടുംബങ്ങളേയും (എം.ഐ.ജി) സി എൽ എസ് എസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2015 ഡിസംബർ 8–നാണ് മുഖ്യമന്ത്രി ഈ പദ്ധതി ഔദ്യോഗികമായി സംസ്ഥാനത്ത് ആരംഭിച്ചത്. കുടുംബശ്രീ വഴി ആകെ 93 നഗര തദ്ദേശ സർക്കാർ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിവിധ ഘടകങ്ങൾക്കു കീഴിൽ, 93 നഗരതദ്ദേശ സ്ഥാപനങ്ങൾക്കും വികസന അതോറിറ്റികൾക്കും (ജി സി ഡി എ ജി ഐ ഡി എ, ജി ആർ ഐ ഡി എ എന്നിവയുടെ 3668 പാർപ്പിട യൂണിറ്റുകൾ, 3,512,53 കോടിയുടെ 1,02,229 (ഡാറ്റാ ശുദ്ധീകരണത്തിനു ശേഷം) പാർപ്പിട യൂണിറ്റുകളുടെ നിർമ്മാണത്തിനും വേണ്ടിയുള്ള 493 വിശദമായ പദ്ധതി റിപ്പോർട്ടുകളും മൊത്തം പദ്ധതി ചെലവ് 86.35–കോടി രൂപയുള്ള പങ്കാളിത്തത്തിൽ താങ്ങാനാകുന്ന ഭവന നിർമ്മാണത്തിനു കീഴിൽ 774 പാർപ്പിട യൂണിറ്റുകൾ ഉൾപ്പെടുന്ന 6 വിശദമായ പദ്ധതി റിപ്പോർട്ടുകളും (ഡി പി ആർ) ഭവന, നഗര കാര്യ മന്ത്രാലയം അംഗീകരിച്ചു. കേന്ദ്ര സർക്കാർ മൂന്ന് തവണകളായി തുക വിഹിതം (40 ശതമാനം, 40 ശതമാനം, 20 ശതമാനം) അനുവദിക്കും. 77,541 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 48,445 വീടുകൾ പൂർത്തിയാക്കുകയും ചെയ്തു.

2019–20–ൽ 60.38 കോടി രൂപ കേന്ദ്ര വിഹിതമായും 41.46 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിക്കുകയും കഴിഞ്ഞ വർഷത്തെ അവശേഷിക്കുന്ന തുക ഉൾപ്പടെ 107.07 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

### ഹരിത ഭവനം

ഓരോ നഗര തദ്ദേശ സ്ഥാപനങ്ങളിലും "ഹരിത പാർപ്പിടം" തിരിച്ചറിയുന്നതിനായി "ഹരിത ഭവനം" മത്സരം നടത്തി. ഊർജ്ജ കാര്യക്ഷമത, മാലിന്യ നിർമ്മാർജ്ജനം, ഹരിത സ്ഥലത്തിന്റെ പരിപാലനം തുടങ്ങി അളവുകോലുകൾ അടിസ്ഥാനമാക്കിയാണ് ഹരിതപാർപ്പിടം തെരഞ്ഞെടുക്കുന്നത്. മഴ വെള്ള സംഭരണം, അടുക്കളത്തോട്ടം, മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ, ഹരിത ഊർജ്ജം എന്നിവയുടെ സന്ദേശങ്ങൾ പി എം എ വൈ ഗുണഭോക്താക്കൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനാണ് മത്സരം. സി ഡി എസ് തലത്തിൽ മികച്ച വീടിന് 10,000 രൂപ ക്യാഷ് പ്രൈസ് നൽകി. മത്സരത്തോടൊപ്പം നഗര പ്രാദേശിക മേഖലാതരത്തിലുള്ള മത്സരവും ക്വിസ് മത്സരവും നടന്നു. വീടും പരിസരങ്ങളും വൃത്തിയോടെയും ഭംഗിയോടെയും നിലനിർത്തുവാൻ ഒരു മത്സര മനോഭാവം പകരാൻ ഈ പ്രചരണത്തിനു കഴിഞ്ഞു.

### ഗ്രാമ വികസന കമ്മീഷണറേറ്റ്

സുസ്ഥിര സാമ്പത്തിക പ്രവർത്തനങ്ങൾ, പാർപ്പിടം, ശുചിത്വ കാര്യങ്ങൾ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ, കണക്റ്റിവിറ്റി തുടങ്ങിയ കാര്യങ്ങളിൽ ഗ്രാമീണ ജനതയുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിലാണ് ഗ്രാമവികസന വകുപ്പ് പ്രധാനമായും ശ്രദ്ധിക്കുന്നത്. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീണം) (പി എം എ വൈ (ജി)) ആണ് ഈ വകുപ്പ് നടപ്പാക്കുന്ന പ്രധാന ഭവന പദ്ധതി. ഭവനരാഹിത്യം, മറ്റു സാമൂഹ്യ ദാരിദ്ര്യം അളവുകൾ എന്നിവ അടിസ്ഥാനമാക്കി എസ് ഇ സി സി 2011 പട്ടികയിൽ നിന്ന് ഗ്രാമ സഭയിലൂടെയാണ് പി എം എ വൈ(ജി) യുടെ ഗുണഭോക്താക്കളെ തിരിച്ചറിയുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നത്. ഒരു ഗുണഭോക്താവിന് 1.2 ലക്ഷം രൂപ കേന്ദ്ര സംസ്ഥാന സഹായമായി നൽകുന്നു. യൂണിറ്റ്(വീട്) ചെലവിനുള്ള സഹായം കേന്ദ്രവും സംസ്ഥാനവും തമ്മിൽ 60:40 എന്ന അനുപാതത്തിലാണ് പങ്കിടുന്നത്.

താഴെപ്പറയുന്ന ഘട്ടങ്ങളിൽ തുക വിതരണം ചെയ്യും.

- ആദ്യഘട്ടമായി 48,000 രൂപ തറ നിർമ്മാണത്തിനായി വിതരണം ചെയ്യും.
- തറ നിർമ്മാണം പൂർത്തിയാകുമ്പോൾ ലിന്റിൽ തലം വരെ സൂപ്പർ സ്ടക്ച്ചറിനായി 48,000 രൂപ വിതരണം ചെയ്യും.
- വീട് പൂർത്തിയാകുമ്പോൾ അവശേഷിക്കുന്ന 24,000 രൂപയും വിതരണം ചെയ്യും.

2016–17 മുതൽ 2018–19 വരെ മൂന്ന് വർഷത്തിനുള്ളിൽ വാസ യോഗ്യമല്ലാത്ത /തകർന്ന വീടുകളിൽ താമസിക്കുന്ന ഒരു കോടി കുടുംബങ്ങളെ പദ്ധതി പരിധിയിലെത്തിക്കുകയും, പ്രാദേശികമായി ലഭ്യമായ നിർമ്മാണ വസ്തുക്കളേയും രൂപകല്പനകളേയും ജോലിയിൽ പ്രത്യേക പരിശീലനവും ലഭിച്ച മേസ്തിരിമാരേയും ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് ഗുണമേൻമയുള്ള ഭവന നിർമ്മാണം സാധ്യമാക്കുകയുമാണ് പദ്ധതിയുടെ സത്വര ലക്ഷ്യം. 2019–20 കാലയളവിൽ 1364 വീടുകളും 2020–21 സെപ്റ്റംബർ 30 വരെ 306 വീടുകളും ആകെ 1670 വീടുകളും പൂർത്തീകരിച്ചു. പി എം എ വൈ (ജി) പ്രകാരം പൂർത്തിയാക്കിയ വീടുകളുടെ വിശദാംശങ്ങൾ **പട്ടിക 11.5.3** –ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.5.3** പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീണം) പദ്ധതിയുടെ നേട്ടങ്ങൾ 2019–20, 2020–21 (2020 സെപ്റ്റംബർ 30 വരെ)

| Year | അനുവദിച്ചത് | | | | പൂർത്തിയായത്(എണ്ണം) | | | |
|---|---|---|---|---|---|---|---|---|
| | എസ് സി | എസ് റ്റി | മറ്റുള്ളവർ | ആകെ | എസ് സി | എസ് റ്റി | മറ്റുള്ളവർ | ആകെ |
| 2019–20 | 266 | 58 | 335 | 659 | 507 | 146 | 711 | 1364* |
| 2020–21 | 85 | 1 | 438 | 524 | 119 | 31 | 156 | 306 |
| ആകെ | 351 | 59 | 773 | 1183 | 626 | 177 | 867 | 1670* |

*അവലംബം: ഗ്രാമ വികസന കമ്മീഷണറേറ്റ്*
* *കഴിഞ്ഞവർഷങ്ങളിലെ തുടർന്നു വരുന്നത്.*

## തൊഴിൽ വകുപ്പ്

കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ കമ്പനിയായ ഭവനം ഫൗണ്ടേഷൻ (ബി എഫ് കെ) തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലാണ്. കേരളത്തിലെ തൊഴിലാളികൾ, ജോലിക്കാർ, കുറഞ്ഞ വേതനമുള്ള ജീവനക്കാർ എന്നിവരുടെ ആരോഗ്യ സംരക്ഷണം, തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം എന്നിവ ഉൾപ്പെടെ സേവനങ്ങളും പാർപ്പിട സൗകര്യങ്ങളും, ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും നൽകുക, പ്രോത്സാഹിപ്പിക്കുക, വികസിപ്പിക്കുക, സ്ഥാപിക്കുക എന്നിവയാണ് കമ്പനിയുടെ ലക്ഷ്യം.

**1.ഭവനം പദ്ധതി–ഓൺ യുവർ ഓൺ ഭവന പദ്ധതി മൂന്നാറിലെ ഭവന രഹിതതർക്ക വേണ്ടി.**

മുൻകുട്ടിയുള്ള 10 ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് 4.88 ലക്ഷം രൂപ ചെലവിൽ വീടുകൾ നിർമ്മിക്കുന്ന പദ്ധതി ബി എഫ് കെ നടപ്പിലാക്കുന്നു. 4 ലക്ഷം രൂപ ബി എഫ് കെ ധനസഹായം ചെയ്യുന്നു. നോർത്ത് അമേരിക്കയിലെ ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ(എഫ് ഒ കെ എ എൻ എ)– ഓൺ യുവർ ഓൺ ഭവന പദ്ധതിയുടെ ചെലവ് വിടവ്– ഒരു വീടിന് 75,000 രൂപ വരെ 100 വീടുകൾക്ക് നികത്താമെന്ന് സമ്മതിച്ചിട്ടുണ്ട്. മൂന്നാർ 'ഓൺ യുവർ ഓൺ' ഭവന പദ്ധതിയിൽ 2020 ഒക്ടോബർ 31 വരെ 9 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

**2.ഭവനം പദ്ധതി – ഓൺ യുവർ ഓൺ ഭവന പദ്ധതി – ഭൂരഹിത ഭവന രഹിതർക്കുവേണ്ടി.**

ആർ പി എൽ–പുനലൂർ : 1970 മുതൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡി(ആർ പി എൽ)–ൽ ജോലി ചെയ്യുന്ന നാട്ടിലേക്കെത്തിയ തോട്ടം തൊഴിലാളികളെ ഭവന പദ്ധതി–ഓൺ യുവർ ഓൺ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സർക്കാർ അനുമതി ലഭിക്കുകയും കുളത്തൂപ്പുഴ എസ്റ്റേറ്റിലെ നാട്ടിലേക്കെത്തിയ തോട്ടം തൊഴിലാളികൾക്ക്–വിരമിച്ചവർക്ക് മുൻഗണന നൽകിക്കൊണ്ട്–വേണ്ടി ഭവനം പദ്ധതി ബി എഫ് കെ നടപ്പിലാക്കുന്നു. അതനുസരിച്ച്, ആർ പി എൽ അനുവദിച്ച 5 ഏക്കർ ഭൂമിയിൽ 231 കോടി രൂപയുടെ മൊത്തം നിർമ്മാണ ചെലവിൽ 412 ചതിരശ്രയടി വിസ്തീർണ്ണമുള്ള 5.37 ലക്ഷം രൂപ വ്യക്തിഗത യൂണിറ്റ് വിലയുള്ള ഇരട്ട ഭവന മാതൃകകളായി ഒന്നാം ഘട്ടത്തിലെ 40 വീടുകളുടെ വിശദമായ പദ്ധതി റിപ്പോർട്ട് ബി എഫ് കെ തയ്യാറാക്കി. ഇതിന്റെ ശിലാസ്ഥാപനം 2020 ഫെബ്രുവരി 19–നാണ് നടന്നത്. 2021 മാർച്ചിൽ പദ്ധതി പൂർത്തീകരിക്കും.

**ജനനി പദ്ധതി** – അസംഘടിതരായ പാവപ്പെട്ട നഗര തൊഴിലാളികൾക്കും കുറഞ്ഞ വേതനമുള്ള തൊഴിലാളികൾക്കും 600 ചതിരശ്രയടി വലുപ്പമുള്ള നല്ല നിലവാരമുള്ള താങ്ങാനാകുന്ന ഭവന നിർമ്മാണം ലഭ്യമാക്കുവാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. അപ്പാർട്ട് മെന്റുകൾ വിലക്ക് വിൽക്കുന്ന ഒരു പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലാണ് പദ്ധതി നടപ്പാക്കുന്നത്.
**ജനനി പദ്ധതി – അടിമാലി പദ്ധതി (ഇടുക്കി ജില്ല).** പദ്ധതി പൂർത്തിയാക്കി അടിമാലി ഗ്രാമ പഞ്ചായത്തിന് ലൈഫ് മിഷൻ വഴി 2019 ഫെബ്രുവരി 25–ന് കൈമാറി..

**ജനനി പദ്ധതി –പൊഞ്ഞാശ്ശേരി പദ്ധതി (എറണാകുളം ജില്ല)** – 2 (കിടക്കമുറി, ഹാൾ, അടുക്കള) ബി എച്ച് കെ ഉള്ള 246 അപ്പാർട്ടുമെന്റുകളും ഇതിൽ ഓരോ കെട്ടിടത്തിലും 74 അപ്പാർട്ടുമെന്റുകളും ഓരോന്നിനും 715 ചതിരശ്രയടിയുമുള്ള നാല് കെട്ടിടങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. 74 അപ്പാർട്ടുമെന്റുകളുള്ള കെട്ടിടം പൂർത്തീകരിച്ചു.

**അപ്നാ ഘർ പദ്ധതി–** പാലക്കാട്–അപ്നാ ഘർ പദ്ധതിയ്ക്ക് 620 പുരുഷ തൊഴിലാളികളെ ഉൾക്കൊള്ളാൻ കഴിയും. പാലക്കാട് കഞ്ചിക്കോടിലെ കിൻഫ്ര (കെ ഐ എഫ് ആർ എ) സംയോജിത വ്യവസായ ടെക്സ്റ്റൈൽ പാർക്കിലാണ് ഏകദേശം 47,000 ചതുരശ്രയടി വിസ്തീർണ്ണമുള്ള തറ നില ഉൾപ്പടെ മൂന്നു നിലകളുള്ള ഈ ഹോസ്റ്റൽ സമുച്ചയം ഓരോന്നിലും ഏകദേശം 300 ചതിരശ്രയടി വീതമുള്ള താമസം പങ്കിടുന്ന 64 റൂമുകൾ ഹോസ്റ്റലിൽ താമസിക്കാനായി നൽകുന്നു.

## പട്ടികജാതി വികസന വകുപ്പ്

ഭവന രഹിതർക്കായുള്ള ഭവന പദ്ധതി, ദുർബല സമൂഹങ്ങൾക്കായുള്ള വികസന പരിപാടി, ഭവന നിർമ്മാണ ധനസഹായ പദ്ധതി എന്നിവയാണ് ഈ വകുപ്പിന്റെ പ്രധാന ഭവന പദ്ധതികൾ. ഭവന നിർമ്മാണ ധനസഹായ പദ്ധതി വഴി പട്ടികജാതി

കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ അനുവദിക്കുന്നു. ഗുണഭോക്താക്കൾക്ക് സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം, വാർഷിക വരുമാനം 50,000 രൂപയിൽ താഴെയായിരിക്കണം. പദ്ധതിക്കായി നിർദ്ദേശിച്ചിരിക്കുന്ന വീടുകൾ കുറഞ്ഞത് 323 ചതുരശ്ര അടി, പരമാവധി 750 ചതുരശ്ര അടി വിസ്തീർണ്ണം ആകാം എന്നിവയാണ് പദ്ധതിയിലെ നിബന്ധനകൾ. 2019-20 കാലയളവിൽ 3081 വീടുകളും ആഗസ്റ്റ് 31, 2020 വരെ 574 വീടുകളും യഥാക്രമം നിർമ്മിച്ചിട്ടുണ്ട്.

### പട്ടികജാതി, മറ്റ് നിർദ്ദേശിത സമുദായങ്ങൾ എന്നിവയിൽ നിന്നുള്ള പരിവർത്തിത ക്രൈസ്തവർക്കു വേണ്ടിയുള്ള കേരള സംസ്ഥാന വികസന കോർപ്പറേഷൻ ലിമിറ്റഡ്, കോട്ടയം

പട്ടികജാതിയിൽ നിന്നും ശുപാർശ ചെയ്യപ്പെട്ട സമുദായങ്ങളിൽ നിന്നും മതപരിവർത്തനം ചെയ്ത ക്രിസ്ത്യാനികളുടെ സാമൂഹികവും വിദ്യാഭ്യാസപരവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനത്തെ പ്രോത്സാഹിപ്പിക്കുക അവരുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് പട്ടികജാതി, മറ്റ് നിർദ്ദേശിത സമുദായങ്ങൾ എന്നിവയിൽ നിന്നുള്ള പരിവർത്തിത ക്രൈസ്തവർക്കു വേണ്ടിയുള്ള കേരള സംസ്ഥാന വികസന കോർപ്പറേഷൻ ലിമിറ്റഡ്, കോട്ടയം രൂപീകരിച്ചത്. ഭവന നിർമാണ പദ്ധതി, ഭൂരഹിത ഭവനരഹിത പദ്ധതി, ഭവന നവീകരണ പദ്ധതി എന്നിവയാണ് കോർപ്പറേഷന്റെ ഭവന പദ്ധതികൾ. ഭവന നിർമാണ പദ്ധതി പ്രകാരം 2019-20-ൽ 137 വീടുകളും 2020 ആഗസ്റ്റ് 31 വരെ 25 വീടുകളും നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഒരു പുതിയ വീട് നിർമ്മിക്കുന്നതിന് 3,00,000 രൂപ വായ്പയായി അനുവദിച്ചിരിക്കുന്നു. 6 ശതമാനം പലിശയോടെ 144 തവണകളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. ഭവന നവീകരണ പദ്ധതി പ്രകാരം 2019-20 ൽ 62 വീടുകളും 2020 ആഗസ്റ്റ് 31 വരെ 10 വീടുകളും നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിലവിലുള്ള വീട് പുതുക്കിപ്പണിയാൻ 1,00,000 രൂപ നൽകുന്നുണ്ട്. 120 പ്രതിമാസ തവണകളായി തുക തിരിച്ചടയ്ക്കേണ്ടതാണ്. പലിശ നിരക്ക് 6 ശതമാനം. ഒരൊറ്റ തവണയായി ഫണ്ട് വിതരണം ചെയ്യുന്നു. ഗുണഭോക്താക്കൾക്ക് 18-55 പ്രായപരിധിയിലായിരിക്കണം, കൂടാതെ വരുമാന പരിധി 81,000 രൂപയിലും (ഗ്രാമപ്രദേശങ്ങളിൽ) 1,03,000 രൂപയിലും (നഗര പ്രദേശത്ത്) കവിയരുത്.

### കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷൻ (ഹൗസ് ഫെഡ്)

ഫെഡറേഷനിൽ അംഗങ്ങളായുള്ള പ്രാഥമിക സഹകരണ ഭവന നിർമ്മാണ സംഘങ്ങൾക്ക് (പി.സി.എച്ച്.എസ് ) ഭവന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും സാമ്പത്തിക സൗകര്യങ്ങൾ നൽകുന്നു. സാമ്പത്തിക ദുർബ്ബലവിഭാഗം, താഴ്ന്ന വരുമാനക്കാർ, ഇടത്തര വരുമാനക്കാർ, മറ്റുള്ളവർ എന്നിവർക്കായി 2019-20 കാലയളവിൽ 7558.6 ലക്ഷം രൂപയും വീടുകളുടെ നിർമ്മാണത്തിനായി വിതരണം ചെയ്തു. 2019-20 കാലയളവിൽ 1622 ഭവന വായ്പകളും ഹൗസ് ഫെഡ് അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ഫെഡറേഷനും, കാർഷിക ഗ്രാമ വികസന ബാങ്കും സഹായം നൽകിയ വീടുകളുടെ എണ്ണവും വിതരണം ചെയ്ത തുകയും **അനുബന്ധം 11.5.1**-ൽ ചേർത്തിട്ടുണ്ട്.

### ധനകാര്യ സ്ഥാപനങ്ങൾ

സ്വന്തം പണം, ബാങ്കുകളിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള വായ്പകൾ, സർക്കാർ ഗ്രാന്റുകൾ എന്നിവയാണ് കേരളത്തിലെ പ്രധാന ഭവന ധനകാര്യ ഉറവിടങ്ങൾ. സംസ്ഥാനത്തെ സർക്കാർ ഏജൻസികൾക്കൊപ്പം ധാരാളം ധനകാര്യ സ്ഥാപനങ്ങൾ വീട് നിർമ്മാണത്തിന് സഹായം നൽകി വരുന്നു. ദേശസാൽകൃത ബാങ്കുകൾ, കേരള ഗ്രാമിൻ ബാങ്ക്, സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് (കെഎസ്‌സിഎആർഡി), ചെറുകിട ധനകാര്യ ബാങ്കുകൾ, ഇസാഫ്, ഉജ്ജിവൻ തുടങ്ങിയവ, ഹൗസ്ഫെഡ്, ഹഡ്കോ, എച്ച് ഡി എഫ് സി, എൽഐസി ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ജിഐസി ഹൗസിംഗ് ഫിനാൻസ്, കാൻഫിൻഹോംസ് തുടങ്ങിയവ ഇത്തരത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളാണ്. വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ ഭവന വായ്പകളുടെ പലിശ നിരക്ക് ആഗസ്റ്റ് 31, 2020 വരെ **അനുബന്ധം 11.5.2** -ൽ നൽകിയിരിക്കുന്നു

## 11.6 നവകേരള നിർമ്മാണം

സംസ്ഥാനത്ത് 2018 ഓഗസ്റ്റ് മാസത്തിൽ വിനാശകരമായ വെള്ളപ്പൊക്കം അനുഭവപ്പെട്ടു. 2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ കനത്തമഴ കഴിഞ്ഞ ഒൻപത് ദശകങ്ങളിൽ സംസ്ഥാനത്തുണ്ടായ ഏറ്റവും തീവ്രവും അതിശക്തവുമായ മഴയാണ്. ഇതുമായി താരതമ്യപ്പെടുത്താവുന്ന ഒരു പ്രകൃതി ദുരന്തം സംസ്ഥാനത്ത് ഇതിനുമുമ്പ് ഉണ്ടായത് 1924–ലെ പ്രളയം ആണ്. 2018 ഓഗസ്റ്റിലെ വെള്ളപ്പൊക്കവുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്ന തോതിൽ എന്നാൽ വ്യാപനം കുറഞ്ഞ രീതിയിൽ 2019 ലും വെള്ളപ്പൊക്കം അനുഭവപ്പെട്ടു. 2018 ലും 2019 ലും സംസ്ഥാനത്ത് തുടർച്ചയായി മണ്ണിടിച്ചിലുകൾ ഉണ്ടായി. സംസ്ഥാനത്തെ 10 ജില്ലകളിൽ 341 മണ്ണിടിച്ചിലുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. തുടർച്ചയായ രണ്ട് വെള്ളപ്പൊക്കവും മണ്ണിടിച്ചിലുകളും സംസ്ഥാനത്തിന്റെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾക്ക് വ്യാപകമായ നാശനഷ്ടമുണ്ടാക്കുകയും ജനങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾ ഇല്ലാതാക്കുകയും ചെയ്തു. കൂടാതെ ഇത് മൂലം പൊതു–സ്വകാര്യ അടിസ്ഥാന സൗകര്യങ്ങൾക്ക് നാശനഷ്ടമുണ്ടായി.

അത്ഭുതപൂർവമായ ഈ വിപത്തുകൾ നിലവിലെ വികസന മാതൃകയെക്കുറിച്ചും ദുരന്ത സന്നദ്ധതയെക്കുറിച്ചും പുനർവിചിന്തനം നടത്തുന്നതിന് കാരണമായി. പ്രകൃതി ദുരന്തമെന്ന ഒറ്റപ്പെട്ട സംഭവമായി ഇതിനെ കാണാതെ, പരമ്പരാഗത രീതിയിലുള്ള വീണ്ടെടുക്കൽ, പുനർനിർമ്മാണം എന്നിവ പോലുള്ള താൽക്കാലിക പരിഹാരകൾക്ക് പകരം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പരിവർത്തനം ചെയ്യാനുള്ള അവസരമായി ഇതിനെ ഉപയോഗപ്പെടുത്താൻ സർക്കാർ തീരുമാനിച്ചു. ഈ ചിന്താപ്രക്രിയയിൽ നിന്ന്, ഭാവിയിൽ പ്രളയദുരന്തത്തെ പ്രതിരോധിക്കാൻ കഴിയുന്ന തരത്തിൽ പാരിസ്ഥിതികവും സാങ്കേതികവുമായ സുരക്ഷാസംവിധാനങ്ങൾ ഉറപ്പാക്കിക്കൊണ്ട്, മാനദണ്ഡങ്ങൾ പാലിച്ച്, മികച്ച ഗുണനിലവാരമുള്ള വികസന പദ്ധതികളിലൂടെ ജനങ്ങളുടെ ജീവിതത്തിലും ഉപജീവനോപാദികളിലും പ്രകടമായ മാറ്റം വരുത്തുന്നതിനായി സർക്കാർ കേരള പുനർനിർമ്മാണ പദ്ധതി (ആർകെഐ) ആരംഭിച്ചു.

കേരളത്തിന്റെ പുനഃസ്ഥാപനത്തിന്റെ ഏകോപനത്തിനും ഉത്തരവാദിത്തവുമുള്ള സംസ്ഥാനതലത്തിലുള്ള സമർപ്പിത സ്ഥാപനമാണ് ആർകെഐ. ആർകെഐ സ്ഥാപിക്കുന്നതിലൂടെ, 2018 ലെ വെള്ളപ്പൊക്കത്തിൽ നിന്ന് സമഗ്രവും സുസ്ഥിരവുമായ പുനർനിർമ്മാണത്തിനായി തീരുമാനമെടുക്കുന്നതിനുള്ള സുതാര്യവും കാര്യക്ഷമവുമായ ഒരു പ്രക്രിയ സർക്കാർ നടപ്പാക്കി. യുഎൻ, ലോക ബാങ്ക് എന്നീ ഏജൻസികളുടെ പിന്തുണയോടെ, കേരള പുനർനിർമ്മാണ വികസന പരിപാടി (ആർകെഡിപി) വഴി കേരളം പുനർനിർമ്മിക്കാനുള്ള സമഗ്ര പദ്ധതി ആർകെഐ വികസിപ്പിച്ചെടുത്തിട്ടുണ്ട്. പങ്കാളിത്തവും സമഗ്രവുമായ പ്രക്രിയയിലൂടെയും എല്ലാപങ്കാളികളുമായും വിപുലമായ കൂടിയാലോചന നടത്തിയും ആർകെഡിപിയുടെ വികസനം, ഏകോപനം, നിരീക്ഷണം എന്നിവയാണ് ആർ കെ ഐയുടെ ലക്ഷ്യം.

### പുനഃസ്ഥാപനത്തിനും അപകടസാധ്യത അറിവുനല്കുന്നതുമായ വികസനത്തിനും വീണ്ടെടുക്കലിനുമുള്ള കർമപദ്ധതി

നവകേരളത്തിനായി രൂപപ്പെടുത്തിയ കാഴ്ചപ്പാടുകൾക്കുള്ളിൽ നിന്നുകൊണ്ട് സേവന തടസ്സവും സാമ്പത്തിക നഷ്ടവും ലഘൂകരിച്ച് ദുരന്തങ്ങൾ മൂലമുണ്ടാകുന്ന മരണം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയാണ് ആർകെഐയും ആർകെഡിപിയും പ്രവർത്തിക്കുന്നത്. അതിനാൽ, അപകടസാധ്യത വിവരം നൽകുന്ന രീതിയിലുള്ള കാര്യപരിപാടിയുടെ തത്വങ്ങൾ എല്ലാ മേഖല പുനഃസ്ഥാപിക്കൽ പദ്ധതികളിലും ആർകെഡിപി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക കാർഷിക മേഖലകൾ സ്ഥാപിക്കൽ, തണ്ണീർത്തട, തീരദേശ പരിസ്ഥിതി വ്യവസ്ഥകളിലെ വെള്ളപ്പൊക്ക നിയന്ത്രണം, ഗ്രാമ, ചെറുകിട സംരംഭങ്ങളെ പിന്തുണക്കൽ, ബസ് സംവിധാനം ശക്തിപ്പെടുത്തൽ, ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെയുള്ള റോഡ് മെച്ചപ്പെടുത്തൽ, ശേഷി വർദ്ധിപ്പിക്കൽ, നഗരവികസനത്തിൽ സേവന വിതരണം മെച്ചപ്പെടുത്തൽ എന്നിങ്ങനെ സംസ്ഥാന

ആസൂത്രണ ബോർഡിന്റെ വാർഷിക പദ്ധതി 2017–2018 പ്രകാരമുള്ള നിരവധി പദ്ധതികൾ ആർകെഐ പിന്തുണക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗര വികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ഉപജീവനമാർഗം, ഭൂമി എന്നിവയാണ് ആർകെഐ ഉൾകൊള്ളിക്കുന്ന പ്രധാന മേഖലകൾ. ഈ പ്രധാന മേഖലകൾക്ക് പുറമെ, നാല് ക്രോസ്–കട്ടിംഗ് മേഖലകളുണ്ട്:– ദുരന്ത സാധ്യതാ പരിപാലനവും പ്രതിരോധവും, പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, സ്ഥാപന കാര്യക്ഷമതയും ശക്തിപ്പെടുത്തലും ഓപ്പൺ ഡാറ്റയും.

## നവ കേരളത്തിനായുള്ള നയ ചട്ടക്കൂട് രൂപീകരണം (പുതിയ കേരളം)

മറ്റ് പങ്കാളികളുടെ സഹകരണത്തോടെ സർക്കാർ പുനർ നിർമ്മാണ പ്രക്രിയ ആരംഭിക്കുമ്പോൾ, വിശാലമായ ഒരു നയ ചട്ടക്കൂട് ആവശ്യമാണ്. അത് സമന്വയിപ്പിച്ച ഒരു ആഖ്യാനം നൽകുകയും എല്ലാ മേഖലകളെയും നവ കേരളത്തിന്റെ പൊതുവായ കാഴ്ചപ്പാടുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. ആ കാഴ്ചപ്പാട് നേടുന്നതിനുള്ള നയരൂപീകരണത്തിനുള്ള ചട്ടക്കൂട് താഴെപറയുന്ന നാല് സ്തംഭങ്ങൾ ഉൾകൊള്ളിക്കുന്നു:

- സ്തംഭം 1: സംയോജിത ജലവിഭവ മാനേജ്മെന്റ് (ഐ ഡബ്ലിയു ആർ എം ) – 'റൂം ഫോർ റിവർ ', 'ലിവിങ് വിത്ത് വാട്ടർ ' എന്നിവ സൃഷ്ടിക്കുക.
- സ്തംഭം 2: പരിസ്ഥിതി സംവേദിയായ, അപകട സാധ്യത മുൻകൂട്ടി അറിയിക്കും വിധമുള്ള ഭൂവിനിയോഗവും അധിവാസ സമീപനവും.
- സ്തംഭം 3: എല്ലാവരെയും ഉൾക്കൊള്ളുന്നതും ജനകേന്ദ്രീകൃതവുമായ സമീപനം – 'എല്ലാവരെയും ഉൾക്കൊള്ളൽ'
- സ്തംഭം 4: അറിവ്, നൂതന ആശയം, സാങ്കേതികവിദ്യ എന്നിവ പ്രോത്സാഹിപ്പിക്കുക.

## കേരള പുനർ നിർമ്മാണ വികസന പരിപാടിക്കുള്ള ധനസ്രോതസ്സുകൾ

2019 മുതൽ 2027 വരെയുള്ള വികസന കാലയളവിൽ പുനർനിർമ്മാണ പദ്ധതിക്കായി ആകെ 36,500 കോടി രൂപയുടെ അടങ്കൽ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. ഈ ആവശ്യകതകൾ നിറവേറ്റുന്നതിന് തന്ത്രപരമായ ഫണ്ട് സമാഹരണ പദ്ധതി ആവശ്യമാണ്. അതനുസരിച്ച്, സർക്കാരിന്റെ മുൻഗണനകൾ അവതരിപ്പിക്കാനും സാമ്പത്തിക സഹായം തേടുന്നതിനുമായി ആർകെഡിപിയുടെ കീഴിലുള്ള വികസന പങ്കാളികൾക്കായി 2019 ജൂലൈ 15 ന് തിരുവനന്തപുരത്ത് വെച്ച് 'ഡെവലപ്മെന്റ് പാർട്നെർസ് കോൺക്ലേവ്' സംഘടിപ്പിച്ചു. ലോക ബാങ്ക്, എ.ഡി.ബി, ജെ.ഐ.സി.എ, കെ.എഫ്.ഡബ്ല്യു, എ.എഫ്.ഡി, നബാർഡ്, ഹഡ്കോ, യുനിസെഫ്, ബിൽ ആൻഡ് മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷൻ, ടാറ്റ ട്രസ്റ്റ്, എൻ.ഡി.ബി, എ.ഐ.ഐ.ബി എന്നിവയുൾപ്പെടെയുള്ള വികസന പങ്കാളികൾ ഈ പരിപാടിയിൽ പങ്കെടുത്തു. സംസ്ഥാന സർക്കാരിന്റെ പ്രധാന ഉദ്യോഗസ്ഥരും പങ്കെടുത്തു.

കോൺക്ലേവിൽ ലോക ബാങ്ക് കേരള സംസ്ഥാനത്തെ വികസന പങ്കാളിയായി പ്രഖ്യാപിക്കുകയും ആദ്യ വിഹിതമായി 250 മില്യൺ യുഎസ് ഡോളറിന്റെ (1,779.58 കോടി ഡോളർ) വികസന നയ വായ്പ (ഡിപിഎൽ) അനുവദിക്കുകയും ചെയ്തു. ജർമൻ പൊതുമേഖലാ വികസന ബാങ്ക് ആയ കെ എഫ് ഡബ്ളിയുമായി കരാറിൽ ഏർപ്പെട്ടത് പ്രകാരം €170 മില്യന്റെ (അല്ലെങ്കിൽ $187 മില്യൺ) മൊത്തം സഹായം അനുവദിക്കുകയും ആയത് പൊതുമരാമത്തു വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്റ്റ് (കെ.എസ്.ടി.പി.) മുഖേന റോഡുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പുനർനിർമ്മിക്കുന്നതിനായി വിനിയോഗിക്കുന്നതിനും ധാരണയായി.

ആർകെഐയ്ക്ക് കീഴിലുള്ള പദ്ധതികൾ സുഗമവും സമയബന്ധിതവുമായി നടപ്പാക്കുന്നതിനായി 2019–20, 2020–21 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനം ആർകെഐക്കായി 1,000.00 കോടി രൂപ നീക്കിവെച്ചിരുന്നു. വിവിധ വകുപ്പുകളും അവ നടപ്പിലാക്കുന്ന ഏജൻസികളുടെയും ആവശ്യകതയെ അടിസ്ഥാനമാക്കിയാണ് തുക അനുവദിക്കുന്നത്.

## ലോക ബാങ്കിന്റെ വികസന നയ വായ്പ (ഡിപിഎൽ)

വിനാശകരമായ വെള്ളപ്പൊക്കത്തിൽ നിന്ന് കരകയറുന്നതിനായി ലോക ബാങ്ക് ഡെവലപ്മെന്റ് പോളിസി ലോൺ (ഡിപിഎൽ) വഴി സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. രണ്ട് ഡവലപ്മെന്റ് പോളിസി ഓപ്പറേഷനുകൾ (ഡിപിഒ) വഴിയാണ് ബാങ്ക് പിന്തുണ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്.

## വികസന നയ വായ്പ (ഡിപിഎൽ) –1

ലോകബാങ്ക് ധനസഹായം ഉപയോഗിച്ചുള്ള ആദ്യ പുനഃസ്ഥാപന പദ്ധതി ആർ കെ ഐയുടെ ദർശനം, മുൻഗണനകൾ എന്നിവയുമായി ഒത്തിണങ്ങിയതായിരുന്നു. ആർകെഐ യുടെ സ്ഥാപന ചട്ടക്കൂടിലൂടെയാണ് ഇത് നയിക്കപ്പെടുന്നത്. വായ്പയുടെ ഭാഗമായി, വായ്പയുടെ ആദ്യ വിഹിതം അതായത്, ഡിപിഎൽ–1 ലഭിക്കുന്നതിന് സംസ്ഥാനം ചില മുന്നൊരുക്കപ്രവർത്തനങ്ങൾ (പിഎ) പൂർത്തിയാക്കേണ്ടിയിരുന്നു. ഡിപിഒ

–1 ന് കീഴിലുള്ള വായ്പയുടെ ആദ്യഘട്ടം ലഭിക്കുന്നതിനുള്ള മുന്നൊരുക്കപ്രവർത്തനങ്ങൾ വകുപ്പുകൾ പൂർത്തിയാക്കിയതനുസരിച്ച്, 2019 ജൂൺ മാസത്തിൽ ലോക ബാങ്ക് ബോർഡ് ഡിപിഎൽ –1 അംഗീകരിക്കുകയും ഡിപിഎല്ലിന്റെ ആദ്യ വിഹിതമായ 250 മില്യൺ യുഎസ് ഡോളർ 2019 ഓഗസ്റ്റിൽ അനുവദിക്കുകയും ചെയ്തു.

## ഡെവലപ്മെന്റ് പോളിസി ലോൺ –2 ഉം (ഡിപിഎൽ) അതിന്റെ പുരോഗതിയും.

ഡിപിഒ –2 പ്രകാരം വാദ്ഗാനം ചെയ്ത 250 മില്യൺ യുഎസ് ഡോളർ ലക്ഷ്യമിട്ടത് ഡിപിഒ –1 പ്രകാരം സംസ്ഥാനം ആരംഭിച്ച തന്ത്രപരമായ മേഖലകളിൽ സ്വാധീനം ചെലുത്തുന്ന നയപരമായ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനായിരുന്നു. കോവിഡ് –19 കാലയളവിൽ സിംഗിൾ ബോറോവർ ലിമിറ്റ് (SBL) പരിമിതികൾ കാരണം, 2020 മാർച്ചിൽ DPO–2 ഒഴിവാക്കി.

## DPL–2 ൽ കെ എഫ് ഡബ്ല്യുമായുള്ള കരാർ

ഡിപിഎൽ –2 ന്റെ ആദ്യ ഘട്ട ചർച്ചയിൽ, ലോകബാങ്ക്–കെഎഫ്ഡബ്ല്യു സംയുക്ത സംഘം 2019 നവംബറിൽ സംസ്ഥാനം സന്ദർശിച്ചിരുന്നു. താഴെപറയുന്ന വിഷയങ്ങൾ സംബന്ധിച്ച് മിഷൻ കേരള സർക്കാരുമായി വിശദമായ ചർച്ച നടത്തി (i) ഡിപിഒ –1 ന്റെ പ്രതിഫലനങ്ങൾ, സംസ്ഥാന പങ്കാളിത്തം (ii) റോഡ് മാപ്പ്, ടൈംലൈൻ എന്നിവ ഉൾപ്പെടെയുള്ള ഉയർന്നുവരുന്ന മുൻഗണനകൾ സംബന്ധിച്ച ഡിപിഒ–2 ലെ മുൻ പ്രവർത്തനങ്ങളുടെ അവലോകനം (iii) സാങ്കേതിക സഹായത്തിനുള്ള മുൻഗണനാ മേഖലകൾ എന്നിവ ലോക ബാങ്കിന്റെ അതേ പോളിസി മെട്രിക്സ് ഉപയോഗിച്ച് ഡിപിഒ –2 ലേക്ക് സഹകരിക്കാനും അല്ലെങ്കിൽ സമാന്തര ധനകാര്യവുമാണ് കെഎഫ്ഡബ്ല്യു തുടക്കത്തിൽ ഉദ്ദേശിച്ചത്. ഇന്ത്യയും ജർമ്മനി സർക്കാരും തമ്മിലുള്ള കരാറിലെ സഹകരണ മേഖലകളെ അടിസ്ഥാനമാക്കി, കാലാവസ്ഥബന്ധിത നഗര വികസനം, ജലവിതരണം, ശുചിത്വം, ദുരന്ത നിവാരണ ഇൻഷുറൻസ് ഫിനാൻസിംഗ് (ഡിആർഎഫ്ഐ) എന്നിവയിലാണ് കെ എഫ് ഡബ്ല്യു കേന്ദ്രീകരിച്ചത്. ഇതനുസരിച്ച് സാമ്പത്തിക സഹകരണ മന്ത്രാലയം (ബിഎംസെഡ്) തത്വത്തിൽ മുന്നോട്ട് പോകുകയും മറ്റ് അംഗീകാര പ്രക്രിയകൾ ഏറ്റെടുക്കുകയും ചെയ്തു.

നിർദ്ദിഷ്ട സഹായം ചുവടെ പറയുന്ന രീതിയിലാണ്.

1. €100 ദശലക്ഷം വായ്പ: ആർകെഡിപിക്ക് കീഴിലുള്ള കേരള കാലാവസ്ഥാ പുനസ്ഥാപന പരിപാടി
2. €2 ദശലക്ഷം: ആർകെഡിപിക്ക് കീഴിലുള്ള കേരള കാലാവസ്ഥാ പുനസ്ഥാപന പരിപാടി – അനുബന്ധ നടപടികൾ–ഗ്രാന്റുകൾ.

എന്നിരുന്നാലും, ഡിപിഒ –2 റദ്ദാക്കപ്പെട്ട സാഹചര്യത്തിൽ, ഇതിനകം പ്രവർത്തിക്കുന്ന ഡിപിഒ –1 മായി ആർകെഡിപിയെ സഹകരിക്കാൻ കെഎഫ്ഡബ്ല്യു സമ്മതിച്ചിട്ടുണ്ട്. ആരോഗ്യ മന്ത്രാലയം രേഖപ്പെടുത്തിയ അഭിപ്രായങ്ങളുടെ സംയോജനത്തിന് വിധേയമായി 2020 ഓഗസ്റ്റ് 18 ന് ഡിഇഎയുടെ 109–മത് സ്ക്രീനിംഗ് കമ്മിറ്റി മീറ്റിംഗിൽ (എസ് സി എം) വായ്പക്കും ഗ്രാന്റ് ഭാഗങ്ങൾക്കുമായി പുതുക്കിയ പിപിആറുകൾ തത്വത്തിൽ അംഗീകരിച്ചു. അടുത്ത സ്ക്രീനിംഗ് കമ്മിറ്റി മീറ്റിംഗിൽ കെഎഫ്ഡബ്ല്യു സഹായത്തിനായി ഡിഇഎ പിപിആർ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഡിപിഎൽ –2 ലെ പ്രോഗ്രാം ഫോർ റിസൾട്ടുകളിലേക്ക് (പിഎഫ്ആർ) ധനസഹായം

ഡിപിഎൽ–2 അംഗീകരിക്കപ്പെടാത്ത സാഹചര്യത്തിൽ, മുമ്പത്തെ ഡിപിഎല്ലിലേക്ക് മടങ്ങാൻ ലോക ബാങ്ക് നിർദ്ദേശിക്കുകയും അതിന്റെ സ്ഥാനത്ത്, സംസ്ഥാന പങ്കാളിത്ത ചട്ടക്കൂടിന്റെ ഭാഗമായി അവതരിപ്പിച്ച പി ഫോർ ആർ എന്ന നൂതന സാമ്പത്തിക ഘടകം നിർദ്ദേശിക്കുകയും ചെയ്തു. ഇതിന് റിസൽറ്റ്/ ഔട്ട്കമ്മുമായി ബന്ധപെടുത്തിയതും തവണകളായി വിതരണം ചെയ്യുന്നതുമാണ്.

പി ഫോർ ആറിന്റെ പ്രധാന സവിശേഷതകൾ ചുവടെ ചേർക്കുന്നു:

i. ഡിപിഎൽ 1 ൽ നിന്ന് വ്യത്യസ്തമായി, ഡിപിഎൽ 2 ൽ ഒരു പി ഫോർ ആർ നടപടി ക്രമത്തിൽ വായ്പ നൽകുന്ന രീതി സ്വീകരിക്കും, അതു പ്രകാരം വായ്പ വിതരണം ചെയ്യുന്നതിന് മുമ്പായി ആർകെഡിപി ഫലങ്ങൾ പ്രകടമാക്കണം.
ii. ഡിസ്ബേഴ്സ്മെന്റ് ലിങ്ക്ഡ് ഇൻഡിക്കേറ്ററുകൾ (ഡിഎൽഐ) രൂപീകരിക്കും, കൂടാതെ വായ്പ വിതരണം സുഗമമാക്കുന്നതിന് ഈ ഡിഎൽഐ അനുസരിച്ചുള്ള പ്രകടനം കാഴ്ചവെക്കണം.

പി എഫ് ആർ ഫോർമാറ്റിലെ ഡി പി എൽ –2 നായുള്ള പ്രധാന വിഷയങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

i. ഫലപ്രദമായ കോവിഡ്– 19 പ്രതികരണം, ദുരിതാശ്വാസം, വീണ്ടെടുക്കൽ
ii. പകർച്ചവ്യാധികൾക്കുള്ള തയ്യാറെടുപ്പ് ഉൾപ്പെടെയുള്ള സംസ്ഥാന വ്യാപകമായ ദുരന്ത സാധ്യതാ പരിപാലനവും കാലാവസ്ഥാ പ്രതിരോധവും ശക്തിപ്പെടുത്തുക.
iii. പ്രധാന സാമ്പത്തിക മേഖലകളിൽ ദുരന്തവും മഹാമാരിയുമായി ബന്ധപ്പെട്ട തയ്യാറെടുപ്പുകൾ ഉൾപ്പെടുത്തുക.

പി ഫോർ ആറിനായുള്ള പിപിആർ തയ്യാറാക്കി അംഗീകാരത്തിനായി ഡിഇഎയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 2020 സെപ്റ്റംബർ 15 ന് നടന്ന ഡി.ഇ.എയുടെ സ്ക്രീനിംഗ് കമ്മിറ്റിയുടെ 110-ാമത് യോഗത്തിൽ, 50:50 അടിസ്ഥാനത്തിൽ വേൾഡ് ബാങ്ക്, എ.ഐ.ഐ.ബി എന്നിവ സംയുക്തമായി പദ്ധതിക്ക് ധനസഹായം അനുവദിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എ.ഐ.ഐ.ബി 125 മില്യൺ ഡോളർ ധനസഹായത്തിനായി പദ്ധതി തയ്യാറാക്കിയത് കമ്മിറ്റി അംഗീകരിച്ചു. 2020 സെപ്റ്റംബർ മുതൽ ഒക്ടോബർ വരെയുള്ള ലോക ബാങ്ക് മിഷന്റെ ഭാഗമായി, പി ഫോർ ആറിന് അനുയോജ്യമായ പ്രോജക്ടുകൾ തിരിച്ചറിയുന്നതിനും റിസൽറ്റ് ഏരിയകളും ഡിഎൽഐകളും തീരുമാനിക്കുന്നതിനും വകുപ്പുകളുടെ പങ്കാളിത്തത്തോടെ പിഎഫ്ആറിനെക്കുറിച്ചുള്ള ചർച്ചകൾ നടത്തി.

## ഡിസ്ബർസ്മെന്റ് ലിങ്ക്ഡ് ഇൻഡിക്കേറ്ററുകൾ (ഡിഎൽഐ)

പദ്ധതിക്കനുസരിച്ച് പിഎഫ്ആറിന് നിരവധി ഡിഎൽഎകളെ പിന്തുണയ്ക്കാൻ കഴിയും. സേവന ഡെലിവറി സൂചകങ്ങൾ, ഫലം, സാങ്കേതികത, വിശ്വാസത്തിൽ ഊന്നിയ പാരിസ്ഥിതിക, സാമൂഹിക പ്രശ്നങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സൂചകങ്ങൾ ഡിഎൽഎകളിൽ ഉൾപ്പെടുത്താം. ഓരോ ഡിഎൽഐക്കും വിതരണത്തിന് മുമ്പായി ഇൻഡിപെൻഡന്റ് വെരിഫിക്കേഷൻ ഏജൻറ് (ഐവിഎ) എന്ന നിർദ്ദിഷ്ട പരിശോധന പ്രോട്ടോക്കോൾ ഉണ്ട് . ഡിഎൽഎകളുടെ നേട്ടങ്ങൾ പ്രോഗ്രാമിലേക്കുള്ള ബാങ്ക് സഹകരണത്തിന് ഉത്തേജനം നൽകുന്നു. അസാധാരണമായ സാഹചര്യങ്ങളിൽ, ഇതുവരെ കൈവരിക്കാത്ത വിതരണ-ലിങ്ക്ഡ് സൂചകങ്ങൾക്കായുള്ള മുൻകൂർ ധനസഹായത്തിനുമായി ഒരു വിഹിതം നൽകിയിട്ടുമുണ്ട്.

## ആർകെഡിപിയുടെ സ്ഥാപന സംവിധാനം

രണ്ട് മുതൽ മൂന്ന് വർഷ കാലയളവിൽ നിരവധി സർക്കാർ വകുപ്പുകളും ഏജൻസികളും ഉൾപ്പെടുന്ന ഒരു വിവിധ മേഖല സഹകരണ പദ്ധതിയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർകെഐ). അതിനാൽ ആർകെഐയുടെ വിജയത്തിന്, ഉചിതമായ സ്ഥാപന ചട്ടക്കൂടും തീരുമാനമെടുക്കൽ ഘടനയും നിർണ്ണായകമാണ്. ആർകെഐയിലൂടെ നടപ്പാക്കേണ്ട പാക്കേജുകളുടെ മേഖല വൈവിധ്യവും, സങ്കീർണ്ണമായ സ്വഭാവവും കണക്കിലെടുക്കുമ്പോൾ സ്ഥാപന ക്രമീകരണങ്ങളിൽ പങ്കാളികളുടെ കാഴ്ചപ്പാടുകൾ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. ദുരന്തത്തിന്റെ തോത്, ആസൂത്രണം, നടപ്പാക്കൽ സങ്കീർണ്ണതകൾ, സാമ്പത്തിക മാനേജുമെന്റ്, സേവന വിതരണം എന്നിവ കണക്കിലെടുക്കുമ്പോൾ ഒരു പ്രത്യേക സ്ഥാപന ചട്ടക്കൂടിന്റെ ആവശ്യകതയുണ്ട്. നിർദ്ദിഷ്ട സ്ഥാപന ചട്ടക്കൂട് ഘടനയുടെ രൂപരേഖ ചുവടെ കാണിച്ചിരിക്കുന്നു.

1. മന്ത്രിസഭ
2. ഉപദേശക സമിതി
3. ഉന്നതതല ശാക്തീകരണ സമിതി
4. ആർകെഐ നിർവഹണ സമിതി (ആർകെഐ-ഐസി)
5. ആർകെഐ സെക്രട്ടേറിയറ്റ്
6. സ്ഥാപന പിന്തുണ - വകുപ്പുതല പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റികളുടെ രൂപീകരണം.

ആർകെഐയുടെ കീഴിൽ ധനസഹായം ലഭിക്കുന്ന പദ്ധതികളുടെ ധനസഹായത്തിനും സുഗമമായ നടപ്പാക്കലിനുമായി യോഗ്യമായ പ്രോജക്ടുകൾ തിരഞ്ഞെടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്.

## ആർ കെ ഡി പിയുടെ നിർവഹണം

2020 ഒക്ടോബർ 10 ലെ കണക്കനുസരിച്ച് 11 വകുപ്പുകൾക്ക് കീഴിലുള്ള വിവിധ പദ്ധതികൾക്കായി 7023.31 കോടി രൂപയുടെ ഭരണാനുമതി (എ.എസ് ) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 11.6.1** -ൽ നൽകിയിരിക്കുന്നു.

വകുപ്പ് തിരിച്ചുള്ള പ്രോജക്റ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1. പൊതുമരാമത്ത് വകുപ്പ് (പിഡബ്ല്യൂഡി)

ആർകെഐ ഏറ്റെടുക്കുന്ന റോഡ് പദ്ധതികളുടെ (പാലങ്ങൾ ഉൾപ്പെടെ) വിശദാംശങ്ങൾ ഇനിപ്പറയുന്നവയാണ്:

ആർകെഡിപിയുടെ പ്രധാന തത്വങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലുള്ള പുനരധിവാസത്തിനും നവീകരണത്തിനുമായി വെള്ളപ്പൊക്കത്തിൽ തകർന്ന 31 സംസ്ഥാനപാതകളും പ്രധാന ജില്ലാ റോഡുകളും പൊതുമരാമത്ത് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. അതിൽ 29 റോഡുകളുടെ പുനർനിർമ്മാണവും പുനരധിവാസവും കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്റ്റ് (കെ എസ് ടി പി) ഏറ്റെടുക്കും, ബാക്കി 2 പദ്ധതികളിൽ ഒരു റോഡ് പദ്ധതി പിഡബ്ല്യൂഡി- റോഡ് വിഭാഗവും ഒരു പാലം പിഡബ്ല്യൂഡി- ബ്രിഡ്ജ്സ് വിഭാഗവും ഏറ്റെടുക്കും. ഫണ്ടിംഗ് ഏജൻസികളായ ലോക ബാങ്ക് (ഡബ്ല്യൂബി), കെഎഫ്ഡബ്ല്യൂ എന്നിവയുടെ 4 പുനരധിവാസ പാക്കേജുകൾക്ക് കീഴിൽ കെ എസ് ടി പി സംസ്ഥാനത്തെ 733.816 കിലോമീറ്റർ റോഡിന്റെ പുനർനിമ്മാണം ഏറ്റെടുക്കും.

പട്ടിക 11.6.1 വിവിധ പദ്ധതികൾക്കായി നൽകിയ ഭരണാനുമതിയുടെ വിശദാംശങ്ങൾ (രൂപ കോടിയിൽ)

| നം | മേഖലകൾ | വകുപ്പ് | നിർവഹണ സ്ഥാപനം | ഭരണാനുമതി തുക (₹ കോടിയിൽ) |
|---|---|---|---|---|
| 1 | റോഡുകളും പാലങ്ങളും | പൊതുമരാമത്ത് വകുപ്പ് | പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗം | 5137.99 |
| 2. A. | റോഡുകളും പാലങ്ങളും | തദ്ദേശ സ്വയംഭരണ വകുപ്പ് | ഗ്രാമീണ റോഡുകൾ | 440.34 |
| 2. B. | ഉപജീവനം | തദ്ദേശ സ്വയംഭരണ വകുപ്പ് | കുടുംബശ്രീ | 250.00 |
| 2.C. | ശുചിത്വം | തദ്ദേശ സ്വയംഭരണ വകുപ്പ് | ശുചിത്വ മിഷൻ | 12.7 |
| 3.A | സംയോജിത ജല വിഭവ മാനേജ്മെന്റ് | ജല വിഭവ വകുപ്പ് | ജല വിതരണം | 139.68 |
| 3.B | ജല വിതരണം | ജല വിഭവ വകുപ്പ് | കേരള വാട്ടർ ആതോറിട്ടി | 182.6 |
| 3.C | ശുചിത്വം | ജല വിഭവ വകുപ്പ് | കേരള വാട്ടർ ആതോറിട്ടി | 8.00 |
| 4 | വനം | വനവും വന്യജീവിയും | വനവും വന്യജീവിയും | 130.41 |
| 5 | കൃഷി | കാർഷിക വികസനവും കർഷകക്ഷേമവും | കൃഷി | 493.08 |
| 6 | മൃഗസംരക്ഷണ വകുപ്പ് | മൃഗസംരക്ഷണം | മൃഗസംരക്ഷണം | 163.12 |
| 7 | മത്സ്യബന്ധനം | മത്സ്യബന്ധനം | മത്സ്യബന്ധനം | 6.24 |
| 8 | ക്രോസ്-കട്ടിംഗ് – ഡി ആർ എം/ ഓപ്പൺ ഡാറ്റ | ഇലക്ട്രോണിക്സ് & ഐടി | ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി | 4.24 |
| 9 | ക്രോസ്-കട്ടിംഗ് – പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും | പരിസ്ഥിതി | കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് | 5.00 |
| 10 | ക്രോസ് കട്ടിംഗ് – ഡി ആർ എം | ഊർജ്ജം | കെഎസ് ഡി എം എ , കില, സി-ഡിറ്റ് | 42.6 |
| 11 | ക്രോസ് കട്ടിംഗ് – ഡി ആർ എം | റവന്യൂവും ദുരന്ത നിവാരണവും | (നമ്മൾ നമുക്കായ്) | 7.3 |
| | | | ആകെ (₹കോടിയിൽ) | 7023.31 |

## 2. തദ്ദേശ സ്വയംഭരണ വകുപ്പ് (എൽഎസ് ജി ഡി )

### എ) എൽഎസ് ജി ഡി– റോഡുകൾ

വെള്ളപ്പൊക്കത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരധിവാസം / പുനർനിർമ്മാണം എൽഎസ്ജിഡിയുടെ 2 വിഭാഗങ്ങൾ നടപ്പിലാക്കുന്നു: എൽഎസ്ജിഡി – പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും (പിഎംയു), എൽഎസ്ജിഡി – റോഡ് വിഭാഗവും. ഇതിനായി 440.34 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആർകെഐക്ക് കീഴിൽ പാരിസ്ഥിതിക, സാമ്പത്തിക കാര്യക്ഷമത കൈവരിക്കുകയെന്ന മൊത്തത്തിലുള്ള ലക്ഷ്യത്തിനായി നയങ്ങൾ, ചട്ടങ്ങൾ, സ്ഥാപന, ഭരണ സംവിധാനങ്ങൾ എന്നിവയുടെ സഹായത്തോടെ തുല്യവും കാര്യക്ഷമവും സുരക്ഷിതവും കാലാവസ്ഥക്കിണങ്ങുന്നതുമായ ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട നാല് മൊബിലിറ്റി ആട്രിബ്യൂട്ടുകൾ അനുസരിച്ച് ഗ്രാമീണ റോഡ് ശൃംഖല ആസൂത്രണം ചെയ്യുകയും വികസിപ്പിക്കുകയും ചെയ്തു വരുന്നു.

### ബി) എൽ എസ് ജി ഡി –കുടുംബശ്രീ

കേരള പുനർനിർമ്മാണത്തിലെ പങ്കാളിയാണ് സംസ്ഥാന കുടുംബുംബശ്രീ മിഷൻ. ഇതിനായി 250.00 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുനർനിർമ്മാണ പദ്ധതി പ്രകാരം 2,00,000 ഗുണഭോക്താക്കൾക്ക് ദുരന്തനിവാരണവും 1,60,000 ഗുണഭോക്താക്കൾക്ക് സുസ്ഥിരപരമായ ഉപജീവന അവസരങ്ങളും നൽകുന്നതിന് കുടുംബശ്രീ ലക്ഷ്യമിടുന്നു. വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്ന അംഗങ്ങളെ സഹായിക്കുന്നതിനായി കുടുംബശ്രീ രണ്ട് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. അടിയന്തിര ആശ്വാസത്തിനായി ₹ 455.00 കോടി രൂപയുടെ ദുരന്ത നിവാരണ ഫണ്ടും ഉപജീവനമാർഗം നഷ്ടപ്പെട്ടവർക്ക് സഹായഹസ്തം നൽകുന്നതിന് ₹ 205.00 കോടി രൂപയുടെ പദ്ധതികളും നടപ്പാക്കി

വരുന്നു. 250.00 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട് (വിആർഎഫ്), ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് (സിഎംഎഫ്) എന്നിങ്ങനെ ദുരന്ത നിവാരണ ഫണ്ടിന് (ഡിആർഎഫ്) കീഴിൽ രണ്ട് പദ്ധതികളുണ്ട്. വി ആർ എഫ് പ്രകാരം വെള്ളപൊക്കം ബാധിച്ച 25,000 അയൽഗ്രൂപ്പ് ഗ്രൂപ്പുകൾക്ക് (എൻഎച്ച്ജി) ഒരു ഗ്രൂപ്പിന് 10,000.00 രൂപ എന്ന രീതിയിൽ ധനസഹായമായി അടിയന്തര ആശ്വാസം നൽകാൻ കുടുംബശ്രീ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുവരെ കുടുംബശ്രീ വിആർഎഫിന് കീഴിൽ 28,105 എൻഎച്ച് ജികൾക്കായി 26.00 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

യുവകേരളം – വേതനാർജ്ജിത തൊഴിലിനായുള്ള നൈപുണ്യ പരിശീലനം, തൊഴിൽ അധ്ഷ്ഠിത പരിശീലനം,തൊഴിലുമായി ബന്ധിപ്പിക്കാനുള്ള പരിശീലനം, എറൈസ് – സ്വയംതൊഴിലിനുള്ള നൈപുണ്യ പരിശീലനം, കേരള ചിക്കൻ പ്രോജക്റ്റ്, എഗ്ഗ് വാല്യൂ ചെയിൻ പ്രോജക്ട്, സ്റ്റാർട്ട്–അപ്പ് വില്ലേജ് എന്റർപ്രൈസ് പ്രോജക്റ്റ്, കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റിക്ക് കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് എന്നിവയാണ് ഉപജീവന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**സി) എൽ എസ് ജി ഡി – ശുചിത്വം**

എൽഎസ്ജിഡിയുടെ ശുചിത്വ പദ്ധതികൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് (സി കെ സി എൽ) നടപ്പാക്കുന്നു. 12.7 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഭരണാനുമതി നൽകിയ പ്രോജക്റ്റുകളുടെ പ്രധാന സവിശേഷതകൾ ചുവടെ വിശദമായി വിവരിക്കുന്നു:

1. കുറ്റിപ്പുറം കിൻഫ്ര പാർക്കിലെ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ പ്ലാന്റിനായി ഭൂവികസനവും കോമ്പൗണ്ട് മതിൽ നിർമ്മാണവും
2. എല്ലാ സർക്കാർ ഓഫീസുകളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എംസിഎഫ്) സജ്ജമാക്കുക: പ്രോസസ്സിംഗ് യൂണിറ്റിലേക്ക് അയയ്ക്കുന്നതിന് മുമ്പായി ശേഖരണത്തിനും താൽക്കാലിക സ്റ്റോറേജുകൾക്കുമായി സർക്കാർ ഓഫീസുകളുടെ 25 സ്ഥലങ്ങളിൽ എംസിഎഫ് നിർമ്മിക്കുന്നത് ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.
3. തിരുവനന്തപുരത്തെ മുട്ടത്തറയിൽ ജില്ലാ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ, വേർതിരിക്കൽ സൗകര്യങ്ങൾ സ്ഥാപിക്കുക.
4. സംയോജിത പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന സൗകര്യം: പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ എൽഎസ്ജിഐകൾക്കായി മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് 5 എംടിപിഡി ശേഷിയുള്ള പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന –മെറ്റീരിയൽ റിക്കവറി സൗകര്യത്തിന്റെ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുന്നു

### 3. ജലവിഭവ വകുപ്പ് (ഡബ്ല്യുആർഡി) (മേഖലകൾ: ജലവിതരണം, ഐഡബ്ല്യുആർഎം, ശുചിത്വം)

ഈ വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

**എ) ഡബ്ലിയു ആർ ഡി – ജലസേചന വകുപ്പ് (മേഖല: ഐ ഡബ്ലിയു ആർ എം )**

139.68 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിന് കീഴിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**അണക്കെട്ടുകൾ / റെഗുലേറ്ററുകൾ / കനാലുകൾ/ ജലസേചന ഘടനകളുടെ പ്രളയാനന്തര അറ്റകുറ്റപ്പണികൾ :**റെഗുലേറ്ററുകൾ, ലിഫ്റ്റ് ഇറിഗേഷൻ ഘടനകൾ, വിസിബികൾ, ചെക്ക് ഡാമുകൾ, കുളങ്ങൾ /ടാങ്കുകൾ, കനാൽ ശൃംഖലകൾ, വാട്ടർ ഡിസ്ചാർജ് ചാനലുകൾ എന്നിവയുൾപ്പെടെ 95 ജലസേചന ഘടനകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും ഇതിൽ ഉൾപ്പെടുന്നു.
**മൈക്രോ ഇറിഗേഷൻ പദ്ധതികൾ:** മൂന്ന് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ കമാൻഡ് ഏരിയകളിലും ചിറ്റൂർ താലൂക്കിലെ മറ്റ് രണ്ട് സ്ഥലങ്ങളിലും അഞ്ച് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ സംവിധാനങ്ങൾ നടപ്പിലാക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെഐഐഡിസി) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 28 ഗുണഭോക്താക്കളെയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**കേരള ജലവിഭവ വിവര സംവിധാനം (കെ–ഡബ്ല്യുആർഎസ്):** നീതിപൂർവകവും സുസ്ഥിരവുമായ ജലവിഭവങ്ങളുടെ വിഹിതം, വിനിയോഗം എന്നിവ സുഗമമാക്കുന്നതിനും ഉറപ്പാക്കുന്നതിനുമുള്ള സമഗ്രവും ചലനാത്മകവും ചിട്ടപ്പെടുത്തിയതുമായ ഒരു വിവര–മാനേജ്മെൻറ് സംവിധാനമാണ് കേരള ജലവിഭവ വിവര സംവിധാനം (കെ–ഡബ്ല്യുആർഎസ്).
ഇത് നടപ്പിലാക്കികഴിഞ്ഞാൽ, തത്സമയ വിവരങ്ങളെ അടിസ്ഥാനമാക്കി ഡാമുകളുടെ സംയോജിത മാനേജുമെന്റും പ്രവർത്തനങ്ങളും, റിവർ ബേസിൻ മാനേജ്മെന്റും കൃത്യമായ അറിയിപ്പിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങളും

ആസൂത്രണവും നടപ്പിലാക്കാൻ കഴിയുന്നതാണ്.
**റൂം ഫോർ റിവർ പ്രോജക്ടിനായി ഡിപിആർ:** വെള്ളപ്പൊക്ക സമയത്ത് ഉണ്ടാകുന്ന അസാധാരണമായ ഉയർന്ന ജലനിരപ്പ് കൈകാര്യം ചെയ്യാൻ കഴിയും വിധം ജലാശയത്തിന് കൂടുതൽ ഇടം നൽകുക എന്നതാണ് റൂം ഫോർ റിവർ പ്രോജക്ടിന്റെ അടിസ്ഥാന ആശയം. ഇതുവഴി കുട്ടനാടിന് ചുറ്റുമുള്ള പ്രദേശങ്ങളിലെ വെള്ളപ്പൊക്കം, മാസ്റ്റർ ലാൻഡ്സ്കേപ്പിംഗ്, പാരിസ്ഥിതിക അവസ്ഥ മെച്ചപ്പെടുത്തൽ എന്നിവയാണ് ഈ പൈലറ്റ് പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ.

**ബി) ഡബ്ല്യുആർഡി– കേരള വാട്ടർ അതോറിറ്റി പ്രോജക്ടുകൾ (മേഖല: ജലവിതരണം)**

ഏകദേശം പൂർത്തിയായ കെഡബ്ല്യുഎ പദ്ധതികളുടെ പൂർത്തീകരണം: വെള്ളപ്പൊക്ക ബാധിതമായ ജില്ലകളിൽ 182.60 കോടി രൂപ ചിലവ് വരുന്ന 7 പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ഇതിലൂടെ 30,700 പുതിയ കണക്ഷനുകൾ ലക്ഷ്യമിട്ട് 1.25 ലക്ഷം വെള്ളപ്പൊക്ക ദുരിതബാധിതർക്ക് പ്രയോജനം ലഭിക്കുന്നു.

**സി) ഡബ്ല്യുആർഡി– കേരള വാട്ടർ അതോറിറ്റി പ്രോജക്ടുകൾ (മേഖല: ശുചിത്വം)**

നിലവിൽ പ്രവർത്തനക്ഷമവും എന്നാൽ മുഴുവനായും പ്രയോജനപ്പെടുത്താത്ത തിരുവനന്തപുരത്തെ മലിനജല ശുദ്ധീകരണ പ്ലാന്റ് (എസ്ടിപി) പ്രയോജനപ്പെടുത്തി ആർകെഐയുടെ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരത്തുടനീളം അഴുക്ക ചാൽ ശൃംഖല സ്ഥാപിക്കുന്നതിന് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചു. തിരുവനന്തപുരത്ത് മലിനജലത്തിനും സെപ്റ്റേജ് മാനേജ്മെന്റിനുമായി ഡിപിആർ തയ്യാറാക്കുന്നതിനായി 8.00 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## 4. വനം, വന്യജീവി വകുപ്പ് (മേഖല : വനം)

വനങ്ങളിൽ നിന്ന് സ്വകാര്യ വാസസ്ഥലങ്ങൾ മാറ്റിസ്ഥാപിക്കൽ, വനമേഖലയിൽ നിന്ന് സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ, കണ്ടൽക്കാടുകളുടെ ഏകീകരണം, സാധ്യതാ പഠനം, സ്കോപ്പിംഗ് പഠനങ്ങൾ എന്നീ 4 പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഇതിനായി 130.41 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

## 5. കൃഷി, കർഷകക്ഷേമ വകുപ്പ് (മേഖലകൾ: കൃഷി / ഉപജീവനമാർഗങ്ങൾ)

വകുപ്പിന് കീഴിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ പദ്ധതികൾ പ്രധാനമായും ഉപജീവനമാർഗത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 493.08 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭക്ഷ്യ സ്വയംപര്യാപ്തത, ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുക, നിലവിലുള്ള കർഷകരെ സഹായിക്കാനുള്ള പദ്ധതിയുടെ സുസ്ഥിരത, കുടിയേറ്റക്കാരെ തിരിച്ചെത്തിക്കാൻ ഉപജീവന അവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ഇതിനുപുറമെയുള്ള മറ്റ് പ്രധാന ലക്ഷ്യങ്ങൾ. ചുവടെ പറയുന്ന പ്രോജക്ടുകൾ ഇതിൽ ഉൾപ്പെടുന്നു.

- നേര്യമംഗലത്തെ ജില്ലാ കാർഷിക ഫാമിന്റെ സമഗ്ര വികസനത്തിനായി സംയോജിത ഫാം മാനേജ്മെന്റ്;
- ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ വിപുലമായ നെൽകൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം;
- കാർഷിക സേവന കേന്ദ്രങ്ങളെയും കാർഷിക കർമ്മസേന യൂണിറ്റുകളെയും ശക്തിപ്പെടുത്തി സോൺ തിരിച്ചുള്ള സേവന വിതരണത്തിനുള്ള പിന്തുണ;
- മണ്ണ്, ജലസംരക്ഷണ നടപടികൾ എന്നിവയിലൂടെ പ്രളയബാധിത പ്രദേശങ്ങളുടെ പരിസ്ഥിതി പുനഃസ്ഥാപനം വഴി ഫലഭൂയിഷ്ഠത പുനരുജ്ജീവിപ്പിക്കുക,
- ഇടുക്കി, വയനാട് ജില്ലകളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് സംയോജിത കൃഷിയിലൂടെ ഉപജീവനമാർഗം വർദ്ധിപ്പിക്കുക,
- കുട്ടനാടിന്റെ സുസ്ഥിര വികസനം.
- നെല്ല് ആവാസവ്യവസ്ഥ, യന്ത്രവൽകൃത കൃഷിയിലൂടെ വടക്കൻ കേരളത്തിലെ കൈപ്പാട് ഓർഗാനിക് ടൈഡഡ് തണ്ണീർത്തടങ്ങളുടെ വികസനം എന്നിവ.
- നെല്ല് ജേംപ്ലാസം സംരക്ഷണവും ജൈവവൈവിധ്യ അധിഷ്ഠിത കൃഷിയും; കേരളത്തിലെ കാർഷിക ഇൻഷുറൻസ് വ്യാപ്തിയെ കുറിച്ചുള്ള പഠനവും.
- കാർഷിക വികസനത്തിലെ മനുഷ്യ വിഭവ ഡയഗ്നോസ്റ്റിക്സ്; നിലവിലെ സാങ്കേതിക വിടവുകളെക്കുറിച്ചും സംസ്ഥാനത്തു നിന്നുള്ള കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക അടിസ്ഥാന ആവശ്യങ്ങളെ കുറിച്ചുമുള്ള സമഗ്രമായ പഠനം.
- സുസ്ഥിര കൃഷിയിലൂടെ അതിരപ്പള്ളിയിലെ ആദിവാസി ന്യൂനപക്ഷ ഗ്രൂപ്പുകളുടെ ഉപജീവന സാദ്ധ്യതകൾ ഉറപ്പുവരുത്തൽ, മൂല്യവർദ്ധനവും വിപണിയുമായി ബന്ധിപ്പിക്കലും; കേരളത്തിലെ വിപണി ശൃംഖല ശക്തിപ്പെടുത്തൽ.
- എറണാകുളം രാമമംഗലം പഞ്ചായത്തിലെ പമ്പുരിച്ചാൽ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ; വയനാട്ടിലെ അമ്പലവയലിൽ പച്ചക്കറി കൃഷി, പൂകൃഷി എന്നിവ പരിപോഷിപ്പിക്കുന്നതിന് സെന്റർ ഓഫ് എക്സലൻസ് (സി ഒ ഇ) സ്ഥാപിക്കൽ.

- അട്ടപ്പാടിയിൽ ഗോത്രവർഗക്കാർക്കുള്ള സമഗ്രവും സുസ്ഥിരവുമായ കാർഷിക വികസനം; കൃഷി വകുപ്പിൽ ഇ-ഗവേണൻസ് ശക്തിപ്പെടുത്തൽ.

### 6. മൃഗസംരക്ഷണ വകുപ്പ് (മേഖല: മൃഗസംരക്ഷണവും ക്ഷീര വികസനവും)

കേരള പുനർനിർമ്മാണ പദ്ധതി പ്രകാരം പ്രളയബാധിതരായ ആളുകൾക്ക് കന്നുകാലി അനുബന്ധ ഉപജീവന പ്രശ്ന പരിഹാരത്തിനായി മൃഗസംരക്ഷണ വകുപ്പ് നാല് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർകെഐ) പ്രകാരം നടപ്പാക്കുന്നതിന് 163.12 കോടി രൂപയുടെ 4 പ്രോജക്ടുകൾ വകുപ്പ് തിരഞ്ഞെടുത്തിട്ടുണ്ട്.

i. കേരള ചിക്കൻ- പ്രൊജക്റ്റ്

കുടുംബശ്രീ മിഷൻ, കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ (കെ എസ് പി ഡി സി ), മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എംപിഐ), കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി (കെവിഎസ്യു), തദ്ദേശ സ്വയംഭരണ വകുപ്പ്, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി (ബിഡിഎസ് ) എന്നിവരെ ഉൾക്കൊള്ളിച്ച് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ഒരു മൾട്ടി-സ്റ്റേക്ക്ഹോൾഡർ പദ്ധതിയാണിത്. ന്യായമായ വിലയ്ക്ക് ബ്രോയിലർ കോഴികുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കാനും വളർന്നുവരുന്ന ബ്രോയിലർ കർഷകർക്ക് സഹായം നൽകാനും ദുരിതാശ്വാസ നിധിയിലൂടെ ന്യായവും സുസ്ഥിരവുമായ മാർക്കറ്റ് വില സൃഷ്ടിക്കാനും ഘട്ടംഘട്ടമായി ബ്രോയിലർ വിപണിയിൽ 100 % വിപണി വിഹിതംനേടാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

ii. ഉപജീവന സഹായ പാക്കേജ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് മൃഗസംരക്ഷണ വകുപ്പ് ഉപജീവന സഹായ പാക്കേജിന് കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. 11 മേഖലകളിൽ ഉപജീവനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. കന്നുകാലി വളർത്തൽ, പശു വളർത്തൽ, ശുചിത്വമുള്ള കന്നുകാലി ഷെഡ് സ്ഥാപിക്കുന്നതിനുള്ള സഹായം, കന്നുകാലി തീറ്റ സബ്സിഡി, വാണിജ്യ ക്ഷീരകർഷകർക്കുള്ള യന്ത്രവൽക്കരണ പദ്ധതി, കാലിത്തീറ്റക്കായുള്ള പ്ലോട്ട് വികസനം, ആട് വളർത്തൽ, വീട്ടുമുറ്റത്തെ കോഴി വളർത്തൽ, പന്നി വളർത്തൽ, താറാവ് വളർത്തൽ, ശാസ്ത്രീയമായി കാളക്കുട്ടിയെ വളർത്തുന്നതിനുള്ള പദ്ധതി എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ.

iii. ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജിഐഎസ് ), റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസ് (ആർഎഫ്ഐഡി) എന്നീ സാങ്കേതിക വിദ്യകളുടെ പ്രയോഗം

മൃഗങ്ങളെ തിരിച്ചറിയുന്നതിനായി മൈക്രോചിപ്പ് ഉപയോഗിച്ച് ടാഗുചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ തിരിച്ചറിയുകയും ജിയോ മാപ്പിംഗ് നടത്തുകയും മൃഗങ്ങളുടെയും കൃഷിക്കാരുടെയും വിപുലമായ ഡാറ്റാ ബേസ് സൃഷ്ടിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

iv. പ്രാദേശിക അടിസ്ഥാനത്തിൽ മൊബൈൽ ടെലി-വെറ്റിനറി യൂണിറ്റ്

എറണാകുളം ജില്ലയിലും കണ്ണൂർ ജില്ലയിലുമായി രണ്ട് ടെലി-വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കൽ..

### 7. ഫിഷറീസ് വകുപ്പ് (മേഖല: മത്സ്യബന്ധനം / ഉപജീവനമാർഗങ്ങൾ)

ഉൾനാടൻ ജലാശയങ്ങളുടെ അപാരമായ വിഭവങ്ങളുള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്ത്, ഭൂമി അടിസ്ഥാനമാക്കിയുള്ള സാദ്ധ്യതകൾ പര്യവേക്ഷണം ചെയ്യുന്നതിനുപകരം, കൂട് കൃഷി അവലംബിക്കുക പോലുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള സ്വാഭാവിക മാർഗ്ഗമായിരിക്കും. ഇതനുസരിച്ച്, മൊത്തം 6.24 കോടി രൂപയുടെ 5 പദ്ധതികൾക്ക് ആർകെഐ ഭരണാനുമതി നൽകിയിട്ടുണ്ട്.

### 8. ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രോണിക്സ് & ഐടി (സെക്ടർ / ക്രോസ് കട്ടിംഗ് തീമുകൾ: ഓപ്പൺ ഡാറ്റയും ഡിആർഎമ്മും)

**i. മാപ്പത്തോൺ: കേരള സംസ്ഥാന ഐടി മിഷൻ.** കേരള പുനർനിർമ്മാണത്തിന് കീഴിൽ, വിവരസാങ്കേതിക വകുപ്പ് ഒരു മാപ്പത്തോൺ പ്രോജക്റ്റ് നടപ്പിലാക്കുന്നു. ഇത് കേരളത്തിന്റെ വിശദവും പ്രാദേശികവൽക്കരിച്ചതുമായ ഭൂപടത്തിന്റെ പങ്കാളിത്ത വികസനത്തിനായി ലക്ഷ്യമിടുന്നു. പൊതു ആസ്തി എളുപ്പത്തിൽ പ്രാപ്യമാക്കുന്ന ഓപ്പൺ സ്ട്രീറ്റ് മാപ്പ് പ്ലാറ്റ്ഫോമിലേക്ക് കേരളത്തിലെ പ്രാദേശിക ആസ്തികളെയും വിഭവങ്ങളെയും മാപ്പുചെയ്യുകയെന്ന ലക്ഷ്യത്തോടെയുള്ള മാപ്പത്തോൺ കേരള സ്പേഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ചറിന് (കെഎസ്ഡിഐ) കീഴിൽ അടിസ്ഥാന പ്രവർത്തനം രൂപീകരിക്കുന്നു. മാപ്പത്തോൺ വഴി സൃഷ്ടിക്കുകയും ലഭ്യമാക്കുകയും

ചെയ്ത മാപ്പുകൾ പിന്നീട് വിവിധ ഉറവിടങ്ങളിൽ നിന്നുള്ള ഡാറ്റാസെറ്റുകൾ ഉപയോഗിച്ച് സമ്പുഷ്ടമാക്കുകയും അത് സംസ്ഥാനത്തിന്റെ ദുരന്ത പ്രതിരോധം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും പരിപാടികളും കാര്യക്ഷമമായി ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനുമുള്ള ഒരു മാർഗ്ഗമാക്കി മാറ്റാവുന്നതുമാണ്. ഈ പദ്ധതിക്കായി 4.24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

### 9. പരിസ്ഥിതി വകുപ്പ് (മേഖല / ക്രോസ്–കട്ടിംഗ് തീം: പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും)

വാണിജ്യ / വാണിജ്യ സാധ്യതയുള്ള ജൈവ സ്രോതസ്സുകളുടെയും അവയുടെ സാമ്പത്തിക മൂല്യനിർണ്ണയത്തിന്റെയും ഡാറ്റാബേസ് വികസിപ്പിക്കൽ, നദീതീര ജൈവവൈവിധ്യം പുനരുജ്ജീവിപ്പിക്കൽ, കാർഷിക ജൈവവൈവിധ്യ സംരക്ഷണം എന്നിവ ഉൾപ്പെടുന്ന 5.00 കോടി രൂപയുടെ മൂന്ന് പദ്ധതികൾ നടപ്പാക്കാൻ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെഎസ്ബിബി) നിർദ്ദേശിച്ചിട്ടുണ്ട്.

### 10. ഊർജ്ജ വകുപ്പ് –കെ.എസ്.ഇ.ബി (സെക്ടർ / ക്രോസ് കട്ടിംഗ് തീം: ഡിസാസ്റ്റർ റെസിലൈൻസ് മാനേജ്മെന്റ്–ഡിആർഎം)

കുട്ടനാട് മേഖലയിലെ പ്രക്ഷേപണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കെഎസ്ഇബി ലിമിറ്റഡ് ആർകെഐക്ക് കീഴിലുള്ള കുട്ടനാട് ഫ്ലഡ് റീസൈലൻസ് പാക്കേജിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മൊത്തം 42.60 കോടി രൂപയാണ് പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്. കുട്ടനാട് പ്രദേശത്തും പരിസരത്തും വിതരണ ഭാഗത്ത് വോൾട്ടേജ് പ്രൊഫൈൽ മെച്ചപ്പെടുത്താൻ പദ്ധതി സഹായകമാകും.

### 11. റവന്യൂ, ദുരന്തനിവാരണ വകുപ്പ് (സെക്ടർ / ക്രോസ് കട്ടിംഗ് തീം: ഡിആർഎം)

#### നമ്മൾ നമുക്കായ് ക്യാമ്പയിൻ – കെഎസ്ഡിഎംഎ, കില & സി–ഡിറ്റ്

പ്രകൃതിദുരന്തങ്ങളോടും കാലാവസ്ഥാ വ്യതിയാനത്തോടുമുള്ള സംസ്ഥാനത്തിന്റെ പ്രതിരോധം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിക്കേണ്ട സമീപനത്തെ സ്വാധീനിക്കുന്ന പ്രധാന വിഷയങ്ങൾ സംബന്ധിച്ച് വിവിധ സ്ഥലങ്ങളിലെ , നിരവധി മേഖലകളിലെ ,വ്യത്യസ്ത തൊഴിൽ മേഖലകളിലെ ആളുകളിൽ നിന്ന് ഇൻപുട്ടുകളും ഉൾക്കാഴ്ചകളും ശേഖരിക്കുന്നതിനാണ് നമ്മൾ നമുക്കായ് ക്യാമ്പയിൻ ആവിഷ്കരിച്ചിട്ടുള്ളത്. പ്രാദേശിക തലത്തിലുള്ള ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വലിയ പ്രചാരണങ്ങൾ ഉൾപ്പെടെ ആളുകളുമായി നേരിട്ടും വെർച്വലും ആയുള്ള കൂടിയാലോചനകൾ നടത്താനാണ് പ്രൊജക്റ്റ് ഉദ്ദേശിക്കുന്നത്. കൂടിയാലോചനകളും ചർച്ചകളും ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്ന 5 വിഷയങ്ങൾ (I) ഭൂവിനിയോഗം – ഭൂവിനിയോഗം, കൃഷി, സെറ്റിൽമെന്റുകൾ, ഖനനം, സാധ്യതയുള്ള മേഖലകൾ എന്നിവ ഉൾപ്പെടുന്നത്, (II) ജല പരിപാലനം (III) പ്രാദേശിക ജന സമൂഹവും പുനഃസ്ഥാപനവും , (IV) വനം പരിപാലനം, (V) ഗതാഗതം, ആശയവിനിമയം, സാങ്കേതികവിദ്യ എന്നിവയാണ്. നമ്മൾ നമുക്കായ് കാമ്പെയ്ൻ നടത്തുന്നതിന് 7.30 കോടി രൂപ രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കേരള പുനർ നിർമ്മാണത്തിനായുള്ള സ്ഥിതിവിവരക്കണക്കുകളും ആശയങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുന്നതിനുള്ള ഒരു വേദിയായാണ് നമ്മൾ നമുക്കായ് വെബ് പോർട്ടൽ ആവിഷ്കരിച്ചിട്ടുള്ളത്.

- ജനുവരി 2020 ന് കൊച്ചിയിൽ വെച്ച് നടന്ന ബിസിനസ് കോൺക്ലേവ് അസെൻഡ് സമയത്ത് ബിസിനസ്സ് കമ്മ്യൂണിറ്റിയുമായി കൂടിയാലോചനകൾ സുഗമമാക്കി.
- 2020 ജനുവരിയിൽ കോഴിക്കോട് നടന്ന സ്റ്റുഡന്റ് ലീഡേഴ്സ് കോൺക്ലേവിൽ വിദ്യാർത്ഥികളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചു.
- സാങ്കേതിക വിദഗ്ധരിൽ നിന്നും / അല്ലെങ്കിൽ സാങ്കേതിക ഏജൻസികളിൽ നിന്നുള്ള ഉദ്യോഗസ്ഥരിൽ നിന്നും വിഷയ അധിഷ്ഠിത സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി 2020 ജനുവരിയിൽ രണ്ട് ദിവസത്തെ വർക്ക്ഷോപ്പ് നടത്തി.
- ഗ്രാമസഭയിൽ കൂടിയാലോചനകൾ നടത്തുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകി. ഇതിനനുസരിച്ച് ദുരന്ത നിവാരണ പദ്ധതികൾ ഗ്രാമസഭകൾ തയ്യാറാക്കിയിട്ടുണ്ട്.

### മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എംഐഎസ്) സ്ഥാപിക്കൽ

പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള മാനേജ്മെന്റിനും പ്രോജക്റ്റുകൾ നിരീക്ഷിക്കുന്നതിന് സുതാര്യമായ വർക്ക്ഫ്ലോ ഉറപ്പാക്കുന്നതിനും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എംഐഎസ് ) സ്ഥാപിച്ചിട്ടുണ്ട്. സിഎം പ്രോജക്റ്റ് മോണിറ്ററിംഗ്

സിസ്റ്റത്തിന് സമാനമായി ഓൺലൈൻ പ്രോജക്റ്റ് മോണിറ്ററിംഗ്, എംഐഎസ് ഡാഷ്ബോർഡ് എന്നിവയുടെ രൂപകൽപ്പന, വികസനം, നടപ്പാക്കൽ എന്നിവയ്ക്കായി ആർകെഐ ഐഐഐടിഎം–കെ യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രൊപ്പോസൽ മാനേജ്മെന്റ്, പ്രോജക്ട് നിർവചിക്കൽ, പ്രോജക്റ്റ് വികസിപ്പിക്കൽ, പ്രോജക്റ്റ് അലോക്കേഷൻ, പ്രോജക്ട് എംപ്ലോയി / ടീം മാനേജ്മെന്റ്, പ്രോജക്റ്റ് ട്രാക്കിംഗ്, ഫീൽഡ് ലെവൽ ഫിസിക്കൽ പ്രോഗ്രസ് മാപ്പിംഗ് (മൊബൈൽ ആപ്ലിക്കേഷനിലൂടെ), പ്രോജക്റ്റ് അലേർട്ടുകളും അറിയിപ്പുകളും, പ്രശ്നങ്ങൾ റിപ്പോർട്ടിംഗും പരാതികളും കൈകാര്യം ചെയ്യൽ, ഓർഗനൈസേഷണൽ കലണ്ടർ, എംഐഎസ് ഡാഷ്ബോർഡ് എന്നിവ നിർദ്ദിഷ്ട ഓൺലൈൻ പ്രോജക്റ്റ് മോണിറ്ററിംഗിന്റെയും എംഐഎസ് ഡാഷ്ബോർഡിന്റെയും ഉയർന്ന തലത്തിലുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടും.

## 11.7 കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)

കേരള സർക്കാർ സ്ഥാപിച്ച പ്രധാന ഫണ്ടിംഗ് വിഭാഗമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) 11.11.1999 ന് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്റ്റ് 1999 (2000 ലെ ആക്റ്റ് 4) പ്രകാരം നിലവിൽ വന്നു. കേരളത്തിലെ നിർണായക വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് തുക അനുവദിക്കുക എന്നതാണ് കിഫ്ബിയുടെ പ്രധാന ലക്ഷ്യം. ആഗസ്റ്റ്, 2016 ലെ ഭേദഗതി ഓർഡിനൻസിലൂടെ നിയമത്തിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി. വർദ്ധിച്ച സാദ്ധ്യതയും ഘടനയും നിലനിർത്തി കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ചലനാത്മകമായി ഫണ്ട് സമാഹരിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രധാന ഭൂമി ഏറ്റെടുക്കൽ ആവശ്യങ്ങളും ഇതിൽ ഉൾപ്പെടുന്നു. സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി), റിസർവ് ബാങ്ക് (ഇന്ത്യ) (ആർബിഐ) അംഗീകരിച്ച നൂതന ധനകാര്യ നിർദ്ദേശങ്ങൾ കിഫ്ബി അവലംബിക്കുകയും കേരളത്തിൽ സുസ്ഥിര അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുകയും ചെയ്യുന്നു.

### 2019–20 ലെ സാമ്പത്തിക പ്രവർത്തനങ്ങൾ

2019–20ൽ 11,741.65 കോടി രൂപയുടെ 147 പ്രോജക്റ്റുകൾക്ക് കിഫ്ബി അംഗീകാരം നൽകി. മാർച്ച് 31, 2020 വരെ കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ ആകെ വിഹിതം **പട്ടിക 11.7.1** –ൽ നൽകിയിരിക്കുന്നു.

### അടിസ്ഥാന സൗകര്യങ്ങൾ

മേഖല തിരിച്ചുള്ള അടിസ്ഥാന സൗകര്യ പദ്ധതികളുടെ എണ്ണം, അംഗീകരിച്ചവയുടെ മൊത്തം അംഗീകൃത ചെലവ് എന്നിവ **പട്ടിക 11.7.2** –ൽ നൽകിയിരിക്കുന്നു.

### വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ

അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് പുറമെ, വ്യവസായ അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾക്കും കിഫ്ബി അംഗീകാരം നൽകി. പദ്ധതികൾ വരുമാനമുണ്ടാക്കുന്നതായി കണക്കാക്കപ്പെടുന്നു, കൂടാതെ ലഭിക്കുന്ന വരുമാനം കിഫ്ബി നൽകുന്ന ഫണ്ട് തിരിച്ചടയ്ക്കാൻ ഉപയോഗിക്കും. വിശദാംശങ്ങൾ **പട്ടിക 11.7.3** –ൽ നൽകിയിരിക്കുന്നു.

കിഫ്ബി അംഗീകരിച്ച മേൽ പദ്ധതികൾ ഇപ്പോൾ ഭൂവിനിയോഗം, ടെൻഡർ ചെയ്യൽ, നിർമ്മാണം തുടങ്ങിയ വിവിധ ഘട്ടങ്ങളിലാണ്. ഈ വിഭാഗത്തിന് കീഴിലുള്ള മിക്ക പദ്ധതികളും പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു.

### പദ്ധതികൾ നടപ്പിലാക്കൽ, നിരീക്ഷിക്കൽ, പദ്ധതികൾക്കുള്ള വിതരണം

അടിസ്ഥാന സൗകര്യ പദ്ധതികളിലെ എല്ലാ ഘട്ടങ്ങളും കൈകാര്യം ചെയ്യുന്നതിന് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം, പ്രോജക്റ്റ് ആൻഡ് ഫിനാൻസ്

**പട്ടിക 11.7.1** കിഫ്ബി അംഗീകൃത പദ്ധതികൾ

| അംഗീകൃത പദ്ധതികൾ | എണ്ണം | തുക |
|---|---|---|
| അടിസ്ഥാന സൗകര്യ പദ്ധതികൾ | 675 | 35,028.59 |
| വ്യവസായിക അടിസ്ഥാനം/എൻഎച്ച്ഐ ഭൂമി ഏറ്റെടുക്കൽ | 4 | 19,362.63 |
| ആകെ | 679 | 54,391.22 |

*അവലംബം: കിഫ്ബി*

**പട്ടിക 11.7.2** കിഫ്ബി അംഗീകൃത പദ്ധതികളുടെ അവസ്ഥ – വകുപ്പ് തിരിച്ച്

| വകുപ്പ് | കിഫ്ബി അംഗീകൃത പദ്ധതികൾ | | കിഫ്ബി ടെൻഡർ ചെയ്ത പദ്ധതികൾ | | കിഫ്ബി ആരംഭിച്ച/ അവാർഡ് ചെയ്ത പദ്ധതികൾ | |
|---|---|---|---|---|---|---|
| | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | അംഗീകരിച്ച തുക (കോടിയിൽ) | ടെൻഡർ ചെയ്ത പദ്ധതി കളുടെ എണ്ണം | ടെൻഡർ ചെയ്ത തുക (കോടിയിൽ) | ആരംഭിച്ച/ ചെയ്ത പദ്ധതികളുടെ എണ്ണം | കരാർ തുക (കോടിയിൽ) |
| പി.ഡബ്ല്യൂ.ഡി | 327 | 14,699.78 | 129 | 4,579.35 | 116 | 3,702.82 |
| കൃഷി | 1 | 21.43 | | | | |
| ആയുഷ് | 1 | 69.05 | | | | |
| തീരദേശ ഷിപ്പിംഗും ഉൾനാടൻ ജല ഗതാഗതവും | 1 | 566.51 | | | | |
| സംസ്കാരം | 13 | 317.33 | 8 | 181.14 | 1 | 9.15 |
| ദേവസ്വം | 1 | 141.75 | 1 | 27.00 | 1 | 27.00 |
| മത്സ്യബന്ധന തുറമുഖങ്ങൾ | 17 | 373.65 | 3 | 159.31 | 2 | 39.94 |
| വനം | 4 | 451.68 | 4 | 277.07 | 4 | 140.72 |
| പൊതു വിദ്യാഭ്യാസം | 76 | 2,037.91 | 76 | 1,881.77 | 52 | 1,460.84 |
| ആരോഗ്യവും കുടുംബക്ഷേമവും | 26 | 2,265.56 | 18 | 1,016.83 | 13 | 653.38 |
| ഉന്നത വിദ്യാഭ്യാസം | 35 | 728.94 | 10 | 211.02 | 7 | 152.83 |
| ആഭ്യന്തരം | 1 | 50.14 | | | | |
| വിവര സാങ്കേതിക വിദ്യ | 3 | 1,412.86 | 3 | 1,718.12 | 3 | 1,704.99 |
| അധ്വാനവും നൈപുണ്യവും | 5 | 82.50 | | | | |
| തദ്ദേശ സ്വയം ഭരണം | 7 | 96.06 | | | | |
| ഊർജ്ജം | 15 | 5,200.00 | 13 | 1,639.53 | 9 | 1,453.79 |
| രജിസ്ട്രേഷൻ | 6 | 89.88 | 5 | 49.18 | 5 | 43.63 |
| റവന്യൂ | 2 | 32.62 | 2 | 27.17 | 1 | 8.38 |
| പട്ടികജാതി / പട്ടികവർഗ്ഗ വികസനം | 10 | 183.14 | 6 | 108.43 | 4 | 72.54 |
| കായിക, യുവജനകാര്യങ്ങൾ | 36 | 748.11 | 24 | 375.79 | 21 | 279.67 |
| ടൂറിസം | 5 | 149.99 | 2 | 7.91 | 2 | 5.00 |
| ഗതാഗതം | 3 | 556.49 | 2 | 44.96 | 2 | 46.69 |
| ജലവിഭവങ്ങൾ | 80 | 4,753.21 | 41 | 1,311.50 | 26 | 780.41 |
| ആകെ | 675 | 35,028.59 | 347 | 13,616.09 | 269 | 10,581.78 |

*അവലംബം: കിഫ്ബി*

**പട്ടിക 11.7.3** വ്യാവസായിക അടിസ്ഥാന സൗകര്യ/എൻഎച്ച് എ ഐ ഭൂമി ഏറ്റെടുക്കൽ വിഭാഗത്തിന് കീഴിലെ പദ്ധതികൾ

| ഭൂമി ഏറ്റെടുക്കൽ വിഭാഗം | നമ്പർ | തുക (കോടിയിൽ) |
|---|---|---|
| പിഡബ്ലിയുഡി–എൻഎച്ച്എഐ | 1 | 5,374.00 |
| വ്യവസായ പാർക്കുകൾ | 3 | 13,988.63 |
| ആകെ | 4 | 19,362.63 |

*അവലംബം: കിഫ്ബി*

മാനേജ്മെന്റ് സിസ്റ്റം (പിഎഫ്എംഎസ്), കിഫ്ബി അവതരിപ്പിച്ചു. ഇതിലൂടെ പദ്ധതികളുടെ നടപ്പാക്കൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ള പ്രത്യേക സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് (എസ്പിവി) ജോലിയുടെ എല്ലാ ഘട്ടങ്ങളിലും കിഫ്ബിയുമായി ബന്ധപ്പെടുവാൻ സാധിക്കും. എസ്പിവികൾക്ക് പദ്ധതികളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പിഎഫ്എംഎസ് പ്ലാറ്റ്ഫോം വഴി തന്നെ അപ്‌ലോഡ് ചെയ്യാൻ കഴിയും, മാത്രമല്ല അതിന് ആവശ്യമായ എല്ലാ അംഗീകാരങ്ങളും ഓൺലൈനായി തന്നെ നൽകുന്നു.

എസ്പിവികൾക്ക് കരാറുകാർ സമർപ്പിച്ച ബില്ലുകൾ പിഎഫ്എംഎസ് പ്ലാറ്റ്ഫോം വഴി തന്നെ അപ്‌ലോഡ് ചെയ്യാൻ കഴിയും, അതിൽ ബിൽ ഫയലുകൾ തയ്യാറാക്കുന്നതിന് ഒരു കൃത്യമായ വർക്ക്ഫ്ലോ സ്ഥാപിച്ചു. കരാറുകാർക്ക് നൽകേണ്ട തുക അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് നിക്ഷേപിക്കുന്നു. സുഗമമായ പണ ഇടപാട് ഉറപ്പാക്കുന്നതിന്, എസ്പിവി ആവശ്യപ്പെട്ടാലുടൻ കരാറുകാരന്റെ മൊത്തം തുകയുടെ 75 ശതമാനം ഉടൻ നൽകാൻ കിഫ്ബി ബോർഡ് അനുമതി നൽകി. ഒരു ഓൺലൈൻ പ്ലാറ്റ്ഫോം ആയ "പ്രോജക്റ്റ് മോണിറ്ററിംഗ് ആൻഡ് അലേർട്ട് സിസ്റ്റം (പിഎംഎഎസ്)" കൂടി കിഫ്ബി അവതരിപ്പിച്ചു, ഇതിലൂടെ ഓരോ പദ്ധതികളുടെയും ഭൗതിക പുരോഗതി എസ്പിവികൾ അപ്‌ലോഡ് ചെയ്യേണ്ടത് ആവശ്യമാണ്. ഈ പ്ലാറ്റ്ഫോം ഓരോ പദ്ധതിയുടെയും പുരോഗതി നിരീക്ഷിക്കുന്നതിന് കിഫ്ബി, എസ്പിവികൾ, വകുപ്പുകൾ എന്നിവയെ പ്രാപ്തമാക്കുകയും, ആവശ്യമെങ്കിൽ നിർവ്വഹണ തലത്തിൽ സമയബന്ധിതമായി ഇടപെടാൻ സഹായിക്കുകയും ചെയ്യുന്നു. പദ്ധതി ബില്ലുകൾ തയ്യാറാക്കുന്നതിന് പിഎംഎഎസ് അപ്ഡേറ്റ് നിർബന്ധമാക്കി. കിഫ്ബി ബിൽ നിരീക്ഷണ സംവിധാനത്തിലൂടെ കരാറുകാർക്ക് തത്സമയം അവരുടെ ബിൽ നടപടിക്രമം മനസ്സിലാക്കുവാൻ സാധിക്കും.

കാര്യനിർവ്വാഹക വിഭാഗവും സാങ്കേതിക പരിശോധനാ വിഭാഗവും അത്യാധുനിക ഗുണനിലവാര പരിശോധന ഉപകരണങ്ങളുടെ സഹായത്തോടെ ആനുകാലിക പരിശോധന നടത്തുകയും ആവശ്യമെങ്കിൽ പദ്ധതി നടത്തിപ്പിൽ ഇടപെടുകയും ചെയ്യുന്നു.

2019–20 കാലയളവിൽ വിവിധ പദ്ധതികൾക്കായി 3,502.50 കോടി രൂപ കിഫ്ബി വിതരണം ചെയ്തു. വകുപ്പ് തിരിച്ചുള്ള പദ്ധതി വിതരണ വിശദാംശങ്ങൾ

**പട്ടിക 11.7.4** വകുപ്പ് തിരിച്ചുള്ള പദ്ധതി വിതരണ വിശദാംശങ്ങൾ

| വകുപ്പ് | വിതരണം<br>2019–20 സാമ്പത്തിക വർഷം | മൊത്തത്തിലുള്ള വിതരണം<br>(31.03.2020 വരെ) |
|---|---|---|
| | | (രൂപ കോടിയിൽ) |
| കൃഷി | 1.13 | 1.13 |
| സാംസ്കാരിക കാര്യങ്ങൾ | 0.50 | 0.50 |
| വനം | 23.99 | 35.32 |
| ഫിഷറീസ് | 0.71 | 0.71 |
| പൊതു വിദ്യാഭ്യാസം | 528.01 | 887.42 |
| ഉന്നത വിദ്യാഭ്യാസം | 7.72 | 7.72 |
| ആരോഗ്യവും കുടുംബക്ഷേമവും | 109.67 | 189.71 |
| വ്യവസായങ്ങൾ | 980.47 | 1281.64 |
| വിവര സാങ്കേതിക വിദ്യ | 82.29 | 113.24 |
| ഊർജ്ജം | 262.46 | 303.53 |
| പൊതുമരാമത്ത് | 1160.24 | 1514.11 |
| രജിസ്ട്രേഷൻ | 10.89 | 10.89 |
| പട്ടികജാതി | 25.49 | 26.23 |
| കായിക, യുവജനകാര്യങ്ങൾ | 48.67 | 53.33 |
| ഗതാഗതം | 2.02 | 2.02 |
| ടൂറിസം | 0.99 | 0.99 |
| ജലവിഭവങ്ങൾ | 257.27 | 585.70 |
| ആകെ | 3,502.50 | 5,014.17 |

*അവലംബം: കിഫ്ബി*

**പട്ടിക 11.7.4 –ൽ നൽകിയിരിക്കുന്നു.**

### ഫണ്ട് സമാഹരണ പ്രവർത്തനങ്ങൾ

വിവിധ സ്രോതസ്സുകളിലൂടെ അടിസ്ഥാന സൗകര്യ പദ്ധതികൾക്കായി സമാഹരിക്കാൻ ഉദ്ദേശിക്കുന്ന തുകയാണ് കിഫ്ബിയുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. ടേം ലോണുകൾ, ആഭ്യന്തര ബോണ്ട്, ഓഫ്ഷോർ ബോണ്ട്, പ്രവാസി ചിട്ടി സ്കീമുമായി ബന്ധപ്പെട്ട് കെഎസ്എഫ്ഇയ്ക്ക് നൽകിയ ബോണ്ടുകൾ, പ്രവാസി സമൂഹത്തിനായി ഡിവിഡന്റ് സ്കീമുമായി ബന്ധപ്പെട്ട് നോർക്ക വെൽഫെയർ ബോർഡിൽ (എൻഒആർകെഡബ്ലിയുബി ) നിന്നുള്ള വായ്പ തുടങ്ങിയവ ഉൾപ്പെടുന്നു.

മാർച്ച് 31, 2020 ലെ കണക്കനുസരിച്ച് വിവിധ പൊതുമേഖലാ ബാങ്കുകളിൽ നിന്നും ടേം ലോണുകളിലൂടെ 3,015.0 കോടി രൂപ കിഫ്ബി സമാഹരിച്ചു. ഇതിനുപുറമെ, കെ.എസ്.എഫ്.ഇ ലിമിറ്റഡിന് നൽകിയ എക്സ്ക്ലൂസീവ് ബോണ്ടുകളിലൂടെ 115.08 കോടി രൂപയും സമാഹരിച്ചു. 2019 ഡിസംബറിൽ അവതരിപ്പിച്ച നോർക്ക വെൽഫെയർ ബോർഡ് ഡിവിഡന്റ് പദ്ധതിക്ക് എൻആർഐ പ്രവാസികളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചത്, വെറും നാല് മാസത്തിനുള്ളിൽ 56.58 കോടി രൂപ ഈ മാർഗ്ഗത്തിലൂടെ സമാഹരിച്ചു. ലോകമെമ്പാടുമുള്ള പകർച്ചവ്യാധികൾക്കിടയിലും വിവിധ പദ്ധതികളിലൂടെ എൻആർഐ വിഭാഗങ്ങൾക്ക് ആവശ്യമായ ഫണ്ട് സമാഹരണം സ്ഥിര വളർച്ച കാണിച്ചു.

2019–20 –ൽ രണ്ട് അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികളായ എസ് ആൻഡ് പി റേറ്റിംഗ്സ്, ഫിച്ച് റേറ്റിംഗ്സ് ക്രെഡിറ്റ് എന്നിവ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡിനെയും അതിന്റെ ഗ്യാരണ്ടറായ കേരളത്തെയും ക്രെഡിറ്റ് റേറ്റ് ചെയ്തു. 2019 ൽ, രണ്ട് ഏജൻസികളും കിഫ്ബിയുടെ സ്ഥിര പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ റേറ്റിംഗിനെ ദീർഘകാലത്തേക്ക് 'ബിബി' എന്നും ഹ്രസ്വകാലത്തേക്ക് 'ബി' എന്നും വിലിയിരുത്തി. അടിസ്ഥാന സൗകര്യ ധനസഹായം പ്രോത്സാഹിപ്പിക്കുന്നതിന് കേരള സർക്കാർ നയ ഉപകരണമെന്ന നിലയിൽ കിഫ്ബിയുടെ തന്ത്രപരമായ പങ്ക് ഇടക്കാലയളവിലും നിലനിർത്തുമെന്ന ഏജൻസികളുടെ പ്രതീക്ഷയിലാണ് സ്ഥിരപ്രകടനം വിലയിരുത്തിയത്. കിഫ്ബിയെക്കുറിച്ചുള്ള സുസ്ഥിര വീക്ഷണം കേരള സർക്കാരിന്റെ കാഴ്ചപ്പാടിനെ പ്രതിഫലിപ്പിച്ചു. കിഫ്ബിയുടെ റേറ്റിംഗുകളും കാഴ്ചപ്പാടുകളും കേരള സർക്കാരിനെക്കുറിച്ചുള്ള റേറ്റിംഗുമായി യോജിക്കുന്നു.

കിഫ്ബിയുടെ മസാല ബോണ്ടിന്റെ വിജയകരമായ വിളംബരം മെയ് 17, 2019 ന് ലണ്ടൻ പറ്റെർനോസ്റ്റർ സ്ക്വയറിൽ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് (എൽഎസ്ഇ) സ്ഥിതിചെയ്യുന്ന മാർക്കറ്റ് ഓപ്പണിംഗ് ചടങ്ങിലൂടെ അനുസ്മരിച്ചു. മുഖ്യമന്ത്രി (കിഫ്ബി ചെയർപേഴ്സൺ) ഉദ്ഘാടന ഫലകം പീഠത്തിൽ സ്ഥാപിച്ചതോടെ, യുകെയിലെ സാമ്പത്തിക വിപണികൾ ബിസിനസ്സിനായി തുറന്നു. ചരിത്രപരമായ ഈ അവസരത്തിന് ബഹു. ധനമന്ത്രി (കിഫ്ബി വൈസ് ചെയർപേഴ്സൺ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സാക്ഷ്യം വഹിച്ചു. 2,150.0 കോടി രൂപയുടെ മസാല ബോണ്ടുകളുടെ വിപണനം പ്രതിവർഷം 9.72 ശതമാനമായി അവസാനിപ്പിച്ച് ഓഫ്ഷോർ ഡെറ്റ് മാർക്കറ്റിൽ പ്രവേശിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാന സർക്കാർ ഏജൻസിയാണ് കിഫ്ബി. ഇന്ത്യയിൽ നിന്നുള്ള ഏതൊരു പൊതുമേഖലാ കമ്പനിയും മസാല വിപണിയിൽ നടത്തിയ രണ്ടാമത്തെ വലിയ സമാഹരണമാണ് കിഫ്ബി സമാഹരിച്ച തുക, മസാല ബോണ്ടുകളുടെ ചരിത്രത്തിൽ ഏതൊരു ഇന്ത്യൻ സ്ഥാപനവും 2016 ൽ ആർബിഐ അംഗീകരിച്ചതിനുശേഷം നടത്തിയ മൂന്നാമത്തെ വലിയ മസാല വിപണമാണ് ഇത്.

കെഐഎഫ് നിയമത്തിലെ വ്യവസ്ഥ അനുസരിച്ച്, സംസ്ഥാന സർക്കാരിൽ നിന്ന് ലഭിക്കേണ്ട എല്ലാ വരുമാനവും എല്ലാ വർഷവും ഡിസംബർ അവസാന പ്രവൃത്തി ദിവസത്തിലോ അതിനു മുമ്പോ കിഫ്ബിയിലേക്ക് മാറ്റുന്നു, കൂടാതെ മോട്ടോർ വാഹന നികുതി വരുമാനവും ("മോട്ടോർ വെഹിക്കിൾ ടാക്സ്") 1963 ലെ കേരള ജനറൽ സെയിൽസ് ടാക്സ് ആക്റ്റ് ("സെസ് ") പ്രകാരം പെട്രോളിയം ഉൽപന്നങ്ങൾ ഓരോ വർഷവും കിഫ്ബിക്ക് സെസ്സും നൽകുന്നു. ഈ രീതിയിൽ, 2019–20 കാലയളവിൽ, കിഫ്ബിക്ക് സർക്കാരിൽ നിന്ന് 2,200.0 കോടി രൂപ ലഭിച്ചു, അതിൽ വാഹന നികുതി വരുമാന വിഹിതം 1,650.0 കോടി രൂപയും പെട്രോളിയം സെസ് വിഹിതം 550.0 കോടി രൂപയുമാണ്.

### കോവിഡ് –19 മഹാമാരി കാലഘട്ടത്ത് കിഫ്ബിയുടെ പ്രവർത്തനങ്ങൾ

കോവിഡ്–19 മഹാമാരി കാലഘട്ടത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺ നിയന്ത്രണം കിഫ്ബിയുടെ പദ്ധതികളെയും പ്രവർത്തനങ്ങളെയും ബാധിച്ചുവെങ്കിലും, അത് വളരെ വേഗത്തിൽ സാധാരണ നിലയിലേക്ക് മടങ്ങി. ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ് ലഭിക്കുന്നതോടെ 2–3 മാസത്തിനുള്ളിൽ നിലവിലുള്ള മിക്ക പദ്ധതികളുടെയും പ്രവർത്തനം പുനരാരംഭിക്കാൻ സാധിക്കും. പദ്ധതി വിലയിരുത്തൽ, അവലോകന യോഗങ്ങൾ, ബിൽ തയ്യാറാക്കൽ എന്നിവ പോലുള്ള മിക്ക പ്രവർത്തനങ്ങളും സമർപ്പിത ഓൺലൈൻ സംവിധാനങ്ങളിലൂടെ നടത്തിയതുകൊണ്ട്, കിഫ്ബിയുടെ ഓൺലൈൻ

സംവിധാനങ്ങൾ ലോക്ക്ഡൗൺണിന്റെ ആഘാതം കുറയ്ക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു. ഏപ്രിൽ 2020 മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ 3,052.15 രൂപയുടെ 56 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകി. ഏപ്രിൽ 2020 മുതൽ ഒക്ടോബർ വരെ 1,334.57 കോടി രൂപ പദ്ധതികൾക്കായി കിഫ്ബി അനുവദിച്ചു. മഹാമാരി കാലയളവിൽ സംസ്ഥാനത്തിന്റെ മൂലധന നിക്ഷേപ മേഖലയിൽ കിഫ്ബി ഒരു പ്രധാന പങ്ക് വഹിച്ചിരുന്നു.

## 11.8 കാസറഗോഡ് വികസന പാക്കേജ്

### കാസറഗോഡ് വികസന പാക്കേജ്

കാസറഗോഡ് ജില്ലയ്ക്കായി ഒരു സംയോജിത വികസന പദ്ധതി തയ്യാറാക്കാൻ സർക്കാർ ഡോ.പി.പ്രഭാകരൻ കമ്മീഷനെ നിയോഗിച്ചിരുന്നു. ജില്ലയിലെ പിന്നോക്ക മേഖലകളെയും പ്രദേശങ്ങളെയും കണ്ടെത്തി കാസറഗോഡിന്റെ സമഗ്ര വികസനത്തിനായി ഒരു പാക്കേജ് കമ്മീഷൻ നിർദ്ദേശിച്ചു. വിവിധ മേഖലകൾ ഉൾക്കൊള്ളുന്ന 11,123.07 കോടി രൂപയുടെ പ്രവൃത്തികളാണ് പാക്കേജിൽ വിഭാവനം ചെയ്യുന്നത്. ഇതിൽ 2,524.56 കോടി രൂപയാണ് കേരള സർക്കാരിന്റെ പദ്ധതി വിഹിതം, 756.19 കോടി രൂപ ഇന്ത്യാ ഗവൺമെന്റിന്റെ വിഹിതവും, 533.00 കോടി രൂപ മറ്റ് ഏജൻസികൾ വഴിയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഹിതമായി 7264.16 കോടി രൂപയും മറ്റ് സ്രോതസ്സുകളിൽ നിന്ന് 35.16 കോടി രൂപയുമാണ് ആകെ പദ്ധതി അടങ്കൽ.

കാസറഗോഡ് വികസന പാക്കേജിൽ പരാമർശിച്ച പദ്ധതികൾ 2013-14 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി തുടങ്ങുകയും 2020-21 വരെ പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന ബജറ്റിൽ നിന്നും 62,363.00 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. 2013-14 മുതൽ 2020 സെപ്റ്റംബർ 30 വരെ 61,793.03 ലക്ഷം രൂപ 420 പ്രോജക്ടുകൾക്കായി അനുവദിച്ചു. ഇതിൽ 222 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും 188 പ്രോജക്ടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലും ആണ്.

വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും കൃഷിക്കായി ജലസേചനത്തിനും ജലസംരക്ഷണത്തിനും ഊന്നൽ നൽകുകയും, കാർഷിക സംസ്കാരത്തെക്കുറിച്ചുള്ള പഠനത്തിന് 'തുരുമ്പ് കേന്ദ്രം' തുടങ്ങിയവയാണ് കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും ഏറ്റെടുത്ത് പൂർത്തിയാക്കിയ പ്രധാന പദ്ധതികൾ. കാർഷിക മേഖലയിലെ പദ്ധതികൾക്കായി ആകെ അടങ്കൽ 7158.76 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചു. വിദ്യാഭ്യാസ മേഖലയിൽ സ്കൂളുകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാധാന്യം നൽകി 4790.21 ലക്ഷം രൂപ വകയിരുത്തി. ആരോഗ്യമേഖലയിൽ കാസറഗോഡ് മെഡിക്കൽ കോളേജ് നിർമ്മാണം, അനുബന്ധ അടിസ്ഥാന സൗകര്യ വികസനം, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ 'ആർദ്രം' നിലവാരത്തിലേക്ക് ഉയർത്തുക, ആശുപത്രികളിലെ മലിനജല ശുദ്ധീകരണ

**പട്ടിക 11.8.1** കാസറഗോഡ് വികസന പാക്കേജ് സാമ്പത്തിക പുരോഗതി (30.09.2020 വരെ)

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ഭരണാനുമതി തുക | ചെലവ് |
|---|---|---|---|
| 2013-14 | 2500.00 | 2790.67 | 2309.55 |
| 2014-15 | 7500.00 | 9332.94 | 5167.40 |
| 2015-16 | 8500.00 | 9751.49 | 4676.00 |
| 2016-17 | 8798.00 | 14299.84 | 5123.96 |
| 2017-18 | 9000.00 | 7629.72 | 2053.07 |
| 2018-19 | 9500.00 | 7882.00 | 275.27 |
| 2019-20 | 9065.00 | 8958.70 | 2102.91 |
| 2020-21 | 7500.00 | 1147.45 | 3373.95 |
| Total | **62363.00** | **61793.03** | **25081.62** |

**പട്ടിക 11.8.2** കാസറഗോഡ് വികസന പാക്കേജ് ഭൗതീക പുരോഗതി (30.09.2020 വരെ)

| സാമ്പത്തിക വർഷം | പദ്ധതികൾ അനുവദിച്ചത് | പദ്ധതികൾ പൂർത്തിയാക്കിയത് | നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ |
|---|---|---|---|
| 2013–14 | 28 | 28 | 0 |
| 2014–15 | 25 | 20 | 5 |
| 2015–16 | 80 | 70 | 10 |
| 2016–17 | 81 | 62 | 19 |
| 2017–18 | 64 | 37 | 27 |
| 2018–19 | 82 | 4 | 78 |
| 2019–20 | 50 | 1 | 49 |
| **ആകെ** | **410** | **222** | **188** |

പ്ലാന്റ്, ആശുപത്രി ലാബുകളുടെ നവീകരണം തുടങ്ങിയ പദ്ധതികൾക്കായി മൊത്തം 9944.17 ലക്ഷം രൂപ ചെലവഴിച്ചു.

5 കോടി രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള പദ്ധതികൾക്ക് ഭരണ അനുമതി കാസറഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി നൽകുന്നതിനായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ 16 അംഗ ജില്ലാതല സമിതി സർക്കാർ രൂപീകരിച്ചു. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഏകോപനത്തോടെ സംസ്ഥാനതല ഉന്നതാധികാര സമിതി (എസ്എൽ ഇ സി) കാസറഗോഡ് വികസന പാക്കേജിന് കീഴിലുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി നിരന്തരം അവലോകനം ചെയ്യുന്നു. കാസറഗോഡ് പാക്കേജിന്റെ സാമ്പത്തിക പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 11.8.1–ൽ നൽകിയിരിക്കുന്നു. പദ്ധതിയുടെ ഭൗതിക പുരോഗതി സംബന്ധിച്ച വിവരങ്ങൾ പട്ടിക 11.8.2–ൽ നൽകിയിരിക്കുന്നു.

അദ്ധ്യായം

# 12

# പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും

അദ്ധ്യായം

12

# പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും

ജനങ്ങളുടെ യാഥാർത്ഥ ആവശ്യങ്ങളും അവ നിറവേറ്റുന്നതിന് സർക്കാർ നീക്കിവയ്ക്കുന്ന വിഹിതത്തിന്റെ വിനിയോഗവും തമ്മിൽ വളരെ ഉൾച്ചേർന്ന പ്രവർത്തനമാണ് വികേന്ദ്രീകൃതാസൂത്രണം നൽകുന്നത്. അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുന്നതിന് "താഴെത്തട്ടിൽ നിന്നുള്ള ആസൂത്രണവും" സാഹചര്യം ആവശ്യപ്പെടുന്ന വിധത്തിലുള്ള വിഭവ വകയിരുത്തലും മികച്ച ഫലങ്ങൾ നൽകുന്നു. പ്രാദേശിക സമൂഹത്തിന് ലഭിക്കുന്ന അടിസ്ഥാന സേവനങ്ങളുടെ ഗുണനിലവാരം സാമൂഹിക നിയന്ത്രണത്തിന്റെയും മേൽനോട്ടത്തിന്റെയും നേർഅനുപാതത്തിൽ ആയിരിക്കും. പ്രാദേശിക സർക്കാരുകളുടെ നിരന്തര മേൽനോട്ടം ഉള്ളതുകൊണ്ട് തന്നെ സേവനദാതാക്കളുടെ സമൂഹത്തോടുള്ള ഉത്തരവാദിത്ത്വവും അനുകൂല പ്രതികരണവും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായിക്കും. ഇന്ത്യയുടെ വൈവിധ്യമാർന്നതും വിവിധ വിഭാഗങ്ങൾ ഉൾക്കൊള്ളുന്നതുമായ സാമൂഹിക ഘടനയിൽ ദുർബല ജനതയുടെ അവകാശങ്ങൾ ഉറപ്പാക്കാനുള്ള ഏറ്റവും മികച്ച ഉപാധി തന്നെയാണ് വികേന്ദ്രീകരണം. ജനങ്ങൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ചും നടപടിക്രമങ്ങളെകുറിച്ചും പ്രാദേശികസർക്കാരുകളുടെ ഉത്തരവദിത്ത്വത്തെക്കുറിച്ചും വലിയ തോതിൽ ബോധവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്. ("'ഇന്ത്യയിലെ വികേന്ദ്രീകരണം - വെല്ലുവിളികളും അവസരങ്ങളും"' – യു.എൻ.ഡി.പി)

രാജ്യത്ത് തന്നെ ഒരു പക്ഷേ സമാനതകളില്ലാത്ത അനുഭവ ചരിത്രമാണ് "ജനകീയാസൂത്രണം" എന്ന പേരിൽ അറിയപ്പെടുന്ന കേരളത്തിലെ വികേന്ദ്രീകരണത്തിനുള്ളത്. അധികാരങ്ങളും ചുമതലകളും സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകൾക്ക് ഒരുമിച്ച് കൈമാറുക വഴി പ്രാദേശികാസൂത്രണത്തിലും വികസനത്തിലും താഴെതട്ടിൽ ജനപങ്കാളിത്തത്തോടെയുള്ള ഇടപെടലുകൾ സാധ്യമാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം.

പദ്ധതി വിഭവങ്ങൾ സുതാര്യവും വിവേചനമില്ലാതെയും മാനദണ്ഡങ്ങളിൽ അധിഷ്ഠിതമായും തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നു എന്നതാണ് സംസ്ഥാനത്തിന്റെ വികേന്ദ്രീകരണത്തിന്റെ മുഖമുദ്ര. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം (25ശതമാനം) പ്രാദേശിക തലത്തിൽ പ്രോജക്ട്ടുകൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനായി പ്രാദേശിക സർക്കാരുകൾക്ക് നൽകുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനം തുക പരമ്പരാഗത ചുമതലകൾ നിറവേറ്റുന്നതിന് ജനറൽ പർപ്പസ് ഫണ്ടായും 6 ശതമാനം തുക വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയത് ഉൾപ്പെടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ പരിപാലനത്തിന് മെയിന്റനെൻസ് ഫണ്ടായും വർഷാ വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ട്.

സർക്കാർ പുറപ്പെടുവിപ്പിക്കുന്ന പൊതു മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി മുൻഗണനാടിസ്ഥാനത്തിൽ വികസന പദ്ധതികൾക്ക് രൂപം നൽകുന്നതിനും അവ നടപ്പിലാക്കുന്നതിനുമുള്ള സ്വാതന്ത്ര്യം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വികസനം സാധ്യമായിട്ടുണ്ട് എന്നതിനപ്പുറം അതിന്റെ ഗുണനിലവാരത്തിലും ഫലപ്രാപ്തിയിലും എല്ലാവരെയും ഉൾച്ചേർക്കുന്നതിലും വികേന്ദ്രീകൃതാസൂത്രണം വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നത് പൊതുവെ അംഗീകരിക്കപ്പെട്ട ഒരു വസ്തുതയാണ്.

സംസ്ഥാനത്ത് ഒൻപതാം പഞ്ചവത്സര പദ്ധതി കാലത്താണ് ജനകീയാസൂത്രണത്തിന് തുടക്കമിട്ടതെങ്കിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് അത് രണ്ടാം ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. തദ്ദേശ ഭരണ

സ്ഥാപനങ്ങളുടെ നിർണ്ണായക പങ്ക് തിരിച്ചറിഞ്ഞ് ഉയർന്ന സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന് ഉതകുന്ന തരത്തിൽ ജനകീയാസൂത്രണം കൂടുതൽ ആഴത്തിലാക്കുക എന്ന തന്ത്രമാണ് പതിമൂന്നാം പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. സംസ്ഥാന സർക്കാർ പതിമൂന്നാം പദ്ധതിക്കാലത്തേക്ക് മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടിയെടുക്കാനും പ്രാദേശിക സർക്കാരുകളെ ശാക്തീകരിക്കാനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേകമായ ഊന്നൽ നൽകുന്നുണ്ട്.

പതിമൂന്നാം പദ്ധതിയുടെ ആദ്യ നാല് വർഷം മുൻപൊരിക്കലുമില്ലാത്തവിധം പ്രാദേശിക സർക്കാരുകളുടെ പങ്കും വ്യാപ്തിയും വർദ്ധിച്ചിട്ടുണ്ട് എന്നതിന്റെ തെളിവാണ് ഇക്കാലയളവിൽ അവരിൽ നിന്നുണ്ടായ പ്രവർത്തനങ്ങൾ കാണിച്ച് തരുന്നത്. തങ്ങളിൽ നിക്ഷിപ്തമായ ചുമതലകളും ഉത്തരവാദിത്വങ്ങളും മികച്ച രീതിയിലും ഫലപ്രദമായും നടപ്പിലാക്കാനായി അവർ നടത്തിയ ശ്രമങ്ങളിലൂടെ അത് മനസ്സിലാക്കാം. സമയബന്ധിതമായ പദ്ധതി രൂപീകരണം, പദ്ധതിയെ ബഡ്ജറ്റുമായി സമന്വയിപ്പിക്കൽ, സമയബന്ധിതമായ പദ്ധതി നിർവഹണവും ഫണ്ടുകളുടെ വിനിയോഗവും, നൂതന പദ്ധതികളുടെ രൂപീകരണം, ഉൽപാദന മേഖലയിൽ കൂടുതൽ ഫണ്ട് ലഭ്യമാക്കൽ, ജില്ലാ പദ്ധതി തയ്യാറാക്കലും ജില്ലയെ മൊത്തത്തിൽ കണ്ടുകൊണ്ടുള്ള പദ്ധതി രൂപീകരണവും, പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കാര്യക്ഷമമായ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ, കോവിഡ്-19 മഹാമാരിയെ നിയന്ത്രിക്കുന്നതിൽ വഹിച്ച മുഖ്യ പങ്ക് തുടങ്ങിയ നിരവധി കാര്യങ്ങളിൽ ഇത് പ്രകടമാണ്.

### പതിമൂന്നാം പദ്ധതിയിൽ വരുത്തിയ നയപരമായ മാറ്റങ്ങളും പുതിയ ഉദ്യമങ്ങളും

ജനകീയാസൂത്രണരംഗത്ത് രണ്ടര പതിറ്റാണ്ട് കാലത്തെ പരിചയമാണ് കേരളത്തിനുള്ളത്. ജനകീയാസൂത്രണം സംബന്ധിച്ച് നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. ഈ പഠനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ വികേന്ദ്രീകൃത ജനാധിപത്യ ഭരണ വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പതിമൂന്നാം പദ്ധതിയിൽ ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടവ ചുവടെ കൊടുക്കുന്നു.

#### a) പദ്ധതി മാർഗ്ഗരേഖയുടെ പരിഷ്കരണവും സമയബന്ധിത പ്രാദേശിക പദ്ധതി രൂപീകരണവും.

പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷം തന്നെ തദ്ദേശ സർക്കാരുകൾ പ്രാദേശിക പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള മാർഗ്ഗരേഖയിൽ വലിയ മാറ്റങ്ങൾ വരുത്തുകയുണ്ടായി. കാലതാമസം ഒഴിവാക്കുന്നതിന് ഉതകുന്ന തരത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുക എന്നതായിരുന്നു പുതിയ മാർഗ്ഗരേഖയുടെ സുപ്രധാനമായ ലക്ഷ്യം. മുൻകാലങ്ങളിൽ, പദ്ധതി രൂപീകരണത്തിലെ സങ്കീർണ്ണമായ നടപടിക്രമങ്ങൾ കാരണം പദ്ധതി രൂപീകരണത്തിനും അംഗീകാരത്തിനും പദ്ധതി നിർവഹണത്തേക്കാൾ കൂടുതൽ സമയമെടുക്കുമായിരുന്നു. അതിനാൽ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധിതരാവുകയും ഇത് മാർച്ച് മാസത്തിലേക്ക് പേയ്മെന്റുകൾ കുമിഞ്ഞുകൂടാനും കാരണമായിരുന്നു.

ആസൂത്രണ നടപടിക്രമങ്ങൾ ലളിതമാക്കിയതും ആസൂത്രണ ഘട്ടങ്ങൾ യുക്തിസഹമാക്കിയതും പദ്ധതി സമർപ്പണം നേരത്തേയാക്കുന്നതിന് കാരണമായി. പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷത്തിൽ (2017-18) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളും അവരുടെ പദ്ധതി രൂപീകരണ പ്രക്രിയ 2017 ജൂൺ 15 നകം പൂർത്തീകരിക്കുകയുണ്ടായി. പ്രാദേശിക ആസൂത്രണ ചരിത്രത്തിലെ അഭൂതപൂർവമായ നേട്ടമായിരുന്നു ഇത്. പദ്ധതി നിർവഹണം നേരത്തേ ആരംഭിക്കുന്നതിനും നിർവഹണത്തിന് 10 മാസ സമയം ലഭിക്കുന്നതിനും സംസ്ഥാനം സാക്ഷ്യം വഹിക്കുകയുണ്ടായി.

പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ പദ്ധതി മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും അടുത്ത നാല് വർഷത്തേക്കായി പരിഷ്കരിക്കുകയുണ്ടായി. ആദ്യ വർഷത്തെ അനുഭവപാഠങ്ങൾ ഉൾച്ചേർക്കുന്നതിനും പ്രാദേശിക സർക്കാരുകൾ ഉന്നയിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരിഷ്കരണം അനിവാര്യമായിരുന്നു. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ 2018-19 വർഷത്തെ പദ്ധതിക്ക് അംഗീകാരം നേടിയെടുക്കുവാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തരാക്കുന്നതിനായി പരിഷ്കരിച്ച മാർഗനിർദ്ദേശങ്ങൾ നേരത്തെ തന്നെ പുറപ്പെടുവിപ്പിച്ചു. സംസ്ഥാനത്തെ 1,147 തദ്ദേശ സ്ഥാപനങ്ങൾ 2018 ഏപ്രിൽ ഒന്നിന് മുമ്പ് തന്നെ 2018-19 ലേക്കുള്ള വാർഷിക പദ്ധതിക്ക് അംഗീകാരം നേടിയെടുക്കുകയുണ്ടായി. അതിലൂടെ നിർവഹണത്തിന് പൂർണ്ണമായ ഒരു വർഷം അവർക്ക് ലഭിക്കുകയും ചെയ്തു.

2019-20 ലെ പ്രാദേശിക പദ്ധതികൾ രൂപീകരിക്കുന്ന പ്രക്രിയ 2018 ഒക്ടോബർ 2 ന് തന്നെ ആരംഭിക്കുകയുണ്ടായി. പതിനേഴാമത് ലോകസഭയിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിനുള്ള

**ചിത്രം 12.1.1** പ്രാദേശിക സർക്കാരുകളുടെ ഓരോ പാദത്തിലെയും പദ്ധതി ചെലവ്, 2014–15 മുതൽ 2019–20 വരെ.




*അവലംബം: ഇൻഫർമേഷൻ കേരള മിഷൻ*

വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുമ്പ് പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചതിനാൽ വിജ്ഞാപനം വരുന്നതിനു മുന്നേ തന്നെ ഒട്ടുമിക്ക പ്രാദേശിക സർക്കാരുകളും (1181എണ്ണം) വാർഷിക പദ്ധതികൾ സമർപ്പിക്കുകയുണ്ടായി. 2020–21 വർഷത്തിൽ, കോവിഡ്–19 പകർച്ച വ്യാധിക്കിടയിലും, 818 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാർച്ച് 31 നകം പദ്ധതികൾ സമർപ്പിക്കാൻ കഴിഞ്ഞു. ശേഷിക്കുന്ന തദ്ദേശ സ്ഥാപനങ്ങളിൽ നാലെണ്ണമൊഴികെ മറ്റെല്ലാവരും ഏപ്രിൽ 21 നകം പദ്ധതികൾ സമർപ്പിക്കുകയുണ്ടായി. പദ്ധതികൾ സമയബന്ധിതമായി തയ്യാറാക്കുന്നതിലെ പ്രാധാന്യം പ്രാദേശിക സർക്കാരുകൾ തിരിച്ചറിഞ്ഞിട്ടുണ്ട് എന്നതാണ് കഴിഞ്ഞ നാല് വർഷത്തെ അനുഭവം വെളിപ്പെടുത്തുന്നത്.

നേരത്തെ ആരംഭിക്കുന്ന പദ്ധതി നിർവ്വഹണം ഉയർന്ന ചെലവിന് കാരണമായിട്ടുണ്ട്. മുൻകാലങ്ങളിൽ, പദ്ധതികൾക്ക് വർഷാവസാനം മാത്രമാണ് അംഗീകാരം ലഭിച്ചിരുന്നത് എന്നതിനാൽ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ മാത്രമേ പണം ചെലവഴിക്കാൻ കഴിയുമായിരുന്നുള്ളൂ. ഇപ്പോഴാകട്ടെ ആദ്യ മാസം മുതൽ പദ്ധതി ചെലവ് രേഖപ്പെടുത്തുകയും പദ്ധതി പ്രവർത്തനങ്ങൾ വർഷം മുഴുവനുമുള്ള ഒരു പ്രക്രിയയായി മാറുകയും ചെയ്തിട്ടുണ്ട്. **(ചിത്രം12.1.1)**

സമയബന്ധിതമായി പദ്ധതി തയ്യാറാക്കുന്നതിന്റെ മറ്റൊരു പ്രധാന നേട്ടം, തദ്ദേശ സർക്കാരുകളുടെ വാർഷിക പദ്ധതിയെ മാർച്ചിൽ അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്യുന്ന ബജറ്റുമായി സംയോജിപ്പിക്കാൻ കഴിയുന്നു എന്നതാണ്. പതിമൂന്നാം പദ്ധതിയുടെ ആരംഭം വരെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന സമ്പ്രദായം സാമ്പത്തിക വർഷത്തിന്റെ മധ്യത്തിൽ വാർഷിക പദ്ധതിയെ ബജറ്റുമായി സമന്വയിപ്പിക്കുക എന്നതായിരുന്നു. എന്നാൽ മാർച്ച് മാസത്തിൽ തന്നെ ബജറ്റുമായി വാർഷിക പദ്ധതിയെ സംയോജിപ്പിക്കുന്നതിലൂടെ, ബജറ്റിന്റെ പ്രസക്തിയും പവിത്രതയും വർദ്ധിക്കുകയുണ്ടായി.

## b) നാഗരിക പ്രശ്നങ്ങളിൽ കൂടുതൽ ശ്രദ്ധ

കേരളത്തിലെ ദ്രുതഗതിയിലുള്ള നഗരവൽക്കരണം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതി പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. നാഗരികത ഉയർത്തുന്ന വെല്ലുവിളികളെയും അവസരങ്ങളെയും നേരിടാൻ ഉചിതമായ തന്ത്രങ്ങളും പരിപാടികളും വികസിപ്പിക്കുന്നതിന്റെ പ്രാധാന്യം തിരിച്ചറിയുകയും ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പതിമൂന്നാം പദ്ധതിയിൽ ആദ്യമായി നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിനായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

### c) ജില്ലാ പദ്ധതികൾ തയ്യാറാക്കൽ

2017–18 ലെ ശ്രദ്ധേയമായ ഒരു കാൽവയ്പായിരുന്നു ജില്ലാ ആസൂത്രണ സമിതികളുടെ (ഡി.പി.സി) ആഭിമുഖ്യത്തിൽ ജില്ലാ പദ്ധതികൾ തയ്യാറാക്കിയത്. ജില്ലയുടെ വികസനത്തിന് ഡി.പി.സികൾ ഒരു സംയോജിത സമീപനത്തോടെ ജില്ലാ പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട് എന്നത് ഭരണഘടനാപരമായ ചുമതലയാണ് (ആർട്ടിക്കിൾ 243ZD). സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് കേരളത്തിലെ എല്ലാ ഡി.പി.സികളും ഈ ദൗത്യം പൂർത്തീകരിക്കുകയുണ്ടായി. കൂടാതെ ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾ പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതികളിൽ പ്രതിഫലിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. പ്രാദേശിക പദ്ധതികൾ തയ്യാറാക്കുന്നതിനു മുമ്പായി ജില്ലാ പദ്ധതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ വർഷവും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ഡി.പി.സി. കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ് ജില്ലാ പദ്ധതികളുടെ രൂപീകരണം.

ജില്ലാ പദ്ധതികളിൽ ഉയർന്നുവന്ന വൻകിട പദ്ധതികളെക്കുറിച്ചുള്ള ചില ആശയങ്ങൾ, നടപ്പിലാക്കാവുന്ന പദ്ധതികളാക്കി മാറ്റുന്നതിനുള്ള ചുമതലകൾ കൂടി സംസ്ഥാനത്തെ ഡി.പി.സികൾ ഏറ്റെടുത്തിരിക്കുകയാണ്. ഇത്തരം പദ്ധതികൾ പ്രാദേശിക സർക്കാരുകളും മറ്റ് ഏജൻസികളും സംയുക്തമായിട്ടാണ് നടപ്പിലാക്കുന്നത്. ജില്ലാ പദ്ധതികളിലെ ഇത്തരം സംയോജന സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ “ജില്ല പദ്ധതിക്ക് പ്രോത്സാഹനം” എന്ന പേരിൽ ഒരു പദ്ധതി തന്നെ ആരംഭിക്കുകയുണ്ടായി.

### d) പദ്ധതി അംഗീകാരത്തിൽ വരുത്തിയ മാറ്റം – ആദ്യം വാർഷിക പദ്ധതി അംഗീകാരം തുടർന്ന് പ്രോജക്ട് വിലയിരുത്തൽ

മുൻകാലങ്ങളിലാകട്ടെ പ്രോജക്ടുകൾ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർമാർ പരിശോധിച്ച ശേഷമാണ് വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി നൽകിയിരുന്നത്. എല്ലാ പ്രോജക്ടുകളുടെയും അംഗീകാര പ്രക്രിയ പൂർത്തിയായെങ്കിൽ മാത്രമെ വാർഷിക പദ്ധതി സമർപ്പിക്കാൻ കഴിയുമായിരുന്നുള്ളൂ. വാർഷിക പദ്ധതി സമർപ്പിക്കേണ്ട ഒരു സമ്മർദ്ദം ഉള്ളതുകാരണം വെറ്റിംഗ് ഓഫീസർമാർക്ക് പ്രോജക്ടുകളുടെ പോരായ്മകൾ പരിഹരിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാവുകയും പ്രോജക്ട് നിർദ്ദേശങ്ങൾ തിടുക്കത്തിൽ അംഗീകരിക്കുകയും ചെയ്യേണ്ടിവന്നിരുന്നു. ഇത്തരം സാഹചര്യം ഒഴിവാക്കുവാനായി ആദ്യം വാർഷിക പദ്ധതി ഡി.പി.സി. ക്ക് സമർപ്പിക്കുവാനും തുടർന്ന് പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുവാനും തീരുമാനിക്കുകയുണ്ടായി. ഇതാകട്ടെ വാർഷിക പദ്ധതിയുടെ അംഗീകാരത്തിലെയും പ്രോജക്ട് വെറ്റിംഗിലേയും കാലതാമസം ഒഴിവാക്കാൻ സഹായിക്കുകയുണ്ടായി. പ്രോജക്ടുകൾ വിശദമായി പരിശോധിക്കാനും കുറവുകൾ പരിഹരിക്കാനും വെറ്റിംഗ് ഓഫീസർമാർക്ക് ഇപ്പോൾ മതിയായ സമയം ലഭിക്കുന്നതിനാൽ പ്രോജക്ടുകളുടെ ഗുണനിലവാരം ഗണ്യമായി മെച്ചപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

### e) കൂടുതൽ പരിശോധനാ ഉദ്യോഗസ്ഥരെയും നിർവഹണ ഉദ്യോഗസ്ഥരെയും നൽകി

പ്രോജക്ടുകൾ, പ്രത്യേകിച്ച് നിർമ്മാണ പ്രോജക്ടുകൾ, സുഗമമായി നടപ്പാക്കുന്നതിന് തടസ്സമായിരുന്ന ഒരു ഘടകമായിരുന്നു, പ്രോജക്ടുകൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനും അംഗീകരിക്കുന്നതിനും അതത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ അഭാവം. സാധാരണയായി ഒരു പ്രോജക്ടിന്റെ വിലയിരുത്തൽ (വെറ്റിംഗ് ) നടത്തുന്നത് പ്രോജക്ട് നടപ്പാക്കുന്ന ഉദ്യോഗസ്ഥനേക്കാൾ സീനിയർ ആയ മറ്റൊരു ഉദ്യോഗസ്ഥനാണ്. മുൻകാലങ്ങളിൽ, ഒരു മേഖലയിൽ കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരിൽ ഏറ്റവും സീനിയർ ആയ ഉദ്യോഗസ്ഥനെ മാത്രമേ ആ മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിയോഗിക്കാൻ കഴിയുമായിരുന്നുള്ളൂ. ഇത് കാരണം പ്രോജക്ട് വെറ്റിംഗിനായി പലപ്പോഴും മറ്റ് ഓഫീസുകളിലേയ്ക്ക് അയയ്ക്കാൻ പ്രാദേശിക സർക്കാരുകൾ നിർബന്ധിതരായിരുന്നു. ഇത് പദ്ധതി നിർവഹണത്തിൽ കാലതാമസം വരുന്നതിന് കാരണമായിരുന്നു. ഉദാഹരണത്തിന് ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും നിർമ്മാണ പ്രോജക്ടുകൾ സൂപ്രണ്ട് എഞ്ചിനീയറുടെയോ ചീഫ് എഞ്ചിനീയറുടെയോ ഓഫീസുകളിൽ സൂക്ഷ്മ പരിശോധന നടത്തേണ്ടതുണ്ടായിരുന്നു. പ്രാദേശിക സർക്കാറുകളിൽ കൂടുതൽ നിർവഹണ ഉദ്യോഗസ്ഥരെയും വെറ്റിംഗ് ഉദ്യോഗസ്ഥന്മാരെയും അനുവദിച്ചുകൊണ്ട് ഈ തടസ്സം നീക്കുകയുണ്ടായി.

### f) അപ്പീൽ കമ്മിറ്റി സംവിധാനം പുനഃസംഘടിപ്പിച്ചു

പരിശോധനാ ഓഫീസർമാർ നിരസിക്കുന്ന പ്രോജക്ടുകൾ പരിഗണിക്കുന്ന ജില്ലാതല അപ്പീൽ കമ്മിറ്റിയുടെ ബ്യൂറോക്രാറ്റിക് സമീപനം പന്ത്രണ്ടാം പദ്ധതിയിൽ ഉയർന്നുവന്ന ഒരു പ്രധാന വിമർശനമായിരുന്നു. ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സന്റെ അധ്യക്ഷതയിൽ ഈ സമിതിയെ പുനസംഘടിപ്പിക്കുകയുണ്ടായി.

**പട്ടിക 12.1.1** പ്രാദേശിക സർക്കാരുകളുടെ (2015–16 മുതൽ 2019–20 വരെ) പൊതുവിഭാഗം സാധാരണ വിഹിതത്തിലെ മൊത്തം ചെലവിൽ ഉൽപാദന മേഖലയുടെ വിഹിതം (രൂപ കോടിയിൽ)

| വർഷം | പൊതു വിഭാഗം ഫണ്ടിലെ സാധാരണ വിഹിതത്തിൽ ഉല്പാദന മേഖലയുടെ ചെലവ് | പൊതു വിഭാഗം ഫണ്ടിലെ സാധാരണ വിഹിതത്തിലെ ആകെ ചെലവ് | പൊതു വിഭാഗം ഫണ്ടിലെ സാധാരണ വിഹിതത്തിലെ ആകെ ചെലവിൽ ഉല്പാദന മേഖലയുടെ വിഹിതം (ശതമാനത്തിൽ) |
|---|---|---|---|
| 2015–16 | 242.43 | 2,400.98 | 10.10 |
| 2016–17 | 373.42 | 2,040.85 | 18.30 |
| 2017–18 | 660.46 | 2,750.19 | 24.02 |
| 2018–19 | 674.26 | 3,330.11 | 20.25 |
| 2019–20 | 454.92 | 2,445.03 | 18.61 |

*അവലംബം: ഇൻഫർമേഷൻ കേരള മിഷൻ*

### g) ഉൽപാദന മേഖലയുടെ വിഹിതം വർദ്ധിപ്പിച്ചു.

ജനകീയാസൂത്രണ പദ്ധതിയുടെ തുടക്കം മുതൽ തന്നെ പൊതുവിഭാഗത്തിലെ സാധാരണ വിഹിതത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക ഉൽപാദന മേഖലയ്ക്കായി നീക്കിവയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ ഇത് ഇല്ലാതാക്കി. നിലവിലെ സർക്കാർ 2016 മെയ് മാസത്തിൽ അധികാരമേറ്റപ്പോൾ പന്ത്രണ്ടാം പദ്ധതിയുടെ ആദ്യ നാല് വർഷത്തെ അനുഭവം അവലോകനം ചെയ്യുകയും 2016–17 വാർഷിക പദ്ധതിയിൽ ഉല്പാദന മേഖലയ്ക്ക് 20 ശതമാനം നിർബന്ധിത മിനിമം വിഹിതം പുനഃസ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തു. പതിമൂന്നാം പദ്ധതിയുടെ തുടക്കത്തിൽ ഇത് വീണ്ടും പരിഷ്കരിക്കുകയും ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾ ഉൽപാദന മേഖലയിൽ കുറഞ്ഞത് 30 ശതമാനം തുകയും നഗര തദ്ദേശ ഭരണങ്ങളുടെ കാര്യത്തിൽ ഇത് 10 ശതമാനമായും നിശ്ചയിക്കുകയുണ്ടായി. അടിസ്ഥാന സൗകര്യ വികസനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന പ്രദേശിക സർക്കാറുകൾ ഉൽപാദന മേഖലയിൽ കൂടുതൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഇത് വഴിവെക്കുകയുണ്ടായി. പതിമൂന്നാം പദ്ധതിയുടെ സമീപന രേഖയിൽ സൂചിപ്പിച്ചിരിക്കുന്നതു പോലെ പ്രാദേശിക സർക്കാരുകൾ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഇത് ഊന്നൽ കൊടുത്തു. വിശദാംശങ്ങൾ **പട്ടിക 12.1.1 –ൽ** നൽകിയിരിക്കുന്നു.

### h) പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതികൾക്ക് കൂടുതൽ ശ്രദ്ധയും വിഹിതവും

പന്ത്രണ്ടാം പദ്ധതി വരെ കുട്ടികൾ, പ്രായമായവർ, ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ പദ്ധതിയ്ക്കായി വികസന ഫണ്ടിന്റെ 5 ശതമാനം പ്രാദേശിക സർക്കാറുകൾ നീക്കിവയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ, പ്രത്യേക വിഭാഗക്കാരുടെ വികസനത്തിന് ഉയർന്ന മുൻഗണന നൽകുന്നതിന്റെ ഭാഗമായി പതിമൂന്നാം പദ്ധതിയുടെ തുടക്കത്തിൽ, ഈ വിഹിതം 10 ശതമാനമായി ഉയർത്താനും ട്രാൻസ്ജെൻഡർ വിഭാഗത്തെ പ്രത്യേക വിഭാഗക്കാരുടെ ഗ്രൂപ്പിൽ ഉൾപ്പെടുത്താനും തീരുമാനിക്കുകയുണ്ടായി. കുട്ടികൾ, ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർ, ട്രാൻസ്ജെൻഡർമാർ എന്നിവരുടെ വികസനത്തിന് 5 ശതമാനവും വയോജനങ്ങളുടെ ക്ഷേമത്തിനും സാന്ത്വന പരിചരണ പദ്ധതികൾക്കുമായി 5 ശതമാനവും ഇപ്പോൾ പ്രാദേശിക സർക്കാരുകൾ നീക്കിവയ്ക്കുന്നുണ്ട്.

### i) സബ്സിഡികളുടെ വ്യാപ്തി വിശാലമാക്കി

പതിമൂന്നാം പദ്ധതിയിലെ ശ്രദ്ധേയമായ ഒരു മാറ്റം, സബ്സീഡി നിരക്കുകൾ വർദ്ധിപ്പിക്കുകയും വകുപ്പുകളുടെ നിരക്കുകളുമായി ഏകീകരിക്കുകയും ചെയ്തു എന്നതാണ്. സബ്സീഡി മാർഗ്ഗനിർദ്ദേശങ്ങളിൽ ഇല്ലാത്തതും എന്നാൽ വകുപ്പുകളിൽ സബ്സീഡി മാനദണ്ഡങ്ങൾ നിലവിലുള്ളതുമായ പ്രോജക്ടുകൾ വകുപ്പുകളുടെ മാനദണ്ഡങ്ങൾ പ്രകാരം ഏറ്റെടുക്കുവാൻ പ്രാദേശിക സർക്കാരുകൾക്ക് അനുമതി നൽകി. കൂടാതെ ഗുണഭോക്താക്കളുടെ വരുമാന പരിധിയിലും വർദ്ധനവ് വരുത്തുകയുണ്ടായി. കാർഷിക മേഖലയിൽ നാമമാത്ര, ചെറുകിട കർഷകർക്ക് ആനുകൂല്യങ്ങൾ നൽകാം. നെൽകൃഷിയുടെ കാര്യത്തിൽ അഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി ഉള്ള കർഷകർക്കും ആനുകൂല്യങ്ങൾ നൽകാം. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ മേഖലകൾക്ക് വരുമാന പരിധി 5 ലക്ഷമായും ഭവന നിർമ്മാണത്തിനുള്ള വരുമാന പരിധി 3 ലക്ഷമായും ഉയർത്തുകയുണ്ടായി. മറ്റ് പദ്ധതികളിൽ വരുമാന പരിധി പൊതുവിഭാഗത്തിന് 2 ലക്ഷം രൂപയായും പട്ടികജാതി വിഭാഗത്തിന് 3 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. പട്ടികവർഗ്ഗ വിഭാഗക്കാരെ വരുമാന പരിധിയിൽനിന്നും ഒഴിവാക്കുകയുമുണ്ടായി.

## j) നൂതന പദ്ധതികൾക്കായി പ്രത്യേക ജാലകം

നൂതനവും പ്രസക്തവുമായതും എന്നാൽ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രാദേശിക സർക്കാറുകൾക്ക് ഏറ്റെടുക്കാൻ സാധിക്കാത്തതുമായ പ്രോജക്ടുകൾ രൂപകൽപന ചെയ്യുന്നതിനായി ഒരു പ്രത്യേക ജാലകം ആരംഭിച്ചത് പതിമൂന്നാം പദ്ധതിയുടെ ഒരു പ്രധാന സവിശേഷതയാണ്. പ്രാദേശിക വികസന പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും വിഭവ ശേഷിയെ അടിസ്ഥാനമാക്കി അനുയോജ്യമായ പരിഹാരങ്ങൾ രൂപപ്പെടുത്തുകയുമാണ് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. പ്രാദേശികമായി ഉയർന്നുവരുന്ന ചില പ്രോജക്ടുകൾ നിലവിലുള്ള സബ്സീഡി മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പിലാക്കാൻ കഴിഞ്ഞെന്നുവരില്ല. അത്തരം പ്രോജക്ടുകളുടെ പരിശോധനയ്ക്കും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ജില്ലാ കളക്ടർ അധ്യക്ഷനായി ജില്ലാതല വിദഗ്ദ്ധ സമിതി രൂപീകരിക്കുകയുണ്ടായി. വിവിധ തലങ്ങളിലെ പ്രാദേശിക സർക്കാരുകളുടെ നൂതന പ്രോജക്ടുകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നത് ഈ കമ്മറ്റിയാണ്.

## k) ടെണ്ടർ സേവിംഗ്സിലൂടെ കൂടുതൽ നിക്ഷേപം

ഗുണഭോക്തൃ സമിതികൾ മുഖേന നിർവഹണം നടത്തുന്ന നിർമ്മാണ പ്രവൃത്തികളിൽ വ്യാപകമായി പരാതികൾ ഉയർന്ന സാഹചര്യത്തിൽ ഈ സംവിധാനത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി, പതിമൂന്നാം പദ്ധതിയുടെ തുടക്കത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ നിർവഹണത്തിൽ മത്സരാധിഷ്ഠിത ടെണ്ടർ ഏർപ്പെടുത്തുകയുണ്ടായി. ഗുണഭോക്തൃ സമിതി വഴി നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകളുടെ പരിധി 5 ലക്ഷം രൂപയിൽ നിന്നും 50,000 രൂപയായി കുറച്ചു. എന്നാൽ അദ്ധ്യാപക രക്ഷാകർതൃ സമിതികൾ പോലുള്ള അംഗീകൃത ഏജൻസികൾക്ക് ഈ പരിധി ബാധകമാക്കിയില്ല. ഇത്തരം സമിതികൾക്ക് 25 ലക്ഷം രൂപ വരെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള അനുമതി നൽകുകയുണ്ടായി.

ഇതിന്റെ ഫലമായി പതിമൂന്നാം പദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ 657.45 കോടി രൂപയുടെ മിച്ചം ഉണ്ടാവുകയും ഇതുപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയുകയുംചെയ്തു. വിശദാംശങ്ങൾ **ചിത്രം 12.1.2** –ൽ നൽകിയിരിക്കുന്നു.

## l) ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സാങ്കേതിക പിന്തുണ ലഭ്യമാക്കുന്നതിനുമുള്ള ഉദ്യമങ്ങൾ

പ്രാദേശിക പദ്ധതികളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ, ചില പരിഷ്കാരങ്ങൾ പതിമൂന്നാം പദ്ധതിയിൽ ആരംഭിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി വിദഗ്ദ്ധരുടെ പങ്കാളിത്തവും സന്നദ്ധ പ്രവർത്തകരുടെ സേവനങ്ങളും ഉപയോഗപ്പെടുത്തുന്നതിനുള്ള ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി. പദ്ധതി രൂപീകരണം, നിർവഹണം, നിരീക്ഷണം എന്നിവയിൽ സഹായം ലഭ്യമാക്കുന്നതിനായി എല്ലാ തദ്ദേശഭരണ

**ചിത്രം 12.1.2** വിവിധ തലത്തിലുള്ള പ്രാദേശിക സർക്കാരുകളുടെ വികസന/മെയിന്റിനൻസ് ഫണ്ടുകളിൽ നിന്നുള്ള ടെണ്ടർ സേവിംഗ്സ് തുക 2017–18, 2018–19, 2019–20 വർഷങ്ങളിൽ (രൂപ കോടിയിൽ)




*അവലംബം- എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം*

സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾ രൂപീകരിക്കുകയുണ്ടായി. ഈ സമിതിയിൽ സന്നദ്ധ പ്രവർത്തകരുടെയും വിദഗ്ധരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. പ്രാദേശിക സർക്കാരുകളെ സഹായിക്കാൻ ഒരു സന്നദ്ധ വിദഗ്ധന്റെ സേവനം ഉപയോഗിക്കാനും നിർദ്ദേശിക്കുകയുണ്ടായി. ഇവർക്ക് പ്രതിമാസം 5,000 രൂപ ഓണറേറിയം നൽകാനും പ്രാദേശിക സർക്കാരുകൾക്ക് അനുമതി നൽകി. റിസോഴ്സ് പേഴ്സൺമാരെ തിരഞ്ഞെടുക്കുന്നതിൽ പ്രാദേശിക സർക്കാരുകൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകി.

ആസൂത്രണത്തിൽ പങ്കാളിത്തമുറപ്പാക്കാൻ പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളിൽ നിന്നും ആശയങ്ങൾ സ്വീകരിക്കുന്നതിനായി ഒരു ഗ്രാമസഭ പോർട്ടൽ വികസിപ്പിക്കുകയുണ്ടായി. പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക സർക്കാരുകൾ തയ്യാറാക്കിയ പദ്ധതികളുടെ അറിവുള്ളടക്കം മെച്ചപ്പെടുത്തുന്നതിനുമായി ജില്ലാ റിസോഴ്സ് സെന്ററുകൾ (ഡി.ആർ.സി) രൂപീകരിക്കുകയുണ്ടായി. വികസന–ഗവേഷണ–സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നുള്ള പ്രൊഫഷണലുകളെ ഉൾപ്പെടുത്തി ജില്ലാ റിസോഴ്സ് സെന്ററുകൾ രൂപീകരിക്കാൻ 2019 സെപ്റ്റംബറിൽ സർക്കാർ എല്ലാ ഡി.പി.സി. കൾക്കും നിർദ്ദേശം നൽകുകയുണ്ടായി. ഡി.ആർ.സി യുടെ പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്. എ) ഡി.പി.സി. ക്കും പ്രാദേശിക സർക്കാരുകൾക്കും ആവശ്യമായ മേഖലകളിലും വിഷയങ്ങളിലും പഠനങ്ങൾ നടത്തുക. ബി) തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളുടെ അറിവുള്ളടക്കം മെച്ചപ്പെടുത്തുന്നതിന് സാങ്കേതിക ഉപദേശം നൽകുക. സി) പ്രാദേശിക സർക്കാരുകൾ ആവശ്യപ്പെടുന്ന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി നൽകുക. ഡി) പ്രാദേശിക സർക്കാരുകൾ തയ്യാറാക്കിയ പദ്ധതികളുടെ സൂക്ഷ്മപരിശോധന നടത്തുകയും പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. ഇ) മാതൃകാ പദ്ധതികൾ പഠന വിധേയമാക്കുകയും അത് സംസ്ഥാന ശ്രദ്ധയിൽ കൊണ്ട് വരികയും ചെയ്യുക. എഫ് ) ജില്ലാ പദ്ധതി പരിഷ്കരിക്കുക. ജില്ലാ റിസോഴ്സ് സെന്ററുകളുടെ സഹായത്തോടെ പ്രാദേശിക സർക്കാരുകളുടെ പദ്ധതി ഗുണനിലവാരം ഉയർത്താനും അതിലൂടെ പ്രത്യേക ശ്രദ്ധ ആവശ്യമുള്ള മേഖലകൾക്ക് ഊന്നൽ നൽകുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### ങ) തദ്ദേശ സ്ഥാപന പദ്ധതി അടങ്കലിലെ വർദ്ധനവ്.

തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതി വിഹിതത്തിൽ ക്രമാനുഗതമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിലെ (എ.ടിആർ) ഇത് സംബന്ധിച്ച തീരുമാനങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശ സംസ്ഥാന പദ്ധതി വിഹിതം 2017–18 മുതൽ എല്ലാ വർഷവും 0.50 ശതമാനം വർദ്ധിപ്പിക്കാനും മെയിന്റനൻസ് ഫണ്ട് വിഹിതം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 5.5 ശതമാനത്തിൽ നിന്ന് 6 ശതമാനമായി ഉയർത്താനുമുള്ള എടിആർ തീരുമാനം നടപ്പിലാക്കി. കൂടാതെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനം ജനറൽ പർപ്പസ് ഫണ്ടായും വകയിരുത്തുന്നുണ്ട്. ഉപാധിരഹിത ഫണ്ടുകളുടെ വിഭജനം സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 12.1.2, പട്ടിക 12.1.3** എന്നിവയിലായി കാണിച്ചിരിക്കുന്നു.

**പട്ടിക 12.1.2** പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി വിഹിതം (വികസന ഫണ്ട്): രൂപ കോടിയിൽ

| വർഷം | സംസ്ഥാന പദ്ധതി വിഹിതം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം | | | | | സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | | പൊതു വിഭാഗം | | | | | |
| | | സാധാരണ വിഹിതം | കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് തുക | പട്ടികജാതി ഉപ പദ്ധതി | പട്ടികവർഗ്ഗ ഉപ പദ്ധതി | ആകെ | |
| 2016–17 | 24,000 | 2,995.04 | 1,310.06 | 1,038.90 | 156.00 | 5,500.00 | 22.92 |
| 2017–18 | 26,500 | 3,371.57 | 1,507.88 | 1,172.05 | 176.00 | 6,227.50 | 23.50 |
| 2018–19 | 29,150 | 3,777.58 | 1,739.56 | 1,289.26 | 193.60 | 7,000.00 | 24.01 |
| 2019–20 | 30,610 | 3,604.62 | 2,338.55 | 1,353.84 | 202.99 | 7,500.00 | 24.50 |
| 2020–21 | 27,610 | 3,534.60 | 1,964.15 | 1,221.15 | 183.10 | 7,158.00* | 25.92 |

* ലോകബാങ്ക് സഹായത്തോടെ മുനിസിപ്പാലിറ്റികളിൽ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിനുള്ള 255 കോടി രൂപ കൂടി ഉൾപ്പെടുന്നു.
*അവലംബം:* വിവിധ വർഷങ്ങളിലെ ബജറ്റ് രേഖകൾ

**പട്ടിക 12.1.3** പ്രാദേശിക സർക്കാരുകൾക്കുള്ള മെയിന്റനൻസ് ഫണ്ട് വിഹിതവും ജനറൽ പർപ്പസ് ഫണ്ട് വിഹിതവും

(രൂപ കോടിയിൽ)

| വർഷം | മെയിന്റനൻസ് ഫണ്ട് | | | ജനറൽ പർപ്പസ് ഫണ്ട് |
|---|---|---|---|---|
| | നോൺ റോഡ് | റോഡ് | ആകെ | |
| 2016-17 | 645.93 | 1,291.86 | 1,937.79 | 1,233.14 |
| 2017-18 | 655.03 | 1,528.41 | 2,183.44 | 1,364.66 |
| 2018-19 | 703.16 | 1,640.72 | 2,343.88 | 1,426.71 |
| 2019-20 | 822.34 | 1,918.78 | 2,741.12 | 1,626.09 |
| 2020-21 | 883.15 | 2,060.68 | 2,943.83 | 1,717.23 |

*അവലംബം: വിവിധ വർഷങ്ങളിലെ ബജറ്റ് രേഖകൾ*

## പതിമൂന്നാം പദ്ധതിയിലെ മറ്റ് കാൽവെയ്പുകൾ

### എ) ഓഡിറ്റ് അക്കൗണ്ടുകൾ കൃത്യമാക്കൽ

2015-16 വരെയുള്ള മുഴുവൻ ഓഡിറ്റ് കുടിശ്ശികയും 2016-17 -ൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ പ്രത്യേക ശ്രമം വഴി തീർക്കുകയുണ്ടായി. നിലവിൽ അക്കൗണ്ടുകളുടെ ഓഡിറ്റ് കാലികമാണ്. അക്കൗണ്ടുകൾ കാലികമാക്കണമെന്നുള്ളത് പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത പെർഫോർമൻസ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള ഒരു നിർബന്ധിത വ്യവസ്ഥയാണ്. ഒരുവർഷത്തെ പെർഫോർമൻസ് ഗ്രാന്റ് ലഭിക്കണമെങ്കിൽ അതിന് തൊട്ട് രണ്ട് വർഷം മുമ്പ് വരെയുള്ള വർഷങ്ങളിലെ ഓഡിറ്റുകൾ പൂർത്തിയായിരിക്കണമെന്ന് പെർഫോമൻസ് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### ബി) ദുരന്ത മാനേജ്മെന്റ് പ്ലാനുകളുടെ രൂപീകരണം

സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും കാലാവസ്ഥാ വ്യതിയാനങ്ങളുടെയും വെളിച്ചത്തിൽ വെള്ളപ്പൊക്കം, തീരദേശത്തെ മണ്ണൊലിപ്പ്, വരൾച്ച, മണ്ണിടിച്ചിൽ തുടങ്ങിയ വിപത്തുകൾ സംസ്ഥാനത്തിനും സമ്പദ് വ്യവസ്ഥയ്ക്കും ഗുരുതരമായ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇത്തരം ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിന്റെയും ദുരന്ത തയ്യാറെടുപ്പ് മെച്ചപ്പെടുത്തുന്നതിന്റേയും ഭാഗമായി രാജ്യത്ത് തന്നെ ആദ്യമായി, സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2019-20 ൽ ദുരന്തമാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയുണ്ടായി. പ്രാദേശിക സർക്കാരുകളുടെ ദുരന്തനിവാരണ പ്ലാനിൽ താഴെപറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (എ) പ്രാദേശിക സർക്കാർ സംബന്ധമായ പ്രാഥമിക വിവരങ്ങൾ. (ബി) അപകട സാധ്യതയും ദുർബലതയും സംബന്ധിച്ച വിവരങ്ങൾ. (സി) പ്രാദേശിക സർക്കാരിന്റെ ശേഷിയും വിഭവങ്ങളും. (ഡി) പ്രതികരണ പദ്ധതികൾ. (ഇ) തയ്യാറെടുപ്പ്, ലഘൂകരണം, കമ്മ്യൂണിറ്റി പുന സ്ഥാപന പദ്ധതി. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകാനുള്ള സാധ്യതയും അത് പരിഹരിക്കാനുള്ള നിലവിലുള്ള ശേഷിയും കണക്കിലെടുത്ത് പ്രാദേശിക സർക്കാരുകൾ അവരുടെ വാർഷിക പദ്ധതികളിൽ ദുരന്തനിവാരണ, ലഘൂകരണ പരിപാടികൾ ഉൾപ്പെടുത്തേണ്ടതുണ്ട്. പ്രകൃതി ദുരന്തങ്ങളുടെ തീവ്രത, ആവൃത്തി, അനിശ്ചിതത്വം എന്നിവ കണക്കിലെടുക്കുമ്പോൾ ദുരന്തനിവാരണ പദ്ധതി രാജ്യമെമ്പാടും അനുകരിക്കേണ്ട ഒരു മാതൃകതന്നെയാണ്.

### സി) വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ

സംസ്ഥാനത്ത് വികേന്ദ്രീകരണം ആരംഭിച്ച് രണ്ട് പതിറ്റാണ്ട് പിന്നിട്ടെങ്കിലും പ്രാദേശിക തല ആസൂത്രണത്തെ പിന്തുണയ്ക്കാൻ പ്രാപ്തിയുള്ള ഒരു വിവരശേഖരണ സംവിധാനം വികസിപ്പിക്കുന്നതിൽ വിജയിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഇൻഫർമേഷൻ കേരള മിഷൻ പ്രാദേശിക പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. പ്രാദേശിക സർക്കാരുകൾ വികസന മേഖലകളെക്കുറിച്ചുള്ള വിവരങ്ങളും ശേഖരിക്കുന്നു. ഈ വിവരങ്ങൾ പ്രാദേശിക ആസൂത്രണത്തിന് ഉപയോഗിക്കുന്നുണ്ട്. എന്നാൽ, പ്രാദേശിക പദ്ധതികളുടെ ഫലപ്രാപ്തിയും നേട്ടങ്ങളും സംബന്ധിച്ച് വലിയൊരു ഡാറ്റാ വിടവ് നിലവിൽ ഉണ്ടെന്നതാണ് യാഥാർത്ഥ്യം.

നിലവിലുണ്ടായിരുന്ന ജനപ്രതിനിധികളുടെ കാലാവധി അവസാനിക്കുകയും പുതിയ ജനപ്രതിനിധികൾ അധികാരമേൽക്കുകയും ചെയ്യുന്ന ഈ സമയം, വിവരശേഖരണ പരിപാടി ആരംഭിക്കുന്നതിനുള്ള ഏറ്റവും അനുയോജ്യമായ സമയമാണെന്നുള്ളത് കണക്കിലെടുത്ത് 2020-21 ൽ "വികേന്ദ്രീകൃതാസൂത്രണ റൗണ്ട്" എന്ന പേരിൽ ഒരു ഡാറ്റാ ശേഖരണ റൗണ്ട് സർവ്വേ നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ കൈകാര്യം

ചെയ്യുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട നേട്ടങ്ങൾ സംബന്ധിച്ച ചോദ്യാവലി അടിസ്ഥാനമാക്കിയാണ് വിവരങ്ങൾ ശേഖരിക്കുക. ഈ വിവര ശേഖരണം 2020 നവംബർ 11 വരെ അധികാരത്തിലിരുന്ന തദ്ദേശ സർക്കാരുകളുടെ പ്രവർത്തനം വിലയിരുത്താൻ സഹായിക്കുക മാത്രമല്ല, 2020 ഡിസംബറിൽ നടന്ന പൊതു തെരഞ്ഞെടുപ്പിനുശേഷം അധികാരമേൽക്കുന്ന ജനപ്രതിനിധികൾക്ക് ഭാവിപരിപാടികളും മുൻഗണനകളും ആസൂത്രണം ചെയ്യാനും സഹായകമാവും. മാത്രമല്ല മാതൃകാ പദ്ധതികൾ കണ്ടെത്തുന്നതിനും മാതൃകയായ പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾ പഠിക്കുന്നതിനും മുൻകാല അനുഭവങ്ങളിൽ നിന്നും പഠിക്കുന്നതിനും, പുതിയ അറിവ് നേടുന്നതിനും എല്ലാം ഇത് സഹായകരമാവും. വിവരശേഖരണവുമായി ബന്ധപ്പെട്ട ഉത്തരവാദിത്വം ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനാണ്. ഓരോ അഞ്ച് വർഷത്തിലും ഈ റൗണ്ട് സർവേ നടത്താൻ ഉദ്ദേശിക്കുന്നു. ഭാവിയിൽ ഗവേഷകർക്കും ആസൂത്രകർക്കും വലിയൊരു വിവര ശേഖരമായിയിരിക്കും ഇത് വഴി ലഭിക്കുക.

**ഡി) സദ്ഭരണത്തിനുള്ള കാൽവെയ്പ്പുകൾ**

പ്രാദേശിക സർക്കരുകളിൽ സദ്ഭരണം ലക്ഷ്യമിട്ട് ആരംഭിച്ച ചില പരിഷ്കാരങ്ങൾ താഴെ കൊടുക്കുന്നു.

**(1) തദ്ദേശ സ്വയംഭരണ വകുപ്പിന് പൊതു സർവീസ്**
തദ്ദേശ സ്വയംഭരണ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ച് സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിക്കുകയുണ്ടായി. ഇപ്പോൾ വിവിധ വകുപ്പുകളുടെ പരിധിയിൽ വരുന്ന പ്രാദേശിക സർക്കാരുകളുടെ ഏകോപനം ഇത് വഴി സാധ്യമാവും. നിലവിലുള്ള പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, ടൗൺ പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീ വകുപ്പുകൾ പുതിയ ഏകീകൃത സംവിധാനത്തിന് കീഴിൽ വരുന്നതാണ്.

**(2) സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സംവിധാനം (ഐ.എൽ.ജി.എം.എസ്)**
പൗരൻമാർക്ക് വിവിധ സേവനങ്ങൾ നൽകുന്നതിൽ സുതാര്യത, ഉത്തരവാദിത്വം, കൃത്യത, സമയനിഷ്ഠ, സാങ്കേതിക മേൽനോട്ടം എന്നിവ ഉറപ്പുവരുത്തുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്) 2020 ഒക്ടോബർ മാസത്തോടെ സംസ്ഥാനത്തെ 150 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിക്കുകയുണ്ടായി. 1998 മുതൽ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്കായി ഇൻഫർമേഷൻ കേരള മിഷൻ നിരവധി സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകൾ മാറിമാറിവരുന്ന വെല്ലുവിളികളെ നേരിടാൻ അപര്യാപ്തമാണെന്ന് കണ്ടെത്തിയതിനാൽ സമഗ്രവും സാങ്കേതികമികവും നൂതനവുമായ ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കേണ്ടത് ആവശ്യമായിരുന്നു. ഇതാണ് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം വികസിപ്പിച്ചെടുക്കുന്നതിലേക്ക് നയിച്ചത്. ഒരു കൂട്ടം സാറ്റ് ലൈറ്റ് സോഫ്റ്റ് വെയർ അപ്ലിക്കേഷനുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു കസ്റ്റം സോഫ്റ്റ് വെയർ ആപ്ലിക്കേഷനാണിത്.

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ പൈലറ്റ് പ്രോജക്ടായി ഇത് നടപ്പിലാക്കുകയുണ്ടായി. നിലവിൽ സേവന സോഫ്റ്റ് വെയറിലൂടെ വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷയും പേര് ചേർക്കലിനുള്ള അപേക്ഷയും മാത്രമാണ് ഇ–ഫയലിലൂടെ സാധ്യമാകുന്നത്. അവ ഇ–ഫയൽ ചെയ്താലും രേഖകളൊക്കെ നേരിട്ട് ഹാജരാക്കേണ്ടതുണ്ട്. പുതിയ സോഫ്റ്റ് വെയർ നിലവിൽ വരുന്നതോടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നേരിട്ട് പോകാതെ തന്നെ ജനനം, മരണം, വിവാഹ രജിസ്ട്രഷൻ, പേര് ചേർക്കൽ, തിരുത്തൽ തുടങ്ങി എല്ലാ സേവനങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കാൻ കഴിയും. സേവനങ്ങൾ സമയബന്ധിതമായി ഓൺലൈനിൽ തന്നെ ലഭ്യമാകുന്നതുമാണ്.

**(3) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ സ്റ്റാൻഡേർഡ്**
പതിമൂന്നാം പദ്ധതിയുടെ സമീപന രേഖയിൽ കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുമെന്ന് വ്യക്തമാക്കിയിരുന്നു. ഇത് ഏറെക്കുറെ നടപ്പായിക്കഴിഞ്ഞിട്ടുണ്ട്. സമയബന്ധിതമായി ജനങ്ങൾക്ക് ഗുണനിലവാരമുള്ള സേവനം നൽകുന്നതിൽ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻപന്തിയിലാണ്. കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുളിൽ 939 നും മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകൾക്കും അന്താരാഷ്ട്ര ഗുണനിലവാര സർട്ടിഫിക്കേഷനായ ഐ.എസ്.ഒ 9001:2015 നേടാൻ കഴിഞ്ഞു. രണ്ട് മുനിസിപ്പൽ കോർപ്പറേഷനുകളും (കൊല്ലം & കൊച്ചി) അഞ്ച് നഗരസഭകളും (മലപ്പുറം, ആറ്റിങ്ങൽ, കട്ടപ്പന, പുനലൂർ & വർക്കല) ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്. ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളും,

മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും, ജില്ലാ പഞ്ചായത്തുകളും ഈ സാമ്പത്തികവർഷത്തിൽ തന്നെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രതീക്ഷിക്കുന്നു. ഗുണനിലവാര മാനേജ്മെന്റിന്റെ അന്താരാഷ്ട്ര സർട്ടിഫിക്കേഷനാണ് ഐ.എസ്.ഒ 9001:2015. ഗുണമേന്മയുള്ള സേവന സംവിധാനം ഒരുക്കുന്നതിലൂടെ മാത്രമേ സമയബന്ധിതമായി ജനങ്ങൾക്ക് സേവനങ്ങൾ നൽകാൻ കഴിയുകയുള്ളൂ എന്ന് കൃത്യമായ ധാരണയുള്ളതുകൊണ്ടാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ അന്താരാഷ്ട്ര അംഗീകാരത്തിനായി പരിശ്രമിക്കുന്നത്. പൊതുജന സൗഹൃദവും കൃത്യതയുമുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുക വഴി കാലതാമസമില്ലാതെ സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തിയാൽ മാത്രമേ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുകയുള്ളൂ. ഗുണമേൻമയുള്ള സേവനം ജനങ്ങൾക്ക് നൽകുന്ന ജനസൗഹൃദ സ്ഥാപനമായി നിലകൊള്ളുകയെന്ന ലക്ഷ്യത്തിലേക്കുള്ള ചുവട് വയ്പാണ് അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ നേടുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ.

### വെള്ളപ്പൊക്കവും പ്രാദേശിക സർക്കാരുകളും

2018 –ലെയും, 2019 –ലെയും വെള്ളപ്പൊക്കത്തെ തുടർന്ന് ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻപന്തിയിലായിരുന്നു. ഗ്രാമപഞ്ചായത്തുകൾ മുതൽ മുനിസിപ്പൽ കോർപ്പറേഷനുകൾ വരെയുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ, രക്ഷാപ്രവർത്തന–ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ നിർദ്ദേശം നൽകുകയുണ്ടായി. പ്രാദേശിക സർക്കാരുകളുടെ ഫണ്ടുകൾ ഏറ്റവും അനുയോജ്യമെന്നു കരുതുന്ന രീതിയിൽ ഉപയോഗിക്കാൻ അനുവാദവും നൽകി. ഈ നടപടികളിലൂടെ അനാവശ്യമായ ആശയക്കുഴപ്പം ഒഴിവാക്കുന്നതിനും സാഹചര്യങ്ങളോട് അതിവേഗം പ്രതികരിക്കുന്നതിന് സഹായിക്കുകയും ദുരന്തനിവാരണ ടീമുകൾക്ക് ഫലപ്രദമായും സുഗമമായും പ്രവർത്തിക്കുവാനും സാധിക്കുകയുണ്ടായി.

തുടർച്ചയായ രണ്ട് വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കങ്ങളിൽ 2018 –ലെ വെള്ളപ്പൊക്കാണ് കൂടുതൽ രൂക്ഷമായി അനുഭവപ്പെട്ടത്. ഇതേ തുടർന്ന് അടിയന്തിര ശ്രദ്ധ ആവശ്യമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും 2018–19 –ലെ വാർഷിക പദ്ധതി പുനഃക്രമീകരിക്കുവാനും പ്രാദേശിക സർക്കാരുകൾക്ക് 2018 ഓഗസ്റ്റിൽ സർക്കാർ അനുമതി നൽകുകയുണ്ടായി. മേഖലാ മാനദണ്ഡങ്ങളിൽ ഇളവുകൾ അനുവദിച്ചു. റോഡുകൾ, പാലങ്ങൾ, കുടിവെള്ള പദ്ധതികൾ, പൊതു കെട്ടിടങ്ങൾ തുടങ്ങി പൊതു ആസ്തികൾ നന്നാക്കാനും പുതുക്കിപ്പണിയാനും ആവശ്യമായ തുക കണ്ടെത്തുന്നതിനായി വാർഷിക പദ്ധതി പുനഃക്രമീകരിക്കുന്നതിന് നൽകിയ അവസരം പ്രാദേശിക സർക്കാരുകൾക്ക് സഹായകമാവുകയുണ്ടായി.
പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ, പ്രത്യേകിച്ചും വെള്ളപ്പൊക്കത്തിന്റ പശ്ചാത്തലത്തിൽ, ജൈവവൈവിധ്യ പരിപാലനം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നിവയ്ക്കായി പുതിയതായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുവാൻ പ്രാദേശിക സർക്കാരുകൾക്ക് നിർദ്ദേശം നൽകി. അതത് തദ്ദേശഭരണ സ്ഥാപന മേധാവി അദ്ധ്യക്ഷത വഹിക്കുന്ന വർക്കിംഗ് ഗ്രൂപ്പിൽ അംഗങ്ങളായി, മേൽപറഞ്ഞ മേഖലകളിൽ നിന്നുള്ള വിദഗ്ധർ ഉണ്ടായിരിക്കണം. ബയോ ഡൈവേഴ്സിറ്റി മേനേജ്മന്റ് കമ്മിറ്റി, ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി എന്നീ മേഖലകളിൽ നിന്നുള്ളവരെയും വെള്ളപ്പൊക്ക രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഭാഗമായിരുന്ന പൊതുജനങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും പ്രതിനിധികളെയും ഈ ഗ്രൂപ്പിൽ അംഗങ്ങളാക്കാൻ നിർദ്ദേശിക്കുകയുണ്ടായി. അതാത് തദ്ദേശഭരണ സെക്രട്ടറിയാണ് ഗ്രൂപ്പിന്റെ കൺവീനർ.

ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാനും പ്രഥമ ശുശ്രൂഷ നൽകാനും വേണ്ടി ഓരോ പ്രാദേശിക സർക്കാർ സ്ഥാപനത്തിലും നാല് അടിയന്തിര പ്രതികരണ സംഘങ്ങൾ (ഇ.ആർ.ടി) രൂപീകരിക്കുവാൻ പ്രദേശിക സർക്കാരുകൾക്ക് നിർദ്ദേശം നൽകി. ദുരിതാശ്വാസ ക്യാമ്പുകളാക്കി മാറ്റാൻ കഴിയുന്ന കമ്മ്യൂണിറ്റി സെന്ററുകൾ കണ്ടെത്താനും ടോയിലറ്റുകൾ, ശുചിത്വം എന്നിവ ഈ കേന്ദ്രങ്ങളിൽ ഉറപ്പാക്കാനും നിർദ്ദേശിക്കുകയുണ്ടായി.

2018–ലെ വെള്ളപ്പൊക്കം ഗുരുതരമായി ബാധിച്ച പ്രാദേശിക സർക്കാരുകൾക്ക് സഹായം നൽകുന്നതിനായി 2019–20 വാർഷിക പദ്ധതിയിൽ 250 കോടി രൂപ പ്രത്യേകം വകയിരുത്തുകയുണ്ടായി. സഹായത്തിന് അർഹരായ പ്രാദേശിക സർക്കാരുകളെ തെരഞ്ഞെടുക്കുന്നതിനും ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും യോഗ്യരായ പ്രാദേശിക സർക്കാരുകൾക്ക് സമിതി ശുപാർശ പ്രകാരം ഫണ്ട് വിതരണം ചെയ്യുകയുമുണ്ടായി. ഫണ്ടുകളുടെ വിനിയോഗത്തിന് പുറത്തിറക്കിയ മാർഗനിർദ്ദേശങ്ങളിൽ പ്രധാനമായും ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്ക് യോജ്യമായ ഉപജീവന പദ്ധതികൾക്കായി ഫണ്ട് വിനിയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ട പൊതു ആസ്തികൾ പുനഃസ്ഥാപിക്കുന്നതിനും റെസ്റ്റ്യ

ഷെൽട്ടറുകൾ നന്നാക്കുന്നതിനും പരിപാലിക്കുന്നതിനും ഈ ഫണ്ട് ഉപയോഗിക്കാനും അനുമതി നൽകുകയുണ്ടായി.

## കോവിഡ്–19 ന്റെ പ്രതിരോധത്തിൽ പ്രാദേശിക സർക്കാരുകൾ വഹിച്ച പങ്ക്

രാജ്യത്ത് കോവിഡ്–19 ന്റെ സാന്നിധ്യം ആദ്യമായി കണ്ടെത്തിയ സംസ്ഥാനം കേരളമാണ്. ആരോഗ്യവകുപ്പിനൊപ്പം പ്രാദേശിക സർക്കാരുകളും വളരെ പെട്ടെന്നുതന്നെ കോവിഡിനെതിരെ പ്രതികരിച്ചത് ആഗോളതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെടുകയുണ്ടായി. ഗ്രാമീണ ആരോഗ്യ സംരക്ഷണം, സാർവ്വത്രിക വിദ്യാഭ്യാസം, അധികാരങ്ങളുടേയും വിഭവങ്ങളുടേയും വികേന്ദ്രീകരണം, സ്ത്രീ ശാക്തീകരണം തുടങ്ങിയവയിലെ സാമൂഹിക നിക്ഷേപങ്ങൾ കൊറോണ വൈറസിനെതിരെ പോരാടാൻ കേരളത്തെ സഹായിച്ച പ്രധാന ഘടകങ്ങളായി വിലയിരുത്തപ്പെടുന്നു.

കോവിഡ്–19 മഹാമാരിയെ നിയന്ത്രിക്കുന്നതിലും പ്രതിരോധിക്കുന്നതിലും പ്രാദേശിക സർക്കാരുകൾ സുപ്രധാന പങ്കു വഹിക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടവയാണ് 1) ലോക്ഡൗൺ സമയത്ത് കമ്മ്യൂണിറ്റി കിച്ചൺ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു. 2) ശുചീകരണ അണുവിമുക്ത പ്രവർത്തനങ്ങൾ നടത്തി. 3) ബ്രേക്ക് ദ ചെയിൻ – സാമൂഹിക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. 4) അതിഥി തൊഴിലാളികൾക്ക് താമസവും ഭക്ഷണവും മറ്റ് അവശ്യ സഹായങ്ങളും ലഭ്യമാക്കി. 5) ഗാർഹിക ക്വാറന്റയിൻ, കൗൺസിലിംഗ്, നിരീക്ഷണം എന്നിവയുടെ ഏകോപനം ഉറപ്പാക്കി. 6) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും സംസ്ഥാനത്തേയ്ക്ക് മടങ്ങിയെത്തിയവർക്ക് സ്ഥാപനപരമായി ക്വാറന്റയിൻ സജ്ജമാക്കി. 7) കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ സ്ഥാപിച്ചു. 8) പ്രാദേശിക സർക്കാരുകൾ നിയന്ത്രിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ ആരോഗ്യ ജീവനക്കാരുടെ സാന്നിധ്യം ഉറപ്പാക്കി. 9) തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന ആശുപത്രികളിലേയ്ക്ക് മരുന്നുകളും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കി. 10) ആവശ്യക്കാർക്ക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തു. 11) 'സുഭിക്ഷ കേരളം' എന്ന പേരിൽ കാർഷിക രംഗത്ത് ഭക്ഷ്യ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഒരു പദ്ധതി ആരംഭിക്കുകയുണ്ടായി. 12) ഓൺലൈൻ സ്കൂൾ വിദ്യാഭ്യാസത്തിന് ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കി.

## സുഭിക്ഷ കേരളം

കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ ഉണ്ടായേക്കാവുന്ന ഭക്ഷ്യ ക്ഷാമം നേരിടുന്നതിനായി 2020–21 –ൽ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് സുഭിക്ഷ കേരളം. നെല്ല്, പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങു വർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവ വലിയ തോതിൽ ഉത്പാദിപ്പിക്കുകയും പശു, ആട്, മുയൽ, പന്നികൾ, മത്സ്യം എന്നിവ വളർത്തുന്നതിന് സഹായം നൽകിക്കൊണ്ട് ഉപജീവനമാർഗ്ഗം പ്രോത്സാഹിപ്പിക്കുകയും ചെയ്ത് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഭക്ഷ്യ ഉല്പാദനത്തിൽ സ്വാശ്രയത്വം കൈവരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രാദേശിക സർക്കാരുകളുടേയും വിവിധ വകുപ്പുകളുടേയും കുടുംബശ്രീ, ഹരിത കേരളം മിഷൻ, പൊതു മേഖലാ സ്ഥാപനങ്ങൾ എൻ.ജി.ഒകൾ എന്നിവയുടെ സംയോജിത ഇടപെടലിലാണ് പദ്ധതി നടപ്പാക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS) തുടങ്ങി വിവിധ തൊഴിൽ പദ്ധതികളുടെ സംയോജനവും ഇതിൽ ഉറപ്പാക്കുന്നുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുന്നതിലും പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിലും പ്രധാന പങ്ക് വഹിക്കേണ്ടത് പ്രാദേശിക സർക്കാരുകളാണ്.

തരിശുകൃഷി ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളിലൊന്നാണ്. തൽപരരായ ഭൂ ഉടമകൾ, കൃഷിക്കാർ, സ്വാശ്രയ ഗ്രൂപ്പുകൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ, യുവജന സംഘടനകൾ, പ്രവാസികൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവർക്കെല്ലാം പദ്ധതിയുടെ ഭാഗമാകാം. വിപണിയിലെ പ്രതികൂല വില വ്യതിയാനങ്ങളിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായി ഭക്ഷ്യ കാർഷിക ഉല്പന്നങ്ങൾക്ക് അടിസ്ഥാന വില നിശ്ചയിച്ചത് ഈ പദ്ധതിയുടെ എടുത്തു പറയേണ്ട ഒരു സവിശേഷത തന്നെയാണ്. 2020 നവംബർ 1 മുതൽ ഈ അടിസ്ഥാന വിലകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നു. അടിസ്ഥാന വിലകൾ ഇവയാണ്. (1 kg): മരിച്ചീനി (12 രൂപ), നേന്ത്രൻ വാഴപ്പഴം/വയനാടൻ നേന്ത്രൻ (30 രൂപ–24 രൂപ), പൈനാപ്പിൾ (15 രൂപ), കുമ്പളങ്ങ (9 രൂപ), വെള്ളരി (8 രൂപ), പാവയ്ക്ക (30 രൂപ), പടവലങ്ങ (30 രൂപ), വള്ളിപ്പയർ (34 രൂപ,) തക്കാളി (8 രൂപ), വെണ്ടക്ക (20 രൂപ), കാബേജ് (11 രൂപ), കാരറ്റ് (21 രൂപ), ഉരുളക്കിഴങ്ങ് (20 രൂപ), ബീൻസ് (28 രൂപ), ബീറ്റ്റൂട്ട് (21 രൂപ), വെളുത്തുള്ളി (139 രൂപ). കൃഷി വകുപ്പ്, VFPCK, ഹോർട്ടി കോർപ്, പ്രാഥമിക കൃഷി വായ്പാ സഹകരണ സംഘങ്ങൾ എന്നിവയുടെ ഔട്ട് ലറ്റുകൾ വഴി കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കുന്നതാണ്.

## പന്ത്രണ്ടിന പരിപാടികൾ

പ്രാദേശിക സർക്കാരുകളുടെ 2020–21 വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ 'പന്ത്രണ്ടിന പരിപാടികൾ' സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ഇതിലെ രണ്ട് പ്രധാന പദ്ധതികളാണ് "വിശപ്പ്

രഹിത കേരളം", "ടേക്ക് എ ബ്രേക്ക്" എന്നിവ. വിശപ്പ് രഹിത കേരളം പദ്ധതിയിൽ 1000 ജനകീയ ഹോട്ടലുകൾ സ്ഥാപിച്ച് 20 രൂപയ്ക്ക് സബ്സിഡി നിരക്കിൽ ഭക്ഷണം ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ചെറിയ മുനിസിപ്പാലിറ്റികളിലും അത്തരത്തിലുള്ള ഒരു ഹോട്ടലെങ്കിലും സ്ഥാപിക്കുകയാണ് ഉദ്ദേശ്യം. കോർപ്പറേഷൻ പരിധിയിൽ 10 വാർഡിന് ഒരു ഹോട്ടൽ എന്ന നിലയിലും സ്ഥാപിക്കും. ഡിസംബർ 7, 2020 വരെ 843 ജനകീയ ഹോട്ടലുകൾ സംസ്ഥാനത്ത് ആരംഭിക്കുകയുണ്ടായി. കുറഞ്ഞ നിരക്കും ഉച്ചഭക്ഷണ സമയങ്ങളിൽ ഹോം ഡെലിവറി സേവനവും ഹോട്ടലുകളുടെ ജനപ്രീതി വർദ്ധിപ്പിക്കുന്നതിന് കാരണമായി. ഹോട്ടലുകൾക്ക് ഉള്ള വാടക, വൈദ്യുതി, വാട്ടർ ചാർജ് എന്നിവ അതാത് പ്രാദേശിക സർക്കാരുകളാണ് വഹിക്കുന്നത്.

സംസ്ഥാനത്ത് ഒട്ടാകെ ഗുണനിലവാരമുള്ള കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ സ്ഥാപിച്ച്, ടോയിലറ്റ് കോംപ്ലക്സുകൾക്ക് വേണ്ടിയുള്ള ദീർഘകാല ആവശ്യങ്ങൾക്ക് പരിഹാരം കാണുക എന്നതാണ് ടേക്ക് എ ബ്രേക്ക് റിഫ്രെഷ്മെന്റ് സെന്ററുകളിലൂടെ ലക്ഷ്യമിടുന്നത്. ടേക്ക് എ ബ്രേക്ക് സെന്ററുകൾ പൊതു ജനങ്ങൾക്കും യാത്രക്കാർക്കും വിശ്രമിക്കുവാനും മറ്റ് ഗുണനിലവാരമുള്ള സേവനങ്ങളും പ്രദാനം ചെയ്യും. 'പന്ത്രണ്ടിന പരിപാടി' യുടെ കീഴിലുള്ള മറ്റ് പദ്ധതികൾ താഴെക്കൊടുക്കുന്നു. 1) വയോ ക്ലബുകൾ (പ്രായമായവർക്കുള്ള റിക്രിയേഷൻ ക്ലബുകൾ). 2) ശുചിത്വ കേരളം (എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സമഗ്ര ശുചിത്വ പദവി). 3) അരുവികൾ വൃത്തിയാക്കൽ. 4) ഒരു കോടി ഫലവൃക്ഷതൈകളുടെ നടീലും പരിപാലനവും. 5) ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ. 6) ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം. 7) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. 8) എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പാലിയേറ്റീവ് കെയർ പദ്ധതികൾ. 9) പട്ടികജാതി/പട്ടികവർഗ്ഗങ്ങളുടെ വികസനം. 10) സമഗ്ര ദുരന്ത നിവാരണ പദ്ധതി (നമ്മൾ നമുക്കായി)

## പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതത്തിന് അനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ (2020–21) പുനഃക്രമീകരണം

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ പലകാര്യങ്ങളിലും, പ്രത്യേകിച്ച് നഗര പ്രദേശത്തിന്റെ കാര്യത്തിൽ, മുൻ കേന്ദ്ര ധനകാര്യ കമ്മീഷനുകളിൽ നിന്നും വിഭിന്നമായ സമീപനമാണ് സ്വീകരിച്ചത്. ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള എല്ലാ തലത്തിലുമുള്ള പ്രാദേശിക സർക്കാരുകൾക്കും ഗ്രാന്റ് നൽകാൻ ശുപാർശ ചെയ്യുകയുണ്ടായി. പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് ഗ്രാന്റുകൾ നൽകിയത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നഗര പ്രദേശങ്ങളുടെ കാര്യത്തിൽ നഗരങ്ങളെ ആദ്യമായി രണ്ട് വിഭാഗമായി തിരിച്ചുകൊണ്ട് ഗ്രാന്റുകൾ നൽകാൻ ശുപാർശ ചെയ്യുകയുണ്ടായി. (എ) പത്ത് ദശലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള 50 നഗരസഞ്ചയങ്ങൾ[1]/നഗരങ്ങൾ. (ബി) പത്ത് ദശലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മറ്റ് നഗരങ്ങളും പട്ടണങ്ങളും.

2020–21 വർഷത്തെ സംസ്ഥാന ബജറ്റ് തയ്യാറാക്കുന്ന സമയത്ത്, പ്രാദേശിക സർക്കാരുകൾക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിഹിതത്തിന്റെ വിശദാംശങ്ങൾ അറിയില്ലായിരുന്നു. അതിനാൽ പ്രാദേശിക സർക്കാരുകൾക്ക് ബഡ്ജറ്റിൽ താൽക്കാലിക വിഹിതം വകയിരുത്തുകയാണ് ചെയ്തത്. ഇപ്രകാരമുള്ള താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി പതിനാലാം ധനകാര്യ കമ്മീഷൻ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി വാർഷിക പദ്ധതികൾ തയ്യാറാക്കാൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം 2020 ജൂണിൽ, 15–ാം ധനകാര്യ കമ്മീഷൻ വിഹിതം കൂടി ഉൾപ്പെടുത്തി പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ട് വിഹിതം പരിഷ്ക്കരിക്കുകയുണ്ടായി. പുതുക്കിയ വിഹിതത്തിന് അനുസൃതമായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി പുനഃക്രമീകരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ പ്രകാരം ഒരോ പ്രാദേശിക സർക്കാരും ധനകാര്യ കമ്മീഷൻ വിഹിതത്തിന്റെ വിനിയോഗത്തിനായി ഉപപദ്ധതി തയ്യാറാക്കേണ്ടതുണ്ട്. നഗരസഞ്ചയത്തിന് കീഴിൽ വരുന്ന ഓരോ തദ്ദേശ സ്ഥാപനവും പ്രത്യേകം പദ്ധതി തയ്യാറാക്കുന്ന പതിവ് രീതിക്ക് പകരം നഗരസഞ്ചയ പ്രദേശത്തേക്ക് മൊത്തത്തിൽ ഒരു പദ്ധതി തയ്യാറാക്കുക എന്നത് ഒരു വെല്ലുവിളി തന്നെയായിരുന്നു. ഇതിനായി സംസ്ഥാന സർക്കാർ ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി (JPC) രൂപീകരിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. മുഖ്യ തദ്ദേശ സ്ഥാപനത്തിലെ അദ്ധ്യക്ഷൻ JPCയുടെ ചെയർപേഴ്സനും നഗര സഞ്ചയത്തിലെ മറ്റ് പ്രാദേശിക സർക്കാരുകളുടെ അദ്ധ്യക്ഷൻമാരും അവിടെയുള്ള സെക്രട്ടറിമാരും അംഗങ്ങളുമായിരിക്കും. ധനകാര്യ കമ്മീഷൻ വിഹിതത്തിലെ ഒരു ഭാഗം

[1]ഒരു നഗരവും അതിനോട് ചേർന്ന് തുടർച്ചയായി കിടക്കുന്ന നഗര സ്വഭാവത്തിലുള്ള സെൻസസ് ടൗണുകൾ/സ്റ്റാറ്റ്യൂട്ടറി ടൗണുകൾ, ഔട്ട്ഗ്രോത്തുകൾ എന്നിവയും ചേരുന്ന മൊത്തം പ്രദേശത്തെയാണ് നഗരസഞ്ചയമായി കണക്കാക്കുന്നത്.

നിർബന്ധമായും മുഖ്യ നഗര പരിധിക്ക് പുറത്ത് ചെലവഴിക്കണമെന്ന് സർക്കാർ പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങളിൽ അനുശാസിക്കുന്നുണ്ട്.

പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിന്റെ അവസാന വർഷവുമായി (2019–20) നോക്കുമ്പോൾ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ആദ്യ വർഷം (2020–21) കേരളത്തിന്റെ വിഹിതത്തിൽ വർദ്ധനവുണ്ട്. എങ്കിലും ചെലവിടുന്നതിലുള്ള അനായാസകത കുറവാണെന്നു കാണാം. പതിനാലാം ധനകാര്യ കമ്മീഷൻ ഫണ്ടിന്റെ ഭൂരിഭാഗവും അടിസ്ഥാന ഗ്രാന്റ് ആയാണ് നൽകിയത്. ഗ്രാമീണ, നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതു ആസ്തികളുടേയും റോഡുകളുടേയും പരിപാലനം ഉൾപ്പെടെയുള്ള അടിസ്ഥാന സേവനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ചെലവുകൾക്കും ഈ വിഹിതം (അടിസ്ഥാന ഗ്രാന്റ് ) വിനിയോഗിക്കാൻ അവസരമുണ്ടായിരുന്നു. എന്നാൽ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ദശലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങൾക്ക് അനുവദിച്ച മുഴുവൻ തുകയും ഉപാധികളോടെയുള്ളതും (Tied Grant), മറ്റ് നഗരങ്ങൾക്കും ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്കും അനുവദിച്ചതിൽ 50 ശതമാനം ഗ്രാന്റും ഉപാധികളോടെയുള്ളതും (Tied Grant) ആണ്. കൂടാതെ ഈ ഫണ്ടാകട്ടെ നിർണ്ണായകമായ കുടിവെള്ളം, ശുചിത്വം എന്നീ രണ്ട് സേവനങ്ങൾക്ക് മാത്രമേ വിനിയോഗിക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇവയെല്ലാം തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ വലിയ തോതിൽ ബാധിക്കുക തന്നെ ചെയ്യും.

### മിഷൻ അന്ത്യോദയ സർവ്വേ – തുടർച്ചയായ വർഷങ്ങളിൽ കേരളം ഒന്നാമത്

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (ജി.പി.ഡി.പി) തയ്യാറാക്കുന്നതിന് മുന്നോടിയായി എല്ലാ സംസ്ഥാനങ്ങളോടും മിഷൻ അന്ത്യോദയ സർവ്വേ നടത്തുവാൻ ആവശ്യപ്പെടുകയുണ്ടായി. അടിസ്ഥാന സൗകര്യം, മാനവവികസനം, സാമ്പത്തിക പ്രവർത്തനങ്ങൾ എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ചില സൂചികകളുപയോഗിച്ച് രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും റാങ്ക് ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വികസന വിടവുകൾ നികത്തുന്നതിനായി ഗ്രാമപഞ്ചായത്ത് വികസന പദ്ധതി വഴി പ്രോജക്ടുകളും പരിപാടികളും ആസൂത്രണം ചെയ്യുക എന്നതുമാണ് സർവ്വേ ലക്ഷ്യം വയ്ക്കുന്നത്. കേന്ദ്ര സംസ്ഥാന പദ്ധതികളുടെയും പ്രാദേശിക വിഭവങ്ങളുടെയും സംയോജനം വഴി വികസന വിടവ് നികത്തുന്നതിനായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് വിഭവ സമാഹരണം നടത്താവുന്നതാണ്. 2017–18 –ൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 195 ഗ്രാമപഞ്ചായത്തുകളിലാണ് (കുടുംബശ്രീ നോഡൽ ഏജൻസിയായി) മിഷൻ അന്ത്യോദയ സർവേ നടത്തിയത്. 2018–19 –ൽ 941 ഗ്രാമപഞ്ചായത്തുകളിൽ 939 എണ്ണത്തിലും സർവ്വേ നടത്തുകയുണ്ടായി. 2019–20 –ൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സർവേ നടത്തി. 2019–20 ൽ ദേശീയ തലത്തിൽ 2,66,417 ഗ്രാമപഞ്ചായത്തുകളിലാണ് സർവ്വേ നടത്തിയത്. ഇതിൽ 85 ശതമാനം ഗ്രാമപഞ്ചായത്തുകളുടെയും ശരാശരി സ്കോർ 41 ൽ താഴെ ആയിരുന്നു. ഒരു ശതമാനം ഗ്രാമപഞ്ചായത്തുകൾ മാത്രമെ 80 ന് മുകളിൽ സ്കോർ നേടുകയുണ്ടായുള്ളൂ. എന്നാൽ കേരളത്തിൽ 941 ഗ്രാമപഞ്ചായത്തുകളിൽ 27 ഗ്രാമപഞ്ചായത്തുകൾ 80 ന് മുകളിൽ സ്കോർ നേടുകയും 844 ഗ്രാമപഞ്ചായത്തുകൾ (89.69 ശതമാനം) 60 –ന് മുകളിൽ സ്കോർ നേടുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 12.1.1** –ൽ കൊടുത്തിരിക്കുന്നു. കേരളത്തിന്റെ സ്കോർ മറ്റ് സംസ്ഥാനങ്ങളെക്കാളും ദേശീയ ശരാശരിയെക്കാളും ഏറെ മുകളിലാണ് എന്നാണ് മിഷൻ അന്ത്യോദയ സർവ്വേയുടെ കണക്കുകൾ സൂചിപ്പിക്കുന്നത്.

### തദ്ദേശ സർക്കാരുകളുടെ പദ്ധതി ധന വിനിയോഗം (2019–20)

വാർഷിക പദ്ധതിക്കുള്ള വിഹിതമായി തദ്ദേശ സർക്കാരുകൾക്ക് സാധാരണയായി രണ്ട് രീതിയിലാണ് ഫണ്ടുകൾ ലഭ്യമാകുന്നത്. ആദ്യത്തേത് ഉപാധി രഹിത പദ്ധതി ധനസഹായം (വികസന ഫണ്ട് ). രണ്ടാമത്തേത് ആവിഷ്കൃത പദ്ധതികൾക്കുള്ള (സ്പോൺസേർഡ് സ്കീമുകൾക്കുള്ള) പദ്ധതി സഹായം. ആദ്യ വിഭാഗത്തിലെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖക്ക് വിധേയമായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും മുൻഗണനകൾ നിശ്ചയിക്കുന്നതിലും നിർവ്വഹണം നടത്തുന്നതിലും തദ്ദേശ സ്ഥാപനങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യമാണ് ഉള്ളത്.

മുമ്പ് സൂചിപ്പിച്ചത് പ്രകാരം അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ (എസ്.എഫ്.സി) ശുപാർശകളിന്മേൽ സ്വീകരിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് (എ.റ്റി.ആർ) പ്രകാരമാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് വകയിരുത്തുന്നത്. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 24.50 ശതമാനം തുകയാണ് (7,500 കോടി രൂപ) തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ടായി 2019–20 –ൽ വകയിരുത്തിയത്. വിവിധ വിഭാഗങ്ങളിലുള്ള ഫണ്ട് ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും വിതരണം നടത്തുന്നത് അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് പ്രകാരമാണ്. വിവിധ തലത്തിലുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് ഓരോ

**പട്ടിക 12.1.4**

വിവിധ തലത്തിലുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് വകയിരുത്തിത്തിയ വികസന ഫണ്ട് വിഹിതം. (2019–20)

(രൂപ ലക്ഷത്തിൽ)

| പ്രാദേശിക സർക്കാർ | പൊതുവിഭാഗം | | | പട്ടികജാതി ഉപപദ്ധതി | പട്ടിക വർഗ്ഗ ഉപപദ്ധതി | ആകെ |
|---|---|---|---|---|---|---|
| | സാധാരണ വിഹിതം | 14–ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | | |
| | | അടിസ്ഥാന ഗ്രാന്റ് | പെർഫോർമൻസ് ഗ്രാന്റ് | | | |
| ഗ്രാമപഞ്ചായത്തുകൾ | 1,63,517.52 | 1,08,473.00 | 13,257.00 | 69,932.51 | 11,446.40 | 3,66,626.43 |
| ബ്ലോക്ക് പഞ്ചായ–ത്തുകൾ | 68,011.52 | 0.00 | 0.00 | 21,775.83 | 3,585.14 | 93,372.49 |
| ജില്ലാ പഞ്ചായത്തുകൾ | 68,011.52 | 0.00 | 0.00 | 21,775.83 | 3,585.14 | 93,372.49 |
| മുനിസിപ്പാലിറ്റികൾ | 32,664.61 | 49,502.55 | 13,612.61 | 13,396.71 | 1,271.99 | 1,10,448.47 |
| കോർപ്പറേഷനുകൾ | 28,256.83 | 38,439.45 | 10,570.39 | 8,503.12 | 410.33 | 86,180.12 |
| ആകെ | 3,60,462.00 | 1,96,415.00 | 37,440.00 | 1,35,384.00 | 20,299.00 | 7,50,000.00 |

അവലംബം: അനുബന്ധം IV, സംസ്ഥാന ബജറ്റ് 2019-20.

വിഭാഗത്തിലും 2019–20 –ൽ വകയിരുത്തിയ വികസന ഫണ്ട് വിഹിതത്തെ സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 12.1.4** –ൽ കൊടുത്തിരിക്കുന്നു.

വികസന ഫണ്ടിന് (സംസ്ഥാന പദ്ധതിയുടെ നിശ്ചിത ശതമാനം) പുറമെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട്, മെയിന്റനൻസ് ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിങ്ങനെ വിവിധ പ്രോജക്ടുകൾ നടപ്പിലാക്കാനായി തുക ലഭ്യമാകുന്നുണ്ട്. 2019–20 –ൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും പദ്ധതികളുടെ ആകെ വിഹിതം 19,889.68 കോടി രൂപയായിരുന്നു. ഇതിൽ 7,473.25 കോടി രൂപ ചെലവഴിക്കുകയുണ്ടായി. ചെലവുകൾ ഇനം തിരിച്ച് നോക്കിയാൽ ആകെ ചെലവിൽ 54 ശതമാനം ചെലവും വികസന ഫണ്ടിൽ നിന്നായിരുന്നുവെന്ന് കാണാം. 16.65 ശതമാനം ചെലവ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 8.35 ശതമാനം തനത് ഫണ്ടിൽ നിന്നുമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ, സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, ഗുണഭോക്തൃ വിഹിതം എന്നിവയിൽ 21 ശതമാനം ചെലവുണ്ടായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ പ്രധാന ധനമാർഗ്ഗമായി കാണുന്നത് വികസന ഫണ്ടിനെയാണ് (54 ശതമാനം) എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഏകദേശം 16.65 ശതമാനം തുക റോഡുകളുടെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടേയും പരിപാലനത്തിനായി ചെലവാക്കുന്നുണ്ടെന്നാണ് കാണിക്കുന്നത്. വിശദാംശങ്ങൾ **ചിത്രം 12.1.3** ലും **അനുബന്ധം 12.1.2** ലും നൽകിയിട്ടുണ്ട്.

## തദ്ദേശസ്ഥാപനങ്ങളുടെ പ്രകടനം – വികസന ഫണ്ട്

നേരത്തെ സൂചിപ്പിച്ചതുപോലെ പ്രാദേശിക സർക്കാരുകളുടെ പ്രധാന ധന സ്രോതസ്സ് വികസനഫണ്ട് തന്നെയാണ്.
2019–20 –ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

**ചിത്രം 12.1.3** തദ്ദേശസ്ഥാപനങ്ങളുടെ വിവധ സ്രോതസ്സുകളിൽ നിന്നുള്ള ചെലവ് (2019–20)




അവലംബം - ഇൻഫർമേഷൻ കേരള മിഷൻ 2020

**ചിത്രം 12.1.4** വിതരണം ചെയ്ത വികസന ഫണ്ടിന്റെ അടിസ്ഥാനത്തിൽ വിവിധ പ്രാദേശിക സർക്കാരുകളുടെ ചെലവ് പ്രകടനം. (2019–20)




*അവലംബം - ഇൻഫർമേഷൻ കേരള മിഷൻ 2020*

വികസന ഫണ്ടിലെ ബജറ്റ് വിഹിതം 7500 കോടി രൂപയായിരുന്നു. ഇതിൽ 7209.10 കോടി രൂപ വിതരണം ചെയ്യുകയുണ്ടായി. വിതരണം ചെയ്ത ആകെ തുകയിൽ നിന്നും 4035.57 കോടി രൂപ ചെലവഴിച്ചു (55.98%). കഴിഞ്ഞ രണ്ടു വർഷത്തെ അപേക്ഷിച്ച് 2019–20 ലെ കുറഞ്ഞ ചെലവ് കോവിഡ്–19 മഹാമാരി മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി സാമ്പത്തികവർഷാവസാനം ട്രഷറിയിലേർപ്പെടുത്തിയ നിയന്ത്രണങ്ങൾ കാരണമാണ്. ട്രഷറിയിൽ തീർപ്പാകാതെ കിടന്നിരുന്ന ബില്ലുകൾ (1636.97 കോടി രൂപ) മാർച്ച് 31 ന് ഉള്ളിൽ ക്ലിയർ ചെയ്തിരുന്നുവെങ്കിൽ ചെലവ് 78.69 ശതമാനമാകുമായിരുന്നു.

ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകളിൽ ചെലവ് 60 ശതമാനത്തിനു മുകളിലാണ്. ജില്ലാപഞ്ചായത്തുകളുടേയും നഗര, തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും ചെലവ് 50 ശതമാനത്തിൽ താഴെയാണ്. പ്രാദേശിക സർക്കാർ തിരിച്ചുള്ള ചെലവ് വിശദാംശങ്ങൾ **ചിത്രം 12.1.4** –ൽ നൽകിയിരിക്കുന്നു.

## വികസന ഫണ്ടിന്റെ വിഭാഗം തിരിച്ചുള്ള പ്രകടനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് മൂന്ന് വിഭാഗങ്ങളിലായിട്ടാണ് വകയിരുത്തുന്നത്. പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി) പട്ടികവർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി) എന്നിവയാണവ. വികസന ഫണ്ട് ഇനത്തിൽ വിതരണം ചെയ്ത 7,209.10 കോടി രൂപയിൽ, 5,652.21 കോടി രൂപ (78.40 ശതമാനം) പൊതു വിഭാഗത്തിലും, 1,353.90 കോടി രൂപ (18.78 ശതമാനം) എസ്.സി.എസ്.പി വിഭാഗത്തിലും 202.99 കോടി രൂപ (2.82 ശതമാനം) റ്റി.എസ്.പി വിഭാഗത്തിലും ആണ് നൽകിയത്. പൊതു വിഭാഗം ഫണ്ടുമായി താരതമ്യപ്പെടുത്തുമ്പോൾ എസ്.സി.എസ്.പി, റ്റി. എസ്.പി ഫണ്ടുകളുടെ ചെലവ് ഗ്രാമപഞ്ചായത്തുകളിൽ കുറവാണ്. നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുവിഭാഗം ഫണ്ടിനെ അപേക്ഷിച്ച് എസ്.സി.എസ്.പി ഫണ്ടിൽ ഉയർന്ന ചെലവ് കാണിക്കുന്നുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 12.1.3**, **ചിത്രം 12.1.5** എന്നിവയിൽ നൽകിയിരിക്കുന്നു.

## മേഖലാ വിശകലനം

പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മൂന്ന് മേഖലകളിലായിട്ടാണ് ഫണ്ട് വകയിരുത്തുന്നത്. ഉത്പാദനം, സേവനം, പശ്ചാത്തലം എന്നിവയാണവ. മേഖല തിരിച്ചുള്ള പ്രകടനം **ചിത്രം 12.1.6** –ൽ നൽകിയിരിക്കുന്നു. ആകെ ചെലവിൽ ഉത്പാദന മേഖലയുടെ പങ്ക് 12.64 ശതമാനം മാത്രമാണ്. കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നത് സേവന മേഖലയിലാണ് (66.78 ശതമാനം). പശ്ചാത്തല മേഖലാ വിഹിതം 20.58 ശതമാനമാണ്. വിശദാംശങ്ങൾ **അനുബന്ധം 12.1.4** നൽകിയിരിക്കുന്നു.

## ഉത്പാദന മേഖല

ഉത്പാദന മേഖലയിലെ ആകെ ചെലവിന്റെ ഉപവിഭാഗം തിരിച്ചുള്ള ചെലവ് **ചിത്രം 12.1.7** –ൽ കാണിച്ചിരിക്കുന്നു. ഉത്പാദന മേഖലയ്ക്കായി ചെലവഴിച്ച തുകയിൽ 36.78 ശതമാനവും കാർഷിക മേഖലയിലാണ്. തൊട്ടു പിന്നാലെ മൃഗസംരക്ഷണം (23.02 ശതമാനം), ക്ഷീരവികസനം (16.36 ശതമാനം), ജലസേചനം (9.15 ശതമാനം), വ്യവസായം, സ്വയംതൊഴിൽ (6.78 ശതമാനം) എന്നീ മേഖലയിലാണ്. മത്സ്യബന്ധന മേഖലയിൽ ചെലവ് 1.37 ശതമാനം മാത്രമാണെങ്കിൽ

**ചിത്രം 12.1.5** – 2019–20ൽ വിതരണം ചെയ്ത വികസന ഫണ്ടിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകളുടെ വിഭാഗം തിരിച്ചുള്ള ചെലവ്




അവലംബം - ഇൻഫർമേഷൻ കേരള മിഷൻ 2020

**ചിത്രം 12.1.6** തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തിയ മൊത്തം ചെലവിൽ വിവിധ മേഖലകളുടെ ചെലവ് വിഹിതം ശതമാനത്തിൽ (വികസന ഫണ്ട് 2019–20)




അവലംബം - ഇൻഫർമേഷൻ കേരള മിഷൻ 2020

**ചിത്രം** –**12.1.7** ഉത്പാദന മേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം ശതമാനത്തിൽ. (വികസനഫണ്ട് 2019–20)




അവലംബം - ഇൻഫർമേഷൻ കേരള മിഷൻ 2020

**ചിത്രം 12.1.8** സേവനമേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം ശതമാനത്തിൽ (വികസന ഫണ്ട് 2019–20)




*അവലംബം - ഇൻഫർമേഷൻ കേരള മിഷൻ 2020*

മണ്ണ്–ജല സംരക്ഷണത്തിനായി 4.73 ശതമാനമാണ് വിനിയോഗിച്ചിരിക്കുന്നത്. വിശദാംശങ്ങൾ **അനുബന്ധം 12.1.5** –ൽ നൽകിയിരിക്കുന്നു.

2019–20 വാർഷിക പദ്ധതിക്ക് നിശ്ചയിച്ചിരുന്ന മേഖലാ മാനദണ്ഡങ്ങൾ അനുസരിച്ച് ഗ്രാമീണ തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവരുടെ പൊതുവിഭാഗം (സാധാരണ വിഹിതം) ഫണ്ടിന്റെ 30 ശതമാനം ഉത്പാദന മേഖലയുടെ പ്രവർത്തനങ്ങൾക്കായി നീക്കി വയ്ക്കേണ്ടതുണ്ട്. നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇത് 10 ശതമാനമാണ്. പ്രാദേശിക സർക്കാരുകളുടെ പൊതുവിഭാഗം (സാധാരണ വിഹിതം) ഫണ്ടിലെ ഉത്പാദന മേഖലയുടെ വിഹിതം **പട്ടിക 12.1.5** –ൽ കാണിച്ചിരിക്കുന്നു. കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ ട്രഷറിയിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ കാരണം എല്ലാ തലത്തിലുമുള്ള തദ്ദേശഭരണസ്ഥാപനങ്ങളും ഉത്പാദന മേഖലയ്ക്ക് നിഷ്കർഷിച്ചിരുന്ന തുകയേക്കാൾ കുറവാണ് ചെലവഴിച്ചിട്ടുള്ളതെന്ന് കാണാവുന്നതാണ്.

## സേവന മേഖല

പ്രാദേശിക സർക്കാരുകളുടെ ഉപമേഖല തിരിച്ചുള്ള സേവനമേഖലയുടെ ചെലവ് **ചിത്രം 12.1.8** –ൽ കാണിച്ചിരിക്കുന്നു. സേവനമേഖലയ്ക്ക് കീഴിലുള്ള ചെലവിന്റെ 41.02 ശതമാനവും ഭവനം, ഭവന വൈദ്യുതീകരണം എന്നീ ഉപ മേഖലയിലാണ് ചെലവഴിച്ചിരിക്കുന്നത്. എല്ലാ തദ്ദേശ സർക്കാരുകളും ഭവന നിർമ്മാണത്തിനായി നിർബന്ധിതമായും തുക വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലാണ് ഈ മേഖലയിലെ ഉയർന്ന ചെലവ് കാണിക്കുന്നത്. പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി എന്നിവയിൽ ആകെ തുകയുടെ 20 ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും ഭവന നിർമ്മാണത്തിനും പി.എം.എ.വൈ ചെലവുകൾക്കുമായി വകയിരുത്തേണ്ടതുണ്ട്. സേവന മേഖലയിലെ ആകെ ചെലവിന്റെ 14.38 ശതമാനം വിദ്യാഭ്യാസത്തിനും 10.82 ശതമാനം സാമൂഹ്യക്ഷേമം ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷയ്ക്കും 6.03 ശതമാനം കുടിവെള്ളത്തിനും 4.49

**പട്ടിക 12.1.5** – 2019–20 വാർഷിക പദ്ധതി : പൊതുവിഭാഗം ഫണ്ടിലെ (സാധാരണ വിഹിതം) ചെലവിൽ ഉത്പാദനമേഖലയുടെ ചെലവ് വിഹിതം (രൂപ കോടിയിൽ)

| ക്രമ നം. | പ്രാദേശിക സർക്കാർ തരം | പൊതുവിഭാഗം ഫണ്ടിലെ സാധാരണ വിഹിതത്തിൽ ഉല്പാദന മേഖലയിലെ ചെലവ് | പൊതുവിഭാഗം ഫണ്ടിലെ സാധാരണ വിഹിതത്തിലെ ആകെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 263.16 | 1,245.39 | 21.13 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 99.03 | 415.81 | 23.82 |
| 3 | ജില്ലാ പഞ്ചായത്ത് | 58.15 | 336.49 | 17.28 |
| 4 | മുനിസിപ്പാലിറ്റി | 22.90 | 263.96 | 8.68 |
| 5 | കോർപ്പറേഷൻ | 11.68 | 183.18 | 6.38 |
| | ആകെ | 454.92 | 2,444.83 | 18.61 |

ശതമാനം ശുചിത്വത്തിനുമായി വിനിയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 12.1.6 ചിത്രം 12.1.8** എന്നിവയിൽ നൽകിയിരിക്കുന്നു.

### പശ്ചാത്തല മേഖല

2019-20 വാർഷിക പദ്ധതിയിൽ പശ്ചാത്തല മേഖലയിലെ ആകെ ചെലവിൽ 76.96 ശതമാനം തുകയും റോഡുകളും പാലങ്ങളും അടങ്ങുന്ന ഗതാഗത ഉപമേഖലയ്ക്ക് വിനിയോഗിച്ചിട്ടുണ്ട്. പശ്ചാത്തല മേഖലയിലെ ആകെ ചെലവ് തുകയായ 830.58 കോടി രൂപയിൽ ഗ്രാമപഞ്ചായത്തുകൾ 469.11 കോടി രൂപയും മുനിസിപ്പാലിറ്റികൾ 132.43 കോടി രൂപയും ചെലവഴിക്കുകയുണ്ടായി. 2019-20 ലെ പശ്ചാത്തല മേഖലയ്ക്ക് കീഴിലുള്ള ഉപമേഖലകളിലെ ചെലവ് വിശദാംശങ്ങൾ **ചിത്രം 12.1.9, അനുബന്ധം 12.1.7** എന്നിവയിൽ നൽകിയിരിക്കുന്നു.

### പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ പ്രകടനം

വനിതാഘടക പദ്ധതിയും ദുർബല വിഭാഗങ്ങൾക്കുള്ള (വൃദ്ധർ, കുട്ടികൾ ഭിന്നശേഷിക്കാർ, സാന്ത്വന പരിചരണം ആവശ്യമുള്ളവർ, ട്രാൻസ് ജെന്റേഴ്സ്) പദ്ധതിയും കേരളത്തിന്റെ വികേന്ദ്രീകൃതാസൂത്രണത്തിൽ എടുത്തു പറയേണ്ട പ്രത്യേകത തന്നെയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുവിഭാഗം (സാധാരണ വിഹിതം), എസ്.സി.എസ്.പി., ടി. എസ്.പി എന്നിവയുടെ ആകെ വിഹിതത്തിന്റെ 10 ശതമാനം വനിതാ ഘടക പദ്ധതിക്കും 5 ശതമാനം, കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ് ജെന്റേഴ്സ് എന്നിവർക്കും മറ്റൊരു 5 ശതമാനം തുക വൃദ്ധർക്കും സാന്ത്വന പരിചരണത്തിനുമായി നിർബന്ധമായും വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2019-20 ൽ വനിതാ ഘടക പദ്ധതി ചെലവ് (പൊതുവിഭാഗ ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ ഒരുമിച്ച്) 6.36 ശതമാനമാണ്. കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവർക്കായുള്ള പ്രത്യേക പരിപാടിയുടെ കാര്യത്തിൽ ഇത് യഥാക്രമം 3.95 ശതമാനവും 1.90 ശതമാനവുമാണ്. സാന്ത്വന പരിപാലനത്തിന് 2.17 ശതമാനമാണ് ചെലവായത്. പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതികളിൽ പ്രാദേശിക സർക്കാരുകളുടെ ചെലവ് സർക്കാർ നിഷ്കർഷിച്ചതിനെക്കാളും കുറവാണ്. പ്രത്യേക പദ്ധതികൾ ഏറ്റെടുക്കുന്നതിൽ കാര്യമായ ശ്രദ്ധ തദ്ദേശസ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ടെന്നാണ് ഇത് കാണിക്കുന്നത്. 2019-20 ലെ പ്രത്യേക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾക്കുള്ള ചെലവുകളുടെ വിശദാംശങ്ങൾ പട്ടിക 12.1.6 ലും 2019-20 വർഷത്തെ വിവിധ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 12.1.8** ലും നൽകിയിരിക്കുന്നു.

പ്രാദേശിക സർക്കാരുകൾ സംസ്ഥാനത്തെ സുപ്രധാനവും ശക്തവുമായ ഭരണസ്ഥാപനങ്ങളായി മാറിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണം ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് കടക്കുമ്പോൾ വികസനമെന്നത് സമഗ്രവും പങ്കാളിത്തപരവുമായ ഒരു പ്രക്രിയയായി മാറ്റുവാൻ സാധിക്കുകയുണ്ടായി. കഴിഞ്ഞ 25 വർഷത്തെ അനുഭവങ്ങൾ എന്നത് നേട്ടങ്ങൾ, വിടവുകൾ, വികേന്ദ്രീകൃതാസൂത്രണത്തെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ തിരുത്തൽ നടപടികൾ എന്നിവയുടെ പാഠങ്ങൾ കൂടിയാണ്. പങ്കാളിത്ത ആസൂത്രണ പ്രക്രിയയിൽ മറ്റ് സംസ്ഥാനങ്ങൾക്ക് കേരളം വഴികാട്ടിയാണെങ്കിലും സർവ്വതല സ്പർശിയായ വികസനം ഉറപ്പാക്കുന്നതിന് വികേന്ദ്രീകൃതാസൂത്രണം കൂടുതൽ ആഴത്തിലാക്കുകയും ശക്തമാക്കുകയും വിപുലീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

**ചിത്രം 12.1.9** – പശ്ചാത്തലമേഖലയിലെ ആകെ ചെലവിൽ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം (വികസന ഫണ്ട് 2019-20)




അവലംബം - ഇൻഫർമേഷൻ കേരള മിഷൻ 2020

**പട്ടിക – 12.1.6** – പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ ചെലവ് വിഹിതം (2019–20)

| ക്രമ നം | പ്രത്യേക പദ്ധതികൾ | പൊതു വിഭാഗം സാധാരണ വിഹിതം എസ്.സി.പി/റ്റി.എസ്.പി എന്നിവയുടെ ആകെ തുകയിൽ പ്രത്യേക പദ്ധതികളുടെ പങ്ക് (ശതമാനത്തിൽ) |
|---|---|---|
| 1 | വനിതാ ഘടക പദ്ധതി | 6.36 |
| 2 | കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി | 3.95 |
| 3 | വയോജനങ്ങൾക്കുള്ള പ്രത്യേക പദ്ധതി | 2.72 |
| 4 | ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതി | 1.90 |
| 5 | സാന്ത്വന പരിരക്ഷാ പ്രോജക്ടുകൾ | 2.17 |
| 6 | ട്രാൻസ് ജെൻഡേഴ്സിനുള്ള പ്രത്യേക പദ്ധതി | 0.005 |

## പ്രാദേശിക സർക്കാരുകളുടെ മേഖലയിൽ കേന്ദ്ര–സംസ്ഥാന പരിപാടികളുടെ അവലോകനം

സംസ്ഥാനത്തെ ദ്രുതഗതിയിലുള്ള നഗരവത്ക്കരണം മൂലം നഗരജനതയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലും സംസ്ഥാന സർക്കാരിന് മുന്നിൽ പുതിയ വെല്ലുവിളികൾ സൃഷ്ടിക്കുന്നു. ദ്രുതഗതിയിലുള്ളതും സ്ഥായിയുമായ നഗരവത്ക്കരണത്തോടൊപ്പം ത്വരിതഗതിയിലുള്ള വികസനവും, പ്രത്യേകിച്ചും സംസ്ഥാനത്തിന് അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും അത്യാവശ്യമാണ്. 2011 സെൻസസ് പ്രകാരം സംസ്ഥാനത്തെ നഗര ജനസംഖ്യ 1.59 കോടി ആയിരുന്നു. അതാകട്ടെ ആകെ ജനസംഖ്യയുടെ 47.6 ശതമാനമായിരുന്നെങ്കിൽ 1.75 കോടി ആയിരുന്നു (52.4 ശതമാനം) ഗ്രാമീണ ജനസംഖ്യ. ഇന്ത്യയിലെവിടെയും ഗ്രാമപ്രദേശങ്ങളെ വ്യക്തമായി തിരിച്ചറിയാൻ കഴിയുംവിധം വിസ്തൃതമായ കൃഷിഭൂമിയിൽ വീടുകളുടെ കൂട്ടങ്ങൾ ഇടവിട്ട് കാണാൻ സാധിക്കുമെങ്കിൽ സംസ്ഥാനത്തിലുടനീളം ഗ്രാമീണ പശ്ചാത്തലത്തിൽപോലും ചെറുതും ഇടത്തരവുമായ പട്ടണങ്ങൾ സ്ഥിതിചെയ്യുന്നതുകൊണ്ടുതന്നെ സംസ്ഥാനത്ത് ഗ്രാമ–നഗര പ്രദേശങ്ങളുടെ സവിശേഷതകൾ ഏകദേശം ഒരുപോലെയാണെന്നതും ശ്രദ്ധേയമാണ്. നഗര പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ഗ്രാമങ്ങളെ ബന്ധിപ്പിക്കുക, ശുചിത്വ–മാലിന്യ നിർമ്മാർജ്ജനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക, ഗ്രാമ–നഗര പ്രദേശങ്ങളിൽ ഭവനത്തോടൊപ്പം തൊഴിലും ഉപജീവനമാർഗ്ഗങ്ങളും സൃഷ്ടിക്കുക തുടങ്ങി അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ ഇടപെടലുകൾ ചുവടെ കൊടുക്കുന്നു.

### I. അടിസ്ഥാനസൗകര്യ വികസനം

രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തെ വ്യത്യസ്തമാക്കുന്നത് വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന തരത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സാമൂഹ്യ സേവന പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലൂന്നിയ സംസ്ഥാനത്തിന്റെ വികേന്ദ്രീകൃതാസൂത്രണമാണ്. ജീവിത ഗുണനിലവാരത്തിന്റെ പ്രധാന സൂചകങ്ങളായ പാർപ്പിടത്തോടൊപ്പം കുടിവെള്ളം, ശുചിത്വം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നത് ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. കേന്ദ്രാവിഷ്കൃതപദ്ധതികളോടൊപ്പം സംസ്ഥാന സർക്കാർ സംസ്ഥാനത്തിന്റേതായ തനത് പരിപാടികളുടെ വിഹിതം കൂടിച്ചേർത്തുകൊണ്ടാണ് അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്.

#### i. പാർപ്പിടം

വ്യക്തിയുടെയും സമൂഹത്തിന്റെയും വികസനത്തിൽ ഭവനം എന്നത് മാനവക്ഷേമത്തിന്റെ ഒരു പ്രധാന സൂചികയാണ്. ഭവനം ഒരു വ്യക്തിയുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ബാധിക്കുന്നതോടൊപ്പം അവന്റെ സാമ്പത്തിക സാമൂഹ്യതലങ്ങളിലും വലിയ സ്വാധീനമാണ് ഉണ്ടാക്കുന്നത്. വിശാലമായ അർത്ഥത്തിൽ ഒരു കെട്ടിടമെന്നതിനപ്പുറം ശുദ്ധജലം, ശുചിത്വ സംവിധാനങ്ങൾ, ജീവിക്കാനാവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഭവനങ്ങൾ.

സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ഭാരത സർക്കാർ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.). പ്രധാനമന്ത്രി ആവാസ് യോജന–ഗ്രാമീൺ, പ്രധാനമന്ത്രി ആവാസ് യോജന–നഗരം എന്നിങ്ങനെ ഗ്രാമ–നഗര മേഖലകൾക്കായി പ്രത്യേകം ഭവന പദ്ധതികളുണ്ട്. 2022 ഓടെ പഴകിയതും വാസയോഗ്യമല്ലാത്തതുമായ വീടുകളിൽ താമസിക്കുന്ന ഗ്രാമപ്രദേശങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളോടൊപ്പം വീടും നൽകുകയെന്നതാണ് പി.എം.എ.വൈ ഗ്രാമീൺ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗ്രാമീണ മേഖലയിലെ

ഗുണഭോക്താവിന് പി.എം.എ.വൈ. ഗ്രാമം പദ്ധതിയിൽ ഭവനനിർമ്മാണത്തിനായി 90 ദിവസം വരെയുള്ള അവിദഗ്ദ്ധ തൊഴിലിനുള്ള വേതനം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയും ശൗചാലയം നിർമ്മിക്കുന്നതിനായി 12,000 രൂപ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിലൂടെയും ലഭിക്കുന്നതാണ്.

പ്രധാനമന്ത്രി ആവാസ് യോജന–ഗ്രാമീൺ പദ്ധതിയിലൂടെ ഗ്രാമീണമേഖലയിൽ 2016–17 –ൽ 32,559 ഉം 2017–18 –ൽ 9,872 ഉം പുതിയ വീടുകൾ വീതം നിർമ്മിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഭാരതസർക്കാർ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ മൂലം ഈ ലക്ഷ്യം നേടിയെടുക്കാൻ സാധിച്ചില്ല. 2019–20, 2020–21 വർഷങ്ങളിൽ നിർമ്മിക്കേണ്ട വീടുകളെ സംബന്ധിച്ച് ലക്ഷ്യമിട്ട കൃത്യമായ എണ്ണം ഭാരത സർക്കാർ നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത വർഷങ്ങളിൽ 2016–17, 2017–18 വർഷങ്ങളിൽ ലക്ഷ്യമിട്ടതിനനുസൃതമായിട്ടാണ് (അതായത് 42,431) ഭവനനിർമ്മാണം നടത്തിയത്. 2019–20 ലും 2020–21 ൽ (സെപ്റ്റംബർ 30, 2020 വരെയും) യഥാക്രമം 1,364, 306 പുതിയ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. അതിൽ 626 പട്ടികജാതി ഗുണഭോക്താക്കളും 177 പട്ടികവർഗ്ഗ ഗുണഭോക്താക്കളും 867 മറ്റ് ഗുണഭോക്താക്കളും ഉൾപ്പെടുന്നു. പ്രധാനമന്ത്രി ആവാസ് യോജന–ഗ്രാമീൺ പദ്ധതിയുടെ 2019–20 ലെയും 2020–21 (സെപ്റ്റംബർ 30, 2020 വരെ) ലെയും സാമ്പത്തിക ഭൗതിക പുരോഗതി യഥാക്രമം **അനുബന്ധം 12.1.9, 12.1.10** –ൽ ചേർത്തിരിക്കുന്നു.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി 2011 ലെ സാമൂഹ്യസാമ്പത്തിക ജാതി സെൻസസിലെ വിവരങ്ങളാണ് കേന്ദ്രസർക്കാർ അവലംബിച്ചത്. വീടില്ലാത്ത അവസ്ഥയും മറ്റ് സാമൂഹ്യ അധഃസ്ഥിതാവസ്ഥയും മാനദണ്ഡങ്ങളായി എടുത്ത് ഗ്രാമസഭയിലൂടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. അങ്ങനെ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് 70,000 രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതാണ്. ആവാസ്സ് സോഫ്റ്റ് എം.ഐ.എസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ ബാങ്ക്/പോസ്റ്റാഫീസ് അക്കൗണ്ടുകളിലേക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെയാണ് തുക കൈമാറുന്നത്.

ചേരിനിവാസികൾ ഉൾപ്പെടെ നഗരത്തിലെ പാവപ്പെട്ടവരിൽ വീടില്ലാത്ത എല്ലാവർക്കും 2022 ഓടെ വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ, നഗര തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാന മന്ത്രി ആവാസ് യോജന – നഗരം പദ്ധതി.

പി.എം.എ.വൈ–നഗരം പദ്ധതിയുടെ അംഗീകരിച്ച മൊത്തം പദ്ധതി തുക (സെപ്റ്റംബർ 30, 2020) 3,598.88 കോടി രൂപയാണ്. അതിൽ കേന്ദ്ര സംസ്ഥാന വിഹിതമായി യഥാക്രമം 940.65 കോടി രൂപയും 301.60 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര വിഹിതം 40%, 40%, 20% എന്നിങ്ങനെ മൂന്ന് തവണകളായാണ് ലഭിക്കുന്നത്. 2019–20 ലും 2020–21 (സെപ്റ്റംബർ 30 വരെ) കേന്ദ്ര സംസ്ഥാന വിഹിതമായി യഥാക്രമം 60.38 കോടി രൂപയും 41.46 കോടി രൂപയും ലഭിച്ചിട്ടുണ്ട്. അതിൽ മുൻ വർഷം ലഭിച്ചതിൽ ശേഷിക്കുന്ന തുകയും ചേർത്ത് 107.07 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പി.എം.എ.വൈ. –നഗരം ഭവന പദ്ധതിയുടെ ഗുണഭോക്തൃ നേതൃത്വത്തോടെയുള്ള ഭവന നിർമ്മാണമെന്ന മുഖ്യ ഘടകത്തിൽ, 93 നഗര തദ്ദേശ സ്ഥാപനങ്ങളും തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ), കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ), ഗോശ്രീ ഐലന്റ് വികസന അതോറിറ്റി (ജിഡ) എന്നീ മൂന്ന് വികസന അതോറിറ്റികളുടെയും പരിധിയിൽ വരുന്ന 34 പഞ്ചായത്തുകളിൽ നിന്നും സമർപ്പിച്ച 493 വിശദമായ പദ്ധതി രേഖകൾ (ഡി.പി.ആർ.) കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം (എം.ഒ.എച്ച്.യു.എ) അംഗീകരിച്ചിട്ടുണ്ട്. കൂടാതെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നഗര ദരിദ്രർക്ക് പാർപ്പിടങ്ങൾ എന്ന ഘടകത്തിൽ ലൈഫ് മിഷന്റെ സഹായത്തോടെ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 6 നഗരസഭകളിൽ നിന്നും 744 യൂണിറ്റുകൾ ഉൾപ്പെട്ട 6 ഡി.പി.ആറിനും അംഗീകാരം ലഭിച്ചിട്ടുണ്ട്. സമർപ്പിച്ച ഡി.പി.ആറുകൾ പ്രകാരം 1,02,229 വീടുകളുടെ നിർമ്മാണത്തിന് അനുമതി ലഭിക്കുകയും 77,541 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും ഇതിൽ 2020 സെപ്റ്റംബർ 30 വരെ 48,445 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നഗര ദരിദ്രരുടെ ഭവന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി വിവിധ സ്ഥാപനങ്ങൾ വഴിയുള്ള വായ്പാ ലഭ്യത ഉറപ്പാക്കുന്നതിനാണ് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി (സി.എൽ.എസ്) എന്ന ഘടകത്തിലൂടെ ലക്ഷ്യമിടുന്നത്. അർഹരായ നഗര ദരിദ്രർക്ക് വീട് വയ്ക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമായി ഭവന വായ്പയ്ക്ക് പലിശ സബ്സിഡി ഇതിലൂടെ നൽകുന്നുണ്ട്. ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി എന്ന ഘടകത്തിലൂടെ 25,656 ഗുണഭോക്താക്കളെ കണ്ടെത്തുകയും 15,608 ഗുണഭോക്താക്കൾക്ക് ഭവന സബ്സിഡി നൽകിയിട്ടുണ്ട്. പി.എം.എ.വൈ നഗരം പദ്ധതിയുടെ 2019–20, 2020–21 (സെപ്റ്റംബർ 30, 2020 വരെ) യുമുള്ള സാമ്പത്തിക–ഭൗതിക പുരോഗതിയും നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള പുരോഗതി സംബന്ധിച്ചുമുള്ള വിവരങ്ങൾ യഥാക്രമം **അനുബന്ധം 12.1.11, 12.1.12** എന്നിവയിൽ ചേർത്തിരിക്കുന്നു.

പി.എം.എ വൈ (നഗരം) പദ്ധതിയിലൂടെ വാസയോഗ്യമായ ഭവനം നൽകുന്നതിലുപരി ദേശീയ

**ബോക്സ് 12.1.1 ഹരിത ഭവനം**

ഓരോ നഗര തദ്ദേശ ഭരണ സ്ഥാപനത്തിലും ഹരിത ഭവനങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി 'ഹരിതഭവനം' എന്ന പേരിൽ ഒരു മത്സരം നടത്തുകയുണ്ടായി. വൈദ്യുതി ഉപയോഗിക്കുന്നതിലെ കാര്യക്ഷമത, മാലിന്യം കൈകാര്യം ചെയ്യൽ, ഹരിത ഇടങ്ങൾ സംരക്ഷിക്കുക എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ഹരിതഭവനങ്ങൾ തെരഞ്ഞെടുക്കുന്നത്. ഈ മത്സരത്തിലൂടെ പി.എം.എ.വൈ നഗരം ഗുണഭോക്താക്കളുടെ ഇടയിൽ മഴവെള്ള സംരക്ഷണം, അടുക്കളത്തോട്ടം, മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ, ഗ്രീൻ എനർജി എന്നീ സന്ദേശങ്ങൾ വ്യാപിപ്പിക്കുവാൻ കഴിയുകയുണ്ടായി. കമ്മ്യൂണിറ്റി വികസന സൊസൈറ്റി (സി.ഡി.എസ്) തലത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച ഭവനത്തിന് 10,000 രൂപ നൽകുകയുണ്ടായി. വീടും പരിസരവും വൃത്തിയുള്ളതും മനോഹരവും ആക്കുന്നതിനുള്ള പ്രവണത ഉണ്ടാക്കുന്നതിന് ഈ ക്യാമ്പയിനിലൂടെ സാധിക്കുകയുണ്ടായി.

നഗര ഉപജീവന ദൗത്യം, പ്രധാനമന്ത്രി ഉജ്ജ്വല യോജന എന്നീ പദ്ധതികളുടെ സംയോജനത്തിലൂടെ ഗുണഭോക്താക്കൾക്ക് സഹായവും നൽകുന്നുണ്ട്. നൈപുണ്യ വികസനത്തിലൂടെയും സ്വയം തൊഴിൽ സംരംഭങ്ങളിലൂടെയും നഗരത്തിലെ വീടില്ലാത്തവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമാണ് ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയുടെ സംയോജനത്തിലൂടെ വിഭാവനം ചെയ്യുന്നത്. തൊഴിൽ ലഭ്യമാക്കലും തൊഴിൽ സൗകര്യം ഉറപ്പിക്കലും എന്ന എൻ.യു.എൽ.എം നഗരം പദ്ധതി ഘടകത്തിലൂടെ സെപ്റ്റംബർ 30, 2020 വരെ 750 അംഗങ്ങൾക്ക് നൈപുണ്യ വികസനത്തിൽ പരിശീലനം നൽകുകയും 160 പേർക്ക് തൊഴിൽ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനമന്ത്രി ഉജ്ജ്വല യോജന പദ്ധതിയിലൂടെ സംസ്ഥാനത്തെ പി.എം.എ.വൈ – നഗരം പദ്ധതിയുടെ 215 ഗുണഭോക്താക്കൾക്ക് ഗ്യാസ് കണക്ഷനും നൽകിയിട്ടുണ്ട്. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനത്തിലൂടെ പി.എം.എ.വൈ. – നഗരം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകാനും സാധിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയെന്ന നിലയിൽ ഗ്രാമ–നഗര പ്രദേശങ്ങളിലെ ഓരോ ഭവനങ്ങളുടെ നിർമ്മാണത്തിനും പ്രധാനമന്ത്രി ആവാസ് യോജന – ഗ്രാമീൺ, നഗരം എന്നീ പദ്ധതികളിലൂടെ യഥാക്രമം 72,000 രൂപ, 1.5 ലക്ഷം രൂപ വീതമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നത്. സംസ്ഥാനത്തിന്റെ പാർപ്പിട ആവശ്യങ്ങൾ നിറവേറ്റാൻ ഈ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമുള്ള തുച്ഛമായ സഹായം അപര്യാപ്തമായതുകൊണ്ടാണ് സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സമഗ്രമായ ഒരു സമീപനം സ്വീകരിക്കുകയും സംസ്ഥാനത്തെ ഭവനരഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ലൈഫ് (ഉപജീവനം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം) മിഷൻ എന്ന പദ്ധതി ആരംഭിച്ചത്. ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായി ലൈഫ് മിഷനിൽനിന്നും, വിദൂരത്തും ഒറ്റപ്പെട്ടും നിൽക്കുന്ന പട്ടികവർഗസങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ ഗുണഭോക്താക്കളാണെങ്കിൽ 6.00 ലക്ഷം രൂപയും മറ്റ് എല്ലാ ഗുണഭോക്താക്കൾക്കും 4.00 ലക്ഷം രൂപയും നൽകുന്നു. ഇതിന്റെ വിശദാംശങ്ങൾ പതിനൊന്നാം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

### ii ശുചിത്വവും മാലിന്യ നിർമ്മാർജ്ജനവും

ശുചിത്വ സൗകര്യങ്ങളുടെ അഭാവം ദാരിദ്ര്യത്തിന്റെ അടിസ്ഥാന സൂചകങ്ങളിൽ ഒന്നാണ്. ശരിയായ ശുചിത്വ മാലിന്യ നിർമമാർജ്ജന സൗകര്യങ്ങൾ ജനങ്ങളുടെ ജീവിത നിലവാരത്തിൽ ഗുണപരമായ സ്വാധീനമുണ്ടാക്കുന്നുണ്ട്. സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം രൂക്ഷമായ ഒരു പ്രശ്നമായതുകൊണ്ട് സർക്കാർ ഈ മേഖലയിൽ കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. ഖരദ്രവ മാലിന്യ നിർമ്മാർജ്ജന നയങ്ങളും പ്രോജക്ടുകളും രൂപീകരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്കും സംസ്ഥാന സർക്കാരിനും ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും നിർവഹണ തന്ത്രം രൂപപ്പെടുത്തുന്നതിനുമുള്ള നോഡൽ ഏജൻസിയാണ് ശുചിത്വ മിഷൻ.

നവംബർ 1, 2016 മുതൽ സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങൾ വെളിയിട വിസർജ്ജന മുക്തമായിട്ടുണ്ട് (ഒ.ഡി.എഫ് ). വെളിയിട വിസർജ്ജന മുക്ത നിലവാരം സുസ്ഥിരമായി നിലനിർത്താൻ ശ്രമിക്കുന്നതോടൊപ്പം ഒ.ഡി.എഫ് പ്ലസ് പ്രവർത്തനങ്ങളിലുമാണ് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഗ്രാമങ്ങളിൽ 1,74,720 വ്യക്തിഗത ടോയിലറ്റുകൾ (ഐ.എച്ച്.എച്ച്.എൽ) നിർമ്മിച്ചതിലൂടെ വെളിയിട വിസർജ്ജന മുക്തമായി (ഒ.ഡി.എഫ് ) സംസ്ഥാനം മാറി. സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ എസ്.ബി.എം.(ജി) പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ (ബി.പി.എൽ), കണ്ടെത്തിയ എ.പി.എൽ കുടുംബങ്ങൾ എന്നിവർക്ക് ഒരു വ്യക്തിഗത ടോയിലറ്റ് (ഐ.എച്ച്.എച്ച്.എൽ) നിർമ്മിക്കുന്നതിനും ശുചീകരണത്തിനും ടോയിലറ്റ് വൃത്തിയാക്കുന്നതിനുമുള്ള ജലലഭ്യതയും ജലസംഭരണ സംവിധാനവും ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിന് 12,000 രൂപ വരെയാണ് പ്രോത്സാഹന തുകയായി

നൽകുന്നത്. ഇതിൽ കേന്ദ്ര വിഹിതമായി 7,200 രൂപയും (60 ശതമാനം) സംസ്ഥാന വിഹിതമായി 4800 രൂപയും (40 ശതമാനം) സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ പദ്ധതിയിലൂടെ പ്രോത്സാഹനമായി ശുചിത്വ മിഷൻ നൽകുന്നു. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ന്റെ സാമൂഹിക ശുചിത്വ കോംപ്ലക്സുകളും, പൊതു ടോയിലറ്റുകളും എന്ന ഘടകത്തിൽ സെപ്റ്റംബർ 30, 2020 വരെ, 16 ശുചിത്വകോംപ്ലക്സുകളും പൊതു ടോയിലറ്റുകളും നിർമ്മിക്കുകയും അതിനായി 33.52 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ പദ്ധതിയുടെ ഭാഗമായി 2020 സെപ്റ്റംബർ 30 വരെ 200.4 കോടി രൂപ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ പ്രോത്സാഹന ധനസഹായമായി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിവിധ തലത്തിലുള്ള ഖര, ദ്രവ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലേക്കായി ഓരോ ഗ്രാമ പഞ്ചായത്തിലെയും കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗരേഖ പ്രകാരം 14 ജില്ലകളിലായി 56.46 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഓവർസിയറിന്റെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എസ്.ബി.എം (ഗ്രാമീൺ) പദ്ധതിയിലൂടെ നിർമ്മിച്ച വെള്ളപ്പൊക്കത്തിൽ തകർന്ന ടോയിലറ്റുകളുടെ നിർമ്മാണത്തിനും 5,000 രൂപ വരെയുള്ള ടോയിലറ്റുകളുടെ റിട്രോഫിറ്റിംഗ് ചെലവുകൾ വഹിക്കുന്നതിനുമാണ് ഈ ഫണ്ട് നൽകുന്നത്. 17,278 റിട്രോഫിറ്റിംഗ് ടോയിലറ്റിനു പുറമെ, 3,051 പുതിയ വ്യക്തിഗത ടോയിലറ്റുകളുടെയും 344 സ്കൂൾ ടോയിലറ്റുകളുടെയും നിർമ്മാണം വിവിധ ഘട്ടത്തിലാണ്.

നഗരപ്രദേശങ്ങളിൽ 29,578 വ്യക്തിഗത ടോയിലറ്റുകൾ നിർമ്മിച്ചത് വഴി വ്യക്തിഗത ടോയിലറ്റ് നിർമ്മാണ ലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. വ്യക്തിഗത ടോയിലറ്റുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ 4,000 രൂപയും സംസ്ഥാനം കുറഞ്ഞത് 2,667 രൂപയും പ്രോത്സാഹന സഹായമായി നൽകുന്നുണ്ട്. സംസ്ഥാനത്തെ 92 നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഒ.ഡി.എഫ്. പദവി ലഭിച്ചു. അതിൽ 90 നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ ഒ.ഡി.എഫ് സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്. പ്രളയത്തിൽ 10,532 ടോയിലറ്റുകൾ തകർന്നിട്ടുണ്ട്. സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും കേന്ദ്ര ഭവന നഗര മന്ത്രാലയവും തകർന്ന ടോയിലറ്റുകൾ പുനർ നിർമ്മിക്കുന്നതിനുള്ള അംഗീകാരം നൽകുകയും ഇതിന്റെ ഭാഗമായി 413 വ്യക്തിഗത ടോയിലറ്റുകൾ പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്.

പൊതു ടോയിലറ്റുമായി ബന്ധപ്പെട്ട് 1,592 പൊതു ടോയിലറ്റുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 515 ടോയിലറ്റുകളുടെ നിർമ്മാണം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. പൊതു ടോയിലറ്റുകളും മൂത്രപ്പുരകളും നിർമ്മിക്കുന്നതിന് ഓരോ ടോയിലറ്റ് ബ്ലോക്കിനും 40 ശതമാനം ഗ്രാന്റ്/വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്) എന്ന നിരക്കിലാണ് കേന്ദ്ര സർക്കാർ ഇൻസെന്റീവ് നൽകുന്നത്. പൊതു ടോയിലറ്റിന്റെ നിർമ്മാണത്തിന് ഒരു സീറ്റിന് 98,000 രൂപയാണ് യൂണിറ്റ് ചെലവെങ്കിൽ ഇതിനായി 39,200 രൂപയാണ് വി.ജി.എഫ്/ഗ്രാന്റായി നൽകുന്നത്. പൊതു ടോയിലറ്റ് പദ്ധതികളിൽ ഒരു സീറ്റിന് 39,200 രൂപാ കേന്ദ്ര സർക്കാർ നൽകുമ്പോൾ സംസ്ഥാനങ്ങൾ കുറഞ്ഞത് 26,134 രൂപ വകയിരുത്തേണ്ടതാണ്. ബാക്കി തുകയായ 32,666 രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. അതേസമയം മൂത്രപ്പുരകൾക്ക്, യൂറിനലുകളുടെ യൂണീറ്റ് നിരക്ക് ഒരു സീറ്റിന് 32,000 രൂപയാണ്. ഇതിൽ 12,800 രൂപയാണ് വി.ജി.എഫ്/ഗ്രാന്റായും ലഭിക്കുന്നത്. സ്വച്ച് ഭാരത് മിഷൻ അർബൻ (എസ്.ബി.എം–യു) ന്റെ കീഴിൽ ഏറ്റെടുത്ത പൊതു ടോയിലറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 12.1.7** –ൽ നൽകിയിരിക്കുന്നു.

ആവശ്യമായ ടോയിലറ്റ് സീറ്റുകൾ, ബാത്ത് ക്യൂബിക്കിളുകൾ, വാഷിംഗ് പ്ലാറ്റ്ഫോമുകൾ, വാഷ്ബേസിനുകൾ എന്നിവയോടുകൂടിയ കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകൾ പൊതു സ്ഥലങ്ങളിലും മാർക്കറ്റുകളിലും ബസ് സ്റ്റാൻഡുകളിലും നിർമ്മിക്കേണ്ടതായിട്ടുണ്ട്. യൂണിറ്റിന് പരമാവധി 2.00 ലക്ഷം രൂപയാണ് ഇതിനായി നൽകുന്നത്. 60:30:10 എന്ന അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന സർക്കാർ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിക്കായി തുക വിനിയോഗിക്കുന്നത്.

പ്രതിദിനം 10,044 ടൺ (ടിപിഡി) ഖരമാലിന്യം സംസ്ഥാനം ഉത്പാദിപ്പിക്കുന്നുണ്ട്. ഇതിൽ 14 ശതമാനം 6 കോർപ്പറേഷനുകളിൽ നിന്നും 45 ശതമാനം 87 മുൻസിപ്പാലിറ്റികളിൽ നിന്നും 41 ശതമാനം 941 ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ളതുമാണ്. ഇതിൽ 49 ശതമാനം മാലിന്യങ്ങൾ വീട്ടുകളിൽ നിന്നും 36 ശതമാനം സ്ഥാപനങ്ങളിൽ നിന്നും 15 ശതമാനം വഴിയോരങ്ങളിലും പൊതു സ്ഥലങ്ങളിലുമാണ് ഉത്പാദിപ്പിക്കപ്പെടുന്നത്. 7,734 ടൺ പ്രതിദിന മാലിന്യം ജീർണ്ണിക്കുന്നവയും, 1808 ടൺ മാലിന്യം ജീർണ്ണിക്കാത്തവയും 502 ടൺ മാലിന്യം നിർജീവവുമാണ് (ഇനെർട്ട്). അജൈവമാലിന്യത്തിൽ 603 ടൺ പേപ്പറും, 402 ടൺ പ്ലാസ്റ്റിക്കും, 100 ടൺ ലോഹങ്ങളും, 100 ടൺ ഗ്ലാസ്സും, 200 ടൺ റബ്ബറും ലെതറും 40 ടൺ അപകടകരമായ ഗാർഹിക മാലിന്യങ്ങളുമാണ്. ആകെയുള്ള 7,734 പ്രതിദിന ജൈവ നശീകരണ മാലിന്യങ്ങളിൽ 3494 ടൺ (45ശതമാനം) മാലിന്യങ്ങൾ വീട്ടകളിലും സ്ഥാനപങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും സംസ്കരിക്കുന്നു. അജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്ന് ശേഖരിക്കുകയും മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങിൽ (എം.സി.എഫ്) താൽക്കാലികമായി സൂക്ഷിക്കുകയും ചെയ്യുന്നു.

**പട്ടിക 12.1.7** സ്വച്ഛ്ഭാരത് മിഷൻ അർബൻ (എസ്.ബി.എം–യു) ന്റെ കീഴിൽ ഏറ്റെടുത്ത പൊതു ടോയിലറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ

| ജില്ല | ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയ ടോയിലറ്റ് സീറ്റുകളുടെ എണ്ണം | പൂർത്തീകരിച്ച പൊതു ടോയിലറ്റ് സീറ്റുകളുടെ എണ്ണം | ചെലവ് (രൂപ ലക്ഷത്തിൽ) | | |
|---|---|---|---|---|---|
| | | | സ്വച്ഛ്ഭാരത് മിഷൻ വിഹിതം | പ്രാദേശിക വിഹിതം | ആകെ |
| തിരുവനന്തപുരം | 67 | 24 | 9.97 | 32.63 | 42.6 |
| കൊല്ലം | 39 | 35 | 21.85 | 3.26 | 25.11 |
| പത്തനംതിട്ട | 70 | 0 | 0 | 0 | 0 |
| ആലപ്പുഴ | 122 | 54 | 18.95 | 32.83 | 51.78 |
| കോട്ടയം | 83 | 30 | 15.68 | 7.84 | 23.52 |
| ഇടുക്കി | 69 | 28 | 17.03 | 26.1 | 43.13 |
| എറണാകുളം | 290 | 62 | 15.08 | 47.54 | 62.62 |
| തൃശ്ശൂർ | 92 | 17 | 7.84 | 12.39 | 20.23 |
| പാലക്കാട് | 105 | 42 | 7.18 | 21.43 | 28.61 |
| മലപ്പുറം | 259 | 76 | 18.88 | 19.46 | 38.34 |
| കോഴിക്കോട് | 183 | 37 | 14 | 17.46 | 31.46 |
| വയനാട് | 66 | 20 | 0 | 8.72 | 8.72 |
| കണ്ണൂർ | 135 | 80 | 27.01 | 16.31 | 43.32 |
| കാസർഗോഡ് | 12 | 10 | 5.69 | 2.06 | 7.75 |
| **ആകെ** | **1,592** | **515** | **179.16** | **248.03** | **427.19** |

*അവലംബം: ശുചിത്വ മിഷൻ, കേരള സർക്കാർ*

സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്ന മാലിന്യത്തിന്റെ 70–80 ശതമാനം വരെ ഈർപ്പമുള്ള ജൈവ മാലിന്യങ്ങളാണ്. ആയതിനാൽ അത്തരം മാലിന്യങ്ങളുടെ സംസ്കരണം അടിയന്തിരമായി കൈകാര്യം ചെയ്യേണ്ടതാണ്. ഗാർഹികതലത്തിലും, സ്ഥാപനതലത്തിലും, കമ്മ്യൂണിറ്റി തലത്തിലും ഇത്തരം ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിലൂടെ ഇത് നേടിയെടുക്കാൻ സാധിക്കുന്നതാണ്. "പൊല്യൂട്ടേഴ്സ് പെയ്സ് പ്രിൻസിപ്പൽ" –ൽ നിന്നും അവലംബിച്ചിട്ടുള്ള "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" എന്ന മുദ്രാവാക്യം കൂടുതൽ ജനങ്ങൾ ഏറ്റെടുക്കുന്നുമുണ്ട്. ചെറുതും ഇടത്തരവും വലിയതുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഗാർഹിക, സ്ഥാപന കമ്മ്യൂണിറ്റി തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. 7,31,216 വീടുകളിലും, സ്ഥാപനങ്ങളിലും ഉറവിട സംസ്കരണ സൗകര്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അതായത് 94,300 ബയോഗ്യാസ് പ്ലാന്റുകളും 6.37 ലക്ഷം വരുന്ന കമ്പോസ്റ്റിംഗ് സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലൂടെ സജ്ജമാക്കിയ കമ്പോസ്റ്റ് കുഴികളും 2,019 കമ്മ്യൂണിറ്റി ലെവൽ കമ്പോസ്റ്റിംഗ് യൂണിറ്റുകളും വിവിധ മാർക്കറ്റുകളിലും കോളനികളിലും വഴികളിലും സ്ഥാപിച്ചിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കാനായി 64 സേവന ദാതാക്കളെ ശുചിത്വ മിഷൻ എംപാനൽ ചെയ്യുകയും ഈ ഏജൻസികൾ വിഭാവനം ചെയ്ത പദ്ധതികളിലൂടെ ഉറവിട തല സംസ്കരണ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് പിന്തുണയും നൽകി വരുന്നുണ്ട്.

സ്വച്ഛ് ഭാരത് മിഷൻ – ഗ്രാമീണിന്റെ ഭാഗമായി 2019–20 കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 20.04 കോടി രൂപ 8,059 ഖര, ദ്രവ മാലിന്യ നിർമാർജന (എസ്.എൽ.ഡബ്ല്യൂ.എം) പദ്ധതികൾക്കായി ചെലവഴിക്കുകയുണ്ടായി. 82 നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ വിശദമായ പദ്ധതികൾ തയ്യാറാക്കുകയും 295.09 കോടി രൂപയുടെ (കേന്ദ്ര വിഹിതം: 103.28 കോടി രൂപ, സംസ്ഥാന വിഹിതം 68.75 കോടി രൂപ നഗര തദ്ദേശ ഭരണ സ്ഥാപന വിഹിതം: 123.05 കോടി രൂപ) പദ്ധതി ശുചിത്വത്തിന്റെ സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും കമ്മിറ്റി അംഗീകരിക്കുകയും ആദ്യ ബാച്ചായി 295.09 കോടി രൂപയുടെ 606 പ്രോജക്ടുകൾ 82 നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുകയും ആദ്യ ഗഡുവായി 86.07 കോടി രൂപ (51.64 കോടി രൂപ കേന്ദ്ര വിഹിതവും 34.43 കോടി രൂപ സംസ്ഥാന വിഹിതവും) 82 നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയുമുണ്ടായി.

മലിനജലവും സെപ്റ്റേജ് മാലിന്യവും സംസ്കരിക്കുന്നതിന് മതിയായ സൗകര്യങ്ങൾ സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ഭൂഗർഭജല ഗുണനിലവാരത്തിന്റെ കാര്യത്തിൽ സംസ്ഥാനം കടുത്ത വെല്ലുവിളിയാണ് നേരിടുന്നത്. ശുചിത്വ മിഷന്റെ സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ വഴി വിവിധ പ്രാദേശിക സർക്കാരുകളിൽ 13 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ഇതിൽ മൂന്നെണ്ണം പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴയിൽ വികേന്ദ്രീകൃത മാതൃകയിൽ മാലിന്യ നിർമാർജന സംസ്കരണ സംവിധാനം (DEWATS) പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

പല സർക്കാർ ആശുപത്രികളിലും ടോയിലറ്റ് മാലിന്യ സംസ്കരണത്തിന് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ (എസ്.ടി.പി) ഇല്ലാത്തതിനാൽ ഓരോ ജില്ലയിലെയും ഒരു ആശുപത്രിയിലെങ്കിലും മലിനജല ശുദ്ധീകരണ പ്ലാന്റുകൾ (sewage treatment) സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആശുപത്രികളിലും മാർക്കറ്റുകളിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എട്ട് ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് (എൽ.ഡബ്ല്യൂ.എം) പദ്ധതികൾക്ക് സാങ്കേതിക അനുമതിയും ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷൻ നൽകുകയുണ്ടായി. ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനിലും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിലും മലിനജല ശുദ്ധീകരണ പ്ലാന്റുകൾ നിർമ്മിച്ചിട്ടുണ്ട്. കൊച്ചിയിലെ വെല്ലിംഗ്ടൺ ഐലന്റിൽ കെ.എസ്.യു.ഡി.പി.യുടെ കീഴിൽ ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുകയും ചെയ്തു. 14 ജില്ലകളിലെയും വിവിധ പ്രാദേശിക സർക്കാരുകളുടെ 355 പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി ശുചിത്വ മിഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ 78,517 യൂണീറ്റ് ഉറവിട മാലിന്യ നിർമാർജന സംവിധാനം സംസ്ഥാനത്തുടനീളം സജ്ജമാകുന്നതുമാണ്. ഈ പദ്ധതികളുടെ നടത്തിപ്പിനായി ശുചിത്വ മിഷന്റെ നാല് പ്രാധാന പദ്ധതികളിൽ നിന്നും ഫണ്ട് നൽകിയിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, നാഷണൽ ഹെൽത്ത് മിഷൻ, ഹരിതകേരളം മിഷൻ എന്നിവയുമായി സഹകരിച്ച് മൺസൂണിന് മുമ്പുള്ള ക്ലീനിംഗ് ക്യാമ്പയിനിംഗ് നടപ്പിലാക്കുകയുണ്ടായി. പ്രചാരണത്തിനുമുമ്പുള്ള ആസൂത്രണം, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പ്രാദേശിക സർക്കാർ തലത്തിൽ ഫണ്ടിന്റെ സമന്വയം എന്നിവ ക്യാമ്പയിൻ വിജയിപ്പിക്കുന്നതിന് കാരണമായി.

സ്റ്റേക്ക് ഹോൾഡർമാരായ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, റിസോഴ്സ് പേഴ്സൺസ്, ഹരിതകർമ്മസേന അംഗങ്ങൾ എന്നിവർക്കുവേണ്ടി കാര്യശേഷി വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുകയുണ്ടായി. കാര്യശേഷി വികസനത്തിനും ഓഫീസ് ചെലവുകൾക്കുമായി 160.00 ലക്ഷം രൂപ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം അനുവദിക്കുയുണ്ടായി. ഇതിൽ 150.15 ലക്ഷം രൂപ ഇതിനോടൊപ്പം ചെലവഴിക്കുകയും ചെയ്തു. റേഡിയോ ജിംഗിൾസ് ക്യാമ്പയിൻ, വീഡിയോ ഡോക്യുമെന്റേഷൻ, പ്രദർശനങ്ങൾ, ഇന്റപേഴ്സണൽ കമ്മ്യൂണിക്കേഷൻ, ഗ്രീൻ പ്രോട്ടോക്കാൾ, ഇൻഫർമേഷൻ എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ (ഐ.ഇ.സി) പരിപാടിയുടെ ഭാഗമായി വീഡിയോകൾ/ബ്രൂക്ക് ലെറ്റുകൾ, ലഘുലേഖ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുക തുടങ്ങിയ പരിപാടികൾ ഏറ്റെടുക്കുകയുണ്ടായി. സംസ്ഥാന ജില്ലാതലങ്ങളിൽ യഥാക്രമം 160.00 ലക്ഷം രൂപയും 197.39 ലക്ഷം രൂപയും ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി. 2019–20, 2020–21(2020 സെപ്റ്റംബർ 30 വരെ) നടത്തിയ ജില്ലാതല പരിശീലന പരിപാടികളെ സംബന്ധിച്ച വിവിരങ്ങൾ **അനുബന്ധം 12.1.13** –ൽ കൊടുത്തിരിക്കുന്നു.

## നൂതന ദൗത്യങ്ങൾ

### കളക്ടേഴ്സ്@സ്കൂൾ പരിപാടി

പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ ശാസ്ത്രീയമായ മാലിന്യസംസ്കരണം സംബന്ധിച്ച് സ്കൂൾ കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി ശുചിത്വ മിഷൻ സംസ്ഥാനതലത്തിൽ നടപ്പിലാക്കിയ പരിപാടിയാണ് കളക്ടേഴ്സ് @ സ്കൂൾ. ശുചിത്വ മിഷൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഈ പരിപാടി നടപ്പിലാക്കി വരുന്നു. ഇത് നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടത്തിൽ ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് മൂന്നു സ്കൂളുകളെ ജില്ലാ ശുചിത്വ മിഷൻ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. മാലിന്യം തരംതിരിക്കുന്ന ശീലം കുട്ടികളിൽ വികസിപ്പിക്കുന്നതിലൂടെ സമൂഹത്തിന്റെയും വ്യക്തികളുടെയും സ്ഥായിയായ വികസനത്തിനും പ്രകൃതി വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിനും പുനരുപയോഗം, പുനചംക്രമണം, ഉപഭോഗം കുറയ്ക്കൽ എന്നീ (3R'S) ആശയങ്ങളുടെ പ്രചാരണവും ഇതുവഴി ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാനത്തെ 238 സ്കൂളുകളിൽ ഈ പരിപാടി ആരംഭിച്ചിട്ടുണ്ട്. 3,772 സ്കൂളുകളിലേക്ക് കൂടി പദ്ധതി വ്യാപിപ്പിക്കാൻ ലക്ഷ്യംവയ്ക്കുന്നു. സ്കൂൾ കുട്ടികളുടെ ഇടയിൽ ശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുന്ന ശീലം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേക്കും ഇത് വ്യാപിപ്പിക്കുന്നതിന് ശുചിത്വ മിഷൻ ലക്ഷ്യമിടുന്നുണ്ട്.

## ഗോബർധൻ പദ്ധതി (ഗാൽവനൈസിംഗ് ഓർഗാനിക് ബയോ അഗ്രോ റിസോഴ്സ്സ് ധൻ)

ജൈവമാലിന്യങ്ങൾ സംസ്കരിച്ച് ബയോഗ്യാസ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് ഈ പദ്ധതി. ഗോർബർധൻ പദ്ധതിയിൽ സംസ്ഥാനത്തെ ഒരു ജില്ലയിൽ കുറഞ്ഞത് ഒരു പ്രോജക്ട് എന്ന ക്രമത്തിൽ ആകെ 21 ബയോഗ്യാസ് പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ലയിലെ കൂവപ്പാടി, പാമ്പാകുട ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ലയിലെ ഏലംകുളം, ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ലയിലെ അടിമാലി, നെടുങ്കണ്ടം ഗ്രാമപഞ്ചായത്തുകൾ, പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്ടെ വേളം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലായി പത്ത് പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രോജക്ടുകളുടെ പൂർത്തീകരണം പുരോഗമിക്കുന്നു. സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീണിന്റെ ഗോബർധാൻ പദ്ധതിയിലൂടെ തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞാനം ഗ്രാമപഞ്ചായത്തിൽ ഒരു ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

## സ്വച്ഛ് ഐക്കോണിക് പ്ലെയ്സ് (എസ്.ഐ.പി) – ഘട്ടം II കാലടി

പൈതൃകപരവും, മതപരവും കലാപരവുമായി പ്രാധാന്യമർഹിക്കുന്ന രാജ്യത്തെ 100 സ്ഥലങ്ങൾ വൃത്തിയാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ ബഹു–തല സ്റ്റേക്ക് ഹോൾഡർ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ തുടക്കം കുറിച്ച സംരംഭമാണ് സ്വച്ഛ് ഐക്കോണിക് പ്ലെയ്സ്. എല്ലാ ഐക്കോണിക്ക് സ്ഥലങ്ങൾക്കും സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടുണ്ട്. കുടിവെള്ള വിതരണ ശുചിത്വ മന്ത്രാലയം ശ്രീ ശങ്കരാചാര്യരുടെ ജന്മസ്ഥലമായ എറണാകുളം ജില്ലയിലെ കാലടിയെ സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിലൂടെ സ്വച്ഛ് ഐക്കോണിക് സ്ഥലമായി രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഭാരത് പെട്രോളിയം കമ്പനി ലിമിറ്റഡിനെ (ബി.പി.സി.എൽ) കാലടിയിലെ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിനുള്ള പൊതുമേഖല സ്ഥാപനമായും തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ഭാഗമായി സമീപ പ്രദേശങ്ങൾ വൃത്തിയാവുകയും മാലിന്യം കുമിഞ്ഞ് കൂടുന്ന സ്ഥലത്ത് നിന്ന് 500 ടൺ മാലിന്യം നീക്കം ചെയ്യാനും സാധിച്ചിട്ടുണ്ട്. 2018 ലേയും 2019 ലേയും പ്രളയത്തിൽ 560 ടൺ അജൈവമാലിന്യം നീക്കം ചെയ്യാൻ ഇതിലൂടെ സാധിച്ചിട്ടുണ്ട്. ഫലപ്രദമായ രീതിയിൽ മാലിന്യം സംസ്കരിക്കുന്നതിന് വിവിധ തരത്തിലുള്ള ബോധവത്ക്കരണ പരിപാടികളും വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങളും ഏറ്റെടുക്കുകയും ചെയ്തു. കാലടിയെ ഒരു തീർത്ഥാടക ടൂറിസ്റ്റ് കേന്ദ്രമായി മാറ്റുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. ഇതിന്റെ ഭാഗമായി 6 പ്രധാന കുളങ്ങൾ ഗ്രാമപഞ്ചായത്ത് നവീകരിക്കുകയും ചെയ്തിട്ടുണ്ട് ഭാരതസർക്കാരിന്റെ ശുചിത്വ കുടിവെള്ള വിതരണ മന്ത്രാലയത്തിന്റെ സ്വച്ഛ് ഭാരത് ദേശീയ അവാർഡ് കാലടിക്ക് ലഭിക്കുകയുണ്ടായി.

## ഹരിത പെരുമാറ്റചട്ടം

ശരിയായ രീതിയിൽ ലഭ്യമായ വിഭവങ്ങൾ വിനിയോഗിക്കുക, വിഭവ ദുരുപയോഗം കുറയ്ക്കുക, പുനരുപയോഗം സാധ്യമാക്കുക, അതുവഴി ഹരിത ജീവിതത്തിലേക്ക് ജനങ്ങളെ നയിക്കുന്ന ജീവിതശൈലി വളർത്തിയെടുക്കുന്നതിനുള്ള പരിപാടിയാണ് ഹരിത പെരുമാറ്റ ചട്ടം. പുനരുപയോഗം, പുനചംക്രമണം, ഉപഭോഗം കുറയ്ക്കൽ എന്നീ മൂന്ന് 'R' ശീലങ്ങൾ വളർത്തിയെടുക്കുന്നതിനും വിഭവ ഇന്ധന സംരക്ഷണവും ഉറപ്പാക്കുന്നതിനും ഇതിലൂടെ സാധിച്ചിട്ടുണ്ട്. ഹരിതഓഫീസ് പ്രഖ്യാപനത്തിന്റെ ഭാഗമായി ഓഫീസുകളിൽ ഹരിത പെരുമാറ്റചട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന തലത്തിലുള്ള നോഡൽ ഉദ്യോഗസ്ഥർക്ക് പരിശീലനങ്ങളും നൽകിയിട്ടുണ്ട്. ആറ്റുകാൽ പൊങ്കാല, റംസാൻ തുടങ്ങിയ പ്രധാനപ്പെട്ട പരിപാടികളിലും യോഗങ്ങളിലുമെല്ലാം ഹരിതപെരുമാറ്റചട്ടം നടപ്പിലാക്കിയിട്ടുണ്ട്.

**ബോക്സ് 12.1.2** ശുചിത്വ പദവി പ്രഖ്യാപനം

ജൈവ അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും വീടുകൾ തോറുമുള്ള മാലിന്യ ശേഖരണം, ഹരിത കർമ്മസേന പ്രവർത്തനങ്ങൾ, പൊതു ടോയിലറ്റുകൾ, എല്ലാ വീടുകളിലും ടോയിലറ്റ് സൗകര്യം ഉറപ്പാക്കൽ തുടങ്ങിയവയ്ക്ക് സൗകര്യങ്ങൾ ഒരുക്കിയ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി നൽകിയിട്ടുണ്ട്. ശുചിത്വ പദവി നേടിയ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഹരിത പെരുമാറ്റചട്ടം നടപ്പിലാക്കുന്നതിനും, ഡിസ്പോസബിൾ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും മാലിന്യ സംസ്കരണത്തിനെ കുറിച്ചുള്ള പൊതു അവബോധം ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഒക്ടോബർ 10, 2020 വരെ സംസ്ഥാനത്തെ 597 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് (508 ഗ്രാമ പഞ്ചായത്തുകൾ, 31 ബ്ലോക്ക് പഞ്ചായത്തുകൾ, 55 നഗര സഭകൾ, 3 കോർപ്പറേഷനുകൾ) ഔദ്യോഗികമായി ശുചിത്വ പദവി നൽകുകയും ചെയ്തു.

### ഒറ്റ ഉപയോഗ പ്ലാസ്റ്റിക്കുകളുടെ നിരോധനം

ശുചിത്വ മിഷന്റെ ശുപാർശ പ്രകാരം, അനിയന്ത്രിതമായ രീതിയിൽ പ്ലാസ്റ്റിക്കിന്റെയും മറ്റ് ഡിസ്പോസബിൾസിന്റെയും അശാസ്ത്രീയമായ ഡിസ്പോസൽ കുറയ്ക്കുന്നതിനുവേണ്ടി പി.വി.സി ഫ്ലക്സിന്റെയും ഒറ്റ ഉപയോഗ പ്ലാസ്റ്റിക് സാധനങ്ങളുടെയും ഉപയോഗം സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഒരു വർഷം ഏകദേശം 45,000 ടൺ പ്ലാസ്റ്റിക് മാലിന്യം ഉണ്ടാകുന്നതായി കണക്കാക്കിയിട്ടുണ്ട്. ഈ ഡിസ്പോസിബിളായ വസ്തുക്കൾ പരിസ്ഥിതിക്കുണ്ടാക്കുന്ന ആരോഗ്യപരമായ പ്രത്യാഘാതങ്ങളെ പരിഗണിച്ചുകൊണ്ടാണ് നിരോധനം നടപ്പിലാക്കിയത്. നിരോധനത്തെ തുടർന്ന് ബദൽ മാർഗ്ഗങ്ങളുടെ സുസ്ഥിരമായ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ ഒരു പൊതു നയം മുന്നോട്ടുവയ്ക്കുകയുണ്ടായി.

### iii. നഗര അടിസ്ഥാന സൗകര്യങ്ങൾ

ദ്രുതഗതിയിലുള്ള നഗരവത്ക്കരണം മൂലം സംസ്ഥാനത്ത് നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് വർദ്ധിച്ച നിക്ഷേപം ആവശ്യമാക്കിയിരിക്കുന്നു. നഗരവൽക്കരണത്തിന്റെ പ്രത്യേകമായ സവിശേഷതകളും സംസ്ഥാനത്തെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിഗണിച്ചുവേണം വിവിധ നഗര അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്ക് രൂപം നൽകേണ്ടത്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ നഗരവത്ക്കരണത്തിന്റെ അനുകൂല ഘടകങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുമ്പോൾ തന്നെ നഗരവത്ക്കരണത്തിന്റെ ദൂഷ്യവശങ്ങളെ വളരെ ജാഗ്രതയോടെ തന്നെ കൈകാര്യം ചെയ്യേണ്ടതുണ്ട്.

കുടിവെള്ള വിതരണം, മാലിന്യ പരിപാലനം, നഗര ശുചീകരണം, പൊതു ശൗചാലയങ്ങളുടെ സ്ഥാപനവും വ്യാപനവും, അഴുക്കുചാൽ നിർമ്മാണവും നന്നാക്കലും, ഓവുചാലുകളുടെ നിർമ്മാണം, ഫലപ്രദമായ വാഹന പാർക്കിംഗ് നയവും, ആധുനിക രീതിയിലുള്ള പാർക്കിംഗ് സംവിധാനവും, നഗരങ്ങളുടെ മനോഹാരിത വർദ്ധിപ്പിക്കൽ, ഹരിത നഗരം സൃഷ്ടിക്കുക, യന്ത്രവൽക്കൃതമല്ലാത്ത നഗര ഗതാഗത സംവിധാനങ്ങളുടെ സ്ഥാപനം തുടങ്ങിയ പ്രവർത്തനങ്ങളാണ് നഗര അടിസ്ഥാനസൗകര്യ വികസന പരിപാടികളിൽ ഉൾപ്പെടുന്നത്. സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പ്രധാന നഗര അടിസ്ഥാനസൗകര്യ വികസന പരിപാടികൾ ചുവടെ വിവരിക്കുന്നു.

അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്) എന്ന പദ്ധതി കുടിവെള്ള വിതരണം, അഴുക്കുചാൽ നിർമ്മാണം, കക്കൂസ് മാലിന്യ നിർമ്മാർജ്ജനം, മഴവെള്ള ഓവുചാലുകളുടെ നിർമ്മാണം, നഗര ഗതാഗതം, ഹരിത പ്രദേശങ്ങൾ, പാർക്കുകൾ, കാര്യശേഷി വികസനം തുടങ്ങി നഗര മേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനും നഗര പ്രദേശത്തെ ഭൗതികവും സ്ഥാപനപരവുമായ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായിട്ടാണ് ലക്ഷ്യംവയ്ക്കുന്നത്. സംസ്ഥാനത്തെ ആറ് മുനിസിപ്പൽ കോർപ്പറേഷനുകളെയും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ എന്നീ മൂന്ന് മുനിസിപ്പാലിറ്റികളെയും അമൃത് പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. 2015–16 –ൽ ആരംഭിച്ച് 2019–20 വരെയുള്ള അഞ്ച് വർഷമായിരുന്നു പദ്ധതി കാലാവധിയെങ്കിലും 2022 മാർച്ച് വരെ ഇത് നീട്ടിയിട്ടുണ്ട്. മൂന്ന് സംസ്ഥാന വാർഷിക കർമ്മ പദ്ധതി (സാപ്പ് ) കളിലൂടെ (2015–16, 2016–17, 2017–18) 2,357.64 കോടി രൂപയുടെ 1,008 പ്രോജക്ടുകൾ ഉൾപ്പെടുന്ന പദ്ധതികളാണ് അംഗീകരിച്ചിട്ടുള്ളത്. 50:30:20 എന്ന അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും നഗര തദ്ദേശ ഭരണ സ്ഥാപനവും ഫണ്ട് വകയിരുത്തുന്നു. 1,008 മൊത്തം പ്രോജക്ടുകളിൽ 1,002 പ്രോജക്ടുകൾ ടെൻഡർ ചെയ്യുകയും 961 പ്രോജക്ടുകൾ കരാർ നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ സെപ്റ്റംബർ 30, 2020 വരെ യുള്ള കണക്കുകൾ പ്രകാരം 482 പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

കുടിവെള്ള വിതരണവും അഴുക്കുചാൽ നിർമ്മാണവുമാണ് അമൃത് പദ്ധതിയിൽ മുൻഗണന നൽകുന്ന പ്രധാന മേഖലകൾ. എല്ലാ കുടുംബങ്ങൾക്കും പൈപ്പ് കണക്ഷൻ നൽകി കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് കുടിവെള്ള വിതരണ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജലവിഭവങ്ങൾ പുനരുജ്ജീവിപ്പിക്കുക, ജലസംഭരണികളും, ജല സംഭരണ പ്ലാന്റുകളും നിർമ്മിക്കുക, പുതിയ പൈപ്പ് ലൈൻ ഇടുക, പഴയ പൈപ്പുകൾ മാറ്റുക എന്നിവയാണ് ഈ പ്രോജക്ടിൽ ഉൾപ്പെടുന്ന പ്രധാന പ്രവൃത്തികൾ. ഈ മേഖലയിൽ 1,101.78 കോടി രൂപയുടെ 175 പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 165 പ്രോജക്ടുകൾ കേരള ജല അതോറിറ്റി മുഖേനയും ശേഷിക്കുന്നവ നഗര തദ്ദേശ സ്ഥാപനങ്ങൾ മുഖേനയുമാണ് നടപ്പിലാക്കുന്നത്. ഇതിൽ 55 പ്രോജക്ടുകൾ പൂർത്തിയാകുകയും 584.60 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

അഴുക്കുചാൽ നിർമ്മാണവും കക്കൂസ് മാലിന്യം കൈകര്യം ചെയ്യുന്നതിനുള്ള പ്രോജക്ടുകളിലൂടെ അമൃത് നഗരങ്ങളിൽ ശാസ്ത്രീയമായി ദ്രവമാലിന്യം കൈകാര്യം ചെയ്യുന്നതിനും എല്ലാ കുടുംബങ്ങൾക്കും സ്വീവറേജ് കണക്ഷനിലൂടെ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള കണക്ഷൻ ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. അഴുക്കുചാൽ നിർമ്മാണവും കക്കൂസ് മാലിന്യം കൈകാര്യം ചെയ്യുന്ന പ്രോജക്ടുകളിലേക്കായി 550.35 കോടി രൂപയുടെ 140 പ്രോജക്ടുകൾക്ക്

ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ 117 പ്രോജക്ടുകൾ കേരള ജല അതോറിറ്റി മുഖേനയും ശേഷിക്കുന്നവ നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് നടപ്പിലാക്കുന്നത്. ഇതുവരെ 43 പ്രോജക്ടുകൾ പൂർത്തിയാക്കുകയും 45.64 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഓടകളും മഴവെള്ള ചാലുകളും നിർമ്മിക്കുകയും നന്നാക്കുകയും ചെയ്യുന്നതിലൂടെ നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനാണ് മഴവെള്ള ഡ്രെയിനേജ് മേഖലയിലെ പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്നത്. ഇതിൽ 279.82 കോടി രൂപയുടെ 498 പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽ 324 പ്രോജക്ടുകൾ പൂർത്തിയാവുകയും 182.53 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

നഗര പ്രദേശങ്ങളിൽ മോട്ടോർ രഹിത ഗതാഗത സൗകര്യം സൃഷ്ടിക്കുന്നതിനുള്ള പരിപാടികളാണ് നഗര ഗതാഗതമേഖലയിലെ പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്നത്. ഇതിൽ സ്കൈ വാക്ക്, നടപ്പാത, സൈഡ് വാക്ക്, മേൽപ്പാലം എന്നിവയുടെ നിർമ്മാണവും ബഹുനില പാർക്കിംഗ് സൗകര്യം എന്നീ പ്രോജക്ടുകൾ ഉൾപ്പെടുന്നുണ്ട്. 202.36 കോടി രൂപയുടെ 122 പ്രോജക്ടുൾ ഉൾപ്പെടുത്തിയ ഈ പദ്ധതിയിൽ 36 പ്രോജക്ടുകൾ പൂർത്തിയാവുകയും 45.69 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഹരിത ഇടങ്ങളും പാർക്കുകളും എന്ന മേഖലയിൽ ബാല സൗഹൃദ ഘടകങ്ങൾക്ക് പ്രത്യേക പരിഗണന നൽകികൊണ്ട് ഹരിത ഇടങ്ങളും പാർക്കുകളും വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 46.48 കോടി രൂപയുടെ 73 പ്രോജക്ടുകൾ ഉൾപ്പെടുന്നുണ്ട്. അതിൽ 24 പ്രോജക്ടുകൾ പൂർത്തിയാവുകയും 14.51 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അമൃത് പ്രോജക്ടിന്റെ സെപ്റ്റംബർ 30, 2020 വരെയുള്ള സാമ്പത്തിക പുരോഗതി **അനുബന്ധം 12.1.14** –ൽ കൊടുത്തിരിക്കുന്നു. ഒമ്പത് നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അമൃത് പ്രോജക്ടിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.15** ലും മേഖലാ പുരോഗതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.16** ലും കൊടുത്തിരിക്കുന്നു.

ഗവേണൻസ് മെച്ചപ്പെടുത്തുന്നതിനുള്ള ചില പരിഷ്ക്കാരങ്ങളാണ് ഇൻസെന്റീവ് ഫോർ റിഫോം പരിപാടിയിലൂടെ മിഷൻ ലക്ഷ്യമിടുന്നത്. ഇക്കാലയളവിൽ പതിനൊന്ന് പരിഷ്ക്കരണങ്ങൾ നടപ്പിലാക്കാനാണ് മിഷൻ ഉദ്ദേശിക്കുന്നത്. ഇവ നടപ്പിലാക്കുന്നതിനായി വാർഷിക പദ്ധതി വിഹിതത്തിന്റെ 10 ശതമാനം ഓരോ വർഷവും മാറ്റി വയ്ക്കുകയും ഇത് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമായി ഇൻസെന്റീവായി നൽകുകയും ചെയ്യുന്നു. മുന്വർഷത്തെ ഇൻസെന്റീവ് വിഹിതം തുടർന്നു വരുന്ന ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ തന്നെ സംസ്ഥാനങ്ങൾക്ക് നൽകുന്നതാണ്. ഓരോ സംസ്ഥാനവും അവരുടെ സ്വയം വിലയിരുത്തൽ മിഷന് ലഭ്യമാക്കുമ്പോൾ മിഷന്റെ കേന്ദ്ര ഡയറക്ടറേറ്റ് സംസ്ഥാനങ്ങൾക്കുള്ള ഇൻസെന്റീവ് തുക പ്രഖ്യാപിക്കും. കഴിഞ്ഞ നാലുവർഷക്കാലവും തുടർച്ചയായി സംസ്ഥാനത്തിന് ഇൻസെന്റീവ് ഇനത്തിൽ തുക ലഭിക്കുകയും ദേശീയതലത്തിൽ സംസ്ഥാനം ഏഴാം സ്ഥാനത്ത് നിൽക്കുകയും ചെയ്യുന്നു. നാളിതുവരെ റിഫോം ഇൻസെന്റീവായി കേരളത്തിന് 59.82 കോടി രൂപ ലഭിച്ചിട്ടുണ്ട്.

പൗരൻമാർക്ക് പ്രധാന അടിസ്ഥാന സൗകര്യങ്ങൾ, മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ, വൃത്തിയുള്ളതും സുസ്ഥിരവുമായ പരിസ്ഥിതിയും, സ്മാർട്ട് സൊല്യൂഷനുകളും ഉറപ്പാക്കിക്കൊണ്ട് നഗരങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി ഭവന നഗരകാര്യ മന്ത്രാലയം 2015 –ൽ ആരംഭിച്ച അടിസ്ഥാന സൗകര്യ വികസന പരിപാടിയാണ് സ്മാർട്ട് സിറ്റി മിഷൻ. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊച്ചി നഗരത്തെയും മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം നഗരത്തെയും തെരഞ്ഞെടുത്തിട്ടുണ്ട്. കൊച്ചി സ്മാർട്ട് സിറ്റിക്ക് 2,076 കോടി രൂപയും തിരുവനന്തപുരത്തിന് 1,538.20 കോടി രൂപയും പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയായി കണക്കാക്കിയിരിക്കുന്നു. ഇതിൽ കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതം 500 കോടി രൂപ വീതമാണ്. പുറമെ നിന്നുള്ള സഹായം, പൊതു സ്വകാര്യ പങ്കാളിത്തം മറ്റ് പദ്ധതികളുമായുള്ള സംയോജനം എന്നിവയിലൂടെയാണ് ബാക്കിതുക കണ്ടെത്തേണ്ടത്.

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഫോർട്ട് കൊച്ചി–മട്ടാഞ്ചേരി പ്രദേശത്തെ ആസൂത്രിതമായ സമഗ്ര വികസനമാണ് കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്ടിലൂടെ ലക്ഷ്യമിടുന്നത്. കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്ടിൽ 47 പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 32 പ്രോജക്ടുകൾ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 5 പ്രോജക്ടുകളുടെ ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും 5 പ്രോജക്ടുകൾ ടെണ്ടർചെയ്യേണ്ടതും, 5 പ്രോജക്ടുകൾ സംയോജിത പ്രോജക്ടുകളുമാണ്. ഇന്റഗ്രേറ്റഡ് കമാന്റ് കൺട്രോൾ ആന്റ് കമ്മ്യൂണിക്കേഷൻ സെന്റർ, ഏറണാകുളം, വെസ്റ്റ്കൊച്ചി എന്നിവിടങ്ങളിൽ സ്മാർട്ട് റോഡുകൾ, സ്മാർട്ട് എൽ.ഇ.ഡി ലൈറ്റിംഗ് സംവിധാനം നടപ്പിലാക്കൽ, ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണം, മട്ടാൻചേരിയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രി, ജനറൽ ആശുപത്രിക്ക് ക്യാൻസർ ബ്ലോക്ക് എന്നിവയുടെ നിർമ്മാണം, റൂഫ് ടോപ്പ് സോളാർ പ്രോജക്ട് ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സംവിധാനം, വേസ്റ്റ് ബിന്നുകളുടെ വിതരണം

തുടങ്ങിയവയാണ് ആരംഭിച്ച പ്രോജക്ടുകൾ. 75.36 കോടി രൂപയുടെ പ്രോജക്ടുകൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 4.49 കോടി രൂപയുടെ ആശുപത്രി റോഡിന്റെ നിർമ്മാണം, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തെ 28 കെട്ടിടങ്ങളിൽ 5.7 കോടി രൂപയുടെ 1000 കെ.ഡബ്ല്യൂ.പി ഗ്രിഡ് കണക്ടഡ് റൂഫ് ടോപ്പ് സോളാർ ഫോട്ടോ വോൾ ടെയ്ക് പവർ പ്ലാന്റുകൾ, 64.50 കോടി രൂപയുടെ കൊച്ചിയിലെ ഇന്റഗ്രേറ്റഡ്, കമാന്റ് കൺട്രോൾ ആന്റ് കമ്മ്യൂണിക്കേഷൻ സെന്റർ, 0.67 കോടി രൂപയുടെ കൊച്ചി പ്രദേശത്തെ ജൈവ അജൈവ മാലിന്യം തരംതിരിക്കുന്നതിനായി വീടുകളിലേക്കും തെരുവുകളിലേക്കുമുള്ള ബിന്നുകൾ എന്നിവ ഉൾപ്പെടുന്നു. 26.90 കോടി രൂപയുടെ ഇന്റഗ്രേറ്റഡ് ട്രാഫിക് മാനേജ്മെന്റ് സംവിധാനം കൊച്ചിയിൽ ഒക്ടോബർ 19, 2020 മുതൽ പ്രവർത്തനക്ഷമമാണ്.

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് 43 പ്രോജക്ടുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ 1134.08 കോടി രൂപയുടെ 39 പ്രോജക്ടുകളുടെ ഡി.പി.ആർ തയ്യാറാക്കുകയും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയുമുണ്ടായി. ഇതിൽ 37 പ്രോജക്ടുകൾ ടെണ്ടർ ചെയ്യുകയും 32 പ്രോജക്ടുകൾക്ക് പ്രവർത്തനാനുമതിയും ലഭിക്കുകയുണ്ടായി. സ്വദേശ് ദർശൻ, അമൃത് എന്നീ സംയോജിത പദ്ധതികളിലായി കുടിവെള്ള വിതരണം, അഴുക്കുചാലുകളുടെ നിർമ്മാണം, മഴവെള്ള ഓവുചാലുകൾ തുടങ്ങിയ പ്രോജക്ടുകളുടെ നിർവഹണം നടന്നുകൊണ്ടിരിക്കുകയാണ്.

തിരുവനന്തപുരം സ്മാർട്ട് സിറ്റിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള പൊതു ടോയിലറ്റുകളുടെ നവീകരണവും പുനർ നിർമ്മാണവും, 25 സ്ഥലങ്ങളിൽ കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുക, സ്മാർട്ട് ബസ് ഷെൽട്ടറിന്റെ നിർമ്മാണം, പാളയം മാർക്കറ്റിന്റെ പുനർ വികസനം, പാളയത്തും തമ്പാനൂരിലും ബഹുനില കാർ പാർക്കിങ്ങിന്റെ നിർമ്മാണം, മഴവെള്ള സംഭരണം, ഇന്റഗ്രേറ്റഡ് കമാന്റ് ആന്റ് കൺട്രോൾ സെന്ററിന്റെ നിർമ്മാണം, രാജാജി നഗറിൽ സംയോജിത സോഷ്യൽ ഹൗസിംഗ് കോംപ്ലക്സിന്റെ നിർമ്മാണം, രാജാജി നഗറിലെ പൊതു ആരോഗ്യ കേന്ദ്രം മെച്ചപ്പെടുത്തൽ, ട്രിഡയുമായി ഒരു പുനരധിവാസ ബ്ലോക്ക്, പുത്തരിക്കണ്ടത്ത് ഓപ്പൺ എയർ തിയേറ്ററിന്റെയും പാർക്കിന്റെയും നിർമ്മാണം, കേരള ജല അതോറിറ്റിയുടെ പരിസരത്ത് കുട്ടികളുടെ പാർക്കിന്റെയും പൊന്നറ ശ്രീധർ പാർക്കിന്റെയും പുനർ വികസനം, സ്മാർട്ട് റോഡുകൾ, ഇൻഫർമേഷൻ കിയോസ്കുകളുടെ നിർമ്മാണം എന്നീ പ്രോജക്ടുകൾ നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. 15 ഇലക്ട്രിക് ഓട്ടോയും, 15 ഇലക്ട്രിക് റിക്ഷായും, സ്മാർട്ട് ഇവി ചാർജർ എന്നിവ വാങ്ങിയതും, മൂന്ന് അംഗനവാടികളുടെ നവീകരണം, ഓപ്പൺ ജിംനേഷ്യവും, കുട്ടികൾക്ക് വിനോദത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങിയതും തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കിയ 5 പദ്ധതികളിൽപ്പെടുന്നു.

### തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള മാസ്റ്റർപ്ലാനുകൾ

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആസൂത്രിതമായ വികസനത്തിന് അതിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളുടെ മാസ്റ്റർ പ്ലാനുകളുടെ രൂപീകരണത്തിന് കേരള നഗര ഗ്രാമാസൂത്രണ നിയമം 2016 ലക്ഷ്യമിട്ടുന്നുണ്ട്. ഒരു പ്രദേശത്തിന് സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ ഇതിലൂടെ വിഭാവനം ചെയ്യുന്നു. എല്ലാ നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും മാസ്റ്റർ പ്ലാൻ 3 ഘട്ടമായി തയ്യാറാക്കി വരുന്നു. ഘട്ടം ഒന്ന്, രണ്ട്, മൂന്ന് എന്നിവയിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ വിവരങ്ങൾ **അനുബന്ധം 12.1.17** –ൽ കൊടുത്തിരിക്കുന്നു.

### ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കൽ

ഗ്രാമങ്ങളെ റോഡ് മാർഗ്ഗം ബന്ധിപ്പിച്ച് ജനങ്ങൾക്ക് സാമ്പത്തികവും സാമൂഹികവുമായ സേവനങ്ങൾ പ്രാപ്യമാക്കുക അതുവഴി കാർഷിക വരുമാനം വർദ്ധിപ്പിക്കുക, ഉത്പാദനക്ഷമമായ തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുകയും ചെയ്യുക എന്നത് ഗ്രാമീണ വികസനത്തിന്റെ ഏറ്റവും പ്രധാന ഘടകങ്ങളിലൊന്നാണ്

സംസ്ഥാനത്തെ ഗ്രാമീണ നിവാസികൾക്ക് ഏറെ പ്രയോജനപ്രദവും ഗ്രാമീണ മേഖലയെ പരസ്പരം ബന്ധിപ്പിക്കുന്നതുമായ പദ്ധതിയാണ് പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ). ദേശീയം, സംസ്ഥാനം, ജില്ല എന്നീ മൂന്ന് തലത്തിൽ ഗുണനിലവാര പരിശോധനാസംവിധാനം നിലവിലുള്ളതിനാൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഏറ്റെടുത്ത് നിർമ്മിക്കുന്ന റോഡുകൾ ഉയർന്ന ഗുണനിലവാരമുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമാണ്. സംസ്ഥാനത്തെ നോഡൽ ഏജൻസിയായ കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.) യാണ് ഈ പദ്ധതിയുടെ നിർവഹണം നടത്തുന്നത്. കേന്ദ്ര സർക്കാർ നൽകുന്ന തുകയിൽ നിന്നും പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മാത്രമെ ചെലവഴിക്കാൻ പാടുള്ളു. ടെണ്ടർ എക്സെസ്സ്, സാധന സാമഗ്രികൾ മാറ്റിസ്ഥാപിക്കൽ, പണി പൂർത്തീകരിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി കേന്ദ്ര വിഹിതം ഉപയോഗിക്കാൻ പാടുള്ളതല്ല. അതിനാൽ സംസ്ഥാന സർക്കാർ പി.എം.ജി.എസ്.വൈ. പദ്ധതിയുടെ സംസ്ഥാന വിഹിതമായി വകയിരുത്തുന്ന 40 ശതമാനം തുകയ്ക്ക് ഉപരിയായി 'പി.എം.ജി.എസ്. വൈ. പദ്ധതിക്കായുള്ള സംസ്ഥാന സഹായം' എന്ന പദ്ധതിയിലൂടെ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന

പദ്ധതിയുടെ പരിധിയിൽ വരാത്ത മുകളിൽ പ്രതിപാദിച്ച പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി തുക വകയിരുത്തുന്നുണ്ട്.

ഗ്രാമീണ കാർഷിക വിപണികൾ, ഹയർ സെക്കന്ററി സ്കൂളുകൾ, ആശുപത്രികൾ എന്നിവയുമായി ബന്ധിപ്പിച്ചിട്ടുള്ള നിലവിലുള്ള റോഡുകൾ നവീകരിക്കുന്നതിലൂടെ ഗ്രാമീണ റോഡ് ശൃംഖലയുടെ ഏകീകരണം പ്രധാന മന്ത്രി ഗ്രാമ സഡക് യോജന-III ന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്യുന്നുണ്ട്. 1,425 കിലോമീറ്റർ റോഡാണ് ഈ പദ്ധതിയിൽ സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്നത്.

ഇതിൽ ആദ്യ ബാച്ചായി 8,286.00 ലക്ഷം അടങ്കൽ തുക വരുന്ന 104.65 കിലോമീറ്റർ ദൈർഘ്യമുള്ള 20 റോഡുകൾക്ക് അംഗീകാരം ലഭിക്കുകയും ടി റോഡുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയുമാണ്. കൂടാതെ 308 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡുകളുടെ ഡി.പി.ആർ തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസികളുടെ (എസ്.റ്റി.എ) പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ബാക്കിവരുന്ന റോഡുകളുടെ ഡി.പി.ആർ തയ്യാറാക്കുന്ന പ്രവർത്തി പുരോഗമിക്കുകയാണ്.

'പ്രധാനമന്ത്രി ഗ്രാമ സഡക് യോജന' പദ്ധതിയിലൂടെ 2019-20 ൽ 12,218.00 ലക്ഷം രൂപയും 2020-21 ൽ (സെപ്റ്റംബർ 30, 2020 വരെ) 3,056.42 ലക്ഷം രൂപയും 'പി.എം.ജി.എസ്.വൈ. പദ്ധതിയ്ക്കായുള്ള സംസ്ഥാന സഹായം' എന്ന പദ്ധതിയിലൂടെ 2019-20 -ൽ 1,630.00 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 'പ്രധാനമന്ത്രി ഗ്രാമ സഡക് യോജന' പദ്ധതിയിലൂടെ 2019-20 മുതൽ 2020-21 വരെ (സെപ്റ്റംബർ 30, 2020 വരെ) നിർമ്മാണം പൂർത്തീകരിച്ച റോഡുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ **അനുബന്ധം 12.1.18** -ൽ നൽകിയിരിക്കുന്നു.

## പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ) നീർത്തട ഘടകം.

കേന്ദ്രസർക്കാർ 2015-16 -ൽ സമഗ്ര നീർത്തട പരിപാലന പരിപാടിയെ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയിൽ ലയിപ്പിക്കുകയുണ്ടായി. അതിനുശേഷം ഈ പരിപാടി പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയുടെ നീർത്തട ഘടകമായി നടപ്പിലാക്കിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് ഇതിന് വിഹിതം വകയിരുത്തുന്നത്. കൃഷിവകുപ്പാണ് സംസ്ഥാനത്ത് പി.എം.കെ.എസ്.വൈ നടപ്പാക്കുന്ന നോഡൽ വകുപ്പായി പ്രവർത്തിക്കുന്നത്.

മണ്ണൊലിപ്പ് തടയൽ, പ്രകൃതിദത്ത സസ്യങ്ങളുടെ പുനരുജ്ജീവനം, മഴവെള്ള സംഭരണം, ഭൂഗർഭജല റീചാർജിംഗ്, തരിശുഭൂമി കൃഷിയോഗ്യമാക്കൽ എന്നിവയാണ് ഈ പരിപാടിയുടെ ലക്ഷ്യങ്ങൾ. നീർത്തട വികസന പരിപാടികൾ നടപ്പിലാക്കുന്നതിലൂടെ കാർഷിക മേഖലയിൽ ഒന്നിലധികം വിളവുകൾ സാധ്യമാക്കുകയും വിവിധ കാർഷികാധിഷ്ഠിത പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലൂടെ നീർത്തട മേഖലയിലെ ഗ്രാമീണ ജനതയുടെ ജീവനോപാധികൾ സുസ്ഥിരമായി നിലനിർത്തുക എന്നതാണ് ആത്യന്തികമായി ഈ പദ്ധതിയിലൂടെ ലക്ഷ്യംവെയ്ക്കുന്നത്. 4,000 മുതൽ 6,000 ഹെക്ടർ വരെ വിസ്തീർണ്ണമുള്ള 5 മുതൽ 10 വരെ ചെറു നീർത്തടങ്ങൾ അടങ്ങിയ ഒരു ക്ലസ്റ്ററിനെയാണ് പ്രോജക്ട് ഏരിയ ആയി കണക്കാക്കുന്നത്. ബ്ലോക്ക്പഞ്ചായത്തുകളാണ് പദ്ധതി നിർവഹണ ഏജൻസിയായി പ്രവർത്തിക്കുന്നത്. പദ്ധതി നടത്തിപ്പിനായി ഹെക്ടറിന് നിരപ്പ് ഭൂമിയാണെങ്കിൽ 12,000 രൂപയും മലയോരപ്രദേശമാണെങ്കിൽ 15,000 രൂപയുമാണ് നൽകുന്നത്.

പി.എം.കെ.എസ്.വൈ പദ്ധതിയിലൂടെ 2019-20 ലും 2020-21 ലും (സെപ്റ്റംബർ 30, 2020 വരെ) യഥാക്രമം 2,031.00 ലക്ഷം രൂപ, 1,262.92 ലക്ഷം രൂപ എന്നിങ്ങനെ ചെലവഴിക്കുകയുണ്ടായി. ബാച്ച് II ൽ ഉൾപ്പെട്ട 203.96 കോടി രൂപയുടെ 26 പ്രോജക്ടുകളും ബാച്ച് III ൽ ഉൾപ്പെട്ട 106.86 കോടി രൂപയുടെ 15 പ്രോജക്ടുകളും യഥാക്രമം 2018 മാർച്ചിലും 2020 സെപ്റ്റംബറിലുമായി പൂർത്തീകരിക്കുകയുണ്ടായി. പി.എം.കെ.എസ്.വൈ യുടെ നീർത്തട ഘടകം പ്രോജക്ടുകളെല്ലാം തന്നെ മാർച്ച് 31, 2021നകം പൂർത്തീകരിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

## II. തൊഴിലിനും ഉപജീവനത്തിനുമുള്ള സഹായം

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഒരു പ്രധാന സൂചകമാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ വരുമാനത്തിലുണ്ടാവുന്ന വർദ്ധനവ്. ഗ്രാമീണ മേഖലയിലുള്ളവർക്ക് തൊഴിൽ നൽകുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഒന്നാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ കഴിവും താല്പര്യവുമുള്ള ഗ്രാമപ്രദേശങ്ങളിലെ പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്ക് എല്ലാ സാമ്പത്തിക വർഷവും 100 ദിവസം വേതനത്തോടുകൂടി തൊഴിൽ ഉറപ്പുവരുത്തുന്നതിലൂടെ ഗ്രാമീണ മേഖലയിലെ കുടുംബങ്ങളുടെ ഉപജീവന സുരക്ഷ വർദ്ധിപ്പിക്കുന്നു. ഈ പദ്ധതിയിൽ അവിദഗ്ദ്ധ തൊഴിലിനുള്ള വേതനം ഏപ്രിൽ 1, 2018 മുതൽ 271 രൂപയായിരുന്നത് ഏപ്രിൽ 1, 2020 മുതൽ 291 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2017-18 മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഹരിത കേരളം

മിഷനുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംയോജന സാധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനായി മറ്റ് വകുപ്പുകളുടെ പദ്ധതികളുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. 2019-20, 2020-21 -ൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രധാന ഇടപെടലുകൾ ചുവടെ വിശദമാക്കുന്നു.

- കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം, വനം എന്നീ മേഖലകളിലെ ഉത്പാദനവും വികസനവും വർദ്ധിപ്പിക്കുന്നതിനായി ഈ മേഖലകളിലെ വ്യക്തിഗതവും പൊതുവായതുമായ ഉത്പാദന ആസ്തികൾ സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകുന്നു.
- വിദ്യാലയങ്ങൾക്ക് ചുറ്റുമതിൽ, കളിസ്ഥലം എന്നിവയുടെ നിർമ്മാണം, അംഗനവാടികളുടെ നിർമ്മാണം എന്നിങ്ങനെയുള്ള പൊതു ആസ്തികൾ സൃഷ്ടിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു.
- കന്നുകാലികൾ, ആട്, കോഴി എന്നിവയ്ക്കായുള്ള ഷെഡുകൾ പോലെയുള്ള വ്യക്തിഗത ഉപജീവന ആസ്തികൾ നിർമ്മിച്ചു.
- അനുവദനീയമായ എല്ലാ പ്രവർത്തികളും ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ സംയോജിത പദ്ധതിയുടെ അടിസ്ഥാനത്തിൽ ജിയോഗ്രാഫിക് ഇൻഫർമേഷൻ സംവിധാനത്തിന്റെ (ജി.ഐ.എസ് ) സാധ്യതകൾ കൂടി കണക്കിലെടുത്തുകൊണ്ട് എം.ജി.എൻ. ആർ.ഇ.ജി.എസ്സിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ 2019 -ൽ സംസ്ഥാനസർക്കാർ ഉത്തരവ് പുറപ്പെടുവിപ്പിച്ചിട്ടുണ്ട്. തൻവർഷം പ്രാരംഭമായി 100 ഗ്രാമപഞ്ചായത്തുകളിൽ ജി.ഐ.എസ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സമഗ്ര പ്ലാൻ തയ്യാറാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്.
- ദരിദ്രരുടെ ഉപജീവന അടിത്തറ ശക്തിപ്പെടുത്തുന്നതിന് ഉത്പാദന ആസ്തികൾ സൃഷ്ടിക്കുന്നതിൽ സുഭിക്ഷ കേരളം പദ്ധതിയിൽ ശ്രദ്ധേയമായ ഇടപെടൽ
- പട്ടികവർഗ്ഗ വിഭാഗത്തിനായുള്ള പ്രത്യേക സഹായം (സംസ്ഥാനാവിഷ്കൃത ഘടകം)
- **ട്രൈബൽ പ്ലസ് പദ്ധതി** – സംസ്ഥാന സർക്കാരിന്റെ പ്രത്യേക ധനസഹായം ഉപയോഗിച്ച് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ അധിക തൊഴിൽ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.
- **വേതനം മുൻകൂറായി നൽകൽ**
തൊഴിലുറപ്പ് പദ്ധതിയിലെ പട്ടികവർഗ്ഗ തൊഴിലാളികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് പട്ടികവർഗ്ഗ തൊഴിലാളികൾക്ക് മുൻകൂറായി വേതനം നൽകുന്നതിനായി കുടുംബശ്രീ മുഖേന ഒരു സംവിധാനം സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ റിവോള്വിംഗ് ഫണ്ട് ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് ഓരോ ആഴ്ചയും അവിദഗ്ദ്ധ വേതനം മുൻകൂറായി നൽകുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വേതനം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ എത്തുമ്പോൾ ഗുണഭോക്താക്കളുടെ സമ്മതത്തോടെ, മുൻകൂറായി നൽകിയ വേതനം തിരിച്ചുപിടിക്കുന്നതുമാണ്.

മേൽപറഞ്ഞ നൂതന പരിപാടികളുടെയെല്ലാം ഫലമായി 2019-20 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പങ്കാളിത്തത്തിൽ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. 2019-20 ൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി (22.03.2020 മുതൽ 31.03.2020 വരെയുള്ള ലോക്കഡൗൺ കാലയളവിൽ) ശരാശരി സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ 77 ഉം ആകെ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ 53.93 ലക്ഷവുമാണ്. 2019-20 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളായ 69,609 പട്ടികവർഗ്ഗ കുടുംബങ്ങളിൽ 21,331 കുടുംബങ്ങൾ 100 ഉം 2,918 കുടുംബങ്ങൾ 200 ഉം തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയുണ്ടായി.

2019-20 ൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവ് 2,701.41 കോടി രൂപയായിരുന്നു. ഇതാകട്ടെ തൻവർഷം അനുവദിച്ച മൊത്തം തുകയുടെ 95.46 ശതമാനമാണ്. ഇക്കാലയളവിൽ സൃഷ്ടിക്കപ്പെട്ട മൊത്തം തൊഴിൽദിനങ്ങൾ 8.02 കോടിയായിരുന്നു. ഇതിൽ 1.24 കോടി തൊഴിൽ ദിനങ്ങൾ പട്ടികജാതി വിഭാഗത്തിന്റെയും 0.54 കോടി തൊഴിൽ ദിനങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിന്റേതുമായിരുന്നു. 2020-21 ൽ (സെപ്റ്റംബർ 30, 2020 വരെ) 1,599.49 കോടി രൂപ ചെലവഴിക്കുകയും 3.70 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2019-20, 2020-21 (സെപ്റ്റംബർ 30, 2020 വരെ) ലെ ധനകാര്യവും ഭൗതീകവുമായ വിവരങ്ങൾ യഥാക്രമം **അനുബന്ധം 12.1.19, 12.1.20, 12.1.21, 12.1.22** എന്നിവയിൽ ചേർത്തിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമീണമേഖലയ്ക്ക് മാത്രമായിട്ടുള്ളതാണ്. ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിൽ ഈ പദ്ധതി വഹിക്കുന്ന പങ്ക് നിർണ്ണായകമായതിനാലാണ് സംസ്ഥാന സർക്കാർ നഗര പ്രദേശങ്ങളിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി ആരംഭിക്കുവാൻ കാരണമായത്. നഗര പ്രദേശങ്ങളിലെ ഓരോ കുടുംബത്തിലെയും അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ താല്പര്യമുള്ള പ്രായപൂർത്തിയായ അംഗത്തിന് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകിക്കൊണ്ട് അവരുടെ ഉപജീവനം

മെച്ചപ്പെടുത്താനുദ്ദേശിച്ചിട്ടുള്ള ഒരു സംസ്ഥാന പദ്ധതിയാണിത്. പ്രാദേശിക സർക്കാരുകളുടെ സ്ഥിര ആസ്തികൾ സൃഷ്ടിക്കാനാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്.

2019-20 -ൽ 75.00 കോടി രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നു. ഇതിൽ 65.09 കോടി രൂപ ചെലവഴിക്കുകയും വിവിധ കോർപ്പറേഷനിലും നഗരസഭകളിലുമായി 26,80,660 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മാർച്ച് 31, 2020 വരെ പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിലായി യഥാക്രമം 1,81,586, 41,049, 2,905 കുടുംബങ്ങൾക്ക് തൊഴിൽ കാർഡുകൾ ഇക്കാലയളവിൽ നൽകുകയുണ്ടായി. അതിൽ 20,954 പുരുഷൻമാരും 2,04,586 സ്ത്രീകളും ഉൾപ്പെടുന്നു. 1,05,788 കുടുംബങ്ങൾക്കും 96,259 സ്ത്രീകൾക്കും തൊഴിൽ നൽകുകയും 3,299 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

2020-21 വർഷം അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയ്ക്കായി 75.00 കോടി രൂപ വകയിരുത്തിയിരുന്നു. 2020 ഒക്ടോബർ 31 വരെ 74.23 കോടി രൂപ ചെലവഴിച്ച് 13,90,464 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 31.10.2020 വരെ 46,373 കുടുംബങ്ങൾക്കും 46,289 സ്ത്രീകൾക്കും തൊഴിൽ ലഭിക്കുകയും 220 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിലായി യഥാക്രമം 2,12,099, 41,987, 4,027 വ്യക്തികൾക്ക് തൊഴിൽ കാർഡ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 24,412 പുരുഷൻമാരും 2,33,701 സ്ത്രീകളും ഉൾപ്പെടുന്നു. പി.എം.എ.വൈ- ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായ 68,991 പേർക്ക് അയ്യങ്കാളി തൊഴിൽ പദ്ധതിയുടെ തൊഴിൽ കാർഡ് ലഭിച്ചതിലൂടെ 90 ദിവസത്തെ തൊഴിൽ ലഭിക്കുകയുണ്ടായി. 2019-20 ൽ ക്ഷീരോൽപാദനവും ഈ പദ്ധതിയുടെ ഭാഗമാക്കിയതിലൂടെ രണ്ട് കന്നുകാലികളിൽ കൂടുതലുള്ള കർഷകർക്ക് തൊഴിലും വേതനവും ഈ പദ്ധതിയിലൂടെ മാനദണ്ഡമനുസരിച്ച് ലഭിക്കുകയുണ്ടായി. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ 2019-20, 2020-21 (ഒക്ടോബർ 31, 2020 വരെ) വർഷങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനം തിരിച്ചിട്ടുള്ള ഫണ്ട് വിതരണം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.23** ലും പദ്ധതിയുടെ ജില്ല തിരിച്ചുള്ള ഭൗതിക നേട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.24** ലും കൊടുത്തിരിക്കുന്നു.

തൊഴിൽ നൽകുന്നതിനുള്ള പദ്ധതിയായിട്ടാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അറിയപ്പെടുന്നതെങ്കിലും അതിൽ ജീവനോപാധികളുടെ പരിപോഷണത്തിന് പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. ഉപജീവന പ്രവർത്തനങ്ങൾ, ദാരിദ്ര്യം ലഘൂകരണം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നീ ഘടകങ്ങൾ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. ഉപജീവനത്തിനായുള്ള കേന്ദ്ര സർക്കാരിന്റെ പ്രധാന ഉദ്യമങ്ങളാണ് ഗ്രാമീണ മേഖലയിൽ നടപ്പാക്കുന്ന ദേശീയ ഗ്രാമീണ ഉപജീവന മിഷനും (എൻ.ആർ.എൽ.എം.) നഗര മേഖലയിൽ നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന മിഷനും (എൻ.യു.എൽ.എം.) കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് ഈ പദ്ധതിയ്ക്ക് തുക വിനിയോഗിക്കുന്നത്.

ഗ്രാമീണ ദരിദ്രരുടെ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവശ്യകതയ്ക്ക് അനുസരിച്ച് സഹായം ലഭ്യമാക്കുന്ന പദ്ധതിയാണ് ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷൻ. ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന(ഡി.ഡി.യു. ജി.കെ.വൈ) സ്റ്റാർട്ട്-അപ്പ് ഗ്രാമീണ സംരഭകത്വ പരിപാടി(എസ്.വി.ഇ.പി) മഹിളാ കിസാൻ ശശാക്തീകരണ പരിയോജന (എം.കെ.എസ്.പി) എന്നിവ ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉപ പദ്ധതികളാണ്. ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ തൊഴിൽ വൈദഗ്ധ്യം നൽകി ജോലി ലഭ്യമാക്കുന്നതിനുമുള്ള പരിപാടിയാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന. ഗ്രാമീണ മേഖലകളിലെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനും ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുന്നതിനും ഗ്രാമീണ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായവും പിന്തുണയും എസ്.വി.ഇ.പി. യിലൂടെ നൽകുന്നു. സാമൂഹിക അടിസ്ഥാനത്തിലുള്ള സംഘടനാ ശൃംഖല പിന്തുണയ്ക്കുന്ന സംരംഭങ്ങൾക്ക് ബിസിനസ്സ് വൈദഗ്ധ്യം, സമാന മേഖലകളുമായി സമ്പർക്ക സാധ്യത, സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള വായ്പയും സംരംഭത്തിന്റെ നിർണ്ണായകമായ ആദ്യത്തെ ആറ് മാസത്തേയ്ക്ക് വാണിജ്യ സഹായവും എസ്.വി.ഇ.പി നൽകുന്നു. ഓഗസ്റ്റ് 31, 2020 കണക്കനുസരിച്ച് എസ്.വി.ഇ.പി യുടെ കീഴിൽ 12,212 സംരംഭങ്ങൾ രൂപീകരിക്കുകയും കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്. (സി.ഇ.എഫ്) മുഖേന 7,654 സംരംഭങ്ങൾക്ക് 30.50 കോടി രൂപ നൽകാൻ സാധിച്ചിട്ടുണ്ട് . കാർഷിക മേഖലയിലെ സ്ത്രീ, പുരുഷ വ്യത്യാസം കുറയ്ക്കുക, കാർഷിക വൃത്തിയിൽ നിന്നും പിൻവാങ്ങുന്ന പ്രവണത കുറയ്ക്കുക, സ്ത്രീ കർഷകർ സുസ്ഥിര കാർഷിക രീതികൾ സ്വീകരിക്കുക എന്നിവയ്ക്കാണ് എം.കെ.എസ്.പി പ്രധാന്യം നൽകുന്നത്. കുടുംബശ്രീയുടെ സംയുക്ത ഉത്തരവാദിത്ത സംഘങ്ങളുടെ (ജെ.എൽ.ജി) ശൃംഖല ഉപയോഗിച്ചാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

2019-20 -ൽ ദീൻദയാൽ അന്ത്യോദയ -ദേശീയ ഗ്രാമീണ ഉപജീവന മിഷനിലൂടെ 7,790 അയൽക്കൂട്ടങ്ങൾ

**പട്ടിക 12.1.8** ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭൗതിക നേട്ടങ്ങൾ

| പദ്ധതിയുടെ പേര് | ഘടകങ്ങൾ | ഭൗതീക നേട്ടങ്ങൾ (എണ്ണത്തിൽ) | |
|---|---|---|---|
| | | 2019-20 | 2020-21 (സെപ്റ്റംബർ 30, 2020 വരെ) |
| ദീൻ ദയാൽ അന്ത്യോദയ യോജന -ദേശീയ ഗ്രാമീണ ഉപജീവന മിഷൻ | അയൽക്കൂട്ടങ്ങൾ | 7,790 | 2,100 |
| ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന | പരിശീലനം ലഭിച്ചവർ | 13,113 | 125 |
| | തൊഴിൽ ലഭിച്ചവർ | 9,957 | 120 |
| മഹിളാ കിസാൻ ശശാക്തീകരൺ പരിയോജന | സംയുക്ത ഉത്തരവാദിത്വ സംഘങ്ങൾ (ജെ.എൽ.ജി) | 68,388 | 71,934 |
| | കർഷകർ | 3,38,202 | 3,59,670 |
| സ്റ്റാർട്ട് അപ് ഗ്രാമീണ സംരംഭകത്വ പരിപാടി | അയൽക്കൂട്ടങ്ങൾ (ആകെ) | 5,428 | 328 |
| | സംരംഭങ്ങൾ (ആകെ) | 7,656 | 10,000 |

അവലംബം: കുടുംബശ്രീ, കേരള സർക്കാർ

രൂപീകരിച്ചു. എം.കെ.എസ്.പി യിലൂടെ 68,388 സംയുക്ത ഉത്തരവാദിത്ത സംഘങ്ങളിലായി (ജെ. എൽ.ജി) 3,38,202 കർഷകർ കാർഷിക വൃത്തിയിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയിലൂടെ പരിശീലനം ലഭിച്ച 13,113 വ്യക്തികളിൽ 9,957 വ്യക്തികൾക്ക് (75.93 ശതമാനം) തൊഴിൽ ലഭിക്കുകയുണ്ടായി. ദീൻ ദയാൽ അന്ത്യോദയ യോജന – ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭൗതീക നേട്ടങ്ങൾ **പട്ടിക 12.1.8** –ൽ നൽകിയിരിക്കുന്നു.

നഗരദരിദ്രർക്കിടയിലെ ദാരിദ്ര്യം, കഷ്ടതകൾ എന്നിവ ലഘൂകരിക്കാനായി ലക്ഷ്യമിടുന്ന പദ്ധതിയാണ് ഡേ–എൻ.യു.എൽ.എം. സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. 'ഭവന രഹിതർക്ക് അഭയകേന്ദ്രം' എന്ന പദ്ധതി ഘടകത്തിലൂടെ 3,195 ഭവന രഹിതരെ കണ്ടെത്തിയിട്ടുണ്ട്. 'നഗരത്തിലെ വഴിയോര കച്ചവടക്കാർക്ക് സഹായം' എന്ന ഘടകത്തിൽ (സെപ്റ്റംബർ 30, 2020 വരെ) 23,442 വഴിയോര കച്ചവടക്കാരെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 12,583 വഴിയോര കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുകയുണ്ടായി. 'നൈപുണ്യവികസനവും ജോലി ഉറപ്പാക്കലും' എന്ന ഘടകത്തിൽ 4,784 പേരെ ഉൾപ്പെടുത്തിയതിൽ 4,012 പേർക്ക് സർട്ടിഫിക്കറ്റ് നൽകുകയും 2,379 പേർക്ക് ജോലി ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. നഗര പ്രദേശങ്ങളിലെ തൊഴിൽ രഹിതരായ ദരിദ്ര ജനങ്ങൾക്ക് സൈബർ സുരക്ഷിതത്വം, അക്കൗണ്ടിംഗ്, ആരോഗ്യ സംരക്ഷണം, പ്ലാസ്റ്റിക് സാങ്കേതിക വിദ്യ, ഇലക്ട്രോണിക്സ് ഇലക്ട്രിക്കൽ, ആയുർവേദ നഴ്സിംഗ്, ഹോസ്പിറ്റാലിറ്റി, ടെലികോം, ഭക്ഷ്യ സംസ്കരണം തുടങ്ങി 74 ഓളം തൊഴിൽ മേഖലകളിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എൻ.യു.എൽ.എം പദ്ധതിയുടെ സ്വയം തൊഴിൽ പരിപാടിയിലൂടെ 1,211 സ്വയം തൊഴിൽ സംരംഭങ്ങളും, 219 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിക്കുകയും, 9,628 അയൽക്കൂട്ട സംഘങ്ങൾക്ക് ലിങ്കേജ് വായ്പ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എൻ.യു.എൽ.എം പദ്ധതിയുടെ 'സാമൂഹ്യവിഭവ സമാഹരണവും സ്ഥാപന ശാക്തികരണവും' എന്ന ഘടകത്തിലൂടെ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 2,343 പുതിയ അയൽക്കൂട്ട സംഘങ്ങൾ രൂപീകരിക്കുകയും, 4,646 അയൽക്കൂട്ട സംഘങ്ങൾക്കും 97 പ്രാദേശിക വികസനസൊസൈറ്റികൾക്കും (എ.ഡി.എസ്) റിവോൾവിംഗ് ഫണ്ട് സഹായം ലഭ്യമാക്കുകയും അഞ്ച് നഗര ജീവനോപാധി കേന്ദ്രങ്ങൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഡേ– എൻ.യു.എൽ.എം പദ്ധതിയുടെ സാമ്പത്തികവും ഭൗതീകവുമായ നേട്ടങ്ങളെ സംബന്ധിച്ച വിവരങ്ങൾ യഥാക്രമം **അനുബന്ധം 12.1.25** ലും **12.1.26** ലും കൊടുത്തിരിക്കുന്നു. ജില്ലാതല സൂക്ഷ്മ സംരംഭങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും വായ്പാ ബന്ധിത അയൽക്കൂട്ടങ്ങളെ സംബന്ധിച്ച വിവരങ്ങളും യഥാക്രമം **അനുബന്ധം 12.1.27** ലും **12.1.28** ലും കൊടുത്തിരിക്കുന്നു.

കുടുംബശ്രീ ശൃംഖല പരിധിക്കുള്ളിൽ ഇനിയും എത്തിപ്പെടാത്ത അർഹരായവരെ കണ്ടെത്തുക, സ്വയം തൊഴിൽ നേടുന്നതിലുള്ള നൈപുണ്യ പരിശീലനം നൽകുക, സൂക്ഷ്മ സംരംഭം ആരംഭിച്ച് ഒരു സംരംഭകനാവുക വഴി ഉപജീവന മാർഗ്ഗം കണ്ടെത്താൻ താത്പര്യമുള്ള ഉദ്യോഗാർത്ഥികൾക്കായി സംസ്ഥാന വ്യാപകമായി 'സ്പർശം' ക്യാമ്പെയിൻ ആരംഭിക്കുകയുണ്ടായി. ഈ ക്യാമ്പെയിനിലൂടെ കണ്ടെത്തിയ വിവരങ്ങളെ വരും വർഷങ്ങളിലെ ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ ലക്ഷ്യങ്ങൾ ആക്കി മാറ്റുവാനും സ്പർശം ക്യാമ്പെയിനിലൂടെ സാധിക്കുകയുണ്ടായി.

ഡേ–എൻ.യു.എൽ.എം പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച സൂക്ഷ്മ സംരംഭങ്ങൾ വഴി നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, വെബ്

പോർട്ടൽവഴി സൂക്ഷ്മ സംരംഭങ്ങളുടെ ഉല്പന്നങ്ങൾ പരിചയപ്പെടുത്തുക, ഫുഡ് കിയോസ്കുകളും ഫുഡ് ഫെസ്റ്റുകളും സംഘടിപ്പിക്കുക, കുടുംബശ്രീ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി ഷോപ്പുകൾ സ്ഥാപിക്കുക, വയോജനങ്ങളെ പരിപാലിക്കുന്നതിനായി പരിശീലനങ്ങൾ നൽകുക, എറൈസ് (സുസ്ഥിര തൊഴിൽവഴി പുനസ്ഥാപനവും വ്യക്തിത്വവും സാധ്യമാക്കൽ) പരിപാടിയുടെ ഭാഗമായി നൈപുണ്യ ക്യാമ്പയിനുകളിലൂടെ പരിശീലനം സിദ്ധിച്ചവരെ ഉൾപ്പെടുത്തിക്കൊണ്ട് മൾട്ടി ടാസ്ക് ടീമുകളെ രൂപീകരിക്കുക തുടങ്ങി പ്രത്യേകമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. തൊഴിൽ ഉറപ്പാക്കുന്ന നൈപുണ്യ വികസന പരിപാടികളിലെല്ലാംതന്നെ തൊഴിൽ രഹിതരായ യുവജനങ്ങളുടെ അഭിരുചിക്കനുസൃതമായി തൊഴിൽ ഉറപ്പുവരുത്താൻ ഈ നൈപുണ്യ വികസന ഏജൻസികൾക്ക് സാധിക്കാറില്ല. നിലവിൽ മാനവ വിഭവ (എച്ച്.ആർ) വിതരണ ഏജൻസികളിൽ നിന്നാണ് ഉദ്യോഗാർത്ഥികളെ പല തൊഴിൽ ഉടമകളും തെരഞ്ഞെടുക്കുന്നത്. ആയതിനാൽ ഡേ– എൻ.യു.എൽ.എം പദ്ധതിയിലൂടെ നൈപുണ്യ വികസനം നേടിയ സ്ത്രീകളെ ഉൾപ്പെടുത്തിക്കൊണ്ട് എച്ച്.ആർ വിതരണഏജൻസി"ഹ്യൂമൻ–ആം" എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. 258 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുകയുണ്ടായി. 2019–20 ലും, 2020–21 (സെപ്റ്റംബർ 30 വരെ) സൊസൈറ്റിയുടെ വാർഷിക വരുമാനം യഥാക്രമം 1.62 കോടി രൂപയും 1.07 കോടി രൂപയുമായിരുന്നു. വനിതാ തൊഴിലാളികൾക്ക് മാസശമ്പളമായി ശരാശരി 14,321 രൂപ ലഭിക്കുകയും അവർക്ക് പി.എഫിന്റെയും ഇ.എസ്.ഐ യുടെയും ആനുകൂല്യം ലഭിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സൊസൈറ്റി സ്വകാര്യ ആശുപത്രിയിലേക്കും സേവനം വ്യാപിപ്പിച്ചു.

### കുടുംബശ്രീ

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ അഥവാ കുടുംബശ്രീ രൂപീകൃതമായത്. 1998 –ൽ സംസ്ഥാന സർക്കാർ ആരംഭിച്ച നൂതന സ്ത്രീ കേന്ദ്രീകൃത പങ്കാളിത്ത ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയായ കുടുംബശ്രീയിൽ 45 ലക്ഷത്തോളം വനിതകളുടെ പങ്കാളിത്തം ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.), ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം.), പ്രധാന മന്ത്രി ആവാസ് യോജന (നഗരം) എന്നിവയുടെ നിർവഹണം നടത്തുന്ന നോഡൽ ഏജൻസി കൂടിയാണ് കുടുംബശ്രീ. ഇതിനു പുറമെ സംസ്ഥാനത്തെ ഒട്ടനവധി പ്രവർത്തനങ്ങളിലും കുടുംബശ്രീയുടെ സാന്നിധ്യമുണ്ട്. 2019–20, 2020–21 (സെപ്റ്റംബർ 30, 2020 വരെ) ൽ കുടുംബശ്രീയുടെ പ്രധാന നേട്ടങ്ങൾ താഴെ കൊടുക്കുന്നു.

ദരിദ്രരിൽ ദരിദ്രരുടെ പുനരധിവാസം ലക്ഷ്യമിടുന്ന 'ആശ്രയ' പദ്ധതിയുടെ പേരും വ്യാപ്തിയും വിശാലമാക്കിക്കൊണ്ട് 'അഗതിരഹിത കേരളം' ഡെസറ്റിറ്റ്യൂട്ട് ഫ്രീ കേരള (ഡി.എഫ്.കെ) പദ്ധതി കുടുംബശ്രീ ആരംഭിക്കുകയുണ്ടായി. നിരാലംബരായ അഗതികളുടെ ആവശ്യങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ രൂപീകരിക്കുകയും ചെയ്യും. ചലഞ്ച് ഫണ്ടായി അഗതിരഹിത കേരളം പൊതുവിഭാഗ പദ്ധതികളിൽ ആകെ പദ്ധതി ചെലവിന്റെ നാൽപത് ശതമാനമോ പരമാവധി നാൽപത് ലക്ഷം രൂപയോ, പട്ടികവർഗ്ഗ പ്രത്യേക അഗതിരഹിത കേരളം പദ്ധതിയിൽ 50 ലക്ഷം രൂപയോ കുടുംബശ്രീ വഴി നൽകുന്നു. നിലവിൽ 1.56 ലക്ഷം ഗുണഭോക്താക്കൾക്ക് അഗതിരഹിത കേരളം പദ്ധതിയുടെ ഗുണം ലഭിക്കുന്നുണ്ട്. 1,033 ഓളം തദ്ദേശ സ്ഥാപനങ്ങളിൽ 1,56,647 ഗുണഭോക്തൃ കുടുംബങ്ങളെ ഉൾപ്പെടുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഭക്ഷണം, മരുന്ന്, വിദ്യാഭ്യാസം തുടങ്ങി ഗുണഭോക്താക്കളുടെ അടിസ്ഥാന പരിചരണം നിറവേറ്റുന്നതിനായുള്ള പദ്ധതികളിലും കുടുംബശ്രീ ചലഞ്ച് ഫണ്ട് വിനിയോഗിക്കുന്നുണ്ട്.

പ്രാദേശിക സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള ബഡ്സ് സ്ഥാപനങ്ങൾ കുടുംബശ്രീയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2018–19 –ൽ 12.50 ലക്ഷം രൂപ 200 പ്രാദേശിക സർക്കാരുകൾക്ക് പുതിയ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ നൽകുകയുണ്ടായി. ഇതിൽ 145 പുതിയ ബഡ്സ് സ്ഥാപനങ്ങൾ 2020 സെപ്റ്റംബർ വരെ ആരംഭിക്കുകയുണ്ടായി. 2020–21 കാലയളവിൽ ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്കായി ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുകയും മാതാപിതാക്കൾക്കും ബഡ്സ് കുട്ടികൾക്കും ഓൺലൈൻ തെറാപ്പി നൽകുന്നതിനായി കോഴിക്കോട് ആസ്ഥാനമായുള്ള കോംപോസിറ്റ് റീജിയണൽ സെന്ററുമായി കൂടിച്ചേർന്ന് സംയുക്ത പരിപാടി ആരംഭിക്കുകയുമുണ്ടായി. സഞ്ജീവനി എന്ന പേരിൽ അഗ്രി തെറാപ്പിയിലൂടെ അംഗങ്ങളുടെ മാനസികവും ശാരീരികവുമായ വികസനമാണ് വിഭാവനം ചെയ്യുന്നത്. ബഡ്സ്, ബി.ആർ.സി.യിലൂടെ കുട്ടികൾക്ക് പച്ചക്കറി കൃഷി ചെയ്യാനുള്ള പദ്ധതി കുടുംബശ്രീ വിഭാവനം ചെയ്യുകയുണ്ടായി. കുറഞ്ഞത് 2 സെന്റ് സ്ഥലം വിദ്യാർത്ഥികൾ കൃഷി ചെയ്യാൻ ഉപയോഗിക്കുകയും സംസ്ഥാനത്തെ 230 ബഡ്സ്, ബി.ആർ.സി സ്ഥാപനങ്ങൾ ഈ പരിപാടിയിൽ ഉൾപ്പെടുന്നുമുണ്ട്. നാഷണൽ ട്രസ്റ്റ് ആക്ട് 1999 ന്റെ പരിധിയിൽ വരുന്ന ഓട്ടിസം, സെറിബ്രൽ പൾസി, മെന്റൽ റിട്ടാർഡേഷൻ, ഒന്നിലധികം വൈകല്യങ്ങൾ എന്നിവയുള്ളവർക്ക് സഹായകമായി നിരാമയ ആരോഗ്യ ഇൻഷ്വറൻസ്

പദ്ധതി ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. 2019-20 -ൽ ഒരു മാസത്തിനുള്ളിൽതന്നെ 5,164 കുട്ടികളെ ഈ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാക്കുകയുണ്ടായി.

കുട്ടികൾക്ക് അഭിപ്രായം പ്രകടിപ്പിക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും, കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും, പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുമുള്ള പ്ലാറ്റ്ഫോമുകളാണ് ബാലസഭ. നിലവിൽ 31,648 ബാലസഭകളിലായി 4,39,866 കുട്ടികളാണ് അംഗങ്ങളായുള്ളത്. ഹരിതകേരളം മിഷനുമായി ചേർന്ന് ബാലസഭാ കുട്ടികൾക്കായി സംഘടിപ്പിച്ച പെൻസിൽ ക്യാമ്പ് പരിപാടി കുട്ടികളിൽ ആരോഗ്യകരമായ ജീവിതശൈലി പ്രചരിപ്പിക്കുന്നതിനും ആരോഗ്യകരമായ കുടുംബവും സമൂഹവും കെട്ടിപ്പടുക്കുന്നതിനും ലക്ഷ്യം വച്ചുള്ളതായിരുന്നു. ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, നഗര കോർപ്പറേഷൻ തലങ്ങളിൽ പെൻസിൽ ക്യാമ്പിന്റെ പരിശീലന സെഷനുകൾ പൂർത്തിയാക്കുകയുണ്ടായി.

കുടുംബശ്രീ മിഷൻ തുടക്കം കുറിച്ച "ബിൽഡിംഗ് റെസീലിയൻസ്" എന്ന പരിപാടിയുടെ ഭാഗമായി ബാലജാഗ്രത സേന എന്ന പേരിൽ ഒരു ടാസ്ക് ഫോഴ്സിനെ സംജാതമാക്കുകയും ചെയ്തു. കേരള സംസ്ഥാന ദുരന്ത നിവാരണം, ഇന്ത്യൻ കാലാവസ്ഥാ വകുപ്പ്, കേരള അഗ്നി ശമനസേന, ആരോഗ്യവകുപ്പ് എന്നിവരുമായി സംയോജിപ്പിച്ചുകൊണ്ടുള്ള പരിപാടിയായ ബിൽഡിംഗ് റെസിലിയൻസ്, കുട്ടികളിൽ ദുരന്തങ്ങളെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നതിനുള്ള ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ആരോഗ്യം, ശുചിത്വം, പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ട പതിവു പ്രവർത്തനങ്ങളും ടാസ്ക് ഫോഴ്സ് വഴി ഏറ്റെടുത്ത് നടത്തുന്നു. സംസ്ഥാനത്തെ 7,337 ടാസ്ക് ഫോഴ്സുകളിലായി 1,15,824 കുട്ടികൾ ഇതിന്റെ ഭാഗമാകുകയുണ്ടായി.

450 ആഴ്ച ചന്തകൾ / നാട്ടുചന്തകൾക്ക് അടിസ്ഥാന സൗകര്യങ്ങളും റിവോൾവിംഗ് ഫണ്ടും കുടുംബശ്രീവഴി നൽകിയതിന്റെ ഫലമായി 14 കോടി രൂപയുടെ വില്പന നടക്കുകയും 2,918 ടണ്ണിലധികം പച്ചക്കറികൾ, വാഴപ്പഴം, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ സംയുക്ത ഉത്തരവാദിത്ത സംഘങ്ങൾ വഴി (ജെ എൽ ജി) വിൽക്കുകയും ചെയ്യുകയുണ്ടായി. 2019-20 ൽ ആകെ 5,631 ചന്തകൾ നടത്തുവാൻ കഴിഞ്ഞു. പുതിയതായി 3,437 സംയുക്ത ഉത്തരവാദിത്ത സംഘങ്ങൾകൂടി (ജെ എൽ ജി) സുഭിക്ഷ കേരളത്തിന്റെ ഭാഗമായി രൂപീകരിക്കാനും പ്രവർത്തനം നിലച്ചിരുന്ന 1,522 ജെ.എൽ.ജികളെ പ്രവർത്തന സജ്ജമാക്കാനും സാധിച്ചു. 4,984 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യാനും 1,666 ഹെക്ടർ തരിശ്ശു ഭൂമി കൃഷിയോഗ്യമാക്കാനും കൃഷി സംഘങ്ങൾക്ക് കഴിയുകയുണ്ടായി. 132 മൃഗസംരക്ഷണ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി.

പട്ടികവർഗ്ഗ സമുദായങ്ങൾക്കിടയിൽ കാർഷിക പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി, ആദിവാസി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും (കൃഷി സംഘങ്ങളും) ഗോത്ര സംയുക്ത ഉത്തരവാദിത്ത സംഘ മൂല്യ നിർണ്ണയ ഏജന്റ് (JEVA) കൾ രൂപീകരിക്കുകയും ചെയ്തു. പാരമ്പര്യ കൃഷി നടത്തുന്ന 1,057 പുതിയ ആദിവാസി ജെ.എൽ.ജി കളും 34 സംയുക്ത ഉത്തരവാദിത്ത സംഘ മൂല്യ നിർണ്ണയ ഏജന്റുകളും സംസ്ഥാനത്ത് രൂപീകരിക്കുകയുണ്ടായി. ഈ ജെ.എൽ.ജി കളെ സാമ്പത്തികമായി സഹായിക്കുന്നതിന് ഓരോന്നിനും 10,000 എന്ന നിരക്കിൽ റിവോള്വിംഗ് ഫണ്ട് നൽകുകയുണ്ടായി. 2019-20 കാലയളവിൽ 847 ഏക്കർ ഭൂമിയിൽ ട്രൈബൽ ജെ.എൽ.ജി കൾ കൃഷി ചെയ്യുകയുണ്ടായി.

ബുദ്ധി വൈകല്യമുള്ള കുട്ടികളുടെ അമ്മമാർ, അംഗവൈകല്യമുള്ളവർ, പ്രായമായവർ, കുറ്റകൃത്യങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾ , വിധവകൾ, കഠിന രോഗബാധിതർ, കിടപ്പുരോഗികളുടെ ആശ്രിതർ തുടങ്ങി ദുർബല സ്ത്രീകൾക്കിടയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച "പ്രത്യാശ" പദ്ധതിയിലൂടെ 668 സ്ത്രീസംരംഭകർക്ക് പ്രയോജനം ലഭിക്കുകയുണ്ടായി. 2019-20 ൽ 205 "പ്രത്യാശ" സംരംഭങ്ങൾ രൂപീകരിക്കുകയുണ്ടായി. ഇതിൽ 95 എണ്ണം സംയുക്ത സംരംഭങ്ങളും 110 എണ്ണം വ്യക്തിഗത സംരംഭങ്ങളുമാണ്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പ്രാദേശിക സർക്കാരുകളെ സഹായിക്കുന്നതിനുള്ള ഹരിത കർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകുന്നത് കുടുംബശ്രീയാണ്. 2019-20 -ൽ 28,589 വനിതകൾക്കാണ് കുടുംബശ്രീ പരിശീലനം നൽകിയത്.

2018-19 -ൽ കുടുംബശ്രീ ഏറ്റെടുത്ത ആരോഗ്യ മേഖലയിലെ ഒരു പ്രധാന സംരംഭമാണ് 'ഹർഷം വയോജന പരിപാലന പദ്ധതി'. ഉപജീവനത്തിനായി ആരോഗ്യ പരിപാലന മേഖലയിൽ പരിശീലനം നൽകി ആരോഗ്യ പരിചരണം നൽകുന്ന ഒരു സംഘത്തെ വികസിപ്പിച്ചെടുക്കുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. 2019-20 -ൽ 645 കുടുംബശ്രീ അംഗങ്ങൾക്ക് ആരോഗ്യ പരിപാലനത്തിൽ പരിശീലനം നൽകുകയുണ്ടായി.

നിർമ്മാണ മേഖലയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി നിർമ്മാണ

പ്രവർത്തനങ്ങളിൽ താല്പര്യമുള്ള കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തി പരിശീലനം നൽകുകയും അവരെ അതത് പ്രാദേശിക സർക്കാരുകളുടെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രാദേശിക സർക്കാരുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നുണ്ട്. 2019–20 –ൽ 2,376 അംഗങ്ങൾ ഉൾപ്പെട്ട 288 കുടുംബശ്രീ വനിതാ നിർമ്മാണ സംഘങ്ങൾ (257 ഗ്രാമീണ ഗ്രൂപ്പുകളും 31 നഗര ഗ്രൂപ്പുകളും) സംസ്ഥാനത്ത് രൂപീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും 465 വീടുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2019–20 –ൽ ഹൈദരാബാദിലെ റാമോജി ഫിലിം സിറ്റിയിൽ നിന്നും സി.എസ്.ആർ ഫണ്ടായി ലഭിച്ച തുക ഉപയോഗിച്ച് ആലപ്പുഴയിലെ 42 കുടുംബശ്രീ നിർമ്മാണ യൂണിറ്റുകൾ 121 വീടുകൾ നിർമ്മിക്കുകയുണ്ടായി. പി.എം.എ.വൈ പദ്ധതിയുടെ ഭാഗമായി 19 കുടുംബശ്രീ നിർമ്മാണ യൂണിറ്റുകൾ കൊല്ലത്ത് 20 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയുണ്ടായി. എറണാകുളത്തെ 4 നിർമ്മാണ യൂണിറ്റുകൾ ഹഡ്കോ വഴി ലഭിച്ച ഫണ്ട് ഉപയോഗിച്ച് 15 വീടുകൾ പൂർത്തിയാക്കുകയുണ്ടായി.

ശാരീരിക , മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ട്രാൻസ്ജെൻഡർ, വയോജനങ്ങൾ തുടങ്ങിയവർക്ക് പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് 'റിലേഷൻഷിപ്പ് കേരള' എന്ന പ്രോഗ്രാമിന് കുടുംബശ്രീ തുടക്കം കുറിക്കുകയുണ്ടായി. 2019 –ൽ 16,195 വയോജന അയൽക്കൂട്ടങ്ങൾ (1,78,902 അംഗങ്ങൾ), ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ 1,847 അയൽക്കൂട്ടങ്ങളും (15,001 അംഗങ്ങൾ), 12 ട്രാൻസ് ജെൻഡർ അയൽക്കൂട്ടങ്ങളും (140 അംഗങ്ങൾ) രൂപീകരിക്കുകയുണ്ടായി.

തീരദേശ നിവാസികളുടെ വികസനത്തിലൂടെ തീരദേശ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കുടുംബശ്രീ 'തീരശ്രീക്ക്' തുടക്കം കുറിക്കുകയുണ്ടായി. ഇതിനായി 91 തീരദേശ കമ്മ്യൂണിറ്റി വോളണ്ടിയർമാരെ നിയമിക്കുകയും 2019–20 സാമ്പത്തിക വർഷത്തിൽ 707 പുതിയ അയൽക്കൂട്ടങ്ങൾ (8,730 അംഗങ്ങൾ) രൂപീകരിക്കുകയും, 179 നിർജീവമായി കിടന്ന അയൽക്കൂട്ടങ്ങളെ പുനർജ്ജീവിപ്പിക്കുകയും ചെയ്യുകയുണ്ടായി. 1,761 തീരദേശ അയൽകൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് വഴി 107 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയുണ്ടായി. കൂടാതെ പ്രതിഭാ തീരം, കായികതീരം എന്ന രണ്ട് ഉപ പരിപാടികൾ ആരംഭിക്കുകയും ചെയ്തു. തീരദേശ മേഖലയിലെ കുട്ടികളുടെ സർഗ്ഗവാസനകൾ, വിദ്യാഭ്യാസം എന്നിവ പരിപോഷിപ്പിക്കുന്നതിന് വൈകുന്നേരങ്ങളിൽ പ്രത്യേക ട്യൂഷനുകളും ജീവിത നൈപുണ്യ വിദ്യാഭ്യാസവും നൽകാനാണ് പ്രതിഭാ തീരം ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി, 62 കേന്ദ്രങ്ങൾ ആരംഭിക്കുകയും തീരപ്രദേശങ്ങളിൽ നിന്നുള്ള 1,312 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി. കായിക മേഖലയിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി, പ്രത്യേക കായിക പരിശീലനം നൽകുന്ന പരിപാടിയാണ് കായികതീരം.

"പട്ടിണി രഹിത കേരളം പദ്ധതിയുടെ" ഭാഗമായി ഡിസംബർ 7, 2020 വരെ 843 ജനകീയ ഹോട്ടലുകൾ കുടുംബശ്രീ ആരംഭിക്കുകയുണ്ടായി. ഇത് സംസ്ഥാനത്തുടനീളം വിജയകരമായി പ്രവർത്തിച്ചുവരികയാണ്.

പ്രളയാനന്തര കേരളത്തിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ "എറൈസ് "എന്ന പേരിൽ നൈപുണ്യ ക്യാമ്പയിൻ ആരംഭിക്കുകയുണ്ടായി. തെരഞ്ഞെടുക്കപ്പെട്ട 10 മേഖലകളിലായി 50,000 പരിശീലനാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുകയായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. ഹൗസ് കീപ്പിംഗ്, ഗാർഹിക ജോലികൾ, പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ, ഇലക്ട്രോണിക്സ് റിപ്പയർ ഡേ കെയർ, കാർഷികതൊഴിൽ, വില്പന, ഡാറ്റാ എൻട്രി, അലക്കലും ഇസ്തിരിയിടലും എന്നിവയാണ് 10 മേഖലകൾ. സെപ്റ്റംബർ 30, 2020 വരെ ഏകദേശം 14,049 പേർക്ക് പരിശീലനം നൽകുകയും 219 മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിച്ച് എറൈസ് വഴി 4,883 ആളുകളുടെ ഉപജീവന മാർഗ്ഗം ഉറപ്പുവരുത്തുകയുണ്ടായി.

## കോവിഡ്–19 മഹാമാരിയുടെ ഭാഗമായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

കോവിഡ്–19 മഹാമാരിക്കാലത്ത് അതിന്റെ വ്യാപനം കുറയ്ക്കുന്നതിനായി ഒട്ടനവധി പ്രവർത്തനങ്ങൾ മിഷൻ ഏറ്റെടുക്കുകയുണ്ടായി. മാറിയ സാഹചര്യത്തിൽ സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയുണ്ടായി. സാമൂഹ്യ മാധ്യമങ്ങളിലൂടെ അവബോധം സൃഷ്ടിക്കുന്നതിനും പ്രായമായവരേയും, നിരാലംബരെയും, അതിഥി തൊഴിലാളികളേയും, തെരുവുകച്ചവടക്കാരേയും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കുകയും ചെയ്തു. കമ്മ്യൂണിറ്റി കിച്ചണുകൾ സ്ഥാപിച്ചുകൊണ്ട് പൊതു ജനങ്ങൾക്ക് 20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുകയും ഇവയെ പിന്നീട് ജനകീയ ഹോട്ടലുകളായി മാറ്റുകയും ചെയ്യുകയുണ്ടായി. സോപ്പും, ഡിറ്റർജന്റ്കളും തുണി ബാഗുകളും നിർമ്മിച്ചിരുന്ന സൂക്ഷ്മ സംരംഭങ്ങളെ മാസ്ക്, സാനിറ്റൈസർ, ഹാന്റ് വാഷ്, സർജിക്കൽ ഗൗൺ, പിപിഇ കിറ്റുകൾ എന്നിവ നിർമ്മിക്കുന്ന സംരംഭങ്ങളാക്കി മാറ്റുകയുണ്ടായി. അതിഥി തൊഴിലാളികൾക്ക് വേണ്ടി പ്രത്യേകമായി താൽക്കാലിക അഭയ കേന്ദ്രങ്ങൾ തുറക്കുകയും അവർക്ക് ആരോഗ്യ പരിശോധനയ്ക്കൊപ്പം സൗജന്യ ഭക്ഷണവും നൽകുകയും ഉണ്ടായി.

## കേരള പുനരുജ്ജീവന വായ്പാദ്ധതി (റീസർജന്റ് കേരള ലോൺ സ്കീം)

2018 ലെ മഹാപ്രളയത്തിൽ ഉപജീവനമാർഗ്ഗം നഷ്ടമായ കുടുംബങ്ങളുടെ പുനരുജ്ജീവനത്തിനായി സംസ്ഥാന സർക്കാർ ആരംഭിച്ചതാണ് കേരള പുനരുജ്ജീവന വായ്പാ പദ്ധതി. സ്ത്രീ ഗൃഹനാഥയായിട്ടുള്ള ഓരോ കുടുംബത്തിനും ഒരു ലക്ഷം രൂപ വരെ പലിശരഹിത വായ്പയായി ഈ പദ്ധതിയിലൂടെ നൽകുന്നു. ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനുമാണ് സഹായം നൽകുന്നത്. അടിയന്തര പ്രളയ ധനസഹായമായി സർക്കാരിൽനിന്നും 10,000 രൂപ ലഭിച്ച ഗുണഭോക്താക്കളിൽ താല്പര്യമുള്ള കുടുംബശ്രീ അംഗങ്ങൾക്ക് ഒരു ലക്ഷം രൂപയുടെ വരെ ബാങ്ക് വായ്പയ്ക്ക് അർഹതയുണ്ട്. ഈ വായ്പയുടെ 9 ശതമാനം പലിശ സർക്കാർ നൽകുന്നതാണ്. സെപ്റ്റംബർ 30, 2020 വരെ, 30,274 ആയൽക്കൂട്ടങ്ങളിലെ 2.21 ലക്ഷം ആളുകൾക്ക് 1,800.04 കോടി രൂപയുടെ പലിശരഹിത വായ്പ നൽകുകയുണ്ടായി. കേരള പുനരുജ്ജീവന വായ്പാ പദ്ധതിയിലൂടെ ധനസഹായം ലഭിച്ച അയൽക്കൂട്ടങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 12.1.29** –ൽ നൽകിയിരിക്കുന്നു.

**ബോക്സ് 12.1.3** കുടുംബശ്രീയുടെ പ്രത്യേക ജീവനോപാധി വികസന പാക്കേജ്

2018–ൽ സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളത്തിന്റെയും മണ്ണിടിച്ചിലിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രളയ ബാധിത പ്രദേശങ്ങളിലെ പ്രത്യേക ജീവനോപാധി വികസന പാക്കേജ് ആരംഭിക്കുകയുണ്ടായി. 2019–20 ലെ ബജറ്റിൽ 75.00 കോടി രൂപ ഇതിനായി വകയിരുത്തിയിരുന്നു. 2019ലും പ്രളയം ആവർത്തിച്ച സാഹചര്യത്തിൽ 2020–21 സാമ്പത്തിക വർഷത്തേക്ക് കൂടി പാക്കേജ് ദീർഘിപ്പിക്കുകയും 50.00 കോടി രൂപ കൂടി ഇതിനായി വകയിരുത്തുകയും ചെയ്യുകയുണ്ടായി. പ്രളയബാധിത പ്രദേശത്തെ പ്രശ്നങ്ങളെ ഈ പാക്കേജ് സമീപിക്കുന്നത് രണ്ട് തലത്തിലാണ്. (i) യന്ത്ര സാമഗ്രികൾ വാങ്ങുക, മാർക്കറ്റിംഗ് തുടങ്ങി ഉപജീവന പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി വ്യക്തികൾക്ക് അടിയന്തര ധനസഹായം നൽകുക (ii) സംസ്ഥാനത്താകമാനമുള്ള പ്രളയബാധിതരിൽ താല്പര്യമുള്ളവർക്കിടയിൽ പുതിയ ഉപജീവന മാർഗ്ഗങ്ങൾ വികസിപ്പിക്കുക എന്നിവയാണവ. 2020–21 ലെ പദ്ധതിയിൽ (നവംബർ 16, 2020 വരെ) 12.31 കോടി രൂപ ജീവനോപാധി വികസന പാക്കേജിനായി ചെലവഴിക്കുകയുണ്ടായി. പാക്കേജിന്റെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- 210 ഹരിത കർമ്മസേനാ യൂണിറ്റുകളിലെ അംഗങ്ങൾക്ക് അധിക വരുമാന ദായക സാധ്യതകൾ കണ്ടെത്താനായി.
- 19,355 കുടുംബശ്രീ ഗുണഭോക്താക്കൾക്ക് ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (എൽ.ഇ.എ.പി) വഴി പ്രതിമാസം ശരാശരി 10,000 രൂപ വരുമാനം ഉറപ്പാക്കിക്കൊണ്ട് തൊഴിൽ നൽകുകയുണ്ടായി.
- സംസ്ഥാനത്തെ 150 ബഡ്സ് സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഉല്പന്നങ്ങളുടെ നിർമ്മാണം, ബ്രാൻഡിംഗ്, വിപണനം എന്നിവയിൽ പരിശീലനം നൽകി സുസ്ഥിര വരുമാനം ഉറപ്പാക്കുകയുണ്ടായി.
- പൈനാപ്പിൾ, പപ്പായ, മാമ്പഴം, ജാക്ക് ഫ്രൂട്ട് എന്നീ പഴങ്ങളുടെ പ്രോസസ്സിംഗിനായി മാത്രം 140 യൂണിറ്റുകൾ (ജില്ലയിൽ 10 വീതം) 100 അർബൻ വെജിറ്റബിൾ കിയോസ്കുകളും കുടുംബശ്രീ സ്ഥാപിച്ചുവരുന്നു.
- 26 ക്ഷീരസാഗരം യൂണിറ്റുകൾക്കും (പശു വളർത്തൽ സംരംഭം), 35 ആട്ടുഗ്രാമം യൂണിറ്റുകൾക്കും (ആട്ടുവളർത്തൽ സംരംഭം), സബ്സിഡി ഇനത്തിൽ 74.37 ലക്ഷം രൂപ വിതരണം ചെയ്യുകയുണ്ടായി.
- കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്ക് (സി.ഡി.എസ്) വിപണന സഹായത്തിനായി 100 വിപണന സംരംഭങ്ങൾ 'കുടുംബശ്രീ ഷോപ്പി' എന്ന പേരിൽ സ്ഥാപിച്ചുവരുന്നു.
- മലപ്പുറം ഒഴികെയുള്ള എല്ലാ ജില്ലകളിലും ഹോംഷോപ്പുകൾ പ്രവർത്തനമാരംഭിക്കുകയുണ്ടായി.
- 1550 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഉപജീവനം കണ്ടെത്തുന്നതിനായി ഉല്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നിവയ്ക്കാവശ്യമായ പിന്തുണ നൽകിവരുന്നു.

### കുടുംബശ്രീയുടെ 100 ദിന പരിപാടി

കോവിഡ്–19 മഹാമാരി മൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ ലഘൂകരിക്കുന്നതിനും സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക സ്ഥിതി ശക്തിപ്പെടുത്തുന്നതിനുമായി 100 ദിന കർമ്മ പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. ഉപജീവന മാർഗം, സാമൂഹ്യവികസനം, വനിതാ ശാക്തീകരണം എന്നിങ്ങനെ മൂന്ന് മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് കുടുംബശ്രീ മിഷൻ ശ്രദ്ധ നൽകിയത്. 100 ദിവസത്തിനുള്ളിൽ 15,000 പേർക്ക് തൊഴിൽ നൽകുവാൻ ലക്ഷ്യമിട്ടുകയുണ്ടായി. നവംബർ 10, 2020 വരെ സ്ഥാപിതമായ 13,347 സംരംഭങ്ങളിലൂടെ (സ്വയം തൊഴിൽ : 11,405 ഉം വേതനം തൊഴിൽ 1,942ഉം) 23,606 പേർക്ക് തൊഴിൽ നൽകാൻ മിഷന് സാധിക്കുകയുണ്ടായി (സ്വയം തൊഴിൽ : 21,735 കൂലി തൊഴിൽ 1,871).

# ശബ്ദാവലി

### അടിസ്ഥാന വില
ഒരു ഉൽപാദകന് അയാളുടെ ഉൽപാദനത്തിന്റെയോ വില്പനയുടെയോ ഫലമായി തന്റെ ഉല്പന്നത്തിന്റെ (സാധനത്തിന്റെയോ സേവനത്തിന്റെയോ) ഒരു യൂണിറ്റിന് വാങ്ങുന്ന ആളില് നിന്നും സ്വീകരിക്കുന്ന തുകയിൽ നിന്നും അടക്കേണ്ട നികുതികൾ കിഴിച്ചും , ലഭിക്കേണ്ട സബ്സിഡികൾ സംയോജിപ്പിച്ചും ഉള്ളതാണ് അടിസ്ഥാന വില. ഉൽപാദകന് പ്രത്യേകമായി വരുത്തുന്ന ഗതാഗത ചെലവുകള് ഇതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു

### കാഷ്വൽ ലേബർ
മറ്റുള്ളവരുമായി ആകസ്മികമായി ഫാം അല്ലെങ്കിൽ ഫാം അല്ലാത്ത എന്റർപ്രൈസസ് (ഗാർഹിക, ഗാർഹിക–ഇതര) ഏർപ്പെട്ടിരിക്കുന്ന ഒരാൾക്ക് പ്രതിദിന അല്ലെങ്കിൽ ആനുകാലിക തൊഴിൽ കരാറിന്റെ നിബന്ധനകൾക്കനുസൃതമായി വേതനം ലഭിച്ചു എങ്കിൽ, ഇത് ഒരു കാഷ്വൽ ലേബർ ആയി കണക്കാക്കപ്പെടുന്നു.

### ഉപഭോക്തൃവില സൂചിക (സിപിഐ)
ഒരു നിശ്ചിത കാലയളവിനുള്ളിൽ നിശ്ചിത ഇനങ്ങളിൽപ്പെട്ട ചരക്കുകളുടെയും സേവനങ്ങളുടെയും ചില്ലറ വില്പന വിലയിൽ ഉണ്ടാകുന്ന വ്യതിയാനമാണ് ഉപഭോക്തൃവില സൂചിക സൂചിപ്പിക്കുന്നത്. ഒരു പ്രത്യേക സ്ഥലത്തെ, പ്രത്യേകം നിർദ്ദേശിക്കപ്പെട്ട ജനങ്ങളുടെ സംഘങ്ങളിൽ നിന്നും ഒരു ശരാശരി കുടുംബം ഒരു നിശ്ചിത കാലയളവിൽ ഉപയോഗിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വില വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്.

### സി.ഡി.എസ്
റഫറൻസ് ആഴ്ചയിലെ ഓരോ ദിവസവും ഒരു മുൻഗണന–അല്ലെങ്കിൽ–പ്രധാന സമയ മാനദണ്ഡം ഉപയോഗിച്ച്, അവന്റെ/അവളുടെ പ്രവർത്തന നിലയുടെ അടിസ്ഥാനത്തിലാണ് ഒരു വ്യക്തിയുടെ നിലവിലെ ദൈനംദിന പ്രവർത്തന നില (സി.ഡി.എസ് ) നിർണ്ണയിക്കുന്നത്.

### നിലവിലെ പ്രതിവാര നില (സി.ഡബ്ല്യൂ.എസ് )
സർവേ തീയതിക്ക് മുമ്പുള്ള ഏഴു ദിവസത്തെ കാലയളവിനെ പരാമർശിച്ച് നിർണ്ണയിക്കുന്ന ഇവിടെ പ്രവർത്തന നിലയെയാണ് സി.ഡബ്ല്യൂ.എസ് എന്ന് കണക്കാക്കപ്പെടുന്നത്. ഒരു നിശ്ചിത മുൻഗണനക്രമമോ അല്ലെങ്കില് പ്രധാന സമയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് തീരുമാനിക്കുന്നത്. മുൻഗണനാ മാനദണ്ഡമനുസരിച്ച്, 'ജോലി ചെയ്യുന്നില്ല, ജോലി തേടുന്നില്ല അല്ലെങ്കിൽ ലഭ്യമല്ല' എന്ന നിലയേക്കാൾ 'ജോലി' എന്ന പദവിക്ക് മുൻഗണന ലഭിക്കുന്നു, ഇത് 'ജോലി ചെയ്യുന്നതോ ജോലിക്ക് ലഭ്യമോ അല്ല' എന്ന നിലയെക്കാൾ മുൻഗണന നേടുന്നു.

### ജനസാന്ദ്രത
ജനങ്ങൾ തിങ്ങിപ്പാർക്കുന്ന അവസ്ഥ മനസ്സിലാക്കുന്ന സൂചകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ജനസാന്ദ്രത. ഒരു ചതുരശ്ര കിലോമീറ്ററിൽ അധിവസിക്കുന്ന ജനങ്ങളുടെ എണ്ണത്തെയാണ് ജനസാന്ദ്രത എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. ഭൂമിശാസ്ത്രപരമായ യൂണിറ്റ്, വാർഡ്, ടൗൺ, ജില്ല, സംസ്ഥാനം, മുതലായവയാകാം.

## ഇ-പ്രൊക്യൂർമെന്റ്
ഇന്റർനെറ്റ് വഴിയുള്ള സാധന സേവന ക്രയവിക്രയ രീതി മൊത്തം ദേശീയ വരുമാനം.

## മൊത്തം ദേശീയ വരുമാനം (ജി.എൻ.ഐ)
മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു നിർമാണത്തിനും ഇറക്കുമതിക്കുമുള്ള നികുതികളും തൊഴിലാളികൾക്കുള്ള നഷ്ട പരിഹാരവും മറ്റു രാജ്യങ്ങൾക്കു നൽകേണ്ട ആസ്തി വരുമാനവും കുറവ് ചെയ്തതിനു ശേഷം സമ്പത്തിനോട് മറ്റു രാജ്യങ്ങളിൽ നിന്ന് ലഭിക്കേണ്ട വരുമാനം കൂട്ടിച്ചേർത്താൽ ലഭിക്കുന്ന സംഖ്യയാണ് മൊത്തം ദേശീയ വരുമാനം. മറ്റൊരു രീതിയിൽ പറഞ്ഞാൽ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു പ്രവാസി യൂണിറ്റുകൾക്ക് നൽകേണ്ട പ്രാഥമിക വരുമാനം കിഴിവ് ചെയ്ത് പ്രവാസി യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന പ്രാഥമിക വരുമാനം കൂട്ടിച്ചേർക്കുമ്പോൾ ലഭിക്കുന്നതാണ് മൊത്തം ദേശീയ വരുമാനം. ഇത് കണക്കാക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗം എല്ലാ മേഖലയിലെയും മൊത്തം പ്രാഥമിക വരുമാനങ്ങളുടെ ആകെ മൂല്യം കണക്കാക്കി നിശ്ചയിക്കുക എന്നതാണ്. (മൊത്ത ദേശീയ വരുമാനം മുമ്പ് ദേശീയ അക്കൗണ്ടുകളിൽ ഉപയോഗിച്ചിരുന്ന മൊത്ത ദേശീയ ഉൽപ്പന്നത്തിന് (ജിഎൻപി) സമാനമാണെന്ന് ശ്രദ്ധിക്കുക)

## മൊത്തം സംയോജിത മൂല്യം (ജി.വി.എ.)
സമ്പദ് വ്യവസ്ഥയിലെ ഒരു പ്രദേശത്തോ, വ്യവസായത്തിലോ സമ്പദ് വ്യവസ്ഥയിലെ ഒരു മേഖലയിലോ ഉല്പാദിപ്പിച്ച സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യമാണ് ജി.വി.എ. ദേശീയ കണക്കിൽ ഉല്പന്നത്തിൽ നിന്ന് ഇന്റർമീഡിയറ്റ് ഉപഭോഗം കുറച്ചാണ് ജി.വി.എ കണക്കാക്കുന്നത്.

## അടിസ്ഥാന വിലയിലെ മൊത്തം സംയോജിത മൂല്യം
അടിസ്ഥാന വിലയിൽ ഉല്പന്നത്തിന്റെ മൂല്യത്തിൽ നിന്ന് വാങ്ങുന്ന ആളിന്റെ വിലയിൽ ഇടക്കുള്ള ഉപഭോഗത്തിന്റെ മൂല്യം കുറച്ചതിനെ അടിസ്ഥാന വിലയിൽ മൊത്തം സംയോജിത മൂല്യം എന്ന് നിർവചിച്ചിരിക്കുന്നു. ഉല്പന്നത്തിന്റെ മൂല്യം കണക്കാക്കുന്ന വിലയാണ് ഇവിടെ ജി വി എ എന്ന് അറിയപ്പെടുന്നത്. ഉൽപാദകന്റെ കാഴ്ചപ്പാടിൽ നിന്ന് നോക്കിയാൽ നിവേശത്തിനു കർത്താവിന്റെ വിലയും ഉൽപ്പന്നത്തിന് അടിസ്ഥാന വിലയുമാണ് യഥാർത്ഥത്തിൽ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്ത വിലയെ പ്രതിനിധാനം ചെയ്യുന്നത്. അവയുടെ ഉപയോഗം മൊത്തം സംയോജിത മൂല്യം കണക്കാക്കുന്നതിലേയ്ക്ക് നയിക്കുകയും പ്രത്യേകിച്ച് ഉൽപാദകന് പ്രസക്തമാകുകയും ചെയ്യുന്നു.

## ശിശു മരണ നിരക്ക്
ഓരോ ആയിരം ശിശു ജനനത്തിലും ഉണ്ടാകുന്ന ശിശു മരണ (ഒരു ശിശുവിന്റെ ഒരു വയസു തികയുന്നതിനു മുൻപുള്ള മരണം) കണക്കിനെയാണ് ശിശു മരണ നിരക്ക് എന്ന് പറയുന്നത്.

## തൊഴിൽ ശക്തി
ഒന്നുകിൽ 'ജോലി ചെയ്യുന്ന' (അല്ലെങ്കിൽ തൊഴില് ചെയ്യുന്ന) അല്ലെങ്കിൽ 'അന്വേഷിക്കുന്ന അല്ലെങ്കിൽ ജോലിയ്ക്കായി ലഭ്യമായ വ്യക്തികൾ' (അല്ലെങ്കിൽ തൊഴിലില്ലാത്തവർ) തൊഴിൽ ശക്തിയായി കണക്കാക്കപ്പെടുന്നു.

## തൊഴിലാളി പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ.)
രാജ്യത്തെ ഒരു സമപ്രായത്തിൽപ്പെട്ട ജനസംഖ്യയും തൊഴിൽ ശക്തിയും തമ്മിലുള്ള അനുപാതമാണ് തൊഴിലാളി പങ്കാളിത്ത നിരക്ക്.

## സാക്ഷരതാ നിരക്ക്
ഏഴു വയസിനു മുകളിൽ പ്രായമുള്ള ജനങ്ങളിൽ നിത്യ ജീവിതത്തിൽ ഉപയോഗിക്കേണ്ടി വരുന്ന ഭാഷയിൽ എഴുതാനും വായിക്കാനും അറിയാവുന്നവരുടെ ശതമാനമാണ് സാക്ഷരതാ നിരക്ക്.

## ദേശീയ കുടുംബ ആരോഗ്യ സർവ്വേ
ഇന്ത്യയിലൊട്ടാകെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളെ ആസ്പദമാക്കി നടത്തിവരുന്ന വിപുലമായ സർവ്വേയാണ് ദേശീയ കുടുംബ ആരോഗ്യ സർവ്വേ.

## വാർധക്യ ആശ്രയ നിരക്ക്
60-നും അതിനുമുകളിലും പ്രായമുള്ളവരും 15 മുതൽ 59 പ്രായമുള്ളവരും തമ്മിലുള്ള അനുപാതമാണ് ആശ്രയ നിരക്ക് .

## സമത്വ സൂചിക
സമ്പത് വ്യവസ്ഥയിലെ വിലയുടെ അസ്ഥിരതകളുടെ പരിണത ഫലമായി കർഷകർക്ക് ഉണ്ടായ നേട്ടങ്ങളുടെയും നഷ്ടങ്ങളുടെയും ആനുപാതികമായ കണക്കാണ് സമത്വ സൂചിക.

## ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ആക്ട്, 2012
ഈ ആക്ട് കുട്ടികൾക്ക് നേരെ ഉണ്ടാവുന്ന അധിക്ഷേപങ്ങളെക്കുറിച്ചു പ്രതിപാദിക്കുകയും ലൈംഗിക കയ്യേറ്റം, ലൈംഗിക പീഡനം എന്നിവയിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാനുള്ള രക്ഷാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

## ചില്ലറ വില്പന വില
ചില്ലറ വില്പന വിലയെന്നത് ഉപഭോക്താക്കൾ ഒരു സാധനം ചെറിയ അളവിൽ വാങ്ങുമ്പോൾ നൽകേണ്ടി വരുന്ന വിലയാണ്.

## സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ (എസ്എംസി):
പ്രാദേശിക ഉദ്യോഗസ്ഥർ, മാതാപിതാക്കൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരടങ്ങുന്നതാണ് ഇത്. സർക്കാർ

ഗ്രാന്റുകളുടെ ഉപയോഗവും സ്കൂൾ അന്തരീക്ഷവും എസ്എംസി നിരീക്ഷിക്കും.

### സ്ത്രീ പുരുഷ അനുപാതം

ഒരു പ്രദേശത്ത് ആയിരം പുരുഷന്മാർക്ക് എത്ര സ്ത്രീകളുണ്ടെന്നു കണക്കാക്കിയാണ് സ്ത്രീ– പുരുഷ അനുപാതം നിർണയിക്കുന്നത്.

### അർബൻ  അഗ്ലൊമറേഷൻ

ഒരു പട്ടണവും അതിനോട് ചേർന്നുള്ള വളർച്ചയും അല്ലെങ്കിൽ രണ്ടോ അതിലധികമോ തുടർച്ചയായ വളര്ച്ചയുള്ള സെൻസസ് പട്ടണങ്ങൾ / നിയമപരമായ പട്ടണങ്ങൾ ഒന്നിച്ച് അല്ലെങ്കിൽ അത്തരം പട്ടണങ്ങളുടെ വളർച്ചയില്ലാതെയിരിക്കുന്നതുമായ ഒരു നിരന്തരമായ നഗര വ്യാപനമാണ് അർബൻ അഗ്ലൊമറേഷൻ.

### യൂഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസ് (യു.പി.എസ് )

ഒരു വ്യക്തി പിന്തുടരുന്ന  പ്രവർത്തനം തീരുമാനിക്കാനായി ഉപയോഗിക്കുന്നതിന്റെ മുഖ്യ സമയ മാനദണ്ഡം 365 ദിവസത്തിനെ അടിസ്ഥാനമാക്കിയാണ്. ഈ സമീപനത്തിലൂടെ ഒരു വ്യക്തിക്ക് തൊഴിലില്ല എന്നു കണ്ടാല് അത് ചിരസ്ഥായിയായ തൊഴിലില്ലായ്മയെയാണ് പ്രതിഫലിപ്പിക്കുന്നത്. അങ്ങനെ ഇത് കാലക്രമേണ തൊഴിലില്ലാത്തതിന്റെ സൂചകമാണ്.

### യൂഷ്വൽ പ്രിൻസിപ്പൽ ആന്റ് സബ്സിഡിയറി സ്റ്റാറ്റസ് (യു.പി.എസ്.എസ് )

ഈ രീതി അനുസരിച്ച് തൊഴിലില്ലായ്മാ നിരക്ക് താരതമ്യേന ദൈർഘ്യമേറിയ കാലയളവ് ദിവസങ്ങളിൽ 365 ദിവസത്തെ റഫറൻസ് കാലയളവിൽ തൊഴിൽ രഹിതരുടെ സംഖ്യാ വ്യാപ്തിയെ  സൂചിപ്പിക്കുന്നു. എന്നിരുന്നാലും, റഫറൻസ് കാലയളവിൽ ഒരു സബ്സിഡിയറി ശേഷിയിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കിയാല് തൊഴിലില്ലാത്തവരുടെ എണ്ണം ലഭ്യമാകും. ഈ രീതിയിൽ  ലഭിക്കുന്ന തൊഴിലില്ലായ്മാ നിരക്ക് യുപിഎസ് സമീപനത്തേക്കാൾ കുറവായിരിക്കും കാരണം യുപിഎസ് അനുസരിച്ച് തൊഴിൽ രഹിതരായി തരംതിരിക്കുന്ന വ്യക്തികൾ ഒരു അനുബന്ധ ശേഷിയിൽ പ്രവർത്തിക്കുന്നുണ്ടാകാം, ഈ വ്യക്തികളെ യുപിഎസ്എസ് രീതിയിൽ ഒഴിവാക്കിയിരിക്കുന്നു.

### മൊത്തവ്യാപാര വില സൂചിക (ഡബ്ല്യൂപിഐ)

മൊത്തവ്യാപാര വില സൂചിക (ഡബ്ല്യൂപിഐ) ഇടപാടിന്റെ ആദ്യഘട്ട തലത്തിൽ ബൾക്ക്  (മൊത്ത) വിൽപ്പനയുള്ള ചരക്കുകളുടെ വിലയുടെ ശരാശരി മാറ്റങ്ങളെ അളക്കുന്നു.

### തൊഴിലാളി ജനസംഖ്യ നിരക്ക് (വർക്ക് പോപ്പുലേഷൻ റേഷ്യോ, (ഡബ്ല്യൂപിആര്))

മൊത്ത ജനസംഖ്യയുടെ തൊഴിലിലേർപ്പെട്ട വ്യക്തികളുടെ ശതമാനമായി ഡബ്ല്യൂപിആർ നിർവചിക്കപ്പെടുന്നു.

# ചുരുക്കപ്പേരുകൾ

**എഎവൈ :** അന്ത്യോദയ അന്ന യോജന
**എബിപി :** അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്
**എഡിബി:** ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക്
**എഇയു :** അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ്
**എഎച്ച്ഐഡിഎഫ്:** അനിമൽ ഹസ്ബന്ററി ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ഫണ്ട്
**എഐ:** ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ
**എഎംആർയു റ്റി :** അടൽ മിഷൻ ഫോർ റീജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ
**എഎം.യുഐ :** ആനന്ദ് മിൽക്ക് യൂണിയൻ ലിമിറ്റഡ്
**അനേർട്ട് :** ഏജൻസി ഫോർ നോൺ–കണവെൻഷനൽ എനർജി ആന്റ് റൂറൽ ടെക്നോളജി
**എഎൻപി :** അന്നപൂർണ്ണ സ്കീം
**ആപ്കോസ് :** ആനന്ദ് പാറ്റേൺ കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ്
**എ.പി.എൽ:** എബൗ പോവർട്ടി ലൈൻ
**എ.പി.റ്റി.എസ് :** ആന്റി പവർ തെഫ്റ്റ് സ്ക്വാഡ്
**എ.ആർ.ഡി :** ഓതറൈസ്ഡ് റീട്ടെയിൽ ഡിസ്ട്രിബ്യൂട്ടേഴ്സ്
**ആംസ് :** അനിമൽ റസോഴ്സ് മാനേജ്മെന്റ് സിസ്റ്റം
**അസാപ് :** അഡീഷണൽ സ്കിൽ അക്യുസിഷൻ പ്രോഗ്രാം
**എ.എസ്.സി.എ.ഡി :** അസിസ്റ്റൻസ് റ്റു സ്റ്റേറ്റ് ഫോർ കൺട്രോൾ ഓഫ് അനിമൽ ഡിസീസ്
**എ.എസ്.സി.എസ് :** അഗ്രോ സർവ്വീസ് സെന്റർ
**എ.എസ്.ഇ.എ.എൻ :** അസോസിയേഷൻ ഓഫ് സൗത്തീസ്റ്റ് ഏഷ്യൻ നേഷൻസ്
**എ.എസ്.എച്ച്.എ :** അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ്
**എ.എസ്.ഐ :** ആന്വൽ സർവ്വെ ഓഫ് ഇൻഡസ്ട്രീസ്
**എ.റ്റി.എം.എ :** അഗ്രികൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി
**ആയുഷ് :** ആയുർവേദ, യോഗ ആന്റ് നാച്ചുറോപ്പതി, യുനാനി, സിദ്ധ ആന്റ് ഹോമിയോപ്പതി
**ബി.ഡി.എ :** ബാംബൂ ഡവലപ്പ്മെന്റ് ഏജൻസി
**ബി.ഡി.എസ് :** ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റി
**ബി .ഇ. :** ബജറ്റ് എസ്റ്റിമേറ്റ്
**ബി എംസി :** ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി
**ബി.പി.എൽ :** ബിലോ പോവെർട്ടി ലൈൻ (ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ)
**ബി.എസ്.എന്.എൽ :** ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്
**സി.എ.എ,ക്യു.എം.എസ് :** കണ്ടിന്യൂസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിട്ടറിംഗ് സിസ്റ്റം
**കാപെക്സ് :** കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപെക്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി
**സി.ബി.എസ്.ഇ :** സെണ്ട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ
**സി.സി.യു :** കോവിഡ് കെയർ സെന്റർ

**സി.സി.ഡി.യു :** കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്പ്മെന്റ് യൂണിറ്റ്

**സി–ഡാക് :** സെന്റർ ഫോർ ഡവലപ്പ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ്

**സി ഡി സി :** ചൈൽഡ് ഡെവലപ്മെന്റ് സെന്റർ

**സി–ഡിറ്റ് :** സെന്റർ ഫോർ ഡവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി

**സിഡിഎസ് :** സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

**സിഇപിസിഐ :** കാഷ്യു എക്സ്പോർട്ട് പ്രോമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ

**സിഎഫ് സി :** സെന്ററൽ ഫിനാൻസ് കമ്മീഷൻ

**സിഎഫ്എൽറ്റിസി :** കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ

**സിഎഫ് എസ് സി :** കോമൺ ഫസിലിറ്റി സർവ്വീസ് സെന്റർ

**സിഎച്ച്ഐഎസ് :** കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീം

**സിഐഎഎൽ :** കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്

**സിഎംഡിആർഎഫ് :** ചീഫ് മിനിസ്റ്റേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട്

**സിഎംഎച്ച്എൽഎസ് :** ചീഫ് മിനിസ്റ്റേഴ്സ് ഹെൽപ്പിംഗ് ഹാന്റ് ലോൺ സ്കീം

**സിപിസി :** സെന്റർലൈസ്ഡ് പ്രോസസിംഗ് സെന്റർ

**സിപിഐ :** കൺസ്യൂമർ പ്രൈസ് ഇൻഡക്സ്

**സിപിഎസ്ഇഎസ് :** സെന്ററൽ പബ്ലിക് സെക്ടർ എന്റർപ്രൈസസ്

**സിഎസ്ഐഎൻഡി :** കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നേവിഗേഷൻ ഡിപ്പാർട്ട്മെന്റ്

**സിഎസ്ഒ :** സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്

**സിഎസ്എസ് :** സെൻട്രലി സ്പോൺസേഡ് സ്കീം

**കുസാറ്റ് :** കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി

**സിഡബ്ല്യുസി :** സെൻട്രൽ വാട്ടർ കമ്മീഷൻ

**സിഡബ്ല്യുആർഡിഎം :** സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്

**കയർഫെഡ് :** ദി കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**ഡി ബി എഫ് ഒ റ്റി :** ഡിസൈൻ, ബിൽറ്റ്, ഫിനാൻസ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ

**ഡിസിബി :** ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് ബാങ്ക്

**ഡിസിഎസ് :** ഡയറി കോ ഓപ്പറേറ്റീവ് സൊസൈറ്റി

**ഡിഡിയു– ജികെവൈ :** ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന

**ഡിഇഎസ് :** ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്

**ഡിജിഇ ആന്റ് റ്റി :** ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്

**ഡിഐസി :** ഡയറക്ടറേറ്റ് ഓഫ് ഇന്റസ്ട്രീസ് ആന്റ് കോമേഴ്സ്

**ഡിഎംഎച്ച്പി :** ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാം

**ഡിഎംആർസി :** ഡല്‍ഹി മെട്രോ റയിൽ കോര്‍പ്പറേഷൻ

**ഡിആർഡിഒ :** ഡിഫൻസ് റിസർച്ച് ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ ബോർഡ്

**ഡിഇഇസിസി :** ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമാറ്റ് ചെയ്ഞ്ച്

**ഇഡിസി :** എന്റർപ്രൈസ് ഡവലപ്മെന്റ് കമ്മിറ്റി

**ഇഇസഡ്:** എക്സ്ക്ലൂസീവ് ഇക്കണോമിക് സോൺ

**ഇഎംസി :** എനർജി മാനേജ്മെന്റ് സെന്റർ

**ഇപിസി :** എഞ്ചിനീയറിംഗ് പ്രൊക്വർമെന്റ് ആന്റ് കൺസ്ട്ക്ഷൻ

**ഇഎസ്ഐ :** എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ്

**ഇഎസ്എസ് :** എന്റർപ്രണർ സപ്പോർട്ട് സ്കീം

**എഫ്എഒ :** ഫുഡ് ആന്റ് അഗ്രകൾച്ചർ ഓർഗനൈസേഷൻ

**എഫ് സി :** ഫിനാൻസ് കമ്മീഷൻ

**എഫ് സി ഐ :** ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

**എഫ് എച്ച് സി :** ഫാമിലി ഹെൽത്ത് സെന്റർ

**എഫ്എംസിജി :** ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ്

**എഫ് എം ഡി :** ഫൂട്ട് ആന്റ് മൗത്ത് ഡിസീസ്

**എഫ് ഒ എം ഐ എൽ :** ഫോം മാറ്റീംഗ്സ് ഇന്ത്യ ലിമിറ്റഡ്

**എഫ് പി ഒ :** ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

**എഫ് ആർ ഒ :** ഫാർമേഴ്സ് റീട്ടെൽ ഔട്ട് ലെറ്റ്

**എഫ് എസ് ഐ :** ഫോറസ്റ്റ് സര്‍വ്വേ ഓഫ് ഇന്ത്യ

**എഫ് റ്റി എ :** ഫ്രീ ട്രേഡ് എഗ്രീമെന്റ്

**ഗേറ്റ് :** ഗ്രാഡുവേറ്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ എഞ്ചിനീയറിംഗ്

**ജിസിസി :** ഗൾഫ് കോ ഓപ്പറേഷൻ കൗൺസിൽ

**ജിസിഡിഎ :** ഗ്രേറ്റർ കൊച്ചി ഡവലപ്മെന്റ് അതോറിറ്റി

**ജി ഡി പി :** ഗ്രോസ് ഡൊമെസ്റ്റിക് പ്രൊഡക്ട്

**ജി ഇ സി :** ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്

**ജി എച്ച് ജി :** ഗ്രീൻഹൗസ് ഗ്യാസ്

**ജി ഐ എസ് :** ജിയോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം

**ജിഎസ് റ്റി :** ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ്

**ജിഎസ് വിഎ :** ഗ്രോസ് സ്റ്റേറ്റ് വാല്യൂ ആഡഡ്

**ജിവിഎ :** ഗ്രോസ് വാല്യൂ ആഡഡ്

**ജി ഒ ഐ :** ഗവൺമെന്റ് ഓഫ് ഇന്ത്യ

**എച്ച് ഡി ഐ :** മാനവ വികസന സൂചിക

**എച്ച് എസ് :** ഹൈ സ്കൂൾ

**എച്ച് എസ് സി :** ഹയർ സെക്കൻഡറി കോഴ്സ്

**ഹഡ്കോ :** ഹൗസിംഗ് ആന്റ് അർബൻ ഡവലപ്പ്മെന്റ് കോർപ്പറേഷൻ

**എച്ച് വി ഡി സി :** ഹൈ വോൾട്ടേജ് ഡയറക്ട് കറന്റ്

**ഐ എ എം എ ഐ :** ഇന്റർനെറ്റ് ആന്റ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ

**ഐസിഡിഎസ് :** സംയോജിത ശിശുവികസന പദ്ധതി

**ഐസി എഫ് ഒ എസ് എസ് :** ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ

**ഐസിപിഎസ് :** സംയോജിത ശിശു സംരക്ഷണ പദ്ധതി

**ഐസിഎസ് ഇ :** ഇന്ത്യൻ സർട്ടിഫിക്കറ്റ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ

**ഐസിടി:** ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻസ് ടെക്നോളജി

**ഐ ഡി എസ് പി:** സംയോജിത രോഗ നിരീക്ഷണ പരിപാടി

**ഐ ജി സി :** ഇൻഡസ്ട്രിയൽ ഗ്രോത്ത്

**ഐ ജി എൻ ഒ എ പി എസ് :** ഇന്ദിരാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**ഐ ഐ ച്ച് ടി :** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി

**ഐഐഐറ്റിഎംകെ:** ഇന്ത്യൻ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള

**ഐഎൽഒ :** ഇന്റർനാഷൺൽ ലേബർ ഓർഗനൈസേഷൻ

**എഎംഎ :** ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ

**ഐഎംഡി :** ഇന്ത്യൻ മെട്രോളജിക്കൽ ഡിപ്പാർട്ട്മെന്റ്

**ഐഎൻഡിസി :** ഇന്ത്യാസ് ഇന്റെൻഡെഡ് നാഷണലി ഡിറ്റർമൈന്റ് കോൺട്രിബ്യൂഷൻ

**ഐപിസി :** ഇറിഗേഷൻ പൊട്ടൻഷ്യൽ ക്രിയേറ്റഡ്

**ഐപി ഡിഎസ് :** ഇന്റ ഗ്രേറ്റഡ് പവർ ഡവെലപ്പ്മെന്റ് സ്കീം

**ഐഎസ്എം :** ഇന്റർസ്റ്റേറ്റ് മൈഗ്രന്റ്, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ

**ഐഎസ്ആർഒ :** ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രം

**ഐറ്റി :** വിവര സാങ്കേതിക വിദ്യ

**ഐറ്റിഐ :** ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിട്ട്യൂട്ട്

**ഐയു സി എൻ :** ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ

**ഐഡബ്ല്യൂഎംപി :** ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം

**ഐഡബ്ല്യൂആർഎം :** ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ്

**ജെഐസിഎ :** ജപ്പാൻ ഇന്റർനാഷണൽ കോർപ്പറേഷൻ ഏജൻസി

**ജെജെ :** ജുവനൈൽ ജസ്റ്റിസ്

**ജി എൽ ജി :** ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്സ്

**ജെ എൻ എൻ യു ർ എം :** ജവഹർ ലാൽ നെഹ്രു നാഷണൽ അർബൻ റീന്യുവൽ മിഷൻ

**ജെഎൻപിറ്റി :** ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റ്

**ജെഎൻറ്റിബിജിആർഐ :** ജവഹർ ലാൽ നെഹ്രു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കെ ഫോൺ :** കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക്

**കാഡ്കോ :** കേരള ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

**കെ എ ആർ എസ് എ പി:** കേരള ആന്റിമൈക്രോബയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ

**കെഎഎസ്ഇ :** കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

**കെഎഎസ്പി:** കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി

**കെഎയു :** കേരള കാർഷിക സർവ്വകലാശാല

**കെസിസി:** കിസാൻ ക്രെഡിറ്റ് കാർഡ്

**കെസിഎച്ച്ആർ:** കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്

**കെസിഎംഎംഎഫ്:** കേരള സഹകരണ പാൽ വിപണന ഫെഡറേഷൻ

**കേരഫെഡ്:** കേരള കേരകർഷക സഹകരണ ഫെഡറേഷൻ

**കെഇഎസ്ആർ യു:** കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്ട്രേർഡ്

**കെഎഫ്സി:** കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

**കെഎഫ്ആർഐ:** കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കെഎഫ്ഡബ്ല്യുഎഫ്ബി :** കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

**കെഎച്ആർഐ:** കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കിഫ്ബി :** കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്

**കില:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

**കിലെ:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്

**കിൻഫ്ര:** കേരള ഇൻഡസ്ട്രീയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെഐറ്റിറ്റിഎസ്:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്

**കെഎൽഡിബി:** കേരള കന്നുകാലി വികസന ബോർഡ്

**കെ.എം.എസ്.സി.എൽ:** കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്

**കെആർഡിസിഎൽ:** കേരള റെയിൽ വികസന കോർപ്പറേഷൻ

**കെആർഎഫ്ബി :** കേരള റോഡ് ഫണ്ട് ബോർഡ്

**കെഎസ്എസിസി:** കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ

**കെ.എസ്.ബി.ബി:** കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**കെ.എസ്.ബി.സി.ഡി.സി:** കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ

**കെ.എസ്.ബി.എം:** കേരള സ്റ്റേറ്റ് ബാംബൂ മിഷൻ

**കെഎസ്സിഎഡിസി:** കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

**കെഎസ്സിഎആർഡിബി:** കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്

**കെ.എസ്.സി.സി:** കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ

**കെഎസ്സിഡിസി:** കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ

**കെഎസ്സിഎംസി:** കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ്

**കെഎസ്ഡിഎംഎ:** കേരള സംസ്ഥാന സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ

**കെ.എസ്.ഡി.എം.എ:** കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

**കെഎസ്ഇബിഎൽ:** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

**കെഎസ്ഇആർസി:** കേരള സംസ്ഥാന വൈദ്യുതി നിയന്ത്രണ കമ്മീഷൻ

**കെ.എസ്.ഐ.ഡി.സി:** കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

**കെഎസ്ഐഇ:** കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

**കെഎസ്ഐഎൻസി:** കേരള ഷിപ്പിംഗ്, ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്

**കെഎസ്ഐടിഐഎൽ:** കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

**കെ.എസ്.ഐ.ടി.എം:** കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ

**കെഎസ്എൽഎംഎ:** കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

**കെഎസ്പിസിബി:** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

**കെഎസ്പിഡിസി:** കേരള സംസ്ഥാന കോഴി വികസന കോർപ്പറേഷൻ

**കെഎസ്ആർആർഡിഎ:** കേരള സംസ്ഥാന ഗ്രാമീണ വികസന വികസന ഏജൻസി

**കെഎസ്ആർടിസി:** കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

**കെ.എസ്.എസ്.എം:** കേരള സാമൂഹിക സുരക്ഷാ ദൗത്യം

**കെ.എസ്.യു.ഡി.പി:** കേരള സുസ്ഥിര നഗരവികസന പദ്ധതി

**കെഎസ്യുഎം:** കേരള സ്റ്റാർട്ടപ്പ് മിഷൻ

**കെഎസ്ഡബ്ല്യുഎഎൻ:** കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക്

**കെടിഡിസി:** കേരള ടൂറിസം വികസന കോർപ്പറേഷൻ

**കെടിഐഎൽ:** കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

**കെഎസ്ഒഎം:** കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

**കെവിഎഎസ് യു :** കേരള വെറ്ററിനറി, അനിമൽ സയൻസ് സർവകലാശാല

**കെവിവൈഎഎഫ് :** കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ്

**എൽ.എ.സി:** നിയമസഭാ മണ്ഡലങ്ങൾ

**എൽഇഡി:** ലൈറ്റ് എമിഷൻ ഡയോഡ്

**എൽഎഫ്പിആർ:** ലേബർ ഫോഴ്സ് പങ്കാളിത്ത നിരക്ക്

**എൽജിഎസ്:** ലോക്കൽ ഗവൺമെന്റുകൾ

**ലൈഫ് :** ലൈവ് ലിഹുഡ്, ഇൻക്ലൂഷൻ ആൻഡ് ഫൈനാൻഷ്യൽ എംപവർമെന്റ്

**എൽപിജി:** ദ്രവീകൃത പെട്രോളിയം ഗ്യാസ്

**എൽഎസ്ജിഡി:** തദ്ദേശ സ്വയംഭരണ വകുപ്പ്

**എൽടിആർസിഎഫ്:** ദീർഘകാല ഗ്രാമീണ ക്രെഡിറ്റ് ഫണ്ട്

**എംഎഎച്ച്:** മേജർ ആക്സിഡന്റ് ഹസ്സാഡ്

**എംബിജിഐപിഎസ് :** മലബാർ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സ്റ്റഡീസ്
**എംഇ:** മൈക്രോ എന്റർപ്രൈസ്
**എംഇപി:** കുറഞ്ഞ കയറ്റുമതി വില
**എംഇഎസ്:** മോഡുലാർ എംപ്ലോയബിൾ സ്കിൽ കോഴ്സുകൾ
**എംഐഡ്എച്ച്:** ഹോർട്ടികൾച്ചർ സംയോജിത വികസനത്തിനുള്ള മിഷൻ
**എംഎംടിപിഎ:** പ്രതിവർഷം ദശലക്ഷം മെട്രിക് ടൺ
**മോസ്പി:** മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻറ് പ്രോഗ്രാം ഇംപ്ലിമെൻറേഷൻ
**എംജിഎൻആർഈജിഎസ് :** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴില് ഉറപ്പു പദ്ധതി.
**എംപിഐ:** മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ
**എംഎസ്എംഇ :** മൈക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ
**എംറ്റി:** മെട്രിക് ടോൺ
**എംവിഐപി:** മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി
**എംഒഎഫ്പിഐ :** മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ്
**നബാർഡ് :** ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക്
**എൻഎബിഎൽ :** നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്
**എൻഎഫ് സിസി :** നാഷണൽ അഡാപ്ഷൻ ഫണ്ട് ഓൺ ക്ലൈമറ്റ് ചേഞ്ച്
**എൻ എ എം പി :** നാഷണൽ ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം
**നാറ്റ്പാക്ക് :** ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം
**എൻസിആർഎംഐ:** നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ്
**എൻസിവിടി:** നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്
**എൻഡിഡിബി:** ദേശീയ ക്ഷീര വികസന ബോർഡ്
**എൻഡിപിആർഇഎം:** നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടൺഡ് എമിഗ്രൻറ്സ്
**നെറ്റ്ഫിഷ്:** ഫിഷ് ക്വാളിറ്റി മാനേജ്മെന്റിനും സുസ്ഥിര മത്സ്യബന്ധനത്തിനുമുള്ള നെറ്റ്വർക്ക്
**എൻഎഫ്എച്ച്എസ്:** ദേശീയ കുടുംബ ആരോഗ്യ സർവേ
**എൻഎഫ്എസ്എ:** ദേശീയ ഭക്ഷ്യസുരക്ഷാ നിയമം
**എൻജിഒകൾ:** സർക്കാരിതര സംഘടനകൾ
**എൻഎഫ്എസ്എ:** ദേശീയ ഭക്ഷ്യസുരക്ഷാ നിയമം
**എൻഎച്ച്എഐ :** നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ
**എൻഎച്ച്എം:** ദേശീയ ആരോഗ്യ ദൗത്യം
**എൻഐസി:** നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ
**എൻകെകെപി:** നവ കേരളം കർമ്മപതി
**എൻഎൻഐ:** അറ്റ ദേശീയ വരുമാനം
**നോർക്ക:** പ്രവാസി കേരളകാര്യങ്ങൾ
**എൻപിഎൻഎസ്:** മുൻഗണനയില്ലാത്ത നോൺ–സബ്സിഡി
**എൻപിഎസ്:** മുൻഗണനയില്ലാത്ത സബ്സിഡി
**എൻ ക്യുഎഎസ്:** ദേശീയ ഗുണനിലവാര ഉറപ്പ് മാനദണ്ഡങ്ങൾ
**എൻആർഡിഡബ്ല്യുപി:** ദേശീയ ഗ്രാമീണ കുടിവെള്ള പരിപാടി
**എൻആർഐകൾ:** പ്രവാസി ഇന്ത്യക്കാർ
**എൻആർകെ:** പ്രവാസി കേരളീയർ
**എൻആർഎൽഎം:** ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം
**എൻഎസ്എസ്ഒ:** ദേശീയ സാമ്പിൾ സർവേ ഓഫീസ്
**എൻടിഎഫ്പി:** തടികളല്ലാത്ത വന ഉൽപന്നം
**എൻഎസ്ആർ:** നോർക്ക സ്കിൽ റിപോസിറ്ററി
**എൻയുഎഎൽഎസ്:** നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്
**എൻയുഎൽഎം:** ദേശീയ നഗര ഉപജീവന ദൗത്യം
**എൻഡബ്ല്യുഎംപി :** ദേശീയ ജല ഗുണനിലവാര നിരീക്ഷണ പരിപാടി
**ഓഎഫ് പി :** ഓപ്പറേഷൻ ഫ്ലഡ് പ്രോഗ്രാം
**ഒആർസി :** ഔർ റെസ്പോന്സിബിളിറ്റി ടു ചില്ട്രൻ
**ഒഎസ്സി:** വണ് സ്റ്റോപ്പ് സെന്റർ
**ഒറ്റിആർ :** ഓണ് ടാക്സ് റവന്യു
**പിഎസിഎസ്:** പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ
**പിബിആർ :** ജനങ്ങളുടെ ജൈവവൈവിധ്യ രജിസ്റ്റർ
**പിഡിഎൻഎ:** പോസ്റ്റ് ഡിസാറ്റർ നീഡ്സ് അസസ്മെന്റ്
**പിഡിഎസ്:** പൊതു വിതരണ സംവിധാനം
**പിഎഫ് :** പ്രോടെക്ടെഡ് ഫോറെസ്റ്റ്സ് (സംരക്ഷിത വനങ്ങൾ)
**പിഎഫ്എംഎസ്:** പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം
**പിജിഎസ്:** പങ്കാളിത്ത ഗ്യാരണ്ടി സിസ്റ്റം
**പിഎച്ച്സി:** പ്രാഥമിക ആരോഗ്യ കേന്ദ്രം
**പിഎച്ച്എച്ച് :** മുൻഗണനയുള്ള കുടുംബം
**പിഎൽഎഫ്എസ്:** ആനുകാലിക ലേബർ ഫോഴ്സ് സർവേ

**പിഎംഎവൈ:** പ്രധാൻമന്ത്രി ആവാസ് യോജന
**പിഎംഎവൈ – ജി:** പ്രധാൻമന്ത്രി ആവാസ് യോജന–ഗ്രാമിൻ
**പിഎംഎവൈ –യു:** പ്രധാൻമന്ത്രി ആവാസ് യോജന – നഗര
**പിഎംഇജിപി:** പ്രധാനന്ത്രി എംപ്ലോയിമെന്റ് ജനറേഷൻ പ്രോഗ്രാം
**പിഎംജികെഎവൈ :** പ്രധാൻമന്ത്രി ഗരിബ് കല്യാൺ അന്ന യോജന
**പി.എം.ജി.എസ്.വൈ:** പ്രധാൻന്ത്രി ഗ്രാമ സഡക് യോജന
**പിഎംകെഎസ്‌വൈ:** പ്രധാൻമന്ത്രി കൃഷി സിൻചായ് യോജന
**പി.എം.എസ്.എസ്.വൈ:** പ്രധാൻമന്ത്രി സ്വാസ്ഥ്യ സുരക്ഷ പദ്ധതി
**പോക്സോ ആക്റ്റ്:** ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം
**പിഒഎൽ :** പെട്രോളിയം, ഓയിൽ, ലൂബ്രിക്കന്റുകൾ
**പിപിഎ:** പവർ പർച്ചേസ് കരാർ
**പിപിപി:** പൊതു സ്വകാര്യ പങ്കാളിത്തം
**പൊതുമേഖലാ സ്ഥാപനം:** പൊതുമേഖലാ സ്ഥാപനങ്ങൾ
**പി.ടി.എ:** രക്ഷാകർത്തൃ അധ്യാപക സംഘടന
**പിഡബ്ല്യുഡി:** പൊതുമരാമത്ത് വകുപ്പ്
**പിഎസ്എസ്:** മനഃ ശാസ്ത്രപരമായ പിന്തുണ
**പിഎസ്ഡബ്ല്യു:** സൈക്യാട്രിക് സോഷ്യൽ വർക്കേഴ്സ്
**പിഡബ്ല്യുഡി:** പേർസൺസ് വിത്ത് ഡിസബിലിറ്റീസ്
**ആർബിഡിസികെ:** റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള
**ആർസിസി:** പ്രാദേശിക കാൻസർ സെന്റർ
**ആർസിഇപി :** പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്തം
**ആർഇഎസിഎച്ച്:** കരിയർ ഹൈറ്റ്സ് റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാദമി
**ആർ ഇ റ്റി :** അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ സസ്യങ്ങൾ
**ആർജിഎസ്എ:** രാഷ്ട്രിയ ഗ്രാമ സ്വരാജ് അഭിയാൻ
**ആർഐഎബി :** റിസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ്
**ആർഐസികെ:** റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരളം
**ആർഐഡിഎഫ്:** ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട്
**ആർഐറ്റി :** രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി
**ആർകെഐ:** റീബിൽഡ് കേരള ഇനിഷ്യേറ്റീവ്
**ആർകെവിവൈ :** രാഷ്ട്രീയ കൃഷി വികാസ് യോജന
**ആർആർബി:** പ്രാദേശിക ഗ്രാമീണ ബാങ്ക്
**ആർഎസ് ബിവൈ :** രാഷ്ട്രീയ സ്വസ്ഥ്യ ബീമ യോജന
**ആർഎസ്പിഎം:** റെസ്പിറബിൾ സസ്പെൻഡ് പർട്ടിക്യുലേറ്റ് മാറ്റർ
**ആർടിഇ :** വിദ്യാഭ്യാസ അവകാശം
**ആർഡബ്ല്യുബിസിഎസ് :** റീ സ്ട്രക്ചേർഡ് വെതർ ബെസിഡ് ക്രോപ്പ് ഇൻഷുറൻസ് സ്കീം
**എസ്എഫ് :** മത്സ്യത്തൊഴിലാളികൾക്ക് സൊസൈറ്റി ഫോർ അസിസ്റ്റൻസ്
**എസ്എംപി :** സ്റ്റേറ്റ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം
**എസ്എപിസിസി:** കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന കർമപദ്ധതി
**സാസ്:** പ്രത്യേക കാർഷിക മേഖലകൾ
**എസ്.ബി.എം:** സ്വച്ഛ് ഭാരത് മിഷൻ
**എസ് സി/എസ് റ്റി :** പട്ടികജാതി പട്ടികവർഗ്ഗക്കാർ
**എസ്സിസിഎഫ്:** പ്രത്യേക കാലാവസ്ഥാ വ്യതിയാന ഫണ്ട്
**എസ്സിഎം:** സ്മാർട്ട് സിറ്റീസ് മിഷൻ
**എസ്.ഡി.ജി:** സുസ്ഥിര വികസന ലക്ഷ്യങ്ങൾ
**എസ്ഡിആർഎഫ്:** സംസ്ഥാന ദുരന്ത പ്രതികരണ ഫണ്ട്
**എസ്ഇസിസി :** സാമൂഹിക സാമ്പത്തിക, ജാതി സെൻസസ്
**എസ് സി ഡബ്ല്യു എ എൻ:** സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്
**എസ്എഫ്ബി:** ചെറുകിട ധനകാര്യ ബാങ്കുകൾ
**എസ്എഫ്സി:** സംസ്ഥാന ധനകാര്യ കമ്മീഷൻ
**എസ് എച്ച് ജി :** സ്വയം സഹായ ഗ്രൂപ്പുകൾ
**എസ്എച്ച്എം:** സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ
**എസ് ഐ – എം ഇ റ്റി :** സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി
**എസ് ഐ ഡി :** വൈകല്യങ്ങൾ സംബന്ധിച്ച സംസ്ഥാന സംരംഭങ്ങൾ
**എസ് ഐ എച്ച് എം :** സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്
**എസ് ഐ എൽ കെ:** സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്
**എസ്.ജെ.ഡി:** സാമൂഹിക നീതി വകുപ്പ്
**എസ് എൽ ബി സി :** സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി
**എസ്എൽബിപി:** പ്രത്യേക കന്നുകാലി പ്രജനന പരിപാടി
**എസ് എൽ ഇ സി :** സംസ്ഥാനതല ഉന്നതാധികാര സമിതി

**എസ്എംപി:** സ്കിംഡ് മിൽക്ക് പൊടി

**എസ് ഒ എൻ ടി ആർ :** സംസ്ഥാനത്തിന്റെ സ്വന്തം നികുതി ഇതര വരുമാനം

**എസ് ഒ ടി ആർ :** സംസ്ഥാനത്തിന്റെ സ്വന്തം നികുതി വരുമാനം

**എസ്പിബി:** സംസ്ഥാന ആസൂത്രണ ബോർഡ്

**എസ് ആർ ഐ ബി എസ് :** ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ്

**എസ്എസ്എൽസി:** സെക്കൻഡറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്

**എസ് യു ഐ ഐ ടി :** സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റാഫ് ട്രെയിനിംഗ് കോർപ്പറേഷൻ

**എസ്ഡബ്ല്യുഎംപി:** സംസ്ഥാന ജല ഗുണനിലവാര നിരീക്ഷണ പരിപാടി

**എസ്ഡബ്ല്യുടിഡി:** സംസ്ഥാന ജലഗതാഗത വകുപ്പ്

**ടിബിഐ:** ടെക്നോളജി ബിസിനസ് ഇൻകുബേറ്ററുകൾ

**ടിസിസിഎൽ:** തിരുവിതാംകൂർ കൊച്ചി കെമിക്കൽസ് ലിമിറ്റഡ്

**ടിഡിഎപി:** ടെക്നോളജി ഡെവലപ്മെന്റ് ആൻഡ് അഡാപ്റ്റേഷൻ പ്രോഗ്രാം

**ടി ഇ ക്യു ഐ പി :** സാങ്കേതിക വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ പ്രോഗ്രാം

**ടി എച്ച് ആർ :** ടേക്ക് ഹോം റേഷൻ

**ടിഐ എസ് എസ്:** ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്

**ടി ആർ ഇ എസ് ടി :** തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി

**ട്രിഡ:** തിരുവനന്തപുരം വികസന അതോറിറ്റി

**ടിഎസ്ജി:** ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പുകൾ

**ടിടിഐ:** അധ്യാപക പരിശീലന സ്ഥാപനം

**വി എ എം ബി എ വൈ:** വാൽമികി അംബേദ്കർ ആവാസ് യോജന

**വാറ്റ്:** മൂല്യവർധിത നികുതി

**വി.എഫ്.പി.സി.കെ:** വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം

**വിജിഎഫ്:** വയബിളിറ്റി ഗ്യാപ് ഫണ്ട്

**വിഎച്ച്എസ്ഇ:** വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം

**ഡബ്ല്യു എച്ച് ഒ :** ലോകാരോഗ്യ സംഘടന

**ഡബ്ല്യു പി ഐ :** മൊത്ത വില സൂചിക

**ഡബ്ല്യു പി ആർ :** തൊഴിലാളി ജനസംഖ്യാ അനുപാതം

**ഡബ്ല്യുഡബ്ല്യുഡിആർ:** ലോക ജല വികസന റിപ്പോർട്ട്



കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2020

കേരള സംസ്ഥാന ആസൂത്രണ ബോർഡ്

രൂപകല്പന സി–ഡിറ്റ്, www.cdit.org
സർക്കാർ മുദ്രാലയം, മണ്ണന്തല, തിരുവനന്തപുരം